പൂന്താനം നമ്പൂതിരി



ദക്ഷിണ രാമായണം പാന

ഭാഷാരാമായണചമ്പു

Bhasharamayanachambu By Punam Namboothiri Comentary By V. Venkittarama Sarma Cover design: C. S. Chandran First Published 1967 Reprinted July 1982 Printed at Archana Printers, Kottayam-2
Rights Reserved 2-2000
Published by Kerala Sahitya Akademi Trichur B.N. 150 Distributors: National Book Stall Kottayam Price Rs. 45.00

പുനം നമ്പൂതിരി

ഭാഷാരാമായണചമ്പു

വ്യാഖ്യാനം:
വി. വെങ്കിട്ടരാമശർമ്മ

സംശോധനം:
കുട്ടികൃഷ്ണമാരാരു്

പഠനം:
ശ്രീരനാട്ടു കുഞ്ഞൻപിള്ള



കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

Silver Jubilee Year Publication

ഉള്ളടക്കം

ഭാഷാരാമായണചമ്പൂപ്രവേശിക

—ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള

ബാലകാണ്ഡം

രാവണോദ്ഭവം 59
രാമാവതാരം 104
താടകാവധം 164
അഹല്യാമോക്ഷം 209
സീതാസ്വയംവരം 237
പരശുരാമവിജയം 294

അയോദ്ധ്യാകാണ്ഡം

വിച്ഛിന്നാഭിഷേകം 345

ആരണ്യകാണ്ഡം

ഖരവധം 404

കിഷ്കിന്ധാകാണ്ഡം

സുഗ്രീവസഖ്യം 471
ബാലിവധം 539

സുന്ദരകാണ്ഡം

ഉദ്യാനപ്രവേശം 583
അംഗുലീയാങ്കം 617

യുദ്ധകാണ്ഡം

ലങ്കാപ്രവേശം 716
രാവണവധം 744
അഗ്നിപ്രവേശം 797
അയോദ്ധ്യാപ്രവേശം 822
പട്ടാഭിഷേകം 847

ഉത്തരകാണ്ഡം

സീതാപരിത്യാഗം 899
അശ്വമേധം 943
സ്വർഗ്ഗാരോഹണം 989
അനുബന്ധങ്ങൾ 1025

ഭാഷാരാമായണചമ്പൂപ്രവേശിക

മലയാളകവിതാമണ്ഡലത്തിൽ എതിരില്ലാത്ത ക്രാന്തിപ്രസരത്തോടെ ശോഭിക്കുന്ന രാമായണചമ്പുവിനു് കേരളസാഹിത്യഅക്കാദമിയുടെ ഔചിത്യബുദ്ധികൊണ്ടു് സിദ്ധിക്കുന്ന ഈ സമ്പൂർണ്ണപ്രസാധനം തികഞ്ഞ സന്തുഷ്ടിയോടുകൂടി ഞാൻ സഹൃദയലോകത്തിന്റെ പ്രീതിപൂർവ്വകമായ സ്വീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു. നമ്മുടെ ഭാഷാഭിവൃദ്ധിയുടെ അത്യുജ്ജ്വലാഭരണമായ ഈ ചമ്പുപ്രബന്ധത്തെ പല ഭാഗങ്ങളായി മുൻപും പ്രസാധനം ചെയ്തിട്ടുണ്ടെങ്കിലും ഈ കൃതിയുടെ എല്ലാ ഭാഗങ്ങളും ഒത്തുചേർത്തു് വ്യാഖ്യാനം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമ്പൂർണ്ണപ്രസാധനം ഇപ്പോഴാണു് നിർവ്വഹിക്കപ്പെടുന്നതു്. ഈ വസ്തുത ഈ പ്രസിദ്ധീകരണത്തിൽ നമ്മുടെ അഭിമാനത്തെ സുതരാം വർദ്ധിപ്പിക്കുന്നതാണു്.

ഈ കൃതിയുടെ കർത്താവു്—പുനംനമ്പൂരി

മഹത്തായ ഈ ചമ്പു മദ്ധ്യമലയാളഘട്ടത്തിൽ 'മധുമദ്രാണമോലും പദ്യഗദ്യങ്ങളാൽ' ഭ്രചക്രവാളത്തെ മദിപ്പിച്ച പുനംനമ്പൂരിയുടെ കൃതിയെന്നാണു് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. ''പുനമാണു് രാമായണചമ്പുവിന്റെ കർത്താവെന്നു സ്ഥാപിക്കുന്നതിനു പ്രത്യക്ഷലക്ഷ്യങ്ങളൊന്നുമില്ല'' എന്നു കേരളസാഹിത്യചരിത്രത്തിൽ മഹാകവി ഉള്ളൂർ ഈ പ്രബന്ധത്തിന്റെ കർത്തൃത്വത്തെപ്പറ്റിയുള്ള വിചാരം അവതരിപ്പിക്കുന്നുവെങ്കിലും അദ്ദേഹം ആ ഭാഗം ഉപസംഹരിക്കുന്നതു്, ''ഏതായാലും കിട്ടിയിടത്തോളമുള്ള ലക്ഷ്യങ്ങളെ ആസ്പദമാക്കി പ്രസ്തുത ചമ്പു പുനത്തിന്റെ പ്രധാന കൃതിയാണെന്നു പറയുന്നതിൽ അപാകമില്ലെന്നു തോന്നുന്നു'' എന്നാണു്. പുനത്തിന്റെയല്ലാതെ വേറൊരു കവിയുടെ പേരു് ഈ പ്രബന്ധത്തോടു ചേർത്തു പറഞ്ഞിട്ടില്ലെന്നുള്ളതും പ്രസ്താവ്യമാണു്. തിരുവിതാംകൂറിൽനിന്നും

---

1. മുൻപുള്ള പ്രസാധനങ്ങളിൽ ഒന്നാമത്തേതു് ചിദംബരവാദ്ധ്യാർ അവർകളുടേതാണു്. പിന്നെ, ചമ്പു മൂഴവൻ മൂന്നു പുസ്തകങ്ങളായി ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലിയിൽ കോളത്തേരി ശങ്കരമേനവൻ അവർകളും (തിരുവിതാംകൂറിൽനിന്നു് 1101—1103 വരെ) പ്രകാശിപ്പിച്ചു. 1103—ം ആണ്ടിൽതന്നെ കൊച്ചി ഭാഷാപരിപുഷ്ടിക്കമ്മിറ്റിയിൽനിന്നും ഇതിന്റെ ചില ഭാഗങ്ങളും (രാവണോദ്ഭവം, വിഷ്ണുനാഭിഷേകം, സുഗ്രീവസഖ്യം, ഉദ്യാനപ്രവേശം, അംഗുലീയാങ്കം പ്രഥമഭാഗം ഇതുമുതൽ) പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കോളത്തേരിയുടെ പ്രസാധനം അഞ്ചു് ആദർശഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ളതാണു്. കുന്നത്തൂർ ചെറുപൊയ്കയിൽ ഭട്ടതിരി, കിടങ്ങൂർ കുളങ്ങര സുബ്രഹ്മണ്യൻ മൂത്തതു്, ഈ. വി. രാമൻനമ്പൂരി എന്നിവരുടെ ഗ്രന്ഥങ്ങളും, മഹാകവി ഉള്ളൂർ കൊട്ടത്തതും ചിദംബരവാദ്ധ്യാർ പ്രസിദ്ധം ചെയ്തതുമായ ഗ്രന്ഥവും ഇവയിൽ ഉൾപ്പെടുന്നു. കൊച്ചി പ്രസാധനത്തിനു മാതൃക തുപ്പൂണിത്തുറ ഈടുവയ്പു ഗ്രന്ഥശാലയിലെ പഴയ താളിയോലഗ്രന്ഥമാണു്. തിരുവിതാംകൂറിലേയും കൊച്ചിയിലേയും പ്രസാധനങ്ങളിലെ പാഠഭേദങ്ങളും ശ്രദ്ധ അർഹിക്കുന്നുണ്ടു്.

കൊച്ചിയിൽനിന്നുമുള്ള പ്രസാധനങ്ങളിലും ഈ ചമ്പു പുനംനമ്പൂരിയുടെ കൃതി എന്നതന്നെയാണ് പ്രതിപാദിച്ചിട്ടുള്ളത്. ശ്രീ ആർ. നാരായണപ്പണിക്കർ പുനത്തെപ്പാറിയും മദ്ധ്യമലയാളചമ്പുക്കളെപ്പറ്റിയും പറയുന്ന ഗ്രന്ഥത്തിൽ, 'രാമായണചമ്പു പുനത്തിന്റെ കൃതിയാണെന്നാണ് പരക്കെയുള്ള വിശ്വാസം. ചെല്ലൂർമാഹാത്മ്യവും ഒരുപക്ഷേ, അദ്ദേഹത്തിന്റെ കൃതിതന്നെയായിരിക്കാം' എന്നു പ്രസ്താവിച്ചിട്ടുണ്ട് (കേ. ഭാ. സാ. ച. 1. 348) ഇതിൽ 'ചെല്ലൂർമാഹാത്മ്യം' എന്നു പറയുന്നതു് 'ചെല്ലൂർനാഥോദയം' എന്ന പേരിൽ പ്രകാശിപ്പിച്ചിട്ടുള്ള കൃതിതന്നെയാണെങ്കിൽ അതിന്റെ കർത്താവു് നീലകണ്ഠൻനമ്പൂതിരി എന്നൊരു കവി ആണെന്നു് അറിവായിട്ടുണ്ടു്. (കേ. സാ. ച. II. 434 നോക്കുക). ആ അംശം തള്ളിയിട്ടു് രാമായണചമ്പു പുനത്തിന്റെ കൃതിയാണെന്നുള്ള പ്രസ്താവം മാത്രം ഇവിടെ തുടർന്നു വിചാരണചെയ്യാം. ഭാഷാസാഹിത്യചരിത്രകാരന്മാരിൽ ആദിമനായ ശ്രീ പി. ഗോവിന്ദപിള്ള അവർകളുടെ കാലത്തു് (കൊ. വ. 1056–ാമാണ്ടു്) പുനത്തെപ്പാറിയും രാമായണംചമ്പുവിനെപ്പാറിയും പറയത്തക്ക വിവരങ്ങൾ ഒന്നും കിട്ടിയിരുന്നില്ല. അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു് ഇപ്രകാരമാണു്: ''പുനം നമ്പൂരി ഒരു പ്രസിദ്ധപ്പെട്ട ശൃംഗാരകവിയും, ചേലപ്പറമ്പു്, മഴമംഗലം, ശക്തൻതമ്പുരാൻ മുതലായവരുടെ സഹജീവിയുമായിരുന്നു. അദ്ദേഹത്തിന്റെ സ്വദേശം കോഴിക്കോട്ടു് എന്നു മാത്രമല്ലാതെ ജനനസ്ഥലവും വർഷവും മറ്റു യാതൊന്നും അറിവാൻ പാടില്ല. അദ്ദേഹം കുമാരനല്ലൂർക്കാരനാണെന്നും പറയുന്നു. അദ്ദേഹത്തിന്റെ കവനങ്ങളായി ചില ശ്ലോകങ്ങൾ മാത്രം ഉള്ളതല്ലാതെ വേറെ ഒന്നും ഒരു വർഷം മുമ്പുവരെ ഉള്ളതായി ആരും വിചാരിച്ചുവന്നിരുന്നില്ല.' തുടർന്നു ശ്രീ ഗോവിന്ദപ്പിള്ള പ്രസ്താവിക്കുന്നതു് മഹാന്മാരായ കേരളീയ പണ്ഡിതന്മാരുടെ അനേകം ഗ്രന്ഥങ്ങൾ പില്ക്കാലത്തുള്ളവരുടെ അനാദരവോ ഉദാസീനതയോ നിമിത്തം ലുപ്തപ്രായങ്ങളായിപ്പോയ കൂട്ടത്തിൽ പുനംനമ്പൂരിയുടെ കൃതികളും മഗ്നമായിപ്പോയി എന്നാണു്. അവയിൽ ചിലതു് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പ്രയത്നംകൊണ്ടു് വെളിപ്പെടാൻ ഇടയായി എന്നുപറഞ്ഞു് ചില ഭാഷാപ്രബന്ധങ്ങളുടെ പേരും ഗോവിന്ദപ്പിള്ള അവർകൾ കൊടുത്തിട്ടുണ്ടു്. ഈവക ഭാഷാപ്രബന്ധങ്ങളിൽ ചിലതൊക്കെ പുനംനമ്പൂരിയുടെ കൃതിയായിരിക്കാമെന്നും വലിയകോയിത്തമ്പുരാന്റെ അഭിപ്രായത്തെ പുരസ്കരിച്ചുകൊണ്ടു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. (മ. ഭാ. ച. 311—313). ഇതിൽനിന്നും പുനത്തെപ്പാറിയും രാമായണചമ്പുവിനെപ്പാറിയും ഉള്ള ഇന്നത്തെ അറിവും ശ്രീ ഗോവിന്ദപ്പിള്ളയുടെ കാലത്തിനുശേഷം ശ്രുപംകൊണ്ടിട്ടുള്ളതാണെന്നു് വ്യക്തമാകുമല്ലോ. ഇപ്പോഴും ഭാഷാരാമായണചമ്പുവിന്റെ കർത്താവു് പുനംനമ്പൂരിതന്നെയാണെന്നു നിസ്സന്ദേഹമായി തെളിഞ്ഞിട്ടില്ല. എങ്കിലും തൽക്കാലത്തെ അറിവിന്റെ നിലയ്ക്കു് ഇതു പുനംനമ്പൂരിയുടെ കൃതിതന്നെയെന്നു പരിഗണിച്ചു് പ്രസ്തുത കൃതിയെപ്പറ്റി വിചാരണചെയ്യേണ്ടിയിരിക്കുന്നു.

പുനത്തെപ്പറ്റി ഉദ്ഭാസനം മറും

ഈ കൃതിയുടെ രചയിതാവു് അത്ഭുതകരമായ കാവ്യകലാവൈദഗ്ദ്ധ്യം നേടിയിരുന്ന ഒരു സാരസ്വതവല്ലഭനായിരുന്നു എന്ന കാര്യം അനുവാചകന്മാർ തലകുലുക്കി സമ്മതിക്കും. ഇതിന്റെ കർത്താവു് പുനം നമ്പൂരിയാണെന്ന അഭിപ്രായത്തിൽ ആ കവീശ്വരന്റെ കവനകലാവൈഭവേ

ത്തിനു് ഇതു പര്യാപ്തമായ ഉദാഹരണവുമാണു്. എന്നാൽ പുനമാണു് ഇതിന്റെ കർത്താവെന്നു തെളിയിച്ചാലല്ലേ ഇതിന്റെ മഹിമ അദ്ദേഹത്തിനു് അവകാശപ്പെടാൻ ന്യായം സിദ്ധിക്കുകയുള്ളു. അതിനാൽ അതു് ഇരിക്കട്ടെ. ഇതുപോലെ ഒരു കൃതിയുടെ കർത്തൃത്വത്തിനു വേണ്ടി യോഗ്യത പുനത്തിനു് അന്യഥാ സിദ്ധമാണോ എന്നു നോക്കാം. അതിനു തെളിവു ധാരാളമുണ്ടു്. പുനം നമ്പൂരി കോഴിക്കോട്ടു് മാനവിക്രമസാമൂതിരി രാജാവിന്റെ സദസ്സിലെ പതിനെട്ടരക്കവികളിൽ ഒരാളായിരുന്നു (അരക്കവി ആയിരുന്നു) എന്നു പ്രസിദ്ധിയുണ്ടു്. ആ സദസ്സിൽപ്പെട്ടിരുന്ന പ്രഗൽഭപണ്ഡിതനായിരുന്ന ഉദ്ദണ്ഡശാസ്ത്രികൾതന്നെ പുകഴ്ത്തിയിട്ടുണ്ടു്, പുനത്തിന്റെ സിദ്ധികളെപ്പറ്റി.

അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയന്തു ന താൻ വിനുമഃ
പുളകോദ്ഗമകാരിവചഃപ്രസരം
പുനമേവ പുനഃപുനരാസ്മമഹേ.

'കേരളത്തിലെ അഗ്ര്യഗിരന്മാരായ കവികൾ കവനം ചെയ്യട്ടെ. ഞങ്ങളെപ്പോലെയുള്ളവർ അവരെ പ്രശംസിക്കാൻ പോകുന്നില്ല. പുളകോദ്ഗമകാരിയായ വാക്പ്രസരമുള്ള പുനത്തെത്തന്നെ വീണ്ടും വീണ്ടും സ്തുതിക്കും, എന്നാണു് ഉദ്ദണ്ഡന്റെ പ്രശംസ. അന്നുള്ള ഭാഷാകവികളെ,

ദോഷാകവിനിവഹോയം ദോഷാകരവദവിഭാതി ഭുവനതലേ
പ്രായേണ വൃത്തഹീനഃ സൂര്യാലോകേ നിരസ്തഗോപ്രസരഃ.

എന്നു് അവഹേളിച്ച ഉദ്ദണ്ഡപണ്ഡിതനാണു് ഇങ്ങനെ മുക്തകണ്ഠം പ്രശംസ മുഴക്കിയതെന്നു് സ്മരിക്കാനുള്ളതാണു്. പുനം നമ്പൂരി സാമൂതിരിപ്പാട്ടിലേക്കു സമർപ്പിച്ച ഒരു പദ്യത്തിലെ 'ഹന്ത' എന്ന പ്രയോഗത്തിനു് 'അന്ത ഹന്തസ്സു് ഇന്തപ്പട്ടു്' എന്നു പറഞ്ഞുകൊണ്ടു് ഉദ്ദണ്ഡശാസ്ത്രികൾ തന്റെ ഉത്തരീയം സമ്മാനിച്ചതായും പറഞ്ഞുവരുന്നു. രാജപ്രശംസാമാത്രമായ ഒരു പദ്യമാണു് അതെങ്കിലും രചനാവൈശിഷ്ട്യം പ്രദർശിപ്പിക്കാൻ അതു് ഇവിടെ ഉദ്ധാരണമർഹിക്കുന്നു.

താരിത്തനുകടാക്ഷാഞ്ചലമൃദുപകലാ—
രാമ! രാമാജനാനാം
നീരിത്താർബാണ! വൈരാകരനികരതമോ—
മണ്ഡലീ ചണ്ഡരോചിഃ!
നേരെത്താതോരു നീയാം തൊടുകുറി കളയാ
ലെന്നു മേഷാ കുലിക്കു—
ന്നേരത്തിന്നിപ്പുറം വിക്രമനുവര! ധരാ
ഹന്ത! കല്പാന്തതോയേ!

ഉദ്ദണ്ഡശാസ്ത്രികളെപ്പോലെതന്നെ, കാവ്യരസികന്മാർ ആരും 'അന്ത ഹന്തസ്സിനുപ്പട്ടു്' എന്നു് ആവർത്തിച്ചു പറഞ്ഞുപോകും. പുനത്തിന്റെ കവിത അത്രകണ്ടു് ആളുകളെ മദിപ്പിച്ചിരുന്നുവെന്നുള്ളതിനു് വേറെയും ധാരാളം തെളിവുണ്ടു്.

പുനം പമഞ്ഞ ചിലോകമെല്ലാം
അനന്ത ചൊല്ലീട്ട ഹ കേംപ്പ:നാ ഞാൻ
കനം തിരണ്ടിടെഴുമിക്കുകാണ്ഡാൽ
കിനിഞ്ഞു പൂന്തേ:നാഴുകുന്നപോലെ
. കേ. സാ. പ. II. 176.

ചന്ദ്രോത്സവം എന്ന കാവ്യത്തിൽ പുനത്തെപ്പറ്റി പറയുന്നതു നോക്കുക:

മദനസാ:സമ്മട്ടാന്തരോ:ത്രാന്ത കാന്താ—
മണിതമധുരമാധു:ര്യൈകവ:ശപ്രസൂതൈ:
മധുമദമണ:ോല്ല, പദ്യഗദ്യൈരനേകൈ—
മ്മദയതി പുനമിന്നം ത്രിത്രചക്രവാളം. 1—13.

പുനത്തിന്റെ പ്രേമഭാജനമായിരുന്ന മാരലേഖ എന്ന യുവതിയെപ്പറ്റി സൂചിപ്പിക്കുമ്പോഴും ചന്ദ്രോത്സവത്തിൽ (4—92) പുനത്തിന്റെ കവിതയെക്കുറിച്ചു പരാമർശം കാണാം:

മധുമൊഴി പുനത്തിന്നാ നൽക്കവിത്രേണ സാര—
സ്വതപരിമളമോല്ല, പദ്യ:ഭേദൈരനേകൈ:
പകലിരവു വളർത്ത: സ്തുയമാനാപദാനാ
മധുരകവിഭി:രന്യൈരന്വിതാ രാഘവാഖ്യൈ:.

ഇതിൽനിന്നെല്ലാം പുനത്തിന്റെ കവിതാശക്തി അന്യഥാ തെളിയുന്നതാണെന്നു സ്ഥാപിച്ചുകൊണ്ടാണു് രാമായണചമ്പുവിന്റെ കർത്തൃത്വം കൊണ്ടുള്ള പ്രശസ്തിയും അദ്ദേഹത്തിനുവേണ്ടി അവകാശപ്പെടുന്നതു്. ഉദ്ദണ്ഡന്റെയും ചന്ദ്രോത്സവകാരന്റെയും മറ്റും പ്രശംസകൾക്കു പാത്രമായ പുനത്തിന്റെ യശസ്സിനു് ആധാരമായി പറയത്തക്ക ഒരു കൃതിയും കിട്ടാതിരിക്കെയാണു്, ഈ ചമ്പുവിന്റെ ഉപലബ്ധി. 'പൂളകോദ്ഗമകാരി വചഃപ്രസരം' എന്ന പ്രശംസ പൂർണ്ണമായി അഴിക്കുന്ന രീതിയിലാണു് രാമായണചമ്പുവിന്റെ രചനയെന്നും കാണാം. ഈ ചിന്തകൾകൊണ്ടു് പുനമാണു് ഇതിന്റെ കർത്താവെന്നുള്ള അഭിപ്രായം ബലപ്പെടുന്നുവെന്നു കാണിച്ചുകൊണ്ടു് പുനത്തിന്റെയും, ആ വഴിക്കു് ഈ കൃതിയുടെയും കാലത്തെപ്പറ്റി തുടർന്നു ചിന്തിക്കാം.

നിർമ്മിതിയുടെ കാലം—
പുനവും പതിനെട്ടരക്കവികളും

പുനംനമ്പൂതിരി മാനവിക്രമസാമൂതിരിയുടെ സദസ്സിലെ പതിനെട്ടരക്കവികളുടെ കൂട്ടത്തിൽ പെടുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ജീവിതകാലം എന്നാണു് അറിയാൻ തെളിവു കിട്ടുന്നതാണു്. പതിനെട്ടരക്കവികൾ കോഴിപ്പുറം ഭട്ടതിരിമാർ ഒൻപതുപേർ, തിരുവേഗപ്പുറക്കാരായ (തിരുവപ്പറ) നമ്പൂതിരിമാർ അഞ്ചുപേർ, മുല്ലപ്പിള്ളി ഭട്ടതിരി, ചേന്നാസ്സു നാരായണൻ നമ്പൂതിരിപ്പാടു്, ഉദ്ദണ്ഡശാസ്ത്രികൾ, കാക്കശ്ശേരി ഭട്ടതിരി— ഇങ്ങനെ പതിനെട്ടു പേരും, സംസ്കൃതത്തിൽ അല്ലാതെ ഭാഷയിൽ മാത്രം

കവനം ചെയ്തതുകൊണ്ടോ മറ്റു കാരണത്താലോ അരക്കവിയായി ഗണിക്കപ്പെട്ട പുനംനമ്പൂതിരിയും ആയിരുന്നു. (മഹാഭാരതമാല II. 14; കേ. ഭാ. സാ. ച. I. 294; കേ. സാ. ച. II. 22.) ഇവിടെ 'അരക്കവി' എന്നുള്ള പേരിന്റെ വ്യാഖ്യാനത്തെപ്പറ്റി അധികമൊന്നും പറയണമെന്നില്ല. സംസ്കൃതത്തിൽ എഴുതിയവർ മുഴുക്കവികളും, മലയാളത്തിൽ എഴുതിയ പുനം അരക്കവിയും ആയതാണെന്നും, അതല്ല അരക്കവി അരച്ചസദ്ദിലെ കവിയാണ് എന്നുമൊക്കെ വ്യാഖ്യാനിക്കുന്നുണ്ട്. എന്നാൽ ശരിയായ അർത്ഥമെന്തെന്നു മനസ്സിലാക്കാൻ തെളിവൊന്നുമില്ല. ഏതായാലും അന്നത്തെ മുഴുക്കവികളെ പാടെ വിസ്മൃതരായിരിക്കുകയാണ്. ഈ അരക്കവിയുടെ യശസ്സ് ഭ്രഷ്ടുവാളത്തെ മതിപ്പിച്ചുകൊണ്ട് തുടരുകയും ചെയ്യുന്നു. എന്നാൽ പ്രകൃതചിന്ത അതല്ല. പതിനെട്ടരക്കവികളുടെ കാലം കണ്ടുപിടിച്ചിട്ട് പുനത്തിന്റെ കാലം കണ്ടുപിടിക്കാനാണ് ഇവിടത്തെ യത്നം. പതിനെട്ടരക്കവികളിൽപ്പെട്ട ചേന്നാസ്സു നമ്പൂതിരിയുടെ തന്ത്രസമുച്ചയം എന്ന ഗ്രന്ഥത്തിന്റെ അവസാനത്തിൽ,

> കല്യബ്ദേഷ്വതിയാതേഷ്വ നന്ദനയനേഷ്വം ഭോധിസംഖ്യേഷു യഃ
> സംഭൃതോ ഭ്രഷ്ടവീതഹവ്യവനിയങ്ങുലേ സംവിധാനായയേ
> പ്രാഹർയസ്യ ജയന്തമംഗലപദദ്വന്ദ്വം ധാമ നാരായണഃ
> സോഽയം തന്ത്രമിദം വ്യധാത് ബഹുവിധാദ്ധ്യാത്യ തന്ത്രോത്തരാത്.

ഇതിൽനിന്ന് തന്ത്രസമുച്ചയത്തിന്റെ കർത്താവു ജനിച്ചതു കലിവർഷം 4529–ൽ ആണെന്നു സിദ്ധിക്കുന്നു, അതായതു കൊ. വ 603–ൽ. അതിനാൽ കൊ. വ. ഏഴാം ശതകത്തിൽ (ക്രി. വ. 16–ാം ശതകം) ആയിരിക്കണം ചേന്നാസ്സു നമ്പൂതിരിയുടെയും, അദ്ദേഹത്തിന്റെ സമകാലികനായിരുന്ന പുനത്തിന്റെയും കാലം എന്നു മനസ്സിലാക്കാം [1] (കേ. സാ. ച. II. 63).

ചെറുശ്ശേരിനമ്പൂരിയും പുനംനമ്പൂരിയും

കുറേക്കൂടി നിഷ്പ്രയാസമായി പുനത്തിന്റെ കാലം നിശ്ചയിക്കാനും തെളിവു കിട്ടുന്നു. ചിറയ്ക്കൽ കോവിലകത്തെ രേഖകളെ ആധാരമാക്കി ചില വസ്തുതകളും ഉപലബ്ധങ്ങളായിട്ടുണ്ട്.[2] പുനം നമ്പൂതിരിയെപ്പറ്റിയും കൃഷ്ണഗാഥാകാരനായ ചെറുശ്ശേരിയെപ്പറ്റിയും ഉള്ള ആ വിവരങ്ങളും ചരിത്രപഠനത്തിനു വളരെ സഹായകമാണ്. അവ എന്തെന്നു ചുരുക്കത്തിൽ കാണിക്കാം. മലബാറിൽ കോട്ടയം താലൂക്കിൽ 'കാവിൽപൊനം' എന്നൊരു നമ്പൂരിയില്ലം ഇപ്പോഴും ഉണ്ട്. ആ ഇല്ലം ഉൾപ്പെട്ട ഗ്രാമത്തിന്റെ പേർ കാനത്തൂർ എന്നാണ്. കോലത്തുനാട്ടിന്റെ തല

---

1. 'കല്യബ്ദേഷ്വതിയാതേഷ്വ' എന്ന ശ്ലോകത്തിൽ പറഞ്ഞിട്ടുള്ള കാലം ഗ്രന്ഥനിർമ്മാണകാലമെന്നു ശ്രീ ആർ. നാരായണപ്പണിക്കർ വ്യാഖ്യാനിച്ചിട്ടുള്ളതു ശരിയല്ലെന്നും അതു ഗ്രന്ഥകാരന്റെ ജനനകാലമാണു സൂചിപ്പിക്കുന്നതെന്നും മഹാകവി ഉള്ളൂർ വ്യക്തമാക്കിയിട്ടുണ്ട്. കേ. സാ ച, II. 63.

2. ചിറയ്ക്കൽ ശ്രീ ടി. ബാലകൃഷ്ണൻനായർ പ്രകാശിപ്പിച്ചിട്ടുള്ള ചെറുശ്ശേരിഭാരതത്തിന്റെ 'ആമുഖോപന്യാസം' കാണുക.

സ്ഥാനമായിരുന്ന വളർപട്ടണം ഉൾപ്പെട്ടെ പന്ത്രണ്ടു കോട്ടകളും കോലത്തിരിക്കു ഉണ്ടായിരുന്നു. ഇവയെല്ലാം 'ചേരിക്കല്ല്'കളുടെ തലസ്ഥാനങ്ങളായിരുന്നു. ആ ചേരിക്കല്ലുകളിൽ ഒന്നായിരുന്ന ചെറുശ്ശേരി. (പഴയ രേഖകളിൽ ചെറുശ്ശേരി എന്നും). കൊ. വ. 547—ാമാണ്ടു കാനത്തൂർ ഗ്രാമത്തിൽ ചെറുശ്ശേരിയെന്നും പൊനം എന്നും രണ്ടു ഇല്ലങ്ങളും ഉണ്ടായിരുന്നു. അന്നു ഉണ്ടായിരുന്ന പതിനൊന്നു ഇല്ലങ്ങളിൽ ചെറുശ്ശേരിയും വേറൊരു ഇല്ലവും കൊ. വ 547—നു മുമ്പു അന്യംനിന്നുപോയി. ഇതെല്ലാം ചരിത്രവസ്തുതകളും ചൂണ്ടിക്കാണിച്ചിട്ടു ഐതിഹ്യത്തെ ആധാരമാക്കി ഒരു ഊഹം അവതരിപ്പിക്കുകയാണു് ശ്രീ ബാലകൃഷ്ണൻനായർ. ചെറുശ്ശേരിയില്ലത്തു് ഒരിക്കൽ ഒരു ഉണ്ണിനമ്പൂതിരി മാത്രമായി അവശേഷിച്ചു. അദ്ദേഹത്തെ പൊനത്തിലില്ലത്തേക്കു ദത്തെടുത്തു എന്നാണു് ഐതിഹ്യം. കൊ. വ. 621—മുതൽ 640—വരെ കോലത്തുനാടു വാണതു് ഉദയവർമ്മനായിരുന്നു. (ചെ. ഭാ. ആമുഖം ix); കൊ വ. 621—650 വരെ എന്നു കേ. സ. ച II. 126.). അദ്ദേഹത്തിന്റെ ഭരണകാലത്തു നാട്ടിൽ ഐശ്വര്യപുഷ്ടിയുണ്ടായിരുന്നുവെന്നും, 627—ൽ അദ്ദേഹം സാമൂതിരിപ്പാടുമായി ഒരു ഉടമ്പടി ഉണ്ടാക്കിയെന്നും പഴയ രേഖകളെ ആസ്പദമാക്കി പറഞ്ഞിരിക്കുന്നു. 629—മകരം 16—ാംനു പൊനത്തിൽ ചങ്കരൻ നമ്പിടിക്കു സ്ഥാനഭാനങ്ങളും വീരശൃംഖലയും സമ്മാനിച്ചതായും അടുത്ത ദിവസം പൊനത്തിൽ കുഞ്ഞിനമ്പിടിയെ സാമൂതിരിക്കോവിലകത്തേക്കു് അയച്ചതായും ചിറയ്ക്കൽ കോവിലകം പട്ടോലച്ചാത്തിന്റെ പകർപ്പുകളിൽ കാണുന്നുണ്ടു്. (ചെ ഭാ. ആമുഖം) XIX; കേ. സാ. ച. II. 126.) കൃഷ്ണപ്പാട്ടിന്റെ ചില താളിയോലമാതൃകകളിൽ ''പൊനത്തിൽ ശങ്കരൻനമ്പിടി രചിച്ച കൃഷ്ണപ്പാട്ടു് സമാപ്തം'' എന്നും ''പൊനം നമ്പിടിയുടെ കൃഷ്ണപ്പാട്ടു്'' എന്നും എഴുതിയിട്ടുള്ളതു് ഇവിടെ ഓർത്തു് ആലോചിക്കാവുന്നതാണു്. (കേ. സാ. ച. II 126.) ഇതിനാൽ ചെറുശ്ശേരിക്കും പുനത്തിനും തമ്മിൽ എന്തോ ഗാഢമായ ബന്ധം ഉണ്ടായിരുന്നുവെന്നു കാണാമല്ലോ. ഇതിൽനിന്നെല്ലാം ചെറുശ്ശേരിയില്ലത്തുനിന്നും പൊനത്തിലേക്കു ദത്തെടുത്ത (ശങ്കരൻ) ഉണ്ണിനമ്പൂരിയാണു് കൃഷ്ണഗാഥാകർത്താവെന്നും, അതുകൊണ്ടാണു് ചെറുശ്ശേരിയുടേതെന്നു് അറിയപ്പെടുന്ന കൃഷ്ണപ്പാട്ടിന്റെ മാതൃകകളിൽ പുനംനമ്പൂരിയെ കർത്താവായി പറഞ്ഞിട്ടുള്ളതെന്നും ഊഹിക്കയാണു് ശ്രീ ബാലകൃഷ്ണൻനായർ. ശങ്കരൻനമ്പൂരിയുടെപുത്രനും സാമൂതിരിക്കോവിലകത്തേക്കു പോയ ആളുമായ കുഞ്ഞിനമ്പിടി ആയിരിക്കണം രാമായണംചമ്പുവിന്റെ കർത്താവെന്നും ഊഹിക്കുന്നു. ഈ അഭിപ്രായം ഉദ്ധരിച്ചുകൊണ്ടു് മഹാകവി ഉള്ളൂർ അഭിപ്രായപ്പെടുന്നതു് ഇങ്ങനെയാണു്: ''കൃഷ്ണഗാഥ രചിച്ചതു് കൊല്ലം 621—650വരെ കോലത്തുനാടു് വാണ ഉദയവർമ്മയുടെ കാലത്തുതന്നെ. ഗാഥാകർത്താവു് ചെറുശ്ശേരിനമ്പൂരിയുംതന്നെ. ഐതിഹ്യവും ആദർശഗ്രന്ഥങ്ങളുടെ കുറിപ്പുകളും തികച്ചും ശരിയാണെന്നു നിശ്ചയിക്കാൻ വഴിയില്ല. എന്നാലും ചെറുശ്ശേരി ഇല്ലത്തിനും പുനത്തിനും ബന്ധമുണ്ടായിരിക്കാമെന്നും പുനത്തിൽ ആളില്ലാതെ വന്നപ്പോൾ ചെറുശ്ശേരി ഇല്ലത്തിലെ അംഗങ്ങളെ അവിടെ ദത്തെടുത്തിരിക്കാമെന്നും അങ്ങനെ ചെറുശ്ശേരിനമ്പൂരി പുനംനമ്പൂരിയായിത്തീർന്നിരിക്കാമെന്നും സമ്മതിക്കാവുന്നതാണു്. അതുകൊണ്ടായിരിക്കാം, ചെറുശ്ശേരിനമ്പൂരിയുടെ കൃതിയെന്നു് പരക്കെ അറിയപ്പെടുന്ന കൃഷ്ണപ്പാട്ടു് പുനംനമ്പൂരിയുടെ കൃഷ്ണപ്പാട്ടായി ഗണിക്കാൻ ഇടയായതു്. ''ഇങ്ങനെയൊക്കെയാണെങ്കിൽ മലയാളത്തിനു

കൃഷ്ണഗാഥ സംഭാവനചെയ്ത ചെറുശ്ശേരിനമ്പൂരിയുടെ (പൊനത്തിൽ ശങ്കരൻനമ്പൂരിയുടെ) പുത്രനായിരുന്ന 'രാമായണചമ്പുകർത്താവായ് പുനംന മ്പൂരിയെന്ന വന്നുള്ളൂം. ശ്രീ ബാലകൃഷ്ണൻനായരുടെ വാക്കുകൾതന്നെ ഉദ്ധരിക്കട്ടെ. ''രാമായണചമ്പു തുടങ്ങിയ അസംഖ്യം ഭാഷാചമ്പുക്കളുടെ കർത്താവായ 'പുനം' ഈ കുഞ്ഞിനമ്പിടിതന്നെയെന്ന തീരുമാനിക്കാം. പതിനെട്ടരക്കവികളിൽ അരക്കവി എന്ന വിളിക്കൊണ്ട് പുനംനമ്പൂരിയും, കൃഷ്ണഗാഥാകർത്താവായ പുനംനമ്പൂരിയും വെവ്വേറെ വ്യക്തികളാണെന്നും ഇതുകൊണ്ട് തീർച്ചയാകുന്നു. ഈ കുഞ്ഞിനമ്പിടിയുടെ അഥവാ അരക്കവി യുടെ പേർ എന്തെന്നു കാണിക്കത്തക്ക യാതൊരു ലക്ഷ്യവും കിട്ടിക്കഴി ഞ്ഞിട്ടില്ല എന്നും പറഞ്ഞുകൊള്ളട്ടെ.''

ചമ്പൂകാരനായപുനംനമ്പൂരിയാണോ കൃഷ്ണഗാഥാകാരനും?

പുനത്തെപ്പറ്റിയും അദ്ദേഹത്തിന്റെ കൃതികളെപ്പറ്റിയും വേറൊരു മതമാണ് കൃഷ്ണഗാഥാപ്രവേശികയിൽ പ്രശസ്ത പണ്ഡിതനായ വടക്കുംകൂർ രാജരാജവർമ്മ അവർകൾ അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ അഭി പ്രായത്തിൽ കൃഷ്ണഗാഥയുടേയും, ഭാരതഗാഥയുടേയും, ഭാഷാരാമായണചമ്പു വിന്റെയും കർത്താവ് ഒരാൾതന്നെയാണ്. ചെറുശ്ശേരിനമ്പൂരിയാണ് കൃഷ്ണഗാഥയുടെ കർത്താവ് എന്ന അഭിപ്രായത്തെ അദ്ദേഹം തിരസ്കരിക്കുന്നു. വടക്കേ മലയാളത്തിലെ പല പണ്ഡിതന്മാരോടും വൃദ്ധന്മാരോടും അദ്ദേഹം കൃഷ്ണഗാഥാകർത്താവിനെക്കുറിച്ച് അന്വേഷിക്കയുണ്ടായി എന്നും, പുന മാണ് ഗാഥാകാരൻ എന്ന് അവരെല്ലാം ഐകകണ്ഠ്യേന പറഞ്ഞിട്ടുണ്ട് എന്നും അദ്ദേഹം പ്രസ്താവിക്കുന്നു.[1] പുനത്തെയും കൃഷ്ണവിജയകർത്താവായ ശങ്കരകവിയെയും സംബന്ധിച്ച് അനേകം ഐതിഹ്യങ്ങൾ അവരുടെ ഇടയിൽ നടപ്പുണ്ടെന്നും, ചെറുശ്ശേരിയെക്കുറിച്ച് അവർ ഒന്നും പറഞ്ഞിട്ടി ല്ലെന്നും, അവർക്ക് ആ പേർ ചെവിക്കു പുത്തരിയാണെന്നും അദ്ദേഹം പറ യുന്നു. (കൃഷ്ണഗാഥാപ്രവേശിക. പു. 15). ചെറുശ്ശേരിയെപ്പറ്റിയുള്ള ഈ വാദം തിരുവിതാംകൂറിൽ (ശ്രീ ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്ര ത്തിൽ) ഉണ്ടായതാണെന്നും സൂചിപ്പിക്കുന്നു. കോലത്തുനാട്ടുരാജാവായ ഉദയവർമ്മയും ചെറുശ്ശേരിനമ്പൂരിയുംകൂടി ചതുരംഗം വച്ചുകൊണ്ടിരുന്ന പ്പോൾ രാജാവു തോല്ക്കുമെന്നു കണ്ട് അദ്ദേഹത്തിന്റെ ഭാര്യ കുഞ്ഞിനെ താരാട്ടുന്ന മട്ടിൽ 'ആളെ ഉന്താൻ' പാടിയതായും, പിന്നീട് ആ രീതി യിൽ ഭാഗവതം ദശമം പാട്ടാക്കാൻ ചെറുശ്ശേരിയോട് ഉദയവർമ്മ കല്പി ച്ചതായും മറ്റുമുള്ള കഥ ഗോവിന്ദപ്പിള്ള അവർകൾ പറഞ്ഞിട്ടുണ്ട്. (മ. ഭാ. ച. 189). കൃഷ്ണഗാഥയുടെ കർത്താവ് ആരെന്നുള്ള വാദം സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകൾ മുമ്പുതന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്. ''ഈ കവി ചെറുശ്ശേരിനമ്പൂരിയാണെന്നുള്ള വിശ്വാ

---

1. പുനംനമ്പൂരിയാണ് കൃഷ്ണഗാഥാകാരൻ എന്ന കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ അഭി പ്രായപ്പെട്ടിട്ടുള്ളതായി ഗോവിന്ദപ്പിള്ള അവർകളുടെ ഭാഷാചരിത്രത്തിന്റെ പരിഷ്ക രിച്ച പതിപ്പിൽ കുറിപ്പ് ഉണ്ട്. (മ. ഭാ. ച. 190). അരക്കവിയായ പുനംനമ്പൂ രിയുടെ കൃതിയാണ പ്രസിദ്ധപ്പെട്ട കൃഷ്ണഗാഥ (കൃഷ്ണപ്പാട്ട്) എന്ന് അപ്പൻതമ്പുരാനും പ്രസ്താവിച്ചിട്ടുണ്ട് (മം. മാ. II. 26). പുനംനമ്പൂരിയുടെ കൃതിയായി ചമ്പു ഉള്ള തായി മംഗളമാലയിൽ പ്രസ്താവിച്ചിട്ടുമില്ല.

സത്തെ നിരാകരിച്ച് പുനംനമ്പൂരിയാണെന്ന് ഒരു അഭിപ്രായം പുറപ്പെ
ട്ടിട്ടുള്ളതായി കാണുന്നു'' എന്നു് അദ്ദേഹം കൃഷ്ണഗാഥയുടെ അവതാരികയിൽ
പ്രസ്താവിക്കുന്നു. (പു. 25). ചെറുശ്ശേരി എന്നൊരു ഇല്ലം വടക്കേ
മലബാറിൽ ഇല്ലെന്നുള്ള വാദത്തെ സാഹിത്യപഞ്ചാനനൻ നിപുണ
മായി പരിശോധിച്ചിട്ടുണ്ട്. മലയാളഭാഷാചരിത്രകർത്താവായ ഗോവിന്ദ
പ്പിള്ള അവർകളും ചെറുശ്ശേരിയെപ്പറ്റി ഉപപാദിച്ചിട്ടുള്ളതിൽനിന്നാണു്
കൃഷ്ണഗാഥയുടെ കർത്താവായി ചെറുശ്ശേരി അവരോധിക്കപ്പെട്ടതു് എന്ന
വാദത്തെ അദ്ദേഹം നിഷേധിക്കുന്നതു് ഗോവിന്ദപ്പിള്ള അവർകൾക്കു
മുമ്പു് ഡോക്ടർ ഗുണ്ടർട്ടു് ചെറുശ്ശേരിശബ്ദം കാണിക്കുന്നുണ്ടെന്നു ചൂണ്ടി
ക്കാണിച്ചുകൊണ്ടാണു്. ഗുണ്ടർട്ടും (1872), അതിനു മുമ്പു് ബെയിലിയും
(1846), ചെറുശ്ശേരി എന്ന ശബ്ദത്തിനു് The name of a book 'ഒരു പുസ്ത
കത്തിന്റെ നാമം' എന്നു് അർത്ഥം കൊടുത്തിട്ടുണ്ടു്. ഏതു പുസ്തകമെന്നു
പറഞ്ഞിട്ടില്ലെങ്കിലും വിവക്ഷിതമായ കൃതി കൃഷ്ണഗാഥയായിരിക്കണ
മല്ലോ. അല്ലാതെ വേറൊരു പുസ്തകത്തെപ്പറ്റിയും ചെറുശ്ശേരികൃതിയെന്ന
കേട്ടുകേൾവിപോലുമില്ല. ഡാ. ഗുണ്ടർട്ടു് അദ്ദേഹത്തിന്റെ നിഘണ്ടു
വിലും വ്യാകരണത്തിലും കൃഷ്ണഗാഥയിൽനിന്നും പല ഉദ്ധാരണങ്ങളും
ചേർത്തിട്ടുണ്ടു്. ചെറുശ്ശേരിയെന്ന വേറൊരു കൃതിയിൽനിന്നു് ഇല്ലതാനും.
അതിനാൽ ഭാഷാചരിത്രകാരനായ ഗോവിന്ദപ്പിള്ളയുടെ സൃഷ്ടിയാണു്
ചെറുശ്ശേരിശബ്ദമെന്നു് ഒരു തരത്തിലും വാദിക്കാവുന്നതല്ല. എന്നുതന്നെ
യുമല്ല, ചെറുശ്ശേരിദേശത്തിന്റെ സ്ഥാനത്തെപ്പറ്റിയും മറ്റും ചെറുശ്ശേരി
ഭാരതത്തിന്റെ ആമുഖത്തിൽ ചിറയ്ക്കൽ ബാലകൃഷ്ണൻനായർ അവർകളും
ചൂണ്ടിക്കാണിച്ചിട്ടുണ്ടു്: ''ചെറുശ്ശേരി എന്നതു് ഇന്നത്തെ കണ്ണൂർപട്ടണം
—ഇതിനു വേളാപുരം എന്നാണു് പഴയ പേരു്—മുതൽ വളപട്ടണംകോട്ട
വരെയുള്ള പേരാകുന്നു എന്നും ചെറുശ്ശേരി, വേളാപുരം, കമ്മാരികിടാവു
കണ്ട കാര്യമെന്നാൽ എന്നു തുടങ്ങുന്ന പഴയ തരകുകളും ഇതിനു കൂടുതൽ
തെളിവു തരുന്നുണ്ടു്''—എന്നും ശ്രീ ബാലകൃഷ്ണൻനായർ രേഖപ്പെടുത്തി
യിരിക്കുന്നു. ആ ചെറുശ്ശേരിദേശത്തെ കാനത്തൂർഗ്രാമത്തിൽപ്പെട്ട ഒരു
ഇല്ലത്തെ നമ്പൂരി ആയതുകൊണ്ടു് വന്ന പേരാണു് ചെറുശ്ശേരി എന്ന വാദം
ബലഹീനമാണെന്നു പറഞ്ഞു തള്ളിക്കളയാവുന്നതല്ല. ബെയിലിയും
ഗുണ്ടർട്ടും നല്കുന്ന തെളിവും ശ്രീ ബാലകൃഷ്ണൻനായർ കാണിച്ചിട്ടുള്ള
രേഖകളും സാഹിത്യപഞ്ചാനനന്റെ പ്രസ്താവനകളും ആകെക്കൂടി ആലോ
ചിച്ചു നോക്കുമ്പോൾ ചെറുശ്ശേരിനമ്പൂരിയാണു് കൃഷ്ണഗാഥയുടെ കർത്താവു്
എന്നു കരുതേണ്ടിയിരിക്കുന്നു. പുനംനമ്പൂരിയാണു് കൃഷ്ണഗാഥയുടെ കർത്താ
വു് എന്ന ചില ഗ്രന്ഥങ്ങളിലെ സൂചനകളും വടക്കേമലയാളത്തെ അറിവും
വച്ചുകൊണ്ടു പറഞ്ഞാലും, അതു ചമ്പൂകാരനായ പുനമാകണമെന്നില്ല
എന്നു് ഉറപ്പിച്ചു പറയാൻ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ. ശ്രീ ബാല
കൃഷ്ണൻനായരുടെ വാദത്തിന്റെ സാരാംശവും ഈ അഭിപ്രായത്തെയാണു
സമർത്ഥിക്കുന്നതു്. ഒന്നിൽ കൂടുതൽ പുനംനമ്പൂരിയില്ലങ്ങളെപ്പറ്റി
പണ്ഡിതപ്രവേകനായ വടക്കുംകൂർ പ്രസ്താവിച്ചിട്ടുള്ളതും ഇവിടെ സ്മരി
ക്കാവുന്നതാണു്. അല്ലെങ്കിൽ ഒരേ ഇല്ലത്തു് ഉണ്ടായ രണ്ടുപേരെന്നു
വന്നാലും മതിയല്ലോ. ഈ അംശത്തെപ്പറ്റി കൃഷ്ണഗാഥാപ്രവേശികയിൽ
പറഞ്ഞിട്ടുള്ളതു് ''ചമ്പുക്കളുടേയും ഗാഥയുടേയും കർത്താക്കന്മാർ ഭിന്നന്മാ
രെന്നു് പറയുന്നതിനെക്കാളും ഒരാൾ എന്നു സ്ഥാപിക്കുന്നതിനാണു് അടി
സ്ഥാനം കാണുന്നതു്'' എന്നാണു്. (പു. 21) എന്താണു് അടിസ്ഥാനം
എന്നു വ്യക്തമാക്കിയിട്ടുമില്ല. സ്ത്രീകളെ ഉദ്ദേശിച്ചു് കൃഷ്ണപ്പാട്ടും പണ്ഡി

തന്മാക്കഃവണ്ടി രാമായണാദി ചമ്പുക്കളും പുനംനമ്പൂരിതന്നെ നിർമ്മിച്ചു എന്നുവരാം എന്ന പ്രസ്താവം മതിയായ കാരണമായി കരുതാവുന്നതല്ല. ഏതു കടന്നു് ആഃലോചിച്ചിട്ടും കൃഷ്ണഗാഥയും ഈ ചമ്പുവും ഒരേ ആളിന്റെ കൃതിയാണെന്നു് വിചാരിക്കാനുള്ള തെളിവും യുക്തിയും കാണുന്നില്ല.

പുനത്തിന്റെ കാലം കൊ. വ. 600–നും 680–നും ഇടയ്ക്കാണെന്നു് ഉറപ്പിച്ചു പറയാവുന്നതാണു് എന്നാണു് ഉള്ളൂരിന്റെ അഭിപ്രായം. (കേ. സാ. ച. II. 177). നാരായണപ്പണിക്കരുടെ അഭിപ്രായവും ഏതാണ്ടു് ഇതിനോടു് യോജിക്കുന്നു. പുനം ജീവിച്ചിരുന്നതു് 600–നും 700–നും മദ്ധ്യേ ആയിരുന്നുവെന്നു മാത്രമേ തല്ക്കാലം തീർച്ചപ്പെടുത്താൻ സാധിക്കയുള്ളൂ എന്നാണു് അദ്ദേഹം പറയുന്നതു്. (കേ. ഭാ. സ. ച. I. 343).

ഈ കൃതിയിലെ മണിപ്രവാളരൂപം—
ഭാഷാവിഷയകമായ പരിസ്ഫുരണം

സാഹിത്യചരിത്രത്തിൽ ഈ കൃതി പ്രതിനിധാനം ചെയ്യുന്ന ഘട്ടത്തെയും അതുകൊണ്ടു ഭാഷയ്ക്കു സാഹിത്യത്തിനും സിദ്ധിച്ച മേന്മകളെപ്പറ്റിയും ഇനി പരിഗണിക്കാം. മണിപ്രവാളത്തിന്റെ പ്രകൃഷ്ടമായ രൂപമാണു് ഈ ചമ്പുവിൽ ശോഭിക്കുന്നതു്. ഈ പ്രസ്താവനയ്ക്കു് അല്പം വിശദീകരണം വേണം. സംസ്കൃതസമ്പർക്കംകൊണ്ടു് മലയാളഭാഷ പുതിയ ഒരു രൂപം കൈക്കൊണ്ടു വളർന്നുതുടങ്ങിയ കാലംമുതല്ക്കു് (ക്രി. വ. എട്ടാം ശതകംമുതല്ക്കെന്നു മഹാകവി ഉള്ളൂർ കേ. സാ. ച II. 67) രൂപംകൊണ്ടതാണു് മണിപ്രവാളം. അതിന്റെ വസന്തകാലവിലാസമാണു് പതിനഞ്ചാം നൂറ്റാണ്ടിൽ ഉണ്ടായ്തന്നു കരുതാവുന്ന ലീലാതിലകത്തിൽ കാണാവുന്നതു്. എന്നാൽ ലീലാതിലകംവരെയുള്ള മണിപ്രവാളത്തിനും പുനംനമ്പൂരിയുടെ കൃതിയായി ഗണിക്കപ്പെടുന്ന ഈ ചമ്പുവിനും തമ്മിൽ ഭാഷാവിഷയകമായി ഗണ്യമായ ഒരു വ്യത്യാസമുണ്ടു്. ''ഭാഷാസംസ്കൃതയോഗോ മണിപ്രവാളം'' എന്ന നിർവ്വചനമനുസരിച്ചു് ഭാഷാപ്രത്യയങ്ങളും ചേർത്ത രൂപങ്ങളുംപോലെ സംസ്കൃതപ്രത്യയങ്ങളും ചേർത്ത ശുദ്ധ സംസ്കൃതരൂപങ്ങളും മണിപ്രവാളത്തിൽ പ്രയോഗിച്ചിരുന്നു. ആ നയം ഈ കൃതിയിലും വലിയ വ്യത്യാസംകൂടാതെ കാണാം. എന്നാൽ ആ അംശത്തിൽ അല്ല പുനത്തിന്റെ ഭാഷാരീതിക്കു പൂർവ്വമണിപ്രവാളത്തോടുള്ള വ്യത്യാസം. ''സന്ദർഭേ സംസ്കൃതീകൃതാ ച'' എന്നൊരു നിയമംകൂടി ലീലാതിലകകാരൻ മണിപ്രവാളത്തിനു കല്പിക്കുന്നുണ്ടു്. അതിനർത്ഥം കാവ്യാദി സന്ദർഭത്തിൽ സംസ്കൃതീകൃതങ്ങളായ മലയാളപദങ്ങളും ആകാം എന്നാണല്ലോ. ഈ നിയമമനുസരിച്ചു് സംസ്കൃതത്തിലെ ധാതുക്കളോടും പ്രാതിപാദികങ്ങളോടും മലയാളപ്രത്യയങ്ങളും ചേർക്കുന്നതുപോലെ മലയാളത്തിലെ ധാതുക്കളോടും പ്രാതിപാദികങ്ങളോടും സംസ്കൃതപ്രത്യയങ്ങളും ചേർത്തും പ്രയോഗിക്കാം എന്ന സ്വാതന്ത്ര്യമാണു് ആദികാലമണിപ്രവാളകവികളും കൈക്കൊണ്ടിരുന്നതു്.

സ്വസ്തേ പൂവ്വം മഹിതനൃപതേർ വിക്രമാദിത്യനാമ്നഃ
പോക്കാംചക്രേ തരുണജലദം കാളദാസഃ കവീന്ദ്രഃ

എന്നും,

പുപൂകിരേ പന്തലകത്തു ചൂകരാ—
ശ്ചുചൂടിരേ മാല പറിച്ചു ഒരോത്തരേ
തതല്ലിരേ തമ്മിലതീവ ലോലമായ്
മമണ്ടിരേ കൊണ്ടു മണാട്ടിതന്നെയും.

—ലീലാതി. ശ്ലോ. 29,

എന്നും മറ്റുമുള്ള വികൃതപ്രയോഗങ്ങളും ഉദാഹരണങ്ങളാണു്. 'പോ' എന്നതിൽനിന്നു 'പോക്കാം ചക്രേ' എന്നും, പൂക്, ചൂട്, തല്ല്, മണ്ടു് എന്നിവയിൽനിന്നു 'പുപൂകിരേ' മുതലായ രൂപങ്ങളും സംസ്കൃതരീതിക്കു് ഉണ്ടായിരിക്കുന്നതു നോക്കുക. ഈ രീതി ക്രമേണ കുറഞ്ഞുവന്നുവെങ്കിലും ഉണ്ണുനീലിസന്ദേശത്തിൽപോലും ഇത്തരം പ്രയോഗങ്ങളും കാണാം. ''മാകന്ദാനാം തണലിൽ മണലിൽ കുഞ്ചിതശ്ചഞ്ചലാക്ഷ്യൈഃ'' എന്നും, 'പാലവും പിന്നിടേഥാഃ' എന്നും മറ്റുമുള്ള പ്രയോഗങ്ങളും നോക്കുക. ഇത്തരം പ്രയോഗങ്ങളുടെ വൈകൃതി ബോദ്ധ്യമായതോടൊപ്പം അവയെ ഉപേക്ഷിക്കുന്നതായും ഭാഷാംശത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നതായും കാണുന്നുണ്ടു്. ലീലാതിലകത്തിനുശേഷം ഭാഷയ്ക്കു വന്ന പുരോഗതി കണ്ണശ്ശകൃതികളിലും, അതിലും കൂടുതലായി കൃഷ്ണഗാഥയിലും പ്രത്യക്ഷപ്പെടുന്നു. (നിരണത്തു മാധവപ്പണിക്കരുടെ ഭാഷാഭഗവത്ഗീതയ്ക്കു് ഈ ലേഖകൻ എഴുതിയിട്ടുള്ള അവതാരിക കാണുക. കേ. സാ. അക്കാദമിപ്രസാധനം). നിരണംകവികളും കൃഷ്ണഗാഥാകാരനും മണിപ്രവാളശൈലിയെത്തന്നെ ഉപേക്ഷിച്ചിട്ടു് മലയാളത്തിനു കൂടുതൽ ഇണങ്ങിയ പാട്ടുകളുടെ ശൈലി പ്രാപിച്ചു എന്നും ഒരു വിശേഷമുണ്ടു്. നിരണംകവികൾക്കും ചെറുശ്ശേരിക്കും പില്ക്കാലത്തുള്ള ആര്യം എന്നു കരുതേണ്ട പുനമാകട്ടെ, പാട്ടിന്റെ രൂപത്തിലുള്ള സാഹിത്യത്തെ പോഷിപ്പിക്കാന്നല്ല, പ്രത്യുത, നിരണംകവികളും ചെറുശ്ശേരിയും ഉപേക്ഷിച്ച മണിപ്രവാളത്തെ പുഷ്ടിപ്പെടുത്താനാണു് ശ്രമം ചെയ്തതു്. എങ്കിലും പാട്ടിലൂടെയും മറ്റു പ്രകാരത്തിലും അന്നേക്കു ഭാഷയ്ക്കു സിദ്ധിച്ചിരുന്ന വളർച്ച അദ്ദേഹം അംഗീകരിക്കയുണ്ടായി. അതിനാൽ സംസ്കൃതികൃതരൂപങ്ങളെ തീരെ പരിവർജ്ജിച്ചു. എന്നാൽ സംസ്കൃതരൂപങ്ങളും സംസ്കൃതപ്രയോഗങ്ങളും ധാരാളമായി സ്വീകരിക്കയും ചെയ്തു. അങ്ങനെ മണിപ്രവാളത്തിനു കാലോചിതമായ പരിവർത്തനവും പരിഷ്കാരവും സാധിക്കയായിരുന്ന പനംനമ്പൂരി ചെയ്തതു്. അദ്ദേഹത്തെ തുടർന്നും അനുകരിച്ചും മണിപ്രവാളരചന ചെയ്ത കവികൾക്കു മാത്രമല്ല, പാട്ടിന്റെ രൂപത്തിൽ സാഹിത്യരചന ചെയ്ത എഴുത്തച്ഛനെപ്പോലുള്ള കവികൾക്കും പുനത്തിന്റെ ഈ രീതി മാർഗ്ഗനിർദ്ദേശം ചെയ്തു. പുനത്തിന്റെ കൃതികളിൽ (ഉദ്ധൃതസംസ്കൃതഭാഗങ്ങളും ഒഴിച്ചുനോക്കിയാൽ) ഭാഷാംശത്തിനും സംസ്കൃതാംശത്തിനും തുല്യപ്രാധാന്യം കാണുമ്പോൾ എഴുത്തച്ഛന്റെയും മറ്റും കൃതികളിൽ ഭാഷാംശത്തിനാണു് പ്രഥമസ്ഥാനം എന്നതത്രേ മുഖ്യമായ വ്യത്യാസം. എങ്കിലും ഈ ചമ്പൂകാരൻ മണിപ്രവാളമാർഗ്ഗത്തിൽക്കൂടിയാണെങ്കിലും ഭാഷയെ വളരെയേറെ മുന്നോട്ടു കൊണ്ടുവന്നുവെന്നും, ഭാഷയുടെ സൗന്ദര്യത്തെ അത്ഭുതകരമായി വർദ്ധിപ്പിച്ചുവെന്നും നിശ്ചയമായും സമ്മതിക്കേണ്ടിയിരിക്കുന്നു.

മണിപ്രവാളത്തിനു പുനത്തിന്റെ വേറൊരു സംഭാവന—വിഷയഗൗരവം

മണിപ്രവാളത്തെപ്പറ്റി പറയുമ്പോൾ പുനംനമ്പൂരി നല്കിയിട്ടുള്ള വേറൊരു സംഭാവനകൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ആദ്യകാലമണിപ്രവാളത്തിനു വിഷയഗൗരവമില്ലായിരുന്നുവെന്നതു് ഒരു പോരായ്മയായിരുന്നു. ഉണ്ണിയച്ചിചരിതം, ഉണ്ണിച്ചിരുതേവിചരിതം, ഉണ്ണിയാടിചരിതം എന്നപോലെയുള്ള ചമ്പുക്കളും, ഉണ്ണുനീലിസന്ദേശം, ചക്രവാകസന്ദേശം എന്നിവപോലെയുള്ള കൃതികളും നായികമാരെപ്പറ്റിയുള്ള ശൃംഗാരകവിതകളായിരുന്നു. ഇവയ്ക്കു പുറമേ ചില ദേവതാസ്തോത്രങ്ങളും രാജസ്തുതികളും ഉണ്ടായിരുന്നതായും കാണാം. ആ സ്ഥിതി പാടേ മാറ്റി മണിപ്രവാളത്തിനു വിഷയത്തിലും പ്രതിപാദനത്തിലും ഗൗരവം നേടിയതിനുള്ള പ്രശസ്തി ഈ രാമായണചമ്പുകർത്താവിനു് ഉണ്ടു്. ഇതിനു മുമ്പുള്ള ഏതെങ്കിലും ഒരു മണിപ്രവാളകൃതിക്കു് ഈ അംശത്തിൽ സാരമായ സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നുള്ളതിനു തെളിവില്ല. ലോകോത്തരവൈശിഷ്ട്യമുള്ള രാമായണകഥയെ മനോഹരമായ ഒരു കാവ്യശില്പമായി അവതരിപ്പിക്കാൻ മണിപ്രവാളരൂപത്തെ സ്വീകരിച്ച കവി തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതോടൊപ്പം മണിപ്രവാളത്തെ സമുദ്ധരിച്ചു് സമുന്നതസ്ഥാനത്തേക്കു് നയിക്കുന്നതിനും മനസ്സുവച്ചു. ഈ കാര്യത്തിലും അദ്ദേഹത്തിനു മാർഗ്ഗദർശനം ചെയ്തതു് പൂർവ്വമണിപ്രവാളകവികളെക്കാളധികം പാട്ടിൽക്കൂടി സാഹിത്യത്തെ പോഷിപ്പിച്ച നിരണംകവികളും ചെറുശ്ശേരിയും ആയിരുന്നു. (രാമചരിതം അക്കാലത്തുതന്നെ പഴകിപ്പോയതായി കരുതേണ്ടതുകൊണ്ടു് അതിനെപ്പറ്റി പറയണമെന്നില്ല). സംസ്കൃതത്തിലെ രാമായണം, ഭാരതം, ഭാഗവതം തുടങ്ങിയ ഇതിഹാസപുരാണകൃതികളെ മലയാളസാഹിത്യപോഷണത്തിനു് സ്വീകരിച്ചവരാണല്ലോ നിരണംകവികളും ചെറുശ്ശേരിയും. പാട്ടിന്റെ വഴിയല്ല മണിപ്രവാളമാർഗ്ഗത്തിൽക്കൂടിയാണു് പുനം സഞ്ചരിച്ചതെങ്കിലും വിഷയസ്വീകരണത്തിൽ അദ്ദേഹം മണിപ്രവാളകവികളെ അല്പം പിൻതുടർന്നതെന്നു വിശേഷിച്ചു സൂചിപ്പിക്കാവുന്നതാണു്. ചുരുക്കത്തിൽ ഈ രാമായണചമ്പുവും ഇതിനെ തുടർന്നുണ്ടായ നൈഷധചമ്പുവും ഏതാണ്ടു് അതിനോടു് അടുത്തുവരുന്ന മറ്റുചില കൃതികളും ഇല്ലായിരുന്നുവെങ്കിൽ മണിപ്രവാളമണ്ഡലം ഭംഗിയുള്ള ചില ശൃംഗാരകൃതികളുടെയും ഒട്ടേറെ ശൃംഗാരശ്ലോകങ്ങളുടേയും കുറേ സ്തോത്രങ്ങളുടേയും ഒരു പ്രദർശനരംഗം മാത്രമായിരുന്നേനെ. നിരണംപാട്ടുകൾപോലെയോ ആട്ടക്കഥകൾപോലെയോ തുള്ളൽക്കാട്ടുകൾപോലെയോ എന്നുവേണ്ട മറ്റു് ഏതു സാഹിത്യശാഖയിൽപ്പെട്ട കൃതികൾപോലെയോ അന്തസ്സാരമുള്ള കൃതികൾ മണിപ്രവാളത്തിൽ ഉണ്ടായിട്ടില്ലെന്നു് അപവദിക്കേണ്ടിവരുമായിരുന്നു. ആ സ്ഥിതിക്കു് ഈ രാമായണചമ്പു എന്തൊരുവലിയ നേട്ടമാണു് മലയാളത്തിനു് കൈവരുത്തിയതെന്നു് മനസ്സിലാക്കാമല്ലോ

ഇതിൽക്കൂടി നേടിയ സംസ്കാരപ്രചാരണം ഇതു കൃത്തിനോ പാഠകത്തിനോ ഉപയോഗിച്ചിരിക്കുമോ?

ജനഹൃദയങ്ങളെ ആകർഷിച്ചു് തന്റെ കലയ്ക്കു സാഫല്യം നേടുന്നതോടൊപ്പം സാഹിത്യത്തിലൂടെ സംസ്കാരപ്രചാരണവും സാധിക്കാൻ

വേണ്ടിയാണു് കവി ഈ കൃതിയിൽ യത്നിച്ചിട്ടുള്ളതു് എന്നു തോന്നുന്നു. ഗാനരൂപത്തിൽ നിരണംകവികളും, ചെറുശ്ശേരിയും പുരാണകഥകളെ ഉപാഖ്യാനംചെയ്തു് ഇതേ ലക്ഷ്യംതന്നെയാണു് സാധിച്ചതു്. അതുകളിൽനിന്നു് അല്പം ഭിന്നമെങ്കിലും കുറേക്കൂടി ഫലപ്രദമായ രീതിയിലാണു് ചാക്യാർകൂത്തിനും മറ്റും പറ്റിയ തരത്തിലുള്ള ഒരു ചമ്പുവായി രാമായണകഥയെ അവതരിപ്പിക്കാൻ കവി മനസ്സുവച്ചതു്. കൂത്തിനുകൂടി ഉദ്ദേശിച്ചിട്ടുള്ളതാണോ രാമായണചമ്പുവും മറ്റും മണിപ്രവാളചമ്പുക്കളെന്നു ചില നിരൂപകന്മാർ സംശയിക്കുന്നു. (തിരുവ'താംകൂറിലെയും കൊച്ചിയിലെയും പ്രസാധനങ്ങളിലെ അവതാരികകളും കാണുക). ആ സംശയത്തിനു മഹാകവി ഉള്ളൂർ ഉത്തരം നല്കിയിട്ടുണ്ടു്. (ഭാഷാചമ്പുക്കൾ, മഹാകവി ഉള്ളൂർ, 80. 90; കേ. സാ. ച. II പു. 178). രാമായണചമ്പുവിന്റെ കെട്ടുപാടു പരിശോധിച്ചാൽ അതു കൂത്തിനും പാഠകത്തിനും മറ്റും ഉപയോഗിക്കത്തക്ക രീതിയിൽ നിബന്ധിച്ചിട്ടുള്ളതാണെന്നു മനസ്സിലാക്കാം. രംഗത്തിൽ കാണുന്ന ഒരു തോഴനെ സംബോധനചെയ്തുകൊണ്ടാണു് കഥ തുടങ്ങുന്നതു്. ഇതിലെ ഇരുപതു ഭാഗങ്ങളിൽ മിക്കതിലും ഈ രീതി കാണാം.[1] (ഇരുപതു ഭാഗങ്ങളെപ്പറ്റി മുകളിൽ പറയും. 'ചമ്പുകാരന്റെ കടപ്പാടും സ്വതന്ത്രഗതിയും' എന്ന ഖണ്ഡിക കാണുക). രംഗപ്രയോഗത്തിനു സൗകര്യപ്രദമായ രീതിയിലാണു് വിഷയങ്ങളെ വേർതിരിച്ചു പ്രതിപാദിച്ചിട്ടുള്ളതും. ചാക്യാർകൂത്തിനും പാഠകത്തിനും പുരാണകഥകളെ രംഗത്തു പ്രയോഗിക്കുന്ന രീതി വളരെ മുമ്പേ നിലനിന്നിരുന്നുവെന്നു് ഇവിടെ ഓർമ്മിക്കാവുന്നതാണു്. അഭിമന്യുവധം തുടങ്ങിയുള്ള 'തമിഴ്'പ്രബന്ധങ്ങളും (ഭാഷാപ്രബന്ധങ്ങളും)

---

1. വാരാന്നാസ്ഥാനരംഗേ വിരവിലിവിടെ വന്നി—
ങ്ങനെ തമ്മിലെത്തു—
മ്പോരം തോഴാ; വിളങ്ങും മനസി മമ സഭാ—
കമ്പിതേ വന്പ്രസാദം.

—രാവണോദ്ഭവം (ശ്ലോ) 3.

ത്രൈലോക്യത്തിനു പദ്മനാഭചരിതം
കല്പ്യായതം മേല്പ്പുമേൽ
മാലോകക്കതിലും മനോഹരമഹോ!
രാമാവതാരോത്സവം
മാലാറീടുവതിന്നു പാക്കിലതു നീ
തോഴാ! പൊവിക്കൊൾക പൂ—
മാലാസൗരഭസാരമൻപൊടു മുക—
ന്നുംവണ്ണമാനന്ദനം.

—രാമാവതാരം (ശ്ലോ) 2.

മംഗല്യം കൈവളക്കും ദ്വിജപടലമഹീ
പാലസമ്മാനനീയേ
രംഗേ ഞാൻ വന്നുനിന്നോരുപയി! ഹൃദയം
മേ കൃതാർത്ഥം വിശേഷാത്.

—രാവണവധം (ശ്ലോ) 1.

ഇത്യാദി ഉദാഹരണങ്ങളും കാണുക.

രംഗപ്രയോഗത്തിന് ഉപയോഗിച്ചിരുന്ന വസ്തുത ലീലാതിലകത്തിൽനിന്നു മനസ്സിലാക്കാം. ഈ വിഷയത്തിൽ പല വിവരങ്ങളും ഉൾക്കൊള്ളുന്ന പ്രസക്തഭാഗം ലീലാതിലകത്തിൽനിന്ന് ഉദ്ധരിക്കാം:

''മാർഗികന്മാർ (ചിട്ടയനുസരിക്കുന്ന നടന്മാർ) നാടകത്തിലും മറ്റും 'തമിഴ്' എന്നു ചില കഥാപ്രബന്ധം പറയുന്നുണ്ട്. അവയിൽ ഭാഷാസംസ്കൃതയോഗമുണ്ട്. ഭാഷാങ്ങൾ ഇല്ലാത്തതിനാലും, ശ്ലേഷം തുടങ്ങിയുള്ള ഗുണങ്ങളും അനുപ്രാസാദികളായ അലങ്കാരങ്ങളും ഉള്ളതിനാലും അതും മണിപ്രവാളമാകുമല്ലോ. എന്നാൽ അവയെ മണിപ്രവാളം എന്നു പറയാറില്ല. ശരി, പറയാം. അവിടെ വിശേഷ്യന്തമായ സംസ്കൃതശബ്ദങ്ങളില്ല. സംസ്കൃതശബ്ദങ്ങളുടെ പ്രാതിപദികരൂപങ്ങൾ മാത്രമേയുള്ളൂ. വിശേഷ്യകാര്യത്തിൽ കേരളഭാഷാബന്ധംതന്നെയാണ് ഉള്ളതു്, അതുകൊണ്ടാണ് അപ്രകാരമുള്ള കഥാകഥനങ്ങളെ മണിപ്രവാളം എന്നു പറയാത്തതു്. സംസ്കൃതവിശേഷ്യന്തമായ സംസ്കൃതശബ്ദങ്ങളുടെ ചേർച്ചയാണ് മണിപ്രവാളം എന്ന വ്യവഹാരത്തിനു ഹേതു. ഭാഷാവിശേഷ്യയോടു ചേർന്ന സംസ്കൃതശബ്ദം ഭാഷയായിത്തീരുന്നു. അതു ഭാഷാ എന്നുള്ള പ്രതീതിയെയാണ് ഉത്പാദിപ്പിക്കുന്നതു്. അതുകൊണ്ടുതന്നെയാണ് (ഈവക പ്രബന്ധങ്ങൾക്കു്) 'തമിഴ്' എന്നു പേർ പറയുന്നതു്. 'അടിമനുവധം' തുടങ്ങി കഥാകഥനരൂപത്തിലുള്ള ഭാഷപ്രബന്ധങ്ങളെ മണിപ്രവാളമെന്നു പറയാതിരിക്കുന്നതിനു കാരണവും ഇതുതന്നെയാണെന്നു ഗ്രഹിക്കണം.'' (ഈ ലേഖകന്റെ ലീലാതിലകപരിഭാഷ. പു. 3).

ഈ പദ്ധതിയെ തുടർന്ന രംഗത്തിൽ പ്രയോഗിക്കത്തക്കവണ്ണം രചിച്ചതായിരിക്കണം ഈ ചമ്പു (കേ. സാ. ച. II. 179). ചമ്പുരൂപത്തിലുള്ള ഈ കൃതിയുടെ സ്വഭാവം രംഗവാസികളെ തികച്ചും രസിപ്പിക്കാൻ തക്കതാണു്—വിശേഷിച്ചും ഗദ്യഭാഗങ്ങളിൽ കാണുന്ന യഥാതഥപ്രസ്താവനകളും ഫലിതങ്ങളും തന്മയത്വം നിറഞ്ഞ വർണ്ണനകളും എല്ലാം. എങ്കിലും ഈ കൃതി ചാക്യാർകൂത്തിനെ അനുകരിച്ചു നിർമ്മിച്ചതാണെന്നു സമ്മതിക്കുന്നവർപോലും ഇതു രംഗത്തിൽ പ്രയോഗിച്ചിരുന്നില്ലെന്നാണു് വാദിക്കുന്നതു്. കൊ. ഭാ. പ. കമ്മറിപ്രസാധനത്തിൽ നിന്നു പ്രസക്തഭാഗം ഉദ്ധരിക്കാം:

''ക്ഷേത്രങ്ങളിൽ ഉത്സവം, തേർവേല മുതലായ വിശേഷങ്ങളും ഉള്ളപ്പോൾ അവിടെ കൂടുന്ന സുകുമാരകലാകോവിദന്മാരും സാഹിത്യകുതുകികളുമായ ബ്രാഹ്മണാദി സഹൃദയന്മാർക്കു നിർദ്ദോഷവിനോദമായ ഭഗവത്കഥാകാലക്ഷേപത്തിനുവേണ്ടി ചാക്യന്മാർ കൂത്തും പ്രബന്ധവും മറ്റുചിലർ പാഠകവും പറയുന്ന പതിവു് ഇന്നും മലയാളത്തിൽ നടപ്പുള്ളതാണല്ലോ. പണ്ടത്തെക്കാലത്തു് ആ തൊഴിൽക്കാർതന്നെ ആ ആവശ്യത്തിലേക്കു യോഗ്യങ്ങളായ ഗദ്യപദ്യങ്ങളെ സംസ്കൃതത്തിലുള്ള ഓരോ പൂർവ്വഗ്രന്ഥങ്ങളിൽനിന്നു സമുച്ചയിച്ചു് എഴുതി സൂക്ഷിച്ചു ഭാഷയിൽ ഫലിതമയമായ രീതിയിൽ അവയുടെ അർത്ഥവിവരണം ചെയ്യേണ്ട പ്രകാരങ്ങളും അഭ്യസിപ്പിച്ചു നൈപുണ്യം സമ്പാദിക്കുക പതിവായിരുന്നു. അക്കാലത്തു് അത്തൊഴിലിൽ പ്രത്യേകം വാസനയും വൈദഗ്ധ്യവുമുള്ള യോഗ്യന്മാർ അപ്പോഴപ്പോൾ പുതിയ പുതിയ ഫലിതമൈക്കെയും കണ്ടുപിടിച്ചു പ്രയോഗിച്ചു രംഗവാസികളെ സന്തോഷവിസ്മയതരംഗിതചിത്തവൃത്തികളാക്കിത്തീർക്കാറുണ്ടു്. പ്രാചീനമായ ഈ ഊടുവഴിയെ അനുസരിച്ചും അനുകരിച്ചും പരിഷ്കരിച്ചും സമീകരിച്ചും പോരാത്തതിനെ പുതുവലായിച്ചേ

തും വിശാലഹൃദയനും മനോധർമ്മജ്ഞനുമായ പുനംനമ്പൂരി ഭാഷയിൽ ന
ല്ലൊരു പ്രബന്ധപന്ഥാവിനെ സഞ്ചാരയോഗ്യമാക്കിത്തീർത്തു.'' (കൊച്ചി
ഭാഷാപരിഷ്കരണക്കമ്മറ്റിപ്രസാധനം. പ്രസ്താവന. പു 67.)

ഇങ്ങനെ ഇത്തരം ചമ്പുക്കളുടെ ഉത്പത്തി ചാക്യാർകൂത്തിനെ അ
നുകരിച്ചാണെന്നു പ്രസ്താവിച്ചശേഷം, ഇവ രംഗത്തിൽ പ്രയോഗിച്ചിരു
ന്നില്ലെന്നു സ്ഥാപിക്കാനാണ് തുടർന്നുള്ളശ്രമം.[1] നോക്കുക: ''ഈ ഭാഷാപ്രബ
ന്ധങ്ങളിൽ ഒന്നെങ്കിലും ചാക്യാന്മാരോ പാഠകന്മാരോ അതേ വിധത്തിൽ
ത്തന്നെ രംഗത്തിൽ പ്രയോഗിച്ചിട്ടുള്ളതായി ആരും പറഞ്ഞുകേട്ടിട്ടില്ല
എന്നു ഖണ്ഡിതമായി പറഞ്ഞിട്ട് എതിർകക്ഷികളുടെ നേരെ പല ചോ
ദ്യശരങ്ങളും പ്രയോഗിച്ചിരിക്കുന്നു. മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട്ടി
ലെ സംസ്കൃതപ്രബന്ധങ്ങളും ഉണ്ടാകുന്നതിനു മുൻപിൽ പുനം മുതലായ
വരുടെ ഭാഷാപ്രബന്ധങ്ങളുംതന്നെയായിരുന്നു രംഗത്തിൽ പ്രബന്ധം പ
റയുന്നവർ ഉപയോഗിച്ചിരുന്നത് എന്ന അഭിപ്രായത്തെ പ്രചണ്ഡമായി
വിമർശിക്കുന്നു. ഭാഷാപ്രബന്ധങ്ങളെ അവഗണിക്കുന്ന ആ നിരൂപണത്തി
ന്റെ ഉച്ചദ്ധ്വനി എത്രത്തോളം ഉയരുന്നുവെന്നു ശ്രദ്ധിക്കുക. കളി, ജപം,
സ്വാദ്ധ്യായം മുതലായ തേവാരങ്ങളുടെ ഇടയിൽ അത്യാവശ്യം നേരിട്ടാൽ
സംസ്കൃതത്തിൽ മുക്കി മൂളി വല്ലതും പറയുകയോ ആംഗ്യം കാട്ടി മറ്റുള്ള
വരെ കാര്യം മനസ്സിലാക്കുകയോ ചെയ്യുന്നതല്ലാതെ മലയാളഭാഷയിൽ
സംഭാഷണം ചെയ്യുന്നതുതന്നെ അതിനിന്ദ്യമായി ഇന്നും കരുതിവരുന്ന
ആ ബ്രാഹ്മണരുടെ സദസ്സിൽ ക്ഷേത്രങ്ങളിൽവച്ചു നടത്തുന്ന ഭഗവത്കഥാപ്രസംഗങ്ങൾക്കു ആ പുരാതനകാലത്തു ഭാഷാപ്രബന്ധങ്ങളെ പ്രധാനമായി സ്വീകരിച്ചിരുന്നുവെന്നു വിശ്വസിപ്പാൻ മേലും കീഴും ആലോചിക്കുന്നവർക്കു ആകെ ധൈര്യമുണ്ടാകുന്നതുമല്ല.'' എന്ന തരത്തിലാണ് അദ്ദേഹത്തിന്റെ വാദം ഉയരുന്നത്. സംസ്കൃതപക്ഷപാതികളായ നമ്പൂരിമാർക്കുവേണ്ടി നടത്തിയിട്ടുള്ള ഈ തീവ്രവാദം സ്വീകരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. അന്നത്തെ നമ്പൂരിമാർക്കു സംസ്കൃതത്തിൽ അതിരുകടന്ന അഭിമാനമുണ്ടായിരുന്നെങ്കിലും അവർ മലയാളത്തെയും സന്തോഷത്തോടെ അനുഗ്രഹിച്ചവരായിരുന്നു എന്ന വസ്തുത വാദത്തിൽ വിസ്മരിച്ചുപോയതല്ലേ? ഈ ചമ്പൂകാരനായ പുനംതന്നെ നമ്പൂരിയല്ലേ? അദ്ദേഹം ബ്രാഹ്മണർ ഉംപ്പെട്ട മഹാസദസ്സിനെ അഭിസംബോധനചെയ്തുകൊണ്ട് രംഗത്തിൽ കഥ അവതരിപ്പിക്കുന്നതായിട്ടാണ് പറഞ്ഞിട്ടുള്ളതു്.

മംഗല്യം കൈവളക്കും ദ്വിജപടലമഹീ—
പാലസമ്മാനനീയേ
രംഗേ ഞാൻ വന്നനിന്നോരളവയി! ഹൃദയം
മേ കൃതാർത്ഥം വിശേഷാൽ

എന്ന രാവണവധത്തിലെ ആദ്യത്തെ ശ്ലോകം ഈ വിഷയത്തിൽ പൂർണ്ണമായ തെളിവാണ്. ഇതുപോലുള്ള സൂചന മറ്റു മണിപ്രവാളചമ്പുക്കളിലും ധാരാളം ഉണ്ട്.

---

1. ഈ അഭിപ്രായം സ്വീകരിച്ചുകൊണ്ട് മണിപ്രവാളചമ്പുക്കളും കൂത്തിനും മറ്റും ഉപയോഗിച്ചിരുന്നില്ലെന്നു കൊച്ചി കേരളവർമ്മ അമ്മാമൻ തമ്പുരാൻ 'കൂത്തും കൂടിയാട്ടവും' എന്ന ഗ്രന്ഥത്തിലും പറഞ്ഞിട്ടുണ്ട്, (പു.37).

ശാസ്ത്രായേതി ഹാസസ്മൃതിഷു വിവിധകാ–
വ്യോത്കരേ നാടകേഷു
ശ്രാദ്ധേഷ്യ സാരസ്വതേ വാക്പ്രചിതിഷു പരാ
കോടിമാടീകമാനേ .
ഗംഭീരേഽസ്മിൻ സമാജേ സുമഹതി നവസ–
ന്ദർഭമാല്യോപഹാരേ
പ്രക്രാന്തസ്യാസ്യ മേ ദാസ്യതി വ്യഷ്ടപൂനാ–
ഥാനകമ്പാവലംബം .

എന്ന തെറ്റെങ്കിലനാഥോദയത്തിലെ അവതാരശ്ലോകങ്ങളും മറ്റും കാണുക. ഇവയിൽനിന്നു് ഇത്തരം പ്രബന്ധങ്ങളം ബ്രാഹ്മണവിദ്വത്സദസ്സിൽ ചാക്യാർകൂത്തിനായിത്തന്നെ പ്രയോഗിച്ചിരുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു

ഇനി വേറൊരു പ്രകാരം നോക്കിയാൽ രംഗപ്രയോഗത്തിനാണെങ്കിൽ അതു ചാക്യാർകൂത്തിൽതന്നെ വേണമെന്നുമില്ല. പാഠകത്തിനു നമ്പ്യാന്മാർ ഉപയോഗിച്ചാലും മതിയല്ലോ. എന്നാൽ പാഠകന്മാരും ഈ പ്രബന്ധങ്ങളം രംഗത്തിൽ പ്രയോഗിച്ചിരിക്കാൻ ഇടയില്ലെന്നാണു വാദം. പ്രബുദ്ധരിച്ച ലീലാതിലകത്തിലെ തെളിവു കണ്ടിരുന്നുവെങ്കിൽ അങ്ങനെ ഒരു വാദം പണ്ഡിതന്മാരായ അവതാരികാകാരന്മാർ കൊണ്ടുവരികയില്ലായിരുന്നു എന്നു കരുതാം ഈ ചമ്പുവിനു മുൻപു് ഉണ്ടായ ലീലാതിലകത്തിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതു് അക്കാലത്തു മാർഗ്ഗംകന്മാർ (മിഴാവു കൊട്ടുന്ന നമ്പ്യാന്മാർ) നാട്യത്തിലും മറ്റും 'തമിഴ്' എന്നു പറഞ്ഞുവന്നിരുന്ന ഭാഷാപ്രബന്ധങ്ങളം ഉപയോഗിച്ചിരുന്നുവെന്നാണു്. ലീലാതിലകത്തിലെ വിവരണമനുസരിച്ചു് അത്തരം ഭാഷാപ്രബന്ധങ്ങളം മണിപ്രവാളത്തെക്കാളും പുരോഗതി പ്രാപിച്ച മലയാളഭാഷയിൽ നിർമ്മിച്ചവയായിരുന്നു എന്നതും പ്രകൃതത്തിൽ അനുസ്മരിക്കാവുന്നതാണു്. എന്തുകൊണ്ടെന്നാൽ, അവയിൽ വിഭക്ത്യന്തസംസ്കൃതപദങ്ങളം ഇല്ലാത്തതിനാൽ അവയെ മണിപ്രവാളമെന്നു പറഞ്ഞുകൂടാ എന്നാണല്ലോ സിദ്ധാന്തം. അങ്ങനെ പുറം 'തമിഴ്' (അന്നത്തെ മലയാളം) മാത്രമായിരുന്ന ഭാഷാപ്രബന്ധങ്ങളെ അക്കാലത്തു രംഗത്തിൽ പ്രയോഗിച്ചിരുന്നുവെങ്കിൽ അവയെക്കാളും സംസ്കൃതത്തോടു് അടുപ്പമുള്ള മണിപ്രവാളചമ്പുപ്രബന്ധം അപ്രകാരം പ്രയോഗിച്ചിരുന്നില്ലെന്നു വാദിക്കാൻ എന്താണു യുക്തി? എന്നാൽ ഇതു് ഏതുപ്രകാരത്തിലാണു പ്രയോഗിച്ചിരുന്നതു് എന്നതു പ്രശ്നം പിന്നെയും ഉന്നയിക്കപ്പെടുന്നതാണു്. ചാക്യാർകൂത്തും പാഠകവും ആട്ടവും തുള്ളലും ഒക്കെ രംഗപ്രയോഗത്തിൽ ജയവൈജയന്തി പാറുന്ന കേരളീയദൃശ്യകലാരംഗത്തു് ചമ്പുപ്രബന്ധങ്ങൾക്കു മാത്രം ഒരു പ്രയോഗപദ്ധതി ഉണ്ടാക്കാൻ പ്രയാസം നേരിട്ടിരുന്നുവെന്നു സംശയിക്കുമോ? നോക്കാം:

അക്കാലത്തു് ഇത്തരം മണിപ്രവാളപ്രബന്ധങ്ങളം പാഠകത്തിനു് ഉപയോഗിച്ചിരുന്നുവെന്നും അതിന്റെ പ്രയോഗരീതി എങ്ങനെയായിരുന്നുവെന്നും കാണിക്കുന്നതാണു് 'പാഠകകഥാമാലിക' എന്ന അപ്രകാശിതകൃതി. തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഈ പഴയ കൃതിയിൽ രണ്ടുഭാഗം ഉൾക്കൊള്ളുന്നു. ഒരു ഭാഗത്തിൽ രാമായണകഥയും മറ്റതിൽ ഭാരതം കഥയും പാഠകപ്രവചനം ചെയ്യുന്നതിനുള്ള

രീതി പ്രദർശിപ്പിച്ചിരിക്കുന്നു. രാമായണവും ഭാരതവും സംബന്ധിച്ച സംസ്കൃതത്തിലും മണിപ്രവാളത്തിലുമുള്ള കൃതികളിൽനിന്നു ശ്ലോകങ്ങളും ഉദ്ധരിച്ചു് അവയെ അവതരിപ്പിക്കുന്നതും വ്യാഖ്യാനിക്കുന്നതുമായ രീതി എങ്ങനെയെന്നു കാണിക്കുന്ന പ്രകാരത്തിലാണു് ഈ നിബന്ധിട്ടുള്ളതു്. ഇതിൽ രാമായണകഥയെ സംബന്ധിച്ചുള്ള ഭാഗമാണു് നമുക്കു് ഇവിടെ കൂടുതൽ പരിഗണനയ്ക്കു് വിഷയമാകുന്നതു്. അതു് ഭാഷാരാമായണചമ്പുവിനെ മാത്രം ആധാരമാക്കിയുള്ളതല്ലെങ്കിലും, രണ്ടു സംഗതികളും അതിൽ നമുക്കു് അതിപ്രധാനമാണു്. ഒന്നാമത്തേതു്, മണിപ്രവാളപ്രബന്ധങ്ങളും പാഠകത്തിനു് ഉപയോഗിച്ചിരുന്നുവെന്നു്. രണ്ടാമത്തേതു്, ഈ രാമായണചമ്പുവിൽനിന്നുതന്നെയുള്ള അനേകം മണിപ്രവാളശ്ലോകങ്ങളും ബന്ധകങ്ങളും അതിൽ എടുത്തു ചേർത്തിട്ടുണ്ടെന്നുള്ളതു്. മുകളിൽ സൂചിപ്പിച്ചതുപോലെ ഭാഷാരാമായണചമ്പുവിൽനിന്നു് എന്നപോലെ ഭോജചമ്പു തുടങ്ങിയ സംസ്കൃതകൃതികളെയും മണിപ്രവാളത്തിൽത്തന്നെയുള്ള മറ്റു ചില (അജ്ഞാത)കൃതികളെയും ഒക്കെ ആധാരമാക്കിയാണു് രാമായണകഥാമാലിക. അതിനെപ്പറ്റിയുള്ള പുഞ്ചവിവരണം ഇവിടെ വേണമെന്നില്ല. ഭാഷാരാമായണചമ്പുവിൽനിന്നു് അതിൽ ഉദ്ധരിച്ചിട്ടുള്ള എല്ലാ ശ്ലോകങ്ങളും ബന്ധകങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുന്നതും അതുകണ്ടു് അത്യാവശ്യമല്ല ഈ പാഠകകഥാമാലിക നല്ലൊരു തെളിവിൻറെ സൂചന മുൻപൊരുന്ന മഹാകവി ഉള്ളൂർ 'ഭാഷാചമ്പുക്കൾ' എന്ന പ്രൗഢഗവേഷണഗ്രന്ഥത്തിൽ എടുത്തുകാണിച്ചിട്ടുള്ളതാണു്. ചമ്പുവിലെ ഒരു മണിപ്രവാളശ്ലോകത്തിൻറെ പ്രവചനരീതി മഹാകവി കാണിച്ചിട്ടുള്ളതു് ഉദ്ധരിക്കാം. വരണരംഗത്തു സീത പ്രവേശിക്കുന്നതായി പ്രസ്താവിക്കുന്ന ശ്ലോകത്തിൻറെ (സീതാസ്വ. 35.) വ്യാഖ്യാനപ്രവചനം ആണു് അദ്ദേഹം കാണിച്ചിട്ടുള്ളതു്:

''ചിന്നീടും കാന്തി പൊന്നിൻതളികയിൽ വലായ്
മാലയും വച്ചു താരി--
ത്തനുഗീശോഭ കൈക്കൊണ്ടുവയർ നടുവേ
മിന്നൽ പോലേ വിലോലാ
കണ്ണിന്നാനന്ദധാരാ കുലശപരാ—
ബ്രഹ്മവിദ്യൈവ മൂർത്താ
ധന്യാ വന്നാളരങ്ങത്തതിമുദിതസിതാ
മൈഥിലീ മന്ദമന്ദം.''

—പാഠകകഥാമാലിക, II. 42.

എന്ന സീതാസ്വയംവരപ്രബന്ധത്തിലെ (37—ാം) പദ്യത്തിൻറെ വ്യാഖ്യാനമാണു് താഴെക്കാണുന്നതു്.

''ജനകരാജധാനിയിങ്കൽ സ്വയംവരത്തിനായിക്കൊണ്ടു വരേണ്ടുന്ന ആളുകളെ ഒക്കവേവന്നപ്രകാരം രാജാവു ബോധിപ്പിച്ച സ്വയത്തിങ്കൽ ഇനി സ്വയംവരത്തിനു കാലതാമസം വന്നുപോകരുതു് എന്നു കല്പിച്ചു കന്യകയെ കളിപ്പിച്ചു് ഇണപ്പുടകൊടുപ്പിച്ചു് തത്സമയോചിതങ്ങളായിരിക്കുന്ന ആഭരണങ്ങളെക്കൊണ്ടു് അലങ്കരിപ്പിയ്ക്കയും ചെയ്തു. എന്നതിൻറെ ശേഷമാകട്ടെ, 'ചിന്നീടും കാന്തി പൊന്നിൻതളികയിൽ.....മൈഥിലീ മന്ദമന്ദം,'

സീത തന്റെ കുലപരദേവതയായിരിക്കുന്ന ഭഗവതിയേയും വന്ദിച്ചു മാതാപിതാക്കന്മാരെയും അഭിവാദ്യം ചെയ്തു സ്വയംവരമാലയുണ്ടു കൈകളിലൊരുങ്ങു് എടുപ്പതും ചെയ്തു നിറകുടം, അഷ്ടമംഗല്യം, വിളക്കു് ഇവ എടുപ്പതും ചെയ്തു, ചുഴലവും നില്ക്കുന്ന സഖിമാരോടുംകൂടെ സുമുഹൂർത്തത്തിങ്കൽ, രംഗസ്ഥലത്തെ പ്രാപിപ്പതും ചെയ്തു സഭത്തിങ്കൽ, കാണുന്ന പരിഷകൾക്കു് ഈവണ്ണം തോന്നിക്കൊള്ളും: 'കമലശരപരബ്രഹ്മവിദ്യേവ മൂർത്താ' കാമദേവന്റെ പരബ്രഹ്മവിദ്യ സാക്ഷാൽ പ്രത്യക്ഷീഭൂതയായിട്ടു വരികയോ എന്നു തോന്നും. അതു തന്നെയുമല്ല, 'കണ്ണിന്നാനന്ദധാരാ', കാണുന്ന പരിഷകൾക്കു നയനാനന്ദത്തെ വഴിപോലെ ഉണ്ടാക്കുന്ന ഒരുത്തി ആകുന്നതു്. 'അതിമുദിതഹസിതാ', സുന്ദരതമായിരിക്കുന്ന മന്ദസ്മിതത്തെക്കൊണ്ടു. അത്യന്തം മനോഹരങ്ങളായിരിക്കുന്ന കടാക്ഷങ്ങളെക്കൊണ്ടും സകല ജനങ്ങളുടെയും മനസ്സിനു് ആനന്ദത്തെ ഉണ്ടാക്കുകയും ചെയ്തു് ആ സഭയിൽ നില്ക്കുന്നതും ചെയ്തു. ആ സമയത്തിങ്കലാകട്ടെ മഞ്ചസ്ഥിതന്മാരായിരിക്കുന്ന മഹാരാജാക്കന്മാർ സീതയുടെ കേശാദിപാദം, പാദാദികേശം കണ്ടു് ആനന്ദാംബുധിനിമഗ്നമനസ്കരായ്ച്ചമഞ്ഞു് അന്യോന്യം ഇവ്വണ്ണം പറഞ്ഞുതുടങ്ങുകയും ചെയ്തു.'' (ഭാഷാചമ്പുക്കൾ. പു. 90.)

ഇതിൽനിന്നു ചമ്പുവിലെ ഭാഗങ്ങൾ രംഗത്തിൽ അവതരിപ്പിച്ചിരുന്ന രീതി എങ്ങനെയായിരുന്നുവെന്നു മനസ്സിലാക്കാമല്ലോ.

ലീലാതിലകവും പാഠകകഥാമാലികയും നല്കുന്ന തെളിവുകൊണ്ടു് ഭാഷാരാമായണചമ്പുവും അതുപോലെയുള്ള മണിപ്രവാളചമ്പുപ്രബന്ധങ്ങളും രംഗത്തിൽ പ്രയോഗിച്ചിരുന്നുവെന്ന സംശയം കൂടാതെ പറയാവുന്നതാണു്.

ചമ്പുരൂപത്തെപ്പറ്റി

ഇതിന്റെ സാഹിത്യരൂപത്തെപ്പറ്റി ഇനിയും പരിഗണിക്കാം. ചമ്പുരൂപത്തിലുള്ള പ്രബന്ധമാണു് ഇതു്. ഗദ്യവും പദ്യവും ഇടകലർത്തിയുള്ള പ്രബന്ധത്തെയാണു് സംസ്കൃതത്തിൽ ചമ്പു എന്നു പറയുന്നതു്. ഈ സാഹിത്യരൂപം സംസ്കൃതത്തിൽ പ്രഗല്ഭന്മാരായ പല കവികളും പ്രയോഗിച്ചു വിജയം നേടിയിട്ടുള്ളതാണു്.

> ഗദ്യാനുബന്ധരസനിശ്രിതപദ്യസൂക്തിർ
> ഹൃദ്യാ ഹി വാദ്യകലയാ കലിതേവ ഗീതിഃ
> തസ്മാദുദ്ധാത കവിമാർഗ്ഗമുഷാം സുധിയ
> ചമ്പൂപ്രബന്ധരചനാം രസനാ മദീയാ.

എന്നു പ്രസ്താവിച്ചുകൊണ്ടാണു് ഭോജരാജാവു് ചമ്പുരാമായണം സമാരംഭിക്കുന്നതു്. ഗദ്യവും പദ്യവും ചേർന്നതാണല്ലോ നാടകങ്ങളും. അവയിൽനിന്നു ചമ്പുക്കൾക്കു് എന്താണു വ്യത്യാസം എന്നു് ഒരു ചോദ്യം ഇവിടെ ഉന്നയിക്കാവുന്നതാണു്. എന്നാൽ നാടകത്തിനും ചമ്പുവിനും തമ്മിൽ ഈ അംശത്തിൽ സാദൃശ്യം ഉണ്ടെങ്കിലും നിബന്ധനരീതിയിൽ അവയ്ക്കു തമ്മിൽ വളരെയേറെ വ്യത്യാസമുണ്ടു്. നാടകം കഥാപാത്രങ്ങളുടെ സംഭാഷണരൂപത്തിൽ നിബന്ധിച്ചിട്ടുള്ള കൃതിയാണു്. ക്രിയാംശമാണവിടെ മുഖ്യം.

ചമ്പു കഥാഖ്യാനരൂപത്തിൽ ഉള്ള കൃതിയാണു്. അതു വച്ചനാപ്രധാനവുമായിരിക്കും. നാടകത്തിലെയും ചമ്പുവിലെയും ഗദ്യരീതികൾക്കു തമ്മിലും വ്യത്യാസമുണ്ടു്. നാടകത്തിലെ ഗദ്യം പാത്രങ്ങളുടെ സംഭാഷണരൂപത്തിലുള്ളതാകയാൽ അതു കൂടുതൽ സ്വാഭാവികശൈലിയിലുള്ളതായിരിക്കും. ചമ്പുവിലെ ഗദ്യം ആ തരത്തിൽ പെട്ടതല്ല. അതു പദ്യത്തെപ്പോലെയോ അതിനെക്കാളും കൂടുതലോ കൃത്രിമത്വം നിറഞ്ഞ സാരസമ്പ്രവാഹമാണു്. ചുരുക്കിപ്പറഞ്ഞാൽ ഗദ്യപദ്യങ്ങൾ ഇടകലർത്തിയുള്ള ചമ്പുപ്രസ്ഥാനം ഗദ്യം, പദ്യം എന്ന രണ്ടു സാഹിത്യരൂപങ്ങളിലും കവികൾക്കുള്ള കഴിവു് പ്രകടിപ്പിക്കാൻ പറ്റിയ ഒരു ഉപാധിയായിട്ടാണു് പരിഗണിക്കുന്നതു്. എങ്കിലും ചമ്പുക്കളിലെ ഗദ്യം, നമുക്കു് അറിയാവുന്ന മാതൃകകൾ വച്ചുകൊണ്ടു പറയുമ്പോൾ, സാക്ഷാൽ ഗദ്യത്തിന്റെ വൈശിഷ്ട്യമല്ല, ഏതാണ്ടു പദ്യത്തിന്റെ കൃത്രിമത്വം നിറഞ്ഞ സ്വച്ഛന്ദഗതിതന്നെയാണു് ആവിഷ്കരിക്കുന്നതു്. വൃത്തബന്ധം ഇല്ലന്നേയുള്ളു. സംസ്കൃതത്തിലെ രീതിയാണു് ഇപ്പറഞ്ഞതു്. ഭാഷയിലും നിയമം ഇതുതന്നെയെങ്കിലും ഗദ്യരീതിയിൽ അല്പം വ്യത്യാസമുണ്ടു്. മലയാളചമ്പുക്കളിലെ ഗദ്യഭാഗങ്ങളിൽ അധികവും ദ്രുതഗതിയിലുള്ള ഒരുതരം ദ്രാവിഡവൃത്തത്തിൽ നിബന്ധിച്ചിട്ടുള്ളതാണെന്നും കാണാം.

ആദികാലത്തെ മണിപ്രവാളചമ്പുക്കളും ഈ ചമ്പുവും

അതു് ഇരിക്കട്ടെ. ഭോജചമ്പു തുടങ്ങിയ സംസ്കൃതകൃതികളുടെ പന്ഥാവിൽത്തന്നെ സഞ്ചരിക്കാൻ പല കവികളേയും പ്രേരിപ്പിച്ചു. അത്തരം പ്രേരണയുടെ ഫലമായിട്ടാണു് മണിപ്രവാളകവികളും ചമ്പുപ്രസ്ഥാനത്തിൽ കാൽ വെച്ചുതുടങ്ങിയതു്. മണിപ്രവാളത്തിലെ ആദിചമ്പുക്കളുടെ മാതൃകയായി ഉണ്ണിയച്ചിചരിതം, ഉണ്ണിയച്ചിരുതേവിചരിതം, ഉണ്ണിയാടിചരിതം എന്ന മൂന്നു കൃതികളാണു് നമുക്കു കിട്ടിയിട്ടുള്ളതു്. അവതെളിയിക്കുന്നതു് ഈ രാമായണചമ്പുവിന്റെ നിർമ്മിതിക്കു മുൻപുതന്നെ ചമ്പുപ്രസ്ഥാനം മലയാളത്തിൽ ആവിർഭവിച്ചു എന്നാണു്. ഗദ്യവും പദ്യവും ഭണ്ഡകവും ഇടകലർത്തി മനോഹരമായ ഒരു സാഹിത്യരൂപമാണു് ആദികാലമണിപ്രവാളകവികൾ ഏറ്റെടുത്തിയതു്. അതിനാൽ രൂപകല്പനയെ സംബന്ധിച്ചിടത്തോളം പുനത്തിനു് ഉപജ്ഞാതൃത്വം ഇല്ല. എങ്കിലും ഉണ്ണിയച്ചിചരിതം മുതലായ ചമ്പുക്കൾക്കും, രാമായണചമ്പുവിനെപ്പോലെയുള്ള ഒരു കൃതിക്കും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാണു്. എന്നാൽ ആ വ്യത്യാസം സാഹിത്യരൂപത്തെ ആസ്പദമാക്കിയുള്ളതല്ല; കവിപ്രഭാവത്തെ ആസ്പദമാക്കിയുള്ളതാണു് എന്നു മനസ്സിലാക്കാം. ഏതായാലും ഭാഷയിലെ ചമ്പുക്കളിൽ മഹാമേരുപ്രഭാവമാണു് ഈ പ്രബന്ധം ആവഹിക്കുന്നതു്. പില്ക്കാലത്തുണ്ടായ ചമ്പുകൃതികളിൽ മഴമംഗലം നമ്പൂരിയുടെ നൈഷധചമ്പു ഒന്നിനു മാത്രമേ ഏതാണ്ടു് ഇതിനു തുല്യമെന്നു പറയാവുന്ന ഔന്നത്യവും പ്രൗഢിയും ഉള്ളൂ.

ഇതിലെ ആഡംബരപ്രൗഢി കവിതാശക്തിയുടെ ദുർവ്യയമാണോ?.

ഈ കൃതികളുടെ ആഡംബരപ്രൗഢി ഇന്നത്തെ രീതിക്കു് കവിതാശക്തിയുടെ ദുർവ്യയമായി കരുതുന്ന നിരൂപകന്മാർ ഉണ്ടാവാം. അവർ മദ്ധ്യകാലഘട്ടത്തിലെ കലാസൃഷ്ടികളെ പ്രകടമാക്കുന്ന കോരിവാരിച്ചൊല വഴിപ്പു് അനുസ്മരിച്ചു് ഇതിലേ രീതി ക്ഷമിക്കണമെന്നേ പറയുന്നുള്ളൂ. സൗകര്യത്തെയും ഉപയോഗത്തെയും പുരസ്കരിച്ചു നിർമ്മിക്കുന്ന ആധുനിക ഗൃഹങ്ങളെയും ശാലകളെയും മദ്ധ്യകാലങ്ങളുടെ അപദാനസ്മാരകങ്ങളായി പരിശോഭിക്കുന്ന ദേവാലയഗോപുരങ്ങളോടു താരതമ്യപ്പെടുത്തിയാൽ പ്രകൃതത്തിൽ നമുക്കു നല്ലൊരു ഉദാഹരണം കിട്ടിയതായി കരുതാം. എന്തിനാണു് ക്ഷേത്രത്തിനു വലിയ ഒരു ഗോപുരവും അതിനു് ഏഴു നിലകളും ഇത്രയേറെ ശില്പലങ്കാരങ്ങളും? നിശ്ചയമായും സാധാരണരീതിയിൽ ഉള്ള ഒരുതരം പ്രയോജനവുമല്ല അതിന്റെ ലക്ഷ്യം. എങ്കിലും അതിൽ കവിഞ്ഞു് ഏതോ ഒരു ലക്ഷ്യം ആ ഗോപുരത്തിന്റെ നിർമ്മിതിയിലുണ്ടു്. ധനവും ശ്രമവും ബുദ്ധിയും കലാസങ്കല്പങ്ങളും നിർല്ലോഭമായി ചെലവഴിച്ചു് ഉണ്ടാക്കിയ ഗോപുരം പ്രേക്ഷകരുടെ ഹൃദയങ്ങളെ കവർന്നുകൊണ്ടു നൂറ്റാണ്ടുകളെ തരണം ചെയ്തു പ്രയോജനവാദികൾക്കു് ഒരു വെല്ലുവിളിയായി നിലകൊള്ളുന്നു. ഈ ചമ്പുവിനെപ്പോലെയുള്ള മദ്ധ്യകാല സാഹിത്യകൃതികളുടെ സ്ഥിതിയും ഏതാണ്ടു് ഇതുതന്നെ. അവ സാഹിത്യരൂപത്തിലുള്ള അത്ഭുതസ്മാരകങ്ങളാണു്.

ഇതിലെ ശ്ലോകങ്ങളും ഗദ്യകങ്ങളും—— അവയെപ്പറ്റി സാമാന്യനിരീക്ഷണം

ശബ്ദാർത്ഥസമ്പത്തും കവിതാസങ്കല്പവിഭവങ്ങളും കോരിച്ചൊരിഞ്ഞു് അനുവാചകരെയും ശ്രോതാക്കളെയും അത്ഭുതാനന്ദവികാരങ്ങളിൽ ആമഗ്നരാക്കാനായിരുന്ന ഈ ചമ്പുവിന്റെ കർത്താവിനെപ്പോലെയുള്ള കവികളുടെ യത്നം. ഈ ചമ്പുകൃതി മുഴുവൻ ഈ പ്രസ്താവനയ്ക്കു് പൂർണ്ണമായ ഉദാഹരണമാണു്. ഓരോ ശ്ലോകവും, ഓരോ ഗദ്യഖണ്ഡവും, ഓരോ ഗദ്യകവും രചനാചാതുരികൊണ്ടു് ആകർഷകമാണു്. പദ്യഗദ്യങ്ങളും ഇടകലർന്നതാണു് ചമ്പുവെങ്കിലും, പദ്യമാണു് ഭൂരിഭാഗവും. ചമ്പുവിനെ സംബന്ധിച്ചു പറയുമ്പോഴും പദ്യമെന്നാൽ ശ്ലോകങ്ങളുമാണു്. ത്രാവിഡവൃത്തനിബദ്ധമായ ഭാഗത്തെ പദ്യമായി ഗണിക്കുന്നില്ലെന്നു സാരം. സംസ്കൃതവൃത്തനിബദ്ധങ്ങളായ ശ്ലോകങ്ങളാണു് അതിനാൽ പദ്യഭാഗം. അവിടെ അധികമായി ഉപയോഗിക്കുന്ന വൃത്തങ്ങളാണു് സ്രഗ്ധര, ശാർദ്ദൂലവിക്രീഡിതം, കുസുമമഞ്ജരി, ശിഖരിണി, മാലിനി, വസന്തതിലകം, വസന്തമാലിക, പുഷ്പിതാഗ്ര, ഇന്ദ്രവജ്ര, ആര്യ, അനുഷ്ടുപ്പു് മുതലായവയാണു്. സ്രഗ്ധര മുതലായ നീണ്ട വൃത്തങ്ങളോടാണു് ഈ ചമ്പുകാരന്റെ പക്ഷപാതം. ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങളെപ്പറ്റി വിശദമായ ഒരു പരിശോധന ഇവിടെ ആവശ്യമില്ല. ഒരു വസ്തുത മാത്രം ചൂണ്ടിക്കാണിക്കാം. സംസ്കൃതവും ഭാഷയും എത്രത്തോളം ഇണങ്ങിച്ചേരുമെന്നും, സംസ്കൃതവൃത്തങ്ങളും ഭാഷാകവിതാസാരൂപത്തെ എത്രയധികം സമ്മോഹനമാക്കുമെന്നും ഇതിലെ സംസ്കൃത

വൃത്തനിബദ്ധഭാഗം തുടങ്ങിയിരിക്കുന്നു. ഈ അംശത്തിൽ രാമായണപ്രണേതാവിനു സിദ്ധിച്ച വിജയം വിസ്മയാവഹമാണു്. കഥാകഥനത്തിനും വർണ്ണനത്തിനും വികാരാവിഷ്കരണത്തിനും സംഭാഷണത്തിനും എല്ലാം അതീവനിപുണമായി ശ്ലോകങ്ങളെ കവിയുടെ ആശയത്തിനനുസൃതം വിലാസപൂർണ്ണം ചെയ്യുന്നു. സൗന്ദര്യസാരം അടച്ചുവച്ചിരിക്കുന്ന ചെപ്പിൽചിരിപോലെയുള്ള ഇതിലെ ശ്ലോകങ്ങളുടെ ഒരു മാതൃകയെങ്കിലും കാണണ്ടേ? ഹനുമാൻ കൊണ്ടുചെന്നു കൊടുത്ത ശ്രീരാമാംഗുലീയകം കിട്ടിയപ്പോൾ സീതയുടെ ആനന്ദം പ്രകടിപ്പിക്കാൻ കവി ഒരു ശ്ലോകമാണു് നിബന്ധിച്ചിട്ടുള്ളതു്. കേൾക്കുക.

മുദ്ധാ മെല്ലെന്നെടുത്താശം, തിരുതിരിയിലണി—
ഞ്ഞാശം, മന്ദം മുകർന്നാശം,
മുത്താർമൽകൊങ്കമാട്ടിൻ മുകളിലുടനടൻ
വച്ചു ഗാഢം പുണർന്നാശം;
ചിത്രം ചിത്രം! തദാനീം കലയുവതികുലം
മൗലിമേൽ വച്ചു ചുംബം
പുത്രൻ പുൺപിന്നെ രാമാഭരണമഖിലഗാത്രേഷു പുൺപായിച്ചുഞ്ഞു.

(അംഗുലീയകം, ശ്ലോ. 136)

ഇതുപോലെ സമ്പ്രാപ്തോഹണഘട്ടത്തിലെ 'പരിമളമഴ പെയ്തിരുണ്ടു ദിഗ്യാ' ഇത്യാദി സീതാവർണ്ണനവും (പു. സൗന്ദര്യസുധാവർഷം ചെയ്യുന്നതാണു്. ഇതിൽ കൂടുതൽ വൈദഗ്ധ്യത്തോടെ എങ്ങനെയാണു് ഒരു കവി തന്റെ കലയ്ക്കു് സാഫല്യം നേടുന്നതു്? വൃത്തം സംസ്കൃതത്തിലേതായാലെന്തു്? മലയാളത്തിലേതായാലെന്തു്? അതൊരു ഉപാധി മാത്രം. കവിപ്രതിഭ ഏതിലും പൂർണ്ണസൗന്ദര്യത്തോടെ പ്രകാശിച്ചുകൊള്ളും. ഇവിടെ ആനുഷ്ഗികമായി ഒരു സംഗതികൂടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. 'മുദ്ധാ മെല്ലെന്നെടുത്താശം' എന്നു തുടങ്ങുന്ന മനോഹരപദ്യത്തിലും നിഷ്കൃഷ്ടമായി നോക്കുമ്പോൾ യതിഭംഗമുണ്ടു്. അത്തരം യതിഭംഗം ഈ ചമ്പുവിന്റെ ശ്ലോകഭാഗത്തെ സംബന്ധിച്ചു് ഒരു ന്യൂനതയായി പറയുന്നുണ്ടു്. (കേ. സാ ച. II. 187). എന്നാൽ യതിഭംഗം അത്ര വലിയ ഒരു ദോഷമായി പല കവികളും കരുതിയിരുന്നില്ല 'അതിലും കൂടുതലായി പറഞ്ഞാൽ ആ ദോഷം പോലും അദ്ദേഹത്തിന്റെ കാവ്യത്തിലെ അന്യഗുണസന്നിപാതത്തിൽ നിമഗ്നമായിപ്പോകുന്നു' എന്നു് ഈ ദോഷം ചൂണ്ടിക്കാണിച്ചു നിരൂപണം ചെയ്യുന്ന മഹാകവി ഉള്ളൂർ സമാധാനം പറയുകയും ചെയ്യുന്നു.(കേ. സാ. ച. II. 188). അതു നില്ക്കട്ടെ. ഇതിലെ ശ്ലോകഭാഗം ആദ്യന്തം ഒന്നു മനസ്സിരുത്തി നോക്കുന്ന സഹൃദയനു് അത്ഭുതസിദ്ധിയുള്ള ഒരു കവീശ്വരന്റെ മഹാപദ്മനത്തിൽ ആനന്ദപൂകം ഉളവാകാതിരിക്കുക സാദ്ധ്യമല്ല—യതിഭംഗങ്ങളും മറ്റു ചില ദോഷങ്ങളും ഉണ്ടെന്നുള്ളതു വിസ്മരിച്ചിട്ടില്ല, അനേകം പ്രകാരത്തിലുള്ള ഗുണോത്കർഷങ്ങളിൽ മനസ്സു് അഭിരമിച്ചിട്ടു്.

ഗദ്യം

ചമ്പുശരീരത്തിലെ രണ്ടാമത്തെ ഭാഗമായ ഗദ്യങ്ങളെപ്പറ്റി ഇനി നോക്കാം. സാങ്കേതികാർത്ഥത്തിലാണു് ഗദ്യമെന്നു് ഇവിടെപ്പറയുന്നതു്.

നുള്ളതിലേക്കുവെയുള്ള (ഭാഗങ്ങളെ) മലയാളഗദ്യഭാഗങ്ങളും, സംസ്കൃതപദ്യങ്ങൾ ക്കിടയിലേപ്പോലെയുള്ള (അങ്ങിങ്ങ്) സംസ്കൃതഗദ്യവും, (മുപ്പതിലധികം) മണിപ്രവാളശ്ലോകങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ ഭാഗം പ്രത്യേകിച്ചു പഠനം അർഹിക്കുന്നു.

സംസ്കൃതഗദ്യം

ഇതിൽ സംസ്കൃതഗദ്യങ്ങൾക്കുടെ ചേർത്തു പ്രൗഢിക്കുവേണ്ടി ആയിരിക്കണം, മണിപ്രവാളശ്ലോകങ്ങളുടെ ഇടയ്ക്കു സംസ്കൃതശ്ലോകങ്ങൾക്കുടെ ചേർത്തതുപോലെ മലയാളഗദ്യങ്ങളോടൊപ്പം സംസ്കൃതഗദ്യഖണ്ഡങ്ങളും ചേർക്കുന്നതു സാധാരണഗതിയിലുള്ള കൃതിയിൽനിന്നുള്ള ചമുകാരൻ സംസ്കൃതചമുക്കളിലെ ഗദ്യങ്ങളെ അനുകരിച്ചു് സമാസഭൂയിഷ്ഠമായ രചനയാണു് സംസ്കൃതഗദ്യഭാഗത്തിൽ. ചിലതെല്ലാം സംസ്കൃതകൃതികളിൽനിന്നു് ഉദ്ധരിച്ചിട്ടുള്ളവയുമാണു്. നോക്കുക: പ്രശസ്തസുധാധവളൈഃ (പു. 112, വാസവദത്ത 123), തദാനീമനവരതനന്യമാന (പു. 116, വാസവദത്ത 145), രാജൻ ഭവതസ്തനയേന(പു.183, ഭോ ച. 33),തദനു ജനകദുഹിതുഃ(പു.445, ഭോ ച 178), അഥ ദാശരഥിർ നിരീക്ഷ്യ (പു 450, ഭോ ച. 181), അത്രാന്തരേ വിദിതവൃത്താന്താ (പു. 567, ഭോ. ച. 222), തദാനീം ഉദനദ്ധൂല്പം ഘനദുഡ്ഡതരനിഹിതഃ (പു 662, ഭോ ച. 245),തതോ ദൈത്യബലമിവ പ്രകടതാരകം (പു 672, വാസവദത്ത 226), ഹാ ദേവി! ദേവയജനസംഭവേ! (പു. 913, ഉ.രാ. (നാട)1, 42—ാം ശ്ലോകത്തിന്റെ അവതാരകഭാഗം), അഗസ്ത്യവചനസംഹൃത ..... (പു. 410, ഖരവധത്തിലെ ഗദ്യം. വാസവദത്ത. 96.) എന്നിവയെല്ലാം സൂചന കൊടുത്തിട്ടുള്ള കൃതികളിൽനിന്നു് എടുത്തിട്ടുള്ളവയാണു്. ശേഷം എല്ലാംതന്നെയും കവിയുടെ സ്വന്തമെന്നു പറയാമോ എന്നും സംശയിക്കണം. ഉപരിഗവേഷണംകൊണ്ടു കുറെ എണ്ണംകൂടി എവിടെനിന്നാണു് എടുത്തിട്ടുള്ളതെന്നു മനസ്സിലാക്കാമായിരിക്കാം. ഗദ്യഖണ്ഡങ്ങളുടെ സാമാന്യസ്വഭാവം പറയുകയാണെങ്കിൽ അവയെല്ലാം അതിദീർഘങ്ങളായ സമസ്തപദങ്ങളും നിറഞ്ഞവയും അനുപ്രാസസുന്ദരങ്ങളുമാണു്. അധികവും കഥാഭാഗങ്ങളെ ഘടിപ്പിക്കാൻ നിബന്ധിച്ചിട്ടുള്ളവയുമാണു്. ചിലതെല്ലാം വർണ്ണനകളും. പ്രൗഢസംസ്കൃതസാഹിത്യരചനയ്ക്കു കവിക്കുള്ള കൗതുകവും വിരുതും ഈ ഭാഗങ്ങളിൽ തെളിഞ്ഞു വിളങ്ങുന്നു. ഭോജചമ്പു, വാസവദത്ത, അനർഘരാഘവം, ബാലരാമായണം, ഉത്തരരാമചരിതം, രഘുവീരവിജയം മുതലായ കൃതികളിലെ ഗദ്യഭാഗങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സാഹായ്യവും പ്രേരണയും നല്കിയിട്ടുണ്ടു്. പില്ക്കാലത്തു് ഉണ്ടായ ആട്ടക്കഥകളിൽ സംസ്കൃതനിബന്ധങ്ങളായ ഇടശ്ലോകങ്ങളെക്കൊണ്ടു് കഥാഭാഗങ്ങളെ ഘടിപ്പിക്കുന്ന ഒരു രീതി കാണാമല്ലോ. ഏതാണ്ടു് അതിനോടു താരതമ്യപ്പെടുത്താമെന്നു തോന്നുന്നു ഈ സംസ്കൃതഗദ്യഖണ്ഡികകളെ. ഈ ചമ്പുവിനെ ഒരു മലയാളകൃതിയായി എടുക്കുമ്പോൾ സംസ്കൃതഗദ്യഭാഗങ്ങളുടെ മൂല്യം താരതമ്യേന കുറവാണെങ്കിലും മണിപ്രവാളകൃതികളിലെ സംസ്കൃതഭാഗങ്ങളെ വിലയിരുത്തുമ്പോൾ ഇവ

ള്ളും പ്രകൃഷ്ടമായ സ്ഥാനം കല്പിച്ചുകൊടുക്കേണ്ടിയിരിക്കും. പല ആട്ടക്കഥകളിലെയും സംസ്കൃതശ്ലോകങ്ങളെ മനോഹരസാഹിത്യസൃഷ്ടികളായി നാം അംഗീകരിക്കുന്നുണ്ടല്ലോ.

പദ്യഗന്ധിയായ ഗദ്യം

ഇവിടെ വിശേഷിച്ചു ചിന്തിക്കാനുള്ളതു് മലയാളഗദ്യങ്ങളിപ്പറഞ്ഞിയാണു്. പദ്യവും ഗദ്യവും ചേർന്നതാണു് ചമ്പു എന്ന നിയമത്തെ മലയാളകവികളും അംഗീകരിച്ചു എങ്കിലും, കവിതയുടെ കൊഴുപ്പിനു് ഗദ്യഭാഗങ്ങളെയും പദ്യഗന്ധികളാക്കാൻ അവർ മനസ്സുവച്ചു. സംസ്കൃതചമ്പുക്കളിലെ ഗദ്യംതന്നെ സാധാരണരീതിയിലുള്ളതല്ലെന്നു പറഞ്ഞുവല്ലോ. മലയാളചമ്പുവിൽ വന്നപ്പോഴും സംസ്കൃതചമ്പുക്കളിലെപ്പോലെയുള്ള ഗദ്യഭാഗങ്ങൾകൂടി ഉൾപ്പെടുത്തിയെങ്കിലും, ഗദ്യത്തിനു ദ്രുതഗതിയിലുള്ള ഒരുതരം മലയാളവൃത്തത്തെ സ്വീകരിക്കുകയാണു് പ്രായേണ ചമ്പുകാരന്മാർ ചെയ്തതു്. ഇതിനുദാഹരണം ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവിചരിതം, ഉണ്ണിയാടിചരിതം എന്നീ ചമ്പുക്കളിൽ കാണാം. ''വരമല്ലികാധവള—വരിനെല്ലിളം കളമ—മരിനല്ലവാമളവു—തരുമല്ലൽ കേട്ടവർകൾ'' ഇത്യാദി ഗദ്യം (ഉണ്ണിയച്ചീചരിതം പു. 6—7) കാണുക. എന്നാൽ ഭാഷാഗദ്യം പദ്യഗന്ധിയായിരിക്കണമെന്നു് അന്നു നിർബന്ധമുണ്ടായിരുന്നില്ല. നോക്കുക: ''ഇവണ്ണമതിമനോഹരമാകിയ കീർത്തിസുബകസ്യ, കീർത്തിപുരമെൻറും നിഖിലസാമന്തചക്രവർത്തിനോ നരസിംഹസ്യ നരയിങ്ങമണ്ണരെൻറും വടിവെഴുമോടനാട്ടിനു മംഗലതിലകായമാനസ്യ കേരളനാമധേയസ്യ വസുധാനായകസ്യ പുരന്ദരപുരിയുമളകയും ചെൻറണഞ്ഞു മേവിനപോലെ മനോഹരതരം രാജധാനീദ്വയം വിരാജതേ'' എന്നപോലെയുള്ള ഗദ്യവും കാണ്മാനുണ്ടു്. (ഉണ്ണിയാടീചരിതം, പു. 30.)

പദ്യഗന്ധിയായ ഗദ്യത്തിനുള്ള വിശേഷപ്രയോജനം

ഗദ്യത്തിനു പദ്യഗന്ധിയായ രൂപമാതൃക സ്വീകരിക്കാൻ കവികൾക്കു് ഉണ്ടായ പ്രചോദനം എന്താണെന്നു വ്യക്തമല്ല. ഇതിനെപ്പറ്റി ലീലാതിലകത്തിൽ ഒന്നും പ്രസ്താവിച്ചുകാണാത്തതുകൊണ്ടു് ഇത്തരം ഗദ്യത്തിനെറ ആരംഭം ലീലാതിലകത്തിനു ശേഷമായിരിക്കാം എന്നല്ലേ ഊഹിക്കേണ്ടതു്? ഏതായാലും ദ്രാവിഡവൃത്തങ്ങൾക്കു സംസ്കൃതവൃത്തങ്ങളുടെ ഗൗരവം വകവെച്ചുകൊടുക്കാൻ വിമുഖരായിരുന്ന മണിപ്രവാളകവികൾക്കു് ഈ ദ്രാവിഡവൃത്തത്തെ ഗദ്യത്തിനൊരുതന്നെ പരിഷ്കരിച്ച ഒരു രീതിയായി കണക്കാക്കാൻ പ്രയാസം തോന്നിയില്ല. അങ്ങനെ കണക്കാക്കുന്നതു സൗകര്യപ്രദമായും ഭവിച്ചു. ചമ്പുവിൽ ഗദ്യം വേണമെന്ന നിയമ

ത്തിൽ ഭംഗം വരുത്താതെതന്നെ ഗദ്യഭാഗവും തങ്ങൾക്ക് ഇഷ്ടമായ രീതിയിൽ ഒരുതരം പദ്യശ്രുതിയിൽ നിർത്തിക്കുന്നതിന് ഈ വീക്ഷണം ഉപകാരകമായിത്തീർന്നു. വിശിഷ്ടസന്ദർഭങ്ങളും ആശയങ്ങളും ഉള്ളിൽ കൂടുതൽ പതിയത്തക്കവണ്ണം ആവിഷ്കരിക്കാനും രചനാവൈചിത്ര്യം വരുത്താനും ആണല്ലൊ അധികമായും ഗദ്യം ഉപയോഗിക്കുന്നത്. ആ പ്രയോജനങ്ങളും നേടുന്നതിനോടൊപ്പം ഒരു കാര്യംകൂടി ഈ രീതികൊണ്ടു സാദ്ധ്യമായി. കവി തന്റെ കലാസൃഷ്ടിക്കു തന്മയത്വവും വിശ്വാസോല്പാദകത്വവും വരുത്താൻവേണ്ടി സമകാലികജീവിതത്തെയും പരിചിതദേശങ്ങളെയും ഇടയ്ക്കിടെ പ്രതിബിംബിപ്പിക്കണമെന്നു നിശ്ചയിച്ചു. ആ കാര്യവും ഈ ഗദ്യഭാഗങ്ങളിൽ സാധിക്കുന്നുണ്ട്. സാമാന്യജനങ്ങളെ ലക്ഷ്യമാക്കിയിട്ടുള്ള അത്തരം ഭാഗങ്ങൾ ഭാഷാപ്രധാനമായി നിബന്ധിച്ചിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്.

> കവിത്വം പൊട്ടിവിടർന്നു തമ്മിൽ
> തെളിഞ്ഞിട്ടഹോ! ശങ്കരൻ തെക്കുനിന്നപ്പോഴേ
> വന്ന ഭവാൻ, എൻ പ്രമത്തൻ വെളിക്കെന്തുപോലും
> വരാഞ്ഞു?

ഇത്യാദി ഭാഗങ്ങൾ ഉദാഹരണങ്ങളാണ്. (സീതാസ്വയംവരം. പു. 252). ഈ ഭാഗങ്ങൾ കേട്ടാൽ മഹാകവി കുഞ്ചൻനമ്പ്യാരുടെ കവിതകളിൽ കൂടുതൽ പരിചയമുള്ളവർക്ക് അദ്ദേഹത്തിന്റെ തുള്ളലിലെ വല്ല ഭാഗങ്ങളുമാണെന്നേ തോന്നുകയുള്ളൂ. നമ്പ്യാരുടെ തുള്ളൽപ്രസ്ഥാനത്തിന്റെ ആദിമാതൃക രൂപത്തിലും ഭാവത്തിലും ഈ ചമ്പുവിൽ കാണാമെന്നു് ആനുഷംഗികമായി അനുസ്മരിപ്പിക്കുന്നതാണ്. അന്നത്തെ കേരളീയജീവിതത്തിന്റെ തനിപ്പകർപ്പ് ഈ ചമ്പുവിലെ ചില ഗദ്യഭാഗങ്ങളിൽ കാണാം. ചമ്പുവിലെ ശ്ലോകഭാഗത്തിന്റെ പ്രാധാന്യം ഒരുതരത്തിലും ഇടിച്ചു പായാവുന്നതല്ലെങ്കിലും, ഗദ്യഭാഗമാണ് ഭാഷാവിദ്യാർത്ഥികളുടെ ശ്രദ്ധ കൂടുതൽ ആകർഷിക്കുന്നതെന്നു നിസ്സംശയം പ്രസ്താവിക്കാം. കവിയുടെ വർണ്ണനാവൈഭവവും കല്പനാചാതുരിയും സൗന്ദര്യവീക്ഷണകുശലതയും പരിഹാസരസപ്രവീണതയും എല്ലാം ഇവിടെ ഒന്നിനൊന്നു് ഉയർന്നു ശോഭിക്കുന്നു. ശ്ലോകഭാഗത്തിലെ പദപ്രൗഢിയും ആശയസമ്പത്തും മറ്റും കവിയുടെ രചനാശക്തിയെ നല്ലവണ്ണം പ്രകാശിപ്പിക്കുന്നുണ്ടെങ്കിലും, അതിലും കൂടുതൽ പ്രശംസ അർഹിക്കുന്ന രീതിയിൽ ആണ് ഈ ഗദ്യഭാഗങ്ങളിലെ ശബ്ദാർത്ഥചമത്കാരങ്ങൾ. ഇവയിൽ ഏതാണ് ഉദ്ധരിക്കുക, ഏതാണ് വിടുക? എന്നാലും മാതൃകയ്ക്കുവേണ്ടി അല്പം ചില ഭാഗങ്ങൾ കാണിക്കാം. യാഗരക്ഷയ്ക്കു രാമനെ ക്ഷണിക്കാൻ അയോദ്ധ്യയിലേക്കു പോകുന്ന വിശ്വാമിത്രന്റെ സങ്കല്പങ്ങളാണ് ''പരചിന്മയനാം അംബുജലോചനഡിംഭേ കാണ്മാൻ ആകാംക്ഷി ഞാൻ'' മുതല്പ്പുള്ള ഭാഗം (പു. 173). ''മുഗ്ധ ശിഖണ്ഡകമുല്ലളദളകം'' എന്നു തുടങ്ങി കവിഭാവന അവിടെ പ്രവഹിക്കുന്നതു് ആരെയും വിസ്മയഭരിതരാക്കും. ''കടർമാലകളും തലയോട്ടകളും പലവെല്ലുകളും'' ഭീഷണമാക്കിക്കൊണ്ടു പ്ര

ത്യക്ഷപ്പെടുന്ന താടകയുടെ ഭീകരരൂപം ശ്രോതാവിനെ ഞെട്ടിക്കുമെന്നുറപ്പാണ്. (പു. 198). ''മദരോചണ്ഡിമവിഭവപരിപണ്ഡിതഹൃദയോസ്മിമരം ഒന്നലറുന്നിതു ചാഞ്ചാടിക്കൊണ്ടിത ചടുന്നിതു ചാഞ്ഞിതു വസുധാമണ്ഡലമയ്യോ!'' (പു. 200). എന്നു കേൾക്കുമ്പോൾ ഉള്ളു കിടുങ്ങിപ്പോകും. സീതാസ്വയംവരവർണ്ണനയിലെ ഒരു ഗദ്യത്തിൽ ചിത്രണം ചെയ്തിട്ടുള്ള മന്ത്രികന്റെ രൂപവും ''മാലോകക്ക് സഹിക്കരുതാതൊരു വാനാറ്റം കൊണ്ടൊക്കെ നിറച്ചും''കൊണ്ടുള്ള വരവും ഒരിക്കൽ കേട്ടാൽ എങ്ങനെ മറക്കാം? (പു. 253) അവിടത്തെ പരിഹാസവർണ്ണന എത്ര രസകരമായിരിക്കുന്നു! അന്തഃപുരത്തിൽ ഭാര്യമാരോടുകൂടി ബാലിയുടെ കാമലീല ഒരു മാദകസംഗീതഗംഗാപ്രവാഹമാണു്. ''ചാരു ചിരിച്ചും ചെറുതുപുളച്ചും കിമപി മദിച്ചും കോമളവാനനനാരികയും തേടിന പാട്ടും കൊട്ടും കേട്ടു സുഖിച്ചും തത്തത്താധെയെന്നൊത്തിടംപടി മുദ്ധത കണ്ടും നൃത്തം കണ്ടും'' കൊണ്ടുള്ള ആ രംഗം കാണുകതന്നെ. സീത രണ്ടാമതു വനത്തിലേക്കു പുറപ്പെട്ടപ്പോൾ, തന്നെ പരിത്യജിക്കാൻപോകുകയാണെന്ന വസ്തുത അറിയാതെ, താൻ ആശ്രമദർശനംചെയ്തു വരുവോളം നാലുദിവസത്തേക്കു തന്റെ വസ്ത്രമായിലിനേയും മറ്റും പുലത്തിക്കൊള്ളാൻ തോഴികളോടു ചട്ടംകെട്ടാൻ ''വിദ്യുല്ലേഖേ! മത്തമയൂരീ കാത്തീടേണം നാലുദിനത്തിനു്, എന്നിനയനേ! വിണകരം പൊടിതുത്തയയിലിടേണം ഞാൻ വരുവോളം, പരുതികേ! നീ പരുതമുദ്ധാ മാവിൽക്കൊണ്ടേത്തേൻ പെയ്തിടും മാപൂ നല്ലകഞാൻ വരുവോളം; പൈമ്പാൽപചനേ! മാൻപെണ്ണിന്നരനില്ലയി! തള്ളയുമിഞ്ഞാനൊഴിയെ പൈതുൽകൊടുനീ ഞാൻ വരുവോളം (പു. 922—923). എന്നും മറ്റും പറഞ്ഞേല്പിക്കുന്നതു് (ശാകുന്തളത്തെയും മറ്റും അനുകരിച്ചാണെങ്കിലും) അത്യന്തം ഹൃദയസ്പർശകമായിട്ടുണ്ടു്.

ബാഹ്യപ്രകൃതി വർണ്ണിച്ചു ഫലിപ്പിക്കുന്നതാണു് ഇവയിൽ കവിയുടെ പ്രാഗല്ഭ്യം അധികമായും പ്രകടമാകുന്നതെങ്കിലും, മനോഭാവങ്ങളെ പ്രകാശിപ്പിക്കുന്നതിനും എതിരില്ലാത്ത കഴിവു പ്രസ്പഷ്ടമാകുന്നുണ്ടു്. സീത അഗ്നിപ്രവേശത്തിനു പോയപ്പോൾ രാമന്റെ ''ആഴിയോളം കനമാഴവും ഉച്ചൈരദ്രിവരത്തോളമെതുയുമെഴവും പെരുമയുമമ്പിന തിരുമനകാമ്പിലൊരാത്തി പിടിച്ചതു തലമുടേറിപ്പവശനായി രഘുകുലവീരൻ'' എന്നു തുടങ്ങിയിട്ടുള്ള ഭാഗം മനസ്സിനെ പിടിച്ചുലയ്ക്കും. (പു. 810). അഗ്നിപ്രവേശം ചെയ്തപ്പോൾ സീതയുടെ ഭാവങ്ങളെ ലക്ഷ്മണൻ രാമനോടു വർണ്ണിച്ചുകേൾപ്പിക്കുന്നതു് ഹൃദയത്തിന്റെ അത്യഗാധതലത്തെ ഇളക്കിമറിക്കുന്നതാണു്. ''കണ്ടു കുത്തിത്തിയുംകൂട്ടിപ്പാർത്തീടുന്ന മഹീതലസീമനി മെല്ലെ മെല്ലെ ചെന്നുതുടങ്ങി സാവധാനം സാക്ഷാല്ലക്ഷ്മീ: എന്തൊരു ഭാവമണിഞ്ഞതു ഗമനേ താപവുമല്ലതു കോപവുമല്ലതു ഖേദവുമല്ലതു മോദവുമല്ലതു കേവലസത്താസംസ്ഥിതയെന്നേ തം ഭാവംപ്രതി സന്ത്രുതി മന്യ; മുദ്ദിശ്യാന്തീ മുഹുരപി ഭാന്തീ മൗനമണിഞ്ഞു മഹാനദിതന്നിൽ സ്നാനം ചെയ്തൊരു മാറുമുടുത്തു വിശുദ്ധി തൊടുത്തുകൊണ്ടു പരവശഗാത്രീ പൂകുംവുടെളുടെ നടന്നണി പത്രപുടത്തിലൊരഞ്ജലി നിറയെ

പ്പുഴയുടെ ഉത്തരാശനസവിധേ നിന്ന ദശായാം ദ്രവനകടാഹം അതൊന്ന കുഞ്ഞി,'' (പു. 813). എന്ന വണ്ണന ഭാവഗാംഭീര്യംകൊണ്ട് നിസ്സ്വതായ ശോഭിക്കുന്ന അന്നിപ്രവേശസമയത്തെ സീതയുടെ ഭാവത്തെപ്പറ്റി ''താപവുമല്ലെ കോപവുമല്ലെ ഖേദവുമല്ലെ മോഹവുമല്ലെ കേവലസത്താ സംസ്ഥിതിയെന്നേ തദാനീം പ്രതി സംപ്രതി മന്യേ'' എന്ന വാക്യം ഏതൊരു ഹൃദയാലുവിനെയും അഗാധചിന്തയിൽ ആഴ്ത്തിക്കളയും.

ഗദ്യഭാഗങ്ങളുടെ വൈവിധ്യത്തെപ്പറ്റി ഇങ്ങനെ ചുരുക്കിപ്പറയാനേ ഇവിടെ സ്ഥലപരിമിതി അനുവദിക്കുന്നുള്ളൂ. എല്ലാ ഗദ്യഖണ്ഡങ്ങളുടെയും വിഷയങ്ങളും ക്രമത്തിൽ സൂചിപ്പിക്കാം. ഗദ്യങ്ങളുടെ മൊത്തം വ്യാപ്തി എഴുനൂറോളം (3671) വരിയുണ്ടെന്നു പറഞ്ഞുകൊണ്ട് ഇവിടെ വിചാരം നിറുത്താം.

ഇതിലെ ദണ്ഡകങ്ങളെപ്പറ്റി

ചമ്പുവിലെ മലയാളഗദ്യഭാഗങ്ങളോട് ചേർത്തു പറയേണ്ടതാണ് ദണ്ഡകങ്ങളെപ്പറ്റിയും. ചില ദണ്ഡകങ്ങളെ ഗദ്യമായിട്ടാണ് ഈ പ്രസാധനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും ഇടയ്ക്കു പറയാനുണ്ട്. പദങ്ങളുടെ തളർച്ചയില്ലാതിച്ചുകൊണ്ടുള്ള തിരയടിച്ചുമറിയലാണ് ഗദ്യഭാഗങ്ങളിലും ദണ്ഡകങ്ങളിലും ഒരുപോലെ കാണുന്നത് എന്നുള്ളതുകൊണ്ട് അവ തമ്മിലുള്ള വ്യത്യാസം അത്രകണ്ടു പ്രകടമല്ലതാനും. എങ്കിലും വിശേഷശ്രദ്ധ അർഹിക്കുന്നവയാണ് ഇതിലെ ദണ്ഡകങ്ങളും. ചമ്പുക്കളിലെ ഗദ്യങ്ങളും എന്നപോലെതന്നെ ദണ്ഡകങ്ങളും മണിപ്രവാളപ്രസ്ഥാനത്തിൽ മുമ്പുതന്നെ അവതരിപ്പിച്ചിരുന്നു. ഉണ്ണിയാടീചരിതത്തിലെ ''താരാവദാതരുചി താരാൽ നിറഞ്ഞ മഹിതാരാമവാടികളിലെങ്ങും തരുശിരസി ലളിതതരമളി പടലമളകകുലമിവ വസതി കൃതരുചിപരാഗേ'' (ഉണ്ണിയാടി 22.) എന്ന ദണ്ഡകവും മറ്റും അതിനു ഉദാഹരണമാണല്ലോ. എന്നാലും രാമായണചമ്പുവിലെ ദണ്ഡകങ്ങളും മലയാളദണ്ഡകങ്ങളിൽ സർവ്വോന്നതമായ സ്ഥാനത്തു സമുല്യസിക്കുന്നു. പിൽക്കാലത്തു മറ്റുചില ചമ്പുക്കളിലും ആട്ടക്കഥകളിലും ദണ്ഡകങ്ങളും കാണാം. എന്നാൽ ഇതിലെ ദണ്ഡകങ്ങളോടു കിടനിൽക്കുന്നവ വളരെ ചുരുക്കം. മഹിമയേറിയ മഹിഷമംഗലത്തിന്റെ ഭാഷാനൈഷധചമ്പുവിൽപ്പോലും ഇവയോടു സാമ്യപ്പെടുത്താവുന്ന ദണ്ഡകം ഇല്ല. ആട്ടക്കഥകളിലോട്ടു കടന്നാൽ മൂന്നാലു ദണ്ഡകങ്ങളും നിശ്ചയമായും ഓർമ്മിക്കാവുന്നവയുണ്ട്. കോട്ടയം കേരളവർമ്മയുടെ നിവാതകവചകാലകേയവധത്തിലെ'ഇന്ദ്രാണിയെത്തൊഴുതു ചന്ദ്രാനനയാരേണൻ' എന്നു തുടങ്ങുന്ന ദണ്ഡകവും, ഉണ്ണായിവാര്യരുടെ നളചരിതത്തിലെ 'ദൈത്യാരിപൂവ്വജനു ദൂത്യം സമേത്യ നിജ സാധ്യം വെടിഞ്ഞു നിഷധേന്ദ്രൻ' എന്നു തുടങ്ങുന്ന ദണ്ഡകവും ഇരയിമ്മൻതമ്പിയുടെ കീചകവധത്തിലെ 'ക്ഷോണീന്ദ്രപത്നിയുടെ വാണീം നിശമ്യ പുനരേണീവിലോചനനടുങ്ങി' എന്ന ദണ്ഡകവും, സുരുചിരകവിതാഖണ്ഡങ്ങളും തന്നെ. എന്നാലും രാമായണച

സൂകാരനെപ്പോലെ ഒന്നാംകിടയിൽപ്പെട്ട ഇരുപതിരണ്ടു് (മുപ്പത്തിരണ്ടു്) ബന്ധകങ്ങളും വേറൊരു കവിയും സംഭാവന ചെയ്തിട്ടില്ല. കവി ശബ്ദാർത്ഥങ്ങളെക്കൊണ്ടു് ഇന്ദ്രജാലപ്രഭാവം കാണിക്കുകയാണു് ഈ ബന്ധകങ്ങളിൽ. കഥാഖ്യാനരീതിയിൽ വൈചിത്ര്യത്തിനുവേണ്ടിയാണു് ഈ ബന്ധകങ്ങളെക്കൂടി പ്രയോഗിച്ചിട്ടുള്ളതു്; എന്നാൽ അതിനു മാത്രമാണോ? കഥാകഥനത്തിൽ ഇന്നതരം ഭാഗങ്ങളും ശ്ലോകങ്ങളിൽ, ഇന്നതെല്ലാം ഗദ്യത്തിൽ, ഇന്നതു ബന്ധകത്തിൽ എന്നു് ഔചിത്യപൂർവ്വമായ ഒരു സങ്കല്പമുള്ളതായി മനസ്സിലാക്കാം. സാമാന്യമായിപ്പറഞ്ഞാൽ വികാരാവിഷ്കരണത്തിലും, സൗന്ദര്യനിരീക്ഷണത്തിലും ഉദ്വേഗജനകങ്ങളായ സന്ദർഭങ്ങളുടെ ചിത്രണത്തിലും മറ്റുമാണു് ബന്ധകത്തിന്റെ പ്രയോഗം. സംസ്കൃതത്തിലെ 'ശ്യാമളാദണ്ഡകം' പോലെയുള്ള ശബ്ദസുധാപ്രവാഹത്തിൽ വേണ്ടുവോളം ആമജ്ജനം ചെയ്തിട്ടുള്ള കവി അവയിലൂടെ സിദ്ധിച്ച അനുഭൂതി അനുവാചകർക്കു് പകർന്നുകൊടുത്തുകൊണ്ടാണു് പോകുന്നതു്. ഈ ബന്ധകങ്ങളിൽ ഇക്ഷുദണ്ഡിക, ചണ്ഡിവൃഷ്ടിപ്രയാതം തുടങ്ങിയ വൃത്തങ്ങളും അയത്നസുഭഗമായി പ്രയോഗിച്ചിട്ടുണ്ടു്. എല്ലാ ബന്ധകങ്ങളും രൂപസൗന്ദര്യവും രസികതയുംകൊണ്ടു് ഹൃദയഹാരികളാണെങ്കിലും അവയിൽ ചിലതു് അനുവാചകരുടെ സവിശേഷമായ പ്രശംസ തിരകൊള്ളുന്നുണ്ടു്. കനകനളിനസുന്ദരാംഗിയായ കൗസല്യയുടെ ഗർഭകാലസൗഭാഗ്യങ്ങളുടെ വർണ്ണനയും, ഗർഭപോഷിണിയോടെ ആ ദേവിയുടെ കച്ചേൽമുലകുംകു് ''ഭൂമിപാലന്നു ഹാകഷ്ടമീ ഞങ്ങളെത്തൊട്ടു ഗാഢം തഴച്ചീടുംപ്രേമസർവ്വസമ്പിപുത്രരത്നത്തിലുംകൂടി മെല്ലപ്പകന്നീടുമെന്നോർത്തു ദുഃഖാതിഭാരം കലന്നെന്നപോലെ തദാവകുത്രമെല്ലാം കറുത്തൊന്നു ചാഞ്ഞു'' (പു. 156—157). എന്ന ഉതു പ്രേക്ഷണവും വിചാരരുചിരമാണു് സഗരപുത്രന്മാർ ഭൂമി കഴിച്ച പുരാവൃത്തവും ഭഗീരഥൻ പിതൃതർപ്പണത്തിനു ഗംഗയെ ഭൂമിയിൽ കൊണ്ടുവരുന്ന ചരിതവും ചുരുക്കിപ്പറയുന്ന ബന്ധകം കഥയെ സുരുചിരമായി സംഗ്രഹിച്ചു പ്രദർശിപ്പിക്കാൻ കവിയുടെ മിടുക്കാണു കാണിക്കുന്നതു്. ഗംഗാവതരണകഥ കവിയുടെ വാക്കുകളിൽ ''വിരതേഽഥ തത്ര പുനരുപലഭ്യ വൃത്തമിതു വിരജാ ഭഗീരഥനതന്ത്രം വിപുലമതി വിബുധസരിദവതരണം അധിധരണി വിരചയിതുമതനുസമനാഹീത'' എന്നു മുഴങ്ങി കേൾക്കാം. (പു. 225.). 'അല്ലോടിടഞ്ഞു പടതല്ലുന്ന കുന്തളസമുല്ലാസി കല്യമലർമാലം' എന്നു തുടങ്ങി 'മണമുടയകബരിമുതലണികുഴലൊടിടമുഴുവൻ അനുപമമിതമിതഗുണജാലം' എന്നു് അവസാനിക്കുന്ന സീതാവർണ്ണനം പഴയ രീതി അനുസരിച്ചാണെങ്കിലും 'അനുപമമിതു' എന്നു പറയാതിരിക്കാൻ തോന്നുന്നില്ല. (പു. 263). സീതാസ്വയംവരത്തിനു വന്നു വില്ലെടുക്കാൻ യത്നിച്ചു പരാജയപ്പെട്ട രാജാക്കന്മാരെ വർണ്ണിക്കുന്ന 'ഭയപ്പെട്ടു ദ്രോവമദ്രാധിരാജൻ, മഹാരാഷ്ട്രനപ്പോഴും മഹാഗോഷ്ഠി കാട്ടിക്കുതംകെട്ടു കുന്തിച്ചിതക്കുന്തളേശൻ ദശാം കശ്മലാം പ്രാപ കാശ്മീരനാഥൻ' എന്നു തുടങ്ങിയുള്ള പരിഹാസകഥനം മന്ദഹാസം കൂടാതെ വായിക്കാനും കേൾക്കാനും സാധ്യമല്ല. (പു. 277). ഖരനോടുള്ള യുദ്ധത്തിൽ സൂര്യകോടിപ്രകാശമുള്ള ശാർങ്ഗധനുസ്സു വന്നപ്പോഴും രാമൻ കൈക്കൊണ്ട വൈഷ്ണവരൂപം ഖരൻ കണ്ടതുപോലെ നമുക്കും കാണാം. ''മഹരതനഭാസാ

വിളങ്ങുന്ന പൊന്നിൻകിരീടത്തെയും താരിൻമാതിൻ നഖശ്രേണികാ
ലാളിതം കന്തളാഭോഗവും ജംഗമസ്ഥാവരാത്മപ്രപഞ്ചം ഭരിക്കുന്ന ചി
ല്ലിലതോല്ലാസവും ചന്ദ്രസൂര്യാത്മകം ചാരു തൃക്കണ്ണു രണ്ടും'' എന്നും മറ്റു
മുള്ള ഭാഗത്തു് (പു. 465), പൊന്മാനായി വന്ന മാരീചന്റെ അഴകാ
ന്ന ശ്രുപവും കൗതുകപൂർണ്ണമായ ലീലാവിലാസങ്ങളും വർണ്ണിച്ചുകൊണ്ടു്
സീത പറയുന്ന ''മിളതു്കൗതുകം കാൺ കിഴക്കേപ്പുറത്തു മിടുക്കണ്ട തെല്ലു
വടക്കേ നടന്നു കടന്നു പടിഞ്ഞാറു തെക്കേപ്പുറത്തു വിചിത്രം വിചിത്രം!
ചതുഷ്പാത്തുമേലും'' എന്നുംമറ്റുമുള്ള ഭാഗം ആ മായാമൃഗദർശനത്തിൽ
നമുക്കു് എതൊന്നില്ലാത്ത ആഹ്ലാദാനുഭൂതങ്ങളെ ഉളവാക്കും. (പു. 495).
''വരുണപതി ഹന്ത! നിയെന്തു കൺകൊണ്ടു നോക്കാഞ്ഞിതയ്യോ! തെ
ളിഞ്ഞൊന്നു നോക്കേണമിപ്പോഴെ മുതിർന്നൊടൊടൻ ചിത്തമാം വെണ്ണ
തിഗ്രാവതുവെണ്ണിലാവേ'' എന്നു തുടങ്ങുന്ന രാവണന്റെ നിർല്ലജ്ജമാ
യ കാമാഭ്യർത്ഥന ശബ്ദാർത്ഥങ്ങൾകൊണ്ടുള്ള ഐന്ദ്രജാലികവ്യാപാരമാ
യിത്തന്നെ ശോഭിക്കുന്നു. (പു. 612). രാമരാവണയുദ്ധത്തിൽ രാവണ
ന്റെ പത്തു മുഖങ്ങളും വെവ്വേറെ നോക്കാൻ രാമനോടു നിർദ്ദേശിക്കുന്ന
തിനു് ''തിരിഞ്ഞൊന്നു നോക്കീടിതല്ലു വരുന്നു ദശഗ്രീവനത്രേ രണ
ക്ഷ്മാതലത്തിൽ കടക്കൺ കൊടുക്കേണമൊരോന്നിലേ പത്തിലും, തത്ര
വക്ത്രേഷു പാനോത്സുകം നാഥ! മുന്നേതിതല്ലോ മഹാപാപി മറ്റേ മു
ഖംകൊണ്ടു കഞ്ചിന്മഹാവിപ്രനെത്തച്ചുകൊന്നിച്ചയാ പച്ചമാംസം കടി
ച്ചും മുറിക്കുന്നതു്'' ഇത്യാദി ഭാഗം ഭയോത്തുതസംഭ്രമങ്ങളെ ഉളവാക്കും.
(പു. 779). ''മിന്നുന്ന രത്നരുചി സന്ദീപിതം പുതിയ പൊന്നിൻ മ
കുടി വിളങ്ങീ'' എന്നു തുടങ്ങുന്ന ശ്രീമന്നാരായണവർണ്ണനരൂപത്തി
ലുള്ള അവസാനത്തെ ചെറിയ ദണ്ഡകം ''വാടാത സൂര്യശിഖി കോ
ടിപ്രഭം നടസി പാടേ മഹോഭരമെഴുന്നു'' എന്ന പ്രകാരത്തിൽ പരമ
നായ ഐശ്വര്യതേജസ്സിനെ പ്രത്യക്ഷപ്പെടുത്തുന്നു. (പു. 1003).

(ദണ്ഡകങ്ങളുടെ വിഷയസൂചന അനുബന്ധത്തിൽ കാണുക.)

ഉള്ളടക്കവും ഉദ്ധൃതഭാഗങ്ങളും

ഇനി ഉള്ളടക്കത്തെപ്പറ്റി ചിന്തിക്കാം. ഉള്ളടക്കത്തിലെ ഇരുപതു
വിഭാഗങ്ങളെപ്പറ്റി മുകളിൽ പറയും. ('ചമ്പൂകാരന്റെ കടപ്പാടും സ്വതന്ത്ര
ഗതിയും' എന്നതു് കാണുക). വാല്മീകിരാമായണമാണു് കവിക്കു് ആധാ
രമെന്നു പറയണമെന്നില്ലല്ലോ. അതിനും പുറമേ രഘുവംശം, ഭോജചമ്പു,
അനർഘരാഘവം, ബാലരാമായണം, രാമായണമഞ്ജരി, ഉത്തരരാമചരി
തം, ആശ്ചര്യചൂഡാമണി, ഹനുമന്നാടകം, കന്ദമാല, രഘുവീരചരിതം മുത
ലായ വളരെയേറെ സംസ്കൃതകൃതികളെ ചമ്പൂകാരൻ ഉപജീവിക്കുന്നുണ്ടു്. രാ
മായണകഥ സമഗ്രമായി അവതരിപ്പിക്കണം എന്ന ലക്ഷ്യത്തോടെ കാവ്യ
രചനയ്ക്കു മുതിർന്ന കവി, തനിക്കു സിദ്ധമായ കവിതാശക്തി പൂർണ്ണമായി
പ്രകാശിപ്പിക്കുന്നതിനും, താൻ സമാരാധിക്കുന്ന ഭാഷാദേവതയ്ക്കു ശാശ്വത

മായ ഒരു മനോഹരസാഹിത്യസൗധം നിർമ്മിക്കുന്നതിനും ആണ് മനസ്സു വച്ചതു്. ആ യത്നത്തിൽ സഹകീയമായ പ്രതിഭാസമ്പത്തു മുഴുവൻ അർപ്പി ച്ചതുകൊണ്ടും തൃപ്തിപ്പെടാതെ തന്നിക്കു നിത്യാരാധനാവിഷയങ്ങളായ സം സ്കൃതകൃതികളിൽനിന്നു മനോഹരഭാഗങ്ങൾ എടുത്തു ചേർക്കുകയും ചെയ്തു. നേരിട്ടുള്ള ഉദ്ധരണങ്ങളെപ്പോലെ സംസ്കൃതത്തിൽനിന്നു കവിതാഭാഗങ്ങ ളെ പരിഭാഷപ്പെടുത്തിയും, ആശയങ്ങൾ സ്വീകരിച്ചു സ്വതന്ത്രരൂപം കൊടു ത്തും ഉൾപ്പെടുത്തിയിരിക്കുന്നതും കാണാനുണ്ടു്. രാമായണകഥയെ പാടെ പകർത്തുന്ന ഒരാൾക്കു് ആ ഇതിവൃത്തം ആസ്പദമാക്കി രചിച്ചിട്ടുള്ള വിശിഷ്ട കൃതികളിൽനിന്നു് കുറേ ശ്ലോകങ്ങൾ ഉദ്ധരിക്കാൻ വല്ല ക്ഷമാപണവും ആ വശ്യമുണ്ടോ എന്നാണു കവിയുടെ മനോഗതി എന്നു തോന്നുന്നു. പലതും സഞ്ചരിച്ച രാമായണമാർഗ്ഗത്തിൽകൂടി പോകുന്നതിനു് ഒരു ക്ഷമാപണവും ആവശ്യമില്ലെന്ന സുപ്രതിഭയിൽ അത്യഭിമാനിയായിരുന്ന മുരാരി അനർഘരാഘവത്തിൽ ഉച്ചൈസ്സ്വരം പ്രസ്താവിച്ചിട്ടുണ്ടു്. അത്ര മഹിമയുള്ള രാമാ യണകഥ ആവർത്തിച്ചു പറയുന്നതും അതുപോലെതന്നെ ആയിരം വട്ടം ആവർത്തിക്കേണ്ട മൂല്യമുള്ള മഹാകവിസൂക്തികളെ ഉദ്ധരിക്കുന്നതും, പോ രായ്മയെന്നു കരുതിയിരുന്നില്ല മഹാന്മാരായ പല കവികളും. എന്നാൽ ആ കഥ ആവർത്തിച്ചു പറഞ്ഞതുകൊണ്ടോ മറ്റുള്ളവരുടെ മനോഹരപദ്യങ്ങളെ ഉദ്ധരിച്ചതുകൊണ്ടോ ഒരാൾക്കു കവിതാപയശ്ശസ്സിനു് അവകാശം സിദ്ധിക്കു മോ? ഇല്ലതന്നെ. ആ അംശങ്ങൾ എല്ലാം മാറ്റിയിട്ടു് ഇതിന്റെ കർത്താ വിനു് സ്വന്തമായി അവകാശപ്പെടാവുന്ന അംശങ്ങൾമാത്രം കണക്കിലെ ടുത്തുകൊണ്ടു പറയാം, ഏതു കോടിയിൽ നിന്നു നോക്കിയാലും അത്യുത്തമ കവികളുടെ നാസീരപങ്ക്തിയിൽ അദ്ദേഹം സ്ഥാനമർഹിക്കുന്നുവെന്നു്. ഒരു കാര്യം ഉറപ്പിച്ചു പറയാൻ കഴിയും. ഈ കൃതിയിലുദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങൾക്കു പകരം അവയെക്കാൾ ഒട്ടും സൗന്ദര്യം കുറയാത്ത ശ്ലോകങ്ങൾ രചിച്ചു കവിത പൂർത്തിയാക്കാൻ ഈ കവിക്കു വേണ്ടുവോളം പ്രതിഭാസമ്പ ത്തു് ഉണ്ടായിരുന്നു എന്നതിൽ സംശയത്തിനുവകയില്ല. ആയിരത്തി ത്തൊള്ളായിരത്തൊമ്പതു് (1879) ശ്ലോകങ്ങളും നൂറോളം (99) ഗദ്യങ്ങളും മുപ്പതിൽ പരം ദണ്ഡകങ്ങളും ഉള്ള ഈ ബൃഹത്തായ ചമ്പുവിൽ മറ്റുള്ള,

---

1. മറ്റു കൃതികളിൽനിന്നു് അനേകം ഭാഗങ്ങൾ ഇതിൽ എടുത്തു ചേർത്തതു് ഈ കൃതി രംഗപ്രവേശത്തിനു തയ്യാറാക്കിയ ചാക്യാന്മാരോ മറ്റോ കാണിച്ച സ്വാതന്ത്ര്യമായിരിക്കാം എന്നു ചിലർ പറയുന്നു. സൂക്ഷ്മപരിശോധനയിൽ ആ അഭിപ്രായം സ്വീകാര്യമായി തോന്നുന്നില്ല. എടുത്തിട്ടുള്ള പദ്യഗദ്യഭാഗങ്ങളുടെ എണ്ണവും (അറുനൂറോളം ശ്ലോകങ്ങളും ഏതാനും ഗദ്യഭാഗങ്ങളും). അവയുടെ സ്വഭാവവും, അവയെ വിട്ടുകളഞ്ഞാൽ ബാക്കി ഭാഗങ്ങളുടെ ബന്ധവും എല്ലാംകൂടെ പരിഗണിക്കുമ്പോൾ കവിതന്നെ ഈ ഭാഗങ്ങൾ എടുത്തുചേർത്തിട്ടുള്ളതായി കരുതാനേ ന്യായമുള്ളൂ. സംസ്കൃതസാഹിത്യത്തിൽ അതിവിസൃതവും അഗാധവുമായ പരിജ്ഞാനം നേടിയ സാഹിത്യരസവേദിയായ ഒരു മഹാപണ്ഡിതനുമാത്രമേ ഈ ഭാഗങ്ങൾ തിരഞ്ഞെടുക്കാൻ കഴിയുകയുള്ളൂ എന്ന വസ്തുതയും ഈ ചിന്തയിൽ പ്രസക്തമാണു്.

വരുടെ കൃതികളിൽനിന്ന് എടുത്തതായി തോന്നുന്ന ശ്ലോകങ്ങളും അവരുടെ പേരും ശ്ലോകങ്ങളും കൂടെ ഗദ്യഭാഗങ്ങളും ആണ്. അനുബന്ധം 2 നോക്കുക[1].

ചമ്പൂകാരൻ ആശ്രയിച്ചിട്ടുള്ള കൃതികളിൽ ചിലതിനെപ്പറ്റി

ചമ്പൂകാരൻ ഉപയോഗിച്ചതായി കരുതാവുന്ന ചില കൃതികൾ നഷ്ടപ്പെട്ടുപോയതായി വിചാരിക്കണം. കണ്ടുപിടിച്ചേടത്തോളം ശ്ലോകങ്ങളെ ആധാരമാക്കിപ്പറയുന്നതായാൽ ചമ്പൂകാരൻ ആശ്രയിച്ചിട്ടുള്ള പ്രധാന കൃതികൾ ഭോജന്റെ ചമ്പൂരാമായണം (58 ശ്ലോകങ്ങളും 4 ഗദ്യങ്ങളും), മുരാരിയുടെ അനർഘരാഘവം (നാടകം 49 ശ്ലോ.), രാജശേഖരന്റെ ബാലരാമായണം (നാടകം 44 ശ്ലോ.), മിശ്രദാമോദരന്റെ ഹനുമന്നാടകം (37 ശ്ലോ.), മിശ്രമധുസൂദനന്റെ മഹാനാടകം (27 ശ്ലോ.), കാളിദാസന്റെ രഘുവംശം മഹാകാവ്യം (23 ശ്ലോ.), ദിങ്നാഗന്റെ കുന്ദമാല (നാടകം 8 ശ്ലോ.), ഭവഭൂതിയുടെ ഉത്തരരാമചരിതം (നാടകം 10 ശ്ലോ.), ഉദ്ഭടശാസ്ത്രികളുടെ മല്ലികാമാരുതം (നാടകം 6 ശ്ലോ.), ക്ഷേമേന്ദ്രന്റെ രാമായണമഞ്ജരി (ഇതിഹാസം 10 ശ്ലോ.), സുകുമാരകവിയുടെ രഘുവീരചരിതം (നാടകം 6 ശ്ലോകം) എന്നിവയാണ്. ഏതാനും ശ്ലോകങ്ങളും ഗദ്യങ്ങളും മാത്രം ഉദ്ധരിച്ചിട്ടുള്ള വാല്മീകിരാമായണം (8 ശ്ലോ.), ശാകുന്തളം 2 ശ്ലോ.), സുകുമാരകവിയുടെ കൃഷ്ണവിലാസം (മഹാകാവ്യം, 1 ശ്ലോ.). ഭാരവിയുടെ കിരാതാർജ്ജുനീയം (മഹാകാവ്യം 2 ശ്ലോ.), മാഘന്റെ ശിശുപാലവധം (മഹാകാവ്യം 4 ശ്ലോ.), പ്രസന്നരാഘവം (നാടകം 1 ശ്ലോ.),

---

1. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിൽ പകുതിയോളം (ഇതുവരെയെഴുപതു ശ്ലോകങ്ങളും എട്ടു ഗദ്യങ്ങളും) എവിടെനിന്ന് എടുത്തിട്ടുള്ളതാണെന്നു കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാണിച്ചിട്ടില്ലാത്ത ശ്ലോകങ്ങളിൽ ചിലതെല്ലാം കവിയുടേതുതന്നെയെന്നു വന്നുകൂടായ്കയില്ല. അതുപോലെതന്നെ, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചില ശ്ലോകങ്ങളും ഗദ്യഭാഗങ്ങളുംകൂടി ഉദ്ധൃതങ്ങളായിരിക്കാം. ഉദ്ധൃതഭാഗങ്ങളെപ്പറ്റി ആദ്യമായി നടത്തിയ ഈ പഠനം മറ്റു പണ്ഡിതന്മാരുടെ തുടർന്നുള്ള പരിശ്രമംകൊണ്ടു പൂർത്തിയാകുമെന്നു ആശിക്കുന്നു. ഈ ചമ്പൂകാരന്റെ സാഹിത്യസംഭാവനയെ ശരിയായി വിലയിരുത്താൻ അത്യാവശ്യമായതുകൊണ്ടാണു ഉദ്ധൃതഭാഗങ്ങളെപ്പറ്റി ഒരു പഠനം നടത്തേണ്ടിവന്നതു്. ഇതിലേക്കു് ഒട്ടേറെ സംസ്കൃതകൃതികളും നിഷ്കൃഷ്ടമായി പരിശോധിക്കേണ്ടിവന്നു. ഇവിടെ ഒരു സംഗതി ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. ഇതിലെ ഉദ്ധാരണങ്ങൾ കണ്ടുപിടിക്കാനുള്ള പരിശോധനയിൽ പല ശ്ലോകങ്ങളും ഒന്നിൽ കൂടുതൽ കൃതികളിൽ ഉൾപ്പെട്ടതായി കാണാൻ സാധിച്ചു. ഹനുമന്നാടകത്തിൽ പല ശ്ലോകങ്ങളും അനർഘരാഘവത്തിൽനിന്നും ബാലരാമായണത്തിൽനിന്നും മറ്റും എടുത്തിരിക്കുന്നതായി കാണാം. ഹനുമന്നാടകത്തിലും, മഹാനാടകത്തിലും വളരെ ഭാഗങ്ങൾ സമാനങ്ങളാണു്. ബാലരാമായണത്തിലെ ശ്ലോകങ്ങൾ മഹാനാടകത്തിലും ദൃതാങ്ഗരത്നത്തിൽപോലും കടന്നുകൂടിയിട്ടുണ്ടു്. ഇതിൽനിന്നു് അനുമാനിക്കാവുന്നതു് അക്കാലങ്ങളിൽ പരസ്പരം കവിതാഭാഗങ്ങൾ എടുത്തുചേർക്കുന്നതു നിഷിദ്ധമായ കാര്യമായി കണക്കാക്കിയിരുന്നില്ലെന്നാണല്ലോ,

ശ്രീഹർഷന്റെ നൈഷധീയചരിതം (മഹാകാവ്യം 3 ശ്ലോ.), ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി (നാടകം 3 ശ്ലോ.), ദൂതാംഗദം (നാടകം, 4 ശ്ലോ.), സുബന്ധുവിന്റെ വാസവദത്ത (ഗദ്യകാവ്യം, 4 ഗദ്യഖണ്ഡങ്ങൾ) തുടങ്ങിയ കൃതികളെ വിശേഷിച്ചും സൂചിക്കാവുന്നതാണ്. ഇവയിൽ ചില കൃതികളെപ്പറ്റി എടുത്തുപറയേണ്ടതു് ആവശ്യമായി തോന്നുന്നു.

ഭോജന്റെ ചമ്പൂരാമായണം സംസ്കൃതത്തിലെ അതിപ്രശസ്തമായ ഒരു കൃതിയാണു്. സാഹിത്യകലാസംരക്ഷകൻ എന്ന നിലയിൽ അനശ്വരകീർത്തി നേടിയ ധാരാപുരാജാവാണു് ഭോജൻ. (ക്രി. വ. 1018—1063). ആ മഹാനെപ്പറ്റി അനേകം ഐതിഹ്യങ്ങളും സുപ്രസിദ്ധങ്ങളായിട്ടുണ്ടു്. യുദ്ധകാണ്ഡം ഒഴിച്ചുള്ള രാമായണകഥ മാത്രമേ ഭോജൻ രചിച്ചിട്ടുള്ളു. ലക്ഷ്മണസൂരി എന്നൊരു കവിയാണു യുദ്ധകാണ്ഡംകൂടി എഴുതി ആ ചമ്പു പൂരിപ്പിച്ചതു്. ഈ കൃതി നമ്മുടെ ചമ്പുകർത്താവിനു വളരെയധികം പ്രചോദനം നല്കിയിട്ടുണ്ടു്. എങ്കിലും അതിനോടുള്ള കടപ്പാടു് ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങൾകൊണ്ടു് തീരുന്നുവെന്നും രണ്ടു ചമ്പുക്കളുടെയും രീതി തികച്ചും ഭിന്നമാണെന്നും മുകളിൽ കാണിക്കുകയുണ്ടായി.

അനർഘരാഘവം ഏഴു് അങ്കത്തിലുള്ള ഒരു സംസ്കൃതനാടകമാണു്. മൗദ്ഗല്യഗോത്രജനായ മുരാരി എന്നൊരു കവിയാണു് ഇതിന്റെ കർത്താവു്. വാഗ്ദേവിയെ പലരും ഉപാസിക്കുന്നുണ്ടെങ്കിലും ഗുരുകുലക്ലിഷ്ടനായ മുരാരി മാത്രമേ സാരസ്വതസാരം അറിഞ്ഞിട്ടുള്ള എന്നു മുരാരിയെ പ്രശംസിക്കുന്ന ഒരു ശ്ലോകം ഉണ്ടു്.

> ദേവീം വാചമുപാസതേ ഹി ബഹവസ്സാരം തു സാരസ്വതം
> ജാനീതേ നിതരാമസൗ ഗുരുകുലക്ലിഷ്ടോ മുരാരിഃ കവിഃ
> അബ്ധീർലംഘിത ഏവ വാനരഭടൈഃ കിന്ത്വസ്യ ഗംഭീരതാം
> ആപാതാളനിഗമ്യപീവരതനുർജാനാതി മന്ഥാചലഃ.

ഈ പ്രശംസ പൂർണ്ണമായും അർഹിക്കുന്നതരത്തിലുള്ള ഒരു വിശിഷ്ടകൃതിയാണു് അനർഘരാഘവം. മുരാരിയുടെ കാലം ക്രി. വ. എട്ടും ഒൻപതും നൂറ്റാണ്ടുകൾക്കു് ഇടയ്ക്കാണെന്നു് അനുമാനിക്കപ്പെടുന്നു. ഉജ്ജ്വലമായ രചനാരീതിയാണു് അനർഘരാഘവത്തെ പ്രശസ്തമാക്കുന്നതു്. ആ രീതി ഭോഷാരാമായണചമ്പുകാരനെ വളരെയേറെ വശപ്പെടുത്തിയിരിക്കുന്നുവെന്നു് ഉള്ളതിനു തെളിവാണു് അതിൽനിന്നു് വളരെ ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടുള്ളതു്.

രാജശേഖരൻ പത്തു് അങ്കത്തിൽ രചിച്ചിട്ടുള്ള അത്യുത്കൃഷ്ടമായ ഒരു നാടകമാണു് ബാലരാമായണം. രംഗപ്രയോഗപ്രൗഢിക്കുവേണ്ടി രാമായണകഥയിൽനിന്നു പല വ്യതിയാനങ്ങളും ഇതിൽ കൈക്കൊണ്ടിട്ടുണ്ടു്. ഈ രാജശേഖരൻ ദുർദുഗന്റെയും ശീലാവതിയുടെയും പുത്രനായിയായാവരഗോത്രത്തിൽ ജനിച്ച ഒരാളായിരുന്നു എന്നു കാണുന്നു. (കേരളത്തിലെ ഒരു രാജാവു് ആയിരുന്നുവെന്നും ചിലർ പറയുന്നു. എം. കൃഷ്ണ

മാചാര്യരുടെ സംസ്കൃതസാഹിത്യചരിത്രം പു. 625). കൃ. വ. പത്താം നൂറാണ്ടിനിടയ്ക്കാണ് അദ്ദേഹത്തിന്റെ കാലം. ബാലരാമായണം കല്പട്ടാ നൂതനഗ്രന്ഥപ്രകാശികയിൽനിന്നും 1884-ൽ പ്രകാശിപ്പിച്ചിട്ടുണ്ട്.

ഹനുമാൻ രചിച്ചതായി അവകാശപ്പെടുന്ന കൃതികളാണ് ഹനുമന്നാടകവും മഹാനാടകവും ഇവരുടെ കൃതിയുടെ പിന്നത്തുപങ്ങളാണെന്നു പരിഗണിക്കപ്പെടാവുണ്ടെങ്കിലും വളരെ വ്യത്യസ്തങ്ങളാണെന്ന പ്രഥമദൃഷ്ടിയിൽ തന്നെ വ്യക്തമാണ്. ഹനുമത്കൃതമായ ഈ നാടകത്തിന്റെ കവിതാദീപ്തിയിൽ തന്റെ രാമായണം മങ്ങിപ്പോകുമെന്നു ഭയപ്പെട്ട് വാല്മീകി ഈ കൃതി കടലിൽ എറിഞ്ഞുകളഞ്ഞുവെന്നും, പിന്നീട് ഭോജരാജാവ് കണ്ടെടുത്തതാണെന്നും ഉള്ള ഒരു കഥ നാടകത്തിന്റെ അവസാനശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

രചിതം അനിലപുത്രേണാഥ വാല്മീകിനാബ്ധൗ
നിഹിതം അഗാധബുദ്ധ്യാ പ്രാങ്മഹാനാടകം യത്
സുമതി നൃപതിഭോജേനോദ്ധൃതം തത് ക്രമേണ
ഗ്രഥിതം അവതു വിശ്വം മിശ്രദാമോദരേണ.''

ഈ ശ്ലോകത്തിൽ ഇതിന്റെ കർത്താവ് ഹനുമാൻ ആണെന്നു പറയുന്നുണ്ടെങ്കിലും, മിശ്രദാമോദരൻ എന്നൊരാളാണ് ഇതിന്റെ സാക്ഷാൽ കർത്താവ് എന്ന വസ്തുതയും ഇതേ ശ്ലോകത്തിൽനിന്നുതന്നെ മനസ്സിലാക്കാമല്ലോ. പിന്നെയും പറഞ്ഞിട്ടില്ലാത്തതു കാണുക: ''ഇതി ശ്രീപവനതനയവിരചിത മിശ്രദാമോദരസംഗൃഹീത ഹനുമന്നാടകേ ശ്രീരാമവിജയോനാമ ചതുർത്ഥശോങ്കഃ സമാപ്തഃ.'' മിശ്രദാമോദരൻ എവിടെനിന്നെല്ലാമോ ശ്ലോകങ്ങളും എടുത്തുചേർത്തും കുറെയൊക്കെ സ്വന്തമായി നിർമ്മിച്ചും നാടകരൂപത്തിൽ നിബന്ധിച്ച ഒരു കാവ്യമാണ് ഈ കൃതി. ഭോജനെപ്പറ്റി ഇതിൽ പ്രസ്താവം ഉള്ളതുകൊണ്ട് അദ്ദേഹത്തിന്റെ ആശ്രിതകോടിയിൽപ്പെട്ട ആളായിരുന്നുവോ മിശ്രദാമോദരൻ എന്നും സംശയിക്കാം. ഭോജന്റെ സരസ്വതീകണ്ഠാഭരണത്തിൽ ആ നാടകത്തിൽനിന്നും ഉദ്ധാരണങ്ങളും ഉണ്ട്.

മഹാനാടകം മിശ്രമധുസൂദനകൃതമാണെന്നു കാണുന്നു.

''ഏഷ ശ്രീലഹനുമതാ വിരചിതേ ശ്രീമൻമഹാനാടകേ
വീരശ്രീയുത രാമചന്ദ്രചരിതേ പ്രത്യുദ്ധൃതേ വിക്രമൈഃ
മിശ്രശ്രീമധുസൂദനേന കവിനാ സന്ദർഭ്യ സജ്ജീകൃതേ
സപ്തർഷ്യാരോഹണനാമകോƒത്ര നവമോയാതോƒങ്ക ഏവേ—
ത്യസൗ.''

ഇങ്ങനെ ഒൻപതു് അങ്കമായി ഈ മഹാനാടകം അവസാനിക്കുന്നു. കൽക്കട്ടയിലെ നാരായണഗ്രാമവായനശാലയിൽനിന്നും 1869–ാമാണ്ടു് ഈ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഹനുമന്നാടകത്തിൽനിന്നു മുപ്പതോളം മഹാനാടകത്തിൽനിന്നു് ഇരുപത്തഞ്ചു ശ്ലോകങ്ങളും ഈ ചമ്പുവിൽ ഉദ്ധരിച്ചിട്ടുണ്ടു്. മഹാനാടകത്തിൽനിന്നു് എടുത്തിട്ടുള്ള ശ്ലോകങ്ങളിൽ ഒന്നൊഴിച്ചു് ശേഷം മുഴുവൻ ഹനുമന്നാടകത്തിൽ ഉള്ളവതന്നെ. രണ്ടു കൃതികളും അനർഘരാഘവത്തിൽനിന്നും മറ്റും ധാരാളം ഭാഗങ്ങളും എടുത്തിട്ടുണ്ടു്.

എത്രയുണ്ടു് ഭാസകൃതികളെപ്പോലെ വളരെക്കാലം മറവിൽപ്പെട്ടു കിടന്നു് ഈ അടുത്ത കാലത്തു മാത്രം കണ്ടെടുത്ത ഒരു മനോഹരസംസ്കൃതനാടകമാണു് കന്ദമാല. കാളിദാസന്റെ പ്രതിദ്വന്ദ്വി എന്നു പറയപ്പെടുന്ന ദിങ്നാഗന്റെ കൃതിയായിട്ടാണു് ഈ കൃതി ജഗദീശശാസ്ത്രി അവതരിപ്പിച്ചിട്ടുള്ളതു്. ലാഹോറിലെ മോത്തിലാൽ ബനാറീസദാസു് ഓറിയന്റൽ ബുക്സെല്ലേഴ്സു് 1937–ൽ ഈ കൃതി പ്രസിദ്ധപ്പെടുത്തി. ഉത്തരരാമായണം കഥയാണു് ഇതിലെ പ്രതിപാദ്യം. ദിങ്നാഗനെ ബൗദ്ധതാർക്കികനായിട്ടാണു് അധികമായി അറിഞ്ഞുവരുന്നതു്. ഈ നാടകം അതേ ദിങ്നാഗന്റെ കൃതിയാണെങ്കിൽ അദ്ദേഹത്തിനു കവിതയറിയുമെന്നും കൂടി വരുന്നു.

> ''സ്ഥാനേഽസ്മിൻ സരസനിചുളാത് ഉത്പതോഽങ്മുഖോഽപം.
> ദിങ്നാഗാനാം പഥി പരിഹരൻ സ്ഥൂലഹസ്താവലേപാൻ''

എന്ന മംഗളസന്ദേശപദ്യത്തിൽ സൂചിപ്പിക്കപ്പെടുന്ന ദിങ്നാഗൻതന്നെയായിരിക്കണം കന്ദമാലയുടെ കർത്താവു് എന്നാണു് ജഗദീശശാസ്ത്രി വാദമായി വിശ്വസിക്കുന്നതു്. എന്നാൽ കന്ദമാലയുടെ കർത്താവിന്റെ നാമം ധീരനാഗൻ എന്നാണു്. ദിങ്നാഗൻ എന്നല്ല, എന്നു കുട്ടിമാചാര്യർ കരുതുന്നു. (സംസ്കൃതസാഹിത്യചരിത്രം 604). ഏതായാലും കന്ദമാലയുടെ കർത്താവു് ആരെന്നുള്ള വിഷയം ഇവിടെ പ്രധാനപ്പെട്ടതല്ല. അതിനിടയിൽനിന്നും കുറേ (8–ശ്ലോ.)ഈ ചമ്പുകൃതിയിൽ ഉദ്ധരിച്ചിരിക്കുന്നുവെന്നുള്ളതു് ശ്രദ്ധേയമായ ഒരു വസ്തുതയാണു്. ഈ കൃതി പില്ക്കാലത്തു് വിസ്മൃതമായി എങ്കിലും ചമ്പുകാരന്റെ കാലത്തു കേരളത്തിലും പ്രചാരത്തിൽ ഇരുന്നുവെന്നു് ഇതിൽനിന്നു മനസ്സിലാക്കാമല്ലോ. ഭാസകൃതികളായി പ്രകാശിപ്പിച്ചിട്ടുള്ള ചില നാടകങ്ങളിലെ ചില ശ്ലോകം ചില പദ്യങ്ങളും ഈ ചമ്പുവിൽ ഉദ്ധരിച്ചിട്ടുണ്ടെന്നു് ഇവിടെ അനുസ്മരിക്കാവുന്നതാണു്.

പുനത്തിന്റെ സമകാലികനും, പതിനെട്ടരക്കവികളിൽ ഉൾപ്പെട്ട പ്രചണ്ഡപണ്ഡിതനും ആയിരുന്ന ഉദ്ദണ്ഡന്റെ കൃതിയാണു്, മല്ലികാമാരുതം. ഇതു് പത്തു് അങ്കമുള്ള ഒരു നാടകമാണു്. ആ നാടകം ഉദ്ദണ്ഡിയുടെ കൃതിയായി പണ്ഡിതജീവാനന്ദവിദ്യാസാഗരൻ 1878–ൽ കൽക്കട്ടയിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കർത്തൃത്വനിർണ്ണയത്തിൽ ഉത്തരാദേശീയനായ വിദ്യാസാഗരനു പ്രമാദമാണു പറ്റിയിട്ടുള്ളതു്. നാടകത്തിലെ പ്രസ്താവനയിൽ വ്യക്തമായി ഉദ്ദണ്ഡന്റെ കർത്തൃത്വം പറഞ്ഞിട്ടുണ്ടു്. (കേ.

സാ. ച. II. 42 നോക്കുക). മല്ലികാമാരുതത്തിലെ കാവ്യപ്രശംസാപദ്യങ്ങൾ ചമ്പുവിൽ ഉള്ളതു് പുനരുക്തിനിമിത്തം ഉദ്ധരിച്ചിട്ടില്ലായിരുന്ന ഗദ്യഭാഗമായ സ്തോത്രാനന്തരഭാഗം നിദർശനമായി കണക്കാക്കാം.

ക്ഷേമേന്ദ്രന്റെ രാമായണമഞ്ജരിയാണു് ചമ്പുകാരനു് പ്രചോദനം നല്കിയിട്ടുള്ള മറ്റൊരു കൃതി. കാശ്മീരദേശീയനായ ക്ഷേമേന്ദ്രന്റെ കാലം ക്രി. വ പതിനൊന്നാം നൂറ്റാണ്ടാണു്. അദ്ദേഹത്തിന്റെ രാമായണമഞ്ജരി ലളിതമായ സംസ്കൃതത്തിൽ നിബന്ധിച്ചിട്ടുള്ള ഒരു ബൃഹത്തായ ഇതിഹാസകൃതിയാണു്. അതിൽനിന്ന പല ശ്ലോകങ്ങളും ചമ്പുവിൽ ഉദ്ധരിച്ചിട്ടുള്ളതുപോലെ അതിനു് ഇവിടെയുണ്ടായിരുന്ന പ്രചാരമാണല്ലോ കാണിക്കുന്നതു്.

സുകുമാരകവി എഴുങ്കുത്തിൽ രചിച്ചിട്ടുള്ള ഒരു മനോഹരസംസ്കൃതനാടകമാണു് രഘുവീരചരിതം. ഈ കൃതി പ്രകാശിപ്പിച്ചു കണ്ടിട്ടില്ല. സുകുമാരകവിയെപ്പറ്റി മഹാകവി ഉള്ളൂർ വിജ്ഞാനദീപിക നാലാംഭാഗത്തിൽ(പു. 244—311) ഉപന്യസിച്ചിട്ടുള്ളതിൽ ശ്രീകൃഷ്ണവിലാസകർത്താവായ സുകുമാരൻതന്നെയാണു് രഘുവീരചരിതകർത്താവെന്നാണു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. രഘുവീരചരിതത്തിലെ ഒരു പദ്യം ഭാഷാരാമായണചമ്പുവിൽ എടുത്തിട്ടുള്ളതായി ഉള്ളൂർ കാണിച്ചിട്ടുണ്ടു്. (ത്രപാല ഉജ്ജകാന്തര ഇത്യാദി. പരശുരാമവിജയം ശ്ലോ. 34.) രഘുവീരചരിതം പരിശോധിച്ചതിൽ വേറെ ചില ശ്ലോകങ്ങളും ഈ ചമ്പുകാരൻ എടുത്തിട്ടുള്ളതായി കാണാൻ കഴിഞ്ഞു കണ്ടുപിടിച്ചിടത്തോളം പട്ടികയിൽ കാണിച്ചിട്ടുണ്ടു്.

സുബന്ധുവിന്റെ വാസവദത്ത സംസ്കൃതഗദ്യസാഹിത്യശാഖയിൽ പ്രശസ്തി നേടിയിട്ടുള്ള ഒരു വിശിഷ്ടകൃതിയാണു്. സുബന്ധുവിന്റെ കാലം ക്രി വ. എട്ടാം നൂറ്റാണ്ടിന്റെ അവസാനമാണെന്നു് അത്രെ ഒരു മതം.(കൃഷ്ണമാചാര്യരുടെ സംസ്കൃതസാഹിത്യചരിതം 479.) കൃത്രിമത്വം നിറഞ്ഞതെങ്കിലും മനോഹരവും അതിപ്രൗഢവുമായ ഒരു കൃതിയാണു വാസവദത്ത. കഥാകഥനത്തെക്കാൾ കൂടുതലായി ഭാഷാപ്രയോഗത്തിലുള്ള ഇന്ദ്രജാലപ്രകടനത്തിലാണു് സുബന്ധുവിന്റെ ഗാഢശ്രദ്ധ. ആ ഗദ്യരീതി ചമ്പുകാരനെ ശക്തിയോടെ വശീകരിച്ചതിനു തെളിവാണു് വാസവദത്തയിൽനിന്നുള്ള ഉദ്ധരണങ്ങളും.

രഘുവംശം, ശാകുന്തളം, വിക്രമോർവ്വശീയം, കിരാതാർജ്ജുനീയം, മാഘം, നൈഷധീയചരിതം, ഉത്തരരാമചരിതം മുതലായി മറ്റു പല കൃതികളിൽനിന്നും ശ്ലോകങ്ങളും ഉദ്ധരിച്ചിട്ടുണ്ടെങ്കിലും അവയെപ്പറ്റി വിശേഷിച്ചു് എടുത്തു പറയണമെന്നില്ല. ഇതിൽ ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങളിൽനിന്നും ചമ്പൂകാരനു സംസ്കൃതസാഹിത്യത്തിൽ സിദ്ധിച്ചിരുന്ന വിസ്തൃതമായ പരിചയവും പാണ്ഡിത്യവുംകൂടെ തെളിയുന്നുണ്ടു്.

ഉദ്ധാരണം കവിതയുടെ മഹിമയ്ക്ക് ഇടിവു വരുത്തുന്നുണ്ടോ?

മറ്റു കവികളുടെ കൃതികളിൽനിന്ന് ഇത്രയേറെ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ടെന്നു് അറിയുമ്പോൾ ചമ്പുകാരനെപ്പറ്റി പെട്ടെന്നു് ഒരു വിമർശനാഭിപ്രായം തോന്നുക സ്വാഭാവികമാണു്. എന്നാൽ ഈ ചമ്പുകാവ്യം ആദ്യാവസാനം പരിശോധിച്ചാൽ കവിയെപ്പറ്റിയുള്ള മതിപ്പിനു് ഇടിവു് വരാൻ ഇടയില്ലെന്നതന്നെ. വളരെയേറെ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുള്ള ഭോജചമ്പു, അനർഘരാഘവം, ഹനുമന്നാടകം, ബാലരാമായണം, രഘുവംശം തുടങ്ങിയുള്ള കൃതികളോടു് അവയിൽനിന്ന് ഉദ്ധരിച്ച ഭാഗങ്ങൾ ഒഴിച്ചാൽ മറ്റു് അംശങ്ങളിൽ പറയത്തക്ക കടപ്പാടു് കവിക്കു് ഇല്ല. അവയെ അനുകരിച്ചുകൊണ്ടുള്ള രീതിയല്ല സ്വതന്ത്രഗതിയാണു് കവി അംഗീകരിച്ചിട്ടുള്ളതു്. പരിശോധിക്കാം.

ഒന്നാമതു് രാമായണകഥ ഇതിവൃത്തമായി സ്വീകരിച്ചതുകൊണ്ടു് കവിയുടെ പൂർണ്ണമായ കടപ്പാടു് വാല്മീകിയോടുതന്നെ. എന്നാൽ പ്രതിപാദനരീതിയിൽ വാല്മീകിയെ അല്ല കവി അനുകരിക്കുന്നതു്. കാളിദാസന്റെ രഘുവംശത്തിലെപ്പോലെയുമല്ല കവിയുടെ പോക്കു്. മുരാരി മുതലായ കവികളുടെ നാടകകൃതികളെ ഈ അംശത്തിൽ താരതമ്യപ്പെടുത്താനില്ല. കഥ വിട്ട കവിതയുടെ സ്വരൂപത്തിലേക്കു ദൃഷ്ടി പതിപ്പിച്ചാലും വാല്മീകിയുടെ ലളിതമായ രചനാരീതിയല്ല ചമ്പുകാരൻ മാതൃകയായി സ്വീകരിച്ചിട്ടുള്ളതു്. ഭോജന്റെയും മുരാരിയുടെയും ഭവഭൂതിയുടെയും രാജശേഖരന്റെയും മറ്റും പ്രൗഢിയും ഓജസ്സും ചേർന്ന രചനാരീതിയോടു കവിക്കു പക്ഷപാതം ഉണ്ടു്. എന്നാൽ അവരോടുള്ള കടപ്പാടും പരിമിതമാണു്. അവരുടെ കവിതാഭാഗങ്ങളുടെ ഉദ്ധാരണം കൊണ്ടു് വിരസമിക്കയാണു കവി ചെയ്തിട്ടുള്ളതു്. അതിനെല്ലാം മീതേ സ്വതന്ത്രനായ ഒരു കവിപ്രൗഢന്റെ കല്പനാസമ്പത്തും പ്രതിപാദനവൈഭവവും ഈ ചമ്പുവിനെ നിസ്സീമകാന്തി നല്കുന്നുണ്ടു്.

അനേകം ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുള്ള കൃതികളോടുപോലും ഈ ചമ്പുവിനു സാരാംശത്തിൽ വലിയ കടപ്പാടു് ഇല്ല എന്നു വെളിവാക്കാൻ ഭോജന്റെ ചമ്പൂരാമായണവും, ഈ കൃതിയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ മതിയാകും. പേരുകൊണ്ടും ചമ്പുരൂപംകൊണ്ടും മാത്രം ഈ ചമ്പു സംസ്കൃതത്തിലെ ചമ്പൂരാമായണത്തിന്റെ ഒരു തർജ്ജമയോ, അനുകരണമോ, പകർപ്പോ ആയിരിക്കാമെന്നല്ലേ തോന്നുക? അതിൽനിന്നു് അൻപതിൽ കൂടുതൽ ശ്ലോകങ്ങളും ഏതാനും ഗദ്യഭാഗങ്ങളും ഇതിൽ എടുത്തു ചേർത്തിട്ടുണ്ടെന്നു വരുമ്പോൾ ആ തോന്നൽ ശക്തിപ്പെടുകയല്ലേ ഉള്ളു? എന്നാൽ സംഗതിയൊന്നു ചുഴിഞ്ഞുനോക്കുമ്പോൾ ആ തോന്നൽ വെറും ഉപരിതലസ്പർശകമാണെന്നു വെളിവാകും. ഭോജന്റെ ചമ്പൂരാമായണത്തിൽ ആകെ ശ്ലോകങ്ങൾ നാന്നൂറ്റി എൺപത്തൊന്നേ (481) ഉള്ളൂ. ഗദ്യഭാഗങ്ങൾ അധികവും ചെറിയ ഖണ്ഡങ്ങളാണു്. ഭോജരാമായണചമ്പുവിലാകട്ടെ ഇരു

പറ്റു ഭാഗങ്ങളിലുമായി ആയിരത്തിത്തൊള്ളായിരത്തോളം (—1879—) ശ്ലോകങ്ങളും സാമാന്യം ദീർഘമായ അമ്പതോളം മലയാളഗദ്യങ്ങളും തുപ്പ തിവധികം മലയാളഅണ്ഡകങ്ങളും ഉണ്ട്. സംസ്കൃതചമ്പുരാമായണ ത്തിന്റെ നാലു മടങ്ങിൽ കൂടുതൽ വലിപ്പമുണ്ട് ഭാഷാചമ്പുവിനു്. ഇതു തന്നെ ഇവയ്ക്ക തമ്മിലുള്ള വ്യത്യാസത്തിനു മതിയായ തെളിവാണു്. ഭോജന്റെ ചമ്പുരാമായണത്തിൽനിന്നു് എടുത്തിട്ടുള്ളതുപോലെ മറ്റു പല കൃതികളിൽനിന്നും ഇതിൽ ഉദ്ധരിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഇതിനോ ടുകൂടി അനുസ്മരിക്കാവുന്നതാണു്. ഭോജചമ്പുവിൽ ഭോജകൃതമായ ഭാഗം സുന്ദർകാണ്ഡംകൊണ്ടു് അവസാനിക്കയാണു്. ലക്ഷ്മണസൂരി പൂരിപ്പിച്ച യുദ്ധകാണ്ഡം കൂടി ചേർത്താലും പൂർണമായണചമ്പുവിന്റെ ഉത്തരകാണ്ഡം കഥ അതിൽ ഉൾപ്പെട്ടന്നില്ല അതിനാൽ രാവണോ ദ്ഭവംകൊണ്ടു തുടങ്ങി ശ്രീരാമന്റെ സ്വർഗാരോഹണംകൊണ്ടു് അവസാ നിക്കുന്ന ഭാഷാരാമായണചമ്പു ഭോജചമ്പുവിനെ കഥാംശത്തിൽപോലും കവിഞ്ഞു നില്ക്കുന്നുവെന്ന സുവ്യക്തമാണു്. ഓരോ കഥാഭാഗവും ആഖ്യാ നം ചെയ്തിട്ടുള്ള രീതി നോക്കിയാലും രണ്ടു കൃതികൾക്കും തമ്മിൽ വലിയ സാമ്യമില്ല.

ഉദ്ധാരണങ്ങളും എടുത്തിട്ടുള്ള മറ്റു കൃതികളുമായിട്ടു് ഈ ചമ്പുവിനു ള്ള താരതമ്യം ഇതിലും കുറവാണു്. ഈ വസ്തുതകളും ആലോചിച്ചാൽ, രാമായണകഥ ചമ്പുരൂപത്തിൽ അവതരിപ്പിക്കണമെന്നു് ആഗ്രഹിച്ച കവി അതിനുവേണ്ട അന്തസ്സുരൂപം പുരാതനകവീശ്വരന്മാരുടെ ചുവടുപാടുക ളെ അനുസരിച്ചും, എന്നാൽ സ്വന്തഭാവനയെ പ്രധാനമായി പ്രമാണമാ ക്കിയും കല്പിച്ചതാണെന്നു കണക്കാക്കുന്നതു ന്യായമുള്ള. എങ്കിലും ലോ കോത്തരമായ രാമകഥയെ അവതരിപ്പിക്കാൻ ആഗ്രഹിച്ച കവി ആ ഇതിവൃത്തത്തെ ആധാരമാക്കി സംസ്കൃതഭാഷയിൽ ഉണ്ടായിട്ടുള്ള വിശി ഷ്ടങ്ങളായ സാഹിത്യകൃതികളിലെ അത്യുത്കൃഷ്ടങ്ങളായ ആശയങ്ങളെ യും മനോഹരങ്ങളായ കവിതാഭാഗങ്ങളെയും കേരളീയ സഹൃദയന്മാർക്ക പരിചയപ്പെടുത്തിക്കൊടുക്കാൻകൂടി ആഗ്രഹിച്ചിരിക്കണം. സംസ്കൃ തകവിത ഉദ്ധരിച്ചുകഴിഞ്ഞാൽ ആസ്വദിക്കുന്ന ഒരു ജനസമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ടാണല്ലോ മണിപ്രവാളകവികളും സാഹി ത്യരചന ചെയ്തതു്. അതിനാൽ മണിപ്രവാളപ്രസ്ഥാനത്തിൽ ഇത്തരം സംസ്കൃതകൃതികളിൽനിന്നും ഉള്ള ഉദ്ധാരണം അസ്ഥാനത്തായിരുന്നുവെന്നു് പറയാവതല്ല. സ്വന്തം പേരു് പ്രചരിപ്പിക്കാനുള്ള ദുർമ്മോഹത്തോടുകൂടി രചിച്ച കവിതയല്ലല്ലോ ഇതു്. ഈ ചിന്തകളെ ആധാരമാക്കി വേണം ഇതിലെ ഉദ്ധൃതഭാഗങ്ങളെ പരിഗണിക്കേണ്ടതു്. എന്നുതന്നെയല്ല, ഉ ദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങളും ഗദ്യങ്ങളും ഈ ചമ്പുവിന്റെ വലിപ്പവും സൗന്ദ ര്യവും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും, ശേഷമുള്ള ഭാഗംതന്നെ മഹത്തായ ഒരു കാവ്യത്തിന്റെ മേന്മ ഈ കൃതിക്കു് നേടിക്കൊടുക്കുവാൻ പര്യാപ്ത മാണു്.

ഗദ്യഭാഗങ്ങളുടെ വിഷയസൂചന

ശ്ലോകത്തിന്റെ മുന്നിലൊന്നു മാറ്റുള്ളവരുടെ കൃതികളിൽനിന്നു് ഉദ്ധരിച്ചിട്ടുള്ളതാണെന്നു പറയാമെങ്കിലും, പദ്യഗന്ധികളായ ഗദ്യഭാഗങ്ങളും ദണ്ഡകങ്ങളും ചമ്പുകാരന്റെ സ്വന്തമാണു്.—അവ തികച്ചും സ്വന്തം വീതിയിലുള്ളവയുമാണു്. അവ ഓരോന്നും ഒന്നിനൊന്നു മെച്ചപ്പെട്ടവയാണു്. മലയാളഗദ്യങ്ങളും ഏതെല്ലാമെന്നു ചുരുക്കത്തിൽ നോക്കാം:

രാവണോത്ഭവത്തിലെ കൈലാസപുരവർണ്ണനം (അപരികവലൻ വളർക്ഷത തേടിന കൈലാസാദ്രിപാന്ഥര പോലെ— ഗ. 1. പു. 62), രാമാവതാരത്തിലെ അയോദ്ധ്യാവർണ്ണനം (ഹര ഹര ശിവ നാനാനഗരീ തിലകം അയോദ്ധ്യാനഗരിവിചാരേ—ഗ. 1 പു 109.), ഋശ്യശൃംഗവശീകരണം (അഥ ലളിതാംഗം വാരവധൂജനം—ഗ 6. പു. 134.), താടകാവധത്തിലെ വിശ്വാമിത്രന്റെ ശ്രീരാമദർശനാകാംക്ഷ (കാലേ തസ്മിൻ കാലദ്വേഷി—ഗ. 2. പു. 168.), താടകാവർണ്ണനം (കടർമാലകളും തലയോട്ടകളും പലവെല്ലുകളും ഭൂഷണമാക്കി—ഗ. 6. പു. 198.), സീതാസ്വയംവരവർണ്ണന (ഹര ഹര ശിവ ശിവ! മിഥിലയിൽ ഇയലിന കുതുകവിശേഷം പറവാൻ വല്ലേൻ—ഗ. 1, 2, 3, 4, 5. പു. 251—260), പരശുരാമാവതാരത്തിലെ സീതാസ്വയംവരം കഴിഞ്ഞു് ദശരഥാദികളുടെ അയോദ്ധ്യയിലേക്കുള്ള യാത്ര (തദന്ന ദിനാധിപവംശശിഖാമണി ദശരഥനരപതി വിക്രമവാരിധി—ഗ. 1. പു. 298.), വിച്ഛിന്നാഭിഷേകത്തിലെ അഭിഷേകോത്സവം (ഹരഹര ശിവശിവ! പുകഴന്ന തോത്താൽ അഭിഷേകോത്സവമഹിമ വിശേഷാൽ—ഗ. 1. പു 358—367) ദണ്ഡകാരണ്യവും അഗസ്ത്യാശ്രമവും (ശിവശിവ! ദണ്ഡകവനമാഹാത്മ്യം പറകിൽ വിചിത്രം—ഗ. 2. പു 413—418), ലളിതാശ്രുപവിലാസം (കഥമിവകഥയേ ലളിതാശ്രുപവിലാസവിശേഷാൻ— ഗ. 4. പു. 430—435), ശൂർപ്പണഖയുടെ പലായനവും രാവണനോടുള്ള ആവലാതിയും തദന്ന തദാനീം ദശമുഖസോദരി—സുഗ്രീ. ഗ. 1. പു. 473), രാമന്റെ സീതാവിരഹവേദന—(ശിവശിവ ഹരഹര! കഷ്ടം കഷ്ടം! ജനകനൃജാവിരഹദശായാം—സുഗ്രീ. ഗ. 4. പു.528—531), ബാലിസുഗ്രീവയുദ്ധം (ഇത്ഥം കേത്യാചരണസ്സരോജേ വീണളവന്നജേ ഭാന്തനൃജേ—ബാലിവധം. ഗ. 3. പു. 556), ഉദ്യാനപ്രവേശത്തിലെ ചന്ദ്രോദയം (പ്രാചീരമണിവദനംപോലേ രജനീയോഷാമുകരംപോലെ—ഗ. 1. പു. 587), ഉദ്യാനപ്രവേശത്തിലെ മോഹനസജ്ജീകരണങ്ങളും (ഹരഹരഘോഷം അശോകാരാമേ രാക്ഷസനാഥൻ പോവാൻ തുനിയുംനേരം—ഗ. 2. പു. 592—594), അംഗുലീയാങ്കത്തിലെ വഷ്കാലവർണ്ണനം (തദന്ന തദാനീം ദയിതാവിരഹക്ലാന്തനു രാമനു—ഗ. 1. പു. 620—622) സീതാന്വേഷണത്തിനു വാനരാസൈന്യയാത്ര (തദന്ന രഘൂത്തമൻ ആജ്ഞാപിച്ചളവു് ഉദിതാടോപം—ഗ. 3. പു. 637—640). ഇന്ദ്രവജ്രാഹത

നായ ഹനുമാനെ എടുത്തുകൊണ്ടു് വായുഭഗവാൻ അപ്രത്യക്ഷനായപ്പോൾ ലോകത്തിനുവന്ന ദുഃസ്ഥിതി (തദനു സമീപേ തലമുടേറി—ഗ. 5. പു 648—652), ലങ്കയിലേക്കു ഹനുമാന്റെ ചാട്ടം (കാനിനപദാഹതികൊണ്ടു തദാനീം—ഗ. 6. പു. 665—671), ലങ്കാദഹനം (ഇതി ദശകണ്ഠൻ ത്രിഭുവന ചണ്ഡൻ ചൊന്നതു കേട്ടതി ധ്വസ്ത കോലും—ഗ. 12. പു. 705—710), വഴികൊടുക്കാഞ്ഞ സമുദ്രത്തിന്റെ നേരേ രാമൻ ആഗ്നേയാസ്ത്രം അയയ്ക്കുന്നതു് (തദനു ദിനാധിപവംശശിഖാമണി ദഹനമയാസ്ത്രം ധനുഷി തൊടുത്തു—ലങ്കാപ്ര. ഗ. 5. പു 637—639). സീതയുടെ അഗ്നിപ്രവേശം (അഥ നിജവല്ലഭലക്ഷ്മണസഹിതാ തതു്ക്ഷണമഴകൊടു വഹനിയിൽവീഴാൻ അനുവിതരോവാ രുപായ ദശായാം—ഗ. 3. പു. 810—815), പട്ടാഭിഷേകത്തിലെ രാമരാജ്യവർണ്ണന (ഹരഹര! ശിവശിവ! ദശമുഖഭഞ്ജഗേ—ഗ. 1. പു. 852—858), അഭിഷേകോത്സവം (അഭിഷേകോത്സവം ആഘോഷിച്ചളവു് അവനിയെ നിളെ ചെത്തിയടിച്ചു—ഗ. 3. പു. 867—874), സീതാപരിത്യാഗത്തിലെ സീതാരാമന്മാരുടെ ഉദ്യാനക്രീഡ (തദനു രഘൂത്തമൻ അഭിഷേകോത്സവകലവികഴിഞ്ഞളവതു പുരത്തിൽ—ഗ. 1. പു. 900—904), സീതാപരിത്യാഗത്തിൽ സീത കാട്ടിലേക്കു പുറപ്പെടുമ്പോഴുള്ള യാത്രപറച്ചിൽ (തദനു ച ഭൃശോ രാമശശാങ്കനു—ഗ. 3. പു. 921—924.), സീതയെ വനത്തിൽ ഉപേക്ഷിച്ചിട്ടു് ലക്ഷ്മണന്റെ യാത്രപറച്ചിൽ (തദനു സുമിത്രാപുത്രനമപ്പോഴം പരമപതിവ്രത തന്നെ വലംവെച്ചു് ആവതു തൊഴുതുടൻ അശ്രുകളാക്ഷൻ—ഗ. 4. പു. 937—940,) ശ്രീരാമന്റെ അശ്വമേധം (തദനു തദാനീം മനുകുലപെരുമാളം ഹയമേധാധ്വരം ആഘോഷിപ്പതു വസുധാചക്രേ വാർത്ത നടന്നു—ഗ. 5. പു. (977—982), ശ്രീരാമന്റെ സ്വർഗ്ഗാരോഹണം (മഹിതമതകം ചൊഴുതു്) അന്നു തദാനീം മനുകുലസുകൃതമഹോദയഗരിമാ രമണീയാകൃതി രാമശശാങ്കൻ—ഗ. 4. പു. 1013—1017.), ഇവ ഓരോന്നും വിശേഷിച്ചു പരിഗണന അർഹിക്കുന്നുണ്ടു്.

ഖണ്ഡകങ്ങളുടെ വിഷയസൂചന

മുപ്പത്തിരണ്ടു ഖണ്ഡകങ്ങളാണു് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. (പട്ടിക കാണുക). അവയെല്ലാം മണിപ്രവാളശൈലിയിൽ ഉള്ളവയുമാണു്. ഖണ്ഡകം എന്ന പേരിൽ കൊടുത്തിട്ടുള്ള ഇരുപത്തിരണ്ടു ഭാഗങ്ങളാകട്ടെ പുറമേ ഗദ്യമെന്നു കാണിച്ചിട്ടുള്ള ഏതാനും ഖണ്ഡങ്ങളും ഖണ്ഡകങ്ങളാതന്നെ. അവ താഴെപ്പറയുന്നവയാണു്:

നായാട്ടിന്റെ തിരിച്ചിൽപ്പു് (അഥ സമുദ്ഗതോദ്യമം. പു. 125), സീതാസ്വയംവരത്തിനു വന്ന ബ്രാഹ്മണരുടെ കുശലാനേഷണസംഭാഷണ (കചിദു് വിപ്രവൃന്ദം—പു. 252; കച്ചിതു് കാശ്യ—പു. 257—258.), പ

രശ്രരാമാഗമനംകൊണ്ട് ദശരഥന്റെ സൈനികരുടെ ദയപോരവശ്യം (ഹര ഹര ശിവശിവ തൽക്ഷണം കല്പകാലോദ്ഭടം—പു. 307.), ബാലിയുടെ മരണസംഭ്രാന്തി (ഹരഹര ശിവശിവ തൽക്ഷണം തൃക്ഷത്രുക്ഷാക്ഷരം—ഗ. 6. പു. 575—576, സീതയോടു രാവണന്റെ കാമാഭ്യർത്ഥന (വരഗ്രന്ഥവതി ഹന്ത നീയെന്തു—പു. 612—614.), ഹനുമാന്റെ ലങ്കാദർശനം (തദനു പവനജന്മാ തദാ—പു. 674 —675.), ഹനുമാൻ ലങ്കയിൽ ചെയ്ത പരാക്രമങ്ങൾ (തദനു ജനകനന്ദനായൈ മുദാ—പു 695—698.), രാമരാവണയുദ്ധം (തദനു നിശിചരാധിനാഥൻ—പു. 778—782.

ദണ്ഡകങ്ങളുടെ വിഷയസൂചന
ഇനിക്കാണിക്കാം:

കൗസല്യയുടെ ഗർഭവർണ്ണന (കനകനളിനസുന്ദരാംഗിക്കു, രാമാവ—പു. 155—157.), സഗരപുത്രന്മാർ ഭൂമിയെ കഴിച്ചതു തുടർന്നു പിതൃതർപ്പണത്തിനു ഭഗീരഥൻ ഗംഗയെ ഭൂമിയിൽ കൊണ്ടുവന്നതുമായ കഥ (ശ്രീരാമൻ പുരാ ഭവദയോദ്ധ്യാപുരേ പരമധാമാ നൃപഃ സഗരനാമാ—അഹല്യാ; പു. 223—225), ഗൗതമശാപമേറ്റു ശരീരം മുഴുവൻ വൃഷണങ്ങളും നിറഞ്ഞു ബീഭത്സാകാരനായ ദേവേന്ദ്രന്റെ മച്ചിലടച്ചുകിടപ്പു (തദനു വിബുധനായകൻ പ്രാതരാതങ്കശാലീ സദാ ലജ്ജിതോ—അഹല്യാ പു. 233—234), വിവാഹരംഗത്തിലേക്കു ചെല്ലുന്ന സീതയുടെ കേശാദിപാദവർണ്ണന (അല്ലോടിടഞ്ഞു പട തല്ലുന്ന കന്തളസമുല്ലാസി കല്യമലർമാലം—സീതാസ്വയം. പു. 263—264.), സീതാസ്വയംവരത്തിനു വന്ന രാജാക്കന്മാർ വില്ലെടുത്തു കുലയ്ക്കാൻ കഴിയാതെ പരാജയപ്പെട്ടു ലജ്ജിച്ചു പിൻവാങ്ങുന്നതു് (തദനു വിപുലഭോഗ്രബന്ധിമാ പാണ്ഡ്യധാത്രീശ്വരൻ—സീതാസ്വയം. പു. 277—278.), പരശുരാമദർശനത്തിൽ ദശരഥന്റെ സൈനികരുടെ പരവശ്യം (ഹരഹര ശിവശിവ തത്ക്ഷണം—പരശുരാമവിജയം പു. 307.), പരശുരാമനെ തോല്പിച്ചിട്ടു് രാമാദികളുടെ അയോദ്ധ്യായാത്ര (അന്നേരമൻപൊട്ട ജഗന്നഥമൗലിയിൽ അമന്ദാഭിരാമരുചിരാംഗേ അളിപടലി തങ്ങീ—പരശു. പു. 307—308.), കൈകേയിയോടു മന്ഥരയുടെ ദുർബോധനം (ദശരഥനുപവല്ലഭേ ദേവി പാരേ കടിക്കാവിതെല്ലാരും ഓർത്തീട്ട, ഭാഗ്യം കുടിച്ചീടുവാനേവരും, കൈവരാം—വിശ്വനിന്ദാഭി. പു. 368.), ഖരയുദ്ധത്തിൽ വൈഷ്ണവചാപം കൈക്കൊണ്ട രാമന്റെ ഉജ്ജ്വലവൈഷ്ണവരൂപം (തദനു മനുകുലാധീശ്വരൻ വ്യോമമാർഗ്ഗേ പുറപ്പെട്ടുള്ളി വേഗേന ദീപ്തിച്ചുടാസംകുലം തത്കരേ വന്നു ചേർന്നീടുമാ വൈഷ്ണവം ചാപമാദായ —ഖരവധം. 4. പു. 465—466.), പൊന്മാനായി വന്ന മാരീചന്റെ ലീലാകൗതുകം (ദയിതേ! കിമപീദാമ കുരങ്കുമുമ്പിലാമ്മാറു കണ്ണിനു മുഖ്യോത്സവം—സുഗ്രീവസഖ്യം. പു.

495—496.), ടോയുവിന്റെ വാക്യം (ശ്രീരാമഭദ്ര ജയ! നേരെ പിതൃസ്വസവിഹാരേഷ്വത്തിന സഖാ ഞാൻ—524.), ബാലിയുടെ ചർമസംക്രാന്തിയും അന്ത്യസന്ദേശവും (ഹാഹാ ശിവശിവ തത്ക്ഷണം തുക്ഷയക്ഷാക്ഷരം മോജാനുഗ്രഹം വായുപുത്രൻ പറഞ്ഞാശു കേൾക്കും വിധൗ—ബാലിവധം പു. 575—576.), രാവണന്റെ കാമാഭ്യർത്ഥന (മയ്യണ്ണി മാർമകരി നിഷ്ഫലതവം തരിക തസ്സൊകമൊട്ട മമ സീതേ—ഉദ്യാനപ്രവേശം. പു. 606; വരാംഗനപതി ഹന്ത! നിയെയ്തു കൺകൊണ്ടു നോക്കാത്തതയ്യോ—ഉദ്യാനപ്രവേശം; പു. 612—614.), ശ്രീരാമന്റെ വിരഹതാപത്തെപ്പറ്റി ഹനുമാൻ സീതയോട് പറയുന്നതു് (അച്ചോ! തുടർന്നവരുമുച്ചൂട് പാഞ്ഞിടയിൽ നിശ്വാസപവഗമിയലുന്നു—അംഗുലീയാങ്കം. പു. 691—692.), അശോകവനികാഭഞ്ജനം (തദനു ജനകനന്ദനായൈ മുദാരാമചന്ദ്രാംഗുലീയത്തെയും നല്കി നന്നായ് നമസ്കൃത്യ തന്മൗലിരത്നത്തെയും വാങ്ങി—പു. 695.), സേതുബന്ധനം (അംഭോനിധൗ ഗിരികളമ്പോട് ചേർപ്പതിനു വമ്പാൻ വാനരരണഞ്ഞു—ലങ്കാപ്ര. പു. 742—743.), ഇന്ദ്രജിത്തും ലക്ഷ്മണനുമായുള്ള യുദ്ധം (വൃത്രാരിജിത്തുമഥ സൗമിത്രിയും തദനു യുദ്ധായ സംവരമണഞ്ഞു—രാവണ. പു 771—772.), രാവണയുദ്ധം (തദനു നിശാചരനാഥൻ പടക്കോപ്പുമിട്ടാശു പെട്ടെന്നൊരുമ്പെട്ട ചെല്വന്നനേരത്തു് അമർത്യേന്ദ്രവാചം —രാവണ. പു. 778—781), സീതയുടെ ചാരിത്ര്യത്തിൽ ശ്രീരാമനു് സന്ദേഹമുണ്ടായപ്പോഴത്തെ വിഭ്രമം (ഇത്ഥം വികർത്തനകുലത്തിനലംകാരണാതനം പറഞ്ഞളവു വാത്താം—അഗ്നിപ്ര. പു. 804.), ലങ്കയിൽനിന്നു തിരിച്ചുള്ള വിമാനയാത്രയിൽ പഞ്ചവടിയും മറ്റും സീതയെ കാണിക്കുന്നതു് (അക്ഷീണഭംഗിയൊടുമക്കതെതിരുമുഖി! ചൊല്ലൊങ്കെ പഞ്ചവടി നേരേ—അയോദ്ധ്യാപ്ര. പു. 831—832.), ശ്രീരാമൻ തിരിച്ചുവന്ന വിവരം ഹനുമാൻ ഗ്രഹനേയും രേതനേയുംമറും അറിയിക്കുന്നതു് (തദനു മനുകുലേന്ദ്രവാണീ ചെവികൊണ്ടു അനുനപ്രഭാവോ ഹനുമാൻ—അയോദ്ധ്യാപ്ര. പു. 836—837.), കുശലവന്മാർ രാമായണകഥാകഥനം ചെയ്യുന്നതും രാമനു ഭാവഭേദം സംഭവിക്കുന്നതും (തദനു സകലമാലോകർമദ്ധ്യേ സമസ്തേന്ദ്രിയാനന്ദസന്ദായകീനാം ചാരുഗീതാമൃതംകൊണ്ടു വിശ്വം ജഗന്മോഹയന്തൗ—അശ്വ. പു. 983—986), രാമനാൽ പരിത്യക്തനായ ലക്ഷ്മണന്റെ ഗതി (തദനു ദശരഥാത്മജോ ലക്ഷ്മണസ്തത്ക്ഷണം വ്യഗ്രവും കൈവെടിഞ്ഞുഗ്രവൈരാഗ്യനായ് നിർഗ്രമത്തിനൊരുമ്പെട്ടനേരം—സ്വർഗ്ഗാരോ. പു. 1003—1004), സ്വർഗ്ഗാരോഹണസമയത്തു രാമൻ അവലംബിച്ച ശ്രീരാമന്നാരായണരൂപം (മിന്നുന്ന രത്നരുചിസന്ദീപിതം പുതിയ പൊന്നിൻമഹാമുടി വിളങ്ങീ—പു. 1022) എന്നിവയാണു് ദണ്ഡകങ്ങളം. ഭേഷ്ണു് ഇത്തരത്തിൽ സൗന്ദര്യസമ്പത്തു സംഭാവന നല്കിയ കവീശ്വരനെ മനസാ സാഷ്ടാംഗപ്രണാമം ചെയ്യാതെ എങ്ങനെയാണു് കടന്നുപോകുക!

സംസ്കൃതഗദ്യങ്ങളുടെ വിഷയസൂചന

ഇനി സംസ്കൃതഗദ്യഭാഗങ്ങളെ ഏതെല്ലാമെന്നു നോക്കാം. അവയിൽ പലതും മറ്റു കൃതികളിൽനിന്നു് എടുത്തിട്ടുള്ളതാണെന്നും മറ്റുമുള്ള വിവരങ്ങളും മുൻപു പറഞ്ഞിട്ടുണ്ടു്. അവയിൽക്കൂടെ ആദ്യന്തം ഒന്നു കണ്ണോടിക്കാം. രാവണോത്ഭവത്തിലെ 'അഥ കൈകസീ സുകൃതവിഷ്ണുവിഷ്വക്സേനമൂലനാരാചേന—(പു. 86) രാവണന്റെ ദുഷ്പ്രഭാവത്തെപ്പറ്റിയുള്ള വർണ്ണനം. രാമാവതാരത്തിൽ ആറു സംസ്കൃതഗദ്യഖണ്ഡങ്ങളിൽ ആദ്യത്തേതും (പ്രശസ്തസുധാധവളൈഃ എന്നതും. പു. 112, അടുത്ത, യസ്യാശ്ച വിശാലതയാ നാസ്തീവ ഹി ഭുവന.. പു 114. എന്നതും) രഘുവീരരാജധാനിയുടെ (അയോധ്യയുടെ) വർണ്ണന. (വാസവദത്ത. 123) അടുത്തതു ദശരഥന്റെ പ്രഭാവമാണു് (തദാനീം അനവരതനമസ്യമാന.പു. 116 വ്യതീതാസു ച താസു എന്നു തുടങ്ങുന്നതു് (പു. 143.), അശ്വമേധാനന്തരം പുത്രകാമേഷ്ടി നടത്താൻ തുടങ്ങുന്നുവെന്ന പ്രസ്താവനയാണു്. തസ്മിന്നേവകാലേ—എന്ന ഗദ്യഖണ്ഡം (പു. 149). മഹാവിഷ്ണു ദശരഥന്റെ അവതാരം കൈക്കൊള്ളാൻ നിശ്ചയിക്കുന്നതാണു്. അടുത്തതു് തത്ര ച യഥോചിത—(പു. 150.) ഹോമകുണ്ഡത്തിൽനിന്നു കൈയിൽ പായസപാത്രവുമായി പുരുഷരൂപമായ ജ്യോതിസ്സു് ഉയരുന്നതായി പ്രസ്താവിക്കുന്നു. താടകാവധത്തിലെ തേ ച മനോഹരാഭീർ എന്നതു് (പു. 167.) രാമാദികളുടെ ശൈശവം വർണ്ണിക്കുന്നു. ദശരഥനു് അവരോടു് ക്ഷണമാത്രവിയോഗംപോലും അസഹ്യമാണെന്നും പറഞ്ഞിരിക്കുന്നു. രാജൻ ഭേതസ്തനയേന—എന്നു തുടങ്ങുന്ന ലഘുവായ ഗദ്യഖണ്ഡം (പു. 185.) യാഗരക്ഷയ്ക്കു രാമനെ അയയ്ക്കണമെന്നു ദശരഥനോടു വിശ്വാമിത്രന്റെ അഭ്യർത്ഥന ഭോജചമ്പുവിൽനിന്നു് എടുത്തിരിക്കുന്നു. (ഭോ. ച. 33). അഹല്യാമോക്ഷഭാഗത്തിലെ അഥ സമുപക്രാന്തേ ഏവ—(പു. 214.) വിശ്വാമിത്രയാഗത്തിലെ രാക്ഷസോപദ്രവവർണ്ണനയാണു്. സീതാസ്വയംവരത്തിലെ ലീലാവിലൂന ഭൂഭൃവര ഭൃശധനുനാ—എന്നതു് (പു. 286.) ജനകന്റെ ക്ഷണം അനുസരിച്ചു് ദശരഥൻ മിഥിലയിൽ പോയെന്നും രാമന്റെയും മറ്റും വിവാഹം നടത്തിയെന്നും പ്രസ്താവിക്കുന്നു. പരശുരാമവിജയത്തിലെ തദാനീം അമരകാര്യവിധാനാർത്ഥം ഉപയോക്ഷ്യമാണേ (പു. 302) പരശുരാമൻ ദശരഥന്റെയും മറ്റും യാത്രയ്ക്കു് ഉണ്ടാക്കിയ വിഘ്നത്തെ സൂചിപ്പിക്കുന്നു. ഖരവധത്തിലെ അഗസ്ത്യവചനസംഹൃത—പു. 410.) എന്ന വിന്ധ്യപർവ്വതവർണ്ണന വാസവദത്തയിൽനിന്നെടുത്തതാണു്. (വാസവദത്ത. 96.) അടുത്തതു് അതീതഭ്രയിഷ്ടേ തു (പു. 429.) ശൂർപ്പണഖയുടെ ലളിതാവേഷവിലാസത്തെ വർണ്ണിക്കുന്നു. തദനു ജനകദുഹിതുഃ—എന്നുള്ള ചെറിയ ഖണ്ഡം (പു. 445) ഭോജചമ്പുവിലേതാണു്. അതേ കൃതിയിൽനിന്നുതന്നെ എടുത്തിട്ടുള്ള ലാവണ്യാംബുനിധേഃ ഇത്യാദി ശ്ലോകത്തെ അവതരിപ്പിക്കുന്നതാണു് അതു്. അഥ ദാശരഥിർനിരീക്ഷ്യ—(പു. 450) എന്നതും ഭോജചമ്പുവിലേതാണു്. (ഭോ. ച, 181). രാക്ഷസരെ

രാമൻ കൊന്നൊടുക്കിയ പ്രകാരം അതിൽ വർണ്ണിച്ചിരിക്കുന്നു. ഖരവധത്തിലെ അവസാനത്തെ ഗദ്യം ലങ്കാസമരാങ്കമുഖവിഷ്ടം കേ (പു. 468) യുദ്ധത്തെ വർണ്ണിക്കുന്നു. സുഗ്രീവസഖ്യത്തിലെ അഥ ഹനുമാൻ) പു. 532) എന്നതിൽ ഹനുമാൻ രാമലക്ഷ്മണന്മാരോടു സുഗ്രീവനെപ്പറ്റി അറിയിക്കുന്നതായി പ്രസ്താവിക്കുന്നു. ബാലിവധത്തിലെ അനുഗൃഹീതേന ച രാമേണ പ്രചോദിതഃ (പു. 548) എന്നതിൽ സുഗ്രീവൻ ബാലിയെ വീണ്ടും യുദ്ധത്തിനു് ആഹ്വാനംചെയ്യുന്നു. അത്രാന്തരേ വിദിതവൃത്താന്താസന്നത ശ്രുനിഷ്യന്ദകലുഷതരാ താരാ (പു. 567) എന്നതു താരയുടെ വിലാപത്തെ അവതരിപ്പിക്കുന്നു. അതും അടുത്ത അഞ്ചു ശ്ലോകങ്ങളും ഭോജചമ്പുവിൽ നിന്നു് എടുത്തിട്ടുള്ളതാണു്. (ഭോ. ച. 222.). അംഗദലീയാങ്കത്തിലെ അഥ ദാശരഥിവദനാരവിന്ദ—(പു. 635) എന്നതു വാനരന്മാരുടെ സീതാന്വേഷണയാത്രയെപ്പറ്റിയാണു്. അടുത്തതു് തദനു രംഹസ രാഹുമഭിപതന്നസൗ ഹരിവരഃ—(പു. 645) എന്നതിൽ ജാംബവാൻ ഹനുമാന്റെ വീര്യം ഉദ്ദീപ്തമാക്കാൻ പറഞ്ഞ കഥകളിൽ പഴമെന്നേ തുടങ്ങുന്നു സൂര്യനെ പിടിച്ചു തിന്നാൻ ഹനുമാൻ കുതിച്ചുചാടിയ കഥ സൂചിപ്പിച്ചിരിക്കുന്നു. തദാനീം ഉദന്വദുല്ലംഘന ദ്വിഗുണ നിഹിത ചരണതലനിപീഡനം സോഢും അക്ഷമം (പു. 662) എന്നതു ഭോജചമ്പുവിലേതാണു്. (ഭോ. ച. 248) ഹനുമാൻ സമുദ്രലംഘനത്തിനു മഹേന്ദ്രപർവ്വതത്തിൽ കാലൂന്നിയുറപ്പിച്ചപ്പോഴും പർവ്വതത്തിനും മറ്റും നേരിട്ട ദുഃസ്ഥിതി വിവരിക്കുന്നതാണു് അതു്. പിന്നെ ലങ്കാപ്രവേശത്തിലെ അഥ സ രാമോ വിദ്യാവയഃപ്രവർഷീയസാ ജംബവതാ (പു. 715) എന്നതിൽ രാമന്റെ യുദ്ധയാത്ര വർണ്ണിച്ചിരിക്കുന്നു. വിഭീഷണശരണാഗതിയാണു്. പിന്നത്തെ ചെറിയ ഗദ്യഖണ്ഡം. തദനന്തരം അന്തരിതഗമനസന്നാഹശാലിനീവലീമുഖബലേ—എന്നതു് (പു. 718). പിന്നെ രാമൻ വിഭീഷണനെ സന്തോഷത്തോടെ സ്വീകരിച്ചുവെന്നും, വിഭീഷണൻ രാമന്റെ പ്രീതിഭോജനമായിത്തീർന്നെന്നും പറയുന്നതാണു്, ആകാരനിരീക്ഷണമാത്രവിസ്രബ്ധേന എന്നതു് (പു. 721). അടുത്തതു സീതയെ രാമനു തിരിച്ചു കൊടുത്തു നാശമൊഴിവാക്കണമെന്നുള്ള വിഭീഷണന്റെ അഭ്യർത്ഥനയാണു്. ആര്യ! അനാത്മനീനാം അവിനീതാനാം അമീഷാം—ഇത്യാദി (പു. 727). രാവണവധവിഭാഗത്തിൽ പതിനാലു സംസ്കൃതഗദ്യഖണ്ഡങ്ങളുണ്ടു്. അവയെല്ലാം പ്രായേണ വളരെ ചെറിയ ഖണ്ഡങ്ങളുമാണു്. മായാപ്രയോഗംകൊണ്ടു രാമന്റെ ശിരസ്സു സീതയെ കാണിക്കുന്നതു് (തദനു മദനദുഃഖമാനമനാ ദശാനനഃ 748). രാവണാംഗദന്മാരുടെ ദ്വന്ദ്വയുദ്ധം (തദനന്തരം അംഗദനിശിരചരാധിപൗ—പു. 754), സുഗ്രീവൻ രാവണന്റെ കിരീടം പറിച്ചെടുത്തു രാമനു കാഴ്ചവെക്കുന്നതു് (തദവലോകനചിത്രീയമാണചിത്തേ രഘുരാജപുത്രേ—പു. 757), യുദ്ധവർണ്ണന (തത്ര ച ചിത്രീയമാണ വൈമാനികാവലോകിതം—പു. 758,) ലക്ഷ്മണനു മുറിവേറ്റതു് (സ തു രണശിരസി—പു. 762), രാവണന്റെ വ്യാകുലത (തതസ്തേന ഉന്നതമന്യുവേഗ സമാക്രാന്തചേതസാ രാഘവേണ—പു. 763), ധൂമ്രകേർണ്ണനെ ഉണർത്താൻ ആജ്ഞക്കാരെ നിയോഗിച്ചതു് (ദുർവിഷഹ രഘൂ

ദേഹസായകസ്മരണവ്യഥമാനചിത്തേ നക്തംചരാധിപതിഃ–പു.763), കപികം കുംഭകർണ്ണന്റെ കേശത്തിലും മീശയിലും ഒളിച്ചതു് (ഉല്ലംഘിത വപ്രേണ പ്രഥനട്ടവി–– പു.765), കുംഭകർണ്ണവധത്തിൽ ദേവന്മാർ പുമഴ പൊഴിച്ചതു് (ഇതി ദശാനനഃസാദരവിലോപകലുഷേ–– പു. 766), മായാസീതാവധവും നികുംഭിലയിലെ ആഭിചാരക്രിയകളും (അപേതരക്ഷാമപിരക്ഷോമയീം നഗരീം അവേക്ഷമാണഃ–– പു.767), ലക്ഷ്മണൻ നികുംഭിലയിലെ ആഭിചാരക്രിയയ്ക്കു വിഘ്നം ഉണ്ടാക്കിയതു് (വിജ്ഞായ ചതത് പ്രജ്ഞാവതാം പ്രഥമേന ––പു. 768), ഇന്ദ്രജിത്തു് ലക്ഷ്മണനെ എതിർത്തതു് (ഇന്ദ്രജിദിപി––പു. 771), ലക്ഷ്മണന്റെയും ഇന്ദ്രജിത്തിന്റെയും യുദ്ധം മുന്നാമാം നടന്നുവെന്നു് (തയോശ്ച യുദ്ധ്യമാനയോഃ––പു. 772), രാവണയുദ്ധം (അഥ തയോരുചിത യാനാധിരൂഢയോഃ––പു. 782), ഇന്ദ്രയുദ്ധമണു് രാവണവധത്തിലെ ഗദ്യങ്ങളം. ചെറുതെങ്കിലും എണ്ണത്തിൽ കൂടുതൽ ഗദ്യഖണ്ഡങ്ങളം ഈ ഭാഗത്തിലാണു". അഗ്നിപ്രവേശത്തിലെ ഒന്നാമത്തെ ഗദ്യമായ (തദനു സുമനായ മാനസ്യ ജഗതാം പത്യുഃ––പു. 798), വിഭീഷണാഭിഷേകത്തെപ്പറ്റി പ്രസ്താവിക്കുന്നു. സീതയുടെ അഗ്നിപ്രവേശമഹാത്ഭുതമാണു് (തദനുജനകതനയാ––എന്നതു് പു. 817), അയോദ്ധ്യാപ്രവേശത്തിലെ ഒന്നാമത്തെ ഗദ്യം സൗഹാർദ്ദസാന്ദ്രേണ സാനുചരേണ വിഭീഷണേന––(പു. 825), രാമാദികളം വിമാനത്തിൽ അയോധ്യയിലേക്കു പുറപ്പെട്ടതായുള്ള പ്രസ്താവനയാണു്. അടുത്തതു് രാമൻ നന്ദിഗ്രാമത്തിൽ ചെല്ലുന്നതും ഭരതൻ രാമനെ സ്വാഗതം ചെയ്യുന്നതുമാണു്. തതശ്ച ശൃംഗിവേരപുരേ ഗുഹേന സംഗതഃ–(പു.843)പട്ടാഭിഷേകത്തിലെ തത്രാന്തരേ രാമാഭിഷേകശ്രവണപ്രഥമാനന്ദോദസമുദ്ഗ്രീവാഃ സുഗ്രീവഃ (പു 866) എന്നതു സുഗ്രീവനും വിഭീഷണനും ഹനുമാനും മറ്റും രാമാഭിഷേകത്തിനു സമാഗതരായി എന്നു പറയുന്നു. സീതാസഹിതനായി രാമനെ അഭിഷേകം ചെയ്യുവെന്നു പ്രസ്താവിക്കുന്നതാണു് അടുത്തതു് തതശ്ച സുനിശ്ചലസൗഹൃദ––(പു. 887) അഭിഷേകം കഴിഞ്ഞു് ശ്രീരാമൻ സർവ്വോത്കർഷേണ വർത്തിക്കുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്ന അടുത്ത ഗദ്യത്തിൽ.ഇതി വിഹിതവിബുധകാര്യഃ വിശ്വാനുജിഘൃക്ഷയാ ഗൃഹീത മാനുഷവേഷഃ––(പു. 896) സീതാപരിത്യാഗത്തിലെ ഹാ ദേവി ദേവയജനസംഭവേ എന്നു തുടങ്ങുന്ന ഗദ്യം (പു. 913) അതിന്റെ അടുത്ത ശ്ലോകമായ ത്വയാ ജഗന്തി പുണ്യാനി––എന്നതിനോടൊപ്പം ഉത്തരരാമചരിതം നാടകത്തിൽനിന്നും എടുത്തിട്ടുള്ളതാണു് (ഉ. രാ. 1. 43). അശ്വമേധത്തിലെ തതസ്സുരണികുലപ്രദീപോ' എന്നു തുടങ്ങിയുള്ള ഖണ്ഡമാണു് അവസാനത്തെ സംസ്കൃതഗദ്യം. (പു. 957) ശത്രുഘ്നനിയെ നിഹനിക്കാൻ രാമന്റെ യാത്രയെക്കുറിച്ചുള്ള പ്രസ്താവമാണു് അതു്.

ഏതേതെല്ലാം കാര്യങ്ങൾക്കാണു സംസ്കൃതഗദ്യങ്ങളം ഉപയോഗിച്ചിരിക്കുന്നതെന്നു് ഈ അപഗ്രഥനത്തിൽനിന്നും മനസ്സിലാക്കാമല്ലോ.

ചമ്പുകാരന്റെ കടപ്പാടും സ്വതന്ത്രഗതിയും

കഥാഭാഗങ്ങളെ ക്രമപ്പെടുത്തിയിരിക്കുന്നതിലും മറ്റും ഈ കൃതിയിൽ ചെയ്തിട്ടുള്ള വ്യതിയാനങ്ങളിലേക്കു കടക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. രാമായണകഥ ഇതിവൃത്തമായി സ്വീകരിച്ചു സാഹിത്യരചന ചെയ്ത പല കവീശ്വരന്മാർക്കും സ്വകീയമായ ഓരോ രീതിയുണ്ട്. മുരാരിയുടെ അനർഘരാഘവവും ഭവഭൂതിയുടെ ഉത്തരരാമചരിതവും, രാജശേഖരന്റെ ബാലരാമായണവും, ഭോജരാജാവിന്റെ രാമായണചമ്പുവും അതുപോലെയുള്ള അനേകം കൃതികളും ഈ പറഞ്ഞതിനു് ഉദാഹരണമാണു്. ഈ ചമ്പുകാരനും ഇത്തരത്തിൽ സ്വതന്ത്രകല്പന ചെയ്തതാണു് ഈ കൃതി.

ഇതിലെ വിഭാഗങ്ങൾ

അതിന്റെ വിശദാംശങ്ങളിലേക്കു പ്രവേശിക്കാതെ ഇതിലെ കഥാഭാഗങ്ങളെ തിരിച്ചിട്ടുള്ള പ്രകാരം കാണിക്കാം. ഇരുപതു ഭാഗങ്ങളായിട്ടാണു് രാമായണകഥ ആദ്യന്തം ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു[1]. രാവണോത്ഭവം, രാമാവതാരം, താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, പരശുരാമവിജയം, വിച്ചിന്നാഭിഷേകം, ഖരവധം, സുഗ്രീവസംഖ്യം, ബാലിവധം, ഉദ്യാനപ്രവേശം, അംഗുലീയാങ്കം, ലങ്കാപ്രവേശം, പട്ടാഭിഷേകം, സീതാപരിത്യാഗം, അശ്വമേധം, സ്വർഗ്ഗാരോഹണം എന്നിവയാണു് ആ വിഭാഗങ്ങൾ. ഇവ ഓരോന്നും ഓരോ പ്രബന്ധമാണു്". പഠനക്യാന്വാക്കു് കഥാകഥനസൗകര്യത്തിനുവേണ്ടി ക്രിയപ്പെടുത്തിയിട്ടുള്ളതാകാം ഈ വിഭാഗകല്പന. അല്ലെങ്കിൽ ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം, എന്നു് ഏഴു കാണ്ഡങ്ങളായി തിരിച്ചിട്ടുള്ള രാമായണത്തെ ഇങ്ങനെ ഇരുപതായി വേർപിരിക്കാൻ പര്യാപ്തമായ വേറൊരു യുക്തി എന്തായിരിക്കാം? മുൻ പരാമർശിച്ച പാഠകകഥാമാലികയിൽ നാല്പത്തൊന്നു വിഭാഗങ്ങളാണു് ഉള്ളതും. രഘുവംശാദികാവ്യങ്ങളിലെ രീതിയും രാമായണകഥ ഇതിവൃത്തമാക്കിയിട്ടുള്ള നാടകങ്ങളുടെ പോക്കും ഇതുപോലെയല്ല. അതൊന്നും ഇവിടെ താരതമ്യപ്പെടുത്തേണ്ടതുമില്ല. എങ്കിലും ചമ്പൂകാരനു പ്രേരണ നല്കിയിട്ടുള്ള മുഖ്യകൃതികളുടെ പ്രതിധ്വനി ഓരോ ഭാഗത്തിലും എത്രകണ്ടു കേൾക്കാമെന്നു തെല്ലൊന്നു ശ്രദ്ധിക്കാം.

ഇതിലെ ഭാഗങ്ങളിൽ ഓരോന്നും സ്വതന്ത്രരീതിയിൽ രൂപകല്പന ചെയ്തിട്ടുള്ളതാണെങ്കിലും ഓരോ ഭാഗത്തെയും കവനവിഷയമാക്കിയിട്ടുള്ള

---

1. ഓരോ ഭാഗത്തിലെയും ഗദ്യപദ്യബന്ധകൃതത്തിലുള്ള ഉള്ളടക്കത്തിന്റെ പട്ടിക അനുബന്ധത്തിൽ കൊടുത്തിട്ടുള്ളതു കാണുക.

സംസ്കൃതകവികളുടെ മാർഗ്ഗത്തെ തനിക്കു് ആവശ്യമുള്ളിടത്തോളം കവി പിൻതുടർന്നിരിക്കുന്നു. രാവണവധം ഇതിഹാസശൈലിയിൽ നിബന്ധിച്ചിട്ടുള്ള പ്രാരംഭോദ്യമാണു്. അതിൽ രാവണന്റെ ജാതകംവരെ കുറിച്ചിട്ടുണ്ടു്. അതിനു് ആധാരമെന്താണെന്നു് അറിയുന്നില്ല. പ്രതിനായകനായ രാവണന്റെ വീര്യാദികളെ പ്രശംസിച്ചു നായകന്റെ ഉത്കർഷം നേടിയിരിക്കയാണു് ഈ ഭാഗത്തിൽ. രാമാവതാരത്തിൽ ഭോജചമ്പുവിന്റെയും രഘുവംശത്തിന്റെയും മാറ്റൊലി കേൾക്കാം. താടകാവധത്തിൽ അനർഘരാഘവം, ബാലരാമായണം, ഭോജചമ്പു, രഘുവംശം ഇവയുടെയെല്ലാം. അഹല്യാമോക്ഷത്തിൽ ഭോജചമ്പു, അനർഘരാഘവം, ഇവയുടേയും സീതാസ്വയംവരത്തിൽ അനർഘരാഘവം, ഭോജചമ്പു എന്നീ കൃതികളുടേയും പ്രേരണ കാണാം. അതുപോലെതന്നെ ശ്രീഹർഷന്റെ നൈഷധീയചരിതം കാവ്യത്തിൽനിന്നും ഹനുമന്നാടകത്തിൽനിന്നും പ്രസന്നരാഘവത്തിൽനിന്നും അവിടെ ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്. സീതാസ്വയംവരവർണ്ണന മഹാകാവ്യത്തിലെ സ്വയംവരരീതിയെ അനുകരിച്ചിരിക്കുന്നു. സീതാസ്വയംവരത്തിനു സമാഗതരായ കേരളചോളരാജ്യാധിപന്മാരെപ്പറ്റിയുള്ള പദ്യങ്ങൾ എവിടെനിന്നു് ആണെന്നു് പിടികിട്ടുന്നില്ല. പരശുരാമവിജയത്തിൽ അനർഘരാഘവവും, ഹനുമന്നാടകവും ബാലരാമായണവും ഭോജചമ്പുവും കവിക്കു വഴി കാണിച്ചിട്ടുണ്ടു്. വിദ്യുന്നാഭിഷേകത്തിൽ ഭോജചമ്പുവും, ബാലരാമായണവും, ഹനുമന്നാടകവും, അനർഘരാഘവവും കടന്നുകൂടിയിട്ടുണ്ടു്. അതിൽ ഉദ്ദണ്ഡന്റെ മല്ലികാമാരുതത്തിന്റെപോലും സൗഗന്ധ്യം പ്രസരിക്കുന്നു. ഖരവധത്തിൽ ഭോജചമ്പുവിന്റെയും ബാലരാമായണത്തിന്റെയും പ്രതിധ്വനി കേൾക്കാം.

രഘുവംശവും മാഘവും ആശ്ചര്യചൂഡാമണിയും അവിടവിടെ നിഴൽ വീഴ്ത്തുന്നു. സുഗ്രീവസഖ്യത്തിൽ ഭോജചമ്പുവിന്റെയും ബാലരാമായണത്തിന്റെയും പ്രേരണ കടന്നുകൂടിയിട്ടുണ്ടു്. ആശ്ചര്യചൂഡാമണിയും മല്ലികാമാരുത്വും വിക്രമോർവശീയവും ഹനുമന്നാടകവും അനർഘരാഘവവും ഇടയ്ക്കിടെ സംഗീതധാര പൊഴിക്കുന്നുണ്ടു്. ബാലിവധത്തിൽ ഭോജചമ്പുവും അനർഘരാഘവവും ക്ഷേമേന്ദ്രന്റെ രാമായണമഞ്ജരിയും കവിക്കു പ്രചോദനം നല്കിയിട്ടുണ്ടു്. ഉദ്യാനപ്രവേശത്തിൽ ഭാസകൃതികളുടെയും മല്ലികാമാരുതത്തിന്റെയും ബാലരാമായണത്തിന്റെയും ചെറിയ മാറ്റൊലി കേൾക്കാം. അംഗുലീയാങ്കത്തിൽ ഭോജചമ്പു പ്രചോദനം നല്കുന്നു. അതുപോലെ മല്ലികാമാരുതത്തിന്റെയും ബാലരാമായണത്തിന്റെയും പ്രതിധ്വനിയും ഉണ്ടു്. ലങ്കാപ്രവേശത്തിൽ ഹനുമന്നാടകവും മഹാനാടകവും പ്രേരണ ചെലുത്തിയിട്ടുണ്ടു്. രാവണവധത്തിൽ ഹനുമന്നാടകവും മഹാനാടകവും അനർഘരാഘവവും ദൂതാങ്ഗദവും കടന്നുകൂടിയിരിക്കുന്നു. അയോധ്യാപ്രവേശത്തിൽ ഹനുമന്നാടകവും രഘുവംശവും വേണ്ടപോലെ കടന്നുകൂടിയിട്ടുണ്ടു്. പട്ടാഭിഷേകത്തിൽ ബാലരാമായണത്തിന്റെയും അനർഘരാഘവത്തിന്റെയും ധ്വനി കേൾക്കാമെങ്കി

ലും ആ ഭാഗത്തിന്റെ പോക്കു് ഏതു കൃതിയെ അനുസരിച്ചാണെന്നു വ്യക്തമല്ല. സീതാപരിത്യാഗത്തിൽ ഉത്തരരാമചരിതത്തിന്റെയും കുന്ദമാലയുടെയും പ്രതിധ്വനിയാണു കേൾക്കാവുന്നതു്. അശ്വമേധത്തിൽ ഉത്തരരാമചരിതത്തിലെ മായാസീതാലാളനം ഉണ്ടു്. സ്വർഗ്ഗാരോഹണഭാഗത്തിൽ കവിക്കു പ്രചോദനം നല്കിയ കൃതികളെ ഏതെല്ലാമെന്നു് തിരിയുന്നില്ല.

ഓരോ ഭാഗത്തിലും ഉദ്ധരിച്ചിട്ടുള്ളവയെന്നു കരുതാവുന്നവയിൽ കണ്ടെടുക്കാൻ കഴിഞ്ഞിട്ടുള്ള ശ്ലോകങ്ങളെ ആധാരമാക്കി ചെയ്യാവുന്ന ഒരു അപഗ്രഥനമാണു് ഇവിടെ കാണിച്ചതു്.

ഉപസംഹാരം
ഈ കൃതിയുടെ മേന്മ

ഒരു സാഹിത്യകൃതിയെന്ന നിലയ്ക്കു് ഇതിനുള്ള മേന്മയെപ്പറ്റി ചുരുക്കത്തിൽ ചിലതു് ഉപപാദിച്ചുകൊണ്ടു് ഈ ചിന്ത ഉപസംഹരിക്കാം. ഇതിലെ ഉള്ളടക്കത്തെപ്പറ്റിയും മറ്റും പറഞ്ഞതുതന്നെ ഈ വിഷയത്തെ സ്പർശിക്കുന്നതാണു്. മധുരമോഹനങ്ങളായ ശബ്ദാർത്ഥങ്ങളുടെ സുരുചിരസമ്മേളനംകൊണ്ടുള്ള ശോഭാതിശയമാണു് ഈ കൃതിയിൽ ആദ്യന്തം വിളയാടുന്നതു്. ശബ്ദങ്ങളും അർത്ഥങ്ങളും അഹമഹമികയാ വന്നു മറിയുകയാണു്. ഉല്പ്രേക്ഷകളും കല്പനകളും ഭാവഗാംഭീര്യമുള്ള വിശേഷപ്രയോഗങ്ങളും നിറഞ്ഞതാണു് എല്ലാ ഭാഗങ്ങളും. ബാഹ്യപ്രകൃതിയുടെ എന്നപോലെ മനോഭാവങ്ങളുടെയും സമ്മുഗ്ധചിത്രണംകൊണ്ടു് ശ്രോതാവിനെയും അനുവാചകനെയും വിസ്മയവികാരത്തിൽ ആറാടിച്ചുകൊണ്ടോണു് കവിയുടെ പോക്കു്. എന്തു വേണമെന്നോ എത്ര വേണമെന്നോ ഉള്ള വഴിക്കല്ല കവിയുടെ ചിന്ത; എത്ര പറഞ്ഞു നിറുത്തണം എന്ന രീതിയിലാണു്. ആ വിധത്തിലുള്ള ആശയങ്ങളുടെ കുതിച്ചുകയറ്റമാണു് ആഖ്യാനത്തിലായാലും വർണ്ണനയിലായാലും രസാവിഷ്കരണത്തിലായാലും കാണാവുന്നതു്. വാല്മീകി, കാളിദാസൻ, ഭവഭൂതി, മുരാരി, രാജശേഖരൻ, സുബന്ധു മുതലായി സംസ്കൃതസാഹിത്യത്തിലെ അത്യന്തപ്രഭാവന്മാരായ സാഹിത്യസമ്രാട്ടുകളുടെ കാവ്യസമ്പത്തു വിജ്ഞാനത്തിനും വിനോദത്തിനും കൈകാര്യം ചെയ്തുപോന്ന കവി അവരുടെ എല്ലാം കൃതികളിൽനിന്നു വേണ്ടുവോളം ഭാഗങ്ങൾ എടുത്തു സ്വകൃതിയിൽ ചേർക്കാൻ ഒരു സങ്കോചവും കാണിക്കുന്നില്ലെങ്കിലും, തന്റെ കവിതാശക്തിയിൽ സമ്പൂർണ്ണവിശ്വാസം ഉണ്ടായിരുന്ന അദ്ദേഹം തനിക്കു പ്രചോദനം നല്കിയ മഹാന്മാരുടെ രീതികളെ അന്ധമായി അനുകരിക്കുകയോ അവരെ പ്രത്യേകം സ്മരിക്കുപോലുമോ ചെയ്തിട്ടില്ല. കഥാഘടനയും സന്ദർഭചിത്രീകരണവും പാത്രാവതരണവും, വർണ്ണനകളും ഏതേതു രീതിയിൽ വേണമെന്നും, രസാവിഷ്കരണവും ജീവിതനിരീക്ഷണവും ഫലിതപ്രയോഗവും

എങ്ങനെയിരിക്കണമെന്നും അദ്ദേഹം സ്വതന്ത്രമായി നിശ്ചയിച്ചിരിക്കുന്നു. വിഭിന്നവൃത്തത്തിലുള്ള ശ്ലോകങ്ങളും, പദ്യഗന്ധികളായ ചമ്പുഗദ്യങ്ങളും പ്രൗഢസംസ്കൃതഗദ്യങ്ങളും, ഖണ്ഡകങ്ങളും കൂട്ടിയിണക്കി അതിരുചിരമായ ഒരു കാവ്യശരീരമാണു കല്പിച്ചിട്ടുള്ളതു്. ആ കാവ്യരൂപത്തെ സപ്രതിഭയിൽ വാർത്തെടുത്ത ഉജ്ജ്വലവിഭൂഷണങ്ങൾകൊണ്ടു് മോടിയാക്കി സഹൃദയാകർഷകമാക്കാനുള്ള യത്നത്തിൽ കവി അത്യന്തം വിജയിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ അലങ്കാരപ്രയോഗങ്ങളും കല്പനകളും പ്രായേണ സംസ്കൃതകവിതാസങ്കേതങ്ങളെ അനുസരിച്ചുള്ളവയാണെങ്കിലും, അവയെല്ലാം, സന്ദർഭോചിതമായ സാരസ്യംകൊണ്ടും പൊരുത്തപ്പായ്പോടും സമുചിതങ്ങളും അത്രേ. ഉപമ, ഉത്പ്രേക്ഷ, അർഥാന്തരന്യാസം, ദൃഷ്ടാന്തം, ഉല്ലേഖം മുതലായ അലങ്കാരങ്ങളെ അലംഭാവമില്ലാതെ അണിയിച്ചു് തന്റെ കാവ്യാംഗനയെ സമ്മോഹിനിയാക്കിയിരിക്കുന്നു. എന്നാൽ അലങ്കാരങ്ങളെ ആശ്രയിക്കാതെ ഭാവങ്ങളേയും രസങ്ങളേയും ചിന്തകളേയും നിപുണമായി പ്രദർശിപ്പിച്ച സഹൃദയസമാരാധനം ചെയ്യാനും കവിക്കു് അസാമാന്യമായ പ്രാഗല്ഭ്യം ഉണ്ടു്. ഒരു ഇതിഹാസകൃതിയുടെ ആഖ്യാനഗൗരവവും, മഹാകാവ്യത്തിന്റെ രസപുഷ്ടിയും, രംഗപ്രയോഗാർഹമായ ദൃശ്യകാവ്യത്തിന്റെ രസികതയും തികഞ്ഞു വിളങ്ങുന്നതാണു് ഈ കൃതി. രാവണജന്മംതൊട്ടു് ശ്രീരാമന്റെ സ്വർഗാരോഹണംവരെയുള്ള ഇതിവൃത്തം കഥാകൃത്തുകൾക്കും കാവ്യരസികന്മാർക്കും ക്ഷേത്രന്മാർക്കും ഒരുപോലെ ആസ്വാദ്യമായ രീതിയിൽ പറഞ്ഞിട്ടുണ്ടു്. ആ കഥയുടെ ഓരോ ഘട്ടവും സന്ദർഭവും അനുവാചകഹൃദയത്തിൽ ആഞ്ഞു പതിയത്തക്കവണ്ണം പ്രകാശിപ്പിച്ചിരിക്കുന്നു. കഥാപാത്രങ്ങളും സാമാന്യമായി പറഞ്ഞാൽ എല്ലാവരും അവരവരുടെ വ്യക്തിതാത്ത്വത്തോടെ കവിഭാവനയിൽ രൂപംകൊണ്ടു പ്രത്യക്ഷപ്പെടുന്നു. പ്രതിനായകനായ രാവണനും നായകനായ രാമനും മാത്രമല്ല, മറ്റു കഥാപാത്രങ്ങളും അനുവാചകഹൃദയത്തിൽ വ്യക്തിമുദ്ര പതിക്കുന്നുണ്ടു്. ഈ ചമ്പുവിലെ ശൂർപ്പണഖയും ബാലിയും മറ്റും പാത്രരചനയിൽ കവിക്കുള്ള വിരുതു കാണിക്കുന്നു. ശൃംഗാരവീരകരുണാദികളായ എല്ലാ രസങ്ങളും യഥാസ്ഥാനങ്ങളിൽ സന്നിവേശിപ്പിയോടെ സമുല്ലസിക്കുന്നു. ശൂർപ്പണഖയുടെ നാസാച്ഛേദവർണ്ണനയിലും മറ്റും ബീഭത്സരസംപോലും മനോഹരമായിട്ടുണ്ടു്. ഹാസ്യരസപ്രകടനത്തിലും ഫലിതപ്രയോഗത്തിലും കവിക്കുള്ള വിശേഷപാടവം പ്രശംസനീയമാണു്. ലളിതാവേഷംചമഞ്ഞു രാമലക്ഷ്മണന്മാരെ സമീപിച്ച ശൂർപ്പണഖയുടെ കാമാഭ്യർത്ഥനയുള്ള യുക്തികളും (വിണ്ണോർകോനേയുമാകാ പുണരുവതിനവന്നിങ്ങു ഗാത്രേഷു നീളെക്കണ്ണല്ലോ—ഇത്യാദി നാലുശ്ലോകങ്ങളും. ഖര. ശ്ലോ. 50—53.) സീതയോടു രാവണന്റെ വാദമുഖങ്ങളും (മുണ്ടീ നെട്ടന്ന നെട്ടീ—ഇത്യാദി. ഉദ്യാനപ്രവേശം. പു. 499. അടിക്കുറിപ്പു്), സീതയോടു കാമാഭ്യർത്ഥന ചെയ്തുകൊണ്ടിരുന്ന രാവണന്റെ ഇരുപതു കവിളത്തും കുമച്ചു മണ്ഡോദരി പിടിച്ചുകൊണ്ടുപോകുന്നതും (എന്തേ പൊണ്ണാ പിരാന്താ—ഇത്യാദി ഉദ്യാനപ്രവേശം. ശ്ലോ.

74.) വിശേഷിച്ചു സുരിക്കേണ്ട ചില ഉദാഹരണങ്ങളെ അത്രേ രംഗകല്പനസ്സൗകര്യത്തിനു വിശേഷോദാഹരണങ്ങളാണു സീതാസ്വയംവരവും സപ്തർഷ്യാരോഹണഘട്ടവും മറ്റും.

ഇങ്ങനെ സകലജനമനോഹരമാകത്തക്കവണ്ണം സംവിധാനം ചെയ്തിട്ടുള്ള ഈ കവിതയ്ക്കു രൂപംകൊടുത്തിട്ടുള്ളതു മാംസളമായ ഭാഷയിലാണു്. സ്രഗ്ധര, ശാർദ്ദൂലവിക്രീഡിതം, കുസുമമഞ്ജരി തുടങ്ങിയിട്ടുള്ള ചിത്രവൃത്തങ്ങളോടു പക്ഷപാതം കാണിക്കുന്നതുതന്നെ ശബ്ദപ്രൗഢി പ്രകടിപ്പിക്കാനംകൂടിയാണല്ലോ. എത്ര ലഘുവായ ചിന്തയെയും മനോഹരഭാവനകൊണ്ടു ചിത്രരൂപത്തിൽ പ്രകാശിപ്പിക്കാനുള്ള ഒരു വിശേഷസിദ്ധിയുണ്ടു കവിക്കു്. ഈ കല്പനാശക്തിയാണു് അദ്ദേഹത്തെ ഉല്പേക്ഷകനാക്കുന്നതു്. കനകകടിന സുന്ദരാംഗിക മാകന്ദബാണക്ഷമാപാലവധ്വി ന്നാനാജനശ്രേണികാ നേത്രഭൃംഗാളി നിത്യം കുടിച്ചീടുമുദ്യാനശ്രീകയ്, ഇത്യാദി നോക്കുക (രാമാവതാരം ദണ്ഡകം പു. 155), ഭാവനാചിത്രങ്ങളും ഇതിനിയും കാണുക. പൊൽത്താരിൽത്തയ്യലാളാം നളിനിയിൽ വിളയാടുന്ന ശ്രീ ഗായത്രീ (രാവണോദ്ഭവം ശ്ലോ. 90), മന്ദകുലമകടീമണ്ഡനം (രാമാവ. ശ്ലോ. 57), പാഥോരാശൗ ഫണാശാലിനിമണിതരിമേ പള്ളികൊള്ളും നിധാനജ്യോതിരുപന്ന നാരായണനെ ഇത്യാദി (രാമാവ. ശ്ലോ. 78), നിശ്ശേഷാണാം മുനീനാം മകുടവിപതിക്കും മണിക്കല്പപാന്തേ വിശ്രാന്തി തുറയമാസ്സേ (താടകാവധം ശ്ലോ. 12), മനോർപാളീകിരീടാങ്കണവിലസ ടിതമഹീരത്നനിഷ്പത്തി താനും (താടക. ശ്ലോ. 16), വട്ടം പെരുകിന പൊട്ടക്കിണറൊടു പെട്ടെന്നൊരു പടവെട്ടിപ്പടരിവട്ടം കെട്ടിന നേത്രദ്വയമതിനുള്ള ചുവന്ന മറിഞ്ഞതിൽ മദ്ധ്യേ കണ്മണി രണ്ടു പിരണ്ടു ഭയങ്കരമായ നിരീക്ഷണമയ്യോ പാപം (താടകാവല്ക്കനം ഗ. 6 പു. 179). ഇങ്ങനെയുള്ള പ്രയോഗങ്ങൾകൊണ്ടു നിറഞ്ഞതാണു് ഏതു ഭാഗവും. സമാസങ്ങളുടെയും അനുപ്രാസങ്ങളുടെയും സൗന്ദര്യം ചിലേടത്തു്. ഗീർവാണ പാണ്ഡിത്യവിലാസം സർവ്വത്ര. സാധാരണജനങ്ങളുടെ സംഭാഷണവും അവരുടെ ഭാഷയുടെ അനുകരണവും അവിടവിടെ. ക്ലേശകരമായി രാപ്പിഴിയുക. പൂശ്രാളക്കാരനാവുക, തലമുടേറുക തുടങ്ങി സാധാരണജനങ്ങളുടെ ശൈലികളും ധാരാളം. കേരളത്തെപ്പറ്റിയുള്ള അഭിമാനവും അങ്ങിങ്ങുണ്ടു്. ചൂണ്ടിതാനി ചൂണ്ടികല്ലോലാനി (രാവണോദ്ഭവം. 87.), കേരളകാഹളനിനദം കുഹചന (അയോദ്ധ്യാവല്ക്കനം. പു. 112), ശ്ലാഘ്യായം കേരളാനാമധിപതി (സീതാസ്വയംവരം. ശ്ലോ. 70.), ഇവയെല്ലാം കാണുക. ആകെക്കൊടി നോക്കുമ്പോൾ മലയാളഭാഷയുടെ മഹിമയ്ക്കു് മതിയായ ഒരു ശാശ്വതയശഃസ്തംഭം ആയിട്ടാണു് ഈ കൃതിയെ കണക്കാക്കേണ്ടതു് എന്നു് ഉച്ചത്തിൽ പ്രഖ്യാപനം ചെയ്യാവുന്നതാണു്. നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും ഈ ഔന്നത്യം നേടിത്തന്ന കവിമൂർദ്ധന്യന്റെ പുണ്യയശസ്സു് നമ്മുടെ സാഹിത്യചരിത്രത്തെ നിത്യഭാസുരമാക്കട്ടെ.

ഈ കൃതിയുടെ നിലനില്പിനെപ്പറ്റി

ഇനി ഇങ്ങനെയിരി പഴയ കൃതികളെപ്പറ്റി ഉന്നയിച്ചേക്കാവുന്ന ഒരു ചോദ്യത്തിനു പുരുഷനായി സമാധാനം പറഞ്ഞുകൊണ്ടു വിരമിക്കാം. ഓരോ ഷയുടെയും സാഹിത്യത്തിന്റെയും രൂപവും ഭാവവും എല്ലാം പാടേ മാറിയിരിക്കുന്ന ഇക്കാലത്തും ഇനിമേലും ഇത്തരം കൃതികൾക്കുള്ള സ്ഥാനവും മൂല്യവും എന്താണു്? ഈ ചോദ്യത്തിനു വിസ്തരിച്ചുള്ള ഒരു ഉത്തരം പറയാൻ ഇവിടെ സാദ്ധ്യമല്ല. എന്നാൽ യുക്തിവിചാരമാഗ്രങ്ങളിൽ സഞ്ചരിക്കുന്നവർ ഇങ്ങനെ ഒരു ചോദ്യം ഉന്നയിക്കയില്ല എന്നതന്നെ പറയാം. ഇന്നുള്ളതെല്ലാം ഇന്നലെയുള്ളതിനേക്കാൾ മെച്ചമാണെന്നോ, നേരേ മറിച്ചു മോശമാണെന്നോ, പൊതുവേ ഒരു അഭിപ്രായം പറയുന്നതിൽ ഒരു അർത്ഥവുമില്ല. കഴിഞ്ഞുപോയ ഓരോ കാലഘട്ടവും നല്കിയിട്ടുള്ള അമൂല്യങ്ങളായ സംഭാവനകളുടെ ആകെത്തുകയാണു് നമുക്കിന്നു പ്രയോജനപ്പെടുന്നതു്. ഓരോ കാലഘട്ടവും വിലയേറിയവയെന്നു മിഥ്യാസങ്കല്പം വച്ചുപുലർത്തുന്ന പലതും ഉണ്ടു്, അവയിൽ പലതും അടുത്ത ഘട്ടങ്ങളിൽ വിസ്മൃതമാകയും ചെയ്തു. അവയെ നിർമ്മിച്ചു താലോലിച്ചു പുലർത്തിയ കാലഘട്ടത്തിനു് അവയ്ക്കു ചിരംജീവിത്വം കൊടുക്കാൻ കഴിയുന്നതുമില്ല. നമ്മുടെ കാലഘട്ടത്തിന്റെ ദയനീയമായ സ്ഥിതിയും ഇതുതന്നെ. നാം ഇന്നു മെച്ചപ്പെട്ടതായി അഭിമാനിക്കുന്ന പലതും അടുത്ത ഒരു നൂറ്റാണ്ടിനുള്ളിൽ ഏതേതു രീതിയിൽ ചെന്നു കലാശിക്കുമെന്നു് ഇന്നു ദീർഘദർശനം ചെയ്യാൻ ആർക്കും സാദ്ധ്യമല്ല. എന്നാൽ അനേകം നൂറ്റാണ്ടുകൾക്കു മുമ്പുണ്ടായ ഈ കൃതിയും ഇതുപോലെയുള്ള മറനേകം കലാസൃഷ്ടികളും, നിലനില്പിനു് അവയ്ക്കുള്ള ശക്തി തെളിയിച്ചുകൊണ്ടു സംശയാവുക്കളെയൊക്കി വിജയമന്ദഹാസം പൊഴിക്കുകയാണു്. മനുഷ്യഹൃദയങ്ങളെ അഭിരമിപ്പിക്കുന്ന ശാശ്വതസൗന്ദര്യഭാവങ്ങളും, സമുന്നതചിന്താമണ്ഡലത്തിലെ നിത്യസത്യങ്ങളും, ശില്പസൗന്ദര്യമുള്ള കലാരൂപവിലാസങ്ങളും ഏതെങ്കിലും കാലഘട്ടത്തിൽ വിലമതിക്കപ്പെടാതെപോകുമെന്നു വിചാരിക്കാൻ ന്യായമില്ല. അതുകണ്ടു മദ്ധ്യത്തിൽ ലോകം ആണ്ടുപോകുമെന്നു് എങ്ങനെ ചിന്തിക്കാം? സാങ്കേതികവിദ്യയുടെ അദ്ഭുതകരമായ നേട്ടങ്ങളും വിജ്ഞാനമണ്ഡലത്തിന്റെ വികാസവും മൂല്യബോധത്തിൽ പരിവർത്തനം വരുത്തിയിട്ടുണ്ടു്. ശരിതന്നെ. അതുപോലെ സാഹിത്യാദികലകളും സജ്ജനപ്രാപ്യമായിരിക്കണമെന്ന ചിന്താഗതിയും വളർന്നുകൊണ്ടേ ഇരിക്കുന്നു. ഇത്തരത്തിലുള്ള സമകാലികപ്രവണതകളെ വിഗണിക്കാതെതന്നെ അഭിപ്രായപ്പെടാം, സമുത്കൃഷ്ടകലാസൃഷ്ടികളും എന്നെന്നും ആരാധിക്കപ്പെടുമെന്നും ആസ്വദിക്കപ്പെടുമെന്നും. അവ ആസ്വദിക്കാൻ കഴിവുള്ളവരുടെ എണ്ണം കുറവായിരിക്കയേ ഉള്ളൂ. അതിൽ കുണ്ഠിതപ്പെടാൻ കാര്യമില്ല. ഉത്കൃഷ്ടകലകളുടെയും ഉന്നത തത്ത്വചിന്തകളുടെയും മണ്ഡലങ്ങളിലേക്കു് ആരോഹണം ചെയ്യാൻ വേണ്ട കഴിവു വർദ്ധിപ്പിക്കുന്നതിലാണു സംസ്കാരത്തിന്റെ വളർച്ച. അവ സാധാരണജനങ്ങളുടെ നില

വാത്തിലേക്കു് ഒരിക്കലും താണുവരികയില്ല. അവയുടെ സ്വഭാവം നശിപ്പിക്കാതെ അവയെ അങ്ങനെ താഴ്ത്തിക്കൊണ്ടുവരാനും സാദ്ധ്യമല്ല. അതിനാൽ ഈ ചന്ദ്രവിനെപ്പോലെയുള്ള കലാസൃഷ്ടികളും ഏതുകാലത്തും അഭിമാനവും ആനന്ദവും നല്കിക്കൊണ്ടു ശോഭിക്കും. അവയുടെ മൂല്യത്തെ ആദരിച്ചു് അവയെ നിലനിറുത്തുന്നതിലും അവയുടെ സന്ദേശത്തെ ഗ്രഹിക്കുന്നതിലും ആണു് നമ്മുടെ സംസ്കാരപോഷണശക്തി വിജയിക്കുന്നതു്.

കടപ്പാടു്

ഇതിന്റെ കർത്താവായ മഹാനോടു നമുക്കുള്ള കടപ്പാടു് അവ്യക്തമകിലും വീട്ടത്തക്കവണ്ണം ഈ കൃതിയുടെ പ്രസാധനകൃത്യം ഏറ്റെടുത്ത കേരള സാഹിത്യ അക്കാദമിയുടെ ഔചിത്യബോധത്തെ ഞാൻ പ്രശംസിക്കുന്നു. അക്കാദമിക്കുവേണ്ടി ഈ കൃതിക്കു വിശദമായ വ്യാഖ്യാനം തയ്യാറാക്കിയതു മഹാപണ്ഡിതനും എന്റെ മാന്യഗുരുനാഥനും ആയ വിദ്വാൻ കൃഷ്ണൻ ബ്രഹ്മശ്രീ വി. വെങ്കിട്ടരാമശർമ്മ അവർകളാണു്. ഇതിന്റെ പരിശോധകത്വം വഹിച്ചു സഹായിച്ചതു പണ്ഡിതപ്രകാണ്ഡമായ ശ്രീ കുട്ടിക്കൃഷ്ണമാരാർ അവർകളാണു്. പണ്ഡിതലോകത്തിന്റെ അഭിമാനഭാജനങ്ങളായ ഈ പ്രശസ്തവിദ്വാന്മാരോടു് അക്കാദമിക്കുള്ള കടപ്പാടും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഇതിലെ ഉദ്ധൃതഭാഗങ്ങൾ കണ്ടുപിടിക്കാനും മറ്റും എന്റെ സഹപ്രവർത്തകരായ ചില സുഹൃത്തുക്കൾ ചെയ്തുതന്നിട്ടുള്ള സഹകരണവും ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഹൃദയം നിറഞ്ഞു കവിഞ്ഞൊഴുകുന്ന സന്തോഷത്തോടും, ഈ കലാസമ്പത്തു നമുക്കു സംഭാവനചെയ്ത മഹാനോടുള്ള കൃതജ്ഞതാദരത്തോടുംകൂടി സാഹിത്യ അക്കാദമിക്കുവേണ്ടി ഞാൻ ഈ ചന്ദ്രവിന്റെ സമ്പൂർണ്ണപ്രസാധനം സഹൃദയലോകത്തിന്റെ മുമ്പിൽ കാഴ്ചവച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
10–1–1967.

—ശൂരനാട്ടു കുഞ്ഞൻപിള്ള

ബാലകാണ്ഡം

1. രാവണോദ്ഭവം
2. രാമാവതാരം
3. താടകാവധം
4. അഹല്യാമോക്ഷം
5. സീതാസ്വയംവരം
6. പരശുരാമവിജയം

രാവണോദ്ഭവം

(ദേവതാനമസ്കാരാത്മകമായ മങ്ഗലാചരണം:)

വാടീടായിന്ന രാഗം മുഹുരപി വളരും
ചാരുചെന്താരിൽമാതിൻ
ഗാഢാശ്ലേഷേഷു മേന്മേലിടയിലിടയിലാ–
നന്ദമൂർച്ഛാം ദധാനം
ആടീടും വൈജയന്തീസുരഭിലവിപുലോ–
രഃസ്ഥലം ചിത്തകാമ്പിൽ
തേടുന്നേനിന്ദുചൂഡാദിഭിരപി മനസാ
വന്ദനീയം മുകുന്ദം. 1

ഇരുപത്തു വിഭാഗങ്ങളും അടങ്ങിയ ഭാഷാരാമായണചമ്പുവിലെ ആദ്യത്തെ വിഭാഗമാണ് രാവണോദ്ഭവം പ്രബന്ധം. ഉത്തരരാമായണ കഥയുടെ ഒരംശമായ രാവണോദ്ഭവം വർണ്ണിച്ചുകൊണ്ടു ചമ്പു തുടങ്ങുന്നതു ബാലകാണ്ഡത്തിൽ പ്രതിപാദിക്കുന്ന ദേവന്മാരുടെ സങ്കടത്തിന്റെ കാരണം വ്യക്തമാക്കുന്നതിനുവേണ്ടി ആയിരിക്കാം. മാത്രമല്ല, ആദ്യമായിത്തന്നെ പ്രതിനായകന്റെ വംശവീര്യശ്രുതാദികളുടെ പൗഷ്കല്യം വർണ്ണിക്കുന്നതു നിമിത്തം നായകന്റെ മേന്മ വ്യക്തമാകുന്നതോടുകൂടി ശ്രോതാക്കൾക്കു നായകനിൽ അളവറ്റ ബഹുമാനവും അഭിവൃദ്ധമാകും. മഹാവിഷ്ണുവിന്റെ രാമാവതാരപ്രതിജ്ഞയും മറ്റും കവി ഈ പ്രബന്ധത്തിൽതന്നെ ഉൾപ്പെടുത്തിയിരിക്കുന്നു. ഭാഷാരാമായണചമ്പുവിലെ രീതിയനുസരിച്ചു രാവണോദ്ഭവം, രാമാവതാരം, താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, പരശുരാമവിജയം എന്നീ പ്രബന്ധങ്ങളും ആറും ബാലകാണ്ഡത്തിൽ ഉൾപ്പെടുന്നു.

പദ്യം 1. ഇന്ദുചൂഡാദിഭിഃ അപി–ശിവൻ തുടങ്ങിയുള്ളവരാൽപ്പോലും, മനസാ വന്ദനീയം–മനസ്സുകൊണ്ടു വന്ദിക്കപ്പെടുവാൻ യോഗ്യനായും, ആടീടും–ഇളകിക്കൊണ്ടിരിക്കുന്ന, വൈജയന്തീ....സ്ഥലം–വൈജയന്തിയെന്ന മാലയുടെ മണത്തോടുകൂടിയതായി വിസ്തൃതമായി ഇരിക്കുന്ന മാറിടത്തോടുകൂടിയവനും, വാടീടായിന്ന–വാടാത്ത, രാഗം–പ്രേമം, മുഹുഃ അപി–വീണ്ടും വീണ്ടും, വളരും–വളർത്തും, ചാരുചെന്താരിൽമാതിൻ –മനോഹരയായ ലക്ഷ്മീദേവിയുടെ, ഗാഢാശ്ലേഷേഷു–മുറുകെയുള്ള

1. ടായുന്ന

ലോ[1]കാനാമേകനാഥം പദതളിരിൽ വണ—
ങ്ങും ജനാനാമശേഷാ—
മാകാങ്ക്ഷാം പൂരയന്തം നയനശിഖിശിഖാ—
ലീഢചിത്രായുധാംഗം,
ഏകീഭാവായ കന്നിൻമകളെ നിജശരീ—
രാർദ്ധമായ് ചേർത്തു പേർത്തും
ഭോഗോന്മേഷം വളർക്കും വിബുധപരിവൃഢം
ചന്ദ്രചൂഡം ഭജേഥാഃ. 2

ചമ്പുകാവ്യരീതിയനുസരിച്ചു സുഹൃത്സംഭാഷണഭാവത്തിൽ ഉള്ള കഥാസൂചന:

വാരാന്നാസ്ഥാനരംഗേ വിരവിലിവിടെ വ—
ന്നിങ്ങനേ നമ്മിലെത്തു—
ന്നേരം തോഴാ! വിളങ്ങും മ[2]നസി മമ സഭാ—
കമ്പമിതേ വൻപ്രസാദം
ക്ഷീരാബ്ധൗ രാവണോപദ്രവവിവശതയാ
ചെന്ന നാരായണോക്തം[3]
നേരേ കേൾക്കുംവിധൗ പണ്ടമരപരിഷദാ—
മുള്ളിലുണ്ടായപോലേ. 3

ആലിംഗനങ്ങളിൽ, ആനന്ദമൂർച്ഛാം—സുഖപാരവശ്യത്തെ, ദധാനം—ധരിക്കുന്നവനും ആയ, ശ്രീകണ്ഠം—മഹാവിഷ്ണുവിനെ, ചിത്തകാമ്പിൽ തേടുന്നേൻ—ഞാൻ ധ്യാനിക്കുന്നു. വാടിടായ്കുന്ന—നിഷേധാർത്ഥത്തെ കുറിക്കുന്ന പേരെച്ചം. 'മാഴ്കീടായിന്ന', 'അളവിയലായും', 'ഗണനമെഴായും' ഇത്യാദി പ്രയോഗങ്ങളും ഇതുപോലെയുള്ളവയാണു്. വൈജയന്തി—വിഷ്ണുവിന്റെ മുത്തുമാല.

പദ്യം 2. ലോകാനാം—ലോകങ്ങൾക്കെല്ലാം, ഏകനാഥം—ഒരേ നാഥനും, ജനാനാം—ജനങ്ങളുടെ, അശേഷാം ആകാംക്ഷാം—എല്ലാ അഭീഷ്ടത്തെയും, പൂരയന്തം—നിറവേറ്റിക്കൊടുക്കുന്നവനും, നയന....ഗം—തൃക്കണ്ണിലെ അഗ്നിജ്വാലയാൽ നശിപ്പിക്കപ്പെട്ട മന്മഥശരീരത്തോടുകൂടിയവനും, ഏകീഭാവായ—ഒന്നായി ഭവിക്കുവാൻ, ഭോഗോന്മേഷം—സൗഭാഗ്യാതിശയത്തെ, വിബുധപരിവൃഢം—ദേവശ്രേഷ്ഠനായ, ചന്ദ്രചൂഡം—പരമശിവനെ, ഭജേഥാഃ—നീ ഭജിച്ചാലും. ഈ പദ്യം ശൈവകഥാരംഭത്തിൽ നിയമേന ചൊല്ലുക പതിവാണു്.

പദ്യം 3. കഥാസൂചന കൂടാതെ പ്രായേണ പഴയ ഭാഷാചമ്പുക്കളിൽ ഒന്നുംതന്നെ ആരംഭിക്കുന്നില്ല. കവി ഒരു തോഴനെ സംബോധനം ചെയ്തു് അയാളെ കണ്ടതുനിമിത്തം തനിക്കുണ്ടാകുന്ന സന്തോഷത്തെ താൻ പ്രതിപാദിക്കുന്ന കഥയിൽ ഏതെങ്കിലും പാത്രത്തിനു് ഉണ്ടാകുവാൻപോകുന്ന സന്തോഷത്തോടു് ഉപമിക്കുക ഒരു കഥാസൂചന രീതിയാകുന്നു. അങ്ങനെയുള്ള കഥാസൂചനയാണു് പ്രകൃതപദ്യത്തിലെ പ്രതിപാദ്യം. കഥാ

---

1. 'ലോകാനാ'മിത്യാദി പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല. 2. മമ മനസി
3. ണോക്തിം

കഥാരംഭത്തിൽ പാലാഴിയിൽ പള്ളികൊണ്ടരുളുന്ന മഹാവിഷ്ണുവിന്റെ പ്രഭാവവർണ്ണന:

പൊൽത്താർമാതിൻ മുഖശ്രീമധുരിമ കണികണ്ടീടുവാൻ യോഗനിദ്രാ-
മുദ്രാ കൈക്കൊണ്ടു മേളം തടവുമൊരു ഭുജം-
ഗേന്ദ്രപല്യങ്കരംഗേ
ദുഗ്ധാംഭോരാശിമധ്യേ വിധിഗിരിശമഹേ-
ന്ദ്രാദിവൃന്ദാരകൗഘം
നിത്യം നിത്യം വണങ്ങും ത്രിഭുവനപെരുമാ-
കാന്തിസീമാ സമിന്ധേ. 4

ഗാഢം പാലാഴിമാതിൻ കുളിർമുല തിരുമാ-
റത്തു ചേർത്താകുലത്വം
കൂടാതേ ഭോഗിശയ്യാതലഭുവി സുഖമേ
യോഗനിദ്രോത്സുകാത്മാ
പ്രൗഢാഭോഗം കടാക്ഷാഞ്ചലപരിചലനം-
കൊണ്ടു പാരേഴ രണ്ടും
പാടേ പാലിച്ചുകൊണ്ടപ്പരമപുരുഷന-
ധ്യാസ്ത ദുഗ്ധാംബുരാശിം. 5

മധ്യത്തിലും ചില സന്ദർഭങ്ങളിൽ തോഴനെ അഭിസംബോധനം ചെയ്യുകാണുന്നുണ്ട്.

വാരാർന്ന-ശോഭയുള്ള, ആസ്ഥാനരംഗേ-അരങ്ങത്തു്. സഭാകമ്പി തേ മമ മനസി-സഭാകമ്പമുള്ള (സഭയക്കണ്ടു വിറകൊള്ളുന്ന) എന്റെ ചിത്തത്തിൽ. രാവണോപദ്രവ....തയാ-രാവണന്റെ ഉപദ്രവത്താലുള്ള വ്യാകുലത നിമിത്തം, ക്ഷീരാബ്ധൗ-പാല്ക്കടലിൽ, അതിന്റെ തീരത്തു ചെന്നു്. നാരായണോക്തം-മഹാവിഷ്ണു, 'ഞാൻ രാമനായി അവതരിച്ചു രാവണനിഗ്രഹം ചെയ്തു നിങ്ങളുടെ സങ്കടം തീർക്കുന്നുണ്ടു്' എന്നു് അരുളിച്ചെയ്തതിനെ, നേരേ കേൾക്കുംവിധൗ-കേട്ടപ്പോൾ, അമരപരിഷദാം-ദേവസംഘങ്ങൾക്കു്. വൻപ്രസാദം-അധികസന്തോഷം.

പദ്യം 4. ദുഗ്ധാ....മധ്യേ-പാലാഴിമധ്യത്തിൽ, മേളം തടവും-ഭംഗിയുള്ള, ഭുജംഗേന്ദ്ര....രംഗേ-അനന്തനാകുന്ന മെത്തയിൽ. പൊൽത്താർമാതിൻ-ലക്ഷ്മീദേവിയുടെ, മുഖ....രിമ-മുഖത്തിന്റെ കാന്തിമാധുര്യം. യോഗ....ദ്രാം-യോഗനിദ്രാവസ്ഥയെ. വിധി....ഘം-ബ്രഹ്മാവു് ശിവൻ ദേവേന്ദ്രൻ മുതലായ ദേവസമൂഹം. നിത്യം നിത്യം-എപ്പോഴും. ത്രിഭു.... സീമാ-മൂന്നുലോകൈകനാഥനായ വിഷ്ണുവിന്റെ ശോഭാതിശയം. സമിന്ധേ-സർവോത്കർഷത്തോടെ വർത്തിക്കുന്നു. ഉറക്കവും ഉണർച്ചയുമുള്ള അവസ്ഥയാണു് യോഗനിദ്രാവസ്ഥ.

പദ്യം 5. ഗാഢം-ബലമായി. ആകുലത്വംകൂടാതെ-അസുഖംകൂടാതെ. ഭോഗി....ഭുവി-അനന്തനാകുന്ന മെത്തയിൽ. യോഗ....ത്മാ-യോഗനിദ്രാതത്പരനായി. പ്രൗഢാഭോഗം-ഗംഭീരവും വിസ്തൃതവും ആയ. കടാ....കൊണ്ടു്-കടക്കണ്ണിന്റെ ഇളക്കംകൊണ്ടു്. പാരേഴ രണ്ടും-പതിന്നാലു ലോകവും. അപ്പരമപുരുഷൻ-ആ മഹാവിഷ്ണു. ദുഗ്ധാംബു

വൈകുണ്ഠൻതൻ പ്രഭാവങ്ങളമതുലതകൈ-
ക്കൊണ്ട വൈകുണ്ഠലോകേ
വാർകൊണ്ടീടും വിശേഷങ്ങളമഹിവരപ-
ല്യങ്കവും പ്രൗഢിവായ്പും
മാഴ്കീടാ[1]യിന്ന പാലാഴിയുമഴകിയ പ-
ക്ഷീന്ദ്രനും ഭക്തിഭാജാ-
മേകാന്താനന്ദവും ഗീതവുമിളകിന വാ-
ദ്യങ്ങളും വാഴ്ത്തവല്ലേൻ. 6

ഗദ്യം 1. വൈകുണ്ഠപുരത്തിലെ ഐശ്വര്യവർണ്ണന:

പെരികെ വള[2]ന്ന വളർക്ഷത തേടിന
കൈലാസാദ്രിപരമ്പരപോലെ
മേലേമേലേ പോന്ന[3]യരുന്ന ത-
രംഗചയങ്ങളിലിടകലരുന്ന തി-
മിം[4]ഗിലതിമിമുഖമകരാഘൂർണ്ണന-
ഘോഷാകർണ്ണനബധിരദിശാഗജ-
വിധുരവിരാവൈരുലക മുഴങ്ങെ[5]
പ്രകൃതി പുഴങ്ങെ[6] ത്രിഭുവനനൈർഘൃ-
ന്യക്ഷയദക്ഷാ ലക്ഷ്മീമാത്രം
ജഗദഗദംകാരോത്തമനാകിയ
ധന്വന്തരിയും ചിന്തിതമേകിന
ചിന്താമണിയും മിന്നും മണി[7]തുകിൽ

രാശിം അധ്യാസ്ത—പാല്ലടലിൽ വസിച്ചു. ദുഗ്ധാംബുരാശിം—''അധി ശീങ്സ്ഥാസാം കർമ്മ'' എന്ന വിളിപ്രകാരം ദ്വിതീയാവിഭക്തി.

പദ്യം 6. വൈകുണ്ഠൻ—മഹാവിഷ്ണു. അതുലതകൈക്കൊണ്ട—സാമ്യമില്ലാത്ത. വൈകുണ്ഠലോകേ—വൈകുണ്ഠലോകത്തിൽ. വാർകൊണ്ടീടും—ഭംഗിയുള്ള, അഹിം....വും—അനന്തനാകുന്ന കിടക്കയും. പ്രൗഢിവായ്പും—സമ്പത്സമൃദ്ധിയും. മാഴ്കീടായിന്ന—ശോഭയില്ലാതെ ഭവിക്കാത്ത. പക്ഷീന്ദ്രൻ—ഗരുഡൻ. ഭക്തിഭാജാം—ഭക്തന്മാരുടെ. ഏകാന്താനന്ദവും—പരമാനന്ദാനുഭൂതിയും. ഗീതം—സ്തോത്രരൂപമായ ഗാനം.

ഗദ്യം 1. ഈ ഗദ്യം ഓട്ടംതുള്ളലിലെ തരംഗിണീവൃത്തത്തിന്റെ ഏകദേശച്ഛായയുള്ളതും നിരർഗ്ഗളമായി പ്രവഹിക്കുന്നതും ആയ ഒരു തരം വൃത്തത്തിൽ വിരചിതമായിരിക്കുന്നു. കാളിവാക്യം, ബ്രാഹ്മണിപ്പാട്ടു തുടങ്ങിയ പഴയ പാട്ടുകളിൽ കാണുന്ന ഈ വൃത്തത്തിൽ ചമ്പുവിലെ പല ഗദ്യങ്ങളും നിബദ്ധങ്ങളായിരിക്കുന്നു. സംസ്കൃതരീതിയിലുള്ള ചണ്ഡവൃഷ്ടിപ്രയാതാദിദണ്ഡകങ്ങളും ഇക്ഷുദണ്ഡിക മുതലായ ഭാഷാദണ്ഡകങ്ങളും അവിടവിടെ പ്രയോഗിച്ചിരിക്കുന്നു. രാവണോദ്ഭവത്തിലുള്ള രണ്ടു ഗദ്യങ്ങളിൽ പ്രകൃതഗദ്യം ദോഷയിലും മറേറതു സംസ്കൃതത്തിലും നിർമ്മിച്ചിട്ടുള്ളവയാകുന്നു.

1. ടായുന്ന. 2. ഉന്നവ. 3. ന്നവരുന്ന. 4. മിംഗല. 5. ഴങ്ങിപ്ര. 6. ഴങ്ങിത്രി. 7. ണിതതിപൂ.

പൂവാടയുമപ്പൊന്നും പൂത്ത സു–
രദ്രുമതതിയും പാവനസുരഭില–
ചരിതാ സുരഭിയുമമിതരസോത്തര–
മമൃതസ്യന്ദവുമിത്തരമുള്ള പ–
ദാർത്ഥങ്ങൾക്കൊരു മുഖ്യാകരമായ്
വിഖ്യാതശ്രീ വിളയും മംഗള–
കലശപയോധൗ ജഗതീദീപേ
മഹതി ദ്വീപേ, മാലതി മല്ലിക–
ചെങ്ങഴിനീരുയാമ്പലൊരാമ്പൽ ന–
റുന്താമരയും നൈതലശോകം
കൈത തുടങ്ങിന കുസുമവിശേഷം
തടവിത്തടവിത്തുളസീപരിമള–
മിടയിടെ മാനിച്ചുജ്ജ്വലമഹിമാ
മലയസമീരണനാണ്ട നടിക്കു–
ന്നാരാമത്തിൽ തിറത്തൊട്ടലാവിന
വാനോർതരുവരപങ്ക്തികൾ ചുഴ്ന്നം
മരുവി മനോജ്ഞേ മധ്യവിഭാഗേ
സുരമുനിചാരണകിന്നരപന്നഗ–
യക്ഷപ്രമുഖനഭശ്ചരനിവഹമു–
പശ്രുതഗീതമുദീക്ഷിതനൃത്തമു–
ദഞ്ചിതകുതുകമുപാദ്ദതനർമ്മവി[1]–
ശേഷരസാന്തരമപ്പോഴപ്പോൾ.

ദോഷാഗദ്യവും സംസ്കൃതപ്രയോഗപ്രഹേലമാണ്.

വളർക്ഷത–ധാവല്യം, തരംഗചയങ്ങൾ–തിരമാലകൾ, തിമിംഗില ....രാവൈഃ–തിമിംഗലം തിമി മുതലായ പെരുന്തലമത്സ്യങ്ങളുടെ സഞ്ചാരത്താലുണ്ടാകുന്ന ശബ്ദംകൊണ്ട് ചെവിയടഞ്ഞ ദിഗ്ഗജങ്ങളുടെ വിലാപശബ്ദംകൊണ്ട്, പുഴങ്ങെ–ക്ഷോഭിക്കവേ, ത്രിഭു ...ക്ഷാ–മൂന്നു ലോകത്തിലേയും നിർധനതയെ, ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യുന്നതിനു സാമർത്ഥ്യമുള്ള, ജഗ....മൻ–ജഗത്തിനെ രോഗരഹിതമാക്കുന്നതിൽ ശ്രേഷ്ഠൻ, ചിന്തിതം–അഭീഷ്ടം, ചിന്താമണി–ആഗ്രഹിച്ചതിനെ തരുന്ന രത്നവിശേഷം, സുരദ്രുമതതി–ദേവവൃക്ഷസമൂഹം, പാവന....താ–ശുദ്ധവും മനോജ്ഞവും ആയ ചരിത്രത്തോടുകൂടിയവൻ, സുരഭി–കാമധേനു, അമിതരസോത്തരം–അധികം രുചിയുള്ളതിനാൽ ശ്രേഷ്ഠമായി, അമൃതസ്യന്ദവും–അമൃതധാരയും, മുഖ്യാകരം–പ്രധാനമായ വിളനിലം, വിഖ്യാതശ്രീ–പ്രസിദ്ധമായ കാന്തി, മംഗള....ധൗ–ശുഭകരമായ പാലാഴിയിൽ, ജഗതീദീപേ–ലോകങ്ങൾക്കു പ്രകാശം നൽകുന്ന വിളക്കായ, മഹതി ദ്വീപേ–വലുതായ ദ്വീപിൽ, കുസുമം–പുഷ്പം, പരിമളം–മണം, ഉജ്ജ്വലമഹിമാ–പ്രകാശിക്കുന്ന മാഹാത്മ്യത്തോടുകൂടിയ, മലയസമീരണൻ–ചന്ദനവൃക്ഷങ്ങൾ നിറഞ്ഞ മലയപർവ്വതത്തിലെ കാറ്റ്,

1 മർമ്മരസാ

കനകമഹാ[1]പണവീഥീചതുര-
വേ[2]ദികയ്തോറും നീളെ നടന്നും
ലോകാലോകഗിരീന്ദ്രനെ വെല്ല്യ-
ന്നാകാരങ്ങളിയന്ന സുവർണ്ണ-
പ്രാകാരങ്ങളിലോരോ പുറമേ
ഗോപുരനികരം പൊന്മയമായതിൽ
മധ്യേ മധ്യേ മണിമയഗോപുര-
മിടകലരുമ്മാറെന്തൊരപൂവ്വം.
സേവാലൗല്യം കൈക്കൊണ്ടനിശമ-
കം പുക്കീടും മഹിതമഹാജന-
മാനനചാതുരി ഞാൻ ഞാൻ വേണ്ടുവ-
തെന്നതി ചഞ്ചലകഞ്ചുകികരഭവി
മിന്നും പൊന്നിൻചൂരക്കോലാ-
മചിരപ്രഭകയ്ം ചിരപ്രഭതാം പൂ-
ണ്ടധികമിടഞ്ഞു നഭോന്തമടഞ്ഞു[3]പു-
ക[4]ഴ്ത്താവല്ല പുരോത്തമവിഭവം.
വെണ്മാടങ്ങളിൽ നോക്കീടുകിലോ
വെണ്മാടങ്ങളിൽ മുങ്ങും ഭുവനം;
പൊന്മാടങ്ങയ്ം നിനയ്ക്കുന്നേരം
പൊന്മാടങ്ങളനേകം കാണ[5]ം;
പവിഴപ്പന്തൽ ഗണിക്കുന്നേരം
പവിഴപ്പന്തലൊടുങ്ങിക്കുടാ;

ആണ്ട നടിക്കുന്ന-പ്രൗഢി കാണിക്കുന്ന,വാനോർ....കയ്ം-കല്പവൃക്ഷങ്ങയ്ം. മനോജ്ഞേ-രമ്യമായ, മധ്യവിഭാഗേ-മധ്യത്തിൽ, സുര....നിവഹം -ദേവകയ്ം മഹർഷികയ്ം ചാരണർ കിന്നരർ സർപ്പങ്ങയ്ം യക്ഷന്മാർ മുതലായ ആകാശചാരികളുടെ സമൂഹം. ഉപശ്രുതഗീതം-പാട്ടകയ്ം കേട്ട്, ഉദീക്ഷിതനൃത്തം-ആട്ടം കണ്ട്, ഉദഞ്ചിതകുതുകം-താത്പര്യം വദ്ധിച്ച്, ഉപാ....ന്തരം-ഇടയ്ക്ക് ഓരോ നേരംപോക്കുകയ്ം പറഞ്ഞ്, കനക ....തോറും-സ്വർണ്ണമയങ്ങളായ വലിയ കടത്തെരുവുകയ്ം, അനേകം പാതകയ്ം ഒന്നിച്ചുചേരുന്ന മുറങ്ങയ്ം ഇവയിലെല്ലാം, ലോകാലോകഗിരീന്ദ്രനെ-ലോകാലോകപർവതത്തെ, പ്രകാശലോകത്തെ അപ്രകാശലോകത്തിൽനിന്നു വേർതിരിക്കുന്ന പർവ്വതം ലോകാലോകം, (അല്ലെങ്കിൽ ഏഴു ഖണ്ഡങ്ങളിൽ ഒടുവിലത്തേതിനെ ചുറ്റിയിരിക്കുന്ന ശുദ്ധജലസമുദ്രത്തിനും അപ്പുറത്തുഭൂമിക്കു ചുറ്റുമായി വർത്തിക്കുന്ന ഒരു പർവ്വതം ലോകാലോകം), ആകാരം-ആകൃതി, പ്രാകാരം-മതിൽ, നികരം-സമൂഹം, സേവാലൗല്യം-ശുശ്രൂഷിക്കുവാൻ ആഗ്രഹം, അനിശം-എപ്പോഴും, മഹിത....ചാതുരി-മാന്യരായ മഹാജനങ്ങളെ മാനിക്കുന്നതിലുള്ള സാമർത്ഥ്യം, അതി ച....ഭവി-ഓടി നടക്കുന്ന....ശിപായിമാരുടെ കൈത്തല

1. പഥവീ. 2. രവീഥിക. 3. ഞ്ഞുപുരോ. 4. കഴാമല്ല. 5. കാണ്മാൻപ.

വിഹരണഗിരിഗണവീക്ഷണസമയേ
വിഹരണഗിരികളൊഴിഞ്ഞിതില്ലൊന്നും;
മിന്നും നവനവപൊന്നിൻ കൊടിമര-
മെന്നും മംഗലസിംഹാസനവര-
മുകളിൽ വിളങ്ങും ഖഗകുലപെരുമാൻ
പക്ഷയുഗേന നഭഃ[1]സ്ഥലസീമനി
മിക്ക വളത്തൊരു കനകവിതാന-
ച്ഛായാങ്കണഭുവി മേവിന ഗൗതമ-
ഭാഗ്ഗ്വക[2]ണപുലസ്ത്യവസിഷ്ഠാ--
ദ്യഖിലമുനീശ്വരവദനസരോരുഹ-
വിഗളിതവൈദികഭണിതിവിശേഷേ
ചില പണി തീർത്തവിശൃംഖലമോതിന
പങ്കജസംഭവകരതലവിഹിതം
ഭുവനകടാഹം മുടിമണിപോലെ
തടവുമനഗ്ഘഫണാവലിയെന്നും
മുത്തുക്കുടകം നിരക്കെപ്പൊരുകിന
സങ്കീർത്തനരസസിന്ധൗ നീന്തി മ-
യങ്ങിന ഭക്തജനത്തിൻ പരമ-
സ്തുതികം ചെവികൊ[3]ണ്ടിടയിലുണർന്നും
നിദ്രാമുദ്രാകൗതുകമാർന്നും
വൈകുണ്ഠാഖ്യേ ലോകേ തെളി[4]വിനൊ-
ടാനന്ദാത്മാ വാണരുളീ പരി-
പൂർണ്ണസമുജ്ജ്വലസച്ചിന്മയനാ.
നാരായണനഥ നിരുപമധാമാ.

ത്തിൽ. അചിരപ്രഭകം—ക്ഷണികങ്ങളായ മിന്നൽപിണരുകം. ചിര പ്രഭതോം—സ്ഥിരമായി പ്രകാശിക്കുക എന്ന അവസ്ഥയെ. നഭോന്തം—ആകാശമണ്ഡലം. പുരോത്തമവിഭവം—വൈകുണ്ഠമാഹാത്മ്യം. പുക ഴ്ത്താവല്ല—അവർണ്ണനീയമാകുന്നു. വിഹരണ....സമയേ—ക്രീഡാപർവ്വ തങ്ങളെ കാണുമ്പോഴും. നവനവ—പുതിയ പുതിയ. സിംഹാസനവരം —സിംഹാസനശ്രേഷ്ഠം. ഖഗകുലപെരുമാൻ—പക്ഷിരാജാവായ ഗരുഡൻ. പക്ഷയുഗേന—രണ്ടു ചിറകുകൊണ്ടും. നഭഃസ്ഥലസീമനി—ആകാശ ത്തിൽ. കനക....ഭുവി—തങ്കനിറമായ മേൽക്കെട്ടിയുടെ തണലുള്ള മുറ ത്തു. മേവിന—ഇരിക്കുന്ന. ഗൗതമ....ശേഷേ—ഗൗതമൻ മുതലായ എ ല്ലാ മഹർഷിശ്രേഷ്ഠന്മാരുടെയും മുഖാരവിന്ദങ്ങളിൽനിന്നു പുറപ്പെടുന്ന വേദമന്ത്രോച്ചാരണത്തിൽ. അവിശൃംഖലം—തടവുകൂടാതെ. പങ്കജ....ഹി തം—ബ്രഹ്മദേവന്റെ കൈകളാൽ സൃഷ്ടിക്കപ്പെട്ട. ഭുവനകടാഹം—പ്രപഞ്ചമാകുന്ന ഗോളം. മുടിമണി—കിരീടത്തിലുള്ള ഒരു രത്നം.

1. ഭസ്സല. 2. ണവസിഷ്ഠ പുലസ്ത്യാദ്യ. 3, കൊണ്ടിടയി. 4. ളിവൊട് വാണ.

..... വൈകുണ്ഠവാസിയായ ഭഗവാൻ ദുഷ്ടനിഗ്രഹത്തിന്നായി ഓരോ അവതാരങ്ങളും സ്വീകരിച്ചുവരുമ്പോൾ ഒരിക്കൽ രാവണനെന്ന രാക്ഷസ ചക്രവർത്തി ജനിച്ചതായുള്ള പ്രസ്താവന:

തത്രൈലോക്യാധിശനേവംവിധമണിനഗരീ–
മാവസൻ ദേവനന്ന–
ന്നാലോക്യാലോക്യ പാപാൻ ദമയിതുമവതാ–
രങ്ങളും കോലും ദശായാം[1]
ചേലാന്നീടും പുലസ്ത്യാത്മജമുനികൃപയാ
കേകസീസൂനരാസീ–
ന്നീലാംഭോ[2]ദപ്രകാശോ ദശമുഖ ഇതി രാ–
ത്രിഞ്ചരേന്ദ്രോ ദുരാത്മാ. 7

വിശ്രവസ്സിന്റെ പുത്രനായി കേകസിയിങ്കൽ രാവണൻ ജനിക്കുന്നു. ഗണിതശാസ്ത്രരീതിയിൽ രാവണന്റെ ജനനകാലജാതകം:

[3]സാ കേകസീ മാല്യവതോ നിയോഗാ–
ല്ലബ്ധ്വാ മുനേർ വിശ്രവസഃപ്രസാദം
ശോകാന്ധകാരോത്കരതീക്ഷ്ണഭാനും
പ്രാസൂത തം പുഷ്ടബലം കുമാരം. 8

തടവും–ഇരിക്കുന്ന. അനന്തഫണാവലിയെന്നും–അനന്തന്റെ പടങ്ങളുടെ കൂട്ടമാകുന്ന. സങ്കീർത്തനരസസിന്ധൗ–സ്തോത്രപാഠമാകുന്ന രസസമുദ്രത്തിൽ. നിദ്രാമുദ്രാകൗതുകം–യോഗനിദ്ര ചെയ്വാനുള്ള താത്പര്യം. വൈകുണ്ഠാഖ്യേ ലോകേ–വൈകുണ്ഠമെന്ന പേരായ ലോകത്തിൽ. പരിപൂ....യനാം–സർവ്വത്തിലും നിറഞ്ഞു സ്വയം പ്രകാശിക്കുന്നവനായ സച്ചിത്സുഖരൂപൻ. നിരുപമധാമാ–നിസ്തുല്യമാഹാത്മ്യത്തോടുകൂടി. നാരായണൻ–മഹാവിഷ്ണു. തെളിവിനൊടു–പ്രസന്നതയോടു വാണരുളി. അഥ–അനന്തരം.

പദ്യം 7. ഏവംവി....ഗരീം–ഇവ്വണ്ണമുള്ള മണിമയമായ വൈകുണ്ഠപുരിയിൽ. ആവസൻ–വസിക്കുന്നവനായി. നഗരീം ആവസൻ–'ഉപാനുവ്യാങ് വസഃ' എന്ന വിധിയനുസരിച്ചു ദ്വിതീയ. ആലോക്യ–നോക്കീട്ട്. പാപാൻ–ദുഷ്ടന്മാരെ. ദമയിതും–അടക്കുവാൻ. അവതാരങ്ങളും കോലും ദശായാം–മത്സ്യകൂർമാദിദശരൂപത്തിൽ ഓരോ അവതാരങ്ങളും സ്വീകരിച്ചുവരുമ്പോൾ. നീലാംഭോദപ്രകാശഃ–നീലമേഘത്തിന്റെ നിറമുള്ളവനായ. ദുരാത്മാ–ദുഷ്ടനായ. ദശമുഖഃ ഇതി–രാവണൻ എന്ന. രാത്രിഞ്ചരേന്ദ്രഃ–രാക്ഷസചക്രവർത്തി. പുലസ്ത്യാത്മജമുനികൃപയാ–പുലസ്ത്യപുത്രനായ മുനിയുടെ അനുഗ്രഹത്താൽ. കേകസീസൂനുഃ–കേകസിയുടെ പുത്രനായി. ആസീത്–ഭവിച്ചു.

പദ്യം 8. സാ കേകസീ–ആ കേകസി. മാല്യവതഃ–മാല്യവാന്റെ. നിയോഗാത്–ഉപദേശപ്രകാരം. മുനേഃ വിശ്രവസഃ–മുനിയായ വിശ്രവസ്സിന്റെ. പ്രസാദം ലബ്ധ്വാ–അനുഗ്രഹത്തെ ലഭിച്ചിട്ട്. ശോക....ഭാനും–

---

1. യാം മേലേ മേലേ തഴ്ത്തും ഭൂജ്വലമഹിമാ ജാതവാൻ പോന്നൊരുന്നാം നീലാ. 2. ഭോജപ്ര. 3. 'സാ കേകസീ' ഇത്യാദി പദ്യവും അടുത്തതായ 'അന്യോന്യ' ഇത്യാദി പദ്യവും ചില ഗ്രന്ഥങ്ങളിൽ ഇല്ല.

അന്യോന്യാലോകിതൗ താവസുരസുരഗ്രുരൂ
ഛാഗജൂകോപയാതൗ
മേഷേ പൂഷാ സപൂഷോ വിധുരഥ സസുതഃ
കുംഭസംസ്ഥേ ച മന്ദേ
ലഗ്നേ മാന്ദിഃ കുളീരേ മകരജൂഷി കുജേ
സൈംഹികേയേ തുലാഽസ്ഥേ
ദ്വാദശ്യാം കൃഷ്ണപക്ഷേ സമജനി ജഗതാം
രാവണോ ധൂമകേതുഃ. 9

ഒരിക്കൽ രാവണൻ സോദരരായ കുംഭകർണ്ണ,വിഭീഷണന്മാരോടുകൂടി കാട്ടിൽ ചെന്ന് അവിടെ അമ്മയുടെ മടിയിൽ കിടക്കുമ്പോഴം ആകാശത്തിൽ പുഷ്പകവിമാനത്തിൽ പോയ കുബേരനെക്കണ്ട് അമ്മ ദുഃഖിതയായി പൊഴിച്ച അശ്രുജലത്തിൽ നനഞ്ഞ രാവണൻ എഴുന്നേറ്റ് അമ്മയോട് ദുഃഖകാരണം ചോദിക്കുന്നതും, 'നിന്റെ ജ്യേഷ്ഠനായ കുബേരൻ നിനക്ക് അവകാശപ്പെട്ട ലങ്കാനഗരത്തെ അപഹരിച്ചു കൊണ്ടുപോകുന്നു. നമുക്കു കാട്ടിൽ കിടന്നു കഴിയേണ്ട നില വന്നല്ലോ, എന്നീ സങ്കടംതന്നെ ദുഃഖകാരണം' എന്ന് അവൾ മറുപടി പറയുന്നതും.

സോദര്യേണ വിഭീഷണേന സഹിതോ-
fസൗ കുംഭകർണ്ണേന ച
സ്വാതന്ത്ര്യേണ വനേ ജനിത്രിമടിയിൽ
താനേ കിടക്കും വിധൗ

ദുഃഖമാകുന്ന ഇരുൾക്കൂട്ടത്തിനു ചാണ്ഡസൂര്യനായ. പുഷ്പബലം—ബലിഷ്ഠനായ. തം കുമാരം—ആ പുത്രനെ. പ്രാസൂത—പ്രസവിച്ചു. മാല്യവാൻ—സുകേതുവിന്റെ പുത്രനായ രാക്ഷസൻ. രാവണന്റെ മാതുലനും മന്ത്രിയും ആയിരുന്നു. തപസ്സു ചെയ്തു ബ്രഹ്മദേവൻ പ്രീതനായതിനാൽ ലങ്കാദ്വീപ് അവനായി നിർമ്മിക്കപ്പെട്ട് അതിൽ അവൻ സോദരന്മാരോടുകൂടി കുറേക്കാലം വസിച്ചു. പിന്നെ ലങ്കയെ ത്യജിച്ചു. ഉടൻ കുബേരൻ ലങ്കാധിപനായി. അതിൽപിന്നെ രാവണൻ കുബേരങ്കൽനിന്നു ലങ്കയെ അപഹരിച്ചു സ്വന്തമാക്കുകയും മാല്യവാൻ ബന്ധുക്കളോടുകൂടി ലങ്കയിൽ വന്നു വളരെക്കാലം രാവണനോടുകൂടി താമസിക്കുകയും ചെയ്തു. വിശ്രവസ്സ്—പുലസ്ത്യപുത്രൻ. വിശ്രവസ്സിനു കേകസിയിങ്കൽ രാവണൻ കുംഭകർണ്ണൻ വിഭീഷണൻ ശൂർപ്പണഖ എന്നിവരും ഇഡവിഡയെന്ന സ്ത്രീയിങ്കൽ കുബേരനും ജനിച്ചു. പുലസ്ത്യൻ ബ്രഹ്മാവിന്റെ മാനസപുത്രനാകുന്നു.

പദ്യം 9. ആദിത്യനും ശുക്രനും മേടത്തിലും, ചന്ദ്രനും ബുധനും മീനത്തിലും, ചൊവ്വാ മകരത്തിലും, വ്യാഴവും രാഹുവും തുലാത്തിലും, ശനി കുംഭത്തിലും, മാന്ദി കർക്കടകത്തിലും നിന്ന സമയം, കൃഷ്ണപക്ഷദ്വാദശിയും രേവതിയുടെ അന്ത്യപാദവും കൂടുമ്പോഴം ഗണ്ഡാന്തസമയത്തു കർക്കടകലഗ്നത്തിൽ, ജഗതാം ധൂമകേതുഃ—ലോകോപദ്രവകാരിയായ, രാവണഃ സമജനി—രാവണൻ ഭൂജാതനായി.

''ഗണ്ഡാന്തസംഭവോ മർത്ത്യഃ പിതൃമാതൃകുലാന്തകഃ
യദി ജീവതി ഭൂപാലോ ഗജവാജിസമന്വിതഃ.'' എന്ന പ്രമാണം. ധൂമകേതുവിന്റെ ഉയദം ലോകോപദ്രവകാരിയാകുന്നു. രാവണനെ

മീതേ കണ്ടഥ പുഷ്പകേണ നടകൊ—
ണ്ടീടും ധനാധീശ്വരം
ഖേദാത് കേകസി വാർക്കരശ്രുപരിഷി—
ക്താംഗഃ സമുത്തസ്ഥിവാൻ. 10

മാതഃ കിമേത,ദിതി വാദിനമാത്മസൂനും
പ്രോവാച സാ തനയ! പശ്യ ധനേശ്വരസ്തേ
ഭ്രാതാസ്മദീയനഗരീമപഹൃത്യ ലങ്കാം
യാതീദൃശസ്ത്വമധുനാ രുദിതാസ്മി ശോകാത്. 11

ധൂമകേതുവായി രൂപീകരിച്ചിരിക്കുന്നു. വാല്മീകിരാമായണത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ശ്രീരാമന്റെ ജാതകം ഭോജചമ്പുവിൽ എഴുതിച്ചേർത്തിട്ടുള്ളതു് ഭാഷാരാമായണചമ്പുവിലും ചേർക്കേണ്ടതായി വന്നപ്പോൾ പ്രതിനായകനായ രാവണന്റെ ജാതകംകൂടി ചേർക്കേണ്ടതു യുക്തമാണെന്നു കവിക്കു തോന്നി. പക്ഷേ, രാവണജാതകം എഴുതിച്ചേർപ്പാൻ അടിസ്ഥാനമെന്താണെന്നു് അറിയുന്നില്ല. അതു കവിമനോധർമ്മമായിരിക്കാമോ? രണ്ടു ജാതകങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ രാവണജനനം കഴിഞ്ഞു് ഏകദേശം അമ്പതു സംവത്സരം ചെന്നപ്പോഴാണു് ശ്രീരാമാവതാരമെന്നു പറയാം എന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

പദ്യം 10. അഥ—അനന്തരം. അസൗ—ഇവൻ (രാവണൻ). സോദര്യേണ—ഭ്രാതാവായ. കുംഭകർണ്ണേന വിഭീഷണേന ച സഹിതഃ—കുംഭകർണ്ണനോടും വിഭീഷണനോടും കൂടിയവനായി. സ്വാതന്ത്ര്യേണ—ഇഷ്ടം പോലെ. വനേ—കാട്ടിൽ. ജനിത്രി—അമ്മ. കിടക്കും വിധൗ—കിടക്കുമ്പോഴേ. പുഷ്പകേണ—പുഷ്പകവിമാനത്തിലൂടെ. ധനാധീശ്വരം—കുബേരനെ. ഖേദാത്—ദുഃഖംനിമിത്തം. അശ്രു....ഗഃ—കണ്ണുനീരിൽ നനഞ്ഞവനായി. സമുത്തസ്ഥിവാൻ—എഴുന്നേറ്റു. കുബേരൻ ധനാധീശ്വരനും ദിക്പാലകന്മാരിൽ ഉത്തരദിക്പാലനും രാവണന്റെ അർദ്ധഭ്രാതാവും യക്ഷ,കിന്നരന്മാരുടെ രാജാവും രുദ്രന്റെ സ്നേഹിതനും ആകുന്നു. കുബേരന്റെ വാസസ്ഥാനം കൈലാസവും രാജധാനി അളകയും ആണു്. മേരുശിഖരത്തിനു മീതെയുള്ള ശിവന്റെ ആസ്ഥാനമായ മറ്റൊരു ഹിമാലയശിഖരത്തിലാണു് അളക. കുത്സിതമായ ബേരത്തോടു—ശരീരത്തോടു കൂടിയവൻ എന്നാണു് കുബേരശബ്ദത്തിന്റെ വ്യുത്പത്തി. കാലു് മൂന്നു്, പല്ലുകൾ എട്ടു മാത്രം, ഒരു കണ്ണിന്റെ സ്ഥാനത്തു് ഒരു മഞ്ഞപ്പുള്ളി മാത്രം. ഇങ്ങനെയാണല്ലോ കുബേരന്റെ ശരീരം.

പദ്യം 11. മാതഃ—അല്ലയോ അമ്മേ. ഏതത് കിം—ഇതെന്താണു് ഇതി—എന്നിങ്ങനെ. വാദിനം—ചോദ്യം ചെയ്യുന്ന. ആത്മസൂനും—തന്റെ മകനോടു്. സാ—അവൾ (കേകസി). പ്രോവാച—പറഞ്ഞു. തനയ—അല്ലയോ മകനേ. പശ്യ—നീ കണ്ടാലും. തേ ഭ്രാതാ—നിന്റെ ജ്യേഷ്ഠസോദരനായ. ധനേശ്വരഃ—കുബേരൻ. അസ്മദീയനഗരീം—നമ്മുടെ പട്ടണമായ. ലങ്കാം—ലങ്കയെ. അപഹൃത്യ—അപഹരിച്ചുകൊണ്ടു്. യാതി—പോകുന്നു. അധുനാ—ഇപ്പോൾ. ത്വം- നീ. ഈദൃശഃ (അസി)—കാട്ടിൽ കഴിഞ്ഞുകൂടേണ്ട ഈ വിധത്തിൽ ആയിരിക്കുന്നു. ശോകാത്—ഇതു വിചാരിച്ചുണ്ടായ ദുഃഖം നിമിത്തം. (അഹം)രുദിതാ അസ്മി—ഞാൻ കരഞ്ഞവളായിരിക്കുന്നു.

---

1 സ്വാമിതി പാഠഃ.

രാവണൻ കുബേരനെ ജയിച്ചു ലങ്കയേയും മറ്റും വീണ്ടെടുക്കുന്നതിനായി പ്രതിജ്ഞ ചെയ്യുന്നു:

[1]അഗ്രേ ചെവിക്കൊണ്ടു ഗിരം ജനിത്ര്യാ
ദുഃഖാകുലായാ വിപുലാഭിമാനഃ
ഉത്കൂലരോഷാരുണനേത്രചക്ര-
ശ്ചക്രേ സമിന്ധാനമദഃ സ സന്ധാം 12

പ്രൗഢാടോപേന ലങ്കാമണിനഗരിയിൽനി-
ന്നാട്ടി ദൂരെക്കളഞ്ഞ-
ന്നാട്ടം വീട്ടം വിത്രതി[2]പ്രചുരിമയുമശേ-
ഷം പറിച്ചെന്നവേണ്ടാ
പാടേ മുന്നാളകത്തദ്ധനപരിവൃഢനെ-
ക്കൊണ്ടു കുക്ഷേറിരപ്പി-
ച്ചീടായ്കിൽ[3]കാൺക രക്ഷഃകുലഭവനൊരു പൗ-
ലസ്ത്യനല്ലെന്നുമേ ഞാൻ. 13

പിന്നെ രാവണൻ സോദരന്മാരോടുകൂടി ഗോകർണ്ണത്തിലേക്കു ചെല്ലുന്നതും, അവിടെ ശുചിയായ ഒരു സ്ഥലത്തിൽ നിലകൊണ്ടു ധ്യാനപൂർവ്വം ശിവനെ വണങ്ങി കൃപയുണ്ടാവണമെന്നു ശിവനോടു പ്രാർത്ഥിക്കുന്നതും:

മാഴ്കാത മാനമഹിമാ സ[4] ഹി മാതുരഗ്രേ
വേഗാദ്ദധീര്യ സമയം വിജയൈകചേതാഃ
സാകം ജഗാമ തപസേ നിജസോദരാഭ്യാം
ഗോകർണ്ണമുത്തരമുദിതപ്രബാഹുതേജാഃ. 14

പദ്യം 12. ദുഃഖാകുലായാഃ–ദുഃഖപരവശയായ. ജനിത്ര്യാഃ–അമ്മയുടെ. ഗിരം–വാക്കിനെ. അഗ്രേ ചെവിക്കൊണ്ടു–ശ്രദ്ധയോടു കേട്ടിട്ടു. വിപുലാഭിമാനഃ–അഭിമാനം കൂടിയവനായി. ഉത്....ചക്രഃ–അതിരു കവിഞ്ഞ കോപത്താൽ ചുവന്ന നേത്രമണ്ഡലത്തോടുകൂടിയവനായി. സമിന്ധാനമദഃ–വർദ്ധിക്കുന്ന അഹങ്കാരത്തോടുകൂടിയവനായി. സഃ–അവൻ (രാവണൻ). സന്ധാംചക്രേ–പ്രതിജ്ഞ ചെയ്തു. പ്രതിജ്ഞാപ്രകാരമാണു് അടുത്ത പദ്യത്തിൽ പറയുന്നതു്.

പദ്യം 13. പ്രൗഢാടോപേന–മഹാപ്രതാപത്തോടുകൂടി. വിത്രതിപ്രചുരിമ–ഐശ്വര്യസമൃദ്ധി. ധനപരിവൃഢൻ–കുബേരൻ. കുക്ഷേറിരപ്പിച്ചീടായ്കിൽ–കണ്ടവരുടെ വാതുക്കൽ ചെന്നു നിലവിളിച്ചു പിച്ചതെണ്ടിപ്പിച്ചില്ലെങ്കിൽ. രക്ഷഃകുലഭവൻ–രാക്ഷസവംശത്തിൽ ജനിച്ചവൻ. പൗലസ്ത്യൻ–പുലസ്ത്യമഹർഷിയുടെ ഗോത്രജാതനായ രാവണൻ. കുക്ഷേറിരപ്പിക്കുക–ഇതു് ഉത്തരകേരളത്തിലെ പഴയ ഭാഷാശൈലിയിലുള്ള പ്രയോഗമാകുന്നു.

പദ്യം 14. മാഴ്കാത....ഹിമാ–വർദ്ധിച്ച അഭിമാനത്തോടുകൂടിയ. സഃ ഹി–അവനാകട്ടെ. മാതുഃ അഗ്രേ–അമ്മയുടെ മുമ്പിൽ, സമയം ഉദീര്യ–

---

1. അഗ്രേ ഇത്യാദി പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല. 2. തിപ്പൊലിമകളുമശേ. 3. യ്കിൽ കേഴ്ക ര. 4. സ തു മാ.

ഭക്ത്യാ[1] വണങ്ങി ഘടികാഞ്ജലിരഞ്ജസാ പു—
ക്കത്യന്തശ്രുദ്ധമതി തത്ര ശുഭേ പ്രദേശേ
പ്രത്യക്ഷയന്നഖിലനായകമാത്മനാ തം
മൃഡേന്ദുചൂഡമൊരു വാചമിവണ്ണമൂചേ. 15

തപസ്സിനു് ഒരുക്കമുള്ള രാവണന്റെ സങ്കല്പപൂർവ്വമായ പ്രാർത്ഥനയെ വർണ്ണിക്കുന്നു:

ഗൗരീസൗഭാഗ്യരാശേ! ജയ ജയ തൊഴുതേ—
നമ്പിലെൻ തമ്പിരാനേ!
നേരേ വന്നിങ്ങു തൃക്കാലിണയിലടിമ പു—
ക്കീടുമസു്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊട കരയേ—
ററി പ്രഭോ! കാംക്ഷിതാർത്ഥ-
പ്പേരാം വാരാകരത്തിൻ മറുകര[3]യിലണ—
ച്ചേണമെൻ തമ്പിരാനേ! 16

സ്വർഗ്ഗംഗാബാലചന്ദ്രാങ്കിത[5] പിരിചടയും
തീപ്പൊരിപ്പോരു മന്നാം
തൃക്കണ്ണും ഭോഗിവാർകുണ്ഡലവുമരിയ കാ—
കോളവും കണ്ടനാളേ

പ്രതിജ്ഞ ചെയ്തു പറഞ്ഞിട്ടു്. വിജയൈകചേതാഃ—പ്രതിജ്ഞയെ നിവ്വഹിക്കുന്നതിൽ ശ്രദ്ധയുള്ളവനായി. ഉദിതവര... തേജാഃ—വർദ്ധമാനമായ ബാഹുപരാക്രമത്തോടുകൂടിയവനായി. നിജസോദരാഭ്യാം സാകം—തന്റെ രണ്ടു സഹോദരന്മാരോടുകൂടി. തപസേ—തപസ്സുചെയ്യുവാനായി. ഉത്തരം—വടക്കേ ദിക്കിലുള്ള. ഗോകർണ്ണം—ഗോകർണ്ണക്ഷേത്രത്തിലേക്കു്. വേഗാത്—താമസംകൂടാതെ. ജഗാമ—പോയി. കേരളത്തിലെ വടക്കെ അറ്റത്തുള്ള ഒരു പുണ്യസ്ഥലമാകുന്നു ഗോകർണ്ണം. അവിടത്തെ ശിവക്ഷേത്രം പ്രസിദ്ധമാണു്.

പദ്യം 15. തത്ര—അവിടെ. ശുഭേ പ്രദേശേ—ദിവ്യസ്ഥലത്തിൽ. അഞ്ജസാ—വേഗമായി. പുക്കു്—ചെന്നു്. അത്യന്തശ്രുദ്ധമതി—ചിത്തശുദ്ധി വർദ്ധിച്ചവനായി. ഭക്ത്യാ—ഭക്തിയോടുകൂടി. ഘടിതാഞ്ജലിഃ—കൈകൂപ്പിയവനായി. അഖിലനായകം മൃഡേന്ദുചൂഡം വണങ്ങി—സർവ്വേശ്വരനായ പരമശിവനെ നമസ്കരിച്ചിട്ടു്. . ആത്മനാ തം പ്രത്യക്ഷയൻ—മനസ്സിൽ ആ ശിവനെ സാക്ഷാത് കാണുന്നവനായി. വാചം ഊചേ—വാക്കിനെ പറഞ്ഞു. രാവണൻ ശിവനോടു പ്രാർത്ഥിച്ചു എന്നർത്ഥം.

പദ്യം 16. ഗൗരീ....രാശേ—പാർവ്വതിയുടെ സൗഭാഗ്യത്തിന്റെ പുഞ്ജമായുള്ളോവേ. അല്ലയോ പാർവ്വതീനാഥ എന്നർത്ഥം. ജയ ജയ—അവിടന്നു സർവ്വോത്കൃഷ്ടത്തോടു വിളങ്ങിയാലും. അടിമപുക്കീടും—ശരണം പ്രാപിച്ച. അനാഥാൻ അസ്മാൻ—അനാഥരായ ഞങ്ങളെ. കാരു.....ന്മേൽ—കൃപയാകുന്ന വഞ്ചിയിൽ. കാംക്ഷിതാർത്ഥപ്പേരാം—അഭീഷ്ടകാര്യലാഭ

1. ക്ത്യാഭിവന്ദ്യ ഘ. 2. ശ്രദ്ധിമതി ത. ശ്രദ്ധരതിരത്ര 3. രയൊടണ. 4. ണമേ ക്ഷേതബന്ധോ. 5. പുരിചട, പരിചിടി.

അഗ്രേ ത്വക്കൈകകം ഗാലും കമലഭവശിരോ--
മാലയും മാറിലയ്യാ!
മുഖ്യാഭോഗം പുലിത്തോലുടയുമിഹ പുല—
മ്പേണ[1]മെൻ തമ്പിരാനേ! 17

വാമാലങ്കാരിവാമാ[2]ങ്ഗഗവ്യമണികഴലും
ദേവദൈത്യാവതംസം
[3]മാമാ! ത്വക്കൈകളിൽത്തങ്ങിന വരമഭയം
മാൻകിടാശോരം കഠാരം
വാർമേവും പന്നഗേന്ദ്രാഭരണമമലഭ—
സ്മാംഗരാഗാഭിരാമം
പൂമെയ്യും പൂർണ്ണശോഭം മനസി മമ പുല—
മ്പേണമെ[4]ൻ തമ്പിരാനേ! 18

പ്രാർത്ഥന കഴിഞ്ഞയുടൻ രാവണൻ തപസ്സു ചെയ്യാൻ തുടങ്ങുന്നതും തപശ്ചര്യാപ്രകാരങ്ങളും:

പ്രാത്ഥിച്ചിവണ്ണമുടനഞ്ജലിമാല മൗലൗ
ചാർത്തി[5] തദാ ദിനകരാഭിമുഖോ മഹാത്മാ
ആത്തോരുഭക്തി[6]ഭരമേകപദേന തന്നേ
ധാത്രീതലേ തെളിവിൽ നിന്നു തപം തുടന്നാൻ. 19

മാകുന്ന. വാരാകരത്തിൻ-സമുദ്രത്തിന്റെ.

പദ്യം 17. സ്വർഗ്ഗംഗാ.....ടയും—ആകാശഗംഗ ചന്ദ്രകല ഇവയോടുകൂടിയ ഭംഗിയുള്ള ജടയും. ഭോഗി—സർപ്പം. കണ്ഠനാളം—കഴുത്തിൽ. കാകോളം—കാളകൂടവിഷം. അഗ്രേ—മുമ്പിൽ. കമല....ലയും—ബ്രഹ്മാവിന്റെ തലയോടുകൊണ്ടുള്ള മാലയും. മുഖ്യാഭോഗം—വിസ്തൃതയാ പുലമ്പേണം—തോന്നേണം. സമുദ്രമഥനത്തിലുണ്ടായ കാകോളത്തെ ശിവൻ ഭക്ഷിച്ചു. അതു കഴുത്തിൽ തങ്ങി.

പദ്യം 18. വാമാ .....ഗവും—പാർവ്വതിയാൽ അലംകൃതമായ ശരീരത്തിന്റെ ഇടത്തുഭാഗവും. ദേവ....തംസം—ദേവന്മാർക്കും അസുരന്മാർക്കും ശിരോമണ്ഡനമായി വിളങ്ങുന്ന. ശരണം പ്രാപിച്ച അവർ ശിരസ്സിൽ വഹിച്ചു തൊഴുന്ന എന്നർത്ഥം. മാമാ—ആശ്ചര്യപ്രഹ്ലാനാദിസൂചകമായ നിപാതം. കിടാരം—കിടാവു്. കഠാരം—വെണ്മഴു. പന്നരണം—സർപ്പങ്ങളാകുന്ന ആഭരണങ്ങളോടുകൂടിയ. അമല...രാമം—നിർമ്മലമായ സൗമ്യമാകുന്ന കറുകട്ട പൂശി മനോഹരമായിരിക്കുന്ന. പൂർണ്ണശോഭം—കാന്തിത്തികവോടുകൂടിയ. മമ മനസി—എന്റെ ചിത്തത്തിൽ. ഗൗരീത്യാദി മൂന്നു പ്രാർത്ഥനാപദ്യങ്ങളും നീലകണ്ഠകവിയുടെ ചെല്ലൂർനാഥോദയത്തിൽ ശ്രുതസോമന്റെ തപോവർണ്ണനഘട്ടത്തിൽ ചില നിസ്സാരഭേദങ്ങളോടുകൂടി സ്ഥലം പിടിച്ചുകാണുന്നു.

പദ്യം 19. അഞ്ജലിമാല—കൂപ്പുകൈകളാകുന്ന മാല. തദാ-അപ്പോൾ. ദിനകരാഭിമുഖഃ—സൂര്യന്റെ നേരെ. ആത്തോ.....രം—വളരെ ഭക്തി

1. ണമേത. 2. വാമാങ്കവു 3. മമ്മാ. 4. ണമേത 5. ത്തിത്തദാ 6. ക്തിപര.

അഭിരശ്മിമാലി വിമലസ്യ
ധൃതജയധൃതേരനാശ്രുഷ്ടഃ
തസ്യ ഭുവി ബഹുതിഥാസ്ഥിതയഃ
പരിജഗ്മുരേകചരണേന തിഷ്ഠതഃ. 20

യമനിയമാദികംകൊണ്ടേ
വിമലത ചേർത്തുംകരുന്നിലനുവേലം
ദമിതമഹേന്ദ്രിയതുരഗഃ
സ്തിമിതസമാധിഃ സമാസ്ത തപസേ്യസൗ. 21

ജിതാസനോ മീലിതലോചനാംബുജഃ
സദോജ്ജ്വലഃ സംയമിതാനിലക്രമഃ
[1]വിധൗതനാഡീനിവഹോ മഹത്തപഃ
സ തപ്തവാൻ കേവലമാരുതാശനഃ. 22

[2]ഉത്ഥാപ്യ മൂലശി[3]ഖികീലമസൗ സുഷുമ്നാ-
മധ്യാധ്വനാ ദ്രുഹിണരന്ധ്രമുരുപ്രകാശം
വിസ്താര്യ വിഷ്ടപഗുരുണൈഃ പരമാത്മചന്ദ്ര-
സ്രസ്തൈസ്തദാന്തരന[4]ഭഃസ്ഥലമഭ്യഷിഞ്ചത. 23

ത്യോടുകൂടി. ധാത്രീതലേ—ഭൂമിയിൽ. ഏകപദേന—ഒരു കാലുകൊണ്ട്.

പദ്യം 20. അഭിരശ്മിമാലി—സൂര്യനനേരെ. ഏകചരണേന—ഒറ ക്കാലുകൊണ്ട്. ഭുവി—ഭൂമിയിൽ. തിഷ്ഠതഃ—നിൽക്കുന്ന. വിമലസ്യ—ശുദ്ധനായ. അനാശ്രുഷ്ടഃ—ക്ഷീണരഹിതനായ. ധൃതജയധൃതേഃ—കാര്യ സിദ്ധിയിൽ വിശ്വാസമുള്ളവനായ. തസ്യ—അവനു(രാവണനു). ബഹു തിഥാഃ തിഥയഃ—വളരെ ദിവസങ്ങൾ. പരിജഗ്മുഃ—കഴിഞ്ഞു. ഉദ്ഗ താവൃത്തം. ഇതു കിരാതാർജ്ജുനീയത്തിലേ പദ്യമാകുന്നു.

പദ്യം 21. യമ,നിയമ,സന,പ്രാണായാമ,പ്രത്യാഹാര,ധാരണാ, ധ്യാന,സമാധിരൂപങ്ങളായ അഷ്ടാംഗയോഗങ്ങളിൽ നിഷ്ഠകൊണ്ട്. അനുവേലം—എപ്പോഴും. ദമിത...രഗഃ—പഞ്ചേന്ദ്രിയങ്ങളാകുന്ന കുതി രകളെ അടക്കിയവനായി. സ്തിമിതസമാധിഃ—നിശ്ചലസമാധിനിഷ്ഠ നായി. തപസേ്യ—തപശ്ചര്യയ്ക്കായി. സമാസ്ത—ഇരുന്നു. തപസ്സു ചെയ്യു തുടങ്ങി എന്നർത്ഥം.

പദ്യം 22. സഃ—അവൻ(രാവണൻ). ജിതാസനഃ—പദ്മ,സ്വസ്തി കാദികളായ ആസനഭേദങ്ങളെ ശീലിച്ചു വശപ്പെടുത്തിയവനായി. മീലി ...ജഃ—കണ്ണു ചിമ്മിക്കൊണ്ട്. സദാ—എപ്പോഴും. ഉജ്ജ്വലഃ—കാന്തി യാൽ പ്രകാശിക്കുന്നവനായി. സംയ...ക്രമഃ—മാത്രാക്രമത്തിൽ ശ്വാസ മടക്കി പ്രാണായാമം ചെയ്തുകൊണ്ട്. വിധൗതനാഡിനിവഹഃ—ശുദ്ധീ കരിച്ച ഇഡാപിംഗലാദിനാഡികളോടുകൂടിയവനായി. കേവ....ശനഃ വായുഭക്ഷണം മാത്രമുള്ളവനായി. മഹത് തപഃ തപ്തവാൻ—വലുതായ തപസ്സിനെ അനുഷ്ഠിച്ചു. കഠിനമായി തപസ്സു ചെയ്തു എന്നർത്ഥം.

പദ്യം 23. അസൗ—ഇവൻ. തദാ—അപ്പോൾ. മൂലശിഖികീലം—മൂലാധാരത്തിൽ ലീനമായ കുണ്ഡലിനീശക്തിയെ. ഉത്ഥാപ്യ—ഉണ

1 വിധൂത. 2. ഉത്താപ്യ. 3. ഖിമൂല. 4. സേ്തല.

ദീപ്തിസ്തദന്തരഥ കാചന മൂലപദ്മാത്
പ്രോത്ഥായ ദന്തുരിതമധ്യമനാഡിരന്ധ്രാ
ആദ്വാദശാന്തമപി രാജതദണ്ഡഗർഭ–
പ്രോദ്യന്മഹാരജതദണ്ഡനിഭോ ബഭാസേ. 24

ആകാശകേവലഗ്രഹോ ജലവാഹകാലേ
സാകാംക്ഷമേവ ശിശിരേ സലിലാവഗാഹീ
ആകീർണ്ണപഞ്ചശിഖിമധ്യഗതശ്ച ഘർമ്മേ
ലോകാദ്ഭുതാന്യഥ തപാംസി ചചാര സോ*ഽ*യം. 25

ത്തീട്ട്. സുഷു....ധ്വനാ–സുഷുമ്നയെന്ന നാഡിയുടെ നടുവിൽക്കൂടി. ഉരു പ്രകാശം–വളരെ കാന്തിയുള്ള. ദ്രഹിണരന്ധ്രം–ബ്രഹ്മരന്ധ്രത്തെ. വിഷ്വക് വിസ്താര്യ–ചുറ്റും വ്യാപിപ്പിച്ചിട്ട്. പരമാത്മചന്ദ്രസ്രൈസ്സുഃ–പരമാത്മാവാകുന്ന ചന്ദ്രങ്കൽനിന്നൊലിക്കുന്ന. അമൃതൈഃ–അമൃതങ്ങളാൽ ആന്തരനഭഃസ്ഥലം–ഹൃദയാകാശത്തെ. അഭ്യഷിഞ്ചത്–നനച്ചു. കുണ്ഡലിനീശക്തി സുഷുമ്നയിൽക്കൂടി ബ്രഹ്മരന്ധ്രത്തിൽ പ്രവേശിച്ച് അവിടെ പരമാത്മാവിനോട് ലയിക്കുമ്പോൾ ആനന്ദാനുഭൂതിയുണ്ടാകുന്നതായി ശാസ്ത്രം പറയുന്നു. ദ്രഹിണരന്ധ്രം–ഉച്ചിയിൽ ഉള്ളതായ ഒരു ദ്വാരം. ജീവൻ ശരീരം വിട്ടുപിരിയുന്നതു് ഇതിൽക്കൂടിയാണെന്നു പറയപ്പെടുന്നു.

''സുഷുമ്നാഖ്യാ മഹാനാഡീ ദേഹമധ്യേ പ്രതിഷ്ഠിതാ
അന്തഃസുഷിരസമ്പന്നാ വേണുകാണ്ഡവദുത്ഥിതാ.
ഗ്രാത്തു ദ്വ്യംഗ്രലാദ്ധർധ്വം മേഢ്റാത്തു ദ്വ്യംഗ്രലാദധഃ
മൂലേ*ഽ*പ്യച്ഛിന്നവംശാഭം തന്മൂലം സുപ്രതിഷ്ഠിതം.
ത്രികോണദേഹമധ്യം തന്മൂലാധാരം വിദുർ ബുധാഃ.''

എന്നു യോഗശാസ്ത്രം.

പദ്യം 24. അഥ–അനന്തരം. തദന്തഃ–അവന്റെ ഉള്ളിൽ. മൂലപദ്മാത്–പദ്മാകൃതിയിലുള്ള മൂലാധാരത്തിൽനിന്നു്. ദന്തു....രന്ധ്രാ–താഴ്ന്നുപൊങ്ങിയുമുള്ള മധ്യമ(സുഷുമ്ന)നാഡീദ്വാരത്തോടുകൂടി. കാചന ദീപ്തിഃ–ഒരു തേജസ്സു്. പ്രോത്ഥായ–മേല്പോട്ടുയർന്നു്. ആ ദ്വാദശാന്തം അപി–ശിരസ്സിൽ ദ്വാദശാന്തം എന്ന സ്ഥാനംവരെയും. രാജത....നിഭോ–വെള്ളിക്കഴലിൽനിന്നു പൊങ്ങിവരുന്ന സ്വർണ്ണവടിപോലെ. ബഭാസേ–ശോഭിച്ചു. മഹരജതം–സ്വർണ്ണം.

പദ്യം 25. അഥ–അനന്തരം. സഃ അയം–ആ ഇവൻ (രാവണൻ). ജലവാഹകാലേ–മഴക്കാലത്തു്. ആകാ... ഗ്രഹഃ–ആകാശം മാത്രമായ തുറന്ന സ്ഥലമാകുന്ന ഗൃഹത്തോടുകൂടിയവനായി (മേൽപ്പുര മുതലായ മറവുകളൊന്നുമില്ലാതെ). ശിശിരേ–മഞ്ഞുകാലത്തു്. സാകാംക്ഷം ഏവ താല്പര്യത്തോടുകൂടിത്തന്നെ. സലിലാവഗാഹീ–വെള്ളത്തിൽ ഇറങ്ങി നിൽക്കുന്നവനായി. ഘർമ്മേ–വേനൽക്കാലത്തു്. ആകീ....ഗതഃ ച–പഞ്ചാഗ്നിമധ്യസ്ഥിതനായും. നാലു വശങ്ങളിൽ അഗ്നിയും മുകളിൽ ആദിത്യനും പഞ്ചാഗ്നികളാം. ലോകാദ്ഭുതാനി–ലോകർക്കു് ആശ്ചര്യത്തെ ജനിപ്പിക്കുന്ന. തപാംസി–തപസ്സുകളെ. ചചാര–അനുഷ്ഠിച്ചു. കുമാരസംഭവഗതമായ പാവ്വതീതപോവർണ്ണനത്തിന്റെ അനുകരണമാണിതു്.

1. ദീപ്തസ്തത. 2. ലചന്ദ്രാത്

തപോമാഹാത്മ്യവർണ്ണന:

മുഹുരാന്തരചക്ഷുഷാ ഗിരീശം
ബഹിരന്തശ്ച നിറഞ്ഞു കണ്ടുകൊണ്ടേ
ദ്രുഹിണാദി തൃണാന്തമിപ്രപഞ്ചം
നിഖിലം കേവ ശിവത്രുപമായ് പുലമ്പീ. 26

ഇക്കാണായ വനങ്ങളും ഗിരി[1]ശിലാ–
കൂടങ്ങളും വല്ലരീ–
വൃക്ഷൗഘങ്ങളുമീ മൃഗങ്ങളുമൊരോ
[2]മറ്റുള്ള ജന്തുക്കളും
അഗ്രേ കണ്ടതശേഷവും പരശിവൻ
തന്നേ, ശിവാദന്യഥാ
ന കുത്രാപി സ്ഫുടമൊന്നുമേ, ശിവമയം
ത്രൈലോക്യമെപ്പേരുമേ. 27

ഞാനഗ്രേ ശശിചൂഡനായത്ര കനൽ–
ക്കണ്ണും മദീയാളികേ
ഞാനത്രേ ശിതികന്ധരൻ പരശ്രുതാ–
നെൻ കയ്യിലും സാമ്പ്രതം
ഞാനത്രേ ശിവനെന്നുമെന്നുടലിതെ–
ല്ലാമേ ശിവാഭിന്നമെ–
ന്നാനന്ദത്തൊടുറച്ചിതാത്മനി ദൃഢം
പത്യുർ നിശാചാരിണാം. 28

പദ്യം 26. മുഹുഃ–വീണ്ടു, വീണ്ടും. ആന്തരചക്ഷുഷാ–അന്തർദൃഷ്ടി കൊണ്ട്. ഗിരീശം–ശിവനെ. ബഹിഃ അന്തഃ ച–പുറത്തും ഉള്ളിലും. ദ്രുഹിണാദി തൃണാന്തം–ബ്രഹ്മാദി തൃണപര്യന്തമായ. നിഖിലം–മുഴുവൻ.

പദ്യം 27. പ്രപഞ്ചം ശിവത്രുപമെന്നു പറഞ്ഞതിനെ വിവരിക്കുന്നു ഗിരി....ടങ്ങളും–പർവതങ്ങളും പാറക്കൂട്ടങ്ങളും. വല്ലരീ...ഘങ്ങളും–വള്ളികളും വൃക്ഷങ്ങളും. അഗ്രേ–മുമ്പിൽ. ശിവാത് അന്യഥാ–ശിവനല്ലാതെ, ഒന്നുമേ. കുത്രാപി ന സ്ഫുടം–ഒരിടത്തും സ്പഷ്ടമല്ല. ത്രൈലോക്യം–മുന്നു ലോകം. എപ്പേരും–മുഴുവനും.

പദ്യം 28. ശശിചൂഡൻ–ശിവൻ. മദീയാളികേ–എന്റെ നെറ്റിയിൽ. കനൽക്കണ്ണ്–മൂന്നാം തൃക്കണ്ണ്. ശിതികന്ധരൻ–നീലകണ്ഠൻ പരശ്രു–വെണ്മഴു. സാമ്പ്രതം–ഇപ്പോഴും. ശിവാഭിന്നം–ശിവങ്കൽനിന്നു അന്യമല്ലാത്തത്. നിശാചാരിണാം പത്യുഃ ആത്മനി–രാക്ഷസരാജാവിന്റെ ഉള്ളിൽ. ദൃഢം ഉറച്ചിത–ഉറപ്പായി തോന്നി.

---

1. ഞു കാൺകകൊ. 2. ശിഖാക്ഷ. 3. ളമമ്മൃഗ. 4. രോ ജന്തുക്കളും മറ്റുള്ളതും.
5. ടദഞ്ചിതാത്മ.

സതതമപി മനീഷാബിംബിതം ധാമ ശൈവം
[1]പ്രഹിതരുചി പുറത്തു[2]ടിങ്ങു കത്തുന്നപോലേ
അതിശയിതതപസ്യാരീതികൊണ്ടേററമേററം
പ്രസരദതുലതേജോരാശി ജ ജ്വാല സോഽയം. 29

അത്യന്തം വിസ്മയിച്ചു മുനിജനമരികെ—
ക്കണ്ടു ഘോരം തപസ്യാ—
വിസ്താരം ദേവതാനാമിടനില മനകാ—
മ്പിന്ന തട്ടീ നിഗ്രഹം
എത്തീ സംഭ്രാന്തി മുപ്പാരിനമവഗതരം
തോഴ! സാക്ഷാത് ത്രിലോകീ—
ഭർത്താ പ്രത്യക്ഷനായീലതുപൊഴുതു പുരാ—
രാതിതാനൊന്നുകൊണ്ടും. 30

പലവിധ യോഗചര്യകളോടുകൂടി കഠിനമായ തപസ്സു വളരെക്കാലം ചെയ്തിട്ടും പരമശിവൻ പ്രസന്നനാവാഞ്ഞതിനാൽ രാവണൻ തന്റെ തല യറുത്തു ഹോമിക്കുവാൻ ആരംഭിക്കുന്നതായി പ്രസ്താവിക്കുന്നു:

അപ്രസേദുഷി തദാ വൃഷധ്വജേ
തത്ര വഹ്നിവലയേ ഭൃശോജ്ജ്വലേ
പ്രസ്രുവൻ വദനപങ്കജാഹുതിം
ചന്ദ്രഹാസമസിമാദദേ രുഷാ. 31

പദ്യം 29. സഃ അയം—ആ ഇവൻ. സതതം അപി—എപ്പൊഴും. മനീഷാബിംബിതം—ബുദ്ധിയിൽ പ്രതിഫലിച്ച. ശൈവം—ശിവനെ സംബന്ധിച്ച. ധാമ—തേജസ്സ്. പ്രഹിതരുചി—അയയ്ക്കപ്പെട്ട കാന്തിപ്ര സരത്തോടുകൂടിയതാകുംവണ്ണം. അതി....കൊണ്ട്—സർവ്വാതിശായിയായ തപശ്ചര്യാപ്രകാരത്താൽ. പ്രസര....രാശി—സർവ്വവ്യാപിയായ എതിരി ല്ലാത്ത ശോഭാതിശയത്തോടുകൂടി. ജ ജ്വാല—പ്രകാശിച്ചു.

പദ്യം 30 ഘോരം—കഠിനം. തപസ്യാവിസ്താരം—തപശ്ചര്യയുടെ പ്രൗഢി. ദേവതാനാം—ദേവതകളുടെ. മനകാമ്പിന്ന ഇടനില തട്ടീ—ദേവ ന്മാരുടെ മനസ്സിൽ ഭയപരിഭ്രമങ്ങൾ ഉണ്ടായി. നിഗ്രഹം—രഹസ്യമായി. അവശതരം—അധികം പരവശമായ വിധം. പുരാരാതി—പരമശിവൻ.

പദ്യം 31. തദാ—അപ്പോൾ. വൃഷധ്വജേ—പരമശിവൻ. അപ്രസേ ദുഷി—പ്രസന്നനാകാതെ (പ്രത്യക്ഷനാകാതെ) ഇരുന്നപ്പോൾ. ഭൃശോ ജ്ജ്വലേ—വളരെ കത്തിക്കാളുന്ന. തത്ര വഹ്നിവലയേ—അവിടെ ചുറ്റു പാടുമുള്ള അഗ്നിയിൽ. വദനപങ്കജാഹുതിം—തന്റെ മുഖപദ്മങ്ങളുടെ (തലകളുടെ) ഹോമത്തെ. പ്രസ്രുവൻ—പ്രസ്താവിച്ചുകൊണ്ട്. രുഷാ—കോപത്തോടുകൂടി. ചന്ദ്രഹാസം—ചന്ദ്രഹാസം എന്നു അസിം—തന്റെ വാളിനെ. ആദദേ—എടുത്തു.

1. പ്രഥിത. 2. ടിങ്ങുകത്തെന്ന.

വേണീബന്ധാൻ വലിച്ചുങ്ങുദിതരസമിടം—
കൈയ്ക്കുംകൊണ്ടാത്തമൂർദ്ധ—
ശ്രേണീം നേരാക്കി ദീപ്പാസിഭിരിനിയ വലം—
കൈത്തലൈരത്യുദാരം
താനേ തൻകണുകാണ്ഡപ്രഹരണസമയേ
കൈവളർത്തു വിശേഷി—
ച്ചാനന്ദം പത്തു വക്ത്രങ്ങളുമിരുപതു ഹ—
സ്തങ്ങളും വീരമൗലേഃ. 32

പ്രൗഢാത്മാ കണുവാടീം ത്രുടിതഘനസിരാ—
ബന്ധമാസ്കന്ധമൂലം
പാടേ ചേക്കും വിധൗ, വിസ്മയമഴകിതു ദ—
ക്ഷാരിയേ സാക്ഷിയുള്ള;
വാടീലമ്മന്ദഹാസം നുതി[1]ഭണിതികളം തേ—
ടീലഹോ! ഗദ്ഗദത്വം
കോടീലാ[2] ചില്ലിപോലും വദനദശകമേ—
കൈകമാസീത് പ്രസന്നം. 33

നിസ്ത്രിംശപ്രതിബിംബിതോപി യദ്ദരഃ—
കമ്പോ ന വീരവ്രത—
പ്രൗഢിഃ സേതി ന ചന്ദ്രഹാസമധുനോത്—
കണുച്ചിദാകമ്മസു

പദ്യം 32 വേണീബന്ധാൻ—തലമുടിക്കെട്ടുകളെ. ഉദിതരസം—രസത്തോടുകൂടി. ആത്മ....ണീം—തന്റെ തലകളുടെ പങ്ക്തിയെ. ദീപ്പാസിഭിഃ—പ്രകാശിക്കുന്ന വാളുകളോടുകൂടിയ. വലമൈത്തലൈഃ—വലത്തെ കൈകളാൽ. അത്യുദാരം—ലേശം മടികൂടാതെ. കണു....സമയേ—കഴുത്തുകളിൽ പ്രഹരിക്കുമ്പോഴും. വീരമൗലേഃ—രാവണന്റെ. വക്ത്രം—മുഖം. ഹസ്തം—കൈയ്. ആനന്ദം കൈവളർത്തു—സന്തോഷം വർദ്ധിച്ചു. പ്രഹരിക്കുന്ന കൈകളുംകൂടി പ്രഹരിക്കപ്പെടുന്ന തലകളുംകൂടി ഭയസംഭ്രമാദികളും ഉണ്ടായില്ല എന്നു മാത്രമല്ല, കൃത്യനിർവ്വഹണത്താൽ സന്തോഷവുമുണ്ടായി എന്നർത്ഥം.

പദ്യം 33. പ്രൗഢാത്മാ—ധീരനായ രാവണൻ. ത്രുടിത....ബന്ധം—ഛിന്നഭിന്നമായ വലിയ ഞരമ്പുകെട്ടുകളോടുകൂടിയവണ്ണം. ആസ്കന്ധമൂലം—തോളംവരെ. കണുവാടീം—കഴുത്തുകളെ. പാടേ ചേക്കും വിധൗ—ഓരോന്നായി മുറിക്കുമ്പോഴും. വിസ്മയം—ആശ്ചര്യം. ദക്ഷാരി—ശിവൻ. നുതിഭണിതികളം—ശിവപരങ്ങളായ സ്തോത്രവചനങ്ങളും. ഗദ്ഗദത്വം—തൊണ്ടയിടർച്ച. തേടീല—പ്രാപിച്ചില്ല. ചില്ലി—പുരികക്കൊടി. കോടീലാ—ചുംഗി കുറഞ്ഞില്ല. വദനദശകം ഏകൈകം—പത്തു മുഖങ്ങളും ഓരോന്നും. പ്രസന്നം ആസീത്—തെളിവുള്ളതായി ഭവിച്ചു.

പദ്യം 34. നിസ്ത്രിംശപ്രതിബിംബിതഃ—വാളിന്മേൽ പ്രതിഫലിച്ച

1. "തിഫണി". 2. "ടീലച്ചില്ലി".

യോ ജുഹവൻ സ്വശിരാംസി ശങ്കരപുരോ
ഹാകാരവൈരേണ ന
സ്വാഹാകാരമുദാജഹാര സ ദശ—
ഗ്രീവഃ കഥം കഥ്യതേ? 34

സോഷ്ണത്കൃത്യ ഹുതേഷു മൂർദ്ധസു ജവാ—
ദന്തഃ സ്ഫുടിത്വാ ബഹിർ—
വ്യാകീർണ്ണേഷ്വളികേഷു ദിവ്യലിപിഭിർ—
ദൃഷ്ട്വാപി രാമായണം
ചിത്തേനാസംഖലിതേന യസ്തദധികം
ബ്രഹ്മാണമപ്രീണയത്
[1]വീരോ നൈരൃതപുംഗവഃ കഥമസൗ
വീഥിം ഗിരാം ഗാഹതേ? 35

തായ. യുദ്ധരംഗമപി—യാതൊരു രാവണന്റെ മാറിടം ഇളകുകയെന്നതുപോലും. സാ വീരവ്രതപ്രൗഢിഃ ന—അവ്വണ്ണമുള്ള വീരവ്രതത്തിന്റെ പൊലിമയല്ല. ഇതി—എന്നു വിചാരിച്ചു്. (സഃ) കണ്ഡൂിദാകർഷസു—അവൻ കണ്ഡൂിപ്പോദനകൃത്യങ്ങളിൽ. ചന്ദ്രഹാസം—ചന്ദ്രഹാസത്തെ. ന അധുനോത്—ഇളക്കിയില്ല. ശങ്കരപുരഃ—ശിവന്റെ മുമ്പിൽ. സ്വശിരാംസി—തന്റെ തലകളെ. ജുഹവാൻ യഃ—ഹോമിക്കുന്നവനായ യാതൊരുത്തൻ. ഹാകാരവൈരേണ—ഹാ എന്ന ശബ്ദം ഉച്ചരിക്കുന്നതിലുള്ള വിരോധം നിമിത്തം. ഉത്സാഹത്തോടുകൂടി ശിരഃഛേദം ചെയ്യുന്ന ആളിനു ദൈന്യസൂചകമായ 'ഹാ' ശബ്ദോച്ചാരണം അനിഷ്ടമായിരിക്കുമല്ലോ. സ്വാഹാകാരം ന ഉദാജഹാര—'സ്വാഹാ' എന്ന ശബ്ദത്തെ ഉച്ചരിച്ചില്ല. എന്തെന്നാൽ, 'സ്വാഹാ' എന്നതിൽ 'ഹാ' ശബ്ദമുണ്ടു്. ദേവതയെ ഉദ്ദേശിച്ചു് അഗ്നിയിൽ ദ്രവ്യത്തെ ഹോമിക്കുമ്പോഴും മന്ത്രാവസാനങ്ങളിൽ 'സ്വാഹാ'ശബ്ദം ഉച്ചരിക്കുക പതിവാണു്. രാവണൻ അതു് ഉച്ചരിച്ചില്ല എന്നർത്ഥം. സഃ ദശഗ്രീവഃ—അവ്വണ്ണമുള്ള രാവണൻ. കഥം കഥ്യതേ—എങ്ങനെ കഥിക്കുവാൻ യോഗ്യൻ. വർണ്ണനയ്ക്കു് അതീതനാണു് രാവണൻ എന്നർത്ഥം. ''ഖഡ്ഗേ തു നിസ്ത്രിംശചന്ദ്രഹാസാസിരിഷ്ടയഃ''—(അമരം).

പദ്യം 35. സോഷ്ണം മൂർദ്ധസു—തന്റെ ശിരസ്സുകളെ. ജവാത് ഉത്കൃത്യ ഹുതേഷു—വേഗത്തിൽ അറുത്തു ഹോമിക്കപ്പെട്ടവുകളായിരിക്കുമ്പോഴും. അന്തഃ—ഉള്ളിൽ. സ്ഫുടിത്വാ—പൊട്ടിത്തെറിച്ചു്. അളികേഷു—നെറ്റികളിൽ. ബഹിഃ വ്യാകീർണ്ണേഷു—വെളിയിൽ ചിന്നിച്ചിതറിയപ്പോഴും. ദിവ്യലിപിഭിഃ—ശിരോലിപികളായിട്ടു്. രാമായണം അപി ദൃഷ്ട്വാ—രാമായണത്തെയും കണ്ടിട്ടു് (രാമൻ തന്നെ നിഗ്രഹിക്കുന്നതായ സംഗതി രാമായണം). അസംഖലിതേന ചിത്തേന—തെറ്റാത്ത ചിത്തത്തോടുകൂടി. യഃ—യാതൊരുവൻ. തദധികം—അതിലധികം. ബ്രഹ്മാണം—ബ്രഹ്മദേവനെ. അപ്രീണയത്—സന്തോഷിപ്പിച്ചുവോ. ദൈവകല്പിതമായ ശിരോലിപി ഇന്നതാണെന്നു് അറിഞ്ഞിട്ടുകൂടി തന്റെ പൗരു

1. ''ണയത് തസ്മൈ കഃ പ്രഥമായ മാനിഷു കഥം വീരായ വൈരായതേ.''

ഒമ്പതു തലകളും അറുത്തു ഹോമിച്ചതിൽ പിന്നെ പത്താമത്തെ തലയറുപ്പാൻ ശസ്ത്രമെടുത്തപ്പോഴും ഉണ്ടായ അവസ്ഥകളും അപ്രത്യക്ഷനായിരിക്കാൻ കഴിവില്ലാത്തവനായി പരമശിവൻ പ്രത്യക്ഷനായതും പ്രസ്താവിക്കുന്നു:

പൃഥ്വീചക്രം ചകമ്പേ തഡിതി ദശ ദിശോ
ഘോരവാതപ്രചാരാഃ
സപ്താംഭോരാശയസ്തേ ക്ഷുഭിതജലഭരാ
[illegible] ഗോത്രശൈലാഃ
ഹരിത്വാ മൂർദ്ധ്നോ നവാപി സ്വയമഥ ദശമം
ഛേത്തുമുദ്യുക്തമാനേ
രക്ഷോനാഥേ ക്ഷണേന ത്രിജഗതി കില ക-
ല്പാവസാനഭ്രമോഭ്രേത്. 36

പങ്ക്തിഗ്രീവേ തദാനീം നിജദശമശിര-
ശ്ഛേദനായാത്തശസ്ത്രേ
സന്തപ്താസ്തത്ര സന്തത്രുരവശധിയോ
ലോകപാലാഃ സമസ്താഃ.

ഷമനുസരിച്ചു പ്രയത്നിക്കുന്നതിൽ പിന്മാറാതെയിരുന്ന വീരധർമ്മം പുലർത്തുകയാൽ സൃഷ്ടികർത്താവായ ബ്രഹ്മദേവനു് അധികസന്തോഷം. അസൗ—ഇവൻ. വീരഃ നൈഋതപുംഗവഃ—വീരനായ രാക്ഷസശ്രേഷ്ഠൻ. ഗിരാം വീഥിം—വാക്കുകൾക്കു വിഷയമായി. കഥം ഗാഹതേ—എങ്ങനെ ചെയ്കുന്നു. രാവണനെ വർണ്ണിക്കുക സാദ്ധ്യമല്ല എന്നർത്ഥം.

പദ്യം 36. രക്ഷോനാഥേ—രാവണൻ. നവ മൂർദ്ധ്നഃ അപി ഹരിത്വാ—ഒമ്പതു ശിരസ്സുകളേയും മുറിച്ചിട്ടു്. അഥ—അനന്തരം. ക്ഷണേന—ഒട്ടും താമസിയാതെ. ദശമം ഛേത്തും ഉദ്യുക്തമാനേ—പത്താമത്തെ തലയെ ഛേദിക്കുവാൻ ഭാവിച്ചപ്പോഴേ. തഡിതി—ഉടൻതന്നെ. പൃഥ്വീചക്രം ചകമ്പേ—ഭൂകമ്പമുണ്ടായി. ദശ ദിശഃ—പത്തു ദിക്കുകളും. ഘോരവാതപ്രചാരാഃ—ചുഴലിക്കാറ്റുകളുടെ സഞ്ചാരത്തോടുകൂടിയതുകളായി. തേ സപ്താംഭോരാശയഃ—ആ ഏഴു സമുദ്രങ്ങളും. ക്ഷുഭിതജലഭരോഃ—ക്ഷോഭിച്ച ജലങ്ങളോടുകൂടിയതുകളായി. ഗോത്രശൈലാഃ—കുലപർവതങ്ങളും. ദുഃസ്ഥിതാഃ—കുലുങ്ങിയതുകളായി. ത്രിജഗതി—മൂന്നു ലോകത്തിലും. കല്പാവസാനഭ്രമഃ—കല്പം അവസാനിച്ചുവോ എന്നുള്ള ഭ്രമം. അഭ്രേത് കില—ഉണ്ടായിപോൽ. നാലു ദിക്കുകളും അവയുടെ കോണുകളും ആകാശവും ഭൂമിയും പത്തു ദിക്കുകൾ. ലവണം, ഇക്ഷു, സുരാ, സർപ്പി, ദധി, ശുദ്ധോദകം, ക്ഷീരം ഇങ്ങനെ ഏഴു സമുദ്രങ്ങൾ. മഹേന്ദ്രം മലയം സഹ്യൻ ശുക്തിമാൻ ഋക്ഷപർവതം വിന്ധ്യൻ പാരിയാത്രൻ എന്നിങ്ങനെ ഏഴു കുലാചലങ്ങൾ. സ്വർഗവും ഭൂമിയും പാതാളവും മൂന്നു ലോകങ്ങൾ. ആയിരം യുഗങ്ങൾ കൂടിയ ഒരു ബ്രഹ്മദിനം ഒരു കല്പം. അല്ലെങ്കിൽ 4320 ലക്ഷം വർഷം. പ്രളയകാലത്തിലാണു് കല്പാവസാനം.

പദ്യം 37. തദാനീം—അപ്പോൾ. പങ്ക്തിഗ്രീവേ—രാവണൻ. നിജദ....നായ—തന്റെ പത്താമത്തെ തലയറുപ്പാൻ. ആത്തശസ്ത്രേ—വാളെടുത്തപ്പോൾ. തത്ര—അവിടെ. സമസ്താഃ ലോകപാലാഃ—ഇന്ദ്രൻ

കിംച പ്രോദ്ദാമതത്സാഹസസമുദിതസം-
ഭ്രാന്തിസന്തോഷലോല-
സ്വാന്തോന്തർധാസഹിഷ്ണുഃ സമജനി ഭഗവാൻ
പാർവതീപ്രാണനാഥഃ. 37

ക്ഷേത്രവത്സലനായ പരമശിവന്റെ അനുഗ്രഹത്താൽ വീണ്ടും മുളച്ചുണ്ടായ ശിരസ്സോടു ശോഭിക്കുന്ന രാവണൻ ഭഗവാനെ വണങ്ങുന്നതായി പ്രസ്താവിക്കുന്നു:

പ്രാദുർഭൂയ പുരസ്താദാ സ ഭഗവാൻ
'മാ മാ കൃഥാഃ സാഹസം
ഭോ ഭോ വത്സ! ശിരാംസി സന്ദധതു തേ
ലങ്കേശ്വരേ'ത്യാലപൻ.
സദ്യഃപാടിതകണ്ഡകീകസകണാ-
കീർണ്ണാം തദംസസ്ഥലീം
സേവനേഭാജിനപല്ലവേന മുദിതഃ
പ്രാസ്ഫോടയദ് ധൂർജ്ജടിഃ. 38

മാനാധ്മാതഃ കൃത്തപൂർവ്വപ്രരൂഢ-
ശ്രീമന്മൗർദ്ധശ്രേണിവിരാജമാനഃ
സ്വീമർദ്ധാംഗേ വഞ്ചയിത്വാ സുഖേന
പ്രീതഃ ശംഭോരേകപാർശ്വേ പപാത. 39

തുടങ്ങിയുള്ള എല്ലാ ലോകപാലകന്മാരും. സന്തപ്താഃ-സന്താപമുള്ളവരായി. അവശധിയഃ-വ്യാകുലചിത്തരായി. സന്തത്രസുഃ-ഭയന്നു. കിംച-മാത്രമല്ല. പ്രോദ്ദാമ..... സ്വാന്തഃ-കഠിനമായ അവന്റെ സാഹസപ്രവൃത്തിയാൽ ഉണ്ടായ സംഭ്രമം സന്തോഷം ഇവകൊണ്ടു ചപലചിത്തനായി. പാർവ.....ഥഃ-ശിവൻ. അന്തർദ്ധാസഹിഷ്ണുഃ-അപ്രത്യക്ഷനായിരിക്കുവാൻ കഴിവില്ലാത്തവനായി. സമജനി-ഭവിച്ചു. ഇന്ദ്രൻ അഗ്നി യമൻ നൈർഋതൻ വരുണൻ വായു കുബേരൻ ഈശൻ ഇവർ പൂർവാദിദിക്കുകളുടെ എട്ടിന്റെ അധിപന്മാർ.

പദ്യം 38. തദാ-അപ്പോൾ. സഃ ഭഗവാൻ ധൂർജടിഃ-ആ ഭഗവാനായ ശിവൻ. മുദിതഃ-പ്രീതനായി. പുരഃ-രാവണന്റെ മുമ്പിൽ. പ്രാദുർഭൂയ-ആവിർഭവിച്ചിട്ട്. ഭോ ഭോ വത്സ ലങ്കേശ്വര-അല്ലയോ എന്റെ വാത്സല്യത്തിനു ഭാജനമായ രാവണ. സാഹസം മാ മാ കൃഥാഃ-സാഹസകൃത്യം ചെയ്യരുതു്. തേ-നിന്റെ. ശിരാംസി-തലകൾ. സന്ദധതു-ശരീരത്തോടു കൂടിച്ചേരട്ടെ. ഇതി-എന്നു്. ആലപൻ-പറഞ്ഞുകൊണ്ടു്. സദ്യഃ പാ.....കീർണ്ണാം-അപ്പോൾത്തന്നെ മുറിക്കപ്പെട്ട കഴുത്തുകളിൽനിന്നു വീണ രക്തം പുരണ്ട. തദംസസ്ഥലീം-അവന്റെ തോളിനെ. സേവന-തന്റെ. ഇഭാജിനപല്ലവേന-(വസ്ത്രമായ) ആനത്തോലാകുന്ന തളിരുകൊണ്ടു്. പ്രാസ്ഫോടയദ്-തുടച്ചു. ക്ഷേത്രവത്സലനാണല്ലോ ഭഗവാൻ.

പദ്യം 39. മാനാധ്മാതഃ-വളരെ അഭിമാനമുള്ളവനും. കൃത്ത.... മാനഃ-ആദ്യം മുറിക്കപ്പെട്ട പിന്നീടു മുളച്ചുണ്ടായ നല്ല തലകളാൽ പ്രകാ

രാവണന്റെ പ്രതാപവും വരം ലഭിക്കുവാനായുള്ള ആഗ്രഹവും പ്രസ്താവിക്കുന്നു:

പഞ്ചാനാം പാവകാനാമപി മഹസി തപോ
ദുശ്ചരം യശ്ചരിത്വാ
പ്രീഷ്ടിത്വാ[1] കണ്ഠമാലാം പഥി ഭവതി ദൃശോഃ
പാർവതീപ്രാണനാഥേ
ആവിർഭൂതേഷു വക്ത്രേഷ്വമരവരസഭേ
യോഷിദിത്യദ്രികന്യാം
ന പ്രാണംസീത് സ വാചാം കഥമിഹ[2] വിഷയം
ഗാഹതേ നൈർഋതേന്ദ്രഃ? 40

സന്തുഷ്ടേ തിസ്രണാം പുരാമപി രിപൗ
കണ്ഠൂലദോർമണ്ഡല–
ക്രീഡാകൃത്തഃ നഃപ്രരൂഢശിരസോ
വീരസ്യ ലിപ്സോർവരം

ശിക്കുന്നവനും. പ്രീതഃ–സന്തുഷ്ടനും (ആയ രാവണൻ). അർദ്ധാംഗേ–പകുതി ശരീരത്തിൽ ഉള്ള. സ്ത്രീം–സ്ത്രീയെ (പാർവതീദേവിയെ). വഞ്ചയിത്വാ–വകവയ്ക്കാതെ. സ്ത്രീയെ വണങ്ങുന്നതു തന്റെ അഭിമാനത്തിനു കുറവാണെന്നു കരുതി എന്നർത്ഥം. ശംഭോഃ–ശിവന്റെ. ഏക പാദേ-ഒരു കാലിൽ (വലത്തെക്കാലിനു നേരെ). പപാത-വീണു (നമസ്കരിച്ചു).

പദ്യം 40. യഃ-യാവനൊരുത്തൻ (രാവണൻ). പഞ്ചാനാം പാവകാനാം മഹസി അപി-പഞ്ചാഗ്നിജ്വാലാമധ്യത്തിൽപോലും. ദുശ്ചരം തപഃ ചരിത്വാ–അനുഷ്ഠിക്കുവാൻ പ്രയാസമുള്ള തപസ്സിനെ അനുഷ്ഠിച്ചിട്ട്. കണ്ഠമാലാം-കഴുത്തുകളെ. പ്രീഷ്ടിത്വാ (പ്രശ്ചിത്വാ)–മുറിച്ചിട്ട്. പാർവതീപ്രാണനാഥേ–ശിവൻ. ദൃശോഃ പഥി ഭവതി–പ്രത്യക്ഷനാവുകയും, വക്ത്രേഷു-മുഖങ്ങൾ (തലകൾ). ആവിർഭൂതേഷു–മുളച്ചുണ്ടാവുകയും ചെയ്തപ്പോൾ. അമരവരസഭേ-ദേവശ്രേഷ്ഠന്മാരുടെ സഭയിൽ, അദ്രികന്യാം–പാർവതിയെ. യോഷിത് ഇതി–സ്ത്രീയാണെന്നുള്ള കാരണത്താൽ. ന പ്രാണംസീത്-വണങ്ങിയില്ലയോ. സഃ നൈർഋതേന്ദ്രഃ-അങ്ങനെയുള്ള രാക്ഷസചക്രവർത്തി. ഇഹ–ഇവിടെ. വാചാം വിഷയം കഥം ഗാഹതേ-വാക്കുകൾക്കു വിഷയമാകുന്നതെങ്ങനെ. രാവണമാഹാത്മ്യം വാചാമഗോചരം എന്നു സാരം. പ്രശ്ചിത്വാ–''സമാസേ നഞ്പൂർവ്വേ ക്ത്വോ ല്യപ്'' എന്ന വിധിപ്രകാരം പ്രച്ഛിദ്യ' എന്നു വേണ്ടതല്ലേ? പ്രശ്ചിത്വാ എന്നായിരിക്കണം. ഓ പ്രശ്ചൂ ഛേദനേ എന്ന ധാതുവിന്റെ ത്വാപ്രത്യയാന്തരൂപം. അമരവരസഭേ–''സഭാ രാജാ, മനുഷ്യപൂർവാ'' എന്ന വിധിപ്രകാരം നപുംസകത്വം. അതിന്റെ സപ്തമിയാണിവിടെ പ്രയോഗിച്ചിരിക്കുന്നതു്.

പദ്യം 41. തിസ്രണാം പുരാം അപി രിപൗ-ത്രിപുരാന്തകനായ ശി

1. പ്രശ്ചിത്വാ? 2. മിവ വിഷ.

യാച്ഞാദൈന്യപരാഞ്ചി രാക്ഷസപതേ—
ശ്ചിത്രം മിഥസ്ത്വം വൃണ
ത്വം വൃണ്വിത്യഭിതോ മുഖാനി കലഹാ—
യന്തേ സ്മ തസ്മിൻ ക്ഷണേ. 41

രാവണനും സോദരരും ശിവന്റെ കാരുണ്യത്താൽ വരം ലഭിക്കുന്നു. വരം ലഭിച്ച രാവണൻ മയം നിർമ്മിതം കുബേരനാൽ ത്യക്തമായ ലങ്കയെ പ്രാപിച്ചു് സോദരിയായ ശൂർപ്പണഖയെ വിദ്യുജ്ജിഹ്വനു വിവാഹം ചെയ്തുകൊടുത്തിട്ടു് എല്ലാവരാലും സേവിതനായി മണ്ഡോദരിയോടുകൂടി സുഖമായി കഴിയുന്നു.

ലബ്ധ്വാ മുദ്ധ്വനുചൂഡാഭരണകരുണയാ
വിശ്വലോകോദയശ്രീ—
വിധ്വംസായോത്തരംഗം വരമുദിതമദോ—
ദ്രേകനിസ്നിദ്രചേതാഃ
നിദ്രാവൈകുണ്ഠസേവാമയവരയുഗളീ—
വഞ്ചിതൗ സ്വാനുജൗ തൗ
ധിക്കുർവ്വന്നുഗ്രതേജോഭയചകിതധനേ—
ശോജ്ഝിതാം പ്രാപ ലങ്കാം. 42

വാൻ. സന്തുഷ്ടേ—പ്രസന്നനായപ്പോൾ. കണ്ഡൂല.....ശിരസഃ—തരിപ്പുള്ള കൈകളാൽ കളിയെന്ന മട്ടിൽ മുറിക്കപ്പെട്ടു് പിന്നെ മുളച്ചുണ്ടായ ശിരസ്സുകളോടുകൂടിയവനും. വീരസ്യ-വീരനും. വരം ലിപ്സോഃ—വരത്തെ ആഗ്രഹിക്കുന്നവനും ആയ. രാക്ഷസപതേഃ-രാവണന്റെ. മുഖാനി-മുഖങ്ങൾ. യാച്ഞാദൈന്യപരാഞ്ചി-യാചിക്കുകയെന്ന അപമാനത്തിൽനിന്നു പിന്തിരിഞ്ഞവയായി. തസ്മിൻ ക്ഷണേ—ആ സമയത്തു്. മിഥഃ—തമ്മിൽ. ത്വം വൃണ ത്വം വൃണ ഇതി—നീ ചോദിക്കു് നീ ചോദിക്കു് എന്നു്. അഭിതഃ—ചുറ്റും. കലഹായന്തേ സ്മ—കലഹിച്ചു. ചിത്രം—ആശ്ചര്യം. ഒരാളോടു ചോദിക്കുന്നതു് അഭിമാനഹാനിയാണെന്നു മുഖങ്ങൾ കരുതി എന്നർത്ഥം. ആകാശം വായു ഭൂമി ഇവയിൽ യഥാക്രമം സ്വർണ്ണം വെള്ളി ഇരുമ്പു് എന്നീ മൂന്നു ലോഹങ്ങൾ കൊണ്ടു് അസുരർക്കായി മയൻ നിർമ്മിച്ച മൂന്നു പുരങ്ങൾ. ദേവന്മാരുടെ പ്രാർത്ഥനയനുസരിച്ചു ശിവനാൽ അതിൽ വസിക്കുന്ന അസുരന്മാരോടുകൂടി ദഹിപ്പിക്കപ്പെട്ടതുകൊണ്ടു് ത്രിപുരാന്തകൻ ഭഗവാൻ. വിദ്യുന്മാലിയും താരകാക്ഷനും കമലാക്ഷനും ത്രിപുരാധിപതികളായിരുന്നു.

പദ്യം 42. മുദ്ധ്വനു.....ണയാ—ശിവന്റെ കരുണയാൽ. വിശ്വ .....സായ—എല്ലാ ലോകങ്ങളുടെയും അഭിവൃദ്ധിയേയും നശിപ്പിക്കുവാൻ. ഉത്തരംഗം—ശക്തമായ. വരം ലബ്ധ്വാ—വരത്തെ ലഭിച്ചിട്ടു്. ഉദിത.....ചേതാഃ—ഉണ്ടായ അധികമായ അഹങ്കാരത്താൽ ഉണർച്ചയുള്ളവനായി. നിദ്രാ.... ഞ്ചിതൗ—ഉറക്കം വിഷ്ണുഭജനം എന്നീ രണ്ടു വരങ്ങളാൽ വഞ്ചിതന്മാരായ. തൗ സ്വാനുജൗ—ആ തന്റെ രണ്ടനുജന്മാരേയും. ധിക്കുർവ്വൻ—നിന്ദിക്കുന്നവനായിട്ടു്. ഉഗ്ര.....ഡ്ഢിതാം—തന്റെ ഉഗ്രമായ പ്രതാപം കണ്ടു പേടിച്ചു വിറച്ചു കുബേരനാൽ ത്യക്തമായ. ലങ്കാം പ്രാപ—ലങ്കയെ പ്രാപിച്ചു. ബ്രഹ്മാവിനെ ഉദ്ദേശിച്ചു തപസ്സു്

ലങ്കാപുരീമുപഗതം ഗിരിജാസഹായ-
കാരുണ്യലബ്ധവരഗർവ്വിതമേകവീരം
ആകർണ്യ രാവണമശേഷനിശാചരാസ്തേ
പാതാളഗാഃ സമുപതസ്ഥുരുദസ്തഖേദാഃ 43

ദത്ത്വാ സ്വസാരമഥ ശൂർപ്പണഖാം സ വിദ്യു-
ജ്ജിഹ്വായ വിഹ്വലിതവിഷ്ടപചക്രവാളഃ
മണ്ഡോദരീം പ്രിയതമാമുപഭുഞ്ജമാനോ
ലങ്കാപുരേ, രമത രാക്ഷസചക്രവർത്തീ. 44

വരലാഭഗർവ്വിതനായ രാവണന്റെ പ്രതാപവർണ്ണന:

പഞ്ഞിക്കെട്ടെന്നപോലേ രജതശിഖരിണം
പാണിപദ്മേ വിലാസം
തഞ്ചിക്കൈകൊണ്ടു പത്തൻപതുമറി കളിയ-
മ്മാനായാട്ടം ദശായാം

ചെയ്യ സന്തുഷ്ടനായ ബ്രഹ്മാവിങ്കൽനിന്നു വരം ലഭിച്ചതായും കഥയുണ്ടു്.

''തേ തു തീവ്രേണ തപസാ പ്രത്യക്ഷീകൃത്യ വേധസം.
വവ്രിരേ ച വരാനിഷ്ടാനസ്മാദാശ്രിതവത്സലാത്''

എന്ന രാമോദന്തപദ്യം നോക്കുക. രാവണൻ ഭഗവാനു് ഒരു ഉപകാരംചെയ്ത തിനു പ്രത്യുപകാരമായി വരം ലഭിച്ചതായും പറയപ്പെട്ടതു.

പദ്യം 43. ഗിരിജാ..... ഗർവിതം-ശിവന്റെ കാരുണ്യത്താൽ ലഭിച്ച വരം നിമിത്തം അഹങ്കാരിയും. ഏകവീരം—മഹാവീരനും (ലോകത്തിൽ ഒറ്റ വീരനായുള്ളവനും) ആയ. രാവണം-രാവണനെ. ലങ്കാപുരീം ഉപഗതം-ലങ്കയെ പ്രാപിച്ചവനായി. ആകർണ്യ-കേട്ടിട്ടു. പാതാളഗാഃ-പാതാളവാസികളായ. തേ അശേഷനിശാചരാഃ-ആ എല്ലാ രാക്ഷസന്മാരും. ഉദസ്തഖേദാഃ-ദുഃഖം തീർന്നവരായി. സമുപതസ്ഥുഃ-(ലങ്കയിൽ വന്നു) രാവണനെ സേവിച്ചിരുന്നു.

പദ്യം 44. അഥ-പിന്നെ. വിഹ..... ....വാളഃ—ലോകം മുഴുവൻ വ്യാകുലപ്പെടുത്തിയവനായ. സഃ രാക്ഷസചക്രവർത്തീ-ആ രാക്ഷസേന്ദ്രൻ (രാവണൻ). വിദ്യുജ്ജിഹ്വായ-വിദ്യുജ്ജിഹ്വനായ്ക്കൊണ്ടു്. സ്വസാരം ശൂർപ്പണഖാം ദത്വാ—സോദരിയായ ശൂർപ്പണഖയെ വിവാഹം ചെയ്യകൊടുത്തിട്ടു്. പ്രിയതമാം മണ്ഡോദരീം ഉപഭുഞ്ജമാനഃ—പ്രേയസിയായ മണ്ഡോദരിയോടുകൂടി സുഖിച്ചുകൊണ്ടു്. ലങ്കാപുരേ-ലങ്കാനഗരത്തിൽ. അരമത—സസന്തോഷം വസിച്ചു. മണ്ഡോദരി-രാവണന്റെ ഭാര്യ. മയന്റെ പുത്രി. അഞ്ചു് ഉത്തമസ്ത്രീകളിൽ ഒരുത്തി.

''അഹല്യാ ദ്രൗപദീ സീതാ താരാ മണ്ഡോദരീ തഥാ
പഞ്ചകന്യാഃ സ്മരേന്നിത്യം മഹാപാതകനാശനം''

എന്നു വചനമുണ്ടു്. തന്റെ പിതാവും പിതാമഹനും ഉദാസീനന്മാരായിരുന്നതുകൊണ്ടാണു് രാവണൻ സോദരിയെ വിവാഹം ചെയ്യകൊടുത്തതു്. 'ഉപഭുഞ്ജാനഃ' എന്നല്ലേ വേണ്ടതു്?

പദ്യം 45. രജതശിഖരിണം—വെള്ളിമലയായ കൈലാസത്തെ.

1. നമാട്ടം

അഞ്ചിക്കൊഞ്ചിക്കുഴഞ്ഞാകുലതരമചല-
പ്പൈതൽ പുൽകി പ്രസാദീ
കഞ്ജത്താർബാണവൈരീ വരമരുളിന ല-
ങ്കേശ്വരന്നാരുമൊവ്വാ. 45

ജവേന ചലിതേ ഗിരൗ ത്വടിതി വീതകോപോദയാ
ചകാര ജഗദീശിതുഃ സ്വയമുപേത്യ കണ്ഠഗ്രഹം
തദാതവയേസംഭ്രമപ്രഥിതരത്നകാഞ്ചീഗുണാ-
വലംബിതദുകൂലസംവൃതനിതംബപിംബാംബികാ. 46

രാവണൻ യോഗ്യതയറിഞ്ഞു ദേവന്മാരെക്കൊണ്ടു പണിയെടുപ്പിക്കുന്നതിനെ വർണ്ണിക്കുന്നു:

സമ്പൂർണ്ണത്വേന തന്നേ സതതമുദിതനാ-
കേണമേണാങ്കനർക്ക-
ന്നംഭോജന്മങ്ങളെങ്ങും വിരിവതിനു[1] വരാം
ച്യുട്ടക്കു[2]ടാതവണ്ണം,

വിലാസം തഞ്ചി–കളിയായി. പാണിപദ്മേ–കരകമലത്തിൽ. ദധാ യാം–സമയത്തു്. അചലപ്പൈതൽ–പാർവതി. ആകുലതരം–വളരെ പരിഭ്രമത്തോടുകൂടി. പ്രസാദീ–(പുൽകിയതുകൊണ്ടു്) സന്തുഷ്ടനായ. കഞ്ജ.....വൈരീ–കാമദേവന്റെ ശത്രുവായ ശിവൻ. വരം അരുളിന–വരം കൊടുത്തവനായ. ലങ്കേശ്വരന്നു–രാവണന്നു്. ആരും ഒവ്വാ–ആരും സാമ്യമല്ല.

''സമുത്ക്ഷിപൻ യഃ പൃഥിവീമുതാം വരം
വരപ്രദാനസ്യ ചകാര ശൂലിനഃ
ത്രസത്തുഷാരാദ്രിസുതാസസംഭ്രമേ-
സ്വയംഗ്രഹാശ്ലേഷസുഖേന നിഷ്ക്രിയം''

എന്ന പദ്യത്തെ വലിച്ചുനീട്ടി ഭാഷാന്തരപ്പെടുത്തിയതാകുന്നു പ്രകൃതപദ്യം.

പദ്യം 46. ഗിരൗ ജവേന ചലിതേ–പർവതം വേഗത്തിൽ ഇളകിയപ്പോഴേ. ത്വടിതി–ഉടൻതന്നെ. വീതകോപോദയാ–പ്രണയകോപം തീർന്നവളായി. തദാതവ.....ബിംബാ–തത്കാലമുണ്ടായ ഭയപരിഭ്രമങ്ങളാൽ നിമിത്തം സ്ഥാനത്തിൽനിന്നു തെറ്റിയ അരഞ്ഞാണിൽ പറ്റിപ്പിടിച്ചിരിക്കുന്ന പട്ടവസ്ത്രത്താൽ മറയ്ക്കപ്പെട്ട നിതംബപ്രദേശത്തോടുകൂടിയ. അംബികാ–പാർവതി. സ്വയം–തന്നെത്താനെ. ഉപേത്യ–അടുത്തു ചെന്നു. ജഗദീശിതുഃ–ശിവന്റെ. കണ്ഠഗ്രഹം ചകാര–കഴുത്തിൽ കെട്ടിപ്പിടിച്ചു. രാവണന്റെ കൈലാസോദ്ധരണരൂപമായ സാഹസകൃത്യം പാർവതീപ്രണയകലഹശാന്തിയെ വരുത്തിക്കൊണ്ടു പരമേശ്വരനെ സന്തോഷിപ്പിച്ചു. സന്തുഷ്ടനായ പരമേശ്വരൻ രാവണനു ചന്ദ്രഹാസാദികം സമ്മാനിച്ചു. ''തത്കാലസ്തു തദാതവം സ്യാത്'' –(അമരം).

പദ്യം 47. ഏണാങ്കൻ–ചന്ദ്രൻ. സതതം–എപ്പോഴും. സമ്പൂർണ്ണത്വേന തന്നെ–എല്ലാ കലകളോടുംകൂടി പൂർണ്ണനായിത്തന്നെ. ഉദിതൻ

1. ന പരം ചു. 2. ടാതെ വ.

വൻപാർപൂന്തെന്നൽ ബന്ദീകൃതവിബുധവധൂ–
നീവികമ്പേന മുൻപേ
സംഭാവ്യാത്മാ തദങ്കേ വിഹൃതിമകൃത ല–
ങ്കേശ്വരന്നാരുമൊവ്വാ. 47

നിശാന്തഃപുരീപരിധാനധൃനന–
സ്ഫുടാഗസാപ്യൂരുഷു ലോലചക്ഷുഷഃ
പ്രിയേണ തസ്യാനപരാധബാധിതാഃ
പ്രകമ്പനേനാനുചകമ്പിരേ സുരാഃ. 48

ഭീരുസ്വാന്തോ മഹേന്ദ്രൻ കഴലിണ പണിവാൻ
ഗോപുരം കാത്തുനില്ക്ക–
ന്നോരെക്കണ്ടും പറഞ്ഞും പലവഴിയിലിര–
ന്നീടിലും, കാൺക! പാപം!
ഘോരം ഭ്രൂവല്ലികൊണ്ടങ്ങവരൊടിടയിടെ–
ത്തല്പകൊണ്ടാനകാണ്മേ
ചൂരക്കോൽകൊണ്ടു കൊള്ളംപരിചു ജഗതി ല–
ങ്കേശ്വരന്നാരുമൊവ്വാ. 49

ആകേണം–ഉദിക്കണം. അക്കന്നു–സൂര്യനു്. അംഭോജന്മങ്ങൾ–താമരപ്പൂക്കൾ. അധികം ചൂടുകൂടാതെ പൂക്കൾ വിടരത്തക്കവെണ്ണമുള്ള ചൂടോടുകൂടി സൂര്യനുദിക്കാം (ഉദിക്കാം) എന്നർത്ഥം. വൻപാർപൂന്തെന്നൽ–ഭൂമിയിലുള്ള പുഷ്പങ്ങളുടെ മണം വഹിക്കുന്ന കാറു്. ബന്ദീ....കമ്പേന–പിടിച്ചുകൊണ്ടുവന്ന പാർപ്പിച്ചിരിക്കുന്ന ദേവസ്ത്രീകളുടെ വസ്ത്രങ്ങളെ മാറ്റുന്നതുനിമിത്തം. മുമ്പേ–തന്റെ മുമ്പിൽ. സംഭാവ്യാത്മാ–ബഹുമാനിക്കപ്പെട്ടവനായി. തദങ്കേ–അവന്റെ മടിയിൽ (സമീപത്തിൽ). വിഹൃതിം അകൃത–വിഹരിച്ചു. ഇന്ദ്രാദികളെപ്പോലും രാവണന്റെ അഭീഷ്ടത്തിനു തക്കവണ്ണം നടന്നുകൊള്ളണം എന്നർത്ഥം. അവ്വണ്ണമുള്ള ലങ്കേശ്വരനു് ആരും ഒക്കുകയില്ല.

പദ്യം 48. നിശാന്ത....ഗസാ അപി–അന്തഃപുരവനിതകളുടെ ഉടുപുടവകളെ മാറ്റുന്നതുകൊണ്ടു വ്യക്തമായി അപരാധം ചെയ്യുവനാണെങ്കിലും. ഊരുഷു–അവരുടെ തുടകളിൽ. ലോലചക്ഷുഷഃ–ചപലദൃഷ്ടിയായ. തസ്യ–അവന്റെ. പ്രിയേണ–സ്നേഹിതനായ. പ്രകമ്പനേന–വായുവിനാൽ. അനപരാധബാധിതാഃ–കുറ്റം കൂടാതെ ഉപദ്രവിക്കപ്പെട്ട. സുരാഃ–ദേവന്മാർ. അനുചകമ്പിരേ–കൃപയ്ക്കു വിഷയമാക്കപ്പെട്ടു. ചിലപ്പോൾ നിരപരാധികളെപ്പോലും പ്രഭുകോപത്തിനു പാത്രമാവുന്നതും പിന്നെ സേവകന്മാരുടെ ശുപാർശകൊണ്ടു രക്ഷ നേടുന്നതും ലോകസ്വഭാവമാണു്. മാഘകാവ്യത്തിലുള്ളതാണു് പ്രകൃതപദ്യം.

പദ്യം 49. ഭീരുസ്വാന്തഃ–ഉള്ളിൽ പേടിയുള്ള. മഹേന്ദ്രഃ–ദേവേന്ദ്രൻ. രാവണനെക്കണ്ടു തൊഴാനായി അകത്തു ചെല്ലാൻ ഗോപുരം കാക്കുന്നവരോടു പലവിധത്തിൽ ആവശ്യപ്പെടുന്നു. ഘോരം–ഭയങ്കരം. അവ

1. ടിടയിടത്ത.

തദ്ദ്വാരപാലൈർ മണിദണ്ഡഹസ്തൈഃ
കിരീടകോടീഷു കൃതപ്രഹാരാഃ
കൈംകര്യസിദ്ധ്യൈ കമലാസനാദ്യാ
നാകൗകസോ നാവസരം ലഭന്തേ. 50

രക്ഷോനാഥാ! ജയേതി പ്രണമനവുമിയ-
ന്നന്തിയാം നേരമേവ-
ന്നുത്ക്ലോല്ലാസിരത്നപ്രഭയിലുലകിടം
മുങ്ങുമാറങ്ങുപാന്തേ
അർക്കാലോകാവസാനേ നിരവിൽ നിലവിള-
ക്കങ്ങു വയ്ക്കുന്നപോലേ
നില്പ്പേണം ചൂഴമെട്ടും ഫണിവരരിഹ ല-
ങ്കേശ്വരന്നാരുമൊപ്പാ. 51

വാനോരെപ്പോരിൽ മണ്ണിച്ചിടയിലുടനടൻ
കൊണ്ടുപോന്നാത്മപുഷ്പോ-
ദ്യാനേ മണ്ഡോദരീദൃഷ്ടികമം മദമണിവാൻ
നട്ടനട്ടുഡശോഭം

രോട്ട-ഗോപുരം കാക്കുന്നവരോട്ട്. അകാണ്ഡേ-കാരണം കൂടാതെ. ചൂര ക്കോൽകൊണ്ടുള്ള അടിസന്താനംപോലെ ദ്രുവല്ലികൊണ്ട-പുരികക്കൊടികൊണ്ട തല്ലുകൊണ്ടോൻ. ദേവേന്ദ്രനപോലും നിസ്സാരന്മാരുടെ അനാദരവുണ്ടായി എന്നു സാരം. ജഗതി-ലോകത്തിൽ.

പദ്യം 50. മണിദണ്ഡഹസ്തൈഃ-രത്നങ്ങളം പതിച്ച വടികളം കയ്യിലുള്ള. തദ്ദ്വാരപാലൈഃ-അവന്റെ (രാവണന്റെ) ദ്വാരപാലന്മാരാൽ. കിരീടകോടീഷു-കിരീടങ്ങളുടെ മുകളിലത്തെ ഭാഗങ്ങളിൽ. കൃതപ്രഹാരാഃ-പ്രഹരിക്കപ്പെട്ടവരായ. കമലാസനാദ്യാഃ നാകൗകസഃ-ബ്രഹ്മാവു മുതലായ ദേവന്മാർ. കൈംകര്യസിദ്ധ്യൈ-ശുശ്രൂഷിക്കുവാൻ. അവസരം ന ലഭന്തേ-അവസരം ലഭിക്കുന്നില്ല.

പദ്യം 51. രക്ഷോനാഥാ ജയ-അല്ലയോ രാക്ഷസരാജാവേ അങ്ങു സർവോത്കർഷത്തോടു വർത്തിച്ചാലും. ഇതി-എന്നു (പറഞ്ഞു.) പ്രണമനവും ഇയന്ന-വന്ദനവും ചെയ്യു. ഉത്ക്ലോ....ഭയിൽ-വളരെ പ്രകാശിക്കുന്ന രത്നങ്ങളുടെ കാന്തിയിൽ. ഉപാന്തേ-അടുക്കൽ. അർക്കാ.... സാനേ-സൂര്യപ്രകാശം അവസാനിക്കുമ്പോഴം. നിരവിൽ-ഭിത്തിയിൽ. ചൂഴം എട്ടും-ചുറ്റും എട്ടു ദിക്കിലും, ഫണിവരർ-വാസുകി മുതലായ സർപ്പശ്രേഷ്ഠന്മാർ. ഇഹ-ഇവിടെ.

''ജ്വലന്മണിശിഖാജ്വാലം വാസുകിപ്രമുഖാ നിശി.
സ്ഥിരപ്രദീപതാമേത്യ ഭുജംഗാഃ പര്യുപാസതേ''

എന്ന കുമാരസംഭവപദ്യത്തിന്റെ അനുകരണമാകുന്നു പ്രകൃതപദ്യം.

പദ്യം 52. വാനോർ-ദേവകളം. ആത്മപുഷ്പോദ്യാനേ-തന്റെ പൂങ്കാവിൽ. മണ്ഡോദരീദൃഷ്ടികമം (കു)മദം (ആനന്ദം.) അണിവാൻ-

ഊനാപായം വളന്നീടിന കനകലതാ–
വാടി പാടേ നനപ്പാൻ
താനേ പോന്നും വരേണം ത്രിദശതടിനി ല–
ങ്കേശ്വരന്നാരുമൊപ്പാ. 52

ഗദ്യം 2. രാവണന്റെ ദൗഷ്ട്യം കൊണ്ടു ലോകങ്ങൾക്കുണ്ടായ ഉപദ്രവത്തെ വർണ്ണിക്കുന്നു:

അഥ, കൈകസീസുകൃതവിഷതരുവിഷവൃക്ഷചീനമൂല–
നാരാചേന, പുലസ്ത്യമുനിതപസ്യാപ്രദീപകജ്ജളകന്ദളേന,
പ്രമഥപതിപ്രസാദതപനതാപനശക്തിസർവ്വസേവന,
മന്ദീകൃതമഹേന്ദ്രേണ, ബന്ദീകൃതസുരസുന്ദരീകചബന്ധ–
സൗഗന്ധ്യവാസിതകരതലാന്തോളിതചന്ദ്രഹാസധാരാസമു–
ത്ഥിതകീർത്തികന്ദളീകബളനാദുഃസ്ഥിതദിശാചക്രവാളേന,
വഹ്നിമപി നിഹ്നവാനേന, ദണ്ഡിനമപി ദണ്ഡയതാ,
പ്രചേതസമപി വിചേതീകുർവ്വതാ, രുദ്രാനപി വിദ്രാവയതാ,
വസൂനപ്യവസൂകൃതവതാ, ചന്ദ്രമപി നിന്ദതാ, രവിമപി
രാവയതാ, വിദ്രാവ്യമാനവിദ്യാധരേണ, ഗന്ധർവഗർവ–
സർവംകഷേണ, കിംപുരുഷകുടുംബകമ്പനലമ്പടേന,
യക്ഷകുലപ്രക്ഷോഭണദക്ഷിണകൗക്ഷേയകോത്ക്ഷേപേണ,

ഉണ്ടാകുവാൻ. ഊഢശോഭം–വളരെ ഭംഗിയോടുകൂടി. ഊനാപായം–നാശം കൂടാതെ. കനകലതാവാടി–ദിവ്യപുഷ്പങ്ങളെ ഉണ്ടാകുന്ന തോട്ടം. ത്രിദശതടിനി–ആകാശഗംഗ.

ഗദ്യം 2. അഥ-പിന്നെ. കൈകസീ....ചേന-കൈകസിയുടെ പുണ്യമാകുന്ന വിഷവൃക്ഷത്തിന്റെ ചുവടും വ്യാപിച്ചിരിക്കുന്ന വേരുകളെ മുറിച്ചു നശിപ്പിക്കുന്നതിനുള്ള മഴുവായിട്ടുള്ളവനും. പുലസ്ത്യ....കന്ദളേന–പുലസ്ത്യമുനിയുടെ തപസ്സാകുന്ന വിളക്കിന്റെ മഷിയായിട്ടുള്ളവനും. പ്രമഥ....സർവസേവന–പ്രമഥപതിയായ ശിവന്റെ അനുഗ്രഹമാകുന്ന സൂര്യന്റെ തപിപ്പിക്കാനുള്ള ശക്തിയെല്ലാമുള്ളവനും. മന്ദീകൃതമഹേന്ദ്രേണ–നിസ്സാരനായാക്കപ്പെട്ട ദേവേന്ദ്രനോടുകൂടിയവനും. ബന്ദീകൃത..... വാളേന–പിടിച്ചുകൊണ്ടുവന്ന പാർപ്പിക്കപ്പെട്ട ദേവസ്ത്രീകളുടെ തലമുടിക്കെട്ടിന്റെ മണമോടു വാസനയോടുകൂടിയ കൈത്തലത്താൽ ചലിപ്പിക്കപ്പെട്ട ചന്ദ്രഹാസം എന്ന വാളിന്റെ മൂർച്ചയിൽനിന്നുണ്ടായ കീർത്തിയെ വ്യാപിപ്പിച്ചു ദുഃസ്ഥിതിയിലായ സകലദിക്കുകളോടുകൂടിയവനും. വഹ്നിം അപി–അഗ്നിയെപ്പോലും. നിഹ്നവാനേന–തിരസ്കരിക്കുന്നവനും. രാവണന്റെ പ്രതാപം വഹ്നിയെപ്പോലും തോല്പിക്കുന്നു എന്നർത്ഥം. ദണ്ഡിനം അപി–യമനെക്കൂടി. ദണ്ഡയതാ–ശിക്ഷിക്കുന്നവനും. പ്രചേതസം അപി–വരുണനെക്കൂടി. വിചേതീകുർവതാ–മടക്കുന്നവനും. രുദ്രാൻ അപി–രുദ്രന്മാരെക്കൂടി. വിദ്രാവയതാ–ഓടിക്കുന്നവനും. വസൂൻ അപി–വസുക്കളേയും. അവസൂകൃതവതാ–ശക്തിയില്ലാത്തവരാക്കിത്തീർത്തവനും. ചന്ദ്രം അപി–ചന്ദ്രനെക്കൂടി. നിന്ദതാ–നിന്ദിക്കുന്നവനും. രവിം

1. ളനദ 2. പ്രാചേ.

കിന്നരനികരഖിന്നതാവദാന്യസന്നാഹേന, സിദ്ധജനചി-
ത്താരുന്തുദനീരസ്രുരഥനേമിനിർഘോഷേണ, ഗ്രഹഗള-
ഗ്രഹവ്യഗ്രനിരർഗ്ഗളവിക്രമേണ, കാലരുദ്ധുരന്ധരേണ,
ദശകന്ധരേണ സമാക്രാന്തേഷു സകലലോകേഷു,
മരുപര്യായേ മേരൗ, കലിതസന്ത്രാസേ കൈലാസേ,
ഭഗ്നകന്ദരേ മന്ദരേ, [1]സത്ത്വശ്രുന്യേ [2]പാരിയാത്രകേ,
സഹ്യേതരപീഡേ സഹ്യേ, സമ്പ്രാപ്തവിലയേ മലയേ,
ഘൂർണ്ണിതാനി താമ്രപർണ്ണീഗർഭ[3]ഗതോയാനി, ചൂർണ്ണി-
താനി ചൂർണ്ണീകല്ലോലജാതാനി, കബളി[4]താനി
കാവേരീജലാനി, കലുഷിതാ കളിന്ദകന്യാ, പ്രാപ്ത-
ഭംഗാ [5]ഗംഗാ, കുശലേതരാഃ കോസലാഃ മോഹശാ-
ലിനോ ഹേഹയാഃ, വ്യാകുലാഃ കേകയാഃ, സംഗത-

അപി-സ്മരന്നെക്കുടി. രാവയതാ-പീഡിപ്പിക്കുന്നവനം. വിദ്രാ.... രേണ-വിദ്യാധരന്മാരെ ഓടിച്ചവനം. ഗന്ധർവ്വ....ഷേണ-ഗന്ധർവ്വ ന്മാരുടെ ഗാർവിനെയെല്ലാം നശിപ്പിക്കുന്നവനം. കിംപു....ടേന-കിംപുരുഷന്മാരുടെ കലത്തെ ഭയപ്പെട്ടത്തി വിടുപ്പിക്കുന്നവനം. യക്ഷ.... പേണ-യക്ഷന്മാരുടെ വംശത്തെ വ്യാകുലപ്പെടുത്തുവാൻ സമർത്ഥമായ വാളിന്റെ ഇളക്കത്തോടുകൂടിയവനം. കിന്നര....ഹേന-കിന്നരന്മാർക്ക ഖേദമുണ്ടാക്കുവാൻ സന്നദ്ധനം. സിദ്ധ....ഷേണ-സിദ്ധന്മാരുടെ മന സ്സിനു അസഹ്യമായ പീഡയെ ഉണ്ടാക്കുന്ന തേരൊലിയോടുകൂടിയവനം. ഗ്രഹ....മേണ-ഗ്രഹങ്ങളെ കഴുത്തിൽ പിടിച്ചു തള്ളുവാൻ മടിയില്ലാത്ത തും തടവില്ലാത്തതും ആയ പരാക്രമത്തോടുകൂടിയവനം. കാല....രേണ-സംഹാരരുദ്രതുല്യനം ആയ. ദശകന്ധരേണ-രാവണനാൽ. സകല ലോകേഷു-എല്ലാ ലോകങ്ങളും. സമാക്രാന്തേഷു-ആക്രമിക്കപ്പെട്ടുക ളായിരിക്കുമ്പോഴം. മേരൗ-മഹാമേരുപർവതം. മരുപര്യായേ-മരുഭൂമി യായും. കൈലാസേ-കൈലാസപർവതം. കലിതസന്ത്രാസേ-ഭയ ന്നതായും. മന്ദരേ-മന്ദരപർവ്വതം. ഭഗ്നകന്ദരേ-തുന്ന ഗ്രഹകല്ലോടുകൂടിയ തായും. പാരിയാത്രകേ-പാരിയാത്രകമെന്ന കുലപർവ്വതം. സത്ത്വശ്രു ന്യേ-പ്രാണിരഹിതമായും. സഹ്യേ-സഹ്യപർവ്വതം. സഹ്യേതര പീഡേ-സഹിക്കാൻ വയ്യാത്ത പീഡയോടുകൂടിയതായും. മലയേ-മലയപർവതം. സമ്പ്രാപ്തവിലയേ-നശിക്കുന്നതായും, ഭവിച്ചപ്പോഴം താമ്ര....യാനി-താമ്രപർണ്ണീനദിയിലെ ജലമെല്ലാം. ഘൂർണ്ണിതാനി-കലക്കിമറിക്കപ്പെട്ടു. ചൂർണ്ണീ....ലാനി-ചൂർണ്ണാനദിയിലെ തിരമാല കളെല്ലാം. ചൂർണ്ണിതാനി-നശിപ്പിക്കപ്പെട്ടു. കാവേരീജലാനി-കാവേ രിനദിയിലെ വെള്ളമെല്ലാം. കബളിതാനി-കുടിച്ചുതീർക്കപ്പെട്ടു. കളി ന്ദകന്യാ-യമുനാനദി. കലുഷിതാ-കലക്കിമറിക്കപ്പെട്ടു. ഗംഗാ അപി -ഗംഗാനദിയും.. പ്രാപ്തഭംഗാ-ഇഷ്ടംപോലെ ഒഴുകാതെ തടവുള്ളതായി. കോസലാഃ-കോസലജനപദത്തിലുള്ളവർ. കുശലേതരാഃ-ആപത്തുള്ള വരായി. ഹേഹയാഃ-ഹേഹയജനപദത്തിലുള്ളവർ. മോഹശാലിനഃ-മോഹാലസ്യം പൂണ്ടവരായി. കേകയാഃ-കേകയജനപദത്തിലുള്ളവർ.

1. സത്ത്വശ്രു. 2. പരി. 3. ർഭതോ. 4. തപ്രായാനി. 5. ഗംഗാപി, ക.

കളകളാഃ സിംഹളാഃ, [1]മാനഹാനിവന്ധ്യാ മഗധാഃ,
നിഷിദ്ധമര്യാദാ നിഷധാഃ, വിസ്മൃതനിദ്രാസുഖാ മദ്രാഃ,
കലഹപ്രാപ്തഭംഗാഃ കലിംഗാഃ, തുരംഗഭംഗസങ്കുലാ—
സ്തുലിംഗാഃ, രക്ഷോരവഭീരുകർണ്ണപടാഃ കർണ്ണാടാഃ,
വന്ധ്യനൃത്തരംഗാ വംഗാഃ, [2]ജളതാനിചോളാശ്ചോളാഃ,
ഭീതിതരളാഃ കേരളാഃ, പരിഹൃതതാണ്ഡവാഃ
പാണ്ഡ്യാഃ, കിം ബഹുനാ സർവ്വത്ര സദൈവ ചതുർ--
ദശഭുവനേ, പി വിനഷ്ടാ[3] ധർമ്മാഃ, നിർവൃത്താ വിദ്യാഃ,
വിരതാനി സുരതാനി, സ്വാഹാകാരം വിനാ ഹാഹാ—
കാര ഏവ കേവലമാവിരാസീത്.

വ്യാകുലാഃ—പരവശരായി. സിംഹളാഃ—സിംഹളജനപദത്തിലുള്ളവർ. സംഹൃതകളകളാഃ—ഒച്ചയില്ലാത്തവരായി. മഗധാഃ—മഗധജനപദത്തിലുള്ളവർ. മാനഹാനിവന്ധ്യാഃ—മാനഹാനി നിമിത്തം നിഷ്ഫലരായി. നിഷധാഃ—നിഷധജനപദത്തിലുള്ളവർ. നിഷിദ്ധമര്യാദാഃ—മര്യാദയില്ലാത്തവരായി. അകൃതികളായി എന്നർത്ഥം. മദ്രാഃ—മദ്രജനപദത്തിലുള്ളവർ. വിസ്മൃതനിദ്രാസുഖാഃ—നിദ്രാസുഖം മറന്നവരായി. കലിംഗാഃ—കലിംഗജനപദത്തിലുള്ളവർ കലഹപ്രാപ്തഭംഗാഃ—യുദ്ധത്തിൽ തോറ്റവരായി. തുലിംഗാഃ—തുലുക്കർ. തുരംഗഭംഗസങ്കുലാഃ—കുതിരകളെ നശിച്ച വ്യാകുലരായി. കർണ്ണാടാഃ—കർണ്ണാടജനപദത്തിലുള്ളവർ. രക്ഷോ ....പടാ—രാക്ഷസന്മാർ അട്ടഹസിക്കുന്നതു കേട്ടു പേടിച്ചു കാതടഞ്ഞവരായി. വംഗാഃ—വംഗജനപദത്തിലുള്ളവർ. വന്ധ്യനൃത്തരംഗാഃ—നിഷ്ഫലമായ (ശൂന്യമായ) ആട്ടപ്പന്തലോടുകൂടിയവരായി. ചോളാഃ—ചോളജനപദവാസികൾ. ജളതാനിചോളാഃ—ജാഡ്യമുള്ളവരായി. കേരളാഃ—കേരളീയർ. ഭീതിതരളാഃ—ഭയമുണ്ടായി. പാണ്ഡ്യാഃ—പാണ്ഡ്യദേശത്തിലുള്ളവർ. പരിഹൃതതാണ്ഡവാഃ—ആട്ടവും പാട്ടവും ഇല്ലാത്തവരായി. കിം ബഹുനാ—വളരെ എന്തിനു പറയുന്നു. ചതുർദശഭുവനേ—പതിന്നാലു ലോകത്തിൽ. സർവ്വത്ര അപി—എല്ലായിടത്തും. സദാ ഏവ—എപ്പോഴും. ധർമ്മാഃ—ധർമ്മങ്ങൾ. വിനഷ്ടാഃ—കീഴ്പ്പോട്ടായി. വിദ്യാഃ—വിദ്യകൾ. നിവൃത്താഃ—പ്രചാരമില്ലാത്തവയായി. സുരതാനി—സുഖാനുഭവങ്ങൾ. വിരതാനി—വിരമിച്ചു സ്വാഹാകാരം വിനാ—സ്വാഹാ എന്ന ശബ്ദോച്ചാരണം കൂടാതെ. ഹാഹാകാരഃ കേവലം ഏവ—ഹാഹാകാരം (അയ്യോ എന്ന ഭയസൂചകശബ്ദം) മാത്രം തന്നെ. ആവിരാസീത്- ഉണ്ടായി. യാഗാദിസത്കർമ്മങ്ങൾ ഇല്ലാതെ കലഹവും അടികലശലും മറ്റും വർദ്ധിച്ചു എന്നർത്ഥം. പ്രകൃതവർണ്ണനയുടെ അനുകരണം കാത്തവീര്യാർജ്ജുനവിജയം തുള്ളലിൽ കാണാം. പ്രമഥർ—ശിവപാരിഷദന്മാർ. പതിനൊന്നു രുദ്രന്മാർ ഉണ്ട്. അവർ ശിവന്റെ കുറഞ്ഞ അവതാരങ്ങളാണ്. അവരിൽ പ്രധാനി ഹരൻ. അജൈകപാത്തു് അഹിർബുധ്ന്യൻ വിരൂപാക്ഷൻ സുരേശ്വരൻ ജയന്തൻ ബഹുരൂപൻ അപരാജിതൻ സാവിത്രൻ ത്ര്യംബകൻ വൈവസ്വതൻ ഹരൻ—ഇവരാണു് പതിനൊന്നു പേർ. ആപദ്ധ്രുവൻ സോമൻ ധരൻ ധവൻ അനിലൻ അനലൻ പ്രത്യൂഷൻ പ്രഭാസൻ എന്നിങ്ങനെ വസുക്കൾ എട്ടു പേരുണ്ട്, ഉപദേവന്മാരുടെ വർഗ്ഗ

1. മഹോഹാനി. 2. ഗാഃ, കലതാ. 3. ത്രാ ധരാ, നി.

സ്വർഗം[1]ദുർഗം ത്രിദശനിവഹൈർ
മേദിനീം ഖേദിനീം താം
ശൈലാൻ ലോലാൻ ഭയതരളതാ—
ഭാഗിനോ ഭോഗിനോfപി
കിം നാനോകൈതഃ സകലമയഥാ—
വസ്ത്വതിദ്രാഗ്യതാനീദ്—
ദോരാഘാതപ്രസഭചലിതൈ-
രാവണോ രാവണോ ƒ സൗ. 53

ത്തിൽ പെട്ടവർ വിദ്യാധരന്മാർ. ഗന്ധർവന്മാർ- ദേവഗായകന്മാർ. കിംപുരുഷർ—കഴുത്തിനു താഴെ അശ്വാകൃതിയുള്ള ദേവയോനിവിശേഷം. യക്ഷൻ—കുബേരന്റെ ഭണ്ഡാരവും ഉദ്യാനങ്ങളും കാത്തുരക്ഷിക്കുന്ന കുബേരാനുചരന്മാരായ ഉപദേവന്മാർ. കിന്നരർ—അശ്വമുഖമുള്ള ദേവയോനിവിശേഷം. അഷ്ടവിധസിദ്ധികളുള്ള ഉപദേവന്മാർ സിദ്ധന്മാർ. ഗ്രഹങ്ങൾ—സൂര്യാദി ഒമ്പതു ഗ്രഹങ്ങൾ.

സൂര്യശ്ചന്ദ്രോ മംഗലശ്ച ബുധശ്ചാപി ബൃഹസ്പതിഃ
ശുക്രഃ ശനൈശ്ചരോ രാഹുഃ കേതുശ്ചേതി ഗ്രഹാ നവ—എന്നു വചനം
മേരു—സുമേരുപർവതം. സ്വർണ്ണവും രത്നങ്ങളും അധികമുണ്ടാകുന്ന പർവതം. അതിനെ ചുറ്റിയാണ് നക്ഷത്രങ്ങൾ സഞ്ചരിക്കുന്നത്. ദ്വീപങ്ങളുടെയെല്ലാം മധ്യത്തിൽ മേരു സ്ഥിതിചെയ്യുന്നു. കൈലാസം—ശിവന്റെയും കുബേരന്റെയും ആവാസസ്ഥാനമായ ഹിമാലയത്തിലെ ഒരു ശൃംഗം. മന്ദരം—അമൃതമഥനത്തിൽ ദേവാസുരന്മാർ മഥനദണ്ഡമായി ഉപയോഗിച്ച പർവതം. പാരിയാത്രകം—കുലപർവതങ്ങളിൽ ഒന്ന്. സഹ്യപർവതം കുലപർവതങ്ങളിൽ ഒന്നാണ്. അതു ഭാരതത്തിന്റെ തെക്കുപടിഞ്ഞാറുഭാഗം ആയിരം മൈലോളം വ്യാപിച്ചു കിടക്കുന്നു. മലയം—ചന്ദനവൃക്ഷങ്ങൾ നിറഞ്ഞ ദക്ഷിണാപഥത്തിലെ ഒരു പർവതം. താമ്രപർണ്ണി—മലയപർവതത്തിൽ ഉദ്ഭവിച്ച മുത്തുകളുടെ ഉത്പത്തിസ്ഥാനമായ നദി. ചൂർണ്ണി കേരളത്തിലെ ഒരു നദി. പൂർണ്ണാനദിയെന്നും ഇതിനു പേരുണ്ട്. ഇതിനെ പെരിയാറാണെന്നു ചിലർ പറയുന്നു. കാവേരി—ദക്ഷിണാപഥത്തിലെ പ്രസിദ്ധനദി. കലിന്ദപർവതത്തിൽ ഉദ്ഭവിച്ച ഗംഗയോടു ചേരുന്ന നദിയാണ് യമുന. ഹിമാലയപർവതത്തിൽനിന്ന് ഒഴുകിവരുന്ന ഏറ്റവും വലിയ നദിയാണ് ഗംഗ. മഗധ—കോസല—ഹേഹയ—കേകയ—സിംഹള—നിഷധ—മദ്ര—കലിംഗ—തുലിംഗ— കണ്ണാട—വംഗ—ചോള—കേരള—പാണ്ഡ്യ—ശബ്ദങ്ങൾ ദേശവിശേഷവാചകങ്ങൾ. അവസരം വരുമ്പോഴെല്ലാം കവി തന്റെ ജന്മഭൂമിയെക്കൂടി സ്മരിക്കുന്നു. രാവണന്റെ ലോകോപദ്രവത്തെപ്പറ്റിയുള്ള പ്രകൃതവർണ്ണനത്തിൽ സഹ്യ—മലയ—താമ്രപർണ്ണി—ചൂർണ്ണീവൃത്താന്തങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. പെരിയാറ്റിലെ തിരകളെക്കൂടി ആ ലോകാന്തകൻ ചൂർണ്ണനം ചെയ്യുമ്പോലും.

പദ്യം 53. ദോരാഘാത....വണഃ—കൈകളാലുള്ള പ്രഹാരംകൊണ്ട് ഐരാവണമെന്ന ദേവേന്ദ്രന്റെ ഗജത്തെപ്പോലും ഇളക്കാൻ ശക്തനായ. അസൗ രാവണഃ—ഈ രാവണൻ. സ്വർഗ്ഗം—സ്വർഗലോകത്തെ. ത്രിദശ

1. 'സ്വർഗ്ഗം ദുർഗ്ഗ'മിത്യാദിപദ്യം ചില ഗ്രന്ഥങ്ങളിലില്ല.

രാവണോപദ്രവം സഹിക്കവയ്യാതെ ഇന്ദ്രാദിദേവന്മാർ വിധിഗിരിശന്മാരോടുകൂടി ദേവദേവനായ മഹാവിഷ്ണുവിനോട് സങ്കടമുണർത്തിക്കുവാനായി പാലാഴിതീരത്തിൽ ചെല്ലുന്നു. തീരസൗഭാഗ്യം ദേവന്മാരെ സന്തോഷിപ്പിക്കുന്നു. അവർ വിഷ്ണുവിനെക്കണ്ടു വന്ദിക്കുന്നു. വിഷ്ണു പ്രസന്നനാകുന്നു:

ഏവംഭൂതേ പ്രപഞ്ചേ ഭയപരവശരാ—
യങ്ങുമിങ്ങും കിടക്കും
ദേവവ്രാതങ്ങളിന്ദ്രാദികളം വിധിഗിരിശ—
ന്മാരൊടുംകൂടി മെല്ലേ
ദേവാനാം ദേവമംഭോരുഹനയനമഥാ—
ലോകിതും കൗതുകത്താൽ
കൈവല്യശ്രീ കളിക്കും കലശജലനിധിം
നോക്കി നേരെ നടന്നാർ. 54

ചക്രപാണിതിരുമാറിൽവാണ തുളസീസു—
ഗന്ധഭരവും മഹാ—
ലക്ഷ്മിതൻ കുളർമുലയ്ക്കുണിഞ്ഞ മൃഗനാഭി—
സൗരഭവുമാവഹൻ.

നിവഹൈഃ—ദേവന്മാരെക്കൊണ്ടുള്ള. ദുർഗ്ഗം—കാരാഗൃഹമായും. താം മേദിനീം—ആ ഭൂമിയെ. ഖേദിനീം—വ്യസനിക്കുന്നതായും. ശൈലാൻ—പർവതങ്ങളെ. ലോലാൻ—ചലങ്ങളായും. ഭോഗിനഃ അപി—സർപ്പങ്ങളേയും. ഭയ....ഗിനഃ—ഭയത്താൽ വ്യാകുലങ്ങളായും. നാനോക്തൈഃ കൈ -പലവിധത്തിൽ എന്തിനു പറയുന്നു? സകലം—എല്ലാവററിനെയും. അയഥാവസ്തു—അതല്ലാത്ത വസ്തുവായി. അതിദ്രാക്—അതിശീഘ്രത്തിൽ. വ്യതാനീത്—ചെയ്തു. ഇന്ദ്രന്റെ ആന സമുദ്രമഥനത്തിൽനിന്നുണ്ടായതു് അതിന്റെ നിറം വെളുപ്പു്. തന്റെ ഒമ്പതു തലകളേയും താൻതന്നെയറുത്തു ഹോമിച്ചു സാക്ഷാത് ത്രിപുരാന്തകനെ പ്രസാദിപ്പിച്ചു വരം വാങ്ങിയതും, ദേവന്മാരെ അടിമകളാക്കിയതും, കൈലാസപർവതം പൊക്കിയെടുത്തു് അമ്മാനമാടിയതും ആയ കഠിനപ്രവൃത്തികളാൽ ത്രൈലോക്യകണ്ടകനായ രാവണനു ഭവിക്കാൻപോകുന്ന സർവവിനാശത്തെ സൂചിപ്പിക്കുന്നു.

പദ്യം 54. പ്രപഞ്ചേ—ലോകങ്ങളെല്ലാം. ഏവംഭൂതേ—ഇങ്ങനെയായപ്പോൾ. വ്രാതം—സംഘം. വിധി—ബ്രഹ്മാവു്. ഗിരിശൻ—ശിവൻ. അഥ—പിന്നെ. ദേവാനാം ദേവം—ദേവന്മാർക്കും ദേവനായ. അംഭോരുഹനയനം—താമരക്കണ്ണനായ വിഷ്ണുവിനെ. ആലോകിതും—കാണ്മാനായി. കൈവല്യശ്രീ കളിക്കും—പരമാനന്ദാനുഭൂതിക്കു രംഗമായ—കലശജലനിധിം—പാലാഴിയെ.

പദ്യം 55. ചക്രപാണി—വിഷ്ണു. തുളസീ....ഭരം-തുളസിയുടെ വാസനാതിശയം. മൃഗനാഭിസൗരഭം—കസ്തൂരിയുടെ സുഗന്ധം. ആവഹൻ—വഹിക്കുന്നവനായി. മൃദുമാരുതൻ—മന്ദമാരുതൻ. മുഖ്യ...വന്നു

1. കത്തിൻ കൈ.

മുഖ്യപാല്പ്പടൽതരംഗമാലയിലിറങ്ങി—
വന്നു മൃദുമാരുതൻ
തത്ക്ഷണേന സുഖയാംചകാര സുരപുംഗ—
വാനസുരപീഡിതാൻ. 55

മന്ദമന്ദമണിതെന്നൽ വന്ന വഴി നോക്കി—
നോക്കിയണയും വിധൗ
മുന്നിലങ്ങു കരുതീടിനാരിനിയ പാൽപ്പ—
യോധിമമരേശ്വരാഃ
നന്നു പുണ്യ,മതിലും മുകുന്ദതിരുമാറിൽ
മിന്നി നവസൂര്യനോ—
ടൊന്നിനൊന്നു പിശകുന്ന കൗസ്തുഭമഹാമ—
ണിപ്രഭയുമഞ്ജസാ. 56

ഏലാപരിഷ്വംഗലസത്തമാലം
വേലാധിരുഢസ്ഖലദൂർമ്മിമാലം
പ്രൈക്ഷന്ത ദേവാ മനസോഽനുകൂലം
പയഃപയോധേരചിരേണ കൂലം. 57

പാരമ്പിന പെരുമ്പറധ്വനിയെ വിഷ്ണു—
ലോകഹരിണീദൃശാം
ചാരുഗീതനിനദങ്ങളോടിടകലർന്നു
കേട്ടമഥ ദേവതാഃ

വിശേഷപ്പെട്ട പാലാഴിയിലെ തിരമാലകളിൽക്കൂടി വന്നു്. തത്ക്ഷണേന—ഉടൻതന്നെ. അസുരപീഡിതാൻ—അസുരന്മാരാൽ ഉപദ്രവിക്കപ്പെട്ട. സുരപുംഗവാൻ—ദേവശ്രേഷ്ഠന്മാരെ. സുഖയാഞ്ചകാര—സുഖപ്പെടുത്തി.

''ആനന്ദയാമാസ ദിവൗകസസ്താനാഘ്രാതശേഷോ മുനിമണ്ഡലേന.
പ്രകാമപുണ്യഃ പവമാനനീതോ വൈകുണ്ഠവക്ഷസ്തുളസീസുഗന്ധഃ.''
എന്ന കൃഷ്ണവിലാസപദ്യമാണു് പ്രകൃതപദ്യമായി മാറിയിരിക്കുന്നതു്.

പദ്യം 56. മന്ദമന്ദം—പതുക്കെപ്പതുക്കെ. അണിതെന്നൽ—മൃദുമാരുതൻ. പയോധിം—കടലിനെ. അമരേശ്വരാഃ—ദേവശ്രേഷ്ഠന്മാർ. കരുതീടിനാർ—കണ്ടു. നവസൂര്യനോടു—ഉദിച്ചുയരുന്ന ആദിത്യനോടു്. പിശകുന്ന—മത്സരിക്കുന്ന. അഞ്ജസാ—വേഗത്തിൽ.

പദ്യം 57. ദേവാഃ—ദേവന്മാർ. ഏലാ....മാലം—ഏലവള്ളികളും ചുറ്റി രമ്യമായിരിക്കുന്ന പച്ചിലവൃക്ഷങ്ങളോടുകൂടിയതും. വേലാ.... മാലം—തീരത്തിൽ കയറി വ്യാപിച്ചു് പിന്നെ പിൻതിരിയുന്ന തിരമാലകളോടുകൂടിയതും. മനസഃ അനുകൂലം—ആനന്ദപ്രദവും. പയഃപയോധേഃ—പാല്പ്പടലിന്റെ. കൂലം—കരയെ. അചിരേണ—താമസംകൂടാതെ. പ്രൈക്ഷന്ത—കണ്ടു. കൃഷ്ണവിലാസം കാവ്യം നോക്കുക.

പദ്യം 58. അഥ—അനന്തരം. ദേവതാഃ—ദേവകൾ. പാരം അമ്പിന—കരയിൽ പ്രതിധ്വനിക്കുന്ന. വിഷ്ണു....ശാം—വൈകുണ്ഠലോകത്തി

ക്ഷീരസാഗരതരംഗപാതപരിപൂര്യ–
മാണകരപാഞ്ചജ–
ന്യാരവം ഘുമുഘുമെന്ന കേട്ടധികപ്ര–
മോദമുപലേഭിരേ. 58

ക്ഷീരസിന്ധുവിലനന്തനായ വളർമെത്ത–
സീമനി രമാമുല–
ക്കോരകം തഴകി യോഗനിദ്രയൊട്ട പള്ളി–
കൊണ്ട പരപൂരുഷം
ദൂരവേ സപദി കണ്ടനേരമതിഭക്തി–
പൂണ്ട കരകുഡ്മളം
ചാരുമൗലിയിൽ നിധായ ദീർഘമവനൗ നി–
പേതുരമരേശ്വരാഃ. 59

വണങ്ങി വിബുധാളി ചെന്നളവു പദ്മനാഭൻ തെളി–
ഞ്ഞുണർന്നു കണികണ്ടിതമ്മലർവധൂമുഖാംഭോരുഹം
അനന്യപരരായ്വിളങ്ങുമഭിഗമ്യലോകാ നുണാം
മനീഷിതഫലാപ്തിയെ പ്രകടയന്തി തേ ഭാവിനീം. 60

ലുള്ള സുന്ദരിമാരുടെ. ചാരുഗീതനിനദങ്ങളും–മനോഹരഗാനശബ്ദങ്ങളും. ക്ഷീര....രവം–പാലാഴിയിലെ തിരമാലകളിൽനിന്നുണ്ടായ കാറ്റു നിറഞ്ഞിട്ട വിഷ്ണുവിന്റെ പാഞ്ചജന്യമെന്ന ശംഖത്തിൽനിന്നുണ്ടാകുന്ന ശബ്ദത്തെ. ഘുമുഘുമെന്നു–ഘുമുഘുമു എന്നിങ്ങനെ. അധികപ്രമോദം–വളരെ സന്തോഷത്തെ. ഉപലേഭിരേ–പ്രാപിച്ചു.

പദ്യം 59. സിന്ധു–സമുദ്രം. അനന്തൻ–സർപ്പശ്രേഷ്ഠൻ. വളർമെത്തസീമനി–വലിയ മെത്തയിൽ. രമാ–ലക്ഷ്മീദേവി. കോരകം–മൊട്ട്. പരപൂരുഷം–വിഷ്ണുഭഗവാനെ. സപദി–അപ്പോൾ. അമരേശ്വരാഃ–ദേവശ്രേഷ്ഠന്മാർ. കരകുഡ്മളം–കൂപ്പുകൈകളെ. ചാരുമൗലിയിൽ–മനോഹരമായ ശിരസ്സിങ്കൽ. നിധായ–വച്ചിട്ട്. അവനൗ–ഭൂമിയിൽ. ദീർഘം നിപേതുഃ–ദണ്ഡനമസ്കാരം ചെയ്തു.

പദ്യം 60. വിബുധാളി–ദേവസമൂഹം. പദ്മനാഭൻ–വിഷ്ണു. മലർ....ഹം–ലക്ഷ്മീദേവിയുടെ മുഖപദ്മത്തെ. അനന്യപരരായി–മറ്റൊരാളും ശരണമില്ലാതെ. അഭിഗമ്യ–(ഒരാളെത്തന്നെ) അഭിഗമനം ചെയ്ത (ശരണംപ്രാപിച്ച്). വിളങ്ങും–ശോഭിക്കുന്ന. തേ ലോകാഃ–ആ ലോകർ. ഭാവിനീം–ഭവിക്കാൻ പോകുന്ന. മനീഷിതഫലാപ്തിയെ–അഭീഷ്ടസിദ്ധിയെ. നൃണാം–മനുഷ്യർക്ക. പ്രകടയന്തി–വെളിപ്പെടുത്തുന്നു.

''തേ ച പ്രാപുരുദന്തം ബുബുധേ ചാദിപൂരുഷഃ
അവ്യാക്ഷേപോ ഭവിഷ്യന്ത്യാഃ കാര്യസിദ്ധേർ ഹി ലക്ഷണം''—

എന്ന രഘുവംശശ്ലോകാനുകരണമാകുന്ന പ്രകൃതപദ്യം.

മഹാവിഷ്ണുവർണ്ണന:

ആരാൽ കാണായിതപ്പോളമരപരിഷദാ—
മാത്തിയെച്ചെന്നു കാണു—
ന്നേരംതന്നേ ശമിപ്പിച്ചരുളുമൊരു മഹാ—
പ്രാഭവത്തിൻ നിധാനം
പാരീരേഴും ഭരിപ്പാൻ പുരികലതികയാ—
ക്ഷീണദീക്ഷം കനക്കും
കാരുണ്യത്തിന്നധീനേക്ഷണമഭിമതക—
ല്പദ്രുമം പദ്മനാഭം. 61

ഉന്നത്രേ പന്നഗാധീശരമണിതളിമേ
ചെറെഴുന്നോറിരുന്ന—
മ്മിന്നും മന്ദസ്മിതംകൊണ്ടമരമുനികളെ—
പ്പേർത്തുമാനന്ദയന്തം
തന്നുള്ളിൽ പ്രേമമേന്തും മലരിൽമകൾംകണ—
ക്കരുത്തിനെത്താങ്ങിനില്പം
പൊന്നിൻ കാഞ്ചീഗ്രണത്തെക്കരകമലതലം—
കൊണ്ടു സംഭാവയന്തം. 62

പ്രാജ്യാഭോഗം വിളങ്ങീടിന നവനവപീ—
താംബരപ്രൗഢികൊണ്ടേ
പാശ്വേ പാടേ[1] പടർന്നോരിളവെയിലിളകു—
ന്നഞ്ജനാദ്രീന്ദ്രതുല്യം

പദ്യം 61. ആരാത്—സമീപത്തിൽ. അമരപരിഷദാം—ദേവസംഘങ്ങളുടെ. ആർത്തി—പീഡ. മഹാപ്രാഭവത്തിൻ—മാഹാത്മ്യാതിശയത്തിനു. നിധാനം—ഇരിപ്പിടവും. പുരികലതികയാ—പുരികക്കൊടിയനക്കംകൊണ്ടു. പാരീരേഴും ഭരിപ്പാൻ. അക്ഷീണദീക്ഷം—ക്ഷയിക്കാത്ത നിശ്ചയത്തോടുകൂടിയവനും. കനക്കും—വലുതായ. കാരുണ്യത്തിനു-കൃപയ്ക്കു. അധീനേക്ഷണം—വശമായ ദൃഷ്ടിയോടുകൂടിയവനും. അഭിമതകല്പദ്രുമം—അഭീഷ്ടത്തെ നല്കുന്നതിൽ കല്പവൃക്ഷവും ആയ പദ്മനാഭം—വിഷ്ണുവിനെ.

പദ്യം 62. ഉന്നത്രേ—പൊങ്ങിയതായ. പന്നഗാ....ളിമേ—അനന്തനാകുന്ന മണിമെത്തയിൽ. മന്ദസ്മിതം—പുഞ്ചിരി. അമരമുനി—ദേവർഷി. ആനന്ദയന്തം—സന്തോഷിപ്പിക്കുന്നവനായി. പ്രേമം—രാഗം. മല....ത്തിനെ—ലക്ഷ്മീദേവിയുടെ നീവിക്കരുത്തിനെ (വസ്ത്രബന്ധത്തെ). കാഞ്ചീഗ്രണം—അരഞാൺ. കരകമലതലം—മൃദുവായ കൈത്തലം. സംഭാവയന്തം—തടവിക്കൊണ്ടിരിക്കുന്നവനും. ഈ പദ്യം പദ്മനാഭന്റെ വിശേഷണമായി പൂർവ്വപദ്യത്തിൽ അന്വയിക്കുന്നു.

പദ്യം 63. പ്രാജ്യാഭോഗം—വളരെ വിസ്താരത്തോടുകൂടി. നവ.... പ്രൗഢി—ഏറ്റവും പുതുതായ മഞ്ഞപ്പട്ടിന്റെ കാന്തി. പാർശ്വ—അടു

1. cs വളർന്നോ

സോച്ഛ്വാബീജം ചരസ്ഥാവരമയമഖിലം
വിശ്വചക്രം[1] പിറക്ക—
ന്നൗജ്ജ്വല്യാത്മാ നമാത്മജ്ഞത തടവിന യോ—
ഗീശ്വരൈരാശ്രിതാംഘ്രിം. 63

ദേവന്മാർ വിഷ്ണുവിനെ വണങ്ങി സ്തുതിക്കുന്നു:

നാളീകനേത്രനെ വണങ്ങിവണങ്ങി വാനോർ—
പാളീ വിരിഞ്ചപുരശാസനവാസവാദ്യാ
മേലേ നിറഞ്ഞ പദഭക്തിരസേന മേലേ—
മേലേ പുകണ്ണിതു ഗിരാ പരമം പുമാംസം. 64

''നാരായണായ നളിനായതലോചനായ
നാമാവശേഷിത മഹാബലിവൈഭവായ
നാനാ ചരാചരവിധായക ജന്മദേശേ—
നാഭീപുടായ പുരുഷായ നമഃ പരസ്മൈ. 65

തൊഴുകരമിത പോററീ! പുത്തനായ്പ്പോന്നപൊങ്ങും
മഴമുകിലൊട്ട ചുങ്കം വാങ്ങുമുത്തുംഗമൂർത്തേ!

ക്കൽ. അഞ്ജനം....ഭ്യം—അഞ്ജനപർവ്വതസദൃശനായി. ചരസ്ഥാവരമയം—ജംഗമസ്ഥാവരാത്മകമായ. അഖിലം വിശ്വചക്രം—എല്ലാ ലോകവും. സോച്ഛ്വാബീജം—തന്റെ ഇച്ഛാശക്തി നിമിത്തമായി. പിറക്കുന്ന—ഉണ്ടാകത്തക്ക. ഔജ്ജ്വല്യാത്മാനം—മാഹാത്മ്യസ്വരൂപനായി. ആത്മജ്ഞത തടവിന—ആത്മജ്ഞാനികളായ. യോഗീശ്വരൈഃ—യോഗീശ്വരന്മാരാൽ. ശ്രിതാംഘ്രിം—പാദസേവ ചെയ്യപ്പെട്ടവനും, ആയ പത്മനാഭനെ എന്നു പൂർവ്വശ്ലോകത്തിൽ അന്വയം. മൂന്നു പദ്യങ്ങളും ഒന്നായി അന്വയിക്കുന്നതിനാൽ 'കുലകം'.

പദ്യം 64. വിരിഞ്ച....ദ്യാ—ബ്രഹ്മാവു് ശിവൻ ഇന്ദ്രൻ മുതലായ. വാനോർപാളീ—ദേവസമൂഹം. നാളീകനേത്രനെ—വിഷ്ണുവിനെ. പദഭക്തി രസേന—തുപ്പാദങ്ങളിൽ ഭക്തിരസത്തോടുകൂടി. പരമം പുമാംസം—പരമപുരുഷനായ ഭഗവാനെ. ഗിരാ—വാക്കുകൊണ്ടു്. പുകണ്ണിതു—സ്തുതിച്ചു.

പദ്യം 65. നളിനാ....നായ—കമലദളംപോലെയുള്ള കണ്ണുകളോടുകൂടിയവനും. നാമാ....ഭവായ—ബലിചക്രവർത്തിയുടെ അഹങ്കാരത്തെ നാമാവശേഷമാക്കിയവനും. നാനാ....ടായ—സ്ഥാവരജംഗമാത്മകമായ എല്ലാ ലോകങ്ങളുടേയും സൃഷ്ടാവായ ബ്രഹ്മദേവന്റെ ഉത്ഭവസ്ഥാനമായ നാഭീകമലത്തോടു കൂടിയവനും പരസ്മൈ പുരുഷായ—പരമപുരുഷനും ആയ. നാരായണായ—നാരായണനായ്ക്കൊണ്ടു്. നമഃ—നമസ്കാരം. നമശ്ശബ്ദയോഗത്തിൽ ചതുർത്ഥി. ഭോജചമ്പുവിലെ പദ്യമാണിതു്.

പദ്യം 66. പോററീ—അല്ലയോ സ്വാമിൻ. മഴമുകിൽ—മഴക്കാലത്തിലെ നീലമേഘം. ചുങ്കം വാങ്ങും—ജയിക്കുന്ന. ഉത്തുംഗമൂർത്തേ—ശ്രേ

1. വിറയ്ക്കുന്നു.

തെളിവൊട്ട തിരുവുള്ളം[1] വന്നു തിക്കിക്കിടക്കും—.
മിഴിമുനയരുൾകൊണ്ടങ്കക്കാശ്രയം നിൻ പദാന്തം. 66

ഉലകിടമിതശേഷം പെറ്റു പാലിച്ചൊടുക്കും—
കളികലരുമമേയപ്രാഭവം തം ഭവന്തം
മലർമകളൊട്ട സാർദ്ധം മുൻപിലധ്യക്ഷയന്തോ
നലമൊട്ട ചരിതാത്ഥാ ഹന്ത! നാം തമ്പിരാനേ! 67

പരിചരണപരാണാം ദേവ! ഞങ്ങൾക്കിദാനീ—
മരുളുക കരുണാബ്ധേ! കാൽക്ഷണം വീക്ഷണാന്തം
ശരണമിതൊരുനാളും നീയൊഴിഞ്ഞില്ല പോററീ!
ചരണസരസിജേ വീണാശ്രയാമോ നികാമം. 68

ഇച്ഛാജ്ഞാനക്രിയാശക്തികളൊട്ട കളിയും—
പൂണ്ട വിശ്വം ചമച്ചും
നിശ്ശേഷം കാത്തുമിന്നിപ്രളയദശയിൽ നാ—
സ്തിത്വവും ചേർത്തു നീണാൾ
സച്ഛാത്മാവായ് വിളങ്ങീടിന പരമസുഖോ—
ദ്യോതമേ! മുൻപിൽ നേരേ
പശ്യന്തോ നിന്നെ വിശ്വംഭര! വരദ! കൃതാ—
ർത്ഥം വയം തമ്പിരാനേ!'' 69

ഷ്ടമായ മെയ്യഴകോട്ടുകൂടിയുള്ളോവേ. തിരു....മനേ—കൃപാപൂർണ്ണമായ കടാക്ഷം. എങ്ങൾക്കു—ഞങ്ങൾക്കു. അരുൾക—അരുളിയാലും, കൃപയോടു ഞങ്ങളെ കടാക്ഷിച്ചാലും എന്നർത്ഥം. നിൻപദാന്തം—നിന്തിരുവടികളെ. ആശ്രയം—ശരണം.

പദ്യം 67. അമേയപ്രാഭവം—അന്തമില്ലാത്ത മാഹാത്മ്യമുള്ള. തം ഭവന്തം—ആ നിന്തിരുവടിയെ. മലർമകളൊട്ട സാർദ്ധം—ലക്ഷ്മീദേവിയോടുകൂടി. മുമ്പിൽ—നേരിൽ. അധ്യക്ഷയന്തഃ—കാണുന്നവരായ. നലമൊട്ട ചരിതാത്ഥാഃ—വളരെ ധന്യരാകുന്നു. ഹന്ത—സന്തോഷസൂചകമായ നിപാതം.

പദ്യം 68. കരുണാബ്ധേ ദേവ—അല്ലയോ കൃപാവാരിധിയായ ദേവാനേ. പരിചരണപരാണാം—അങ്ങയെ സേവിക്കുന്നതിൽ തല്പരരായ. ഇദാനീം—ഇപ്പോൾ. കാൽക്ഷണം—അല്പസമയം. വീക്ഷണാന്തം—കടാക്ഷത്തെ. ഇതു—വീക്ഷണാന്തം, ശരണം. ഒരു നാളും—ഒരിക്കലും. പോററീ—സ്വാമിൻ. നീയൊഴിഞ്ഞില്ല—ഞങ്ങൾക്കു ഭജിപ്പാൻ നീയല്ലാതെ മറാരുമില്ല. ചരണസരസിജേ—അങ്ങയുടെ പാദപദ്മത്തിൽ. നികാമം ആശ്രയാമഃ—ഞങ്ങൾ വളരെ ആശ്രയിക്കുന്നു.

പദ്യം 69. ഇച്ഛാ....കളോട്ട്—ഇച്ഛാശക്തി ജ്ഞാനശക്തി ക്രിയാശക്തി എന്നീ മൂന്നു ശക്തികളോടുകൂടി. നിശ്ശേഷം വിശ്വം—എല്ലാ ലോകവും. പ്രളയദശയിൽ—പ്രളയസമയത്തു്. നാസ്തിത്വവും—ഇല്ലായ്മയും അതായതു നാശവും. സച്ഛാത്മാവായ്—ശുദ്ധസത്ത്വമായ്. പരമ...

1. ള്ളം തിക്കുതിക്കി 2. രുൾ, ഞങ്ങൾ.

പ്രസന്നനായ വിഷ്ണു ദേവന്മാരോട് കുശലപ്രശ്നാദികൾ ചെയ്യുന്നു:

ഇത്ഥം പുകഴ്ത്തും വിധിശംഭുശക്രാ—
ദ്യുത്തംസരത്നാംശുപിശംഗിതാംഘ്രേഃ
ഉദ്യോഗഭോജോ വചനായ മന്ദ[1]—
സ്മിത്യാ മുകുന്ദന്റെ മുഖം വിളങ്ങീ. 70

തിരുവുള്ളമഴിഞ്ഞുകൊണ്ട തസ്മാ—
ലരുളപ്പാടിതി നാമ സന്ദധാനാ
ഒരു തേൻകണികാ സമേത്യ താനേ
പെരുമാറീ സുരലോകകണ്ണരസ്രേ. 71

മേളം താവുന്ന തുവെൺമുറുവൽതുണയുമായ്
ബാലവെൺചാമരാളീ—
മോലക്കം പൂണ്ട വീ[2]ശിച്ചുഴലെ നിറമെഴും
വിഷ്ണുലോകാംഗനാനാം
കോലപ്പൊൻകങ്കണാനാം നിനദമണികരാ—
ഗ്രേണ ഭംഗ്യാ വിലക്കി
ത്രൈലോക്യാധീശനുദ്യത്സ്മിതമധുരമുഖോ
ധാത്രുമുഖ്യാൻ ബഭാഷേ. 72

തമേ—പരമാനന്ദപ്രകാശമേ. വിശ്വംഭരാ—ലോകനാഥ. വരദ—അഭീഷ്ടദാതാവേ. പശ്യന്തഃ—കാണുന്നവരായ. വയം—ഞങ്ങൾ. കൃതാർത്ഥാഃ—ധന്യർ.

പദ്യം 70. ഇത്ഥം—ഇവ്വണ്ണം. വിധി....ഘ്രേഃ—ബ്രഹ്മാവ് ശിവൻ ഇന്ദ്രൻ മുതലായവരുടെ കിരീടങ്ങളിലെ രത്നകാന്തിയാൽ മഞ്ഞനിറത്തിൽ ശോഭിക്കുന്ന കാലുകളോടുകൂടിയവനും. വചനായ—സംസാരിക്കുവാനായി. ഉദ്യോഗഭോജഃ—മുതിർന്നവനും ആയ. മുകുന്ദന്റെ—വിഷ്ണുവിന്റെ. മുഖം മന്ദസ്മിത്യാ വിളങ്ങി—മുഖം മന്ദഹാസംകൊണ്ട് ശോഭിച്ചു. ദേവന്മാരെ നോക്കി ആദ്യമായി മന്ദഹാസം ചെയ്തു എന്നർത്ഥം.

പദ്യം 71. തിരുവുള്ളം—ഭഗവാന്റെ തിരുമനസ്സ്. തസ്മാത്—ആ ഭഗവാങ്കൽനിന്നു. അരുളപ്പാട് ഇതി നാമ സന്ദധാനാ—കല്പനയെന്ന പേരിനെ ധരിച്ചുകൊണ്ട്. ഒരു തേൻകണികയായ്, സമേത്യ—പുറത്തുവന്നു. സുരലോകകണ്ണരസ്രേ—ദേവന്മാരുടെ ചെവിയിൽ. താനേ പെരുമാറീ—സ്വയം പ്രവേശിച്ചു. ദേവന്മാർക്കു കണ്ണാനന്ദകരമാംവണ്ണം ഭഗവാന്റെ അരുളപ്പാടുണ്ടായി എന്നർത്ഥം.

പദ്യം 72. മേളം താവുന്ന—അഴകുള്ള. തുവെൺമുറുവൽ—ശുദ്ധമായ വെളുത്ത പല്ല്. ബാലവെഞ്ചാമരാളീം—ചെറിയ വെൺചാമരങ്ങളെ. ഓലക്കംപൂണ്ട—മഹിമയോടുകൂടി, ചുഴലെ—ചുറ്റും. വിഷ്ണു....നാനാം—വൈകുണ്ഠലോകത്തിലെ സ്ത്രീകളുടെ. കോല....ണാനാം—പലവിധത്തിൽ ഭംഗിയുള്ള പൊൻവളകളുടെ. നിനദം—ശബ്ദത്തെ. അണികരാഗ്രേണ—തുമ്പുകൊണ്ട്. ഭംഗ്യാ—ഭംഗിയോടുകൂടി. ത്രൈലോക്യാധീ

1. മഞ്ജുസ്മി 2. വീയിച്ചു

''ജയ പുരഹര ശംഭോ! വേധസേ! സൗഖ്യമല്ലീ?
ദയയൊട്ടലകൂ ദേവാധീശ! കാക്കുന്നതല്ലീ?
നയമിയലിന വിണ്ണോർവീരർ വേഗേന ജന്യേ
ജയമസുരരൊടെത്തുന്നേരമെത്തുന്നതല്ലീ? 73

അപി കുശലമമർത്ത്യാഃ സാമ്പ്രതം സ്വാഗതം വഃ
ശമിതദനുജദംഭാ കിം നു ദംഭോളികേളിഃ?
അപി ധിഷണമനീഷാനിർമിതാ നീതിമാർഗ്ഗാ—
സ്ത്രിദശനഗരയോഗക്ഷേമകൃത്യേ ക്ഷമന്തേ?'' 74

മറുപടിയായി ബ്രഹ്മാവു് രാവണന്റെ ഉപദ്രവത്താൽ ദേവന്മാർക്കുണ്ടായിരിക്കുന്ന ശോച്യാവസ്ഥയെപ്പറ്റിയും രാവണന്റെ ദുഷ്പ്രഭുതങ്ങളെപ്പറ്റിയും വിഷ്ണുവിനോടു പറഞ്ഞുകേൾപ്പിക്കുന്നു:

മധുരാമിതി ഭാരതീം ഗഭീരാം
മധുവിദ്വേഷി മുദാ പറഞ്ഞനേരം
ചതുരാനനനാദദേ തദാനീം
പ്രതിവാചം ത്രിദശൗഘചിത്തവേദീ. 75

ശൻ—ഭഗവാൻ. ഉദ്യത്....മുഖഃ—മന്ദഹാസത്താൽ മധുരമായ മുഖത്തോടുകൂടിയവനായി. ധാതൃമുഖ്യൻ—ബ്രഹ്മാവു തുടങ്ങിയുള്ളവരോടു്. ബഭാഷേ—പറഞ്ഞു. ഈ പദ്യത്തിന്റെ രീതി വൃത്തി ശയ്യ പാകം ഇവയും കാന്തി ഓജസ്സു തുടങ്ങിയ ഗുണങ്ങളും സർവോപരി രസപുഷ്ടിയും പ്രത്യേകം പ്രശംസനീയം എന്നു് അഭിപ്രായക്കാരുണ്ടു്.

പദ്യം 73. പുരഹര ശംഭോ—അല്ലയോ ത്രിപുരാന്തകനായ ശംഭോ. ജയ—ജയിച്ചാലും. വേധസേ—അല്ലയോ ബ്രഹ്മാവേ. സൗഖ്യമല്ലീ—സുഖംതന്നെയല്ലയോ. ദേവാധീശ—അല്ലയോ ദേവേന്ദ്ര. നയമിയലിന—നീതിയുള്ള. വിണ്ണോർവീരർ—ദേവവീരന്മാർ. ജന്യേ—യുദ്ധത്തിൽ. വേഗേന—വേഗത്തിൽ. എത്തുന്നേരം—എതിർക്കുമ്പോഴേ. ജയം എത്തുന്നതല്ലീ—ജയംപ്രാപിക്കുന്നില്ലേ. ഇതും അടുത്ത പദ്യവും ദേവന്മാരോടു മഹാവിഷ്ണു കുശലപ്രശ്നം ചെയ്യുന്നതാകുന്നു.

പദ്യം 74. അമർത്ത്യഃ - അല്ലയോ ദേവന്മാരേ. അപി കുശലം—നിങ്ങൾക്കു സൗഖ്യംതന്നെയോ. സാമ്പ്രതം—ഇപ്പോഴേ. വഃ—നിങ്ങൾക്കു, സ്വാഗതം. ദംഭോളികേളിഃ—ഇന്ദ്രന്റെ വജ്രായുധത്തിന്റെ ക്രീഡ. ശമിതദനുജദംഭാ കിം നു—അസുരന്മാരുടെ അഹങ്കാരത്തെ ശമിപ്പിച്ചിരിക്കുന്നുവോ? ധിഷണ....മ്മിതാഃ—ബൃഹസ്പതിയുടെ ബുദ്ധിസാമർത്ഥ്യത്താൽ നിർമ്മിതങ്ങളായ. നീതിമാർഗാഃ -ചട്ടങ്ങളേ. ത്രിദശ....കൃത്യേ—ദേവലോകത്തിന്റെ യോഗക്ഷേമത്തെ വഹിക്കുന്നതിൽ. ക്ഷമന്തേ—ശക്തങ്ങളായിരിക്കുന്നുവോ. ഭോജചമ്പുവിലെ ശ്ലോകമാണു് പ്രകൃതപദ്യം.

പദ്യം 75. മധുവിദ്വേഷി—മഹാവിഷ്ണു. ഇതി—ഇവ്വണ്ണം. മധുരാം ഗഭീരാം ഭാരതീം—മധുരവും അർത്ഥഗർഭവും ആയ വാക്കിനെ. തദാ

1. 'അപി കുശല'മിത്യാദി പദ്യം ചില ഗ്രന്ഥത്തിൽ ഇല്ല.

''കല്യാണങ്ങളൊഴിഞ്ഞു കൈവരുവത—
ല്ലസ്മാകമെപ്പോഴുമേ
ഫുല്ലാംഭോരുഹസോദരം തവ പദാം—
ഭോജം നമസ്കുർവതാം
മല്ലാർപൂമകൾതൻ മനോമധുകര—
സ്പന്താമ'രേ! സങ്കടം
ചൊല്ലാമെങ്കിലുമേകനാഥ! വിദുഷാ
നിന്നാലനുശ്രൂയതാം. 76

ചണ്ഡാത്മാ ദശകണ്ഠനെന്നൊരു മഹാ—
രാത്രിഞ്ചരേന്ദ്രൻ പിറ—
ന്നണ്ടായ്വന്നിതു സാമ്പ്രതം ത്രിഭുവന—
ത്രാസായ സന്നാഹവാൻ
കണ്ടാൽ മണ്ടിയൊളിക്ക വേല വിബുധാ—
നാം നിത്യമെല്ലാരെയും
കണ്ടാലും നിതരാം മെലിഞ്ഞു മദവും
വേർ മാഞ്ഞു ദീനാനനാൻ. 77

പറ'ിച്ചുപോയീ പദമൈന്ദ്രമോത്താ—
ലിരക്ഷമാറായിതു ഖേചരൗഘം
ഹരിത്പ്രഭ്രണാം പിണയു²ന്നതിപ്പോഴം
മരിപ്പുകോലാ³ത മരിപ്പുതന്നെ. 78

നീം—അപ്പോഴം. ത്രിദ....ദീ—ദേവസംഘത്തിന്റെ ഇംഗിതമറിഞ്ഞ. ചതുരാനനൻ—ബ്രഹ്മദേവൻ. പ്രതിവാചം ആദദേ—മറുപടി പറഞ്ഞു.

പദ്യം 76. ഫുല്ലാ....ദരം—വിടർന്ന കമലത്തിനു തുല്യമായ. തവ—അങ്ങയുടെ. പദാംഭോജം—കാൽത്താമരയെ. നമസ്കുർവതാം—വണങ്ങുന്നവരായ. അസ്മാകം—ഞങ്ങൾക്കു. കല്യാണങ്ങളൊഴിഞ്ഞു—മംഗലങ്ങളല്ലാതെ. കൈവരുവതല്ല—ഉണ്ടാകുന്നതല്ല. എങ്കിലും. മല്ലാർ.... ന്താമരേ—ലക്ഷ്മീദേവിയുടെ മനസ്സാകുന്ന വണ്ടിനു കളിക്കുവാനുള്ള താമരപ്പൂവായുള്ളോവേ. ഏകനാഥ—സർവ്വേശ്വര. സങ്കടം ചൊല്ലാം. വിദുഷാ—ജ്ഞാനിയായ, നിന്നാൽ. അനുശ്രൂയതാം—ശ്രവിക്കപ്പെട്ടാലും.

പദ്യം 77. ചണ്ഡാത്മാ—കഠിനചിത്തനായ. ദശകണ്ഠൻ—പത്തു ശിരസ്സുകളുള്ളവൻ. മഹാ....ന്ദ്രൻ—വലിയ രാക്ഷസൻ. സാമ്പ്രതം—ഇപ്പോഴം. ത്രിഭുവനത്രാസായ സന്നാഹവാൻ—മൂന്നു ലോകത്തേയും ഭയപ്പെടുത്തുവാൻ ഒരുക്കമുള്ളവൻ. കണ്ടാൽ മണ്ടിയൊളിക്ക, വിബുധാനാം—ദേവന്മാരുടെ. വേല—തൊഴിലാകുന്നു. നിതരാം—വളരെ. മദവും—പൗരുഷവും. വേർ മാഞ്ഞു¹—നശിച്ചു. ദീനാനനാൻ—വാടിയ മുഖത്തോടുകൂടിയ (ദേവന്മാരെ), കണ്ടാലും.

പദ്യം 78. ഐന്ദ്രം പദം—ഇന്ദ്രന്റെ സ്ഥാനം. പറിച്ചുപോയീ—അപഹൃതമായി. ഖേചരൗഘം—ദേവസമൂഹം. ഇരക്ഷമാറായിതു—

1. ന്താമരേ! സ. 2. യുന്നിതീ. 3. വാതെമ.

യാഗപ്രസംഗോ ഭുവി നൈവ, മാഴ്കി
പ്രാകിക്കിടക്കുന്നിതു വിപ്രസംഘം
വൈകൃത്യഘോരാകൃതിയായ രക്ഷോ—
ലോകധ്വനിത്രാസസമാകുലാശം. 79

ചില കറി പിശിതാശരാജന്യഡം—
ബുലമഹിമാദിവി പോന്നവന്നകാണ്ഡേ
തലമുടി പിടിപെട്ടിഴയ്ക്കുമയ്യോ!
പലരിപുമാനിനിമാരെ ലങ്കയോളം. 80

ഓരോ തരത്തിൽ കളിയായിതയ്യോ!
നേരേ ദശഗ്രീവനിയോഗഭാജാം
വൈരാഗ്യമേന്തുന്ന മുനീശ്വരാണാം
നീരുക്കു മുട്ടിച്ചു നടക്കതന്നെ. 81

കേഴക്കേണം തമ്പിരാനേ! ചരിതമിതു ദശ—
ഗ്രീവനെക്കൊണ്ടു ഞങ്ങൾ—
ക്കാർക്കും പോക്കില്ലൊരോരോ പദവികൾ പിഴകീ—
തായിതിപ്പോളശേഷം

രാവണൻ കല്പവൃക്ഷാദികളെ അപഹരിച്ചു കൊണ്ടുപോയി ലങ്കയിൽ സ്ഥാപിച്ചതിനാൽ, യാചിക്കേണ്ട നിലയിലായി. ഹരിത്പ്രഭൃതീനാം—ദിക്പാലന്മാർക്കു, മരണമില്ലെങ്കിലും ജീവിച്ചിരിക്കുന്നതുകൊണ്ടു ഫലമില്ലാതെ മാത്രമല്ല രാവണന്റെ കാരണോപദ്രവംകൊണ്ടും മരണദശ പിണഞ്ഞിരിക്കുന്നു.

പദ്യം 79. ഭുവി—ഭൂമിയിൽ. യാഗപ്രസംഗഃ ഏവ ന—യാഗം എന്ന വർത്തമാനംതന്നെ ഇല്ല. വൈകൃത്യ...ലാശം—വികൃതങ്ങളും ഭയങ്കരങ്ങളുമായ രൂപങ്ങളോടുകൂടിയ രാക്ഷസന്മാരുടെ അട്ടഹാസധ്വനി കേട്ടു ഭയന്ന ദിഗ്വാസികളോടുകൂടി. വിപ്രസംഘം—ബ്രാഹ്മണർ. മാഴ്കി—വ്യാകുലപ്പെട്ടു. പ്രാകിക്കിടക്കുന്നു—ശപിച്ചുകൊണ്ടിരിക്കുന്നു.

പദ്യം 80. ഊഢപ്പുലമഹിമാ—മായാവിയായ. പിശിതാശരാജൻ—രാവണൻ. അകാണ്ഡേ—അനവസരത്തിൽ (പെട്ടെന്നു). ചില കറി—ചിലപ്പോൾ. ദിവി—സ്വർഗ്ഗത്തിൽ. വലരിപുമാനിനിമാരെ—ദേവേന്ദ്രന്റെ സ്ത്രീകളെ—രംഭ, ഉർവ്വശി, തിലോത്തമ മുതലായവരെ.

പദ്യം 81. ദശ:....ജാം—രാവണന്റെ സേവകർക്കു. വൈരാഗ്യം ഏന്തുന്ന—ലോകവിരക്തന്മാരായിരിക്കുന്ന. മുനീശ്വരാണാം—മുനിശ്രേഷ്ഠന്മാരുടെ. നീരുക്കു്-അർഘ്യദാനാദിയായ അനുഷ്ഠാനം, മുട്ടിച്ചുനടക്കുകതന്നെ ഓരോതരത്തിലുള്ള കളിയായിതു.

പദ്യം 82. ചരിതം—വൃത്താന്തം. പോക്കില്ല—ഗതിയില്ല. പദവികൾ—സ്ഥാനമാനാദികൾ. പിഴകീതായി—പോയതായി. കരുണാസദ്മമേ—കാരുണ്യത്തിനു് ഇരിപ്പിടമായുള്ളോവേ. അസ്മാൻ—ഞങ്ങ

1 സംഗേ ഭുവനേ ച മാ. 2. ജരുഡ. 3. മാഭുവി. 4. മച്ചോ. 5. ം പഴു.

ആർക്കുള്ളൂ ഞങ്ങളെന്നുള്ളതുമവനറിയു—
ന്നീല മാപാപി നീളെ—
പ്പാർക്കുന്നോനിന്നുമസ്മാൻ പെരുകിന കരുണാ—
സദ്മമേ! പദ്മനാഭാ! 82

സൂത്രാമാ തത്രൂ[1] പാത്രം വിതരതി, ദഹനൻ
പാചകൻ ബന്ധധാരീ
കുത്തിക്കൊൽവാൻ, മുറിപ്പാൻ നിർഋതി, കഴുകുവാൻ
പാശധാരീ ജ്ഞാളാത്മാ[2],
ഉദ്യാനേ പൂവറുപ്പാൻ പവന, നറ തുറ—
ന്നീടുവാൻ വിത്തപാലൻ,
ചൊൽക്കൊള്ളും ഗോപുരം കാപ്പതിനഴകെഴുമീ—
ശാനനാശാന്തചേതാം. 83

തണ്ടിങ്കൽ[3] പാട്ടപാടും മുനിവരനധുനാ
നാരദന്നംഗനാനാം
കണ്ടിക്കാർക്കുന്തൽ ചിക്കുന്നിതു, ബത! പരിപൂ—
ർണ്ണേന്ദു മന്ദാക്ഷധാരീ
കൊണ്ടാടേണം വസന്താദികളിരുപുറവും
നിന്നു കൈക്കുപ്പി, മേളം
തണ്ടും പൊൽത്താമരപ്പൂ പുലരിയിൽ വിരിയി—
ക്കേണമാരോഗ്യദാതാ. 84

ഒരു. നീളെപ്പാർക്കുന്നോൻ—എല്ലാ ദിക്കിലും നോക്കിയനേഷിക്കുന്നു.

പദ്യം 83. തത്രു—അവിടെ. (രാവണങ്കൽ), സൂത്രാമാ—ഇന്ദ്രൻ. പാത്രം—പാത്രങ്ങളും. വിതരതി—കൊടുക്കുന്നു. ദഹനൻ—അഗ്നി. പാചകൻ—വയ്യ്കാരൻ. ബന്ധധാരീ—യമൻ. ജളാത്മാ—ജാഡ്യത്തോടുകൂടിയ. പാശധാരീ—വരുണൻ. പവനൻ—വായു. ഉദ്യാനേ—തോട്ടത്തിൽ. വിത്തപാലൻ—കുബേരൻ. ആശാന്തചേതാഃ—ആശ നശിച്ചവനായ. ഈശാനൻ—ശിവൻ. രാവണൻ യോഗ്യതയറിഞ്ഞു ദേവന്മാർക്കു ജോലി കൊടുത്തിരിക്കുന്നതിന്റെ വർണ്ണനമാണു പ്രകൃതം.

പദ്യം 84. തണ്ടിങ്കൽ—വീണയിൽ. മുനിവരൻ—മുനിശ്രേഷ്ഠനായ, നാരദന്നു. അധുനാ—ഇപ്പോൾ. അംഗനാനാം—സ്ത്രീകളുടെ. ചിക്കുന്നതു—ജോലിയാകുന്നു എന്നു ചേർക്കണം. ബത—കഷ്ടസൂചകമായ നിപാതം. മന്ദാക്ഷധാരീ—ലജ്ജ പൂണ്ടവനായ. പരിപൂർണ്ണേന്ദു—പൂർണ്ണചന്ദ്രനും, വസന്താദി ഋതുക്കളും രാവണന്റെ ഇരുപുറവും കൈക്കുപ്പി നിന്നു, കൊണ്ടാടേണം—സേവിക്കണം. ആരോഗ്യദാതാ—സൂര്യൻ. മേളം തണ്ടും—ഭംഗിയുള്ള. പുലരിയിൽ—പുലർച്ചസമയത്തു. വിരിയിക്കേണം—വികസിപ്പിക്കണം.

1. ത്രു പത്രം. 2. ജലാത്മാ. 3. തണ്ടുകു. 4. ക്കുന്നിതു.

ആസന്ധ്യം കണ്ട കല്പം മരവുമുടനിഴ—
ഷ്ണേണമൈരാവതം, ചെ—
ന്നാത്തുംഗം വാജിരത്നം പുതിയ പൊതി ചുമ—
ന്നീടുവാനൗഢഖേദം
നാംതോറും നാകനാരീജനമടിതളി ചെ—
യ്തീടുവാൻ, ചാടിഴ[1]പ്പാ—
നയ്യാ; യാമ്യം പെരുംപോത്തലമിഹ വചനാ—
ഡംബരം തമ്പിരാനേ! 85

പരിക്ഷന്നു കണ്ടോരൊട്ട, ജഗതി ഭണ്ഡാരമൊരുവ—
ന്നി[2]രിക്കുന്നീലെങ്ങും നിശിചരസമൂഹൈരപഹൃതം
പരിക്ഷാ[3]മാ ധർമ്മാ നിഗമകഥയും മാഞ്ഞിതധുനാ
പരക്കെച്ചൊല്ലേണ്ടൊ പരവശമിദം പശ്യ ഭുവനം.'' 86

ദേവന്മാരിൽ കരുണയുണ്ടായ വിഷ്ണുഭഗവാൻ, താൻ രാവണനെ നശിപ്പിക്കുന്നുണ്ടെന്നും, ആയതിലേക്കായി താൻ ദശരഥപുത്രനായി ജനിക്കുന്നുണ്ടെന്നും, ദേവന്മാർ എല്ലാവരും വാനരന്മാരായി ജനിക്കണമെന്നും അരുളിച്ചെയ്തു ദേവന്മാരെ ആശ്വസിപ്പിച്ചു പറഞ്ഞയയ്ക്കുന്നു. ദേവന്മാർ സന്തുഷ്ടരായി മടങ്ങുന്നു;

ഇതി വദതി വിധൗ ''വിഷാദമെല്ലാം
മതി മതി''യെന്നുടനേ പരിസ്ഫുരന്തീ

പദ്യം 85. ഐരാവതം—ഇന്ദ്രന്റെ ആന. ആസന്ധ്യം—സന്ധ്യാസമയംവരെ. ഇഴഷ്ണേണം—വലിക്കണം. ആത്തുംഗം—ഉന്നതമായ. വാജിരത്നം—ഉച്ചൈഃശ്രവസ്സെന്ന പേരായ ശ്രേഷ്ഠമായ ഇന്ദ്രന്റെ കുതിര. പുതിയ പൊതി (ഭാണ്ഡം) ചുമക്കുന്നതിൽ. ഔഢഖേദം—സങ്കടപ്പെടുന്നു. നാകനാരീജനം—സ്വർഗ്ഗസ്ത്രീകൾ, അടിതളി ചെയ്യുന്നതിൽ സങ്കടപ്പെടുന്നു. യാമ്യം—യമന്റെ വാഹനമായ, പെരുമ്പോത്തു്, ചാടു് ഇഴപ്പാൻ—വണ്ടി വലിക്കുന്നതിൽ സങ്കടപ്പെടുന്നു. ഇഹ—ഇവിടെ, വചനാഡംബരം അലം—വാഗ്വിസ്താരം മതി. അധികം വിസ്തരിക്കേണ്ട ആവശ്യമില്ലല്ലോ.

പദ്യം 86. കണ്ടോരൊട്ട—കാണുന്നവരോടെല്ലാം. പരിക്ഷന്നു—കവർച്ച നടത്തുന്നു. ജഗതി—ലോകത്തിൽ. ഭണ്ഡാരം—ധനരത്നാദിദ്രവ്യം, ആക്കമില്ല. ഭണ്ഡാരമെല്ലാം എങ്ങും—എല്ലായിടത്തും. നിശിചരസമൂഹൈഃ—രാക്ഷസന്മാരാൽ. അപഹൃതം—അപഹരിക്കപ്പെട്ടിരിക്കുന്നു. ധർമാഃ—ധർമ്മങ്ങൾ. പരിക്ഷാമാഃ—ക്ഷയിച്ചു. നിഗമകഥയും—വേദത്തിന്റെ സംസാരംപോലും. മാഞ്ഞിതു—ഇല്ലാതായി. അധുനാ—ഇപ്പോൾ. ഇദം ഭുവനം—ഈ ലോകം. പരവശം—വ്യാകുലം. പശ്യ—കണ്ടാലും. ഈ പദ്യം പാഠകകഥാമാലികയിൽ കാണുന്നു.

പദ്യം 87. വിധൗ—ബ്രഹ്മദേവൻ. ഇതി വദതി—ഇങ്ങനെ പറയുന്ന സമയത്തിൽ. പരിസ്ഫുരന്തീ—സ്പഷ്ടമായി പുറപ്പെട്ട. കോപി വാങ്

1. ഴപ്പാൻ നാഥാ യാ. 2. ന്നിരക്ഷ, ന്നിരിക്കുന്നി. 3. ക്ഷാമം ധർമ്മം നി.

മധുമഥനമുഖാരവിന്ദമധ്യാ—
ദുദിതവതീ കില കാപി വാങ്മതല്ലീ. 87

''ഖേദിച്ചീടായ്ക ദേവാഃ സകലമിതു ധരി—
ച്ചേൻ ദശഗ്രീവനിമ്മ—
ര്യാദൗഘം നിങ്ങളോടല്ലഖിലവുമവനെ—
ന്നോടു ചെയ്തു ഹതാത്മാ
ത്രാസം കൈവിട്ടിദാനീം വിരവൊടു സുഖമേ
ഗമ്യതാം വൈകിയാതെ
പോർതിങ്ങും പങ്ക്തികണ്ഠാന്വയമുതിപെടു-
പ്പൻ വികല്പം വിനാ ഞാൻ. 88

നൂനം ഞാനുണ്ട ചൊല്ലുന്നിതു ദശമുഖദു—
ശ്ചേഷ്ടിതം മാറുവാൻ ഞാൻ
താനങ്ങായത്തനായോരളവു വരവു നി-
ങ്ങൾക്കു മംഗല്യഭോജാം;
സാനന്ദം പോയ്പ്പിറപ്പേൻ ദശരഥസുതനായ്
നാലുമൂന്നാളിലിപ്പോം
വാനോരെല്ലാം പിറന്നീടുക വിവിധത പൂ—
ണ്ടനുപയേ വാനരാണാം.'' 89

ഹൃദ്യാം വാണീമിവണ്ണം തെളിവിനൊടരുളി—
ച്ചെയ്യ മേല്പേ മറഞ്ഞു
പൊൽത്താരിൽ തയ്യലാളാം നളിനിയിൽ വിളയാ—
ടുന്ന ശൃംഗാരഭൃംഗം;

മതല്ലീ—ഒരു വിശേഷപ്പെട്ട വാക്കു്. മധു....ധ്യാൽ—മഹാവിഷ്ണുവിന്റെ തിരുമുഖത്തുനിന്നും. ഉദിതവതീ കില—ജനിച്ചുവല്ലോ.

പദ്യം 88. ദേവാഃ—അല്ലയോ ദേവന്മാരേ. ദശ....ഘം സകലം—രാവണന്റെ മര്യാദയില്ലാത്ത പ്രവൃത്തികളെ എല്ലാം ഞാൻ ധരിച്ചേൻ. ഹതാത്മാ—ദുഷ്ടനായ. അഖിലവും—എല്ലാം, ചെയ്തു നിങ്ങളോടല്ല, എന്നോടാണു്. ഇദാനീം—ഇപ്പോൾ. ത്രാസം കൈവിട്ടു—ഭയം തീർന്നു്. ഗമ്യതാം—നിങ്ങൾ പോയാലും. പോർതിങ്ങും—ദുഷ്ടതയുള്ള. പങ്തി ... ന്വയം—രാവണന്റെ വംശത്തെ, വൈകിയാതെ. വികല്പം വിനാ—സന്ദേഹം കൂടാതെ. അനുതിപ്പെടുപ്പൻ-നശിപ്പിക്കും.

പദ്യം 89. നൂനം—നിശ്ചയമായിട്ടും. ദശമുഖദുശ്ചേഷ്ടിതം—രാവണന്റെ ദുഷിച്ച പ്രവൃത്തികളെ. മാറുവാൻ-ഇല്ലാതാക്കുവാൻ. ആയത്തൻ—ഉദ്യുക്തൻ. മംഗല്യഭോജാം—നന്മയുള്ളവരായ. നിങ്ങൾക്കു—നിങ്ങളുടെ. സാനന്ദം—സസന്തോഷം. ദശരഥസുതനായി—ദശരഥന്റെ പുത്ര

1. നങ്ങുദ്യക്തരാ.

നായ ശ്രീരാമനായി. വാനോരെല്ലാം -ദേവകളെല്ലാം. വിവിധതപുണ്ട്-പലവിധത്തിൽ. വാനരാണാം അന്വയേ—വാനരന്മാരുടെ വംശത്തിൽ.

ഭക്ത്യാ വന്ദിച്ചു നേരേ സ ഹി സുരഗണവും
പങ്ക്തികണ്ഠാഭിധ്രുതിം
ചിത്തേ നിർദ്ധാര്യ നഷ്ടാം, നിജനിജഭവനം
പ്രാപ്യ മോദിച്ചിരുന്നു. 90

പദ്യം 90. പൊൽത്താരിൽ....ട്ടുംഗം—ലക്ഷ്മീദേവിയാകുന്ന താമരപ്പൊയ്കയിൽ ശൃംഗാരത്തോടുകൂടി വിഹരിക്കുന്ന വിഷ്ണുവാകുന്ന ട്ടുംഗം (വണ്ട്). ഹൃദ്യാം—മനോഹരമായ. വാണീം—വാക്കിനെ. സഃ സുരഗണവും—ആ ദേവസംഘവും. ഭക്ത്യാ—ഭക്തിയോടു്. ചിത്തേ—മനസ്സിൽ. പങ്ക്തി....തിം—രാവണോപദ്രവത്തെ. നഷ്ടാം—നശിച്ചതായി. നിർദ്ധാര്യ—നിശ്ചയിച്ചുകൊണ്ടു്. നിജനിജഭവനം പ്രാപ്യ—അവരവരുടെ ഇരിപ്പിടത്തിൽ ചെന്നു. മോദിച്ചിരുന്നു—സന്തോഷിച്ചിരുന്നു.

രാവണോദ്ഭവം സമാപ്തം

രാമാവതാരം

കവി പ്രബന്ധാരംഭത്തിൽ കഥാനായകനായ ശ്രീരാമനെത്തന്നെ വന്ദിക്കുന്നു:

ശ്രീമേവീടുന്ന വീരാസനവടിവു കല—
ന്നാസ്ഥിതം, ജാനുഭാഗേ
വാമം വിന്യസ്യ ഹസ്താംബുജമിതരകരേ
ബോധമുദ്രാം ദധാനം,
ആമോദാദ് വീക്ഷമാണം കരധൃതകമലാം
മൈഥിലീം പാർശ്വസംസ്ഥാം,
കാർമേഘാഭം തൊഴുന്നേൻ കടകമകുടഹാ—
രാദിഭ്രഷ്ടം പുമാംസം.

രാമാവതാരവർണ്ണനം പ്രബന്ധവിഷയമാണെന്നുള്ള കഥാസൂചന:

ത്രൈലോക്യത്തിനു പദ്മനാഭചരിതം
കർണ്ണാമൃതം മേല്ക്കുമേൽ,
മാലോകക്കതിലും മനോഹരമഹോ!
രാമാവതാരോത്സവം

പദ്യം 1. ശ്രീമേവീടുന്ന—ഐശ്വര്യത്തോടുകൂടിയ. വീരാസനവടിവു കലർന്ന—വീരാസനത്തിന്റെ ആകൃതിയിൽ. ആസ്ഥിതം—സ്ഥിതിചെയ്യുന്നവനും. ജാനുഭാഗേ—മുട്ടിൽ. വാമം ഹസ്താംബുജം വിന്യസ്യ—ഇടത്തെക്കൈ വെച്ചിട്ട്. ഇതരകരേ—മറേ കയ്യിൽ. ബോധമുദ്രാം ദധാനം—ചിന്മുദ്രയെ ധരിക്കുന്നവനും. കരധൃതകമലാം—കയ്യിൽ താമരയെ ധരിച്ചവളും, പാർശ്വസംസ്ഥാം—അടുത്തിരിക്കുന്നവളും ആയ. മൈഥിലീം—സീതാദേവിയെ. ആമോദാദ് വീക്ഷമാണം—സസന്തോഷം നോക്കുന്നവനും. കാർമേഘാഭം—കറുത്ത മേഘത്തിന്റെ ശോഭപോലെയുള്ള ശോഭയോടുകൂടിയവനും. കടക....ഭ്രഷ്ടം—വള, കിരീടം, മാല മുതലായ ആഭരണങ്ങളോടുകൂടിയവനും ആയ. പുമാംസം—പുരുഷനെ, ഞാൻ തൊഴുന്നേൻ.

''ഏകം പാദമധഃ കൃത്വാ വിന്യസ്യോരൗ തഥേതരം
ഋജുകായോ വിശേദ്യോഗീ വീരാസനമിദം സ്മൃതം.''

എന്നു വീരാസനലക്ഷണം.

പദ്യം 2. പദ്മനാഭചരിതം—വിഷ്ണുവിന്റെ അവതാരങ്ങളാകുന്ന ചരിതം. കർണ്ണാമൃതം—കർണ്ണാനന്ദകരം. മനോഹരം—രമ്യം. അഹോ—ആശ്ചര്യം. രാമാ.....വം—ശ്രീരാമന്റെ അവതാരമാകുന്ന ഉത്സവം.

മാലാറീടുവതിന്നു പാക്കിലതു നീ
തോഴാ! ചെവിക്കൊയ്കപു—
മാലാസൗരഭസോരമൻപൊടു മുക—
ക്കുംവണ്ണുമാനന്ദനം. 2

രാമാവതാരമാഹാത്മ്യം:

പ്രാദുർഭാവാ മുരാരേഃ കതി കതി മഹിതാഃ
സന്ത്യഹോ! കിന്ത്വമീഷു
ശ്രീരാമാഖ്യാവതാരോ ജയതി സുചരിതൈർ
വിശ്വമംഗല്യദായീ,
വിക്രാന്തിക്ഷാന്തിസത്യപ്രഥിമവിനയഗാം—
ഭീര്യസൗന്ദര്യധൈര്യ—
സ്ഥൈര്യാദിഃ കാസു വാ സംഭവതി ജനിഷു സം—
ഭൂയ ഭൂമാ ഗുണാനാം?

അയോധ്യാവർണ്ണനം:

കണ്ടോളാം കൺകുളിർക്കും മണിഭവനമനോ—
ഹാരിണീ, രാജലക്ഷ്മീ—
കണ്ണാശ്ലേഷം കലർന്നുള്ളഖിലവസുമതീ—
പാലമാലാഭിരാമാ,

മാലാറീടുവതിന്നു—ദുഃഖം തീരുന്നതിനു. പൂമാലാ....സാരം—പൂമാലയുടെ വാസനയെ. മുകക്കുംവണ്ണം—മണപ്പിക്കുംവണ്ണം. ആനന്ദനം—ആനന്ദത്തെ ജനിപ്പിക്കുന്നതു്.

പദ്യം 3. മുരാരേഃ—മഹാവിഷ്ണുവിന്റെ. മഹിതാഃ—ശ്രേഷ്ഠങ്ങളായ പ്രാദുർഭാവാഃ—അവതാരങ്ങൾ. കതി കതി സന്തി—എത്രയെത്രയാണുള്ളതു്? അസംഖ്യം അവതാരങ്ങൾ ഉണ്ടെന്നർത്ഥം. അഹോ—ആശ്ചര്യം. കിന്തു—എന്നാൽ. അമീഷു—ഈ അവതാരങ്ങളിൽ. ശ്രീരാ....രഃ—ശ്രീരാമാവതാരമെന്നതു്. സുചരിതൈഃ—സദ്വൃത്താന്തങ്ങളാൽ. വിശ്വ.... ദായീ—ലോകത്തിനു ക്ഷേമങ്കരമായി. ജയതി—സർവോത്കർഷത്തോടുകൂടി വർത്തിക്കുന്നു. വിക്രാന്തി....ര്യാദിഃ—പരാക്രമം ക്ഷമ സത്യം പൂജ്യത വിനയം ഗാംഭീര്യം സൗന്ദര്യം ധൃതി മുതലായ. ഗുണാനാം—ഗുണങ്ങളുടെ, ഭൂമാ—ആധിക്യം. കാസു വാ ജനിഷു—ഏതു് അവതാരത്തിലാണു്. സംശ്രയ സംഭവേതി—ഒന്നിച്ചു സംഭവിക്കുക. രാമനായി അവതരിച്ച പുരുഷനിൽ മാത്രമേ ഈ ഗുണങ്ങളെല്ലാം ചേർന്നിരിക്കുന്നു എന്നർത്ഥം. വാല്മീകിരാമായണാരംഭത്തിലുള്ള 'കോന്വസ്മിൻ സാമ്പ്രതം ലോകേ' ഇത്യാദിപദ്യങ്ങളുടെ ആശയം മനസ്സിൽ വച്ചുകൊണ്ടു് രചിച്ചതാണു പ്രകൃതപദ്യോത്തരാർദ്ധം.

പദ്യം 4. മണി....രിണീ—മണിമയങ്ങളായ ഭവനങ്ങളെക്കൊണ്ടു് മനോജ്ഞയും, രാജ....രാമാ—രാജലക്ഷ്മിയുടെ കഴുത്തിൽ ആലിംഗനം ചെയ്ത എല്ലാ രാജാക്കന്മാരെക്കൊണ്ടും രമ്യയും. ഭണ്ഡാരംകൊണ്ടു പൂർണ്ണാ—പണഭോരവക സ്വർണ്ണരത്നാദി സാധനങ്ങൾ സൂക്ഷിക്കുന്ന മുറികളാൽ

ഭണ്ഡാരംകൊണ്ടു പൂണ്ടാ, ഗജമദസുരഭീ—
ഭൃതശൃംഗാടകാ, പ—
ണ്ടുണ്ടായീ പോലയോധ്യാനഗരി പരിചിതാ
രാജധാനീ രഘൂണാം. 4

ലോകാലോകോല്ലസദ്ഗോപുരഘനപരിഖാ—
ലങ്കൃതാ, ഭംഗികൈയ്യോ—
ണ്ടോകാശത്തോടുരുമ്മീടിന കനകമഹാ—
സാലമാലാഭിരാമാ,
ഏകാന്തേ രത്നഹർമ്യങ്ങളിൽ നിജതരുണ—
ന്മാരുമായ് മാരകേളീ—
രാഗാലോലം കളിക്കും മധുരമൃഗദൃശാം
വിഭ്രമൈർ ഭാസമാനാ. 5

മല്ലാർപൂങ്കാവിലയ്യാ! മൃദുലപവനമേ—
റുയലാടിക്കളിക്കും
മല്ലാക്ഷീണാം മദോദഞ്ചിതസുലളിതസം—
ഗീതഭംഗീമനോജ്ഞാ,
ഉല്ലാസം പൂണ്ടു പൊന്നിൻകൊടിമരമുകളിൽ
കാറലച്ചംബുദാളീം
മെല്ലേ മെല്ലേ മുകുന്ദം കനകമയപതാ—
കാവലീലാളനീയാ. 6

നിറഞ്ഞതും. ഗജ....ടകാ—ആനകളുടെ മദജലത്തിന്റെ വാസനയുള്ള ചതുഷ്പഥ (നാലു പാതകളും ചേരുന്ന സ്ഥല)ങ്ങളോട് കൂടിയതും, പരിചിതാ—സമൃദ്ധവും ആയ. രഘൂണാം—രഘുവംശരാജാക്കന്മാരുടെ. രാജധാനീ—തലസ്ഥാനമായ, അയോധ്യാനഗരി. രഘൂണാം പരിചിതാ രാജധാനീ—രഘുരാജാക്കന്മാർക്ക പരിചയമുള്ള രാജധാനിയായ അയോധ്യാനഗരി എന്നുമാവാം. ''ശൃംഗാടകചതുഷ്പഥേ''—അമരം.

പദ്യം 5. ലോകാ .. കൃതാ-ലോകാലോകപർവതംപോലെ പൊങ്ങിയ ഗോപുരങ്ങളെക്കൊണ്ടും വലിയ അകിഴകളേക്കൊണ്ടും അലങ്കരിക്കപ്പെട്ടതും. ഉരുമ്മീടിന—മത്സരിക്കുന്ന. കനക....രാമാ—സ്വർണ്ണകോട്ടകളാൽ രമ്യയും. ഏകാന്തേ—തനിച്ച്, 'രത്നഹർമ്യങ്ങളിൽ-രത്നമയങ്ങളായ മാളികകളിൽ. നിജതരുണന്മാരുമായി—തന്റെ കാമുകന്മാരോടുകൂടി. മാര....കളിക്കും—സുരതക്രീഡയിലുള്ള ആസക്തികൊണ്ട് ചാപല്യത്തോടുകൂടി വിഹരിക്കുന്ന. മധുരമൃഗദൃശാം—സുന്ദരിമാരുടെ. വിഭ്രമൈഃ—വിലാസങ്ങളെക്കൊണ്ട്. ഭാസമാനാ—ശോഭിക്കുന്നതും; ആയ അയോധ്യാനഗരി, എന്ന പൂർവപദ്യത്തോടു് അന്വയിക്കുന്നു.

പദ്യം 6. മല്ലാർപൂങ്കാവിൽ—പൂക്കളാൽ അലങ്കൃതമായ തോട്ടത്തിൽ. മൃദുലപവനം—മന്ദമാരുതനെ. മല്ലാക്ഷീണാം—സുന്ദരിമാരുടെ. മദോ....നോജ്ഞാ—മദത്താൽ വർദ്ധിച്ച വളരെ ലളിതമായ ഗാനഭംഗിയാൽ മനോഹരവും. അംബുദാളീം—മേഘപങ്ക്തിയെ. മുകുന്ദം—

അസ്തി പ്രശസ്താ ജനലോചനാനാ–
മാനന്ദസന്ദായിഷു കോസലേഷു
ആജ്ഞാസമുത്സാരിതദാനവാനാം
രാജ്ഞാമയോധ്യേതി പുരീ രഘൂണാം. 7

പദക്രമപ്രക്രമലബ്ധവർണ്ണാ
ജടാധരാ ജഹ്നുസുതാകലാപാഃ
വിഭ്രതിഭാജോ വൃഷഭാസിതാംഗാ
ദ്വിജോത്തമാ യത്ര ബഹുത്രിനേത്രാഃ. 8

സൗധാശ്ച യൗധാശ്ച സുധാമലാഭാഃ
കാന്താഽലനാശ്ലേഷരസാ യദീയാഃ

സ്പർശിക്കുന്നു. കനക....നീയാ–സ്വർണ്ണക്കൊടിക്കൂറകളെക്കൊണ്ടു ലാളിക്കുവാൻ യോഗ്യമായതും ആയ അയോധ്യാനഗരി എന്ന പൂർവപദ്യത്തോടു് അന്വയിക്കുന്നു. നാലും അഞ്ചും ആറും പദ്യങ്ങളും ഒന്നിച്ചന്വയിക്കുന്നതിനാൽ കുളകം.

പദ്യം 7. ജനലോചനാനാം–ലോകരുടെ നയനങ്ങൾക്കു്. ആനന്ദസന്ദായിഷു–ആനന്ദത്തെ നല്കുന്ന. കോസലേഷു–കോസലജനപദങ്ങളിൽ. ആജ്ഞാ....വാനാം–കല്പനകൊണ്ടുതന്നെ അസുരന്മാരെ ഓടിച്ചവരായ. രഘൂണാം രാജ്ഞാം–രഘുരാജാക്കന്മാരുടെ. പ്രശസ്താ–ശ്ലാഘ്യയായ. അയോധ്യാ ഇതി പുരീ–അയോധ്യ എന്ന പേരായ നഗരം. അസ്തി–ഉണ്ടു്. ഭോജചമ്പുവിലെ പദ്യമാണിതു്.

പദ്യം 8. യത്ര–യാതൊരു അയോധ്യാനഗരിയിൽ. പദ....വർണ്ണാഃ (വേദമന്ത്രങ്ങളുടെ) പദ–ക്രമപാഠങ്ങളിൽ വർണ്ണവിഷയങ്ങൾ (ശിക്ഷാദിശാസ്ത്രമനസരിച്ചു്) അറിഞ്ഞവരും. ജടാധരാഃ–ജടയെ ധരിക്കുന്നവരും അല്ലെങ്കിൽ ജട എന്ന വേദപാഠവിശേഷത്തെ ധരിച്ചവരും. ജഹ്നു ...ലാപാഃ–ഗംഗയാകുന്ന കലയോടുകൂടിയ ശിവനെ ശരണം പ്രാപിച്ചവരും (?). വിഭ്രതിഭാജഃ–ഭസ്മം പൂശിയവരും അല്ലെങ്കിൽ സമ്പന്നന്മാരും. വൃഷ....താംഗാഃ–പുണ്യകർമ്മത്താൽ ഭാസിതമായ ശോഭയോടുകൂടിയ ശരീരമുള്ളവരും ആയ. ദ്വിജോത്തമാഃ–ബ്രാഹ്മണശ്രേഷ്ഠർ. ബഹുത്രിണേത്രാഃ–ശിവനു തുല്യന്മാരായി വിളങ്ങുന്നവരോ, ശിവനും താണ്ഡവസമയത്തിൽ കാലുകളെ ക്രമമായി വെയ്ക്കുമ്പോഴും വിശേഷമായി ശോഭിക്കുന്നവൻ. ജടയെ ധരിച്ചവൻ. മുടിക്കെട്ടിൽ ഗംഗയോടുകൂടിയവൻ. ഭസ്മം പൂശിയവൻ അല്ലെങ്കിൽ അണിമാദികളായ എട്ടുവിധം വിഭ്രതികളും (സിദ്ധികളും) ഉള്ളവൻ. വൃഷഭത്തിൽ ഇരിക്കുന്ന ശരീരത്തോടുകൂടിയവൻ. ''വിഭാഷാ....ബഹുച് പുരസ്താത്തു'' എന്ന വിധിപ്രകാരം ബഹുത്രിണേത്രാഃ എന്ന രൂപം. ശിഖാ മാലാ ജട ഘനം മുതലായവ വേദപാഠവിശേഷങ്ങളും. ശ്ലേഷാലങ്കാരം.

പദ്യം 9. യദീയാഃ–യാതൊരു അയോധ്യയിലുള്ള. സൗധാഃ ച –മാളികകളും. യൗധാശ്ച–ഭടന്മാരും, യഥാക്രമം. സുധാമലാഭാഃ–സുധാലേപത്താൽ നിർമ്മലമായ ശോഭയുള്ളതുകളും. കാന്താ....രസാഃ–കാമിനിമാരുടെ മുറുകെയുള്ള ആലിംഗനംകൊണ്ടു് രസമുള്ളവരായും ഇരിക്കുന്നുവോ, കിന്തു–എന്നാൽ. പ്രഥമേ–ആദ്യം പറഞ്ഞ സൗധങ്ങളും.

കിന്ത്വാവസന്തി പ്രഥമേ വരാം ഭ്യാ-
മാകൃഷ്യ നിഘ്നന്ത്യപരേ പരേഷാം. 9

സന്നായകോത്കൃഷ്ടഗുണാ മഹാർത്ഥാ
ലോകോത്തരാലങ്കൃതിരസ്തദോഷാ
വിശുദ്ധവർണ്ണാ ശ്രമഗുംഭിതാ യാ
ഹാരാവലീ കാവ്യകഥാദിരാമാ. 10

വെണ്മാടപ്പന്തി, ചന്ദ്രോദയമണിഭവനം,
തുമണിക്കൈ, ട്ടൊരോരോ
പെണ്മാൻനേർക്കണ്ണിമാർവീടലർവിരിഖദിരാ-
സ്ഥാന, മാനന്ദശാലാ,
കണ്മായത്തട്ടവട്ടത്തുറകളം, പരിമള-
പ്പന്തലെന്നേവമാദ്യൈ-
രുന്നാനാ നന്നയോധ്യാനഗരി മുഖരിതാ
ഗീതവാദിത്രഘോഷൈഃ. 11

വരാം—ശ്രേഷ്ഠമായ. ഭ്യാം—ഭൂമിയെ. ആകൃഷ്യ—ആകർഷിച്ചു. ആവ സന്തി—സ്ഥിതിചെയ്യുന്നു. സാധുങ്ങളെല്ലാം ശ്രേഷ്ഠമായ ഭൂമിയിൽ സ്ഥിതിചെയ്യുന്നു എന്നർത്ഥം. അപരേ—ഭേടന്മാരാകട്ടെ. പരേഷാം—ശത്രു ക്കളുടെ. വരാം—ശ്രേഷ്ഠമായ. ഭ്യാം—ഞാണിനെ. ആകൃഷ്യ—പിടിച്ചു വലിച്ചു്. നിഘ്നന്തി—ഹിംസിക്കുന്നു

പദ്യം 10. യാ—യാതൊരു അയോധ്യ. സന്നാ....ഗുണാ—നല്ല മ ധ്യമണിയാൽ ഗുണം വർദ്ധിച്ചതും. മഹാർത്ഥാ—വിലയേറിയതും. ലോ കോത്തരാലങ്കൃതിഃ—ശ്രേഷ്ഠമായ അലങ്കാരവും. അസ്തദോഷാ—ദോഷ രഹിതവും. വിശുദ്ധവർണാ—ശുദ്ധമായ നിറമുള്ളതും. ശ്രമഗുംഭിതാ—പ്രയത്നിച്ചു് ഉണ്ടാക്കപ്പെട്ടതും. കാവ്യകഥാദിരാമാ—കാവ്യകഥപോലെ മനോഹരവും ആയ. ഹാരാവലീ—ഹാരപങ്ക്തിയായി വിളങ്ങുന്നവോ. കാവ്യത്തിലെ കഥയും ഉത്തമനായകന്റെ ശ്രേഷ്ഠഗുണങ്ങളോടുകൂടിയതു്. അർത്ഥപുഷ്ടിയുള്ളതു്. ശ്രേഷ്ഠമായ ഉപമാരൂപകാദ്യലങ്കാരത്തോടുകൂടിയ തു്. പദ,വാക്യ,രസാദിദോഷങ്ങളില്ലാത്തതു്. ശുദ്ധമായ അക്ഷര ങ്ങളെക്കൊണ്ടുള്ള പദരചനയോടുകൂടിയതു്. പ്രയത്നിച്ചു രചിക്കപ്പെട്ട തു്. അയോധ്യാനഗരിയും നല്ല രാജാവിന്റെ ശ്രേഷ്ഠഗുണങ്ങളോടു കൂ ടിയതു്. വിലയേറിയ പദാർത്ഥങ്ങളും നിറഞ്ഞതു്. ശ്രേഷ്ഠമായ അല ങ്കാരങ്ങളോടുകൂടിയതു്. കളവു് കവർച്ച മുതലായ ദോഷമില്ലാത്തതു്. സാങ്കര്യമില്ലാത്ത ബ്രാഹ്മണാദിവർണ്ണങ്ങളാലും ബ്രഹ്മചര്യാദ്യാശ്രമങ്ങ ളാലും നിറഞ്ഞതു്. ശ്ലേഷാനുപ്രാണിതമായ രൂപകാലങ്കാരം.

പദ്യം 11. അലർ....സ്ഥാനം—കാമകേളികൾക്കായുള്ള സ്ഥലം. ആനന്ദശാല—നാടകാദി ശാല. കൺമാ....കം—ഇന്ദ്രജാലാദി വിദ്യകൾ പ്രയോഗിപ്പാനുള്ള സ്ഥാനങ്ങൾ. പരിമളം—വാസന. എന്നേവമാ ദ്യൈഃ—ഇത്യാദികളാൽ. അമ്ലാനാ—ക്ഷയിക്കാത്ത. ഗീത....ഘോഷൈഃ—പാട്ടു് വാദ്യം ഇവയുടെ ധ്വനികളാൽ. മുഖരിതാ—മുഴങ്ങുന്ന.

ഗദ്യം 1.

ഹര ഹര! ശിവ ശിവ! നാനാനഗരീ–
തിലകമയോധ്യാനഗരി വിചാരേ
ബഹുവിധരത്നസമൂഹംകൊണ്ടും
ജനപദമഹിളാചമയംകൊണ്ടും
കേളിവിനോദനമേളംകൊണ്ടും
പെരുകിന പരിജനവിഭവംകൊണ്ടും
മേന്മേലോത്തു നിരസ്സാതങ്കം
വലരിപുനഗരീം വാവായെന്ന പ–
ടസ്സാലസ്സാണ്ടു വിളിക്കുംപോലെ
കാറേററുപരി കുലഞ്ഞിളകീടിന
കൊടിക്കൂറകൾകൊണ്ടതിരമണീയാ,

പടപൊരുതോരോ വിജയപ്പേരി–
ട്ടെട്ടുദിഗന്തേ കേളി മുഴപ്പി–
ച്ചുള്ളിന്നശ്രീ പെരുമാറീടും
[1]ചേകവരേക്കൊണ്ടതിഗംഭീരാ.

യൗവനപരിമളമദമിളകീടും
തരുണികളും ചില തരുണന്മാരും
മന്ദസ്മിതവും മധുരാലാപവു–
മനുസരണഞ്ഞളകമലരഴികയു–
മവസരമറികയുമവരവർ പറകയു–
മുപവനവിഹൃതിയുമകിലണിമുലമേ–
ലഭിരുചിപെരുകിയുമരുതരുതെന്നും
പുൽകാമെന്നും പുഷ്പശരന്നിത
ചെങ്കോലെന്നും പൂമ്പൊടികൊണ്ടു വി–
തച്ചീടെന്നും പനിനീർകൊണ്ടു ത–

ഗദ്യം 1. വിചാരേ–ചിന്തിച്ചാൽ. അയോധ്യാ, നാനാ....ലകം പല നഗരങ്ങളിലുംവെച്ചു് ശ്രേഷ്ഠമാകന്നു. ജനപ....മയം–നാട്ടിലുള്ള സ്ത്രീകളുടെ വേഷഭൂഷാദികംകൊണ്ടും. കേളി....മേളം–ക്രീഡയിൽ രസിക്കുന്നവരുടെ കൂട്ടം. പരിജനവിഭവം–സേവകജനങ്ങളുടെ പ്രൗഢി. നിരസ്സാതങ്കം–ശങ്കകൂടാതെ. വലരിപുനഗരീം–ഇന്ദ്രലോകത്തെ. ഉപരി–മുകളിൽ. അതിരമണീയാ–വളരെ രമ്യം.

എട്ടുദിഗന്തേ–എട്ടു ദിക്കുകളുടെയും അറ്റത്തിൽ. അച്ഛിന്നശ്രീ–ശോഭ കുറയാതെ, അതിഗംഭീരാ–പ്രാഭവം കൂടിയതു്.

യൗവന....മദം–താരുണ്യവികാസത്തിന്റെ മദം. മന്ദസ്മിതം–പുഞ്ചിരി. മധുരാലാപം–മധുരമായ സംഭാഷണം. അനുസരണം–യോ

1. 'മേവകരേ'.

ളിച്ചീടെന്നും പൂന്തേൻപൊഴിയിൽ
പോകട്ടെന്നും പ്രാഭവമിന്നല-
രമ്പനിതെന്നും പാർവണചന്ദ്രനു
തൊഴുകൈയെന്നും പറയുന്നേര-
ത്തന്യോന്യം ചില കലഹമിണക്കി വി-
മുക്തവിരോധമണഞ്ഞു പുണർന്നും
പുരികുഴൽകൊണ്ടൊന്തനെ മൂടി-
പ്പുലരെപ്പുലരെപ്പുണ്ട കിടന്നും
മദനമഹോത്സവവിരതിയിൽ മാറ-
ത്തമൃതാധരിമാർ മുലയിണയും വ-
ച്ചധരമധുളിം ഝടിതി നകന്നും
ദുഗ്ധണിതരതിബലമിളകീടും ചില
സരസവിശേഷവിനോദമനോജ്ഞാ.

വെണ്മാടങ്ങളിലുന്മേഷത്തോ-
ടിടയിലമൃഷ്ടം മാണിക്യോപല-
മഹസാ സഹസാ സന്ധ്യാസമയ-
ഭ്രാന്തിം[1]കൈയ്ക്കൊണ്ടിണപിരിയും ചില
ചക്രാഃഗാഹയകരുണവിലാപവി-
ലോളിതമഹിതമനോഹരഭാഗാ.

നിത്യമിരുണ്ട പുകഞ്ഞുണ്ടൊരിടം
വലരിപുമണിഗൃഹസുമധുരഭാസാ,
മെത്തും മധ്യാഹ്നഭ്രമമൊരിടം,
ദിനകരകാന്തമണിദ്യുതിമഹസാ,

ജിച്ചിരിക്കുക. അകമലർ അഴിക-ഉള്ളലിയുക. ഉപവനവിഹൃതി—ഉദ്യാനങ്ങളിൽ വിഹരിക്കുക. അഭിരുചി—ആഗ്രഹം. പുഷ്പശരൻ—കാമദേവൻ. പാർവണചന്ദ്രൻ—പൂർണ്ണചന്ദ്രൻ. വിമുക്തവിരോധം—വിരോധംകൂടാതെ. മദന....വിരതി—സുരതാവസാനം. അമൃതാധരി—സുന്ദരി. അധരമധുളീം—അധരരസത്തെ. ഝടിതി—താമസംകൂടാതെ. ദുഗ്ധണിതരതിബലം—രതിക്രീഡ ചെയ്യുവാൻ വർദ്ധിച്ച ശക്തി. സരസ.....നോജ്ഞാ—രസമുള്ള വിശേഷപ്പെട്ട വിനോദങ്ങൾകൊണ്ട മനോഹര.

ഉന്മേഷത്തോട—കാന്തമാംവണ്ണം. അമൃഷ്ടം—പതിച്ചിരിക്കുന്ന. മാണി....ഹസാ—മാണിക്യകല്ലിന്റെ പ്രഭയാൽ. സഹസാ—പെട്ടെന്ന്. സന്ധ്യാസമയഭ്രാന്തി—സന്ധ്യാകാലമായി എന്ന ഭ്രമം. ചക്രാംഗാഹായ .....ഭാഗാ—(വേർപാട നിമിത്തമുള്ള) ചക്രവാകപക്ഷിയുടെ ദീനരോദനംകൊണ്ട് കലങ്ങിയ ശ്രേഷ്ഠദിഗ്വിഭാഗങ്ങളോടുകൂടിയതും.

നിത്യം—എപ്പൊഴും. വലരി....ഭാസാ—ഇന്ദ്രനീലക്കല്ലുകൾകൊണ്ട നിർമ്മിച്ച ഗൃഹങ്ങളുടെ മനോഹരകാന്തിയാൽ. ദിനകര....ഹസാ—സൂര്യ

1. 'ന്തിയൈകൈ'

ശാരദശശധരബിംബംപോലെ
രജതസ്ഥലികൊണ്ടൊരിടം മധുരം,
ചൂടില്ലാതൊരു ചെങ്കനൽപോലെ
പവിഴക്കല്ലാൽ വിലസിതമൊരിടം,
പൈങ്കിളിമാല പറന്ന കണക്കേ
മരതകരുചികൊണ്ടൊരിടം മധുരം,

ശിവശിവ! ശിവനേ! കൃതിരപ്പന്തികയം,
ചതുരംഗത്തള,മരശ്രനികേതം
പന്താട്ടത്തറ, സന്ധ്യാമന്ദിര,—
മായുധശാലക, [1]ളായാസപ്പുര,
ചന്ദനമന്ദിര,മിന്ദുശിലാലയ,—
മാനപ്പന്തികയം, ഭോജനശാലകയം,
മാണിക്കത്തറ, മരതകമണ്ഡപ—
മിന്ദ്രമണിക്കെട്ടി,ന്ധനഗേഹം,
ബന്ധനഗേഹം, കനകക്കെട്ടകയം,
സഭ്യജനാനാം വിഹരണമന്ദിര—
മനവധി പലവുണ്ടഞ്ഞൊരു ഭാഗേ,
ചന്തമിണങ്ങിന മന്ത്രിവരാണാം
മന്ത്രഗൃഹങ്ങളിതഞ്ഞൊരു ഭാഗേ,
പാടവമേത്തും നടവരസുരഭില—
നാടകശാലകളഞ്ഞൊരു ഭാഗേ,
അഞ്ജനകുലഗിരിമഞ്ജിമതിരളം
കുഞ്ജരപടലികളഞ്ഞൊരു ഭാഗേ,

കാന്തമണിയുടെ കാന്തിപ്രസരത്താൽ. മധ്യാഹ്നഭ്രമം—നേരം ഉച്ചയായി എന്ന ഭ്രമം. മെത്തും—വർദ്ധിച്ച. ശാര....ബിംബം—ശരത്കാലത്തിലെ ചന്ദ്രബിംബം. രജതസ്ഥലീ—വെള്ളികൊണ്ടു നിർമ്മിച്ച കൃത്രിമഭൂമി. മധുരം—മനോജ്ഞം. വിലസിതം—ശോഭിതം. രുചി—ശോഭ.

ചതുരംഗത്തളം—ചതുരംഗം കളിപ്പാനുള്ള പ്രത്യേക സ്ഥലം. അരശ്രനികേതം—രാജ്യകാര്യങ്ങയം ആലോചിക്കുവാനുള്ള മന്ത്രശാല. അല്ലെങ്കിൽ ആൽത്തറ. സന്ധ്യാമന്ദിരം—സന്ധ്യാസമയത്തു് ഊക്കുകേഴിക്കുവാനുള്ള മണ്ഡപം. ആയാസപ്പുര—വ്യായാമശാല. ചന്ദനമന്ദിരം—ചന്ദനത്തടിയാൽ നിർമ്മിച്ച ഗൃഹം. ഇന്ദുശിലാലയം—ചന്ദ്രകാന്തക്കല്ലുകൊണ്ടു നിർമ്മിച്ചഗൃഹം. ഇന്ധനഗേഹം—വിറകുപുര. ബന്ധനഗേഹം—ജയിൽ. സഭ്യജനാനാം—സഭയിൽ യോഗ്യരായവർക്കു്. വിഹരണമന്ദിരം—വിനോദിക്കുവാനായുള്ള ഗൃഹം. മന്ത്രിവരാണാം മന്ത്രിശ്രേഷ്ഠന്മാരുടെ. മന്ത്രഗൃഹങ്ങയം—രാജ്യകാര്യം ആലോചിക്കുവാനുള്ള ഗൃഹങ്ങയം. പാടവം—സാമർത്ഥ്യം. നട.... ശാലകയം—ശ്രേഷ്ഠനടന്മാരാൽ മനോഹരമായ നാടകശാലകയം. അഞ്ജന

1. 'ളായസാപ്പ'

വാരിധിതിരകളൊടെതിരിട്ടമനുപമ–
വാജികദംബമിതഞ്ഞൊരു ഭാഗേ,
നാലം പുകഴ്വാൻ കാലാംപ്പടതൻ
കേളീസമരമിതഞ്ഞൊരു ഭാഗേ,
ഭ്രദേവാലയനിരകളിലിളകിന
വേദാഘോഷം കഹചന ഭാഗേ,
സേവാവ ;രം പാത്തു കിടക്കും
ഭ്രപാലാവലി കഹചന ഭാഗേ,
പാണ്ഡ്യമഹീപതിസൈന്യം കഹചന,
കേരളകാഹളനിനദം കഹചന,
ചോളമഹീപതിലാളിതമൊരിടം,
സിംഹളസേനാബ്ഹിതമൊരിടം,
സിന്ധുപുരന്ദരസുന്ദരമൊരിടം,
കണ്ണാടേശ്വരമണ്ഡിതമൊരിടം,
അംഗകലിംഗത്രലിംഗമഹാരാ–
ഷ്ടാധിപനിബിഡിതമായിട്ടൊരിടം,
മേന്മേലാശ്ചര്യാകരമത്രേ
പാക്കിലയോധ്യാനഗരി വിശേഷാൽ.

ഗദ്യം 2.

പ്രശസ്തസുധാധവളൈഃ ബൃഹത്കഥാരംഭൈരിവ സാല ഭഞ്ജികോപശോഭിതൈഃ, വൃത്തൈരിവ സമാണവക്രക്രീ

....മഞ്ജിമ–അഞ്ജനപർവതത്തിന്റെ ശോഭ. കുഞ്ജരപടലികയും–ആനക്കൂട്ടങ്ങളും. വാരിധി–സമുദ്രം. അനുപ....ദംബം–നല്ലജാതി കുതിരകളും. പുകഴ്വാൻ അലം ന–വർണ്ണിപ്പാൻ പര്യാപ്തമല്ല. കേളീസമരം–കളിയുദ്ധം. ഭ്രദേവാലയനിരകളിൽ–ബ്രാഹ്മണഗൃഹപങ്ക്തികളിൽ. കഹചന ഭാഗേ–ഒരു ഭാഗത്തിൽ. മഹീപതി–രാജാവു്. കഹചന–ഒരിടത്തു്. കേരളകാഹളനിനദം–കേരളീയരുടെ ഭേരീശബ്ദം. ചോള....ളിതം–ചോളരാജാവിനാൽ ലാളിക്കപ്പെട്ടതു്. സിംഹ....ഹിതം–സിംഹളദേശീയരായ സൈനികന്മാരുടെ ഗർജിതം. സിന്ധുപുരന്ദരസുന്ദരം–സിന്ധുദേശരാജാവിനാൽ സുന്ദരം. കണ്ണാ....ണ്ഡിതം–കണ്ണാടദേശരാജാവിനാൽ അലങ്കൃതം. അംഗ....ഡിതം–അംഗകലിംഗത്രലിംഗമഹാരാഷ്ടദേശത്തിലെ രാജാക്കന്മാരാൽ തിങ്ങിയതു്. കവി കേരളീയരെയും അയോധ്യയിൽ വസിക്കുന്നവരായി സ്മരിക്കുന്നുണ്ടു്.

ഗദ്യം 2. പ്രശസ്ത....വളൈഃ–നല്ല വെൺകളി പൂശി വെളുത്തു ശോഭിക്കുന്ന. ബൃഹ....രംഭൈ ഇവ–(ഗുണാഢ്യൻ എന്ന കവിയാൽ പൈശാചീഭാഷയിൽ രചിക്കപ്പെട്ട മഹാകൃതിയായ) ബൃഹത്കഥയുടെ തുടക്കങ്ങളും എന്നപോലെ. സാല....ഭിതൈഃ–പാവകളെക്കൊണ്ടു ശോഭിക്കുന്ന. ബൃഹത്കഥയിൽ പാവകളും കഥ പറയുന്നതായി പറഞ്ഞിരിക്കുന്നു. വൃത്തൈഃ ഇവ–ഛന്ദോബദ്ധങ്ങളായ വൃത്തങ്ങളും എന്നപോലെ. .

ഡിതൈഃ, കരിയൂഥൈരിവ സമത്തവാരണകൈഃ, ദാശസൈന്യൈരിവ സജാലകൈഃ, ബലിഭുവനൈരിവ സുതലസന്നിവേശൈഃ വേശ്മഭിരുദ്ഭാസിതാ,

ഘനാഗമേനേവ ദർശിതാഖണ്ഡഘനവിഭ്രമേണ, വേലാതടേനേവ പ്രവാളമണിമണ്ഡനേന, ദേവാംഗനാജനേനേവ ഇന്ദ്രാണീപരിചിതിവിഭാവേന, ഗജേനേവ നവപല്ലവരുചിനാ, കോകിലേനേവ പരപുഷ്ടേന, ഭ്രമരേണേവ സുമേഷു ലാളിതേന; ജലൗകസേവ രക്താകൃഷ്ടിനിപുണേന, യാജകേനേവ

സമാണ....കുട്ടികളുടെ കളികളോടുകൂടിയ. 'മാണവകക്രീഡിതം' എന്നതു വൃത്തങ്ങളിൽ ഒന്നാണു്. കരിയൂഥൈഃ ഇവ—ഗജവൃന്ദങ്ങളും എന്നപോലെ. സമത്തവാരണൈഃ—മദയാനകളോടുകൂടിയ. ദാശസൈന്യൈഃ ഇവ—മുക്കുവന്മാരുടെ കൂട്ടങ്ങളും എന്നപോലെ. സജാലകൈഃ—കിളിവാതിലുകളോടുകൂടിയ. മുക്കുവന്മാർ വലകളോടുകൂടിയവരാണല്ലോ. ബലിഭുവനൈഃ ഇവ—ബലിചക്രവർത്തിയുടെ ലോകങ്ങളും എന്നപോലെ. സുത....വേശൈഃ—നല്ല അടിസ്ഥാനക്കെട്ടോടുകൂടിയ. നരകത്തിന്റെ ഏഴു വിഭാഗങ്ങളിൽ ഒന്നായ സുതലത്തിലാണല്ലോ ബലിയുടെ സന്നിവേശം (ഇരിപ്പു്). വേശ്മഭിഃ—ഗൃഹങ്ങളെക്കൊണ്ടു്. ഉദ്ഭാസിതാ—ശോഭിക്കുന്ന. ഇതേവരെ ശ്ലേഷമര്യാദയിൽ അയോധ്യയിലെ ഗൃഹങ്ങളെ വിശേഷിപ്പിച്ചു.

ഇനി അയോധ്യയിലെ വേശ്യകളെ വിശേഷിപ്പിക്കുന്നു: ഘനാഗമേന ഇവ—വർഷാരംഭം എന്നപോലെ. ദർശി....മേണ—എപ്പോഴും അലങ്കാരവതികളായ, അല്ലെങ്കിൽ പിരിയാത്ത മേഘങ്ങളുടെ മിന്നൽപ്രഭയെ പ്രദർശിപ്പിക്കുന്ന, അതായതു് തത്തുല്യമായ കാന്തിയുള്ള എന്നർത്ഥം. വർഷാരംഭത്തിൽ പിരിയാത്ത മേഘങ്ങളുടെ വിഭ്രമം കാണപ്പെടുമല്ലോ. വേലാതടേന ഇവ—കടല്പുറം എന്നപോലെ. പ്രവാള....നേന—പവിഴമണികൊണ്ടു് അലങ്കരിച്ച. സമുദ്രതീരത്തിൽ പവിഴക്കൊടികളും വളരുന്നതായി പ്രസിദ്ധിയുള്ളതിനാൽ അതും പവിഴംകൊണ്ടു് അലങ്കൃതം. ദേവാം....നേന ഇവ—ദേവസ്ത്രീകളും എന്നപോലെ. ഇന്ദ്രാ....ശ്ലേന—വേഷവിധാനത്തിൽ സാമർത്ഥ്യമുള്ള. ''ഇന്ദ്രാണീ കരണേ സ്ത്രീണാം പൗലോമീബിന്ദുവാരയോഃ'' എന്ന മേദിനി. ദേവസ്ത്രീകളും ഇന്ദ്രപത്നിയുടെ സ്നേഹം സമ്പാദിച്ചവരാണല്ലോ. കോകിലേന ഇവ—കുയിൽ എന്നപോലെ. പരപുഷ്ടേന—അന്യരാൽ പുഷ്ടിയെ പ്രാപിച്ച. കുയിലും പരപുഷ്ടമാണു്. ജനിച്ച കുയിൽക്കുഞ്ഞും കാക്കക്കുഞ്ഞും ഒന്നുപോലെയിരിക്കും. കാക്ക കുയിൽക്കുഞ്ഞിനെ തന്റേതാണെന്നു ഭ്രമിച്ചു പുഷ്ടിയായി വളർത്തും. വസന്തകാലം തുടങ്ങുമ്പോഴാണു് കുയിൽ ശബ്ദിച്ചുകൊണ്ടു കാക്കയെ വിട്ടുപിരിഞ്ഞു പറന്നുപോകും. അപ്പോഴാണു് കാക്ക കാര്യം മനസ്സിലാകുക.

''കാകഃ കൃഷ്ണഃ പികഃ കൃഷ്ണഃ കോ ഭേദഃ പികകാകയോഃ.
വസന്തകാലേ സംപ്രാപ്തേ കാകഃ കാകഃ പികഃ പികഃ.''

എന്ന പദ്യം പ്രസിദ്ധമാണു്. ഭ്രമരേണ ഇവ—വണ്ടെന്നപോലെ. സുമേ....തേന—കാമദേവനാൽ ലാളിക്കപ്പെട്ട. വണ്ടും പുഷ്പങ്ങളിൽ വിഹരിക്കുന്നതു്. ജലൗകസാ ഇവ—അട്ട എന്നപോലെ. രക്താ....ണേന—അനുരക്തന്മാരായവരെ ആകർഷിക്കുന്നതിൽ മിടുക്കുള്ള. അട്ട

സുരതാർത്ഥിനാ. മഹാനടപാഹ്നേവ ബദ്ധടജംഗേന, ഗരുഡേ നേവ വിഭാസിഹൃദയതാപകരേണ, അന്ധകാസുരേണേവ ശൂ ലാനാമുപരിഗതേന വേശ്യാജനേന ചാധിഷ്ഠിതാ.

ഗദ്യം 3.

യസ്യാശ്ച വിശാലതയാ നാസ്തീവ ഹി ഭുവനം, ഉച്ചതയാ സുധാനാം ലോഷ്ടുകാ ഇവ ഗിരയഃ, രത്നബഹുതാദാപണാനാം രിക്താ ഇവ ജലനിധയഃ, ചാതുര്യേണ പൗരാണാം ഗ്രാമ്യ ഇവ മകരകേതുഃ, ഗാംഭീര്യേണ ദീർഘികാണാം ഉത്താനമിവ സാഗരതലം, അതിശയേന ശില്പകൃതാം[1] കിഞ്ചിജ്ഞ ഇവ വിശ്വകർമാ, മതിബലേന ശാസ്ത്രവിദാം മൂർഖാ ഇവ കാവ്യാം ഗിരസ്വയംഗ്രഹിണേയാഃ.

യ്യ രതതത്തെ ആശ്രയിക്കുന്നതിൽ മിടുക്കുള്ളതു്. യാജകേന ഇവ യാഗം ചെയ്യുന്നവൻ എന്നപോലെ. സുരതാർത്ഥിനാ–സുരതക്രീഡയെ ആഗ്രഹിക്കുന്ന. യാഗം ചെയ്യുന്നവൻ ദേവത്വം ആഗ്രഹിക്കുമല്ലോ. മഹാ...ഗേന ഇവ–വലിയ ആട്ടക്കാരന്റെ ബാഹ്യ എന്നപോലെ. ബദ്ധടജംഗേന–വിടന്മാരായ ജാരന്മാരോടുകൂടിയ. ആട്ടക്കാരനും സർപ്പ ത്തിനും കാണിക്കുമല്ലോ. ഗരുഡേന ഇവ–ഗരുഡൻ എന്നപോലെ. വിഭാ....രേണ–രസികന്മാർക്കു ഹൃദയപീഡയെ ജനിപ്പിക്കുന്ന. ഗരു ഡനും ആകാശത്തിൽ പറക്കുന്ന മറ്റു പക്ഷികൾക്കു പീഡയെ ജനിപ്പി ക്കുന്നവനാണല്ലോ. അന്ധകാസുരേണ ഇവ–അന്ധകാസുരൻ എന്നപോലെ. ശൂലാനാം ഉപരിഗതേന–പണ്യസ്ത്രീകളിൽ കൂടിയവരായ. ''ശൂലോ, സ്ത്രീ ഭോഗ ആയുധേ മൃത്യുകേതനയോഗേഷു ശൂലാ സ്യാത് പണ്യയോഷിതി'' എന്ന കോശം. അന്ധകാസുരനും ശൂലത്തിൽ കയറിയവൻ. വേശ്യാ ജനേന ച–വാരസ്ത്രീകളാലും. അധിഷ്ഠിതാ–അധിവസിക്കപ്പെട്ടതു്.

ഗദ്യം 3. യസ്യാഃ ച–യാതൊരു അയോധ്യയുടെ. വിശാലത യാ–വിസ്താരംനിമിത്തം. ഭുവനം–ലോകം. അതായതു് അയോധ്യയ ല്ലാതെ മറ്റൊരു ഭൂവിഭാഗം. ന അസ്തീ ഇവ ഹി–ഇല്ലെന്നതന്നെ തോന്നുമല്ലോ. സുധാനാം–മാളികകളുടെ, ഉച്ചതയാ–പൊക്കംകൊണ്ടു്. ഗിരയഃ–പർവതങ്ങൾ. ലോഷ്ടുകാ ഇവ–ഇഷ്ടികക്കട്ടകൾപോലെ (തോ ന്നും). ആപണാനാം–കടകളിൽ, രത്നബഹുതാത്–രത്നങ്ങളുടെ ആധി ക്യം നിമിത്തം. ജലനിധയഃ–സമുദ്രങ്ങൾ രിക്താഃ ഇവ–ശൂന്യങ്ങൾ പോലെ. പൗരാണാം–പുരവാസികളുടെ. ചാതുര്യേണ–രസികത്വം നിമിത്തം. മകരകേതുഃ–കാമദേവൻ. ഗ്രാമ്യഃ ഇവ–പരിഷ്കാരശൂന്യനായ നാടൻപോലെ. ദീർഘികാണാം–കുളങ്ങളുടെ. ഗാംഭീര്യേണ–അഗാധത നിമിത്തം സാഗരതലം–സമുദ്രനിരപ്പു്. ഉത്താനം ഇവ–പൊന്തി യിരിക്കുന്നതുപോലെ. ശില്പകൃതാം–ശില്പികളുടെ. അതിശയേന –സാമർത്ഥ്യം നിമിത്തം. വിശ്വകർമാ–ദേവശില്പി. കിഞ്ചിജ് ജ്ഞഃ ഇവ–അല്പമായ ജ്ഞാനമുള്ളവൻപോലെ. ശാസ്ത്രവിദാം–ശാസ്ത്രം അറിഞ്ഞവരുടെ. മതിബലേന–ബുദ്ധിസാമർത്ഥ്യം നിമിത്തം.

---

1. 'ശാമകി.'

യസ്യാം ച ഭൗമസുധാധവളിതാ ദിവ്യസുധാസഹോദരലാല
സാ ഇവാഭിവത്തന്തേ രജനീഷു രജനികരമുല്ലംഘിതത്രിലോ
കധവളദുകൂലജാലരസനാഃ പ്രാസാദപങ്ക്തയഃ.

കിം ബഹുനാ, വിചിത്രധരണികാമിനീചിത്രലേഖേവ,
വിവിധഗുണപുഞ്ജമഞ്ജുമണിമഞ്ജൂഷികേവ, വിബുധനഗരീ
വിനിർമിതിമാത്രകേവ,വിജയധവജപ്രഹേളികേവാളകായാഃ,
വിശ്രാമഭവനമിവ വിഭ്രതീനാം, വിധ്വംസനൗഷധിരിവ ദൂഷ
ണാനാം,വിഹാരഭൂമിരിവ വിശുദ്ധീനാം, വിലോചനചന്ദ്രി
കേവ വിപുലാവാസിനാം, വിശ്വപ്രസൂതിശാലേവ വിസ്താര
ശാലിനീ, കൈലാസശൈലവത് സർവ്വജ്ഞപരിഷ്കൃതാ,
ക്ഷീരാംബുരാശിരിവ ലക്ഷ്മീപ്രസൂതിഃ സത്യലോകവദ് ഹിര
ണ്യഗർഭവസതിഃ,

കാവ്യാ....ണേയഃ–ശുക്രബൃഹസ്പതിബുധന്മാർ. മൂർഖാഃ ഇവ–ബുദ്ധി ശൂന്യർ എന്നപോലെ.

യസ്യാം ച–യാതൊരു അയോധ്യയിൽ. ഭൗമ....ളിതാഃ–ഭൂമിയി ലുള്ള വെൺകളിപ്പൂച്ചിനാൽ വെളുത്തിരിക്കുന്ന. പ്രാസാദപങ്ക്തയഃ– മാളികകളുടെ ശ്രേണികൾ. രജനീഷു–രാത്രികളിൽ. ഉല്ലംഘിത..... രസനാഃ–മൂന്നു ലോകവും കടന്നു കൊടിക്കൂറകളാകുന്ന നാക്കുകളോട്കൂടി. ദിവ്യ....ലാലസാഃ–ദിവ്യമായ അമൃതത്തെ ആസ്വദിക്കുവാൻ താത്പര്യം വഹിച്ചു. രജനികരം–ചന്ദ്രനെ. അഭിവത്തന്തേ ഇവ–അഭിമുഖീകരി ച്ചിരിക്കുന്നതുപോലെ.

കിം ബഹുനാ–വളരെയെന്തിനു (വർണ്ണിക്കുന്നു.) വിചി....ലേഖാ ഇവ–വിശേഷപ്പെട്ട ഭൂലോകസുന്ദരിമാരുടെ ചിത്രലേഖ എന്നു തോന്നു മാറു്. വിവിധ....ഷികാ ഇവ–പല ഗുണങ്ങളാകുന്ന മനോഹര മായ മണിയുംകൊണ്ടു സമ്പൂടമോ എന്നു തോന്നുമാറു്. വിബുധ.... തൃകാ ഇവ–ദേവലോകം നിർമ്മിച്ചതിന്റെ മാതൃകയോ എന്നു തോന്നു മാറു്. അളകായാഃ–അളകാപുരിയുടെ. വിജയ....ളികാ ഇവ–ജയ സ്തംഭത്തിന്റെ ലീലാവിലാസമോ എന്നു തോന്നുമാറു്. വിഭ്രതീനാം –ഐശ്വര്യങ്ങൾക്കു്. വിശ്രാമഭവനം ഇവ–വിശ്രമിക്കുവാനുള്ള സ്ഥ ലമോ എന്നു തോന്നുമാറു്. ദൂഷണാനാം–ദോഷങ്ങൾക്കു്. വിധ്വ.... ഷധിഃ ഇവ–നാശകമായ ഔഷധമോ എന്നു തോന്നുമാറു്. വിശുദ്ധീനാം –പരിശുദ്ധതയ്ക്കു്. വിഹാരഭൂമിഃ ഇവ–വിഹരിക്കുവാനുള്ള സ്ഥലമോ എന്നു തോന്നുമാറു്. വിപുലാവാസിനാം–സുഖമായി വസിക്കുന്നവ രുടെ. വിലോചനചന്ദ്രികാ ഇവ–കണ്ണുകൾക്കു് ആനന്ദപ്രദമായ ചന്ദ്രി കയോ എന്നു തോന്നുമാറു്. വിശ്വ....ശാലാ ഇവ–ലോകത്തിന്റെ ജനന സ്ഥലമോ എന്നു തോന്നുമാറു്. വിസ്താരശാലിനീ–വിസ്താരംകൊണ്ടു ശോഭിക്കുന്ന. കൈലാസശൈലവത്–കൈലാസപർവ്വതംപോലെ. സ വ്വജ്ഞപരിഷ്കൃതാ–സർവ്വത്തിലും ജ്ഞാനമുള്ളവരാൽ പരിഷ്കൃതയായ. കൈലാസം സർവ്വജ്ഞനായ ശിവനാൽ പരിഷ്കൃതമായതാണല്ലോ. ക്ഷീരാ....രാശിഃ ഇവ–പാല്ക്കടൽപോലെ. ലക്ഷ്മീപ്രസൂതിഃ–ഐശ്വ

ര്യത്തിനു വിളനിലമായ. ലക്ഷ്മീദേവിയുടെ ഉത്പത്തിയും പാല്പാലി
ലാണല്ലോ. സത്യലോകവത്—ഉപരിലോകങ്ങളിൽ ഒന്നായ സത്യ

ത്രിവിഷ്ടപമിവ സുമനഃപ്രകീർണ്ണാ, രസാതലവദ് ഭോഗവതീ,
വാങ്മനസാതിവൃത്തരാമണീയകാ രഘുരാജധാനീ.

അയോധ്യാധിപനായ ദശരഥന്റെ പ്രാഭവവർണ്ണനം:

ഗദ്യം 4.

തദാനീമനവരതനമ്യമാനദന്തുരസാമന്തചക്രകടകമകുടമ—
ണിപീഠികാസമർപ്പിതപദപ്രവാളയുഗളേന, നിഖിലദുർവിപ
ക്ഷോർവീഭൃദഖർവഗർവസർവങ്കഷദോർവിക്രമാക്രാന്തചതുരന്ത
വസുന്ധരാന്തരാളേന ച, ഭൂർഭുവസ്സ്വസ്ത്രിതയലംഘനജംഘാ
ലകീർത്തിമുദ്ധാംഗനാസന്ധ്യനഗ്രഹ്യത പ്രതാപസൗവിദല്ലമല്ല
ഹ്കാരസങ്കോചിതസകലജഗദ്വാസിസംഘാതേന, വിവിധ
വിദ്യാവിലാസനികഷായമാണനിസ്സൂഷമനീഷാദർശമണ്ഡ ലാ
നീഷദാലോകിതചതുർദശലോകസമവസ്ഥാവിശേഷേണ, ദാ
നാപദാനകല്പിതാർത്ഥിപ്രത്യർത്ഥിധനനിധനേന, സുദുസ്സഹോ

ലോകംപോലെ. ഹിരണ്യഗർഭസതിഃ—ധനികന്മാരുടെ ഇരിപ്പിടമായ. അല്ലെങ്കിൽ സ്വർണ്ണഘനികൊണ്ട് ഇരിപ്പിടമായ, അല്ലെങ്കിൽ ഹിരണ്യ ഗർഭം എന്ന മഹാദാനം നടത്തിയവരുടെ ഇരിപ്പിടമായ. സത്യലോക ത്തിലാണല്ലോ ഭഗവാൻ ഹിരണ്യഗർഭന്റെ വസിക്കുന്നത്. ത്രിവിഷ്ടപം ഇവ—സ്വർഗ്ഗലോകംപോലെ. സുമനഃപ്രകീർണ്ണാ—സൗശീല്യമുള്ളവരാൽ അ ല്ലെങ്കിൽ പൂക്കളാൽ വ്യാപ്തമായ. സ്വർഗ്ഗം ദേവന്മാരാൽ വ്യാപ്തമാണല്ലോ. രസാതലവത്—പാതാളംപോലെ. ഭോഗവതീ—സൗഖ്യമുള്ളത്. പാ താളം ഭോഗങ്ങളും സർപ്പങ്ങളും ഉള്ളതാണല്ലോ. വാങ്മ....യകാ—വാക്കി നും മനസ്സിനും അതിക്രമിച്ച രമ്യതയോടുകൂടിയ. രഘു....ധാനീ—രഘു കുലത്തിൽ ജനിച്ച രാജശ്രേഷ്ഠന്മാരുടെ തലസ്ഥാനനഗരം. ഉത്പ്രേ ക്ഷാനുപ്രാണിതമായ അത്യുക്തിയും ഉത്പ്രേക്ഷയും ശ്ലേഷവും അലങ്കാ രങ്ങളും.

ഗദ്യം 4. തദാനീം—അപ്പോൾ. അനവരത....ഗളേന—എപ്പൊ ഴും നമിക്കുന്ന ഉയർന്നും താഴ്ന്നുമിരിക്കുന്ന സാമന്തരാജാക്കന്മാരുടെ വള കിരീടം ഇവയോടുകൂടി മണിപീഠത്തിങ്കൽ വയ്ക്കപ്പെട്ട കാലുക്കുമ്പുകളോട് കൂടിയവനും. നിഖില....രാളേന ച—എല്ലാ ശത്രുരാജാക്കന്മാരുടെയും വർദ്ധിച്ച അഹങ്കാരത്തെ നശിപ്പിക്കുന്ന കയ്യുക്കിനാൽ ആക്രമിക്കപ്പെട്ട നാലു ദിഗന്തങ്ങൾവരെയുള്ള ഭൂഭോഗത്തോടുകൂടിയവനും. ഭൂർഭുവ....ഘാ തേന—ഭൂലോകം ഭുവർലോകം സുവർലോകം എന്നീ മൂന്നിനേയും കടക്ക ുന്നതിനായി വേഗം ഗമിക്കുന്ന കീർത്തിയാകുന്ന പ്രൗഢസ്ത്രീയോട് ചേർന്ന് അനുകൂലമായിരിക്കുന്ന പ്രതാപം വർദ്ധിച്ച ശത്രുക്കളുടെയും മല്ലന്മാ രുടെയും ഹുങ്കാരശബ്ദത്താൽ സങ്കോചത്തെ പ്രാപിപ്പിക്കപ്പെട്ട സകല ജഗദ്വാസികളോടുകൂടിയവനും. വിവിധ....വിശേഷണ—പലവിധങ്ങ ളായ വിദ്യകളുടെ ശോഭയ്ക്ക് ഉരകല്ലായ ശുദ്ധബുദ്ധിയാകുന്ന കണ്ണാടി യിൽ സമഗ്രമായി കാണപ്പെട്ട പതിന്നാലു ലോകങ്ങളിലെ വൃത്താന്ത വിശേഷങ്ങളോടുകൂടിയവനും. ദാനാ....ധനേന—ദാനരൂപമായ ശ്രേഷ്ഠ

തു കുലവിക്രാന്തിസന്ത്രാസവിരചിതധരണീധരഗ്രഹാകഹരഗ്ര
ഡസംവാസനരദേവതാനിരന്തരനിഃസ്രവദശ്രുധാരാകരാളിതദീ
ഘർനിഃശ്വാസവാതനിഷ്പാതസരഭസോജ്ജാഗരജരദ്ജഗര വൃന്ദ
സംദൃഷ്ടിമൂർഛാലബാലകവിലോകനരോരുവദരാതി രാജകൃടം
ബിനീകദംബേന, സകൃതുകാശാനുഗ്രണവിശ്രാണിതസുവർണ്ണ
സംഭാരസംപൂരിതമനോരഥദുഗ്രതഭ്രസുരഗേഹിനീവർഗ്ഗനിരർഗ്ഗ
ളവാവദ്യമാനവിവിധാശീർവിശേഷേണ, പ്രചണ്ഡമാണ്ഡ
ലികകിങ്കരേണ, സമസ്തജനക്ഷേമങ്കരേണ. പ്രതാപനിർധൂ
തവർണ്ണസങ്കരേണ, ജഗത്രയജൈത്രസംഗരേണ, കചിദപ്യ
ദംഗ്രരേണ, പ്രചുരഭൂമിലോകസുകൃതാംകരേണ, വിശുദ്ധജ്ഞാ
നമണിദീപികോദ്യോതദീപ്ത ചിത്തസ്ഥടിക മന്ദിരോദഞ്ചിത
ഭക്തിമഞ്ചശില്പകല്പിത നി ഷേവാതല്പസുസ്ഥിരസ്ഥാപിത
ലക്ഷ്മിസഹായേന, ദശരഥസംപൂരിതശതമഖമനോരഥേന,
ദശരഥേന രക്ഷ്യമാണേ ക്ഷമാമണ്ഡലേ ചന്ദ്രമസി ദോ

കർമത്താൽ തൃപ്പരാക്കപ്പെട്ട യാചകന്മാരെക്കൊണ്ടു് ഉണ്ടായ ശത്രുക്കളുടെ ധനനാശത്തോടുകൂടിയവനും. സുദുസ്സ .. ദംബേന-അസഹ്യവും വർദ്ധിച്ചതുമായ പരാക്രമത്തെ ഭയന്നു പർവ്വതങ്ങളുടെ ഗുഹകളിൽ ചെന്നു് ഒളിവായി വസിക്കുന്ന മനുഷ്യാകൃതിയിലുള്ള ദേവതകളും ഇടവിടാതെ പൊഴിക്കുന്ന കണ്ണുനീരോടുകൂടിയ ഭയങ്കരമായ നെടുവീർപ്പിലെ കാറ്റേറ്റു് ഉടൻ ഉണ്ടായ വലിയ പാമ്പുകളെക്കാണുക നിമിത്തം മൂർച്ഛിച്ച ബാലകന്മാരെക്കണ്ടു് നിലവിളിക്കുന്ന ശത്രുരാജസ്ത്രീകളോടു കൂടിയവനും. സകൃതു.... ഷേണ—കൃതുകത്തോടു അഭീഷ്ടംപോലെ ദാനംചെയ്യപ്പെട്ട സ്വർണ്ണഭാരത്താൽ തൃപ്തരായ ദരിദ്രബ്രാഹ്മണരുടെ പത്നിമാരാൽ തടവില്ലാതെ വാക്കുകൊണ്ടു പലവിധത്തിൽ വാഴ്ത്തപ്പെട്ടവനും. പ്രച .. ....കരേണ—ഭയങ്കരന്മാരായ സാമന്തന്മാധിപതികളാകുന്ന ദാസന്മാരോടുകൂടിയവനും. സമസ്ത.....കരേണ—സമസ്ത ജനങ്ങൾക്കും നന്മയെ ചെയ്യുന്നവനും. പ്രതാപ.....രേണ—പ്രതാപത്താൽ ഇല്ലായ്മ ചെയ്യപ്പെട്ട ജാതിക്കലർപ്പോടുകൂടിയവനും. ജഗ..... ഗരേണ—മൂന്നു ലോകവും ജയിക്കുവാനായുള്ള പ്രതിജ്ഞയോടുകൂടിയവനും. കചിത് അപി—ഒരിടത്തും. അഭംഗരേണ—ശിഥിലനാകാത്തവനും. പ്രചുര ....കരേണ—സമൃദ്ധമായ ഭൂലോകത്തിലെ സുകൃതത്തിന്റെ മുളയായുള്ളവനും. വിശുദ്ധ ..സഹായേന—നിർമലമായ അറിവാകുന്ന മണിവിളക്കിന്റെ പ്രകാശത്താൽ കാന്തമായ ചിത്തമാകുന്ന സ്ഫടികഭവനത്തിൽ വർദ്ധിച്ച ഭക്തിയെന്ന കട്ടിലിൽ പണിചെയ്ത കല്പിതമായ സേവയാകുന്ന കിടക്കയിൽ സ്ഥിരമായിരിക്കുന്ന ലക്ഷ്മിയാകുന്ന സഹായത്തോടുകൂടിയവനും. ദശ .. രഥന—പത്തു രഥങ്ങളിൽ നിറഞ്ഞുവാഴുന്ന ഇന്ദ്രന്റെ അഭീഷ്ടത്തോടുകൂടിയവനും ആയ. ദശരഥേന—ദശരഥചക്രവർത്തിയാൽ. ക്ഷമാമണ്ഡലേ—ഭൂമി. രക്ഷ്യമാണേ—രക്ഷിക്കപ്പെടുമ്പോഴും. ദോഷാകരതാ—രാത്രിയെ ജനിപ്പിക്കുക എന്നതു. ചന്ദ്രമസാ—ചന്ദ്രൻകൽ, എന്നല്ലാതെ ജനങ്ങൾ ദോഷമുള്ളവരല്ല എന്നു് അർത്ഥം. കമലാ....രിതാ—താമരയെ അപായപ്പെടുത്തുക എന്നതു്. തുഷാരേ—മഞ്ഞിൽ, എന്നല്ലാതെ ജനങ്ങൾ ഉത്തമസ്ത്രീകളെ ഭംഗപ്പെടുത്തുന്നവരല്ല എന്നർത്ഥം കുടിലതാ—വക്രതയെന്നതു്.

ഷ്വാകുരതാ, തൃഷ്വാരേ കമലാപായകാരിതാ, കാമിന,കുന്തളഭ
രേ കുടിലതാ, സരസ്വതി ജളാശയതാ, സൈരിഭോദ്ധൃതപല
ലേഷു കലുഷതാ, കുമുദാകരേഷു മിത്രദ്വേഷിതാ, തരംഗിണീ
ഷു ഭംഗപ്രസംഗഃ,പിതൃകാര്യേ വൃഷോത്സർഗഃ, ശശിനഃ കന്യാ
തുലാരോഹഃ, പ്രസവേഷു ശൂലവ്യാഘാതചിന്താ, ദക്ഷിണ
വാമകരണം ദിഗ്വിനിശ്ചയേഷു, ശരഭേദോ ദധിഷു, ശൃംഖ
ലാബന്ധോ വന്യഗ്രഹണേഷു, ഉത്പ്രേക്ഷാക്ഷേപഃ കാവ്യാ
ലങ്കാരേഷു, ലക്ഷദാനച്യുതിഃ സായകാനാം, കപിപാം
സർവവിനാശഃ, കോശസങ്കോചഃ കമലാകരേഷു ജാതിഹീ
നതാ ദുഷ്കൂലേഷു ന പുഷ്പമാലാസു, ശൃംഗാരഹാനിർജരത്

കാമി....ഭരേ—സുന്ദരിമാരുടെ കേശഭാരത്തിലാകുന്നു. ജളാശയതാ—ജലാ
ശയമായിരിക്കുക എന്നതു്. സരസ്വതി-സമുദ്രത്തിലാകുന്നു, അല്ലാതെ
ജനങ്ങൾ മന്ദബുദ്ധികളല്ല എന്നർത്ഥം. കലുഷതാ—കാലുഷ്യം എന്നതു്.
സൈരി....ലേഷു—പോത്തുകൾ ഇളക്കിമറിച്ച കുണ്ടുകളിലാകുന്നു. മിത്ര
ദ്വേഷിതാ—സൂര്യനെ വെറുക്കുക എന്നതു. കുമുദാകരേഷു—ആമ്പൽപ്പൊയ്ക
കളിൽ എന്നല്ലാതെ ജനങ്ങൾ സ്നേഹിതന്മാരെ വിരോധിക്കുന്നവരല്ല
എന്നർത്ഥം. ഭംഗപ്രസംഗഃ—തെറ്റിയുള്ള വരവു്. തരംഗിണീഷു—പുഴ
കളിലാകുന്നു. വൃഷോത്സർഗഃ—കാളയെ അഴിച്ചുവിടൽ. പിതൃകാര്യേ—
പിതൃകർമത്തിൽ എന്നല്ലാതെ ജനങ്ങൾ നീതിയും ധർമവും വെടിഞ്ഞവ
രല്ല എന്നർത്ഥം. കന്യാതുലാരോഹഃ—കന്യാലഗ്നത്തിലും തുലാലഗ്നത്തിലും
കയറ്റം. ശശിനഃ—ചന്ദ്രനെ എന്നല്ലാതെ, ജനങ്ങൾക്കു കന്യാരോഹവും
പാപപരീക്ഷണ്ണായി ത്രാസിൽ കയറ്റവും ഇല്ലെന്നർത്ഥം. ശൂല....ചിന്താ-
വയറുനോവിനെപ്പറ്റിയുള്ള ചിന്ത. പ്രസവേഷു—പ്രസവങ്ങളിൽ എന്ന
ല്ലാതെ ശൂലത്തിൽ കയറ്റിക്കൊല്ലുക എന്ന ചിന്ത അയോധ്യയിൽ
ഇല്ലെന്നർത്ഥം. ദക്ഷിണ....രണം—തെക്കേതു് ഇടത്തേതു് എന്നുള്ള വ്യത്യാ
സമെല്ലാം. ദിഗ്വിനിശ്ചയേഷു—ദിക്കുകളെ നിശ്ചയിക്കുന്നതിൽ എന്ന
ല്ലാതെ ജനങ്ങളുടെയിടയിൽ ഇല്ലെന്നർത്ഥം. ശരഭേദം—ആടയായി മിന്നി
ച്ചിരിക്കുക എന്നതു്. ''ശരസ്തേ ജനകേ ബാണേ ധ്യഗ്രേ നാശരം ജലേ''
എന്നു മേദിനി. ദധിഷു—തൈരിൽ എന്നല്ലാതെ വീരന്മാർക്കു ശരഭങ്ഗ
മില്ല എന്നർത്ഥം. വന്യഗ്രഹണേഷു—കാട്ടുമൃഗങ്ങളെ പിടിക്കുന്നതിൽ.
ശൃംഖലാബന്ധഃ—ചങ്ങലയിൽ ബന്ധിക്കുക എന്നതു് ഉണ്ടാവും. കാവ്യാ
ലങ്കാരേഷു—കാവ്യത്തിനു ശോഭയെ ജനിപ്പിക്കുന്ന അലങ്കാരങ്ങളിൽ. ഉത്
പ്രേക്ഷാക്ഷേപഃ ഉത്പ്രേക്ഷയും ആക്ഷേപവും ഉൾപ്പെടുന്നു.,എന്നല്ലാതെ ദൃ
ഷ്ടമുണ്ടാക്കിപ്പറയുകയെന്നതു ജനങ്ങളിൽ ഇല്ലെന്നർത്ഥം. സായകാനാം—
അമ്പുകൾക്കാണു്. ലക്ഷദാനച്യുതിഃ-ലക്ഷ്യം തെറ്റുകയെന്നതു്. ലക്ഷക്ക
ണക്കായുള്ള ദാനം അയോധ്യയിൽ തെറ്റാതെ നടക്കുന്നു എന്നർത്ഥം. സർവ്വ
നാശഃ—എല്ലാം ലോപിക്കുക എന്നതു്. കപിപാം—കപിപ് എന്ന പാണി
നീയപ്രത്യയത്തിനാകുന്നു. എല്ലാം ലോപിക്കുകനിമിത്തം അതു പ്ര
യോഗത്തിൽ ദൃശ്യമല്ല. കമലാകരേഷു—താമരപ്പൊയ്കകളിൽ. കോശ
സങ്കോചഃ—മൊട്ടുകളായി ചുരുങ്ങുക ഉണ്ടാകുന്നു എന്നല്ലാതെ അയോ
ധ്യയിലെ ഭണ്ഡാരങ്ങൾക്കു ക്ഷയമില്ല എന്നർത്ഥം. ജാതിഹിനതാ—
ജാതിക്കുറവു് എന്നതു്. ദുഷ്കൂലേഷു—ദുഷിച്ച കുലങ്ങളിലാകുന്നു. പുഷ്പ

കരിഷു ന ജനേഷു, ദുർവല്ഗുയോഗഃ കല്പികാസു ന കാമിനീകുന്തിഷു, ഗാന്ധാരവിഷ്ടരോ രാഗേഷു ന പുരവനിതാസു, കർമ്മഭാവോ നീചപരിജനേഷു ന പരധനേഷു. ചലരാഗതാ ഗീതേഷു ന വൈദഗ്ധ്യേഷു, വൃഷഹാനിഃ നിധുവനലീലാസു ന പൗരേഷു, മലിനാംബരത്വം പ്രാവൃഷനിശാസു ന ജനേഷു. അധരരാഗതാ തരുണീഷു ന പരിജനേഷു. പദം വ്യവസ്ഥിതം.

താമാവസദ് ദശരഥഃ സുരവന്ദിതേന
സംക്രന്ദനേന വിഹിതാസനസംവിഭാഗഃ
വ്യന്ദാരകാരിവിജയേ സുരലോകലബ്ധ-
മന്ദാരമാല്യമധുവാസിതവാസസ്കഃ. 12

ഓരോ സാമന്തഭൂപാലകമണികിരീടാ-
ല്ലോലകല്യാണമാലാ-
സൗരഭ്യംകൊണ്ടണഞ്ഞീടിന മധുപകുലാ-
ലംകൃതാംഘ്രിർ മഹാത്മാ.

മാലാസു ന–പുഷ്പമാലകളിൽ അല്ല. പിളിപ്പുവാണല്ലോ ഭാവം. ശൃംഗാരഹാനിഃ–ശൃംഗാരമില്ലായ്മയെന്നതു്. രതികർമ്മഭാവഃ–വ്യഭിചാരങ്ങളിലാകുന്നു; ജനേഷു ന–ജനങ്ങളിലല്ല. ആനയുടെ രതിയിൽ ഇടഞ്ഞ സിന്ദൂരക്കുറിയാണു് ശൃംഗാരം. ദുർവല്ഗുയോഗഃ–പിഴച്ച നിരൂപണയോഗം. കല്പികാസു–തുലികകളിൽ. കാമിനീകുന്തിഷു ന–യൗവനമാരുടെ സൗന്ദര്യത്തിലല്ല. ഗാന്ധാരവിഷ്ടരഃ–സപ്തസ്വരങ്ങളിൽ പ്രധാനത്തേതായ ഗാന്ധാരത്തിന്റെ ഭംഗം. രാഗേഷു–രാഗങ്ങളിലാകുന്നു. പുരവനിതാസു ന–പുരവാസികളായ സുന്ദരിമാരിൽ (ഗാന്ധാരത്തിന്റെ സിന്ദൂരത്തിന്റെ ഭംഗം) ഇല്ല. കർമ്മഭാവഃ–കർത്തവ്യം ഭരിക്കുന്നതു്. നീചപരിജനേഷു–ഭൃത്യജനങ്ങളിൽ. പരധനേഷു ന–പരദ്രവ്യങ്ങളിൽ അല്ല. ചലരാഗതാ–രാഗം ചലിക്കുകയെന്നതു്. ഗീതേഷു–ഗീതങ്ങളിലാകുന്നു. വൈദഗ്ധ്യേഷു ന–സാമർത്ഥ്യങ്ങളിലല്ല. വൃഷഹാനിഃ–ശുക്രഹാനിയെന്നതു. നിധുവനലീലാസു–സുരതക്രീഡയിലാകുന്നു. പൗരേഷു ന–പൗരന്മാരിൽ (ധർമ–നീതി–സുകൃതാദികളുടെ ഹാനി) ഇല്ല. മലിനാംബരത്വം–ആകാശം മലിനമാവുകയെന്നതു്. പ്രാവൃഷനിശാസു–മഴക്കാലത്തിലെ രാത്രികളിൽ. മലിനവസ്ത്രധാരണം ജനങ്ങളിൽ ഇല്ല എന്നത്രേ. അധരരാഗതാ–ചുണ്ടു് ചുമന്നിരിക്കുകയെന്നതു്. തരുണീഷു–യുവതികളിൽ. പരിജനേഷു ന–പരിജനങ്ങളിൽ (ദ്രോഹം കായുക എന്നതു്) ഇല്ല. പരം–ശ്രേഷ്ഠമായി. വ്യവസ്ഥിതം–വർത്തിക്കുന്നു.

പദ്യം 12. വ്യന്ദാ.....ജയേ–ദേവശത്രുക്കളുടെ പരാജയത്തിങ്കൽ. സുര....ഭ്രമിഃ–ദേവലോകത്തിൽനിന്നു ലഭിച്ച മന്ദാരപുഷ്പമാലയിലെ മധുവിന്റെ മണം കമഴുന്ന വാസസ്ഥാനത്തോടുകൂടിയവനും. സുരവന്ദിതേന–ദേവന്മാർ വണങ്ങുന്ന. സംക്രന്ദനേന–ദേവേന്ദ്രനാൽ. വിഹിത...ഭാഗഃ–പകുതി ആസനം കൊടുത്തു ബഹുമാനിക്കപ്പെട്ടവനും ആയ.

1. ‘വോ നിജപ.’

വീരശ്രീപീനവക്ഷോരുഹഘുസൃണപരാ–
മൃഷ്ടദോരന്തരാളോ
വീരാണാമഗ്രയായീ ദശരഥനഥ സാ–
കേതപുര്യാം ന്യവാത്സീത്. 13

വാചഃ സംവനനം, സതാം രണവിധിഃ
ക്ലൃപ്താമരീവല്ലഭോ,
നേത്രോന്മാദകരം വപുർ മൃഗദൃശാം,
ഹസ്താപചേയം യശഃ
ഇത്യേതസ്യ നിസർഗ്ഗസൗരഭഗുണ–
സ്യൈതത് പരം ലാഞ്ഛനം
പാത്രാപാത്രവിവേചനം ന യദഭൂത്
സർവസദാനേഷ്വപി. 14

സംരംഭോദയഘൂർണ്ണമാനനയനേ
സൂനാപചായോദ്യതാഃ
സന്നദ്ധേ കലിതസ്രജഃ കൃതധനുർ–
വിഷ്ടാരകോലാഹലേ

ദശരഥൻ–ദശരഥചക്രവർത്തി. താം ആവസത്–അവിടെ (അയോധ്യയിൽ) അധിവസിച്ചു. ഇന്ദ്രന്റെ നന്ദനവനത്തിലുള്ള വൃക്ഷമാകുന്ന മന്ദാരം.

പദ്യം 13. സാമന്ത....കൊണ്ട്–സാമന്തരാജാക്കന്മാരുടെ മന്നിമയമായ കിരീടത്തിൽ ഇളകിക്കൊണ്ടിരിക്കുന്ന മംഗളമാലയുടെ വാസനകൊണ്ട്. മധുപ....താംഘ്രി–വണ്ടിൻകൂട്ടങ്ങളാൽ അലങ്കരിക്കപ്പെട്ട കാലുകളോടുകൂടിയ. വീര....രാളഃ–വീര്യലക്ഷ്മിയുടെ തടിച്ച സ്തനങ്ങളിലെ കുങ്കുമം പുരണ്ട മാറിടത്തോടുകൂടിയ. വീരാണാം അഗ്രിയായീ–വീരന്മാരിൽ മുമ്പൻ. അഥ–അനന്തരം. സാകേതപുര്യാം–അയോധ്യാനഗരിയിൽ. ന്യവാത്സീത്–വസിച്ചു. പന്ത്രണ്ടും പതിമ്മൂന്നും പദ്യങ്ങൾ ''തദാനീ''മിത്യാദി ഗദ്യത്തിനു മുമ്പു വേണ്ടതായിരുന്നു.

പദ്യം 14. വാചഃ–വാക്കിനു. സംവനനം–വശീകരണശക്തി. ക്ലൃപ്താമരീവല്ലഭഃ–ദേവേന്ദ്രനെ സ്വസ്ഥാനത്തിൽ പ്രതിഷ്ഠിച്ച. സതാം രണവിധിഃ–സത്തുക്കളുടെ യുദ്ധവിധാനം. മൃഗദൃശാം–സുന്ദരിമാർക്ക്. നേത്രോന്മാദകരം–കണ്ണിനു് ആനന്ദത്തെ നല്കുന്ന. വപുഃ–ദേഹം. ഹസ്താപചേയം–കയ്യുകൊണ്ടുണ്ടായ. യശഃ–കീർത്തി. ഇതി–ഇവ്വണ്ണം. നിസർഗ്ഗ....ണസ്യ–സ്വതേ സിദ്ധിച്ച നല്ല ഗുണങ്ങളോടുകൂടിയ. ഏതസ്യ–ഇവനു് (ദശരഥനു്). ഏതത്–ഇതു്. പരം–ശ്രേഷ്ഠമായ (പ്രത്യേകമായ). ലാഞ്ഛനം–അടയാളമാകുന്നു. യത്–യാതൊന്നു്. സർവ്വസദാനേഷു അപി–സർവ്വസദാനങ്ങളിൽപോലും. പാത്രാപാത്രവിവേചനം–ദാനീയൻ ദാനീയനല്ലാത്തവൻ എന്നീ വിവേചനം. ന അഭൂത്–ഉണ്ടായില്ലയോ.

പദ്യം 15. യസ്മിൻ–യാതൊരു ദശരഥൻ. സംര....യനേ–കോപമുണ്ടായി ചുഴലുന്ന കണ്ണോടുകൂടിയവനായിരിക്കുമ്പോഴും. സൂനാ....

മാഗ്ഗാരോപിതലോചനാഃ സുമനസാ—
മന്തഃപുരശ്രേണയോ
യസ്മിൻ മുക്തശിലീമുഖേ സകുതുകം
വീരാൻ വരീകർവതേ. 15

കീർത്തിക്ഷീരോദഫേനാ നിയതമുഡുഗണാ—
സ്ഫുര ദ്ഭൂപോത്തമാംഗം
പൂത്തുകം പാദപീഠം, ജലനിധി പരിഖാ,
മേരു ഭണ്ഡാരസാരം,
വാഴ്ത്തീടും വന്ദിവർഗ്ഗം വലരിപുനഗരീ—
നാരിമാരെന്നുവേണ്ടാ
ധാത്രീചക്രം കളിക്കെട്ടിനിയ ദശരഥ—
ന്നെന്തൊരാഭോഗമോർത്താൽ! 16

ചാലെക്കൺകോൺ ചുവക്കുന്നളവധരപുടം
വൈരിവാമാളകാനാം
നാളൊന്നേറെ വെളുക്കും വിളനിലമമിഴും
മുത്തുമാണിക്കമെല്ലാം
കാലേ കാലേ ചൊരിക്കും മഴ നിരതിശയം
കള്ളരെന്നുള്ള ശബ്ദം—
പോലും കേൾപ്പാനരിപ്പും പുഴവഴിതടയാ—
മാജ്ഞകൊണ്ടും നദീനം. 17

ദ്യതാഃ—പൂ പറിക്കുവാൻ ഉദ്യുക്തകളായ. കൃത....ഹലേ—വില്ലിന്റെ ശബ്ദം മുഴക്കി. സന്നദ്ധേ—സജ്ജനായിരിക്കുമ്പോൾ. കലിതസ്രജഃ—മാല തീർക്കുന്നവരായി. മുക്തശിലീമുഖേ—ബാണപ്രയോഗം ചെയ്യുവനായിരിക്കുമ്പോൾ. മാർഗ്ഗാ....ചനാഃ—വഴിയിൽ നോക്കുന്നവരായ. സുമനസാം—ദേവന്മാരുടെ. അന്തഃപുരശ്രേണയഃ—അന്തഃപുരസ്ത്രീകൾ. സകുതുകം—കൗതുകത്തോടുകൂടി. വീരാൻ—വീരന്മാരെ. വരീകുർവ്വതേ—വരണം ചെയ്യുന്നു.

പദ്യം 16. കീർത്തി....ഫേനാ—യശസ്സാകുന്ന പാലാഴിയിലെ പതയോടുകൂടിയ. നിയതം—നിശ്ചയം. ഉഡുഗണാഃ—നക്ഷത്രങ്ങൾ. തത്ര—അവിടെ. ഭൂപോത്തമാംഗം—രാജാവിന്റെ ശിരസ്സ്. ജലനിധി—സമുദ്രം. പരിഖാ—അകിഴ്. മേരു—മേരുപർവതം. വന്ദിവർഗം—സ്തുതിപാഠകസംഘം. വല.....മാർ—ദേവസ്ത്രീകൾ. ധാത്രീചക്രം—ഭൂമണ്ഡലം. ആഭോഗം—സുഖൈശ്വര്യം.

പദ്യം 17. അധരപുടം—ചുണ്ട്. വൈരിവാമാളകാനാം—ശത്രുസ്ത്രീകളുടെ. അമിഴും—താഴും. കാലേ കാലേ—വേണ്ട സമയത്തിൽ. നിരതിശയം—സാധാരണമായി. അരിപ്പും—പ്രയാസം. നദീനം—സമുദ്രത്തെ. ദശരഥൻ ധർമമാർഗ്ഗം അനുസരിച്ചു രാജ്യം ഭരിച്ചതിനാൽ ജനങ്ങൾക്കു സൗഖ്യമുണ്ടായി എന്നു് ഉത്തരാർദ്ധത്തിന്റെ സാരം.

ചിത്രം ചിത്രം കിഴക്കങ്ങുദയഗിരിയൊളം
ബാഹ്യശക്ത്യാ മഹത്യാ
ബദ്ധാഭോഗം ജയിച്ചമ്മലയമലയൊളം
തെക്കുമുത്കൂലമാനം
അസ്തത്തോളം പടിഞ്ഞാറുദധിയൊളമുദീ-
ചീമഥാശാമടക്കി
പൃഥ്വീമാർജിച്ചു കോശശ്രിയമുരുയശസാ
മൂടിനാൻ നാടശേഷം. 18

നിവവൃതേ സ മഹാർണ്ണവരോധസഃ
സചിവകാരിതബാലസുതാഞ്ജലീൻ
സമനുകമ്പ്യ സപത്നപരിഗ്രഹാ-
നനളകാനളകാനവമാം പുരീം. 19

ദ്വീന്ദ്രം ഭാതി ജഗത്, ത്രിധാമ ഗഗനം,
വിശ്വാ ചതുർദൈവതം,
പഞ്ചാമ്നായമയം ഹി വാങ്മയമൃതത്,
ഷട്സായകോ മന്മഥഃ,

പദ്യം 18. ഉദയഗിരി-ഉദയപർവതം. മഹത്യാ ബാഹ്യശക്ത്യാ -വലിയ കൈയുക്കിനാൽ. ബദ്ധാഭോഗം-വിസ്താരമായ. മലയമല -തെക്കേ അറ്റമുള്ള മലയപർവതം. ഉത്കൂലമാനം-പൊങ്ങിയ തീരം വരെയുള്ള. അസ്തത്തോളം-അസ്താചലംവരെ. ഉദധി-സമുദ്രം. ഉദീ ചീം ആശാം-വടക്കുദിക്കിനെ. പൃഥ്വീം-ഭൂമിയെ. കോശശ്രിയം-ഭണ്ഡാരസമ്പത്തിനെ. ആർജിച്ചു-സമ്പാദിച്ചു. ഉരുയശസാ-വലിയ കീർത്തികൊണ്ടു.

പദ്യം 19. സഃ-അവൻ. സചിവ....ലീൻ-സചിവപ്രേരണയാൽ കൈക്കുപ്പിനില്ക്കുന്ന ബാലസുതന്മാരോടുകൂടിയ. അനളകാൻ-കുറ്റം നിരയില്ലാത്ത (അലങ്കാരമണിയാത്ത). സപത്നപരിഗ്രഹാൻ-ശത്രുസ്ത്രീകളെ. സമനുകമ്പ്യ-അനുഗ്രഹിച്ചിട്ടു. മഹാർണ്ണവരോധസഃ-സമുദ്രതീരത്തിൽനിന്നു. അളകാനവമാം-കുബേരനഗരത്തിൽ കുറവില്ലാത്ത. പുരീം-രാജധാനിയിലേക്കു. നിവവൃതേ-നിവൃത്തനായി. ഈ പദ്യത്തിനു് ഇവിടെ പ്രകൃതം കാണുന്നില്ല.

പദ്യം 20. ദശരഥേ-ദശരഥൻ. ധാത്രീപരിത്രാതരി-ഭൂമിയെ പാലിച്ചവരുമ്പോഴേ. ജഗത്-ലോകം. ദ്വീന്ദ്രം-രണ്ടു് ഇന്ദ്രന്മാരോടുകൂടിയതായും. ഗഗനം-(അന്തരീക്ഷം ദ്യോവു് എന്ന രണ്ടു സ്ഥാനങ്ങളോടുകൂടിയ). ആകാശം (ഉപരിലോകം). ത്രിധാമ-മുന്നു സ്ഥാനത്തോടുകൂടിയതായും. വിശ്വം-(ബ്രഹ്മവിഷ്ണുശിവന്മാരാകുന്ന മൂന്നു ദേവന്മാരോടുകൂടിയ പ്രപഞ്ചം. ചതുർദൈവതം-നാലു ദേവന്മാരോടുകൂടിയതായും. ഭാതി-ശോഭിക്കുന്നു. വാങ്മയം ഹി-(നാലു വേദങ്ങളാകുന്ന) വാങ്മയമാകട്ടെ പഞ്ചാമ്നായം-അഞ്ചു വേദങ്ങളോടുകൂടിയതായും. മന്മഥഃ-(പഞ്ചബാണനായ) കാമദേവൻ. ഷട്സായകഃ-ആറു ബാണങ്ങളോടുകൂടിയവനായും. പരിവത്സരഃ-(ആറു ഋതുക്കളോടുകൂടിയ) സംവ

സപ്തർത്തുഃ പരിവത്സരോ,ഷ്ടജലധി-
സ്താരം ധരാമണ്ഡലം,
ദിക്ചക്രം നവനായകം, ദശരഥേ
ധാ[1]ത്രീപരിത്രാതരി. 20

അനേകഭ്രൈപൈഃ സമദൈരഹന്തയാ
പരസ്പരാകഷ്ണതാപഖേദിനീ
സമേത്യ യം കീർത്തിദുകൂലസംവൃതാ
പതിവ്രതാവൃത്തമവാപ മേദിനീ. 21

ദശരഥൻ മൂന്നു ഭാര്യമാരോടുകൂടി രമിച്ചിരുന്നതായി പ്രസ്താവിക്കുന്നു:

തമലഭന്ത പതിം പതിദേവതാഃ
ശിഖരിണാമിവ സാഗരമാപഗാഃ
മഗധകോസലകേകയശാസിനാം
ദുഹിതരോ,ഹിതരോപിതമാർഗ്ഗണം. 22

ത്സരം. സപ്തർത്തുഃ—ഏഴു ഋതുക്കളോടുകൂടിയതായും. ധരാമണ്ഡലം—(ഏഴു സമുദ്രങ്ങളോടുകൂടിയ) ഭൂമണ്ഡലം. അഷ്ടജലധിസ്താരം—എട്ടു സമുദ്രങ്ങളായി വർദ്ധിച്ചതായും. ദിക്ചക്രം (എട്ടു നായകന്മാരോടുകൂടിയ) ദിങ്മണ്ഡലം. നവനായകം—ഒമ്പതു നായകന്മാരോടുകൂടിയതായും. അഭൂത്—ഭവിച്ചു. ഋക്കും യജുസ്സും സാമവും അഥർവ്വവും നാലു വേദങ്ങളും.

''അരവിന്ദമശോകം ച ചൂതം ച നവമല്ലികാ
നീലോത്പലം ച പഞ്ചൈതേ പഞ്ചബാണസ്യ സായകാഃ''

എന്നിവയാകുന്ന കാമദേവന്റെ അഞ്ചു ബാണങ്ങളും. ഹേമന്തവും ശിശിരവും ഗ്രീഷ്മവും വർഷവും ശരത്തും വസന്തവും ആറു് ഋതുക്കളും.

പദ്യം 21. സമദൈഃ—മദിച്ചവരായ. അനേകഭ്രൈപൈഃ—പല രാജാക്കന്മാരാലും. അഹന്തയാ—അഹങ്കാരംനിമിത്തം. പര....ദിനീ—തമ്മിൽ അങ്ങുമിങ്ങും പിടിച്ചുവലിക്കപ്പെട്ടതുകൊണ്ടുള്ള താപത്താൽ ഖിന്നയായ. മേദിനീ—ഭൂമി. യം—യാതൊരു ദശരഥനെ. സമേത്യ—പ്രാപിച്ചിട്ടു്. കീർത്തി....വൃതാ—യശസ്സാകുന്ന വെൺപട്ടുടുത്തവളായി. പതിവ്രതാവൃത്തം—സതികളായ സ്ത്രീകളുടെ ചര്യയെ. അവാപ—പ്രാപിച്ചുവോ.

പദ്യം 22. ശിഖരിണാം—മലകളിൽനിന്നൊഴുകിവരുന്ന. ആപഗാഃ—പുഴകൾ. സാഗരം ഇവ—സമുദ്രത്തെ എന്നപോലെ. പതിദേവതാഃ—ഭർത്താവുതന്നെ ദൈവം എന്നു കരുതിയവരായ. മഗധ....സിനാം ദുഹിതരഃ—മഗധരാജാവിന്റെയും കോസലരാജാവിന്റെയും കേകയരാജാവിന്റെയും പുത്രിമാർ(സുമിത്രയും കൗസല്യയും കൈകേയിയും). അഹിത....ർഗ്ഗണം—ശത്രുക്കളിൽ ബാണപ്രയോഗം ചെയ്ത. തം—അവനെ (ദശരഥനെ). പതിം അലഭന്ത—ഭർത്താവായി ലഭിച്ചു.

1. 'ത്രീം പ.'

ധർമ്മ്യാസു കാമാർത്ഥയശസ്സ്കരീഷ്വ
മതാസു ലോകേ, ധിഗതാസു കാലേ
വിദ്യാസു വിദ്വാനിവ സോ, ഭിരേമേ
പത്നീഷു രാജാ തിസൃഷൂത്തമാസു. 23

ദശരഥൻ നായാട്ടിനായി സപരിവാരനായി കാട്ടിലേക്ക് ചെല്ലുന്ന പ്രസ്താവനയും മൃഗയാവർണ്ണനവും:

ഇത്ഥം മേവുന്ന കാലത്തൊരുദിനമുരപൊ-
ങ്ങുന്ന നായാട്ടിനായ്ക്കൊ-
ണ്ടുദ്യോഗം കൈവളർത്തുദ്ദശരഥനൃവരൻ
കൗതുകോദ്രേകശാലീ
തത്തത് സന്നാഹമുൾക്കൊണ്ടിളകിന പരിവാ-
രൈഃ സമം മേദുരോദ്യ-
ന്നിധാനാപൂരിതാശാമുഖമഴകിലയോ-
ധ്യാപുരാന്നിർജ്ജഗാഹേ. 24

തുമചേന്ന [1]വനമാലികാഗ്രഥിതമൗലി-
രേഷ മണികിങ്കിണീ-
ദാമമണ്ഡിതതുരംഗവല്ഗനകലാവി-
ലോലമണികുണ്ഡലഃ
ശ്യാമളോജ്ജ്വലതനുച്ഛദസ്തുണവീര-
യുധപരിവേഷ്ടിതോ
ഭ്രമഹേന്ദ്രനടവീഷു ഭീമരുരുചേഷ്ടി-
താസു രുരുചേതരാം. 25

പദ്യം 23. ധർമ്യാസു–ധർമ്മത്തിൽനിന്നു തെറ്റാത്തവരും. കാമാ....രീഷു – കാമം അർത്ഥം കീർത്തി ഇവയെ സമ്പാദിക്കുന്നവരും. ലോകേ മതാസു–ലോകത്തിൽ സമ്മതമുള്ളവരും. കാലേ അധിഗതാസു–വേണ്ട സമയത്തിൽ പ്രാപിച്ചവരും. ഉത്തമാസു-ശ്രേഷ്ഠകളും ആയ. തിസൃഷു പത്നീഷു–മൂന്നു ഭാര്യമാരിൽ. വിദ്യാസു–വിദ്യകളിൽ. വിദ്വാൻ ഇവ–പണ്ഡിതൻ എന്നപോലെ. സഃ–അവൻ (ദശരഥൻ.) അഭിരേമേ–രമിച്ചു. പത്നീവിശേഷണങ്ങളെല്ലാം വിദ്യയിലും ചേരും.

പദ്യം 24. ഉര–കീർത്തി. നൃവരൻ–രാജശ്രേഷ്ഠൻ. പരിവാരൈഃ സമം-അനുചരന്മാരോടുകൂടി. മേദു....മുഖം–ഉച്ചത്തിൽ പൊങ്ങിവരുന്ന ശബ്ദത്താൽ നിറയപ്പെട്ട ദിങ്മുഖത്തോടുകൂടി. അയോധ്യാപുരാത്-അയോധ്യാനഗരത്തിൽനിന്ന്. നിർജഗാഹേ-പുറപ്പെട്ടു.

പദ്യം 25. തുമ–ഭംഗി. വനമാ....മൗലിഃ–കാട്ടുപുഷ്പങ്ങൾകൊണ്ടുള്ള മാല ശിരസ്സിൽ അണിഞ്ഞവനായി. ഏഷഃ-ഇവൻ (ദശരഥൻ). മണി....ണ്ഡലഃ–രത്നമയങ്ങളായ ചെറിയ മണികളും കോത്ത കയറാനാൽ ചലംകൃതമായ കതിരയുടെ കതിച്ചുചാട്ടത്തിൽ ഇളകുന്ന കണ്ണാഭരണത്തോടുകൂടിയവനായി. ശ്യാമളോ....ച്ഛദഃ–കറുത്തതും ഉജ്ജ്വലവു,

1. 'സ്ന നവമാ'

ഗദ്യം 5

അഥ സമുദിതോദ്യമം ഘോരനായാടിവൃന്ദങ്ങളൊ-
ക്കെക്കൊട്ടുകാനനേ നാലുപാടും മഹാവാഗ്രരാബന്ധനം
ചേർത്തുദഗ്രം മിടുക്കുള്ള നായ്ക്കൂട്ടമുട്ടിക്കടുക്കെന്നയച്ചഞ്ജസാ
വില്ലുമമ്പീട്ടിയും പട്ടസം തോമരം മുദ്ഗരം ഖഡ്ഗചർമ്മം
ഗദാ ശക്തികുന്തങ്ങളിത്യാദി നാനായുധശ്രേണി കൈക്കൊണ്ടു
ഘോഷിച്ചുടൻ കുക്കിയും വീടു പെട്ടെന്നിളക്കുന്നനേരം
മൃഗവ്രാതമൊക്കെപ്പുറപ്പെട്ടൊരോ ദിക്കുതോറും ഭയപ്പെട്ടു
മണ്ടുംവിധൗ, വെട്ടിയും കുത്തിയും വട്ടമിട്ടെയ്തുമാതം-
കഹീനം വലപ്പാട്ടിലാക്കീട്ടിഴച്ചും വലിച്ചും പടുത്തോന
സിംഹങ്ങളം പോയോരു കാല്പാടു നോക്കിത്തിരഞ്ഞും
നടന്നും ക്ഷണം ''നില്ലുനില്ലുങ്ങെടാ! നല്ല പന്നിക്കുടം-
ക്രൂരൻ [1]ചീറുന്നതേ കുന്തമെങ്ങു, കരുത്തോടടുപ്പിൻ
വലക്കോൽ തറയ്ക്കിൻ കയർപ്പം തുടങ്ങായ്ക മെല്ലെന്ന പാ-
പ്പിൻ തരം കാണെടാ! ചാണ്ടിതയ്യോ, പിടിക്കുട്ടമൊ-
ന്നിച്ചു കാട്ടാന പോയോരടിപ്പാടു കാണ്മിൻ നിമിത്തം
നമുക്കെത്രയും നന്നുനന്നായ് കിടച്ചൂ തിറച്ചിട്ടിറച്ചിക്കൊ-
രറം വരത്തീല കുറം വരും ചെറുപേക്ഷിക്കിലയ്യോ!
കടന്നിന്നിയും കാട്ടിലാരായ്കിലക്കണ്ട വൃക്ഷത്തിൻമീതേ
കരേറീടുമാപത്തു കാണ്മിൻ'' കയച്ചിത്തരം വാർത്ത തമ്മിൽ
പറഞ്ഞെന്നവേണ്ടാ കൊടുംകാടശേഷം ക്ഷണംകൊണ്ടു
കീഴ്മേലിളക്കിക്കുലുക്കീടിനാർ.

അഥ നഭസ്യ ഇവ ത്രിദശായുധം
കനകപിങ്ഗ്ഗതഡിദ്ഗുണസംയുതം

ആയ ദേഹാവരണത്തോടുകൂടിയവനായി. തരുണ....ഷ്ടിതഃ—യുവാക്ക
ളായ വീരഭടന്മാരാൽ പരിവൃതനായി. ദ്രുമഹേന്ദ്രൻ—ദശരഥരാജാവു്, ഭീമ...താസു—ഭയങ്കരങ്ങളായ വലിയ കരിമാനുകളുടെ സഞ്ചാരമുള്ള. അട
വീഷു—കാടുകളിൽ. തരുചേതാം—വളരെ ശോഭിച്ച.

ഗദ്യം 5. അഥ—പിന്നെ, സമുദിതോദ്യമം—പ്രയത്നത്തോടുകൂടി, വൃന്ദം—കൂട്ടം. കാനനേ—കാട്ടിൽ, മഹാ.....ന്ധനം—വലിയ വല കെ
ട്ടുക, ഉദഗ്രം—കൂർത്ത, അംജസാ—വേഗത്തിൽ, പട്ടസം—വിസ്താരം കൂടി
യ വാൾ, തോമരം—പീലിക്കുന്തം, മുദ്ഗരം—മുൾത്തടി, ഖഡ്ഗചർ
മ്മം—വാളും. ശക്തി—ഒരുതരം കുന്തം. ആയുധശ്രേണി—ആയുധസമൂ
ഹം, മൃഗവ്രാതം—മൃഗങ്ങളുടെ കൂട്ടം. മണ്ടുംവിധൗ—ഓടുമ്പോൾ, ആത
കഹീനം—ഭയം കൂടാതെ, പടുത്തോന—സാമർത്ഥ്യത്തോടുകൂടി, കയച്ചു്
തർക്കിച്ചു്.

പദ്യം 26. അഥ—അനന്തരം, രവരോഷിതകേസരീ—ശബ്ദ
ത്താൽ സിംഹത്തെപ്പോലും കോപിപ്പിക്കുന്നവനായ, നരവരഃ—രാജാ

1. ''ചീറു''

ധന്വരധിജ്യമനാധിരുപാദദേ
നരവരോ രവരോഷിതകേസരീ. 26

അപി തുരഗസമീപാദുത്പതന്തം മയൂരം
ന സ രുചിരകലാപം ബാണലക്ഷ്യീചകാര
സപദി ഗതമനസ്കശ്ചിത്രമാല്യാനുകീർണ്ണേ
രതിവിഗളിതബന്ധേ കേശപാശേ പ്രിയായാഃ. 27

സപരിവാരനായ ദശരഥൻ രാത്രി കാട്ടിൽതന്നെ കഴിച്ചുകൂട്ടിയതായി പറയുന്നു:

ഉദ്ഗിക്തേ തത്ര മേളം പെരുകിന മൃഗയാ-
ഡംബരേ ബാണമെയ്തും
നിശ്ശേഷം കുത്തിയും വെട്ടിയുമുടനുടനാ-
ഹത്യ നാനാമൃഗൗഘാൻ
സ്വസ്ഥാത്മാ സോ,പി ദീപ്തൗഷധിമയമണിദീ-
പാഭിരാമാം ത്രിയാമാം
പുഷ്പപ്രാതപ്രവാളാഹിതമൃദുശയന-[2]
സ്തത്ര നിന്യേ വനാന്തേ. 28

വൃ. നഭസ്യഃ—മഴക്കാലം. കനക...യുതം—തങ്കനിറമായ മിന്നലാകുന്ന ഗുണത്തോട് (ഞാണോട്) കൂടിയ. ത്രിദശായുധം ഇവ—മഴവില്ലിനെ എന്നപോലെ. കനക....യുതം—തങ്കനിറമായ മിന്നൽപോലെയുള്ള ഞാണോടുകൂടിയ. അധിജ്യം—ഞാണേറിയ. ധന്വഃ—വില്ലിനെ. അനാധിഃ—പീഡാരഹിതനായി. ഉപാദദേ—സ്വീകരിച്ചു.

പദ്യം 27. സഃ—അവൻ (ദശരഥൻ). ചിത്രമാല്യാനുകീർണ്ണേ—വിചിത്രങ്ങളായ മാലകളണിഞ്ഞതും. രതി....ബന്ധേ—സുരതക്രീഡയിൽ കെട്ടഴിഞ്ഞതും ആയ. പ്രിയായാഃ—പ്രേയസിയുടെ. കേശപാശേ—കേശപാശത്തിങ്കൽ. സപദി—തത്സമയം. ഗതമനസ്കഃ—ഓർമ്മയുണ്ടായവനായി. തുര....പാത് ഉത്പതന്തം അപി—കുതിരയുടെ അടുക്കൽ നിന്നു ചാടുന്നതായിരുന്നാലും. രുചിരകലാപം—മനോഹരമായ പീലിയോടുകൂടിയ. മയൂരം—മയിലിനെ. ന ബാണലക്ഷ്യീചകാര—തന്റെ ബാണത്തിനു ലക്ഷ്യമാക്കിയില്ല. മയിൽ മുമ്പോട്ടു വന്നു ചാടിയെങ്കിലും അതിന്റെ രമ്യമായ പീലി പ്രേയസിയുടെ കേശപാശത്തെ സ്മരിപ്പിച്ചതുകൊണ്ട് അതിന്റെ നേർക്കു ബാണം പ്രയോഗിച്ചില്ല എന്നർത്ഥം. മയിൽപ്പീലിക്കു തുല്യമാണ് കെട്ടഴിഞ്ഞ പ്രിയാകേശപാശം എന്നു സാരം.

പദ്യം 28. തത്ര—അവിടെ. മൃഗയാഡംബരേ—നായാട്ടാകുന്ന വിനോദം. ഉദ്ഗിക്തേ—വർദ്ധിച്ചപ്പോൾ. ആഹത്യ—കൊന്നിട്ട്, നാനാ...ഘാൻ—പല മൃഗക്കൂട്ടങ്ങളെ. സ്വസ്ഥാത്മാ—സ്വസ്ഥചിത്തനായ. സഃ അപി—അവനും (ദശരഥനും). തത്ര വനാന്തേ—അവിടെ കാട്ടിനുള്ളിൽ. പുഷ്പ...യനഃ—പൂക്കളും തളിരുകളും ആയ മാർദ്ദവമേറിയ കിടക്കയോടുകൂടിയവനായി. ദീപ്ത....രാമാം—പ്രകാശിക്കുന്ന മരുന്നു

1. 'ലക്ഷ്യീ ച.' 2. 'യനാം തത്ര'

പിറ്റെദിവസം വെളുപ്പിനു് ഉണർന്ന ദശരഥൻ ഒരു മാനിനെ പിന്തുടർന്നു് ഏകനായി തമസാനദിയെ പ്രാപിച്ചു് അവിടെ ഒരു മുനികുമാരൻ കുടത്തിൽ വെള്ളം നിറയ്ക്കുന്ന ശബ്ദത്തെ കാട്ടാന തുമ്പിക്കൈകൊണ്ടു വെള്ളം കുടിക്കുന്ന ശബ്ദമാണെന്നു ഭ്രമിച്ചു ശബ്ദാഭിമുഖമായി ബാണപ്രയോഗം ചെയ്യുന്നതായി പ്രസ്താവിക്കുന്നു:

ഉഷസി ച ഗജസ്യാഥകണ്ഠതാളൈഃ
പടുപടഹധ്വനിഭിർ വിധൂതനിദ്രഃ
അരമത മധുരസ്വരാണി ശൃണ്വൻ
വിഹഗവികൂജിതവന്ദിമംഗളാനി. 29

അഥ പ്രാതഃകാലേ,

[1]സ കില മനുകുലേന്ദ്രൻ കൃഷ്ണസാരാനുസാരീ
സതതഗതിജവത്താൽ പ്രദ്രുതൻ സൈന്ധവത്താൽ
അധി[2]വിപിനമലക്ഷ്യഃ പാർശ്വചാരസ്വയൂഥൈ—
സ്തടമഥ തമസായാഃ പ്രാപ സാകം[3] മുനീന്ദ്രൈഃ. 30

അന്നേരം കുംഭസമ്പൂരണജനിതമൊരാ—
രാവമുച്ചൈരകാണ്ഡേ
മന്ദം മന്ദം തദീയേ പയസി പടുതരം
പാടുപാടേ വളർന്നു;

ചെടികളാകുന്ന മണിവിളക്കുകളെക്കൊണ്ടു രമ്യമായ, തൃയാമം—രാത്രിയെ, നിന്ദ്യേ—കഴിച്ചുകൂട്ടി.

പദ്യം 29. ഉഷസി—പുലർകാലത്തിൽ. ഗജ.....താളൈഃ—ആനക്കുട്ടങ്ങൾ ചെവിയടിച്ചുണ്ടാകുന്ന ശബ്ദംകൊണ്ടും, പട.....നിദ്രഃ ച—ഭേരീമുഴക്കത്താലും, വിധൂതനിദ്രഃ—ഉണർന്നവനായി, മധുരസ്വരാണി—മധുരമായ നാദത്തോടുകൂടിയ, വിഹഗ.....ളാനി—പക്ഷികളുടെ കുവലാകുന്ന സ്തുതിപഠനങ്ങളെ, ശൃണ്വൻ—കേട്ടുകൊണ്ടു്, അരമത ച—രമിക്കുകയും ചെയ്തു.

അഥ—അനന്തരം, പ്രാതഃകാലേ—നേരം പുലർന്നപ്പോൾ.

പദ്യം 30. സഃ മനുകുലേന്ദ്രൻ കില—ആ രാജാവാകട്ടെ, കൃഷ്ണ.... സാരീ—മാനിനെ പിന്തുടർന്നു്, സതത.....ത്താൽ—എപ്പോഴും ഗതിവേഗത്തോടുകൂടിയ, സൈന്ധവത്താൽ—കുതിരയാൽ, അധിവിപിനം—കാട്ടിൽ, പ്രദ്രുതഃ—ഓടിക്കപ്പെട്ടവനായി, പാർശ്വ....യൂഥൈഃ—കൂടെ സഞ്ചരിക്കുന്ന തന്റെ ആളുകളാൽ, അലക്ഷ്യഃ—അദൃശ്യനായി, അഥ—പിന്നെ, മുനീന്ദ്രൈഃ സാകം—ഋഷിശ്രേഷ്ഠന്മാരോടുകൂടി, തമസായാഃ തടം—തമസാനദിയുടെ തീരത്തെ, പ്രാപ—പ്രാപിച്ചു.

പദ്യം 31. കും.....ജനിതം—കുടം നിറയ്ക്കുന്നതുകൊണ്ടുണ്ടായ, ആരാവം—ശബ്ദം, ഉച്ചൈഃ—ഉച്ചത്തിൽ, അകാണ്ഡേ—അനവസരത്തിൽ, മന്ദം മന്ദം—പതുക്കെപ്പതുക്കെ, തദീയേ പയസി—തമസാ

1. 'സ കല', 'സ ഖലു മ'. 2. 'അപിവി'. 3. 'സാർദ്ധം'

ഉന്നിദ്രം തത്ര വന്യദ്വിരദകരജലാ–
ദാനനിർഘോഷമെന്ന–
ങ്ങൊന്നോത്തെയ്തു ബലാലന്നരപതി തരസാ
ശബ്ദപാതം മഹേഷ്വം. 31

നൃപതേഃ പ്രതിഷിദ്ധമേവ തത്
കൃതവാൻ പങ്ക്തിരഥോ വിശങ്ക്യ യത്
അപഥേ പദമർപ്പയന്തി ഹി
ശ്രുതവന്തോഽപി രജോനിമീലിതാഃ. 32

ബാണമേറ്റ ഋഷികുമാരന്റെ നിലവിളി കേട്ട് ദശരഥൻ ദുഃഖിതനായി അടുത്തു ചെന്നു് അവനെ സമീപത്തിലുള്ള ആശ്രമത്തിൽ വസിക്കുന്ന അന്ധരായ അവന്റെ മാതാപിതാക്കന്മാരുടെ അടുക്കൽ കൊണ്ടുപോകുന്നതായി പ്രസ്താവിക്കുന്നു:

ഹാ! താതേതി ക്രന്ദിതം കേട്ട ഖേദാ–
ദസ്യാനവിച്ഛൻ ജന്മ ജംബൂനിഗൂഢം
ദൃഷ്ട്വാ സൂനും താപസസ്യാത്തകുംഭം
ശല്യപ്രോതം ശല്യവാനന്തരാസീത്. 33

നദിയുടെ വെള്ളത്തിൽ, പടുതരം–വളരെ സമർത്ഥമാംവണ്ണം, ഉന്നിദ്രം–ഉണർവോടുകൂടി, തത്ര–അവിടെ, വന്യ.....ഘോഷം–കാട്ടാനതുമ്പിക്കൈകൊണ്ടു് വെള്ളം കുടിക്കുന്ന ശബ്ദം, അന്നരപതി–ആ രാജാവു്, തരസാ–വേഗത്തിൽ, ശബ്ദപാതം–ശബ്ദത്തെ അനുസരിച്ചു പതിക്കുന്ന (ശബ്ദവേധിയായ). മഹേഷ്വം–വലിയ ബാണത്തെ.

പദ്യം 32. പങ്ക്തിരഥഃ–ദശരഥൻ, വിശങ്ക്യ–സംശയിച്ചിട്ടു്, യത്–യാതൊന്നിനെ, കൃതവാൻ–ചെയ്തുവോ, തത്–അതു്, നൃപതേഃ–രാജാവിനു്, പ്രതിഷിദ്ധം ഏവ–വിലക്കപ്പെട്ടതുതന്നെ. എന്തെന്നാൽ യുദ്ധത്തിലല്ലാതെ മറ്റൊരിടത്തും ആനയെക്കൊല്ലരുതു് എന്ന ശാസ്ത്രമുണ്ടു്. ''ലക്ഷ്മീകാമോ യുദ്ധാദന്യത്ര ന കരിവധം കുര്യാത്'' എന്നാണല്ലോ വചനം, ഹി–എന്തെന്നാൽ ശ്രുതവന്തഃ അപി–പഠിത്തമുള്ളവരും, രജോനിമീലിതാഃ–രാജസഗുണത്താൽ കണ്ണടഞ്ഞവരായി. അപഥേ–തെറ്റായ വഴിയിൽ, പദം അർപ്പയന്തി–കാലു വയ്ക്കുന്നു. അത്രാന്തരന്യാസ്യം. ''തമാപതന്തം നൃപതേരവധ്യോ വന്യഃ കരീതി ശ്രുതവാൻ കുമാരഃ. നിവർത്തയിഷ്യൻ വിശിഖേന കുംഭേ ജഘാന നാത്യായത കൃഷ്ണശാർങ്ഗഃ'' എന്ന രഘുവംശപദ്യം നോക്കുക.

പദ്യം 33. ഹാ താത ഇതി ക്രന്ദിതം–'ഹാ താതേ' എന്നിങ്ങനെയുള്ള വിലാപശബ്ദത്തെ. ഖേദാത്–ദുഃഖം നിമിത്തം. ജംബൂനിഗൂഢം–ഞാവൽമരങ്ങളാൽ മറഞ്ഞിരിക്കുന്ന, അസ്യ–ഇതിന്റെ (ശബ്ദത്തിന്റെ), ജന്മ–ഉത്പത്തിസ്ഥാനത്തെ. അനവിച്ഛൻ–അന്വേഷിക്കുന്നവനായി. ആത്തകുംഭം–സ്വീകരിക്കപ്പെട്ട കുടത്തോടുകൂടിയവനും. ശല്യപ്രോതം–ഉള്ളിൽ കടന്നുപോയ ബാണത്തോടുകൂടിയവനും ആയ. താപസസ്യ സൂനും ദൃഷ്ട്വാ–ഋഷികുമാരനെക്കണ്ടിട്ടു്. അന്തഃ ശല്യവാൻ ആസീത്–സങ്കടപ്പെട്ടു.

പെട്ടെന്നപ്പോളിറങ്ങി സ്വയമഥ തുരഗാത്
തേന പൃഷ്ഠാനുയോഽ,സൗ
വൃത്തം വാചാ സംഖലന്ത്യാ മുനിശിശ്രു ജലഗ–
ർ'ഭാസ്ഥിതാംഗോ ബഭാഷേ:
''പൃഥ്വീജാനേ! വിഷാദം മതി, ശിരസികൃതാ
രേഖ പണ്ടീദൃശീ മേ,
പുത്രം വൈശസ്യ ശ്രുദ്ധാജനിതമറിക മാം,
ബ്രഹ്മഹത്യാ ന ശങ്ക്യാ. 34

പിത്രോരിഹാശ്രമപദേ വസതോർ വിദ്ധഷ്ട്യോ–
രത്രാഗതോ നിയമവാര്യുപപാദനായ
വിദ്ധസ്ത്വയാഹമിഷുണാ ഭവിതവ്യതായാഃ
ശക്ത്യാ, തദാശ്രു നയ തത്സവിധം പ്രഭോ! മാം.'' 35

അപ്പോഴം നരേന്ദ്രനമദ്ധൃതശല്യമേവ
തത്പാർശ്വമൻപൊടു നിനായ തപസ്വിബാലം

പദ്യം 34. അഥ–പിന്നെ, സ്വയം–തന്നെത്താനെ, തുരഗാത്–കുതിരയിൽനിന്നു, തേന–അവനാൽ (ദശരഥനാൽ). പൃഷ്ഠാനുയഃ അസൗ മുനിശിശ്രു–ചോദിക്കപ്പെട്ട വംശവൃത്താന്തത്തോടുകൂടിയ ഋഷികുമാരൻ, ജല.....താംഗഃ–വെള്ളത്തിൽ സ്ഥിതിചെയ്യുന്നവനായിത്തന്നെ, സംഖലന്ത്യാ വാചാ–ഇടറുന്ന വാക്കോടുകൂടി, പൃഥ്വീജാനേ–അല്ലയോ രാജാവേ, മേ ശിരസി–എന്റെ ശിരസ്സിങ്കൽ, ഈദൃശീ രേഖ കൃതാ–ഇവ്വണ്ണം എഴുതപ്പെട്ടിരിക്കുന്ന, മാം എന്നെ, വൈശസ്യ ശ്രുദ്ധാജനിതം പുത്രം–വൈശ്യനു ശൂദ്രസ്ത്രീയിങ്കൽ ജനിച്ച 'കരണ'പുത്രനായി, ബ്രഹ്മഹത്യാ–ബ്രഹ്മഹത്യാദോഷം, ന ശങ്ക്യാ–ശങ്കനീയമല്ല. ''ബ്രഹ്മഹത്യാകൃതം പാപം ഹൃദയാദപനീയതാം; യദ്ധ്വിജാതിരഹം രാജൻ മാത്രത്തേ മനസോ വ്യഥാ, ശൂദ്ര്യായാസ്തു വൈശ്യേന ജാതോ ജനപദാധിപ.'' എന്നു രാമായണം. ''വൈശ്യാത്തു കരണഃ ശൂദ്ര്യായാം'' എന്നു യാജ്ഞവല്ക്യൻ.

പദ്യം 35. ഇഹ ആശ്രമപദേ–ഇവിടത്തെ ആശ്രമസ്ഥാനത്തിൽ, വസതോഃ–താമസിക്കുന്നവരും, വിദ്ധഷ്ട്യോഃ–അന്ധരും ആയ, പിത്രോഃ–മാതാപിതാക്കന്മാർ, നിയമ.....നായ–അനുഷ്ഠാനത്തിനുവേണ്ട വെള്ളം കൊണ്ടുകൊടുക്കുവാനായി, അത്ര ആഗതഃ–ഇവിടെ വന്നവനായ, അഹം–ഞാൻ, ഭവിതവ്യതായാഃ ശക്ത്യാ–വിധിബലത്താൽ, ത്വയാ ഇഷുണാ വിദ്ധഃ–അങ്ങയാൽ ബാണത്താൽ തുളയ്ക്കപ്പെട്ടവനായി, തത്–ആയതുകൊണ്ട്. പ്രഭോ–അല്ലയോ പ്രഭുവായുള്ളോവേ, മാം–എന്നെ. ആശ്രു–വേഗത്തിൽ. തത്സവിധം–അവരുടെ അടുക്കലേക്കു. നയ–കൊണ്ടുപോയാലും.

പദ്യം 36. അന്തർധൃതശല്യം ഏവ–ഉള്ളിൽ കടന്ന ബാണം വലിച്ചെടുക്കാതെതന്നെ, തപസ്വിബാലം–ഋഷികുമാരനെ, തത്പാർശ്വം–അവരുടെ അടുക്കൽ, നിനായ–കൊണ്ടാക്കി. മുല്പാടു–മുൻഭാഗത്തു.

1. ''ർദേ സ്ഥിതോയം ബ.''

മുല്പാടുപാഗതമമും ച നിജപ്രമാദാ—
ദുത്പന്നകർമ്മവുമണഞ്ഞറിയിച്ചിതെല്ലാം. 36

മാതാപിതാക്കൾ തൊട്ടുനോക്കി മകന്റെ നെഞ്ചത്തു തറച്ചിരുന്ന ബാണം പിഴുതെടുത്തപ്പോൾ അവൻ മരിക്കുകയും, അന്ധനായ മുനി ദുഃഖിതനായി തനിക്കുണ്ടായതുപോലെ ദശരഥനും അന്ത്യകാലത്തിൽ പുത്രശോകമുണ്ടാകുമാറു ശപിച്ചുകൊണ്ടു് പുത്രവിരഹദുഃഖം സഹിക്കവയ്യാതെ ഭാര്യയോടുകൂടി പുത്രനെ പിന്തുടരുവാൻ നിശ്ചയിക്കുകയും ചെയ്തതായി പറയുന്നു:

സ്പൃഷ്ടാഥ തൗ ബഹു വിലപ്യ ശിശോഃ പ്രഹർത്രാ
ശല്യം നിഖാതമുദഹാരയതാമുരസ്സഃ;
സോഽഭ്രത് പരാസുരഥ ഭൂമിപതിം ശശാപ
ഹന്താർപ്പിതൈർനയനവാരിഭിരേവ വൃദ്ധഃ. 37

''അജ്ഞാനാദപി വിഹിതാം[1] ത്വയാ, സഹിഷ്ണുഃ
സംസ്ഥാസ്യേ സുതവിരഹവ്യഥാം യഥാഹം
അന്ത്യേ,പി പ്രിയസുതവിപ്രയോഗശോകാത്
പഞ്ചത്വം വയസി തഥാ ത്വമാപ്നുയേഥാഃ.'' 38

ഇതി ശാപമുദീര്യ തത്ര ഭൂയോ
മൃതമാക്രാമതി ബാലകം മുമൂർഷൗ
വ്യഥമാനമനാ മനുപ്രവീരഃ
സ തമാനമ്യ സസാന്ത്വമാബഭാഷേ. 39

ഉപാഗതം അമും ച—വന്നവനായ ഇവനെയും. നിജപ്രമാദാത്—തന്റെ ശ്രദ്ധക്കുറവിനാൽ, ഉത്പന്നകർമവും—സംഭവിച്ച കാര്യവും.

പദ്യം 37. അഥ—പിന്നെ. തൗ—അവർ (മാതാപിതാക്കൾ). സ്പൃഷ്ടാ—തൊട്ടുനോക്കി. ബഹു വിലപ്യ—വളരെ കരഞ്ഞിട്ടു്. ശിശോഃ പ്രഹർത്രാ—കുമാരനെ പ്രഹരിച്ചവനാൽ. നിഖാതം—തറയ്ക്കപ്പെട്ട. ശല്യം—ബാണത്തെ. ഉരസ്സഃ—നെഞ്ചിൽനിന്നു്. ഉദഹാരയതാം—പിഴുതെടുത്തു. അഥ—പിന്നെ. സഃ—അവൻ. പരാസുഃ അഭ്രത്—മരിച്ചു. വൃദ്ധഃ—വൃദ്ധനായ പിതാവു്. ഹന്താർപ്പിതൈഃ നയനവാരിഭിഃ ഏവ—കൈയിൽ സ്വീകരിച്ച കണ്ണുനീരുകൊണ്ടുതന്നെ. ഭൂമിപതിം—ദശരഥ രാജാവിനെ. ശശാപ—ശപിച്ചു.

പദ്യം 38. അഹം—ഞാൻ. ത്വയാ—നിന്നാൽ. അജ്ഞാനാത് അപി—അജ്ഞാനംകൊണ്ടാണെങ്കിലും. വിഹിതാം—ഉണ്ടാക്കപ്പെട്ട. സുത വിപ്ര.....വ്യഥാം—പുത്രവിരഹതാപത്തെ. അസഹിഷ്ണുഃ—സഹിക്കാൻ വയ്യാതെ. യഥാ—എങ്ങനെ. സംസ്ഥാസ്യേ—മരിക്കുമോ. തഥാ—അങ്ങനെ. ത്വം അപി—നീയും. അന്ത്യേ വയസി—വൃദ്ധനായിരിക്കുമ്പോൾ. പ്രിയ....കാത്—വാത്സല്യഭാജനമായ പുത്രന്റെ വിരഹദുഃഖത്താൽ. പഞ്ചത്വം ആപ്നുയേഥാഃ-മരണം പ്രാപിക്കും.

പദ്യം 39. ഇതി ശാപം ഉദീര്യ-ഇവ്വണ്ണം ശപിച്ചിട്ടു്. തത്ര—അവിടെ. ഭൂയഃ—വീണ്ടും. മുമൂർഷൗ-മരണത്തിനു് ഒരുങ്ങിയ പിതാ

1. ''തം ത്വാ''

''ശാപോ,പ്യദൃഷ്ടതനയാനനപദ്മശോഭേ
സാനുഗ്രഹോ ഭഗവതാ മയീ പാതിതോഽയം;
കൃഷ്യാം ദഹന്നപി ഖലു ക്ഷിതിമിന്ധനേദ്ധോ
ബീജപ്രരോഹജനനീം ജ്വലനഃ കരോതി. 40

ഇത്ഥം ഗതേ ഗതഘൃണഃ കിമയം വിധത്താം
വധ്യസ്തവേ''ത്യഭിഹിതോ വസുധാധിപേന;
ഏതാൻ ഹുതാശനവതഃ സ മുനിർ യയാചേ
പുത്രം പരാസുമനുഗന്തുമനാഃ സദാരഃ. 41

ഇത്രയും ആയപ്പോഴേക്കും അവിടെ വന്നെത്തിയ അനുചരന്മാരോടുകൂടി ദശരഥൻ അയോധ്യയിലേക്കു മടങ്ങി മോദിച്ചു വാഴുന്നു:

സംപ്രാപ്തേ ദൈവഗത്യാ സപദി പരിജനേ,
ശാസനം തസ്യ രാജാ
സമ്പാദ്യാന്തർദധാനോ ദഹനമിവ മഹാ--
ശാപമംഭോധിപോലെ,

വൃ. മൃതം ബാലകം ആക്രാമതി–മരിച്ച പുത്രനെ ആകുമിക്കുന്നവനായിരിക്കുമ്പോഴേ. വ്യഥ.....മനാഃ–ദുഃഖിതനായ. സഃ മനുപ്രവീരഃ–ആ രാജാവു്. തം–അവനെ. ആനമ്യ–വണങ്ങി. സസാന്ത്വം–സമാധാനത്തോടുകൂടി. ആബഭാഷേ–പറഞ്ഞു.

പദ്യം 40. അദൃഷ്ട....ശോഭേ–പുത്രന്റെ മുഖകമലശോഭയെ ഇതേവരെ ദർശിക്കാത്ത. മയി–എങ്കൽ. ഭഗവതാ–അങ്ങയാൽ. പാതിതഃ അയം ശാപഃ അപി–തെറ്റുകാരനായ ഇവനെ ശപിക്കപ്പെട്ടതും. സാനുഗ്രഹഃ–അനുഗ്രഹത്തോടു കൂടിയതുതന്നെ. എന്തെന്നാൽ ഇതേവരെ പുത്രഭാഗ്യം സിദ്ധിക്കാത്ത എനിക്കു പുത്രൻ ജനിച്ചിട്ടാണല്ലോ പുത്രശോകമുണ്ടാകുക. ഇന്ധനേദ്ധഃ ജ്വലനഃ–വളരെ കത്തുന്ന അഗ്നി. ക്ഷിതിം ദഹൻ അപി–ഭൂമിയെ ദഹിപ്പിക്കുന്നുവെങ്കിലും. കൃഷ്യാം–കൃഷിക്കു പറ്റിയതായും. ബീജ....നനീം–മുളയ്ക്കുവാൻ ശക്തിയുള്ളതായും. കരോതി ഖലു–ആക്കിത്തീർക്കുന്നുവല്ലോ.

പദ്യം 41. ഇത്ഥം ഗതേ—ഇങ്ങനെയായപ്പോഴേ. ഗതഘൃണഃ–കൃപയില്ലാത്തവൻ. തവ വധ്യഃ–അങ്ങയ്ക്കു വധിക്കാൻ യോഗ്യനായവൻ. അയം കിം വിധത്താം–ഇവൻ എന്തു ചെയ്യട്ടേ. ഇതി–എന്നു്. വസുധാധിപേന–രാജാവിനാൽ. അഭിഹിതഃ–പറയപ്പെട്ടവനായ. സദാരഃ–ഭാര്യയോടുകൂടി. പരാസും–മരിച്ച. പുത്രം അനുഗന്തുമനാഃ–പുത്രനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന. സ മുനിഃ–ആ വൃദ്ധമുനി. ഹുതാശനവതഃ ഏതാൻ—ദേവന്മാരോടു്. യയാചേ-പ്രാർത്ഥിച്ചു.

''അനുഷ്ഠാനാസമർത്ഥസ്യ വാനപ്രസ്ഥസ്യ ജീര്യതഃ.
ഭൃഗ്വഗ്നിജലസമ്പാതൈർ മരണം പ്രവിധീയതേ.''

എന്നു മനു.

പദ്യം 42. സപദി–ഉടൻ. ദൈവഗത്യാ–വിധിവശത്താൽ. പരിജനേ സമ്പ്രാപ്തേ–അനുചരസംഘം വന്നുചേർന്നപ്പോഴേ. രാജാ–

സമ്പത്പൂർണ്ണാമയോധ്യാം ത്വരിതമുപഗതഃ
സാകമാത്മപ്രിയാഭിഃ
സമ്മോദം പൂണ്ടു രേമേ സകലഭുവനസ-
ന്തോഷപീയൂഷധാമാ. 42

അനപത്യതാദുഃഖം വർദ്ധിച്ച രാജാവു് ദാന-പൂജാദികളും നടത്തുന്നു:

ആജ്ഞാവശംവദസമസ്തസുരാസുരസ്യ
രാജ്ഞസ്തദാ ഭുവനവിശ്രുതകീർത്തിരാശേഃ
സന്ധുക്ഷിതാമിതസു[1]ഖേ ഹൃദി ശോകകന്ദഃ
സന്തത്യഭാവനിഹിതഃകച ചിദുജ്ജൃംഭേ. 43

പൃഥ്വീദേവാനശേഷാൻ കനകവസനഗോ-
രത്നമൃഷ്ടാന്നദാനൈ-
രുദ്യന്നാനോപഹാരൈരഴകിനൊടഖിലാ
ദേവതാഃ സാവധാനം
ഭക്തിസ്തോമം വിളങ്ങീടിന വിവിധനിഷേ-
വാവിധാനൈസ്തദാനീം
നിത്യം ദേവാൻ കുലേശാനപി വിഗതരജാഃ
പൂജയാമാസ രാജാ. 44

ദശരഥൻ. തസ്യ—അനുചരസംഘത്തിനു്, ശാസനം സമ്പാദ്യ—ആജ്ഞ നല്കീട്ടു്; അംഭോധിപോലെ—സമുദ്രംപോലെ ഗംഭീരനായ അവൻ. ദഹനം ഇവ—ബഡവാഗ്നിപോലെയുള്ള. മഹാശാപം—വലിയ ശാപത്തെ. അന്തർദധാനഃ—അകത്തു ധരിക്കുന്നവനായി. സമ്പത്പൂർണ്ണാം അയോധ്യാം—ഐശ്വര്യസമൃദ്ധയായ അയോധ്യയെ. ത്വരിതം ഉപഗതഃ—വേഗത്തിൽ പ്രാപിച്ചവനായി. സകല....ധാമാ—വളരെ സന്തുഷ്ടനായി. ആത്മപ്രിയാഭിഃ സാകം—തന്റെ പ്രേയസിമാരോടുകൂടി. രേമേ—രമിച്ചു.

പദ്യം 43. ആജ്ഞാ.....രസ്യ—കല്പനയ്ക്കു് അധീനരായ എല്ലാ ദേവന്മാരോടും അസുരന്മാരോടും കൂടിയ. ഭുവന.....രാശേഃ—ലോകമെങ്ങും വ്യാപിച്ച കീർത്തിസമൂഹത്തോടുകൂടിയ. രാജ്ഞഃ—രാജാവിനു്. തദാ—അപ്പോഴം. സന്തത്യഭാവനിഹിതഃ—അനപത്യതയാലുണ്ടായ. ശോകകന്ദഃ—ദുഃഖമാകുന്ന മുള. സന്ധു.....സുഖേ—സുഖാതിരേകത്തെ നശിപ്പിക്കുന്നതായ. ഹൃദി—ചിത്തത്തിൽ. കചചിത്—ഒരിടത്തു്. ഉജ്ജൃംഭേ—പൊങ്ങിവന്നു.

പദ്യം 44. വിഗതരജാഃ—രജോഗുണരഹിതനായ. രാജാ—രാജാവു്. കനക.....ദാനൈഃ—സ്വർണ്ണം വസ്ത്രം പശു മൃഷ്ടാന്നഭോജനം ഇവയെല്ലാം കൊടുത്തു. അശേഷാൻ പൃഥ്വീദേവാൻ—എല്ലാ ബ്രാഹ്മണരെയും. ഉദ്യന്നാ.....ഹാരൈഃ—സമൃദ്ധമായ പല കാഴ്ചവസ്തുക്കളെക്കൊണ്ടു്. സാവധാനം—ശ്രദ്ധയോടുകൂടി. അഖിലാഃ ദേവതാഃ—എല്ലാ ദേവതകളേയും. ഭക്തിസ്തോമം—ഭക്ത്യതിശയം. വിവിധ.....ധാനൈഃ—പലവിധത്തി

1. സുഖോ ഹൃദി.

ദുഃഖിതനായ രാജാവു മന്ത്രിമാരോടു് ആലോചിക്കുന്നതും അശ്വമേധയാഗം ചെയ്യാനാഗ്രഹിക്കുന്നതും അപ്പോൾ മന്ത്രി ശ്രേഷ്ഠനായസുമന്ത്രൻ മന്ത്രിസഭയിൽ ഒരു കഥ പറയുവാൻ ആരംഭിക്കുന്നതും:

സന്താനാഭാവഖിന്നേ തദനു നരപതൗ
ഗാഢചിന്താം കറിക്കൊ—
ണ്ടന്തഃസന്തപ്യമാനേ സഹ സചിവവരൈർ
മന്ത്രശാലാന്തരാളേ
മന്ത്രാർത്ഥം സംപ്രവൃത്തേ സപദി മഖവരം
വാജിമേധം ചികീർഷൗ
മന്ത്രിശ്രേഷ്ഠഃ സുമന്ത്രോ മഹിതമൊരു പുരാ—
വൃത്തമൂചേ സമാജേ. 45

ഋഷ്യശൃംഗമഹർഷിയുടെ പാരമ്പര്യവർണ്ണന:

"അവ്യക്തപ്രഭവോ ബ്രഹ്മാ
ശാശ്വതോ നിത്യമവ്യയഃ
തസ്മാന്മരീചിഃ സംജജ്ഞേ
കാശ്യപസ്തതഃ സുതോഽഭവത്". 46

കാശ്യപസ്യ തു പുത്രോഽസ്തി
വിഭണ്ഡക ഇതി ശ്രുതഃ

ലുള്ള ശ്രേഷ്ഠകർമ്മംകൊണ്ടു്. കുലേശാൻ ദേവാൻ അപി—കുലാധിപതികളായ ദേവന്മാരെയും. തദാനീം—അപ്പോൾ. നിത്യം—എന്നും. പൂജയാമാസ (പുത്രലാഭത്തിനായി) പൂജിച്ചു.

പദ്യം 45—സന്താ....ഖിന്നേ—സന്തതിയില്ലായ്കകൊണ്ടു ദുഃഖിതനായ. നരപതൗ—രാജാവു്. തദനു—അതിൽപിന്നെ. ഗാഢചിന്താം കറിക്കൊണ്ടു—ചിന്തയിൽ മുഴുകിയവനായി. അന്തഃ സന്തപ്യമാനേ—അകത്തു സങ്കടപ്പെട്ടുകൊണ്ടിരിക്കുന്നവനായി. മന്ത്ര....രാളേ—മന്ത്രശാലയുടെ അകത്തു്. സചിവവരൈഃ സഹ—മുഖ്യമന്ത്രിമാരോടുകൂടി. മന്ത്രാർത്ഥം സംപ്രവൃത്തേ—ആലോചന തുടങ്ങിയവനായി. സപദി—ഉടൻ. മഖവരം വാജിമേധം ചികീർഷൗ—ശ്രേഷ്ഠമായ അശ്വമേധയാഗം നടത്തുവാൻ ആഗ്രഹിച്ചിരിക്കുമ്പോൾ. സമാജേ—സഭയിൽ. മന്ത്രിശ്രേഷ്ഠഃ സുമന്ത്രഃ—മന്ത്രിശ്രേഷ്ഠനായ സുമന്ത്രൻ. മഹിതം പുരാവൃത്തം—ശ്രാഘ്യമായ കഥയെ. ഊചേ—പറഞ്ഞു. ദശരഥനു് എട്ടു മന്ത്രിമാരുണ്ടായിരുന്നതായി രാമായണത്തിൽ പറഞ്ഞിരിക്കുന്നു.

പദ്യം 46. ശാശ്വതഃ—സദാതനനും. നിത്യം അവ്യയഃ—ഒരിക്കലും വ്യയമില്ലാത്തവനും ആയ. ബ്രഹ്മാ—ബ്രഹ്മദേവൻ. അവ്യക്തപ്രഭവഃ—അവ്യക്തത്തിൽനിന്നുണ്ടായവൻ. തസ്മാൽ—അവങ്കൽനിന്നു്. മരീചിഃ സംജജ്ഞേ—മരീചി ജാതനായി. തസ്യ തഃ—മരീചിപുത്രനായി. കാശ്യപഃ അഭവത്—കാശ്യപൻ ഭവിച്ചു.

പദ്യം 47. കാശ്യപസ്യ തു—കാശ്യപനു് ആകട്ടെ. വിഭണ്ഡകഃ ഇതി ശ്രുതഃ—വിഭണ്ഡകൻ എന്ന പ്രസിദ്ധനായ. പുത്രഃ അസ്തി—പുത്രനുണ്ടു്. മഹാഭാഗ—അല്ലയോ രാജാവേ. തസ്യ പുത്രഃ—അവന്റെ (വി

തസ്യ പുത്രോ മഹാഭാഗ
ശ്യശൃംഗോ മഹീയതേ. 47

പണ്ട് അംഗദേശം മഴയില്ലാതെ കഷ്ടത്തിലായപ്പോൾ അവിടത്തെ രാജാവായ രോമപാദൻ ശ്യശൃംഗമുനിയെ വശപ്പെടുത്തിക്കൊട്ടിക്കൊണ്ടുവരുവാനായി വേശ്യാസ്ത്രീകളെ നിയോഗിച്ചയയ്ക്കുന്നു:

അത്യന്താവഗ്രഹം വന്നളവു ജനപദേ
തസ്യ പണ്ഡംഗധാത്രീ—
സുത്രാമാ രോമപാദോ മുനിവരമമു—
മാനേതുമുഗ്രാനുഭാവം
ഉദ്യത്താരുണ്യലീലാവിനയപരിമളം
വാരനാരീകദംബം
മുഗ്ധാലങ്കാരശൃംഗാരിണമഴകിലയ—
ച്ചീടിനാൻ പ്രൗഢചേതാഃ. 48

വേശ്യാസ്ത്രീകളും സൗന്ദര്യ—ഹാവ—ഭാവ-സത്കാരാദികളുംകൊണ്ട് ശ്യശൃംഗനെ വശപ്പെടുത്തി രോമപാദന്റെ അടുക്കൽ കൂട്ടിക്കൊണ്ടുവരുന്നതായി വർണ്ണിക്കുന്നു:

ഗദ്യം. 6.

അഥ ലളിതാംഗം വാരവധൂജന—
മൊക്കെത്തക്കെത്തൊഴുതു പുറപ്പെ—
ട്ടുദിതവിലാസം കരനഖശിഖയാ
ചികിയുലത്തിപ്പുതുമലർ ചൂടി വ—
കഞ്ഞതിൽ മധ്യേ സീമന്തം ചേ—
ത്തഴകൊടു തിരുകിന പുരികുഴൽനെറിവും

ഭണ്ഡകന്റെ) മകനായി. ശ്യശൃംഗഃ മഹീയതേ—ശ്യശൃംഗൻ മാന്യനായിരിക്കുന്നു. ശ്യശൃംഗൻ പെണ്മാനിൽ ജനിച്ചതായി കഥയുണ്ട്. അദ്ദേഹത്തിന്റെ തലയിൽ മാനിന്റെ ചെറിയ കൊമ്പുള്ളതുകൊണ്ടാണ് ശ്യശൃംഗൻ എന്ന പേർ.

പദ്യം 48. അംഗ....ത്രാമാ രോമപാദഃ—അംഗദേശത്തിലെ രാജാവായ രോമപാദൻ. തസ്യ ജനപദേ—അവന്റെ നാട്ടിൽ. അത്യന്താവഗ്രഹം—ഒട്ടും മഴയില്ലായ്ക. പ്രൗഢചേതാഃ—ഉറച്ച മനസ്സോടുകൂടിയവനായി. ഉഗ്രാനുഭാവം അമും മുനിവരം ആനേതും—വിശിഷ്ടസിദ്ധിയുള്ള ഈ ശ്യശൃംഗമുനിയെ കൊണ്ടുവരുവാനായി. ഉദ്യ....മളം—വർധിച്ച യൗവനവികാസത്താലും വണക്കത്താലും രമ്യമായ. മുഗ്ധ...രിണം—സുന്ദരമായ അലങ്കാരത്താൻ ശൃംഗാരത്തോടുകൂടിയ. വാരനാരീകദംബം—ഗണികാസമൂഹത്തെ. അയച്ചീടിനാൻ—അവൻ അയച്ചു.

ഗദ്യം 6. ലളിതാംഗം—മാട്ടവമേറിയ ശരീരത്തോടുകൂടിയ. വാരവധൂജനം—വേശ്യാജനം. തക്കെ—യോഗ്യമായി. ഉദിതവിലാസം—ഉല്ലാസത്തോടുകൂടി. നഖശിഖയാ—നഖാഗ്രത്താൽ. സീമന്തം—തലമുടി

കസ്തൂരീമയതിലകക്കോപ്പും
ചില്ലീലളിതം തൃണയായ് നില്പും
മല്ലക്കണ്കോൺമധുരിമയേറും
ഭാസാ മേവിന നാസാമണിയും
പത്തിക്കീറു പതിച്ച കപോലവു-
മമൃതിലലമ്പിന പുഞ്ചിരിനെറിവും
താംബൂലീദളരാഗം മേന്മേ-
ലാത്രേഡിച്ചൊരു താത്രാധരവും
തോളൊട്ട കവിളൊട്ട തല്പിയുലഞ്ഞണി-
കാതിലടിഞ്ഞൊരു പൊൽക്കുണ്ഡലവും
ത്രിവലീലളിതം ഗളതലവടിവും
മാറിൽത്തിങ്ങിവളർന്ന മിനുത്തണി--
കുംകുമമിഴകും കൊങ്കകലും മീതേ
ഭംഗിയൊടണിയും മണിമാലകളും
തോംവള കടകം കൈമോതിരവും
തരിവളയെന്നിവ പുത്തുമയൊടണിയും
ഭുജവല്ലികളും കൈയിലടങ്ങിന-
നടവും കാണും ജഗതാമകമല-
രൊക്കെത്തരിപെട്ടമാറൊരു പരിമൃദു
മധുരിമസീമാ രോമാവലിയും
മിന്നും നവനവ പൊന്നിന്മേഖല
തഞ്ചിക്കൊഞ്ചിക്കിഞ്ചന ദർശിത-
നാഭീമുലം ഭംഗ്യാ ചാത്തിന
കോമപ്പട്ടിൻ നീഴൽകൊണ്ടസിതം
ജഘനാഭോഗവുമൊട്ടൊട്ടിടയിൽ
കുളിരെക്കുളിരെക്കൊട്ടിന തുടയും
കനകചിലമ്പിൻ നിനദമനോജ്ഞം
ഭംഗിയിലിയലിന നട കൈക്കൊണ്ടും

പകുക്കുമ്പോൾ ഉള്ള രേഖ. മധുരിമ—മാധുര്യം. ഭാസാ—കാന്തിയാൽ. നാസാമണി—മൂക്കുത്തി. കപോലം—കവിൾത്തടം. ആത്രേഡിച്ച—ഇരട്ടിയായി വർദ്ധിച്ച. താത്രാധരവും—ചുമന്ന ചുണ്ടും. ത്രിവലീലളിതം—മൂന്ന് ഒടികളെക്കൊണ്ട് രമ്യമായ. ഗളതലം—കഴുത്ത്. ഇഴകും—പുരളുന്ന. ഭുജവല്ലി—ബാഹുലത. ജഗതാം—ലോകരുടെ. അകമലർ—ചിത്തം. തരിപെട്ടമാറ്—പൊടിയത്തക്കവണ്ണം. മധുരിമസീമ—മാധുര്യത്തിന്റെ അതിര്. രോമാവലി—രോമപങ്ക്തി. നവനവ—പുതിയ. മേഖല—അരഞ്ഞാൺ. കിഞ്ചന—അല്പം. ദർശിത—കാണിക്കപ്പെട്ട. കോമപ്പട്ട്—വീരവാളിപ്പട്ട്. അസിതം—കറുത്ത. ജഘനാഭോഗവും—പൃഷ്ഠഭാഗത്തിന്റെ വിസ്താരവും. നിനദമനോജ്ഞം—ശബ്ദംകൊണ്ട് മനോഹരം. കാഞ്ചനകാഞ്ചി—പൊന്നരഞ്ഞാൺ. വെൺചമരികയും—വെൺചാമര

കുങ്കുമപങ്കം മെയ്യിൽ തേച്ചും
തരിയില്ലാപ്പൊടി ധൂളിപ്പിച്ചും
ചവ്വാതിന്നണമൊക്കെ വിതച്ചും
പനിനീർക്കുപ്പികളിടയിട വെട്ടി–
പ്പുരിചൊട്ട വീശിയടച്ചുതളിച്ചും
കാഞ്ചനകാഞ്ചികയും മണികാഞ്ചികളും
മിന്നും പട്ടുകയും പൊന്നിൻപെട്ടികയും
ഇല്ലിക്കയറും മല്ലികമാലക–
ളണിവെൺചമരികയും മണിമയവിശറികയും
പൊന്മയതളികകയും മന്മഥഗ്രളികകയും
പണിമെത്തകളും മണിമെത്തകളും
പച്ചക്കുടയും പച്ചത്തഴയും
ചതുരംഗം ചൂതരശമ്മാനകയും
വേണു വിപഞ്ചീ മദ്ദള ഢക്കാ–
തുടി പടഹാദ്യം വാദ്യകദംബം
കാമുകബന്ധം മോഹനദീപം
ബ്രുംഹണലേപം താപനതൈലം
ക്ഷോഭണചൂർണ്ണം പവിഴപ്പൈങ്കിളി
പൊന്മയിലും നൽസ്ഫടികമരാളം
കനകചകോരം മരതകശാരിക
വിദ്രുമഹരിണം ഫാണിതപിണ്ഡ–
ഗ്രളാദികളും ചില മോദകജാലം
പൃഥുകമപൂപം മറ്റുമൊരോരോ
ഭക്ഷ്യദ്രവ്യംകൊണ്ടു നിറച്ചൊരു
കനകപ്പാളികളിത്തരമരികേ
കയ്യിലെടുത്തു നടന്നീടും ചില
പരിജനവും വന്നുപചിതഹേലം
കൂട്ടത്തോടേ കാട്ടിലകം പു–
ക്കാശ്രമഭൂമൗ വിശ്രമമൊട്ട ചെ–
ന്നാശു വിലോഭയിതും മുനിമേനം
മന്ദം മന്ദം മധുരരസത്തോ–

ങ്ങതം. വേണു–ഓടക്കുഴൽ വിപഞ്ചി–വീണ. ഢക്ക–ഉടുക്ക്. തുടി –മുരശ്. പടഹം–പെരുമ്പറ. വാദ്യകദംബം–വാദ്യസമൂഹം. ബ്രുംഹ ണലേപം——വർദ്ധിക്കാനുള്ള പൂച്ച്. താപനതൈലം——തപിപ്പിക്കുന്ന തൈലം. ക്ഷോഭണചൂർണ്ണം–ഇളക്കത്തെ ഉണ്ടാക്കുന്ന പൊടി. മരാളം– അരയന്നം. ചകോരം–ഉപ്പൻ. വിദ്രുമഹരിണം–പവിഴംകൊണ്ടു തീർത്ത മാൻ. ഫാണിതപിണ്ഡം–കല്ക്കണ്ടം. ഗ്രളം–ശർക്കര. പൃഥുകം–അവിൽ. അപൂപം–അപ്പം. ഉപചിതഹേലം–വർദ്ധിച്ച ക്രീഡയോടുകൂടി. ആശ്രമ ഭൂമൗ–ആശ്രമത്തിൽ. ആശു–വേഗത്തിൽ. വിലോഭയിതും–വശപ്പെ

ടാടിപ്പാടി മദിച്ചു സലീലമി-
രുന്ന സുഖിച്ചമരുന്ന ദശായാം.
ഈശ്വരഗത്യാ വൈഭണ്ഡകിയും
നിസ്തുലമഹിമാ തത്ര സമേതം
സകലംദ്രഷ്ടും ശ്രുതപൂർവം ക-
ണ്ടാശ്ചര്യപ്പെട്ടവരാൽ പൃഷ്ടോ
നിജമറിയിച്ചു സമസ്തമുദന്തം.
തെളിവിനൊടാനീയാർഘ്യാദ്യാശ്രമ-
പതികസപര്യാം ചെയ്യുന്നേര-
ത്തധരഗ്രഹണം ഗാഢാലിംഗന-
മനുസരണക്രമമനുപമഭക്ഷ്യ-
ദ്രവ്യാസ്വാദം നാനാസുരഭിപ-
ദാത്മവിമർദ്ദം മുറുമൊരോന്നേ
ഹൃദയവിമോഹനമുത്തമനാരീ-
സത്ക്രിയകൊണ്ടവനവശതയാത്മാ
ലൗകികവൃത്തേഷ്വനഭിജ്ഞോഽസൗ
മന്ദം മന്ദം വചനമവാദീത്:

''നിശ്ശേഷാശ്ചര്യസീമാ കിമിഹ വനമഹാ-
ദേവതാ! നിങ്ങളെല്ലാ-
മശ്രാന്തം ചേർന്ന പുണ്യാശ്രമതലമെവിടം?
ബ്രഹ്മവിദ്യാപി കാ വാ?

ടുത്തുവാൻ, ഏനം മുനിം—ഈ മുനിയെ, സലീലം— ലീലയോടുകൂടി. അമരുന്ന ദശായാം—അമരുമ്പോഴ്.

ഈശ്വരഗത്യാ—ദൈവഗത്യാ. വൈഭണ്ഡകി—ഋശ്യശൃംഗൻ. നിസ്തുല മഹിമാ—എതിരില്ലാത്ത മാഹാത്മ്യത്തോടുകൂടിയവൻ. തത്ര— അവിടെ. സമേതം ശ്രുതപൂർവ്വം സകലം ദ്രഷ്ടും— വന്നുകൂടിയ മുമ്പു കേട്ടിട്ടുള്ള എല്ലാം കാണുവാനായി. പൃഷ്ടഃ—ചോദ്യം ചെയ്യപ്പെട്ടവനായി. നിജം സമസ്തം ഉദന്തം--തന്റെ വൃത്താന്തമെല്ലാം. ആനീയ—കൊണ്ടുവന്ന. അർഘ്യാ.... സപര്യാം—അർഘ്യം മുതലായി ആശ്രമത്തിൽ വഴിപോക്കരായി വരുന്നവ ർക്കുള്ള ഉപചാരത്തെ. അനുസരണക്രമം—വശപ്പെടുന്ന രീതി. അനുപ.... സ്വാദം—ശ്രേഷ്ഠമായ ഭക്ഷണത്തിന്റെ രുചി. നാനാ....മർദ്ദം—പല സുഗ ന്ധദ്രവ്യങ്ങളുടെ ലേപം. ഹൃദയവിമോഹനം — ചിത്തത്തെ വശപ്പെടുത്തു ന്ന. ഉത്തമ....കൊണ്ടു്—സുന്ദരിമാരുടെ സത്കാരംകൊണ്ടു്. അവശതയാ ത്മാ—പരവശചിത്തനായി. ലൗകികവൃത്തേഷു—ലോകകാര്യങ്ങളിൽ. അന ഭിജ്ഞഃ അസൗ—ജ്ഞാനമില്ലാത്ത അവൻ. മന്ദം മന്ദം —പതുക്കെപ്പതു ക്കെ. വചനം അവാദീത്—വാക്കിനെ പറഞ്ഞു.

പദ്യം 49. നിശ്ശേഷാശ്ചര്യ....സീമ—എല്ലാ ആശ്ചര്യങ്ങൾക്കും അ തിർത്തിയായ. ഇഹ—ഇവിടെ. വനമഹാദേവതാഃ—കാട്ടിലെ വലിയ ദേവതകളും. കിം—ആണോ. അശ്രാന്തം ചേർന്ന—ശ്രമമില്ലാതെ വന്ന.

അച്ഛിന്നസ്വാദു നിങ്ങൾക്കിയലിന ഫലമു-
ലങ്ങളെങ്ങുള്ളിതെല്ലാം
വശ്യം നല്പൊന്നു യുഷ്മച്ചരിതവിലസിതൈ-
രസ്വതന്ത്രീകൃതോ ഞാൻ. 49

എന്നാലതീവ രമതേ ഭവതീസമാജേ[1]
തന്നേ മതിർ മമ പരാത്മനി[2]മേന്പോലെ.''
എ[3]ന്നുക്തവന്തമൃഷിമുചിരിമാസ്തദാനീ-
മന്യോന്യതഃ കൃതനിരീക്ഷണ[4]മുദ്ധഹാസാഃ 50

പുണ്യാത്മൻ! കേളി തസ്ഥാനികം ജനപദാ-
വാസിനീർ ദേവതാ; വാർ-
മീന്നീടും ബ്രഹ്മവിദ്യാ സകലഭുവനസ-
മ്മോഹനം മാദൃശീനാം;
എന്നാലസ്മാകമത്രാശ്രമഭുവി സവിധേ
കൂടെ വന്നേവമാദ്യാം
ഗ്രഹ്ണന്നസ്മത്സപര്യാം ചിരതരമനുഗ്ര-
ഹ്ണീഷ്വ യോഗീന്ദ്രമൗലേ! 51

കൂടിയ. പുണ്യാശ്രമതലം—പാവനമായ ആശ്രമം. ബ്രഹ്മവിദ്യാ അപി കാ വാ—വേദാന്തവിദ്യയെന്നതും എന്തൊന്നാണു്. അച്ഛിന്നസ്വാദു—കുറയാത്ത രുചിയോടുകൂടിയ. വശ്യം—വശപ്പെടുത്തുവാൻ യോഗ്യം. യുഷ്മ.... സിതൈഃ—നിങ്ങളുടെ വൃത്താന്തവിലാസങ്ങളാൽ. അസ്വതന്ത്രീകൃതഃ—പരവശനായിരിക്കുന്ന.

പദ്യം 50. മമ മതിഃ—എന്റെ ചിത്തം. പരാത്മനി—ബ്രഹ്മത്തിങ്കൽ, ഭവതീസമാജേ—നിങ്ങളിൽ. അതീവ രമതേ—വളരെ രമിക്കുന്നു. ഉക്തവന്തം—പറഞ്ഞവനായ. ഋഷിം—ഋഷിയോടു്, തദാനീം—അപ്പോഴു. അന്യോന്യതഃ—തമ്മിൽ. കൃത.....ഹാസാഃ—ദർശിക്കയും ഹസിക്കയും ചെയ്യുന്ന. ഇമാഃ—അവർ (വേശ്യകളു), ഊചുഃ—പറഞ്ഞു.

പദ്യം 51. പുണ്യാത്മൻ—അല്ലയോ സുകൃതിയായുള്ളോവേ. അസ്മാൻ—ഞങ്ങളെ. ജന.... .സിനീഃ—നാട്ടിൽ വസിക്കുന്നവരായ. ദേവതാഃ—ദേവതകളായി. മാദൃശീനാം—ഞങ്ങളെപ്പോലെയുള്ളവർക്കു്. ബ്രഹ്മവിദ്യാ—ബ്രഹ്മവിദ്യയെന്നതു്. സക....ഹനം—ലോകരെ വശീകരിക്കുകയാണു്. അത്ര ആശ്രമഭുവി—ഈ ആശ്രമഭൂവിങ്കൽ. അസ്മാകം സവിധേ—ഞങ്ങളുടെ അടുത്തു്. ഏവമാദ്യാം—ഇതു മുതലായ. അസ്മത്—സപര്യാം—ഞങ്ങളുടെ സത്കാരത്തെ. ഗ്രഹ്ണൻ—സ്വീകരിച്ചുകൊണ്ടു്. യോഗീന്ദ്രമൗലേ—അല്ലയോ യോഗിശ്രേഷ്ഠ. ചിരതരം—ദീർഘമായി. അനുഗ്രഹ്ണീഷ്വ—അനുഗ്രഹിച്ചാലും.

1. ജേ താനേ മ. 2. നീയെന്നപോ, 3. ഇത്യുക്ത. 4. ണമുദ്ധഹാ.

ഇത്ഥം കേട്ടോരനേരം പ്രമുദിതമനസാ—
നേന സാകം പുറപ്പെ—
ട്ടുദ്യുക്താ വാരയോഷാഃ സ്വയമഭിലഷിത—
പ്രാപ്തി സഞ്ജാതതോഷാഃ
നിസ്സന്ദ്രം പോന്നുവന്നങ്ങുദിതകളകളോ—
ദഗ്രമഗ്രേ തദാനീം
പത്യുർ വിശ്വംഭരായാഃ പരമനിയമിനം
കൊണ്ടുവച്ചാർ മുനീന്ദ്രം. 52

ഋശ്യശൃംഗന്റെ വരവോടുകൂടി മഴയുണ്ടായി അംഗദേശം സമൃദ്ധമാകുന്നു:

എന്നേരമമ്മുനി വിഭണ്ഡകസൂനു പോന്നും[1]—
വന്നു ഘനപ്രമദസംകുലമംഗരാജ്യേ
അന്നേരമേ മഹിതവൃഷ്ടിയുമിഷ്ടസമ്പത്—
സന്നാഹവും ത്വടിതി തത്ര തുലോം വളർന്നു. 53

രോമപാദന്റെ അടുക്കൽ ശാന്തയോടുകൂടി വസിക്കുന്ന ആ മുനിയെ കൂട്ടിക്കൊണ്ടുവന്നാൽ അവന്റെ മാഹാത്മ്യത്താൽ സന്തതിയുണ്ടാകുമെന്നു സനത്കുമാരൻ രഹസ്യമായി പറഞ്ഞിട്ടുണ്ടെന്നുള്ള സുമന്ത്രന്റെ പ്രസ്താവന:

''സ മുനീ രോമപാദസ്യ
സവിധേ ശാന്തയാ സഹ
വർത്തതേ, തം ത്വമേവാദ്യ
പ്രസ്ഥായാനയ സാദരം. 54

പദ്യം 52. ഇത്ഥം—ഇപ്രകാരം. പ്രമുദിതമനസാ—സന്തുഷ്ടനായ. അനേന സാകം—അവനോടുകൂടി. ഉദ്യുക്താഃ—പ്രയത്നിച്ചവരായ. സ്വയം—താൻ. അഭില..... തോഷാഃ—അഭീഷ്ടസിദ്ധിയിൽ തുഷ്ടരായ. വാരയോഷാഃ—വേശ്യകൾ. നിസ്സന്ദ്രം—ആലസ്യം കൂടാതെ. ഉദിത..... ദഗ്രം—(സന്തോഷംകൊണ്ട്) കളകളശബ്ദമുഴക്കത്തോടുകൂടി. തദാനീം—അപ്പോൾ. വിശ്വംഭരായാഃ പത്യുഃ അഗ്രേ—രാജാവിന്റെ (രോമപാദന്റെ) മുമ്പിൽ. പരമനിയമിനം മുനീന്ദ്രം—സംയമികളിൽ ശ്രേഷ്ഠനായ മുനിവര്യനെ (ഋശ്യശൃംഗനെ).

പദ്യം 53. വിഭണ്ഡകസൂനു—ഋശ്യശൃംഗൻ. ഘന.....കുലം—അധികസന്തോഷപൂർത്തി. തത്ര അംഗരാജ്യേ—ആ അംഗദേശത്തിൽ. മഹിതവൃഷ്ടിയും—ശ്രേഷ്ഠമായ മഴയും. ഇഷ്ടസമ്പത്സന്നാഹം—വേണ്ട സമ്പത്തുകളുടെ ഒരുക്കവും. ത്വടിതി—വേഗത്തിൽ.

പദ്യം 54. സഃ മുനിഃ—ആ മഹർഷി. ശാന്തയാ സഹ—ശാന്തയോടുകൂടി. രോമപാദസ്യ സവിധേ—രോമപാദന്റെ അടുക്കൽ. വർത്തതേ—വസിക്കുന്നു. ത്വം ഏവ—നീതന്നെ. അദ്യ—ഇപ്പോൾ. പ്രസ്ഥായ—പുറപ്പെട്ടുചെന്നു. തം സാദരം ആനയ—അവനെ ആദരവോടുകൂടി

1. പോന്നു വ

തവാകൃത്രിമസംബന്ധീ
മുനീന്ദ്രോ വിശ്വവിശ്രുതഃ
തത്പ്രഭാവാദ് ഭവിഷ്യന്തി
ചത്വാരസ്തേ സുതാഃ ശുഭാഃ. 55

സനത്കുമാരേണ പുരാ
മുനീന്ദ്രേണ ദയാലുനാ
ഇദമേവ രഹസ്യം മേ
കഥിതം പ്രഥിതാത്മനാ.'' 56

സുമന്ത്രന്റെ വാക്കനുസരിച്ച് ദശരഥൻ അംഗദേശത്തിൽ ചെന്ന ഋശ്യശൃംഗമുനിയെ അയോധ്യയിലേക്ക് ക്ഷണിച്ചുകൊണ്ടുവരുന്നതായി വർണ്ണിക്കുന്നു:

ശ്രുത്വാ വാർത്താമിവർണ്ണം മനുകുലമകുടീ-
മണ്ഡനം പ്രീതിമാംക്കോ-
ണ്ടുദ്വേലാമൃശ്യശൃംഗം മുനിപരിവൃഢമാ-
നേതുമൂഢാനുഭാവം
പ്രസ്ഥായാമന്ദമന്തഃപുരസചിവബലൈർ
ലംഘയിത്വാ വനാളീ-
രുത്തീര്യാഥ സ്രുവന്തീരയമുപഗതവാ-
നംഗരാജസ്യ രാജ്യം. 57

കൊണ്ടുവന്നാലും. ശാന്ത ദശരഥനു ജനിച്ചവളാണെങ്കിലും രോമപാദന്റെ സ്വീകാരപുത്രിയാകുന്നു.

പദ്യം 55. വിശ്വവിശ്രുതഃ-ലോകപ്രസിദ്ധനായ. മുനീന്ദ്രഃ-മുനിശ്രേഷ്ഠൻ. തവ-അങ്ങയുടെ. അകൃ.....ബന്ധീ-കാലുഷ്യമില്ലാത്ത ബന്ധുവാകുന്നു. തത്പ്രഭാവാത്-അവന്റെ മഹാത്മ്യത്താൽ. തേ-നിനക്ക്. ചത്വാരഃ ശുഭാഃ സുതാഃ-നാലു സത്പുത്രന്മാർ. ഭവിഷ്യന്തി-ജനിക്കും.

പദ്യം 56. പുരാ-പണ്ട്. പ്രഥിതാത്മനാ-പ്രസിദ്ധനായ. ദയാലുനാ-ദയാശീലനായ. സനത്കുമാരേണ മുനീന്ദ്രേണ-സനത്കുമാരൻ എന്ന മുനിശ്രേഷ്ഠനാൽ. മേ-എനിക്കായ്ക്കൊണ്ട്. ഇദം ഏവ രഹസ്യം-ഈ രഹസ്യംതന്നെ. കഥിതം-പറയപ്പെട്ടിരിക്കുന്നു.

പദ്യം57. ശ്രുത്വാ-കേട്ടിട്ട്. വാർത്താം-വൃത്താന്തത്തെ. മനു.....ണ്ഡനം-ദശരഥൻ. ഉദ്വേലാം പ്രീതിം-അധികസന്തോഷത്തെ. ഊഢാനുഭാവം-വർദ്ധിച്ച കൃപയോടുകൂടിയ. മുനിപരിവൃഢം-ഋഷിശ്രേഷ്ഠനെ (ഋശ്യശൃംഗനെ). ആനേതും-കൂട്ടിക്കൊണ്ടുവരുവാനായി. അയം-ഇവൻ (ദശരഥൻ). അന്തഃപു....ബലൈഃ-അകത്തെ സ്ത്രീജനങ്ങളും മന്ത്രിമാർ സൈനികർ ഇവരോടുകൂടി. അമന്ദം പ്രസ്ഥായ-ശീഘ്രമായി പുറപ്പെട്ട്. വനാളീഃ-അനേകം വനങ്ങളെ. ലംഘയിത്വാ-കടന്നിട്ട്. അഥ-പിന്നെ. സ്രുവന്തീഃ ഉത്തീര്യ-പുഴകളെ കടന്നിട്ട്. അംഗരാജസ്യ-അംഗദേശത്തിലെ രാജാവിന്റെ. രാജ്യം-രാജ്യത്തെ. ഉപഗതവാൻ-പ്രാപിച്ചു.

അപ്പോളംഗേശ്വരേണ സ്വയമധികമുദാ
രോമപാദേന രാജ്ഞാ
മുല്പാടഭ്യർച്ചിതസ്സത് പരിസരഗതമാ—
ലോകയൻ ദൃശ്യശൃംഗം
ഉച്ചപ്രീത്യാ വാചമൂചേ ''പരമമുനിമമും
കാന്തയാ ശാന്തയാ ചേ--
ന്നസ്മദ്രാജ്യോദയാർത്ഥം ഭവദനുമതമാ—
നേതുമത്രാഗതോ[1] ഞാൻ.'' 58

ഇത്യുക്തസ്തേന രാജ്ഞാ വലരിപുസുഹൃദാ
സോഽപ്യവാദീന്മുനീന്ദ്രം:
''വിദ്വൻ! മത് പൂർവ്വബന്ധോരഭിലഷിതമിദം
പൂരണീയം വിശേഷാത്
പ്രസ്ഥാനാർത്ഥം മതിന്നീടുക തവ മഹതാ
കർമ്മണാ കോസലാനാം
മെത്തും മംഗല്യബീജം പടരുമിഹ പതി—
ന്നാലു ലോകേഷു നൂനം.'' 59

പദ്യം 58. അംഗേശ്വരേണ—അംഗദേശാധിപനായ. രോമപാദേന രാജ്ഞാ—രോമപാദരാജാവിനാൽ. അധികമുദാ—വളരെ സന്തോഷത്തോട്ടുകൂടി. സ്വയം—തന്നെത്താനെ. അഭ്യർച്ചിതഃ—സത്കൃതനായ. തത് പരിസരഗതം—അവന്റെ പാശ്വത്തിലിരിക്കുന്നവനായി. ദൃശ്യശൃംഗം—ദൃശ്യശൃംഗനെ. ആലോകയൻ—കണ്ടുംകൊണ്ട്. വാചം—വാക്കിനെ. ഊചേ—പറഞ്ഞു. ഭവദനുമതം—അങ്ങയുടെ സമ്മതിയോടുകൂടിയ. പരമമുനിം അമും—മുനിശ്രേഷ്ഠനായ ഇദ്ദേഹത്തെ. കാന്തയാ ശാന്തയാ—കാന്തയായ ശാന്തയോടും. അസ്മദ്രാജ്യോദയാർത്ഥം—ഞങ്ങളുടെ രാജ്യത്തിന്റെ ശ്രേയസ്സിന്നായ്ക്കൊണ്ട്. നേതും—കൊണ്ടുപോകാനായി. അത്ര ആഗതഃ—ഇവിടെ വന്നിരിക്കുന്നു.

പദ്യം 59. വലരിപുസുഹൃദാ—ദേവേന്ദ്രന്റെ മിത്രമായ. തേന രാജ്ഞാ—ആ രാജാവിനാൽ. ഇതി ഉക്തഃ—ഇപ്രകാരം പറയപ്പെട്ടവനായ. സഃ അപി—അവനും (രോമപാദനും). മുനീന്ദ്രം അവാദീത്—മുനിശ്രേഷ്ഠനോടു പറഞ്ഞു. വിദ്വൻ—അല്ലയോ പണ്ഡിതനായുള്ളോവേ. മത് പൂർവ്വബന്ധോഃ—എന്റെ പഴയ ബന്ധുവിന്റെ (ദശരഥന്റെ). ഇദം അഭിലഷിതം—ഈ ആഗ്രഹം. വിശേഷാത് പൂരണീയം—വിശേഷിച്ചും നിറവേറ്റപ്പെടേണ്ടതാണ്. പ്രസ്ഥാനാർത്ഥം—യാത്രയ്ക്കായി. തവ മഹതാ കർമ്മണാ—നിന്റെ ശ്രേഷ്ഠമായ പ്രവൃത്തികൊണ്ട്. കോസലാനാം—കോസലദേശത്തിനു്. മെത്തും മംഗല്യബീജം—വർദ്ധിക്കുന്നതായ ഐശ്വര്യമാകുന്ന ബീജം. ഇഹ—ഇവിടെ. പതിന്നാലു ലോകേഷു—പതിന്നാലു ലോകങ്ങളിലും. നൂനം—നിശ്ചയം.

---

1. തോഽഹം.

നിർദോഷാം വാചമംഗേശിതുരിതി മനസാ
മാനയൻ നീതിശാലീ
തദ്രാജ്യേ താമുഷിത്വാ കതിപയദിവസാൻ
കോസലാനാം വിനേതാ
അസ്തോകാനന്ദമൊന്നിച്ചിളകിന പരിവാ–
രങ്ങളും ചേന്ന ശാന്താ–
ഭർത്രാ സാകം പുറപ്പെട്ടഴകിലുപയയൗ
രാജധാനീമയോധ്യാം. 60

അനപത്യതകൊണ്ടു ദുഃഖിതനായ ദശരഥൻ ചിന്താകുലനായതായി പറയുന്നു:

ഗേഹേ ഗേഹേ സരിതി സരിതി
ദ്രാഗ് വനാന്തേ വനാന്തേ
സൗധേ സൗധേ മധുരമതിഭി–
സ്താഭിരാസേവ്യമാനഃ
ക്രീഡൻ പ്രീതിപ്രസരസുഭഗം
യാതി കാലേ വിശാലേ
സന്തത്യർത്ഥം സ തു ദശരഥഃ
പ്രാപ ചിന്താം ദുരന്താം. 61

''ആലക്ഷ്യദന്തമുകുളാനനിമിത്തഹാസൈ -
രവ്യക്തവർണ്ണരമണീയവചഃപ്രവൃത്തീൻ

പദ്യം 60. നീതിശാലീ–നീതിജ്ഞനായ. കോസലാനാം വിനേതാ–ദശരഥൻ. അംഗേശിതുഃ–രോമപാദന്റെ. നിർദോഷാം–ദോഷശൂന്യമായ. ഇതി വാചം–ഇവ്വണ്ണമുള്ള വാക്കിനെ. മനസാ മാനയൻ–ഉള്ളുകൊണ്ട് ബഹുമാനിക്കുന്നവനായി. കതിപയദിവസാൻ–കുറെ ദിവസങ്ങൾ. തദ്രാജ്യേ ഉഷിത്വാ–രോമപാദന്റെ രാജ്യത്തിൽ വസിച്ചിട്ട്. അസ്തോകാനന്ദം–അധിക സന്തോഷത്തോടുകൂടി. ശാന്താഭർത്രാ സാകം–ഋശ്യശൃംഗനോടുകൂടി. അയോധ്യാം രാജധാനീം ഉപയയൗ–അയോധ്യാനഗരത്തെ പ്രാപിച്ചു.

പദ്യം 61. ഗേഹേ ഗേഹേ–ഓരോ ഗൃഹത്തിലും. സരിതി സരിതി–ഓരോ നദിയിലും. വനാന്തേ വനാന്തേ–ഓരോ കാട്ടിലും. സൗധേ സൗധേ–ഓരോ മാളികയിലും. ദ്രാക്–ശീഘ്രം. മധുരമതിഭിഃ താഭിഃ–രസികകളായ അവരാൽ (മൂന്നു ഭാര്യമാരാൽ) ആസേവ്യമാനഃ–ശുശ്രൂഷിക്കപ്പെട്ടവനായി. പ്രീതിപ്ര....ഭഗം–പ്രേമാധിക്യംകൊണ്ടു മനോഹരമാം വണ്ണം. ക്രീഡൻ–ക്രീഡിച്ചുകൊണ്ട്. വിശാലേ കാലേ യാതി–വളരെക്കാലം കഴിഞ്ഞിട്ടും. സഃ ദശരഥഃ തു–ആ ദശരഥനാകട്ടെ. സന്തത്യർത്ഥം–പുത്രലാഭത്തിനായ്ക്കൊണ്ട്. ദുരന്താം ചിന്താം പ്രാപ–അവസാനമില്ലാത്ത ചിന്തയിലായി.

പദ്യം 62. അനിമിത്തഹാസൈഃ–കാരണമില്ലാതെ ചിരിക്കുകകൊണ്ട്. ആലക്ഷ്യ....കുളാൻ–അല്പം വെളിയിൽ കാണുന്ന പല്ലുകളാകുന്ന മൊട്ടുകളോടുകൂടിയ. അവ്യക്ത....ത്തീൻ–സ്പഷ്ടമാല്ലത്ത അക്ഷരങ്ങ

അങ്കാശ്രയപ്രണയിനസ്തനയാൻ വഹന്തോ
ധന്യാസ്തദംഗരജസാ മലിനീഭവന്തി. 62

ദിഗംബരം ഗതവ്രീളം
ജടിലം ധൂളിധൂസരം
ക്ഷീണപുണ്യാന പശ്യന്തി
മഹേശ്വരമിവാത്മജം.'' 63

അശ്വമേധയാഗം അവസാനിച്ച ഉടൻ ശൃംഗി ദശരഥനു സന്തതി ലഭിക്കുവാനായി പുത്രകാമേഷ്ടിയാഗം നടത്താൻ ആരംഭിക്കുന്നതായുള്ള പ്രസ്താവന:

ഗദ്യം 7.

വ്യതീതാസു ച താസു ബഹ്വതിഥാസു സമാസു സാമയിക-
സമാപതിതദുർവ്വാരജരാവതാരിതപലിതസമാരംഭസം-
ഭാവിത ശരീരസ്യ നരപതേരപ്രജതാത്തദുസ്തരചിന്താ-
മയസ്യ തസ്യ പുത്രോത്പത്തിപ്രിയങ്കരിണീമശ്വമേധാ-
ഭിധാനവിതാനവിധാനാനന്തരം അഖണ്ഡിതതപഃപ്രഭാവ-
മണ്ഡനോ മുനിർ വിഭണ്ഡകാത്മജന്മാ ധർമ്മാധ്വവിധ്വം-
സനൈകതാനദശമുഖമുഖനിഖിലനിശിചരകുല-

ളോടുകൂടിയ മനോഹരമായ വാക്കുകളെ ഉച്ചരിക്കുന്നവരായ. അങ്കാ...യിനഃ—മടിയിൽ ഇരിക്കുന്നതിൽ തത്പരരായ. തനയാൻ—പുത്രന്മാരെ. വഹന്തഃ—ചുമക്കുന്നവരായ. തദ.. ജസാ—അവരുടെ (പുത്രന്മാരുടെ) ശരീരത്തിലെ പൊടികൊണ്ട്. മലിനീഭവന്തി—മലിനന്മാരായി ഭവിക്കുന്നു. ധന്യാഃ—ചരിതാർത്ഥരാകുന്നു.

പദ്യം 63. ക്ഷീണപുണ്യാഃ—പുണ്യം ക്ഷയിച്ചവർ. ദിഗംബരം—ദിക്കുകളാകുന്ന വസ്ത്രത്തോടുകൂടിയ. ശിശുക്കൾക്ക് വസ്ത്രധാരണമില്ലല്ലോ. ഗതവ്രീളം—ലജ്ജയില്ലാത്ത. ജടിലം—ചിടപിടിച്ച തലമുടിയുള്ള, ധൂളിധൂസരം—പൊടിപറ്റി ചാരവർണ്ണനായ. ആത്മജം—പുത്രനെ. മഹേശ്വരം ഇവ—പരമശിവനെ എന്നപോലെ. ന പശ്യന്തി—കാണുന്നില്ല. മഹേശ്വരൻ ദിഗംബരനും (അവധൂതനും) ലജ്ജാദികളും ഇല്ലാത്തവനും ജടയുള്ളവനും ചാരം പൂശിയ നിറമുള്ളവനുമാണ്. പുണ്യം ചെയ്യാത്തവർക്ക് മഹേശ്വരന്റെ ദർശനം ലഭിക്കുകയില്ല.

ഗദ്യം 7. താസു ബഹ്വതിഥാസു സമാസു വ്യതീതാസു ച-അങ്ങനെയുള്ള അനേകം തിഥികളും ഉൾപ്പെട്ട പല സംവത്സരങ്ങളും കഴിഞ്ഞിട്ടും. സാമയി...രസ്യ—കാലത്തിൽ വന്നു പറ്റിയ തടയുവാൻ പ്രയാസമായ വാർദ്ധക്യം വരുത്തിയ നരയുടെ ആരംഭത്താൽ ബഹുമാനിക്കപ്പെട്ട ശരീരത്തോടുകൂടിയ. അപ്രജതാ.. മയസ്യ—പുത്രനില്ലായ്മയാൽ തരണം ചെയ്യാൻ വയ്യാത്ത ചിന്തപീഡയോടുകൂടിയ. തസ്യ നരപതേഃ—ആ ദശരഥരാജാവിനു്. അശ്വ...ന്തരം—അശ്വമേധയാഗം നടത്തിയതിൽ പിന്നെ. അഖണ്ഡി...മണ്ഡനഃ—അഭേദ്യമായ തപസ്സിദ്ധിയാകുന്ന അലങ്കാരത്തോടുകൂടിയ. വിഭ...ജന്മാ മുനിഃ—ശൃംഗിമുനി. പുത്രോ...രി

ശലഭജോലകാലാനലഹേലാം അശേഷലോകസുച-
രിതവ്യഷ്ടിരൂപാമിഷ്ടിം അനുഷ്ഠാതുമുപാക്രമത.

ശ്ലാഘനീയമഹിമാ മഹീപതി വിചാര്യ
മന്ത്രിഭിരയന്ത്രിതം
പ്രാഹിണോത് സമമനേകസൈന്യഘടയാ യ-
ഥാവിധി യയുത്തമം
ആഗതേ സപദി തത്ര നിളെ വിപുലേ ന-
ടീത്തി വസുധാതലേ,
യാഗവാടമഴകോട്ട തീർത്തിരുടനുത്ത-
രത്ര സരയൂതടേ,

പുത്രകാമേഷ്ടിവർണ്ണന:

ആജഗാമ ചതുരംബുരാശി ചുഴലും മ-
ഹീവലയതസ്തദാ
രാജമണ്ഡലമഖണ്ഡരത്നകനകൗഘ-
വാഹിജനതാവൃതം;
തേ ച വന്നിതു മുനീശ്വരാഃ സപദി യാഗ-
ശാലയിലകത്തു ര-
ത്നാചിതേഷു കനകാസനേഷു പരിതോ നി-
ഷേദുരധികോജ്ജ്വലാഃ. 65

ണീം–പുത്രജനനമെന്ന അഭീഷ്ടത്തെ നല്കുന്നത്രം. ധർമ്മാ...ഹേലാം–ധർമമാർഗത്തെ നശിപ്പിക്കുന്നതിൽ തത്പരരായ രാവണനും മറ്റു് എല്ലാ രാക്ഷസരും ആയ ഇഷ്ടാംപാറകൾക്കു് കാലവഹ്നിക്രീഡയും. പാറകളെ നശിപ്പിക്കുവാനായി കത്തിക്കാളുന്ന തീയും എന്നർത്ഥം. അശേഷ....രൂപാം–ലോകരെല്ലാം ചെയ്ത പുണ്യസമൂഹത്തിന്റെ സ്വരൂപവും. ഇഷ്ടിം–യാഗത്തെ. അനുഷ്ഠാതും ഉപാക്രമത–അനുഷ്ഠിക്കുവാൻ ആരംഭിച്ചു.

പദ്യം 64. ശ്ലാഘ....ഹിമാ–ശ്ലാഘിക്കത്തക്ക മാഹാത്മ്യത്തോടുകൂടിയ. മഹീപതി–രാജാവു് (ദശരഥൻ). മന്ത്രിഭിഃ വിചാര്യ–മന്ത്രിമാരോടു് ആലോചിച്ചു്. യഥാവിധി–വിധിപോലെ. അനേ...ടയാ സമം–അനേകം സൈന്യസമൂഹത്തോടുകൂടി. യയുത്തമം–അശ്വമേധയാഗത്തിലെ കുതിരയെ. "യയുരശ്വാ/ശ്വമേധീയഃ" എന്നു് അമരം. അയന്ത്രിതം പ്രാഹിണോത്–നിയന്ത്രണം കൂടാതെ അയച്ചു. വിപുലേ–വിസ്തൃതമായ. വസുധാതലേ–ഭൂതലത്തിൽ. തത്ര–അവിടെ. സപദി–അപ്പോഴേ. ആഗതേ–വന്നപ്പോഴേ യാഗവാടം–യാഗശാല. സരയൂതടേ–സരയൂനദിക്കരയിൽ. ഉത്തരത്ര–വടക്കുഭാഗത്തു്.

പദ്യം 65. ചതുരംബുരാശി–നാലു സമുദ്രം. മഹീ–വലയതഃ ഭൂമണ്ഡലത്തിൽനിന്നു്. തദാ–അപ്പോഴേ. രാജമണ്ഡലം–രാജസമൂഹം. അഖണ്ഡ...വൃതം–അധികമായ രത്നകനകാദികളെ വഹിക്കുന്ന ജനങ്ങ

1. ടന്ന വ

ഇത്ഥം പ്രസ്തുയമാനേ മഹിതമഖവരേ
വന്ദ്യമാനോ ജനൗഘൈർ-
വിശേഷാമൃശ്യശൃംഗഃ സകരുണമയന-
ള്ളീത്ര മധ്യേ മുനീനാം,
ചിത്രം! മറെറന്ത ചൊല്ലും, ശിവശിവ! സുമുഹൂ-
ർത്തേ ജഗത്ക്ഷേമധാത്രീം
പുത്രീയാമമ്മഹേഷ്ടിം ത്വരിതമഥ തുട-
ങ്ങീടിനാരമ്മുനീന്ദ്രാഃ. 66

തുഷ്ട്യാ സുരൗഘങ്ങളുമംബുജാക്ഷാ-
ദിഷ്ടാ മഖേ പുത്രഫലേ തദീയേ
ക്ലിഷ്ടാ വിശന്നെത്ര ദിനാനി സർവേ
മൃഷ്ടാശനത്തിന്നെഴുനള്ളിനാർപോൽ. 67

''ഭ്രജിക്കാമാകണ്ണം ദശരഥനൃപാലസ്യ യജനേ,''
''ഭ്രജംകൊണ്ടേ കോരിപ്പലവുരു മുദഃ ദാസ്യതി ധനം''
''യജിക്കാ''മെന്നേകൻ ''ഗുരുവിനെ വണങ്ങാമി''തി പരൻ
ദ്വിജവ്രാതം തമ്മിൽ പലവക പറഞ്ഞാശു നിരഗാത്. 68

ളോടുകൂടിയ. സപദി–തത്സമയം. തേ മുനീശ്വരാഃ ച–ആ ഋഷിശ്രേഷ്ഠന്മാരും. രത്നാചിതേഷു–രത്നങ്ങളാൽ പതിച്ച. കനകാസനേഷു–സ്വർണ്ണാസനങ്ങളിൽ. പരിതഃ–ചുറ്റുമായി. അധികോജ്ജ്വലാഃ–വളരെ പ്രകാശിക്കുന്നവരായി. നിഷേദുഃ–അമർന്നു.

പദ്യം 66. ഇത്ഥം–ഇവ്വണ്ണം. മഹിതമഖവരേ–ശ്രേഷ്ഠമായ യാഗം. പ്രസ്തുയമാനേ–പ്രസ്താവിക്കപ്പെട്ടതായിരിക്കുമ്പോൾ. ജനൗഘൈഃ–ജനങ്ങളാൽ. വന്ദ്യമാനഃ–വണങ്ങപ്പെട്ടവനായി. ഋശ്യശൃംഗഃ–ഋശ്യശൃംഗമുനി. സകരുണം–സന്തുഷ്ടനായി. വിശേഷാം മുനീനാം മധ്യേ–എല്ലാ മുനികളുടെയും മധ്യത്തിൽ. ചിത്രം–ആശ്ചര്യം. സുമുഹൂർത്തേ–നല്ല സമയത്തിൽ. ജഗ...ധാത്രീം–ലോകക്ഷേമകരമായ. പുത്രീയാം അമ്മഹേഷ്ടിം–ആ ശ്രേഷ്ഠമായ പുത്രകാമേഷ്ടിയെ. അഥ–പിന്നെ. ത്വരിതം–വേഗത്തിൽ. അമ്മുനീന്ദ്രാഃ–ആ മുനിവരന്മാർ.

പദ്യം 67. പുത്രഫലേ–പുത്രനാകുന്ന ഫലത്തോടുകൂടിയ. തദീയേ മഖേ–ആ യാഗത്തിൽ. അംബു...ദിഷ്ടാഃ–വിഷ്ണുവിനാൽ ആജ്ഞാപിതരായ. സർവേ സുരൗഘങ്ങളും–എല്ലാ ദേവന്മാരും. തുഷ്ട്യാ–സന്തോഷത്തോടുകൂടി. എത്ര ദിനാനി–എത്ര ദിവസങ്ങൾ. ക്ലിഷ്ടാഃ–ക്ലേശിച്ചവരായി. മൃഷ്ടാശനത്തിനു–തൃപ്തിയുണ്ടാകുന്നതുവരെയുള്ള ഭക്ഷണത്തിനായി.

പദ്യം 68. ആകണ്ണം–കഴുത്തുവരെ. ദശ...ലസ്യ–ദശരഥരാജാവിന്റെ. യജനേ–യാഗത്തിൽ. മുദാ–സന്തോഷത്തോടു്. ദാസ്യതി–തരും. ഏകൻ–ഒരുവൻ. യജിക്കാം–ഹോമിക്കാം. പരൻ–മറെറാരുവൻ. ഇതി–എന്നു്. ദ്വിജവ്രാതം–ബ്രാഹ്മണസമൂഹം. ആശു–വേഗത്തിൽ. നിരഗാത്–പോയി.

വാർത്തേടും ഭക്തി കൈക്കൊണ്ടവനിസുരഗണാ–
നർച്ചയൻ വിശാലക്ഷ്മീ–
കാതേർ കൺകോൺകലാലംകൃതി ദശരഥനു–
ത്സാരയന്നന്തരായാൻ
ആസന്നാനാം മുനീനാം കഴലിണയിൽ നമൻ
പുത്രകാമേഷ്ടിവേശ്മ–
ന്യാസീനോഽസൗ വിരേജേ ധരണിഭരണപാ–
രീണദ്ദോർവീര്യഭ്രമാ. 69

ലങ്കാശ്രീധൂമകേതു, സ്ത്രിഭുവനപരമാ–
നന്ദസന്താനകേതുർ–
നേത്രായുഷ്യൈകഹേതുഃ കുശികസുതവസി–
ഷ്ഠാദി യോഗീശ്വരാണാം,
ഗൗതമ്യാഃ പാപസേതുർ, മിഥിലനൃപമഹാ–
ഭാഗ്യജീവാതു, രുച്ചൈ–
രിഷ്ട്യാരംഭേ ലലംബേ നഭസി ഹുതവഹാ–
ദുത്ഥിതാ കാപി ധൂമ്യാ. 70

ഹോ[1]തുഃസ്രുവേ കരതലേന ഗൃഹീത[2]മാത്രേ
ധർമ്മേതരാശ്ച ധരണീ[3]ച ധരാധരാശ്ച

പദ്യം 69. അവനിസുരഗണാൻ–ബ്രാഹ്മണരെ. അർച്ചയൻ–പൂജിക്കുന്നവനായി. വിശാ....കൃതി–വിശാലക്ഷ്മിയുടെ കാതുവരെ നീണ്ട കണ്ണിന്റെ അറ്റത്തിന്റെ അംശത്താൽ അലംകൃതനായ. ലക്ഷ്മീകടാക്ഷമുള്ള എന്നർത്ഥം. അന്തരായാൻ–വിഘ്നങ്ങളെ. ഉത്സാരയൻ–അകറ്റുന്നവനായി. ആസന്നാനാം മുനീനാം–അടുത്തുള്ള മുനികളുടെ. നമൻ–നമസ്കരിക്കുന്നവനായി. പുത്ര....ശ്മനി–പുത്രകാമേഷ്ടിശാലയിൽ. ആസീനഃ–ഉപവിഷ്ടനായ. ധരണി.....ഭ്രമാ അസൗ–രാജ്യത്തെ ഭരിക്കുവാൻ ശക്തമായ ബാഹുപരാക്രമാധിക്യത്തോടുകൂടിയ ഇവൻ (ദശരഥൻ). വിരേജേ–വളരെ ശോഭിച്ചു.

പദ്യം 70. ലങ്കാ.....കേതുഃ–ലങ്കാലക്ഷ്മിയെ നശിപ്പിക്കുന്നതായ ത്രിഭു....കേതുഃ–മൂന്നു ലോകത്തിനും പരമാനന്ദത്തെ ജനിപ്പിക്കുന്നതിനു ചിഹ്നമായ. കുശിക.. .ശ്വരാണാം–വിശ്വാമിത്രവസിഷ്ഠാദികളായ മുനിശ്രേഷ്ഠന്മാർക്ക്. നേത്രാ....ഹേതുഃ–കണ്ണിനും ആയുർഹിതത്തിനും ഏകകാരണമായ. ഗൗതമ്യാഃ–അഹല്യയ്ക്ക്. പാപസേതുഃ–പാപത്തെ തരണം ചെയ്യുവാനുള്ള സേതുവായ. മിഥില...വാതുഃ–ജനകമഹാരാജന്റെ മഹാഭാഗ്യത്തിനു കാരണമായ. ഇഷ്ട്യാരംഭേ–യാഗാരംഭത്തിൽ. ഹുതവഹാത്–അഗ്നിയിൽനിന്ന്. ഉച്ചൈഃ–ഉച്ചത്തിൽ. ഉത്ഥിതാ–പൊങ്ങിയ. കാപി ധൂമ്യാ–ഒരു ധൂമസമൂഹം. നഭസി–ആകാശത്തിൽ. ലലംബേ–വ്യാപിച്ചു.

പദ്യം 71. സ്രുവേ–ഹോമിക്കുവാനുള്ള ഉപകരണമായ യാഗത്ത

1. ഹോത്രാ സ്രു, 2. ത ഹുവ ധ 3. ണീ സധരാധരേയം.

സാലാശ്ച സപ്ത ദശകണ്ഡപുരം ച ശൈവം
ചാപം ച ബാലിഹൃദയം ച സമം ചകമ്പേ. 71

പ്രാദക്ഷിണ്യക്രമേണ ജ്വലനശിഖ കളി—
ക്കും വിധൗ കാര്യസിദ്ധിം
നേദിഷ്ഠാ[2]മേവ ജാനൻ മുനിരിഹ യജനേ
മേല്ക്കുമേലേ തെളിഞ്ഞൂ;
മോദിച്ചൂ ഭാര്യമാരും ദശരഥതുപ[1]തേ,—
രല്പ വിണ്ണോർകുലത്തിൻ
മോദപ്രാചുര്യമെന്നേ! പെരുമ തകുമഹ—
ങ്കാരമായ് തീർന്നുകൂടീ. 72

ജ്വലജ്ജ്വേക്ഷണശക്തിഭാജി തസ്മിൻ
ജ്വലിതേ യജ്ഞഹുതാശനേ തദാനീം
ഉലകിൽപ്പടരും ദശാസ്യപീഡാ—
ജ്വലനജ്വാല ബലാൽ വലിഞ്ഞുവല്ലോ. 73

അനവാധാനവിധാവപി
തനവാനാ ഭുവനമംഗലോല്ലാസം
ധന്യാ പുത്രഫലേഷ്ടിഃ
സന്നാഹക്ഷപിതകല്മഷ ശ്രുശ്രുഭേ. 74

വി. ഹോതുഃ—ഹോമിക്കുന്നവന്റെ. കരതലേന—കൈത്തലത്താൽ. ഗൃഹീതമാത്രേ—സ്വീകരിക്കപ്പെട്ട ഉടൻതന്നെ. ധർമേതരാഃ ച—അധർമങ്ങളും. ധരണീ ച—ഭൂമിയും. ധരാധരാഃ ച—പർവതങ്ങളും. സപ്ത സാലാഃ ച—ഏഴു സാലങ്ങളും ദശകണ്ഡപുരം ച—ലങ്കയും. ശൈവംചാപം ച—ശിവന്റെ വില്ലും. ബാലിഹൃദയം ച—ബാലിയുടെ ചിത്തവും. സമം ചകമ്പേ—ഒന്നിച്ചിളകി.

പദ്യം 72. പ്രാദക്ഷിണ്യക്രമേണ—ക്രമമായി വലംവച്ച്. ജ്വലന ശിഖ—തീനാക്ക്. കളിക്കുംവിധൗ—കളിക്കുമ്പോൾ. മുനിഃ—(മുനി ഋശ്യ ശൃംഗൻ). ഇഹ യജനേ—ഈ യാഗത്തിൽ. കാര്യസിദ്ധിം—പുത്രലാഭ രൂപമായ ഫലസിദ്ധിയെ. നേദിഷ്ഠാം ഏവ—വളരെ അടുത്തിരിക്കുന്ന തായിത്തന്നെ. ജാനൻ—അറിഞ്ഞുകൊണ്ട്. ദശരഥനൃപതേഃ—ദശരഥ രാജാവിന്റെ. മോദപ്രാചുര്യം—സന്തോഷാധിക്യം.

പദ്യം 73. ജ്വലജ്ജ്വേ....ഭാജി—വൈഷ്ണവമായ ശക്തിയോടുകൂടിയ. തസ്മിൻ യജ്ഞഹുതാശനേ—ആ യാഗവഹ്നി. തദാനീം—അപ്പോൾ. ജ്വലിതേ—കത്തിയപ്പോൾ. ദശാ....ജ്വാല—രാവണോപദ്രവമാകുന്ന തീയുടെ ജ്വാല.

പദ്യം 74. അനവാധാനവിധൗ അപി—യാഗാഗ്നിയിൽ വീണ്ടും വിറകു് ഇടുക എന്ന ക്രിയയിലും. ഭുവന....ല്ലാസം—ലോകത്തിനു ക്ഷേമാധിക്യത്തെ. തനവാനാ—ജനിപ്പിക്കുന്നതായ. ധന്യാ—കൃതകൃത്യത

1. പുരീ ച, 2. ഷ്ഠാം സ പ്രജാ.

കണ്ടീലദ്ഭുതമെന്നൊയോളമൊരുനാ-
പോലും ദശഗ്രീവന-
ങ്ങുണ്ടായന്നതുടങ്ങി വിണ്ണവർകുലം
ഭദ്രേണ സത്രാശനം
കൊണ്ട ടീടുവതെന്തു? തത്ര ഹവിരാ-
സ്വാദന്തകം നാക'നാ-
മുണ്ടാമേമ്പൽനിനാദമാണ്മയെ നടി-
ച്ചൂ ദിക്കിലെല്ലാടവും. 75

ഇഷ്ടിസൗരഭമതന്നു വന്നു. സ-
ന്തുഷ്ടി ചേർത്തിതു സലീലമെങ്കിലും
ദുഷ്ടരോടരിയ കാളകൂടമാ-
യെട്ടു ദിക്കിലുമഹോ വിജൃംഭിതം. 76

കൊണ്ടാടിഗ്ഗാഢമാഖണ്ഡലനിനിയ ശചീ--
ദേവിയെപ്പുണ്ട മോദം-
കൊണ്ടേ കൈമെയ് പിണഞ്ഞൂ; ശശിനമപി തദാ
രോഹിണീ ശ്രുദ്ധരാഗം;
തണ്ടാർബാണോത്സവേ കൗതുകസരണി പരം
ഭോജനാനന്തരം പോ-
ന്നുണ്ടുമല്ലോ ജഗത്യാ; മതനുത ശിഖിനം
സ്വാഹ ഗാഢോപഗൂഢം. 77

യാഗത്തിലെ ഹോമക്രിയകളും ശ്രീമന്നാരായണനെ ഉണർത്തുന്നതും രാവണനാൽ പീഡിതരായ ദേവന്മാരുടെ പ്രാർത്ഥനയനുസരിച്ച് ഭഗവാൻ രാവണഹനനത്തിനായി ദശരഥപുത്രനായി കൗസല്യയിങ്കൽ ജനിക്കുവാൻ നിശ്ചയിച്ചുകൊണ്ടു വീണ്ടും യോഗനിദ്രയിൽ ലയിക്കുന്നതും:

യോടുകൂടിയ. പുത്രഫലേഷ്ടിഃ—പുത്രകാമേഷ്ടി. സന്നാ....ലൂഷാ—വേണ്ട പോലെയുള്ള ഒരുക്കങ്ങളാൽ നശിച്ച പാപത്തോടുകൂടിയതായി. ശുശുഭേ—ശോഭിച്ചു.

പദ്യം 75. ദശഗ്രീവൻ—രാവണൻ. ഭദ്രേണ—സുഖമായി. സത്രാശനം—യാഗത്തിലെ ഭക്ഷണം. തത്ര—അവിടെ. ഹവിരാസ്വാദം—ഹോമദ്രവ്യത്തിന്റെ രുചി. നാകിനാം—ദേവന്മാർക്ക്. നിനാദം—ശബ്ദം. ആണ്മ—പൗരുഷം.

പദ്യം 76. ഇഷ്ടിസൗരഭം—യാഗത്തിന്റെ വാസന. അഹോ—ആശ്ചര്യം. സലീലം—ലീലയോടുകൂടി. വിജൃംഭിതം—പൊങ്ങി വ്യാപിച്ചു.

പദ്യം 77. ഗാഢം—ബലമായി. ആഖണ്ഡലൻ—ഇന്ദ്രൻ. ശചീദേവി—ഇന്ദ്രന്റെ ഭാര്യ. തദാ—അപ്പോൾ. രോഹിണീ—രോഹിണി. ശ്രുദ്ധരാഗം—വർദ്ധിച്ച അനുരാഗത്തോടുകൂടി. ശശിനം അപി—ചന്ദ്രനെയും. ചന്ദ്രൻ രോഹിണീവല്ലഭനാണല്ലോ. തണ്ടാർബാണോത്സ

മീതേ മീതേ വരുന്നോരമരപരിഷദാം
പ്രീതയേ യോഗിവര്യൻ
വൈതാനാഗ്നൗ തുടർന്നീടിന മഹിതഹുത-
സ്സോമസ്സോകവീര്യം
പാഥോരാശൗ ഫണാശാലിനിമണിതളിമേ
പളുങ്കിക്കൊള്ളം നിദാന-
ജ്യോതീരൂപന്ന നാരായണനെ തിരുമന-
ക്കാമ്പിലേറ്റ തദാനീം. 78

ഗദ്യം 8

തസ്മിന്നേവ കാലേ നിജശിരോമയനവകപാല--
പുരോഡാശമഹാഹുതി പരിതോഷിതസ്യ ഭഗവതഃ
ശംഭോരനുഗ്രഹാത് ഉദഗ്രതരതേജസം അമനുജാവധ്യം
ഉദ്ധതഭുജത്രമപരിപീഡ്യമാനജഗത്ത്രയം ദശഗ്രീവം
ജിഘാതയിഷദ്ഭിർ ദിവിഷദ്ഭിഃ, അവലുപ്തനിജാധി-
കാരൈരഭ്യർത്ഥിതോ ഭഗവാനംഭോജനാഭോ മനുജ-
ലീലാമവലിലംബിഷ്യമാണസ്തമേവ ധാർമ്മികാഗ്രേസരം

വേ—സുരതക്രീഡയിൽ. പരം—അധികമായി. കൗതുകസരണി—താത്പര്യം. ഭോജനാനന്തരം—ഭോജനം കഴിഞ്ഞതിൽപിന്നെ. ജഗത്യാം—ഭൂമിയിൽ. സ്വാഹ—അഗ്നിയുടെ പത്നി. ശിഖിനം—അഗ്നിയെ. ഗാഢോപഗൂഢം അതനുത—ബലമായി ആലിംഗനം ചെയ്തു.

പദ്യം 78. അമരപരിഷദാം—ദേവന്മാരുടെ. പ്രീതയേ—പ്രീതിക്കായി. യോഗിവര്യൻ—മുനിശ്രേഷ്ഠൻ. വൈതാനാഗ്നൗ—യാഗാഗ്നിയിൽ. അസ്തോകവീര്യം—വളരെ ശക്തിയോടുകൂടി. മഹി....സ്തോമം—ശ്രേഷ്ഠഹോമങ്ങളം. പാഥോരാശൗ—സമുദ്രത്തിൽ, ഫണാശാലിനി—പത്തികളെക്കൊണ്ടു ശോഭിക്കുന്ന. മണിതളിമേ—മണിമയമായ കട്ടിലിൽ. നിദാനരൂപന്ന—ജഗത്കാരണമായ പ്രകാശസ്വരൂപന്. തദാനീം—അപ്പോൾ.

ഗദ്യം 8. തസ്മിൻ കാലേ ഏവ—അതേ കാലത്തിൽ. നിജ.... തസ്യ—തന്റെ ശിരസ്സാകുന്ന പുതിയ ഓടിലെ ഹവിസ്സു ഹോമിച്ചു സന്തുഷ്ടനായ. ഭഗവതഃ ശംഭോഃ അനുഗ്രഹാത്—ഭഗവാനായ ശിവന്റെ അനുഗ്രഹംകൊണ്ടു്. ഉദഗ്രതരതേജസം—പ്രതാപം വർദ്ധിച്ച. അമനുജാവധ്യം—മനുഷ്യരാൽ കൊല്ലാൻ യോഗ്യനല്ലാത്ത. ഉദ്ധത...ത്രയം—വർദ്ധിച്ച കയ്യുക്കിനാൽ മൂന്നു ലോകത്തെയും ഉപദ്രവിക്കുന്ന. ദശഗ്രീവം—രാവണനെ. ജിഘാതയിഷദ്ഭിഃ—കൊല്ലാൻ ആഗ്രഹിക്കുന്ന. അവ... കാരൈഃ—അധികാരം നശിച്ചവരായ. ദിവിഷദ്ഭിഃ—ദേവന്മാരാൽ. അഭ്യർത്ഥിതഃ—പ്രാർത്ഥിക്കപ്പെട്ട. ഭഗവാൻ അംഭോജനാഭഃ—ഭഗവാനായ മഹാവിഷ്ണു. മനുജലീലാം—ലീലാമാനുഷസ്വരൂപത്തെ. അവലിലംബിഷ്യമാണഃ—സ്വീകരിക്കുവാൻ ആഗ്രഹമുള്ളവനായി. ധാർമികാഗ്രേസരം—ധാർമികന്മാരിൽ മുമ്പനും. പുത്രീയന്തം—പുത്രനെ കാമിക്കുന്നവനും. വൃത്രാരിമിത്രം—ദേവേന്ദ്രന്റെ സുഹൃത്തും. വിശ്വംഭരേശ്വരം—ഭൂപതിയും.

പുത്രീയന്തം വൃത്രാരിമിത്രം വിശ്വംഭരേശ്വരം ഭൂകാശ്യപം
ആത്മനഃ പിത്രീകർത്തും മനോ വിതതാന.

കൗസല്യായാം പിറപ്പാൻ നിനവു ഭുവി തനി-
ക്കെന്നു പൂമാതിനോടും
പ്രീതാത്മാ താർക്ഷ്യനോടും ഭുജഗപതി--
യൊടും ചക്രശംഖങ്ങളോടും
സ്വാധീനോദാരമായാപ്രകൃതി രഹസി
സമ്മന്ത്ര്യ ഭൂയോ/പി സോ/യം
വേദാന്താരാമസീമാപരിമളഗരിമാ
യോഗനിദ്രാം വിതേനേ 79

കയ്യിൽ പായസപാത്രത്തോടുകൂടിയ പുരുഷരൂപമായ ഒരു ജ്യോതിസ്സ് ഹോമകുണ്ഡത്തിൽനിന്നുദിച്ചതായി പ്രസ്താവിക്കുന്നു:

ഗദ്യം 9

തത്ര ച യഥോചിതസാമോദ്ഗായിന്യുദ്ഗാതരി,
ശസ്ത്രമന്ത്രസംഭൃതാഹുതൗ ഹോതരി, പ്രചരണകർമ്മ-
ചര്യാചതുരേ/ധ്വര്യൗ, ദിവ്യാം ഗിരമനുവർത്തമാനേ
യജമാനേ, സമ്യഗവേക്ഷിതാഖിലകർമണി ബ്രഹ്മണി,
സരഭസം മൈത്രഭാനവജ്യോതിരഗ്നികുണ്ഡാദുദ-
ജൃംഭത.

ഭൂകാശ്യപം—ഭൂമിയിലെ കാശ്യപനും ആയ. തം ഏവ—അവനെ(ദശരഥനെ)ത്തന്നെ. ആത്മനഃ—തന്റെ. പിത്രീകർത്തും—പിതാവാക്കിക്കൊള്ളുവാൻ. മനഃ വിതതാന—നിശ്ചയിച്ചു.

പദ്യം 79. കൗസല്യായാം—കൗസല്യയിങ്കൽ. ഭുവി—ഭൂമിയിൽ. പ്രീതാത്മാ—സന്തുഷ്ടനായ. താർക്ഷ്യൻ—ഗരുഡൻ. ഭുജഗപതി—ആദിശേഷൻ. ചക്രശംഖങ്ങൾ—സുദർശനചക്രം പാഞ്ചജന്യശംഖ് എന്നീ ആയുധങ്ങൾ. സ്വാധീ..പ്രകൃതി—തനിക്കു വശമായ വലിയ മായാസ്വഭാവത്തോടുകൂടി. ഭൂയഃ അപി—വീണ്ടും. സഃ അയം—ആ ഇവൻ (ശ്രീമന്നാരായണൻ). രഹസി സമ്മന്ത്ര്യ—രഹസ്യമായി പറഞ്ഞിട്ട്. വേദാന്താ...രിമാ—വേദതത്ത്വമാകുന്ന വലിയ തോട്ടത്തിന്റെ വാസനാതിശയമായ. യോഗനിദ്രാം വിതേനേ—യോഗനിദ്രയിൽ ലയിച്ചു.

ഗദ്യം 9. തത്ര ച—അവിടെയും (യാഗശാലയിലും). ഉദ്ഗാതരി—ഉദ്ഗാതാവു്. യഥോ...യിനി—യോഗ്യമായി സാമഗാനം ചെയ്യുമ്പോൾ. ഹോതരി—ഹോമിക്കുന്നവൻ. ശസ്ത്ര...ഹുതൗ—ശസ്ത്രമന്ത്രത്താൽ. ഹോമദ്രവ്യങ്ങളെ സംഭരിച്ചപ്പോൾ. അധ്വര്യൗ—അധ്വര്യു. പ്രച...രണേ—പ്രചരണകൃത്യം നടത്തുന്നതിൽ സമർത്ഥനായിരിക്കുമ്പോൾ. യജമാനേ—(കർത്താവായ) യജമാനൻ. ദിവ്യാം ഗിരം—വേദമന്ത്രങ്ങളെ. അനുവർത്തമാനേ—പിന്തുടർന്നുച്ചരിക്കുമ്പോൾ. ബ്രഹ്മണി—ബ്രഹ്മാവായി വരിച്ച ആൾ. സമ്യ....ർമണി—സകലകാര്യങ്ങളുടെയും മേൽനോട്ടം വഹിക്കുമ്പോൾ. സരഭസം—വേഗത്തിൽ. മൈത്രഭാനവജ്യോതിഃ

ആലോക്യതേ സ്മ കരസംഭൃതപായസാന്ന—
സമ്പൂർണ്ണപാത്രമസിതാംബുദനീലഗാത്രം
ത്രൈലോക്യനാഥപരികല്പിതമദ്ഭുതാഗ്നി-
ജ്വാലാപ്രദക്ഷിണവിവേഷ്ടിതമേകതേജഃ. 80

ഋശ്യശൃംഗൻ പായസപാത്രം സ്വീകരിച്ച് ആശീർവചനത്തോടുകൂടി ദശരഥനെ ഏല്പിക്കുന്നു:

കൗസല്യാപുണ്യചര്യാമഹിമപരിപണം
കൗശികോദ്യോഗമുദ്രാ—
സർവസ്വപ്രാഭൃതം കൗതുകപരിണമനം
വാസവാദിദ്യഭാജാം
രക്ഷോപായൈകസിദ്ധൗഷധമതുലമതേ—
ർഋശ്യശൃംഗസ്യ പാണി—
ർദ്വന്ദ്വേ ദേവീപ്യതേ സ്മ സ്ഫുടമിഹ ജഗതീ—
ഭദ്രം ഭക്തപാത്രം. 81

മനീഷിതഫലപ്രദം മധുനിഘാതിതേജോഭൃതം
മനോരഥമഹോദധേർ ദശരഥസ്യ ഹസ്താംബുജേ
തദദ്ഭുതവിലോകനോത്സുകസഭാജനം ഭാജനം
ന്യധാദ് ''ഭവതു മംഗലം ദൃത'' മിതി പ്രസന്നോമുനിഃ. 82

—മേടമാസത്തിലേ സൂര്യന്റെ പ്രകാശത്തോടുകൂടിയ ഒരു ജ്യോതിസ്സ്. അഗ്നികണ്ഡാത്—ഹോമകുണ്ഡത്തിൽനിന്നു്. ഉദജ്യേതേ—പൊങ്ങിവന്നു.

പദ്യം 80. കര...പാത്രം—പായസപൂർണ്ണമായ പാത്രം കൈയിലുള്ള. അസി....ഗാത്രം—ഇരുണ്ട മേഘംപോലെ നീലനിറമായ ദേഹത്തോടുകൂടിയ. ത്രൈലോ....ല്പിതം—ത്രൈലോക്യനാഥനായ ഭഗവാനാൽ നിർമിക്കപ്പെട്ട. അദ്ഭു....ഷ്ടിതം—അത്ഭുതമായ അഗ്നിജ്വാലയാൽ വലംവച്ചു ചുറ്റപ്പെട്ട. ഏകം തേജഃ—ഒരു തേജസ്സ്. ആലോക്യതേ സ്മ—കാണപ്പെട്ടു.

പദ്യം 81. കൗസല്യാ...പണം—കൗസല്യാദേവി ചെയ്ത ശ്രേഷ്ഠമായ ധർമകാര്യങ്ങളുടെ ഫലവും. കൗശി... ഭൃതം—വിശ്വാമിത്രന്റെ എല്ലാ ഉദ്യമങ്ങൾക്കും കാരണഭൂതവും. വാസവാ...ഭാജാം—ഇന്ദ്രാദിദേവന്മാരുടെ. കൗതു....മനം—സന്തോഷത്തിന്റെ പരിണാമവും. രക്ഷോ...ഷധം—രാക്ഷസന്മാരുടെ നാശത്തിനായുള്ള ഒറ്റമൂലിയും. ജഗതീഭദ്രം—ലോകക്ഷേമകരവും ആയ. ഭക്തപാത്രം—പായസപാത്രം. അതുലമതേഃ ഋശ്യശൃംഗസ്യ—ബുദ്ധിമാനായ ഋശ്യശൃംഗമുനിയുടെ. പാണിദ്വന്ദ്വേ—രണ്ടു കൈയിലും. സ്ഫുടം—സ്പഷ്ടമായി. ദേവീപ്യതേ സ്മ—പ്രകാശിച്ചു. ഇഹ—ഇവിടെ.

പദ്യം 82. പ്രസന്നഃ മുനിഃ—സന്തുഷ്ടനായ മുനി. മനീഷി....ദം—അഭീഷ്ടത്തെ നല്കുന്ന. മധു ...ഭൃതം—വൈഷ്ണവമായ തേജസ്സോടുകൂടിയ. അദ്ഭുത... ജനം—ആശ്ചര്യം കാണുന്നതിൽ താല്പര്യമുള്ള സഭാജനത്തോടുകൂടിയ. തദ്ഭാജനം—ആ പാത്രത്തെ. മനോ....ദധേഃ—മനോരഥങ്ങൾക്കു് ആകരമായ. ദശരഥസ്യ ഹസ്താംബുജേ—ദശരഥന്റെ കൈത്താ

ദശരഥൻ പത്നിമാക്ക് പായസം പങ്കിട്ട് കൊടുക്കുന്നു:

കൗസല്യായൈ കൊടുത്തു നൃപതികൃതുകവാൻ
പായസാർദ്ധം, പരാർദ്ധം
പ്രാദാന്മോദാതിരേകാന്മധുരമധുരമ-
ക്കേകയേന്ദ്രാത്മജായൈ
തേ ദേവ്യൗ ഭർത്തൃഭാവജ്ഞത തടവി നി-
ജാർദ്ധങ്ങളിൽ പാതി നല്കി
പ്രീതാത്മാനം സുമിത്രാമധികമത[2]നതാ-
മാശു പുണ്ണ്യാഭിലാഷാം. 83

യാഗസമാപ്തിപ്രസ്താവന:

അവഭൃഥേ f വസിതേ സരയൂതടാ-
ദഥഃ യഥായഥമുച്ചലിതേ ജനേ
ദശരഥഃ പരിപൂർണ്ണമനോരഥഃ
പുരമഗാത് പുരുഹൂതപുരോപമാം. 84

മരയിൽ. ധൃതം മംഗലം ഭവതു—ധൃവഗത്തിൽ ക്ഷേമം ഭവിക്കട്ടെ. ഇതി—എന്നു പറഞ്ഞുകൊണ്ട്. ന്യധാത്—നിക്ഷേപിച്ചു.

പദ്യം 83. കൗസല്യായൈ—കൗസല്യയ്ക്കായി. കൃതുകവാൻ—സന്തുഷ്ടൻ—പായസാർദ്ധം—പായസത്തിന്റെ പകുതി. പരാർദ്ധം—മറ്റേപ്പകുതി. പ്രാദാത്—കൊടുത്തു. മോദാതിരേകാത്—വളരെ സന്തോഷത്തോടുകൂടി. മധുരമധുരം—വളരെ മധുരം. അന്തകേകയേന്ദ്രാത്മജായൈ—ആ കൈകേയിക്കായി. തേ ദേവ്യൗ—ആ രണ്ടു ദേവിമാർ. ഭർത്തൃഭാവജ്ഞത തടവി—ഭർത്താവിന്റെ ഇംഗിതമറിഞ്ഞു. നിജാർദ്ധങ്ങളിൽ—അവരവരുടെ പകുതിഭാഗത്തിൽ. സുമിത്രാം—സുമിത്രയെ. അധികം പ്രീതാത്മാനം—വളരെ സന്തുഷ്ടയായും. ആശു—വേഗത്തിൽ. പുണ്ണ്യാഭിലാഷാം—പുത്രിയായ ആഗ്രഹത്തോടുകൂടിയവളായും. അതനുതാ—ആക്കിത്തീർത്തു.

പദ്യം 84. അവഭൃഥേ അവസിതേ—യാഗാവസാനകൃത്യം കഴിഞ്ഞപ്പോൾ. അഥ—പിന്നെ. സരയൂതടാത്—സരയൂനദീതീരത്തിൽനിന്ന്. ജനേ യഥായഥം ഉച്ചലിതേ—ജനങ്ങൾ മറപോലെ യാത്രതിരി

---

1. "കൗസല്യായൈ പ്രഥമമദിശദ് ധൃതിഃ പായസാർദ്ധം
പ്രാദാദർദ്ധം പ്രണയമധുരം കേകയേന്ദ്രസ്യ പുത്ര്യൈ
ഏതേ ദേവ്യൗ തരളമനസഃ പത്യുരാലോച്യ ഭാവം
സ്വാർദ്ധാംശാഭ്യാം സ്വയമകൃതാം പുണ്ണ്യകാമാംസുമിത്രാം.

അഥ പ്രഥമപുരുഷപ്രഥസന്തമശ്രുധിമ
ന്യദ്ദുസ്തിതമനോഹരം ദധദാരമത്സ്യാംബുജം
സദസ്യാഭിസമർച്ചിതോ ദശരഥം പരിപ്രീണയൻ
സദസ്യകരപങ്കജേ നിഹിതപാത്രമന്തർദധേ."— ഈ രണ്ടുപദ്യങ്ങളും കൗസല്യായൈ കൊടുത്തു" എന്നിത്യാദിപദ്യത്തിനു പകരം ചില ഗ്രന്ഥങ്ങളിൽ കാണുന്നു

2. മകരുതാ.

ദശരഥന്റെ പത്നിമാർ ഗർഭം ധരിക്കുന്നു. ഗർഭവർണ്ണന:

ബീജം ജഗത്പുണ്യവിജൃംഭിതാനാം
തേജോ ഗരീയഃ പരമസ്യ പുംസഃ
നേത്രോത്സവം നാഗരസുന്ദരീണാം
ഗർഭം ദധുഃ കോസലരാജകാന്താഃ. 85

കെല്പിൻമൂലം മഹേന്ദ്രാദ്യമരപരിഷദാം,
വിശ്വരക്ഷാക്രമത്തി—
ന്നുത്ഫുല്ലം ഭാഗധേയം, ദശരഥനയന—
ങ്ങൾക്കു പീയൂഷയൂഷം,
ദർപ്പം കോല്വന്ന നാനാരജനിചരകുലാ—
യുഷ്യബാധാപ്രഗല്ഭം,
ഗർഭം പോന്നാവിരാസീത് കതുകമിയലുമ—
ക്കോസലേന്ദ്രാത്മജായാഃ. 86

നാൾപോയന്നേ തുടങ്ങീ ശിവശിവ! സതതം
ഗർഭരക്ഷാവിശേഷ—
വ്യാപാരം, മാന്ത്രികന്മാർ പലരുമൊരുമകൈ—
ക്കൊണ്ടൊരോന്നേ തുടർന്നു,
ശോഭാശാലീ വസിഷ്ഠൻ തിരുവടി പുരതോ
നെയ് ജപിപ്പാനിതാസ്താ—
മാൾപോരാതോ പതിന്നാലുലകിനുമുടയോൻ--
തന്നെ രക്ഷിച്ചുകൊൾവാൻ. 87

ച്ചപ്പോൾ. ദശരഥഃ—ദശരഥനും. പരി....രഥഃ—പൂത്തിയായ മനോരഥത്തോടുകൂടിയവനായി. പുരു....പമാം—സ്വർഗ്ഗതുല്യമായ. പുരം അഗാത്—രാജധാനിയെ പ്രാപിച്ചു. ഭോജചമൂശ്ലോകമാണിതു്.

പദ്യം 85. കോസലരാജകാന്താഃ—ദശരഥന്റെ ഭാര്യമാർ. ജഗ....താനാം—ലോകത്തിലെ പുണ്യകർമ്മവിലാസങ്ങൾക്കു്. ബീജം—വിത്തും. പരമസ്യ പുംസഃ—പരമപുരുഷന്റെ. ഗരീയഃ തേജഃ—മാഹാത്മ്യമേറിയ തേജസ്സും. നാഗരസുന്ദരീണാം—നാട്ടിലെ സ്ത്രീകൾക്കു്. നേത്രോത്സവം—നയനാനന്ദകരവും ആയ. ഗർഭം ദധുഃ—ഗർഭത്തെ ധരിച്ചു.

പദ്യം 86. മഹേ....ഷദാം—ഇന്ദ്രാദിദേവസംഘങ്ങൾക്കു്. വിശ്വരക്ഷാക്രമം—ലോകത്തെ മുറപോലെ പാലിക്കുക. ഭാഗധേയം ഉത്ഫുല്ലം—ഭാഗ്യം തെളിഞ്ഞു. പീയൂഷയൂഷം—അമൃതച്ചാറു്. ദർപ്പം കോല്വന്ന—അഹങ്കരിക്കുന്ന. നാനാ....ഗല്ഭം—പല രാക്ഷസവംശത്തിന്റെയും ആയുസ്സിനെ അറുതിയാക്കുന്നതിൽ സമർത്ഥം. ആവിരാസീത്—ആവിർഭവിച്ചു. കതുകമിയലും—സന്തോഷപ്രദമായ. അക്കോ....ജായാഃ—ആ കൗസല്യയ്ക്കു്.

പദ്യം 87. സതതം—എപ്പോഴും. പുരതഃ—മുമ്പിൽ. ഇതു് ആസ്താം—ഇതിരിക്കട്ടെ.

ചിത്പ്രക്രിയാനിധി പരൻ പുരുഷൻ തദാനീം
ഗർഭത്തിൽ വന്നുടനുടൻ വളരും ദശായാം
അപ്പദ്മലോചന തനിക്കു ബലാൽ വരുന്നോ-
രല്പസ്മിതങ്ങളിലുമങ്ങരുതായ്ക തോന്നും. 88

താവുന്ന കൊങ്കുമുകുളങ്ങൾ മുഖം കറുപ്പാൻ
കാർവണ്ണ്ണരുളിൽ വളരുമ്പൊഴുതുണ്ട ഞായം
പാൽവെന്ന വാണികയം വതംസമണിക്കു മധ്യേ
കൈവന്നതെന്തൊരു വിളർപ്പു മുഖാരവിന്ദേ. 89

മോദം തുടർന്നു മനകാമ്പിലംഗേ
സാദം തുടന്നോരളവായതാക്ഷ്യാഃ
സ്വാധീനവാചാം പൊരുന്തന്നകത്ത-
ങ്ങാസീന്നാമ്പോം വരുമോ വിഷാദം? 90

കനകകലശശോഭാം കാൽപിടിപ്പിച്ചു വാങ്ങും
പുണർമുലയിണ ചാഞ്ഞു പുണ്ഡരീകേക്ഷണായാഃ
കനിവൊടുലകു മുന്നം പൊറ വിശ്വംഭരൻ തൻ-
ജനനകലവി കാമ്യം കാണ്മതിന്നെന്നപോലെ. 91

ത്രിജഗദുദയമൂലം പാൽ ചുരന്നും തുടങ്ങീ
കുചയുഗളിയിൽനിന്നക്കോസലേന്ദ്രാത്മജായാഃ

പദ്യം 88. ചിത്പ്രക്രിയാനിധി—ജ്ഞാനസ്വരൂപൻ. തദാനീം—അപ്പോഴം. വളരും ദശായാം—വളരുമ്പോഴം. പദ്മലോചന—താമരക്കണ്ണി.

പദ്യം 89. പാൽ....ണിക്കു—ആ ഉത്തമസ്ത്രീക്കു്. മുഖാരവിന്ദേ—മുഖപദ്മത്തിൽ. വിളർപ്പു്—വിളർച്ച. മധ്യേ—ഗർഭമധ്യത്തിൽ.

പദ്യം 90. മോദം—സന്തോഷം, സാദം—തളർച്ച. ആയതാക്ഷ്യാഃ—കൗസല്യയ്ക്കു്. സ്വാധീനവാചാം—വശ്യവാക്കുകൾക്കു്.

പദ്യം 91. കനക ...ഭാം—സ്വർണ്ണക്കുടത്തിന്റെ കാന്തിയെ. പുണ്ഡ... ണായാഃ—കൗസല്യയുടെ. വിശ്വംഭരൻ—ഭഗവാൻ. കലവി—ലീല. കാമ്യം—കാമിക്കുവാൻ യോഗ്യം. ഈ പദ്യത്തെ രാമായണം ഇരുപത്തിനാലുവൃത്തത്തിൽ

''പൊന്മണികുംഭംപോലെ വിളങ്ങുന്ന
നന്മുലയിണ ചാഞ്ഞു കൗസല്യേടേ
ഇമ്മന്നു ലോകം പെറ ഹരിജന്മം
കണ്മാനെന്നതുപോലവേ ഗോവിന്ദ''

എന്നിങ്ങനെ എഴുതി ചേർത്തിരിക്കുന്നു.

പദ്യം 92. ത്രിജ....ലം—മൂന്നു ലോകത്തിന്റെയും ഉണർച്ചയ്ക്കു കാരണം. കുചയുഗളി—രണ്ടു മുലകളും. അക്കോസ....ജായാഃ—ആ

1. നമാമ്പോം.

ദശമുഖരിപുകോലം ജന്മമുന്നിച്ചു മുൻപേ
വിശദമധുരകീർത്തിശ്രീപിറക്കുന്നപോലെ. 92

വിധുരതതകുമംഗാൽ ഭ്രഷ്ണശ്രേണി വാങ്ങീ
പുതുമപെരിയ പൊന്നിൻതാലിമുൻപായതെല്ലാം
മധുമഥനമഹിമ്നാ പിന്നെയും മെയ് തെളിഞ്ഞു
സുതനു സകലഭ്രഷ്ടാമാല കോലുന്നപോലെ. 93

മന്ദം മന്ദം മുകർക്കും തിരുമുഖകമലം
മന്ദമന്ദം തലോട്ടും
പന്തേലും കൊങ്കമധ്യേ മധുരിമരുചി മോ—
ദിക്കുമുദ്യോഗശാലീ
അന്തർമോദേന നോക്കും ദിനമനു വളരും
ഗർഭസംഭാരമയ്യാ!
പൈന്തേൻനേർവാണിയിൽ കൗതുകപരിമളവാൻ
കോസലാനാം വിനേതാ, 94

ചെറുത ചെറുത ഗാത്രം തപ്പചാമീകരാഭം
നെറിവിനൊട്ട വിളർത്തു തത് ക്ഷണം പക്ഷ്മളാക്ഷ്യാഃ
സരസമുദരഭാഗേ വാണ നാരായണൻതൻ
കരതലധൃതശംഖജ്യോത്സ്നകൊണ്ടെന്നപോലെ. 95

ഗദ്യം 10.

(ദണ്ഡകം)

കനകനളിനസുന്ദരാംഗികളും, മാകന്ദബാണക്ഷമാ—
പാലവൻപിന്നെ, നാനാജനശ്രേണികാനേത്രഭൃംഗാളിനിത്യം

കൗസല്യയുടെ. ദശമുഖരിപു—രാവണന്റെ ശത്രു. വിശ.....ശ്രീ—സ്പഷ്ടവും ഹൃദ്യവും ആയ കീർത്തിലക്ഷ്മി.

പദ്യം 93. വിധുരത—ക്ഷീണം. അംഗാത്—ശരീരത്തിൽനിന്നു്. ഭ്രഷ്ണശ്രേണി—ആഭരണങ്ങളം. മധു....ഹിമ്നാ—മഹാവിഷ്ണുവിന്റെ മാഹാത്മ്യത്താൽ. സുതനു—ശോഭനമായ ശരീരത്തോടുകൂടിയവൾ. സകല ഭ്രഷ്ടാമാല—എല്ലാ ആഭരണങ്ങളും.

പദ്യം 94. മുകർക്കും—മണമുള്ള. മാധുരിമരുചി—മാധുര്യത്തിന്റെ കാന്തി. മോദിക്കും—സന്തോഷിക്കും. അന്തർമോദേന—അകത്തു സന്തോഷത്താൽ. ദിനമനു—ദിവസംതോറും. ഗർഭസംഭാരം—ഗർഭത്തിന്റെ സമ്പത്തു്. കൗതുക....വാൻ—ഉത്കണ്ഠയുള്ളവൻ. കോസലാനാം വിനേതാ—ദശരഥൻ.

പദ്യം 95. ഗാത്രം—ശരീരം. തപ്ത.....ഭം—പഴുപ്പിച്ച തങ്കത്തിന്റെ ശോഭയുള്ളതു്. പക്ഷ്മളാക്ഷ്യാഃ—ഉറപ്പും ഭംഗിയുമുള്ള കൺപീലികളോടുകൂടിയവളുടെ(സുന്ദരിയായ കൗസല്യയുടെ), തത്ക്ഷണം—അപ്പോൾ. സരസം—സസന്തോഷം. ഉദരഭാഗേ—വയറ്റിൽ. കര...സ്ന—കയ്യിൽ ധരിക്കപ്പെട്ട ശംഖിന്റെ വെളിച്ചം.

ഗദ്യം 10. കനക....രാംഗി—സ്വർണ്ണത്താമരപോലെ മനോഹരമാ

കളിച്ചീടുമുദ്യാനഭ്രമി,ക്കിളംകാമുകാനന്ദപീയൂഷധാരാ—
മതിപ്പിന്നു, നൽപാൽതൊഴും വാണിമാർതൻ മുടിപ്പൂൺ—
പിന,ക്കോസലേന്ദ്രാത്മജയ്ക്കു,ങ്കു കെർപ്പം തുടർന്നോരു—
നേരം മറിച്ചായിതെപ്പേരുമേ കോലവും ചീലവും
താലിയും മാലയും കാതിലേത്തുമ്മണിക്കാഞ്ചിയും മറ്റുമി—
ത്യാദിനാനാനറുംഭ്രഷണശ്രേണി മെല്ലെന്നകന്നു, തുടർന്നു
വശക്കേ,ടുലഞ്ഞു, കളിക്കോപ്പഴിഞ്ഞു കണക്കുത്തു,
ഗാത്രം മെലിഞ്ഞു, മുഖശ്രീ തെളിഞ്ഞു, മറഞ്ഞു വിനോദം,
തുടർന്നു ഘനശ്വാസവേഗം, ശനൈരുരുമ്പിങ്ങും നടന്നു,
വലിച്ചാത്തു മാഞ്ഞു,വിലാസങ്ങളാശ്ചര്യമാശ്ചര്യമാത്താ—
ദരം ചാരു വാത്സ്യായനാർത്ഥങ്ങളെപ്പേരുമേ ചൊല്ലു—
മുല്ലോലചില്ലീലതാലാസ്യവും കണ്ടു മേന്മേൽ കളിക്കുന്ന
മൈക്കൺവിലാസങ്ങളിൽ കോപ്പു മറെറാന്നിളം ചന്ദ്രിക—
സ്സും നറുംപാൽകളിക്കും സമുത്ഫുല്ലകുന്ദപ്രസൂനത്തിനും
പാരമുന്മത്താപമുന്മേഷത്തു പൊൽത്താർചരന്നും
കനത്തോരു കാമാത്തി ചിത്തേ വളർത്തോറമുന്മൂർന്ന—
മാധുര്യസൗരഭ്യശൈത്യാദിനാനാഗുണശ്രേണിമെത്തുന്ന
മുഗ്ധസ്മിതത്തിന്നു ഭാവം പകർന്നു, നറുംപമ്പരം പന്തു പൂ—
ങ്കൊത്തുചക്രങ്ങളും പൊൽകുംഭമംഭോജമൊട്ടുദ്രി—
വൃന്ദങ്ങളിത്യാദിപേരുള്ള പദാർത്ഥങ്ങളെപ്പേരുമു—
പ്പോരിൽ നെററിക്കുനേരെത്തി വെട്ടിജ്ജയിച്ചെങ്കുമീ—
പ്പാരിൽ മാറാർകും മാറൊരുമില്ലാഞ്ഞു തമ്മിൽ
പിണങ്ങിക്കനം വട്ടമിട്ടേറവും തിങ്ങിവിങ്ങിത്തുലോം
വാച്ചുഴന്നോരു കച്ചേൽമുലയ്ക്കൊത്തഹോ
ഭ്രമിപാലന്ന ഹാ കഷ്ടമീ ഞങ്ങളെത്തൊട്ട ഗാഢം
തഴച്ചീടുമുൻപ്രേമസർവസ്വമിപ്പുത്രരത്നത്തിലുംകൂടി
മെല്ലെപ്പകർന്നീടുമെന്നോർത്തു ദുഃഖാതിഭാരം കലർന്നെന്ന—

യ അംഗങ്ങളോടുകൂടിയവനും. മാകന്ദ...വമ്പിന്നു—കാമദേവനു സമനായ രാജാവിന്റെ മാഹാത്മ്യമായ. നാനാ....ട്രംഗാളി—അണിയണിയായിരിക്കുന്ന പല ജനങ്ങളുടെയും കണ്ണുകളാകുന്ന വണ്ടിൻകൂട്ടം. ഉദ്യാനം—തോട്ടം. ഇളം കാമുകൻ—പുതിയ കാമുകൻ. പീയൂഷധാര—അമൃതസ്യന്ദം. (അമൃതവർഷം) കോസലേന്ദ്രാത്മജ—കൗസല്യ. മണിക്കാഞ്ചി—മണിമയമായ അരഞ്ഞാൺ. ഭ്രഷണശ്രേണി—ആഭരണസമൂഹം. കണക്കുത്തു—നീവിക്കുത്തു. ശനൈഃ—പതുക്കെ. ആത്താദരം—ആദരവോടുകൂടി. ചാരു...രത്ഥങ്ങളും—മനോഹരമായ കാമശാസ്ത്രവിഷയങ്ങളും. ഉല്ലോ....സ്യവും—ഇളകിക്കൊണ്ടിരിക്കുന്ന പൂരികക്കൊടിയുടെ നടനവും. സമു....സ്മനം—വിടർന്ന കരുക്കുത്തിമുല്ലപ്പൂവു്. പൊൽത്താർചരൻ—കാമദേവൻ. കാമാത്തി—കാമപീഡ. ചിത്തേ—മനസ്സിൽ. മുഗ്ധസ്മിതം—സുന്ദരമായ ഹാസം. അംഭോജം—താമര. അദ്രിവൃന്ദങ്ങളും—പർവതസമൂഹങ്ങളും.

പോലെ തദാ വക്ത്രമെല്ലാം കറുത്തൊന്നു ചാഞ്ഞു,
ജഗന്മംഗലാംഗിക്കു ബാലാശിഖാമഞ്ജരിക്കങ്ങനെ
മെല്ലെമെല്ലെന്നു ഗർഭം തികഞ്ഞൊരുനേരം തഴച്ചോരു
വൈവശ്യമുദ്രാവിലാസങ്ങളോത്തോളമെൻതോഴ!
ചൊല്ലാവതല്ലേതുമേ.

ശ്രീരാമാവതാരവർണ്ണന:

തികഞ്ഞീടും പൗരനാരീനയനകുതുകനി—
ഷ്പാദി ഗർഭം തികഞ്ഞു
മുഖ്യം മുവർക്കുമന്മാനവപരിവൃഢനാൽ
മാനിതാനാം വധൂനാം;
അക്കാലം ഗോത്രഭിന്മന്ദിരവിജയമഹാ—
ഭേരി താനേ മുഴങ്ങീ
രക്ഷോഭീത്യാ മറഞ്ഞീടിലുമഖിലസുര—
ശ്രേണി നാനാദിഗന്തേ. 96

കൗസല്യാദേവിയെന്നും പ്രഥമഗിരിമഹാ—
ധിത്യകായാം വിലാസം
പെയ്തീടും ഗാത്രലക്ഷ്മ്യാ നിഖിലമപി സമു—
ന്മീലയൻ ദിഗ്വിഭാഗം
മീതേ മീതേ ജനാനാം മിഴികളിലമൃതം
കോരിയൂട്ടുന്നുദാര—
സ്വാതന്ത്ര്യം ബാലനായ്പ്പോന്നരമൊരു പരമാ—
നന്ദചന്ദ്രൻ പിറന്നു. 97

ഭൂമിപാലൻ—രാജാവു്. ഗാഢം—ബലമായി. ഉഴംപ്രേമസർവസ്വം—അനുരാഗമെല്ലാം. പുത്രരത്നം—ശ്രേഷ്ഠപുത്രൻ. ദുഃഖാതിഭാരം—ദുഃഖാധിക്യം. തദാ—അപ്പോൾ. വക്ത്രം—മുഖം. വൈവശ്യ....സങ്ഗമം—പാരവശ്യത്താലുള്ള ആലസ്യങ്ങമം.

പദ്യം 96. പൗര ...ഷ്പാദി—പുരസ്ത്രീകളുടെ കണ്ണുകൾക്കു് ഉത്കണ്ഠയെ ജനിപ്പിക്കുന്ന. മാനവപരിവൃഢൻ—രാജാവു്. മാനിതാനാം വധൂനാം—ബഹുമാനിക്കപ്പെട്ട പത്നിമാർക്കു്. ഗോത്ര....ഭേരി—ഇന്ദ്രന്റെ ഗൃഹത്തിൽ വിജയത്തെ വിളംബരം ചെയ്യുന്ന പെരുമ്പറയുടെ ശബ്ദം. അഖി....ശ്രേണി—എല്ലാ ദേവന്മാരും. നാനാദിഗന്തേ—പല ദിക്കുകളിലായി. രക്ഷോഭീത്യാ—രാക്ഷസഭയംകൊണ്ടു്.

പദ്യം 97. പ്രഥമ....കായാം—പൂർവപർവതത്തിന്റെ മുകളംപരപ്പിൽ. വിലാസം—വിഭ്രമം. ഗാത്രലക്ഷ്മ്യാ—ദേഹശോഭകൊണ്ടു്. നിഖിലം ദിഗ്വിഭാഗം അപി—എല്ലാ ദിക്കുകളേയും. സമുന്മീലയൻ—പ്രകാശിപ്പിച്ചുകൊണ്ടു്. ജനാനാം—ലോകരുടെ. ഉദാരസ്വാതന്ത്ര്യം—വർദ്ധിച്ച സ്വാതന്ത്ര്യം. അരം—വേഗത്തിൽ. പര....ന്ദ്രൻ—പരമാനന്ദത്തെ നല്കുന്ന രാമചന്ദ്രൻ.

ഉച്ചസ്ഥേ ഗ്രഹപഞ്ചകേ സുരഗുരൗ
സേന്ദൗ നവമ്യാം തിഥൗ
ലഗ്നേ കർക്കടകേ പുനർവസുയുതേ
മേഷം ഗതേ പൂഷണി
നിർദഗ്ധും നിഖിലാഃ പലാശസമിധോ
മേധ്യാദയോധ്യാരണേ—
രാവിർഭൂതമഭൂതപൂർവവിഭവം
യത്കിഞ്ചിദേകം മഹഃ. 98

ഭരത, ലക്ഷ്മണ, ശത്രുഘ്നന്മാരുടെ ജനനം:

മോദേന കേകയസുതാപി തദാ കുമാരം
പ്രാസൂത കഞ്ചന ശുഭാഞ്ജനതുല്യവർണ്ണം
ചേതോഭിരാമവദനോംബുരുഹാ സുമിത്രാ
സൂതേ സ്മ സൂനയുഗളീം മിളിതാനുഭാവം, 99

''യാതുക്രുരിതും നീക്കിക്കളവാനും ലോകൈകരവബോധം വളർത്താനും
കൗസല്യാദേവിപൂർവാചലേ രാമചന്ദ്രൻ ജാതനായപ്പോൾ ഗോവിന്ദ.''
എന്ന ഇരുപത്തിനാലു വൃത്തത്തിലെ പദ്യം പ്രകൃതപദ്യത്തിന്റെ അനുകരണമാകുന്നു.

പദ്യം 98. ഗ്രഹപഞ്ചകേ ഉച്ചഃസ്ഥേ—അഞ്ചു ഗ്രഹങ്ങളും ഉച്ചന്മാരായിരിക്കുമ്പോൾ. സുരഗുരൗ സേന്ദൗ—ബൃഹസ്പതി ചന്ദ്രനോടു കൂടിയിരിക്കുമ്പോൾ. നവമ്യാം തിഥൗ—നവമിതിഥിയിങ്കൽ. കർക്കടകേ ലഗ്നേ—കർക്കടകലഗ്നത്തിൽ. പുനർവസുയുതേ പൂഷണി മേഷം ഗതേ—പുനർവസുവോടുകൂടിയ ആദിത്യൻ മേടത്തിലായിരിക്കുമ്പോൾ. നിഖിലാഃ പലാശസമിധഃ—രാക്ഷസന്മാരാകുന്ന എല്ലാ പ്രാശിൻചമതകളേയും. നിർദഗ്ധും—ദഹിപ്പിക്കുവാനായി. മേധ്യാത്—പരിശുദ്ധമായ. അയോധ്യാരണേഃ—അയോധ്യയാകുന്ന അന്നിജനകദാരുവിൽനിന്നു്. അഭൂ.....ഭവം—ഇതിനു മുമ്പുണ്ടാകാത്ത മഹത്ത്വത്തോടുകൂടി. യത് കിഞ്ചിത് ഏകം മഹഃ—അനിർവചനീയമായ ഒരു തേജസ്സു്. ആവിർഭൂതം—ഉണ്ടായി. ഭോജചമ്പുവിലെ പദ്യമാണിതു്.

ആദിത്യനും ബുധനും മേടത്തിലും, ചന്ദ്രനും വ്യാഴവും കർക്കടകത്തിലും, കുജൻ മകരത്തിലും, ശുക്രൻ മീനത്തിലും, മന്ദൻ തുലാത്തിലും നില്ക്കുന്ന സമയം മേടമാസം 10—ാം നു- ഉദയാത്പരം 18 നാഴിക പുലർന്നപ്പോൾ കർക്കടകലഗ്നംകൊണ്ടു് പുനർതത്തിന്റെ അന്ത്യപാദവും ശുക്ലപക്ഷനവമിയും കൂടിയ സമയം ശ്രീരാമാവതാരം. ലഗ്നാംശകം കർക്കടകം.

''ശുഭം വദുച്ചാത്തമേ ജന്മ വേസീസ്ഥാനേ ച സദ്ഗ്രഹേ.
അശുഭന്യേഷു ച കേന്ദ്രേഷു കാരകാഖ്യഗ്രഹേഷു ച''
എന്നു ഹോരാശാസ്ത്രം.

പദ്യം 99. കേകയസുതാ അപി—കൈകേയിയും. മോദേന—സസന്തോഷം. തദാ—അപ്പോൾ. ശുഭാ....വർണ്ണം—നിർമലമായ മുഷിയുടെ നിറമുള്ള. കഞ്ചന കുമാരം പ്രാസൂത—ഒരു പുത്രനെ പ്രസവിച്ചു. ചേതോ....രുഹാ സുമിത്രാ—സന്തോഷംകൊണ്ടു മനോഹരമായ മുഖകമല

പുത്രജന്മോത്സവവർണ്ണനം:

കല്മഷതിമിരദിനേശേ
ജന്തുനി തേഷാമലൗകികോല്ലാസേ
ബ്രഹ്മമഹേന്ദ്രാദ്യമരാ—
നന്മദയാമാസ കുസുമോ വർഷഃ. 100

പ്രഹൃഷ്ടജനതാഗളോദ്ഗളദുല്ലുനാദോദ്ധുര—
പ്രസാരിപടഹദ്ധ്വനിസ്ഫുടിതലോചനാഹീശ്വരഃ
പ്രസൂനഗണവർഷിതത്രിദശസംഘസംസ്തുതഃ
കുമാരജനനോത്സവഃ സ ഹി ജഗത്ത്രയീം വ്യാനശേ. 101

മിഥഃ പയോഭിഃ സിഷിചുർ വിനേദുർ—
വവല്ഗുരുച്ചിക്ഷിപുരംബരാണി
അന്യോന്യമംസേന സുദൂരമൂഹുർ—
മത്താ ഇവ സ്വർഗ്ഗസദോ ബഭൂവുഃ. 102

ആഷാഢിനം പാണിമുദസ്യ ദൂരം
ബ്രഹ്മർഷിലോകഃ പതദുത്തരീയഃ
നനർത്ത പര്യാകുലപാദചാരഃ
പ്രഹസ്യമാനഃ സുരസുന്ദരീഭിഃ. 103

ത്തോടുകൂടിയ സുമിത്രയും. മിളിതാന്തരാത്മാവാം—തമ്മിൽ എല്ലാം യോജിച്ചു ണ്ടായ. സൂനയുഗളം സൂതേ സ്മ—രണ്ടു പുത്രന്മാരെ പ്രസവിച്ചു.

പദ്യം 100. കല്മഷ നേശേ—മാലിന്യമാകുന്ന ഇരുളിനു സൂര്യനും. അലൗകികോല്ലാസേ—അസാധാരണമായ ഉല്ലാസത്തോടുകൂടിയ. തേഷാം ജന്മനി—ജനനത്തിങ്കൽ. കുസുമഃ വർഷഃ—പുഷ്പവർഷം. ബ്രഹ്മ....രാൻ—ബ്രഹ്മാവു് ഇന്ദ്രൻ മുതലായ ദേവന്മാരെ. ഉന്മദയാമാസ—ഉത്സാഹമുള്ള വരാക്കിത്തീർത്തു.

പദ്യം 101. പ്രഹൃഷ്ട....ശ്വരഃ—സന്തുഷ്ടരായ ജനങ്ങളാൽ പുറപ്പെട്ട വിക്കപ്പെട്ട 'ഉല്ലുല്യശബ്ദത്തോടുകൂടി ഉച്ചത്തിൽ മുഴങ്ങുന്ന പെരുമ്പറയുടെ ധ്വനികൊണ്ടു് ഉണർന്ന സർപ്പരാജാവോടുകൂടിയ. പ്രസൂന....ഘിതഃ—പുഷ്പങ്ങളാം വർഷിക്കപ്പെട്ടും ദേവന്മാരാൽ സ്തുതിക്കപ്പെട്ടും ഇരിക്കുന്ന. സഃ കുമാ....ത്സവഃ—ആ പുത്രജന്മോത്സവം. ജഗത്ത്രയീം വ്യാനശേ ഹി—മൂന്നു ലോകത്തിലും വ്യാപിച്ചുവല്ലോ.

പദ്യം 102. സ്വർഗസദഃ—ദേവന്മാർ. മിഥഃ—തമ്മിൽ. പയോഭിഃ സിഷിചുഃ—വെള്ളമൂറി നനച്ചു. വിനേദുഃ—ശബ്ദിച്ചു. വവല്ഗുഃ തുള്ളിക്കളിച്ചു. അംബരാണി ഉച്ചിക്ഷിപുഃ—വസ്ത്രങ്ങളെ മേല്പോട്ടു് എറിഞ്ഞു. അന്യോന്യം—പരസ്പരം. അംസേന—തോളംകൊണ്ടു്. സുദൂരം—വളരെനേരം. ഊഹുഃ—ഉരസി. മത്താഃ ഇവ ബഭൂവുഃ—മദിച്ചവർപോലെ ഭവിച്ചു.

പദ്യം 103. ബ്രഹ്മർഷിലോകഃ—ബ്രഹ്മർഷികളും. ആഷാഢിനം

1. തസ്മിദ, തർത്രിദ.

അന്നേരം കൗതുകംപൂണ്ടധികമുടനുടൻ
ചെന്ന ചെന്നണ്ണിയുണ്ടാ—
യെന്നോതുന്നോർക്കു പൊന്നും പുടവ പണവുമേ—
കീടിനാനെന്നുവേണ്ടാ
ധന്യാത്മാ ചെറുകാരശ്രവണദശയിലേ
നല്ലിനാൻ പ്രീതിശാലീ
മന്നോർമണിക്യമയ്യാ! കടകം തഴകളി—
ത്യാദി വേറായതെല്ലാം. 104

ഗദ്യം 11

തദനു ജനാർദനജനനദശായാം
പെരുകിന ഘോഷം പണി പണി പറവാൻ—
ത്രിദശഗണങ്ങം മദിച്ചു പുളച്ചു തി—
മിർപ്പൊട്ട കല്പകവാടിയിൽ നീളെ ന—
ടന്നടനദ്ഭുതമിയലിന പുഷ്പച—
യങ്ങളിറുത്തു നിരത്യയഹർഷം

പാണിം ദ്വയം ഉദസ്യ—പലാശദണ്ഡം ധരിച്ച ഹസ്തത്തെ വളരെ പൊക്കി നിത്തികൊണ്ട്.

''ആഷാഡോ മന്ഥദണ്ഡയോഃ''
''പാലാശോ ദണ്ഡ ആഷാഢഃ''

എന്ന പ്രമാണവാക്യം. പതദ്ഭത്തരീയഃ—തെറിപ്പോകുന്ന ഉത്തരീയത്തോട കൂടിയവരായി. പര്യാ....ചാരഃ—പരവശതയോട കാലുകൊണ്ട നടക്കുന്നവരായി. സുരസുന്ദരീഭിഃ പ്രഹസ്യമാനഃ—ദേവസ്ത്രീകളാൽ പരിഹസിക്കപ്പെടുന്നവരായി. നനത്ത—നത്തനം ചെയ്തു.

പദ്യം 104. കൗതുകം—സന്തോഷം. ധന്യാത്മാ—ചരിതാർത്ഥനായ. ശ്രവണദശയിൽ—കേട്ടമാത്രയിൽ. പ്രീതിശാലീ—സന്തോഷത്താൽ ശോഭിക്കുന്ന. മന്നോർമാണിക്യം—രാജശ്രേഷ്ഠൻ.

''ജനായ ശുദ്ധാന്തചരായ ശംസതേ കുമാരജന്മാദ്യുതസമ്മിതാക്ഷരം
അദേയമാസീത് ത്രയമേവ ഭൂപതേഃ ശശിപ്രഭം ഛത്രമുഭേ ച ചാമരേ''

എന്ന രഘുവംശപദ്യത്തെ ആശ്രയിച്ചു രചിച്ചതാണ് പ്രകൃതപദ്യം. ഇതിന്റെ അനുകരണം,

''ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടുടൻ
പുണ്യലോകായ ഭൂതി കൊടുക്കയാൽ.
ആലവട്ടം കട തഴയെന്നിയെ
ശേഷിച്ചില്ലൊന്നും ഭൂപനു ഗോവിന്ദ''

എന്നിങ്ങനെ രാമായണം ഇരുപത്തിനാലുവൃത്തത്തിലും കാണുന്നു.

ഗദ്യം 11. തദനു—അതിൽപിന്നെ. ജനാ.. ശായാം—വിഷ്ണുവിന്റെ അവതാരസമയത്തിൽ. ഘോഷം -ഉത്സവം.

ത്രിദശഗണങ്ങം—ദേവന്മാർ. കല്പകവാടിയിൽ—നന്ദനവനത്തിൽ.

വർഷിച്ചുടനെ ഗംഗാസലിലേ
ഭംഗ്യാ ചാടിത്തെരുതെരെയുത്തും
ഝടിതി തുടിച്ചും കുളികുളിച്ചും
വപുഷി പരസ്പരമൊക്കെ നനച്ചും
നിജതരുണീനാമുടലിൽ നനച്ചും
കേളിവിനോദമിയന്നിതകാണ്ഡേ.

കതിചന ഭേരീമദ്ദളഢക്കാ-
തുടിപടഹാദ്യം വാദ്യകദംബക-
മൊക്കെത്തക്കെത്തങ്ങളെടുത്തു ക-
ഴുത്തിലണിഞ്ഞഥ താക്കി നടന്നും
കേചന പടുതരമാടിപ്പാടിയു-
മന്യേ നിലവിളി നിവരെ നടത്തിയു-
മപരേ മോദാലെത്തിച്ചാടിയു-
മിതരേ പലവകകളികളം തുടങ്ങിയു-
മേകേ പടകളി ഝടിതി തുടന്നും
നാകേ മേവിന വിവിധവിശേഷാ-
നണ്ടോ കിമപി പ്രകണ്ണീടാവൂ!

നാനാജനപദനഗരനിവാസിക-
ളനാതങ്കമുണർച്ച തുടർന്നു
ഭൂതലമാശു വിഭ്രതി തുടർന്നു
ദിക്കുകളും പുനരൊക്കെ വിളങ്ങീ
നദികളുമപ്പോളതനു തെളിഞ്ഞൂ
മാരുതദേവൻ മതുമതെ വീയി
ദഹനനുമയ്യാ! മഹിമയിൽ വിലസീ
മുനിജനമാനസമാശു തെളിഞ്ഞൂ
മൃത്യു തദാനീമസതാം പ്രാണ-
പ്പുത്തരിയുണ്മാൻ പൊഴുതും കേട്ടു.

ചയം—സമൂഹം. നിരത്യയഹർഷം—അധിക സന്തോഷത്തോടു്. ഗംഗാസലിലേ—ഗംഗാജലത്തിൽ. ഭംഗ്യാ—ഭംഗിയോടുകൂടി. ഝടിതി—ശീഘ്രമായി. വപുഷി—ദേഹത്തിൽ. പരസ്പരം—തമ്മിൽ. നിജതരുണീനാം—തന്റെ സുന്ദരിമാരുടെ. അകാണ്ഡേ—അസമയത്തിൽ.

വാദ്യകദംബകം—വാദ്യസമൂഹം. കേചന—ചിലർ. പടുതരം—സാമർത്ഥ്യാതിശയത്തോടുകൂടി. അന്യേ—മറ്റു ചിലർ. അപരേ—മറ്റു ചിലർ മോദാതു്—സന്തോഷത്താൽ. ഇതരേ—വേറെ ചിലർ.

കതിചന—ചിലർ. ഏകേ—ചിലർ. നാകേ—സ്വർഗ്ഗത്തിൽ. വിവിധവിശേഷാൻ—പല വിശേഷങ്ങളെ.

ശത്രുത കോലിന സത്ത്വകദംബം
മെത്തിന മോദാലൊത്തു നടന്നു
സ്ഥാവരജംഗമരൂപജഗത്രയ–
മാവതു മോദം മേവി നിറഞ്ഞു.
കൗശികമുനിയും കൗതുകമാർന്നു.
താടകതാനുമൊരാടൽ കലന്നാം
ഗൗതമപത്നിക്കാധി മുടിഞ്ഞു.
ശങ്കരവില്ലിനു ശക്തി പിണഞ്ഞു.
ഭാർഗ്ഗവരാമനുമൊന്നു മകിണ്ണു.
വിബുധവിരോധി വിരാധനൊഴിഞ്ഞു.
ശൂർപ്പണഖാനെറി കീഴ്പ്പോട്ടായീ.
മാരീചനുമഴലൂരീചക്രേ
പാപി കബന്ധനുമകമേ വെന്തു
സുഗ്രീവോ ƒ പി സമഗ്രമദോƒഭൃതഃ
സപ്ത മരാമരമൊത്തു കുലുങ്ങീ
ബാലിമനോധൃതി ചാലെ നടുങ്ങീ.
ലങ്കാപുരമനലംകാരമഭൃതഃ
അഖിലനിശാചരജാതിക്കപ്പോ–
ളകമേ കിഞ്ചന വിറയൽ കലർന്നു.
രാവണഹൃദയം ഝടിതി കുലുങ്ങീ.
പരമാശ്ചര്യം പറയാമെന്നോ
ശിവശിവ തത്ര വിശേഷമശേഷം.

ശ്രീരാമൻ മുമ്പിലമ്പോടിതവിയ ഭരതൻ
ലക്ഷ്മണൻതാനുമയ്യാ!
നേരെ ശത്രുഘ്നനും നാലു[1]മഖിലമനോ–
വല്ലഭാ ദേവതുല്ല്യാഃ

ഊനാതങ്കം–ശങ്കകൂടാതെ. വിഭൃതി–സമൃദ്ധി. അതനു–വളരെ. മാരുതദേവൻ–വായു. ദഹനൻ–അഗ്നി. മഹിമ–മാഹാത്മ്യം. അസതാം–ദുഷ്ടന്മാരുടെ. സത്ത്വകദംബം–പ്രാണിജാലം ഗൗതമപത്നി–അഹല്യ. ഭാർഗ്ഗവരാമൻ–പരശുരാമൻ. വിബുധവിരോധി–ദേവശത്രു. ഊരീചക്രേ–അംഗീകരിച്ചു. സമഗ്രമദഃ–മദപൂർണ്ണനായി. അഭൃതഃ–ഭവിച്ചു. സപ്തമരാമരം–ഏഴു സാലവൃക്ഷങ്ങൾ. അരയാൽ മാവു് അകിൽ ഇലഞ്ഞി ചമത കാഞ്ഞിരം പുളി എന്നിവ. ബാലി...ധൃതി–ബാലിയുടെ മനോധൈര്യം. അനലങ്കാരം അഭൃതഃ–അലങ്കാരശൂന്യമായി ഭവിച്ചു. അഖി...ജാതിക്കു–എല്ലാ രാക്ഷസന്മാർക്കും. കിഞ്ചന–ഒരു.

1. നാലവരു.

പാരിന്നാധാരഭൂതാ നരകവിജയിനോ
നാലുതുക്കൈകൊംപോലെ
പൂരേ പൂരേ വളർത്താരഥ ദശരഥനാ—
നന്ദസന്താനസൗഖ്യം. 105

പദ്യം 105. ഇതവിയ—പ്രിയമുള്ള. അവി....ല്ലഭാഃ— എല്ലാവരുടേയും മനസ്സിനു പ്രിയപ്പെട്ടവർ. ദേവതുല്യാഃ—ദേവന്മാക്കു തുല്യർ. ആധാരഭൂതാഃ—ആശ്രയമായുള്ളവർ. നാകവിജയിനഃ—മഹാവിഷ്ണുവിന്റെ. പൂരേ പൂരേ—വളരുംതോറും.

രാമാവതാരം സമാപ്തം

താടകാവധം

കവി പ്രബന്ധാരംഭത്തിൽ ശ്രീരാമനെ സ്തുതിക്കുന്നതോടുകൂടി കഥയേയും സൂചിപ്പിക്കുന്നു:—

വിശ്വാസം വന്നുകൂടീ മമ ഹൃദി സഹസാ
ഭാസമാനം ഭവന്തം
സച്ഛ്രാത്മൻ! കാൺകകൊണ്ടെന്നകതളിരിലൊരാ—
ശ്വാസവും കൈയ്വളർന്നു
പച്ചേ തിന്മാനടക്കും ത്രിഭുവനഭയദാം
താടകാം കൊന്നനേരം
വിശ്വാമിത്രൻ രാമേ ദശരഥതനയേ
പണ്ടു കൈയ്വന്നപോലെ. 1

പ്രശമിതമിഹ മേ സമസ്തദുഃഖം
വിശദമതേ! തവ സംഗമോപലബ്ധ്യാ
ദശരഥനൃപമേത്യ രാമചന്ദ്രം
കുശികജനെത്തിയനേരമെന്നപോലെ. 2

ക്രമമായി വളർന്നുവരുന്ന നാലു പുത്രന്മാരോടുകൂടി ദശരഥനും പത്നിമാരും സന്തോഷമായി വാഴുന്നു:

വാരം വാരം പുണർന്നങ്ങണിമടിയിലിറ—
ങ്ങീടവേ നാലർ പുത്ര—
ന്മാരും ഭാര്യാജനത്തിൻ പരമസുഖവിഹാ-
രങ്ങളും പാർത്തൊരോന്നേ

പദ്യം 1. മമ ഹൃദി--എന്റെ ഹൃദയത്തിൽ. സഹസാ ഭാസമാനം ഭവന്തം— പൊട്ടുന്ന വിളങ്ങുന്ന അങ്ങയെ. സച്ഛ്രാത്മൻ—ശ്രദ്ധാത്മാവായുള്ളോവേ. ത്രിഭു.... ദാം—മൂന്നുലോകത്തെയും ഭയപ്പെടുത്തുന്ന. ദശ ....യേ രാമേ—ദശരഥപുത്രനായ രാമങ്കൽ. ഉപമാനപ്രാണിതമായ കഥാസൂചനയാണു് ഒന്നും രണ്ടും പദ്യങ്ങളിലെ വിഷയം.

പദ്യം 2. വിശദമതേ—നിർമലമായ് ബുദ്ധിയുള്ളോവേ. തവ സംഗ....ബ്ധ്യാ— അങ്ങയെ പ്രാപിച്ചതുകൊണ്ടു്. മേ സമ.... ഖം—എന്റെ എല്ലാ ദുഃഖവും. പ്രശമിതം--ശാന്തമായി. ദശരഥനൃപം ഏത്യാ—ദശരഥരാജാവിനെ പ്രാപിച്ചു്. രാമചന്ദ്രം—ശ്രീരാമനെ. കുശികജൻ—വിശ്വാമിത്രൻ.

പദ്യം 3. വാരം വാരം—കൂടെക്കൂടെ. വിഹാരം—ഉല്ലാസം. പരിത്രാണം—രക്ഷ. അനുപദം—കൂടെക്കൂടെ. ആപാദയൻ—ചെയ്തുകൊണ്ടു്.

പാരിന്നെല്ലാം പരിത്രാണവുമനുപദമാ-
പാദയൻ പുണ്ണ്യപുണ്യ—
പ്രാരംഭായാം നഗര്യാം ദശരഥനുദയം
പൂണ്ടിരുന്നു ചിരം നാം. 3

പുത്രൻ പൊന്മോതിരം കൈവള പുതിയ നറും—
പൂന്തുകിൽച്ചാർത്തുമയ്യാ!
മുഗ്ധം നോക്കും പുതുപ്പുഞ്ചിരിയുമസകലാ—
ലാപവും കാന്തിവായ്പും
അത്യന്തം മേന്മ തോന്നിച്ചുദിതമതുലമാ-
ഹാത്മ്യവും പാർത്തുപാർത്താ—
പ്പുത്രാണാമുൽപ്രമോദക്കടൽനടുവിലിറ—
ങ്ങീടിനാനേഷ രാജാ. 4

ഉത്സംഗതോ നിജപിതുർവിരഹം പൊരുന്നാ—
ളുത്സാഹി രാമനൊരു ലക്ഷ്മണനെന്നപോലെ
അർദ്ധക്ഷണം പൊഴുതുമന്തരമില്ല മമ്മാ!
ശത്രുഘ്നനും ഭരതനും പ്രതിബിംബമല്ലോ. 5

മേതിങ്കലത്തലരുളന്ന നിശാചരാണാം
വ്രാതങ്ങളൊക്കെ മുടിയാനുദയപ്രഭാവം
സ്വാതന്ത്ര്യമൈശ്വരമപൂർവ്വഘനാഭിരാമം
കൗസല്യതന്മടിയിൽ വാണു ചിരം വളർന്നു. 6

പുത്രൈരുദാരൈരിടചേർന്ന മോദം
മെത്തും നരേന്ദ്രോയമതന്ദ്രചേതാഃ

പൂർണ്ണ....ഭായാം നഗര്യാം—പൂർണ്ണമായ സുകൃതം വിലസിച്ചു തുടങ്ങിയ നഗരിയിൽ (അയോധ്യയിൽ). ഉദയംപൂണ്ടു—ഉണർച്ചയുള്ളവനായി. ചിരംനാം—വളരെക്കാലം.

പദ്യം 4. മുഗ്ധം—സുന്ദരമായ. അസ്പ ...പവും—അവ്യക്തമായ ഉച്ചാരണവും. അത്യന്തം—വളരെ. ഉദിതം—ഉണ്ടായ. അതു....ത്മ്യവും—എതിരില്ലാത്ത മഹത്ത്വവും. പുത്രാണാം—പുത്രന്മാരുടെ. പ്രമോദം—സന്തോഷം. ഏഷഃ രാജാ—ഈ രാജാവു് (ദശരഥൻ).

പദ്യം 5. ഉത്സംഗതഃ—മടിയിൽനിന്നു്. നിജപിതുഃ—തന്റെ പിതാവിന്റെ. വിരഹം—വേർപാടിനെ. ഉത്സാഹി—ഉത്സാഹമുള്ള. അർദ്ധക്ഷണം പൊഴുതും—അരനിമിഷംപോലും. അന്തരമില്ല—ഇടയില്ല. മമ്മാ—ആശ്ചര്യദ്യോതകമായ നിപാതം. പ്രതിബിംബം—പ്രതിഫലനം.

പദ്യം 6. മേതിങ്കൽ—ഭൂവിങ്കൽ. നിശാചരാണാം വ്രാതങ്ങൾ—രാക്ഷസസംഘങ്ങൾ. ഉദയപ്രഭാവം—ഉദിച്ച മഹത്ത്വം. ഐശ്വരം സ്വാതന്ത്ര്യം—ഈശ്വരനെ സംബന്ധിച്ച സ്വാധീനത. അപൂർവ്വ....രാമം—അസാധാരണമായ മേഘംപോലെ സുന്ദരം.

വക്ത്രങ്ങം നാലാവതിനാശപൂണ്ടാൻ
ഹസ്തങ്ങം നാലാവതിനെന്നപോലെ. 7

ശ്രീരാമചന്ദ്രനെ വിളിച്ചുമെടുത്തുമീഷത്-
സ്മേരം മുദാ തഴകിയും വദനം മുകന്നം
ഓരോ ദിനം ദശരഥന്നിയലും പ്രമോദം
നാരായണാ! പെരികെ നന്നു പറഞ്ഞുകൂടാ. 8

തരളകുതുകമന്നന്നാസ്വദിച്ചാസ്വദിച്ച-
മ്മുറുവലൊളിനിലാവും കാന്തിപീയൂഷവായ്പും
തിരുനയനചകോരം തസ്യ രാജർഷിമൗലേ-
രരമത രമണീയേ രാമചന്ദ്രാസ്യചന്ദ്രേ. 9

വിശ്വസ്താസ്തേ കുമാരാ ജഗതി വവ്വധിരേ
മുവരും മേല്ലുമേലേ
വിശ്വപ്രാണപ്രതിഷ്ഠാപനപടുമനസാ
രാമചന്ദ്രേണ സാകം
സച്ഛ്രീകീർത്തിവായ്പും ത്രിദശകുതുകവും
പിന്നെ മുല്പാടു മുല്പാ-
ടച്ചുച്ചോ! ശസ്ത്രശാസ്ത്രപ്രഥനവുമപദാ-
നങ്ങളംപോലേ വളർന്നു. 10

പദ്യം 7. ഉദാരൈഃ—വിശാലബുദ്ധികളായ. പുത്രൈഃ—പുത്രന്മാരോട്. മോദം—സന്തോഷം. അതന്ദ്രചേതാഃ—ആലസ്യരഹിതനായ. അയം നരേന്ദ്രഃ—ഈ രാജാവു്. വക്ത്രങ്ങം—മുഖങ്ങം.

പദ്യം 8. ഈഷത്സ്മേരം—അല്പം പുഞ്ചിരി തൂകുന്ന. മുദാ—സന്തോഷത്തോടുകൂടി. വദന—മുഖം.

പദ്യം 9. തരളകുതുകം—ചപലമായ ഉത്കണ്ഠ. മുറുവൽ—പുഞ്ചിരി അല്ലെങ്കിൽ പല്ലു്. പീയുഷം—അമൃതം. തസ്യ രാജ....ലേഃ—ആ രാജശ്രേഷ്ഠന്റെ. തിരു.....കോരം—തൃക്കണ്ണാകുന്ന ചകോരപക്ഷി (ഉപ്പൻ). രമണീയേ രാമ....ന്ദ്രേ—മനോഹരമായ ശ്രീരാമന്റെ മുഖചന്ദ്രങ്കൽ. അരമത—രമിച്ചു. ചകോരം ചന്ദ്രികയെ പാനം ചെയ്യുന്നതു് കവിസമയസിദ്ധം.

പദ്യം 10. വിശ്വസ്താഃ—വിശ്വാസപാത്രമായ. തേ കുമാരാഃ—ആകുട്ടികളം. വിശ്വ....നസാ—ലോകത്തെ ജീവിപ്പിക്കുന്നതിൽ സമർത്ഥമായ ചിത്തത്തോടുകൂടിയ. രാമചന്ദ്രേണ സാകം—ശ്രീരാമനോടുകൂടി. ജഗതി—ലോകത്തിൽ. വവ്വധിരേ—വളർന്നുവന്നു. സച്ഛ്....ത്തി—നിർമ്മലമായ ഐശ്വര്യത്തോടുകൂടിയ യശസ്സു്. ത്രിദശകുതുകവും—ദേവന്മാരുടെ സന്തോഷവും അല്ലെങ്കിൽ ഔത്സുക്യവും. മുല്പാടു്—മുമ്പിൽ. ശസ്ത്ര.... നവും—ആയുധങ്ങളിലും ശാസ്ത്രങ്ങളിലും വ്യാപ്തിയും അല്ലെങ്കിൽ അവയുടെ പ്രകാശനവും. അപദാനം—പരിശുദ്ധകർമ്മം.

താനേ വാഴ്ത്തുന്ന ലോകോത്തരനിഖിലഗുണ—
ശ്രേണികാരമ്യരമ്യേ
സൂനൗ രാമേ തഥാ മൂവരിലുമൊരുമ കൈ—
വെ്ടാണ്ട കൗതുകഹലാത്മാ
ക്ഷോണീപൂണാരമമ്മന്നവർകുലതിലകം
പോയ്കരേറീടിനാൻ പോ—
ലാനന്ദത്തിൻ മുകുളപ്പാടുടനെഴുനിലമാ—
ടം കരേറുന്നപോലെ. 11

ബാല്യം കഴിഞ്ഞു വിദ്യാസമ്പന്നരും ബ്രഹ്മവ്രതം കഴിഞ്ഞു വേദം പഠിച്ചവരും ആയ പുത്രന്മാർ നാലുപേരുടേയും ക്ഷണികമായ വിയോഗം പോലും ദശരഥനു് അസഹ്യമായിരുന്നതായി പ്രസ്താവിക്കുന്നു:

ഗദ്യം 1.

തേ ച മനോഹരിഭിർ വിഹാരൈരതിവാഹിതകൗമാരകാഃ കുമരകാഃ നിരവധികപ്രണയബന്ധുബന്ധുരേണ ബന്ധുജനേന സന്തതമഭിലാള്യമാനാ വിധിവദധിഗതാഭിർ വിദ്യാഭിരുദ്യോതമാനാഃ ക്രമാദവർദ്ധിഷത.

ഗർഭൈകാദശേ സംവത്സരേ വിഹിതബ്രഹ്മവ്രതേഭ്യഃ സവിതൃസന്താനപുരോഹിതേന സകലമന്ത്രദ്യശാം വരിഷ്ഠേന വസിഷ്ഠേന സാംഗോപാംഗാ ത്രയീവിദ്യാ സാതിശയാനുരാഗമുപാതിശ്യത ഇതി. പുരാതനമുനീശ്വരപ്രതിഘവിപുലവമാനനിജ പാർഷ്ടഗതിവിശേഷാനുസന്ധായിനോ ഭഗവതോ മധുശാസനാസ്യാം ശതഃ സംഭൃതൈരഖിലലോകലോചനോത്സവൈഃ സഖൈരാത്മജൈഃ പ്രസിതചേതസോമഹീപതേർ ദശരഥസ്യ ക്ഷണികോപി തദ്വിയോഗോ യുഗസഹസ്രായതേ സ്മ.

പദ്യം 11. ലോകോ...രമ്യേ—ശ്രേഷ്ഠമായ എല്ലാ ഗുണങ്ങളെക്കൊണ്ടും വളരെ മനോഹരമായ. സൂനൗ രാമേ—പുത്രനായ രാമകൽ. തഥാ—അവ്വണ്ണം. കൗതുകഹലാത്മാ—സന്തുഷ്ടചിത്തനായ. ക്ഷോണീപൂണാരം—ഭൂമിക്കു് ആഭരണമായ. അമ്മന്ന...ലകം—ആ രാജശ്രേഷ്ഠൻ.

ഗദ്യം 1. തേ കുമാരകാഃ ച—ആ കുമാരന്മാരും. മനോഹാരിഭിഃ വിഹാരൈഃ—മനോഹരങ്ങളായ ക്രീഡകളെക്കൊണ്ടു്. അതി...രകാഃ—അതിക്രമിച്ച ബാല്യാവസ്ഥയോടുകൂടിയവരായി. നിരവ...രേണഃ നിസ്സീമമായ പ്രേമബന്ധത്താൽ അടുപ്പംകൂടിയ. ബന്ധുജനേന—ബന്ധുക്കളാൽ. സന്തതം—എപ്പോഴും. അഭി...മാനാഃ—ലാളിക്കപ്പെട്ടവനായി. വിധിവത്—വഴിപോലെ. അധിഗതാഭിഃ—ഗ്രഹിക്കപ്പെട്ട. വിദ്യാഭിഃ—വിദ്യകളെക്കൊണ്ടു്. ഉദ്യോതമാനാഃ—ശോഭിക്കുന്നവരായി. ക്രമാത്—മുറയ്ക്കു് അവർദ്ധിഷത—വളർന്നുവന്നു.

അക്കാലത്തിൽ അഹങ്കാരിയായ രാവണൻ മുന്ന ലോകത്തെയും പീഡിപ്പിച്ചുകൊണ്ടിരുന്നതിനാൽ ദേവമനുഷ്യാദികളും കഴിവുകെട്ട സങ്കടപ്പെടുന്നതിനെ ഉണർന്ന കൃപപൂണ്ടവനായ വിശ്വാമിത്രനു രാമായണ സന്ദർഭങ്ങളിൽ ഓരോന്നിന്റെയും ദിവ്യദർശനമുണ്ടാകുന്നു. ഉടൻ വിശ്വാമിത്രൻ ആശ്രമത്തിൽനിന്നു യാത്രയായി പുറപ്പെടുന്നു. വഴിയിൽ പല മുനിമാരും അവരവർക്കുണ്ടാകുന്ന രാക്ഷസോപദ്രവത്തെ വിശ്വാമിത്രനോടു പറഞ്ഞു കേഴപ്പിച്ചു ദുഃഖിക്കുന്നു. വിശ്വാമിത്രൻ 'ശുഭം വരും' എന്നു പറഞ്ഞു് അവരെ സമാധാനപ്പെടുത്തിയതിൽപിന്നെ യാത്ര തുടർന്നു് ദശരഥപുത്രനായി അവതരിച്ചിരിക്കുന്ന ശ്രീരാമനെക്കാണാനായി അയോധ്യയിലേക്കു പോകുന്നു:

ഗദ്യം 2.

കാലേ തസ്മിൻ കാലദ്വേഷിനി-
വാസനിരാകുലകൈലാസാചല-
തുലീകരണംകൊണ്ടുമതിവ മ—
ദം പെട്ടീടും ദുഷ്ടനിശാചര--
ദശമുഖനെന്നും ഗജപതിതന്നാൽ
ത്രിഭുവനദീർഘിക കലുഷിതയായാം.

ഗർഭൈകാദശേ സംവത്സരേ-പത്താമത്തെ വയസ്സിൽ. വിഹിത ബ്രഹ്മവ്രതേഭ്യഃ—ബ്രഹ്മചര്യവ്രതം സ്വീകരിച്ച അവക്കായി. സവിതൃ... തേന—സൂര്യവംശ്യർക്കു് ആചാര്യനും. സകലമന്ത്രദൃശാം വരിഷ്ഠേന—എല്ലാ മന്ത്രദ്രഷ്ടാക്കളിലും ശ്രേഷ്ഠനും ആയ. വസിഷ്ഠേന—വസിഷ്ഠമുനിയാൽ. സാംഗോപാംഗാ-അംഗങ്ങളോടും ഉപാംഗങ്ങളോടും കൂടിയ. ശിക്ഷ കല്പം വ്യാകരണം നിരുക്തം ജ്യൗതിഷം ഛന്ദസ്സു് എന്നിവ അംഗങ്ങളും, പുരാണന്യായമീമാംസാധർമശാസ്ത്രങ്ങളും ഉപാംഗങ്ങളും. ത്രയീവിദ്യാ—ഋഗ്യജുസ്സാമരൂപമായ വേദവിദ്യാ. സാതി....രാഗം—ശ്രദ്ധയോടും പ്രീതിയോടുംകൂടി. ഉപാദിശ്യത—ഉപദേശിക്കപ്പെട്ട. ഇതിശബ്ദം വാക്യാവസാനസൂചകം.

പുരാതം....യിനഃ—പഴയ മുനിമാരെ എതിർക്കുന്നതിൽ ദുഃഖിക്കുന്ന തന്റെ പരിവാരങ്ങളുടെ വിശേഷമായ ഗതിയെ (മനോഭാവത്തെ) മനസ്സിലാക്കുന്നവനായ. ഭഗവതഃ മധുശാസനസ്യ—ഭഗവാനായ വിഷ്ണുവിന്റെ. അംശതഃ സംഭൃതൈഃ—അംശത്തിൽനിന്നു ജനിച്ച. അഖില.... സ്വൈഃ—ലോകക്കെല്ലാം നേത്രാനന്ദകരന്മാരായ. സ്വകൈഃ ആത്മജൈഃ—തന്റെ പുത്രന്മാരോടു്. പ്രസിതചേതസഃ—ഉത്സുകചിത്തനായ. മഹീപതേഃ ദശരഥസ്യ—രാജാവായ ദശരഥനു്. ക്ഷണികഃ അപി തദ്വിയോഗഃ—നിമിഷംപോലും പുത്രന്മാരുടെ വിയോഗം. യുഗസഹസ്രായതേ സ്മ—ആയിരം യുഗങ്ങളായി ഭവിച്ചു. വിശ്വാമിത്രാദികൾക്കു രാക്ഷസന്മാരെക്കൊണ്ടുള്ള ഉപദ്രവവും ദശരഥനു് ഉണ്ടാവാൻപോകുന്നപുത്രവിരഹവും ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

ഗദ്യം 2. തസ്മിൻ കാലേ—അക്കാലത്തിൽ. കാല.....രണംകൊണ്ടും—ശിവന്റെ വാസസ്ഥലമായ അചലമായ കൈലാസപർവതത്തെ പഞ്ഞിക്കെട്ടെന്നപോലെ ഉദ്ധരിച്ചതുകൊണ്ടും. അതിവ മദം—വളരെ അഹങ്കാരം. ദുഷ്ട...നെന്നും ഗജപതിതന്നാൽ—ദുഷ്ടരാക്ഷസനായ രാവ

അമരവരന്മാർ തോറ്റുമൊളിച്ചും
നിശിചരജാതം ദിശി ച കളിച്ചും
വിപ്രാണാം ഭുവി തേവാരിപ്പാൻ
നീരുപ്പാനം വശമില്ലാഞ്ഞും
കുശലില്ലാഞ്ഞും കുണ്ഠതയോടെ
കഴിവു കെട്ടന്നതു കണ്ടു കൃപാനിധി
വിശ്വത്തിന്നൊരു മിത്രത തേടിന
വിശ്വാമിത്രമഹാമുനിതാന—
ദ്ദിവ്യം വീക്ഷണമുന്മീലിതവാൻ.

തദനു തദീയേ മാനസമുകുരേ
ദശരഥതനയോ രാമോ നൂനം
മുരമഥനാംശമിതെന്നതു തോന്നീ;
ലക്ഷ്മണസഹിതോ രാമൻതന്നോ—
ടൊക്കെപ്പോരും തൊഴിലും തോന്നീ;
താടക വന്നു തടുത്തു വിപാടോ-
ത്പാടിതയായുള്ളുടവും തോന്നീ;
മാരീചാദികളം തോല്പിന്നതുമ—
മ്മഖവരരക്ഷാക്രമവും തോന്നീ;
മേദുരദുരിതാത്യക്ലേശായ് മേവും
ഗൗതമപത്നീമോക്ഷം തോന്നീ;
ജനകപുരത്തിനു ചെല്ലുന്നേരം
പുരഹരവില്ലിൻ ദലനം തോന്നീ;
സീതാം വേട്ട പുരത്തിനു പോമ്പോഴം

ണനെന്ന ആനന്ദത്തലവനാൽ. ത്രിഭുവനദീർഘിക—മൂന്നു ലോകങ്ങളാകുന്ന കുളം. കലുഷിതയായായം—ഇളക്കിമറിച്ചു മലിനമാക്കപ്പെട്ട.

അമരവരന്മാർ—ദേവശ്രേഷ്ഠന്മാർ. നിശിചരജാതം—രാക്ഷസർ. ദിശി ച—ദിക്കുകളിൽ. വിപ്രാണാം—ബ്രാഹ്മണർക്കു്. ഭുവി—ഭൂമിയിൽ. തേവാരിപ്പാൻ—ദേവന്മാരെ പൂജിക്കാൻ. കുശലു്—സാമർത്ഥ്യം കുണ്ഠത—പ്രതിബന്ധം. വിശ്വം—പ്രപഞ്ചം. മിത്രത—സൗഹാർദം. വിശ്വശബ്ദത്തിനു മിത്രശബ്ദം പരമായിരിക്കുമ്പോഴം ദീർഘം വന്നു വിശ്വാമിത്രൻ എന്ന രൂപം സിദ്ധിച്ചു. ദിവ്യം വീക്ഷണം ഉന്മീലിതവാൻ—ദിവ്യദർശനം ചെയ്തു. മഹർഷിമാർക്കു ദിവ്യദർശനമുണ്ടാകുമല്ലോ. വിശ്വാമിത്രനു് ഉണ്ടായ ദിവ്യദർശനം രാമായണത്തിലെ ഓരോ സന്ദർഭത്തെയും സംബന്ധിച്ചതാണു്. ആയതിനെ മേൽ വിവരിക്കുന്നു.

തദനു—അതിൽപിന്നെ. തദീയേ മാനസമുകുരേ—അവന്റെ മനസ്സാകുന്ന കണ്ണാടിയിൽ. ദശരഥതനയഃ രാമഃ—ദശരഥപുത്രനായ രാമൻ. നൂനം—നിശ്ചയമായും. മുരമഥനാംശം—വിഷ്ണുവിന്റെ അംശം. വിപാടോത്പാടിത—ഒരുതരം വലിയ അമ്പിനാൽ കൊല്ലപ്പെട്ട. മഖവരരക്ഷാക്രമവും—ശ്രേഷ്ഠമായ യാഗത്തെ കാത്തുകൊള്ളേണ്ട മുറയും.

മീതേ ഭാർഗ്ഗവഭംഗം തോന്നീ;
രാജ്യമുപേക്ഷ്യ വനാന്തരയാത്രാ–
താച്ഛീല്യോദയമോദം തോന്നീ;
വിരവിൽ വിരാധനെ വെല്ലുന്ന വിധൗ
ശരഭംഗന്റെ പരഗതി തോന്നീ;
ശൂർപ്പണഖായാ മുക്കും മുലയും
ചോർപ്പാനുള്ള നിമിത്തം തോന്നീ;
ഖരനും ദൂഷണനും ത്രിശിരാവും
മരണം തേടിന തൊഴിലും തോന്നീ;
മണിമയമൃഗമാം മാരീചവധം
മഹിഷീവിരഹനിദാനം തോന്നീ;
മുഷ്കരതരമാം[1] ബാലിവധത്തിനു
സുഗ്രീവനൊടൊരു സഖ്യം തോന്നീ;
ഹനുമാനോടൊരു സീതോദന്തവു–
മനഘം മണിയും പാർപ്പതു തോന്നീ;
പുഷ്കലവാനരസേനാനീതനായ്
പോർചെയ്വാനായ് പോവതു തോന്നീ;
കഠിനോത്തുംഗഗിരിശ്രേണികയാ
കടൽ ചിറയിട്ടു കടപ്പതു തോന്നീ;
രാക്ഷസവീരസമൂഹാൻ മുൻപായ്
രാവണനേ കൊലചെയ്വതു തോന്നീ;
പാവകശുദ്ധാം പാവനചരിതാം
ഭാര്യാം വീളും നയവും തോന്നീ;
രാജ്യം ഗത്വാ സിഹാസനഭൂവി
രാമൻ വാഴ്ചയെറിവും തോന്നീ;

മേദുരദുരിതാൽ–വർധിച്ച പാപം ഹേതുവായി. ഗൗത....ക്ഷം–അഹല്യയുടെ മുക്തി. ജനകപുരം–മിഥിില. പുര...ലനം–ശിവധനുർഭംഗം. സീതാം–സീതയെ. ഭാർഗവഭംഗം–പരശുരാമന്റെ പരാജയം. രാജ്യം ഉപേക്ഷ്യ–നാടു വിട്ട്. വനാ....മോദം–കാട്ടിൽ സഞ്ചാരം സ്വഭാവമായിത്തീർന്നതിൽനിന്നുണ്ടായ സന്തോഷം. വെല്ലുന്ന വിധൗ–വെല്ലുമ്പോഴേ. ശരഭംഗൻ–ദണ്ഡകാവനത്തിലെ ഒരു മുനി. പരഗതി–മുക്തി. ശൂർപ്പണഖായാഃ–രാവണന്റെ സോദരിയായ ശൂർപ്പണഖയുടെ. ഖരൻ–രാവണന്റെ അർദ്ധഭ്രാതാവ്. ദൂഷണനും ത്രിശിരാവും രാക്ഷസപ്രധാനികളും മണിമയമൃഗം–മണികളുടെ നിറത്തിൽ ശോഭിക്കുന്ന മാൻ. മഹി....ദാനം–പത്നീവിരഹത്തിനു കാരണം. മുഷ്കരതരൻ–ഗർവിഷ്ടൻ. സീതോദന്തവും–സീതയുടെ വൃത്താന്തവും. അനഘം–ശ്രേഷ്ഠമായ. പുഷ്കല....നായി–അധികം വാനരസൈന്യങ്ങളോടുകൂടി. കഠി.....കയാ–കാഠിന്യവും പൊക്കവുമുള്ള പർവതനിരകളാൽ. രാക്ഷ-

1. രനാം ബാ.

സർവ്വക്ഷമതി രാമായണമിതി
സകലം കണ്ടു സവിസ്മയചേതാഃ.

സാന്തേ കൗതുകമാന്തിലോലൈഃ
സാന്തേവാസിഭിരനുമോദിതനായ്
ആശ്രു പുറപ്പെട്ടാശ വെടിഞ്ഞ ത–
പസ്വിഭിരധ്വനി ''ജയ ജയ മുനിവര!
ജയ ജയ കൗശിക! മഹിതരപസ്യാ–
ലതിക പിണഞ്ഞ സുരദ്രുമമേ! ജയ
മറെറാരു ഭവനവിനിർമ്മിതസൃഷ്ടാ–
മുറു ഭയപ്പെട്ടംബുജസംഭവ–
സംഭാവനകൊണ്ടനുമന്തമ–
മാഹാത്മ്യോദയപൂർണ്ണശശാങ്ക–
ന്നുദയഗിരേ! ജയ കൈല്പേറീടിന
ജന്മം തൊട്ടങ്ങബ്ഭാസുരമാം
ക്ഷത്രിയദേഹകലാപ്പാന്തത്തെയ–
ടർത്തു തകർത്തു പൊളിച്ചതിതീവ്രം
ബ്രഹ്മണ്യാഖ്യം പൊന്നിൻഗോളക
ചാർത്തിച്ചാരു വിശിഷ്ട പുണ്ട വ–
സിഷ്ഠനുപോലും ബഹുമാനത്തെ വ–
ളർത്തി വിളങ്ങും ലൗകികമൂർത്തേ!
ജയ കരുണാബ്ധേ! ധരണിയിലെങ്ങും
കൊടിയ വനങ്ങളിലൂടജം കെട്ടിയി–
രുന്നൊരുനേരവുമാത്മാരാമത
തേടിക്കൊണ്ടുവാനൊരുതരമില്ലെ–

... ഹാൻ–രാക്ഷസവീരന്മാരുടെ കൂട്ടങ്ങളെ. പാവകശ്രദ്ധാം–അഗ്നിയിൽ ശ്രദ്ധിയെ പ്രാപിച്ച. പാവനചരിതാം–ശ്രുചരിത്രയായ. ഭാര്യാം–ഭാര്യയായ സീതയെ. നയം–ന്യായം. രാജ്യം ഗതാ–അയോധ്യയെ പ്രാപിച്ചിട്ട്. സിംഹാസനഭവി– സിംഹാസനത്തിൽ. സർവക്ഷമതി–സർവവ്യാപിയായ ബുദ്ധിയോടുകൂടിയ. രാമായണം ഇതി സർവ.–രാമായണമെന്ന എല്ലാം. സവി....ചേതാഃ–ആശ്ചര്യത്തോടുകൂടിയവനായി.

സാന്തേ–ചിത്തത്തിൽ. അതിലോലൈഃ–വളരെ ചപലരായ. സാന്തേവാസിഭിഃ– തന്റെ ശിഷ്യന്മാരാൽ. അനുമോദിതനായി–ശ്ലാഘിക്കപ്പെട്ടവനായി. ആശ്രു–വേഗത്തിൽ. തപസ്വിഭിഃ–മുനികളാൽ. അധ്വനി–വഴിയിൽ. മുനിവര–അല്ലയോ മുനിശ്രേഷ്ഠ. കൗശിക–കുശികപുത്രനായുള്ളോവേ. മഹി....തിക–ശ്രേഷ്ഠമായ തപസ്സാകുന്ന വല്ലി. സുരദ്രുമം–ദേവവൃക്ഷം. മറെറാരു ഭവന .. ഭാവന–ത്രിലോകസൃഷ്ടിയിൽ ഭയന്ന ബ്രഹ്മാവിന്റെ സത്കാരം. അനു....ശശാങ്കന്നു–ശ്രേഷ്ഠമാഹാത്മ്യത്തിന്റെ ഉദയമാകുന്ന പൂർണ്ണചന്ദ്രനു്. ഉദയഗിരേ–ഉദയ

ന്നറിക നിശാചരരിന്നും വന്നാൽ
താഡനമെങ്ങൾക്കിതു കണ്ടാലും
കൊണ്ടിതു ഗണ്ഡേ പാരാശര്യനു
പാദമൊടിഞ്ഞു കണ്വാത്മജനു—
ക്കണ്ണു പൊടിഞ്ഞു കൗണ്ഡിന്യനു കു—
ഴത്തു മടിഞ്ഞു ദുർവാസാവിനു
ഗർവു മുടിഞ്ഞു ദീർഘതപാവിനു
ഗാത്രം തുടഞ്ഞു ജടിലമുനീന്ദ്രനു
ജളത പിണഞ്ഞു ജലജാസനജനു
വഞ്ചിതയായിതു പഞ്ചമഖക്രിയ
നിഷ്ഗളിതേജ്യാം നിയമിസമജ്യാം
കാക്കൽ നിഷണ്ണാം കലയവിഷണ്ണാം
പ്രാഗ്വംശേ മമ രാക്ഷസനാസ്തേ.
ഹോതാ പോംവഴി പുല്ലും മുളയാ
ഭീതോഽധ്വര്യുരുപൈതിഗുഹായാം
ഉത്കമ്പം പുനരുദ്ഗാതാവി—
ന്നഗ്നീദ്ധ്രാണാമാത്തി പൊറാതൊ—
ന്നയ്യോ പാവം! നീയേ ശരണം
വേദന ചൊല്ലാം നിശിചരനൊരുവൻ
വേദി പിളർപ്പാനിന്നലെ വന്നാൻ,
ചണ്ഡാത്മാവാം മറൊരു ദുഷ്ടൻ
ഖണ്ഡിതവാനപ്പുതിയ ചഷാലം

പർവതമായുള്ളോവേ ഭാസുരം—ശോഭിക്കുന്ന. ക്ഷത്രിയദേ...യത്തെ—ക്ഷത്രിയശരീരമാകുന്ന കഞ്ചുകത്തെ. അതിതീവ്രം—വളരെ ഉഗ്രമായി. ബ്രഹ്മണ്യാഖ്യം—ബ്രഹ്മണ്യം (ബ്രാഹ്മണത്വം) എന്ന. ഗോളക—മണ്ഡലി (സ്വരൂപം), ചാരുവിശിഷ്ടത—വളരെ ശ്രേഷ്ഠത. ലൗകികമുത്തേ—ലോകത്തിൽ ഭവിച്ച സ്വരൂപമേ. കരുണാബ്ധേ—കാരുണ്യക്കടലേ, ധരണിയിൽ—ഭൂമിയിൽ. ഉടജം—കുടിൽ(ആശ്രമം). ആത്മാരാമത—ആത്മാവിൽ വിഹരിക്കുക എന്ന അവസ്ഥ. നിശാചരർ—രാക്ഷസർ. താഡനം—അടി. ഗണ്ഡേ—കവിൾത്തടത്തിൽ. പാരാശര്യൻ—ഒരു മുനി. പാദം—കാലു്. കണ്വാത്മജൻ—കണ്വപുത്രൻ കൗണ്ഡിന്യൻ ഒരു മുനി. ദുർവാസാവു്—ഒരു മുനി. ദീർഘതപാവു്—ഒരു മുനി. ജടിലമുനീന്ദ്രനും—ജടയുള്ള മുനിശ്രേഷ്ഠനു്. ജലജാസനജനു്—നാരദനു്. പഞ്ചമഖക്രിയ—ദേവയജ്ഞം പിതൃയജ്ഞം ബ്രഹ്മയജ്ഞം ഭൂതയജ്ഞം മനുഷ്യയജ്ഞം എന്നീ അഞ്ചു യജ്ഞങ്ങളും. നിയമി...ജ്യാം—മുനികളുടെ സഭയെ. നിർഗ്ഗളിതേജ്യാം—യാഗശ്രുന്യമായി. വിഷണ്ണാം—ദുഃഖിതയായി. നിഷണ്ണാം കലയം—അധഃപതിച്ചതായി ധരിച്ചാലും. മമ പ്രാഗ്വംശേ—എന്റെ യാഗശാലയുടെ മുമ്പിൽ. ഹവിർഗൃഹത്തിന്റെ കിഴക്കവശത്തായി യജമാനനും സദസ്യർക്കും ഇരിക്കുന്നതിനു് ഉണ്ടാക്കിയ സ്ഥലമാണു് പ്രാഗ്വംശം. ആസ്തേ—ഇരിക്കുന്നു. ഹോതാ—ഹോമിക്കുന്നവൻ. അധ്വര്യു—യാഗകർമത്തിൽ ഹോതാവിനെ സഹായിക്കുന്ന പുരോഹിതൻ.

ചരണംകൊണ്ടു ചവിട്ടിയുടച്ചാ—
നരണിയുഗത്തെയുമൊരു പിശിതാശൻ,
ഹോമത്തിന്നു തുടങ്ങിയ നേരേ—
ത്താമിഷമപി ഹാ! കോ[1]പി കലർ[1]ന്നാൻ,
ഏഹി കൃപാകുല ഭാവവിശേഷം
പാഹി സമസ്തം ഭുവനമിദാനീ—''
മെന്നനുവേലം മുനികുലവരരാൽ
പ്രാർത്ഥിതനാം പൊഴുതവരിൽ മുദ്ദസ്മിത—
മാധുരി പെയ്യു ശ്രുതം വരുമെന്നു വി—
ഷാദമപാസ്യ വിഭാസുരമഹിമാ.
പലവു മനോരഥസാരത ചേന്നും
പാർക്കുംപോളിനി നിർണ്ണയമത്രേ
പാർക്കും മുന്നിനുമെത്തും ഭാഗ്യം
പെരികെക്കാലം കഴിയും മുമ്പേ
പോരായ്കുട്ട പാപി ദശാസ്യൻ
പങ്ക്തിരഥൻതൻ പുണ്യവിലാസം
പാരിലൊരുത്തനുമെത്താ നുനം.

പരചിന്മയനാമംബുജലോചന—
ഡിംഭത കാണ്മാനാകാംക്ഷീ ഞാൻ
മുഗ്ധശിഖണ്ഡകമുല്ലളദളകം
മുദ്രിതതിലകമുപസ്കൃരദളികം

ഭീതഃ—ഭയേന്നവനായി. ഗുഹായാം ഉപൈതി—ഗുഹയിൽ ചെന്നൊളിക്കുന്നു. ഉത്കമ്പം—മനസ്സിൽ സംഭ്രമം. ഉദ്ഗാതാവിന്നു് പുനഃ—ഉദ്ഗാതാവിനു് ആകട്ടെ. യാഗത്തിലെ നാലു പുരോഹിതന്മാരിൽ സാമഗാനം ചെയ്യുന്ന പുരോഹിതനാണു് ഉദ്ഗാതാവു്. ''അധ്വര്യുദ്ഗാതൃഹോതാരോ യജ്ഞസ്സാമർഗ്വിദഃ ക്രമാത്'' എന്നു് അമരം. അഗ്നീദ്ധ്രാണാം—അഗ്നിഹോത്രികൾക്കു്. ആത്തി—പീഡ. വേദി—യാഗശാലയിലെ തിണ്ണ. ചണ്ഡാത്മാവു്—ഭയങ്കരൻ. ചഷാലം—യൂപക്കുറ്റിയുടെ ചുവട്ടിലുള്ള ഇരിമ്പുവളയം. ബണ്ഡിതവാൻ—പൊട്ടിച്ചു. ചരണം—കാലു്. അരണിയുഗം—തീകടഞ്ഞെടുക്കാനുള്ള രണ്ടു മരക്കഷണം. പിശിതാശൻ—രാക്ഷസൻ. ആമിഷം അപി—മാംസത്തെയും. കഃ അപി—ഒരുത്തൻ. ഏഹി—ചെന്നാലും. കൃപാകുല....ശേഷം—കാരുണ്യംകൊണ്ടു പരവശമായ ചിത്തത്തോടുകൂടി. ഇദാനീം—ഇപ്പോൾ. സമസ്തം ഭുവനം—ലോകമെല്ലാം. പാഹി—രക്ഷിച്ചാലും. അനുവേലം—അതിമാത്രം. മുനികുല.....രാൽ—മുനിശ്രേഷ്ഠന്മാരാൽ. മുദ്ദ...ധുരി—മന്ദഹാസമാകുന്ന മാധുര്യം. വിഷാദം അപാസ്യ—ദുഃഖം വെടിഞ്ഞു്. വിഭാസുരമഹിമാ—ശ്രുതമായ മാഹാത്മ്യത്തോടുകൂടിയ. ദശാസ്യൻ—രാവണൻ. പങ്ക്തി രഥൻ—ദശരഥ[illegible]

ഡിംഭത—ബാലഭാവം ആകാംക്ഷീ—ആഗ്രഹമുള്ളവൻ. മുഗ്ധശി

1. കവന്നാൻ

മനസിജവില്ലിനു ബീജംപോലെ
മരതകരേഖാപ്രതികൃതിപോലെ
ഭുവനവിലേഖനതൂലികപോലെ
പ്രചലിതയമുനാവീചികപോലെ
ചതുരഭ്രൂലതമധരോല്ലംഘന-
ശംകാലംകൃതമംഗലഹസിതവി-
ശൃംഖലവിനയം വിശദമിണങ്ങും
കമലാന്തർദളകാന്തി കവർന്ന നി-
രായതനേത്രോപാന്തമനോഹര-
മുന്നതഘോണമുദഞ്ചിതനാണമു-
ദാരകപോലമുദിതവരചന്ദ്രവി-
ജിതവരശോഭം തിരുമുഖപദ്മം
കാണായ്വരുമിന്നന്നേ സുഖമേ
ധന്യാഃ സ്മോ വയമദ്ഭുതമത്രേ.
ചെറിയൊരു വില്ലും ചെറിയ ശരങ്ങളു-
മക്കൈരണ്ടും കാണായ്വരുമി-
ന്നുപനിഷദർത്ഥനിഗ്രഥിതേടിന
പരമരസത്തെക്കാണായ്വരുമി-
ന്നെന്നോരോന്നു നിനച്ചു രസിച്ചും
മുനികുലപെരുമാളുദഗമദയോധ്യാം.

ഖണ്ഡകം–സുന്ദരമായ കൂട്ടമയോടുകൂടിയ. മുഗ്ധശിഖണ്ഡകേത്യാദിവി ശേഷണങ്ങളും തിരുമുഖപദ്മത്തെ വിശേഷിപ്പിക്കുന്നു. ഉല്ലളദളകം–ഇളകുന്ന കുനിരയോടുകൂടിയ. മുദ്രിതതിലകം–പാറിച്ച പൊട്ടോടുകൂടിയ. ഉപ...ളികം–ശോഭിക്കുന്ന നെറ്റിയോടുകൂടിയ. മനസിജൻ–മന്മഥൻ. ബീജം–വിത്തു് (കാരണം). പ്രതികൃതി–പ്രതിബിംബം. പ്രച....ചിക–ഇളകുന്ന യമുനാനദിയിലെ തരംഗം. ചതുരഭ്രൂലതം–സുന്ദരമായ പുരികക്കൊടിയോടുകൂടിയ. അധ ...വിനയം–നീചന്മാരെ ജയിക്കുന്നതിലുള്ള ശങ്കകൊണ്ടു് അലംകൃതമായ പുഞ്ചിരിയോടു ചേർന്ന സ...വസിദ്ധമായ വണക്കത്തോടുകൂടിയ. വിശദം–സ്പഷ്ടമായി. കമലാന്തർദളം–താമരയുടെ അകത്തെ ഇതൾ. നിരാ ...ഹരം–ദീർഘമായ കണ്ണിന്റെ അറ്റംകൊണ്ടു് (കടാക്ഷവീക്ഷണംകൊണ്ടു്) മനോഹരമായ. ഉന്നതഘോണം–പൊങ്ങിയ മൂക്കോടുകൂടിയ. ഉദഞ്ചിതനാണം–സ്പഷ്ടമാക്കപ്പെട്ട അഭിമാനത്തോടുകൂടിയ. ഉദാരകപോലം–വിസ്തൃതമായ കവിൾത്തടത്തോടുകൂടിയ. ഉദിത ...ശോഭം–ഉദിക്കുക ശീലമുള്ള ചന്ദ്രനെ ജയിക്കുന്ന ശോഭയോടുകൂടിയ. വയം ധന്യാഃ സ്മഃ–നാം അനുഗൃഹീതരായി. ഉപ....ഥിത–ഉപനിഷത്തുകളുടെ താത്പര്യമാകുന്ന രഹസ്യം. പരമരസം–ബ്രഹ്മാനന്ദം. മുനികുലപെരുമാൾ–മുനിശ്രേഷ്ഠനായ വിശ്വാമിത്രൻ. അയോധ്യാം അഗമത്–അയോധ്യയിലേക്കു ചെന്നു.

വിശ്വാമിത്രൻ ദശരഥനെ സന്ദർശിക്കുന്നു. ദശരഥൻ മുനിയെ സോപചാരം സത്കരിക്കുന്നു:

നിശ്ശേഷാണാം മുനീനാം മകുടഭുവി പതിക്കും മണിക്കല്ലുപാന്തേ
വിശ്വാമിത്രോ[1]യമാസ്തേ കനകമയമഹാഗോപുരദ്വാരഭാഗേ
അച്ചോ! കർത്തവ്യമെന്തെന്നവനതി തുടരും ദ്വാഃസ്ഥവാത്താം നിശമ്യ
സച്ചിത്താത്മാ കോസലാനാം പരിവൃഢനമൃതാംഭോനിധൗ മുങ്ങിനാൻ പോൽ. 12

ഗത്വാ രണ്ടാം വിരിഞ്ചന്നൊരു കുശികസുതന്നന്തികേ ഭക്തിപൂർവ്വം
കൃത്വാ പാദപ്രണാമം ദശരഥനുചിതാതിത്ഥ്യകൃത്യപ്രണേതാ
സ്ഥിത്വാ സ്ഥിത്വാ നിജാന്തർഗൃഹമഭി വഴികാട്ടീടിനാൻ കൊണ്ടുവച്ചാൻ
മധ്യേ സിംഹാസനം തം മണിമകുടമഹശ്ശ്രുംബിതാംഘ്രിം മുനീന്ദ്രം. 13

പദ്യം 12. നിശ്ശേഷാണാം മുനീനാം—എല്ലാ മുനികളുടെയും. മകുടഭുവി പതിക്കും മണിക്കല്ലു—ശിരോലങ്കാരരത്നമായ, മുനികളിൽ ശ്രേഷ്ഠനായ എന്നർത്ഥം. അയം വിശ്വാമിത്രഃ—ഈ വിശ്വാമിത്രമുനി. ഉപാന്തേ—അടുത്തുള്ള. കനക....ഭാഗേ—സ്വർണ്ണമയമായ വലിയ ഗോപുരത്തിന്റെ വാതിലിൽ. ആസ്തേ—കാത്തുനില്ക്കുന്നു. ദ്വാഃസ്ഥവാത്താം നിശമ്യ—കാവല്ക്കാരൻ പറഞ്ഞതിനെക്കേട്ടിട്ട്. കർത്തവ്യം—ചെയ്യേണ്ടതു്. അവനതി—വണക്കം. സച്ചിത്താത്മാ—നിർമ്മലചിത്തൻ. കോസലാനാം പരിവൃഢൻ—കോസലേശ്വരനായ ദശരഥൻ. അമൃ....ധൗ—അമൃത (സന്തോഷ) സമുദ്രത്തിൽ.

പദ്യം 13. രണ്ടാം വിരിഞ്ചൻ—രണ്ടാമത്തെ ബ്രഹ്മാവു്. കുശിക സുതന്നു—വിശ്വാമിത്രന്റെ. അന്തികേ ഗത്വാ—അടുത്തു ചെന്നിട്ടു്. പാദപ്രണാമം കൃത്വാ—പാദങ്ങളെ വന്ദിച്ചിട്ടു്. ഉചി....നേതാ—യോഗ്യമായി അതിഥിസത്കാരം ചെയ്യുന്നവനായി. സ്ഥിത്വാ സ്ഥിത്വാ—വളരെ സന്തോഷിച്ചിട്ടു്. നിജാന്തർഗൃഹം അഭി—തന്റെ കൊട്ടാരത്തിന്റെ അകത്തുടെ. മധ്യേ സിംഹാസനം—സിംഹാസനത്തിന്റെ നടുക്കു്. മണി...ഘ്രിം തം മുനീന്ദ്രം—തന്റെ രത്നമയമായ കിരീടത്തിന്റെ കാന്തിയാൽ വ്യാപ്തമായ കാലുകളോടുകൂടിയ ആ മുനിശ്രേഷ്ഠനെ.

---

1. തന്മണി.

''ശ്രീമത'സാമ്രാജ്യപീഠസ്ഥലിയെ വിഫലയാ–
ക്കായ്ക, മന്നോർകിരീട–
ത്തുമുത്തേ! സൂര്യവംശത്തിനു തൊട്ടുകുറിയായ്
മിന്നുമുന്നതികീർത്തേ!
നാമഗ്രാഹം വണങ്ങും നൃവരനിവഹചൂ–
ഡാമണിശ്രേണിശാണൈ–
രാമൃജ്യന്താം പ്രഭോ! നിൻ ചരണയുഗനഖാ–
ഗ്രങ്ങളിന്നും ചിരം നാം.'' 14

ഇത്ഥം നിയുക്തോ മുനിനാ തദാനീ–
മുത്തംസയന്നഞ്ജലിമേഷ രാജാ
പൃഥ്വീതലത്രാണധുരീണവൃത്തോ
രത്നാസനസ്യോപരി സംവിവേശ. 15

അന്നേരത്തൊട്ടുനേരം നിയമികരസരോ–
ജന്മരാകേന്ദുതാനും
മന്നോർപാളീകിരീടാഞ്ചലഘടിതമഹീ–
രത്നനിഷ്പത്തിതാനും
പുണ്യാം വാണീം വിനാ തുമുറുവലൊളി തുള–
മ്മിച്ചൊരാശ്ചര്യമുച്ചൈ–
രന്യോന്യം കണ്ടുകണ്ടുപൊട്ട ബഹുമതിയും
പൂണ്ട പൂണ്ടങ്ങിരുന്നാർ. 16

പദ്യം 14. ശ്രീമ....ലിയെ–ശ്രീമത്തായ സാമ്രാജ്യത്തിന്റെ പീഠദേശത്തെ. വിഫല–നിഷ്ഫല. ഉന്നതികീർത്തേ–വർദ്ധിച്ച യശഃസ്സോടുകൂടിയുള്ളോവേ. നാമഗ്രാഹം–പേരുചൊല്ലി ധരിപ്പിച്ചുകൊണ്ട്. നൃവര....ണൈഃ–രാജസമൂഹത്തിന്റെ കിരീടത്തിലെ മണിപങ്ക്തികളാകുന്ന ഉരുകല്ലുകളാൽ. നിൻ ചര....ഗ്രങ്ങൾ–നിന്റെ രണ്ടു കാലിലേയും നഖങ്ങളുടെ അറ്റങ്ങൾ. ആമൃജ്യന്താം–ശുദ്ധീകരിക്കപ്പെട്ടവ്യം.

പദ്യം 15. തദാനീം–അപ്പോൾ. മുനിനാ–മുനിയാൽ. ഇത്ഥം നിയുക്തഃ–ഇങ്ങനെ ആശീർവാദം ചെയ്യപ്പെട്ട. പൃഥ്വീ....ത്തഃ–ഭൂമിയെ പാലിക്കുന്നതിൽ സമർത്ഥനായ. ഏഷഃ രാജാ–ഈ രാജാവ് (ദശരഥൻ). അഞ്ജലിം ഉത്തംസയൻ–കൈക്കൂപ്പിനെ ശിരോലങ്കാരമാക്കിച്ചെയ്യുകൊണ്ട്. രത്നാസനസ്യ ഉപരി–രത്നാസനത്തിന്റെ മുകളിൽ. സംവിവേശ–അമന്നു.

പദ്യം 16. നിയമി....കേന്ദുതാനും–മുനിയുടെ കരകമലസംജാതനായ പൂർണ്ണചന്ദ്രനായി വിളങ്ങുന്ന വിശ്വാമിത്രനും. 'മുനിമാരെ മറ്റു മുനിമാരുടെ 'കരകമലസംജാതരായി' വർണ്ണിക്കുന്നതു പതിവാണ്. മന്നോർ....ഷ്പത്തിതാനും–രാജാക്കന്മാരുടെ കിരീടങ്ങളുടെ അറ്റത്തിൽ പതിച്ചിരിക്കുന്ന ഭൂമിയാകുന്ന രത്നത്തിന്റെ ഉത്പത്തിയായ ദശരഥനും. പുണ്യാം വാണീം വിനാ–പരിശുദ്ധമായ വാക്കു് ഉച്ചരിക്കാതെ (മൗനമായി).

വിചകിലകലികാവിലാസമേന്തും
ദശനമയൂഖനിലാവു പെയ്തുപാന്തേ
ദശരഥനൃവരൻ വണങ്ങിനിന്ന-
ക്കുശികതനൂജനെ നോക്കി വാക്യമൂചേ. 17

ദശരഥനും വിശ്വാമിത്രനും തമ്മിൽ പ്രശംസാപൂർവം സംഭാഷണം ചെയ്യുന്നു:

''വൈശിഷ്ട്യംകൊണ്ടു മേൽ മണ്ടിന വിവിധചരി[1]-
ത്രായ മെത്തും തപസ്യാ-
വൈചിത്ര്യംകൊണ്ടു പദ്മോദ്ഭവപദവി പിണ-
ഞ്ഞോരു മാഹാത്മ്യധാമ്നേ
വൈശദ്യം ചേരുമാത്മാവിനു പരനൊടു താ-
ദാത്മ്യയോഗം നിറയ്ക്കും
തേജഃപുഞ്ജായ തുഭ്യം കുശികസുത! നമ-
സ്കുർമ്മഹേ ധർമ്മ്യമൂർത്തേ! 18

മുന്നം ഞാൻ ചെയ്ത പുണ്യോത്കരഫലപരിണാ-
മേന കാണായിതിപ്പോൾ
നിന്നംഗം, ചെറ്റിടാനീ തദനു ദുരിതവും
മീലിതം കാൺകകൊണ്ടേ,

അന്യോന്യം—തമ്മിൽ. ഉച്ചൈഃ ബഹുമതിയും പുണ്ട്—വളരെ ബഹുമാനത്തോടുകൂടി.

പദ്യം 17. വിച.....ലാസം—വള്ളിമുല്ലയുടെ മൊട്ടിന്റെ ശോഭ. ദശന...ലാവു—പല്ലുകളുടെ കാന്തിയാകുന്ന നിലാവ്. ഉപാന്തേ—അടുത്തു. വാക്യം ഊചേ-പറഞ്ഞു.

പദ്യം 18. ധർമ്യമൂർത്തേ—ധർമത്തിൽനിന്നു തെറ്റാത്ത സ്വരൂപത്തോടുകൂടിയ. കുശികസുത—അല്ലയോ വിശ്വാമിത്ര. വൈശിഷ്ട്യം—മേന്മ. വിവിധചരിത്രായ—പല വൃത്താന്തങ്ങളോടുകൂടിയ. തപസ്യാ വൈചിത്ര്യം—തപസ്സനുഷ്ഠിക്കുന്നതിന്റെ-വിചിത്രത. പദ്മോദ്ഭവ പദവി-ബ്രഹ്മാവിന്റെ സ്ഥാനം. മാഹാത്മ്യധാമ്നേ-മഹത്ത്വത്തിനു ഇരിപ്പിടമായ. വൈശദ്യം—ശുദ്ധി. പരനൊടു താദാത്മ്യയോഗം—ബ്രഹ്മസായുജ്യപ്രാപ്തി. തേജഃപുഞ്ജായ-തേജസ്സുമൂഹമായ. തുഭ്യം—അങ്ങയ്ക്കായ്ക്കൊണ്ട്. നമസ്കുർമഹേ-വണങ്ങുന്നു.

പദ്യം 19. മൗനബന്ധോ—അല്ലയോ മൗനത്തിനു ബന്ധുവായുള്ളവേ. പുണ്യോ....മേന—സുകൃതസമൂഹത്തിന്റെ ഫലത്തിന്റെ പരിണതിയായി. നിന്നംഗം—നിന്റെ ദേഹം. തദനു—പിന്നെ. ദുരിതവും മീലിതം—പാപവും നശിച്ചു. മന്യേ—ഞാൻ വിചാരിക്കുന്നു. കുശലം-

1. രിത്രായ

മന്യേ മേലിന്നി മേവുന്നതുമൊരു കുശലം
നൂന,മിജ്ജന്മഭാജാം
ധന്യം ത്രൈകാല്യസൗഖ്യം ധ്വനയതി മഹതാ-
മാഗമം മൗനബന്ധോ! 19

നന്നായീ പോന്നെഴുന്നള്ളിന തൊഴിൽ ഭഗവൻ!
മൂലമെന്തൊന്നിതിന്നെ -
ന്നെന്നാലാകർണ്ണനീയം, കചിദപി വിപിനേ
ദുഷ്ടസത്ത്വങ്ങളുണ്ടോ?
വിണ്ണോക്കെങ്ങാനുമുണ്ടോ കചിദപി ഹവിരാ-
സ്വാദവൈമുഖ്യ,മസ്മത്-
പുണ്യംകൊണ്ടോ ഹതാന്തേ പെരിയ വസുമതീ-
സംപ്രദാനാശകൊണ്ടോ?'' 20

''ജനയതി തവയി വീര! ദിശാംപതീ-
നപി ഗൃഹാങ്കണമാത്രകുടുംബിനഃ,
രിപുരിതി ശ്രുതിരേവ ന വാസ്തവീ,
പ്രതിഭയോന്നതിരസ്തു കുതസ്തു നഃ? 21

ക്ഷേമം. ഇജ്ജന്മഭാജാം—ഈ ജന്മമെടുത്തവക്ക്. മഹതാം ആഗമം—വലിയ ആളുകളുടെ വരവ്. ധന്യം—അനുഗൃഹീതമായ. ത്രൈകാല്യ സൗഖ്യം—ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങളിലും സുഖത്തെ. ധ്വനയതി—സൂചിപ്പിക്കുന്നു.

''ഹരത്യഘം സംപ്രതി ഹേതുരേഷ്യതഃ
ശ്രുഭസ്യ പൂർവാചരിതൈഃ കൃതം ശ്രുഭൈഃ
ശരീരഭാജാം ഭവദീയദർശനം
വ്യനക്തി കാലത്രിതയേഽപി യോഗ്യതാം''

എന്ന മാഘശ്ലോകത്തിന്റെ ഛായപിടിച്ചു രചിച്ചതാണ് പ്രകൃതപദ്യം.

പദ്യം 20. ആകർണ്ണനീയം—കേൾക്കണം. വിപിനേ കചിത് അപി—കാട്ടിൽ എവിടെയെങ്കിലും. ദുഷ്ടസത്ത്വങ്ങൾ—ദുഷ്ടമൃഗങ്ങൾ. ഹവി....മുഖ്യം—ഹോമദ്രവ്യങ്ങളെ ഭക്ഷിക്കുന്നതിൽ വെറുപ്പ്. അസ്മത് പുണ്യം—ഞങ്ങളുടെ സുകൃതം. ഹതാന്തേ—ഹോമാവസാനത്തിങ്കൽ. വസു....നാശ—ഭൂമിയെ നല്ലവാനുള്ള ആഗ്രഹം.

പദ്യം 21. വീര—അല്ലയോ വീര. ദിശാംപതീൻ അപി—ദിക്പാലന്മാരെപ്പോലും. ഗൃഹാങ്കണ...ബിനഃ—ഗൃഹപരിസരത്തിൽ മാത്രം കുടുംബികളായി. ജനയതി തവയി—ആക്കിത്തീർക്കുന്ന അങ്ങ് സ്ഥിതിചെയ്യുമ്പോഴും. രിപുഃ ഇതി ശ്രുതിഃ ഏവ—ശത്രുശബ്ദശ്രവണം പോലും. ന വാസ്തവീ—വാസ്തവമായുള്ളതല്ല. നഃ—ഞങ്ങൾക്ക്. പ്രതിഭയോന്നതിഃ തു—ഭയമുണ്ടാവുകയാകട്ടെ. കുതഃ അസ്തു—എവിടെനിന്നു ഭവിക്കും.

ത്രൈലോക്യാഭയലഗ്നകേന ഭവതാ
വീരേണ വിസ്മാരിത–
സ്സജ്ജീമൂതമുഹൂർത്തമണ്ഡനധനുഃ–
പാണ്ഡിത്യമാഖണ്ഡലഃ
കിഞ്ചാഭ്രമഖാർപ്പിതേന ഹവിഷാ
സംഫുല്ലമാംസോല്ലസത്–
സർവാംഗീണവലീവിലുപ്ത നയന–
വ്യൂഹഃ കഥം വർത്തതേ? 22

ത്വയ്യർദ്ധാസനഭാജി കിന്നരഗണോദ്–
ഗീതൈർ ഭവദ്വിക്രമൈ–
രന്തഃസംഭൃതമത്സരോഽപി ഭഗവാ–
നാകാരഗ്രഹ്വൗ കൃതീ
ഉന്മീലദ്ഭവദീയദക്ഷിണഭുജാ–
രോമാഞ്ചവിദ്യോച്ചലദ്–
ബാഷ്പൈരേവ വിലോചനൈരഭിനയ–
ത്യാനന്ദമാഖണ്ഡലഃ. 28

ദത്തേന്ദ്രാഭയദക്ഷിണാദ്ഭുതഭുജാ–
സംഭാരഗംഭീരയാ
ത്വദ്ധൈര്യ്യാ ശിഥിലീകൃതസ്ത്രീഭുവന–
ത്രാണായ നാരായണഃ

പദ്യം 22. ത്രൈലോ ...കേന–മൂന്നു ലോകത്തിലും അഭയത്തെ ഘടിപ്പിച്ച. വീരേണ–വീരനായ. ഭവതാ–അങ്ങയാൽ. ആഖണ്ഡലഃ–ദേവേന്ദ്രൻ. തജ്ജീമൂ....ണ്ഡിത്യം–ആ മേഘത്തിനു് അല്പനേരം അലങ്കാരമായിരിക്കുന്ന വില്ലിനോടുള്ള പരിചയം. വിസ്മാരിതഃ–വിസ്മരിക്കപ്പെട്ടിരിക്കുന്നു. കിം ച–മാത്രമല്ല. അജ....തേന–എപ്പൊഴും യാഗത്തിൽ ഹോമിക്കപ്പെട്ട. ഹവിഷാ–ഹവിസ്സിനാൽ. സംഫുല്ല ...വ്യൂഹഃ–വളർന്ന മാംസത്താൽ ശോഭിക്കുന്ന സർവശരീരത്തിലും വ്യാപിച്ച മടക്കുകളെക്കൊണ്ടു, കാണാതായ നേത്രങ്ങളോടുകൂടിയ. കഥം വർത്തതേ–എങ്ങനെ ഇരിക്കുന്നു?

പദ്യം 23. ആഖണ്ഡലഃ–ഇന്ദ്രൻ. അർദ്ധാസനഭാജി ത്വയി–പകുതി ആസനത്തിൽ അമർന്നവനായി അങ്ങു് ഇരിക്കുമ്പോൾ. കിന്ന ....തൈഃ ഭവദ്വിക്രമൈഃ–ദേവയോനിവിശേഷമായ കിന്നരസമൂഹത്താൽ ഗാനം ചെയ്യപ്പെട്ട അങ്ങയുടെ വീര്യപരാക്രമങ്ങളെക്കൊണ്ടു്. അന്തഃ സംഭൃതമത്സരഃ അപി–അകത്തു വർദ്ധിച്ച മാത്സര്യത്തോടുകൂടിയവനാണെങ്കിലും. ആകാരഗ്രഹ്വൗ–ആകാരത്തെ മറയ്ക്കുന്നതിൽ. കൃതീ–പ്രയത്നവാനായി. ഉന്മീ ...ബാഷ്പൈഃ–വിടർന്ന അങ്ങയുടെ വലത്തേക്കൈയിലെ കോരിമയിർ തുളുമ്പുണ്ടായ കണ്ണുനീരോടുകൂടിയ. വിലോചനൈഃ ഏവ–കണ്ണുകളെക്കൊണ്ടുതന്നെ. ആനന്ദം അഭിനയതി–സന്തോഷം നടിക്കുന്നു.

അന്തസ്സോഷതുഷാരസൗരഭമയ—
ശ്വാസാനിലാപൂരണ—
പ്രാണോത്തുംഗതജംഗതല്പമധുനാ
ഭദ്രേണ നിദ്രായതേ. 24

വാനോർ കാൺകേ പ്രചണ്ഡാനസുരകളെ മുടി—
ച്ചർദ്ധസിംഹാസനാന്തേ
വാണീടുമ്പോഴ മഹേന്ദ്രനൊരു ബഹുമതി ചേ—
ക്കുന്ന വിക്രാന്തിസിന്ധോ!
ത്രാണോന്മേഷം പതിന്നാലുലകിനുമിടകു—
ട്ടുന്ന നിൻ ബാഹുദണ്ഡം
കാണാമെന്നോർത്തു കൗതൂഹലവിവശതയാ
സാംപ്രതം നാം വരുന്നു. 25

അക്ഷുബ്ധാധീശനോടും കുലഗിരികളൊടും
ദന്ദശൂകേന്ദ്രനോടും
ദിക്കുംഭിശ്രേണിയോടും പരിചിതിയെ വള—
ക്കുന്ന മംഗല്യബാഹോ!
നില്പുങ്ങക്ഷിഭ്രമം കിഞ്ചന ചതുരചകോ—
രീരസജ്ഞസ്സ്യപോല്യം
തിക്കും ഭ്രാന്ത്യാ വളത്തീടുക നൃവര! യശഃ—
സ്സോമചന്ദ്രാംശുപൂരം. 26

പദ്യം 24. ദത്തേ....രയാ—ഇന്ദ്രനപോല്യം അഭയം നല്കിയ കൈക്കരുത്തിനാൽ ഗംഭീരമായ. ധൃത്യാ—അങ്ങയുടെ സ്ഥൈര്യംകൊണ്ട്. ത്രിഭുവനത്രാണായ—മൂന്നു ലോകത്തിന്റെ രക്ഷയ്ക്കായി. ശിഥിലീകൃതഃ—താത്പര്യം കുറഞ്ഞവനായ. നാരായണഃ—മഹാവിഷ്ണു. അധുനാ—ഇപ്പോഴ. അന്ത.....തല്പം—മനസ്സന്തോഷമാകുന്ന മഞ്ഞുതുള്ളിയുടെ ഗന്ധപൂർണ്ണമായ ശ്വാസവായുവിന്റെ പുത്തിയാൽ ഉണർച്ചകൂടിയ പ്രാണനോടുകൂടിയ സർപ്പമാകുന്ന കിടക്കയിൽ. ഭദ്രേണ നിദ്രായതേ—സുഖമായി ഉറങ്ങുന്നു. ലോകത്തെ രക്ഷിക്കുവാനുള്ള ചുമതല ദശരഥനിലായപ്പോഴ വിഷ്ണുവിനു സുഖമായി ഉറങ്ങുവാൻ അവസരം കിട്ടിയെന്നു സാരം.

പദ്യം 25. പ്രചണ്ഡാൻ—ഘോരന്മാരായ. ഉർദ്ധ.....ന്തേ—സിംഹാസനത്തിന്റെ പകുതിഭാഗത്തിൽ. വിക്രാന്തിസിന്ധോ—പരാക്രമത്തിനു് ഇരിപ്പിടമായുള്ളോവേ. ത്രാണോന്മേഷം—രക്ഷകൊണ്ടുള്ള ഉണർച്ച്. കൗതൂ....തയാ—ഉത്കണ്ഠാപാരവശ്യത്താൽ. സാംപ്രതം—ഇപ്പോഴം. വരുന്നു—വന്നിരിക്കുന്നു എന്നർത്ഥം.

പദ്യം 26. ക്ഷീരാധീശൻ—ക്ഷീരശ്രേഷ്ഠനായി അവതരിച്ച ഭഗവാൻ. കുലഗിരി—കുലപർവതം. ദന്ദശൂകേന്ദ്രൻ—സർപ്പരാജാവു്. ദിക്കുംഭിശ്രേണി—ദിഗ്ഗജങ്ങം. പരിചിതി—സ്നേഹം. മംഗല്യബാഹോ—മംഗല്യത്തെ ചെയ്യുന്ന കൈയോടുകൂടിയവേ. അക്ഷിഭ്രമം—ദർശനഭ്രാന്തി. കിഞ്ചന—അല്പം. ചതുരചകോരീരസജ്ഞസ്സ്യ— സമർത്ഥമായ

മന്നിൽപ്പൊന്നും മണിശ്രേണിയുമണിതുകിലും
നാടുപോലും കൊടുപ്പാ--
ന്നുന്നിദ്രന്മാർ നൃപന്മാർ പലരുളരതിലെ--
ല്ലാരുമേ നല്ലർതാനും;
പിന്നെച്ചൊല്പാം വിശേഷം, പരമനിയമിനാം
മാദൃശന്മാർക്കുവേണ്ടി—
ത്തന്നുള്ളുടി ത്യജിപ്പാനൊരു തപനകുല—
ത്തിന്നൊഴിഞ്ഞൊന്നിനാലേ?'' 27

''ത്രാസോത്കമ്പത്രിദശപരിഷ—
ന്മൗലിമാണിക്യമാലാ--
ബാലാദിത്യപ്രകരകിരണ—
സ്പോരപാദാരവിന്ദേ—
പ്രാചീമേനാം ഭുവനരചനാ—
മന്യഥാ നിർമിമാണേ
കാർപ്പണ്യോക്തീസ്സ്വയി രചിതവാ—
നന്തരായം മഹേന്ദ്രഃ.'' 28

''അംഭോജോത്ഭുതിരംഭഃപരിമിളതപയോ—
യുഷ്മദാദായ ഹന്സേ
സ്വീയാവച്ഛേദനായ ത്രിജഗതി നിഖിലാൻ
വിഷ്ടിരാൻ ബംഭ്രമീതി,

പെൺചകോരപ്പക്ഷിയുടെ നാക്കിനു്. ഭ്രാന്ത്യാ—ഭ്രമത്തോടുകൂടി. നൃവര—അല്ലയോ രാജശ്രേഷ്ഠ. യശ....പുരം—കീർത്തിസമൂഹമാകുന്ന വർധിച്ച നിലാവു്. ചകോരപക്ഷി ചന്ദ്രികാപാനം ചെയ്യുന്നതു് കവിസമയസിദ്ധമാണു്.

പദ്യം 27. ഉന്നിദ്രന്മാർ—താത്പര്യമുള്ളവർ. പരമനിയമിനാം—ശ്രേഷ്ഠരായ മുനികൾക്കു്. മാദൃശന്മാർക്കു്—എന്നെപ്പോലെയുള്ളവർക്കു്. ത്യജിപ്പാൻ—ഉപേക്ഷിക്കുവാൻ. തപനകുലം—സൂര്യവംശം. ''അപ്യസുപ്രണയിനാം രഘോഃ കുലേ ന വ്യഹന്യത കദാചിദത്ഥിതാ.'' എന്നു രഘുവംശം.

പദ്യം 28. ത്രാസോ...വിന്ദേ—ഭയംകൊണ്ടു നടുങ്ങുന്ന ദേവസംഘത്തിന്റെ മൗലിയിലെ മാണിക്യരത്നങ്ങളാകുന്ന ബാലസൂര്യന്റെ കിരണങ്ങളാൽ മനോഹരമായ പാദകമലത്തോടുകൂടിയ. തവയി—അങ്ങു്. പ്രാചീം ഭുവനരചനാം—പൂർവദിക്കിലെ ലോകനിർമിതിയെ. അന്യഥാ നിർമിമാണേ—മറ്റൊരു വിധത്തിൽ സൃഷ്ടിക്കുവാൻ ഉദ്യുക്തനായിരിക്കുമ്പോഴും. മഹേന്ദ്രഃ—ദേവേന്ദ്രൻ. കാർപണ്യോക്തീഃ—കൃപണവചനങ്ങളെ. അന്തരായം രചിതവാൻ—പ്രതിബന്ധമാക്കിച്ചെയ്തു.

പദ്യം 29. രാജസിംഹ—അല്ലയോ രാജശ്രേഷ്ഠ. തവ യശശ്ഛായയാ—അങ്ങയുടെ കീർത്തിയുടെ നിഴലുകൊണ്ടു്. ജഗതി ശ്വേതമാനേ—ഭുവനം വെളുത്തു ശോഭിക്കുമ്പോഴും. അംഭോജോദ്ഭുതിഃ—ബ്രഹ്മാവു്.

അബ്ധീനാലിഹ്യ ചക്രീ, പുരരിപുരചലാൻ
നേത്രവഹ്നിപ്രചാരൈഃ
സന്ദഹ്യ, ശ്വേതമാനേ ജഗതി തവ യശഃ—
ച്ഛായയാ രാജസിംഹ!'' 29

''കൊണ്ടാട്ടം മതിയുണ്ടു, കൗശിക!'' ''വിഭോ!
വാചാം വിദൂരസ്ഥനെ—
കൊണ്ടാടീടുവതെന്തു സന്തതസമി—
ന്ധാനം ഭവന്തം വയം'':
''ഉണ്ടാക്കേണ്ടതു ദാസനോടൊരു നിയോ—
ഗം ന്യനമെന്നോടു കൈ—
കൊണ്ടേനഞ്ജലി'',മെന്നു ഭൂപതിരഹോ
ചൊല്ലീതു രണ്ടാമതും. 30

വിശ്വാമിത്രൻ രാക്ഷസന്മാരെ നിഗ്രഹിച്ചു യാഗത്തെ രക്ഷിക്കുവാനായി രാമലക്ഷ്മണന്മാരെ കൂടെക്കൊണ്ടുപോകാൻ ദശരഥനോടു് ആവശ്യപ്പെടുന്നു:

''എങ്കിൽ കേട്ടാലുമിപ്പോഴം വചനമിതു മഹാ—
രാജ! സതുകമ്മദീക്ഷാ—
സങ്കല്പംപോലുമാമല്ലടവിയിലുടജം—
തോറുമസ്മാദൃശാനാം,

ഹസ്തേ—കൈയിൽ. അംഭഃ...യുഷം—വെള്ളംചേർത്ത പാലാകുന്ന ചാറിനെ. ആഭായ—സ്വീകരിച്ചിട്ടു്. ത്രിജഗതി—മുന്നു ലോകത്തും. നിഖിലാൻ വിഷ്വിരാൻ—എല്ലാ പക്ഷികളേയും. സ്വീയാ....നായ—തന്റേതായി അതിരു തിരിക്കുവാനായി. ബംഭ്രമീതി—ചുറ്റുന്നു. ചക്രീ—വിഷ്ണു. അബ്ധീൻ—സമുദ്രങ്ങളെ. ആലിഹ്യ—വ്യാപിച്ചിട്ടു്. പുരരിപുഃ—ശിവൻ. നേത്ര...ചാരൈഃ—കണ്ണിലെ തീ കൊളുത്തി. അചലാൻ—പർവതങ്ങളെ. സന്ദഹ്യ—ദഹിപ്പിച്ചു്. വിഷ്ണുശിവന്മാരുടെ വിഷയത്തിലും 'ബംഭ്രമീതി' എന്ന ക്രിയ ചേർത്തുകൊള്ളണം. ശ്വേതമാനേ—പ്രായാഗം ചിന്ത്യം.

പദ്യം 30. വാചാം വിദൂരസ്ഥൻ—വാക്കുകൊണ്ടെല്ലാം ദൂരത്തിലുള്ളവൻ. വാക്കുകൊണ്ടു വർണ്ണിപ്പാൻ കഴിയാത്തവൻ. സന്തതസമിന്ധാനം—എപ്പോഴും ഉണർച്ചയോടുകൂടിയ. ഭവന്തം—അങ്ങയെ. വയം—ഞങ്ങൾ. നിയോഗം—ആജ്ഞ. അഞ്ജലി—കൂപ്പുകൈ. ഭൂപതിഃ—രാജാവു്.

പദ്യം 31. സതു...ല്പം—യാഗാദിസതു്കാര്യം ചെയ്യുവാനായുള്ള ദീക്ഷയുടെ നിശ്ചയം. അടവി—കാടു്. ഉടജം—കുടിൽ. അസ്മാദൃശാനാം—എന്നെപ്പോലുള്ളവർക്കു്. കൗണപാനാം—രാക്ഷസന്മാരുടെ. സംഹൃത്യൈ—നാശത്തിനായി. തവ തനയം രാമം—അങ്ങയുടെ പുത്രൻ

1. തിലഹോ.

സംഹൃത്യൈ കൗണപാനാമരുമം തവ തനയം
നേതുകാമോ/സ്മി രാമം
നിങ്കൽ പാലാഴിതങ്കൽ പരിചിതി തുടരും
മേദിനീബാലചന്ദ്രം. 31

ഗദ്യം 3.

രാജൻ! ഭവതസ്തനയേന വിനയാഭിരാമേണ രാമേണ സൗമിത്രിമാത്രപരിജനേന ശരാസനമാത്രമിത്രേണ ക്രിയമാണക്രതുരക്ഷോ രക്ഷോദുരിതമുത്തീര്യ കൃതാവഭൃഥോ ഭവിതുമഭിലഷാമി'' ഇത്യഭ്യധാത്.

രാക്ഷസനിഗ്രഹംചെയ്യുന്ന യാഗത്തെ രക്ഷിക്കുന്ന കാര്യം താൻ നടത്താമെന്നു പറഞ്ഞു ദശരഥൻ രാമലക്ഷ്മണന്മാരെ അയയ്ക്കുന്നതിൽ വിസമ്മതിക്കുന്നു. മുനി നിർബ്ബന്ധിക്കുന്നു:

ഇത്ഥം മുനൗ വദതി പങ്ക്തിരഥന്നകാണ്ഡേ
ചിത്തം നടുങ്ങിയിതു ചെറ്റതമല്ല ചൊല്ലാം
സദ്യോ മയങ്ങി നിപപാത, സുരാരിപാളീ–
ശസ്ത്രങ്ങളേറ്റളവുമീദൃശനല്ലൊരുന്നാം. 32

ലബ്ധ്വാ സംജ്ഞാമുടനെ
ബദ്ധാഞ്ജലിമാത്തിമാനസൻ രാജാ
പ്രത്യാശയാ മുനീന്ദ്രം
പ്രത്യുചേ പുത്രവത്സലോ മേന്മേൽ. 33

നായ രാമനെ. നേതുകാമഃ അസ്മി–ഞാൻ കൊണ്ടുപോവാൻ ആഗ്രഹിക്കുന്നു. മേദിനീബാലചന്ദ്രം–ഭൂമിയിലെ ബാലചന്ദ്രനായ. പരിചിതീ–പരിചയം.

ഗദ്യം 3. രാജൻ–അല്ലയോ രാജാവേ. വിനയാഭിരാമേണ–വണക്കംകൊണ്ടു മനോഹരനായ. സൗമി.. നേന–ലക്ഷ്മണനാകുന്ന കിങ്കരനോടു മാത്രം കൂടിയ. ശരാ...ത്രേണ–ധനസ്സു മാത്രമായ സ്നേഹിതനോടുകൂടിയ. ഭവതഃ തനയേന രാമേണ–അങ്ങയുടെ മകനായ രാമനാൽ. ക്രിയമാണക്രതുരക്ഷഃ–ചെയ്യപ്പെട്ട യാഗരക്ഷയോടുകൂടിയവനായി. രക്ഷോദുരിതം ഉത്തീര്യ–രാക്ഷസന്മാരുടെ പാപകൃത്യത്തെ ലംഘിച്ച്. കൃതാവഭൃഥഃ–യാഗാവാസനകളിഞ്ഞവനായി. ഭവിതും–ഭവിക്കുവാൻ. അഭിലഷാമി–ഞാൻ ആഗ്രഹിക്കുന്നു. ഇതി അഭ്യധാത്–എന്നു (മുനി രാജാവിനോട്) പറഞ്ഞു.

പദ്യം 32. ഇത്ഥം–ഇവ്വണ്ണം. മുനൗ വദതി–വിശ്വാമിത്രമുനി പറയുമ്പോൾ പങ്ക്തിരഥന്നു–ദശരഥനു്. അകാണ്ഡേ–പെട്ടെന്നു്. സദ്യഃ–ഉടൻതന്നെ. നിപപാത പതിച്ചു. സുരാസ്ത്രങ്ങൾ–അസുരന്മാരുടെ ആയുധങ്ങൾ. ഈദൃശൻ–ഇവ്വണ്ണമുള്ളവൻ

പദ്യം 33. പുത്രവത്സലഃ–പുത്രങ്കൽ വാത്സല്യത്തോടുകൂടിയ. അസൗ രാജാ–ദശരഥൻ. സംജ്ഞാം ലബ്ധ്വാ–ബോധത്തെ പ്രാപിച്ചിട്ടു്. ആർത്തിമാൻ–പീഡിതനായി. അഞ്ജലിം ബദ്ധ്വാ–കൈകൂപ്പി.

''എന്നങ്കവാസലോലന്നിടയിലിടയിൽ മാ—
താവു നല്ലം മുലപ്പാ—
ലിന്നും മാറാത ബാലന്നിവനു സുകരമോ
രാമനേതതു പ്രമേയം?
പിന്നാലേ പോന്നസൗ ഞാനയി! തവ മഖവം
കാത്തു ശസ്ത്രങ്ങൾകൊണ്ടേ
ഭിന്നാനോടിപ്പനഗ്രേ വരികിൽ നിശിചര—
ന്മാരെ യോഗീന്ദ്രമൗലേ!'' 34

''ഓത്തീടംഭോധി കൊണ്ടൽപ്പടലിയെ നടുവേ
വച്ചു വന്മാരി പെയ്വൂ,
ഭാസ്വാൻ വിശ്വം പുലർത്തുന്നതുമരുണനെ മു—
ല്പാട്ടുദിപ്പിച്ചുതാനും,
കാത്തീടപ്രായമിപ്പാർ നൃപ! നിജമഹസാ
രാമനെക്കൊണ്ടു മംഗ—
ല്യാസ്ഥാനീമണ്ഡപാനാം തൊഴിലിതു മഹതാ—
മൂഢലോകോപകാരം.'' 35

''ഒക്കും പറഞ്ഞതു ഭവാൻ മുനിവര്യ! വംശം
മൽക്കം പരോപകാരണൈകധുരീണമല്ലോ,
രക്ഷോഗണങ്ങളെ നിഹത്യ തഥാപി രക്ഷാ—
ശിക്ഷാം വളർപ്പതിനിവന്നു ചെറുപ്പമല്ലോ.'' 36

പ്രത്യാശയാ—വീണ്ടും ആശകൊണ്ടു്. മുനീന്ദ്രം പ്രത്യുചേ—മുനിശ്രേഷ്ഠനോടു മറുപടി പറഞ്ഞു.

പദ്യം 34. യോഗീന്ദ്രമൗലേ—അല്ലയോ. മുനിശ്രേഷ്ഠാ. അങ്കാവാസലോലൻ—മടിയിലിരിക്കുന്നതിൽ തത്പരൻ. രാമനു് ഏതതു് പ്രമേയം സുകരമോ—രാമനു രാക്ഷസന്മാരെ നശിപ്പിക്കുക എന്ന കാര്യം എളുതാണോ. അസൗ ഞാൻ—ഈ ഞാൻ. പിന്നാലെ പോന്നു—അങ്ങയുടെ കൂടെ വന്നു. തവ മഖവും—അങ്ങയുടെ യാഗത്തെയും. ഭിന്നാൻ—പിളർക്കപ്പെട്ട. നിശിചരന്മാരെ—രാക്ഷസന്മാരെ. അഗ്രേ—മുമ്പിൽ.

പദ്യം 35. അഭോംധി—സമുദ്രം. കൊണ്ടൽപ്പടലിയെ—മേഘപങ്ക്തിയെ. ഭാസ്വാൻ—സൂര്യൻ വിശ്വം—ലോകത്തെ. അരുണൻ— സൂര്യന്റെ തേരാളി. മുല്പാട്—മുമ്പിൽ. നിജമഹസാ—തന്റെ പ്രതാപംകൊണ്ടു്. മംഗ...പാനാം മഹതാം—മംഗലകർമ്മങ്ങൾക്കു് ഇരിപ്പിടമായ മഹത്തുകളുടെ. ഊഢ...കാരം തൊഴിലിതു—ലോകോപകാരപ്രദമായ തൊഴിലാകുന്നു ഇതു്.

പദ്യം 36. മത്കം വംശം—എന്റെ കുലം. പരോ...രിണം—പരോപകാരം ചെയ്യുന്നതിൽ സമർത്ഥം. തഥാപി—എങ്കിലും. രക്ഷോഗണം—രാക്ഷസസമൂഹം. നിഹത്യ—കൊന്നിട്ടു്. രക്ഷാശിക്ഷാം—യാഗത്തെ രക്ഷിക്കുക എന്ന അഭ്യാസത്തെ.

''കെല്പേറീടും കൊടുങ്കാടിഹ ചെറിയൊരു ചെ-
ന്തീക്കനൽക്കട്ടയാലേ
ഭസ്മീകർത്തവ്യ, മന്ധം തിമിരമപഹര-
ത്യല്പമല്പം പ്രദീപം
അപ്പോളോർക്കും ദശായാമിഹ മഹിമവതാം
ബാല്യമെന്നില്ല, നല്ലീ-
ടിപ്പോളേ രാമചന്ദ്രം മനുകുലമകുടീ-
കോടിമാണിക്യമേ! നീ.'' 37

''അയ്യോ! ഭവാനിഹ വഴങ്ങുവതെങ്ങനേ ഞാ-
നയ്യാണ്ട പുക്ക സുകുമാരകുമാരമേനം.
വയ്യേ ബലക്ഷതിവിചക്ഷണമിക്ക്യുപാണം
പര്യാപ്തമിന്നതിനനുജ്ഞ മുനേ! തരേണം.'' 38

''അജ്ഞാനം പത്തുദിക്കിങ്കലുമൊരുസമയേ-
നൈവ ചെല്ലും മണ്ണിത്തേർ-
തന്മേലേറി പ്രചണ്ഡാസുരയുവതികചാ-
കൃഷ്ടികോലും ഗുണാബ്ധേ!
മേന്മേൽ മറ്റുള്ള പൈതങ്ങളിലൊരുവനസൗ
രാമനെന്നോർക്കൊലാ നീ
ചെമ്മേ രത്നങ്ങൾ പാർക്കും നിപുണരറിയുമോ
കൗസ്തുഭത്തിൻ പ്രഭാവം?'' 39

പദ്യം 37. ഇഹ—ഇവിടെ. ഭസ്മീകർത്തവ്യം—ഭസ്മമാക്കിത്തീർക്കണം. അന്ധം—ദൃശ്നവിഷയമല്ലാത്ത. തിമിരം അപഹരതി—ഇരുളിനെ ഇല്ലായ്മ ചെയ്യുന്നു. മഹിമവതാം—മഹത്വമുള്ളവർക്ക്. രാമചന്ദ്രം-രാമചന്ദ്രനെ. മനു ....ക്യമേ—മനുകുലശ്രേഷ്ഠനായുള്ളോവേ. മഹിമവതാം ബാല്യമെന്നില്ല:

''തേജസാം ഹി ന വയ ഃസമീക്ഷ്യതേ'' എന്നു രഘുവംശം.
''ന വയസ്തേജസാം ഹേതുഃ'' എന്നു ഭർത്തൃഹരി.

പദ്യം 38. സുകുമാരകുമാരം ഏനം—മൃദുസ്വഭാവനായ ഈ പുത്രനെ, ബല....ക്ഷണം—ദുഷ്ടന്മാരെ നിഗ്രഹിക്കുന്നതിൽ സമർത്ഥമായ. ഇക്ഷുപാ ണം—ഈ എന്റെ വാക്യം. പര്യാപ്തം—മതിയായതു്.

പദ്യം 39. അജ്ഞാനം—വാട്ടമില്ലാതെ. ഒരു സമയേന ഏവ—ഒരേ സമയത്തുതന്നെ. പ്രചകചാ....കൃഷ്ടി—ഭയങ്കരന്മാരായ അസുരന്മാരുടെ തരുണിമാരുടെ കേശാകർഷണം. ഗുണാബ്ധേ—ഗുണങ്ങൾക്കു് ഇരിപ്പിടമായു ള്ളോവേ. അസൗ രാമൻ—ഈ രാമൻ. രത്നങ്ങൾ പാർക്കും നിപുണർ—രത്നപരീക്ഷകർ. കൗസ്തുഭം—വിഷ്ണു മാർവിടത്തിൽ ധരിക്കുന്ന രത്നവിശേ ഷം. സമുദ്രമഥനത്തിൽ മറ്റു പതിന്മൂന്നു രത്നങ്ങളോടുകൂടി ലഭിച്ച രത്നം കൗസ്തുഭം. പ്രഭാവം—മാഹാത്മ്യം. നിദർശന.

''നക്തഞ്ചരാളി പരിപന്ഥികളെങ്കിലും ഞാൻ
യുദ്ധം വിധാതുമുദിതോദിതശക്തിശാലീ
വത്സൻ വരുന്ന മുനിവര്യ! തനിക്കുതാൻ പോ—
ന്നെത്തുന്ന നാളൊഴിയെ നൂനമയച്ചുകൂടാ. 40

മൗലേ! ഭൂപാലകാനാം നിശമയ രജനീ—
ചാരിണാം വൈരമായാൽ
ത്രൈലോക്യദ്വേഷി ലങ്കാപതി മുതലയായ്—
ക്കൂടുമെന്നോർക്കൊടോ നീ,
പൗലോമീകാന്തനും തത്പ്രബലത സഹിയാ—
തോന്നു; ചെറെങ്കിലും കേൾ
മേലാൽ നീയല്ല രാമഃ സ്വയമയമിനിമേൽ
പങ്ക്തികണ്ഠൻനിഹന്താ.'' 41

''ഞാനെത്ര നേൻ പുനരെത്ര കൊതിച്ചിവണ്ണം
കാണുന്നിതിച്ചെറിയവറെ മനോരഥാത്മാ
പൂണാരമേ! നിയമിനാമിത്ര കേൾക്ക തുക്കാ—
ലാണാ പൊറാ കിമപി രാമനെ വേറിരുന്നാൽ. 42

ഹാ ഹാ വർഷസഹസ്രകം മമ വയോ
ജാതം മഹാത്മൻ! മുനേ!
ദേവബ്രാഹ്മണപൂജയാ, ബഹു തപഃ—
ക്ലേശേന യുഷ്മാദൃശാം

പദ്യം 40. നക്തഞ്ചരാളി-രാക്ഷസർ. പരിപന്ഥി—വിരോധി, വിധാതും—ചെയ്യാൻ. ഉദി....ശാലീ—മേൽക്കുമേൽ വർദ്ധിക്കുന്ന ശക്തി കൊണ്ടു ശോഭിക്കുന്നവൻ. വത്സൻ—ബാലൻ. മുനിവര്യ—അല്ലയോ മുനി ശ്രേഷ്ഠ. തനിക്കു....ഴിയെ—തന്നെത്താൻ പോകാൻ ധൈര്യപ്പെടുന്നതുവരെ. നൂനം—നിശ്ചയം.

പദ്യം 41. ഭൂപാലകാനാം മൗലേ—അല്ലയോ രാജശ്രേഷ്ഠ. നിശമയ—കേട്ടാലും. രജനീചാരിണാം വൈരം—രാക്ഷസന്മാരുടെ വിരോധം. ത്രൈലോക്യദ്വേഷി ലങ്കാപതി—മൂന്നു ലോകത്തിനും അപ്രീതികരനായ ലങ്കേശൻ. മുതല-എതിർകക്ഷിയിൽ മുമ്പൻ. പൗലോമീകാന്തൻ—ഇന്ദ്രൻ. തത്പ്രബലത—അവന്റെ (രാവണന്റെ) പ്രതാപം. അയം രാമഃ—ഈ രാമൻ. സ്വയം—തന്നത്താനെ. പങ്ക്തികണ്ഠ...നിഹന്താ—രാവണന്റെ ഘാതകൻ.

പദ്യം 42. പുനഃ—പിന്നെ. മനോരഥാത്മാ—മനോരഥമയൻ. നിയമിനാം പൂണാരമേ—മുനിശ്രേഷ്ഠ. കിമപി—ഒന്നും.

പദ്യം 43. മഹാത്മൻ മുനേ—അല്ലയോ മഹാത്മാവായ മുനേ. മമ—എനിക്ക്. വയഃ—വയസ്സ്. വർഷസഹസ്രകം ജാതം—ആയിരം വർഷക്കണക്കായി കഴിഞ്ഞു. ദേവബ്രാഹ്മണ....ജയാ—ദേവന്മാരെയും ബ്രാഹ്മണരെയും പൂജിച്ചതുകൊണ്ടും. യുഷ്മാദൃശാം—നിങ്ങളെപ്പോലെയുള്ളവരുടെ

ആശീർഭിശ്ച കഥഞ്ചിദേവ ശിശവോ
ജാതാശ്ച; താൻ രക്ഷസാം
ഘോരാണാം കഥമർപ്പയാമ്യഹമഹോ
മൃത്യുപമാനാം മുഖേ.'' 43

''മീതേ മീതേ വളർപ്പാനിയലുമൊരു പരി–
ശ്രാന്തിതന്നേ ഫലിപ്പൂ
വാർതേടും പുത്രരെക്കൊണ്ടവനിപ, നുപ–
ഭോഗസ്സു നിത്യം പ്രജാനാം,
വേധാദാരഭ്യ നോവും ഭരവുമനുഭവി–
പ്പാൻ പ്രഭോ! കർണ്ണയുഗ്മം
ജാതം, പൊൽക്കുണ്ഡലംകൊണ്ടണിവു കവിളിണ–
യ്ക്കുല്ലയോ ഫുല്ലകീർത്തേ!'' 44

''ഞാൻ പോരാമെന്നു ചൊല്ലുംപൊഴതിലതു കണ–
ക്കല്ലി, തുണ്ണിക്കിടാവി–
ന്നാമ്പോലുത്തുംഗശൈലോപമനിശിചരവി–
ധ്വംസ, മെന്തിപ്രമേയം?
ഗാംഭീര്യാവാസ! പോററീ! കുശികസുത! ഭവാ–
നെന്തുപാന്തേ നമന്തം
മാം പാരം തായമിട്ടിപ്പെരികെ വിവശനാ–
ക്കുന്നിതക്കർമ്മദോഷം.'' 45

ആശീർഭിഃ ച–ആശീർവാദങ്ങൾകൊണ്ടും. ബഹുതപഃക്ലേശേന–ഏറിയ തപസ്സുചെയ്തു കഷ്ടപ്പെട്ടും. കഥഞ്ചിത് ഏവ–പ്രയാസപ്പെട്ടതന്നെ. ശിശവഃ–കുട്ടികൾ. ജാതാഃ ച–ജനിക്കുകയും ചെയ്തു. താൻ—അവരെ. മൃത്യുപമാനാം ഘോരാണാം രക്ഷസാം മുഖേ–യമസദൃശന്മാരും ഭയങ്കരന്മാരുമായ രാക്ഷസന്മാരുടെ വായിൽ. കഥം അർപ്പയാമി–ഞാൻ എങ്ങനെ സമർപ്പിക്കും. അഹോ–കഷ്ടം.

പദ്യം 44. പരിശ്രാന്തി–പരിശ്രമം. അവനിപന്—രാജാവിന്. ഉപഭോഗഃ തു—സൗഖ്യാനുഭവമാകട്ടേ. പ്രജാനാം–പ്രജകൾക്കാണ്. വേധാത് ആരഭ്യ–കാതുകുത്തുമുതല്ക്ക്. ഭരം—ഭാരം. കർണ്ണയുഗ്മം ജാതം–പെവി രണ്ടുമുണ്ടായി. അണിവു—അലങ്കാരം. ഫുല്ലകീർത്തേ–വ്യാപിച്ച കീർത്തിയോടുകൂടിയുള്ളോവേ.

പദ്യം 45. ഉത്തു . ധ്വംസം–പൊങ്ങിയ പർവ്വതംപോലെയുള്ള രാക്ഷസന്മാരെ മുടിക്കൽ. ഇപ്രമേയം–ഇക്കാര്യം. ഗാംഭീര്യാവാസ–ഗംഭീരതയ്ക്ക് ഇരിപ്പിടമായുള്ളോവേ. ഉപാന്തേ നമന്തം–സമീപത്തിൽ വണങ്ങുന്ന. മാം–എന്നെ. പാരം–അധികം. വിവശൻ–ശവ്യാകുലൻ. തായമിട്ട്–തായം കളിച്ച്, എളുതായി.

''വിശ്വം കാത്തീടുവാൻ പോന്നവനിയിലവതീ-
ർണ്ണന്നു സാക്ഷാത് പ്രധാന-
ന്നച്ഛൻ താനെന്നു കല്പിച്ചൊരു ജളക! തരു-
ന്നീലയോ നീ കുമാരം?
ഉൾച്ചേന്നില്ലാർക്കുമൊത്തൊന്നിതു പരമധനം
ഭൂപതേ! പാർത്തുകാൺ നീ,
നിശ്ശേഷാണാം ദിശാം ദ്രുഷണനുദയഗിരേ-
രുത്ഥിതം ചന്ദ്രബിംബം.'' 46

''മാന്യാത്മാവിനു യോഗിനാം തിരുമന-
ക്കാമ്പിങ്കലെന്തിങ്ങനേ
തോന്നീടുന്നതു ഗാഥിനന്ദന! ഭവാ-
നെന്നോടു വിദ്വേഷമോ?
പൂർണ്ണാത്മാവു വിഭണ്ഡകാത്മജനിവ-
ണ്ണം ചെയ്യയില്ലെന്നുമേ;
താൻ നേടാ[1]തവർ കാഞ്ചനത്തിനറിയാർ
മാറെന്നുണർത്താവതോ?'' 47

''ഇപ്പോഴം നിന്മാറെറാരുത്തർക്കറിയരുതിതു ഞാൻ
കൊണ്ടുപോവൻ, വരുത്താം
ദർപ്പം കോലുന്ന ലങ്കേശ്വരഭുജബലഭൂ-
കാരസംഹാരമെല്ലാം;
ഉത്പന്നം നിൻകുലത്തിൻ പരിഭവമനര-
ണ്യന്മരിച്ചുന്നു, നീയോ
ചൊൽപ്പൊങ്ങുന്നച്ഛനോ കേവം പകരമതിനു മു-
ത്തച്ഛനോ ചെയ്തതാർപോൽ?'' 48

പദ്യം 46. വിശ്വം—ലോകം. അവനിയിൽ—ഭൂമിയിൽ. അവതീർണ്ണൻ—അവതരിച്ചവൻ. സാക്ഷാത് പ്രധാനനു്—ഭഗവാനു്. ജളക—മൂഢ. കുമാരം—മകനെ. പരമധനം—ശ്രേഷ്ഠമായ ദ്രവ്യം. ഭൂപതേ—രാജാവേ. ഉദയഗിരേഃ—ഉദയപർവ്വതത്തിൽനിന്നു്. ഉത്ഥിതം—ഉദിച്ചു പൊങ്ങിയ. നിശ്ശേഷാണാം ദിശാം ദ്രുഷണം—എല്ലാ ദിക്കുകൾക്കും അലങ്കാരമാകുന്നു. ചന്ദ്രൻ ഉദയഗിരിയിൽനിന്നാണു് ഉദിച്ചുതെന്നുവെച്ചു് ഉദയഗിരിയുടേതു മാത്രമാകുന്നില്ലെന്നു സാരം. നിദർശന.

പദ്യം 47. യോഗിനാം മാന്യാത്മാവിനു്—യോഗികളുടെയിടയിൽ പൂജ്യനായവനു്. ഗാഥിനന്ദന—അല്ലയോ വിശ്വാമിത്ര. വിദ്വേഷം—വെറുപ്പു്. പൂർണ്ണാത്മാവു വിഭണ്ഡകാത്മജൻ-പൂർണ്ണമനസ്സുനായ ഋശ്യശൃംഗൻ. കാഞ്ചനം—സ്വർണ്ണം. അറിയാർ—അറിയില്ല.

പദ്യം 48. ദർപ്പം—അഹങ്കാരം. ലങ്കേശ്വര.....ഹാരമെല്ലാം—രാവണന്റെ കൈക്കരുത്തിലുള്ള അഹങ്കാരത്തെ സംഹരിക്കൽ. ഉത്പന്നം—

1. തേടാ.

രണ്ടുപേരും തമ്മിൽ ഇങ്ങനെ ഓരോന്നുപറഞ്ഞു പിശകിപ്പിണങ്ങുന്നു. വിശ്വാമിത്രൻ കുപിതനായി യാത്ര ചൊല്ലാതെ ഇറങ്ങിപ്പോകാൻ ഭാവിക്കുന്നു:

ഇത്ഥം പറഞ്ഞിരുവരും പിശകിപ്പിണങ്ങീ
പൃഥ്വീശനും മുനിമഹേന്ദ്രനുമാവതെല്ലാം;
എത്രയും പലർക്കുമിഹ തൻനിമിത്തമിന്ന ഭംഗ—
മെത്രയുംവിധൗ മനസി കിഞ്ചന കോപലൗല്യം. 49

''സംശ്രുത്യാഥ കഥം മയാ സഹ മൃഷാ
മധ്യേസഭം ഭാഷസേ?
ഭൂപാല! ത്വമതഃപരം രഘുപതേ!
വദ്ധ്സ്വ പുത്രൈഃ സഹ,
യാസ്യാമീ''തി തപോനിധാവതിരുഷാ
ഘോരം ബ്രുവാണേ മുനാ—
വബ്ധിദ്വീപമഹാവനാദ്രി സഹിതാ
ഭൂമിശ്ചകമ്പേതരാം. 50

പാടേ പങ്ക്തിരഥൻ പറഞ്ഞതു ചെവി—
ക്കൊണ്ടെന്നേ കൊണ്ടുപോയ്—
ക്രൂടാ രാമനെയെന്നു, കോപചടുല—
ഭ്രൂഭംഗഹുംകാരവാൻ,

ഉണ്ടായി. പരിഭവം—അപമാനം. അനരണ്യൻ-ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവു്. ദിലീപനെന്നും മുമ്പുള്ളവൻ. അദ്ദേഹത്തെ കൊന്നതു രാവണനാണു്.

പദ്യം 49. ഇത്ഥം—ഇങ്ങനെ. മുനിമഹേന്ദ്രനും പൃഥ്വീശനും ഇരുവരും—വിശ്വാമിത്രനും ദശരഥനും. ഭംഗം—തടസ്സം. മനസി—ചിത്തത്തിൽ. കിഞ്ചന കോപലൗല്യം—അല്പം കോപംകൊണ്ടുള്ള ചാപല്യം.

പദ്യം 50. രഘുപതേ ഭൂപാല—രഘുനാഥനായുള്ള രാജാവേ. മയാ സഹ സംശ്രുത്യ—എന്നോടു് പ്രതിജ്ഞ ചെയ്തിട്ടു്. അഥ—പിന്നെ. മധ്യേസഭം—സഭാമധ്യത്തിൽ. കഥം മൃഷാ ഭാഷസേ—എങ്ങനെ അസത്യം പറയുന്നു. ത്വം—നീ. അതഃപരം—മേലാൽ. പുത്രൈഃസഹവദ്ധ്സ്വ—പുത്രന്മാരോടുകൂടി ശ്രേയസ്സിനെ പ്രാപിച്ചാലും. യാസ്യാമി—ഞാൻ പോകുന്നു. കാകുവിൽ പറഞ്ഞ ഈ ആശീർവചനത്തിനു വിപരീതമായ അർത്ഥം ഗ്രാഹ്യം. ഇതി—എന്നു്. തപോനിധൗ മുനൗ—തപോനിധിയായ മഹർഷി. അതിരുഷാ ഘോരം ബ്രുവാണേ—വളരെ കോപത്തോടുകൂടി ഭയങ്കരമായി പറയുമ്പോൾ. അബ്ധി....ഹിതാ ഭൂമിഃ—സമുദ്രങ്ങളും ദ്വീപങ്ങളും കൊടുംകാടുകളും മലകളും ഇവയോടുകൂടിയ ഭൂമി. ചകമ്പേതരാം—വളരെ നടുങ്ങി.

പദ്യം 51. പങ്ക്തിരഥൻ—ദശരഥൻ. കോപചടുല....വാൻ—കോപം നിമിത്തം ഇളകുന്ന പുരികം ചുളിച്ചു ഹുങ്കാരശബ്ദം പുറപ്പെടുവിക്കുന്നു.

ആടോപേന നടന്നിതമ്മുനിവരൻ
കഷ്ടം തദാ യാത്ര ചൊ—
ല്ലീടാതെ പൃഥിവീശനോട്ട, നിഖിലം
വിശ്വം നടുങ്ങീ തദാ. 51

ക്രിയാണാം രക്ഷായൈ ദശരഥമുപസ്ഥായവിമുഖേ
മുനൗ വിശ്വാമിത്രേ ഭഗവതി ഗതേ സംപ്രതി ഗൃഹാൻ
തപോലേശക്ലേശാദുപശമിതവിഘ്നപ്രതിഭയേ
പ്രവൃത്തേ യഷ്ടും വാ, രഘുകുലകഥൈവാസ്മമയതേ. 52

അത്രപൊഴുത്തു കേട്ട വാമദേവൻ
ക്ഷിതിപതിയോടിതയോഗ്യമെന്നതന്നെ
മതിയിലറിവു ചേത്കത്തുകൊണ്ടു
പദകമലങ്ങൾ പണിഞ്ഞു ഗാഥിസൂനോഃ. 53

''കോമളാംഗമപി നല്ല രാമമയി ലക്ഷ്മ—
ണേന സഹ ഹാ! രുഷാ
ധൂമളോ ബത! കുലക്ഷയത്തെയുമിയറു—
മിമ്മുനിമഹേശ്വരൻ''

ആടോപേന—ഗർവ്വത്തോടുകൂടി. മുനിവരൻ—മുനിശ്രേഷ്ഠൻ. തദാ—അപ്പോൾ. പൃഥിവീശൻ—രാജാവു്. നിഖിലം വിശ്വം—എല്ലാ ലോകവും.

പദ്യം 52. സമ്പ്രതി—ഇപ്പോൾ. ക്രിയാണാം രക്ഷായൈ—യാഗക്രിയകളുടെ രക്ഷയ്ക്കായി. ദശരഥം ഉപസ്ഥായ—ദശരഥനെ സമീപിച്ചിട്ടു്. മുനൗ ഭഗവതി വിശ്വാമിത്രേ വിമുഖേ—മുനിയായ ഭഗവാൻ വിശ്വാമിത്രൻ നിരാശനായി. ഗൃഹാൻ ഗതേ—ഗൃഹത്തിലേക്കു ഗമിച്ചാലും. തപോ.... ശാത് ഉപ....ഭയേ യഷ്ടും പ്രവൃത്തേ വാ— അല്പം തപഃക്ലേശത്താൽ പ്രതിബന്ധഭയങ്ങളെ ശമിപ്പിച്ചുകൊണ്ടു യാഗം ചെയ്യുവാനായി പ്രവർത്തിച്ചാലും. രഘുകുലകഥാ ഏവ—രഘുരാജകുലത്തിന്റെ കാര്യംതന്നെ. [illegible]ം അയതേ—അസ്തമിക്കുന്നു. വിശ്വാമിത്രന്റെ അപ്രീതി രഘുകുലം നശിപ്പാൻ കാരണമായിത്തീരും എന്നത്ഥം.

പദ്യം 53. വാമദേവൻ—പുരോഹിതന്മാരിൽ ഒരുവൻ. ക്ഷിതിപതി—രാജാവു്. അയോഗ്യം—യോഗ്യമല്ല. രാജാവിനോടു പറിണങ്ങിപ്പോകരുതു്. അകത്തു കൊണ്ടു—അകത്തേക്കു കൂട്ടിക്കൊണ്ടുവന്നു. ഗാഥിസൂനോഃ—വിശ്വാമിത്രന്റെ.

പദ്യം 54. അയി—അല്ലയോ രാജാവേ. കോമളാംഗം അപി രാമം—സുകുമാരശരീരനായാലും രാമനെ. ലക്ഷ്മണേന സഹ—ലക്ഷ്മണനോടുകൂടി. രുഷാ—കോപം നിമിത്തം. ധൂമളഃ—ധൂമവർണ്ണനായ. മുനിമഹേശ്വരൻ—മുനിശ്രേഷ്ഠൻ. ഹാ, ബത—രണ്ടും കഷ്ടദ്യോതകനിപാതങ്ങൾ.

ദ്യുമിലോകപുരുഹൂതനോടുപദിദേശ
പങ്കതിരഥനോടുടൻ
വാമദേവവദനാംബുജോദ്ഗതവസിഷ്ഠ—
വാക്യമിതി സാദരം. 54

ദശരഥൻ രാമലക്ഷ്മണന്മാരെ വിശ്വാമിത്രനു് അർപ്പിക്കുന്നു:

''എന്നെ നീറുമഭിരാമരാമവിരഹാഗ്നി,
കോപമിയലും വിധൗ
പിന്നെ വിപ്രവരവഹ്നിരനവയവുമാശു
നീറു''മിതി നീതിമാൻ
നിർണ്ണയിച്ചഥ ഗുരോർഗിരാ സപദി ഖിന്ന—
ഭാവവുമകറിയ—
മ്മന്നവൻ മഹിമവാനു കൗശികനു രാമ-
ചന്ദ്രനെ വിതീർണ്ണവാൻ. 55

''ഏഹി, ദേഹി കരുണാവലോകനം;
പാഹി നഃ കുല''മിതി പ്രസന്നധീഃ
ആനനാമ ചരണാംബുജേ മുനേ
രാമലക്ഷ്മണസഹായവാൻ നൃപഃ. 56

ചന്ദ്രനോടുപമചേന്ന രാമനെ നിരീക്ഷ്യ
കൗശികനു മാനസം
ചന്ദ്രകാന്തമണിയായ് ചമഞ്ഞിതു, ചകോര-
മായിതു വിലോചനം,

ദ്യു...നോടു—ദ്യുലോകത്തിലെ ഇന്ദ്രനായ. വാമ...വാക്യം—വാമദേവന്റെ മുഖകമലത്തിലൂടെ വന്ന വസിഷ്ഠന്റെ വചനം. ഇതി—ഇവ്വണ്ണം. സാദരം—ആദരവോടുകൂടി.

പദ്യം 55. അഭി...ഗ്നി—മനോഹരനായ. രാമന്റെ വിയോഗമാകുന്ന അഗ്നി. കോപവിയലും വിധൗ—കുപിതനായിത്തീർന്നാൽ. വിപ്രവരവഹ്നിഃ—ബ്രാഹ്മണശ്രേഷ്ഠനാകുന്ന അഗ്നി. ആശു—വേഗത്തിൽ. അനവയവും—(എന്റെ)കുലത്തെത്തന്നെ. ഇതി—എന്നു്. അഥ—പിന്നെ. ഗുരോഃ ഗിരാ—ഗുരുവിന്റെ വാക്കനുസരിച്ചു്. സപദി—ഉടൻ. ഖിന്നഭാവം—ദുഃഖഭാവം. മഹിമവാൻ—മഹത്ത്വമുള്ളവൻ. വിതീർണ്ണവാൻ—നല്കി.

പദ്യം 56. ഏഹി—വന്നാലും. കരുണാവലോകനം ദേഹി—കൃപയോടെ വീക്ഷിച്ചാലും. നഃ കുലം പാഹി—ഞങ്ങളുടെ വംശത്തെ രക്ഷിച്ചാലും. ഇതി—എന്നു്. പ്രസന്നധീഃ—തെളിഞ്ഞ ചിത്തത്തോടുകൂടിയവനായി. രാമലക്ഷ്മണ...വാൻ നൃപഃ—രാമലക്ഷ്മണന്മാരോടുകൂടിയ ദശരഥരാജാവു്. മുനേഃ ചരണാംബുജേ ആനനാമ—മഹർഷിയുടെ പദകമലത്തിൽ നമിച്ചു.

പദ്യം 57. ചന്ദ്രനോടുപമ—ചന്ദ്രനോടുസാമ്യം. നിരീക്ഷ്യ—കണ്ടിട്ടു്. ചകോരം—ഉപ്പൻ. വിലോചനം—നേത്രം. കുമുഹലം—കൗതുകം. കുമുദം—

എന്തു ചൊൽവതു കുതൂഹലം കുമുദമായ് ച--
മഞ്ഞിതു, പയോധിതൻ—
ബന്ധുവായിതു മനോരഥങ്ങൾ, തിരയായി
മോദഭരമഞ്ജസാ. 57

രാമൻ ലക്ഷ്മണനോടുകൂടി മുനിയെ നമസ്കരിക്കുന്നു:

''വിശ്വസർഗ്ഗാന്തരാപൂർവ്വ-
ധാത്രേ കാരുണ്യമൂർത്തയേ
ബ്രഹ്മക്ഷത്രമഹോധാമ്നേ
നമസ്തേ ഗാധിനന്ദന!'' 58

ഇതി ഭക്തിമതീം ഗിരം ബ്രുവാണഃ
സ്മിതമാധുര്യതരംഗിതാസ്യചന്ദ്രഃ
സഹസാ സഹ സോദരേണ തസ്മൈ
മഹസാം ശേവധയേ നനാമ രാമഃ. 59

ഭക്ത്യാ നമന്തം സമുപേത്യ ദോർഭ്യാ-
മുത്ഥാപ്യ രാമം മുനിസാർവഭൗമഃ
ആമോദഭാരാദുപഗ്രഹ്യ സദ്യോ
രോമാഞ്ചിതോ മൂർദ്ധനി സഞ്ജുചുംബേ. 60

ആമ്പൽ. പയോധി—കടൽ. മോദഭരം—സന്തോഷാധിക്യം. അഞ്ജസാ—പെട്ടെന്ന്.

പദ്യം 58. ഗാധിനന്ദന—അല്ലയോ വിശ്വാമിത്ര. വിശ്വ..... ധാത്രേ—മറ്റൊരു ലോകം (ത്രിശങ്കുസ്വർഗ്ഗം) സൃഷ്ടിച്ച അസാധാരണബ്രഹ്മാവായ. കാരുണ്യമൂർത്തയേ—കൃപാസ്വരൂപനായ. ബ്രഹ്മ...ധാമ്നേ—ബ്രാഹ്മണക്ഷത്രിയതേജസ്സുകൾക്ക് ഇരിപ്പിടമായ. തേ നമഃ—അങ്ങയ്ക്കു നമസ്കാരം.

പദ്യം 59. ഇതി—ഇപ്രകാരം. ഭക്തിമതീം ഗിരം ബ്രുവാണഃ—ഭക്തിഗർഭമായ വാക്കിനെ പറയുന്നവനായ. സ്മിത...ചന്ദ്രഃ—ചിരിയുടെ മാധുര്യം തിരതല്ലുന്ന മുഖമാകുന്ന ചന്ദ്രനോട് കൂടിയ. രാമഃ—രാമൻ. സോദരേണ. സഹ—സഹോദരനോട് (ലക്ഷ്മണനോട്)കൂടി. സഹസാ—ഉടൻ. മഹസാം ശേവധയേ തസ്മൈ നനാമ—തേജോനിധിയായ മഹർഷിയെ വന്ദിച്ചു. ''നിധിർനാ ശേവധിഃ'' എന്ന് അമരം.

പദ്യം 60. മുനി...ഭൗമഃ—മുനിശ്രേഷ്ഠൻ. ഭക്ത്യാ—ഭക്തിയോടുകൂടി. നമന്തം—വണങ്ങുന്ന. രാമം സമുപേത്യ—രാമനെ പ്രാപിച്ചിട്ട്. ദോർഭ്യാം ഉത്ഥാപ്യ—കൈകൾകൊണ്ട് പൊക്കിയെടുത്ത്. ആമോദഭാരാത് ഉപഗ്രഹ്യ—സന്തോഷാധിക്യത്താൽ ആലിംഗനം ചെയ്ത്. സദ്യഃ രോമാഞ്ചിതഃ—ഉടൻ കോരിത്തരിച്ചവനായി. മൂർദ്ധനി—ശിരസ്സിൽ. സഞ്ജുചുംബേ—ചുംബിച്ചു.

ഗദ്യം 4

(ദണ്ഡകം)

തദനു മനുകുലാലംക്രിയാരത്നദീപാംകുരം നൽപ്രസാദം പുലമ്പീടമാലോകനംകൊണ്ടു [1]രാജ്ഞാ സമാജ്ഞാപിതോ മാതൃലോകേന ഗ്രുഡ്ഢാതിശോകേന ഗാഢം പരീരഭ്യ മന്ദം വിസൃഷ്ടോ വിശിഷ്ടാനുഭാവ[2]ത്രിലോകീവരിഷ്ഠം വസിഷ്ഠം നമസ്കൃത്യ പാർവെല്ലമുജ്ജസ്വി പോർവില്ലുമമ്പും കരേ ധാരയൻ വാരുലാവും മഹാലക്ഷ്മണോല്ലാസിനാ ലക്ഷ്മണേനാനുഗതോ നീളെ വാദിത്രഘോഷങ്ങളും മേളിക്കയും രാജമാർഗ്ഗങ്ങളിൽ പട്ടുപാവാട മുക്താവിതാനങ്ങളും പൊന്നിൻപറക്കൊപ്പു മംഗല്യദീപങ്ങളെന്നിത്തരം വയ്ക്കയും തോരണശ്രേണി പൊന്നിൻകൊടിക്കൂറ ചേർന്നന്തരം കേതുദണ്ഡോതുകരം പാട്ടുപാടേ നിവർന്നേന്നുവേണ്ടോ ജയാശീർവചോമംഗലപ്രക്രിയാബന്ധുരേ ചന്തമേറും പുരാഭ്യന്തരേ വിശ്വസ്രഷ്ടാന്തരാപൂർവശില്പപ്രഭോർ മേദുരാനന്ദ[3]കാരുണ്യവാത്സല്യകല്ലോലിതസ്വാത്മനോ വാച്ചലാവീടുമാശ്ചര്യവാരാന്നിധേർ ഗാഥിപുത്രസ്യ പാർശ്വം പ്രമോദാഭിരാമാനനേന്ദുഃ സ രാമഃ സ മാസേദിവാൻ.

ഗദ്യം 4. തദനു—അതിൽപിന്നെ. മനു....പാംകുരം—മനുവംശത്തെ അലങ്കരിക്കുന്ന രത്നദീപങ്ങളുടെ (രാജശ്രേഷ്ഠന്മാരുടെ) ചെറിയ ഒളിയായ. ആലോകനം—നോട്ടം. രാജ്ഞാ സമാജ്ഞാപിതഃ—രാജ്ഞാവിനാൽ ആജ്ഞാപിക്കപ്പെട്ടവനായി. ഗ്രുഡ്ഢാ .. കേന— അകത്തു വളരെ ദുഃഖിക്കുന്ന. മാതൃലോകേന—മാതാക്കളാൽ. ഗാഢം പരീരഭ്യ മന്ദം വിസൃഷ്ടഃ—മുറുകെ ആലിംഗനം ചെയ്തു പതുക്കെ വിടപ്പെട്ടവനായ. വിശിഷ്ടാനുഭാവ..രിഷ്ഠം—വിശിഷ്ടമായ മാഹാത്മ്യംകൊണ്ടു മുന്നു ലോകത്തിലും ശ്രേഷ്ഠനായ. വസിഷ്ഠം നമസ്കൃത്യ—വസിഷ്ഠനെ വന്ദിച്ചിട്ടു. ഊർജസ്വി—ശക്തിയേറിയ. കരേ ധാരയൻ—കൈയിൽ ധരിച്ചുകൊണ്ടു. മഹാ... സിനാ—ശുഭമായ ശരീരലക്ഷണങ്ങളോടു ശോഭിക്കുന്ന. ലക്ഷ്മണേന അനുഗതഃ—ലക്ഷ്മണനേടുകൂടിയവനായി. വാദിത്രഘോഷങ്ങളും—വാദ്യമേളങ്ങളും. മുക്താവിതാനങ്ങളും-മുത്തുകളെക്കൊണ്ടുള്ള മേല്ക്കെട്ടികളും. ഉന്നതം—പൊങ്ങിയ. കേതു....രം—കൊടിമരങ്ങളും. ജയാശീർവചോ...സ്ഥരേ—ജയ എന്ന ആശീർവചനഘോഷത്താൽ സുന്ദരമായ. പുരാഭ്യന്തരേ—നഗരത്തിനകത്തു. വിശ്വ....ഭോഃ—മറെറാരു ലോകത്തെ സൃഷ്ടിക്കുന്നതിൽ അസാധാരണശില്പിശ്രേഷ്ഠനായ. മേദു.....ത്മനഃ—വർദ്ധിച്ച ആനന്ദവും. കാരുണ്യവും വാത്സല്യവും തിരതല്ലുന്ന ചിത്തവൃത്തിയോടുകൂടിയ. ആശ്ചര്യ....ധേഃ—ആശ്ചര്യങ്ങൾക്കു ഇരിപ്പിടമായ. ഗാഥിപുത്രസ്യ പാർശ്വം—വിശ്വാമിത്രന്റെ സമീപത്തെ. പ്രമോദാഭിരാമാനനേന്ദുഃ—സന്തോഷത്താൽ മനോഹരമായ മുഖചന്ദ്രനോടുകൂടിയ. സ രാമഃ—ആ രാമൻ. സമാസേദിവാൻ—പ്രാപിച്ചു.

1. രാജൻസ, രാമൻസ. 2. വസ്രീലോ. 3. നന്തകാ.

സന്തുഷ്ടനായ വിശ്വാമിത്രൻ രാമലക്ഷ്മണന്മാരോടുകൂടി യാത്ര തുടങ്ങുന്നു:

ലബ്ധ്വാ ശ്രീരാമചന്ദ്രം കഥമപി സഹ സൗ-
മിത്രിണാ ഗാധിജന്മാ
നിസ്സന്ദ്രാനന്ദപാഥോധിയിൽ മുഴകി മദി-
ക്കും മനസ്സാരശാലീ
മെത്തീടും മംഗലാശീർവിതതിഭിരനുഗ്ര-
ഹ്യാസ്ഥയാ യാത്ര ചൊല്ലി
സ്വസ്ഥാത്മാ സംപ്രതസ്ഥേ സപദി പുരവരാത്
സാധുവാദാഭിരാമാത്. 61

ധന്യശ്രീ വില്ലുമമ്പും കരതളിരിലെടു-
ത്തഞ്ജസാ കൗശികൻതൻ
പിന്നാലേ രാമചന്ദ്രൻ നിജസഹജനൊടൊ-
ന്നിച്ചു പോകും ദശായാം
ഖിന്നത്വം മൂടി നിന്നന്നിഖിലപുരജനം
തത്ര കണ്ണെത്തുവോളം
മുന്നിൽക്കണ്ടാസ്വദിച്ചു സുമധുരസുഷമാ-
കേളിരംഗം തദംഗം. 62

പദ്യം 61. ഗാധിജന്മാ—വിശ്വാമിത്രൻ. സൗമിത്രിണാ സഹ—ലക്ഷ്മണനോടുകൂടി. കഥമപി—ഒരുവിധത്തിൽ. ശ്രീരാമചന്ദ്രം ലബ്ധ്വാ—ശ്രീരാമനെ ലഭിച്ചിട്ട്. നിസ്സ....ഥോധിയിൽ—വർധിച്ച ആനന്ദമാകുന്ന സമുദ്രത്തിൽ. മദിക്കും—സന്തോഷിക്കുന്ന. മനസ്സാരശാലീ—ചിത്തവിസ്താരത്താൽ ശോഭിക്കുന്നവനായി. ''ചിത്താഭോഗോ മനസ്സാരഃ'' എന്നു" അമരം. മംഗലാശീർവിതതിഭിഃ—മംഗളാശീർവചനപരമ്പരകളാൽ. അനുഗ്രഹ്യ—അനുഗ്രഹിച്ചിട്ട്". സ്വസ്ഥാത്മാ—സമാധാനചിത്തനായി. സപദി—ഉടൻതന്നെ. സാധുവാദാഭിരാമാത്—നന്നുനന്ന് എന്ന വചനത്താൽ മനോഹരമായ. പുരവരാൽ—ശ്രേഷ്ഠമായ അയോധ്യാനഗരത്തിൽ നിന്നു. സംപ്രതസ്ഥേ—പുറപ്പെട്ടു.

പദ്യം 62. ധന്യശ്രീ—അനുഗൃഹീതമായ അഴകോടുകൂടിയ. അഞ്ജസാ—ഉടൻ. സഹജൻ—സോദരൻ. പോകുംദശായാം—പോകുമ്പോൾ. ഖിന്നത്വം—ദുഃഖഭാവം. നിഖിലപുരജനം—നഗരത്തിലെ എല്ലാ ജനവും. തത്ര—അവിടെ. സുമധു....ഗം—വളരെ മധുരമായ കാന്തിക്കു വിഹാരസ്ഥാനമായ. തദംഗം—അവന്റെ ശരീരത്തെ. ആസ്വദിച്ചു—അനുഭവിച്ചു സന്തോഷിച്ചു.

കാട്ടിൽ യാത്ര ചെയ്യുമ്പോഴും വിശപ്പുകൊണ്ടു വിവശരായ രാമലക്ഷ്മണന്മാർക്കു വിശ്വാമിത്രൻ ബല അതിബല എന്നീ മന്ത്രങ്ങളെ ഉപദേശിച്ചു് അവരുടെ വിവശതയെ അകറ്റുന്നു.

മന്ദം മന്ദമമന്ദകൗതുകവശാൽ
പോകുന്നനേരം ക്ഷുധാ
സന്തപ്തൗ രഘുനന്ദനൗ പരവശൗ
ദൃഷ്ട്വാ മുനിഗ്രാമണീഃ
കൃന്നിക്കും കൃപയാ ബലാമതിബലാം
തത്രോപദിശ്യ സ്വയം
ഖിന്നത്വം ബത! തീർത്തുപാത്തമഹിമാ
ഭൂയഃ പ്രതസ്ഥേ വനം. 63

വഴിയിൽ രാക്ഷസിയുടെ ഉപദ്രവമുള്ളതിനാൽ സൂക്ഷിച്ചു യാത്രചെയ്യണമെന്നു വിശ്വാമിത്രൻ പറഞ്ഞപ്പോഴും ലക്ഷ്മണൻ ഞാണൊലി മുഴക്കുന്നു.

''അമുഷ്മിൻ കാന്താരേ വിവൃതവദനാ ദുർപഥഗതാൻ
സമസ്താൻ സത്ത്വൗഘാൻ കബളയതി കാചിന്നിശിചരീ
ഗമിക്കേണം മെല്ലെന്നി''തി മുനി ഭിയാ ചൊന്ന സമയേ
സുമിത്രാപുത്രോ'യം പ്രസഭമൊരു വിസ്ഫാരമകരോത്. 64

ഞാണൊലി കേട്ടു കുപിതയായ താടകയുടെ പുറപ്പാടു്—

വത്സജ്യാനിനദം നിശമ്യ നിതരാം
സുപ്താ സുകേതോഃ സുതാ
ബുദ്ധ്വാ ബുദ്ധിമതീ ''കിമേതദിതി മേ
ഘോരേ വനേ ശ്രൂയതേ''

പദ്യം 63. മന്ദം മന്ദം—പതുക്കെപ്പതുക്കെ. അമന്ദ.....ശാത്—അധികമായ കുതൂഹലത്തോടുകൂടി. ക്ഷുധാ സന്തപ്തൗ—വിശപ്പുകൊണ്ടു പീഡിതരായ. പരവശൗ—വ്യാകുലരായ. രഘുനന്ദനൗ—രാമലക്ഷ്മണന്മാരെ. ദൃഷ്ട്വാ—കണ്ടിട്ടു്. ഉപാത്തമഹിമാ മുനിഗ്രാമണീഃ—മാഹാത്മ്യമേറിയ മുനിശ്രേഷ്ഠൻ. കൃന്നിക്കും കൃപയാ—വർദ്ധിച്ച കാരുണ്യത്താൽ. തത്ര—അവിടെ. ബലാം അതിബലാം ഉപദിശ്യ—ബല അതിബല എന്നീ മന്ത്രങ്ങളെ (രാമലക്ഷ്മണന്മാർക്കു്) ഉപദേശിച്ചിട്ടു്. ഖിന്നത്വം—(അവരുടെ) പീഡയെ. ഭൂയഃ വനം പ്രതസ്ഥേ—വീണ്ടും കാട്ടിൽ യാത്രയായി.

പദ്യം 64. അമുഷ്മിൻ കാന്താരേ—ഈ കാട്ടിൽ. വിവൃതവദനാ—വാ പിളർന്നവളായ. കാചിത് നിശിചരീ—ഒരു രക്ഷസി. ദുർപഥഗതാൻ സമസ്താൻ സത്ത്വൗഘാൻ കബളയതി—കണ്ണിൽപ്പെട്ട എല്ലാ പ്രാണികളേയും വിഴുങ്ങുന്നു. ഇതി—എന്നു്. ഭിയാ—ഭയത്തോടുകൂടി. മുനി ചൊന്ന സമയേ—മുനി പറഞ്ഞപ്പോഴും. അയം സുമിത്രാപുത്രഃ—ഈ ലക്ഷ്മണൻ. പ്രസഭം—വേഗത്തിൽ. വിസ്ഫാരം അകരോൽ—ഞാണൊലിയെ ജനിപ്പിച്ചു.

ഇത്ഥം ക്രോധവശാദതീവ വികൃതാ–
കാരാനനാ താടകാ
ഗർജ്ജന്തീ ഗഗനസ്പൃശാ കടുതര–
ധ്വാനേന ശീഘ്രോത്ഥിതാ. 65

ജ്യാനിനാദമഭിഗൃഹ്ണതീ തയോഃ
പ്രാദുരാസ ബഹ്വലക്ഷപാപ്ലുവിഃ
താടകാ ചലകപാലകുണ്ഡലാ
കാളികേവ നിബിഡാ വലാകിനീ. 66

താടകയുടെ വരവിൽ ഭയന്ന വിശ്വാമിത്രന്റെ വചനം:

അക്കാന്താരാധ്വയാത്രാവിധിയിൽ നടുവിൽനി–
ന്നുത്ഥിതം കേട്ടകാണ്ഡാ–
ദഗ്രം കോലാഹലം കഞ്ചന കുശികസുത–
ന്നന്തരാത്മാ നടുങ്ങീ

പദ്യം 65. സുകേതോഃ സുതാ–സുകേതുവെന്ന രാക്ഷസന്റെ പുത്രി യായ. സുപ്താ–ഉറങ്ങിയവളായ. ബുദ്ധിമതീ–സമർത്ഥയായ. താടകാ– താടകയെന്ന രാക്ഷസി (മാരീചന്റെ അമ്മ). വത്സജ്യാനിനദം നിശമ്യ –ലക്ഷ്മണന്റെ ഞാണൊലിയെ കേട്ടിട്ട്. ബുദ്ധ്വാ–ഉണർന്നിട്ട്. ഘോരേ –ഭയങ്കരമായ. മേ വനേ–എന്റെ കാട്ടിൽ. ഇതി കിം ഏതത് ശ്രൂയ തേ–ഇങ്ങനെ കേൾക്കുന്നതു് എന്തോന്നാണു്. ഇത്ഥം–എന്നിങ്ങനെ. നിതരാം ക്രോധവശാത –അധികമായ കോപം നിമിത്തം. അതീവ വികൃതാകാരാനനാ–വളരെ വിരൂപാകൃതിയായ മുഖത്തോടുകൂടിയവളായി. ഗഗനസ്പൃശാ കടുതരധ്വനേന ഗർജ്ജന്തീ–ആകാശത്തു് അലയ്ക്കുന്ന കഠിന ശബ്ദത്തോടെ ഗർജ്ജിക്കുന്നവളായി. ശീഘ്രോത്ഥിതാ–വേഗത്തിൽ എഴു ന്നേറ്റു.

പദ്യം 66. ജ്യാനിനാദം അഭിഗൃഹ്ണതീ–ഞാണൊലിയെ നേ രിട്ടു ഗ്രഹിക്കുന്നവളായി. ബഹ്വല....വിഃ–കൃഷ്ണപക്ഷരാത്രിയുടെ നിറം പൂണ്ടവളായി. ''ബഹ്വലഃ കൃഷ്ണപക്ഷേ ച'' എന്നു വിശ്വം. ചല.... ണ്ഡലാ–കപാലമാലയാകുന്ന കുണ്ഡലമിളക്കിക്കൊണ്ടു്. വലാകിനീ –വലാകാപക്ഷികളോടുകൂടിയ. നിബിഡാ കാളികാ ഇവ–തിങ്ങിയ മേഘപങ്ക്തിപോലെയിരിക്കുന്നവളായ. താടകാ തയോഃ പ്രാദുരാസ –താടക അവരുടെ (മുമ്പിൽ) പ്രാദുർഭവിച്ചു. മേഘം പൊങ്ങുമ്പോഴും വെള്ളിൽപ്പക്ഷികളും ആകാശത്തിൽ സഞ്ചരിക്കും (ഗർഭം ധരിക്കുകയും ചെയ്യും) എന്നു കവിസങ്കേതം. ഇവിടെ കപാലകുണ്ഡലങ്ങളും ബലാ കാപക്ഷികളുടെ സ്ഥാനത്തിൽ.

പദ്യം 67. അക്കാന്താ....വിധിയിൽ–ആ കാട്ടിൽകൂടിയുള്ള വഴി യാത്രയിൽ. ഉത്ഥിതം–പൊങ്ങിയ. അകാണ്ഡോദഗ്രം–ഓർക്കാത്തതും ഘോരവുമായ. കഞ്ചന കോലാഹലം–ഒരു കളകളത്തെ. കുശികസുതനു്– വിശ്വാമിത്രനു്. അന്തരാത്മാ–ഉള്ളു്. നീത്യാ–ന്യായമായി. താട

നീത്യാ പാഴ്ത്താടകായാ വരവിതു ദൃഢമെ—
ന്നോത്തസൗ സംഭ്രമം പൂ—
ണ്ടാത്ത്യാ ശ്രീരാമനോടദ്ഭുതനിധിയൊട്ടു ചിൽ—
ക്കാതലോടേവമുചേ. 67

ഗദ്യം 5

''മനുകുലതിലക! മനോഹര! രാഘവ!
താടക പോന്നു വരുന്നുണ്ടിപ്പോ—
ളോടി വരുന്നിതു നിർണ്ണയമത്രെ.
കോടിയുഗാന്തിമവാത്യാഭീഷണ-
വിവലനദശയിൽക്കാൺക മരങ്ങളെ പ—
റിഞ്ഞു മുറിഞ്ഞും ഭൂതലി മുറിഞ്ഞും
പൊടി ധൂളം പോന്നുപരി നിറഞ്ഞും
കമ്പിതമയ്യോ! ഗിരിമുകളപോലും;
മുൻപിലതല്ലോ കേസരികാസര—
കംഭിവ്യാഘ്രവരാഹമൃഗാദ്യം
വനചരജന്തുകദംബമനേകമ—
കമ്പടിപോലേ ചൂഴുമഴൽപ്പെ—
ട്ടലറിവരുന്നു കാണുക വീര!
വില്ലെട്ട വീര! വിലോകയ പുരതോ
ലക്ഷ്മണ! വിക്രമവീര്യവിചക്ഷണ-
താദിഗുണാകര! ശൂര! ഗൃഹാണ കൃ—
പാണം വില്ലു കുലച്ചതു നൽകുക
രാമനു, കാണായ് രാക്ഷസിതന്നേ,
ജന്തുസമൂഹാനന്തരിയാതേ
തച്ചം കൊന്നും പച്ചേ തിന്നും

കായാഃ—താടകയുടെ. ദൃഢം—നിശ്ചയം. അസൗ—ഈ മുനി. ആത്ത്യാ—പീഡയോട്ടകൂടി. അദ്ഭുതനിധി—ആശ്ചര്യത്തിനു് ഇരിപ്പിടം. ചിത്—കാതൽ—ജ്ഞാനമയതത്ത്വം. ഏവം—ഇപ്രകാരം. ഊചേ—പറഞ്ഞു.

ഗദ്യം 5. മനുകുലതിലക—മനുവംശത്തിനു് അലങ്കാരമായുള്ളോവേ. കോടി....ശയിൽ—അനേകം യുഗങ്ങളം ഒന്നിച്ചു് അവസാനിക്കുമ്പോഴത്തെ പ്രളയക്കൊട്ടുകാറുപോലെ ഭയങ്കരമായി ഇളകുമ്പോഴം. ജഗതി—ലിനത്തു്. ഉപരി—മീതേ. കമ്പിതം—ഇളക്കപ്പെട്ടതു്. ഗിരി—മല. കേസരി—സിംഹം. കാസരം—കാട്ടുപോത്തു്. കുംഭി—ആന. വ്യാഘ്രം—കടുവാ. വരാഹം—പന്നി. വന....ദംബം—കാട്ടുജന്തുക്കളം. വിലോകയ—കണ്ടാലും. പുരതഃ—മുമ്പിൽ. വിക്രമ....കര—പരാക്രമം വീര്യം സാമത്ഥ്യം മുതലായ ഗുണങ്ങൾക്കു് ഇരിപ്പിടമായുള്ളോവേ. കൃപാണം ഗൃഹാണ—വാളം എടുത്താലും. ജന്തുസമൂഹാൻ—പ്രാണിജാലങ്ങളെ. അന്തരിയാതേ—ഇടമുറിയാതെ.

നിർമ്മ....താരാ—കഴിഞ്ഞ കണ്ണുകളുടെ അകത്തു ചുറ്റുന്ന നരച്ച ഭയങ്കരമായ കൃഷ്ണമണിയോടുകൂടിയ. ന്തോ....ഥിതം—പല്ലുകളുടെ ഇടയിൽ കുടുങ്ങിയ. നഖാ....സ്ഥിം—നഖങ്ങളും അസ്ഥി എന്നിവയെ. അവിരതം—എപ്പോഴും. ജിഹ്വയാ ഘട്ടയന്തീ—നാക്കുകൊണ്ടു് ഇളക്കിക്കൊണ്ടിരിക്കുന്ന. വ്യാത്ത....ജരേ—പിളർത്തിയ വായിൽ കത്തുന്ന തീനാളംകൊണ്ടു ശിഥിലമായ. ധ്വാന്തേ അപി—ഇരുട്ടിലും. വ്യക്തകർമ്മാ—സ്പഷ്ടമായ പ്രവൃത്തിയോടുകൂടിയ. ദിവം ഗൃധ്രരൗദ്രീം നിർമ്മാന്തീ—ആകാശത്തെ കഴുകന്മാരെക്കൊണ്ടു ഭയങ്കരമാക്കുന്ന. ഇയം താടകാ—ഈ താടക. ഉപരി—മുകളിൽ. പരിക്രീഡതേ—വിഹരിക്കുന്നു.

പദ്യം 69. രക്ഷാ....കാ—രക്തത്താൽ നനഞ്ഞ വലിയ കടവായോടുകൂടിയ. പ്രതി...താലുഃ—കബളംതോറും അകത്തു ചെല്ലുന്ന വന്യമാംസം ഒട്ടിപ്പിടിച്ച അണ്ണാക്കോടുകൂടിയ. ഫുല്ല....രുഭിഃ—വീർപ്പിച്ച കവിൾത്തടത്തിൽ തിങ്ങി വലുതായ. ഫുത്കാരൈഃ—ഫുത്കാരശബ്ദങ്ങളാൽ. ജഗന്തി കമ്പയന്തീ—ലോകങ്ങളെ വിറപ്പിക്കുന്ന. അഗ്ര..... പ്രണയീ—കൈയിൽ പിടിച്ചിരിക്കുന്ന. ശവയുഗം—രണ്ടു ശവത്തെ. അന്യോന്യേന താഡയന്തീ—തമ്മിൽ അടിക്കുന്ന. ദുഷ്ട....ഭീമാ—തോറ്റപ്പുല്ലുകടിച്ചുണ്ടായ രണരണശബ്ദത്താൽ ഭയങ്കരമായ. സാ ഇയം താടകാ—ആ ഈ താടക. ദ്രാക്—വേഗത്തിൽ. അഭ്യൈതി—അഭിമുഖമായി വരുന്നു.

താടകാവർണ്ണനവും താടകാവധത്തിനായി മുനി രാമനെ പ്രേരിപ്പിക്കുന്നതും:

ഗദ്യം 6

കടർമാലകളും തലയോടുകളും
പലവെല്ലുകളും ഭൂഷണമാക്കി—

പ്പിണമിടുമടവിയൊടൊരു പട പിശകി--
ക്കാററത്തിളകും കല്പം മുള്ളും
കലുപിലെനെന്നു കലമ്പിച്ചെമ്പി-
ച്ചീടും തലമുടി കാണ്മിനൊരില്ലി-
പ്പട്ടിൽപ്പരിച നഭോന്തേ മുട്ടി--
ക്കൊടുമ തഴയ്ക്കുമധർമ്മമഹീപതി
കൊടിമരമാക്കും ഭ്രൂകുടീകൊടികെ-
ടോരലലാടേ ചണ്ഡതരാന്തകെ-
കരതലദണ്ഡം മറവിലൊതുങ്ങും
പിരികക്കൊടിയാമുരഗപ്രൗഢനി-
വന്നിരയാക്കാമുലകുകളം മുന്നം,
വട്ടം പെരുകിന പൊട്ടക്കിണറൊട്ട
പെട്ടെന്നരു പട വെട്ടിപ്പൊടുപരി-
വട്ടം കെട്ടിന നേത്രദ്വയമതി-
നുള്ള ചുവന്ന മറിഞ്ഞതിൽ മധ്യേ
കണ്മണി രണ്ടു പിരണ്ടു ഭയങ്കര-
മായ നിരീക്ഷണമയ്യോ പാപം,
കാലമഹാനലകടുകനൽപോലേ
കാകോളദ്രവവിഭവംപോലേ
യടടനെറിയും ഘനശിലപോലേ
കല്പാന്താക്കനെദിക്കുംപോലേ
കാൺക വരുന്നതു, കെല്പില്ലേതും
കണ്ടു സഹിപ്പാൻ, ഗിരിഗ്രഹ തോല്പും
നാസിക കണ്ടാൽ നിഃശ്വാസോച്ഛ്വാ-
സങ്ങളം പിണഞ്ഞതിൽ താനം കലകളു--
മുള്ളിൽപ്പുക്കുഞ്ഞലറീടുന്നു.
കരതലനിഹതദാന്ധവനദ്വിപ-
മുണ്ഡംകൊണ്ടൊരു കുണ്ഡലവും കാൺ.
പീതച്ഛർദിതശോണിതധാരാ-
ശ്ലഷ്ടിതദംഷ്ടകളംകൊണ്ടു കരാളം

ഗദ്യം. 6. അടവി—കാടു്. നഭോന്തേ—ആകാശത്തിൽ. അധർമ്മമഹീപതി—അധമ്മമായ രാജാവു് ഭ്രൂകുടീ....ടേ—പുരികച്ചുളിവു പെരുത്തു കഠിനമായ നെറ്റിയിൽ. ചണ്ഡ....ദണ്ഡം—വളരെ ഭയങ്കരനായ യമന്റെ കയ്യിലുള്ള വടി. ഉരഗപ്രൗഢൻ—സർപ്പശ്രേഷ്ഠൻ. നേത്രദ്വയം—രണ്ടുകണ്ണു്. നിരീക്ഷണം—നോട്ടം. കാല....കനൽ—പ്രളയകാലത്തുള്ള തീയിന്റെ അസഹ്യമായ തീക്കട്ടപോലെ. കാകോ....ഭവം—കാളകൂടവിഷത്തിന്റെ ദ്രവസമൃദ്ധി. ഘനശില—കനത്ത കല്ലു്. കല്പാന്താക്കൻ—പ്രളയകാലത്തിലെ സൂര്യൻ. നിഃശ്വാസോച്ഛ്വാസങ്ങളം—ശ്വാസം വാങ്ങുകയും വിടുകയും. കരതല.....മുണ്ഡം—കയ്യിനാൽ കൊല്ലപ്പെട്ട മദിച്ച കാട്ടാനയുടെ മസ്തകം.

ഭീഷണതാമയഭ്രഷണമണിയും
വദനം കാൺക പിളർന്ന വരുന്നു
മുഴമഴ വെല്ലും പല്ലും വലിയൊരു
കഴവൊട്ട തുല്യം നാസിക കാണ്മിൻ,
വൻപു തുടർന്ന കരിമ്പനപോലും
മുൻപു കൊടുക്കും ദോർദണ്ഡം കാ—
ണുദ്യതമേകം, ക്ഷിതിതമനുജ—
ക്ഷതജമധുരിനവകാശ്മീരജരസ—
കല്പിതമാം മുല രണ്ടിനുമൊവ്വാ,
പൊന്മലയേക്കാം വന്മലയുണ്ടോ
കുടർമാലകമംകൊണ്ടുടഞാണിതു കാൺ
ആയിരമിളവരിയാനകമംക്കുട്ടം
കെട്ടിത്തിക്കും പൊഴുതുമിവംക്കു ബ—
ലക്ഷയമില്ലെന്നറിക രഘൂത്തമ!

മദഭരചണ്ഡിമവിഭവപിചണ്ഡില—
ഹൃദയോഷ്മാമരമൊന്നലറുന്നിതു
ചാഞ്ചാടിക്കൊണ്ടിത ചാടുന്നിതു
ചാഞ്ഞിതു വസുധാമണ്ഡലമയ്യോ!
കമ്പിതമിവ മേ മാനസമധുനാ.
മട്ടമൊഴിമാരിൽ കൂട്ടിവളെന്നോ
മടിയാകുന്നിതു മഴുവമ്പെയ്യാൻ?
ശാർദ്ദൂലങ്ങളിലാണം പെണ്ണും
പാത്തോ മന്നവ! നായാടുന്നു!
തിന്നുതു മാംസം കൊൽവതു മുനികളെ
വേൽവാ പറവതു സഹ്യഗിരീന്ദ്രസ—
ഹോദരമംഗമിതൊക്കെ നിനച്ചാ—
ലാണ്മയൊഴിഞ്ഞില്ലെങ്കൂ പെണ്മ, പ—
റഞ്ഞതു പോരുമണഞ്ഞുതുടങ്ങീ.

പീത....ഷ്കം—കടിച്ച രക്തത്തിന്റെ ചൂർട്ടി പുരണ്ട വീരപ്പല്ലുകം. കരാളം—ഭയങ്കരം. ഭീഷ....ണിയും—ഭയങ്കരതയാകുന്ന ആഭരണം. വദനം—മുഖം. നാസിക—മൂക്ക്. ദോർദണ്ഡം—കൈയാകുന്ന ദണ്ഡം. ഏകം ഉദ്യതം—ഒന്നു പൊക്കിയിരിക്കുന്നു. ക്ഷിതി..കല്പിതമാം—മനുഷ്യരെ തിന്നുമ്പോം ഒലിച്ച ചോരയാകുന്ന പുതിയ കുങ്കുമച്ചാറിനാൽ അലംകൃതമായ.

മദഭര...മരം—അധികമദത്തിന്റെ ഭയങ്കരമായ വിഭവത്താൽ പെരുത്ത ഹൃദയത്തോടുകൂടി ഘോരമായി. വസുധാമണ്ഡലം—ഭൂമണ്ഡലം. മേ മാനസം അധുനാ കമ്പിതം ഇവ—എന്റെ ചിത്തം ഇപ്പോം വിറകൊണ്ടതുപോലെ. ശാർദ്ദൂലം—വ്യാഘ്രം. സഹ്യ...ദരം അംഗം സഹ്യപർ

ചീറ്റം കോലും ഘോരാരാവം
മാറൊലികൊണ്ടു ഗിരീന്ദ്രഗുഹാസു, സു—
കേതുസുതാഗതിയാലതിവേലം
ശങ്ക കലർന്നു തപസ്വികളം ദിശി ദിശി
കതിചന മണ്ടിയൊളിക്കുന്നതു കാൺ.
കതിചന വീണു വിതുമ്പുന്നതു കാൺ.
മണ്ടരുതാഞ്ഞമ്മഹർഷികളം കതിചന
കൈയും കാട്ടി പ്രാകുന്നതു കാൺ.
വൃദ്ധന്മാരും വത്സന്മാരും
പത്നീജനവും കേഴുന്നതു കാൺ.
അന്തിയണഞ്ഞു പയിച്ചുതുടങ്ങീ
ഹന്ത പിപാസാ വിഷമയിതെന്നും
മുത്താഴത്തിനു പത്താനകളെ—
പ്പാടേ തിന്നേനിന്നലെയെന്നും
വനമഹിഷങ്ങളുമത്താഴത്തി-
ന്നനവധി കൊണ്ടേനനലമിതെന്നും
കാസരമെങ്കിലുമേതും ചുവയാ
കേസരിഭക്ഷണമിനി മതിയെന്നും
മൃഷ്ടാന്നത്തിനു കൊള്ളാമൊട്ടോ—
ട്ടെട്ടടിമാനും പന്നിയുമെന്നും
പരമൊരു മാംസവുമൊപ്പാ പാത്താൽ
നരമാംസത്തിൻ പൊലിമയൊടെന്നും
കോണകമുടയും തെണ്ടും താവിന
മാണികളം കാണപ്പെട്ടീലെന്നും
പല വചനങ്ങളം പറഞ്ഞു വരുന്നു.

രാക്ഷസി വന്നു പിടിക്കും മുൻപേ
ശുക്ഷശരങ്ങളം തറയ്ക്ക തദംഗേ.
കത്തിന വഹ്നി പൊലിപ്പാനപ്പോൾ
കത്തിന ക്രൂപോദകമുതകീടാ.

വതത്തിനു തുല്യമായ ശരീരം. ഘോരാരാവം—ഭയങ്കരശബ്ദം. ഗിരീന്ദ്ര ഗുഹാസു—പർവതഗുഹകളിൽ. സുകേ.....യാൽ—സുകേതുവിന്റെ പുത്രി യുടെ (താടകയുടെ) വരവിനാൽ. അതിവേലം—അധികം. ദിശിദിശി —അങ്ങുമിങ്ങും. കതിചന—ചിലർ. പത്നീജനം—ഭാര്യമാർ. ഹന്ത —കഷ്ടം. പിപാസാ—ദാഹം. വനമഹിഷം—കാട്ടുപോത്തു്. അനലം —അപര്യാപ്തം. കാസരം—കാട്ടുപോത്തു്. കേസരിഭക്ഷണം—സിംഹ ത്തെ ഭക്ഷിക്കുക. മൃഷ്ടാന്നം—തൃപ്തിയുണ്ടാകുന്നതുവരെയുള്ള ഭക്ഷണം.

തദംഗേ—അവളുടെ ശരീരത്തിൽ. ശുക്ഷശരങ്ങളം—മൂർച്ചയുള്ള അമ്പു

രാമനിലും മേവിയ വിചികിത്സാ-
വ്യാകുലനാകിയ സൗമിത്രേ! നീ
ജയ ജയ നാഥ! രഘൂത്തമ! ജയ ജയ
പോരും പോരുമടങ്ങിയതയ്യോ!
കുശികസുതൻതൻ വചനം കേട്ടാൽ
കുറവം വാരാ ചെറ്റൊരു നാളും.
തുംഗഭയങ്കരസത്ത്വവധത്തെ-
പ്പെൺകൊലയെന്നു നിനച്ചീടൊല്ലാ.
വനഭുവി വാഴും ഞങ്ങൾക്കും വ-
ന്നനവധി ഭീതി തരുന്നോരം നിയതം
രാക്ഷസകുലപതി രാവണനെക്കാരം
രാപ്പകലിവളെപ്പേടി മുനീനാം.
നീയല്ലാതില്ലൊരുത്തരുമാള-
ല്ലായാന്തീം പുനരേനാം ഹന്തും.
വിണ്ണോർകോനും പടയും കൂടെ-
ക്കണ്ണാടകാൺകിലവരംക്കിരയായ്പ്പോം.
മഹിതമതേ! ജയ മഹിമനിധേ! ജയ
ദുഷ്ടാൻ വിദലയ! ശിഷ്ടാൻ പാലയ!
സതതമിവണ്ണം നിന്നോടോരോ
വനദേവതകളുമിത ചൊല്ലുന്നു
പരശിവനാണേ ഗുരുവരനാണേ
സത്യംതന്നേ സത്യംതന്നേ.

സ്ത്രീയെ വധിക്കുവാൻ രാമൻ ശങ്കിക്കുന്നു. എങ്കിലും മുനിയുടെ നിർബന്ധം നിമിത്തം താടകയെ കൊല്ലുന്നു:

''സ്ത്രീ രാക്ഷസീ; കഥമിഹാത്ര പതന്തു ബാണാഃ
പ്രേഷ്യസ്യ തേ കുശികനന്ദന! തത് പ്രസീദ;

കരം. ക്ഷപോദകം—കിണറിലെ വെള്ളം. വിചി.....ലൻ—ശങ്കാപരവശൻ. സൗമിത്രേ—അല്ലയോ ലക്ഷ്മണ. കുശികസുതൻ—വിശ്വാമിത്രൻ. തുംഗ...ധത്തെ—മുതിർന്ന ഭയങ്കരപ്രാണിയുടെ വധത്തെ (താടകാവധത്തെ). വനഭുവി—കാട്ടിൽ. നിയതം—നിശ്ചയം. മുനീനാം—മഹർഷികൾക്ക്. ആയാന്തീം ഏനാം ഹന്തും—അഭിമുഖമായി വരുന്ന ഇവളെ കൊല്ലുവാൻ. ദുഷ്ടാൻ വിദലയ—ദുഷ്ടരെ നശിപ്പിച്ചാലും. ശിഷ്ടാൻ പാലയ—സജ്ജനങ്ങളെ രക്ഷിച്ചാലും. സതതം—എപ്പോഴും. ഇതി—ഇങ്ങനെ.

പദ്യം 70. കുശികനന്ദന—അല്ലയോ വിശ്വാമിത്ര. തേ പ്രേഷ്യസ്യ—അങ്ങയ്ക്കു വിധേയനായ (എന്റെ). ബാണാഃ—ശരങ്ങൾ. അത്ര—ഇവിടെ. ഇഹ—ഇവളിൽ. കഥം പതന്തു—എങ്ങനെ പതിക്കും. സ്ത്രീയായതുകൊണ്ട് ഇവളിൽ ബാണപ്രയോഗം യുക്തമല്ലല്ലോ എന്നർത്ഥം. തത്—ആയതുകൊണ്ട്. പ്രസീദ—തെളിഞ്ഞാലും. ഇഹ ഹി—ഇവി

ആദിശ്യതാമിഹ ഹി കോഽപി തപഃ സ്വതന്ത്രോ
മന്ത്രാക്ഷരൈഃ കതിപയൈരയ ഇമാമുപാസ്യേത്. 70

''കാളരാത്രീകരാളേയം;
സ്ത്രീതി കിം വിചികിത്സസേ?
തജ്ജഗത്ത്രിതയം ത്രാതും
താത! താഡയ താടകാം.'' 71

''ഗുർവ്വാദേശാദേഷ നിർമ്മീയമാണോ
നാധർമ്മായ സ്ത്രീവധോഽപി സ്ഥിതോഽയം;
അദ്യ സ്ഥിത്വാ ഏഷ ഗമിഷ്യദ്ഭിരസ്മൈർ—
ലജ്ജാസ്മാഭിർമീലിതാക്ഷൈർജ്ജിതേവ. 72

ദീർഘം പ്രജാഭിരതികൗതുകിനീഭിരാഭി—
രസ്മിന്നകീർത്തിപടഹേ മമ താഡ്യമാനേ
ജ്യോതിർമ്മയേന വപുഷാ ജഗദന്തസാക്ഷീ
ലജ്ജിഷ്യതേ കുലഗുരുർഭഗവാൻ വസിഷ്ഠഃ.'' 73

ടെയാകട്ടേ. കതിപയൈഃ മന്ത്രാക്ഷരൈഃ സ്വതന്ത്രഃ—ഏതാനും മന്ത്രാക്ഷരങ്ങളെക്കൊണ്ടു സ്വതന്ത്രമായ. കഃ അപി തപഃ—ഒരു തപസ്സ്. ആദിശ്യതാം—കല്പിച്ചയച്ചാലും. യഃ—യാതൊന്ന്. ഇമാം—ഇവളെ. അ പാസ്യേത്—ഇവിടെനിന്നകറ്റുമല്ലോ.

താടകാവധം ചെയ്യുവാൻ വിശ്വാമിത്രൻ ശാസിക്കുന്ന സമയം തന്റെ പ്രവൃത്തി ധർമ്യമായിട്ടുള്ളതാണോ എന്നു സംശയിക്കുന്നതുതന്നെ രാമന്റെ ധർമബുദ്ധിയെ പ്രകാശിപ്പിക്കുന്നു. തന്റെ വംശത്തിനും ഗുരുവായ വസി ഷ്ഠനും അപമാനകരമായ യാതൊരു പ്രവൃത്തിയും ചെയ്യുവാൻ രാമൻ ഒരി ക്കലും സന്നദ്ധനാവുന്നില്ല. സ്ത്രീവധം ശാസ്ത്രനിഷിദ്ധമാണെങ്കിലും താട കാവധം ദോഷമല്ലെന്നും പ്രത്യുത പുണ്യമാണെന്നും പറയപ്പെട്ടിരിക്കുന്നു.

പദ്യം 71. ഇയം കാളരാത്രീകരാളാ—ഇവൾ പ്രളയകാലരാത്രിയെ പ്പോലെ ഭയങ്കരയാണ്. സ്ത്രീ ഇതി—സ്ത്രീയാണെന്ന്. വിചികിത്സ സേ കിം—എന്തിനു ശങ്കിക്കുന്നു. തത് ജഗത്ത്രിതയം ത്രാതും—ആയതി നാൽ മൂന്നു ലോകത്തേയും രക്ഷിക്കുവാനായി. താത—അല്ലയോ വത്സ. താടകാം താഡയ—താടകയെ പ്രഹരിച്ചാലും.

പദ്യം 72. ഗുർവാദേശാത്—ഗുരുവിന്റെ ആജ്ഞപ്രകാരം. നിർമീ യമാണഃ—ചെയ്യപ്പെടുന്ന. ഏഷഃ സ്ത്രീവധഃ അപി—ഈ സ്ത്രീഹത്യയും. അ ധർമമയ ന—അധർമമാവുന്നില്ല. ഏഷഃ സ്ഥിതഃ—അതു തീർച്ച. അദ്യ സ്ഥി ത്വാ—ഇന്നു സ്ഥിതി ചെയ്തിട്ട്. ശ്വഃ ഗമിഷ്യദ്ഭിഃ—നാളെ പോകുന്നവ രായ. അസ്മൈഃ—നിസ്സാരന്മാരായ. അസ്മാഭിഃ—നമ്മാൽ. മീലിതാ ക്ഷൈഃ—കണ്ണടച്ചു. ലജ്ജാ ജിതാ ഇവ—ലജ്ജ ജയിച്ചതുപോലായി.

പദ്യം 73. അതികൗതുകിനീഭിഃ—വളരെ കുതൂഹലത്തോടുകൂടിയ ആഭിഃ പ്രജാഭിഃ—ഈ ജനങ്ങളാൽ. അസ്മിൻ മമ അകീർത്തിപടഹേ ദീർഘം താഡ്യമാനേ—എന്റെ ഈ ദുഷ്കീർത്തിരൂപമായ സ്ത്രീവധരൂപ

''മാ വൈം വദ കാകുത്സ്ഥ!
നൈഷാ കാരുണ്യഭോജനം;
ക്ഷത്രിയാണാം വിശേഷേണ
ധർമ്മോഽയം ദുഷ്ടശാസനം.'' 74

''ദശരഥകുലേ സംഭൂതം മാമവാപ്യ ധനുർദ്ധരം
ദിനകരകുലസ്പൃഷ്ടീ കോഽയം കളങ്കനവാങ്കുരഃ
ഇതി ഹി വനിതാമേനാം ഹന്തും മനോ വിചികിത്സതേ
യദധികരണം ധർമ്മസ്ഥേയം തവൈ വവചാംസിനഃ.'' 75

ത്രൈലോക്യശ്ലാഘ്യതേജോനിധി കുശികസുതൻ
മേല്പുമേലങ്ങപേക്ഷി–
ച്ചാലോലാത്മാ പറഞ്ഞോരളവുമശിഥില–
സ്ത്രീവധോദ്വേഗഭീരുമാ
മേലേ മേലേ മദം പൂണ്ടലകുകളെ നട്ട–
ങ്ങിക്ഷുമത്താടകാമ–
ങ്ങാലോക്യാലോക്യ കോപം വളരുമളവുമാ–
ശങ്ക രാമൻ കലർന്നു. 76

മായ) പെരുമ്പറ നീളെ മുഴക്കപ്പെട്ടുപോന്നു. ജ്യോതിർമയേന വപുഷാ ജഗദന്തഃസാക്ഷീ കുലഗുരുഃ ഭഗവാൻ വസിഷ്ഠഃ–പ്രകാശാത്മകമായ ശരീരംകൊണ്ടു ജഗത്തിന്റെ അവസാനംവരെ സകലകാര്യങ്ങൾക്കും സാക്ഷ്യം വഹിക്കുന്ന കുലാചാര്യനായ വസിഷ്ഠഭഗവാൻ. ലജ്ജിഷ്യതേ–ലജ്ജിക്കേണ്ടിവരും.

പദ്യം 74. കാകുത്സ്ഥ–അല്ലയോ രാമ. ഏവം മാ മാ വദ–നീ ഇങ്ങനെ പറയരുതു്. ഏഷാ–ഇവൾ. കാരുണ്യഭോജനം ന–കൃപയുള്ള പാത്രമല്ല. ദുഷ്ടശാസനം–ദുഷ്ടരെ അടക്കുക എന്ന. അയം–ഇതു്. വിശേഷേണ ക്ഷത്രിയാണാം ധർമഃ–വിശേഷിച്ചും ക്ഷത്രിയരുടെ കടമയാകുന്നു.

പദ്യം 75. ദശരഥകുലേ സംഭൂതം ധനുർദ്ധരം മാം അവാപ്യ–ദശരഥവംശത്തിൽ ജനിച്ച വില്ലാളിയായ എന്റെ പേരിൽ. ദിന...ന്ദീ–സൂര്യവംശത്തെ സ്പർശിക്കുമാറു്. അയം കളങ്കവനാങ്കുരഃ കഃ–ഇതെന്തൊരു കളങ്കപ്പൊടിപ്പായി. ഇതി ഹി–എന്നു (വിചാരിച്ചിട്ടു) ആണു്. ഏനാം വനിതാം ഹന്തും–ഈ സ്ത്രീയെ വധിക്കുവാൻ. മനഃ വിചികിത്സതേ–മനസ്സു ശങ്കിക്കുന്നതു്. ധർമ്മസ്ഥേയം–ധർമത്തിനു സ്ഥിതിചെയ്യുവാൻ യോഗ്യമായ. അധികരണം യത് തത്–ന്യായാസനം. നഃ–നമുക്കു്. തവ വചാംസി ഏവ–അങ്ങയുടെ വാക്കുകൾതന്നെ.

പദ്യം 76. ത്രൈലോ...നിധി–മൂന്നുലോകത്താലും ശ്ലാഘിക്കുവാൻ യോഗ്യമായ തേജസ്സിനു് ഇരിപ്പിടമായ. ആലോലാത്മാ–ചഞ്ചലചിത്തനായി. അശിഥി...ഭീരുമാ–സ്ത്രീവധത്തിലുള്ള ഭയാശങ്ക കുറയാത്തവനായ. അത്താടകാം–ആ താടകയെ. ആലോക്യ ആലോക്യ–നോക്കുംതോറും.

വിശ്വാമിത്രൻ പറഞ്ഞും പലവഴികളും ശ്രുന-
ശ്രേഷ്ഠനേറേ കരഞ്ഞും
നിശ്ശങ്കാത്മാ സുമിത്രാസുതനഴകുകൊ-
ണ്ടുദ്യമം പോന്നുറഞ്ഞും
അച്ഛിന്നക്രോധമാധാവനദശയിൽ വിധു-
താടവീം താടകാമ-
ങ്ങച്ചോ! കണ്ടും പ്രകോപാൽ മനുകുലതിലകം
വില്ലെടുക്കെന്നു വന്നു. 71

ഉഗ്രം വിസ്പഷ്ടം കുലച്ചുമ്മണിപകഴി തൊട്ട-
ത്തന്തികാഗന്തുകാമാം
തുക്കൺപാത്തമ്മഹാരാക്ഷസിയെ രഘുവരേ
രുക്ഷതാമാദധാനേ
ചൊല്ലൊള്ളും സൗശ്ര്യവും ബാല്യവുമൊരുവനു കാ-
ണായതില്ലേറാമേറം
തിക്കും ക്രവ്യാത്കുലത്തിന്നൊരു കടുകനലെ-
ന്നൊന്നുതന്നേ പുലമ്പീ. 78

ചിത്രമഹോ രഘുപതിനാ
സത്വരമുക്തം തദാ നിശാചര്യാം
ശസ്ത്രമുരോഭുവി കൊണ്ടു
പുത്തരിയുണ്ട കൃതാന്തനന്നേരം. 79

മൂർഛാലേന മുമൂർഛ കച്ചപപതിർ
ഭാരേണ, ഹാലാഹലോ-
ന്മിശ്രം ശോണിതമുദ്വമാ ശിരസാം
ചക്രേണ ചക്രീശ്വരഃ,

പദ്യം 77. ശ്രുനശ്രേഷൻ-ഒരു മുനി. വിശ്വാമിത്രന്റെ ശിഷ്യൻ. നിശ്ശങ്കാത്മാ-ശങ്കയില്ലാത്ത. സുമിത്രാസുതൻ-ലക്ഷ്മണൻ. അച്ഛിന്ന ക്രോധം-കോപം കുറയാതെ. ആധാവനദശയിൽ-പാഞ്ഞുവരുമ്പോഴും. വിധൂതാടവീം-കാടിനെ വിറപ്പിക്കുന്ന. പ്രകോപാത്-അധികകോപ. ഹേതുവായി. മനുകുലതിലകം-ശ്രീരാമൻ.

പദ്യം 78. ഉഗ്രം-ശക്തിയേറിയ. പകഴി-അമ്പ്. അന്തി... മാം-അടുത്തു വരാനാഗ്രഹിക്കുന്ന. രഘുവരേ രുക്ഷതാം ആദധാനേ-ശ്രീരാമൻ ക്രൂരഭാവം സ്വീകരിക്കുമ്പോഴും. സൗശ്ര്യം-സൗന്ദര്യം. ക്രവ്യാത്കുലം-രാക്ഷസകുലം.

പദ്യം 79. അഹോ ചിത്രം-ആശ്ചര്യമാശ്ചര്യം. തദാ-അപ്പോഴും. രഘുപതിനാ-ശ്രീരാമനാൽ. നിശാചര്യാം-രാക്ഷസിയിങ്കൽ. സത്വര മുക്തം-വേഗമായി അയയ്ക്കപ്പെട്ട. ശസ്ത്രം-ബാണം. ഉരോഭുവി-മാറിൽ. കൃതാന്തൻ-യമൻ.

പദ്യം 80. ധരിത്രീതലേ-ഭൂതലം. ശ്രീരാമ....ല്ലോലേ-ശ്രീരാ

ഉദ്ബാഷ്പൈരുദഘൂർണ്ണി ദിക്കരടിഭിഃ
ശ്രീരാമബാണാശനി–
വ്യദീർണ്ണോത്കടതാടകാപ്രപതനോ–
ല്ലോലേ ധരിത്രീതലേ. 80

രാമമന്മഥശരണേ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ. 81

യച്ചകാര വിവരം ശിലാഘനേ
താടകോരസി സ രാമസായകഃ
അപ്രവിഷ്ടവിഷയസ്യ രക്ഷസാം
ദ്വാരതാമഗമദന്തകസ്യ തത്. 82

മന്മഥന്റെ ശരമാകുന്ന വജ്രായുധത്താൽ പിളർക്കപ്പെട്ട ഭയങ്കരയായ താടകയുടെ വീഴ്ചയാൽ ഇളകിക്കൊണ്ടിരിക്കുമ്പോൾ. മൂർഛാലേന ഭാരേണ–മോഹാലസ്യകരമായ ഭാരത്താൽ. കപ്പപതിഃ–ആമശ്രേഷ്ഠൻ. മൂർഛാ–മോഹാലസ്യം പൂണ്ടു. ചക്രീശ്വരഃ–സർപ്പരാജൻ. ശിരസാം ചക്രേണ–വായ്കളിലൂടെ. ഹാലാഹലോന്മിശ്രം–കാളകൂടവിഷം കലർന്ന ശോണിതം–രക്തത്തെ. ഉദ്വമാ–ഛർദ്ദിച്ചു. ഉദ്ബാഷ്പൈഃ–കണ്ണുനീർ പൊഴിയുന്ന. ദിക്കരടിഭിഃ–ദിഗ്ഗജങ്ങൾ. ഉദഘൂർണ്ണി–വട്ടം കറങ്ങി.

പദ്യം 81. ദുസ്സഹേന–അസഹ്യമായ. രാമ....രേണ–രാമനാകുന്ന മന്മഥന്റെ ശരംകൊണ്ട്. ഹൃദയേ താഡിതാ–ഹൃദയത്തിൽ പ്രഹരിക്കപ്പെട്ട്. ഗന്ധ ...ക്ഷിതാ–മണമുള്ള രക്തമാകുന്ന ചന്ദനം പുരണ്ടവളായ. സാ നിശാചരീ–ആ രാക്ഷസി. ജീവിതേശവസതിം ജഗാമ–യമഗൃഹത്തെ പ്രാപിച്ചു. പ്രകൃതപദ്യം രഘുവംശത്തിലുള്ളതാകുന്നു. മനോഹരനായ മന്മഥന്റെ ശരമേറ്റ് മണമുള്ള രക്തചന്ദനം അല്പെങ്കിൽ കുങ്കുമവും ചന്ദനവും പൂശി രാത്രി സഞ്ചരിക്കുന്ന ഒരു നായിക കാമുകഗൃഹത്തിലേക്ക് അഭിസരണം ചെയ്യുന്ന ശൃംഗാരവൃത്താന്തവും അപ്രകൃതമായി ഈ പദ്യത്തിൽ വ്യക്തമാകുന്നു. താടകാവധം വർണ്യമായിരിക്കുമ്പോൾ ശൃംഗാരവൃത്താന്തത്തിന്റെ അഭിവ്യക്തി അസംഗതമാണെന്നു ചില ആലങ്കാരികന്മാർ പറയുന്നു.

''ഹൃദയം മന ഉരസോഃ'' എന്നു വിശ്വം. ''രുധിരം കുങ്കുമാസൃജോഃ'' എന്നും വിശ്വം. ''കാന്താർത്ഥിനീ തു യാ യാതി സങ്കേതം സാഭിസാരികാ'' എന്നും ''ജ്യോത്സ്നാതമസ്വിനീയാനയോഗ്യാംബരവിഭൂഷണാ. സ്വയം വാഭിസരേത് യാ തു സാ ഭവേദഭിസാരികാ'' എന്നും അഭിസാരികാലക്ഷണം. ''ജീവിതേശഃ പ്രാണഹരേ യമേ പ്രാണപ്രിയേ/പി ച'' എന്നു കോശം.

പദ്യം 82. സഃ രാമസായകഃ–ആ രാമന്റെ ബാണം. ശിലാഘനേ–ശിലപോലെ കട്ടിയുള്ള. താടകോരസി–താടകയുടെ നെഞ്ചിൽ. യത് വിവരം ചകാര–യാതൊരു ദ്വാരത്തെ ജനിപ്പിച്ചുവോ. തത്–അതു്. രക്ഷസാം അപ്രവിഷ്ടവിഷയസ്യ–രാക്ഷസവിഷയത്തിൽ ഇതേ

താടകാവധംകൊണ്ടു സന്തുഷ്ടനായ മുനി രാമലക്ഷ്മണന്മാർക്കു് ജൃംഭകാദ്യസ്ത്രങ്ങളും നല്കുന്നു:

മുനിഃ കുശാശോപാത്താനി
താടകാമാഥിനേ ദദൗ
അസ്ത്രാണി ജൃംഭകാദീനി
ജംഭശാസനശാസനാത്. 83

സാകം ലേഭേ ജൃംഭകാസ്ത്രൈഃ സമന്ത്രൈർ—
വിശ്വാമിത്രസ്തുഷ്യതോ യത് കുശാശ്വാത്
രാമായാസൗ തദ്ധനുസ്സ്പർശദാദ്യം
പ്രീതഃ പ്രാദാത് താടകാതാഡകായ. 84

മുന്നുപേരും പിന്നെയും യാത്ര തുടർന്നു് സിദ്ധാശ്രമത്തിൽ ചെന്നു ചേരുന്നു:

അസംഖ്യഗതിവിഭ്രമാനതുലശസ്ത്ര-
ശാസ്ത്രോദ്യമാ—
നതന്ദ്രമുപശ്രുണ്വതോർമുനിമഹേ—
ശ്വരാദേനയോഃ
രഥോപരി നിഷണ്ണയോരിവ സുഖേന
സോഽധ്വാ ഗതഃ
പദാന്തകൃതചംക്രമക്രമപരി—
ശ്രമോ വിസ്മൃതഃ. 85

വരെ പ്രവേശിക്കാത്തവനായ. അന്തകസ്യ—യമന്നു്. ദ്വാരതാം അഗമത്—വഴിയായിത്തീർന്നു.

പദ്യം 83. മുനിഃ—വിശ്വാമിത്രൻ. കുശാശോപാത്താനി—കുശാശമുനിയാൽ ലബ്ധങ്ങളായ. ജൃംഭകാദീനി അസ്ത്രാണി—ജൃംഭകം മുതലായ അസ്ത്രങ്ങളെ. ജംഭ....നാത്—ഇന്ദ്രന്റെ നിയോഗപ്രകാരം. താടകാമാഥിനേ—താടകയെ വധിച്ച രാമനായ്ക്കൊണ്ടു്. ദദൗ—കൊടുത്തു.

പദ്യം 84. അസൗ വിശ്വാമിത്രഃ—ആ വിശ്വാമിത്രൻ. തുഷ്യതഃ കുശാശ്വാത്—സന്തുഷ്ടനായ കുശാശ്വമുനിയിങ്കൽനിന്നു്. സമന്ത്രൈഃ—മന്ത്രങ്ങളോടുകൂടിയ. ജൃംഭകാസ്ത്രൈഃ സാകം—ജൃംഭകാസ്ത്രങ്ങളോടുകൂടി. യത് ലേഭേ—യാതൊന്നിനെ ലഭിച്ചുവോ. തത് ധനുഃ ഏതദാദ്യം തു—ആ വില്ലിനെ അന്നു് ആദ്യമായി. പ്രീതഃ—സന്തുഷ്ടനായി. താടകാതാഡകായ രാമായ—താടകയെ പ്രഹരിച്ച രാമനായ്ക്കൊണ്ടു്. പ്രാദാത്—കൊടുത്തു.

പദ്യം 85. മുനിമഹേശ്വരാത്—മുനിശ്രേഷ്ഠനായ വിശ്വാമിത്രങ്കൽനിന്നു്. അസംഖ്യഗതിവിഭ്രമാൻ—എണ്ണമില്ലാത്ത ഗതിഭേദങ്ങളേയും. അതുല....ദ്യമാൻ—ശസ്ത്രങ്ങളിലും ശാസ്ത്രങ്ങളിലും എതിരില്ലാത്ത പരിശ്രമപ്രകാരങ്ങളേയും. അതന്ദ്രം—മടികൂടാതെ. ഉപശ്രുണ്വതോഃ ഏനയോഃ—കേട്ടു മനസ്സിലാക്കുന്നവരായ രണ്ടുപേർക്കും (രാമലക്ഷ്മണന്മാർക്കു്). സഃ അധ്വാ—ആ (കാട്ടു)വഴി. രഥോപരി നിഷണ്ണയോഃ ഇവ—

അനേകധരണീധരാമനഘവാ—
ഹിനീ പാവനീ—
മനോകഹശിഖാശതകൂണിതചക്ര—
വാകോത്കരാം
വനാന്തഭുവമീദൃശീം കലയതോർ—
ദൃശാ കൗതുകാ—
ദനാധിരനയോർഗുരുർമുനിര—
വാപ സിദ്ധാശ്രമം. 86

തസ്മിൽ മുഖ്യാശ്രമേ ചെന്നവിടെ നിവസതാം
നിർമ്മലബ്രഹ്മവിദ്യാ—
നിഷ്ണാതാനാം മുനീനാം കഴലിണയിൽ നമൻ
ഭക്തിഭൃത്താ മനീഷീ
എപ്പോഴും ചേർന്ന സൗമിത്രിയൊട്ട സകുതുകം
കണ്ടുകണ്ടദ്ഭുതാനാം
തത്രത്യാനാം വിലാസം കുശികതനയനാൽ
നന്ദ്യമാനോ ന്യവാത്സീത്. 87

രഥത്തിൽ ഇരിക്കുന്നവക്കെന്നപോലെ. ഗതഃ—കഴിഞ്ഞുപോയി. പദാ ....ശ്രമഃ—കാൽനടയായി പോകുന്നതിലുള്ള ഉദ്യമം. വിസൃതഃ—വിസ്തരിക്കപ്പെട്ട.

പദ്യം 86. അനേ....രാം—പലവിധം പർവതങ്ങളോടുകൂടിയ. അനഘ....വനീം—പല പുണ്യനദികളാൽ പരിശുദ്ധമായ. അനോക....കരാം—വൃക്ഷങ്ങളുടെ പല കൊമ്പിലുമിരുന്നു കൂകുന്ന ചക്രവാകങ്ങളോടുകൂടിയ. ഈദൃശീ വനാന്തഭുവം—ഇവ്വണ്ണമുള്ള വനപ്രദേശത്തെ. കൗതുകാൽ—കുതൂഹലം നിമിത്തം. ദൃശാ കലയതഃ—കണ്ടു രസിക്കുന്നവരായ. അനയോഃ ഗുരുഃ മുനിഃ—ഇവർ രണ്ടുപേരുടെ ആചാര്യനായ മുനി. അനാധിഃ—പീഡാരഹിതനായി. സിദ്ധാശ്രമം അവാപ—സിദ്ധാശ്രമത്തെ പ്രാപിച്ചു.

പദ്യം 87. തസ്മിൻ മുഖ്യാശ്രമേ—ആ പ്രധാനമായ സിദ്ധാശ്രമത്തിൽ. നിവസതാം—വസിക്കുന്നവരായ. നിർമ്മല...താനാം—പരിശുദ്ധമായ വേദാന്തവിദ്യയിൽ സമർത്ഥരായ. മുനീനാം—മുനിമാരുടെ. ഭക്തിഭൃത്താ—ഭക്ത്യതിശയംകൊണ്ട്. നമൻ—വണങ്ങുന്നവനായി. മനീഷീ—ബുദ്ധിമാൻ. സകുതുകം—കുതൂഹലത്തോടുകൂടി. തത്രത്യാനാം അദ്ഭുതാനാം വിലാസം—അവിടെയുള്ള ആശ്ചര്യങ്ങളുടെ പ്രകർഷത്തെ. നന്ദ്യമാനഃ—അഭിനന്ദിക്കപ്പെട്ടുകൊണ്ട്. ന്യവാത്സീത്—വസിച്ചു.

താടകാവധം സമാപ്തം

അഹല്യാമോക്ഷം

ശ്രീരാമനെ സ്തുതിക്കുന്നതോടുകൂടി പ്രബന്ധകഥയേയും സൂചിപ്പിക്കുന്നു:

ചിത്തേ തോഴ! സരോജനേത്രചരണാം—
ഭോജം തുടർന്നും നൂനാ—
മുൾത്തുന്നിടിന ദുഷ്കൃതം മുതലറും
വേഗേന നിർണ്ണീയതാം,
ശുദ്ധേ രാഘവസംഗമേ ഭുവി കരി—
ങ്കല്യാമഹല്യാസ്സു പ—
ണ്ടെത്തീടും തൊഴിലെത്ര പാവനമഹോ
നീ ഹന്ത! കേൾപ്പീലയോ. 1

വിശ്വാമിത്രൻ ആശ്രമത്തിൽ യാഗം ആരംഭിക്കുന്നു:

വിശ്വപ്രാധാന്യധാമാ മുനികുലപെരുമാ-
ളാശ്രമേ കല്പയിത്വാ
യജ്ഞാഗാരം വിശാലം പരിജനസമുപാ—
നീതസംഭാരഭ്രമാ
ദിക്ചക്രാഗന്തുകാഭിർമുനിവിതതിഭിരുൽ—
ച്ചേന്ന യാഗം തുടങ്ങീ
സ്വച്ഛന്ദാത്മാ ജഗന്മംഗലവിഭവമഹാ—
സാധനം ഗാഥിജന്മാ. 2

പദ്യം 1. ചിത്തേ—മനസ്സിൽ. സരോ....ജം—താമരക്കണ്ണന്റെ പദകമലങ്ങളെ. തുടർത്തും—ധ്യാനിക്കുന്ന. നൂനാം—നരക്കു്. ദുഷ്കൃതം—പാപം. വേഗേന—ശീഘ്രമായി. നിർണ്ണീയതാം—നിശ്ചയിച്ചാലും. ശുദ്ധേ—നിർമ്മലമായ. രാഘവസംഗമേ—രാമന്റെ പ്രാപ്തിയിൽ. ഭുവി—ഭൂമിയിങ്കൽ. പാവനം—പരിശുദ്ധം.

പദ്യം 2. വിശ്വ....ധാമാ—ലോകശ്രേഷ്ഠനായ. മുനികുലപെരുമാ—ഋഷിവര്യനായ. ആശ്രമേ വിശാലം യജ്ഞാഗാരം കല്പയിത്വാ—ആശ്രമത്തിൽ വിസ്തൃതമായ യാഗശാലയെ നിർമ്മിച്ചിട്ടു്. പരി....ഭ്രമാ—പരിജനങ്ങളാൽ കൊണ്ടുവരപ്പെട്ട വേണ്ട സാധനങ്ങളോടുകൂടിയവനായി. ദിക്....കാഭിഃ മുനിവിതതിഭിഃ—പല ദിക്കുകളിൽനിന്നുവന്ന മുനിമാരോടുകൂടി. സ്വച്ഛന്ദാത്മാ—സ്വതന്ത്രനായി. ജഗ....ധനം—ലോകക്ഷേമകരമായ യാഗവിശേഷണം. ഗാഥിജന്മാ—വിശ്വാമിത്രൻ. ഗാധി എന്നുമാവാം. വിശ്വാമിത്രന്റെ പിതാവു്. ഇന്ദ്രന്റെ അവതാരമായി കൗശാംബനു ജനിച്ച പുത്രനാകുന്നു ഗാധി.

ആശ്രമം കണ്ടു് ആശ്ചര്യവാനായ രാമൻ ലക്ഷ്മണനോടു് ആശ്രമമാഹാത്മ്യത്തെപ്പറ്റി പറഞ്ഞുകേൾപ്പിക്കുന്നു:

ഭക്ത്യാ മുഖ്യാശ്രമത്തിൻ മഹിമയുമവിടെ—
ച്ചേന്ന നാനാമുനീനാം
വൃത്തിം വിദ്ധ്വസ്തദോഷാമപി നിയമശമ—
ശ്രേയസീം കണ്ടൊരോന്നേ
അത്യന്താശ്ചര്യകൗതൂഹലഭരിതമനാ
രാഘവഃ ശൗര്യഭാജാ—
മുത്തംസം തത്ര സൗമിത്രിയോടു കുതുകമാ-
പാദയന്നാബഭാഷേ. 3

ഗദ്യം 1

''ഹരഹര! ശിവശിവ! ചിത്രമിതോത്താൽ
വത്സ! നിശാമയ ലക്ഷ്മണ! പുരതോ
മുഖ്യാശ്രമപദവിഭവമൊരോ ന്നേ.
മദഭരമിളകിന കുഞ്ജരവരനും
പഞ്ചാനനനും പാമ്പും കീരിയു—
മാമ്പരിചഗ്രേ തമ്മിൽച്ചേന്നു കു—
ളിക്കുന്നതു കാ,ണത്രയുമല്ലേ
ചിത്രമവശ്യം ദൃശ്യമിതെത്രയു—
മേണകിശോരം കാണിതശങ്കം
ശാർദ്ദൂലീസ്തനപാനമിയന്നതു.
വഹ്നിഗൃഹങ്ങളിൽ ബലിതണ്ഡുലമത്ര
ഭക്ഷിച്ചീടിന ഹരിണകിശോരം
കോപത്തോടേ താഡിപ്പാനായു്
മുനിപത്നികളെ ചെന്നോങ്ങീടുന്നൊരു

പദ്യം 3. ഭക്ത്യാ—ഭക്തിയോടുകൂടി. നാനാമുനീനാം—പല മുനിമാരുടെ. നിയമ....സീം—അനുഷ്ഠാനം ക്ഷാന്തി ഇവയിലൂടെ ശ്രേയസ്സിനെ ഉണ്ടാക്കുന്ന. വിദ്ധ്വസ്തദോഷാം വൃത്തിം അപി—നിർദ്ദോഷചര്യകളെയും. അത്യ....മനാഃ—വളരെ അദ്ഭുതകൗതുകങ്ങളോടു കൂടിയ. ശൗര്യഭാജാം ഉത്തംസം—ശൂരന്മാരിൽ ശ്രേഷ്ഠനായ. രാഘവഃ—രാമൻ. തത്ര—അവിടെ. കുതുകം ആപാദയൻ—കുതൂഹലത്തെ ജനിപ്പിച്ചുകൊണ്ടു്. സൗമിത്രിയോടു്—ലക്ഷ്മണനോടു്. ആബഭാഷേ—പറഞ്ഞു.

ഗദ്യം 1. നിശാമയ—കണ്ടാലും. പുരതഃ—മുമ്പിൽ. മുഖ്യ..... ഭവം—മുഖ്യാശ്രമത്തിന്റെ സമ്പത്തു്. മദ....വരൻ—മദിച്ച ഗജവീരൻ. പഞ്ചാനനൻ—സിംഹം. അഗ്രേ—മുമ്പിൽ. ദൃശ്യം—കാണാൻ യോഗ്യം. ഏണകിശോരം—മാൻകുട്ടി. അശങ്കം—ശങ്കയെന്നിയെ. ശാർദ്ദൂ .... പാനം—പെൺകടുവായുടെ മുല കുടിക്കുക. വഹ്നിഗൃഹം—ഹോമശാല. ബലിതണ്ഡുലം—ബലിയരി. ഹരിണകിശോരം—മാൻകുട്ടി.

ദണ്ഡം മെല്ലെപ്പേടി വെടിഞ്ഞു മു-
കപ്പാനാഞ്ഞതു കണ്ടു ദയാർദ്രം
മുനിജനമാശു ചിരിക്കുന്നതു കാൺ,
കേളീശുകമതു ശില്പം കൈയ്യൊ-
ണ്ടാഗമഘോഷം തേടുന്നതു കേ-
ട്ടാവതു പൂരയ കർണ്ണാനന്ദം.

മറൊരിടത്തിത വത്സലമനസാ-
മാചാര്യാണാം പദപദവി നത്വാ
മാത്സര്യത്തൊടു പാക്രമഗതി-
പാടവരീതികളും ഗാഢം പൂണ്ടൊരു
സംഭ്രമസംഭൃതവിപ്രൂഢവാപ്ലുത-
പരിസരഭാഗാൻ നിദ്രാഭീത്യാ
ചംക്രമശീലാൻ ഹോമ്യലസമിതകുശ-
ദാരുപ്രായൈരിന്ധനജാതൈ -
ർദ്ദീപിതദഹനാൻ രാത്രിന്ദിവമുട-
നോത്തിന്വാഹാത്മ്യത്തെ വളർക്കും
വടുജനനിവഹാൻ കണ്ടു വിലോചന-
സാഫല്യം ദൃഢമാപാദയ നീ.

നലമൊടു ചെയ്തോരാതിത്ഥ്യംകൊ-
ണ്ടതിസംതൃപ്തം സോച്ഛ്വാസാമല-
നാസാപുടമയകിണ്ണത്തിങ്കൽ
കോരിത്തെരുതെരെ മഹിതഹുതോത്കര-

താഡിപ്പാനായ്—അടിപ്പാൻ മുകപ്പാൻ—ചുംബിക്കുവാൻ. ദയാർദ്രം—കൃപകൊണ്ടലിഞ്ഞു്. കേളീശുകം—ക്രീഡിപ്പാനുള്ള കിളി. ശില്പം—വിരുതു്. ആഗമഘോഷം—വേദഘോഷം. പൂരയ—പൂർണ്ണമാക്കുക.

വത്സലമനസാം—മനസ്സിൽ സ്നേഹമുള്ള. ആചാര്യാണാം—ഗുരുക്കന്മാരുടെ. പദപദവി നത്വാ—കാല്പുൽ നമസ്കരിച്ചിട്ടു്. പാഠ....തികളും—ചൊല്പനതിലുള്ള സാമർത്ഥ്യമുറകളെ. ഗാഢം— ദൃഢമായി. സംഭ്രു.... ഗാൻ—പരിഭ്രമത്താൽ സംഭരിക്കപ്പെട്ട നീർത്തുള്ളികളാൽ സമീപപ്രദേശങ്ങളെ നനയ്ക്കുന്നവരെ. നിദ്രാഭീത്യാ—നിദ്രാഭയംനിമിത്തം. ചംക്രമശീലാൻ—അങ്ങിങ്ങു നടക്കുന്നവരെ. ഹോമ്യ...യൈഃ—ഹോമത്തിനുള്ള ചമതദർഭ ഇവയാകുന്ന. ഇന്ധനജാതൈഃ—വിറകുകൊണ്ടു്. ദീപിതദഹനാൻ—അഗ്നിയെ വളർത്തുന്നവരെ. രാത്രിന്ദിവം—രാവും പകലും. ഓത്തിൻ—വേദത്തിന്റെ. പട്ട....ഹാൻ—ബ്രഹ്മചാരിസംഘങ്ങളെ. വിലോചനസാഫല്യം ആപാദയ—കണ്ണുകളെ ഫലവത്താക്കിക്കൊണ്ടാലും.

ആതിഥ്യം—അതിഥിസത്കാരം. അതിസംതൃപ്തം—വളരെ തൃപ്തിയടഞ്ഞതു്. സോച്ഛ്വാ....ത്തിങ്കൽ—ശ്വാസോച്ഛ്വാസം ചെയ്യുന്ന നിർമലമായ നാസാപുടമാകുന്ന കിണ്ണത്തിങ്കൽ. മഹി....സാന്ദ്രം—മഹത്ത

സൗരഭസാന്ദ്രം മൃദുലസമീരണ—
മാസ്വാദ്യാസ്വാദ്യാനന്ദത്തൊട്ട
പാനകദംബം കുത്രചിദാസ്തേ,
വീമ്പു കലർന്ന ത്രിഭുവനലക്ഷ്മീ—
ഗാഢാശ്ലേഷം പൂണ്ടു വിളങ്ങിന
സുരകുലപെരുമാളെഴനള്ളം മണി—
സിംഹാസനവരമധികമിളക്കം
വ്രതചര്യാണാം കർമ്മസു പരിചിതി—
ചാതുര്യാണാം വൈതാനാഗ്നിസ—
മുജ്ജ്വലമഹസാമൃത്വിക്സദസാം
പാവനഗഹനം മഹിമാഭോഗം
പാപവിദാരണ,മാരണർപോലും
വന്ദിക്കേണം കാൺകിലൊരോന്നേ,
കിമിഹ ബഹ്വക്ത്യാ പുണ്യാശ്രമമിതു
വിശ്വോത്തീർണ്ണം വിശ്രുതവിഭവം
ദുഷ്കൃതശാന്ത്യൈ ഹന്ത തൊഴേണം.''

വാരാംസ്രീനഭിഷ്ണുതേ, വിദധതേ
വന്യൈഃ ശരീരസ്ഥിതീ--
രൈണേയ്യാം ത്വചി സംവിശന്തി, വസതേ
ചാപി ത്വചശ്ചാരവീഃ;

മേറിയ ഹോമദ്രവ്യങ്ങളുടെ മണംകൊണ്ടു നിബിഡമായ. മൃദുലസമീരണം—മന്ദമാരുതനെ. ആസ്വാദ്യ ആസ്വാദ്യ—നുകർന്നു നുകർന്നു്. പാനകദംബം—പാനീയസമൂഹം. കുത്രചിത് ആസ്തേ—ഒരിടത്തു് ഇരിക്കുന്നു. ഗാഢാശ്ലേഷം —മുറുകിയ ആലിംഗനം. സുരകുലപെരുമാൾ—ഇന്ദ്രൻ. ഇന്ദ്രന്റെ രത്നസിംഹാസനത്തെപ്പോലും ഇളക്കത്തക്ക. വ്രതചര്യാണാം—വ്രതമനുഷ്ഠിക്കുന്നവരായ. കർമ്മസു പരി...ര്യാണാം—കർമ്മങ്ങളിൽ പരിചയം നേടിയ. വൈതാ....മഹസാം—യാഗാഗ്നിജ്വാലയ്ക്കൊത്ത തേജസ്സോടുകൂടിയ. ഋത്വിക്സദസാം—ഋത്വിക്സംഘങ്ങളുടെ. പാവനഗഹനം മഹിമാഭോഗം—പരിശുദ്ധികൊണ്ടു് അഗാധമായ മാഹാത്മ്യം. പാപവിദാരണം—പാപനാശകം. ആരണർ—ബ്രാഹ്മണർ. ഇഹ ബഹ്വക്ത്യാ കിം—ഇവിടെ വളരെ വർണ്ണിച്ചിട്ടു് എന്തു പ്രയോജനം. വിശ്വോത്തീർണം—ലോകത്തെ കടന്നതു്. വിശ്രുതവിഭവം—പ്രസിദ്ധമായ മാഹാത്മ്യത്തോടുകൂടിയതു്. ദുഷ്കൃതശാന്ത്യൈ—പാപം നശിക്കുവാനായി. ഹന്ത—ആശ്ചര്യദ്യോതകമായ നിപാതം.

പദ്യം 4. ത്രീൻ വാരാൻ അഭിഷ്ണുതേ—മൂന്നു നേരവും ഹോമം ചെയ്യുന്നു. വന്യൈഃ ശരീരസ്ഥിതിഃ വിദധതേ—വനത്തിൽ കിട്ടുന്നവയെക്കൊണ്ടു ശരീരധാരണം ചെയ്യുന്നു. ഐണേയ്യാം ത്വചി സംവിശന്തി—മാന്തോലിൽ കിടക്കുന്നു. താരവീഃ ത്വചഃ വസതേ ച അപി—മരവുരികളെ ധരിക്കുകയും ചെയ്യുന്നു. യത് ചാമ്നേണ ചക്ഷുഷീ ന

തത് പശ്യന്തീ ച ധാമ നാഭിപതതോ
യച്ചാമ്മണേ ചക്ഷുഷീ,
നന്യാ വീതരജസ്സമാ: ഭഗവതീ
ചര്യേയമാമോദതേ. 4

മൈർമേധാജനനവ്രതപ്രണയിഭിർ—
വ്യൂഹൈർവടനാമിയം
സിക്താ നിത്യവസന്തവിഭ്രമവതീ
രമ്യാ പലാശാവലീ:
ഏതസ്യാം ഹരിണാരിപാണിജൃസ്തണീ—
ശ്രോണീശ്രിയഃ കോരകാ
ഗോപായന്തി തപോവനം വനകരി—
ക്രീഡാകരാകർഷണാതേ'.'' 5

രാമൻ ലക്ഷ്മണനോടുകൂടി യാഗരക്ഷയ്ക്കായി ഒരുങ്ങിനില്ക്കുന്നു:

ഹൃദ്യാം വൃത്തിം മഹിമഗഹനാം
മാനയൻ മൗനഭാജാം
നത്വാചാര്യം കരധൃതധനുഃ
സാനുജോ ബദ്ധദീക്ഷം

അഭിപതതഃ തത്ധാമ പശ്യന്തീ ച—മാംസചക്ഷുസ്സിനെ ചൈന്നെത്തരുതാത്ത ആ (പരമ) ജ്യോതിസ്സിനെ കാണുകയും ചെയ്യുന്ന. വീതരജസ്സമഃ മഃ ധന്യാഃ ഭഗവതീ ഇയം ചര്യാ—രജസ്സും തമസ്സുമകന്ന ധന്യമായ ഐശ്വരമായ (സാത്വികമായ) ഈ അനുഷ്ഠാനം. ആമോദതേ—സന്തോഷത്തെ ജനിപ്പിക്കുന്നു. അന്തർഭാവിതണ്യർത്ഥം. ലോകം ത്യജിച്ചു ശ്രുദ്ധസാത്വികന്മാരായി ജീവിതം നയിക്കുന്നതു സന്തോഷാവഹമെന്നർത്ഥം.

പദ്യം 5. മേധാ...യിഭിഃ—ബുദ്ധിവർദ്ധകമായ വ്രതത്തിൽ തത്പരരായ. മൈതഃ പട്ടനാം വ്യൂഹൈഃ—ആ ബ്രഹ്മചാരികളുടെ സംഘങ്ങളാൽ. സിക്താ—നനയ്ക്കപ്പെട്ട. നിത്യ...വതീ—എന്നും വസന്തശോഭയെ ജനിപ്പിക്കുന്ന. ഇയം പലാശാവലീ: രമ്യാ—ഈ പ്ലാശുമരത്തിൻനിര മനോഹരമത്രേ. ഏതസ്യാം—ഇതിൽ. ഹരിണാ...ശ്രിയഃ—സിംഹത്തിന്റെ കൈനഖങ്ങളുടെയും ആനത്തോട്ടിയുടേയും ശോഭയോടുകൂടിയ. കോരകാഃ—മൊട്ടുകൾ. വന...ണാതേ—കാട്ടാനകൾ കളിയായി തുമ്പിക്കൈകൊണ്ടു പിടിച്ചുവലിച്ചു നശിപ്പിക്കുന്നതിൽനിന്നു. തപോവനം ഗോപായന്തി—തപോവനത്തെ രക്ഷിക്കുന്നു. മൊട്ടുകൾ ആനത്തോട്ടിപോലെയും സിംഹനഖങ്ങൾപോലെയും ഇരിക്കുന്നതിനാൽ ഭയംനിമിത്തം ആനകളുടെ വരവില്ല എന്നർത്ഥം.

പദ്യം 6. മൗനഭാജാം—മുനിമാരുടെ. മഹിമഗഹനാം ഹൃദ്യാം വൃത്തിം—മഹിതമനോഹരമായ ചര്യയെ. മാനയൻ—ബഹുമാനിക്കുന്നവനായി. കരധൃതധനുഃ—കയ്യിൽ വില്ലേന്തി. സാനുജഃ—അനുജനായ ലക്ഷ്മണനോടുകൂടി. ബദ്ധദീക്ഷം ആചാര്യം നത്വാ—വ്രതം സ്വീകരിച്ചിരിക്കുന്ന ഗുരുവി

''രക്ഷോഭീതേരവതു ഷഡഹോ—
രാത്രമസ്മാൻ ഭവാ''നി—
ത്യുക്തസ്സ്ഥാനൗ ദൃഢപരികരോ
യജ്ഞശാലോപകണ്ഠേ.

രാക്ഷസന്മാരുടെ ഉപദ്രവപ്രസ്താവന:

ഗദ്യം 2

അഥ സമുപക്രാന്ത ഏവ സ ഖലു സവനകോലാഹലഃ സകലഗീർവാണഗണസജ്ഝികൗതുകോന്നിദ്രഃ സതതഹുത—പുരോഡാശസൗരഭീസമുത്സാരിതദുരിതജാതഃ ഷഷ്ഠേfഹനി തത്ക്ഷണപ്രബുദ്ധൈസ്സുദാത്വസമുദിത[1]ഭയങ്കരഹുങ്കാരബധിരി തദിശാദന്തിവിധുരഹുത്കൃതി സമാക്രാന്തഗിരിദരീകുഹരൈഃ പ്രതിദിവസഖാദിതമനുജനിവഹാസ്ഥിമാലാവിരചിതവലാ കാലീലൈഃ കോപചടുലഭ്രുകുടികഠോരലലാടൈഃ ദണ്ഡധര—ദണ്ഡകാണ്ഡചണ്ഡീമഖണ്ഡനലാലസഭ്രൂ ലതാഞ്ചലസമുജ്ജൃ—ലനകല്പിതത്രിഭുവനദൗസ്ഥിത്യമുദ്രൈ ർരക്ഷതരാക്ഷിവിക്ഷേ—പസന്ത്രാസകാന്ദിശീകഖേചരൈഃ പ്രതിപദവിഹിതസുരാമാം

നെ വണങ്ങീട്ട്. ഭവാൻ ഷഡഹോരാത്രം അസ്മാൻ രക്ഷോഭീതേഃ അവതു അങ്ങ് ആറു ദിവസം രാവും പകലും ഞങ്ങളെ രാക്ഷസഭയത്തിൽനിന്നു രക്ഷിച്ചാലും. ഇതി ഉക്തഃ—എന്നു പറയപ്പെട്ടവനായി. ദൃഢപരികര—ബല മായി കച്ചകെട്ടിയവനായി. യജ്ഞ.....ണ്ഠേ—യാഗശാലയ്ക്കടുത്തായി. തസ്ഥൗ—സ്ഥിതിചെയ്തു. രാമൻ എന്ന കർത്തൃപദം ചേർത്തുകൊള്ളണം.

ഗദ്യം 2. അഥ—പിന്നെ. fസഃ സവനകോലാഹലഃ സമുപക്രാന്തഃ ഏ വ—ആ യാഗകോലാഹലം ആരംഭിക്കപ്പെട്ടപ്പോഴേതന്നെ. സകല.....ന്നി ദ്രഃ—എല്ലാ ദേവന്മാരുടെയും ഉച്ഛിഷ്ടാന്നഭക്ഷണത്തിലുള്ള കുതൂഹലത്താൽ ഉണർവുള്ളതായി. സതത... .ജാതഃ—എപ്പോഴും ഹോമിക്കപ്പെടുന്ന ഹവി സ്സിന്റെ മണംകൊണ്ട് അകന്നുപോയ പാപത്തോടുകൂടിയതായി. പിഷ്ടമാ യ ഹവിസ്സ് പുരോഡാശം. f ഷഷ്ഠേ അഹനി—ആറാമത്തെ ദിവസത്തിൽ. തത്ക്ഷണപ്രബുദ്ധൈഃ—പെട്ടെന്ന് ഉണർന്നവരായ. തദാത്വ...ഹരൈ-അ പ്പോൾ ഉണ്ടായ ഭയങ്കരമായ ഹുങ്കാരശബ്ദത്താൽ ചെവിയടയ്ക്കുമാറാക്കപ്പെട്ട ദിഗ്ഗജങ്ങളുടെ ക്ഷോഭംകൊണ്ടുണ്ടായ ഫുത്കാരശബ്ദത്താൽ ആക്രമിക്കപ്പെ ട്ടപർവ്വതഗുഹകളുടെ അന്തർഭാഗത്തോടുകൂടിയ. പ്രതി...ലീലൈഃ—ഓരോ ദിവസവും ഭക്ഷിക്കപ്പെട്ട മനുഷ്യരുടെ അസ്ഥികളെ മാലയായി അണി ഞ്ഞു വെള്ളിൽപ്പക്ഷികളുടെ ലീലാവിലാസമുളവാക്കിയ. കോപ...ലാ ടൈഃ—കോപംകൊണ്ട് ഇളകുന്ന പുരികച്ചുളിപ്പിനാൽ കഠിനമായ നെ റിയോടുകൂടിയ. ദണ്ഡ.....മുദ്രൈഃ—യമന്റെ ദണ്ഡാഗ്രത്തിന്റെ ഭയങ്കരതയെ ഖണ്ഡിക്കുന്നതിൽ തൽപരമായ പുരികക്കൊടിയു ടെ അറ്റത്തിന്റെ പ്രകാശത്താൽ മൂന്നു ലോകത്തിനും ആപത്തി

1. മുത്ഥിതാ.

സവർഷൈഃ ''അർദ്ദന്ത്യാം മുനയഃ ബദ്ധ്യന്താം മുനിപത്ന്യഃ ചിദ്യന്താം പവിത്രാണി വൃശ്ച്യന്താം യൂപദണ്ഡാഃ ഭജ്യന്താമാശ്രമാഃ ഭുജ്യന്താം ഹവീംഷി സാംപ്രതമസാംപ്രതമേവ ഹോതുമി''ത്യാദി വാത്താമാത്രേണൈവ സമുദ്വേജിതസകലർത്വിഗ്ജനൈഃ ഭയവിവശപലായമാന മുനിജന ഹാഹാരാവവർഷിഭിഃ മാരീചസുബാഹുപ്രഭൃതിഭിഃ നിശാചരനിവഹൈരവധ്യതേ സ്മ തദനന്തരമന്തരിക്ഷാദാപതന്തം അന്തകാനീകഭയങ്കരം പലാശഗണമാലോക്യ പലായമാനാഃകരഗളിതപലാശസമിത്കുശാഃ കുശികനന്ദനാന്തേവാസിനഃ സസംഭ്രമമഭിലഷിതാഹവായ രാഘവായ ന്യവേദയൻ.

''ഹുതാശ്ദ്രോഃ ശിഖരാണി താനി പരിതഃ
ക്ഷിപ്ത്വാ ഹസിത്വാ മിഥഃ
കൃത്വാ ഹസ്തവിഘട്ടനം തത ഇതഃ
സ്ഥിത്വാ നദിത്വാ മുഹുഃ

നെ സൂചിപ്പിക്കുന്നു. ത്രുക്ഷ....ചരൈഃ—വളരെ പരുഷമായ നോട്ടം കൊണ്ട ഭയത്തോടിയ ദേവയോനിവിശേഷങ്ങളോടുകൂടിയ. ''കാന്ദിശീകോ ഭയദ്രുതഃ—''എന്നു അമരം. പ്രതിപ....ഷ്ടൈഃ—കൂടക്കൂടെ മദ്യമാംസങ്ങളെ വർഷിക്കുന്ന. മുനയഃ അർദ്യന്താം—മുനികളെ ഉപദ്രവിക്കുക. മുനിപത്ന്യഃ ബധ്യന്താം—മുനിപത്നികളെ ബന്ധിക്കുക. പവിത്രാണി ഛിദ്യന്താം—പവിത്രങ്ങളെ മുറിക്കുക. ബലികർമ്മാദികൾക്കായി കുശദർഭാദികൊണ്ടുണ്ടാക്കിയ വിരൽമോതിരം പവിത്രം. യൂപദണ്ഡാഃ വൃശ്ച്യന്താം—യൂപക്കുറ്റികളെ മുറിക്കുക. യജ്ഞപാത്രുവിനെ കെട്ടുവാനുള്ള തൂൺ യൂപം. ആശ്രമാഃ ഭജ്യന്താം—ആശ്രമങ്ങളെ ഇടിച്ചുപൊളിക്കുക. ഹവീംഷി ഭുജ്യന്താം—ഹോമദ്രവ്യങ്ങളെ ഭക്ഷിക്കുക. സാമ്പ്രതം—ഇപ്പോൾ. ഹോതും—ഹോമിക്കുവാൻ. അസാമ്പ്രതം ഏവ—യുക്തമല്ല. ഇത്യാ...ണ ഏവ—എന്നതുടങ്ങിയുള്ള വചനംകൊണ്ടുതന്നെ. സമു...ജനൈഃ—വ്യാകുലപ്പെട്ട എല്ലാ ഋത്വിക്കുകളോടുകൂടിയ. ഭയേ...ഷ്ടിഭിഃ—ഭയംകൊണ്ടു അവശരായി ഓടുന്ന മുനികളിൽനിന്നു ഹാഹാശബ്ദം മുഴക്കുന്ന. മാരി...തിഭിഃ—മാരീചൻ സുബാഹു മുതലായ. മാരീചൻ—സുന്ദനു താടകയിൽ ജനിച്ചവൻ. സുബാഹു—മാരീചഭ്രാതാവു. അഗസ്ത്യശാപത്താൽ രാക്ഷസനായവൻ. നിശാ...ഹൈഃ—രാക്ഷസസംഘങ്ങളാൽ. അവധ്യതേ സ്മ—ഇഉക്കിമറിക്കപ്പെട്ട. ആരംഭിക്കപ്പെട്ട സവനകോലാഹലം ആറാം ദിവസം രാക്ഷസന്മാരാൽ ഇളക്കിമറിക്കപ്പെട്ട എന്നു പ്രധാനവാക്യം. തദനന്തരം അതിൽപ്പിന്നെ. അന്തരീക്ഷാത് ആപതന്തം—ആകാശത്തിൽനിന്നു കുതിച്ചുവരുന്ന. അന്ത...കരം—യമന്റെ സൈന്യംപോലെ ഭയങ്കരമായ. പലാശഗണം ആലോക്യ—രാക്ഷസസമൂഹത്തെക്കണ്ടിട്ട്. പലായമാനാഃ—ഓടുന്നവരായ. കര...കുശാഃ—കയ്യിൽനിന്നു വീണുപോയ ചമത ദർഭ ഇവയോടുകൂടിയ. കുശി....സിനഃ—വിശ്വാമിത്രശിഷ്യന്മാർ. സസംഭ്രമം—പരിഭ്രമത്തോടുകൂടി. അഭിലഷിതാഹവായ രാഘവായ ന്യവേദയൻ—യുദ്ധം കൊതിക്കുന്ന രാമനെ അറിയിച്ചു.

സിക്തവാ ക്ഷ്മാമസൃജാ സ്രജാന്ത്രകൃതയാ
ബദ്ധ്വാ കചാൻ ഖേചാരൻ
ദദ്ധ്വാർച്ചിസ്സ്തുശാ ദൃശാ നിശിചരാ
രുന്ധന്തി രന്ധ്രം ദിവഃ. 7

ത്രേതാഗ്നികുണ്ഡപൂരം ച
വർഷന്തോ രുധിരച്ഛടാഃ
ഹിംസ്രാഃ സുബാഹുമാരീചാ-
മിശ്രാ നഃ പരിവ്രണവതേ. 8

''എൻപോറിൻ പോക കഷ്ടം നിശിചരരിതു തി-
ന്മാൻ തുടങ്ങുന്നിതയ്യോ!
ഡിംഭൻ ഭ്രപാലപുത്രൻ, നിപതതി സുരയും
മാംസവും വേദിതോറും''
സംഭ്രാന്ത്യാ ചെന്നിവണ്ണം മുനികരുവചനവും
രാമബാണാസനജ്യാ-
ഗംഭീരദ്ധ്വാനവായ്പും കൊടുമയ്യാടടനൊ-
ന്നിച്ചുകേട്ട ജനൗഘം. 9

പദ്യം 7. അദ്രേഃ ശിഖരാണി ഹൃത്വാ—പർവതശൃംഗങ്ങളെ പറിച്ചെടുത്തുകൊണ്ടുവന്നു. താനി പരിതഃ ക്ഷിപ്ത്വാ—അവയെ ചുറ്റുപാടും ഇട്ടും. മിഥഃഹസ്തവിഘട്ടനം കൃത്വാ ഹസിത്വാ—തമ്മിൽ കൈകൊട്ടിച്ചിരിച്ചും. തതഃ ഇതഃ സ്ഥിത്വാ—അങ്ങുമിങ്ങും നിന്നും. മുഹുഃ നദിത്വാ—കൂടെക്കൂടെ ഗർജിച്ചും. ക്ഷ്മാം അസൃജാ സിക്ത്വാ—ഭൂമിയെ രക്തം കൊണ്ടു നനച്ചും. ആന്ത്രകൃതയാ സ്രജാ കചാൻ ബദ്ധ്വാ—കുടൽമാലയാൽ കേശങ്ങളെ ബന്ധിച്ചും. അർച്ചിസ്സ്തുശാ ദൃശാ ഖേചരാൻ ദദ്ധ്വാ—തീക്കട്ടപോലെയുള്ള കണ്ണുകൊണ്ടു് ആകാശചാരികളെ ഹോപ്പിച്ചും. നിശിചരഃ—രാക്ഷസന്മാർ. ദിവഃ രന്ധ്രം—ആകാശദ്വാരത്തെ. രുന്ധന്തി തടയുന്നു.

പദ്യം 8. ത്രേതാഗ്നികുണ്ഡപൂരം—ഗാർഹപത്യം ആഹവനീയം ദക്ഷിണാഗ്നി എന്നീ മുന്നഗ്നികുണ്ഡങ്ങളും നിറയത്തക്കവണ്ണം രുധിരച്ഛടാഃ വർഷന്തഃ ച—രക്തവർഷം ചെയ്യുന്നവരായ. ഹിംസ്രാഃ—ഹിംസാശീലരായ. സുബാ....ശ്രാഃ—സുബാഹുമാരീചാദികളും. നഃ പരിവ്രണവതേ—നമ്മെ ചുറ്റിയിരിക്കുന്നു.

പദ്യം 9. ഡിംഭൻ—ശിശുക്കളും. ഭ്രപാലപുത്രൻ—രാജപുത്രന്മാരായ രാമലക്ഷ്മണന്മാർ. നിപതതി—വീഴുന്നു. സുര—മദ്യം. വേദി—തിണ്ണ. സംഭ്രാന്ത്യാ—പരിഭ്രമത്തോടുകൂടി. രാമ....ധ്വാനം—രാമന്റെ വില്ലിന്റെ ഗംഭീരമായ ഞാണൊലി. ജനൗഘം—ജനസമൂഹം.

ശ്രീരാമൻ ബാണം പ്രയോഗിച്ചു മാരീചനെപ്പെടെയുള്ള രാക്ഷസന്മാരെ ഓടിക്കുന്നു:

വേഗാദഭ്യാപതന്തം ക്ഷപിതമഖവിധാ-
നൈർമഹായാതുധാനൈഃ
സാകം മാരീചമുരീകൃതഗുരുകഹനാ-
ഗ്രഹനം കണ്ടകാണ്ഡേ
ആകല്പം മാനവാനാം തദുപരി വിസൃജ-
ന്മാനവാൻ മാനവാസ്ത്രം
മേഘജ്യോതിസ്സമാനം വിദലിതധൃതി വി-
ദ്രാവയാമാസ ദൂരം. 10

മാരീചനീചമതിരാഹവമാരചയ്യ
ക്ഷിപ്രഃ ക്ഷണേന രഘുനായകസായകേന
മധ്യേ പയോനിധി ഭയേന നിമഗ്നമൂർത്തിർ-
വേഷം പുപോഷ ജലമാനുഷ നിർവിശേഷം. 11

ശ്രീരാമൻ യാഗവിഘ്നകാരികളായ സുബാഹു മുതലായ രാക്ഷസന്മാരെ നിഗ്രഹിക്കുന്നു:

വിദ്രാണേ താടകേയേ രഭസപരവശഃ
പ്രൗഢബാഹുഃ സുബാഹുർ-
ധൃത്വാ മാഹോക്ഷവേഷം നിശിചരസുഭടൈഃ
സാകമഭ്യേത്യ വേഗാത്

പദ്യം 10. ക്ഷപിത മഖവിധാനൈഃ മഹായാതുധാനൈഃ സാകം—യാഗകാര്യത്തെ നശിപ്പിച്ചവരായ വലിയ രാക്ഷസന്മാരോടുകൂടി. വേഗാത് അഭ്യാപതന്തം—വേഗത്തിൽ അടുത്തുവരുന്നവനും. ഊരീ....ഹനം—കനക്കെ കള്ളപ്പണി ചെയ്യുന്നവനും ആയ. മാരീചം—മാരീചനെ. മാനവാനാം ആകല്പം—മനുഷ്യർക്കാഭരണമായ. മാനവാൻ—മാനിയായ. അകാണ്ഡേ—പെട്ടെന്ന്. തദുപരി—അവന്റെ മീതേ. മേഘജ്യോതിസ്സമാനം—മിന്നലിനു തുല്യമായ. മാനവാസ്ത്രം വിസൃജൻ—മാനവാസ്ത്രത്തെ പ്രയോഗിച്ചിട്ട്. വിദലിതധൃതി-നശിപ്പിക്കപ്പെട്ട ധൈര്യത്തോടുകൂടി. ദൂരം—അകലെ. വിദ്രാവയാമാസ—ഓടിച്ചു.

പദ്യം 11. മാരീ....തിഃ—നീചബുദ്ധിയായ മാരീചൻ. ആഹവം ആരചയ്യ—യുദ്ധം ചെയ്തിട്ട്. രഘു....കേന ക്ഷണേന മധ്യേ പയോനിധി ക്ഷിപ്രഃ—രാമബാണത്താൽ നിമിഷംകൊണ്ടു സമുദ്രമധ്യത്തിൽ വീഴ്ത്തപ്പെട്ടവനായി. ഭയേന—ഭയംകൊണ്ട്. നിമഗ്നമൂർത്തിഃ—ഊളിയിട്ട്. ജല....ശേഷം വേഷം പുപോഷ—നീർമനുഷ്യന്റെ മട്ടിലായി.

പദ്യം 12. താടകേയേ വിദ്രാണേ—മാരീചൻ ഓടിപ്പോയപ്പോൾ. രഭസപരവശഃ—വേഗം പെരുകിയവനായ. പ്രൗഢബാഹുഃ—കൈയ്യുക്കുള്ളവനായ. സുബാഹുഃ—സുബാഹു എന്ന രാക്ഷസൻ. മാഹോക്ഷവേഷം ധൃത്വാ—വലിയ കാളയുടെ വേഷം ധരിച്ചിട്ട്. നിശിചരസുഭടൈഃ സാകം

കുത്തിപ്പൊട്ടിച്ചു കീഴ്മേലിളകിമറിയുമാ-
റാശ്രമം ഘോരഘോര-
പ്രധ്വാനം വ്യാപരിച്ചാനഖിലഭുവനസം-
ക്ഷോഭശങ്കാവിധായീ. 12

സമന്തതഃ സന്തതഹന്തഹാരവേ
മഹാശ്രമേ തത്ര സുബാഹുചേഷ്ടിതൈഃ
ലഘുപ്രഭാവം നിജമേവ ദർശയൻ
രഘുപ്രവീരോ ദഹനാസ്ത്രമാദദേ. 13

ആഗ്നേയാസ്ത്രം പ്രയോഗിച്ചളവു രഘുവരേ
വിജ്വലജ്ജ്വാലജാല-
പ്രോദ്ദീപ്തേനോഗ്രധാമ്നാ പ്രളയദഹനവ-
ന്തേന ദന്ദഹ്യമാനാഃ
ധാത്ര്യാം ചത്തുമ്മലച്ചു മഖവിഹതികരാ
രാക്ഷസാസ്തേ തദാനീം
പ്രോദ്രിക്താത്മാ സുബാഹുഃ സുബഹു പരിണടൻ
പ്രേതരാജ്യം പ്രപേദേ. 14

വംശസ്പൃശാ ഹൃദയഹാരിഫലാന്വിതേന
രാമേരിതേന സഹസാ സഹ സായകേന

വേഗാത് അഭ്യേത്യ-രാക്ഷസവീരന്മാരോടുകൂടി വേഗമായി വന്നു്. അഖിലം....ധായീ-എല്ലാ ലോകവും ക്ഷോഭിപ്പിച്ചേക്കുമോ എന്ന ശങ്കയെ ജനിപ്പിച്ചുകൊണ്ടു്. ഘോര... നം-വളരെ ഭയങ്കരമായ ഗർജ്ജനത്തോടുകൂടി. വ്യാപരിച്ചാൻ-പെരുമാറി.

പദ്യം 13. സുബാ....തൈഃ-സുബാഹുവിന്റെ പ്രവൃത്തികളാൽ. തത്ര മഹാശ്രമേ-ആ വലിയ ആശ്രമത്തിൽ. സമന്തതഃ-എങ്ങും. സന്തത....രവേ-'ഹാ ഹന്ത' എന്ന ശബ്ദം വ്യാപിച്ചപ്പോഴ്. രഘുപ്രവീരഃ-ശ്രീരാമൻ. നിജം പ്രഭാവം ലഘുദർശയൻ ഏവ-തന്റെ പ്രഭാവത്തെ കൈമിടുക്കോടെ കാട്ടിക്കൊണ്ടു്. ദഹനാസ്ത്രം ആദദേ-ആഗ്നേയാസ്ത്രത്തെ എടുത്തു.

പദ്യം 14. രഘുവരേ-ശ്രീരാമൻ. വിജ്വല.....പ്തേന-വിശേഷമായി കത്തുന്ന ജ്വാലാസമൂഹത്താൽ വളരെ പ്രകാശിക്കുന്ന. ഉഗ്രധാമ്നാ-ഉഗ്രതേജസ്സുള്ള. പ്രളയ....ന്തേന-പ്രളയകാലത്തിലെ അഗ്നിസമൂഹത്താൽ. ദന്ദഹ്യമാനാഃ-വല്ലാതെ ദഹിപ്പിക്കപ്പെടുന്നവരായി. ധാത്ര്യാം-ഭൂമിയിൽ. മഖവിഹതികരാഃ-യാഗനാശകരായ. തേ രാക്ഷസാഃ-ആ രാക്ഷസന്മാർ. തദാനീം-അപ്പോഴ്. പ്രോദ്രിക്താത്മാ സുബാഹുഃ-അഹങ്കാരിയായ സുബാഹു. സുബഹു-വളരെ. പരിണടൻ-അങ്ങുമിങ്ങും തുള്ളിച്ചാടി. പ്രേതരാജ്യം പ്രപേദേ-യമപുരത്തെ പ്രാപിച്ചു.

പദ്യം 15. വംശസ്പൃശാ-മുളങ്കോൽ പിടിപ്പിച്ചതും. ഹൃദയ.....തേന-ഹൃദയം കവരുന്ന മുനയോടുകൂടിയതും. സഹസാ രാമേരിതേന-

സ്നേഹാർദ്രീതേന നിരഗാദനുരാഗിണീവ
പ്രാണാവലീ ഹൃദയതഃ പിശിതാശനാനാം. 15

രാക്ഷസനിഗ്രഹപൂർവം യാഗത്തെ രക്ഷിച്ച ശ്രീരാമനെ മുനികൾ വാഴ്ത്തുന്നു:

നാശം നൈശാചരം ചേത്ത്വഖിലമപി മഖ-
ത്രാണമാധായ വാഗ്ഭം
തേജോരാശൗ പുരസ്താന്നമതി കുലഗുരോ-
രന്തികേ രാമചന്ദ്രേ
ആശാകാശാവകാശോത്ഥിത 'ജയജയ' ശ-
ബ്ദങ്ങളും മൗനഭാജാ-
മാശീർവാദങ്ങളും തങ്ങളിലൊരുമ കലർ-
ന്നു നഭോമദ്ധ്യരംഗേ. 16

യാഗം അവസാനിച്ചപ്പോൾ സന്തുഷ്ടനായ വിശ്വാമിത്രൻ രാമൻ സീതയെ വിവാഹം കഴിക്കുന്നതിനെപ്പറ്റി ചിന്തിക്കുകയും, മിഥിലയ്ക്കു പോകേണ്ടതിനെപ്പറ്റി പ്രസ്താവിക്കുകയും, രാമലക്ഷ്മണന്മാർ സമ്മതിക്കുകയും ചെയ്യുന്നു:

അഥ നിശ്ചരമാഹാദ് വീതവൈതാനവിഘ്നോ
മുനിരവഭൃഥകൃത്യം വിശ്വഹൃദ്യം സമാപ്യ
അമനുത ജയലക്ഷ്മ്യാ രാമമാജൗ സമേതം
യജനജനിതലക്ഷ്മ്യാ യോക്തുമവ്യാജലക്ഷ്മ്യാ. 17

വേഗത്തിൽ രാമൻ തൊട്ടുത്തുവിട്ടതും. സ്നേഹാർദ്രീതേന—എണ്ണമയമുള്ളതുമായ. സായകേന സഹ—അമ്പിനോടുകൂടെ. പരിശാതാശനാനാം പ്രാണാവലീ—രാക്ഷസന്മാരുടെ പ്രാണങ്ങൾ. അനുരാഗിണീ ഇവ—കാമിനിയെപ്പോലെ. ഹൃദയാൽ നിരഗാത്—ഹൃദയത്തിൽനിന്നു പുറത്തു കടന്നു.

പദ്യം 16. നൈശാചരം—രാക്ഷസന്മാരെ സംബന്ധിച്ച (നാശവും). മഖത്രാണം അഖിലം അപി ആധായ—യാഗരക്ഷയുമെല്ലാം ചെയ്തിട്ട്. തേജോരാശൗ രാമചന്ദ്രേ—തേജോനിധിയായ ശ്രീരാമൻ കുലഗുരോഃ അന്തികേ പുരസ്താത് നമതി—കുലഗുരുവിന്റെ സമീപത്തിൽ മുമ്പിലായി നമസ്കരിക്കുമ്പോൾ. നഭോമദ്ധ്യരംഗേ—ആകാശത്തിൽ. ആശാ.... ബ്ദങ്ങളും—ദിക്കുകളിൽനിന്നെല്ലാം പൊങ്ങിയ ജയജയധ്വനികളും. മൗനഭാജാം—മുനിമാരുടെ. തങ്ങളിൽ—തമ്മിൽ.

പദ്യം 17. അഥ—പിന്നെ. നിശി.....ഹാത്—രാക്ഷസനിഗ്രഹം നിമിത്തം വീത ...ഘ്നഃ—ഇല്ലാതായ യാഗവിഘ്നത്തോടുകൂടിയ. മുനിഃ—വിശ്വാമിത്രമുനി. വിശ്വഹൃദ്യം—ലോകർക്കു രോചകമാകുംവണ്ണം. അവഭൃഥകൃത്യം സമാപ്യ—യാഗാവസാനക്രിയയെന്ന കാര്യത്തെ നടത്തിത്തീർത്തിട്ട്. ആജൗ—യുദ്ധത്തിൽ. ജയലക്ഷ്മ്യാസമേതം—വിജയലക്ഷ്മിയോടുകൂടിയ. രാമം—രാമനെ. അവ്യാജലക്ഷ്മ്യാ—സാക്ഷാൽ ലക്ഷ്മിയായ. യജനജനിതലക്ഷ്മ്യാ—യാഗത്തിൽ ജനിച്ച ലക്ഷ്മിയോട് (സീതയോട്). യാഗത്തിനായി ഭൂമിയെ ഉഴുതപ്പോൾ ജനിച്ചവളാണല്ലോ സീത. യോക്തും അമനുത—ചേർക്കുവാൻ വിചാരിച്ചു.

തതോ മുനിഃ സാധു സമാപ്തയജ്ഞഃ
കൃതാർത്ഥതാദന്തരിതാന്തരാത്മാ
മുദാ സമാഹൂയ മഹർഷിമദ്ധ്യേ
ജഗാദ നത്രം ജഗദീശസൂനും 18

''ശ്രീമന്മംഗല്യസൂര്യാന്വയതിലകമണേ!
വത്സ! മേന്മേൽ വളർത്താ
സാമർത്ഥ്യംകൊണ്ട സദ്രക്ഷയുമുടനസതാം
ശിക്ഷയും നന്നിടാനീം;
ക്ഷേമപ്രൗഢേന രാജ്ഞാ ദശരഥനൊടപേ-
ക്ഷിച്ചനേകം പിണങ്ങി
ത്വാമത്രാനീയ നമ്മാൽ കൃതമിതു സഫലം
കർമ്മ നിർവിഘ്നമാസീത്'. 19

'നിസ്സംബാധം വ്യതീതേ മഹിതമഖവിധൗ
തത്ക്ഷണേനൈവ ബാലൗ
ഹസ്തേ കൊണ്ടത്തരുന്നുണ്ടി'തി നൃപതിയൊട്ട-
കതം മയാ സത്സമാജേ;
മദ്ധ്യേ കാണേണ്ടവൊന്നത്രയുമിതു മിഥിലാ-
യാം മഹായജ്ഞലാഭം:
ചിത്തേ യദ്യസ്തി കൗതൂഹലമതുമിഹ സാ-
ധിച്ചയോദ്ധ്യാപ്രവേശം. 20

പദ്യം 18. തതഃ—പിന്നെ. സാധു....ജ്ഞഃ—ഭംഗിയായി യാഗം അവസാനിച്ച. മുനിഃ—വിശ്വാമിത്രമുനി. കൃതാ....ത്മാ—ധന്യതയാൽ സന്തുഷ്ടനായി. നത്രം ജഗദീശസൂനും—വണങ്ങിയവനായ ശ്രീരാമനെ. മുദാ സമ്മാഹൂയ—സന്തോഷത്തോടുകൂടി വിളിച്ചിട്ട്. മഹർഷിമദ്ധ്യേ—മഹർഷിമാരുടെ നടുക്കുവച്ച്. ജഗാദ—പറഞ്ഞു.

പദ്യം 19. ശ്രീമ....മനേ—ശ്രീമത്തും മങ്ഗലകരവും ആയ സൂര്യവംശത്തിനു ശ്രേഷ്ഠാലങ്കാരമായുള്ളോവേ. വത്സ—എന്റെ വാത്സല്യത്തിനു് ഇരിപ്പിടമായുള്ളോവേ. സദ്രക്ഷ—ശിഷ്ടന്മാരെ രക്ഷിക്കുക. അസതാം ശിക്ഷ—ദുഷ്ടന്മാരുടെ നിഗ്രഹം. ഇദാനീം—ഇപ്പോഴും. ക്ഷേമപ്രൗഢേന—രക്ഷയിൽ തത്പരനായ. രാജ്ഞാ—രാജാവായ. ത്വാം—നിന്നെ. അത്ര ആനീയ—ഇവിടെ കൂട്ടിക്കൊണ്ടുവന്നിട്ട്. കൃതം—ചെയ്യപ്പെട്ട. കർമ—(യാഗരൂപമായ) കൃത്യം. നിർവിഘ്നം—വിഘ്നരഹിതമായും. സഫലം—ഫലത്തോടുകൂടിയതായും. ആസീത്—ഭവിച്ച.

പദ്യം 20. മഹിതമഖവിധൗ—ശ്രേഷ്ഠമായ യാഗകാര്യം. നിസ്സംബാധം വ്യതീതേ—കഴപ്പമില്ലാതെ കഴിഞ്ഞാൽ. തൽക്ഷണേന ഏവ—ഉടൻതന്നെ. ബാലൗ—കുട്ടികളായ രാമലക്ഷ്മണന്മാരെ. ഹസ്തേ—കയ്യിൽ. ഇതി—എന്നു്. മയാ സത്സമാജേ—എന്നാൽ സത്തുക്കളുടെ

1. സ ചാഹ

ന്യസ്തം ക്ഷിതൗ ഭുജഗഭൃഷ്ണപള്ളിവില്ലും
ചിത്രം തകും ജനകരാജ്യവിഭൂതിവായ്പും
ഉദ്വീക്ഷണീയമിതയോനിഭവം ച കന്യാ-
രത്നം വിരഞ്ഞതിനു സംപ്രതി പോകയോ നാം.'' 21

ഇത്ഥം ഗുരൗ വദതി യുക്തമിതെന്നുതന്നെ
തത്രോച്ചകൈരഭിനനന്ദ മുനീന്ദ്രവൃന്ദം;
ഭക്ത്യാ നതേന ശിരസാ തരസാ തഥേതി
പ്രത്യഗ്രഹീത് പരിവൃഢോഽപി മുദാ രഘൂണാം. 22

രാമലക്ഷ്മണന്മാരോടുകൂടി ജനകരാജധാനിയിലേക്കു പുറപ്പെട്ട മുനി വഴിയിൽ ശോണതീർത്ഥത്തിൽ തങ്ങുകയും പിന്നെ ഗംഗാതീരത്തെ പ്രാപിക്കുകയും ചെയ്യുന്നു:

ആത്താമോദം തദാനീം മുനിരഥ മിഥിലാ-
രാജധാനീം പ്രയാസ്യൻ
ഗോത്രേന്ദ്രം ഭീമജാമാതരമുടനഭിവ-
ന്ദ്യേന്ദുമന്ദാരഗൗരം
സാർദ്ധം പ്രസ്ഥായ താഭ്യാം ദശരഥതനയാ-
ഭ്യാം ഗതഃ ശോണതീരം
മാത്താണ്ഡേ മണ്ഡിതാസ്തേ നിയമമകൃത സാ-
യന്തനം ശാന്തചേതാഃ 23

സഭയിൽവെച്ച്. ഉക്തം—പറയപ്പെട്ട. മധ്യേ—ഇടയ്ക്ക്. മിഥിലായാം—ജനകന്റെ രാജധാനിയായ മിഥിലാനഗരത്തിൽ. വിദേഹരാജ്യത്തിന്റെ തലസ്ഥാനം മിഥില. മഹായജ്ഞഘോഷം—മഹായാഗത്തിന്റെ കോലാഹലം. കൗതൂഹലം അസ്തി യദി—കൗതുകമുണ്ടെങ്കിൽ. ഇഹ— ഇപ്പോൾ.

പദ്യം 21. ക്ഷിതൗ—ഭൂമിയിൽ. ന്യസ്തം—നിക്ഷേപിച്ചിരിക്കുന്ന. ഭുജഗ...വില്ലും—ശിവധനസ്സും. ചിത്രം—ആശ്ചര്യം. ജനക...സ്തും— ജനകരാജ്യത്തിലെ സമ്പത്സമൃദ്ധിയും. അയോനിഭവം കന്യാരത്നം ച—യോനിയിലല്ലാതെ ജനിച്ച ശ്രേഷ്ഠകന്യകയും. ഉദ്വീക്ഷണീയം—കാണേണ്ടതോണ്ട്. സംപ്രതി—ഇപ്പോൾ.

പദ്യം 22. ഇത്ഥം—ഇപ്രകാരം. ഗുരൗ വദതി—ഗുരു പറയുമ്പോൾ. തത്ര—അവിടെ. മുനീന്ദ്രവൃന്ദം—മുനിസംഘം. യുക്തം—യോഗ്യം. ഉച്ചകൈഃ അഭിനനന്ദ-വളരെ അനുമോദിച്ചു. ഭക്ത്യാ നതേന ശിരസാ— ഭക്തികൊണ്ടു വണങ്ങിയ തലയോടുകൂടി. തരസാ—പെട്ടെന്ന്. രഘൂണാം പരിവൃഢഃ അപി—ശ്രീരാമനും. മുദാ—സന്തോഷത്തോടുകൂടി. തഥാ ഇതി—അങ്ങനെതന്നെയെന്ന്. പ്രത്യഗ്രഹീത്—സ്വീകരിച്ചു.

പദ്യം 23. അഥ തദാനീം മുനിഃ—പിന്നീടപ്പോൾ മുനി. ആത്താമോദം—സന്തോഷത്തോടുകൂടി. മിഥിലാരാജധാനീം പ്രയാസ്യൻ— മിഥി

തസ്മിന്നതന്ദ്രമുപവിശ്യ സമം മുനീന്ദ്രൈ–
രഭ്യാസിതേന പുരതഃ പ്രഭുണാ രഘൂണാം
പൃഷ്ടോ,ഥ ഗാഥിതനയോ നിജതാതജന്മ–
പ്രസ്താവനീമകഥയത് സ കഥാം പുരാണീം. 24

തദനു കുശികജന്തുശ്രീകഥാകർണ്ണനംകൊ–
ണ്ടഗണിതഗതയാമാം യാമിനീം തത്ര നീത്വാ
കൃതദിനമുഖകൃത്യഃ ശോണതീർത്ഥേ ഗുരും തം
വിഹിതനിയമമഗ്രേകൃത്യ ഗംഗാം പ്രതസ്ഥേ. 25

ലാനഗരത്തിലേക്കു പോകാൻ ഉദ്ദേശിക്കുന്നവനായി. ഇന്ദുമന്ദാരഗൗരം–ചന്ദ്രൻ മന്ദാരപുഷ്പം ഇവയെപ്പോലെ ശ്വേതവർണ്ണനായ. ഭീമജാമാതരം ഗോത്രേന്ദ്രം അഭിവന്ദ്യ–ശിവൻ ജാമാതാവായുള്ള പർവതശ്രേഷ്ഠനെ നമസ്കരിച്ചിട്ട്. ''ഭവോ ഭീമഃ സ്ഥാണു രുദ്ര ഉമാപതിഃ'' എന്നു് അമരം. ദശരഥതനയാഭ്യാം താഭ്യാം സാർദ്ധം പ്രസ്ഥായ–രാമലക്ഷ്മണന്മാരായ അവരോടുകൂടി പുറപ്പെട്ട്. ശോണതീരം ഗതഃ–ശോണതീർത്ഥത്തിന്റെ തീരത്തെ പ്രാപിച്ചവനായി. ഗൊണ്ഡവനത്തിൽനിന്നു് ഒഴുകിവന്ന പാടലീപുത്രത്തിനു് അടുത്തായി ഗംഗയിൽ ചേരുന്ന ശോണനദി. മാർത്താണ്ഡമണ്ഡിതാസ്തേ–സൂര്യൻ അസ്തഗിരിയെ അലങ്കരിച്ചപ്പോൾ. ശാന്തചേതാഃ–ശാന്തമനസ്കനായി. സായന്തനം നിയമം അകൃത–സായങ്കാലത്തിലെ അനുഷ്ഠാനത്തെ ചെയ്തു.

പദ്യം 24. തസ്മിൻ–അവിടെ (ശോണനദീതീരത്തിൽ). അതന്ദ്രം–ആലസ്യംകൂടാതെ. മുനീന്ദ്രൈഃ സമം ഉപവിശ്യ–മഹർഷിമാരോടൊപ്പം ഇരുന്നു. പുരതഃ അഭ്യാസിതേന–മുമ്പിൽ അഭിമുഖമായി ഉപവിഷ്ടനായ. രഘൂണാം പ്രഭുണാ–ശ്രീരാമനാൽ. പൃഷ്ടഃ–ചോദിക്കപ്പെട്ടവനായ. സഃഗാഥിതനയഃ–ആ വിശ്വാമിത്രൻ. അഥ–പിന്നെ. നിജതാതജന്മപ്രസ്താവനീം–തന്റെ പൂർവികന്മാരുടെ ജനനപ്രസ്താവമുൾക്കൊണ്ട. പുരാണീം കഥാം അകഥയത്–പഴയ കഥയെ പറഞ്ഞു. വിശ്വാമിത്രൻ ആദ്യം ക്ഷത്രിയനായിരുന്നു. ഗാഥിയുടെ പുത്രനായ അദ്ദേഹം കാന്യകുബ്ജത്തിലെ രാജാവായിരുന്നു. ബ്രഹ്മർഷിയായ വസിഷ്ഠനോടുണ്ടായ മാത്സര്യം നിമിത്തം രാജ്യവും ക്ഷത്രിയത്വവും വെടിഞ്ഞു തപസ്സനുഷ്ഠിച്ചു് ബ്രഹ്മർഷിയായിത്തീർന്നു.

പദ്യം 25. തദനു–അതിൽപ്പിന്നെ. കുശി...കൊണ്ടു്–വിശ്വാമിത്രന്റെ നല്ല കഥ കേട്ടതുകൊണ്ടു്. അഗ....യാമാം–യാമം പോയതറിയാതെ. യാമിനീം–രാത്രിയെ. തത്ര നീത്വാ–അവിടെ കഴിച്ചിട്ടു്. ശോണതീർത്ഥേ–ശോണതീർത്ഥത്തിൽ. കൃതദിനമുഖകൃത്യഃ–വെളുപ്പിനു ചെയ്യേണ്ട കൃത്യങ്ങളും ചെയ്തവനായി. വിഹിതനിയമം–അനുഷ്ഠാനമെല്ലാം കഴിഞ്ഞ. തം ഗുരും അഗ്രേകൃത്യ–ആ ഗുരുവിനെ മുമ്പിലാക്കിച്ചെയ്തിട്ടു്. ഗംഗാം പ്രതസ്ഥേ–ഗംഗയിലേക്കു യാത്രയായി.

ഗംഗയെ പ്രാപിച്ചു സ്നാനാദികളും കഴിഞ്ഞു മുനി 'ഗംഗാവതരണ' കഥയെ രാമലക്ഷ്മണന്മാരോട് പറഞ്ഞു കേൾപ്പിക്കുന്നു:

സ്നാത്വാ ദിവ്യാപഗാപാഥസി ദുരിതഹരേ
തപ്പയിത്വാ നിതാന്തം
പ്രീത്യാ പേത്തും പിതൄണാം ഗണമധിവസതേ
തീരഭൂമിം തദീയാം
ആസ്ഥാം കൈസ്സ്വാണ്ടേ മദ്ധ്യേ മുനിവരസദസാം
ശ്രോതുകാമായ രാമാ—
യാസ്മൈ ഭാഗീരഥീപാവനപരമകഥാം
ഗാഥിജന്മാ ന്യഗാദീത്. 26

പണ്ട് അയോധ്യയിലെ രാജാവായ സഗരൻ അശ്വമേധം നടത്തിയതും അഴിച്ചുവിട്ട കുതിരയെ ഇന്ദ്രൻ രഹസ്യമായി പിടിച്ചുകെട്ടിയതും സഗര പുത്രന്മാർ അറുപതിനായിരം പേരും കുതിരയെ അന്വേഷിച്ചു ഭൂമിയെക്കഴിച്ചു പാതാളത്തിൽ ചെന്നപ്പോഴും അവിടെ തപസ്സു ചെയ്തുകൊണ്ടിരുന്ന കപിലമുനിയുടെ പിൻവശത്തു് അശ്വം കെട്ടപ്പെട്ടിരുന്നതിനെക്കണ്ടു മുനിയെ അശ്വമോഷ്ടാവായി കരുതി അവർ ഹിംസിക്കുന്നതും ഒന്നുമറിയാത്ത മുനി അവരെ ശപിച്ചു ഭസ്മമാക്കുന്നതും അപമൃത്യുവിൽ ലയിച്ച അവർക്ക് സദ്ഗതി വരുത്തുവാനായി ഭഗീരഥൻ ശിവന്റെ അനുഗ്രഹത്തോടുകൂടി ആകാശഗംഗയെ ഭൂമിയിൽ അവതരിപ്പിക്കുന്നതും അതിൽ പിതൃക്കൾക്കു നല്ല ഗതി വരുത്തുന്നതും പ്രസ്താവിക്കുന്നു:

ഗദ്യം 3

(ദണ്ഡകം)

''ശ്രീമാൻ പുരാഭവദയോദ്ധ്യാപുരേ പരമ—
ധാമാ നൃപഃ സഗരനാമാ;
ശ്രീമഹിതസുമതിരപി കേശിനിയുമവനിരുവർ
ഭാമിനികളഴകിലുദഭൂതാം;

പദ്യം 26 ദുരിതഹരേ—പാപനാശകമായ. ദിവ്യാ....ഥസി—ഗംഗാജലത്തിൽ. സ്നാത്വാ—കുളിച്ചിട്ട്. നിതാന്തം പ്രീത്യാ—വളരെ ശ്രദ്ധയോടെ. പിതൄണാം ഗണം തർപ്പിയത്വാ—പിതൃഗണത്തെ തർപ്പിച്ചിട്ട്. തദീയാം തീരഭൂമിം അധിവസതേ—ഗംഗാതീരത്തിൽ വസിക്കുന്ന. മുനിവരസദസാം മധ്യേ—മുനിസംഘങ്ങളുടെ നടുക്കു്. ആസ്ഥാം—താത പര്യത്തെ. ശ്രോതുകാമായ അസ്മൈ രാമായ—കേൾക്കാൻ ആഗ്രഹിക്കുന്ന ഈ രാമനായിട്ടുണ്ടു്. ഗാഥിജന്മാ—വിശ്വാമിത്രൻ. ഭാഗീ...ഥാം—ഗംഗയെസ്സംബന്ധിച്ച പരിശുദ്ധമായ ശ്രേഷ്ഠകഥയെ. ന്യഗാദീത്—പറഞ്ഞുകേൾപ്പിച്ചു.

ഗദ്യം 3. പുരാ—പണ്ടു്. അയോദ്ധ്യാപുരേ—അയോദ്ധ്യാനഗരത്തിൽ. പരമധാമാ—മഹാതേജസ്വിയായ. സഗരനാമാ—സഗരൻ എന്നു പേരായ. നൃപഃ അഭവത്—രാജാവുണ്ടായി. ശ്രീമതിഃ അപി—ഐശ്വര്യംകൊണ്ടു ശ്രേഷ്ഠയായ സുമതിയും. കേശിനിയും—കേശിനി എന്നു പേരുള്ളവളും. ഭാമിനികൾ—കാന്തമാർ. ഉദഭൂതാം—ഉണ്ടായി. ദുഗോഃ

ശ്രീതയാം[1] ഭൃഗോരതനൂകൃപയാ വിദർഭസുത
സുഷുവേ/ഥ സൂനുമസമഞ്ജം;
ശിവതനയനിവഹമുടനഴകിനൊട്ട ഷഡധ്യുതമി–
തമിതധൃതി സുമതിയുമസാവീത്.

ശത്രും ജഗത്തിനസമഞ്ജം ദുരാചരിത–
മുത്സാര്യ സോ/പി ഹയമേധം
ശക്തിയൊട്ട മുതിരുമളവുത്തരളചകിതമതി
വൃത്രരിപുരഹൃത ഹയമേതം;
ശതശോ വിഭിന്നപഥമഥ സൗമതേയതതി
ഹയമാർഗ്ഗണായ നടകൊണ്ട;
ശകലിതമിതവനിതലമവർ തുടരുമതികാനി–
ദുഗ്ധഖനനവിധിഭിരതിഭീമൈഃ.

മുഷ്ടം ഹയം കപിലപൃഷ്ഠേ വിലോക്യ പരി–
തുഷ്ടാ മലിമ്ലുചനതെന്നേ
മുട്ടെ മുഹുരിളകി മുസലർഷ്ടിധനുരസിഭിരതി–
ധൃഷ്ടതയൊടവരവാരണഞ്ഞാർ;
മുടിയാൻ വരുന്നളവിതറിയാവതല്ല ശിവ
കൃഹംകൃതേന കപിലോ/യം

അതനൂകൃപയാ ശ്രീതയാം വിദർഭസുത–ഭൃഗുമഹർഷിയുടെ പുണ്ണ്യകൃപ കൈവന്ന കേശിനി. അസമഞ്ജം സൂനും സുഷുവേ–അസമഞ്ജൻ എന്ന പുത്രനെ പ്രസവിച്ചു. അഥ–പിന്നെ. അമിതധൃതി സുമതിയും–ധൈര്യവതിയായ സുമതിയും. ഷഡധ്യുതം ശിവതനയനിവഹം–അറു പതിനായിരം നല്ല പുത്രന്മാരെ. അസാവീത്–പ്രസവിച്ചു. ജഗത്തിനു ശത്രും–ലോകത്തിനു ശത്രുവായ. ദുരാചരിതം–ദുരാചാരനായ. അസമഞ്ജം ഉത്സാര്യ–അസമഞ്ജനെ അകറ്റീട്ട്. സഃ അപി–അവനും (സഗരനുപനും). ഹയമേധം–(നൂറാമത്തെ) അശ്വമേധയാഗത്തെ. ഉത്തര.... മതി–(തന്റെ ഇന്ദ്രസ്ഥാനം പോകുമെന്നു) ഭയന്നവനായ. വൃത്രരിപുഃ –ഇന്ദ്രൻ. ഏതം ഹയം അഹൃത–ഈ കുതിരയെ അപഹരിച്ചു. നൂറ് അശ്വമേധയാഗം നടത്തിയാൽ ഇന്ദ്രസ്ഥാനം ലഭിക്കുമെന്നു പ്രസിദ്ധി. അഥ–പിന്നെ. സൗമതേയതതി–സുമതിയുടെ പുത്രന്മാർ. ഹയമാർഗണായ –കുതിരയെ അന്വേഷിക്കുവാനായി. ശതശഃ വിഭിന്നപഥം–നൂറു നൂറു വഴികളിൽക്കൂടി. അതിഭീമൈഃ–വളരെ ഭയങ്കരങ്ങളായ. അതി.... ധിഭിഃ–അതികഠിനമായി കുഴിക്കുകയാൽ. ശകലിതം അവനിതലം–ഭൂതലം ശിഥിലമായി. മുഷ്ടം ഹയം–മോഷണം പോയ കുതിരയെ. കപിലപൃഷ്ഠേ വിലോക്യ–കപിലമുനിയുടെ പിൻഭാഗത്തു കണ്ടിട്ട്. പരിതുഷ്ടാഃ–സന്തുഷ്ടരായി. മലിമ്ലുചൻ–കള്ളൻ. ''പ്രതിരോധി പരാസ്സന്ദപാടച്ചരമലിമ്ലുചാഃ'' എന്നു അമരം. മുസല....സിഭിഃ–ഉലക്ക ഇരുമുനവാളം വില്ലു വാളം ഇവയെക്കൊണ്ടു. അതിധൃഷ്ട–വളരെ

1. തനാം

മടമയൊട്ട പട തുടരുമവരിലൊരു ഭസിതവടി–
വുടനരുളി മറപൊരുൾ മറഞ്ഞു.

വിജ്ഞായ തദ്ഗതിമമത്ത്യാപഗാനയന–
വൃത്ത്യാംശുമാൻ ഗരുഡവാചാ
വിജ്വലിതരതി തപസി തദ്ധരണിഭരണമവ–
മുച്യ വനമഭജത ദിലീപേ;
വിരതേഽഥ തത്ര പുനരുപലഭ്യ വൃത്തമിത്ര
വിരജാ ഭഗീരഥനതന്ത്രം
വിപുലമതി വിബുധസരിദവതരണമധിധരണീ
വിരചയിതുമതന സമനാഹീത്.

ഗത്വാ ഗോകർണ്ണഭൂമിം നിരുപമതപസാ
തോഷിതാദ്രികന്യാ–
ഭർത്തുർല്ലബ്ധാനുവാദസ്തദനു ഭഗവതീം
വോഢുമാകാശഗംഗാം
ഉത്സാഹീ മർത്ത്യലോകാവതരണവിധയേ
പിന്നെ ദിവ്യസ്രവന്തീ–
മുദ്ദിശ്യാസൗ തപസ്യാം ചിരമകൃത നവ–
സ്യാഗമസ്യാനൃപം. 27

അഹങ്കാരം. അയം കപിലഃ—ഈ കപിലമുനി. കടുഹൃംകൃതേന—കഠിന മായ ഹങ്കാരശബ്ദത്താൽ. മടമ—അറിവില്ലായ്മ. ഭസിതവടിവ് ഉടൻ അരുളി—സഗരപുത്രന്മാർ എല്ലാവരും ഭസ്മമാകത്തക്കവണ്ണം ശപിച്ചു. മറ പൊരുൾ—ശ്രുദ്ധസത്ത്വമായ മുനി. അംശുമാൻ—സഗരപുത്രനും അസമ ഞ്ജസപുത്രനും ദിലീപന്റെ പിതാവുമായ രാജാവ്. ഗരുഡവാചാ—ഗരു ഡന്റെ വാക്കിനാൽ. കശ്യപനു വിനതയിൽ ജനിച്ച പക്ഷിശ്രേഷ്ഠനും വിഷ്ണുവിന്റെ വാഹനവും ആകുന്നു ഗരുഡൻ. തദ്ഗതിം അമ....ത്ത്യാ വിജ്ഞായ—അവർക്കു ഗതി കിട്ടുവാൻ ദേവഗംഗയെ കൊണ്ടുവരണമെന്നറി ഞ്ഞിട്ട്. തപസി—തപസ്സിങ്കൽ. വിജ്വലിതരതി—തത്പരനായി. തദ്ധരണിഭരണം ദിലീപേ അവമുച്യ—ആ രാജ്യഭരണത്തെ ദിലീപനെ ഏല്പിച്ചിട്ട്. വനം അഭജത—കാട്ടിനെ പ്രാപിച്ചു. അഥ—പിന്നെ. തത്ര വിരതേ—ദിലീപൻ മരിച്ചപ്പോൾ. വിരജാഃ—രജോമലരഹിതനായ. വിപുലമതി—ബുദ്ധിമാനായ. ഭഗീരഥൻ—സഗരന്റെ പരമ്പരയിലുള്ള രാജാവ്. വൃത്തം ഉപലഭ്യ പുനഃ—വൃത്താന്തമറിഞ്ഞിട്ട്. അതന്ത്രം—മടി കൂടാതെ. അധിധരണീ—ഭൂമിയിൽ. വിബു....രണം വിരചയിതും—ഗംഗയെ അവതരിപ്പിക്കുവാൻ. അതന സമനാഹീത്—കിണഞ്ഞൊരുങ്ങി.

പദ്യം 27. ഗോകർണ്ണഭൂമിം ഗത്വാ—ഗോകർണ്ണത്തിൽ ചെന്നു. നിരു....പസാ—അതുല്യമായ തപസ്സിനാൽ. തോഷിതാത്—സന്തോ ഷിപ്പിക്കപ്പെട്ട. അദ്രി....ർത്തുഃ—പരമശിവങ്കൽനിന്നു. ഭഗവതീം ആകാശഗംഗാം വോഢും ലബ്ധാനുവാദഃ—ഭഗവതിയായ ദേവഗംഗയെ ഏ റ്റുകൊള്ളുവാൻ അനുമതി നേടി. തദനു ഉത്സാഹീ—അനന്തരം ഉത്സാഹം

തുംഗഭംഗുരതരംഗസംഘകബളീകൃ-
താ ബുദിഗങ്കണാ-
സംഗശീതകരശംഖസങ്കലിതതാര-
മൗക്തികസമാകുലാ
മംക്ഷു ഫേനപിഹിതാത്മകുഞ്ജരഗവേഷ-
ണാകുലപുരന്ദരാ
ഭംഗകൃഷ്ടഹയവിഹ്വലാരുണദിശാവി-
മൂഢദിവസേശ്വരാ 28

ദൃശ്യമാനവിടപാഗ്രസമ്യഗനുമേയ-
നന്ദനമഹീരുഹാ-
കർഷണാ ജലദജാലശൈവലിതകേവ-
ലോദകനഭോന്തരാ
ഉദ്ധതദ്ധ്വനി പപാത ശങ്കരജടോദ-
രേ സുരനദീ ഘനാ-
വർത്തഗർത്തവലമാനഭാസ്വരവിമാന-
പോതവിഹിതാദ്ഭുതാ. 29

പുണ്ടു്. മർത്ത്യ....ധയേ—മർത്ത്യലോകത്തിൽ അവതരിക്കേണ്ട കാര്യത്തിനായി. ദിവ്യസ്രവന്തീം ഉദ്ദിശ്യ—ദേവഗംഗയെ ഉദ്ദേശിച്ചു്. അസൗ—ഇവൻ (ഭഗീരഥൻ). നവസ്യ ആഗമസ്യ അനുരൂപം—പുതിയ വരവിനു യോജ്യമാംവണ്ണം. ചിരം തപസ്യാം അകൃത—വളരെക്കാലം തപസ്സനുഷ്ഠിച്ചു.

പദ്യം 28. തുംഗ....കുലാ—പൊങ്ങിത്താഴ്ന്ന തിരമാലക്കൂട്ടത്താൽ വ്യാപ്തമായ ആകാശത്തിലെ ദിക്തലങ്ങളിൽ പ്രകാശിക്കുന്ന ചന്ദ്രനാകുന്ന ശംഖിനാലും ചിന്നിയ നക്ഷത്രങ്ങളാകുന്ന മുത്തുകളാലും വ്യാപ്തയായ. മംക്ഷു.. .ന്ദരാ—വേഗത്തിൽ പതയാൽ മൂടിപ്പോയ തന്റെ ആനയെ അന്വേഷിക്കുന്നതിൽ വ്യാകുലനായ ഇന്ദ്രനോടുകൂടിയ. ''ദ്രാങ്ങ് മങ്ക്ഷു സപദി ദ്രുതം'' എന്നു് അമരം. ഭംഗ....ശ്വരാ—തിരയാൽ ആകർഷിക്കപ്പെട്ട കുതിരകളാൽ പരവശനായ അരുണനാൽ ദിഗ്ഭ്രമമുണ്ടായ സൂര്യനോടുകൂടിയ. അരുണൻ—സൂര്യസാരഥി. പ്രകൃതപദ്യവും അടുത്ത പദ്യവും ഏകാന്വയമാകയാൽ യുഗ്മകം.

പദ്യം 29. ദൃശ്യ....ഷണാ—തുമ്പു കാണാകുന്നതുകൊണ്ടു് നന്ദനോദ്യാനത്തിലെ വൃക്ഷങ്ങളെ ആകർഷിച്ചതായി ഊഹിക്കത്തക്ക. ജലദ.... ന്തരാ—മേഘസമൂഹത്താൽ പായൽ പടർന്നതായി വിചാരിക്കത്തക്ക ജലം മാത്രമായിത്തീർന്ന ആകാശപ്രദേശത്തോടുകൂടിയ. ഘനാ.....ദ്ഭുതാ—വലിയ ചുഴിക്കുഴികളിൽ കറങ്ങുന്ന ശോഭനവിമാനങ്ങളാകുന്ന ചങ്ങാടങ്ങളാൽ ആശ്ചര്യത്തെ ജനിപ്പിക്കുന്ന. സുരനദീ—ദേവഗംഗ. ഉദ്ധതദ്ധ്വനി—ഗംഭീരമായ മുഴക്കത്തോടുകൂടി. ശങ്കരജടോദരേ—പരമശിവന്റെ ജടയുടെ കുത്തു്. പപാത—പതിച്ചു.

വിസ്തീർണ്ണേ ഹരജാടജ്ജൂടകുഹരേ
നിദ്ധ്യായ ദുർവാശിഖാ–
ലഗ്നസ്വല്പതുഷാരവിഭ്രമധരാം
ഗംഗാമദഭ്രോദ്ഭടാം
സദ്യസ്തേന നുതിപ്രസാദിതധിയാ
പശ്ചാത് ജടോത്പേഷണ–
ക്ഷിപ്താം ബിന്ദുസരസ്യസൗ ത്രിപഥഗാം 30
ലബ്ധ്വാ പ്രതസ്ഥേ കൃതീ.

ഉദ്യത്കല്ലോലഹല്ലോഹലമിളകി നട–
ക്കും വിധൗ സത്രഗേഹ–
പ്രധ്വംസാത് ജഹ്നുരേനാമപിബദതിരുഷാ;
പിന്നെ രാജാ മഹൗജാഃ
സ്തുത്യാ തം സംപ്രസാദ്യ ശ്രുതിവിവരപരി–
ത്യക്തയാ ജഹ്നുപുത്ര്യാ
ദത്വാ സമ്യക് പിതൄണാംഗതിമഗമദയോ–
ദ്ധ്യാം കൃതാർത്ഥാന്തരാത്മാ.'' 31

പദ്യം 30. അദഭ്രോദ്ഭടാം–വളരെ ആർഭാടത്തോടുകൂടിയ. ഗംഗാം–ഗംഗ. വിസ്തീർണ്ണേ–വിസ്താരമുള്ള. ഹര....ഹരേ–ശിവന്റെ ജടക്കൂട്ടത്തിന്റെ ഗുഹയിൽ. ദുർവാ...ധരാം–കറുകപ്പുല്ലിൻ തുമ്പത്തു പറ്റിനില്ക്കുന്ന മഞ്ഞുതുള്ളിയോ എന്നു തോന്നുമാറായതു്. നിധ്യായ–കണ്ടിട്ടു്. പശ്ചാത്–പിന്നെ. നുതി.....ധിയാ–സ്തുതികൊണ്ടു് പ്രസാദിപ്പിക്കപ്പെട്ട. തേന–അവനാൽ (പരമശിവനാൽ). സദ്യഃ–പെട്ടെന്നു്. ബിന്ദുസരസി–ബിന്ദുസരസ്സെന്ന തീർത്ഥവിശേഷത്തിൽ. ജടോ...പ്ഷാഃ–ജടയെ പിഴിഞ്ഞുവീഴ്ത്തിയ. ത്രിപഥഗാം–ഗംഗയെ. മൂന്നു വഴിയിൽകൂടി ഒഴുകുന്നതിനാൽ ഗംഗയ്ക്കു ത്രിപഥഗ എന്നു പേർ. ലബ്ധ്വാ–ലഭിച്ചിട്ടു്. കൃതീ–കൃതാർത്ഥനായ. അസൗ–ഇവൻ (ഭഗീരഥൻ). പ്രതസ്ഥേ–യാത്രയായി. ''അലബ്ധനിർഗ്രമാ ശംഭോഃകപർദാദമരാപഗാദധൗ ദുർവാശിഖാ ലഗ്നതുഷാരകണികോപമാം'' എന്നു ഭോജപ്രബന്ധം.

പദ്യം 31. ഉദ്യത്...ഹലം–പൊങ്ങിവരുന്ന തിരമാലകളുടെ കോലാഹലത്തോടുകൂടി. സത്രഗേഹപ്രധ്വംസാത്–യാഗശാലയെ നശിപ്പിച്ചതു ഹേതുവായി. ജഹ്നു–ജഹ്നുമഹർഷി. സുഹോത്രന്റെ പുത്രനായ ഒരു രാജാവായിരുന്ന ജഹ്നു. അതിരുഷാ–വളരെ കോപത്തോടു്. ഏനാം അപിബത്–ഈ ഗംഗയെ കുടിച്ച മഹൗജാഃ രാജാ–ഓജസ്സേറിയ ഭഗീരഥരാജാവു്. സ്തുത്യാ–സ്തോത്രംകൊണ്ടു്. തം–അവനെ (ജഹ്നുമഹർഷിയെ). സംപ്രസാദ്യ–നല്ലപോലെ പ്രസാദിപ്പിച്ചിട്ടു്. ശ്രുതി...ക്തയാ–കാതിൽക്കൂടി വെളിയിൽ വിടപ്പെട്ട. ജഹ്നുപുത്ര്യാ–ഗംഗയെക്കൊണ്ടു്. പിതൄണാംഗതിം സമ്യക്ദത്വാ–പിതൃക്കൾക്കു് സദ്ഗതിയെ കൊടുത്തിട്ടു്. കൃതാ...ത്മാ–കൃതാർത്ഥചിത്തനായി. അയോധ്യാം അഗമത്–അയോധ്യയിലേയ്ക്കു പോയി.

പിന്നെ അവർ മൂവരും ഗംഗയക്കരെന്നു യാത്രചെയ്തു വിശാലപുരത്തിൽ എത്തുന്നു:

ഏവം കേട്ട ഭഗീരഥാദ്ഭുതകഥാം
ധൈര്യക്ഷമോത്സാഹിനീം
സോऽയം വിസ്മിതമാനസോ ഭഗവതീ–
മാനമ്യ ഭാഗീരഥീം
നാവാ താം മഹിതാം വിലംഘ്യ മുനിനാ
സാർദ്ധം വിശാലാം പുരീം
സാവിത്രാന്വയമണ്ഡനസ്യ സുമതേ
രാജ്ഞഃ സമാസേദിവാൻ. 32

അഗ്രേ വന്നെതിരേറ്റു കൗതുകഭൃതാ
രാജ്ഞാ സമഭ്യർച്ചിതോ
മുഖ്യാത്മാ സ തു രാജപുത്രസഹിതഃ
പ്രസ്മയചിത്രാഃ കഥാഃ
തത്രൈവ ക്ഷണദാമതീത്യ മിഥിലാം
യാസ്യൻ പ്രദർശ്യാശ്രമം
മദ്ധ്യേ ഗൗതമനാം മുനേരകഥയത്
തദ്ദാരബദ്ധാം കഥാം. 33

പദ്യം 32. ഏവം–ഇങ്ങനെ. ധൈര്യ...ഹിനീം–ധൈര്യം ക്ഷമ ഉത്സാഹം ഇവയോടുകൂടിയ. ഭഗീ...ഥാം–ഭഗീരഥന്റെ അത്ഭുതമായ കഥയെ. വിസ്മിതമാനസഃ–ആശ്ചര്യപ്പെട്ട. സഃ അയം–ആ രാമൻ. ഭഗവതീം ഭാഗീരഥീം ആനമ്യ–ഭഗവതിയായ ഗംഗയെ നമസ്കരിച്ചിട്ട്. മുനിനാ സാർദ്ധം–മുനിയോടുകൂടി. മഹിതാം താം നാവാ വിലംഘ്യ–ശ്രേഷ്ഠയായ ആ ഗംഗയെ തോണിയേറി കടന്നിട്ട്. സാവി...നസ്യ–സൂര്യവംശത്തിനു് അലങ്കാരമായ. സുമതേഃ രാജ്ഞഃ സുമതി–എന്ന രാജാവിന്റെ. വിശാലാം പുരീം–വിശാല എന്ന നഗരത്തെ. സമാസേദിവാൻ–പ്രാപിച്ചു. ''വിലംഘ്യ ഗംഗാ വിലസത്തരങ്ഗാം വിലോകയാമാസ രമീ വിശാലാം വിശാലനാമ്നാ രചിതാം നൃപേണ പുരീം വിശാലാപണ ചത്വരാം താം'' എന്ന ശ്ലോകത്തിന്റെ ഛായാനുകരണമാകുന്നു പ്രകൃത പദ്യം.

പദ്യം 33. അഗ്രേ–മുമ്പിൽ. കൗതുകഭൃതാ രാജ്ഞാ സമഭ്യർച്ചിതഃ–കുതൂഹലത്തോടുകൂടിയ രാജാവിനാൽ സത്കരിക്കപ്പെട്ടവനായി. രാജപുത്രസഹിതഃ സഃ മുഖ്യാത്മാ തു–രാജപുത്രന്മാരോടുകൂടിയ ആ വിശ്വാമിത്രനാകട്ടെ. ചിത്രാഃ കഥാഃ പ്രസ്മയ–പല ആശ്ചര്യകരങ്ങളായ കഥകളെ പ്രസ്താവിച്ചു്. തത്ര–ഏവ–അവിടെത്തന്നെ. ക്ഷണദാം അതീത്യ–രാത്രിയെ കഴിച്ചിട്ട് ''നിശാ നിശീഥിനീ രാത്രിസ്ത്രിയാമാ ക്ഷണദാ ക്ഷപാ'' എന്നു് അമരം. മിഥിലാം യാസ്യൻ–മിഥിലയിലേക്കു പോകാൻ ഉദ്ദേശിക്കുന്നവനായി. മദ്ധ്യേ–വഴിയിൽ. ഗൗതമനാം മുനേഃ ആശ്രമം പ്രദർശ്യ–ഗൗതമമുനിയുടെ ആശ്രമത്തെ പ്രദർശിപ്പിച്ചിട്ട്.

പിന്നെയും അവിടെനിന്നു യാത്രയായി പോകുന്ന വഴിയിൽ വിശ്വാമിത്രൻ രാമലക്ഷ്മണന്മാക്ക് ഗൗതമാശ്രമം കാണിച്ചുകൊടുക്കുകയും ഗൗതമപത്നിയായ അഹല്യയെ സംബന്ധിച്ച കഥ അവരെ പറഞ്ഞുകേൾപ്പിക്കുകയും ചെയ്യുന്നു. ഇന്ദ്രനു് അഹല്യയോടു വേഴ്ചയുണ്ടായതും അതറിഞ്ഞ ഗൗതമമുനി ഇന്ദ്രനെയും, തന്റെ പത്നിയായ അഹല്യയേയും ശപിക്കുന്നതും, അപരാധം ക്ഷമിക്കണമെന്നു യാചിച്ച അഹല്യയ്ക്കു ശ്രീരാമന്റെ പാദസ്പർശംകൊണ്ടു സ്വസ്വരൂപപ്രാപ്തിരൂപമായ ശാപമോക്ഷം ഭവിക്കുമെന്നു പറഞ്ഞിട്ടു മുനി തപസ്സിനായി ഹിമാലയത്തിലേക്കു ചെല്ലുന്നതും പ്രസ്താവിക്കുന്നു:

''ഇക്കാണായതു ഗൗതമാശ്രമമിഹ
ശ്രീമാൻ മുനിർഗൗതമഃ
പത്ന്യാ സാർദ്ധമഹല്യയാ കില തപ-
സ്തപ്തം ചെയ്തിരുന്നു ചിരം;
അക്കാലത്തു മുനേരസന്നിധിയിലാ
വൃത്രാരി വന്നേകദാ
തദ്ദാരാൻ ഭവിതവ്യതാവിധുരിതോ
ഭീതാൻ രഹസ്യചിവാൻ. 34

''പേടിച്ചീടായ്ക ഭദ്രേ! സകലഭുവനസാ-
മ്രാജ്യലക്ഷ്മീവിലാസേ-
ക്രീഡാരംഗം മഹേന്ദ്രൻ പുനരഹമരികേ
നില്പു ലജ്ജാ തവാസ്തും;
ഗാഢപ്രേമ്ണാ കൊതിക്കുന്നിതു തിരുവുടൽ കൈ-
ണ്ടീടുവാനെത്രനാളേ-
ണ്ടേടത്താർബാണവീര്യോദയവിളനിലമേ!
ഹന്ത ദാസോ ജനോഽയം. 35

തദ്ദാരബദ്ധാം കഥാം ആകഥയൽ—അദ്ദേഹത്തിന്റെ പത്നിയെ സംബന്ധിച്ച കഥ പറഞ്ഞുകേൾപ്പിച്ചു.

പദ്യം 34. ഇഹ—ഇവിടെ. മുനിഃ ഗൗതമഃ—മുനിയായ ഗൗതമൻ. പത്ന്യാ അഹല്യയാ സാർദ്ധം—ഭാര്യയായ അഹല്യയോടുകൂടി. ചിരം—വളരെക്കാലം. കില—പ്രസിദ്ധ്യർത്ഥകം. മുനേഃ അസന്നിധിയിൽ—മുനി ഇല്ലാത്ത സമയത്തിൽ. ഭവിതവ്യതാവിധുരിതഃ—വിധിവശത്തിൽപ്പെട്ടവനായ. വൃത്രാരി—ദേവേന്ദ്രൻ. ഏകദാ—ഒരിക്കൽ. ഭീതാൻ—ഭയന്ന. തദ്ദാരാൻ—ഗൗതമപത്നിയോടു്. രഹസി ഊചിവാൻ—ഒളിവിൽ പറഞ്ഞു.

പദ്യം 35. ഭദ്രേ—മംഗലേ. സകല....രംഗം—എല്ലാ ഭുവനങ്ങളിലേയും ആധിപത്യലക്ഷ്മിക്കു വിഹരിക്കുവാനുള്ള കളിത്തട്ടായ. അഹം പുനഃ—ഞാനാകട്ടെ. തവ ലജ്ജാ ആസ്താം—നിന്റെ ലജ്ജ ഇരിക്കട്ടെ. ഗാഢപ്രേമ്ണാ—വർദ്ധിച്ച അനുരാഗത്താൽ. ഏകദാ... ലമേ—കാമദേവനു ശൗര്യം ഉദിക്കുന്നതിനു വിളനിലമായുള്ളവളേ. അയം ജനഃ ദാസഃ—ഈ ഞാൻ ദാസനാകുന്നു. ഹന്ത അത്ഭുതദ്യോതകിനപാതം.

ആരാലിപ്പൂവലംഗം നവനവസുഷമാ-
മണ്ഡിതം കണ്ടതോറും
മാരോന്മാദം മുഴുക്കുന്നിതു കുചതടമൊ-
ന്നും തലോടീടിലോ ഞാൻ;
ആരോമൽക്കൊങ്കുമീതേ മുഹുരപി മുറുകെ-
ച്ചേർത്തു പുല്ലിടിടാനീം
പോരും ചാരിത്രദുഷ്ടമ്മമിതതിലഘു
പാരത്രികാധീനസൗഖ്യം. 36

ഇന്നിൻ കാരുണ്യമെന്നെപ്രതി രഹസി പുല-
മ്പുന്നതെന്നാകിലിപ്പോഴം
നിന്നാണേ, തീർത്തുചൊല്ലാം പ്രിയമഹിഷി ശചീ-
ദേവി നൂനം ദ്വിതീയാ;
എന്നാൽ നിന്നോടുകൂടെക്കളികളിൽ വിളയാ-
ടീടുവാനാഗ്രഹം മേ
വണ്ണിക്കാവല്ല നല്ലോരവസരവുമിതു-
ക്കാഗം വരാ ജീവനാഥേ! 37

ഇത്ഥം പറഞ്ഞനുനയം മധുരം ത്രിലോകീ-
ഭർത്താ പലായനപരാം ഭയവേപിതാംഗീം
ഉൽക്കമ്പമാൻ ശിവ ഗൗതമധർമപത്നീം
കൈയ്യൽപ്പിടിച്ചിതു ബലാദബലാം വലാരിഃ. 38

ത്രൈലോക്യാധീശനെന്നുള്ളൊരു ബഹുമതികൊ-
ണ്ടോ, മനോമോഹനശ്രീ-
കോലും വാഗ്ഭഗികൊണ്ടോ, വിപുലബലമെഴും
ഭാവിതാശക്തികൊണ്ടോ,

പദ്യം 36. ആരാൽ—സമീപത്തിലായി. പൂവലംഗം—ഇളയ ശരീരം. നവ... തം—പുതിയ പുതിയ ശോഭയാൽ. അലംകൃതം. മാരോന്മാദം—കാമ പീഡ. മുഹുഃ അപി—പിന്നെയും. ഇദാനീം—ഇപ്പോഴം. ചാരിത്ര്യദുഷ്ടമ്മം—പാതിവ്രത്യലംഘനം. അതിലഘു—അത്യല്പം. പാര....ഖ്യം—പരലോകത്തിന്നധീനമായ സുഖം.

പദ്യം 37. പ്രതി—കുറിച്ച്. രഹസി—രഹസ്യത്തിൽ. പ്രിയമഹിഷി—പ്രിയപത്നി. ശചീദേവി—ഇന്ദ്രാണി. ദ്വിതീയാ നൂനം—രണ്ടാമത്തവളാകുന്നു നിശ്ചയം. മേ—എനിക്ക്.

പദ്യം 38. ഇത്ഥം—ഇവ്വണ്ണം. മധുരം അനുനയം—പ്രിയമായ ഇണക്കമുണ്ടാക്കുന്ന വാക്ക്. ത്രിലോ...ത്താ വലാരിഃ—ത്രിലോകേശനായ ഇന്ദ്രൻ. പലാ...രാം—ഓടാൻ ഭാവിച്ച. ഭയ....ഗീം—ഭയം കൊണ്ടു വിറയ്ക്കുന്ന. അബലാം ഗൗത...നീം—ദുർബലയായ ഗൗതമഭാര്യയെ (അഹല്യയെ). ബലാത്—ബലമായി.

പദ്യം 39. മനോ.....കോലും-ചിത്താകർഷകമായ. വിപുലബലം

ലോലാത്മാ സാ സതീ വാസവന വശഗതാ
തത്ക്ഷണം തേന രേമേ
നാളൊന്നുദ്വേലമസ്യാ നിഭൃതമഭൃത സേ—
പ്യുപപത്യം രസാർദ്രം. 39

ഇത്ഥം മേവുന്ന കാലം മദനതുമിർ പൊറാ—
ഞ്ഞേകദാ നാകനാഥൻ
മദ്ധ്യേ ചെന്നർദ്ധരാത്രേ മുനിപരിവൃഢസ്യാ—
ഖ്യാശ്രമപ്രാന്തഭാഗേ
വൃദ്ധം തം കോഴികൂകിറ്റ്റിരിയ നിയമധ—
മ്മായ പെട്ടെന്നകത്തി
സ്വസ്ഥാത്മാ താനകംപുക്കകൃത രതിമഹ—
ല്യാസഹായോ യഥേഷ്ടം. 40

വിജ്ഞായ സ്നാനവേലാം മുനിരനുപഗതാം
തത്ക്ഷണേ ധിക്കഥം സ്യാ—
ദിച്ചേലെന്നങ്കകം പുക്കളവു സരഭസം
പണ്ണശാലാന്തരാളേ
സച്ചന്ദം ധർമ്മപത്ന്യാ സഹ രതിമനുഭൂ—
യാശ്രു കുന്തിച്ചുടഞ്ഞു—
ന്നിശ്വാസം നിർജ്ജിഹാനം പ്രശിഥിലവസനം
തത്ര കണ്ടാൻ മഹേന്ദ്രം. 41

—അധികശക്തി. ഭാവിതാശക്തി—വിധിബലം. ലോലാത്മാ സാ സതീ—ചപലയായ ആ പതിവ്രത. വാസവന വശഗതാ—ഇന്ദ്രന വശപ്പെട്ട. തേന—അവനോടുകൂടി. രേമേ—രമിച്ചു അസ്യാഃ—അവളുടെ. ഉദ്വേലം—വർധിച്ച. രസാർദ്രം—അനുരാഗംകൊണ്ടലിഞ്ഞ. ഔപപത്യം—ഉപപതി എന്ന ഭാവത്തെ. സഃ അപി നിഭൃതം അഭൃത—അവനും രഹസ്യമായി വഹിച്ചു.

പദ്യം 40. ഇത്ഥം—ഇപ്രകാരം ഏകദാ—ഒരിക്കൽ. നാകനാഥൻ—ഇന്ദ്രൻ. മദ്ധ്യേ—ഇടയ്ക്ക്. അർദ്ധരാത്രേ—അർദ്ധരാത്രിയിൽ. മുനി.... ഭാഗേ—മുനിശ്രേഷ്ഠന്റെ ആശ്രമത്തിന്നടുത്തായി. വൃദ്ധം തം—വൃദ്ധനായ ആ ഗൗതമുനിയെ. നിയമധർമായ—പ്രാതഃകാലത്തിലെ അനുഷ്ഠാനത്തിനായി. സ്വസ്ഥാത്മാ—സ്വസ്ഥചിത്തനായി. അഹല്യാസഹായഃ—അഹല്യയോടുകൂടി. രതിം അകൃത—രതിക്രീഡ ചെയ്തു

പദ്യം 41. മുനിഃ—ഗൗതമമുനി. സ്നാനവേലാം അനുപഗതാം വിജ്ഞായ—സ്നാനകാലം ആയിട്ടില്ല എന്നറിഞ്ഞു. ധിക്—നിന്ദ്യം. ഇച്ചേൽ കഥം സ്യാത്—ഇതെങ്ങനെ പറ്റി. സരഭസം—വേഗമായി. പണ്ണ....രാളേ—ആശ്രമത്തിന്റെ അകത്തു. സച്ചന്ദം—ഇഷ്ടംപോലെ. ധർമപത്ന്യാ സഹ—തന്റെ ധർമപത്നിയോടുകൂടി. രതിം അനുഭൂയ—

1. കററി സ.

അന്നേരം കണ്ടു വിണ്ണോർപരിവൃഢമുടജാ-
ഭ്യന്തരേ മേല്പ്പമേന്മേൽ
മിന്നും കോപാന്ധചേതാ 'ദശശതവൃഷണ—
പ്രോദ്ഗമം മെയ്യിലെങ്ങും
ഇന്നിപ്പോളേ ഭവിച്ചീടുക നിയതമസാ—
ധ്വ്യസാദ്ധ്വീ ശിലാത്മാ'—
വെന്നീവണ്ണം വിഷണ്ണൻ വിഗതദയമുഭൗ
ശപ്തവാനഗ്രതേജാഃ. 42

'കുചരിതചപലായാ ദേഹി മേ ശാപമോക്ഷം'
വിശദമിതി വദന്തീമാത്മഭാര്യാമനാര്യാം
'ദശരഥസുതരാമശ്രീപദസ്പർശശ്രദ്ധാ
വിശ നിജതനു'മെന്നങ്ങേഷ യാതോ ഹിമാദ്രിം. 43

ശാപത്താൽ ശരീരമത്രയും വൃഷണമായിത്തീർന്ന ഇന്ദ്രൻ സങ്കടപ്പെട്ടതും, ദേവർഷിവൃന്ദം ഹിമാലയത്തിൽ ചെന്നു ഗൗതമനോടു സങ്കടമുണർത്തിച്ച വൃഷണങ്ങളെ നേത്രങ്ങളായി മാറ്റുന്നതും ഇന്ദ്രൻ സഹസ്രാക്ഷനായിത്തീരുന്നതും പ്രസ്താവിക്കുന്നു:

ദുഃഖാർദ്ദിതോ വാസവനും തദാനീം
കൈയ്യൊണ്ടു ബീഭത്സതരം ശരീരം

സുരതസുഖം അനുഭവിച്ചു്. ആശ്രമം—ഉടൻ. ഉദഞ്ചന്നിശ്വാസം—കിതച്ചുകൊണ്ടു്. നിർജ്ജിഹാനം—പുറത്തു കടക്കുന്നവനും. പ്രശി....സനം—അഴിഞ്ഞ വസ്ത്രത്തോടുകൂടിയവനും ആയ. മഹേന്ദ്രം—ദേവേന്ദ്രനെ. തത്ര—അവിടെ.

പദ്യം 42. വിണ്ണോർപരിവൃഢം—ഇന്ദ്രനെ ഉടജാഭ്യന്തരേ—പർണ്ണശാലയുടെ അകത്തു്. കോപാന്ധചേതാഃ—കോപത്താൽ കലുഷമയേ ചിത്തത്തോടുകൂടിയ. ഉഗ്രതേജാഃ—വർധിച്ച തേജസ്സോടുകൂടിയ മുനി. മെയ്യിലെങ്ങും—ശരീരത്തിലെല്ലാം. ദശശതവൃഷണപ്രോദ്ഗമം—ആയിരം വൃഷണങ്ങളുടെ ആവിർഭാവം. നിയതം—നിശ്ചയമായും. അസാധ്വീ—വ്യഭിചാരിണിയായ. അസൗ അപി—ഇവളും. ശിലാത്മാ—കല്ലായി. വിഷണ്ണൻ—ദുഃഖിതനായ. ഉഭൗ—രണ്ടുപേരെയും. വിഗതദയം—കൃപ കൂടാതെ. ശപ്തവാൻ—ശപിച്ചു.

പദ്യം 43. കുചരിതചപലായാഃ മേ—ദുശ്ചരിതംകൊണ്ടു ചപലയായ എനിക്കു്. ശാപമോക്ഷം ദേഹി—ശാപത്തിൽനിന്നു മുക്തിയെ തന്നാലും. ഇതി വിശദം വദന്തീം അനാര്യാം അത്മഭാര്യാം—എന്നിങ്ങനെ സ്പഷ്ടമായി പറയുന്ന അനാര്യയായ തന്റെ ഭാര്യയോടു്. ദശ..... ശ്രദ്ധാ—ദശരഥപുത്രനായ ശ്രീരാമന്റെ പാദസമ്പർക്കത്താൽ ശ്രദ്ധിയെ പ്രാപിച്ചവളായി. നിജതനും വിശ—സ്വശരീരത്തെ പ്രാപിച്ചാലും. ഏഷഃ—ഈ ഗൗതമമുനി. ഹിമാദ്രിം യാതഃ—ഹിമവത്പർവതത്തിലേക്കു പോയി.

പദ്യം 44. തദാനീം—അപ്പോൾ. ദുഃഖാർദ്ദിതഃ വാസവനും—ദുഃഖപീഡിതനായ ഇന്ദ്രനും. ബീഭത്സതരം ശരീരം—വളരെ ജുഗുപ്സയെ

പട്ടാംബരപ്രാവൃതസർവ്വഗാത്രഃ
ശിഷ്ടാം നിശാം മച്ചിലടച്ചുനൈഷീത്. 44

ഗദ്യം 4

(ദണ്ഡകം)

തദനു വിബുധനായകൻ പ്രാതരാതങ്ക—
ശാലീ സദാ ലജ്ജിതോ മജ്ജനാലേപനാദി—
ക്രിയാസു പ്രയാസേന ഗൂഢം പ്രവൃത്തിം വിതനുവൻ
'അധന്യോഽഹമെന്നോ മഹാപാപമേ, പണ്ടി—
വണ്ണം ജഗത്തിങ്കലാർക്കൊന്നുമുണ്ടോ ഭവിച്ചൂ
സുഖക്കേടൊരേടത്തു ഹാ കഷ്ട' മെന്നെത്രയും
തത്ര ജാതാനുതാപം നിരൂപിച്ചു രാത്രിന്ദിവം
പട്ടവസ്ത്രേണ മൂടി കചിത് കോണിൽ നാണിച്ചു
രോഗച്ഛലാൽ മച്ചിലുംപ്പുക്കൊളിച്ചൊച്ചകൊ—
ള്ളാതവണ്ണം കിടന്നും സുധർമ്മാസദസ്സീക്കി ധർമ്മാസനാ—
ദ്ധ്യാസനാദിക്രിയാവിഘ്നമുച്ചൈരിയന്നും പരിഭ്രാന്തി
പൈശ്ശൊണ്ട ഭൃത്യോത്കരം നിത്യമുദ്വേഗമാന്നും
പുലോമാത്മജാമാത്മശുശ്രൂഷണവ്യാകുലാം
കണ്ടകാണ്ഡേ മുഖം താഴ്ത്തി നാണം പിണഞ്ഞും
നിതാന്തം കരഞ്ഞും വശംകെട്ട മേവുന്നവസ്ഥാ—
ന്തരേ സർവ്വദേവേഷ്വിവൃദ്ധങ്ങളൊന്നിച്ചു നേരേ
പുറപ്പെട്ട നീഹാരശൈലേ തപസ്യന്തമത്യന്ത—
ഭക്ത്യാ മുനിം ഗൗതമം കണ്ടു കാൽത്താരിൽ

ഉണ്ടാക്കുന്ന ദേഹത്തെ. പട്ടാ....ത്രഃ—പട്ടവസ്ത്രത്താൽ മൂടിയ ശരീരത്തോട് കൂടിയവനായി. ശിഷ്ടാം നിശാം—ബാക്കിയുള്ള രാത്രിസമയത്തെ. അനൈഷീത്—കഴിച്ചുകൂട്ടി.

ഗദ്യം 4. തദനു—അതിൽപ്പിന്നെ. വിബുധനായകൻ—ദേവേന്ദ്രൻ. പ്രാതഃ—വെളുപ്പിനു്. ആതങ്കശാലീ—വ്യസനിച്ചു്. സദാ ലജ്ജിതഃ—എപ്പോഴും നാണിച്ചവനായി. മജ്ജ...യാസു-കുളി കുറി മുതലായ ക്രിയകളിൽ. ഗൂഢം പ്രവൃത്തിം വിതനുവൻ—രഹസ്യമായി പ്രവർത്തിക്കുന്നവനായി. അഹം അധന്യഃ—ഞാൻ ഭാഗ്യം കെട്ടവൻ. ജാതാനുതാപം—പശ്ചാത്താപത്തോടെ. രാത്രിന്ദിവം—രാവും പകലും. കചിത്—ഒരിടത്തു്. രോഗച്ഛലാത്—സുഖക്കേടെന്ന വ്യാജത്തിൽ. സുധ...ക്കീധർമാ.....ഘ്നം—ദേവസഭയിൽ ധർമപീഠത്തിൽ ഇരിക്കുക മുതലായ ക്രിയകൾക്കു വിഘ്നത്തെ. ഉച്ചൈഃ—വളരെ ഭൃത്യോത്കരം—പരിജനസമൂഹം. ഉദ്വേഗം—സംഭ്രമം. ആത്മ....കലാം—തന്നെ ശുശ്രൂഷിക്കുന്നതിൽ വെമ്പുന്ന. പുലോ....ജാം—ശചീദേവിയെ. അകാണ്ഡേ—പെട്ടെന്നു്. നിതാന്തം—വളരെ. അവസ്ഥാന്തരേ—അവസ്ഥയിൽ. സർവ....ന്ദങ്ങളം—എല്ലാ ദേവന്മാരുടെയും കൂട്ടങ്ങളം. നീഹാരശൈലേ തപസ്യന്തം—ഹിമവത്പർവതത്തിൽ തപസ്സുചെയ്യുന്ന.

വീണങ്ങുന്നത്തീടിനാർ 'വിശ്വലോകത്തിനാലംബമേ! തമ്പുരാനേ! കൃപാസമ്പദാ നിൻപ്രഭാവാനഭിജ്ഞം കൃതാനാര്യകൃത്യം മഹേന്ദ്രം മഹാസങ്കടാദേനമുദ്ധൃത്യ ലോകത്രയം കാത്തു കൊള്ളേണമെന്നാത്ത്ബന്ധോ! പരം മറ്റൊരാധാരമില്ലാരുമെന്നാൽ നമസ്തേ നമസ്തേ സമസ്താപരാധം ക്ഷമിക്കേണമിപ്പോളനുഗ്രാഹ്യമേതം ജനം കാണുമപേക്ഷിക്കൊലാ ചെറ്റ'മെന്നീദൃശം വാചമാകർണ്ണ്യ ജാതാനുകമ്പോ മുനിപ്രൗഢനും ചെറ്റു ചിന്തിച്ചു 'സർവ്വത്ര ഗാത്രേ മഹേന്ദ്രന്നഹോ മുന്നുമുണ്ടായതൊക്കെ ക്ഷണേനൈവ കണ്ണായ് ചമഞ്ഞീടുകെ' ന്നേവമാഭാഷ്യ പെട്ടെന്നയച്ചീടിനാൻ. തത്ക്ഷണേനാതിസന്തുഷ്ടമൊന്നിച്ചു ദേവർഷിവൃന്ദം ദിവം പ്രാപ്യ ദേവാധിരാജം സഹസ്രേക്ഷണം ഭദ്രസിംഹാസനേ വച്ചു പണ്ടേക്കണക്കേ മഹാപ്രാഭവത്തോട്ടു വാഴിച്ചിതെല്ലാരുമേ.

ചൊല്ലാമന്നു തുടങ്ങി വാസവനസൗ
ജാതഃ സഹസ്രേക്ഷണോ,
വല്ലാതേ ശിലയായ്ച്ചമഞ്ഞിതിവിടെ-
ച്ചൊല്ലാൻഹല്യാസതീ;

മുനിം ഗൗതമം—ഗൗതമമുനിയെ. അത്യന്തഭക്ത്യാ—വളരെ ഭക്തിയോടു്.

വിശ്വലോകം—സമസ്തലോകം. ആലംബം—ആശ്രയം കൃപാസമ്പദാ—കാരുണ്യസമ്പത്തിനാൽ. നിൻ....ജ്ഞം—നിന്റെ മാഹാത്മ്യത്തെഅറിയാത്ത. കൃതാ ത്യം—ദുഷ്കൃത്യം ചെയ്ത. ഏനം മഹേന്ദ്രം—ഈ ദേവേന്ദ്രനെ. മഹാസങ്കടാത്—വലിയ സങ്കടത്തിൽനിന്നു്. ഉദ്ധൃത്യ—ഉദ്ധരിച്ചു്. ലോകത്രയം—മൂന്നുലോകത്തെയും. ആത്ത്ബന്ധോ—ദീനബന്ധോ. പരം—അന്യമായ. അനുഗ്രാഹ്യം ഏതം ജനം—അനുഗ്രഹിക്കുവാൻ യോഗ്യമായ ഇജ്ജനത്തെ. ഈദൃശം വാചം ആകർണ്യ—ഇവ്വണ്ണമുള്ള വാക്കിനെ കേട്ടിട്ടു്. ഈദൃശം—ശകാരാന്തം സ്ത്രീലിംഗം ദ്വിതീയൈകവചനം. ജാതാനുകമ്പഃ—കൃപയുണ്ടായ. പ്രൗഢൻ—ശ്രേഷ്ഠൻ. ഗാത്രേ സർവത്ര—ശരീരത്തിൽ എല്ലായിടത്തും ക്ഷണേന ഏവ—നിമിഷംകൊണ്ടുതന്നെ. ഏവം ആഭാഷ്യ—ഇങ്ങനെ പറഞ്ഞിട്ടു്. ദിവം പ്രാപ്യ—സ്വർഗത്തെ പ്രാപിച്ചു്. സഹസ്രേക്ഷണം ദേവാധിരാജം—ആയിരം കണ്ണുകളോടുകൂടിയ ദേവേന്ദ്രനെ. ഭദ്ര.....നേ—ഭദ്രസിംഹാസനത്തിൽ.

പദ്യം 45. അസൗ വാസവൻ—ഈ ഇന്ദ്രൻ. സഹസ്രേക്ഷണോ

ഉല്ലാസം പെറുമോമലംശ്ലീകമലം
മെല്ലെന്ന വയ്ക്കേണമി–
ക്കല്ലിന്മേലപശല്യമസ്സുവിഹ മുനേ–
രാപ്പം കളത്രം ക്ഷണാത്.'' 45

വിശ്വാമിത്രന്റെ പ്രോണയനമനുസരിച്ചു ശ്രീരാമൻ ശിലയിൽ കാലു വച്ചപ്പോഴേ അതു് അഹല്യയായിത്തീരുന്നു:

ശ്രുത്വാ ഗുരോരിതി ഗിരം ഗുരുഹാർദ്ദഹൃദ്യാം
ചിത്രീയമാണമനസാ പ്രഭുണാ രഘുണാം
രക്താരവിന്ദരുചിരം തവചിരാച്ഛിലായാം
തസ്യാം ന്യധായി ചരണം ശരണം മുനീനാം. 46

''ശിലാ കമ്പം ധത്തേ, ശിവശിവ! വിയുങ്ക്തേ കഠിനതാ–
മഹോ നാരീച്ഛായാമയതി, വനിതാരൂപമയതേ.''
വദത്യേവം രാമേ വിനമിതമുഖീ വല്ലുലമുരഃ–
സ്ഥലേ ധൃത്വാ ബദ്ധ്വാ കചഭരമുദസ്ഥാദൃഷിവധൂഃ. 47

സ്വസ്വരൂപത്തെ പ്രാപിച്ച അഹല്യ ശ്രീരാമനെ വണങ്ങി വാഴ്ത്തി സത്കരിക്കുകയും ഗൗതമന്റെ അടുക്കലേക്കു യാത്രയാവുകയും ചെയ്യുന്നു:

പ്രാദുർഭൂയ പുരഃ സ്ഥിതാ ''ജയ ജയ
ശ്രീരാമ രാമേ''ത്യുവാഃ
ഗൗർവ്വാ സാ ശിരസാ ധൃതാഞ്ജലിപുടാ
ഭക്ത്യാ പരിക്രമ്യ തം

ജാതഃ–ആയിരം കണ്ണുകളോടുകൂടിയവനായി ഭവിച്ചു. അസതീ–ചാരിത്ര ദോഷം പററിയവൾ. അശ്ലീകമലം–പാദപദ്മം. മുനേഃ–ഗൗതമമുനിയുടെ. ആപ്പം–പ്രിയമായ. കളത്രം–പത്നി. ഇഹ–ഇവിടെ. ക്ഷണാത്–ഉടൻ. അപശല്യം അസ്സു–ദുഃഖരഹിതയായി ഭവിക്കട്ടേ.

പദ്യം 46. ഗുരു....ഹൃദ്യാം–കനത്ത കനിവുകൊണ്ടു മനോഹരമായ. ഗുരോഃ ഇതി ഗിരം ശ്രുത്വാ–ഗുരുവിന്റെ ഇവ്വണ്ണമുള്ള വാക്കിനെ കേട്ടിട്ടു്. ചിത്രീയമാണമനസാ–ആശ്ചര്യവാനായ രഘൂണാം പ്രഭുണാ–ശ്രീരാമനാൽ. അചിരാത്–ഉടൻ. തസ്യാം ശിലായാം–ആ കല്ലിന്മേൽ. മുനീനാം ശരണം–മുനികൾക്കു് ആശ്രയമായ. രക്തരവിന്ദരുചിരം–ചെന്താമരപോലെ മനോഹരമായ. ചരണം ന്യധായി–കാലുവയ്പ്പിച്ചു.

പദ്യം 47. ശിലാ കമ്പം ധത്തേ–കല്ലു് ഇളകുന്നു. കഠിനതാം വിയുങ്ക്തേ–കട്ടപ്പു നീങ്ങുന്നു. അഹോ–ആശ്ചര്യം. നാരീച്ഛായാം അയതി–സ്ത്രീയുടെ ആകൃതിയിലാവുന്നു. വനിതാരൂപം അയതേ–സ്ത്രീസ്വരൂപത്തെ പ്രാപിക്കുന്നു. ഏവം രാമേ വദതി–ഇവ്വണ്ണം രാമൻ പറയുമ്പോഴേ. ഉരഃസ്ഥലേ വല്ലുലം ധൃത്വാ–മാറിടത്തിൽ മുലകുരിയെ ധരിച്ചു്. കചഭരം ബദ്ധ്വാ–കേശഭാരം ബന്ധിച്ചു്. ഋഷിവധൂഃ–ഗൗതമമുനിയുടെ പത്നി. ഉദസ്ഥാത്–പൊങ്ങിവന്നു.

പദ്യം 48. പ്രാദുർഭൂയ–ആവിർഭവിച്ചിട്ടു്. അഗ്രഗൗർവ്വാ പുരഃസ്ഥിതാ സാ–മുഖം കനിച്ചു് മുമ്പിൽ നില്ക്കുന്ന അവൾ. ശിരസാ–ശിരസ്സിൽ. ധൃതാഞ്ജലിപുടാ–കൈക്കുപ്പിയവളായി. ഭക്ത്യാ തം പരിക്രമ്യ

ചിത്തേ നീലഘനോജ്ജ്വലം നിദധതീ
ഭൂയഃ സ്വരൂപം പ്രഭോഃ
ശ്രദ്ധാ ശ്രോണിഭരാലസേന വപുഷാ
യാതാ പതിം ഗൗതമം

ദുഃഖേ സുഖേ ച രജ ഏവ ബദ്ധവ ഹേതു-
സ്താദൃഗ്വിധേ മഹതി ഗൗതമധർമ്മപത്ന്യാഃ;
യസ്മാദ് ഗുണേന രജസാ വികൃതിം ഗതാ സാ
രാമസ്യ പാദരജസാ പ്രകൃതിം പ്രപേദേ. 49

മുവരും മിഥിലാനഗരത്തെ പ്രാപിക്കുന്നു:

ഇത്ഥം ഗൗതമവല്ലഭാം നിജപദാം-
ഭോജന്മപാംസുച്ഛടാ-
നിർദ്ധൂത പ്രജിനാം വിധായ വിഹിതാ-
തിഥ്യസ്പൃയാ സാദരം
വിശ്വാമിത്രവിതീര്യമാണവാവിധാ-
ശീർവാദസന്ദുക്ഷിത-
പ്രൗഢാത്മദ്യുതിരാപ മൈഥിലപുരം
ഭ്രാത്രാ സമം രാഘവഃ. 50

—ഭക്തിയോടുകൂടി അവനെ വലംവച്ചിട്ട്. ചിത്തേ—മനസ്സിൽ. നീല ഘനോജ്ജ്വലം—നീലമേഘത്തിന്റെ ശോഭയുള്ള. പ്രഭോഃ സ്വരൂപം— പ്രഭുവിന്റെ സ്വരൂപത്തെ. ഭൂയഃ നിദധതീ—വീണ്ടും ഉറപ്പിച്ചിട്ട്. ശ്രദ്ധാ—ശ്രദ്ധയെ പ്രാപിച്ചവളായി. ശ്രോണി...സേന വപുഷാ—നിതംബഭാരം കൊണ്ട് അലസമായ ശരീരത്തോടുകൂടി. പതിം ഗൗതമം യാതാ—ഭർത്താവായ ഗൗതമനെ ഉദ്ദേശിച്ചു ഗമിച്ചു.

പദ്യം 49. താദൃഗ്വിധേ—അവ്വണ്ണമുള്ള. മഹതി—വലുതായ. ദുഃഖേ സുഖേ ച—ദുഃഖത്തിനും സുഖത്തിനും. ഗൗത...ത്ന്യാഃ—അഹല്യയ്ക്ക്. രജഃ ഏവ ഹേതുഃ ബദ്ധവ—രജസ്സുതന്നെ കാരണമായി ഭവിച്ചു. യസ്മാത്—എന്തുകൊണ്ടെന്നാൽ. രജസാ ഗുണേന—രജോഗുണത്താൽ. വികൃതിം ഗതാ സാ—വികൃതിയെ (ശിലാസ്വരൂപത്തെ) പ്രാപിച്ച അവൾ. രാമസ്യ—രാമന്റെ. പാദരജസാ—പാദധൂളികൊണ്ട്. പ്രകൃതിം പ്രപേദേ—സ്വസ്വരൂപത്തെ പ്രാപിച്ചു. രജശ്ശബ്ദത്തിനു രജോഗുണമെന്നും ധൂളിയെന്നും അർത്ഥമുണ്ടല്ലോ.

പദ്യം 50. ഇത്ഥം—ഇപ്രകാരം. ഗൗതമവല്ലഭാം—അഹല്യയെ. നിജ.... ജിനാം—തന്റെ പാദകമലധൂളിയാൽ നശിച്ച പാപത്തോടുകൂടിയവളായി. വിധായ—ചെയ്തിട്ട്. തയാ സാദരം വിഹിതാതിഥ്യഃ—അവളാൽ ആദരവോടുകൂടി സത്കരിക്കപ്പെട്ടവനായി. വിശ്വാ...ദ്യുതിഃ—വിശ്വാമിത്രൻ നല്കുന്ന പല ആശീർവചനങ്ങളാൽ ജ്വലിക്കുന്ന തന്റെ പ്രൗഢശോഭയോടുകൂടിയ. രാഘവഃ—രാമൻ. ഭ്രാത്രാ സമം—സോദരനോടുകൂടി. മൈഥിലപുരം ആപ—മിഥിലാനഗരത്തെ പ്രാപിച്ചു.

അഹല്യാമോക്ഷം സമാപ്തം

സീതാസ്വയംവരം

കവി പ്രബന്ധാരംഭത്തിൽ കഥാസൂചനയോടുകൂടി മംഗലമാചരിക്കുന്നു:

മഹതാമനുരോധനേന പുംസാം
വരുമേവ[1]ക്കമയത്നമായഭീഷ്ടം
രഘുപുംഗവനമ്മു[2]നിപ്രസാദാത്
തരുണീമഞ്ജരി സീതയെന്നപോലെ. 1

ലക്ഷ്മണസഹിതനായ ശ്രീരാമൻ വിശ്വാമിത്രനോടുകൂടി മിഥിലാനഗരിയിലേക്കു ചെല്ലുന്നു:

താ[3]നേ കൃത്വാ വിശ്രുദ്ധാം മുനിവരഗൃഹിണീം
ഭാനുവംശോദ്ഭവോനാം
മാണിക്യോത്തംസരത്നം കുശികതനയ[4]നാൽ
മാനിതഃ സാനുജന്മാ
നാനാലങ്കാരരഥ്യാവിപണിമണിഗൃഹാം
കൗതുകാലോകിലോക-
ശ്രേണീപൂർണ്ണാന്തരാളാം രഘുപതി മിഥിലാം
പ്രാപ ചാപോത്സവാഢ്യാം. 2

പദ്യം 1. മഹതാം പുംസാം അനുരോധനേന—വലിയ ആളുകളെ അനുസരിക്കുന്നതുകൊണ്ട്. അയത്നമായ്—ശ്രമംകൂടാതെ. അഭീഷ്ടം—ആഗ്രഹം. രഘുപുംഗവൻ—ശ്രീരാമൻ. അമ്മുനിപ്രസാദാത്—ആ വിശ്വാമിത്രമുനിയുടെ അനുഗ്രഹംകൊണ്ട് തരുണീമഞ്ജരി—യുവതീരത്നം. ഉപമാനപ്രാണിതമായ വസ്തുനിർദ്ദേശം.

പദ്യം 2. മാനിതഃ—ബഹുമാനിക്കപ്പെട്ട. സാനുജന്മാ—അനുജനോടുകൂടിയ. ഭാനു.....നാം മാണി.....രത്നം—സൂര്യകുലത്തിൽ ജനിച്ചുവരിൽ സർവ്വശ്രേഷ്ഠനായ. രഘുപതി—ശ്രീരാമൻ. മുനി.....ണീം വിശ്രുദ്ധാം കൃത്വാ—ഗൗതമപത്നിയായ അഹല്യയെ പരിശുദ്ധയാക്കി ചെയ്തിട്ട്. നാനാ.....ഗൃഹാം—പല അലങ്കാരങ്ങളാൽ ശോഭിക്കുന്ന പാതകളും കടത്തെരുവുകളും മണിമയഗൃഹങ്ങളും ഇവയോടുകൂടിയ. കൗതു...രാളാം—കൗതുകത്തോടുകൂടി നോക്കുന്ന ജനങ്ങളും ഇടതിങ്ങിയ. ചാപോത്സവാഢ്യാം—ചാപോത്സവാഘോഷത്തോടുകൂടിയ. മിഥിലാം പ്രാപ—മിഥിലാനഗരത്തെ പ്രാപിച്ചു.

---

1. രുമെല്ലാക്ക്. 2. നം മുനേഃ പ്ര. 3. സോഽയം ഗ്ര. 4. യസമ്മാനി.

അവിടെ ജനകമഹാരാജാവിനെ സന്ദർശിക്കുന്നു:

കണ്ടാരഗ്രേ നരേന്ദ്രം ജനകമമലഭ-
ദ്രാസനേ ഭാസമാനം
തണ്ടാർമാതിൻ കടക്ഷാഞ്ചലകുവലയമാ-
ലാവിലോലാഖിലാംഗം
കണ്ടോളം കാമ്യരൂപം പുകഴ്പെരിയ പര-
ബ്രഹ്മസാക്ഷാത്ക്രിയായാ
ഭണ്ഡാരം പാർശ്വഭാഗേ മരുവുമൊരു ശതാ-
നന്ദനാൽ നന്ദ്യമാനം. 3

ജനകൻ വിശ്വാമിത്രനെ വേണ്ടപോലെ സത്കരിച്ചു തന്റെ മകളായ സീതയ്ക്ക് അനുരൂപനായ വരൻ സിദ്ധമായതിനെ വിശ്വാമിത്രന്റെ വരവു സൂചിപ്പിക്കുന്നതായി ക്കുടി പറഞ്ഞുകൊണ്ടു സംഭാഷണം ചെയ്യുന്നു:

കൃത്വാ സപര്യാം ദൃതമാതിഥേയീം
ഭദ്രാസനസ്ഥാപിതമാദരേണ
നത്വാ മുനീന്ദ്രം മിഥിലേന്ദ്രനപ്പോഴ്
മുഗ്ദ്ധസ്മിതാർദ്രം വചനം ബഭാഷേ. 4

''ലുമ്പന്നദൃഷ്ടജാമാതൃസമ്പദാം ശ്രുചമദ്യ നഃ
ത്വദാഗമനജന്മായമാനന്ദഃ സുദിനായതേ. 5

പദ്യം 3. അഗ്രേ—മുമ്പിൽ. അമലഭദ്രാസനേ ഭാസമാനം—നിർമലമായ ഭദ്രപീഠത്തിൽ ശോഭിക്കുന്ന. കടാ....ലാംഗം—കടക്കണ്ണോട്ടമാകുന്ന ഇന്ദീവരമാലയാൽ വിലോലമായ ശരീരത്തോട്ടുകൂടിയ. ലക്ഷ്മീകടാക്ഷത്താൽ അനുഗൃഹീതനായ എന്നർത്ഥം. കാമ്യരൂപം—കാണാൻകൊതിക്കത്തക്ക രൂപത്തോട്ടുകൂടിയ. പുകഴ്—കീർത്തി. പര....യായാഃ—പരബ്രഹ്മസാക്ഷാത്കാരത്തിനു്. ഭണ്ഡാരം—ഇരിപ്പിടമായ. പാർശ്വഭാഗേ—അടുത്തായി. ശതാനന്ദൻ—ജനകപുരോഹിതൻ. നന്ദ്യമാനം—അഭിനന്ദിക്കപ്പെടുന്ന. നരേന്ദ്രം ജനകം—രാജശ്രേഷ്ഠനായ ജനകനെ.

പദ്യം 4. മിഥിലേന്ദ്രൻ—ജനകൻ. ദൃതം ആതിഥേയീം സപര്യാം കൃത്വാ—വേഗത്തിൽ അതിഥികൾക്കു യോഗ്യമായ സത്കാരത്തെ ചെയ്തിട്ടു്. ആദരേണ—ആദരവോട്ടുകൂടി. ഭദ്രാസനസ്ഥാപിതം—ഭദ്രപീഠത്തിൽ ഇരുത്തപ്പെട്ട. മുനീന്ദ്രം നത്വാ—മുനിശ്രേഷ്ഠനായ വിശ്വാമിത്രനെ നമസ്കരിച്ചിട്ടു്. മുഗ്ദ്ധസ്മിതാർദ്രം വചനം—സുന്ദരമായ ഹാസത്തോട്ടുകൂടിയ വാക്കിനെ. ബഭാഷേ—പറഞ്ഞു. ആതിഥേയീം—അതിഥിഷു സാധ്വീം എന്നർത്ഥം.

പദ്യം 5. ത്വദാ....ന്ദാ അയം ആനന്ദഃ—അങ്ങയുടെ വരവിനാലുണ്ടായ ഈ സന്തോഷം. അദൃഷ്ട....ദാം നഃ ശ്രുചം ലുമ്പൻ—ജാമാതാവാ

1. സനേ സ്ഥൗ. 2. ദരാത് തം ന.

ഇന്നാകിൽ ഫലിതം മനോരഥമഹോ,
വിശ്വക്രതുനാം ക്രിയാ
ധന്യാ, ഭ്രമിസുരാശിഷോ/പ്യവിതഥാ
നിർണ്ണീതമിന്നാകിലോ,
പുണ്യാത്മൻ! ബഹുമാനഭാജനമഹ,
ജാതോ/സ്മി ലോകത്രയേ
ചന്ദ്രാർക്കാവധി, മത്പുരേ തവ പദ—
ന്യാസാത് പവിത്രീകൃതേ. 6

അജനി ഭവനമേതത് പാവനം നഃ പുരസ്ഥാത്
പദകമലപരാഗൈഃ സ്പൃശ്യമാനം ത്വദീയൈഃ
അപിച തവ കടാക്ഷച്ഛദ്മഗംഗാതരംഗൈ—
രഘപടലമകാണ്ഡേ ക്ഷാളിതം നഃ ക്ഷണേന. 7

കുന്ന സമ്പത്തിനെ ദർശിക്കാത്ത ഞങ്ങളുടെ ദുഃഖത്തെ ഇല്ലായ്മചെയ്കകൊണ്ട്. അതായത് മകളായ സീതയ്ക്ക് ഒരു വരനെ ഇത്രവരെ കാണാതെ സങ്കടപ്പെടുന്ന ഞങ്ങളെ ആശ്വസിപ്പിച്ചുകൊണ്ട്. അദ്യ—ഇന്ന്. സുദിനായതേ—സുദിനമായി ഭവിച്ചിരിക്കുന്നു.

പദ്യം 6. മനോരഥം—അഭീഷ്ടം. ഫലിതം—ഫലവത്തായിരിക്കുന്നു. വിശ്വക്രതുനാം ക്രിയാ—സകല യാഗകർമ്മവും. ധന്യാ—കൃതാർത്ഥയായിരിക്കുന്നു. ഭ്രമിസുരാശിഷഃ അപി—ബ്രാഹ്മണരുടെ ആശീർവചനങ്ങളും. അവിതഥാ—പാഴല്ലാതായി. നിർണീതം—നിശ്ചയിക്കപ്പെട്ടു. തവ പദന്യാസാൽ മത്പുരേ പവിത്രീകൃതേ—അങ്ങയുടെ കാലുവയ്പിനാൽ എന്റെ നഗരം പരിശുദ്ധമാക്കപ്പെട്ടപ്പോഴേ. അഹം—ഞാൻ. ലോകത്രയേ—മൂന്നു ലോകത്തിലും. ചന്ദ്രാർക്കാവധി—ചന്ദ്രസൂര്യന്മാരുള്ള കാലംവരെ. ബഹുമാനഭാജനം ജാതഃ അസ്മി—ബഹുമാനത്തിനു പാത്രമായിത്തീർന്നിരിക്കുന്നു.

പദ്യം 7. പുരസ്ഥാത്—മുന്നമതായി. ത്വദീയൈഃ പദ...രാഗൈഃ സ്പൃശ്യമാനം—അങ്ങയുടെ ചരണാരവിന്ദധൂളിയാൽ സ്പർശിക്കപ്പെടുന്ന ഏതത് നഃ ഭവനം—ഈ ഞങ്ങളുടെ ഗൃഹം. പാവനം അജനി—പരിശുദ്ധമായി. അപിച—അനന്തരം. തവ അങ്ങയുടെ. കട....രംഗൈഃ—കടക്കൺനോട്ടമെന്ന പേരിലുള്ള ഗംഗയിലെ തിരമാലകളാൽ. കടക്കൺനോട്ടം കടക്കൺനോട്ടമല്ല ഗംഗയിലെ തിരമാലകളാണ് എന്ന അപഹ്നവം ഉദ്ദിഷ്ടം. ക്ഷണേന—വേഗത്തിൽ. നഃ അഘപടലം—ഞങ്ങളുടെ പാപസമൂഹം. അകാണ്ഡേ—പെട്ടെന്ന്. ക്ഷാളിതം—ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഭവനം പാവനാനാം പുരസ്ഥാത് അജനി—ഗൃഹം പരിശുദ്ധവസ്തുക്കളിൽവച്ച് ഒന്നാമത്തേതായി ഭവിച്ചു എന്ന പാഠഭേദമനുസരിച്ചുള്ള അർത്ഥം.

1. പാവനാനാം പുര.

സാധിഷ്ഠം ഭോ, സുധാവർഷിണി ഹിമകരബിം—
ബത്തിലും ഒനെവ ലബ്ധ—
പ്രീതിപ്രാഗ്ഭാരമേതന്നയനയുഗമഹോ
സാമ്പ്രതം നിർവൃതം മേ;
ചേതോ ജാമാതൃലാഭോച്ഛ്വസിതമിവ ഭവത്—
സന്നിധാനേ(ത്ര താനേ
വീതാശങ്കം പുളസ്ത്യന്നിതു ശിവശിവ വി—
ദ്ധ്വസ്തദോഷം വിശേഷാൽ. 8

കൂടെ വന്നിരിക്കുന്ന കുമാരന്മാരെപ്പറ്റി ജനകൻ വിശ്വാമിത്രനോടു ചോദിക്കുന്നു:

അധിഗതൗ വിഷയം കിമിഹാശ്വിനൗ
നയനയോരഥവാ നളകൂബരൗ
സവപുഷാവഥ കിം മധുമാധവൗ
കഥയ മേ മുനികുഞ്ജര! കാവിമൗ. 9

കതര ഏഷ കളായദലച്ഛവിഃ
കമലലോചനയോരനയോഃ പുനഃ
ഇഹ കഥം ഹൃദയം മമ ലീയതേ
നിയമിവൃത്തി യഥാ പരമാത്മനി.'' 10

പദ്യം 8. സാധിഷ്ഠം—വളരെ നന്നു്. സുധാവർഷിണി....ഭോരം—അമൃതു ചെയ്യുന്ന ചന്ദ്രബിംബത്തിലും വളരെ പ്രീതി നേടിയിട്ടില്ലാത്ത. മേ നയനയുഗം സാമ്പ്രതം നിർവൃതം—എന്റെ കണ്ണു രണ്ടും ഇപ്പോഴം തൃപ്തമായിരിക്കുന്നു. ചേതഃ—ചിത്തം. അത്ര ഭവത്സന്നിധാനേ—അങ്ങയുടെ ഈ സാന്നിധ്യത്തിൽ. ജാമാതൃലാഭാത്—ജാമാതാവിന്റെ ലാഭത്താൽ. ''ജാമാതാ ദുഹിതുഃ പതിഃ'' എന്നു അമരം. ശ്വസിതം ഇവ—ആശ്വസ്തമെന്നപോലെ. വീതാശങ്കം—ശങ്കയകന്നു. വിധ്വസ്തദോഷം—പാപമെല്ലാം നശിച്ചു. സാധിഷ്ഠം—''അന്തികബാഢയോന്നേദസാധൗ'' എന്ന പാണിനി.

പദ്യം 9. ഇഹ നയനയോഃ വിഷയം അധിഗതൗ—ഇവിടെ കാണുമാറായ ഇവരിരുവരും. അശ്വിനൗ കിം—അശ്വിനീദേവന്മാരാണോ? അഥവാ—അല്ലെങ്കിൽ. നളകൂബരൗ—നളകൂബരന്മാരാണോ? അഥ—അല്ലെങ്കിൽ. സവപുഷൗ മധുമാധവൗ കിം—ഉടൽപൂണ്ട വസന്തവും കാമദേവനുമാണോ? മുനികുഞ്ജര—അല്ലയോ മുനിശ്രേഷ്ഠ. ഇമൗ കൗ—ഇവർ ആരാണു്? മേ കഥയ—എന്നോടു പറഞ്ഞാലും.

പദ്യം 10. കമലലോചനയോഃ അനയോഃ—താമരക്കണ്ണന്മാരായ ഈ രണ്ടു പേരിൽ. കളാ....വിഃ ഏഷഃ പുനഃ കതരഃ—കായാമ്പൂവിതളിന്റെ കാന്തിയോടുകൂടിയ ഇവനാകട്ടേ ആരാണു്? ഇഹ—ഇവിടെ (ഇവനിൽ). മമ ഹൃദയം—എന്റെ ചിത്തം. നിയമിവൃത്തി പരമാത്മനി യഥാ— നൈഷ്ഠികന്മാരുടെ അന്തഃകരണവൃത്തി പരബ്രഹ്മത്തിങ്കൽ എന്നപോലെ. ലീയതേ കഥം—എങ്ങനെ ലയിച്ചുപോകുന്നു! കതരഃ—ദ്വയോർമധ്യേ കഃ എന്നർത്ഥം.

വിശ്വാമിത്രന്റെ പ്രതിവചനം:

ഇത്ഥം നിശമ്യ വചനം ജനകസ്യ രാജ്ഞോ
നിസ്സന്ദ്രമോദഭരമേദുരിതാന്തരാത്മാ
മുഗ്ദ്ധസ്മിതദ്യുതിമനോജ്ഞമുഖം ഗഭീരം
പ്രത്യുചിവാൻ കുതുകവാൻ കുശികാത്മജന്മാ. 11

''അവനിമനിപാലാഃ കോടിശഃ പാലയന്താ—
മവനിപതിയശസ്തത്വാം വിനാ നാപരത്ര;
ജനക! കനകഗൗരീം യത് പ്രസൂതാ തനൂജാം
ജഗതി ദുഹിതൃമന്തം ഭൂർഭവന്തം വിതേനേ. 12

ദേവ്യാ യസ്യാ വസനമുദധിഃ
പീഠികാ ഹാടകാദ്രിർ—
ഹാരഃ സിന്ധുഃ സഗരതനയ—
സ്വർഗ്ഗമാർഗ്ഗൈകബന്ധുഃ
ക്രീഡാശൈലഃ പരമപുരുഷ—
ക്രോഡദംഷ്ട്രാ ച, തസ്യാഃ
സീതാമാതുർജഗതി മിഥിലാം
സൂതികാഗേഹമാഹുഃ.'' 13

പദ്യം 11. ഇത്ഥം—ഇവ്വണ്ണം. രാജ്ഞഃ ജനകസ്യ വചനം നിശമ്യ—രാജാവായ ജനകന്റെ വാക്കിനെ കേട്ടിട്ട്. നിസ്സന്ദ്ര....രാത്മാ—അധികസന്തോഷംകൊണ്ട് അകം നിറഞ്ഞ. കുതുകവാൻ—കൗതുകത്തോടുകൂടിയ. കുശി....ന്മാ—വിശ്വാമിത്രൻ. മുഗ്ധ....ഖം—സുന്ദരമായ ഹാസകാന്തിയാൽ രമ്യമായ മുഖത്തോടുകൂടി. ഗഭീരം—ഗംഭീരമാംവണ്ണം. പ്രത്യുചിവാൻ—മറുപടി പറഞ്ഞു.

പദ്യം 12. കോടിശഃ അവനിപാലാഃ—കോടിക്കണക്കായ രാജാക്കന്മാർ. അവനിം പാലയന്താം—ഭൂമിയെ പാലിക്കട്ടെ. അവനിപതിയശഃ ത്വ—രാജാവെന്നുള്ള കീർത്തിയാകട്ടേ. ത്വാം വിനാ—അങ്ങയെ ഒഴിച്ച്. അപരത്ര ന—മറ്റൊരാളിലില്ല. ജനക—അല്ലയോ ജനക. യത്—യാതൊന്ന ഹേതുവായി. ഭൂഃ—ഭൂമി. കനകഗൗരീം തനൂജാം പ്രസൂതാ—സ്വർണ്ണംപോലെ ഗൗരവർണ്ണയായ പുത്രിയെ പ്രസവിച്ചിട്ട്. ജഗതി—ലോകത്തിൽ. ഭവന്തം ദുഹിതൃമന്തം വിതേനേ—അങ്ങയെ മകളുള്ളവനാക്കിച്ചെയ്തുവല്ലോ.

പദ്യം 13. യസ്യാഃ ദേവ്യാഃ—യാതൊരു (ഭൂമി) ദേവിക്ക്. വസനം ഉദധിഃ—വസ്ത്രം സമുദ്രമോ. ഹാടകാദ്രിഃ പീഠികാ—മേരുപർവതം ഇരിയ്ക്കാനുള്ള ആസനമോ. അല്പമായ പീഠം പീഠി, അത്രതന്നെ പീഠികാ, ഉപവേശനപീഠം. സഗര....ന്ധുഃ സിന്ധുഃ ഹാരഃ—സഗരപുത്രന്മാരെ സ്വർഗത്തിലേക്ക നയിച്ച വലിയ നദി ഹാരമോ. പരമ....ദംഷ്ട്രാ ക്രീഡാ

1. ഏവം നിശ. 2. നം മിഥിലേശ്വരസ്യ നിസ്സ. 3. കുതഃ കുശി.

ശിവധനുരാരോപണസമർത്ഥനായ വരൻ ലഭിച്ച സീതയെ വിവാഹം ചെയ്യ കൊടുക്കണ്ടതിൽ ചിന്താകുലനായ ജനകന്റെ വചനം:

''അവതരതി മേ വത്സാ പ്രൗഢിം, ന കശ്ചന ലഭ്യതേ
ജഗതി പുരജിച്ചാപാരോപക്രിയാചതുരോ വരഃ;
വിഹിതസമയത്യാഗേ ഭ്രയാൻ ഭവേദയശോഭരഃ;
കിമിഹ കരവൈ ചിന്താസിന്ധൗ [1] നിമജ്ജതി മാനസം.''

അതിനു വിശ്വാമിത്രന്റെ സമാധാനം:

''അലം ജനക! ചിന്തയാ ദുഹിതരം പ്രദാസ്യാമി തേ
വരായ ഗുണശാലിനേ, ഭവതു നിർവൃതിശ്ചേതസി;
യഥാ സമയരക്ഷണാത് തവ യശഃ സമുജ്ജൃംഭതേ
തഥാ പുരവിമർദിനോ ധനുരധിജ്യമാപാദ്യതേ.'' 15

ജനകൻ ആശ്വസ്തചിത്തനായി പറയുന്നു:

''സമസ്യാ വാ സാമ്നാം ബഹിരബഹിരംഹഃപരിമൃജാ-
മൃചാം വാ സംവാദഃ കിമപി യജുഷാം വാ പരിപണഃ

ശൈലഃ—പന്നിയായവതരിച്ച മഹാവിഷ്ണുവിന്റെ തേറ്റപ്പല്ല് കളിക്കാനുള്ള കന്നോ. തസ്യാഃ സീതാമാതുഃ—ആ സീതയുടെ മാതാവിനു (ഭൂമിദേവിക്കു). ജഗതി—ലോകത്തിൽ. മിഥിലാം—മിഥിലാരാജ്യത്തെ. സൂതികാഗേഹം അഹഃ—ഈറ്റില്ലമായി പറയുന്നു.

പദ്യം 14. മേ വത്സാ പ്രൗഢിം അവതരതി—എന്റെ മകളെ പ്രൗഢയായി വളർന്നുവരുന്നു. ജഗതി—ലോകത്തിൽ. പുര.....തുരഃ കശ്ചന വരഃ—ശിവധനുസ്സിനെ കുലയേറ്റുവാൻ സമർത്ഥനായ ഒരു വരൻ. ന ലഭ്യതേ—കിട്ടുന്നില്ല. വിഹി....ത്യാഗേ—നിശ്ചയിച്ച കരാർ തെറ്റിച്ചാൽ. ഭ്രയാൻ അയശോഭരഃ—അധികമായ അകീർത്തി. ഭവേത്—ഉണ്ടാകും. ഇഹ—ഇക്കാര്യത്തിൽ. കിം കരവൈ—ഞാൻ എന്തു ചെയ്യട്ടെ. മാനസം—(എന്റെ) ചിത്തം. ചിന്താസിന്ധൗ—ചിന്തയാകുന്ന സമുദ്രത്തിൽ. നിമജ്ജതി—ആണ്ടുപോകുന്നു.

പദ്യം 15. ജനക! ചിന്തയാ അലം—അല്ലയോ ജനക! വിചാരപ്പെടേണ്ട. തേ ദുഹിതരം—നിന്റെ പുത്രിയെ. ഗുണശാലിനേ വരായ—ഗുണവാനായ വരന്നാണ്ടോണ്ട്. പ്രദാസ്യാമി—ഞാൻ കൊടുക്കുന്നുണ്ട്. ചേതസി—ചിത്തത്തിൽ. നിർവൃതിഃ ഭവതു—സമാധാനം ഭവിക്കട്ടെ. സമയരക്ഷണാൽ—കരാർ പാലിക്കുന്നതു ഹേതുവായി. തവ യശഃ—നിന്റെ കീർത്തി. യഥാ സമുജ്ജൃംഭതേ—എങ്ങനെ പൊങ്ങുന്നുവോ. തഥാ—അങ്ങനെ. പുരവിമർദിനഃ—ശിവന്റെ. ധനുഃ അധിജ്യം ആപാദ്യതേ—വില്ല കുലയേറ്റപ്പെടും.

പദ്യം 16. സാമ്നാം സമസ്യാ വാ—സാമമന്ത്രങ്ങളുടെ പൂർത്തിയോ. ബഹി...മൃജാം—അകത്തും പുറത്തുമുള്ള പാപങ്ങളെ മായ്ച്ചുകളയുന്ന. ഋചാം സംവാദഃ വാ—ഋഗ്വേദമന്ത്രങ്ങളുടെ യോജിപ്പോ. യജുഷാം കിമപി

1. നിമഗ്നമഹോ മനഃ. 2. രിപണഃ.

തദാശീർവ്വാദോഽയം ബഹ്വവിഷയസാക്ഷാത്കൃതഫലോ
വരം മേ വത്സായാഃ കഥയതി പുരോവർത്തിനമിവ.'' 16

വിശ്വാമിത്രൻ ദശരഥനെപ്പറ്റിയും രാമലക്ഷ്മണന്മാരെപ്പറ്റിയും പറഞ്ഞു കേൾപ്പിക്കുന്നു:

''പുത്രാർത്ഥം ജഗദേകജാംഘലികയാ-
ദ്യാമത്രമത്കീർത്തിനാ
ചാതുർഹോത്രവിധീർണ്ണവിശ്വവസുധാ-
ചക്രേണ ചക്രേ മഖഃ
രാജ്ഞാ പങ്ക്തിരഥേന; യത്ര സകല-
സ്വർവാസിസർവാതിഥൗ
സ സ്വേനൈവ ഫലപ്രദഃ ഫലമപി
സ്വേനൈവ നാരായണഃ. 17

ചത്വാരോ ദിനനാഥവംശമണയോ
ജാതാഃ കുമാരാസ്ത്രയേ
തേഷാമേഷ പുരോഭവഃ പ്രമദയൻ
കൃത്സ്നാം ധരിത്രീം ഗുണൈഃ
മത്തോ ലബ്ധസമസ്തചാപനിഗമോ
വിശ്വാഭിരാമാകൃതീ
രാമസ്താഡിതതാടകഃ; പുനരസാ-
വസ്യാനുജോ ലക്ഷ്മണഃ.'' 18

പരിപണം വാ-യജുർവേദവാക്യങ്ങളുടെ ഒരു മൂലധനമാ. ബഹ്വ.... ഫലഃ-പല വിഷയങ്ങളിൽ ഫലാനുഭൂതിയുള്ള അയം തദാശീർവാദഃ-അങ്ങയുടെ ഈ ആശീർവചനം. മേ വത്സായാഃ-എന്റെ മകളുടെ. വരം-വരനെ. പുരോവർത്തിനം ഇവ കഥയതി-മുമ്പിൽ ഇരിക്കുന്നതുപോലെ പറയുന്നു.

പദ്യം 17. പുത്രാർത്ഥം-പുത്രലാഭത്തിനായി. ജഗ.....ർത്തിനാ-ലോകത്തിലാകെ സഞ്ചരിച്ച അശ്വമേധാശ്വത്തോടൊപ്പം തടവറ്റ പ്രസിദ്ധിയായ യശസ്സോടുകൂടിയ. ചാതു...ക്രേണ-യജ്ഞത്തിൽ ഭൂമണ്ഡലം മുഴുവൻ ദാനം ചെയ്ത. രാജ്ഞാ പങ്ക്തിരഥേന-രാജാവായ ദശരഥനാൽ. മഖഃ ചക്രേ-യാഗം അനുഷ്ഠിക്കപ്പെട്ടു. സകല....ഥൗ യത്ര-സകല ദേവന്മാരും അതിഥികളായിരുന്ന യാതൊരു യാഗത്തിൽ. സഃ നാരായണഃ ഫലപ്രദഃ സ്വേന ഏവ ഫലം അപി ഏവ-ആ മഹാവിഷ്ണു ഫലം നല്കിയവനും താൻതന്നെ ഫലവുമായി. പുത്രനുണ്ടാവാൻ അനുഗ്രഹിച്ചു, താൻതന്നെ പുത്രനായി ജനിക്കുകയും ചെയ്തു എന്നു ഭാവം.

പദ്യം 18. ദിന....ണയഃ-സൂര്യകുലത്തിൽ ശ്രേഷ്ഠന്മാരായി. യേ ചത്വാരഃ കുമാരാഃ ജാതാഃ തു-യാതൊരു നാലു പുത്രന്മാർ ജനിച്ചുവോ. തേഷാം-അവരിൽ. പുരോഭവഃ-ജ്യേഷ്ഠനായ കൃത്സ്നാം ധരിത്രീം ഗുണൈഃ പ്രമദയൻ-ഗുണങ്ങളെക്കൊണ്ടു മുഴുവൻ ഭൂമിയേയും സന്തോഷിപ്പിക്കുന്നവനായ. മത്തഃ-എങ്കൽനിന്നു്. ലബ്ധ.....ഗമഃ-എല്ലാ ധനുർ

സഭയിൽ ജനകപുരോഹിതനായ ശതാനന്ദന്റെ വചനം:

വിദ്വന്മദ്ധ്യേ ബഭാഷേ ശമജലധി ശതാ–
നന്ദനം ''ഹന്ത ദിഷ്ട്യാ
ഭദ്രേണാനേന മാതാ മമ ഹതദുരിതാ
പ്രാപിതാ ഭർത്തൃപാർശ്വം
അത്രൈയല്ലേ പുലസ്ത്യന്നിതു സുചിരമിമൗ
പശ്യതോ മാനസേ മേ
വത്സേ സീതോർമ്മിളേ സാമ്പ്രത''മിതി ഗദിതഃ
പ്രാഹ രാജാ മുനീന്ദ്രം. 19

സൂര്യവംശ്യരുടെ മഹത്ത്വം, സീതാവിവാഹത്തിലെ ശൂല്ക്കം, ശിവധനുസ്സിന്റെ മേന്മ മുതലായവയെപ്പറ്റി ജനകന്റെയും വിശ്വാമിത്രന്റെയും വചനപ്രതിവചനങ്ങൾ:

''യദ്ഗോത്രസ്യ പ്രഥമപുരുഷ-
സ്തേജസാമീശ്വരോഽയം
യേഷാം ധർമ്മപ്രവചനഗുരുർ–
ബ്രഹ്മവാദീ വസിഷ്ഠഃ
യേ വർത്തന്തേ തവ ച ഹൃദയേ
സൂഷ്ഠ സംബന്ധയോഗ്യാ–
സ്തേ രാജാനോ; മമ പുനരയം
ദാരുണഃ ശൂല്കസേതുഃ.'' 20

വിദ്യയും അഭ്യസിച്ചവനായ. വിശ്വാഭിരാമാകൃതിഃ—ലോകർക്കു മനോഹരസ്വരൂപനായ. താഡിതതാടകഃ—താടകയെ സംഹരിച്ചവനായ. ഏഷഃ രാമഃ—ഇവൻ രാമനാകുന്നു. അസൗ പുനഃ-ഇവനാകട്ടെ. അസ്യ അനുജഃ ലക്ഷ്മണഃ—ഇവന്റെ അനുജനായ ലക്ഷ്മണനാകുന്നു.

പദ്യം 19. ശമജലധി—ശാന്തിസമുദ്രമായ. വിദ്വന്മദ്ധ്യേ—വിദ്വത്സഭയിൽ. ബഭാഷേ—ഭാഷണം ചെയ്തു. ദിഷ്ട്യാ—ഭാഗ്യംകൊണ്ടു്. ഭദ്രേണ അനേന—സൗമ്യനായ ഇവനാൽ. ഹതദുരിതാ മമ മാതാ—പാപം നീങ്ങിയ എന്റെ മാതാവു്. ഭർത്തൃപാർശ്വം പ്രാപിതാ—ഭർത്താവിന്റെ അടുക്കലേക്കു നയിക്കപ്പെട്ട. സുചിരം—വളരെ നേരം. ഇമൗ പശ്യതഃ മേ മാനസേ—ഇവരെ കാണുന്ന എന്റെ ചിത്തത്തിൽ. സാമ്പ്രതം—ഇപ്പോൾ. വത്സേ സീതോർമിളേ—വത്സകളായ സീതയും ഊർമ്മിളയും. ഇതി ഗദിതഃ—എന്നിങ്ങനെ പറയപ്പെട്ടവനായ. രാജാ മുനീന്ദ്രം പ്രാഹ—രാജാവു മുനിശ്രേഷ്ഠനോടു പറഞ്ഞു.

പദ്യം 20. അയം തേജസാം ഈശ്വരഃ—ഈ സൂര്യൻ. യദ്ഗോത്രസ്യ പ്രഥമപുരുഷഃ—യാതൊരുവരുടെ ഗോത്രപ്രവർത്തകനായ ആദിപുരുഷനോ. ബ്രഹ്മവാദീ വസിഷ്ഠഃ—ബ്രഹ്മത്തെപ്പറ്റിപ്പറയാൻ ശീലമുള്ള വസിഷ്ഠൻ. യേഷാം ധർമ്മപ്രവചനഗുരുഃ—യാതൊരുത്തർക്കു ധർമ്മോപദേശം ചെയ്യുന്ന ഗുരുവോ. യേ തവ ഹൃദയേ വർത്തന്തേ ച—യാതൊരുത്തർ അങ്ങയുടെ ചിത്തത്തിൽ വർത്തിക്കുന്നുവോ, തേ രാജാനഃ—ആ രാജാ

കൃത്യേ[1]സ്മിന്നന്തരായശ്ചേത് ശുല്ലസംസ്ഥൈവകേവലം
നിശ്ചിനു തവം മഹാരാജ! ന കിഞ്ചിദിദമീദൃശം.'' 21

''യദ് വിദന്നപി വിദേഹനന്ദിനീ–
പാണിപീഡനവിധേർമഹാർഘതാം
ഏവമാഹ് മുനിരേഷ കൗശിക–
സ്നേന മുഹ്യതി ചിരായ മേ മനഃ. 22

ഗിരീശേനാരാദ്ധം ത്രിജഗദവജൈത്രം ദിവിഷദാ–
മുപാദായ ജ്യോതിഃ സരസിരുഹജന്മാ യദസൃജത്
ഹൃഷീകേശോ യസ്മിന്നിഷുരജനി മൗർവീ ഫണിപതിഃ
പുരസ്ത്രിസ്രോ [2]ലക്ഷ്യം ധനുരപി കിമപ്യദ്ഭുതമിദം. 23

യേഷാം ചാപസമർപ്പിതം ത്രിഭുവന–
ക്ലിഷ്ടിപ്രാപിധാനവ്രതം
ജാതം കേവലമേവ രോഹിതമപ–
ജ്യാബന്ധമൈന്ദ്രം ധനുഃ

ക്കന്മാർ. സുഷ്ഠു സംബന്ധയോഗ്യാഃ–തികച്ചും സംബന്ധപ്പെടേണ്ടവർ തന്നെ. അയം ശുല്ലസേതുഃ പുനഃ മമ ദാരുണഃ–ഈ കരാറാകുന്ന പ്രതിബന്ധമാണ് എനിക്കു ഭയങ്കരമായിരിക്കുന്നത്. ശിവധനുസ്സിനെ കുലയേറ്റുന്നവനു സീതയെ കൊടുക്കുക എന്ന കരാർ.

പദ്യം 21. അസ്മിൻ കൃത്യേ–ഇക്കാര്യത്തിൽ. ശുല്ലസംസ്ഥാ ഏവകേവലം അന്തരായഃ ചേത്–കരാറൊന്നേ പ്രതിബന്ധമുള്ളുവെങ്കിൽ. മഹാരാജ–അല്ലയോ മഹാരാജാവേ. തവം നിശ്ചിനു–അങ്ങു നിശ്ചയിച്ചാലും. ഇദം ഈദൃശം ന കിഞ്ചിൽ–അതു് അത്രയ്ക്കാന്നുമില്ല.

പദ്യം 22. വിദേഹ....ധേഃ മഹാർഘതാം വിദൻ അപി–സീതയുടെ പാണിഗ്രഹണത്തിനുവേണ്ട വലിയ വില അറിഞ്ഞുംകൊണ്ട്. ഏഷഃ കൗശികഃ മുനിഃ–ഈ വിശ്വാമിത്രമുനി. യത് ഏവം ആഹ തേന–ഇപ്രകാരം പറയുന്നതുകൊണ്ട്. മേ മനഃ–എന്റെ ചിത്തം ചിരായ മുഹ്യതി–വളരെയേറെ അമ്പരക്കുന്നു.

പദ്യം 23. ഗിരീശേന ആരാദ്ധം–ശിവനാൽ ആരാധിക്കപ്പെട്ടതു്. ത്രിജഗദവജൈത്രം–മൂന്നു ലോകത്തെയും ജയിക്കുവാൻ പോന്നതു്. ദിവിഷദാം–ദേവന്മാരുടെ. ജ്യോതിഃ–തേജസ്സിനെ. ഉപാദായ–സ്വീകരിച്ചിട്ടു്. സരസിരുഹജന്മാ–ബ്രഹ്മാവു്. യത്–യാതൊന്നിനെ. അസൃജത്–സൃഷ്ടിച്ചുവോ. യസ്മിൻ–യാതൊന്നിൽ (വില്ലിൽ). ഹൃഷീകേശഃ–വിഷ്ണു ഇഷുഃ അജനി–ബാണമായിത്തീർന്നുവോ. ഫണിപതിഃ–സർപ്പരാജാവു്. മൗർവീ–ഞാണായി (ഭവിച്ചുവോ). പുരഃ തിസ്രഃ ലക്ഷ്യം അപി–പുരങ്ങളാം മൂന്നും ലക്ഷ്യമായും (ഭവിച്ചുവോ). ഇദം കിമപി അദ്ഭുതം ധനുഃ–അവ്വണ്ണമുള്ള ഇതു് അത്ഭുതമായ വില്ലാകുന്നു.

പദ്യം 24. ത്രിഭു....വ്രതം–ലോകത്തിന്റെ കേടു പോക്കുക എന്ന വ്രതം. യേഷാം–യാതൊരു രാജാക്കന്മാരുടെ. ചാപസമർപിതം–

1. കാര്യേഽസ്മി. 2. ഇത്ഥമാഹ. 3. ലക്ഷം ധ.

തേഽപി പ്രേക്ഷ്യ പുരാ ശരാസനമിദം
മൗർവീകിണശ്യാമികാ—
കസ്തൂരീസുരഭീകൃതാനബിഭരുർ—
വ്യർത്ഥം ഭുജാൻ ഭൂഭുജഃ.'' 24

''തദ് ഭാഗധേയമപി താദൃശ, മുത്സവാനാ—
മേതാം ദശാം വയമപി പ്രസമീക്ഷിതാരഃ,
സന്ത്യേവ വിശ്വഭുവനാഭയദാനശൗണ്ഡാഃ
ക്ഷോണീഭുജഃ, പരമമീ ന തു രാമഭദ്രാഃ'' 25

ജനകൻ രാമലക്ഷ്മണന്മാരോടുകൂടിയ വിശ്വാമിത്രനെ കൈയ്യുപിടിച്ചു മണിയറയിലേക്കു നയിക്കുന്നു:

എന്നീവണ്ണം പറഞ്ഞാരളവിലഥ ശതാ—
നന്ദവക്ത്രാരവിന്ദം
മന്ദം നോക്കിച്ചിരിച്ചങ്ങുപചിതകുതുക—
സ്നേഹവിസ്രംഭചേതാഃ
ധന്യാത്മാ രാമസൗമിത്രികളൊടു സഹിതം
കൈപിടിച്ചാസ്ഥയാ താൻ—
തന്നേ ഗാധേസ്തനൂജം മണിയറയിലകം—
ത്തേഷ ധീമാനനൈഷീത്. 26

ധനുസ്സിൽ നിക്ഷിപ്തമായിരിക്കുന്നവോ. അപജ്യാബന്ധം—ഞാണിന്റെ ബന്ധമില്ലാത്ത. ഐന്ദ്രം ധനുഃ—ഇന്ദ്രന്റെ വില്ല്. കേവലം രോഹിതം ഏവ ജാതം—നിവന്ന് വില്ലായിത്തന്നെ വോച്ചുവാ. തേ അപി—അവരും. പുരാ—പണ്ട്. ഇദം ശരാസനം പ്രേക്ഷ്യ—ഈ വില്ലിനെ കണ്ടിട്ട്. മൗർവീ താൻ—ഞാണോറു തഴമ്പിച്ചേടത്തു തേച്ച കസ്തൂരിയാൽ സൗഭഗത്തോടുകൂടിയ. ഭുജാൻ—ഭുജങ്ങളെ. വ്യർത്ഥം അബിഭരുഃ—നിഷ്പ്രയോജനമായി വഹിച്ചു. വില്ലാളിവീരരായ രാജാക്കന്മാർക്കുപോലും ശിവധനുസ്സു പ്രാപ്യമല്ലായിരുന്നു എന്നർത്ഥം. 'ഇന്ദ്രായുധ, ശക്രധനുസ്സുഃദേവ ഭൂഭൃദ്രോഹിതം'' എന്നമരം.

പദ്യം 25. തത് ഭാഗധേയം അപി താദൃശം—ആ ഭാഗ്യവും അങ്ങിനെയൊന്നാണ്. വയം—നാം. ഉത്സവാനാം ഏതാം ദശാം അപി—ഉത്സവങ്ങളുടെ ഇപ്രകാരമുള്ള അവസ്ഥയെയും. പ്രസമീക്ഷിതാരഃ—ദർശിച്ചേക്കാം. വിശ്വ...ണ്ഡാഃ—സകലലോകത്തിനും അഭയപ്രദാനം ചെയ്യുന്നതിൽ സമർത്ഥരായ. ക്ഷോണീഭുജഃ സന്തി ഏവ—രാജാക്കന്മാർ ഉണ്ടുതന്നെ. പരം തു—എന്നാൽ. അമീ രാമഭദ്രാഃ ന—ഇവർ ശ്രീരാമനല്ല.

പദ്യം 26. ശതാ..ന്ദം—ശതാനന്ദന്റെ മുഖകമലം. മന്ദം—പതുക്കെ. ഉപ..തേതാഃ—വർദ്ധിച്ച കൗതുഹലം സ്നേഹം വിശ്വാസം ഇവയോടുകൂടിയ. ധന്യാത്മാ—കൃതാർത്ഥനായ. ഏഷഃ ധീമാൻ—ഈ ബുദ്ധിമാനായ ജനകൻ. രാമ...സഹിതം—രാമലക്ഷ്മണന്മാരോടുകൂടിയ. ഗാധേഃ തനൂജം—വിശ്വാമിത്രനെ. ആസ്ഥയാ—താത്പര്യത്തോടുകൂടി. അനൈഷീത്—കൂട്ടിക്കൊണ്ടുപോയി.

ജനകൻ സീതാസ്വയംവരം വിളംബരം ചെയ്യുന്നു:

സമ്പ്രാപ്യ രാജധാനീമഥ ദശരഥപു-
ത്രാനവിതേ ഗാഥിസൂനു
ഗംഭീരൈർമന്ത്രയിത്വാ സഹ സചിവവരൈർ-
മൈഥിലേയോ മഹാത്മാ
സമ്മോദം പൂണ്ടയച്ചങ്ഖിലദിശി മട-
ക്കോല ഭൂപാലകാനാം
മമ്മാ! സർവത്ര സീതാപരിണയനമഹാ-
ഘോഷമുച്ചൈർവ്യതാനീത്. 27

സ്വയംവരത്തിനായി രാജാക്കന്മാരുടെ വരവിനെ വർണ്ണിക്കുന്നു:

എട്ടാശാചക്രവാളേ ശിവ! ശിവ! പൊടിപൊ-
ങ്ങിപ്പുഴങ്ങും ദശായാം
മുട്ടെക്കേറുംക്കായ് ത്തുടങ്ങീ ജയവിരുതു വിളി-
ക്കുന്നതഗ്രേ നൃപാണാം,
ചട്ടററീടുന്ന കൊറക്കുടകളുമിളകീ-
ടും കൊടിക്കൂറ കാറേറ-
റൊട്ടൊട്ടാടിക്കളിക്കുന്നതു ഗഗനതലേ
ഹന്ത കാണായ്ച്ചമഞ്ഞു. 28

കടകം തഴകളോരോന്നൊക്കെ നീളെപ്പിടിപ്പി-
ച്ചിടയിലിടയിൽ വീയിപ്പിച്ചു വെൺചാമരൗഘം
ഉടനുടനുപയാതാസ്സാം പുരീം രാജസിംഹാഃ
പടുപടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ. 29

പദ്യം 27. ദശരഥപുത്രാനവിതേ ഗാഥിസൂനു—ദശരഥപുത്രന്മാരോടുകൂടിയ വിശ്വാമിത്രൻ. രാജധാനീം സമ്പ്രാപ്യ—രാജധാനിയെ പ്രാപിച്ചപ്പോൾ. അഥ—പിന്നെ. മഹാത്മാ മൈഥിലേയഃ—മഹാത്മാവായ ജനകൻ. ഗംഭീരൈഃ—സചിവവരൈഃ സഹമന്ത്രയിത്വാ—ബുദ്ധിമാന്മാരായ മന്ത്രിശ്രേഷ്ഠന്മാരോടുകൂടി ആലോചിച്ചിട്ട്. മട്ടക്കോല—ക്ഷണക്കത്ത്. അഖിലദിശി—എല്ലാ ദിക്കിലും. ഭൂപാലകാനാം—രാജാക്കന്മാർക്ക്. സർവത്ര—എല്ലായിടത്തും. സീതാ....ഘ.—സീതയുടെ വിവാഹമാകുന്ന വലിയ ആഘോഷത്തെ. ഉച്ചൈഃ വ്യതാനീത്—വലിയ തോതിൽ ചെയ്തു. മമ്മാ—ആശ്ചര്യദ്യോതകമായ നിപാതം.

പദ്യം 28. എട്ടാ....ളേ—എട്ടു ദിക്കിലും. പൂഴങ്ങും ദശായാം—വ്യാപിക്കുമ്പോൾ, നൃപാണാം അഗ്രേ—രാജാക്കന്മാരുടെ മുമ്പിൽ. ജയവിരുത്—ജയഘോഷണ. മുട്ടെ—നിറയെ. ചട്ടററീടുന്ന—കുറവില്ലാത്ത. ഗഗനതലേ—ആകാശത്തിൽ.

പദ്യം 29. വെൺചാമരൗഘം—വെൺചാമരക്കൂട്ടം. പട....നാദൈഃ ദിഗന്താൻ പൂരയന്തഃ—വലിയ പെരുമ്പറയുടെ ശബ്ദത്താൽ ദിക്കുകളെ മുഴക്കിക്കൊണ്ട്. രാജസിംഹാഃ—രാജശ്രേഷ്ഠന്മാർ. താം പുരീം ഉപയാതാഃ—ആ ജനകരാജധാനിയിൽ വന്നുചേർന്നു.

വന്ന രാജാക്കന്മാരെ ജനകമന്ത്രി വേണ്ടപോലെ സത്കരിക്കുന്നു:

സംഭ്രാന്ത്യാ വന്ന വന്നന്നിറയുമഖിലഭൂ—
ലോകപാലാനിരുത്തി—
സ്സമ്മാനിച്ചങ്ങൊരോ കൈനിലകളിൽ മിഥിലേ—
ന്ദ്രസ്യ മന്ത്രീ തദാനീം
അർഘ്യാനാമോദമാലാഘുസൃണമൃഗമദാ—
ലേപതാംബൂലമുഖ്യൈഃ
സന്തോഷാർദ്രം പദാതൈഃ സദൃശമുടനറി—
ഞ്ഞർച്ചയാമാസ ധീമാൻ. 30

ബ്രാഹ്മണരുടെ വരവിനെ പ്രസ്താവിക്കുന്നു:

വന്നെത്തീ പോന്നകാണ്ഡേ ചില പുഴ വഴിയും—
വണ്ണമോരോ ദിഗന്തേ
ധന്യം ഭൂദേവസംഘം തിരളമൊരു പണ—
ശ്രദ്ധയാവൃദ്ധബാലം
ഒന്നിച്ചയ്യായിരം ചങ്ങലവടികയും കട—
ക്കുട്ടവും പിന്നെ മേന്മേ—
ലന്യോന്യം ദർപ്പഭാരാത് പലവക പിഗകി—
ക്കൊണ്ടൊരാഭോഗവാസ്തു. 31

മറ്റു പലരുടേയും വരവിനെ വർണ്ണിക്കുന്നു:

മല്ലം തട്ടിത്തിമത്തുണ്ടൊരു പരിഷ, പരേ
യഷ്ടിമാലംബ്യ മേന്മേൽ
മെല്ലേ മെല്ലേ നടന്നും പെരുവഴിയിലിരു—
ന്നും കുരച്ചും പ്രകാമം,

പദ്യം 30. സംഭ്രാന്ത്യാ—സംഭ്രമത്തോടുകൂടി. അഖിലഭൂലോകപാലർ—എല്ലാ രാജാക്കന്മാരെയും. സമ്മാനിച്ചു—ബഹുമാനിച്ചു. ധീമാൻ—ബുദ്ധിമാനായ. മിഥിലേന്ദ്രസ്യ മന്ത്രീ—ജനകന്റെ മന്ത്രി. തദാനീം—അപ്പോഴം. അർഘ്യാ....ഖ്യൈഃ പദാതൈഃ—വാടാത്ത സുഗന്ധപുഷ്പം കുങ്കുമം കസ്തൂരി കലർന്ന പൂച്ചു താംബൂലം (വെറ്റില മുതലായവ) തുടങ്ങിയുള്ള വസ്തുക്കളെക്കൊണ്ടു. സദൃശം—യോഗ്യതയുള്ള തക്കവണ്ണം. സന്തോഷാർദ്രം—സന്തുഷ്ടചിത്തനാംവണ്ണം. അർച്ചയാമാസ—പൂജിച്ചു.

പദ്യം 31. അകാണ്ഡേ—പെട്ടെന്നു. ദിഗന്തേ—ദിക്കിൽ. ധന്യം—അനുഗ്രഹീതം. ഭൂദേവസംഘം—ബ്രാഹ്മണസമൂഹം. പണശ്രദ്ധയാ—ദക്ഷിണയിലുള്ള താത്പര്യം നിമിത്തം. വൃദ്ധബാലം—വൃദ്ധന്മാർ തുടങ്ങി ബാലന്മാർവരെ. ദർപ്പഭാരാത്—അഹങ്കാരാധിക്യത്താൽ. ആഭോഗം—പരപ്പു.

പദ്യം 32. പരിഷ—കൂട്ടം. പരേ—മറ്റു ചിലർ. യഷ്ടിം ആലം

1, മുടന്നടൻ പൂജയാ.

പല്ലെല്ലാം പോയ വർഗ്ഗം പലപൊഴുതുരുവി–
ട്ടും പരേ, കാണിനേരം
നില്ലാതേ ഹന്ത! മൃഷ്ടാഷ്ടിയിലധികവിരൺ
പൂണ്ട മണ്ടു[1]ന്നിതന്യേ. 32

എണ്ണേറും വിത്തലോഭാത് കതിചന, സരസം
ബാലനാരീ[2]കദംബം
തന്നെപ്പുണ്മാൻ കൊതിച്ചങ്ങൊരു പരിഷ, പരേ
ഹന്ത! ഹുംകാരവേഗാത്
എന്നെക്കൈക്കൊൾകകത്തെന്നയരെ മുറവിളി–
ച്ചും വശംകെട്ടമയ്യോ!
കണ്ണും ദിക്കും നുറുങ്ങില്ലൊരു കുറി മിഥിലാ–
ഗോപുരേ ജാതഹാസം. 33

പയ്യെപ്പയ്യെത്തിരണ്ടു തദനു കുറു[3]വടി–
ത്തണ്ടുമായമ്മുരമ്പ–
ക്കയ്യന്മാ, രയ്യ നീലപ്രഭൃതികളുമണ–
ഞ്ഞു കയത്തൊന്നിനൊന്നായ്
കയ്യിൽക്കൈകോത്തു കെട്ടിപ്പൊടലി പൊളികയും
വീഴ്കയും ചാകയും കാൽ
കൈയെന്നിത്യാദി പൊട്ടിത്തിറവിയ മുറയും,
ഘോഷമെന്തൊന്നു ചൊൽവൂ! 34

സ്വയംവരമണ്ഡപത്തിലെ ചാപരംഗത്തിൽ രാജാക്കന്മാർ വന്നു് അവരവരുടെ ആസനത്തിൽ അമരുന്നതായി പ്രസ്താവിക്കുന്നു:

പൃഥ്വീപാലാസ്തദാനീം വിരവൊടു വിഹിത–
സ്നാനഭക്ഷ്യാദികൃത്യാ
മെത്തീടും നൂതനരത്നാഭരണമണിമഹോ–
രാജിനീരാജിതാംഗാഃ

ബ്യ–വടിയുന്നിക്കൊണ്ടു്. പ്രകാമം–യഥേഷ്ടം. മൃഷ്ടാഷ്ടി–വെടിപ്പായുള്ള ഭക്ഷണം. അന്യേ–മറ്റു ചിലർ.

പദ്യം 33. കതിചന–ചിലർ. വിത്തലോഭാത്–ധനത്തിൽ ആഗ്രഹത്താൽ. സരസം–രസത്തോടുകൂടി. ബാലനാരീകദംബം–തരുണീസമൂഹത്തെ. ഹുങ്കാരവേഗാത്–ഹുങ്കാരശബ്ദത്തിന്റെ വേഗത്താൽ. ജാതഹാസം–ഉണ്ടായ ചിരിയോടുകൂടി. മിഥിലാഗോപുരേ–മിഥിലാനഗരത്തിന്റെ ഗോപുരപ്രദേശത്തിൽ.

പദ്യം 34. തദനു–അതിൽപ്പിന്നെ. കയത്തു്–പറഞ്ഞു്. തിറവിയ–വീണ.

പദ്യം 35. തദാനീം–അപ്പോൾ. പൃഥ്വീപാലാഃ–രാജാക്കന്മാർ.

1. ണ്ടന്നേ കേചിത്. 2. രീസമൂഹം. 3. റുവെടി.

ചിത്താനന്ദം വരുംമാറഖിലതനുമതാം
ചെന്നുചേർന്നും നിറഞ്ഞു
വിസ്തീർണ്ണേ ചാപരംഗേ പുനരപി ച യഥൗ—
ചിത്യമേതേ നിഷണ്ണാഃ.

പാപരംഗത്തിലെ ആഘോഷവർണ്ണന:

ഓരോരോ ദിക്കിലുച്ചൈരിടി ത്തടിതി നട്ട—
ങ്ങും വെടിപ്രൗഢി മമ്മാ!
ഭേരീനാദം നൃപാണാം ജയവിരുതു മഹാ—
വന്ദിനാം ഗാനഭേദം
ചാരുസ്ഥേരാനനാനാം തരിവളനിനദം
ചാമരഗ്രാഹിണീനാം
പൂരേ കേളം വിശ്വവിസ്മാപകമഭവദഹോ!
ചാപരംഗം തദാനീം. 36

സീതാസ്വയംവരം സംബന്ധിച്ച മിഥിലയിലെ ആഘോഷങ്ങളേയും വിവിധ വിശേഷങ്ങളേയും വർണ്ണിക്കുന്നു:

ഗദ്യം 1.

ഹര ഹര! ശിവ ശിവ! മിഥിലയിലിയലിന
കുതുകവിശേഷം പറവാൻ വല്ലേൻ.
തെരുതെരെ വന്നു നിറഞ്ഞീടുന്ന ന—
രേന്ദ്രന്മാരൊട്ട കൂടിത്തിക്കി—
ത്തെളിവൊട്ട ചെല്ലും [1]പെരിയ പടജ്ജന—
ചരണസമുത്ഥിതപൊടിപടലംകൊ—

വിഹി....കൃത്യാഃ—കളി ഭക്ഷണം മുതലായ കൃത്യങ്ങളും നടത്തിയവരായി. നൂത...ഗാഃ—പുത്തനായ രത്നമയങ്ങളായ ഭൂഷണങ്ങളിലെ മണികളുടെ കാന്തിയാൽ ശോഭിക്കുന്ന അവയവങ്ങളോട് കൂടിയവരായി. അഖില തനുമതാം—എല്ലാ ശരീരികൾക്കും. ചിത്താനന്ദം—മനസ്സിൽ സന്തോഷം. പുനഃ അപി ച—പിന്നെയും. യഥൗചിത്യം—യോഗ്യതയ്ക്ക തക്കവണ്ണം ഏതേ—ഇവർ (രാജാക്കന്മാർ). വിസ്തീർണ്ണേ ചാപരംഗേ—വിസ്താരമേറിയ ചാപരങ്ഗത്തിൽ. (ശിവധനുസ്സു വെച്ചിരിക്കുന്ന അരങ്ങത്തു). നിഷണ്ണാഃ—ഇരുന്നു.

പദ്യം 36. ഉച്ചൈഃ—ഉച്ചത്തിൽ. ഇടി—ഇടിമുഴക്കം. വെടിപ്രൗഢി—വെടിശബ്ദത്തിന്റെ ഗാംഭീര്യം, ഭേരീനാദം—പടഹശബ്ദം. നൃപാണാം—രാജാക്കന്മാരുടെ. മഹാവന്ദിനാം—വലിയ സ്തുതിപാഠകന്മാരുടെ. ഗാനഭേദം—പലവിധമായ പാട്ട്. ചാമരഗ്രാഹിണീനാം—ചാമരം വീശുന്ന. ചാരു....നാം—സുന്ദരിമാരുടെ. നിനദം—ശബ്ദം. വിശ്വവിസ്മാപകം അഭവത്—ലോകത്തെ വിസ്മയിപ്പിക്കുന്നതായി ഭവിച്ചു. അഹോ—ആശ്ചര്യം.

ഗദ്യം 1. കുതുകവിശേഷം—ആശ്ചര്യം. നരേന്ദ്രൻ—രാജാവു.

1. പെരുകിയ ജനം.

ണ്ടാശാ[1]ചക്രം മുഴുവൻ മൂടീ.
തെളുതെളെ വിലസിന വാളുകളും പരിഘകളും
ചുരിക കടുത്തില കട്ടാരം വേ—
ലിട്ടേറീട്ടികളും വട്ടച്ചക്രം
മാറുമൊരോതരമായുധജാലം
കടുമയൊടടനടനിളകിന നേരം
കാർക്കാലത്തു പരന്നീടും ചില
മിന്നൽകണക്കേ കണ്ണുടയുംമാ—
റൊളിവിൽ വിളക്കം ജഗതി വിളങ്ങീ.
തിരളൊളി തിരളും ബാലവധൂനാം
താലികളും തോടകളും താവടമുടഞ്ഞാൺ
കണ്ടു വിരൺ പൂണ്ടൊക്കത്തക്കെ
കൈയും കോർത്തുപിടിച്ചു നടക്കും
കാമുകഹർഷനിനാദവിശേ[2]ഷേ
നിവിരത്തിരളും ശൃംഗാരാർദ്രം
പദ്യവിശേഷം കുഹചന ഭാഗേ.
ജലധരസമയേ കടുതരമിടികളും മു—
ഴങ്ങുംപോലേ തകിലും മുരചും
നക്രപെരുമ്പറ ഡിണ്ഡിമമുടനേ
തുടി പടഹങ്ങളിവറ്റിൻ ഘോഷം
ചെവി പൊടിയുമാറുലകിൽ നിറഞ്ഞു മു—
ഴങ്ങുന്നതു കേട്ടച്ചൈരെങ്ങും
കേകാലാപം കാരം കാരം
പീലി പരത്തിച്ചുറ്റും മുറ്റും
പിടകളുമായിക്കുത്താടീടും
മത്തശിഖാവളബദ്ധവിനോദം
ഹൃദ്യം നിതരാം കുഹചന ഭാഗേ.

പട.....ടലം—കാലാംപ്പുടയുടെ കാൽവയ്പുകൊണ്ടുളകിയ ധൂളിസമൂഹം. ആശാചക്രം—ദിങ്മണ്ഡലം. ആയുധജാലം—ആയുധസമൂഹം. ജഗതി—ലോകത്തിൽ. കാക്കാലത്തു—മഴക്കാലത്തു. ബാലവധൂനാം—യുവതികളുടെ. കാമുക... ശേഷേ—കാമുകന്മാരുടെ സന്തോഷംകൊണ്ടുള്ള ശബ്ദവിശേഷത്തിൽ. ശൃംഗാരാർദ്രം പദ്യവിശേഷം കുഹചന ഭാഗേ—ശൃംഗാരരസം തുളുമ്പുന്ന ശ്ലോകപാനം ഒരു ഭാഗത്തിൽ. ജലധരസമയേ—മഴക്കാലത്തിൽ. കടുതരം—വളരെ കഠോരമാംവണ്ണം. ഡിണ്ഡിമം—ചെണ്ട. കേകാലാപം—മയൂരവാണി. കാരം കാരം—കൃത്വാ കൃത്വാ. മത്ത....നോദം—മദിച്ച മയിലിന്റെ വിനോദത്തോടുകൂടി. നിതരാം ഹൃദ്യം—വളരെ

1. ണ്ടാശാ ഭാഗം മു. 2. ശേഷം നി.

കല്യാണത്തിനു വന്നീടും ചില
മന്നവരെച്ചെന്നൊപ്പമെതിർപ്പാൻ
മുല്പാടണയും കോപ്പേൽക്കണ്ണാർ—
പൊല്പ്പമെയ്മേലല്പേതരമാ—
യഴകിനൊടണിയും നാനാഭരണമ—
ഹോജ്ജ്വലരത്നസ്ഫുരിതവിലാസൈ—
രിളവെയിൽപോലേ കഹചന ലസിതം.
കടയും വടിയും കോലാഹലവും
ഘുമുഘുമിനെന്നു കയത്തു പിടഞ്ഞുട—
നശനശ്രദ്ധ കറിക്കൊണ്ടിടെയിടെ
വന്നു നിറഞ്ഞീടുന്ന മഹീസുര—
സംഘവിശ്രംഖലകളകളവചന—
പ്രഹസിതലീലാലോളിതമൊരിടം.

ഗദ്യം 2

കചിദ് വിപ്രവൃന്ദം പൊടുന്നെന്നു തമ്മിൽ
തെളിഞ്ഞിട്ട് ''ഹോ! ശങ്കരൻ! തെക്കുനിന്നെപ്പൊഴും
വന്നു ഭവാൻ, [1]എൻ പ്രമത്തൻ വെലിക്കെന്തുപോല്പം
വരാഞ്ഞു? കിടക്കുന്നിതോ ക്ലേശമായിട്ടു താനേ
സുഖിച്ചങ്ങിരിക്കുന്നതേ പണത്തിന്നു മുട്ടീട്ടു
കൃത്രാപി മേടിച്ചു മുന്നാളകത്തും വരുമ്പോഴും
വിരിപ്പാവു രണ്ടൊണ്ടു തന്നൂട്ടതാനും.'' ''അഹോ!
വാസുവോ, നിന്നെ ഞാനൊൻപതിറ്റാണ്ടു[2]കൂടീട്ടു
കണ്ടേ; ഗൃഹത്തിങ്കലോ നിന്നിതോ ഇത്രനാളും വശം
കെട്ടുപോയ് ഞാനനർത്ഥങ്ങൾകൊണ്ടേ, മരിച്ചു
പിതൃവ്യൻ കടം കൊണ്ടു പെണ്ണുങ്ങൾ രണ്ടും കൊടുത്തു
കിടക്കുന്നതുല്പത്തിയെട്ടാണ്ടു പോരും കുടുംബം.

മനോഹരം. എതിർപ്പാൻ—എതിരേറ്റു സ്വീകരിപ്പാൻ. അല്പേതരം—അധികം. നാനാ....സൈഃ—പലവിധത്തിലുള്ള ആഭരണങ്ങളിൽ വളരെ പ്രകാശിക്കുന്ന രത്നങ്ങളുടെ കാന്തിപ്രസരങ്ങളാൽ. കഹചന—ഒരിടത്തു്. ലസിതം—കാന്തം. അശനശ്രദ്ധ—ഊണിൽ താത്പര്യം. മഹീസു..... ളിതം—ബ്രാഹ്മണരുടെ നിരങ്കുശമായ കലകലവാക്കും ചിരിയുമാകുന്ന ലീല യാൽ വ്യാപ്തം.

ഗദ്യം 2. കചിത്—ഒരിടത്തു്. വിപ്രവൃന്ദം—ബ്രാഹ്മണസമൂഹം. പ്രമത്തൻ—ബ്രഹ്മദത്തൻ. കൃത്രാപി—എങ്ങാനും നിന്നു്. പതിറ്റാണ്ടു കൂടീട്ടു്

1. ഹേ പ്രമ. 2. കൂട്ടീട്ടു്.

ഭരിപ്പാൻ വശത്തേതുമില്ലേ.'' ''എന്തഹോ! കൃഷ്ണ—
നെങ്ങോട്ട പിന്നെത്തുടങ്ങീതു, ഞാനോ വടക്കോട്ട
പോവാൻ, തരം കെട്ടിതോ പണ്ടു തമ്മിൽ പറഞ്ഞൊ—
ത്ത കാര്യങ്ങളെല്ലാം, മറന്നില്ല സത്രം കഴിഞ്ഞാൽ
നിരൂപിച്ചു കല്പിച്ചുകൊള്ളാം പറഞ്ഞിങ്ങു നിന്നിട്ടെടോ!
വൈകിയാതേ പണം വാങ്ങി വന്നിട്ട കാര്യങ്ങളെല്ലാം''
കയച്ചിത്തരം വാത്ത കേൾക്കാമനേകം.

ഗദ്യം 3

പ്രതിഭടവിഘടിനി വിമതോ[1]ച്ചാടിനി
വിശ്വവശംകരി ശത്രുഭയംകരി
വനിതാമോഹിനി കനകാവാഹിനി
മന്മഥസംഗ്രഹമന്ത്രബീജം
ജ്വാലാമാലിനി ലീലാശാലിനി
പഞ്ചശതാക്ഷരി വഞ്ചനസാക്ഷിണി
എന്നിത്യാദികളാം മന്ത്രങ്ങളെ ജപി—
ച്ചതുമിതുമുടനേ സാധിക്കാമെ—
ന്നതിചട്ടലം ചില വെടികളിളക്കി—
ത്താനേ മാലോകർക്കു വരുന്നതു
താൻ കല്പിച്ചു വരുത്തുകയെന്നായ്
എല്ലാരോടും ഘോഷിച്ചുംകൊ—
ണ്ടാഢ്യത്തൊപ്പിയുമാട്ടിപ്പോര കി—
ല്ക്കൻവടിയും പാലും നെയ്യും
കൂട്ടിച്ചീത്തുടനാനബ്ഭോഷ്കുക—
ളൊക്കെ നിറപ്പാൻ മാനിച്ചുള്ള കു—
ടാഹംപോലേ വസ്തുതയുമായ്—
ക്കഞ്ഞിപ്പുടവ കയപ്പിച്ചും കൊ—
ണ്ടാനബ്ഭോഷ്കുകളാം പലവു തരത്തിലു—
ടുത്തു വെളിക്കു ജഗത്സു വിതച്ചും
മാലോകർക്കു സഹിക്കരുതാതൊരു
വാനാറ്റം കൊണ്ടൊക്കെ നിറച്ചും;

—പത്തു കൊല്ലം കഴിഞ്ഞിട്ട്. പിതൃവ്യൻ—പിതൃഭ്രാതാവു്. (അപഭ്രംശം). കടം കൊണ്ടു—കടം വാങ്ങിയിട്ടു്. സത്രം—യാഗം.

ഗദ്യം 3. പ്രതിഭടവിഘടിനി മുതലായവ മന്ത്രനാമധേയങ്ങൾ. അതിചട്ടലം-വളരെ മിടുക്കിൽ. ആഢ്യൻ—ധനികൻ അല്ലെങ്കിൽ ആഭിജാത്യം കൂടിയവൻ. കടാഹം—കിടാരം. ജഗത്സു—ലോകങ്ങളിൽ. സൗഭാഗ്യാകരം

1. ച്ചാടനി

സൗഭാഗ്യാകരമായുഷ്യകരം
സൗന്ദര്യപ്രദമഖിലാകഷ്ണ:—
മംഗജ്ജ്വംഭണമനുഭവസാരം
കലഹവിനാശനമനുരാഗകരം
വൃഷ്യവരിഷ്ടം ദ്വേഷണയന്ത്രം
മാരണയന്ത്രം മോഹനയന്ത്രം
സ്തംഭനയന്ത്രം മേളനയന്ത്രം
വിഘടനയന്ത്രം പോഷണയന്ത്രം
കശ്നയന്ത്രം മറുമൊരോരോ
യന്ത്രശ്രേണികളെഴുതിച്ചേക്കും
ഗ്രന്ഥക്കെട്ടമെടുത്തു നടക്കും
ശിഷ്യജനങ്ങളമൻപതു മുപ്പതു
പരികർമികളും ചുമടു ചുമന്നി—
ട്ടൻപതു കയ്യുമൊക്കെത്തക്കെ
ക്ഷോണീപാലഗൃഹങ്ങളിലദയമ—
ണഞ്ഞും കൊട്ടത്തേങ്ങാ നിഖിലം
ചുട്ടമുടിച്ചും കട്ടു ഭുജിച്ചും
ഓന്തും ചുണ്ടെലി ചേരത്തടിയൻ—
വാലുമെറുമ്പും മായൂരശിഖാ
ഞാഞ്ഞൂലിത്തരമൊക്കെത്തക്കെ വ—
റുത്തു പൊടിച്ചചുടലഭസ്മം
മേളിച്ചഴകൊടു മഷിയുണ്ടാക്കി വി—
ശുദ്ധം ത്രിഭുവനവശ്യമിതെന്നൊരു
പേരും ഭള്ളായ്ത്തീർത്തപ്രഭുജള—
ധൂളിജനത്തിനു ദത്വാ പൊന്നും
പണവും പച്ചേ ഝടിതി പറിച്ചും;

—സുഭഗതയ്ക്ക് ഇരിപ്പിടം. ആയുഷ്യകരം. ആയുർവർദ്ധകം. സൗന്ദര്യപ്രദം —സൗന്ദര്യത്തെ നല്കുന്നതു്. അഖിലാകഷ്ണം—എല്ലാവരേയും ആകഷ്ടിക്കുന്നതു്. അംഗജ്ജ്വംഭണം—മന്മഥനെ ഉണർത്തുന്നതു്. അനുഭവസാരം—അനുഭവത്തിൽ കാര്യമായുള്ളതു്. കലഹവിനാശനം—കലഹത്തെ നശിപ്പിക്കുന്നതു്. അനുരാഗകരം—പ്രേമജനകം. വൃഷ്യവരിഷ്ടം—ധാതുപുഷ്ടിക്കു ശ്രേഷ്ഠമായതു്. യന്ത്രശ്രേണികം—യന്ത്രങ്ങൾ. പരികർമി—കൂടെ ജോലിചെയ്യുന്നവൻ. ക്ഷോണീപാലഗൃഹം—രാജഗൃഹം. അദയം—ദയകൂടാതെ. നിഖിലം —എല്ലാം. ഭുജിച്ചും—തിന്നും. മായൂരശിഖാ—മയിൽപ്പീലി. വിശുദ്ധം—പരിശുദ്ധമായ. ത്രിഭുവനവശ്യം—മുന്നുലോകത്തെയും. വശപ്പെടുത്തുന്നതു്. പ്രഭുജളധൂളിജനം—പ്രഭുക്കളായവങ്കൻ വഷളന്മാർ. ശ്രീകരഹോമം. ഐശ്വര്യത്തെ

ഭ്രാന്തു മുടിക്കാമെന്നും ചൊല്ലി
ഭ്രാന്തന്മാരൊടണഞ്ഞക്കണ്ണുമ—
ടച്ചൊരു ഭസ്മസ്നാനം ചെയ്യും—
നേരത്തലറിക്കൊണ്ടവർതന്നേ—
ലടിയേല്പിച്ചൊരു പുൺവട്ടവെല്ലാം
മറൊന്നാക്കിമറിച്ചു പറഞ്ഞും
പുറമേ പെരിയെബ്ഭള്ളം കാട്ടി—
ക്കന്നി(ന്തി?)ച്ചഴകൊട്ട മോന്തായത്തൊട്ട
മുട്ടിനടന്നും ശ്രീകരഹോമം
ഭീഷണഹോമം മോഷണഹോമം
സംഹൃതിഹോമം മേളനഹോമം
വഞ്ചനഹോമം രഞ്ജനഹോമം
മാരണഹോമം ദ്വേഷണഹോമം
മറുമൊരോരോ ഹോമംകൊണ്ടു വി-
ലക്കിച്ചെങ്ങും വെറുതിലതിന്ന—
പ്പാഴ്കുമി വാത്തത്തപ്പൽ തെറിപ്പി—
ച്ചാഹാ ഉദ്ഗതവെന്നു ചിരിച്ചു—
ങ്ങാനപ്പൊളികളിളക്കിയുമുച്ചൈ—
''രുർവശിതന്നെ വശത്താക്കുവതി—
ന്നിന്ദ്രനിയോഗാത് തേരുംകൊണ്ടു—
മ്മാതലി വന്നു, പോയീലിഞ്ഞാ,—
നെങ്ങനെ പോവൂ, കാലം പോരാ—
ഞ്ഞിങ്ങുഴലുന്നു, വാചസ്പതി താൻ
പിഴകിപ്പോമ്പോഴം വേദനയുണ്ടോ—
കാതോ വൃദ്ധന്നെന്തൊ(ന്നൊ?)രു ധർമം
ചിന്തിച്ചത്രേ മാറിക്കൊണ്ടു;
പൗലോമ്യാദികളം നില്പുട്ടേ, ദൃഢ-
മീഷദ്ധ്യാനംകൊണ്ടേ ലക്ഷ്മി മ—
ഹേശ്വരി ഭാരതി ദമനത കൈക്കൊ—
ണ്ടവരെയുമധുനാ വേണ്ടുകിലിവിടെ—
പ്പിരിയാതാക്കുവനില്ല വികല്പം.

നല്പന്ന ഹോമം. ഭീഷണം—ഭയത്തെ നല്പന്നത്. മോഷണഹോമം—മോഷണസാധകമായ ഹോമം. സംഹൃതി—സംഹാരം. മേളനം—ചേർച്ച. രഞ്ജനം—പ്രീതിജനകം. മാരണം—മൃതിജനകം. ദ്വേഷണം—വിരോധകരം. ഉച്ചൈഃ—ഉച്ചത്തിൽ. ഇന്ദ്രനിയോഗാത്—ഇന്ദ്രന്റെ ആജ്ഞയനുസരിച്ച്. മാതലി—ഇന്ദ്രന്റെ തേരാളി. പിഴകി—തെറ്റി. പൗലോമ്യാദികളം—ശചീദേവി മുതലായവർ. ദൃഢം—ബലമായി. ഈഷദ്ധ്യാനം—അല്പധ്യാനം. ദമനത—അടക്കം. അധുനാ—ഇപ്പോൾ

ബ്രഹ്മാ മുന്നം തേടിയയച്ചാൻ,
സമ്മതമോത്തിട്ടവിടെച്ചെന്നേ—
നിക്കാലത്തൊരു രക്ഷാകലശവു—
മാടീതിഞ്ഞാൻ, ദക്ഷാരാതിപ—
രശ്രദ്ധമേറ്റിട്ടതുകൊണ്ടത്രേ
ചാകാഞ്ഞുപോലെന്ന ജനങ്ങൾ പു—
കഴ്ത്തീടുന്നു, കൗതുകമോടേ
കല്പനയുണ്ടു പിറന്നാഹ്നതോറും
പദ്മജനിന്നും മംഗലകലശം,
പാർവതിയും പണ്ടെന്നെക്കൊണ്ടൊരു
മേളനഹോമം ചെയ്യിച്ചത്രേ
ഹരനൊട്ടതിരുവുടലർദ്ധം പററീ,
ത്രിപുരവധത്തിനു കഴിവില്പാഞ്ഞ—
ത്ര്യംബകവചസാ സംഹൃതിഹോമം
ചെയ്തേനിഞ്ഞാൻ, മുന്നേമുക്കാൽ
നാഴികകൊണ്ടൊരുപിടി വെണ്ണീറായ്,
ഗരളം പണ്ടു കുടിച്ചൊരു നാളം
പാർവതി താനേ മംഗലസൂത്രവി—
ഭംഗഭയംകൊണ്ടെന്നെക്കൊണ്ടൊരു
നാല്പതു ദിവസം മൃത്യുഞ്ജയനൊരു
മൃത്യുഞ്ജയവും ചെയ്യിപ്പിച്ചു.''
പലതരമേവം ഡാംഭികമുദ്ര ന—
ടിക്കും മാന്ത്രികരങ്ങൊരു ഭാഗേ.

കണ്ട മരുന്നു പറിച്ചുമിടിച്ചും
കട്ടകടെയുള്ളതരഞ്ഞീലെന്നി—
ട്ടിടയിലരച്ചും വാതദ്വേഷിണി
പിത്തവിരോധിനി കഫവിദ്ധ്വംസിനി
കല്യാണഘൃതം ധാനന്തരഘൃത—
മായുഷ്യഘൃതം മേദസ്സുരഘൃത—
മാരോഗ്യഘൃതം കാരസ്സുരഘൃത—
മജരാതൈലം ദുഷ്ടീരസായന—

വികല്പം—സംശയം. രക്ഷാകലശം—രക്ഷയ്ക്കായുള്ള കലശം. ദക്ഷാരാതി—ശിവൻ. പരശ്രദ്ധം—വെണ്മഴു. പദ്മജൻ—ബ്രഹ്മാവു്. ഹരൻ—ശിവൻ. ത്രിപുരവധം—ത്രിപുരന്മാരെ കൊല്ലുക. ത്ര്യംബകവചസാ—ശിവന്റെ വാക്കിൻപടി. ഗരളം—വിഷം. മംഗലസൂത്രവിഭംഗഭയം—താലി പൊട്ടുമെന്ന ഭയം. മൃത്യുഞ്ജയൻ—ശിവൻ. മൃത്യുഞ്ജയം—മൃത്യുതാരകമായ ഹോമവിശേഷം. ഡാംഭികൻ—ചതിയൻ. ഇത്ഥം—

മർശോനാശനമാസ്രകഷായം
വൃഷ്യകഷായം ബഹുവിധമിത്ഥം
മറുമൊരോരോ പേരും ചൊല്ലീ—
ട്ടശാന്താടി കഷണ്ടി പെരുക്കാ—
ലെന്നിവപോലുമൊഴിപ്പാനായി—
ട്ടാക്കുമൊരിക്കലുമെങ്ങും പാത്താ—
ലുതകാതവ ചില നല്ല മരുന്നുകളം
വിരയെ വരുത്തുകയെന്നു പറഞ്ഞും
ദുഃസ്വാദുള്ളതു മറേറവക്കും
സ്വാദുള്ളതു ബത തങ്ങൾക്കിത്ഥം
മുമ്പേ മര്യാദയുമായ് കല്പി—
ച്ചെളിയൊരു രോഗം കണ്ടാലപ്പോ—
ളെല്ലായിലുമമ്മീതേയുള്ളതി—
തെന്നു പറഞ്ഞും പേടിപ്പിച്ചു സ—
ഹിക്കരുതാത കഷായം മൂക്കടി
നസ്യവുമൊക്കെയകത്തു ചെലുത്തി
സ്വസ്ഥന്മാരെയുമപഗതകരുണം
വ്യാധിതരാക്കി വലച്ചു നിതാന്തം
വസ്തിപിടിക്ക പുകയ്ക്ക മുറിക്ക ജ—
ളുകിക്കെന്നായിത്തരമോരോ
ദുർവ്യാപാരം വിരവൊട്ട ചെയ്തി—
ട്ടസുവും വസുവും കൂടെ മുടിക്കും
ഒവൈദ്യകദംബം കുഹചന ഭാഗേ.

ഗദ്യം 4

കുത്രചിത് കാഴ്ച കാണ്മാൻ നടന്നഞ്ജസാ തിക്കി—
നില്ക്കും ഭടന്മാരുടൻ തമ്മിലീ ചൊല്ലെ''ടോ കാച്ച—
യെന്തിന്നു കൂത്തോ വിളക്കോ: മഹീപാലകൻ
പെൺകൊടുപ്പാൻ തുടങ്ങുന്നതിപ്പോഴം; കൊടുക്ക—
ന്നതെന്തിന്നു നാട്ടാർക്ക ചെമ്മേ വളർപ്പാൻ
തനിക്കേതുമില്ലാതെപോലേ: എടാ പൊട്ടനോ,
പെൺകൊടുക്കുന്നതെല്ലാർക്കുമാശാരമത്രേ;

ഇങ്ങനെ. നസ്യം—മൂക്കിൽ ചെയ്യുന്ന ഔഷധപ്രയോഗം. സ്വസ്ഥന്മാർ—രോഗമില്ലാത്തവർ. അപഗതകരുണം—ദയകൂടാതെ. നിതാന്തം—വളരെ. വസ്തി—മൂത്രാശയശുദ്ധിക്കായുള്ള കർമം. ജളുകിക്ക—അട്ടപിടിപ്പിക്കുക. അസു—പ്രാണൻ. വസു—ദ്രവ്യം. വൈദ്യകദംബം—ചികിത്സകരുടെ കൂട്ടം.

ഗദ്യം 4. കുത്രചിത്—ഒരിടത്തു. അഞ്ജസാ—പെട്ടെന്നു. മഹീപാലകൻ—രാജാവു. ആശാരം—ആചാരം.

ഇനിയ്ക്കില്ല കാളയ്ക്കു തണ്ണീർ കൊടുപ്പോർ, മിനക്കെട്ടു
നിന്നിട്ടു കണ്ടം വരണ്ടു, ഇനിക്കാച്ചിയും കണ്ടുപോ—
മ്പോഴം പതുക്കെ പൈ തിന്നു പോം ചാമയും
നെല്ലുമെല്ലാം'' കയച്ചിത്തരം വാത്ത കേൾക്കാമനേകം.

ഗദ്യം 5

നാഴികവട്ടക വച്ചുമെടുത്തും
മുങ്ങീ മുങ്ങീലർദ്ധം മുങ്ങീ
തങ്ങളിൽ വാശിയരയ്ക്കാലല്ലീ
അത ചോറുണ്ണുമുഹൂർത്തം പ്രായ—
ശ്ചിത്തം വിരവൊടു പതിനൊന്നല്ലീ
കഷ്ടം കഷ്ടമിതാരു വിധിച്ചതു
വിഷ്ടി വിധിപ്പാൻ വഴിയില്ലൊട്ടും
ചൊവ്വായിന്നു കടക്കും മേഷേ
നാലിലി പോരാ ദ്യഗ്ഗണിതംകൊ—
ണ്ടധിമാസംകൊണ്ടെന്താ പക്ഷം
കാലമടുത്തു മാലയെടുത്തു പി—
ടിപ്പിക്കാമോ പെറു നിനച്ചാൽ
രോഹിണിയുച്ചതിരിഞ്ഞും കാണാം
മുങ്ങീ വട്ടക പതിനഞ്ചല്ലീ
വലിയതു നാലോ കൊള്ളാമിപ്പോഴം
ഇത്ഥം കുത്രചിദുദ്ധതികോലും
ജ്യൗതിഷികന്മാരുന്മാദികളെ—
പ്പോലേ നാനാവാത്ത പറഞ്ഞും,
പരലും പലകയുമഗ്രേ വച്ചും
ഗണപതി വച്ചും കലിദിനമൊത്തു വ—
രുത്തിക്കുട്ടിപ്പാർക്കുന്നപ്പോഴം

ഗദ്യം 5. ''വ്യാസം കൈക്കൊരു പന്തിരണ്ടു വിരലായാറംഗുലം പൊക്കമായ് തീക്കേണം ചെറുപാത്രമീരുപലം ചെമ്പാൽ കൂപാലോപമം മധ്യേ തസ്യ തുളയ്ക്കുകാരുമൊരു മുക്കാലും പണത്തൂക്കമാം പൊൻകോലാലതു നാഴിവട്ടകയതാം കോൽനീളമാറംഗുലം'' എന്നിങ്ങനെ നാഴികവട്ടയുടെ ലക്ഷണം. അർദ്ധം—പാതി. വിഷ്ടി—നവദോഷങ്ങളിൽ ഒന്ന്. ഏഴാം കരണം. മേഷേ—മേടത്തിൽ. ദ്യഗ്ഗണിതം—രണ്ടു ഗണിതരീതിയിൽ ഒന്ന്. അധിമാസം—രവിമാസത്തിൽനിന്ന് അധികമായ ശുക്ലപ്രതിപത്തു തുടങ്ങി ദർശാന്തമായ ചാന്ദ്രമാസം. പക്ഷം—പ്രഥമ തുടങ്ങിയുള്ള പതിനഞ്ചു തിഥികളും. രോഹിണി—ഒരു നക്ഷത്രം. ഇത്ഥം—ഇങ്ങനെ. കുത്രചിത്—ഒരിടത്ത്. ഉദ്ധതി—ഔദ്ധത്യം. ജ്യൗതിഷികന്മാർ—ജ്യോത്സ്യന്മാർ. ഉന്മാദികളും—ഭ്രാന്തർ.

വിപരീതത്തൊട്ടു വന്നതു കണ്ടു മ—
നസ്സം കെട്ടു ചിരങ്ങും നള്ളി
ജ്യാക്കളമുരുവിട്ടടനടനൊക്കെ നി—
രത്തു ചിന്നു പന്തി പകുപ്പു
കുട്ടു കളവു വയ്പൂ കുട്ടു
പത്രേ നാലഞ്ചക്ഷരമെഴുതു
നക്ഷത്രങ്ങളെ നോക്കു വിരവൊടു
പരവശതാം പുണ്ടിരുത്ഥം മരുവിന
നാക്ഷത്രികജനചരിതവിലാസവി—
ശേഷമശേഷം കഹചന ഭാഗേ.

അവരവരിടയിലഴച്ചും പാഞ്ഞും
വാദ്യം കൊട്ടിയുമോരോ പദ്യം
ഗദ്യം ഹൃദ്യം ഗാനവിശേഷം
നിവിരെപ്പാടിയുമാടിപ്പെരുമഴ
പൊഴിയുംപോലേ സദസി തിരുമി—
ത്തിക്കിവരും ചില ഹൃംകാരികളുടെ
ഹുങ്കൃതി കേട്ടും പേടിച്ചങ്ങോ—
ടിങ്ങോടോടിയു''മയ്യോ പാവം!
ചാന്നുണ്ടിപ്പോളപ്പാ! മകനേ!
ഹാ! ഹാ! കഷ്ടം തിക്കിക്കൊല്ലാ—
യ്ഗതികളിവരേ പോകട്ടയ്യോ
മുട്ടെപ്പൊങ്ങുന്നയശസ്സിപ്പോ—
ളുൻപതു മുപ്പതു പോമാതികളിത!
ചത്തു മലന്നു മിഥിലയിലിത്ഥം
ചെയ്യാമോ താൻ ജനകനിതെന്തേ
കേളായുന്നു പണമുണ്ടെങ്കില—
ലടച്ചുകൊട്ടക്കാം തിക്കും മാറ്റാം.''
ഇത്ഥം മെത്തിന ഘോഷംകൊണ്ടും
കുതിര ചിറാലിച്ചഴകൊട്ട പാഞ്ഞും

പരൽ—കവടി. അഗ്രേ—മുമ്പിൽ. കലിദിനം—കലിവർഷമനുസരിച്ചുള്ള ദിവസം. ജ്യാക്കളേ—ജ്യോതിശ്ശാസ്ത്രപ്രസിദ്ധമായ ചില വാക്യങ്ങളേ. പത്രേ—ഓലയിൽ. പരവശതാം—വിവശതയെ. നാക്ഷ.....ലാസം—ജ്യോത്സ്യന്മാരുടെ വൃത്താന്തപ്രകടനം. കഹചന ഭാഗേ—ഒരിടത്തു്. ഇത്ഥം—ഇങ്ങനെ.

പദ്യം—വൃത്തബദ്ധം. ഗദ്യം—വൃത്തബദ്ധമല്ലാത്ത കവിത. ഹൃദ്യം—രമ്യം. സദസി—സഭയിൽ. ഹുങ്കാരി—ഹുങ്കാരത്തോടുകൂടിയവൻ. ഹുങ്കൃ

കാലും കൈയുമൊടിഞ്ഞു പൊടിഞ്ഞും
ചുറ്റും നിലവിളി ഝടിതി തുടന്നും
കറകഴലികയും സദസി ചമഞ്ഞും
ചുറ്റും വെട്ടിപ്പലരു മുടിഞ്ഞും
ഗോപുരവാതിലടുത്തുപൊളിച്ചും
കോയിമ്മയ്യു തടുക്കരുതാഞ്ഞും
നൃണം വീണും ലോകർ കടന്നും
ചൂരക്കോൽകൊണ്ടടിയേല്പിച്ചും
ചൂലത്തിന്മേലാരാതിച്ചും
ചൂണ്ടൽ കൊളുത്തി ദൂരേ തൂക്കിയു—
മാടുതെളിച്ചൊരു മാലയുമിട്ട—
ക്കഴുവും കൈയിലെടുപ്പിച്ചുംകൊ—
ണ്ടാനക്കമ്മരെ വിരവൊടടിച്ച ന—
ടത്തിയുമിത്ഥം പറയാമല്ലതി—
വിസ്മയമത്രേ മിഥിലാപുരിയില—
നക്ഷണമോത്താൽ വിവിധവിശേഷം.

അരങ്ങത്തു സീത പ്രവേശിക്കുന്നതായി വർണ്ണിക്കുന്നു:

ചിന്നീടും കാന്തി പൊന്നിൻതളികയിൽ വലമായു
മാലയും വച്ചു താരിൽ—
ത്തനുഗീതംഗി കൈക്കൊണ്ടരുവയർനടവേ
മിന്നൽപോലേ വിലോലാ
കണ്ണിന്നാനന്ദധാരാ കമലശരപര—
ബ്രഹ്മവിദ്യേവ മൂർത്താ
ധന്യാ വന്നാളരങ്ങത്തതിമൃദുഹസിതാ
മൈഥിലീ മന്ദമന്ദം. 37

സുന്ദരിയായ സീതയെക്കണ്ടു രാജാക്കന്മാർ വിസ്മയിക്കുന്നതു:

വിലോക്യ ജനകാത്മജാം ഭുവനമോഹനാംഗീം പുര—
സ്ഥദഭൂതകുതൂഹല പ്രണയഭാരസമ്മോഹിതം

തി—ഹുങ്കാരശബ്ദം. അയശസ്സു—അകീർത്തി. ചോമാതി—സോമയാജി. ആരാതിച്ചും—ആരാധിച്ചും. അനക്ഷണം—പ്രതിനിമിഷം.

പദ്യം 37. തനുഗീ—സുന്ദരി. വിലോല—ചഞ്ചല. മൂർത്താ കമല....ദ്യാ ഇവ—മൂർത്തിമത്തായ മന്മഥന്റെ പരബ്രഹ്മവിദ്യപോലെയുള്ള. ധന്യാ—അനുഗൃഹീതയായ. അതിമൃദുഹസിതാ—മന്ദഹാസത്തോടുകൂടിയവളായി. അരുവയർ—സുന്ദരിമാർ. മൈഥിലീ—സീത. മന്ദം മന്ദം—പതുക്കെപ്പതുക്കെ. ആനന്ദമയമായിത്തീർക്കുന്ന വിദ്യയാണല്ലോ പരബ്രഹ്മവിദ്യ.

പദ്യം 38.. ഭുവനമോഹനാംഗീം—ലോകങ്ങളെ മോഹിപ്പിക്കുന്ന

കുലം ക്ഷിതിഭൃതാം ദധൗ വിമലപാർവണേന്ദുപ്രഭോ–
നിരീക്ഷണവിജൃംഭിതാംബുധിവിഡംബനാഡംബരം.38

എന്നേ! വൈചിത്ര്യമയ്യോ! ധരണിയിലൊരു സൗ–
ദാമിനീ നീലമേഘം
തന്നോടാഹന്ത! വേർപെട്ടിത വിഹരതി ഭം–
ഗ്യാ ചിരം ഭാസമാനാ
എന്നേ! കാണപ്പെടുന്നു ലളിതതരവിലാ–
സങ്ങളെല്ലാ, മതല്ലേ
മിന്നുന്നു മേല്പുമേലേ ചില മധുരപദാ–
ർത്ഥങ്ങളാത്താനുബന്ധം. 39

പൊന്നിൻചെന്താമരയ്ക്കുപരി കനകതു–
ണീയുഗം ബാലരംഭാ–
ദ്വന്ദ്വം തേർത്തട്ടടുത്തുണ്ടതിനുമകളിലാ–
കാശമെന്നേ! വിനോദം
ചിന്തുന്നു രണ്ടു പൂവല്ലികയും മലകളഹോ
ശംഖവും ചന്ദ്രബിംബേ
ബന്ധുകാദർശമല്ലീ കുവലയലളിതേ
ഭാതി മേലേ പയോദഃ. 40

ശരീരസൗന്ദര്യത്തോടുകൂടിയ. ജനകാത്മജാം–സീതയെ. പുരഃ വിലോക്യ–മുമ്പിൽ കണ്ടിട്ട്. തദ്ഭ...ഹിതം–അത്ഭുതം കൗതുകം പ്രേമപ്രകർഷം ഇവയാൽ സമ്മോഹത്തെ പ്രാപിച്ച. തത് ക്ഷിതിഭൃതാം കുലം–ആ രാജാക്കന്മാരുടെ കൂട്ടം. വിമല...ബരം ദധൗ–ശുദ്ധനായ പുണ്ണിമാചന്ദ്രന്റെ ദർശനത്താൽ പുളച്ച സമുദ്രത്തിന്റെ ആഡംബരപ്രകടനത്തെ ധരിച്ചു.

പദ്യം 39. വൈചിത്ര്യം–വിചിത്രത. ധരണി–ഭൂമി. സൗദാമിനീ–മിന്നൽ. നീലമേഘം–നീലനിറമായ മേഘത്തെ. ഭംഗ്യാ ചിരം ഭാസമാനാ വിഹരതി–ഭംഗിയോടുകൂടി വളരെനേരം ശോഭിക്കുന്നതായി വിഹരിക്കുന്നു. ആകാശത്തിലെ മിന്നൽ നീലമേഘത്തോട് വേർപെടാതെ അതിന്റെ മധ്യത്തിൽതന്നെ ക്ഷണമാത്രം പ്രകാശിക്കുന്നു. ഭൂമിയിലെ സൗദാമിനിയായ സീത അങ്ങനെയല്ലാത്തതിനാൽ വൈചിത്ര്യം. നീലമേഘശബ്ദം രാമനെ സൂചിപ്പിക്കുന്നു. ആത്മാനുബന്ധം ചില മധുരപദാർത്ഥങ്ങൾ–തമ്മിൽ കൂടിച്ചേർന്നു ശോഭിക്കുന്ന ചില മധുരവസ്തുക്കൾ. ലളിതതരവിലാസങ്ങൾ ആകാശത്തിലെ മിന്നലിനു് ഇല്ല. ആയതുകൊണ്ടും വൈചിത്ര്യം.

പദ്യം 40. മുൻപ്രസ്ഥാവിച്ച മധുരപദാർത്ഥങ്ങളെ വർണ്ണിക്കുന്നു: പൊന്നിൻചെന്താമര എന്നതുകൊണ്ടു കാലുകൾ ഉദ്ദേശിച്ചിരിക്കുന്നു. ഉപരി–മുകളിൽ. കനകതുണീയുഗം–സ്വർണ്ണമയമായ രണ്ടു് ആവനാഴി. അതായതു രണ്ടു ജംഘകൾ, ബാലരംഭാദ്വന്ദ്വം–ഇളംവാഴയുടെ രണ്ടു സ്തംഭം.

സീമാ സരോരുഹഭുവഃ കരകൗശലാനാ -
മാകർഷണാദ്ഭുതമഹൗഷധിരിന്ദ്രിയാണാം
സാമ്രാജ്യസമ്പദധിദൈവതമംഗയോനേ-
രാലക്ഷ്യതേ യുവതിരത്നമപൂർവമേതത്. 41

വിധായ ശ്വേതാംശും കമലവസതിർഗാലനപടം
തതഃ സച്ഛീഭൂതപ്രചുരതരലാവണ്യസുധയാ
സരോജാക്ഷീമേനാമസൃജത ഏവാമൃതകരേ
കളങ്കവ്യാജേന സ്ഫുരതി മലജാലവ്യതികരഃ. 42

ദൃശോരസ്യാസ്സന്യാ ഭവതി ബഹിരംഗം കുവലയം,
കുചദ്വന്ദ്വോന്മേഷാദ് ഭവതി പരമാണുഃ കുലഗിരിഃ,
അസാവിന്ദുർബിന്ദുർവദനസുഷമായാഃ, കിമപരം
പരീഹാസസ്ഥാനം പരമചിരരോചിസ്തനുരുചാം. 43

അതായത്രു രണ്ടു തുടകളും. തേർത്തട്ട്—തേർത്തട്ടുപോലെ വിസ്തൃതമായ ജഘനദേശം. ആകാശം—മധ്യമായ ഉദരപ്രദേശം. ശംഖം—കഴുത്ത്. ചന്ദ്രബിംബേ—മുഖത്തിൽ. ബന്ധുകാദർശം—ഉച്ചമലരിപ്പൂവിൻ കണ്ണാടി, അതായത്ര കവിൾത്തടങ്ങളും. കുവലയം—കരിങ്കുവളം, അതായത്ര നേത്രം. പയോദഃ—മേഘം, അതായത്ര കേശഭാരം ഭാതി—ശോഭിക്കുന്നു. പാദാദ്യവയവങ്ങളെ പൊൻചെന്താമര മുതലായവയായി അധ്യവസാനം ചെയ്തിരിക്കുന്നു.

പദ്യം 41. ഏതത് അപൂർവ്വം യുവതിരത്നം—ഈ അപൂർവമായ തരുണീമണി. സരോരുഹഭുവഃ കരകൗശലാനാം സീമാ—ബ്രഹ്മാവിന്റെ കരകൗശലങ്ങളുടെ അതിരായും. ഇന്ദ്രിയാണാം ആകർഷണാദ്ഭുതമഹൗഷധിഃ—ഇന്ദ്രിയങ്ങളുടെ വശികരണത്തിനുള്ള ഉത്തമൗഷധിയായും. അംഗയോനേഃ സാമ്രാജ്യസമ്പദധിദൈവതം—മന്മഥന്റെ സാമ്രാജ്യൈശ്വര്യത്തിനു അധിഷ്ഠാനദേവതയായും. ആലക്ഷ്യതേ—കാണപ്പെടുന്നു. ലോകോത്തരമായ സൗന്ദര്യമുള്ളവൾ സീത എന്നു താത്പര്യം.

പദ്യം 42. കമലവസതിഃ—ബ്രഹ്മാവു്. ശ്വേതാംശും—ചന്ദ്രനെ. ഗാലനപടം—അരിപ്പവസ്ത്രമായി. വിധായ—ചെയ്തിട്ടു്. തതഃ സച്ഛീ.... ധയാ—അതിലൂടെ പരിശുദ്ധമായി ഭവിച്ച ലാവണ്യപ്രകർഷമാകുന്ന അമൃതത്താൽ. ഏനാം സരോജാക്ഷീം അസൃജത്—ഈ കമലലോചനയെ സൃഷ്ടിച്ചു. അതഃ ഏവ—ആയതുകൊണ്ടുതന്നെ. അമൃതകരേ—ചന്ദ്രകൽ. മലജാലവ്യതികരഃ—മലസമൂഹം (അരിച്ചതിൽനിന്നുണ്ടായതു്). കളങ്കവ്യാജേന സ്ഫുരതി—കളങ്കം എന്ന വ്യാജത്താൽ പ്രകാശിക്കുന്നു.

പദ്യം 43. അസ്യാഃ തന്വ്യാഃ—ഈ സുന്ദരിയുടെ. ദൃശോഃ—കണ്ണുകൾക്കു്. കുവലയം—കരിങ്കുവളം. ബഹിരംഗം ഭവതി—അപ്രധാനവസ്തുവായി ഭവിക്കുന്നു കുച....ഷാത്—മുലകളുടെ വികാസത്താൽ. കുലഗിരിഃ പരമാണു ഭവതി—കുലപർവതം അണുപരിണാമമായി ഭവിക്കുന്നു. അസൗ ഇന്ദുഃ—ഈ ചന്ദ്രൻ. വദനസുഷമായാഃ ബിന്ദുഃ—മുഖകാന്തിയുടെ ഒരിറ്റുമാത്രം. അപരം കിം—ഇതിൽപരം എന്തു്? അചിരരോചിഃ—ക്ഷണപ്രഭ (മിന്നൽ). തനുർലാം—ശരീരകാന്തികൾക്കു്. പരീഹാസസ്ഥാനം പരം—പരിഹാസാസ്പദം മാത്രമാകുന്നു. അത്യുക്തി.

സീതയുടെ കേശാദിപാദവർണ്ണന:

ഗദ്യം 6

(ദണ്ഡകം)

അല്ലോടിടഞ്ഞു പടതല്ലുന്ന കുന്തളസ-
മുല്ലാസി കല്യമലർമാലം
അല്ലൽപെട്ട മതികലയെ വെല്ലുമൊരു നിടിലതട-
ഫുല്ലമൃഗമദതിലകുജ്ജാലം
അലർബാണവീര്യനെറി വിളയാടുമോമൽമിഴി-
കലകൊണ്ടു കണ്ണിനനുകൂലം
അലമമലകുഴയിണയിൽ വിലസുമണിമണിരുചിഭി-
രൊളിവിളയുമനുപമകപോലം;

ചെന്തൊണ്ടിയോടുപമ ചിന്തുന്ന വായ്വലരിൽ
മന്ദം മുളച്ച ധ്രുതിചോരം
ചെന്തളിരിലനുമിളിതചന്ദ്രകരതുലന കല-
രുന്ന മൃദുമുറുവലുമുദാരം;
ചിതറുന്ന കാന്തിതതി വദനം കലാധിപതി-
ശതകോടിതുല്യഗുണപൂരം
ചിതമുടയ ഗളവടിവുമതിലലിയുമതിലളിത-
ഘുസൃണവലിവിലസിതമപാരം:

ആകല്പപൊൽക്കടകവാർകങ്കണദ്യുതികരം
പാകം കരാബ്ജമഭിരാമം
ആകലിതമണികലശമാക മികുമണിമുലയി-
ലാകലിതനവകനകദാമം

ഗദ്യം 6. അല്ല്—രാത്രി അല്ലെങ്കിൽ ഇരുട്ട്. കുന്തളസമുല്ലാസി—തല മുടിയിൽ ശോഭിക്കുന്ന. കല്യം—ശുഭമായ. മതികല—ചന്ദ്രക്കല. നിടില....ജാലം—നെറ്റിത്തടത്തിൽ പ്രകാശിക്കുന്ന കസ്തൂരിപ്പൊട്ടോടുകൂടിയ. കുഴയിണയിൽ—രണ്ടു കാതിഴകളിൽ. അണിമണിരുചിഭിഃ—പതിച്ചുവച്ച രത്നങ്ങളുടെ കാന്തികളാൽ. ഒളിവിളയും—പ്രകാശം വർദ്ധിക്കുന്ന. അനുപമകപോലം—നിസ്തുല്യമായ കവിൾത്തടം. ഉപമ—സാമ്യം. ധ്രുതിചോരം—ധൈര്യം കെടുത്തുന്ന. ചെന്തളിരിലനുമിളിത ചന്ദ്രകരതുലന—ചെന്തളിരിൽ തട്ടിയ ചന്ദ്രകിരണങ്ങളോട് സാമ്യം. മൃദുമുറുവൽ—മൃദുമന്ദഹാസം. കാന്തിതതി—ശോഭാസമൂഹം. വദനം—മുഖം. കലാ....പൂരം—എത്രയോ കോടി ചന്ദ്രന്മാർക്ക് തുല്യമായ ഗുണസമൂഹം. ചിതമുടയ—ഉചിതമായ. ഗളവടിവു—കഴുത്തിന്റെ ആകൃതി. ഘുസൃണം—കുങ്കുമം. അപാരം—അധികം. ആകല്പം—മനോഹരമായ. കടകം—വള. ദ്യുതി—ശോഭ. കരാബ്ജം—കൈത്താമര. അഭിരാമം—മനോജ്ഞം. ആകലിതമണികലശം—ചേർത്തുവച്ച രത്നകലശങ്ങൾ. ആകലിതനവകനകദാമം—അണിയിച്ചിട്ടുള്ള പുതിയ സ്വർണ്ണഹാര

അകളേബരന്നമഴലകമേ വളർക്കുമിത്ര
നവരോമവല്ലരി നികാമം
അഖിലജനധൃതിഹൃതിയിൽ മികവുടയ കൊടിനടുവു–
മഹഹ! ശിവ! നയനസുഖധാമം;

മാണിക്യകാഞ്ചി നെറി പേണിച്ച പട്ടവസ–
നാബദ്ധമുന്നതവിശാലം
മാനമെഴുമലർവിഗിഖയാനരുചി ജഘനതല–
മാനമതി തുടയുമിത്രമൂലം
മനസാ മഹീവലയവനിതാജനം പണിയു–
മണിപാപദ്മമനവേലം
മണമുടയ കബരിമുതലണികഴലൊടിട മുഴുവ–
നനുപമമിതമിതഗുണജാലം.

സീതയെക്കണ്ടു മോഹിച്ച രാജാക്കന്മാരുടെ ചേഷ്ടാവിശേഷങ്ങളേയും ചിന്താവിശേഷങ്ങളേയും വർണ്ണിക്കുന്നു:

രമ്യാമാലോക്യ വൈദേഹീം
മന്മഥാവിഷ്ടചേതസാം
ഉന്മാദമധുരാശ്ചേഷ്ടാഃ
സംബഭൂവുർമഹീഭൃതാം. 43

ചിത്രം! ചിത്രം! തദാനീമൊരുവനണികരം–
കൊണ്ടു കേളീസരോജം
ബദ്ധാഭോഗം തിരിച്ചാൻ തെളിവൊടു മതിനേ–
രാനനാം വീക്ഷ്യ മോഹാത്,

ത്തോടുകൂടിയ. അകളേബരൻ–അനംഗൻ. നികാമം–വളരെ. അഖിലം.....തിയിൽ–എല്ലാ ജനങ്ങളുടെയും ധൈര്യത്തെ അപഹരിക്കുന്നതിൽ. നയനസുഖധാമം–നേത്രാനന്ദത്തിനു് ഇരിപ്പിടം. മാണിക്യകാഞ്ചി–മാണിക്യമയമായ അരഞ്ഞാൺ. പേണിച്ച–അലങ്കരിച്ച. പട്ടവസനാബദ്ധം–പട്ടവസ്ത്രം ചുറ്റിയതു്. ഉന്നതവിശാലം–പൊക്കവും വിസ്താരവും ഉള്ളതു്. മലർവിശിഖയാനരുചി–കാമദേവന്റെ തേരിന്റെ അഴകു്. ജഘനതലം–അരക്കെട്ടിന്റെ മുൻഭാഗം. മനസാ–മനസ്സുകൊണ്ടു്. മഹീ....ജനം–ഭൂലോകത്തിലെ സ്ത്രീകൾ. പാപദ്മം–ചരണകമലം. അനവേലം–എപ്പോഴും. കബരി–കെട്ടിവെച്ച തലമുടി. അനുപമം–സാമ്യമില്ലാത്ത. അമിതഗുണജാലം–അസംഖ്യം ഗുണങ്ങളോടുകൂടിയതു്.

പദ്യം 44. രമ്യാ–സുന്ദരിയായ. വൈദേഹീം ആലോക്യ–സീതയെ കണ്ടിട്ടു്. മന്മ....സാം–കാമാവേശം പിടിച്ച. മഹീഭൃതാം–രാജാക്കന്മാർക്കു്. ഉന്മാദമധുരാഃ ചേഷ്ടാഃ–ഭ്രാന്തുകൊണ്ടു രസം പിടിച്ച ചേഷ്ടകൾ. സംബഭൂവുഃ–സംഭവിച്ചു.

പദ്യം 45. ചിത്രം–ആശ്ചര്യം. തദാനീം–അപ്പോൾ. ഒരുവൻ–ഒരു രാജാവു്. കരം–കയ്യു്. കേളീസരോജം–കളിത്താമരയെ. ബ

ഉൽത്തിങ്ങീടും പരാഗോത്കരമിടതല യു—
ളിച്ച പുത്തൻമധുളീം
വക്ത്രാംഭോജേ തെറിപ്പിച്ചളികുലമഖിലം
ചാലയൻ മൂഢ[1]ചേതാഃ. 45

മദ്ധ്യേസിംഹാസനം മറൊരു നൃപതി നിവേ—
ശ്യാഥ വാമം ഭുജം കാൽ
മറേറക്കൈകൊണ്ടു തന്നീശയുമതിസരസം
ചിക്കി വാസ്സ്യം പ്രമോദാത്
മുഗ്ധാംഗീമന്തരാ കിഞ്ചന ചതിയൊട[2]സൗ
നോക്കിനോക്കിസ്സമീപേ
[3]പൃഥ്വീപാലം വയസ്യം ചില പുതുമവിശേ—
ഷം പറഞ്ഞങ്ങിരുന്നാൻ. 46

ജാതോന്മാദം തദാനീമൊരു [4]സരസനളി—
ക്കീന്ദ നല്ലൊരു ചവ്വാ—
താദായാദായ മേളിച്ചതിമണമിളകും
നാഗവല്ലീദ[5]ലാന്തേ
മോദം പൂണ്ടാസ്വദിച്ചാനിടയിടയിൽ നറും—
ചുണ്ണുമ[6]ച്ചൈരെടുത്തും
വാർതോഞ്ഞീടും കരണ്ഡാദ്വദനമലർ മിനു—
ക്കീ തുലോം ഭംഗിശാലീ. 47

ദ്ധാഭോഗം—പൂണ്ണുമായി. മതിനേരാനനാം—ചന്ദ്രമുഖിയെ. വീക്ഷ്യ—കണ്ടിട്ട്. മോഹാത്—മോഹം നിമിത്തം. പരാഗോല്ലരം—പൂമ്പൊടിയുടെ കൂട്ടം. മധുളീം—തേനിനെ. വക്ത്രാംഭോജേ—മുഖകമലത്തിൽ. അളികുലം അഖിലം—വണ്ടിൻകൂട്ടമെല്ലാം. ചാലയൻ—ഇളക്കിക്കൊണ്ട്. മൂഢചേതാഃ—മുഗ്ധചിത്തനായ

പദ്യം 46. മധ്യേസിംഹാസനം—സിംഹാസനത്തിന്റെ മധ്യത്തിൽ. വാമം ഭുജം നിവേശ്യ—ഇടംകൈ കുത്തിയിട്ട്. അതിസരസം—വളരെ രസത്തോടുകൂടി. അന്തരാ—ഇടയ്ക്ക്. മുഗ്ധാംഗീം—മോഹനഗാത്രിയെ. കിഞ്ചന—അല്പം. സമീപേ—അടുത്തുള്ള. വയസ്യം പൃഥ്വീപാലം—സ്നേഹിതനായ രാജാവിനോട്.

പദ്യം 47. സരസൻ—രസികൻ അളക്കട്—ചിമിഴ്. ആദായ—എടുത്തു. നാഗ....ന്തേ—വെറ്റിലയിൽ. മോദം—സന്തോഷം. ആസ്വദിച്ചാൻ—രുചിയനുഭവിച്ചു. ചുണ്ണും—പൊടി. ഉച്ചൈഃ എടുത്തും—പൊക്കിയെടുത്തും. കരണ്ഡം—അടപ്പൻ. ജാതോന്മാദം—മോഹത്തോടുകൂടി.

1. ഢബുദ്ധിഃ. 2. ടയം നോ. 3. ക്ഷോണീ പാ. 4. ത രസികന. 5. ദലേഷു. 6. ണ്ണവും താനെടു.

അന്നേരം മറെറാരുത്തൻ ചെറിയൊരു പനിനീർ—
കുപ്പിമെല്ലെന്നെടുത്ത—
ത്തനവംഗീമൗലിതന്മേദുരജഘനഭരം
പോക്കി നോക്കി പ്രസാദീ
തണ്ണീർപോലെ കടിച്ചാനൊരു തടിയനിരു—
ന്നാഗളം മദ്ധ്യമദ്ധ്യേ
[1]തന്നംഗം താപശാന്ത്യൈ തെളിവെഴുമിളനീർ—
കൊണ്ടു സിഞ്ചന്നശങ്കം. 48

അമ്പോ മാനീ വിധുനവൻ പരിചിലസിലതാ—
മാസ്ഥിതോ രത്നപീഠേ
തനവംഗീ വീക്ഷ്യ മോഹാത് കരപരിഗളിതാം
താമജാനൻ കൃപാണീം
നന്നേ ശൈല്യഷവത് സംസദി സുദ്ധമിള—
ക്കീടിനാനാത്മമുഷ്ടിം
തന്നെക്കൊണ്ടേ ചിരിക്കുന്നതു തടിയനറി—
ഞ്ഞീല[2] രാഗാന്ധചേതാഃ. 49

ഏതേനും പാക്കിലീഷത്കരമിതു ധനുരാ—
രോപണം, മംഗളാംഗീ
സീതാ മോദേന മാലാം മയി മതിമുഖി ന—
ല്ലീടുകെന്നോ വരുന്നു;

പദ്യം 48. തനവംഗീ....രേം—സുന്ദരിയായ അവളുടെ വിപുലമായ ഘനഭാരത്തെ. പ്രസാദീ—തെളിവോടുകൂടി. ആഗളം—കഴുത്തോളം. താപശാന്ത്യൈ—ചൂട ശമിക്കുവാനായി. അശങ്കം—ശങ്കയെന്നിയെ. തന്നംഗം—തന്റെ ശരീരത്തെ. സിഞ്ചൻ—നനച്ചുകൊണ്ട്.

പദ്യം 49. അമ്പോ—ആശ്ചര്യദ്യോതകം. മാനീ—അഭിമാനിയായ ഒരുത്തൻ. രത്നപീഠേ—രത്നമയമായ ആസനത്തിൽ ആസ്ഥിതഃ—ഇരുന്നവനായി. അസിലതാം—വാഴ്വള്ളിയെ. വിധുനവൻ—ഇളക്കുന്നവനായി. തനവംഗീം—സുന്ദരിയെ. വീക്ഷ്യ—കണ്ടിട്ട്. മോഹാത്—മോഹംനിമിത്തം. കൃപാണീം—വാളിനെ. കരപരിഗളിതാം—കൈയിൽനിന്നു തെറിവീണതായി. അജാനൻ—അറിയാതെ. സംസദി—സഭയിൽ. ശൈല്യഷവത്—നടൻപോലെ. ആത്മമുഷ്ടിം—തന്റെ മുഷ്ടിയെ. മുഷ്ടി—ചുരുട്ടിപ്പിടിച്ച കൈ. സുദ്ധം—ബലമായി. രാഗാന്ധചേതാഃ-രാഗംകൊണ്ട് ഒന്നുമറിയാത്തവനായി.

പദ്യം 50. ധനുരാരോപണം—വില്ലുകുലയേറുക എന്നതു്. ഈഷത്കരം—എളുപ്പം ചെയ്യാവുന്നതു്. മതിമുഖി—ചന്ദ്രമുഖി. മോദേന—സന്തോഷത്തോടുകൂടി. മാലാം—വരണമാലയെ. മയി—എങ്കൽ. മദീയം—

---

1. തൻ ഗാത്രം. 2. ല മോഹാന്ധചിത്തഃ.

ഏതുംതന്നേ തിരിച്ചീടരുതു വിധിവിലാ-
സങ്ങളം, സൗഭാഗ്യയോഗ-
പ്രാധാന്യം കൈവളത്തോന്നുലകിലഴകെഴും
ജന്മലഗ്നം മദീയം. 50

ഇക്കാണായോരു നാനാനരവരസമിതൗ
മൈഥിലാധീശ[1]കന്യാ
മണ്ണാംമൗലി മാലാം മമ ഗളഭുവി ചേ-
ർത്തീടുവാനുണ്ടു ഞായം,
ചൊല്ലൊള്ളം പ്രാഭവപ്രൗഢിമ തുടരുമൊരോ
ബാലഭൂപാല[2]രെല്ലാം
നില്ലട്ടേ, ഗാത്രലക്ഷ്മീമധുരിമ പരമി-
ന്നെങ്കിലാസംഗമൂലം. 51

ഇന്നിക്ഷോണീപതീനാം പരിഷദി കമനീ-
യാനനാ ജാന[3]കിപ്പെൺ
[4]മന്നോർവീരം വരിക്കുന്നിതു ബത! കതമം
ഭാഗ്യസൗഭാഗ്യപൂർണ്ണം;
ഒന്നുണ്ടിപ്പോഴം പുലമ്പുന്നിതു മനസി ഗണി-
ച്ചുള്ള കാലം നിനച്ചാ-
ലൊന്നും മേ കൈവരാഞ്ഞില്ലഭിമതമളവേ-
ലാത ദൈവാനുകൂല്യാത[5]. 52

ക്ഷത്രലോകമിതു നോക്കിനില്ലേ ഗളസീമ്നി
മാലയുമെനിയ്ക്കുണി-
ഞ്ഞുത[5]സുകാമിവളെ മാളികാഗ്രഭുവി കൊണ്ടു-
വച്ചു മദനാതുരാം

എന്റെ. ജന്മലഗ്നം—ജനിച്ച സമയത്തെ രാശി. ''രാശീനാമുദയോ ലഗ്നം'' എന്നമരം.

പദ്യം 51. നാനാ....തൗ—പല രാജാക്കന്മാരും കൂടിയിരിക്കുന്ന ഈ സഭയിൽ. മൈഥി....ന്യാ—ജനകപുത്രി. മാലാം—വരണമാലയെ. മമ ഗളഭുവി—എന്റെ കഴുത്തിൽ. പ്രാഭവപ്രൗഢിമ—പ്രഭുത്വത്തിന്റെ മികവു[5]. ബാലഭൂപാലർ—യുവനൃപതികൾ. ഗാത്ര....രിമ—ശരീരസൗന്ദര്യത്തിന്റെ മാധുര്യം. പരം—മാത്രം അല്പമെങ്കിൽ ശ്രേഷ്ഠം. ആസംഗമൂലം—ചേരുന്നതു കൊണ്ടു[5].

പദ്യം 52. ഇക്ഷോണീപതീനാം—ഈ രാജാക്കന്മാരുടെ. പരിഷദി—സഭയിൽ. കമനീയാനനാ—സുന്ദരമായ മുഖത്തോടുകൂടിയ. ഭാഗ്യ.... പൂർണ്ണം—ഭാഗ്യലക്ഷ്മി തികഞ്ഞ. കതമം മന്നോർവീരം—ഏതു രാജശ്രേഷ്ഠനെ. മനസി—മനസ്സിൽ. അഭിമതം—അഭീഷ്ടം.

പദ്യം 53. ക്ഷത്രലോകം—ക്ഷത്രിയക്കൂട്ടം. ഗളസീമ്നി—കഴുത്തിൽ.

1. ശപുത്രീ മ. 2. ലകന്മാർ. 3. കീ സാ, കീയം. 4. രാജശ്രേഷ്ഠം വരി.

ബദ്ധരാഗമണികൊങ്ക പൂണ്ട മണിവാ നു—
കന്നു മണിതം ചൊരി—
ഞ്ഞെത്ര നന്നു പുലരെ[1]ത്തിമുത്തു മമ മേലി—
ലുണ്ടൊരു മഹോത്സവം. 53

പങ്കജേക്ഷണനു ലക്ഷ്മിതാ, നചലമങ്ക
ശങ്കരനു, മാരനു—
മ്മംഗലാംഗി രതിദേവി, സുന്ദരി പുരന്ദ—
രന്നൊരു പുലോമജാ,
ശംകരായ നമ, ദുർലഭം പെരികെ നല്ല—
യോഗമിതു മൈഥിലി—
പ്പെൺകിടാവിവളെനിക്കുമെന്നു വരുമാകി—
ലെന്തു പറ[2]യാവതോ. 54

തുമച്ചിൽപ്പുക്കു ശയ്യാനടുവിലിവളൊട്ടം
ചേന്നു പേമാരികൊണ്ടേ
ഹേമക്കുന്നിന്നു മേലേറിലയിൽ നിലവഴു—
ക്കുന്ന ജീമൂതകാലേ
ഓമൽപ്പൂമെയ് പുണന്നും പലവുരു പിശകി—
ച്ചോരിവാസ്റ്റേൻ നകന്നും
കാമക്രീഡാം വളത്താവിതു പുലരെ വിധേ!
ഞാനെനിക്കൊ[3]ത്തവണ്ണം. 55

താനേ വെണ്മാളികായാമൊരു നിശയിലുറ—
ങ്ങുംവിധൌ മാർവിൽ മെല്ലേ
വീണുംകൊണ്ടൊന്നു പാത്തിമുഖസരസിജമാ—
ദായ കൈ രണ്ടുകൊണ്ടും

ഉത്സുകാം—ഉത്കണ്ഠയോടുകൂടിയ. മദനാതുരാം—കാമപീഡിതയായ. മാളികാഗ്രഭൂവി—മാളികയുടെ മുകളിൽ. ബദ്ധരാഗം—അനുരാഗത്തോടുകൂടി. മണിതം—രതിക്രിജിതം.

പദ്യം 54. പങ്കജേക്ഷണനു—വിഷ്ണുവിനു. ലക്ഷ്മി—ലക്ഷ്മീദേവി. അചലമങ്ക—പാർവ്വതി. ശങ്കരനു—ശിവനു. മാരനു—മന്മഥനു. പുരന്ദരനു—ദേവേന്ദ്രനു. പുലോമജാ—ശചീദേവി.

പദ്യം 55. തുമച്ചു—നിർമലമായ അറ. ശയ്യ—കിടക്ക. ഹേമം—സ്വർണ്ണം. ജീമൂതകാലേ—വർഷക്കാലത്തു. കാമക്രീഡാം—കാമകേളിയെ. വിധേ—അല്ലയോ വിധിയേ.

പദ്യം 56. വെൺമാളികായാം—ശുഭ്രമായ മാളികയിൽ. നിശ—രാത്രി ഉറങ്ങുംവിധൌ—ഉറങ്ങുമ്പോഴും. മുഖസരസിജം—മുഖകമലത്തെ.

1. ത്തിമിത്തു. 2. യാമഹോ. 3. ത്തപോലെ.

ആനന്ദാർദ്രം മുകയ്യുന്നളവിടയിലുണ—
ന്നാശ്രു കണ്ണോ[1] പിടിച്ചും
പുണ്ണം തക്കത്തിൽ വായ്ക്കുണ്ടധരമധു നക—
ന്നാവിതാവോളു[2]മിഞ്ഞാൻ. 56

കണ്ണുമ്പിലെത്തുകിലിനിക്ക വശപ്പെടാഞ്ഞ—
ല്ലിമ്മാതരിൽപ്പുനരൊരുത്തിയുമിന്നയോളം
മന്മാനസേ പെരിയ രാഗമിയം ധരിച്ചാ—
ലെന്മാ[3]റിലൂ കമനി മാലതിമാലപോലെ. 57

ധാത്രീ ഓരോ രാജാവിനെപ്പറ്റിയും സീതയോട് പറഞ്ഞുകേൾപ്പിക്കുന്നതായി പ്രസ്താവിക്കുന്നു:

തസ്മിൻ ക്ഷണേ സസ്മിതവക്ത്രപദ്മാ
ഭദ്രാസനസ്ഥാനഖിലാൻ നരേന്ദ്രാൻ
നിവേദയാമാസ നൃപാത്മജായൈ
നിരീക്ഷ്യ ധാത്രീ വചസി[4]പ്രവീണാ 58

കലിംഗരാജവർണ്ണന:

''അയം ഖലു വിശ്വംഖലദ്വിരദദാനവാർവാഹിനീ—
സമേധിതപയോനിധിർവിജയതേ കലിംഗേശ്വരഃ
അമുഷ്യ കില ഗീയതേ പ്രതിമുഹൂർമഹേന്ദ്രാചലേ
ഭുജംഗ[5]സുദൃശാം ഗണൈഃ സുവിശദാ യശഃപഞ്ജികാ. 59

ആദയ—ഏടുത്തു്. ആനന്ദാർദ്രം—ആനന്ദംകൊണ്ടു് അലിഞ്ഞതാംവണ്ണം. ആശ്രു—ഉടൻ. കണ്ണോ—കഴത്തിൽ.

പദ്യം 57. മാതരിൽ—സ്ത്രീകളിൽ. പുനഃ—ആകട്ടെ. മന്മാനസേ—എന്റെ ചിത്തത്തിൽ. ഇയം—ഇവം. കമനി—സുന്ദരി. മാലതി—മുല്ല.

പദ്യം 58. തസ്മിൻ ക്ഷണേ—അപ്പോഴം. സസ്മിത....ദ്മാ—മന്ദഹാസം തുകന്ന മുഖകമലത്തോടുകൂടിയ. വചസി പ്രവീണാ—വാക്കിൽ വിദഗ്ധയായ. ധാത്രീ—ഉപമാതാവു്. ഭദ്രാസനസ്ഥാൻ—ഭദ്രാസനത്തിൽ ഇരിക്കുന്നവരായ. നരേന്ദ്രാൻ അഖിലാൻ—നൃപശ്രേഷ്ഠന്മാർ എല്ലാവരേയും. നിരീക്ഷ്യ—കണ്ടിട്ടു്. നൃപാത്മജായൈ—സീതാദേവിയോടു്. നിവേദയാമാസ—അറിയിച്ചു.

പദ്യം 59. വിശ്വം....ധിഃ—ചഞ്ചലയില്ലാത്ത ആനകളുടെ ദാനജലനദിയാൽ വർദ്ധിച്ച സമുദ്രത്തോടുകൂടിയ. അയം കലിംഗേശ്വരഃ—ഈ കലിങ്ഗദേശത്തിലെ രാജാവു്. വിജയതേ ഖലു—സർവോത്കർഷത്തോടു വർത്തിക്കുന്നുവല്ലോ. ഭുജംഗസുദൃശാം ഗണൈഃ—നാഗസ്ത്രീസമൂഹങ്ങളാൽ. മഹേന്ദ്രാചലേ—മഹേന്ദ്രപർവതത്തിൽ. സുവിശദാ—ശുദ്ധ

1. ന്നൊശ്രുഹിച്ചും. 2. മീ ഞാൻ. 3. റിലും ക. 4. സി പ്രഗല്ഭാ. 5. ഗസു.

അന്തഃസന്തോഷബാഷ്പൈഃ സ്ഥഗയതി ന ദൃശ—
സ്താഭിരാകർണ്ണയിഷ്യൻ,—
ന്നംഗേനാനന്തരോമാ രചയതി പുളക—
ശ്രേണിമാനന്ദകന്ദാം,
ന ക്ഷോണീഭംഗഭീരുഃകലയതി ച ശിരഃ—
കമ്പനം, തന്ന വിദ്മഃ
ശൗണപന്നേതസ്യ കീർത്തിം കഥമുരഗപതിഃ
പ്രീതിമാവിഷ്കരോതി! 60

പാണ്ഡ്യരാജവർണ്ണന:

പര്യായതാത് കുസുമധനുഷഃ
പ്രാപ്തനേത്രോത്സവശ്രീഃ
പാണ്ഡ്യഃ സോऽയം ഫണധരകുല—
ഗ്രാമണീർദീർഘബാഹുഃ,
തക്കോലൈലാസുരഭിലതടാ
താമ്രപർണ്ണീ സ്രവന്തീ
മുക്താവ്യാജാത് കുസുമവിശദാം
യസ്യ കീർത്തിം പ്രസൂതേ. 61

മായ. അമുഷ്യ യശഃപഞ്ചികാ—ഇവന്റെ കീർത്തിവിവരണം. ഗീയതേ കില—ഗാനം ചെയ്യപ്പെടുന്നുപോൽ.

പദ്യം 60. ഉരഗപതിഃ ഏതസ്യ കീർത്തിം ശൗണൻ—അനന്തൻ ഇദ്ദേഹത്തിന്റെ കീർത്തി കേൾക്കുമ്പോൾ. അന്തഃസന്തോഷബാഷ്പൈഃ ദൃശഃ താഭിഃ ആകർണ്ണയിഷ്യൻ ന സ്ഥഗയതി—ഉള്ളിലുണ്ടാകുന്ന സന്തോഷാശ്രുകൊണ്ട് കണ്ണുകളെ, അവകൊണ്ട് കേൾക്കാൻ കൊതിച്ചു, മൂടാറില്ല. സർപ്പങ്ങൾ ചക്ഷുഃശ്രോത്രങ്ങളായാൽ, കണ്ണു മൂടിയാൽ കേൾക്കുകയുമില്ലല്ലോ. അംഗേ—ശരീരത്തിൽ. അനന്തരോമാ—രോമമില്ലാത്തവനാകയാൽ. ആനന്ദകന്ദാം—സന്തോഷത്തിൽനിന്നുളവാകുന്ന. പുളകശ്രേണീം—രോമാഞ്ചപങ്ക്തിയെ. ന രചയതി—ഉണ്ടാക്കുന്നില്ല. ക്ഷോണീഭംഗഭീരുഃ—ഭൂമി കുലുങ്ങും എന്ന ഭയമുണ്ട്. ശിരഃകമ്പനം—തലയാട്ടുക എന്നതിനെ. ന കലയതി ച—ചെയ്യുന്നുമില്ല. തത്—ആയതുകൊണ്ട്. പ്രീതിം—തന്റെ സന്തോഷത്തെ. കഥം ആവിഷ്കരോതി—എങ്ങനെ വെളിപ്പെടുത്തുന്നു എന്നു്. ന വിദ്മഃ—നാം അറിയുന്നില്ല.

പദ്യം 61. കുസുമധനുഷഃ—മന്മഥന്റെ. പര്യായതാത്—പര്യായമായതുകൊണ്ട്. പ്രാപ്ത....ശ്രീഃ—കണ്ണുകൾക്കുത്സവമായ. ഫണ....ണീഃ—നാഗകുലശ്രേഷ്ഠനായ. ദീർഘബാഹുഃ—നീണ്ട കൈകളോടുകൂടിയ. അയം—ഇദ്ദേഹം. സഃ പാണ്ഡ്യഃ—ആ പാണ്ഡ്യരാജാവാകുന്ന. തക്കോ ... ടാ—തക്കോലം ഏലവല്ലി ഇവയാൽ മണമുള്ള തീരപ്രദേശത്തോടുകൂടിയ. താമ്രപർണ്ണീ സ്രവന്തീ—താമ്രപർണ്ണി എന്ന പുഴ. മുക്താവ്യാജാത്—മുത്തുകളെന്ന അപദേശത്താൽ. യസ്യ—യാവനൊരുത്തന്റെ. കുസുമവിശദാം കീർത്തിം—പുഷ്പംപോലെ ശുഭ്രമായ യശസ്സിനെ. പ്രസൂതേ—

അസ്യ ക്ഷോണിപതേഃ പരാർദ്ധപരയാ
ലക്ഷ്യീ[1]കൃതാഃ സംഖ്യയാ
പ്രജ്ഞാചക്ഷുരവേക്ഷ്യമാണതിമിര—
പ്രഖ്യാഃ കിലാകീർത്തയഃ
ഗീയന്തേ സ്വരമഷ്ടമം കലയതാ
ജാതേന വന്ധ്യോദരാ—
ന്മൂകാനാം പ്രകരേണ ക്ഷ്മാരമണീ—
ദുശ്ശോദധേ രോധസി. 62

കാഞ്ചീരാജവർണ്ണന:

അശനിരഹിതക്ഷ്മാഭൃത്പക്ഷപ്രതിക്ഷണശിക്ഷണേ—
ഷ്വമൃതഗ്ലളികാചക്ഷുഃ സർഗ്ഗസ്യ സർവ്വശരീരിണാം
അധരിതരതിപ്രാണാധീശഃ പ്രിയംകരിണീംപ്രഭാം—
ദധദയമസൗ രാജാ കാഞ്ചീപുരീപരമേശ്വരഃ. 63

ജനിപ്പിക്കുന്നു. താമ്രപർണ്ണീനദി മുത്തുകൾക്ക് ആകരമാണെന്നു പ്രസിദ്ധം.

പദ്യം 62. അസ്യ ക്ഷോണിപതേഃ-ഈ രാജാവിന്റെ. പരാർദ്ധ പരയാ സംഖ്യയാ ലക്ഷ്യീകൃതാഃ—പരാർദ്ധത്തിനു മീതെയുള്ള സംഖ്യ കൊണ്ടു് നിർദ്ദിഷ്ടങ്ങളായ. അങ്ങേയറത്തെ സംഖ്യയാണു് പരാർദ്ധം. പ്രജ്ഞാ . ഖ്യാഃ—കരുടനു കാണാവുന്ന ഇരുട്ടുപോലുള്ള. അകീർത്തയഃ—ദുര്യശസ്സുകൾ. അഷ്ടമം സ്വരം കലയതാ—എട്ടാമത്തെ സ്വരത്തെ ആശ്രയിച്ച. വന്ധ്യോദരാത് ജാതേന—മലടിയിൽനിന്നു ജനിച്ച. മൂകാനാം പ്രകരേണ—മൂകസമൂഹത്താൽ. ക്ഷ്മാ....ദധേഃ—പെണ്ണാമയുടെ പാലുകൊണ്ടുള്ള സമുദ്രത്തിന്റെ. രോധസി—തീരത്തിൽ. ഗീയന്തേ—ഗാനം ചെയ്യപ്പെടുന്നു. പരാർദ്ധത്തിനു മീതെ സംഖ്യയില്ല. ഗാനത്തിനു് ഏഴു സ്വരങ്ങളേ ഉള്ളൂ. എട്ടാമത്തെ സ്വരമില്ല. മലടിക്കു പുത്രനില്ല. മൂകന്മാർക്കു പാടാനൊക്കുകയില്ല. ആമപ്പാൽസമുദ്രം ഇല്ല. ഇങ്ങനെ അസംഭവബഹുലമായ കാര്യങ്ങളെ ആശ്രയിച്ചതാണു് പ്രകൃതവർണ്ണനം. നൈഷധത്തിലെ പദ്യമാണിതു്. പെണ്ണാമ പാൽ കൊടുത്തല്ല കുഞ്ഞുങ്ങളെ വളർത്തുന്നതു്.

പദ്യം 63. അഹിത....ണേഷു—ശത്രുക്കളായ രാജാക്കന്മാരുടെ പക്ഷത്തിലുള്ളവരെ പ്രതിക്ഷണം ശിക്ഷിക്കുന്നതിൽ. അശനിഃ—വജ്രായുധമായ. ഇന്ദ്രന്റെ വജ്രായുധവും ഹിതമല്ലാത്ത ക്ഷ്മാഭൃത്തുക്കളുടെ, പർവതങ്ങളുടെ, പക്ഷങ്ങളെ, ചിറകുകളെ ശിക്ഷിക്കുന്നതാണല്ലൊ. സർവശരീരിണാം—എല്ലാ ദേഹികൾക്കും. ചക്ഷുസ്സർഗസ്യ—നേത്രസൃഷ്ടിക്കു്. അമൃത ഗ്ലളികാ—അമൃതമയമായ ഗ്ലളിക. നേത്രാനന്ദപ്രദൻ എന്നർത്ഥം. അധരി...ശഃ—കാമദേവനെ കീഴ്പ്പെടുത്തിയവൻ. പ്രിയങ്കരിണീം പ്രഭാം ദധത്—ആകർഷകമായ കാന്തിയോടുകൂടിയ. അസൗ രാജാ—ഈ രാജാവു്. കാഞ്ചീപുരീ...രഃ—കാഞ്ചീനഗരാധിപനാകുന്നു.

1. ലക്ഷ്യീ

പാണിപ്രസ്ഥൈർബകകുളസുമനഃ
സൗരഭം യോ മിമീതേ
ദമ്പത്യോർയഃ സുരതചരിതേ
സൗഖ്യസംഖ്യാം കരോതി
യശ്ച ജ്യോത്സ്നാം ചുളുകപുടകൈഃ
കാമമാചാമതീന്ദോഃ
സ്തോതും[1] ശക്തഃ സ ഖലു നിഖിലാ—
ന്യസ്യ കീർത്ത്യദ്ഭുതാനി. 64

മധുരാപുരീശവർണ്ണനഃ

സോ'യം പ്രശാസ്തി മധുരാം സുഭഗംഭവിഷ്ണു
രത്നധ്വജോല്ലിഖിതവാരിജവൈരിബിംബാം
ജംബാളയെന്ന സുഹൃദംബുരുഹേക്ഷണാനാം
ബാഷ്പാംഭസാക്ഷിതിഭൃതാം വനമണ്ഡലാനി. 65

അസ്യാഹവേ ഹരിചമൂഖുരഖണ്ഡിതോർവീ—
പാംസുപ്രസാരപരിപൂർത്തിഭിയാ വഹന്തി

പദ്യം 64. യഃ—യാവനൊരുത്തൻ. പാണിപ്രസ്ഥൈഃ—കൈയാകുന്ന അളവുപാത്രത്താൽ. ബക...ഭം—ബകുളപുഷ്പത്തിന്റെ വാസനയെ. മിമീതേ—അളക്കുന്നുവോ. യഃ—യാവനൊരുത്തൻ. സുരതചരിതേ—സുരതവൃത്താന്തത്തിൽ. ദമ്പത്യോഃ—മിഥുനങ്ങളുടെ. സൗഖ്യസംഖ്യാം കരോതി—സൗഖ്യത്തെ എണ്ണിത്തിട്ടപ്പെടുത്തുന്നുവോ. യഃ—യാവനൊരുത്തൻ. ഇന്ദോഃ—ചന്ദ്രന്റെ. ജ്യോത്സ്നാം—നിലാവിനെ. ചുളുകപുടകൈഃ—കൈക്കുടന്നകളാൽ. കാമം—ഇഷ്ടംപോലെ. ആചാമതി ച—ആചമിക്കുകയും ചെയ്യുന്നുവോ. സഃ—അവൻ. അസ്യ—ഇവന്റെ. നിഖിലാനി കീർത്ത്യദ്ഭുതാനി—എല്ലാ അദ്ഭുതകരങ്ങളായ കീർത്തികളെ. സ്തോതും ശക്തഃ ഖലു—സ്തുതിക്കാൻ ശക്തനാംപോൽ. ആദ്യത്തെ മൂന്നു പാദങ്ങളിൽ പറഞ്ഞ മൂന്നു കാര്യങ്ങളുംപോലെ ഒടുക്കത്തേതും സംഭവിക്കുന്നതല്ല എന്നു ഭാവം.

പദ്യം 65. സുഭഗംഭവിഷ്ണുഃ—സുഭഗനായിട്ടുള്ള. അസൃഹ്...ണാനാം—ശത്രുഭാര്യമാരുടെ കണ്ണുനീർകൊണ്ടു്. ക്ഷിതിഭൃതാം വനമണ്ഡലാനി—പർവതങ്ങളിലെ വനപ്രദേശങ്ങളെ. ജംബാളയൻ—ചളിക്കെട്ടിക്കുന്ന. സഃ അയം—ആ ഇവൻ. രത്ന...ബാം—രത്നമയമായ കൊടിത്തുണിൽ കൊത്തപ്പെട്ട ചന്ദ്രബിംബത്തോടുകൂടിയ. മധുരാം—മധുരാനഗരിയെ. പ്രശാസ്തി—ഭരിച്ചുവരുന്നു. മധുരയിലെ നാഗരാജാക്കന്മാർ ചന്ദ്രവംശ്യരാണു്.

പദ്യം 66. അസ്യ ആഹവേ—ഇവന്റെ യുദ്ധത്തിൽ. മരുത്തരുണ്യഃ—മരുദ്യുവതികൾ. നിത്യവികചാനി—എപ്പോഴും വിടർന്നിരിക്കുന്ന. നേത്രാണി—കണ്ണുകളെ. ഹരി...ഭിയാ—കുതിരപ്പടയുടെ കുളമ്പുകളാൽ

1. ശക്തോ വേതി നി.

നേത്രാണി നിത്യവികചാനി മരുത്തരുണ്യോ
നീരന്ധ്രപാണിപുടയുഗ്മപിധാനവന്തി. 66

ഉജ്ജയിനീ രാജവർണ്ണന:

ഉജ്ജാഗരൈർഗ്രണൈ[1] ശ്ലാഘ്യഃ
സോ/യമുജ്ജയിനീ[2]പതിഃ
ഉജ്ജൃംഭതേ യശോ യസ്യ
നിർജ്ജരൈണീദൃശാം മുഖേ. 67

യദി ത്രിലോകീ ഗണനാ പരാ സ്യാത്
തസ്യാഃ സമാപ്തിർയദി നായുഷഃ[3] സ്യാത്
പാരേപരാർദ്ധം ഗണിതം യദി സ്യാത്
ഗണേയനിശ്ശേഷഗുണോ[4]ഹയം സ്യാത്. 68

കർണ്ണാടരാജവർണ്ണന:

സോ/യം കർണ്ണാ[5]ടനാഥഃ കനകനികഷസ്നി—
സ്നിഗ്ധമുഗദ്ധാംഗലക്ഷ്മീർ—
യസ്യ പ്രസ്ഥാനനാന്ദീധ്വനിഷു ഘനഘടാ—
ഘോരഘോഷോത്കടേഷു

ഇളക്കപ്പെട്ട പൊടി വന്നുനിറയും എന്ന പേടികൊണ്ട്. നീര....വന്തി—അടപ്പിച്ച ചേത്ത രണ്ടു കൈത്തലങ്ങളാകുന്ന മുടിയോടുകൂടിയതുകളായി. വഹന്തി—വഹിക്കുന്നു. പൊടിപറ്റാതെ രണ്ടു കൈകൊണ്ടും കണ്ണുകളെ മറച്ചുവയ്ക്കുന്നു.

പദ്യം 67. അയം—ഇവൻ. ഉജ്ജാഗരൈഃ—ഉണർവുള്ള. ഗ്രണൈഃ—ഗുണങ്ങളാൽ. ശ്ലാഘ്യഃ—ശ്രേഷ്ഠനായ. സഃ ഉജ്ജയിനീപതിഃ—ആ ഉജ്ജയിനീരാജാവാകുന്നു. യസ്യ—യാവനൊരുത്തന്റെ. യശഃ—കീർത്തി. നിർജ....ശാം—ദേവസ്ത്രീകളുടെ. മുഖേ—മുഖത്തിൽ. ഉജ്ജൃംഭതേ—തെളിഞ്ഞു പൊങ്ങിക്കാണുന്നു.

പദ്യം 68. ത്രിലോകീ—മൂന്നു ലോകവും. യദി ഗണനാപരാസ്യാൽ—എണ്ണാനിരുന്നാൽ. തസ്യാഃ ആയുഷഃ സമാപ്തിഃ യദി ന സ്യാൽ-അതിന്റെ ആയുസ്സ് അവസാനിക്കയുമില്ലെങ്കിൽ. ഗണിതം—എണ്ണം. പാരേപരാർദ്ധം യദി സ്യാൽ—പരാർദ്ധത്തിനു മീതേ പോകുമെങ്കിൽ. അയം—ഇവൻ. ഗണേയ....ഗുണഃ സ്യാത്ഹി—ഗണിക്കുവാൻ യോഗ്യമായ സകലഗുണങ്ങളോടുകൂടിയവനായി ഭവിക്കുമല്ലോ.

പദ്യം 69. കനക....ക്ഷ്മീഃ—പൊന്നുരച്ചുനോക്കുന്ന കല്ലുപോലെ മനോഹരമായി മിനുങ്ങുന്ന ശരീരകാന്തിയോടുകൂടിയ. അയം സഃ കർണ്ണാടനാഥഃ—ഇവൻ ആ കർണ്ണാടരാജാവാകുന്നു. യസ്യ—യാവനൊരുത്തന്റെ. ഘന....ടേഷു—മഴക്കാർപ്പുരപ്പിന്റെ കൊടിയ ഇരമ്പംപോലെ മുഴങ്ങുന്ന

1. ണൈഃ ശ്രേഷ്ഠാഃ സോ. 2. നീരുപഃ. 3. യുഷി സ്യാ. 4. ണോ/വ്യയം. 5. ടരാജഃ.

ദേവ്യാ വിശ്വംഭരായാ ഭവതി മധുരിപു—
സ്തബ്ധരോമാഗ്രഘോണാ—
കോണാവഷ്ടബ്ധപാഥോനിധിഘുഘുമിത—
പ്രൌഢനിദ്ധ്വാനബുദ്ധിഃ. 69

കേരളരാജവർണ്ണന:

[1]ശ്ലാഘ്യോ[2]യം കേരളാനാമധിപതിരനഘി—
ജ്ഞാതവിദ്വേഷ്ടിദർപ്പ—
സ്ഥേമാ യസ്യ സ്വരാജ്യം തിലകയതി യശഃ—
ക്ഷാളിതാശേഷലോകഃ
അദ്വന്ദ്വദ്വന്ദ്വയുദ്ധവ്യതികരവിദലത്[3]—
കാത്തികേയാത്തിഗേയ—
സ്തൂജ്ജദ്ദോർവിക്രമോച്ചണ്ഡിമപരമനിധിർ—
ഭാർഗ്ഗവോ ശുക്ഷചേതാഃ. 70

ചോളരാജവർണ്ണന:

ചോളാനാമധി[3]ഭ്രുഃ ശ്രുതൈകവസതിഃ
ശ്രീമാൻ യശോവാരിധിർ—
വീരശ്രീമണിഹർമ്യഭ്രുമിരഖില—
ശ്രേയസ്സുരോപക്രമഃ

പ്രസ്ഥാന .....നിഷു—യാത്രാകാലത്തിലുള്ള മംഗലപടഹധ്വനികളിൽ. വിശ്വംഭരായാഃ ദേവ്യാഃ—ഭൂമിദേവിക്കു്. മധു....ബുദ്ധിഃ—മധുരിപുവിന്റെ സ്തംഭിച്ച രോമങ്ങളുടെ അറ്റത്തോടുകൂടിയ നാസികയുടെ കോണത്തിൽ തിങ്ങിയ സമുദ്രത്തിന്റെ ഘുമു ഘുമു എന്ന ഉച്ചശബ്ദത്തിന്റെ തോന്നൽ. ഭവതി—ഉണ്ടാകുന്നു. വരാഹാവതാരകഥ സൂചിതമായിരിക്കുന്നു.

പദ്യം 70. ശ്ലാഘ്യഃ—ശ്ലാഘനീയൻ. അന....മാ—ശത്രുക്കളുടെ അഹങ്കാരപ്രൗഢിയറിയാത്തവനായ. അയം—ഇവൻ. കേരളാനാം അധിപതിഃ—കേരളേശ്വരനാകുന്നു. യശ....കഃ—കീർത്തികൊണ്ടു കഴുകപ്പെട്ട എല്ലാ ലോകത്തോടുകൂടിയ. ശുക്ഷചേതാഃ—കഠിനഹൃദയനായ. അദ്വ....ധിഃ—എതിരില്ലാത്ത ദ്വന്ദ്വയുദ്ധപ്രവൃത്തിയിൽ സുബ്രഹ്മണ്യനെ പീഡിപ്പിച്ചതിനാൽ സ്തുതിക്കത്തക്ക വർദ്ധിച്ച ഭുജവീര്യപ്രൗഢിക്കു് ഇരിപ്പിടമായവനായ ഭാർഗ്ഗവഃ—പരശുരാമൻ. യസ്യ—യാവനൊരുത്തന്റെ. സ്വരാജ്യം—സ്വന്തരാജ്യത്തെ. തിലകയതി—അലങ്കരിക്കുന്നു. കേരളം പരശുരാമക്ഷേത്രമാണല്ലോ.

പദ്യം 71. ചോളാനാം അധിഭ്രുഃ—ചോളരാജാവു്. ശ്രുതൈകവസതിഃ—പഠിത്തത്തിനു് ഒരേ ഇരിപ്പിടമായുള്ളവൻ. ശ്രീമാൻ—ഐശ്വര്യവാൻ. യശോവാരിധിഃ—കീർത്തിസമുദ്രം. വീര.....മിഃ—വീരലക്ഷ്മിയുടെ മണിമയമായ പ്രാസാദതലം. അഖില....ശ്രമഃ—പരക്കെ ശ്രേയസ്സു

1. ശ്ലാഘ്യോ[2]യം. 2. ക്ഷചിത്തഃ. 3. ധിപഃ ശ്രു.

യസ്യാസ്യ ശ്രമവാരി ലുമ്പതി മിളത്—
കല്ഹാരപങ്കേരുഹ—
വ്യൂഹസ്യന്ദിതമാകരന്ദലഹരീ—
ശാരാ കവേരാത്മജാ. 71

കുരുക്ഷേത്രം മാഹിഷ്മതി മഹാരാഷ്ട്രം എന്നീ ദേശങ്ങളിലെ രാജാക്കന്മാരുടെ വർണ്ണന:

ധാത്രീമംഗല്യരത്നം കുരുനൃപതിരസൗ
ദിവ്യഗാന്ധർവ[1]വേദീ
ചീത്തിട്ടം കീത്തികേളീനിലയമിവനൃ—
പാധിപൻ കാന്തിശാലീ[2]
ധീമാൻ മാഹിഷ്മതീശൻ പുനരിത വിജയീ
വീരലക്ഷ്മീകടാക്ഷ—
ശ്രീമൂലസ്ഥാനമംഭോരുഹമധുരമുഖോ[3]—
യം മഹാരാഷ്ട്രനേതാ. 72

നേപാളം ലാടം സുരാഷ്ട്രം അംഗം വംഗം ഗാന്ധാരം കുരുവ അരട്ടകം എന്നീ ദേശങ്ങളിലെ രാജാക്കന്മാരുടെ വർണ്ണന:

ഏതൗ നേപാളലാടൗ ജയവിരുതുവിലോ—
ലീകൃതാശൗ, സുരാഷ്ട്രാ—
ധീശൻ മറേറതു കൊറേറക്കുട കനകമയം
[4]ഭോതി യസ്യോപകണ്ഠേ,

ണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യുന്നവൻ. മിളത്....സാരാ—ഇടകലർന്നുള്ള കൽഹാരപുഷ്പം താമര ഇവയിലെ തേൻ ഒഴുകിവീണു നാനാവർണ്ണമായ. കവേരാത്മജാ—കാവേരിനദി. യസ്യ അസ്യ—യാതൊരു ഇവന്റെ. ശ്രമ വാരി—ശ്രമജലത്തെ. ലുമ്പതി—ഇല്ലായ്മചെയ്യുന്നു. കാവേരി ചോളദേ ശത്തിലാണല്ലോ പ്രവഹിക്കുന്നതു്.

പദ്യം 72. ദിവ്യഗാന്ധർവവേദീ—ദിവ്യമായ നൃത്ത,വാദ്യ,ഗീ തങ്ങളിൽ പരിചയിച്ച. ധാത്രീ....തം—ഭൂമിയുടെ ഉത്തമസൗഭാഗ്യമാ യ. അസൗ—ഇവൻ. കുരുനൃപതിഃ—കുരുദേശത്തിലെ രാജാവാകുന്നു. കീ ത്തി....യം—യശസ്സിന്റെ കേളീനിലയവും. കാന്തിശാലീ—കാന്തിയാൽ ശോഭിക്കുന്നവനും ആയ. അനൃപാധിപൻ—അനൃപദേശത്തിലെ രാജാ വു്. ധീമാൻ—ബുദ്ധിമാൻ. ഇത പുനഃ—ഇതാ പിന്നെ. മാഹിഷ്മതീ ശൻ—മാഹിഷ്മതീദേശത്തിലെ രാജാവു്. വിജയീ—ജയശീലൻ. വീര.... നം—വീരലക്ഷ്മിയുടെ കടക്കൺനോട്ടമാകുന്ന ശ്രീയുടെ മൂലസ്ഥാനമായ ഇരി പ്പിടം. അംഭോ....ഖഃ—താമരപോലെ മധുരമായ മുഖത്തോടുകൂടിയവൻ. അയം—ഇവൻ. മഹാ....താ—മഹാരാഷ്ട്രദേശത്തിലെ രാജാവു്.

പദ്യം 73. ജയ....ശൗ—ജയഘോഷണയിലെ പടഹാദിനാദങ്ങ ളെക്കൊണ്ടു വ്യാകുലപ്പെടുത്തപ്പെട്ട ദിക്കുകളോടു കൂടിയ. ഏതൗ—ഇവർ

1. വവേത്താ. 2. ലീ ശ്രീമാൻ. 3 ഖോഽസൗ. 4. ഭോയിയ

മൂത്തോ മാരോ/യമംഗക്ഷിതിപതി; കുതുകീ
വംഗരാജാവിവൻതാൻ,
പ്രീത്യാ ഗാന്ധാരരാജൻ പുനരിതു, കുരുവാ—
രട്ടകേശൗ കുമാരൗ.'' 73

ഇങ്ങനെ ധാത്രി പറഞ്ഞു കേൾപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കഞ്ചുകി വന്ന ജനകന്റെ വാക്കായി 'ശിവചാപത്തെ കുലയ്ക്കുന്ന വീരനു സീത' എന്ന സ്ഥലത്തിൽ വിളംബരം ചെയ്യുന്നു:

ഇത്ഥം[1] ധാത്ര്യാം വദന്ത്യാമഴകെഴുമുറയു—
രിക്കളെഞ്ഞെശചാപം
ഭക്ത്യാ വന്ദിച്ചു ചൊന്നാൻ ജനകനൃപഗിരാ
സൗവിദല്ലസ്സദാനീം
''പൃഥ്വീപാഃ! സംശൃണുദ്ധ്വം ധനുരിദമവിശം—
കം കുലച്ചെയ്ത പൊട്ടി—
ച്ചുദ്യത്ക്രീഡം വിളങ്ങും നരവരനധുനാ
ജാനകീ ഋനമേഷാ.'' 74

രാജാക്കന്മാർ ഓരോരുത്തരും അഹങ്കാരികളായി സീതയെ ആഗ്രഹിച്ചു ചാപം പൊട്ടിക്കാനായി പോകുന്നതും അശക്തരായി ലജ്ജിച്ചു മടങ്ങുന്നതും:

അഗ്രേ[2] കേട്ടിപ്രകാരം ത്വരിതമുടചലൻ
വിഷ്ണുരേഭ്യോ നരേന്ദ്രാഃ
ശക്ത്യാ പൊട്ടിച്ചു ശൈവം ധനുരനുപദമാ—
ദിത്സവോ രാജ്[3]കന്യാം;

രണ്ടുപേർ. നേപാളലാടൗ—നേപാളരാജാവും ലാടരാജാവും ആകുന്നു. കനകം—സ്വർണ്ണം. യസ്യ—യാവനൊരുത്തന്റെ. ഉപകണ്ഠേ—സമീപത്തിൽ. ഭാതി—ശോഭിക്കുന്നു. മൂർത്തഃ മാരഃ—മൂർത്തിപൂണ്ട കാമദേവനായ. അയം—ഇവൻ. അംഗക്ഷിതിപതിഃ—അംഗദേശത്തിലെ രാജാവു്. കുതുകീ—കൗതുകവാൻ. വംഗം—ദേശവിശേഷം. കുമാരൗ—കുമാരന്മാരായ രണ്ടുപേർ. കുരുവാരട്ടകേശൗ—കുരുവാദേശാധിപനും ആരട്ടകദേശാധിപനും ആകുന്നു.

പദ്യം 74. ഇത്ഥം—ഇപ്രകാരം. ധാത്ര്യാം വദന്ത്യാം(സത്യാം)—ധാത്രി പറയുമ്പോൾ. ഐശചാപം—ശിവന്റെ വില്ലിനെ. ഭക്ത്യാ—ഭക്തിയോടുകൂടി. ജനക....രാ—ജനകരാജാവു പറഞ്ഞ വാക്കിനാൽ. സൗവിദല്ലഃ—കഞ്ചുകി. തദാനീം—അപ്പോൾ. പൃഥ്വീപാഃ—അല്ലയോ രാജാക്കന്മാരേ. സംശൃണുദ്ധ്വം—നിങ്ങൾ കേട്ടാലും. ഇദം ധനുഃ—ഈ വില്ലിനെ. അവിശങ്കം—ശങ്കകൂടാതെ. ഉദ്യത്ക്രീഡം—വർദ്ധിച്ച ക്രീഡയോടുകൂടി. നരവരനു—രാജാവിനു്. അധുനാ—ഇപ്പോൾ. ഏഷാ ജാനകീ—ഈ സീത. ഋനം—നിശ്ചയം.

പദ്യം 75. അഗ്രേ—മുമ്പിൽ. ത്വരിതം—വേഗമായി. നരേന്ദ്രാഃ

1. ഏവം ധാ. 2. ശ്രുത്വാ വാക്യം ദ്വിപസ്യൈവ. 3. ജഘൃഷീം

ഒക്കെച്ചെന്നാത്തഗർവം ധരണിയിൽ നിഹിതം
പള്ളിവില്ലെങ്ങെടുപ്പാൻ
മുഷ്ടില്ലാഞ്ഞൂഢലജ്ജാവിഗളിതധൃതി പിൻ-
വാങ്ങിനാർ വീതമാനാഃ. 75

ഗദ്യം 7

(ദണ്ഡകം)

തദനു വിപുലദോശ്ചണ്ഡിമാ പാണ്ഡ്യധാത്രീശ്വരൻ
പ്രൗഢഗർഭേണ മാണിക്യപീഠാലെഴുന്നേറ്റു ചാപം[1]
തദാലോക്യ ലോകത്രയസ്വാമിനോ മന്മഥാരേരുദ-
ഗ്രാനുഭാവം നിരൂപിച്ചു പിൻവാങ്ങി മെല്ലെന്നിരുന്നി-
ടിനാൻ, പിന്നെ മംഗല്യധാമാ കലിംഗഃ സ്വയം ചണ്ഡ-
ദോർദണ്ഡശക്ത്യാ കഥഞ്ചിത് പുരാരാതികോദ-
ണ്ഡമാദായ ലജ്ജാവിനമ്രാനനോ മെല്ലെ വന്ദിച്ചു
വന്ദിച്ചു വച്ചീടിനാൻ, കാർമുകസ്പർശമാത്രേണതന്നേ
വശംകെട്ട കർണ്ണാടരാജൻ കവിണ്ണാശ്രു വീണാൻ,
ഭയപ്പെട്ട ദ്രുാവ മദ്രാധിരാജൻ, മഹാരാഷ്ട്രനപ്പോഴേ
മഹാഗോഷ്ഠി കാട്ടി, ക്രതം കെട്ട കുന്തിച്ചിതക്രന്തളേ-
ശൻ, ദശാം കശ്മലാം പ്രാപ കാശ്മീരനാഥൻ, തുലുഷ്കോപി-
പി മുഷ്ടകോടണഞ്ഞാതുരോദ്ഭ്രതൻ, തദാ കേകയേന്ദ്രന്ന

—രാജാക്കന്മാർ. വിഷ്ടരേഭ്യഃ— ആസനങ്ങളിൽനിന്നു. ഉദ്ചലൻ—എഴീച്ചു. ശൈവം ധനുഃ—ശിവന്റെ വില്ലിനെ. ശക്ത്യാ— ബലം പ്രയോഗിച്ചു. അന്ന പദം—ഉടൻതന്നെ. രാജകന്യാം—സീതയെ. ആദിത്സവഃ—സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരായി. ആത്തഗർവം—അഹങ്കാരത്തോടു. ധരണി—ഭൂമി. നിഹിതം—വച്ചിരിക്കുന്ന. ഊഢ... തി—വർദ്ധിച്ച നാണത്താൽ ധൈര്യം നശിച്ചവരായി. വീതമാനാഃ—അപമാനത്തോടു കൂടിയവരായി.

ഗദ്യം 7. (ദണ്ഡകം)തദനു—പിന്നീടു. വിപു ...മാ—കൈയ്യുക്ക കൂടിയ. പാണ്ഡ്യ ൻ—പാണ്ഡ്യരാജാവു. പ്രൗഢഗർഭേണ—വളരെ അഹങ്കാരത്തോടുകൂടി. മാണി.....ാതു—മാണിക്യപീഠത്തിൽനിന്നു. തതു ചാപം ആലോക്യ—ആ വില്ലിനെക്കണ്ടിട്ടു. ലോക.....നഃ—മൂന്നുലോകത്തിനും നാഥനായ. മന്മഥാരേഃ—ശിവന്റെ. ഉദ്ഗ്രാനുഭാവം—അത്യുച്ചപ്രഭാവത്തെ. മംഗല്യധാമാ—സൗഭാഗ്യവാനായ. കലിംഗഃ—കലിംഗരാജാവു. സ്വയം—തന്നെത്താൻ. ചണ്ഡ .....ക്ത്യാ-ഭയങ്കരമായ ബാഹുബലം കൊണ്ടു. കഥഞ്ചിത്—ഒരുവിധത്തിൽ. പുരാ.....ണ്ഡം—ശിവന്റെ വില്ലിനെ. ആദായ—എടുത്തു. ലജ്ജാ.....നനഃ—ലജ്ജകൊണ്ടു മുഖം താഴ്ത്തിയവനായി. കാർമു..... ണ—വില്ലിനെ തൊട്ടുകൊണ്ടുമാത്രം. മദ്രാധിരാജൻ—മദ്രദേശത്തിലെ രാജാവു". ദ്രുാവ—ഓടിപ്പോയി. കശ്മലാം ദശാം പ്രാപ—വിവർണ്ണനായി.

1. പം വിലോക്യാശ്രു.

കൈകാലൊടിഞ്ഞു, യയൗ സംഹൃതാശഃ സ്വയം സിംഹ—
ളേശഃ, സമാപീഹ നേപാലഭൂപാലധാമ്നാ, തുലോ
വട്ടമിട്ട സുരാഷ്ട്രാധിരാജൻ, പരം ഭംഗികേടംഗരാ—
ജന്നുമെത്തീ, കുരുക്ഷ്മാപനപ്പോഴ തരക്കേട്ട
വന്നു, വലഞ്ഞു ദിഗാന്ധ്യേന ഗാന്ധാരരാജൻ,
തദാ സിന്ധുരാജസ്തൃപാബന്ധുരാസീത്, തരംകെട്ട
വേറിട്ടിതാരട്ടകേശൻ, ബഹ്വൈതരുലം തത്—
ക്ഷണേ വീരഭൂപാലകന്മാരെഴന്നേറ്റു ഗർവ്വേണ
സർവ്വേപി പോർവിട്ടു തൊട്ടും വലിച്ചും കുരുത്തോ—
ടെടുത്തും വശം കെട്ട വീണും തദാനീം വലഞ്ഞൊട്ട
കേണും തൃപാഭാരമുൾക്കൊണ്ടു കുമ്പിട്ടിരുന്നും
ക്ഷണേനൈവ കൈകാലൊടിഞ്ഞും സമാലോക്യ
സീതാം വിമോഹം പിണഞ്ഞും നമുക്കിന്നി വേണ്ടില്ല
പെണ്ണെന്നമയ്യോ! മരുക്കണ്ടിതെന്നും തരം കെ—
ട്ടിതെന്നും തഴച്ചോരു കോലാഹലം തത്ര
വാഴ്ത്താവതല്ലേതുമേ.

ശ്രീരാമൻ വില്ലു കുലയ്ക്കാൻ ഒരുങ്ങുന്നു:

ഇത്ഥം ഭൂപാലവർഗ്ഗേ ത്വടിതി പരവശേ,
ജാതഹാസേ ജനൗഘേ,
മെത്തീടും പൗരവർഗ്ഗേ കളകളമുഖരേ,
സന്ദിഹാനേ വിദേഹേ,

തുല്യഃ അപി—തുല്യരാജാവും. ആതുരഃ അഭൂത്—വിഷണ്ണനായി. സിം
ഹളേശഃ—സിംഹളദേശരാജാവ്. സ്വയം—തന്നത്താൻ. സംഹൃതാശഃ—ആശ
യറ്റവനായി. യയൗ—പോയി. നേപാല.....ക്ഷ്മാ—നേപാലരാജാവിന്റെ
വീര്യം. ഇഹ—ഇതിൽ. സമാപി—തീർന്നുപോയി. പരം—വളരെ. കുരുക്ഷ്മാ
പൻ—കുരുദേശത്തിലെ രാജാവ്. ദിഗാന്ധ്യേന—ദിഗ്ഭ്രമംകൊണ്ട്. തദാ—
അപ്പോഴ. സിന്ധുരാജഃ—സിന്ധുദേശരാജാവ്. തൃപാബന്ധുഃ ആസീ
ത്—ലജ്ജയ്ക്ക ബന്ധുവായിത്തീർന്നു. ബഹ്വൈതരുലം—വളരെ പായേണ്ട
ല്ലോ. തത്ക്ഷണേ—ആ സമയത്തു്. ഗർവേണ—ഗർവോട്. സർവേ അപി
—എല്ലാവരും. തൃപാഭാരം—ലജ്ജാധിക്യം. ക്ഷണേന ഏവ—ക്ഷണംകൊണ്ടു
തന്നെ. സീതാം സമാലോക്യ—സീതയെ കണ്ടിട്ട്. വിമോഹം—മോഹം.

പദ്യം 76. ഇത്ഥം—ഇപ്രകാരം. ഭൂപാലവർഗേ—രാജസമൂഹം. ത്വടിതി
—വേഗത്തിൽ. പരവശേ—അശക്തമായും. ജനൗഘേ—ജനസമൂഹം. ജാത
ഹാസേ—പരിഹസിക്കുന്നതായും. പൗരവർഗേ—പുരവാസികളുടെ കൂട്ടം.
കളകളമുഖരേ—കോലാഹലം മുഴക്കുന്നതായും. വിദേഹേ—ജനകരാജാവ്.
സന്ദിഹാനേ—സന്ദേഹത്തോടു കൂടിയവനായും.

മുഗ്ധസ്മേരേ മുനീന്ദ്രേ, ത്വരയതി ബഹുശോ
ലക്ഷ്മണേ, മുക്തശങ്കം
സദ്യോ മദ്ധ്യാദുദസ്ഥാദ് ദശരഥതനയോ
രാമഭദ്രസ്തദാനീം. 76

ആർത്തു നാനാജനൗഘം കനിവിനൊടിവനാ–
രെന്നുമോർത്തു വിശങ്കാം
തീർത്തു രാജന്യചൂഡാമണി മനസി കരു–
ത്തു വിദേഹാത്മജായാഃ
വാഗ്മീ വീണാപ്രവീണോ മുനി ഗഗനതലേ
വന്ദിവഗ്രം പുകഴ്ത്തീ
താത്തേൻ തുകന്ന വാചാ ദശരഥതനയേ
കാർമ്മുകാദാനലോലേ. 77

പ്രണിപത്യ കുമാരോഽയം മൂഡാന്യൈ ച മൂഡായ ച
ഉദ്യുക്തോ ധനുരാദാതും ബദ്ധ്വാ പരികരം ദൃഢം. 78

പിത്രേ സ്വസ്തി, സുരാസുരസ്തുതമഹസ്–
സ്തേജസേ നമസ്തേജസേ
കുടസ്ഥായ കുലസ്യ, കിഞ്ച മഹതേ
സോമായ ദേവായ ച

മുനീന്ദ്രേ–വിശ്വാമിത്രൻ. മുഗ്ധസ്മേരേ–മനോഹരമന്ദഹാസത്തോടുകൂടിയ വനായും. ബഹുശഃ–പലവട്ടം. ലക്ഷ്മണേ–ലക്ഷ്മണൻ. ത്വരയതി (ച സതി)–ധൃതിപ്പെടുത്തുന്നവനായും ഇരിക്കുമ്പോഴും. മുക്തശങ്കം–ശങ്ക കൂടാതെ. ദശ.....യഃ രാമഭദ്രഃ–ദശരഥപുത്രനായ രാമൻ. തദാനീം അപ്പോൾ. സ്വ്യഃ–പെട്ടെന്നു്. മധ്യാത്–മധ്യത്തിൽനിന്നു്. ഉദസ്ഥാത്–എണീച്ചു.

പദ്യം 77. ദശ.....യേ–രാമൻ. കാർമു.....ലേ (സതി)–വില്ലെടുക്കുവാൻ തുനിഞ്ഞപ്പോൾ. നാനാജനൗഘം–പല ജനക്കൂട്ടം. വിശങ്കാം ശങ്കയെ. രാജന്യചൂഡാമണി–ക്ഷത്രിയശ്രേഷ്ഠൻ. (ജനകൻ) മനസി–മനസ്സിൽ. വിദേ..... യാഃ–സീതയുടെ. വീണാപ്രവീണഃ മുനി–വീണയിൽ സമർത്ഥനായ നാരദമുനി. ഗഗനതലേ–അന്തരീക്ഷത്തിൽ. വാചാ–വാക്കുകൊണ്ടു്. വന്ദിവഗ്രം–സ്തുതിപാഠകക്കൂട്ടം.

പദ്യം 78. അയം കുമാരഃ–ഈ കുമാരൻ. മൂഡാന്യൈ ച-ശ്രീപാർവതിയ്ക്കായിട്ടും. മൂഡായ ച–ശ്രീപരമേശ്വരനായിട്ടും. പ്രണിപത്യ–വന്ദിച്ചിട്ടു്. ദൃഢം പരികരം ബദ്ധ്വാ–ബലമായി കച്ചകെട്ടി. ധനുഃ–വില്ലിനെ. ആദാതും–എടുക്കുവാനായി. ഉദ്യുക്തഃ–ഒരുങ്ങി.

പദ്യം 79. പിത്രേ–പിതാവിനായിട്ടു്. സ്വസ്തി–മങ്ഗലം. കുലസ്യ–വംശത്തിന്റെ. കുടസ്ഥായ–മൂലപുരുഷനായ. സുരാ..... സ്മൈ–ദേവന്മാരാലും അസുരന്മാരാലും സ്തുതിക്കപ്പെട്ട കാന്തിസ്ഥൈര്യത്തോടുകൂടിയ. തേജസേ–തേജസ്സിനായിട്ടു് (സൂര്യനായിട്ടു്). നമഃ–

ആദേശാത് കുശികാത്മജസ്യ പുരഭിത്-
കോദണ്ഡമാരോപയാ-
മുദ്ധർത്തും ജനകം നൃപം [1]പരദൃശ-
ദ്ധാരം പ്രതിജ്ഞാർണ്ണവാത്. 79

ഭോഭോഃ കോദണ്ഡ! ചണ്ഡീപരിവൃഢദൃഢദോർ-
ദണ്ഡവേഗാവകൃഷ്ടീ-
ശ്ലാഘാപാത്രായ രാമോ രചയതി ഭവതേ
സൈഷ വര്യാം സപര്യാം;
ഹർവാജ്ഞായന്ത്രിതസ്യ സ്വയമിഹ ഭവന-
ത്രാണപാരീണ! മുഗ്ധ-
ശ്യാമാലാളിത്യഭാജോരയി മമ ഭുജയോ-
രാനുകൂല്യം ഭജേഥാഃ. 80

ശ്രീരാമൻ വില്ലു കുലച്ചതിന്റെ വർണ്ണന:

നവകുവലയദാമശ്യാമളൈരർച്ചയിത്വാ
നയനയുഗളരോചിഃകന്ദളൈർദ്രാക്കരേണ
കളഭ ഇവ മൃണാളം പുഷ്പരാഗ്രേണ രാമോ
ഹരധനുരുദഹാർഷീത് പശ്യതാം ക്ഷത്രിയാണാം. 81

നമസ്സാരം. മഹതേ ദേവായ സോമായ ച-മഹാദേവനായ ശിവനായ്ക്കുണ്ടാം (നമസ്കാരം). കുശികാത്മജസ്യ-വിശ്വാമിത്രന്റെ. ആദേശാത്-നിയോഗം ഹേതുവായി. പ്രതിജ്ഞാർണ്ണവാത്-പ്രതിജ്ഞയാകുന്ന സമുദ്രത്തിൽനിന്നു്. പരദൃശ്യധാരം-അന്യർക്കു പൊക്കാൻ വയ്യാത്ത. ജനകം നൃപം-ജനകരാജാവിനെ. ഉദ്ധർത്തും-കരകയറുന്നതിനു്. പുര .....ണ്ഡം-ശിവചാപത്തെ. ആരോപയാമി-ഞാൻ കുലയേറുന്നു.

പദ്യം 80. ഭോഃ ഭോഃ കോദണ്ഡ-അല്ലയോ വില്ലേ. ചണ്ഡീ.... ....ത്രായ-ശിവന്റെ ബലമുള്ള ബാഹുദണ്ഡങ്ങളുടെ ഊക്കിനാൽ ആകൃഷ്ടിക്കപ്പെട്ട എന്ന പ്രശംസയുള്ള പാത്രമായ. ഭവതേ-അങ്ങയ്ക്കായ്ക്കൊണ്ടു്. സഃ ഏഷഃ രാമഃ-ആ ഈ രാമൻ. വര്യാം സപര്യം-ശ്രേഷ്ഠമായ പരിചരണത്തെ. രചയതി-ചെയ്യുന്നു. ഇഹ-ഇവിടെ. സ്വയം-തന്നെത്താനെ. അയി ഭവന.....ണ-അല്ലയോ-ലോകരക്ഷണത്തിനു ശക്തനായുള്ളോവേ. ഹർവാ.....സ്യ-ഗുരുവിന്റെ കല്പനയ്ക്കു വിധേയനായ. മമ-എന്റെ. മുഗ്ധ.....ജോഃ-ഇളയ ശ്യാമാലതപോലെ ദുർബലമായ. ഭുജയോഃ-ബാഹുക്കൾക്കു്. ആനുകൂല്യം ഭജേഥാഃ-വഴങ്ങിവന്നാലും.

പദ്യം 81. രാമഃ-രാമൻ. ക്ഷത്രിയാണാം പശ്യതാം-ക്ഷത്രിയന്മാർ കാൺകവേ. നവ.....ളൈഃ-പുത്തനായ നീലോത്പലമാലപോലെ നീലവർണ്ണമായ. നയന..... ളൈഃ-രണ്ടു കണ്ണുകളിലേയും പ്രഭാകരങ്ങളാൽ അച്ചയിത്വാ-(വില്ലിനെ) പൂജിച്ചിട്ടു്. ദ്രാക്-ഉടൻതന്നെ. കളഭഃ-ആനക്കുട്ടി. പുഷ്പരാഗ്രേണ-തുമ്പിക്കയ്യറ്റംകൊ

1. പാരദൃ.

"ദോർദാമ്നാ വാമമംഗം [1]ദ്രുഢയ പശുപതേ!
ദേവ! ഭീരു തദർദ്ധം,
ബാഹാദണ്ഡൈശ്ചതുർഭിർബിഭൃഹി മുരരിപോ!
വക്ഷസോ മാ ഗളച്ച്യുതിഃ,
വക്ത്രശ്രേണീം പിധേഹി ദ്രുഹിണ! ധര ഗിരാം
ദേവതാം, ജൃംഭതേ യ—
ദ്ദുർവാരസ്സ്വാര്യബാഹാ[2]ദളിതഹരധനുഃ—
പർവാഠാത്കാരഘോഷഃ." 82

ഭക്ത്യാ[3] വന്ദിച്ചൃഷീണാം കുലഗുരുമഥ കാ—
ണൈശ്വരം ചാപദണ്ഡം
കൈത്താരിൽക്കൊണ്ടു മെല്ലെന്നഴകിനൊടു കുല—
ച്ചു സമക്ഷം നൃപാണാം;
മദ്ധ്യേ കെട്ടിപ്പിടിച്ചൊന്നുദിതധൃതി വലി—
ച്ചോരു നേരത്തു പൊട്ടി—
പ്പത്താശാന്തേ മുഴങ്ങീ വടിവെഴുമിടിപോ—
ലേ ധനുർഭംഗഘോഷം. 83

ണ്ടു്. മുണാളം ഇവ—താമരത്തണ്ടിനെ എന്നപോലെ. കരേണ—കൈകൊണ്ടു്. ഹരധനുഃ—ശിവചാപത്തെ. ഉദഹാർഷീത്—പൊക്കി.

പദ്യം 82. പശുപതേ—അല്ലയോ പരമശിവ. ദോർദാമ്നാ—നീണ്ട കൈകൊണ്ടു്. വാമം അംഗം—വാമഭാഗത്തെ. ദ്രുഢയ—ബലപ്പിച്ചാലും. എന്തെന്നാൽ, ദേവ—അല്ലയോ ദേവ. തദർദ്ധം—നിന്റെ പകുതി അംശം. ഭീരു—ഭയശീലമുള്ളതു്. മുരരിപോ—അല്ലയോ വിഷ്ണുവേ. ചതുർഭിഃ ബാഹാദണ്ഡൈഃ—നാലു ബാഹുദണ്ഡങ്ങളാലും. ബിഭൃഹി—ധരിച്ചാലും. എന്തെന്നാൽ, ശ്രീഃ—ലക്ഷ്മീദേവി. വക്ഷസഃ—മാറിടത്തിൽനിന്നു്. മാ ഗളത്—വഴുതിപ്പോകരുതു്. ദ്രുഹിണ—അല്ലയോ ബ്രഹ്മാവേ. വക്ത്രശ്രേണീം—മുഖങ്ങളെ. പിധേഹി—മൂടിയാലും. ഗിരാം ദേവതാം—സരസ്വതീദേവിയെ. ധര—ധരിച്ചാലും. യത്—എന്തുകൊണ്ടെന്നാൽ. ആര്യബാഹാ....ഷഃ—ജ്യേഷ്ഠന്റെ കൈകൊണ്ടു മുറിഞ്ഞ ശിവചാപത്തിന്റെ സന്ധി ഒടിഞ്ഞതിന്റെ ഠാത്കാരശബ്ദമുഴക്കം. ജൃംഭതേ—പൊങ്ങുന്നു. ലക്ഷ്മണന്റെ വാക്കാണിതു്.

പദ്യം 83. അഥ—പിന്നെ. ഋഷീണാം കുലഗുരും—മുനിമാരുടെ കുലഗുരുവായ വിശ്വാമിത്രനെ. ഭക്ത്യാ—ഭക്തിയോടുകൂടി. ഐശ്വരം ചാപദണ്ഡം—ശിവന്റെ വില്ലിനെ. നൃപാണാം സമക്ഷം—രാജാക്കന്മാരുടെ മുമ്പിൽ. ഉദിതധൃതി—ബലമായി. പത്താശാന്തേ—പത്തു ദിക്കുകളുടെ അറ്റത്തിലും. ദിക്കുകൾ നാലു് വിദിക്കുകൾ നാലു് താഴെ മുകളിൽ എന്നിങ്ങനെ പത്തു ദിക്കുകൾ. ധനുർഭംഗഘോഷം—വില്ലൊടിഞ്ഞതിന്റെ മുഴക്കം.

1. ഗം ദ്രുഢ. 2. ബാഹാദളിത. 3. ഭക്ത്യാ നത്വാ മുനീനാം കുല.

''രുന്ധന്നഷ്ട വിധേഃ ശ്രുതീർമുഖരയ—
ന്നഷ്ടൗ ദിശഃ ക്രോഡയൻ
മുത്തീരഷ്ട മഹേശ്വരസ്യ ദലയ—
ന്നഷ്ടൗ കുലക്ഷ്മാഭൃതഃ
താന്യക്ഷ്ണാ ബധിരാണി പന്നഗ—
കുലാന്യഷ്ടൗ സമാപാദയ—
ന്നുന്മീലത്യയമാര്യദോർബലദലത്—
കോദണ്ഡഹോലാഹലഃ.'' 84

രാമാകൃഷ്ണഭഗ്നകാർമുകഭവാ
ധ്വാനേന രോദോരുധാ
ദൃപ്തക്ഷത്രയശസ്സിതച്ഛദകുലേ
ജീമൂതനാദായിതം
വീരശ്രീപ്രഥമപ്രവേശസമയേ
പുണ്യാഹഘോഷായിതം
[1]മൈഥില്യാഃ കില മാനസേ പരിണയേ
മംഗല്യതൂര്യായിതം. 85

പദ്യം 84. വിധേഃ—ബ്രഹ്മാവിന്റെ. അഷ്ടശ്രുതീഃ—എട്ട ചെവികളെ. രുന്ധൻ—അടച്ചുകൊണ്ട്. അഷ്ടൗ ദിശഃ—എട്ട ദിക്കുകളെയും. മുഖരയൻ—മുഴക്കിക്കൊണ്ട്. മഹേശ്വരസ്യ—പരമേശ്വരന്റെ. അഷ്ട മുത്തീഃ—എട്ട സ്വരൂപങ്ങളെ. ക്രോഡയൻ—സങ്കോചിപ്പിച്ചുകൊണ്ട്. അഷ്ടൗ കുലക്ഷ്മാഭൃതഃ—എട്ട കുലപർവ്വതങ്ങളെ. ദലയൻ—പിളർന്നുകൊണ്ട്. താനി അഷ്ടൗ പന്നഗകുലാനി—ആ എട്ട സർപ്പവംശങ്ങളെ. അക്ഷ്ണാ—നേത്രംവഴി. ബധിരാണി—ചെവി കേൾക്കാത്തതുകളായി. സമാപാദയൻ—ആക്കിത്തീർത്തുകൊണ്ട്. സർപ്പങ്ങൾക്കു ചെവിയും കണ്ണും ഒന്നാണല്ലോ. ആയതുകൊണ്ടാണല്ലോ അവയ്ക്ക് ചക്ഷുഃശ്രവസ്സ് എന്ന പേരു്. അയം—ഈ. അര്യ....ലഃ—ജ്യേഷ്ഠന്റെ ബാഹുബലംകൊണ്ടു പിളരുന്ന വില്ലിന്റെ മുഴക്കം. ഉന്മീലതി—അഭിവ്യക്തമാകുന്നു. ഇതും ലക്ഷ്മണന്റെ വാക്കുതന്നെ.

പദ്യം 85. രാമാ....വാ—രാമൻ പിടിച്ചുവലിച്ചതുകൊണ്ട് ഒടിഞ്ഞ വില്ലിൽനിന്നുണ്ടായതും. രോദോരുധാ—ദ്യാവാപൃഥിവികളെ വ്യാപിച്ചതും ആയ. ധ്വാനേന—ശബ്ദത്താൽ. ദൃപ്ത....ലേ—അഹങ്കാരികളായ ക്ഷത്രിയന്മാരുടെ കീർത്തിയാകുന്ന ഹംസപക്ഷിക്കൂട്ടത്തിൽ. ജീമൂതനാദായിതം—മേഘഗർജ്ജിതംപോലെ ആചരിക്കപ്പെട്ട. വീര....യേ—വീര്യലക്ഷ്മി ആദ്യമായി പ്രവേശിക്കുമ്പോൾ. പുണ്യാ....തം—പുണ്യാഹമന്ത്രമുഴക്കം പോലെ ആചരിക്കപ്പെട്ട. മൈഥില്യാഃ—സീതയുടെ. മാനസേ പരിണയേ—മനസ്സുകൊണ്ടുള്ള വിവാഹത്തിൽ. മങ്ഗ....തം—മങ്ഗലവാദ്യഘോഷംപോലെ ആചരിക്കപ്പെട്ട.

1. വൈദേഹ്യാ ഖലു മാ.

രാമേ ബാഹുബലം വിവൃണ്വതി ധനുർ—
വംശേ ഗുണാരോപണം
മാ ഭ്രത് കേവലമാത്മനാ തിലകിതേ
വംശേഽപി വൈകർത്തനേ,
ആകൃഷ്ടം നിതരാം തദേവ ന പരം
സീതാമനോഽപി ധൃതം,
ഭംഗസ്തസ്യ ന കേവലം ക്ഷിതിഭൃതാം
ദോസ്തംഭഡംഭസ്യ ച. 86

ത്രൈയംബകേ തു ധനുഷി ത്രുടിതേ[1] നിമേഷാദ്
രാമേണ പാർവ്വണശശാങ്കനിഭാനനേന
ഉജ്ജൃംഭിതോ ജനകജാഹൃദയേ മനോഭൂ—
സ്തദ്വ്യജ്യതേ യദരിഭംഗരസാ ഹി വീരാഃ. 87

ഇഭകുംഭോംഗകുചകുംഭയുഗായാ
പരിരംഭസംഭ്രമരസേന മൂഡാന്യാഃ
ഗിരിശോഽപി ചാപദലനം ബഹുമേനേ;
നഹി വസ്തുഹാനിമനുശോചതി കാമീ. 88


പദ്യം 86. രാമേ—രാമൻ. ബാഹുബലം—കൈയ്ക്കിനെ. വിവൃണ്വതി (സതി)—പ്രകാശിപ്പിക്കുമ്പോഴും. ധനുർവംശേ കേവലം—വില്ലിൻപാത്തിയിൽമാത്രം. ഗുണാരോപണം മാ ഭ്രത്—ഞാണിനെ കയറിയാൽ പോരാ. പിന്നെയോ ആത്മനാ—തന്നെക്കൊണ്ട്. തിലകിതേ—അലംകൃതമായ. വൈകർത്തനേ വംശേ അപി—സൂര്യവംശത്തിലും (ഗുണാരോപണം)—പ്രശസ്തിസമ്പാദനം (വേണം). തത് ഏവ പരം ന—അതു (ധനുസ്സ്) മാത്രമല്ല. നിതരാം—ഏറെവും. ന ആകൃഷ്ടം—വലിക്കപ്പെട്ടുള്ള. പിന്നെയോ സീതാമനഃ അപി—സീതയുടെ ചിത്തവും. ധൃതം—പെട്ടെന്ന (വലിക്കപ്പെട്ട). തസ്യ കേവലം ന ഭംഗഃ—അതിനെ (ചാപത്തിനെ) മാത്രമല്ല ഭംഗമുണ്ടായുള്ള. പിന്നെയോ, ക്ഷിതിഭൃതാം—രാജാക്കന്മാരുടെ. ദോസ്തംഭഡംഭസ്യ ച—ബാഹുസ്തംഭങ്ങളുടെ ഗർവിനും (ഭങ്ഗമുണ്ടായി).

പദ്യം 87. പാർവണ....ന—പൂർണ്ണചന്ദ്രനു തുല്യമായ മുഖത്തോടുകൂടിയ. രാമേണ—രാമനാൽ. നിമേഷാത്—ക്ഷണനേരംകൊണ്ട്. ത്രൈയംബകേ ധനുഷി ത്രുടിതേ തു—ശിവന്റെ വില്ല് ഭഗ്നമായപ്പോഴേ. ജനകജാഹൃദയേ—സീതയുടെ മനസ്സിൽ. മനോഭൂഃ—മന്മഥൻ (മദനവികാരം). ഉജ്ജൃംഭിതഃ—തഴച്ചു. തത്—അതു. യുജ്യതേ—യോജിക്കുന്നു. യത്—എന്തെന്നാൽ. വീരാഃ—വീരന്മാർ. അരി....സാഃ—ശത്രുനാശത്തിൽ രസികരാകുന്നവരാകുന്നു. മന്മഥന്റെ ശത്രുവാണല്ലോ ശിവൻ. ശിവചാപം ഒടിഞ്ഞതിൽ മന്മഥൻ രസികരാകുന്നതു ശരിയാണല്ലോ.

പദ്യം 88. ഇഭ....യാഃ—ആനയുടെ മസ്തകംപോലെ ഉയർന്ന ഇരുമുലകളോടുകൂടിയ. മൂഡാന്യാഃ—പാർവതിയുടെ. പരി..ന—പരിഭ്രമിച്ച ആലിം

1. തേ ക്ഷണേന രാ.

സീത ശ്രീരാമനെ വരിക്കുന്നതായി വർണ്ണിക്കുന്നു:



മന്ദീഭൂതേ ജനൗഘേ പരിമളബഹുളാം
കയ്യിലാദായ മാലാം
മന്ദാരാഭോഗമന്ദസ്മിതമധുരമുഖീ
മംഗലസ്ത്രീസമേതാ
മന്ദം മന്ദം നയന്തീ ഘനജഘനഭരം
പ്രാഭൃതപ്രായമഗ്രേ
മന്ദാക്ഷാലങ്കൃതാക്ഷീ മനസിജകലികാ
മൈഥിലീ സാ നടന്നാഽം. 89

മുളീടും ഭൃംഗപാളീവിവലനമധുരാം
മാലികാം കൈത്തലേ ചേ–
ത്താളീദത്തോവലംബാ നിജതനുമഹസാ
രംഗമുദ്യോതയന്തീ
വ്രീളാവേശേന രാമാനനമിടയിടയിൽ–
ക്കട്ട നോക്കി പ്രമോദ–
വ്യാലോലാ മെല്ലെമെല്ലെന്നരികിലുപഗതാ
കോമളാഭ്യാം പദാഭ്യാം. 90

ഗന്ധത്തിലുള്ള രസത്താൽ. ഗിരിശഃ അപി–ശിവനും. ഗിരൗ ശേതേ ഇതി ഗിരിശഃ എന്ന വ്യുൽപത്തി. ചാപദലനം–ചാപഭഞ്ജനത്തെ. ബഹുമേനേ –ബഹുമാനിച്ചു. കാമീ–കാമുകൻ. വസ്ത്രനാശം–വസ്ത്രനഷ്ടപ്പെടുന്നതിനെ(പ്ര റ്റി). ന അനുശോചതി ഹി–ദുഃഖിക്കുന്നില്ലല്ലോ.

പദ്യം 89. ജനൗഘേ–ജനക്കൂട്ടം. മന്ദീഭൂതേ–ശാന്തമായപ്പോൾ. മന്ദാ... ഖീ–മന്ദാരപ്പൂപ്പരപ്പുപോലുള്ള മന്ദഹാസംകൊണ്ട് മധുരമായ മുഖത്തോടുകൂടി യ. ഗ ഗ....താ–സുമംഗലിമാരോടുകൂടിയ. പ്രാഭൃതപ്രായം–കാഴ്ചദ്രവ്യമെന്ന വണ്ണം. ഘനജഘനഭരം–തന്റെ വലിയ അൽക്കിടത്തെ. അഗ്രേ–മുമ്പിൽ. മന്ദം മന്ദം–പതുക്കെപ്പതുക്കെ. നയന്തീ–നയിക്കുന്നവളായ. മന്ദാ....ക്ഷീ– ലജ്ജകൊണ്ട് അലങ്കരിക്കപ്പെട്ട കണ്ണുകളോടുകൂടിയ. മന....കാ–മദനാങ്കുര മായ. സാ മൈഥിലീ–ആ സീത. പരി....ളാം–അധികം മണമുള്ള. മാലാം–മാലയെ. ആദായ–എടുത്തിട്ട്.

പദ്യം 90. ഭൃംഗ .. രാം–വണ്ടിൻകൂട്ടത്തിന്റെ സഞ്ചാരത്താൽ മനോഹ രമായ. മാലികാം–മാലയെ. കൈത്തലേ–കരതലത്തിൽ. ആളീ....ബാ– സഖിയുടെ അവലംബത്തോടെ(താങ്ങലോടെ)കൂടിയവളായി. നിജ..... സാ–തന്റെ ശരീരകാന്തിയാൽ. രംഗം–സഭാമണ്ഡപത്തെ. ഉദ്യോ തയന്തീ–പ്രകാശിപ്പിക്കുന്നവളായി. വ്രീളാവേശേന–ലജ്ജയോടുകൂടി. രാമാനനം––രാമന്റെ മുഖത്തെ. ആനനം–മുഖം പ്രമോ...ലാ–സന്തോ

മദ്ധ്യേരംഗം മനോമോഹനതനുലതികാ
ചെന്ന മന്ദാക്ഷനഗ്രേ
പൊൽത്താർബാണോപമാനേ ദശരഥതനയേ
മാലയിട്ടോരുനേരം
നിർദ്ധൂതാശേഷലോകേ ജയജയവചനേ
ദിവ്യനാരീവിമുക്തം
ചിത്രാകാരം മുഴുത്തു പരിമളബഹളം
പുഷ്പവർഷം വിശേഷാൽ. 91

ന്യസ്താ തദ്ബാഹ്വമൂലേ വരവരണസഖീ
മംക്ഷു മാലാ കുമാര്യാ
മാലായാം സാധുവാദൈഃ സഹ സകലജനൈ—
രർപ്പിതാ നേത്രമാലാ
രാജ്ഞാം ലജ്ജാകളങ്കഃ ഖലു മുഖശശിനി
സ്ഥാപിതഃ കാർമുകേണ
ക്ഷേപിഷ്ഠം തസ്യ കോടൗ നിപുണമുപഹിതാ
രാജപുത്രേണ മൗർവീ. 92

ഷ്ടത്താൽ ചപലയായി. കോമളാഭ്യാം—മൃദുക്കളായ. പദാഭ്യാം—കാലുകളെക്കൊണ്ട്. ഉപഗതാ—പ്രാപിച്ച

പദ്യം 91. മനോ...കാ—ചിത്താകർഷകമായ വള്ളിപോലെയുള്ള ശരീരത്തോടുകൂടിയ (സീത). മദ്ധ്യേരംഗം—സഭാമധ്യത്തിൽ. മന്ദാക്ഷനഗ്രേ—ലജ്ജകൊണ്ടു കുനിഞ്ഞവനായ. പൊൽ...നേ—കാമദേവനു തുല്യനായ. ദശരഥതനയേ—രാമങ്കൽ. ജയജയവചനേ—ജയ ജയ ശബ്ദം. നിർധൂ...കേ—എല്ലാവരേയും പരവശപ്പെടുത്തിയപ്പോഴ്. ചിത്രാകാരം—വിചിത്രാകൃതിയിലുള്ള. പരി...ളം—വാസന നിറഞ്ഞ. പുഷ്പവർഷം—പുഷ്പവൃഷ്ടി. വിശേഷാത്—വിശേഷിച്ച്.

പദ്യം 92. കുമാര്യാ—കുമാരിയായ സീതയാൽ. വര...ഖീ—വരനെ വരിക്കുന്നതിൽ സഖിയായ. മാലാ—മാല. മംക്ഷു—ഉടൻ. തദ്...ലേ—അവന്റെ കണുത്തിൽ. ന്യസ്താ—ഇടപ്പെട്ട. മാലായാം—മാലയിങ്കൽ. സകലജനൈഃ—എല്ലാവരാലും. സാധുവാദൈഃ സഹ—'സാധു' (ഭേഷ്) എന്ന വചനങ്ങളോടുകൂടി. നേത്രമാലാ—കണ്ണുകളാകുന്ന മാല. അർപ്പിതാ—അർപ്പണം ചെയ്യപ്പെട്ട. രാജ്ഞാം—രാജാക്കന്മാരുടെ. ലജ്ജാകളങ്കഃ—ലജ്ജയാകുന്ന മാലിന്യം. കാർമുകേണ—വില്ലിനാൽ. മുഖശശിനി—മുഖചന്ദ്രങ്കൽ. സ്ഥാപിതഃ—സ്ഥാപിക്കപ്പെട്ട. ക്ഷേപിഷ്ഠം—വളരെ വേഗത്തിൽ. രാജപുത്രേണ—രാജപുത്രനാൽ (രാമനാൽ). തസ്യ കോടൗ—അതിന്റെ അഗ്രത്തിൽ. നിപുണം—മിടുക്കോടുകൂടി. മൗർവീ—ഞാൺ. ഉപഹിതാ—നിക്ഷിപ്തമായി.

വന്ന രാജാക്കന്മാരെയെല്ലാം ജനകൻ വേണ്ടപോലെ യാത്രയാക്കുന്നു. ശ്രീരാമൻ സീതയേയും ലക്ഷ്മണ ഭരത ശത്രുഘ്നന്മാർ ഊർമിള മാണ്ഡവി ശ്രുതകീർത്തി എന്നിവരേയും വിവാഹം ചെയ്യുന്നതായുള്ള പ്രസ്താവന:

ഓരോരോ ഭൂമിപാലാൻ ജനകനഭിമതതെ—
രച്ചയിത്വാ ധനൗഘൈ—
രീരേഴും പാർ മുഴങ്ങുംപടി തടിതി തദാ
യാത്രയാക്കീ ദിഗന്തേ;
ശ്രീരാമോഽപി പ്രകാമം ദശരഥവചസാ
മൈഥിലീം മന്മഥാർത്താ—
മാരുഢപ്രേമമന്നേ തെളിവിനൊടുപയേ—
മേ സമാനീയ ബന്ധൂൻ. 93

ഗ്രണമനിമിഷചാപേ കഞ്ചിദാരോപ്യ സീതാം
കുശികതനുജവാക്യാദഗ്രഹീദ് രാമഭദ്രഃ;
തദനു തദനുജന്മാ മൈഥിലേന്ദ്രസ്യ ചിത്തേ
നിഹിതബഹുഗ്രണഃ സന്നൂർമിളാം ലക്ഷ്മണോഽപി. 94

ഗദ്യം 8.

ലീലാവിലൂനദുർഗ്രഹരഘുധനവനാ രാഘവേണ
സഗ്രണായ പരിക്രീതായാം പ്രഥമദുഹിതരി സമു—
ചിതജാമാതൃലാഭസമേധിതസമ്മദോ ജനകഃ
തിസ്രോഽപി തദനുജാസ്ത്രിഭ്യോ രാമാനുജേഭ്യഃ.

പദ്യം 93. ഭൂമിപാലാൻ—രാജാക്കന്മാരെ. അഭിമതതെഃ—ഇഷ്ടം പോലെയുള്ള. ധനൗഘൈഃ—ദ്രവ്യസമൂഹത്താൽ. അർച്ചയിത്വാ—പൂജിച്ചിട്ട്. ദിഗന്തേ—ദിക്കുകളിലേക്ക്. ശ്രീരാമഃ അപി—ശ്രീരാമനും. ദശരഥവചസാ—ദശരഥന്റെ വാക്കിൻപടി. പ്രകാമം—വളരെ. മന്മഥാർത്താം—കാമപീഡിതയായ. മൈഥിലീം—സീതയെ. ആരുഢപ്രേമം—വർദ്ധിച്ച പ്രേമത്തോടു്. ബന്ധൂൻ—ബന്ധുജനങ്ങളെ. സമാനീയ—വരുത്തി. ഉപയേമേ—കല്യാണം കഴിച്ചു.

പദ്യം 94. കുശി....ക്യാത്—വിശ്വാമിത്രന്റെ വാക്കനുസരിച്ച്. രാമഭദ്രഃ—രാമൻ. അനി....പേ—ദേവചാപത്തിൽ. കഞ്ചിദ് ഗ്രണം.—ഒരു ഞാണിനെ. ആരോപ്യ—കെട്ടി. സീതാം—സീതയെ. അഗ്രഹീത്—സ്വീകരിച്ചു. തദനു—പിന്നെ. തദനുജന്മാ ലക്ഷ്മണഃ അപി—രാമന്റെ അനുജനായ ലക്ഷ്മണനും. മൈഥിലേന്ദ്രസ്യ—ജനകന്റെ. ചിത്തേ—ചിത്തത്തിൽ. നിഹി...ണഃ സൻ—നിക്ഷേപിക്കപ്പെട്ട ബഹുഗ്രണത്തോടുകൂടിയവനായി. ഊർമിളാം—ഊർമിളയെ (സ്വീകരിച്ചു).

ഗദ്യം 8. ലീലാ...നാ—കളിയെന്നമട്ടിൽ മുറിക്കപ്പെട്ട പരശുരാമഗുരുവിന്റെ വില്ലോടുകൂടിയ. രാഘവേണ—രാമനാൽ. സഗ്രണായ—തന്റെ ഗ്രണത്തിന്നായി. പ്രഥമദുഹിതരി—ആദ്യത്തെ പുത്രി. പരിക്രീതായാം (സത്യാം)—വാങ്ങിക്കപ്പെട്ടപ്പോൾ. സമുചി...ഭഃ—യോഗ്യനായ ജാമാതാവു് ഉണ്ടായതിൽ വർദ്ധിച്ച സന്തോഷത്തോടുകൂടിയ. ജനകഃ—ജനകരാജാവു്. തിസ്രഃ തദനുജാഃ അപി—അവളുടെ (സീതയുടെ

പ്രതിപിപാദയിഷുഃ, കുശികനന്ദനാനന്ദമോദിതഃ
തരസൈവ പ്രഹിതേന പുരോഹിതേന പ്രണയ
സാന്ദ്രേണ ശതാനന്ദേന സഹാത്മജം ദശരഥം
ആത്മനഗരമാനായയാമാസ.

കൃതഗോദാനമംഗലേഷു കുമാരേഷു നരപതി—
രഭിനവയൗവനാഭിരാമാം രാമായ തനയാമയോനി—
രഭിനവയൗവനാഭിരാമാം രാമായ തനയാമയോനി—
ജാമദാത്യ; തദനുജാം ച രമണീയഗ്രണോർമി—
ലക്ഷണാം ലക്ഷ്മണായ സ്വസുതാമൂർമിളാം നാമ
തഥാ ച സ്വകനീയസഃ കുശധ്വജസ്യാത്മജേ
നിരുപമസൗഭാഗ്യമണ്ഡനേ മാണ്ഡവീശ്രുത—
കീർത്തിനാമധേയേ ചാമോദനിഷ്ഭമനാഃ ഭരത—
ശത്രുഘ്നാഭ്യാം പ്രദദൗ.

മുദ്ധാക്ഷീമഥ മാണ്ഡവീം[1] സ ഭരത—
സ്തുത്രോർമിളാം ലക്ഷ്മണോ
ബദ്ധാത്മാ ശ്രുതകീർത്തിമക്ഷയബലഃ
ശത്രുഘ്നനാമാ സുധീഃ

മൂന്നു അനുജത്തിമാരേയും. ത്രിഭ്യഃ രാമാനുജേഭ്യഃ—രാമന്റെ മൂന്നനുജന്മാക്കായി. പ്രതിപിപാദയിഷുഃ—കൊടുക്കാൻ ആഗ്രഹമുള്ളവനായി. കുശി.....തഃ—വിശ്വാമിത്രനാൽ അഭിനന്ദിതനായി. തരസാ ഏവ—പെട്ടെന്നുതന്നെ പ്രഹിതേന—അയയ്ക്കപ്പെട്ട. പുരോഹിതേന—പുരോഹിതനായ. പ്രണയസാന്ദ്രേണ—സ്നേഹിതനായ. ശതാനന്ദേന—ശതാനന്ദൻ വഴി. സഹാത്മജം—പുത്രന്മാരോടുകൂടിയ. ദശരഥം—ദശരഥനെ. ആത്മ നഗരം—തന്റെ നഗരത്തിലേക്കു. ആനായയാമാസ—വരുത്തി.

കുമാരേഷു—രാമലക്ഷ്മണാദികുമാരന്മാർ. കൃത....ഷു (സത്സു) ഗോദാനത്രുപമായ മങ്ഗലകൃത്യം നടത്തിക്കഴിഞ്ഞ ഉടൻ. നരപതിഃ— രാജാവു. അഭി....മാം—പുത്തനായ താരുണ്യത്താൽ മനോഹരയായ അയോനിജാം—യോനിയിൽനിന്നു ജനിക്കാത്ത (ഭൂമിയിൽനിന്നുണ്ടായ). തനയാം—പുത്രിയെ (സീതയെ). രാമായ—രാമനായി. അദാത്—കൊടുത്തു. രമ....ണാം—മനോഹരഗ്രണങ്ങളോടുകൂടിയ. തദനുജാം—അവളുടെ അനുജത്തിയായ. സ്വസുതാം—തന്റെ പുത്രിയായ. ഊർമിളാം നാമ—ഊർമിളയെന്നു പേരുള്ളവളെ. ലക്ഷ്മണായ ച—ലക്ഷ്മണനാണ്ടും (കൊടുത്തു). തഥാ ച—അതുപോലെ. സ്വകനീയസഃ—തന്റെ അനുജനായ. കുശധ്വജസ്യ—കുശധ്വജന്റെ. ആത്മജേ—പുത്രിമാരായ. നിരു.... നേ—നിസ്തുല്യമായ സൗഭാഗ്യത്താൽ അലങ്കൃതമാരായ. മാണ്ഡ ....യേ ച—മാണ്ഡവി എന്നും ശ്രുതകീർത്തി എന്നും പേരുള്ളവരേയും. ഭരതശത്രുഘ്നാഭ്യാം—ഭരതനാണ്ടും ശത്രുഘ്നനാണ്ടും. ആമോദനിഷ്ഭമനാഃ—സന്തോഷത്തിനു അധീനമായ ചിത്തത്തോടുകൂടിയവനായി. പ്രദദൗ—കൊടുത്തു.

1. വീം ച ഭ.

കൃത്വാ സാക്ഷിണമുജ്ജ്വലം ഹുതവഹം
താതാജ്ഞയാ ദേശികം
നത്വാ പ്രീതിയുതം ക്രമാദ്ദവഹൻ
പ്രാപ്തേ മുഹൂർത്തോദയേ. 95

ജനകന്റെ മഹിഷി വിരഹത്തെ ഓർത്തു ദീനയായ സീതയെ ആശ്വസിപ്പിച്ചു് അവശ്യം ചെയ്യേണ്ട ഉപദേശങ്ങളും നൽകുന്നു:

സൈവം കല്യാണകോലാഹലകലവി കഴി—
ഞ്ഞങ്ങു മേവും ദശായാം
പാരാതേ തത്ക്ഷണോപസ്ഥിതവിരഹമഹാ—
വേദനാദീനദീനാം
നാരീമാണിക്യഭൂഷാം നരപതിമഹിഷീ
ജാനകീം മാനയിത്വാ
വേറേ വച്ചാശ്വസിപ്പിച്ചതിമൃദുവചസാ
മന്ദമന്ദം ബഭാഷേ. 96

''യസ്യാസ്തേ ജനനീ സ്വയം ക്ഷിതിരിയം
യോഗീശ്വരോ'യം പിതാ
വത്സേ! മൈഥിലി! ശിഷ്യതേ കഥയ കിം
തസ്യാഃ സുജാതേസ്തവ?

പദ്യം 95. ഉജ്ജ്വലം—കത്തിക്കൊണ്ടു. ഹുതവഹം—അഗ്നിയെ. സാക്ഷിണം കൃത്വാ—സാക്ഷിയാക്കിച്ചെയ്തിട്ടു്. താതാജ്ഞയാ—പിതാവിന്റെ കല്പനയനുസരിച്ചു്. പ്രീതിയുതം—പ്രീതനായ. ദേശികം നത്വാ—വിശ്വാമിത്രനെ വന്ദിച്ചിട്ടു്. അഥ—അനന്തരം. സഃ ഭരതഃ—ആ ഭരതൻ. മുഗ്ധാക്ഷീം—രമ്യമായ കണ്ണുകളോടുകൂടിയ. മാണ്ഡവീം—മാണ്ഡവിയേയും. ബദ്ധാത്മാ—ലയിച്ച മനസ്സോടുകൂടിയ. ലക്ഷ്മണഃ—ലക്ഷ്മണൻ. തത്ര—അവിടെ. ഊർമിളാം—ഊർമിളയേയും. അക്ഷ....ലഃ—ക്ഷയിക്കാത്ത ബലത്തോടുകൂടിയ. സുധീഃ—ബുദ്ധിമാനായ. ശത്രുഘ്നനാമാ—ശത്രുഘ്നനെന്ന പേരുള്ളവൻ. ശ്രുതകീർത്തിം—ശ്രുതകീർത്തിയേയും. മുഹൂർത്തോദയേ പ്രാപ്തേ (സതി)—ശുഭമുഹൂർത്തം ഉദിച്ചപ്പോൾ. ക്രമാത്—യഥാക്രമം. ഉദവഹൻ—കല്യാണം കഴിച്ചു.

പദ്യം 96. തത്ക്ഷ.....നാം—അപ്പോൾ വന്നുചേർന്ന വിരഹവേദനയോർത്തു വളരെ ദുഃഖിതയായ. നാരീ....ഷാം—സ്ത്രീരത്നമായ. ജാനകീം—സീതയെ. മാനയിത്വാ—മാനിച്ചിട്ടു്. നരപതിമഹിഷീ—ജനകന്റെ പത്നി. അതി.....സാ—വളരെ ലളിതമായ വാക്കുകൊണ്ടു്. മന്ദമന്ദം—പതുക്കെപ്പതുക്കെ. ബഭാഷേ—പറഞ്ഞു.

പദ്യം 97. ഇയം ക്ഷിതിഃ—ഈ ഭൂമി. യസ്യാഃ തേ—യാതൊരു നിനക്കു്. സ്വയം—തന്നെത്താൻ. ജനനീ—മാതാവോ. അയം യോഗീശ്വരഃ—ഈ യോഗിവര്യൻ (ജനകൻ). പിതാ—പിതാവോ. തസ്യാഃ—അങ്ങനെയുള്ള. സുജാതേഃ—ശ്രേഷ്ഠയായ. തവ—നിനക്കു് കിം—ശിഷ്യതേ—എന്താണു് ഉപദേശിക്കേണ്ടതു്. കഥയ—പറഞ്ഞാലും.

സ്നേഹാത് കേവലമുച്യതേ പുനരിദം,
സ്ത്രീണാം പതിർദൈവതം
തത്ഭ്രയാസ്ത്വാമുപാസ്യ ധർമ്മപരാ
ഛായേവ രാമാനുഗാ. 97

അഭ്യുത്ഥാനമുപാഗതേ ഗൃഹപതൗ,
തദ്ഭാഷണേ നമ്രതാ,
തത്പാദാപ്പിതദൃഷ്ടിരാസനവിധി,—
സ്നുഷ്യോപചര്യാ സ്വയം,
സുപ്തേ തത്ര ശയീത, തത്പ്രഥമതോ
ജഹ്യാച്ച നിദ്രാമിതി
പ്രാഹൈഃ പുത്രി! നിവേദിതാഃ കുലവധൂ—
സിദ്ധാന്തധർമ്മാ ഹ്യമീ. 98

സച്ഛത്വം നഖകേശദന്തവസനാ—
ദീനാം, സമസ്ക്രിയാ—
ചാതുര്യം, സ്മിതപൂർവമല്പമകടു
വ്യക്തം ച സംഭാഷണം,

ഇദം പുനഃ—ഇതാകട്ടെ. സ്നേഹാത് കേവലം—സ്നേഹംകൊണ്ടുമാത്രം. ഉച്യതേ—പായപ്പെട്ടുന്നു. സ്ത്രീണാം—സ്ത്രീകൾക്ക്. പതിഃ ദൈവതം—ഭർത്താവാണ് ഈശ്വരൻ. തത്—ആയതുകൊണ്ട്. ത്വം—നീ. ധർമ്മം ഉപാസ്യ—ധർമ്മത്തെ സേവിച്ചിട്ട്. രാമാനുഗാ—രാമനെ പിൻതുടരുന്ന. അപരാ ഛായാ ഇവ—മറെറാരു നിഴൽപോലെ. ഭ്രയാഃ—ഭവിച്ചാലും.

പദ്യം 98. ഗൃഹപതൗ—ഗൃഹനായകൻ. ഉപാഗതേ (സതി)—വന്നവനായിരിക്കുമ്പോൾ. അഭ്യുത്ഥാനം—എതിരേറ്റു എഴീക്കുക. തദ്ഭാഷണേ—അവനോട് സംസാരിക്കുമ്പോൾ. നമ്രതാ—വിനയം. തത്പാ....ഷ്ടിഃ അവന്റെ പടങ്ങളിൽ ദൃഷ്ടി വെച്ചുകൊണ്ട്. ആസനവിധിഃ—ഇരിക്കുക. സ്വയം—തന്നത്താൻ. തസ്യ—അവനു്. ഉപചര്യാ—പരിചരണം. തത്ര സുപ്തേ—അവൻ ഉറങ്ങിയവനാകുമ്പോൾ. ശയീത—കിടക്കുക. തത്പ്രഥമതഃ—അവനു മുമ്പായി. നിദ്രാം ജഹ്യാത് ച—ഉറക്കത്തെ വിടുകയുംവേണം. ഇതി അമീ ഹി—എന്നിവയെല്ലാമാണ്. പുത്രി—അല്ലയോ മകളേ പ്രാഹൈഃ—പഴയ ആളുകളാൽ. കുല....ർമ്മാഃ—കുലസ്ത്രീകളുടെ നിശ്ചിതധർമ്മങ്ങളായി. നിവേദിതാഃ—പറയപ്പെട്ടിരിക്കുന്നതു്.

പദ്യം 99. നഖ....നാം—നഖംതലമുടി പല്ല് വസ്ത്രം മുതലായവയ്ക്ക്. സച്ഛത്വം—നൈർമല്യം. സമ....ര്യം—എല്ലാ കാര്യങ്ങളിലും മിടുക്ക്. സ്മിതപൂർവ്വം—മന്ദഹാസപൂർവമാംവണ്ണം. അല്പം = അത്യാവശ്യവും. അകടു—പരുഷമല്ലാത്തതും. വ്യക്തം ച—സ്പഷ്ടവും ആയ. സംഭാഷണം—സംസാരം. ദാക്ഷിണ്യം—അന്യരുടെ ഇഷ്ടമനുസരിക്കൽ. വിനയഃ—വണക്കം. സുശീ....വഃ—നല്ല ശീലങ്ങളാകുന്ന സമ്പത്തു്. വക്രാ....താ—വക്രോക്തി

ദാക്ഷിണ്യം, വിനയഃ, സുശീലവിഭവോ,
വക്രാദിവാക്യജ്ഞതാ,
പ്രായോഽമീ കുലപാലികാസു മഹിതാഃ
കല്യാണി! നിത്യാ ഗുണാഃ. 99

നിർവ്യാജാ ദയിതേ, നനാന്ദൃഷു നതാ,
ശ്വശ്രൂഷു ഭക്താ ഭവ,
സ്നിഗ്ധാ ബന്ധുഷു, വത്സലാ പരിജനേ,
സ്മേരാ സപത്നീഷ്വപി,
ഭർത്തുർമിത്രജനെ സനർമ്മവചനാ,
ഖിന്നാ ച തദ്വൈരിഷു,
സ്ത്രീണാം സംവനനം നതഭ്രു!തദിദം
വീതൗഷധം ഭർത്തൃഷു. 100

ശുശ്രൂഷസ്വ ഗുരൂൻ, കുരു പ്രിയസഖീ-
വൃത്തിം സപത്നീജനേ,
ഭർത്തുർവിപ്രകൃതാപി രോഷണതയാ
മാ സ്മ പ്രതീപം ഗമഃ,

യും മറ്റും അറിയാനുള്ള കഴിവു്. അമീ—ഇതെല്ലാം. കല്യാണി—അല്ലയോ ഭദ്രേ. പ്രായഃ—ഒട്ടുമുക്കാലും. കുലപാലികാസു—കുലത്തെ രക്ഷിക്കുന്ന (സ്ത്രീകളിൽ) മഹിതാഃ—പ്രശസ്തങ്ങളായ. നിത്യാഃ ഗുണാഃ—നിത്യഗുണങ്ങളാകുന്നു.

പദ്യം 100. ദയിതേ—ഭർത്താവിങ്കൽ. നിർവ്യാജാ—കപടമില്ലാത്തവളായും. നനാന്ദൃഷു—ഭർത്തൃസഹോദരിമാരിൽ. നതാ—വിനയമുള്ളവളായും. ശ്വശ്രൂഷു—ഭർത്തൃമാതാക്കളിൽ. ഭക്താ—ഭക്തിയുള്ളവളായും. ബന്ധുഷു—ബന്ധുക്കളിൽ. സ്നിഗ്ധാ—സ്നേഹമുള്ളവളായും. പരിജനേ—പരിജനത്തിൽ. വത്സലാ—വാത്സല്യമുള്ളവളായും. സപത്നീഷു അപി—സപത്നികളിൽപ്പോലും. സ്മേരാ—പുഞ്ചിരിക്കൊള്ളുന്നവളായും. ഭർത്തുഃ മിത്രജനേ—പതിയുടെ സ്നേഹിതരിൽ. സനർമ്മവചനാ—നർമ്മ വാക്കോടുകൂടിയവളായും. തദ്വൈരിഷു—ഭർത്താവിന്റെ ശത്രുക്കളിൽ. ഖിന്നാ ച—ഖേദമുള്ളവളായും ഭവ—ഭവിച്ചാലും. നതഭ്രു—അല്ലയോ സുന്ദരി. തത് ഇദം—ഇപ്പറഞ്ഞതെല്ലാം. ഭർത്തൃഷു—ഭർത്താക്കന്മാരുടെ വിഷയത്തിൽ. സ്ത്രീണാം—സ്ത്രീകളുടെ. വീതൗഷധം—ഔഷധമില്ലാത്ത. സംവനനം—വശീകരണമാകുന്നു.

പദ്യം 101. ഗുരൂൻ—ഗുരുജനങ്ങളെ. ശുശ്രൂഷസ്വ—ശുശ്രൂഷിച്ചാലും. സപത്നീജനേ—സപത്നികളിൽ. പ്രിയസഖീവൃത്തിം കുരു—പ്രിയസഖിയെന്ന മട്ടിൽ വർത്തിച്ചാലും. വിപ്രകൃതാ അപി—അവമാനമേറ്റാലും. രോഷണതയാ—കോപംനിമിത്തം. ഭർത്തുഃ—ഭർത്താവിനു്. പ്രതീപം മാ സ്മ ഗമഃ—വിരുദ്ധയാകരുതു്. പരിജനേ—പരിജനങ്ങളിൽ. ഭൂയിഷ്ഠം—വളരെ. ദക്ഷിണാ ഭവ—ദാക്ഷിണ്യമുള്ളവളായി ഇരു

ഭ്രയിഷ്ഠം ഭവ ദക്ഷിണാ പരിജനേ,
ഭാഗ്യേഷ്വനന്യസേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ,
വാമാഃ കുലസ്യാധയഃ. 101

പാതിവ്രത്യം വധൂനാം വപുഷി നിരുപമം
ഭൂഷണം, തത് കുലസ്ത്രീ—
ജാതിക്കൊട്ടേറു, മല്ലാതതു നരകപുര—
ദ്വാരി നിഃശ്രേണിയല്ലോ;
പ്രീതിസ്നിഗ്ധേന ശ്രദ്ധാസ്പടികമണിരുചാ
മന്ദഹാസേന നിത്യം
നീതിജ്ഞേ! നീ നിരൂപിച്ചൊളിവിലനുസരി—
ച്ചീടുദാരം കുമാരം. 102

നേരത്തങ്ങെഴനേറുറക്കറ തുറ—
ന്നാചമ്യ വന്നന്തികേ
മാറിൽക്കൈത്തളിർ വച്ചുണർത്തുദയിതം
മന്ദസ്മിതാലംകൃതാ;
ശ്രീരാമങ്കുലഴിഞ്ഞമന്ന മനസാ
തത്പാദസേവാരസം
നാരീമഞ്ജരി! ചെയ്ക, പോംപൊഴതിൽ നീ
നില്പൂ കവാടാന്തരേ. 103

ന്നാലും. ഭാഗ്യേഷു—ഭാഗ്യങ്ങളിൽ. അനന്യസേകിനീ—മദമില്ലാത്തവളായി (ഭവിച്ചാലും). ഏവം—ഇവ്വണ്ണമാണു്. യുവതയഃ—തരുണികൾ. ഗൃഹിണീപദം—കുടുംബിനീസ്ഥാനത്തെ. യാന്തി—പ്രാപിക്കുന്നതു്. വാമാഃ—വിപരീതമായുള്ളവർ. കുലസ്യ—വംശത്തിന്നു്. ആധയഃ—പീഡയാകുന്നു. ശാകുന്തളപദ്യമാണിതു്.

പദ്യം 102. പാതിവ്രത്യം—ചാരിത്രം എന്നതു്. വധൂനാം വപുഷി—സ്ത്രീകളുടെ ശരീരത്തിൽ. നിരുപമം—നിസ്തുല്യമായ. ഭൂഷണം—അലങ്കാരമാകുന്നു. അല്ലാതതു്—പാതിവ്രത്യമില്ലായ്മ. നര.....രി—നരകലോകത്തിലേക്കുള്ള വാതിലിലേക്കു്. നിഃശ്രേണി—സോപാനം. പ്രീതിസ്നിഗ്ധേന—സ്നേഹമസൃണമായ. ശ്രദ്ധ....ചാ—ശ്രദ്ധയാകുന്ന സ്ഫടികമണിയുടെ കാന്തിയോടുകൂടിയ. മന്ദഹാസേന—മന്ദഹാസത്താൽ. നിത്യം—എപ്പോഴും. നീതിജ്ഞേ—അല്ലയോ ന്യായമറിയുന്നവളേ. ഉദാരം കുമാരം—ഔദാര്യമുള്ള കുമാരനെ (രാമനെ).

പദ്യം 103. ആചമ്യ—ആചമനം ചെയ്തിട്ടു്. അന്തികേ—അടുത്തു്. ദയിതം—ഭർത്താവിനെ. മന്ദ....താ—പുഞ്ചിരി തൂകുന്നവളായി. മനസാ—മനസ്സോടുകൂടി. തത്....സം—അവന്റെ ശുശ്രൂഷയിലുള്ള താത്പര്യം. നാരീമഞ്ജരി—അല്ലയോ സുന്ദരി. കവാടാന്തരേ—കതകിന്റെ ഇടയിൽ.

അപ്പോഴേ പോയ്ക്കളിപ്പു രഹസി, കറിയിട്ട
മന്ദ, മാദായ ചൂട്ട
പുഷ്പം പത്തും ക്രമത്താ, ലണിനയമണി—
ഞ്ഞാശു കണ്ണാടി കാണ്മൂ,
ഉത്പന്നശ്രീ വണങ്ങൂ ദശരഥതനയം
ദൈവതം, മൃഷ്ടമന്നം
കല്പിപ്പൂ; ഗേഹിനീനാമറുതിയിലഥ നീ—
താനുമുണ്മൂ മനോജ്ഞേ! 104

ഉണ്ടാൽ വെണ്മാളികായാം കലിതരസമിരു—
ന്നമ്മമാരോട കൂടി—
പ്പണ്ടേ വൃത്താന്തമന്തഃപുരഗതമഖിലം
പ്രീതി കൈയ്യൊണ്ടു കേൾപ്പൂ,
കൊണ്ടാടേണം പുരസ്ത്രീകളെ മൃദുവചനം
കൊണ്ടു, സന്ധ്യാസു കോവിൽ—
പ്പണ്ടാരക്കാരരോടുണ്ടൊരുവഴി പറയേ—
ണ്ടു തരംകണ്ടൊരുന്നാൾ. 105

ഭുക്ത്വാ ശ്രീരാമചന്ദ്രേ ശയനതലമലം—
കുർവതി1 ശ്രീമതീ നീ
ശുദ്ധാ ഭൂത്വാ മണിപ്പൊൻകതകിനരികവേ
ചെന്നു നിൽപ്പൂ സശങ്കം;

പദ്യം 104. രഹസി—രഹസ്യത്തിൽ. മന്ദം—പതുക്കെ. ആദായ—എടുത്തിട്ട്. നയനം—കണ്ണ്. ആശു—ഉടൻ. ഉത്പന്നശ്രീ—ഉണ്ടായ ശോഭയോടുകൂടി. ദൈവതം—തന്റെ ദേവതയായ. ദശ....യം—രാമനെ. മൃഷ്ടം—ശുദ്ധമായി. ഗേഹിനീനാം—ഗൃഹിണിമാരുടെ. മനോജ്ഞേ—അല്ലയോ മനോഹരേ. പത്തു പുഷ്പങ്ങളും—പൂവൻകുന്തലു, മുയൽച്ചെവി, കറുക, കൈതോന്നി, നിലപ്പനാ, വിഷ്ണുക്രാന്തി, ചെറുപൂള, തിരുതാളി, ഉഴിഞ്ഞ, മുക്കുറ്റി. ''പൂവ്വംകുന്തിലു മുയൽച്ചെവി വിഷ്ണുക്രാന്തി കയ്യുണ്യഴിഞ്ഞ തിരുതാളി നിലപ്പനാ ച—മുക്കുറ്റിയും ചെറുവുള ദശപുഷ്പനാമമെല്ലാമറിഞ്ഞതിനെ വന്ദന ചെയ്തു നിത്യം''—എന്ന വചനം.

പദ്യം 105. കലിതരസം—രസത്തോടുകൂടി. അന്തഃപുരഗതം—അന്തഃപുരം സംബന്ധിച്ച. അഖിലം—എല്ലാം. സന്ധ്യാസു—സന്ധ്യാകാലങ്ങളിൽ.

പദ്യം 106. ഭുക്ത്വാ—അത്താഴമുണ്ടിട്ട്. ശ്രീ....ന്ദ്രേ—രാമൻ. ശയ....ലം അലങ്കുർവതി (സതി)—കിടക്കയിലിരിക്കുമ്പോൾ. ശുദ്ധാ—നിർമലയായി. ഭൂത്വാ—ഭവിച്ചിട്ട്. സശങ്കം—ശങ്കയോടുകൂടി. മുഗ്ധേ—സുന്ദരി. ആലിംഗ—ആശ്ലേഷിച്ചാലും. തേ ഗുരുഃ ഭവതു—നിന്റെ

1. തിത്വം തദാനീം.

മുദ്ധേ! മെല്ലേ വിളിച്ചാലഴകിലുടനണ-
ഞ്ഞംഗമാലിംഗ, പിന്നെ-
പ്പൊൽത്താരമ്പൻ ഗുരുസ്സേ ഭവതു കുലവധൂ-
ലോകമാണിക്യമൗലേ! 106

ഭർത്താവത്രേ പരം ദൈവതമമൃതഗിരാ-
മാകയാൽ വേറിടൊല്ലാ;
മദ്ധ്യേ വേർപെട്ട വന്നീടിലുമൊരുപൊഴുത-
ങ്ങാസ്ഥ നീ കൈവിടൊല്ലാ;
ഗുപ്തം ത്രൈലോക്യമൊക്കെത്തരികിലുമുരിയാ-
ടായ്ക മറന്നാരൊടും നീ;
മുദ്ധേ! ചാടീട്ട ചെന്തീക്കനലിലപി പതി-
പ്രേഷിതാ നിർവിശങ്കം,'' 107

പ്രസന്നയായ സീതയോടും മറ്റുള്ളവരോടും കൂടി ശ്രീരാമൻ കുറെ ദിവസം മിഥിലയിൽ വസിച്ചതായി പ്രസ്താവിക്കുന്നു:

[1]ഇത്ഥം കേട്ടോരുനേരം പുലരിയിൽ വിരിയും
താമരപ്പൂവുപോലേ
സദ്യോ ജാതപ്രസാദം ജനകതനയതൻ-
ചിത്തമേറ്റം തെളിഞ്ഞൂ;
മുഗ്ധാപാംഗ്യാ തയാസൗ കനിവൊടു രമിത-
സ്തത്ര സഭ്രാതൃമിത്രഃ
സ്വസ്ഥാത്മാ നാലുനാളം മിഥിലനൃപപുരേ
രാമ[2]ചന്ദ്രോ ന്യവാത്സീത്[ൾ]. 108

ഗുരുവായി ഭവിക്കട്ടെ. കുല....ലേ-അല്ലയോ കുലസ്ത്രീകളിൽ ശ്രേഷ്ഠയായുള്ളോവേ.

പദ്യം 107. അമൃതഗിരാം-മധുരമൊഴികൾക്ക്[ൾ]. പരം ദൈവതം-ഉത്കൃഷ്ടദേവത. ആസ്ഥ-താത്പര്യം. ഗുപ്തം-വർദ്ധിച്ച. പതിപ്രേഷിതാ-ഭർത്താവിനാൽ അയയ്ക്കപ്പെട്ടവളായാൽ. നിർവിശങ്കം-ശങ്ക കൂടാതെ. ചെന്തീക്കനലിൽ അപി-തീക്കട്ടയിൽപ്പോലും.

പദ്യം 108. ഇത്ഥം-ഇപ്രകാരം. സദ്യഃ-ഉടൻ. ജാതപ്രസാദം-പ്രസാദമിയന്ന. ചിത്തവിശേഷണം. മുഗ്ധാപാംഗ്യാ-മനോഹരമായ കടക്കൺനോട്ടത്തോടുകൂടിയ. തയാ-അവളാൽ (സീതയാൽ). അസൗ-ഇവൻ (രാമൻ). രമിതഃ-രമിപ്പിക്കപ്പെട്ടവനായി. തത്ര-അവിടെ. സഭ്രാതൃമിത്രഃ-സോദരസ്നേഹിതജനങ്ങളോട് കൂടിയവനായി. സ്വസ്ഥാത്മാ-സ്വസ്ഥചിത്തനായി. മിഥില....രേ-ജനകരാജധാനിയിൽ. രാമചന്ദ്രഃ-രാമൻ. ന്യവാത്സീത്[ൾ]-വസിച്ചു.

സീതാസ്വയംവരം സമാപ്തം

1. ഏവം ശ്രുത്വാഥ വാക്യം പുല 2. മദ്രോന്യ.

പരശുരാമവിജയം

കഥാസൂചനയോടുകൂടിയ മങ്ഗലാചരണം:

[1]ചെമ്പൊൽപ്പൂമാതിണങ്ങീടിന ലളിതതനോ!
[2]നിൻമുഖാംഭോജവീക്ഷാ—
സമ്പത[3]പ്രാപ്യാ മദീയേ മനസി നിരുപമം
മോദഭാരം വളർന്നു
വൻപൊത്തും ഭാർഗ്ഗവം വെന്നരികിലുപഗതേ
രാമ[4]ചന്ദ്രേ ജയശ്രീ—
സംഫുല്ലാഭോഗരമ്യേ ദശരഥനൃ സഖേ!
മുൻപിലുണ്ടായപോലെ. 1

ദശരഥൻ പുത്രന്മാരുടെ വിവാഹം കഴിഞ്ഞയുടൻ വിശ്വാമിത്രമുനിയെ വേണ്ടപോലെ യാത്രയാക്കീട്ടു മിഥിലയിൽനിന്നു് അയോധ്യയിലേക്കു മടങ്ങാനുദ്ദേശിക്കുന്നു:

ചൊല്ലേറുന്നാത്മജാനാമതിമഹിതവിവാ—
ഹോത്സവാന്തേ ധരിത്രീ—
നല്ലാർമാണിക്യഭൂഷാ ദശരഥനൃവരൻ
പ്രീതികല്ലോലശാലീ

പദ്യം 1. ലളിതതനോ—അല്ലയോ മൃദുശരീര. മുഖാ....പ്യാ—മുഖകമലത്തെ ദർശിക്കുകയാകുന്ന സമ്പത്തിന്റെ ലാഭത്താൽ. മദീയേ മനസി—എന്റെ ചിത്തത്തിൽ. നിരുപമം—നിസ്തുല്യം. മോദഭാരം—സന്തോഷം. ഭാർഗ്ഗവം—പരശുരാമനെ. ജയ....മ്യേ—ജയലക്ഷ്മീവിലാസത്താൽ മനോഹരനായ. രാമചന്ദ്രേ—ശ്രീരാമൻ. ഉപഗതേ—വന്നവനായിരിക്കുമ്പോഴും. ഉപമാലങ്കാരം.

പദ്യം 2. ആത്മജാനാം—പുത്രന്മാരുടെ. അതി.....ന്തേ—വളരെ ശ്രേഷ്ഠമായ കല്യാണാഘോഷത്തിന്റെ അവസാനത്തിൽ. പ്രീതി..... ശാലീ—സന്തുഷ്ടനായി. ഭക്ത്യാ—ഭക്തിയോടുകൂടി. കുശികസുതം—

---

1. ഭദ്രാത്മൻ! കേവം ഭവാനോടിഹ സദസി മഹീപാലദേവപാളീ-
ഹൃദ്യേ ചേന്നോതുനേരം പ്രിയസഖ! ചരിതാർത്ഥം തുലോം മാനസം മേ
മദ്ധ്യേമാർഗ്ഗം തടുത്തീടിന ഭൃഗുതനയം വെന്നകംപൂക്കയോധ്യാം
മുദ്ധാംഗ്യാ സീതയാ ചേർന്നതിന സമയേ രാഘവന്നെന്നപോലെ.

എന്ന പദ്യം ഒന്നാമത്തേതായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

2. ത്വന്മു. 3. സല്ലബ്ധ്യാ മ. 4. മഭദ്രേ ജ.

മെല്ലേ ഭക്ഷ്യാ വണങ്ങിക്കുശികസുതമയ—
ച്ചാസ്ഥയാ തത്ര യാത്രാം
കല്യാഭോഗം മുതിർത്തു തെളിവൊട്ട മിഥിലാ—
രാജധാന്യാസ്സദാനീം. 2

യാത്രാസന്നാഹവർണ്ണന:

ചിത്രം ചിത്രം! [1]പ്രയാണപ്രകടിതപടഹാ—
ഡംബ[2]രപ്രൗഢി പാടേ
പത്താശാന്തേഷു സേനാഭടകളകളവാ—
ദിത്രമെങ്ങും മുഴങ്ങീ
[3]പ്രസ്ഥാനാരംഭകോലാഹലമുടനിളകി—
ശ്ശ്രോപുരത്തിങ്കൽ മമ്മാ!
മെത്തീടും വന്ദിവൃന്ദസ്തുതികളുമെളതോ
വിസ്മയം വാഴ്ത്തുവല്ലേൻ. 3

യിയാസതസ്യസ്യ മഹാമഹീധ്ര—
ഭിദാപടീയാൻ പടഹപ്രണാദഃ
ജലാന്തരാണീവ മഹാർണ്ണവൗഘഃ
ശബ്ദാന്തരാണ്യന്തരയാംചകാര. 4

വിശ്വാമിത്രനെ. ആസ്ഥയാ—താത്പര്യത്തോടുകൂടി. തത്ര—അവിടെ. തദാനീം—അപ്പോൾ. മിഥി....ന്യാഃ—മിഥിലാപുരത്തിൽനിന്നു്. കല്യാഭോഗം—എല്ലാ സൗഭാഗ്യങ്ങളോടുംകൂടി. യാത്രാം—പുറപ്പാടിനെ.

പദ്യം 3. ചിത്രം—ആശ്ചര്യം. പ്രയാ....ഢി—യാത്രയിൽ പ്രകടിപ്പിക്കപ്പെട്ട പടഹവാദ്യങ്ങളുടെ ആഡംബരഘോഷം. പത്താ....ഷു—പത്തുദിക്കുകളിലും. സേനാ....ത്രം—സൈന്യത്തിലെ ഭടന്മാരുടെ കളകളവും വാദ്യവും. പ്രസ്ഥാ....ലം—യാത്ര പുറപ്പാടിന്റെ കോലാഹലം. വന്ദി....കളും—സ്തുതിപാഠകന്മാരുടെ സ്തോത്രങ്ങളും. വിസ്മയം—അദ്ഭുതം.

പദ്യം 4. യിയാസതഃ—യാത്രയ്ക്കു് ആഗ്രഹിച്ചിരിക്കുന്ന. തസ്യ—അവന്റെ. മഹീ....യാൻ—പെരുത്ത പർവതങ്ങളെ പിളർക്കുന്നതിൽ സമർത്ഥമായ. പട....ദഃ—പടഹവാദ്യങ്ങളുടെ ശബ്ദം. മഹാ....ഘഃ—സമുദ്രത്തിലെ ഒഴുക്കു്. ജലാന്തരാണി—മറ്റുജലങ്ങളെ. ഇവ—എന്നപോലെ. ശബ്ദാന്തരാണി—മറ്റുശബ്ദങ്ങളെ. അന്തരയാഞ്ചകാര—മറച്ചു. ഉപമ.

1. ത്രം സ്വയാത്രാ പ്ര. 2. രാഘോഷമുച്ചൈഃ സർവാശാ. 3. യാത്രാസംരംഭ

യാത്രാവർണ്ണന:

പ്രജാ ഇവാംഗാദരവിന്ദനാഭേഃ
ശംഭോർജടാജൂടതടാദിവാപഃ
മുഖാദിവാഥ ശ്രുതയോ വിധാതുഃ
പുരാന്നിരീയുർന്നൃപതേർദ്ധ്വജിന്യഃ. 5

രഥതുരഗപദാതിവാരണാനാം
പദപരിഘട്ടനജോ രജഃപ്രവാഹഃ
അകൃത സുരലോകസുന്ദരീണാം
മണിചഷകേഷു മധുനി പങ്കിലാനി. 6

സന്നാഹം കലരുന്ന കോസലചമൂ—
ചക്രങ്ങളും മേല്പ്പുമേ—
ലുന്നിദ്രോദയമാന്ന യാത്രികവിദേ—
ഹാധീശസൈന്യങ്ങളും
ഒന്നായ്ക്കൂടി മദിച്ചു തിക്കിനടകൊ-
ണ്ടു ജാതകോലാഹലം
വണ്ണ്യം നൈവ സഖേ! സമസ്തമവനീ—
ചക്രം കുലുങ്ങീ തദാ. 7

പദ്യം 5. അരവിന്ദനാഭേഃ-മഹാവിഷ്ണുവിന്റെ. അംഗാത്—അവയവത്തിൽനിന്നു്. പ്രജാഃ ഇവ—പ്രജകളെന്നപോലെ. ശംഭോഃ—ശിവന്റെ. ജടാ....ടാത്—ജടാകലാപദേശത്തിൽനിന്നു്. ആപഃ ഇവ—(അപ്പുകൾ) ജലം എന്നപോലെ. അഥ—പിന്നെ. വിധാതുഃ—ബ്രഹ്മാവിന്റെ. മുഖാത്—മുഖത്തിൽനിന്നു്. ശ്രുതയഃ ഇവ—വേദങ്ങളെന്നപോലെ. പുരാത്—നഗരത്തിൽനിന്നു്. നൃപതേഃ—രാജാവിന്റെ. ധ്വജിന്യഃ—സേനകൾ. നിരീയുഃ—നിർഗമിച്ചു.

പദ്യം 6. രഥ....നാം—തേർ കുതിര കാലാൾപ്പട ആന ഇവയുടെ. പദ....ജഃ—കാല്കൊണ്ടു് ഇളക്കപ്പെട്ട. രജഃപ്രവാഹഃ—ധൂളീപടലം. സുര...ണാം—ദേവസ്ത്രീകളുടെ. മണിചഷകേഷു—മണിമയമായ പാനപാത്രങ്ങളിൽ. മധുനി—മദ്യങ്ങളെ. പങ്കിലാനി—ചേറോടുകൂടിയതുകളായി. അകൃത—ആക്കിത്തീർത്തു.

പദ്യം 7. സന്നാഹം....ഒരുക്കം. കോസ...ക്രങ്ങളും—ദശരഥസൈന്യങ്ങളും. ഉന്നിദ്രോദയം—ഉത്സാഹത്തോടുകൂടി. യാത്രി....ന്യങ്ങളും—യാത്രയാക്കാൻ പുറപ്പെട്ട ജനകസൈന്യങ്ങളും. ജാത....ലം—കോലാഹലത്തോടുകൂടി. ന വർണ്ണ്യം ഏവ—അവർണ്ണനീയംതന്നെ. സഖേ—അല്ലയോ തോഴ. അവനീചക്രം സമസ്തം—ഭൂമണ്ഡലമെല്ലാം. തദാ—അപ്പോൾ.

---

1. പദാദിവാ.

ഇടയ്ക്കു ജനകൻ പുത്രിമാക്കു സ്ത്രീധനം കൊടുത്തതിനെയും കുറെ ദൂരം ദശരഥനെ അനുയാത്ര ചെയ്തതിനെയും പ്രസ്താവിക്കുന്നു:

വിത്തേശനും കനം വിസ്മയസരണി വള—
ക്കുന്ന നാനാധനൗഘം
പുത്രീണാം കല്പയന്നദ്ഭുതഹരണമസൗ
പേർത്തുമാത്മാനുരൂപം
മെത്തീടും പുണ്യധാമാ ജനകനൃപനുമ—
ന്നേരമസ്യാനുയാത്രാ—
പ്രസ്താവം പൂണ്ടു വൈകുത്തനകുലപെരുമാനം
തന്നുപാന്തേ ചകാശേ. 8

ഭാര്യമാരോടുകൂടിയ പുത്രന്മാർ സഹിതം ദശരഥൻ ചതുരംഗസൈന്യ പരിവൃതനായി കോലാഹലത്തോടുകൂടി യാത്ര ചെയ്ത പരശുരാമന്റെ ആശ്രമ പര്യന്തത്തിൽ എത്തുന്നു:

യാത്രാസന്നാഹശംഖധ്വനി തദനു ചെവി—
ക്കൊണ്ടു കൂടിത്തുടങ്ങീ
ധാത്രീജംഭാരി[2] സേനാ കരിതുരഗരഥാ—
നേകപാദാതഭീ[3]മാ
വാഴ്ത്താമോ ചണ്ഡവാതാഹതിസമയസമു—
ത്ഥായി കല്പോലജാലം
ചാർത്തീടും കല്പവാരാകരനിരകളൊരു—
മ്പെട്ടു കൂടുന്നപോലെ. 9

പദ്യം 8. വിത്തേശൻ—കുബേരൻ. കനം വിസ്മയസരണി—അധികമായി ആശ്ചര്യമാഗ്രം. നാനാ...ഘം—പലവിധം ദ്രവ്യസമൂഹം. ആത്മാ ....പം—തനിക്കു യോജിച്ചവണ്ണം. പുത്രീണാം അദ്ഭുതഹരണം കല്പയൻ—പുത്രിമാക്കു ആശ്ചര്യജനകമായി സ്ത്രീധനത്തെ നല്കുന്ന. അസൗ പുണ്യധാമാ—ഈ പുണ്യനിധിയായ. ജനകനൃപനും—ജനകരാജാവും. അസ്യ—ദശരഥന്റെ. അനു....വം—കൂടെ യാത്രചെയ്യുക എന്ന പ്രസ്താവം. വൈകു....ന്തേ—ദശരഥന്റെ അടുത്തായി. ചകാശേ—ശോഭിച്ചു. ''ദദൗ പരമസംഹൃഷ്ടഃ കന്യാധനമനുത്തമം'' എന്നിങ്ങനെ രാമായണത്തിലും സ്ത്രീധനം കൊടുത്തതായി പറയുന്നു.

പദ്യം 9. യാത്രാ ...നി—യാത്രയുടെ ഒരുക്കത്തെ സൂചിപ്പിക്കുന്ന ശംഖനാദം. തദനു—അതിൽപ്പിന്നെ. കരി....ഭീമാ—ആന കുതിര തേർ കാലാൾപ്പട ഇവയാൽ ഭയങ്കരമായ. ധാത്രീ....നാ—ഭൂലോകേന്ദ്രനായ ദശരഥന്റെ സൈന്യം. ചണ്ഡ....യി—കൊടുംകാറിനാൽ ഇളകുന്ന. കല്പോലജാലം—തിരമാലകളും. കല്പ....നിരകളും—പ്രളയകാലത്തിലെ സമുദ്രങ്ങളും.

1. പതിയന്നേ. 2. രിസൈന്യം ക. 3. ഭീമം വ.

ഗദ്യം 1.

തദനു ദിനാധിപവംശശിഖാമണി
ദശരഥനരപതി വിക്രമവാരിധി
വിസ്തൃതപൗരുഷനദ്ഭുതശേവധി
കെല്പു കലർന്നു നടന്ന ദശായാം,
ഹരഹര! ശിവശിവ! തത്ക്ഷണമൻപിനൊ—
ടക്ഷീണോദയശേവധി ഭൂപതി
മിഥിലാധിപനൊട്ട യാത്രപറഞ്ഞഥ
കരതലസീമനി പൊൽക്കണ്ണാടിയു—
മമ്പും കൈക്കൊണ്ടതിമൃദുവിമലദു—
കൂലസമാവൃതമാത്മവധൂജന—
മഴകിന[3] പൊന്നിൻ പല്ലക്കുകളിൽ
ചാരു കരേറിപ്പുകഴ്മെറി തേടിന
പുത്രന്മാരൊട്ടുമഴച്ചേന്നവധി
ചതുരംഗപ്പട മുമ്പിൽ നടത്തി—
ക്കനകമണിഞ്ഞൊരു കുഞ്ജരപതിതൻ
ഗളഭൂവി താനും ഝടിതി കരേറി
പ്രകടിതഘോഷം തിക്കിഞെരിച്ചു മ—
ദിച്ചു പുളച്ചുടനൊക്കത്തക്ക—
ത്തെളിവവിലയമായ് വിലസുമയോദ്ധ്യാ—
നഗരിയെ നോക്കി നടന്ന ദശായാം,
തകിലും മുരശ്ശുകഴ നക്രപെരുമ്പറ
മദ്ദളകാഹളശൃംഗദുന്ദുഭിധക്കാതുടിപടഹങ്ങളി—
വറിൻഘോഷം സകലജനങ്ങടെ
ചെവി പൊടിയുമ്മാറുലകിൽ മുഴങ്ങീ;
പൊന്നിൻകിണ്ടികഴം വെള്ളിക്കിണ്ടികഴം
പൊൽക്കാളാഞ്ചികഴം കാഞ്ചനകലശം
പൊൽക്കണ്ണാടികഴം പുത്തനടുക്കുകഴം

ഗദ്യം 1. തദനു—അനന്തരം. ദിനാ....ണി—സൂര്യവംശത്തിൽ ശ്രേഷ്ഠനായ. വിക്രി...ധി—പരാക്രമത്തിനു് ഇരിപ്പിടം. വിസ്തൃതപൗരുഷൻ—പുരുഷകാരം കൂടിയവൻ. അദ്ഭുതശേവധി—ആശ്ചര്യങ്ങൾക്കു് ഇരിപ്പിടം. നടന്ന ദശായാം—നടക്കുമ്പോൾ. അക്ഷീ....ധി—ക്ഷയിക്കാത്ത അഭിവൃദ്ധിക്കു് ആകരം. കര....നി—കൈയിൽ. അതിമൃ....തം ആത്മവധൂജനം—വളരെ മൃദുവും നിർമലവും ആയ പട്ടവസ്ത്രം ധരിച്ചിരിക്കുന്ന തന്റെ സ്ത്രീജനങ്ങൾ. ചാരു—മനോഹരമാംവണ്ണം. കുഞ്ജരപതി—ഗജശ്രേഷ്ഠൻ. ഗളഭൂവി—കഴുത്തിൽ. ഝടിതി—ഉടൻ. പ്രകടിത

1. ഥനുപതി പരാക്രമ. 2. ഷമദ്. 3. ന തങ്കപ്പല്ല.

രത്നവിളക്കുകളില്ലിക്കയെറ്റ—
മ്മല്ലികയും മാലകയും പൊൽപ്പന്ത്രുകളും
കളിയമ്മാനകയും മണിമയവിശറികയും
കനകചൂഴററികയും മരതകവല്ലികയും
കനകക്കുഴലും പവിഴപ്പൈങ്കിളി
ബാലചകോരം മത്തമയൂരം
കേളിമരാളം മററുമിവണ്ണം
പല പല മധുരപദാത്ഥപ്രകര—
മെടുത്തുടനതിമധുരാംഗികയും നാരികയും
മമ്മാ! രാജകുമാരീപരിസര—
ഭാഗേ ചൂഴലെ നടന്നുതുടങ്ങീ.
വെൺകൊററക്കുടസംഘംകൊണ്ടേ
ഭംഗ്യാ പട്ടവിതാനം തീർന്നു,
പച്ചത്തഴനിര നീളെപ്പാകീ,
മുത്തുക്കുടകളുമഴകിൽ നിവർന്നു,
ഗംഗാതിരകയും കുളിക്കുംപോലേ
ഭംഗ്യാ ചാമരനിരകയും വിളങ്ങീ.
താലവ്യജനശ്രേണികളയ്യാ!
നാലയ്യായിരമഴകൊടു വിലസീ,
മിന്നും നവനവപൊന്നിൻകുടകളു—
മോലക്കത്തൊട്ട പീലിക്കുടകളു—
മിത്തരമൊക്കെ നിരത്തിയനേരം
ചന്തം താവിന പന്തൽകണക്കെ—
പ്പെരുവഴിനീളെപ്പെരികെ വിളങ്ങീ.
വൻപൊട്ട മൻപിലകമ്പടിക്കൂട്ടം
വീരഭടന്മാർ തെളിവിലിളക്കും
പോർവാളിൻ നിഴൽകൊണ്ടാന്നീടിന
വിദ്യോതാദ്ഭുതവിദ്യുല്ലതികക—
ളുദ്യല്ലീലം വിയതി വിളങ്ങീ.
ചവിളമിളക്കി നടന്നീടും ചില
ചേവകർ നിലവിളികൊണ്ടൊരു ഘോഷം,
വന്ദിജനങ്ങളു പുകണ്ണൊരു ഘോഷം,

ഘോഷം—ആഘോഷപ്രകടനത്തോട്ടുകൂടി. ചകോരം—ഉപ്പൻ. മയൂരം—മയിൽ. മരാളം—അരയന്നം. പ്രകരം—സമൂഹം. രാജ....ഗേ—രാജകുമാരിമാരുടെ അടുത്തായി. താലവ്യജനം—വിശറി. നവനവം—പുത്തൻ പുത്തൻ. ഓലക്കം—അലങ്കാരം. വിദ്യോതാ....കകയും—ശോഭിക്കുന്ന ആശ്ചര്യമായ മിന്നല്പിണരുകളും. ഉദ്യല്ലീല—ലീലാവിലാസത്തോട്ടുകൂടി. വിയതി—ആകാശത്തിൽ. ചവിളം—ശിരസ്സ്(?). വന്ദി—സ്തുതിപാഠകൻ.

ഗജവരബൃംഹകംകൊണ്ടൊരു ഘോഷം,
കുതിരച്ചാട്ടംകൊണ്ടൊരു ഘോഷം,
മണിരഥവലനംകൊണ്ടൊരു ഘോഷം.
മേളംതാവും നാലംഭോനിധി
ചൂഴം ധരണിയിൽ വാഴം നൃപതികം
ഏന്തൊരു വിസ്മയമന്തമെഴായ്മു—
പായനപങ്ക്തികം തങ്ങം ചുമന്ന നി—
ധായ നിധായ തദീയ പുരോഭവി
മേരുശതങ്ങളെഴുന്നകണക്കേ
മരതകഗിരിനിര നിവരുംപോലെ
മാണിക്യാചലസന്തതിപോലെ
രജതഗിരീന്ദ്രകുടുംബംപോലെ
തെളിവൊട്ട ചേർത്തു കകുത്സ്ഥകുലോദ്ഭവ—
ചരണസമീപേ വിരവൊട്ട വീണാർ.
പാലാഴിത്തിരമാലകണക്കേ
കേളിമരാളീപാളികംപോലെ
രഘുവരപുകഴ്നിര ചിതറുംപോലെ
വെളുവെളെ വില[1]സിന വെൺചാമരനിര
ചൂഴലവുമനവധി തെളിമ കലർന്നു.
കമ്പിതകുംഭിനി മുമ്പിൽ നടക്കും
വൻപു തഴച്ച മതംഗജമണ്ഡല
ഗണ്ഡതലങ്ങളിൽനിന്നു വഴിഞ്ഞു പൊ—
ഴിഞ്ഞൊഴകും മദധോരണികൊണ്ടൊരു
രേണുപരമ്പര കാണിമുഹൂർത്തം
കർദ്ദമമാസീദ് ഭുവനതലത്തിൽ.
പ്രൗഢത തേടിന ഘോടകപാളീ—
ഖരതരഖുരപുടപരിപതനംകൊ—

ഗജ .. കം—ആനകളുടെ ഗർജനങ്ങം. മണി....നം—മണിമയമായ രഥത്തിന്റെ സഞ്ചാരം. അംഭോനിധി—സമുദ്രം. അന്തമെഴായ്മ—അവസാനമില്ലാത്ത. ഉപായനം—കാഴ്ചദ്രവ്യം. തദീ....വി—അവന്റെ മുമ്പിൽ. നിധായ—വച്ചിട്ട്. മേരുശതങ്ങം—നൂറു മേരുപർവ്വതങ്ങം. മര....രി—മരതകമയമായ പർവ്വതം. മാണി .. തി—മാണിക്യമയമായ പർവ്വതത്തിന്റെ കൂട്ടം. രജതഗിരീന്ദ്രൻ—ശ്രേഷ്ഠമായ വെള്ളിമല. കക....പേ—ദശരഥന്റെ കാല്ലൽ. കേളിമരാളി—കളിസ്ഥായുള്ള പെണ്ണരയന്നം. കമ്പിതകുംഭിനി—ഇളകിയ പെണ്ണാന. മത....ലങ്ങളിൽ—ആനകളുടെ കവിൾത്തടങ്ങളിൽ. മദധോരണി—മദജലധാര. രേണുപരമ്പര—ധൂളീപടലം. കാണിമുഹൂർത്തം—അല്പനേരം. കർദമം—ചെളി. ആസീത്—ഭവിച്ചു.

2. ലസും വെ.

ണ്ടളവിയലായും കർട്ടമപങ്ക്തികള-
രനിമിഷേണ തരിപ്പണമായ്വീ,
ഗണനമെഴായും മണിരഥപാളീ-
നിചുളിതമാസീദവനിതലാന്തം.
സരഭസമൻപിലകംപിടിക്കുടിന
നരപതിമണ്ഡലമകുടതടങ്ങളി--
ലിതമൊട്ട മിന്നും മുക്താമണികളിൽ
മെത്തീടും നവശോഭാചന്ദ്രിക
ബാലമൃണാളികളെന്ന നിനച്ചു ദി-
ഗന്തരസീമ്നി വലന്നദസിന്ധുര-
ശുണ്ഡാമണ്ഡലരഭസവിഘട്ടന-
മേറുലയും ചില മുത്തുക്കുടകളിൽ-
നിന്നുതിരുന്ന മണിപ്രകരങ്ങൾ ച-
വുട്ടി വഴക്കിന വീരഭടാവലി
തമ്മിലടിഞ്ഞ മഹാസിഗണേഷു പ-
രസ്പരഘാത വിസ്മൃതരവഹനിക-
ണങ്ങളെഴുന്നവചെന്ന തെറിച്ചുടൽ
കത്തുപിടിച്ച മണിദ്ധ്വജലംബിത-
പിഞ്ഛരപരമ്പര വായുവശേന ന-
ഭസ്ഥലസീമ്നി നിറഞ്ഞൊടുചെന്ന ജ-
ഗത്രയപാന്ഥവികർത്തനദേവനു
നീരാജനമുടനുഴിയുംപോലേ
സപദി വിരേജേ കിം കിം ബഹുനാ

ഭുവനതലം—ഭൂമി. പ്രൗഢത—പ്രൗഢി. ഘോട.....തനം—കുതിരകളുടെ പരുഷമായ കളമ്പുകൾ പതിച്ചതുകൊണ്ട്. കർട്ടമപങ്ക്തി—ചെളിക്കൂട്ടം. അരനിമിഷേണ—അരക്ഷണംകൊണ്ട്. ഗണനം—എണ്ണം. മണി.....ളിതം—മണിരഥങ്ങളെക്കൊണ്ടു വ്യാപ്തം. അവനി.....ന്തം—ഭൂമിയത്രയും. സരഭസം—വേഗത്തിൽ. മണ്ഡലം—സമൂഹം. മകുടം—കിരീടം. ബാലമൃണാളി—ഇളംതാമരത്തണ്ട്. ദിഗ.....മ്നി—ദിക്കുകളുടെ അതിർത്തിയിൽ. വല...ട്ടനം—സഞ്ചരിക്കുന്ന മദിച്ച [illegible]കളുടെ തുമ്പിക്കൈകളാൽ ഊക്കിലുണ്ടായ അടി. പ്രകരം—സമൂഹം. വീര...ലി—വീരന്മാരായ ഭടന്മാരുടെ ശ്രേണി. മഹാസിഗണേഷു—വലിയ വാളുകളുടെ മൂട്ടങ്ങളിൽ. പര....ണ്ഡം—തമ്മിലുള്ള ഏറ്റമുട്ടൽകൊണ്ടു ചിതറുന്ന തീപ്പൊരികൾ. മണി....മ്പര—മണിമയമായ കൊടിമരത്തിൽ തൂക്കപ്പെട്ട പീലിക്കൂട്ടങ്ങൾ. വായുവശേന—കാറ്റിനാൽ. നഭ....മ്നി—ആകാശത്തിൽ. ജഗ....വനു—മൂന്നു ലോകത്തിലും യാത്രക്കാരനായ സൂര്യനു്. നീരാ

1. ഭടന്മാർ ത.

പ്രളയസമുദ്ധതസപ്തപയോധിക—
ളൊക്കെപ്പാടേ മിട്ടാൽ പൊട്ടി
ച്ചവനീചക്രം മുക്കിക്കളവാ—
നാഞ്ഞു നിരഗ്ഗളമണയും പോലേ
കോസലഭൂപതി[1]പൃതനാചക്രം
ഭൃഗുകുലമണിയാം മുനിപെരുമാന്തത—
ന്നാശ്രമപര്യന്തേന തിമിർത്തു സ—
മുദ്ധതനിഃസ്വനമാർത്തു നടന്നു.

ഗദ്യം 2.

പരശുരാമൻ ദേവകാര്യത്തിനായി ഉദ്യുക്തനാകുന്ന രാമങ്കൽ തന്റെ തേജസ്സിനെ സംക്രമിപ്പിക്കുവാനായി രാമനെ പരീക്ഷിക്കുവാൻ തന്റെ ഗുരുവായ ശിവന്റെ വില്ല് കുലച്ചതിൽ വളരെ കുപിതനായ മട്ടിൽ അഹങ്കാരത്താൽ ഉദ്ധതനായി ദശരഥന്റെ യാത്രയെ ചെന്നു തടയുന്നതായി പ്രസ്താവിക്കുന്നു:

തദാനീമമരകാര്യവിധാനാർത്ഥമുപയോക്ഷ്യമാണേ
രഘൂവീരനന്ദനേ നിജമുപയുക്തപ്രായം ധാമ
സംക്രമയിഷ്യൻ അദസീയം ചാന്തഭാവമവലുലോക—
യിഷമാണഃ സ്വഗുരുഗിരിശഗിരിശസാരകോദണ്ഡ—
ഖണ്ഡനോദ്ഭൂതമുദ്ബണമിവ രോഷഭാരമത്യന്ത—
രക്തേന നയനയുഗളേനോദ്വമൻ, ഉച്ചണ്ഡഭുജ—

ജനം—ഉഴിയാനുള്ളതു്. സപദി—ഉടൻ. വിരേജേ—ശോഭിച്ചു. കിം കിം ബഹുനാ—വളരെയെന്തിനു (പറയുന്നു). പ്രള....കം—പ്രളയകാലത്തിൽ പൊങ്ങിയ ഏഴു സമുദ്രങ്ങൾ. മിട്ടാൽ—തീരപ്രദേശം. അവനീചക്രം—ഭൂമണ്ഡലം. നിരർഗ്ഗളം—തടവില്ലാതെ. കോസ....ക്രം—ദശരഥന്റെ സൈന്യസമൂഹം. ഭൃഗു....മാം—പരശുരാമൻ. പര്യന്തേന—സമീപത്തിൽക്കൂടി. സമു....നം—ശബ്ദകോലാഹലത്തോടുകൂടി.

ഗദ്യം 2. തദാനീം—അപ്പോൾ. അമ....ർത്ഥം—ദേവകാര്യം ചെയ്യുന്നതിനായി. ഉപയോ ...നേ—ഉപയോഗിക്കപ്പെടേണ്ടവനായ ശ്രീരാമങ്കൽ. ഉപ ...യം നിജം ധാമസംക്രമയിഷ്യൻ-(തന്റെ അവതാരകാര്യങ്ങളെല്ലാം സാധിച്ചുതീർന്നതിനാൽ) ഉപയോഗിച്ചുകഴിഞ്ഞ തന്റെ തേജസ്സിനെ സംക്രമിപ്പിക്കുവാനായി. അദസീയം അന്തഭാവം ച അവ ണഃ—അവന്റെ ശൗര്യത്തെ കാണാനും ആഗ്രഹിക്കുന്നവനായി. സ്വഗു....തം—തന്റെ ആചാര്യനായ ശിവന്റെ പർവ്വതംപോലെ ബലംകൂടിയ വില്ല് മുറിച്ചതിൽനിന്നുണ്ടായ. ഉല്ബണം—കനത്ത. രോഷഭാരം—കോപാധിക്യത്തെ. അത്യന്തരക്തനേ—

1. തിസൈനികനിവഹം 2. ഘുവര.

ദണ്ഡവിധ്വയമാനവിതഥീകൃതരാജവംശജഗദ്ഖവ്വ്—
ഗവ്വകഠോരകഠാരധാരാനിരന്തരവിനിര്യദനല—
സ്ഫുലിംഗഭംഗപിശംഗിതഗഗനാഭോഗഃ, സ്വയം
ഭൃഗുപതിഃ തഥാ പ്രജതോ ദശരഥസ്യാദ്ധ്വാനമിദ്ധാ—
വലേപമരുധത്.

ദശരഥന്റെയും മാറും മുമ്പിൽ പ്രത്യക്ഷനായ പരശുരാമനെ വർണ്ണിക്കുന്നു:

ചൊൽക്കൊണ്ടീടും പ്രകോഷ്ഠേ വലയിതശരദ്രു—
ദ്രാക്ഷമാലോ ജടാവാ—
നുഗ്രത്വം പൂണ്ട ബാണാസനശരപരശ്വ—
ഗ്രണ്ഡദോർദണ്ഡശാലീ
വക്ഷഃപീഠേ ദുരന്തായുധകിണകഠിനേ
കൃത്തിമൈണേയികാം പൂ—
ണ്ടഗ്രേ പോന്നാവിരാസീദ് ഭൃഗുകുലപെരുമാൻ
കാളരാത്രീ നൃപാണാം. 10

ആജന്മബ്രഹ്മചാരീപൃഥുലഭുജശിലാ—
സ്തംഭവിഭ്രാജമാന—
ജ്യാഘാതശ്രേണിസംജ്ഞാന്തരിതവസുമതീ—
ചക്രജൈത്രപ്രശസ്തിഃ

അധികം....ന—രണ്ടു കണ്ണുകൊണ്ടും. ഉദ്വമൻ ഇവ—വെളിപ്പെടുത്തുംപോലെ. ഉച്ച....ഗഃ—ഭയങ്കരമായ ബാഹുദണ്ഡംകൊണ്ടിളക്കി നിഷ്ഫലമാക്കിച്ചെയ്ത ക്ഷത്രിയലോകത്തിന്റെ ഉദ്ധതമായ അഹങ്കാരംകൊണ്ടു കഠിനമായ മഴുവിന്റെ വായ്ത്തലയിൽനിന്നു് ഇടവിടാതെ പുറപ്പെടുന്ന അഗ്നികണങ്ങളാൽ രക്തവർണ്ണമായ ആകാശതലത്തോടുകൂടിയ. ഭൃഗുപതിഃ—പരശുരാമൻ. സ്വയം—തന്നെത്താനെ. തഥാ പ്രജതഃ ദശരഥസ്യ അദ്ധ്വാനം—അവണ്ണം യാത്ര ചെയ്യുന്ന ദശരഥന്റെ മാർഗത്തെ. ഇദ്ധാവലേപം—വർദ്ധിച്ച അഹങ്കാരത്തോടുകൂടി. അരുധത്—തടഞ്ഞു.

പദ്യം 10. പ്രകോഷ്ഠേ—കൈത്തണ്ടയിൽ. വല...ലഃ—ചുറ്റപ്പെട്ട അനേകം രുദ്രാക്ഷമാലകളോടുകൂടിയവനായി. ജടാവാൻ—ജട ധരിച്ചവനായി. ഉഗ്രത്വം—ഔദ്ധത്യം. ബാണാ....ശ്ചഃ—വില്ലു് അമ്പു് മഴു ഇവയോടുകൂടിയവനായി. ചണ്ഡ....ലീ—ഭയങ്കരമായ ബാഹുദണ്ഡത്താൽ ശോഭിക്കുന്നവനായി. ദുരന്ത ..നേ—ദുഃഖിപ്പിക്കുന്ന ആയുധത്തിന്റെ തഴമ്പിനാൽ പരുഷമായ. വക്ഷഃപീഠേ—മാർവിടമാകുന്ന പീഠത്തിങ്കൽ. മൈണേയികാം കൃത്തിം—മാന്തോലിനെ. നൃപാണാം—രാജാക്കന്മാർക്കു്. കാളരാത്രി—നാശകനായ. ഭൃഗു...ം—പരശുരാമൻ. അഗ്രേ—മുമ്പിൽ. ആവിരാസീത്—പ്രത്യക്ഷനായി.

പദ്യം 11. ആജ....രീ—ജനനംമുതല്ക്കുതന്നെ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവനായി. പൃഥു....സ്തിഃ—വലിയ കൈകളാകുന്ന കല്ത്തൂണുകൾ

1. കിണപരുഷേ

വക്ഷഃപീഠേ ഘനാസ്രൃഗ്വ്രണകിണകഠിനേ
സംക്ഷ്വണ്വാനഃ പൃഷത്കാൻ
പ്രാപ്തോ രാജന്യഗോഷ്ഠീഗജവനമൃഗയാ—
കൗതുകീ ജാമദഗ്ന്യഃ 11

ഘോരം വൈരം കഠിക്കൊണ്ടപഭയമിരുപ—
ത്തൊന്നുവട്ടം മഴുക്കൊ—
ണ്ടോരോ ഭൂപാനുത്തനപഹമവനിതലേ
വാഴ്ത്തു ചെഞ്ചോരിവെള്ളം
നീരാട്ടം നിർവഹിച്ചും ചില തിരകളും കളി—
ച്ചും പിതൄണാമനേകം
കോരിത്തപ്പിച്ചടങ്ങീടിന മുനിപെരുമാൾ
കോപമേറേറം കലർന്നു. 12

പരശുരാമൻ ആത്മപ്രശംസയോടുകൂടി ശ്രീരാമനെ യുദ്ധത്തിനായി വിളിക്കുന്നു:

''കസ്യേയം പൃതനാ പ്രയാതി നികടേ
മാമപ്യവജ്ഞായ ഭോഃ!
കസ്യ പ്രേതപുരാവലോകനവിധൗ
ചേതഃ സമുത്കണ്ഠതേ?
വിശ്വാമിത്രമഖാഭിപാലനവശാത്
ത്രൈയംബകച്ഛേദനാത്
പ്രായോ ദാശരഥേഃ സുഗർവിതധിയോ
നാന്യസ്യ രാജ്ഞോ ഭവേത്.'' 13

ളിൽ ശോഭിക്കുന്ന ഞാണേറു പാടുകളെന്ന പേരിൽ ഭൂമണ്ഡലവിജയത്തിന്റെ പ്രശസ്തിയോടുകൂടിയവനായി. ഘനാ....നേ—കഠിനമായ ശസ്ത്രത്തിന്റെ തഴമ്പിനാൽ പരുഷമായ. വക്ഷഃപീഠേ—മാർവിടത്തിൽ. പൃഷത്കാൻ—ബാണങ്ങളെ. സംക്ഷ്വണ്വാനഃ—മൂർച്ച കൂട്ടുന്നവനായി. രാജ ...കീ—ക്ഷത്രിയക്കൂട്ടമാകുന്ന ആനകളുടെ കാട്ടിൽ വേട്ടയാടാൻ തത്പരനായ. ജാമദഗ്ന്യഃ—പരശുരാമൻ. പ്രാപ്തഃ—വന്നു.

പദ്യം 12—ഘോരം—ഭയങ്കരം. വൈരം—വിരോധം. അപഭയം—ഭീതി കൂടാതെ. ഭൂപാൻ—രാജാക്കന്മാരെ. അനവഹം—എന്നും.. അവനിതലേ—ഭൂമിയിൽ. പിതൄണാം—പിതൃക്കൾക്കു്. തപ്പിച്ചു—ഉദകക്രിയ ചെയ്തു. മുനിപെരുമാൾ—മുനിശ്രേഷ്ഠനായ പരശുരാമൻ.

പദ്യം 13. മാം അപി—എന്നെപ്പോലും. അവജ്ഞായ—അവഗണിച്ചിട്ടു്. നികടേ—എന്റെ അടുത്തായി. കസ്യ ഇയം പൃതനാ പ്രയാതി—ആരുടെ ഈ സൈന്യമാണു് യാത്ര ചെയ്യുന്നതു്? കസ്യ ചേതഃ—ആരുടെ ചിത്തമാണു്. പ്രേത....ധൗ യമലോകത്തെ കാണുന്നതിൽ. സമുത്കണ്ഠതേ—ആഗ്രഹംകൊള്ളുന്നതു്? വിശ്വാ..... ശാത്—

നന്നായമ്പും തൊടുത്തച്ചെവി കഴിയെ വലി—
ച്ചാശു കോദണ്ഡമഗ്രേ
പൊന്നപ്പാ! നില്ലുനില്ലെന്നിനിയ ഗ്രഹനൊടി—
ഞ്ഞാനടുക്കും ദശായാം
പൊന്നിൻ പീഠാലെഴുന്നേറധികമുഴറി വ—
ന്നദ്രിപുത്ര്യാസമം മാം
മുന്നം പുല്ലീ പിനാകീ ഹ ഹ ഹ! നൃപശ്രുനാ
ധിഗ് ധന്യസ്യസ്യ ഭിന്നം. 14

പ്രഭോഃ സദസി നാരദപ്രഭൃതിഭിഃ പുരഃ പ്രസ്തുതം
നിശമ്യ നൃപപാശതഃ പരിഭവം വിഷണ്ണാ ക്ഷണം
വിചിന്ത്യ വിഘ്നസീകൃതക്ഷിതിപവംശകന്ദം ച മാം
നിരീക്ഷ്യ ഗണനായകം ഹസതി ഷാണ്മുഖീ ഷണ്മുഖീ. 15

ഭസ്മാങ്കുരേതി ഖുരളീകലഹേ കുമാര—
മപ്യാക്ഷിപൻ പരുഷരോഷരസാന്ധചേതാഃ
ദുഷ്ടോഽസ്മി[1]യഃ കൃതമിഥോഹസിതം ശിവാഭ്യാം
തച്ചാഭംഗമിഹ ഹാ! മസൃണം ശൃണോമി ഇം 16

വിശ്വാമിത്രന്റെ യാഗത്തെ രക്ഷിച്ചതുകൊണ്ടും. ത്രൈ....നാൽ—ശിവന്റെ വില്ലിനെ മുറിച്ചതുകൊണ്ടും. സുഗ....യഃ—വളരെ അഹങ്കാരിയായിത്തീർന്ന. ദാശരഥേഃ രാജ്ഞഃ പ്രായഃ ഭവേത്—രാമനായ രാജാവിന്റെതായിരിക്കാം (ഈ സൈന്യം). അന്യസ്യ ന—മറ്റൊരുവന്റെതായിരിക്കയില്ല.

പദ്യം 14. കോദണ്ഡം—വില്ലിനെ. ഗ്രഹൻ—സുബ്രഹ്മണ്യൻ. അടുക്കും ദശായാം—അടുക്കുമ്പോഴം. അദ്രിപുത്ര്യാ സമം—പാർവതിയോടുകൂടി. മാം—എന്നെ. പിനാകീ—ശിവൻ. നൃപശ്രുനാ—മനുഷ്യപ്രശ്രവിനാൽ. തസ്യ ധന്യഃ ഭിന്നം—അവന്റെ വില്ല് മുറിക്കപ്പെട്ടു. ധിക്—നിന്ദ്യം.

പദ്യം 15. പ്രഭോഃ—പ്രഭുവിന്റെ. സദസി—സഭയിൽ. നാരാ....ഭിഃ—നാരദൻ മുതലായവരാൽ. പുരഃ—മുമ്പിൽ. പ്രസ്തുതം—പ്രസ്താവിക്കപ്പെട്ട. നൃപപാശതഃ—നീചനായ രാജാവിങ്കൽനിന്നുണ്ടായ. പരിഭവം—അപമാനത്തെ. നിശമ്യ ക്ഷണം വിഷണ്ണാ—കേട്ട പെട്ടെന്നു ദുഃഖിതയായി. മാം—എന്നെ. വിഘ്ന....ന്ദം—ഭക്ഷിക്കപ്പെട്ട രാജവംശമാകുന്ന കിഴങ്ങോടുകൂടിയവനായി. വിചിന്ത്യ ച....ചിന്തിച്ചിട്ടും. ഷണ്മുഖീ—സുബ്രഹ്മണ്യനേറെതായി. ഷണ്മുഖീ—ആറു മുഖങ്ങം. ഗണനായകം നിരീക്ഷ്യ ഹസതി—ഗണപതിയെ നോക്കി ഹസിക്കുന്നു.

പദ്യം 16. യഃ (അഹം)—യാതൊരു ഞാൻ. ഖുരളീകലഹേ—കുളരിയിലെ കലഹത്തിൽ. ഭസ്മാങ്കുര ഇതി—ഭസ്മത്തിന്റെ കണികയായു

1. യത്കൃത

സേഷ്യം പശ്യതി ഷണ്മുഖേ ഭഗവതീ
കോദണ്ഡശിക്ഷാഗ്രഥം
ധമ്മില്ലം വിരചയ്യ ചുംബിതവതീ
യം വത്സലാ മൂർദ്ധനി
സോഢാ സോഽപി ച ഭാർഗ്ഗവോ ഗുരുധനുർ-
വിദ്ധ്വംസനം രാഘവാ-
ദിത്യാകർണ്ണ്യ നതൈശ്ചിരം സ്മിതമുഖൈ-
രീശോഽപി ലജ്ജിഷ്യതേ. 17

സ ഏഷ ഭൃഗുപുംഗവോ ഗിരിശബാലശിഷ്യോ മുനിഃ
പരശ്വധശിഖാശുഭ്രക്ഷണിഹുതാഖിലക്ഷത്രിയഃ
ഉപൈതി ധൃതമത്സരോ ഗുരുശരാസനനന്യക്കൃതേഃ
ക്വ നാമ രഘുപുംഗവോ വഹതു ചാപദണ്ഡം കരേ.'' 18

ള്ളോവേ എന്നു്. കുമാരം അപി—സുബ്രഹ്മണ്യനെപ്പോലും. ആക്ഷിപൻ—ആക്ഷേപിക്കുന്നവനായി. പരു....താഃ—അധികകോപത്താൽ ഒന്നും ഉത്തരം പറഞ്ഞാത്തവനായി. ശിവാഭ്യാം—പാർവതീപരമേശ്വരന്മാരാൽ. കൃത ....തം—തമ്മിൽ കൃതമായ ഹാസത്തോടുകൂടി. യഃ (അഹം) ദൃഷ്ടഃ അസ്മി—യാതൊരു ഞാൻ നോക്കപ്പെട്ടുവോ, (ആ ഞാൻ) തച്ചാപദണ്ഡം—അദ്ദേഹത്തിന്റെ ചാപത്തിന്റെ ഭംജനത്തെ. ഇഹ—ഇവിടെ. മസൃണം ശൃണോമി—എളുതാംവണ്ണം ശ്രവിക്കുന്നു.

പദ്യം 17. ഷണ്മുഖേ—സുബ്രഹ്മണ്യൻ. സേഷ്യം—അസൂയയോടുകൂടി. പശ്യതി (സതി)—നോക്കുമ്പോൾ. ഭഗവതീ—പാർവതി. കോദ....ണ്ഡ ഥം—ധനുർവിദ്യാഭ്യാസത്തിൽ അഴിഞ്ഞുപോയ. ധമ്മില്ലം വിരചയ്യ—തലമുടിക്കെട്ടിനെ കെട്ടീട്ടു്. വത്സലാ—വാത്സല്യയുക്തയായി. യം—യാവനൊരുത്തനെ. മൂർദ്ധനി—ശിരസ്സിങ്കൽ. ചുംബിതവതീ—ചുംബനം ചെയ്തുവോ. സഃ ഭാർഗ്ഗവഃ അപി ച—അങ്ങനെയുള്ള പരശുരാമനും. രാഘവാത്—രാമങ്കൽനിന്നു്. ഗുരു....നം—ആചാര്യന്റെ ചാപത്തിന്റെ ഭംഗത്തെ. സോഢാ—സഹിച്ചിരിക്കുന്നു. ഇതി ആകർണ്യ—എന്നു കേട്ടിട്ടു്. ചിരം നതൈഃ സ്മിതമുഖൈഃ—ഏറെനേരം പുഞ്ചിരിയോടേ തല കുനിച്ചിരുന്നു്. ഈശഃഅപി—ശിവൻപോലും. ലജ്ജിഷ്യതേ—ലജ്ജിക്കും.

പദ്യം 18. ഗിരി....ഷ്യഃ—ശിവന്റെ ബാലശിഷ്യനായ. പര.... യഃ—മഴുവാകുന്ന കത്തുന്ന തീയിൽ ഹോമിക്കപ്പെട്ട എല്ലാ ക്ഷത്രിയന്മാരോടും കൂടിയ. ഗുരു....തേഃ—ആചാര്യന്റെ വില്ല മുറിച്ചതിനാൽ ഉള്ള നികാരത്തിൽ. ധൃതമത്സരഃ—മാത്സര്യം ഉണ്ടായവനായി. സഃ ഏഷഃ ഭൃഗുപുംഗവഃ മുനിഃ—ആ ഈ പരശുരാമമുനി. ഉപൈതി—അടുത്തുവരുന്നു. രഘുപുംഗവഃ ക്വ നാമ—രാമൻ എവിടെ. ചാപദണ്ഡം കരേ വഹതു—(യുദ്ധത്തിനായി) വില്ലിനെ കൈയിൽ എടുക്കട്ടേ.

ഗദ്യം 3.

ഉഗ്രനായ പരശുരാമനെക്കണ്ടു ഭയപരവശരായ സൈനികന്മാരുടെ അവസ്ഥാവിശേഷങ്ങളെ വർണ്ണിക്കുന്നു:

ഹര ശിവശിവ! തത്ക്ഷണം കല്പകാലോദ്ഭടാം—
ഭോധരധ്വാനഗംഭീരധീരധ്വനിപ്രൗഢി കേഴ്ക്കായ
ദിക്കിൽ കനം കൺകൊടുക്കും ദശായാം ഖല്ലരീരണാ—
ടോപസംവൃത്തഷഡ്ചക്രകണ്ഡഗ്രഹോദന്തകണ്ഠോക്ത—
ലോകത്രയീജൈത്രലക്ഷ്മീഗളന്മല്ലധമ്മില്ലമല്ലീമതല്ലീ—
സ്രഗാമോദലുബ്ധാളിസംഘാതശംകാവഹോദഗ്രമൗർവീ—
കിണശ്രേണികാമണ്ഡിതോച്ചണ്ഡദോർദ്ദണ്ഡജാലങ്ങ—
ളേറേററു പാരം തഴമ്പിച്ച വാർപ്പാറപോലേ പരു—
ത്തോരു ദോരന്തരത്തേ നിജോത്തുംഗനാരാചസംഘാത—
ദൂരാന്തമേയപ്രചണ്ഡാഹവാരംഭസംരംഭമ,ഭോജബാ—
ണാരിശിഷ്യോത്തമം[1] വട്ടമിട്ടേറവും ചെമ്പരത്തി—
പ്രസൂനം കണക്കേ കനക്കെച്ചുവന്നത്യുദഗ്രം മിഴിച്ചോരു
നേത്രങ്ങൾകൊണ്ടേ ജഗച്ചക്രമൊക്കെക്കനം
നിർദയം നിർദഹന്തം ജവാദാപതന്തം ജയോ—
ദ്ധാമരം ജാമദഗ്ന്യം ബലാത് കണ്ടു പേടിച്ചുടൻ
കോസലാധീശസൈന്യങ്ങളോരോ ദിഗന്തേ തിരിഞ്ഞും
നടന്നു തദാ; കേഽപി മാതംഗകണ്ഠാലഴൽക്കൊണ്ടു
ചാടീടിനാർ. കേഽപി ഗന്ധർവപൃഷ്ഠേ കനിഞ്ഞീടിനാർ.
കേഽപി ശീഘ്രം രഥോപസ്ഥഭാഗേ നിലീല്യുസ്തദാ.

ഗദ്യം 3. കല്പ....ഢി—പ്രളയകാലത്തിലെ ഭയങ്കരമായ മേഘഗർജിതംപോലെ ഗംഭീരമായ ശബ്ദത്തിന്റെ മുഴക്കം. ഖല്ല....ലങ്ങൾ—കളരിയിലെ വാശിയേറിയ യുദ്ധത്തിൽ സുബ്രഹ്മണ്യന്റെ കഴുത്തിൽ പിടിക്കുടിയതിൽനിന്നു സുവ്യക്തമായവിധം, ത്രൈലോക്യവിജയലക്ഷ്മിയുടെ അഴിഞ്ഞ തലമുടിക്കെട്ടിലെ മാലകളിലെ പരിമളത്തിൽ കൊതി പൂണ്ട വണ്ടിൻകൂട്ടങ്ങളോ എന്നു ശങ്കിക്കത്തക്കവണ്ണം അധികമായ ഞാണിന്റെ തഴമ്പുകളാൽ അലങ്കൃതമായ ഭയങ്കരബാഹുദണ്ഡങ്ങൾ. ദോരന്തരം—കൈകളുടെ ഇട. നിജോ....രംഭം—തന്റെ വലിയ ബാണങ്ങളുടെ കൂട്ടത്താൽ അകലെനിന്നേ ഊഹിക്കത്തക്ക ഭയങ്കരമായ യുദ്ധത്തിന്റെ ആരംഭത്തിനുള്ള ഒരുക്കത്തോടു കൂടിയവനായ. അംഭോ....മം—പരശുരാമനെ. പ്രസൂനം—പൂവു്. അത്യുദഗ്രം—വളരെ വലുതായി. ജഗച്ചക്രം—ഭ്രമണ്ഡലം. നിർദയം—കൃപകൂടാതെ. നിർദഹന്തം—ദഹിപ്പിക്കുന്ന. ജവാത് ആപതന്തം—വേഗത്തിൽ വന്നുചാടുന്ന. ജയോദ്ധാമരം—ജയപ്രൗഢിയോടുകൂടിയ. ജാമദഗ്ന്യം—പരശുരാമനെ. കോസ....ങ്ങൾ—ദശരഥന്റെ സേനകൾ. ദിഗന്തേ—ദിക്കിൽ. തദാ—അപ്പോൾ. കേ അപി—ചിലർ. മാതംഗകണ്ഠാത്—ആനയുടെ കഴുത്തിൽനിന്നു്. കേ അപി—മറ്റു ചിലർ. ഗന്ധർവപൃഷ്ഠേ—കുതിരയുടെ പുറത്തു്. രഥോ....ഗേ—തേർത്തട്ടിൽ. നിലീല്യുഃ—

1. മൻവട്ട.

കേകയി ഹാഹാരവം പൂണ്ടു മണ്ടീടിനാർ. കേകയി
മോഹാകുലം സംഭ്രമിച്ചീടിനാർ. ഹന്ത ഹന്താഖില—
ക്ഷത്രഹന്താ മഹാപാപിയൊന്നപ്പെടുക്കും ദശായാം
നമുക്കെന്തൊരാലംബമെന്നും പരേ. നില്ലുനില്ലിങ്ങു
നില്ലുന്ന രാജാക്കളെന്തെന്തു പെണ്ണുങ്ങളോ
രാമനേ പോരുമേനും ജയിച്ചീടുവാൻ ന്യൂനമെന്നും
പരേ. നല്ലതെന്നും വരാ ഭാർഗ്ഗവന്നെന്തു നമ്മെത്തടുത്തീ—
ടുവാൻ മൂലമെന്നും പരേ. കാൺക ചാടിത്തിമിർത്തി—
ങ്ങടുക്കുന്നതയ്യോ! വിരഞ്ഞാക്കെ മണ്ടീടുവിൻ
ദൂരെയെന്നും പരേ. കഷ്ടമേ! നോക്കിനില്ലുന്നിതെ—
ന്തിമ്മഹാരാജനിന്നേരമേ ചെന്നു പാദാർഘ്യസംഭാ—
രമാപാദ്യ വന്ദിക്കവേണ്ടുന്നതെന്നും പരേ. പേടി—
കൊണ്ടെത്രയും വാടി മണ്ടീടുമേ രാജപുത്രീസമീപേ
മഹാസൈനികന്മാർ ചുഴന്നീടണം ചെന്നിതെന്നും
പരേ. വീരഭൂപാലരെല്ലാം പതുങ്ങീട്ടിരിക്കു—
ന്നിതയ്യോ! തടുത്തീടണം ചെന്നിതെന്നും പരേ.
രാമഭദ്രൻ കുലുക്കത്തിലേതും കുലുങ്ങീലഹോ!
ചിത്രമേ ലക്ഷണം നോക്കി ഗൂഢം ചിരിക്കുന്നിതെന്നും
പരേ. കിം ബഹുക്കൈതരഹോ! ചിത്രമന്നേരമുണ്ടായ
സത്രം പുകഴ്ത്താവതല്ലേതുമേ.

പരിഭ്രാന്തരായ സൈനികന്മാരെ ശാന്തരാക്കിത്തീർത്തിട്ട ദശരഥൻ അർഘ്യപാദ്യാദിസഹിതനായി അതിഥിയായി മുമ്പിൽ പ്രത്യക്ഷനായ പരശുരാമനോടു സാന്ത്വനവാക്കുകളും പറയുന്നതായി പ്രസ്താവിക്കുന്നു:

സേനാസംഭ്രാന്തിമേനാം ത്വരി[1]തതരമട—
ക്കി പ്രകാമം വിനീത്യാ
താനേ ചെന്നർഘ്യപാദ്യങ്ങളെ നിഭൃതമുപാ—
ദായ കൈയ് രണ്ടുകൊണ്ടും

പതുങ്ങി. രവം—ശബ്ദം. മോഹാകുലം—മോഹത്താൽ പരവശരാംവണ്ണം. അഖിലക്ഷത്രിഹന്താ—എല്ലാ ക്ഷത്രിയരുടെയും നാശകൻ. ആലംബം—ആശ്രയം. പരേ—മറ്റു ചിലർ. ഏനം—ഇവനെ. ന്യൂനം—നിശ്ചയം. മൂലം—കാരണം. പാദ്യാ....രം—പാദ്യം അർഘ്യം എന്നീ അതിഥിപൂജയ്ക്കുള്ള ഒരുക്കത്തെ. പാദ്യം—പാദോദകം. അർഘ്യം—തീർത്ഥോദകം. ആ പാദ്യ—ഒരുക്കി. ഗൂഢം—രഹസ്യമായി. ചരിക്കുക—സഞ്ചരിക്കുക. ബഹു കൈതഃ കിം—വളരെപ്പറഞ്ഞിട്ടെന്തു'. സത്രം—കോലാഹലം.

പദ്യം 19. ഏനാം സേനാസംഭ്രാന്തിം—ഈ സേനകളുടെ സംഭ്രമത്തെ. ത്വരിതതരം—വളരെ വേഗത്തിൽ. പ്രകാമം അടക്കി—വളരെ

1. തമയടെ.

ക്ഷോണീമാണിക്യഭ്രഷ്ടാ ദശരഥനൃവരൻ
കോപഭാരാത്[1] കാരം
പാണൗ തുള്ളിച്ചുനില്പുന്നവനൊട്ടു നൃവര—
ദ്വേഷിയോടാബഭാഷേ. 19

''മാനശീല! ജയ രേണുകാസുത! ഭവത്പദേ
ദശരഥോഽധുനാ
വീണു കൈതവമകന്നു കൈസ്തോഴിത്തു യാചതേ
വരമിതേ[1] വിഭോ!
ത്വന്നിരോധമരുതേ! സുതേ മമ വിധേഹി
വീര! തിരുവുള്ളമൊ—
ട്ടിന്നതേ മതി മമാപരാധമഖിലം
ക്ഷമസ്വ കരുണാനിധേ! 20

പണ്ടു ഭ്രപതികം വീര്യമുള്ളവരക്ഷണം
പൊരുതു നിന്നിതാ
ചണ്ഡശീല! തവ മുമ്പിലിന്നു മാ
ബാലനോ കലഹഭാജനം?
ചണ്ഡികാരമണബാലശിഷ്യ, തൊഴകൈയ്
വിശിഷ്യകലയേ തെളി—
ഞ്ഞിണ്ടൽ പോക്കി മമ വംശമാശു പരിപാഹി
നിർമ്മലഗുണാംബുധേ!'' 21

ശാന്തമാക്കി. വിനീത്യാ—വിനയംപൂണ്ട്. അർഘ്യപാദ്യങ്ങളെ—അർഘ്യം പാദ്യം എന്നീ ഉപചാരങ്ങളെ. നിഭൃതം ഉപാദായ—സാദരം എടുത്തിട്ട്. ക്ഷോണീ....ഷാ—ഭൂമിയിൽ ശ്രേഷ്ഠനായ. കോപഭാരാത്—കോപാധിക്യം നിമിത്തം. കാരം—മഴുവിനെ. പാണൗ—കൈയിൽ. നൃവരദ്വേഷി—ക്ഷത്രിയശത്രു. ആബഭാഷേ—പറഞ്ഞു.

പദ്യം 20. മാനശീല—അഭിമാനസ്വഭാവം. രേണുകാസുത—രേണുകയുടെ പുത്രനായുള്ളോവേ. ജയ—ജയിച്ചാലും. ഭവത്പദേ—അങ്ങയുടെ കാല്കൽ. അധുനാ—ഇപ്പോൾ. ദശരഥഃ—ദശരഥൻ. കൈതവം—കാപട്യം. യാചതേ—പ്രാർത്ഥിക്കുന്നു. ത്വന്നിരോധം—നിന്റെ എതിർപ്പ്. മമ സുതേ—എന്റെ പുത്രകൽ. വിധേഹി—ചെയ്താലും. മമ അഖിലം അപരാധം—എന്റെ എല്ലാ അപരാധത്തെയും. ക്ഷമസ്വ—ക്ഷമിച്ചാലും.

പദ്യം 21. ചണ്ഡശീല—ഭയങ്കരസ്വഭാവ. തവ—നിന്റെ. മാ എന്റെ. കലഹഭാജനം—യുദ്ധം ചെയ്യാൻ യോഗ്യൻ. ചണ്ഡി....ഷ്യ—അല്ലയോ പരമശിവന്റെ ബാലശിഷ്യനായുള്ളോവേ. വിശിഷ്യ—

1. പരമിതേ. 2. പരര.

പരശുരാമൻ സത്കാരത്തിനു് ഒരുങ്ങിയ ദശരഥനെ അവഗണിച്ചു കൊണ്ടു കുപിതനായി ശ്രീരാമനെ ഉഗ്രമായി നോക്കുന്നു:

മാനിച്ചുൻപോടിവണ്ണം കലിതവിനയമ—
ങ്ങാവതെല്ലാം വണങ്ങി—
ത്താനേ സംപ്രാത്ഥ്യന്തം ദശരഥമനവേ—
ക്ഷ്യാശു ക്ഷാഭിമാനീ,
മാനം നില്ലാതെ കോപോദയവിവശമനാ
രാമചന്ദ്രൻ ത്രിലോകീ—
മാണിക്യക്കല്പ നില്പും ദിശി ഭൃശമശനൈഃ
സന്ദധേ ഘോരതാരാം. 22

പിന്നെയും പരശുരാമനോടു് ദശരഥൻ വിനയപൂർവ്വം പറയുന്നു:

''ആഴിചൂഴമവിനീവിരാജദവിനീത—
ഭൂപതികുലാനി മൂ—
വ്വേഴവട്ടമിഹ വേരറുത്തെഴുമുഗ്ര—
വീര്യവരവാസമേ!
കീഴമർത്തു നിയമേന ഘോരതപസാ ച
താപസഗണാനിതിൽ
കീഴൊരുത്തനൊരു മേന്മ കിഞ്ചന കൊടായു—
മദ്ഭുതപയോനിധേ! 23

വിശേഷിച്ചു്. കലയേ—കുപ്പുന്നു. പരിപാഹി—രക്ഷിച്ചാലും. നിർമ ....ധേ—ശ്രദ്ധഗുണങ്ങൾക്കു് ഇരിപ്പിടമായുള്ളോവേ. പുത്രസ്നേഹം നിമിത്തം ദശരഥൻ ചപലനായി ഭീതിതരളനായി പറയുന്ന ദീനവാക്യങ്ങളാണു് പ്രകൃതപദ്യവും മാറും.

പദ്യം 22. കലിതവിനയം—വണക്കത്തോടുകൂടി. മാനിച്ചു്—ബഹുമാനിച്ചു്. സമ്പ്രാത്ഥ്യന്തം—പ്രാത്ഥിക്കുന്ന. ദശരഥം—ദശരഥനെ. അനവേക്ഷ്യ—നോക്കാതെ. ആശു—വേഗത്തിൽ. ക്ഷാഭിമാനീ—വളരെ അഹങ്കാരത്തോടുകൂടിയ. കോപോ....നാം—കോപമുണ്ടായി പരവശചിത്തനായ. ദിശി—ദിക്കിൽ. ദൃശം—നോട്ടത്തെ. അശനൈഃ—വേഗം ഘോരതാരാം—കൊടും കണ്ണിഴിയോടുകൂടിയ (ദൃശം എന്നതിന്റെ വിശേഷണം). സന്ദധേ—യോജിപ്പിച്ചു. നോക്കി എന്നർത്ഥം

പദ്യം 23. അവ....നി—ഭൂമിയിൽ വിളങ്ങുന്ന ദുഷ്ടക്ഷത്രിയവംശങ്ങളെ. ഇഹ—ഇവിടെ. ഉദ്....മേ—വലിയ വീര്യത്തിനു് ഇരിപ്പിടമായുള്ളോവേ. നിയമേന—നിയമംകൊണ്ടും. ഘോരതപസാ ച—ഭയങ്കരമായ തപശ്ചര്യകൊണ്ടും. താപസഗണാൻ—താപസന്മാരുടെ കൂട്ടങ്ങളെ. കിഞ്ചന—ഒട്ടും. അദ്ഭു....ധേ—ആശ്ചര്യങ്ങൾക്കു് ഇരിപ്പിടമായുള്ളോവേ.

1. വനൗ വി.

ചേണെഴും മുനികുലാവതംസ! ഗുരുദേക—
വീര! ഭവതേ നമോ
രേണുകാതനയ! കോപമെന്തിനു ഭവാനൊ—
ടാരു കലഹായതേ?
മാനമന്ദിര! കൃപാമുപാനയ, വൃഥാ തൊ—
ടായു തവ നീടെഴും
പാണിരേഷ സമരായ ചാപമിഹ ബാല—
കേ വിനയപാലകേ.'' 24

ദശരഥവചനത്തെ തിരസ്കരിച്ചുകൊണ്ടു പരശുരാമൻ വധോദ്യതനായി ശ്രീരാമനെ നോക്കുന്നതും സൈന്യങ്ങൾ ഭയന്നു പിൻതിരിയുന്നതും:

[1]ഇത്ഥം വദന്തമവനീപതിമർഘ്യപാദ്യൈ
ഹസ്തേ ദധാനമവധൂയ മുനീശ്വരോ[2]ഽയം
തത്സൂനുതന്നരികിലന്തകദുർമനോടെ—
ഞ്ഞൊത്തിടുമീക്ഷണമപാതയദാതതായീ. 25

ദിക്കുലവ്യാപിനീ വാഹിനീ തദനു സഖേ!
വീക്ഷ്യ കോപാതിരേക—
പ്രക്ഷോഭോപതന്തം ഭൃഗുകുലതിലകം
പിൻതിരിഞ്ഞും നടന്നു;

പദ്യം 24. ചേണെഴും—മഹാനായ. മുനി....സ—മുനിശ്രേഷ്ഠ. ഭവതേ നമഃ—അങ്ങയ്ക്കായി നമസ്കാരം. കലഹായതേ—കലഹിക്കുന്നു. മാനമന്ദിര—മാനത്തിനു് ഇരിപ്പിടമേ. കൃപാം ഉപാനയ—കൃപ ചെയ്താലും. വൃഥാ—വെറുതെ. നീടെഴും—നീണ്ട. ഏഷഃ പാണിഃ—ഈ കൈയു്. സമരായ—യുദ്ധത്തിനായി. വിനയ....കേ—വിനയത്തെ രക്ഷിക്കുന്ന. ബാലകേ—ബാലനിൽ.

പദ്യം 25. ഇത്ഥം വദന്തം—ഇപ്രകാരം പറയുന്നവനും. അർഘ്യപാദ്യൈ—അർഘ്യം പാദ്യം എന്നീ ഉപചാരങ്ങളെ. ഹസ്തേ ദധാനം—കൈയിൽ ധരിക്കുന്നവനും ആയ. അവനീപതിം—രാജാവിനെ (ദശരഥനെ). അവധൂയ—തിരസ്കരിച്ചിട്ടു്. അയം മുനീശ്വരഃ—ഈ മുനിശ്രേഷ്ഠൻ (ഭാർഗ്ഗവരാമൻ). തത്സൂനു—അവന്റെ പുത്രൻ (രാമൻ). അന്തകദുർമനോടെ—യമദുർമനസ്സോടെ. ആതതായീ—വധത്തിനു് ഒരുങ്ങിയവനായി. ''ആതതായീ വധോദ്യതഃ'' എന്നു് അമരം. ഈക്ഷണം അപാതയത്—നോക്കി.

പദ്യം 26. തദനു—അതിൽപിന്നെ. സഖേ—തോഴ. ദിക്കുല..... നീ—ദിഗന്തങ്ങളെ വ്യാപിച്ചിരിക്കുന്ന. വാഹിനീ—സേന. കോപാ.... ഭാതം—കോപം വർദ്ധിച്ച ക്ഷോഭത്താൽ. ആപതന്തം—വന്നുചാടുന്ന.

1. ഏവം വ. 2. രോഽസൗ.

അക്ഷീണം ക്ഷുമദം പൈന്ദവിരളമിളകം
ഗർവ്വഭ്രഷ്ടാ കളിക്കും
മുഷ്ടേറും വാരണാനാം പടലി ഹരിവരം
കണ്ട മണ്ടുന്നപോലെ. 26

ശ്രീരാമൻ സൈന്യങ്ങളെ തടഞ്ഞുകൊണ്ടു പരശുരാമനോട് സംഭാഷണം തുടങ്ങുന്നതായി പ്രസ്താവിക്കുന്നു:

തദനു മനുകുലത്തിൽ പുത്തനുത്തംസമേനാം
പുരികലതികകൊണ്ടേ വാരയന്നാത്മസേനാം
വിരവിനൊട്ട സമീപേ ചെന്നസൗ കൈയ്വണങ്ങി—
പ്പുരരിപുപരമാന്തേവാസിനം വാചമൂചേ. 27

ശ്രീരാമൻ പരശുരാമനെ വണ്ണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ദർശനം തനിക്കു സിദ്ധിച്ചതു ഭാഗ്യംനിമിത്തമാണെന്നു പ്രസ്താവിക്കുന്നു:

''ജടാം ധത്തേ മൂർദ്ധാ പരശുധനുഷീ ബാഹുശിഖരഃ
പ്രകോഷ്ഠോ രുദ്രാക്ഷം വലയമിഷുദണ്ഡാനപി കരഃ
പ്രശുദ്ധപ്രൗഢാസ്രഗ്വ്രണവികടരുദ്രാദ്ഭുതമിദം
പ്രശാന്താമൈണേയീം തചമപി ച വക്ഷഃ കലയതി. 28

ഭൃഗു....കം—പരശുരാമനെ. വീക്ഷ്യ—കണ്ടിട്ട്. അക്ഷീണം—ക്ഷയമില്ലാതെ. ക്ഷുമദം—ശുദ്ധമായ മദജലം. അവിരളം—ഇടവിടാതെ. ഗർവഭ്രഷ്ടാ—അഹങ്കാരാധിക്യത്താൽ. വാരണാനാം പടലി—ആനക്കൂട്ടം. ഹരിവരം—സിംഹശ്രേഷ്ഠനെ. മണ്ടുന്ന—ഓടുന്ന.

പദ്യം 27. ഉത്തംസം—ശിരോലങ്കാരം. ഏനാം ആത്മസേനാം—ഈതന്റെ സൈന്യത്തെ. ലതിക—കൊടി. വാരയൻ—മാററിക്കൊണ്ട്. സമീപേ—അടുത്ത്. അസൗ—ഇവൻ. പുര..... നാം—പരശുരാമനോട്. ആകാശം വായു ഭൂമി ഇവയിൽ യഥാക്രമം സ്വർണ്ണം വെള്ളി ഇരുമ്പ് എന്നീ മൂന്നു ലോഹങ്ങൾകൊണ്ടു മയൻ നിർമിച്ച പുരങ്ങൾ. വിദ്യുന്മാലി താരകാചക്ഷുസ് കമലാക്ഷൻ എന്നിവർ ത്രിപുരന്മാർ. ഇവരെ നശിപ്പിച്ച രിപു ശിവൻ. വാചം ഊചേ—പറഞ്ഞു.

പദ്യം 28. മൂർദ്ധാ—(അങ്ങയുടെ) ശിരസ്സ്. ജടാം ധത്തേ—ജടയെ ധരിക്കുന്നു. ബാഹുശിഖരഃ—കൈയാകുന്ന ശൃംഗം. പരശുധനുഷീ—മഴുവിനേയും വില്ലിനേയും (ധരിക്കുന്നു.) പ്രകോഷ്ഠഃ—കൈത്തണ്ട്. രുദ്രാക്ഷം വലയം—രുദ്രാക്ഷംകൊണ്ടുള്ള മാലയെ (ധരിക്കുന്നു). കരഃ—കൈയ്. ഇഷുദണ്ഡാൻ അപി—ബാണദണ്ഡങ്ങളെയും ധരിക്കുന്നു. പ്രശു.....തം വലിയ അസ്രുങ്ങളുടെ തഴമ്പുകൊണ്ടു മുഴുത്ത ഭയങ്കരവും അത്ഭുതവും ആയ. ഇദം വക്ഷഃ—ഈ മാർവിടം. പ്രശാന്താം—ശമപ്രധാനമായ. ഐണേയീം തചം അപി ച കലയതി—മാന്തോലിനേയും ധരിച്ചിരിക്കുന്നു.

സാകം ശക്തിധരേണ തത്ര ഭവതോ
ദേവാദ് ഭവാനീപതേർ—
യഃ സമ്യഞ്ചമവാപ ചാപനിഗമം
സമ്യഞ്ചി സാമാനി ച
ശൂരാണാം ച തപസ്വിനാം ച പരമാം
കാഷ്ഠാമധിഷ്ഠാസ്നഭി—
സ്തേജോഭിർഭഗവാനസൗ ഭൃഗുപതിർ—
ദിഷ്ട്യാദ്യ ദൃഷ്ടോ മയാ.''

പരശുരാമൻ വളരെ ഉദ്ധതനായി ശ്രീരാമനോട് പറയുന്നു:

കല്പവഹ്നിസദൃശാ ദൃശാ ദിശോ
നിർദഹന്നിവ വിലോകയന്നസൗ
ഉദ്ഭടോദ്ഭരവധീരയാ ഗിരാ
ദർപ്പവാൻ മുനിരുവാച രാഘവം 30

''ഹേ രാമ! കേനാപി നൃപജാതിയിലിന്നനേകം
നാംകൂടി വിശ്രുതമലൗകിഷി വീരമേകം:

പദ്യം 29. ശക്തിധരേണ സാകം—സുബ്രഹ്മണ്യനോടുകൂടി. തത്ര ഭവതഃ—പൂജ്യനായ. ഭവാനീപതേഃ ദേവാത്—പരമശിവങ്കൽനിന്ന്. യഃ—യാവനൊരുത്തൻ. സമ്യഞ്ചം ചാപനിഗമം—സമീചീനമായ ധനുർവിദ്യയേയും. സമ്യഞ്ചി സാമാനി ച—സമീചീനങ്ങളായ സാമങ്ങളെയും. അവാപ—ലഭിച്ചുവോ. ശൂരാണാം ച—ശൂരന്മാരുടേയും. തപസ്വിനാം ച—താപസന്മാരുടേയും ഇടയിൽ. പരാം കാഷ്ഠാം അധിഷ്ഠാസ്നഭിഃ—അങ്ങേയറത്തെത്തിയ. തേജോഭിഃ (ഉപലക്ഷിതഃ)—തേജസ്സുകളോടുകൂടിയ. അസൗ ഭഗവാൻ ഭൃഗുപതിഃ—ഈ ഭഗവാനായ ഭാർഗ്ഗവരാമൻ. ദിഷ്ട്യാ—ഭാഗ്യംകൊണ്ട്. മയാ—എന്നാൽ. അദ്യ—ഇപ്പോഴെ. ദൃഷ്ടഃ—ദർശിക്കപ്പെട്ട.

പദ്യം 30. അസൗ—ദർപ്പവാൻ മുനിഃ—ഈ ഗർവിഷ്ടനായ പരശുരാമൻ. കല്പ....ശാ ദൃശാ—പ്രളയകാലത്തിലെ അഗ്നിക്കു തുല്യമായ കണ്ണുകൊണ്ട്. ദിശഃ—ദിക്കുകളെ. നിർദഹൻ ഇവ—ദഹിപ്പിക്കുന്നവൻപോലെ. വിലോകയൻ—നോക്കുന്നവനായി, ഉദ്ഭ....രയാ ഗിരാ—ഭയങ്കരമായ മേഘഗർജിതംപോലെ ധീരമായ വാക്കിനാൽ. രാഘവം ഉവാച—രാമനോട് പറഞ്ഞു. പരശുരാമ—ശ്രീരാമന്മാരുടെ വചനപ്രതിവചനങ്ങളിൽനിന്നു പരശുരാമനെ അഹങ്കാരിയായും ആത്മപ്രശംസാപരനായും ശ്രീരാമനെ വിനയാന്വിതനായും മധുരസ്വഭാവിയായും കവി വ്യക്തമായി പ്രദർശിപ്പിക്കുന്നു. രാമന്റെ വിനീതവചനങ്ങളെല്ലാം പരശുരാമന്റെ രോഷത്തെ വർദ്ധിപ്പിക്കുന്നു. ഒടുവിൽ പരശുരാമനതന്നെ മടക്കം സംഭവിക്കുന്നു.

പദ്യം 31. നൃപജാതിയിൽ—ക്ഷത്രിയവർഗ്ഗത്തിൽ. വിശ്രുതം—പ്രസിദ്ധനായ. ഏകം വീരം—ഒരു വീരനെ. അലൗകിഷി—കണ്ടു.

പ്രാഗല്ഭ്യരീതി തവ കാണ്മതിനേഷ രാമഃ
ശ്രീകണ്ഠശിഷ്യനതികൃത്തുകവാനിദാനീം. 31

രേ കാകുത്സ്ഥാഃ! കഥം വഃ ശ്രുതിവിഷയമയം
നാഗമദ് ഭാർഗ്ഗവീയോ
ദുസ്സാമന്താപചാരപ്രചിതപിതൃവധാ-
മർഷനിസ്താരബന്ധുഃ
വാരാനാസന്നവിംശാൻ വിശസിതവിഷമ-
ക്ഷത്രജാതിപ്രരോഹഃ
ക്രോധാദുത്കൃത്തഗർഭാമിഷരുധിരവസാ-
വിസ്രഗന്ധീ കഠാരഃ.''

ശ്രീരാമൻ വളരെ വിനീതനായി പരശുരാമനോട് പായുന്നതു്:

സവിനയമഥ പോയ്ചെന്നഞ്ജുപത്തഞ്ജലിം ചേ-
ത്തവിരളധൃതിഭ്രമാ രാമചന്ദ്രസ്തദാനീം
ഭുവനവിജയധാമ്നാ ശ്രീമതാ രാമനോട-
ന്നൃവരനിവഹവന്യാവഹ്നിയോടേവമൂചേ: 33

''ഭ്രുപാലകുലകാന്താര
ദാവപാവകതേജസേ
പരാക്രമപയോരശി-
പ്പുണ്ണചന്ദ്രായ തേ നമഃ. 34

തവ—നിന്റെ. പ്രാഗല്ഭ്യരീതി—സാമർത്ഥ്യം. ഏഷഃ രാമഃ—ഈ ഭാർഗ്ഗവരാമൻ. ശ്രീകണ്ഠൻ—ശിവൻ. ഇദാനീം—ഇപ്പോഴും. അതി....വാൻ—വളരെ താത്പര്യമുള്ളവൻ.

പദ്യം 32. രേ കാകുത്സ്ഥാഃ—അല്ലയോ കകുത്സ്ഥവംശ്യരേ. ദുസ്സാ....ന്ധുഃ—ദുഷ്ടസാമന്തന്മാരുടെ നീചകൃത്യത്താൽ വദ്ധിച്ച പിതൃവധകോപത്തിനു പ്രതികാരം ചെയ്യുന്നതിൽ ബന്ധുവായ. ആസന്നവിംശാൻ വാരാൻ—ഇരുപത്താന്നു പ്രാവശ്യം. വിശ....ഹഃ—കൊല്ലപ്പെട്ട ദുഷ്ടക്ഷത്രിയവർഗ്ഗത്തിന്റെ മുളയോടുകൂടിയ. ക്രോധാത്—കോപം ഹേതുവായി. ഉത്കൃ....ന്ധീ—അറുത്തെടുക്കപ്പെട്ട ഗർഭമാംസരക്തവസകളുടെ ആമഗന്ധത്തോടുകൂടിയ. അയം ഭാർഗ്ഗവീയഃ കഠാരഃ—ഈ പരശുരാമന്റെ മഴു. വഃ—നിങ്ങളുടെ. ശ്രുതിവിഷയം കഥം ന അഗമൽ—എങ്ങനെ ശ്രവണഗോചരമായി ഭവിച്ചില്ല.

പദ്യം 33. സവിനയം—വണക്കത്തോടുകൂടി. അഞ്ജലി—കൈകൂപ്പു്. അവി....മാ—തിങ്ങിയ ധൈര്യത്തോടു കൂടിയവൻ. രാമചന്ദ്രഃ—രാമൻ. തദാനീം—അപ്പോഴും. ശ്രീമതാ—ശ്രീമാനായ. ഭുവ....ന്നാ—ലോകത്തെ ജയിച്ച തേജസ്സോടുകൂടിയ. നൃപര....ഹ്നി—ക്ഷത്രിയക്കൂട്ടത്തിനു കാട്ടുതീ. ഏവം ഊചേ—ഇപ്രകാരം പറഞ്ഞു.

പദ്യം 34. ഭ്രുപാ....സേ—ക്ഷത്രിയവർഗ്ഗമാകുന്ന വനത്തിനു കാട്ടു

ആദേഷ്ടാ ഭഗവാൻ ഭൃഗുർജ്ജനനയോ—
രുത്പത്തികബ്രാഹ്മയോർ—
ദേവോ ധൂർജ്ജടിരസ്രുകമ്മണി ഗുരുർ—
വീര്യം തു ദൂരേ ഗിരാം
സപ്തദ്വീപവതീം പുനർഭവമഭി—
പ്രൈതി ദ്വിജാൻ കാശ്യപ—
പ്രായാനപ്രതിമപ്രഭാവ! ഭവതേ
കസ്മൈചിദസ്മൈ നമഃ.'' 35

പരശുരാമവചനം:

''ഗൗരീപതേസ്ത്രിപുരശാസനസാധനം ത—
ച്ഛിത്വാ ധനുസ്ത്രിഭുവനൈകഗുരോർമേ
ക്ഷത്രാനപായക്ഷപണനിത്യനിബദ്ധദീക്ഷം
കിം മാം പ്രസാദയസി രാമ! നമഃപദേന. 36

തീയായ തേജസ്സുള്ള. പരാക്രമ....യ—വീര്യമാകുന്ന സമുദ്രത്തിനു പൂർണ്ണ ചന്ദ്രനായ. തേ നമഃ—അങ്ങയ്ക്കായി നമസ്കാരം.

പദ്യം 35. ഔത്....യോഃ—ഉത്പത്തി വേദം ഇവയെ സംബന്ധിച്ച. ജനനയോഃ—ജനനങ്ങൾക്ക്. ആദേഷ്ടാ—ആദേശകർത്താവു്. ഭഗവാൻ ഭൃഗുഃ—ഭഗവാനായ ഭൃഗുവാകുന്നു. ജനിപ്പിച്ചവനും വേദം അഭ്യസിപ്പിച്ചവനും ഭൃഗുവാണെന്നു സാരം. അസ്രുകർമണി—അസ്രുവിദ്യയിൽ. ഗുരു—ആചാര്യൻ. ദേവഃ ധൂർജടിഃ—ദേവനായ ശിവനാകുന്നു. വീര്യം തു—പരാക്രമമാകട്ടെ. ഗിരാം ദൂരേ—വാക്കുകൾക്ക് അകലെ. സപ്തദ്വീപവതീം ഭുവം പുനഃ—ജംബു, പ്ലക്ഷ, കുശ, ക്രൗഞ്ച, ശാക, ശാല്മലി, പുഷ്കരങ്ങളായ ഏഴുദ്വീപുകളോടുകൂടിയ ഭൂമിയെയാകട്ടെ. കാശ്യപപ്രായാൻ ദ്വിജാൻ അഭിപ്രൈതി—കാശ്യപാദിബ്രാഹ്മണർക്ക് സമ്പ്രദാനം ചെയ്തിരിക്കുന്നു. ''കർമണാ യമഭിപ്രൈതി സ സമ്പ്രദാനം'' എന്നു പാണിനി. അപ്രമേയ—നിസ്തുല്യമായ മാഹാത്മ്യത്തോടുകൂടിയുള്ളോവേ. കസ്മൈചിത് അസ്മൈ ഭവതേ നമഃ—അനിർവചനീയനായ ഏതോ ഒരുവനായ അങ്ങയ്ക്കായി നമസ്കാരം.

''ഉത്പത്തിർജ്ജഡഗീതഃ സ ഭഗവാൻ ദേവഃ പിനാകീ ഗുരുർ—
വീര്യം യസ്യ ന യദ്ഗിരാമനുപഥം വ്യക്തം ഹി തത് കർമ്മഭിഃ
ത്യാഗഃ സപ്തസമുദ്രമുദ്രിതമഹീ നിർവ്യാജദാനാവധിഃ
സത്യബ്രഹ്മതപോനിധേർ ഭഗവതഃ കിം കിം ന സംഭാവ്യതേ.''

ഈ പ്രസിദ്ധപദ്യത്തിന്റെ അനുകാരമാണു് പ്രകൃതപദ്യം.

പദ്യം 36. ത്രിഭു....രോഃ—മൂന്നു ലോകത്തിനും ഒരേ ആചാര്യനായ. മേ ഗുരോഃ—എന്റെ ആചാര്യനും ആയ. ഗൗരീപതേഃ—ശിവന്റെ ത്രിപു....നം—ത്രിപുരന്മാരെ നിഗ്രഹിക്കുന്നതിൽ ഉപകരണമായ. തത് ധനുഃ ഛിത്വാ—ആ വില്ലിനെ മുറിച്ചിട്ടു്. രാമ—അല്ലയോ രാമ. ക്ഷത്രാ.....ക്ഷം—ക്ഷത്രിയവർഗ്ഗത്തെ നശിപ്പിക്കുവാനായി എപ്പോഴും

മെത്തീടും കാത്തവീര്യാർജ്ജുനവരമഹഷീ—
ബാഷ്പസമ്പാതമിത്രെഃ
ശസ്ത്രൈരാപാദ്യ രക്താംബുധിമദധി പുരാ
യേന തൃപ്തിഃ പിതൃണാം
ദഗ്ധ്വാ രാജന്യവന്യാം വിരവൊട പൊലിവാ—
നാഞ്ഞ മത്കോപവഹ്നേന—
രദ്യാഹോ! രുദ്രബാണാസനദലനകരോ
ജാതവാനിന്ധനം നീ. 37

ശംഭൗ യദ്ഗ്രഹണവല്ലരീമുപനയ—
ത്യാകൃഷ്യ കർണ്ണാന്തികം
ഭ്രശ്യന്തി ത്രിപുരാവരോധസുദൃശാം
കർണ്ണോത്പലഗ്രന്ഥയഃ
കിഞ്ചാസ്സ്ഥാലയതി പ്രകോഷ്ഠകമിമാ—
മുന്മുച്യ താസാമഹോ
ഭിദ്യന്തേ വലയാനി, ദാശരഥിനാ
ഭഗ്നം തദൈശം ധനുഃ.'' 38

ഒരുക്കമുള്ള. മാം—എന്നെ. നമഃ പദേന—നമസ്കാരവചനംകൊണ്ട്. പ്രസാദയസി കിം—പ്രസാദിപ്പിക്കുന്നുവോ.

പദ്യം 37. മെത്തീടും—വർധിച്ച. കാത്ത.....ത്രെഃ—കാത്തവീര്യാർജ്ജുനന്റെ ശ്രേഷ്ഠഭാര്യമാരുടെ കണ്ണുനീർപ്പൊഴിവിനു തോഴരായ. ശസ്ത്രൈഃ—ശസ്ത്രങ്ങളാൽ. രക്താംബുധിം—രക്തമയമായ ജലാശയത്തെ. ആപാദ്യ—നിർമിച്ചിട്ട്. യേന—യാവനൊരുത്തനാൽ. പിതൃണാം തൃപ്തിഃ അദധി—പിതൃക്കൾക്ക തൃപ്തിവരുത്തപ്പെട്ടുവോ. രാജന്യവന്യാം—ക്ഷത്രിയ വനത്തെ. ദഗ്ധ്വാ—ദഹിപ്പിച്ചിട്ട്. പൊലിവാൻ—നശിക്കുവാൻ. ആഞ്ഞ—ആയം പിടിച്ച. മത്....ഹ്നേഃ—എന്റെ കോപമാകുന്ന തീയ്യ്. അദ്യ—ഇന്ന്. അഹോ—ആശ്ചര്യദ്യോതകം. രുദ്ര....രഃ—ശിവന്റെ വില്ല് മുറിച്ച. ഇന്ധനം ജാതവാൻ—വിറകായിത്തീർന്നിരിക്കുന്നു.

പദ്യം 38. ശംഭൗ—ശിവൻ. യദ്ഗ്ര....രീം ആകൃഷ്യ—യാതൊന്നിന്റെ ഞാണിനെ വലിച്ചിട്ട്. കർണ്ണാന്തികം ഉപനയതി (സതി)—ചെവിയുടെ അടുത്തു കൊണ്ടുവരുമ്പോൾ. ത്രിപുരാവരോധസുദൃശാം—ത്രിപുരന്മാരുടെ അന്തഃപുരസ്ത്രീകളുടെ. കർണ്ണോത്പലഗ്രന്ഥയഃ—ചെവിക്കലങ്കാരമായി അണിഞ്ഞിരിക്കുന്ന കരിങ്കുവളപുഷ്പങ്ങൾ. ഭ്രശ്യന്തി—വഴുതിവീഴുന്നു. കിഞ്ച—ഇനിയും. ഇമാം ആസ്സ്ഥാലയതി—ശിവൻ ആ ഞാണിനെ ആസ്ഥാനം ചെയ്യുമ്പോൾ. താസാം—അവരുടെ. വലയാനി—കൈവളകൾ. പ്രകോഷ്ഠകം ഉന്മുച്യ—കൈത്തണ്ട വിട്ട്. ഭിദ്യന്തേ—ഭിന്നമാകുന്നു. തദ് ഐശം ധനുഃ—അവണ്ണമുള്ള ശിവന്റെ വില്ല്. ദാശരഥിനാ—രാമനാൽ. ഭഗ്നം—ഭംജിക്കപ്പെട്ടു.

ശ്രീരാമവചനം:

''ഉലകിൽ മികവു കൈസ്സൊണ്ടാഗതം കണ്ണുമൂലേ
പലപൊഴുതു ഭവന്തം വീരമോരാഞ്ഞതെല്ലാം
ഇളകുമൊരു മദംകൊണ്ടല്ല ചെറുന്നാന്ധ്യമത്രേ;
വിരമ വിരവിൽ വീര്യാലംബമേ വിപ്ര! കോപാൽ. 39

ബാഹോർബലം ന കലിതം ന ച കാർമുകസ്യ
ത്രൈയംബകസ്യ തനിമാ, തത ഏഷ ദോഷഃ;
തച്ചാപലം പരശുരാമ! മമ ക്ഷമസ്വ
ഡിംഭസ്യ ദുർവിലസിതാനി മുദേ ഗുരൂണാം. 40

കൃഷ്ടം ബാലസ്വഭാവോദിതകുതുകഭരം—
കൊണ്ടു ചണ്ഡീശചാപം
പെട്ടെന്നയ്യോ! തദാനീമശുഭമയി പിണ—
ഞ്ഞൂ ബലാലിപ്രകാരം
കഷ്ടം! ദുർവാരമല്ലോ വിധിബലവിഭവം
വീര! ഞാനോർത്തതില്ലേ
ചട്ടുറീടും ത്രിലോകീവിജയഭുജബലാ—
ഭോഗവന്തം ഭവന്തം.'' 41

പദ്യം 39. ആഗതം—പന്നപനായ. കണ്ണുമൂലേ—ചെവിയിൽ. വീരം ഭവന്തം—വീരനായ അങ്ങയെ. ആന്ധ്യം—മൗഢ്യം. വീര്യാലംബം—വീര്യത്തിനു് ആശ്രയം. വിപ്ര—അല്ലയോ ബ്രാഹ്മണ. കോപാത്—കോപത്തിൽനിന്നു്. വിരമ—വിരതനായാലും.

പദ്യം 40. ബാഹോഃ ബലം—കൈയുക്കു്. ന കലിതം—വകവച്ചില്ല. ത്രൈയ്യംബകസ്യ കാർമുകസ്യ തനിമാ ച ന (കലിതാ)—ശിവചാപത്തിന്റെ നേർമ്മയും ഓർത്തില്ല. തതഃ ഏഷഃ ദോഷഃ—ആയതുകൊണ്ടാണു് ഈ ദോഷം. പരശുരാമ—അല്ലയോ പരശുരാമ. തത്—ആയതുകൊണ്ടു്. മമ ചാപലം ക്ഷമസ്വ—എന്റെ ചാപല്യത്തെ (വിവേകശൂന്യമായ പ്രവൃത്തിയെ) ക്ഷമിച്ചാലും. എന്തെന്നാൽ, ഡിംഭസ്യ—കുട്ടിയുടെ. ദുർവിലസിതാനി—ദുശ്ചേഷ്ടിതങ്ങൾ. ഗുരൂണാം മുദേ—ഗുരുക്കന്മാരുടെ സന്തോഷത്തിനായി (ഭവിക്കുന്നു.)

പദ്യം 41. ബാല...ഭരം—ബാലസ്വഭാവംകൊണ്ടുണ്ടായ താത്പര്യാധിക്യം. ചണ്ഡീ...പം—ശിവന്റെ വില്ലു്. കൃഷ്ടം—കുലയ്ക്കപ്പെട്ടു. തദാനീം—അപ്പോൾ. അശുഭം (അതു മുറിയുക എന്ന) അമംഗളം. വിധി....വം—വിധിവിഹിതം. ദുർവാരം—തടുക്കാൻ എളുതല്ല. ത്രിലോ....ന്തം ഭവന്തം—മുന്നു ലോകത്തെയും ജയിക്കാൻ പോന്ന കൈയുക്കോടുകൂടിയ അങ്ങയെ.

പരശുരാമവചനം:

''എന്നേ രാജന്യഡിംഭാ! തവ ചെവികളിൽ വ—
ന്നീലയോ ചെറ്റൊരിന്നാ—
മന്നന്നക്കാത്തികേയം ചെറുതു കളികളി—
പ്പിച്ച ശൗര്യോഷ്ടധാമാ
മന്നിൽച്ചൊല്ലാന്നലാവും ത്രിപുരഹരമഹാ—
ശിഷ്യനത്യുഗ്രബാഹാ—
ദണ്ഡപ്രോദ്യത് കഠാരാനലഹുതസകല—
ക്ഷത്രഹവ്യോ മഹാത്മാ. 42

നില്ലൂട്ടേ വാക്യഭംഗീ തവ ശഠസുലഭാ
കാൽക്ഷണം ചെറടങ്ങാ
ചൊൽക്കൊള്ളും ദ്വന്ദ്വയുദ്ധേ പെരിയ വിരുതെട്ട—
ത്തീടുമസ്മത്കുഠാരം
ഒക്കെപ്പോയന്നൊരോരോ വനഭുവി കരളി—
ക്കാരനക്കൗശികൻ താൻ
തക്കത്തിൽ പണ്ട കേറ്റപ്പിച്ചരുളിന പരമാ—
സ്ത്രങ്ങളം ചൊല്ലെങ്ങു പോയീ?'' 43

പരശുരാമന്റെ ധിക്കാരവാക്കുകളം കേട്ട് അസഹിഷ്ണുവായിത്തീർന്ന ലക്ഷ്മണൻ പറയുന്നതായി പ്രസ്താവിക്കുന്നു:

ഇത്ഥം കിഴിച്ചു നിജദേശികനായ വിശ്വാ—
മിത്രൻ മുനീന്ദ്രനെയുമേഷ പറഞ്ഞനേരം
അത്യന്തകോപകലുഷീകൃതലോചനോഽസാ—
വുത്ഥായ ലക്ഷ്മണനുവാച വചോ ഗഭീരം. 44

പദ്യം 42. രാജന്യഡിംഭാ—അല്പയോ ക്ഷത്രിയബാലക. തവ—നിന്റെ. കാർത്തികേയം—സുബ്രഹ്മണ്യനെ. ശൗര്യോ....മാ—പരാക്രമമാർന്ന തേജസ്സിനു് ഇരിപ്പിടം. ത്രിപു ...ഷ്യൻ—ശിവന്റെ പ്രധാന ശിഷ്യൻ. അത്യു....വ്യഃ—വളരെ ഭയങ്കരമായ ബാഹുദണ്ഡത്തിൽനിന്നു പൊങ്ങുന്ന മഴുത്തീയിൽ ഹോമിക്കപ്പെട്ട സകലക്ഷത്രിയരാകുന്ന ഹോമദ്രവ്യത്തോടുകൂടിയ.

പദ്യം 43. ശഠസുലഭാ—ദുഷ്ടന്മാരിൽ സാധാരണയായ. തവ വാക്യഭംഗീ—നിന്റെ വാക്ചാതുര്യം. ദ്വന്ദ്വയുദ്ധേ—തമ്മിലുള്ള യുദ്ധത്തിൽ. അസ്മത്കുഠാരം—നമ്മുടെ മഴു. വനഭുവി—കാട്ടിൽ. കരളി—ഉപായം. കൗശികൻ—വിശ്വാമിത്രൻ.

പദ്യം 44. ഇത്ഥം—ഇപ്രകാരം. കിഴിച്ചു്—നിന്ദിച്ചു്. നിജദേശികൻ—തന്റെ ആചാര്യൻ. ഏഷഃ—ഇവൻ (പരശുരാമൻ). അത്യു....നഃ വളരെ കോപംകൊണ്ടു കലങ്ങിയ കണ്ണുകളോടുകൂടി. അസൗ—ഇവൻ. ഉത്ഥായ എഴീച്ചു്. ഗഭീരം വചഃ ഉവാച—ഗംഭീരമായ വാക്കിനെ പറഞ്ഞു.

''പുരോജന്മാ നാദ്യപ്രഭൃതി മമ രാമഃ, സ്വയമയം
ന പുത്രഃ പൗത്രോ വാ രഘുകുലഭവാം ചക്ഷിതിഭുജാം,
അധീരം ധീരം വാ കഥയതു ജനോ മാം, മയമയം
മയാ ബദ്ധോ ദുഷ്ടദ്വിജദമനദീക്ഷാപരികരഃ.'' 45

ശ്രീരാമൻ ലക്ഷ്മണനെ ആശ്വസിപ്പിക്കുന്നു:

തത്ക്ഷണമിതമൊട്ട കത്തും
ലക്ഷ്മണകോപോഗ്രവഹ്നിപരിശാന്ത്യൈ
വീക്ഷണവിചലനസലിലൈഃ
പ്രോക്ഷിതവാൻ തദനു രാമമുദിരോഽയം. 46

ശ്രീരാമ–പരശുരാമന്മാരുടെ ഉക്തി–പ്രത്യുക്തികൾ:

''പ്രസീദ ഡിംഭേ മയി മുഞ്ച രോഷം''
''ക്ഷതം ധനുഃ പശ്യ ഗുരോഃ സ്തവൈഃ കിം''
''അബുദ്ധിപൂർവ്വോ ഭവചാപഭംഗഃ''
''ചരിനദ്മി മൂർദ്ധാനമബുദ്ധിപൂർവ്വം.'' 47

പിന്നെയും പരശുരാമനെ സ്തുതിച്ചുകൊണ്ടുള്ള ശ്രീരാമവചനം:

''സ്ത്രീഷു പ്രവീരജനനീ ജനനീ തവൈവ
ദേവീ സ്വയം ഭഗവതീ ഗിരിജാപി യസ്യൈ

പദ്യം 45. അദ്യപ്രഭൃതി–ഇന്നുമുതല്ല്യ്. രാമഃ–രാമൻ. മമ–എനിക്ക്. പുരോജന്മാ ന–ജ്യേഷ്ഠനല്ല. അയം–ഇവൻ (ഈ ഞാൻ). സ്വയം–തന്നെത്താൻ. രഘു....വാം ക്ഷിതിഭുജാം–രഘുവംശരാജാക്കന്മാരുടെ. പുത്രഃ പൗത്രഃ വാ ന–പുത്രനോ പൗത്രനോ അല്ല. ജനഃ–ലോകർ. മാം–എന്നെ. അധീരം ധീരം വാ കഥയതു–ധൈര്യമില്ലാത്തവൻ എന്നോ ധീരൻ എന്നോ പറയട്ടേ. അയം അയം–ഇതാ ഇതാ. ദുഷ്ട....രഃ–ദുഷ്ടബ്രാഹ്മണനെ അടക്കുക എന്ന വ്രതത്തിനുള്ള കാപ്പ്(സജ്ജതാ). ''സ്യാത് സജ്ജതാ പരികരഃ.'' മയാ ബദ്ധഃ–എന്നാൽ കെട്ടപ്പെട്ടിരിക്കുന്നു.

പദ്യം 46. ലക്ഷ്മ....ന്യൈ–ലക്ഷ്മണന്റെ കോപമാകുന്ന ഉഗ്രവഹ്നിയെ ശമിപ്പിക്കുവാനായി. അയം രാമമുദിരഃ–ഈ രാമനാകുന്ന മേഘം. വീക്ഷ...ലൈഃ–ഇളകിയ നോട്ടങ്ങളാകുന്ന ജലങ്ങളാൽ. പ്രോക്ഷിതവാൻ–നനച്ചു.

പദ്യം 47. പ്രസീദ–അനുഗ്രഹിച്ചാലും. ഡിംഭേ മയി–ബാലനായ എങ്കൽ. രോഷം മുഞ്ച–കോപത്തെ ത്യജിച്ചാലും. സ്തവൈഃ–സ്തുതികൊണ്ട്. കിം–എന്തു പ്രയോജനം. ഗുരോഃ–ഗുരുവിന്റെ. ധനുഃ–വില്ല്. ക്ഷതം–ഭേദമായി. പശ്യ–കണ്ടാലും. ഭവ....ഗഃ–ശിവന്റെ വില്ല് മുറിച്ചതു്. അബുദ്ധിപൂർവ്വഃ–ബുദ്ധിപൂർവ്വമല്ല. മൂർദ്ധാനം–(നിന്റെ) ശിരസ്സിനെ. അബുദ്ധിപൂർവ്വം–ബുദ്ധിപൂർവ്വമല്ലാതെതന്നെ. ചരിനദ്മി–ഞാൻ ഛേദിക്കുന്നുണ്ട്.

പദ്യം 48. സ്ത്രീഷു–സ്ത്രീകളിൽ. പ്രവീ....നീ ജനനീ–വീരസൂവായ മാതാവു്. തവ ഏവ–നിനക്കുതന്നെ. ത്വദ്ഗോർ....യാ–നിന്റെ

തദ്ദോർവശീകൃതവിശാഖമുഖാവലോക-
പ്രീളാവിദീർണ്ണഹൃദയാ സ്പൃഹയാംബഭൂവ.'' 48

അധികം കുപിതനായ പരശുരാമന്റെ വചനം:

''എന്നേ ദുഷ്ടാ ദുരാത്മൻ! പരിചൊട്ട പുറമേ
ഹന്ത സമ്മാനമുൾച്ചേ-
ത്തന്യനൗദ്ധത്യഗർഭം വചനമിതധികം
നന്നെടോ രജന്യനോ!
ഖണ്ഡിച്ചാഹന്ത കണ്ഠം നിശിതപരശുനാ
കാലഗേഹേ ഖലം ത്വാ-
മിന്നേ യാത്രാക്കിയേ ഭാസ്വരഭുജമഹിമാ
ഭാർഗ്ഗവൻ ചെറടങ്ങു. 49

വച്ചേ മദം നരപശോ! തവ ഗാഥിസൂനോർ-
യജ്ഞാഭിപാലനമൊരദ്ഭുതകർമ്മ ജാനേ
നിശ്ശേഷരാജകുലമൂലവിനാശദക്ഷം
മച്ഛൗര്യസാരമറിയാഞ്ഞു വികത്ഥസേ നീ. 50

ആസ്താമിദം; ലിതരുദ്രശരാസഖണ്ഡേ
കോത്തോരു നിൻതലയുമായ് വിരവോടിദാനീം
ആസ്ഥായ മുണ്ഡധരണപ്രതിയെന്നപോലെ
പേത്തും കപാലിനമുപാസിതുമാരഭേ ഞാൻ.'' 51

കൈയ്യുക്കിനാൽ കീഴടക്കപ്പെട്ട സുബ്രഹ്മണ്യനെ നോക്കുന്നതിൽ ലജ്ജ കൊണ്ടു ഭഗ്നചിത്തയായ. ഭഗവതീ ഗിരിജാദേവീ അപി-ഭഗവതിയായ പാർവ്വതീദേവിയും. യസ്യൈ-യാവളൊരുത്തിയോട്. സ്വയം-തന്നെത്താൻ. സ്പൃഹയാംബഭൂവ-കൊതിയുള്ളവളായി. ''സ്പൃഹേരീപ്സിതഃ'' എന്ന നിയമപ്രകാരം 'യസ്മൈ' എന്നു ചതുർത്ഥി.

പദ്യം 49. അന്യ....ഭം-കുറയാത്ത അഹങ്കാരത്തോടുകൂടി. രാജസൂനോ-അല്ലയോ രാജപുത്ര. നിശി....നാ-മൂർച്ചയുള്ള മഴുവിനാൽ. കാലഗേഹേ-യമഗൃഹത്തിൽ. ഖലം ത്വാം-ദുഷ്ടനായ നിന്നെ. ഭാസ്വ....മാ-പ്രകാശിക്കുന്ന ഭുജമാഹാത്മ്യത്തോടുകൂടിയ.

പദ്യം 50. മദം-അഹങ്കാരം. നരപശോ-മനുഷ്യപ്പശുവേ. തവ-നിന്റെ. ഗാഥിസൂനോഃ-വിശ്വാമിത്രന്റെ. യജ്ഞാഭിപാലനം-യാഗത്തെ രക്ഷിക്കുക. കർമ-കൃത്യം. ജാനേ-ഞാനറിയുന്നു. നിശ്ശേ.... ക്ഷം-ബാക്കിയില്ലാതെ രാജവംശമൂലങ്ങളെ നശിപ്പിക്കുന്നതിൽ സമർത്ഥനായ. മച്ഛൗ... രം-എന്റെ വീര്യസാരത്തെ. വികത്ഥസേ-നീ പൊങ്ങച്ചം പറയുന്നു.

പദ്യം 51. ഇദം ആസ്താം-ഇതിരിക്കട്ടെ. ലി....ണ്ഡേ-മുറിച്ച വില്ലിന്റെ തുണ്ടിൽ. ഇദാനീം-ഇപ്പോഴേ. ആസ്ഥായ-ആശ്രയിച്ചി

ശ്രീരാമൻ ശിവചാപം കലച്ചതിന്റെ കാരണം പ്രസ്താവിക്കുന്നു:

''ആയാസ ഏവ ഹി ഫലം മമ ശീഷ്ണാതേ
ഭ്രയോഽവികത്ഥ്യ കഥയേ പരമാത്മസാരം
സോഽഹം[1] വ്യതാനിഷമുഷീശ്വര! കർമ്മഹേതോർ—
ജായാപരിഗ്രഹകൃതേ ഭവചാപഭംഗം[2].'' 52

പരശുരാമൻ അതിനെ അധിക്ഷേപിക്കുന്നു:

''മൈഥിലീ യദി ധനുർഭൃഹോ ഭവേത്
തദ്ഘുണാഃ പ്രഥമതസ്തദീശിനഃ
ധിക് തവ ക്ഷിതിസുതാകരഗ്രഹം
ധിക് പ്രഹേളിമപി ചാപഭംഗജാം.'' 53

വിപ്രഹിംസ പതിവില്ലാത്തതിനാൽ ശ്രീരാമൻ യുദ്ധത്തിനു സജ്ജനല്ലെന്നു പ്രസ്താവിക്കുന്നു:

''പാരം കിഴിച്ചു പല ജാതി പഴിക്കിലും കേം
നേരേ വിഭോ! തല മുറിക്കിലുമൊന്നു ചൊല്ലാം
വാരാ കിനാവിലപി സൂര്യകുലോദ്ഭവാനാം
വാരാന്നു വിപ്രകുലഹിംസനമോക്കപോലും.'' 54

ട്ട്. മുണ്ഡ....തി—തലയോട്ട് ഏന്തുക എന്ന വ്രതമെടുത്ത സന്യാസി (കാപാലികൻ). കപാലിനം—കപാലിയെ (ശിവനെ). ഉപാസിതും—ആരാധിക്കുവാൻ. ആരഭേ—ആരംഭിക്കുന്നു.

പദ്യം 52. മമ ശീഷ്ണാതേ—എന്റെ ശിരച്ഛേദത്തിങ്കൽ. ഫലം—പ്രയോജനം. ആയാസഃ ഏവ—ശ്രമം മാത്രം. ഭ്രയഃ—വീണ്ടും. അവികത്ഥ്യ—മേനി കൂടാതെ. പര....രം കഥയേ—ഉള്ളതു പറയാം. ഈഷീശ്വര—അല്ലയോ ഋഷിശ്രേഷ്ഠ. ജായാ....തേ—ഭാര്യയെ സ്വീകരിക്കുവാനായി. കർമഹേതോഃ—കർമകാരണമായി. ഭവ....ഗം—ശിവചാപഭംഗത്തെ. സഃ അഹം വ്യതാനിഷം—ഈ ഞാൻ ചെയ്തു.

പദ്യം 53. ധനുർഭൃഹഃ—വില്ലു കെട്ടുന്നവൻ്. മൈഥിലീ ഭവേദ് യദി—സീത ഭവിക്കുമെങ്കിൽ. പ്രഥമതഃ തദീശിനഃ തദ്ഘുണാഃ—ആദ്യം അവളുടെ അവകാശികൾ അതിലെ കൃമികളാണ്. തവ—നിന്റെ. ക്ഷിതി....ഹം—സീതാപാണിഗ്രഹണം. ധിക്—നിന്ദ്യം. ചാപഭംഗജാം പ്രഹേളിം അപി ധിക്—വില്ലു കലച്ച കടംകഥയും നിന്ദ്യം.

പദ്യം 54. പാരം—വളരെ. പല ജാതി—പല വിധം. സൂര്യ....ന്നാം—സൂര്യകുലത്തിൽ ജനിച്ചവർക്ക്. വിപ്ര....നം—ബ്രാഹ്മണഹിംസ. കിനാവിൽ അപി—സ്വപ്നത്തിൽപോലും.

1. സോഽയം വ്യ. 2. ഭംഗഃ.

പരശുരാമൻ അതിനെയും അധിക്ഷേപിക്കുന്നു:

''നന്നു നന്നു രവിവംശജന്മനാ—
മിന്നയോഗ്യമൊരു വിപ്രഹിംസനം:
നിന്നിമിത്തമൊരു ബാലരാക്ഷസ—
ട്ടെണ്വധം ബത വിധിച്ചതാരെടോ?'' 55

''ഹീ ഹീ വധൂവധമയോഗ്യമിതൊക്കുമല്ലീ
മാഹാത്മ്യമെന്തു പറയുന്നതു നല്ലനേ നീ
ലോകപ്രസിദ്ധമിതു മാതൃജനേഽപി ശൗര്യ—
പ്രാഗല്ഭ്യവാൻ പരശുരാമനിതെന്ന വാണീ. 56

പരശുരാമ—ശ്രീരാമന്മാരുടെ ഉക്ത്യു—പ്രത്യുക്തികൾ:

''രേ രേ ദാശരഥേ!'' ''നമോ ഭഗവതേ''
''കേയം വിനിതിഃ'', ''കുലേ
ദേവസ്യ ദ്യുമണേരിയം തു സുലഭാ
വക്ത്യേവ ശാർവ്വം ധനുഃ''
''ചക്ഷമ്യസ്യ വിഭോ!'' ''കഥം കഥമിഹ
ക്ഷന്താ മുനിർഭാർഗ്ഗവഃ
കോദണ്ഡോദ്ഭലനം ഗുരോർ'' ''ഗുരുജന—
സ്യാജ്ഞാകരോ രാഘവഃ.'' 57

പദ്യം 55. രവി....നാം—സൂര്യകുലത്തിൽ ജനിച്ചവർക്കു്. അയോഗ്യം—യോഗ്യമല്ല. വിപ്രഹിംസനം—ബ്രാഹ്മണനെ ഹിംസിക്കുക. നിന്നിമിത്തം—കാരണം കൂടാതെ. ബാലരാക്ഷസപ്പെൺ—താടക. ബത—കഷ്ടം.

പദ്യം 56. ഹീ ഹീ—നിന്ദാദ്യോതകം. വധൂവധം—സ്ത്രീവധം. മാതൃജനേ അപി—മാതൃജനത്തിലും. ശൗര്യ....വാൻ—ശൗര്യം കൂടിയവൻ. വാണീ—വാക്കു്.

പദ്യം 57. രേ രേ ദാശരഥേ—എടാ, എടാ, രാമ. ഭഗവതേ നമഃ—ഭഗവാനായുള്ളോണ്ടു നമസ്കാരം ഇയം വിനീതിഃ കാ—ഈ വണക്കം എന്തോന്നു്? ദേവസ്യ ദ്യുമണേഃ കുലേ—സൂര്യകുലത്തിൽ. ഇയം തു സുലഭാ—ഇതാകട്ടേ സുലഭമാണു് (സ്വസ്സാധാരണമാണു്). ശാർവം ധനുഃ—ശിവചാപം. വക്തി ഏവ—പറയുകതന്നെ ചെയ്യുന്നു. വിഭോ—അല്ലയോ വ' ഭവായുള്ളോവേ. ച ക്ഷമ്യസ്യ—വിശേഷിച്ചു ക്ഷമിച്ചാലും. മുനിഃ ഭാർഗ്ഗവഃ—മുനിയായ ഭാർഗ്ഗവൻ. ഗുരോഃ കോദണ്ഡോദ്ഭലന—ഗുരുവിന്റെ ചാപഭംജനത്തെ. ഇഹ കഥം കഥം ക്ഷന്താ—ഇവിടെ എങ്ങനെ ക്ഷമിക്കുന്നവനാകും? രാഘവഃ—രാമൻ. ഗുരുജനസ്യ ആജ്ഞാകരഃ—ഗുരുജനത്തിന്റെ ആജ്ഞയെ അനുഷ്ഠിക്കുന്നവൻ.

പരശുരാമവചനം:

''സൗജന്യവും വിനയവും നയവും നൃപാണാം
വംശോചിതം വചനവും തവ നന്നിതെല്ലാം;
സൗശീല്യമത്ര പൊരുതല്ലസഹായശൂര—
ന്നീശാനശിഷ്യനതികോപവശന്നിദാനീം. 58

വിശ്വേ ഭൂപാലവീരാഃ ശ്രുണുത പരശുരാ—
മസ്യ വാണീം വിശേഷാ—
ലച്ചോ യുഷ്മദ്വസാശോണിതരസനമദ—
ശ്രാന്തിശാലീ കഠാരഃ
ഉച്ചോദാദാശു സഖ്യുഃ സ്മരഹരധനുഷോ
രാമനാൽ കോപിതോഽസൗ
പശ്ചാദ്ദ്വാവിംശമാരീപ്സുത ഇഹ ഭവതാം
വംശനിശ്ശേഷനാശം.'' 59

ശ്രീരാമവചനം:

''രേ ദുഷ്ടാത്മൻ! ദുഷ്കിക്കുന്നതു പുനരസമ—
ക്ഷാൻ നൃപാനെന്തിനിന്നീ?
പോതക്രീഡാനികൃത്തസ്മരഹരധനുരി—
ഞ്ഞാനളോനഗ്രഭാഗേ

പദ്യം 58. നൃപാണാം—രാജാക്കന്മാരുടെ. വംശോചിതം—കുലത്തിനു യോഗ്യമായ. തവ—നിന്റെ. അത്ര—ഇവിടെ. സൗശീല്യം—സുശീലഭാവം. അസഹായശൂരനു—അദ്വിതീയനായ ശൂരനു. ഈശാനശിഷ്യനു—ശിവന്റെ ശിഷ്യനായ പരശുരാമനു. അതികോപവശന്നു—വർദ്ധിച്ച കോപത്തിനു അധീനനായവനു.

പദ്യം 59 വിശ്വേ ഭൂപാ....രാഃ—സർവ്വക്ഷത്രിയവീരന്മാരേ! വിശേഷാത്—വിശേഷിച്ചും. പരശുരാമസ്യ—പരശുരാമന്റെ. വാണീം—വാക്കിനെ. ശ്രുണുത—കേട്ടാലും. യുഷ്മ....ലീ—നിങ്ങളുടെ മാംസരക്തങ്ങളെ ആസ്വദിച്ചു മദിച്ചു ക്ഷീണിച്ചിരിക്കുന്ന. അസൗ കഠാരഃ—ഈ മഴു. സഖ്യുഃ—മിത്രമായ. സ്മര....ഷഃ—ശിവചാപത്തിന്റെ. ഉച്ചോദാത്—ഭംഗത്താൽ. ആശു—വേഗം. കോപിതഃ—കോപിപ്പിക്കപ്പെട്ടിരിക്കുന്നു. പശ്ചാത്—വീണ്ടും. ഇഹ—ഇവിടെ. ദ്വാവിംശം—ഇരുപത്തിരണ്ടാമത്തേതായ. ഭവതാം—നിങ്ങളുടെ. വംശ....ശം—കുലത്തിന്റെ നിശ്ശേഷമായ നാശത്തെ. ആരീപ്സുതേ—ആരംഭിക്കുന്നു.

പദ്യം 60. അസമക്ഷാൻ നൃപാൻ—പ്രത്യക്ഷരല്ലാത്ത രാജാക്കന്മാരെ. പോത....നഃ—ബാലക്രീഡയെന്ന മട്ടിൽ മുറിച്ച വില്ലോടുകൂടിയ. അഗ്രഭാഗേ—മുമ്പിൽ. കാർത്തവീ....ത്ഥഃ—കാർത്തവീര്യാർജ്ജുനന്റെ ഭയങ്ക

വാർതിക്കും കാത്തവീരേ്യാദ്ധതഭുജവിടപ—
ച്ഛേദസിദ്ധാഖിലാത്മ—
സ്തോതത്പരത്പാണിദണ്ഡഃ പ്രാഹരതു നിതരാ—
മെങ്കലാ[1]കുന്നതെല്ലാം. 60

ഭ്രമാത്രം കിയദേതദർണ്ണവമിതം
[2]തന്നിർജ്ജിതം ഹാര്യതേ
യദ് വീരേണ ഭവാദൃശേന ദധ[3]താ
ത്രിസ്സപ്തകൃത്വോ ജയം
ഡിംഭോഽയം നവബാഹുരീദൃശമിദം
ഘോരം ച വീരവ്രതം
തത് കോപാദ് വിരമ പ്രസദ ഭഗവൻ!
ജാത്യൈവ പൂജ്യോഽസി നഃ.'' 61

പരശുരാമവചനം:

കഷ്ടം കഷ്ടം പിനാകത്രുടിതമിതു പുക—
ഴ്ത്തീടമാറായ് ചമഞ്ഞൂ
ദുഷ്ടക്ഷത്രൻ മദഗ്രേ പെരുതിതു ശിവനേ!
ഹന്ത! കാലാനുഭാവം
ഒട്ടല്ലേ പാരമേതന്നിനവു സകല ഭൂ—
പാലവംശം മുടിപ്പാൻ
വട്ടംകൂട്ടിത്തിമക്കും ഭൂഗതിലകഭുജാ—
നേഷണംപോലിദാനീം.'' 62

രമായ ബാഹുവൃക്ഷങ്ങളെ മുറിച്ചു കൃതകൃത്യമായിത്തീർന്ന. ഏത....ണ്ഡഃ— ഈ നിന്റെ ദണ്ഡാകാരമായ കൈയ്. നിതരാം—വളരെ. പ്രഹരതു— പ്രഹരിക്കട്ടെ.

പദ്യം 61. അർണ്ണവമിതം ഏതൽ ഭ്രമാത്രം കിയൽ—സമുദ്രങ്ങൾക്ക കത്തൊതുങ്ങിയ ഈ ഭ്രമി എത്രയുണ്ടു്? യൽ—എന്തെന്നാൽ, ഭവാദൃശേ ന വീരേണ ത്രിസ്സപ്തകൃത്വഃ ജയം ദധതാ തൽ നിർജ്ജിതം ഹാര്യതേ— അങ്ങയെപ്പോലുള്ള വീരൻ മുവ്വേഴവട്ടം ജയം നേടി അതിനെ വെന്നെടുത്തു കൊട്ടുത്തുവിട്ട. അയം ഡിംഭഃ നവബാഹുഃ—ഈ കുട്ടി ഇപ്പോഴും പഠിച്ചിറങ്ങിയിട്ടേ ഉള്ളു. ഇദം ച ഈദൃശം ഘോരം വീരവ്രതം—ഇതാകട്ടേ, ഇത്രയും ഘോരമായ വീരവ്രതമാണു്. തൽ—ആയതുകൊണ്ടു്. കോപാദ് വിരമ—കോപത്തിൽനിന്നു വിരതനായാലും. പ്രസീദ—അനുഗ്രഹിച്ചാലും. ജാത്യാ ഏവ—ജാതികൊണ്ടുതന്നെ. നഃ—ഞങ്ങൾക്കു്. പൂജ്യഃ അസി—അങ്ങു പൂജ്യനായിരിക്കുന്നു. ഈ ശ്ലോകത്തിന്റെ ഭാവം വ്യക്തമല്ല.

പദ്യം 62. പിനാകത്രുടിതം—പിനാകധനുസ്സിന്റെ ഭംജനം. ക്ഷത്രൻ—ക്ഷത്രിയൻ. മദഗ്രേ—എന്റെ മുമ്പിൽ. കാലാനുഭാവം—കാല

1. യാവുന്ന. 2. തം ത്വന്നി. 3. ദതാ.

ശ്രീരാമവചനം:

''കൃത്വാ മുഖ്വേഴവട്ടം നിഖിലനൃപജയം—
കൊണ്ട ദോഃസ്തംഭമാലാ—
മാദ്യദ്ദാവാ ലംശതപ്രക്രമരസനിചിതം
ചാപവിദ്യാദ്ഭുതം തേ
പ്രത്യക്ഷം കാണ്മതിന്നപ്പൊട്ട ദശരഥപു—
ത്രോ'യമത്യാഗ്രഹീ കേന
സത്യം കൃഷ്ണേന കാലപ്രമഥനധനുഷാ
നൈവ സംതൃപ്തിശാലീ.'' 63

പരശുരാമവചനം:

''മാനിച്ചാഹന്ത! കാണുന്നതു ഭൃഗുസുതചാ—
പാദ്ഭുതം ക്ഷത്രകീട—
പ്രാണീപേ:ൽ വിസ്മിതാഭ്യാം പലപൊഴുതു ശിവാ—
ഭ്യാം പുരാ ദുഷ്ടസാരം
കാണച്ചോ! കാലശക്തിപ്രചുരിമ ശിവനേ!
പണ്ട കാണാതതെല്ലാം
കാണുമ്മാറായിതയ്യോ നൃപതതി ബത! കേ—
ളാതതും കണ്ണുമൂലേ. 64

ഇന്നിൻ കളിത്ത ഗളനാളിയിലൂട്ടപാഞ്ഞി—
ട്ടുന്നിദ്രരക്തപരിപിച്ഛിലമുത്തമാംഗം
സന്നഹ്യതേ ഗണപതിക്കു മുറിച്ചുവയ്പാൻ
ജന്യക്കളത്തിലധുനാ പരശുഃ സഹേലം.'' 65

ത്തിന്റെ വൈഭവം. പാരം—വളരെ. ഏതന്നിനവ്—ഇവന്റെ നിനവ്. സക....ശം—എല്ലാ രാജവംശവും. ഭൃഗു....ണം—ഭാർഗ്ഗവന്റെ ബാഹുക്കളുടെ അന്വേഷണം.

പദ്യം 63. കൃത്വാ—ചെയ്തിട്ട്. ദോസ്ത....തം—സ്തംഭതുല്യങ്ങളായ ബാഹുക്കളുടെ അഹങ്കാരത്തോടുകൂടിയ ഇരുപത്തിരണ്ടാമത്തെതിന്റെ ആരംഭരസത്തിൽ മുഴകിയ. ചാപ....തം—വിസ്മയകരമായ ധനുർവിദ്യ. തേ—നിന്റെ. അയം ദശരഥപുത്രഃ—ഈ രാമൻ. കൃഷ്ണേന—വലിക്കപ്പെട്ട. കാല....ഷാ—ശിവചാപംകൊണ്ട്. സംതൃപ്തിശാലീ ന ഏവ—തൃപ്തനല്ലതന്നെ.

പദ്യം 64. ഭൃഗുസുതൻ—പരശുരാമൻ. കീടം—പുഴു. വിസ്മിതാഭ്യാം ശിവാഭ്യാം—അതിശയിച്ച പാർവതീപരമേശ്വരന്മാരാൽ. പുരാ—പണ്ട്. ദുഷ്ടസാരം—കാണപ്പെട്ട വീര്യത്തോടുകൂടിയ. കാല....മ—കാലശക്തിയുടെ ആധിക്യം. നൃപതതി—രാജസമൂഹം. കണ്ണുമൂലേ—ചെവിയിൽ.

പദ്യം 65. ഗളനാളി—കണ്ഠനാളം. ഉന്നിദ്ര.....ഗം—വർദ്ധിച്ച രക്തത്താൽ വഴവഴത്ത ശിരസ്സ്. സന്നഹ്യതേ—ഒരുങ്ങുന്നു. ജന്യം—യുദ്ധം.

ശ്രീരാമവചനം:

''സ്വായത്തേന കഠാരേണ
സ്വാധീനേ രാമമൂർദ്ധനി
യഥേഷ്ടം ചേഷ്ടതാമാര്യ!
തദാജ്ഞാം കോ നിഷേധതി?'' 66

പരശുരാമവചനം:

''രേരേ കാകുത്സ്ഥ! ശാർവം ധനുരതുലമൊടി—
ച്ചിങ്ങനേ മാമിദാനീ—
മാരാന്നിന്ദിക്കുമിന്നിൻ തല തടിതി നഖം—
കൊണ്ടതന്നേ വിലുമ്പൻ
ആരാൽ പോയ്ചെന്നകാണ്ഡേ ചില കഠിനചപേ
ടാപ്പണംകൊണ്ട പിണ്ഡാ—
കാരം തീർത്തിന്നതന്നെ ദശരഥമഥ പോ—
രായ്ക പോക്കീടുവൻ ഞാൻ.'' 67

ശ്രീരാമവചനം:

''വാഗ്ഭീഷികാ പുനരിയം മതിയുണ്ട മേന്മേ—
ലാത്മപ്രശംസയുമശേഷവിനിന്ദയും തേ
താത്പര്യമെന്തു തവ ചൊല്ലതിനാളസൗ ഞാൻ
മാല്പം വിളംബ,മരുഷം മാഗ്ഗമെനിക്കതേന്ദ്രം! 68

അധുനാ—ഇപ്പോൾ. പരശുഃ—മഴു. സഹേലം—വിലാസത്തോടുകൂടി.

പദ്യം 66. സ്വായത്തേന—സ്വാധീനമായ. കഠാരേണ—മഴുവിനാൽ. സ്വാധീനേ—സ്വായത്തമായ. രാമ...നി—രാമന്റെ ശിരസ്സിങ്കൽ. ആര്യ—അല്ലയോ പൂജ്യ. യഥേഷ്ടം—ഇഷ്ടംപോലെ. ചേഷ്ടതാം—പ്രവർത്തിച്ചാലും. തദാജ്ഞാം—അങ്ങയുടെ കല്പനയെ. കഃ നിഷേധതി—ആരാണ് തടുക്കുന്നത്?

പദ്യം 67. കാകുത്സ്ഥ—രാമ. അതുലം—നിസ്തുല്യമായ. ശാർവം ധനുഃ—ശിവചാപം. മാം—എന്നെ. ഇദാനീം—ഇപ്പോൾ. ആരാത്—അടുത്തു നിന്നു. വിലുമ്പൻ—നശിപ്പിക്കുന്നവനായി. അകാണ്ഡേ-പെട്ടെന്നു. കഠിന....ണം—കഠിനമാംവണ്ണം ചെവിട്ടത്തടിക്കുക. പിണ്ഡാകാരം—പിണ്ഡസദൃശമായി. ദശരഥം—ദശരഥനെ.

പദ്യം 68. ഇയം പുനഃ വാഗ്ഭീഷികാ—ഈ വാക്കുകൊണ്ടുള്ള ഭയപ്പെടുത്തലെല്ലാം. ആത്മപ്രശംസ—ആത്മസ്തുതി. അശേഷവിനിന്ദ—എല്ലാരെയും നിന്ദിക്കുക. തേ—നിന്റെ. മാ അല്പം വിളംബം—ഒട്ടും വിളംബം കൂടാതെ. അതന്ദ്രം—ആലസ്യമില്ലാതെ.

---

1. തന്ദ്രഃ

കഷ്ടം! കളിച്ചുമിഹ മേ സഹിയാ കുലത്തി—
ന്നത്യന്തമങ്ങതിർ കടന്ന വചോവിശേഷം
എത്രേയുമോർക്കിൽ മടിയുണ്ടതിഥിം മുനീന്ദ്രം
മത്സായകത്തിനിഹ തീനിടുവാനിദാനീം.'' 69

പരശുരാമവചനം:

''തന്നേ മൃഷ്ടാശനാർത്ഥം കുശികുസ്തവസി—
ഷ്ടാദിവൃദ്ധദ്വിജാനാം
വൃന്ദംപോലേ തവാഗ്രേ വരുമൊരു മുനിയോ
ഭാർഗ്ഗവൻ ജാതിവൈരീ?
ഒന്നും ജാനീഹി ചൊല്ലാം വിരുതനപരമീ
രാമയുഗത്തിലോർത്താ—
ലൊന്നേ ശേഷിപ്പതുർവ്യാം പരശുരയമതി—
ന്നദ്യമോദ്രേകശാലീ. 70

ചൊല്ലാം നിന്നോടു സീതാമരുളുകിലധുനാ
ഗമ്യതാം ഭാർഗ്ഗവോ'സൗ
കല്യാത്മാ ചാപഭഞ്ജനമിതു
വധൂരത്നലാഭേത പ്രസോ[1]ഢാ
ചൊല്ലേറും ദ്വന്ദ്വയുദ്ധം ഝടിതി വിതര കേ—
ളന്യഥാ രണ്ടുമിപ്പോ—
ളുല്ലാസ്സിൽ കാൽ പിടിച്ചീടയി മമ; ഗുരുകാ—
രുണ്യവാനാശ്രിതേ ഞാൻ.'' 71

പദ്യം 69. അത്യന്തം—വളരെ. വചോവിശേഷം—വിശേഷമായ വാക്കു്. അതിഥിം മുനീന്ദ്രം—അതിഥിയായ മുനിശ്രേഷ്ഠനെ. മത്സായകത്തിനു്—എന്റെ ബാണത്തിനു്.

പദ്യം 70. മൃഷ്ടാശനാർത്ഥം—തൃപ്തിയുണ്ടാകുന്നതുവരെയുള്ള ഭക്ഷണത്തിനായി. കുശി....നാം—വിശ്വാമിത്രൻ വസിഷ്ഠൻ തുടങ്ങിയുള്ള വൃദ്ധബ്രാഹ്മണന്മാരുടെ. വൃന്ദം—സമൂഹം. തവ അഗ്രേ—നിന്റെ മുമ്പിൽ. ജാനീഹി—അറിഞ്ഞാലും. ഈ രാമയുഗത്തിൽ—ഈ രണ്ടു രാമന്മാരിൽ. ഉർവ്യാം—ഭൂമിയിൽ. അയം പരശുഃ—ഈ മഴു. ഉദ്യ. ലീ—ഏറിയ ഉദ്യമംകൊണ്ടു ശോഭിക്കുന്ന.

പദ്യം 71. സീതാം—സീതയെ. ഗമ്യതാം—ഗമിച്ചാലും. അസൗ ഭാർഗ്ഗവഃ—ഈ പരശുരാമൻ. ചാപ....നം—ധനസ്സിന്റെ ഭംജനം. കല്യാത്മാ—മഹാൻ. വധൂ....ഭേത—സ്ത്രീരത്നത്തിന്റെ ലാഭം ഹേതുവായി. പ്രസോഢാ—സഹിക്കും. വിതര—തന്നാലും (നടത്തിയാലും). അന്യഥാ—അല്ലെങ്കിൽ. ആശ്രിതേ—ആശ്രയിച്ചവങ്കൽ. ഗുരു....വാൻ—വളരെ കൃപയുള്ളവൻ.

1. സോഢം

ശ്രീരാമവചനം:

''കൊള്ളാമോന്നിപ്രമേയം പരമമുനിവര—
ന്നാഗ്രഹം പെണ്ണിലോ പോൽ
കൊള്ളിക്കോ നിൻതപസ്സും ജടയുമായിദ്ധം
കള്ളയോഗീശ്വരൻ നീ,
അല്ലേ ദണ്ഡ്യൻ വിചാരേ ത്തടിതി കുശികാ—
ന്നോദിതം ദർശയിപ്പ്യ
കല്യാസ്യം കാലമേതും കളയരുതിനി യു—
ദ്ധായ നീയാരഭേഥാഃ.'' 72

ശ്രീരാമൻ കോപമടക്കിനില്ക്കുന്ന ലക്ഷ്മണനെ നോക്കുന്നു:

ഇത്ഥം പറഞ്ഞു രഘുപുംഗവനാശു ദൃഷ്ട്യാ
ഭ്രുഗ്ഭ്രുവാ കപിശദാരുണയാ തദാനീം
മെത്തും പ്രകോപവുമടക്കി നിജോപകണ്ഠേ
നില്ക്കുന്ന ലക്ഷ്മണമലോകത ലോകനേതാ. 73

ലക്ഷ്മണൻ വില്ലിനെ സജ്ജമാക്കിച്ചെയ്തിട്ടു ജ്യേഷ്ഠനെ വന്ദിക്കുന്നതു കണ്ടു പരശുരാമൻ ശിവന്റെ വില്ലു കലച്ച കാര്യം മാറിനിക്കൊണ്ടു തന്റെ കൈയിലുള്ള വൈഷ്ണവചാപത്തെ കലയ്ക്കാൻ പ്രേരിപ്പിച്ചുകൊണ്ടു ശ്രീരാമനോടു പറയുന്നതായി പ്രസ്താവിക്കുന്നു:

വിജ്ഞാനവാരിധി കുമാരനുമഗ്രഭാഗേ
സജ്ജം നിധായ ധനുരാര്യപദം വവന്ദേ
ഇച്ചേൽ നിരീക്ഷ്യ ഭൃഗുപുംഗവനും തദാനീ—
മുച്ചൈർവിഹസ്യ രഘുപുംഗവമാബഭാഷേ. 74

പദ്യം 72. പ്രമേയം—കാര്യം. പരമമുനിവരൻ—മഹാനായ മുനിശ്രേഷ്ഠൻ. ദൃഢം—നിശ്ചയം. ദണ്ഡ്യൻ—ശിക്ഷയ്ക്കു അർഹൻ. വിചാരേ—വിചാരിച്ചതിൽ. കുശി .. ....തം—വിശ്വാമിത്രൻ പറഞ്ഞുതന്നതു്. കല്യാസ്യം—വിഫലമാകാത്ത അസ്ത്രം. യുദ്ധായ—യുദ്ധത്തിനായി. ആരഭേഥാഃ—നീ തുടങ്ങിയാലും.

പദ്യം 73. ഇത്ഥം—ഇപ്രകാരം. രഘുപുംഗവൻ—രഘുശ്രേഷ്ഠൻ. കപി....യാ—ചുമന്ന ഭയങ്കരമായ. ഭ്രുഗ്ഭ്രുവാ—വളഞ്ഞ പുരികത്തോടുകൂടിയ. ദൃഷ്ട്യാ—നോട്ടംകൊണ്ടു്. നിജോപകണ്ഠേ—തന്റെ സമീപത്തിൽ. അലോകത—നോക്കി. ലക്ഷ്മണം—ലക്ഷ്മണനെ ലോകനേതാ—ലോകനായകൻ.

പദ്യം 74. അഗ്രഭാഗേ—മുമ്പിൽ. ധനുഃ സജ്ജം നിധായ—വില്ലിനെ സന്നദ്ധമാക്കിച്ചെയ്തിട്ടു്. ആര്യപദം വവന്ദേ—ആര്യന്റെ കാലിൽ വന്ദിച്ചു. ഭൃഗുപുംഗവനും—ശ്രേഷ്ഠനായ പരശുരാമനും. തദാനീം—അപ്പോഴും. നിരീക്ഷ്യ—കണ്ടിട്ടു്. ഉച്ചൈഃ വിഹസ്യ—പൊട്ടിച്ചിരിച്ചിട്ടു്. രഘുപുംഗവം—രഘുശ്രേഷ്ഠനോടു്. ആബഭാഷേ—പറഞ്ഞു.

''പുരരിപുഭുജശക്ത്യാ കേവം മുറിഞ്ഞൊന്നു മുമ്പേ
പരിചിലിതു പിനാകം ഹേതുമാത്രം പരം നീ
ഹരധനുരിദമാസ്താം വീരഭൂപാലഹത്യാ—
കരണമിതു കലച്ചീടാകിൽ വൈകുണ്ഠചാപം.'' 75

പരശുരാമൻ വൈകുണ്ഠചാപം ശ്രീരാമനു നല്കുന്നതും ചാപം ധരിച്ചു ശ്രീരാമൻ തേജസ്വിയായി വിളങ്ങുന്നതും:

എന്നങ്ങുദീര്യ മുനിരാശു വികൃഷ്യ ചാപം
ധന്യം ദദൗ രഘുവരായ സശൃണബാണം
അന്നേരമേഷ ശുശുഭേ തമിമം[2] ഗൃഹീത്വാ
മുന്നേതിലേറനമിളകീടിന തീവ്രതേജാഃ 76

[3]പ്രാകാശ്യമാന്ന കലവില്ലു കലച്ചു ദോർഭ്യാം
വേഗേന കിഞ്ചന വികർഷതി രാമ[4]ചന്ദ്രേ
ഏകാ സപത്നിയുളവാമിതുമൂലമെന്നേ
മാകാണിനേരമകമേ വിഷസാദ സീതാ. 77

പദ്യം 75. പുരരിപു—ശിവൻ. ഭുജശക്ത്യാ—കൈയുക്കിനാൽ. പിനാകം—ശിവചാപം. ഹേതുമാത്രം—നിമിത്തമാത്രം. ഇദം ഹരധനുഃ—ഈ ശിവചാപം. ആസ്താം—ഇരിക്കട്ടേ. വീര....രണം—വീരന്മാരായ രാജാക്കന്മാരുടെ നാശത്തിനു കാരണമായ. വൈകുണ്ഠചാപം—വൈഷ്ണവമായ വില്ല്.

''യച്ചാപമീശഭുജപീഡനപീതസാരം
പ്രാഗപ്യഭൂത ഭവോംസ്തു നിമിത്തമാത്രം
രാജന്യകപ്രധനസാധനമസ്യദീയ—
മാകർഷ കാർമുകമിദം ഗരുഡധ്വജസ്യ''

എന്ന പദ്യത്തിന്റെ വിവർത്തനമാണ് പ്രകൃതപദ്യം.

പദ്യം 76. ഉദീര്യ—പറഞ്ഞിട്ട്. മുനിഃ—മുനി. സശൃണബാണം—ആവനാഴിയോടും ശരങ്ങളോടും കൂടിയ. ധന്യം—അനുഗൃഹീതമായ. ചാപം വികൃഷ്യ—വില്ലിനെ വലിച്ചിട്ട്. രഘുവരായ—രാമനായ്ക്കൊണ്ട്. ദദൗ—കൊടുത്തു. ഏഷഃ—ഇവൻ (രാമൻ). ഇമം തം ഗൃഹീത്വാ—ആ വില്ലിനെ സ്വീകരിച്ചിട്ട്. തീവ്രതേജാഃ—കഠിനമായ കാന്തിയോടുകൂടിയവനായി. ശുശുഭേ—ശോഭിച്ചു. വൈഷ്ണവചാപത്തോടുകൂടി പരശുരാമനിലുണ്ടായിരുന്ന വൈഷ്ണവകലയും ശ്രീരാമനിൽ വന്നുചേർന്നു. പരശുരാമന്റെ അവതാരകൃത്യങ്ങളെല്ലാം സാധിച്ചുകഴിഞ്ഞുവല്ലോ.

പദ്യം 77. പ്രാകാശ്യം—കാന്തി. ദോർഭ്യാം—കൈകൊണ്ട്.

---

1. ലോ താൻ. 2. മം പ്രഗൃഹ്യ മു.
3. ''വാർതേടമാത്മധനരായതഭോഗിഭീമം
മോദേന കിഞ്ചന വികർഷതി രാമചന്ദ്രേ
ഏതേന കാപി രമണന്നുളവാമിതെന്നോ—
ത്തേഷാ തദാ കിമപി വേദമവാപ സീതാ''—

എന്ന പദ്യം പകരമായി കാണുന്ന ചില ഗ്രന്ഥങ്ങളിൽ. 4. മഭദ്രേ.

[1]ഇത്ഥം തദാ മുനിശിഖാമണിനാ വിതീർണ്ണം
ധൃത്വാ ധനുർന്നൃപസുതോ നിതരാം വിരേജേ
പ്രത്യഗ്രവൃത്രഹരകാർമുകമേന്തി മേളം
മെത്തുന്ന പുത്തനണിവാർമുകിലെന്നപോലെ. 78

ധനുർദ്ധരനായ ശ്രീരാമനും കോദണ്ഡധാരിയായ പരശുരാമനും തമ്മിൽ പൊരുതുന്നു:

ശക്തം തൊടുത്തു ശര[2]മേവ രഘുപ്രവീരൻ
ഹസ്തേ കഠോരവുമെടുത്തു ഭൃഗുത്തമോഽയം
സദ്യോ മുതിർന്നളവു സംദദൃശേ ജനസ്തൗ
തത്രോദയക്ഷയഗതാവിവ സൂര്യചന്ദ്രൗ. 79

ശ്രീരാമൻ തൊടുത്ത ഒറ്റ ശരംകൊണ്ടു പരശുരാമൻ നിസ്തേജസ്സനായിത്തീരുന്നു:

രാമേണ പോർചില കുലച്ചുഥ ചാപവിദ്യാ-
രാമേണ കോഽപി സമധായി ശരസ്ത[3]ദാനീം
കാമാരിശിഷ്യനമനുഷ്യമളനായ് ചമഞ്ഞു,
ധൂമാവശേഷവനപാവകനെന്നപോലെ. 80

വേഗേന—വേഗമായി. രാമചന്ദ്രൻ—രാമൻ. കിഞ്ചന വികൃഷ്തി (കൃതി)—ഒന്നു വലിച്ചപ്പോഴേ. ഇതുമൂലം—ഇതുകൊണ്ടു്. ഏകാ സപത്നീ—ഒരു സപത്നി. സീതാ വിഷസാദ—സീത ദുഃഖിച്ചു.

''തച്ചാപമാകൃഷതി താടകാരാ-
വാകൺമാകൺവിശാലനേത്രാ
സാസൂയമൈക്ഷിഷ്ട വിദേഹജാസൗ
കന്യാം കിമന്യാം പരിണേഷ്യതീതി''

ഈ പദ്യത്തിന്റെ വിപരീതനമാണു് പ്രകൃതപദ്യം.

പദ്യം 78. ഇത്ഥം—ഇപ്രകാരം. തദാ—അപ്പോഴേ. മുനി....നാ—മുനിശ്രേഷ്ഠനാൽ. വിതീർണ്ണം—കൊടുക്കപ്പെട്ട. ധനുഃ ധൃത്വാ—വില്ലിനെ ധരിച്ചിട്ടു്. നൃപസുതഃ—രാജപുത്രനായ രാമൻ. നിതരാം വിരേജേ—വളരെ ശോഭിച്ചു. പ്രത്യ....കഃ—പുത്തനായ ഇന്ദ്രചാപത്തെ.

പദ്യം 79. ശരം ഏവ—ബാണത്തെത്തന്നെ. ശക്തം—ശക്തിയോടുകൂടി. രഘു....രൻ—രാമൻ. ഹസ്തേ—കൈയിൽ. കഠോരവും—മഴുവും. അയം ഭൃഗുത്തമഃ—ഈ പരശുരാമൻ. സദ്യഃ—ഉടൻ. ജനഃ—ലോകം. തൗ—അവർ രണ്ടുപേരെ. തത്ര—അവിടെ. ഉദയക്ഷയഗതൗ—ഉദയാസ്തമനങ്ങളിലെത്തിയിരിക്കുന്ന. സൂര്യചന്ദ്രൗ ഇവ—സൂര്യചന്ദ്രന്മാരെപ്പോലെ. സംദദൃശേ—കണ്ടു്. (സന്ദദൃശുർജ്ജനാ?)

പദ്യം 80. തദാനീം—അപ്പോഴേ. ചാപ....ണ—ധനുർവിദ്യയിൽ വിഹരിക്കുന്നവനായ. രാമേണ—രാമനാൽ. കോപി ശരഃ—ഒരു ബാണം. സമധായി—തൊടുക്കപ്പെട്ടു. കാമാ....നം—പരശുരാമനും.

1. ഏവം തദാ. 2. രമത്തര. 3. ദാതു.

ഗദ്യം 4.

ശ്രീരാമൻ ശരം തൊടുത്തു വലിച്ചുകൊണ്ടു നില്ക്കുമ്പോൾ വിഷ്ണുവിന്റെ സ്വരൂപത്തോടുകൂടിയ ഒരു തേജഃപുഞ്ജം അവിടെ ഉണ്ടായി. അതു രാമനിൽ ഐക്യത്തെ പ്രാപിക്കുന്നതായും അതു കണ്ട പരശുരാമൻ സന്തുഷ്ടനായി താൻ എതിർത്തതിന്റെ കാര്യം ശ്രീരാമനെ പറഞ്ഞുകേൾപ്പിച്ചു അനുഗ്രഹിക്കുന്നതായും വർണ്ണിക്കുന്നു:

തദനു ദിനാധിപവംശശിഖാമണി
വൈഷ്ണവധനുഷി പരമാസ്ത്രത്തെ—
യെടുത്തു തൊടുത്തു വലിച്ചുടനങ്ങു നി—
രത്യയമഹിമാ നിന്ന ദശായാം
ഭാർഗ്ഗവവീരനുമുഴകിതു ഭാഗ്യം
ദ്യാവാപൃഥിവീവിവരമശേഷവു—
മിടനിറയുമ്മാറുജ്ജ്വലസൂര്യഗ—
താശനകോടി പ്രതിമമനല്പം
തേജഃപുഞ്ജം മുല്പാടപ്പോഴം
കാണായ്വന്നു; പുനരപി തസ്മിൻ
തേജോമദ്ധ്യേ സുക്ഷിച്ചവധാ—
നത്തൊട്ടു ചിത്തേ പാർക്കുന്നേരം
മണിഗണമഹസാ തെളിതെളെ മിന്നും
കനകകിരീടം കാണായ്വന്നു
തിരമൊട്ട ഭുവനമിതഖിലം കാക്കും
പുരികക്കൊടിയും കാണായ്വന്നു
നക്ഷത്രാധിപദിനകരരൂപം
രുക്മവർണ്ണിണയും കാണായ്വന്നു
മാകരകുണ്ഡല ശോഭാചക്രം
പാകിന കവിളിണ കാണായ്വന്നു

അനുഷ്ണനായി—തേജോരഹിതനായി (വിവർണ്ണനായി). ധൂമാ... കൻ—പുകമാത്രം ശേഷിച്ച കാട്ടുതീ.

ഗദ്യം 4. തദനു—അനന്തരം. ദിനാ....ണി—ശ്രീരാമൻ. വൈഷ്ണ....നി—വിഷ്ണുചാപത്തിൽ. പരമാസ്ത്രം—ദിവ്യശരം. നിര....മാ—നാശമറ്റ മേന്മയോടുകൂടിയവനായി. നിന്ന ദശായാം—നില്ക്കുമ്പോൾ. ഭാർഗ്ഗവവീരൻ—പരശുരാമൻ. ദ്യാവാ....രം—ഭൂമിയുടെയും അന്തരീക്ഷത്തിന്റെയും ഇട. അശേഷവും—എല്ലാം. ഉജ്ജ്വ....മം—നല്ലപോലെ കത്തുന്ന സൂര്യനാകുന്ന കോടി അഗ്നികൾക്കു തുല്യമായ. അനല്പം—വലിയ. തേജഃപുഞ്ജം—കാന്തിസമൂഹം. മുല്പാടു—മുമ്പിൽ. പുനഃ അപി—പിന്നെയും. തസ്മിൻ തേജോമദ്ധ്യേ—ആ കാന്തിയുടെ നടുക്കു. അവധാനം—ശ്രദ്ധ. ചിത്തേ—മനസ്സിൽ. മണി...സാ—മണികളുടെ കാന്തിയാൽ. കനകം—തങ്കം. ഭുവനം—പ്രപഞ്ചം. നക്ഷ... പം—സൂര്യചന്ദ്രസ്വരൂപമായ. മാക... ക്രം—മത്സ്യത്തിന്റെ ആകൃതിയിലുള്ള

മന്ദസ്മിതരുചി നിഴൽ പാകീടും
ദന്തച്ഛദവും കാണായ്വന്നൂ
ശംഖിനമൻപൊട്ടു ശങ്ക വളക്കും
മംഗലകണ്ഠം കാണായ്വന്നൂ
വക്ഷസി കൗസ്തുഭമണിയും മറുവും
ലക്ഷ്മിയുമഗ്രേ കാണായ്വന്നൂ
വാരിജചാപഗദാരികളം തങ്ങിന
ബാഹുചതുഷ്കം കാണായ്വന്നൂ
വടിവൊട്ടു രോമലതാലംകൃതമാം
കൊടിനടുവഴകും കാണായ്വന്നൂ
മഞ്ഞപ്പട്ടുട പൊന്നുടഞാണും
തിങ്ങിന തിരുവര കാണായ്വന്നൂ
തുത്തുട രണ്ടും ജാനുദ്വിതയവു—
മസ്മകളങ്കം കാണായ്വന്നൂ
ചെമ്പല്ലവരുചിസമ്പല്ലവനം
ചെമ്പൊൽച്ചേവടി കാണായ് വന്നൂ
കരിമുകിൽതന്നൊട്ടു കരുമന തുടരും
തിരുനിറവും ബത! കാണായ്വന്നൂ
വിശ്വോത്തരമിതു വൈഷ്ണവരൂപം
രാമശശാങ്കനിലേകീഭൂതം
കണ്ടു തെളിഞ്ഞതിവിസ്മിതചേതാഃ
സസ്മിതമവനൊട്ടു സദസി പറഞ്ഞൂഃ
‘‘വീര രഘൂത്തമ! നമ്മിലിവണ്ണം
പോരാടുവതിന്നനുചിതമധുനാ.
ബാലനസൗ നീ താപസനും ഞാൻ
നീയും ഞാനും ഭേദം നഹി നഹി.

കുണ്ഡല(കണ്ണാഭരണ)ത്തിന്റെ കാന്തിപൂരം. മന്ദസ്മി....ച്ഛ—പുഞ്ചിരിയുടെ ശോഭ. ദന്തച്ഛദം—ചുണ്ട്. വക്ഷസി—മാർവിടത്തിൽ. അഗ്രേ—മുൻഭാഗത്തു്. വാരി....കം—താമര വില്ലു് ഗദ ചക്രം എന്നിവ. ബാഹു... ഷ്കം—നാലു കൈകളും. രോ....മതം—രോമവല്ലിയാൽ അലങ്കരിക്കപ്പെട്ട. ജാനുദ്വിതയം—രണ്ടു മുട്ടുകളും. അസ്മകളങ്കം—നിർമലം. ചെമ്പ... നം—ചുമന്ന തളിരിന്റെ കാന്തിസമ്പത്തിനെ കൊയ്യെടുക്കുന്ന. കരുമന—വക്കാണം ബത—ആശ്ചര്യം. വിശ്വോത്തരം—ലോകശ്രേഷ്ഠം. വൈഷ്ണവരൂപം—വിഷ്ണുസ്വരൂപം. രാമശശാങ്കനിൽ—രാമചന്ദ്രനിൽ. ഏകീഭൂതം—ഐക്യത്തെ പ്രാപിച്ചു. അതി....താഃ—വളരെ ആശ്ചര്യത്തോടുകൂടി. സസ്മിതം—ഹാസത്തോടുകൂടി. സദസി—സഭയിൽ. അനുചിതം—യോഗ്യമല്ല. അസൗ നീ—ഈ നീ. താപസൻ—തപസ്വി. നഹി നഹി—ഇല്ല ഇല്ല. പുരഹരൻ—ശിവൻ. ദയിതൻ—

പുരഹരനും പുനരെന്നെക്കാളയി
ദയിതനസൗ കുലവില്ല കുലപ്പാൻ
മറൊരുവനു നിനച്ചീടാമോ?
ചലിതേന്ധനനാം വഹ്നികണക്കേ
പാദാഹതനാം ഫണിപതിപോലെ
താവകസാക്ഷാലാകൃതി കാണാൻ
വാഞ്ഛം ബഹുവിധവാഗ്ഭാദൈരിഹ
കോപിപ്പിച്ചിതു ഹന്ത! ഭവന്തം
തദിഹ മൃദുകുരു ഹൃദയമിദാനീം
വിശിഖം സംഹര ബംഹിഷ്ഠാഭം
മേലിൽ പല പല കണ്ടകനിധനം
ഭാവി ഭവത്കൃതമുലകിനു നൂനം
കനിവിനൊടെന്നാലെന്നേ സുഖമേ
ധന്യാഃ സ്മോ വയമഖിലജനാനാം
വിപദമപാസ്യൻ വിക്രമശാലീ
വീര! ഭവാനും ധരണീവലയേ
പരിചൊട്ട സുഖമായ് വാഴ്ക ചിരം നാമം.''

തൊട്ടുത്ത ശരം പിൻവലിക്കാതെതന്നെ ശ്രീരാമൻ പരശുരാമനോട് പറയുന്നതായി പ്രസ്താവിക്കുന്നു:

അനുനയമധുരാം നിശമ്യ [1]വാണീം
കനിവിലസംഹൃതബാണ[2] ഏവ സേയം
ദനുജമഥനസപ്തമാവതാരോ
മുനിവരരൂപിണമഗ്രജം ബഭാഷേ. 81

പ്രീയൻ. ചലി.....നൻ—വിറകിളക്കിയ. വഹ്നി—അഗ്നി. പാദാഹതൻ—കാലുകൊണ്ടു ചവുട്ടിയ. ഫണിപതി—സർപ്പശ്രേഷ്ഠൻ. താവ.... തി—നിന്റെ നിജസ്വരൂപം. ബഹു .. ദൈഃ—പല വിധത്തിൽ വാക്കുതക്കങ്ങളാൽ. ഭവന്തം—അങ്ങയെ. തത്—ആയതുകൊണ്ട്. ഇഹ—ഇവിടെ. ഇദാനീം—ഇപ്പോഴും. ഹൃദയം—ചിത്തത്തെ. മൃദുകുരു—ശാന്തമാക്കിയാലും. ബംഹിഷ്ഠാഭം—വളരെ കാന്തമായ. വിശിഖം—ബാണത്തെ. സംഹര—പിൻവലിച്ചാലും. കണ്ട....നം—ദുഷ്ടനിഗ്രഹം. ഭവത് കൃതം—അങ്ങയാൽ ചെയ്യപ്പെട്ടതായി. ഭാവി—ഭവിക്കും. നൂനം—നിശ്ചയം. വയം ധന്യാഃ സ്മഃ—ഞങ്ങളും ധന്യരായിരിക്കുന്നു. അഖിലജനാനാം—എല്ലാ ജനങ്ങൾക്കും. വിപദം—ദുരിതത്തെ. അപാസ്യൻ—ഇല്ലായ്മ ചെയ്യുന്നവനായി. ധര....യേ—ഭ്രമണ്ഡലത്തിൽ. ചിരംനാമം—വളരെക്കാലം.

പദ്യം 81. അനു....രാം—പ്രീണനംകൊണ്ടു മധുരമായ. വാണീം നിശമ്യ—പരശുരാമവചനം കേട്ട്. ദനുജ....രഃ—രാക്ഷസനിഗ്രഹത്തി

1. വാചം ക. 2. ണ ഏഷ രാമഃ

തൊട്ടത്ത ശരം പിൻവലിക്കുക പതിവില്ലാത്തതിനാൽ അത പരശ്ര രാമന്റെ പരഗതിയെ തടയുന്നതായിരിക്കട്ടെ എന്ന പറഞ്ഞുകൊണ്ട ശ്രീരാമൻ ശരമയയ്ക്കുന്നു:

''ഭൃഗുതിലക! നമസ്തേ രേണുകാപുത്ര! ചൊല്ലാം
പവഴി മമ തൊടുത്താൽ മോഘമായ് വന്നുകൂടാ;
തവ പരഗതിരോധി വത്തതാ''മെന്ന ചൊല്ലി
പ്രവരശരമയച്ച[1] രാമഭദ്രസ്തദാനീം. 82

പരശ്രരാമൻ അത സമ്മതിക്കുന്നു:

''വിക്രമേണ ഭവനത്രയേ ഭവാൻ
വിഷ്ണുകല്പ ഇതി മാം പ്രബോധതേ
സ്വർഗ്ഗനിർഗ്ഗമനരോധി കല്പ്യതാം
മാർഗ്ഗണോ[2]യമിഹ മത്പ്രപുംഖിതഃ.'' 83

പരശ്രരാമന്റെ വീര്യം നശിച്ചവനായി കണ്ട ശ്രീരാമൻ പരശ്രരാമന്റ സ്വർഗ്ഗസുഖം തടഞ്ഞുകൊണ്ട ശരമയയ്ക്കുന്നതായി വീണ്ടും പ്രസ്താവി ക്കുന്നു—

തത്രാന്തരേ വിഗതവീര്യമമും മുനീന്ദ്രം
നിർദ്ധാര്യ ദാശരഥിരുദ്ധതശൗര്യഭ്രമാ
തത്യാജ ബാണമമരാലയസൗഖ്യലക്ഷ്മീ—
മെത്താതവാറിവനു തത്പ്രിയതത്വവേദീ. 84

നായി ഏഴാമതായി അവതരിച്ച. സഃ അയം—ആ ഇവൻ (രാമൻ). അസം... ണഃ ഏവ—ശരത്തെ പിൻവലിക്കാതെതന്നെ. മുനി....ണം അഗ്രജം—മുനിശ്രേഷ്ഠസ്വരൂപനായ ജ്യേഷ്ഠനോട്. ബഭാഷേ—പറഞ്ഞു.

പദ്യം 82. ഭൃഗുതിലക—ഭൃഗുകുലത്തിൽ ശ്രേഷ്ഠ. രേണുകാപുത്ര—രേണുകയുടെ പുത്രനായുള്ളോവേ. തേ നമഃ—അങ്ങയ്ക്കായി നമസ്കാരം. പവഴി—ബാണം. മമ—എന്റെ. മോഘം—നിഷ്ഫലം. തവ—നിന്റെ. പര....ധീ—പരഗതിയെ തടയുന്നതായി. വത്തതാം—വർത്തിക്കട്ടെ. പ്രവ രശരം—ശ്രേഷ്ഠമായ ബാണത്തെ. തദാനീം—അപ്പോഴ. രാമഭദ്രഃ—ശ്രീരാ മൻ. ''അമോഘാ രാമസായകാഃ'' എന്ന രാമായണവചനം.

പദ്യം 83. ഭവാൻ—അങ്ങ്. ഭവനത്രയേ—മൂന്ന ലോകത്തിലും. വിക്രമേണ—പരാക്രമംകൊണ്ട്. വിഷ്ണുകല്പഃ—വിഷ്ണുവിനു തുല്യൻ. ഇതി മാം പ്രബോധതേ—എന്ന ഞാൻ ബോധിക്കുന്നു. മത്പ്രപുംഖിതഃ—എന്റെ നേക്ക തൊടുത്ത. അയം മാർഗ്ഗണഃ—ഈ ശരം. ഇഹ—ഇവിടെ. സ്വർഗ്ഗ ....ധീ—എന്റെ സ്വർഗ്ഗയാത്രയെ തടയുന്നതായി. കല്പ്യതാം—കല്പിച്ചാലും.

പദ്യം 84. തത്ര അന്തരേ—ഇതിനിടയ്ക്ക്. വിഗതവീര്യം—വീര്യം നശിച്ചവനായി. അമും മുനീന്ദ്രം നിർദ്ധാര്യം—ഈ മുനിശ്രേഷ്ഠനെ നിശ്ച

1. രാമഭദ്രസ്തദാസൗ. 2. തവീര്യ.

ശരപ്രയോഗം കഴിഞ്ഞു വിനീതനായി നിലകൊണ്ട രാമനെ വർണ്ണിക്കുന്നു:

ഉദാരം പോർവില്ലും വിശിഖനിരയും തത്ക്ഷണമസൗ
നിധായ സ്വച്ഛന്ദം മനുകുലവൃഷോ ലക്ഷ്മണകരേ
പ്രസാദം പൂണ്ടദ്യദിനയഭരനഗ്രോജ്ജ്വലമുഖം
പദാംഭോജം ക്ലുപ്തിപ്പരിചൊടഥ നിന്നു രഘുവരൻ. 85

ചാപത്തിന്റെയും പരശുരാമന്റെയും അവസ്ഥയെ വർണ്ണിക്കുന്നു:

താവുഭൗ ച ഭൃഗുവംശസംഭവൗ
ചാപദണ്ഡജമദഗ്നിസംഭവൗ
പ്രഹ്വ[1]ഭാവമവലംബ്യ കേവലം
രാഘവാർപ്പിതഗുണൗ ബഭൂവതുഃ. 86

യുഗപത്പ്രാപ്തഗുണയോ—
ശ്ചാപഭാർഗ്ഗവയോ[2]സ്തദാ
ഋജുതാ വക്രതാം പ്രാപ
വക്രതാ ച തഥാർജ്ജവം. 87

യിച്ചിട്ട്. ഉദ്ധ.....മാ—വർദ്ധിച്ച ശൗര്യത്തോടുകൂടിയ. ദാശരഥിഃ—ശ്രീരാമൻ. തത്പ്രീ ദീ—പരശുരാമനു പ്രിയമായതിനെ അറിഞ്ഞവനായി. അമ... ക്ഷ്മീം—സ്വർഗ്ഗസൗഖ്യത്തെ. ബാണം തത്യാജ—ബാണത്തെ പ്രയോഗിച്ചു.

പദ്യം 85. ഉദാരം—വലിയ. വിശിഖം—ബാണം. തത്ക്ഷണം—ഉടൻ. അസൗ മനു....ഷഃ—ഈ മനുകുലശ്രേഷ്ഠനായ രാമൻ. ലക്ഷ്മണകരേ—ലക്ഷ്മണന്റെ കൈയിൽ. നിധായ—നിക്ഷേപിച്ചിട്ട്. സ്വച്ഛന്ദം—യഥേഷ്ടം. പ്രസാദം പൂണ്ടു—സന്തുഷ്ടനായി. ഉദ്യ....ഖം—വർധിച്ച വണക്കത്തൊൽ താഴ്ന്നു ശോഭിക്കുന്നേ മുഖത്തോടുകൂടിയ. പദാ....ജം—ചരണകമലത്തെ. രഘുവരൻ—ശ്രീരാമൻ.

പദ്യം 86. ഭൃഗു....വൗ—ഭൃഗുവംശത്തിൽനിന്നും മുളങ്കുട്ടത്തിൽനിന്നും ജനിച്ച. ചാപ....വൗ—വില്ലും പരശുരാമനും ആയ. തൗ ഉഭൗ ച—അവർ രണ്ടുപേരും. കേവലം പ്രഹ്വഭാവം അവലംബ്യ—വണക്കം സ്വീകരിച്ചിട്ട്. രാഘ....ണൗ—രാഘവനാൽ നിക്ഷേപിക്കപ്പെട്ട ഗുണത്തോടുകൂടിയവരായി. ബഭൂവതുഃ—ഭവിച്ചു. ഗുണശബ്ദത്തിനു ഞാൺ എന്നും അർത്ഥമുണ്ട്. വില്ലിന്റെ വണക്കം വളയുക.

പദ്യം 87. തദാ—അപ്പോൾ. യുഗപത്—ഒന്നിച്ചു്. പ്രാപ്തഗുണയോഃ—ഗുണത്തെ പ്രാപിച്ച. ചാപഭാർഗവയോഃ—ചാപത്തിനും പരശുരാമനും. ഋജുതാ—(ചാപസംബന്ധിയായ) ആർജ്ജവം. വക്രതാം പ്രാപ—വക്രമായിരിപ്പു എന്ന അവസ്ഥയെ പ്രാപിച്ചു. തഥാ—അതുപോ

1. ഹതാം സമ. 2. സ്ഥാ.

പരശുരാമവൃത്താന്തത്തെ ലോകന്യായത്തോട്ട സമർത്ഥനം ചെയ്യുന്നു:

നൂനം ജനേന പുരുഷേ മഹതി പ്രയുക്ത—
മാഗഃ പരം തദനുരൂപഫലം പ്രസൂതേ
കൃത്വാരഘൂദ്വഹഗതേഃ [1]ക്ഷണമന്തരായം
യദ് ഭാർഗ്ഗവഃ പരഗതേർ [2]വിഹതിം പ്രപേദേ. 88

സന്തുഷ്ടനായ പരശുരാമൻ ശ്രീരാമനോട്ട യാത്ര പറഞ്ഞു തന്റെ ആശ്രമത്തിലേക്ക മടങ്ങുന്നു:

ചീർത്ത വിസ്മയരസേന ഭാർഗ്ഗവൻ
പേർത്തുമേനമഭിനന്ദ്യ രാഘവം
ആസ്ഥയാ വിദധദാശിഷം തദാ
യാത്രചൊല്ലി നിജമാശ്രമം യയൗ. 89

പരശുരാമൻ പോയതിൽപിന്നെ ശ്രീരാമർ ദശരഥനെ വണങ്ങുന്നു:

തസ്മിൻ ഗതേ പരശുധാരിണി ജാമദഗ്ന്യേ
കെല്പാന്ന ദാശരഥിതാന്നമമേയധാമാ
ദുഷ്പന്നിനാദബഹളാമപവാര്യ സേനാ—
മുൻപ്രീതിശോകവിധുരം പിതരം വവന്ദേ. 90

ലെ. വക്രതാ—വക്രത്വം (ഭാർഗവരാമന്റെ). ആർജവം പ്രാപ ച—ഋജുതയെയും പ്രാപിച്ചു.

പദ്യം 88. ജനേന—ജനത്താൽ. മഹതി പുരുഷേ—മഹാനായ പുരുഷകൽ. പ്രയുക്തം ആഗഃ—പ്രയോഗിക്കപ്പെട്ട അപരാധം. തദ....ലം പ്രസൂതേ—അതിനു് അനുകൂലമായ ഫലത്തെ നല്കുന്നു. നൂനം—നിശ്ചയം യത്—എന്തെന്നാൽ. രഘൂദ്വഹഗതേഃ—ദശരഥന്റെ അല്ലെങ്കിൽ ശ്രീരാമന്റെ യാത്രയ്ക്കു്. ക്ഷണം അന്തരായം കൃത്വാ—അല്പം വിഘ്നത്തെ ചെയ്തിട്ടു്. ഭാർഗ്ഗവഃ—പരശുരാമൻ. പരഗതേഃ വിഹതിം പ്രപേദേ—പരഗതിയില്ലായ്മയെ പ്രാപിച്ചു.

പദ്യം 89. ചീർത്ത—വർദ്ധിച്ച. വിസ്മയരസേന—അദ്ഭുതരസത്താൽ. പേർത്തും—വീണ്ടും. ഏനം രാഘവം അഭിനന്ദ്യ—ഈ രാമനെ അനുമോദിച്ചിട്ടു്. ആസ്ഥയാ—താത്പര്യത്തോട്ടുകൂടി. ആശിഷം വിദധത്—ആശീർവാദം ചെയ്യുന്നവനായി. തദാ—അപ്പോൾ. നിജം ആശ്രമം യയൗ—തന്റെ ആശ്രമത്തിലേക്ക യാത്രയായി.

പദ്യം 90. പര....ണി—മഴു ധരിച്ച. തസ്മിൻ ജാമദഗ്ന്യേ ഗതേ (സതി)—ആ പരശുരാമൻ പോയ്മറഞ്ഞപ്പോൾ. അമേ....മാ ദാശരഥി—തേജസ്വിയായ രാമൻ. ദുഷ്പ....ളാം സേനാം അപവാര്യ—അഹങ്കരിച്ച ശബ്ദകോലാഹലം മുഴക്കുന്ന സേനയെ തടഞ്ഞിട്ടു്. ഉൻപ്രീ....രം—അകത്തു സ്നേഹംകൊണ്ടും ദുഃഖംകൊണ്ടും പരവശനായ. പിതരം വവന്ദേ—പിതാവിനെ വണങ്ങി.

1. തേഃ സ്വയമ 2. വിഹിതിം

ഗദ്യം 5

പിന്നെയും അയോദ്ധ്യയിലേക്കുള്ള യാത്രാവർണ്ണന:

(ദണ്ഡകം)

അന്നേരമൻപൊട്ട ജഗന്നാഥമൗലിയിലമന്ദാഭിരാമരുചിരാംഗേ
അളിപടലി തിങ്ങീ വിയതി നെറി പൊങ്ങീ
വിബുധഗണകരഗളിതസുരവിടപിമലർനിചയ—
മൊരുമയൊട്ട പെരുമഴ തുടങ്ങീ.
അപ്പോഴിതുല്യബലവിന്യാസവും ഝടിതി
സന്നാഹമാന്തര വിളങ്ങീ
അഖിലദിശി തിങ്ങീ ജയപടഹമെങ്ങും
ഭൃഗുതിലകമദമഥനരഘുനൃപതിചരിതമിതു
പുകഴ്വതിനു ജനതതി തുടങ്ങീ.
വന്നീടിനോരഴൽ തളർന്നാരു മന്നവർകളു
നന്നേ വിനോദവുമിയന്നു
വനഭുവി തുടന്നോരിടനില തളർന്നു
രണശിരസി നിപുണതരതപനകുലതിലകമഥ
വിജയരമ വിരവൊട്ട പുണർന്നു.
മന്നോർവരൻ പിതരമന്യനശൗര്യനിധി
ചെന്നേഷ കൈതൊഴുതു നിന്നു
മകനിഹ പിറന്നു പുനരിതി വളർന്നു
ദശരഥനു കുതുകഭരമിനിയ നിജതനയനത—
ശിരസി മുഹുരയമപി മുകർന്നു.

ഗദ്യം 5. (ദണ്ഡകം) അമന്ദാഭിരാമചിരാംഗേ--വളരെ സുന്ദരമായ അംഗങ്ങളോടുകൂടിയ. ജഗ ...യിൽ—രാമന്റെ ശിരസ്സിൽ. അളിപടലി—വണ്ടിൻകൂട്ടം. വിയതി—ആകാശത്തിൽ. വിബു....യം—ദേവന്മാരുടെ കൈയിൽനിന്നു പൊഴിഞ്ഞ ദേവവൃക്ഷത്തിലെ പുഷ്പസമൂഹം. അപ്പോ—....സവും—സമുദ്രംപോലെയുള്ള സൈന്യത്തിന്റെ വ്യൂഹവും. ഝടിതി—പെട്ടന്നു. സന്നാഹം—യാത്രയ്ക്കുള്ള ഒരുക്കം. അഖിലദിശി—എല്ലാദിക്കിലും. ജയപടഹം—ജയത്തെ വിളംബരം ചെയ്യുന്ന പടഹവാദ്യം. ഭൃഗു....തം—പരശുരാമന്റെ വീര്യം നശിപ്പിച്ച രാമന്റെ ചരിത്രം. ജനതതി—ജനക്കൂട്ടം. വനഭുവി—കാട്ടിൽ. രണശിരസി—യുദ്ധഭൂവിൽ. നിപു....കം—സമർത്ഥനായ രഘുശ്രേഷ്ഠനെ. വിജയരമ—ജയലക്ഷ്മി. പിതരം—പിതാവിനെ. അന്യ....ധി—ക്ഷീണിക്കാത്ത ശൗര്യത്തിനു് ഇരിപ്പിടം. ഇതി—ഇപ്രകാരം. കുതുകഭരം—സന്തോഷാധിക്യം. നിജ....സി—തന്റെ പുത്രന്റെ വണങ്ങിയ ശിരസ്സിൽ. മുഹുഃ—വീണ്ടും വീണ്ടും. അയം അപി—ഇവനും.

മന്നോർനാഥസ്തദാനീം പ്രണതമഖിലലോ—
കേശ്വരം തൻകരാഭ്യാ—
മന്യൂനം പൂണ്ടു പത്തൻപതു ശിരസി മുക—
ന്നശ്രുധാരാകുലാക്ഷഃ
ഒന്നായ് ക്കൂടിത്തിമിർക്കും പടയൊടു സഹിത—
സ്തീവ്രവാദിത്രപാളീ—
സ്വന്നാദാപൂരിതാശാന്തരമഗമദസൗ
രാജധാനീമയോദ്ധ്യാം. 91

എല്ലാവരും സരയൂനദിയെ പ്രാപിച്ചതായി പ്രസ്താവിക്കുന്നു:

അന്നേരം താമരപ്പൂന്തളികകളിൽ മണി—
ച്ചെപ്പു നൽകർണ്ണികാഖ്യം
വിന്യസ്യാലോലഫേനസ്മിതമധുരമുഖീ
ഭൃംഗനേത്രാഭിരാമാ
ധന്യാ ശൈവാലമാലാഘനചികുരഭരാ
ചക്രവാകസ്തനാഢ്യാ
വന്നാൾ മെല്ലെന്നെതിർപ്പാൻ പരിചൊടു സരയൂ
നിർമ്മലാംഗീ തദഗ്രേ. 92

പദ്യം 91. അസൗ മന്നോർനാഥഃ—ഈ ദശരഥൻ. തദാനീം—അപ്പോൾ. പ്രണതം—വണങ്ങിയ. അഖി....രം—സർവ്വലോകനായകനെ. കരാഭ്യാം—കൈകളും കൊണ്ടു്. അന്യൂനം—കുറവില്ലാതെ. ശിരസി—തലയിൽ. അശ്രു....ക്ഷഃ—സന്തോഷാശ്രുധാരയാൽ ആകുലമായ നേത്രത്തോടുകൂടിയവനായി. സഹിതഃ—ചേർന്നവനായി. തീവ്ര ...രം—ഉച്ചത്തിൽ ശബ്ദിക്കുന്ന വാദ്യങ്ങളുടെ ശബ്ദം കൊണ്ടു നിറഞ്ഞ ദിക്കുകളുടെ ഇടയോടുകൂടിയവണ്ണം. രാജധാനീം അയോദ്ധ്യാം അഗമൽ—രാജധാനിയായ അയോദ്ധ്യയിലേക്കു പുറപ്പെട്ടു.

പദ്യം 92. നൽകർണ്ണികാഖ്യം മണിച്ചെപ്പു്—നല്ല താമരക്കർണ്ണികയാകുന്ന മണിമയമായ ചെപ്പു്. വിന്യസ്യ—വെച്ചിട്ടു്. ആലോ....ഖീ—ഇളകുന്ന തരകളാകുന്ന ഹാസത്താൽ മധുരമായ മുഖത്തോടുകൂടിയവളായി. ഭൃംഗ....മാ—വണ്ടുകളാകുന്ന കണ്ണുകളാൽ രമ്യയായി. ധന്യാ—കൃതാർത്ഥയായി. ശൈവാ....രാ—പായൽക്കൂട്ടമാകുന്ന കേശഭാരത്തോടുകൂടിയവളായി. ചക്ര....ഢ്യാ—ചക്രവാളങ്ങളാകുന്ന കുചങ്ങളോടുകൂടിയവളായി. നിർമ്മലാംഗീ—ശുദ്ധശരീരയായി. സരയൂ—സരയൂനദി. തദഗ്രേ—അവന്റെ മുമ്പിൽ. അയോദ്ധ്യാനഗരത്തിന്റെ പർയന്തത്തിൽ പ്രവഹിക്കുന്ന സരയൂനദി.

അയോദ്ധ്യയിലെ ജനങ്ങൾ എതിരേറ്റു സത്കരിക്കുന്നു:

അഗ്രേ കണ്ടാരയോദ്ധ്യാമമരവരപുരീ
സോദരീമംഗഭാജാ—
മക്ഷ്ണാമാനന്ദസന്ദോഹനസുരഭി—
മതിർപ്പായ കല്യാണവല്ലീം
തിക്കിത്തിക്കിത്തിരക്കിപ്പരിചൊട്ട മ—
രുവും ബാലഭൂപാലമാലാ—
സത്കാരവ്യഗ്രനാരീജനപദമണിമ—
ഞ്ജീരസഞ്ജാതനാദാം. 93

മസ്രണതരമടിച്ചു വൃത്തിയാക്കി—
ഗ്ഘുസ്രണരസേന തളിച്ച രാജധാനീം
പുതുമയിൽ മെഴുകിച്ചമച്ചണഞ്ഞാർ
മധുരതരം തരളാക്ഷിമാർ തദാനീം. 94

നൽപാവാട വിരിച്ചു നീളേ വഴിമേൽ
മേളം വളത്തീടിനാർ,
കർപ്പൂരത്തിരിയിട്ട ദീപകലികാ—
ജാലം കൊളുത്തീടിനാർ,
കല്പിച്ചാരഴകോടുതാൻ നിറപറ—
ച്ചാത്തും പുകഴ്ത്താവത—
ല്ലപ്പാ! കേമം മണമാന്നയോദ്ധ്യയിലെഴും
കോലാഹലാഡംബരം. 95

പൊന്നിൻതാലത്തിൽ നൽപ്പൂങ്കുലയുമണിമണി—
ച്ചെപ്പുമാദർശവും ചേ—
ത്തെന്നപ്പാ! വാരനല്ലാരൊരു പരിഷ നിറ—
ഞ്ഞൂ തദാ ഗോപുരാന്തേ

പദ്യം 93. അഗ്രേ—പുരോഭാഗത്തിൽ. അമ ...രീം—ദേവലോകത്തിനു തുല്യമായ. അംഗഭാജാം—ശരീരികൾക്ക്. അക്ഷ്ണാം—കണ്ണുകൾക്ക്. ആന....ല്ലീം—ആനന്ദത്തെ നല്കുന്ന മംഗളലതികയായ. ബാല .....ദാം—ബാലന്മാരായ രാജാക്കന്മാരെ എതിരേറ്റു സത്കരിക്കുന്നതിൽ തത്പരരായ സ്ത്രീജനങ്ങളുടെ കാലിലെ മണിച്ചിലമ്പിന്റെ ശബ്ദത്തോടുകൂടിയ. അയോധ്യാം—അയോധ്യാനഗരത്തെ.

പദ്യം 94. മസ്രണതരം—വളരെ കോമളമായി. ഘുസ്രണരസേന—കുങ്കുമരസത്താൽ. രാജധാനീം—അയോദ്ധ്യയെ. മധുരതരം—വളരെ മധുരമാംവണ്ണം. തരളാക്ഷിമാർ—സുന്ദരികൾ. തദാനീം—അപ്പോൾ.

പദ്യം 96. ആദർശം—കണ്ണാടി. വാരനല്ലാർ—വേശ്യകൾ. ഗോപുരാന്തേ—ഗോപുരവാതിലിൽ. തദാ—അപ്പോൾ. പ്രദീപോത്കരം—

മിന്നും പൊന്നും പ്രദീപോത്കരമഴകിലെട്ട-
ത്തങ്ങനേ മറ്റനേകം
വണ്ണിക്കാവല്ല താസാം നവനവചമയ-
ക്കോപ്പു ശില്പാഭിരാമം. 96

കൂട്ടക്കൊണ്ടിന്ദിതാളം, വിരുതുവിളി, വെടി-
പ്പൗഡി, സംഘപ്രണാദം,
പാ,ട്ടാട്ടം, മംഗലസ്ത്രീവലയഗണനഖണ-
ത്കാര,മാനന്ദഗീതം,
ചാട്ടിന്മേലേ വരുന്നോ ചില വിഭവവിശേ-
ഷപ്രഘോഷം, വിശേഷി-
ച്ചൂട്ടിന്നായാത്തടക്കം ദ്വിജകുലനിനദം
നന്നയോദ്ധ്യാപ്രവേശം. 97

അഗ്രേ ചെന്നും നിറഞ്ഞൂ, ബത ത്വടിതി നട-
ക്കാവിലാ ഗോപുരേ നീം-
മണ്ണുണ്ണാർതാൻ നിരന്നമ്പിനൊടിരുപുറവും
മാലപോലേ ചമഞ്ഞൂ,
തിക്കിക്കൈകൊലൊടിഞ്ഞു ദ്വിജപടല,മുട-
ഞ്ഞും പിടഞ്ഞും ജനൗഘം
പ്രക്ഷോഭം പൂണ്ട രക്ഷാപുരുഷരുമിളകീ
വേത്രയഷ്ടിം ദധാനാഃ. 98

അന്നേരം ചെന്നകം പുക്കിതു വിരവിലയോ-
ദ്ധ്യാപുരീഗോപുരേ നൽ-
പ്പൊന്നിൻനേരൊത്ത വീണാമൊഴികം മലർചൊരി-
ഞ്ഞു മഴത്തുള്ളിപോലേ,

ദീപസമൂഹം. താസാം-അവരുടെ. നവനവം-പുത്തൻ പുത്തൻ ശില്പാഭിരാമം-കൈവേലയിൽ മനോഹരമായ.

പദ്യം 97. സംഘപ്രണാദം-സംഘക്കാരുടെ ശബ്ദം മംഗ....രം-സുധംഗലികളുടെ വളയുടെ ത്വണശബ്ദം. ദ്വിജകുലനിനദം-ബ്രാഹ്മണരുടെ ശബ്ദം.

പദ്യം 98. രക്ഷാപുരുഷർ-കാവൽക്കാർ. വേത്രയഷ്ടിം ദധാനാഃ-ചൂരൽവടി ധരിക്കുന്നവരായി.

പദ്യം 99. അയോ....രേ-അയോധ്യാപുരത്തിന്റെ ഗോപുരത്തിൽ. വീണാമൊഴികം-വീണ ശബ്ദിക്കുന്നതുപോലുള്ള മൊഴിയോടുകൂടിയ സ്ത്രീകം. അഗ്രേ ആജഗ്മുഃ-മുമ്പിൽ വന്നു. ഊഢമോദം-അധിക സന്തോഷത്തോടുകൂടി. ധന്യാഃ-അനുഗ്രഹീതകളായ. വിമല.....താഃ-

ഒന്നിച്ചാജഗ്മുരഗ്രേ വിരവൊട കൂടികൊ—
ണ്ടീടവാന്യുഡുമോദം
ധന്യാ രാജന്യപത്ന്യോ വിമലമുദുകൂ—
ലാവൃതാ മന്ദമന്ദം. 99

ചെപ്പം കണ്ണാടിയുംകൊണ്ടഭിമതസഖി
പാവാട പിൻപേ ജനന്യ—
സ്തത്പാശ്വേ കണുവീണാനളിനപികശുകീ—
വാദിനീനാം കദംബം
പൊൽപൂവിൽപ്പെണ്ണു താനേ പരിചിനൊടു പാതു—
ദ്ധാ പകുത്തെന്നപോലേ
കോപ്പേലുംകണ്ണിമാർ നാലുരുമഥ വിവിശുർ—
മാനനീയാമയോദ്ധ്യാം. 100

നിശ്ശേഷക്ഷിതിപാലമണ്ഡലശിരോ—
മാണിക്യരത്നപ്രഭാ—
ബാലാദിത്യമഹഃപ്രരോഹവിലസത്—
പാദാംബുജാഡംബരഃ
രാജാ പങ്ക്തിരഥഃ സദാരസഹിതൈഃ
സാകം സുതൈർ നിർയയൗ
സേനാഘോഷഗഭീരതൂര്യനിനദൈ—
രാപൂര്യമാണാം പുരീം. 101

ശ്രീരാമാദികളും അയോദ്ധ്യയെ പ്രാപിച്ചു സസന്തോഷം വാഴുന്നതായി പ്രസ്താവിക്കുന്നു:

ഭദ്രാത്മാ രാമചന്ദ്രൻ ദശരഥനൊടുമ—
സ്സോദരന്മാരൊടും ചേ—
ന്നത്യാനന്ദാലകംപൂക്കണിമണിനഗരീം
വിശ്രമംഗല്യപൂർണ്ണാം

നിർമലമായ വെൺപട്ടുത്ത. രാജ....ന്യഃ—ക്ഷത്രിയന്മാരുടെ ഭാര്യമാർ. ധന്യാഃ—കൃതാർത്ഥരായി. മന്ദമന്ദം—പതുക്കെപ്പതുക്കെ.

പദ്യം 100. അഭിമതസഖി—ഇഷ്ടമായ സഖി. ജനന്യഃ—മാതാക്കൾ. തത്പാശ്വേ—അവരുടെ വശത്തായി. കണു....നാം—കണുമാകുന്ന വീണയിൽ മൃദുവാംവണ്ണം കയിൽ, പെൺതത്ത ഇവയുടെ സ്വരത്തോട് പാടുന്ന നാരിമാരുടെ. കദംബം—കൂട്ടം. ചതുർധാ—നാലായി. മാനനീയാം—മാനിക്കത്തക്ക. അയോദ്ധ്യാം വിവിശുഃ—അയോദ്ധ്യയിൽ പ്രവേശിച്ചു. നാലുരും—സീത ഊർമിള മാണ്ഡവി ശ്രുതകീർത്തി ഇവർ നാലുപേരും. അഥ—പിന്നെ.

പദ്യം 101. നിശ്ശേ....രഃ—സകലരാജാക്കന്മാരുടെയും കിരീടത്തിലെ മാണിക്കരത്നത്തിന്റെ കാന്തിയാകുന്ന ബാലസൂര്യന്റെ ശോഭാങ്കുരത്താൽ പ്രകാശിക്കുന്ന ചരണകമലപ്രൗഢിയോടുകൂടിയ. പങ്ക്തിരഥഃ രാജാ—

കൃത്വാ ക്ഷപാലവംശോചിതമിനിയ വസി–
ഷ്ഠാജ്ഞയാ സീതയാ ചേ–
ന്മദ്യന്മോദേന മേവീ നിഖിലഭുവന–
സന്മോദപീയൂഷധാമാ. 102

ദശരഥരാജാവു്. സ്വദാ....തൈഃ–തന്റെ തന്റെ ഭാര്യയോടുകൂടി യ. സുമൈതഃ സാകം–പുത്രന്മാരോടുകൂടി. സേനാ–ഒടൈഃ–സൈന്യങ്ങളുടെ കോലാഹലത്താലും ഗംഭീരമായ വാദ്യശബ്ദത്താലും. ആപൂര്യമാണാം–നിറയ്ക്കപ്പെടുന്ന. പുരീം നിര്യയൗ–നഗരത്തിലേക്കു യാത്രയായി.

പദ്യം 102. ഭ്രാത്മാ–മംഗലസ്വഭാവൻ. അത്യാനന്ദാൽ–വളരെ സന്തോഷത്താൽ. നഗരീം–നഗരത്തെ. വിശ....ണ്ണാം–എല്ലാ മംഗളവും നിറഞ്ഞ. ക്ഷപാ ...തം–രാജവംശത്തിനു യോഗ്യമായതു്. കൃത്വാ–ചെയ്തിട്ടു്. വസീഷ്ഠാജ്ഞയാ–വസിഷ്ഠഗുരുവിന്റെ കല്പനപ്രകാരം. സീതയാ–സീതയോടു്. ഉദ്യന്മോദേന–വർദ്ധിച്ച സന്തോഷത്തോടുകൂടി. നിഖി....മാ–എല്ലാവരുടെയും സന്തുഷ്ടിയാകുന്ന അമൃതത്തിനു് ഇരിപ്പിടമായ. രാമന വിശേഷണം.

പരശുരാമൻ: ഋചീകനു സത്യവതിയിൽ ജനിച്ച ജമദഗ്നി ശാന്തനും ശ്രുതനും വേദവിത്തും ആയ മുനിയായിരുന്നു. ഭാര്യയായ രേണുകയിൽ അദ്ദേഹത്തിനു് അഞ്ചു പുത്രന്മാർ ജനിച്ചു. ഒരിക്കൽ കുളിക്കാനായി പോയ രേണുക ഗന്ധർവദമ്പതികളെ ജലക്രീഡ ചെയ്യുന്നതിനെക്കണ്ടു. അതുമൂലം കാമോപഭോഗങ്ങളിലും ഭൗതികസുഖങ്ങളിലും മാത്രം ഉത്സുകയായ അവളുടെ ചേഷ്ടിതങ്ങളിൽ വെറുപ്പു തോന്നിയ ജമദഗ്നി അവളുടെ ശിരസ്സു ഛേദിക്കുവാൻ പുത്രന്മാരോടു പറഞ്ഞു. പരശുരാമനൊഴികെ മറ്റുള്ളവർ അതിനു സജ്ജരായില്ല. അന്ത്യപുത്രനായ പരശുരാമൻ പിതൃവാക്യമനുസരിച്ചു മാതാവിന്റെ ശിരസ്സു ഛേദിച്ചു. സന്തുഷ്ടനായ ജമദഗ്നി പരശുരാമനോടു് അഭീഷ്ടമായ വരം ചോദിക്കാനാവശ്യപ്പെടുകയും പരശുരാമൻ മാതാവിനു പുനർജീവനം നൽകുവാൻ ചോദിക്കുകയും ജമദഗ്നി അതു നല്കുകയും ഉണ്ടായി. ഒരിക്കൽ കാർത്തവീര്യാർജുനപതി ജമദഗ്നിയുടെ ആശ്രമത്തിൽ ചെന്നു് അദ്ദേഹത്തിന്റെ പശുവിനെ അപഹരിച്ചു. അതു നിമിത്തം പരശുരാമൻ കാർത്തവീര്യനെ കൊല്ലുകയും അതിനു പകരമായി കുപിതരായ കാർത്തവീര്യന്റെ പുത്രന്മാർ ആശ്രമത്തിൽ തനിച്ചിരുന്ന ജമദഗ്നിയെ കൊല്ലുകയും ഉണ്ടായി. ഇതറിഞ്ഞ പരശുരാമൻ വളരെ കുപിതനായി ഇരുപത്തൊന്നു പ്രാവശ്യം ക്ഷത്രിയവംശം മുഴുവനും നശിപ്പിച്ചു. പരശുരാമൻ ശിവന്റെ അടുക്കൽ ധനുർവിദ്യ അഭ്യസിച്ച ബാലശിഷ്യനും ലോകത്തിലെ ചിരഞ്ജീവികളായ ഏഴു പേരിൽ ഒരുവനും ആകുന്നു. അദ്ദേഹം ഇപ്പോഴും മഹേന്ദ്രപർവതത്തിൽ തപസ്സു ചെയ്തുകൊണ്ടിരിക്കുന്നതായി വിശ്വസിക്കപ്പെടുന്നു. പരശുരാമൻ വിഷ്ണുവിന്റെ ആറാമത്തെ അവതാരമാണു്.

പരശുരാമവിജയം സമാപ്തം

അയോദ്ധ്യാകാണ്ഡം

1. വിച്ഛിന്നാഭിഷേകം

വിച്ഛിന്നാഭിഷേകം

പ്രബന്ധാരംഭത്തിൽ വിഘ്നനിർദ്ദേശരൂപമായ മംഗളമാചരിക്കുന്നു:

നാരായണൻ മനസി വന്നു വസിക്കിലപ്പോൾ
ദൂരത്തു പോം ദുരിതസന്തതി വല്ലവണ്ണം
ശ്രീരാഘവേ ഗിരിമുപേയുഷി ചിത്രകൂടം
നേരേ മുനീന്ദ്രഭയസന്തതിയെന്നപോലെ. 1

ദശരഥൻ കളത്രപുത്രമിത്രാദിസമേതനായി അയോദ്ധ്യയിൽ സുഖമായി കഴിയുന്നതായി പ്രസ്താവിക്കുന്നു:

ശ്രീരാമാദ്യൈസ്തനൂജൈരഭിമതവരദാ—
രാന്വിതൈഃ സ്വസ്യ ദാരൈഃ
സൈവരം നാളൊന്നു ചേർന്നും നയമുടയ സുമ—
ന്ത്രാദിഭിർമന്ത്രിജാതൈഃ
വാരം വാരം വളർന്നീടിന പരമസുഖാം—
ഭോനിധൗ മുങ്ങി നീന്തി—
പ്പാരം കാണാതവണ്ണം ദശരഥനഥ സാ—
കേതപുര്യാം ന്യവാത്സീത്. 2

പദ്യം 1. വിഘ്നനിർദ്ദേശരൂപമായ മംഗളാചരണത്തോടുകൂടി പ്രബന്ധം ആരംഭിക്കുന്നു. നാരായണൻ—വിഷ്ണു. മനസി—ചിത്തത്തിൽ. ദുരി....തി—പാപജാലം. ശ്രീരാഘവേ—ശ്രീരാമൻ. ചിത്രകൂടം ഗിരിം ഉപയുഷി—ചിത്രകൂടപർവതത്തെ പ്രാപിച്ചപ്പോൾ മുനീ....തി—(രാക്ഷസർ നിമിത്തമുള്ള) മഹർഷിമാരുടെ ഭയമെല്ലാം ദൂരത്തു പോയതുപോലെ എന്നന്വയം.

പദ്യം 2. അഭി.....തൈഃ—അനുരൂപകളായ ശ്രേഷ്ഠഭാര്യകളോടുകൂടിയ. ശ്രീരാമാദ്യൈഃ തനൂജൈഃ—ശ്രീരാമാദിപുത്രന്മാരോടും. സ്വസ്യ ദാരൈഃ—തന്റെ പത്നിമാരോടും. സുമന്ത്രാദിഭിഃ മന്ത്രിജാതൈഃ—സുമന്ത്രൻ തുടങ്ങിയുള്ള മന്ത്രിമാരോടുംകൂടി. വാരം വാരം—കൂടെക്കൂടെ. പര....ധൗ—പരമാനന്ദക്കടലിൽ. പാരം—മറുകര. അഥ—പിന്നെ. സാകേതപുര്യാം—അയോദ്ധ്യാനഗരത്തിൽ. ന്യവാത്സീത്—വസിച്ചു.

---

1. "ശ്രീരാമനങ്ങടവി പുക്കളവുമുണ്ടു നാം ഘോരം നിശാചരഭയം പുനരെന്നപോലെ" —എന്നു ഉത്തരാർദ്ധപാഠാന്തരം.

ശ്രീരാമനും സീതയും തമ്മിൽ വളരെ അനുരക്തരായി ജീവിതസുഖങ്ങളും അനുഭവിച്ചതായി വർണ്ണിക്കുന്നു:

താവും മന്ദാക്ഷരാഗോദയസുമധുരയാ
രാജപുത്ര്യാ തയാ ചേ—
ന്നാവിർലീലം പ്രമോദാമൃതജലധിതരം—
ഗേഷു സംക്രീഡമാനം
ലാവണ്യോദ്രേകഘൂർണ്ണത്തരുണിമരമണീ—
യാകൃതിം മെല്ലെ മെല്ലെ—
സ്സേവിച്ച രാമചന്ദ്രം തെളിവിലവസരം
പാർത്ഥ രാജാ രസാനാം. 3

കുതുകചകിതരാഗപ്രീളഡോളായമാനാം
ത്രിഭുവനമധുരാംഗീം ത്രസ്സസാരംഗനേത്രാം
ജനകദുഹിതരം താം പ്രേയസീം മന്ദമന്ദം
മനുകുലമണിമാലാ ബാലികാമനവനൈഷീത്. 4

ഉത്സംഗേ ചേർത്തു ബാലാം കഥമപി സവിധം
പ്രാപിതാമാളിവർഗ്ഗൈ—
രുദ്യന്മാമാക്ഷരം കോമളകരതലസം—
വീതബിംബാധരോഷ്ഠം

പദ്യം 3. രസാനാം രാജാ—ശൃംഗാരവീരാദികളായ നവരസങ്ങളിൽ ശ്രേഷ്ഠമായ ശൃംഗാരം. അവസരം പാർത്ഥ—തക്കം നോക്കി. താവും....രയാ തയാ രാജപുത്ര്യാ—ലജ്ജകൊണ്ടും അനുരാഗംകൊണ്ടും വളരെ മനോജ്ഞയായ ആ രാജപുത്രി (സീത)യോട് ചേർന്ന്. ആവിർലീലം—ഉല്ലാസമായി. പ്രമോ....ഗേഷു—സന്തോഷമാകുന്ന അമൃതക്കടലിലെ തിരമാലകളിൽ സംക്രീഡമാനം—കളിക്കുന്നവനും. ലാവ.... തിം—അതിസൗന്ദര്യത്താൽ തിളച്ചുമറിയുന്ന യൗവനത്താൽ രമണീയമായ ആകൃതിയോടുകൂടിയവനും ആയ. രാമചന്ദ്രം—ശ്രീരാമനെ (സേവിച്ചു).

ഇനി ഇരുപതു പദ്യങ്ങളെക്കൊണ്ടു നായികാനായകന്മാരുടെ സംഭോഗശൃംഗാരത്തെ വർണ്ണിക്കുന്നു.

പദ്യം 4. മനു....ലാ—മനുവംശത്തിനു് അലങ്കാരമായ (ശ്രീരാമൻ). കുതു... നാം—ഔത്സുക്യം സാധ്വസം പ്രേമം ലജ്ജ ഇവനിമിത്തം ചഞ്ചലചിത്തയായ. ത്രിഭു... ഗീം—മൂന്നു ലോകത്തിലും വച്ചു സുന്ദരിയായ. ത്രസ്സ....ത്രാം—ഭയപ്പെട്ട മാനിന്റെ കണ്ണുപോലെ പകച്ചുനോക്കുന്ന കണ്ണുകളോടുകൂടിയ. ജന .. രം—ജനകരാജാവിന്റെ പുത്രിയായ. താം ബാലികാം പ്രേയസീം—ആ കുട്ടിയായ പ്രിയതമയെ. അനവനൈഷീത്—അനുനയിച്ചു (വശപ്പെടുത്തി).

പദ്യം 5. ആളിവർഗ്ഗൈഃ—തോഴിമാരാൽ. കഥം അപി—ക്ലേശിച്ചു് ഒരുവിധത്തിൽ. സവിധം പ്രാപിതാം—അടുത്തു കൊണ്ടുവരപ്പെട്ടവളായ. ബാലാം—ബാലയായ (സീതയെ). ഉത്സംഗേ ചേർത്തു—മടിയിലിരുത്തി. ഉദ്യന്മാമാക്ഷരം—അരുതു് അരുതു് എന്ന ശബ്ദം പുറപ്പെടുവിക്കുന്നതും. കോമ....ഷ്ഠം—മൃദുവായ കൈപ്പടംകൊണ്ടു മറയ്ക്കപ്പെട്ട

വക്ത്രം മന്ദാക്ഷനമ്രം പലമറി വലമാ—
നം തുലോമംസഭാഗേ
ഹസ്തേനാ[1]ന്നാമ്യ ചൂഷൻ നവമദനരസാ—
നനഭ്രന്മന്ദമന്ദം. 5

മനസി കനമുലാവും വ്രീള കാ[2]യ്ക്കോണ്ട പോന്നി—
ക്കതകരികിൽ മറഞ്ഞിട്ടാസ്ഥിതാം മുഗ്ധഗാത്രീം
മൃദുഹസിതസുധാബ്ധൗ ചാടി നീന്തിക്കളിക്കും
മധുരമധുരവാചാ രാമചന്ദ്രോ ബഭാഷേ. 6

''സുരതമലരിലേന്തും ചാരുപൂന്തേനിലുദ്യത[൦]—
പരിമളമിളകീടും [3]ദിവ്യമാധുര്യസീമേ!
ഉരസിജകലശാഭ്യാം ദൂരെ നില്പാണ്ട[4] വന്നീ—
ടരികിലലസനേത്രേ മാരഖിന്നോ ജനോ[ഽ]യം.'' 7

നറുമലർചരകാന്തം കാന്തമാലോകയന്തീ
നിരുപമകമനീയാം വാചമാകർണ്ണയന്തീ
പരവശഹൃദയാ സാ നിന്നരുകാഞ്ഞു മെല്ലെ
പരിസരഭുവി ചെന്നാളാകുലം[5] കമ്രഗാത്രീ. 8

തൊണ്ടിപ്പഴംപോലെയുള്ള ചുണ്ടോടുകൂടിയതും. മന്ദാക്ഷനമ്രം—ലജ്ജകൊണ്ടു കുനിഞ്ഞതും. പലമറി—പലതവണ. അംസഭാഗേ—തോളിലേക്കു൦. വലമാനം—തിരിയുന്നതും ആയ. വക്ത്രം—മുഖത്തെ. ഹസ്തേന—കൈകൊണ്ടു൦. ഉന്നാമ്യ—പൊക്കീട്ടു൦. ചൂഷൻ—ആസ്വദിക്കുന്നവനായി. മന്ദമന്ദം—പതുക്കെപ്പതുക്കെ. നവ....ൻ—പുതുതായ കാമരസങ്ങളെ. അനഭ്രത൦—(രാമൻ) അനുഭവിച്ചു.

പദ്യം 6. മനസി—ഉള്ളിൽ. കനമുലാവും—വർദ്ധിച്ച. വ്രീള—ലജ്ജ. ആസ്ഥിതാം—നിൽക്കുന്ന. മുഗ്ധഗാത്രീം—സുന്ദരിയോടു൦. രാമചന്ദ്രഃ—ശ്രീരാമൻ. മൃദു....ബ്ധൗ—മന്ദഹാസമാകുന്ന അമൃതക്കടലിൽ. മധു... ചാ—അതിമധുരമായ വാക്കുകൊണ്ടു൦. ബഭാഷേ—പറഞ്ഞു.

പദ്യം 7. സുരതമലർ—ശൃംഗാരക്രീഡയാകുന്ന പൂവു൦. ചാരു—മനോഹരം. ഉദ്യ....ം—വാസനയോടുകൂടി. ദിവ്യ....മേ—ദിവ്യമായ മധുരരസത്തിന്റെ പരമാവധിയായുള്ളോവേ. ഉര....ഭ്യാം—മുലകളാകുന്ന കുടങ്ങളോടുകൂടി. അല....ത്രേ—അല്ലയോ ചപലനേത്രേ (സുന്ദരി). അയം ജനഃ മാരഖിന്നഃ—ഈ ആ൯ (രാമൻ) കാമപീഡിതൻ ആകുന്നു.

പദ്യം 8. നറു.....ന്തം കാന്തം—കാമസുന്ദരനായ ഭർത്താവിനെ. ആലോകയന്തീ—കണ്ടുകൊണ്ടിരിക്കുന്ന. നിരു....യാം വാചം ആകർണ്ണയന്തീ—ഉപമയില്ലാത്തവണ്ണം മനോഹരമായ വാക്കിനെ കേട്ടുകൊണ്ടിരിക്കുന്ന. പര....യാ—ധൈര്യം വിട്ടവളായ. കമ്രഗാത്രീ സാ—സുന്ദരിയായ അവ൯ (സീത). പരി....വി—സമീപത്തിൽ. ആകുലം—പരവശമാംവണ്ണം.

1. നോന്നമ്യ. 2. കയ്യോണ്ടു പൊന്നിൻ കത. 3. ടും ചാരുമോ.
4. ല്ലാതെ വന്നീ. 5. കലാ ക.

ഇമാമാകാംക്ഷേfഹം കിമപി പരി—
രബ്ധും പ്രണയിനീം
ശനൈരാരോപ്യാങ്കം സ്മരകുതുക—
ലജ്ജാപരവശാം
ഇദം പൂർവ്വപ്രോദ്യത്പ്രചുരപുള—
കോദ്ഗാമരഘന—
സ്തനാഭോഗാം ബാലാമുരസി സദ—
യം നിർദയമപി. 9

''സുന്ദരാംഗി! സകൃദുസ്മദംഗകേ
മന്ദമർപ്പയ ദൃശോർഗതാഗതം;
നന്ദതു പ്രതിനവോത്പലസ്രജാ—
മണ്ഡനേന സുഭഗോ ജനോഹ്യയം. 10

ആവോളം താഷ്ടീ വക്ത്രം നിബിഡിതലളിതോ—
രുദ്വയം ഭീരു! കൈത്താർ
നീവിക്കെത്തികൽ നന്നായ് നിഭൃതതരമുറ—
പ്പിച്ചു നിഃശ്വാസഖിന്നാ
മേവുന്നു കാണിതെന്തിന്നൊരു വിറയൽ തിര—
ണ്ടേതുമേ സാഹസം ഞാൻ
ഭാവിച്ചീലെത്ര കഷ്ടം പുനരിതു ചിരിയാം
പേടി നിർമൂലമല്ലോ. 11

പദ്യം 9. പ്രണയിനീം—അനുരാഗമുള്ളവളും. സ്മര....ശാം—കാമം പ്രേമം നാണം ഇവകൊണ്ടു പരവശയും. പൂർവ്വ....ഗാം—മുമ്പേതന്നെ ഉണ്ടായിരിക്കുന്ന രോമാഞ്ചം കനത്തുവളർന്ന സ്തനങ്ങളോടുകൂടിയവളും. ബാലാം—ബാലയും ആയ. ഇമാം—ഇവളെ (നിന്നെ). ശനൈഃ ഇദം അങ്കം ആരോപ്യ—പതുക്കെ ഈ എന്റെ മടിയിൽ കയറ്റിയിരുത്തീട്ട്. സദയം അപി—ദയയോടുകൂടിയാണെങ്കിലും. നിർദയം—മുറുകെ. ഉരസി—മാറിടത്തിൽ. കിമപി പരിരബ്ധും—ഒന്ന് ആലിംഗനം ചെയ്വാനായി. അഹം ആകാംക്ഷേ—ഞാൻ ആഗ്രഹിക്കുന്നു.

പദ്യം 10. സുന്ദരാങ്ഗി—അല്ലയോ സുന്ദരി. ദൃശാഃ ഗതാഗതം—(നിന്റെ) കണ്ണുകളുടെ സഞ്ചാരത്തെ. മന്ദം—പതുക്കെ. അസ്മദംഗകേ—എന്റെ ദേഹത്തിൽ. അർപ്പയ—സമർപ്പിച്ചാലും. എന്നെ പതുക്കെ ഒന്നു നോക്കിയാലും എന്നർത്ഥം. അയം ജനഃ—ഇജ്ജനം (ഈ ഞാൻ). പ്രതി ....ജാമണ്ഡനേന—പുതിയ കരിങ്കുവളപ്പൂമാലയാകുന്ന അലങ്കാരത്താൽ. സുഭഗഃ—സൗഭാഗ്യവാനായി. നന്ദതു—സന്തോഷിക്കട്ടെ

പദ്യം 11. വക്ത്രം—മുഖം. നിബി. യം—മുറുകിയ രണ്ടു തുടകളെ അടുപ്പിച്ചുചേർത്തു. നിഭൃതതരം—അധികം ബലപ്പിച്ച്. നിഃശ്വാ ....ന്നാ—നെടുവീർപ്പിട്ട വലഞ്ഞു. തിരണ്ടു—മുതിർന്നു. നിർമൂലം—കാരണം കൂടാതെയുള്ളതു. ഭീരു—അല്ലയോ ഭയശീലേ. നീവിക്കെത്തു—ഇളക്കെട്ടെ. ഇതു പുനഃ—ഇതാവട്ടെ.

ഉത്സംഗോ[1]ഽയം വിപുലജഘനേ!
ഭ്രഷ്യയൈഷപാണിഃ
സംവാഹായ സ്പൃഹയതി ശനൈ—
രർപ്പയസ്വാത്ര പാദൗ
വക്ഷസ്യസ്മിന്നപി ച കുചയോഃ
സൈരമാരോപ്യ ഭാരം
സത്താസ്ത്താലിഖിതവിഭവം
മദ്ധ്യമുല്ലാഘയസ്വ. 12

കിം മുഗ്ധം മുഖപങ്കജം നമയസേ
നിഷ്കാരണം ബാലികേ!
ഗാത്രം മേ ശിശിരീകുരുഷ്വ മധുര—
സ്നിഗ്ധൈരപാംഗാർപ്പണൈഃ
സ്പ്രഷ്ടും ത്വാം സ്പൃഹയാമി ഗാത്രമഖിലം
പാണിദ്വയേനേതി മാ
ഭീതിർഭ്രദ്ദരസാ വരാംഗി! ന പരം
ദ്വാവേവ വക്ഷോരുഹൗ. 13

പദ്യം 12. വിപു....നേ—അല്ലയോ വിസ്താരമേറിയ ജഘനത്തോട് കൂടിയവളേ. അയം ഉത്സംഗഃ—(എന്റെ) മടി ഇതാ സമീപത്തിൽ ഇരിക്കുന്നു. ഭ്രഷ്യസ്യ—(അതിനെ നീ) അലങ്കരിച്ചാലും. ഏഷഃ പാണിഃ—ഈ കൈയ്. സംവാഹായ സ്പൃഹയതി—തലോടുവാനായി ആഗ്രഹിക്കുന്നു. അത്ര പാദൗ ശനൈഃ അർപ്പയസ്വ—ഇതിൽ കാലുകളെ പതുക്കെ വെയ്ക്കുക. അസ്മിൻ വക്ഷസി—ഈ (എന്റെ) മാറിടത്തിൽ. കുചയോഃ ഭാരം അപി—സ്തനങ്ങളുടെ ഭാരത്തെയും. സൈരം ആരോപ്യ—ഇഷ്ടം പോലെ ഇറക്കിവെച്ചിട്ട്. സത്താ....വം—ഉണ്ടെന്നും ഇല്ലെന്നും എഴുതി വെയ്ക്കപ്പെട്ടതായ മേന്മയോടുകൂടിയ (അതായത് വളരെ കൃശമായ). മധ്യം—മധ്യഭാഗത്തെ. ഉല്ലാഘയസ്വ—ആശ്വസിപ്പിക്കുക.

പദ്യം 13. ബാലികേ—അല്ലയോ ബാലേ. മുഗ്ധം—മനോഹരമായ. മുഖ....ജം—മുഖകമലത്തെ. നിഷ്കാരണം—കാരണം കൂടാതെ. കിം നമയസേ—എന്തിനു താഴ്ത്തുന്നു. മധു....ധൈഃ അപാ....ണൈഃ—രമ്യങ്ങളും പ്രേമപൂർണ്ണങ്ങളും ആയ കടാക്ഷങ്ങളെക്കൊണ്ട്. മേ ഗാത്രം ശിശിരീകുരുഷ്വ—എന്റെ ദേഹത്തെ കുളിർപ്പിച്ചാലും. ത്വാം പാണിദ്വയേന ഗാത്രം അഖിലം സ്പ്രഷ്ടും സ്പൃഹയാമി ഇതി ഭീതിഃ മാ ഭ്രത്—(ഞാൻ) നിന്നെ രണ്ടു കൈകൊണ്ടും ശരീരമാസകലം സ്പർശിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു (നിനക്കു) ഭയം വേണ്ട. വരാംഗി—അല്ലയോ സുന്ദരി. ഉരസാ—മാറിടം കൊണ്ട്. ദ്വൗ വക്ഷോരുഹൗ ഏവ പരം ന—രണ്ടു സ്തനങ്ങളെ മാത്രമേ (സ്പർശിപ്പാൻ ആഗ്രഹിക്കുന്നുള്ളൂ.) മറ്റൊന്നിനെ സ്പർശിപ്പാൻ ആഗ്രഹിക്കുന്നില്ല.

1. ത്സംഗം മേ വിപു. 2. സത്തോല്ലിഖി.

സോഢുമലമസ്മി നാഹം
സുന്ദരി! ത്വഷ്ണീം തവാ[1]സികാമേനാം
പഞ്ചശരാസ്രുഹതം മാം
സഞ്ജീവയ ചാരുഗാത്രി! പരിരംഭൈഃ. 14

ആസ്താം തച്ചടുലമൃഗാക്ഷി! മന്യസേ ചേ-
ദാശ്ലേഷ[2]ഃ സ്തനഭരയോരതിപ്രസംഗഃ
ഏതൗ മേ മധുരസുധാമുചാ സതൃഷ്ണൗ
വാചാ വാ ശിശിരയ വല്ഗുവാണി! കർണ്ണൗ.'' 15

കിമപി കിമപി വീടീമർപ്പയന്നപ്യനിഷ്ടോർ-
വിദധദനുനയോക്തൈരന്തരാശ്വാസപൂരം
മുഹുരപി കരപദ്മേനാമൃശന്നന്തരാംഗം
ക്ഷണമഥ രത വിസ്രംഭോന്മുഖീമേഷ സീതാം. 16

പദ്യം 14. സുന്ദരി—അല്ലയോ സുന്ദരി. തവ ഏനാം ത്വഷ്ണീം ആസികാം—നിന്റെ ഈ മൗനസ്ഥിതിയെ. സോഢും അഹം ന അലം അസ്മി—സഹിക്കുവാൻ ഞാൻ ശക്തനല്ല. ചാരുഗാത്രി—അല്ലയോ സുന്ദരി. പഞ്ച....തം മാം—കാമപീഡിതനായ എന്നെ. പരിരംഭൈഃ—ആശ്ലേഷങ്ങളെക്കൊണ്ടു്. സംജീവയ—ആശ്വസിപ്പിച്ചാലും.

പദ്യം 15. ചട....ക്ഷി—ഇളകുന്ന മാനിന്റെ കണ്ണുകൾപോലെയുള്ള കണ്ണുകളോടുകൂടിയവളേ. സ്തനഭരയോഃ ആശ്ലേഷഃ—സ്തനങ്ങളുടെ ആലിംഗനം. അതിപ്രസംഗഃ (ഇതി) മന്യസേ ചേത്—അധികം കടന്ന നിലയിലുള്ളതെന്നു നീ വിചാരിക്കുന്നുവെങ്കിൽ. തത് ആസ്താം—അതിരിക്കട്ടേ. വല്ഗുവാണി—അല്ലയോ മഞ്ജുഭാഷിണി. സതൃഷ്ണൗ മേ ഏതൗ കർണ്ണൗ—കേൾപ്പാൻ താത്പര്യത്തോടുകൂടിയിരിക്കുന്ന എന്റെ ഈ ചെവികളെ. മധു....ചാ വാചാ വാ—മധുരമായി അമൃതു പൊഴിയുന്ന വാക്കുകൊണ്ടെങ്കിലും. ശിശിരയ—കുളിർപ്പിച്ചാലും.

പദ്യം 16. ഏഷഃ—ഇവൻ (രാമൻ). അനിഷ്ടോഃ അപി—ഇഷ്ടമില്ലാത്തവളാണെങ്കിലും. (സീതയ്ക്ക്) കിമപി കിമപി—അല്പമല്പമായി. വീടീം—വെറുതെ. അർപ്പയൻ—കൊടുത്തിട്ടും. അനു.... ക്തൈഃ—അനുനയവാക്കുകളെക്കൊണ്ടു്. അന്തഃ—ഉള്ളിൽ. ആശ്വാസപൂരം വിദധത്—വിശ്വാസത്തെ ജനിപ്പിച്ചും. അന്തരാ—ഇടയ്ക്കു്. കരപദ്മേന—കൈകൊണ്ടു്. മുഹുഃ അപി—കൂടക്കൂടെ. അംഗം ആമൃശൻ—ദേഹത്തെ തലോടിയിട്ടും. സീതാം—സീതയെ. ക്ഷണം—അല്പസമയം. വിസ്രം....ഖീം—വിശ്വാസത്തിനു വഴിപ്പെട്ടവളായി. അഥനുത—ചെയ്യു. സീതേ രാമങ്കൽ വിശ്വാസമുണ്ടായി രാമാനുവർത്തിനിയായി എന്നർത്ഥം.

1. തലാസി. 2. ശ്ലേഷേണ, ശ്ലേഷനു.

വിണ്ണോർപാളീവിമാനാവലി കഴൽപണിയും
കേളിസൗധേഷു മേളം—
മിന്നും പൂന്തേന്മണം ചിന്തിന വിമലമല—
ക്കാവിലും ജാതലീലം
സ്വർണ്ണാംഭോജന്മമാധ്വീപരിമളമിടചേ—
ന്നോളമേന്തും നദീനാം
പുണ്യാനാം വാരിപൂരങ്ങളിലുമനുദിനം
പേശലാംഗ്യാ സ രേമേ. 17

പാരിലെങ്ങുമിടതിങ്ങുമാറു മുകിൽമാല—
കൊണ്ടലമി[1]രുണ്ട വൻ—
മാരി പെയ്തൊരു മണം കലന്നിയലുമാടി—
മാസദിവസാഗമേ
സൈരമാന്ന ചില മച്ചകങ്ങളിലടച്ചു
പുക്ക ജനകാത്മജാ—
വാരിളംകുചഭരം പുണന്ന ദ്ധമനവ—
ദ്ഭന്മനസിജോത്സവാൻ. 18

വിഗ്രഹാച്ച ശയനേ പരാങ്മുഖീം
നാനുനേതുമബലാം സ തത്വരേ
ആചകാംക്ഷ ഘനശബ്ദവിക്ലബാം[2]ര
താം വിവൃത്യ വിശതീം ഭുജാന്തരം. 19

പദ്യം 17. വിണ്ണോ....ലി—ദേവകളുടെ വിമാനങ്ങൾ. കേളീസൗധേഷു—ക്രീഡാമന്ദിരങ്ങളിൽ. ജാതലീലം—ഉല്ലാസമായി. വിമലം—ശുദ്ധം. സ്വർണ്ണാ....ളം—പൊൻതാമരപ്പൂക്കളുടെ തേനും മണവും. പുണ്യാനാം നദീനാം വാരി....ലും—നല്ല പുഴകളുടെ ജലപ്രവാഹങ്ങളിലും. അനുദിനം—എന്നും. സഃ—അവൻ (രാമൻ). പേശലാംഗ്യാ—സുന്ദരിയായ അവളോടുകൂടി. രേമേ—രമിച്ചു (ക്രീഡിച്ചു).

പദ്യം 18. മുകിൽമാല—മേഘശ്രേണി. അലം—അധികമായി. ആടി....മേ—കർക്കടകമാസത്തിലെ ദിവസങ്ങൾ വന്നപ്പോൾ. സൈരം—സുഖം. ജനകാത്മജാ—സീത. മന....വാൻ—രതിസുഖങ്ങളെ. ദ്ധം—ബലമായി. അനുവ്രതം—അനുഭവിച്ചു.

പദ്യം 19. സഃ—അവൻ (രാമൻ). വിഗ്രഹാത്—പ്രണയകലഹം നിമിത്തം. ശയനേ പരാങ്മുഖീം—കിടക്കയിൽ തിരിഞ്ഞു കിടക്കുന്ന. അബലാം—അബലയായ സീതയെ. അനുനേതും—സമാധാനപ്പെടുത്തി വശപ്പെടുത്തുന്നതിനു്. ന തത്വരേ—തിടുക്കപ്പെട്ടില്ല. താം ഘന....ബാം ഭുജാന്തരം വിവൃത്യ വിശതീം ആചകാങ്ക്ഷ—അവൾ ഇടിനാദം കേട്ടു ഭയപ്പെട്ടു (തന്നെ) കൈകളുടെ ഉള്ളിലേക്കു വരുന്നതും കാത്തു കിടന്നു.

1. മീരിണ്ട. 2. ക്ലവാം താം.

പഞ്ചസായകപരാക്രമം ജഗതി കൈവ—
ളുത്തു കൂർവെണ്ണിലാ—
വും ചൊരിഞ്ഞുദിതചന്ദ്രബിംബകമനീയ—
ശാരദനിശാന്തരേ
മഞ്ജുവാണിയൊടു ചേന്നുകൊണ്ടതുലകേളി—
സൗധമണിമന്ദിരോ—
ദഞ്ചിതാമമലചന്ദ്രികാമനുബഭൂവ
ഭൂവലയചന്ദ്രമാഃ. 20

ശീതളീകൃതദിഗന്തരാളമിടചേരു—
മാറൊരു ഹിമം ചൊരി—
ഞ്ഞേതുമൊന്നു തിരിയാ[1]ത്തവാറുലകിടം നി—
റഞ്ഞ തുഹിനാഗമേ
പ്രീതിപൂണ്ട മനുവംശമൗലിമണി മാര—
വീരകുലദേവതാ—
മേടുരോഷ്ണളമുലത്തടങ്ങൾ മുറുകെപ്പു—
ണർന്നു രതിമേയിവാൻ. 21

[2]കേളീപ്പൂകാവിലയ്യാ! ചില കുറി മടിയിൽ—
ച്ചേർത്തു മോദേന സീതാം
ബാലാമാളീകരാന്ദോളിതഫലകമഴി—
ഞ്ഞൂയലാട്ടം ദശായാം
ചേലാ[3]ന്നുകൃതപാശാത് കപടപതനസം—
ഭ്രാന്തി ഭാവിച്ചു മധ്യേ
ലീലായാമോമൽതൻ കോമളഗളഭുവി വേ—
ഗേന ഗാഢം പുണർന്നാൻ. 22

പദ്യം 20. പഞ്ച....മം—കാമദേവന്റെ പ്രതാപം. ജഗതി—ലോകത്തിൽ. ഉദിത....രേ—ചന്ദ്രൻ ഉദിച്ച മനോഹരമായിരിക്കുന്ന ശരത്കാല രാത്രിയിൽ. മഞ്ജുവാണി—മധുരഭാഷിണി. അതുല....താം അമ....കാം—വിശേഷമായ വെണ്മാളികയിലുള്ള ശയനഗൃഹത്തിലെ പുനിലാവിനെ. ഭൂവ....മാഃ—ഭൂമണ്ഡലത്തിലെ ചന്ദ്രനായ രാമൻ. അനുബഭൂവ—അനുഭവിച്ചു

പദ്യം 21. തുഹിനാഗമേ—മഞ്ഞുകാലത്തു്. ശീത....ളം—എല്ലാ ദിഗ്ഭാഗങ്ങളേയും തണുപ്പിച്ചു്. ഹിമം—മഞ്ഞു്. മനു....ണി—രാമൻ. മാര...ങ്ങൾ—കാമപരദേവതയായ സീതയുടെ തടിച്ച മുഴുത്ത സ്തനതടങ്ങളെ. രതിം ഏയിവാൻ—സുഖിച്ചു.

പദ്യം 22 മോദേന—സന്തോഷത്തോടുകൂടി. ബാലാം—ബാലയായ. സീതാം—സീതയെ. ആളീ....കം—തോഴിയെക്കൊണ്ടു് ഊഞ്ഞാൽ

1. യാതവാ. 2. കേളീപൂ. 3. ലാന്നുകൃതപാശം കപ.

കണ്ഠാസക്തഭുജാമൃണാളയുഗളം[1]
പാദാഗ്രയോരാകുലം[2]
രണ്ടും വെച്ചണികാൽത്തലങ്ങഴകോ—
ടുത്താനിതാസ്യാംബുജാ
കൊണ്ടാടിപ്പുലരിക്കു, കേളിശയനാ—
ദഭ്യുത്ഥിതം പൂണ്ടുകൊ—
ണ്ടുണ്ടാരോമലിരക്കുമാറു പിരിയും
നേരത്തൊരാപുംബനം. 23

ഇത്ഥമഞ്ചിതസുഖാനി മറുമയമക്ക—
വംശമണിപീഠവി—
ന്യസ്തമൗക്തികവതംസരത്ന[3]മതി നി—
സ്തുലാന്യനുഭവിവാൻ
ഇത്രിലോകവലയൈകസുന്ദരിയൊടങ്ങു
സീതയൊട്ടു ചേർന്നുകൊ—
ണ്ടുത്തമത്തെളിഞ്ഞു നിജരാജധാനിയിൽ മണം ക—
ലർന്നു ശുശ്രുഭേതരാം. 24

പ്പടിയെ ഉന്തിച്ചുകൊണ്ടു്. ഊയൽ ആട്ടം. ശയ്യായാം—ഊഞ്ഞാലാട്ടുന്നതി നിടയ്ക്കു്. ഉന്നു....ത്—പിടിവിട്ട ഊഞ്ഞാൽക്കയറിന്മേൽനിന്നു്. കപ ....ന്തി—വീഴുന്ന പരിഭ്രമം കള്ളമായി നടിച്ചു്. ലീലായാം—ക്രീഡയിൽ. മധ്യേ—ഇടയ്ക്കു്. കോമ....വി—മനോഹരമായ കഴുത്തിൽ. ഗാഢം—മുറു കെ. വേഗേന—ത്വരയോടുകൂടി.

പദ്യം. 23. കണ്ഠാ....ളം—കൈത്തണ്ടുകളാകുന്ന താമരവളയങ്ങളെ കഴുത്തിൽ ചുറ്റി. പാദാഗ്രയോ....ങ്ങൾ—ഏന്തിനിന്നു്. ഉത്താ....ജാ—മുഖമുയർത്തിനിന്നു്. കേളിശയനാൽ—ശയ്യാഗൃഹത്തിൽനിന്നു്. അഭ്യുത്ഥിതം—എഴുനേറ്റവനെ.

പദ്യം 24. അക്ക....തം—സൂര്യകുലമാകുന്ന സിംഹാസനത്തെ അലങ്കരിക്കുന്ന രത്നമായ. അയം—ഇവൻ (രാമൻ). ഇത്ഥം—ഇവ്വണ്ണം. അതിനിസ്തുലാനി—സാമ്യമറ്റ. അഞ്ചിതസുഖാനി—പരമസൗഖ്യങ്ങളെ. അനു....ൻ—അനുഭവിക്കുന്നവനായി. ഇത്രി....ട്—ലോകത്തിൽവെച്ചു് അതിസുന്ദരിയായ സീതയോടു്. നിജ....ൽ—തന്റെ രാജധാനിയിൽ. മണം കലർന്നു—ഭംഗിയായി. ശുശ്രുഭേതരാം—ഏറ്റവും ശോഭിച്ചു.

1. ഗളാ പാ. 2. കലാ രണ്ടും വച്ച. 3. ന്തമിതി.

ദശരഥൻ ശ്രീരാമകൽ രാജ്യഭാരം ഏൽപ്പിച്ചിട്ട താൻ വിശ്രമിക്ക വാൻ ആഗ്രഹിക്കുന്നു:

[1]രാജ്ഞൽ കണ്ട തേജോമഹിമ നിജതനൗ
പോന്നു[2]പാക്കും ജരാമ–
പ്യാമോദശ്രീ വിരിഞ്ഞീടിന കമലവനേ
ചന്ദ്രികാമെന്നപോലെ,
പാർ മുന്നം കാത്തുനിർത്തുന്നവനെ നിജമഹീ–
മാത്രരക്ഷയ്ക്കു കല്പി–
[3]ച്ചാമന്ദം വിശ്രമിപ്പാൻ മനസി കൊതി കൊള്ള–
ത്തീ മഹീപാലമൗലേഃ. 25

ദശരഥൻ മന്ത്രിമാരെയും വസിഷ്ഠനെയും വിളിച്ചുവരുത്തി തന്റെ ആഗ്രഹം അവരെ ധരിപ്പിക്കുന്നു:

ആരാൽ വിളിപ്പിച്ചഥ മന്ത്രിവൃദ്ധാൻ
പാരംഗതാൻ നീതിമഹാംബുരാശേഃ
നേരേ വസിഷ്ഠം ച പണിഞ്ഞിരുത്തി
[4]സ്വാരാട്സഖോവാചമുവാച രാജാ. 26

അങ്ങനെ സീതയും രാമനും സുഖമായിരിക്കുന്ന കാലത്തു വൃദ്ധനായ ദശരഥൻ രാമനെ യുവരാജാവായി അഭിഷേകം ചെയ്യാൻ നിശ്ചയിച്ചു വട്ടം കൂട്ടുന്നതും അപ്പോൾ മന്ഥരാദുഷിതാശയയായ കൈകേയി സ്വവശ ഗതം വൃദ്ധനും ആയ ഭർത്താവിനെ നിർബന്ധിച്ചു് അഭിഷേകം മുടക്കുന്ന തും രാമാദികളു വനവാസത്തിന്നയയ്ക്കുന്നതും അയോധ്യാവാസികൾക്കു ണ്ടായ ശോകപാരവശ്യവും മറ്റും മീതേ വർണ്ണിക്കുന്നു.

പദ്യം 25. തേജോമഹിമ–പ്രതാപപ്രൗഢി. നിജതനൗ–തന്റെ ദേഹത്തിൽ. ജരാ അപി–ജരയേയും. ആമോദശ്രീ–സൗരഭ്യപ്രസരം. കമലവനേ–താമരപ്പൊയ്കയിൽ. ചന്ദ്രികാം–നിലാവിനെ. നിജ.... മ്മേ–തന്റെ രാജ്യത്തെ മാത്രം രക്ഷിക്കുന്നതിനു്. ആമന്ദം–പതുക്കെ. മഹീ....ലോഃ–ദശരഥനു്.

പദ്യം 26. അഥ–പിന്നെ. സ്വാരാട്സഖഃ രാജാ–ഇന്ദ്രന്റെ സ ഖാവായ രാജാവു്. നീതി....ശേഃ പാരംഗതാൻ–നീതിശാസ്ത്രമാകുന്ന കടലിന്റെ മറുകരയിൽ എത്തിയവരായ. മന്ത്രിവൃദ്ധാൻ–മന്ത്രിശ്രേഷ്ഠന്മാ രെയും. വസിഷ്ഠം ച–വസിഷ്ഠനെയും. ആരാൽ–അടുക്കൽ. വാചം ഉവാച–പറഞ്ഞു. പറഞ്ഞതെന്താണെന്നു താഴെ വർണ്ണിക്കുന്നു.

---

1. ഈ പദ്യത്തിനു മുമ്പായി "തഥാച വ്യതീയമാനേഷു കതിപയേഷു ഹായനേഷു മഹീപ്രഭോ വിസ്രസാസമാലിംഗ്യമാനാങ്ഗതയാ രാജ്യശ്രിയഃ സ്വസ്മിന്നനുരാഗശൈ ഥില്യമശങ്കമാന ഇവ സകലസദ്ഗുണൈകപാത്രേ പുത്രേ ന്യായേന താം നിധാ തുമിച്ഛയാ" എന്നൊരു ഗദ്യംകൂടി ചില പാഠങ്ങളിൽ കാണുന്നു. 2. പാകം ഉ. 3. ച്ചാമന്ദം. 4. സ്വരാട്.

''കല്യാണം ചേർന്നു മേന്മേലഖിലതനുമതാം
പൂർവ്വഭൂപാലകന്മാ—
രെല്ലാരും മേ പുകഴ്പെറും പരിമളമുലകീ—
രേഴിലും പൈസ്തദാരം
കല്യാഭോഗം തുലോംനാളവനിയെ മുഴുവൻ
കാത്തു വിഖ്യാതശൗര്യം[1]
സർലോകക്ഷേമസൗഖ്യശ്രിയമനുഭവിതും
ദേവഭൂയം ഗതാസ്തേ. 27

ക്ഷോണീം വാടാതവണ്ണം പരിപൊട്ടു പരിപാ—
ലിച്ചു പുത്രകലാക്കി
ക്ഷീണത്വം വന്നണഞ്ഞാൽ വിപിനഭുവി വസി—
ക്കേണമേ ജാതിധർമ്മം
നീണാഢ്യം ബാല്യം തുടങ്ങീട്ടവരെയനുസരി—
[2]ച്ചെന്നപോലേ ധരണ്യാം
വാണേൻ ഞാനിന്നി വിശ്രാന്തിസുഖമനുഭവി—
ക്കെന്നു വേണ്ടുന്നതിന്മേ. 28

എപ്പോഴി[3]ജ്ജര വന്നു ഗാഢമുടലിൽ
പറ്റീ മദീയേ ബലാ—
ലപ്പോഴ കാന്തി രുഷേവ പോയവഴിയിൽ
പുല്ലും മുളച്ചീടുമോ?
കെല്പും കേവലമിന്നു ലോകബഹുമാ—
നപ്രായമായീ; നമു—
ക്കിപ്പോഴ വാഞ്ഛിതമിന്നു രാജ്യഭരണം
രമകലാക്കീടുവാൻ.'' 29

പദ്യം 27. മേ—എന്റെ. തേ പൂർവ....ന്മാർ—ആ പണ്ടത്തെ രാജാക്കന്മാർ—. അഖി....താം—എല്ലാ പ്രാണികൾക്കും. കല്യാണം—ശുഭം. പരിമളം—വാസന. ഉലകീരേഴിലും—പതിന്നാലു ലോകത്തും. ഉദാരം—ഉത്കൃഷ്ടമായി. കല്യാഭോഗം—പൂർണ്ണമാംവണ്ണം. അവനിയെ—ഭൂമിയെ. വിഖ്യാ....ര്യം—പ്രസിദ്ധമായ പരാക്രമത്തോടുകൂടി. സർലോ.....യം—സപ്തലോകത്തിലെ ഐശ്വര്യങ്ങളെ അനുഭവിപ്പാൻ—അനുഭവിപ്പാനായി. ദേവഭൂയം ഗതാഃ—ദേവത്വത്തെ പ്രാപിച്ചു.

പദ്യം 28. ക്ഷോണീം—ഭൂമിയെ. ക്ഷീണത്വം—വാർദ്ധക്യം. വിപിനഭുവി—കാട്ടിൽ. ജാതിധർമ്മം—ജാതിയുടെ മുറ. ധരണ്യാം—ഭൂമിയിൽ. വിശ്രാന്തിസുഖം—വിശ്രമിക്കുന്നതുകൊണ്ടുള്ള സുഖം. ഇന്മേ—ഈ എനിക്കു. വേണ്ടുന്നതു—വേണ്ടുന്നതു.

പദ്യം 29. മദീയേ—എന്റെ ഉടലിൽ. ഗാഢം—ഉറപ്പായി. കാന്തി

1. ശൗര്യാഃ സ. 2. രിച്ചൊന്നപോ. 3 പ്പോളിജ്ജര പോന്ന ഗാ.

മന്ത്രിമാരും മാറും ദശരഥന്റെ ആഗ്രഹത്തെ അഭിനന്ദിച്ചു സമ്മതിക്കുകയും ശ്രീരാമാഭിഷേകവൃത്താന്തം ലോകമാസകലം പ്രസിദ്ധമാവുകയും സന്തുഷ്ടരായ പ്രജകൾ അഭിഷേകമഹോത്സവത്തിൽ പങ്കുകൊള്ളുവാൻ വേണ്ടപോലെ ഒരുങ്ങുകയും ചെയ്തതായി വർണ്ണിക്കുന്നു:

[1]ശ്രുത്വാ ഗിരം തദനു കർണ്ണസുധായമാനാ—
മുദ്യത്[2]പ്രസാദവദനാഃ സചിവോത്തമാസ്തേ
ഭക്ത്യാഭി[3]നമ്യ നൃപതിം ജയസാധുശബ്ദൈ—
രുത്താളമോദതരളൈരമുമഭ്യനന്ദൻ. 30

ആമോദകൗതുകഭരോത്തരളം ജനാനാ—
മാപൂരയത്[3] കമപി ഹന്ത മനോവികാരം
രാമാഭിഷേകമഹിതോത്സവ, മെന്നവേണ്ടാ
കീഴ്മേൽ നിറഞ്ഞുലകിടങ്ങളിലൊച്ചകൊണ്ടു. 31

—തേജസ്സ് രുഷാ ഇവ—കോപംകൊണ്ടെന്നപോലെ. ലോക.....യം—പണ്ടു ശക്തനായിരുന്നതിന്റെ ബഹുമാനംമാത്രം. വാഞ്ഛിതം—ആഗ്രഹം.

പദ്യം 30. തദനു—അപ്പോഴ്. തേ സചി....മാഃ—ആ മന്ത്രിശ്രേഷ്ഠന്മാർ. കർണ്ണ .. നാഃ—ചെവികൾക്ക് അമൃതുപോലെയായ ഗിരം ശ്രുത്വാ—വാക്കിനെ കേട്ടിട്ട്. ഉദ്യ....നാം—മുഖം തെളിഞ്ഞവരായി. നൃപതിം—രാജാവിനെ (ദശരഥനെ). ഭക്ത്യാ അഭിനമ്യ—ഭക്തിയോടുകൂടി നമസ്കരിച്ചിട്ട്. ഉത്താ....ളൈഃ—സന്തോഷപ്രകടനത്തോടുകൂടിയ. ജയ.... ബ്ദൈഃ—ജയ സാധു (നല്ലതു) എന്ന വചനങ്ങളെക്കൊണ്ട്. അമും—ഈ രാജാവിനെ. അഭ്യനന്ദൻ—അഭിനന്ദിച്ചു.

പദ്യം 31. ജനാനാം—ജനങ്ങൾക്ക്. രാമാ....വം—ശ്രീരാമാഭിഷേകമഹോത്സവം. ആമോ....ളം—സന്തോഷൗത്സുക്യങ്ങൾ വർദ്ധിച്ച് ഇളകി മറിയുന്നതായി. കമപി—ഇന്ന വിധമെന്നു പറവാൻ സാധിക്കാത്ത ഒരു. മനോ....രം—മനോവികാരത്തെ. ആപൂരയത്—വളർത്തി. ഉലകിടങ്ങളിൽ—ലോകത്തിലെ എല്ലാ ദിഗ്ഭാഗങ്ങളിലും. ഒച്ചകൊണ്ടു—മുഴങ്ങി. ഹന്ത—ആശ്ചര്യം.

---

1. ഈ പദ്യത്തിനു മുമ്പായി
''മമ സുരനരഗീതഖ്യാതിഹേതിർഹേതിർവാ
ദിവി ഭുവി ച സമാനപ്രക്രമൈർവിക്രമൈർവാ
നിയതമപരിഹാര്യാ യാ ജരാ സാ മേങ്ഗേ
വികചനളിനേന്ദ്വേ ചന്ദ്രികേവാവിരാസീത്''
എന്ന പദ്യവും ''തസ്മാത് സമസ്തക്ഷത്രവംശപാടനപടിഷ്ഠധാരപരശ്വധ രേണുദീക്ഷണ ഭാർഗവഭങ്ഗപരിച്ഛിന്നതരശൗര്യശാലിനി സൗജന്യരാജന്യേ ജനാനുരാഗനിലയേ നിർമത്സരേ വത്സേ/സ്മിൻ വിശ്രാന്തിരാഭാരം ചിരകാലധാര്യമാണം ആരൈരഭിമതഃ സന്നവതാര്യ വിശ്രാന്തിസുഖമനുഭവിതുമഭിലഷാമീതി'' എന്ന ഗദ്യവും ചൂടുതലായി ചില പാഠങ്ങളിൽ കാണുന്നു.

2. ദിവന്ദ്യ ന 3. യൻ ക.

[1]സംഭാരമോരോന്നു വസിഷ്ഠവാചാ
സമ്പാദിതം പൗരജനൈരതന്ദ്രം
സംഫുല്ലമല്ലീ[2]മധു കണ്ട മണ്ടും
വണ്ടിണ്ടപോലെ ജനമാത്തഹഞ്ഞു. 32

[3]ആനന്ദബാഷ്പവിസരോ വദനേ പ്രജാനാ—
മാവിർബഭൂവ മകരന്ദ ഇവാരവിന്ദേ
രാമസ്യ കാന്തിമഭിഷേകദിനേ ഭവിത്രീം
പ്രക്ഷാള്യ ചക്ഷുരിവ വീക്ഷിതുമാദരേണ. 33

ദശരഥൻ ശ്രീരാമനെ വിളിച്ചുവരുത്തി അഭിഷേകകാര്യം ധരിപ്പിക്കുന്നു:

ശ്രീരാമചന്ദ്രനെ വിളിച്ചരികത്തിരുത്തീ—
ട്ടാത്മോദമോദമിതി വാചമുവാച രാജാ
''ഭാരം നിധായ മമ ഭൂഭരണം തവാംസേ
സൈരം വസിഷ്ഠ[4]തിനതീവ കുതൂഹലീ ഞാൻ.'' 34

പദ്യം 32. വസിഷ്ഠവാചാ— വസിഷ്ഠന്റെ വാക്കനുസരിച്ച്. പൗരജനൈഃ—പുരവാസികളായ ജനങ്ങളാൽ. അതന്ദ്രം—മടികൂടാതെ. സംഭാരം—ഒരുക്കങ്ങൾ. സമ്പാദിതം—ഒരുക്കപ്പെട്ടു. സംഫു....ധു—വിടർന്ന—മുല്ലപ്പൂവിലെ തേൻ വണ്ടിണ്ട—വണ്ടിൻകൂട്ടം.

പദ്യം 33. പ്രജാനാം വദനേ— പ്രജകളുടെ മുഖത്തിൽ. ആന....രഃ —സന്തോഷാശ്രുപ്രവാഹം. അരവിന്ദേ മകരന്ദഃ ഇവ—താമരപ്പൂക്കളിൽ മധു വെന്നപോലെ. ആവിർഭൂവ—പ്രത്യക്ഷമായി. അഭിഷേകദിനേ ഭവിത്രീം—അഭിഷേകദിവസത്തിൽ ഭവിക്കാൻപോകുന്ന. രാമസ്യ കാന്തിം—രാമന്റെ ശോഭയെ. ആദരേണ—പ്രീതിയോടു്. ചക്ഷുഃ പ്രക്ഷാള്യ വീക്ഷിതും ഇവ—കണ്ണുകഴുകി നോക്കുവാനോ എന്നു തോന്നുമാറു് ഇവിടെ ഉപമയും ഉത്പ്രേക്ഷയും സംസൃഷ്ടം.

പദ്യം 34. ആത്മോദമോദം—വർദ്ധിച്ചസന്തോഷത്തോടു്. രാജാ—ദശരഥരാജാവു്. ഇതി വാചം ഉവാച—ഇങ്ങനെ പറഞ്ഞു. തവ അംസേ —നിന്റെ ചുമലിൽ. മമ ഭൂഭരണം ഭാരം—എന്റെ രാജ്യഭരണമെന്ന ചുമടിനെ. നിധായ—നിക്ഷേപിച്ചിട്ടു്. സൈരം—സ്വസ്ഥമായി. അതീവ —ഏറ്റവും. കുതൂഹലീ— താത്പര്യമുള്ളവനായിരിക്കുന്നു.

---

1. 'സംഭാര'മിത്യാദി പദ്യം 'ശ്രീരാമചന്ദ്രനെ' ഇത്യാദിപദ്യത്തിന്റെ മുൻപായ്മായി ചില പാഠങ്ങളിൽ കാണുന്നു. 2. മധു തെങ്കി മണ്ടും
3. ഈ പദ്യം കഴിഞ്ഞു്, 'ആപൂരയൻ മങ്ഗലതൂര്യഘോഷൈ-
രാശാവശാവല്ലഭകേള്പ്തഭാഗാൻ,
ഉജ്ജൃംഭിതഃ കോപി ഗിരാമഗമ്യോ-
തന്മസ്തകഃ പൗരജനപ്രമോദഃ''
എന്ന പദ്യം കൂടുതലായി ചില പാഠങ്ങളിൽ കാണുന്നു. 4. പ്പതിനവസ കതൂ.

ശ്രീരാമാഭിഷേകശോഭാവർണ്ണനം:

സീമാതീതം ധരണിവലയാ—
വാസിനാം ദേഹഭാജാ—
മാമോദാംഭോനിധിമധികമു—
ച്ചാലയന്നുജ്ജ്വലാത്മാ
കാമം തത്ര പ്രഥിതമഹിമാ
രാമചന്ദ്രാഭിഷേക—
ശ്രീമന്നാമാ സ ഖലു ശുശുഭേ
പൂർണ്ണപീയൂഷധാമാ. 35

അഭിഷേകോത്സവവർണ്ണനം:

ഗദ്യം 1.

ഹര ഹര ശിവ ശിവ പുകഴുതോത്തോ—
ലഭിഷേകോത്സവമഹിമവിശേഷാൻ—
പുരവരമൊക്കെ നിരക്കെയടിച്ച—
ങ്ങഭിനവഹിമസലിലേഷു കലക്കും
മൃഗമദപങ്കംകൊണ്ടു തളിച്ച—
പ്പുതുമതുമൊഴിമാർ വരിയിട്ടഴകൊട്ട
മെഴകി വിചിത്രം പൂപ്പടയിട്ടണി
പട്ടവിതാനപ്പണിയും [1]തീന്നു;
കർപ്പൂരത്തിരി പലവു നിരത്തീ
കനകവിളക്കുകളം നീളെത്തുക്കീ
ധരണീന്ദ്രാണാം തരമേ കാഞ്ചന—
കൈനിലകളമങ്ങനവധി തീന്നു:
ചതുരവീഥികളര[2]ചർ പെരുന്തെരു—
വടുഭൂതമുടയ നടക്കാവുകളെ—

പദ്യം 35. ധര ...നാം—ഭൂമണ്ഡലത്തിൽ വസിക്കുന്ന. ദേഹഭാജാം—മനുഷ്യരുടെ. സീമാതീതം ആമോ....ധിം—കര കവിഞ്ഞ സന്തോഷസമുദ്രത്തെ. അധികം ഉച്ചാലയൻ—അധികമായി ഓളം വെട്ടിച്ചുകൊണ്ടു്. ചന്ദ്രോദയത്തിൽ വേലിയേറ്റമുണ്ടാകുമല്ലോ. ഉജ്ജ്വലാത്മാ—പ്രകാശിക്കുന്നതായ. കാമം പ്രഥിതമഹിമാ—വളരെ പ്രസിദ്ധമായ മേന്മയോടുകൂടിയ രാമ....മാ—ശ്രീരാമാഭിഷേകം എന്ന നല്ല പേരോടുകൂടിയ. സഃ പൂർണ്ണ....മാ—ആ പൂർണ്ണചന്ദ്രൻ. ശുശുഭേ ഖലു—ശോഭിച്ചുവല്ലോ. രൂപകാലങ്കാരം.

ഗദ്യം 1. അഭി.....ൻ—അഭിഷേകോത്സവത്തിന്റെ മേന്മയേറിയ ആഘോഷങ്ങളെ. പുരവരം—നഗരശ്രേഷ്ഠം. അഭി....ഷു—പുതിയ മഞ്ഞുനീരിൽ. മൃഗ....കം—കസ്തൂരിച്ചാറു്. കനക.—തങ്കം. ധരണീന്ദ്രാണാം—

1. തീർത്തു. 2. രശർ.

ന്നിത്യാദികളിൽ വിശ്രുതി വരുത്തി.
കലിതവിതാനം കനിവിലൊരോരോ
കാഴ്ചകളും കാണ്മാൻ കമലാക്ഷിണാം
കനകത്തറകളിതനവധി തീർന്നു:
വേശഗൃഹങ്ങളിലരിയ വിനോദം;
കുറികളരച്ചും കുങ്കുമനിര ചേർത്തും
മാലകളും കോർത്തും താലികളും തീർത്തും
പത്തിക്കീറുകളും പലവ ചമച്ചും
മുത്തുകോപ്പുകളും പന്തി തിരിച്ചും
പൂന്തുകിൽ നല്ലതെടുത്തു [2]ഞൊറിഞ്ഞും
കാന്തരൊടിടയിൽ വഴക്കു പറഞ്ഞും
ഭൂഷണജാലം പുതുമപെടുത്തും
ദൂഷണമുള്ളതു പാർത്തും തീർത്തും
പൊന്മണിമാലകളും വെണ്മവരുത്തിയും—
മംബുജസായകവൻപു വളർത്തും[3]
പുരികുഴൽ [4]ചീകിയുലർത്തിത്തിരുകിയും—
മണിനയനങ്ങളിലഞ്ജനമെഴുതിയും—
മവരവർ [5]വൈകരുതെന്നു പറഞ്ഞും
പല പല പദ്യമതിടയിൽ മുരണ്ടും—
ക്കവികളുമന്ധതപൂണ്ടു നടന്നു:
പാഠകജാതികളും മുളിയണഞ്ഞും
[6]സാരതക്കൂട്ടം ചതുരമിയന്നും
പരമാശ്ചര്യം പറവാൻ വല്ലോൻ;
സകലജനാനാം മുകളിൽ താവിന
കൗതുകമുണ്ടോ വിവരിക്കാവു;
ജയ ജയ നരവര നന്നിതു തോന്നിയ—
തെന്നു[8] കേചന; ഗ്രണഗണമോരോ—

രാജാക്കന്മാർക്കു്. ചതുരവീഥി—നാൽക്കൂട്ടപ്പെരുവഴി. കലിതവിതാനം—വിതാനിച്ചലങ്കരിച്ചു്. കമലാക്ഷിണാം—സുന്ദരികൾക്കു്. വേശഗൃഹം—വേശ്യാസ്ത്രീകളുടെവീടു്. പൂന്തുകിൽ—വിനാസമുള്ള വസ്ത്രങ്ങൾ. കാന്തർ—നായകപുരുഷന്മാർ. ഭൂഷണജാലം—ആഭരണസമൂഹം. പുതുമ—പുതുറകുറം. വെണ്മ—നിറപ്പകിട്ടു്. അംബുജസായകൻ—കാമദേവൻ. നയനം—കണ്ണു്. അഞ്ജനം—മഷി. മുരണ്ടു—മുരി. അന്ധത—കണ്ണുകാണാത്ത അവസ്ഥ. പാഠ....ൻ—പായനക്കാർ. സാരതക്കൂട്ടം—വിലപ്പിടിപ്പു്. സകലജനാനാം—എല്ലാ ജനങ്ങളുടെയും. കൗതുകം—ഔത്സുക്യം. ജയ—

1. ക്കോവകളും. 2. ഞ്ഞു ഞൊറി. 3. ളുൾപ്പുരി. 4. ൽ ചീകിയു. 5. വൈകിയിതെ. 6. സരസക്കൂട്ടം. 7. നാനാമുള്ളിൽ. 8. തെന്നും കേ.

ന്നഴകൊട കണ്ടാലണിമുടി ചേപ്പാൻ
തോന്നാതോ പുനരെന്നു[1] കേചന;[2]
'നട്ട പനമ്പഴമുണ്ടാൻ കമ്മം
വന്നു' ദശരഥനെ[3]ന്നു കേചന;
പനയെന്നെന്തു പറഞ്ഞിട്ടന്നതു
കല്പകവൃക്ഷം കാച്ച നറുംപഴ-
മത്രേ നൂനമിതെന്നു[4] കേചന;
നല്ല നയജ്ഞൻ വിനയവുമുണ്ടിവ-
നല്ലൽകെടുക്കും പ്രജകൾക്കെന്നു
പറഞ്ഞു കേചന; പീഡിച്ചീടു-
മിതെന്നതുമാരും പേടിക്കേണ്ടാ
വത്സനു രാമനു വത്സലഭാവം
പാരം പ്രജകളിലെന്നു[6] കേചന;
അഹിഭയമേതും ശങ്കിക്കേണ്ടാ
ബഹുമതി രാമനിലനുജന്മാക്കും
പാരമിതെന്നു പറഞ്ഞു കേചന;
മാത്സര്യത്തിനു വിളനിലമായതു
നാരികളല്ലോ വത്സന്മാരെ-
യകറും ജനനികളെന്നു[6] കേചന;
രാമനെ ഞാൻ ഞാൻ പെറ്റതിതെന്നവർ
മൂവക്കും നിനവെന്നു[7] കേചന;
കൂരള പറഞ്ഞിട്ടമ്മി പറയ്തും
ചെറുമികളൊന്നു പിണക്കും നിഷ്ഫല-
മെന്നു കേചന; നാലരുമൈക്യം

ജയിച്ചാലും. നരവര—രാജശ്രേഷ്ഠ. ഗുണഗണം—ഗുണസമൂഹം. കേചന—ചിലർ. മണിമുടി—കിരീടം. തോന്നാതോ—തോന്നുകയില്ലേ. 'നട്ട ....വന്നു'—പ്രയത്നിച്ചവനു കാലം വൈകിയിട്ടും അതിന്റെ ഫലം അനുഭവിപ്പാൻ യോഗം വന്നു എന്നതിനുള്ള ശൈലീപ്രയോഗമാണിതു[5]. നൂനം—നിശ്ചയം. നയജ്ഞൻ—നീതി അറിയുന്നവൻ. വത്സനു[5]—രാമനു[5]. വത്സ .. വം—വാത്സല്യം. പാരം—അധികം. അഹിഭയം—രാജാക്കന്മാർക്കു സ്വന്തം ആളുകളിൽനിന്നുണ്ടാകുന്ന ഭയം. ബഹുമതി—ബഹുമാനം. മാത്സര്യം—വിരോധം. ജനനികൾ—അമ്മമാർ ഇവിടെ മേൽ വരാൻ പോകുന്ന ദോഷത്തെ ജനാഭിപ്രായമാക്കി കവി വെളിപ്പെടുത്തുന്നു. കൂരള—ഏഷണി. ഐക്യം—ഒരുമ. പിണക്കുക—പിരിമുറുക്കുക (വിരോധ

1. രെന്നും കേ. 2. ന പന നട്ടിട്ട പനമ്പഴ. 3. നെന്നും കേ.
4. തെന്നും കേ. 5. ലെന്നും കേ. 6. ളെന്നും കേ. 7. വെന്നും കേ.

പാരം തങ്ങളിൽ വേല പിണപ്പാ—
നെന്നു[1] കേചന; മകുടം മുടിമേൽ[2]
ചേത്തിഹ കാണാഞ്ഞിടനില പാരമി—
തെന്നു[3] കേചന ബഹുവിധമേവം
വാത്ത പറഞ്ഞാ ഗ്രാമങ്ങളിൽ നി—
ന്നാശു പുറപ്പെട്ടഴറി നടന്നു
ദ്രുസുരസംഘം: ''അഭിഷേകോത്സവ—
മഴകൊട്ട കാണാം പണവും കിട്ടും
മുഷ്ടാഷ്ടിയുമുണ്ടെന്നു പറഞ്ഞും
ഞാനോ പണ്ടിതു കണ്ടിട്ടില്ലേ.
പണ്ടിതു കണ്ടവരാരിന്നുള്ളതു?
പതിനായിരമാണ്ടുണ്ടഭിഷേകം
പണ്ടുണ്ടായീതെന്നെന്നച്ഛൻ
ചൊല്ലിക്കേട്ടപ്പു, സുമന്ത്രരിതിടയിൽ
പേത്തീലെങ്കിൽ പട്ടോലയുമി—
ല്ലെന്നു വരേണ്ടു എന്തിനിതെല്ലാം[4]
പണവും ചോറും കിട്ടും നിയതം.
ജനനത്തിന്നാം ചെന്നീലിഞ്ഞാൻ.
പേരിട്ടകയ്യു തുടങ്ങീട്ടിന്നാം
വേളിയൊളം [5]ചെന്നൊത്തിക്കൊണ്ടേ[6]ൻ.
നന്നാലശരവി ദാനം കിട്ടീ.
മുമ്പേ ചെന്നാൽ കലശജപത്തിനു
ചാത്തിക്കാമോ? കലശം കലശ—
മിതെന്നു ജപിപ്പാൻ കൊള്ളാം നമ്മേ
പഞ്ചാക്ഷരിയും ചൊല്ലരുതാതോ[7]—
രോത്തന്മാരൊട്ടു കൂടെച്ചെന്നാൽ
ചാത്തിച്ചീടുമിതെ''ന്നു പറഞ്ഞു[8]
നടന്നു കേചന;

മുണ്ടാക്കുക). മകുടം—കിരീടം. ഇടനില—സംശയം. ദ്രുസു....ഘം—ബ്രാഹ്മണർ. ഏവം—ഇങ്ങനെ (താഴെ പറയുംപ്രകാരം). ആശു—വേഗമായി. മുഷ്ടാഷ്ടി—സദ്യ. പേത്തീലെങ്കിൽ—പകർത്തിയെഴുതിയിട്ടിരുന്നില്ലെങ്കിൽ. പട്ടോല—കണക്കേട്ട്. നിയതം—നിശ്ചയം. ജനനത്തിന്നാം—ജനിച്ച ദിവസം. പഞ്ചാക്ഷരി—'നമഃ ശിവായ.' ഓത്തന്മാർ—വേദം

1. നെന്നും കേ. 2. മുടിയിൽ.
3. തെന്നും കേചന മറ്റൊരു പരിഷകളഭിഷേകോ
4. എന്തിനു പലവും പറയുന്നു കേൾ പണ 5. യൊളോം
6. ണ്ടേൻ നാലു കടന്നപ്പണവും കിട്ടീ മുമ്പേ 7. താതവരോത്തന്മാ
8. പറഞ്ഞു ബഹുവിധമേവം വാത്ത പറഞ്ഞാ ഗ്രാമങ്ങളിൽ
നിന്നാശു പുറപ്പെട്ടഴറിനടന്നു ദ്രുസുരസംഘം മറ്റൊരു

മറെറാരു പരിഷകൾ ''ജാതിവ്യക്തി
സ്ഥംഭം കുംഭം ഘടവടലൂതാ—
തന്തുഘൂണാക്ഷരഗോശബ്ദങ്ങളു—
മിതവിയ ഡിത്ഥഡവിത്ഥ'' ക്കുട്ടവു—
മിത്തരമുച്ചൈരുദ്ഘോഷിച്ചും
പ്രത്യക്ഷാദികളംകൊണ്ടു പിണങ്ങിയു—
മാത്മപടുത്വബലം പ്രകടിച്ചും
നിജനിജസിദ്ധാന്തങ്ങളുരച്ചും
കക്ശ[1]താക്കികരോടു കയർത്തും
യുക്തികളംകൊണ്ടഥ[2] ഖണ്ഡിച്ചും ചില
ഭട്ടാരകഗണമുഴറി നടന്നു;
മറെറാരു പരിഷകൾ മീശക്കൊമ്പുക—
ളോശക്കൊമ്പും കാളം[3] കുരുംനിര
കൈനഖശില്പം കണ്ണാടികളും
കണ്ഠേ വരയും പൊൻകെട്ടീടിന
പിച്ചാങ്കത്തികളം വേശ്യാമോഹന—
യന്ത്രവിശേഷം വെളുവെളെ[4] വിലസിന
പൂണൂലും ചില തൊടുകുറിമേളവു—
മിത്തരമോരോന്നനവധി പൂണ്ടും
പുടവ[5]ഞെറിഞ്ഞതു ഭംഗി വരുത്തി—
പ്പുനരപി പുനരപി മുപ്പതു വട്ട—
മഴിച്ചുമുടുത്തും പുഷ്ടം കാണ്മാൻ
കഴിവില്ലാഞ്ഞു വളഞ്ഞുചിരിഞ്ഞൊരു
കൃഷ്ണമൃഗത്തിൻ കൊമ്പുകണക്കേ

പഠിച്ചവർ. ജാതി—അനേകം വ്യക്തികളുടെ സമാനഭാവം. വ്യക്തി—പ്രത്യേക വസ്തു. ഘടം—കുടം. പടം—വസ്ത്രം. ലൂതാതന്തു—ചിലന്തിവല. ഘൂണാക്ഷരം—പൂഴ ഇഴയുമ്പോഴം അക്ഷരാകൃതിയിലുണ്ടാകുന്ന രേഖ. ഡിത്ഥഡവിത്ഥ—ഇത്യാദി യാദൃച്ഛികശബ്ദങ്ങൾ. ഉച്ചൈഃ—ഉറക്കെ. ഇതു താർക്കികന്മാരെയും വൈയാകരണന്മാരെയും പരിഹസിക്കുന്നതാണു്. പ്രത്യക്ഷാദികളം കൊണ്ടു്—പ്രത്യക്ഷം അനുമാനം ഉപമാനം ശബ്ദം അർത്ഥാപത്തി അനുപലബ്ധി എന്നീ പ്രമാണങ്ങൾകൊണ്ടു്. ആത്മ...ലം—ആത്മജ്ഞാനശക്തിയെ. പ്രകടിച്ചും—വെളിപ്പെടുത്തിയും. നിജ....ൾ—തന്റെ തന്റെ മതങ്ങൾ, അതായതു പ്രമാണങ്ങളെക്കൊണ്ടു തീർച്ചപ്പെടുത്തിയ അഭിപ്രായങ്ങൾ. കക്ശതാക്കികരോടു്—ശാഠ്യക്കാരായ തർക്കശാസ്ത്രപണ്ഡിതന്മാരോടു്. ഭട്ടാരകഗണം—ഭട്ടന്മാരെന്ന മീമാംസകന്മാരുടെ കൂട്ടം. മീശക്കൊമ്പുകൾ—കൂർത്ത മീശകൾ. ഓശക്കൊമ്പു്—ശബ്ദമുണ്ടാക്കുന്ന കൊമ്പെന്ന പേരായ വാദ്യവിശേഷം. കണ്ഠേ—കഴുത്തിൽ. പുനഃഅപി—പിന്നെയും.

1. ശതക്കൈരൊട്ട ക. 2. കൊണ്ടേ ഖ 3. കാതു ക. 4. ളെ മേവിന. 5. വ ഞൊറി.

ത്ഥടിതി ചമഞ്ഞും, നിഴലിൽ തെരുതെരെ
നോക്കിക്കണ്ടും കറിയുടെ ചുറ്റും
വെള്ളം കൂട്ടി നനച്ചു തുടച്ചും,
വെള്ളം ചെറുടു[1]നെത്തീടാസ്ഥിൽ
തുപ്പൽ[2]പിരട്ടീട്ടിടയിൽ നനച്ചും,
മുമ്പിൽ കാണും പച്ചപ്പടലു
വലിച്ചു തിരുമ്മി വടിച്ചൊരു തിലകം[3]
തൊട്ടും കണ്ണലർ പാതി മിഴിച്ചും
നോക്കിയുമോമന കൊണ്ടൊരുണി[4]സ്രുത—
തടവിക്കൊഞ്ചിക്കൊഞ്ചിക്കിമപി
പറഞ്ഞും, ബദ്ധകുതൂഹലമർദ്ധ—
ശ്ലോകം വൃത്തവിഹീനം കോഴ
പിരട്ടിക്കാടായ[5]ച്ചൊല്ലിയുമംഗേ
ചില ചില നഖരേഖ[6]കളം നോക്കു—
ന്നേരം കാണാഞ്ഞിട്ടങ്ങരിശപ്പെട്ട
കളത്ര[7]ത്തോടച്ചിരവപ്പല്ലു
ചിരട്ടപ്പൊളിയെന്നിത്യാദികയ്കൊ—
ണ്ടൊക്കെ വലിച്ചുപൊളിച്ചുമിവണ്ണം
ജളതകയ്കാ[8]ട്ടിക്കാമുകനിവഹവു—
മുഴറി നടന്നു.
പരലും പലകയുമെഴുനെള്ളിച്ചു ഞെ—
ളിഞ്ഞു വസിച്ചും[9] പരലു നിരത്തി—
യതൊക്കെപ്പാത്തു പരല്പേരിന്നൊരു
ബാധ വരാതേ കാട്ടുകളായ[5]ച്ചില
പേരുകളിട്ട്[9] വരച്ചു വരച്ചും
പ്രശ്നം വെച്ചതു പലവു നിനച്ചും,

ഓമനകൊണ്ട—ഇമ്പം തോന്നിക്കുന്ന. കിമപി—വല്ലതുമൊക്കെ. ബദ്ധ ....ലം—താത[5]പര്യത്തോട്ടുകൂടി. അർദ്ധശ്ലോകഃ—പകുതിശ്ലോകം. വൃത്ത വിഹീനം—വൃത്തം പിഴച്ച[5]. കാടായ[5]—പിഴയായി. അംഗേ—ദേഹ ത്തിൽ. കളത്രം—ഭാര്യ. കാമുകനിവഹം—കാമുകന്മാരുടെ കൂട്ടം. പരല[5] —കവിടി. പരല്പേരു[5]—അക്ഷരങ്ങളെക്കൊണ്ടു സംഖ്യ കുറിയ്ക്കുന്ന വാക്യം.

1. ടനതകില്ലായ[5]കിൽ. 2. ൽ പുര. 3. കണിഞ്ഞും കണ്ടലർ. 4. തുണസ്രുത.
5. നഖപദരേഖകയ്കാ നോ. 6. കളത്രത്തൊടൊരു വിടുനേ പുക്കച്ചിരവാപ്പ.
7. കാട്ടും കാമു. 8. ച്ചും ഗണപതിവച്ചും കലിദിനമോർത്തും പരലു.
9. ളിട്ടും പരലു നിരത്തു ചിന്നു പന്തി പകപ്പു കൂട്ടു കളവു വയ[5]പു പിന്നെയടിച്ചും കൂട്ടു പാത്രേ നാലഞ്ചക്ഷരമെഴുതു പ്രശ്നം.

''രസ്രുത്തിങ്കൽ ഗ്രളികൻ വന്നു
ലഗ്നാധിപനും കൂടെച്ചെന്നു
വിരയെ മരിച്ചീലെങ്കിൽ ജീവി—
ക്കും ചില ദിവസമിതെന്നും, പഞ്ചമ—
മുടയവനന്ത്യേ പോയീ, ഗ്രുവു—
ണ്ടവിടെ സ്ഥിതിചെയ്യുന്നു
ആയുസ്സുള്ള ചെറുക്കൻ പെറുകിൽ
സന്തതിയെന്നതു നിസ്സന്ദേഹം''
ജാതകമോത്തു വരുത്തുന്നേരം
പല പല യോഗം കണ്ടു തെളിഞ്ഞും
മാളവിയോഗം കേസരിയോഗം
ധുരുധുരയോഗം ബന്ധനയോഗം
നിർഭനയോഗം വിഘ്നടനയോഗം
ഭ്രാമുകയോഗം മസ്കരിയോഗം
തസ്കരയോഗം വിഗ്രഹയോഗം
[1]നിഗ്രഹയോഗം പ്രമളാ[2]യോഗം
പ്രബലായോഗം കമലായോഗം
വിമലായോഗം മറ്റുമൊരോന്നേ
പാത്തുതെളിഞ്ഞും പ്രഗ്ഗച്ചാർത്തുകയും
നാഴികവട്ടക നാരായവുമച്ചീനക്കണ്ണും[3]
പരൽ പൈക്കുറയുമോലക്കെട്ടും
കയ്യിൽ[4] ചേർത്തുടനപശബ്ദത്തി—
ലപ[5]ശ്രുതിമിശ്രജ്യാക്കളുരുവി—
ട്ടന്യോന്യം ചില വാത്ത പറഞ്ഞും,[6]

രസ്രുത്തിങ്കൽ—അഷ്ടമത്തിൽ. ലഗ്നാധിപൻ-ഉദയരാശിയുടെ നാഥനായ ഗ്രഹം. പഞ്ചമമുടയവൻ—അഞ്ചാം ഭാവാധിപൻ. അന്ത്യേ—പന്ത്രണ്ടാം ഭാവത്തിൽ. ഗ്രു—വ്യാഴൻ. നിസ്സന്ദേഹം—സംശയം കൂടാതെ. മാളവിയോഗം—ശുക്രൻ ഉച്ചസ്ഥക്ഷേത്രങ്ങളിൽ ഏതെങ്കിലും ഒരു രാശിയിൽ കേന്ദ്രിച്ചുനിന്നാലുണ്ടാകുന്ന മഹായോഗം. കേസരിയോഗം—ചന്ദ്രന്റെ കേന്ദ്രത്തിൽ വ്യാഴം നിന്നാലുണ്ടാകുന്ന ഒരു യോഗം. ധുരുധുരയോഗം—ചന്ദ്രന്റെ രണ്ടിലും പന്ത്രണ്ടിലും ആദിത്യനൊഴികെയുള്ള ഏതെങ്കിലും ഒരു ഗ്രഹം നിന്നാലുണ്ടാകുന്ന ഒരു യോഗം. ഇനിപ്പറയുന്ന യോഗങ്ങളെല്ലാം കവിയുടെ ഫലിതസൃഷ്ടികളാകുന്നു. ചീനക്കണ്ണ്—കണ്ണട. പരൽപൈക്കുറ—കവിടിസ്സഞ്ചി. അപശബ്ദം—തെറ്റായ ശബ്ദം. അപ....ദ്ദം—അ

1. ഗം ദ്വിഗ്ര. 2. മദായോ. 3. ണ്ണു പരൽപ്പക്കു.
4. യ്യിലെടുത്തുടന. 5. പസ്വരമിത്രജ്യാ.
6. ഞ്ഞും നാഴികവട്ടക മുങ്ങീ മുങ്ങിയർദ്ധം മുങ്ങീ തങ്ങളിൽ വാശിയരക്കാലെല്ലീ തലവൂർ ചോറുൺ നല്ല മുഹൂർത്തം പ്രായശ്ചിത്തം പതിനൊന്നല്ലീ കഷ്ടം കഷ്ടമീ താരു വിധിച്ചതു വിഷ്ടീ വിധിപ്പാൻ വിധിയുണ്ടോ കേടും പൊവ്വാ യിന്ന കടക്കം

''ഹന്ത നിമിത്തം നന്നല്ലൊട്ടും
മുട്ടിപ്പോകും നിർണ്ണയമത്രേ''
''പെരിയ വസിഷ്ഠാദികളുടെ കല്പന
മുട്ടിപ്പോ[1]കാനെന്തവകാശം?''
''പങ്ക്തിരഥാജ്ഞ നിലിമ്പന്മാക്കും
വന്ദിക്കേണം നിർണ്ണയമത്രേ''
''ലക്ഷണശാസ്ത്രം ചൂടുകേ വേണ്ട,
വില്വമിതിന്നിഹ വന്നീലെങ്കിൽ''
പലതരമേവം ഘോഷിച്ചീടും
പ്രാശ്നികനിവഹം കുഹചന ഭാഗേ;
മറൊരു പരിഷകഃ [2]പൂക്കച്ചെയുമ—
പ്പൂത്തൊ[3]പ്പാരവുമഴകൊട കെട്ടി
കൈത്തോലിട്ട കടുത്തില[4] വാളും
പരിച പരശ്വധമെന്നുടങ്ങു—
ന്നായുധജാലമെടുത്തുപിടിച്ചു
മിടുക്കു പറഞ്ഞും ''ചേകം ചാത്തും
നേരം ചെന്നാലരിയും പണവും
കിട്ടുമിതെന്നും[5] ദിക്കു ജയിപ്പാ—
നെഴനള്ളുമ്പോഴും[6] ചെക്കൻ ചെറുതു കു—
ളിക്കുമിതെന്നും, മാറാരില്ലാ
നാട്ടിലിരിക്കും നായന്മാക്കു കു—
ളപ്പടയെന്നിപ്പട കാണാമോ?
[7]ദെണ്ണിപ്പെല്ലാം വേറുതേയായീ,
വകയും വഴിയേ കിട്ടിക്കുടാ;
വാളു[8] കൊടുത്താൽ കാളകയും കൊള്ളാം

പാസ്വരത്തോടുകൂടിയ ജ്യാവുകയും. അന്യോന്യം—തമ്മിൽ. പങ്ക്തിരഥാജ്ഞ—ദശരഥന്റെ കല്പന. നിലിമ്പന്മാർ—ദേവകയും. പ്രാശ്നി....ഹം—പ്രശ്നക്കാരുടെ കൂട്ടം. കുഹചന ഭാഗേ—ഒരു ഭാഗത്തു്. പൂക്കച്ച—ദേവന്മാർ അരയിൽ മുറുക്കിക്കെട്ടുന്ന കച്ച. പൂത്തൊപ്പാരം—കുമ്പൻതലക്കെട്ടു്. കൈത്തോൽ—കൈയുറയായ തോൽ. പരശ്വധം—മഴു. ചേകം—അങ്കമ്പടി.

മേഷേ നാലിലി പോരാ ദൃഗ്ണിതംകൊണ്ടധിമാസംകൊണ്ടേന്തേ പക്ഷം ഹന്ത നിമിത്തം.

1. പ്പോവാനെ. 2. പുക്കച്ച. 3. പ്പൂത്തെപ്പാ. 4. ടുത്തില. 5. ന്നും തിക്കു. 6. മ്പോഴും പടയുണ്ടാകിൽ ചെറുക്കൻ. 7. മോ തെണ്ടിപ്പെ. 8. ളുകയും വിറ്റാൽ കാ.

അടവുഴവുഴതാൽ തിവതം കഴിയും[1]
ഇങ്ങനെ പലവക വാത്ത പറഞ്ഞും
നായന്മാരുണ്ടങ്ങൊരു ഭാഗേ;
മറൊരു പരിഷ[2]കും കൂകിവിളിച്ച—
ക്കുറുവടിയുംകൊണ്ടൊക്കക്കൂടി,
''പണവും പൊന്നും [3]പ്രാമ്മക്ക്തേ;
ചോറു നമുക്കും കിട്ടും ചെന്നാൽ
ഉണ്ണി പിറന്നതുണർത്തിച്ചിട്ട—
ച്ചക്കച്ചെന്നൊരു കച്ചു കിടച്ചു
മററില്ലേതു[4]മിനിക്കു ചിലത്തു[5] വ—
ളിച്ചതു കൂട്ടിയുരുട്ടി [6]മുണ്ടങ്ങി
ത്തെരുതെരെ വയറു നിറയ്ക്കാമത്രേ വേണ്ടു.''
ബഹുവിധമേവം വാക്കു[7] പറഞ്ഞ—
ക്കയ്യർ തിമിർത്തുണ്ടങ്ങൊരു ഭാഗേ.
മറൊരു പരിഷ[8]കും മെച്ചില (വെററില) തിന്നും
ചുണ്ടുവലിച്ചിട്ടിടയിട[9] നോക്കിപ്പെരുവഴി നീളെ—
യുമി[10]ഞ്ഞതു നോക്കി ''ചേക്കോട്ടച്ചി മൂക്കു കടിച്ചു,
നീക്കം വാരാ നന്നല്ലേതും, കേട്ടതു നിർണ്ണയ—
മിപ്പോ[11]ളില്ലേ? നിന്നറിയാതോർ
ചെന്ന കെടുമ്പോൾ'' എന്നു പറഞ്ഞ—
ച്ചെറുമികളും പോന്നഴകിൽ നിറഞ്ഞു.

മാററാർ—ശത്രുക്കൾ. പ്രാമ്മർക്കു[ു]—ബ്രാഹ്മണർക്കു[ു]. ഉമിഞ്ഞതു[ു]—തുപ്പിയതു[ു]. ചെറുമികൾ—ദാസികൾ. ബഹുനാ കിം കിം—വളരെ വിസ്ത

1. യും പലതരമേവം വാത്ത പറഞ്ഞു പടയ്ക്കുമിടയ്ക്കു നായ്മയ്ക്കും മേന്മ നടിച്ചു മാനേരൽ മിഴിമാർ മനമലിയിക്കും നായന്മാരങ്ങുണ്ടൊരു. 2. ഷകം കൂയാനല്ലവിചേഴം കേരം നീ നമ്മുടെ തമ്പ്രാനെന്തൊരു പാക്യം തിരുമെയ് കണ്ടാൽ പൊന്നിൻകുടമുറ കാണി മുയിപ്പില്ലാത കരുത്തൻ നായ്മക്കിന്നവനെന്നുണ്ടോ കണവതിഹോമം ചെയ്യുന്നിതു പോൽ തപശികരം നല്ല തരത്തിലനേകം വന്നിട്ടുണ്ടേ പാമ്മർ ചെവി ക്കയുമോതുകയും ചിലർ പൂജിക്കയുമക്കോപ്പുകരം കാണാം പണവും. 3. ന്നും പാമ്മ. 4. തുമെനി. 5. ലത്ത പുളി. 6. ട്ടി മീണ. 7. വാത്ത പറഞ്ഞക്കുറുവടിയേന്തി ക്കുമാരോടും കൂടിക്കൊണ്ടു മുമ്പമ്മൈയരിതങ്ങൊരു. 8. കപ്പെച്ചിലു തി. 9. യിടെ നോക്കിയുമപ്പോപ്പോരംപ്പെരു. 10. മിണ്ടതു നോക്കിയുമെന്നോ കട്ടം. ചെക്കോട്ടച്ചി മു. 11. പ്പോളല്ലി മുട്ടിപ്പോകും നിന്ന.

കിം കിം ബഹുനാ? പറകിലിതെല്ലാം
കീഴ്പെട്ടമത്രേ ഗീഷ്പതിപോലും.

പ്രാരബ്ധസ്മിന്നയോദ്ധ്യാനഗരിയിലഭിഷേ—
കോത്സവേ വാദ്യഘോഷം
പൂരിച്ചൂ[1] വാസ്തരൽപ്രൗഢിയൊടിട കലരും—
മാറു മമ്മാ ദിഗന്തേ
സൈരം വന്നൂ വിശേഷാ[2]ലനവധി ഹൃദയേ
വിശ്വലോകക്കുമയ്യാ!
ശ്രീരാമൻ താൻ പുരാ മംഗലജലധി[3] പിറ—
ന്നോരു നാളെന്നപോലെ. 36

ശ്രീരാമചന്ദ്രനഭിഷേകകുതൂഹലം പൂ—
ണ്ടാരുഢവാൻ കില നൃപാസനമത്യുദാരം
ഓരോ ജനങ്ങ[4]ളിതു കേട്ട തെളിഞ്ഞിതേറം
ക്രൂരാശയാ കുടിലമന്ഥരയെന്നി ലോകേ. 37

ശ്രീരാമന്റെ അഭിഷേകവാർത്ത കേട്ട മന്ഥര കൈകേകിയെ ദുർബോധന ചെയ്യുന്നു:

അക്കാലം മന്ഥരാ ബന്ധുരനെറി തിരളും
പദ്മിനീവാരിപൂരം
മുഷ്ടോടേ സൈരിഭീ[5] ചെന്നതിവിമലമിള—
ക്കീക്കലക്കുന്നപോലെ

രിച്ചിട്ടെന്തു വേണ്ടൂ? കീഴ്പെടും—താണുപോകും. ഗീഷ്പതി—ബൃഹസ്പതി.

പദ്യം 36. അസ്മിൻ അഭിഷേകോത്സവേ പ്രാരബ്ധേ—ഈ അഭിഷേകമഹോത്സവം ആരംഭിച്ചപ്പോഴേ. ദിഗന്തേ—എല്ലാ ദിക്കുകളിലും. പൂരിച്ചു—നിറഞ്ഞു. മമ്മാ—ആശ്ചര്യദ്യോതകം. സൈരം—സുഖം. ഹൃദയേ—ഉള്ളിൽ. വിശ്വലോകക്കു—സകലജനങ്ങൾക്കും. പുരാ—പണ്ടു. മംഗലജലധി—ശ്രീരങ്കത്തു ഇരിപ്പിടം (രാമൻ). പ്രൗഢി—മഹത്ത്വം.

പദ്യം 37. അഭി....ണ്ടു—അഭിഷേകത്തിൽ കൗതുകം പൂണ്ടു. അത്യുദാരം—വളരെ ശ്രേഷ്ഠമായ. നൃപാസനം—സിംഹാസനത്തിൽ. ആരുഢവാൻ കില—കയറിയല്ലോ. ക്രൂരാശയാ കുടിലമന്ഥരയെന്നി—ക്രൂരചിത്തയും കപടമുള്ളവളും ആയ മന്ഥരയൊഴികെ (ലോകത്തിലുള്ളവരെല്ലാം).

പദ്യം 38. ബന്ധു....ളും—നല്ല ശ്രദ്ധിയുള്ള. പദ്മി....രം—താമരപ്പൊയ്കയിലെ വെള്ളത്തെ. സൈരിഭീ—എരുമ. അഗ്രേ—മുമ്പിൽ. രാമാ....ലം—രാമന്റെ അഭിഷേകവർത്തമാനം കേട്ട സന്തോഷിച്ചിരിക്കുന്ന. മധ്യ....

1. പൂരപ്പൂ. 2. ശേഷിച്ചുന. 3. ധിപുര. 4. ങളുതു. 5. രിഭംപെ.

അഗ്രേ രാമാഭിഷേകശ്രവണജനിതകൗ—
തൂഹലം ക്രൂരവാക്യ—
പ്രക്ഷോഭൈർമധ്യമാംബാഹൃദയമലർ കല—
ക്കീടിനാളാവതെല്ലാം.[1] 38

''എല്ലാക്കും പ്രായമൊക്കും തവ തനയനൊരു—
ന്നാശ വരാ ഹന്ത! രാജ്യം
കില്ലില്ലേ വീരസൂതേ, ഭവതി വിളിപണി—
പ്രായമായ് വന്നുകൂടും
വല്ലോരും കേശം സപത്നിക്കഴകൊട്ട തിരുമുൽ—
കാഴ്ച വെച്ചാലെടുപ്പാൻ
നിർല്ലജ്ജം നോക്കി നില്പ്പു[2] ന്നതു ശിരസി കൃതാ
വൈധസീ രേഖയല്ലോ. 39

ഗദ്യം 2:

(ദണ്ഡകം)

ദശരഥനൃപവല്ലഭേ! ദേവി! 'പാലേ കടിക്കാവിതെല്ലാ[3]രു—
മോത്തീട്ട[4] ഭാഗ്യം കടിച്ചീടുവാനേവനും[5] കൈവരാ' രാജ—
പുത്രത്വവും നീതിയും കാന്തിയും[6] വീര്യവും വിദ്യയും തുല്യമെ

ലർ—നടവിലെ അമ്മയായ കൈകേയിയുടെ മനസ്സിനെ. ക്രൂര....ഭൈഃ—ദ്രോഹകരങ്ങളായ വാക്യങ്ങളെക്കൊണ്ട്. അക്കാലം—അപ്പോഴേ.

പദ്യം 39. വീരസൂഃത—അല്ലയോ വീരനായ പുത്രനെ പ്രസവിച്ചിരിക്കുന്ന കൈകേയി. തവ—നിന്റെ. തനയൻ—പുത്രൻ. വരാ—വരികയില്ല. ഹന്ത—കഷ്ടം. വിളി....യം—ഏകദേശം ഒരു ദാസിയുടെ നിലയിൽ. സപത്നിക്കു്—(സമാനനായ പതിയോടുകൂടിയ) കൗസല്യയ്ക്കു്. നിർല്ലജ്ജം—നാണമില്ലാതെ. ശിരസി—തലയിൽ. കൃതാ—ചെയ്യപ്പെട്ടതു് (എഴുതപ്പെട്ടതു്). വൈധസീ രേഖ—ബ്രഹ്മാവിന്റെതായ എഴുത്തു്.

ഗദ്യം 2. ദശ .. ഭേ ദേവി—അല്ലയോ ദശരഥമഹാരാജാവിന്റെ പ്രിയപത്നിയായ തമ്പുരാട്ടി. 'പാലേ.....രാ'—'നല്ലതു വരേണമെന്നാണു് എല്ലാവക്കും ആഗ്രഹം. എന്നാൽ അതു് എല്ലാവക്കും സാധിക്കുന്നില്ല' എന്ന

---

1. യാമേവാഹുർനിശിചരകുലോന്മൂലനേ മൂലഹേതും
യസ്യാശ്ചിത്തം പ്രകൃതികുടിലം ഗാത്രമിത്രം ബഭൂവ,
ദണ്ഡോജിന്യാഃ ശിശിരസരസം സൈരിഭീവാച്ചമംഭഃ
കൈകേയ്യാഃ സാ ഹൃദയമദയം മന്ഥരാ നിർമമന്ഥ.

ഇതു പ്രകൃതപദ്യത്തിന്റെ സംസ്കൃതപദ്യമാകുന്നു.

2. നില്പുന്നതു. 3. ല്ലാക്കുമോ. 4. ട്ട പകരം ക. 5. വരും കൈ. 6. ന്തിയും വീര്യവും വിദ്യയും വീര്യവും തു.

ന്നീടിലും താണുപോം[1]ഭാഗ്യമില്ലായ്മയാലോർത്തു
കാ[2]ണൊന്നഹോ
കോസലേന്ദ്രാത്മജാ രാജമാതൃത്വമുൾക്കൊണ്ടു കണ്ടോർ
വണങ്ങുന്നതും[3]യാവനക്കൈപഹം പാർത്തുനില്പുന്നതും നിങ്ങളെ—
ല്ലാരൊട്ടും വേല ചൊല്പുന്നതും നല്ല സൗഖ്യങ്ങൾ കൈക്കൊ—
ണ്ടിരിക്കുന്നതും വല്ലതും വേണ്ടവക്കൊക്കെ നല്കുന്നതും
പാർത്തുകണ്ടാൽ വെറുപ്പില്ലയോ മാനസേ നിർണ്ണയിച്ചാലു—
മൊന്നില്ല കില്ലേതുമേ ഭംഗിയില്ലെങ്കിലും 'തങ്ക[4]ലേകാച്ചതേ
തങ്കൽ വീഴ്ത്തു'ദ്ഗ്രഹം മുന്നമയ്യോ വരദ്വന്ദ്വമേതേന ദത്തം
ഭവത്യൈ, വനാന്തേഷു രാമൻ നടന്നീടുമാറും[5] തദീയാ—
ത്മജന്നാത്മരാജ്യത്തെ നല്കീടുമാറും വരിച്ചാൽ നമുക്കത്ര
രാജ്യേ സുഖി[6]ച്ചിങ്ങിരിക്കാ''മിതെന്നോതി മെല്ലേ
നടന്നീടിനാൾ.

കൈകേയി മന്ഥരയുടെ ദുർബോധനയ്ക്കു വശപ്പെട്ട ദശരഥനോട് ശ്രീരാമനെ കാട്ടിലേക്കയ്ക്കുവാനും തന്റെ മകനായ ഭരതനെ രാജ്യത്തിൽ അഭിഷേകം ചെയ്യുവാനും നിർബന്ധിക്കുന്നു:

അലഘൂപതിർധംധ്വാതനിഷ്പേഷ[7]ദോഷാ—
ദശനിരിവ കഠോരഃ ശീതളാംഭോദപങ്ക്തൗ
അപഹൃതജനസൗഖ്യാന്മന്ഥരാഭേദവാക്യാ—
ദപി ഭരതജനന്യാ[8] ഹന്ത! ദൗർജന്യമാസീത്. 40

ലോകോക്തിയെ ശൈലീരൂപേണ ഉപന്യസിച്ചിരിക്കുന്നു. നീതി—നയം. തുല്യം—സമം. കോസ....ജാ—കൗസല്യാ. യാവനക്കൈ—കൊറവിനു് (വൃത്തിക്കു്). അനവദ്യം—ദിവസേന. മാനസേ—ഉള്ളിൽ. 'തങ്ക ....ഴ്ത്തു'—നിന്റെ പുത്രനു രാജ്യം ലഭിച്ചാലേ നിനക്കു ഗുണം അനുഭവിപ്പാൻ കഴികയുള്ളൂ എന്ന അർത്ഥത്തിലുള്ള ശൈലീപ്രയോഗം. ദുഗ്ധം—നിശ്ചയം. അതു കിട്ടുവാനുള്ള വഴി പറയുന്നു: വരദ്വന്ദ്വം—രണ്ടു വരങ്ങൾ. ഏതേന—ഇവനാൽ (ദശരഥനാൽ). ഭവത്യൈ—ഭവതിക്കു്. ദത്തം—നല്കപ്പെട്ടതു്. വനാന്തേഷു—കാടുകളിൽ. തദീയ....ന്നു്—നിന്റെ പുത്രനായ ഭരതനു്. ആത്മ....ത്തെ—തന്റെ രാജ്യത്തെ. വരിച്ചാൽ—ആവശ്യപ്പെട്ടാൽ. അത്ര രാജ്യേ—ഈ രാജ്യത്തിൽ.

പദ്യം 40. അല ...ഷാത്—വലിയ കൊടുങ്കാറ്റുകൊണ്ടു വന്ന തട്ടി കൂട്ടി മുട്ടുകയാൽ. ശീത....ക്തൗ—തണുത്ത ജലത്തെ വഷിക്കുന്ന മഴക്കാറിൽനിന്നു്. കഠോരഃ....ദശനിഃ ഇവ—ഭയങ്കരമായ ഇടിത്തീ എന്നപോലെ. അപഹൃത....ഖ്യാത്—ജനങ്ങളുടെ സൗഖ്യത്തെ നശിപ്പിക്കുന്ന. മന്ഥരത്—മന്ഥരയുടെ ഛിദ്രിപ്പിക്കുന്ന വാക്കുകൊണ്ടു മിത്തം. ഭരത....ന്യാഃ അപി—ഭരതന്റെ അമ്മയായ കൈകേയിക്കും. ദൗർജന്യം ആസീത്—ദുഃസ്വഭാവം ഉണ്ടായി.

---

1. ണപോകും തുലോം ഭാഗ്യ. 2. കാണിന്നഹോ. 3. യാപനയ്ക്കുന്ന .4. തങ്കലീ. കാ 5. റും മദീ. 6. ഖിച്ഛിങ്ങി. 7. ഷ്പരോഷാ. 8. നന്യാം ഹ.

അന്നേരം ചെന്ന മന്ത്രിച്ചിതു ശാഹൃദയാ
കൈകെയീ കണ്ണ്മൂലേ
''ധന്യാത്മൻ! മുന്നമെങ്ങൾക്കരുളിയ[1] വരയു—
ഗ്മം മറന്നീലയല്ലീ?
ഇന്നച്ചോ രാമനെക്കാനനഭുവി പെരുമാ—
റീട[2]വാനായ് നിയോഗി—
ച്ചെന്നണ്ണിക്കാക്കണം നാടഖിലവുമിതി മേ
പ്രാത്ഥനാ കീത്തിസിന്ധോ.'' 41

അതു കേട്ട ദുഃഖിതനായ ദശരഥനും സുമന്ത്രരും പലതും പറഞ്ഞുനോക്കീട്ടും കൈകേയി തന്റെ നിർബന്ധത്തിൽനിന്നു പിന്മാറുന്നില്ല:

ശ്രവണപരുഷവാണീമേവമാകണ്ണ്യ തൂണ്ണം
വിവശതയൊടു വീണ്യ[3] വേർപറിഞ്ഞാലുപോലേ
സവിതൃകുലവതംസം മോഹമുൾക്കൊണ്ടണന്നി—
ട്ടവളൊടധികദീനോ വാചമൂചേ[4] മഹാത്മാ. 42

പദ്യം 41. ശാഹൃദയാ—ദുർബുദ്ധിയായ. കണ്ണ്മൂലേ—(രാജാവിന്റെ) ചെവിയിൽ. ധന്യാത്മൻ—അല്ലയോ ഭാഗ്യശാലിൻ! കീത്തിസിന്ധോ—യശസ്സിനു് ഇരിപ്പിടമായുള്ളോവേ എന്ന സാഭിപ്രായസംബുദ്ധി. പ്രതിജ്ഞാഭംഗം ദുഷ്കീത്തിക്കു കാരണമാവുമെന്നുള്ള അഭിപ്രായം സൂചിതമായിരിക്കുന്നു. വരയുഗ്മം—രണ്ടു വരം. കാന....വി—കാട്ടിൽ. നിയോഗിച്ചു്—പറഞ്ഞയച്ചു്. അഖിലവും—എല്ലാം. ഇതി—എന്നു്. മേ—എന്റെ. പ്രാത്ഥനാ—അപേക്ഷ.

പദ്യം 42. സവി....സം—സൂര്യവംശാലങ്കാരമായ ദശരഥൻ. ഏവം—ഇവ്വണ്ണമുള്ള. ശ്രവ....ണീം—ചെവിക്കു ദുസ്സഹമായ വാക്കിനെ. ആകണ്ണ്യ—കേട്ടിട്ടു്. തൂണ്ണം—വേഗത്തിൽ. വിവശത—പാരവശ്യം. മോഹമുൾക്കൊണ്ടു്—മോഹിച്ചു്. മഹാത്മാ—മഹാനായ. അധികദീനഃ—വളരെ ദുഃഖിതനായി. വാചം ഊചേ—പറഞ്ഞു.

---

1. രുളിന വര
2. ടമാറായ് നിയോഗിച്ചുന്നിദ്രോദോലകീർത്തേ! ദ്രുതം കൊട്ട നീ രാജ്യലക്ഷ്മീമുപാരാം
3. വീണ്യ നിഃശ്വസന്നശ്രുശാലീ സവി
4. ചേ ഗഭീരാം ഈ പദ്യം കഴിഞ്ഞു വാസസ്ഥാപാം ഇത്യാദി പദ്യവും, അതിൽപ്പിന്നെ നൈവാഭവസ്ഥാമിത്യാദി പദ്യവും അതിൽ പിന്നെ കഠിനഹൃദയേ ഇത്യാദി പദ്യവും എന്ന ക്രമം ചില പാഠങ്ങളിൽ കാണുന്നു.

''കഠിനഹൃദയേ കാന്താരേ[1]പോയ്
കുമാരനിതനഹം
കൊടിയ വെയിലും കാറും പേമാ—
രിയും സഹതേ കഥം?
ഇടനില വരുത്തീടായ്കിമ്മേ
പദം തവ കുമ്പിടാം
[2]മട്ടമൊഴി! തനൂജന്നിന്നദ്ധാ—
ധിപത്യവുമേകുവൻ.'' 43

''ഈ മന്ദഭാഗിനി പെറും ഭരതന്നു രാജ്യ—
ക്ഷേമാധികാരമിയലാ[3]തതിലല്ല ഖേദം;
രാമങ്കൽ വത്സലത പൂണ്ട ദുഡപ്രതിജ്ഞാ—
മാമോ കളഞ്ഞുകളവാൻ മനുവംശകേതോ!'' 44

''രാമൻ പോയ്ക്കൊള്ളുമയ്യോ! വിപിനഭുവി ധൃതം
കൗതുകം കൈവെടിഞ്ഞി[4]—
ന്നാമോ ലോകക്കു കൗതൂഹലമിതു കളവാ—
നിന്നു തസ്യാഭിഷേകേ

പദ്യം 43. കഠി....യേ—അല്ലയോ ക്രൂരചിത്തയായുള്ളോവേ. കുമാരൻ—ഉണ്ണിയായ രാമൻ. കാന്താരേ—വനത്തിൽ. അനവരതം—ദിവസവും. കഥം സഹതേ—എങ്ങനെ സഹിക്കും. ഇമ്മേ—ഈ എനിക്കു. തവപദം—നിന്റെ കഴൽ. തനൂജനു—പുത്രനു (ഭരതന്നു). അദ്ധാധിപത്യം—പകുതി രാജ്യത്തിനുള്ള ആധിപത്യം (രാജത്വം).

പദ്യം 44. മന്ദഭാഗിനി—ഭാഗ്യം കെട്ടവൾ. രാജ്യ....രം—രാജ്യസുഖം അനുഭവിപ്പാനുള്ള അധികാരം. ഖേദം—ദുഃഖം. വത്സലത—വാത്സല്യം. ദുഡ ....ജ്ഞാം—ഉറപ്പായിട്ടുള്ള പ്രതിജ്ഞയെ. മനു....തോ—അല്ലയോ മനുവിന്റെ വംശത്തിനു അലങ്കാരമായുള്ളോവേ.

പദ്യം 45. വിപി....വി—കാട്ടിൽ. ധൃതം കൗതുകം കൈവെടിഞ്ഞു—അഭിഷേകത്തിനു കെട്ടിയ കാപ്പും കളഞ്ഞു. തസ്യ—അവന്റെ (രാമന്റെ) അഭിഷേകേ—അഭിഷേകത്തിൽ. ലോക....ലം ജനങ്ങളുടെ സന്തോഷാധി

1. പോം കു 2. മട്ടുമൊ

3. ലാത്തതിനില്ല. ഈ പദ്യം കഴിഞ്ഞതെടുത്ത്
''രാമഃ കാമമുപാശ്രയിഷ്യതി വനം ത്യക്ത്വാ ധൃതം കൗതുകം;
ലോകസ്യുക്ഷ്യതി കൗതുകം ചിരധൃതം തസ്യാഭിഷേകേ കഥം?
ധന്യോപായഭവേന വത്സവിരഹം വക്ഷ്യാമി; വക്ഷ്യാമി കിം?
യാവത്കല്പമകീർത്തിരാത്തിജനനീ ജായതേ ജായേ! തവ'
എന്ന പദ്യം കൂടി ചില പാഠങ്ങളിൽ കാണുന്നു.

4. ടിഞ്ഞങ്ങാമോദം ലോകകൗ

കാമം പ്രാണാപഹം[1] ഞാൻ തനയവിരഹവും
ധർമ്മഭീത്യാ പൊറുപ്പൻ,
കേവംമാപാപി! കഥം നിൻകുലമിതു സഹതേ
കീർത്തികേടായുഗാന്തം? 45

ഹാ ഹാ[3] മകന്നു തവ നാടഖിലം കൊട്ടക്കാം
പോകേണമോ വിപിനസീമനി വത്സാനിമ്മേ?
കൈകേയി! രാമനൊടണഞ്ഞു സുഖിച്ചിരിപ്പാ—
നീ[3] കർമ്മമറിതധുനാ വിധിനാ ഹതോ ഞാൻ. 46

''വാസസ്ത്വചാം ഭവതു കിഞ്ചന താരവീണാം
ഛായാദ്രുമാശ്ച ഭവനാനി ഭവന്തു ധന്യാഃ
കൈകേയി! തസ്യ ശയനാനി കഥം ഭവേയു—
സ്ത്വച്ചേതസോഽപി കഠിനാനി ശിലാതലാനി? 47

നൈവാഭവസ്ത്വമിഹ ശീലവതീഷു കാചി—
ന്നൈവാഭജത് പിതൃമതാം ഗണനാം സ രാമഃ
നൈവാപമാത്മജസുഖാ[4] ന്യഹമപ്യനാര്യേ!
നൈവാപമംബുഭരതേന ന മേ പ്രദേയം. 48

കൃത്തെ. പ്രാണാപഹം—പ്രാണൻ പോക്കുന്ന. കാമം എങ്ങനെയെങ്കിലും തനയവിരഹം—പുത്രവിയോഗം. ധർമ്മഭീത്യാ—ധർമ്മം വിടുവാനുള്ള ഭയം ഹേതുവായി. മാപാപി—അല്ലയോ മഹാപാപശീലേ. ആയു....ന്തം—യുഗാവസാനംവരെ. കീർത്തികേട്—അപയശസ്സിനെ. നിൻകുലം—നിന്റെ വംശം (കേകയരാജവംശം). കഥം—എങ്ങനെ. സഹതേ—സഹിക്കുന്നു?

പദ്യം 46. തവ മകന്നു—നിന്റെ പുത്രനായ ഭരതന്നു. അഖിലം—എല്ലാം. ഇമ്മേ—ഈ എന്റെ. വത്സൻ—ഉണ്ണി (രാമൻ). വിപി.....നി.—കാട്ടിൽ. കർമ്മം—യോഗം. അറിതു—അവസാനിച്ചു. അധുനാ—ഇപ്പോൾ. വിധിനാ—ദൈവത്താൽ. ഹതഃ—ഞാൻ കൊല്ലപ്പെട്ടു.

പദ്യം 47. തസ്യ—അവന്നു, രാമന്നു. താരവീണാം ത്വചാം കിഞ്ചന—മരവുരിക്കഷ്ണം. വാസഃ ഭവതു—വസ്ത്രമായിക്കൊള്ളട്ടേ. ധന്യാഃ ഛായാദ്രുമാഃ—ഭാഗ്യംചെയ്ത തണൽമരങ്ങൾ. ഭവനാനി ച ഭവന്തു—ഗൃഹങ്ങളായും ഭവിക്കട്ടേ. കൈകേയി—അല്ലയോ കൈകേയി. ത്വച്ചേതസഃ അപി കഠിനാനി ശിലാതലാനി—നിന്റെ മനസ്സിനെക്കാൾ കഠിനങ്ങളായ പാറപ്പുറങ്ങൾ. തസ്യ കഥം ശയനാനി ഭവേയുഃ—അവന്നു എങ്ങനെ ശയ്യകളായിട്ടു ഭവിക്കും?

പദ്യം 48. ത്വം—നീ. ഇഹ—ലോകത്തിൽ. ശീലവതീഷു—സുശീലകളായ സ്ത്രീകളിൽവച്ചു. കാചിത്—ഒരുത്തിയായിട്ടു. ന അഭവഃ

---

1. പഗൻ ഞാൻ. പ്രസ്തുതപദ്യം കഴിഞ്ഞു വാസം കരോമ ഇത്യാദി പദ്യം എന്ന ക്രമം ചില പാഠങ്ങളിൽ കാണുന്നു. 2. ഹാ കേയം സുതന്നു തവ. 3. രിപ്പാൻഹീ കർമ്മ. 4. സുതാനഹ.

വത്സം കഠോരഹൃദയേ! നയനാഭിരാമം
രാമം വിനാ ന ഖലു തിഷ്ഠതി ജീവിതം മേ
ധാതുർബലാദുപയമസ്സ്വയി ജാതപൂർവ്വഃ
കൈകേയി മാമുപയമം നയതീതി മന്യേ.'' 49

''അനുപമഗുണഭ്രമേ! പുത്രമോഹേന കഷ്ടം!
നിനവു മനസി സത്യോപപ്ലവം ചെയ്യുമാറോ?
''[1]അനുമുറ്റരറിവിന്നും ചാരുകീർത്തിക്ക,മെങ്കിൽ
കനു[2]മഴകിതു കൈകൂപ്പേണമെല്ലാരുമേ[3] തേ.'' 50

''പ്രിയേ കൈകേയി! ത്വാം കഠിനഹൃ-
ദയാം വച്ചൊരമരീം
പ്രിയാം പൂണ്ടാനുണ്ടേ[4] മമ ഗമ-
നമീ രാമവിരഹാത്;

ഏവ–ഭവിച്ചില്ല നിശ്ചയം. സഃരാമഃ–ആ രാമൻ. പിതൃമതാം ഗണനാം–നല്ല അച്ഛനുള്ളവരുടെ കൂട്ടത്തിൽ ഗണിപ്പാനുള്ള അഹ്തയെ. ന അഭജത് ഏവ–പ്രാപിച്ചതുമില്ലതന്നെ. അനാര്യേ–അല്ലയോ ദുഷ്ടേ, അഹം അപി–ഞാനാകട്ടെ. ആത്മ....നി–മക്കളെക്കൊണ്ടുള്ള സുഖങ്ങളും. ന ഏവ ആപം–നേടിയതുമില്ല. മേ–എനിക്ക്. നൈവാപം–നിവാപത്തിനു (പിതൃകർമ്മത്തിനു) ഉള്ള. അംബു–ജലം. രേതേന ന പ്രദേയം–ഭരതനാൽ ദാനംചെയ്യപ്പെടാവുന്നതല്ല.

പദ്യം 49. കഠോ ...യേ–അല്ലയോ കഠിനചിത്തേ. നയ....മം–കണ്ണിനു് ആനന്ദത്തെ നല്കുന്നവനായി. വത്സം രാമം വിനാ–ഉണ്ണിയായ രാമനോടുകൂടാതെ. മേ ജീവിതം ന തിഷ്ഠതി ഖലു–എന്റെ പ്രാണൻ നിലനിൽക്കുന്നതല്ല, നിശ്ചയംതന്നെ. ധാതുഃ ബ്രഹ്മാവിന്റെ (നിയതിയുടെ). ബലാത്–ശക്തിനിമിത്തം. കൈകേയി–അല്ലയോ കൈകേയി. ത്വയി (ത്വാം വിഷയീകൃത്യ) നിന്നെസ്സംബന്ധിച്ചതായി. ജാതപൂർവ്വഃ ഉപയമഃ–മുമ്പെയുണ്ടായ ഉപയമം (വിവാഹം). ''വിവാഹോപയമൗ സമൗ'' –എന്നു് അമരം. മാം–എന്നെ. ഉപയമം–യമന്റെ സമീപത്തെ (മരണത്തെ) നയതി–പ്രാപിപ്പിക്കുന്നു. (പ്രാപിപ്പിക്കും) ഇതി–എന്നു്. അഹം മന്യേ–ഞാൻ വിചാരിക്കുന്നു.

പദ്യം 50. അനു....മേ–അല്ലയോ അതുലഗുണനിധിയായുള്ളോവേ. പുത്ര....ന–പുത്രാസക്തനിമിത്തം. സത്യോപപ്ലവം–സത്യഭംഗത്തെ. മനസി–ഉള്ളിൽ. അനുമുഹ്യഃ–വീണ്ടുംവീണ്ടുമുള്ള. ചാരുകീർത്തി–നല്ല യശസ്സു്. കനം അഴകിതു്–വളരെ ഭംഗിയായി. തേ–അങ്ങയ്ക്കു്. പുത്രവാത്സല്യംകൊണ്ടു സത്യഭംഗം ചെയ്യാമെന്നു് അങ്ങുന്നു തീർച്ചയാക്കിയെങ്കിൽ അങ്ങയുടെ അറിവും കീർത്തിയും സൗവ്വന്ദ്യതവും ഒക്കെ കേമംതന്നെ എന്നു വിപരീതലക്ഷണയാൽ നിന്ദ സൂചിതം.

പദ്യം 51. പ്രിയേ കൈകേയി–അല്ലയോ പ്രീതിഭാജനമായ കൈകേയി. ഈ രാമ....ത്–ഈ രാമന്റെ വേർപാടുകൊണ്ടു്. കഠി....യാം

1. നനു മു. 2. കഴലഴകി. 3. മേ കേരം. 4. നണ്ടിമ്മമ.

അയോധ്യാമേവായം വനഭുവി
നടക്കുന്ന തനയൻ
പ്രയാസ്യത്യ[1] ജ്ഞാതവാ തരുഗഹ—
നഗ്രലംമാവൃതഗ്രഹാം.'' 51

ഭേദങ്ങൾകൊണ്ടുമനുനീതികൊണ്ടുമേതും
ഭേദം വരാഞ്ഞു മനകാമ്പിനു വല്ലഭായാഃ
ആതങ്കമാന്നകമെരിഞ്ഞ നരേന്ദ്ര[2]നപ്പോൾ
നീതിജ്ഞനോടഥ സുമന്ത്രരൊടാബഭാഷേ. 52

''ആലംഘ്യമല്ല മമ സത്യമിതോർത്തുകണ്ടാൽ
നാലം നിമേഷമപി രാമനെ വേറിരുന്നാൽ
കേളെത്രയും പെരിക രണ്ടമസഹ്യ[3]മെന്നാ—
ലാളല്ല ധർമ്മവിഹതിക്കു നയാംബുധേ! ഞാൻ.'' 53

'പെൺചൊല്ല കേൾക്കുമൊരു പേപ്പെരുമാളി'തെന്ന—
ങ്ങഞ്ചാ[4]തെ വാത്ത വിളികൊൾകിലുമിന്നു ലോകേ
വഞ്ചിക്കുമാറു നിനവില്ല വരദ്വയം മേ
കിഞ്ചിത് സുമന്ത്ര! മരണത്തിലു[5]മില്ല ഖേദം. 54

താം വച്ചു—കഠിനചിത്തയായ നിന്നെ വിട്ടു. ഒരു അമരീം പ്രിയാം—ഒരു ദേവസ്ത്രീയായ പ്രിയയെ. പൂണ്മാൻ—ആലിംഗനം ചെയ്യാൻ. മമ ഗമനം ഉണ്ടു—എന്റെ യാത്രയുണ്ടു. രാമനെ പിരിഞ്ഞാൽ ഞാൻ സ്വർഗ്ഗം പ്രാപിക്കും എന്നത്ഥം. വനഭുവി നടക്കുന്ന അയം തനയൻ—കാട്ടിൽ നടക്കുന്ന ഈ പുത്രൻ (രാമൻ). അജ്ഞാത്വാ—അറിയാതെ (വനവാസദുഃഖം). തരു....ഹാം—മരങ്ങളും വള്ളിക്കെട്ടുകളും കുറ്റിക്കാടുകളും ചുറ്റിയിരിക്കുന്ന ഗൃഹങ്ങളോടുകൂടിയ. അയോദ്ധ്യാം ഏവ പ്രയാസ്യതി—അയോധ്യയെത്തന്നെ പ്രാപിക്കും. രാമവിരഹം വന്നാൽ എനിക്കു നിന്റെ ഉപദ്രവം വിട്ട ദേവാഗനാലിംഗിതനായി സ്വർഗ്ഗത്തിൽ വസിക്കാനിടവരും. രാമനു് അസാധാരണസുഖപ്രദമായ വനപ്രദേശമാകുന്ന അയോധ്യയും ലഭിക്കും എന്നത്ഥം.

പദ്യം 52. ഭേദം—നിർബന്ധം ഒഴിപ്പാനുള്ള ഉപായം. അനുനീതി—അനുനയം. വല്ലഭായാഃ മനകാമ്പിനു—കൈകേയിയുടെ മനസ്സിനു. ഭേദം—മാറ്റം. ആതങ്കം—ദുഃഖം. നീതിജ്ഞൻ—നീതിയെ അറിയുന്നവൻ. ആബഭാഷേ—പറഞ്ഞു.

പദ്യം 53. സത്യം—പ്രതിജ്ഞ. ആലംഘ്യം—ലംഘിക്കത്തക്കതു. വേറിരുന്നാൽ—പിരിഞ്ഞാൽ. നിമേഷം അപി ന അലം—ഒരു നിമിഷംപോലും ഞാൻ ശക്തനാകുന്നതല്ല. നയാംബുധേ—അല്ലയോ നീതിജ്ഞ. രണ്ടം—സത്യലംഘനവും രാമവിയോഗവും. അസഹ്യം—സഹിക്കത്തക്കതല്ല. ധർമവിഹതി—ധർമത്തെ നശിപ്പിക്കുക.

പദ്യം 54. പേപ്പെരുമാൾ—ഭ്രാന്തൻ രാജാവു. മേ—എന്റെ

1. സ്യതജ്ഞാ. 2. ശുനിപ്പോം. 3. ഹ്യമോത്താലാ. 4. ഞാതവാവുവിളി. 5. ത്തിനുമി.

ആരും വരുത്തിയൊരു സങ്കടമല്ല[1] പാർത്താ—
ലീ രാമനോടു വിരഹം മമ കർമ്മമല്ലോ;
നാരായണാ! മരണവും പുനരിന്നിയെത്തും
നേരത്തു നൂനമിതിനുണ്ടു രഹസ്യസാരം. 55

ബാണം ഞാനെയ്തൊരു മുനിസുതം
കൊന്നുപോയീ ബലാല[2]—
ങ്ങാനന്ദാന്ധ്യാ കലശസലിലാ—
പൂരണേ ശബ്ദവേധീ
'പ്രാണാപായം തനയവിരഹാത്
വന്നുപോകെ'[3] ന്നു ശപ്ത്വാ
ക്ഷീണോ വൃദ്ധോ മുനിര[3]തിശ്രുചാ
മാം വിളിച്ചാബഭാഷേ. 56

[4]'രാജൻ! മാം വിദ്ധി വൈശ്യാത്മജമയി ജനനീ
ശൂദ്രജാ ബ്രഹ്മഹത്യാ
നാ ശംക്യാ തത് പ്രജാപാലനനിപുണമതേ!
വാഴ്ക ഭൂമൗ ചിരം നാഥ'
വ്യാജാപേതം പറഞ്ഞസ്ഥവിരമുനിരസൗ
മെല്ലെമെല്ലെന്നടങ്ങീ;
നാശത്തിൻ മൂലമസ്യാം ദശയിലത്ര സമാ—
സന്നമെന്നേഷ മന്യേ. 57

(ഞാൻ നല്കിയ) വരദായം. വഞ്ചിക്കുമാറ്—വഞ്ചിക്കത്തക്കവണ്ണം. നിനവു് ഇല്ല. കിഞ്ചിത്—ഒട്ടും. ഖേദം—ദുഃഖം.

പദ്യം 55. വിരഹം—വിയോഗം. മമ കർമ്മം—എന്റെ യോഗം. നൂനം—നിശ്ചയം. രഹ....രം—ഗൂഢമായ ഒരു തത്ത്വം.

പദ്യം 56. മുനിസുതം—മുനികുമാരനെ. ആനന്ദാന്ധ്യാ—ആനയാണെന്നുള്ള ഭ്രമം നിമിത്തം. കല....ണേ—കലശത്തിൽ വെള്ളം നിറയുന്ന സമയത്തിൽ. ശബ്ദവേധീ ബാണം—ശബ്ദം കേട്ടെയ്യുകൊള്ളിക്കുന്ന അമ്പു്. തന..ഹാത്—പുത്രനെ പിരിയുന്നതു ഹേതുവായിട്ടു്. പ്രാണാപായം—ജീവനാശം. ശപ്ത്വാ—ശപിച്ചിട്ടു്. ക്ഷീണം—ക്ഷീണിച്ചവനായി. അതിശ്രുചാ—വളരെ ദുഃഖത്തോടു കൂടി. മാം ആബഭാഷേ—എന്നോടു പറഞ്ഞു.

പദ്യം 57. രാജൻ—അല്ലയോ രാജാവേ. മാം വൈശ്യാത്മജം വിദ്ധി—(അങ്ങു) എന്നെ വൈശ്യാത്മജനെന്നു് അറിഞ്ഞാലും. ജനനീ ശൂദ്രജാ—എന്റെ അമ്മ ശൂദ്രന്റെ പുത്രിയാകുന്നു. തത് ബ്രഹ്മഹത്യാ ന ശങ്ക്യം—അതു ഹേതുവായിട്ടു് അങ്ങു താൻ ബ്രഹ്മഹത്യ ചെയ്യുപോയല്ലോ എന്നു ദുഃഖിക്കേണ്ടാ. പ്രജാ.....തേ—അല്ലയോ പ്രജകളെ രക്ഷിക്കുന്ന

1. കടവാത്ത പാ. 2. ലാൽ പണ്ടാന. 3. നിരിതി. 4. രാജൻ! ജാനീഹി വൈശ്യാത്മജമിഹ ജനനീ

അഭിരാമത കണ്ടു രാമനെന്നാ—
ള്ളഭിധാം ചേർത്തരുളുന്ന നാവുകൊണ്ടേ
'വിപിനേഷു നടക്കയെന്ന ചൊൽവാ—
നപകാരുണ്യ മെനിക്കു കെല്പു പോരാ.' 58

അതു കേട്ട സുമന്ത്രരും തദാനീ—
മധികം[1] കൈകയിതന്നൊടാകുലാത്മാ
ക്ഷിതിപാലസമക്ഷമായതെല്ലാം
പ്രഥിതോ നീതിഷു സാദരം ബഭാഷേ. 59

ഹാ കഷ്ടം! കേകയേന്ദ്രാനവദ്യസുചരിതമേ!
നിന്മനക്കാമ്പിവണ്ണം
മോഹഗ്രസ്തം ചമഞ്ഞാറഴകിതുടനകീ—
ത്തിക്കു നീ പാത്രമായീ[2]
ആകാതൊന്നിപ്രമേയം ഭരതനിതു ധരി—
ച്ചീലയല്ലോ മഹാത്മാ
ലോകാക്രുഷ്ടാദമുഷ്ടാദ് വിരമ ദുരഭിലാ—
ഷാത്രിലോകീവിഷാദാത്. 60

തിൽ സാമർത്ഥ്യമുള്ളാവേ. ചിരം നാം ഭ്രമൗ വാഴ്ക—അങ്ങ് വളരെക്കാലം ഭൂമിയിൽ സുഖമായിരിക്കുക. അസൗ സ്ഥവിരമുനിഃ—ഈ വൃദ്ധനായ മഹർഷി. വ്യാജാപേതം—കപടമില്ലാതെ. അസ്യാം ദശയിൽ—ഈ സമയത്തു്. നാശത്തിൻ മൂലം—നാശകാരണം. അതു സമാസന്നം—അതു് അടുത്തു വന്ന എന്നു്. ഏഷഃ (അഹം) മന്യേ—ഈ ഞാൻ വിചാരിക്കുന്നു.

പദ്യം 58. അഭിരാമത—ആകൃതിയുടെയും പ്രകൃതിയുടെയും മനോഹാരിത്വം. അഭിധാം—പേരിനെ. ചേർത്തരുളുന്ന—വിളിക്കുന്ന. വിപിനേഷു—കാടുകളിൽ. അപകാരുണ്യം—കൃപ കൂടാതെ.

പദ്യം 59. തദാനീം—അപ്പോഴും. നീതിഷു പ്രഥിതഃ—നീതിശാസ്ത്രത്തിൽ പ്രസിദ്ധനായ. അധികം ആകുലാത്മാ—വളരെ പരവശചിത്തനായി. ക്ഷിതി....ക്ഷം—രാജാവിന്റെ മുമ്പിൽവച്ചുതന്നെ. ആയതെല്ലാം—നീതികൗശലങ്ങളെല്ലാം പ്രകടിപ്പിച്ചു തന്നാലാകുന്ന വിധമെല്ലാം. സാദരം—താത്പര്യത്തോടുകൂടി. ബഭാഷേ—പറഞ്ഞു.

പദ്യം 60. കേക .....മേ—അല്ലയോ കേകയരാജവംശത്തിന്റെ യശോമൂർത്തിയായ ദേവി. മോഹഗ്രസ്തം—മൗഢ്യം ബാധിച്ചതു്. ഇതു് അഴകു്—ഇതു നല്ല ഭംഗിയായി. വിപരീതലക്ഷണ. ഒട്ടും നന്നായില്ല എന്നു സാരം. അകീർത്തിക്കു്—ദുര്യശസ്സിനു്. ഇപ്രമേയം—ഇക്കാര്യം. ആകാതൊന്നു്—പാടില്ലാത്തതു്. മഹാത്മാ ഭരതൻ—ഉദാരചിത്തനായ ഭരതൻ. ത്രിലോ..... ദാത്—മൂന്നു ലോകത്തിനും വ്യസനകരവും. ലോകാക്രുഷ്ടാത്—ലോകത്താൽ നിന്ദിക്കപ്പെട്ടതും ആയ.

1. കം കേക. 2. മായാം.

ഭവനശ്രേഭമിയററും പുണ്യരാമാഭിഷേകോ—
ത്സവകലവി മുടങ്ങീതെന്നു കേട്ടാകുലാനാം
ശിവ! ശിവ! ജനതാനാം ദീനവാക്യങ്ങൾ കേട്ടാ—
ലവശമലിയുമയ്യോ! പാഴ് കരിങ്കല്ലുപോലും.'' 61

വിധുരമിതി സുമന്ത്രേണോക്തമാകണ്ണ്യ ചൊന്നാ—
ളതിനു ചെവി കൊടാതേ [1]കൈകയീ സാ നരേന്ദ്രം
''മദഭിലഷിതമിന്നേ ചെയ്തതില്ലെങ്കിലെല്ലാം[2]
മതി മതി കളവൻ ഞാൻ ജീവനം മുമ്പിൽ നിന്നേ.'' 62

''വൃ[3]ദ്ധോ ദശരഥഃ സോ'യ—
മുപാസ്തേ ഗൃഹമേധിതാം
രാമേണ ക്ഷീരകണ്ഠേന
വനവാസോ നിഷേവ്യതേ. 63

അമുഷ്മാത് ദുരഭിലാഷാത്—ഈ ദുരാഗ്രഹത്തിൽനിന്നു്. വിരമ—നീ ഒഴിഞ്ഞുമാറുക.

പദ്യം 61. ഭവനശ്രേഭം ഇയററും—ലോകത്തിനു മംഗളം കൈവരുത്തുന്ന. പുണ്യ....വി—ശ്രേയസ്സാമായ രാമാഭിഷേകം എന്ന ഉത്സവത്തിന്റെ ആഘോഷം. മുടങ്ങീതു്—മുടങ്ങി. ആകുലാനാം—പരവശന്മാരായ. ജനതാനാം—ജനങ്ങളുടെ. ദീനവാക്യങ്ങൾ—ദുഃഖപ്രലാപങ്ങൾ. പാഴ് കരിങ്കല്ല്—ഒരു വികാരവുമില്ലാത്ത കരിങ്കല്ല്. അവശം—അടക്കാൻ കഴിവില്ലാതെ. എന്നിട്ടും നിന്റെ മനസ്സിനു് അലിവുണ്ടാകുന്നില്ലല്ലോ കഷ്ടം! എന്നർത്ഥം.

പദ്യം 62. വിധുരം—ദയനീയമാംവണ്ണം. ഇതി—ഇപ്രകാരം. സുമന്ത്രേണ ഉക്തം—സുമന്ത്രനാൽ പറയപ്പെട്ടതിനെ ആകണ്ണ്യ—കേട്ടിട്ടു്. അതിനു ചെവി കൊടാതെ—അതു കേട്ടില്ലെന്നു നടിച്ചു്. നരേന്ദ്രം—ദശരഥമഹാരാജാവിനോടു്. മദഭിലഷിതം—എന്റെ ആഗ്രഹത്തെ. ജീവനം—ജീവിതത്തെ (പ്രാണനെ). മുമ്പിൽ നിന്നേ—മുമ്പിൽ നിന്നതന്നെ.

പദ്യം 63. ദശരഥൻ പറയുന്നു: വൃദ്ധഃസഃ അയം ദശരഥഃ—വൃദ്ധനായ ആ ഈ ദശരഥൻ. ഗൃഹ....താം—ഗൃഹസ്ഥന്റെ ധർമ്മത്തെ. ഉപാസ്തേ—സേവിക്കുന്നു (അനുഷ്ഠിക്കുന്നു). ക്ഷീരകണ്ഠേന രാമേണ—മുലകുടി മാറാത്ത രാമനാൽ. അതിശയോക്തിയാണിതു്. വനവാസഃ—അരണ്യവാസം (വാനപ്രസ്ഥധർമ്മം). നിഷേവ്യതേ—സേവിക്കപ്പെടുന്നു. വൃദ്ധകൃത്യമായ വനവാസം തരുണനും തരുണകൃത്യമായ ഗൃഹമേധിത്വം വൃദ്ധനും അനുഷ്ഠിക്കുന്നു എന്നർത്ഥം.

---

1. കേക. 2. ലെന്നും. 3. ഈ പദ്യത്തിനു മുമ്പായി,
''രാമചന്ദ്രവിരഹാനലേന സം—
ദഹ്യമാനഹൃദയോ ജരാത്തുരഃ
സോപ്യചിന്തയദമുത്യനാഥസം—
ഭാവിതാമ്മഹനീയവിഷ്ടരഃ''
എന്ന പദ്യം കൂടുതലായി ചില പാഠങ്ങളിൽ കാണുന്നു.

ശശികാന്തഃ കഥം ഗ്രാവാ
ഭജതേ രവിരത്നതാം
രാമസ്തു ചന്ദനം ഭ്രത്വാ
ജാതോ മേ ദാവപാവകഃ. 64

ഹേ പ്രാണാഃ സ ഗതോ രാമ—
സ്തമനുവ്രജത ദ്രുതം
ജരസാ ജർജ്ജരൈരംഗൈഃ
ശക്തിർദശരഥസ്യ കാ?'' 65

ശ്രീരാമൻ വന്നു പിതാവിന്റെ ദുഃഖകാരണം എന്താണെന്നു കൈകേയിയോടു ചോദിച്ചു മനസ്സിലാക്കുന്നു:

നേത്രം കുളുക്കെ മമ വത്സനെ രാമമാരാൽ
പാത്തിങ്കു കാണ്മതിനു സംപ്രതി കൊണ്ടുവാ നീ''
ധാത്രീശവാ[1]ക്യമിതി കേട്ടു ശുചാ സുമന്ത്ര—
സ്തൂഷ്ണീം സ ഗദ്ഗദനിരുദ്ധഗളസ്തദാഭ്രത്. 66

പദ്യം 64. ശശികാന്തഃ ഗ്രാവാ—ചന്ദ്രകാന്തക്കല്ലു്. രവിരത്നതാം—സൂര്യകാന്തക്കല്ലിന്റെ അവസ്ഥയെ. കഥം ഭജതേ—എങ്ങനെ പ്രാപിക്കുന്നു. രാമഃ തു—രാമനാകട്ടേ. മേ—എനിക്കു്. ചന്ദനം ഭ്രത്വാ—ചന്ദനമായി ഭവിച്ചിട്ടു്. ദാവപാവകഃ ജാതഃ—കാട്ടുതീയായി ഭവിച്ചു. സാന്നിധ്യത്തിൽ എനിക്കു ചന്ദനംപോലെ അത്യാനന്ദപ്രദനായിരുന്ന രാമൻ, വിയോഗത്തിൽ കാട്ടുതീപോലെ സന്താപപ്രദനായിത്തീർന്നിരിക്കുന്നു.

പദ്യം 65. ഹേ പ്രാണാഃ—അല്ലയോ എന്റെ പ്രാണങ്ങളേ. സഃ രാമഃ—ആ രാമൻ. ഗതഃ—ഗതനായി. വനത്തിലേക്കു പോയി. ദ്രുതം—(നിങ്ങളും) വേഗത്തിൽ. തം—അവനെ. അനുവ്രജത—അനുഗമിച്ചാലും. ജരസാ—ജരകൊണ്ടു്. ജർജ്ജരൈഃ അംഗൈഃ—ശിഥിലങ്ങളായ അംഗങ്ങളോടു (കൂടിയ). ദശരഥസ്യ—ദശരഥനു്. കാ ശക്തിഃ (ഭവതി)—എന്തൊരു ശക്തി ഭവിക്കുന്നു. യാതൊരു ശക്തിയുമില്ല. അതുകൊണ്ടു് അല്ലയോ പ്രാണങ്ങളേ, നിങ്ങളും ജീർണ്ണദേഹനായ ദശരഥനെ വിട്ടു തരുണനായ രാമനെ പിന്തുടരുക എന്നു വൈരാഗ്യപൂർവ്വകമായ ആത്മോപാലംഭം പ്രകൃതം.

പദ്യം 66. നീ മമ വത്സനെ രാമം—എന്റെ ഉണ്ണിയായ രാമനെ. നേത്രം കുളുക്കെ—കണ്ണു തണുക്കുമാറു്. ആരാൽ—സമീപത്തിൽ. പാത്തു്—നോക്കി. സമ്പ്രതി—ഇപ്പോൾ. സഃ സുമന്ത്രഃ—ആ സുമന്ത്രൻ. ഇതി—ഇങ്ങനെ. ധാത്രീശവാക്യം—രാജാവിന്റെ വാക്കിനെ. ശുചാ—ദുഃഖത്തോടുകൂടി. ഗദ്ഗ....ളഃ—തൊണ്ടയിടർച്ചകൊണ്ടു മിണ്ടാൻ കഴിവില്ലാത്തവനായി. തദാ—അപ്പോൾ. തൂഷ്ണീം—മൗനമായി. അഭ്രത്—ഭവിച്ചു.

1. വാചമിതു കേ.

താതാജ്ഞ കേട്ടളവു രാമനമാത്യവാചാ
ഖേദാകുലാ[1]സ്യമവലോക്യ തൊഴുന്നനേരം
ആതങ്കഹേതുമഥ മാതരമന്വപൃച്ഛത്
സാ തത്ക്ഷണം ഗതദയാ വചനം ബഭാഷേ. 67

''ദത്തം മേ ദനുജേന്ദ്രസംഗരമഹാ—
പീഡാപനോദാത് പുരാ—
ഭർത്രാനേന വരദ്വയം പുനരതി—
ന്നിപ്പോളിരന്നീടിനേൻ
വത്സൻ നാടഖിലം ഭരിക്ക ഭരതൻ,
നീ കാനനേ പോകയെ—
ന്നിത്ഥം മദ്വചനേന ദീനഹൃദയം[2]
ശോചത്യസൗ തേ പിതാ.'' 68

ശ്രുത്വാഥ മാതൃവചനം മഹനീയധാമാ
മുഗ്ധസ്മിതദ്യുതിമനോജ്ഞമുഖാംബുജന്മാ
ഭക്ത്യാ[3]ഭിവന്ദ്യ വിനയേന ഘനാനുഭാ'വ—
നത്യുർജിതാമകലുഷാം ഗിരമാബഭാഷേ. 69

പദ്യം 67. അമാ....ചാ—മന്ത്രിയുടെ വാക്കുകൊണ്ട്. താതാജ്ഞ —അച്ഛന്റെ കല്പന. ഖേദാ.....സ്യം—ദുഃഖംകൊണ്ട പരവശമായ (അച്ഛന്റെ) മുഖത്തെ. അവലോക്യ—കണ്ടിട്ട്. അഥ—പിന്നെ. മാത രം—അമ്മയോട് (കൈകേയിയോട്). ആതങ്കഹേതും—(അച്ഛന്റെ) വ്യസനകാരണത്തെ. അന്വപൃച്ഛത്—ചോദിച്ചു. തത്ക്ഷണം—അപ്പോൾ. ഗതദയാ സാ—കൃപയില്ലാത്ത അവൾ. വചനം ബഭാഷേ—വാക്കിനെ പറഞ്ഞു.

പദ്യം 68. അനേന ഭർത്രാ—ഈ ഭർത്താവിനാൽ (ദശരഥനാൽ). പുരാ—പണ്ട്. ദനു....ദാത്—ദേവാസുരയുദ്ധത്തിൽ ഉണ്ടായ പീഡകളെ ഞാൻ ശുശ്രൂഷകളെക്കൊണ്ട തീർത്തതിനാൽ. മേ—എനിക്ക്. വരദ്വയം ദത്തം—രണ്ട വരം നല്കപ്പെട്ട. പുനഃ—പിന്നെ. വത്സൻ ഭരതൻ—എന്റെ മകനായ ഭരതൻ. നാട് അഖിലം ഭരിക്ക—നാട മുഴുവൻ ഭരിക്കണം. നീ കാനനേ പോക—നീ കാട്ടിൽ പോകണം. എന്നിത്ഥം—എന്നിങ്ങ നെ. അത്—ആ വരദ്വയം. ഇരന്നീടിനേൻ—യാചിച്ചു. അസൗ തേ പിതാ—ഈ നിന്റെ അച്ഛൻ മദ്വചനേന—എന്റെ ഈ വാക്കുകൊണ്ട്. ദീന ...യം—കരുണമാംവണ്ണം. ശോചതി—ദുഃഖിക്കുന്നേ.

പദ്യം 69. അഥ—അനന്തരം. മാതൃ....ശ്രുത്വാ—അമ്മയുടെ വാക്ക കേട്ടിട്ട്. മഹ....മാ—മഹാതേജസ്വിയായി. മുഗ്ധ.....ന്മാ—മനോഹര മായ മന്ദഹാസത്തിന്റെ ശോഭകൊണ്ട സുന്ദരമായ മുഖകമലത്തോടുകൂടിയ. ഘനാനുഭാവൻ—ഗംഭീരപ്രകൃതിയായ രാമൻ. ഭക്ത്യാ അഭിവന്ദ്യ—ഭക്തി യോടുകൂടി വന്ദിച്ചിട്ട്. അത്യുർജിതാം അകലുഷാം ഗിരം ആബഭാ ഷേ—പ്രൗഢവും ചാഞ്ചല്യമില്ലാത്തതും ആയ വാക്കിനെ പറഞ്ഞു.

1. കലം തമവ. 2. യഃ ശോ. 3. കത്യാനവ. 4. വാമത്യാ.

''ഭീതോ ഭ്[1]ഭരതഃ കിമംബ, ഭരതഃ
കിം വാ വനാത് പാവനാത്
ത്രസ്തോ'ഹം സ'ഗരാനപവായകകുദഃ
താതഃ കുതഃ ശോചതി?
ദിവ്യായാഃ സരിതോ നിവാപകരണാ-
ല്ലഘ്വീം പ്രതിജ്ഞാമിമാ-
മാ[3]വാഭ്യാമിഹ പൂരയിഷ്യതി ന ചേത്
പുത്രീ കഥം സ്യാദയം? 70

വനഭുവി തനുമാത്രത്രാണമാജ്ഞാപിതം മേ
സകലഭുവനഭാരഃ സ്ഥാപിതോ വത്സമൂർദ്ധ്നി
തദിഹ സുകരതായാമാവയോസ്സുക്കിതായാം
മയി പതതി ഗരീയാനംബ! തേ പക്ഷപാതഃ'' 71

പദ്യം 70. അംബ—അല്ലയോ അമ്മേ. ഭരതഃ—ഭരതൻ. ഭ്രുഭരതഃ—ഭ്രുഭാരം ചെയ്യുന്നതിൽ. ഭീതഃ കിം—ഭയമുള്ളവനാണോ? അഹം—ഞാൻ. പാവനാത്—പരിശുദ്ധമായ. വനാത്—വനത്തിൽനിന്നു്. ത്രസ്തഃ കിം വാ—ഭയപ്പെട്ടവനാണോ? സഗ .. ദഃ—സഗരവംശത്തിന്റെ അലങ്കാരമായ. ''കകുദ്വത്കകുദൗ ശ്രേഷ്ഠവൃഷാംഗേ രാജലക്ഷ്മണി'' എന്നു വിശ്വപ്രകാരം. താതഃ—അച്ഛൻ. കുതഃ ശോചതി—എന്തു ഹേതുവായി ദുഃഖിക്കുന്നു. ദിവ്യായാഃ സരിതഃ—ആകാശഗംഗയുടെ (ഉദകംകൊണ്ടു്). നിവാപകരണാത്—ഉദകക്രിയ ചെയ്യുന്നതിനെക്കാൾ. ''നിവാപഃ പിതൃതർപ്പണം'' എന്നു് അമരം. ലഘ്വീം—എളുപ്പത്തിൽ സാധിക്കാവുന്ന. ഇമാം പ്രതിജ്ഞാം—ഈ പ്രതിജ്ഞയെ. ആവാഭ്യം—ഞങ്ങളെക്കൊണ്ടു്. ഇഹ പൂരയിഷ്യതി ന ചേത്—പൂർണ്ണമാക്കുകയില്ലെങ്കിൽ. അയം—ഇദ്ദേഹം (അച്ഛൻ). കഥം പുത്രീ സ്യാത്—എങ്ങനെ നല്ല പുത്രന്മാരോടുകൂടിയവനായി ഭവിക്കും! ഭവിക്കയില്ല എന്നർത്ഥം. പുത്രീ—പ്രശസ്തപുത്രവാൻ. പ്രശംസാർത്ഥത്തിൽ ഇനിപ്രത്യയം. കപിലകോപാനലദഗ്ധരായ സഗരപുത്രന്മാരുടെ ദുരിതം തീർക്കുവാനായി ആകാശഗംഗയെ കൊണ്ടുവന്നു് ഉദകക്രിയ ചെയ്ത നമ്മുടെ പൂർവരാജാക്കന്മാരായ ഭഗീരഥാദികളുടെ പ്രയത്നത്തേക്കാൾ എത്രയോ തുച്ഛമായ അച്ഛന്റെ ഈ പ്രതിജ്ഞയെ നിറവേറ്റുവാൻ അശക്തന്മാരാണു് ഞങ്ങളെങ്കിൽ, ആ ഞങ്ങൾ എങ്ങനെ പുത്രശബ്ദത്തിനു് അർഹന്മാരാകും? അങ്ങനെയുള്ള പുത്രന്മാരോടുകൂടിയ അച്ഛൻ എങ്ങനെ പുത്രവാനാകും? എന്ന പരമ്പരാസിദ്ധമായ സകലപ്രശസ്തിയെയും പിതൃഭക്തിയെയും സഹോദരസ്നേഹത്തെയും സ്വകൃത്യനിർവഹണത്തിനുള്ള ഒരുക്കത്തെയും സൂചിപ്പിച്ചിരിക്കുന്നു. പ്രകൃതപദ്യവും അടുത്ത പദ്യവും ഭോജചമ്പുവിലേതാണു്.

പദ്യം 71. മേ—എനിക്കു്. വനഭുവി—കാട്ടിൽ. തനു.....ണം—ദേഹം മാത്രം രക്ഷിക്കുകയെന്നുള്ളതു്. ആജ്ഞാപിതം—കല്പിക്കപ്പെട്ട. വത്സമൂർദ്ധ്നി—അനുജനായ ഭരതന്റെ തലയിൽ. സക.....രഃ—രാജ്യ

---

1. തോ വാ ഭ. 2. സകലാനപവായകകുദസ്താതഃ 3. മാപാഭ്യാമി.

വനയാത്രയ്ക്കായി ഒരുങ്ങിയ രാമൻ കൈകേയിയോട് യാത്ര പറഞ്ഞിട്ട് കൗസല്യയെ പെണ്ണുകണ്ട് യാത്ര പറയുന്നു:

ആജ്ഞാമാദായ മാലാമിവ ശിരസി മുദാ
യാത്ര ചൊല്ലും ദശായാം
മൂർച്ഛിച്ചാഹന്ത! വീണൂ ദശരഥനിടിവെ:—
ട്ടേറ്റ തേന്മാവുപോലെ;
''സ്വാച്ഛന്ദ്യോ[1]പേതമിന്നേ വനഭുവി വി[2]രയെ—
പ്പോക നീ വൈകിയായ്ക്കേ[3]—''
ന്നാജ്ഞാപിക്കും ജനിത്രീം തൊഴുത പുരവരാത്
സംപ്രതസ്ഥേ മഹാത്മാ. 72

കൗതുകോദയവിലോളിതാം ദ്രുത—
മുപത്യേ ജാതധൃതി മാതരം
കോസലേന്ദ്രതനയാം വണങ്ങി
വനവാസയാത്ര പറയും വിധൗ
ഖേദവാരിധിയിൽ വീണു[4]ഴന്ന
തിര[5]തല്ലി നല്ല ചുഴിയിൽ കിട—
ന്നാധി പൂണ്ടതു പറഞ്ഞുകൊംവതി—
നൊരുത്തനില്ല മതിവൈഭവം. 73

ഭാരം മുഴുവൻ. സ്ഥാപിതഃ—വയ്ക്കപ്പെട്ടിരിക്കുന്നു. തത്—അതു ഹേതുവായി ഇഹ—ഇവിടെ. ആവയോഃ—ഞങ്ങളം രണ്ടുപേരുടേയും (കൃത്യങ്ങളുടെ). സുകരതായാം തക്കിതായാം—ലാഘവം വിചാരിക്കുമ്പോഴം. അംബ—അല്ലയോ അമ്മേ. തേ—നിനക്ക്. മയി—എന്നിൽ (എന്നെക്കുറിച്ച്). ഗരീയാൻ പക്ഷപാതഃ—വലുതായ ആനുകൂല്യം. പതതി—പതിക്കുന്നു (ഉള്ളതായി തോന്നുന്നു).

പദ്യം 72. മഹാത്മാ—മഹാത്മാവായ രാമൻ. ആജ്ഞാം മാലാം ഇവ ശിരസി ആദായ—(അച്ഛന്റെ) കല്പനയെ മാലയെപ്പോലെ ശിരസ്സിൽ വഹിച്ചിട്ട്. മുദാ—സന്തോഷത്തോടുകൂടി. യാത്രചൊല്ലും ദശായാം—യാത്ര പറയും സമയത്തിങ്കൽ. മൂർച്ഛിച്ച്—മോഹാലസ്യപ്പെട്ട്. ആഹന്ത—കഷ്ടം കഷ്ടം. സ്വാച്ഛ....തം—തന്നിഷ്ടത്തോടുകൂടി. വനഭുവി—കാട്ടിൽ. ആജ്ഞാപിക്കും ജനിത്രീം—കല്പിക്കുന്ന മാതാവിനെ (കൈകേയിയെ). പുരവരാത്—കോവിലകത്തുനിന്ന്. സംപ്രതസ്ഥേ—പുറപ്പെട്ടു.

പദ്യം 73. ദ്രുതം—വേഗത്തിൽ. കൗതു....താം—തന്റെ പുത്രനെ രാജ്യത്തിൽ അഭിഷേകം ചെയ്യാൻ ഭാവിക്കുന്നു എന്നറിഞ്ഞു വളരെ സന്തോഷിച്ചിരിക്കുന്ന. ജാതധൃതി—ധൈര്യത്തോടുകൂടി. മാതരം—അമ്മയായ. കോസ....യാം—കൗസല്യയെ. വന....യാത്ര—കാട്ടിൽ വസിക്കുവാനായുള്ള പുറപ്പാട്. പറയുംവിധൗ—പറയുമ്പോഴം. ഖേദ....യിൽ—ദുഃഖസമുദ്രത്തിൽ. ആധി—ദുഃഖം. മതിവൈഭവം—ബുദ്ധിസാമർത്ഥ്യം.

1. സ്വച്ഛന്ദ്യാപേത. 2. വിരിയെ 3. യതെ. 4. ൽനിന്നുഴ. 5. തലതല്ലി.

''രേഖാരഥാംഗസരസീരുഹശംഖചിഹ്നേ
ക്ഷേമംകരേ തവ കരേ ജഗതാം ത്രയാണാം
'കാന്താരകന്ദഖനനം രചയേ'തി നൂനം—
മാമുക്തവാൻ പ്രതിസരം ഭഗവാൻ വസിഷ്ഠഃ.'' 74

''ഖേദിച്ചീടായ്ക ഞാനിന്നടവിയിൽ വിടകൊ—
ണ്ടാൽ നിരാധാരമയ്യോ!
വാർതിക്കും മധ്യമാംബാപരുഷവചനദം—
ഭോളിസംഭേദഭിന്നം
നീതിജ്ഞേ! തീവ്രശോകാനലചടുലശിഖാ—
ജാലനിർദഗ്ധസാരം
താതസ്യാംഗം കഥഞ്ചിന്മമ ജനനി! കളി
ച്ചും പിരിഞ്ഞീടൊലാ നീ.'' 75

പിന്നെ ശ്രീരാമൻ സീതയെ ചെന്നുകണ്ടു യാത്ര പറയുകയും സീതയുടെ വരുമെന്നു നിർബന്ധിക്കുകയും ചെയ്യുന്നു:

ഇത്ഥം പറഞ്ഞു ഘനബാഷ്പനിരോധഖിന്നാം
നത്വാ ജനിത്രിയെ നതാനനപുണ്ഡരീകാം
ഉദ്വീക്ഷിതഃ സുചിരമുദ്ഗളദശ്രു പൗരൈഃ
പ്രസ്ഥായ മൈഥിലസുതാഭവനം പ്രപേദേ. 76

പദ്യം 74. ഭഗവാൻ വസിഷ്ഠഃ—ഭഗവാനായ വസിഷ്ഠമഹർഷി. ത്രയാണാം ജഗതാം—മുന്നു ലോകങ്ങൾക്കും. ക്ഷേമംകരേ—ക്ഷേമത്തെ ചെയ്യുന്നതും. രേഖാ....ഹ്നേ—രേഖാരൂപങ്ങളായ ചക്രം പദ്മം ശംഖം ഇങ്ങനെയുള്ള അടയാളങ്ങളുള്ളതുമായ. തവ കരേ—നിന്റെ കൈയിൽ. കാന്താ.... നം രചയ—കാട്ടിലെ കിഴങ്ങു പറിക്കുക. ഇതി നൂനം പ്രതിസരം ആമുക്തവാൻ—എന്നു കല്പിച്ചുതന്നെയാവാം കാപ്പു കെട്ടിയതു്. വിവാഹം അഭിഷേകം മുതലായ കർമ്മങ്ങൾക്കു പൂർവ്വാങ്ഗമായി പുരോഹിതൻ മന്ത്രപൂരസ്സരമായി കൈയിൽ കെട്ടുന്ന ചരടിനു് കൗതുകം അല്ലെങ്കിൽ പ്രതിസരം എന്നുപേർ. ''ഹസ്തസൂത്രേ പ്രതിസരോഽസ്ത്രീയാം'' എന്നമരം. ''കാന്താം രാതി ഇതി കാന്താരഃ രാവണഃ, തസ്യ കന്ദം കണ്ടം തസ്യ ഖനനം' എന്നും കാന്താരഖനനത്തിനർത്ഥം.

പദ്യം. 75. അടവി.—വനം. നിരാധാരം—ആശ്രയമില്ലാത്തതു്. മധ്യമന്തം—നടുവിലെ അമ്മ (കൈകേയി)യുടെ ക്രൂരവാക്കുകളാകുന്ന വജ്രത്താൽ പിളർക്കപ്പെട്ടതു്. തീവ്ര....രം—വലുതായ ദുഃഖാഗ്നിയുടെ ജ്വാലാമാലകളേറ്റു് ഉള്ള നീറിയതായിരിക്കുന്ന. താതസ്യ അംഗം—അച്ഛന്റെ ശരീരത്തെ. കഥഞ്ചിൽ—ഒരുപ്രകാരത്തിലും. നീതിജ്ഞേ—അല്ലയോ കാര്യം അറിയുന്നവളേ. മമ—എന്റെ. ജനനി—അമ്മേ. പിരിഞ്ഞീടൊലാ—പിരിയരുതേ.

പദ്യം 76. ഇത്ഥം—ഇവ്വണ്ണം. ഘന.....ന്നാം—വലുതായ ദുഃഖം കൊണ്ടുണ്ടായ കണ്ണുനീരിനെ തടഞ്ഞതുകൊണ്ടു പരവശയായി. നത....കാം—മുഖകമലത്തെ താഴ്ത്തി നില്ക്കുന്ന. ജനിത്രിയെ—അമ്മയെ. നത്വാ—നമസ്കരിച്ചിട്ടു്. പൗരൈഃ—പുരവാസികളാൽ. ഉദ്ഗളദശ്രു—കണ്ണു

[1]കല്യാണവാദസുഖിതാം സഹസൈവ കാന്താം
കാന്താരചാരകഥയാ കലുഷീചകാര
അംഭോദനാദമുദിതാം വിപിനേ മയൂരീം
സന്ത്രാസയന്നിവ ധനുർധ്വനിനാ പുളിന്ദഃ. 77

''അഹം ഗമിഷ്യാമി മഹാവനം പ്രിയേ!
ത്വയാ ഹി വസ്തവ്യ[2]മിഹൈവ മാനിനി!
യഥാ വ്യളീകം കുരുഷേ ന കസ്യചിത്
തഥാ ത്വയാ കാര്യമിദം വചോ മമ.'' 78

കിം താദേന നരേന്ദ്രസേഹരസിഹാ—
ളീഢഗ്രപാദേന[3] മേ
കിം വാ മേ സസുരേണ വാസവമഹാ—
സിംഹാസനാ[4]ദ്ധ്യാസിനാ

നീർ വാങ്ങുകൊണ്ട്. ഉദ്വീക്ഷിതഃ—നോക്കപ്പെട്ടവനായി. പ്രസഥായ—പുറപ്പെട്ട്. മൈഥി....നം പ്രപേദേ—സീതയുടെ ഗൃഹത്തെ പ്രാപിച്ചു.

പദ്യം 77. (രാമൻ) കല്യാണ....താം—അഭിഷേകതുല്യമായ മംഗലകാര്യം സംസാരിച്ചു സന്തോഷിച്ചിരിക്കുന്ന. കാന്താം—പത്നിയായ സീതയെ. സഹസാ ഏവ—പെട്ടെന്ന്. കാന്താ....യാ—തനിക്കു വനവാസം ചെയ്യാൻ സംഗതി വന്നിരിക്കുന്നു എന്നുള്ള കഥകൊണ്ട്. കലുഷീചകാര—പരവശയായിത്തീർത്തു. വിപിനേ—വനത്തിൽ. അംഭോ . താം—ഇടിമുഴക്കം കേട്ടു സന്തുഷ്ടയായ. മയൂരീം—മയിൽപ്പേടയെ. ധനുർധ്വനിനാ—ഞാണൊലികൊണ്ട്. സന്ത്രാസയൻ—ഭയപ്പെടുത്തുന്ന. പുളിന്ദഃ ഇവ—വേടൻ എന്നപോലെ.

പദ്യം 78. പ്രിയേ—അല്ലയോ പ്രാണവല്ലഭേ. അഹം മഹാ വനം ഗമിഷ്യാമി—ഞാൻ അരണ്യത്തിലേക്കു പോകുന്നു. മാനനി—അല്ലയോ മാനവതിയായുള്ളോവേ. ത്വയാ ഇഹ ഏവ വസ്തവ്യം—നീ ഇവിടെത്തന്നെ വസിക്കണം. യഥാ കസ്യചിത് വ്യളീകം ന കുരുഷേ—ആർക്കും അപ്രിയം എങ്ങനെ ഉണ്ടാവുകയില്ലയോ തഥാ മമ ഇദം വചഃ ത്വയാ കാര്യം—അങ്ങനെ എന്റെ ഈ വാക്കിനെ നീ അനുസരിക്കണം.

പദ്യം 79. സീതയുടെ മറുപടി: നരേന്ദ്രശേഖരശിഖാലീഢാഗ്രപാദേന—രാജാക്കന്മാരുടെ കിരീടങ്ങളുടെ അഗ്രങ്ങളാൽ സ്പർശിക്കപ്പെടുന്ന

---

1. ചില ഗ്രന്ഥങ്ങളിൽ പദ്യക്രമം, കല്യാണവാദ—കോപാദാകല്പ്യ—താതഃ പ്രേഷ്യളഃ—കിം ലോകേന—മാ ഭ്രൂത്വത്പദ—കൈകയീമയേ—പാതയ്യാ—സംരംഭേ മതിമതി—താതന്റെ പൊന്നുതു കേട്ട്—താതാദേശ—കഷ്ടം താതാജ്ഞ—എന്നിപ്രകാരമത്രേ—താതാദേശേന—അഹം ഗമിഷ്യാമി—കിം താദേന—ആദാവേവ—പ്രിയേ! ജനക—രാമൻ പൊല്ലി (ഗദ്യം)—യദി ഗന്തും—ഉദ്യാഭിയാന്ത—ഉന്നിദ്രമോദ—അന്നേരം കാട്ടതീ—എന്നിങ്ങനെ കാണുന്നു.

2. വ്യമത്രൈത വിദേഹമന്ദിരേ യഥാ. 3. ദേനേ വാ കിം വാ മേ സുസുരേണ.

4. സണത്ഥാസി.

തേ ദേസാ ഗിരിണോ അ[1] ദേ വണമഹീ
സ[2]ച്ചേണ മേ വള്ളഹാ
കോസള്ളാ[3]തണജസ്സ ജത്ഥ ചളണേ
വന്ദാമി നന്ദാമി വാ. 79

ഛായാ:

കിം താതേന നരേന്ദ്രശേഖരശിഖാ—
ലീഢാഗ്രപാദേന[4] മേ
കിം വാ മേ ശത്രുരേണ വാസവമഹാ—
സിംഹാസനാ[5]ർദ്ധാസിനാ
തേ ദേശാ ഗിരയ[6]ശ്ച തേ വനമഹീ
സത്യേന[7] മേ വല്ലഭാഃ
കൗസല്യാ[8]തനയസ്യ യത്ര ചരണേ
വന്ദേ നന്ദാ[9]മി വാ.
''ആദാവേവ കൃശോദരീ കുചതടീ—
ഭാരേണ നമ്രാ പുനഃ
കേളീചംക്രമണം ച നൈവ സഹസേ
ഡോളാവിധൗ താമ്യസി
സ്രോതഃ കാനനശൈലനിർഝരഗിരി—
പ്രായാനപൂർവ്വാനിമാൻ
ഭ്രാതാനയി ഭീരു! ഭൈരവമൃഗാൻ
വൈദേഹി യായാഃ കഥം? 80

കാൽത്തമ്പോട്ടുകുടിയവനായ. താതേന—അച്ഛനെക്കൊണ്ട്. മേ—എനി ക്കു. കിം വാ—എന്താകുന്നു? വാസവമഹാസിംഹാസനാർദ്ധാസിനാ—ദേവേന്ദ്രന്റെ മഹത്തായ സിംഹാസനത്തിന്റെ പകുതിയിൽ ഇരിക്കുന്ന വനായ. ശത്രുരേണ—ത്തോവിന്റെ അച്ഛനെക്കൊണ്ട്. മേ കിം വാ—എനിക്കെന്താണു? യത്ര കൗസല്യാതനയസ്യ ചരണേ വന്ദേ നന്ദാമി വാ—യാതൊരിടത്തു കൗസല്യാപുത്രന്റെ (അവിടുത്തെ) പാദങ്ങളെ ഞാൻ വ ന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നുവോ, തേ ദേശാഃ ഗിരയഃ ച സത്യേന മേ വല്ലഭാഃ—കാട്ടിലുള്ള ആ പ്രദേശങ്ങളും പർവ്വതങ്ങളുമാണു സ ത്യമായിട്ടു എനിക്കു പ്രിയപ്പെട്ടവ.

പദ്യം 80. വൈദേഹി—അല്ലയോ സീതേ. (ത്വം)—നീ. ആദൗ ഏവ—മുമ്പേതന്നെ. കൃശോദരീ—ചടച്ചതായ മധ്യപ്രദേശത്തോടുകൂടി യവളും. പുനഃ—പിന്നെ. കുച .....ണ നമ്രാ—സ്തനഭാരം കൊണ്ടു കുനിഞ്ഞവളും (ആകുന്ന). കേളീചംക്രമണം ച ന ഏവ സഹസേ—വി നോദസഞ്ചാരത്തിനുപോലും നീ ശക്തയല്ല. ഡോളാവിധൗ—ഊഞ്ഞാ

1. യദോവ. 2. സച്ചം അമേ. 3. ള്ളാസുഖ ജത്ഥ തുജ്ഝ ചളനേ വദ്ദാമി ണിദ്ദാമി വാ. 4. ദേന മേ വാ. 5. നാദ്ധ്യാസിനാ. 6. ഗിരയോ യതോ വന. 7. സത്യം ച മേ. 8. ല്യാസുഖ യത്ര തവ. 9. നിദ്രാമി വാ.

പ്രിയേ! ജനകനന്ദിനി! പ്രകൃതിപേശലാമീദൃശീം
കഥം ഗ്രപയിതും സഹേ തവ ശിരീഷമൃദ്വീം തനും
ഗൃഹീതഹരിണീഗണത്രികവിസാരിനാനാസിരാ-
ക്ഷതക്ഷരിതശോണിതാരുണവൃകാനനേ കാനനേ[1]. 81

ലാട്ടമ്പോഴം. താമ്യസി-ക്ഷീണിക്കുന്നു. ഭീരു-അല്ലയോ ഭയശീലേ. സ്രോതഃ.....യാൻ-പുഴകളും കാട്ടുകളും കുണ്ടുകളും വെള്ളച്ചാട്ടങ്ങളും പർവതങ്ങളും ഇവുക നിറഞ്ഞവയും. ഭൈരവമൃഗാൻ-ഭയങ്കരമൃഗങ്ങളുള്ളവയും. അപൂർവാൻ-മുമ്പു പരിചയമില്ലാത്തവയും ആയ. ഇമാൻ ഭ്രഭാഗാൻ-ഈ പ്രദേശങ്ങളെ. കഥം യായാഃ-നീ എങ്ങനെ യാനം ചെയ്യും.

പദ്യം 81. പ്രിയേ ജനകനന്ദിനി-അല്ലയോ വല്ലഭയായ ജനകരാജപുത്രി. തവ-നിന്റെ. പ്രകൃ.....ലാം-സ്വഭാവേന സുന്ദരവും. ശിരീ.....ദ്വീം-നെന്മേനിവാകപ്പൂപോലെ മൃദുവും ആയ. ഈദൃശീം തനും-ഇവ്വണ്ണമുള്ള ശരീരത്തെ. ഗൃഹീ....നേ കാനനേ-പിടികൂടപ്പെട്ട മാൻപേടകളുടെ കണ്ണാകളത്തിലുള്ള ഞരമ്പുകളും മുറിഞ്ഞു് അവയിൽനിന്നൊഴുകുന്ന ചോരകൊണ്ടു ചുവന്ന മുഖങ്ങളോടു കൂടിയ ചെന്നായ്ക്കളുള്ള വനത്തിൽ. ഗ്രപയിതും (അഹം) കഥം സഹേ-ഓടി ക്ഷീണിപ്പിക്കുന്നതു ഞാൻ എങ്ങനെ സഹിക്കേണ്ടു?

---

1. ഈ പദ്യം കഴിഞ്ഞയുടൻ, ''രാമൻ പൊല്ലിയതെല്ലാം കേട്ടതി ഖേദംപൂണ്ടു പറഞ്ഞാൾ സീതാ. 'ഭർത്താവോടു പിരിഞ്ഞാൽ ഭവനം വനമായ്ത്തന്നെ ഭവിച്ചീടുന്നു. കല്പം മുള്ളും കരടും മുക്കുമുള്ളോരു കാട്ടിൽ ഭർത്തൃസമീപംതന്നിൽ വസിപ്പതു കലമഹിരാജനമ്മെല്ലാവർക്കും സുഖദംതന്നെ. ഭർത്താവിൻ നിഴലല്ലോ ഭാര്യാ ചിത്താശ്വാസമതികലിതപ്പൂ. തിരുമലരടിയിണ സതതം സേവിച്ചീടുവതേക്കാളെന്തൊരു ധർമ്മം? ഭർത്താ ദൈവം സതികൾക്കെന്നതു വ്യർത്ഥമരച്ചൊരു മൊഴിയല്ലല്ലോ. ഗിരിതടഗഹരവനഭുവിതാനം കരുണാകര! നിൻ പിറകേ പോരാം. എന്നെയുപേക്ഷിച്ചങ്ങു ഗമിച്ചാൽ പിന്നെഗ്ഗരണം മരണമെനിക്കു' എന്നു പറഞ്ഞതു കേട്ടു രഘൂദ്വഹനന്നതമോദം സമ്മതമേകി''-എന്ന ഗദ്യവും.

യദി ഗന്തും കൃതാ ബുദ്ധിർവനം ഗുരുകാകുലം,
അഹം താമനയാസ്യാമി രാഘവാഗ്രേ ധനുർധരഃ.

തദാഭി(പി?)യാന്തമനഗച്ഛതി മൈഥിലീ മാം
വത്സോ ജഹാതി ന കദാചന ലക്ഷ്മണോഽപി
ഇത്യേതയോരനുഗതിം പരിബോധ്യ ഗന്തും
ദ്വയോഽപി ഭ്രപഭവനം പ്രവിവേശ രാമഃ.

ഉന്നിദ്രമോദഭരമപ്പൊഴുമൊന്നുപോലെ
തന്നിൽ കവിഞ്ഞു വഴിയും കരുണാപയോധിഃ
പിന്നെ പ്രിയാസഹജയാത്രയുണർത്തുവാനായ്
ചെന്നന്തികേ തൊഴുതതും പുനരാബഭാഷേ.

എന്ന മൂന്നു പദ്യവും അധികമായി ചില പാഠങ്ങളിൽ കാണുന്നു.

ശ്രീരാമാഭിഷേകം തടയപ്പെട്ടിരിക്കുന്ന വാർത്ത കേട്ട ലക്ഷ്മണന്റെ കോപദുഃഖാദ്യവസ്ഥകളെ വർണ്ണിക്കുന്നു:

കോപാദാകർണ്ണ്യ കർണ്ണജ്വരകരണപടും
രാമചന്ദ്രാഭിഷേക–
പ്രത്യൂഹോത്തേമന്തഃപുരജനകഥിതം
ലക്ഷ്മണസ്തത്ക്ഷണേന
ശിഞ്ജാസന്ധാനഗുഞ്ജദ്വലയകളകളോ[1]–
ദ്ഗീർണ്ണജൈത്രപ്രശസ്തിഃ
സംരംഭാദർദ്ധമാഗ്രേ ശരമപി ശരധേ–
രുദ്ധരന്നഭ്യധാവത്. 82

''താതഃ പ്രേമജളഃകരോത്യനുചിതം
ത്യാജ്യഃ സ പൂജ്യോഽപി സൻ;
കൈകേയ്യാഃ കുചരിത്രമേതദിതി ചേ–
ത്തത്രാസ്തി കുണ്ഠക്രമഃ;
ആര്യശ്ചേദ് ഭരതോ വികർത്തനകുലേ
കുത്സ്യം കളങ്കം സ്ഥിതോ
ഗുഞ്ജജ്യാമുഖരം ധനുർന്ന മയാ
തസ്യൈവ ന സ്വാദ്യതേ. 83

പദ്യം 82. തത്ക്ഷണേന–അപ്പോഴം. ലക്ഷ്മണഃ–ലക്ഷ്മണൻ. കർണ്ണ....ട്ടം–ചെവിക്കു ശല്യമുണ്ടാക്കുമാറ്. അന്തഃ.....ന്തം–അന്തഃപുരത്തിലുള്ളവർ പറഞ്ഞ. രാമ... ന്തം–രാമാഭിഷേകത്തിനു വിഘ്നം വരിച്ചിരിക്കുന്ന വാർത്തയെ. ആകർണ്ണ്യ–കേട്ടിട്ട്. കോപാത്–കോപം ഹേതുവായി. ശിഞ്ജാ....സ്തിഃ–വില്ലിനു ഞാണു കെട്ടുന്ന സമയത്തു കൈവളകൾ കിലുങ്ങുന്നതിൽനിന്നു പുറപ്പെടുന്ന ജയഘോഷത്തോടുകൂടിയവനായിട്ട്. സംരംഭാത്–ഉത്സാഹാധിക്യം ഹേതുവായിട്ട്. അർദ്ധമാഗ്രേ–വഴിമധ്യത്തിൽവച്ചുതന്നെ. ശരധേഃ–ആവനാഴിയിൽനിന്നു. ശരം അപി ഉദ്ധരൻ–അമ്പും വലിച്ചെടുത്തുകൊണ്ട്. അഭ്യധാവത്–രാമനു അഭിമുഖമായി ഓടിവന്നു.

പദ്യം 83. ലക്ഷ്മണൻ പറയുന്നു: താതഃ പ്രേമജളഃ അനുചിതം കരോതി ചേത്–അച്ഛൻ പ്രേമം ഹേതുവായിട്ട കാര്യാകാര്യവിവേകശൂന്യനായിട്ട് അയോഗ്യമായിട്ടിങ്ങനെ ചെയ്യുന്നതാണെങ്കിൽ. സഃ പൂജ്യഃ സൻ അപി ത്യാജ്യഃ–അദ്ദേഹം പൂജ്യനാണെങ്കിലും ത്യാജ്യനായി വരുന്നു. ഏതത് കൈകേയ്യാഃ കുചരിത്രം ഇതി ചേത്–ഇതു കൈകേയിയുടെ ദുശ്ചേഷ്ടിതമാണെങ്കിൽ തത്ര കുണ്ഠക്രമഃ അസ്തി–അക്കാര്യത്തിൽ ക്രമം നോക്കാതെ പ്രവർത്തിപ്പാൻ ഒരുക്കമുണ്ട്. മാതൃഭക്തി വേണ്ടതോണെന്നുള്ള മര്യാദയെ ലംഘിച്ചു ചിലതു ചെയ്യാനൊരുക്കമുണ്ട് എന്നർത്ഥം. ആര്യഃ ഭരതഃ വികർത്തനകുലേ കളങ്കം കുത്സ്യം സ്ഥിതഃ ചേത്–ജ്യേഷ്ഠനായ ഭരതനാണ് സൂര്യവംശത്തിൽ മാലിന്യം വരുത്തുവാൻ ഒരുങ്ങിനില്ക്കുന്നതു് എങ്കിൽ. തസ്യ ഏവ–അവനു വേണ്ടിത്ത

1. ളോത്കീർണ്ണ.

കിം ലോഭേന വിലംഘിതഃ സ ഭരതോ
യേനൈതദേവം കൃതം,
മാതാ[1] സ്ത്രീലഘുതാം ഗതാ കിമഥവാ
മാതൈവ മേ മദ്ധ്യമാ;
മിഥ്യൈതന്മമ ചിന്തിതം ദ്വിതയ—
മപ്യാര്യാന്ത[2]ജോ മേ ഗുരു—
മ്മാതാ താതകുലത്വമിത്യനുചിതം
മന്യേ വിധാത്രാ കൃതം. 84

മാ ഭ്രൂത് ത്വത്പദപദ്മയോരരുണിമാ
കാന്താരസഞ്ചാരതഃ,
പാണൗ പാടലിമാ മനാക് പ്രസരതു
ജ്യാകർഷണാദേവ മേ;
കൈകേയീപരിഭൂതതാതവചനേ
നഗ്നോ ഭവാൻ മാ സ്മ ഭ്രൂത്,
കിഞ്ചിന്മാമകമാര്യ! ശൗര്യജലധേ!
നമ്രം ധനുർവർത്തതാം. 85

ന്നെ. മയാ—എന്നാൽ. ധനുഃ ഗുണ....രം സമ്പാദ്യതേ നന്നു—വില്ല ചെറുഞാണൊലി മുഴക്കുന്നതായിട്ട് തയാറാക്കപ്പെട്ടിരിക്കുന്നു നിശ്ചയം.

പദ്യം 84. യേന ഏതത് ഏവം കൃതം—യാതൊരുത്തനാൽ ഇതു് ഇങ്ങനെ ചെയ്യപ്പെട്ടുവോ. സഃ ഭരതഃ ലോഭേന വിലംഘിതഃ കിം—ആ ഭരതൻ ലോഭത്താൽ (പരദ്രവ്യേച്ഛയാൽ) ആക്രാന്തനായോ? അഥവാ—അല്ലെങ്കിൽ. മാതാ—അമ്മ (കൈകേയി). സ്ത്രീലഘുതാം ഗതാ കിം—സ്ത്രീസഹജമായ നിസ്സാരതയെ പ്രാപിച്ചുവോ? മേ മാതാ ഏവ മദ്ധ്യമാ—എന്റെ ആ മാതാവുതന്നെ മദ്ധ്യമയാണല്ലോ (ഉത്തമയല്ല). മേ ഗുരുഃ ആര്യാനുജഃ—എന്റെ ജ്യേഷ്ഠൻ ആര്യന്റെ (ശ്രീരാമന്റെ) അനുജനാകുന്നു. മാതാ താതകുലത്വം—അമ്മ (കൈകേയി) അച്ഛന്റെ കുലത്രമാകുന്നു. ഇതി മേ ദ്വിതയം ചിന്തിതം അപി മിഥ്യാ-ഇങ്ങനെയുള്ള എന്റെ രണ്ടു വിചാരവും തെറ്റായിട്ടുള്ളതാകുന്നു. വിധാത്രാ അനുചിതം കൃതം ഇതി മന്യേ—ബ്രഹ്മാവിനാൽ (ഇതു്) അനുചിതമായിട്ടു ചെയ്യപ്പെട്ട എന്നു ഞാൻ വിചാരിക്കുന്നു.

പദ്യം 85. ശൗര്യജലധേ ആര്യ—അല്ലയോ ശൗര്യനിധിയായ ജ്യേഷ്ഠ. കാന്താ....തഃ ത്വത്പ....യോഃ അരുണിമാ മാ ഭ്രൂത്—കാട്ടിൽ സഞ്ചരിക്കുന്നതുകൊണ്ടു് അങ്ങയുടെ പാദപങ്കജങ്ങൾക്കു ചുവപ്പുണ്ടാകരുതു്. ജ്യാകർഷണാത് മേ പാണൗ ഏവ മനാക് പാടലിമാ പ്രസരതു—ഞാണു വലിക്കുന്നതുകൊണ്ടു് എന്റെ കൈയാന്മേൽത്തന്നെ കുറച്ചു ചുവപ്പു വ്യാപിച്ചുകൊള്ളട്ടേ. കൈകേ....നേ ഭവാൻ നമ്രഃ മാ സ്മ ഭ്രൂത്—കൈകേയിയുടെ നിർബന്ധത്തിനു കീഴടങ്ങി അച്ഛൻ പറഞ്ഞ വാക്കിൽ അങ്ങുന്നു വണക്കമുള്ളവനായി ഭവിക്കേണ്ട. മാമകം ധനുഃ കിഞ്ചിത് നമ്രം വർത്തതാം—എന്റെ വില്ലു കുറച്ചൊന്നു കുനിഞ്ഞതായി ഭവിക്കട്ടെ.

1. മാത്രം സ്ത്രീ. 2. ര്യാനുത്രപം ഗു.

കൈകേയീമയപിശാചികാപഹൃതതാത—
വാക്യമിദമെന്നത—
ങ്ങാകലയ്യ ധരണീതലം പ്രഥമദത്ത—
മാര്യ! പരിപാല്യതാം;
ലോകരക്ഷണവിഹീനഭൂപനിഹലോക—
മില്ല പരലോകവും
മോഹമെന്തിതു വിരുദ്ധരായവരെ വെല്ല—
വാനുമിഹ ഞാനുളോൻ.'' 86

ശ്രീരാമൻ ലക്ഷ്മണനെ സമാധാനപ്പെടുത്തുകയും പിന്നെ 'പ്രിയാ സഹജയാത്രയുണ്ടുവാനായി' ദശരഥന്റെ അടുക്കൽ ചെല്ലുകയും ചെയ്യുന്നു:

പാരുഷ്യമാന്നിതി വദന്തമുദഗ്രകോപാദ്
വീരം നിജാനുജമസാവവലോക്യ ധീമാൻ
ചാരുസ്മിതദ്യുതിയിലോളമെടുത്ത വാചാ
ശ്രീരാമചന്ദ്രനരികത്തു വിളിച്ചുവാദീത്. 87

''സംരംഭം മതി മതി വത്സ! ലക്ഷ്മണാ! കേവം
പാരിച്ചൊന്നിതു ബത താതശാസനം കേവം
പാരിൽ പണ്ടിഹ പിതൃശാസനാദകൃത്യ—
പ്രാരംഭം പലരുമിയന്നുവാറു കേളപ്പു. 88

ജ്യേഷ്ഠൻ അനുഭവിപ്പാൻ സംഗതി വന്നിരിക്കുന്ന ദുരവസ്ഥകളെല്ലാം അതിന്റെ പ്രതികാരകരണത്തിലേർപ്പെട്ട ഞാൻ അനുഭവിക്കാം എന്ന ഭാവം.

പദ്യം 86. ആര്യ—അല്ലയോ ജ്യേഷ്ഠ. ഇദം കൈക....ക്യം ഇതി ആകലയ്യ—ഇതു കൈകേയീരൂപമായ ഒരു പിശാചിക ബാധിച്ചിട്ട് അമ്മൻ പറഞ്ഞതാണ് എന്ന നിശ്ചയിച്ച്. പ്രഥമദത്തം ധരണീതലം പരിപാല്യതാം—ആദ്യം തന്നതായ ഭൂമിയെ രക്ഷിച്ചാലും. അമ്മൻ ആദ്യം കല്പിച്ചുവണ്ണം ജ്യേഷ്ഠൻ അഭിഷിക്തനായി രാജ്യഭാരം ഏറെറടുത്തു നടത്തിയാലും. ലോക....പനു—പ്രജാപരിപാലനം ചെയ്യാത്ത രാജാവിനു. മോഹം എന്തു് ഇതു—ഈ അജ്ഞാനത്തിനു കാരണമെന്തു്? വിരുദ്ധരായവരെ—എതിർക്കുന്നവരെ. വെല്ലുവാൻ—ജയിപ്പാൻ. ഞാൻ ഉളോൻ—ഞാൻ ഉണ്ടല്ലോ.

പദ്യം 87. ഉദഗ്രകോപാത്—വർദ്ധിച്ച കോപംകൊണ്ട്. പാരുഷ്യം—ക്രൗര്യം. ഇതി വദന്തം—ഇങ്ങനെ പറയുന്നവനായി. വീരം നിജാനുജം—ധീരനായ തന്റെ അനുജനെ. അവലോക്യ—നോക്കീട്ട്. ധീമാൻ അസൗ—ബുദ്ധിമാനായ ഈ രാമചന്ദ്രൻ. ചാരു....യിൽ ഓളം എടുത്ത വാചാ—മനോഹരമായ മന്ദഹാസശോഭയിൽ ഓളം വെട്ടുന്ന വാക്കുകൊണ്ട്. അവാദീത്—പറഞ്ഞു.

പദ്യം 88. വത്സ ലക്ഷ്മണ— അല്ലയോ അനുജനായ ലക്ഷ്മണ. സംരംഭം—കോപാവേശം. മതി മതി. താതശാസനം പാരിച്ചൊന്നിതു്—അമ്മന്റെ കല്പന വളരെ വലുതായിട്ടുള്ളതാണു്. ഇഹ പാരിൽ—ഈ ഭൂമിയിൽ. പിതൃ....നാത്—അമ്മന്റെ കല്പനയാൽ. അകൃത്യ

താതൻ ചൊന്നതു കേട്ടു പണ്ടു തരസാ
വ്യാപാദ്യ തന്മാതരം[1]
മേതിൽ കീർത്തിമനിന്ദിതാം ഭൃഗുസുതൻ
കൈക്കൊണ്ടതോർത്തീടു നീ
ദത്വാ താത! യയാതി ചൊന്ന വചസാ
താരുണ്യമപ്പൂരു താ—
നസ്സാശങ്കമമുഷ്യ വാർദ്ധകമഹോ!
കൈക്കൊണ്ടതോർത്തീടു നീ. 89

താതാദേശവശേന കാശ്യപനഹോ
ഗോഹത്യ ചെയ്താനതും
സാധോ! ലക്ഷ്മണ! പാർത്തുകാൺ ത്രിഭുവനേ
വിഖ്യാതമെല്ലാടവും;
മോദം പൂണ്ടു പിതുർനിയോഗമധുനാ
ചെയ്തിടുവാനേ പരം
ചേതോവാഞ്ഛിത, മിന്നുകാനനതലം
മോക്ഷാസ്പദം ദേഹിനാം. 90

കഷ്ടം താതാജ്ഞയെക്കാളിതു ബത വലുതോ
ഹന്ത! കാന്താരവാസം?
ദൃഷ്ടാ സേവിച്ചുകൊള്ളാമവിടെയവിടെ വ—
ന്നിച്ചു വന്ദം മുനീനാം.

പ്രാരംഭം—ചെയ്യുന്നതാത്ത പ്രവൃത്തി ചെയ്യാനുള്ള ഒരുക്കം. ഇയന്നവാറു് കേംപ്പു—ചെയ്തതായിട്ടുകൂടി കേംവിയുണ്ടു്.

പദ്യം 89. ഭൃഗുസുതൻ—പരശുരാമൻ. തരസാ—വേഗത്തിൽ. തന്മാതരം—തന്റെ അമ്മയെ. വ്യാപാദ്യ—കൊന്നിട്ടു്. അനിന്ദിതാം കീർത്തിം—ശ്ലാഘിക്കപ്പെട്ട യശസ്സിനെ. താത—അല്ലയോ വത്സ. വചസാ—വാക്കിനാൽ. താരുണ്യം ദത്വാ—തന്റെ യൗവനത്തെ കൊടുത്തിട്ടു്. അമുഷ്യ—ഇവന്റെ (താതന്റെ). വാർദ്ധകം—വാർദ്ധക്യത്തെ. അസ്സാശങ്കം—സംശയം കൂടാതെ. അഹോ—ആശ്ചര്യം.

പദ്യം 90. കാശ്യപൻ—കാശ്യപപ്രജാപതി. താതാ....ന—അച്ഛന്റെ കല്പനപ്പടി. ഗോഹത്യ—പശുഹിംസ. പാർത്തുകാൺ—നീ ഓർത്തു നോക്കുക. ത്രിഭുവനേ—മൂന്നു ലോകത്തിലും. വിഖ്യാതം—പ്രസിദ്ധം. അധുനാ—ഇപ്പോൾ. മോദം—സന്തോഷം. പിതുഃ നിയോഗം—അച്ഛന്റെ കല്പന. പരം—എന്നാലും. ചേതോ....തം—മനസ്സിലുള്ള ആഗ്രഹം (ആകുന്നു). കാനനതലം—വനപ്രദേശം. ദേഹിനാം—മനുഷ്യർക്കു്. മോക്ഷാസ്പദം—മോക്ഷസിദ്ധിക്കുള്ള സ്ഥാനം ആകുന്നു.

പദ്യം 91. താതാജ്ഞ—അച്ഛന്റെ കല്പന. കാന്താരവാസം—വനവാസം. വലുതോ—വലുതാണോ? ഒരിക്കലും അല്ല. വനവാസം പ്രയാസമുള്ള

1. രം മെത്താ കീ.

ഒട്ടേ ഞാനിന്നു[1] താനേ മമ പിതൃവ[2]ചനം
ഭ്രുധരൈരംബുരാശൗ
പെട്ടെന്നാബദ്ധ്യ സേതും തെളിവിനൊട്ട
[3]നടത്തീടുവൻ നിർവിശങ്കം.'' 91

എന്നിപ്രകാരമരുൾചെയ്ത നിജാനുജന്മ—
സന്നാഹഡംബരമടക്കി വിനീതി'ശാലീ
പിന്നെ പ്രിയാസഹജയാത്രയുണർത്തുവാനായ്
ചെന്നന്തികേ തൊഴതതും പുനരാബഭാഷേ.

ദശരഥൻ മൂർച്ഛിക്കുകയും സുമന്ത്രരുടെ ഉപദേശങ്ങളെ വകവയ്ക്കാതെ കൈകേയി മരവുരിയും കൊടുത്തു രാമാദികളെ കാട്ടിലേക്കു് അയയ്ക്കുകയും ചെയ്തു:

അന്നേരം കാട്ടതീ ചെന്നിടതല പിടിപെ— 92
ട്ടോരു സാലം കണക്കേ
ഖിന്നത്വം പൂണ്ടു വീണു ദശരഥനൃവരൻ
മോഹമുൾക്കൊണ്ടകാണ്ഡേ

താണെന്നു വിചാരിച്ചു താതാജ്ഞാലംഘനം ചെയ്യുന്നതു മഹാ കഷ്ടം തന്നെ. എന്നു മാത്രമല്ല വനവാസത്തിൽ വളരെ ഗുണങ്ങളും സിദ്ധിപ്പാനും വഴിയുണ്ടെന്നു പറയുന്നു: മുനീനാം വൃന്ദം—മുനികളുടെ സംഘത്തെ. വന്ദിച്ചു സേവിക്കാനിടവരും. മമ പിതൃവചനം—എന്റെ അച്ഛന്റെ കല്പനയെ. അംബുരാശൗ—സമുദ്രത്തിൽ. ഭ്രുധരൈഃ—പർവതങ്ങളെക്കൊണ്ടു്. സേതും ആബധ്യ—ചിറ കെട്ടിട്ടു്. നിർവിശങ്കം—(എങ്കിലും) സംശയം കൂടാതെ. നടത്തീടുവൻ—നടത്തുന്നതാണു്.

പദ്യം 92. നിജാ....രം—തന്റെ അനുജന്റെ (ലക്ഷ്മണന്റെ) ഒരുമ്പടിനെ. വിനീ....ലീ—വിനയത്തോടുകൂടിയ (രാമൻ). പ്രിയാ....ത്ര.—ഭാര്യയുടെയും അനുജന്റെയും പുറപ്പാടിനെ. ഉണർത്തുവാനായി—മഹാരാജാവായ അച്ഛനെ അറിയിപ്പാൻ. അന്തികേ—സമീപത്തിൽ. പുനഃ ആബഭാഷേ—പറഞ്ഞു.

പദ്യം 93. സാലം—സാലവൃക്ഷം. ഖിന്നത്വം—ദുഃഖം. മോഹം—തന്റേടമില്ലായ്മ. നൃവരൻ—രാജാവു്. അകാണ്ഡേ—പെട്ടെന്നു്. ധന്യാത്മാ സുമന്ത്രഃ—യോഗ്യനായ സുമന്ത്രൻ. താം കൈകേയീം—ആ

---

1. നുതന്നേ മമ. 2. ചസാ. 3. ട കടന്നീട്. 4. ശാലീ പിന്നീട് സീതയെ വിളിച്ചരികത്തിരുത്തിച്ചൊന്നാൻ വികത്തനകലാണ്ഡവപുണ്ഡ്രചന്ദ്രൻ. 'താതാദേശേന ഗച്ഛാമ്യടവിയിലഥവാ ദേവി വൈദേഹഗേഹേ സീതേ! നീ കേവം വസിച്ചീടി'തിരമണഗരം കേട്ട സൈഷാ ബഭാഷേ. 'നാഥാ!വേർപെട്ടു ക്ഷണമപി മമ വിഭോ! കാനനേ വാ ഗിരൗ വാ പാഥോധൗ വാനലാനാം നടുവിലപി സദാ കൂടെ ഞാനെങ്ങിരുന്നാം.' അന്നേരം.

ധന്യാത്മാ[1]കൈകയീം താം പുനരപി ച സുമ—
ന്ത്രോ∫പി ''നന്നല്ലിതയ്യോ!
നിന്മൂലം വംശനാശം വരു''മിതി[2] സഹസാ
ബോധയാമാസ[3] മേന്മേൽ. 93

''കുലമിതു സഗരന്നും പുത്രനെക്കാട്ടിലാട്ടി—
ക്കളയുമടവു ചിത്തേ[4]മാഞ്ഞുതോ നീതിസിന്ധോ!
ഖലജനഗണനായാം കൂട്ടമോ [5]ചൊല്ലവന്താ--
നലമലമിതു നന്മോടെന്തു വിദ്വേഷമോ[6] തേ. 94

''അസമഞ്ജസകാരിണം മഹാത്മാ—
വസമഞ്ജം നിരസിച്ചിതന്നരേന്ദ്രൻ
വ്യസനങ്ങളൊരുത്തരോട്ട ചെയ്യ—
ല്ലിതു നിൻ ക്രൗര്യമകാരണം കഠോ[7]രേ!'' 95

കൈകേയിയോട്ട്. പുനഃ അപി—പിന്നെയും. ഇതി—എന്നു്. സഹസാ—ബലമായിട്ടു്. ബോധയാമാസ ച—അറിയിക്കുകയും ചെയ്തു.

പദ്യം 94. കുലം—വംശം. സഗരന്നും—സഗരൻ എന്ന രാജാവിന്റെ വംശവും ഇതുതന്നെ. നീതിസിന്ധോ—നിതിക്കു് ഇരിപ്പിടമായുള്ളോവേ. അടവു്—പതിവു്. അവൻ താൻ—ആ സഗരമഹാരാജാവുതന്നെ. ഖല....യാം—ദുർജനങ്ങളുടെ കണക്കിൽ. ഇതു്—ഇങ്ങനെയുള്ള വാക്കു്. അലം അലം—മതി മതി. തേ—നിനക്കു്. വിദ്വേഷമോ—വിരോധമോ. അല്ലെങ്കിൽ ഇതുത്തോളം നീതിജ്ഞനായ വൃദ്ധമന്ത്രിയായ അങ്ങു്, കീഴ്നടപ്പൊന്നും ആലോചിക്കാതെ എന്നോടിങ്ങനെ മുള്ള പറയുവാൻ സംഗതിയില്ലല്ലോ.

പദ്യം 95. സുമന്ത്രരുടെ പ്രതിവചനം: മഹാത്മാ—യോഗ്യനായ. അന്നരേന്ദ്രൻ—ആ രാജാവു് (സഗരൻ). അസ....ണം—അയോഗ്യമായ കാര്യത്തെ ചെയ്യുവനായ. അസമഞ്ജം—അസമഞ്ജൻ എന്ന പുത്രനെ. നിരസിച്ചിതു്—ആട്ടിക്കളഞ്ഞു. വ്യസനങ്ങൾ—ചെയ്യാൻ വയ്യാത്ത പ്രവൃത്തികൾ. ഇതു്—ഈ രാമപ്രവാസനം. അകാരണം—കാരണംകൂടാതെയുള്ളതു്. ക്രൗര്യം—ക്രൂരത. കഠോരേ—ക്രൂരശീലേ.

---

1. കേകയീം. 2. മിതു സ. 3. സ മേന്മേൽ. 4. മാഞ്ഞിതോ.
5. ചൊല്ലവ. 6. മോടേ. 7. ഈ പദ്യം കഴിഞ്ഞെയുടൻ.

''ഗന്തും വിനിശ്ചിതമതൗ വനമഗ്രജാതേ
ശാന്തോ∫ഥ തേന വിപിനം സഹ ഗന്തുകാമഃ
സൗമിത്രിരേത്യ ജനനീമനമത് സുമിത്രാം
സാപ്യശ്രുപൂർണ്ണനയനാ വചനം ബഭാഷേ.
രാമം ദശരഥം വിദ്ധി മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി ഗച്ഛ താത യഥാസുഖം.
രമന്തേ യോഗിനോ∫നന്തേ നിത്യാനന്ദേ ചിദാത്മനി
ഇതി രാമപദേനാസൗ പരം ബ്രഹ്മാഭിധീയതേ.''

എന്നീ പദ്യങ്ങളും അധികമായി ചില പാഠങ്ങളിൽ കാണുന്നു.

വാക്കൈരലം ബഹ്വഭിരക്ഷതവല്ലയുഗ്മം[1]
കോക്കോട്ടമമ്പൊട്ട കൊട്ടത്ത ദുരാശയാ സാ
[2]വാക്ക്രൗര്യമാന്വവരെ [3]മുവ്വരെയും വനാന്തേ
പോയ്ക്കൊള്ളുകെന്നുടനയച്ചിതു പാപശീലാ. 96

ശ്രീരാമാദികളുടെ വനയാത്രയിൽ നഗരജനങ്ങൾക്ക് ഉണ്ടായ സങ്കടത്തെ വർണ്ണിക്കുന്നു:

തത്ക്ഷണേന നിജമാതൃദത്തമഴകോട്ട
വല്ലുലയുഗം മുദാ
ലക്ഷ്മണാഗ്രജനുദഗ്രസത്വനിധി ചാത്തി—
നോരു സമയാന്തരേ
ഒക്ക നീളെ മുറകൊണ്ടയോദ്ധ്യ മുഴുവൻ
മുഴങ്ങിയിതു, വാക്കുകൊ—
ണ്ടക്കഥാം ബത പുകഴ്ത്തുമാദികവയേ
നമോഽസ്തു കഠിനാത്മനേ. 97

ഗാഢോരഃസ്ഥലതാഡനത്രുടിസ്ഫുതൈ—
ഹ്കാരാവലീമൗക്തികൈഃ
സന്ദിശ്ധീകൃതബാഷ്പബിന്ദു രുദിതം
പൗരാംഗനാഭിസ്ഥാ
ആമൂലശ്രഥപക്ഷതിസ്ഥിതനത—
ഗ്രീവാഗ്രതുണ്ഡം യഥാ
വീഥീപഞ്ജരവ[4]ത്തിഭിഃ ശുകകുലൈ—
രപ്യുത്കമുത്കൂജിതം. 98

പദ്യം 96. ബഹ്വഭിഃ വാക്കൈഃ അലം—വളരെ പറഞ്ഞിട്ട് ആവശ്യമില്ലല്ലോ. ദുരാശയ സാ—ദുർബുദ്ധിയായ അവൾ. അക്ഷ....ഗ്മം—കേടില്ലാത്ത രണ്ട് മരവുരികളെ. വാക്ക്രൌര്യം—ക്രൂരവാക്കു്. മുവ്വരെയും—സീതരാമലക്ഷ്മണന്മാരെ. വനാന്തേ—കാട്ടിൽ. പാപശീലാ—ദുഷ്ടയായ കൈകേയി.

പദ്യം 97. ഉദ....ധി—വളരെ മനശ്ശക്തിയുള്ളവൻ. ലക്ഷ്മ...ൻ—ശ്രീരാമൻ. തത്ക്ഷണേന—അപ്പോൾത്തന്നെ. നിജ....ത്തം—തന്റെ അമ്മയായ കൈകേയിയാൽ നല്കപ്പെട്ട. വല്ലുലയുഗം—മരവുരി രണ്ടും. മുദാ—സന്തോഷത്തോടുകൂടി. സമ....രേ—സമയത്തിൽ. അക്കഥാം—ആ കഥയെ. പുകഴ്ത്തും—വർണ്ണിക്കുന്ന. കഠിനാത്മനേ—കഠിനചിത്തനായ. ആദികവയേ—വാല്മീകിക്കു്. നമഃ അസ്തു—നമസ്കാരം ഭവിക്കട്ടെ. അദ്ദേഹത്തെ ഞാൻ നമസ്കരിക്കുന്നു. എന്നെക്കൊണ്ടു് അക്കഥ വർണ്ണിക്കുവാൻ സാധ്യമല്ല എന്നർത്ഥം.

പദ്യം 98. ആമൂല....തുണ്ഡം—കടയ്ക്കലോളം കഴഞ്ഞ ചിറകുകൾക്കുള്ളിൽ കഴുത്തു വളച്ചു കൊക്കുചെച്ചു്. വീഥീ....ഭിഃ—നഗരവീഥികളുടെ

1. ശ്മം കൈക്കൊണ്ടമേ. 2. വാഗ്മം ക്രൗ. 3. രെ മുവരെ. 4. ത്തിതഃകുക.

വസിഷ്ഠന്റെ അവസ്ഥയെ വർണ്ണിക്കുന്നു:

ദുഃഖം പൊറാഞ്ഞഥ വസിഷ്ഠമുനീന്ദ്രനപ്പോഴ-
ത്തുക്കണ്ണടച്ചിതുടനശ്രുധാരീപരീതം
അക്കോപ്പുതാൻ മഹിതരാമശശാങ്കതത്ത്വ-
മുൾക്കൊണ്ടു കാണ്മതിനു കാരണമായ് ചമഞ്ഞൂ. 99

പീതാംബരം ബത! വെടിഞ്ഞവനെന്തു ഭേദം
വാർതോഞ്ഞ പട്ടുതകിൽപോലൊരു വല്ലലംപോൽ
മീതേ നിശാചരകുലക്ഷയമെന്നു വേണ്ടാ
സീതാപതേശ്ചരിതമൊക്കെയുമങ്ങു തോന്നീ. 100

ഇരുഭാഗത്തുമുള്ള ഗൃഹങ്ങളുടെ പുറത്തു കൂടകളിൽ കിടക്കുന്നു. ശ്രുകകുലൈഃ അപി—തത്തകാംപോലും. ഉത്കം—ഉൽകണ്ഠയോടേ. യഥാ ഉത്കൂജിതം തഥാ—ഉച്ചത്തിൽ കരഞ്ഞുപോകത്തക്കവണ്ണം. പൗരാങ്ഗനാഭിഃ—പുരസ്ത്രീകളാൽ. ഗാഢോ ...തൈഃ ഹാരാ....കൈഃ—ഉറക്കെ മാറത്തടിക്കുന്നതിനാൽ ചരട് പൊട്ടി ഊരി വീഴുന്ന മുത്തുമാലകളുടെ മുത്തുകളാൽ. സന്ദി....ന്ദു—സംശയം തോന്നിക്കപ്പെടുന്ന കണ്ണുനീർത്തുള്ളികളോടുകൂടി. രുദിതം—രോദനം ചെയ്വു എന്നുള്ളതുണ്ടായി.

പദ്യം 99. സാധാരണമനുഷ്യർമാത്രമല്ല, മഹായോഗിയും ജിതേന്ദ്രിയനും ആയ വസിഷ്ഠമഹർഷികൂടി പാരവശ്യം പ്രാപിച്ചു എന്നു പറയുന്നു. അശ്രു....തം—കണ്ണുനീർ നിറഞ്ഞൊഴുകിയ. അക്കോപ്പുതാൻ— ആക്കണ്ണുടഞ്ഞുൽ എന്ന കാര്യംതന്നെ (അദ്ദേഹത്തിനു). മഹി....ത്വം—രാമചന്ദ്രന്റെ സാക്ഷാൽ പരമാത്മതത്ത്വത്തെ ഉൾക്കൊണ്ടു. കാണ്മതിനു—ഉള്ളിൽ തട്ടി അനുഭവം വരത്തക്കവണ്ണം കാണ്മാൻ. സാധാരണജനങ്ങൾ രാമനിൽ മനുഷ്യസാധാരണമായ സ്നേഹംകൊണ്ടു കരഞ്ഞുപോയതാണെങ്കിലും മഹായോഗീന്ദ്രനായ വസിഷ്ഠമഹർഷി, രാമനിൽ വാസ്തവമായ പരമാത്മതത്ത്വത്തെ ഹൃദയത്തിൽ കണ്ടുകൊണ്ടിരുന്നു എന്നുള്ള ഭേദം കവി വ്യക്തമാക്കിയിരിക്കുന്നു.

പദ്യം 100. വസിഷ്ഠമഹർഷിക്കു തോന്നിയതു കവി വിവരിക്കുന്നു: പീതാംബരം—മഞ്ഞപ്പട്ടു. വാർതോഞ്ഞ—ഭംഗിയുള്ള. പട്ടുതകിൽ—പട്ടവസ്ത്രം. പോൽ—ആകട്ടെ. സാക്ഷാത് മഹാവിഷ്ണുവിന്റെ നിലയിൽ മഞ്ഞപ്പട്ടു ധരിക്കുന്ന അവസ്ഥ വിട്ടു മനുഷ്യന്റെ നിലയിൽ പട്ടുതകിൽ ധരിച്ചാലും മരവുരി ധരിച്ചാലും ഭേദം യാതൊന്നുമില്ല. എന്നു അദ്ദേഹത്തിനു തോന്നി. അത്രമാത്രമല്ല—മീതേ—അതിലും അധികമായി. നിശ....യം—രാക്ഷസവംശനാശം. സീതാപതേഃ—രാമന്റെ. ചരിതം ഒക്കെയും—ബാലിവധം സേതുബന്ധനം മുതലായ ഇനി ഉണ്ടാകാൻ പോവിക്കുന്ന കാര്യങ്ങളെല്ലാം.

വനവാസത്തിനായി പുറപ്പെടുന്ന സീത 'വേണ്ടവരോട്' യാത്രപറയുന്നതിനെയും സീതയുടെ അവസ്ഥാവിശേഷത്തെയും വർണ്ണിക്കുന്നു:

ഗദ്യം 3.

ഹര ഹര ശിവ ശിവ[1] തത്ക്ഷണമഴകൊട്ട
ലക്ഷ്മണസഹിതൻ രാമശശാങ്കൻ
കാനനയാത്ര മുതിന്ന ദശായാം
പരമപതിവ്രത ജനകതനൂജാ
വേണ്ടവരൊട്ട യാത്ര പറഞ്ഞു.

''ത്വയ്യം സ്വസ്തി വിലാസവാപി! ഭവതു
പ്രേംഖേ! പുനർദർശനം
ക്രീഡാക്രീഡ! വിമുച്യസേഽദ്യ കഥിതം
ഹേ കേളിഡോളേ! തവ
വാസാഗാര! നമോഽസ്തു തേ ഗുണനികാഃ
സർവ്വാഃ സുഖം സ്ഥീയതാ—
മേഷാ വഃ പരിചാരികാ വനഭുവം
രാമാനുഗാ ഗച്ഛതി. 101

ഗദ്യം 3. ലക്ഷ്മണ....ൻ—ലക്ഷ്മണനോടുകൂടിയവൻ. രാമ....ൻ—രാമചന്ദ്രൻ. കാന....ത്ര—കാട്ടിലേക്കുള്ള യാത്ര. മുതിന്ന ദശായാം—പുറപ്പെട്ട സമയം. പര....ത—ഉത്തമപതിവ്രത. ജനക....ജാ—സീത.

പദ്യം 101. വിലാസവാപി—അല്ലയോ ക്രീഡാതടാകമേ. ത്വയ്യം—നിനക്ക്. സ്വസ്തി—ക്ഷേമം ഭവിക്കട്ടെ. പ്രേംഖേ—അല്ലയോ ഊഞ്ഞാലേ. ''ദോളാ പ്രേംഖഃ പുമാൻ പ്രേംഖാ'' എന്ന രത്നകോശം. പുനർദർശനം ഭവേത്—ഇനിയും കാണാൻ സംഗതിവരട്ടേ. ക്രീഡാ ക്രീഡ—അല്ലയോ ക്രീഡോദ്യാനമേ. ആക്രീഡം—ഉദ്യാനം. അദ്യ വിമുച്യസേ—ഇപ്പോൾ ഞാൻ നിന്നെ വിട്ടുപിരിയുന്നു. കേളിഡോളേ—കളിപ്പല്ലക്കേ. തവ—നിനക്ക്. കഥിതം—(ഞാൻ യാത്ര)പറയുന്നു. വാസാഗാര—അല്ലയോ വാസഗൃഹമേ. തേ നമഃ അസ്തു—നിനക്ക നമസ്കാരം ഭവിക്കട്ടെ. ഗുണനികാഃ—അല്ലയോ മാലകളേ. സർവ്വാഃ—നിങ്ങളെല്ലാം സുഖം സ്ഥീയതാം—സുഖമായിട്ടിരിപ്പിൻ. വഃ—നിങ്ങളുടെ. പരിചാരികാ—പരിചാരികയായ. ഏഷാ—ഇവൾ. രാമാനുഗാ—രാമനെ പിൻതുടരുന്നവളായി. വനഭുവം ഗച്ഛതി—കാട്ടിലേക്ക പോകുന്നു. നിങ്ങളെ പിരിയുന്നതു് എനിക്ക ദുസ്സഹമാണെങ്കിലും ഭർത്തുപരിചരണത്തിനുവേണ്ടി അദ്ദേഹത്തെ അനുഗമിക്കുക എന്ന കൃത്യഗൗരവത്താൽ തത്കാലം ഞാൻ നിങ്ങളെ പിരിയുന്നതാണു് എന്നർത്ഥം. ഇതും അടുത്ത പദ്യവും ശാകുന്തളം നാലാമങ്കത്തിൽ ശകുന്തളയുടെ യാത്രാപ്രസ്താവം മുഴുവൻ വായനക്കാരെ അനുസ്മരിപ്പിക്കുന്നു.

1. ശിവ ലക്ഷ്മണസഹിതസ്തത്ക്ഷണമഴകൊട്ട രാമശ.

സ്മർത്തവ്യാ[1]സ്മി ചിരം ചകോരദയിതേ!
ഹേ ഹംസി! തുഭ്യം നമോ
ദൃഷ്ടസ്ത്വം [2]ശിതികണ്ഠ! സംഹര ശിരോ
ഗച്ഛാമ്യഹം ശാരികേ!
ഹേ ലീലാശുക! വിസ്മരിഷ്യസി ന മാ''—
മേകൈകമത്യാദരാ—
ദിത്യാമന്ത്ര്യ തയാ വിലാസവയസോ
വിശ്വേ ജനാ രോദിതാഃ. 192

പദ്യം 102. ചകോരദയിതേ—ചകോരപ്പിടേ. ചിരം സ്മർത്തവ്യാ അസ്മി—എന്നെ എപ്പോഴും ഓക്കണം. ഹംസി—അല്ലയോ അരയന്നപ്പിടേ. തുഭ്യം നമഃ—നിനക്കു നമസ്കാരം. ശിതികണ്ഠ—അല്ലയോ മയിലേ. ത്വം ദൃഷ്ടഃ—ഞാൻ നിന്നെ കണ്ടു. ശിരഃ സംഹര—തല ചുരുക്കിക്കൊൾക. ശാരികേ—പെൺതത്തേ. അഹം ഗച്ഛാമി—ഞാൻ പോകുന്നു. ഹേ ലീലാശുക—ഹേ ആൺതത്തേ. മാം ന വിസ്മരിഷ്യസി—നീ എന്നെ മറക്കില്ല. ഇതി—ഇങ്ങനെ. തയാ—അവളാൽ. വിലാസവയസഃ ഏകൈകം—കളിപ്പക്ഷികളെ ഓരോന്നിനോടും. അത്യാദരാത് ആ മന്ത്ര്യ—അധികം പ്രീതിയോടുകൂടി യാത്ര പറഞ്ഞിട്ട്. വിശ്വേജനാഃ രോദിതാഃ—എല്ലാ ജനങ്ങളും കരയിക്കപ്പെട്ടു.

---

1. വ്യാ സ്മചിരം

2. സ്മം ശ്രുചിക. ഈ പദ്യം കഴിഞ്ഞയുടൻ, ''തതഃ സ രാമഃ കമനീയവരൂകലഃ കരസരസിജകലിതമഹിതകാർമുകഃ കൗണപകുലജീവനഗ്രസനകൃതമുഖനിശിതസായകസമൂർണ്ണതൂണീരഭാസുരശ്ചതുർഭുജയേവ ചന്ദ്രാഃ ജനകസുതയാനുഗമ്യമാനസ്തൈവ സാകേതതോ നിരഗാത്''—എന്ന ഗദ്യവും, പിന്നെ

''അരുണദലനലിന്യാ സ്നിഗ്ധപാദാരവിന്ദാ
ത്വയി കഠിനതമായാം യാത്യകസ്മാത് സ്ഖലന്തീ
അവനി! തവ സുതേയം പാദവിന്യാസദേശേ
ത്യജ നിജകഠിനത്വം ജാനകീ യാത്യരണ്യം'' . എന്ന പദ്യവും,

അതിൽ പിന്നെ ''സദ്യഃ പുരീ'' ഇത്യാദി പദ്യവും, പിന്നെ

''അവിതക്കിതോപനതമഹാവിപദുദയസംപ്ലവമാനധൈര്യാഃ
സർവ്വ ഏവ പ്രകൃതിപൗരജാനപദാഃ പ്രലാപമുഖരൈർമുഖൈസ്സ
മേവയാന്തമനയാന്തി സ്മ''—എന്ന ഗദ്യവും, പിന്നെ

''അന്നേരമന്നിഖിലപൗരജനാഭിമർദാ—
ന്മന്ദീകൃതേ രഥരയേ മനുവംശശ്രേഷ്ഠാ
അന്തർഹിതേ ദിനമണൗ തമസാ ദിഗന്തേ—
പ്യന്ധീകൃതേ സരഭസം തമസാം പ്രപേദേ.''

എന്ന പദ്യവും, പിന്നെ, ''കാണുന്നവരെ'', ''തദനു മഹാത്മാ'' ഇവ രണ്ടും ഒരേ ഗദ്യമായും ചില പാഠങ്ങളിൽ കാണുന്നു.

ഗദ്യം 4.

കാണുന്നവരെക്കരയിപ്പിച്ചും
നാണംകൊണ്ടുനവനതവദനാ
മന്ദം മന്ദം തത്സവിധേ ചെ–
ന്നുത്സുകഹൃദയാ നിന്നിതകാണ്ഡേ.

സദ്യഃ പുരീപരിസരേണ ശിരീഷമൃദ്വീ
സീതാ ജവാത് ത്രിചതുരാണി പദാനി ഗത്വാ
ഗന്തവ്യമദ്യ കിയദിത്യസകൃത് ബ്രുവാണാ
രാമാശ്രുണഃ കൃതവതീ പ്രഥമാവതാരം. 103

ശ്രീരാമാദികളുടെ വനവാസയാത്രയെ വർണ്ണിക്കുന്നു:

ഗദ്യം 5.

തദനു മഹാത്മാ മനുകുലപെരുമാൾ
സീതാം മെല്ലെ നടത്തിക്കൊണ്ടു നി–
രസ്തവിഷാദം പോകുന്നേരം[1]

ഗദ്യം 4. അവ ...നാ–മുഖം താഴ്ത്തിയവണ്ണം. തത്സവിധേ–അവന്റെ (രാമന്റെ) സമീപത്തിൽ. ഉത്സു....യാ–ഉള്ളിൽ താത്പര്യത്തോടുകൂടിയവളായി. അകാണ്ഡേ–അനവസരത്തിൽ. മന്ദം–പതുക്കെ.

പദ്യം 103. ശിരീഷമൃദുവി–നെന്മേനിവാകപ്പൂപോലെ മൃദുവംഗിയായ. സീതാ–സീത. സദ്യഃ–ഉടനേ. പുരീ.....ണ–പട്ടണത്തിന്റെ സമീപപ്രദേശത്തിൽകൂടെ. ത്രിചതുരാണി പദാനി ജവാത് ഗത്വാ–മൂന്നുനാലടി വേഗത്തിൽ നടന്നിട്ട്. അദ്യ കിയത് ഗന്തവ്യം–ഇന്നെത്ര ദൂരം നടക്കണം. ഇതി അസകൃത് ബ്രുവാണാ–എന്നു വീണ്ടും വീണ്ടും ചോദിച്ചിട്ട്. രാമശ്രുണഃ–രാമന്റെ കണ്ണുനീരിന്നു്. പ്രഥമാവതാരം കൃതവതീ–ഒന്നാമതായിട്ടുള്ള പുറപ്പാടിനെ ഉണ്ടാക്കി. പട്ടണത്തിന്റെ പരിസരത്തിൽ അല്പം നടന്നപ്പോഴത്തന്നെ ഖിന്നയായിത്തീർന്ന ഈ മൃദുവംഗിയെ ഇനി പതിന്നാലു സംവത്സരം മുഴുവൻ വനസഞ്ചാരം ചെയ്യിക്കേണ്ടതെങ്ങനെയെന്നാലോചിച്ചു ധീരോദാത്തനായ രാമൻ കരഞ്ഞുപോയി എന്നർത്ഥം. ഭോജചമ്പുവിലെ പദ്യമാണിതു്.

''ഇന്നെത്ര ദൂരം നടക്കേണമാര്യ
എന്നങ്ങു ദ്വയോപി ദ്വയോപി ചൊല്ലും
വാമാക്ഷി സീതാ ജനിപ്പിച്ചു കണ്ണീർ
ശ്രീരാമചന്ദ്രന്നു ശ്രീരമ രാമ''

ഇങ്ങനെ രാമായണം ഇരുപത്തിനാലുവൃത്തത്തിൽ ഇതേ കാര്യം വർണ്ണിച്ചിരിക്കുന്നു.

ഗദ്യം 5. തദനു–അതിൽ പിന്നെ. മനു....ം–ശ്രീരാമൻ. സീതാം–സീതയെ. മെല്ലെ–പതുക്കെ. നിരസ്തവിഷാദം–ദുഃഖം കൂടാ

1. ന്നേരം നിഖിലജനേത്കര.

ദശരഥവചസാ തത്ര സുമന്ത്രരു—
മുടനേ തേരുംകൊണ്ടഗ്രോപുര—
ഭാഗേ ചെന്നും നിന്നസ്സീതയെ
മുമ്പിൽ തേരു കരേററി ത്രിഭുവന—
രത്നം പോകുന്നേരം നിഖിലജ—
നോത്കരമഹമഹമികയാ ചെന്നും തൊഴുതും
ചൂഴെ നിറഞ്ഞമ്മണിരഥമീളകാ[1]—
ഞ്ഞസ്തമയാദ്രൗ ദിനകരദേവൻ
ചെല്ലുന്നേരം തമസാതീരം
മനുകുലനാഥനുമൊപ്പം ചെന്നു.
തത്ര വസിച്ചുടനഘിരതരോദന—
വേദനയാ പരമാലസ്യം പൂ—
ണ്ടഖിലജനങ്ങളുറങ്ങുന്നേരം
നിർഭരതര[2]ഥേന സുമന്ത്രരുമവർ മു—
വരുമായ് നിശയിൽ വിശങ്കം
വേദസ്രുതി ഗോമതി[3] നിഷ്യന്ദിനി—
യെന്നു തുടങ്ങും പുഴകളും കടന്നി—
ട്ടവരവരോടേ വഴി ചോദിച്ചു.

''അയം പന്ഥാഃ കാശീമഭിപതതി സോഽയം ച മിഥിലാം
പ്രയാഗാം മാർഗ്ഗോഽയം വ്രജതി മധുരാം സോഽയമപരഃ
അയം ഗംഗാപാതം നരവര! ബദര്യാശ്രമ[4]മിദം''
പുരഃ പ്ലഷ്ടേരിത്ഥം പഥി പഥികവൃന്ദൈരകഥി സഃ. 104

തെ. ദശ....സാ—ദശരഥന്റെ വാക്കിൻപടി. തത്ര—അവിടെ. നിഖി ....രം—എല്ലാ ജനസമൂഹവും. അഹമഹമികയാ—ഞാൻ ഞാൻ മുമ്പിൽ എന്ന ഭാവത്തോടുകൂടി. അസ്തമയാദ്രൗ—അസ്തമയപർവതത്തിന്മേൽ. തമ സാതീരം—തമസയെന്ന പുഴയുടെ കരയിൽ. അവി....യാ—എപ്പോഴും കരഞ്ഞുകൊണ്ടിരുന്ന പീഡയാൽ. പരം ആലസ്യം—വളരെ ക്ഷീണം. നിർഭരതരഥേന—നിശ്ശബ്ദമായ തേരിൽകൂടി. നിശ—രാത്രി. വിശങ്കം—സം ശയംകൂടാതെ.

പദ്യം 104. അയം പന്ഥാഃ കാശീം അഭിപതതി—ഈ വഴി നേരേ കാശിക്കു പോകുന്നു. സഃ അയം ച മിഥിലാം—ആ വഴി മിഥിലയ്ക്കു പോകുന്നു. അയം മാർഗ്ഗഃ പ്രയാഗാം വ്രജതി—ഈ വഴി പ്രയാഗയ്ക്കു പോകുന്നു. സഃ അയം അപരഃ മധുരാം—ആ മറൊരു വഴി മധുരയ്ക്കു പോകുന്നതാണു. നരവര—അല്ലയോ രാജശ്രേഷ്ഠ. അയം ഗംഗാപാ തം—ഈ വഴി ഗംഗാപാതം എന്ന സ്ഥലത്തേക്കു പോകുന്നു. ഇദം

1. ളകീടാഞ്ഞതുമൂലം അസ്വ.
2. രസേന സുമന്ത്രരുമവർ മുവുതമായന്നിശ
3. മതിയും നിഷ്യന്ദിനിയെന്നീപുഴ.
4. ശ്രമമയം പുരഃ.

''പുരോ ഭ്രഃ ശാലേയീ കളമപരിപാകോത്സുകശുകീ
തതഃ ഫുല്ലാംഭോജാ തിലകയതി വോ വർത്മ സരസീ
തദഗ്രേ സീമാനഃ 'ഫലദലിതമുസ്താസുരഭയേ—
സ്തതോഽദൂരേ ദിവ്യാ നയനവിഷയം യാസ്യതി സരിത'.

ഗംഗാതീരത്തെ പ്രാപിച്ച അവർ നിഷാദസ്വാമിയായ ഗുഹനാൽ സത്കരിക്കപ്പെട്ടവരായി ഗംഗയെക്കടന്നു ചിത്രകൂടത്തിലേക്കു യാത്രചെയ്യുന്നതിനെ വർണ്ണിക്കുന്നു:

ഗദ്യം 6.

മന്ദം മന്ദം[2] ഗംഗാതീരേ
ചെന്നൊരുനേരം വാർത്തയറിഞ്ഞ
നിഷാദസ്വാമീ ഗുഹനും ചെന്നു
വണങ്ങി വിനീത്യാ സംഭാവനക—
ളൊരോന്നേ ചെയ്തു സമ്മോദാർദ്രഃ
പ്രതിഗൃഹ്യാസൗ പങ്കജവസതി
വസിക്കുംപോലേ നാലുപുറത്തും
ശാഖാമുഖവും ചാരു ധരിച്ചും[4]
നില്പുമൊരിംഗുദിമൂലേ ലക്ഷ്മണ—
കല്പിതകിസലയതല്പേ രാത്രീം
നീത്വാ പുനരന്യേദ്യുഃ സഹജ—
സമേതോ ജടയും ധൃത്വാ മുക്ത്വാ
മന്ത്രിണമനുനയപൂർവ്വം നിജ്ജര
തടിനീം തടിതി കടന്നു.

ബദര്യാശ്രമം—ഈ വഴി ബദര്യാശ്രമത്തിലേക്കു പോകുന്നതാണു. ഇത്ഥം പഥി പുരഃ പ്ലുഷ്ടൈഃ പഥികവൃന്ദൈഃ സഃ അകഥി—ഇങ്ങനെ വഴിയിൽ നേരിട്ട ചോദിക്കപ്പെട്ടവർ അവനോടു പറഞ്ഞു.

പദ്യം 105. പുരഃ കള....കീ ശാലേയീ ഭ്രഃ (അസ്തി)—മുൻഭാഗത്തു നെല്ലു വിളയുന്നതും കാത്തു തത്തകൾ ഇരിക്കുന്ന ഒരു നെൽവയലുണ്ടു. തതഃ ഫുല്ലാംഭോജാ സരസീ വഃ വർത്മ തിലകയതി—അതിനപ്പുറത്തു താമരപ്പൂക്കൾ വിടർന്നു നില്ക്കുന്ന ഒരു പൊയ്ക നിങ്ങളുടെ വഴിയെ അലങ്കരിക്കുന്നു. തദഗ്രേ—അതിനപ്പുറത്തു. ഫല യഃ—കൊഴുതട്ടി മുറിഞ്ഞ മുത്തങ്ങക്കിഴങ്ങിന്റെ സൗരഭ്യമുള്ള. സീമാനഃ—അതിരുകൾ ഉണ്ടു. തതഃ—അവിടെനിന്നു. അദൂരേ—അധികം ദൂരത്തല്ലാതെ. ദിവ്യാസരിത നയനവിഷയം യാസ്യതി—ഗംഗ കാഴ്ചയിലെത്തും.

ഗദ്യം 6. മന്ദം—പതുക്കെ. ഗംഗാതീരേ—ഗംഗയുടെ കരയിൽ. നിഷാദസ്വാമീ—വാലന്മാരുടെ അധിപതിയായ. വിനീത്യാ—വിനയത്തോടുകൂടി. സംഭാവനകം—കാഴ്ചകൾ. അസൗ സമ്മോദാർദ്രഃ പ്രതിഗൃഹ്യ—ഇദ്ദേഹം (ശ്രീരാമൻ) സന്തോഷംകൊണ്ടലിഞ്ഞവനായി സ്വീകരിച്ചിട്ടു. പങ്കജവസതി—ബ്രഹ്മാവു. ശാഖാമുഖം—ശാഖകളാകുന്ന

1. നഃ ഫലദ. 2. ന്ദം മുഹുരായി ഗംഗാ. 3. ദാർത്ഥം പ്രതി.
4. രിക്കുമൊരിംഗുദി.

[1]തീർത്ഥാ ഭ്രതേശമൗലിസ്രജമമരധുനീ—
മാത്മനാസൗ തൃതീയ—
സ്തസ്മൈ സൗമിത്രിമൈത്രീമയമുപകൃതവാ—
നാതരം നാവികായ
വ്യായമഗ്രാഹ്യസ്തനീഭിഃ ശബരയുവതിഭിഃ
കൗതുകോദഞ്ചദക്ഷം
കൃച്ഛ്രാദനവീയമാനഃ ക്ഷണമചലമഥോ
ചിത്രകൂടം പ്രതസ്ഥേ. 106

ചേണേല്യം നൽപ്രവാളാംശുകമതിശിഥിലം
താങ്ങിയുംകൊണ്ടു പീന—
ശ്രോണീഭാരാ ദരാകമ്പിതകുചവില്യാ—
ന്മഞ്ജുഗുഞ്ജാകലാപാഃ

മുഖങ്ങം (മുഖങ്ങളെപ്പോലെയുള്ള ശാഖകം). ചാരു—ഭംഗിയിൽ. ഇംഗുദിമൂലേ—ഇംഗുദിവൃക്ഷത്തിന്റെ കടഭാഗത്തിൽ. ലക്ഷ്മ... തല്പേ—ലക്ഷ്മണനാൽ ഉണ്ടാക്കപ്പെട്ട തളിർമെത്തയിൽ. രാത്രിം നീത്വാ—രാത്രി കഴിച്ചിട്ടു്. പുനഃ അന്യേദ്യുഃ—പിന്നെ പിറേന്നാൾ. സഹജസമേതഃ—അനുജനോടുകൂടി. ധൃത്വാ—ധരിച്ചിട്ടു്. മന്ത്രിണം—മന്ത്രിയെ (സുമന്ത്രനെ). അനുനയപൂർവ്വം—നല്ല വാക്കുകം പറഞ്ഞു്. മുക്ത്വാ—അയച്ചിട്ടു്. നിർഝ....നീം—ഗംഗാനദിയെ. ത്വടിതി—വേഗത്തിൽ.

പദ്യം 106. ആത്മനാ തൃതീയഃ അസൗ—താനും സീതയും അനുജനായ ലക്ഷ്മണനുംകൂടി. ഭ്രതേ....ജം അമരധുനീം തീർത്ഥാ—ശിവന്റെ ശിരസ്സിലെ മാലയായ ഗംഗയെ കടന്നിട്ടു്. തസ്മൈ നാവികായ—ആ നാവികനു് (ഗ്രഹനു്). സൗമി....യം ആതരം ഉപകൃതവാൻ—ലക്ഷ്മണന്റെ സഖ്യമാകുന്ന കടത്തുകൂലി കൊടുത്തിട്ടു്. വ്യായമ....ഭിഃ—ഒരു മാറു കൊണ്ടളക്കാവുന്ന സ്തനങ്ങളോടുകൂടിയ ''വ്യായാമോ ബാഹ്വോഃ സകരയോസ്തുതയോസ്തിര്യഗന്തരം'' എന്നു് അമരം. ശബരയുവതിഭിഃ—വേടത്തികളാൽ. കൗതു....ക്ഷം—കൗതുകവശാൽ മിഴിച്ചുനോക്കിക്കൊണ്ടു്. കൃച്ഛ്രാദു് അനവീയമാനഃ—പണിപ്പെട്ടു് അനുഗമിക്കപ്പെട്ടവനായിട്ടു്. അഥോ—പിന്നെ ക്ഷണം ചിത്രകൂടം അചലം പ്രതസ്ഥേ—വേഗത്തിൽ ചിത്രകൂടം എന്ന പർവ്വതത്തെ ഉദ്ദേശിച്ചു പുറപ്പെട്ടു. അനർഘരാഘവ പദ്യമാണിതു്. തോണിക്കൂലിയെ ലക്ഷ്മണന്റെ മൈത്രിയായി പരിണമിപ്പിച്ചിരിക്കുന്നതിനാൽ പരിണാമാലങ്കാരം.

പദ്യം 107. ചേണേല്യം—ഭംഗിയുള്ള. അതിശിഥിലം.—അരയിൽ നിന്നഴിഞ്ഞ. നൽപ്രവാളാംശുകം—നല്ല തളിരുകളാകുന്ന വസ്ത്രത്തെ.

---

1. ഈ പദ്യത്തിനു മുമ്പായി,

''അശേഷം വേദാത്മ്യാ പരിജനമുറങ്ങുന്ന സമയേ
നിശീഥേ വഞ്ചിച്ചുമണിരഥമുപാരുഹ്യ തരസാ
പ്രശാന്താത്മാ രാമഃ സരണിമതിലംഘ്യ വിപുലാം
നിഷാദസ്വാമിനം കണ്ഡലമതേ സപര്യാമതിശയാം.''

എന്ന പദ്യം അധികമായി ചില പാഠങ്ങളിൽ കാണുന്നു.

സാനന്ദം വന്നൊരോരോ ശബരതരുണിമാർ
കൂട്ടമിട്ടാസ്വദിച്ചാ—
രേനം[1] ഭ്രൂലോകചന്ദ്രം കുതുകവിലസിതേ
കണ്ണിൽവെച്ചൊട്ടനേരം. 107

യാത്രചെയ്യുമ്പോഴും പഥികസ്ത്രീകളും സീതയോട് സംഭാഷണം ചെയ്യുന്നതിനെയും ഉപദേശിക്കുന്നതിനെയും പ്രസ്താവിക്കുന്നു:

[2]പഥി പഥികവധൂഭിഃ സാദരം പൃച്ഛ്യമാനാ
''കവലയദളനീലഃ കോ'യമാര്യേ! തവേ''തി
സ്മിതവികസിതഗണ്ഡം പ്രേമഗർഭാഭിരാമം
മുഖമവനമയന്തീ സ്പഷ്ടമാചഷ്ട കാന്തം. 108

''മസൃണചരണപാതം ഗമ്യതാം ഭ്രൂഃ സദർഭാ
വിരചയ സിചയാന്തം മൂർദ്ധ്നി ഘർമ്മഃ കഠോരഃ''
ഇതി ജനകതനൂജാ ലോചനൈരശ്രുഗർഭൈഃ
പഥി പഥികവധൂഭിഃ പ്രേക്ഷിതാ ശിക്ഷിതാ ച. 109

പീന....രഃ—വളരെ തടിച്ച നിതംബപ്രദേശത്തോടുകൂടിയവരായ. ദരാ ....പാഃ—തുടിക്കുന്ന മുലകളിൽ കിടന്നാടുന്ന ഭംഗിയുള്ള കുന്നിക്കുരുമാല യോടുകൂടിയവരായിരിക്കുന്ന. ശബ ...ർ—വേടസ്ത്രീകളും. സാനന്ദം—സന്തോഷത്തോടുകൂടി. ഭ്രൂലോകചന്ദ്രം ഏനം—ഭുവനസുന്ദരനായ ഇവനെ. കുതു....തേ കണ്ണിൽ വെച്ച്—സന്തോഷംകൊണ്ടു വിടർന്ന കണ്ണുകളിൽ ആക്കി.

പദ്യം 108. ആര്യേ—അല്ലയോ പൂജ്യേ. കവ....ലഃ—കരിങ്കുവളപ്പൂവിന്റെ ഇതൾപോലെ ശ്യാമവർണ്ണനായ. അയം—ഇദ്ദേഹം. തവകഃ—നിന്റെ ആരാകുന്നു? ഇതി—എന്ന്. പഥി—വഴിയിൽ. പഥി.... ഭിഃ—വഴിയാത്രക്കാരായ സ്ത്രീകളാൽ. സാദരം പൃച്ഛ്യമാനാ—ബഹുമാനപൂർവ്വം ചോദിക്കപ്പെട്ടവളായ (സീത). സ്മിത....ണ്ഡം—മന്ദഹാസംകൊണ്ടു വിടർന്ന കവിൾത്തടങ്ങളോടുകൂടിയതും. പ്രേമ....മം—ഉള്ളിൽ തിങ്ങിയ അനുരാഗംകൊണ്ടു മനോഹരവും ആയ. മുഖം അവനമയന്തീ—മുഖത്തെ കുനിച്ചവളായിട്ട്. കാന്തം സ്പഷ്ടം ആചഷ്ട—(ഇദ്ദേഹം എന്റെ) ഭർത്താവാണെന്നു വ്യക്തമായി പറഞ്ഞു. ആ മുഖംകുനിക്കൽകൊണ്ടുതന്നെ വ്യക്തമാക്കി എന്നർത്ഥം.

പദ്യം 109. മസൃ....തം ഗമ്യതാം—(അല്ലയോ ആര്യേ) പതുക്കെപ്പതുക്കെ കാലെടുത്തുവെച്ചു നടക്കുക. ഭ്രൂഃ സദർഭാ—നിലം ദർഭപ്പുല്ലുള്ളതാണ്. പുല്ലിന്റെ മുന കാലിൽ കൊള്ളും എന്നർത്ഥം. സിചയാന്തം മൂർദ്ധ്നി വിരചയ—വസ്ത്രത്തിന്റെ അഗ്രം തലയിൽ ഇടൂ. ഘർമ്മഃ കഠോരഃ—വെയിൽ കഠിനമാണ്. ഇതി—ഇങ്ങനെ. പഥി—വഴിയിൽ. പഥി....ഭിഃ—വഴിയാത്ര ചെയ്യുന്ന സ്ത്രീകളാൽ. അശ്രുഗർഭൈഃ

1. രേനം ത്രൈലോക്യചന്ദ്രം. 2. പ്രകൃതപദ്യം ചില പാഠങ്ങളിൽ മസൃണേത്യാദി പദ്യം കഴിഞ്ഞു കാണുന്നു.

തെളിവിനൊട്ട ഭരദ്വാജാശ്രമം പ്രാപ്യ തസ്മിൻ
പല പല മുനി[1]മുഖ്യാൻ കണ്ട നത്വാ പ്രസാദാത്
അലഘ്വവിപുലസത്വസ്ഫോമഭീമം ഗിരീന്ദ്രം
ചലിതശബര[2]കൂടം ചിത്രകൂടം ഗതാസ്തേ. 110

ചിത്രകൂടപ്രദേശങ്ങളിൽ അവർ പല ദിവസം സുഖമായി കഴിച്ചു കൂട്ടിയതായി പ്രസ്താവിച്ചുകൊണ്ട് പ്രബന്ധകർത്താവ് ഉപസംഹരിക്കുന്നു:

അനുജരചിതപർണ്ണാഗാരഹൃദ്യാസു മാദ്യത്-
പരഭൃതഗളപഞ്ചമൈ പഞ്ചമൈരഞ്ചിതാസു
ജനകദുഹിതൃയോഗാജ്ജാതസാകേതസൗഖ്യം[3]
ചിരമരമത രാമശ്ചിത്രകൂടസ്ഥലീഷു. 111

ഉത്ഥായ സംഭ്രമവ[4]ശാത് സ്ഖലിതോത്തരീയാ
കൃത്വാ ധനുർനിചുളകേ മൃഗയാനിവൃത്തൗ
സീതാഞ്ചലേന തരളേന സമുന്നമന്തീ
രാമാനനാൽ ഭരിത്വർത്മരജോ മമാർജ്ജ. 112

ലോചനൈഃ—കണ്ണുനീർ നിറഞ്ഞ കണ്ണുകളോടുകൂടി. ജന....ജാ—സീത. പ്രേക്ഷിതാ ശിക്ഷിതാ ച—കാണപ്പെടുകയും ഉപദേശിക്കപ്പെടുകയും ചെയ്തു.

പദ്യം 110. ഭരദ്വാജാശ്രമം പ്രാപ്യ—ഭരദ്വാജമഹർഷിയുടെ പർണ്ണശാലയിൽ ചെന്നു. തസ്മിൻ—അവിടെ. പല പല മുനിമുഖ്യാൻ കണ്ട നത്വാ—പല മഹർഷിശ്രേഷ്ഠന്മാരെക്കണ്ട് നമസ്കരിച്ചിട്ട്. പ്രസാദാത്—അവരുടെ അനുമതിയോടുകൂടി. തേ—അവർ (രാമാദികൾ). അലഘ്വ....മം—അനവധി പെരുത്ത ക്രൂരമൃഗക്കൂട്ടങ്ങളാൽ ഭയങ്കരമായി. ചില ...ടം—ഓടിപ്പാഞ്ഞു നടക്കുന്ന കാട്ടാളന്മാരുള്ള കൊടുമുടികളോടുകൂടിയതായ. ചിത്രകൂടം ഗിരീന്ദ്രം—ചിത്രകൂടം എന്ന പർവ്വതത്തെ. ഗതാഃ—പ്രാപിച്ചു.

പദ്യം 111. രാമഃ—രാമൻ. അനുജ....സു—അനുജനായ ലക്ഷ്മണനാൽ നിർമ്മിക്കപ്പെട്ട പർണ്ണശാലകളെക്കൊണ്ട് മനോഹരങ്ങളായി മാദ്യത്....മൈഃ അഞ്ചിതാസു—മദിച്ച കുയിലുകളുടെ കണ്ഠത്തിൽനിന്നു പുറപ്പെടുന്ന പഞ്ചമസ്വരങ്ങളെക്കൊണ്ട് ആനന്ദപ്രദങ്ങളായിരിക്കുന്ന. ചിത്ര ...ഷു—ചിത്രകൂടവനപ്രദേശങ്ങളിൽ. ജനക....ത് ജാത....ഖ്യം—സീതയുടെ സഹവാസം നിമിത്തം അയോദ്ധ്യാവാസത്തിലേതുപോലെ സുഖത്തോടുകൂടി. ചിരം അരമത—കുറെക്കാലം സുഖമായി വസിച്ചു.

പദ്യം 112. മൃഗയാനിവൃത്തൗ—രാമൻ നായാട്ടു കഴിഞ്ഞു മടങ്ങിവരുമ്പോൾ. സീതാ ഉത്ഥായ—സീത എഴുന്നേറ്റ്. സംഭ്രമവശാത്—പരിഭ്രമം ഹേതുവായിട്ട്. സ്ഖലി....യാ—ഉത്തരീയം സ്ഥാനത്തുനിന്നു തെറ്റിയവളായിട്ട്. ധനുഃ നിചുളകേ കൃത്വാ—വില്ലു വാങ്ങി കയ്യിൽ

1. നിവര്യാൻ. 2. ബലകൂട.3. സൗഖ്യം:. 4. വശസ്ഖലി.5. രിതപക്ഷ.

ധരണിതലനിഷണ്ണം ഘർമ്മവിശ്രാന്തിഹേതോർ—
വ്യജതി ജനകപുത്രീ വാസസഃ പല്ലവേന
അഗണിതനിജഖേദഃ പാദസംവാഹനാഭിഃ
പരിചരതി ച [1]ഹൃഷ്യല്ലക്ഷ്മണോ രാമഭദ്രം. 113

ഇത്ഥം ത്രൈലോക്യഭൂഷാമണി രഘുപെരുമാൾ
മൈഥിലീലക്ഷ്മണാഭ്യാ—
മത്യാനന്ദേന ചേന്ത്രയുമമിതസുഖേ
ചിത്രകൂടാചലേന്ദ്രേ
തത്രത്യാനാം മുനീനാം ഭയമുടനഖിലം
പോക്കി വാസ്സും പ്രമോദം
ചിത്തേ കസ്സൊണ്ടിരുന്നു പല ദിനമവനീ—
പദ്മിനീതിഗ്മധാമാ. 114

വച്ചിട്ട്. സമുന്നമന്തീ—ഏന്തി നിന്നിട്ട്. തരളേന അഞ്ചലേന—വസ്ത്രത്തിന്റെ തലകൊണ്ട് വീശീട്ട്. ''തരളം ചഞ്ചലേ ഷിംഗേ ഭാസ്വരേ/ പി ത്രിലിംഗകം. ഹാരമധ്യമണൗ പുംസി യവാഗ്രസുരയോഃ സ്ത്രിയാം'' എന്ന വിശ്വം. രാമാനനാത്—രാമന്റെ മുഖത്തുനിന്ന്. ഭരിത വർത്മരജഃ മമാർജ്ജ—വഴിയിൽനിന്നു പററിയിരുന്ന പൊടികളെ തുടച്ചു.

പദ്യം 113. ഘർമ്മ....തോഃ—ഉഷ്ണം ശമിപ്പാനായിട്ട്. ധരണി.... ണ്ണം—നിലത്തു് ഇരിക്കുന്നവനായ. രാമഭദ്രം—രാമനെ. ജനകപുത്രി—സീത. വാസസഃ പല്ലവേന—വസ്ത്രത്തിന്റെ തുമ്പുകൊണ്ട്. വ്യജതി—വീശുന്നു. ഹൃഷ്യല്ലക്ഷ്മണഃ—സന്തുഷ്ടനായ ലക്ഷ്മണൻ. അഗ....ദഃ—തന്റെ ബുദ്ധിമുട്ടുകളെ വകവയ്ക്കാത്തവനായി. പാദ....ഭിഃ—കാലു തിരുമ്മൽകൊണ്ട്. പരിചരതി ച—ശുശ്രൂഷിക്കയും ചെയ്യുന്നു.

പദ്യം 114. ഇത്ഥം—ഇപ്രകാരം. ത്രൈലോ....ണി—മൂന്നു ലോകത്തിനും അലങ്കാരരത്നമായിട്ടുള്ളവനായി. അവ....മാ—ഭൂമിയാകുന്ന താമരപ്പൊയ്കയ്ക്കു സൂര്യനായിരിക്കുന്ന രഘു....ൻ—ശ്രീരാമൻ. മൈഥി....ഭ്യാം ചേന്ത്ര—സീതാലക്ഷ്മണന്മാരോടുകൂടിയ. അത്യാനന്ദേന—വളരെ സുഖമായി. അമിതസുഖേ—അളവില്ലാത്ത സുഖത്തോടുകൂടിയ. ചിത്ര....ന്ദ്രേ—ചിത്രകൂടപർവ്വതത്തിൽ. തത്രത്യാനാം മുനീനാം—അവിടെ വസിക്കുന്ന മഹർഷിമാരുടെ. അഖിലം ഭയം പോക്കി—സകല ഭയങ്ങളേയും നീക്കിക്കൊണ്ട്. ചിത്തേ—മനസ്സിൽ. വാസ്സും പ്രമോദം കസ്സൊണ്ട്—വലുതായ സന്തോഷത്തോടുകൂടി പലദിനം ഇരുന്നു.

1. ഹൃദ്യം ലക്ഷ്മണോ രാമഭദ്രഃ

വിച്ഛിന്നാഭിഷേകം സമാപ്തം

ആരണ്യകാണ്ഡം

1 ഖരവധം

ഖരവധം

പ്രബന്ധാരംഭത്തിൽ തോഴനെ അഭിസംബോധനം ചെയ്ത് ഉപമാ ഭങ്ഗിയിൽ കഥാവസ്തുവിനെ പ്രസ്താവിക്കുന്നു:

പൃഥ്വീദേവേന്ദ്രപൂർണ്ണേ വരസദസി ഭവാ—
നോട്ട [1]ചേന്നോരുനേരം
ഭദ്രോക്തിപ്രൗഢിയല്ലെൻ പ്രിയസഖ! സഹസാ
മോദഭാരം വളർന്നൂ
ഹത്വാ ഘോരാൻ ഖരാദീൻ മണമെഴുമടജാ-
ഭ്യന്തരേ മൈഥിലീം ത—
ന്നുത്സംഗേ ചേർത്തു മേവുംപൊഴതു മനുകുലേ—
ന്ദ്രനു പണ്ടെന്നപോലെ. 1

പദ്യം 1. പൃഥ്വീ....പൂർണ്ണേ—ബ്രാഹ്മണശ്രേഷ്ഠന്മാരാൽ നിബിഡമായ. വരസദസി—ശ്രേഷ്ഠമായ സഭയിൽ. ഭദ്രോ....ഢി—ഭംഗിപറയുക. പ്രിയ സഖ—അല്ലയോ തോഴ. സഹസാ—പെട്ടെന്ന്. മോദഭാരം—സന്തോഷാ ധിക്യം. ഘോരാൻ—ഭയങ്കരന്മാരായ. ഖരാദീൻ—ഖരൻ മുതലായവരെ. ഹത്വാ—കൊന്നിട്ട്. ഉട....രേ—പർണ്ണശാലയുടെ അകത്ത്. മൈഥി ലീം—സീതയെ. തന്നുത്സംഗേ—തന്റെ മടിയിൽ. മനുകുലേന്ദ്രൻ— രാമൻ. പ്രബന്ധാരംഭത്തിൽ കഥാവസ്തു സൂചിതമായിരിക്കുന്നു. ഖര വധം പ്രബന്ധത്തിൽ ആദ്യത്തെ ഒമ്പതു പദ്യങ്ങളെക്കൊണ്ടു പറഞ്ഞി രിക്കുന്ന കഥാഭാഗങ്ങളെല്ലാം അയോദ്ധ്യാകാണ്ഡത്തിൽ ഉൾപ്പെട്ടവയാ കുന്നു. ചിത്രകൂടത്തിൽ ചെന്ന രാമനും സീതയും ലക്ഷ്മണനും സുഖമായി ത്താമസിച്ചു എന്നു വിച്ഛിന്നാഭിഷേകം പ്രബന്ധത്തെ മങ്ഗലമായി പര്യവസാനിപ്പിച്ചു. അയോദ്ധ്യാകാണ്ഡത്തിലെ ശേഷം കഥകളെ കവി വിസ്മരിക്കുവാൻ ഭാവിക്കുന്നില്ലാത്തതുകൊണ്ട് അവയെല്ലാം സംക്ഷിപ്ത മായി ഖരവധപ്രബന്ധത്തിന്റെ ആദിയിൽ ചേർത്തു കഥാവിച്ഛിത്തി ദോഷം സ്പർശിക്കാതെ കഴിച്ചുകൂട്ടിയിരിക്കുന്നു.

---

1. ചൊന്നാരു.

ഭരതൻ ദുഃഖിതനായി പരിവാരങ്ങളോടുകൂടി ചിത്രകൂടത്തിൽ വന വാസം ചെയ്തു വസിച്ചുവരുന്ന ശ്രീരാമനെ വന്നു കണ്ടു സംഭവങ്ങൾക്കെല്ലാം കാരണം അമ്മയാണെന്നും ദാസനായ തന്നോടു വിരോധം അരുതെന്നും അച്ഛൻ മരിച്ചു് അനാഥയായിരിക്കുന്ന അയോദ്ധ്യയിലേക്കു് ഉടൻ വരണ മെന്നും ഉണർത്തിക്കുന്നു:

ശ്രീകോലും ചിത്രകൂടാചലഭുവി സുഖമേ
ജാനകീലക്ഷ്മണാഭ്യാ—
മേകാന്തേ വാണിരിക്കും പൊഴുതു രഘുവരേ
ബാണകോദണ്ഡപാണൗ
സാകേതാൽപ്പോന്നവന്നു ഭരതനതിശ്രുചാ
ദീനവക്ത്രാംബുജന്മാ
സാകം പൗരൈരമാത്യൈരണിമിഴിയുഗളേ
വാസ്സെഴും ബാഷ്പശാലീ. 2

അഥാവാസം ശാന്തേരകൃതസുകൃതാനാമസുലഭം
നവാംഭോദശ്യാമം നളിനനയനം വല്ക്കലധരം
ജടാജൂടാപീഡം ഭുജഗപതിഭോഗോപമഭുജം
ദദർശ ശ്രീമന്തം വിപിനഭുവി സീതാസഹചരം. 3

കാണുന്നേരത്തുതന്നേ ഝടിതി പദതലേ
വീണുചൊന്നാനിവണ്ണം
''ഞാനെന്നാര്യാ! ധരിച്ചീലടവിതു ജനനീ
മാമകീ പാപശീലാ

പദ്യം 2. ശ്രീകോലും—ലക്ഷ്മീകരമായ. ചിത്ര....വി—ചിത്രകൂട ഗിരിപ്രദേശത്തിൽ. ജനാ....ഭ്യാം—സീതയോടും ലക്ഷ്മണനോടുംകൂടി. സുഖമേ—സുഖമായി. ഏകാന്തേ—തനിച്ചു്. ബാണ....ണൗ—അമ്പും വില്ലും കയ്യിൽ ധരിച്ച. രഘുവരേ—രാമൻ. സാകേതാൽ—അയോദ്ധ്യ യിൽനിന്നു്. അതിശ്രുചാ—വളരെ ദുഃഖംകൊണ്ടു്. ദീന ...ന്മാ—വാടി യ മുഖകമലത്തോടുകൂടിയ ഭരതൻ. ബാഷ്പശാലീ—കണ്ണുനീരോടുകൂടിയ വനായി. പൗരൈഃ അമാത്യൈഃ സാകം—പൗരന്മാരോടും മന്ത്രിമാരോടും കൂടിയവനായി.

പദ്യം 3. അഥ—പിന്നെ. ശാന്തേഃ ആവാസം—ശമഗുണത്തിനു് ഇരിപ്പിടവും. അകൃ....നാം അസുലഭം—പുണ്യം ചെയ്യാത്തവർക്കു സുലഭ മല്ലാത്തവനും. നവാ....മം—പുത്തൻ കാർമേഘംപോലെ കറുത്തവനും. നളിനനയനം—താമരക്കണ്ണനും. വല്ക്കലധരം—മരവുരിയുടുത്തവനും. ജടാ.... ഡ്യം—ശിരസ്സിൽ ജടക്കെട്ടോടു കൂടിയവനും. ഭുജ....ജം—സർപ്പരാജാവി ന്റെ ഉടലിനു തുല്യമായ ഭുജങ്ങളോടുകൂടിയവനും ആയ. ശ്രീമന്തം സീതാ....രം—ശ്രീമാനായ രാമനെ. വിപി....വി—വനപ്രദേശത്തിൽ. ദദർശ—(ഭരതൻ) കണ്ടു.

പദ്യം 4. ഝടിതി—പെട്ടെന്നു്. പദതലേ—കാലിൽ. മാമകീ ജനനീ—എന്റെ അമ്മ (കൈകേയി). പാപശീലാ—പാപസ്വഭാവ

1. മുഡാപി.

ക്ഷീണപ്രായം ചമഞ്ഞു രഘുകുലമധുനാ
താതനും വാനിലായീ
കാണായ്വോ! കമ്മദോഷം കുലപുരി മഹതീ
ഹന്ത ശൂന്യാപ്യയോദ്ധ്യാ. 4

എന്നാര്യ! കേവം ജനനി ചെയ്തൊരു ദുഷ്ടവൃത്ത്യാ
നിൻ ദാസനാമടിയനോടരുതേ വിരോധം
ഖിന്നാൻ ഭരിപ്പതിനു ഞങ്ങളെ വീതനാഥാ—
നെന്നാലയോദ്ധ്യയിലെഴുന്നരുളേണമിന്നേ.'' 5

പിതൃമരണം കേട്ട ദുഃഖിതനായ രാമൻ പിതാവിനു് അപരക്രിയകളും നടത്തിയതായി പ്രസ്താവിക്കുന്നു:

ആകർണ്ണ്യ താതമരണം ഭരതസ്യ വാചാ
ശോകാഭിതപ്തഹൃദയോ മഹനീയധാമാ
ആകല്പകം മനുഭവാമഖിലം തദാനീം
ദ്രാഗൗർദ്ധ്വദേഹികവിധിം പിതുരാതതാന. 6

ശ്രീരാമൻ അയോദ്ധ്യയിലേക്കു വരണമെന്നു നിർബന്ധിക്കുന്ന ഭരതനെ ഒരുവിധത്തിൽ സമാധാനപ്പെടുത്തി തന്റെ പാദുകയും കൊടുത്തു തിരിച്ചയയ്ക്കുന്നു:

സമ്മാനിച്ചുടൻ ഭ്രയോ ഭരതമഥ മിഥോ
വാചമൂചേ രഘൂണാ—
മല്ലാനോത്തംസമാലാ ''മതി മതി മനസി
ഭ്രാതരാതങ്കപൂരം

മുള്ളവൻ. അധുനാ—ഇപ്പോൾ. രഘുകുലം—രഘുവംശം. ക്ഷീണപ്രായം.—ഒട്ടുകാലം ക്ഷീണിച്ചതായി. താതനും—അച്ഛൻ ദശരഥനും. വാനിൽ—സ്വർഗ്ഗത്തിൽ. കുലപുരി—കുലനഗരമായ. മഹതീ അയോദ്ധ്യാ അപി—വലുതായ അയോദ്ധ്യയും. ശൂന്യാ—ശൂന്യയായിരിക്കുന്നു. ഹന്ത—കഷ്ടം.

പദ്യം 5. എന്നാര്യ—എന്റെ ജ്യേഷ്ഠനായുള്ളോവേ. ജനനി—അമ്മയായ കൈകേയി. ദുഷ്ടവൃത്ത്യാ—ദുഷ്ടപ്രവൃത്തിയായി. ദാസൻ—കിങ്കരൻ. വിരോധം—ദ്വേഷം. ഖിന്നാൻ—ദുഃഖിക്കുന്ന. വീതനാഥാൻ— അശരണരായ ഞങ്ങളെ.

പദ്യം 6. ഭരതസ്യ വാചാ—ഭരതന്റെ വാക്കിൽനിന്നു്. താതമരണം—അച്ഛനായ ദശരഥന്റെ മരണവൃത്താന്തത്തെ. ആകർണ്ണ്യ—കേട്ടിട്ടു്. ശോക.....യഃ—ദുഃഖിതനായ. മഹാ.....—മഹാത്മാവായ. മനുഭവാ. ആകല്പകം—മനുവംശക്കു് ആഭരണമായ (രാമൻ). തദാനീം—അപ്പോൾ. ദ്രാക്—ഉടൻതന്നെ. പിതുഃ ഔർദ്ധ.....ധിം—പിതാവിനു ചെയ്യേണ്ടതായ അപരക്രിയകളും. നിഖിലം—എല്ലാം. തതാന—ചെയ്തു.

പദ്യം 7. അഥ—പിന്നെ. രഘൂണാം അല്ലാ..... ലാ—രഘുശ്രേഷ്ഠനായ രാമൻ. ഭ്രയഃ—വീണ്ടും. ഭരതം—ഭരതനെ. സമ്മാനിച്ചു—ബഹുമാനിച്ചു. മിഥഃ—തമ്മിൽ. വാചം ഊചേ—വാക്കിനെ പറഞ്ഞു. ഭ്രാതഃ—അല്ലയോ സോദരാ. മനസി ആതങ്കപൂരം മതി മതി—ഉള്ളിൽ

സംപ്രീത്യാ ഗച്ഛവേഗാത് പ്രജകളമധുനാ
ഹന്ത സീദന്ത്യനാഥാ
നിർമ്മായം നീ ഭരിച്ചീടയി മമ വചസാ
രാജ്യഭാരം ഗഭീരം.'' 7

ഇതി സരസവചോഭിഃ സാന്ത്വയൻ പേത്തുഷം പേത്തുഷം
മുദുഹസിതസുധാർദ്രൈരാത്തി തീത്തമ്മഹാത്മാ
മെതിയടി മഹനീയം നല്കി നേരേ സപൗരം
കഥമപി ഭരതം തം പ്രേഷയാമാസ രാജ്യേ. 8

അടുത്തിരുന്നാൽ വീണ്ടും ഭരതന്റെ വരവുണ്ടാകും എന്നു ശങ്കിച്ചു രാമൻ ചിത്രകൂടം വിട്ടുപോകുന്നു:

രാമസ്ത്വാസന്നദേശത്വാദ്
ഭരതാഗമനം പുനഃ
ആശംക്യോത്സുകസാരംഗാം
ചിത്രകൂടസ്ഥലീം ജഹൗ. 9

രാമൻ പോകുന്ന വഴിക്കു ഘോരനായ വിരാധനെ കണ്ടുമുട്ടി യുദ്ധം ചെയ്തു കൊല്ലുകയും പിന്നെ ശരഭങ്ഗാശ്രമത്തെ പ്രാപിച്ചു ശരഭങ്ഗന്റെ ദേഹപ്രവേശം കാണുകയും പിന്നെ അവിടെനിന്നു പുറപ്പെട്ടു വിന്ധ്യപർവതത്തെ പ്രാപിക്കുകയും ചെയ്യുന്നു:

പോകുന്നേരത്തകാണ്ഡേ ഝടിതി വഴി തട—
ത്തോരു ഘോരം വിരാധം
വ്യാഹത്യാമിത്രഘാതീ രഘുപതി ശരഭം—
ഗാശ്രമം പ്രാപ്യ ധീമാൻ

സങ്കടപ്പെടേണ്ട. സംപ്രീത്യാ—സന്തോഷത്തോടുകൂടിത്തന്നെ. വേഗാത് ഗച്ഛ—വേഗമായി ചെന്നാലും. അധുനാ—ഇപ്പോഴേ. പ്രജകളും അനാഥഃ—അശരണരായി. സീദന്തി—ദുഃഖിക്കുന്നു. മമ വചസാ—എന്റെ വാക്കനുസരിച്ചു്. നിർമ്മായം—കപടം കൂടാതെ. ഗഭീരം രാജ്യഭാരം—ക്ലേശസാധ്യമായ രാജ്യഭരണത്തെ. അയി—സംബുദ്ധിദ്യോതകം.

പദ്യം 8. അമ്മഹാത്മാ—ആ മഹാത്മാവായ രാമൻ. ഇതി—ഇപ്രകാരം. മുദു.....ദ്രൈഃ—മന്ദഹാസാമൃതത്താൽ അലിഞ്ഞ. സര.....ഭിഃ—രസമായ വാക്കുകളെക്കൊണ്ടു്. ആത്തി തീത്തു്—ദുഃഖത്തെ പോക്കി. സാന്ത്വയൻ—(ഭരതനെ) സമാധാനപ്പെടുത്തി. മഹനീയം—ശ്രേഷ്ഠമായ. മെതിയടി—പാദുക. സപൗരം—പൗരന്മാരോടു കൂടിയ. തം ഭരതം—ആ ഭരതനെ. കഥമപി—ഒരുവിധത്തിൽ. രാജ്യേ പ്രേഷയാമാസ—രാജ്യത്തിലേക്കു പറഞ്ഞയച്ചു.

പദ്യം 9. രാമഃ തു—രാമനാകട്ടെ. ആസ.....ത്—അടുത്തായതുകൊണ്ടു്. പുനഃ—വീണ്ടും. ഭര.....നം ആശങ്ക്യ—ഭരതന്റെ വരവിനെ ശങ്കിച്ചിട്ടു്. ഉത്സു. . .ഗാം—ഉൽക്കണ്ഠപൂണ്ട ഹരിണങ്ങളോടു കൂടിയ. ചിത്ര.....ലീം ജഹൗ—ചിത്രകൂടവനപ്രദേശത്തെ ത്യജിച്ചു. അവിടെനിന്ന യാത്രയായി എന്നർത്ഥം. രഘുവംശപദ്യമാണിതു്.

പദ്യം 10. അകാണ്ഡേ—പെട്ടെന്നു്. ഝടിതി—ഉടൻ. ഘോരം—

മാഹാത്മ്യോദഞ്ചിതം തദ്ദഹനപതനമാ—
ലോക്യ ചിത്രീയമാണഃ
സാകം സീതാനുജാഭ്യാം ത്രിഭുവനതിലകഃ
സംപ്രതസ്ഥേ തദാനീം. 10

വല്ഗത്യഗ്രേ തരുണഹരിണഃ ശാഡ്വലിന്യത്ര ഭൂമി—
ശ്ചഞ്ചത്പിഞ്ഛോ നടതി പുരതഃ സ്നിഗ്ധകേകഃ ശിഖണ്ഡീ
വ്യാജാദിത്ഥം കിമപി വിപിനേ ദർശയൻ വസ്തു ദേവ്യൈ
ദേവോ രാമഃ കളഭഗമനാം മന്ദമന്ദം നിനായ. 11

ജരദ്ഭുജഗഗ്രാസത്രസ്പ്രണഷ്ടമൃഗാംഗനം
ഹരിനഖമുഖന്യാസയസ്തദ്വിപോജ്ജിതഫീംകൃതം
ശബരവനിതോത്ഖാതൈഃ കണ്ടൈഃ സ്ഫുടസ്ഥപുടാന്തരം
സപദി സരിതാം ബന്ധുഃ വിന്ധ്യം ഗതാസ്തേ ഇമേ ഗിരിം. 12

ഭയങ്കരനായ. വിരാധം—വിരാധൻ എന്ന രാക്ഷസനെ. അരി....തീ—ശത്രുനാശകനായ. ധീമാൻ—ബുദ്ധിമാനായ. രഘുപതി—രാമൻ. വ്യാഹത്യ—കൊന്നിട്ട്. ശരഭംഗാശ്രമം പ്രാപ്യ—ശരഭംഗമുനിയുടെ ആശ്രമത്തെ പ്രാപിച്ചിട്ട്. മാഹാ....തം—മേന്മയേറിയ. തദ്ദഹനപതനം—അദ്ദേഹത്തിന്റെ അഗ്നിപ്രവേശത്തെ. ആലോക്യ—കണ്ടിട്ട്. ചിത്രീയമാണഃ—അത്ഭുതപ്പെട്ടുകൊണ്ട്. ത്രിഭു....കഃ—രാമൻ. സീതാ....ഭ്യാം സാകം—സീതയോടും ലക്ഷ്മണനോടും കൂടി. തദാനീം—അപ്പോഴത്തന്നെ. സംപ്രതസ്ഥേ—പുറപ്പെട്ടു.

പദ്യം 11. അഗ്രേ—മുമ്പിൽ. തരു....ണഃ—യുവാവായ മാൻ. വല്ഗതി—തുള്ളിച്ചാടുന്നു. അത്ര—ഇവിടെ. ഭൂമിഃ—നിലം. ശാഡ്വലിനീ—പുരെ പുല്ലുവളർന്നതു്. സ്നിഗ്ധകേകഃ—മനോഹരമായി ശബ്ദിക്കുന്ന. ചഞ്ചത്പിഞ്ഛഃ—ഇളകി ആടുന്ന പീലിയോടുകൂടിയ. ശിഖണ്ഡീ—മയിൽ. പുരതഃ—മുമ്പിൽ. നടതി—ആടുന്നു. ഇത്ഥം—ഇവ്വണ്ണം. വ്യാജാത്—കപടമായി. വിപിനേ—കാട്ടിൽ. കിമപി വസ്തു—എന്തെങ്കിലുമൊന്നു്. ദേവ്യൈ—സീതയ്ക്കു്. ദർശയൻ—കാണിച്ചു കൊടുത്തുംകൊണ്ടു്. ദേവഃ രാമഃ—ദേവനായ രാമൻ- കള....നാം—ആനക്കൂട്ടിയുടെ നടപോലെയുള്ള നടയോടുകൂടിയ സീതയെ. മന്ദമന്ദം—പതുക്കെപ്പതുക്കെ. നിനായ—നടത്തിക്കൊണ്ടുപോയി.

പദ്യം 12. സപദി—ഉടൻ. തേ ഇമേ—ആ ഇവർ. വിന്ധ്യം ഗിരിം ഗതാഃ—വിന്ധ്യപർവതത്തെ പ്രാപിച്ചു. വിന്ധ്യപർവതവിശേഷങ്ങളാണു് ബാക്കിയുള്ള പദങ്ങൾ. ജര....ഗനം—മൂത്ത മലമ്പാമ്പു വിഴുങ്ങുമെന്ന ഭയംകൊണ്ടു നശിച്ച മാൻപേടയോടു കൂടിയതും. ഹരി....തം—സിംഹത്തിന്റെ നഖരാഗ്രങ്ങളാൽ പീഡിപ്പിക്കപ്പെട്ട ആനകളുടെ ഫീംകാരശബ്ദം മുഴങ്ങുന്നതും. ശബ....തൈഃ—മലച്ചികളാൽ പിഴുതെടുക്കപ്പെട്ട. കണ്ടൈഃ—കിഴങ്ങുകളെക്കൊണ്ടു്. സ്ഫുട....രം—അവിടവിടെ കുന്നും കുഴിയുമായിക്കാണുന്നതും. സരിതാം ബന്ധുഃ—പുഴകൾക്കു ബന്ധുവും ആയ വിന്ധ്യപർവതത്തെ എന്നന്വയം.

വിന്ധ്യപർവതത്തെ വർണ്ണിക്കുന്നു:

ഗദ്യം 1.

അഗസ്ത്യവചനസംഹൃതബ്രഹ്മാണ്ഡഷണ്ഡഗതശിഖര—
സഹസ്രൈഃ കന്ദരാന്തരലതാഗൃഹസുഖപ്രസുപ്തവിദ്യാധരമിഥുന—
ഗീതാകർണ്ണനസുഖിതചമരീഗണമാരണോത്സുകിതശബര—
സംബാധകക്ഷതടഃ കരികാരകൃഷ്ടിഭഗ്നസ്യന്ദമാനഹരിചന്ദനാ—
മോദവാഹിഗന്ധവാഹശിശിരിതശിലാതലഃ ദൂരപതനഭഗ്ന—
താലഫലരസാർദ്രകരതലാസ്വാദനോത്സുകശാഖാമൃഗകദംബകഃ
പ്രലംബമാനനിർഝരോപവിഷ്ടജീവഞ്ജീവകമിഥുനലിഹ്യ-
മാനവിവിധഫലരസാമോദസുരഭിതപരിസരഃ സരഭസകേ—
സരിസഹസ്രഖരനഖരധാരാവിദാരിതമത്തമാതംഗകുംഭസ്ഥല
വിഗളിതമുക്താഫലശബളിതശിഖരതയാ ശിരോലഗ്നം
താരാഗണമിവോദ്വമൻ, പശുപതിരിവ നാഗനിഃശ്വാസസ
മുത്സർപ്പിഫണഭൃതിഃ, ജനാർദനഇവ വിചിത്രവനമാലഃ,
സഹസ്രകിരണ ഇവ സപ്തപത്രസ്യന്ദനോപേതഃ, വിന്ധ്യപർവതഃ.

ഗദ്യം 1. അഗ....സ്രൈഃ—അഗസ്ത്യന്റെ വാക്കിനാൽ ബ്രഹ്മാണ്ഡവ്യാപികളായ ആയിരം കൊടുമുടികളെ ചുരുക്കിയതും. കന്ദരാ....ടഃ—ഗ്രഹകളിലും വള്ളിക്കുടിലുകളിലും സുഖമായി കിടക്കുന്ന വിദ്യാധരവിദ്യാധരികളുടെ പാട്ട് കേട്ട് രസിച്ചുനില്ക്കുന്ന ചമരിമൃഗങ്ങളെ കൊല്ലുന്നതിൽ തത്പരരായ വേടന്മാർ തിങ്ങിയ ചതുപ്പുനിലങ്ങളോട് കൂടിയതും. ജലപ്രായമായ പ്രദേശം കച്ഛം. ''ജലപ്രായമനൂപം സ്യാത് പുംസി കച്ഛഃ'' എന്നു് അമരം. കരി ...ലഃ—ആനകൾ പിടിച്ചുവലിച്ചൊടിഞ്ഞ ഹരിചന്ദനമരത്തിന്റെ മണം പൂണ്ട കാറ്റിനാൽ കുളിർത്ത പാറപ്പുറങ്ങളോട് കൂടിയതും. ദൂര....കഃ—പൊക്കത്തിൽനിന്നു വീണ ചതഞ്ഞ പനമ്പഴത്തിന്റെ ചാറു പുരണ്ട കൈപ്പടങ്ങൾ നക്കിത്തുടയ്ക്കുന്ന കരടുകളോട് കൂടിയതും. പ്രലംബ....സരഃ—തുക്കായി വെള്ളം ചാടുന്ന അരുവിയിലിരുന്ന വട്ടച്ചാവലിണകൾ കൊത്തിത്തിന്നുന്ന പലതരം പഴങ്ങളുടെ ചാറിന്റെ മണം പരന്ന പരിസരപ്രദേശത്തോട് കൂടിയതും സരഭസ....ഇവ—വേഗമേറിയ ആയിരം സിംഹങ്ങളുടെ മൂർച്ചയുള്ള നഖാഗ്രങ്ങളാൽ പിളർക്കപ്പെട്ട മത്തഗജങ്ങളുടെ മസ്തകങ്ങളിൽനിന്നു വെളിയിൽ ചാടിയ മുത്തുകൾ ചിന്നിയ കൊടുമുടികളോട് കൂടിയിരിക്കുന്നതിനാൽ ശിരസ്സിൽ പറ്റിയ നക്ഷത്രസമൂഹത്തെ കുടഞ്ഞുകളയുന്നതുപോലെയുള്ളതും. പശുപതിഃ ഇവ -ശിവനെപ്പോലെ. നാഗ....തിഃ—സർപ്പങ്ങളുടെ നിഃശ്വാസത്താൽ ഇളക്കപ്പെട്ട സ്നേത്തോട് കൂടിയതും. ജനാർദനഃ ഇവ —മഹാവിഷ്ണുവെപ്പോലെ. വിചി ലഃ—വിചിത്രമായ വനമാലയോട് (വനപങ്ക്തി, വിഷ്ണുവിന്റെ മാല) കൂടിയതും. സഹസ്രകിരണഃ ഇവ—സൂര്യനെപ്പോലെ. സപ്തപത്ര....തഃ—ഏഴിലം പാലയുടെ ചാറൊലിപ്പോടുകൂടിയതും (സൂര്യപക്ഷത്തിൽ ഏഴു കുതിരകളുള്ള രഥത്തോടുകൂടിയ). വിന്ധ്യപാ

ഇവ സന്നിഹിത ഗ്രഹഃ ശിവാനുഗതശ്ച, കാമീവ കാന്താ—
രോഷരസാനുഗതഃ സമദനശ്ച, ശ്രീപർവത ഇവ സന്നിഹി—
തമല്ലികാർജ്ജുനഃ, നരവാഹനദത്ത ഇവ പ്രിയംഗ്രശ്യാമാ—
സനാഥഃ, ശിശ്രുരിവ കൃതധാത്രീധൃതിഃ വാസരാരംഭ ഇവ
അരുണപത്രപ്രഭോപാടലിതവനരാജിഃ, കൃഷ്ണപക്ഷ ഇവ
ബഹുലതാഗഹനഃ, കണ്ണ ഇവ അനുഭൂതശതകോടിദാനഃ,
ഭീഷ്മ ഇവ ശിഖണ്ഡിമുക്തൈരർദ്ധചന്ദ്രൈരാവൃതഃ കാമ—
സൂത്രവിന്യാസ ഇവ മല്ലനാഗഘടിതകാന്താരസാമോദഃ,
ഹിരണ്യകശിപുരിവ ശംബരകുലാശ്രയഃ, ഗൈരികരാഗ—
വ്യാജാദുപരി രവിരഥമാർഗ്ഗമാഗ്നേയമിവ അരുണേന

ക്ഷഃ ഇവ ശിവനെപ്പോലെ. സന്നിഹിതഗ്രഹഃ—ഗ്രഹകളോടുകൂടിയതും. (ശിവപക്ഷത്തിൽ സുബ്രഹ്മണ്യനോടുകൂടിയ). ശിവാനുഗതഃ ച—കറുക്ക ന്മാരുള്ളതും. (ശിവപക്ഷത്തിൽ പാർവതിയാൽ പിന്തുടരപ്പെട്ടവൻ). കാമീ ഇവ—കാമമുള്ളവനെപ്പോലെ. കാന്താ....തഃ—കാന്താരം (കാട്ട്) ഊഷരം (ഉവർനിലം) സാനു (താഴ്വര) ഇവയോടുകൂടിയതും. (കാമിപക്ഷത്തിൽ കാന്തയുടെ പ്രണയകലഹരസത്തോടുകൂടിയ) സമദനഃ ച—മലങ്കാരയോടുകൂടിയതും. (കാമിപക്ഷത്തിൽ മന്മഥനോടുകൂടിയ). ശ്രീപർവതഃ ഇവ—ശ്രീപർവതംപോലെ. സന്നി....നഃ—മുല്ലവള്ളികളോടും നീർമരുതുകളോടും കൂടിയതും (ശ്രീപർവതപക്ഷത്തിൽ മല്ലികാർജ്ജുനക്ഷേത്രത്തോടുകൂടിയ. (നര...ഥഃ—നരവാഹനദത്തനെപ്പോലെ ഞാഴലും നറുനീണ്ടിയും ചേർന്നതും. (നരവാഹനദത്തപക്ഷത്തിൽ രണ്ടു ഭാര്യമാരുടെ പേരും). നരവാഹനദത്തൻ—ബൃഹത്കഥാപ്രതിപാദ്യനായ രാജാവു്. ശിശ്രുഃ ഇവ—കട്ടിയെപ്പോലെ. കൃതധാത്രീധൃതിഃ—നെല്ലിമരമുള്ളതും. (ശിശ്രുപക്ഷത്തിൽ വളർത്തമ്മയാൽ എടുക്കപ്പെട്ട). വാസ....രഃ ഇവ—പുലർകാലംപോലെ. അരു....ജിഃ—ചുമന്ന ഇലകളുടെ കാന്തികൊണ്ടു ചുമന്ന ശോഭിക്കുന്ന വനപങ്ക്തിയോടുകൂടിയതും (ദിവസാരംഭപക്ഷത്തിൽ അരുണൻ തെളിക്കുന്ന തേരിന്റെ പ്രഭകൊണ്ടു). കൃഷ്ണപക്ഷഃ ഇവ—കൃഷ്ണപക്ഷംപോലെ. ബഹു....നഃ അനേകം വള്ളികളെക്കൊണ്ടു ഗഹനമായതും. (കൃഷ്ണപക്ഷത്തിൽ കറുത്ത വാവുകൊണ്ടു). കണ്ണഃ ഇവ—കണ്ണനെപ്പോലെ. അനുഭൂത....നഃ—ഇന്ദ്രന്റെ ദാനം (മഴ) അനുഭവിച്ചതും. (കണ്ണപക്ഷത്തിൽ നൂറു കോടി ദാനങ്ങളും നടത്തിയവൻ.) ഭീഷ്മഃ ഇവ—ഭീഷ്മരെപ്പോലെ. ശിഖണ്ഡി....വൃതഃ—മയിലുകളും പൊഴിച്ച പീലിക്കണ്ണുകളും നിറഞ്ഞതും. (ഭീഷ്മപക്ഷത്തിൽ ശിഖണ്ഡി എയ്തകത്തിയമ്പുകളേറ്റവൻ). കാമ....സ ഇവ—കാമശാസ്ത്രമാർഗ്ഗംപോലെ. മല്ല....ദഃ—കരുത്തുറ്റ ആനകളോടു ചേർന്ന കാട്ടുകളുടെ ഗന്ധത്തോടുകൂടിയതും. (കാമസൂത്രപക്ഷത്തിൽ മല്ലനാഗൻ എന്ന ആചാര്യനാൽ പ്രതിപാദിക്കപ്പെട്ട നായികാശൃംഗാരത്തോടുകൂടിയ) മല്ലനാഗനു വാത്സ്യായനൻ എന്ന പേരാണു പ്രസിദ്ധം. ഹിരണ്യ....പുഃ ഇവ—ഹിരണ്യകശിപുവെപ്പോലെ. ശംബ....യഃ—വേടന്മാർക്കു് ഇരിപ്പിടവും (ഹിരണ്യ

ഉപാസ്യമാനഃ, ശിഖരഗതസൂര്യാചന്ദ്രമസ്ഥയാ വിസ്ഫാരിത-
വിലോചനോഽഗസ്ത്യമാർഗ്ഗമിവോദ്വീക്ഷമാണഃ, സ്രസ്തരാളാന-
ഗജ ഇവ ജരദ്ഗരഭോഗൈഃ, പിണ്ഡാലകൃതകാങ്കിത-
പദപങ്തിസൂചിതസഞ്ചരിതശചീപതിവാരവിലാസിനീ-
സങ്കേതകേതകീമണ്ഡപഃ, അകുലീനോഽപി സദ്വംശഭ്ര-
ഷ്ടിതഃ, ദർശിതാഭയോഽപി മൃത്യുഫലദായീ, സപ്രസ്ഥോഽപ്യ-
പരിമാണഃ, [1]സപാദോഽപി നിശ്ശബ്ദഃ, ഭീമോഽപി കീചക-
സുഹൃദ് വിന്ധ്യോ നാമ മഹാഗിരിരദൃശ്യത.

വിന്ധ്യപർവതമാർഗ്ഗങ്ങളിൽക്കൂടി സീതയെ മധ്യത്തിൽ നടത്തിക്കൊണ്ടു രാമലക്ഷ്മണന്മാർ ദണ്ഡകാരണ്യത്തെ പ്രാപിക്കുന്നു:

വിന്ധ്യാദ്ധ്വാനോ വിരളസലിലാ-
സ്സ്ഫിണീ തത്ര സീതാ
യാവന്മൂർച്ഛാം കലയതി കില
വ്യാകുലേ രാമഭദ്രേ

കശിപുപക്ഷത്തിൽ ശംബരാസുരകുലത്തിൽ ജനിച്ചവൻ) ഗൈരി.... ജാത്-ഗൈരികാദിധാതുക്കൾ എന്ന വ്യാജത്താൽ. ഉപരി-മുകളിൽ. രവി....ത്ഥം ഇവ-സൂര്യരഥത്തിന്റെ മാർഗ്ഗത്തെ അന്വേഷിക്കുന്നതിനോ എന്ന തോന്നുമാറ്. അരുണേന-അരുണനാൽ. ഉപാസ്യമാനഃ-സേവിക്കപ്പെടുന്നതും. ശിഖ....യാ-കൊടുമുടിയിൽ സൂര്യനും ചന്ദ്രനും വരുമ്പോഴും. വിസ്ഫാ....നഃ- കണ്ണ് വിടർത്തി. അഗസ്ത്യമാർഗ്ഗം-അഗസ്ത്യന്റെ വഴിയെ. ഉദ്വീക്ഷമാണഃ ഇവ മേലോട്ട് നോക്കുന്നതുപോലിരിക്കുന്നതും. ജരദ....ഗൈഃ-മൂത്ത പെരുമ്പാമ്പുകളുടെ, ഉടലിഴയുമ്പോഴും. സ്രസ്താ....ജഃ ഇവ-കെട്ടഴഞ്ഞ ആനയെപ്പോലിരിക്കുന്നതും. പിണ്ഡാ....പഃ-ചെമ്പഞ്ഞിച്ചാറു വീണ് അടയാളപ്പെട്ട കാൽച്ചുവടുകളാൽ ദേവേശ്യകം കേതകീമണ്ഡപസങ്കേതത്തിലേക്കു പോയതിനെ സൂചിപ്പിക്കുന്നതും. അകുലീനഃ അപി-ഭൂമിയിൽ പററിക്കിടക്കുന്നതല്ലെങ്കിലും. സദ്വംശഭ്രഷ്ടിതഃ-നല്ല മുളകളാൽ അലങ്കൃതനും. (കുലീനനല്ലെങ്കിലും കുലീനൻ എന്ന വിരോധാഭാസം) ദർശിതാഭയഃ അപി-കൂട്ടക്കമരം കാണിക്കുന്നതെങ്കിലും മൃത്യുഫലദായി-മരണമുണ്ടാക്കുന്നതും. (അഭയം നല്കി കൊല്ലുന്നവൻ എന്ന വിരോധാഭാസം) സപ്രസ്ഥഃ അപി-താഴ്വരയോടുകൂടിയതെങ്കിലും. അപരിമാണഃ-അളവററതും. (ഇടങ്ങഴി ഇരുന്നിട്ടും അളവുസാധനമില്ലാത്തവൻ എന്ന വിരോധാഭാസം) സപാദഃ അപി-ചെറുപർവതങ്ങളോട് കൂടിയതെങ്കിലും. നിശ്ശബ്ദഃ-ശബ്ദരഹിതവും. (പാഠിച്ചിരുന്നിട്ടും മിണ്ടാതിരിക്കുന്നവൻ എന്ന വിരോധാഭാസം) ഭീമഃ അപി-ഭയങ്കരമെങ്കിലും. കീചകസുഹൃത്-തുമ്പിത്തുളച്ച മുളകളുടെ ചങ്ങാതിയും (വിരോധാഭാസം വ്യക്തം) വിന്ധ്യഃ നാമ-വിന്ധ്യൻ എന്ന പേരായ. മഹാഗിരിഃ-വലിയ പർവതം. അദൃശ്യത-കാണപ്പെട്ടു.

പദ്യം 13. വിന്ധ്യാധ്വാനഃ-വിന്ധ്യപർവതമാർഗ്ഗങ്ങൾ. വിര....

1. സപാദോപി.

ദ്രാക് സൗമിത്രിഃ പൂടകകലശീം
മാലുധാനീദളാനാം
താവത് പ്രാപ്പോ ദധദധിഭൃതാം വാരിണാ
നൈർത്ഥരേണ. 13

ശ്രീരാമൻ വില്ലുമമ്പും കരതളിരിലെടു-
ത്തഗ്രതോ ലക്ഷ്മണോഽപി
സൈരം പിൻപേ നടത്തിത്തെളിവൊടു നടവേ
ജാനകീം ജാതവേദാം
ഘോരാണാം [1]കൗണപാനാം കൊടിയ കടിനിലം
ദണ്ഡകാരണ്യമാപ-
ദ്വാരം പ്രാപ പ്രശാന്തൈരൃഷിഭിരുപചിതം
ബ്രഹ്മഘോഷാഭിപൂർണ്ണം. 14

ദണ്ഡകാരണ്യത്തെ വർണ്ണിച്ചുകൊണ്ട് അവിടെ ശ്രീരാമാദികൾ അഗസ്ത്യാശ്രമത്തെ പ്രാപിച്ചതായി പ്രസ്താവിക്കുന്നു:

ഗദ്യം 2.

ശിവ ശിവ! ദണ്ഡകവനമാഹാത്മ്യം
പറകിൽ വിചിത്രം ചിത്രമൊരോന്നേ
തിങ്ങിനിറഞ്ഞതിതുംഗത ചേന്ന ത-
ളിത്ത തണൽക്കളർമസ്സു കൊഴപ്പു വ-
ളത്ത തരുപ്രകരങ്ങളിലങ്ങോ-

ലാഃ-വെള്ളം കറഞ്ഞവയാണ്. തത്ര-അവിടെ. സീതാ-സീത. തഷ്ടിണീ-ദാഹിച്ച്. മൂർച്ഛാം യാവത് കലയതി താവത്-മൂർച്ഛയെ പ്രാപിച്ചപ്പോൾ. രാമഭദ്രേ വ്യാകുലേ-രാമൻ പരവശനായിരിക്കെ. സൗമിത്രിഃ-ലക്ഷ്മണൻ. ദ്രാക്-ഉടൻ. മാലു....നാം പൂടകകലശീം-മാലുച്ചെടിക്കമ്പിളകളെ. നൈർത്ഥരേണ വാരിണാ അധിഭൃതാം ദധത്-അരുവിനീർ നിറച്ചുകൊണ്ട്. പ്രാപ്പഃ-വന്നെത്തി. വന്നുചേരും എന്നർത്ഥം.

പദ്യം 14. കരം-കൈയ്. അഗ്രതഃ-മുമ്പിൽ. ലക്ഷ്മണഃ അപി-ലക്ഷ്മണനും. സൈരം-സ്വച്ഛന്ദമായി. ജാതവേദാം ജാനകീം-ഖിന്നയായ സീതയെ. ഘോരാണാം കൗണപാനാം-ഭയങ്കരന്മാരായ രാക്ഷസന്മാരുടെ. കടിനിലം-വാസസ്ഥാനവും. ആപദ്വാരം-ആപത്തിനു വഴിയും. പ്രശാന്തൈഃ ഋഷിഭിഃ ഉപചിതം-ശാന്തരായ ഋഷികൾ അധികമുള്ളതും. ബ്രഹ്മ....ർണ്ണം-വേദവാക്യഘോഷത്താൽ പൂർണ്ണവുമായ. ദണ്ഡകാരണ്യം-ദണ്ഡകാരണ്യത്തെ. പ്രാപ-പ്രാപിച്ചു.

ഗദ്യം 2. ഈ ഗദ്യത്തിൽ കവി ദണ്ഡകാരണ്യത്തെ വർണ്ണിച്ചു സീതാലക്ഷ്മണസഹിതനായ രാമനെ അഗസ്ത്യാശ്രമത്തിൽ കൊണ്ടുചെന്നാക്കുന്നു: വിചിത്രം ചിത്രം-പല വിധത്തിൽ ആശ്ചര്യകരം. തുങ്ഗത-പൊക്കം. തരുപ്രകരം-വൃക്ഷസമൂഹം. ആലോലാകൃതി-ഇളകിയാടി

1. ണാം രാക്ഷസാനാം കൊ.

ടിങ്ങോടാലോലാകൃതി മെല്ലെ—
പ്പററിന നവനവവല്ലിമതല്ലി—
ക്കൊടികളിലുടനടനവികലമിടകല—
രപ്പോന്നഴകിൽ വിരിഞ്ഞ മലക്കുല—
തോറുമൊരുംക്കുതുകാർദ്രം മധു തെളി
പെരികിന മധുകരഝംകാരധ്വനി
പരമാഹ്ലാദം കുഹചന ഭാഗേ;
തത്പരിപകഫലോത്കരഭക്ഷണ—
കേളി തുടർത്തുമൊരോവിധപക്ഷികു—
ലങ്ങളം പരസ്പരമക്ഷതപക്ഷപു—
ടങ്ങളടിച്ചു ചടാചടഘോഷം
കേട്ടീടന്നു കുഹചന ഭാഗേ;
വിമലതപോബലമഹിമ പുലമ്പി നി—
ലിമ്പജനത്തൊടൊരൻപു തുടന്നു പ—
ടന്നൊരു തേജഃപ്രകരമണിഞ്ഞു വ—
ളഞ്ഞ ജടാപടലങ്ങം ധരിച്ചു ന—
രച്ചൊരു ചിന്മാത്രകലാനിർമാ—
യാമൃതവാപിയിൽ വീണു കളിക്കുമ—
കക്കരു പുണ്ട പുരാണമുനീശ്വര—
മണ്ഡലികൊണ്ടമനുഗ്രഹകൃത്യവ—
ശാലിളയിൽ പുകിലെങ്ങും പെറൊരു
കമ്മണി നിർമ്മലപടുത കലന്നൊരു
ശാസ്ത്രാഭ്യാസം പേർത്തും പേർത്തും
മുഹുരപി ശിഷ്യജനത്തിനു കൃപയാ
ശിക്ഷിച്ചുപദേശിച്ചും ചിലർ വേ—
ദാർത്ഥവിചാരം ചെയ്തും ചിലർ പദ—
മോർത്താർത്ഥധികകുതൂഹലമോടും

ക്കൊണ്ട്. നവ....തല്ലി—പുതിയ പുതിയ നല്ല വള്ളികളം. അവികലം—കേടുവില്ലാതെ. മലക്കുല—പൂങ്കുല. കുതുകാർദ്രം—വർദ്ധിച്ച കൗതുകത്തോടു കൂടി. മധു....നി—വണ്ടുകളുടെ ഝങ്കാരനാദം. പരമാഹ്ലാദം—പരമസന്തോഷം. കുഹചന ഭാഗേ—ഒരു ഭാഗത്തു്. തത്പ....കേളി—അവയുടെ പഴത്തിൽ പഴങ്ങളെ ഭക്ഷിക്കുന്ന കളി. പക്ഷികുലം—പക്ഷിക്കൂട്ടം. പരസ്പരം-തമ്മിൽ. അക്ഷ....ങ്ങം—കേടാറ ചിറകുകളം. ചടാചടഘോഷം—ചടാചട എന്ന മുഴക്കം. വിമല....മ—നിർമലമായ തപശ്ശക്തിയുടെ മേന്മ. നിലിമ്പജനം—ദേവകളം. തേജഃപ്രകരം—കാന്തിസമൂഹം. ജടാപടലം—ജടാസമൂഹം. ചിന്മാ... പി—സച്ചിദാനന്ദമാകുന്ന മായമില്ലാത്ത അമൃതക്കുളം. പുരാ .. ലി—പഴയ മഹർഷിമാരുടെ കൂട്ടം. അനു....തു—അനുഗ്രഹിക്കേണ്ട കൃത്യം നിമിത്തം. കമ്മണി—പ്രവൃത്തിയിൽ. നിർമലപടുത—ശുദ്ധമായ സാമർത്ഥ്യം. ശാസ്ത്രാഭ്യാസം—ശാസ്ത്രപഠനം. മുഹുഃ അപി—വീണ്ടും. കൃപയാ—

''വേദാന്തം വശമാക്കേണം ദൃഢ—
മുപനിഷദർത്ഥം കാണരുതത്രേ.
ശാസ്ത്രമനസ്സിഹ വേറൊന്നോതാ—
നോക്കുംതോറും മുട്ടിപ്പോകും
വ്യാകരണം കേവം വക്കാണിച്ചേ—
നച്ചനൊടത്രേ താനമതെല്ലാ—
മക്ര്യോത്രത്തിനു കാലം വൈകീ
മിക്കുറും ബത സൂര്യനുദിച്ചു
ദർഭക്കോണിനുമില്ലിതിനഗ്രം
തപ്പിച്ചെന്തു വരാഞ്ഞു പുത്രൻ
പുഷ്പത്തിന്നാർ പോയതിനിക്കോ
ജല്പിപ്പാനരുതാരൊട്ടമൊട്ടും
പത്നി കൂളിച്ചുവരാഞ്ഞിഹ വൈകീ—
തഗ്നി തുറന്നീലിന്ധനമെങ്ങു
ഭോജ്യവ്യഞ്ജനമത്തു വച്ചേച്ചു—
ങ്ങാജ്യഘടം നീ കൊണ്ടാ കന്യേ!
പുല്ലിനു പോയീലാരും നാളേ—
ക്കില്ലിന്നോക്കൊരുവണ്ണം പോരും
ഖണ്ഡനമിന്നരുവിട്ടീലല്ലീ
ദണ്ഡമെടോ തവ മകനേ! ചീലം
ദണ്ഡാടിയോളമടിപ്പാൻ തോന്നും
പിണ്ഡമിതൊന്നിനുമാകാ നൂനം''
വിവിധമിവണ്ണമൊരോന്നു പറഞ്ഞും
നിജഗൃഹതന്ത്രധുരീണത പൂണ്ടമ—
നേകവിലാസമിണങ്ങി വിളങ്ങിനൊ—
രാശ്രമവീഥികയം കഹചന ഭാഗേ;
വില്ലുമെടുത്തു കുലച്ചു വിരൽച്ചര—
ടിട്ടു മദിച്ചു ചിരിച്ചൊരു ശരവുമെ—

രൂപകൊണ്ടു്. പദം—വേദവാക്യങ്ങളിലെ പദം (വാക്കു്). വേദാന്തം—ഉപനിഷത്തത്വം. ദൃഢം—ഉറപ്പായി. ഉപനിഷദർത്ഥം—ഉപനിഷദ്വചനതാത്പര്യം. ശാസ്ത്രമനസ്സു്—ശാസ്ത്രത്തിൽ പറഞ്ഞിരിയ മനസ്സു്. വ്യാകരണം—ശബ്ദശാസ്ത്രം. അക്ര്യോത്രം—അഗ്നിഹോത്രം. അഗ്രം—തുമ്പു്. തപ്പിച്ചു്—ഉടകക്രിയചെയ്തു്. ജല്പിപ്പാൻ—വെറുതേ സംസാരിക്കാൻ. ഇന്ധനം—വിറകു്. ഭോജ്യവ്യഞ്ജനം—ചോറും കറിയും. ആജ്യഘടം—നെയ്യുടം. കന്യേ—അല്ലയോ ബാലികേ. ഖണ്ഡനം—പാഠ്യഭാഗം. ദണ്ഡം—വടി. തവ—നിന്റെ. ചീലം—ശീലം. നൂനം—നിശ്ചയം. വിവിധം—പലവിധം. നിജ.....ത—തന്റെ വീട്ടുകാര്യത്തിൽ സാമർത്ഥ്യം. അനേക....ന—പലവിധത്തിൽ ശോഭിക്കുന്ന ആശ്രമവീഥികയം—ആശ്രമപങ്ക്തികയം. മദിച്ചു്—അഹങ്കരിച്ചു്. ദിശി—

ടുത്തു കടുത്തില വളർതടി മഴവും
വാളും കുന്തവുമേന്തി വിളിച്ചു വി—
ളിച്ചു തുടക്കു വലിച്ചു പതിച്ചു ക—
ടിച്ചു ജയിച്ചു മിടുക്കു തൊടുത്തൊരു-
നായ്ക്കുട്ടങ്ങളുമൊക്കെ നിരക്കെ വ—
ലക്കോലും ചില കെട്ടും കിടയുമെ—
ടുക്കരുതാതൊളമേററിയുമേററമൊ—
രോ ദിശി തക്കം നോക്കിത്തന്നു''മി—
തല്ലോ മാൻചുവടിപ്പോഴത്തന്നേ
പോയീ മാഞ്ഞീലിന്നും കാണും
ചെറുമകനതന്റെ കുതിക്കു തൊഴേണം
നാൽനാളേക്കിതു പോരുമൊരോന്നിലി—
റച്ചി നിറച്ചതു നിശ്ചയമഞ്ചാ—
റല്ലിതു മുപ്പതു പന്നിക്കമ്മർ ന—
ടന്നാരിതിലേ കണ്ടാലും പണി—
കൊണ്ടാവില്ലൊരു സിംഹവരൻ പെരു—
മാറിപ്പോയൊരു പാടുണ്ടിവിടെ—
ക്കല്ലിന്നിടയിലിരിപ്പാൻ പോരും
മുത്തിൻ കുരുവിതു പലവു കിടന്നു
ന്നനമൊരാന പെടുത്താനത്രേ
കുന്തമെടുപ്പിനടുപ്പിനയയ്ക്കുരു—
താരുമെടുപ്പിനെടാ! വലയകലെ—
ക്കെട്ടുവിനൊട്ടു പുറത്തേ നില്പിൻ
ചെല്ലുവിനങ്ങകമേ ചിലർ വേഗം
കാട്ടിലുയന്ന മരത്തിൽക്കയറി—
ക്കാച്ചിൻ കാച്ചിൻ പന്നിക്കുട്ടം
ചീററിക്കേട്ടിതു വാ വാ കുന്തം
കൊണ്ടാ കൊണ്ടാ കുത്തുവിനച്ചോ!
നായ്ക്കളയപ്പിൻ പിടിപിടി കൂട്ടുവി—
നെന്നും പലവഴി കൂടുവി''നെന്നും
പലവഴി നായാട്ടുകളിക്കിളകിന
ശബരപരമ്പര കുഹചനഭാഗേ;
പാരിച്ചോ ചില പാറക്കോലും
മുററിമുറങ്ങളുമുറെറാരു വട്ടിയു—
മൊട്ടു മറച്ചു ചൊരിച്ചുടയും നവ—
ചങ്കുകനൊണ്ടൊരു കങ്കണവും ചില

ദിക്കിൽ. സിംഹവരൻ—സിംഹശ്രേഷ്ഠൻ. ശബ....ര—വേടന്മാരുടെ സംഘങ്ങൾ. നവചങ്കു—പുത്തൻ ശംഖു. കങ്കണം—വള. രവേണ—

കുന്നി പതിച്ചൊരു കുണ്ഡലവും പല
കുന്നിക്കുരുനിര കോർത്തു പിണച്ചൊരു
മാലകളും പുകിൽ പെറു കനത്തുര–
മിട്ടു വളർന്ന മുലക്കലശങ്ങളെ–
ട്ടുക്കരുതാഞ്ഞു തളർന്നു തളർന്നണി–
മെയ്യിട കുലയ നടന്നു നടന്നൊരു
ചാവൽ കുഞ്ഞിക്കാലു പിണർന്നു ക–
രഞ്ഞാ പിള്ളകളും ചില ചുള്ളി–
ക്കെട്ടും ചൊള്ളി രവേണ പറഞ്ഞുഴ–
ലുന്ന പുളിന്ദവധൂജനവൃന്ദവി–
ലാസവിശേഷം കുഹചന ഭാഗേ;
കുഹചന കുതറിന വനമഹിഷൗഘം
കുഹചന കരയും കുറുനരിനാദം
കുഹചന പരഭൃതകുലകുലനാദം
കുഹചന കേകികഠം കേകാനാദം
കുഹചന വിഷമർക്ഷം രാക്ഷസസംഘം
കുഹചന പന്നഗയോഷാഗാനം
കുഹചന കിന്നരമിഥുനവിലാസം
കുഹചന ഭാഗേ വെള്ളിക്കുരുകകഠം
മറെറാരു ഭാഗേ പുള്ളിക്കോഴികഠം
മറെറാരു ഭാഗേ പൊന്മാൻക്കുട്ടം
മറെറാരു ഭാഗേ പൊന്മയിലാട്ടം
മറെറാരു ഭാഗേ നീലചകോരം
മറെറാരു ഭാഗേ പവിഴപ്പൊൻകിളി
മറെറാരു ഭാഗേ കനകതടാകം
മറെറാരു ഭാഗേ ഗന്ധർവന്മാർ
മറെറാരു ഭാഗേ കിംപുരുഷന്മാർ
കുഹചന വിരഹം കുഹചന ഭരതം
കുഹചന സുരതം കുഹചന ഗണിതം
കുഹചന മണിതം കുഹചന ഖേദം

വലിയ ഒച്ചയിൽ. പുളിന്ദ....ഷം—വേടസ്ത്രീകളുടെ വിശേഷപ്പെട്ട വിലാസം. വന....ഘം—കാട്ടുപോത്തിൻകൂട്ടം. പരഭൃതം—കുയിൽ. കേകികഠം—മയിലുകഠം. മയിലിന്റെ ശബ്ദത്തിനു കേകയെന്നു പേർ. ''കേകാവാണീ മയൂരസ്യ'' എന്നു് അമരം. വിഷ....ലം—ക്രൂരസ്പ്രക്കൂട്ടം. ഋക്ഷം—ഭയങ്കരം. പന്നഗ....നം—നാഗസ്ത്രീകളുടെ പാട്ടു്. കിന്ന....സം—ദേവയോനിവിശേഷമായ കിന്നരമിഥുനങ്ങളുടെ വിഹാരം. നീലചകോരം—നീലവർണ്ണമായ ചകോരപ്പക്ഷി. കനകതടാകം—സ്വർണ്ണവർണ്ണമായ ജലാശയം. ഭരതം—നാട്യം. മണിതം—രതിക്രീജിതം. ഭേദം—ഭിന്നിപ്പു്. പ്രണവം—ഓങ്കാ

കുഹചന വാദം കുഹചന ഭേദം
കുഹചന ഗീതം കുഹചന യാഗം
കുഹചന മന്ത്രം കുഹചന ശാസ്ത്രം
കുഹചിത് സ്തോത്രം കുഹചിത് പ്രണവം
കുഹചിത് പ്രണയം ചൊല്ലിക്കൊടാ
ദണ്ഡകവിഭവമൊരോന്നേ തത്ര ച
മുഖ്യമുനീന്ദ്രാൻ കണ്ടും തൊഴുതും
ബഹുവിധമാശീർവാദം കേട്ടും
സീതാലക്ഷ്മണസഹിതോ രാമ-
നഗസ്ത്യാശ്രമഭവമാപ സുതേജാഃ.

എതിരേറ്റുവന്ന അഗസ്ത്യമുനിയെ മുവരും നമസ്കരിക്കുകയും പിന്നെ ശ്രീരാമൻ അഗസ്ത്യമുനിയോട് സംഭാഷണം തുടങ്ങുകയും ചെയ്യുന്നു:

[1]ഭവ്യാത്മാ ഭസിതത്രിപുണ്ഡ്രവുമണി-
ഞ്ഞംഗ്രഷ്ടമാത്രാം തനും
ദിവ്യാമാത്മവിഭൂതി ചേന്ന കലയൻ
മാഹാത്മ്യരമ്യോജ്ജ്വലാം
ദിവ്യം വീക്ഷണമൊന്നുപാസ്യന കല-
ന്നുന്മീല്യ മുൻപേ ധരി-
ച്ചവ്യാജം ഭഗവാനഗസ്ത്യനെഴുനേറ്റ-
ന്നേരമഭ്യായയൗ. 15

അജ്ഞാനാദ്ഭോഗമഗ്രേ സകുതുകമെതിരേ-
റ്റീടുവാ[2]നഭ്യുപേതം
നിർമ്മായം മുവരും ചെന്നഴകിലഭിമുഖം
പ്രാപ്യ ഭക്ത്യാ തദാനീം

രം. ദണ്ഡകവിഭവം—ദണ്ഡകാരണ്യപ്രൗഢി. തത്ര ച—അവിടെയും. മുഖ്യ മുനീന്ദ്രാൻ—പ്രധാനപ്പെട്ട മുനിശ്രേഷ്ഠന്മാരെ. സുതേജാഃ—കാന്തിമാനായ. സീതാ....തഃ—സീതാലക്ഷ്മണന്മാരോട് കൂടിയ. അഗ....വം—അഗസ്ത്യാശ്ര മപ്രദേശത്തെ. പ്രാപ—പ്രാപിച്ചു.

പദ്യം 15. ഭവ്യാത്മാ—ശാന്തനായ. ഭസിത....ണ്ഡ്രം—ഭസ്മംകൊണ്ടുള്ള മൂന്നു വര. മഹാ....ലാം—മേന്മകൊണ്ടു മനോഹരവും പ്രകാശിക്കുന്നതും ആയ. അംഗ്രഷ്ടമാത്രാം തനും—പെരുവിരലോളം പോന്ന ശരീരത്തെ. ദി വ്യാം ആത്മവിഭൂതി ചേന്ന കലയൻ—ദിവ്യമായ തന്റെ ഐശ്വര്യത്തോട് ചേർത്തു ധരിച്ചുകൊണ്ട്. ദിവ്യം....ന്മീല്യ—ഉപാസനകൊണ്ടു ദിവ്യദൃഷ്ടി മിഴിച്ചിട്ട്. മുമ്പേ—രാമൻ വരുംമുമ്പുതന്നെ. അവ്യാജം—കളവില്ലാതെ. അഭ്യായയൗ—എതിരേറ്റുവന്നു.

പദ്യം 16. അഗ്രേ—മുമ്പിൽ. സകുതുകം—താത്പര്യത്തോടുകൂടി,

1. ക്ഷേത്രാപാ. 2. വാനാഗതം തം.

തന്വാഹാത്മ്യങ്ങളെല്ലാമകമലരിലനു—
സ്മൃത്യ പാദാരവിന്ദം
കുമ്പിട്ടമ്പോട്ട നിന്നാർ പെരികെ വിനയമാ—
ന്നമ്മുനീന്ദ്രാഗ്രഭാഗേ. 16

മഞ്ജുളസ്മിതസുധാർദ്രമഞ്ജുപ—
ത്തഞ്ജലീൻ വിരചയൻ വിനീതിമാൻ
സംജഗാദ മനുവംശമഞ്ജരീ—
ചഞ്ചരീകമൊരു വാക്യമിങ്ങനെ. 17

രാമഗസ്ത്യസംഭാഷണം:

''നിശ്ശേഷാണാം മുനീനാം മകുടഘടിതമാ—
ണിക്യദാമ്നേ മഹിമ്നാ
വിശ്വാധിക്യം കലന്നീടിന വിമലതപ—
സ്യാപരീപാകധാമ്നേ
അശ്രാന്തം വിന്ധ്യശൈലോത്തുംഗവിഹതികൃതേ
സപ്തപാഥോധിപാന—
സ്വച്ഛന്ദക്രീഡ! ഭക്ത്യാ കലശജ! കലയാ—
മോ നമസ്യാംജലിം തേ. 18

അശ്ലാ....ഗം—അക്ഷീണപ്രഭാവനായ. അഭ്യേതം—വന്നവനായ. നിശ്ച
ലായം—കാപട്യമില്ലാതെ. അഭിമുഖം പ്രാപ്യ—മുമ്പിൽ ചെന്നു നിന്നു്. ഭക്ത്യാ—ഭക്തിയോടുകൂടി. തദാനീം—അപ്പോഴം. തന്വാഹാത്മ്യങ്ങളം—അദ്ദേഹത്തിന്റെ മേന്മകളം. അനുസ്മൃത്യ—അനുസ്മരിച്ചിട്ടു്. പാദാര വിന്ദം—ചരണകമലത്തെ. വിനയം—വണക്കം. മുനീ....ഗേ—മുനിശ്രേ ഷ്ഠന്റെ മുമ്പിൽ.

പദ്യം 17. മനു .. കം—മനുകുലമാകുന്ന പൂങ്കുലയ്ക്കു വണ്ടായിരിക്കുന്ന രാമൻ. വിനീതിമാൻ—വണക്കത്തോടുകൂടിയവനായി. മഞ്ജു....ദ്രം—മനോഹരമായ പുഞ്ചിരിയാൽ ആർദ്രമാംവണ്ണം. അഞ്ജലീൻ വിരചയൻ—കൈകൂപ്പിയിട്ടു്. സഞ്ജഗാദ—പറഞ്ഞു.

പദ്യം 18. രാമന്റെ വാക്യം: സപ്ത....ക്രീഡ—ഏഴു സമുദ്രത്തെ പാനം ചെയ്ത ഒരു കളിയായുള്ളോവേ. കലശജ—കുംഭസംഭവനായുള്ളോ വേ. നിശ്ശേഷാണാം മുനീനാം—എല്ലാ മുനികളുടെയും. മകുട....മ്നേ—ശിരോമാണിക്യമാലയായുള്ള. മഹിമ്നാ—മാഹാത്മ്യംകൊണ്ടു്. വിശ്വാ ധിക്യം—അലൗകികത്വം. വിമല....മ്നേ—നിർമ്മലമായ തപഃപരിപാ കത്തിനു് ഇരിപ്പിടമായുള്ള. അശ്രാന്തം—ക്ഷീണം കൂടാതെ. വിന്ധ്യ ....തേ—വിന്ധ്യപർവതത്തിന്റെ ഉന്നതിക്കു വിഘ്നം വരുത്തിയ. തേ—അങ്ങയ്ക്കായ്ക്കൊണ്ടു്. ഭക്ത്യാ—ഭക്തിയോടുകൂടി. നമസ്യാഞ്ജലിം കല യാമഃ—കൈകൂപ്പി നമസ്കാരം.

ഹരത്യഘം സംപ്രതി ഹേതുരേഷ്യതഃ
ശ്രുഭസ്യ പൂർവാചരിതൈഃ കൃതം ശ്രുഭൈഃ
ശരീരഭാജാം ഭവദീയദർശനം
വ്യനക്തി കാലത്രിതയേഽപി യോഗ്യതാം.'' 12

ജാതപ്രാവീണ്യമേവം ഗദിതനുതിരിദം
വിശ്വരക്ഷാനുഭാവ—
സ്വാതന്ത്ര്യപ്രൗഢി തേടും നയനമുനയിലേ—
ന്തീടുമാനന്ദപൂരം
മീതേ മീതേ ലസന്തം പ്രസ്മരമഹസാ
ഭക്തിനമ്രോത്തമാംഗം
ഹമാദാലഗ്രേ ചിരം പാത്തമുഷിപെരുമാനം
വിസ്മിതോ വാചമൂചേ. 20

''വൈദേഹീകണുസൂത്രം തടവിന സുകൃതോ—
ല്ലാസമേ! സൂര്യവംശേ
ജാതാഭോഗം പിറന്നോരനുപമപരമാ—
നന്ദനിഷ്യന്ദമേ! നീ
മീതേ മീതേ തഴയ്ക്കും ഖലജനതിമിരം
വേരുത്തിത്രിലോക്യാം
വാർതിക്കും ക്ഷാത്രതേജോമഹിമനിലയമേ!
കേവ്ക്ക വാക്യം മദീയം. 21

പദ്യം 19. ശരീരഭാജാം—ശരീരികൾക്കു്. പൂർവാചരിതൈഃ—മുമ്പു ചെയ്ത. ശ്രുഭൈഃ—പുണ്യങ്ങളാൽ. കൃതം—ലബ്ധമായ. ഭവദീയദർശനം—അങ്ങയുടെ ദർശനം. സംപ്രതി—ഇപ്പോൾ. അഘം ഹരതി—പാപത്തെ നശിപ്പിക്കുന്നു. ഏഷ്യതഃ—ആഗാമിയായ. ശ്രുഭസ്യ—ക്ഷേമത്തിനു്. ഹേതുഃ—കാരണമാകുന്നു. കാല.....യേ അപി—ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങളിലും. യോഗ്യതാം വ്യനക്തി—പ്രൗഢിയെ വ്യഞ്ജിപ്പിക്കുന്നു. മാഘകവിയുടെയാണു് ഈ ശ്ലോകം.

പദ്യം 20. ഏവം ജാതപ്രാവീണ്യം ഗദിതനുതിഃ മുനിപെരുമാൻ—ഇപ്രകാരം വിദഗ്ധമായി സ്തുതിക്കപ്പെട്ട അഗസ്ത്യൻ. വിശ്വ....ഢി—ലോകത്തെ രക്ഷിക്കുന്ന വൈഭവത്തിൽ സ്വാതന്ത്ര്യാതിശയത്തോടുകൂടിയ വനും. നയനമുന ...രം—കൺകോണിൽ ആനന്ദം നിറഞ്ഞവനും. പ്രസ്മരമഹസാലസന്തം—പരക്കുന്ന തേജസ്സുകൊണ്ടു ശോഭിക്കുന്നവനും. ഭക്തി ....ഗം—ഭക്തികൊണ്ടു തല കുനിഞ്ഞവനുമായ. അമും—ഇവനെ. അഗ്രേ—മുമ്പിൽ. മോദാത്—സന്തോഷത്തോടെ. ചിരം പാർത്ത്—വളരെ നേരം നോക്കീട്ടു്. വിസ്മിതഃ—അത്ഭുതപ്പെട്ടു്. വാചം ഊചേ—വാക്കിനെ പറഞ്ഞു.

പദ്യം 21. വൈദേ....മേ—അല്ലയോ സീതാമംഗളപുണ്യമായുള്ളോവേ. സൂര്യവംശേ—സൂര്യകുലത്തിൽ. ജാതാഭോഗം—പ്രശസ്തമാംവണ്ണം. അനു....മേ—നിസ്തുല്യമായ പരമാനന്ദപ്രവാഹമായുള്ളോവേ. ഖല... രം—ദുഷ്ടജനങ്ങളാകുന്ന അന്ധകാരത്തെ. ഇത്രിലോക്യാം—ഈ മൂന്നു ലോക

മിന്നീടും വീരലക്ഷ്മീഭഗവതി വിളയാ—
ടീടുമിപ്പൂവലംഗം
ധന്യം ത്രൈലോക്യരക്ഷാവ്രതവിധികുശലം
വിശ്വലോകാഭിരാമം
അന്നന്നുദ്യത്പ്രമോദം മമ ഹൃദയദൃശാ
കണ്ടു കണ്ടാസ്വദിപ്പാൻ—
തന്നേയല്ലിന്നുവന്നു സുകൃതവിഭവമി—
ക്കാലമുത്കൃലകീത്തേ! 22

വൈകുണ്ഠൻതൻ കൃപാവാരിഭിരഴകിൽ നന—
ച്ചും തപോദോഹളശ്രീ—
പാകംകൊണ്ടും ത്രിലോക്യാം പടരുമൊരു ഭവേ—
ദാഭിക്രമസ്വർഗ്ഗശാഖീ
ആകല്പം പൂത്ത കീർത്തിപ്രസവപരിമളം
നീളെ മേളിച്ചു മോദാൽ
കാംക്ഷന്നാ വിശ്വരക്ഷാഫലമഖിലജനാ
നീളനാളാസ്വദന്താം.'' 23

അഗസ്ത്യഭാര്യയായ ലോപാമുദ്ര വന്നു സീതയെ ആശ്രമത്തിനകത്തു കൂട്ടിക്കൊണ്ടുപോകുന്നു:

ശ്രീപാതിവ്രത്യതേജോമയകലശപയോ—
രാശിമുന്മഥ്യ തസ്മീ—
ന്നാഭോഗം പൂണ്ടുദിച്ചോരതിസുഭഗമഹാ—
ലക്ഷ്മിതാൻ തത്പ്രസംഗേ

ത്തിലും. ക്ഷാത്ര....മേ—ക്ഷത്രിയപ്രതാപത്തിന്റെ മേന്മയ്ക്ക് ഇരിപ്പിടമായുള്ളോവേ. മദീയം വാക്യം— എന്റെ വാക്കിനെ.

പദ്യം 22. വീരലക്ഷ്മീഭഗവതി—വീര്യശ്രീ. അംഗം—ദേഹം. ധന്യം—അനുഗ്രഹീതം. ത്രൈലോ....ലം—മൂന്നു ലോകത്തെയും കാത്തുകൊള്ളുന്നതിൽ സമർത്ഥം. വിശ്വ....മം—സകലലോകമനോഹരം. ഉദ്യത്പ്രമോദം—വളർന്ന സന്തോഷത്തോടുകൂടി. മമ—എന്റെ. ഹൃദയദൃശാ—ചിത്തനേത്രംകൊണ്ട്. ആസ്വദിപ്പാൻ—അനുഭവിച്ചറിയാൻ. സുകൃതവിഭവം—പുണ്യവൈഭവം. ഉത്കൃ....ത്തേ—അതിരു കവിഞ്ഞ യശസ്സോടുകൂടിയുള്ളോവേ.

പദ്യം 23. കൃപാവാരി—കൃപയാകുന്ന ജലം. തപോ....പാകം—തപസ്സാകുന്ന വളത്തിന്റെ ശക്തി. ത്രിലോക്യാം—മുപ്പുലകിലും. പടരുമൊരു—വളരുന്ന. ഭവ....ഖീ—അങ്ങയുടെ പരാക്രമമാകുന്ന കല്പവൃക്ഷം. ആകല്പം—വളരെ മനോഹരമായി. കീർത്തി... ളം—കീർത്തിയാകുന്ന പൂവിന്റെ മണം. മേളിച്ചു—കലർന്നു. മോദാത്—സന്തോഷത്തോടു്. വിശ്വ....ലം—ലോകരക്ഷയാകുന്ന കായ്. അഖിലജനാഃ—എല്ലാ ജനങ്ങളും. ആസ്വദന്താം—അനുഭവിക്കട്ടെ. രൂപകം.

പദ്യം 24. ശ്രീപാ....ശീം—ശ്രീമത്തായ പാതിവ്രത്യത്തിന്റെ കാ

ലോപാമുദ്രാ തദാനീം മുനികുലപെരുമാറം
തന്മഹാധർമപത്നീ
സൗഭാഗ്യാൽ കൈപിടിച്ചാശ്രമകടിയിലക
ത്തങ്ങു സീതാമനൈഷീത്. 24

രാമലക്ഷ്മണന്മാരും മുനിയുടെ ആതിഥ്യം സ്വീകരിച്ച് അഗസ്ത്യാശ്രമത്തിൽ വിശ്രമിക്കുന്നു:

ഭ്രാതരൗ തദനു രാമലക്ഷ്മണൗ
കൗതുകേന ശരചാപധാരിണൗ
ജാതമോദമനുജഗ്മതുസ്തദാ
ജാതവേദസമിവോജ്ജ്വലം മുനിം. 25

തൗ രാഘവൗ മുനിസപര്യ പരിഗ്രഹിച്ച-
ങ്ങോരോതരം തടവി നമ്മകഥാവിനോദം
സൈരം വിശ്രമതുരാശ്രമസീമ്നി തസ്യാം
വീരൗ വികർത്തനകുലാഭരണായമാനൗ. 26

അവിടത്തെ മുനിശ്രേഷ്ഠന്മാർ പലരും രാമനെ വന്നുകണ്ട പ്രശംസിച്ച് ആശീർവദിക്കുകയും രാക്ഷസന്മാരിൽനിന്നു തങ്ങൾക്ക് ഉണ്ടായ്ക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെ രാമനോട് പറഞ്ഞു കേൾപ്പിക്കുകയും ചെയ്യുന്നു;

സംപ്രാപ്തി പൂണ്ട രഘുപുംഗവനുണ്ടുപോലി-
ങ്ങൻപോടു വന്നിതിനു കേട്ടപജാതമോദം
സംപൂർണ്ണകൗതുകവശേന വരും മുനീന്ദ്രാൻ
കുമ്പിട്ട തരു വിനയാംബുധി ചെന്നൊരുന്നാനം. 27

ന്തിസമ്പത്തുപമായ പാല്പുടലിനെ. ഉന്മഥ്യ-മഥനം ചെയ്തിട്ട്. തസ്മിൻ-അതിൽ. ആഭോഗം-വിസ്താരം. അതി....ക്ഷ്മി-വളരെ സൗഭാഗ്യവതിയായ ലക്ഷ്മി. തത്പ്രസംഗേ-ആ സമയത്തു്. മുനി....തനീ-അഗസ്ത്യന്റെ ധർമ്മപത്നിയായ ലോപാമുദ്ര. സൗഭാഗ്യാത്-സുഭഗതഹേതുവായി. ആശ്രമകടി-പർണ്ണശാല. സീതാം-സീതയെ. അനൈഷീത്-കൂട്ടിക്കൊണ്ടുപോയി.

പദ്യം 25. തദനു-അതിൽപിന്നെ. ഭ്രാതരൗ-സഹോദരന്മാരായ. രാമ....ണൗ-രാമലക്ഷ്മണന്മാർ. കൗതുകേന-കൗതുകത്തോടേ. ശര....ണൗ-അമ്പും വില്ലും ധരിച്ചവരായി. തദാ-അപ്പോഴം. ജാതവേദസം ഇവ ഉജ്ജ്വലം-അഗ്നിയെപ്പോലെ ജ്വലിക്കുന്ന കാന്തിയോടുകൂടിയ. മുനിം-അഗസ്ത്യമുനിയെ. ജാതമോദം-സസന്തോഷം. അനുജഗ്മതുഃ-പിന്തുടർന്നു ചെന്നു.

പദ്യം 26. വീരൗ-വീരന്മാരായ. വികർ....നൗ-സൂര്യകുലത്തിനു് ആഭരണമായി വിളങ്ങുന്ന. തൗ രാഘവൗ-ആ രാമലക്ഷ്മണന്മാർ. മുനിസപര്യ-മുനിയുടെ സത്കാരം. പരിഗ്രഹിച്ച്-സ്വീകരിച്ച്. നമ്മ....ദം തടവി-വിനോദമായി തമ്മിൽ വർത്തമാനം പറഞ്ഞു്. തസ്യാം ആശ്രമസീമ്നി-ആ ആശ്രമപ്രദേശത്തിൽ. സൈരം വിശ്രമതുഃ-സ്വച്ഛന്ദമായി വിശ്രമിച്ചു.

പദ്യം 27. സംപ്രാപ്തിപൂണ്ടു്-ശക്തിയോടുകൂടി. ഉപ....ദം-ഉണ്ടായ

ചൊന്നാരപ്പോഴം മുനീനാം വിതതികളം വിവിധം
മംഗലോക്തിപ്രകാരം
തന്നേ തന്നേ നിറഞ്ഞീടെഴമനുപമസ—
മ്മോദബാഷ്പാകുലാക്ഷാഃ
''ധന്യാത്മൻ! നീ ചിരം നാളം മരുവുക സുജനാൻ
കാത്തുകൊണ്ടിന്നുമേഷാ
തനവീ സീതാപി കണ്ണാഭരണകുശലിനീ
വത്തതാം മേലിൽ നീണാളം. 28

സുമിത്രാപുത്ര! നീയും തീ—
ത്തമിത്രോപദ്രവോദയം
പവിത്രീകൃത്യ ശൗര്യാബ്ധേ!
ധരിത്രീം വാഴ്ക നീളെ നാളം.'' 29

ചൊന്നാർ ഭ്രയോ മുനീന്ദ്രാ ''രഘുവൃഷഭ! ചൊവി—
ത്തന്നു കേളംക്കേണമേ നീ
നിന്നോടിപ്പോഴം നടേ ചൊന്നൊരു തുയിരറിയി—
പ്പാൻ തുടങ്ങുന്നിതേവം
എന്നാലും നാമിരിക്കും വനമതിവിടെ നാ—
ലഞ്ചുനാളങ്ങിരിപ്പാൻ
നിന്നാണാ രാമഭദ്രാ! പറകിലനൃതമ—
ല്ലിന്നു നാലം ജനോƒയം. 30

സന്തോഷത്തോടുകൂടി. സംപൂ....ന-വളരെ താത്പര്യത്തോടുകൂടി. മുനീന്ദ്രാൻ—മുനിശ്രേഷ്ഠന്മാരെ. തത്ര—അവിടെ. വിനയാംബുധി—വണക്കത്തിനു് ഇരിപ്പിടം.

പദ്യം 28. മുനിമാർ രാമനേയും സീതയേയും ആശീർവദിക്കുന്നു: മുനീനാം വിതതികളം—മുനിമാരുടെ കൂട്ടങ്ങളം. മംഗ....രം—ആശീർവചനരീതി. അനു....ക്ഷാഃ—നിസ്സല്യമായ ആനന്ദബാഷ്പത്താൽ പരവശമായ കണ്ണുകളോടുകൂടി. ധന്യാത്മൻ—അല്ലയോ സുകൃതിയായുള്ളോവേ. ചിരം—വളരെ. സുജനാൻ.—സജ്ജനങ്ങളെ. ഏഷാ തനവീ സീതാ അപി—ഈ സുന്ദരിയായ സീതയും. കണ്ണാ....നീ—മംഗല്യവതിയായി. മേതിൽ—ഭൂമിയിൽ. വത്തതാം—വർത്തിക്കട്ടേ.

പദ്യം 29. ലക്ഷ്മണനെ ആശീർവദിക്കുന്നു. ശൗര്യാബ്ധേ—പരാക്രമത്തിനു് ഇരിപ്പിടമായുള്ളോവേ. സുമിത്രാപുത്ര—അല്ലയോ ലക്ഷ്മണ. അമി....യം തീർത്തു്—ശത്രുനിഗ്രഹം ചെയ്തു്. ധരിത്രീ പവിത്രീകൃത്യ—ഭൂമിയെ ശുദ്ധിചെയ്തു്.

പദ്യം 30. മുനീന്ദ്രാഃ—മുനിശ്രേഷ്ഠന്മാർ. ഭ്രയഃ—വീണ്ടും. രഘുവൃഷഭ രാമഭദ്രാ—അല്ലയോ രഘുശ്രേഷ്ഠനായ രാമ. തുയിർ—ദുഃഖം. ഏവം—ഇങ്ങനെ. അനൃതം—അസത്യം. അയം ജനഃ—ഇജ്ജനം. ന അലം—പര്യാപ്തമല്ല.

ലങ്കായാമുളനങ്ങു കോ/പി ദശകണ്ഠാ—
ഖ്യോ നിശാചാരിണാം
സംഘം കാപ്പതവൻ തദീയസചിവ—
ന്മാരുണ്ടമുഷ്മിൻ വനേ
ശങ്കാവേശവശാൽ നമുക്കതറിയി—
പ്പാനുണ്ടു കമ്പം ഭവാ—
നങ്കേ നിന്നതുകൊണ്ടിതിത്ര പറയാ—
കുന്നു രഘൂണാം പതേ! 31

ലജ്ജയാമിതു നിനക്കു കേൾക്കിലീ
യജ്ഞമില്ലിഹ നിണിച്ചൊരാശ്രമേ
അമ്മനാണെ! കുളിയും ജപിക്കലും
വച്ചുപോയിതു ചിരായ മാദൃശാം. 32

വേദിതോറുമിതു കാൺക ചോരയും
മേദസാം നിവഹവും നിണൗഘവും
ഏതുമില്ല കുറവന്തിയാകില—
ജ്ജാതി പോന്നവരുമില്ല സംശയം. 33

പശ്യൈതത് പാണിപാദം മമ തു മൂദിതവാൻ
കൗണപഃ കോ/പി കോപാത്
കേനാപ്യുത്ഖാതമക്ഷിദ്വയമിഹ ഹഹഹാ!
വക്രിതഃ കണ്ഡ ഏഷഃ

പദ്യം 31. ലങ്കായാം—ലങ്കാനഗരത്തിൽ. ദശകണ്ഠാഖ്യഃ കോപി—രാവണനെന്ന പേരുള്ള ഒരുത്തൻ. ഉളൻ—ഉണ്ട്. നിശാചാരിണാം സങ്ഘം—രാക്ഷസസമൂഹം. തദീ....ന്മാർ—അവന്റെ മന്ത്രിമാർ. അമുഷ്മിൻ വനേ—ഇക്കാട്ടിൽ. ശങ്കാ....ത്—വളരെ ഭയമുള്ളതിനാൽ. കമ്പം—വിറ. ഭവാൻ—അങ്ങ്. അങ്കേ—അടുത്തു്. രഘൂണാം പതേ—അല്ലയോ രഘുശ്രേഷ്ഠ.

പദ്യം 32. ലജ്ജ—നാണം. യജ്ഞം—യാഗം. ആശ്രമേ—ആശ്രമത്തിൽ. ചിരായ—വളരെക്കാലമായി. മാദൃശാം—എന്നെപ്പോലെയുള്ളവർക്കു്.

പദ്യം 33. വേദി—ഹോമകുണ്ഡത്തിണ്ണ. മേദസാം നിവഹവും—മാംസസമൂഹവും. നിണൗഘവും—രക്തച്ചൊരിച്ചലും. അജ്ജാതി—ആ രാക്ഷസജാതി.

പദ്യം 34. മമ ഏതത് പാണിപാദം പശ്യ—എന്റെ ഈ കൈകാലുകളും നോക്കു. പാണിപാദം പ്രാണ്യംഗമായതിനാൽ ഏകവദ്ഭാവം. കോപി കൗണപഃ തു—ഒരു രാക്ഷസൻ. കോപാത്—കോപം നിമിത്തം. മൂദിതവാൻ—മർദ്ദനംചെയ്തു. ഇഹ—ഇവിടെ. കേനാപി—മറെറാരു വനാൽ. അക്ഷിദ്വയം—കണ്ണു രണ്ടും. ഉത്ഖാതം—ചൂഴ്ന്നെടുക്കപ്പെട്ടു. ഹഹഹാ—കഷ്ടദ്യോതകം. ഏഷഃ കണ്ഡഃ—ഈ കഴുത്തു്. വക്രിതഃ—

സന്താഡൈർഘോരഘോരൈശ്ചിപിടിതമധുനാ
കണ്ണുയുഗ്മം വിലോകേ
സർവാംഗേ നസ്തദംഗം കതരദിഹ വിഭോ!
യന്ന ഭഗ്നം ന ഭഗ്നം. 34

മൂലമില്ല ചിലരെപ്പിടിച്ചവൻ
കാലനോട കളിയാട്ടിനാക്കിനാൻ
ബാല! കേവം തദുപയുക്തശേഷമായ്
നാലർ മൂവരുളർ ഞങ്ങളിങ്ങനെ.'' 35

മുനിവചനം കേട്ട കുപിതനായ രാമൻ മുനിമാരോട രാക്ഷസകുലത്തെ നശിപ്പിക്കുന്നതായി പ്രതിജ്ഞചെയ്തിട്ട സീതാലക്ഷ്മണന്മാരോടുകൂടി അഗസ്ത്യാശ്രമത്തിൽനിന്നു യാത്രയാകുന്നു:

ഏവം മുനീന്ദ്രനിവഹങ്ങളം പറഞ്ഞ വാചാ
ദേവന്നു തത്ര രഘുനാഥനുദഗ്രകോപാൽ
ഭാവം പകർന്നിതു ചുകന്നിതു നേത്രകോൺ ചെ
റാവിർമദം വചനമിത്യുദഗാദുഖേന്ദോഃ. 36

'നൂനം മിഥ്യാർത്ഥമല്ലെൻ വചനമയി മുനീ—
ന്ദ്രാ! മുതിന്നിന്നുതൊട്ടി—
ട്ടീനത്വം ചെറിയിയറീടരുതിഹ ഭവതാം
വിശ്രമംഗല്യഭാജാം
മാനിച്ചിന്നൊന്നു ചൊന്നേൻ നിശിചരകുലമേ
കൊന്നൊടുക്കായ്തിലിഞ്ഞാൻ
ഞാനല്ലെന്നുണ്മനാണേ! മമ കുലചിലത—
ന്നാണെ ബാണങ്ങളാണേ.'' 37

വളയ്പ്പെട്ട. ഘോരഘോരൈഃ—അതിഭയങ്കരങ്ങളായ. സന്താഡൈഃ—അടികളാൽ. അധുനാ—ഇപ്പോൾ. കണ്ണുയുഗ്മം—രണ്ടു ചെവിയും. ചിപിടിതം—തകക്പ്പെട്ടിരിക്കുന്നു. വിലോകേ-കാഴ്ചയിൽ. നഃ—ഞങ്ങളുടെ. സർവാങ്ഗേ—എല്ലാ അങ്ഗത്തിലും. യത് ന ഭഗ്നം തൽ—ഭഞ്ജിക്കപ്പെടാത്തതും. യൽ ന ഭഗ്നം തൽ—ക്ഷതപ്പെടാത്തതുമായി. അംഗം കതരൽ—അംഗമേതുള്ള.

പദ്യം 35. മൂലം—കാരണം. കാലൻ—യമൻ. ബാല—അല്പയോ ബാലനായ രാമ. തദ്....ഷമായി—അവരുപയോഗിച്ചതിന്റെ ബാക്കിയായി.

പദ്യം 36. ഏവം—ഇവ്വണ്ണം. മുനീ....ം—മുനിശ്രേഷ്ഠന്മാരുടെ കൂട്ടങ്ങം. വാചാ—വാക്കിനാൽ. ദേവന്നു രഘുനാഥന്—ദേവനായ രാമന്. തത്ര—അവിടെ. ഉദഗ്രകോപാത്—അധികകോപം നിമിത്തം. ഭാവം—ചിത്തവൃത്തി. നേത്രകോൺ—കൺകോൺ. ആവിർമദം—അഹങ്കാരത്തോടുകൂടി. മുഖേന്ദോഃ—മുഖചന്ദ്രനിൽനിന്ന്. ഇതി—ഇങ്ങനെ. വചനം—വാക്ക്. ഉദഗാത്—ഉണ്ടായി.

പദ്യം 37. നൂനം—നിശ്ചയം. മിഥ്യാർത്ഥം—അസത്യം. എൻ

ഇതി പ്രതിജ്ഞാം സമുദീര്യ രാമോ
വിസൃജ്യ സർവാനപി താപസേന്ദ്രാൻ
കൃതാഭ്യനുജ്ഞോ മുനിനാശ്രമാന്താ—
ത്തതഃ സസീതാസഹജ, പ്രതസ്ഥേ.

രാമൻ വഴിമദ്ധ്യേ പക്ഷിശ്രേഷ്ഠനായ ജടായുവിനെ കണ്ടുമുട്ടുന്നു:

അക്കാന്താരപ്രയാണേ നിജഗൃഹമുദധിം
പാനതഃ ശൂന്യതോയം
മുക്ത്വാ മൈനാകമാഗച്ഛതി കലശഭവം
കാണ്മതിന്നെന്നിവണ്ണം
പക്ഷിശ്രേഷ്ഠം ജടായും കരുതി [1]രഘുവരേ
ശംകിതേ സോfപി പോയ്ച്ചെ—
ന്നഗ്രേ ''ത്വത്താതമിത്രം ഖഗകുലപതി ഞാ''—
നെന്ന സാനന്ദമൂചേ. 39

വചനം—എന്റെ വാക്കു്. അയി മുനീന്ദ്രാഃ—അല്ലയോ മുനിശ്രേഷ്ഠന്മാരേ. വിശ്വ....ജാം—ലോകക്ഷേമകാരികളായ. ഭവതാം—നിങ്ങൾക്കു്. ഇഹ—ഇവിടെ. ദീനത്വം—ദീനഭാവം. നിശിചരകുലം—രാക്ഷസവംശം. മമ—എന്റെ.

പദ്യം 38. രാമഃ—രാമൻ. ഇതി—ഇങ്ങനെ. പ്രതിജ്ഞാം സമുദീര്യ—പ്രതിജ്ഞയെ പറഞ്ഞിട്ടു്. സർവാൻ താപസേന്ദ്രാൻ അപി വിസൃജ്യ—എല്ലാ മുനിശ്രേഷ്ഠന്മാരെയും പറഞ്ഞയച്ചിട്ടു്. തതഃ—അനന്തരം. മുനിനാ—അഗസ്ത്യമുനിയാൽ. കൃതാഭ്യനുജ്ഞഃ—സമ്മതിക്കപ്പെട്ടവനായി. സസീതാസഹജഃ—സീതയോടും ലക്ഷ്മണനോടും കൂടി. ആശ്രമാന്താത്—ആശ്രമത്തിൽനിന്നു്. പ്രതസ്ഥേ—പുറപ്പെട്ടു.

പദ്യം 39. അക്കാ....ണേ—ആ വനയാത്രയിൽ. പാനതഃ ശൂന്യതോയം—കുടിച്ചുപോയതിനാൽ വെള്ളമില്ലാതായ. നിജഗൃഹം ഉദധിം മുക്ത്വാ—തന്റെ വാസസ്ഥാനമായ സമുദ്രത്തെ വിട്ടു്. കലശഭവം കാണ്മതിന്ന മൈനാകം ആഗച്ഛതി—അഗസ്ത്യനെ കാണാൻ മൈനാകം വരികയാവാം. ജടായും—ജടായുവിനെ. രഘുവരേ ശങ്കിതേ—രാമൻ ശങ്കിക്കുമ്പോഴം. സഃ അപി—അവനും. അഗ്രേ—മുമ്പിൽ. ത്വത്താ....ത്രം—നിന്റെ അച്ഛന്റെ സ്നേഹിതനായ. ഖഗ....തി—പക്ഷിശ്രേഷ്ഠൻ. സാനന്ദം ഊചേ—സന്തോഷത്തോടെ പറഞ്ഞു.

പണ്ടു പർവതങ്ങൾക്കെല്ലാം ചിറകുണ്ടായിരുന്നു; ഇന്ദ്രൻ അതെല്ലാം വെട്ടിക്കളഞ്ഞു. ഹിമവൽപുത്രനായ മൈനാകംമാത്രം സമുദ്രത്തിലാണ്ടു് അതിൽനിന്നു രക്ഷപ്പെട്ടു. ജടായു ചിറകുള്ള ഒരു പർവതത്തെപ്പോലിരുന്നു എന്നു ദേവം. ഒരു ഭോജചമ്പൂപദ്യത്തിന്റെ തർജ്ജമയാണിതു്.

1. രഘുവരൻ ശങ്കിതേ.

ജടായുവിനോട് യാത്രപറഞ്ഞശേഷം രാമൻ ഗോദാവരിയേയും പഞ്ചവടിയേയും കണ്ട് സന്തുഷ്ടഹൃദയനായി പഞ്ചവടിയിൽ വസിക്കുന്നതിനു പണ്ണശാല തീർക്കുവാൻ ലക്ഷ്മണനോട് ആജ്ഞാപിക്കുന്നു:

ജാതാദരം കണ്ട ജടായുഷം തം
മോദേന പോകുന്നളവഗ്രതോഗേ
ഗോദാവരീം പഞ്ചവടീം ച ദൃഷ്ട്വാ
സീതാപതിർലക്ഷ്മണമാബഭാഷേ. 40

''വേതണ്ഡശ്രവണപ്രചണ്ഡപവന—
പ്രോദ്ധൂതരോധോലതാ—
ദ്രശ്യത്പുഷ്പകദംബപാംസുപടലീ—
ജംബാളിതാംബുപ്രവാ
ജാഗർത്തി സ്ഫുടജൂർത്തിപാന്ഥപരിഷ—
ന്നിഷ്ടാപമുഷ്ടിന്ധയ—
ഛായാപാദപമേദുരാ നയനയോർ—
മോദായ ഗോദാവരീ, 41

സൗമിത്രേ! കാൺ പ്രദേശം സമമിത്ര സുമതേ!
നിർമലാസന്നതോയം
വാർമെത്തും പൂമരശ്രേണികളുമിടനിറ—
ഞ്ഞത്ര മേവുന്നിതല്ലോ
സാമഗ്രിപ്രൗഢി സർവത്തിനുമിഹ മഹതീ
കേളിദാനീം വസിപ്പാൻ
തുമപ്പാടാണ്ട തീർത്തിടണമിവിടെ നമു—
ക്കുജ്ജ്വലാം പർണ്ണശാലാം.'' 42

പദ്യം 40. ജാതാദരം—ആദരവോടുകൂടിയ. തം ജടായുഷം—ആ ജടായുസ്സിനെ. ജടായുശബ്ദം ഉകാരാന്തമായും സകാരാന്തമായും ഉണ്ട്. മോദേന പോകുന്നളവ്—സന്തോഷത്തോടേ യാത്രചെയ്യുമ്പോൾ. അഗ്രതോഗേ—മുമ്പിൽ. ഗോദാവരീം പഞ്ചവടീം ച ദൃഷ്ട്വാ—ഗോദാവരീനദിയേയും പഞ്ചവടിയേയും കണ്ടിട്ട്. അഞ്ച് വട(ആല്)വൃക്ഷങ്ങളും അടുത്തടുത്തിരുന്നതിനാൽ ആ ദേശത്തിനു പഞ്ചവടി എന്ന പേർ. പഞ്ചാനാം വടാനാം സമാഹാരഃ പഞ്ചവടീ എന്ന വ്യുത്പത്തി. സീതാപതിഃ—രാമൻ. ലക്ഷ്മണം—ലക്ഷ്മണനോട്. ആബഭാഷേ—പറഞ്ഞു.

പദ്യം 41. ഗോദാവരിയെ വർണ്ണിക്കുന്നു: ഗോദാവരീ—ഗോദാവരിനദി. നയനയോഃ—കണ്ണുകൾക്ക്. മോദായ—സന്തോഷത്തിനായി. ജാഗർത്തി—ഉണർന്നിരിക്കുന്നു. ഗോദാവരിയെ രണ്ടു വിശേഷണങ്ങൾകൊണ്ടു വിശേഷിപ്പിക്കുന്നു. വേതണ്ഡ....പ്ലവാ—ആനകളോടു ചെവിയാട്ടലിൽനിന്നുണ്ടായ കൊടിയ കാറ്റേറ്റു കരയിലുള്ള വള്ളികളിൽനിന്നുതിർന്ന പൂംപൊടിയാൽ കൊഴുത്ത പ്രവാഹത്തോടു കൂടിയ. സ്ഫുട....രാ—പെരികെ ചുട്ടുനീറുന്ന വഴിപോക്കരുടെ എരിച്ചൽ പോക്കിക്കളയുന്ന തണൽമരങ്ങൾ തിങ്ങിയ.

പദ്യം 42. സുമതേ സൗമിത്രേ—അല്ലയോ ബുദ്ധിമാനായ ലക്ഷ്മണ.

ലക്ഷ്മണൻ തീർത്ത പർണ്ണശാലയിൽ ശ്രീരാമൻ സുഖമായി വസിച്ചു വരുന്നു:

പോർവില്ലിൻചെറുഞാണൊലിധ്വനികൾകൊ—
ണ്ടാട്ടിക്കളഞ്ഞഞ്ജസാ
മേവും വ്യാഘ്രമൃഗേന്ദ്രവാരണമുഖാ—
നാരണ്യജന്തുത്കരാൻ
ഭാവേ ഭക്തി കലർന്ന ലക്ഷ്മണനുമായ്
ശ്രീരാമചന്ദ്രൻ മുദാ
മേവീ പഞ്ചവടീവനേ പരിചുലാ—
വും പർണ്ണശാലാന്തരേ. 43

പുത്തൻപൂന്തല്പരംഗേ പുതുമയൊടു വിദേ—
ഹാത്മജാമോമലെത്ത—
ന്നുത്സംഗേ ചേർത്തു പേർത്തും തഴകി വദനവും
പാർത്തിരിക്കും ദശായാം
മെത്തുന്നാനന്ദവാർദ്ധിൻ കലവിയിലിളകി—
ത്തസ്യ ചിത്തം കളിച്ചു
ദുർദ്ധാംഭോരാശിവീചീനിരയിലൊരരവി—
ന്ദം കളിക്കുന്നപോലേ. 44

രാമൻ മുനിമാരോടു ചെയ്ത രാക്ഷസവധപ്രതിജ്ഞയെ നിറവേറുവാനായി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ലളിതാവേഷധാരിയായ ശൂർപ്പണഖ രാമന്റെ മുമ്പിൽ പ്രവേശിക്കുന്നതായി പ്രസ്താവിക്കുന്നു:

രക്ഷോഘാതപ്രതിജ്ഞാം മുനികളൊടു കൃതാം
നിർവഹിപ്പാനുപായാ—
നാലോക്കാമ്പിൽപ്പാർത്തുപാർത്തമ്മനുകുലപെരുമാൾ
ചിന്തനവ്യാകുലാത്മാ

സമം—നിരപ്പുള്ളതു്. നിർമ്മ....യം—ശുദ്ധമായ ജലം അടങ്ങിയുള്ളതു്. ശ്രേണി—പങ്ക്തി. സർവത്തിനും—എല്ലാറ്റിനും. ഇഹ—ഇവിടെ. മഹതീ സാമ....ഢി—വലിയ സാധനസമ്പത്തു്. ഉജ്ജ്വലാം—രമ്യമായ. പർണ്ണശാലാം—കുടിലിനെ.

പദ്യം 43. ധ്വനി—മുഴക്കം. അഞ്ജസാ—വേഗത്തിൽ. വ്യാഘ്ര.... ഖാൻ—കടുവാ സിംഹം ആന മുതലായ. ആര....രാൻ—കാട്ടുമൃഗങ്ങളെ. ഭാവേ—ഉള്ളിൽ. മുദാ—സന്തോഷത്തോടു്. പഞ്ച....നേ— പഞ്ചവടി എന്ന കാട്ടിൽ. പർണ്ണ ...രേ—പർണ്ണശാലയിൽ.

പദ്യം 44. പൂന്ത....ഗേ—പൂമയമായ കിടക്കയിൽ. വിദേഹാത്മജാം —സീതയെ. ഉത്സങ്ഗേ—മടിയിൽ. വദനം—മുഖം. ഇരിക്കും ദശായാം—ഇരിക്കുമ്പോൾ. തസ്യ ചിത്തം—അവന്റെ ഉള്ളു്. ദുർദ്ധാ....വീചി —പാൽക്കടലിലെ തിരമാല. അരവിന്ദം—കമലം.

പദ്യം 45. കൃതാം—ചെയ്ത. രക്ഷോ.....ജ്ഞാം—രാക്ഷസന്മാരെ വധിക്കുന്നതായുള്ള ശപഥത്തെ. നിർവഹിപ്പാൻ—നടത്തുവാൻ. ഉപാ

അഗ്രേ കണ്ട കദാചിദ് ദശമുഖസഹജാ—
മാത്മബീഭത്സരൂപ—
പ്രക്ഷോഭം മൂടി മായാലളിതതനുലതാം
മന്ദമാഗന്തുകാമാം. 45

ചേണമ്പും വന്മലർചെഞ്ചരതുയിരകമേ
പൂണ്ടണഞ്ഞും ബലാല—
ന്നാണംകൊണ്ടൊട്ട പിൻവാങ്ങിയുമുടനുടന
ങ്ഗേന ഡോളായമാനാം
താണീടും വക്ത്രലക്ഷ്യാ കിമപി പരിഹസ—
ന്തീം പ്രഭാതാനിലാലൊ—
ന്നാനമ്രാണാമഭിഖ്യാമപി മണമിയലും
കാഞ്ചനാംഭോരുഹാണാം. 46

ലളിതാവേഷധാരിണിയായ ശൂർപ്പണഖയെ വർണ്ണിക്കുന്നു:

ഗദ്യം 3.

അതീതഭ്രയിഷ്യേ തു ദശവദനദിഷ്ടാന്തദിവസാ—
വസാനകേ ഗുരുനിർദിഷ്ടേ സമയേ കദാപി വൃഷസ്യന്തീ
നിരന്തരായം ദിഗന്തരേഷു ചരന്തീ ദുരന്തദുരിതസന്തതി—
രിവ ഗൃഹീതമൂർത്തിരാത്തിദായിനീ ജഗതാം സമസ്തരാത്രീ
ഞ്ചരചക്രചക്രവർത്തിനോ ലങ്കാപതേരവരജാ മായാ—
ബലാകലിതലളിതമാനുഷീവേഷാ ദോഷാചരീ ശൂർപ്പ—
ണഖാ നാമ പ്രബലദർപ്പദർപ്പകാവേശവിവശിതാ
സീതാപതിമുപാതിഷ്ഠത.

യാൻ—ഉപായങ്ങളെ. മന....ം—രാമൻ. ചിന്ത....ത്മാ—ചിന്താപരവശനായി. കദാചിത്—ഒരിക്കൽ. അഗ്രേ—മുമ്പിൽ. ആത്മ....ഭം—തന്റെ ജുഗുപ്സാവഹമായ സ്വരൂപത്തെ. മൂടി—മറച്ച്. മായാ....താം—മായകൊണ്ടു സുന്ദരമായ ശരീരവല്ലിയോടു കൂടിയവളായി. മന്ദം—പതുക്കെ. ആഗ.... മാം—വരുവാനാഗ്രഹിക്കുന്നവളായ. ദശ....ജാം—രാവണഭഗിനിയായ ശൂർപ്പണഖയെ.

പദ്യം 46. മലർപെഞ്ചരതുയിർ—കാമപീഡ. അംഗേന ഡോളായമാനാം—ശരീരംകൊണ്ടു് ആടുന്ന. താണീടും—കുനിഞ്ഞ. വക്ത്രലക്ഷ്യാ—മുഖകാന്തിയാൽ. പ്രഭാതാനിലാൽ—പ്രാതഃകാലത്തിലെ കാറ്റിനാൽ. ആനമ്രാണാം—അല്പം കുനിഞ്ഞ. കാഞ്ചനാ....ണാം—സ്വർണ്ണത്താമരകളുടെ. അഭിഖ്യാം അപി—ശോഭയെപ്പോലും. കിമപി പരിഹസന്തീം—അല്പം പരിഹസിക്കുന്നവളായ.

ഗദ്യം 3. ദശ...കേ—രാവണന്റെ ആയുരന്തദിവസംകൊണ്ടവസാനിക്കുന്ന. ഗുരു.....ഷ്ടേ—അച്ഛനാൽ നിർദ്ദേശിക്കപ്പെട്ട. സമയേ—സമയം. അതീ. ..ഷ്ടേ തു—മുക്കാലും തീർന്നുപോയാകട്ടെ. കദാപി—ഒരിക്കൽ. വൃഷസ്യന്തീ—കാമുകിയായി. ''വൃഷസ്യന്തീ തു കാമുകീ'' എന്നു് അമരം. നിരന്തരായം—തടവില്ലാതെ. ദിഗ....ഷു ചരന്തീ—ദിക്കുകളിൽ സഞ്ചരി

തസ്മിന്നുജ്ജൃംഭിതോഷ്മസ്തനതടദയിതാ—
ഹീനസംഹാരകാലേ
കാലേ പ്രാലേയധാരാകവചിതഗഗനാ—
ഭോഗദിക്ചക്രവാളേ
കാമാന്ധാ രാക്ഷസീ സാ പതിമതിമതനോ—
ന്മൈഥിലീപ്രാണനാഥേ
ലക്ഷ്മീലീലാരവിന്ദേ നവപിശിതധിയം
തനവതീ ശ്യേനികേവ. 47

ഗദ്യം 4.

കഥമിവ കഥയേ ലളിതാരൂപവിലാസവിശേഷാൻ
കാളപയോധരമാലകളോടട—
നംകമിരുത്തി മറുത്തു ജയിച്ചു പ
നംപൂക്കുലയൊടു തിറയും വാങ്ങി—
ക്കുവലയരുചിയൊടു കവലപിണങ്ങി—
ക്കാർകണ്ടിക്കൊരു കണുത ചേത്തു ചു—
രുണ്ടു തിരണ്ടൊരു കാളിമകൊണ്ടു ജ—
ഗത്ത്രിതയത്തെയിരുട്ടിലൊളിപ്പി—
ച്ചുഴിയുന്നേരം കഴൽ പണിയും ഘന—
കേശഭരത്തിൻ പരിമളവിഭവം

ക്കുന്നവളായി. ഗൃഹീതമൂർത്തിഃ—സ്വരൂപമെടുത്ത. ദുര....തിഃ—ഇവ—ദുരന്ത മായ പാപപുഞ്ജംപോലെ. ജഗതാം ആർത്തിദായിനീ—ലോകങ്ങളെ പീഡിപ്പിക്കുന്നവളായി. സമ....നഃ ലങ്കാപതേഃ അവരജാ—എല്ലാ രാക്ഷസന്മാർക്കും ചക്രവർത്തിയായ ലങ്കാധിപന്റെ അനുജയായ. മായാ...ഷാ—മായാശക്തികൊണ്ടുണ്ടാക്കിയ സുന്ദരമായ മനുഷ്യസ്ത്രീവേഷത്തോട് കൂടിയ. ശൂർപ്പണഖാ നാമ—ശൂർപ്പണഖ എന്ന പേരായ. ദോഷാചരീ—രാക്ഷസി. പ്രബല....താ—അധികം കാമപീഡിതയായി. സീതാപതിം—ശ്രീരാമനെ, ഉപാതിഷ്ഠത—സമീപിച്ചു.

പദ്യം 47. ഉജ്ജൃംഭി...ലേ—ചുടുള്ള കുചതടത്തോട് കൂടിയ ദയിതയോടു പിരിഞ്ഞവർക്കു സംഹാരകാലമായ. പ്രാലേ....ളേ—മഞ്ഞു പെയ്യുമൂടിയ ആകാശത്തോടും ദിങ്മണ്ഡലത്തോടും കൂടിയ. തസ്മിൻ കാലേ—അക്കാലത്തു്. കാമാന്ധാ സാ രാക്ഷസീ—കാമമോഹിതയായ ആ രാക്ഷസി (ശൂർപ്പണഖ). ലക്ഷ്മീ..ന്ദേ—മഹാലക്ഷ്മിയുടെ കയ്യിലുള്ള താമരപ്പൂവിൽ നവ....യം തനവതീ—പുതിയ മാംസമാണെന്ന ബുദ്ധിയോടുകൂടിയ. ശ്യേനികാ ഇവ—പെൺപരുന്തെന്നപോലെ. മൈഥി...ഥേ—രാമങ്കൽ. പതിമതിം അതനോൽ—പതിബുദ്ധിവെച്ചു.

ഗദ്യം 4. ലളിതാ... ഷാൻ—ലളിതയുടെ സൗന്ദര്യവിശേഷങ്ങളെ. കഥം ഇവ കഥയേ—ഞാൻ എങ്ങനെ വർണ്ണിക്കും. കാള... ല—നീലക്കാർനിറം. അങ്കം—യുദ്ധം. കുവലയരുചി—നീലോത്പലകാന്തി. കുണുത—പരാഭവം. കാളിമ—കറുപ്പു്. ജഗ.....ത്തെ—മൂന്നു ലോകത്തെ

കൊതികൊണ്ടീടും വരിവണ്ടിണ്ട മു—
രണ്ട മുരണ്ടണയുന്നതു കണ്ട വെ—
രിണ്ട വെരിണ്ടതിവേപിതഗാത്രീ,
ചൂട പൊറാതെ മുഖാംബുജലക്ഷ്മി—
ക്കുപരി പിടിക്കും പീലിക്കുട ഞാ—
നെന്ന നിനച്ചക്കുന്നുകനെ വിലസും
കുരുംനിരകൊണ്ട മനോഹരമായ ല—
ലാടതടത്തിന്നഴകിനൊടണിയും
മൃഗമദമയമാം ചെറുതൊട്ടകുറിയെ—
ച്ചെറിയ വിയർപ്പിൽച്ചെറു കുളിർപ്പിച്ചതിരണീയാ,
കുസുമശരൻതൻ കുലമണിവില്ലിനു
കുലദേശികനാം പുരികക്കൊടിമേൽ—
നിന്നു പിറക്കും പ്രണയരസായന—
ഗ്ലളികകൾ പോന്ന കടയ്ക്കലുതിർന്ന ത—
ന്നൊരു വിഭ്രമദർപ്പവിശൃംഖല—
രീതിവിശേഷമണിഞ്ഞിടകുമ്പി—
ക്കുമ്പിച്ചുമ്പിച്ചുമ്പിപ്പതറി—
പ്പതറിച്ചില പട പറയും വീക്ഷണ—
ഭംഗ്യാ മറിമാൻപൈതലെ മന്മഥ—
വിദ്യ പഠിപ്പിക്കുന്നതു കൊണ്ടാ—
ടീടും മണിമയകുണ്ഡലയുഗളീ—
മണ്ഡിതനിമ്മലഗണ്ഡാഭോഗാ,
വദനാംഭോരുഹകണ്ണികപോലേ
വിലസിന നാസാഞ്ചലഭൂവി മരുവും
കതിപയകുത്രസേദകണാർദ്രാ,
പവിഴമണിദ്യുതി പാഴ്പെടുമാറു—
പ്പല്ലവനിരയൊട്ട മല്ലും തട്ടി—

പരി.....വം—വാസനാസമൃദ്ധി. അതി.....ത്രി—നന്നെ വിറയ്ക്കുന്ന ശരീരത്തോടുകൂടിയവളായി. മുഖാ....ക്ഷ്മി—മുഖകമലശോഭ. ഉപരി—മീതെ. വിലസും—ശോഭിക്കുന്ന. മനോഹരം—രമ്യം. ലലാടതടം—നെറ്റിത്തടം. മൃഗമദം—കസ്തൂരി. അതിരമണീയാ—അതിരമ്യാ. കുസുമ ശരൻ—മന്മഥൻ. കുലദേശികൻ—കുലാചാര്യൻ. പ്രണയം—സ്നേഹം. വിഭ്ര.....തി—സൗന്ദര്യഗർവിന്റെ സ്വതന്ത്രരീതി. വീക്ഷ .. ....ഗ്യാ—നോട്ടത്തിന്റെ ഭംഗികൊണ്ട്. മന്മഥവിദ്യ—കാമതന്ത്രം. മണി ....ഗാ—രത്നമയങ്ങളായ രണ്ട കുണ്ഡലങ്ങളാൽ അലങ്കൃതമായ കവിൾ പ്രദേശത്തോട കൂടിയവളായി. വദ..... ക—മുഖകമലത്തിന്റെ കർണ്ണിക. നാസാ..... വി—മൂക്കിന്റെ അറ്റത്ത്. കതി..... ദ്രാ—ചില മനോഹരമായ വിയർപ്പുതുള്ളികളാൽ നനഞ്ഞവളായി. ദ്യുതി—കാന്തി. പല്ലവം—തളിര്. കുസു.....ഭാ—ചമ്പങ്ങത്തിന്റെ

ക്കമ്പിടിയിച്ചു കുസുംഭകുശോഭാ—
മന്തിമുകിൽക്കൊരു പന്തിപിണഞ്ഞും
ചോരിച്ചെവ്വാമണിരംഗത്തില—
രങ്ങേറീടിന മഞ്ജുളഹസിതനി—
ലാവിൽ വിരിഞ്ഞപൂണ്ടഴകിൽ വരുന്ന ച—
കോരകിശോരാനനനയമാനാ മധുരാലോകൈഃ,
അംബുനിധൗ പുനരൻപതുവട്ടം
മുഴുകി വളർന്ന കളങ്കം കഴുകി—
ക്കല്പകവല്ലീകലികാസുരഭേ—
മുള്ളിൽ നിറച്ചു നിജാമൃതധാരയെ
വാങ്മയമാക്കി വരുന്നോനാകിൽ
പൂർണ്ണശശാങ്കനു ചാന്ന മുഖാബ്ജം
മന്ദം മന്ദം മന്ദാക്ഷവശാദവനമയന്തീ,
കംബുവരദ്യുതിഡംബരകമ്പന—
ലമ്പടമായ ഗളാന്തരസീമനി
മാന്താർബാണനണിഞ്ഞീടും നവ—
രേഖാത്രിതയംകൊണ്ടു ജഗത്യാം
കീഴിലുമിന്നും മേലിലുമെന്നും
തന്നോടൊത്ത മടുത്താർവേണികു—
ളുണ്ടോമല്ലെന്നാലപമാനാ,
പൂണ്മവളർക്കും നെന്മെനിവാകമ—
ലർക്കുലമാല വിലസ്സുപൊറാത മു—
ദ്ദുതമിയന്ന ഭുജദ്വിതയംകൊ—
ണ്ടനുപമശിഥിലിതമണിചായലുമ—
ന്നീവീബന്ധവുമവശം താങ്ങും

നിറത്തെ. മണിരംഗം—മണിമണ്ഡപം. മഞ്ജു..... ....വിൽ—രമ്യമായ ഹാസമാകുന്ന ചന്ദ്രികയിൽ. ചകോരാൻ—ചകോരപ്പക്ഷിക്കൂട്ടികളെ. മധുരാലോകൈഃ—മധുരനോട്ടങ്ങളാൽ. അനുനയമാനാ—പ്രീതിപ്പെടുത്തുന്ന വളായി. അംബുനിധൗ—കടലിൽ. കളങ്കം—മാലിന്യം. കല്പ ...ഭം—കല്പലതയിലെ മൊട്ടിന്റെ മണം. നിജാ.....യെ—തന്റെ അമൃത പ്രവാഹത്തെ. വാങ്മയം—വാക്സ്വരൂപം. പൂർണ്ണശശാങ്കൻ—പൂർണ്ണിമാ ചന്ദ്രൻ. മുഖാബ്ജം—മുഖകമലത്തെ. മന്ദം—പതുക്കെ. മന്ദാക്ഷവശാത്—ലജ്ജനിമിത്തം. ''മന്ദാക്ഷം ഹ്രീസ്ത്രപാ ലജ്ജാ''എന്നു അമരം. അവനമയന്തീ—താഴ്ന്നവളായി. കംബു.....മായ—ശ്രേഷ്ഠമായ ശംഖിന്റെ ശോഭാതിശയത്തെ താഴ്ത്തുന്നതായ. ഗളാ..... നി—കഴുത്തിൽ. മാന്താർബാണൻ—കാമദേവൻ നവ....യം—പുത്തനായ മൂന്നു വരകളും. ജഗത്യാം—ലോകത്തിൽ. അനുപമാനാ—പായുന്നവളായി. മുദ്ദുതം—മാർദ്ദവം. ഭുജദ്വിതയം—രണ്ടു ഭുജങ്ങളും. അനുപ .....യൽ—വല്ലാതെ അഴഞ്ഞ മുടി. നീവീബന്ധം—ഇളിക്കെട്ടു്. മണിമയ .. ...ന്താ—

പൊഴുതു കലുങ്ങും മണിമയകങ്കണ—
കേയൂരാരവമുഖരദിഗന്താ,
കനകാഭരണകദംബകശോഭാ—
മിളവെയിൽപോലേ മുനിൽക്കൊണ്ടു കു—
തൂഹലമാണ്ടോരു യൗവനമെന്നും
നളിനപ്പൊയ്കയിൽ മന്ദമിറങ്ങി മ—
ദിച്ചു തിമിർത്തു വിയുക്തിവരാത ര—
ഥാംഗയുഗത്തിൽ ഭംഗികലർന്നണി—
പങ്കജമൊട്ടൊടു പടയും വെട്ടി—
ക്കരികുംഭത്തെക്കാൽ പണിയിച്ചു മ—
ണിച്ചെപ്പിന്നും കൊല്പു കെടുത്ത—
മ്മണികുംഭത്തിനു മുതല മാററി—
പ്പുരമൊരു മാററാരില്ലാഞ്ഞനിശം
തമ്മിലെതിർത്തുരമിട്ട പരസ്പര—
മുന്നതികൊണ്ടു മുലക്കച്ചിനയും
പൊട്ടിച്ചിതറും കുങ്കുമപങ്കമ—
ണിഞ്ഞു മൃദുസ്മിതകാന്തി പടർന്ന ക—
ണക്കേ മെത്തിന മുത്തണിമാലക—
ളിളകെക്കാണക്കാണ വളർന്നിയ—
ലുന്നണിവന്മുല രണ്ടുമെടുക്കരു—
താഞ്ഞു കുലഞ്ഞുകുലഞ്ഞുടനെഠടിവതി—
നാഞ്ഞ വിലഗ്നലതയ്ക്കൊരുപഘ്നത—
യാ മരുവീടിന മരതകമണിമയ—
യഷ്ടികണക്കേ ദൃഷ്ടിരസായന—
മാമൊരു രോമാവലി ചെന്നിളകൊ—
ണ്ടീടും നാഭീകുഹരഗഭീരമനോജ്ഞാ,
തരുണാരുണരുചി തൺപെടുമാറ—

മണിമയങ്ങളായ വളകളുടെ ശബ്ദത്താൽ മുഴങ്ങുന്ന ദിക്കുകളോടുകൂടിയവളായി. കന ... ഭാം—സ്വർണ്ണാഭരണസമൂഹത്തിന്റെ കാന്തിയെ. കു ാലം—കൗതുകം. നളിനം—താമര. മദിച്ചു—അഹങ്കരിച്ചു. വിയുക്തി—വിയോഗം. രഥാങ്ഗയുഗം—ചക്രവാകമിഥുനം. പങ്കജം—താമര. കരികുംഭം—ആനയുടെ മസ്തകം. പരമൊരു—മറെറാരു. അനിശം—എപ്പൊാഴും. പരസ്പരം—തമ്മിൽ. കുങ്കുമപങ്കം—കുങ്കുമച്ചാറു്. മൃദുസ്മിതകാന്തി—മന്ദഹാസശോഭ. വിലഗ്നം—അരക്കെട്ടു്. ഉപഘ്നതയാ—താങ്ങായി. യഷ്ടി—വടി. ദൃഷ്ടിരസായനം—കണ്ണിനു പ്രിയമായ. രോമാവലി—രോമപങ്ക്തി. നാഭീ.....യജ്ഞാ—ഗംഭീരമായ പൊക്കിൾക്കുഴികൊ

പ്പട്ടട വടിവിന്നുപരി സലീലം
തഞ്ചിക്കൊഞ്ചിന കാഞ്ചനകാഞ്ചീ—
ത്ഥണത്ഥണിതംകൊണ്ടനുപദരമ്യാ,
ഭുവനമശേഷം റെന്ന മദിക്കും
മദനമഹീപനു പടവീടാം ഘന—
ജഘനാഭോഗമെടുത്തു നിവിന്ന മ—
ണിത്തൂണ്പോലേ ചാതുരി ചേന്ന മ—
ദം പൊട്ടീടും കുംഭീന്ദ്രൻതൻ
തുമ്പിക്കൈയും പിൻകൈ നല്ലീ—
ക്കോമളശീതളമൃദുലനവീന
സ്നിഗ്ധോന്മുഗ്ധം കദളീകാണ്ഡം
കൊണ്ടോടീടും തുടയിണ കണ്ടാൽ
തരുണജനാനാം തരിപെടുവോളം തരുണിമസാന്ദ്രാ,
വനസരസീഷു വിരിഞ്ഞ സിതാംബുജ—
വെണ്മാടങ്ങളിലങ്ങോടിങ്ങോ—
ടാടിച്ചാടി മദിച്ചു കളിക്കും
കളഹംസങ്ങളെ നടകം പഠിപ്പാൻ
മണ്ഡൂളനാദൈർ മെല്ലേ മെല്ലെ വി—
ളിച്ചരികത്തു വരുത്തിന പുത്തൻ
കനകചിലമ്പിന മധ്യേ ചുറ്റുമ—
മിന്നത്തിന നീലക്കല്ലിൻ കാന്തി കു—
രേറെ ശ്യാമളമായ കണങ്കാൽ—
കൊണ്ടു മയിൽക്കണ്ണത്തിൻ പരിചു ലസന്തീ,
വാനോർതടിനീവല്ലർതിരമാലയിൽ
നിഴലിച്ചീടും കമഠപ്രതിഭട—
നടിമപ്പെട്ട കിടക്കുംപോലേ

ണ്ടു മനോഹരമായി. തരു.....ചി—ബാലസൂര്യന്റെ ചുമന്ന കാന്തി ഉപരി—മീതേ. സലീലം—ലീലയോടുകൂടി. കാഞ്ച.....തം—പൊന്നരഞ്ഞാണിന്റെ ത്ഥണത്സണശബ്ദം. അനുപദരമ്യാ—ഒരോ കാൽവെപ്പിലും മനോഹരയായി. മദന .. നു—കാമരാജനു. ഘന....ഗം—കനത്ത ജഘനപ്പരപ്പു. ചാതുരി—ചതുരത. കുംഭീന്ദ്രൻ—ആനത്തലവൻ. കോമ ... ദ്ധം—മൃദുവും തണുത്തതും പുതിയതും മിനുത്തതും സുന്ദരവും ആയ. കദളീകാണ്ഡം—വാഴത്തണ്ടു. തരു....നാം—യുവാക്കൾക്കു. തരു....ന്ദ്രാ—തരുണ്യം തികഞ്ഞവളായി. വന....ഷു—കാട്ടിലെ തടാകങ്ങളിൽ. സിതാംബുജം—വെള്ളത്താമര. മണ്ഡൂ.....ദൈഃ—മനോഹരശബ്ദങ്ങളാൽ. കനകം—പൊൻ. മധ്യേ—നടക്കു. ശ്യാമളം—ശ്യാമവർണ്ണം. ലസന്തീ—ശോഭിക്കുന്നവളായി. വാനോർതടിനീ—ഗങ്ഗ. കമഠപ്രതിഭടൻ ആമ

നഖശശിചന്ദ്രികകൊണ്ടുടൽ മുടീ—
ട്ടുന്നപ്പുറവടികൊണ്ടും പെരികെക്കാമ്യാ,
പുലരിയിൽ വിരിയും കനകപയോരുഹ—
സഹൃദയമാം പദപല്ലവയുഗളം
മെല്ലേ മെല്ലേ വച്ചു ലസന്തീ,
സൗന്ദര്യാമൃതസാഗരമധ്യാ—
ന്മൃദുലസമീരണമേറു ബലാലി—
ന്മിട്ടാലേറിച്ചെറുതിരമാല വരുന്ന കണക്കേ,
വിശ്വംഭരയിൽ വിഹാരത്തിന്നൊരു
വിദ്യുന്മാല വരുന്ന കണക്കേ
വിഭ്രമമെന്നും കല്പകശാഖിനി
മെത്തിന പുത്തൻമഞ്ജരിപോലേ
വിനയപ്പേരാമംഭോജന്മനി
വിളയും പരിമളലഹരികപോലെ
മത്തമതംഗജകുംഭാഭോഗേ
മരുവിന മദജലധോരണിപോലേ
പുതുമലർബാണൻകരഭവി മിന്നും
ഭുവനഭ്രാമണപിഞ്ഛരികപോലേ
ലാവണ്യത്തിനു പരദേവതയായ്
മാധുര്യത്തിനു മംജൂഷികയായ്
നിധുവനലക്ഷ്മ്യാ മണിദീപികയായ്
നൈർമല്യത്തിനു കേളീഗൃഹമായ്
മെല്ലേ മെല്ലേ സാ ലളിതാംഗീ
രാഘവസവിധേ ചെന്നുന്നിന്നാൾ.

യാകുന്ന ശത്രു. നഖശ.....ക—നഖമാകുന്ന ചന്ദ്രക്കലയുടെ നിലാവു്. കാമ്യാ—കാമിക്കാൻ യോഗ്യയായി. കന ...മാം—സ്വർണ്ണത്താമരപോലെ രമ്യമായ. പദ...ളം—തളിരുപോലെ ശോഭിക്കുന്ന രണ്ടു കാലുകളെ. ലസന്തീ—ശോഭിക്കുന്നവളായി. സൗന്ദ....ത്—സൗന്ദര്യമാകുന്ന അമൃതക്കടലിന്റെ മധ്യത്തിൽനിന്നു്. മൃദു... ണം—മന്ദമാരുതൻ. വിശ്വംഭര—ഭൂമി. വിഹാരം—സഞ്ചാരം. വിദ്യുന്മാല—മിന്നൽപങ്ക്തി. വിഭ്രമം—വിലാസം. കല്പ....നി—കല്പവൃക്ഷത്തിന്മേൽ. മഞ്ജരി—പൂങ്കുല. അംഭോ...നി—താമരയിൽ. പത....ക—സൗരഭ്യവിലാസം. മത്ത....ഗേ—മദിച്ച ആനയുടെ ചെന്നിപ്പരപ്പിൽ. മദ....ണി—മദജലമൊഴുകുന്ന രീതി. കരഭവി—കൈയിൽ. ഭുവ....ക—വിശ്വത്തെ കറക്കുവാനുള്ള പീലിക്കെട്ടു്. ലാവണ്യം—സൗന്ദര്യം. മംജൂഷിക—വച്ചുസൂക്ഷിക്കാനുള്ള പെട്ടി. നിധു....ക്ഷ്മ്യാഃ—സുരതശ്രീക്കു്. മണിദീപിക—മണിമയമായ ചെറിയ വിളക്കു്. നൈർമല്യം—ശുദ്ധി. സാ ലളിതാംഗീ—ആ സുന്ദരി. രാഘവ... ധേ—രാമന്റെ അരികിൽ.

ശ്രീരാമൻ അവളോട് കുലനാമാദികളെല്ലാം ചോദിക്കുകയും അതിന്നുത്തരമായി ഭംഗിപോരാത്തതിനാൽ ഇന്ദ്രാദികളിൽപ്പോലും ആരെയും ഭർത്താവായി സ്വീകരിപ്പാൻ സമ്മതമില്ലാത്ത അവൾ സകലതും പറയുന്നമദ്ധ്യേ സ്വാഭിലാഷത്തെ അതായത് ശ്രീരാമൻ ഭർത്താവാകണമെന്ന ആഗ്രഹത്തെ സ്പഷ്ടമാക്കുകയും ചെയ്യുന്നു:

''മാനേലുംകണ്ണി! നീയെന്തിവിടെ നിരുപമേ!
പാഴ്ക്കൊടുങ്കാട്ടിൽ മദ്ധ്യേ
താനേതന്നേ നടക്കുന്നതു തവ കുലമെ—
ന്തെന്തു പേരെ''ന്നിവണ്ണം
തേനോക്കാ സാ ബഭാഷേ മൃദുലമുരുവലാം
മല്ലികപ്പൂവുമെല്ലേ
ചേണാന്നാരാദ്ധ്യി ബദ്ധ്വാഞ്ജലികളെ വിനയം—
കൊണ്ടു വിദ്യോതമാനാ. 48

''മാന്താർബാണൻ വണങ്ങും മധുരിമരസനി-
ഷ്യന്ദമേ! മംഗലാനാ—
മേന്തീടും പുഞ്ജമേ! നിന്നരികിൽ മദനതാ—
പേന പോന്നാഗതാ ഞാൻ
താൻതാനേ സഞ്ചരിക്കാമുലകിൽ മമ പതി—
ന്നാലിലും ദീനദീനം
കാന്തൻ പേർമാഞ്ഞു മന്മാനസമിനി രമണൻ
നീയൊഴിച്ചില്ല ചൊല്ലാം. 49

വിണ്ണോർകോനേതുമാകാ പുണരുവതിനവ—
ന്നോക്കു ഗാത്രേഷു നീളെ—
ക്കണ്ണല്ലോ വഹ്നിയോടുള്ളണവു മമ നിന—
ച്ചാൽ മരിച്ചെന്നി വേണ്ടാ

പദ്യം 48. നിരുപമേ—നിസ്തുല്യേ. മദ്ധ്യേ—നടുക്കു്. തവ—നിന്റെ. കുലം—വംശം. തേന—അവനാൽ (രാമനാൽ). ഉക്താ—ചോദിക്കപ്പെട്ടവളായ. സാ—അവൾ (സുന്ദരിയായി വന്നിരിക്കുന്ന ശൂർപ്പണഖ). ആഗതാ—വന്നവൾ. അഞ്ജലികളെ—കൂപ്പുകൈകളെ. ബദ്ധ്വാ—ബന്ധിച്ചിട്ടു്. വിനയം—വണക്കം. വിദ്യോതമാനാ—ശോഭിക്കുന്നവളായി. ബഭാഷേ—പറഞ്ഞു.

പദ്യം 49. മധു....മേ—മാധുര്യരസപ്രവാഹമേ. മംഗലാനാം—കുശലങ്ങൾക്കു്. പുഞ്ജം—കൂട്ടം. മദനതാപേന—കാമപീഡകൊണ്ടു്. ആഗതാ—വന്നവൾ. മമ—എനിക്കു്. ദീനദീനം—വളരെ ദീനമായി. മന്മാനസം—എന്റെ ചിത്തം. രമണൻ—ഭർത്താവു്.

പദ്യം 50. നാലുപദ്യങ്ങൾകൊണ്ടു ദേവേന്ദ്രാദികളും ഭർത്താവാകുന്നതു തനിക്കു സമ്മതമില്ലെന്നു പറയുന്നു: വിണ്ണോർകോൻ—ദേവേന്ദ്രൻ. ഗാത്രേഷു—അവയവങ്ങളിലെല്ലാം. വഹ്നി—അഗ്നിദേവൻ. മമ—

എണ്ണേറും ജന്തുവൃന്ദം കൊടിയ നരകകോ—
ടീഷു കേഴം ദശായാം
തണ്ണീർപോലും കൊടാതോരറുകുലയനവൻ
കാലനും നില്ലു ദൂരേ. 50

നീതിക്കോപ്പിന്നു വല്ലാ നിരൃതി സരസന—
ല്ലേത്രുമേ താൻ ജളാത്മാ
വാർതിക്കും പാശി മന്ദൻ പവനനവനൊരേ—
ടത്തുമേ ചെറുടങ്ങാ
ഭ്രാതൃത്വം വിദ്യതേ വൈശ്രുവണനു ഹരനോ—
ടെന്തു കാര്യം കളിച്ചാൽ
ചൂതത്താർബാണനെച്ചുട്ടവനൊട്ടു ചുടല—
ക്കുത്തു കണ്ടീടുവാനോ! 5

മാത്താണ്ഡന്മാരെയും ചെറുണയരുതു ചുട്ടം
നാഥ! രാകാശശാങ്കൻ
പാത്താൽ നാലഞ്ചുനാൾ നീളെയുമനുഭവിയാ
യൗവനാഭോഗയോഗം
രുദ്രാ രുദ്രാഃ സമസ്താ അപി വികൃതമുഖാ—
വാശ്വിനേയൗ വസൂനാം
ചാത്തങ്ങാസ്ഥാവിഹീനം പരികലയ ന മേ
സമ്മതാ ദേവവീരാഃ. 52

എനിക്കു്. ജന്തുവൃന്ദം—പ്രാണിസമൂഹം. നരകകോടീഷു—കോടി കോടി നരകങ്ങളിൽ. കേഴം ദശായാം—കേഴമ്പോഴും. കാലനും—യമനും. ദൂരേ—അകലെ.

പദ്യം 51. സരസനല്ല—രസികനല്ല. ജളാത്മാ—മന്ദബുദ്ധി. ജലമയൻ എന്നും. പാശീ—വരുണൻ. മന്ദൻ—മൂഢൻ. പവനൻ—വായു. വൈശ്രുവണനു്—കുബേരനു്. ഭ്രാതൃത്വം—സഹോദരഭാവം. വിദ്യതേ—ഉണ്ടു്. ഹരൻ—ശിവൻ. ചൂതത്താ....ട്ടു—കാമദേവനെ ദഹിപ്പിച്ചവനോടു്.

പദ്യം 52. മാത്താണ്ഡന്മാർ—പന്ത്രണ്ടു് ആദിത്യന്മാർ. രാകാ....ൻ—പൂർണ്ണിമാചന്ദ്രൻ. യൗവ....ഗം—യൗവനം തികഞ്ഞിരിക്കുന്നതിന്റെ അനുഭവം. സമസ്താഃ അപി രുദ്രാഃ—രുദ്രദേവന്മാർ പതിനൊന്നുപേരും. രൗദ്രാഃ—ഭയങ്കരന്മാർ. അശ്വിനേയൗ—അശ്വിനീപുത്രന്മാർ രണ്ടുപേരും. വികൃ....ഖൗ—വിരൂപമായ മുഖത്തോടുകൂടിയവർ. വസൂനാം—എട്ടു വസുക്കളുടെ. ആസ്ഥാവിഹീനം—താത്പര്യരഹിതം. മേ—എനിക്കു്. ദേവവീരാഃ—ദേവശ്രേഷ്ഠന്മാർ. ന സമ്മതാഃ—സമ്മതമുള്ളവരല്ല. പരികലയ—നീ അറിഞ്ഞാലും.

യക്ഷന്മാർ കിന്നരന്മാരമരർ മുനികളെ—
ന്നേവമാദ്യേഷു പാത്താ—
ലൂഹിക്കാമ്പിന്നില്ല കൗതൂഹലമവർ തരമി—
ല്ലാരുമേ ഭംഗി പോരാ
നില്ലെല്ലാരും പതിന്നാലുലകിലുമൊരുവൻ
മറ്റു നിന്നെക്കണക്കേ
ലക്ഷ്മീം കൈക്കൊണ്ടു കണ്ടീലയി ദയിത! പൊറാ—
തൊന്നിതെൻ മാരതാപം.'' 53

ആകർണ്ണ്യേവം തദീയം വചനമണികഴൽ—
ത്താരൊളം മൗലിയെത്തൊ—
ട്ടാകർണ്ണം നീണ്ട കൺകൊണ്ടവളെ മുഴുവനേ
പാത്തു വൈദഗ്ദ്ധ്യശാലീ
പ്രാഗല്ഭ്യം നന്നിതെന്നാൽ ചെറുതു കളികളി—
പ്പിച്ചു പോക്കേണമെന്ന—
ങ്ങാകെക്കല്പിച്ചു മന്ദസ്മിതരുചി പുറമേ
ളുകി രാമോ ബഭാഷേ. 54

രാമന്റെയും ലളിതയുടെയും സംഭാഷണം:

''എന്നേ മദ്ഭാഗ്യമേ! മന്മഥനനുഗ്രഹനായ്
വന്നിതിന്നാകിലിഞ്ഞാൻ
നിന്നോടേ വന്നിരക്കേണ്ടുവതു ഭവതിയാ—
ലെന്നൊടിന്നത്ഥനീയം
നിർണ്ണീതം നീയിദാനീമരികിൽ വരികകൊ—
ണ്ടിന്നിമേലിൽ ത്രിലോകീ—
ധന്യാനാം മുൻപെനിക്കെന്നെതിനെയനുവദി—
ക്കേണമന്യേ ജനൗഘാഃ.'' 55

പദ്യം 53. യക്ഷന്മാരും കിന്നരന്മാരും ദേവയോനിവിശേഷങ്ങൾ. അമരർ—ദേവന്മാർ. ഏവമാദ്യേഷു—എന്നിങ്ങനെയുള്ളവരിൽ. കൗതൂഹലം—താത്പര്യം. ലക്ഷ്മീം—ഐശ്വര്യത്തെ. അയി ദയിത—അല്ലയോ കാന്ത. മാരതാപം—കാമപീഡ.

പദ്യം 54. ഏവം—ഇങ്ങനെ. തദീയം വചനം—അവളുടെ വാക്കിനെ. ആകർണ്ണ്യ—കേട്ടിട്ട്. മൗലി—തല. ആകർണ്ണം—ചെവിവരെ. വൈദ....ലീ—മിടുക്കുള്ളവൻ. പ്രാഗല്ഭ്യം—പ്രൗഢത. കല്പിച്ചു—നിശ്ചയിച്ചു. മന്ദ....ചി—മന്ദഹാസശോഭ. രാമഃ—രാമൻ. ബഭാഷേ—പറഞ്ഞു.

പദ്യം 55. മദ്ഭാഗ്യമേ—എന്റെ ഭാഗ്യംതന്നെ. അനുഗ്രഹൻ—അനുകൂലൻ. അത്ഥനീയം—പ്രാത്ഥിക്കേണ്ടതു്. നിർണ്ണീതം—നിശ്ചിതം. ഇദാനീം—ഇപ്പോഴ്. ത്രിലോ....നാം—മൂന്നു ലോകത്തിലേയും ഭാഗ്യശാലികളിൽ. അന്യേ ജനൗഘാഃ—മറ്റു ജനങ്ങളെല്ലാവരും.

''എങ്കിൽ കാലം കളഞ്ഞീടരുതു കിമപി നീ
കാന്ത! മാന്താർശരൻതാ—
നെങ്കൽത്തന്നേ തരുന്നിതു കൊടുമതുട
ന്നദ്ഭുതാൻ പുഷ്പബാണാൻ
സങ്കല്പം മറുമറൊന്നയി! മമ വിഹരി—
ക്കേണമാനംഗകേളീ—
സംഗശ്രീപൂണ്ട മേടിൽ ദിനമനു ഭവതാ
സാകമാകുന്നതെല്ലാം.'' 56

''ഏണാക്ഷീമൗലിമാലേ! തവ തളിരൊളിമെയ്
കാൺകകൊണ്ടിന്നുതന്നെ
വേണ്ടുന്നു പാണിപദ്മഗ്രഹണമതിനു കാ—
ണന്തരായോ ഗരീയാൻ
നൂനം നിന്നോടുകൂടെക്കളികളിൽ വിളയാ—
ടീടുവാൻ തക്കതിപ്പോഴം
കാണുന്നേനല്ല കേളീമണിയറ വസതിർ—
മാമകീ പർണ്ണശാലാ.'' 57

''താണീടേണ്ടാ ഭവാൻ ചെറുതിനു മമ കളി—
ച്ചീടുവാനെത്ര രത്ന—
സ്ഥാനീയാനി ത്രിലോകേ കുസുമശരനുനേ—
രായ സൗന്ദര്യരാശേ!
വാനോർനാട്ടിങ്കലോ വേണ്ടിതു വസതി തുഷാ—
രാദ്രിമൂർദ്ധാവിലോ പോയ്
ക്ഷോണീചക്രേ പരന്നീടിന നരവരനാ—
ട്ടിങ്കലോ ചൊല്ലുഭീഷ്മം.'' 58

പദ്യം 56. ശൂർപ്പണഖ പറയുന്നു: കാലം കിമപി—സമയം ഒട്ടും. അദ്ഭുതാൻ—ആശ്ചര്യകരങ്ങളായ. പുഷ്പബാണാൻ—പൂവമ്പുകളെ. വിഹരിക്കേണം—ക്രീഡചെയ്യണം. നൂന....ശ്രീ—മന്മഥസംബന്ധിയായ കേളിചെയ്യുള്ള ശ്രീപൂണ്ട്. ദിനമനു—ദിവസംതോറും. ഭവതാ സാകം—അങ്ങയോടുകൂടി.

പദ്യം 57. രാമൻ പറയുന്നു: ഏണാ ...ലേ—അല്ലയോ സുന്ദരി. തവ—നിന്റെ. പാണി....ണം—കൈയാകുന്ന താമരയെ ഗ്രഹിക്കുക. ഗരീയാൻ അന്തരായഃ—വലിയ പ്രതിബന്ധം. നൂനം—നിശ്ചയം. മാമകീ വസതിഃ—എന്റെ വാസസ്ഥാനം. പർണശാല—ആശ്രമം.

പദ്യം 58. ശൂർപ്പണഖ പറയുന്നു: മമ—എനിക്ക്. ത്രിലോകേ—മൂന്നുലോകത്തിൽ. രത്നസ്ഥാനീയാനി—രത്നമായിട്ടുള്ളവ. കുസുമശരനു—മന്മഥനു. സൗന്ദ....ശേ—സൗന്ദര്യത്തിനു് ഇരിപ്പിടമേ. വാനോ..... .....ലോ—ദേവലോകത്തിലോ. വസതി—വാസസ്ഥാനം. തുഷാ .....ലോ—ഹിമവാന്റെ കൊടുമുടികളിലോ. ക്ഷോണീചക്രേ—

''സത്യം വേണ്ടീലതന്നേ പുനരിത്ര മനസി
പ്രേമമുണ്ടെങ്കിലത്രേ
കൃത്യം പക്ഷേ കരിങ്കൽപ്പുറവുമൊരു നറും—
പുഷ്പപര്യങ്കമല്ലോ
യുക്തം ത്വത്സംഗമം മേ സുഭഗമിത്ര തപ—
സ്സിന്നൊരുമ്പെട്ട നേര—
ത്തെത്തീ ചെറുള്ളിലുണ്ടെന്നൊരു വിവശത മാ—
ന്താർശരാഭൈതമേ! മേ.'' 59

'തേൻ പെയ്യും ദിവ്യവല്ലീമലരിൽ മതുമത—
പ്പോന്നുവീണ്ടുന്ന പുത്തൻ—
തേൻപോലേ ലോഭനീയം തവ വപുഷി വിഭോ!
യൗവനാഭോഗയോഗം
നിൻപാദം കാനനം തേടുകിലതിസുഭഗ—
ന്മാക്കു മൗലിക്കു രത്ന—
പ്പൂൺപേ! വാർദ്ധക്യമെത്തുംപൊഴതിലമിയുമി[1]—
ക്കോപ്പു നന്നെന്നുമേ ഞാൻ. 60

നല്ല തപസ്സിത്ര സദയം മല്പ്രാക്ഷീം മടിയിൽവച്ചുപൂണ്ടനിശം
കല്യാണമേറെ വിളവാനല്പാതോ രണ്ടു മടവരെങ്കിലെടോ.' 61

''ധാർഷ്ട്യമല്ല പറയുന്നതും ലളിതവേണി!
കേളിത്ര കൂളിച്ചു ഞാൻ
വേട്ട പെണ്ണിവളുപേക്ഷ്യയല്ലഗതി നമ്മെ—
യും കിമപി കൈവിടാ

ഭ്രമണ്ഡലത്തിൽ. നരവരനാട്ടിങ്കലോ—രാജാക്കന്മാരുടെ രാജ്യത്തിലോ. അഭീഷ്ടം—ആഗ്രഹം.

പദ്യം 59. മനസി—ഉള്ളിൽ. പ്രേമം—അനുരാഗം. പുഷ്പപര്യങ്കം—പൂക്കളെക്കൊണ്ടുള്ള കിടക്ക. യുക്തം—ഉചിതമായ. ത്വത്സങ്ഗമം—നിന്നോടു ചേരൽ. മേ—എനിക്കു്. സുഭഗം—നല്ലതു്. വിവശത—വ്യാകുലഭാവം, മാന്താ .. മേ കാമസ്വരൂപമേ. മേ—എനിക്കു്.

പദ്യം 60. ദിവ്യവല്ലീ—കല്പലത. ലോഭനീയം—കാമ്യം. തവ വപുഷി—നിന്റെ ശരീരത്തിൽ. യൗവന... ഗം—താരുണ്യവിസ്താരം. കാനനം—കാടു്. വാർദ്ധക്യം—വൃദ്ധദശ. അതിസുഭഗന്മാർ—വളരെ സൗഭാഗ്യവാന്മാക്കു്. മൗലി—ശിരസ്സു്.

പദ്യം 61. ശൂർപ്പണഖ പറയുന്നു: സദയം—ദയയോടുകൂടി. മല്പ്രാക്ഷീം—സുന്ദരിയെ (സീതയെ). അനിശം—എപ്പോഴും. കല്യാണം—മങ്ഗളം. മടവർ—സ്ത്രീകൾ.

പദ്യം 62. രാമൻ പറയുന്നു: ലളിതവേണി—അല്പയോ സുന്ദരി. ധാർഷ്ട്യം—ധൃഷ്ടത. കിമപി—ഒട്ടും. ഉപേക്ഷ്യയല്ല—ഉപേക്ഷിക്കത്തക്ക

1. മിയുമ്മോ.

ഗോഷ്ഠിയാമിരുവർ കൂട്ടമാകിലിതരേത—
രം മടവർ ചട്ടകം
നീട്ടുവോർ തരുണർമൂലമെന്നതയി മേ സ—
മാഗമനസങ്കടം.'' 62

''പോരുമിത്തൊഴിൽ പറഞ്ഞിതൊക്കെ വിഷമുള്ളി—
ലേത്തു തവ വാക്സുധാ—
ധോരണിക്കഗതി ഞാനുമേറനമിവളോള—
മംഗജശരാതുരാ
ചാരു നിൻകഴൽ വണങ്ങിനേനിയെനിക്കു—
മൊട്ട ചിലനാളം തവ
സ്മേരമാസ്യകമലം മുകപ്പതിനകപ്പെ—
ടേണമനുകമ്പനം. 63

അലമലമതിവിസ്മരേണ വാചാ
മലർശരവീരസമാനകാന്തിസിന്ധോ!
കളർമുല പുണരാസ്യിൽ മുൻപിൽ നിന്നേ
കളവനിനിൻ കഴലാണെ ജീവനിഞ്ഞാൻ.'' 64

രാമൻ ലളിതയെ ലക്ഷ്മണനോ അടുക്കൽ പറഞ്ഞയയ്ക്കുന്നു:

കാളം കാമാനലാർത്തം വചനമിതി സമാ—
കർണ്ണ്യ സഞ്ചിന്ത്യ മുന്നേ—
ക്കാളേറെക്കുട്ടുകുട്ടിച്ചില മധുരിമ മേ—
ളിച്ചു മാനിച്ചുദാരം
വാളേല്ലുണ്ണാളെ വാചാ പുനരപി പരമാ—
മോദമാദ്ധ്വീസ്രവന്ത്യാ—
മോളം തല്ലിക്കുളിപ്പിച്ചതിസരസമുഖോ
രാമചന്ദ്രോ ബഭാഷേ. 65

വളല്ല. അഗതി—വേറെ ഗതിയില്ലാത്ത ഇവൾ. ഗോഷ്ഠി—ഭംഗികേട്ട്. ഇതരേതരം—തമ്മിൽ. തരുണർ—യുവാക്കൾ. അയി—സംബുദ്ധി. മേ—എനിക്കു്. സമാ....ടം—നിന്നോടു ചേരുന്നതിലുള്ള തരക്കേട്ട്.

പദ്യം 63. തവ—നിന്റെ. വാക്....ണി—വാക്കാകുന്ന അമൃതത്തിന്റെ ധാര. അഗതി—ഗതിയറ്റ. അംഗ....രാ—കാമപീഡിത. ചാരു—മനോഹരമായ. തവ—നിന്റെ. സ്മേരം—പുഞ്ചിരിക്കൊള്ളുന്ന. ആസ്യകമലം—മുഖകമലത്തെ. അനുകമ്പനം—കൃപ.

പദ്യം 64. അതിവിസ്മരേണ വാചാ അലം അലം—വളരെ വിസ്മരിച്ചു പറയേണ്ടല്ലോ. മല....ന്ധോ—കാമദേവനു സമമായ സൗന്ദര്യത്തിനു് ഇരിപ്പിടമായുള്ളോവേ.

പദ്യം 65. അതി....ഖഃ രാമചന്ദ്രഃ—വളരെ സരസമായ മുഖത്തോടുകൂടിയ രാമൻ. കാമാ....ത്തം വചനം—കാമപീഡകൊണ്ടുള്ള വാക്കിനെ. ഇതി—ഇവ്വണ്ണം. സമാകർണ്ണ്യ—കേട്ടിട്ട്. സഞ്ചിന്ത്യ—ആലോചിച്ചിട്ട്.

''കന്നൽക്കണ്ണികയ്യ മൗലിരത്നകലികേ!
ഭോഷ്ടല്ല ചൊല്ലുന്നതി—
ക്കുഖിന്നത്വം മതിയുണ്ടു ലക്ഷ്മണനെ നീ
കണ്ടീട്ട മദ്ഭ്രാതരം
ഉന്നിച്ചാനവനെങ്കിലേ തവ തരം
പോര്ത്തു മനോജ്ഞാംഗി! കേ—
ളെന്നേക്കാളവനെട്ടിരട്ടി രമണീ—
യൻതാനുമാകർണ്യതാം. 66

ഓത്തോളം കുശലൻ കലാസു മധുരൻ
വാത്താസു മാദ്ധ്വീഗിരാം
നേത്രാനന്ദനനിന്ദുബിംബവിമലൻ
വക്ത്രേ സുശീലൻ ത്രിലോം
താത്തേൻ വാച്ച തളത്തുലാവുമൊരിളം—
പൂംപാരിജാതത്തിനെ—
ത്താഴ്ത്തീടും നവയൗവനോജ്ജ്വലവപുഃ
സോഽയം ചകോരേക്ഷണേ! 67

വാളിന്നല്ലൽകൊടുത്ത മല്ലനയനേ!
ചൊല്ലാമവൻ നിന്നൊടേ
നാളും പ്രായവുമൊട്ടതീതമധുനാ
യോഗ്യം വധൂസംഗമം
കോളേ നിങ്ങളിലാകിലെത്ര സുഖമു—
ണ്ടന്യോന്യസംഗം വരും
മേളം നിർമ്മലകാഞ്ചനത്തിനു മണി—
ക്കല്ലും പതിച്ചീടിനാൽ. 68

മധുരിമ—മാധുര്യം. മേളിച്ചു—കലർന്നു. ഉദാരം—അധികമായി. വാചാ—വാക്കുകൊണ്ടു്. പുനഃ അപി—പിന്നെയും. പര....ന്യം—പരമാനന്ദമാകുന്ന തേൻപുഴയിൽ. ബഭാഷേ—പറഞ്ഞു.

പദ്യം 66. കന്ന....കേ—അല്ലയോ സ്ത്രീരത്നമായുള്ളോവേ. ഖിന്നത്വം—സങ്കടം. മദ്ഭ്രാതരം—എന്റെ സോദരനായ. തവ—നിനക്കു്. മനോജ്ഞാംഗി—അല്ലയോ സുന്ദരി. രമണീയൻ—മനോഹരൻ. ആകർണ്യതാം—കേട്ടാലും.

പദ്യം 67. കലാസു—കലകളിൽ. കുശലൻ—സമർത്ഥൻ. മാധ്വീഗിരാം വാത്താസു മധുരൻ—മധുമയമായി സംസാരിക്കുന്നതിൽ മധുരൻ. നേത്രാനന്ദനൻ—കണ്ണുകളെ ആനന്ദിപ്പിക്കുന്നവൻ. വക്ത്രേ—മുഖത്തിൽ. ഇന്ദു ...ലൻ—ചന്ദ്രബിംബംപോലെ ശുദ്ധൻ. സുശീലൻ—സത്സ്വഭാവൻ. നവ.... പുഃ—പുത്തൻ താരുണ്യത്താൽ വളരെ ശോഭിക്കുന്ന ശരീരത്തോടുകൂടിയവൻ. അയം സഃ—ഈ അവൻ (സോദരൻ). ചകോ....ണേ—അല്ലയോ സുന്ദരി.

പദ്യം 68. വാളി....നേ—അല്ലയോ സുന്ദരി. അധുനാ—ഇപ്പോൾ.

വണ്ടോർപൂഞ്ചായലാംകാഞ്ചനമണികലികേ!
ഞാൻ കണക്കല്ല വേട്ടി—
ട്ടുണ്ടല്ലോ മത്സമീപേ പുനരിയമതുകൊ—
ണ്ടൊട്ട മന്ദോ ജനോ‍yയം
കൊണ്ടോടും നിൻ ഗുണാലോകനദശയിൽ മുദാ
ലക്ഷ്മണൻ വെണ്ണിലാവേ—
ക്കണ്ടാലുണ്ടായ്വരാതോ മനസി കൊതി ചകോ—
രത്തിനെന്നോക്കെടോ നീ. 69

എന്നാൽ നീ ചെല്ല ചെന്നാലവനൊടഭിമതം
ചൊല്ല ചൊല്ലും ദശായാം
കുന്നേൽകൊങ്കയ്യ പൂൺപായ്വരുമഴകിലവൻ
നിർണ്ണയം പുണ്യശാലീ
ഇന്നേ ഽ ാണിഗ്രഹത്തിന്നുചിതനുപചിതാ—
നന്ദമൊന്നും പെടാതെ
നിന്നീവണ്ണം കളഞ്ഞീടരുതരുത വൃഥാ
കാലമിന്നിക്ഷണം നീ.'' 70

ലളിത ലക്ഷ്മണനെ പ്രാപിച്ച ശേഷാവാകണമെന്നു പ്രാർത്ഥിക്കുന്നു:

ഗദ്യം 5.

രഘുവരനിത്ഥം മധുരതരാം ഗിര—
മുരുളിച്ചെയ്തതു കേട്ടു മയങ്ങി—
ക്കൊഞ്ചിത്തൊഴുതൊരു പുഞ്ചിരി തടവി
''പ്രിയതമ! പക്ഷേ വരുവൻ ഞാനെ''—
ന്നാശ്രു പുറപ്പെട്ടഞ്ചിതഗമനാ
മറിമാൻപോലെ മദ്ധ്യേ മദ്ധ്യേ

അതീതം—കവിഞ്ഞിരിക്കുന്നു. വധൂസങ്ഗമം—സ്ത്രീസങ്ഗം. യോഗ്യം—ഉചിതം. അന്യോന്യസങ്ഗം—തമ്മിൽ കൂടുക. നിർമ....നം—ശുദ്ധമായ സ്വർണ്ണം.

പദ്യം 69. വണ്ടോർ....കേ—അല്ലയോ സ്ത്രീരത്നമേ. മത്സമീപേ—എന്റെ അടുത്തു്. ഇയം പുനഃ—ഇവളാകട്ടേ. അയം ജനഃ മന്ദഃ—ഇജ്ജനം അമാന്തിക്കുന്നു. നിൻ....ൽ—നിന്റെ ഗുണങ്ങളെ കാണുമ്പോഴും. മുദാ—സന്തോഷത്തോടു്. മനസി—ഉള്ളിൽ.

പദ്യം 70. അഭിമതം—ഇഷ്ടം. ചൊല്ലും ദശായാം—ചൊല്ലുമ്പോഴും. നിർണ്ണയം—നിശ്ചയം. പുണ്യശാലീ—സുകൃതി. പാണിഗ്രഹം—വിവാഹം. ഉചിതൻ—യോഗ്യൻ. ഉപചിതാനന്ദം—വർദ്ധിച്ച സന്തോഷത്തോടു്. വൃഥാ—വെറുതേ.

ഗദ്യം 5. രഘുവരൻ—രാമൻ. ഇത്ഥം—ഇങ്ങനെ. മധുരതരാം ഗിരം—വളരെ മധുരമായ വാക്കിനെ. പ്രിയതമ—അല്ലയോ കാന്ത. ആശ്രു—വേഗമായി. അഞ്ചി....നാ—ഭംഗിയായി നടക്കുന്നവളായി. മദ്ധ്യേ മദ്ധ്യേ—ഇടയ്ക്കു

വലിതഗ്രീവം തന്മുഖപദ്മം
മുഹുരപി പാർശ്വം നെടുതായ് വീർശ്വം
തിരുമടിയിൽ ചേർന്നഴകിലിരിക്കും
ജാനകിയോടൊരസൂയ മുഴുത്തും
വപുഷി വിയർത്തും ചെറുതു കയർത്തും
ചെന്താർബാണനൊടന്ധാത്മാസൗ
ലക്ഷ്മണസവിധേ ചെന്നു സലീലം
ഭർത്താവാവാൻ പ്രാർത്ഥിക്കുന്നളവവനും കണ്ടു.

ലക്ഷ്മണൻ ലളിതയെക്കണ്ടു വിസ്മയിച്ചു വിചാരിക്കുന്നു;

അസ്യാതിമാത്രായതലോചനസ്യ
നതഭ്രുണഃ കമ്രുപയോധരസ്യ
ആശ്ചര്യരത്നസ്യ വിലാസയോനേഃ
കിമാകരോ ദ്യൗർന്നു വസുന്ധരാ നു. 71

വിഭ്രഷയന്തീ നു ദിവം ഭുവം വാ
ഭവേദസൗ കാമമനിന്ദിതാംഗീ
ഭ്രാതുർവിധേയഃ പിതുരാശ്രവസ്യ
കഥം നു കാമാതുരതാം വ്രജാമി. 72

ലളിതയുടെ തത്കാലാവസ്ഥയെ വർണ്ണിക്കുന്നു:

ദശരഥാത്മജയുഗ്മനിരീക്ഷണ—
ക്ഷണസമാകുലബുദ്ധിരിയം ദധൗ
ഉഭയകൂലസമുത്ഥിതശാദ്വല—
ഭ്രമഗതാഗതഖിന്നഗവീം ദശാം. 73

ടയ്ക്കുന്നു. വലിതഗ്രീവം—കഴുത്തു തിരിച്ചു്. തന്മുഖപദ്മം—അവന്റെ മുഖകമലത്തെ. മുഹുഃ അപി—വീണ്ടും. വപുഷി—ദേഹത്തിൽ. അന്ധാത്മാ—മൂഢാത്മാവായ. അസൗ—ഇവൾ. ലക്ഷ്മണസവിധേ—ലക്ഷ്മണന്റെ അരികിൽ. സലീലം—ലീലയോടുകൂടി.

പദ്യം 71. അതി....സ്യ—വളരെ നീണ്ട കണ്ണുകളോടും. നതഭ്രൂണഃ—താഴ്ന്ന പുരികങ്ങളോടും. കമ്ര....സ്യ—മനോഹരസ്തനങ്ങളോടും കൂടിയതും വിലാസയോനേഃ—വിലാസസ്ഥാനവുമായ. അസ്യ ആശ്ചര്യരത്നസ്യ—ഈ അദ്ഭുതരത്നത്തിന്റെ. ആകരഃ—വിളനിലം. ദ്യൗഃ നു—സ്വർഗ്ഗമോ. വസുന്ധരാ നു—ഭൂമിയോ.

പദ്യം 72. അനിന്ദിതാംഗീ—സുന്ദരിയായ. അസൗ—ഇവൾ. ദിവം ഭുവം വാ നു—സ്വർഗ്ഗത്തെയോ ഭൂമിയേയോ. വിഭ്രഷയന്തീ—അലങ്കരിക്കുന്നവളായി. ഭവേത്—ഭവിക്കട്ടെ. പിതുഃ ആശ്രവസ്യ ഭ്രാതുഃ—പിതാവിന്റെ കല്പന കേൾക്കുന്ന സോദരന്. വിധേയഃ—വിധേയനായ ഞാൻ. കഥം നു കാമാതുരതാം വ്രജാമി—എങ്ങനെ കാമിയായിത്തീരും.

പദ്യം 73. ദശ....ദ്ധിഃ—രണ്ടു ദശരഥപുത്രന്മാരെയും കണ്ടിട്ടു മയങ്ങിപ്പോയ ബുദ്ധിയോടു കൂടിയ. ഇയം—ഇവൾ. ഉഭയകൂല.....വീം

ഗദ്യം 6.

തദനു ജനകദുഹിതുരനിതരയുവതിഭോഗ്യം ഭാഗ്യം ച രാമസ്യ രൂപരാമണീയകം ച നിർവ്വർണ്ണ്യ പുനരിയമേവമചിന്തയത്:

ലാവണ്യാംബുനിധേരമുഷ്യ ദയിതാമേനാമിവൈനം ജനം
കസ്മാന്നാസൃജദസ്മദനവയഗ്രരോരുതപത്തിഭ്രഃ പദമഭ്രഃ
ആസ്താമേതദരണ്യവാസരസികേ ഹാ! കഷ്ടമസ്മിന്നിമാം
കാന്തിം കാനനചന്ദ്രികാസമദശാം കിം നിർമ്മമേ നിർമ്മമേ.'

പിന്നീട് രാമലക്ഷ്മണന്മാരുടെ മുമ്പിൽ ഗതാഗതം ചെയ്തുകൊണ്ടിരുന്ന ശൂർപ്പണഖ ആശമൂറിഞ്ഞു കുപിതയായി ഭയങ്കരമായ നിജരൂപം സ്വീകരിച്ചു മായാമോഹിതനായ ലക്ഷ്മണനെ എടുത്തു് ആകാശമാർഗ്ഗത്തുടെ ചെല്ലുകയും പിന്നെ ഉണർന്നവനായ ലക്ഷ്മണൻ കുപിതനായി അവളുടെ മൂക്കും മുലയും ഛേദിക്കുകയും ഉടൻ അവൾ കരഞ്ഞുകൊണ്ടുചെന്നു ഖരൻ മുതലായ വരോടു വൃത്താന്തമെല്ലാം പറഞ്ഞുകേൾപ്പിക്കുകയും ദൂഷണൻ ത്രിശിരസ്സു് ഖരൻ തുടങ്ങിയുള്ള അസംഖ്യം രാക്ഷസന്മാർ യുദ്ധത്തിനായി രാമാശ്രമത്തെ പ്രാപിക്കുകയും ചെയ്തു:

ഗദ്യം 7.

''അയി സുന്ദരി! സന്തതമാര്യപദാംബുജ—
ശ്രുശ്രൂഷാരതനസ്വാധീന—
ന്നയി മമ പാത്താലെന്തൊരു കാര്യം

ദശാം—രണ്ടു കരകളിലും പച്ചപ്പുല്ലു വളർന്നതിൽ രമിച്ചു വന്നംപോയുമിരിക്കുന്ന പശുവിന്റെ അവസ്ഥയെ. ദധൗ—ധരിച്ചു. ''നിർവ്യാപാരസ്ഥിതൗ കാലവിശേഷോത്സവയോഃ ക്ഷണഃ'' എന്നും, ''ശാദ്വലഃ ശാദ്വലഹരിതേ'' എന്നും അമരം.

ഗദ്യം 6. തദനു—അനന്തരം ജന....തുഃ—സീതയുടെയും. അനി....ഗ്യം—മാറു സ്ത്രീകൾക്കു് അനുഭവിക്കാൻ യോഗ്യമല്ലാത്ത. ഭാഗ്യം—ഭാഗ്യത്തെയും. രാമസ്യ—രാമന്റെ. രൂപ....കം ച—ആകാരസൗന്ദര്യത്തെയും. നിർവർണ്ണ്യ—നല്ലപോലെ കണ്ടിട്ടു്. പുനഃ—പിന്നെയും. ഏവം—ഇങ്ങനെ. ഇയം—ഇവൾ (ശൂർപ്പണഖ). അചിന്തയത്—വിചാരിച്ചു.

പദ്യം 74. ലാവ....ധേഃ—സൗന്ദര്യത്തിനു് ഇരിപ്പിടമായ. അമുഷ്യ ഏനാം ദയിതാം ഇവ—ഇവന്റെ ഈ കാന്തയെപ്പോലെ. ഏനം ജനം—ഇജ്ജനത്തെ അസ്മ....രോഃ—നമ്മുടെ കലത്തിലുള്ള ഗുരുവിന്റെ. ഉത്പത്തിഭ്രഃ പദമഭ്രഃ—ഉത്പത്തിസ്ഥാനമായ ബ്രഹ്മാവു്. കസ്മാത് ന അസൃജത്—എന്തുകൊണ്ടു് സൃഷ്ടിച്ചില്ല. ഏതത് ആസ്താം—ഇതിരിക്കട്ടേ. നിർമമേ—സ്നേഹമില്ലാത്ത. അര....കേ—വനവാസത്തിൽ രസികനേ. അസ്മിൻ—ഇവങ്കൽ. കാനനം ശാം കാന്തിം—കാട്ടിലെ നിലാവിനു തുല്യമായ ശോഭയെ. കിം നിർമമേ—നിർമിച്ചതെന്തിനു്? ഹാ കഷ്ടം. ''മുക്താഫലേഷു ഛായായാസ്തരളത്വമിവാന്തരാ, പ്രതിഭാതി യദംഗേഷു തല്ലാവണ്യമിഹോച്യതേ'' എന്നു ലാവണ്യസ്വരൂപം.

ഗദ്യം 7. സന്തതം—എപ്പോഴും. ആര്യ....തൻ—ജ്യേഷ്ഠന്റെ ചര

നിന്നൊക്കൊണ്ടടനിന്നിയുമാര്യസ—
മീപേ ചെല്ലുക നല്ല നിണ്ണയ—
മെന്നതു കേട്ടവനം പിന്നെയുമങ്ങു ര—
ഘൂത്തമസവിധേ ചെന്നു പറഞ്ഞും
തദ്വചനം കേട്ടദ്യത്കൃതുകം
വെറുതേതന്നേ ലക്ഷ്മണസവിധേ
പുനരപി പുനരപി ചെന്നും പോന്നും
പത്തുരു പടിയിലുഴന്നുനടന്നതി—
നൊരു ഫലമില്ലാഞ്ഞാശ മുറിഞ്ഞുട—
നീർഷ്യ പൊറാഞ്ഞഥ പണ്ടേപ്പോലേ
ത്ഡടിതി ചമഞ്ഞു ഭയങ്കരരൂപാ
ജടപെട്ടഖിലം ചെമ്പിച്ചീടും
തലമുടിവിരിവും കൊടിയ കൃതാന്തൻ
കൊല്ലുവതിന്നു തടിത്തെണ്ടടനടു—
നോങ്ങുംപോലേ ഘോരതകോലും
പുരികക്കൊടിതന്നെറിവും സ്ഥാവര—
ജംഗമരൂപജഗത്രയമൊക്കെ
നടുക്കും പരിചു കടക്കണ്ണുദിത—
കടക്കൺകൊണ്ടൊരു നോക്കും കടുതര—
വാക്കും തച്ചമമുണ്ടും ജന്തുക—
ദംബാനച്ചോ! കൊന്നും പച്ചേ
തിന്നും വലിയ മലംപുലിവക്ത്രം—
പോലേ ദംഷ്ടാഭീഷണമധികം
വദനവുമാന്ത്രഗണങ്ങളിണങ്ങും
കണ്ണുമഭിനവകുങ്കുമപങ്കം—
പോലേ ശോണിതമിഴകിന കുചഗിരി—
യുഗവും വല്ലും പോലേ വലിയൊരു

ണകമലങ്ങളെ സൃഷ്ടിക്കുന്നതിൽ വ്യാപൃതൻ. അസ്വാധീനൻ—പരാധീനൻ. മമ—എനിക്കു്. ആര്യസമീപേ—ജ്യേഷ്ഠന്റെ അടുക്കൽ. രഘൂ ...ധേ—രാമസമീപത്തിൽ. തദ്വചനം—അവന്റെ വാക്കിനെ. ഉദ്യത്കൃതുകം—കൗതുകത്തോടു്. ലക്ഷ്മ .. ധേ—ലക്ഷ്മണന്റെ അടുക്കൽ. പുനഃ അപി—വീണ്ടും. ഈർഷ്യ—അസൂയ. ത്ഡടിതി—പെട്ടെന്നു്. ഭയേ.... പാ—ഭയങ്കരമായ ആകൃതിയോടുകൂടി. ജടപെട്ട്—ജടയായിത്തീർന്നു്. അഖിലം—എപ്പോം. കൃതാന്തൻ—യമൻ. ഘോരത—ഭയങ്കരത. സ്ഥാവര ....യം—ചരാചരാത്മകമായ മൂന്നു ലോകം. ഉദിത—ഉണ്ടായ. കടുതരം—വളരെ കഠിനം. ജന്തു.....ബാൻ—ജന്തുസമൂഹങ്ങളെ. വക്ത്രം—മുഖം. ദംഷ്ടാഭീഷണം—തേറ്റപ്പല്ലുകൊണ്ടു ഭയങ്കരം. വദനം—മുഖം. ആന്ത്ര ഗണം—കുടലുകളം. കണ്ണും—കഴുത്തു്. അഭിനവ.....ങ്കും—പുത്തൻ കുങ്കുമച്ചാറു്. ശോണിതം—രക്തം. കുചഗിരി.....വും—സ്തനങ്ങളാകുന്ന

വയറും കലുപിലിനെന്നിളകുന്ന കു—
പാലമഹാവലയങ്ങളും പുലമ്പിന
കൈയ്ത്തലവും തുള്ളിത്തുള്ളെ—
പ്പുതുതായ്ക്കൊന്നൊരു പുള്ളിപ്പുലിതൻ—
തുകിൽകൊണ്ടുടയും പൃഥുലം തുടയും
ക്ഷിതിചക്രത്തെച്ചാഞ്ചാടിക്കും
നടയും പൂണ്ടു നിശാചരി ചെന്നതി—
മായാനിപുണാ മോഹിപ്പിച്ചു സു—
മിത്രാപുത്രനെ ത്വരിതമെടുത്തു ന—
ഭഃസ്ഥലമാശ്ലേ കൊണ്ടുനടന്നഴൽ
കൊണ്ടു പൊറാഞ്ഞു മുകന്നു
പുണന്നു പുണന്നു സലീലമെഴുന്നള—
വവനമുണന്നതിരുക്ഷമനാ നിജ—
മൂക്കും മുലയും തീക്ഷ്ണകൃപാണമെ—
ടുത്തു സരോഷമരിഞ്ഞുകളഞ്ഞു—
വവളൊട്ട കരഞ്ഞു ജഗത്ത്രയമൊന്നു
കുലുങ്ങി ക്ഷോണിതലത്തിൽ ചീനി കു—
ണക്കേ വീണലറിക്കൊണ്ടഖിലമു—
ദന്തം ചെന്നറിയിച്ചതു കേട്ടു ഖ—
രാദികരും പോരായ്പ്പൊട്ടിളകി—
ച്ചെന്ന നിശാചരസേന പതിന്നാ—
ലായിരമൊക്കെത്തക്കെത്തിക്കി രു—
ണത്തിനു രാമാശ്രമഭൂവി ചെന്നു ചുഴന്നു[1].

രണ്ടു മലയും. കപാല.....ം—തലയോടുവളകളും. ഉട—ഉടുക്കാനുള്ളതു്. പൃഥുലം—വലിയ. ക്ഷിതിചക്രം—ഭൂമണ്ഡലം. നിശാചരി—രാക്ഷസി. മായാ..ണാ—മായയിൽ സാമർത്ഥ്യമുള്ളവൾ. സുമി....നെ—ലക്ഷ്മണനെ. ത്വരിതം—വേഗത്തിൽ. നഭഃ....ശ്ലേ—ആകാശമാശ്ലേഷിച്ചിൽ. സലീലം—ലീലയോടുകൂടി. അതി....നാഃ—വളരെ ക്രൂരബുദ്ധിയായി. തീക്ഷ്ണ....ണം—മൂർച്ചയുള്ള വാൾ. സരോഷം—കോപത്തോടുകൂടി. ജഗത്ത്രയം—മൂന്നു ലോകവും. ക്ഷോണിതലം—ഭൂതലം. അഖിലം ഉദന്തം—എല്ലാ വൃത്താന്തവും. ഖരാദികളും—ഖരൻ മുതലായ രാക്ഷസന്മാർ. നിശാ....ന—രാക്ഷസസൈന്യം. രണം—യുദ്ധം. രാമാ....വി—രാമന്റെ ആശ്രമപ്രദേശത്തിൽ.

---

1. പ്രകൃതഗദ്യം കഴിഞ്ഞു്,
"സീതാമാഹർതുകാമാമസുലഭവിഷയപ്രാർത്ഥനോദ്ഭൂതകാമാം
സൗമിത്രിഃ ശൂർപ്പണാഖിർദ്ദശമുഖഭഗിനീം താമനാര്യാം നിവാര്യ
കാമക്രോധാത്മകാനാമഹമഹമികയാ പ്രേഷതാമായതാനാം
തസ്യാഃ ശ്വാസാനിലാനാമകൃത തരസാ മാർഗ്ഗവിസ്താരകൃത്യം.

ഗദ്യം: തത്തീക്ഷ്ണേന ച രോഷരേക്ഷോമോണഹൃദയേന ലക്ഷ്മണേന

രാമനും രാക്ഷസന്മാരും തമ്മിൽ യുദ്ധമുണ്ടാകുകയും രാമൻ യുദ്ധത്തിൽ രാക്ഷസന്മാരെയും ദൂഷണനേയും ത്രിശിരസ്സിനേയും കൊന്നൊടുക്കുകയും പിന്നെ ഖരൻ ശ്രീരാമനോടു് യുദ്ധത്തിനായി വരികയും ചെയ്യുന്നു:

അക്കാലം വീരഭ്രഷ്ടാമണി രഘുപെരുമാ—
ളങ്കഭാഗേ വസിക്കും
മുഷ്ണന്നാം സീതതൻ കോമളമുഖകമലം
പാർത്തുകണ്ടും പ്രസാദാത്
തിക്കും ക്രവ്യാദസേനാപടനിലവിളി കേ—
ട്ടും ക്ഷണം ചെന്നിരുന്നു
തുക്കൈകൊണ്ടജ്ജടാബന്ധനമിടയിലുറ—
പ്പിച്ചുമാശ്ചര്യധാമാ. 75

പ്രസ്ഥായാമർഷശാലീ സരഭസമുടജാ—
ഭ്യന്തരാദാത്തധന്വാ
നിദ്ധ്യായൻ നാലുദിക്കിങ്കലുമിടനിറയും
വാഹിനീം കൗണപാനാം
ശസ്ത്രൈരസ്ത്രോകവീര്യൈഃ ശിവശിവ! നിതരാ—
മെയ്യു കുട്ടങ്ങളം ചിന്നി—
ച്ചത്യന്തം പണ്ടദൃഷ്ടശ്രുതമിഹ വിദധേ
വിസ്മയം വിശ്വഭാജാം. 76

പദ്യം 75. വീര....മാം—വീരശ്രേഷ്ഠനായ രാമൻ. അങ്കഭാഗേ—മടിയിൽ. കോമ....ലം—മനോഹരമായ വദനപങ്കജം. പ്രസാദാത്—പ്രസാദം നിമിത്തം. ക്രവ്യാ....സേന—രാക്ഷസസൈന്യം. ജടാബന്ധനം—ജടക്കെട്ടു്. ആശ്ച....മാ—ആശ്ചര്യത്തിനു് ഇരിപ്പിടം.

പദ്യം 76. പ്രസ്ഥായ—പുറപ്പെട്ടിട്ടു്. അമ....ലീ കോപത്തോടുകൂടിയവനായി. സരഭസം—വേഗത്തിൽ. ഉട... ത—പർണ്ണശാലയിൽ നിന്നു്. ആത്തധന്വാ—വില്ലേന്തി. കൗണപാനാം വാഹിനീം—രാക്ഷസന്മാരുടെ സൈന്യത്തെ. നിദ്ധ്യായൻ—ഉറുനോക്കി. അസ്ത്രോ....ര്യൈഃ—വളരെ വീര്യമുള്ള. ശസ്ത്രൈഃ—ശസ്ത്രങ്ങളെക്കൊണ്ടു്. നിതരാം ശക്തിയോടുകൂടി അത്യന്തം—വളരെ. അദൃഷ്ടശ്രുതം—കാണാത്തവണ്ണവും കേൾക്കാത്തവണ്ണവും. ഇഹ—ഇവിടെ വിശ്വഭാജാം—ലോകർക്കു്. വിസ്മയം വിദധേ—ആശ്ചര്യത്തെ നല്കി.

ക്ഷതകൗക്ഷേയകപ്രസഭോച്ഛ്വാതവികടസ്ഫുനകണ്ണനാസാരദനച്ഛദയാ തുച്ഛഭയോങ്കരം നിരസ്യാ വിഹസ്യയാ തയാ സവിധഗഗനനിവാസിനോ വിബുധപ്രവീരവിമാഥിനഃ സോദരസ്യ ഖരസ്യാത്മനസ്താദൃശീ ദുരവസ്ഥാ സപദി നയനയോഃ ശ്രവസോശ്ച ഗോചരീചക്രേ'' എന്നിതുമും ഭാഗംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

നിശിതമഹായുധജാതം
നിരവധി കൈക്കൊണ്ടുദഗ്രമദമാനാ
നിലവിളികൊണ്ടടനെത്തീ
നിശിചരസേനാ രണായ ഭയഹീനാ. 77

വാർതങ്ങീടും മുസ്സണ്ടീത്രിശിഖവിശിഖശ—
ക്ത്യഷ്ടികാപട്ടസാസി—
പ്രാസപ്രായൈഃ സമന്താത് പ്രഹരണനിവഹൈ—
സ്താഡയന്തോ നിതാന്തം
ജാതക്രോധം തിരക്കിപ്പലവഴി തരസാ
രാക്ഷസാ ഭീമഭീമാ
മീതേ മീതേ രണാത്ഥം പ്രകടിതമരണോ—
ത്സാഹമൊന്നിച്ചണഞ്ഞാർ. 78

ആവൃത്യ ബാണഗണവൃഷ്ടിഭിരെട്ടദിക്കും
താവീടമട്ടഹസിതസ്തനിതാതിഭീമാ
പ്രാവൃട്പ്രവൃദ്ധഘനപങ്ക്തികളെന്നപോലെ
ദേവം നിശാചരഭടാഃ പരിവവ്രുരേനം. 79

പദ്യം 77. നിരവധി—അസംഖ്യം. നിശി....തം—മൂർച്ചയുള്ള വലിയ ആയുധങ്ങളെ. ഉദ്ഗ്രമദമാനാ—മദവും മാനവും വർദ്ധിച്ച. ഭയഹീനാ—ഭയരഹിതമായ. നിശി... നാ—രാക്ഷസസൈന്യം. രണായ—യുദ്ധത്തിനായി.

പദ്യം 78. മുസ്സ ...യൈഃ—മുസ്സണ്ടി ത്രിശൂലം ശരം ശക്തി അഷ്ടിക പട്ടസം വാൾ കുന്തം മുതലായ. പ്രഹ....ഹൈഃ—ആയുധസമൂഹങ്ങളാൽ. സമന്താത്—ചുറ്റുപാടും. നിതാന്തം താഡയന്തഃ—വളരെ അടിക്കുന്നവരായി. ജാതക്രോധം—കോപത്തോടുകൂടി. തരസാ—വേഗത്തിൽ. ഭീമഭീമാഃ രാക്ഷസാഃ—വളരെ ഭയങ്കരന്മാരായ രാക്ഷസന്മാർ. രണാത്ഥം—യുദ്ധത്തിനായി. പ്രകടി....ഹം—ചാവാനൊരുങ്ങിക്കൊണ്ടു.

പദ്യം 79. ബാണ....ഭിഃ—അമ്പിന്മഴകൊണ്ടു. ആവൃത്യ—ആവരണം ചെയ്തിട്ടു. അട്ട ...മാഃ—അട്ടഹാസമാകുന്ന ഇടിനാദത്താൽ വളരെ ഭയങ്കരന്മാരായി. പ്രാവൃട്....കം—വർഷക്കാലത്തു വർദ്ധിച്ച മേഘപങ്ക്തികം. നിശാചരഭടാഃ—രാക്ഷസയോദ്ധാക്കൾ. ഏനം ദേവം—ഈ ദേവനെ (രാമനെ). പരിവവ്രുഃ—വളഞ്ഞു.

ഗദ്യം. 8.

അഥ ദാശരഥിന്നിരീക്ഷ്യ രക്ഷോഗണമുപസർപ്പന്തം അപസർപ്പഭ്രതയാ ശൂർപ്പണഖയാ ദർശിതസരണിമരണിരിവ മഥനാത് പൂർവമനാവിഷ്കൃതതേജഃപ്രസരഃ സീതാരക്ഷണേ ലക്ഷ്മണമാദിശ്യ യാതുധാനവധം തഥാവിധം വിദധേ; യഥാ തപോധനനിധനകരം കരനികരുംബമിദം, പരുഷഭാഷണ— സ്പൃഹയാലു താലുജാതമിദം, പരദാരനിരീക്ഷണനിരപത്രപം നേത്രവൃന്ദമിദം, താപസാവസഥചാരണചതുരം ചരണയുഗ— ളമിദമിതി നിശിതതരനിജശരശതശകലിതനിശിചരശരീ— രാവയവാന്യാഹൃത്യ പ്രത്യടജം പ്രദർശയദ്ഭിഃ തപോവനാധ— ശുദ്ധിം വിദധ്വമിതി ഗൃധ്രരാജനിദേശാദിവ ദേശാന്തരാ— ദാപതദ്ഭിഃ പതദ്ഭിഃ കങ്കകാകപ്രാചികപ്രായൈരനവകാ— ശമഭ്രദാകാശം.

ഗദ്യം 8. അഥ—പിന്നെ. ദാശരഥിഃ—രാമൻ. നിരീക്ഷ്യ—കണ്ടിട്ട്. ഉപസർപ്പന്തം—അടുത്തു വരുന്ന. രക്ഷോഗണം—രാക്ഷസക്കൂട്ടത്തെ. അപസ....യാ ശൂർപ്പണഖയാ—ചാരവൃത്തിയിലിരിക്കുന്ന ശൂർപ്പണഖയാൽ. ''അപസർപ്പശ്ചരഃ സ്പശഃ'' എന്നു് അമരം. ദർശി.....ണിം—വഴികാട്ടിക്കൊടുക്കപ്പെട്ട. മഥനാത് പൂർവം—മന്ഥനത്തിനു മുമ്പിൽ. അരണിഃ ഇവ—അഗ്നിമഥനദാരു എന്നപോലെ. അനാ....രഃ—കാന്തി പ്രസരം പെളിപ്പെടുത്താതെ. സീതാ....ണേ—സീതയെ രക്ഷിക്കുന്നതിൽ. ലക്ഷ്മണം ആദിശ്യ—ലക്ഷ്മണനെ നിയോഗിച്ചിട്ട്. യാതു....ധം—രാക്ഷസവധത്തെ. തഥാവിധം—അവ്വണ്ണം. വിദധേ—ചെയ്തു. യഥാ—എവ്വണ്ണമെന്നാൽ. തപോ.....രം—താപസന്മാരെ വധിക്കുന്നതായ. കരനികര....ബം ഇദം—കൈക്കൂട്ടമാകുന്ന ഇതു്. പരു....ലു—കഠിനഭാഷണത്തിൽ താത്പര്യമുള്ള. താലുജാതം ഇദം—താലുസമൂഹമാകുന്ന ഇതു്. പര.....പം—പരസ്ത്രീകളെ നോക്കുന്നതിൽ ലജ്ജയില്ലാത്ത. നേത്രവൃന്ദം ഇദം—കണ്ണുകളാകുന്ന ഇതു്. താപ.....രം—താപസവസതികളിൽ ചെന്നുപറ്റാൻ സാമർത്ഥ്യമുള്ള. ചര.....ളം ഇദം—രണ്ടു കാലുകളാകുന്ന ഇതു്. ഇതി—എന്നു്. നിശിത.....നി—മൂർച്ചയുള്ള തന്റെ ശരങ്ങളാൽ ഛിന്നഭിന്നമാക്കപ്പെട്ട രാക്ഷസശരീരാവയവങ്ങളെ. ആഹൃത്യ—എടുത്തു്. പ്രത്യടജം—പർണ്ണശാലതോറും. പ്രദർശയദ്ഭിഃ—പ്രദർശിപ്പിച്ചു്. തപോ ...ദ്ധിം വിദധ്വം—തപോവനമാഗ്രങ്ങളെ ശുദ്ധിചെയ്വിൻ. ഇതി—എന്നു്. ഗൃധ്ര....ത് ഇവ—ഗൃധ്രരാജന്റെ കല്പനയാലെന്നപോലെ. ദേശാന്തരാത്—ദേശാന്തരത്തിൽനിന്നു്. ആപതദ്ഭിഃ—പാഞ്ഞുവന്ന. കങ്ക.....യൈഃ—പരുന്തു് കാക്ക പ്രാചികം മുതലായ. പതദ്ഭിഃ—പറവകളാൽ. ആകാശം—അന്തരീക്ഷപ്രദേശം. അനവകാശം അഭൂത്—നിബിഡമായി ഭവിച്ചു. പ്രാചികം കാട്ടീച്ച എന്നൊരു പക്ഷം.

ഘോരാടോപേന ശസ്ത്രപ്രകരകടുതര—
ജ്വാലകൊണ്ടൊക്കെ മൂടി—
പ്പാരാതേ വന്ന ചൂഴം നിശിചരബലമാം
ദാവവഹ്നിം മഹാന്തം
നാരാചശ്രേണിയെന്നും പെരുമഴ നിവിരെ—
പ്പെയ്തു പെട്ടന്നടക്കീ
ശ്രീരാമാഖ്യോ ഘനജ്യാനിനദരസിതവാൻ
കാളമേഘസ്തദാനീം. 80

ഘോരാണാം കൗണപാനാമുടലിൽ ഞെടുഞ്ഞെട—
ന്നങ്ങു കൊള്ളുത്തുടങ്ങീ
വാരാളം താടകാരേരണിപവഴിഗണം
മർമ്മഭേദപ്രവീണം
പൂരേ വാഴ്ക്കീടവല്ലേൻ നിശിചരസുഭട—
ന്മാക്കു തങ്ങൾക്കു തങ്ങൾ—
ക്കോരോ കാകുത്സ്ഥമഗ്രേ കരധൃതധനുഷം
തത്ര കാണായ്ചമഞ്ഞൂ. 81

ക്രൂരമ്പിൻ കൂട്ടമേറേറുടലിൽ മറുപുറം
പാഞ്ഞു വീണം മരിച്ചും
പോരാടീടുന്ന രക്ഷോബലമരനിമിഷം—
കൊണ്ടൊടുങ്ങും ദശായാം
പാരാകെദ്ദൂഷണാനാമൊരു കളിനിലയം
ദൂഷണാഖ്യോ ദുരാത്മാ
ശ്രീരാമൻതന്നൊടെത്തീ ശലഭമെരികനൽ—
ച്ചാത്തൊടെത്തുന്നപോലെ. 82

പദ്യം 80. ഘോരാടോപേന—ഭയങ്കരമായ ഗർവോടുകൂടി. ശസ്ത്ര.... ണ്ടു്—ആയുധജാലങ്ങളാകുന്ന കടുത്ത ജ്വാലകൊണ്ടു്. നിശി.....മാം—രാക്ഷസസൈന്യമാകുന്ന. മഹാന്തം—വലിയ. ദാവവഹ്നിം—കാട്ടുതീയിനെ. നാരാചശ്രേണി—ശരപങ്ക്തി. ശ്രീരാമാഖ്യഃ—ശ്രീരാമൻ എന്ന പേരായ. ഘന.....ൻ-വദ്ധിച്ച ഞാണൊലിയാകുന്ന ഇടിനാദത്തോടുകൂടിയ. കാളമേഘഃ—കാർമേഘം. തദാനീം—അപ്പോൾ.

പദ്യം 81. ഘോരാണാം—കൗണപാനാം—ഭയങ്കരന്മാരായ രാക്ഷസന്മാരുടെ. ഉടലിൽ—ശരീരത്തിൽ. മർമ്മ....ണം—മർമ്മത്തെ പിളക്കുവാൻ സമർത്ഥമായ. താടകാരേഃ—രാമന്റെ. പവഴിഗണം—ശരസമൂഹം. നിശി ..... ക്കു്—രാക്ഷസയോദ്ധാക്കന്മാർക്കു്. കാകുത്സ്ഥം-രാമനെ. അഗ്രേ—മുമ്പിൽ. കര ...ഷം—കൈയിൽ. വില്ലു ധരിച്ചവനായി. തത്ര—അവിടെ.

പദ്യം 82. രക്ഷോബലം—രാക്ഷസസേന. ഒടുങ്ങും ദശായാം—നശിക്കുമ്പോൾ. ദൂഷണാനാം—ദൂഷണങ്ങൾക്കു്. കളിനിലയം—ക്രീഡാ

യുദ്ധാർത്ഥം ബദ്ധകക്ഷ്യ തദനു സരഭസം
ദൂഷണേ രോഷണം ചേ—
ന്നുദ്യോഗംപൂണ്ടണഞ്ഞോരളവു വിശിഖവ—
ർഷാവൃതവ്യോമമാർഗ്ഗേ
ചിത്രം മാഴ്കാവതോ വാഴ്ത്തല മുഴവനിള—
ക്കം പിടിച്ചുങ്ങണഞ്ഞു
നിദ്ധാനാപൂരിതാശാ നിശിചരപൃതനാ
യോദ്ധുകാമാ നികാമം. 83

യുദ്ധേ തസ്മിൻ പ്രവൃദ്ധേ നിജമിടമ നടി—
ച്ചും കലമ്പത്തിലെത്തി—
ക്കുത്തും വെട്ടും തുടർന്നു പലവഴി വലമാ—
നേ ബലേ രാക്ഷസാനാം
ഉത്സാഹീ ദൂഷണൻതാനുരപെരുകി രുഷാ
ബാണവർഷൈഃ സമന്താത്
പ്രത്യംഗം പാടവപ്രൗഢിയൊടടനുടനേ
മൂടിനാൻ താടകാരേഃ. 84

അഗ്രേ ദൂഷണനെയ്മയായുധഗണാ—
നുത്കൃത്യ ബാണോത്കരൈ—
രുത്കൂലപ്രഥമാനവിക്രമഗുണ—
ഗ്രാമോ രഘുഗ്രാമണീഃ

സ്ഥാനം. ദൂഷണാഖ്യഃ—ദൂഷണൻ എന്ന പേരായ. ദുരാത്മാ—ദുഷ്ടൻ. ശലഭം—ഇയ്യാംപാറ്റ. ഉപമ

പദ്യം 83. തദനു—പിന്നെ. സരഭസം—വേഗമായി. യുദ്ധാർത്ഥം—യുദ്ധത്തിനായി. വിശി....ഗ്ഗേ—ബാണവർഷത്താൽ ആകാശമാർഗ്ഗത്തെ മൂടിക്കൊണ്ട്. ബദ്ധകക്ഷ്യ—ഒരുങ്ങിപ്പുറപ്പെട്ട. ദൂഷണേ—ദൂഷണൻ എന്ന രാക്ഷസൻ. രോഷണം—കോപം. ഉദ്യോഗം—യത്നം. ചിത്രം—ആശ്ചര്യം. നിദ്ധാ....ശാ—ശബ്ദത്താൽ മുഴക്കപ്പെട്ട ദിക്കുകളോടുകൂടിയ. നിശാ....നാ—രാക്ഷസസൈന്യം. നികാമം—വളരെ. യോദ്ധുകാമാ—യുദ്ധം ചെയ്വാൻ ആഗ്രഹമുള്ളതായി.

പദ്യം 84. തസ്മിൻ—യുദ്ധേ പ്രവൃദ്ധേ—ആ യുദ്ധം മുഴുത്തപ്പോൾ. രാക്ഷസാനാം ബലേ—രാക്ഷസസേന. വലമാനേ—പറഞ്ഞുനോക്കുമ്പോൾ. ഉത്സാഹീ—ഉത്സാഹത്തോടുകൂടിയ. രുഷാ—കോപത്താൽ. ബാണവർഷൈഃ—ശരവർഷങ്ങളാൽ. സമന്താത്—ചുറ്റുപാടും. പ്രത്യംഗം—അംഗംതോറും. പാടവപ്രൗഢി—അതിസാമർത്ഥ്യം. താടകാരേഃ—രാമന്റെ.

പദ്യം 85. അഗ്രേ—മുമ്പിൽ. ആയു... ....ൻ—ആയുധങ്ങളെ. ബാണോത്കരൈഃ—ശരസമൂഹങ്ങളെക്കൊണ്ട്. ഉത്കൃത്യ—മുറിച്ചിട്ട്. ഉത് .....ഗ്രാമഃ—അതിരില്ലാത്ത വീര്യപരാക്രമങ്ങളോടുകൂടിയ. രഘു....

അക്ഷോഭ്യാം തിലശോ വിഭിദ്യ വിശിഖൈ
രക്ഷോഗണാനീകിനീം
ചക്രേ ലോകമിമം ന കേവലമസൗ
സ്വം ചാപി നിർദ്ദൂഷണം. 85

ദൂഷണേഽഥ നിഹതേ ബലേന സമമാത്ത—
ചാപവിശിഖം തദാ
രോഷമാന്ധ രഘൂപുംഗവാഭിമുഖമുത്പ—
തന്തമുരുസാഹസം
ഭീഷണാകൃതിഖരം നിവാര്യ മുഖരത്രി—
മൂർദ്ധരജനീചരൻ
ദോഷണോ ദിവിഷദാമുവാച സദസിം ക—
രേണ പരിലോളയൻ. 86

''വീര വീര! മതിയുണ്ട ഘോരസമരോദ്യ—
മം പുനരിതിന്നഹോ
പോരുമാളതരമല്ല കേസരിവരന്ന
നേർശരി സ്യഗാലമോ
പോരിനെത്തുമളവേഷ ഞാനലകിലല്ല—
യാസ്തിലവനെന്ന മേ
വീരവാദമിതി ശിഷ്യതേ പുനരൊരുത്ത—
നെന്നതവധാര്യതാം.'' 87

ണീഃ—രാമൻ. അക്ഷോഭ്യാം—അധൃഷ്യമായ. രക്ഷോ....നീം—രാക്ഷസ സേനയെ. തിലശഃ—എള്ളിൻവടിവിൽ. വിശിഖൈഃ—ബാണങ്ങളാൽ. വിഭിദ്യ—പിളർന്നിട്ട്. അസൗ—ഇവൻ (രാമൻ). ഇമം ലോകം കേവലം ന—ഈ ലോകത്തെ മാത്രമല്ല. സ്വം ച അപി—തന്നെത്തന്നെയും. നിർ ദൂഷണം ചക്രേ—ദൂഷണരഹിതമാക്കിച്ചെയ്തു.

പദ്യം 86. ദൂഷണേ നിഹതേ—ദൂഷണൻ കൊല്ലപ്പെട്ടപ്പോഴം. ബലേന സമം—സൈന്യത്തോടുകൂടി. ആത്ത....ഖം—വില്ലും അമ്പും എടു ത്തു. ഉരുസാഹസം—വളരെ സാഹസത്തോടു. രോഷം—കോപം. രഘു ....ഖം ഉത്പതന്തം—ശ്രീരാമന്റെ മുമ്പിൽ വന്നു ചാടുന്ന. ഭീഷ....ഖരം —ഭയങ്കരനായ ഖരൻ എന്ന രാക്ഷസനെ. തദാ—അപ്പോഴം. നിവാര്യ— തടുത്തിട്ട്. ദിവിഷദാം ദോഷണ—ദേവദ്വേഷിയായ. മുഖ....രൻ— വാചാലനായ ത്രിശിരസ്സു എന്ന രാക്ഷസൻ. സദസിം—നല്ല വാളിനെ. കരേണ—കൈകൊണ്ടു. പരിലോളയൻ—ചുഴറിക്കൊണ്ടു. ഉവാച— പറഞ്ഞു.

പദ്യം 87. ഘോര....മം—ഭയങ്കര യുദ്ധത്തിനായുള്ള ശ്രമം. പുനഃ— ആകട്ടെ. അഹോ—ആശ്ചര്യം. കേസരിവരൻ—സിംഹശ്രേഷ്ഠൻ. സ്യഗാ ലം—ഊളൻ. ഏഷഃ ഞാൻ—ഈ ഞാൻ. ഇതി—എന്നു. ശിഷ്യതേ—ശേ ഷിക്കുന്നു. അവധാര്യതാം—അറിഞ്ഞാലും. പുനഃ—ആകട്ടെ.

ഇത്ഥം വികത്ഥ്യ വിവിധം ത്രിശിരാസ്തദാനീ-
മെത്തീ രുഷാ രഘുവരേ വികിരൻ വിപാഠാൻ
സ്മിത്വാ തദാ ധനുഷി ചേത്ത ശിതം ശരാഗ്ര്യം
തദ്വക്ഷസി പ്രകുപിതോ നിചഖാന രാമഃ. 88

തേനാതിവിദ്ധതനുരപ്യയമുന്നതാത്മാ
ബാണൈരനന്തമുന്തമരന്തയാംചകാര
താനേ വിഭിദ്യ വിശിഖാവരണം തദാനീം
മാനീ ശരൈസ്തമഥ മർമ്മസു നിർമ്മമാഥ. 89

രാമപ്രയുക്തശനൈരവധൂയ ബാണ-
സ്തോമം ബിഭേദ വിശിഖൈസ്ത്രിശിരാസ്തദംഗം
സോഽപി ക്ഷരത്ക്ഷതജരഞ്ജിതസർവഗാത്രഃ
കോപേന തസ്യ നിധനായ മതിം ചകാര. 90

പദ്യം 88. ഇത്ഥം—ഇവ്വണ്ണം. വിവിധം വികത്ഥ്യ—പലവിധത്തിൽ പുലമ്പിക്കൊണ്ട്. തദാനീം—അപ്പോൾ. ത്രിശിരാഃ—ത്രിശിരസ്സ്. രുഷാ—കോപത്തോടുകൂടി. രഘുവരേ—രാമങ്കൽ. വിപാഠാൻ വികിരൻ—ബാണങ്ങളെ വഷ്ടിച്ചുകൊണ്ട്. തദാ—അപ്പോൾ. സ്മിത്വാ—ചിരിച്ചിട്ട്. ധനുഷി—വില്ലിൽ. ശിതം ശരാഗ്ര്യം—മൂർച്ചയുള്ള ശ്രേഷ്ഠ ബാണത്തെ. പ്രകുപിതഃ—വളരെ കുപിതനായി. രാമഃ—രാമൻ. തദ്വക്ഷസി—അവന്റെ മാറിടത്തിൽ. നിചഖാന—തറച്ചു.

പദ്യം 89. തേന—അതുകൊണ്ട്. അതി.....നുഃ അപി—ശരീരത്തിൽ വലിയ പരിക്കു പറ്റിയിട്ടും. ഉന്നതാത്മാ അയം—അഭിമാനിയായ ഇവൻ. അനന്തം അമും ബാണൈഃ—അവസാനമില്ലാത്തവനായ ഇവനെ ബാണങ്ങളെക്കൊണ്ട്. അന്ത....ര—മൂടി. തദാനീം—അപ്പോൾ. വിശി....ണം—ബാണങ്ങൾകൊണ്ടുള്ള ആവരണത്തെ. വിഭിദ്യ—ഭേദിച്ചിട്ട്. മാനീ—മാനവാനായ (രാമൻ). അഥ—പിന്നെ. തം—അവനെ. ശരൈഃ—ശരങ്ങളെക്കൊണ്ട്. മർമ്മസു—മർമ്മങ്ങളിൽ. നിർമമാഥ—പ്രഹരിച്ചു. അനന്തം—സാക്ഷാദ് വിഷ്ണുവായ എന്നുമർത്ഥം.

പദ്യം 90. ത്രിശിരാഃ—ത്രിശിരസ്സ്. രാമപ്രയുക്തം—രാമൻ പ്രയോഗിച്ച. ബാണസ്തോമം—ബാണസമൂഹത്തെ. അശനൈഃ—വേഗത്തിൽ. അവധൂയ—തിരസ്കരിച്ചിട്ട്. തദംഗം—അവന്റെ ശരീരത്തെ. വിശിഖൈഃ—ശരങ്ങളാൽ. ബിഭേദേ—പിളർന്നു. സഃ അപി—അവനും. ക്ഷര....ത്രഃ—ചോര പുരണ്ട ശരീരവുമായി. കോപേന—കോപം ഹേതുവായി. തസ്യ നിധനായ മതിം ചകാര—അവനെ കൊല്ലുവാൻ നിശ്ചയിച്ചു.

യുദ്ധേ തത്ര ശിരാംസി തസ്യ നിശിതൈ—
സ്ത്രീണി ത്രിഭിഃ സായകൈ—
ശ്ഛിത്വാ ത്വർണ്ണമപാതയത് ക്ഷിതിതലേ
വീരോ രഘുഗ്രാമണീഃ
ചിത്രം! കാണതു ഭാവിനഃ സ്വയമഭ്രത്
പൗലസ്ത്യകണ്ഠച്ഛിദാ—
വൃത്താന്തത്തിനു മുമ്പിലേ പൊഴുതുകൊ—
ണ്ടീടുന്നപോലേ തദാ. 91

അപ്പോഴർദ്ധക്ഷണംകൊണ്ടഴകിലുപരത—
പ്രായമാത്മീയസൈന്യം
കെല്പേറും ഭ്രാതരൗ താവപി രണനിഹതൗ
വീക്ഷ്യ കോപാകുലാത്മാ
സഭ്രൂഭംഗാരുണാക്ഷഃ സപദി ഖരനുപാ—
രുഹ്യ തുംഗം ശതാംഗം
ദുഷ്യന്നഞ്ചെട്ടപത്തങ്ങലറി വിരവൊട—
ഭ്യായയൗ രാമചന്ദ്രം. 92

പദ്യം 91. തത്ര യുദ്ധേ—ആ യുദ്ധത്തിൽ. വീരഃ രഘു...ണീഃ—വീരനായ രാമൻ. തസ്യ—അവന്റെ. ത്രീണി ശിരാംസി—മുന്നു തലകളെ. നിശിതൈഃ ത്രിഭിഃ സായകൈഃ—മൂർച്ചയുള്ള മുന്നമ്പുകളാൽ. ഛിത്വാ—മുറിച്ചിട്ട്. ക്ഷിതിതലേ—ഭൂമിയിൽ. ത്വർണ്ണം—വേഗത്തിൽ അപാതയത്—വീഴ്ത്തി. ഭാവിനഃ—വരാനിരിക്കുന്ന. പൗല....ന്—രാവണന്റെ കഴുത്തുകളെ മുറിക്കുക എന്ന സംഭവത്തിനു്. തദാ—അപ്പോഴേ സ്വയം അഭ്രത്—തന്നത്താനെ ഭവിച്ചു.

പദ്യം 92. രാമൻ സൈന്യത്തോടു കൂടിയ ത്രിശിരസ്സിനോടും ദൂഷണനോടും ഭയങ്കരമായ യുദ്ധം ചെയ്തു സൈന്യത്തെ കൊന്നൊടുക്കി നേതാക്കന്മാരേയും നിഗ്രഹിച്ചപ്പോഴേ കുപിതനായ ഖരൻ യുദ്ധത്തിനായി വരുന്നതിനെ പ്രസ്താവിക്കുന്നു. അർദ്ധക്ഷണം—അരനിമിഷം. ആത്മീ....ന്യം—തന്റെ സേനയെ. ഉപ ...യം—നശിച്ച മട്ടായും. തൗ ഭ്രാതരൗ രണനിഹതൗ അപി—ആ രണ്ടു സോദരന്മാർ യുദ്ധത്തിൽ കൊല്ലപ്പെട്ടതായും. വീക്ഷ്യ—കണ്ടിട്ട്. കോപാ... ത്മാ—കോപപരവശനായി. സഭ്രൂ ....ക്ഷഃ—പുരികം ചുളുങ്ങി കണ്ണു തുടുത്തവനായി. സപദി—ഉടൻ. തുംഗം ശതാംഗം ഉപാരുഹ്യ—വലിയൊരു തേരിൽ കയറി. ദുഷ്യൻ—അഹങ്കരിച്ചുകൊണ്ട്. രാമചന്ദ്രം അഭ്യായയൗ—രാമനെ എതിർപ്പാനായി വന്നു.

ഖരനും രാമനും തമ്മിലുള്ള യുദ്ധത്തെ വർണ്ണിക്കുന്നു:

സംരംഭാദാപതന്തം ഖരമതിബലിനം
കണ്ടുകൊണ്ടാടി മേന്മേ—
ലാരൂഢപ്രൗഢകോപോദിതഹസിതകലാ—
ലങ്കൃതാസ്യാംബുജന്മാ
വീരാണാം മൗലിരത്നം പരികരമുടനാ—
ബദ്ധ്യ ഗാഢം തദാനീം
പോരാട്ടത്തിന്നണഞ്ഞു ഭുവനമഖിലമാ—
കമ്പയൻ ജ്യാനിനാദൈഃ. 93

എണ്ണേലാതോരു ശസ്ത്രൈരിരുവരുമൊരുപോ—
ലേ സമാജഘ്നതുസ്തൗ
നിന്നിദ്രോത്സാഹമാജൗ രഘുതനയഖരൗ
മത്സരോത്സേകഭാജൗ
ഒന്നോടൊന്നെയ്തു ബാണങ്ങളെ വിരവിൽ മുറി
ച്ചും തറപ്പിച്ചുമുച്ചൈ—
രന്യോന്യാംഗേഷു മേല്പ്പെ വരുവതിനു തരം—
കൊണ്ടോരോന്നേ തുടർന്നും. 94

മാനം കൈക്കൊണ്ടു ജന്യേ ഖരനമഥ രഘു
സ്വാമിയും തമ്മിലെയ്യും
ബാണൈരന്യോന്യഘട്ടസ്ഫുരിതശിഖികണൈ—
സ്സാരശാതകാരഘോരൈഃ

പദ്യം 93. സംരംഭാത് ആപതന്തം—ഒരുമ്പെട്ടുവരുന്ന. അതി ബലിനം—വളരെ ബലവാനായ. ഖരം—ഖരരാക്ഷസനെ. ആരൂഢ....ന്മാ—വർദ്ധിച്ച കോപത്താലുണ്ടായ മന്ദഹാസത്താൽ അലങ്കൃതമായ മുഖകമല ത്തോടുകൂടിയ. വീരാണാം മൗലിരത്നം—വീരശ്രേഷ്ഠനായ(രാമൻ). ത ദാനീം—അപ്പോഴേ. ഗാഢം—ഉറപ്പായി പരികരം ആബദ്ധ്യ—കച്ചകെട്ടി. പോരാട്ടം—യുദ്ധം. ജ്യാനിനാദൈഃ—ഞാണൊലികളെക്കൊണ്ടു്. അഖി ലം ഭുവനം—ലോകമത്രയും. കമ്പയൻ—വിറപ്പിച്ചുകൊണ്ടു്.

പദ്യം 94. എണ്ണേലാതോരു—എണ്ണമറ്റ. ശസ്ത്രൈഃ—ആയുധങ്ങളാൽ. തൗ—അവർ. സമാജഘ്നതുഃ—തമ്മിൽ പ്രഹരിച്ചു. ആജൗ—യുദ്ധത്തിൽ. നിന്നിദ്രോത്സാഹം—ഉണർവുറ്റ ഉത്സാഹത്തോടുകൂടി. മത്സരോ....ജൗ—മത്സര്യവും ഗർവും കൂടിയവരായി. രഘു....രൗ—രാമനും ഖരനും. ഉ ച്ചൈഃ—ആവോളം. അന്യോ ...ഷു—പരസ്പരം ശരീരങ്ങളിൽ.

പദ്യം 95. മാനം—അഹങ്കാരം. ജന്യേ—യുദ്ധത്തിൽ. അഥ—പിന്നെ. രഘുസ്വാമി—രാമൻ. അന്യോ.....ണൈഃ—തമ്മിലിടഞ്ഞു് അഗ്നികണങ്ങളെ ചിതറി. താര.....രൈഃ ഉച്ചമായ ശാത്കാരശബ്ദ

കാണക്കാണെപ്പൊതിഞ്ഞു ശിവ ശിവ! ഗഗനം
തത്ക്ഷണേ ഹന്ത! പുക്കു
വീണക്കാരൻ മുനീന്ദ്രൻ നഖമുന പൊറുകി—
ക്കൊണ്ടു കൊണ്ടോടി മേന്മേൽ. 95

ചേണററീടുന്ന രാമാശുഗപടലികളേ—
റേററു തന്മെയ്യിലെങ്ങും
ക്ഷീണത്വം പോന്നുദിച്ചു ഖരനു ഭുജബല—
പ്രൗഢിയും ചെറു താണു
കാണക്കാണെത്തഴച്ചീടിന ഭുജബലവും
പൂണ്ടു മേല്പ്പെ്ട്ടു തുടർന്നു
മാണിക്യം മാനവാനാം; ഭുവനമഴൽ കള—
ഞ്ഞൊന്നു വീർത്തു തദാനീം. 96

ഉരപൊങ്ങിന ശസ്ത്രസംപ്രയോഗം
കരകൊള്ളാഞ്ഞു ഖരൻ ത്വരാഭിമാനീ
സ രുഷാ പ്രജിഘ്നായ രാഘവായ
ത്വരിതോ നിസ്തുഷമസ്ത്രസംപ്രദായം. 97

വാരമ്പം താമസാസ്ത്രം ഖരനധികരുഷാ
കാൺ തൊട്ടത്തോരുനേരം
പാരിക്കം ക്രൂരിരുട്ടിൻ പടലിഭിരുടനേ
ഹന്ത! മൂടീ ദിഗന്തം
പൂരേ വാഹ്ലാവതോ സന്തതമഖിലവുമ—
പ്യഞ്ജസാ സഞ്ജിഹീർഷുഃ
സുരാസ്ത്രം തത്ര മന്ത്രിച്ചിതു രഘുപെരുമാനം
ദുന്നിരീക്ഷപ്രകാശം. 98

ത്താൽ ഭയങ്കരങ്ങളായ. ബാണൈഃ—ശരങ്ങളാൽ. ഗഗനം—ആകാശം. തത്ക്ഷണേ—അപ്പോഴേ. വീണ....ൻ—നാരദമുനി. നഖമുന—നഖാഗ്രം.

പദ്യം 96. രാമാ....ലി—രാമന്റെ ബാണസമൂഹം. തന്മെയ്യ്—തന്റെ ശരീരം. ക്ഷീണത്വം—അവശത. ഉദിച്ചു—ഉണ്ടായി. ഭുജ....ഡ്ഢി—ബാഹുശക്തി. മാനവാനാം, മാണിക്യം—മനുഷ്യശ്രേഷ്ഠൻ (രാമൻ). ഭുവനം—ലോകം. തദാനീം—അപ്പോഴേ.

പദ്യം 97. ശസ്ത്ര ...ഗം—ആയുധങ്ങളെക്കൊണ്ടുള്ള പ്രഹാരം. ത്വരാഭിമാനീ—കൈവേഗത്തിൽ അഭിമാനമുള്ള. സഃ—അവൻ (ഖരൻ). രുഷാ—കോപത്താൽ. ത്വരിതഃ—കൈവേഗത്തോടുകൂടി. നിസ്തുഷം—പാഴാകാത്ത. അസ്ത്ര....യം രാഘവായ പ്രജിഘ്നായ—ശരങ്ങളെ രാമന്റെ നേർക്കയച്ചു.

പദ്യം 98. അധികരുഷാ—വളരെ കോപത്തോടുകൂടി. താമസാസ്ത്രം—ഇരുട്ടമ്പു്. പടലിഭിഃ—സമൂഹങ്ങളാൽ. ദിഗന്തം—ദിഗ്ഭാഗം. സ

പജ്ജന്യം പാവകാസ്ത്രത്തിനു പവനമഹാ—
സ്ത്രത്തിനുർവീധരാസ്ത്രം
നിശ്ശങ്കം പന്നഗാസ്ത്രത്തിനു ഗരുഡമയം
ബാഡവം വാരുണാസ്ത്രേ
സദ്യോ മാനോഭവാസ്ത്രത്തിനു ഗിരിശമയം
കേളൊരോന്നിനൊരോന്നു—
പ്രത്യസ്ത്രം ദ്വന്ദ്വയുദ്ധേ ഖരനൊട്ട സഹസാ
സന്ദധേ സാന്ദ്രധാമാ. 99

അസ്ത്രപ്രത്യസ്ത്രമുദ്രാവ്യതികരമിളകു—
ന്നേരമെന്തൊന്നു ചൊല്ലൂ
സത്രാ വേഗേന മണ്ഡീ ദിശി ദിശി ഭയപ—
ര്യാകുലം ഖേചരൗഘം;
പൃഥ്വീഭാജാം വളർന്നു ത്വടിതി യുധി വിരാ—
മഭ്രമം തദ്ദശായാം
ചിത്രം ചിത്രം! സുരൗഘാ യുധി ദദൃശുരുഭാ— 100
വപ്യഭേദോനുഭാവൗ.

ന്തതം—എപ്പോഴും. അഖിലവും അപി—എല്ലാം. അഞ്ജസാ—വേഗത്തിൽ സഞ്ജിഹീർഷുഃ—സംഹരിക്കാൻ ആഗ്രഹിച്ചിട്ട്. രഘു ...ം—രാമൻ. തത്ര—അവിടെ. ദുന്നി....ശം—നോക്കരുതാത്ത തേജസ്സോടുകൂടിയ. സൂരാസ്ത്രം—സൂര്യാസ്ത്രത്തെ. മന്ത്രിച്ചിതു—ജപിച്ചയച്ചു.

പദ്യം. 99. പാവകാസ്ത്രത്തിനു്—ആഗ്നേയാസ്ത്രത്തിനു് (പകരം). പർജന്യം—മേഘാസ്ത്രം. പവ....നു്—വായവീയാസ്ത്രത്തിനു്. ഉർവീ....സ്ത്രം—പർവതാസ്ത്രം. നിശ്ശങ്കം—ശങ്കകൂടാതെ. പന്ന....നു്—നാഗാസ്ത്രത്തിനു്. ഗരുഡമയം—ഗാരുഡാസ്ത്രം. വാരു....സ്ത്രേ—വാരുണാസ്ത്രത്തിൽ. ബാഡവം—ബഡവാഗ്ന്യസ്ത്രം. സദ്യഃ—പെട്ടെന്നു്. മാനോ....നു്—കാമാസ്ത്രത്തിനു്. ഗിരിശമയം—ശൈവാസ്ത്രം. പ്രത്യസ്ത്രം—എതിരസ്ത്രം. ദ്വന്ദ്വയുദ്ധേ—ഇരുവർ തമ്മിലുള്ള യുദ്ധത്തിൽ. സഹസാ—പെട്ടെന്നു്. സാന്ദ്രധാമാ—ശ്രീരാമൻ. സന്ദധേ—തൊടുത്തു.

പദ്യം 100. അസ്ത്ര....രം—അസ്ത്രപ്രത്യസ്ത്രഫലങ്ങളുടെ സംബന്ധം. വേഗേന സത്രാ—വേഗത്തോടുകൂടി. ''സാകം സത്രാ സമം സഹ'' എന്നു് അമരം. ദിശി ദിശി—ഓരോ ദിക്കിലും. ഖേചരൗഘം—ദേവയോനിവിശേഷങ്ങളുടെ സമൂഹം. ഭയ....ലം—ഭയപരവശമായി. പൃഥ്വീഭാജാം—ഭൂമിയിലുള്ളവർക്കു്. തദ്ദശായാം—ആ അവസ്ഥയിൽ. ത്വടിതി—പെട്ടെന്നു്. യുധി—യുദ്ധത്തിൽ. വിരാമഭ്രമം—ലോകം അവസാനിക്കുകയായി എന്ന ഭയം. സുരൗഘാഃ—ദേവകൂട്ടം. യുധി—യുദ്ധത്തിൽ ഉഭൗ അപി—രണ്ടുപേരെയും. അഭേദോനുഭാവൗ—ഭേദമില്ലാത്ത വൈഭവമുള്ളവരായി. ദദൃശുഃ—നോക്കിനിന്നു.

ഖരന്റെ രാമനിന്ദയും വീരവാദങ്ങളും:

അന്യോന്യഘട്ടമുലേ സമരേ തദാനീം
മന്നോർകിരീടമണി വിക്രമമാണ്ടനേരം
മിന്നൽപ്രഭാം പൊരുത വാളുമിളക്കി നേരേ–
തന്നേ വിളിച്ചു രജനീചരനാബഭാഷേ. 101

''എണ്ണേലാതൊരു നാനാഗുണവിളനിലമേ!
രാമ! നാം പണ്ടുപണ്ടേ
നിന്നെക്കേൾപ്പുണ്ടു വംശേ ദശരഥസുതനായ്
വർത്തമാനം ഖരാംശോഃ
ധന്യാത്മാ ജാമദഗ്ന്യൻ ധരണിയിൽ മരുവും
ക്ഷത്രവംശം മുടിച്ചു–
പ്പിന്നേ തത്സംഭവംകൊണ്ടിഹ ബത പലനാൾ–
കൂടിവംശം പുമാംസം. 102

ഓരോന്നേ വിക്രമപ്രൗഢികളം തവ മനസാ
കേട്ടുകേട്ടെത്രനാളു–
ണ്ടാത്മഗർവ്വാശം നിനയ്ക്കുന്നിഹ നിരവധി കു–
മ്പുന്നിലെത്തീടുവാൻ ഞാൻ
പാരിൽ ചൊല്ലാന്ന പാരശ്വധികമുനിജയം
കൊണ്ടശേഷം കളഞ്ഞാ
വാരെത്തും ക്ഷത്രവംശത്തിനു സുചിരനികൃ–
തം പരീഭാവശല്യം. 103

പദ്യം 101. അന്യോ....ലേ തമ്മിൽ ഇടയുന്നതുകൊണ്ടു ഭയങ്കരമായ. സമരേ–യുദ്ധത്തിൽ. തദാനീം–അപ്പോൾ. മന്നോ....ണി–രാമൻ. വിക്രമം–പരാക്രമം. മിന്നൽപ്രഭാം–മിന്നലിന്റെ ശോഭയെ. രജനീചരൻ–രാക്ഷസൻ (ഖരൻ). ആബഭാഷേ–പറഞ്ഞു.

പദ്യം 102. ഖരാംശോഃ വംശേ–സൂര്യകുലത്തിൽ. ദശ....മാനം–ദശരഥന്റെ പുത്രനായി ഇരിക്കുന്ന. ധന്യാത്മാ–സുകൃതിയായ. ജാമദഗ്ന്യൻ–പരശുരാമൻ. ധരണി–ഭൂമി. ക്ഷത്രവംശം–ക്ഷത്രിയകുലം. ബത–കഷ്ടദ്യോതകം. പുമാംസം–പുരുഷനെ.

പദ്യം 103. തവ–നിന്റെ. വിക്ര ...ം–പരാക്രമപ്രശസ്തികളം. മനസാ–ഉള്ളുകൊണ്ടു. ആത്മഗർവ്വാശം–ഉണ്ടായ ആഗ്രഹത്തോടു. നിരവധി–അതിരില്ലാതെ. പാര....മുനി–പരശുരാമൻ. ക്ഷത്രവംശത്തിനു–ക്ഷത്രിയകുലത്തിന്മേൽ. സുചി....തം–വളരെക്കാലമായി തുടരുന്ന. പരീ....ല്യം–അപമാനമാകുന്ന ശല്യം. കളഞ്ഞാ–(നീ) പിഴുതുനീക്കി.

ഓത്താലോത്തോളമിന്നിൻ ചരിതവിലസിതം
നന്നു നന്നെന്നിരിക്കേ
ഹാസ്യം മുമ്പിൽ തുടന്നോരടവതനുചിതം
താഡനം താടകായാഃ
പാത്താലിന്നാക്ക തോന്നും പരികലയ നിര—
സ്സാഗസം ധർമ്മസാരം
ക്ഷാത്രം നിർദ്ധൂയ വൃദ്ധസ്ത്രീയമറുകൊല കൊ—
ന്നീടുവാനിത്രിലോക്യാം? 104

ചൊല്ലാം മറെറാന്നു പെണ്ണിൽ പെരുകിന കുതുകാ—
ലിത്രിലോകീശചാപം
നിർല്ലജ്ജൻ കേറ്റം മുറിച്ചാ ഫലവുമനുഭവി—
ച്ചീടിനാൻ തത്ക്ഷണം നീ
നല്ലൊന്നേ നല്ല ചൊല്ലാമിതു ഞെളിവൊട്ട സിം—
ഹാസേന പുക്കനേരം
ചൊല്ലിക്കൊണ്ടമ്പിഴക്കിബ്ഭരതജനനി ത—
ള്ളിക്കളഞ്ഞാശ്രമം വനാന്തേ. 105

ശ്രീമത്സൂര്യാനവദ്യായേ നെറിവിയലിന കു—
ന്നാഷമേ! കേളിദാനീം
കാമഭ്രാന്ത്യാ വശംകെട്ടിരവുപകലിര—
ന്നിട്ട കേളാഞ്ഞശങ്കം
ഓമൽപ്പെൺപൈതലസ്സദ്ഭഗിനിയൊട്ട ഭവാൻ
ചെയ്ത ദുർവൃത്തിയെല്ലാം
സാമർത്ഥ്യപ്രൗഢിയോ നിർണ്ണയമനൃതമതേ
നിൻകലൂന്നീ ദുരാത്മൻ! 106

പദ്യം 104. ചരി....തം—പ്രവൃത്തിവിശേഷങ്ങൾ. അനുചിതം—അയോഗ്യം. താടകായാഃ താഡനം—താടകയെ ദ്രോഹിച്ചതു്. പരികലയ—ചിന്തിച്ചാലും. നിരസ്സാഗസം—അപരാധമില്ലാത്ത. ക്ഷാത്രം—ക്ഷത്രിയനെ സംബന്ധിച്ച. ധർമ്മസാരം—ധർമ്മതത്ത്വം. നിർദ്ധൂയ—ത്യജിച്ചിട്ടു്. വൃദ്ധസ്ത്രീയം—വൃദ്ധയെ. ഇത്രിലോക്യാം—ഈ മൂന്നു ലോകത്തിലും.

പദ്യം 105. പെണ്ണിൽ—സീതയിൽ. കുതുകാത്—ആഗ്രഹം നിമിത്തം. ഇത്രി....പം—ശിവന്റെ വില്ലിനെ. നിർലജ്ജം—ലജ്ജകൂടാതെ. ആ ഫലവും—ഉത്തരാർദ്ധത്തിൽ പറയുന്നതു്. സിംഹാസനേ—സിംഹാസനത്തിൽ. ഭര....നി—കൈകേയി. വനാന്തേ—കാട്ടിൽ.

പദ്യം. 106. ശ്രീമ....ഷമേ—ഐശ്വര്യവത്തായ സൂര്യകുലത്തിനുണ്ടായ കളങ്കമേ. ഇദാനീം—ഇപ്പോൾ. കാമഭ്രാന്ത്യാ—കാമഭ്രാന്തുകൊണ്ടു്. അശങ്കം—ശങ്കകൂടാതെ. അസ്സ....ട്—നമ്മുടെ സോദരിയോടു്. ദുർവൃത്തി—ദുഷ്പ്രവൃത്തി. സാമർത്ഥ്യപ്രൗഢി—മിടുക്കിന്റെ ശക്തി.. അനൃതം—അസത്യം. ദുരാത്മൻ—ദുഷ്ടൻ. തന്റെ കാമഭ്രാന്തിനു ശൂർപ്പണഖ

കേവം കേവം നില്പു വിരാധനല്ലിതു മഹാ—
ബാഹുഃ സുബാഹുർവാ
ലോകദ്വേഷണനങ്ങു ദൂഷണനഹോ;
നാഹം ത്രിമൂർദ്ധാസുരൻ
വാർകോലും ഭഗിനീനികാരകുപിതോ
ഹന്തും ഭവന്തം ബലാ—
ദേകാകീ സമുപാഗതഃ ഖരനസൗ
ദുർവ്വാരദോശ്ചണ്ഡിമാ.'' 107

ഖരോക്തികളെ കേട്ട രാമന്റെ വചനം:

ഇത്ഥം ഖരോക്തികളം നിശമ്യ രുഷാ മഹത്യാ
യുദ്ധായ ലക്ഷ്മണനണഞ്ഞിതധിജ്യധന്വാ
സദ്യസ്സുദുഷ്യമമടക്കി ദൃശാ തദാനീം
സ്മിതവാ ഖരംപ്രതി ജഗാദ ജഗത്പ്രണേതാ. 108

പ്രത്യക്ഷസ്മൃതിയിൽ കലർന്ന ഗഹനാ—
ക്ഷേപക്രമം വസ്തുതോ!
നക്തഞ്ചാരിമഹേന്ദ്ര! ദുർബലധിയാ—
മുള്ളോന്നിതെല്ലാടവും;
മിഥ്യാജല്പനമല്ല പാർക്കിലുടനേ
ശൗര്യങ്ങളം കാട്ടീടുകെ—
ന്നതേ വീരമഹാപ്രാതന്തരമിതേ
കെല്പാന്ന യുഷ്മാദൃശാം. 109

വഴിപ്പെടാഞ്ഞിട്ട രാമൻ അവളെ ഉപദ്രവിച്ചു എന്നാണ് ഖരൻ ധരിച്ചിരിക്കുന്നത്.

പദ്യം 107. മഹാബാഹുഃ സുബാഹുഃ വാ ന— ദീർഘബാഹുവായ സുബാഹുവും അല്ല. ലോകദ്വേഷണൻ–ലോകത്തെ ഉപദ്രവിക്കുന്നവൻ. അഹം—ഞാൻ. ന ത്രിമൂർദ്ധാസുരൻ—ത്രിശിരസ്സുള്ള. ഭഗി....തഃ—സോദരിയെ ദ്രോഹിച്ചതിൽ കുപിതനായ. ഭവന്തം—നിന്നെ ബലാത് ഹന്തും—ബലം പ്രയോഗിച്ചു കൊല്ലുവാനായി. ഏകാകീ—ഒറ്റയ്ക്ക്. സമുപാഗതഃ—വന്ന. ദുർവാ .. മാ—തടുക്കരുതാത്ത കൈയ്ക്കോട്ടുകൂടിയ. ഖരഃ അസൗ—ഖരനാകുന്ന ഇവൻ.

പദ്യം 108. ഇത്ഥം—ഇവ്വണ്ണം. ഖരോക്തികളം—ഖരന്റെ വാക്കുകളെ. നിശമ്യ—കേട്ടിട്ട്. മഹത്യാ രുഷാ—വളരെ കോപത്തോടുകൂടി. അധി....നവാ—കലയേറിയ വില്ലോടുകൂടി. യുദ്ധായ—യുദ്ധത്തിനായി. സദ്യഃ—ഉടൻ. തദുദ്യമം—അവന്റെ ശ്രമത്തെ. തദാ—അപ്പോൾ. ദൃശാ—നോട്ടംകൊണ്ട്. സ്മിതവാ—ചിരിച്ചിട്ട്. ജഗ....താ—ശ്രീരാമൻ. ഖരം പ്രതി—ഖരനോട്. ജഗാദ—പറഞ്ഞു.

പദ്യം 109. പ്രത്യക്ഷസ്മൃതി—മുഖസ്തുതി. ഗഹ....മം—ഗൂഢമായിരിക്കുന്ന നിന്ദാരീതി. നക്ത....ന്ദ്ര—അല്ലയോ രാക്ഷസശ്രേഷ്ഠ. ദുർബ .....യാം—ബുദ്ധിബലം ഇല്ലാത്തവർക്ക്. മിഥ്യാജല്പനം– പാഴ്വാ

രക്ഷോവംശത്തിനുള്ളിൽ കലരുമൊരു കള—
ങ്കാങ്കുരാഭോഗമേ! കേ—
ളഗ്രേ നീ ചെയ്ത ദുർവാക്കിനു മറുപകരം
ഞാനെടുക്കെന്നു വാരാ;
ഇക്കാലം കാലഗേഹേ തവ വിരവൊടു യാ—
ത്രാമുഹൂർത്തം വിധിപ്പാൻ
മൽക്കൈയിൽ ചേർന്ന ക്രൂരമ്പിനു ഗുരുതരമാ—
രംഭമെന്നോർക്കെടോ! നീ. 110

ശ്രദ്ധാനാം താപസാനാംതതിയെ മുറവിളി—
പ്പിച്ചുമന്നന്നു കർമ്മ—
പ്രത്യൂഹം ചെയ്തുമന്നീ ബത! തുടരുമമ—
ര്യാദവാക്കിന്നിദാനീം
ഉൾത്തിങ്ങീടും ഫലം കേവലമിതനുഭവി—
പ്പിപ്പതിന്നത്ര വന്നൂ
സത്യം ഞാൻ ദൈവഹീനഃ സപദി ജനപദാദ്
ഭ്രംശിതോ ദൈന്യശാലീ. 111

ത്രൈലോക്യദ്വേഷ്ടണോ നീ മമ നയനപഥേ
വന്നതെൻ ഭാഗ്യയോഗം
കേളെന്നും പ്രാണശാലീ രജനിചര! ഭവാൻ
പോകയെന്നിന്നി വാരാ,
ആലാപപ്രൗഢി പോരും മതി മതി കുമതേ!
തീർത്തുചൊല്ലാം ക്ഷണാർദ്ധം
കാലക്ഷേപം കഥഞ്ചിന്മമ കരകലിതഃ
സായകോ നൈവ സോഢാ.'' 112

ക്രൂരകർമ്മം. വീര....രം—വീരന്മാരുടെ ദൃഢനിശ്ചയം. യുഷ്മദുദ്ദേശം—നിന്നെപ്പോലുള്ളവർക്കു്.

പദ്യം 110. രക്ഷോവംശം—രാക്ഷസവംശം. കള....മേ—ദുഷ്യമായ ളോവേ. അഗ്രേ—മുമ്പിൽ. ദുർവാക്കിനു്—ദുഷിച്ച വചനത്തിനു്. കാലഗേഹേ—യമഗൃഹത്തിൽ. തവ—നിനക്കു്. യാത്രാ.....ർത്തം—പോകാനുള്ള നല്ല സമയം. വിധിപ്പാൻ—നിശ്ചയിക്കാൻ. മത്കൈയിൽ—എന്റെ കൈയിൽ. ഗുരുതരം ആരംഭം—കനത്ത തുടക്കം.

പദ്യം 111. ശ്രദ്ധാനാം താപസാനാം തതിയെ—നിർമലരായ തപസ്വികളുടെ കൂട്ടത്തെ. കർമപ്രത്യൂഹം—ക്രിയകൾക്കു പ്രതിബന്ധം. ബത—കഷ്ടം. അമ....ക്കിന്നു—മര്യാദകെട്ട വാക്കിന്നു്. ഇദാനീം—ഇപ്പോൾ. ദൈവഹീനഃ—ഭാഗ്യരഹിതൻ. സപദി—ഇപ്പോൾ. ദൈന്യശാലീ—ദീനൻ. ജനപദാദ് ഭ്രംശിതഃ—നാട്ടിൽനിന്നു പുറംതള്ളപ്പെട്ടവൻ.

പദ്യം 112. ത്രൈലോ....ണഃ—മുന്നു ലോകത്തേയും ദ്വേഷിക്കുന്ന. മമ നയനപഥേ—എന്റെ നോട്ടത്തിൽ. പ്രാണശാലീ—ജീവനംകൊണ്ടു്.

രാമവചനം കേട്ട കുപിതനായ ഖരൻ രാമന്റെ വില്ലിനെ മുറിക്കുകയും രാമനെ അത്യന്തം അധിക്ഷേപിക്കുകയും ചെയ്യുന്നു:

ഇത്ഥം നിശമ്യ വചനം ഖരനാത്തധന്വാ
ക്രുദ്ധോ രഥേന രഘുനാഥനൊടൊത്തണഞ്ഞാൻ
സദ്യോ മിഷത്സു സകലേഷു ധനുസ്തദീയം
ചിച്ഛേദ സായകവരേണ വരേണ്യസാരം. 113

ചൊന്നാനതിച്ചൈർദുരാത്മാ തദനു പരിഹസൻ
''ബാല! കേവം ഭീതി വേണ്ടാ
നിന്നെക്കൊല്പന്നതില്ലായുധരഹിതമപേ—
ക്ഷി ക്ഷണാദക്ഷതാത്മാ
ഒന്നങ്ങോക്കേണമങ്ങേക്കിവിടെ നിവസതാം
വീരധർമ്മപ്രമാഥം
വന്നാൽ മാനീ പുലസ്ത്യാന്വയമണിപെരുമാൻ
രാവണോ നൈവ സോഢാ.''

രജനിചര—അല്പയോ രാക്ഷസ. ആലാ....ഢി—വാഗ്സാമർത്ഥ്യം. കുമതേ—അല്പയോ ദുർബുദ്ധേ. ക്ഷണാർദ്ധം....അരനിമിഷം. കാലക്ഷേപം—കാലതാമസം. കഥഞ്ചിത്—ഒരുവിധത്തിലും. മമ—എന്റെ. കര....തഃ സായകഃ—കൈയിലുള്ള ബാണം. സോഢാ ന ഏവ—സഹിക്കുകയില്ലതന്നെ.

പദ്യം 113. ഇത്ഥം—ഇവ്വണ്ണം. വചനം നിശമ്യ—വാക്കിനെ കേട്ടിട്ട്. ആത്തധന്വാ—വില്ല ധരിച്ച്. ക്രുദ്ധഃ—കുപിതനായി. രഥേന—രഥത്തോടുകൂടി. രഘുനാഥൻ—രാമൻ. സദ്യഃ—ഉടൻ. സകലേഷു മിഷത്സു—എല്ലാവരും കണ്ടുകൊണ്ടിരിക്കുമ്പോഴേ വരേണ്യസാരം—വളരെ ബലമുള്ള. തദീയം ധനുഃ—അവന്റെ വില്ലിനെ. സായകവരേണ—ശ്രേഷ്ഠമായ ബാണത്താൽ. ചിച്ഛേദ—മുറിച്ചു. വീരവാദം പറഞ്ഞുകൊണ്ട് യുദ്ധരംഗത്തിൽ പ്രവേശിച്ച ഖരൻ അസാമാന്യപരാക്രമശാലിയായിരുന്നു. പ്രഥമയുദ്ധത്തിൽതന്നെ ഖരൻ രാമന്റെ വില്ല മുറിച്ചതു് അയാളുടെ യുദ്ധസാമർത്ഥ്യത്തെ പ്രഖ്യാപനം ചെയ്യുന്നു.

പദ്യം 114. ദുരാത്മാ—ദുഷ്ടൻ. ഉച്ചൈഃ—ഉറക്കെ. തദനു—പിന്നെ. പരിഹസൻ—നിന്ദിക്കുന്നവനായി. ഭീതി—ഭയം. ആയു....തം—ആയുധമില്ലാത്ത നിന്നെ. ക്ഷണാത്—ക്ഷണനേരംകൊണ്ട്. അക്ഷതാത്മാ—ദേഹത്തിൽ മുറിവേൽക്കാതെ. അപേഹി—കടന്നു പോ. നിവസതാം—വസിക്കുന്നവരുടെ. വീര....ഥം—വീരധർമ്മത്തിനു് ഉലച്ചിൽ വരുത്തുക. മാനീ—മാനമുള്ളവൻ. പുലസ്ത്യാ....ൻ—പുലസ്ത്യകുലശ്രേഷ്ഠനായ. രാവണഃ—രാവണൻ. സോഢാ ന ഏവ—സഹിക്കുകയില്ലതന്നെ.

ഉടൻ രാമൻ വൈഷ്ണവചാപം കൈക്കൊണ്ടു വൈഷ്ണവരൂപം ധരിച്ചു നില്ക്കുന്നതു ഖരൻ കാണുകയും പിന്നെയും പോരാട്ടവാനായി മുതിരുകയും ചെയ്യുന്നു:

തസ്മിന്നിത്ഥമധിക്ഷിപത്യഥ ഖരേ
ഛിത്വാ ധനുഃ സംഗരേ
സ്ഥിത്വാ വീരശിഖാമണിഃ ക്ഷണമസൗ
മന്ദാക്ഷകോപാകുലം
ദധ്യൗ തത്ര ശുചിഃ കൃതാഞ്ജലിപുട-
ശ്ചാപോത്തമം വൈഷ്ണവം
കുംഭോദ്ഭവമഹർഷിണാ പ്രഥമതോ
ദത്തം മഹാഹർഷിണാ. 115

ഈശാ! കാണായിതപ്പോളുപരി പരിലസത്-
സൂര്യകോടിപ്രകാശം
ശ്രീശാർങ്ഗം പള്ളിവിൽ പോന്നതിരഭസമെഴു-
ന്നെള്ളമക്കോപ്പകാണ്ഡേ
വാചാ വാഴ്ത്തീടവല്ലേനിടതുടരെ നിറ-
ഞ്ഞോരു തേജശ്ചരടാരു-
ദ്ധാശാന്തം തത്സമക്ഷം മനുവൃഷഭകരേ
ചേന്നു വീക്ഷാംബഭൂവേ. 116

പദ്യം 115. തസ്മിൻ ഖരേ സംഗരേ ധനുഃ ഛിത്വാ ഇത്ഥം അധിക്ഷിപതി—ആ ഖരൻ യുദ്ധത്തിൽ വില്ലു മുറിച്ചിട്ടു് ഇപ്രകാരം അധിക്ഷേപിക്കുമ്പോൾ. അസൗ വീര....ണിഃ—ഈ വീരാഗ്രഗണ്യൻ. മന്ദാ....ലം—ലജ്ജകൊണ്ടും കോപംകൊണ്ടും പരവശനായി. ക്ഷണം സ്ഥിത്വാ—അല്പനേരം നിന്നിട്ടു്. മഹാഹർഷിണാ—വളരെ സന്തുഷ്ടനായ. കുംഭോ....ണാ—അഗസ്ത്യമുനിയാൽ. പ്രഥമതഃ ദത്തം—ആദ്യം നല്കപ്പെട്ട. വൈഷ്ണവം ചാപോത്തമം—ഉത്തമമായ വിഷ്ണുചാപത്തെ. ശുചിഃ—ശുദ്ധനായി. കൃതാ....ടഃ—കൈ കൂപ്പി. തത്ര—അവിടെ. ദധ്യൗ—ധ്യാനിച്ചു.

പദ്യം 116. ഉപരി—മുകളിൽ. പരി .....ശം—കോടിസൂര്യപ്രകാശത്തോടു ശോഭിക്കുന്ന. ശ്രീശാർങ്ഗം—വിഷ്ണുചാപം. അതിരഭസം—വളരെ വേഗത്തിൽ. അകാണ്ഡേ—പെട്ടെന്നു്. വാചാ—വാക്കുകൊണ്ടു്. തേജ....ന്തം—കാന്തികപ്രസരത്താൽ തടയപ്പെട്ട ദിഗ്ഭോഗങ്ങളോടുകൂടിയ തത്സമക്ഷം—അവന്റെ മുമ്പിൽ. മനു....രേ—ശ്രീരാമന്റെ കൈയിൽ. വീക്ഷാംബഭൂവേ—കാണപ്പെട്ടു.

ഗദ്യം 9.

(ദണ്ഡകം)

തദനു മനുകുലാധീശ്വരൻ വ്യോമമാഗ്ഗാലെഴുന്നള്ളി വേഗേ
ന ദീപ്തിച്ചടാസങ്കുലം തത്കരേ വന്നുചേർന്നീടുമാ വൈഷ്ണവം
ചാപമാദായ നേരേ കുലച്ചാശു പോരാടുവാനായ് മുതിർന്നോരു
നേരം മഹാഭാഗ്യശാലീ ഖരൻ തത്ര രോദോന്തരാളം
നിറഞ്ഞുജ്ജ്വലദ്വഹ്നിതിഗ്മാംശുകോടിപ്രഭം ഭൂരിതേജോഭരം
മുമ്പിലാമ്മാറു കണ്ടീടിനാൻ. പിന്നെയും ചെറുതിന്നുള്ളിലാ—
മ്മാറു സൂക്ഷിച്ചു പാർക്കുന്ന നേരം മഹാരത്നഭാസാ വിളങ്ങുന്ന
പൊന്നിൻകിരീടത്തെയും താരിൽമാതിൻ നഖശ്രേണികാ—
ലാളിതം കന്തളാഭോഗവും ജംഗമസ്ഥാവരാത്മപ്രപഞ്ചം ഭരി—
ക്കുന്ന ചില്ലീലതോല്ലാസവും ചന്ദ്രസൂര്യാത്മകം ചാരുതൃക്കണ്ണു
രണ്ടും കപോലസ്ഥലീശോഭയും കാന്തിഭ്രമാകരം മാകരം
കുണ്ഡലദ്വന്ദ്വവും കണ്ണസൗന്ദര്യവും മാറിലോറം മഹാ—
ലക്ഷ്മിയും കൗസ്തുഭാഭോഗവും ബാഹുദണ്ഡങ്ങളിൽ ചേർന്നൊഴും
ചക്രശംഖാസിചാപങ്ങളും പീതപട്ടാംബരപ്രൗഢിയും തുമ്പുട—
ക്കാമ്പുമച്ചേൽ കഴൽപല്ലവോല്ലാസവും മുൻപിലാമ്മാറു
കണ്ടീടിനാൻ. ഇത്ഥമത്യുജ്ജ്വലം വൈഷ്ണവം ധാമ രാമങ്കലാ—
ലോക്യ വായ്ക്കും പ്രമോദേന മദ്ഗാത്രമിന്നേരമേ തന്മഹാ—
വിഷ്ണുവഹ്നൗ ജുഹോമീതി നിശ്ചിത്യ കോപാരുണഭ്രൂകുടീ—

ഗദ്യം 9. (ദണ്ഡകം) തദനു—പിന്നെ. മനു....രൻ—രാമൻ. വ്യോ
മമാർഗ്ഗാത്—ആകാശവഴിയിലൂടെ. വേഗേന—വേഗത്തിൽ. ദീപ്തി....
ലം—കാന്തിപ്രസരത്താൽ വ്യാപ്തമായ.. തത്കരേ—അവന്റെ കൈയിൽ
വൈഷ്ണവം ചാപം ആദായ—വിഷ്ണുചാപത്തെ സ്വീകരിച്ചിട്ട്. ആശു—
വേഗത്തിൽ. തത്ര—അവിടെ. രോദോന്തരാളം—ഭൂമിയുടെയും അന്തരീക്ഷ
ത്തിന്റെയും ഇട. ഉജ്ജ്വ .. ഭം—കത്തിക്കാളുന്ന അഗ്നിയുടെയും കോടിസൂ
ര്യന്മാരുടെയും പ്രഭയോടുകൂടിയ. ഭൂരി....രം—കാന്തിസഞ്ചയത്തെ. മഹാ
....സാ—വലിയ രത്നത്തിന്റെ കാന്തിയോട്. താരിൽമാതിൻ—ലക്ഷ്മീ
ദേവിയുടെ. നഖ....തം—നഖപങ്ക്തികളാൽ ലാളിക്കപ്പെട്ട. കന്തളാ
ഭോഗവും—അളകപ്പരപ്പും. ജങ്ഗ....ഞ്ചം—ചരാചരരൂപമായ പ്രപഞ്ച
ത്തെ. ചില്ലീ....വും—പൂരികക്കൊടിയുടെ വിലാസവും. ചന്ദ്ര....കം—
ചന്ദ്രസൂര്യസ്വരൂപമായ. കപോലസ്ഥലി—കവിൾത്തടം. കാന്തി....രം
—കവിഞ്ഞ കാന്തിക്ക് ഇരിപ്പിടമായ. മാകരം കുണ്ഡ....വും—രണ്ടു മ
കരകുണ്ഡലങ്ങളും. കൗസ്തു....വും—കൗസ്തുഭമണിയുടെ വിഹാരവും ബാ
ഹുദണ്ഡം—ദണ്ഡാകാരമായ കൈയ്. ചക്ര....ളും—സുദർശനചക്രം ശംഖം
വാൾ വില്ല് ഇവയും. പീത....യും—മഞ്ഞപ്പട്ടിന്റെ ശോഭയും. കഴ....വും
—കാൽത്തളിർശോഭയും ഇത്ഥം—ഇങ്ങനെ. അത്യുജ്ജ്വലം—വളരെ പ്രകാ
ശിക്കുന്ന. വൈഷ്ണവം ധാമ—വിഷ്ണുവിന്റെ തേജസ്സ്. ആലോക്യ—കണ്ടി
ട്ട്. പ്രമോദേന—സന്തോഷത്തോട്. മദ്ഗാത്രം—എന്റെ ശരീരം. തന്മ....
ഹ്നൗ—ആ മഹാവിഷ്ണുവാകുന്ന തീയിൽ. ജുഹോമി—ഞാൻ ഹോമിക്കുന്നുണ്ട്.

ഭീമവക്ത്രോ ധനുർജ്യാലതാമൊന്നിരമ്പിച്ചു ''രേ രാമനല്ലേ വിദഗ്ധാ! നവം വില്ലു കൈക്കൊണ്ടു പോരിന്നു വാവാ മദീയം ഭുജാവിക്രമപ്രൗഢി കാണേണമിന്നേര''മെന്നിങ്ങനെ നിഷ്ഠുരൈരട്ടഹാസോത്കരൈരെട്ടു ദിക്കും മുഴക്കിച്ചു ഭൂയോഽപി പോരാട്ടവാനായ് മുതിർന്നീടിനാൻ.

ശ്രീരാമൻ ബാണം പ്രയോഗിച്ചു ഖരനെ കൊന്നു ഭൂമിയിൽ വീഴ്ത്തുകയും ഖരബലത്തെ കൊന്നൊടുക്കുകയും അതിൽ സന്തോഷിച്ച ദേവന്മാർ പുഷ്പം വർഷിക്കുകയും രാമൻ പർണ്ണശാലയിലേക്കു മടങ്ങുകയും ചെയ്തു:

സാക്ഷാന്നാത്മാ തദാനീം പരമഗുരുമനു—
സ്മൃത്യ വിശ്വാഭിവന്ദ്യം
വിശ്വാമിത്രം മുനീന്ദ്രം മണിപവഴി തൊട്ടു—
ത്തുജ്ജ്വലേ ഗാർങ്ഗഗചാപേ
അക്ഷ്ണിന്നാടോപമീടേറിന ഖരനെ മഹോ—
രഃസ്ഥലേ താഡയിത്വാ
വിശ്വവ്യാപത്തിഹാരീ രഘുപതി തരസാ
പാതയാമാസ ഭൂമൗ. 117

ഖരപരുഷശരാസനേ ഗൃഹീതേ
ഖരകിരണാന്വയശേഖരേണ തേന
ഖരരഘുവരയോ രണം സമാപ്തം
ഖരനഖരായുധയോരിവ ക്ഷണേന. 118

ഇതി—എന്നു്. നിശ്ചിത്യ—നിശ്ചയിച്ചിട്ടു്. കോപാ....ക്തഃ—കോപം കൊണ്ടു കണ്ണുകൾ ചുമന്ന ഭയങ്കരമായ മുഖത്തോടു കൂടിയവനായി. ധനുർജ്യാലതാം—വില്ലിലെ ഞാണാകുന്ന വല്ലിയെ. വിദഗ്ധാ—സമർത്ഥാ. നവം—പുത്തനായ. മദീയം—എന്റെ. ഭുജാ....ഢി—ബാഹുപരാക്രമത്തിന്റെ സാമർത്ഥ്യം. നിഷ്ഠുരൈഃ—കഠിനങ്ങളായ. അട്ട....രൈഃ—അട്ടഹാസങ്ങളാൽ. ഭൂയഃ അപി—വീണ്ടും.

പദ്യം 117. സാക്ഷ....ത്മാ—ഇച്ഛാശക്തിസ്വരൂപനായ. വിശ്വ....രീ—ലോകോപദ്രവനാശകനായ. രഘുപതി—രാമൻ. തദാനീം—അപ്പോൾ. പര....രും—ഗുരുശ്രേഷ്ഠനായ. വിശ്വാഭിവന്ദ്യം—ലോകർക്കു നമസ്കാര്യനായ. വിശ്വാമിത്രം മുനീന്ദ്രം—വിശ്വാമിത്രമുനിശ്രേഷ്ഠനെ. അനുസ്മൃത്യ—ധ്യാനിച്ചിട്ടു്. ഉജ്ജ്വലേ—ശോഭിക്കുന്ന. ശാർങ്ഗഗചാപേ—വിഷ്ണുചാപത്തിൽ. മണി....ഴി—മണിമയമായ ബാണത്തെ. അക്ഷ്ണി....പം—പ്രതാപത്തിനു കുറവുകൂടാതെ. മഹോ....ലേ—വലിയ മാറിടത്തിൽ. താഡയിത്വാ—പ്രഹരിച്ചിട്ടു്. തരസാ—വേഗത്തിൽ. ഭൂമൗ—ഭൂമിയിൽ. പാതയാമാസ—വീഴ്ത്തി.

പദ്യം 118. ഖര....ണ—സൂര്യവംശത്തിൽ ശ്രേഷ്ഠനായ. തേന—അവനാൽ (രാമനാൽ). ഖര.....നേ ഗൃഹീതേ—കടുത്ത പരുത്ത വില്ലു് ഗ്രഹിക്കപ്പെട്ടപ്പോൾ. ഖര.....യോഃ ഇവ—കഴുതയുടെ സിംഹത്തിനും

വൻകോപം പൂണ്ടു ധനവീ ശിവ! ശിവ! ദിവസ—
സ്യാഷ്ടഭാഗേനതന്നേ
സംഗ്രാമേ മുട്ടിയെത്തിപ്പെരിയ ഖരബലം
കൊന്നൊടുക്കിത്തദാനീം
ഭംഗ്യാ വാനോർവിമുക്താം തിരുമുടിയിൽ മുദാ
കൗസുമീമേറ്റു വൃഷ്ടിം
മംഗല്യാത്മാവകംപുക്കിതു സമമഥ സൗ—
മിത്രിണാ പർണ്ണശാലാം. 119

ഉത്ഥായാമന്ദമപ്പോഴം മൃദുലകരതലം—
കൊണ്ടു നീളെത്തലോടി
പ്രത്യംഗം തീവ്രശസ്ത്രവ്രണവിതതിയെ നി—
ർമ്മൂല്യ നിർമ്മായഭാവാത്
സദ്യോ നിർവാപയന്തീം ജനകദുഹിതരം
ചേർത്തു തന്നങ്കഭാഗേ
തയ്ത്തെന്നൽക്കന്നമേറേററുടജഭുവി മുദാ
രാമചന്ദ്രോ ന്യവാത്സീത്. 120

എന്നപോലെ. ക്ഷണേന—നിമിഷനേരംകൊണ്ടു്. ഖര....യോഃ രണം—ഖരനും രാമനും തമ്മിലുള്ള യുദ്ധം. സമാപ്തം—അവസാനിച്ചു. ''രാസഭാ ഗർദ്ദഭോഃ ഖരാഃ'' എന്നു് അമരം.

പദ്യം 119. ധനവീ—ചാപവാനായി. ദിവസസ്യ അഷ്ടഭാഗേന—ദിവസത്തിന്റെ എട്ടിലൊരു ഭാഗംകൊണ്ടു്. സങ്ഗ്രാമേ—യുദ്ധത്തിൽ. ഖരബലം—ഖരന്റെ സൈന്യത്തെ. തദാനീം—അപ്പോഴം. വാനോ....ക്താം—ദേവകളാൽ വർഷിക്കപ്പെട്ട. കൗസുമീം വൃഷ്ടിം—പുഷ്പവർഷത്തെ. മംഗല്യാത്മാ—മംഗലസ്വരൂപൻ. അഥ—പിന്നെ. മുദാ—സന്തോഷത്തോടു്. സൗമിത്രിണാ സമം—ലക്ഷ്മണനോടുകൂടെ. പർണ്ണശാലാം—ആശ്രമത്തെ.

പദ്യം 120. പർണ്ണശാലയിൽ പ്രവേശിച്ച സ്വത്തോവിനെ സീത വേണ്ടപോലെ ഉപചരിച്ചതായി പ്രസ്താവിച്ചിരിക്കുന്നു: അമന്ദം—വേഗമായി. ഉത്ഥായ—എഴീച്ചിട്ടു്. മൃദു....യം—മാർദ്ദവമുള്ള കൈത്തലം. പ്രത്യംഗം—ഓരോ അവയവവും. തീവ്ര.....തിയെ—ആയുധമേറ്റുണ്ടായ വലിയ വ്രണങ്ങളെ. നിർമാ....ത്—മായം കൂടാതെ. നിർമൂല്യ—നിർമൂലനംചെയ്തിട്ടു്. സദ്യഃ—ഉടൻ. നിർവാപയന്തീം—ആറുന്നവളായ. ജന....രം—സീതയെ. തന്നങ്കഭാഗേ—തന്റെ മടിയിൽ. ഉടജഭുവി—ആശ്രമത്തിൽ. മുദാ—സന്തോഷത്തോടുകൂടി. രാമചന്ദ്രഃ—രാമൻ. ന്യവാത്സീത്—വസിച്ചു.

ഖരവധപരിശ്രദ്ധേ ദണ്ഡകാരണ്യഭാഗേ
മുനിഭിരഭിഹിതാനാമാശിഷാം താദൃശീനാം
സ്വയമചരമപാത്രം സൈവർഗ്ഗണൈർമനാരാഭ്രത്
തദനു മനുകുലേന്ദുഃ സാനുജഃ ശൗര്യരാശിഃ. 121

പ്രാങ് മന്ഥരേതി മഹിഷീതി വരദ്വയീതി
ധർമ്മവ്യയവ്യഥിതഭൂപതി ഭാരതീതി
കാകുത്സ്ഥകാനനകഥേതി ച സന്തി സംജ്ഞാഃ
പൗലസ്ത്യഭീതഭുവനത്രയഭാഗ്യപങ്ക്തേഃ. 122

ഗദ്യം 10.

ലങ്കാസമരാങ്കമുഖവിഷ്ഠംഭകേ തസ്മിൻ മഹാസ്പന്ദനേ നിരന്തരപ്രസൃമരരഘുവീരശരശതശകലിതശർവരീചരശരീര-നിഷ്ക്രമവരുധിരാപഗാസംഭേദവിഗ്രണിതാടോപാ ഗോദാവരീ വിഭോരനുഭാവമാവേദയിതുകാമേവലങ്കാപുരപരമപരിഖായൈ സരിതാംപതൈ്യ സത്വരതരം പ്രാവഹത്.

പദ്യം 121. ദണ്ഡ....ഗേ—ദണ്ഡകവനപ്രദേശം. ഖര....ദ്ധേ—ഖരന്റെ വധത്താൽ പരിശ്രദ്ധമായപ്പോൾ. മുനിഭിഃ—മുനിമാരാൽ. അഭിഹിതാനാം—ചൊല്ലപ്പെട്ട. താദൃശീനാം—അവണ്ണമുള്ള. ആശിഷാം—അനുഗ്രഹങ്ങൾക്കു്. മന്ഥര. സൈവഃ ഗ്രണൈഃ—തന്റെ ഗുണങ്ങളെക്കൊണ്ടു്. സ്വയം—തന്നെത്താനെ. അച....ത്രം അഭ്രൽ—ആദ്യത്തെ ഭോജനമായി. ഭവിച്ചു. തദനു—അതിൽപ്പിന്നെ (രണ്ടാമതായി). ശൗര്യ രാശിഃ—ശൗര്യത്തിനു് ഇരിപ്പിടമായ. സാനുജഃ—അനുജനോടുകൂടിയ. മനുകുലേന്ദുഃ—രാമനും.

പദ്യം 122. പ്രാക്—മുമ്പു്. മന്ഥരാ ഇതി—മന്ഥരയെന്നും. മഹിഷീ ഇതി—രാജ്ഞിയെന്നും. വരദ്വയീ ഇതി—രണ്ടു വരങ്ങളെന്നും. ധർമ്മ....തീ ഇതി—ധർമ്മഭ്രംശത്തിൽ ദുഃഖിതനായ രാജാവിന്റെ വാക്കെന്നും. കാകു....ഥാ ഇതി ച—ശ്രീരാമന്റെ വനവാസവൃത്താന്തമെന്നും. സംജ്ഞാഃ—പേരുകൾ. പൗല....ങ്ക്തതഃ—രാവണങ്കൽനിന്നു ഭയപ്പെട്ട മൂന്നു ലോകത്തിന്റെയും ഭാഗ്യപരമ്പരയ്ക്കു്. സന്തി—ഉണ്ടു്.

ഗദ്യം 10. ലങ്കാ....കേ—ലങ്കയിലെ യുദ്ധമാകുന്ന അങ്കത്തിന്റെ പൂർവാങ്ഗമായ. തസ്മിൻ മഹാസ്പന്ദനേ—ആ വലിയ ആക്രമണത്തിൽ. നിരന്ത....പാ—ഇടവിടാതെ പാഞ്ഞുകൊണ്ടിരുന്ന രാമന്റെ ബാണങ്ങളാൽ ശകലിതമായ രാക്ഷസന്മാരുടെ ദേഹങ്ങളിൽനിന്നു പ്രവഹിക്കുന്ന ചോരപ്പുഴ ചേന്നു വർദ്ധിച്ച വേഗത്തോടുകൂടിയ. ഗോദാവരീ—ഗോദാവരീനദി. ലങ്കാ....യൈ—ലങ്കാനഗരത്തിനു വലിയ കിടങ്ങായ. സരിതാംപതൈ്യ—സമുദ്രത്തോടു്. വിഭോഃ—രാമന്റെ. അനുഭാവം—വൈഭവത്തെ. ആവേ.....മാ ഇവ—അറിയിക്കാൻ ആഗ്രഹിക്കുന്നവണ്ണം പോലെ. സത്വരതരം—വളരെ വേഗമായി. പ്രാവഹത്—ഒഴുകി.

ഖരവധം സമാപ്തം

കിഷ്കിന്ധാകാണ്ഡം

1. സുഗ്രീവസഖ്യം
2. ബാലിവധം

സുഗ്രീവസഖ്യം

ഖരാദിവധം കഴിഞ്ഞു ശ്രീരാമാദികളും പർണ്ണശാലയിൽ സുഖമായി വസിച്ചുവരുന്നു:

[1]ശങ്കാഹീനം ഖരാദിത്രിദശരിപുബലം
കാൽക്ഷണംകൊണ്ടതന്നേ
സംഗ്രാമേ കൊന്നൊടുക്കിപ്പരിമൃദുപവന[2]—
സ്പന്ദനാനന്ദിതാത്മാ
അങ്കേ സംഭാവ്യ പങ്കേരുഹമുഖിയെ മുദാ
മൈഥിലീം തത്ര മേവീ
ഭൃംഗ്യാ ശ്രീരാമചന്ദ്രൻ പരിമളബഹളേ
പർണ്ണശാലാന്തരാളേ. 1

ആസ്ഥാം കൈക്കൊണ്ടു പാശ്വേ മരുവുമനുജനോ—
ടത്യുദാരസ്മിതാർദ്രം
പേർത്തും പേർത്തും ഖരൻതൻമുഖരുഹജബല—
പ്രൗഢി മാനിച്ചൊരോന്നേ

പദ്യം 1. കവി പ്രബന്ധാരംഭത്തിൽ വസ്തുനിർദ്ദേശരൂപമായ മംഗളമാചരിക്കുന്നു.

ശങ്കാഹീനം—ശങ്കകൂടാതെ. ഖരാ....ലം—ഖരദൂഷണാദിരാക്ഷസസേനയെ. സംഗ്രാമേ—യുദ്ധത്തിൽ. പരി....ത്മാ—ഇളങ്കാറ്റു വീശുന്നതേറ്റു. സന്തുഷ്ടനായി. പങ്കേ....യെ മൈഥിലീം—സുന്ദരിയായ സീതയെ. അങ്കേ സംഭാവ്യ—മടിയിൽ ഇരുത്തി ലാളിച്ചിട്ടു. മുദാ—സന്തോഷത്തോടുകൂടി. തത്ര—അവിടെ (പഞ്ചവടിയിൽ). ഭൃംഗ്യാ—അഴകോടുകൂടി. പരി....ളേ പർണ്ണ....ളേ—വളരെ സൗരഭ്യമുള്ള പർണ്ണശാലയിൽ. മേവി—വസിച്ചു. സുഗ്രീവസഖ്യത്തിൽ ഏതാനും കഥാഭാഗം—അതായത് രാമലക്ഷ്മണന്മാർ പമ്പാതടത്തെ പ്രാപിക്കുന്നതുവരെയുള്ള ഭാഗം—ആരണ്യകാണ്ഡത്തിൽ ഉൾപ്പെട്ടതാണു.

പദ്യം 2. ത്രിലോകീമണി—ത്രൈലോക്യരത്നമായ രാമൻ. ആസ്ഥാം കൈക്കൊണ്ടു—തന്റെ ശുശ്രൂഷയ്ക്കുവേണ്ടി യത്നിച്ചുകൊണ്ടു. പാശ്വേ—അരികിൽ. അത്യു....ദ്ധ—അലിഞ്ഞുപോകത്തക്കവണ്ണം പുഞ്ചിരി തൂകിക്കൊണ്ടു. ഖരൻ....ഡി—ഖരന്റെ കൈയുക്കിന്റെ ശക്തിയെ.

---

1. ചില ഗ്രന്ഥങ്ങളിൽ പ്രബന്ധാവസാനപദ്യം ആരംഭപദ്യമായി കാണുന്നു.
2. നസ്യന്ദ.

പ്രീത്യാ തന്നങ്കഭാഗേ മരുവിന മിഥിലേ—
ന്ദ്രാത്മജാവക്ത്രബിംബം
പാർത്ഥം പാർത്ഥം ത്രിലോകീമണി പരമസുഖോ—
ന്മേഷമുഴംക്കൊണ്ടിരുന്നു. 2

ജനസ്ഥാനവാസികളായ മുനിശ്രേഷ്ഠന്മാർ ഖരാദിവധത്തിൽ സന്തുഷ്ടരായി ആശീർവചനങ്ങളോടുകൂടി മങ്ഗല്യവും സമസ്താമയഹരവും ആയ ഒരു മോതിരം ശ്രീരാമനു സമ്മാനിക്കുന്നു:

വിശദ്രോഹം വളർത്തീടിന ഖരനിധനം—
കൊണ്ടു സന്മോദമുച്ചൈ—
രുഴംച്ചേന്നച്ചാവചാഭിർവിതതിഭിരനുഗ്ര—
ഹ്യാശിഷാമായതെല്ലാം
വിശ്വാസം പൂണ്ടു വിശ്വേ ജനിതധൃതി ജന—
സ്ഥാനഭാജോ മുനീന്ദ്രാഃ
സശ്ലാഘം രാഘവായ പ്രദിദിശുരതിമങ്—
ഗല്യമാമങ്ഗുലീയം. 3

സ മുക്താഭാങ്മണ്ഡലപൂർണ്ണപാത്രം
സമസ്തമായാഹരമംഗുലീയം
വിമുക്തഖേദം പ്രതിഗൃഹ്യ മേനേ
വിമർദ്ദമീഷത്കരമാശരാണാം. 4

മാനിച്ചു്—പൂകഴ്ത്തിക്കൊണ്ടു്. പ്രീത്യാ—സന്തോഷത്തോടുകൂടി. തന്നങ്ക ഭാഗേ—തന്റെ മടിയിൽ. മിഥി....ബം—സീതയുടെ മുഖത്തെ. പര....ഷം വലുതായ സുഖവും ഉത്സാഹവും.

പദ്യം 3. വിശ്വദ്രോഹം—ലോകോപദ്രവം, ഖരനിധനം—ഖരന്റെ വധം. സന്മോദം—സന്തോഷം. ഉരുച്ചൈഃ—വളരെ. ഉച്ചാവചാഭിഃ ആശിഷാം വിതതിഭിഃ—പലവിധത്തിലുള്ള അനുഗ്രഹങ്ങളെക്കൊണ്ടു്. ആയതെല്ലാം അനുഗ്രഹ്യ—കഴിയുന്നപ്രകാരത്തിലെല്ലാം അനുഗ്രഹിച്ചിട്ടു്. ജന....ജഃ വിശ്വേ മുനീന്ദ്രാഃ—ജനസ്ഥാനവാസികളായ എല്ലാ മഹർഷിശ്രേഷ്ഠന്മാരും. വിശ്വാസംപൂണ്ടു്—ശ്രീരാമൻ രാക്ഷസന്മാരെ നിഗ്രഹിപ്പാൻ ശക്തനാണെന്നറിച്ചു്. ജനിതധൃതി—ധൈര്യത്തോടുകൂടി. സശ്ലാഘം—പ്രശംസയോടുകൂടി. രാഘവായ—രാമനായ്ക്കൊണ്ടു്. അതി....മാം അംങ്ഗുലീയം—വളരെ ശ്രുഭകരമായ ഒരു മോതിരത്തെ. പ്രദിദിശുഃ—കൊടുത്തു.

പദ്യം 4. സഃ—അവൻ (രാമൻ). മുക്താ....ത്രം—ജീവമുക്തരായ മഹർഷിമാരുടെ സർവമങ്ഗലനിധിയായതു്. സമ....രം—രാക്ഷസരുടെ സകല മായകളെയും നശിപ്പിക്കുന്നതായ. അങ്ഗുലീയം—മോതിരത്തെ. വിമുക്തഖേദം—സന്തോഷത്തോടുകൂടി. പ്രതിഗൃഹ്യ—സ്വീകരിച്ചിട്ടു്. ആശരാണാം വിമർദ്ദം—രാക്ഷസന്മാരുടെ സംഹാരം. ഈഷത്കരം മേനേ—അയത്നസാദ്ധ്യമാണെന്നു നിശ്ചയിച്ചു.

1. ക്ത്രപദ്മം പാ

ഖരാദിവധംകൊണ്ടും തന്നെ വിരൂപപ്പെടുത്തിയതുകൊണ്ടും ഭീതയായ ശൂർപ്പണഖ ദുഃഖിതയായി ലങ്കയിൽ ചെന്നു രാവണനോടു പഴിച്ചു പറഞ്ഞു സങ്കടമുണർത്തിക്കുന്നു:

ഗദ്യം 1.

തദനു തദാനീം ദശമുഖസോദരീ
ഖരനും ദൂഷണനും ത്രിശിരാവും
പടയൊടു കൂടെച്ചെന്നു സരോഷം
പടുതകലർന്നൊരു രാമശരാഗ്നി—
ജ്വാലാമാലയിലീയാംപാറ്റ പൊ—
രിഞ്ഞകണക്കേ വെന്തെരിയുന്നതു
കണ്ടു ഭയം പൂണ്ടിണ്ടൽ തിരണ്ടുട—
''നയ്യോ പാവം ഹാ ഹാ രാവണ!
വീര സഹോദര! തവ ഭഗിനീയം
പെരുകീടുന്നൊരു ഭാഗ്യസമേതാ
നരകീടേന വിരൂപിതയായീ;
പാലയ പാലയ നീയേ ശരണം
പാരിൽ പുകൾ[1]പെറുമിന്ദ്രനപോലും
കിമപി നിനയ്ക്കുന്നതാതൊരു കർമ്മം
ദശമുഖവീരകുടുംബദ്രോഹം
വാങ്മാത്രം പുനരതുമായല്ലോ;
കള്ളപ്രാണികൾ മാണികളേ! മതി
ചെറു പൊറുപ്പിൻ പകരം വീട്ടും
ത്രിഭുവനപെരുമാളിന്നേതന്നെ
രാക്ഷസരാജൻ ഭഗിനീമെന്നെ വി—
രൂപാം കണ്ടാലവനിഹ ചെ[2]റു
മറന്നീടാമോ കോണകമുടയും,

ഗദ്യം 1. വിരൂപിതയായ ശൂർപ്പണഖയുടെ രാവണസമീപത്തിലേക്കുള്ള യാത്രയെ ഗദ്യത്തിൽ കവി സരസമായി വർണ്ണിക്കുന്നു: തദനു—പിന്നെ. തദാനീം—അപ്പോൾ. ദശ....രി—രാവണന്റെ സഹോദരിയായ ശൂർപ്പണഖ. സരോഷം—കോപത്തോടുകൂടി. പടുത—സാമർത്ഥ്യം. മ.....യിൽ—രാമബാണങ്ങളാകുന്ന ആളുന്ന തീയിൽ. തവ ഭഗിനീയം—നിന്റെ സോദരിയായ ഈ ഞാൻ. ഭാഗ്യ..... താ—ഭാഗ്യമുള്ളവൾ. നരകീടേന—നിസ്സാരനായ മനുഷ്യനാൽ. വിരൂപിത—വികാരത്തെ പ്രാപിപ്പിക്കപ്പെട്ട ആകൃതിയോടുകൂടിയവൾ. പാലയ—(എന്നെ) രക്ഷിച്ചാലും. കിമപി—ഒട്ടും. ദശ.....ഹം—വീരനായ രാവണന്റെ കുടുംബത്തെ ഉപദ്രവിക്കുക. വാങ്മാത്രം—പേരിനെങ്കിലും. മാണികൾ—ബ്രഹ്മചാരികൾ. (ചെറുപ്പക്കാർ). ഭഗിനീം—സോദരിയായ. വിരൂപാം—വിരൂപയായി. ഇഹ—ഇവിടെ. ഉട—ഉട

1. പെട്ടമി. 2. ററ പൊറുത്തീടാ.

തെണ്ടും താവിന മാണികയും ചെയ്തൊരു
കസ്തൂതിയിതെല്ലാം നാലു ദിനത്തിന—
കത്തു ഫലം വരു, മയ്യോ പാവം
കയ്യൂക്കുള്ളാരു നാഥനിരിക്കേ
വല്ലാതേ പുനരെന്നെക്കൊണ്ടു
ചമച്ചാരല്ലോ;'' സതതമിവണ്ണം
തന്നത്താനേ താഡിച്ചധികം
മുറയും വിട്ടു ജവേന സമീരണ—
മാഗ്രത്തുടേ ലങ്കാനഗരിയി[1]—
ലയ്യോ! ശിവ ശിവ! മണ്ടുന്നേരം
മധ്യേമാഗ്രം നവനവരുധിരം
വർഷിച്ചീടും[2] കാളഘനാഘന—
മാലയിതെന്നും, ബാലാതപനിര
പൂണ്ടു നടക്കും നീലാഞ്ജനഗിരി
നൂനമിതെന്നും, പരിചൊടു ജഗതാ—
മാത്തി വളർപ്പാൻ പെരുമാറീടിന
കൃത്യയിതെന്നും, നാസികയില്ലതി—
ഘോരതതേടിന യാതനതന്നേ
പാക്കിലിതെന്നും ഭീഷണതയ്തൊരു
ഭ്രഷണമെന്നും, വൈരൂപ്യത്തിനൊ—
രാസ്പദമെന്നും, ദുഷ്കൃത്തിനു
സൂതികയെന്നും, ചെമ്മേ മുത്തമ—
ധർമ്മമിതെന്നും, മതി മതി കണ്ടതു
മണ്ടിക്കളവിൻ മാപാപികളേ,
ശൂർപ്പണഖാ കില പിഴപെടുമാന
കളിക്കും പോലേ പിമ്പേ ചെന്നു

ഞ്ഞാണു് (അരഞ്ഞാണച്ചരടു്). തെണ്ടു്—ദണ്ഡം. അതായതു ബ്രഹ്മചാരികളും സന്യാസികളും കയ്യിൽ ധരിക്കുന്ന ആശ്രമചിഹ്നമായ ഒരു വടി. ജവേന—വേഗത്തിൽ. സമീ..... ടേ—വായുമണ്ഡലം വഴി. മധ്യേമാഗ്രം—വഴിയിൽ. നവ.....രം—പുതിയ ചോര. കാള.....ല—കൊട്ടുകാർനിര. ബാലാ.....ര—ഇളംവെയിൽ. നീലാ.....രി—കറുത്ത അഞ്ജനപർവതം. ജഗതാം—ലോകങ്ങൾക്കു്. ആത്തി—പീഡ. കൃത്യ—ആഭിചാരദേവത. നാസിക—മൂക്കു്. അതിഘോരത—വളരെ ഭയങ്കരത്വം. യാതന—പിശാചു്. ഭീഷണത—ഭയങ്കരത. ഭ്രഷണം—അലങ്കാരം. വൈരൂപ്യം—വിരൂപത. ആസ്പദം—ഇരിപ്പിടം സൂതികാ—ജന്മസ്ഥാനം. മുത്തം അധർമം—ദേഹം എടുത്തതായ അധർമം. ശൂർപ്പണഖാ കില—ശൂർപ്പണഖയാണത്രേ. പിഴ പെടും—അബദ്ധം വരും. വിവി.....ഷു—ഇങ്ങനെ പലവിധം പറയുന്ന ആകാശ

1. രിയിൽ മണ്ടു. 2. ച്ചീടിന കാ.

തുടന്നാലെന്നും വിവിധാഭാഷണ—
ഗോചരഖേചരപങ്ക്തിഷു ചിലരെ—
ച്ചെകിട്ട പൊളിച്ചും, ചെവി പിടിപെട്ട
സരോഷമിഴച്ചു[1]മഴച്ചു പറഞ്ഞും,
നാസാകൂഹരത്തുടേ ചാട്ടം
ചോര കുടിച്ചു തി[2]ളച്ചു പുളച്ചും
ചിലരെ നിണംകൊണ്ടുത്തും തേച്ചും
ചിലരെപ്പെരികെ ദുവ്വാ[3] പെയ്യും
പ്രൗഢമുനീനാമാട പൊളിഞ്ഞും[4]
പെരുവഴി നീളെക്കളകളഘോഷം
തെരുതെരെ വാസ്പിച്ചുദധികടന്നു
ന്നിശാചരനഗരീഗോപുരമാർഗ്ഗേ
ചെന്നൊന്നലറിച്ചെറുതു കുലുക്കി
ത്രിദശമഹാരിപു നിശിചരപെരുമാൻ
ശൗര്യക്കട്ട ദശഗ്രീവൻതാൻ[5]
മന്ത്രികളോട്ടം തെളിവിലിരിക്കും
മണിമയരംഗാങ്കണഭൂവി ഗത്വാ
മൂക്കും മുലയും പ്രാട്ടതമാക്കി—
പ്പെരികെ രുദിത്വാ സാ രജനീചരി
രാവണനോട്ട പഴിച്ചു പറഞ്ഞാൾ:

''സംഫുല്ലാഭോഗ! വല്ലേൻ പറവതിനിഹ ഞാൻ
പെട്ട പാടി[6]ന്നിനിക്കി—
പ്പെൺചെങ്ങാതിക്കു പാർക്കും പൊഴതിലൊരുടയോർ
പാരിലില്ലെന്നു വന്നു;

സഞ്ചാരികളുടെ കൂട്ടത്തിൽ. ചെകിട്ട പൊളിച്ചും—അടിച്ചും. സരോഷം—കോപത്തോട്കൂടി. ഇഴച്ചു പറഞ്ഞും—മൂക്കില്ലാത്തതിനാൽ അക്ഷരവ്യക്തിയില്ലാതെ പറഞ്ഞും. നാസാ....ടേ—മൂക്കിന്റെ സ്ഥാനത്തു ഗ്രഹപോലെയുള്ള ദ്വാരത്തിൽകൂടി. നിണം—ചോര. ഊത്തും—കോരിയൊഴിച്ചും. ദുവ്വാ—ചീത്തവാക്കു്. പ്രൗഢമുനീനാം—മഹായോഗ്യരായ മഹർഷിമാരുടെ. കളകളഘോഷം—എരമ്പൽ. ഉദധി—സമുദ്രം. നിശാ....ഗ്ഗേ—രാക്ഷസനഗരമായ ലങ്കയുടെ ഗോപുരദ്വാരത്തിൽ. ത്രിദ....വു—ദേവവൈരി. നിശി....ൻ—രാക്ഷസരാജാവു്. മണി.... വി—വിശേഷമായ സഭാരംഗത്തിൽ. ഗത്വാ—ചെന്നിട്ടു്. പ്രാട്ടതം—തിരുമുൽക്കാഴ്ച. രുദിത്വാ—നിലവിളിച്ചിട്ടു്. സാ രജനീചരി—ആ രാക്ഷസി (ശൂർപ്പണഖ). പഴിച്ചു്—നിന്ദിച്ചു്.

പദ്യം 5. സംഫു.....ഗ—അല്ലയോ വളരെ പെരുമയുള്ളോവേ.

1. ചുഴച്ചുപ. 2. തിളച്ച പൊളിച്ചുതിമിർത്ത മദിച്ചും ചിലരെ നിണം. 3. ദുർവാ ചെയ്യും. 4. ളിച്ചും പെ. 5.ൻ തെളി. 6. ടിന്നെനിക്കപ്പെൺപെൺ ജാതിക്കു പാക്കും.

ഡംഭം കാട്ടിബ്ഭവാനോ ദശമുഖ! മണിസിം—
ഹാസനേ[1]ചേന്ന മീശ—
ക്കൊമ്പും മെല്ലെ്ത്തിരത്തി പ്രഭ്രജളനറിയു—
ന്നീലൊരോരോ വിശേഷാൻ. 5

ഉള്ളിൽ കിഞ്ചന നാണമില്ലയി! ഭവാ—
നേതാദൃശീം പശ്യ മാം
തള്ളിത്തള്ളി വരുന്ന ശോണിതധരീ—
സമ്പൂർണ്ണനാസാദരീം
കൊള്ളിക്കോ പുനരിന്നി[3] നിൻപടയുമൊ—
ട്ടൈശ്വര്യവും ശൗര്യവും
വെള്ളിക്കുന്ന പറിച്ചെട്ട്[4]ത്ത പുകഴ്ംകൊ—
ണ്ടീടും പ്രഭാവങ്ങളെ. 6

തൊട്ടിക്കൊ[5]ണ്ടാ നടേ മാറലരൊട്ട ബലവാ—
ന്മാരൊടൊപ്പോരിദാനീ—
മോട്ടപ്പെട്ട ഭവാ[6]നപ്പരിഷ പരിഭവി—
ക്കുന്നതോരായ്മമൂലം;
കെട്ട നീ കേളി നാനാവിടപിനിബിഡമാം
കാട്ടിലക്കാട്ടതീയും
കൂട്ടും ചെയ്ത താനേ വിവശതരമുറ—
ങ്ങും പെരും[7]പോഴനോടോ? 7

ദശമുഖ—രാവണ. ഭഗവാൻ—അങ്ങ്. മണി..... നേ—രത്നസിംഹാസന ത്തിൽ. വിശേഷാൻ—വിശേഷങ്ങളെ. തിരത്തി—പിരിച്ച്.

പദ്യം 6. കിഞ്ചന—അല്പംപോലും. ഏതാദൃശീം മാം പശ്യ—ഇവ്വണ്ണമു ള്ള എന്നെ നീ കണ്ടാലും. ശോണി....രീം—ചോര തള്ളിച്ചാടുന്ന മൂക്കിൻ ഗ്രഹയോടുകൂടിയ (ശൂർപ്പണഖാവിശേഷണം). കൊള്ളിക്കോ—ചൂടുവാനുള്ള താണോ? പ്രഭാവം—മേന്മ. ഇത്രത്തോളം പ്രതാപശാലിയായ നിന്റെ സോദരിയായ എനിക്ക് ഇങ്ങനെ ശത്രുക്കളിൽനിന്നു സംഭവിച്ച അപമാന ത്തിനു പ്രതികാരം ചെയ്യാൻ നിന്റെ പ്രതാപപ്രഭാവങ്ങളൊന്നും പ്രയോ ഗിക്കത്തക്കവയല്ലെങ്കിൽ പിന്നെ അതൊക്കെ ചൂടുവാനുള്ളതാണോ എന്ന് അർത്ഥം.

പദ്യം 7. അങ്ങു പണ്ടു പല ശത്രുക്കളെയും എതിർത്തുനിന്നു തൊട്ടി ക്കൊണ്ടായ് (?). ഇന്ന് അവരിങ്ങോട്ടുപദ്രവിക്കുന്നതറിയാതെ അങ്ങയുടെ വീര്യം (ഉഗ്രപ്പോര്) പൊളിഞ്ഞുപോവുകയാണ്. വലിയൊരു കാട്ടിനു തീ കൊടുത്ത് അതിനുള്ളിൽ കിടന്നുറങ്ങുന്ന പെരുമ്പാമ്പിനോടാണോ നീ പഠിച്ചിതു് (കേട്ട നീ കേളി?) എന്നു ഭാവം.

1. രനേ ചെന്ന മീ. 2. പ്ലേ നിരത്തി. 3. രിന്നു നി. 4. ട്ടത്ത പ. 5. തോട്ടിക്കൊ ണ്ടോ. 6. വ്വിനപ്പ. 7. തം പോഷനോ.

കൊണ്ടീല[1] നാമുഖനൊടമ്മനുജാൻ വിജേതും
പണ്ടെന്നുമേ വരമതിന്നു ഫലിച്ചുവല്ലോ;
ഉണ്ടോ വിചാരമൊരു വാനരനോടു[2]മിന്നി—
ക്കൊണ്ടീടുവാൻ ചില ചപേടനമേകദാ നീ. 8

ഇന്നീയല്ലോ പുരാ കൊന്നതു മമ ദയിതം
നിന്നെ ഞാനിന്നി മാരോദ്ഭി—
ന്നാ മൽകാന്തനാക്കിപ്പരിചൊടു പുണരു—
ന്നുണ്ടു പുണ്യാംബുരാശേ!
മുന്നേതന്നേ കുലസ്ത്രീകളർമുല പുണരും
ഭാഗ്യവാനിന്നു യോഗ്യം
തന്നേ തേ സോദരീസംഗമമരുതിനി മ—
ണ്ഡോദരീസങ്ഗമേതും.'' 9

അതു കേട്ടു കപിതനായിത്തീർന്ന രാവണൻ സ്വപ്രതാപം പ്രശംസിച്ചുകൊണ്ടു താൻ വേണ്ട പ്രതികാരം ചെയ്യുന്നതായി ശൂർപ്പണഖയോടു പ്രസ്താവിക്കുന്നു:

എന്നിവണ്ണമൊരുടപ്പിറന്നവളുടത്തു
ചെന്നു ചെവിയിൽ പൊറാ—
യുന്ന വാർത്ത പറയുന്നതേഷ നിശമയ്യ
കോപകലുഷേക്ഷണഃ[3]
ഒന്നുവാച രജനീചരേന്ദ്രനവളോടു
മുന്നു ഭുവനങ്ങളും
വെന്നു വീരമണിമാല മൗലിയിലണിഞ്ഞു—
ദഞ്ചിതഗഭീരിമാ. 10

പദ്യം 8. മനുജാൻ വിജേതും—മനുഷ്യരെ ജയിപ്പാൻ. നാമുഖൻ—ബ്രഹ്മാവു്. വരംകൊണ്ടീല—നീ അനുഗ്രഹം വാങ്ങിയില്ല. അതു്—വരം വാങ്ങാതിരുന്നതു്. ഏകദാ—ഒരിക്കൽ. ചപേടനം—ഉള്ളങ്കൈകൊണ്ടുള്ള അടി. ഉത്തരാർദ്ധം മേലിൽ സുഗ്രീവന്റെ അടി കൊള്ളുന്ന കഥയെ ഓർമ്മിപ്പിക്കുന്നു.

പദ്യം 9. പുരാ—പണ്ടു്. മമ ദയിതം—എന്റെ ഭർത്താവിനെ. (വിദ്യുജ്ജിഹ്വനെ). മാരോദ്ഭിന്നാ—കാമപീഡിതാ. തേ—നിനക്കു്.

പദ്യം 10. പൊറായുന്ന—പൊറുക്കാത്ത. ഏഷഃ—ഇവൻ (രാവണൻ). നിശമയ്യ—കേട്ടിട്ടു്. കോപ.....ണഃ—കോപംകൊണ്ടു കലങ്ങിയ കണ്ണുകളോടു കൂടിയവനായി. ഭുവനങ്ങളും—ലോകങ്ങളും. വീര....ല—മഹാവീരന്മാർ ചൂടുന്ന രത്നമാല. മൗലി—കിരീടം. ഉദ.....മാ—പൂജിതമായ ഗാംഭീര്യത്തോടു കൂടിയവൻ. ഏഷഃ രജ..... ൻ—ഈ രാക്ഷസരാജാവായ രാവണൻ. ഉവാച—പറഞ്ഞു.

1. ലശങ്കരനൊടമ്മ. 2. ടുമെന്നും കൊ. 3. ണം ഒ.

''പോരും പോരായ്വന്നെന്നൊട്ട പുരുഷമൃണ—
ത്തുന്ന,താർ ചെയ്തതി[1],പ്പാ—
രീരേഴികൾ കലന്നുള്ളപരിലൊരുവനി—
പ്പാപകർമ്മം ദുരാത്മാ?
നേരേ ചൊല്ലിന്നതന്നേ പകര[2]മതിനവീ—
ണ്ടീടുവാൻ ചന്ദ്രഹാസം
പോരായ[3]നല്ലിതൈരാവതകരടഭിദാ-
പാടവോന്മേഷശാലീ. 11

ദേവേന്ദ്രൻ താ[4]നിതെങ്കിൽ കഥയകഥയ പൗ-
ലോമിയെച്ചെന്നടിച്ച—
പ്പൂവാർമൽക്കൊങ്കയും നാസികയു,മരിവനൊ—
ന്നേറെയും ചെയ്വനിന്നേ;
മോഹാലിന്നമ്മൊടേറിത്തൊഴിൽ തടവിയ[5]തി—
ന്നഗ്നി താനെങ്കിലോ തത്—
സ്വാഹാദേവീപ്രസംഗം ജഗതി വടുവറു—
ത്തീടുവൻ ഗ്രുദ്ധഗ്രുദ്ധം. 12

കാലനിന്നിതു പിണച്ചതെങ്കിലോ
ശൂലമേറവനരഃസ്ഥലാന്തരേ
ബാലനെന്നൊട്ട പടയ്ക്കണഞ്ഞനാം
ചീളിപെട്ടതു മറന്നുപോയിതോ? 13

നിർൃതിയ്ക്കിതു യോഗ്യമല്ല, ചെയ്തീ—
ടരുതിന്നാമപി തൽകുലീനരല്ലോ;
വരുണോ യദി[6] വാഴുമുനയ്ക്കിദാനീ—
മിരയാക്കീടുവനേഷ നിർവിശങ്കം. 14

പദ്യം 11. പരുഷം—ശകാരം. ദുരാത്മാ—ദുഷ്ടനായ. ഐരാ..... ലീ—ഐരാവതത്തിന്റെ കന്നം പിളർക്കുവാൻ മിടുക്കു കൂട്ടുന്നതായ ചന്ദ്രഹാസം. പോരായുന്നല്ലിതു—പോരാത്തതല്ല.

പദ്യം 12. കഥയ—പറഞ്ഞാലും. പൗലോമി—ഇന്ദ്രാണി. നാസിക—മൂക്കു. തത്സ്വാ.....ഗം—അവന്റെ (അഗ്നിയുടെ) സ്വാഹാദേവിയുമായുള്ള ബന്ധത്തെ. ജഗതി—ലോകത്തിൽ. വടുവറുത്തീടുവാൻ—വരമാച്ചേക്കാം തീരെ ഇല്ലാതാക്കാം എന്നർത്ഥം. ഗ്രുദ്ധഗ്രുദ്ധം—വളരെ ഗ്രുദ്ധമായ (സ്വാഹാദേവീപ്രസംഗവിശേഷണം).

പദ്യം 13. ഉരഃ.....രേ—മാറത്തു. ചീളിപെട്ടതു—അമളിപിണഞ്ഞതു.

പദ്യം 14. തത്കുലീനർ—അവന്റെ (നിർൃതിയുടെ) കുലത്തിൽ ജനിച്ചവർ. വരുണഃ യദി—വരുണൻ ആകുന്ന എങ്കിൽ.

---

1. തിന്നിപ്പാരേഴി. 2. രമിതിന ചെയ്തീട. 3. രാതൊന്ന 4. താനതെ.
5. യതങ്ങഗ്നി. 6. യദി തം ച വാഴുമുനയ്ക്കിന്നിര.

ശിവനാണ! പരാഭവം മദീയം
പവനൻ ചെയ്യുയുമില്ല, തീർത്തു ചൊല്ലാം
ഭുവനേഷു സദാ നടന്നുകൊൾവാ—
നവനസ്സൽകനിവില്ലയാസ്സിലാമോ? 15

വാസ്സുന്ന പുഷ്പകവിമാനവരം നമുക്കി—
ങ്ങായ്സ്സൊണ്ടമൂലമിളകീടിന [1]വൈരശാലീ
സൗഖ്യം കെടുത്തതൊരു വൈശ്രവണോഽയമെങ്കിൽ
ഭൈക്ഷം പിടിക്കുമവനി[2]ന്നിയടങ്ങുമോ നാം?

ഇനിയു,മതുമിതും പറഞ്ഞു കാലം
ക്ഷണമപി നീ കളയാസ്സു ചൊല്ലു നേരേ''
അനുമുഹരിതി വാദിനം ദശാസ്യം
പുനരപി ശൂർപ്പണഖാ ജഗാദ വാചം. 17

പിന്നെയും ശൂർപ്പണഖ താൻ കണ്ട രാമ,ലക്ഷ്മണന്മാരെപ്പറ്റിയും സീതയെപ്പറ്റിയും നടന്ന സംഭവത്തെപ്പറ്റിയും രാവണനോടു വർണ്ണിച്ചു കേൾപ്പിക്കുകയും രാമലക്ഷ്മണന്മാരെ കൊന്നു സീതയെ അപഹരിച്ചുകൊണ്ടുവരണമെന്നു പറയുകയും ചെയ്യുന്നു:

''കേട്ടാലും പുനരെങ്കിൽ നീ, തവ ഗിരാ
ലോകേഷു കണ്ടാലു[3]ടൻ
കേട്ടാലും തരമായ കാന്തനെ വരി—
പ്പാൻ ഞാൻ നടക്കും വിധൗ

ഏഷഃ—ഈ ഞാൻ. നിർവിശങ്കം—സംശയം കൂടാതെ.

പദ്യം 15. മദീയം പരാഭവം—എനിക്കു വിരോധമായിട്ടുള്ളതു്. പവനൻ—വായു. ഭുവനേഷു—ലോകങ്ങളിൽ. അസ്മത് കനിവു്—എന്റെ ദയ.

പദ്യം 16. പുഷ്പ...രം—ശ്രേഷ്ഠമായ പുഷ്പകമെന്ന വിമാനം. വൈരശാലീ—വിരോധമുള്ളവൻ. വൈശ്രവണഃ അയം എങ്കിൽ—വൈശ്രവണനാണു് ഇവനെങ്കിൽ. ഭൈക്ഷം പിടിക്കും—ഭിക്ഷതെണ്ടുകയെന്ന തൊഴിലെടുക്കേണ്ടിവരും. അവന്റെ ധനാധിപത്യം ഞാൻ നശിപ്പിക്കും എന്നർത്ഥം.

പദ്യം 17. ക്ഷണം അപി—അല്പംപോലും. അനുമുഹഃ—വീണ്ടും വീണ്ടും. ഇതി വാദിനം—ഇങ്ങനെ പറയുന്ന. ദശാസ്യം—രാവണനോടു്. പുനഃ അപി—പിന്നെയും. ശൂർപ്പണഖാ വാചം ജഗാദ—ശൂർപ്പണഖ വാക്കിനെ പറഞ്ഞു.

പദ്യം 18. തവ ഗിരാ—നിന്റെ ചൊല്പടിക്കു്. ലോകേഷു—ലോകങ്ങളിൽ. തരമായ—യോജിപ്പുള്ള. ആഢ്യൗ—ശ്രേഷ്ഠന്മാരായി. ബാ

1. ന കോപശാലീ. 2. വനെന്നി. 3. ണ്ടാലുമക്കേട്ടാ.

ആഢ്യൗ ബാണധനുർദ്ധരൗ കൊടുവനേ
കണ്ടീടിനേൻ പുരുഷ
ശ്രേഷ്ഠൗ കൗചന രാമലക്ഷ്മണതയാ
ദ്വേധാ സ്ഥിതൗ മന്മഥൗ. 18

[1]ത്രൈലോക്യത്തിലൊരോതരം തരുണരെ—
ക്കണ്ടേനൊരുത്തന്നുമേ
മാലാറിപ്പതിന്നുള്ള ഭംഗി തികയെ—
ക്കണ്ടീല, കൊണ്ടീല ഞാൻ;
തൗ ലോകോത്തരകാന്തികന്ദളമിള—
ന്നേത്രോത്സവൗ കണ്ടടൻ
ചേലേന്തുന്ന നിലാവിലിന്ദുശിലപോ—
ലേ ചെററലിഞ്ഞീടിനേൻ. 19

ദൃഷ്ട്വാ തൗ തു പുമാനപി സ്പൃഹയതേ
സ്ത്രീജന്മനേ സർവ്വദാ
സൗന്ദര്യം കിയദേതദേവമനയോഃ
പശ്ചാൽ പ്രതാപം ശ്രുണു
ശക്രോ വാ കലിശീ, പുരാരി, രഥവാ
ശൂലീ, മുകുന്ദോ[2]ഽഥവാ
ചക്രീ താൻ, യുധി ജേതുമപ്യലമസൗ
ജ്യായാൻ കനീയാനിവ. 20

ണ....രൗ—അമ്പും വില്ലും ധരിച്ചവരായി. പുരു..ഷൗ—പുരുഷന്മാരിൽ വച്ച് ഉത്തമന്മാരായി. രാമലക്ഷ്മണതയാ ദ്വേധാ സ്ഥിതൗ—രാമനെന്നും ലക്ഷ്മണനെന്നും പേരിൽ രണ്ടായിരിക്കുന്നു. കൗചന മന്മഥൗ—രണ്ടു കാമദേവന്മാരെ. കൊടുവനേ—കൊടുങ്കാട്ടിൽ.

പദ്യം 19. ത്രൈലോക്യത്തിൽ—മൂന്നു ലോകത്തിലും. തരുണർ—യുവാക്കന്മാർ. ലോകോ... വൗ—ലോകത്തിൽ അസാമാന്യമായ സൗന്ദര്യപ്രസരംകൊണ്ടു കണ്ണിനുത്സവമായിരിക്കുന്നു. തൗ—അവരെ. ഇന്ദുശില—ചന്ദ്രകാന്തക്കല്ല്.

പദ്യം 20. തൗ ദൃഷ്ട്വാ—അവരെ കണ്ടാൽ. പുമാൻ അപി—പുരുഷൻപോലും. സർവദാ—എപ്പോഴും. സ്ത്രീജന്മനേ സ്പൃഹയതേ—സ്ത്രീകളായി ജനിപ്പാൻ കൊതിക്കും. സൗന്ദര്യം കിയത്—സൗന്ദര്യം എത്രമാത്രമുണ്ട്. സൗന്ദര്യത്തിനു് അവധിയില്ല എന്നർത്ഥം. ഏതത് ഏവം—ഇതു് ഇങ്ങനെയായി. പശ്ചാത്—പിന്നെ. അനയോഃ പ്രതാപം ശ്രുണു—ഇവരുടെ ശൗര്യത്തെ കേട്ടാലും. കലിശീ ശക്രഃ വാ—വജ്രായുധത്തോടുകൂടിയ ദേവേന്ദ്രനോ. അഥവാ ശൂലീ പുരാരിഃ—ശൂലത്തോടു കൂടിയ ശിവനോ. അഥവാ ചക്രീ മുകുന്ദഃ—സുദർശനചക്രത്തോടുകൂടിയ വിഷ്ണുവോ നേരിട്ടാലും. യുധി ജേതും—യുദ്ധത്തിൽ

1 ഈ പദ്യത്തിനുമുമ്പിലായി—"ദൃഷ്ട്വാ തൗ തു" ഇത്യാദി പദ്യം ചില ഗ്രന്ഥങ്ങളിൽ കാണുന്നു. 2. ന്ദോഽപി വാ.

വിണ്ണോരല്ല, മുനീന്ദ്രരല്ല, ദനുജ—
ന്മാരല്ല, യക്ഷൗഘമ—
ല്ലന്യേ കിന്നരനാഗകിംപുരുഷസി—
ദ്ധന്മാരുമല്ലാരുമേ
അന്യായം മയി ചെയ്തതൊട്ടമനക—
മ്പാശ്രുന്യചിത്തസ്സയോ—
രുന്നദ്രദ്യുതി ലക്ഷ്മണൻ, കരതലേ
പോർവാളുമാലോളയൻ. 21

മേൽകൈ പോവതുമല്ല, പാക്കിലവരോ—
ടാക്കം ഭുജാവിക്രമ—
ശ്രീകൊണ്ടെന്നതു കണ്ടു, മൊട്ടനുഭവി—
ച്ചും, ഞാനറിഞ്ഞീടിനേൻ
പോർ കോലും ഖരദൂഷണത്രിശിര[1]സോ
രാത്രിഞ്ചരാഃ സാനുഗാ
ഹാഹാ! രാഘവസായകാഗ്നിയിലെരി—
ഞ്ഞേ പോയിതെല്ലാരുമേ. 22

ധന്യാ തയോരരികിലുണ്ടിരുന്നുകൊണ്ടൽമധ്യേ
മിന്നുന്ന മിന്നലൊട്ട നേരിട്ടമങ്ഗരേഖാ
തനുമങ്ഗി കാചന വിലോചനവിഭ്രമശ്രീ—
സന്നാഹവഞ്ചിതജഗത്രയധൈര്യസാരാ. 23

ജയിക്കുവാൻ. അസൗ ജ്യായാൻ ഇവ—ഈ ജ്യേഷ്ഠനെന്നപോലെ. കനീയാൻ അപി അലം—അനുജനും മതിയാകുന്നതാണു്.

പദ്യം 21. മുനീന്ദ്രർ—മുനിശ്രേഷ്ഠർ. ദനുജന്മാർ—അസുരന്മാർ. യക്ഷൗഘം—യക്ഷന്മാരുടെ കൂട്ടം. അന്യേ—മറുള്ള. കിന്ന....ദ്ധന്മാർ—കിന്നരന്മാർ, നാഗങ്ങൾ, കിംപുരുഷന്മാർ, സിദ്ധന്മാർ എന്നിവർ. മയി—എന്നിൽ. തയോഃ—അവരിൽവെച്ചു്. അന....ത്തഃ—ഉള്ളിൽ യേയില്ലാത്തവനായി. ഉന്നദ്രദ്യുതി—അതിസുന്ദരനായ. കരതലേ—കൈയിൽ. ആലോളയൻ—ഇളക്കിക്കൊണ്ടു്. ഇവിടെ 'അനുകമ്പാശ്രുന്യ'നെന്നും 'ഉന്നദ്രദ്യുതി'യെന്നും രണ്ടു വിശേഷങ്ങളെക്കൊണ്ടു ലക്ഷ്മണനെ വിശേഷിപ്പിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ലക്ഷ്മണൻ അനുകമ്പാശ്രുന്യനായതുകൊണ്ടു ശൂർപ്പണഖയ്ക്കു പരിതാപവും, ഉന്നദ്രദ്യുതിയായതുകൊണ്ടു പ്രേമവും ഇപ്പോഴും ഉണ്ടെന്നു സ്പഷ്ടം.

പദ്യം 22. ഭുജാ....ണ്ടു—കൈയുക്കിന്റെ കൂട്ടുതൽകൊണ്ടു. സാനുഗാഃ ഖര....സഃ—അനുചരന്മാരോടുകൂടിയ ഖരദൂഷണത്രിശിരസ്സുകളായ. രാത്രിഞ്ചരാഃ—രാക്ഷസന്മാർ. രാഘ....യിൽ—രാമന്റെ അമ്പുകളാകുന്ന അഗ്നിയിൽ.

പദ്യം 23. ഇരുമ .....രേഖാ—മഴക്കാറിന്റെ ഇടയിൽപെട്ട മിന്നലിനോടൊത്ത ദേഹകാന്തിയോടു കൂടിയവളായി. വിലാ.....രാ—

1. രസാ രാ.

[1]സാ രാമണീയകനിധേരധിദേവതാ വാ
സൗന്ദര്യസാരസമുദായനികേതനം വാ
തസ്യാ മരന്ദശരദിന്ദു[2]കലാമൃണാള—
ജ്യോത്സ്നാദി കാരണമഭ്രമദനശ്ച വേധാഃ. 24

നീലസ്നിഗ്ധകചം, നവേന്ദുശകല—
ശ്രീമന്നിടാലോജ്ജ്വലം,
ദീർഘാക്ഷം, കുടിലാസിതഭ്രു, വിമല—
പ്രോൽഫുല്ലഗണ്ഡസ്ഥലം,
ആഭോഗിസ്തന, മാനതാംസ, മഭിതഃ
സ്പായന്നിതംബം [3]സഖേ
തസ്യാഃ കിം ചകിതൈകഹായനമൃഗീ—
ദൃഷ്ടേർ വപുഃ കഥ്യ[4]തേ? 25

കടാക്ഷസൗന്ദര്യസാമർത്ഥ്യംകൊണ്ട് മൂന്നുലോകത്തിലുമുള്ളവരുടെ ധൈര്യസാരം കവരുന്നവളായി. ധന്യാ—ഭാഗ്യവതിയായ. കാചന തനുഭൃംഗി—ഒരു സ്ത്രീ. തയോഃ—അവരുടെ.

പദ്യം 24. സാ—അവൾ. രാമ.... ധേഃ—സൗന്ദര്യസർവസ്വത്തിന്റെ. അധിദേവതാ വാ—പരദേവതയോ. സൗന്ദ... നം വാ—സൗന്ദര്യത്തിന്റെ സത്തെല്ലാംകൂടി അധിവസിക്കുന്ന ഒരു സ്ഥലമോ (ആണ് എന്നു ഞാൻ സംശയിക്കുന്നു). തസ്യാഃ—അവളുടെ (സൃഷ്ടിക്കു). മരന്ദ ... ദി കാരണം അഭ്രത്—പൂന്തേൻ ശരത്കാലചന്ദ്രക്കല താമരവളയം നിലാവു മുതലായവയാവണം ഉപകരണം. പഞ്ചഭൂതങ്ങളുടെ സ്ഥാനത്തു് ഇവയായിരിക്കണം എന്നർത്ഥം. വേധാഃ മദനഃ പ—ബ്രഹ്മാവു് (സൃഷ്ടികർത്താവു്) കാമദേവനും ആയിരിക്കണം.

പദ്യം 25. നീല....ചം—കറുത്തുമിനുത്ത തലമുടിയുള്ളതും. നവേ.... ലം—പുതിയ ചന്ദ്രക്കലപോലെ ഭംഗിയുള്ള നെറ്റിത്തടംകൊണ്ട് ശോഭിപ്പതും. ദീർഘാക്ഷം—നീണ്ട കണ്ണുകളുള്ളതും. കുടി....ഭ്രു—അല്പം വളഞ്ഞു കറുത്ത പുരികക്കൊടികളോടുകൂടിയതും. വിമ... ലം—നിർമ്മലവും വികസിതവും ആയ കവിൾത്തടങ്ങൾ ഉള്ളതും. ആഭോഗിസ്തനം—വളർന്നു് ഇടതിങ്ങിയ സ്തനങ്ങളോടുകൂടിയതും. ആനതാംസം—ചുമൽ താണതും. അഭിതഃ....ബം—വിസ്തീർണ്ണമായ നിതംബപ്രദേശത്തോടുകൂടിയതും ആയിരിക്കുന്ന. ചകി....ഷ്ടേഃ—പേടിച്ചുനോക്കുന്ന പേടമാൻകിടാവിനെപ്പോലെയുള്ള നോട്ടത്തോടുകൂടിയവളായ. തസ്യാഃ—അവളുടെ. വപുഃ—ശരീരത്തെ. കിം കഥ്യതേ—എങ്ങനെ വർണ്ണിക്കുന്നു.

---

1. പൂവിൽപ്പെണ്ണിനമില്ല—ഇത്യാദി പദ്യം പ്രകൃതപദ്യത്തിനു മുമ്പിലായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു. 2. ന്ദുസുധാമൃണാ. 3. ബം വിരോ ത.
4. ഈ പദ്യം കഴിഞ്ഞു്

ജംഘാം മാർഷ്ടി മുഹുഃ ശിരോരുഹരേഃ കർണ്ണാന്തനിർലംഘനാ—
ജംഘാലേ ച വിലോചനേ സ്തനഭരൗ ദോർമൂലകുലകൃഷ്ണൗ
യോഗ്യതാനപലബ്ധിനിഹ്നുതകഥോ മധ്യോ ഗ്രഹൃണാം ഗ്രഹഃ
ശ്രോണീമണ്ഡലമംഗഭംഗിമലസാപാംഗ്യാഃ കഥം ബ്രൂമഹേ.

എന്നൊരു പദ്യംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

പൂവിൽപ്പെണ്ണിനുമില്ല, താദൃശമഹോ!
ലാവണ്യമെല്ലാരുമി–
ദ്ദേവസ്ത്രീകളവയ്ക്കു താളി പിഴിവാൻ
പോലും തരംപോരുമോ?
പേർ വാച്ചീടിന വിര്യ[1]മങ്ങ് ഗജനുമോ–
നഞ്ചമ്പുമായന്തികേ
കാവൽക്കാരനസൗ തദീയ കൃപയാ
വെല്ലുന്നിതുർവീതലം. 26

നിഷ്കാരുണ്യാദങ്ങളുമ്മാണികളിരുവരുമായ്
ചെയ്തതെല്ലാം പൊറുക്കാം
കർമ്മം പോന്നീടിലോ ചെറുതിനു പകരവും
വീണ്ടുകൊള്ളാമൊരുന്നാളും;
ധമ്മില്ലംകൊണ്ടു മെല്ലെപ്പിഹിതവദന, മ–
യ്യോ തദാനീം ചിരിച്ചാ–
ളമ്മല്ലാർവേണി ചൊല്ലാ[3]മിതു മനസി പൊറാ–
യുന്നിതെല്ലായിലും മേ. 27

കയ്യൂക്കിൻ വായ്പുകൊണ്ടാകുലിതഗിരിവരോ
രാവണോ നാമ ധീമാൻ
പൊയ്യല്ലെങ്കുംക്കിതിന്നുണ്ടുരപെറുമുടയോ–
രെന്നു ഞാൻ ചൊന്ന നേരം
'കയ്യൻതാൻ വന്നെതിക്കിൽ ചെറുമനെ വിരവിൽ
പൂഴി കപ്പിപ്പ'[4]നെന്നായ്
കയ്യും കൊട്ടിച്ചിരിച്ചാനനുജനതു പൊറാ–
യു[5]ന്നിതെല്ലായിലും മേ. 28

പദ്യം 26. പൂവിൽപ്പെണ്ണ്–ശ്രീഭഗവതി. താദൃശം ലാവണ്യം–അവയ്ക്കുള്ളപോലെ സൗന്ദര്യം. അഹോ–ആശ്ചര്യം. ഉളോൻ–ഉള്ളവൻ. അംഗജൻ–കാമദേവൻ. അന്തികേ–അവളുടെ അടുക്കൽ. അസൗ–ഇവൻ (കാമദേവൻ). തദീയ കൃപയാ–അവളുടെ ദയകൊണ്ട്.

പദ്യം 27. കർമ്മം പോന്നീടിൽ–സംഗതി വന്നാൽ. ധമ്മില്ലം–തലമുടി. പിഹിതവദനം–മുഖം മറച്ച്. മേ–എനിക്ക്. പൊറായുന്നിതു–സഹിച്ചുകൂടാത്തതു്. എല്ലായിലും–എല്ലാറ്റിലും. തദാനീം–അപ്പോൾ.

പദ്യം 28. ആകൃ....രഃ–പർവതമെടുത്തു് അമ്മാനമാടിയവൻ. രാവണഃ നാമ–രാവണൻ എന്ന. ധീമാൻ–ബുദ്ധിമാൻ. ഉരപെറും–പ്രസിദ്ധനായ. കയ്യൻ–നിന്ദ്യൻ. മേ–എനിക്ക്.

1. വീരനംഗജനുളോൻ പൂവമ്പു. 2. ങ്ങളിമ്മാ. 3. ല്ലാമതു. 4. നെന്ന കൈയ്യും. 5. യുന്നതേ.

'കേവംക്കേണ്ടോതോ വിനോദാന്തരമൊരു മനുജോ
രാവണൻതൻ ഭഗിന്യാ
മുക്കും[1] വാർകൊങ്കയും[2] മൂന്നിതു നിശിചരി വാ[3]—
വിട്ട നീളെക്കരഞ്ഞാഹം
ഊക്കെല്ലാം നില്ല, നമ്മോടുടനെളിയവരോ—
ടെങ്കിലാമെന്ന മോദം
വാസ്സം നാട്ടാർ ചിരിക്കുന്നതു മനസി പൊറാ—
യ്[4]ന്നിതെല്ലായിലും മേ. 29

ഒച്ചകൊള്ളമഭിമാനിയെങ്കിൽ നീ
തച്ചുകൊന്നു തരികന്നരാധമൗ
ഇച്ചയുണ്ടു മമ തിന്മതിന്നിളം—
പച്ചമാംസ, മനയോരനാ[5]ദരം 30

കണ്ടി പെന്ന കുഴലാളെ നീ ബലാൽ
കൊണ്ടുപോന്നുകളയേണമഞ്ജസാ
ഇണ്ടൽ തീരു[6]വതുമല്ല, കണ്ണുനീർ
കണ്ടൊഴിഞ്ഞു മമ തന്വ്യാഖാംബുജേ.'' 31

രാവണൻ ശൂർപ്പണഖയെ സമാശ്വസിപ്പിച്ചിട്ടു കാമാന്ധനായി സീതയെ അപഹരിക്കണമെന്ന ഉദ്ദേശത്തോടുകൂടി മാരീചനെക്കണ്ടു സീതാരാമന്മാരുടെ മുമ്പിൽ ഒരു പൊന്മാൻകിടാവായി വിഹരിക്കണം എന്നു പറയുകയും രാമന്റെ മേന്മയറിഞ്ഞ മാരീചൻ ഭീതനായി സങ്കടപ്പെട്ടു ഹിതമുപദേശിച്ചുകൊണ്ടു രാവണനു മറുപടി നല്കുകയും ചെയ്യുന്നു.

ഉക്തെവം കേണു വീണങ്ങലറി മുറയിട്ട—
ന്നേരമേനാം വചോഭിഃ
സ്നിഗ്ധൈരാശ്വാസ്യ ചെന്നാൻ വിരവിനൊടു പുറ—
പ്പെട്ട മാരീചഗേഹേ

പദ്യം 29. വിനോ....രം—വേറെ ഒരു നേരമ്പോക്കു്. മനുജഃ—മനുഷ്യൻ. ഭഗിന്യാഃ—സോദരിയുടെ. നിശാചരി—രാക്ഷസി.

പദ്യം 30. ഒച്ചകൊള്ളം—കീർത്തിപ്പെട്ട. അഭിമാനി—മാനമുള്ളവൻ. അന്നരാധമൗ—ആ നിസ്സാരന്മാരായ മനുഷ്യരെ. അനയോഃ—ഇവരുടെ. അനാദരം—കൂസൽകൂടാതെ.

പദ്യം 31. ബലാതു്—ബലാൽക്കാരമായി. അഞ്ജസാ—വേഗത്തിൽ. മമ—എന്റെ. തന്വ്യാഖാംബുജേ—അവളുടെ മുഖത്തിൽ. കവിയുടെ വാഗ്വിലാസവും സന്ദർഭോചിതമായ സംഭാഷണരീതികളും ഈ പദ്യസമൂഹങ്ങളിൽ പ്രസ്പഷ്ടമായി പ്രകാശിക്കുന്നു.

പദ്യം 32. ഏവം ഉക്തവാ—ഇങ്ങനെ പറഞ്ഞിട്ടു്. ഏനാം—ഇവളെ. സ്നിഗ്ധൈഃ വചോഭിഃ—നല്ല വാക്കുകളെക്കൊണ്ടു്. ആശ്വാ

1. ക്കും പോർകൊ. 2. യും ചുഴ്ന്നിതു. 3. രി വന്നിട്ട. 4. യ്ന്നതെ
5. നാരതം ക. 6. തമതു.

ഭക്ത്യാ സേവിച്ചുപാന്തേ തൊഴു[1]തവനൊട്ട ചൊ—
ന്നാ''നെടോ! നീയിദാനീം
പുത്തൻപൊന്മാൻകിടാവായ് വിഹര ജനകജാ—
രാമയോരഗ്രഭാഗേ.'' 32

ഇത്ഥം നക്തഞ്ചരേന്ദ്രൻ പറയുമളവു മു—
ന്നൂറുവട്ടിക്കൊടുംതീ
ചിത്തേ വീണു ഭയംകൊണ്ടവനു വിവശനാം
താടകേയന്നകാണ്ഡേ
മെത്തും താപേന പിന്നെച്ചുടുചുടെ നെടുവീ—
പ്പിട്ടു നി[2]ന്നാനഴന്നാൻ
മധ്യേ ശ്രീരാമദോർവിക്രമവിഭവമവ—
ന്നോ നടേ സിദ്ധമല്ലോ. 33

ആത്യുഗ്രതാപമഥ രാക്ഷസരാജവാണീ—
നാരാചമേറു വിധുരശ്രുതിരന്ധ്രശാലീ
ശ്രീരാമനാമജപനിസ്സൃഷബുദ്ധിരേനം
മാരീച[3]നജ്ജലമുവാച വചോ ദശാസ്യം. 34

''അയി! രാക്ഷസസാർവഭൗമ! നിന്നോ—
ടയമുദ്യുക്തനനിഷ്ടമോതുവാൻ ഞാൻ
പ്രിയമല്ല ഹിതോപദേശമത്രേ
നയമാകുന്നതു നാഥ! മാദൃശാനാം, 35

സ്യ—സമാധാനിപ്പിച്ചിട്ട്. മാരീചഗേഹേ—മാരീചന്റെ ഗൃഹത്തിലേക്കു്. ഭക്ത്യാ—ഭക്തിയോടുകൂടി. ഉപാന്തേ—സമീപത്തിൽ. ഇദാനീം—ഇപ്പോഴേ. ജന....യോഃ—സീതാരാമന്മാരുടെ. അഗ്രഭാഗേ—മുമ്പിൽ. വിഹര—കളിക്കണം.

പദ്യം 33. ഇത്ഥം—ഇങ്ങനെ. നക്ത..ൻ—രാവണൻ. ചിത്തേ—ഉള്ളിൽ. താടകേയൻ—താടകയുടെ പുത്രൻ. അകാണ്ഡേ—പെട്ടെന്നു്. മദ്ധ്യേ—ഇടയ്ക്കു്. താപേന—ചുട്ടനീറ്റത്താൽ. ശ്രീരാ.....വം—ശ്രീരാമന്റെ കൈയുക്കു്. സിദ്ധം—അനുഭവപ്പെട്ടതു്. വിശ്വാമിത്രയാഗരക്ഷചെയ്യുമ്പോൾ രാമൻ ആഗ്നേയാസ്ത്രം പ്രയോഗിച്ചു മാരീചനെ സമുദ്രത്തിൽ പതിപ്പിച്ച വൃത്താന്തം ഓർക്കുക.

പദ്യം 34. അഥ—പിന്നെ. ആത്യുഗ്രതാപം—ഉണ്ടായ വ്യസനത്തോടുകൂടി. രാക്ഷ....പം—രാവണന്റെ വാക്കാകുന്ന എഴുത്താണിയമ്പു്. വിധുലീ—ചെവിടു തുളഞ്ഞവൻ. ശ്രീരാ....ദ്ധിഃ—ശ്രീരാമനാമം ജപിക്കുന്നതുകൊണ്ടു ശുദ്ധമായ മനസ്സോടുകൂടിയവൻ. ഏനം ദശാസ്യം—ഈ രാവണനോടു്. ഉജ്ജ്വലം വചഃ—തെളിവായ വാക്കിനെ. ഉവാച—പറഞ്ഞു.

പദ്യം 35. അയി രാക്ഷ....മ—അല്ലയോ രാക്ഷസചക്രവർത്തിയായുള്ളോവേ. അയം ഞാൻ—ഈ ഞാൻ. അനിഷ്ടം—പ്രിയമല്ലാത്തതിനെ. ഉദ്യു

---

1. ഴുമവ 2. നിന്നൊട്ടഴ. 3. ചനാത്തരമു.

നല്ലൊന്നല്ലേതുമേ നിൻ തൊഴിലിതു പരകീ—
യാംഗനാസംഗമത്തി—
ന്നല്ലീ കോപ്പിട്ടിതി, ക്കോപ്പിനു നരകമൊഴി—
ഞ്ഞൊന്നു ശേഷിപ്പതുണ്ടോ?
ചില്ലീലാസ്യങ്ങൾകൊണ്ടേ കുസുമവിശിഖശാ—
സ്ത്രത്തിനത്ഥങ്ങൾ ചൊല്ലും
നല്ലാർ വേണ്ടുംതരത്തിൽ തവ പലരുളരോ—
ത്തീടിതെന്തിന്നുവേണ്ടി? 36

പിന്നെച്ചൊല്ലാം വിശേഷി[1]ച്ചിതു തവ പരമാ—
ത്മോപദേശം, കളിച്ചി—
ട്ടെന്നപ്പാ! ജാനകീവല്ലഭനെ മറുപുറ—
ത്തങ്ങിരുത്തായ്ക നല്ല
എന്നൊക്കാണ്ടേതു ദണ്ഡിച്ചിതു പുനരവനോ—
ടേറനാൾ മുന്നമയ്യോ!
തന്നെത്താനോർത്തു വേണം പ്രബലരൊടു പിണ—
ങ്ങീടുവാൻ ദുർബലന്മാർ. 37

അ[2]ച്ചോ! നേർകൊണ്ടു നേരാ[3] രഘുവരനൊടൊരു—
ത്തന്നുമാ[4]മല്ല ചൊല്ലാം
വിശ്വാമിത്രോപദേശാൽ കുസൃതികളമവൻ
പറിലൂ മറിതെല്ലാം;
വച്ചീടിപ്രേമമുദ്രാം മനുജതരുണിയെ—
ത്തൊട്ടു, നാകാംഗനാനാം
കച്ചേലും കൊങ്ക പുല്ലിപ്പരിമളവിഭവം
പൂണ്ടു പുണ്യാധികോ നീ. 38

കതൻ—ഒരുങ്ങിയവനായിരിക്കുന്നു. നാഥ—അല്ലയോ സ്വാമിൻ. മാദൃശാനാം—എന്നെപ്പോലെയുള്ളവർക്കു് പ്രിയം—ഇഷ്ടമായിട്ടുള്ളതു്. മുഖസ്തുതി എന്നർത്ഥം. ഹിതോപദേശം—നല്ലതു പറയുക. നയം-നീതി.

പദ്യം 36. നല്ലൊന്നു്—നല്ലതു്. പര....ത്തിന്നു്—അന്യന്റെ ഭാര്യയെ പ്രാപിക്കുന്നതിനു്. ചില്ലീലാസ്യം—പുരികം ഇളക്കൽ. കുസു....നു്—കാമശാസ്ത്രത്തിനു്. നല്ലാർ—സ്ത്രീകൾ. ഉള്ളർ—ഉണ്ടല്ലോ.

പദ്യം 37. തവ—നിനക്കു്. പരമാ....ശം—സൂക്ഷ്മതത്ത്വോപദേശം. എന്നപ്പാ—വാത്സല്യസൂചകം. ജാന....നെ—രാമനെ. മറുപുറത്തു്—എതിർഭാഗത്തു് (ശത്രുതയിൽ). എന്നെക്കൊണ്ടു്—എന്നെ പിടിച്ചു്. ദണ്ഡിച്ചിതു്—കഷ്ടപ്പെടുത്തി. പ്രബലർ—ശക്തർ. ദുർബലന്മാർ—ശക്തി കുറഞ്ഞവർ.

പദ്യം 38. അത്ഭോ—ആശ്ചര്യം. വിശ്വാ.....ത—വിശ്വാമിത്രന്റെ അടുക്കൽനിന്നുള്ള പഠിപ്പുകൊണ്ടു്. കുസൃതി—വ്യാജം. അവൻപററി

1. ഷിച്ചയി. 2. അയ്യോ നേ. 3. നേരേ ര. 4. മാളല്ല.

രാമാൽ ഭയപ്പെടുകകൊണ്ടു ചെവിക്കെനിക്കോ
നാമാനി രേഫസഹിതാനി പരം പൊരുന്നാ
ശ്രീമൻ! പ്രസീദ, തവ രാവണനെന്ന പേർകൊ—
ണ്ടാമല്ല നിന്നൊടണവാനമധീരനിഞ്ഞാൻ. 39

ഇക്കാണായ മരാമരങ്ങളുമൊരോ
ശൈലാഗ്രകൂടങ്ങളും
പക്ഷിപ്രാതമമീ മൃഗങ്ങളുമമീ
ജന്തുക്കളും മറ്റുള്ളതും
രക്ഷോനാഥ! ഭവാനുമനിതഭയോ
ഞാൻ താനുമെന്നല്ലഹോ!
മ[1]ല്ലൈകൺകലകപ്പെടുന്നതഖിലം
ശ്രീരാമചന്ദ്രായതേ.'' 40

വളരെ കപടിതനായിത്തീർന്ന രാവണന്റെയും ഹിതവാദിയായ മാരീചന്റെയും വചനപ്രതിവചനങ്ങളെ വർണ്ണിക്കുന്നു:

ചാപല്യഭാജമിതി വാദിനമേനമപ്പോഴം
പാപീയസാം പരിവൃഢോ രജനീചരാണം

ലൂഢരിതു്—അവന്റെ അടക്കൽ പാടാത്തതായി. മനുജതരുണി—മനുഷ്യസ്ത്രീ. ഇഃപ്രമമുദ്രാം—ഈ അനുരാഗോദയത്തെ. വച്ചീടു്—മതിയാക്കുക. നാകാംഗനാനാം—സ്വർഗ്ഗസ്ത്രീകളുടെ. പരിമളവിഭവം—സുഗന്ധധോരണി. നീ പുണ്യാധികഃ—വളരെ സുകൃതമുള്ളവനാണല്ലോ.

പദ്യം 39. രാമാതു്—രാമങ്കൽനിന്നു്. രേഫസഹിതാനി നാമാനി—രേഫത്തോടു കൂടിയ പേരുകളം. പൊരുന്നാ—ഇണങ്ങുന്നതല്ല. 'ര' എന്ന കേളംക്കുമ്പോഴം 'രാമൻ' എന്നോർത്തു സഹിക്കുവാൻ പാടില്ലാത്ത ഭയം ഉണ്ടാകുന്നു എന്നർത്ഥം. ശ്രീമൻ—അല്ലയോ മഹാത്മാവേ. പ്രസീദ—അങ്ങു പ്രസാദിക്കണേ. തവ——നിന്റെ. രാവ.....ണ്ടു്—രാമശബ്ദത്തിന്റെയും രാവണശബ്ദത്തിന്റെയും ആദ്യവർണ്ണങ്ങളം ഒന്നാകകൊണ്ടു് എന്നർത്ഥം. അധീരൻ—ധൈര്യമില്ലാത്തവനായ ഈ ഞാൻ. ആമല്ല—ശക്തനല്ല.

പദ്യം 40. ശൈലാ....ളും—പർവ്വതവും പാറക്കെട്ടുമടികളും. പക്ഷിപ്രാതവും—പക്ഷിക്കൂട്ടങ്ങളും. അമീ ജന്തുക്കളം—ഈ ജന്തുക്കളും. അനവിതഭയഃ—പേടിയോടു കൂടിയവനായ. മൽക്കൈകൺകൾ അകപ്പെടുന്നതു്—എന്റെ കൈയിലും കണ്ണിലും എത്തുന്നതു്. അഖിലം—എല്ലാ വസ്തുക്കളും. ശ്രീരാമചന്ദ്രായതേ—ശ്രീരാമനായിട്ടു തോന്നുന്നു. രാമനിൽ സ്ഥിരമായ ഭയമുണ്ടായതുകൊണ്ടു സകലജഗത്തും അയാളുടെ ശ്രീരാമചന്ദ്രമയമായിത്തോന്നി. മനോവൃത്തി ഭഗവദ്വിഷയത്തിൽ വ്യാപരിക്കുന്നതു ഭയനിമിത്തമായാലും സാരൂപ്യത്തിൽ പര്യവസാനിക്കുന്നു.

പദ്യം 41. ഇതി വാദിനം—ഇങ്ങനെ പറയുന്നവനായ. ചാപ.....ജം—ഭയചപലനായ. ഏനം—ഇവനോടു്. പാപീയസാം രജനീ

1. മൽക്കണ്ണിലകപ്പെ.

കോപം കലന്നിടചുവന്ന മറിഞ്ഞ നേത്ര—
വ്യാപാരവേപിതചരാചരമേവമൂചേ: 41

''എന്നേ ഭോഷാ! മനുഷ്യപ്പുഴവിനെ നിതരാം
പേടിയുണ്ടോ ഭവാനൊ—
ട്ടിന്നീ ശൗര്യം നടിച്ചീടിന നിശിചരവം—
ശത്തില[1]ല്ലേ പിറന്നു?
വിണ്ണോർനാഥൻ തൊഴും നമ്മെയുമഴകിതു നീ[2]
പിന്നെ നിന്നെക്കണക്കെ—
ത്തന്നേ കല്പിച്ചു ജല്പി[3]ച്ചതു ജളജനമൂ—
ദ്ധാദിഷ്ടിക്കേതാ/സി പാർമേൽ. 42

ത്രൈലോക്യേ സൗരഭംകൊണ്ടരപെരുകിന പീ—
നാപദാനക്കലമ്പൻ—
മാലാജാലങ്ങളം തുക്കും നിശിചരപെരുമാളം
ഞാനിരിക്കേ വിശങ്കം
നീ ലാളിക്കുന്നതെന്തങ്ങൊരു മനുജശിശ്രും
വാനരത്തിൻ കിശോരം—
പോലേ പേടിച്ചു രാഷ്ട്രാദപി പിഴകി വനാ—
ന്തത്തെ വന്നാശ്രയന്തം.'' 43

''പേടിച്ചിട്ടല്ല പോന്നു മനുജപരിവൃ[4]ഢോ
നാട്ടിൽനിന്നാരുമന്യേ
പീഡിച്ചിട്ടല്ല, വേണ്ടീ പുനരിതു മഹതാ—
മാജ്ഞയാ തദ് ഗുരുണാം

ചരാണാം പരിവൃഢഃ—മഹാപാപികളായ രാക്ഷസന്മാരുടെ രാജാവു്. കോപം കലന്നു് ഇട ചുവന്ന മറിഞ്ഞ നേത്ര....രം—കോപംകൊണ്ടു് ഇട ചുവന്നു് തുറിച്ചു മിഴിച്ച കണ്ണുകളുടെ പ്രവൃത്തികൊണ്ടു സർവചരാചരങ്ങളേയും ഭയപ്പെടുത്തുമാറു്. ഏവം ഊചേ—ഇപ്രകാരം പറഞ്ഞു.

പദ്യം 42. നിതരാം—വളരെ. നിശി.....ശം—രാക്ഷസകുലം. ജല്പിച്ചതു്—പുലമ്പിയതു്. അഴകിതു്—നന്നായി. ഒട്ടും നന്നായില്ല എന്നർത്ഥം. ജള.....കതഃ അസി—വിഡ്ഢികളുടെ അഗ്രഗണ്യനാകുന്നു.

പദ്യം 43. ത്രൈലോക്യേ—മൂന്നു ലോകത്തിലും. സൗരഭം—പരിമളം. പീനാ.... ....ങ്ങളം—വലിയ അത്ഭുതപ്രവൃത്തികളുടെ ചരിത്രങ്ങളാകുന്ന പൂമാലകളം. നിശി.....ം—രാക്ഷസരാജാവു്. വിശങ്കം—സംശയം കൂടാതെ. വാന.....രം—കുട്ടിക്കുരങ്ങൻ. രാഷ്ട്രാത് അപി—രാജ്യത്തിൽ നിന്നുകൂടി. പിഴകി—വിട്ടുപോന്നു്. വനാന്തത്തെ—വനമധ്യത്തെ. ആശ്രയന്തം—ശരണം പ്രാപിച്ചവനായ. മനുജശിശ്രും—മനുഷ്യച്ചെക്കനെ. നീ ലാളിക്കുന്നതെന്തു്?

പദ്യം 44. മനു....ഢഃ—രാജാവായ രാമൻ. അന്യേ—മറ്റുള്ളവർ

1. ലപ്പോപി. 2. നീയിന്നു നി. 3. പ്പിച്ചിതു. 4. വൃഢം നാട്ടിലിന്നാ.

കൂടെപ്പോന്നാൻ വിനീത്യാ ഭരതനനുസരൻ
പാദുകാമേതദീയാം
മേടിച്ചുംകൊണ്ടു വന്ദിച്ചവനമുപഗതോ
വിശ്വയോഗ്യാമയോദ്ധ്യാം.'' 44

''രണ്ടു ഭോഷരിവർ വീണി[1]തഗ്രജൻ
പിണ്ഡമക്കുല[2] തൊട്ടം ദശാന്തരേ
തെണ്ടി വന്ന നിജരാജ്യലക്ഷ്മിയെ—
ക്കൊണ്ടു വിറ്റവനുമെത്ര നന്നെടോ.'' 45

''മൈവം വാദീർമഹാനൈരൃത[3]വര! പരിഹാ—
സ്യത്വമില്ലൊന്നുകൊണ്ടും
ദേവന്നക്കോസലേന്ദ്രന്നഖിലസുമനസാം
നേത്രപീയൂഷഭോനോഃ;
താവീടും ദൈത്യദോർവിക്രമദവദഹന—
ച്ചൂടൊഴിച്ചാദരിക്കും
ദേവേന്ദ്രാദർദ്ധസിംഹാസനമപി പിടിപെ—
ട്ടൊന്ന വംശം തദീയം.'' 46

മഹതാം തദ്ഗുരുണാം ആജ്ഞയാ—മഹാത്മാവായ അദ്ദേഹത്തിന്റെ അച്ഛന്റെ കല്പനനിമിത്തമായിട്ട്. വേണ്ടീ—വേണ്ടിവന്നു. വിനീത്യാ—വിനയത്തോടുകൂടി. അനുസരൻ—അനുഗതനായിട്ട്. ഏതദീയാം പാദുകാം—ഇദ്ദേഹത്തിന്റെ മെതിയടിയെ. അവനും—ഭരതനും. വിശ്വയോഗ്യാം—ലോകത്തിൽവെച്ചു വിശേഷമായ. അയോദ്ധ്യാം ഉപഗതഃ—അയോദ്ധ്യയെ പ്രാപിച്ചു.

പദ്യം 45. രണ്ടു ഭോഷരിവർ—ഇവർ രണ്ടുപേരും കൊള്ളരുതാത്തവർതന്നെ: പിണ്ഡം—അവരിൽവെച്ചു നിസ്സാരനായ. അഗ്രജൻ—ജ്യേഷ്ഠൻ. കുല തൊട്ടം ദശാന്തരേ വീണിതു—ഫലം കൈയിൽ കിട്ടാറായപ്പോഴേ വീണുപോയി. തെണ്ടിവന്ന നിജ....യെ—ഇങ്ങോട്ട് അന്വേഷിച്ചുവന്ന രാജ്യശ്രീയെ. കൊണ്ടുപോയി വിറ്റവൻ—(അർത്ഥത്തു ഭരതൻ).

പദ്യം 46. മഹാ ...ര—അല്ലയോ രാക്ഷസരാജാവേ. ഏവം മാവാദീഃ—ഇങ്ങനെ പറയരുതു". അഖി....സാം—സകലസജ്ജനങ്ങൾക്കും. നേത്ര ....നോഃ—കണ്ണുകൾക്കു ചന്ദ്രനായ. ദേവന്നു അക്കോസലേന്ദ്രന്നു—കോസലരാജാവായ രാമനു. താവീടും—വർദ്ധിച്ച. ദൈത്യ....ടു—അസുരന്മാരുടെ കൈയുക്കാകുന്ന കാട്ടുതീയിന്റെ ചൂടു. ഒഴിച്ചു—തീർത്തു. ആദരിക്കും—ബഹുമാനിക്കുന്ന. ദേവേന്ദ്രാത്—ദേവേന്ദ്രനിൽനിന്നു. അർദ്ധ....നം അപി—സിംഹാസനത്തിന്റെ പകുതി ഭാഗത്തെങ്കിലുടി. പിടിപെട്ടൊന്നു—വാങ്ങിയതു. തദീയം വംശം—അദ്ദേഹത്തിന്റെ കുലം. ആ ശ്രീരാമന്റെ വംശത്തിലുണ്ടായിട്ടുള്ള പല പൂർവ്വരാജാക്കന്മാരും ദേവാസുരയുദ്ധത്തിൽ ഇന്ദ്രനു സഹായിച്ചിട്ടുള്ളതിനാൽ ഇന്ദ്രൻ അവർക്കു അർദ്ധാസനം കൊടുക്കാറുണ്ടെന്നത്രം.

1. വീണിത. 2. ലകൊടും. 3. ത തവ പരി.

''രേ രേ മാരീച? വൈരാകരഗ്രണനിവഹ–
സ്സോത്രുപാരീണ! പുത്തൻ
നാരാചംകൊണ്ടു നിന്മാതരമറുകലയായ്
കൊന്നതോ തത്പ്രഭാവം?
ഭീരുശ്രേഷ്ഠാ![1] ഭവാനെക്കഹചന ഗ്രഹയിൽ
പുക്കൊളിപ്പിച്ചതോ മ–
റ്റാരബ്ധം മാനവങ്കൽ കഥമിവ[2] ബഹുമാ–
നോദയം മാനസേ തേ?'' 47

''ഞാനോ ഭീതൻ മദീയാ ജനനിയുമബലാ
സത്യ,മസ്യാപദാന–
ശ്രേണീം കേഴപ്പീലയോ മറ്റിനിയ ഭഗിനിയെ–
പ്പേമുഖം വച്ചതാർ പോൽ!
ഞാനേയല്ലേ തദീയം[3] പ്രബലത ഖരനും
ചെറു[4]മുന്നാളിലിപ്പാർ–
മാനീ നന്നായറിഞ്ഞാൻ; ബഹുമതി വരുമെ–
ത്തും വിധൗ വല്ലവന്നും.'' 48

പദ്യം 47. വൈരാ....ണ–ശത്രുവിന്റെ ഗുണഗണങ്ങളെ പ്രശംസിക്കുന്നതിനു സമർത്ഥനായുള്ളോവേ. രേ രേ മാരീച–അല്ലയോ ഹേ മാരീച, പുത്ത....ണ്ടു–പുതിയ അമ്പുകൊണ്ടു. നിൻ മാതരം–നിന്റെ അമ്മയെ (താടകയെ). തത്പ്രഭാവം–അവന്റെ (രാമന്റെ) മഹത്ത്വം. കഹചനഗ്രഹയിൽ–എവിടെയോ ഒരു ഗുഹയിൽ. മാനവങ്കൽ–മനുഷ്യനിൽ. കഥം ഇവ–എങ്ങനെ. തേ–നിന്റെ. മാനസേ–മനസ്സിൽ. ബഹു.....യം ആരബ്ധം–ബഹുമാനത്തിന്റെ ഉദ്ഭവം ഉണ്ടായതു്.

പദ്യം 48 ഭീതൻ–ഭയപ്പെട്ടവൻ. മദീയാ ജനനിയും അബലാ–എന്റെ അമ്മയും അശക്തയായ ഒരു സ്ത്രീയാകുന്നു. സത്യം–അതു പരമാർത്ഥംതന്നെ. അസ്യ–ഇവന്റെ. മറ്റു്–വേറെയുള്ള. അപ....ണിം–ശൗര്യകർമ്മങ്ങളെ. ഇനിയ ഭഗിനിയെ–സ്നേഹമുള്ള സോദരിയെ. പേമുഖം വെച്ചതു്–കാര്യം മുക്കും മുറിച്ചു മുഖത്തിനു വൈരൂപ്യം വരുത്തിയതു്. തദീയം പ്രബലത–അവന്റെ ശക്തി. ഞാനേയല്ല–ഞാൻ മാത്രമല്ല. ഇപ്പാർമാനീ–ഈ ഭൂമിയിൽവെച്ചു മാനിയായ. മുൻനാളിൽ–ഇക്കഴിഞ്ഞ ദിവസത്തിൽ. ചെറു്–കുറച്ചു്. എത്തും വിധൗ–അനുഭവം വരുമ്പോഴേ. വല്ലവന്നും–ഏതൊരുവന്നും. ബഹുമതി വരും–ബഹുമാനമുണ്ടാകും. അവനവനു് അറിയാനിടവരുമ്പോഴേ എല്ലാവർക്കും ബഹുമാനമുണ്ടാകുമെന്നു സാമാന്യം പറഞ്ഞതുകൊണ്ടു് ഏറെത്താമസം കൂടാതെ അങ്ങയ്ക്കും അനുഭവം വരികയും അപ്പോഴേ ബഹുമാനമുണ്ടാവുകയും ചെയ്യുമെന്നുള്ള വിശേഷം സിദ്ധിക്കുന്നു.

---

1 ശ്രേഷ്ഠം ഉ. 2 മിഹ ബ. 3 യപ്ര. 4 റു മുന്നാളിലിപ്പോഴേ മാനീ.

''ഇല്ലേതുമേ വിപുലശൗര്യനിധാ[1]വമുഷ്മിൻ
പുല്ലോളവും ബഹുമതിർമമ മത്ത്യപോതേ;
ഉല്ലോലബാലഹരിണംപ്രതി പാക്കിലുണ്ടോ
ചെല്ല മൃഗേന്ദ്രനകമേ ബഹുമാനലേശം.'' 49

''ഇപ്പോഴം ചൊല്ലുന്നതു[2]ണ്ടപ്രിയമപി ഹിത, മാ—
കർണ്ണ്യതാം സേവ കൈക്കൊ—
ണ്ടപ്പെങ്കിൽ സ്വല്പ[3]മെന്നുള്ളടവുകം പറയു—
ന്നോരു മാരീചനോ ഞാൻ
[4]ദുപ്യൻ നീ സിംഹമെങ്കിൽ[5] പെരുകിന നരസിം—
ഹോ രഘുശ്രേഷ്ഠനുണ്ടോ
കെല്പുണ്ടായ[ു]വ[6]ന്നതന്യന്നവനമയിതുമ—
ക്കാർമുകം ചന്ദ്രമൗലേഃ.'' 50

''കൊണ്ടാട്ടം [7]നന്നുറംക്കത്തിന കുലചില പൊ—
ട്ടിച്ചതുഴക്കൊണ്ടകാണ്ഡേ
പണ്ടെങ്ങാനും പുരധ്വംസനകരകമല--
സ[ു]പുഷ്പമെന്നിട്ട താനും
കണ്ടേ കാളാധിരുഢം കുലഗിരിയുമെട്ട—
ത്തമ്പിലമ്മാന[8]മാടി—
ക്കൊണ്ടേൻ ഞാൻ മുന്നമെന്നുള്ളതു തവ കഴക—
ത്തില്ലതിശ്ലാഘനീയം?'' 51

പദ്യം 49. വിപു.....ധൗ—വളരെ ശൗര്യമുള്ളവനാണെങ്കിലും. മത്ത്യപോതേ—മനുഷ്യക്കുട്ടിയായ. അമുഷ്മിൻ—ഇവനിൽ. ബഹുമതിഃ—ബഹുമാനം. ഉല്ലോ....ണംപ്രതി—തുള്ളിച്ചാടി നടക്കുന്ന മാൻകിടാവിനെപ്പറ്റി. മൃഗേന്ദ്രനു[ു]—സിംഹത്തിനു[ു]. അകമേ—ഉള്ളിൽ. ബഹു....ശം—അല്പംപോലും ബഹുമാനം ഉണ്ടോ?

പദ്യം 50 അപ്രിയം അപി—അപ്രിയമാണെങ്കിലും. ഹിതം—നല്ലതിനെ. ആകർണ്ണ്യതാം—കേട്ടാലും. സേവ കൈക്കൊണ്ടു[ു]—സേവയുള്ളവേണ്ടി. ഉപ്പെങ്കിൽ സ്വല്പം—തനിക്കു[ു] ഇഷ്ടമില്ലാത്തതാണെങ്കിലും സ്വാമിയുടെ സേവയുള്ളവേണ്ടി അല്പം ആവാമെന്നു[ു] അടവുകം പറയുന്ന ഒരുത്തനല്ല ഈ മാരീചൻ എന്നത്രേ. ദുപ്യൻ നീ—ഗവ്വിഷ്ഠനായ നീ. പെരുകിന നരസിംഹം—വലിയ നരസിംഹം ആകുന്ന. ചന്ദ്രമൗലേഃ—ശിവന്റെ. അക്കാർമുകം—പ്രസിദ്ധമായ ആ വില്ലിനെ. അവനമയിതും—വളയ്ക്കുവാൻ. അന്യനു[ു]—മറെറാരാൾക്കു[ു].

പദ്യം 51 കൊണ്ടാട്ടം നന്നു[ു]—നിന്റെ രാമനെക്കുറിച്ചുള്ള പ്രശംസകൊള്ളാം. വിപരീതലക്ഷണയാ അതു സാരമില്ലെന്നു പറയുന്നു. അകാണ്ഡേ—അനവസരത്തിൽ. ഉറംക്കത്തിന—പഴക്കംകൊണ്ടു കുത്തുപിടിച്ചുകിടന്ന. കുലചില—വില്ലു[ു]. പൊട്ടിച്ചതു[ു] ഉഴക്കൊണ്ടു[ു]—മുറിച്ചതു വി

1. നിധേരപു. 2. തുണ്ടെന്നമിതമുടനാക. 3. ല[ു]പനെന്നുള്ള. 4. ദുപ്പൻ. 5. പെരികി. 6. യന്നിതന്യ. 7. നന്നുറക്കത്തിന. 8. നയാ

''രക്ഷോവംശപ്രദീപ! പ്രതിനവമയി നിൻ
വിക്രമം വാഴ്ത്തുവൻ ഞാൻ;
പക്ഷേ നേർകൊണ്ടു നേരേ വിപിനഭുവി ചതി-
ച്ചെന്നിയേ ചെന്നിടാനീം
ഉഗ്രാത്മാ രാമസൗമിത്രികളെ രണമുഖേ
വെന്നു സീതാം ബലാൽ നീ
കയ്യൊള്ളന്നാകി,ലല്ലാ[1]രടവുകളിലട-
ക്കം പ്രധാനം വിചാരേ.'' 52

''മേവാരിൽ പക്ഷപാതം തവ പെരികെ മുഴ-
ത്തൊന്നു, തന്നാമമല്ലോ
തേവാരിക്കുന്നതും [2]നീ നിശിചരകുലപൂ-
ണ്ടുന്നുതന്നംക്കളങ്കം
ഏവം നിന്നി[3]ന്നുമൊപ്പം പറകിലടയമെ-
ന്നാണ! ഞാൻ വാഴ്മുനയ്ക്കൽ
തേവാരിപ്പി[4]പ്പനാസ്ഥാം തൊഴിലിതു വചനം
കേൾക്ക നല്ല മദീയം.'' 53

ചാരിച്ച് ഉള്ള കൊണ്ടോട്ടം നന്ന് എന്ന് അന്വയം. ആ വില്ലിനെ ശിവന്റെ വില്ലെന്ന പറയുന്നതു ശരിയല്ല. എന്തെന്നാൽ, പണ്ടൊങ്ങോനും-വളരെ പുരാതനകാലത്തെപ്പോഴോ ഒരിക്കൽ. പുര ...ഷം-ശിവന്റെ തൃക്കൈകൊണ്ടു സ്പർശിക്കപ്പെട്ടതു്. എന്നിട്ട്-എന്ന വിചാരിച്ചിട്ട്. അതുമാത്രമല്ലാതെ ത്രിപുരദഹനത്തിൽ ഈ വില്ലെടുത്തു ശിവൻ യുദ്ധംചെയ്തിട്ടില്ലെന്നാണ് ഭാവം. കണ്ണേ....ഡഃ-ശിവൻ വസിക്കുന്ന. കൈലഗിരിയും-കൈലാസപർവതത്തെത്തന്നെ. എന്നുള്ളതു്-എന്നുള്ള കഥ. തവ-നിന്റെ. കഴകത്തു്-കളരിയിൽ (അറിവിൽ) ഇല്ല. അതി....യം-(അതു്)ഏറെ വാഴ്ത്തത്തക്കതു്.

പദ്യം 52. രക്ഷോ....പ-അല്ലയോ രാക്ഷസരാജാവേ. പ്രതിനവം വിക്രമം-പുതിയ പരാക്രമത്തെ. വിപിനഭുവി-വനത്തിൽ. ഉഗ്രാത്മാ-ക്രൂരനായ. രാമ....ളെ-രാമലക്ഷ്മണന്മാരെ. രണമുഖേ-യുദ്ധത്തിൽ സീതാം-സീതയെ. ബലാത്-ബലത്താലേ. അല്ലാതെ-അല്ലെങ്കിൽ. വിചാരേ-ആലോചിക്കുമ്പോഴും. അടവുകളിൽ-അഭ്യാസങ്ങളിൽവച്ച്. അടക്കം പ്രധാനം ആകുന്നു. തനിക്കു കഴിയാത്ത കാര്യത്തിനു ചാടിപ്പുറപ്പെട്ടു് അബദ്ധമാകുന്നതിൽ നല്ലതു് കണ്ടില്ല കേട്ടില്ല എന്നു നടിച്ച് അടങ്ങിയിരിക്കുന്നതാണു് എന്നർത്ഥം.

പദ്യം 53. തവ-നിന്റെ. മേവാരിൽ-ശത്രുക്കളുടെ നേരെയുള്ള. പക്ഷപാതം-ആനുകൂല്യം. നിശി....കം-രാക്ഷസവംശമാകുന്ന പൂണ്ണു ചന്ദ്രന്റെ ഉള്ളിലുള്ള കളങ്കമായ. തേവാരിക്കുന്നതും-ജപിക്കുന്നതും. തന്നാമം-അവന്റെ (ശത്രുവായ രാമന്റെ) പേർ ആകുന്നുവല്ലോ. ഏവം-ഇങ്ങനെ. ഇന്നും-ഇനിയും. തേവാരിപ്പിപ്പൻ-തേവാരം ചെയ്യി

1. ലല്ലംതടവിലുടനടക്കം. 2. നതിന്നീ നിശി. 3. നിന്നിനുമേറെപ്പറകി. 4. പ്പിപ്പെനാ.

''രണ്ടു ജാതിയുമണഞ്ഞിതെന്മരണമെങ്കി[1]—
ലസ്സു ശുഭമാകയാ—
ലുണ്ട ചോരനിനുപകാര,മെന്നുടൽ ജുഹോമി
രാമശരപാവകേ
ഉണ്ടുട്ടത്തെഴനെളുത്തു വീര! യമരാജ—
ധാനിയിൽ നിനക്കസൗ
മണ്ടിവന്നിത[2]പൊലിച്ചെതിർപ്പതിനു മുമ്പിലേ
ബത! ഗതോഽസ്മി ഞാൻ.'' 54

ഗത്യന്തരമില്ലാതെ മാരീചൻ മായയാൽ പൊന്മാൻകിടാവായി രൂപമെടുത്തു കാട്ടിൽ സഞ്ചരിച്ചു തുടങ്ങുകയും രാവണൻ ആകാശമാർഗ്ഗത്തിലൂടെ അതിനെ പിന്തുടരുകയും ചെയ്യുന്നു:

വാ പേ[3]ചിത്തോറു കോപാൽ നിജഗളഭുവി വാഹം
വച്ച[4]രാത്രിഞ്ചരേന്ദ്ര—
ക്ഷോഭം മാററി പ്രകാമം മനസി നവഘന—
ശ്യാമ[5]മാനമ്യ രാമം
ശോഭാസൗഭാഗ്യമേന്തും കനകഹരിണമായ്
മായയാ താടകേയൻ
പ്രാപാരണ്യം തദാനീം നിഖിലഭുവനവി—
സ്മാപകാഭോഗശാലീ. 55

ച്ചേക്കാം. തേവാരം എന്നതു ദേവകാര്യം എന്ന സംസ്കൃതത്തിന്റെ തദ്ഭവം. ആസ്താം—നിൽക്കട്ടെ (മതിയാക്കുക). മദീയം വചനം—എന്റെ വാക്കിനെ. കേൾക്ക നല്ല—കേൾക്കുന്നതാണു നിനക്കു നല്ലതു്.

പദ്യം 54. രണ്ടു ജാതിയും—രണ്ടു പ്രകാരത്തിലായാലും. എന്മരണം അണഞ്ഞിതു—എന്റെ മരണം അടുത്തു. രാവണൻ പറഞ്ഞതു കേൾക്കാഞ്ഞാൽ അയാളുടെ കൈകൊണ്ടു്, രാമനു വിരോധം ചെയ്താൽ രാമന്റെ കൈകൊണ്ടു് എന്നമാത്രമേ ഭേദമുള്ളു എന്നർത്ഥം. എങ്കിൽ ശുഭം അസ്തു—എന്നാൽ നല്ലതു വരട്ടേ. എന്നു—എന്നു നിശ്ചയിച്ചു്. രാമ.....കേ—രാമബാണമാകുന്ന അഗ്നിയിൽ. ഉടൽ ജുഹോമി—ഞാൻ ദേഹത്തെ ഹോമിക്കുന്നുണ്ടു്. അസൗ ഞാൻ—ഈ ഞാൻ. മണ്ടിവന്നു പൊലിച്ചെതിർപ്പതിനു—ഓടിവന്നു കാര്യവെച്ചു് എതിരേൽക്കുന്നതിനു്. ഇതാ മുമ്പിലേ ഗതഃ അസ്മി—ഇതാ മുമ്പേതന്നെ പുറപ്പെട്ടുപോകുന്നു. എന്റെ മഹാരാജാവിനെ എതിരേല്പുന്നതു് എനിക്കു സന്തോഷമാണെന്നർത്ഥം.

പദ്യം 55. താടകേയൻ—താടകാപുത്രനായ മാരീചൻ. വാ പേചിത്തോറു—വാഗ്വാദം ചെയ്ത തോറും. നിജ.....വി—തന്റെ കഴുത്തിൽ. വാഹം വച്ച രാത്രി.....ഭം മാററി—തന്റെ കഴുത്തു വെട്ടുവാൻ ഭാവിച്ച രാവണന്റെ കോപം ശമിപ്പിച്ചു്. പ്രകാമം—യഥേഷ്ടം. നവ ..... മം—കാർമേഘത്തെപ്പോലെ നീലവർണ്ണനായ. രാമം മാനസി ആനമ്യ—രാമനെ ഉള്ളിൽ ധ്യാനിച്ചു വന്ദിച്ചു്. മായയാ—മായകൊണ്ടു്. ശോഭാ

1. കിലും തവ കരോമി ഞാനണ്ട ചോ. 2. വന്നിഹ. 3. പേശിത്തോററ കോ. 4. ച്ച നക്തഞ്ചരേ. 5. മാലോക്യ രാ·

സ്വാച്ഛന്ദ്യം പൂണ്ട ദൂർവാദളമതി മൃദുലം
മന്ദമന്ദം മുകർന്നും
പോയ് ചെന്നീടുന്നതും നിന്നഗതി മഴറി നോ—
ക്കുന്നതും മുശ്ചലീലം
വാച്ചീടും വേഗമോടുന്നതുമുപരി കുതി—
ക്കുന്നതും കണ്ടുകണ്ട—
ങ്ങാശ്ചര്യ[1]പ്പെട്ട പിമ്പേ ദശമുഖനുമസൗ
വ്യോമവീഥീം [2]ജഗാഹേ. 56

കളിച്ചു വരുന്ന മാനിനെക്കണ്ടു കൗതുകം പൂണ്ടുപളായ സീത അതിനെ വണ്ണിച്ചു കേഴപ്പിച്ചു പിടിച്ചുകൊണ്ടുവരണമെന്നു രാമനോടു് ആവശ്യപ്പെടുന്നു:

അക്കാലന്തഗ്രഭാഗേ നവകനകരജോ—
രാശി ചൂഴെ[3]ദ്ധരിത്രീ—
ചക്രേ പെയ്യുങ്ങുമിങ്ങു മഴറി മഴറി നോ—
ക്കിക്കളിച്ചാകുലാംഗം
ഉൽക്കാമ്പിൽ കൗതുകാർദ്രാ കമപി ഹരിണമാ—
യാന്തമാലോക്യ മായാ—
പ്രക്ഷോഭാൽ മാഞ്ഞ നീഥിപ്രസരമഥ വിദേ—
ഹാത്മജാ രാമമൂചേ. 57

....ഗ്യം ഏറ്റും കന....യ്—നല്ല നിറപ്പകിട്ടും അഴകുമുള്ള ഒരു പൊന്മാനായിട്ടു്. നിഖി.....ലീ—സകലലോകത്തെയും വിസ്മയിപ്പിക്കുന്ന ആകാരഭംഗിയോടുകൂടിയവനായി. തദാനീം—അപ്പോൾത്തന്നെ. അരണ്യം പ്രാപ—രാമന്റെ ആശ്രമസമീപത്തിലുള്ള വനത്തിൽ ചെന്നുചേർന്നു.

പദ്യം 56. സ്വാച്ഛന്ദ്യം പൂണ്ടു്—തന്റെ ഇഷ്ടംപോലെ. അതി മൃദുലം ദൂർവാദളം മന്ദമന്ദം—വളരെ മാർദ്ദവമുള്ള കറുകക്കൂമ്പിനെ പതുക്കെപ്പതുക്കെ. പോയ് ചെന്നീടുന്നതും—സഞ്ചരിക്കുന്നതും. അഗതി—ആരും തുണയില്ലാതെ. മുശ്ചലീലം—അഴകിൽ. മഴറി നോക്കുന്നതും—വൈവശ്യത്തോടെ നോക്കുന്നതും. വേഗം—വേഗത്തിൽ. ഉപരി—മേല്പോട്ടു്. അസൗ ദശമുഖനും—ആ രാവണനും. വ്യോമവീഥീം—ആകാശമാർഗ്ഗത്തെ. ജഗാഹേ—പ്രാപിച്ചു.

പദ്യം 57. അഥ അനന്തരം. വിദേ.....ജാ—സീത. അഗ്രഭാഗേ—മുമ്പിൽ. ധരിത്രീചക്രേ—ഭൂചക്രത്തിൽ. ചൂഴെ—ചുറ്റും. നവ... യ്—പുത്തൻകനകപ്പൊടി വാർഷിച്ചുകൊണ്ടു്. മഴറി മഴറി—ഏറ്റവും വിവശയായി. ആകുലാംഗം—ദേഹം തളർന്നു്. ആയാന്തം—വരുന്ന. കമപി ഹരിണം—ഒരു മാനിനെ. ആലോക്യ—കണ്ടിട്ടു്. ഉൽക്കൊമ്പിൽ—മനസ്സിൽ. കൗതുകാർദ്രാ—കൗതുകം വർദ്ധിച്ചവളായി. മായാപ്രക്ഷോഭാത്—രാക്ഷസന്മാരുടെ മായാശക്തിയാൽ. മാഞ്ഞ നീതിപ്രസരം—യുക്തിബോധം നശിച്ച. രാമം ഊചേ—രാമനോടു പറഞ്ഞു.

1. ര്യം പെ. 2. വീഥ്യാ ജ. 3. ചുഴും ധ. 4. ക്കേ ചെന്നങ്ങു.

ഗദ്യം 2.

''ദയിത! കിമപി ധാമ കാൺ മുമ്പിലാമ്മാറു
കണ്ണിന്നു മുഖ്യോത്സവം പത്തുദിക്കിങ്കലും.
ചാരുതുമിന്നൽ മിന്നിച്ചിതെന്നേ! വിനോദം:
നഭോമധ്യഭാഗേ കുതിച്ചോന്നു [1]പാഞ്ഞും
ചതിച്ചോ[2]ന്നുപോലെ വരുന്നു സമീപേ
മിളത[3]കൗതുകം കാൺ കിഴക്കേപ്പുറത്തു
മിടുക്കുണ്ടു [3]തെല്ലു വടക്കേ നടന്നു
കടന്നു പടിഞ്ഞാറു തെക്കേപ്പുറത്തു
വിചിത്രം വിചിത്രം ചതുഷ്പാ[4]ത്പഥമേലും
മഹഃ[5] പുഞ്ജമേതത[6] ക്രമാൽ വന്നടുത്തു
തുടത്തോരു പൊന്മാൻ കിടാവെന്നു തോന്നു—
ന്നിതാശ്ചര്യമത്രെ. കുളമ്പെത്ര നന്നി—
ന്നുകാന്തോപലംകൊണ്ടു തീർത്തോരു ജംഘാ—
ദ്വയം വിദ്രുമച്ഛായ,മെന്നേ! വിദഗ്ധാ!
വിധേ! നന്നു ശില്പങ്ങളം നല്പൊന്നുകൊണ്ടു—
ങ്ങടൽ പൊറ കല്പിച്ച മാണിക്യരത്നാ—
ഖ്യമാ, വിത്തുടൻ കുത്തിയിട്ടംകുരിച്ചോ—
ന്നരണ്ടോടനപ്പല്ലവം മെല്ലവേ പൂണ്ടിത—
ല്ലയൽ[6]കൊണ്ടന്നു കണ്ണുങ്ങളാക്കിച്ചമ—
ച്ചീടിനാൻ ചരദ[6]മമില്ലേതുമേ പദ[6]മരാ—
ഗോപലോദ[6]ഭാസി നാസാപുടം പശ്യ വി—
ശ്വാഭിരാമം; മഹേന്ദ്രാശുരശ്ചിപ്പടാ—

ഗദ്യം 2. ദയിത—അല്ലയോ ഭർത്താവേ. കിമപി ധാമ—ഒരു ശോഭയെ. കാൺ—കാണുക. ഇതു് എന്നേ വിനോദം—ഇതു് വളരേ രസകരംതന്നെ. നഭോ....ഗേ—ആകാശമധ്യത്തിൽ ഭൂമി തൊട്ടുന്നില്ലെന്നു തോന്നും എന്നർത്ഥം. മിളത്കൗതുകം—കൗതുകത്തോടുകൂടിയതു്. മിടുക്കുണ്ടു്—അതിവേഗത്തിൽ നാലു ഭാഗത്തും ഓടി എത്തുന്നു എന്നർത്ഥം. ചതുഷ്പാത്ഥം ഏലും—നാല്ക്കാലിവടിവായ. മഹഃപുഞ്ജം—ഒരു തേജോരാശി. ഏതത്—ഇതു്. ജാനു .. ലം—ചന്ദ്രകാന്തക്കല്ലു്. ജങ്ഘാദ്വയം—രണ്ടു രണ്ടും. വിദ്രുമച്ഛായം—പവിഴത്തിന്റെ നിറമുള്ളതു്. വിദഗ്ധാ വിധേ—വിടുക്കനായ ബ്രഹ്മാവേ. ശില്പങ്ങളം—പണികളം. മാണി.... വിത്തു്—മാണിക്യക്കല്ലു് എന്ന പേരായ വിത്തു്: അങ്കുരിച്ചു്—മുളച്ചു്. ഓമനപ്പല്ലവം—ഇളംതളിർ. ഊയൽ—ഊഞ്ഞാൽ. ചരദ്മം—കളവു്. പദ്മ ...ടം—പദ്മരാഗക്കല്ലുകൾപോലെ ശോഭിച്ച മൂക്കോടുകൂടിയതു്. വിശ്വാഭിരാമം—ലോകത്തിൽവെച്ചു സുന്ദരിയായിട്ടുള്ളതു്. മഹേ .. തം—ഇന്ദ്ര

1. പാഞ്ഞു ച. 2. തിച്ചെന്നപോ. 3. ക്കുണ്ടിതെല്ലോ വടക്കേ നടന്നു കടന്നു പടി. 4 ഷ്പാത്ഥമേ. 5. ഹസ്പു. 6. യകൊണ്ടന്നു നൽകർണ്ണ.

നിർമ്മിതം മന്മരേ! നിർമ്മലം;[1]കണ്മയ—
റെറത്രസൗഭാഗ്യശൃങ്ഗാരിതം കാൺക ക—
ണ്ടോളവും കൺ[2] മയങ്ങിച്ചു പോവോരു മ—
ഞ്ജുപ്രഭാമഞ്ജരീപിഞ്ജരീഭൂതദി—
ക്തടലമുത്തുംകുലഹേലം വളന്നോരു തീക്കൊ—
ള്ളി മി[3]ന്നുന്നപോലേ കളിക്കുന്നിതാകാകാശ—
മാഗ്രേ മുഹൂർത്തം മുഖാഗ്രേണ [4]സംഫു—
ല്ലപ്പൈംപുല്ലു ചെമ്മുകക്കുന്നിതീ പാ—
വമോടിക്കളഞ്ഞു; മറിഞ്ഞു[5]ണ്ടുനോക്കു[6]—
ന്നതേ മെല്ലെ മെല്ലേ വിളിച്ചാലുമെന്തൊന്നു നൽ
കാവതെന്നോ[7]മൽ മണ്ടീടൊലാ വിസ്മയ—
ത്തിന്നഹോ വിസ്മയംനല്ലവോന്നദ്ഭുത—
ത്തിന്നുമൊട്ടദ്ഭു[8]താപാദകം: കൗതുക—
ത്തിന്നുമുൽക്കൗതുകം നല്ലമാമോദവാ—
യ്വിന്നുമാമോദമേകീടു[9]വോന്നന്തികേ
വന്നുനിന്നാവി[10]തിന്മെ തലോടിതലോ—
ടിക്കരാഗ്രേണ ഞാൻ താൻ കളത്തോരു ദുർ—
വാദളം നുള്ളിനുള്ളിക്കൊടുത്താവിതാ—
സ്യാന്തരാളേ മുദാ കാന്ത! കാകുത്സ്ഥ! നി—
ത്യം നമുക്കോമനിപ്പാൻ കളിപ്പൈതലാ—
ക്കി[11]ക്കളിപ്പിച്ചു നല്ലോരു നേരത്തു നീ
താൻ വിളിച്ചീടുമോ[12] മന്ന! നാമ്മാ വിളി—
ച്ചാവിതേനം കളിച്ചൊന്നു [13]പൂണ്ടെങ്കിലോ
കാന്ത! നീയങ്ങഴന്നീല്ല പിൻചെന്നു മെ—
ല്ലെപ്പിടിച്ചിട്ടു[14] കൊണ്ടന്നു നല്ലീടുകെ''—
ന്നാകുലം[15] ചൊല്ലിനാൾ ജാനകീദേവി
തൻകാന്തനോടിങ്ങനെ.

നീലക്കല്ലിന്റെ കാന്തിപ്രവാഹംകൊണ്ടു നിർമ്മിക്കപ്പെട്ടതു്. നിർമലം—തെളിവുള്ളതു്. കണ്മയറു്—കടാക്ഷം. സൗഭാ....തം—സൗന്ദര്യംകൊണ്ടു മനോഹരമായിട്ടുള്ളതു്. മഞ്ജു....ലം—മനോഹരമായ പ്രഭാപടലംകൊണ്ടു സ്വർണ്ണവർണ്ണമാക്കിയ ദിഗ്ഭാഗങ്ങളോടുകൂടിയതു്. ഉത്കുലഹേലം—വളരെ കളിയോടുകൂടി. മുഹൂർത്തം അല്പനേരം. മുഖാഗ്രേണ—വായ്കൊണ്ടു്. സംഫുല്ലപ്പൈംപുല്ലു്—മുളച്ചുവരുന്ന ഇളംപുല്ലു്. മുകക്കുന്നിതു്—ഭ്രാണിക്കുന്നു. (അടുത്ത വാക്യങ്ങളെല്ലാം അതിനെക്കുറിച്ചുള്ള സ്നേഹ

1. ലം തണ്മയേറെ. 2. കണ്ണു മങ്ങിച്ചു. 3. മിന്നിക്കളിക്കുന്ന. 4. സംഫുല്ലവൻ പുല്ലുചെന്നമ്മു. 5. റിഞ്ഞങ്ങു. 6. ക്കുന്നമെല്ലെന്നമെ. 7. തെന്നോമൽമണ്ടായ് കവിസ്മ. 8. ഭൂതോത് പാദ. 9. ടുമൊന്നന്തി. 10. വിതെന്മെയ്. 11. ക്കിക്കളി. 12. ടുകോമ്മെന്നു നാമ്മാ വി. 13. പുൺമെങ്കിലോ. 14. ച്ചിങ്കൊ. 15. കലാ ചൊ.

സപ്തച്ഛദം ഉള്ളതാണോ എന്നൊന്നും ചിന്തിക്കാതെ രാമൻ അതിനെ പിടിപ്പാനായി പിന്തുടരുന്നു:

ഉണ്ടാവാനെന്തു ഞായം മണിമയഹരിണം
പണ്ടിതാ[1]രാനമുണ്ടോ
കണ്ട[2], കേട്ടിട്ടമില്ലെന്നൊരു സരണി നിരു-
പിച്ചുകണ്ടല്ല[3]കാണ്ഡേ
വണ്ടാർപൂഞ്ചായലാക്ഷൻ വചനമിതി സമാ-
കർണ്ണ്യ മാനിന്നു പിന്നേ
മണ്ടീ രാമോ ധനുഷ്പാനൊരുവനുമുടനാ-
പത്സു കൺ കണ്ടുകൂടാ. 58

[4]തദനു ജനകപുത്രീയാചഞ്ഞയാ തം ജിഘൃക്ഷുർ-
ഹരിണമനുജഗാമാഹ ചാപമാദായ രാമഃ
സമയ ഇതി ച ഭേജേ പാശമാതത്യ മൃത്യുഃ
കുശിക സുതമഖാജ്ഞാ ദ്രഷ്ടുമേനം ജിഘൃക്ഷുഃ. 59

വാത്സല്യകൗതുകാദി സൂചകം) അദ്ഭുതാപാദകം—അദ്ഭുതമുണ്ടാക്കുന്നതു്. ആമോദം—സന്തോഷം. അന്തികേ—സമീപത്തിൽ. നിന്നാവു—നിന്നാൽ നന്നായിരുന്നു. കരാഗ്രേണ—കൈവിരലുകളെക്കൊണ്ടു്. ദൂർവാദളം—കറുകയ്ക്കുനു്. കൊടുക്കാവിതു്—കൊടുക്കായിരുന്നു. ആസ്യാന്തരാളേ—വായിൽ. മുദാ—സന്തോഷത്തോടുകൂടി. നാമ്നാ—പേർകൊണ്ടു് (പേർ പറഞ്ഞു്). ആകലനം—പരവശഭാവത്തോടുകൂടി.

പദ്യം 58. മണി...ണം—രത്നമയമായ മാൻ. സരണി—മാർഗ്ഗം. അകാണ്ഡേ—പെട്ടെന്നു്. ഇതി—ഇപ്രകാരമുള്ള. വചനം—വാക്കിനെ. സമാകർണ്ണ്യ—കേട്ടിട്ടു്. രാമഃ ധനുഷ്പാൻ—രാമൻ വില്ലെടുത്തവനായി. ആപത്സു—ആപത്തുകളിൽ. ഒരുവനും കൺ കണ്ടുകൂടാ—കാണ്മാൻ കഴികയില്ല. ചൂഡാമണിപദ്യാനുകരണമാണിതു്. ഇവിടെ വിവേകിയും ധീരോദാത്തനും ആയ രാമൻ ഇതിനു മുമ്പിൽ ഒരേടത്തും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒരു അപൂർവ്വമൃഗത്തെക്കണ്ടു ഭ്രമിച്ചു, വിചാരമൂഢയായ ഭാര്യയുടെ വാക്കു കേട്ടു് അതിനെ പിടിപ്പാൻ പുറപ്പെട്ടതു തന്റെ സ്ഥിതിക്കു് അനുചിതമല്ലേ എന്നുള്ള ആക്ഷേപത്തെ പരിഹരിപ്പാനായിട്ടു് കവി ആപത്കാലത്തു് ഏതു പണ്ഡിതനും കണ്ണുകാണാത്തതല്ല (ബുദ്ധി പിഴച്ചുപോകും) എന്നു് ഒരു അർത്ഥാന്തരന്യാസത്തെ ചെയ്തിരിക്കുന്നു. ''മതി തെറ്റിടായ്കിലൊരനർത്ഥമാക്കുമുളവാകുമോ'' എന്നു് ആശ്ചര്യചൂഡാമണിനാടകത്തിലും ഇതുപോലെതന്നെയുള്ള പ്രയോഗം നോക്കുക.

പദ്യം 59. രാമഃ—രാമൻ. തദനു—പിന്നെ. ജന....യാ—സീതയുടെ അപേക്ഷയാൽ. തം ഹരിണം—ആ മാനിനെ. ജിഘൃക്ഷുഃ—പിടിപ്പാൻ ഇച്ഛയോടുകൂടിയവനായിട്ടു്. ചാപം ആദായ—വില്ലെടുത്തു്. അനുജഗാമാഹ—പിന്നാലെ പോയി. മൃത്യുഃ ച—അന്തകനും. കുശിക.... ജ്ഞാ—വിശ്വാമിത്രന്റെ യാഗത്തിൽ ഉണ്ടായ യുദ്ധത്തിൽ. ദ്രഷ്ടും ഏനം—തെറ്റിപ്പിഴച്ചുപോയ ഇവനെ. ജിഘൃക്ഷുഃ—പിടിപ്പാൻ ഇച്ഛയോടു

1. താരേന. 2. കണ്ടോർ കേ. 3. കണ്ടാലകാ. 4. ഈ പദ്യം ചില പ്രസ്തകങ്ങളിൽ ഇല്ല.

അപ്പോഴം 'പൊന്മാനല്ല. മായാവിയായ ഘോരരാക്ഷസനാണ്. അവൻ എന്നെ വിഴുങ്ങുന്നു. അല്ലയോ ലക്ഷ്മണ! അല്ലയോ സീതേ! വന്നാലും' എന്ന വിലാപശബ്ദങ്ങളം കേൾക്കുകയും സീത രാമനു് അപായം സംഭവിച്ചിരിക്കുന്നതായി പരിഭ്രമിച്ചു ലക്ഷ്മണനോടു് അങ്ങോട്ടു ചെല്ലാൻ ആവശ്യപ്പെടുകയും ചെയ്യുന്നു:

കേൾക്കപ്പെട്ടു തദാനീം ''കനകഹരിണമ—
ല്ലേഷ മായാവരിഷ്ടോ
ക്രൂക്ഷാത്മാ രാക്ഷസോ മാം ഗ്രസതി വളരെ വാ—
യും പിളർന്നെന്തു ചെയ്വൂ
പോക്കില്ലേ ഹന്ത ഹാ ജാനകി! സഹചരി! ഹാ
വത്സ! ഹാ ലക്ഷ്മണാസ്ഥാ—
നേഹ്യേഹീ''തി ത്രിലോകീഹൃദയമദഭിദഃ
കേഽപി ദീനപ്രലാപാഃ. 60

കാണച്ചോ വന്നൊരാപത്തിതു സപദി സമാ—
കർണ്ണ്യതേ[1] പ്രാണനാഥൻ
താനത്രേ പെട്ടതെന്നോർത്തുടനുദിതമനോ—
വേദനാവ്യാകുലാത്മാ[2]
വേനൽച്ചൂടേറു മേന്മേലിടതല കലയു—
ന്നോരു പൂവല്ലിപോലേ
ദീനത്വം പൂണ്ടു ചൊന്നാളഥ ജനകസുതാ
ലക്ഷ്മണം നിഷ്ഛളങ്കം. 61

കൂടിയവനായി. പാശം ആതത്യ—പാശത്തെ നീട്ടിക്കൊണ്ടു്. സമയഃ ഇതി—അവസരമായി എന്നു കരുതി. ഭേജേ—ചെന്നുകൂടി.

പദ്യം 60. തദാനീം—അപ്പോഴം. ത്രിലോ....ദഃ—മൂന്നുലോകത്തിന്റെയും ചിത്തഗർവത്തെ ഇളക്കുന്നതായ. കേ അപി ദീനപ്രലാപാഃ—ചില കരച്ചിലുകളം കേൾക്കപ്പെട്ടു. എങ്ങനെയെന്നു പറയുന്നു; ഏഷഃ—ഇവൻ. കന....ണം—പൊന്മാൻ. മായാവരിഷ്ടഃ—മായാവിയായ. ക്രൂക്ഷാത്മാ രാക്ഷസഃ—ക്രൂരനായ ഒരു രാക്ഷസനാകുന്നു. ഏഷഃ—ഇവൻ. മാം ഗ്രസതി—എന്നെ വിഴുങ്ങുന്നു. സഹചരി—കൂടെ നടക്കുന്നവളേ. അസ്ഥാൻ ഏഹി—എന്റെ അടുക്കൽ ഓടിവന്നാലും. ഇതി—എന്നു്.

പദ്യം 61. അഹ്നോ—അയ്യോ. സപദി—പെട്ടെന്നു്. സമാകർണ്ണ്യതേ—കേൾക്കപ്പെടുന്നു. പ്രാണനാഥൻ—ഭർത്താവു്. പെട്ടതു്—ആപത്തിലകപ്പെട്ടതു്. ഉദി....ത്മാ—ദുഃഖംകൊണ്ടു പരവശചിത്തയായവം. ലക്ഷ്മണം—ലക്ഷ്മണനോടു്. നിഷ്ഛളങ്കം—വ്യാജമില്ലാത്ത. ഇതു ലക്ഷ്മണവിശേഷണമായും ക്രിയാവിശേഷണമായും ആവാം.

---

1. കർണ്ണ്യ തൻപ്രാ. 2. ലാംഗ്വേ.

''അയ്യോ ലക്ഷ്മണ, വത്സ! കേളിതു തവ
ഭ്രാതുർവിലാപം[1] തുലോം
കയ്യൂക്കുള്ള നിശാചരപ്പുലി ബലാൽ
തിന്മാനണഞ്ഞീടിനാൻ
പൊയ്യേ പൊന്മൃഗമായ് ചമഞ്ഞു ചതിയൻ
നന്നായ് പിണച്ചാൻ നിറം
പെയ്യും വില്ലുമെടുത്തു ചെന്നു പരിപാ—
ലിച്ചീടു ശൗര്യാംബുധേ!'' 62

രാമനു് അപായമൊന്നുമില്ലെന്നും രാമന്റെതായുള്ള വിലാപശബ്ദങ്ങളെല്ലാം രാക്ഷസമായയാണെന്നും ലക്ഷ്മണൻ പറഞ്ഞതിനെ വിശ്വസിക്കാതെ സീത ലക്ഷ്മണനെ പോകാൻ നിർബ്ബന്ധിക്കുകയും ലക്ഷ്മണൻ പുറപ്പെടുകയും ചെയ്യുന്നു:

''വൈദേഹാനയകല്പശാഖികലികേ!
കേട്ടാലുമാര്യൻ[2]മുതി—
ന്നെയ്യമ്പോറിതു രാക്ഷസൻ കരകയ—
ത്രേ ചെയ്തതവ്യാഹതം;
നീ തേടായ്ക വൃഥാ ഭയാങ്കുരമിതി—
ന്നാര്യേ! ധരിച്ചീലയോ
നാദേ ഭേദമതീവ പ്രാഴ്കഴതപോ—
ലേ ഘോരമുദ്ഘോഷി[3]തം. 63

ഉൽപ്പേടി നീ കളക സൂര്യകുലോദ്ഭവാനാം
സപ്തപ്യപി കിഞ്ചന വരാ വിധുരപ്രലാപാഃ[4]
തവത് പ്രാണനാഥനൊടൊരുത്ത[5]ന നേക്കുനേരേ
നില്പാനുമില്ല[6] ഭവനേ യുധി ശൗര്യലേശം.'' 64

പദ്യം 62. തവ—നിന്റെ. ഭ്രാതുഃ—സഹോദരന്റെ. വിലാപം—കരച്ചിൽ. പൊയ്യേ—കളവായിട്ടു്. പരിപാലിച്ചീടു്—രക്ഷിക്കുക.

പദ്യം 63. വൈദേ....കേ—വിദേഹവംശമാകുന്ന കല്പവൃക്ഷത്തിന്റെ പൂമൊട്ടായുള്ളോവേ. അവ്യാഹതം—തടവില്ലാതെ. ഭയാങ്കുരം—ഭയലേശം. നാദേ—ശബ്ദത്തിൽ. അതീവ—അധികം. ഘോരം—ഭയങ്കരമാംവണ്ണം. ഉദ്ഘോഷിതം—ഉച്ചത്തിൽ മുഴക്കപ്പെട്ടതു്. ജ്യേഷ്ഠന്റെ ശബ്ദം എത്ര സ്നിഗ്ധമധുരമാണു്; ഇതോ പാഴ്കഴതയുടെ ശബ്ദംപോലെ!

പദ്യം 64. സൂര്യ....നാം—സൂര്യവംശത്തിൽ പിറന്നവർക്കു്. വിധു....പാഃ—ദീനപ്രലാപങ്ങൾ. സപ്തപ്യപി—ഉറക്കത്തിലുംകൂടി. കിഞ്ചന—അല്പംപോലും. യുധി—യുദ്ധത്തിൽ.

---

1. ലാപാൻ തു. 2. തിന്നെന്തമ്പോറതു. 3. ഷിതേ ഉം. 4. പഃ. 5. ത്തനമില്ല 6. നേരേ മിന്നു ഭ.

മീതേ കേഴംക്കായിതപ്പോഴം പുനരപി രുദിതം
''കാൺക[1] രാത്രിഞ്ചരാണാം
നാഥോ നിഷ്ഠുരകർ[2]ൻ മാം ത്വടിതി പിടിപെട്ട-
ന്നോൻ ബലാൽ പങ്ക്തികണ്ഠൻ
നാസാച്ഛേദം ഭഗിന്യാ നവരമതു പൊറാ-
ഞ്ഞാത്തരോഷോഽയമയ്യോ!
സീതേ! നീയും മറ[3]ന്നാ? വരിക വരിക ഹാ!
കഷ്ടം''മെന്നിപ്രകാരം. 65

''പോരും വൈകിച്ചതീ ലക്ഷ്മണ! കരുണ പുല
മ്പാതെന്തെന്തിതല്ലോ
ഘോരം കേഴംക്കപ്പെട്ടന്യ മൂഢരപി നിതരാ-
മാര്യപുത്രപ്രലാപാഃ
പാരാതേ ചെല്ല ചെല്ലിമ്മരണദശയിലെ-
ല്ലാക്കരമെത്തീടമല്ലോ
ഹാരാവം ചെറു നാദേ മധുരിമയുമക-
പ്പെട്ടകൂടാ തദാനീം.'' 66

കേളാര്യേ! ഞാനറിഞ്ഞൊരു രജനിചരൻ
മായ കൈയ്യിൽക്കൊണ്ടു പൊന്മാൻ-
പോലേ വന്നു നടേ, നിഷ്ക്രയമിതു, ചതികൊ-
ണ്ടാര്യനെക്കൊണ്ടുപോവാൻ;
[1]മേലേ മേലേ കരഞ്ഞീടിനതുമിവിടെ നി-
ന്നെന്നെ വേറാക്കുവാനും
ചേലേന്തീടും കുലസ്ത്രീമകരി! ഭവതിയെ-
ക്കൊണ്ടു മണ്ടീടുവാനും.'' 67

പദ്യം 65. പുനഃ അപി—പിന്നെയും. രുദിതം—കരച്ചിൽ. രാത്രി... ണാം നാഥഃ—രാക്ഷസന്മാരുടെ രാജാവു്. നിഷ്ഠുരകൻ—ക്രൂരൻ. മാം—എന്നെ. ഭഗിന്യാഃ—സോദരിയുടെ. നാസാച്ഛേദം—മൂക്കു മുറിച്ചതു്. നവരം—തീർച്ച. ആത്തരോഷഃ—കോപത്തോടു കൂടിയവനായിട്ടു്. മറന്നാ—മറന്നുവോ?

പദ്യം 66. ഘോരം—ഭയങ്കരമാകംവണ്ണം. കേഴംക്കപ്പെട്ടന്യ. ആര്യ ....പാഃ—ജ്യേഷ്ഠന്റെ കരച്ചിലുകൾ. ''ജ്യേഷ്ഠന്റെ ശബ്ദമല്ല'' എന്നുള്ള ലക്ഷ്മണന്റെ അഭിപ്രായത്തെ സീത ഖണ്ഡിക്കുന്നു. ഹാരാവം—അയ്യോ എന്ന ശബ്ദം. നാദേ—ശബ്ദത്തിൽ. ചെറു മധുരതയും അകപ്പെട്ടകൂടാ—മാധുര്യവും ഉണ്ടാവാനവകാശമില്ല. അക്കാര്യത്തിൽ സൂര്യവംശമാക്കും വിശേഷമുണ്ടാവുന്നതല്ല എന്നഭിപ്രായം.

പദ്യം 67. കുലസ്ത്രീമകരി—പതിവ്രതാരത്നം.

1. 'കനക്കഞ്ച. 2. കം മാം. 3. റന്നാ വിരയെ വരി. 4. മീതേ മീതേ കര.

''പാപീ പാണ്ഡിത്യമുദ്രാപ്രകടനപടുവായ്
നിന്നു വാദിച്ചു കാല—
ക്ഷേപം [1]നീ ചെയ്യുതിന്നുണ്ടൊരു പൊരുളം. [2]തരമ—
ല്ലെന്നുമിക്കോപ്പിനിഞ്ഞാൻ;
ലോഭിക്കുന്നീല ചെറ്റെന്നെയുമ്[3]നി, മതി[3]യേ,
ജീവനാഥൻ മരിച്ചാൽ,
നീപോൽ രക്തഞ്ചരൻപോ,ലൊരുവനൊടുമിനി—
ക്കിന്നി വേണ്ടോ വിനോദം.'' 68

ഈവണ്ണം കണ്ണരസ്രേ കടുകനൽ ചൊരിയും
വാചമാകർണ്ണ്യ ജാത—
പ്രാ[4]വണ്യം തത്[5]പദാബ്[5]ജം തൊഴുതണിനയനേ
വാപ്പൊഴും ബാഷ്പശാലീ
''ദൈവം കല്പിച്ചതെല്ലാം വരിക; വനഗതാ
ദേവതാഃ സാവധാനം
ദേവീം കാത്തീടുകെ''ന്നാകുലവചനമസാ—
വാശ്രമാന്നിർജ്ജഗാ[6]മ. 69

ജ്യേഷ്ഠഃ സഞ്ചിന്ത്യ രാമാനുജനുടനുടജ—
ദ്വാരി തൻ വില്ലുകൊണ്ടു—
ങ്ങായ്സ്സവ്യാകുലാത്മാ ത്വടിതി വര വര—
ച്ചേഷ ദുർദ്ധർഷധാമാ

പദ്യം 68. പാണ്ഡി....യ്—പാണ്ഡിത്യത്തിന്റെ വിലയെ കാണിപ്പാൻ സമർത്ഥനായിട്ട്. വാദിച്ചു—തർക്കിച്ചു. കാലക്ഷേപം—കാലവിളംബം. ഇക്കോപ്പിനു് ഈ ഞാൻ തരമില്ലെന്നും—ഈ പുറപ്പാടു് എന്റെ നേരെ നടക്കില്ല. ലോഭിക്കുന്നീല....ന്നെയും—ഞാൻ സ്വയം ജീവിക്കാൻ കൊതിക്കുന്നില്ല. മതിയേ—ജീവിച്ചതു മതി. നീപോൽ നക്തഞ്ചരൻ പോൽ—നീയായാലും രാക്ഷസനായാലും എനിക്കൊരുപോലെ.

പദ്യം 69. കണ്ണരസ്രേ—ചെറുകിളികളിൽ. വാചം—വാക്കിനെ. ആകർണ്ണ്യ—കേട്ടിട്ട്. ജാതപ്രാവണ്യം—വണക്കത്തോടുകൂടി. തത്പദാബ്ജം—അവളുടെ (സീതയുടെ) പാദത്തെ. അണിനയനേ—ഭംഗിയുള്ള കണ്ണുകളിൽ. ബാഷ്പശാലീ—കണ്ണുനീരോടുകൂടിയവനായി. വനഗതാഃ ദേവതാഃ—വനത്തിലെ ദേവതമാർ. ദേവീം—സീതയെ. ആകുലവചനം—സങ്കടപ്പെട്ടു പറഞ്ഞുകൊണ്ടു്. അസൗ—ലക്ഷ്മണൻ. ആശ്രമാത്—പർണ്ണശാലയിൽനിന്നു്. നിർജഗാമ—പുറപ്പെട്ടുപോയി.

പദ്യം 70. രാമാനുജൻ—ലക്ഷ്മണൻ. ഉടജദ്വാരി—പർണ്ണശാലയുടെ പടിക്കൽ. ആയ....ത്മാ—ദുഃഖപരവശനായി. ദുർദ്ധ.....മാ—ആക്രമം അതിക്രമിക്കാൻ പാടില്ലാത്ത മേന്മയോടുകൂടിയവൻ. രണ്ടും രാമാനുജവിശേഷണം.

1. പം ചെയ്യുന്നതി. 2. തരമല്ലേതുമക്കോ. 3. തിയെൻ ചീ. 4. പ്രാവീണ്യം. 5. ഗാഹേ. 6. യത്തവ്യ.

''ആര്യേ! രേഖാം മദീയാമൊരുപൊഴുതുമിമാം
ചെറു ലംഘിക്കൊലാ കേം
നീ''യെന്നാഭാഷ്യ നേരേ കരകലിതധനുഃ
സംപ്രതസ്ഥേ തദാനീം. 70

ആകാശമാഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന രാവണൻ സീതാദർശനമുണ്ടാകുംഎന്നു സന്തോഷിക്കുകയും പിന്നെ അവളെക്കാണുകയും അവളുടെ സൗന്ദര്യത്തെ പ്രശംസിക്കുകയും ചെയ്യുന്നു:

[1]ന പ്രീതേ പരമേശ്വരേ[2]പി ശിരസാം
ഛേദേന ഹോമേന വാ
ജ്യാവല്ലീനഹനാന്ന ചാമരപതൗ
ദ്വാരാഗ്ഗളാസംഗിനി
സംയത്യൈ[3]ളിബിളേസ്ഥിതാ ന ച ഹൃതേ
വിശ്വാതി[4]ഗേ പുഷ്പകേ
ദ്രഷ്ടവ്യാ ജനകാത്മജത്യഥ യഥാ
ലങ്കേശ്വരോ മോദതേ. 71

ത്വടിതി—വേഗത്തിൽ. ഇമാം മദീയാം രേഖാം—ഈ എന്റെ വരയെ. ലംഘിക്കൊലാ—അതിക്രമിക്കരുതു്. ഈ രേഖവിട്ടു പുറത്തേക്കു കടക്കരുതു് എന്നർത്ഥം. ആഭാഷ്യ—പറഞ്ഞിട്ടു്. കര....നുഃ—കയ്യിൽ വില്ലുമെടുത്തു്. തദാനീം—അപ്പോൾ. സംപ്രതസ്ഥേ—പുറപ്പെട്ടു.

പദ്യം 71. ശിരസാം ഛേദേന ഹോമേന—തന്റെ തലകളെ അറുത്തു ഹോമിച്ചതുകൊണ്ടു്. പരമേശ്വരേ പ്രീതേ അപി വാ—സാക്ഷാതു് പരമശിവൻ സന്തുഷ്ടനായ സമയത്തിങ്കലോ. അമരപതൗ—ദേവേന്ദ്രൻ. ജ്യാവ....തു് ദ്വാരാ....നി വാ—വില്ലിന്റെ ഞാണുകൊണ്ടു ഗോപുരവാതിലിന്റെ തഴതിൽ ചേർത്തു ബന്ധിക്കപ്പെട്ടപ്പോഴോ. സംയതി—യുദ്ധത്തിൽ. ഐളിബിളേഃ വിശ്വാതിഗേ പുഷ്പകേ ഹൃതേ (സതി)വാ—വൈശ്രവണന്റെ ലോകോത്തരമായ പുഷ്പകവിമാനം അപഹരിക്കപ്പെട്ട സമയത്തോ. ലങ്കേശ്വരഃ യഥാ ന—ലങ്കേശ്വരനായ രാവണൻ യാതൊരു പ്രകാരം സന്തോഷിച്ചില്ലയോ, അഥ സീതാ ദ്രഷ്ടവ്യാ ഇതി—ഇനി സീതയെ കാണാമല്ലോ എന്നു വിചാരിച്ചു്. തഥാ മോദതേ—(രാവണൻ) അപ്രകാരം സന്തോഷിക്കുന്നു. സീതയെക്കാണ്മാനടുത്ത സമയത്തുണ്ടായ സന്തോഷംപോലൊരു സന്തോഷം രാവണനൊരിക്കലും മുമ്പുണ്ടായിട്ടില്ല. പരമേശ്വരനെ പ്രീതിപ്പെടുത്തി പ്രത്യക്ഷമാക്കിയപ്പോഴോ ഇന്ദ്രനെ ജയിച്ചു ഗോപുരദ്വാരത്തിൽ ബന്ധിച്ചപ്പോഴോ വൈശ്രവണന്റെ കൈയിൽനിന്നു പുഷ്പകവിമാനം തട്ടിപ്പറിച്ചെടുത്തപ്പോഴോ രാവണൻ ഇത്രമാത്രം സന്തോഷിച്ചില്ല.

---

1. അക്കാലം ഇത്യാദി പദ്യം കഴിഞ്ഞു പ്രകൃതപദ്യം ചില ഗ്രന്ഥങ്ങളിൽ കാണുന്നു.
2. തൈലബിലാത്തഥാ. 3. തിഥൗ പുഷ്പ.

അക്കാലം മന്ദംമന്ദം കനകഹരിണവി—
ക്രീഡിതം കണ്ടുകണ്ട—
ങ്ങുൾക്കാമ്പിൽ കൗതുകം പൂണ്ടുദിധൃതി രസി—
[1]ച്ചും ചിരിച്ചും പ്രസാദാത്
അഗ്രേ കണ്ടന്തരാ മാനവകുലതിലകം
മോഹമുൾക്കൊണ്ട ജാത—
വ്യഗ്രോ മാനെയ്യമക്കോപ്പിനു ദശമുഖനും
വ്യോമവീഥ്യാ നടന്നു. 72

അന്നേരത്താലുലോകേ ജനകനൃപസുതാം
ഭൂതലേ കാതരാക്ഷീ—
മണ്ണോജത്തനവിതൻ കോമളമുനിഴലായ്
മിന്നുമുന്നത്രശോഭാം
കണ്ണിന്നാനന്ദധാരാം കനിവിനൊടുടജാ—
ഭ്യന്തരേ തത്ര താനേ—
തന്നേ തൃഷ്ണീം നിഷണ്ണാം നിജസഹചരവൃ—
ത്താന്തചിന്താവിഷണ്ണാം.[2] 73

ചക്ഷുഃ സ്മേരമവാരിജം കുവലയം,
വക്ത്രസ്യ ദാസഃ ശശീ,
ഭ്രൂ ലേഖേ സ്മരതോരണം, സ്മിതലവോ
ലീലാലതാപല്ലവഃ,

പദ്യം 72. കന.....തം—പൊന്മാനിന്റെ കളി. ഉദിതധൃതി—ധൈര്യത്തോടുകൂടി. പ്രസാദാത്—സന്തോഷം ഹേതുവായി. മാന....കം—രാമനെ. അഗ്രേ കണ്ടു്—മുമ്പിൽ കണ്ടു്. അന്തരാ—ഇടയ്ക്കു്. ജാത വ്യഗ്രഃ—വ്യഗ്രതപൂണ്ടു്. മാനെയ്യം അക്കോപ്പിനു്—മാനിനെ എയ്യുന്നതിനിടയ്ക്കു്. ദശമുഖനും—രാവണനും. വ്യോമവീഥ്യാ നടന്നു—ആകാശമാർഗ്ഗത്തിൽക്കൂടി പുറപ്പെട്ടു. രാവണൻ സീതയെ കാണുവാനുള്ള ഉത്കണ്ഠയോടുകൂടി ആകാശവീഥിയിൽ സഞ്ചരിച്ചുതുടങ്ങി എന്നർത്ഥം.

പദ്യം 73. ഭൂതലേ—ഭൂമിയിൽ. ജന....താം—സീതയെ. ആലോകേ—(രാവണൻ) കണ്ടു. എങ്ങനെയിരിക്കുന്ന സീതയെ കണ്ടു എന്നു താഴെയുള്ള വിശേഷങ്ങളെക്കൊണ്ടു പറയുന്നു. കാതരാക്ഷീം—ഇളകുന്ന കണ്ണുകളോടുകൂടിയവളായി. അണ്ണോ.....മിന്നും—ലക്ഷ്മീദേവിയുടെ മനോഹരമായ നിഴലായിട്ടു ശോഭിക്കുന്നവളായി. ഉന്നത്രശോഭാം—അധികം ശോഭയുള്ളവളായി. ആനന്ദധാരാം—സന്തോഷധാരയായി. ഉടന....രേ—പർണ്ണശാലയിൽ. തത്ര—അവിടെ. തൃഷ്ണീം നിഷണ്ണാം—മിണ്ടാതിരിക്കുന്നവളായി. നിജ....ണ്ണാം—തന്റെ ഭർത്താവിന്റെ കഥ വിചാരിച്ചു വിഷാദിക്കുന്നവളായി. ഇങ്ങനെയുള്ള സീതയെക്കണ്ടു എന്നന്വയം.

1. സിച്ചും മദിച്ചും പ്ര. 2. ഈ പദ്യം കഴിഞ്ഞു ധന്മില്ല ഇത്യാദി പദ്യം ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ഉച്ഛിഷ്ടം കളകണ്ഠവാക്യ ച വചസാം[1]
ശങ്കേ തദേണീദൃശഃ
സർവ്വാംഗീണമഹോ വിധേഃ പരിണതം
വിജ്ഞാനചിത്രം ചിരാൽ. 74

ഇന്ദ്രാണീമഹമപ്സരോഭിരനയം
കാരാഗൃഹേ ഗണ്യതാം,
സംഹാരോ ജയതാ ദിശോ ദശ മയാ
സ്ത്രീണാം കൃതഃ പുഷ്പകേ,
കൈലാസോദ്ധരണേഽപി വേപഥുമതീ—
മദ്രാക്ഷമദ്രേഃ സുതാം,
ദൃഷ്ടം താസു ന രൂപമീദൃശമഹോ
ചക്ഷുശ്ചിരാൽ സാർത്ഥകം.[2] 75

പദ്യം 74. സീതയെക്കണ്ടപ്പോൾ രാവണനു് ഉണ്ടായ വിചാരത്തെ താഴെ മൂന്നു പദ്യങ്ങളെക്കൊണ്ടു വിവരിക്കുന്നു. ഏണീദൃശഃ—ഈ മാൻകണ്ണിയായ സുന്ദരിയുടെ. ചക്ഷുഃ—കണ്ണു്. അവാരിജം സ്മേരം കുവലയം—വെള്ളത്തിൽനിന്നുണ്ടാകാത്ത വിടർന്ന കരിങ്കുവളപ്പൂവാകുന്നു. ശശിവക്ത്രസ്യ ദാസഃ—ചന്ദ്രൻ മുഖത്തിന്റെ ദാസനാകുന്നു. ഭ്രൂലേഖേ സ്മര ....ണം —പുരികക്കൊടികളാകുന്ന കാമദേവന്റെ (എഴുന്നള്ളത്തിനു കെട്ടിയ) തോരണമാകുന്നു. സ്മിതലവഃ ലീലാ ...വഃ—മന്ദഹാസം ലീലാലതയുടെ തളിരാകുന്നു. കളകണ്ഠവാക്യ വചസാം ഉച്ഛിഷ്ടം—കുയിലിന്റെ ശബ്ദം വാക്കുകളുടെ ഉച്ഛിഷ്ടമാകുന്നു. തത്പ്രധേഃ വിജ്ഞാനചിത്രം ചിരാത് സർവ്വാംഗീണം പരിണതം (ഇതി). ശങ്കേ—അതു ഹേതുവായി ബ്രഹ്മാവിന്റെ സൃഷ്ടിസാമർത്ഥ്യം വളരെക്കാലമായിട്ടു മുഴുവനും ഫലിച്ചുവെന്നു ഞാൻ വിചാരിക്കുന്നു. അഹോ—ആശ്ചര്യം.

പദ്യം 75. അഹം—ഞാൻ. ഇന്ദ്രാണീം—ഇന്ദ്രാണിയെ. അപ്സരോഭിഃ—അപ്സരസ്ത്രീകളോടുകൂടി. കാരാഗൃഹേ ഗണ്യതാം അനയം—ജയിലിലിടത്തക്ക നിലയെ നയിച്ചു (പാപ്പിച്ചു). ദശദിശഃ ജയതാ മയാ —പത്തു ദിക്കുകളേയും ജയിച്ചവനായ എന്നാൽ. പുഷ്പകേ സ്ത്രീണാം സംഹാരഃ കൃതഃ—പുഷ്പകവിമാനത്തിൽ സ്ത്രീകളുടെ കൂട്ടം സംഹരിക്കപ്പെട്ടിട്ടുണ്ടു്. കൈ....ണേ—കൈലാസപർവതം പൊക്കിയപ്പോൾ. വേപഥുമതീം അദ്രേഃ സുതാം അപി—പേടിച്ചു വിറച്ചുകൊണ്ടിരുന്ന ശ്രീപാർവതിയെയും. അദ്രാക്ഷം—ഞാൻ കണ്ടു. താസു—അവരിൽ ആരിലും. ഈ ദൃശം രൂപം—ഈമാതിരിയുള്ള സൗന്ദര്യം. ന ദൃഷ്ടം—ഞാൻ കണ്ടിട്ടില്ല. അഹോ—ആശ്ചര്യം. ചിരാത് ചക്ഷുഃ സാർത്ഥകം—വളരെക്കാലമായിട്ടു് എന്റെ കണ്ണു് സഫലമായിത്തീർന്നു. ആശ്ചര്യചൂഡാമണിനാടകത്തിലുള്ള പദ്യമാണിതു്.

---

1. സാം മന്യേ ത. 2. ഈ പദ്യം കഴിഞ്ഞയുടൻ
ഏതാവതി ത്രിഭുവനേ നവയൗവനോദ്യദ്ഭാഗ്യോപപന്നമപി മണ്ഡിതേഽപി
നാസ്ത്യേവ വിഭ്രമനിധേരുപമാനമസ്യാ യദ്യസ്തി രത്നമുകുരേ പ്രതിബിംബ ഏവ.
എന്ന പദ്യംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ധമ്മില്ലോ ലളിതഃ സ്മിതം ശുചി ദ്വശൗ
ദീർഘേ ദ്രുവൗ ഭംഗുരേ
പാശാങ്കേ ശ്രവസീ വിലോകയ്യമളികം
മാഞ്ജിഷ്ഠപിഷ്ടോ'ധരഃ
കണ്ഠോ [1]രുച്യരുചിഃ സ്തനൗ പൃഥുഘനൗ
കാമ്യം ച കാഞ്ചീപദം
ദ്വഗ്ദ്വന്ദ്വാനി ചിരം വിഭജ്യ ദശധാ
[2]തന്മൈഥിലീം പശ്യതഃ[3]. 76

ഉടൻ രാവണൻ കപടസന്യാസിവേഷം ധരിച്ചു രാമാശ്രമത്തിൽ ചെന്നു സീതയോടു ഭിക്ഷ യാചിക്കുകയും ഭിക്ഷ കൊടുപ്പാനായി വന്ന അവളെ ബലാത്കാരമായി പിടിച്ചു തേരിൽ കയറി യാത്രയാവുകയും സീത സങ്കടപ്പെടുകയും രാവണൻ മധുരവചനങ്ങളാൽ അവളെ വശപ്പെടുത്തുവാൻ ശ്രമിക്കുകയും സീതയുടെ നിലവിളി കേട്ടു ദശരഥന്റെ സുഹൃത്തായ ജടായു എന്ന പക്ഷിശ്രേഷ്ഠൻ വന്നു രാവണനെ തടയുകയും ചെയ്തു:

കൈല്പേറും കാമബാണാർദിതവിവശമനാ
രാക്ഷസേന്ദ്ര[4]സ്തദാനീം
തത്പാതിവ്രത്യധാമ്നാ സ്വയമണവതിന—
ങ്കക്ഷമോ നേർക്കുനേരെ

പദ്യം 76. ദ്വഗ്ദ്വന്ദ്വാനി—ഈ രണ്ടു കണ്ണുകളെ. ദശധാ വിഭജ്യ—പത്തായി പകുത്തു. മൈഥിലീം ചിരം പശ്യതഃ മേ—സീതയെ വളരെ നേരം കണ്ടുകൊണ്ടിരിക്കുന്ന എനിക്കു (ഇപ്രകാരം തോന്നുന്നു.): ധമ്മില്ലഃ ലളിതഃ—തലമുടി വളരെ മിനുത്തതാകുന്നു. സ്മിതം ശുചി—മന്ദഹാസം നിർമലമാകുന്നു. ദ്വശൗ ദീർഘേ—കണ്ണുകൾ നീളമേറിയവയാകുന്നു. ദ്രുവൗ ഭംഗുരേ—പുരികക്കൊടികൾ വളഞ്ഞവയാകുന്നു. ശ്രവസീ പാശാങ്കേ—ചെവികൾ (കാതിന്റെ ഇഴകൾ) പാശതുല്യങ്ങളാകുന്നു. അളികം വിലോകയ്യം—നെറ്റിത്തടം കാണത്തക്കതാകുന്നു. അധരഃ മാഞ്ജിഷ്ഠപിഷ്ടഃ—ചുണ്ടു മഞ്ചട്ടിയെന്ന ചെഞ്ചായം അരച്ചുരുട്ടിയതാകുന്നു. കണ്ഠഃ രുച്യരുചിഃ—കഴുത്തു മനോഹരമായ കാന്തിയോടുകൂടിയതാകുന്നു. സ്തനൗ പൃഥുഘനൗ—സ്തനങ്ങൾ തടിച്ചുരുണ്ടവയാകുന്നു. കാഞ്ചീപദം കാമ്യം—അരഞ്ഞാണക്കെട്ടു കമനീയമാകുന്നു. ഇരുപതു കണ്ണുണ്ടായതുകൊണ്ടുള്ള പ്രയോജനം ഇപ്പോൾ മാത്രമാണു് രാവണനു് അനുഭവഗോചരമായതു്.

പദ്യം 77. കാമ ...നാഃ—കാമന്റെ അമ്പുകൊണ്ടു മുറിഞ്ഞു വേദന

---

1. ങ്ഠോ രുച്യ. 2 താം മൈഥി 3. ഈ പദ്യം കഴിഞ്ഞു:

സ്നിഗ്ധശ്ലോപലസുന്ദരഃ കചഭരോ വക്ത്രം സഗോത്രം വിധോർ—
വക്ഷോജൗ മണികുംഭഡംബരമുഷൗ മധ്യോ'സ്മി വാ നാസ്മി വാ
ശ്രോണീമണ്ഡലമുദ്ഭരം വഹമഹോ! ശോണാബ്ജജൃംഭ്യേ പദേ
മന്യേ മഞ്ജുഗിരോ മരാളമഹിളാധ്യേയോ ഗതേർവിഭ്രമഃ.

എന്നൊരു പദ്യംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു. 4. ന്ദ്രസ് തദാ.

ബിഭ്രത്[ു] കാഷായവസ്ത്രം ത്വടിതി കപടസ—
ന്ന്യാസിവേഷം ദധാനോ
ബിഭ്യത്[ു]സ്വാന്തോ നിതാന്തം പ്രണവമഥ ജപൻ
പ്രാപ [2]സീതാശ്രമാന്തം. 77

ദ്വാരേ ലക്ഷ്മണചാപ[6]ലേഖയെ മിള—
ദ്ദർപ്പം കടപ്പാനസൗ
നേരെ മുട്ടി വിനഷ്ടശക്തിരവനൗ
വീണാശ്രു നിഃശ്വാസവാൻ
''ആരാദപ്പ്യ സാദ്ധ്വി! വൃദ്ധയതയേ
ഭിക്ഷാം ബഹിർനിർഗതാ
പാരിക്ഷം ക്ഷുധയാ ജനോ[3]യമവശഃ
പശ്യേതി'' ചൊല്ലീടിനാൻ. 78

പ്പെട്ട മനഃസ്സോടുകൂടിയവനായ. രാക്ഷസേന്ദ്രഃ—രാവണൻ. തദാനീം—അപ്പോഴം. തത്[ു]....ക്ഷാ—അവളുടെ (സീതയുടെ) പാതിവ്രത്യത്തിന്റെ തേജസ്സുകൊണ്ട്[ു]. സ്വയം—തന്നെത്താനെ. അക്ഷമഃ—അശക്തനായി. കാഷായവസ്ത്രം—കാവിവസ്ത്രത്തെ. ബിഭ്രത്[ു]—ധരിച്ചവനായി. കപ....ഷം ദധാനഃ—കള്ളസ്സന്ന്യാസിവേഷം കെട്ടി. ത്വടിതി—വേഗത്തിൽ. നിതാന്തം—വളരെ. ബിഭ്യത്[ു]സ്വാന്തഃ—ഭയത്തോടുകൂടിയവനായി. അഥ—പിന്നെ. പ്രണവം ജപൻ—ഓങ്കാരമന്ത്രത്തെ ജപിച്ചുകൊണ്ട്[ു]. സീതാ....ന്തം—സീതയുടെ ആശ്രമത്തിന്റെ സമീപത്തെ. പ്രാപ—പ്രാപിച്ചു.

പദ്യം 78. അസൗ—ഇവൻ(രാവണൻ). ദ്വാരേ—ആശ്രമദ്വാരത്തിൽ. ലക്ഷ്മ....യെ-ലക്ഷ്മണൻ വില്ലുകൊണ്ടു വരച്ചിട്ടുള്ള വരയെ. മിളദ്ദർപ്പം—ഗർവോടുകൂടി. വിനഷ്ടശക്തിഃ—ശക്തിയില്ലാത്തവനായി. അവനൗ—ഭൂമിയിൽ. ആശ്രു—വേഗത്തിൽ. നിഃശ്വാസവാൻ—ദീർഘശ്വാസത്തോടുകൂടി. ഹേ സാദ്ധ്വി—അല്ലയോ പതിവ്രതേ. ബഹിഃ ആരാത്[ു] നിർഗ്ഗതാ—നീ പുറത്തു[ു] അടുത്തു വന്നു[ു]. വൃദ്ധയതയേ ഭിക്ഷാം അപ്പ്യ—വൃദ്ധസന്ന്യാസിക്കു ഭിക്ഷ തരിക. അയം ജനഃ—ഞാൻ. പാരിക്ഷം ക്ഷുധയാ—വലിയ വിശപ്പുകൊണ്ട്[ു]. അവശഃ—പരവശനായിരിക്കുന്നു. പശ്യ—കണ്ടാലും ഇതി—എന്നു[ു].

പദ്യം 3. തദനു—അതിൽപിന്നെ. ആർജ.....ത്[ു]—ഋജുബുദ്ധി, അതായതു കപടമില്ലായ്കയുകൊണ്ട്[ു]. ആശ്രു ...വി—പണ്ണശാലയുടെ പുറത്തു

1. പ രാമാശ്രു. 2 പരേഖയെ ദശഗ്രീവൻ കടപ്പാൻ തുലോം നേരം മുട്ടി വിനഷ്ടബുദ്ധി രവനൗ.

3. ഈ പദ്യം കഴിഞ്ഞു—ലക്ഷ്മണേfപി ധൃതധനുനി ആർത്തവചന—സുശ്രീതാമാശാം പ്രതി പ്രസ്ഥിതേ ചപലതരുപകണുവത്തീ ദശകണ്ഠം പരിഗൃഹീതപരമഹംസവേഷഃ സ്ഫുടഘടിതോർദ്ധപുൺഡ്രദന്തുരലലാടതടഃ കരകലിതരുദ്രാക്ഷമാലഃ ഭദ്രോണി ഭഗവന്നാമാന്യച്ചൈരുച്ചാരയൻ കൗക്ഷ—ടികോജ്ഞഷ്ജപുകഃ ഗാനജാകീനികടമഡൗ കിഷ്ട—എന്നൊരു ശ്ലോകം കൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ഗദ്യം 3.

തദന്ന പതിവ്രത ജാനകി താന—
ങ്ങാർജ്ജവഭാരാദാശ്രമബാഹ്യാ—
ങ്കണഭൂ[1]വി പോയ് ചെന്നക്ഷതഭക്ത്യാ
ഭിക്ഷ കൊടു[2]ക്കുന്നേരം നേരേ
കൈമേൽ പിടിപെട്ടളവിലശങ്കിത—
മറുകലയെന്നേ മുറവിളി കൈക്കൊ—
ണ്ടണിമുടിതൊട്ടപ്പദതളിരോളം
മുട്ട വിറച്ചു പരിശ്ലഥചികുരാം
ഭയചലനയനാം പ്രശിഥിലവസനാം
പ്രചലദുരോജാം ജനകതനൂജാ—
മസിതഘനാഘനകാന്തി പിണഞ്ഞു വ—
ളഞ്ഞൊരു ദംഷ്ട്രാ[3]ഭാരുണവദനം
പർവതതുങ്ഗം നിജമങ്ഗം പൂ—
ണ്ടാണ്മ നടിച്ചു നിശാചരരാജൻ
തേർമേൽ വച്ചു നടന്ന ദശായാം
''അയ്യോ പാപം ദശമുഖനാമൊരു
രാക്ഷസനെന്നെക്കൊണ്ടിത പോന്നോൻ;
മനുകുലനാഥൻ[4] കാത്തരുളീടുക
വനദേവതമാരെന്നെ മറന്നാർ,
ഒക്കെ വരുന്നതറിഞ്ഞാൻ മുമ്പേ
ലക്ഷ്മണനെങ്കിൽ പെരികെ മനീഷീ;
ചെകനൽ ചെവ്വിയിൽ ചിന്നിയപോലേ
ചില കടുവാക്കുകളം വെറുതേ ചൊന്നേൻ;
ക്ഷോണീചക്രമശേഷമിതയ്യോ
കാണാം കാണരുതെന്ന ചമഞ്ഞു;

മുറത്തു്. അക്ഷതഭക്ത്യാ—അതിഭക്തിയോടുകൂടി. അശങ്കിതം പിടിപെട്ടളവിൽ—ശങ്കകൂടാതെ പിടിച്ചപ്പോൾ. പരി.....രാം—തലമുടിയഴിഞ്ഞവളായി. ഭയ....നാം—പേടികൊണ്ടു് ഇളകുന്ന കണ്ണോടുകൂടിയവളായി. പ്രശി.....നാം—വസ്ത്രം അഴിഞ്ഞവളായി. പ്രച....ജാം—സ്തനങ്ങളം ഇളകുന്നവളായിരിക്കുന്ന. ജന....ജാം—സീതയെ. അസി....ഞ്ഞു്—കാർമേഘത്തിനെറ നിറത്തോടുകൂടി. ദംഷ്ട്രാ....നം—വീരപ്പല്ലുകളെക്കൊണ്ടു ഭയങ്കരമായ മുഖത്തോടുകൂടി. പർവതതുംഗം നിജം അംഗം പൂണ്ടു്—മലപോലെ തടിച്ചുയന്ന തനെറ ശരീരത്തെ ധരിച്ചു്. ആണ്മ നടിച്ച—പൗരുഷം നടിച്ച. നിശാ....ൻ—രാവണൻ. ദശമുഖനാം ഒരു രാക്ഷസൻ—പത്തു മുഖമുള്ള ഒരു രാക്ഷസൻ. പോന്നോൻ—പോകുന്ന. മനീഷീ—ബുദ്ധിമാൻ. കടുവാക്കുകളം—ക്രൂരവചനങ്ങളം. ക്ഷോണീചക്രം—ഭ്രമണ്ഡലം.

1. വി നിന്നടനക്ഷ. 2. ട്ടപ്പാനാഞ്ഞ ദശായാം. 3. ഘ്രാജാലവിഭീഷണവദനം.
4. നാഥാ കം.

[1]പെരികെ വരുന്ന രാക്ഷസനെന്നെ—
ത്തിനാനായ്ച്ചൊണ്ടിവന്ന മുതിന്നോൻ.
മന്നവംശത്തിന്ന കാരണമേ ജയ!
ദിനകരദേവാ! പാലയ പാലയ!
രഘുവരതിരുമുഖശോഭാസോദര!
രജനീനായക! പാലയ പാലയ
സപ്തർഷികളേ! കാത്തരുളീടുക—
രുന്ധതിദേവിയുമെന്നെ മറന്നോ
ഹാ രഘുവല്ലഭ! ഹാ ഹാ താത!
വിദേഹമഹേശ്വര! ഹാ ഹാ ദശരഥ!
ഹാ ഹാ മാതഃ ശരണം ശരണം''
സതതമിവണ്ണം വിലപനശീ[3]ലാം
വ്യസനവിലോലാം രാഘവഗൃഹിണീം
''അലമലമിന്നി നിതാന്തമെരിഞ്ഞു കു—
രഞ്ഞു കണക്കില്ലാരുടയോർ[4]....
ചെറുമിറുക്കരുതാക്കുമൊരിക്കലു-
മെന്നൊട്ട വെൽവാൻ; പേടിക്കേണ്ടാ
ഭീഷണനല്ലഹമംഗജനെക്കാം
ഭംഗിയെനിക്കുണ്ടൈശ്വര്യ[5]ത്തിനു
മൈശ്രുവണൻ ഞാൻ ഭാഗ്യം പാക്കിൽ നി—
നക്കിതു വന്നതു കാട്ടകാംതോറും
കായും കനിയും തിന്നനുവേലം
കാറും വെയിലും കൊണ്ടുഴലേണ്ടാ
നീയിനി നമ്മൊട്ട കൂടിയിരിപ്പൂ
മനസിജരണരസമാന്ന കളിപ്പൂ
മണി[6]ശയനങ്ങളിൽ മെല്ലെ നടപ്പൂ
മധുരത പുണ്ട മദിച്ചു ചിരിപ്പൂ
മാം പുനരൊന്നു മുകപ്പാനണവൂ

ദിന....വാ—അല്പയോ സൂര്യഭഗവാനേ. പാലയ—രക്ഷിക്കണേ. രഘു.... ര—രാമന്റെ തിരുമുഖത്തിന്റെ ശോഭയുടെ സഹോദരൻ (തുല്യമായ ഗുണമുള്ളവൻ). രജ....ക—അല്പയോ ചന്ദ്ര. വിദേ....ര—അല്പയോ അ ച്ഛനായ വിദേഹമഹാരാജാവേ. മാതഃ—അല്പയോ അമ്മേ. സതതം—എപ്പോഴും. വില....ലാം—നിലവിളിക്കുന്നവളായി. വ്യസ....ലാം—ദുഃ ഖംകൊണ്ടു പരവശയായ. രാഘ... ണീം—രാമന്റെ പത്നിയെ. അലം —മതി. എരിഞ്ഞു—വേദനപ്പെട്ടു. ഭീഷണൻ—ഭയങ്കരൻ. അംഗ ജൻ—കാമദേവൻ. ഐശ്വര്യം—സമ്പത്തു്. അനുവേലം—എപ്പോഴും. മന....സം—കാമശൃംഗാരസം. മാം—എന്നെ. മുകപ്പാൻ—ചുംബിപ്പാൻ.

1. പേടി വരുന്നു. 2. രന്നായ ഹാഹാ താത. 3. ലാം രാഘവ. 4. യോർ തവ കുപിതമെതിക്കരു. 5. ശ്വരിയത്തിനു. 6. ണിവേനങ്ങ.

മാനിനി! മെയ്യിൽ പൂൺപുകളണിവു.
വേണ്ടതു വേണ്ടതു നമ്മൊടു ചൊല്ല,
വേദനയൊട്ടു ചുരുക്കുക നല്ല[1]
തലമുടി മെല്ലെ തിരുകുകിലോ ഞാൻ
തവ കുചകഞ്ചുകപട്ടമഴിഞ്ഞു
നീവി കിഴിഞ്ഞു ഗാഢം ഗാഢം
പുല്ല മനോജ്ഞേ[2].''
സാന്ത്വവചോഭിരിവണ്ണമണഞ്ഞവ—
ന്[3]ണിമുലതലമേൽ തൊടുവാനാഞ്ഞളു—
വുകുലയെന്നം[4] മുറവിളികൊണ്ടു ൗ—
ഗത്തു മുഴങ്ങും പൊഴതിലകാണ്മേ
മധ്യേമാർഗ്ഗം, ''ദുഷ്ടനിശാചര!
തിഷ്ഠ മുഹൂർത്തം വാസരനായക—
വംശ[5]വരേണ്യവതംസകമാലാം[6]
മാ മാ സ്പ്രാക്ഷീരറിയാതോ[7]ർക്കു തു—
ടർന്നപരാധം മനസി സഹേ ഞാൻ
വിസൃജ പരിവ്രുതതന്നെയിദാനീ—
മാശ്രു മലിമ്ലുച! മണ്ടിപ്പോകിലു—
മെത്തുവനീ ഞാൻ പത്തു ശിരസ്സും
പത്തു ദിഗന്തേ കൊത്തിയെറി[9]ഞ്ഞി
മ്മാപാപിയെ ഞാൻ കൊന്നയി വത്സേ!
ജാനകി, നിന്നെക്കൊണ്ടെപ്പണ്ടെ—
പ്പോലേ രാഘവസവിധേ വയ്പ്പനിദാനീം''
എന്നു പറഞ്ഞു നിശാതത തേടിന
ശതധാരത്തിനു സഹചരമാമ—

തവ—നിന്റെ. കുച.....ട്ടം—മുലച്ചട്ട. നീവി—വസ്ത്രബന്ധം. സാന്ത്വ വചോഭിഃ—സമാധാനവാക്കുകളെക്കൊണ്ടു്. അകാണ്ഡേ—പെട്ടെന്നു്. മ ധ്യേമാർഗ്ഗം—വഴിമധ്യത്തിൽ. ദുഷ്ട....ര—ഹേ ദുഷ്ടരാക്ഷസ. തിഷ്ഠ—നിൽക്കു. മുഹൂർത്തം—അല്പനേരം. വാസര....ലാം—സൂര്യവംശനായകന്റെ ശിരോമാ ലയെ (സീതയെ). മാമാസ്പ്രാക്ഷീഃ—നീ തൊട്ടുപോകരുതു്. അപരാ ധം—തെറ്റിനെ മനസി—ഉള്ളിൽ. സഹേ—പൊറുക്കുന്നുണ്ടു്. ഇദാനീം —ഇപ്പോഴും. ആശു—വേഗത്തിൽ. വിസൃജ—വിടുക. മലിമ്ലുച—കള്ള. പത്തുദിഗന്തേ—പത്തുദിക്കിലും. രാഘ....ധേ—രാമന്റെ സന്നിധിയിൽ.

1. പ്ലു തവ കുച. 2. ജ്ഞേ തലമുടി മെല്ലെത്തിരുകുകിലോ ഞാൻ സാന്ത്വ. 3. ണി മുടിതന്മേൽ. 4. യെന്നേ മുറവിളികൈക്കൊണ്ടാശു ജഗത്തു കുലുങ്ങും പൊഴുതിറ—ങ്ങു മകാണ്ഡേ ദുഷ്ട. 5. വംശവതം 6. മാലാമേനാം മാ. 7. തോർക്കരു തുട. 8. പ്പോ വിലും. 9. റിഞ്ഞയി വത്സേ.

ത്രോടിപു[1]ടദ്വയത്ഡടിതംകൊ—
ണ്ടാകലട്ടവനം പ്രളയസമീരണ—
ചണ്ഡി[2]മ പൂണ്ട ഗരുത്പുടവാത്യ[3]ക—
ളേറു കുലുങ്ങും കുലഗിരിനികരം
മുഷ്കരമായൊരു പക്ഷിപ്രവരൻ
മുമ്പിൽ ചെന്നു തടുത്തു തുടർന്നു[4].

നിശിതത തേടിന—മൂർച്ചയുള്ള. ശതധാരത്തിനു്—വജ്രത്തിനു്. സഹചരമാം—സദൃശമായ. ത്രോടി.....ണ്ടു്—കൊക്കിന്റെ രണ്ടു ഭാഗങ്ങളും തമ്മിൽ കൂട്ടിമുട്ടുന്ന ചടചടശബ്ദംകൊണ്ടു്. ആകുലട്ടവനം—ലോകം മയെപ്പെടത്തക്കവണ്ണം. പ്രള.....ണ്ട—കല്പാന്തകാലത്തെ കൊടുങ്കാറ്റു പോലെ ഭയങ്കരമായ. ഗരു.....ം—ചിറകുകളുടെ കാറ്റുകൊണ്ടു കുല...രം—പർവതങ്ങളുടെ. തടുത്തുതുടർന്നു—തടുത്തുകൂടി. രാവണൻ സീതയെ അപഹരിച്ചു തേരിലേറി പോകുമ്പോൾ സീതയുടെ രോദനം കേട്ടു മാർഗ്ഗമധ്യത്തിൽ വന്നു് എതിർക്കുന്ന ജടായുവിന്റെ പരാക്രമം വർണ്ണിതമായിരിക്കുന്നു.

1. പുടത്തിന് ത്ഡാത്ഡടിതം. 2. ചണ്ഡത. 3. ത്യകളോട് ജഗത്തു കുലുങ്ങും ഭീഷ്മ. 4. ഗദ്യം കഴിഞ്ഞു്,

സീതാക്രന്ദം നിശമ്യ ക്ഷിതിധരശിഖരോത്തേജിതത്രോടികോടിർ—
ദംഭോളിക്രൂരദംഷ്ടഃ ഖരനഖരമുഖോത്കൃത്തസാരഃ കരാളഃ
പക്ഷവ്യാക്ഷിപ്തവാതവ്യതികരവിഭവാന്തർജ്ജനത്തർജ്ജരഃ
സംപ്രാപ്തഃ പങ്ക്തികണ്ഠം ദശരഥസുഹൃദാഗ്രയായീ ജടായുഃ.

ഗദ്യം: തദനു ജനകദുഹിതൃകരുണവചനനിശമനജനിതകുപിത
വിവശഹൃദയപുണ്ഡരീകഃ പുണ്ഡരീകിണീതനയരമണകരവിസരസഹ
ചരണനിപുണതരതചിരബഹളതചിപരിമിളിതചണ്ഡകണ്ഠകാണ്ഡ
ഖണ്ഡിതസുമേരുശൃംഗഗർവസാരഃ സാരതരകംനദംഭോളിഭീഷണതുണ്ഡ
പരിഘട്ടനജനിതനിഷ്പതയാലുവിഷ്ഫുലിംഗദന്ദഹ്യമാനഗഗനചര
ഹാഹാരവാപൂരിതനഭഃകടാഹദരീകഹരഃ ദരീകഹരസസുഖനിദ്രാണകണ്ഠീ
രവഷണ്ഡപ്രബോധനപടിഷ്ഠപക്ഷവിക്ഷേപവനപരിക്ഷിപ്യമാണപാദ
പപതനദ്ഭയാകുലിതപലായമാനനിഖിലഭൂഗകുലഃ കലശിഖരിതുംഗശൃംഗ
സുത്പതനസമയനിമഗ്നചരണഖരനഖരവിദാര്യമാണോദ്ധതധാതുധൂളീ
പാളീവിശങ്കടിതദിക്ചക്രവാളഃ ചക്രവാളാചലാന്തർമണ്ഡലവലമാന
മിത്രകുത്തനേത്രകനീനികഃ മഹിധ്രസധ്രുഗ്ഗുരുരാജഃ രാവണസ്യാധ്വാന—
മദ്ധ്യാ ന്തരോധ.

''തത്രാന്തരേ ത്രിദശചക്രവിമുച്യമാന—
ദുഗ്രോചരസ്യ രജനീചരഭർത്തുരഗ്രേ
മാർഗ്ഗം നിരുദ്ധ്യ കൃതവാൻ ഗഗനാവഗാഹ—
മാമൂലവിസ്തൃതപതത്രപുടോ ജടായുഃ.

മാ മൈഥിലീഃ പുത്രി സീതേ!പ്രജഹി മമ പുരോ നൈഷ ദൂരം ദുരാത്മാ
രേ രേ രക്ഷഃ! ക്വ ദാരാൻ ദശരഥതനയസ്യാപഹൃത്യ പ്രയാസി
ചഞ്ചാ ക്ഷേപപ്രഹാരത്രുടിതധനുഷിരീർദിക്ഷു വിക്ഷിപ്യമാണൈ—
രാശാപലോപഹാരം ദശഭിരപി ഭൃശം താമ്യതിരോമിഃ കരോമി.

രാവണനും ജടായുവും രണ്ടുപേരും തമ്മിൽ വാഗ്വിതർക്കമുണ്ടായി യുദ്ധത്തിൽ ഏർപ്പെടുകയും രാവണൻ ജടായുവിനെ ചിറകു മുറിച്ചു ഭൂമിയിൽ വീഴ്ത്തുകയും ലങ്കയിൽ ചെന്നു സീതയെ അശോകവനികയിൽ ശിംശപാമൂലത്തിൽ ഇരുത്തുകയും ചെയ്തു:

തേർമേലേ തത്ര ദേവ്യാ സഹ നൃപസുതയാ
രക്ഷസാം ചക്രവർത്തീ
താൻ പോകുന്നേരമഗ്രേ ത്വടിതി വഴി തട—
ത്തോരു ഗൃധ്രം മഹാന്തം
സോന്മാദം കണ്ടു[1]നേരം മദഭരകലുഷാ—
ത്മാ മുഖം പത്തുകൊണ്ടും
മേന്തോൽ വെട്ടിച്ചിരിച്ചാൻ പുനരധികമധി—
ക്ഷിപ്യ സുതം ബഭാഷേ. 79

''നന്നോ സൂതാ! വിനോദം! മമ പുനരപരാ—
ധം ക്ഷമിക്കുന്ന വീരൻ
മന്ദാത്മാ പക്ഷി പോലിക്ഷണമഴകിതഹോ!
രക്ഷിതാ പക്ഷ്മളാക്ഷ്യാഃ
എന്നാലേനം സമുത്സാരയ ത്വടിതി കശാ—
ഗ്രന്ഥിനാ യാനമാശ്വാ—
ലെന്നെ ത്രൈലോക്യനാഥം നഹി നഹി പരമാ—
ത്മേന ജാനാതി സോ ƒയം.'' 80

പദ്യം 79. രാക്ഷസാം ചക്രവർത്തീ—രാക്ഷസന്മാരുടെ രാജാവായ രാവണൻ. നൃപസുതയാ ദേവ്യാ സഹ—രാജപുത്രിയായ സീതാദേവിയോടുകൂടി. അഗ്രേ—മുമ്പിൽ. ത്വടിതി—വേഗത്തിൽ. മഹാന്തം ഗൃധ്രം—വലുതായ കഴുകപ്പക്ഷിയെ. സോന്മാദം—അത്യാവേശത്തോടുകൂടി. മദ....ത്മാ—ഗർവുകൊണ്ടു മനസ്സു കലങ്ങിയവനായിട്ടു്. പുനഃ—പിന്നെ. അധിക്ഷിപ്യ—പരിഹസിച്ചിട്ടു്. സൂതം—സൂതനോടു്. ബഭാഷേ—പറഞ്ഞു.

പദ്യം 80. വിനോദം—നേരമ്പോക്കു്. മന്ദാത്മാ—നിസ്സാരനായ പക്ഷ്മളാക്ഷ്യാഃ—ഈ സുന്ദരിയുടെ. രക്ഷിതാ—രക്ഷിതാവാണതേ. ഏനം—ഇവനെ. കശാഗ്രന്ഥിനാ—ചാട്ടവാറിന്റെ മൊട്ടകൊണ്ടു്. യാനമാശ്വാത്—വാഹനത്തിന്റെ വഴിയിൽനിന്നു്. ത്വടിതി സമുത്സാരയ—വേഗത്തിൽ ഓടിച്ചുകളയുക. സഃ അയം—ആ ഇവൻ. ത്രൈലോ....ഥം—മൂന്നു ലോകങ്ങളുടെയും നാഥനായ എന്നെ. പരമാർത്മേന നഹി നഹി ജാനാതി—ഉള്ളവണ്ണം

പാപാത്മൻ! പരദാരചോര! ദുരിതം ദുർമാർഗ്ഗവൃത്തേ! വൃഥാ
മാ ത്വം രാവണ! രാഘവസ്യ, വിനയജ്പ്രാണേശ്വരീം മൈഥിലീം,
നോ ചേന്മാമകചണ്ഡതുണ്ഡവിദലത്കണ്ഠാവലീനിശ്ചിതം
ഗൃധ്രാസ്ത്രേ ദശകണ്ഠ! കോഷ്ണതധിരം പാസ്യന്തി യാസ്യന്തി ച.''

ഇതുയും ഭാഗം ചില ഗ്രന്ഥങ്ങളിൽ അധികമായി കാണുന്നു.

1. കണ്ടു നേരെ മദ.

''അറിവനറിവനിഞ്ഞാൻ നിന്നെ രേ, രേ, ദുരാത്മൻ!
ഗിരിശഗിരിയിലാദൗ ഭഗ്നമാനോച്ചശൃങ്ഗം
ചിരനിയമിതമയ്യോ! ഹേഹയേന്ദ്രേണ പശ്ചാത്
പരമഥ കപിരാജാ ബാലധൗ ബദ്ധബാഹ്[1]ം.'' 81

''രേ, രേ, വാചാല! ഗൃധ്രാധമ! കഥയ ഭവാ—
നാരെടോ വന്നിദാനീം
നേരേ നിശ്ശങ്കമെന്തിന്നിവിടെ വഴി തട്ട—
ത്തു പട്ടത്വാധികോ നീ?
വീരാണാം വീരമെന്നെപ്പരിചിനൊട്ട മൃഷാ
ഭർത്സയൻ കുത്സിതാത്മാ
പാരാതേ നീ പരേതേശ്വരപുരമചിരാൽ
പ്രാപ്തുമൗത്സുക്യശാലീ.'' 82

''കേട്ടാലും ദുഷ്ടരക്ഷോധമ! ദശരഥഭ്ര—
പന്ന മാത്താണ്ഡവംശ—
ശ്രേഷ്ഠന്നാപ്തഃ സഖാ ഞാൻ ഖഗകുലപതി നാ—
മ്നാ ജടായുർദ്ദധാത്മാ;

അറിയുന്നില്ല. ആശ്ചര്യചൂഡാമണിയിലെ നാലാമങ്കത്തിലെ രാവണ വചനത്തിന്റെ അനുകരണമാണു് പ്രകൃതപദ്യം.

പദ്യം 81. ദുരാത്മൻ—ദുർബുദ്ധേ. ഗിരി ..... ൽ—കൈലാസപർവത ത്തിൽ. ആദൗ—ആദ്യത്തിൽ. ഭഗ....ഗം—അഭിമാനത്തിന്റെ ഉയന്ന കൊട മുടി തകന്നുപോയവനും. പശ്ചാത്—പിന്നെ. ഹേഹയേന്ദ്രേണ—ഹേഹയ രാജാവായ കാർത്തവീര്യാർജ്ജുനനാൽ. ചിരനിയമിതം—വളരെക്കാലം കെ ട്ടിയിടപ്പെട്ടവനും. അഥ പരം—അതിനശേഷം കപിരാജാ—കപിരാട്ടി നാൽ (ബാലിയാൽ, ജകാരാന്തം തൃതീയ). ബാലധൗ—വാലിന്മേൽ. ബദ്ധ ബാഹ്ം—ബന്ധിക്കപ്പെട്ട കൈകളോട് കൂടിയവനും ആയ നിന്നെ. അറി വൻ—അറിയും.

''കൈലാസസാനുമതി ഖണ്ഡിതശൃങ്ഗം
കാരാഗൃഹേ നിയമിതം ചിരമർജ്ജുനേന
ത്വാം ബാലിവാലവലയാങ്കിതബദ്ധബാഹും
ജാനാമി രാക്ഷസ ജഗത്ത്രയധൂമകേതും.''

എന്ന ആശ്ചര്യചൂഡാമണിപദ്യത്തിന്റെ വിവർത്തനമാണു് പ്രകൃതപദ്യം.

പദ്യം 82. രേ രേ വാചാല ഗൃധ്രാധമ—എടാ എടാ! വായാ ടിയും കഴുകന്മാരിൽ അധമനും ആയവനേ. ഭവാൻ ആരെടോ കഥയ —നീ ആരാകുന്നു എന്നു പറയുക. പട്ടത്വാധികഃ—വളരെ ധൃഷ്ടനായ നീ. നിശ്ശങ്കം—ശങ്ക കൂടാതെ. ഇദാനീം—ഇപ്പോൾ. വീരാണാം വീരം— വീരന്മാരിൽവച്ചു വീരനായ. മൃഷാ—അസത്യമാകംവണ്ണം. ഭർത്സ യൻ—നിന്ദിക്കുന്നവനും. കുത്സിതാത്മാ—നിന്ദ്യനും ആയ നീ. അചി രാത —വേഗത്തിൽ. പരേ.....രം—അന്തകരാജധാനിയെ. പ്രാപ്തും.

1. ബാധം.

ആഢ്യാം തത്പുത്രഭാര്യാം ചതിയൊടു നിഭൃതം
കട്ട നിന്നെക്കമച്ചെൻ—
കൂട്ടത്തിന്നോണമൂട്ടിക്കുലമണികലികാം
കൊണ്ടുപോവാൻ തുടർന്നു.''[1] 83

''സഖ്യം നന്നാ മനുഷ്യപ്പഴവിനൊരു ഖഗ—
പ്രാണി ചേരും, വിചാരേ
ശക്യം കല്പിച്ചിതസ്സന്നിധനമയി കടി—
ച്ചോ ദഢം കൊത്തിയോ നീ?
ദക്ഷാരിപ്രീതിസാരം[2] കരഭവി വിലസും
ചന്ദ്രഹാസാസി നിന്ദ്യം
തദ്ഗാത്രം തീണ്ടുകെന്നില്ലൊരുപൊഴുതതുകൊ—
ണ്ടുദ്ധതം കത്ഥസേ നീ.[3]'' 84

—പ്രാപിപ്പാൻ. ഔത്സ്യ....ലീ—താത്പര്യമുള്ളവനായ നീ ആരാകുന്നു പറക എന്നന്വയം.

പദ്യം 83. ദുഷ്ട ...മ—ദുഷ്ടരായ രാക്ഷസന്മാരിൽപെച്ച നികൃഷ്ടനായുള്ളോവേ! മാത്താ... ന്നു—സൂര്യവംശശ്രേഷ്ഠനായ. ദശ.....ന്നു—ദശരഥരാജാവിനു്. ഞാൻ ആപ്തഃ സഖാ—ഞാൻ വിശ്വസ്തനായ സ്നേഹിതനും. ഖഗ....തി—പക്ഷികളുടെ നായകനും. ദുഢാത്മാ—ധീരനുമായി. നാമ്നാ ജടായുഃ—ജടായുസ്സെന്നു പേരുള്ളവനും ആകുന്നു. ആഢ്യാം—ശ്രേഷ്ഠയായ. തത്.....ര്യാ—അദ്ദേഹത്തിന്റെ പുത്രന്റെ ഭാര്യയെ. നിഭൃതം—ഒളിവിൽ. കമച്ചു്—പ്രഹരിച്ചു് (ശിക്ഷിച്ചു്). എൻ കൂട്ടത്തിന്നു്—കഴുകന്മാക്കു്. ഓണം ഊട്ടി—മുഷ്ടമായി ഭക്ഷണം കൊടുത്തു്. കുല.....കാം—പതിവ്രതാരത്നത്തെ (സീതയെ).

പദ്യം 84. മ .....ന്നു—നിസ്സാരനായ മനുഷ്യനു്. ഖഗപ്രാണി—നിസ്സാരനായ പക്ഷി. വിചാരേ—ആലോചിക്കുമ്പോഴം. അസ്സന്നിധനം—എന്റെ വധം. കല്പിച്ചതു്—സാധിക്കുമെന്നു കരുതിയതു്. ദക്ഷാ .....രം—പരമശിവന്റെ സന്തോഷചിഹ്നമായ. കര

---

1 ഈ പദ്യം കഴിഞ്ഞു.

''സംപ്രാപ്തോഽഹം ജടായുർമലയഗിരിഗുഹാകന്ദരക്രോഡനീഡ—
സ്ഥഃ ദേവഃ! സീതാപഹാരിൻ! ബിഭ്യേഹി കരബയേ കേനചിച്ചിന്നാസം
യേന തത്കൃത്സ്നചൂഡാതരുണമണിനികരം മത്കബന്ധാഗ്രതുണ്ഡ—
വ്യാപാരൈഃ സ്രംസമാനം സപദി ശകനയേമോസഗർഭാ ഗ്രസന്തേ''

എന്നൊരു പദ്യംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

2. സാരം പരിചൊടു നിതരാം ചന്ദ്ര. 3. ഈ പദ്യം കഴിഞ്ഞു്,

''കായം മേ ചന്ദ്രഹാസഃ പ്രഹൃതിശതലിപിന്യസ്തൈത്രപ്രശസ്തീ:
സർമാതംഗസ്യ കംഭേ, ക ച കരഭ! വോന് ദുർബലോ ഗൃധ്രകീടഃ
വാമേദ്യോഽസ്മദ്ഭുജേദ്യോ ബഹിരയമിഹ യസ്തത് കനിഷ്ഠാംഗ്രലീഭ്യഃ
ക്രവ്യോത്കൃത്തിപ്രവൃത്തം ഹരഗ നഖശിഖാ തച്ചിരഃ കന്ധരാതഃ''

എന്നൊരു പദ്യംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

''ഒക്കും നിൻ ചന്ദ്രഹാസം ചപലജനതനും
തീണ്ടുമാറില്ല, മുന്നം
മുഷ്ടോടേ വാൽതലയ്ക്കൽ രൂപവഗപതി പിണ—
ച്ചന്നുമീദൃഗ്വിധോഽയം;
ഉഗ്രാത്മാ ഹേഹയേന്ദ്രൻ കരുതുകിലൊരുവൻ
മാനുഷന്മാരിലിന്നും
തൽക്കയ്യൂക്കിൻ പ്രഭാവം മനസി തവ മറ—
ന്നീടുവാനില്ല ഞായം.'' 85

''ദോഷാനാലോക്യ നമ്മെക്കടിലമതി ഭവാൻ
ക്ഷത്രിയാണീസമക്ഷം
ദോഷാൽ നിന്ദിക്കുമിക്കോപ്പിനു കിമപി പൊറ—
ത്തീടുകെന്നിന്നി വാരാ;
ഭോഷാ! കേവം ചാപലത്തിൻ ഫലമിതനുഭവി—
ച്ചീടുവാനിന്നെയിന്നേ
രോഷാഗ്നൗ മാമകീനേ സപദി ശലഭമോ—
ക്കീടുവൻ നിർവിശങ്കം.'' 86

''ദുഷ്ടാത്മൻ! തിഷ്ഠ തിഷ്ഠ ക്ഷണമഥ ഭവതേതേ;
വക്ത്രഗർത്തങ്ങളം പത്തും
മുട്ടെക്കൊത്തിത്തകർത്തുദ്ഭടതടതടിതം
ചഞ്ചുകോണൈരഞ്ജസാ ഞാൻ

ഭവി—കൈയിൽ. ചന്ദ്രഹാസം—ചന്ദ്രഹാസം എന്ന വാൾ. നിന്ദ്യം തദ്ഗാത്രം—എത്രയും നികൃഷ്ടമായ നിന്റെ ദേഹത്തെ. തീണ്ടുക—സ്പർശിക്കുക. ഉദ്ധതം—പ്രൗഢഗംഭീരം. കരുതുക—നീ ഇപ്പോൾ കരുതുന്നു.

പദ്യം 85. ഒക്കും—നീ പറഞ്ഞതു ശരിയാണ്. ചപ....നം—കൊള്ളരുതാത്തവരുടെ ദേഹത്തെ രൂപവഗപതി—വനരരാജാവായ ബാലി. അയം—ഇവൻ (ചന്ദ്രഹാസം). ഈദൃഗ്വിധം—ഇപ്രകാരത്തിലായിരുന്ന നിസ്സാരന്മാരുടെ ദേഹത്തെ സ്പർശിച്ചില്ല. ഉഗ്രാത്മാ ഹേഹയേന്ദ്രൻ—മഹാശൂരനായ ഹേഹയരാജാവു്. പ്രഭാവം—മഹത്വം. തവ മനസി—നിന്റെ ഉള്ളിൽ.

പദ്യം 86. കടിലമതി—വക്രബുദ്ധി. ദോഷാൻ—ദോഷങ്ങളെ. ആലോക്യ—കണ്ടുപിടിച്ചിട്ടു്. ക്ഷത്രി... ...ക്ഷം—ഒരു ക്ഷത്രിയസ്ത്രീയുടെ മുമ്പിൽവച്ചു്. ദോഷാത്—വിരോധത്തിൽ. കിം അപി—അല്പം പോലും. വാരാ—വരികയില്ല. ചാപലത്തിൻ ഫലം—തോന്നിയവാസത്തിന്റെ ഫലം. വാ—വരിക. മാമകീനേ—എന്റെ. രോഷാഗ്നൗ—കോപാഗ്നിയിൽ. സപദി—ഇപ്പോഴത്തന്നെ. ശലഭം—ഇയ്യാൻപാറ്റ. നിർവിശങ്കം—സംശയിക്കാതെ.

1. നാരോപ്യ നമ്മെ. 2. ക്കുമിക്കോപ്പിനു കിമപി. 3. ടുവാൻ വൈകിയാതേ രോ. 4. ന് ഗ്രഡഗ്രഡം.

തുഷ്ട്യാ കേവം പത്തു ദിക്കിങ്കിലുമഴകിലെറി—
ഞ്ഞാദ്വൈംശപ്രസൂതീം
പെട്ടെന്നേനാം കുമാരീം രഘുപതിസവിധേ
കാഴ്ചയായ് വസ്തുനിന്നേ.'' 87

''ഒക്കെക്കെടീടിലും ദാനവസുരസദസാം
ചെറ്റചിന്ത്യം ത്രിലോകൃാ—
മിക്കർമ്മം പക്ഷികീടത്തിനു സുകരമഹോ!
ധൃഷ്ടതയ്ക്കുണ്ടു ചൊല്ല!
നില്ലെല്ലാം ചന്ദ്രഹാസോരഗവരനിരയായ്—
ക്കൊള്ളമർദ്ധക്ഷണംകൊ—
ണ്ടിക്കാലം 'നീയിതെ' ''ന്നന്നിശിചരപെരുമാ
കോപമന്ത്രംക്കൊണ്ടണഞ്ഞു. 88

അന്നേരം പക്ഷിരാജൻ നിജചിറകു കുട—
ഞ്ഞുജ്ജ്വലം വജ്രസാരം
വെന്നീടും ചഞ്ചുദണ്ഡോദ്ഭടതഡതഡിത—
ധ്വാനരുദ്ധാഖിലാശം
ഉന്നിദ്രാഭ്യാം ഗരുദ്ഭ്യാം മണിരഥമഥ ത—
ല്പിത്തകത്ത്[2]ധ്വജാഗ്രം
ഖണ്ഡിച്ചും തന്നുഖാഗ്രാൻ കുതിരകളുടലിൽ
പ്രാ[3]ച്ചിയും പ്രോജ്ജ്വലംഭേ. 89

പദ്യം 87. ദുഷ്ടാത്മൻ—ഹേ ദുഷ്ട. തിഷ്ഠ—നിൽക്കു. ക്ഷണം—അല്പ സമയം. അസൃ....തേ—ദുഷ്ടപിത്ത. വക്ത്രഗഹ്വരം—പെരുത്ത മുഖഗഹ്വരം. ഉദ്ഭ....തം—ഉച്ചത്തിൽ തഡതഡശബ്ദങ്ങളോടുകൂടി. ചഞ്ചുകൊണ്ടു''—കൊക്കുകൊണ്ടു്. അഞ്ജസാ—വേഗത്തിൽ. തുഷ്ട്യാ—സന്തോഷത്തോടുകൂടി. അർക്ക ...തിം—സൂര്യവംശത്തിലെ സന്തതിക്കു ഹേതുവായ. ഏനാം കുമാരീം—ഈ കുമാരിയെ. രഘു ...ധേ—ശ്രീരാമന്റെ മുമ്പിൽ.

പദ്യം 88. ത്രിലോകൃം—മൂന്നുലോകത്തിൽ. ദാന....സാം—ദേവാസുരന്മാർക്കു്. അചിന്ത്യം—വിചാരിക്കുവാൻപോലും സാധിക്കാത്തതായ. ഇക്കർമ്മം—ഇത്തൊഴിൽ. പക്ഷികീടത്തിനു്—നിസ്സാരനായ ഒരു പക്ഷിക്കു്. സുകരം—ചെയ്യാൻ പ്രയാസമില്ലാത്തതു്. അഹോ—ആശ്ചര്യം. ധൃഷ്ട—ധാർഷ്ട്യം. നില്ല എല്ലാം—അതൊക്കെ നില്ക്കട്ടേ. ചന്ദ്ര....രൻ—ചന്ദ്രഹാസമാകുന്ന സർപ്പരാജനു്. അർദ്ധക്ഷണം—അരനിമിഷം.

പദ്യം 89. ഉജ്ജ്വലം—ജ്വലിക്കുന്നതായ വജ്രസാരം—വജ്രായുധത്തിന്റെ വീര്യത്തെ. ചഞ്ചു .....ശം—കൊക്കിൽനിന്നു് ഉച്ചത്തിൽ പുറപ്പെട്ടുന്ന തഡതഡ എന്ന ശബ്ദംകൊണ്ടു സകല ദിക്കുകളും മുഴങ്ങുമാറു്.

1. ലം നിന്നേയെന്നന്നി. 2. ത്തകത്തും ധ്വ. 3. പാച്ചി.

ദശമുഖരഥമാശു ധ്വസ്തരഥ്യം വിസൃതം
ശിഥിലതരവരൂഥം ശീർണ്ണചക്രം സ ചക്രേ
ഗരുദഭിഹതശക്തിപ്രാസബാണാസിഖഡ്ഗ—
ത്രിശിഖവിശിഖതൂണീപാശകുന്തഃ ശകുന്തഃ. 90

ജന്യേ ശക്ത്യാ ഖഗാനാം പതി കഴിവു കെടു—
ക്കും വിധൗ രാക്ഷസേന്ദ്രൻ
മന്ദാക്ഷഃക്രോധശാലീ കപടരണവിധാ—
നേന[1] താനേ തദാനീം
ഛന്നം വെട്ടിത്തദീയം ചിറകു ബത! മുറി—
ച്ചാനനം പത്തുകൊണ്ടും
ഖിന്നം നിധ്യായ സീതാമുഖമഴകൊടു വെ—
ട്ടിച്ചിരിച്ചാൻ ദുരാത്മാ. 91

രാക്ഷസാസിക്ഷതഃ ക്ഷിപ്രം
പപാത പതതാം വരഃ
മൈഥിലീപക്ഷപാതേന
പക്ഷപാതമവാപ്യ സഃ. 92

ഉന്നിദ്രാഭ്യാം ഗരുദ്ഭ്യാം—വിടർത്തിയ ചിറകുകളെക്കൊണ്ടു്. മണിരഥം—വിശേഷമായ തേരിനെ. ധ്വജാഗ്രം—കൊടിമരത്തെ. ഖണ്ഡിച്ചു്—മുറിച്ചു്. തൻ നഖാഗ്രാൻ—തന്റെ നഖാഗ്രങ്ങളെ. പ്രാച്ചു്—ആഴ്ത്തിയിട്ടു്. പ്രോജ്ജൃംഭേ—വളർന്ന (വികൃമിച്ച.)

പദ്യം 90. ഗരു....ന്തഃ—രാവണന്റെ വേൽ ചാട്ടകുന്തം വില്ലു് വാൾ ശൂലം അമ്പു് ആവനാഴി പാശം കുന്തം ഇവയെ ചിറകുകളെക്കൊണ്ടു് അടിച്ചുടച്ച. സഃ ശകുന്തഃ—ആ പക്ഷി. ആശു—വേഗത്തിൽ. ദശ..ഥം—രാവണന്റെ തേരിനെ. ധ്വസ്തരഥ്യ—കൊല്ലപ്പെട്ടതായ കുതിരകളോടു കൂടിയതായും. വിസൃതം—സൂതനില്ലാത്തതായും. ശിഥി ഥം—മേൽക്കൂട തകർന്നതായും. ശീർണ്ണചക്രം—ചക്രങ്ങളും തകർന്നതായും. ചക്രേ—ചെയ്തു. രാവണന്റെ ആയുധങ്ങളെയും തേരിനേയും തകർത്തുകളഞ്ഞു എന്നർത്ഥം.

പദ്യം 91. ജന്യേ—യുദ്ധത്തിൽ. ഖഗാനാം പതി—പക്ഷിശ്രേഷ്ഠൻ. മന്ദാ....ലീ—നാണത്തോടും കോപത്തോടും കൂടിയ. രാക്ഷ....ൻ—രാവണൻ. കപ..ന—മായായുദ്ധംകൊണ്ടു്. തദാനീം—അപ്പോൾ. ദുരാത്മാ—ദുഷ്ടനായ അവൻ. ഛന്നം—ഒളിവായി. തദീയം—അവന്റെ. ആനനം—മുഖം. ഖിന്നം—ദുഃഖിതമായ. സീതാമുഖം—സീതയുടെ മുഖത്തെ. നിധ്യായ—നോക്കീട്ടു്.

പദ്യം 92. പതതാം വരഃ സഃ—പക്ഷിശ്രേഷ്ഠനായ അവൻ. മൈഥി... ന—സീതയെ സഹായിക്കുവാൻ പുറപ്പെട്ടതു നിമിത്തം. രാക്ഷ.... തഃ—രാവണന്റെ വാളുകൊണ്ടു മുറിവേറ്റവനായി. പക്ഷപാതം അവാപ്യ—ചിറകറ്റു്. ക്ഷിപ്രം—വേഗത്തിൽ. പപാത—വീണു.

1. നേന തേനേ തദാ,

'പതഗരാജപതേ! ഹാ വീര! കേന വ്യാപരിച്ചായ[1]
സദൃശമിതു രഘൂണാം വംശസംബന്ധയോഗ്യം
യുധി മമ വിധിദോ[2]ഷാദ്ധർഷിതോ നീയതെല്ലാം
പതിയൊടു പറവോളം പ്രാണിഹീ''ത്യനുഗ്രഹ[3]ണാത്. 93

കേളികൊപ്പു നിവേദ്യ തം നരപശും
പോരിന്ന യാത്രാക്കു നീ
കാ[3]ലത്തെ''ന്ന ജടായുഷം പരിഹസൻ
ഗത്വാ നഭോവർത്മനാ
ശ്രീലങ്കാപുരിചെന്നശോകവനികാ-
രാമാങ്കണേ ശിം[4]ശ്രുപാ-
മൂലേ കൊണ്ടെയിരുത്തിനാൻ നിജകുല-
പ്രോന്മാഥിനീം മൈഥിലീം. 94

ആശ്രമത്തിലേക്കു മടങ്ങിയ രാമനും ലക്ഷ്മണനും സീതയെ കാണാതെ അടുത്തുള്ള സ്ഥലങ്ങളിലെല്ലാം അവളെ അന്വേഷിച്ചു നടക്കുകയും വിലപിക്കുകയും ചെയ്തു:

തൗ രാഘവൗ തത്ര തദാ വിമുക്തൗ
മാരീചമായാശകടാനുബന്ധാത്

പദ്യം 93. സീത വളരെ ദുഃഖത്തോടുകൂടി പക്ഷിശ്രേഷ്ഠനെ സമീപത്തു ചെന്നു അനുഗ്രഹിക്കുന്നു: പത ..തേ—ഹേ പക്ഷിശ്രേഷ്ഠ. വ്യാപരിച്ചായ്—നീ പ്രവർത്തിച്ചു. രഘൂണാം—രഘുവംശരാജാക്കന്മാരുടെ. വംശ....ഗ്യം—വംശത്തോടുള്ള സംബന്ധത്തിനു തക്കവണ്ണം. സദൃശം—ഒത്തതു്. മമ—എന്റെ. വിധിദോഷാത്—ദൈവദോഷത്തിൽ. യുധി യുദ്ധത്തിൽ. ധർഷിതഃ—തോല്പിക്കപ്പെട്ടവനായി. ഇതെല്ലാം—രാവണൻ ചെയ്തതായ ഈ പ്രവൃത്തികളെല്ലാം. പ്രാണിഹി—നീ ജീവിച്ചിരിക്കുക. ഇതി—എന്നിപ്രകാരം. അനുഗ്രഹ[3]ണാത്—സീത അനുഗ്രഹിച്ചു.

പദ്യം 94. നീ ഇക്കോപ്പ്—ഞാൻ ചെയ്ത ഇത്തൊഴിൽ. തം നരപശും—ആ പശുപ്രായനായ മനുഷ്യനെ. നിവേദ്യ—അറിയിച്ചിട്ട്. കാലത്തു്....വേണ്ടപ്പോഴ—പോരിന്ന—യാത്രാക്കു് (യാത്ര ആക്ക—യാത്രയാക്ക) എന്ന രാവണൻ. ജടായുഷം—ജടായുസ്സിനെ. പരിഹസൻ—പരിഹസിക്കുന്നവനായിട്ട്. നഭോപഥ്മനാ—ആകാശമാർഗ്ഗത്തുടെ. ഗത്വാ—ഗമിച്ചിട്ട്. ശ്രീലങ്കാപുരി—ശ്രീമതിയായ ലങ്കാപുരിയിൽ. അശോ....ണെ—അശോകോദ്യാനത്തിൽ. ശിംശപാമൂലേ—ശിംശപാവൃക്ഷ(കറുത്ത ഇരുവിംമര)ത്തിന്റെ ചുവട്ടിൽ. നിജ....നീം—തന്റെ വംശത്തിനു നാശത്തെ ചെയ്യുന്ന വളായ. മൈഥിലീം-സീതയെ. രാവണൻ പുഷ്പകവിമാനത്തിൽ ആകാശമാർഗ്ഗത്തുടെ സഞ്ചരിച്ചു ലങ്കയെ പ്രാപിച്ചു സീതയെ അശോകവനികയിൽ ശിംശപാമൂലകത്തിൽ 'കൊണ്ടെയിരുത്തിനാൻ'.

പദ്യം 95. തത്ര—അവിടെ. തദാ—അപ്പോഴം. മാരീ.....ത്—

1. ച്ചാ സ്യ. 2. ഘാത് പീഡിതോ. 3. ലത്വന്നു. 4. ശിംശപാ.

ആരുഢതാപൗ പുനരുഢചാപൗ
വീരൗ നിജം പ്രാപതുരാശ്രമാന്തം. 95

പർണ്ണശാലാത്രികോണേഷു
പശ്യൻ മനുകുലോത്തമഃ
അഭാവഭീത്യാ വൈദേഹ്യാ
നാന്യത് കോണമവൈക്ഷത. 96

വിലോകയതാം കേവലപർണ്ണശാലാം
വിമൂഢചേതാഃ പതിതോ ധരണ്യാം
വിബോധിതോഽസാവനുജേന[2] കൃഛ്രാദ്
വിമുക്തകണ്ഠം വിലലാപ രാമഃ. 97

ഹാ! കഷ്ടമത്ര നഹി സാ കിമിദം പ്രവൃത്ത—
മാലോകയാമി ചടുലാമിഹ പാദമുദ്രാം
മാം വീക്ഷ്യ നൂനമഗൃഹീതമൃഗം മുഹുർത്ത—
മന്തർഹിതാ തരുഷു രോഷവതീവ സീതാ. 98

മാരീചന്റെ കള്ളച്ചാട്ടിന്റെ കെട്ടിൽനിന്നു്. വിമുക്തൗ—വിട്ടവരായി. ആരുഢതാപൗ—വ്യസനാക്രാന്തന്മാരായി. ഉദ്ധചാപൗ—വില്ലെടുത്തവരായി. വീരൗ—വീരന്മാരായിരിക്കുന്ന. തൗ രാഘവൗ—ആ രാഘവന്മാർ(രാമലക്ഷ്മണന്മാർ). പുനഃ—പിന്നെ. നിജം ആശ്രമാന്തം—തങ്ങളുടെ പർണ്ണശാലയുടെ സമീപത്തെ. പ്രാപതുഃ—പ്രാപിച്ചു.

പദ്യം 96. മനു....മഃ—ശ്രീരാമൻ. പർണ്ണ ...ഷു—പർണ്ണശാലയുടെ മുന്നു കോണുകളിലും. പശ്യൻ—പശ്യന്നായിട്ടു് (സീതയെ നോക്കീട്ടു്). വൈദേഹ്യാഃ—സീതയുടെ. അഭാ....ത്യാ—അഭാവത്തെക്കുറിച്ചുള്ള ഭയം ഹേതുവായിട്ടു്. അന്യത് കോണം—മറേ കോണിനെ (നാലാമത്തെ കോണിനെ), ന അവൈക്ഷത—നോക്കിയില്ല. നാലാമത്തെ മൂല നോക്കാത്തേടത്തോളം നേരം അവിടെയുണ്ടാവുമെന്നാശിക്കാമല്ലോ.

പദ്യം 97. രാമഃ—രാമൻ. താം കേവ....ലാം—അതിനെ ആരുമില്ലാത്ത ഒരു ഒഴിഞ്ഞ പർണ്ണശാലയായിട്ടു്. വിലോക്യ—കണ്ടിട്ടു്. വിമൂ ...താഃ—മോഹിച്ച മനസ്സോടുകൂടിയവനായി (മോഹാലസ്യപ്പെട്ടു്). ധരണ്യാം—ഭൂമിയിൽ. പതിതഃ—വീണ. അനുജേന—അനുജനാൽ. കൃഛ്രാത് വിബോധിതഃ—വളരെ പ്രയാസപ്പെട്ട ബോധമുണ്ടാക്കപ്പെട്ടവനായ. അസൗ—ഇവൻ (രാമൻ). വിമു....ണ്ഠം—വാവിട്ടു്. വിലലാപ—നിലവിളിച്ചു.

പദ്യം 98. ഇനി അഞ്ചു പദ്യങ്ങളെക്കൊണ്ടു രാമന്റെ വിലാപത്തെ വിവരിക്കുന്നു: അത്ര—ഇവിടെ. സാ നഹി—അവൾ ഇല്ലല്ലോ. കിം ഇദം പ്രവൃത്തം—ഇതെന്താണു് വന്നുകൂടിയതു്. ഇഹ—ഇവിടെ. ചടുലാം—പതറിയ. പാദമുദ്രാം ആലോകയാമി—കാലടി കാണുന്നു. സീതാ—സീത. മാം—എന്നെ. മൃഗ....ഗം വീക്ഷ്യ—മാനിനെ പിടിച്ചുകൊണ്ടു വരാത്തവനായിട്ടു് കണ്ടിട്ടു്. രോഷവതീ ഇവ—കോപമുള്ളവളെന്നപോലെ. (ബുദ്ധിമതിയും സൗമ്യശീലയുമാകയാൽ വാസ്തവമായ

1. ആരുഢചാപൗ പു. 2. ജേന പശ്ചാദ് വിമു.

യദ്യസ്തി കൗതുകമപൂർവ്വമൃഗേ മൃഗാക്ഷി!
ചാരും ഹരാമി ഹരിണം മമ സന്നിധേഹി
യാവന്ന മുഞ്ചസി മായാധൃതമേണമേനം
താവദ് ധൃതം തവ വഹിത്രതുലാം മൃഗാങ്കഃ. 99

ആധൗ സിദ്ധൗഷധിരിവ ഹിതാ കേളികാലേ വയസ്യാ
പത്നീ ത്രേതായജനസമയേ ക്ഷത്രിയാണ്യേവ യുദ്ധേ
ശിഷ്യാ ദേവദ്വിജപിതൃസമാരാധനേ ബന്ധുരാർത്തൗ
സീതാ സാ മേ ശിവ ശിവ മഹാകാനനേ കാ ന ജാതാ? 100

സപ്രാണാ ചേജ്ജനകതനയാ
കിം ന തിഷ്ഠേത മഹ്യം,
ഹിംസ്രൈഃ സത്ത്വൈർന കില നിഹതാ
രക്തസിക്താ ന പൃഥ്വീ,
ഗോദാവര്യാം[2] പുളിനവിഹൃതിം
രാമശ്രുന്യാ നു കര്യാദ്,
വ്യക്തം നക്തഞ്ചരകുലപതേ
സർവ്വഥാ സംസ്ഥിതാ സാ. 101

കോപം ഉണ്ടോവാനവകാശമില്ല എന്നത്രം). മുഹൂർത്തം—അല്പസമയം. തരുപു അന്തർഹിതാ—മരങ്ങളുടെ ഇടയിൽ മറഞ്ഞിരിക്കുകയായിരിക്കാം. നൂനം—നിശ്ചയം.

പദ്യം 99. മൃഗാക്ഷി—അല്ലയോ സുന്ദരി. അപൂർവമൃഗേ—അപൂർവമായ മൃഗത്തിൽ. കൗതുകം അസ്തി യദി—താല്പര്യമുണ്ടെങ്കിൽ. ചാരും ഹരിണം ഹരാമി—ഞാൻ ചന്ദ്രനിലുള്ള മാനിനെ പിടിച്ചുകൊണ്ടുവരാം. മമ സന്നിധേഹി—എന്റെ അടുക്കൽ വരു. മയാ ധൃതം ഏനം ഏണം—എന്നാൽ പിടിക്കപ്പെട്ടതായ ഈ മാനിനെ. യാവത് ന മുഞ്ചസി—എത്ര സമയം നീ വിട്ടുന്നില്ലയോ. താവത് മൃഗാങ്കഃ തവ വക്ത്രതുലാം ധാരയതു—അത്ര സമയം ചന്ദ്രൻ നിന്റെ മുഖത്തിന്റെ സാമ്യത്തെ ധരിക്കട്ടെ.

പദ്യം 100. ആധൗ സിദ്ധൗഷധിഃ ഇവ ഹിതാ—രോഗത്തിൽ കൈകണ്ട മരുന്നുപോലെ പഥ്യയായിട്ടും. കേളികാലേ—ലീലകളിൽ. വയസ്യാ—പ്രിയസഖിയായിട്ടും. ത്രേതായജന .. യേ—ത്രേതാഗ്നിയജ്ഞകർമ്മങ്ങളിൽ. പത്നീ—പത്നിയായിട്ടും. യുദ്ധേ ക്ഷത്രിയാണീ ഏവ—യുദ്ധത്തിൽ ക്ഷത്രിയസ്ത്രീയായിട്ടും. ദേവ... നേ ശിഷ്യാ—ദേവന്മാർ ബ്രാഹ്മണർ പിതൃക്കൾ ഇവരെ പൂജിക്കുമ്പോൾ പരിചാരികയായിട്ടും. ആർത്തൗ ബന്ധുഃ—പീഡയിൽ (ആപത്തിൽ) ബന്ധുവായിട്ടും ഇരിക്കുന്ന. സാ സീതാ—ആ സീത. മേ—എനിക്ക്. മഹാ കാനനേ—ഈ ഭയങ്കരമായ വനത്തിൽ. കാ ന ജാതാ—ആരെല്ലാം ആയിത്തീർന്നിട്ടില്ല. എല്ലാമായിരുന്നു എന്നത്രം.

പദ്യം 101. ജന....യാ സപ്രാണാ ചേത്—സീത ജീവനോടുകൂടിയിരിക്കുന്നുവെങ്കിൽ. മഹ്യം കിം ന തിഷ്ഠേത—എന്നെ കാത്തുനിന്നുകൂടെ

1. യാ എത. 2. ര്യാഃ പു.

[1]ലോകാന്തരപ്രണയിനം ശ്വശ്രൂരം പ്രണത്തു—
മാജ്ഞപ്തകാലമതിലംഘ്യ യദി പ്രയാസി,
വിജ്ഞാപ്യ മാമപി സമാഹ്വയ സാധ്വി! തസ്മൈ
സൗമിത്രിരേവ ഭരതേ നിദധാതു രാജ്യം.'' 102

ഇത്ഥം വിലപ്യ ദയിതാം വിപിനേ വിചിന്വൻ
രാമോ ന തത്ര ധൃതിമാൻ സ ഹി ലക്ഷ്മണശ്ച;
താദ്ഗ്വിധാമപി ദശാം കഥയൻ സ്വവാചാ
വല്മീകജന്മമുനിരേവ കഠോരചേതാഃ. 103

''ഹേ ഗോദാവരി! രമ്യവാരിസികതേ!
പൃച്ഛാമി കച്ചിൽ സഖീ
സീതാ മേ ജലകേളിസംഭൃതരസാ
ലീനാത്ര കുത്രാപി സാ,

യിരിക്കുമോ. ഹിംസ്രൈഃ സത്ത്വൈഃ ന നിഹതാ കില—ദുഷ്ടമൃഗങ്ങളാൽ കൊല്ലപ്പെട്ടിട്ടില്ല, നിശ്ചയം. എന്തെന്നാൽ പൃഥീരക്തസിക്താ ന (ഭവേതി)—ഭൂമി ചോരകൊണ്ടു നനഞ്ഞിട്ടില്ല. രാമശൂന്യാ ഗോദാവര്യാം പുളി....തി൰ ന കര്യാത്—രാമനില്ലാതെ അവൾ ഗോദാവരിയുടെ മണൽത്തിട്ടിൽ കളിക്കുകയില്ല. സർവഥാ സാ നക്ത....ത് സംസ്ഥിതാ (ഭവേതി)വ്യക്തം—എല്ലാ പ്രകാരത്തിലും അവൾ രാക്ഷസന്മാരുടെ ഭക്ഷണമായിട്ട് മൃതയായി എന്നു സ്പഷ്ടം.

പദ്യം 102. സാധ്വി—അല്ലയോ പതിവ്രതേ. ആജ്ഞ .. ലം അതിലംഘ്യ—കല്പിക്കപ്പെട്ട കാലത്തെ അതിക്രമിച്ച്. ലോകാ....നം ശ്വശ്രൂരം പ്രണത്തും—പരലോകഗതനായിരിക്കുന്ന അച്ഛനെ വന്ദിപ്പാനായ്ക്കൊണ്ട്. പ്രയാസി യദി—നീ പോകുന്നുവെങ്കിൽ. തസ്മൈ വിജ്ഞാപ്യ—അദ്ദേഹത്തെ അറിയിച്ചിട്ട്. മാം അപി സമാഹ്വായ—എന്നെയും വിളിക്കണേ. സൗമിത്രിഃ ഏവ—ലക്ഷ്മണൻതന്നെ. ഭരതേ രാജ്യം നിദധാതു—ഭരതനു രാജ്യത്തെ ഏൽപ്പിച്ചുകൊള്ളട്ടേ.

പദ്യം 103. ഇത്ഥം വിലപ്യ—ഇപ്രകാരം വിലപിച്ചിട്ട്. വിപിനേ ദയിതാം വിചിന്വൻ—വനത്തിൽ ഭാര്യയായ സീതയെ അന്വേഷിച്ചുകൊണ്ട്. രാമഃ ച സഃ ലക്ഷ്മണഃ ച—രാമനും ആ ലക്ഷ്മണനും. തത്ര ധൃതിമാൻ ന (ബഭൂവ)—അവിടെ ധൈര്യമുള്ളവനായി ഭവിച്ചില്ല. പ്രകൃത്യാ ധീരന്മാരാണെങ്കിലും അവർ ധൈര്യംവിട്ടു കരഞ്ഞുപോയി എന്നർത്ഥം. താദ്ഗ്വിധാം അപി ദശാം—അപ്രകാരമുള്ള അവസ്ഥയെ. സ്വവാചാ കഥയൻ—തന്റെ വാക്കുകൊണ്ടു പറയുന്നവനായ. വാല്മീ....നിഃ—വാല്മീകിമഹർഷി (രാമായണകർത്താവ്). കഠോരചേതാഃ ഏവ—കഠിനചിത്തൻതന്നെ.

പദ്യം 104. രമ്യ....തേ ഗോദാവരി—അല്ലയോ മനോഹരമായ വെള്ളവും മണൽത്തിട്ടയുമുള്ള ഗോദാവരി. പൃച്ഛാമി—ഞാൻ നിന്നോടു ചോദിക്കുന്നു. സഖീ മേ സാ സീതാ—നിന്റെ തോഴിയായ എന്റെ ആ സീത. ജല.....സാ—വെള്ളത്തിൽ കളിച്ചിരുന്നവളാ

1. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല.

മാ ഗ്രഹസ്വ, തയാ വിനാ ദയിതയാ
കഞ്ചിത് ക്ഷണം ജീവിതം
നേദം തിഷ്ഠതി, യത്ര സാഭിരമതേ
തത്രൈവ രാമോ'പ്യയം. 104

സാരംഗി! ശംസ സഹസാ സഖി! ജീവനാഥാ
സാ മേ വിഭൂഷയതി സമ്പ്രതി കം പ്രദേശം
യാ വഃ[1] സ്വയം ദധിത കാതരകാതരാണാ—
മാചാര്യകം നയനചംക്രമപാതുരീണാം. 105

നീലകണ്ഠ! മമോത്കണ്ഠാ
വനേ'സ്മിൻ വനിതാ ത്വയാ
ദീർഘാപാങ്ഗാസിതാപാങ്ഗ![2]
ദൃഷ്ടാ ദൃഷ്ടിക്ഷമാ [3]ഭവേത്. 106

ഹാഹാ [4]കോക! ചകോരികേ! മധുകര—
പ്പേടേ! കിളിപ്പൈതലേ!
കുരും കോകിലബാലികേ! പറകെടോ
നിങ്ങൾക്കു കൈക്കൂപ്പിനേൻ;

യിട്ട്. അത്ര കുത്രാപി ലീനാ—ഇവിടെ എവിടെയെങ്കിലും ലയിച്ചിട്ടുണ്ടോ? മാ ഗ്രഹസ്വ—മറയ്ക്കരുത്. ഇക്കാര്യം എന്നോട് സ്പഷ്ടമായി പറയുക എന്നത്ഥം. ദയിതയാ തയാ വിനാ—ദയിതയായ അവളോട് കൂടാതെ. ഇദം ജീവിതം കഞ്ചിത് ക്ഷണം ന തിഷ്ഠതി—എന്റെ ജീവിതം ഒരു നിമിഷം നില്ക്കുന്നതല്ല. സാ യത്ര അഭിരമതേ—അവൾ യാതൊരിടത്ത് രമിക്കുന്നുവോ. അയം രാമഃ അപി തത്ര ഏവ—ഈ രാമനും അവിടെത്തന്നെ രമിക്കുന്നു. സീതയ്ക്ക് രസമില്ലാത്തേടത്ത് രാമനും സന്തോഷമുണ്ടാകുന്നതല്ല.

പദ്യം 105. സഖി സാരങ്ഗി—ഹേ തോഴിയായ മാൻപേടേ. മേ ജീവനാഥാ സാ—എന്റെ പ്രാണനാഥയായ അവൾ. സംപ്രതി കം പ്രദേശം ഭൂഷയതി—ഇപ്പോൾ ഏതു പ്രദേശത്തെ അലങ്കരിക്കുന്നു? ശംസ—നീ പറഞ്ഞാലും. കാത.....ണാം നയ.....ണാം—ഏറ്റവും ചഞ്ചലങ്ങളായ ദൃഷ്ടിവിഭ്രമങ്ങളുടെ. ആചാര്യകം—ശിക്ഷാക്രമം. യാ സ്വയം ദധിത—യാവളൊരുത്തി സ്വയമേ ചെയ്യുന്നു. നിന്നെപ്പോലുള്ളവർക്ക് കൺവിലാസങ്ങളെ മുഴുവൻ പഠിപ്പിച്ചുതന്ന ആ സീത എവിടെയെന്നു നീ അറിയാതിരിക്കയില്ലല്ലോ.

പദ്യം 106. അസിതാപാങ്ഗ നീലകണ്ഠ—അല്ലയോ അസിതാപാങ്ഗനായ മയിലേ. ദീർഘാപാങ്ഗാ ദൃഷ്ടിക്ഷമാ—ദീർഘാക്ഷിയും ദർശനയോഗ്യയും ആയ. മമ വനിതാ—എന്റെ പ്രിയ. അസ്മിൻ വനേ ത്വയാ ദൃഷ്ടാ ഭവേത്—ഈ വനത്തിൽ നിന്നാൽ കാണപ്പെട്ടിരിക്കും. (ഇതി) ഉത്കണ്ഠാ (ഭവതി)—എന്നു ഞാൻ ഏറ്റവും ഔത്സുക്യത്തോടുകൂടി വിചാരിക്കുന്നു.

1. യാവത് സ്വയം വ്യധിത. 2. പാങ്ഗാ. 3. ക്ഷവത് 4. ഹാ കേകി ച.

ശോകാംഭോധിയിലാക്കി മാമശരണം
മാപാപി വൈദേഹി മ—
ജ്ജീവാലംബന,മെങ്ങു പോയിതിവിടെ—
ക്കത്രാപി കണ്ടീലയോ? 107

നീയുണ്ടോ ഹന്ത! കണ്ട സഖി! കുസുമലതേ!
മല്ലികേ! ജാതി! മുല്ലേ!
നീയുണ്ടോ ചൂതമേ! കണ്ടിതു[1] കുരവക! പു—
ന്നാഗ! ദിങ്നാഗയാനാം
നീയുണ്ടോ [2]നക്തമാലദ്രുമ! ബകുള! നവാ—
ശോകമേ! കണ്ടിതയ്യോ!
ജായാം മേ ജാതു യുഷ്മജ്ജനനിയെ വിപിനേ
ജാനകീം ദീനദീനാം.'' 108

പദ്യം 107. കോക—അല്ലയോ ചക്രവാകമേ. ചകോരികേ—അല്ലയോ ചകോരപ്പേടേ. മധുകരപ്പേടേ—വണ്ടിൻപേടേ. കോകി..... കേ—കയ്യിൽകിടാവേ. മജ്ജീ....നം—എന്റെ പ്രാണനു് ആശ്രയമായ. വൈദേഹി—സീത. അശരണം മാം—യാതൊരു ആശ്രയവും ഇല്ലാത്ത എന്നെ. ശോകാ .. ക്കി—ദുഃഖസമുദ്രത്തിൽ ആക്കീട്ടു്. കത്ര അപി—എവിടെയെങ്കിലും.

പദ്യം 108. കുസുമലതേ—പുഷ്പവല്ലി. ജാതി—പിച്ചകമേ. മുല്ലേ—തെറ്റാവേ. കുരവക—അല്ലയോ കുറുഞ്ഞി. പുന്നാഗ—പുന്നപ്പൂങ്കമേ. നക്ത.....മ—ഉണ്ടമരമേ. ബകുള—എലഞ്ഞിവൃക്ഷമേ. ദിങ്നാ".....നാം—ഗജരാജഗമനയായി. മേ ജായാം—എന്റെ ഭാര്യയായി. യുഷ്മജ്ജനനിയെ—നിങ്ങളുടെ അമ്മയായി. ദീനദീനാം—അതിപരവശയായിരിക്കുന്ന. ജാനകീം—ജനകപുത്രിയെ (സീതയെ). വിപിനേ—

---

1. ഈ പദ്യം കാണ്മാനില്ല.

"സഖി! നന സേവ്യതാം തരുതടം ചണ്ഡാംശുരുജ്ഝതേ,
ചണ്ഡാംശോർനിശി കാ കഥാ രവിപതേ ചന്ദ്രോഽയമുദ്വീക്ഷതാം,
തത്കൈരവമേവ വിദിതം കഥം ന ഭവതാ, ധത്തേ കരങ്ഗം യതഃ,
കാന്തായാ പ്രിയസീ ഹാ കരങ്ഗനയനേ ചർവ്വാനനേ ജാനകി.

ദേവഃ പാണ്ഡു, ലക്ഷ്മണോഽഹം ഭഗവദനചരഃ, കോഽയമാര്യഃ, സ രാജാ,
ദേവി രാഘവോ നാമ, ഭങ്ഗ്യന്താ പുരഹരധനുഷാ, കസ്തു ഭഗ്നം ധനുസ്തത്?
ഗോത്രം വൈദേഹരാജ്ഞഃ, സ ഖലു നരപതിഃ കീദൃഗ്, ആര്യാപിതാസൗ
കാ സാര്യാ, നാഥ, സീതാ, കഥയ കഥയ മേ ഹന്ത സീതാ ക്വ യാതാ.

ദത്താ യാഹി ഗൃഹം വ്രജാമ, കിമിദം ഗേഹം കിമു കാനനേ,
മത്തഃ കഥമാഗതാ വനഭുവം, ഹാ നാഥ താതാജ്ഞയാ,
ആര്യായാഃ കതി വാ വയം കഥയ മേ, ദേവ ശ്വശൂഃ, കേ പരേ,
ത്വം പ്രാണാ ജനകാത്മജാ ച മയിതാ, ക്വാസീ ഹാ ജാനകി.

എന്നു പൂർണ്ണ പദ്യങ്ങൾചേർത്തു ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

1. ച് നിന്റെ നഖാഗ്രങ്ങൾ ദിശു. 2. നക്തമാലദ്രുമ കുരവക പുന്നാഗമേ ക.

രാമലക്ഷ്മണന്മാർ വഴിയിൽ ജടായുവിനെ കണ്ടു പരിചയപ്പെടുകയും രാവണൻ സീതയെ അപഹരിച്ചുകൊണ്ടുപോയതും താൻ തടുത്തതും മറ്റും ജടായു അവരെ പറഞ്ഞു കേൾപ്പിക്കുകയും പിന്നെ ജടായു മൃതിയടയുകയും ശ്രീരാമൻ ജടായുവിന് ഉദകക്രിയ നടത്തുകയും ചെയ്യുന്നു:

എന്നീവണ്ണം താനീം ജനകനൃപസുതാ—
വസ്ഥ ചോദിച്ചുമെങ്ങും
കണ്ണിൽ കാണാഞ്ഞു നാനാഖഗമൃഗനഗവ—
ല്ലീഭിരുല്ലോലധൈര്യം
സന്താപവ്യാകുലൗ തൗ വനഗിരികളില—
ന്വേഷമാണൗ സമന്താത്
ചെന്നാറേ ദൈവഗത്യാ ദദൃശതുരവനീ—
ദുർദ്ധരം ഗൃധ്രരാജം.[1] 109

പദേ പദേ വീക്ഷ്യ വിളംബമാനൗ
ത്വരാഭിയാന്തൗ ഘനശോകതാന്തൗ
വിദേഹകന്യാം വിതതേ വനാന്തേ
ഗതായുരൂചേ വചനം ജടായുഃ, 110

കാട്ടിൽ. ജാതു—വല്ലപ്പോഴും. കണ്ടിതോ?

പദ്യം 109. നാനാ.....ഭിഃ—ഓരോ പക്ഷികളോടും മൃഗങ്ങളോടും വൃക്ഷങ്ങളോടും വള്ളികളോടും. ഉല്ലോലധൈര്യം—ധൈര്യം വിട്ട്. സന്താ.....ലൗ തൗ—ദുഃഖംകൊണ്ടു പരവശന്മാരായ അവർ. വനഗിരികളിൽ സമന്താത് അന്വേഷമാണൗ—കാട്ടുകളിലും പർവതങ്ങളിലും എല്ലായിടവും അന്വേഷിക്കുന്നവരായിട്ട്. ദൈവഗത്യാ-വിധിവശാൽ. ആ വനീദുർദ്ധരം ഗൃധ്രരാജം ദദൃശതുഃ—ദൃഷ്ടിക്കു താങ്ങുവാൻ വയ്യാത്ത (അത്രമാത്രം വലുതായിട്ടുള്ള) കഴുകപ്പക്ഷിയെ (ജടായുവിനെ) കണ്ടു.

പദ്യം 110. വിതതേ വനാന്തേ—വിശാലമായ വനത്തിൽ. വിദേ....ന്യാം—സീതയെ. പദേ പദേ—അടിക്കടി. വീക്ഷ്യ-അന്വേഷിച്ചുകൊണ്ട്. വിളംബമാനൗ—താമസിച്ചു. ഘന....ന്തൗ—വലുതായ ദുഃഖംകൊണ്ടു തളർന്നവരായിട്ട്. അഭീയാന്തൗ—നേരിട്ടു വരുന്നവരായ, രാമല

1. ഈ പദ്യം കഴിഞ്ഞു.

''രാമോ വീക്ഷ്യ ഖഗശ്വരം ജനകജാസംക്ഷോകോ രാക്ഷസഃ
കശ്ചിദ് ഗൃധ്രമിമം ക്രുധേവ നിശിതം ഖഡ്ഗം കരേണാ ഗ്രഹീത്
തം ദൃഷ്ട്വാഹ ഖഗേശ്വരോ രഘുപതിം വധ്യോസ്മി, നാഹം ത്വയാ.
കസ്തം, പങ്ക്തിരഥാത്മജോസ്മി, കശലീ കൃച്ചിഡ്വയം സഖാ,
മത്ഭ്യതം സ ജഹാ, വഹോ ബത, ഭവാൻ കോ വാ, ജടായുഃ കില
കിം ഖഡ്ഗപ്രണജ്ജരം വപുരിദം, ജിഘ്രേമി തച്ഛംസിതും
കോന്യഃ ശംസതി നാമ, രാവണഹൃതാ സീതാ സ്വയം വക്ഷ്യതി''

എന്നീ രണ്ടു പദ്യങ്ങളുകൂടി ചില പാഠങ്ങളിൽ കാണുന്നു.

2. രണ്ടും മൂന്നും പാദങ്ങൾ മൂന്നും രണ്ടും പാദങ്ങളായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

(ദണ്ഡകം)

''ശ്രീരാമ[1]ഭദ്ര! ജയ നേരേ പിതുസ്തവ വി-
ഹാരേഷു[2] മെത്തിന സഖാ ഞാൻ
ശിവശിവ ദുശം മേ സഫലയസി ചെന്മേ
ശൃണു വചനമതിമഹിതമെരിപൊരിയിൽ മനമുരുകി
മുറുകി മുഹുരവശമുഴലേണ്ടാ.
വീരോ നിശാചരമഹാരാജനിന്ന തവ
ദാരാനചൂചുരദുദാരാൻ;
വിരവിനൊട്ടടത്തേൻ;-ബത വഴി തടത്തേൻ;
അ[3]ലമുപരി പടപൊരുതു കപടരണ്ണദലിതവപു-
രപകർ[4]ണമഹമിവിടെ വീണേൻ;
'പൂരേ തദാ പതഗവീരാ! ഭവാൻ ത്വടിതി
തേറായ്ക ജീവിതവിയോഗം;
പുരുഷമണിതന്നോടഖിലവുമധന്യം
ചരിതമിതു പറവൊളവു'മിതി മിഥിലനൃപതനയ
വരമരുളി മതുമൊഴി [5]പറഞ്ഞാം;
നാരായണായ നമ നാരായണായ നമ
വേത്രുന്നി വേദന വരുന്നു;
നളിനമുഖ! നീണാം മിളിതധൃതി വാണീ-
ടിഹ ഭവതു ശ്രുവിഭവമിനി വിബുധവരപുരിയിൽ
മമ വസതി ദശരഥസമീപേ.''

ക്ഷുണന്മാരോട്ട്. ഗതായുഃ ജടായുഃ—ആസന്നമൃത്യുവായ ജടായു. വചനം ത്വേ—വാക്കിനെ പറഞ്ഞു.

ദണ്ഡകം 2. ശ്രീരാമഭദ്ര ജയ—അല്പായുഷ്യാ ശ്രീരാമഭദ്രേ, അങ്ങുന്നു ജയിപ്പൂതാക. തവ പിതുഃ—അങ്ങയുടെ പിതാവിന്റെ. വിഹാരേഷു—കളികളിൽ. സഖാ—തോഴൻ. മേ ദുശം—എന്റെ കണ്ണിനെ സഫലയസി—നീ സഫലമാക്കുന്നു. വചനം ശൃണു—ഞാൻ പറയുന്നതു കേൾക്കുക. അതിമഹിതം—കനത്ത. വീരഃ നിശാചരമഹാരാജൻ—വീരനായ രാവണൻ. തവ ഉദാരാൻ ദാരാൻ—അങ്ങയുടെ ഉത്തമയായ ഭാര്യയെ. അചൂചുരത്—കളവുചെയ്തു. അലം ഉപരി—കൂടെ മേൽഭാഗത്തുവെച്ചു്. അഹം—ഞാൻ. കപ....പുഃ—മായയുദ്ധത്തിൽ ഉടൽ മുറിപ്പെട്ടവനായിട്ടു്. അപകരണം—അംഗഹീനതയോടു്. പതഗവീര—പക്ഷിശ്രേഷ്ഠ. ജീവി....ഗം—മരണം. അധന്യം—അശുഭം. നളിനമുഖ—സുന്ദര. നീണാം—വളരെക്കാലം. മിളിതധൃതി—ധൈര്യത്തോടുകൂടി. ശ്രുവിഭവം—അനവധി നന്മകളും. ഭവതു—ഉണ്ടാകട്ടേ. ഇനി മമ വസതി—എന്റെ ഇരിപ്പു്. വിബു....യിൽ—സ്വർഗ്ഗത്തിൽ. ദശ ...പേ—ദശരഥന്റെ അടുക്കൽ (ആകുന്നു.)

1. മചന്ദ്ര 2. ഷു നിന്ന തവ. 3. നലു. 4. കരണ. 5. ഴി മറ.

വാണീമേവം ബ്രുവാണേ പതഗപരിഷദാം
സാർവഭൗമേ തദാനീം
വാനോർനാട്ടിന്നു താണീടിന കനകവിമാ—
നം കരേറും ദശായാം
താനേ തൂക്കെത്തലംകൊണ്ടണിചിറകു തലോ
ടിത്തലോടി [1]ത്രിലോകീ—
പൂണാരം കോസലാധീശ്വരനവനൊട്ടു പു—
ണ്യാബ്ധിയോടേവമുചേ. 111

''സ്വർലോകത്തിന്നു യാത്രാ സ്വയമു[3]ദിതവതീ
താത! തേ സ്വസ്തി ഭൂയാത്,
ചൊല്ലേണ്ടാ നീ വധൂടീഹൃതികഥ ജനക—
സ്യാന്തികേ ചെന്നിരുന്നാൽ;
ചൊല്ലാം ഞാൻ രാമനെങ്കിൽ, കതിപയദിവസൈ
രാവണൻ വന്നു താനേ
ചൊല്ലും മന്ദാക്ഷശാലീ തലകളെ നമയന്ന—
ന്വിതോ ബന്ധുജാലൈഃ.[4] 112

താത! ത്വം നിജതേജസൈവ ഗമിതഃ
സ്വർഗം, നന്നു സ്വസ്തി തേ
ബ്രൂമ, സ്ത്രീവദിമാം വധൂഹൃതികഥാം
മാ ഭ്രാതുരഗ്രേ കൃഥാഃ

പദ്യം 111. പതഗ....ദാം സാർവഭൗമേ—പക്ഷിപ്പരിഷയുടെ ചക്രവർത്തി (ജടായു). ഏവം വാണീം ബ്രുവാണേ—ഇപ്രകാരമുള്ള വാക്കിനെ പറഞ്ഞ സമയത്തിൽ. തദാനീം—അപ്പോൾ. ത്രിലോ .. രം—മൂന്നുലോകത്തിന്നും അലങ്കാരമായ. കോസ....ൻ—അയോദ്ധ്യരാജാവു് (ശ്രീരാമൻ). പുണ്യാബ്ധി—മഹാപുണ്യശാലി. ഏവം ഊചേ—ഇപ്രകാരം പറഞ്ഞു.

പദ്യം 112. താത—അല്ലയോ പിതാവേ. സ്വർലോ.....തീ—അങ്ങയ്ക്കു സ്വർഗ്ഗലോകത്തിലേക്കുള്ള യാത്ര തന്നെത്താനേ ഉണ്ടായിവന്നിരിക്കുന്നു. സ്വസ്തി ഭൂയാത്—മംഗളം ഭവിക്കട്ടേ. ജനകസ്യ—അച്ഛന്റെ. അന്തികേ—സമീപത്തിൽ. വധൂ....ഥ—പുത്രഭാര്യയെ അപഹരിച്ച കഥ ചൊല്ലേണ്ടാ. കതി....സൈഃ—ഏതാനും ദിവസങ്ങളെക്കൊണ്ടു്. ബന്ധുജാലൈഃ അന്വിതഃ—ബന്ധുക്കളോടുകൂടി. നമയൻ—കനിച്ചുകൊണ്ടു്. മന്ദാക്ഷശാലീ—ലജ്ജയോടുകൂടിയവനായിട്ടു്.

പദ്യം 113. താത ത്വം നിജ തേജസാ ഏവ സ്വർഗം ഗമിതഃ—അല്ലയോ താത, അങ്ങു തന്റെ ശൗര്യത്താൽത്തന്നെ സ്വർഗ്ഗത്തെ പ്രാപിപ്പിക്കപ്പെട്ടു. (യുദ്ധത്തിൽ മരിച്ചവർക്കു വീരസ്വർഗ്ഗമുണ്ടല്ലോ). നന്നു

1. താന്നീടിന. 2. ടിപ്രുണാം. പൂ 3. മുദയവതീ. 4. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല. ഈ പദ്യത്തിന്റെ മൂലമായ സംസ്കൃതപദ്യമാണു് അടുത്തതു്.

രാമോഽഹം യദി, കൈശ്ചിദേവ ദിവസൈർ
പ്രീളാനമത്കന്ധരഃ
സാർദ്ധം ബന്ധുജനൈശ്ച[1] സേന്ദ്രവിജയീ
വക്താ സ്വയം രാവണഃ. 113

[2]കുലേ വാ ശൗര്യേ വാ ഭുജസമുദയേ
വാ തപസി വാ
ബഭൂവുർന പ്രാഞ്ചസ്സ്വമിവ ഭവിതാ—
രോ ന ച രമേ
അഹോ ധിങ് മോഹന്മേ, കഥമതിചി—
രാദ്വേഷ്ടി ന ഖലു
പ്രവീരാണാം പന്ഥാ ദശവദന! യേ—
നാസി ചലിതഃ. 114

ജാനന്നേവ ദശാനനോപഹരതേ
നഃ പ്രേയസീമസ്തി വാ
ചന്ദ്രാപീഡമുപാസിതും സഹി ശിരോ—
ദാമ സ്വയം കൃത്തവാൻ

തേ സന്തി ബ്രുവഃ—ഞങ്ങൾ അങ്ങയ്ക്കു നല്ലതു വരട്ടെ എന്നു പ്രാർത്ഥിക്കുന്നേ. ഇദാനീം വധ്യ....ഥാം താവത് ത്രാതുഃ അഗ്രേ മാ കൃഥാഃ—പുതുഭാര്യയെ (രാക്ഷസൻ പിടിച്ചു) കൊണ്ടുപോയ ഈ കഥമാത്രം സഹോദരനോ (അച്ഛനോ) മുമ്പാകെ പറയരുത്. അഹം രാമഃ യദി—ഞാൻ രാമനാണെങ്കിൽ. കൈശ്ചിത് ഏവ ദിവസൈഃ—ഏതാനും ദിവസങ്ങൾക്കകം. സേന്ദ്രവിജയീ രാവണഃ സ്വയം—ഇന്ദ്രനോടുകൂടിയ രാവണൻതന്നെ. ബന്ധുജനൈഃ ച സാർദ്ധം—ബന്ധുജനങ്ങളോടുകൂടി വന്നു. പ്രീളാ..രഃ—ലജ്ജകൊണ്ടു തലതാഴ്ത്തിയവനായി. വക്താ—പറയുന്നതാണു്.

പദ്യം 114. രാവണനോടു നേരിട്ടു പറയുന്നപോലെ സങ്കല്പിച്ചു പറയുന്നതാണു്: ദശവദന—അല്ലയോ രാവണ. കുലേ വാ—വംശശ്രേഷ്ഠിയിലോ. ശൗര്യേ വാ—ശൗര്യത്തിലോ. ഭുജസമുദയേ വാ—കൈയ്യൂക്കിലോ. തപസി വാ—തപസ്സിലോ. പ്രാഞ്ചഃ—പണ്ടുള്ളവർ (ആരും). തം ഇവ—നീ എന്നപോലെ. ന ബഭൂവുഃ—ഉണ്ടായിട്ടില്ല. ചാമേ ന ഭവിതാരഃ—ഇനി ഉണ്ടാകാൻ പാകമുണ്ടായിട്ടില്ല. അഹോ ധിക്—അയ്യോ നിന്ദ്യം. തേ മോഹഃ കഥം—നിന്റെ മോഹം എന്തുത്തോളം! യേന പഥാ (തം) ചലിതഃ അസി—യാതൊരു മാർഗ്ഗത്തിൽകൂടി നീ പുറപ്പെട്ടുവോ. അതി ചിരാത്—പണ്ടേയ്ക്കു പണ്ടേ: ഏഷഃ പ്രവീരാണാം പന്ഥാഃ ന (ഭവതി) ഖലു—ഇതു മഹാവീരന്മാരുടെ മാർഗ്ഗമല്ല. നിശ്ചയം തന്നെ. മഹാവീരന്മാർ ആരും നിന്നെപ്പോലെ പരദാരപരിഭവാദികളായ ദുർമാർഗ്ഗങ്ങളിൽ പ്രവർത്തിച്ചിട്ടില്ല എന്നർത്ഥം.

പദ്യം 115 ദശാനനഃ—രാവണൻ. ജാനൻ ഏവ—അറിഞ്ഞു

1. ജനേന സേ. 2. ഈ പദ്യവും അടുത്ത പദ്യവും ചില ഗ്രന്ഥങ്ങളിൽ ഇല്ല.

മദാക്ഷം രജനീചരസ്യ നപുനഃ
കണ്ഠാടവീകൃത്തനാദ',
ധിഗ് ബാണൈർ മമ ചന്ദ്രഹാസഹരതഃ—
ക്വണ്ണോ'യമധ്വാ വൃതഃ.'' 115

ഇത്ഥം വാദീ രഘൂണാം പരിവൃഢനകരോത്
കമ്രശേഷം ഖഗാനാം
ഭർത്തുര്യാതസ്യ നാകം ദശരഥസദൃശ—
സ്യാസ്യ ബാഷ്പാംബുവപ്രീ
ചിത്തം കാന്താവിയോഗാത്[2]കനതരവിതദാ
കഷ്ടമയ്യോ! കനക്കെ—
ക്കത്തിക്കാളുന്ന ചെന്തീക്കനൽ നിരയിലെടു—
ത്തിട്ടപോലേ ചമഞ്ഞു. 116

. സീതാവിയുക്തനായ രാമൻ വിലപിച്ചുകൊണ്ടു ലക്ഷ്മണസഹിതനായി അലഞ്ഞു നടന്നു 'പമ്പ കടന്നു നടന്നു ദശായാം' ബാലിഭീതനായ സുഗ്രീവൻ രാമനെക്കണ്ടു ഉത്തമപുരുഷനാണെന്നു ധരിച്ചു രാമലക്ഷ്മണന്മാരുടെ സഖ്യം ലഭിക്കുന്നതിൽ തത്പരനായി അവരെ കൂട്ടികൊണ്ടു വരുവാനായി ഹനുമാനെ പ്രേരിപ്പിക്കുന്നു:

കൊണ്ടുതന്നെ. നഃ പ്രേയസീം അപഹരതേ (ഇതി) അസ്മീ വാ—എന്റെ പ്രിയപത്നിയെഅപഹരിക്കുക എന്നുള്ളതുകൊണ്ടാണോ? ഇതു ബാലിയെപ്പറ്റിപ്പറഞ്ഞതാണ്. സാഹസികന്മാർക്കു ചേർന്ന തൊഴിലല്ലേ? എന്നു വിചാരം. സഃ ചന്ദ്രചൂഡം ഉപാസിതും ശിരോദാമ സ്വയം കൃത്തവാൻ ഹി അവൻ ചന്ദ്രചൂഡനെ (ശിവനെ) പ്രസാദിപ്പിപ്പാനായിട്ടുതന്നെ തന്റെ തലകൾ കൊയ്തെടുത്തതാണല്ലോ. അതു സാഹസികനായ രാവണൻ ഇതു ചെയ്യുന്നതിൽ വിരോധമില്ല എന്നർത്ഥം. രജനീചരസ്യ കണ്ഠാ... വനം—ആ രാക്ഷസന്റെ തലകളാകുന്ന കാട്ടുകളെ വെട്ടുന്നതു ഹേതുവായിട്ടു. (വളരെ തലകളും ഉള്ളതുകൊണ്ടു കാടിനോടു അദ്ദേഹം പെട്ടിരിക്കുന്നു). മദാക്ഷം ന (ഭവതി) പുനഃ—ഉജ്ജയിക്കുന്നതല്ല. മമ ബാണൈഃ—എന്റെ ബാണങ്ങളാൽ. ചന്ദ്ര....ണ്ണഃ അയം അധ്വാ വൃതഃ (ഇതി ഏതുകൊണ്ടു) ധിക്—രാവണന്റെ തല വെട്ടുക എന്നതു ചന്ദ്രഹാസം പണ്ടേ ചെയ്തതാണല്ലോ എന്നു ഭാവം. ആ കെട്ട ചന്ദ്രഹാസം പോയ വഴിക്കുതന്നെ പോകേണ്ടിവന്നുവല്ലോ എന്നതു നിന്ദ്യംതന്നെ.

പദ്യം 116. ഇത്ഥം വാദീ—ഇങ്ങനെ പറയുന്നവൻ. രഘൂണാം—രഘുക്കളുടെ (രഘുവംശരാജാക്കന്മാരുടെ). പരിവൃഢൻ—നായകൻ (ശ്രീരാമൻ). ദശ... സ്യ—ദശരഥനോടു തുല്യനായി. നാകം യാതസ്യ—സ്വർഗ്ഗത്തെ പ്രാപിച്ചവനായി. ഖഗാനാം ഭർത്തുഃ—പക്ഷികളുടെ നായകനായ (ജടായു) അസ്യ—ഇവന്റെ (ജടായുവിന്റെ). ശേഷം കമ്രം—ശേഷക്രിയകൾ (ദഹനം തർപ്പണം ഉദകദാനം പിണ്ഡദാനം മുതലായതു). ബാഷ്പാംബുവപ്രീ—കണ്ണുനീർ വീഴ്ത്തുന്നവനായി. (രാമനെ വിശേഷണം). കനക്കെ ചെയ്തു. തദാ—അപ്പോഴും. കാന്താ....ത്[2]—ഭാര്യാവിരഹം കൊണ്ടു. ചിത്തം—മനസ്സ്.

---

1. പതുർയാതസ്യ. 2. ത് പുനരവനതാ. 3. നൽനടുവിലെടു.

ഗദ്യം 4.

ശിവ ശിവ ഹര ഹര കഷ്ടം കഷ്ടം
ജനകതനൂജാവിരഹദശായാം
വിലപനശീലോ ''ഹാ ഹാ പ്രേയസി!
ഹാ ഹാ കാന്തേ! കാസി കാസി
കദാ നു മുഖാബ്ജം കാ'ങ്കിതു കാന്തം?
വന്നീടരികേ വത്സ! സുമിത്രാ—
തനയ! നിതാന്തം ചതിപെട്ട നാ—
[2]മെന്തിഹ ചെയ്വതു ചെന്താർചരമാൽ[3] –
കൊണ്ടു മനം മേ വെന്തു തുടങ്ങീ;
തീരാതോരു സുഖക്കേടിതു വ—
ന്നാശ്ലഥം മമ ചാവോളം നാം;
മങ്ങീ[4]ടാതേ മറിമാൻപേടേ!
നില്ല സമീപേ നീയല്ലേ ചില
മല്ലവിലോചനലീലകളെല്ലാം
മല്ലമലർകുഴലാളൊട്ട കേട്ടതു?
ചൊല്ലവളെങ്ങോം![5] കഥയ സഖേ! മമ
കരിണീഗമനാം കരിപോതകമേ!
കണ്ടീലല്ലീ! മതുമൊഴിയാളവ—
ളെവിടെ മറഞ്ഞാം; മധു[6]കരമേ! നീ
കണ്ടീലല്ലീ? ബാലമൃഗാക്ഷികം—
മൗലിവിഭൂഷാം; ബർഹിണമേ! നീ
കണ്ടീലല്ലീ? ശോകമഹോദധി—
വീചീമാലാം കോകിലമേ! നീ
കണ്ടീലല്ലീ? പറയാരാരും

ഗദ്യം 4. ജനക....യാം—സീതയുടെ വിയോഗാവസ്ഥയിൽ. വി ല....ലഃ—കരയുന്നവനായിട്ട്. (രാമവിശേഷണം). പ്രേയസി—പ്രിയേ. കാ അസി—നീ എവിടെ ആകുന്നു? കദാ നു—എപ്പോഴോ. കാന്തം—മനോഹരമായ. മുഖാബ്ജം—മുഖകമലത്തെ നിതാന്തം—അധികം. മേ—എന്റെ. മമ—എനിക്ക്. വന്നു ആശ്ലഥം—വന്നു കയറി. മല്ല.....ം—മനോഹരമായ കൺകളികം. അവം എങ്ങോം ചൊല്ലു്—അവം എവിടെ (ആകുന്നു) പറക. കരി.....മേ—അല്ലയോ ആനക്കുട്ടി. മമ സഖേ—എന്റെ തോഴരേ. കഥയ—നീ പറക. കരിണീഗമനാം—പിടിയാനയെപ്പോലെ സഞ്ചരിക്കുന്നവളായ. (അവളെ). മതു(മധു)മൊഴിയാം—തേൻവാണി. മധുകരമേ—ഹേ വണ്ടേ. ബാല....ഷാം—ഇളമാൻകണ്ണിമാരുടെ ശിരോഭൂഷണമായ (അവളെ). ബർഹിണമേ—മയിലേ. ശോക....ലാം—ദുഃഖസമുദ്രത്തി

1. കാണ്മതു. 2. മെന്തേ ചെ. 3. മാൽപൂണ്ടു. 4. മങ്ങീടാതെ. 5. ം ചൊല്ലാ പാംഗീ കഥയ സഖേ നീ കരിണീ. 6. മതുക.

പരമാർത്ഥം മേ പറയുന്നതമൊഴിയാതെ
കുത്ര നിലീനാ? ലക്ഷ്മണ! സവിധേ
ലക്കാണായ മലർക്കാവിങ്കൽ
കേഴക്കാകുന്നിതു തസ്യാ നാദം[1]
നോക്കിക്കാൺ നീ വിരവൊട്ടു ഗത്വാ
'നിശ്ചയമാര്യ! [2]നദിച്ചീടും നവ–
കോകിലനാദംതന്നേ മന്യേ.'
ഹാ ഹാ പൊയ്യയിൽ മുങ്ങിപ്പോയീ[3]
കൈകാൽ കാട്ടിനതയ്യോ പാപം,
ചെന്നു കരേറീടംബുജനേത്രാം,
'കൈത്തളിരല്ല[4]തു കന്ദളകുസുമം.'
മുല്ലയിൽ മെല്ലേ നോക്കിക്കാണൊരു
മുറുവലതെ[5]ങ്കിൽ കാണപ്പെട്ടു,
'മുറുവലുമല്ല[6]തു മലർനിരയത്രേ.'
ചാരു ചിലമ്പിൻ കളകളമുണ്ടി–
ക്കമലവനത്തിൽ കേഴക്കാകുന്നു;
'നൂപുരനാദവുമല്ലിതു[7] ചൊല്ലാം;
കളഹംസത്തിൻ കൊഞ്ചലറിഞ്ഞേൻ.'
എന്നേ സുഖമേ ബത കാണായീ
വലമ്പഥനാശയിൽ വദനം തസ്യാഃ;
'മറ[8]വതു മദ്ധ്യേ കാണാവുന്നതു
രാകാചന്ദ്രനുദിച്ചുവരുന്നു.'
സൗമിത്രേ! [9]യിന്നിഴലിൽ പോരേ,
കൊടുവെയിലത്തു നടന്നീടാതേ;

ലെ തിരുമാലയായ (അവളെ). കോകിലമേ–കുയിലേ. മേ–എന്റെ. പരുഷ ..... ം–കുയിൽവാണി. പറയാർ–പറയില്ല കുത്ര–എവിടെ. നിലീനാ–ലയിച്ചിരിക്കുന്നു. സവിധേ–അടുത്തു്. തസ്യാഃ–അവളുടെ. ഗത്വാ–പോയിട്ടു്. ലക്ഷ്മണന്റെ മറുപടി: നദിച്ചീടും–ശബ്ദിക്കുന്ന. നവ.....ദം–പുതിയ കുയിൽനാദം (തന്നെ എന്നു്). മന്യേ–ഞാൻ വിചാരിക്കുന്നു. 'ഹാ ഹാ.....നേത്രാം' എന്നു രാമവാക്യം. 'കൈ .....മ' എന്നു ലക്ഷ്മണവാക്യം. കന്ദളകുസുമം–താമരപ്പൂവു്. മുറുവൽ–പുഞ്ചിരി. കളകളം–ശബ്ദം (കിലുക്കം). കമലവനം–താമരപ്പൊയ്ക. നൂപുരനാദം–ചിലമ്പാലി. കളഹംസം–അരയന്നം. വല.....യിൽ–കിഴക്കേ ദിക്കിൽ. തസ്യാഃ–അവളുടെ. വദനം–മുഖം. മദ്ധ്യേ–നടുവിൽ. രാകാചന്ദ്രൻ–പുണ്ണ്ചന്ദ്രൻ. വി

1. ദം തന്നെ നൂനം നോക്കി. 2. ര്യ മദി. 3. പ്പോയിതു കൈ. 4. ല്ലിതു. 5. ലതികൾ 6. മല്ലിതു. 7. മല്ലിതു 8. പർവതമദ്ധ്യേ കാണാകുന്നിതു. 9. ത്രേ നീ നിഴലിൽ പോരേ

'കൊട്ടവെയിലല്ല നിലാവിത്തു കഷ്ടം!
വിസ്മൃതിപോലേ വീരഹദശേയം:
ഖേദിച്ചീടാസ്ഥാര്യ!നിതാന്തം
പാപി നിശാചരനീരേഴലകില-
കത്തെങ്ങാനുമിരിക്കുന്നാകിൽ
ക്രൂരമ്പിന്നു കളിക്കു കൊട്ടപ്പൻ.'
പലതരമിത്ഥം വാത്തകളനുപദ-
മവരജനോട്ട പറഞ്ഞു,മതന്ത്ര-
മവൻ ചൊല്ലുന്നതു കേട്ടമഹന്നിശ-
മുണ്മുറക്കവുമൊക്കെ മറന്നു
വനേഷു വനേഷു ലതാസു ലതാസു
ത്ഥരീഷു ത്ഥരീഷു നദീഷു നദീഷു
നഗേഷു നഗേഷു നടന്നും നോക്കിയു-
മാത്തി പിണഞ്ഞു കരഞ്ഞുമെരിഞ്ഞും
കണ്ട ചരാചരജാതികളോട വി-
ളിച്ചു വിളിച്ചൊരു ചോദ്യംചെയ്തും,
പരിഭവമേറിയ ചിന്തിച്ചിടയിൽ
കോപം പൂണ്ടു കടക്കൺനോക്കു
ചുവന്നു മറിഞ്ഞും, ചാപമുഴിഞ്ഞു ശ-
ലഭൂവലിച്ചും, ത്രിഭുവനമൊക്കെ
പ്പേടിപ്പിച്ചും, കമലപ്പൊയ്കയും
കാണുന്നേരം കണ്ണുംപൊത്തി ന-
ടന്നുമകാന്ധേ,മലയസമീരണ-
നേല്പുന്നേരം മരണത്തിന്നു നി
ലയ്ത്തു കിടന്നും, മന്മഥനോട വ-
ഴക്കു പറഞ്ഞും, ചെമ്പകമലർ ക-
ണ്ടമ്പയ്തു വീഴ്ത്തും, മല്ലിക കണ്ടുട-
നല്ലൽ പിണഞ്ഞും, ശോകം പൂണ്ടുമ--

രഹദശാ ഇയം—ഈ വിരഹാവസ്ഥ. വിസ്മൃതി—ഓർമക്കേട്. ഇത്ഥം—ഇപ്രകാരം. അനുപദം—അടിയ്ക്കടി. അവരജനോട്—അനുജനോട്. അതന്ത്രം—മടികൂടാതെ. അഹന്നിശം—രാവും പകലും. വനേഷു വനേഷു—വനങ്ങൾതോറും. ലതാസു ലതാസു—വള്ളികൾതോറും. നദീഷു നദീഷു—നദികൾതോറും. നഗേഷു നഗേഷു—പർവതങ്ങൾതോറും. പരിഭവം—തിരസ്കാരം (തോൽവി). കടക്കൺനോക്കു ചുവന്നു മറിയുന്നതു ശത്രുവിന്റെ നേരേയുള്ള അമർഷംകൊണ്ടുതന്നെ. ചാപം—വില്ല്. അകാണ്ഡേ--യുക്തിയായിട്ട്. മല..... ൻ—തെന്നൽ. അശോകവിലോകേ—അശോകപുഷ്പം കാണുമ്പോൾ. മാലതി—മുല്ല

1. ളോടൊത്ത ചോദ്യം. 2. ൺപോക്കു.

ശോകവിലോകേ പിച്ചകമലർ കു—
ണ്ഡശ്രീകണങ്ങളെ വാത്തും വാത്തും
മാലതി കണ്ടൊരു മാലതു[1] പൂണ്ടും
ജനകതനൂജാമന്വേഷിച്ചു—
നടക്കുന്നേരത്തധ്വനി മധ്യേ
കണ്ടെത്തുന്ന[2] നിശാചരവീരനെ
വാഹ്മനകൊണ്ടേ[3] വൈവസ്വതനെ
ചേകിപ്പിച്ചും പമ്പ കടന്നു ന—
ടന്ന ദശായാം ബാലിഭയംകൊ—
ണ്ടങ്ങോടിങ്ങോടോടി [4]നടന്നും
മാല്യവദ്ഗ്രീവ സങ്കേതത്തിൽ
പുക്കു വസിക്കും വാനരകുലപതി
സുഗ്രീവൻ കണ്ഡഗ്രജവചസാ
നമ്മെക്കൊലാൻ വന്നീടും ചില
ചാരരിതെന്നു[5] ഭയപ്പെട്ടാദ്യൗ
പുനരഥ സുഖമേ സൂക്ഷിച്ചപ്പോ—
ളുത്തമപൂരുഷലക്ഷണ[6]മഗ്രേ—
കണ്ടു തെളിഞ്ഞി[7]ട്ടഗ്രേ നില്പും
പവനസുതനൂജനൊടേവമവാദീത[8]:

പ്പൂവ്. മാൽ—ദുഃഖം. അധ്വനി—വഴിയിൽ. മധ്യേ—ഇടയ്ക്ക്. വൈവസ്വതനെ ചേകിപ്പിക്കുക—അന്തകനെ സേവിപ്പിക്കുക (കൊല്ലുക). ബാലിഭയംകൊണ്ട്—ബാലിയെ പേടിച്ച്. മാല്യവദ്ഗ്രീവ—മാല്യവാൻപർവതത്തിൽ. സങ്കേതത്തിൽ—ഒളിച്ചുപാർക്കുന്ന താവളത്തിൽ, അഗ്ര....സാ—ജ്യേഷ്ഠന്റെ വാക്കിൻപ്രകാരം (ബാലി പറഞ്ഞയച്ചിട്ട്). ആദ്യൗ—മുമ്പിൽ. പുനഃ അഥ—പിന്നെ. ഉത്ത ...ണ—സത്പുരുഷന്മാരുടെ അടയാളം. അഗ്രേ—മുമ്പിൽ. പാവ ...ട്ട്—ഹനുമാനോട്. ഏവം—ഇങ്ങനെ. അവാദീത്—പറഞ്ഞു. ഇരവധവും സുഗ്രീവസഖ്യത്തിലെ ഇതേവരെയുള്ള ഭാഗവും ആരണ്യകാണ്ഡത്തിൽ ഉൾപ്പെട്ടവയാകുന്നു. പ്രകൃതപ്രബന്ധത്തിലെ പ്രധാനഭാഗമായ സുഗ്രീവസഖ്യം കിഷ്കിന്ധാകാണ്ഡത്തിൽ ചേർന്നതാകയാൽ അതിനെ കിഷ്കിന്ധാകാണ്ഡത്തിൽ അന്തർഭവിച്ചതായി പരിഗണിച്ചിരിക്കുന്നു.

---

1. ലതി പൂ. 2. ന്ന കബന്ധനിശാ. 3. ണ്ടേ വേഗം ധൈര്യസമേതം വൈ. 4. ടോടി യൊളിച്ചും. 5. ന്ന നിരൂപിച്ചാദ്യൗ പുനരപി സൂക്ഷി. 6. ണമൊക്കെക്കണ്ട് 7. ടുരികേ നിന്നും വീര്യപരാക്രമശാലിയൊടനിലതനൂ.

8. കനത്തീടും താപാത് പുനരപി ചരന്നു പമ്പാ ബലാത്
വിനിഘ്നന്തം കൊന്നാൻ പരിപൊടു കബന്ധാസുരവരം
ധനുഷ്പാണൗ പമ്പാതടഭുവി തദാ കണ്ടു തരസാ
മനസ്വീ സുഗ്രീവൻ പവനസുതനോടേവമവദത്.

ഏന്നൊരു പദ്യംകൂടി ഗദ്യം കഴിഞ്ഞ് ഒരു ഗ്രന്ഥത്തിൽ കാണുന്നു.

''ഏതൗ കൗചന മാനവാനവയമണീ
പമ്പാവനാന്തം രുചാ
തനവാനൗ സുരകാനനപ്രതിഭടം
ഹസ്താത്തശസ്ത്രായുധൗ;
അസ്യൈകമഹാക്ലവസ്യ തരണേ
ചേത് കപ്പുധാരാവിമാ—
വാനീയാദരപൂർവമത്ര സുമതേ!
സംബന്ധമാപാദയ.'' 117

ഹനുമാൻ രാമലക്ഷ്മണന്മാരുടെ മുമ്പിൽ ചെന്നു സുഗ്രീവനെപ്പറ്റിയും സുഗ്രീവന്റെ ദൂതനായി താൻ വന്നിരിക്കുന്നതിനെപ്പറ്റിയും പ്രസ്താവിക്കുന്നു:

ഗദ്യം 5.

അഥ ഹനുമാൻ ഹരിവരവദനസരസിജവിസരദ്ഗലിത—
വചനമകരന്ദധയനപാത്രീകൃതശ്രോത്രപുടഃ സുനിമിത്തൈഃ
സ്വാമിസമ്പത്ഫലോത്പത്തേർബീജാവാപസ്യായം കാല
ഇതി നിശ്ചിത്യ നിരർഗ്ഗളപ്രമോദപ്രസൃതാഭ്യാം നയനാഭ്യാം തൗ
മഹാപുരുഷൗ[1]വിചാരവിസ്മയബഹുമാനപ്രീതിവിസ്മ്[2]ഭർ—
ഭമീക്ഷമാണഃ പുരുഷവിശേഷനിരീക്ഷണസമുത്ഥിതൈരി—
വോദ്ധതൈർരോമപടലൈരലങ്കൃതഃ സവിതൃവചനമനുസ്മര[3]—

പദ്യം 117. ദൃശ്യമൂകപർവതത്തിന്റെ ഉപരിഭാഗത്തു വസിക്കുന്ന സുഗ്രീവൻ രാമലക്ഷ്മണന്മാരെ ദൂരത്തുനിന്നു കണ്ടു സമയംതന്നെ അവരുടെ ആഗമനോദ്ദേശം അറിയുന്നതിനു ഹനുമാനെ നിയോഗിക്കുന്നു: പമ്പാവനാന്തം—പമ്പാവനപ്രദേശത്തെ. രുചാ—കാന്തികൊണ്ടു്. സുര....ടം തനവാനൗ—നന്ദനോദ്യാനത്തിനു തുല്യമാക്കിത്തീർക്കുന്നവരായി. ഹസ്താ....ധൗ—കൈയിൽ നല്ല ആയുധങ്ങളും ധരിച്ചവരായി. ഏതൗ കൗചന മാന....ണീ—ഈ രണ്ടു മനുഷ്യരത്നങ്ങളും (കാണപ്പെടുന്നു). ഇമൗ—ഇവർ. അസ്യ....സ്യ തരണേ—നമ്മുടെ ദുഃഖസമുദ്രത്തെ മറുകരകടത്തുന്നതിൽ. കപ്പുധാരൗ ചേത്—കപ്പൽക്കാരായി ഭവിക്കുമെങ്കിൽ. സുമതേ—അല്ലയോ സദ്ബുദ്ധേ. ആദരപൂർവം അത്ര ആനീയ—ആദരവോടുകൂടി നീ അവരെ ഇവിടെ കൂട്ടിക്കൊണ്ടുവന്നു്. സംബന്ധം—സഖ്യത്തെ. ആപാദയ—സമ്പാദിച്ചാലും.

ഗദ്യം 5. അഥ—അനന്തരം. ഹരി.....പുടഃ—വാനരശ്രേഷ്ഠനായ സുഗ്രീവന്റെ മുഖകമലത്തിൽനിന്നൊഴുകിയ യോഗ്യമായ വാക്കാകുന്ന പൂന്തേൻ തന്റെ ചെവിക്കമ്പിളികൊണ്ടു കോരിക്കുടിച്ചിട്ടു്. സുനിമിത്തൈഃ—അപ്പോളുണ്ടായ നല്ല ശകുനങ്ങളെക്കൊണ്ടു്. സ്വാമി....ത്തൈഃ—തന്റെ സ്വാമിയുടെ സമ്പത്തു ഫലിക്കുന്നതിനു്. ബീജാവാപസ്യ—വി

1. പുരുഷൗ വിസ്മയ. 2. സ്മ്ഭോക്ഷ 3. സ്മരൻ ശബ്ദവിദ്യാദേശികസ്യ ദാദശാത്മനോ സ്വാത്മാഭ്യുദയ—സമ്പാദനലക്ഷണാം. ഗ്രന്ഥക്ഷിണാം സുവിഹിതാമേവ മനുവാനഃ അഹംപ്രഥ.

ന്നഹംപ്രഥമികയാവതരിതുമത്യുത്സുകാനാം പീഡ്യമാനോ
നിജകരചരണാനാം മാല്യവതോഽവതീര്യ പമ്പാതടവ്യാം
വിടപിനിബിഡതയാ സഹസാ താവപശ്യന്മാർഗ്ഗാനുസാരേണ
സസംഭ്രമം പര്യടൻ ശംഖമത്സ്യകേതുരഥാങ്ഗലാഞ്ഛിതാം
പദപങ്ക്തിമാലോക്യ ലോകോത്തരത്വമനയോർനിശ്ചിത്യ
തദാത്വസമുദ്ഭൂതാ[1]ഖണ്ഡതേജോ മണ്ഡല[2]കുണ്ഡിതചണ്ഡകര—
മണ്ഡലം[3] കുണ്ഡലദ്വന്ദ്വമാത്മനോ നിരീക്ഷ്യ തത്ത്വതഃ സമ—
വധാരിതതദവസ്ഥോമഹാപുരുഷസംവ്യവഹാരയോഗ്യംഭിക്ഷു
വേഷമവലംബ്യ പുരതഃ സ്ഥിത്വാ സവിനയമാചഖ്യൗ.

ത്തു വിതപ്പാനുള്ള. കാലഃ അയം—സമയം ഇതാകുന്നു. ഇതി നിശ്ചിത്യ—എന്നു നിശ്ചയിച്ചിട്ട്. നിര....ഭ്യാം—തടവില്ലാത്ത സന്തോഷംകൊണ്ടു വിടർന്നവയായ. നയനാഭ്യാം—കണ്ണുകളെക്കൊണ്ട്. തൗ മഹാപുരുഷൗ—ആ മഹാപുരുഷന്മാരെ. വിചാ....ർഷം—ആലോചനയും അദ്ഭുതവും ബഹുമാനവും സന്തോഷവും വിശ്വാസവും ഉള്ളിൽ അടങ്ങിയിരിക്കുന്ന നോട്ടത്താൽ. ഈക്ഷമാണഃ—നോക്കിക്കൊണ്ട്. പുരു....തൈഃ ഇവ—അസാധാരണന്മാരായ പുരുഷന്മാരെ കാണുവാൻവേണ്ടിയോ എന്നു തോന്നത്തക്കവണ്ണം. ഉദ്ധതൈഃ രോമപടലൈഃ—പൊങ്ങിയെഴുന്നു നില്ക്കുന്ന രോമങ്ങളെക്കൊണ്ട്. അലങ്കൃതഃ—അണിഞ്ഞവനായി. സവിതൃവചനം അനുസ്മരൻ—സൂര്യന്റെ വാക്കിനെ ഓർക്കുന്നവനായി. അവതരിതും—ഇറങ്ങുവാനായിട്ട്. അഹം....യാ—ഞാൻ മുമ്പിൽ എന്ന ഭാവത്തോടെ. അത്യുത്സുകാനാം—അത്യുത്സാഹത്തോടുകൂടിയവയായ. നിജ.....നാം—തന്റെ കൈകാലുകളുടെ (പരിഭ്രമംകൊണ്ട്). പീഡ്യമാനഃ—അസഹ്യപ്പെടുന്നവനായി. മാല്യവതഃ അവതീര്യ—മാല്യവാനിൽനിന്നിറങ്ങി. പമ്പാ....യാ—പമ്പാതീരത്തിലുള്ള കാട്ടുകളിലെ മരങ്ങളുടെ മറവുകൊണ്ട്. സഹസാ തൗ അപശ്യൻ—പെട്ടെന്ന് അവരെ കാണാതെ. മാർഗ്ഗാ....ണ സസംഭ്രമം പര്യടൻ—വഴിയെ പിന്തുടർന്നു വേഗത്തിൽ പരിഭ്രമിച്ചു നടക്കുന്നവനായി. ശംഖ....താം പദപങ്ക്തിം—ശംഖം മത്സ്യം ധ്വജം ചക്രം ഇവ രേഖകളെക്കൊണ്ട് അടയാളപ്പെട്ട ചുവടുകളെ നോക്കിട്ട്. അനയോഃ ലോകോ....ത്വം നിശ്ചിത്യ—ഇവർ ലോകത്തിൽവെച്ചു ശ്രേഷ്ഠന്മാരാണെന്നു നിശ്ചയിച്ചിട്ട്. തദാത്വ....ലം ആത്മനഃ കുണ്ഡലദ്വന്ദ്വം നിരീക്ഷ്യ—അപ്പോഴുണ്ടായ മഹാപ്രകാശാധിക്യംകൊണ്ടു സൂര്യമണ്ഡലത്തെ മങ്ങിക്കുന്നതായ തന്റെ കുണ്ഡലങ്ങളെ കണ്ടിട്ട്. തത്ത്വതഃ സമ....സ്ഥഃ—അവതാരപുരുഷന്മാരാണ് അവർ എന്നുള്ള സൂക്ഷ്മമായ അവരുടെ പരമാർത്ഥസ്ഥിതിയെ മനസ്സിലാക്കിയവനായിട്ട്. മഹാ....ഗ്യം—മഹാപുരുഷന്മാരോട് അടുത്തു പെരുമാറുവാൻ തക്കതായ. ഭിക്ഷുവേഷം അവലംബ്യ—സന്ന്യാസിവേഷം ധരിച്ചിട്ട്. പുരതഃ സ്ഥിത്വാ—അവരുടെ മുമ്പിൽ ചെന്നുനിന്നിട്ട്. സവിനയം ആചഖ്യൗ—വിനയത്തോടുകൂടി പറഞ്ഞു.

---

1. ത്രുതമഖ. 2. ണഡലിക. 3. മണ്ഡലമാരുഹ്യനിരം കുണ്ഡലദ്വന്ദ്വമാലോക്യ.

''കിഷ്കിന്ധായുവരാജ ഏഷ സവിധേ
രാജ്യാത് സമുത്സാരിതഃ
സുഗ്രീവോ നിജപൂർവ്വജേന ഭുജഗ–
വ്വോല്ലാസിനാ ബാലിനാ
ആസ്തേ മാല്യവദദ്രി[1]മൂർദ്ധനി തദ–
പ്രാപ്യേ മുനേഃ ശാപതോ
ദ്രഷ്ടും വാം വചസാസ്യ മാരുതിരഹം
പ്രാപ്യോ ഹനുമാൻ കപിഃ.'' 118

രാമലക്ഷ്മണന്മാർക്ക സുഗ്രീവങ്കൽ മിത്രസ്നേഹവും ഹനുമാങ്കൽ ഭൃത്യ സ്നേഹവും വർദ്ധിച്ചതായി പ്രസ്താവിക്കുന്നു:

ഇത്ഥം ഭക്ത്യാ ഹനുമത്യഥ വദതി തനു–
മത്ത്വമാന്നദ്ഭുതശ്രീ
മെത്തീടും സദ്ഗുണാനാം നികര[2]മരികിൽ വ–
ന്നാ[3]ദരിക്കുന്നപോലേ
ഭൃത്യസ്നേഹം വളർന്നു ദശരഥസുതനാ–
കസ്മികം തോഴ! തസ്മിൻ
മിത്രസ്നേഹം ച സുഗ്രീവനിലിഹ പറവാ–
നാവതോ ദൈവയോഗം [4] 119

പദ്യം 118. ഭുജ.....നാ നിജ.....ന ബാലിനാ–കൈയുക്കുകൊണ്ട് മത്തനായ തന്റെ ജ്യേഷ്ഠനായ ബാലിയാൽ. രാജ്യാത് സമുത്സാരിതഃ –നാട്ടിൽനിന്നു് ആട്ടിയോടിക്കപ്പെട്ടവനായ. കിഷ്കി.....ജഃ ഏഷഃ സുഗ്രീവഃ–കിഷ്കിന്ധയിലെ ഇളയ രാജാവായ ഈ സുഗ്രീവൻ. മുനേഃ ശാപതഃ–മുനിയുടെ ശാപം ഹേതുവായിട്ടു്. തദപ്രാപ്യേ സവിധേ മാല്യ ....നി ആസ്തേ–അവനു (ബാലിക്കു) പ്രവേശിപ്പാൻ പാടില്ലാത്തതായി സമീപത്തിലുള്ളതായ മാല്യവാൻ എന്ന പർവ്വതത്തിന്റെ മുകളിൽ വസിക്കുന്നു. അസ്യ വചസാ–ഇവന്റെ (സുഗ്രീവന്റെ) വാക്കിൻപ്രകാരം. മാരുതിഃ ഹനുമാൻ കപിഃ അഹം–വായുവിന്റെ പുത്രനായി ഹനുമാൻ എന്ന പേരുള്ള വാനരനായ ഞാൻ. വാം ദ്രഷ്ടും പ്രാപ്തഃ–നിങ്ങളെ കാണ്മാനായിട്ടുണ്ടു വന്നവനാകുന്നു.

പദ്യം 119. അഥ–പിന്നെ. സദ്ഗുണാനാം നികരം–സദ്ഗുണങ്ങളുടെ സമുദായം. അദ്ഭുതശ്രീമെത്തീടും തനുമത്ത്വം ആസ്തു–ആശ്ചര്യസമ്പത്തു തികഞ്ഞതായ രൂപംപൂണ്ടു്. അരികിൽ വന്നാദരിക്കുന്നപോലെ. ഭക്ത്യാ ഹനുമതി ഇത്ഥം വദതി–ഭക്തിയോടുകൂടി ഹനുമാൻ ഇങ്ങനെ പറഞ്ഞപ്പോൾ. ദശ.....സ്തു–ശ്രീരാമനു്. തസ്മിൻ–ആ ഹനുമാങ്കൽ. അകസ്മികം–അഹേതുകമായ. ദൈവയോഗം ഇഹ പറവാൻ ആവതോ –ഭാഗ്യം വന്നുകൂടുന്നതു് ഇന്ന പ്രകാരമാണെന്നും ഇന്ന സമയത്താണെന്നും ഇന്ന വഴിക്കാണെന്നും ലോകത്തിൽ ആർക്കെങ്കിലും പറയാൻ സാധിക്കുമോ? എന്നു് അർത്ഥാന്തരന്യാസം.

1. ദ്രിസീമനി. 2. നിവഹമരി. 3. ന്നാശ്രയിച്ച. 4. ദൈവപോഷം (ദശഷ് അടുത്ത പേജിൽ).

രാമൻ മാല്യവാൻപർവതത്തിൽ ചെന്നു വിവശനായ സുഗ്രീവനെ കാണുകയും രണ്ടുപേരും ആത്മവൃത്താന്തങ്ങളെ തമ്മിൽ പറഞ്ഞു തുല്യദുഃഖന്മാരാണെന്നു ധരിക്കുകയും ചെയ്യുന്നു:

ധന്യാത്മാ മന്നവംശകേതു ഹനുമത്—
സ്സ്കന്ധേ കരേറിത്തദാ
ചെന്നമ്മാല്യവദദ്രിസീമ്നി വിവശം
കണ്ടദ്ദിനേശാത്മജം
ഉന്നിദ്രാദരമാദിതഃ പ്രവൃത്തി ത—
ദ്വൃത്താന്തം ചോദിച്ചറി—
ഞ്ഞെന്നേ ചിത്രമിതാത്മവൃത്തവുമഴി—
ഞ്ഞൊക്കെപ്പറഞ്ഞീടിനാൻ. 120

ഋശ്യമൂകപർവതത്തിന്റെ കൊടുമുടിയിൽ ഹനുമാൻ സംജ്ഞയാക്കിയ അഗ്നിയെ സാക്ഷീകരിച്ചു ബാലിയെ വധിക്കുന്നതായി രാമനും സീതയെ അന്വേഷിച്ചു തരുന്നതായി സുഗ്രീവനും പ്രതിജ്ഞചെയ്തു തമ്മിൽ സഖ്യം ഉറപ്പിക്കുന്നു:

അക്കാന്തേവാസിനാ തത്ക്ഷണസമുപഹൃതം
ദാരവീയാഗ്നിമപ്പോ—
ളഗ്രേ സാക്ഷീകരിച്ചമ്മനുകുലപെരുമാ—
ളൃശ്യമൂകാദ്രിശൃങ്ഗേ

പദ്യം 120. ഹനുമത്സ്കന്ധേ—ഹനുമാന്റെ കഴുത്തിൽ. മാല്യ.... ന്നി—മാല്യവാൻപർവതത്തിൽ. വിവശം ദിനേ.....ജം കണ്ട—പരവശനായ സൂര്യപുത്രനെ (സുഗ്രീവനെ) കണ്ടു. ഉന്നിദ്രാദാരം—വളരെ ശ്രദ്ധയോടുകൂടി. ആദിതഃ പ്രവൃത്തി—ആദ്യംമുതല്ക്കു. തദ്വൃത്താന്തം— അവന്റെ കഥകളും. ആത്മവൃത്തവും—തന്റെ കഥകളും.

പദ്യം 121. അക്കാ.....നാ—സൂര്യന്റെ ശിഷ്യനാൽ. ഹനുമാൻ സൂര്യശിഷ്യനാണെന്നു പുരാണപ്രസിദ്ധം. തത്ക്ഷ.....തം ദാര....ഗ്നിം

ഈ പദ്യം കഴിഞ്ഞു

ഹേ വത്സ ലക്ഷ്മണ കരോമി ഹരീശരാജ്യം
സുഗ്രീവദുഗ്രബലദുഗ്രമദസ്യ ഹത്വാ
മത്പ്രേയസീഹരണദുർമദരാവണാസു—
പ്രധ്വംസനേ ന ഖലു കേന്ദ്രമ കേ സഹായാഃ.
എങ്കിൽ പ്രതാപബലശാലിനമിന്ദ്രതന്നെ
കാൺകല്ലയോ വിപദി ബാലിനമേവ നല്ല
ശങ്കേ നമുക്കു കടിലാ ധൃതിരന്യഥാ ചേത്
കിം കാര്യമിന്ദ്ര ബലഹീനസമാശ്രയേണ.

ദുഷ്പ്രതി പാലസ്യകണ്ഡുഗിരേർജ്ജബലോപ്യയമാണു കപീന്ദ്രോ
നായം നഃ സന്ധിത കചിദപി ച വിധാ യൈവ സാഹായ്യകാമഃ
സോഽഹം സുഗ്രീവമേതദ്ബനദുരതരം മിത്രമിപ്പോഴി, പശ്ചാത്
പാരസ്യൈണേയപുത്രവ്യയശിഥിലരുചം ശത്രുമാരാധയാമഃ.

എന്നീ മൂന്നു പദ്യംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

മുഖ്യാമാരാഞ്ഞു സീതാം തരുവതിനടനോ
ത്തീടമുദ്ദാമ[1]ധാമ്നാ
സുഗ്രീവേണാശു ബാലിപ്രമഥനവിധയേ
സഖ്യമഗ്ര്യം വിതേനേ. 121

''രസാതലേ വാ സാ ദേവീ
വസന്തീ വാ നഭഃസ്ഥലേ
അഹ[2]മാനീയ ദാസ്യാമി
സത്യമേതദരിംദമ!'' 122

''ഏതദാരസ്യ മേ വാണീ
നൈവാദരപദം [3]നൃണാം
നിർമ്മക്ഷികം തഥാപി ത്വം
സാമ്രാജ്യമധുപാസ്യസി.'' 123

സീതാകപീന്ദ്രക്ഷണദാചരാണാം
രാജീവഹേമജ്വലനോപമാന്വി

—അപ്പോഴത്തന്നെ കൊണ്ടുവരപ്പെട്ടതായ കാട്ടുവിറകുകൊണ്ടുണ്ടാക്കപ്പെട്ട അഗ്നിയെ. അഗ്രേ സാക്ഷീകരിച്ചു—മുമ്പിൽ സാക്ഷിയാക്കിക്കൊണ്ടു്. ഋശ്യ....ങ്ഗേ—ഋശ്യമൂകപർവതത്തിന്റെ കൊടുമുടിയിൽവച്ചു്. ഋശ്യമൂകം മാല്യവാൻപർവതത്തിൽ ഉൾപ്പെട്ടതായിരിക്കാം. മുഖ്യാം സീതാം—സ്ത്രീരത്നമായ സീതയെ. ഓത്തിടം—തീർച്ചയാക്കിയ. ഉദ്ദാ.....ഗ്നാ—അതിശൂരനായ. സുഗ്രീവേണ—സുഗ്രീവനോടു്. ബാലി.....യേ—ബാലിവധത്തിനായ്ത്താണ്ടു്. അഗ്ര്യം സഖ്യം വിതേനേ—ഉത്തമമായ സഖ്യത്തെ ചെയ്തു.

പദ്യം 122. ഇനി രണ്ടു് ആനുഷ്ടുഭപദ്യങ്ങളെക്കൊണ്ടു് അവർ തമ്മിൽ ചെയ്ത സഖ്യക്കരാറിലെ നിശ്ചയങ്ങളെ പ്രസ്താവിക്കുന്നു. സുഗ്രീവന്റെ വചനമാണു് ഈ പദ്യം. സാ ദേവീ—ആ സീതാദേവി. രസാതലേ വാ—പാതാളത്തിലോ. നഭസ്സ്ഥലേ വാ—ആകാശത്തോ. വസന്തീ—വസിക്കുന്നവളായി ഇരുന്നാലും. അഹം—ഞാൻ. ആനീയ ദാസ്യാമി—അവളെ കൊണ്ടുവന്നതന്നേക്കാം. അരിന്ദമ—അല്ലയോ ശത്രുമർദ്ദന. ഏതത് സത്യം—ഇതു സത്യമാകുന്നു.

പദ്യം 123. ശ്രീരാമന്റെ വചനം: ഏതദാരസ്യ മേ വാണീ—അന്യനാൽ പിടിച്ചുകൊണ്ടു പോകപ്പെട്ട ഭാര്യയോടുകൂടിയ എന്റെ വാക്കു്. നൃണാം—മനുഷ്യർക്കു്. ആദരപദം ന ഏവ—വിലവയ്ക്കാൻ തക്കതല്ല, നിശ്ചയംതന്നെ. തഥാ അപി—അങ്ങനെയാണെങ്കിലും. ത്വം—നീ. സാമ്രാജ്യമധു—ചക്രവർത്തിത്വമാകുന്ന തേനിനെ. നിർമക്ഷികം പാസ്യസി—ഈച്ചകളുടെ ഉപദ്രവം കൂടാതെ പാനം ചെയ്യും. ശത്രുക്കളുടെ ഉപദ്രവം കൂടാതെ നിന്നെ വാനരചക്രവർത്തിസ്ഥാനത്തിൽ ഇരുത്താം എന്നർത്ഥം.

പദ്യം 124. സുഗ്രീ.....ങ്ഗേ—സുഗ്രീവനും രാമനും തമ്മിൽ സഖ്യംചെയ്ത സമയത്തിൽ. സീതാ....ണാം—സീതയുടെയും ബാലിയുടെയും രാവണന്റെയും രാജീ.....നി—താമരപ്പൂവുപോലെയും സ്വർണ്ണം

1. ധാമ്നാ സു. 2. ഏതാനീയ ദാ. 3. രാ നൃണാം.

സുഗ്രീവരാമപ്രണയപ്രസങ്ഗേ
വാമാനി നേത്രാണി സമം വിചേലുഃ. 124

രാമനും സുഗ്രീവനും ഹനുമാനും സന്തുഷ്ടരായതായി പ്രസ്താവിച്ചുകൊണ്ട് പ്രബന്ധം ഉപസംഹരിക്കുന്നു:

മുഖ്യാത്മാ വായുജന്മാ പരമസുഖമിയ[1]
റ്റീടിനാനെന്തു ചൊല്ലൂ
സുഗ്രീവോ/പി സ്വരാജ്യം കരതലഗതമെ—
ന്നേഷ മേനേ[2] മഹാത്മാ

രക്ഷോനാഥോരഗോപപ്ലുതജഗദമൃതാ—
പ്യാവതാം കോലുമേതത്—
സഖ്യേനാനന്ദിതോ/ഭൂന്മനസി രഘുപതിഃ
പൂർണ്ണജൈവാതുകശ്രീഃ. 125

[3]എന്നപ്പാ! തന്നെയിപ്പോഴം വിരവിനൊടിഹ കാ—
ണായതെൻ ഭാഗധേയ—
സ്യന്ദാനാം വാപ്യുതന്നേ വരിക തവ കരേ
കൈത്തലം വയ്ക്കിലോ ഞാൻ

പോലെയും അഗ്നിപോലെയും ഇരിക്കുന്നു. വാമാനി നേത്രാണി—എടത്തെക്കണ്ണുകൾ. സമം വിചേലുഃ—ഒപ്പം ഇളകി. സീതയുടെ കണ്ണ് താമരപ്പൂപോലെയും ബാലിയുടെ കണ്ണ് പിംഗളവർണ്ണവും രാവണന്റെ കണ്ണ് അഗ്നിപോലെ ജ്വലിക്കുന്നതുമാണെന്ന യഥാസംഖ്യാലങ്കാരം.

പദ്യം 125. മുഖ്യാത്മാ വായുജന്മാ—ഉത്തമനായ ഹനുമാൻ. മഹാത്മാ ഏഷഃ സുഗ്രീവഃ അപി—മഹാത്മാവായ ഈ സുഗ്രീവനും. സ്വരാജ്യം—തന്റെ രാജ്യത്തെ. കര ....തം—കൈയിൽ കിട്ടി. മേനേ—വിചാരിച്ചു. പൂർണ്ണ....ശ്രീഃ—പൂർണ്ണചന്ദ്രശ്രീമാനായ. രഘുപതിഃ—ശ്രീരാമൻ. രക്ഷോ....തം കോലും—രാവണനാകുന്ന സർപ്പത്തിന്റെ വിഷം ബാധിച്ച ലോകത്തിനു് അമൃതധാരയായിത്തീർന്നിരിക്കുന്ന. ഏതത്സഖ്യേന—ഈ സഖ്യംകൊണ്ടു്. മനസി ആനന്ദിതഃ അഭൂത്—ഉള്ളിൽ ആനന്ദമുള്ളവനായിത്തീരുകയും ചെയ്തു.

പദ്യം 126. ഇനി പ്രബന്ധസാധാരണമായി തോഴരോടു് അഭിസംബോധനം ചെയ്തുകൊണ്ട് കഥാകഥനം ചെയ്യുന്ന പതിവനുസരിച്ചു് ആ സമുദായാചാരത്തെ ഇവിടെ ചെയ്യുന്നു: എൻതോഴ.....നാം —എന്റെ

1. യന്നീടിനാ. 2. നേ തദാനീം.
3. എൻ തോഴാ! നിന്നെയിപ്പോഴമമ വിരവൊടു കാ—
ണായതെൻ ഭാഗധേയ—
സ്യന്ദാനാം വയ്പുതന്നേ വരിക തവ കരേ
കൈത്തലം വയ്ക്കിലോ ഞാൻ.
സന്തോഷം ചൊല്വവല്ലേൻ മമ സദസി ഭവാ''

എന്ന അല്പവ്യത്യാസത്തോടുകൂടി പ്രസ്തുതപദ്യം ചില ഗ്രന്ഥങ്ങളിൽ പ്രബന്ധാരംഭത്തിൽ കാണുന്നു.

സന്തോഷം ചൊല്ലുവല്ലേൻ മമ സപദി ഭവാ—
നോടു സഖ്യം തുലോം വാർ
ചിന്തുന്നു പണ്ടു സുഗ്രീവനൊടു ഗുണനിധേ
രാഘവന്നെന്നപോലേ. 126

ഭാഗ്യപ്രവാഹത്തിന്റെ. വാസ്തുതന്നെ—തികവുതന്നെ. തവ കരേ—അംബിയുടെ കൈയിൽ. സപദി—ഇപ്പോഴേ. മമ—എന്റെ. ചൊല്ലുവല്ലേൻ—പറയാൻ ഞാൻ ശക്തനല്ല വാർ ചിന്തുന്നു—ഭംഗിയായിതീർന്നിരിക്കുന്നു. ഗുണനിധേഃ—ഗുണനിധിയായ. രാമസുഗ്രീവസഖ്യം പോലെ നമ്മുടെ സഖ്യവും ലോകത്തിനു ശുഭകരമായി ഭവിക്കട്ടെ എന്നർത്ഥം. ഇതുപോലെയുള്ള കഥാസൂചകമായ പദ്യം പ്രബന്ധകഥാരംഭത്തിലാണ് കാണാറുള്ളതു്. രാമസുഗ്രീവസഖ്യം ബാലിക്കു രാവണനു അനർത്ഥാവഹവും സീതയ്ക്കു ശുഭാവഹവും ആണല്ലോ.

സുഗ്രീവസഖ്യം സമാപ്തം

ബാലിവധം

ഉപമാലങ്കാരഭംഗിയിൽ കഥാവസ്തുനിർദ്ദേശം ചെയ്തുകൊണ്ടു പ്രബന്ധം ആരംഭിക്കുന്നു:

[1]ആപത്താഹന്ത! പോയ്പോമിതു നിഖിലസുഹൃണാം
ചാരുതൈവാനുകൂല്യ—
പ്രാബല്യം കൈവരുന്നാശു പ്രിയസഖ! സുഖമേ
നല്ലതും വന്നുകൂടും;
വാർപൊയ്യും ബാലിയെക്കൊന്നിതവിയ രഘുനാ—
ഥാനുകൂല്യേന മുന്നം
വ്യാപന്നന്നാശു സുഗ്രീവനു നിജനഗര—
പ്രാപ്തി കൈവന്നപോലെ. 1

സുഗ്രീവസഖാവായിത്തീർന്ന രാമൻ ലക്ഷ്മണസഹിതനായി മാല്യവാൻപർവതത്തിൽ വസിച്ചുവരുന്നു:

ഹത്വാ തം ബാലിനം നല്ലുവനയി തവ രാ—
ജ്യത്തെയെന്നും പ്രിയാം തേ
പൃഥ്യാമാരാഞ്ഞു തന്നീടുവനഴകിനൊടെ—
ന്നും പറഞ്ഞൊത്തു വാചാ
കൃത്വാ സുഗ്രീവസഖ്യം പവനതനയസ—
മ്മാനിതാത്മാ രഘുണാ—
മുത്തംസം തമ്പുരാൻ മാല്യവദചലവരേ
സാനുജന്മാ ന്യവാത്സീത്. 2

പദ്യം 1. ആപത്തു—ദുഃഖം. നിഖി....ണാം—എല്ലാ ജനങ്ങൾക്കും ചാരു.....ല്യം—നല്ല ഭാഗ്യത്തിന്റെ തികവു്. പ്രിയസഖ—അല്ലയോ തോഴ. പൂർവാർദ്ധം ലോകോക്തി. ഉത്തരാർദ്ധത്തിൽ ഉപമയെ പൂരിപ്പിച്ചു കഥാവസ്തുവിനെ സൂചിപ്പിക്കുന്നു. രഘു ...ന—രാമന്റെ സഹായത്താൽ. വ്യാപന്നൻ—ദുഃഖിതൻ. ആശു—വേഗത്തിൽ. നിജ....പ്തി—കിഷ്കിന്ധാപ്രാപ്തി.

പദ്യം 2. തം ബാലിനം ഹത്വാ—ആ ബാലിയെ കൊന്നിട്ടു്. തവ—നിനക്കു്. അയി—സംബുദ്ധി. തേ പ്രിയാം—നിന്റെ പ്രിയയെ

---

1. "ഘോരാണാം ദാനവാനാം നിരുപമപൃതനാരോഖിന്നാം ധരിത്രീ—
മോരോ ലീലാവതാരൈരഴകിനൊടു സമാശ്വാസയന്തം നിതാന്തം
ക്ഷീരാംഭോധൗ പ്രബുദ്ധഗാധിപശയനതലേ യോഗനിദ്രാമുദാരാം
നേരേ കണ്ടുണരുംമുമ്പേ ലക്ഷ്മീകുചപുളിന പുണതം പദ്മനാഭം ഭജേഹാം."

പുസ്തകത്തിൽ ആരംഭത്തിൽ ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ഹനുമാൻ രാമന്റെ അടുക്കൽ വന്നു് ഉടൻതന്നെ കാര്യസിദ്ധിക്കായി പ്രവർത്തിച്ചുതുടങ്ങണമെന്നു് അറിയിക്കുന്നു:

അക്കാലം വായുജന്മാ രഘുകുലപെരുമാ—
ളോട്ട ചെന്നാബഭാഷേ:
''മുഖ്യാത്മൻ! കിം വിളംബേ ഫലമിഹ കരണീ—
യാ ത്വരാ കാര്യഹേതോഃ
കിഷ്കിന്ധായാമെഴുന്നെള്ളുവതിനുഴറുകേ
കേവലം വേണ്ടതുള്ളൂ
രക്ഷായൈ[1] മാദൃശാനാം ദിനകരതനയോ
നിസ്സപത്നോ/സ്തു വേഗാത്.'' 3

ഉടൻ രാമൻ സുഗ്രീവാദികളോടുകൂടി പുറപ്പെട്ടു പോകുന്ന വഴിയിൽ ദുന്ദുഭിയുടെ കങ്കാളം അഗ്രചരണംകൊണ്ടെറിയുകയും അതു ഭൂമിയിൽ പതിക്കുകയും ചെയ്യുന്നു:

ഇത്ഥം കേട്ടാത്മദാസോദിതനുതിവചനം
പേർത്തു 'മവ്വണ്ണ'മെന്ന—
ങ്ങുക്ത്വാ സുഗ്രീവമുഖ്യൈഃ സഹ കപിവൃഷഭൈഃ
സാനുജന്മാ തദാനീം
പ്രസ്ഥായാഹന്ത! പോകുന്നളവു വിഗതവി—
ശ്വാസമാലോക്യ ഭാനോഃ
പൃത്ഥ്യം സന്ദർശയൻ ദുന്ദുഭിവിപുലവപുഃ
കൗതുകീ വാചമൂചേ. 4

പൃത്ഥ്യാം—ഭൂമിയിൽ. വാചാ—വാക്കുകൊണ്ടു്. പറഞ്ഞൊത്തു്—കരാർ ചെയ്തു്. സുഗ്രീ....ഖ്യം കൃത്വാ—സുഗ്രീവനോടു സഖ്യത്തെ ചെയ്തിട്ടു്. പവന.....ത്മാ—ഹനുമാനാൽ സത്കരിക്കപ്പെട്ടവനായി. സാനുജന്മാ—അനുജനോടു കൂടിയ. രഘൂണാം ഉത്തംസം—രഘുശ്രേഷ്ഠനായ രാമൻ. മാല്യ....ലേ—മാല്യവാൻ എന്ന പർവതത്തിങ്കൽ. ന്യവാത്സീത്—വസിച്ചു. പൂർവാർദ്ധത്തിൽ രാമന്റെയും സുഗ്രീവന്റെയും സഖ്യപ്രതിജ്ഞ അനുദിതമായിരിക്കുന്നു.

പദ്യം 3. വായുജന്മാ—ഹനുമാൻ. രഘു....ട്—രാമനോടു്. ആബഭാഷേ—പറഞ്ഞു. മുഖ്യാത്മൻ—അല്ലയോ മഹാത്മാവേ. വിളംബേ കിം ഫലം—താമസിച്ചതുകൊണ്ടു് എന്തു പ്രയോജനം? ഇഹ—ഇവിടെ. കാര്യഹേതോഃ—ബാലിവധത്തിന്നായി. ത്വരാ കാര്യാ—ഉടൻ പ്രവർത്തിക്കണം. കിഷ്കിന്ധായാം—കിഷ്കിന്ധയിൽ. മാദൃശാനാം രക്ഷായൈ—എന്നെപ്പോലെയുള്ളവരുടെ രക്ഷയ്ക്കായി. ദിനകരതനയഃ—സൂര്യപുത്രനായ സുഗ്രീവൻ. വേഗാത്—വേഗത്തിൽ. നിസ്സപത്നഃ അസ്തു—ശത്രുരഹിതനായി ഭവിക്കട്ടേ. ബാലി ഉടൻ കൊല്ലപ്പെടണം എന്നർത്ഥം.

പദ്യം 4. ഇത്ഥം—ഇവ്വണ്ണം. ആത്മ.....നം—തന്റെ കിങ്കരൻ പറഞ്ഞ സ്തുതിവാക്കിനെ. ഉക്ത്വാ—പറഞ്ഞിട്ടു്. സാനുജന്മാ—അനു

1. രക്ഷായൈ. മദ്വിധാനാം

''സുഗ്രീവാ! പശ്യ നീയെന്തിതു വിപുലതരം
പർവ്വതോദഗ്രമദ്ധ്വ-
ന്യഗ്രേ കാണായതെ''ന്നുക്തവതി രഘുവരേ
സോഽപി വാചം ബഭാഷേ
''ലക്ഷ്മീസങ്കേതമേ! കേളിതു ദനുജപതേർ-
ദുന്ദുഭേരഗ്രജേന
പ്രക്ഷിപ്തം ഗാത്രമേതത് കപിപരിവൃഢനം
പണ്ടു ദുശ്ചാല്യമാസീത്.'' 5

എന്നു ചൊന്നളവു ഭാനുമാലിതനയേ തെ-
ളിഞ്ഞു രഘുനാഥനും
ചെന്നിതഗ്രചരണേന സത്വരമെറിഞ്ഞി-
തങ്ങുപരി ലീലയാ
ഉന്നതം പുനരതംബരേ ദിനകരന്നു
വാത്തയറിയിപ്പതി-
ന്നെന്നവണ്ണമുടനങ്ങു ചെന്നു തരസാ പ-
പാത ധരണീതലേ. 6

നോട് കൂടിയവനായി. സുഗ്രീവമുഖ്യൈഃ കപിവൃഷഭൈഃ സഹ-സുഗ്രീവൻ തുടങ്ങിയുള്ള വാനരശ്രേഷ്ഠന്മാരോട്കൂടി. തദാനീം-അപ്പോൾ. പ്രസ്ഥായ-പുറപ്പെട്ട്. പോകുന്നളവ്-പോകുമ്പോൾ. ആഹന്ത-അതിശയദ്യോതകം. ഭാനോഃ പുത്രം-സുഗ്രീവനെ. വിഗ....സം-തങ്കൽ വിശ്വാസമില്ലാത്തവനായി. ആലോക്യ-കണ്ടിട്ട്. ദുന്ദു....പുഃ-ദുന്ദുഭിയുടെ പെരുത്ത ശരീരത്തെ. സന്ദർശയൻ-പ്രദർശിപ്പിച്ചുകൊണ്ട്. കൗതുകീ-തത്പര്യത്തോട് കൂടിയവനായി. വാചം ഊചേ-വാക്കിനെ പറഞ്ഞു.

പദ്യം 5. പശ്യ-കണ്ടാലും. വിപുലതരം-വിസ്താരമേറിയ. പർവതോദഗ്രം-മലപോലെ പൊങ്ങിയ. അദ്ധ്വനി-വഴിയിൽ. അഗ്രേ-മുമ്പിൽ. രഘുവരേ ഉക്തവതി-രാമൻ പറഞ്ഞപ്പോൾ. സഃ അപി-അവനും. വാചം ബഭാഷേ-വാക്കിനെ പറഞ്ഞു. ലക്ഷ്മീ... മേ-അല്ലയോ ശ്രീനിലയമായുള്ള രാമ. ദനുജപതേഃ-രാക്ഷസശ്രേഷ്ഠനായ. ദുന്ദുഭേഃ-ദുന്ദുഭിയുടെ. ഏതത് ഗാത്രം-ഈ ദേഹം. അഗ്രജേന-ജ്യേഷ്ഠനാൽ. പ്രക്ഷിപ്തം-നിക്ഷിപ്തമായത്. കപി....നം-വാനരശ്രേഷ്ഠനപോലും. ദുശ്ചാല്യം ആസീൽ-ഇളക്കുവാൻ അസാധ്യമായിരുന്നു.

പദ്യം 6. ഭാനു....യേ-സുഗ്രീവൻ. രഘു...നം-രാമനും. അഗ്രചരണേന-കാലിന്റെ അറ്റംകൊണ്ട്. സത്വരം-വേഗത്തിൽ. ഉപരി-മുകളിൽ. ലീലയാ-കളിയായി. അതു പുനഃ-അതാകട്ടേ. അംബരേ-ആകാശത്തിൽ. ഉന്നതം-പൊക്കമുള്ളതു്. ദിനകരന്നു്-സൂര്യനു്. തരസാ-പെട്ടെന്നു്. ദിനകരന്നു വാത്തയറിയിപ്പതിനെന്നവണ്ണം-ഉതു്പ്രേക്ഷ. ധര....ലേ-ഭൂമിയിൽ. പപാത-വീണു. ഈ പ്രവൃത്തികൊണ്ടു സുഗ്രീവനു രാമന്റെ കായബലത്തെക്കുറിച്ചുണ്ടായിരുന്ന സംശയം പരിഹൃതമായി.

ശ്രീരാമൻ സപ്തസാലങ്ങളെ ഭേദിക്കുന്നതായി പ്രസ്താവിക്കുന്നു:

''സപ്തസാലമിതു[1] ദുർമ്മതനായ കപിവീര—
ദോർബലപരാക്രമാ—
വൃത്തികൊണ്ടുമിളകീല'' യെന്ന ദിനനാഥ—
സൂനു പറയുംവിധൗ
മുറുമേകശരമെയ്തവറെ വടിവിൽ പി—
ളർന്ന രഘുനായകേ—
വസ്ഥിതേ ശരവരോ വിഭിദ്യ ധരണീം ക്ഷ—
ണേന പുനരായയൗ. 7

''നിർഭിന്നസാലകടകോഽസ്മി യഥാ തഥാ ത്വം
പൗലസ്ത്യസാലകടകം യുധി പാടയേ''തി
ഊചേ മഹീദലനജാതരവേണ നൂനം
തസ്മൈ വലീമുഖവരായ ശിലീമുഖഃ സഃ. 8

ശ്രീരാമങ്കൽ വിശ്വസ്തചിത്തനായിത്തീർന്ന സുഗ്രീവൻ ശ്രീരാമനോടു കൂടി കിഷ്കിന്ധയെ പ്രാപിക്കുകയും, ശ്രീരാമൻ, വൃക്ഷക്കൂട്ടത്തിൽ മറഞ്ഞിരിക്കുന്നേ താൻ മുമ്പിൽ കാണാത്തക്കവണ്ണം ബാലിയെ യുദ്ധത്തിനായി വിളിച്ചുകൊണ്ടുവരുവാനായി സുഗ്രീവനെ നിയോഗിക്കുകയും അതിൻവണ്ണം സുഗ്രീവൻ കിഷ്കിന്ധയിലെ ഗോപുരദ്വാരത്തിൽ ചെന്ന സിംഹനാദം പുറപ്പെടുവിക്കുകയും ചെയ്യുന്നു:

പദ്യം 7. ദുർമ്മതനായ—അഹങ്കാരിയായ. കപി....ണ്ടും—വാനരവീരന്റെ തുടരെത്തുടരെയുള്ള ബാഹുപരാക്രമംകൊണ്ടും. ദിന....ന—സൂര്യപുത്രൻ. പറയുംവിധൗ—പറയുമ്പോൾ. ഏകശരം—ഒരു ബാണത്തെ. അവറെ—സപ്തസാലങ്ങളെ. രഘുനായകേ, അവസ്ഥിതേ—സ്ഥിതിചെയ്തപ്പോൾ. ശരവരഃ—ആ ശ്രേഷ്ഠമായ ബാണം. ധരണീം വിഭിദ്യ—ഭൂമിയെ പിളർന്നിട്ട്. ക്ഷണേന—ക്ഷണനേരത്തിൽ. പുനഃ ആയയൗ—തിരിയെ വന്നു. ഈ പ്രവൃത്തികൊണ്ടു സുഗ്രീവനു രാമന്റെ അസ്ത്രബലത്തെപ്പറ്റി മനസ്സിലാക്കുവാൻ സാധിച്ചു. സപ്തസാലങ്ങൾ: ''അശ്വത്ഥപ്ലക്ഷകിലോട്ട പിലാവിലഞ്ഞി കാരസ്സൂരം പുളിയുമെന്നിവ സപ്തസാലം'' എന്നിങ്ങനെ പറയപ്പെട്ടിരിക്കുന്ന ഏഴു വൃക്ഷങ്ങൾ.

പദ്യം 8. യഥാ—എങ്ങനെ. നിർഭി....കഃ അസ്മി—ഞാൻ സാലപ്രാകാരത്തെ പിളർന്നവനായിരിക്കുന്നുവോ. തഥാ—അങ്ങനെ. ത്വം—നീ. യുധി—യുദ്ധത്തിൽ. പൗല....കം—രാവണന്റെ പ്രാകാരത്തെ. പാടയ—പിളർന്നാലും. ഇതി—എന്നു്. സഃ ശിലീമുഖഃ—ആ ബാണം. തസ്മൈ വലീ....യ—ആ കപിശ്രേഷ്ഠനോടു്. മഹീ....ണ—ഭൂമിയെ പിളർന്നുകൊണ്ടായ ശബ്ദത്താൽ. ഊചേ നൂനം—പറഞ്ഞു നിശ്ചയം. ഉത്പ്രേക്ഷ.

---

1. പ്ലക്ഷാലമിതു.

''വിശ്വാസം വന്നുകൂടീ മമ[1] ഹൃദി രഘുനാ-
ഥാ! തവ പ്രാഭവം കേ-
വിശ്വാധിക്യം കലന്നോന്നമരവരസുത-
ന്നന്തകാരീ ശരോ'യം
ഗച്ഛാമോ വീര! നാ''മെന്നഴകിലുടനൊരു-
മ്പെട്ട സുഗ്രീവനോട-
ങ്ങുംച്ചേന്നംകൊണ്ടു നേരേ കപിവരനഗരീം
പ്രാപ്യ രാമോ ബഭാഷേ. 9

''സുഗ്രീവാ! ചെല്ല നിന്നഗ്രജമഴകിൽ വിളി-
ച്ചീടു യുദ്ധായ തൂർണ്ണം,
വ്യഗ്രം വേണ്ടാ, മറഞ്ഞിട്ടിഹ തരുനികരേ
ഞാനുളോൻ ചാപധാരീ,
ഉഗ്രാത്മാനം തവ ഭ്രാതരമയി മമ കൺ-
മുൻപിലാക്കിത്തരേണം
മുഖ്യാത്മൻ[2]! നീ, തദീയഃ ക്ഷതജമിഹ പിപാ-
സത്യസൗ സായകോ മേ.'' 10

''ചേണാറീടും [3]നിയോഗാത്തവ മനുകലമാ-
ണിക്യമേ![4] ചെന്നു നേരേ
ഞാനീപ്പോളുഗ്രജം മേ പൊരുവതിനു വിളി-
ച്ചീടുവൻ മാനശാലീ

പദ്യം 9. മമ ഹൃദി—എന്റെ ഉള്ളിൽ. തവ പ്രാഭവം—നിന്റെ മേന്മ. വിശ്വാധിക്യം—ലോകോത്തരത്വം. അമ ...ന്തഃ—ബാലിക്കു. അന്തകാരീ—നാശത്തെ ചെയ്യുന്നതാണു. അയം ശരഃ—ഈ ബാണം. വീര—അല്ലയോ വീര. ഗച്ഛാമഃ—നാം പോകാം. കപി... രീം പ്രാപ്യ—കിഷ്കിന്ധയെ പ്രാപിച്ചിട്ടു. രാമഃ ബഭാഷേ—രാമൻ പറഞ്ഞു. രാമനെക്കുറിച്ചു പൂർവാധികം ബഹുമാനം ഉണ്ടായ സുഗ്രീവൻ രാമനെ പ്രശംസിച്ചു പറഞ്ഞു.

പദ്യം 10. നിന്നഗ്രജം—നിന്റെ ജ്യേഷ്ഠനെ. തൂർണ്ണം—വേഗത്തിൽ. യുദ്ധായ—യുദ്ധത്തിനായി. വ്യഗ്രം—ചാഞ്ചല്യം. ഇഹ—ഇവിടെ. തരുനികരേ—വൃക്ഷങ്ങളുടെ. ചാപധാരീ—വില്ലു ധരിച്ചവനായി. ഞാനുളോൻ ഞാനുണ്ടു. ഉഗ്രാത്മാനം തവ ഭ്രാതരം—ക്രൂരനായ നിന്റെ സോദരനെ. തദീയം ക്ഷതജം—അവന്റെ രക്തത്തെ. അസൗ മേ സായകഃ ഇഹ പിപാസതി—ഈ എന്റെ ബാണം ഇവിടെ കുടിക്കാൻ ആഗ്രഹിക്കുന്നു. മുഖ്യാത്മൻ—അല്ലയോ മഹാത്മാവായുള്ളോവേ.

പദ്യം 11. മനു ....മേ—അല്ലയോ രാമ. തവ നിയോഗാത്—നിന്റെ കല്പന നിമിത്തം. മേ—എന്റെ. അഗ്രജം—ജ്യേഷ്ഠനെ (ബാ

1. ടീ ഹൃദി മമ. 2. തൗമൻ ത്വം ത. 3. നിദേശാത്തവ. 4. ചേതത്ര ഗത്വാ ഞാ.

ക്ഷീണതവം മേ വരുമ്പോളധിരണമുടയോ—
രില്ല മററാരുമെന്നാൽ
പ്രാണത്രാണായ തുഭ്യം കനിവിനൊടു നമ—
സ്കാരമെൻ തമ്പിരാനേ!'' 11

[1]ഇത്ഥം ചൊല്ലി ത്രിലോകീശവര[2]ചരണതലേ
വീണ ഭക്ത്യാ തദാജ്ഞാ—
മുത്തംസീകൃത്യ ചെന്നാ[3]ക്ക പിവരനഗരീ—
ഗോപുരദ്വാരമാർഗ്ഗേ
പത്താശാന്തം നടുങ്ങുംപടി പരമതനോത[4]
സിംഹനാദം ഗഭീരം
സൂത്രാമാപത്യഗേഹേ കപികുലമഖിലം
ചാലയൻ ഭാനുജന്മാ. 12

അപ്പോഴം ബാലി അന്തഃപുരത്തിൽ ഭാര്യമാരോടുകൂടി വിഹരിച്ചു കൊണ്ടിരുന്നതായി വണ്ണിക്കുന്നു:

ഗദ്യം 1.

തസ്മിൻ കാലേ ലീലാശാലീ
മേലേ മേലേ ലോലദുകൂലം
ചാല വിരിച്ചപ്പൊന്മയമാകിന
പര്യ'ങ്കോപരി മേളം താവിന
മേലാപ്പിൻ കീഴം പരിമളബഹളാ—
മല്ലീജാതിമരുവകകുവക—

ലിയെ). പൊരുവതിന്നു'—യുദ്ധത്തിന്നായു'. മാനശാലീ—മാനത്തോടു ശോഭിക്കുന്നവൻ. മേ—എനിക്കു'. ക്ഷീണതവം—വശക്കേടു'. അധിരണം—യുദ്ധത്തിൽ. പ്രാണ....യ—ജീവരക്ഷയ്ക്കായി. തുഭ്യം—നിനക്കായ്ക്കൊണ്ടു'. നമസ്കാരം—വന്ദനം.

പദ്യം 12. ഇത്ഥം—ഇവ്വണ്ണം. ത്രിലോ....ലേ—രാമന്റെ കാല്പൽ ഭക്ത്യാ—ഭക്തിയോടുകൂടി. തദാജ്ഞാം—അവന്റെ കല്പനയെ. ഉത്തംസീകൃത്യ—ശിരസ്സിലെ ആഭരണമായി സ്വീകരിച്ചിട്ടു'. സൂത്രാ....ഹേ—ബാലിയുടെ ഗൃഹത്തിൽ. അഖിലം കപികുലം—എല്ലാ വാനരസംഘത്തെയും. ചാലയൻ—വിറപ്പിച്ചുകൊണ്ടു'. ഭാനുജന്മാ—സൂര്യപുത്രൻ. കപി....ഗ്രേ—കിഷ്കിന്ധാനഗരത്തിന്റെ ഗോപുരവാതിലിൽ. പത്താശാന്തം—പത്തുദിക്കും. ഗഭീരം സിംഹനാദം പരം അതനോൽ—ഗംഭീരമായ സിംഹനാദത്തെ ഉച്ചത്തിൽ മുഴക്കി.

ഗദ്യം 1. തസ്മിൻ കാലേ—അക്കാലത്തിൽ. ലീലാശാലീ—ലീലയോടു ശോഭിക്കുന്നവനായ. ലോലദുകൂലം—നേരിയ വെൺപട്ടിനെ. പര്യങ്കോപരി—കട്ടിലിന്റെ മുകളിൽ. മേളം താവിന—ഭംഗിയുള്ള. പരി....ളാൽ—വാസനാധിക്യത്തോടുകൂടിയ. മല്ലീ....ഷാൻ—മല്ലി ജാ

1. ഉക്ത്വാ ചൈവം ത്രി. 2. രപദകമലേ. 3. ചെന്നക്ക. 4. പല്യങ്കോ.

ചമ്പകപങ്കജകേസരകേതക—
കന്ദകളായലവങ്ക[1]മുഖാഖില—
കുസുമവിശേഷാൻ തുകിത്തുകി—
ത്തുക്കിത്തുക്കീട്ടിരുപാട്ടം നൽ—
നലയിന ചേത്തത്തരുണീജനവും
താനും കൂടെച്ചേന്നു കളിച്ചും
താരാവദനം [3]വീക്ഷം വീക്ഷം,
പേയവിശേഷാൻ പായം പായം,
ഖാദ്യവിശേഷാൻ ഖാദം ഖാദം,
ചാരു ചിരിച്ചും ചെറുതു പുളച്ചും
കിമപി മദിച്ചും കോമളവാനര—
നാരികളും തേടിന പാട്ടം കൊട്ടും
കേട്ടു സുഖിച്ചും, തത്തത്തായെ—
ന്നൊത്തീടുംപടി മുഗ്ധത കണ്ടും
നൃത്തം കണ്ടും മനസി രസിച്ചും
കുനിവു തഴച്ചും ഹാടകപാടക—
ഘോടകനൂപുരകാഞ്ചീകങ്കണ—
കേയൂരാദിയുവക്കു കൊടുത്തും
മാനമകന്നും പ്രീതി കലന്നും
[4]ധൈര്യമുടഞ്ഞും കാംക്ഷ പൊടിഞ്ഞും
ഖിന്നതേവന കിടന്നു രസിച്ചും
തന്നെത്താനും കൂടെ മറന്ന—
ക്കപിവരനഭിമതനാരീജനവും
താനും കൂടിക്കാമരസാംബുധി—
തന്നിലിറങ്ങിക്കര കാണാതേ

തി മരുവകം കുരവകം ചമ്പകം താമര കേസരം കൈത കന്ദം കളായം ലവങ്കം തുടങ്ങിയുള്ള എല്ലാ പൂക്കളേയും. തരുണീജനം—യുവതികളും. താരാവദനം—താരയുടെ മുഖത്തെ വീക്ഷം വീക്ഷം—നോക്കി നോക്കി. പേയവിശേഷാൻ—വിശേഷപ്പെട്ട പാനങ്ങളെ. പായം പായം—കുടിച്ചുകുടിച്ചു. ഖാദ്യവിശേഷാൻ—ഭക്ഷ്യവിശേഷങ്ങളെ. ഖാദം ഖാദം—ചവച്ചു ചവച്ചു. ചാരു—മനോഹരമായി. കിമപി—അല്പം. മദിച്ചും—അഹങ്കരിച്ചും. കോമള....ളും—സുന്ദരികളായ വാനരസ്ത്രീകളും. മുഗ്ധത—മനോഹാരിത്വം. നൃത്തം—ആട്ടം. മനസി—ഉള്ളിൽ. ഹാടക..... ദി—സ്വർണ്ണംകൊണ്ടുള്ള പാടകം ഘോടകം ചിലങ്ക അരഞ്ഞാൺ വള തോൾവള മുതലായവ. കാംക്ഷ—ആഗ്രഹം. ഖിന്നതേവന—ദുഃഖംകൊണ്ടു. കപിവരൻ—വാനരശ്രേഷ്ഠൻ. അഭി....വും—ഇഷ്ടപ്പെട്ട

1. ലവങ്ഗമു. 2. ണീരണികളും താനും. 3. ദനംദർശം ദർശം.
4. ന്നും ധീരതയറും കാംക്ഷ.

നീന്തി മയങ്ങി ക്രീഡിച്ചൻപിനൊ—
ടേവമിരുന്നരുളുന്ന ദശായാം.

സുഗ്രീവനാദം കേട്ട ക്രുദ്ധനായ ബാലി ഗുഹയിൽനിന്നു വെളിയിൽ വന്നു സുഗ്രീവനോടു യുദ്ധത്തിൽ ഏർപ്പെടുന്നതായി പ്രസ്താവിക്കുന്നു:

സുഗ്രീവോദഗ്രനാദം വടിവിനൊടു സമാ—
കർണ്ണ്യ ദന്താവളേന്ദ്രം—
പ്രക്ഷോഭം കേട്ടു കർണ്ണേ പരമിളകിന പ—
ഞ്ചാസ്യനങ്ങെന്നപോലെ
ഉഗ്രാത്മാ ഹന്ത! നാലഞ്ചലറി വിവൃതദം—
ഷ്ടാനനോ രോഷവേഗം
കൈക്കൊണ്ടുംകൊണ്ടു ബാലീ തദനു സരഭസം
നിർജ്ജഗാഹേ ഗുഹായാഃ. 13

തത്ര യുദ്ധമഭൂദ്ഘോരം ബാലിസുഗ്രീവയോസ്തയോഃ
സന്ത്രാസകാരി ജഗതാം ദന്താദന്തി തലാതലി. 14

ബഹുമണ്ഡലചാരിണൗ ഹസന്തൗ
പ്രഹരന്തൗ മുഹുരന്തരേ പതന്തൗ
നമനോന്നമനൈർനിരത്ഥയന്തൗ
പ്രഹൃതിം തൗ വിഹൃതിം രണേ വ്യധാതാം. 15

സ്ത്രീജനവും. കാമ....ധി—ശൃംഗാരരസക്കടൽ. ക്രീഡിച്ചു—കളിച്ചു. ഏവം—ഇങ്ങനെ. അരു .. യാം—അരുളുമ്പോഴും.

പദ്യം 13. സുഗ്രീ....ദ—സുഗ്രീവന്റെ ഉച്ചത്തിലുള്ള ശബ്ദത്തെ. സമാകർണ്ണ്യ—കേട്ടിട്ടു. ദന്താ....ഭം—ഗജവീരന്റെ ഗർജ്ജിതം. കർണ്ണേ—ചെവിയിൽ. പരം—അധികം. പഞ്ചാസ്യൻ—സിംഹം. ''സിംഹോ മൃഗേന്ദ്രഃ പഞ്ചാസ്യഃ'' എന്നമരം. ഉഗ്രാത്മാ—ക്രൂരനായ വിവൃ....നഃ—തേറപ്പല്ലു കാട്ടുന്ന വായുമായി. രോഷവേഗം—കോപവേഗത്തെ. തദനു—അനന്തരം. ഗുഹായാഃ—ഗുഹയിൽനിന്നു. സരഭസം—വേഗമായി. നിർജ്ജഗാഹേ—പുറത്തുവന്നു. ഹന്ത—ഭയദ്യോതകനിപാതം.

പദ്യം 14. തത്ര—അവിടെ. തയോഃ ബാലി....യോഃ—ആ ബാലിസുഗ്രീവന്മാർതമ്മിൽ. ജഗതാം സന്ത്രാസകാരി—ലോകങ്ങളെ പരിഭ്രമിപ്പിക്കുന്നതും. ദന്താദന്തി—ദന്തങ്ങൾതമ്മിൽ ഇടഞ്ഞുണ്ടായതും. തലാതലി—കൈത്തലങ്ങൾ തമ്മിൽ ഇടഞ്ഞുണ്ടായതും ആയ. ഘോരം യുദ്ധം അഭൂത്—ഭയങ്കരമായ യുദ്ധം ഉണ്ടായി.

പദ്യം 15. ബഹു..ണൗ—പല മണ്ഡലങ്ങളിൽ സഞ്ചരിക്കുന്നവരായി. (പല യുദ്ധരീതികളിൽ പ്രവർത്തിക്കുന്നവരായി). ഹസന്തൗ—ഹസിക്കുന്നവരായി. പ്രഹരന്തൗ—തമ്മിൽ അടിക്കുന്നവരായി. മുഹുഃ—കൂടെക്കൂടെ. അന്തരേ പതന്തൗ—ഇടയിൽ വീഴുന്നവരായി. നമ ...നൈഃ—കുനിഞ്ഞും നിവന്നും. പ്രഹൃതിം—പ്രഹരത്തെ നിരത്ഥയന്തൗ—പാഴാക്കുന്നവരായി. തൗ—അവർ രണ്ടുപേരും. രണേ—യുദ്ധത്തിൽ വിഹൃതിം വ്യധാതാം—വിഹരിച്ചു. യുദ്ധം ചെയ്തു എന്നർത്ഥം.

രാമൻ ചാപപാണിയായി മരം മറഞ്ഞു നിന്നിരുന്നുവെങ്കിലും ബാലിയെ ശരം പ്രയോഗിച്ചു കൊല്ലുവാൻ സന്നദ്ധനായില്ല:

തൗ നിർവിശേഷാവാലോക്യ പ്രമാണാകൃതിവിക്രമൈഃ
രാമഃ സുഹൃദ്വധഭയാന്ന മുമോച ശിലീമുഖം. 16

ഈ പ്രഥമയുദ്ധത്തിൽ ബാലിയുടെ കഠിനപ്രഹാരമേറ്റു സുഗ്രീവൻ ക്ഷീണിച്ചു ചോര ഛർദ്ദിച്ചു പിൻതിരിഞ്ഞു് ഋശ്യമൂകതടത്തിലേക്കു് ഓടിപ്പോകുന്നു:

തതഃ പ്രഹാരഭഗ്നാംഗഃ സുഗ്രീവോ ബാലിനിർജിതഃ
ജഗാമ ജീവിതാകാംക്ഷീ ത്വരിതം നിജകാനനം. 17

ഘോരാഭിഘാതാഭിഹതോ രുധിരോദ്ഗാരമൂർഛിതഃ
ഋശ്യമൂകതടേ ശ്രാന്തോ നിശ്വസൻ നിഷസാദ സഃ. 18

ഹനുമദാദികളോടും ലക്ഷ്മണനോടുംകൂടി അവിടെ വന്നുചേർന്ന ശ്രീരാമനോടു്, സുഗ്രീവൻ യുദ്ധത്തിൽ തന്നെ സഹായിക്കാത്തതിൽ പരിവേപ്പെട്ട സങ്കടമുണർത്തിക്കുന്നു:

തതഃ സാനുജമായാന്തം ഹനുമത്പ്രമുഖൈഃ സഹ
രാമം ജഗാദ സുഗ്രീവഃ ക്ഷണമാലോകയൻ ക്ഷിതിം. 19

"അഹോ! മേ ഹീനഭാഗ്യസ്യ വിഫലസ്സ്വത്സമാശ്രയഃ
വിപരീതമിദം ജാതം പീയൂഷാദിവ മേ വിഷം. 20

പദ്യം 16. പ്രമാ....മൈഃ—അളവുകൊണ്ടും സ്വരൂപംകൊണ്ടും പരാക്രമംകൊണ്ടും. തൗ—അവർ രണ്ടുപേരേയും. നിർവിശേഷൗ—തുല്യരായി. ആലോക്യ—കണ്ടിട്ടു്. രാമഃ—രാമൻ. സുഹൃ....ത്—സ്നേഹിതന്റെ വധത്തിൽ ഭയന്നവനായി. ശിലീമുഖം ന മുമോച—ബാണത്തെ പ്രയോഗിച്ചില്ല.

പദ്യം 17. തതഃ—പിന്നെ. പ്രഹാ....ഗഃ—അടിയേറ്റു മുറിഞ്ഞ ശരീരത്തോടുകൂടിയ ബാലിനിർജിതഃ—ബാലിയാൽ ജയിക്കപ്പെട്ട. സുഗ്രീവഃ—സുഗ്രീവൻ. ജീവിതാകാംക്ഷീ—ജീവനത്തിൽ ആഗ്രഹമുള്ളവനായി. ത്വരിതം—വേഗത്തിൽ. നിജകാനനം—തന്റെ വനത്തിലേക്കു്. ജഗാമ—പോന്നു.

പദ്യം 18. ഘോരാ....തഃ—ഭയങ്കരമായ അടിയേറ്റവനായി. രുധി....തഃ—രക്തം ഛർദ്ദിച്ചു മൂർച്ഛിച്ചവനായി. ശ്രാന്തഃ—ക്ഷീണിച്ചവനായി. സഃ—അവൻ (സുഗ്രീവൻ). നിഃശ്വസൻ—ദീർഘശ്വാസം വിടുന്നവനായി. ഋശ്യ....ടേ നിഷസാദ—ഋശ്യമൂകപർവതത്തിന്റെ താഴ്വാരത്തിൽ ഇരുപ്പായി.

പദ്യം 19. തതഃ—പിന്നെ. സാനുജം—അനുജനോടുകൂടിയവനായി. ഹനു....മുഖൈഃ സഹ ആയാന്തം—ഹനുമാൻ മുതലായവരോടുകൂടി വരുന്നവനായ. രാമം—രാമനോടു്. സുഗ്രീവഃ—സുഗ്രീവൻ. ക്ഷണം—അല്പനേരം. ക്ഷിതിം ആലോകയൻ—ഭൂമിയെ നോക്കിക്കൊണ്ടു് (അധോമുഖനായി). ജഗാദ—പറഞ്ഞു.

മിഥ്യാ ബാലിവധോദ്യോഗഃ കിം ഗൃഹീതഃ സ്വയം ത്വയാ
ഹൃദയേ ശല്യമാദത്തേ പ്രതിശ്രുതവിപര്യയഃ. 21

ന്യസ്യ ത്വയാ മൃത്യുമുഖേ കസ്യാദഹമുപേക്ഷിതഃ
സോ'യമാലംബനശ്ലേഷഃ കൃതഃ കൃപാവപാതിനഃ.'' 22

ശ്രീരാമൻ സുഗ്രീവനോട് അതിനു മറുപടി പറയുന്നു:

ഇതി ബ്രുവാണം സുഗ്രീവം രാമോ ലജ്ജാനതാനനഃ
ഉവാച ശാന്തമനസാ ''കാരണം ശൃണു മേ സഖേ! 23

യുദ്ധേ യുവാം മയാ ദൃഷ്ടൗ സദൃശാഭരണാംബരൗ
തുല്യപ്രമാണവർണ്ണാംഗസമാലോകനചേഷ്ടിതൗ. 24

അതോ'യം ത്വദ്വധായോന്മയാ വജ്രാഗ്രദാരുണഃ
അമോഘപാതീ ന ത്യക്തഃ സത്യം പ്രാണഹരഃ ശരഃ.'' 25

പദ്യം 20. അഹോ—കഷ്ടം. ഹീനഭാഗ്യസ്യ—ഭാഗ്യംകെട്ടവനായ. മേ—എനിക്കു്. ത്വത്സ....യഃ—നിന്റെ ആശ്രയം. വിഫലഃ—പ്രയോജനശൂന്യമാകുന്നു. പീയൂഷാത് വിഷം ഇവ—അമൃതിൽനിന്നു വിഷം എന്നപോലെ. ഇദം വിപരീതം ജാതം—ഇതു വിപരീതമായി ഭവിച്ചു.

പദ്യം 21. ബാലി .. ഗഃ—ബാലിയെ വധിക്കാനുള്ള ശ്രമം. മിഥ്യാ—വെറുതെ. ത്വയാ സ്വയം ഗൃഹീതഃ കിം—നിന്നാൽ തന്നത്താനെ സ്വീകരിക്കപ്പെട്ടതെന്തിനു്? നീ ബാലിയെ വധിക്കാമെന്നു പറഞ്ഞതു കളവാണോ എന്നു ചോദ്യരൂപം. പ്രതി....യഃ—പ്രതിജ്ഞ ചെയ്തതിന്റെ വൈപരീത്യം. ഹൃദയേ ശല്യം ആദത്തേ—ഉള്ളിൽ വേദനയെ ഉണ്ടാക്കുന്നു.

പദ്യം 22. ത്വയാ—നിന്നാൽ. മൃത്യുമുഖേ ന്യസ്യ—മൃത്യുവിന്റെ വായിൽ നിക്ഷേപിച്ചിട്ടു്. അഹം—ഞാൻ. കസ്മാത് ഉപേക്ഷിതഃ—എന്തുകൊണ്ടു് ഉപേക്ഷിക്കപ്പെട്ടവനായി? സഃ അയം—അതു്. കൃപാ . നഃ—കിണറ്റിൽ വീഴ്ന്നവന്റെ. ആലം... ഃ കൃതഃ—പിടിക്കയർ മുറുക്കിലായി.

പദ്യം 23. ലജ്ജാ....നഃ രാമഃ—ലജ്ജകൊണ്ടു തലകുനിച്ച രാമൻ. ഇതി—ഇങ്ങനെ. ബ്രുവാണം—പറയുന്ന. സുഗ്രീവം—സുഗ്രീവനോടു്. ശാന്തമനസാ—ശാന്തതയോടുകൂടി. ഉവാച—പറഞ്ഞു. സഖേ—അല്ലയോ സ്നേഹിത. മേ കാരണം ശൃണു—(സഹായിക്കാത്തതിനുള്ള) എന്റെ കാരണത്തെ നീ കേട്ടാലും.

പദ്യം 24. മയാ—എന്നാൽ. യുദ്ധേ—യുദ്ധത്തിൽ. യുവാം—നിങ്ങളിരണ്ടുപേരും. സദൃ....ശൗ—തുല്യമായ ആഭരണം വസ്ത്രം ഇവയോടുകൂടിയവരായും. തുല്യ....തൗ—തുല്യമായ അളവു് നിറം അവയവം സ്വഭാവം നോട്ടം പ്രവൃത്തി ഇവയോടുകൂടിയവരായും. ദൃഷ്ടൗ—കാണപ്പെട്ടു.

പദ്യം 25. അതഃ—ആയതുകൊണ്ടു്. ത്വദ.....തഃ—നിന്നെ വധിച്ചാലോ എന്നു പേടിച്ചു്. മയാ—എന്നാൽ. വജ്രാ.....ണഃ—വജ്രായുധത്തിന്റെ മുനപോലെ ഭയങ്കരമായ. അമോഘപാതീ—പാഴാകാതെ

തുല്യന്മാരായി കാണപ്പെടുന്ന ബാലിസുഗ്രീവന്മാരിൽ സുഗ്രീവനെ തിരിച്ചറിയുന്നതിനായി ഗജപുഷ്പമാലയെ ധരിപ്പിക്കുവാൻ ശ്രീരാമൻ ലക്ഷ്മണനോട് പറയുന്നു:

''ഗജപുഷ്പീമിമാം ഫുല്ലാമുത്പാട്യ വസുധാതലാത്
കുരു ലക്ഷ്മണ! കണ്ഠേഽസ്യ സുഗ്രീവസ്യ മഹാത്മനഃ.'' 26

ശ്രീരാമൻ മാല ധരിച്ച സുഗ്രീവനെ പ്രശംസിക്കുന്നു:

''ശോഭസേഽഭ്യധികം വീര! ലതയാ കണ്ഠലഗ്നയാ
വിപരീത ഇവാകാശേ സൂര്യോ നക്ഷത്രമാലയാ.'' 27

രാമനാൽ പ്രചോദിതനായ സുഗ്രീവൻ പിന്നെയും കിഷ്കിന്ധയിൽ ചെന്ന ബാലിയെ യുദ്ധത്തിനായി വിളിക്കുന്നു:

ഗദ്യം 2.

അനുഗതേന[1] ച രാമേണ പ്രചോദിതഃ പുനരപ്യഭിജഗ്മിവാൻ. മാലാകലിതവിപുലഗ്രീവഃ സുഗ്രീവഃ കിഷ്കിന്ധാമവാപ്യ പർജ്ജന്യവദ് ഗർജ്ജന്നയം ദ്വയോഽപി ബാലിനമഹവായാഹ്വയത്.

പതിക്കുന്നതായ. പ്രാണഹരഃ—പ്രാണനെ അപഹരിക്കുന്നതായ. അയം ശരഃ—ഈ ബാണം. ന ത്യക്തഃ—പ്രയോഗിക്കപ്പെട്ടില്ല. സത്യം—വാസ്തവം.

പദ്യം 26. ലക്ഷ്മണ—അല്ലയോ ലക്ഷ്മണ. വസു ...ത്—ഭൂമിയിൽ നിന്ന്. ഫുല്ലാം—വിടർന്നതായ. ഇമാം ഗജപുഷ്പീം—ഈ ഗജപുഷ്പിയെന്ന ഓഷധിയെ. ഉത്പാട്യ—പറിച്ചെടുത്ത്. അസ്യ മഹാത്മനഃ സുഗ്രീവസ്യ കണ്ഠേ കുരു—ഈ മഹാനായ സുഗ്രീവന്റെ കഴുത്തിൽ ബന്ധിച്ചാലും.

പദ്യം 27. വീര—അല്ലയോ വീര. കണ്ഠലഗ്നയാ—കഴുത്തിലുള്ളതായ. ലതയാ—മാലകൊണ്ട്. അധികം ശോഭസേ ഹി—നീ വളരെ ശോഭിക്കുന്നുവല്ലോ. ആകാശേ—ആകാശത്തിൽ. നക്ഷത്രമാലയാ—നക്ഷത്രപങ്ക്തിയാൽ. വിപരീതഃ സൂര്യഃ ഇവ—ചുറ്റപ്പെട്ട സൂര്യൻ എന്നപോലെ.

ഗദ്യം 2. അനുഗതേന രാമേണ—പിന്തുടർന്ന രാമനാൽ. പ്രചോദിതഃ—പ്രേരിതനായി. പുനഃ അപി—പിന്നെയും. അഭി.....വഃ—തിരിച്ചറിയിക്കുന്ന മാല കഴുത്തിലുള്ളവനായ. അയം സുഗ്രീവഃ—ഈ സുഗ്രീവൻ. കിഷ്കിന്ധാം അവാപ്യ—കിഷ്കിന്ധയെ പ്രാപിച്ചിട്ട്. പർജ്ജന്യവത്—മേഘംപോലെ. ഗർജ്ജൻ—ഗർജ്ജിക്കുന്നവനായി. ദ്വയഃ അപി—പിന്നെയും. ബാലിനം—ബാലിയെ. ആഹവായ—യുദ്ധത്തിനായി. ആഹ്വായത—വിളിച്ചു.

---

1. തേന രാമേണ പ്രേരിതഃ.

രണ്ടാമതും യുദ്ധത്തിനായി പുറപ്പെട്ട ബാലിയെ താര തടയുന്നു:

അന്നേരം പോരിനായ്നിന്നുണ്ടഴകിനൊട്ട പുറ—
പ്പെട്ട തൻകാന്തമേററം
ഖിന്നാ വാചം ബഭാഷേ കനിവിനൊട്ട തട—
ഞ്ഞംശുകേ ഹന്ത! താരാ
''പുണ്യാത്മൻ! പേർത്തുമെന്തന്തുദിതരുചി തുട—
ങ്ങുന്ന, തോത്തീടിതിപ്പോഴേ
മുന്നേവണ്ണം ജയിപ്പാൻ പണി പണി നിതരാം
വീര! കാര്യം വിചാര്യം. 28

ഇപ്പോളല്ലോ വിഭോ! നിന്നൊട്ടഞ്ഞെടഞ്ഞെടയേ—
റേറെ മുഷ്ടിപ്രഹാരാൻ
തദ്ഭ്രാതാ ഹന്ത! പോയീ, പുനരവനടനേ
വന്നതിന്നെന്തുമൂലം?
അപ്പോളേതേനുമുണ്ടങ്ങൊരു ബലമുതകീ—
ട്ടിന്ന സുഗ്രീവനെന്നെ—
ന്നുൾപ്പൂവിങ്കൽ പുലമ്പുന്നിതു കപിമകുടീ—
രത്നമേ! ചിന്തയേഥാഃ.'' 29

ബാലി താരയോട് തന്റെ വീര്യപരാക്രമങ്ങളെപ്പറ്റി പ്രശംസിച്ചു പറഞ്ഞുകേൾപ്പിക്കുന്നു:

ഇത്ഥം വദന്തീം ദയിതാം ദൃക്ചലം
ധൃത്വാ നിഷണ്ണാം നിതരാം വിഷണ്ണാം
സ്മിത്വാ ബഭാഷേ വചനം കപീനാ—
മുത്തംസമാലാ കനിവോട്ട ബാലീ. 30

പദ്യം 28. തൻകാന്തം—തന്റെ ഭർത്താവിനെ. (ബാലിയെ). ഖിന്നാ—ദുഃഖിതയായി. അംശുകേ—വസ്ത്രത്തിൽ. താരാ—താരാദേവി (ബാലിയുടെ ഭാര്യ). വാചം ബഭാഷേ—വാക്കിനെ പറഞ്ഞു. ഹന്ത—വിഷാദദ്യോതകം. പുണ്യാത്മൻ—അല്ലയോ സുകൃതിയായുള്ളോവേ. ഉദിതരുചി—താത്പര്യത്തോടു്. നിതരാം—വളരെ. വിചാര്യം—ചിന്തനീയം. കരുതലോടുകൂടിയിരിക്കണം സുഗ്രീവന്റെ ഇപ്പോഴത്തെ വരവു്. ആയതുകൊണ്ടു് ആദ്യം യുദ്ധത്തിൽ ജയിച്ചതുപോലെ ഇപ്പോഴും ജയിക്കുമോ എന്ന കാര്യം ചിന്ത്യമാണു് എന്നർത്ഥം.

പദ്യം 29. വിഭോ—അല്ലയോ മഹാത്മൻ. മുഷ്ടി.....ൻ—മുഷ്ടികൊണ്ടുള്ള അടികളെ. തദ്ഭ്രാതാ—നിന്റെ സോദരൻ. ഹന്ത—കഷ്ടം. പുനഃ—പിന്നെയും. മൂലം—കാരണം. ബലം—താങ്ങു്. ഉൾപ്പൂവിങ്കൽ പുലമ്പുന്നിതു്—എന്റെ ഹൃദയം പറയുന്നു. കപി....മേ—അല്ലയോ വാനരരാജ. ചിന്തയേഥാഃ—നീ ആലോചിച്ചാലും.

പദ്യം 30. ഇത്ഥം വദന്തീം—ഇപ്രകാരം പറയുന്നവളും. ദൃക്ചലം ധൃത്വാ നിഷണ്ണാം—വസ്ത്രത്തെ പിടിച്ചിരിക്കുന്നവളും. നിതരാം വിഷ

''താരേ! താരാധിനാഥപ്രതിനിധിവദനേ!
പേത്തുമെന്തെന്തിദാനീ—
മാരാദാലംബ്യ ചേലാഞ്ചലമയി! കരയു
ന്നു വൃഥാ ദീനദീനാ?
നേരേ നേരേ ഗഭീരേ കരുതിന സമരേ
ഘോരമെന്നെജ്ജയിപ്പാ—
നാരേപോലുള്ളതുർവ്യാം മമ പരമറിയു—
ന്നീലയോ ബാഹുവീര്യം? 31

ഏകം കേട്ടാലുമെങ്കിൽ ത്രിഭുവനമഹിതോ—
ക്രമം വിക്രമം മേ
പാകാരാതിക്കു ശാപാൽ ത്വരിതമുപഗതേ
മുന്നമൈശ്വര്യനാശേ
ലോകാനാമീശ്വരാഃ ശങ്കരമുരഹരപ—
ദ്മോദ്ഭവാ ദാനവേന്ദ്രാ-
നേകീകൃത്യാശു ദേവൈരമൃതമഥനമാ—
രേഭിരേ വാരിരാശൗ. 32

ണ്ണാം—വളരെ ദുഃഖിച്ചവളും ആയ. ഭയിതാം—ഭാര്യയോട്. കപീനാം ഉത്തംസമാലാ ബാലീ—വാനരശ്രേഷ്ഠനായ ബാലി. സ്മിതാ—ചിരിച്ചിട്ട്. വചനം ബഭാഷേ—വാക്കിനെ പറഞ്ഞു.

പദ്യം 31. ബാലി താരയുടെ വചനത്തിനു നേരെ ഉത്തരം പറയാതെ തന്റെ പരാക്രമങ്ങളെ വിസ്തരിച്ചുപറഞ്ഞു താരയെ സമാധാനപ്പെടുത്തുവാൻ ഉത്സാഹിക്കുന്നു: താരാ....നേ താരേ—അല്ലയോ ചന്ദ്രമുഖിയായ താരേ. ഇദാനീം—ഇപ്പോൾ. ആരാത്—അടുത്തു്. ചേലാഞ്ചലം ആലംബ്യ—വസ്ത്രത്തിന്റെ തുമ്പിനെ പിടിച്ചിട്ട്. വൃഥാ—വെറുതെ. ദീന ദീനാ—വളരെ ദീനയായി. ഗഭീരേ സമരേ—ഭയങ്കരയുദ്ധത്തിൽ. ഘോരം—ഭയങ്കരനായ എന്നെ. ഉർവ്യാം—ഭൂമിയിൽ. മമ—എന്റെ. പരം—ഉത്കൃഷ്ടമായ. ബാഹുവീര്യം—കൈയുക്കു്.

പദ്യം 32. മേ—എന്റെ. ത്രിഭു...മം—മൂന്നു ലോകത്തിലും പുകഴ്പ്പെട്ട. ഏകം വിക്രമം—ഒരു പരാക്രമത്തെ. പാകാരാതി—ദേവേന്ദ്രൻ. ശാപാത്—ശാപംനിമിത്തം. ത്വരിതം—വേഗത്തിൽ. ഐശ്വര്യനാശേ ഉപഗതേ—ഐശ്വര്യത്തിനു നാശം സംഭവിച്ചപ്പോൾ. ലോകാനാം ഈശ്വരാഃ—ലോകേശ്വരന്മാരായ. ശങ്ക....വാഃ—ശിവനും വിഷ്ണുവും ബ്രഹ്മാവും. ദാനവേന്ദ്രാൻ—അസുരശ്രേഷ്ഠന്മാരെ. ഏകീകൃത്യാ—ഒന്നിച്ചുചേർത്തു് ആശു—വേഗത്തിൽ. ദേവൈഃ—ദേവന്മാരെക്കൊണ്ടു്. വാരിരാശൗ—കടലിൽ. അമൃതമഥനം....ആരേഭിരേ—അമൃതത്തെ മഥനംചെയ്വാൻ തുടങ്ങി. താരയെ ബാലി വിവാഹം ചെയ്തതിന്റെ ശേഷമുള്ള തന്റെ സകല പരാക്രമങ്ങളും അവർക്കു വിശദമായറിയാവുന്നതുകൊണ്ടായിരിക്കാം താരയുടെ ഉത്പത്തിക്കു ഹേതുഭൂതമായ പാലാഴിമഥനകഥയെത്തന്നെ ബാലി വിസ്തരിച്ചു പ്രതിപാദിക്കുന്നതു്.

1. ശാർങ്ഗിണേ.

ശ്രുത്വാ വൃത്താന്തമേനം പുനരവിടെ മുദാ
ഹന്ത! ചെന്നേൻ തദാനീം
ബദ്ധ്വാ തന്മന്ദരം വാസുകിളജഗവരേ—
ണാശ്ര ദേവാസുരൗഘൈഃ
മധ്യേ പാലാഴിയിൽ പണ്ടമൃതമഥനകോ—
ലാഹലേ കല്പ്യമാനേ
ഹസ്താലസ്യാദ് വിഹസ്താനവരെ വടിവിലാ—
ലോക്യ ഞാൻ ചെന്നണഞ്ഞേൻ. 33

വാമേനാലംബ്യ മേന്മേൽ ഫണിപരിവൃഢവാ—
ന്മേൽ പരേണാന്യഭാഗേ
മാമാ! ദോഷ്ണാ പിടിച്ചജ്ജലധി മുഴവനൊ—
ന്നും കലക്കീടിനേൻ ഞാൻ;
വാർമേവും പമ്പരത്തിൻപരിചു ബത! തിരി—
ഞ്ഞൂ തദാ മന്ദരം മത്—
പ്രാബല്യാദ് വാസുകിക്കും നയനമഖിലമുത്—
ഫുല്ലാമാസീദ് വിഷാദാത്. 34

ഇന്ദ്രന്നങ്ങായിരം കണ്ണിലുമതനു കലർ—
ന്നൂ തദാ ബാഷ്പലേശം,
മന്ദം കേഴം വിസ്മയിച്ചൂ മുരരിപു, വിരൽ വ—
ച്ചൂ ഹരൻ നാസികായാം,

പദ്യം 33. ഏനം വൃത്താന്തം ശ്രുത്വാ പുനഃ—ഈ വാർത്തയെ കേട്ടിട്ട്. തദാനീം—അപ്പോൾ. മുദാ—സന്തോഷത്തോടു്. ഹന്ത—ആശ്ചര്യം. വാസു ...ണ—വാസുകി എന്ന സർപ്പശ്രേഷ്ഠനെക്കൊണ്ടു്. ആശ്ര വേഗത്തിൽ. തന്മന്ദരം ബദ്ധ്വാ—ആ മന്ദരപർവതത്തെ ബന്ധിച്ചിട്ടു്. ദേവാ....ഘൈഃ—ദേവകളാലും അസുരകളാലും. മധ്യേ—നടുവിൽ. അമൃ ....ലേ കല്പ്യമാനേ—കോലാഹലത്തോടു് അമൃതമഥനം ചെയ്യപ്പെട്ടപ്പോൾ ഹസ്താലസ്യാത് വിഹസ്താൻ—കൈ കഴച്ചു പിടിവിട്ടവരെ. ആലോക്യ—കണ്ടിട്ടു്.

പദ്യം 34. വാമേന ദോഷ്ണാ—ഇടത്തേക്കൈകൊണ്ടു്. ഫണി.... ഢവാന്മേൽ—സർപ്പശ്രേഷ്ഠന്റെ വാലിന്മേൽ. പരേണ—മറേറതുകൊണ്ടു്. അന്യഭാഗേ—മറുവശത്തിൽ. ജലധി—കടൽ. മാമാ—ആശ്ചര്യദ്യോതകം. തദാ—അപ്പോൾ. മത്....ത്—എന്റെ ശക്തിയാൽ. വിഷാദാത്—ദുഃഖനിമിത്തം. അഖിലം നയനം—എല്ലാ കണ്ണും. ഉത്ഫുല്ലം ആസീത്—തുറിച്ചുപോയി. ''വാർമേവും പമ്പരത്തിൻപരിചു ബത തിരിഞ്ഞൂ തദാ മന്ദരം'' എന്ന ഭാഗത്തെ കഞ്ചൻനമ്പ്യാർ പാലാഴിമഥനത്തിൽ ''വമ്പനാം ബാലി പിടിച്ചോരു നേരത്തു പമ്പരംപോലേ തിരിഞ്ഞിതു മന്ദരം'' എന്നു പറഞ്ഞിരിക്കുന്നു.

പദ്യം 35. അതനു—അധികമായി. തദാ—അപ്പോൾ. ബാഷ്പലേശം—അശ്രുകണം. മന്ദം—പതുക്കെ. മുരരിപു—വിഷ്ണു. വിസ്മയിച്ചു—ആശ്ചര്യപ്പെട്ടു. ഹരൻ—ശിവൻ. നാസികായാം—മൂക്കത്തു്.

സന്തോഷാത് പദ്മജന്മാ പരിചിനൊടു ചിരി—
ച്ചു മുഖം മൂന്നുകൊണ്ടും,
കിം താരേ! ഖിദ്യസേ നീ, മമ പരമെതിരാ—
ത്മള്ളതിന്നിത്രിലോക്യാം?'' 35

അംഗദനിൽനിന്നു മനസ്സിലാക്കിട്ടുള്ള രാമസുഗ്രീവസഖ്യവും രാമന്റെ വീര്യപരാക്രമങ്ങളും താര ബാലിയോടു പറയുകയും അതിനു ബാലി സമാധാനം പറഞ്ഞു് അവളെ ഗൃഹത്തിലേക്കു് അയച്ചിട്ടു വീണ്ടും യുദ്ധത്തിനായി പുറപ്പെടുകയും ചെയ്യുന്നു:

ചൊന്നാശം താരാ തദാനീം തിടുതിടെ നയനാം—
ബുനി വാത്താനതാംഗീ
''ധന്യാത്മൻ! വീര! നിന്നോടയി മമ പറവാൻ
വേലയുണ്ടെങ്കിലും കേശം,
ഖിന്നാ ചൊല്ലുന്നതുണ്ടെങ്ങൊരു പുത്രമയതെ—
ന്നംഗദൻ ചൊല്ലി മേന്മേ—
ലിന്നേഷാ ഹന്ത! കേട്ടേനതു കിമപി വിചാ—
രിച്ചു വേണം പ്രയാണം. 36

മുഖ്യേ സൂര്യാന്വയേ മേവിന ദശരഥനാം
ഭൂമിപസ്യാത്മജന്മാ
വിഖ്യാതോ രാമനെന്നുണ്ടവനനുജനഹോ!
ലക്ഷ്മണൻപോൽ മഹാത്മാ
സഖ്യം താഭ്യാം സമാസീത്തവ പുനരനുജ—
ന്നാശു സുഗ്രീവനേതാം
രക്ഷാമാദായ വന്നു പുനരവനധുനാ
വീര്യവാൻപോൽ സ രാജാ. 37

സന്തോഷാത്—സന്തോഷം നിമിത്തം. പദ്മജന്മാ—ബ്രഹ്മാവു്. താരേ—അല്പഃയാ താരേ. കിം ഖിദ്യസേ—നീ എന്തിനു ഖേദിക്കുന്നു? ഇത്രിലോക്യം—ഈ മൂന്നു ലോകത്തിൽ. മമ—എനിക്കു്. പരം—ശ്രേഷ്ഠം. പുത്രനായ ബാലിയുടെ ദേഹബലം കണ്ടു ദേവേന്ദ്രൻ ആനന്ദാശ്രുക്കളെ പൊഴിച്ചു. മഹാവിഷ്ണുവിനും ഹരനും വിസ്മയബഹുമാനങ്ങളും ഉണ്ടായി. നാന്മുഖൻ സന്തോഷം ഹേതുവായി മൂന്നു മുഖംകൊണ്ടു ചിരിച്ചു. ഒരു മുഖം ബാലിക്കു ദൃഷ്ടിഗോചരമായില്ല.

പദ്യം 36. തദാനീം—അപ്പോൾ. നയനാംബുനി—കണ്ണുനീരിനെ. ആനതാംഗീ—കുനിഞ്ഞുനിന്നു്. ധന്യാത്മൻ—അല്ലയോ അനുഗൃഹീതനായുള്ളോവേ. മമ—എനിക്കു്. ഖിന്നാ—ദുഃഖിതയായി. ഏഷാ—ഇവൾ. കിമപി—അല്പം. പ്രയാണം—യുദ്ധത്തിനായുള്ള യാത്ര.

പദ്യം 37. മുഖ്യേ—പ്രധാനമായ. സൂര്യാന്വയേ—സൂര്യകുലത്തിൽ. ഭൂമിപസ്യ—രാജാവിന്റെ. ആത്മജന്മാ—പുത്രൻ. വിഖ്യാതഃ—പ്രസിദ്ധനായ. തവ അനുജന്നു് പുനഃ—നിന്റെ അനുജന്നു് ആകട്ടെ. ആശു—വേഗം. താഭ്യാം സഖ്യം സമാസീത്—അവരോടു സഖ്യമു

ഒട്ട കാര്യമുടനുണ്ടുപോലവനെ ഭാനു—
സൂനുകരുണീയമെ—
ന്നിട്ടു നിൻവധമനേന കല്പിതമതിന്നു
കേവം പകരമായ് വിഭോ!
കഷ്ടമെന്നു ചില വാക്കു കേട്ടു മറു—
കുന്നിതെന്മനമെനിക്കു കാ—
ണൊട്ടമിന്നിതു നിരന്നതില്ല, വിവശാ ഭ—
വാമി കപിവീര! ഞാൻ.'' 38

പറഞ്ഞേവം താരാ പ്രരുദിതമുഖീ നിന്ന സമയേ
നിറഞ്ഞതീടും വീര്യം തടവി മുഹുരുച്ചേ കപിവൃഷാ
''അറിഞ്ഞിടെല്ലാരും ദിനകരതനൂജനു തുണയായ്
തിരിഞ്ഞാലും ഞാനിന്നരുളുവനവനന്തകപുരം. 39

അഗ്രേ വൃഥാ നിന്നു കരഞ്ഞു ജാത
വ്യഗ്രാ വിഷാദേ മുഴുകായ്ക താരേ!
ഉഗ്രൈരുദഗ്രൈർമമ മുഷ്ടിപാതൈഃ
സുഗ്രീവമഗ്രീവമഹം കരിഷ്യേ. 40

ആഃ! കിം കിം വിപരീതകാരിണി! തുട—
ങ്ങിട്ടന്നതിന്നീ ജളാ—
നാക്ഷ്യമ്പിലമൂൻ പ്രയാഹി പുന''രെ—
ന്നാഭാഷിതാ ബാലിനാ

ണ്ടായി. ഏതാം രക്ഷാം ആദ്യേയ—ഈ രക്ഷയെ (രാമലക്ഷ്മണന്മാരുടെ സഹായരൂപമായ രക്ഷയെ) സ്വീകരിച്ചിട്ട്. പുനഃ—പിന്നെയും. അധുനാ—ഇപ്പോഴും. സഃ രാജാ—ആ രാജാവു്. വീര്യവാൻഃപാൽ— പരാക്രമിയാണുപോലും.

പദ്യം 38. ഭാനു....യം—സൂര്യപുത്രനാൽ ചെയ്യപ്പെടേണ്ടതു്. നിൻ വധം—നിന്റെ ഹനനം. അനേന കല്പിതം—ഇവനാൽ നിശ്ചയിക്കപ്പെട്ട. എന്മനം—എന്റെ ഹൃദയം. വിവശാ—പരവശയായി. ഭവാമി—ഭവിക്കുന്നേ. കപിവീര—വാനരവീര.

പദ്യം 39. ഏവം—ഇവ്വണ്ണം. പ്രരു ...ദീ—രോദനം ചെയ്യുന്ന മുഖത്തോടുകൂടി. സമയേ—സമയത്തിങ്കൽ. കപിവൃഷാ—വാനരശ്രേഷ്ഠൻ. വീര്യം തടവി—തന്റെ പരാക്രമത്തിൽ വിശ്വസ്തനായി. മുഹുഃ ഊച്ചേ—വീണ്ടും പറഞ്ഞു. ദിന....ജൻ-സുഗ്രീവൻ. തുണ—സഹായം. അന്തകപുരം—യമനഗരം. ആരു സഹായിച്ചാലും സുഗ്രീവനെ വധിക്കുവാൻ തനിക്കു ശക്തിയുണ്ടെന്നർത്ഥം.

പദ്യം 40. താരേ—അല്ലയോ താരേ. അഗ്രേ—മുമ്പിൽ. വൃഥാ—വെറുതേ. ജാതവ്യഗ്രാ—ചാഞ്ചല്യത്തോടെ. വിഷാദേ—ദുഃഖത്തിൽ. ഉഗ്രൈഃ—കഠിനങ്ങളും. ഉദഗ്രൈഃ—ശക്തങ്ങളും ആയ. മമ—എന്റെ. മുഷ്ടിപാതൈഃ—മുഷ്ടിപ്രഹരങ്ങളാൽ. അഹം—ഞാൻ. സുഗ്രീവം—സുഗ്രീവനെ. അഗ്രീവം—കഴുത്തില്ലാത്തവനായി. കരിഷ്യേ—ചെയ്യുന്നുണ്ടു്.

ദീർഘം വീർത്തു ചൊരിഞ്ഞു ബാഷ്പസലിലം
''ഹാ ഹാ! ഹതാ നാഥ! നിർ—
ഭാഗ്യാ ഞാൻ പുന''രെന്നു ചൊല്ലി വിവശാ
താരാ നികേതം യയൗ. 41

നോക്കിക്കണ്ടഥ പിൻതിരിഞ്ഞു വിവശം[1]
പോകുന്ന താരാം ശ്രുചാ
ദീർഘം വീർത്തു ''ഗതാദ്യ ഹന്ത! സഹസാ
ഹാ ഹാ മമ പ്രേയസീ
സാക്രോശം[2] പുന''രെന്നു ചൊല്ലിയുടനേ
കോപേന നാലഞ്ചുപ—
ത്താക്കം ചേന്നലറിക്കപീശ്വരനസൗ
യോദ്ധും പ്രതസ്ഥേ തദാ. 42

യുദ്ധത്തിന്നലറിക്കൊണ്ടു വരുന്ന ബാലിയുടെ പരുഷവചനവും അതു കേട്ടുത്തരം നായ സുഗ്രീവന്റെ മറുപടിയും:

അഗ്രേ സുഗ്രീവനെക്കണ്ടുകഥയ്''ദയി ഞാൻ
നിന്നെയന്നന്നണഞ്ഞെൻ—
കൈക്കൽ ചേർത്തിട്ടയച്ചേൻ, ഫലമതിനധുനാ
നീ വിളിക്കെന്നു വന്നു,
ഇക്കാലം കാലലോകേ തവ വടിവൊട്ട യാ—
ത്രാമുഹൂർത്തം വിധിപ്പാൻ
മതംകൈകൊൾകദ്യമം നില്പവിടെയവിടെ നീ—
യോടുകെന്നിന്നി വാരാ.'' 43

പദ്യം 41. കിം കിം—എന്തെന്തു്. വിപ....ണി—തടയുന്നവരെ ജ്ഞാൻ—യുദ്ധന്മാരെ. അമുൻ—ഇവരെ. പുനഃ പ്രയാഹി—ഉടനേ പോയാലും. ബാലിനാ—ബാലിയാൽ. ആഭാഷിതാ—പറയപ്പെട്ടവളായ. ദീർഘം വീർത്തു്—നെടുവീർപ്പിട്ടു്. ബാഷ്പസലിലം—കണ്ണുനീരിനെ. നിർഭാഗ്യാ—ഭാഗ്യഹീനയായ. ഞാൻ പുനഃ—ഞാനാകട്ടെ. ഹതാ—ഹതയായിരിക്കുന്നു. വിവശാ—പരവശയായി. നികേതം—ഗൃഹത്തിലേക്കു്. യയൗ—പോന്നു.

പദ്യം 42. അഥ—പിന്നെ. വിവശാം—പരവശയായ. താരാം—താരയെ. ശ്രുചാ—ദുഃഖംകൊണ്ടു്. മമ പ്രേയസീ—എന്റെ പ്രിയതമ. സാക്രോശം പുനഃ—നിലവിളിയോടുകൂടി. അദ്യ സഹസാ ഗതാ—ഇപ്പോൾ പെട്ടെന്നു പോയി. കോപേന—കോപത്താൽ. അസൗ കപീശ്വരൻ—ഈ വാനരരാജൻ (ബാലി). തദാ—അപ്പോൾ. യോദ്ധും പ്രതസ്ഥേ—യുദ്ധത്തിനായി പുറപ്പെട്ടു. ഹാ ഹാ—കഷ്ടദ്യോതകം.

പദ്യം 43. അഗ്രേ—മുമ്പിൽ. അകഥയത്—പറഞ്ഞു. അധുനാ—ഇപ്പോൾ. കാലലോകേ—യമപുരിയിൽ. തവ—നിനക്കു്. യാത്രാ

1. വശം താ. 2. ക്രോശാ പു.

ഇത്ഥം കേട്ടഗ്രജോദീരിതവചനമവാ—
ദിത്തദാ ഭാനുജന്മാ
''സൂത്രാമാപത്യമേ! നിൻ കഴലിണ തൊഴുതേൻ
കേവം പിഴച്ചിലസൗ ഞാൻ,
എത്താ നിൻ പാദശുശ്രൂഷണമഴകിലെനി—
ക്കെന്നേ ഖേദേന യുദ്ധം
മെത്തിടുമ്പോഴം തലോടായ്വരുമടിമലരെ—
ന്നാഗതോസ്മീ''ത്യനംസീത്.

പോലിസുഗ്രീവന്മാർ തമ്മിലുണ്ടായ യുദ്ധത്തെ വർണ്ണിക്കുന്നു:

ഗദ്യം 3.

ഇത്ഥം ഭക്ത്യാ ചരണസരോജേ
വീണളവനുജേ ഭാനുതനൂജേ,
''വേണ്ടാ വേണ്ടാ സവ്യാജം നിൻ—
ദുർവ്യാപാരം നിഖിലമറിഞ്ഞേ—
നന്നതനാകിയ നീയെന്തിനു കോപം
സന്നതനായിഹ വീണീടുന്നൂ?
പെട്ടെന്നേകം മുഷ്ടികമംകൊണ്ടേ
ശുശ്രൂഷിച്ചിടശ്രാന്തം മാം.
കൈത്തലമോങ്ങിക്കവിളത്തപ്പോഴം
സ്വസ്തികമം ചൊല്ലാമഴകിലെടോ ഞാൻ.''
ഇത്ഥം ചൊല്ലിസ്സൂത്രാമാത്മജ—
നവനതമവനേ നിർദയമായി—
പ്പെട്ടെന്നൊന്നു ചവിട്ടുന്നേരം
സത്വരമെഴുനേറുദ്ധതിശാലീ
സുഗ്രീവനുമുടനഗ്രേ നിന്ന—
പ്പരികരമതിദുഷ്ടമഴകൊടു ബദ്ധ്വാ
കഹകഹശബ്ദം മുഹുരപി കൃത്വാ
നില്ക്കുന്നേരം പ്രജഹാരൈനം

....ത്തം—പുറപ്പാടിനുള്ള സമയം. വിധിപ്പാൻ—നിശ്ചയിപ്പാൻ. ഉദ്യമം—പരിശ്രമം.

പദ്യം 44. ഇത്ഥം—ഇവ്വണ്ണം. അഗ്ര....നം—ജ്യേഷ്ഠൻ പറഞ്ഞ വാക്കിനെ. തദാ—അപ്പോൾ. ഭാനുജന്മാ—സുഗ്രീവൻ. അവാദീത്—പറഞ്ഞു. സൂത്രാ....മേ—അല്ലയോ ഇന്ദ്രപുത്ര. അസൗ ഞാൻ—ഈ ഞാൻ. നിൻ....ണം—നിന്റെ കാലുകളെ പരിചരിക്കുക. ഖേദേന—സങ്കടത്തോടു്. ആഗതഃ അസ്മി—വന്നവനായിരിക്കുന്നു. ഇതി—എന്നു്. അനംസീത്—നമസ്കരിച്ചു.

ഗദ്യം 3. ഇത്ഥം—ഇങ്ങനെ. ഭക്ത്യാ—ഭക്തിയോടു്. ചര....ജേ—പദകമലത്തിൽ. ഭാനു....ജേ അനുജേ—സൂര്യപുത്രനായ അനുജൻ (സുഗ്രീവൻ). സവ്യാജം—കളവോടുകൂടി. ദുർവ്യാപാരം—ദുഷ്പ്രവൃത്തി. നി

മഹ്യാ ബാലീ, ഏസാ പി ച മഹ്യാ
നിർദ്ദയമർദ്ദയതി സ്മ സരോഷം.
ഉന്നതിഭാജം കപികുലരാജം
മുഷ്ട്യാ കുത്തിയുമത്തൽപെട്ടുത്തും
കൈത്തലമാഞ്ഞിയടിച്ചുപിടിച്ചും
പല്ലുകടംകൊണ്ടു കടിച്ചുപൊടിച്ചും
മാറുകടംകൊണ്ടേ മാറിൽ പാഞ്ഞും
തലകൊണ്ടേടനെ തലയിൽ പാഞ്ഞും
ജാനുകടംകൊണ്ടേ ജാനുനി പാഞ്ഞും
നഖതതികൊണ്ടേ വപുഷി പൊളിച്ചും
'വാ വാ' എന്നു വിളിച്ചുകടിച്ചും
പല്ലുകടിച്ചും വിവരം കണ്ടും
പകരം വീണ്ടും പവരി തിരിഞ്ഞും
ചെറുതു തുനിഞ്ഞും വടിവൊട്ടു താണും
മുഹുരപി വീണും ജവമെഴുനേറ്റും
വന്തരമങ്ങു പറിച്ചുമടിച്ചും
വന്മല കുത്തിയടുത്തുമെറിഞ്ഞും
കല്ലു കലമ്പിലെടുത്തുമെറിഞ്ഞും
തല്ലുകളേറു ഞെരിഞ്ഞു കരഞ്ഞും
തങ്ങളിലിത്ഥം ബദ്ധവിരോധം
പോരാടുമ്പോഴം മന്ദംമന്ദം
ക്ഷീണത പോന്നുപിണഞ്ഞു വളർന്നതി—
ദീനാഭോഗേ ഭാനുതനൂജേ
തൊഴുതുകൊണ്ടിട്ടനിലതനൂജൻ
മന്നകുലനാഥനൊടേവമവാദീത്.

ബലം—എല്ലാം. ഉന്നതൻ—ഉയർന്നവൻ. ഇഹ—ഇവിടെ. സന്നതനായി—നല്ലപോലെ കുനിഞ്ഞവനായി. അശ്രാന്തം—ശ്രമംകൂടാതെ. മാം—എന്നെ. പ്രശ്ലഷിച്ചീടു—പരിചരിച്ചാലും. സാന്ത്വികം—പ്രിയവചനങ്ങൾ. വേണ്ടാ എന്നു തുടങ്ങി ഇതുവരെപ്പറഞ്ഞതു ചരിതമാകുന്നു. ഇത്ഥം—ഇങ്ങനെ. സുത്രാമാത്മജൻ—ഇന്ദ്രപുത്രൻ. അവനതം—കുനിഞ്ഞവനായ. നിർദ്ദയം—കൃപകൂടാതെ. സത്വരം—വേഗമായി. ഉദ്ധ....ലീ—അഹങ്കാരി. അഗ്ര—മുമ്പിൽ. അതിദൃഢം പരികരം ബദ്ധ്വാ—ബലമായി കച്ച കെട്ടീട്ടു. കഹ....ബ്ധം—കഹ കഹ എന്ന ശബ്ദത്തെ. മുഹുഃ അപി—വീണ്ടും. കൃത്വാ—ചെയ്തിട്ടു. ഏനം—ഇവനെ. പ്രജഹാര—പ്രഹരിച്ചു. മുഷ്ട്യാ—മുഷ്ടികൊണ്ടു. സഃ ച അപി—അവനും രോഷം—കോപത്തോടുകൂടി. അർദ്ദയതി സ്മ—പീഡിപ്പിച്ചു. ഉന്ന ...ജം—ഉയർന്നവനായ. കപി....ജം—വാനരരാജാവിനെ. ജാനു—മുട്ടു. ജാനുനി—മുട്ടിൽ. നഖതതി—നഖസമൂഹം. വപുഷി—ദേഹത്തിൽ. ജവം—വേഗം വന്തരം—വലിയ മരം. ബദ്ധവിരോധം മാത്സര്യംകൂടി. മന്ദം—പതുക്കെ. ക്ഷീണത—ശ്രമം. ഭാനു....

ബാലിയുടെ പ്രഹാരമേറ്റു മൂർച്ഛിച്ച സുഗ്രീവന്റെ പാരവശ്യം കണ്ട ഹനുമാൻ രാമന്റെ സാഹായ്യമപേക്ഷിക്കുകയും രാമൻ ബാലിയുടെ നേർക്കു ശരം പ്രയോഗിക്കുകയും ചെയ്യുന്നു:

''നാഥാ! കാണേണമേ! ഭാനുജനഗതി വശം
കെട്ടുപോയീ കപീന്ദ്രൻ
മീതേ മീതേ കൊടുക്കും പ്രഹൃതികളം സഹിയാ—
ഞ്ഞീക്ഷതേ നിൻപ്രസാദം,
സീതാജാനേ! തൊഴുന്നേൻ പരിചിനൊടു പറ—
ഞ്ഞൊത്തതിന്നന്തരം വാ
രാതേ കണ്ടമ്പിലിഞ്ഞങ്ങളെ രഘുകുലപു—
ണ്യാംബുധേ! പാലയേഥാഃ. 45

അയ്യോ കഷ്ടം! വിഭോ! കാൺ തുടുതുടെ നിതരാ—
മേറ്റു മുഷ്ടിപ്രഹാരം
പൊയ്യല്ലേ ഹന്ത! വീണു ധരണിയിലവശ—
പ്പെട്ടസൗ ഭാനുജന്മാ,
നിർവ്യാജം ത്രാതുമേനം തവ കനിവൊരുനാ—
ളുള്ളിലുണ്ടെങ്കിലോത്തീ—
ടയ്യോ! മറെറാന്നു വേണ്ടു ശരണമിതടിയ—
ന്നാരുമില്ലാത്തബന്ധോ!'' 46

ഈവണ്ണം മാരുതേരാതുരവചനമുപാ—
കർണ്ണ്യ കാരുണ്യകോപ—
പ്രാബല്യംകൊണ്ടുടഞ്ചന്മൃദുഹസിതമുഖോ
രാമചന്ദ്രസ്തദാനീം,

ജേ അതി... ഗേ—സൂര്യപുത്രൻ മൂർച്ഛിച്ചുവീണപ്പോൾ. അനി....ൻ—ഹനുമാൻ. മനു... ട്ട്—രാമനോട്ട്. ഏവം അവാദീത്—ഇങ്ങനെ പറഞ്ഞു.

പദ്യം 45. നാഥാ—സ്വാമിൻ. കപീന്ദ്രൻ—വാനരശ്രേഷ്ഠൻ. ഭാനുജൻ—സുഗ്രീവൻ. അഗതി—ഗതിയറവനായി. പ്രഹൃതികളം—അടികളം. നിൻപ്രസാദം—നിന്റെ അനുഗ്രഹത്തെ. ഈക്ഷതേ—പ്രതീക്ഷിക്കുന്നേ. സീതാജാനേ—അല്ലയോ സീതാവല്ലഭേ. അന്തരം—വ്യത്യാസം. രഘു....ധേ—രഘുകുലശ്രേഷ്ഠനായുള്ളോവേ. പാലയേഥാഃ—രക്ഷിച്ചാലും.

പദ്യം 46 നിതരാം—വളരെ. മുഷ്ടി....രം—മുഷ്ടികൊണ്ടുള്ള ഇടി. ധരണി—ഭൂമി. അസൗ ഭാനുജന്മാ—ഈ സുഗ്രീവൻ. നിർവ്യാജം—കപടമില്ലാതെ. ഏനം ത്രാതും—ഇവനെ രക്ഷിക്കുവാൻ. തവ—നിനക്കു്. ആർത്തബന്ധോ—ദീനബന്ധുവായുള്ളോവേ.

പദ്യം 47. മാരുതേഃ—ഹനുമാന്റെ. ആതു....നം—ദീനവാക്യത്തെ. ഉപാകർണ്ണ്യ—കേട്ടിട്ടു്. കാരു ...ണ്യ"—കൃപയും കോപവും വർദ്ധിച്ചതിനാൽ. ഉദ....ഖഃ—മന്ദഹാസം തുകന്ന മുഖത്തോടു കൂടിയ രാമചന്ദ്രഃ—

പോർവിളിച്ചിന്നേരം തൊട്ടമ്മണി പവഴി വലി—
ച്ചമ്പിലാകെക്കണ്ണുമൊന്ന—
ങ്ങാവിർലീലം കൊടുത്തു കപിപരിവൃഢവ—
ക്ഷഃസ്ഥലേ മുക്തശരം. 47

അസുപ്രഹാരംകൊണ്ടു പ്രാണൻ മുട്ടി ക്ഷീണനായ ബാലി വിറച്ചു വിറച്ചു സുഗ്രീവന്റെ തോളിൽ കൈകൊടുത്തു കുഴഞ്ഞു ഭൂമിയിൽ വീഴുകയും രാമനാമാങ്കിതമായ ബാണത്തെ വലിച്ചൂരിയെടുക്കുവാൻ ശക്തിയില്ലാതുഴന്ന ശരം വന്ന വഴിയെ നോക്കിയപ്പോൾ രാമനെക്കാണുകയും ചെയ്യുന്നു:

ഗദ്യം 4.

തദനു രഘൂത്തമബാണം വിരവൊടു
വലിച്ചീകാലൊരു ഫണിവരനഴകൊടു
ചെല്ലുംപോലെ ചെന്നതു മാറ—
ത്തേല്ക്കുന്നേരം ബാണനിപാതം
മനസി പൊറാഞ്ഞിട്ടാധികരം തട്ടി
പ്രാണൻ മുട്ടി ക്ഷീണത പെട്ട—
ക്കണ്ണു മിഴിച്ചു വിറച്ചു വിറച്ചു—
പ്പൂവ്വുതമുർവ്യാം വീഴുംപോലെ
"വാ വാ സോദര സുഗ്രീവാ!" എ—
ന്നഴകിൽ വിളിച്ചുതോളിൽ കൈകളും കൊ—
ടുത്തു കുഴഞ്ഞുരണിയിൽ വീണും
കപികുലരാജൻ തദനു നിജോരസി
വന്നു തറച്ചൊരു ഘോരശരത്തെ—
ച്ചാരു വലിച്ചു പറിപ്പാൻ പരിചിനൊ—
ടാഞ്ഞ ദശായാം വശമില്ലാഞ്ഞതു
നോക്കിക്കാണുന്നേരമമുഷ്മിൻ
ഭഗവന്നാമം കണ്ടു ധരിച്ചു—
ശ്ശരവരമന്നൊട്ടു വന്ന വഴിക്കൽ

രാമൻ. തദാനീം—അപ്പോൾ. ആകണ്ണും—കാതുവരെ. ആവിർലീലം—ലീലയോടുകൂടി. കപി....ലേ—ബാലിയുടെ മാറിടത്തിൽ. മുക്തശരം—ശരത്തെയെന്നിയെ.

ഗദ്യം 4. തദനു—അതിൽപിന്നെ. രഘു...ണം—രാമന്റെ ശരം. വലീകാത്—പുറത്തിൽനിന്നു്. ഫണിവരൻ—സർപ്പശ്രേഷ്ഠൻ. ബാണനിപാതം—ശരപതനം. മനസ്—ഉള്ളിൽ. ആധി—മനോവ്യഥ. ക്ഷീണത—ശ്രാന്തി. ഉർവ്യാം—ഭൂമിയിൽ. ധരണി—ഭൂമി. കപി..... ൻ—വാനരരാജാവു്. തദനു—പിന്നെ നിജോരസി—തന്റെ മാറിടത്തിൽ. ഘോരശരം—ഭയങ്കരമായ ബാണം. ചാരു—ഭംഗിയായി. അമുഷ്മിൻ—ശരത്തിങ്കൽ. ഭഗവന്നാമം—ശ്രീരാമന്റെ പേരു്. ശരവരം—

കൺ വച്ചപ്പോളുദയഗിരീശ്വര—
കുകളിൽ മറഞ്ഞൊരു പൂർണ്ണശശാങ്ക—
ന്നുദയംപോലേ തരുനികരാൽ പോ—
ന്നുടനെഴുന്നള്ളിപ്പുരതോ വന്നി—
ട്ടാത്മസമീപേ നിന്നരുളീടും
ത്രിഭുവനനാഥം ചാപശരാഞ്ചിത—
ബാഹായുഗളം ജഗതാം കണ്ണുകളേ
തേടീടുന്നൊരു പുണ്യവിലാസം
ദുർജനകാനനനൂതനദഹനം
മാത്താണ്ഡാന്വയമംജുലതിലകം
ഭഗവാനെക്കണ്ടുദിതവിഷാദം
ദീർഘം വീർത്തിട്ടേവമവാദീ—
ദിന്ദ്രതനൂജൻ കപികുലഭ്രഷ്ടാ.

പരവശനായ ബാലി സാഹസകൃത്യം ചെയ്തതിനെപ്പറ്റി രാമനോടു ചില ചോദ്യങ്ങൾ ചോദിക്കുന്നു:

''മാത്താണ്ഡാന്വയപുണ്യമേ! ക്ഷിതിഭുജാ—
മുത്തംസമേ! നിങ്ങളിൽ
സാദ്ധ്വാചാരവതാം പ്രധാനത കല—
ന്നീടുന്നിതെന്നേഷ ഞാൻ
ശ്രോത്രംകൊണ്ടിതു കേൾപ്പതുണ്ടതു വൃഥാ
കേളെന്നു വന്നു, ഭവാൻ
പാത്രം നിന്ദിതകർമ്മണാമവനിമേ—
ലെന്നായിതല്ലോ വിഭോ! 48

ബാണഃശ്രേഷ്ഠം. ഉദയഗിരീശ്വരൻ—ശ്രേഷ്ഠമായ ഉദയപർവതം. പൂർണ്ണ ... ൻ—പൂർണ്ണചന്ദ്രൻ. തരുനികരൈഃ—വൃക്ഷക്കൂട്ടങ്ങളിൽനിന്ന്. പുരതഃ മുമ്പിൽ. ആത്മസമീപേ—തന്റെ അരികിൽ. ത്രിഭു....ഥം—രാമനെ. ചാപ....ളം—വില്ലും അമ്പും രണ്ടു കൈയിലും ധരിച്ചവനായ. ജഗതാം —ലോകരുടെ. ദുർജ....നം—ദുഷ്ടജനങ്ങളാകുന്ന കാട്ടിനു പുത്തൻതീയായുള്ള. മാത്താ....കം—സൂര്യവംശാലങ്കാരമായ. ഉദി....ദം—ദുഃഖത്തോടു്. കപി....ഷാ—വാനരവംശാലങ്കാരമായ. ഇന്ദ്ര....ൻ—ബാലി. ഏവം അവാദീത്—ഇങ്ങനെ പറഞ്ഞു.

പദ്യം 48. മാത്താ....മേ—സൂര്യവംശത്തിനു സുകൃതമായുള്ളോവേ. ക്ഷിതിഭുജാം ഉത്തംസമേ—രാജശ്രേഷ്ഠ. സാധ്വാ... താം—സദാചാരമുള്ളവരിൽ. പ്രധാനത—പ്രാധാന്യം. ഏഷഃ ഞാൻ—ഈ ഞാൻ. ശ്രോത്രം —ചെവി. വൃഥാ—വെറുതെ. നിന്ദിത....ണാം—നീചകൃത്യങ്ങൾക്കു്. പാത്രം—ഭാജനം അവനി—ഭൂമി. കുറ്റം ചെയ്യാത്തവനെ ഹിംസിക്കുന്നതു നിന്ദിതകർമ്മമാണല്ലോ.

വേദേ ശാസ്ത്രേ പുരാണേ സ്മൃതിഷു നിരതൈഃ
നാടകേ കാവ്യബന്ധേ
മേതിന്മേലിന്ന പാരംഗതനിനിയ ഭവാ—
നെന്നതോ ശുദ്ധമല്ലോ,
ഏതൊന്നിൽക്കേവം വിധിച്ചു പുനരിതു കരുണാ—
വാരിധേ! മൻപിൽ വന്നീ—
ടാതേ ഗൂഢം ധരിത്രീപരിവൃഢരൊളിയാ—
പെയ്തയെന്നിത്രിലോകൃാം? 49

ഞാനേതും കേവം പഴിച്ചീലുലകിലിഹ നിഷേ—
ധിച്ച കർമ്മങ്ങാം പൃഥ്വീ—
ജാനേ! ചെയ്തീലൊരാപത്തൊരുവനുമുടനെൻ—
മൂലമിന്നില്ലതാനും,
കാണേവം ഞങ്ങളിൽത്തങ്ങളിലൊരു കലഹം
നേരിട്ടും നേരമങ്ങാ
സ്ഥാനേ വന്നേവമെന്നെപ്രതി പുനരൊളിയാ—
പെയ്തതിന്നെന്തു മൂലം? 50

നമ്മിൽക്കേവം വൈരമുണ്ടാവതിനുമയി വിഭോ!
ഹേതു കണ്ടീലതിന്നോ
മണ്മേലിൽ മൂലമാകുന്നതു ധരണി, ധനം,
തനൂമാരെന്നിതെല്ലാം
ഇമ്മൂന്നും മൂലമാവാനിതു ബത! വശമ—
ല്ലോക്കെ ദൂരത്തു കാട്ടിൽ—
ച്ചെന്മേ ചാടുന്നവന്നങ്ങയി മമ ബത! ക്രൂ—
രെന്തു തേ ഹന്ത രാജ്യേ? 51

പദ്യം 49. വേദേ—വേദത്തിലും. ശാസ്ത്രേ—ശാസ്ത്രത്തിലും. പുരാണേ—പുരാണത്തിലും. സ്മൃതിഷു—സ്മൃതികളിലും. നാടകേ—നാടകത്തിലും. കാവ്യബന്ധേ—കാവ്യരചനയിലും. പാരംഗതൻ—സമർത്ഥൻ. ശുദ്ധം—പ്രസിദ്ധം. കരു ...ധേ—കൃപാസമുദ്രമേ. ഗൂഢം—രഹസ്യമായി. ധരി ഢർ—രാജാക്കന്മാർ. ഇത്രിലോകൃാം—ഈ മൂന്നുലോകത്തിൽ.

പദ്യം 50. ഇഹ—ഇവിടെ. നിഷേധിച്ച—തടയപ്പെട്ട. പൃഥ്വീജാനേ—അല്ലയോ നൃപ. ആപത്തു്—ദോഷം. എന്മൂലം—ഞാൻ കാരണമായി. സ്ഥാനേ—സ്ഥാനത്തു്. ഏവം—ഇങ്ങനെ. എന്നെപ്രതി—എന്നെ ഉദ്ദേശിച്ചു്. എന്തുമൂലം—എന്തുകാരണം?

പദ്യം 51. വൈരം—വിരോധം. ഹേതു—കാരണം. ധരണി—ഭൂമി. ധനം—ദ്രവ്യം. തനൂമാർ—സ്ത്രീകളും. മമ—എനിക്കു്. തേ—നിനക്കു്. രാജ്യേ—രാജ്യത്തിൽ.

ഇമ്മേതിൽക്കാച്ച കായും കനിയുമയി ധനം
മാദൃശാം, കാന്തി മിന്നീ—
ടുമ്മാറുണ്ടായ പൊന്നും പണവുമരിയ ര—
ത്നങ്ങളും ത്വാദൃശാനാം,
രമ്യാംഗീ ജാനകീ തേ പ്രിയമഹിഷി ധരാ—
സംഭവാ തമ്പിരാനേ!
മണ്മേലത്യന്തനിന്ദ്യാ പുനരതിചപലാ
വാനരീ കാമിനീ മേ. 52

ചെന്നാ കാട്ടാന സിംഹം കിടി കരടികളാ ശാ—
ർദ്ദൂലമെന്നിത്തരം വാർ—
മിന്നീടും ദുഷ്ടസത്ത്വങ്ങളുമിഹ പലവു
ണ്ടാത്തിചയ്വാൻ ജനാനാം,
ഇന്നോക്കുമ്പോളമീഷാം വധമുടനുചിതം
ചിന്ത്യതാം കേളവറിൽ
പുണ്യാബ്ധേ! വാനരന്മാരഗതികളയി ക്ല—
ടാ വിഭോ! ദീനദീനാഃ. 53

സീതാമാരാഞ്ഞു പൃഥ്വ്യാമറിവതിനതകു
ഹന്ത, സുഗ്രീവനെന്നെൻ—
നാഥാ! ചിന്തിക്ക വേണ്ട, പരിചിലിതു പറ—
ഞ്ഞാകിലെന്നോടൊരുന്നാം
വാർതേടും വാലുകൊണ്ടേ ദശമുഖനെ മുദാ
കെട്ടി മേന്മേലിഴച്ചി—
പ്പാദാബ്ജേ കൊണ്ടുവന്നിട്ടഴകിനൊടയി ത—
ന്നേനമൻപോടസൗ ഞാൻ. 54

പദ്യം 52. ഇമ്മേതിൽ—ഈ ഭൂമിയിൽ. മാദൃശാം—എന്നേപ്പോലെയുള്ളവർക്ക്. കാന്തി—ശോഭ. ത്വാദൃശാനാം—നിന്നെപ്പോലെയുള്ളവർക്ക്. രമ്യാംഗീ—സുന്ദരിയായ. ജാനകീ—സീത. തേ പ്രിയ....ഷി—നിന്റെ പ്രിയതമ. ധരാ ...വാ—ഭൂമിയിൽ ജനിച്ചവൾ. മേ പുനഃ—എനിക്കാകട്ടെ അത്യന്തനിന്ദ്യാ—വളരെ നിന്ദിക്കുവാൻ യോഗ്യയായ. അതിചപലാ—വളരെ ചാപല്യമുള്ളവളായ വാനരീ—വാനരസ്ത്രീ. കാമിനീ—പ്രിയതമ.

പദ്യം 53. കിടി—പന്നി. ശാർദ്ദൂലം—കടുവ. ദുഷ്ടസത്ത്വം—ദുഷ്ടജന്തു. ഇഹ—ഇവിടെ. ജനാനാം—ജനങ്ങൾക്ക്. ആത്തി—പീഡ. അമീഷാം—ഇവയുടെ. ഉചിതം—യോഗ്യം. ചിന്ത്യതാം—ചിന്തിച്ചാലും. അഗതികൾ—ഗതിയറ്റവർ. ദീനദീനാഃ—വളരെ ദീനർ.

പദ്യം 54. സീതാം—സീതയെ. പൃഥ്വ്യാം—ഭൂമിയിൽ. ദശമുഖനെ—രാവണനെ. മുദാ—സന്തോഷത്തോടു്. പാദാബ്ജേ—പദകമലത്തിൽ. അസൗ ഞാൻ—ഈ ഞാൻ. തന്നേനം—തന്നെയായിരുന്ന.

പിന്നെത്തിന്നീടുമാറുണ്ടവനിപതികുലോ—
രോ മൃഗാൻ കാണിതെന്നി—
ട്ടെന്നെക്കൊന്നു ഭവാനെന്നതുമിഹ നിരവാ
മേദിനീപുണ്യരാശേ!
മന്നിൽച്ചേരും കുരങ്ങിൻ പരിഷകളെ മുദാ
തിന്നുമാറില്ല ഭൂമൗ
ധന്യശ്രീചേന്ന ഭൂപാഃ കുരുതുമളവു മേ
ചർമ്മവും നിന്ദ്യമല്ലോ. 55

മുന്നേ സുഗ്രീവനോടുണ്ടയി തവ നിതരാം
സഖ്യമെന്നില്ല, ഞാനും
പുണ്യാബ്ധേ! കേവം ഭവാനങ്ങവനമിരുവരും
ബാന്ധവേ തുല്യമല്ലോ
എന്നാലും വീര! വേണ്ടീലിതു പുനരൊരുനേ—
രത്തുമിഞ്ഞങ്ങളെക്കേ—
ളന്യോന്യം ചേപ്പുതിന്നും നരവര! തവ സാ—
മർത്ഥ്യമുണ്ടായിരുന്നു.'' 56

രാമൻ ബാലിയുടെ ചോദ്യങ്ങൾക്കെല്ലാം സമാധാനം പറയുകയും പ്രപഞ്ചത്തിന്റെ നശ്വരാവസ്ഥയേയും മിഥ്യാത്വത്തെയും ഉപപാദിച്ചു ബാലിയുടെ മനോഗതിയെ പരലോകപ്രാപ്തിക്കായി തിരിച്ചുവിടുകയും ചെയ്യുന്നു:

എന്നെല്ലാം ദീനദീനം പരുഷവചനമാ—
ഭാഷ്യ മേവും കപീന്ദ്രൻ
തന്നോടേവം ബഭാഷേ രഘുകുലപെരുമാൻ
ചേർത്തു തുമന്ദഹാസം
''മന്നീരേഴിങ്കലും കേളരപെരുകിന വീ—
ര്യാംബുധേ! പേർത്തുമെന്തി—
ന്നെന്നോടിത്ഥം തുടങ്ങീ കപിമകുടമണേ!
കേവ്കക വാക്യം മദീയം. 57

പദ്യം 55. അവനിപതി—രാജാവു്. മൃഗാൻ—മൃഗങ്ങളെ. മേദി ....ശേ—അല്ലയോ ഭൂമിയുടെ പുണ്യപുഞ്ജമേ. നിരവാ—ഭോജിക്കുകയില്ല. പരിഷ—കൂട്ടം. ഭൂമൗ—ഭൂമിയിൽ. ധന്യശ്രീ—അനുഗൃഹീതമായ ഐശ്വര്യം. ഭൂപാഃ—രാജാക്കന്മാർ. ചർമ്മം—തോലു്. നിന്ദ്യം—നിന്ദിക്കുവാൻ യോഗ്യം.

പദ്യം 56. തവ—നിനക്കു്. നിതരാം സഖ്യം—വളരെ സ്നേഹം. ബാന്ധവേ—ബന്ധുഭാവത്തിൽ. തുല്യം—സമം. അന്യോന്യം—തമ്മിൽ. നരവര—അല്ലയോ മനുഷ്യശ്രേഷ്ഠ. തവ—നിനക്കു്. സാമർത്ഥ്യം—നെ പുണ്യം.

പദ്യം 57. ദീനദീനം—വളരെ കരുണമാംവണ്ണം. പരു....നം—കഠി

പൃഥ്വ്യാം നാനാമൃഗൗഘാനവനിപതികൾ നേ–
രേ പറഞ്ഞൊത്തുകൊണ്ടോ
നിത്യം കൊല്ലുന്നതെന്തെന്തിതവിയ മൃഗയാ–
ധർമ്മമോത്തീലയോ നീ?
രുദ്ധാ കേൾ നാലുപാടും തിറവിയ വല കെ–
ട്ടീട്ട മുൻ പാത്തിരുന്നി–
ട്ടെത്തുമ്പോൾ വെട്ടിയും കുത്തിയുമുലകിലൊളി–
ച്ചില്ലയോ കൊന്ന ന്യായം? 58

എന്നോടേതും പിഴച്ചീലൊരുപൊഴുത ഭവാ–
നെന്നതൊവ്വാ, നമുക്കി–
ങ്ങന്യൂനം മിത്രമല്ലോ തപനജനിവനോ–
ടെത്ര പോരാടിനാ നീ
ധന്യാം സുഗ്രീവഭാര്യാമഴകിനൊടു രുമാം
കേൾ നിനക്കാക്കിവച്ചാ
നിന്നോളം നിന്ദ്യകർമങ്ങളുമൊരു പൊഴതാ–
ഹന്ത! ചെയ്തീല ഭ്രമൻ. 59

ധാത്ര്യാമിദ്ദൃഷ്ടസത്ത്വങ്ങളിലൊരുകുറി ക്രൂ–
ട്ടില്ല ഞാനെന്നതെല്ലാം
വാഴുന്നാത്രം ബലാൽ നിന്നനുജനെ വെറുതേ
തച്ചുപായിച്ചശങ്കം
പേടിച്ചും പേടിച്ചും വെറുപ്പിച്ചിടനില മുഴുവൻ
ചേർത്ത നിന്നോളമുണ്ടോ
പാർത്താളം ദുഷ്ടനായിട്ടവനിയിലിഹ വീ–
ര്യാംബുധേ! ചിന്തയേഥാഃ. 60

നമായ വാക്കിനെ. ആഭാഷ്യ–പറഞ്ഞിട്ട്. കപീന്ദ്രൻ–ബാലി. ബ ഭാഷ–പറഞ്ഞു. മദീയം വാക്യം–എന്റെ വാക്യത്തെ.

പദ്യം 58. പൃഥ്വ്യാം–ഭൂമിയിൽ. നാനാ....ൻ–പല മൃഗശ്രേഷ്ഠങ്ങളെ. അവനിപതി–രാജാവു്. മൃഗയാ–നായാട്ടു്. രുദ്ധാ–തടഞ്ഞിട്ടു്.

പദ്യം 59. അന്യൂനം മിത്രം–വലിയ സഖാവു്. തപനജൻ–സൂര്യപുത്രൻ. സുഗ്രീ....ര്യാം–സുഗ്രീവന്റെ ഭാര്യയായ. ധന്യാം–അനുഗ്രഹീതയായ. രുമാം–രുമയെ. നിന്ദ്യകർമ്മം–ദുഷ്പ്രവൃത്തി. ഭ്രമൻ–ഭ്രമിയിൽ.

പദ്യം 60. ധാത്ര്യാം–ഭൂമിയിൽ. ദുഷ്ടസത്ത്വങ്ങളിൽ–ദുഷ്ടജന്തുക്കളിൽ. ബലാത്–ബലമായി. അശങ്കം–ശങ്കകൂടാതെ. ചിന്തയേഥാഃ–ആലോചിച്ചാലും.

വൈരം കേവം നമ്മിലുണ്ടാവതിനുമിഹ മഹാ—
മൂലമുണ്ടാത്മബന്ധോ!
നേരേ സുഗ്രീവനങ്ങുള്ളതിലഴകൊട്ടു കു—
റുണ്ടെന്നിക്കും വിചാരേ,
വാരാളം നാടുമേതദ്ധനവുമരിയ ദാ—
രങ്ങളും കേവം പറിച്ചാ
പാരാതേ നീ പരം; ബന്ധുവിനുമുതകിടാ—
ത്തോരെയിങ്ങാക്കു വേണ്ടൂ? 61

സീതാമാരാഞ്ഞു പൃഥ്യാമറിവതിനുതകു
ഹന്ത! സുഗ്രീവനത്രേ;
വാർതോഞ്ഞീടുന്ന സംഖ്യം ജഗതി നിയതമ—
ന്യോന്യസാപേക്ഷമല്ലോ;
പ്രാധാന്യാലിന്നിനക്കില്ലൊരു ഫലമധുനാ
ഞങ്ങളെക്കൊണ്ടവനോ
നാഥാ നാമാകയാലിദ്ദിനകരതനയേ
മിത്രതാ സ്ഥായിനീ മേ. 62

തിന്മാനല്പേഷ കൊന്നു കപിപരിവൃഢ! കേവം
നിനോ ഞാൻ ദുഷ്ടസത്ത്വം
മണ്മേൽ കൊന്നീടുമാറുണ്ടതിലഴകൊട്ടു കു—
ട്ടി ഭവാനും വിചാരേ,
നിർമ്മൂലം പീഡ ചെയ്തെന്നതു പരുഷമൃഗൗ—
ഘസ്വഭാവം നിനക്കും
ചെന്മേ കേണ്ടുതെല്ലാം സഖിയൊട്ടു മമ സു—
ഗ്രീവനോടെന്നു ഭേദം. 63

പദ്യം 61. വൈരം—വിരോധം. മഹാമൂലം—വലിയ കാരണം. ആത്മബന്ധോ—അല്ലയോ സ്നേഹിത. വിചാരേ—ചിന്തിക്കുമ്പോൾ. ധനവും—അവന്റെ ദ്രവ്യവും. ദാരങ്ങളും—ഭാര്യ.

പദ്യം 62. സീതാം—സീതയെ. പൃഥ്യാം—ഭൂമിയിൽ. ജഗതി—ലോകത്തിൽ. നിയതം—നിശ്ചയം. അന്യോ.... ക്ഷം—തമ്മിൽ ആശ്രയിച്ചിരിക്കുന്നതു. പ്രാധാന്യാത്—പ്രധാനഭാവംനിമിത്തം. അധുനാ—ഇപ്പോൾ. ഇദ്ദിന.....യേ—ഈ സുഗ്രീവങ്കൽ. മേ മിത്രതാ—എന്റെ സഖ്യം. സ്ഥായിനീ—സ്ഥിരമായുള്ളതാകുന്നു.

പദ്യം 63. കപി.....ഢ—വാനരശ്രേഷ്ഠ. ഏഷഃ—ഇവൻ. ദുഷ്ടസത്ത്വം—ദുഷ്ടജന്തു. നിർമൂലം—കാരണം കൂടാതെ. പീഡ—ഉപദ്രവം. പരു ... ...വം—ക്രൂരമൃഗങ്ങളുടെ ശീലം. മമ—എന്റെ. സഖി—സഖാവു്. ഭേദം—വ്യത്യാസം.

അന്യോന്യം നിങ്ങളിൽ ചേർപ്പതിനു ഗുണനിധേ!
ഞാൻ പറഞ്ഞാലതെല്ലാ—
മിന്നീ കേരംക്കേണമെന്നില്ലതു സതതമിര—
ക്കെന്നതും വന്നുകൂടാ,
എന്നാലിത്യാദിദോഷങ്ങളെ വടിവിനൊടാ—
രോപ്യ നീ നമ്മെയെല്ലാം
നിന്ദിച്ചീടുന്നിതയ്യോ! മതി മതി പരലോ—
കാപ്തയേ ചിന്തയേഥാഃ. 64

വിത്താപത്യാദിരാഗത്തെയുമരിഗതരോ—
ഷത്തെയും വച്ചിടാനീം
മുക്തിം ചേർപ്പാനുപായം കരുതുക മരണാ—
വസ്ഥ തേ വന്നിതല്ലോ;
സുതാമാപത്യമേ! നശ്വരമിതു നിതരാം
ദേഹമെന്നുള്ളതിന്നും
ചിത്തേ തേറീലയോ തേ? ശിരസിലിഖിതവും
കേരം തടുപ്പാൻ പ്രയാസം. 65

ഞാനെന്നും കാന്തയെന്നും പെരുകിന ധനമെ—
ന്നും മമാപത്യമെന്നും
കാണയ്യോ! ഹന്ത മോഹിച്ചുനുദിനമുഴലാ—
മെന്തതിൽ കാര്യമോർത്താൽ
പ്രാണൻ പോയാലിവറാൽ കരുതുമളവിലൊ—
ന്നും തനിക്കമ്പിലാത്മ—
ത്രാണം ചെയ്വാനൊട്ടുമെത്തൊരുവനുമുതകാ
കേളതോക്കേണമേ നീ. 66

പദ്യം 64. ഗുണനിധേ—ഗുണങ്ങൾക്കു് ഇരിപ്പിടമായുള്ളോവേ. അന്യോന്യം—തമ്മിൽ. സതതം—എപ്പോഴും. ഇത്യാദി—എന്നു തുടങ്ങിയുള്ള. ആരോപ്യ—കയറി. പര.....യേ—പരലോകപ്രാപ്തിക്കായി. ചിന്തയേഥാഃ—ആലോചിച്ചാലും.

പദ്യം 65. വിത്താ.....യും—പണം മക്കൾ മുതലായതുകളിലുള്ള ആശയേയും. അരി.....യും—ശത്രുവിങ്കലുള്ള കോപത്തെയും. ഇദാനീം—ഇപ്പോൾ. മുക്തിം—മോക്ഷത്തെ. ഉപായം—വഴി. സുതാ.....മേ—അല്ലയോ ഇന്ദുപുത്ര. നിതരാം—വളരെ. നശ്വരം—നശിക്കുന്നതു്. ചിത്തേ—ഉള്ളിൽ. തേ—നിനക്കു്. ശിരസിലിഖിതം—തലയിലെഴുത്തു്.

പദ്യം 66. കാന്ത—ഭാര്യ. മമ—എന്റെ. അപത്യം—സന്താനം. ദിനം—ദിവസംതോറും. ആത്മത്രാണഃ—ആത്മരക്ഷ.

ഓത്താലിന്നെത്രനാളുണ്ടഴകിനൊട്ട പിറ—
ന്നൂ ഭവാ; നിന്നി രാഗ—
പ്രീത്യാ മണ്മേൽ കളിക്കുന്നു ബത! മതിയാ—
ക്കീടുവാൻ കാലമായീ,
ധാത്ര്യാം വീരോത്കാരണാം മകുടമണി ഭവാ—
നെന്നു ചീർത്തോരു കീർത്തിം
പേർത്തും പേർത്തും വളർത്താൻ പരഗതി വരുവാ—
നിന്നി വേണ്ടൂ വിചാരം. 67

ഇന്നും കേളിപ്പദവ്യാമഭിരുചി പരമു—
ണ്ടെങ്കിലെന്നോടതും നീ
ചൊന്നാലും. നൂറുപായം പുനരതിനു നമു—
ക്കുണ്ടു പാക്കും ദശായാം;
പുണ്യൗഘാവാപ്തലോകാനനുഭവിതുമൊ—
ഴിഞ്ഞാശയില്ലെങ്കിലിപ്പോഃ—
ത്തന്നേ നാകാധിപത്യം നിയതമിഹ നിന—
ക്കാക്കുവൻ ഭാഗ്യസിന്ധോ!'' 68

ദുഃഖാർത്തയായ താര വന്നു രാമനോട് നേരിട്ട് സങ്കടമുണർത്തിക്കുകയും അതിനൊന്നും ഉത്തരം പറയാൻ രാമനെ അനുവദിക്കാതെ ബാലി താൻറ അന്തിമാഭ്യർത്ഥനകളെ ക്ഷേത്രിപുരസ്സരം രാമനെ അറിയിക്കുകയും ചെയ്യുന്നു:

ഗദ്യം 5.

അത്രാന്തരേ വിദിതവൃത്താന്താ സന്തതാശ്രുനിഷ്യന്ദകലുഷ—
തരതാരാ താരാ അന്തഃപുരാന്നിർഗ്ഗത്യ വാരിവാരിതമിവ
വാരണപതിം നിർഭയനിരീക്ഷ്യമാണസുഗ്രീവം ഉദ്ഗതഗ്രീവം

പദ്യം 67. രാഗപ്രീത്യാ—ആശാസക്തിയാൽ. ധാത്ര്യാം—ഭൂമിയിൽ. വീരോ...ണാം—വീരന്മാരുടെയിടയിൽ. മകുടമണി—ശ്രേഷ്ഠൻ. കീർത്തിം—യശസ്സിനെ. പരഗതി—ഉത്തമഗതി (മോക്ഷം).

പദ്യം 68. പദവ്യാം അഭിരുചി—സ്ഥാനത്തിൽ ആഗ്രഹം. പരം അധികം. അതിനു പുനഃ അതിനാകട്ടേ. പാക്കം ദശായാം—പാകമ്പോഴം. പുണ്യ....ൻ—പുണ്യസഞ്ചയത്താൽ ലബ്ധമായ ലോകങ്ങളെ. അനുഭവിതും. —അനുഭവിക്കുവാൻ. നാകാധിപത്യം—സ്വർഗ്ഗത്തിലെ രാജസ്ഥാനം. നിയതം—നിശ്ചയം. ഇഹ—ഇവിടെ. ഭാഗ്യസിന്ധോ—അല്ലയോ ഭാഗ്യക്കടലേ.

ഗദ്യം 5. അത്ര അന്തരേ—ഇതിനിടയ്ക്ക്. വിദി....ന്താ—വാർത്ത അറിഞ്ഞവളായ. സന്ത .. രാ—കട്ടകെട കണ്ണുനീരൊഴുകി കലങ്ങിയ കണ്ണോടുകൂടിയ. താരാ—താരാദേവി. അന്തഃപുരാത് നിർഗ്ഗത്യ—അന്തഃപുരത്തിൽനിന്നു വെളിയിൽ വന്നിട്ട്. വാരിവാരിതം വാരണപതിം ഇവ—വാരിദ്ധ്വഴിയിൽ വീണു ഗജവീരനെപ്പോലെ. വാരീ തു ഗജബന്ധനീ'' എന്നമരം. ഉദ്ഗ....വം—പൊങ്ങിയ കഴുത്തോടുകൂടിയവ

ഉത്ഥാതുമക്ഷമം ക്ഷമാതലാപ്പിതകൂപ്പ്രയുഗളം ഗളദസ്രുക്പ്രസര-
ശരീരം ശരാസനശിഖരന്യസ്തഹസ്തേന കാകുത്സ്ഥേന കൃത-
സല്ലാപം അപേതാഡംബരമിവാംബുധിമസ്തോന്മുഖമിവ
മയൂഖമാലിനം ബാലിനമാലിംഗ്യ സ്വാങ്കോത്തംസിതതദുത്ത
മാംഗാ രഘുനാഥമിത്ഥമകഥയത്.

''കാരുണ്യം നിരവധി യത്തവ പ്രസിദ്ധം
ശീതാംശോഃ സഹജമിവാത്തിഹാരി ശൈത്യം
തത്സർവ്വം രഘുകുലനാഥ! രമ്യകീർത്തേ!
മത് പാപാത് കഥയ കഥം ത്വയാ നിരസ്യം? 69

ഏവംവിധേ പ്രിയതമേഽപ്യനപേതജീവാം
മാം രാക്ഷസീതി രഘുപുംഗവ! സാധുബുദ്ധ്യാ
ബാണം വിമുഞ്ച മയി സംപ്രതി താടകാരേ!
ശ്രേയോ മഹദ്ഭയിത സംഗമകാരിണസ്തേ. 70

സന്ത്രസ്യ പൂർവ്വമുതസ്രുവ ബന്ധുരേഷ
ഭേജേ യഥാദ്രിമകുതോഭയമൃശ്യമൂകം

നായി. നിർഭ....വം—ഭയം കൂടാതെ സുഗ്രീവനെ നോക്കുന്നവനായി. ഉ
ത്ഥാതും അക്ഷമം—എണീക്കുവാൻ അശക്തനായി. ക്ഷമാ... ളം—നിലത്തമ
ന്ന കൈമുട്ടുകളോട് കൂടിയവനായി. ഗള....രം—രക്തമൊഴുകുന്ന ദേഹത്തോട്
കൂടിയവനായി. ശരാ....ന കാകുത്സ്ഥേനകൃതസല്ലാപം—വില്ലിന്റെ
മുകളിൽ വെച്ച കൈയോട്കൂടിയ രാമനോട് സംഭാഷണം ചെയ്യുന്നവനാ
യി. അപേ....രം അംബുധിം ഇവ—അലയടങ്ങിയ സമുദ്രംപോലെ. അ
സ്തോന്മുഖം മയൂ....നം ഇവ—അസ്തമിക്കുവാൻപോകുന്ന സൂര്യനെപ്പോലെ
ഇരിക്കുന്ന. ബാലിനം—ബാലിയെ. ആലിംഗ്യ—ആലിംഗനം ചെയ്തിട്ട്.
സ്വാങ്കോ....ഗാ—അവന്റെ തലയെ തന്റെ മടിയിൽ വെച്ചുകൊണ്ടിരിക്ക
ന്നവളായി. രഘുനാഥം—രാമനോട്. ഇത്ഥം—ഇങ്ങനെ. അകഥയത്—
പറഞ്ഞു.

പദ്യം 69. രഘു....ത്ഥ രമ്യകീർത്തേ—അല്ലയോ രാമകീർത്തിശാലിൻ.
ശീതാംശോഃ—ചന്ദ്രനു്. ആത്തിഹാരി—സന്താപനാശകമായ. ശൈത്യം
ഇവ—തണുപ്പെന്നപോലെ. തവ—നിനക്കു്. സഹജം—സ്വഭാവസിദ്ധമായ.
യത് കാരുണ്യം—യാതൊരു കൃപ. നിരവധി—അപ്രമേയമാണെന്നു്. പ്ര
സിദ്ധം—പ്രസിദ്ധമാ. തത്സർവം—അതെല്ലാം. മത്പാപാത്—എന്റെ
പാപം നിമിത്തം. ത്വയാ കഥം നിരസ്യം—നിന്നാൽ ത്യജിക്കപ്പെട്ടിരി
ക്കുന്നുവോ? കഥയ—പറഞ്ഞാലും.

പദ്യം 70. താടകാരേ രഘുപുങ്ഗവ—അല്ലയോ താടകാശത്രുവായ
രഘുശ്രേഷ്ഠ. പ്രിയതമേ ഏവംവിധേ അപി—ഭർത്താവു് ഇവ്വണ്ണമായിട്ടും.
അന....വാം—പ്രാണൻ പോകാത്ത. മാം—എന്നെ. രാക്ഷസീ ഇതി സാധു
ബുദ്ധ്യാ—രാക്ഷസിയാണെന്നു നല്ലപോലെ അറിഞ്ഞിട്ടു്. മയി—എങ്കൽ.
ബാണം സംപ്രതി വിമുഞ്ച—ബാണത്തെ ഇപ്പോഴും പ്രയോഗിച്ചാലും.
തേ....ണഃ—ഭർത്താവോട് ചേർപ്പിക്കുന്ന നിനക്കു്. മഹത് ശ്രേയഃ
—വലിയ അഭ്യുദയം (ഉണ്ടാവും).

ഭർത്താ മമായമപി രാമ! ശരൈരഭേദ്യം
പ്രാപ്പോ മദീയഹൃദയച്ഛലമദ്രിദുർഗ്ഗം. 71

നാഹം സുകേതുതനയാ ന ച സപ്തസാലീ
ബാലീ ന ച ത്രിഭുവനപ്രഥിതപ്രഭാവഃ
താരാസ്മി വജ്രഹൃദയാ വിശിഖൈരഭേദ്യാ
ധന്വീ കഥം ഭവസി രാഘവ! മാമഹത്വാ? 72

ക്ഷിതിപതിതനയാനാം ഹന്ത ഗർഭേശ്വരാണാം
കിമു നിരവധി മൗഢ്യം ശൗര്യവജ്ജന്മസിദ്ധം?
മമ ഹൃദി നിരപായേ വർത്തമാനേ കപീന്ദ്രേ
രഘുവര! യദമുഷ്മിൻ തിഷ്ഠസേ ചാപപാണിഃ.'' 73

മുഹുരിതി ദയിതാം കൃതപ്രലാപാം
സ്വകരതലേന നിവാര്യ നിർമലാത്മാ,
സകരുണമഖിലാധിനാഥനോട-
ങ്ങകഥയദസ്മവിമോഹമേഷ ബാലീ. 74

പദ്യം 71. തവ ബന്ധുഃ ഏഷഃ—നിന്റെ ബന്ധുവായ ഇവൻ (സുഗ്രീവൻ). പൂർവം—മുമ്പ്. അമുതഃ സന്ത്രസ്യ—ഇവങ്കൽ(ബാലിയിങ്കൽ) നിന്നു ഭയപ്പെട്ട്. അകുതോ ഭയം—ഭയശ്രുന്യമായ. ഋശ്യമൂകം അദ്രിം—ഋശ്യമൂകപർവതത്തെ. യഥാ ഭേജേ—എങ്ങനെ ആശ്രയിച്ചുവോ (അങ്ങനെ). രാമ—അല്ലയോ രാമ. അയം മമ ഭർത്താ അപി—ഈ എന്റെ ഭർത്താവും. ശരൈഃ അഭേദ്യം—ബാണങ്ങളാൽ പിളക്കുവാൻ വയ്യാത്ത. മദീ ....ലം അദ്രിദുർഗ്ഗം—എന്റെ ഹൃദയം എന്നു പേരായ പർവതദുർഗ്ഗത്തെ. പ്രാപ്പഃ—പ്രാപിച്ചിരിക്കുന്നു.

പദ്യം 72. അഹംസുകേ... യാ ന—ഞാൻ സുകേതുവിന്റെ പുത്രിയല്ല. സപ്തസാലീ ന ച—സപ്തസാലങ്ങളുമല്ല. സപ്താനാം സാലാനാം സമാഹാരഃ സപ്തസാലീ. ത്രിഭു... വഃ—ലോകപ്രസിദ്ധമായ മേന്മയോടുകൂടിയ. ബാലീ ന ച—ബാലിയുമല്ല. വിശിഖൈഃ അഭേദ്യാ—ബാണങ്ങളാൽ പിളർപ്പാൻ വയ്യാത്ത. വജ്രഹൃദയാ—വജ്രംപോലെ കഠിനമായ ഹൃദയത്തോടുകൂടിയ. താരാ അസ്മി—താരയാകുന്ന ഞാൻ. രാഘവ—അല്ലയോ രാമ. മാം അഹത്വാ—എന്നെ കൊല്ലാതെ. കഥം ധന്വീ ഭവസി—നീ എങ്ങനെ വില്ലാളിയായിത്തീരും?

പദ്യം 73. ഗർഭേശ്വരാണാം ക്ഷിതി....നാം—ഗർഭശ്രീമാന്മാരായ രാജപുത്രന്മാർക്ക്. ശൗര്യവത്—ശൗര്യം എന്നപോലെ. നിരവധി മൗഢ്യം—അധികമായ ജളത്വവും. ജന്മസിദ്ധം കിമു—ജന്മംകൊണ്ടുതന്നെ സിദ്ധിച്ചതാണോ? കപീന്ദ്രേ—വാനരശ്രേഷ്ഠൻ (ബാലി). നിരപായേ—അപായമില്ലാതെ. മമ ഹൃദി വർത്തമാനേ—എന്റെ ഉള്ളിൽ ഇരിക്കുമ്പോഴും. രഘുവര—അല്ലയോ രഘുശ്രേഷ്ഠ. യത്—യാതൊന്നുകൊണ്ട്. അമുഷ്മിൻ—ഇവന്റെ നേരേ. ചാപപാണിഃ—വില്ല കൈയിൽ ധരിച്ചവനായി. തിഷ്ഠസേ—നീ എതിർത്തു നില്ക്കുന്നു.

പദ്യം 74. ഇതി—ഇങ്ങനെ. മുഹുഃ—വീണ്ടും വീണ്ടും. കൃത ... പാം—പുലമ്പുന്നവളായ. ദയിതാം—പ്രിയതമയെ. നിർമ്മലാത്മാ—

''ഏഷ ത്രൈവർണ്യമാത്രവ്യവസിതജഗതോ
ഭാഗ്ഗവസ്യാസ്രുഗർഭാ—
ദാകൃഷ്ടക്ഷത്രജാതിസ്ഥിരമസി പഥി ഗിരാ—
മദ്യ നഃ സുപ്രഭാതം
കക്ഷോഷ്മസ്വേദസദ്യഃശമിതദശമുഖാ—
സ്സ്രോടകണ്ഡൂ വികാരോ
വീരശ്രാദ്ധോ ഭുജസ്ഥാം പരിചരതു, ചിരം
ചക്ഷുഷീ നന്ദതാം ച. 75

യേനാകൃഷ്ടിദ്യ സമസ്തപാർത്ഥിവകുല—
പ്രാണാന്തകം കാർമുകം
രാമഃ സംപ്രതി ലംഭിതോ ഭൃഗുഭവാ—
മുത്സഗ്ഗസിദ്ധാം സ്രുചം
ദൃഷ്ടം വീര ചിരസ്യ ധാമ ഭവത—
സ്തദ് ഭ്രൂർഭുവഃ സ്വസ്ത്രയീ—
ഘ്നന്മഖ്വ്രണരോപണൗഷധമിദം
ചേതഃ സമുത്കണ്ഠതേ.

ശ്രദ്ധചിത്തനായ. ഏഷഃ ബാലീ—ഈ ബാലി. സകല...ന നിവാരയ—തന്റെ കൈകൊണ്ടു തടുത്തിട്ട്. സകരുണം—ദീനതയോടുകൂടി. അസ്ഥവിമോഹം—മോഹം നശിച്ചവനായി. അഖി....ട്ട്—രാമനോട്ട്. അകഥയത്—പറഞ്ഞു.

പദ്യം 75. ത്രൈവ....തഃ—(ക്ഷത്രിയസംഹാരത്താൽ) ലോകത്തെ മറ്റു മൂന്നു ജാതി മാത്രമുള്ളതാക്കാൻ ശ്രമിച്ച. ത്രൈവർണ്ണ്യം—മൂന്നു വർണ്ണങ്ങളുടെ ഭാവം. അല്ലെങ്കിൽ മൂന്നു വർണ്ണങ്ങളും. സ്വാർത്ഥത്തിൽ ഷ്യഞ് പ്രത്യയം. ഭാഗ്ഗവസ്യ—പരശുരാമന്റെ. അസ്രുഗർഭാത്—അസ്രുക്കുടത്തിൽ നിന്നു്. ആകൃ....തിഃ—വലിച്ചെടുത്ത ക്ഷത്രിയജാതിയോടുകൂടിയ. ഏഷഃ തവ ഗിരാം പഥി അസി—ഈ നീ സ്തുതിക്കുവിഷയമായിരിക്കുന്നു. അദ്യ—ഇന്നു്. നഃ—നമുക്കു്. സുപ്രഭാതം—ശ്രേഷ്ഠദിനാരംഭം. കക്ഷോ....രഃ—കക്ഷത്തിലെ ചൂടിനാലുണ്ടായ വിയർപ്പുകൊണ്ടു് ഉടൻ ശമിപ്പിക്കപ്പെട്ട രാവണന്റെ ആസ്രോടത്താലുണ്ടായ കണ്ഡൂവികാരത്തോടുകൂടിയ. വീരശ്രാദ്ധഃ—വീരന്മാരിൽ ശ്രദ്ധയുള്ള. ഭുജഃ—ബാഹു. ത്വാം പരിചരതു—അങ്ങയെ ശുശ്രൂഷിക്കട്ടെ. ചക്ഷുഷീ—കണ്ണുകൾ. ചിരം നന്ദതാം ച—വളരെക്കാലം സന്തോഷിക്കുകയും ചെയ്യട്ടെ.

പദ്യം 76. യേന—യാവനൊരുത്തനാൽ. സമ.....കം—എല്ലാ രാജവംശത്തിന്റെയും പ്രാണങ്ങൾക്കു നാശകമായ. കാർമുകം—വില്ലിനെ. ആകൃഷ്ടിദ്യ—പിടിച്ചെടുത്തിട്ട്. സംപ്രതി—ഇപ്പോൾ. രാമഃ—പരശുരാമൻ. ഭൃഗുഭവാം—ഭാഗ്ഗവവംശത്തിൽ ജനിച്ചവൾക്കു്. ഉത്സഗ്ഗസിദ്ധാം—പ്രകൃതിസിദ്ധമായ. സ്രുചം—ഹോമപാത്രത്തെ. ലംഭിതഃ—പ്രാപിപ്പിക്കപ്പെട്ടവൻ. വീര—അല്ലയോ വീര. ചിരസ്യ—വളരെക്കാലമായി. ഭൂർഭു....ധം—ഭൂലോകം ഭുവർലോകം സുവർലോകം എന്ന മൂന്നിലേയും ദുഃഖമാകുന്ന വ്രണത്തെ ആറ്റുന്ന മരുന്നായ. തത് ചേതഃ

ചിരായ നക്തഞ്ചരവീരചക്ര—
മാരാങ്കുരൈജ്ഞാനിക! പശ്യതസ്ത്വാം
സുധാസധർമ്മാണമിമാം ച വാചം
ന ശൃണ്വതസ്ത്വപ്യതി മാനസം മേ. 77

മാഹാത്മ്യം തവ മതിമന്നജാനതീയം
യത് കിഞ്ചിത് പ്രലപതി ദുഃഖമൂഢചേതാഃ
തത്സർവ്വം ഭുവനപതേ! ക്ഷമസ്വ രാജ—
ന്നാപന്നേത്യതിചപലേതി വാനരീതി.'' 78

രാമന്റെയും ബാലിയുടെയും വചനപ്രതിവചനങ്ങൾ:

പ്രസാദഹൃദ്യാനി മഹേന്ദ്രസൂനോർ—
വചാംസി മുഖ്യാനി നിശമ്യ രാമഃ
ദ്രുയോഽപി മന്ദസ്മിതസുന്ദരാസ്യഃ
സംഭാവയൻ പ്രാഹ ഗിരം ഗഭീരാം. 79

''സർവ്വൗഘപ്രസരേണ രാവണിരസൗ
യദ് ദുര്യശോഭാഗിനം
ചക്രേ ഗൗതമശാപയന്ത്രിതഭുജ—
സ്ഥേമാനമാഖണ്ഡലം

ധാമ ദ്രഷ്ടും—ആ അങ്ങയുടെ മേന്മയെ കാണുവാനായി. ഇദം ചേതഃ സമുത്കണ്ഠിതം—ഈ എന്റെ ചിത്തം താത്പര്യപ്പെടുന്നു.

പദ്യം 77. ചിരായ—വളരെക്കാലത്തേക്ക്. നക്ത....ക—രാക്ഷസ വീരസമൂഹത്തിന്റെ കൊല കണക്കാക്കുവാൻ മിടുക്കുള്ളവനേ. ത്വാം പശ്യതഃ—നിന്നെക്കാണുന്നവനും. സുധാസധർമ്മാണം ഇമാം വാചം ശൃണ്വതഃ ച—അമൃതതുല്യമായ ഈ വാക്കിനെ കേൾക്കുന്നവനും ആയ. മേ മാനസം—എന്റെ ചിത്തം. ന തൃപ്യതി—തൃപ്തിയെ പ്രാപിക്കുന്നില്ല.

പദ്യം 78. മതിമാൻ—അല്പയോധീമൻ. തവ മാഹാത്മ്യം—നിന്റെ മേന്മയെ. അജാനതീ—അറിയാത്തവളായി. ഇയം—ഇവൾ (താര). ദുഃ....താഃ—ദുഃഖംകൊണ്ടു മൂഢയായി. യത് കിഞ്ചിത് പ്രലപതി—എന്തെല്ലാമോ പുലമ്പുന്നു. ഭുവനപതേ രാജൻ—ലോകനാഥനായി രാജാവായുള്ളോവേ. ആപന്നാ ഇതി—ദുഃഖിതയെന്നും. അതിചപലാ ഇതി—വളരെ ചപലയെന്നും. വാനരീ ഇതി—വാനരസ്ത്രീയെന്നും കരുതി. തത് സർവ്വം—അതെല്ലാം. ക്ഷമസ്വ—ക്ഷമിച്ചാലും.

പദ്യം 79. രാമഃ—രാമൻ. മഹേന്ദ്രസൂനോഃ—ബാലിയുടെ. പ്രസാദഹൃദ്യാനി—പ്രസന്നങ്ങളും മനോജ്ഞങ്ങളും ആയ. മുഖ്യാനി വചാംസി—പ്രധാനവചനങ്ങളെ. നിശമ്യ—കേട്ടിട്ട്. ദ്രുയഃ അപി—വീണ്ടും, മന്ദ....സ്യഃ—മന്ദഹാസത്താൽ സുന്ദരമായ മുഖത്തോടു കൂടിയവനായി. സംഭാവയൻ—ബഹുമാനിച്ചുകൊണ്ട്. ഗഭീരാം ഗിരം പ്രാഹ—ഗംഭീരമായ വാക്കിനെ പറഞ്ഞു.

പദ്യം 80. അസൗ രാവണിഃ—ആ ഇന്ദ്രജിത്തു്. സർവ്വ ...ണ—

കക്ഷാഗത്തകളീരതാം ഗമയതാ
വീര! ത്വയാ രാവണം
തത്സമ്മൃഷ്ടമഹോ! വിശല്യകരണീ
ജാഗത്തി സത്പുത്രതാ. 80

ത്വയാ വീരേണ ഗ്രഷ്ടായാം കിഷ്കിന്ധായാമിയം മഹീ
രാവണാഭിഭവക്രാന്താ ശശദുച്ഛ്വാസമശ്നുതേ.'' 81

''കല്യാണാവാസമേ! കാൽത്തളിരിണ തൊഴുതേൻ,
ദേഹമോഹേന നാഥാ!
വല്ലാതേ ഞാൻ പറഞ്ഞേനതു കിമപി പൊറു-
ക്കേണമേ ദീനബന്ധോ!
ക്ഷുല്ലാനാം വാനരാണാമറിവു കുറയുമെ-
ന്നുള്ളതെല്ലാം ധരിച്ചൊ-
ന്നല്ലാതാരോടു കോപം തിരുമനസി കല-
ന്നീടിലോ തമ്പിരാനേ! 82

ഇന്നേരം കേൾ പിറപ്പും മരണവുമിവനി-
ന്നേരമീവണ്ണമുണ്ടോ-
മെന്നെല്ലാമുള്ള ഫാലാക്ഷരവിലിഖിതമു-
ണ്ടോ തടുക്കായ്വരുന്നു?
എന്നാലിന്നിപ്രകാരം തവ ശരമുടനേ
മാറിലേറും മരിപ്പാ-
നന്യനം കല്പനാ മേ, പുനരതിനു വഴ-
ക്കാരോടുണ്ടായ്വരേണ്ടൂ! 83

എല്ലാ ശബ്ദങ്ങളും പ്രയോഗിച്ചിട്ടുണ്ട്. ഗൗത ...നം—ഗൗതമമുനിയുടെ ശാപത്താൽ അടക്കപ്പെട്ട കൈയ്യുക്കോടുകൂടിയ. ആഖണ്ഡലം—ഇന്ദ്രനെ. ദൃശ്യ ....നം ചക്രേ യത്—ദൃഷ്ടിഗോചരപാത്രമാക്കി എന്നു യാതൊന്നോ. വീര—അല്ലയോ വീര. രാവണം—രാവണനെ. കക്ഷാ....താം ഗമയതാ ത്വയാ—കക്ഷക്കുഴിയിലെ ഞരമ്പുകളിൽത്തീക്ഷ്ണമെന്ന അങ്കുശയാൽ. തത് സമ്മൃഷ്ടം—അതു മാഞ്ഞുപ്പെട്ടു. വിശ ...ണീ—വേദനയെ മാറ്റുന്ന. സത്പുത്രതാ ജാഗർത്തി—സത്പുത്രന്റെ ഭാവം ഉണർവുകൊണ്ടു.

പദ്യം 81. കിഷ്കിന്ധായാം വീരേണ ത്വയാ ഗ്രഷ്ടായാം—കിഷ്കിന്ധവീരനായ നിന്നാൽ രക്ഷിക്കപ്പെട്ടതായിരിക്കുമ്പോഴും. രാവ....ന്താ—രാവണന്റെ ഉപദ്രവത്താൽ സങ്കടപ്പെടുന്ന. ഇയം മഹീ—ഈ ഭൂമി. ശശത്—കൂടക്കൂടെ. ഉച്ഛ്വാസം അശ്നുതേ—നെടുവീർപ്പിടുന്നു.

പദ്യം 82. കല്യാ ...മേ—മംഗളനിലയമേ. ദേഹേ....ന—ശരീരാഭിമാനം നിമിത്തം. കിമപി—എന്തോ ചിലതു. ക്ഷുല്ലാനാം—അന്തഃസാരമില്ലാത്ത. വാനരാണാം—വാനരന്മാർക്കു. തിരുമനസി—തിരുമനസ്സിൽ.

പദ്യം 83. ഫാലാ....തം—നെറ്റിയിൽ എഴുതപ്പെട്ടതു. തവ—നിന്റെ. ശരം—ബാണത്തെ. മേ—എനിക്കു. അന്യൂനം—കുറവില്ലാത്ത. കല്പനാ—വിധി. പുനഃ—പിന്നെ.

മന്യേ ഞാനിത്രനാളും വടിവാനെടിഹ ജീ—
വിച്ചതിന്റേ ഫല കേ—
ളുന്മനം വന്നതായീ, മമ സുചരിതവും
പാരമുണ്ടെന്നു വന്നു,
പുണ്യൗഘംകൊണ്ടസാധ്യം തവ തിരുവദനാ—
ലോകനം വന്നിതല്ലോ
കണ്ണീ, ന്നിന്നേ മരിപ്പും തവ വിശിഖമിതേ—
റെന്നതും ഭാഗ്യമല്ലോ. 84

ഇദ്ദേഹത്തെക്കുറിച്ചുള്ളഭിരുചി മുഴുവൻ
നാഥാ! വച്ചേനിനിക്കേ—
ളുദ്ദാമം മാർഗ്ഗമെന്തൊന്നിനിയ നിയമിനാം
ചെറ്റതേ കാംക്ഷയുള്ള,
മധ്യേ സുഗ്രീവനോടങ്ങിവനൊടഗതിയോ—
ടെത്ര പോരാടിനേനാ—
വ്വത്ത്യാ ഞാനെന്നതോർത്തോളവുമടനൊളിയ—
മ്പെന്നപോലേ വരുന്നു.'' 85

ബാലി സുഗ്രീവനെ വിളിച്ചരികിലിരുത്തി സമാശ്വസിപ്പിക്കുന്നു:

ഇത്ഥം വാചാ പറഞ്ഞന്തികടവി വിവശം
തന്നെയും താങ്ങി മെല്ലെ
സ്ഥിതവാ ബാഷ്പം ചൊരിഞ്ഞീടിന ദിനകരസൂ—
നും ബഭാഷേഥ ബാലീ
''ദുഷ്പ്രാ ഞാനിത്രനാളും പിഴകളും പലവു ചെ—
യ്തീടിനേനെന്നിതെല്ലാം
ചിത്തേ വച്ചീടൊലാ നീ, കപിവര! നിഖിലം
ക്ഷമ്യതാം പുണ്യരാശേ! 86

പദ്യം 84. മന്യേ-ഞാൻ വിചാരിക്കുന്നു. ഇഹ—ഇവിടെ. അന്യനം—കുറവില്ലാതെ. മമ—എന്റെ. സുചരിതം—സത്കൃത്യം. പാരം—അധികം. പുണ്യൗഘം—പുണ്യസമൂഹം. അസാധ്യം—സാധിക്കാത്തത്. തവ—നിന്റെ. തിരു .. നം—തിരുമുഖത്തിന്റെ ദർശനം. തവ വിശിഖം—നിന്റെ ബാണം.

പദ്യം 85. അഭിരുചി—താത്പര്യം. ഉദ്ദാമം—ഉയർന്ന. നിയമിനാം—മുനികൾക്കു്. കാംക്ഷ—ആഗ്രഹം. മധ്യേ—ഇടയ്ക്കു്. അഗതി—ഗതിയറ്റ. ആവൃത്ത്യാ—ആവർത്തിച്ചു്. പിന്നെയും പിന്നെയും).

പദ്യം 86. ഇത്ഥം—ഇങ്ങിനെ. വാചാ—വാക്കുകൊണ്ടു്. അന്തി..... പി—സമീപത്തിൽ. വിവശം—പരവശനായ. സ്ഥിതവാ—സ്ഥിതിചെയ്തിട്ടു്. ദിന....നും—സുഗ്രീവനോടു്. അഥ—പിന്നെ. ബാലീ ബഭാഷേ—ബാലി പറഞ്ഞു. ദുഷ്പ്രഃ—അഹങ്കാരിയായി. ചിത്തേ—ഉള്ളിൽ. കപിവര—അ

സുഗ്രീവാ! നീയുമായങ്ങഴിതരസമിരി—
പ്പാൻ നമുക്കൊട്ട ഭാഗ്യം
മുഖ്യാത്മൻ! പേർത്തുമില്ലിന്നിഹ പരമതിനോ—
ത്തീടിനാലാവതുണ്ടോ,
ഉൾക്കോപം പൂണ്ട നിന്നോടനുജനൊടതിബാ—
ലേന പോരാടുവാനെ—
ന്നുൾപ്പൂവിങ്കൽത്തുടങ്ങീ നിനവുകളതുനാം
ചെയ്ത ദുഷ്കർമ്മമല്ലോ.'' 87

സുഗ്രീവാങ്ഗദന്മാരുടെ വന്മിത്രമായിരുന്നുകൊണ്ട് രാമനു വേണ്ട സഹായം ചെയ്യണമെന്നു ബാലി ഹനുമാനോടു നിർദ്ദേശിക്കുന്നു:

അനുജനൊടു പറഞ്ഞിട്ടേവമമ്മുമ്പിൽ നില്പ്പും
പവനതനയനോടും വാചമൂചേ(ഥ ബാലീ,
''ദിനകരതനയനും ബാലനാമംഗദനും
കനിവിനൊടിനി മിത്രം മുറുമിന്നീ ഹനുമൻ. 88

ഇന്നും കേളൊരു കാര്യമുണ്ടതറിയാം
സുഗ്രീവനോതീട്ട വാർ—
മിന്നും രാഘവനോടിതെങ്കിലതിനും
നീയേ പരാലംബനം,
എന്നാലെന്നനുജന്നുമെൻതനയനും
വന്മിത്രമായ് നിന്നുകൊ—
ണ്ടിന്നാഥന്നു രഘൂത്തമന്നു തുണയായ്
നില്പ്പേണമേ വീര! നീ. 89

ബാലിയുടെ അപേക്ഷയനുസരിച്ചു ഹനുമാൻ അങ്ഗദനെ കൂട്ടിക്കൊണ്ടുവന്നപ്പോൾ അച്ഛന്റെ മരണാവസ്ഥ കണ്ടു കേഴുന്ന പുത്രനെ നോക്കി ബാലി സമാധാനം പറയുകയും സുഗ്രീവനു് അങ്ഗദന്റെ നേരെ വൈരമുണ്ടാകാതിരിക്കുന്നതിനുവേണ്ടി സുഗ്രീവനെ വേണ്ടപോലെ ഉപദേശിക്കുകയും രാമനെ പ്രശംസിക്കുകയും ചെയ്യുന്നു:

ല്ലയോ വാനരശ്രേഷ്ഠ. നിഖിലം ക്ഷമ്യതാം-എല്ലാം ക്ഷമിച്ചാലും.

പദ്യം 87. അമിതരസം-വളരെ സന്തോഷത്തോടു്. ഇഹ—ഇവിടെ. പരം—മാത്രം. അതിബാലേനാ—ചെറുപ്പക്കാരനായ അനുജനോടു്. ദുഷ്കർമ്മം ദുഷ്പ്രവൃത്തി.

പദ്യം 88. അനുജനോടു്—സുഗ്രീവനോടു്. പവന... ൻ—ഹനുമാൻ. അഥ ബാലീ വാചം ഊചേ—പിന്നെ ബാലി വാക്കിനെ പറഞ്ഞു. ദിന... യൻ—സുഗ്രീവൻ.

പദ്യം 89. പരാലംബനം—ശ്രേഷ്ഠമായ ആശ്രയം. തനയൻ—പുത്രൻ. വന്മിത്രം—വലിയ സഖാവു്.

ചേണേറുന്ന തനൂജമംഗദനെ മത്—
പ്രാണങ്ങളം പോം മുമ്പിലേ
കാണ്മാനമ്പിനൊടാനയേ''തി വിരവോ—
ടാജ്ഞാപിതോ ബാലിനാ
തേന്മേലന്നഗരീം പ്രവിശ്യ വടിവോ—
ടാഖ്യായ വൃത്താന്തമം—
പ്രേമ്ണാ സാദരമാഞ്ജനേയനുടനേ
ബാലീസകാശം യയൗ. 90

ഗദ്യം 6.

ഹരഹര! ശിവശിവ തത്ക്ഷണം ത്രുക്ഷത്രുക്ഷാക്ഷരം ഭാനു—ജാനുഗ്രഹം വായുപുത്രൻ പറഞ്ഞാത്ര കേൾക്കുംവിധൗ വ്രുമേ—റുഴിമേലുദ്രി വീഴുന്നപോലേ കനം പാഞ്ഞെഴുന്നേറു മണ്ടുന്ന നേരത്തുടൻ കല്പിലും മുള്ളിലും വീണുവീണും തുലോം പാഞ്ഞു—പാഞ്ഞും ക്ഷണാദ് ബദ്ധമോഹോദയം യുദ്ധഭ്രമൗ തദാ ബാണ—മേറേറവും ക്ഷീണനാം താതനെക്കണ്ടുടൻ മുക്തകണ്ഠം കര—ഞ്ഞങ്ങനേ താതപാദാന്തികേ വീണുരുണ്ടിണ്ടൽപൂണ്ടംഗദൻ തുംഗവേഗേന വീഴംവിധൗ,

ഹരിവരനപി ദീനനാമാത്മസൂനും തദാ കണ്ടുകൊണ്ടെത്രയും ഖിന്നനായ്സ്വാണ്ടസൗ ഹന്ത! ''വാ വാ മുതിന്നംഗദാ! പുല്ല—പുല്ലുദ്ധരാചന്ദ്രനാം രാമനങ്ങൊത്തവണ്ണം കനം വ്യാപരിക്കേ—

പദ്യം 90. തനൂജം—പുത്രനായ. ആനയ—കൂട്ടിക്കൊണ്ടു വന്നാലും. ഇതി—എന്നു്. ബാലിനാ—ബാലിയാൽ. ആജ്ഞാപിതഃ—ആജ്ഞാപിക്കപ്പെട്ടവനായ. നഗരീം പ്രവിശ്യ—നഗരത്തിനു പ്രവേശിച്ചിട്ടു്. വൃത്താന്തം ആഖ്യായ—വാർത്തയെ പറഞ്ഞിട്ടു്. പ്രേമ്ണാ—സ്നേഹംകൊണ്ടു്. സാദരം—ആദരവോടുകൂടി. ആഞ്ജനേയൻ—ഹനുമാൻ. ബാലീ ..... ശം യയൗ—ബാലിയുടെ അടുത്തുചെന്നു.

ഗദ്യം 6. തത്ക്ഷണം—ആ സമയത്തു്. ത്രുക്ഷ....രം—വളരെ കഠിനമായ വാക്കുകളോടുകൂടി. ഭാനു....ഹം—സുഗ്രീവന്റെ അനുഗ്രഹത്തെ. വായുപുത്രൻ—ഹനുമാൻ. ആത്ര....ധൗ—വേഗത്തിൽ കേട്ടപ്പോഴേ. വ്രുമേ—വജ്രായുധം. ഉഴി—ഭൂമി. അദ്രി—മല. ക്ഷണാത്—ക്ഷണനേരം കൊണ്ടു്. ബദ്ധ....യം—മോഹം പിടിപെട്ടു്. യുദ്ധഭ്രമൗ—യുദ്ധഭ്രമിയിൽ. തദാ—അപ്പോഴേ. താതനെ—ബാലിയെ. മുക്തകണ്ഠം—വാവിട്ടു്. താത ...കേ—പിതാവിന്റെ അടുക്കൽ. തുംഗവേഗേന—അധികദുഃഖത്തോടുകൂടിയവനായി. വീഴംവിധൗ—വീഴുമ്പോഴേ. ഹരിവരൻ അപി—ബാലിയും. ദീനനാം—ദുഃഖിതനായ. ആത്മസൂനും—തന്റെ പുത്രനെ. തദാ—അപ്പോഴേ. ഖിന്നനായ്—ദുഃഖിതനായ്. അസൗ—ഇവൻ. ഉദ്ധരാചന്ദ്രനാം—ഭൂമിയിലെ ചന്ദ്രനായ രാമൻ. സസ്യസമൃദ്ധയായ ഭൂമി ഉർവരാ. കനം—അധികം. വ്യാപരിക്കേണം—പ്രവർത്തിക്കണം. ചാപലം—ചാപല്യം. ഈദൃശം—ഇവ്വണ്ണമുള്ള. മാദൃശാം—എന്നെപ്പോലെയുള്ളവർക്കു്. ദുഷ്ടം

ണമേ ചാപലം കേവം തുലോം മാററിവയ്ക്കേണമേ രാമചന്ദ്രനു നീ ബന്ധുവാകേണമേ കമ്മമങ്ങീദൃശം മാദൃശമാകയാൽ എന്നു നിന്നിങ്ങനേ ഹന്ത! കേഴുന്നിതന്നനു വെട്ടുന്ന വാക്കാശു നെയ്യിട്ടുകൊടുക്കുകെന്നതേ വന്നുകൂടൂ ദൃഢം. നിർണ്ണയം തത്—ക്ഷണൗചിത്യവും പാർത്തുകൊള്ളണമേ.''

പരമിതി സുതനോടും പറഞ്ഞന്തരാ ഭാനുജന്മാവിനോടും ബഭാഷേ തദാ, ''ഹന്ത! സുഗ്രീവ! നീ കേൾക്ക മദ്വാക്യമീ ഞാൻ പുരാ ചെയ്ത ദോഷങ്ങളും നിന്നുള്ളിൽ വച്ചിന്നിയെൻ—പുത്രനോടെത്രയും ബാലനോടിക്കപീനാംകുലത്തിനു കേവം വിത്തിനോടേതുമേ വൈരമുണ്ടാകൊലാ. കാണെനിക്കും പരം കേവം നിനക്കും തുലോം പിണ്ഡദാതാവസൗ തുല്യമിങ്ങാവ—രേയർബാല്യമെല്ലാമസൗ ചെറു കാട്ടീടിലും കോപമുണ്ടാകൊ—ലാ ഹന്ത! നിന്മാനസേ കേവം നിനക്കൊത്തവണ്ണം മുദാ വ്യാ—പരിച്ചീടുമെന്നംഗദൻ നിങ്ങളിൽ കേവം പറഞ്ഞൊത്തുകൊണ്ട—ങ്ങനേ പാല്യതാം രാജ്യമിപ്പോഴിനീ ഭാഗ്യമേ,''

തിറവിയ രഘുനാഥനോടും തദാ വാചമൂചേ വലാരാതി—തന്നന്ദനൻ ''തമ്പുരാനേ ജഗന്നാഥ! കേവംക്കേണമേ വാന—രാണാം വിഭോ! ചാപലം പാരമുണ്ടിങ്ങനേ ഞങ്ങളെത്തൊട്ടു തേ മാനസേ കോപമുണ്ടാകിലില്ലാശ്രയം മാദൃശാം ഭാനുജന്മാ—വുമെൻപുത്രനാമംഗദൻതാനുമൊക്കും നമുക്കെന്നതോർക്കേണമേ. ജാനകീമൂഴിമേലമ്പിലാരായുവാൻ വ്യാപരിച്ചീടുമെൻപുത്രനും നിർണ്ണയം. കേവം ദശഗ്രീവനോടഗ്രനോടഗ്രതോ വിഗ്രഹം കൈവരുന്നാളിലന്നാവതെല്ലാം തുണച്ചീടുമെന്നംഗദൻ നാഥ! പൈതങ്ങളെപ്പാലയൻ മാമകാൻ വാനരാണാം കുലത്തിന്നൊ—രാലംബ(മേ) കേവംക്കേണമേ ഭാനവംശൈകചൂഡാമണേ!

—നിശ്ചയം. തത്....വും—ആ സമയത്തിനു യോഗ്യമായിട്ടുള്ളതും. പരം—ശ്രേഷ്ഠമായി. ഇതി—ഇങ്ങനെ. സുതൻ—പുത്രൻ അന്തരം—ഇടയ്ക്ക്. ഭാനു ജന്മാവു്—സൂര്യപുത്രനായ സുഗ്രീവൻ. ബഭാഷേ—പറഞ്ഞു. മദ്വാക്യം—എന്റെ വചനം. പുരാ—പണ്ടു്. കപീനാം കുലം—വാനരവംശം. വൈരം—വിരോധം. പിണ്ഡദാതാവു് അസൗ—പിണ്ഡദാതാവാണു് ഇവൻ. ആവയോഃ—നാം രണ്ടുപേക്കും. ബാല്യം—ബാലചാപലം. നിന്മാനസേ—നിന്റെ ഉള്ളിൽ. മുദാ—സന്തോഷത്തോടുകൂടി. വ്യാപ.....ടും—പ്രവർത്തിക്കും. രാജ്യം പാല്യതാം—രാജ്യത്തെ പാലിച്ചാലും. മേദിനീഭാഗ്യമേ—ഭൂമിയുടെ സുകൃതമേ. തദാ വാചം ഊചേ—അപ്പോഴം വാക്കിനെ പറഞ്ഞു. വലാ.....നൻ—ഇന്ദ്രപുത്രനായ ബാലി. വാനരാണാം—വാനരന്മാക്കു്. പാരം—അധികം. തേ മാനസേ—നിന്റെ ഉള്ളിൽ. മാദൃശാം—എന്നെപ്പോലെയുള്ളവക്കു്. ആശ്രയം—അവലംബം. ഭാനു ജന്മാവു്—സുഗ്രീവൻ. ജാനകീം—സീതയെ. ഉഗ്രനോടു്—ക്രൂരനോടു്. അഗ്രതഃ—മുമ്പിൽ. വിഗ്രഹം—യുദ്ധം. മാമകാൻ പൈതങ്ങളെ—എ

ആകൃതം താവകീനം പരിചിലുടനറി—
ഞ്ഞീജജളന്മാരിരിക്ക—
പ്പോകാ, കേവ തമ്പിരാനേ! കപികളഗതികരം—
ക്കില്ല സാമത്ഥ്യലേശം,
ലോകാനാം നായകാ! നിന്തിരുവടികളഹോ!
നിങ്ങളോടൈക്യമുരക്കൊ—
ണ്ടേകാന്തേ വാണകൊരുവാൻ നിശിതമതികളാ—
യോക്കുമോത്താൽ പ്രമാദം. 91

എന്നാലേതേനുമുണ്ടാം പൊഴുതു പിഴകളി—
ബ്ബാലകാൻ നൽവഴിക്കൽ—
ത്തന്നേ യാത്രാക്കുവാൻ ചേതസി തവ കലരാ—
യ്ക്കേണമേ കോപലേശം.
പുണ്യാബ്ധേ! ഹന്ത! സുഗ്രീവനൊടുമിവനൊടും
നിൻകൃപാവല്ലി ഭേദം
വന്നീടാതേ മുളപ്പാൻ മുഹുരിത തൊഴുതേൻ
നിൻപദം തമ്പിരാനേ! 92

ബാലി സുഗ്രീവാങ്ഗദന്മാരെ രാമങ്കൽ അപ്പിക്കുന്നു:

നാഥാ! കേവം പാലയൈതാവവരജതനയാ''
വെന്നു ചൊല്ലിത്തദാനീ—
മേതൗ ദോർഭ്യാം ഗൃഹീത്വാ സ്വയമവനിപതേ—
രപ്പുയൻ പാണിപദ്മേ
മീതേ മീതേ വരും വേദന മനസി പൊറാ—
ഞ്ഞങ്ങു സുഗ്രീവനോടേ
ജാതാവേഗം പറഞ്ഞാൻ കപികുലപെരുമാൻ
സംസ്പൃശൻ പാണിനാ തം. 93

ന്റെ കുട്ടികളെ. പാലയൻ—രക്ഷിച്ചുകൊണ്ടു്. വാനരാണാം—വാനരന്മാരുടെ. ആലംബമേ—ആശ്രയമായുള്ളോവേ. ഭാനു....ണേ—സൂര്യകുലശ്രേഷ്ഠ.

പദ്യം 91. താവകീനം ആകൂതം—നിന്റെ അഭിപ്രായം. ജളൻ—മൂഢൻ. കപികം—രങ്ങന്മാർ. അഗതികത്വം—ഗതിയില്ലാത്തവർക്കു്. സാമത്ഥ്യലേശം—അല്പംപോലും സാമത്ഥ്യം. ലോകാനാം—ലോകങ്ങൾക്കു്. ഐക്യം—ഏകത്വം. ഏകാന്തേ—തനിച്ചു്. നിശിതമതി—തീക്ഷ്ണബുദ്ധി. പ്രമാദം—തെറ്റു്.

പദ്യം 92. ബാലകാൻ—ബാലകന്മാരെ. ചേതസി—ഉള്ളിൽ. പുണ്യാബ്ധേ—സുകൃതനിലയമായുള്ളോവേ. നിൻകൃപാവല്ലി—നിന്റെ കരുണയാകുന്ന വള്ളി. ഇവനൊടും—അങ്ഗദനോടും. തവ—നിന്റെ. മുഹുഃ—വീണ്ടും. യാത്രാക്കുവാൻ—സഞ്ചരിപ്പിപ്പാൻ.

പദ്യം 93. അവ....യൗ ഏതൗ—അനുജനും പുത്രനും ആയ ഇവർ രണ്ടുപേരെ. പാലയ—രക്ഷിച്ചാലും. തദാനീം—അപ്പോഴും. ഏതൗ—

അവസാനമായി ബാലി സ്വപിതൃദത്തവും ദിവ്യപ്രഭാവത്തോട് കൂടിയതും ആയ മാലയെ കണുകാണ്ഡത്തിൽനിന്നെടുത്തു സഹോദരനായ സുഗ്രീവന്റെ കഴുത്തിൽ അണിഞ്ഞു വഴിപോലെ അനുഗ്രഹിക്കുന്നു:

''സുഗ്രീവാ! ഗൃഹ്യതാം നഃ കുലധനമധുനാ
ഹന്ത! മാലാ[1] ബലാർദ്ധം
കൈക്കൊള്ളാം വൈരഭാജാമിതു പുനരണിയു—
ന്നോക്കു കാണും ദശായാം,
[2]മുഖ്യാമേനാം ഗളേ തേ കനിവൊട കലയാ—
മേഷ ഞാ''നെന്നു ചൊല്ലി—
ത്തദ്ഗ്രീവായാം ബബന്ധ സ്വയമഥ കപിരാ—
ണ്മോചയൻ കണു[3]കാണ്ഡാത്. 94

ബാലിയുടെ കണ്ണുകൾ ശ്രീരാമന്റെ തിരുവുരുവിൽത്തന്നെ ചെന്നു വിശ്രമിച്ചതായി വർണ്ണിക്കുന്നു:

അന്നേരം ഘോരഘോരം മരുവിന ചരമ—
ശ്വാസവാൻ കണ്ണു രണ്ടും
ഖിന്നോ മേന്മേൽ മിഴിച്ചുങ്ങുടലഖിലമെടു—
ത്താശു വീക്കും ദശായാം,
ധന്യേ നാരായണേ മാനവകുലതിലകേ
പൂർണ്ണചന്ദ്രോപമാം പൂ—
ണ്ടന്യൂനം ഭാസമാനേ മുഹുരപി സുദൃഢം
നേത്രമസ്യാലലംബേ. 95

രണ്ടുപേരേയും. ദോർഭ്യാം ഗൃഹീത്വാ—ബാഹുക്കളെക്കൊണ്ടു ഗ്രഹിച്ചിട്ട്. സ്വയം—തന്നെത്താനെ. അവനിപതേഃ—രാജാവിന്റെ. പാണിപദ്മേ—കൈയിൽ. അർപ്പയൻ—കൊടുക്കുന്നവനായി. ജാതവേഗം—സംഭ്രമത്തോ കൊണ്ട്. പാണിനാ തം സംസ്പൃശൻ—കൈകൊണ്ട് അവനെ തടവി

പദ്യം 94. അധുനാ—ഇപ്പോൾ. നഃ കുലധനം—നമ്മുടെ വംശസ്വത്തായ. മാലാ ഗൃഹ്യതാം—മാലയെ സ്വീകരിച്ചാലും. വൈരഭാജാം—വിരോധികളുടെ. ബലാർദ്ധം—പകുതി ശക്തി. കാണും... യാം—കാണുമ്പോൾ. മുഖ്യാം ഏനാം—പ്രധാനമായ ഇതിനെ (മാലയെ). തേ ഗളേ—നിന്റെ കഴുത്തിൽ. ഏഷഃ ഞാൻ—ഈ ഞാൻ. കലയാമി—ഇടുന്നുണ്ട്. കപിരാട്—ബാലി. കണുകാണ്ഡാൽ—തന്റെ കഴുത്തിൽനിന്നു. മോചയൻ—അഴിച്ചെടുത്തു. തദ് ഗ്രീവായാം—അവന്റെ കഴുത്തിൽ. ബബന്ധ—ബന്ധിച്ചു.

പദ്യം 95: ഘോരഘോരം—വളരെ ഭയങ്കരമാംവണ്ണം. ചര....ൻ—അന്ത്യശ്വാസത്തോടുകൂടിയ. ഖിന്നഃ—ദുഃഖിതനായി. അഖിലം—എല്ലാം ആശു—വേഗത്തിൽ. വീക്കും ദശായാം—വീർക്കുമ്പോൾ. ധന്യേ—സുകൃതിയായ. മാന....തിലകേ—മനുഷ്യശ്രേഷ്ഠനായ. പൂർണ്ണ....മാം—

1. മാലാം ബ. 2. കല്യാമേനാം. 3. ണുദ്ദേശാത്.

തോന്നീ പീതാംബരം പങ്കജനയനവുമ—
ശ്ശംഖചക്രാദിനാമം
ചേന്നീടുന്നോരു ദിവ്യായുധവരഗണവും
വാരെഴും ബാഹു നാലും
തോന്നീ തത് കൗസ്തുഭാഖ്യം മണിയമഹിവരാ—
കല്പിതം തല്പവും ചേ—
ലാന്നീടുന്നോരു പാലാഴിയുമഖിലവുമ—
ന്നേരമങ്ങിന്ദ്രസൂനോഃ. 96

ബാലി സ്വർഗ്ഗം പ്രാപിച്ചതായി പ്രസ്താവിക്കുന്നു:

വീരാണാം വീരനായ് വാണവനിയിൽ മുഴുവൻ
ബാലിയെന്നുള്ള കീർത്തി
വാരം വാരം വളർത്തകപിവരനഗരീം
കാത്തു ദോഷ്ണാ തുലോം നാം
പോരാ വിശ്വംഭരായാം മരുവുമനുഭവൈ—
രെന്നു കണ്ടെന്നപോലേ
വാരാളം നാകലക്ഷ്മീമനുഭവിതുമസൗ
നാകലോകം പ്രപേദേ. 97

സുഗ്രീവാജ്ഞപ്രകാരം ബാലിക്കു ചെയ്യേണ്ടതായ അപരക്രിയകളെല്ലാം രാമശാസനമനുസരിച്ചു നടത്തിയതായും സുഗ്രീവൻ കപിരാജ്യത്തിൽ അഭിഷിക്തനായതായും പ്രസ്താവിച്ചുകൊണ്ടു പ്രബന്ധത്തെ ഉപസംഹരിക്കുന്നു:

ഓരോരോ വാനരാണാമതികരുണവിലാ—
പങ്ങളം കേട്ടുള്ളിലേറേ
കാരുണ്യശ്രീ തഴുത്തും മനുകുലപതിത—
ന്നാജ്ഞയാ ശക്രസൂനോഃ

പൂർണ്ണചന്ദ്രന്റെ സാദൃശ്യത്തെ. അന്യനം ഭാസമാനനെ—വളരെ ശോഭിക്കുന്ന. നാരായണേ—നാരായണങ്കൽ. മുഹുഃ അപി—വീണ്ടും. അസ്യ നേത്രം—ഇവന്റെ കണ്ണു്. ദുഃഖം ആലലംബേ—ഉണ്ടായി.

പദ്യം 96. പീതാംബരം—മഞ്ഞവസ്ത്രം. പങ്ക.....വും—താമരക്കണ്ണും. ശംഖ ...ണവും—ശംഖം ചക്രം എന്നെല്ലാം പേരോടുകൂടിയ ദിവ്യായുധസമൂഹവും. ബാഹു—കൈയ്. തത് കൗസ്തുഭാഖ്യം—ആ കൗസ്തുഭം എന്ന പേരുള്ള. അഹി... ല്പവും—സർപ്പരാജനാൽ കല്പിതമായ കിടക്കയും. അഖിലവും—എല്ലാം. ഇന്ദ്രസൂനോഃ—ബാലിക്കു്.

പദ്യം 97. വീര.... നായ്—വീരന്മാരിൽ വീരനായ്. അവനിയിൽ—ഭൂമിയിൽ. കീർത്തിം—യശസ്സിനെ. വാരം വാരം—കൂടക്കൂടെ. കപി....രീം—കിഷ്കിന്ധയെ. ദോഷ്ണാ—ബാഹുബലത്താൽ. വിശ്വം.... യാം—ഭൂമിയിൽ. അനുഭവൈഃ—അനുഭവങ്ങളാൽ. നാകലക്ഷ്മീം—സ്വർഗ്ഗലക്ഷ്മിയെ. അനുഭവിതും—അനുഭവിപ്പാൻ. അസൗ—ഇവൻ (ബാലി). നാകലോകം പ്രപേദേ—സ്വർഗ്ഗലോകത്തെ പ്രാപിച്ചു.

വാരാളം പ്രേതകൃത്യം വിധിയൊടു നിഖിലം
ചെയ്തു നിർദ്ധൂയ ഖേദം
നേരേ സുഗ്രീവനപ്പോളലഭത കപിരാ—
ജ്യേഽഥ പട്ടാഭിഷേകം. 98

പദ്യം 98. വാനരാണാം—വാനരന്മാരുടെ. അതി....ങ്ങം—അധികമായ ദീനരോദനങ്ങം. കാരുണ്യശ്രീ—കൃപ. മനു....യാ—രാമന്റെ കല്പനയനുസരിച്ചു്. ശക്രസുനോഃ—ബാലിക്കു്. പ്രേതകൃത്യം—അപരക്രിയ. നിഖിലം—എല്ലാം. വിധിയോടു്—വഴിപോലെ. ഖേദം—ദുഃഖത്തെ. നിർധൂയ—അകററി. അഥ-പിന്നെ. കപിരാജ്യ—വാനരരാജ്യത്തിൽ. പട്ടാഭിഷേകം അലഭത—പട്ടാഭിഷേകത്തെ ലഭിച്ചു. അഭിഷിക്തനായി എന്നത്ഥം.

ബാലിവധം സമാപ്തം

സുന്ദരകാണ്ഡം

1. ഉദ്യാനപ്രവേശം
2. അംഗ്രലീയാങ്കം

ഉദ്യാനപ്രവേശം

പ്രബന്ധാരംഭത്തിൽ കഥാസൂചനയോടു കൂടിയ മംഗളാചരണം:

[1]സത്യം വല്ലോക്കുമാപത്തുകരം ത്വടിതി വരു—
ന്നേരവും പങ്കജാക്ഷം
ഭക്ത്യാ വിശ്വസ്യ ചിത്തേ കരുതുകിൽ [2]നിഖിലം
ദൂരെ നീങ്ങീടുമല്ലോ[3]
[4]ഉദ്യാനേ രാവണൻതാൻ പ്രണയഹതിരുഷാ
കൊല്ലുവാൻ വാളുമായ—
ങ്ങെത്തുമ്പോഴും രാമ[5]ഭദ്രം മനസി കരുതുമ—
ജ്ജാനകിക്കെന്നപോലെ. 1

രാമായണം സുന്ദരകാണ്ഡകഥയെ ആശ്രയിച്ചുള്ള രണ്ടു പ്രബന്ധങ്ങളിൽ ആദ്യത്തേതാണു് ഉദ്യാനപ്രവേശം പ്രബന്ധം. സുന്ദരകാണ്ഡത്തിലെ 18—22 സർഗ്ഗങ്ങളിലും, ശക്തിഭദ്രകൃതമായ ആശ്ചര്യചൂഡാമണിനാടകത്തിലെ അശോകവനികാങ്കത്തിലും (അഞ്ചാമങ്കത്തിലും) രാമായണം ഇരുപത്തിനാലുവൃത്തത്തിലും ഉദ്യാനപ്രവേശവൃത്താന്തം വർണ്ണിച്ചിരിക്കുന്നുവെങ്കിലും അശോകവനികാങ്കത്തെ ഉപജീവിച്ചാണു് പ്രസ്തുതപ്രബന്ധം നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ഇതു മറ്റു പ്രബന്ധങ്ങളെ അപേക്ഷിച്ചു ലാളിത്യഗുണം കൂടിയതാണു്.

കാമപീഡിതനായ രാവണൻ സീതയെ വശപ്പെടുത്തുവാനായി അശോകവനികോദ്യാനത്തിൽ പ്രവേശിക്കുന്നതും സീതയോടു തന്റെ ഗൃഹിണിയാകാൻ അപേക്ഷിക്കുന്നതും സീത നിരസിക്കുന്നതും തന്റെ പ്രാർത്ഥന ചെവിക്കൊള്ളാത്ത സീതയെ കൊല്ലാനായി വാളുരുന്നതും ഒളിച്ചുനിന്ന മണ്ഡോദരി ഇടപെട്ടു ചന്ദ്രഹാസത്തിൽ പിടികൂടി രാവണന്റെ പ്രവൃത്തിയെ പഴിക്കുന്നതും രാവണനെ അന്തഃപുരത്തിലേക്കു കൊണ്ടുപോകുന്നതും ആണു് പ്രകൃതപ്രബന്ധത്തിലെ പ്രതിപാദ്യം.

പദ്യം 1. സത്യം നിശ്ചയാർത്ഥകം. ഭക്ത്യാ—ഭക്തിയോടുകൂടി. വിശ്വസ്യ—വിശ്വസിച്ചിട്ടു്. പങ്കജാക്ഷം—മഹാവിഷ്ണുവിനെ. നിഖിലം—എല്ലാം. ഉദ്യാനേ—അശോകവനികയിൽ. പ്രണ....ഷാ—പ്രേമഭംഗംകൊണ്ടുണ്ടായ കോപത്താൽ. അർത്ഥാന്തരന്യാസരീതിയിലുള്ള കഥാസൂചനയാണു് പ്രകൃതപദ്യം.

---

1. നൂനം വ. 2. സകലം. 3. മപ്പോഴും. 4. ആരാമേ രാവണോഽയം. 5. മചന്ദ്രം.

ശയനഗൃഹം പ്രാപിച്ച രാവണൻ സീതയെ വശപ്പെടുത്തുവാനുള്ള ഉപായങ്ങളെ ആലോചിക്കുന്നതായി പ്രസ്താവിക്കുന്നു:

വൈദേഹീം നിറമാർന്നശോകവനികാ—
മദ്ധ്യേ നിധായ സ്മരോ—
[1]ന്മാദീ രാക്ഷസചക്രവർത്തി സഹസാ[2]
സംപ്രാപ്യ ശയ്യാഗൃഹം
ജാതാനന്ദമണഞ്ഞഴിഞ്ഞനസരി—
പ്പാനെന്തു[3]പായം നമു—
ക്കേതേനും പുനരെന്ന സന്തതമസൗ
ചിന്തിച്ചിരുന്നീടിനാൻ. 2

സീതയെ കാണുവാനായി അർദ്ധരാത്രിക്കു രഹസ്യമായി യാത്രയ്ക്കു ഒരുങ്ങുന്നു:

പൊൻകൊണ്ടാവതു ചെയ്കയോ പുടവയോ
രത്നങ്ങളോ രാശിയോ
ഭംഗ്യാ നല്ല കലമ്പനോ മണ[4]മുലാ—
വീടുന്ന കസ്തൂരിയോ
ശൃംഗാരദ്രവശീതലാംബു നിറയും
[5]ചെമ്പോ മണിക്കാഞ്ചിയോ
സംഗം ചേർപ്പതിനെന്തു നല്ലവതെടോ
സീതയ്ക്കു ജാതാദരം. 3

ലങ്കാധീശൻ തദാനീം പല പരിചു നിത്യ—
പിച്ചുകണ്ടർദ്ധരാത്രേ
ശൃംഗാരക്കോപ്പു [6]വയ്പിച്ചിനിയ ജനകജാ—
സന്നിധൗ ചെന്നശങ്കം

പദ്യം 2. വൈദേഹീം—സീതയെ. നിറമാർന്ന—രമ്യമായ. അശോ....ധ്യേ—അശോകോദ്യാനത്തിന്റെ നടുക്കു്. നിധായ—വച്ചിട്ടു്. സ്മരാന്മാദീ—കാമപീഡിതനായ. സഹസാ—പെട്ടെന്നു്. അഴിഞ്ഞു്—വ്യാകുലയായി. സന്തതം—എപ്പോഴും. അസൗ—ഇവൻ.

പദ്യം 3. രാശി—സമൂഹം. കലമ്പൻ—മാല. ശൃംഗാ....ബു—ശൃംഗാരരതിനൊത്ത ചന്ദനം പനിനീർ മുതലായ തണുത്ത ദ്രവദ്രവ്യം. മണിക്കാഞ്ചി—മണികളെ പതിച്ച അരഞ്ഞാൺ. സംഗം ചേർപ്പതിനു്—ഇണക്കുന്നതിനു്. ജാതാദരം—ആദരവോടുകൂടി.

പദ്യം 4. തദാനീം—അപ്പോൾ. പലപരിചു്—പലവിധത്തിൽ. അർദ്ധരാത്രേ—പാതിരാത്രി്. ഇനിയ—മനോഹരമായ. ജന.....ധൗ—സീതയുടെ മുമ്പിൽ. അശങ്കം—ശങ്കയെന്നിയെ. ശൃംഗാര....വയ്പിച്ചു്—

1. രോന്മത്തോ. 2. സാ പ്രാപ്യ സശയ്യാ. 3. ന്തുമാർഗ്ഗം നമു. 4. മുലാവും നല്ല കസ്തൂ. 5. ചെമ്പൊന്മണി. 6. വായ്പി.

സംഗം ചേക്കുന്ന നാനാവിധമധുരവചോ—
വൈഭവൈരാശ്വസിപ്പി—
ച്ചംഗീകൃത്യമിന്നേ പുനരിതി സുദൃഢം
കല്പയാമാസ ഗൂഢം. 4

അസ്മദ്വിക്രമചേഷ്ടിതാനി നിഖില—
ത്രൈലോക്യഹേലാജയ—
പ്രഹവീഭൂതസുരാസുരാണി ബഹുശോ
ഭൂമേഃ സുതാ ശ്രുണ്വതീ
പത്യൗ ദോഷകഷായിതേന മനസാ
സ്നിഗ്ധാ മയി സ്ഥാസ്യതി
സ്ത്രീണാം പ്രേമ [1]യദുത്തരോത്തരഗുണ—
ഗ്രാമസ്പൃഹാചഞ്ചലം. 5

വിശദവിവരങ്ങളും പറഞ്ഞു് എല്ലാം ഒരുക്കുന്നതിനു വിദൂഷിഹാനെ ചുമതലപ്പെടുത്തുന്നു:

വിദൂഷിഹാ! വിളിച്ചീടിഹ സകലകലാ—
സുന്ദരം ചന്ദ്രദേവം
മുഗ്ധം തൂവെണ്ണിലാവിൻ നിറമൊളിവു വരു—
ത്തേണമസ്യാം നിശായാം
മുക്താമാണിക്യമാലാമഴകൊട്ട കൊട്ട നീ
ചാരുതാരാഗണാനാ[2]—
മിത്ഥം മാനിച്ചുനാം ഗണമപി സവിധേ
വേണമസ്മാദൃശാനാം. 6

പാരിചാരികമാരെക്കൊണ്ടു ശൃംഗാരപദാർത്ഥങ്ങളെ കാഴ്ചവയ്പിച്ചിട്ടു്. സങ്ഗം ചേക്കുന്ന—ഇണക്കുന്ന. നാനാ....വൈഃ—പലപ്രകാരത്തിലുള്ള മനോഹരവചോവിലാസങ്ങളാൽ. ഇന്നേ—ഇപ്പോഴേതന്നെ. അംഗീകൃത്യം—കൈക്കൊള്ളണം. ഇതി പുനഃ—എന്നിവണ്ണം. ഗൂഢം—രഹസ്യമായി. സുദൃഢം കല്പയാമാസ—നിശ്ചയിച്ചു.

പദ്യം 5. നിഖില. .രാണി—മൂന്നുലോകവും കളിയെന്ന മട്ടിൽ ജയിക്കയാൽ വണങ്ങിയ സുരാസുരന്മാരോടു കൂടിയ. അസ്മ....നി—നമ്മുടെ വീര്യപ്രവൃത്തികളെ. ശ്രുണ്വതീ—കേൾക്കുന്നവളായ. ഭൂമേഃ സുതാ—സീതാദേവി. പത്യൗ—ഭർത്താവിങ്കൽ(രാമങ്കൽ). ദോഷകഷായിതേന മനസാ—വെറുപ്പുള്ളവളായും. മയി—എങ്കൽ. സ്നിഗ്ധാ—സ്നേഹമുള്ളവളായും. സ്ഥാസ്യതി—സ്ഥിതിചെയ്യും (ആയ്ത്തീരും). യത്—എന്തെന്നാൽ. സ്ത്രീണാം—സ്ത്രീകളുടെ. പ്രേമ—പ്രണയം. ഉത്ത....ലം—മേല്ക്കുമേൽ ഗുണസമൂഹങ്ങളെ ഉണ്ടാകുണമെന്നു് ആഗ്രഹംകൊണ്ടു് ഇളകുന്നതാകുന്നു.

പദ്യം 6. ഇഹ—ഇവിടെ. സകല.....ദേവം—എല്ലാകലകളും തികഞ്ഞു മനോഹരനായ ചന്ദ്രനെ. മുഗ്ധം—രമ്യം. ഒളിവു്—ശോഭ.

1. മ ഖല്വു ത്ത. 2. നാമേവം മാ.

സ്വർവേശ്യാ ഗർവ്വഹീനം ചമക, ജനകജാ—
സന്നിധൗ നാം[1] പുറപ്പെ—
ട്ടവ്യാക്ഷേപം നടക്കുംപൊഴതു വഴി തളി—
ച്ചീടുവാനഗ്രഭാഗേ
ഒവ്വാ മണ്ഡോദരിക്കെന്നതു മനസി കള—
ഞ്ഞെന്നെ രക്ഷിക്ക സീതാ—
ചൊവ്വാപ്പൂന്തേൻ വഴങ്ങീടുകിലൊഴിയെ വരാ—
താനതെന്നാലതാസ്ഥാം. 7

പാലൊത്തീടും നിലാവത്തഴകിനൊടു പുറ—
പ്പെട്ട നില്ലും ദശായാം
താലിപ്പെണ്ണുങ്ങളയ്യായിരമൊരുതരമേ
വേണമഗ്രേ സഖേലം
കോലത്താരമ്പനമ്പും തിരുകിയരികിലാ—
കേണമൻപോടു പൊന്നിൻ
താലത്തിൽ കൈവിളക്കിൻനിര നിരവധി വേ—
ണം കരേ കാമിനീനാം. 8

പാടേണം പാർശ്വഭാഗേ [3]മധുരതരഗിരാ
നാരദൻതാൻ വിശേഷി—
ച്ചാടേണം മുമ്പിലാമ്മാറമരപുരചകോ—
രാക്ഷിമാരാത്തഗാനം

അസ്യാം നിശായാം—ഈ രാത്രിയിൽ. ചാരുതാരാഗണാനാം—സുന്ദരികളായ ചന്ദ്രന്റെ ഭാര്യമാരായ നക്ഷത്രങ്ങൾക്കു്. മുക്താമാണിക്യമാലാം—മുത്തും മാണിക്യവും ചേർന്ന മാലയെ. ഋതൂനാം—വസന്താദി ഋതുക്കളുടെ. ഗണം അപി—സമൂഹവും. രൂപം ധരിച്ച എല്ലാ ഋതുക്കളും എന്നർത്ഥം. അസ്മദുശാനാം സന്നിധേ—നമ്മെപ്പോലുള്ളവരുടെ സമീപത്തിൽ.

പദ്യം 7. സ്വർവേശ്യാഃ—രംഭാദി ദേവവേശ്യകൾ. ഗർവ്വഹീനം—അഹങ്കാരം വെടിഞ്ഞു്. ചമക—ഉടനെത്തൊരുങ്ങുക. ജനകജാസന്നിധൗ—സീതയുടെ മുമ്പിൽ. അവ്യാക്ഷേപം—തടവില്ലാതെ. അഗ്രഭാഗേ—മുന്നിൽ. ഒവ്വാ—ഇഷ്ടമായിരിക്കുകയില്ല. മനസി—മനസ്സിൽ. ചൊവ്വാപ്പൂന്തേൻ—അഴകുള്ള വായിലെ പൂന്തേൻ. ആസ്ഥാം—ഇരിക്കട്ടെ. മണ്ഡോദരിക്കു് അഹിതമാണെന്നവിചാരം കൂടാതെതന്നെ രംഭാദിവേശ്യകൾ സീത മയങ്ങത്തക്ക വണ്ണം രാവണന്റെ പുറപ്പാടിനു വേണ്ട മോടി കൂട്ടണം എന്നർത്ഥം. വഴങ്ങീടുകിൽ ഒഴിയെ—അനുവദിക്കാതെ.

പദ്യം 8. താലിപ്പെണ്ണുങ്ങൾ—സുമംഗലികൾ. സഖേലം—വിനോദത്തോടുകൂടി. കോലത്താരമ്പൻ—കാമദേവൻ. കാമിനീനാം—സുന്ദരിമാരുടെ. കരേ—കൈയിൽ.

പദ്യം 9. പാർശ്വഭാഗേ—വശങ്ങളിൽ. മധുരതരഗിരാ—വളരെ

1. ധൗ ഞാൻ. പു. 2. തചോർവാപു. 3. മധുമധുരഗിരാ.

ഗ്രഹം ഭേദിച്ചു സീതാം വിരവൊട്ട വശമാ—
ക്കീടുവാനെന്തു[1]പായം
ഗാഢം നാമിന്നു മറും പലവഴി പെരുമാ-
റേണമിന്നും പ്രകാരം[2]. 9

ചന്ദ്രോദയവർണ്ണനം:

[3]ഇത്ഥം കല്പിച്ചെഴുന്നോറളവുദയഗിരൗ
മെല്ലെമെല്ലെന്നുദിച്ചു
ചിത്താനന്ദം ജനാനാം തെളിവൊട്ട വളരു—
മ്മാറു പീയൂഷധാമാ
പത്താശാന്തേ ചൊരിഞ്ഞീടിന ഹിമകണികാ—
മാലയാ മെല്ലെമെല്ലെ—
ന്നിത്രൈലോക്യം കുളർപ്പിച്ചനുപമപരമാ—
നന്ദസന്ദോഹദായീ. 10

ഗദ്യം 1.

പ്രാചീരമണീവദനംപോലേ
രജനീയോഷാമുകുരംപോലേ
[4]ഐന്ദ്രീകനകത്തോടകണക്കേ
മദനപ്പെണ്ണിൻ താലികണക്കേ
സുരതഗ്രഹരോരെഴുമാവണപോലേ
മന്മഥവരവിലെതിരുത്തു പിടിക്കും
വെൺമുത്തുക്കുട[5]തന്നെപ്പോലേ
മന്ദം പോന്നുദിയായ ശശാങ്കൻ.

സ്വരമാധുര്യത്തോടുകൂടി. അമര.....മാർ—ദേവസ്ത്രീകൾ. ആത്തഗാനം—പാടിക്കൊണ്ടു. സീതാം—സീതയെ. ഗ്രഹം ഭേദിച്ചു—സൂത്രത്തിൽ ഇളക്കി. ഗാഢം—നിശ്ചയമായും.

പദ്യം 10. ഇത്ഥം—ഇപ്രകാരം. ഉദയഗിരൗ—ഉദയപർവതത്തിൽ. ജനാനാം—ജനങ്ങൾക്കു. ചിത്താനന്ദം—മനസ്സന്തോഷം. പീയൂഷധാമാ—ചന്ദ്രൻ. പത്താശാന്തേ—പത്തു ദിക്കുകളിലും. ഹിമ.....യാ—മഞ്ഞുതുള്ളി നിരയാൽ. അനു.....ദായീ—നിസ്തുല്യമായ ആനന്ദാതിശയത്തെ നല്കുന്നവനായി. ത്രൈലോക്യം—മൂന്നു ലോകത്തെയും. ത്രയാണാം ലോകാനാം സമാഹാരഃ ത്രിലോകീ, ത്രിലോകീ ഏവ ത്രൈലോക്യം എന്നു വ്യുത്പത്തി.

ഗദ്യം 1. പ്രാചീരമണീവദനം—കിഴക്കേ ദിക്കായ സുന്ദരിയുടെ മുഖം. രജ.....കുരം—രാത്രിയാകുന്ന സ്ത്രീയുടെ കണ്ണാടി. ഐന്ദ്രീ.... തോട—ഇന്ദ്രദേവതാകമായ കിഴക്കേ ദിക്കാകുന്ന സ്ത്രീയുടെ സ്വർണ്ണത്തോട. സുരതഗ്രഹരോഃ—കാമദേവന്റെ. ആവണ—ഇരിപ്പിടമായ പലക.

1. ന്തു മാത്രം. 2. പ്രകാമം. 3. ഏവം ക. 4. ലക്ഷ്മീകനക. 5. തന്നെപ്പോലെ മന്ദം മന്ദം പോന്നു.

പീയൂഷത്തെളിതന്നിൽ വിളങ്ങും
കർപ്പൂരപ്പൊടി തൂകിനപോലേ
ത്രൈലോക്യത്തിൻ പുഞ്ചിരിപോലേ
പാല്പ്പുടൽ പേംന്നവരുന്നകണക്കേ
പാണ്ഡരഭസ്മം ചിതറിനപോലേ
വെൺകളി[1]യെങ്ങും തേച്ചകണക്കേ
മുത്തുകംകൊണ്ടു വിതച്ചകണക്കേ
കുളർമയിൽ വളരും മധുരനിലാവിൻ
പ്രഭ കണ്ടഖിലനിശാചരനിവഹം
പ്രിയതമമാരൊട്ടു ചേന്നു കളിച്ചു—
ങ്ങഭിനവമധുപാനോത്സവമാന്നു മ—
നോഭവതന്ത്രം പുതുമ പെടുത്തും
പടകളി പലതരമാശു തുടന്നും
നിലവിളി നിവിരെ നടത്തിയുമയ്യാ
പലപല കേളിവിനോദമിയന്നും
പരമാനന്ദപയോനി[2]ധി തന്നിൽ
പരമാത്മനേ നിമഗ്നമശേഷം.

കപാലേ മാർജ്ജാരഃ പയ ഇതി കരാൻ ലേഢി ശശിന—
സ്തരുച്ഛിദ്രപ്രോതാൻ ബിസ ഇതി കരീ സംവലയതി
രതാന്തേ തല്പസ്ഥാൻ ഹരതി വനിതാപ്യംശുകമിതി
പ്രഭാമത്തശ്ചന്ദ്രോ ഗജദിദമഹോ വിഭ്രമയതി. 11

മന്ദം—പതുക്കെ, ശശാങ്കഃ—ചന്ദ്രൻ. ഉദിയായ—മരിച്ചു. പീയൂഷം—അമൃതം. പാണ്ഡരഭസ്മം—വെണ്ണീർ. അഖില .....ഹം—എല്ലാ രാക്ഷസ്ത്രീകളും. പ്രിയതമ—പ്രേയസി. അഭി.....ത്സവം—പുതുമദ്യം കുടിച്ചു രമിക്കുന്ന ഉത്സവം. മനോഭവതന്ത്രം—കാമശാസ്ത്രപ്രയോഗം. പടകളി—യുദ്ധം. ആശു—വേഗത്തിൽ. നിവിരെ—ഉച്ചത്തിൽ. പയോനിധി—സമുദ്രം. പരമാത്മനേ—വാസ്തവത്തിൽ. നിമഗ്നം—മുങ്ങി.

പദ്യം 11. മാർജ്ജാരഃ—പൂച്ച. കപാലേ—ചട്ടിയിൽ. ശശിനഃ കരാൻ—ചന്ദ്രന്റെ കിരണങ്ങളെ. പയഃ ഇതി—പാലാണെന്നു കരുതി. ലേഢി—നക്കുന്നു. കരീ—ആന. തരു.....താൻ—വൃക്ഷങ്ങളുടെ ഇടയിൽ കിടക്കുന്ന (ചന്ദ്രകിരണങ്ങളെ). ബിസഃ ഇതി—താമരവളയമാണെന്നു കരുതി. സംവലയതി—ചുറ്റിപ്പിടിക്കുന്നു. വനിതാ അപി—രതാന്തേ—സുരതാവസാനത്തിങ്കൽ. അംശുകം ഇതി—വെൺപട്ടവസ്ത്രമാണെന്നു കരുതി. ഹരതി—വലിച്ചെടുക്കുന്നു. പ്രഭാമത്തഃ—കാന്തിയാൽ മദിച്ചവനായ. ചന്ദ്രഃ—ചന്ദ്രൻ. ഇദം ജഗത്—ഈ ലോകത്തെ. വിഭ്രമയതി—ഭ്രമിപ്പിക്കുന്നു. അഹോ ആശ്ചര്യം. ഈ പദ്യം ഭാസനാടകചക്രത്തിലുള്ളതാണ്.

1. ളിയൊഴെ തേ. 2. യോധി.

ചന്ദനചർച്ചാ കുചയോർ—
ധമ്മില്ലേ മല്ലികാദാമ
ക്ഷൗമം നിതംബബിംബേ
ചന്ദ്രകരാഃ ക്ഷാമമദ്ധ്യാനാം. 12

ജ്യോത്സ്നാകന്ദളസാന്ദ്രചന്ദനരസ[1]—
സ്ഥാസൈർ ദിശായോഷിതാം
കുർവ്വാണഃ പരികർമ്മ നർമ്മസചിവഃ
കന്ദർപ്പഭൂപതേഃ
നിദ്രാണാം പ്രതിബോധയൻ കുമുദിനീം
പീയൂഷധാരാളയാ
മൂർത്ത്യാ വിശ്വവിലോചനാനി സുഖയൻ
ദേവോ ബഭൗ ചന്ദ്രമാഃ. 13

രാവണൻ അശ്വതിമുതൽ പുനർവരെയുള്ള നക്ഷത്രങ്ങളെ തന്നെ സഹായിക്കാൻ ക്ഷണിക്കുന്നു.

മുന്നം പൗലോമിതൻ പേലവകരതളിരാൽ
മാനിതം നല്ല പുത്തൻ—
പൊന്നിൻ കണ്ണാടി കൈക്കൊണ്ടഴകൊട തിരുമുൽ—
ക്കാഴ്ച വെച്ചീടുവാൻ നീ
വന്നീടെൻ പൂർണ്ണചന്ദ്രപ്രഥമമഹിഷി മേ—
ളം കലർന്നിങ്ങുപാന്തേ
ധന്യേ! സീതാപ്രസാദത്തിനു തൃണപെടുമാ—
റശ്വിനീ വിശ്വരമ്യേ! 14

പദ്യം 12. ചന്ദ്രകരാഃ — ചന്ദ്രകിരണങ്ങളും. ക്ഷാമ മദ്ധ്യാനാം—കൃശോദരിമാർക്കു്. കുചയോഃ—മുലകളിൽ. ചന്ദനചർച്ചാ—ചന്ദനംകൊണ്ടുള്ള പൂച്ചായി. ധമ്മില്ലേ—തലമുടിക്കെട്ടിൽ മല്ലികാദാമ—മുല്ലമാലയായി. നിതംബബിംബേ—പൃഷ്ഠഭാഗത്തിൽ. ക്ഷൗമം—വെൺപട്ടായി.

പദ്യം 13. കന്ദർപ്പഭൂപതേഃ—കാമദേവനാകുന്ന രാജാവിനു്. നർമ്മസചിവഃ—രഹസ്യമിത്രമായ. ചന്ദ്രമാഃ ദേവഃ—ചന്ദ്രദേവൻ. ജ്യോത്സ്നാ....സ്നൈഃ—കിരണങ്ങളാകുന്ന ചന്ദനക്കുഴമ്പു പൂശിയിട്ടു്. ദിശായോഷിതാം—ദിക്കുകളാകുന്ന സ്ത്രീകൾക്കു്. പരികർമ്മ കുർവ്വാണഃ—പരിചരണം ചെയ്യുന്നവനായും. നിദ്രാണാം—ഉറങ്ങുന്ന. കുമുദിനീം—ആമ്പൽപ്പെണ്ണിനെ. പ്രതിബോധയൻ—ഉണർത്തുന്നവനായും. പീയൂഷധാരാളയാ—അമൃതു് അധികമായി പെയ്യുന്ന. മൂർത്ത്യാ—ആകൃതികൊണ്ടു്. വിശ്വവിലോചനാനി—എല്ലാവരുടെ കണ്ണുകളെയും. സുഖയൻ—ആനന്ദിപ്പിക്കുന്നവനായും. ബഭൗ—ശോഭിച്ചു.

പദ്യം 14. പൗലോമി—ഇന്ദ്രാണി. പേലവം—മൃദു. മാനിതം—ബഹുമാനിക്കപ്പെട്ട. പ്രഥമമഹിഷി—മുഖ്യഭാര്യ. ഉപാന്തേ—സമീ

1. സസ്യന്തൈർ

മുശ്ധേ! ദൂരത്തു നില്പായ്തരികിൽ വരികെടോ
ജാനകീദർശനേ നീ—
യത്രേ മിത്രം നിരസ്താമയ മതിന തുണ—
ച്ചീടു മുൽപാടിദാനീം
കയ്ത്താരിൽ ചേത്തു മേന്മേൽ പെരിയ പരിമളം
പോയ്തരന്നോരു പുത്തൻ—
കസ്തൂരീകർദ്ദമപ്പുമ്പരണിഭരണിയാം
മാനിനീമൗലിമാലേ! 15
വാർതേടും മല്ലികപ്പൂംപരിമളബഹളാം
മാലികാം[1] മാലിണങ്ങും
വൈദേഹീ[2]ബാലനീലക്കരിമിഴിമുരികിൻ
ചാത്തിനെ പ്രീണയന്തീം
ആ[3]ദായാനന്ദവാപീസലിലലഹരികേ!
പോരടുത്തിങ്ങു രാകാ—
ശീതാംശോരാകുലാലോകനമധുരസുധാ—
വാത്തികേ കാത്തികേ! നീ. 16
[4]വാത്താർവാണൻപടക്കൊട്ടിലിൽ മികവു പുക—
ഴ്കൊണ്ട പൂണ്ണേന്ദുസാന്ദ്ര—
പ്രീത്യാ പേത്തും പുണന്നീടിന നിരുപമശൃം—
ഗാരമംഗല്യരൂപേ!

പത്തു്. ധന്യേ—കൃതാത്ഥേ. സീതാപ്രസാദത്തിനു്—സീതയെ തെളിയിപ്പാൻ. വിശ്വരമ്യേ—ലോകമനോഹരേ. അശ്വിനി—അശ്വതി.

പദ്യം 15. മുശ്ധേ—സുന്ദരി. ജാനകീദർശനേ—സീതയെ കാണുന്ന കാര്യത്തിൽ. മിത്രം—തോഴി. നിരസ്താമയം—ദുഃഖമെല്ലാം തീർത്തു്. ഇദാനീം—ഇപ്പോഴേ. പരിമളം—വാസന. കസ്തൂരീകർദ്ദമം—കസ്തൂരിക്കളി. മാനി....ലേ—മാനവതികളിൽ ശ്രേഷ്ഠയായുള്ളോവേ.

പദ്യം 16. വാർ—ഭംഗി. ബഹളാം—അധികമായ. വൈദേഹി—സീത. പ്രീണയന്തീം—സന്തോഷിപ്പിക്കുന്ന. ആദായ—എടുത്തിട്ടു്. ആന.. കേ—ആനന്ദമാകുന്ന ജലാശയത്തിലെ ജലത്തിന്റെ ചെറിയ തിരമാല. രാകാഗീതാംശോഃ—പൂർണ്ണചന്ദ്രന്റെ. ആക.....കേ—പരവശമായ നോട്ടത്തിനു സുഖദമായ അമൃതമയമായ മഷിക്കളട്ടിന്റെ തിരിയായുള്ളോവേ.

പദ്യം 17. വാത്താർ(വാ)ബാണൻ—കാമദേവൻ. മികവു്—ശ്രേഷ്ഠത. സാന്ദ്രപ്രീത്യാ—വളരെ പ്രീതിയോടുകൂടി. നിരു.....പേ—നിസ്തുല്യമായ ശൃങ്ഗാരത്തിന്റെ മങ്ഗലാകൃതിയായുള്ളോവേ. ആസ്താം—ഇരി

1. കാം മേലണിഞ്ഞും വൈ. 2. ഹീലോലനീല. 3. മോദേം. 4. പൊൽതാർ ബാ.

ആസ്താം മാണിക്യമാലാ പുനരിയമയി നിൻ—
പാണിയിൽ പ്രാണനാഥാ—
ഗാത്രാലോകേ പുതുപ്രാപ്തമിതു മദനദ്രോഹിണോ രോഹിണീ! മേ. 17
നീ ശൃംഗാരക്കുറിക്കുട്ടെ മകയിരമേ!
മംഗലാമോദപാഥോ—
രാശേരാലോലവീചീനിരയിലുലകിടം
മുങ്ങുമാറങ്ങുപാന്തേ
ആശങ്കേ തിങ്കളല്ലോ കുലപതി ജനക—
ന്നാകയാൽ നിങ്ങയം വീത—
വ്യാജം ചെന്നും പറഞ്ഞീടുകിലിഹ രമതേ
തത്സുതാ മത്സമീപേ. 18
തുവെണ്മുത്തരികൊണ്ടു തീർത്ത തുടർകൊ—
ണ്ടത്യുജ്ജ്വലം കൈത്തലേ
നീ മാണിക്യമണിക്കരണ്ടകമെടു—
ത്തുംകൊണ്ടഖണ്ഡാദരം
വാ വാ നിന്തിരിവാതുരേ മയി കൃപാ—
ലേശം കലർന്നില്ലയോ
മേവുന്നു തിരുവാതിരേ! ജനകജാ—
ലോകായ നാം പോകയോ? 19
എന്നും നീ വേണമത്രേ നൃപസുതയെ വശ—
ത്താക്കുവാനേതു ചെയ്യും
ധന്യേ! കേവം വല്ലവക്കും വ്യസനദശയില—
ങ്ങല്ലുടയാ ബന്ധു വേണ്ടേ?

ക്കട്ടെ. ഇയം മാണിക്യമാലാ പുനഃ—ഈ മാണിക്യംകൊണ്ടുള്ള മാലയാകട്ടെ. പാണി—കൈയ്. പ്രാണ.....കേ—പ്രേയസിയുടെ ശരീരദർശനത്തിൽ. പ്രാപ്തം—കാഴ്ചവസ്തു. മദനദ്രോഹിണഃ—മന്മഥനാകുന്ന ശത്രുവിനു്. മേ—എനിക്കു്.

പദ്യം 18. മംഗ.....ശേഃ—നല്ല സുഗന്ധമാകുന്ന സമുദ്രത്തിന്റെ ആലോലവീചീനിര—ഇളകുന്ന തിരമാലയുടെ പങ്ക്തി. ആശങ്കേ—ഞാൻ ഊഹിക്കുന്നു. തിങ്കളല്ലോ കുലപതി—ചന്ദ്രനാണു് കുലകൂടസ്ഥൻ. ജനകൻ ചന്ദ്രവംശ്യനാണു്. രമതേ—രമിക്കും. വീതവ്യാജഃ—പരമാർത്ഥത്തിൽ. തത്സുതാ—ജനകപുത്രി. മത്സമീപേ—എങ്കൽ.

പദ്യം 19. മുത്തരി—മുത്തുമണി. അത്യുജ്ജ്വലം—വളരെ ശോഭയോടുകൂടി. കൈത്തലേ—കരതലത്തിൽ. കരണ്ഡകം—ചെപ്പു്. അഖണ്ഡാദരം—ആദരവു കുറയാതെ. ആതുരേ—കാമപീഡിതനായ. മയി—എങ്കൽ. മയി കൃപാലേശം കലർന്നില്ലയോ നിന്തിരിവു് (നിന്റെ ഗതി) എന്ന ന്യായം. ജനകജാലോകായ—സീതയെ കാണുവാനായി.

1. ശ്വേതല്ലോല.

എന്നാൽ വന്നെന്നുപാന്തേ വെളുവെളെ വിലസും
നല്ല താംബൂലപൂണ്ണം
പൊന്നിൻതവ്വക്കെടുത്തീടിനിയ പുണർതമേ!
ജാനകീദർശനേ നീ. 20

ചിത്രം ചേരും മണിക്കല്പകളതനു പതി—
ച്ചീടെഴും നല്ല പൊന്നിൻ—
പുത്തൻകാളാഞ്ചി കണ്ടോണ്ടുത്കരമനോ—
രാജ്യസാമ്രാജ്യരേഖേ!
മുദ്ധേ വന്നീടപാന്തേ പുതുമയൊടയി സീ—
താവലോക തുണപ്പാൻ
പൊൽത്താർവാണോത്സവാഡംബരനവനവപീ—
യൂഷമേ പൂയമേ! നീ. 21

രാവണൻ ഉദ്യാനത്തിലേക്കു പോകാൻ പുറപ്പെട്ടപ്പോൾ ചിത്താകർഷകങ്ങളായുള്ളവയെല്ലാം അവിടെ കൊണ്ടുവരപ്പെട്ടതായി പ്രസ്താവിക്കുന്നു:

ഗദ്യം 2.

ഹര ഹര ഘോഷമശോ[1]കാരാമേ
രാക്ഷസനാഥൻ പോവാൻ തുനിയു—
ന്നേരം പൂരേ വെങ്കററക്കുട
വെഞ്ചാമരകം [3]വിചിത്രപ്പെട്ടികം
മണിപീഠങ്ങം മണിത്താലികളെ—
ന്നിത്തരമോരോ ഭേദം മണിമയ—
ശിബികകം പള്ളിത്തണ്ടുകളാനകം
കുതിരകം പല്ലക്കുകളും വെള്ളി—
ക്കാളാഞ്ചികളും പല[4] പല പൊന്നിൻ
കാളാഞ്ചികളും കുമ്പിളു,മിന്ദ്ര—
ക്കുടയും ചന്ദ്രക്കുടയും ചമ്പക—
മാലക്കുടയും കൊമ്പും പൊന്നിൻ

പദ്യം 20. നൃപസുത—രാജപുത്രി. ഉപാന്തേ—അടുത്തു്. തവ്വക്കു്—വെറ്റിലത്തട്ടു്. ജാനകീദർശനേ—സീതയുടെ ദർശനത്തിൽ.

പദ്യം 21. ചിത്രം—ആശ്ചര്യം. അതനു—അധികം. കാളാഞ്ചി—കോളാമ്പി. അമു.....രേഖ—ചന്ദ്രന്റെ മനോരാജ്യമാകുന്ന സാമ്രാജ്യത്തിന്റെ അതിരു്. മുദ്ധേ—സുന്ദരി. സീതാവലോകേ—ജാനകീദർശനത്തിൽ. പൊൽ....യൂഷം—കാമദേവന്റെ ഉത്സവാഡംബരത്തിന്റെ പുതുപുത്തൻ അമ്പതു്.

ഗദ്യം 2. ഹരഹര—ആശ്ചര്യദ്യോതകം. അശോകാരാമേ—അശോകവനികയിൽ. പൂരേ—ഘോഷത്തിൽ. ശിബിക—മേനാവു്. കാ

1. ശോകോദ്യാനേ രാ. 2. സരാജൻ. 3, 4 ചി.

കാഹള,മമൃതവിരാവിണി പൊന്നിൻ
ചിന്നം ചീനകടഴലും വീണക—
ളോരോന്നൊരുവക, നിരവധി വിബുധ—
സ്ത്രീകളം ചമഞ്ഞൊരു ഭാഗേ വിദ്യാ—
ധരികളുടനത്തൊരു ഭാഗേ കിന്നര—
രാക്ഷസനഗരിവേശവിലാസിനി—
മാരുണ്ഡഗ്രേ പാത്താൽ പൊന്നിൻ
തളികകളം വെള്ളിയുളികകളിത്തര—
മോരോ തളികയിൽ നിറയരുമും
ജാല കലന്ന വിചിത്രവിളക്കുകളം
സാഹസ്രികാ സാഹസ്രിക ശത—
സാഹസ്രികകളയന്ന വിളക്കുകളം
അംബരദീപം ദീപസ്തംഭം
മന്നർമനോഹരി വിശ്വവിലാസിനി
സുഖദീപം ഭംഗവിരോധികളം
കർപ്പൂരത്തിരി കസ്തൂരിത്തിരി
കുങ്കുമവത്തികളിത്തരമിട്ട പി—
ടിച്ചിട്ടം ചില പരിമളദീപം;
വെള്ളിച്ചെപ്പുകളം പൊന്നിൻ ചെപ്പുകളം
രത്നംകൊണ്ട [1]കടഞ്ഞൊരളക്കുകളം
വട്ടപ്പെട്ടികളം ഭംഗി കലന്നൊരു
ചെമ്പകമാല കറിക്കുട്ടോരോ—
ന്നോരോ ഭംഗ്യാ വിലസീടുന്നു;

മാനിനീമാദനം മദനസമ്മർദനം
കാമഹല്ലോഹലം കാമകോലാഹലം
കരണകരിവേഷ്ടനം ദർപ്പകഭ്രാമകം

ഹളം—കൊമ്പുവാദ്യം. അമൃതവിരാവിണി—മധുരമായി ശബ്ദിക്കുന്ന വാദ്യം. ചിന്നം—വാദ്യവിശേഷം. വിബുധസ്ത്രീകളം—ദേവസ്ത്രീകളം. ഒരു ഭാഗേ—ഒരുവശത്തു്. വിദ്യാധരി—വിദ്യാധരസ്ത്രീ. വിദ്യാധരന്മാർ ദേവയോനികളം. കിന്നരന്മാരുടെയും രാക്ഷസന്മാരുടെയും പട്ടണത്തിലുള്ള സുന്ദരിമാരായ വേശ്യകളം. കിന്നരന്മാരും ദേവയോനികളം. അഗ്രേ—മുമ്പിൽ. സാഹസ്രികദശസാഹസ്രികശതസാഹസ്രിക—ആയിരം പതിനായിരം ലക്ഷം എന്ന കണക്കിനു തിരികളം ഇട്ടു കത്തുന്ന വിളക്കുകളം. അംബരദീപം—ആകാശത്തിൽ കത്തുന്ന വിളക്കു്. ഭംഗവിരോധികളം—വണ്ടിനെ മുടിക്കുന്നവ. വത്തി—തിരി. മാനിനീമാദനം തുടങ്ങി പരയുവതിമോഹനംവരെ കറിക്കുട്ടുക

1. കടഞ്ഞ വിളക്കു. 2. ഭ്രാമകം.

കാമുകാനന്ദനം പരയുവതിമോഹനം
മറ്റുമിത്യാദിഭേദേന നാനാവിധം;

പരിമളധൂപം പലതരമയ്യാ
പരിചിൽ കരധൃതവെഞ്ചാമരകളി—
ളക്കം നേരം ഘുമുഘുമിനെന്നു[1] വ—
രുന്നൊരു സൗരഭമിടയിടയിൽ മ—
റു ചിലേടം ചില പനിനീർക്കുപ്പികൾ
വെട്ടിയുടച്ചു [2]തളിച്ചു കളിച്ചും
ചവ്വാതാശു കൊടുത്തുകൊടുത്തും
നല്ല കലമ്പൻപെട്ടി തുറന്നും
മുല്ലപ്പൂമണിമാലയെടുത്തും
കസ്തൂരിക്കളി പിഞ്ഞാണങ്ങളി—
ലൊക്കെ നിറച്ചു വടിച്ചും തേച്ചും
വിലസീടന്ന പട്ടകളോരോ—
ന്നെത്ര മനോഹരമരികേ മുന്നിൽ
പൊന്നിൻ തവ്വക്കുകളിലൊരോതര—
മാഭരണൗഘം[3] കൈശികമാലാ
സീമന്തപ്പണി മരതകമാലാ
രത്നത്തൊട്ടുകറിമാല ചെവിപ്പൂ
താടങ്കം മണികുണ്ഡലനിരയും
കാഞ്ചനകുസുമം നാസാമണി പുന—
രധരവിലേപനമിത്തരമോരോ
നാരീകരകമലോദരനിഹിതമ
സംഖ്യം[4] പതനത്തട്ടകമം[5] കതിനകമം
കട്ടിലൊരോരോതര—
മാസനശായികപൂമെത്തകളും

ളുടെ പേരുകൾ. കരധൃത——കൈയിൽ ധരിക്കപ്പെട്ട. സൗരഭം—വാസന. ആശു—ഉടൻ. കലമ്പൻപെട്ടി—മാലകൾ വെയ്ക്കുന്ന പെട്ടി. കസ്തൂരിക്കളി—കസ്തൂരിക്കുഴമ്പ്. ആഭരണൗഘം—ആഭരണസമൂഹം കൈശികമാല—മുടിക്കെട്ടിൽ അണിയുന്ന മാല. സീമന്തപ്പണി—നെറുകയിൽ അണിയുന്ന ഭൂഷണം. താടങ്കം—ഒരു കണ്ണഭൂഷണം. നാസാമണി—മൂക്കുത്തി. അധരവിലേപനം—ചുണ്ടിൽ തേയ്ക്കുന്നതു്. നാരീ.....ഹിതം—സ്ത്രീകളുടെ കൈയ്ക്കുത്തു വയ്ക്കപ്പെട്ടതു്. പതനത്തട്ടകം കതിനകം—വെടിക്കെട്ടിനുള്ള സാധനങ്ങൾ. ആസനശായിക—ചാരുകസേരയുടെ

1. നുടനവിടെ പ്രസൂമരസൗരഭമിടയിൽ. 2. തളിച്ചു തളി. 3. ഘം തവ്വാക്കുകളിൽ മുന്നിൽ പലപല വിലസീടുന്ന കൈശി. 4. ഖ്യം തന്നെ പത. 5. കം കട്ടിലൊരോന്നേ കട്ടി.

ഫണിമെത്തകളം പനിനീർകലശം[2]
പത്തു കരത്തിൽ ഫാണിതപിണ്ഡം
പിണ്ഡാലക്തകമിള്ളലി സുഹൃയൻ
മുന്തിങ്ങാപ്പഴമിത്തരമോരോന്നോരോ ഭേദം.

രാവണൻ കാമദേവനെ മനസ്സുകൊണ്ടു വഴിപാടു നേർന്നിട്ടു സീതയുടെ മുമ്പിൽ നിലത്തുതന്നെ ഇരുന്നതായി വർണ്ണിക്കുന്നു:

ആലോലാകൃതി രാക്ഷസാധിപതിതാൻ
ഗ്രുഡ്രോദരേ ശിംശപാ—
മൂലേ ചെന്നു മനോഭവന്നു മനസാ
നേന്നാശു മാരോത്സവം
നീലാംഭോദച്ഛയോപമോ വെറുനില—
ത്താമ്മാറു നിശ്ശങ്കമാ—
യോലക്കത്തിൽ വിദേഹരാജതനയാം
മുന്നിട്ടിരുന്നീടിനാൻ. 22

ദുഃഖിതയായ സീത, കാമാന്ധനായി വന്ന രാവണനു താൻ വശപ്പെട്ടില്ലെങ്കിൽ അവൻ തന്നെ കൊന്നതിന്നുകളയും എന്നുപോലും ഭയന്നവളായി തല മുടികൊണ്ടു ശരീരവും കൈകൊണ്ടു മുഖവും മറച്ചു് ഇരുന്നതായി പ്രസ്താവിക്കുന്നു:

മാപാപിപ്പൊണ്ണനെന്നെപ്പരിഭൊട്ട പിലയാ—
ട്ടുണ്ടിതെന്നങ്ങു കല്പി—
ച്ചാപത്തിന്നായ് വരുന്നു ശിവശിവ രഘുനാ—
ഥൻ ധരിച്ചീടുകില്ലാം
കോപാത്മാ കൊന്നതിന്നുണ്ടിവളെ വശതയി—
ല്ലായ്കിലെന്നോ വിശേഷാൽ
താപം പൂണ്ടങ്ങിരുന്നാം കലയുവതി തദാ
മൈഥിലീ മംഗലാംഗീ. 23

മാതൃകയിലുള്ള കട്ടിൽ. ഫണിമെത്ത—പാളിവെച്ചു തുന്നിയ മെത്ത. ഫാണിതപിണ്ഡം—കല്ക്കണ്ടം. പിണ്ഡാലക്തകം—കട്ടിയാക്കിയ ചെമ്പഞ്ഞിച്ചാറു്. ഓരോ ഭേദം—ഒരോവിധം.

പദ്യം 22. ആലോലാകൃതി—അഴകുള്ള ആകൃതിയോടു കൂടിയവനും. നീലാ....മഃ—മഴക്കാറിനു തുല്യമായ നിറമുള്ളവനും. ഗ്രുഡ്രോദരേ—മറച്ച മധ്യഭാഗത്തോടുകൂടിയ. ശിംശപാമൂലേ—ശിംശപാവൃക്ഷത്തിന്റെ ചുവട്ടിൽ. മനോഭവന്നു്—കാമദേവന്നു്. മനസാ—മനസ്സുകൊണ്ടു്. ആശു—ഉടൻ. മാരോത്സവം—സുരതോത്സവത്തെ. നിശ്ശങ്കമായി—ശങ്കകൂടാതെ. ഓലക്കത്തിൽ—ഭംഗിയായി. വിദേഹരാജതനയാം—സീതയെ.

പദ്യം 23. പിലയാട്ടു്—വ്യഭിചാരം. വശതയില്ലായ്കിൽ—വശപ്പെ

1. മണിമെ. 2. ശം ഫാണി.

സീതാ നീലപ്പനംപൂക്കുലയൊടെതിരിട്ടം
കൈശികേ ഗാത്രവല്ലീ—
മാതാമ്രാം മൂടി വാടീടിന കരതളിർകൊ—
ണ്ടാനനം ഛാദയന്തി
നാഥം ചേതോഭിരാമം ദശരഥതനയം
ഭാവയന്തീ വിഭിന്ന—
സേദാർദ്രാകുഞ്ചിതാംഗീ സഭയമുടനിരു—
ന്നീടിയാളഢ്യഖേദം. 24

അങ്ങുമിങ്ങും വന്നുനിന്ന ദേവസ്ത്രീകളെ കണ്ണുകൊണ്ടു സൂചനചെയ്തു സീതയെ ആശ്വസിപ്പിക്കുന്നതായും രാവണൻ താംബൂലോപചാരപൂർവ്വം സീതയോടു പ്രണയപ്രാർത്ഥന ചെയ്തുതുടങ്ങുന്നതായും പ്രസ്താവിക്കുന്നു:

അന്നേരം ചുറ്റുമുറ്റായമരപുരചകോ—
രാക്ഷിമാരങ്ങുമിങ്ങും
നിന്നു കൺകൊണ്ടു സീതാമിടയിട വടിവോ—
ടാശ്വസിപ്പിച്ചു ദൂരേ
പൊന്നും തവ്വാക്കിലാമ്മാറതിസുരഭിലമാ—
പൂര്യ താംബൂലമന്യൈ
ഖിന്നാത്മാ കാഴ്ചയും വെച്ചസകലപദനി—
ഷ്യന്ദിനീം വാചമൂചേ. 25

രാവണന്റെ പ്രണയപ്രാർത്ഥനയും പ്രലോഭനങ്ങളും പ്രഭാവകീർത്തനങ്ങളും സീതയുടെ മാണ് ചേർച്ചയുള്ളതു് എന്ന നിരൂപണങ്ങളും:

''ത്രൈലോക്യസുന്ദരി! മനോഭവവീരമാലേ!
നീലാരവിന്ദമിഴി! നിർമലഗാത്രരേഖേ!
ലീലാനിധേ! സുരതകൈരവചന്ദ്രികേ! നീ
മാലാതു തീർത്തരുളം വിദേഹസുതേ! മദീയം. 26

ട്ടന്നില്ലെങ്കിൽ. തദാ—അപ്പോഴും. താപം—ദുഃഖം.

പദ്യം 24. കൈശികേ—തലമുടിക്കെട്ടത്തിൽ. ആതാമ്രാം—താമ്രവർണ്ണമായ. ഗാത്രവല്ലീം—ശരീരലതയെ. ആനനം—മുഖത്തെ. ഛാദയന്തീ—മറയ്ക്കുന്നവളായി. ചേതോഭിരാമം—മനസ്സിനു രമ്യനും. ദശ ...യം—ദശരഥപുത്രനും ആയ. നാഥം—ഭർത്താവിനെ. ഭാവയന്തീ—ധ്യാനിക്കുന്നവളായി. വിഭിന്ന ...ഗീ—പൊടിഞ്ഞുവരുന്ന വിയർപ്പുതുള്ളികളാൽ നനഞ്ഞു് അല്പം കുനിഞ്ഞ ശരീരത്തോടുകൂടിയവളായി. സഭയം—ഭയത്തോടുകൂടി. ഊഢഖേദം—ദുഃഖത്തോടുകൂടി.

പദ്യം 25. അമര... ക്ഷിമാർ—ദേവസ്ത്രീകളും. സീതാം—ജാനകിയെ. അതിസുരഭിലം—വളരെ മണമുള്ള. ആപൂര്യ—നിറച്ചു്. അന്യൈ—ഇവൾക്കായി. ഖിന്നാത്മാ—ദുഃഖിതനായി. അസക ...നീം—എല്ലാ പദങ്ങളും സ്പഷ്ടമാകാതെ പുറപ്പെടുന്ന. വാചം ഊചേ—വാക്കിനെ പറഞ്ഞു.

പദ്യം 26. സുരത....കേ—സുരതമാകുന്ന ആമ്പൽപ്പൂവിനു നിലാവായുള്ളോവേ. മദീയം—എന്റെ.

നീയെന്തങ്ങോട്ടു നോക്കുന്നതു ജനകസുതേ!
രാവണൻ ഞാനിദാനീം
മായം കൂടാതവണ്ണം പലവക ധനവും
കൊണ്ടു കാണ്മാൻ വരുന്നു
പോയാലൊട്ടും പൊറുപ്പാൻ പണി തവ വിരഹേ
മാരതാപാതിരേകാൽ
കായക്ലേശം വരുത്തായ്കയി മമ, ഭുവനം
മൂന്നിനും തമ്പിരാൻ ഞാൻ. 27

ഐശ്വര്യശാലി ദശകന്ധരനോമലേ! ഞാൻ
വിശ്വൈകരമ്യതനുവല്ലരി ജാനകീ നീ
വാച്ചോരു യൗവനമതിന്നിരുവർക്കുമൊക്കും
കച്ചാന്ന കൊങ്ക പുണർവാൻ തരികോമലേ! നീ. 28

ശൃംഗാരകോമളമനോഭവമന്ദിരം നീ
ഹുങ്കാരശൗര്യവിഭവോച്ചനികേതനം ഞാൻ
അംഗീകൃതാംഗനവഭംഗികളം നമ്മിലൊക്കും
കച്ചാന്ന കൊങ്ക പുണർവാൻ തരികോമലേ! നീ. 29

സാരസ്യകേളിമണിമംഗളമന്ദിരം നീ
വീരക്ഷിതീശ്വരശിഖാമണി ബാലികേ! ഞാൻ
ചാരുത്വമെന്നതു നമുക്കിരുവർക്കുമൊക്കും
പാരിച്ച കൊങ്ക പുണർവാൻ തരികോമലേ! നീ. 30

മത്തൈരാവതകുംഭഭേദനഹര, മി—
പ്പോർകൊങ്ക മൽക്കൈകളം
തദ്വൽ പൂണ്മതിനോത്തു കാൺകൊരുതരം
വന്നേറ്റു ധന്യാംഗി നീ

പദ്യം 27. ഇദാനീം—ഇപ്പോൾ. തവ—നിന്റെ. വിരഹേ—വിയോഗത്തിൽ മാര ...കാതു—കാമപീഡാധിക്യത്താൽ. കായം—ശരീരം. മമ—എനിക്കു്.

പദ്യം 28. ദശകന്ധരൻ—രാവണൻ. വിശ്വൈ....രി—ഭുവനസുന്ദരമായ ശരീരലതയോടു കൂടിയ. കച്ചാന്ന—വസ്ത്രംകൊണ്ടു മറച്ചു അല്പെങ്കിൽ ആഭരണം അണിഞ്ഞ.

പദ്യം 29. ശൃംഗാ....രം—ശൃങ്ഗാരത്താൽ രമ്യനായ കാമദേവന്റെ ഇരിപ്പിടം. ഹുങ്കാ....നം—ഹുങ്കാരത്തോടു കൂടിയ ശൗര്യപ്രൗഢിക്കു് ഉന്നതസ്ഥാനം. അംഗീ....കം—സ്വാധീനമായ ശരീരശോഭകളം. ഒക്കും—യോജിക്കും.

പദ്യം 30. സാരസ്യ....രം—രസമായ ക്രീഡയ്ക്കു് മണിമയമായ മങ്ഗലഗൃഹം. വീര....ണി—വീരന്മാരായ രാജാക്കന്മാരിൽ ശ്രേഷ്ഠൻ. ചാരുത്വം—മനോഹരത.

പദ്യം 31. മത്തൈ....രം—മദിച്ച ഐരാവതത്തിന്റെ (ദേവേന്ദ്ര

ബദ്ധോന്മാദമെഴും കുലാചലമിള—
ക്കും കൊങ്ക മൽക്കൈകളും
തദ്വ,ന്മൈഥിലി ദൈവയോഗ,മിതു പ—
ണ്ടേതെന്നു നിർണ്ണീയതാം. 31

ലക്ഷ്മീദേവിക്കു നാരായണ,നചലമകൾം—
ക്കംഗജാരാതി, മാര—
ന്നക്ഷീണശ്രീ രതിപ്പെൺകൊടി, പെരിയ ശചീ—
ദേവി ദേവേന്ദ്രനോത്താൽ
ചൊൽക്കൊള്ളും വാണിമാതിന്നിനിയ കമലജ—
ന്മാവു, ഞാനും നിനക്കെ—
ന്നിക്കാലം വന്നതാകിൽ പെരിയൊരഴകതായ്—
വന്നിതന്യോന്യയോഗം. 3

സ്ത്രീവർഗ്ഗത്തിന്നു ദിവ്യാഭരണമിതബലാ—
മാലികേ! ദാസവൃത്ത്യാ
സേവിപ്പൂ പോന്നൊരുത്തൻ പകലിരവലർവാ—
ണാത്തനായാത്തഖേദം
കോവിൽപണ്ടാര,മെന്നും വരികിലതിലുമൊ—
ട്ടേറെ നന്നെന്നു ബുദ്ധ്യാ
ഭാവിച്ചെന്നോടണഞ്ഞീടുകിലുചിതമടി—
ത്താർ തൊഴാം തമ്പിരാട്ടി! 33

ഞാനും നീയുമണഞ്ഞഴിഞ്ഞൊരു മുള്ള—
ത്തംപോലിരുന്നീടുകിൽ
കാണേണം തവ ഭാഗ്യ,മെന്തു പറയാം
വല്ലേതുമോർക്കും വിധൗ

ന്റെറ വെള്ളാനയുടെ) മസ്തകത്തിന്റെറ അഹങ്കാരത്തെ ശമിപ്പിക്കുന്ന. മതം കൈകളും—എന്റെറ കരുങ്ങളും. തദ്വത്—അതുപോലെ. ധന്യാംഗി—ചരിതാർത്ഥമായ ശരീരത്തോടുകൂടിയവളേ. കുലാചലം—കുലപർവ്വതം. ബദ്ധോന്മാദം—അഹങ്കാരത്തോടുകൂടി. പണ്ടേതു—പൂർവ്വജന്മത്തിലുള്ളതു. നിർണ്ണീയതാം—നിശ്ചയിച്ചാലും. സീതയ്ക്കും രാവണനും തമ്മിലുള്ള പൊരുത്തമാണു് ഇവിടെ വർണ്ണിച്ചിരിക്കുന്നതു. രാവണനും ഐരാവതത്തെ അടക്കിയവൻ, കുലപർവ്വതത്തെ ഇളക്കിയവൻ.

പദ്യം 32. അചലമകൾം—പാർവതി. അംഗജാരാതി—ശിവൻ. മാരൻ—മന്മഥൻ. അക്ഷീണശ്രീ—സുന്ദരിയായ. വാണിമാതു—സരസ്വതി. കമലജന്മാവു—ബ്രഹ്മാവു.

പദ്യം 33. ദാസവൃത്ത്യാ—പരിചരണപ്രവൃത്തികൊണ്ടു. അലർവാണാർത്തനായി—കാമപീഡിതനായി. ആർത്തഖേദം—ദുഃഖത്തോടുകൂടി. കോവിൽപണ്ടാരം—രാജാധികാരമുള്ളവൻ. ബുദ്ധ്യാ—ബുദ്ധിയോടുകൂടി. ഉചിതം—യോഗ്യം.

താനേ വന്നു സഹസ്രലോചനനഹോ
വായും പുതച്ചാസ്ഥയാ
നൂനം വീണു നമസ്സുരിക്കുമതു പോ—
രാതോ വധൂനാം പദം. 34

[1]മത്പ്രാണേശ്വരി ദേവി പുഷ്പകവിമാ—
നത്തേലൂടൻ നിന്നെ ഞാൻ
തല്പേ ചാരു കിടത്തി മുഗ്ധഹസിതം
വക്ത്രം മുകന്നന്തരാ
ശില്പം കോലിന വിശ്വകർമ്മരചിതാ[2]—
മാലോക്യ ലങ്കാപുരീ—
മെപ്പോഴും ഞാൻ മരുവുന്നിതന്നു ദയിതേ!
നിൻ ഭാഗ്യമോത്തീടു നീ.[3] 35

പദ്യം 34. സഹസ്രലോചനൻ—ദേവേന്ദ്രൻ. വായും പുതച്ച്— വാ മൂടി. ആസ്ഥയാ—ആദരവോടുകൂടി. നൂനം—നിശ്ചയം. വധൂനാം—സ്ത്രീകളുടെ. പദം—സ്ഥാനം.

പദ്യം 35. തല്പേ—കിടക്കയിൽ. ചാരു—മനോഹരമായി. മുഗ്ധ ഹസിതം—മനോജ്ഞമായ മന്ദഹാസത്തോടു കൂടിയ. വക്ത്രം—മുഖത്തെ. അന്തരാ—ഇടയ്ക്ക്. ശില്പം കോലിന—ഭംഗിയുള്ള പണിയോടു കൂടിയ. വിശ്വ.....താം—ദേവശില്പിയായ വിശ്വകർമാവിനാൽ നിർമ്മിക്കപ്പെട്ട. ലങ്കാപുരീം—ലങ്കാനഗരിയെ. ആലോക്യ—കണ്ടിട്ട്.

1. എൻ പ്രാ. 2. താം ദുഷ്പാഠ ല.

3. മുണ്ടീ നെട്ടന്നു നെട്ടീ പുനരഴകിയലും
മുണ്ടനയ്യോ തടിച്ചീ—
ഞ്ഞുണ്ടോമല്ലോ തദാനീം മെലിയ,നിഹ മെലി—
ച്ചിക്കൊരോ പൊണ്ണനണ്ടോം
കണ്ടോലാകാതവന്നണ്ടൊരു തരുണി മഹാ—
സുന്ദരീ, സുന്ദരന്നു—
ക്കണ്ടോലാകാത്ത നാരീ പരിചിനൊടു വയോ—
വണ്ണമീവണ്ണമല്ലോ.

പുംസോ നൂറു വയ,സ്സുവംക്ക പതിനാ—
റെങ്കിൽ പൊരുന്നാ നടേ
തസ്യാ നൂറു വയസ്സുവന്നു പതിനാ—
റെങ്കിൽ പ്രമാദം തുലോം
രാത്രൗ ചെന്നു രമിപ്പതിന്നു ജരാ—
മുത്ഥാപ്യ പോയമ്മി മേൽ
താംബൂലത്തെയരച്ചു മുക്കടി കടി—
പ്പിക്കും നരേഭ്യോ നമഃ.

ഈ രണ്ടു പദ്യങ്ങളും "എന്നെല്ലാമല്ല" ഇത്യാദി പദ്യത്തിനു മുമ്പിലായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

എന്നെല്ലാമല്ല നമ്മിൽ പുനരവയവകൊ—
ണ്ടൊക്കുമോരോ ഗുണൗഘൈ—
രെന്നല്ലാക്കം പ്രസിദ്ധം ജഗതി നിരുപമേ!
ദേവി വൈദേഹി ബാലേ!
എന്നാലീ യോഗ, മേൽപ്പാൻ പണി പെരികെ
മനോജ്ഞാംഗി നീ കാലമെന്നാ—
ലൊന്നല്ലാതേ [1]കളഞ്ഞീടരുതു പുണരുവാ—
നേകലങ്കേശ്വരൻ ഞാൻ. 36

ദേവാനാം വൃത്തിമാകർണ്ണ്യ മമ സവിധേ
തമ്പിരാൻ താനൊരാന—
പ്പാവാ, നഗ്നിത്രയീ നൽച്ചെറുപഴയരി വാ—
ക്കേണെ, മേണേക്ഷണേ! മേ
കാവൽക്കാക്കിക്കിടക്കുന്നിതു യമനെ നിരൃ—
ത്യാ സമം, പുഷ്പവാടീ—
വേവെല്ലാം പോക്കവേണം വരുണ, നുപവനേ
വായു വീയീടവേണം. 37

സീതേ കാൺ പൂർണ്ണചന്ദ്രം തെളിവിനൊടു വപു—
ഷ്മന്തമീവണ്ണമുണ്ടോ
[2]നാഥേ രാമാന്തികേ പണ്ടൊരുദിനമതു ചൊ—
ല്ലോമലേ! നീ യഥാർത്ഥം
ജാതാനന്ദം കടക്കൺ മമ വപുഷി വഴ—
ങ്ങീടു മന്ദസ്മിതത്തിൻ
മാധുര്യംകൊണ്ടടക്കീടയി സുമുഖി! മലർ—
ച്ചെഞ്ചരച്ചൂടിദാനീം. 38

പദ്യം 36. ഗുണൗഘൈഃ—ഗുണസമൂഹങ്ങളാൽ. ജഗതി—ലോകത്തിൽ. നിരുപമേ—നിസ്തുല്യേ. മനോജ്ഞാംഗി—സുന്ദരി.

പദ്യം 37. മമ സവിധേ—എന്റെ അടുത്തു്. ദേവാനാം—ദേവന്മാരുടെ. വൃത്തിം ആകർണ്ണ്യ—തൊഴിൽ എന്താണെന്നു നീ കേട്ടാലും. തമ്പിരാൻ—ഇന്ദ്രൻ. ആനപ്പാവൻ—ആനക്കാരൻ. അഗ്നിത്രയീ—മൂന്നു് അഗ്നികളും (ഗാർഹപത്യം ആഹവനീയം ദക്ഷിണാഗ്നി എന്ന മൂന്നു്). ഏണേക്ഷണേ—അല്ലയോ മാൻകണ്ണി. മേ—എനിക്കു്. നിരൃത്യാ സമം—നിരൃതിയോടുകൂടി. പുഷ്പവാടീ—പൂന്തോട്ടം. ഉപവനേ—ഉദ്യാനത്തിൽ.

പദ്യം 38. വപുഷ്മന്തം—ഉടലോടുകൂടിയ. രാമാന്തികേ—രാമന്റെ അടുത്തു്. യഥാർത്ഥം—സത്യം. ജാതാനന്ദം—ആനന്ദത്തോടുകൂടി. മമ വപുഷി—എന്റെ ശരീരത്തിൽ.

1. കഴിച്ചീട. 2. നീതം രാ.

പണ്ടാദൗ രാമ, നമ്പോടയി ബത പഴവി—
ട്ടും ഞെരിച്ചാശ്ര നിന്നെ—
ക്കൊണ്ടാടിപ്പോയ്ഴിഞ്ഞാനധികമരിശമാ—
യീ മനോരമ്യശീലേ!
വണ്ടാർപൂവേണി തക്കം പരിചൊട്ട പലനാളും
പാത്തിരുന്നേനിദാനീം
കണ്ടേനിത്രടമെന്നാലിനി മമ ശരണം
നിൻപദം തമ്പിരാട്ടീ! 39

വക്ത്രാംഭോജം മറച്ചീടരുതു കരതലം
കൊണ്ടു കണ്ടോർ പഴിക്കും,
മുത്തേലും കൊങ്ക രണ്ടും കമനി! തൊടുകിലോ
പേടിയായ്സ്സോമലേ! നീ
പുത്തൻപൂന്തേൻ പൊഴിഞ്ഞീടിന മധുരഗിരാ
ചാരു മാമാശ്വസിപ്പി—
ച്ചുദ്യത്സ്നേഹം പുണർന്നീ, ടഖിലചലദ്ദശാം
മൗലിമാണിക്യമാലേ! 40

കുറക്കാർകുന്തൽ നീക്കിത്തിരുമിഴിമുനകൊ—
ണ്ടൊന്നു നോക്കായ്കിലിപ്പോൾ
ചുറും നില്ക്കുന്ന മൈക്കണ്ണികൾ പഴി പറയും
നിർണ്ണയം പുണ്യശീലേ!
മുറും നീയെന്നി മറിപ്പുതുമതുമൊഴിമാ—
രാരിവണ്ണം വെടിഞ്ഞോ—
ത്തുറത്തോടിത്രനാളും കുളികുറിയി, ടെഴു—
ന്നീല്ലപോ, കോമലേ! നാം. 41

ത്രൈലോക്യശ്രീ കളിക്കും കളിനിലമബലേ!
മാറിടം മാമകീനം
കേളസ്സിൻ കാമകോലാഹലവിരതിവിധൗ
വിശ്രമിക്കാമശങ്കം

പദ്യം 39. ആദൗ—ആദ്യം. ബത—കഷ്ടദ്യോതകം. ഇത്രേടം—ഇത്രവരെ.

പദ്യം 40. വക്ത്രാംഭോജം—മുഖപദ്മം. മുത്തേലും—മുത്തണിഞ്ഞ. മധുരഗിരാ—മധുരമായ വാക്കുകൊണ്ടും. ഉദ്യത്സ്നേഹം—പ്രേമത്തോടുകൂടി. അഖി....ശാം—എല്ലാ സ്ത്രീകൾക്കും. മൗലി....ലേ—അലങ്കാരമായവളെ.

പദ്യം 41. നിർണ്ണയം—നിശ്ചയം. ധൈര്യം—ധൈര്യം.
പദ്യം 42. അബലേ—അല്ലയോ സുന്ദരി. മാമകീനം—എന്റെ.

1. നിശ്ചയം സൗമ്യശീ.

മേലേ മേലേ വിശേഷം പലവുമനുഭവി—
പ്പിപ്പതിന്നോക്കിലെന്നെ—
പ്പോലേ മറ്റാരിദാനീ, മൂലകിൽ വിരുതെനി—
ക്കെന്നതോത്തീടെടോ നീ. 42

ഒന്നങ്ങോക്കേണമിപ്പോളയി സുമുഖി! വൃഥാ
രാവണൻ കൊന്ന പച്ചേ
തിന്നുംപോലെന്നു കണ്ടോർ പറയു, മതു കണ—
ക്കാക്കൊലാ വല്ലഭേ! നീ
എന്നും ബോധം വരാ ഞാൻ പിറകിലതു നിന—
ക്കൊന്നു നോക്കീടു മെല്ലെ—
ന്നെന്നെക്കാമിച്ചിതല്ലോ വിചരതി വിബുധ—
സ്ത്രീജനം പാർശ്വഭാഗേ. 43

സ്വർഗ്ഗസ്ത്രീവർഗ്ഗമല്ലോ തവ വിളിപണി ചെ—
യ്യുന്നതെന്നെപ്പുണർന്നാൽ
മികപ്പോഴും തലോടും ചരണസരസിജം
പൂണ്ണപീയൂഷധാമാ
മൈക്കണ്ണാർമൗലി മണ്ഡോദരി കരകമലം
താങ്ങുവാനോത്തുകാണാം—
പൂക്കേ കാണാവിതോരോ രസസരണി മഹീ—
മാരമാണിക്യമാലേ! 44

യാവത് സ്യാത് പദ്മമാദ്ധ്വീമധു ബഹുമനുതേ
താവദിന്ദിന്ദിരോഽന്യ—
ദ്യാവത് ജ്യോത്സ്നാപ്രപാതോ മരിചകിസലയം
ലേഢി താവച്ചകോരഃ

അസ്സിൻ—ഇതിൽ (മാറിടത്തിൽ). കാമ....ധൗ—സംഭോഗസമത്തിൽ. അശങ്കം—ശങ്കകൂടാതെ. വിശ്രമിക്കാം—ക്ഷീണം തീർക്കാം. ഇദാനീം—ഇപ്പോൾ.

പദ്യം 43. ബോധം—വിശ്വാസം. വിചരതി—സഞ്ചരിക്കുന്നു. വിബുധസ്ത്രീജനം—ദേവസ്ത്രീകൾ. പാർശ്വഭാഗേ—എന്റെ കൂടെ.

പദ്യം 44. തവ-നിനക്ക്. വിളിപണി—വിളിച്ചുപറയുന്ന ജോലി. ചര....ജം—കാൽത്താമര. പൂർണ്ണ....മാ—പൂർണ്ണചന്ദ്രൻ. രസസരണി—രസിക്കുവാനുള്ള മാർഗ്ഗം.

പദ്യം 45. പദ്മമാദ്ധ്വീ—താമരപ്പൂവിലെ തേൻ. യാവത് സ്യാത്—എത്രവരെ (കുടിക്കാൻ) ഉണ്ടായിവരുമോ. താവത്—അത്രവരെമാത്രമേ. ഇന്ദിന്ദിരഃ—വണ്ട്. അന്യദ് മധു—മറ്റു പൂക്കളിലെ തേനിനെ. ബഹുമനുതേ—ബഹുമാനിക്കുന്നുള്ളൂ. ജ്യോത്സ്നാപ്രപാതഃ യാവത്—എത്രവരെ നിലാവു പതിക്കുന്നുവോ. താവത്—അത്രവരെ മാത്രമേ. ചകോരഃ—ചകോരപക്ഷി. മരിചകിസലയം—കുരുമുളകുവള്ളിയിലെ തളിരിനെ.

യാവന്നാളോഽബുജാനാം ഭവതി മൃദുദലാ—
ന്യത്തി താവന്മരാള—
സ്താവന്മണ്ഡോദരീ മേ സുതനു വിതനുഷേ
ദേവീ യാവത് പ്രസാദം. 45

ഭജ മാമനവദ്യാംഗി! കാമാത് കമലലോചനേ!
രംഭോരു മൃഗശാബാക്ഷി പൂർണ്ണചന്ദ്രനിഭാനനേ! 46

തവേദം പദ്മപത്രാക്ഷം മുഖം ദൃഷ്ട്വാ മനോരമം
ഭ്രൂ ലതാലളിതം കാന്തമനംഗോ ബാധതേ ഭൃശം. 47

രാജ്യാച്ച്യുതമസിദ്ധാർത്ഥം രാമം പരിമിതായുഷം
കൈർഗ്രണൈരനുരക്താസി മൂഢേ പണ്ഡിതമാനിനം. 48

അഗ്രേ കള്ളമഹാമുനിക്കു ചുമട്ടം
കെട്ടിപ്പിരട്ടം പടി—
ച്ചുഗ്രാത്മാ വഴിമേൽ വധിച്ചു വിധവാം
വൃദ്ധാം കൃശാം താടകാം

ലേഢി—ഭക്ഷിക്കുന്നുള്ള. അംബുജാനാം—താമരപ്പൂവിനു്. നാളഃ യാവത് ഭവതി—തണ്ടു് എപ്പോഴും ഉണ്ടാകുന്നുവോ. താവത്—അത്രവരെ മാത്രമേ. മരാളഃ—അരയന്നം. മൃദുദളാനി അത്തി—കൃമ്പിലകളെ ഭക്ഷിക്കുന്നുള്ള. ഹേ ദേവി—അല്ലയോ സീതേ. സുതനു—ശോഭനഗാത്രി. യാവത് പ്രസാദം വിതനുഷേ—നീ എപ്പോഴും എന്നിൽ പ്രസാദിക്കുന്നുവോ. താവൽ—അത്രവരെമാത്രമേ. മേ മണ്ഡോദരീ—എനിക്കു മണ്ഡോദരിയുള്ള.

പദ്യം 46. അനവദ്യാംഗി—അല്ലയോ സുന്ദരി. കാമാത്—കാമം ഹേതുവായി. കമലലോചനേ—അല്ലയോ താമരക്കണ്ണി. രംഭോരു—കദളീസ്തംഭംപോലെയുള്ള തുടകളോടുകൂടിയവളേ. മൃഗശാബാക്ഷി—ഇളമാൻ കണ്ണി. പൂർണ്ണ....നേ—പൂർണ്ണചന്ദ്രനു തുല്യമായ മുഖത്തോടുകൂടിയവളേ. മാം ഭജ—എന്നെ ആശ്രയിച്ചാലും.

പദ്യം 47. പദ്മപത്രാക്ഷം—താമരപ്പൂവിന്റെ ഇതളുപോലെയുള്ള കണ്ണുകളോടു കൂടിയതും. മനോരമം—രമ്യവും. ഭ്രൂ ലതാലളിതം—പുരികക്കൊടികളോടുകൂടിയതും. കാന്തം—ശോഭിക്കുന്നതും ആയ. തവ ഇദം മുഖം ദൃഷ്ട്വാ—നിന്റെ ഈ മുഖം കണ്ടിട്ടു്. അനംഗഃ—മന്മഥൻ. ഭൃശം (മാം) ബാധതേ—വല്ലാതെ എന്നെ ഉപദ്രവിക്കുന്നു.

പദ്യം 48. മൂഢേ—വിവേകമില്ലാത്തവളേ. രാജ്യാത് ച്യുതം—രാജ്യത്തിൽനിന്നു ഭ്രഷ്ടനും. അസിദ്ധാർത്ഥം—കാര്യം നേടാത്തവനും. പരിമിതായുഷം—അല്പായുസ്സും. പണ്ഡിതമാനിനം—തന്നെത്താൻ കേമനാണെന്നു ഭാവിക്കുന്നവനും ആയ. രാമം—(മനുഷ്യനായ) രാമനെ (രാമനിൽ). കൈഃ ഗുണൈഃ—ഏതു ഗുണങ്ങളെ മുൻനിറ്ത്തിയാണു്. (ത്വം) അനുരക്താ അസി—നീ അനുരാഗമുള്ളവളായിരിക്കുന്നതു്?

പദ്യം 49. അഗ്രേ—മുമ്പിൽ. കള്ളമഹാമുനി—വിശ്വാമിത്രൻ. ഉഗ്രാത്മാ—ക്രൂരബുദ്ധി (രാമൻ). വിധവാം—ഭർത്താവില്ലാത്ത. വൃദ്ധാം—കിഴവിയായ. കൃശാം—ക്ഷീണിച്ച. താടകാം—താടകയെ. കറളി—പുംശ്ചലി

ചൊൽക്കൊള്ളും കുറളിക്കെതിർത്തു വിരുതും
കെട്ടിത്തിമിർത്തുയും
മുഷ്കാലപ്പഴവില്ലൊടിച്ചു പിടിപെ—
ട്ടാൻ നിന്നെ നിർവ്യാകുലം. 49

[1]ഹാസ്യബ്രാഹ്മണനെത്തടുത്തഴകുതായ്
പ്രാകിച്ച, നസ്ഥപ്പെട്ട—
ത്താത്താനന്ദമിരുന്നനേരമഭിഷേ—
കാന്തേ പിഴുക്കീടിനാം
ഓത്താലെത്ര വിചിത്രമന്നനുജനും
താനും പുറപ്പെട്ടപോ—
യാത്ത്യാ കാട്ടുകരേറി നീയുമവരും
കൂടിപ്പിടഞ്ഞീലയോ? 50

ഭുക്ത്വാ ശൂർപ്പണഖാമൊളിച്ചു, മുലയും
മൂക്കും മുറിച്ചു രുഷാ
ത്യക്തേമാം ഭവതീം ചതിച്ചു മറിമാൻ—
പിൻപേ നടന്നീടിനാൻ
ഉൾത്താപേന കിടന്നിഴഞ്ഞൊരു കുര—
ങ്ങേച്ചെന്ന കാലും പിടി—
ച്ചോത്തുംകൊണ്ടൊളിയമ്പു വിട്ടൊരുവനെ—
ക്കൊന്നാനഹോ വീര്യവാൻ! 51

(ഇവിടെ അഹല്യ). വിരുതും കെട്ടി—അഹല്യയ്ക്കു ശാപമോക്ഷം കൊടുത്തതിന്റെ സൂചനയാണു് ഇതു്. നിർവ്യാകുലം—ചഞ്ചലനാകാതെ. പഴവില്ലു്—ശിവന്റെ വില്ലു്.

പദ്യം 50. ഹാസ്യബ്രാഹ്മണൻ—സ്വധർമ്മം വെടിഞ്ഞു പരിഹാസ്യനായിത്തീർന്ന ബ്രാഹ്മണൻ (പരശുരാമൻ). അഴകുതായ് പ്രാകിച്ചു്—നന്നായി ശപിപ്പിച്ചു്. അനസ്ഥപ്പെടുത്തു്—അനസ്ഥങ്ങളുണ്ടാക്കി. ആത്താനന്ദം—സ്വസന്തോഷം. അഭിഷേകാന്തേ—അഭിഷേകാവസാനത്തിൽ. പിഴുക്കീടിനാം—പുറത്താക്കിനാം. അനുജൻ—ലക്ഷ്മണൻ. ആത്ത്യാ—പീഡയോടുകൂടി.

പദ്യം 51. ഒളിച്ചു്—രഹസ്യമായി. ശൂർപ്പണഖാം—ശൂർപ്പണഖയെ. ഭുക്ത്വാ—അനുഭവിച്ചിട്ടു്. രുഷാ—കോപത്താൽ. ഇമാം ഭവതീം ത്യക്ത്വാ—ഈ നിന്നെ വിട്ടിട്ടു്. ഉൾത്താപേന—സങ്കടത്താൽ. കുരങ്ങേ—സുഗ്രീവനെ. ഒരുവനെ—ബാലിയെ. അഹോ വീര്യവാൻ—വീരൻതന്നെ, ആശ്ചര്യം.

---

1. ആദ്യബ്രാ.

ആശാപാശം മുറിക്കാമിനി രഘുതനയേ
വീര്യഹീനേ വധൂനാം
നാശത്തിന്നാദി പാഴ്കാമുകരൊടതിർകട—
ന്നുള്ള കേളീവിനോദം
നീചാനാം നീചനല്ലോ പുനരവനവനൗ
ജന്മനിർഭാഗ്യനെങ്കിൽ
ക്ലേശിച്ചാലും വരാമോ പുനരിഹ ദയിതേ!
വിശനാഥന്നപോലും. 52

കിടങ്ങംഭോനാഥൻ ഗിരിശിഖരക്കുടേഷു നഗരീ
പടക്കെട്ടും ഭീമം നിറമതിലതേകാദശവിധം
നടുത്തട്ടിന്മധ്യേ മണിമയവിമാനം ബഹുളേം
സ്ഫുടാഭോഗം തസ്മിൻ മമ കമനി സിംഹാസനവരം. 53

ഇത്തരം കാമനി പോരുമിന്നി മതി
യുണ്ടു പണ്ടു പലരുണ്ടു ചാ—
രിത്രമെന്നൊരുടവോതി നിന്നതൊരു
മുൻപു തോന്നുമിതു യോഷിതാം
ചിത്തസംഭവതുരാൽ പിണഞ്ഞവർകളം
തങ്ങളേ മതിമറന്ന വെൺ—
മുത്തണിഞ്ഞ മുല മാറിൽ വെച്ചു പുണ—
രുന്നിതംബുജവിലോചനേ! 54

പദ്യം 52. വീര്യഹീനേ—പുരുഷത്വമില്ലാത്ത. രഘുതനയേ—രാമനിൽ. വധൂനാം—സ്ത്രീകളുടെ. ആശാപാശം—ആശാബന്ധം. നീചാനാം—നീചന്മാരുടെയിടയിൽ. അവനൗ പുനഃ—ഭൂമിയിൽവെച്ച്. ജന്മ....ഗ്യൻ—ജന്മംതൊട്ടേ ഭാഗ്യഹീനൻ. ഇഹ—ഇവിടെ (ലങ്കയിൽ) ഈശ്വരനുപോലും ലങ്കയിൽ വരിക സാധ്യമല്ല. പിന്നെയല്ലയോ രാമൻ.

പദ്യം 53. അംഭോനാഥൻ—സമുദ്രം. കിടങ്ങു—ലങ്കാപുരിക്കു ചുറ്റുമായുള്ള അകിഴു. നഗരീ—പട്ടണമാകട്ടെ. ഗിരി....ഷു—ത്രികൂടപർവതത്തിന്റെ കൊടുമുടികളിൽ(സ്ഥിതിചെയ്യുന്ന). ഭീമം—ഭയങ്കരം. ഏകാദശവിധം—പതിനൊന്നുവിധം (കോട്ടകളം). ബഹുളം—അനേകം ദുർഗങ്ങളോടു കൂടിയ. മണി....നം—രത്നമയമായ സൗധം. തസ്മിൻ—അതിൽ (സൗധത്തിൽ). സ്ഫുടാഭോഗം—വിസ്താരമേറിയ. മമ—എന്റെ. സിം....രം—ശ്രേഷ്ഠമായ സിംഹാസനം (സ്ഥിതിചെയ്യുന്ന). ഇങ്ങനെ ഞാൻ സുരക്ഷിതനാണു എന്നർത്ഥം.

പദ്യം 54. ചാരിത്രം—നല്ലനടത്തം (പാതിവ്രത്യം). യോഷിതാം—സ്ത്രീകൾക്കു. ചിത്ത....രാത—കാമർത്താണു. അംബുജവിലോചനേ—അല്ലയോ താമരക്കണ്ണി.

ഗദ്യം 3.

(ദണ്ഡകം)

മത്സ്യണ്ണിമാർമകരി! നിഷ്ഫ്രതവം തരിക
തസ്ത്യോകമൊട്ട മമ സീതേ!
മതി ഹൃദയനാഥേ! മദനതുയിർ മീതേ
മഴലമിഴി! മനസി മമ [1]മരണമിനി വിരസമിതു
മുറുവലരുത രജനിചരപോതേ;

ദുഃഖാധികം നിയതമിക്കോപ്പു സമ്പ്രതി കു—
ളിക്കെ,ന്തതിന്നൊരുപരോധം?
ദുരിതമിതു ബോധം വരികിലതിപാപം
ദുരന്തവേമനുജസുതഗതഹൃദയവതി! വിഹര
ദശമുഖനിതനുസരതി കലിതപരിബാധം;

[2]ധിക്കഷ്ടമില്ല പുനരിക്കണ്ട രാവണ—
നിണക്കാതെ പെണ്ണുലകിലാരേ?
വിവിധരസധാരേ! വിരുതതിനു പൂരേ
വിഗതഭയ,മിളമുലക,ളഴകൊടരു,ളധരമധു
വിതര മമ മധുരമൊഴി യുവഹൃദയചോരേ!

സത്കാരമല്ലയി വചിക്കുന്നതേതുമിതു
തസ്ത്യോകയാണ പരമാത്ഥം,
സുരയുവതിസാത്ഥം, പരിചരണപാത്രം
കുളി,കുറിയി,ടെഴുനിൽ,നട,പിബ,വിഹര വിരവിനൊട്ട
വിധിവിഹിതമനുസരതി സകലമതിമാത്രം.''

ഗദ്യം 3. (ദണ്ഡകം) മത്സ്യണ്ണി....രി—സ്ത്രീകളിൽ ശ്രേഷ്ഠയായുള്ളോവേ, മത്സ്യങ്ങളിൽ മകരമത്സ്യം ശ്രേഷ്ഠമാണല്ലോ. മകരി—പെൺമകരമത്സ്യം. അംഭസ്സുകളിൽ ലക്ഷ്മീദേവിയുടെ മുഖത്തുള്ള രേഖ എന്നമത്ഥം. നിഷ്പ്രതവം—കപടമില്ലാതെ. മമ—എനിക്കു്. മദനതുയിർ—കാമപീഡ. മഴലമിഴി—ആകർഷകമായ നോട്ടമുള്ളവളേ. മമ മനസി—എന്റെ മനസ്സിൽ. വിരസം—രസശൂന്യം. മുറുവൽ—നല്ല പല്ലു്. പല്ലുകാട്ടിച്ചിരിച്ചുരുളണം എന്നത്ഥം. രജ...തേ—രാക്ഷസസ്ത്രീകൾക്കിടയിൽ. നിയതം—നിശ്ചയം. സമ്പ്രതി—ഇപ്പോഴും. ഉപരോധം—തടസ്സം. ദുരന്ത....തി—ഭാഗ്യഹീനനായ മനുഷ്യയുവാവിങ്കൽ അനുരക്തയായുള്ളോവേ. ദശമുഖൻ—രാവണൻ. കലിതപരിബാധം—ബാധയോടുകൂടി. അനുസരതി—വഴങ്ങുന്നു വിവിധരസധാരേ—അല്ലയോ പലവിധരസങ്ങളുടെ പ്രവാഹരൂപിണി. പൂരേ—അധികമായി. വിഗതഭയം—ഭയംകൂടാതെ. മമ—എനിക്കു്. വിതര—നീ തന്നാലും. യുവ...രേ—അല്ലയോ യുവാക്കളുടെ ഹൃദയത്തെ അപഹരിക്കുന്നവളേ. സത്കാരം—ഉപചാരം. വചിക്കുന്നതു്—പറയുന്നതു്. സുര....ത്ഥം—ദേവസ്ത്രീസമൂഹം. പരി....

1. മ ശര. 2. ഹീക.

രാവണന്റെ വാക്കുകേട്ട സീത തലമുടിയുടെ അറ്റംകൊണ്ടു മുഖം മറച്ചു പതുക്കെ മറുപടി പറയുന്നതായുള്ള പ്രസ്താവന:

ദശഗ്രീവൻ ഭ്രാന്ത്യാ പലവഴി പറഞ്ഞോരളവഹോ
വശംകെട്ടത്യന്തം തരളമിഴി [1]നിശ്ചിതമനസാ
കചാഗ്രൈ[2]രാച്ഛാദ്യ പ്രകൃതിമധുരം വക്ത്രകമലം
വചോ മന്ദം മന്ദം ജനകതനയാ വ്യാഹരദിദം. 55

പതിവ്രതമാരെ ദൂഷിപ്പിക്കുക രാക്ഷസചക്രവർത്തിയായ നിനക്കു യോജിച്ചതല്ല. ഇതുകൊണ്ടു നാശമാണു സംഭവിക്കുന്നതു്. നിന്റെ അഹങ്കാരമെല്ലാം രണ്ടു ബാണംകൊണ്ടു ശ്രീരാമനു നശിപ്പിക്കാൻ സാധിക്കും. എന്നെ തിരിച്ചുകൊടുക്കുന്നതാണു നല്ലതു്. രാമൻ ദയാലുവാണു് എന്നിങ്ങനെയുള്ള സീതയുടെ മറുപടി:

''രാക്ഷസേശ്വര! നിനക്കു ഹിതം നീ—
യോക്കെ കഷ്ടമിതതീവ വിശേഷാത്
മാർഗ്ഗമായ് ചില പതിവ്രതമാരെ—
ക്കാല്കലിട്ട പിലയാട്ടുകയോഗ്യം. 56

ഭീമാ രാക്ഷസജാതി നീ പുനരതിൽ
പോന്നും പിറന്നിങ്ങനേ
കാമഭ്രാന്തു പിടിച്ചു മുവ്വുലകിലും
ഗത്വാ കുലസ്ത്രീകുലം
സാമത്ഥ്യേന പിടിച്ചു പൂണ്ടഖിലമാ—
ട്ടിക്കൊണ്ടു പോരുന്നതിൻ
പേർ മറൈറന്നിവിടം നശിക്കുമധുനാ
നിശ്ചിതമോത്തീടെടോ. 57

ത്രം—ശ്രുശ്രൂഷിക്കുവാനുള്ള വസ്തു. പിബ—കുടിച്ചാലും. വിഹര—വിഹരിച്ചാലും (കളിച്ചാലും). വിധിവിഹിതം—ദൈവകല്പിതം. അനുസരതി—അനുസരിക്കുന്നു.

പദ്യം 55. ദശഗ്രീവൻ—രാവണൻ. ഭ്രാന്ത്യാ—കാമഭ്രാന്തിനാൽ. മനസാ—മനസ്സുകൊണ്ടു്. നിശ്ചിത—നിശ്ചയിച്ചിട്ടു്. കചാഗ്രൈഃ—തലമുടിത്തുമ്പുകൊണ്ടു്. പ്രകൃതിമധുരം—സ്വതേ രമ്യമായ. വക്ത്രകമലം—മുഖപദ്മത്തെ. ആച്ഛാദ്യ—മറച്ചിട്ടു്. ജനകതനയാ—സീത. ഇദം വചഃ—ഇപ്പറയുന്ന വാക്കിനെ. മന്ദം മന്ദം—പതുക്കെപ്പതുക്കെ. വ്യാഹരത്—പറഞ്ഞു.

പദ്യം 56. അതീവ—വളരെ. വിശേഷാത്—വിശേഷിച്ചും. പിലയാട്ടുക—വ്യഭിചരിപ്പിക്കുക. അയോഗ്യം—അനുചിതം.

പദ്യം 57. ഭീമ—ഭയങ്കരയാകുന്ന. ഗത്വാ—ചെന്നു്. കുലസ്ത്രീകുലം—കുലസ്ത്രീകളെ. സാമത്ഥ്യേന—മിടുക്കുകൊണ്ടു്. അഖിലം—എല്ലാം. പേർ മറൈറാന്നു്—നല്ല പേരല്ല. അധുനാ—ഇപ്പോഴും. നിശ്ചിതം—നിശ്ചിതം.

1. നിശ്ചിന്ത്യമ. 2. ഗ്രൈഃ പ്രച്ഛാ.

ദുർവ്യാപാരങ്ങളും നന്നല്ലൊരു പുരുഷനൊരി—
ക്കാലു,മെന്നങ്ങറിഞ്ഞീ—
ടവ്യാജം നാഥനാകുന്നതു പിശിതഭുജാ—
മിന്നു നീയെങ്കിലും കേൾ
ഗർവ്വിച്ചീടാതെ നാടും നഗരിയുമയലെ—
ക്കാണ്മാൻ തുണ്ടമുകൊണ്ടേ
സർവ്വം ഭസ്മീകരിപ്പാൻ ഖരരിപു പെരികെ—
പ്പോരുമൊന്നോക്കു നൂനം. 58

നിനക്കു ജീവിക്കയിലുണ്ടൊരാശ
മനസ്സിലെങ്കിൽ കഴിവുണ്ടിടാനീം
അനർത്ഥമില്ലെന്നെയെടുത്തു നേരേ
വനത്തിലാക്കിത്തൊഴു രാമചന്ദ്രം. 59

ചൊല്ലേണം നല്ലതെല്ലാരൊടു,മിനി വിരവോ—
ടെന്നെയു കൊണ്ടു മെല്ലെ—
ച്ചെല്ലു വല്ലായു ചൊല്ലു ചരണതളിരടു—
ത്താംപ്രകാരം വണങ്ങു
കല്യാണാവാസമപ്പോളയി മമ കമിതാ
രാമഭദ്രോ ദയാർദ്രൈ—
രുല്ലോലൈർദൃഷ്ടിപാതൈരഭയമരുളുമീ—
ല്ലെന്നുമേ സംശയം മേ.'' 60

പിന്നെയും രാവണൻ തന്റെ പ്രൗഢിയെ വർണ്ണിച്ചും രാമനെ നിന്ദിച്ചും ആകർഷകമായി പലതും പറഞ്ഞും സീതയെ വശപ്പെടുത്താൻ ശ്രമിക്കുന്നു:

ഇത്ഥം വിദേഹതനയാവചനാവസാനേ
മത്തോ നിശാചരപതിർമധുരം ബഭാഷേ
''മുഗ്ധേ പറഞ്ഞതു തുലോമഴകുണ്ടു നമ്മോ—
ടർദ്ധക്ഷണം കമനി! കേൾക്ക വചോ മദീയം. 61

പദ്യം 58. ഒരിക്കാലും—ഒരു കാലത്തും. അവ്യാജം—വാസ്തവമായി. പിശിതഭുജാം—രാക്ഷസന്മാർക്ക്. ഖരരിപു—ശ്രീരാമൻ. നൂനം—നിശ്ചയം.

പദ്യം 59. ഇദാനീം—ഇപ്പോൾ. അനർത്ഥമില്ല—നാശമില്ല. രാമചന്ദ്രം—രാമനെ.

പദ്യം 60. ചരണ....രം—കാല്ലൽ വീണ്. കല്യാണാവാസം—മണ്ഡലത്തിനു് ഇരിപ്പിടം. മമ—എന്റെ. കമിതാ—ഭർത്താവായ രാമഭദ്രൻ—രാമൻ. ദയാർദ്രൈഃ—കാരുണ്യംകൊണ്ടലിഞ്ഞ. ഉല്ലോലൈഃ—ഇളകുന്ന. ദൃഷ്ടിപാതൈഃ—നോട്ടങ്ങളാൽ. അഭയം—രക്ഷ. മേ—എനിക്കു്.

പദ്യം 61. ഇത്ഥം—ഇപ്രകാരം. വിദേ.....നേ—സീതയുടെ വാക്കിന്റെ അവസാനത്തിൽ. മത്തഃ—മദിച്ചവനായ. നിശാ.....തിഃ—

രാമൻ പാത്താൽ മനുഷ്യപ്പുഴ, രജനിചരാ—
ധീശ്വരൻ ഞാൻ കൊടുങ്കാ—
ടാവാസസ്ഥാനമോത്താലവ, നഴകിയ ല—
ങ്കാപുരീ മാദൃശാനാം
സാമാന്യം തുയ പൂമ്പട്ടുകളുടുപുടവ—
ച്ചാത്ത, വന്നങ്ങടുപ്പാൻ
പാർമേൽ പാരുഷ്യമേലും മരവുരി, ദയിതേ!
ഞങ്ങളിൽ കാൺക ഭേദം.[1] 62

ദൃഷ്ടലീലാസു സകൗതുകം യദി മന—
സ്തസ്മേ ദൃശാം വിംശതി—
സ്നിസ്സന്ധൗ പരിരംഭണേ രതിരഹോ[2]
ദോർമ്മണ്ഡലീ ദൃശ്യതാം
പ്രേമാ ചേത് പരിചുംബനേ ദശമുഖീ
വൈദേഹി! സജ്ജാ[3] പുരഃ
പൗലസ്ത്യസ്യ ച രാഘവസ്യ ച മഹത്
പശ്യോപചാരാന്തരം. 63

രാവണൻ. മധുരം-മധുരമാംവണ്ണം. ബഭാഷേ—പറഞ്ഞു. മുഗ്ധേ—അല്ലയോ സുന്ദരീ. മദീയം വചഃ—എന്റെ വാക്കിനെ. അർദ്ധക്ഷണം—അര നിമിഷം. കമനീ—അല്ലയോ സുന്ദരീ.

പദ്യം 62. രജനീ....രൻ—രാക്ഷസരാജാവു്. ആവാസസ്ഥാനം—ഇരിപ്പിടം. മാദൃശാനാം—എന്നെപ്പോലുള്ളവക്കു്. പാരുഷ്യം—കാഠിന്യം. ദയിതേ—അല്ലയോ പ്രിയേ. ഭേദം—വ്യത്യാസം. തുയ—വെളുത്ത.

പദ്യം 63. ദൃഷ്ടലീലാസു—നേത്രവിലാസങ്ങളിൽ. മനഃ—(നിന്റെ) ചിത്തം. സകൗതുകം യദി—കൗതുകത്തോടുകൂടിയതാണെങ്കിൽ. തത് മേ ദൃശാം വിംശതിഃ—അപ്പോൾ എനിക്കു് ഇരുപതു കണ്ണുണ്ടു്. നിസ്സന്ധൗ പരിരംഭണേ രതിഃ—ഗാഢമായ ആലിംഗനത്തിൽ ആഗ്രഹമാണെങ്കിൽ. ദോർമണ്ഡലീ—(എന്റെ) കരസമൂഹം. ദൃശ്യതാം—കണ്ടാലും. അഹോ, ആശ്ചര്യദ്യോതകം. പരിചുംബനേ—ചുംബിക്കുന്നതിൽ. പ്രേമാ ചേത്—പ്രിയമാണെങ്കിൽ. പുരഃ—മുമ്പിൽ. ദശമുഖീ—പത്തു മുഖങ്ങളും. സജ്ജാ—തയ്യാറായിരിക്കുന്ന. വൈദേഹി—

---

1. ''കൈയുണ്ടാലിംഗനത്തിന്നിതപഥ, വദനാ-
ചുംബനത്തിന്ന മേളം
പെയ്യും വക്ത്രങ്ങൾ പത്ത, ഞ്ജനശിഖരിതടാ—
ഭോഗി ഭോരന്തരാളം
ശയ്യാ മേ രാജഹംസച്ചെറുചിറക പതു—
പ്പിട്ട പത്തമ്പതെന്നാ—
ലയ്യാ സീതേ! മനോമോഹനതനുലതികേ!
ഞങ്ങളിൽ കാണുക ഭേദം.''

എന്ന പദ്യം അടുത്തതായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു. 2. രഥോ ദോഃ. 3. സജ്ജൈവതേ പുനഃ.

ശ്രീകൈലാസേ സുമേരൗ സുരമിഥുനമനോ—
നന്ദനേ നന്ദനേ ഭൂ—
ലോകേ പാതാളലോകങ്ങളിലുദയഗിരൗ
ചന്ദനോദ്യാനമാർഗ്ഗേ
ആകാശേ ദുഗ്ധസിന്ധൗ ഹിമശിഖരിതടേ
ഞാനമാസ്ഥേളിചെയ്യാ—
മേകാന്തേ ഹന്ത [1]കാന്തേ! രഘുതനയപിശാ—
ചെന്നു മിണ്ടാസ്ഥടോ നീ. 64

[2]മുങ്ങിപ്പൊങ്ങീടുമൈരാവതമദമലിനേ
ദിവ്യഗംഗാപ്രവാഹേ
ഭംഗ്യാ സീതേ! കുളിക്കാമമരതരു തരും
വാസസീ മാനനീയേ

അല്ലയോ സീതേ. രാഘവസ്യ ച—രാമന്നും. പൗലസ്ത്യസ്യ ച—രാവണന്നും തമ്മിലുള്ള. മഹത് .ഉപചാരാന്തരം—വലിയ സത്ക്കാരഭേദത്തെ. പശ്യ—നീ ആലോചിച്ചാലും.

പദ്യം 64. ശ്രീകൈലാസേ—കൈലാസപർവതത്തിലോ. സുമേരൗ—മേരുപർവതത്തിലോ. സുര....നേ നന്ദനേ—ദേവമിഥുനങ്ങളെ ആഹ്ലാദിപ്പിക്കുന്ന നന്ദനോദ്യാനത്തിലോ. ഭൂലോകേ—ഭൂലോകത്തിലോ. ഉദയഗിരൗ—ഉദയപർവതത്തിലോ. ചന്ദനോദ്യാനമാർഗ്ഗേ—മലയപർവതത്തിലെ വഴിയിലോ. ആകാശേ—അന്തരീക്ഷത്തിലോ.

1. ന്ത സീതേ.

2. നിത്യം നിത്യം പ്രഭാതേ സജലജലധര—
ധ്വാനഗംഭീരഭേരോ
പുത്തൻവാദിത്രഘോഷം രജനിചരവധൂ—
ഗീതിഭേദോനയാതം
മദ്ധ്യേ മദ്ധ്യേ മുഴങ്ങും ജയപിതദഹാ—
ശംഖസംഘാതമന്ത്രം
മുദ്ധോ! പാർക്കേണമേ നീ ദശമുഖപദവീ—
സൗരഭം ചാരുശീലേ!

പ്രത്യൂഷേ മുട്ടുമ്പോൾ പെരിയ പരുവമേ—
ലോറി ദാത്യുഹസംഘം
ബദ്ധോന്മാദം ചിലയ്ക്കും പലതരമെരിവാ
വാവിട്ടും ഘോരഘോരം
മതാ ബാലാനമ്മും വലിയ ചില മുരം—
പേർ പുലിക്കുട്ടയ്യാ
മുദ്ധേ ചീവീടഴകം ദശരഥതനയൻ.
പ്രാഭവം നന്നൊരോന്നേ.

എന്നീ പദ്യങ്ങൾ ''മുങ്ങി'' ഇത്യാദി പദ്യത്തിനുമുമ്പിലായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ശംഖദ്ധ്വാനാഭിരാമം ഗമനമതിമനോ—
ഹാരി തേവാരലക്ഷ്മീ—
രംഗം മാണിക്യരത്നോപലമയ[1]മമലേ
മാമകീനം പ്രഭാവം. 65

കാട്ടാനച്ചൂർ കലന്നീടിന കലുഷജലേ
പലവലേ കർദ്ദമാർദ്രേ
മാട്ടിന്മേൽനിന്നുരുണ്ടീടിന കഠിനകപാ—
ലാകുലേ സ്നാനകേളീ
വാട്ടം തട്ടാത വസ്ത്രം മരവുരി തുണ കു—
ളീഗണം വൻപിശാചിൻ
കൂട്ടം തേവാരിവൃന്ദം, ദശരഥതനയൻ—
പ്രഭാവം നന്നൊരോന്നേ. 66

[2]ദശരഥതനയൻ നിനക്കു പോരാ
ദശമുഖനെന്നുലകിൽ പ്രസിദ്ധനീ ഞാൻ
ദിശി ദിശി[3] വിളയുന്ന കീർത്തിതുല്യം
കുചതടമിങ്ങതുളീട പുല്ലുവാൻ മേ. 67

ക്ഷീരസിന്ധു—പാല്ക്കടലിലോ. ഹിമശിഖരിതടേ—ഹിമവാന്റെ താഴ്വരകളിലോ. കേളി—ക്രീഡ. ഏകാന്തേ—രഹസ്യത്തിൽ. രഘുതനയൻ—രാമൻ. ഹന്ത—അയ്യ! കാന്തേ—അല്ലയോ പ്രിയേ.

പദ്യം 65. ഐരാ....നേ—ദേവേന്ദ്രന്റെ ആനയായ ഐരാവതത്തിന്റെ മദജലത്താൽ കലുഷമായ. ദിവ്യഗംഗാപ്രവാഹേ—ആകാശഗംഗാ പ്രവാഹത്തിൽ. ഭംഗ്യാ—ഭംഗിയായി. അമരതരു—ദേവവൃക്ഷം. മാനനീയേ വാസസീ—മാനിക്കപ്പെടേണ്ടുന്ന നല്ല വസ്ത്രദ്വയം. ശംഖ.... മം—ശംഖിന്റെ നാദംകൊണ്ടു മനോഹരമായ. ഗമനം—യാത്ര. അതിമനോഹാരി—വളരെ മനോഹരം. തേവാ... ഗം—ദേവതാരാധനസ്ഥലം. മാണി....യം—മാണിക്യക്കല്ലുകൊണ്ടു നിർമ്മിച്ചതു്. അമലേ—അല്ലയോ നിർമലേ. മാമകീനം പ്രഭാവം—എന്റെ പ്രൗഢി.

പദ്യം 66. കലുഷജലേ—മലിനമായ ജലത്തോടുകൂടിയ. കർദ്ദമാർദ്രേ—ചെളി കലങ്ങിയ. പലവലേ—പൊട്ടക്കുളത്തിൽ. മാട്ടു—ഉയർന്ന സ്ഥലം. കഠിന....ലേ—കട്ടത്ത തലയോടുകളെക്കൊണ്ടു മിശ്രമായ.

പദ്യം 67. ദിശി ദിശി—ഓരോ ദിക്കിലും. മേ—എനിക്കു. കീർത്തിതുല്യം—യശസ്സിനു തുല്യമായ. പ്രസിദ്ധൻ—പ്രസിദ്ധിയുള്ളവൻ.

---

1. മബലേ.

2. ഉണ്ടാൻ കുറുംഗി പൊന്നിൻ തളികകുറുപദം—
ശണ്ഡോദരാന്നമമ്മാ
രമ്യം പാനം പയോജപ്രതികൃതിവദനേ
പത്തുമുന്നൂറു ദേഹേ

3. ദിശി ദിശി.

ഗദ്യം 4.

വരഗുണവതി ഹന്ത നീയെന്തു കൺകൊണ്ടു നോക്കാഞ്ഞതയ്യോ തെളിഞ്ഞൊന്നു നോക്കേണമിപ്പോഴും മുതിന്നപ്പൊടെൻ ചിത്തമാം വെണ്മതിഗ്രാവതുവെണ്ണിലാവേ! തുടത്തോരു ലാവണ്യമാപാദചൂഡം തുളുമ്പിക്കളിക്കും പ്രവാളാംഗരേഖേ! നിസർഗ്ഗപ്രസാദത്തെ മുന്നിട്ട രാഗപ്രവാഹത്തിൽ മുങ്ങുന്ന ദൃഷ്ട്യാ മുദാ നോക്കു നീയെന്നെയിപ്പോഴും വെളുക്കെച്ചിരിച്ചൊന്നു മിണ്ടായ്കിലുണ്ടോ കുളുക്കുന്നിതെന്മാനസം മന്മഥാർത്തം; മമ സ്വാമിനീ! സിഞ്ച മേ നെഞ്ചകം മഞ്ജുളാലാപമുദ്രാമൃതം കൊണ്ടെടോ വ്യഗ്രിയായ്തേതുമേ വേണ്ടതെല്ലാം തരാം ഞാൻ നിന,ക്കേടലർചെഞ്ചരാതങ്കവാനിങ്ങനേ വെന്തെരിഞ്ഞന്തരാ ഹന്ത ചാകേണമോ ദേവി! വൈദേഹി! കേളെങ്ങനേ ഞാൻ പൊറുപ്പു സദാ കണ്ടുകണ്ടങ്ങിരുന്നീടിനാൽ; കണ്ടിയും കൊണ്ടലും കൈതൊഴും കാറവാർകുന്തലും, പഞ്ചമിച്ചന്ദ്രനോടൊത്ത തുനെറിയും, മുഗ്ദ്ധമുഗ്ദ്ധം മുഖാംഭോജവും, മുത്തൊടൊ—

ഗദ്യം 4. വരഗുണവതി—ശ്രേഷ്ഠമായ ഗുണമുള്ളവളേ. വെണ്മതി ഗ്രാവ—ചന്ദ്രകാന്തക്കല്ല്. നിലാവു് അതിനെ അലിയിക്കും. ലാവണ്യം—സൗന്ദര്യം. ആപാദചൂഡം—കാലുമുതൽ കേശംവരെ. പ്രവാ....ഖേ—തളിരുപോലെ പതുത്ത ശരീരത്തോടു കൂടിയുള്ളോവേ. നിസർഗ്ഗപ്രസാദത്തെ—സ്വതസ്സിദ്ധമായ കാരുണ്യത്തെ. രാഗപ്രവാഹം—രാഗധാര. ദൃഷ്ട്യാ—നോട്ടംകൊണ്ടു്. മുദാ—സന്തോഷത്തോടുകൂടി. മന്മഥാർത്തം—കാമപീഡിതം. മമ—എന്റെ. സിഞ്ച—നനച്ചാലും. മഞ്ജു....തം—മധുരസംഭാഷണമാകുന്ന അമൃതു്. വ്യഗ്രിയായ്തേതുമേ—ഒരു വിധത്തിലും പാരവശ്യം വേണ്ട. അലർചെഞ്ചരാതങ്കവാൻ—കാമപീഡിതൻ. അന്തരാ—ഇടയിൽ. സദാ—എപ്പോഴും. മുഗ്ദ്ധമുഗ്ദ്ധം—വളരെ സുന്ദരം.

പൊന്മാടത്തിന്നു മേലേ മണിനിലയിലിരി—
പ്പാലവട്ടം പിടിപ്പാൻ
വെണ്മാനൽക്കണ്ണിമോത്തണ്ടനവധി സുഖമോ—
ത്തീടു സീതേ! തദാനീം.
കഷ്ടം കാട്ടാവണക്കിന്നിലയിലശന,മു—
പ്പൂച്ച കോക്കാനിവറ്റെ—
ച്ചട്ടിട്ടത്യന്തഹൃദ്യം കറി, ചെറുതകര—
ച്ചാറു പാനീയസാരം
നഷ്ടാശങ്കം തരുണാം കരലിലുടനിരി—
പ്പുണ്ടുമിണ്ടും നരിച്ചീർ
വട്ടത്തിൽ പാഞ്ഞു വീയും തവ സഹചരനോ—
ത്തീടു സീതേ! വിശേഷം.

ഈ രണ്ടു പദ്യങ്ങളും ''ദശരഥേ''ത്യാദി പദ്യത്തിനു മുമ്പിലായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു. 3. ശി വരുന്നു.

1. രുന്നാൽ.

ക്കും നറും പുഞ്ചിരിക്കൊഞ്ചൽവാസ്സും, തുടത്തോരു ചെഞ്ചോരി
വായും, മട്ടത്തുകുമാലാപജാലങ്ങളും, മഞ്ജുളഭ്രൂ തരംഗങ്ങളും,
മംഗലാലോകപാതങ്ങളും, കംബുബിംബങ്ങളും കൈതൊഴും
കണ്ണുവും, കുംഭികുംഭങ്ങളും കുമ്പിടും കൊങ്കയും, നന്തുണിക്കും
തുടിക്കും നടുക്കം വരും മദ്ധ്യവും, രമ്പലർചെഞ്ചരൻ വമ്പെഴും
തേത്തടം മുൻപു മുളീടുവോരൽക്കിടംതന്നെയും, ചെമ്പനസ്സും
കനക്കേടു വാസ്സും തുടത്തോരണംതന്നെയും; നിന്നെയും മാൽ—
പെടുന്നെന്നെയും ചിന്തയന്തരാളേ നൂന്താർചരോന്മാദ—
വേഗേന ഞാനെത്രയും ഖിന്നനെന്നങ്ങറിഞ്ഞീടെടോ കേവം;
ഭ്രമിക്കുന്നതെന്തിന്നു നീ രാമനെന്നുള്ളിലെന്നും നിനച്ചീടൊലാ;
രാക്ഷസാധീശ്വരപ്രേമമേനല്ലതെന്നുള്ളിൽ മെല്ലെന്നുറച്ചീടെ,—
ഴുന്നീല്ല നാം പോക ഗംഗാതരംഗേ കുളിക്കാട നല്ലാന്നുടുത്തീട
തേസ്സുംഗരാഗം കലമ്പന്മണംകൊണ്ടലം[1]പെപ്പുലമ്പും കുറിപ്പെ—
ട്ടകം നീ തുറന്നീട ദേവേന്ദ്രദത്തം മനോഹാരിചവ്വാതെടുത്തൊ—
ന്നു മെല്ലേ മുകന്നീട ബാലാക്സങ്കാശമാകല്പജാലം വിശേഷാ—
ലണിഞ്ഞീട മണ്ഡോദരീഭ്രഷണപ്പെട്ടിപെട്ടെന്നെടുത്താലുമെൻ
പോററി നോക്കീട്ട മന്ദസ്മിതം ചെറുകാണട്ടെ ലോകത്രയത്തി-
ന്നൊരാധിക്യമത്രേ നിനക്കിന്നെടോ വന്നതെന്നങ്ങറിഞ്ഞാലു—
മീ കഷ്ടമിഷ്ടം നിനക്കേതു ഹാ ദേവി വേണ്ടെന്നതെന്നാൽ
കഴൽപ്പല്ലവം കൈതൊഴാം തംപിരാട്ടി; കളക്കെച്ചിരിച്ചൊന്നു
നോക്കീട്ട പോർകൊങ്ക തൊട്ടാലുമോ കാണതല്ലായ്കിലീ
രാക്ഷസപ്പൊൻ[2]കിടാവാശ്രു കാമാഗ്നിനാ വെന്തെരിഞ്ഞേ
മരിക്കും ദൃഢം പോററി വൈദേഹി! കേവം മാരഭ്രപാലവീരന്നു
താനേ നടക്കും ജഗജ്ജൈത്രപൊന്നിൻപതാകായമാനേ! മനുഷ്യ
പ്പുഴുപ്രൗഢനും രാക്ഷസാധീശ്വരൻതാനുമുള്ളോരു ഭേദം ധരിച്ചീ—
ലയോ, പണ്ടു രാജ്യാഭിഷേകത്തിനാമ്മാറിരിക്കുന്ന നേരത്തു
പാഞ്ഞുള്ള പിഞ്ചെന്ന തള്ളിക്കളഞ്ഞോരു നേരം കമിണ്ണുങ്ങു
വീണമ്മുഴങ്ങാൽച്ചിരട്ടസ്സു ചെറുനമുണ്ടായതും നീ ധരിച്ചീല
യോ? പിന്നെയും കേട്ടുകൊണ്ടാലു, മോരോതരം വീര്യ,—

മുഖാംഭോജം—മുഖപദ്മം. ആലാപജാലം—സംഭാഷണം. മഞ്ജു.....
ങ്ങളും—മനോഹരമായ പുരികത്തിന്റെ ഇളക്കങ്ങളും. മംഗ .....ങ്ങളും—
സുന്ദരമായ നോട്ടങ്ങളും. കംബുബിംബങ്ങൾ—ശംഖിന്റെ ആകൃതികൾ.
കുംഭികുംഭം—ആനയുടെ മസ്തകം. അൽക്കിടം—ജഘനം. അന്തരാളേ—
ഇടയിൽ. ഖിന്നൻ—ദുഃഖിതൻ. ഗംഗാതരംഗേ—ഗംഗയുടെ തിരമാല
—യിൽ. അംഗരാഗം—ശരീരത്തിൽ പൂശുവാനുള്ളതു്. ബാലാക്സ
സങ്കാശം—ബാലസൂര്യനു തുല്യം. അകല്പജാലം—വേഷഭ്രഷ്ടാദിസമൂഹം.
പല്ലവം—തളിരു്. കാമാഗ്നിനാ—കാമത്തീയാൽ. ദൃഢം—നിശ്ചയം.
മാരഭ്രപാലവീരൻ—മന്മഥനാകുന്ന രാജവീരൻ. ജഗ.....നേ—ലോകവിജ

1. കൊണ്ടലംപംപുല. 2. പ്പൊൽകി.

മക്കൈകെയീ സൂനുതാൻ കാട്ടിലാമ്മാറകംപുക്കുടൻ പല്ലു മുപ്പത്തി രണ്ടും ചവുട്ടിക്കൊഴിപ്പാൻ തുടങ്ങുന്ന നേരം ഭയപ്പെട്ട തത്കാൽ പിടിച്ചച്ചെരിപ്പും കൊടുത്തങ്ങയച്ചൂട്ടതും നീ ധരിച്ചീലയോ! പിന്നെ മറ്റൊന്നു ചൊല്ലാം വിനോദാന്തരം മാമകീ സോദരീ പോയ്കൊടുങ്കാട്ടിലാമ്മാറു ചെല്ലുന്ന നേരം കനിഷ്ഠൻ തനി ക്കെന്നെനിക്കെന്നു ചേട്ടൻ നറുന്താർചരഭ്രാന്തിപൂണ്ടിങ്ങനേ ത മ്മിലേറ്റം പിണങ്ങുന്ന നേരം കനിഷ്ഠൻ തദാ കൊങ്കയുഗ്മം മുറിച്ചങ്ങു തൻപക്കലാമ്മാറു സംഗ്രഹ്യ മറ്റേടമപ്പോരുമേ ജ്യേ— ഷ്ഠനാസ്സ്യോണ്ടു ദത്വാ സുഖിപ്പിച്ചതും നീ ധരിച്ചീലയോ! പോ രുമിത്യാദിഭിർമത്പ്രഭാവങ്ങളും ഞാനേ പറഞ്ഞാലതാകാധ— രിക്കാം നിനക്കും ക്ഷണാലിന്നുമെൻ തം[1]പിരാട്ടീ.

രാവണന്റെ വാക്കു കേട്ടു കുപിതയായ സീതയുടെ മറുപടി:

ഇത്ഥം നിശാചരപതേർവചനം നിശമ്യ
ക്രുദ്ധാ വിദേഹതനയാ വിദയം ബഭാഷേ
''നക്തഞ്ചരാധിപ! ഫലം കിമു വാക്പ്രപഞ്ചൈ—
രെത്തും നിനക്കിതുനിമിത്തമനർത്ഥജാലം. 68

ഓക്കേണം നീ നടേ നിൻകുലതിലകമയീം
താടകാം പിന്നെയുണ്ടോ—
ന്നോക്കേണ്ടു തത്തദൃജൗ മുനിമഖമഥനൗ
തം വിരാധം കബന്ധം
ആക്കം കോലും ഖരം ദൂഷണമിതമൊട്ടു മാ—
രീചമെന്നാലിദാനീം
നീക്കം ചെറ്റില്ല നേരേ ദശരഥസുതനോ—
ടാരെതിർക്കുന്നതോർത്താൽ. 69

യത്തിൽ പൊൻകൊടിക്കൂറയായുള്ളോവേ. കൈകെയീസൂനു—ഭരതൻ. വിനോദാന്തരം—മറ്റൊരു വിനോദം. മാമകീ സോദരീ—എന്റെ സ ഹോദരി. കനിഷ്ഠൻ—അനുജൻ. യുഗ്മം—ദ്വയം. സംഗ്രഹ്യ—സംഗ്രഹി ച്ചിട്ടു. ദത്വാ—കൊടുത്തിട്ടു. ഇത്യാദിഭിഃ—ഇതു മുതലായതുകൊണ്ടു. മത്പ്രഭാവങ്ങളും—എന്റെ പ്രൗഢികളും.

പദ്യം 68. ഇത്ഥം—ഇപ്രകാരമുള്ള. നിശാ.....തേഃ—രാവണന്റെ. വചനം നിശമ്യ—വാക്കു കേട്ടിട്ടു. ക്രുദ്ധാ—കോപിതയായ. വിദേഹ തനയാ—സീത. വിദയം—കൃപകൂടാതെ. ബഭാഷേ—പറഞ്ഞു. നക്തഞ്ച രാധിപ—അല്ലയോ രാക്ഷസരാജ. വാക്പ്രപഞ്ചൈഃ—അധികം പറയുന്ന തുകൊണ്ടു. കിമു ഫലം—എന്താണു പ്രയോജനം. അനർത്ഥജാലം—ആപ ത്തുകളും.

പദ്യം 69. നടേ—ആദ്യമായി. നിൻ....യീം—നിന്റെ വംശത്തി ന്നു തൊട്ടുമുറിയായ (അലങ്കാരമായ). താടകാം—താടകയെ. തത്തദൃജൗ—

1. തമ്പുരാ.

ഇരുപതു ചെവികൊണ്ടും മഥ്യമാനാണ്ണ്വത്തോ—
ടുരപൊരുമൊരു ഘോഷം കേൾക്കുമാറുണ്ടശങ്കം
തിറവിയ രഘുനാഭജ്യാനിനാദം തദാനീ—
മറിവു മുഴവനുണ്ടാം നല്ലതും തീയതും തേ.'' 70

ഇണങ്ങാത്ത സീതയെക്കൊല്ലുവാനായി രാവണൻ വാളെടുക്കുന്നു:

സീത ചൊന്നതു നിശാചരനാഥൻ
ചേതസാ സകലമോത്തതികോപാത്[1]
പ്രാതരാശമിവളാത്തു നമുക്കെ—
ന്നാദദേ സുനിശിതം കരവാളം. 71

രാവണന്റെ മാലയെക്കാളും വാളുകൊണ്ടുള്ള വെട്ടാണു് താൻ ഇഷ്ടപ്പെടുന്നതു് എന്നു പറഞ്ഞുകൊണ്ടു സീത രാമനെ ധ്യാനിക്കുന്നു:

''ചട്ടററീടും[2] നിരാസോചിതമഴകിതു നി—
ന്നുദ്യമം ഞാൻ പൊറുപ്പേൻ
പുഷ്പപ്രീത്യാ കുലസ്ത്രീജനമുലകിലിരു—
ന്നീടുമാറുർദ്ധ്വശീർഷം
വെട്ടത്തേ മാലയെക്കാളയി മമ സുഖമി—
ന്നേതുമില്ലേ വിഷാദം
ദുഷ്ടാത്മൻ! നീ മുടിഞ്ഞായ് നിയത''മിതി വവ—
ന്ദേ ധിയാ രാമചന്ദ്രം. 72

അവളുടെ പുത്രന്മാർ. മുനി.....നു—വിശ്വാമിത്രമുനിയുടെ യാഗത്തെ തടഞ്ഞവർ. തം വിരാധം കബന്ധം—ആ വിരാധനേയും കബന്ധനേയും. ഖരം ദൂഷണം മാരീചം—ഖരദൂഷണമാരീചന്മാരെയും. ഇദാനീം—ഇപ്പോഴും.

പദ്യം 70. മഥ്യമാനാണ്ണ്വം—കടയപ്പെടുന്ന കടൽ. ഉരപൊരും—ഉരച്ചുപൊരുത്തുന്ന. തുല്യമായ എന്നർത്ഥം. ഘോഷം—ശബ്ദം. അശങ്കം—ശങ്കയെന്നിയെ. തിറവിയ—വർദ്ധിച്ച. രഘു....ദം—രാമന്റെ ഞാണൊലി. തദാനീം—അപ്പോഴും. തേ—നിനക്കു്.

പദ്യം 71. ചേതസാ—മനസ്സുകൊണ്ടു്. അതികോപാത്—വളരെ കോപം ഹേതുവായി. പ്രാതരാശം—പ്രാതലൂണു്. സുനിശിതം—മൂർച്ച യേറിയ കരവാളം—(ചന്ദ്രഹാസമെന്ന തന്റെ) വാളിനെ. ആദദേ—എടുത്തു.

പദ്യം 72. ചട്ടററീടും—അതിരില്ലാത്ത. നിരാസോചിതം—ത്യജിച്ചതിനു ചേർന്ന. ഉദ്യമം—ശ്രമം. പുഷ്പപ്രീത്യാ—വർദ്ധിച്ച പ്രീതിയോടു്. ഊർദ്ധ്വശീർഷം—തലപൊക്കിയവണ്ണം (ഉച്ചത്തിൽ). നിയതം—നിശ്ചയം. ഇതി—എന്നു്. ധിയാ—മനസ്സുകൊണ്ടു്. രാമചന്ദ്രം—രാമചന്ദ്രനെ. വവന്ദേ—വന്ദിച്ചു.

---

1. ടം നൃശംസോചി. 2. റുപ്പൻ.

ഇതെല്ലാം മറഞ്ഞുനിന്നു കണ്ട മണ്ഡോദരി ചന്ദ്രഹാസത്തിൽക്കയറി പിടിക്കുകയും രാവണനെ പഴിച്ചുകൊണ്ടു് അന്തഃപുരത്തിലേക്കു കൊണ്ടു പോവുകയും ചെയ്യുന്നു:

ഉരപെരുകിന പങ്ക്തിഗ്രീവവാത്താവിശേഷം
കരുണതരമൊരോന്നേ കണ്ടുകൊണ്ടദ്ദശായാം
മരമരികിൽ മറഞ്ഞുംനിന്ന മണ്ഡോദരീ സാ
വിരവൊട്ടു പിടിപെട്ടാളദ്യതം ചന്ദ്രഹാസം. 73

എന്നേ! പൊണ്ണാ! പിരാന്താ! പൊണപൊണെ വെറുതേ
ചീനിപോലേ തടിച്ചി—
ക്കന്യാരത്നം കൊതിച്ചിട്ടടനയിർ കളയും—
മാറു[1] തന്നേ തുനിഞ്ഞായ'''
എന്നങ്ങാഭാഷ്യ മേന്മേലിരുപതു കവിളു—
ത്തും കുമച്ചാവതെല്ലാ—
മന്നേരം കൊണ്ടുപോയാനം മണിയറയിൽ വെളി—
ച്ചത്തുനിന്നാകുലാംഗീ. 74

പദ്യം 73. ഉരപെരുകിന—വാചാലത കൂടിയ. കരുണതരം—വളരെ കരുണയോടുകൂടിയ. പങ്ക്തി.....ഷം—രാവണന്റെ ഇവ്വണ്ണമുള്ള പ്രവൃത്തിയെ. അദ്ദശായാം—ആ അവസ്ഥയിൽ. സാ മണ്ഡോദരീ—ആ മണ്ഡോദരി. ഉദ്യതം—പൊക്കിയ. ചന്ദ്രഹാസം—വാളിനെ.

പദ്യം 74. ആഭാഷ്യ—പറഞ്ഞിട്ടു്. ആകുലാംഗീ—ശരീരം തളർന്ന മണ്ഡോദരി. ചീനി തടിച്ചാലും അന്തസ്സാരമില്ലാത്തതും ഉപയോഗശൂന്യവും ആണു്.

ഉദ്യാനപ്രവേശം സമാപ്തം

അംഗുലീയാങ്കം

ഉപമാഘടനയിൽ കഥാവസ്തുവിനെ നിർദ്ദേശിച്ചുകൊണ്ടു പ്രബന്ധം ആരംഭിക്കുന്നു;

ഭംഗ്യാ[1] ഭവന്തമിഹ സംസദി കണ്ടനേരം
മംഗല്യരൂപ! മനകാംപു തുലോം തെളിഞ്ഞു;
ലങ്കാപുരോപവനസീമനി രാമപത്നീം
കൺകൊണ്ടു കണ്ടളവു വായുജനെന്നപോലേ. 1

ബാലിയെ നിഗ്രഹിച്ചു സുഗ്രീവനെ വാനരചക്രവർത്തിയാക്കിത്തീർത്ത ശ്രീരാമൻ മഴക്കാലാവിർഭാവത്താൽ ഉത്കണ്ഠിതനായി മഴക്കാലം സീതാന്വേഷണത്തിനു പറ്റിയതല്ലാത്തതിനാൽ അതു് അവസാനിക്കുന്നതുവരെ കിഷ്കിന്ധയിൽത്തന്നെ കഴിഞ്ഞുകൂടണമെന്നു സുഗ്രീവനോടു പറയുന്നതായി പ്രസ്താവിക്കുന്നു:

അക്ഷീണം ബാലിനം കൊന്നവരജനു കൊടു-
ത്താശു സുഗ്രീവനയ്യാ!
കിഷ്കിന്ധായാം മണം താവിന കപികുലസാ-
മ്രാജ്യലക്ഷ്മീമനുനാം

പദ്യം 1. ഇഹ സംസദി—ഈ സദസ്സിൽ. ഭവന്തം—അങ്ങയെ. മംഗ.....രൂപ—അല്ലയോ മംഗലസ്വരൂപ. ലങ്കാ.....നി—ലങ്കാപുരിയിലെ ഉദ്യാനത്തിൽ. രാമപത്നീം—സീതയെ. വായുജനു്—ഹനുമാനു്. വസ്തുനിർദ്ദേശരൂപമായ മംഗലാചരണം വാച്യമായ ഉപമയിൽ ചെയ്തുകൊണ്ടു പ്രബന്ധം ആരംഭിക്കുന്നു. ഹനുമാന്റെ ലങ്കാപ്രവേശം, സീതാദർശനം, അംഗുലീയപ്രദാനം, ഉദ്യാനഭംജനം, അക്ഷകുമാരവധം, ലങ്കാദാഹം എന്നീ ആറു പ്രധാനകാര്യങ്ങളാണു് ഈ പ്രബന്ധത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. ഹനുമാൻ തിരിയെ വന്നു ''കണ്ടേൻ ഞാൻ ദേവി! ശുഭചരിതാം'' എന്നു പറഞ്ഞു ശ്രീരാമനെ സമാധാനപ്പെടുത്തുന്നതോടുകൂടി പ്രബന്ധം അവസാനിക്കുന്നു.

പദ്യം 2. അക്ഷീണം—പ്രയാസം കൂടാതെ. ബാലിനം—ബാലിയെ. അവരജനു്—അനുജനായ സുഗ്രീവനു്. അനുനാം—കുറവില്ലാത്ത. മണം താവിന—ശ്രേഷ്ഠമായ. കപി....ലക്ഷ്മീ—വാനരവംശചക്രവർത്തിസ്ഥാനത്തെ. കിഷ്കിന്ധായാം—കിഷ്കിന്ധാനഗരത്തിൽ. അഗ്രേ—മുമ്പിൽ. നീളെപ്പുലമ്പു—എല്ലാടവും വ്യാപിച്ച. ജല....ലം—വർഷകാലത്തിലെ

---

1. ഭംഗ്യാ ഇത്യാദിപദ്യം ചില പാഠങ്ങളിൽ ഇല്ല.

അഗ്രേ നീളെപ്പുലമ്പും ജലദസമയകോ—
ലാഹലം കണ്ടഖണ്ഡാ—
മുത്കണ്ഠാം മൂടി നിന്നമ്മനുകുലപൊരുമാം
ഭാനുസൂനും ബഭാഷേ. 2

''സുഗ്രീവാ? കാണിതഗ്രേ ദിശി ദിശി വളരു—
ന്നോരു കാർക്കാലഘോഷം
മത്കാന്താന്വേഷണത്തിന്നിതു ബത! വിഷമം
കാലമാലോകയേഥാഃ,
കിഷ്കിന്ധായാമിരുന്നാവൊളമിതിനവധിം
പാർക്ക നീ, ഞാനുമെന്നാ—
ലിക്കാലത്തെക്കഴിച്ചീടുവനിഹ മഹിതേ
മാല്യവാൻതന്നുപാന്തേ.'' 3

സുഗ്രീവൻ, മഴക്കാലമത്രയും തന്റെ കൂടെ കിഷ്കിന്ധയിൽ താമസിക്കണമെന്ന ശ്രീരാമനോട പ്രാർത്ഥിക്കുന്നു:

ചൊന്നാനപ്പോഴം വണങ്ങിക്കപികുലപെരുമാം,
''മാല്യവാന്മേലമുഷ്കിൻ
ധന്യാത്മൻ! കേഴം വസിച്ചീടുകിലിഹ തൊഴുതും—
കൊണ്ടുളോനന്തികേ ഞാൻ,
എന്നും വേറിട്ടുകൂടാ കിമപി മമ വിഭോ!
മാദൃശാം പാലനന്തി—
ന്നെന്നാലെൻപോറ്റി! കിഷ്കിന്ധയിലുടനെഴുന—
ള്ളീടുകേ വേണ്ടതുള്ളൂ.'' 4

ഏകാന്തമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ശ്രീരാമൻ ആ പ്രാർത്ഥന നിരസിച്ചുകൊണ്ടു മഴക്കാലം തീർന്ന ഉടൻ പറഞ്ഞൊത്തവണ്ണം ശ്രമിക്കണമെന്നു സുഗ്രീവനോട പറയുന്നു:

നിർഘോഷത്തെ. അഖണ്ഡാം ഉത്കണ്ഠാം—അധികമായ വിരഹപീഡയെ. മനു....ം—സൂര്യവംശരാജാവായ ശ്രീരാമൻ. ഭാനുസൂനും ബഭാഷേ—സുഗ്രീവനോട പറഞ്ഞു.

പദ്യം 3. ദിശി ദിശി—എല്ലാ ദിക്കിലും. മത്കാ....ഷണം—എന്റെ പത്നിയായ സീതയുടെ അന്വേഷണം. വിഷമം കാലം—അനുകൂലമല്ലാത്ത കാലമാണെന്ന്. ആലോകയേഥാഃ—നീ കണ്ടാലും. കിഷ്കിന്ധായാം—കിഷ്കിന്ധയിൽ. അവധി—അവസാനം. മഹിതേ—ശ്രേഷ്ഠമായ. ഇഹ മാല്യ....ന്തേ—ഈ മാല്യവാൻ എന്ന പർവ്വതത്തിന്റെ താഴ്വരയിൽ.

പദ്യം 4. കപി....ം—സുഗ്രീവൻ. അമുഷ്കിൻ മാല്യവാന്മേൽ—ഈ മാല്യവാന്റെ മുകളിൽ. ധന്യാത്മൻ—കൃതകൃത്യമായ ആത്മാവോടുകൂടിയുള്ളോവേ. തൊഴുതുംകൊണ്ടുളോൻ—തൊഴുതുംകൊണ്ടു വസിക്കും. അന്തികേ

1. വേർവിട്ട.

''പോരും പോരും വചസ്താദൃശമയി സുമതേ!
നാട്ടിൽനിന്നിങ്ങു പോന്നു
പാരിക്കും മൗനവൃത്ത്യാ വനവസതി കറി—
ക്കൊണ്ടു താതാജ്ഞയാ ഞാൻ,
നീയും പോയ്ചെന്നനാഥം കപികുലമുടനാ—
ശ്വാസ്യ വർഷാവസാനേ
നേരത്താഗത്യ [1]തമ്മിൽ പരിചിനൊടു പറ—
ഞ്ഞൊത്തവണ്ണം യതേഥാഃ.'' 5

സുഗ്രീവനെ കിഷ്കിന്ധയിലേക്കു് അയച്ചിട്ടു ശ്രീരാമൻ മാല്യവാൻപർവതതടത്തിൽ ലക്ഷ്മണനോടുകൂടി താമസിക്കുന്നതായി പ്രസ്താവിക്കുന്നു:

ഭേദംകൊണ്ടിപ്രകാരം വിമനസമഥ കി—
ഷ്കിന്ധതന്നിൽ കപീനാം
നാഥം മെല്ലന്നയച്ചുമ്മനുകുലമു[2]കുടം
തമ്പു[3]രാനും തദാനീം
ചാതുർമ്മാസ്യം കറിക്കൊണ്ടനുജനൊടു സമം
പ്രാവൃഡാരംഭമേഗ്രേ
ഖേദേനോലോകയൻ മാല്യവദചലത[4]ലേ
ലൗല്യശാലീ ന്യവാത്സീത്. 6

—അരികിൽ. കിം അപി—ഒന്നും. മമ—എനിക്കു്. മാദൃശാം—എന്നെപ്പോലെയുള്ളവരുടെ. പാലനം—രക്ഷണം.

പദ്യം 5. താദൃശം വചഃ—അവ്വണ്ണമുള്ള വാക്കു്. സുമതേ—സദ്ബുദ്ധിയുള്ളോവേ. മൗനവൃത്ത്യാ—മുനിധർമ്മത്തോടു് (മൗനമായി വർത്തിക്കുന്നതോടു്) കൂടി. താതാജ്ഞയാ—അച്ഛന്റെ കല്പനയനുസരിച്ചു്. വനവസതി—വനവാസം. കറിക്കൊണ്ടു്—അംഗീകരിച്ചു്. അനാഥം—നാഥരഹിതമായ. കപികുലം—വാനരസമൂഹത്തെ. ആശ്വാസ്യ—സമാധാനപ്പെടുത്തി. വർഷാവസാനേ—വർഷകാലാവസാനത്തിൽ. അതായതു ശരത്കാലാരംഭത്തിൽ. ആഗത്യ—വന്നു്. യതേഥാഃ—ശ്രമിച്ചാലും.

പദ്യം 6. അഥ—പിന്നെ. ഭേദം—പിരിവു്. വിമനസം—മനസ്സുകേടുള്ളവനായ. കപീനാം നാഥം—സുഗ്രീവനെ. മനു....ടം—ശ്രീരാമൻ. തദാനീം—അപ്പോൾ. ചാതുർമാസ്യം—നാലുമാസക്കാലം ഒരേ സ്ഥലത്തു് ഇരിക്കുക—അതായതു കർക്കടകമാസത്തിലെ വെളുത്ത വാവിൻനാൾ തുടങ്ങി വൃശ്ചികമാസത്തിലെ വെളുത്തവാവിൻനാൾ അവസാനിപ്പിക്കുന്ന യതിവ്രതത്തെ. സമം—കൂടെ. അഗ്രേ—മുമ്പിൽ. പ്രാവൃഡാരംഭം—വർഷകാലാരംഭത്തെ. ഖേദേന—ഖേദത്തോടു്. ആലോകയൻ—കണ്ടുംകൊണ്ടു്. മാല്യ....ലേ—മാല്യവത്പർവ്വതഭാഗത്തിൽ. ലൗല്യശാലീ—ചഞ്ചലഹൃദയനായി. ന്യവാത്സീത്—വസിച്ചു.

1. നമ്മിൽ. 2. ലമകു. 3. തമ്പിരാ. 4. തടേ ശൗര്യശാ.

മഴക്കാലത്തിന്റെ കോലാഹലത്തെ വർണ്ണിക്കുന്നു:

ഗദ്യം 1.

തദനു തദാനീം ദയിതാവിരഹ—
ക്ലാന്തനു രാമനു,പന്നഗഭീതനു
വല്മീ[1]കാവാസക്രിയപോലേ,
ജലധരകാലം വിരവൊട്ടു വന്നു.
ഇടിനിടിനെന്നമിടിധ്വാനങ്ങളു[2]—
മിടയിടയിൽ ചില മിന്നൽപ്രഭയും
നിർഘോഷത്തൊട്ടു നിർഘാതങ്ങളു—
മിത്യാദീനാമാരംഭം ബത!
നഭ[3]സി വളന്നു വളന്നുതുടങ്ങീ.
കാളിന്ദീജലകാന്തി തകും ചില
കാളാംഭോവാഹങ്ങളും നിറഞ്ഞു;
ദിനകരദേവൻ ഝടിതി മറഞ്ഞു,
രോദോരന്ധ്രമിരുണ്ടു ചമഞ്ഞു.
നേരേ ഭ്രമിയിൽ മുഷ്ണരമാം[4]ചില
ധാരാപൂരം വീണുതുടങ്ങീ,
നീളെ നിലത്തു സിളിന്ധ്രകദംബം
നീരന്ധ്രം ബത കാണായ്[5]വന്നു;
കുടകപ്പാലകളംപൂങ്കുലതോറും
വടിവിൽ പാഞ്ഞു ഭൃംഗകദംബം,
മാലതി[6]ജാതികളം പരിമളഭാരം
മാലതിചേർത്തു പഥികജനാനാം,
മുകിൽനിര കണ്ടു മയൂരകദംബം

ഗദ്യം 1. മഴക്കാലത്തെ വർണ്ണിക്കുന്നു: തദനു—പിന്നെ ദയിതാ ... ന്തനു[5]—പത്നീവിയോഗത്താൽ ക്ഷീണിച്ച. പന്നഗഭീതനു[5]—സർപ്പത്തെ യെന്നവനു[5]. വല്മീ....യ—പുറ്റിന്മേൽ വാസം. ജലധരകാലം—വർഷ കാലം ധ്വാനം—ശബ്ദം. പ്രഭ—കാന്തി. നിർഘോഷം—മേഘശബ്ദം. നിർഘാതം—ഇടിവെട്ടുക. ഇത്യാദീനാം—തുടങ്ങിയുള്ളവയുടെ. നഭസി —അന്തരീക്ഷത്തിൽ. കാളി....ന്തി—യമുനയിലെ വെള്ളത്തിന്റെ നീ ലകാന്തി. കാളാ.....ഹങ്ങളം—കറുത്ത മഴക്കാറുകളം. ദിന.....വൻ —സൂര്യൻ. രോദോരന്ധ്രം—ആകാശത്തിന്റെയും ഭ്രമിയുടെയും ഇട. മുഷ്ണ രം—കടുത്ത. ധാരാപൂരം—ജലവർഷം. സിളി.....ബം—കണികളം. നീ രന്ധ്രം—തിങ്ങി. ഭൃംഗ.....ബം—വണ്ടിൻകൂട്ടം. മാലതിജാതികളം—പി ച്ചകപുഷ്പങ്ങളം. പരി.....രം—അധികവാസന. മാൽ—ദുഃഖം. പഥി .....നാം— (വിരഹികളായ) പാന്ഥന്മാക്കു[5]. മുകിൽ—മേഘം.

1. വന്മീക. 2. ഭൂമിടയിൽ ചില ചില മി. 3. സി തുട. 4. മായ[5] ചി. 5. ലതിയാശ്ലം മാന്ധാതാരം മാലതി ചേ.

മുഹുരപി ചതുരം നൃത്തമിയന്നു,
കൈതപ്പൂങ്കുല പരിമളമേന്തി—
പ്പൈതൽപ്പവനൻ വീയിനടന്നു,
കാന്തളരിമ്പുകം കാന്തി പുലമ്പീ.
തരുണീകളും ചില തരുണന്മാരും
പ്രണയവശേന മണം തടവീടിന
മണിയറതന്നിൽ ത്വരിതമകംപു—
ക്കഭിനവപരിമളവിഭവമൊരോന്നേ
പുതുമപെടുത്തും, കിമപി തിമത്തും,
ഭുജവല്ലീഭിർമർദ്ദം മർദ്ദം,
മദനോന്മാദാന്നർദ്ദം നർദ്ദം,
മധുരാധരമധു പായം പായം,
മണിതൈരതിമൃദു ഗായം ഗായം,
വിലസത് സേദം പ്രമഥിതധൈര്യം
പ്രകടിതമോദം പെരികിന സാദം
പ്രമദമഹോദധിതന്നിലിറങ്ങി—
ക്കൈമെയ്മാഴ്കി മയങ്ങി നികാമം
മദനോന്മാദം മനസി പൊറാഞ്ഞി—
ട്ടെവിടമിതെന്നും കിമിദമിതെന്നും
ഞാനാരെന്നും താനാരെന്നും
പരവശതാം പൂണ്ടലർശരസമരവി—
ലാസവിശേഷം പുലരെ വളർത്തു സു—

മയൂ . ബം—മയിലുകം. മയിലുകംകെ മഴക്കാലം ഉത്സാഹപ്രദമാണു്. മുഹുഃ അപി—കൂടക്കൂടെ. ചതുരം—സാമർത്ഥ്യമായി. നൃത്തം—ആട്ടം. പരിമളം—വാസന. പൈതൽപ്പവനൻ—ഇളങ്കാറ്റു്. കാന്തളരിമ്പുകം—മേന്തോന്നികം. പ്രണ.....ന—പ്രേമത്തോടുകൂടി. ത്വരിതം—വേഗത്തിൽ. അഭി..... വം—പുത്തൻ മണത്തിന്റെ പ്രസരം. ഭുജവല്ലീഭിഃ—കൈകളാകുന്ന കൊടികളാൽ. മർദം മർദം—ഉർദ്ധിച്ചിട്ടു് മർദ്ദിച്ചിട്ടു്. മദനോന്മാദാത്—കാമഭ്രാന്തിനാൽ. നർദം നർദം—വീണ്ടും വീണ്ടും ശബ്ദിച്ചുകൊണ്ടു്. മധുരാധരമധു—മധുരമായ അധരമധുവിനെ. പായം പായം—പാനം ചെയ്തിട്ടു പാനം ചെയ്തിട്ടു്. മണിതൈഃ—രതിക്രീഡിതങ്ങളാൽ. അതിമൃദു—വളരെ മൃദുവാംവണ്ണം. ഗായം ഗായം—വീണ്ടും വീണ്ടും ഗാനം ചെയ്തിട്ടു്. വിലസത്സേദം—ശോഭിക്കുന്ന വിയർപ്പോടു്. പ്രമ....ര്യം—നശിച്ച ധൈര്യത്തോടു്. പ്രകടിതമോദം—പ്രകാശിപ്പിക്കപ്പെട്ട സന്തോഷത്തോടു്. സാദം—ക്ഷീണത്തോടു്. പ്രമദമഹോദധി—ആനന്ദക്കടൽ. നികാമം—അധികം. മദനോന്മാദം—കാമപീഡ.

1. ഉരിൽ പുകം. 2. തണീജനവും തതണ. 3. പി തേർത്തു ള.
4. മതു പാ. 5. വിമഥി. 6. പെരുകി. 7. റാഞ്ഞുടനെവി.
8. ശേഷാൻ പിലര വ.

ഖിച്ചുതുടങ്ങീ[1] ലോകരശ്ശേഷം.
സുരതാമദ്ദംകൊണ്ടതിവേലം
പൊട്ടി[2]ച്ചാടും വിബുധസ്ത്രീണാം
മൗക്തികമാലാമണിനിരപോലേ,
വിദ്യുത്പാളികളെന്നും പൊന്മയ-
ച്ചമ്മട്ടികയുംകൊണ്ടടികൊണ്ട്[3]ടനേ
ഗർജ്ജിതഘോഷൈരൊട്ട കരഞ്ഞ-
ങ്ങംബരമ[4]ഗതി ചിരം ബത! വാക്കും
ബാ[5]ഷ്പപ്രസ്രമരധാരകയുംപോലേ,
വ്യോമവിതാനേ തൂക്കീടും ചില
കോമളമുക്താമാലകയുംപോലേ,
കടുമയിലിടമുറിയാതേ വീഴും
ധാരാപൂരൈരവനീതലവും
ഗഗനവുമുച്ചൈരൊന്നിച്ചു ദുഢ-
മെന്നേ തോന്നിച്ചിരവും പകലും
പെയ്തീടും ചില മഴവെള്ളംപോ--
ന്നഴകിൽ നിറഞ്ഞുക്കളവും കിണറും
തോടും തുറയും പെരികെ വഴിഞ്ഞ-
ജ്ഝർദ്ധളദ്ധളനാദനിരർഗ്ഗളധോരണി
രോദോവിവരം ജലമയമാസീത്.[6]

മഴക്കാലമായതിനാൽ വിരഹതാപം വർദ്ധിച്ച ശ്രീരാമൻ സീതയെ നിനച്ചു നിനച്ചു വിലപിക്കുന്നു:

മനസി—ചിത്തത്തിൽ. കിം ഇദം—ഇതെന്തോന്നു്. പരവശതാം—പാരവശ്യത്തെ. അലർ....ഷം—രതിക്രീഡകളെ. സുരതാമർദ്ദം—രതിക്രീഡയിലെ മർദനം. അതിവേലം—വളരെ. വിബു ...ണാം—ദേവസ്ത്രീകളുടെ. മൗക്തികം—മുത്തു്. വിദ്യുത്പാളികയും—മിന്നൽശ്രേണികയും. ഗർജിതഘോഷൈഃ—ഗർജനങ്ങളുടെ മുഴക്കങ്ങളാൽ. അംബരം—ആകാശം. അഗതി—ഗതിശൂന്യമായി. ബാഷ്പ .....കയും—പടന്നൊഴുകുന്ന ബാഷ്പം. വ്യോമവിതാനേ—ആകാശമാകുന്ന മേല്പട്ടിയിൽ. ധാരാപൂരൈഃ—അധികമായ ജലധാരകളാൽ. അവനീതലം—ഭൂതലം. ഗഗനം—അന്തരീക്ഷം. ഉച്ചൈഃ—അധികമായി. ദുഢം—ബലമായി. നിരർഗ്ഗളധോരണി (ശബ്ദത്തിന്റെ) തടവില്ലാത്ത മുഴക്കം. രോദോവിവരം—ആകാശഭ്രമധ്യം. ആസീത്—ഭവിച്ചു. ഈ ഗദ്യത്തിൽ ദയിതാവിരഹക്ലാന്തനായ രാമൻ മാല്യവാൻപർവതത്തിൽ വസിക്കുമ്പോഴ് വന്നുകൂടിയ വർഷർത്തുകാലാരംഭത്തെ കവി സരസമായി വർണ്ണിച്ചിരിക്കുന്നു.

1. ങ്ങീ സുര. 2. ട്ടിച്ചിതറും വി. 3. ണ്ടടനടൻ ഗ.
4. മകരി ചി. 5. ഷ്പപ്രകരപ്രസ്ര.
6. "ഉണ്ടോ നമ്പൂരിമാരേ ചില കിരിഴി പലിക്കുന്നിതിക്കാലമപ്പോ കണ്ടച്ചൻ നട്ട ഞാറുണ്ടഴകെഴുമടിയൻ കപ്പനാട്ടിൽ പറമ്പേൽ,

ഇത്ഥം കാക്കോലകോലാഹലമഖിലദിശാ—
ചക്രവാളേ തദാനീ—
മുദ്വേലം കണ്ഠ മേ[1]ന്മേൽ വിരഹദഹനസ—
ന്താ[2]നദീനാന്തരാത്മാ,
മുഗ്ധാംഗീം പ്രേയസീം താം വിവശതയൊടു സ—
ഞ്ചിന്ത്യ സഞ്ചിന്ത്യ സീതാ—
മത്യുന്മാദീ വിലാപം മനുകുലപെരുമാൻ
വീതശങ്കം വിതേനേ. 7

''അയമേകപദേ തയാ വിയോഗഃ
പ്രിയയാ ചോപനതഃ സുദുസ്സഹോ മേ
നവവാരിധരോദയൈരഹോഭിർ—
ഭവിതവ്യം ച നിരാതപാർദ്ധരമ്യൈഃ. 8

ജലദനിനദത്രസ്യന്മുഗ്ധാംഗനാസ്വയമർപ്പിത—
സ്നനതടപരീരംഭക്രീഡാപ്രഹർഷുലകാമുകേ
[3]കുപിതമദനേ കാലേ കേകാപ്രഗല്ഭശിഖാവളേ
കഥമിവ ദധേ ദീനോ ഹാ വത്സ! ലക്ഷ്മണ! ജീവിതം? 9

പദ്യം 7. അഖില....ളേ—എല്ലാ ദിങ്മണ്ഡലത്തിലും. ഉദ്വേലം—അതിരു കവിഞ്ഞു. വിര....ത്മാ—വിയോഗമാകുന്ന അഗ്നിജ്വാലയാൽ ദീനനായി. മുഗ്ധാംഗീം—മനോഹരഗാത്രിയായ. പ്രേയസീം—പ്രിയതമയായ. താം സീതാം—ആ സീതയെ. വിവശത—വ്യാകുലഭാവം. സഞ്ചിന്ത്യ—ഓർത്തിട്ടു. അത്യുന്മാദീ—വളരെ ഇളകിയവനായി. വീതശങ്കം—(ധീരോദാത്തനായകനായ താൻ വിലപിക്കുന്നതു് അനുചിതമല്ലേ എന്ന) ശങ്കയെന്നിയെ. വിലാപം വിതേനേ—വിലപിച്ചു.

പദ്യം 8. ഏകപദേ—ഒരുമിച്ചു്. തയാ പ്രിയയാ—ആ പ്രിയയുമായി. സുദുസ്സഹഃ വിയോഗഃ—പൊറുക്കരുതാത്ത വിയോഗം. മേ ഉപനതഃ ച—എനിക്കു വന്നുപെടുകയും ചെയ്തു. നവ .. യൈഃ—പുത്തനായ മേഘത്തിന്റെ ആവിർഭാവത്തോടുകൂടി. നിരാ....മ്യൈഃ—പകൃതിസമയം വെയിലില്ലാതെ മനോഹരമായ. അഹോഭിഃ—ദിനങ്ങളാൽ. ഭവിതവ്യം ച—ഭവിപ്പു എന്നുള്ളതുമുണ്ടായി.

പദ്യം 9. ജല....കേ—ഇടിവെട്ടുന്ന ശബ്ദം കേട്ടു ഭയന്ന മുഗ്ധസ്ത്രീകളെ സായം കൊടുത്ത കുചാശ്ലേഷക്രീഡകൊണ്ടു സന്തോഷം വർദ്ധിച്ച കാമുകന്മാരോടുകൂടിയ. കേകാ....ളേ—മയിലുകളുടെ കേകാശബ്ദം ഉച്ചത്തിൽ പുറപ്പെടുവിക്കുന്ന. കുപിതമദനേ കാലേ—കാമൻ കോപിച്ചിരിക്കുന്ന (വർഷ)കാലത്തിൽ. ദീനഃ—ദീനനായ (ഞാൻ). ജീവിതം കഥം ഇവ

കണ്ഠേ ലഗ്നാക്കിലാശ്ലേ ചിരികലി ചുകരിക്കാലമൊക്കെ കഴിഞ്ഞു
ചണ്ഡച്ചൂ ദൈവമെന്നൂ കലിതകരയുഗം ചതുരാന്തേ ഭടന്മാർ—

എന്നൊരു പദ്യം അപ്രസക്തമായി ഗദ്യം കഴിഞ്ഞാലുടൻ അധികമായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

1. ണ്ഠ മന്മേ. 2. ന്താപദീ. 3. കേ കലിത.

മനോ ഹരതി മേ മുഹുർമുഹുരപി പ്രിയേ! ജാനകി!
പ്രസീദ പരിപശ്യ മാമിതി മയി ബ്രുവാണേ രഹഃ
കരേണ മണികങ്കണം വിപരിവർത്തയന്തീ ക്ഷണം
വിനമ്രവദനാംബുജാ വിധുരമാസ്ത യന്മൈഥിലീ. 10

അഭ്യസ്യമാനമനിശം
ബാലേ! സർവം ക്രമേണ സോഢവ്യം
ഏഷ പുന[1]സ്ത്വദിരഹോ
ദിവസേ ദിവസേ സുദുസ്സഹോ ഭവതി.[2] 11

ദുഃഖ–ജീവിതത്തെ എങ്ങനെ ധരിക്കും? വത്സ ലക്ഷ്മണ–അല്ലയോ ഉണ്ണി ലക്ഷ്മണ.

പദ്യം 10. പ്രസീദ–പ്രസാദിക്കണേ. മാം പരിപശ്യ–എന്നെ ഒന്നു നോക്കിയാലും. ഇതി–എന്നു്. രഹഃ–രഹസ്യത്തിൽ. മയി ബ്രുവാണേ ഞാൻ പറയുമ്പോൾ. കരേണ–കൈകൊണ്ടു്. ക്ഷണം–അല്പനേരം. മണി....ണം–മണിമയമായ വളയെ. വിപ ...ന്തീ–കവിഞ്ഞുന്നവളായി. വിന... ജാ–മുഖം കുനിഞ്ഞവളായി. മൈഥിലീ–സീത. യത് വിധുരം ആസ്ത–വിഹ്വലയായി നിന്നതു്. മുഹുഃ മുഹുഃ അപി–കൂടക്കൂടെ. മേ മനഃ ഹരതി–എന്റെ മനസ്സിനെ ആകർഷിക്കുന്നു. ഇതു പൂർവാനുഭവ കഥയാകുന്നു.

പദ്യം 11. അനിശം–എപ്പോഴും. അഭ്യസ്യമാനം–അഭ്യസിക്കപ്പെടുന്നതു്. സർവം–എല്ലാം. ക്രമേണ സോഢവ്യം–ക്രമമായി സഹിക്കാവതാകും. ഏഷഃത്വദ്വിരഹഃ പുനഃ–ഈ നിന്റെ വിയോഗമാകട്ടെ. ദിവസേ ദിവസേ–ഓരോ ദിവസം കഴിയുന്തോറും സുദുസ്സഹഃ ഭവതി–അസഹ്യമായ്ത്തീരുന്നു.

---

1. നസ്ത്വദി. 2. ഈ പദ്യം കഴിഞ്ഞയുടൻ മത്പ്രാണാ, മൈക്ഷ്വാ, സജ്ജല,ിന്നാ ഗേന്ദ്രേ, ഉദ്ഗാതാ, സ്ഫുർജ, കാ കാര്യം, ഇത്ഥം നാനാ എന്നിങ്ങനെയാണു് പദ്യക്രമം ചില പാഠങ്ങളിൽ കാണുന്നതു്. സഫുർജദിത്യാദി പദ്യം കഴിഞ്ഞയുടൻ

ഭഗവൻ ജീമൂത!

ദൈവാത്പശ്യേർജഗതി വിചരൻ മത്പ്രിയാം മൈഥിലീം വേ-
ദാശാസ്യാദൗ തദനു കഥയേ രാഘവീയാമവസ്ഥാം,
ആശാതന്തുന്തു കഥയതാത്യർഥമുച്ചൈരനീയഃ
പ്രാണത്രാണം കഥമപി കരോത്യായതാക്ഷ്യാഃ സ ഏകഃ.

കേകാഭിർനീലകണ്ഠസ്തിരയതി വചനം താണ്ഡവായോച്ചിഖണ്ഡഃ
കാന്താമന്തഃ പ്രമോദാദഭിസരതി മദഭ്രാന്തതാരശ്ചകോരഃ
ഗോലാംഗ്രലഃ കപോലം ക്ഷുരയതി രജസാ കൗസുമേന പ്രിയായാഃ
കം യാചേ തത്ര തത്ര ധ്രുവമനവസരഗ്രസ്ത ഏവാത്മിഭാവഃ.

ഭോ ജലചര! വിഹംഗരാജ!

പശ്ചാത് സരഃ പ്രതിഗമിഷ്യസി മാനസം തത്
പാഥേയമുത്സൃജ വിസം ഗുരുഹണായ ഭ്രയഃ
മാം താവദുത്തര ശുചോ ദയിതാപ്രവൃത്ത്യാ
സ്വാർഥാൽ സതാം ഗുരുതരാ പ്രണയിക്രിയൈവ.

സ്ഫുജ്ജദ്ഗജ്ജാട്ടഹാസപ്രസരസരഭസാ—
ലക്ഷ്യവേല്ലദ്ബലാകാ—
ദന്തവ്രാതപ്രചണ്ഡ, സ്ഫുരളതരതടിദ്
വല്ലരീപാശധാരീ,
ഉദ്യമ്യ ക്രോധവേഗാദയമുപരി മഹാ—
ദണ്ഡമിന്ദ്രായുധാഖ്യം
ഹാ ഹാ! ഹന്തും കൃതാന്തസ്ത്വരിതമുപഗതോ
നീലജീമൂതനാമാ. 12

ഉദ്ഗാതാ മത്തകേകീ, സ ഖലു ജലധരോ
ഹന്ത! ഹോതാ, സമീരോ—
പ്യദ്ധ്വര്യുശ്ചാതകാത്തസ്വനിതമപി വഷട്കാ—
രഘോഷോ മഹീയാൻ,
സ്വാഹാകാരശ്ച ഹാഹാ! പഥികനികരഹാ—
ഹാരവോ യജ്വനാ കിം
കന്ദപ്പേണാത്ര വഷ്ട്സമയപുരുഷമേ—
ധേ പശ്രുഃ കല്പിതോ ഽഹം?

പദ്യം 12. നീല....നാമാ—ഇരുണ്ട മേഘമെന്ന പേരായ. അയം കൃതാന്തഃ—ഈ യമൻ. സ്ഫൂർജദ്....ണ്ഡഃ—ഉഗ്രഗർജിതമാകുന്ന അട്ടഹാസത്താലും ഇടയ്ക്കിടയ്ക്ക് തെളിഞ്ഞു കാണുന്ന വെള്ളിപ്പക്ഷികളാകുന്ന പല്ലുകളാലും ഭയങ്കരനായി. തര....രീ—ഇളകിത്തിളങ്ങുന്ന മിന്നലാകുന്ന പാശത്തെ ധരിച്ചവനായി. ക്രോധവേഗാത്—അതികോപത്താൽ. ഇന്ദ്രാ.... ഖ്യം—മഴവില്ലാകുന്ന. മഹാദണ്ഡം—വലിയ വടിയെ. ഉപരി ഉദ്യമ്യ—മുകളിൽ ഓങ്ങിപ്പിടിച്ചുംകൊണ്ട്. ഹന്തും—കൊല്ലുവാനായി. ത്വരിതം—വേഗത്തിൽ. ഉപഗതഃ—വന്നിരിക്കുന്നു.

പദ്യം 13. മത്തകേകീ—മദിച്ചു കൂകുന്ന മയിൽ. ഉദ്ഗാതാ—ഉച്ചത്തിൽ സാമഗാനംചെയ്യുന്നവൻ. സഃ ജലധരഃ ഖലു—ആ മേഘമാകട്ടേ. ഹോതാ—ഹോമിക്കുന്നവൻ. സമീരഃ അപി—വായുവും. അധ്വര്യുഃ—അധ്വര്യു. യജുർവേദകർമങ്ങളും ചെയ്യുന്നവൻ. ചാത....തം അപി—വേഴാമ്പലുകളുടെ ദീനശബ്ദവും. മഹീയാൻ വഷട്കാരഘോഷഃ—ഹോമിക്കുമ്പോൾ

''യദി ഹംസ ഗതാ ന തേ നതഭ്രൂഃ
സരസോ രോധസി ദർശനം പ്രിയാ മേ,
മദഖേലപദം കഥം ന തസ്യാഃ
സകലം ചോര ഗതം ത്വയാ ഗൃഹീതം.

ഗദ്യം സാനശയോ ഽഹമസ്വിൻ നവകമലസേവിനി ഭ്രമരേ പ്രണയിതപം കരിഷ്യേ.

മധുകര! മദിരാക്ഷ്യാഃ ശംസ തസ്യാഃ പ്രവൃത്തിം,
വരതനുരഥവാ തേ നൈവ ദൃഷ്ടാ പ്രിയാ മേ:
യദി സുരഭിമുപാസ്യസുന്മുഖോച്ഛ്വാസഗന്ധം
തവ രതിരഭവിഷ്യത് പുണ്ഡരീകേ കിമസ്മിൻ''

ഇത്രയും ഭോഗം അധികമായും കാണുന്നു.

നാഗേന്ദ്രേ മന്ദയാനം, ഭയചകിതകുരം
ഗീകലേ കൺവിലാസം,
കാർക്കുന്തൽച്ചന്തവും താണ്ഡവപരിലുളിതേ
കേകിനാം പീലിജാലേ,
വാർകോല്യം പദ്മകോശേ വളർമുലയു, മിവ—
ണ്ണം വിഭക്താംഗലേഖാ
ഹാ ഹാ! ചന്ദ്രാനനാ കാനനഭുവി ദയിതാ
ദൃശ്യതേ മൈഥിലീ മേ. 14

മത്പ്രാണാലംബമേ! മന്മഥജയവിഭുതേ!
ദേവി! വൈദേഹി! വന്നീ—
ടിപ്പോളെന്നഗ്രഭാഗേ ചിരകലഹമെടോ!
രാമനോടല്ല വേണ്ടു,
ഉൾപ്പൂവാം മന്ദിരേ സുന്ദരമുഖി! പലനാ—
ളില്ലയോ നീ മറഞ്ഞൂ
മുല്പാടിന്നും വരായ്വാൻ കഥയ പിഴകൾ ഞാൻ
ചെയ്തതെന്തോമലേ! തേ? 15

മന്ത്രത്തോടുകൂടി ചൊല്ലുന്ന വലിയ വഷട്കാരധ്വനി. പഥി....വഃ—വിരഹികളായ പാന്ഥന്മാരുടെ ഹാഹാശബ്ദം. സ്വാഹാകാരഃ ച—സ്വാഹാകാരവും. സ്വാഹാശബ്ദവും ഹോമിക്കുമ്പോഴും മന്ത്രാവസാനത്തിൽ ചൊല്ലപ്പെടുന്നു. യജമാനാ—യജമാനായ. യജ്ഞായുഷേ—യാഗകർത്താവിന്. കന്ദർപ്പേണ—കാമദേവനാൽ. വഷ്ടാ .. ധേ അത്ര—വഷ്ടാകാലത്തിലെ പുരുഷമേധമായ ഈ യാഗത്തിൽ. അഹം—ഞാൻ. പശ്വഃ കല്പിതഃ കിം—പശുവായി കല്പിക്കപ്പെട്ടിരിക്കുന്നുവോ. യാഗത്തിനായ് ഉദ്ദേശിക്കുന്ന ജന്തുവാണ് പശു. പുരുഷമേധം നരമേധം എന്ന യാഗം.

പദ്യം 14. നാഗേന്ദ്രേ—ഗജവീരനിൽ. മന്ദയാനം—മന്ദഗതി. ഭയ....ലേ—പേടിച്ചോടുന്ന മാൻപേടകളിൽ. താണ്ഡ ...തേ—ആട്ടത്തിൽ വിടർന്ന. കേകിനാം—മയിലുകളുടെ. പീലിജാലേ—പീലികളിൽ. പദ്മകോശേ—താമരമൊട്ടിൽ. ചന്ദ്രാനനാ—ചന്ദ്രമുഖിയായ. മേ—എന്റെ. ദയിതാ—പ്രേയസിയായ. മൈഥിലീ—ജാനകി. കാനനഭുവി—വനപ്രദേശത്തിൽ. വിഭ....ഖാ—വിഭജിക്കപ്പെട്ട അംഗലാവണ്യത്തോടുകൂടി. ദൃശ്യതേ—കാണപ്പെടുന്നു.

പദ്യം 15. മത്പ്രാ....മേ—എന്റെ ജീവനു് ആശ്രയമായുള്ളോവേ. മന്മ....തേ—കാമദേവന്റെ ജയചിഹ്നമായുള്ളോവേ. അഗ്രഭാഗേ—മുമ്പിൽ. ചിരകലഹം—ചിരകാലമുള്ള കലഹം. ഉൾപ്പൂവാം മന്ദിരേ—മനസ്സാകുന്ന ഗൃഹത്തിൽ. കഥയ-പറഞ്ഞാലും. തേ—നിനക്കു്. മുൽപ്പാടു്—മുൻഭാഗത്തു്. വൈദേഹി—വിദേഹന്റെ അപത്യം സ്ത്രീ, സീത.

[1]മൈക്കൊണ്ടൽച്ചാത്തു കാണാമുപരി, പരിലസത്—
കന്ദളാ ഭ്രുതധാത്രീ,
ദിക്കെങ്ങും പാടിയാട്ടം മയിൽനിരകൾ, തണു—
ത്തോരു തെന്നൽതാനും,
ഉത്കണ്ഠാവേ[2]ഗശാലീ വിരഹവിപദി ഞാ—
നേതു ദിക്കിങ്കലയ്യോ!
വന്നേണ്ട ഹന്ത! മത്കണ്ണുകൾ ജനകസുതേ!
ദേവീ! ഹാ ഹാ ഹതോ'ഹം. 16

കാകാര്യം, ദിവസേശിതുഃ കാ ച കുലം,
ഭ്രുയോ'പി ദൃശ്യേത സാ,
ദോഷാണാം പ്രശമായ മേ ശ്രുതമഹോ!
കോപേ'പി കാന്തം മുഖം,
കിം വക്ഷ്യന്ത്യപക[3]ല്മഷാഃ കൃതധിയഃ,
സ്വപ്നേ'പി സാ ദുർലഭാ,
ചേതഃ സ്വാസ്ഥ്യമുപൈഹി, കഃ ഖലു യുവാ
ധന്യോ'ധരം പാസ്യതി? 17

പദ്യം 16. മൈക്കൊ....ത്തു—മഷിപോലെയുള്ള (കറുത്ത) കാർനിര. ഉപരി—മുകളിൽ. പരി....ളാ—ക്ലുണകൾ നിറഞ്ഞതു്. ഭ്രുതധാത്രീ—ഭൂമി. ഉത്ക .. ലീ—നിന്നെ കാണുന്നതിൽ ഔത്സുക്യം സംഭ്രമം ഇവയോടുകൂടിയ. വിര....ദി—വിയോഗമാകുന്ന ആപത്തിൽ. അഹം—ഞാൻ. ഹതഃ—കൊല്ലപ്പെട്ടവനായിരിക്കുന്നു. പ്രകൃതപദ്യം, "ഉപരി ഘനം ഘനപടലം, തിര്യഗ്ഗിരയോ'പി നൃത്തിതമയൂരാഃ ക്ഷിതിരപി കന്ദളധവളാ ദൃഷ്ടിം പഥികഃ കാ പാതയതി" എന്ന ഭർതൃഹരിസുഭാഷിതപദ്യത്തിന്റെ അനുകരണമാണു്.

പദ്യം 17. അകാര്യം കാ—(ഒരു സ്ത്രീയെ ഉദ്ദേശിച്ചുള്ള വിലപന രൂപമായ) അകൃത്യം എവിടെ. ദിവസേശിതുഃ കുലം ച കാ—സൂര്യവംശം എവിടെ. സൂര്യവംശ്യർക്കു് ഇതു യോജിച്ചതല്ല എന്നർത്ഥം. സാ—അവൾ. ഭ്രുയഃ അപി—വീണ്ടും. ദൃശ്യേത—കാണപ്പെടുമോ? ദോഷാണാം പ്രശമായ—ദോഷങ്ങളെ ശമിപ്പിക്കുവാനായിട്ടാണല്ലോ. മേ ശ്രുതം—എന്റെ ജ്ഞാനസമ്പത്തു്. അതിനാൽ ഞാൻ ഇങ്ങനെ വ്യസനിക്കുകയും ചാപല്യം കാണിക്കുകയും ചെയ്യുന്നതു ശരിയല്ല എന്നർത്ഥം. അഹോ—ആശ്ചര്യം. കോപേ അപി—കോപത്തിലും. മുഖം കാന്തം—മുഖം രമ്യമാണല്ലോ. അപ....ഷ്ടാഃ—കല്മഷരഹിതരായ. കൃതധിയഃ—ബുദ്ധിമാന്മാർ. കിം വക്ഷ്യന്തി—എന്തു പറയും? സ്വപ്നേ അപി—സ്വപ്നത്തിൽപ്പോലും. സാ—അവൾ. ദുർലഭാ—ദുർലഭയാകുന്നു. ചേതഃ—അല്ലയോ ചിത്തമേ. സ്വാസ്ഥ്യം—സ്വസ്ഥതയെ. ഉപൈഹി—പ്രാപിച്ചാലും. ധന്യഃ കഃ യുവാ ഖലു—ഭാഗ്യവാനായ ഏതൊരു യുവാവാണു് (അവളുടെ) അധരത്തെ പാനം ചെയ്യുന്നതു്. ദിവസേശിതുഃ എന്ന പദം മാത്രം മാറ്റിയിട്ട വിക്രമോർവശീയപദ്യമാണിതു്.

---

1. നല്ലൊണ്ട. 2. വേശശാ. 3. കൽമഷാഃ.

സജലജലദപാളീദന്തുരാശാന്തരാളേ
മഥിതപഥിക[1]ലോകേ ഹന്ത! കാലേ ബലാൽ നീ
ശശിമുഖി! ജനമേനം ദീനമാർ[2]പൊക്കലാക്കീ—
ട്ടശരണമുടനയ്യോ പാ[3]വമേ! പോയ്ക്കഴിഞ്ഞൂ.'' 18

ഇടയ്ക്കിടയ്ക്കു ലക്ഷ്മണൻ സമാശ്വസിപ്പിക്കുന്നുവെങ്കിലും ശ്രീരാമൻ വിരഹപീഡയാൽ അവശനായതിനെ പ്രസ്താവിക്കുന്നു:

ഇത്ഥം നാനാപ്രകാരം വനഭുവി കലിതോ—
ന്മാദവേഗം പറഞ്ഞും,
പ്രത്യക്ഷം കണ്ണുനീർ വാർത്തവശധൃതി കര—
ഞ്ഞും, പിണഞ്ഞും വിമോഹം,
മദ്ധ്യേ സൗമിത്രി ചെന്നങ്ങതിമൃദുവചനൈ—
രാശ്വസിപ്പിച്ചുമുച്ചൈ—
രുൽത്താപം പൂണ്ടുമയ്യോ! രഘുവരവിരഹാ—
തങ്കമെന്തോന്നു ചൊൽവൂ! 19

മഴക്കാലം അവസാനിച്ചതായും ശരത്കാലം ആരംഭിച്ചതായും വർണ്ണിക്കുന്നു: (പ്രാകൃതം)

''വവസാഅരഇപഓഓ
രോസഗഇംദദിഢസിംഖളാപഡിബംധോ

പദ്യം 18. സജല....ളേ—നീരുണ്ട മേഘപംക്തികളെക്കൊണ്ടു ദിഗ്വിഭാഗങ്ങളും നിമ്നോന്നതങ്ങളായിരിക്കുന്ന. മഥിത....കേ—വിരഹികളായ പഥികന്മാർ സന്തപിക്കുന്ന. കാലേ—വർഷകാലത്തിൽ. ശശിമുഖി—അല്ലയോ ചന്ദ്രമുഖി. ദീനം ഏനം ജനം—ദീനനായ ഇജ്ജനത്തെ. അശരണം—ശരണരഹിതനായി. ആർപൊക്കൽ ആക്കീട്ടു—ആരുടെ അധീനത്തിൽ ഏൽപ്പിച്ചിട്ടു.

പദ്യം 19. ഇത്ഥം—ഇവ്വണ്ണം. നാനാപ്രകാരം—പലവിധത്തിൽ. വനഭുവി—കാട്ടിൽ. കലി....ഗം—ഉന്മാദത്തിന്റെ ഊക്കോടു കൂടിയവനായി. അവശധൃതി—സ്ഥൈര്യഹീനനായി. വിമോഹം—മൗഢ്യം. മദ്ധ്യേ—ഇടയ്ക്കു. സൗമിത്രി—ലക്ഷ്മണൻ. അതി....നൈഃ—വളരെ മൃദുവായ വചനങ്ങളാൽ. ഉച്ചൈഃ—ബലമായി. ഉൽത്താപം—മനസ്സങ്കടം. രഘു ....ങ്കം—ശ്രീരാമന്റെ വിരഹപീഡ. ഇതുവരെയുള്ള ഭാഗത്തിൽ സീതാവിരഹാതുരനായ രാമന്റെ അവസ്ഥയെ ഗദ്യപദ്യങ്ങളെക്കൊണ്ടു വർണ്ണിച്ചിരിക്കുന്നതു വിക്രമോർവശീയം നാലാമങ്കത്തിൽ ഉർവശീവിരഹാതുരനായ പുരൂരവസ്സിന്റെ അവസ്ഥയെ വർണ്ണിച്ചിരിക്കുന്നതിനെ ആശ്രയിച്ചാണു.

പദ്യം 20. ദാശരഥേഃ—ശ്രീരാമന്റെ. വ്യവസായരവിപയോദഃ

1. കജാലേ ഹ. 2. ർപോക്ക. 3. പാപമേ പൊയ്ക.
4. വിവസാഅരഇപഓഓ
രോസഗഇദ്ദിഢസിണിഗ്ഘബിബ്ബോകോ
പികവിഹിയസ്സരഹീണോ
ജിഅകേസരിഓ ഗഓ അഘണസമഓ.

കഹകഹവി ദാസരഹിണോ
ജഅകേസരിപംജരോ ഗഓ ഘണസമഓ.'' 20

(ഛായാ)

''വ്യവസായരവിപയോദോ
രോഷഗജേന്ദ്രോദ്ധശൃംഖലാപ്രതിബന്ധഃ
കഥം കഥമപി ദാശരഥേഃ
ജയകേസരിപംജരോ ഗതോ ഘനസമയഃ.
[1]തോഅലവാരജസപഥോ
രാഹവജീഅസ്സ [2]പുണ്ണമഹദാഇൗ
ബോഹിഅബാഹവിഹാഓ
ദസമുഹവജ്ഝദിഅഹോ ഉപഗഓ സരഓ. 21

(ഛായാ)

[3]തോയലവാരജസപഥഃ
രാഘവജീവസ്യ[4] പൂണ്ണമഹദായീ
ബോധിതബാഹവിഹാരോ
ദശമുഖവദ്ധ്യദിവസ ഉപ[5]ഗതഃ സരസഃ.
[6]സരഇമേ ദേഹ ദഹാണി
അന്തോസീആഇ ബാഹിരുഷ്ണാഇ

–ഉത്സാഹമാകന്ന സൂര്യന്ന മഴക്കാറായും. രോഷ.....പ്രതിബന്ധഃ–കോപമാകന്ന ആനയെ ഉറപ്പിച്ചു കെട്ടന്ന ചങ്ങലയായും. ജയ....പംജരഃ–ജയമാകന്ന സിംഹത്തെ അടച്ചിട്ടന്ന കൂടായും ഇരിക്കന്ന. ഘനസമയഃ–വർഷക്കാലം. കഥം കഥം അപി–വല്ലപാടും. ഗതഃ–കഴിഞ്ഞു പോയി.

പദ്യം 21. തോയ.....ഥഃ–അല്പം ജലത്താൽ പൊടിയറ മാത്രത്തോടുകൂടിയ. രാഘവ.....സ്യ–രാമന്റെ ജീവന്റ. പൂർണ്ണ....യീ–മുഴുവുത്സവത്തെ കൊടുക്കന്ന. ബോധി....രഃ–കൈയ്യിക്കിനെ ഓമ്മിപ്പിച്ച. സരസഃ–രസമായ. ദശ.... ..സഃ–ദശമുഖനെ വധിക്കേണ്ട ദിവസം. ഉപഗതഃ–വന്നെത്തി.

(ഛായാ) വ്യവസായരഹിതദോഷഃ
രോഷഗളദ്ധസ്നിശ്ശബിബ്ധോകഃ
പികവിഹിതസ്വരഹീനഃ
ജിതകേസരികോ ഗതശ്ച ഘനസമയഃ.

1. തോഹരിവരജസപംഥോ.
2. പുഢമഹത്ഥാളംബോ സീആബാഹവിഹാഓ ദഹമുഹവജ്ഝദി ങഓ ഉവഗഓ സരഓ. 3. തതോ ഹരിപരയശഃ പഥോ
4. സ്യ പ്രഥമഹസ്താലംബഃ സീതാ ബാഷ്പവിഘാതോ ദശ.
5. പഗതാ ശരത്.
6. സരഏ മഹഹ്ഹാണം അംതോസിസിരാഇ
ബാഹിരുഹ്ണാഇ.

ജാഅഇ കവിഅ[1]സംജമി—
ഹിഅഅസരിച[2]ഛാഇ സളിളാഇ. 22

(ഛായാ)
[3]സരസി മേ ദേഹം ദഹന്തി
അന്തശ്ശീതാനി ബഹിരുഷ്ണാനി
ജാതാനി കുപിത[4]സംയമി—
ഹൃദയസദൃക്ഷാണി സലിലാനി.

തെളിഞ്ഞൂ ദിക്പാളീ സരസികളിലംഭോരുഹകുലം
വിരിഞ്ഞൂ പൂന്തേനിൽ കൊതിയൊട്ട് വലഞ്ഞൂ മധുകരം
കുറഞ്ഞൂ മേഘച്ചാത്തധിഗഗനമേറ്റം തെളിമകൊ—
ണ്ടണിഞ്ഞൂ ചന്ദ്രാക്ക്യൗ ശിവശിവ! ശരത്കാലമഹിമാ. 23

ശരദാരംഭത്തിൽ ശ്രീരാമൻ പ്രസന്നനായി പ്രസ്താവിക്കുന്നു:

നേരേ നിരീക്ഷ്യ ശരദം വിജയൈകലോലം
ശ്രീരാമചന്ദ്രഹൃദയം പെരികെത്തെളിഞ്ഞൂ;
പൂരേ ചമഞ്ഞതധികം വ്യവസായമെന്നും
താരാധിപന്നൊരുദയാചലമെന്നപോലെ. 24

മഴക്കാലം നാലു മാസം കഴിഞ്ഞിട്ടും പറഞ്ഞൊത്തവണ്ണം സുഗ്രീവൻ പ്രവർത്തിക്കാത്തതിനാൽ ലക്ഷ്മണനെ അടുത്തോട്ട പറഞ്ഞയയ്ക്കുവാനായി ശ്രീരാമൻ കോപത്തോടുകൂടി പറയുന്നതായി പ്രസ്താവിക്കുന്നു:

പദ്യം 23. സരസി—കുളത്തിൽ. അന്തശ്ശീതാനി—അകത്തു തണുത്തും. ബഹിഃ ഉഷ്ണാനി—പുറമെ കാഞ്ഞുമുള്ള. സലിലാനി—വെള്ളം. കുപി.....ണി ജാതാനി—കോപിച്ച മുനിയുടെ ഹൃദയംപോലായിട്ട്. മേ ദേഹം ദഹന്തി—എന്റെ ദേഹം ചുടുവിക്കുന്നു.

പദ്യം 22. ദിക്കാളീ—ദിക്കുകൾ. സരസീ—കുളം. അംഭോ.....ലം—താമരകൾ. മധുകരം—വണ്ട്. അധിഗഗനം—അന്തരീക്ഷത്തിൽ. ചന്ദ്രാക്ക്യൗ—ചന്ദ്രസൂര്യന്മാർ: ശര.....മാ—ശരത്കാലത്തിന്റെ ഭംഗി. ശിവശിവ—ആശ്ചര്യംതന്നെ.

പദ്യം 24. ശരദം—ശരത്കാലത്തെ. നിരീക്ഷ്യ—കണ്ടിട്ട്. വിജ.....ലം—ശത്രുവിനെ ജയിക്കുന്നതിൽ ഒന്നിൽ മാത്രം തത്പരമായ. ശ്രീരാ.....യം—ശ്രീരാമന്റെ ചിത്തം. പൂരേ—നല്ലവണ്ണം. വ്യവസായം—പരിശ്രമം. താരാധിപൻ—ചന്ദ്രൻ. ഉദയാചലം—ഉദയപർവതം.

---

1. അസജ്ജനഹി.
2. ശരദി മഹാഹ്രദാനാം അന്തഃശീശിരാണി ബ.
3. തസജനഹ്യ. 4. ടുമല.

ചാതുർമാസ്യം കഴിഞ്ഞോരളവു രഘുവരൻ
മൈഥിലീം വേറിരുന്നു—
ള്ളാതങ്കോന്മേഷശാലീ സമരസമുചിതം
കാലമാലോക്യ ധീമാൻ
ക്രോധം കൈയ്ക്കൊണ്ടു സുഗ്രീവനൊടൊരു സമയോ—
ല്ലംഘനംകൊണ്ടകാണ്ഡേ
ജാതോത്സാഹം തദാ ലക്ഷ്മണനൊട്ടു ചതുരാം
വാചമേവം ന്യഗാദീത്, 25

''ചെല്ല നീ ലക്ഷ്മണാ! സത്വരമിതവിയ കി—
ഷ്കിന്ധയോളം വിശങ്കം
ചൊല്ലു സുഗ്രീവനോടക്കപിപരിവൃഢനോ—
ടഞ്ജസാ വാക്യമേവം,
ചൊല്ലേറും മിത്രവരൈർരുടനുടനതകേ—
ണ്ടു നൃണാമൈഹികത്തി—
ന്നല്ലോ, പാരത്രികത്തിന്നൊരു വിഭവമത—
ല്ലെന്ന[1]തോർക്കേണമേറ്റം. 26

[2]''രാജ്യഭ്രഷ്ടാ വയം ത്വാം ശരണമുപഗതാ
മുഷ്ടദാരാ മഹാന്തം
കാരുണ്യാത് ത്വന്നികേതേ ഗതഭയമുഷിതാ
ദുസ്സഹാൻ വർഷമാസാൻ

പദ്യം 25. മൈഥിലീം—ജാനകിയെ. വേറിരുന്നുള്ള—വേർപിരിഞ്ഞിട്ടുള്ള. ആത .. ലീ—പീഡ വർദ്ധിച്ചവനായി. സമരസമുചിതം—യുദ്ധയോഗ്യമായ. കാലം ആലോക്യ—സമയം കണ്ടിട്ട്. ധീമാൻ—ബുദ്ധിമാൻ. ക്രോധം—കോപം. സമ....നം—പ്രതിജ്ഞാതിക്രമം. അകാണ്ഡേ—അനവസരത്തിൽ. ജാതോത്സാഹം—ഉത്സാഹത്തോടുകൂടി. തദാ—അപ്പോൾ. ചതുരാം വാചം—സമർത്ഥമായ വാക്കിനെ. ഏവം ന്യഗാദീത്—ഇവ്വണ്ണം പറഞ്ഞു.

പദ്യം 26. സത്വരം—വേഗമായി. വിശങ്കം—ശങ്കയെന്നിയെ. കപിപരിവൃഢൻ—വാനരശ്രേഷ്ഠൻ. അംജസാ—ശീഘ്രമായി. ഏവം—വാക്യം—ഇങ്ങനെ വാക്യത്തെ. മിത്രവർഗൈഃ—സ്നേഹിതന്മാരാൽ. നൃണാം—മനുഷ്യർക്ക്. ഐഹികം—ഈ ലോകത്തിലെ ആവശ്യം. പാരത്രികം—പരലോകത്തിലേക്ക് ആവശ്യം. വിഭവം—സമ്പത്ത്.

പദ്യം 27. രാജ്യഭ്രഷ്ടാഃ—രാജ്യത്തിൽനിന്നു പുറംതള്ളപ്പെട്ട. മുഷ്ടദാരാഃ—മോഷണംപോയ ഭാര്യയോടുകൂടിയ. വയം—നാം. മഹാന്തം ത്വാം മഹാനായ നിന്നെ ശരണം. ഉപഗതാഃ—ശരണം പ്രാപിച്ചിരിക്കുന്നു. കാരുണ്യാത്—കൃപനിമിത്തം. ത്വന്നികേതേ—നിന്റെ സ്ഥലത്തിൽ. ദുസ്സഹാൻ—അസഹ്യങ്ങളായ. വർഷമാസാൻ—വർഷകാലമാസങ്ങളിൽ.

1. ന്നതോത്തീടവേണം. 2. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല.

നൈവാനാപൃച്ഛ്യ ഗന്തും ഗൃഹപതിമുചിതം
യത്ര കുത്ര സ്ഥിതൈരപ്യേവം വാച്യസ്സ്വായാ സംപ്രതി മമ വചസാ
സ പ്രഭൂർവാനരാണാം. 27

സൈരം തനിക്കെങ്ങു വരുത്തുമസ്മാ-
നോരാഞ്ഞു[1]തെന്തെന്തപസൗഹൃദോ[2]യം?
നേരേ പറഞ്ഞൊത്ത ദിനം കഴിഞ്ഞു,
നൈരാശ്യമേ നമ്മൊടെടുത്തതെല്ലാം? 28

സത്യം പിഴക്കിലവനെന്നിവനെന്നതെല്ലാ-
മത്രേ ചെറുക്കനറിവു തരമോർത്തുവേണം
വൃത്താരിപുത്രമയി! കൊന്നതു ഞാ[3]നതിൽക്കള-
ട്ടസ്സൗങ്ങളിന്നുമുള നീതി വിടായ്ക നല്ല. 29

സഖ്യം വെടിഞ്ഞു സമയത്തെ മറന്നിദാനീം
[4]തിക്കാരമിത്തൊഴിലെടുത്തതു ഞാനറിഞ്ഞേൻ,
ഒക്കും കണക്കരികിലിങ്ങു വരായ്കിലിന്നേ
കിഷ്കിന്ധ മറ്റൊരുവനാക്കുവനച്ഛനാണേ!'' 30

ശ്രീരാമൻ പറഞ്ഞയച്ചതനുസരിച്ചു ലക്ഷ്മണൻ കാര്യം കിഷ്കിന്ധയിൽ ചെന്നു സുഗ്രീവനെ കണ്ടു പറയുന്നു:

ഗതഭയം—ഭയംകൂടാതെ. ഉഷിതാഃ—വസിച്ചു. യത്ര കുത്രസ്ഥിതൈഃ അപി—എവിടെയിരുന്നാലും. ഗൃഹപതിം—ഗൃഹസ്വാമിയോട്. അനപൃച്ഛ്യ—യാത്രപറയാതെ. ഗന്തും ന ഏവ ഉചിതം—പോകുന്നതു ശരിയല്ല. സംപ്രതി—ഇപ്പോൾ. മമ വചസാ-എന്റെ വാക്കായി. ഏവം—ഇവ്വണ്ണം വാനരാണാം പ്രഭൂഃ സഃ—വാനരപ്രഭുവായ അവൻ (സുഗ്രീവൻ). വാച്യഃ—കഥിക്കപ്പെടണം.

പദ്യം 28. സൈരം——സുഖം. അപ....ദഃ അയം—സൗഹാർദ്ദമില്ലാത്ത ഇവൻ. അസ്മാൻ—നമ്മെ. നൈരാശ്യം—ഔറപ്പ്. തനിക്കൊന്നും സാധിക്കേണ്ടതില്ലെന്നുള്ള ഭാവം എന്നർത്ഥം.

പദ്യം 29. വൃത്രാരിപുത്രം—ഇന്ദ്രപുത്രനെ (ബാലിയെ) നീതി—ന്യായം. അതി....ള—അതുപോലെയുള്ള അമ്പുകളും ഇനിയുമുണ്ട്.

പദ്യം 30. സഖ്യം—മൈത്രി. സമയം—കരാറു്, പ്രതിജ്ഞ. ഇദാനീം—ഇപ്പോൾ.

---

1. തെന്തേതവ സൗ. 2. തിളുള്ള. 3. നീം വിക്കാ.

4. ''തക്കത്തിലഗ്രജനെ നാം കല ചെയ്തതല്ലീ
ദുർഗർവ്വമായതു നിനക്കിഹ നില്പുതെല്പാം
ഒക്കും കണക്കു സമയത്തെ മറക്കിലിന്നേ
കിഷ്കിന്ധ മറ്റൊരുവനാക്കുവനച്ഛനാണേ.''

എന്നീ പദ്യം പ്രകൃതപദ്യത്തിനു പാഠഭേദം.

അഗ്രേ തന്നഗ്രജാജ്ഞാമണിമുടിയിൽ മുദാ
ധാരയൻ മാലപോലേ
തൃക്കാൽ കുപ്പി[1]പ്പുറപ്പെട്ടരപെരുകിന സൗ—
മിത്രിതാനന്ദം തദാനീം
കിഷ്കിന്ധാഗോപുരേ ചെന്നിടിരവപടുഭി—
സ്ത്രാസനൻ ജ്യാനിനാദൈ—
രൊക്കെക്കീഴ്മേലിളക്കിക്കപിവരനൊട്ട സൗ—
ഖ്യാന്ധനോടേവമൂചേ. 31

''മൈ[2]ത്രം മറന്നെങ്ങളൊടിങ്ങിരുന്നി—
ക്കുത്താട്ടവും പാട്ടുമെടുത്തമൂലം
[3]കുത്തീടുമമ്പിൻ മുനമേൽ മദീയേ
കുത്താട്ട[4]വോൻ നീ കപിസാർവഭൗമ!'' 32

ലക്ഷ്മണന്റെ വാക്കു കേട്ടു ഭയന്നു പരിത്രമിച്ച സുഗ്രീവൻ നല്ല വാക്കു പറഞ്ഞു ലക്ഷ്മണനെ സമാശ്വസിപ്പിക്കുന്നു.

സൗമിത്രേരത്യുഗ്രമാടിയൊടെതിരിട്ടം
വാചമാകർണ്യ മധ്യേ
വാർമെത്തീടും മരാളാർഭക [5]ഇവ സഹസാ
വാനരേന്ദ്രൻ നടുങ്ങീ,
ക്ഷാമക്ഷാമാന്തരാത്മാ സവിനയമരികേ
ചെന്നു കാൽത്താർ വണങ്ങി—
ത്തുമപ്പാടാന്ന ഭക്ത്യാ പുനരുപശമയാ—
മാസ തത്ര കോപവേഗം. 33

പദ്യം 31. അഗ്രേ—മുമ്പിൽ. അഗ്ര....ജ്ഞാം—ജ്യേഷ്ഠന്റെ കല്പനയെ. മുദാ—സന്തോഷം. ധാരയൻ—വഹിച്ചുകൊണ്ട്. സൗമിത്രി—ലക്ഷ്മണൻ. തദാനീം—അപ്പോൾ. കിഷ്കി.....രേ—കിഷ്കിന്ധാനഗരത്തിന്റെ ഗോപുരദ്വാരത്തിൽ ഇടി....ഭിഃ—മേഘഗർജ്ജിതംപോലെ മുഴത്ത. ജ്യാനിനാദൈഃ—ഞാണൊലികളാൽ. ത്രാസയൻ—ഭയപ്പെടുത്തുന്നവനായി. സുഖ്യാന്ധൻ—സുഖത്തിൽ ലയിച്ചവൻ. കപിവരൻ—സുഗ്രീവൻ. ഏവം ഊചേ—ഇങ്ങനെ പറഞ്ഞു.

പദ്യം 32. മൈത്രം—സ്നേഹം. കുത്തീടും—മുച്ചയുള്ള. മദീയേ—എന്റെ. കപി....മ—അല്ലയോ കപിചക്രവർത്തിൻ.

പദ്യം 33. സൗമിത്രേഃ—ലക്ഷ്മണന്റെ. അത്യുഗ്രാ.—വളരെ കൊടിയ. വാചം—വാക്കിനെ. ആകർണ്യ—കേട്ടിട്ട്. മധ്യേ—ഇടയ്ക്ക്. മരാ....കഃ ഇവ—അരയന്നക്കിടാവെന്നപോലെ. സഹസാ—പെട്ടെന്ന്. വാന....ൻ പുനഃ—സുഗ്രീവനാകട്ടെ. ക്ഷാമ....ത്മാ—വളരെ ഭയന്നു ക്ഷീണിച്ചവശനായി. സവിനയം—വണക്കത്തോട്. ഭക്ത്യാ—ഭക്തി

1. ചെന്നവിലകപികുലം മണ്ടുമോരും തിമിർത്താനൊക്കെപ്പാടേ
വിറച്ചങ്ങിളകി മനിവൊള. കാർമുകജ്യാനിനാദൈഃ.
2. മൈത്രീം മ. 3. മൂത്തീ. 4. ടുവാനീ. 5. ർകേമിവ.

സീതാന്വേഷണത്തിനായി യാത്രയ്ക്ക് ഒരുങ്ങിയ വാനരശ്രേഷ്ഠന്മാരോടുകൂടി സുഗ്രീവൻ രാമനെ ചെന്നുകണ്ടു വണങ്ങുന്നു:

നീത്യാ സഞ്ചിന്ത്യ പിന്നെക്കപികുലപെരുമാ—
സംഭ്രമം പൂണ്ട സീതാ—
വാത്താമങ്ങുള്ളവണ്ണം[1]തെളിവിനൊടറിവാൻ
വാനരാൻ ഭീമഭീമാൻ
യാത്രോദ്യുക്താൻ കിഴക്കും [2]വടിവിനൊട വട—
ക്കും പടിഞ്ഞാറുമേറും
പ്രീത്യാ തെക്കും പ്രവീരാൻ ഝടിതി വിടവഴ—
ങ്ങിടിനാൻ പ്രൗഢചേതാഃ. 34

ദിനകരതനയൻ ഭ്രയോ
മന്നുകുലതിലകം വണങ്ങിനാൻ ഗത്വാ
ജാംബവദംഗദഹന്മത്—
പ്രമുഖൈര്യാത്രോന്മുഖൈഃ സാകം. 35

വാനരശ്രേഷ്ഠന്മാരുടെ കൂട്ടത്തിൽ ഹനുമാനെ അതിസമർത്ഥനായി കണ്ടു മാത്രയിൽ അറിഞ്ഞ ശ്രീരാമൻ തന്റെ മോതിരത്തെ ഹനുമാനെ ഏല്പിച്ച് അടയാളവാക്കും പറഞ്ഞയയ്ക്കുന്നു:

അന്നേരം മന്നവംശപ്രമുകുടീ—
മാണിക്യരത്നം ധിയാ
നിർണ്ണീതം ഹനുമാനെ നേത്രമുനകൊ—
ണ്ടാഹ്വയ വേഗാധികം

യോടു്. തത്....ഗം—അവന്റെ(ലക്ഷ്മണന്റെ) കോപാധിക്യത്തെ. ഉപ....സ—ശമിപ്പിച്ച.

പദ്യം 34. നീത്യാ—നയത്തോടുകൂടി. സഞ്ചിന്ത്യ—ആലോചിച്ചിട്ട്. കപി....ം—സുഗ്രീവൻ. സംഭ്രമം—പരിഭ്രമം. സീതാവാത്താം—സീതയുടെ വൃത്താന്തത്തെ. യാത്രോദ്യുക്താൻ—യാത്രയ്ക്കായി ഒരുങ്ങിയിരിക്കുന്ന. ഭീമ....ൻ—വളരെ ഭയങ്കരന്മാരായ. പ്രവീരൻ—വളരെ വീര്യമുള്ള. വാനരാൻ—വാനരന്മാരെ. പ്രീത്യാ—പ്രീതിയോടുകൂടി. ഝടിതി—ഉടൻ. പ്രൗഢചേതാഃ—ഉറച്ച ബുദ്ധിയുള്ളവനായി. സുഗ്രീവവിശേഷണം.

പദ്യം 35. ദിന....ൻ—സുഗ്രീവൻ. ഭ്രയഃ—വീണ്ടും. യാത്രോന്മുഖൈഃ ജാംബ....ഖൈഃ സാകം—യാത്രയ്ക്കു മുതിർന്നവരായ ജാംബവാൻ അംഗദൻ ഹനുമാൻ മുതലായവരോടുകൂടി. ഗത്വാ—ചെന്നു്. മന്നു... കം—ശ്രീരാമനെ.

പദ്യം 36. മന്നവ....ത്തം—ശ്രീരാമൻ. ധിയാ നിർണ്ണീതം—ബുദ്ധികൊണ്ടു നിശ്ചയിച്ച. വേഗാധികം—അധികം വേഗവാനായ ഹനുമാനെ. നേത്രമുന—കണ്മുന. ആഹ്വയ—വിളിച്ചിട്ടു്. ധന്യം—

1. ണ്ണം വിരവി. 2. ക്കും പരിചിനോ.

ധന്യം തന്മണിമോതിരം പുനരവൻ—
കൈയിൽ കൊടുത്താശ്രു തത്—
കർണ്ണേ പാത്തടയാളവാക്കുമരുളി—
ച്ചെയ്യങ്ങയച്ചീടിനാൻ. 36

തെക്കു നോക്കി യാത്രയായ ഹനുമാൻ മുതലായ വാനരവീരന്മാരുടെ ചേഷ്ടകളേയും അവർ തെക്കൻസമുദ്രതീരം പ്രാപിക്കുന്നതിനേയും വർണ്ണിക്കുന്നു:

ഗദ്യം 2.

[1]അഥ ദാശരഥിവദനാരവിന്ദനിഷ്യന്ദിതാജ്ഞാമധുളികാ—ബളനാനല്പദ്രുപ്യദാത്മാനഃ, സുഗ്രീവാദിഷ്ടസകരുണാനുവദദ്ധ—ഷ്ടിസംപുഷ്ടസന്തുഷ്ടയോ, ദക്ഷിണാം ദിശം പ്രതി പ്രസ്ഥിതാ ജാംബവദംഗദനീലഹനുമദാദയോ മദോദയസങ്കലിതഹുങ്കൃതിരുപ്രുതിനിഗ്രുത്വരഹിക്കാനാദനിശമനസന്ത്രാസകാന്ദിശീകസകലലോകാഃ, ലോകസംഹാരബ്യംഹിതരംഹസഃ സംഹതാ ഇവ സംഹൃതിരുദ്രാഃ, വിദ്രാവയന്തഃ ക്ഷണേന ഹര്യക്ഷതരക്ഷുസൈരിഭമഹേഭശരഭവരാഹാദിവനചരജന്തുസന്ദോഹം, ഭിന്ദന്തോ നിഷ്ഠുരമുഷ്ടികുട്ടനൈരഖിലാനപിശിലാസഞ്ചയാൻ സഞ്ചൂർണ്ണയന്തഃ സകൃദുരോഘട്ടനേനൈവ സുസ്ഥിരാനപി സ്ഥിരാരുഹനിവഹാൻ, വിചിനുവന്തസ്തത ഇതോ ദേവീം നിമിവംശമംഗലമാലികാം പ്രകാശീകൃത്യ തമാലകൃതമാലഹിന്താലനാ—

ഉത്തമമായ. തന്മണി....രം—തന്റെ മണിമയമായ മോതിരത്തെ. ആശ്രു—വേഗത്തിൽ. തത് കർണ്ണേ—അവന്റെ ചെവിയിൽ.

ഗദ്യം 2. അഥ—അനന്തരം. ദാശ.....നഃ—ശ്രീരാമന്റെ മുഖകമലത്തിൽനിന്നൊഴുകിയ കല്പനയാകുന്ന തേൻ ആസ്വദിച്ചു വളരെ മദിച്ചവരായി. സുഗ്രീ..... യഃ—സുഗ്രീവന്റെ കൃപ പൂണ്ട അനുവാദരൂപമായ നോട്ടത്താൽ സന്തോഷം വർദ്ധിച്ചവരായി. ദക്ഷിണാം ദിശം പ്രതി പ്രസ്ഥിതാഃ—തെക്കു നോക്കി പുറപ്പെട്ടവരായി. ജാംബ....യഃ—ജാംബവാൻ, അംഗദൻ, നീലൻ, ഹനുമാൻ മുതലായവർ. മദോ....കാഃ—മദം ഉണ്ടായതിനാലുള്ള ഹുങ്കാരംകൊണ്ടുയർന്ന പുറപ്പെട്ട ഹിക്കാശബ്ദം കേട്ട ഭയന്നു ഓടിയ സകലലോകരോടുകൂടിയവരായി. ലോക....സഃ—ലോകത്തെ നശിപ്പിക്കത്തക്കവണ്ണം മുഴുത്ത വേഗത്തോടുകൂടിയവരായി. സംഹതാഃ—ഒന്നിച്ചു ചേർന്ന. സംഹൃതിരുദ്രാഃ ഇവ—സംഹാരരുദ്രന്മാർപോലെയുള്ളവരായി. ക്ഷണേന—അല്പനേരംകൊണ്ടു. ഹര്യക്ഷ....ഹം—സിംഹം കടുവ വ്യാളം ആന ശരഭം പന്നി മുതലായ കാട്ടുമൃഗക്കൂട്ടങ്ങളെ. വിദ്രാവയന്തഃ—ഓടിക്കുന്നവരായി. നിഷ്ഠു..... നൈഃ—കഠിനമായ മുഷ്ടികളെക്കൊണ്ടുള്ള ഇടികളാൽ. അഖിലാൻ ശിലാ .....ൻ അപി—എല്ലാ പാറക്കൂട്ടങ്ങളേയും. ഭിന്ദന്തഃ—പിളർക്കുന്നവരായി. സകൃ....ന ഏവ—മാർവിടംകൊണ്ടുള്ള ഒറ്റ ഇടിയാൽത്തന്നെ. സുസ്ഥിരാൻ—വളരെ ഉറച്ച. സ്ഥിരാരുഹനിവഹാൻ അപി—വൃക്ഷക്കൂട്ടങ്ങളെപ്പോലും

1. ഈ ഗദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല.

ഗപുന്നാഗപ്രമുഖവിശാലസാലമാലാകീർണ്ണാഃസുമഹതീരരണ്യാനീ, രപ്രകാശീകൃത്യ സ്വപദകൃദ്ദാലനിർദ്ദാരിതവസുധാതലനിഗ്ഗച്ഛദ്ഭൂരജശ്ഛടാതിരസ്കൃതാഹസ്കൃതഃ ക്ഷണമിവഹരിദന്താൻ സമീകൃത്യ സമഗ്രനിമ്നോന്നതവിഭാഗാൻമഹീധരതടീഭാഗാൻ, വിഷമീകൃത്യ കൃത്യമൂഢാനി ശബരജനമനാംസി, വിലുനോത്പതനസഞ്ചരണാദിവിഹരണഭേകമിഥുനകുംഭിനീചക്രവാളഃ പ്രവാളമൂലഫലകന്ദമകരന്ദകല്പിതാഹാരാഃ, ദാരാപഹാരാപകാരിണോ രാവണസ്യോന്മൂലനായ കുപിതേന രാമഭദ്രേണ പ്രഹിതാഃ സജീവശലീമുഖാ ഇവ വലീമുഖവീരാ ദക്ഷിണവാരിരാശിവേലാതടീമുപാഢൗകിഷത.

ഗദ്യം 3.

തദനു രഘൂത്തമനാജ്ഞാപിച്ചള[1]—
വുദിതാടോപം തൊഴുത വുറപ്പെ—
ട്ടൊക്കെത്തക്കെത്തെക്കേ ദിക്കിനു
യാത്ര മുതി[2]ർന്നം കപിഭടപടലി തി—

സഞ്ചൂർണ്ണയന്തഃ—പൊടിക്കുന്നവരായി. നിമി....കാം—നിമികുലത്തിലെ മംഗലമാലയായ. ദേവീം—സീതയെ. തതഃ ഇതഃ—അങ്ങുമിങ്ങും. വിചിനവന്തഃ—അന്വേഷിക്കുന്നവരായി. തമാല....ർണ്ണാഃ—തമാലംകൃതമാലം താലം ഹിന്താലം നാഗം പുന്നാഗ, തുടങ്ങിയുള്ള സാലവൃക്ഷപംങ്ക്തികളാൽ വ്യാപ്തമായ. സുമഹതീഃ—വലിയ. അരണ്യാനീഃ—കാടുകളെ. പ്രകാശീകൃത്യ—പ്രകാശിപ്പിച്ചുകൊണ്ടും, സ്വപ....തഃ—തങ്ങളുടെ കാൽവെയ്പുകൊണ്ടു പിളർന്ന ഭൂമിയിൽനിന്നുണ്ടായ ധൂളിപ്രസരത്താൽ തിരസ്കരിക്കപ്പെട്ട സൂര്യനോടുകൂടിയ. ഹരിദന്താൻ—ദിഗന്തങ്ങളെ. ക്ഷണം ഇവ—ക്ഷണനരത്തേക്കു". അപ്ര....ത്യ—മറച്ചുകൊണ്ടും. സമ.....ൻ—എങ്ങും താഴ്ന്നും പൊങ്ങിയും ഇരിക്കുന്ന. മഹീ....ൻ—വനപ്രദേശങ്ങളെ. സമീകൃത്യ—സമതലമാക്കിച്ചെയ്തുകൊണ്ടും. കൃത്യ....നി—കൃത്യവ്യത്തിൽ മൂഢന്മാരായിത്തീർന്ന ശബര .. സി—വേടന്മാരുടെ മനസ്സുകളെ. വിഷ ....ത്യ—വിഷമിപ്പിച്ചുകൊണ്ടും. വിലു... ളാഃ—ഉരുളുക ചാടുക സഞ്ചരിക്കുക മുതലായ കളികളാൽ ഇളക്കപ്പെട്ട ഭൂമണ്ഡലത്തോടുകൂടിയവരായി. പ്രവാ....രാഃ—തളിരും കിഴങ്ങും പഴം പൂന്തേൻ ഇവയെ ഭക്ഷിക്കുന്നവരായി. ദാരാ... ണഃ—ഭാര്യയെ അപഹരിച്ചു അപകാരം ചെയ്ത. രാവണസ്യ ഉന്മൂലനായ—രാവണനെ നശിപ്പിക്കുന്നതിനായി. കുപിതേന രാമഭദ്രേണ—കോപിച്ച ശ്രീരാമനാൽ. പ്രഹിതാഃ—അയയ്ക്കപ്പെട്ട. സജീ.....ഖാഃ ഇവ—ജീവനുള്ള ബാണങ്ങൾപോലെ. വലീ....രാഃ—വാനരവീരന്മാർ. ദക്ഷി....ടീം—തെക്കൻസമുദ്രതീരത്തെ ഉപാ .. ത—പ്രാപിച്ചു.

ഗദ്യം 3. തദനു—അനന്തരം. ഉദി.....പം—പ്രതാപത്തോടുകൂടി. കപി.....ലി—വാനരയോദ്ധാക്കളുടെ കൂട്ടം. സഹർഷം—സസന്തോഷം.

---

1. ഉവൊക്കത്തക്കത്തെക്കും ദിക്കിനു. 2. തിത്തക്കപിവരപട.

രഞ്ഞു സഹർ[1]ഷം ദക്ഷിണവാരിധി—
തന്നെപ്പുണർവാനുദ്[2]ഗതകൗതുക—
മിളകിത്തല്ലും കല്ലോലദ്ധ്വനി—
ഹല്ലോഹലനവകലവി കല[3]ന്നി—
ക്ഷോണിയിലുള്ള പെരുംപുഴയൊക്കെ—
ക്കൂട്ടം കൂടിക്കിമപി കലമ്പി—
പ്പല[5]വഴി പലവക ചെല്ലുംപോലേ,
വലമഥനൻതൻ കരഭവി മിനുമം
വജ്രാപാതഭയേന നിഗൂഢം
ജലനിധിനീരിലൊളിച്ചു[6] വസിക്കും
മൈനാകാഖ്യമഹാദ്രികുമാരനെ
മാനിപ്പാനായ് മന്നിലമന്ന മ—
ഹീധ്രപരമ്പര[7] മുന്നം മുന്നം
ചിറകു മുറിഞ്ഞവ നീളെ മുള[8]ച്ചു കു—
ലാചലപാളിയെ മുന്നിൽ നട[9]ത്തി—
പ്പലവഴി പലവക ചെല്ലുംപോലേ,
ജനകനൃപാനുജകനകവിഭ്രഷാം
കട്ടനിമിത്തം ദുഷ്ടത വാഴ്ച്ചും
ദശമുഖനെ പ്രതി കോപിച്ചീടും
ദിനകരവംശമുടിപ്പട്ടത്തിൻ
ദുഷ്ടിയിൽ[10]നിന്നഥ പൊട്ടിച്ചാടി
ച്ചൂഴും വീഴും കോപദവാനല—
കനൽനിരയൊക്കെ[11]ക്കാലും കൈയും

ദക്ഷി....ധി—തെക്കൻസമുദ്രം. ഉദ്ഗ....കം—കുതൂഹലത്തോട്ട്. കല്ലോ ....വി—തിരമാലകളുടെ ശബ്ദകോലാഹലം. ക്ഷോണി—ഭൂമി. കിമപി —എന്തോ ചിലതു്. വലമഥനൻ—ഇന്ദ്രൻ. കരഭവി—കൈയിൽ. വജ്രാ ....ന—വജ്രായുധമേൽക്കുന്നതിനെ ഭയപ്പെട്ടു്. നിഗൂഢം—രഹസ്യമായി. മൈനാ....രനെ—മൈനാകൻ എന്ന പേരുള്ള ഹിമവൽപുത്രനെ. മഹീ ....ര—പർവതശ്രേണി. കുലാ....യെ—പ്രധാനപർവതങ്ങളുടെ കൂട്ടത്തെ. ജന ..ഷാം—സീതയെ. ദുഷ്ടത—ദുഷ്ടൃം. ദശമുഖൻ—രാവണൻ. പ്രതി —ഉദ്ദേശിച്ചു്. ദിനകരൻ—സൂര്യൻ. ദിന....ത്തിൻ—രാമന്റെ. ദുഷ്ടി— നോട്ടം. കോപ....ലൻ—കോപമാകുന്ന കാട്ടുതീ. നിതാന്തം—വളരെ. രജ....ണാം—രാക്ഷസന്മാരുടെ. ശ്വേതകുല്ലും—വെണ്ണീറാക്കുവാൻ. വിഗ്ര ഹം—ദേഹം. സമഗ്രത—പൂർണ്ണത. ഉഗ്രത—ഭയങ്കരത്വം. സക....സ്യ—

1. ഷം ഡടിതി നടന്നു ദക്ഷി. 2. നുദ്ടേകൗ. 3. ലമ്പി ക്ഷോ. 4. യൊക്കെ ക്കൂടി. 5. ല വക പലവഴി പെ. 6. ച്ചു കിടക്കും. 7. ര മുന്നം ചിറ. 8. മുളച്ചു പൂച്ചു കു. 9. ടത്തിച്ചെല്ലും. 10. നിന്നും പൊ. 11. ക്കൈയ്യും കാലും കണ്ണും.

കണ്ണും ചെവി[1]യും വായും മൂക്കും
ചേന്ന വളന്ന നിവിന്ന നിതാന്തം
രജനിചരാണാം നാട്ടം വീട്ടം
പടയും കുടയും ഭസ്മീകർത്തും
കെല്പോ[2]ടേ നടകൊള്ളംപോലേ,
വിഗ്രഹമാണ്ട സമഗ്രതപൂണ്ട[3]ട-
ന്നഗ്രത തേടിന സുഗ്രീവൻത-
ന്നത്സാഹങ്ങം നടന്ന കണക്കേ,
സകലജഗത്സു പിറ[4]ന്ന ശുഭാശുഭ-
കമ്മവശാൽ പല ജാ[5]തി പിറക്കുമ-
നേകജനൗഘപ്രാണഗണംകൊ-
ണ്ടമ്മാനക്കളി ചെമ്മേ കോലും
കാലഭയങ്കരകിങ്കരപംക്തിക-
ളൊക്കെ[6]ത്തക്കക്കിട്ടം കൂടി-
ത്തിക്കിഞ്ഞെരിച്ചു തിമിർത്തു തകർത്തും
നിജനഗരത്തിന മണ്ടംപോലേ,
ദിതിസുതവഗ്ഗാനഴകിലുറക്കം
ദുർഗ്ഗാദേവീവാഹനമായ മ-
ഹാസിംഹത്തിൻ വംശത്തിങ്കൽ
പോന്ന പിറന്ന മൃഗേന്ദ്രസഹസ്ര[7]മ-
ജസ്രമിടഞ്ഞു കളിക്കുംപോലേ,
ഭുവനമശേഷം പ്രാണാഹുതിയായ[ു]
കല്പിച്ചീടുന്നദ[ു]ദ്ഭുതഭൈരവ-
നവനിയിലയുതശതായു[8]തമനുപമ-
മവതാരോത[ു]കരമഴകിലിയ[9]ന്ന കു-
തന്ന കുതന്ന തകക്കുംപോലേ,
നിലവിളി കൈക്കൊണ്ടാശു നടന്നു.

ലോകത്തിലെല്ലാം. ശുഭാ...ശാത[ു]—പുണ്യപാപങ്ങം നിമിത്തം. അനേ...ണം—അനേകം ജനങ്ങളുടെ പ്രാണസമൂഹം. കാല....കം—യമന്റെ ഭയങ്കരന്മാരായ കിങ്കരന്മാരുടെ കൂട്ടങ്ങം. നിജനഗരം—തന്റെ പുരം. ദിതി....ൻ—അസുരന്മാരെ. മൃഗേ....സ്രം—സിംഹങ്ങളുടെ ആയിരം. അജസ്രം—എപ്പോഴും. പ്രാണാഹുതി—ആഹാരം. ഭൈരവൻ—സംഹാരരുദ്രസ്വരൂപൻ. അവനി—ഭൂമി. അയുത....തം—കണക്കറ്റ. അനുപമം—സാമ്യമില്ലാത്ത അവ....രം—അവതാരസമൂഹം.

1. വിയും ചേന്ന നിതാന്തം. 2. കെല്പൊടണഞ്ഞു നടക്കുംപോലേ. 3. ണ്ടനുസാ. 4. റന്ന ശു. 5. തി നടക്കുമനേകജ. 6. ക്കെളുടി. 7. സ്രമിട. 8. തായുതമവ. 9. യന്ന കുതിന്ന തക.

വമ്പു [1]തുടന്ന മഹാദ്രിസമൂഹാൻ
തുമ്പി പറ[2]ത്തി നടന്നു കേചന,
വിസ്തൃതി തേടിന നദികളെയെല്ലാ—
മൊത്തടി ചാടി നടന്നു കേചന,
ചരണം ദിവി ചെന്നെത്തുംവണ്ണം
കരണം കൃത്തി മറിഞ്ഞു കേചന,
പേപ്പെട്ടോടിന ദിഗ്രജമുച്ചൈ—
രാർപ്പിട്ടാരിഹ മദ്ധ്യേ കേചന,
തിണ്ണം കോലുമഹങ്കാരാഢ്യതർ
കണ്ണും പൊത്തി നടന്നു കേചന,
പെരുകിന തരുകുലമില[3]കൊഴിയംമാ—
റുരപെറുമുരസാ പാഞ്ഞു കേചന,
മു[4]ട്ടെ മിന്നത്തു കനത്ത ശിലൗഘാൻ
മുഷ്ടികൾകൊണ്ടു തകർത്തു കേചന.
തെക്കുവടക്കു കിടക്കുമഗങ്ങൾ കി—
ഴക്കു പടിഞ്ഞാറാക്കീ കേചന,
നില[5]യില്ലാതൊരഹങ്കാരവശാൽ
നിലമേ നീളെയുരുണ്ടു കേചന,
ഹരഹര! ശിവശിവ! പറവതിനെന്തു വി—
ശ്രംഖലവേഗം ദിക്കുലങ്കഷ[6]—
ഹിപ്പാരൈരഥ ദിക്കരിണാമ[7]പി
ധിക്കാരത്തൊടു ബധിരത ചേർത്തും
നിശിതനഖോത്കൃ[8]രമുഖവിവരാന്തഃ—
പ്രസ്സമരരേണുപ്രകരംകൊണ്ടേ

മഹാ....ൻ—വലിയ പർവ്വതക്കൂട്ടങ്ങളെ. തുമ്പി പറത്തി—തുമ്പികൾ പറക്കുന്നതുപോലെ പറത്തി. കേചന—ചിലർ. വിസ്തൃതി—വിസ്താരം. ചരണം—കാല്. പേപ്പെ....ജം—ദിഗ്രജം പർവ്വതമിച്ചോടുന്നതിനെപ്പറ്റി. ഉച്ചൈഃ—ഉറക്കെ. ദിവി—ആകാശത്തിൽ. ഇഹ—ഇവിടെ. മദ്ധ്യേ—ഇടയ്ക്ക്. അഹ....തർ—അഹങ്കാരംകൊണ്ടു മതിമറന്നവർ. തരുകുലം—വൃക്ഷക്കൂട്ടം. ഉരസാ—നെഞ്ചുകൊണ്ട്. ശിലൗഘാൻ—പാറക്കൂട്ടങ്ങളെ. അഗം—മല. അഹ....ശാത്—അഹങ്കാരം നിമിത്തം. നിലമേ—നിലത്തുകൂടി. വിശ്ര....ഗം—തടവില്ലാത്ത വേഗത്തോടുകൂടി. ദിക്കു....രൈഃ ദിക്കുകളെ മുഴക്കുന്ന ഹിക്കാരങ്ങളാൽ. അഥ—പിന്നെ. ദിക്കരിണാം അപി—ദിഗ്രജങ്ങൾക്കും. ബധിരത—ചെവികേൾക്കാത്ത അവസ്ഥ. നി

1. സ്രകലന്നിമ. 2. റന്നുകടന്നു. 3. ലപൊഴി. 4. ഭട്ട മിന്നത്ത.
5. ലനില്ല. 6. ഷ്ഹങ്കാരൈരിഹ. 7. പി ബധി. 8. കരഖരമുഖവാന്തപ്ര.

വനഭുവി നീളെപ്പൊന്തുകയും തു[1]ത്തും,
പർവതമുകളിൽ പാഞ്ഞുകരേറിയു[2]—
മോരോ ഗ്രഹകളിൽ മുഹുരുപി ന്യണും,
വള്ളിക്കെട്ടിൽ കുതുകം പെരുകിയു—
മുള്ളിൽ പൂക്കൊരു[3] തേങ്കുളി പരുകിയു—
മുടനുടനിടിയൊ[4]ട്ട പടപിശകീടും
കണ്ഠാരാവൈരുലകു കലുക്കിന
കണ്ഠീരവനിര കണ്ടു മദത്തൊട്ട
മണ്ടിച്ചാടിച്ചെന്നു തി[5]മിർപ്പൊട്ട
മൽപിടിയിട്ടും മുതുകു ഞെരിച്ചും,
ചണ്ഡത കോ[6]ലിന വനശ്രുണ്ഡാലാൻ
വാൽ പിടിപെട്ട സരോഷമിഴച്ചും
പുലിക[7]ക്കൊക്കെ പുലകുളി നല്കിയു—
മെട്ടടിമാനൊട്ട മു[8]ട്ടെ മട്ടുത്തും
പന്നിപ്പിമ്പേ പാഞ്ഞുനട[9]ന്നും,
പേടമുഗത്തിനു പേടി വളത്തും
കരടികുലത്തിൻ കരുംപിടിപെ[10]ട്ടും
വനമഹിഷൗഘവിഷാണമടുത്തും
കാട്ടുകുംതോറും നാട്ടുകുംതോ[11]റും
കഠിനത[12] ചേരും ഗിരിമുകുംതോറും
മനുകുലമാലയെ നോക്കി നടന്നു കു—
ടന്നു മഹാദ്രിസമൂഹമനേകമു—
ദഗ്രജവം ബത ദക്ഷിണവാരിധി—
തീരം പ്രാപൂർജാംബവദംഗദ—
നീലഹനുമത[13] പ്രമുഖവലീമുഖ—
വീരസമൂഹാ[13] ഹരഹര! ചിത്രം.

ശീത....രം—മൂത്ത നഖങ്ങളുടെ അറ്റത്തിലുള്ള ദ്വാരത്തിൽ നിന്നു വീഴുന്ന ധൂളിസമൂഹം. വനഭുവി—കാട്ടിൽ. കണ്ഠാരാവൈഃ—കണ്ഠനാദങ്ങളാൽ. കണ്ഠീരവം—സിംഹം. ചണ്ഡത—ഉഗ്രഭാവം. വന....ലാൻ—കാട്ടാനകളെ. സരോഷം—സകോപം. പേടമുഗം—മാൻപേട. വന....ണം—കാട്ടെരുമയുടെ കൊമ്പു്. മന്ദ... ല—മനുവംശാലങ്കാരമായ സീത. മഹാ.... ഹം—വലിയ പർവ്വതക്കൂട്ടം. ഉദഗ്രജവം—വളരെ വേഗത്തോടു്. ദക്ഷി ....രം—തെക്കൻസമുദ്രതീരത്തെ. ജാംബ....ഹാഃ—ജാംബവാൻ അംഗദൻ നീലൻ ഹനുമാൻ മുതലായ വാനരവീരന്മാരുടെ കൂട്ടങ്ങളും. പ്രാപുഃ—പ്രാപിച്ചു.

---

1. തൂർത്തും. 2. റിയുമർവ്വുരതന്നിലുറപ്പൊട്ട ചാടിയുമോരോ. 3. തു പൂന്തെളി പരിയു. 4. ട്ട പടപട പിശകീടിന കണ്ഠാ. 5. മിത്തിമ്മൽപ്പിടി. 6. കോലും വ. 7. കയും ക്കെല്ലാം പു. 8. മുട്ട മ. 9. ന്നും കരടി. 10. ട്ടും പേട മൃഗത്തിനു പേടി വളത്തും വന. 11. റും തടിനികുംതോറും ക. 12. ത തേടിന. 13. ഹാഃ. അംഗോ.

സമുദ്രത്തിന്റെ തെക്കേക്കരെയുള്ള ലങ്കയിൽ സീത ഇരിക്കുന്നതായി സമ്പാതി പറഞ്ഞതു കേട്ടു ജാംബവാൻ മുതലായ വാനരവീരന്മാർ സമുദ്രം കടന്നുപോകാനുള്ള ഉപായങ്ങളും ചിന്തിക്കുന്നു:

''അംഭോരാശിക്കു തെക്കേക്കരെ മണമിളകും
പങ്ക്തികണ്ഠപ്രഭാവൈർ—
ഗംഭീരാ ലങ്കയെന്നുണ്ടൊരു നഗരി മഹാ—
ഭീഷണാ കൗണപാനാം;
തൻപാതിവ്രത്യമെന്നും പരമധനവുമായ്
വർത്തതേ തത്ര സീതാ''
സംഭാവ്യേതി പ്രസാദീ കപികളൊടു തദാ
കോ[1]പി പക്ഷീ ബ[1]ഭാഷേ. 37

സമ്പാതി ചൊല്ലിനതു കേട്ടു വിരിഞ്ചപുത്രൻ
മുമ്പായ വാനരഗണങ്ങളും വിരിഞ്ഞമോദം
അംഭോധിലങ്ഘനകൃതേ ബലവേഗവായ്പും
[2]വയ്മ്പും നിജം നിജമമീ നിഖിലം പറഞ്ഞാർ. 38

മുക്കോൽ ചാടാമൊരുത്തന്നൊരു സരസനു വി—
ല്ലാട്ട ചാ[3]ടാമൊരുത്ത—
ന്നഗ്രേ കൂവീട്ട ചാടാമൊരുവനുടനര—
ക്കാതമന്യന്നു കാതം
മുക്കാതം ചാടുവൻ ഞാൻ നിയതമിതി മുതി—
ന്നുണ്ടു മുന്നൂറുമേ[4]റം
മുഷ്കം കൈക്കൊണ്ടു; തേടീലൊരുവർ മറു[5]കരെ—
ച്ചാടുവാൻ പ്രൗഢിലേശം. 39

പദ്യം 37. അംഭോരാശി—കടൽ. മണമിളകും—പ്രസിദ്ധിപ്പെട്ട. പങ്ക്തി.....വൈഃ—രാവണന്റെ പരാക്രമങ്ങളാൽ. ഗംഭീരാ—പ്രൗഢിയുള്ളതു്. മഹാ....ണാ—വളരെ ഭയങ്കരമായ. കൗണപാനാം—രാക്ഷസന്മാരുടെ. പരമധനം—ശ്രേഷ്ഠമായ സമ്പത്തു്. തത്ര—അവിടെ. സീതാ വർത്തതേ—സീത ഇരിക്കുന്നു. ഇതി—എന്നു്. സംഭാവ്യ—സങ്കല്പിച്ചിട്ടു്. പ്രസാദീ—സന്തുഷ്ടനായ. കഃ അപി പക്ഷീ—ഒരു പക്ഷി. തദാ—അപ്പോൾ. ബഭാഷേ—പറഞ്ഞു.

പദ്യം 38. സമ്പാതി—സമ്പാതിയെന്ന പക്ഷി. വിരിഞ്ചപുത്രൻ—ബ്രഹ്മപുത്രനായ ജാംബവാൻ. വാനരഗണം—വാനരസമൂഹം. വിരിഞ്ഞമോദം—വളരെ സന്തോഷത്തോടു്. അംഭോ.....തേ—സമുദ്രം കടക്കുന്നതിനായി. ബലവേഗവായ്പും—അതിവേഗവായ്പും. നിജം നിജം—തന്റെ തന്റെ. നിഖിലം—മുഴുവൻ. അമീ—ഇവർ (വാനരന്മാർ).

പദ്യം 39. മുക്കോൽ വില്ലാട്ട് കൂവീട്ട കാതം ഇതെല്ലാം അധപ

1. ക്ഷീ ന്യഗാദ്ധീത്. 2. വൻപും. 3. ടാം വിദധ്വന്ന. 4. മേന്മേൽമുഷ്കം. 5. കര.

നീലൻ ചൊന്നാൻ തദാനീം ''നിഖിലകപികളേ!
നില്പിനിന്നിങ്ങളെല്ലാം
നാലം പാത്താലെനിക്കും നടുവിലൊരു കൃതം
കൊംകിലേ ചെന്നുകൂട്ടി;
മാലില്ലേതും കടപ്പാൻ കടലിലുടനിറ—
ങ്ങി ക്ഷണാൽ നീന്തി നീന്തി—
ക്കോലും കല്ലോലഘോഷൈരുലകു പുടപുഴ—
ങ്ങിച്ചു ഞാനെ''ന്നിവണ്ണം. 40

''നേരേ ചാടിക്കടക്കെന്നതു സമുചിതമി—
ജ്ജാതിധർമം കപീനാം
പോരാ നീന്തിക്കടക്കെന്നതു, കടലിൽ മികും
നീക്പെടുക്കുമോ നാം?
ആരും വേണ്ടാ കടന്നീടുവാനൊരു കൃതികൊ—
ണ്ടക്കരെ,ക്കില്ല താനും
പോരുമ്പോളേക്കു വേഗോദയ'' മിതി ബലവാൻ
ബാലിജന്മാ ബഭാഷേ. 41

ഒടുവിൽ ജാംബവാൻ സമുദ്രലംഘനം ചെയ്യാൻ ഹനുമാനല്ലാതെ മറ്റാരും ശക്തന്മാരല്ലെന്നു കണ്ടു ഹനുമാനെ അടുത്തു വരുത്തിപ്പുകഴ്ത്തിക്കൊണ്ടു പറയുന്നതായി പ്രസ്താവിക്കുന്നു:

ചാപല്യാൽ നിന്നിവണ്ണം വദതി കപിഗണേ
വാചമൂചേ നിരസ്യ—
ക്ഷോഭംകൂരോ വിചാര്യം നിഖിലമപി വിവി—
ഞ്ചൻ വിരിഞ്ചാത്മജാ

രിമാണവാചകശബ്ദങ്ങൾ. അന്യൻ—മറെറാരുത്തൻ. നിയതം—നിശ്ചയം. ഇതി—എന്നു്. പ്രൗഢി—പ്രതാപം.

പദ്യം 40. തദാനീം—അപ്പോൾ. ന അലം....പോരാ. കല്ലോ ....ഘൈഃ—തിരമാലകളുടെ കോലാഹലശബ്ദത്താൽ. പുടപുഴങ്ങിച്ചു്—മുഴക്കി.

പദ്യം 41. സമുചിതം—യോഗ്യം. കപീനാം—വാനരന്മാരുടെ. നീർക....ട്ടം—ജലവാനരസമൂഹം. വേഗോദയം—വേഗത്തിന്റെ ഉത്പത്തി. ബാലിജന്മാ—ബാലിപുത്രൻ (അംഗദൻ). ബഭാഷേ—പറഞ്ഞു.

പദ്യം 42. ചാപല്യാൽ—ചപലതനിമിത്തം. കപിഗണേ വദതി—വാനരക്കൂട്ടം പറയുമ്പോൾ. വിചാര്യം നിഖിലം അപി—ആലോചിക്കേണ്ടതിനെയെല്ലാം. വിവിഞ്ചൻ—വേണ്ടപോലെ ആലോചിക്കുന്നവനായി. നിരസ്യ....രഃ—കലക്കമില്ലാത്തവനായി. വിരി.. .....ന്മാ—വിരിഞ്ചപുത്രൻ. സോപപ....നം—തന്റെ അടുത്തിരിക്കുന്ന. ഗ്രഢ....

1. കടക്കുന്ന.

സോപാന്തസ്ഥായിനം മാരുതിയെ മഹതി വെ—
ണ്ണീററിൽ മൂടിക്കിടക്കും
തീ[2]പോലേ ഗൂഢതേജഃപ്രസരമഥ പരി—
ശ്രാഘമാനോ മഹാത്മാ. 42

ഹനുമാന്റെ പൂർവകഥകളെ പ്രസ്താവിച്ചു പുകഴ്ത്തിക്കൊണ്ടുള്ള ജാംബവാന്റെ വചനം:

''കാകുത്സ്ഥൻതൻ പ്രസാദാമൃതകിരണശരത്—
ക്കാലമേ! വാനരേന്ദ്ര—
പ്രാഗല്ഭ്യത്തിന്നൊരഗ്രേസരസരണി വള—
ക്കുന്നു വിക്രാന്തിസിന്ധോ!
ആകെക്കാണപ്പെട്ടം മാരുതസുകൃതഫലൗ—
ദാര്യമേ! ശൗര്യഭാജാ—
മാകല്പപ്പൊന്നരിമ്പേ! വരിക മമ സഖേ!
സന്നിധാനേ ഹനുമൻ! 43

എന്നപ്പാ, പവമാനനന്ദന! ഭവാൻ
ദീനത്വമാപദ്യതേ
തന്നത്താനറിയായ്കകൊണ്ടു, മഹിമാ
ലോകോത്തരം താവകം,
കണ്ണെത്താത മഹാബ്ധിലംഘനകലാ—
ചാതുര്യസാരം നിന[3]—
ക്കിന്നീ കേവലമാക്കുമില്ല കപിവീ—
രാണാം[4] നിനക്കെന്നിയേ. 44

രം—ഒളിഞ്ഞുകിടക്കുന്ന ശൗര്യപ്രൗഢിയോട് കൂടിയ മാരുതിയെ. അഥ—പിന്നെ. പരി....നഃ—സ്തുതിക്കുന്നവനായി. വാചം ഊചേ—പറഞ്ഞു. മഹിതം—ശ്രേഷ്ഠം. വെണ്ണീററിൽ—ചാമ്പലിൽ. മാരുതി—ഹനുമാൻ.

പദ്യം 43. കാകുത്സ്ഥൻ.....മേ—ശ്രീരാമന്റെ അനുഗ്രഹമാകുന്ന ചന്ദ്രനു ശരത്കാലമായുള്ളോവേ! വാന....ത്തിന്നു—വാനരശ്രേഷ്ഠന്മാരുടെ പ്രൗഢിക്കു്. അഗ്രേ....ണി—മികച്ച മാർഗ്ഗം. വിക്രാ....ന്ധോ—ശൗര്യവാരിധിയായുള്ളോവേ. മാരു....മേ—വായു ചെയ്ത പുണ്യത്തിന്റെ ശ്രേഷ്ഠഫലമായുള്ളോവേ. ശൗര്യഭാജാം—ശൂരന്മാക്കു്. ആകല്പ....മ്പേ—അലങ്കാരമായ സ്വർണ്ണശകലമേ. മമ സന്നിധാനേ—എന്റെ സമീപത്തു്.

പദ്യം 44. എന്നപ്പാ—എന്റെ ഉണ്ണി. പവ....ന—അല്ലയോ വായുപുത്രാ. ഭവാൻ—അങ്ങു്. ദീനത്വം—ദീനഭാവത്തെ. ആപദ്യതേ—പ്രാപിക്കുന്നു. താവകം—നിന്റേതായ. മഹിമാ—മഹത്ത്വം. ലോകോത്തരം—ലോകശ്രേഷ്ഠം ആകുന്നു. മഹാ....സാരം—വലിയ കടലിന്റെ മുകര കട

1. മഹിതവെ. 2. തീപ്പോലെ. 3. നിനക്കെന്നിക്കേവ. 4. ണാം ന മേ സംശയഃ

ഉന്നിദ്രവൈരികുലഭഞ്ജനശീല! മുന്നം
നിന്നെ പ്രഭഞ്ജനനജീജനദഞ്ജനായാം,
വന്യദ്രുമത്തണലിലിട്ട കളഞ്ഞു പോയാം
പിന്നെബ്ഭവന്തമവളെന്നതയത്തുതോ നീ. 45

എന്നേ വിനോദ, മിതു കാണുദയാദ്രിമൗലൗ
മിന്നും ദിനേശനെ നിരീക്ഷ്യ ബുഭുക്ഷകൊണ്ടേ
അന്നേരമാശു പരിപക്വഫലഭ്രമം തേ
വന്നീലയോ കരളിലെന്നതയത്തുതോ നീ? 46

[1]വിഭ്രാന്തി തേടിന ഭവാൻ തരുണാർക്കനെന്നും
പൊൽപ്പമ്പഴം നുകരുവാനണയും ദശായാം
ഉൽപ്പേടിയിൽ കയറുത്ത തുരംഗമുച്ചൈ—
രപ്പോളന്യരു പിണിപെട്ടതയത്തുതോ നീ? 47

അക്കാലമക്കനെ വിഴുങ്ങുവതിന്നുപാന്തേ
നില്ക്കും വിധുന്തുദനെയും വിരവോടണഞ്ഞാൻ,
അഗ്രേ തദാ വിപുലഗാത്രമടുത്തു കണ്ടാൻ
ശക്രേഭരാജമുടനെന്നതയത്തുതോ നീ? 48

ഏറെറം വളന്ന രവിമണ്ഡലരീതിയെക്കാം
കുറെറൻ വിധുന്തുദനതിൽപ്പരമമ്മഹേഭം

ക്കുന്ന വിദ്യയിൽ വളരെ സാമർത്ഥ്യം. കപി....ണാം—വാനരവീരന്മാരുടെയിടയിൽ. നിനക്കെന്നിയേ—നിനക്കല്ലാതെ.

പദ്യം 45. ഉന്നി....ല—മുതിന്ന ശത്രുക്കളെ നശിപ്പിക്കുന്ന സ്വഭാവമുള്ളവനേ. പ്രഭഞ്ജനൻ—വായുദേവൻ. അഞ്ജനായാം—അഞ്ജനാദേവിയിൽ. അജീജനത്—ജനിപ്പിച്ചു. വന്യദ്രുമം—കാട്ടുവൃക്ഷം. ഭവന്തം—അങ്ങയെ. അയത്തുതോ—മറന്നുവോ.

പദ്യം 46. വിനോദം—ആശ്ചര്യം. ഉദ....ലൗ—ഉദയപർവ്വതത്തിന്റെ ശിഖരത്തിൽ. ദിനേശനെ—സൂര്യനെ. നിരീക്ഷ്യ—കണ്ടിട്ട്. ബുഭുക്ഷ—തിന്മാനുള്ള ആഗ്രഹം. പരി....മം—പഴുത്ത പഴമാണിതെന്ന തോന്നൽ. കരളിൽ—മനസ്സിൽ. തേ—നിനക്ക്.

പദ്യം 47. വിഭ്രാന്തി—ഭ്രമം. ഭവാൻ—അങ്ങ്. തരുണാർക്കൻ—ബാലസൂര്യൻ. അണയും ദശായാം—അണയുമ്പോൾ. തുരംഗം—കുതിര. ഉച്ചൈഃ—ഉച്ചത്തിൽ. അന്യരു—സൂര്യസാരഥി.

പദ്യം 48. അക്കനെ—സൂര്യനെ. ഉപാന്തേ—അരികിൽ. വിധുന്തുദൻ—രാഹു. തദാ—അപ്പോൾ. അഗ്രേ—മുമ്പിൽ. വിപുലഗാത്രം—വലിയ ശരീരത്തോടുകൂടിയ. ശക്രേ....ജം—ഐരാവതത്തെ.

പദ്യം 49. രവി....ക്കാം—ആദിത്യബിംബത്തെക്കാം. വിധുന്തുദൻ—രാഹു. ആദിത്യനെ പിടിക്കാൻ ചെന്നപ്പോൾ രാഹുവിനെ കണ്ടു

1. 'വിഭ്രാന്തി' ഇത്യാദി രണ്ടു പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല.

കാററത്തു മാമ്പഴമെടുപ്പതിനെന്നപോലെ
തോററത്തിലാകുലത പൂണ്ടതയറ്റതോ നീ?[1] 49

[2]പിടിക്ക ഖേദം വരുമാറു ഖേദം—
പിടിയ്ക്കുമാനപ്പെരുമാഴം തദാനീം
അടുത്തു നിന്നോരമരാധിരാജ—
ന്നടക്കളം പുക്കതയറ്റതോ നീ? 50

ഗദ്യം 4.

തദനു രംഹസാരാ ഹുമഭിപതന്നസൗ ഹരിവരഃ സഹസൈ—
വാത്തനാദമസഹമാനേനസുരപതിനാപ്രേര്യമാണം, നിരന്തര—
സംവാസസഞ്ജാതപക്ഷപാതേന ദക്ഷാരാതിനാ ദത്തപക്ഷം
സൈരമുച്ചലന്തമിവ കൈലാസഗിരിം, സന്തതാന്തോളിത—
കണ്ഠപവനപരികീര്യമാണകം ഭസിന്ധുരേണുപടലപാടലിത—

വെന്നു വിചാരിക്കണം. മഹേഭം—വലിയ ആന. തോററം—വിചാ
രം. രാഹു ഇന്ദ്രനോടു സങ്കടം പറഞ്ഞുവെന്നും ഇന്ദ്രൻ ഐരാവതത്തിന്റെ
പുറത്തു് അവിടെ വന്നുവെന്നും താഴെ പ്രസ്താവനയുണ്ടു്. ആകുലത—പ
രിഭ്രമം. സൂര്യൻ രാഹു ഐരാവതം ഇവരിൽ ആരെയാണു് പിടിച്ചു
തിന്നേണ്ടതെന്നുള്ള പരിഭ്രമം.

പദ്യം 50. അമരാധിരാജൻ—ദേവേന്ദ്രൻ. അടർക്കളം—യുദ്ധഭൂമി.

ഗദ്യം 4. തദനു—പിന്നെ. രംഹസാ—വേഗത്തിൽ. അസൗ ഹ
രിവരഃ—ഈ ഹരിശ്രേഷ്ഠൻ. രാഹും—രാഹുവിനെ. അഭിപതൻ—
ആക്രമിക്കുന്നവനായി. സഹസാ ഏവ—പെട്ടെന്നുതന്നെ. ആത്തനാദം
—സങ്കടപ്പെട്ട നിലവിളിയെ. അസ.....ന—സഹിക്കാത്തവനായ.
സുരപതിനാ—ദേവേന്ദ്രനാൽ. പ്രേര്യമാണം—തെളിയ്ക്കപ്പെടുന്നവനായി.
നിര..... ന—ഇടവിടാതെയുള്ള വാസംകൊണ്ടുണ്ടായ പക്ഷപാതത്തോടു
കൂടിയ. ദക്ഷാരാതിനാ—ശിവനാൽ. ദത്തപക്ഷം—ചിറകു കൊടുക്കപ്പെ
ട്ടവനായി. സൈരം—ഇഷ്ടംപോലെ. ഉച്ചലന്തം—പാഞ്ഞുവരുന്ന.
കൈലാസഗിരിം ഇവ—കൈലാസപർവതംപോലെ ഇരിക്കുന്നവനായി.
സന്ത.....ലം—എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന വെവിയിൽനിന്നുള്ള

1. ഈ പദ്യം കഴിഞ്ഞയുടൻ

ഫലിതം സാദ്ധ്യമിതി ഹരേഃ ഫലിതം ശിര ഇതി ച സിംഹികാസൂനോഃ
വീരയോനകരസയോരഭിന്നാ ജാതാ മനോവൃത്തിഃ.

ഗദ്യം: സോഽയം ശക്രശത്രുരനന്യശരണതയാ ശത്രുമേവ സപ്രഭാപം ശരണമഭ്യു
ത്പതിതവാൻ.

കംഭീരാഭോഗഭവ്യാഭരണപൃഥുതരസ്കന്ധമാത്മാഹ്യ സദ്യഃ
ശ്രുംഭദ്ഭോളിസംഭാവിതപൃഥുലഭുജസ്തംഭഗംഭീരരൂപഃ
സ്വർഭാനോർഭീമമാത്മാനമതികരുണം ശ്രുത്വാനഭ്യമിത്രൃഃ
ജംഭാരാതിഃ സ്വഭാസാ ഭുവനമഭിവേന്നഭ്യഗാത്തം ശരണ്യമ്.

എന്നീഭൂയം ഭാഗം അധികമായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

2. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല.

ഗഗനതലം, ത്രുണത്രുണിതകനകശൃംഖലാസംഘടിതഘ-
ണ്ടാനാദമേദുരിതഹ്രുങ്മുഖിതം, കുംഭോന്നത്യാ സ്കന്ധഗതം
ജംഭാരാതിമന്തരാന്തരാവ്രുണ്വാനം, സങ്കീർണ്ണവിവിധരത്നമാലാ-
പരിഷ്കൃതതയാ രത്നാകരോദരപ്രഥമാവിർഭാവസമയസംലഗ-
നിഖിലരത്നാമിവ മൂർത്തിമദ്വഹന്തം, പൃഥുദീർഘവൃത്തദുരഭിഭവ-
ദന്തചതുഷ്ടയാനുകൃതചന്ദനരസാനുലേപധവളിതചതുർഭുജ ഭുജ-
മാഹ്വയമാനമിവോപരി വക്രീതേന ശ്രുണ്ഡാദണ്ഡേന നേദീ-
യാംസം ദന്താവളപരിവൃഢമാലോക്യ പൂർവം മഹദ്വിതീയം
മഹത്തരമിദം മഹത്തമമിതി സർവത്ര ഫലബുദ്ധിമേവ താര-
തമ്യേനാംഗീകുർവന്നവിജ്ഞാതവസ്വന്തരസ്വഭാവഃ സ്വർഭാനും
നിരസ്യ—

ഫലലാഭലോഭവിവൃതാനനാണ്ണവ-
ഭ്രമദുദ്ധതോഗ്രരസനൗർവപാവകഃ
ക്ഷുദപായമേവ കലയന്നനേകപ-
പ്രുഷ്ടമാപ പൃഷ്ഠവലമാനവാലധിഃ. 51

കാഠിനാൽ പറത്തപ്പെട്ടുന്ന മസ്തകത്തിലെ സിന്ദൂരത്തിന്റെ പൊടിയാൽ ആകാശതലത്തെ ചുവപ്പിക്കുന്നവനായി. ത്രുണ.....തം—ത്രുണത്രുണ ശബ്ദം ഉണ്ടാക്കുന്ന സ്വർണ്ണച്ചങ്ങലയിൽ ഘടിപ്പിച്ചിരിക്കുന്ന മണിയുടെ നാദത്താൽ വളർന്ന ബൃംഹിതശബ്ദത്തോടു കൂടിയവനായി. കുംഭോന്നത്യാ—തലയെടുപ്പുകൊണ്ടു്. സ്കന്ധഗതം—കഴുത്തിൽ ഇരിക്കുന്ന. ജംഭാരാതി—ദേവേന്ദ്രനെ. അന്തരാ അന്തരാ—ഇടയ്ക്കിടയ്ക്കു്. ആവ്രുണ്വാനം—മറയ്ക്കുന്നവനായി. സങ്കീ .. ....യാ—ഇടകലർന്ന പല രത്നമാലകളാൽ അലങ്കരിച്ചിരിക്കുന്നതിനാൽ. രത്നാ..... ത്നാം—സമുദ്രത്തിൽനിന്നു് ആദ്യം പൊങ്ങിവന്ന സമയത്തിൽ പററിയ സകലരത്നങ്ങളോടും കൂടിയ. മൂർത്തി—ശരീരത്തെ. ഉദ്വഹന്തം ഇവ—വഹിക്കുന്നവൻപോലെ ഇരിക്കുന്നവനായ. പൃഥു.....ഭുജം—വലുതും നീണ്ടതും വണ്ണമുള്ളതും ആയ നാലു കൊമ്പുകളെക്കൊണ്ടു ചന്ദനരസം പൂശി വെളുത്ത വിഷ്ണുവിന്റെ നാലു ഭുജങ്ങളെ അനുകരിക്കുന്നവനായി. ഉപരി—മുകളിൽ. വക്രീതേന—ചുരുട്ടിപ്പിടിച്ച. ശ്രുണ്ടാ..... ന—തുമ്പിക്കൈകൊണ്ടു്. ആഹ്വയമാനം ഇവ—വിളിക്കുന്നവൻ പോലെ ഇരിക്കുന്നവനായ. നേദീയാംസം—അടുത്തുള്ള. ദന്താവളപരിവൃഢം—ഗജവീരനെ. ആലോക്യ—കണ്ടിട്ടു്. പൂർവം മഹത്—ആദ്യത്തേതു സാമാന്യം വലുതു്. ദ്വിതീയം മഹത്തരം—രണ്ടാമത്തേതു് അതിലും വലുതു്. ഇദം മഹത്തമം—മൂന്നാമത്തേതായ ഇതു വളരെ വലുതു്. ഇതി—എന്നു്. സർവത്ര താരതമ്യേന ഫലബുദ്ധിം ഏവ—എല്ലാത്തിലും ഏറെക്കുറെ പഴം എന്ന വിചാരത്തെ. അംഗീകുർവൻ—സ്വീകരിക്കുന്നവനായി (വിചാരത്തോടുകൂടിയവനായി). അവി.....വഃ—പഴമൊഴിച്ചുള്ള മറ്റു് ഒരു വസ്തുവിനെയും സ്വഭാവം അറിയാത്തവനായി. ഹരിവരനു വിശേഷണം. സ്വർഭാനും നിരസ്യ—രാഹുവിനെ വിട്ടിട്ടു്.

പദ്യം 51. ഫല.....കഃ—ഫലം ഭക്ഷിക്കുന്നതിനായി തുറന്ന വായാകുന്ന കടലിൽ കിടന്നിളകുന്ന വലിയ നാവാകുന്ന ബഡവാഗ്നിജ്വാലയോടുകൂടിയ. പൃഷ്ഠ.....ധിഃ—പുറകിൽ ചലിക്കുന്ന വാലോടുകൂടിയ.

കോ/യം സാക്ഷാന്നൃസിംഹഃ, കിമു പുരമഥനോ
വിശ്വസംഹാരകർത്താ,
കിം വാ സംവാർത്തകാഗ്നിഃ, സരഭസമിഹ മാം
വ്യാത്തവക്ത്രോ/ഭ്യുപൈതി
പാതാളേ ഭൂതലേ വാ ദിവി ച മമ ഭവേത്
പ്രാണരക്ഷേതി ബുദ്ധ്യാ
ബഭ്രാമ ഭ്രാന്തചേതാഃ സ്വപതിമഗണയ-
ന്നഭ്രമപ്രാണനാഥഃ. 52

അഗ്രേ മൂത്രപുരീഷക്ലുഷിതമഹീ-
ചക്രം ഭയംകൊണ്ടതി-
വ്യഗ്രം വാരണചക്രവർത്തിയെ നിജം
ത്രാതും നിരുദ്യോദ്യമഃ
ഉൽക്ലോപേന തദാ വലാരി ശതധാ-
രംകൊണ്ടെറിഞ്ഞദ്ഭുതം
തവ കോലം വിദലയ്യ പാപി ഭുവനം
മുന്നം നടുക്കീടിനാൻ! 53

നിവർത്തയാമാസ നിജപ്രവൃത്തിം
ജഗത്രയാത് സ്ഥാസ്നുചരിഷ്ണുരുപാത്

ഹരിവരൻ. ക്ഷുദപായം ഏവ കലയൻ—വിശപ്പു തീരുവാനുള്ള വഴിയെ മാത്രം വിചാരിക്കുന്നവനായി. അനേ....ഭം ആപ—ഗജശ്രേഷ്ഠനായ ഐരാവതത്തെ പ്രാപിച്ചു.

പദ്യം 52. അയം കഃ—ഇവൻ ആരു്? സാക്ഷാത് നൃസിംഹഃ—പ്രത്യക്ഷമായ നരസിംഹസ്വരൂപമോ? വിശ്വ.....ർത്താ പുരമഥനഃ കിമു—ലോകത്തെ സംഹരിക്കുന്ന ത്രിപുരാന്തകനോ? സംവ....ഗ്നിഃ—പ്രളയകാലത്തിലെ അഗ്നി. സരഭസം—വേഗമായി. വ്യാത്തവക്ത്രഃ—വാ തുറന്നുകൊണ്ടു്. ഇഹ മാം അഭ്യുപൈതി—എന്നെറനേരെ വരുന്നു. പാതാളേ—പാതാളത്തിലോ. ഭൂതലേ—ഭൂമിയിലോ. ദിവി വാ—സ്വർഗത്തിലോ. മമ—എനിക്കു്. പ്രാണരക്ഷാ ഭവേത്—പ്രാണരക്ഷ ലഭിക്കുമോ? ഇതി ബുദ്ധ്യാ—എന്ന ചിന്തയോടുകൂടി. ഭ്രാന്തചേതാഃ—മതിമറന്നവനായി. സ്വപതിം—തന്നെറ നാഥനായ ഇന്ദ്രനെ. അഗണയൻ—വകവയ്ക്കാതെ. അഭ്ര....ഥഃ—ഐരാവതഗജം. ബഭ്രാമ—പരുങ്ങി.

പദ്യം 53. അഗ്രേ—മുമ്പിൽ. മൂത്ര .....ക്രം—മൂത്രമലങ്ങളെക്കൊണ്ടു ഭൂമിയെ അശുചിയാക്കിയവനായ. അതിവ്യഗ്രം—വ്യാകുലനായ. നിജ, —തന്നെറ. വാര....യെ—ഗജശ്രേഷ്ഠനെ. ത്രാതും—രക്ഷിപ്പാനായി. നിരു ....ദ്യമഃ—ശ്രമിക്കുന്നവനായ. വലാരി—ഇന്ദ്രൻ. തദാ—അപ്പോൾ. ഉൽക്ലോപേന—ഉള്ളിലുണ്ടായ കോപത്താൽ. ശതധാരം—വജ്രായുധം. അദ്ഭുതം—ആശ്ചര്യമായ. തവ കോലം—നിന്നെറ വലിയ ദേഹത്തെ. വിദലയ്യ—മുറിച്ചിട്ടു്. പാപി—പാപിയായ ഇന്ദ്രൻ.

പദ്യം 54. അഥ—പിന്നെ. അപ.....ശാത്—തന്നെറ പുത്രനാശം

1. നിജഭ്രാതുർനിരുദ്യോദ്യമം.

അപത്യനാശാദഥ[1] ദുഃഖസിന്ധോ—
രപാരദൃശ്വാ സ തു മാതരിശ്വാ. 54

ഹനുമാൻ ഇരുവശ്രീഹതനായി വീണപ്പോൾ, വായുഭഗവാൻ പുത്ര നാശത്താൽ മടങ്ങിയടങ്ങി ഏതോ ഒരു ഗുഹയിൽ ഒളിച്ചിരുന്നതിനാൽ വായുസഞ്ചാരമില്ലാഞ്ഞിട്ട മുന്നു ലോകത്തുമുള്ള ചരാചരങ്ങൾക്കൊക്കെ വന്നുകൂടിയ അവസ്ഥാന്തരത്തെ വർണ്ണിക്കുന്നു:

ഗദ്യം 5.

തദനു സമീരേ തലമുടേറി—
ത്താപംകൊണ്ടു മടങ്ങിയടങ്ങി
കുചന ഗുഹായാം ത്വടിതി നിഗൂഢേ
ജലധിയിൽ മുഴുവൻ ഘോഷമടങ്ങീ,
പുഴക[2]ളുമൊഴുകീടുന്നതടങ്ങീ,
ഉപവനമെല്ലാമപവനമായീ,
സ്ഥാവരമായീ ജംഗമമെല്ലാം
നിശ്ചേഷ്ടാനായ് നിന്നവരെല്ലാം
നേരേതന്നേ നിന്നേ പോയീ,
കലിതവിലാസം വല്ലികളെല്ലാ—
മിലയാട്ട[3]ന്നതുപോലു[4]മടങ്ങീ,
മൂ[5]വുലകിങ്കലുമാഹുതി[6] തേടും
പാവകശിഖകളെഴുന്നീലെങ്ങും,
പാരിൽപ്പെരുകിന കസ്തൂരിക്കും
പരിമളസാരം നഷ്ടിപിടിച്ചു,
പുഴുകിൻ ചാതുരി പിഴുകിപ്പോയീ,

നിമിത്തം. ദുഃഖസിന്ധോഃ അപാ....ശ്വാ—ദുഃഖസമുദ്രത്തിരയ്ക്കു മറുകര കാണാത്തവനായി (വളരെ ദുഃഖിതനായി). സഃ മാതരിശ്വാതു—ആ വായുവാകട്ടെ. സ്ഥാസ്നു....പാത്—സ്ഥാവരജംഗമരൂപമായ. ജഗത്തുകളിൽ—മുന്നു ലോകത്തിൽനിന്നും. നിജ....ത്തിം—തന്റെ സഞ്ചാരാത്മകമായ പ്രവൃത്തിയെ. നിവർത്തയാമാസ—പിൻവലിച്ചു. മുന്നു ലോകത്തിലും വായുസഞ്ചാരം നിന്നുപോയി എന്നർത്ഥം.

ഗദ്യം 5. തദനു—അനന്തരം. ത്വടിതി—വേഗത്തിൽ. സമീരേ കുചന ഗുഹായാം നിഗൂഢേ (സതി)—വായു ഒരു ഗുഹയിൽ ചെന്നൊളിച്ചപ്പോൾ. ജലധി—സമുദ്രം. ഘോഷം—എരമ്പൽ. (തിരയടിച്ചുണ്ടാകുന്ന ശബ്ദം). ഉപവനം—പൂങ്കാവു്. അപവനം—കാറ്റില്ലാത്തതു്. സ്ഥാവരം—ചലിക്കാത്തതു്. ജംഗമം—ഗമിക്കുന്നതു്. കലിതവിലാസം—ഭംഗിയാംവണ്ണം. വല്ലി—വള്ളി. ആഹുതി—ഹോമം. പാവകശിഖകം—അഗ്നിജ്വാലകൾ. എഴുന്നീലാ—പൊങ്ങിയില്ല. പരിമളസാരം—സുഗന്ധവിശേഷം. നഷ്ടിപിടിച്ചു—നശിച്ചു. പൊവ്വാതു—ഒരു

1. ദതിദുഃ. 2. ഴകളിലോളമെടുത്തതട. 3. യാട്ടുന്ന. 4. പോലും മാറി. 5. മുവ്വുല. 6. തി കോലും പാ.

ചൊവ്വാതിന്മണമുവ്വിയിൽ മാഞ്ഞു,
മലയാദ്രീന്ദ്രന മഹിമ കുറഞ്ഞു,
പന്നഗസുദ്ദശാമന്നം മാറീ,
പങ്കജവിപിനേ ഭംഗി കുറഞ്ഞു,
മല്ലികമാല മകിണ്ണു ചമഞ്ഞു,
ചെന്താർബാണന ബന്ധു മുടിഞ്ഞു[3],
കയിൽമൊഴിമാർതൻ കുനിര കിഞ്ചന
കുനുകുനെയിളകി നിറന്നീലെങ്ങും,
പരിമളവിഭവം പെരുകിനടക്കും
മുരികിന നീളെപ്പെരുവഴിമാറീ,
സരസത തേടിന തരളദ്ദശാമൊരു
സുരതപരിശ്രമമാറീലാക്കും
പിച്ചകമാലമധുളികയെന്നും
അശ്രുകണങ്ങളെ നിരവധി വാർത്തു
നീരദപാളികളംബരമാർഗ്ഗേ
നീരു ചുമന്നു നടന്നീലെങ്ങും;
വിവിധമഹാപ്രഭമന്ദിരനികരേ
വെഞ്ചാമരനിര വെറുതേയായീ,
പക്ഷികുലത്തിന നഭസി പറപ്പാൻ
പക്ഷപുടത്തിന കെല്പുകുറഞ്ഞു,
കതിരകളിളകാഞ്ഞംബരമാർഗ്ഗേ
കതിരവനുടനേ യാത്ര മുടങ്ങീ,
സന്ധ്യാകാലേ ചന്ദം ചേരും
ചഞ്ചുലമിഴികളൊരഞ്ചലർ[4]ബാണനു—

വാസനദ്രവ്യം, ഉർവി—ഭൂമി. മല....ന്ദ്രന —മലയപർവ്വതത്തിനു്. മലയമാരുതൻ ചന്ദനസൗരഭ്യത്തോടു വിശാത്തതിനാൽ മഹിമ കുറഞ്ഞു. മലയപർവ്വതം ചന്ദനവൃക്ഷങ്ങൾക്കു ഇരിപ്പിടമാണല്ലോ. പന്ന ...ശീം —സപ്തസ്വരീകരങ്ങൾക്കു്. അന്നം മാറീ—ഭക്ഷണമില്ലാതെയായി. സപ്തങ്ങൾക്കു വായുവാണല്ലോ ഭക്ഷണം. പങ്ക .. നേ—കമലവനത്തിൽ. കാറില്ലാത്തതിനാൽ പൂക്കൾ വിടർന്നില്ല. മല്ലിക—മുല്ല മകിണ്ണുചമഞ്ഞു—ഭംഗിയില്ലാതെയായി. ചെന്താർബാണൻ—കാമദേവൻ. ബന്ധു മുടിഞ്ഞു—സഹായി ഇല്ലാതെയായി. മന്ദമാരുതൻ കാമബന്ധുവാണല്ലോ. കിഞ്ചന—അല്പം. പരിമളവിഭവം—സുഗന്ധം. സരസത—സാരസ്യം. തര ....ശാം—സുന്ദരിമാരുടെ. സുരത....മം—സുരതക്രീഡകൊണ്ടുള്ള ക്ഷീണഭാവം. മധുളിക—മകരന്ദം. അശ്രുകണ—കണ്ണുനീർത്തുള്ളി. നീരകൾ മേഘപങ്ക്തികളും. വിവി....രേ—പലവിധത്തിലുള്ള മഹാപ്രഭുക്കളുടെ ഗൃഹസമൂഹത്തിൽ. നഭസി—ആകാശത്തിൽ. പക്ഷപുട—ചിറകു്. അംബരമാർഗ്ഗേ—ആകാശമാർഗ്ഗത്തിൽ. കതിരവൻ—സൂര്യൻ. സന്ധ്യാകാലേ

1. ർവാണ. 2. ഞ്ഞു കുനിര. 3. നു ബന്ധു യാ. 4. ർവാണ.

രാൽപിണയും നിജമൈന്തരുമായ്മരു-
വുന്ന മഹാമണിസൗധമനോഹര-
മരതകവളഭീമധുരഗവാക്ഷശ-
തങ്ങളശേഷം ത്രിജഗതി[1] ഹാ ഹാ!
പാഴ്പെടുമാറു ചമഞ്ഞു[2]വശായീ,
മലർചരരിപുതൻ തിലകത്തിന്നൊരു
കൂട്ടു കുറഞ്ഞു, വിലാസം മാറീ,
പ്രണയരസായനലഹരീമാല ക-
ടക്കൺ[3]മുക്കിലണിഞ്ഞു സലീലമ-
മണഞ്ഞു പിണഞ്ഞു ചമഞ്ഞു പുണന്നൊരു
പരമാനന്ദപരമ്പരകൊണ്ടു നി-
മീലിതലോചനമംബുധരത്തൊട-
രുമ്മി നിറം കലരുന്ന തടില്പത-
യോടെതിരേറ്റതനുദ്യുതിപൂണ്ടു സ-
ദാ തിരുമാറിലമന്ദ[4]തിവേലം
മംഗല[5]മേറിന മംഗലദേവത-
തൻ കളർകൊങ്കയിൽ വാണ[6]വിശൃംഖല-
മായ്മരുവുന്ന മഹാസുഖമൂർച്ഛന-
കൊണ്ടു സലീലമുറങ്ങിന[7] സാക്ഷാത്
നാരായണനും പര്യങ്കത്തിന-
ശംകിതമേവ പതുപ്പു കുറഞ്ഞു പ-
രിശ്രമലോലമുണർന്നിതകാണ്ഡേ,

—സന്ധ്യാസമയത്തിൽ അഞ്ച....രാൽ—കാമപരവശ്യം. നിജമൈന്തർ—സ്വന്തം കുമുകന്മാർ. മഹാ .. ങ്ങൾ—വലിയ മണിമയങ്ങളായ മാളികകളിൽ മനോഹരമായി മരതകക്കല്ലുകൊണ്ടു വളവുകളോടുകൂടി തീർത്തു വച്ചിരിക്കുന്ന ജനലുകൾ. അശേഷം—എല്ലാം ത്രിജഗതി—മൂവ്വുലകിലും. മലർ....കത്തിന്നു—ശിവന്റെ നെറ്റിയിലുള്ള മൂന്നാം തൃക്കണ്ണായ അഗ്നിരൂപമായ പൊട്ടിനു. വായുവില്ലെങ്കിൽ അഗ്നിക്കു കൂട്ടു കുറഞ്ഞു ശോഭ കുറയുമല്ലോ. ചില കൂട്ടുകൾ കൂട്ടിയാണല്ലോ തിലകത്തിനു ശോഭയുണ്ടാകുക. വിലാസം മാറീ—ശോഭയില്ലാതെയായി. പ്രണ .. ല- പ്രേമമാകുന്ന രസായനത്തിന്റെ മദം. സലീലം—ഉല്ലാസത്തോടുകൂടി. നിമീ.... നം—കണ്ണു ചിമ്മിക്കൊണ്ടു. അംബുധരം—മേഘം. തടില്പത—മിന്നൽപ്പിണർ. തനുദ്യുതി—ദേഹശോഭ സദാ—എപ്പോഴും. അതിവേലം—വളരെ. മംഗലം—ശുഭം. മംഗ... ത—ലക്ഷ്മീദേവി. വിശൃംഖലമായി—തടവു കൂടാതെ. മഹാ... ന—അതിസുഖത്താൽ മൂർച്ഛിക്കുക. പര്യങ്കം—കട്ടിൽ (മെത്ത). അശങ്കിതം—ശങ്കയെന്നിയെ. വിഷ്ണുവിന്റെ ശയ്യയായ അനന്തൻ കാറ്റില്ലാതെ ഭക്ഷണം മുട്ടി എല്ലും തോലുമായി എന്ന

1. തി പാ. 2. ഞ്ഞു മ. 3. ക്കൺനോക്കിലണിഞ്ഞു പുണ.
4. തിമം. 5. മേകിന. 6. വിണ വി. 7. ന നാരാ.

ഭുവനകദംബവിനിർമ്മിതികർമ്മണി
സാധകതമമാം ഭൂതകുലത്തിൻ
പെരുമാളായതു പരമില്ലാഞ്ഞു പ—
യോജ്ഭവൻ പെട്ടമാടലൊരോന്നേ[1]
പെരികെപ്പെരികെപ്പറവാൻ നാലം,
മഹിമ കലന്ന മഹീസുരപരിവൃഢ—
വസതിഷു മരുവിന മഖവിധി നിരവധി
മദ്ധ്യേ മദ്ധ്യേ വിണ്ണു മുടങ്ങീ,
പുഷ്ടി വളഷ്ടിം മുഷ്ടാന്നശ്രീ
മാറിമയങ്ങി മരിപ്പതിനാഞ്ഞൊരു
മർത്ത്യകുലങ്ങൾ പിഴച്ചതിതെന്നു[3] വി—
പത്തു മുഴത്തു പഴിച്ചുപറഞ്ഞും,
പശ്ചാത്താപമകത്തു നിറഞ്ഞും,
പൗലോമീകുചകഠിന[4]ത മാറ—
ത്തേറ്റു പൊറുപ്പാൻ കെല്പില്ലാഞ്ഞും
വലരിപുതടിയനൊരുണില്ലാഞ്ഞ—
ക്കണ്ണിം[5]നട്ടക്കവിളം ചുളുകി ന—
ടന്നതു പാത്താലധികവിനോദം,
ത്രിജഗതി ചിന്തിന ജന്തുതതീനാം
പ്രാണശ്വാസപരമ്പര വിരവോ—
ടദ്ഭുതശോഭം താസാം മെയ്യിലു—
മുദ്ഭടയമഭടകൈയിലുമയ്യാ!

സ്ഥം. പരി....ലം—സംഭ്രമത്താൽ പരവശനായി. അകാണ്ഡേ—സമയമാകുന്നതിനുമുമ്പ്. ഭുവ....ണി—ലോകസൃഷ്ടിയിൽ. സാധ .. മാം—പ്രധാനോപകരണമായ. ഭൂത ...മായ—പഞ്ചഭൂതങ്ങളിൽ തലവനായ വായു. പയോ ...വൻ—ബ്രഹ്മാവു്. ന അലം—സാധ്യമല്ല. മഹിമ—മേന്മ. മഹീ .. ഷു—ബ്രാഹ്മണോത്തമന്മാരുടെ ഗൃഹങ്ങളിൽ. മരുവിന—നടക്കുന്ന. മഖവിധി—യാഗകർമ്മം. നിരവധി—വളരെ. മദ്ധ്യ—ഇടയ്ക്കു്. പുഷ്ടി—പോഷണം. തുഷ്ടാന്നശ്രീ—തൃപ്തിയാകുംവണ്ണമുള്ള ഊണിന്റെ വട്ടം. മർത്ത്യ... ലങ്ങൾ—മനുഷ്യർ. പശ്ചാത്താപം—പിന്നീടുണ്ടാകുന്ന വിഷാദം. ഇതു് ഇന്ദ്രന്റെ സ്വയംകൃതാനർത്ഥമാണല്ലോ. പൗലോ....നത—ഇന്ദ്രാണിയുടെ സ്തനങ്ങളുടെ കാഠിന്യം. വല....യനു്—വങ്കനായ ഇന്ദ്രനു്. വീണ്ടുവിചാരമില്ലാത്തവരാണല്ലോ വങ്കന്മാർ. യാഗം മുട്ടിയതിനാൽ ക്രുദ്ധരാക്കുകളായ ദേവകൾക്കു് ഊണു മുട്ടിയെന്ന താത്പര്യം. അധി....ദം—വളരെ രസമുണ്ടു്. ത്രിജഗതി—മൂവ്വുലകിലും. ചിന്തിന—വ്യാപിച്ച. ജന്തുതതീനാം—ജീവികൾക്കു്. പ്രാണ....ര-ജീവനം. അദ്ഭുതശോഭം—ആശ്ചര്യകരമായ ഭംഗിയോടെ. താസാം—അവയുടെ (ജന്തുക്ക

1. ന്നേ പറ. 2. ഞ്ഞൊരമർത്ത്യ. 3. ന്നു പഴി. 4. നം മാ. 5. നട്ടുനട.

ചെപ്പടിപോലേ കണ്ടീലെങ്ങും
മധുമാസാഖ്യമഹാക്ഷിതിപാലനു
മാനിതനാമമ്മന്ത്രി മുടിഞ്ഞു[1]—
മ്മധുകരഝങ്കൃതിമന്ത്രംമാറീ,[2]
പലരുമകാണ്ഡേ പാതി കളിച്ചും[3]
പാതി ഭജിച്ചും പാതി ഭുജിച്ചും
മറ്റുമിവണ്ണം വിവിധവ്യാപാ—
രങ്ങളിൽ[4] മദ്ധ്യേ വീണുമുടങ്ങിയു—
മംഗമൊടിഞ്ഞും[5] ഭംഗമടഞ്ഞും
ഞാണില്ലാതൊരു വീണകണ്ഠംപോലേ[6],
കുതിര കുലഞ്ഞ മണിത്തേർപോലേ,
ചിറകു മുറിഞ്ഞ ഖഗാവലിപോലേ,
നരവരരില്ലാനാടകരംഗംപോലേ,
പരിമളമില്ലാ മലർനിരപോലേ,
നീരില്ലാത സരസ്സുകണ്ഠംപോലേ,
തീയില്ലാതൊരു കുണ്ഡംപോലേ,
അറിവില്ലാതകകാമ്പുകരംപോലേ,
വൈധവ്യം വന്നിരുവയർപോലേ,
കഷ്ടം ശിവശിവ! കഷ്ടം കഷ്ടം!
ത്രിഭുവനമൊക്കെക്കശ്മലമാസീത്[7].

ഹനുമാനെ ജീവിപ്പിച്ചതും വായുഭഗവാൻ പ്രസന്നനായതും ആയ പൂർവ്വകഥയെ ഉപസംഹരിച്ചുംകൊണ്ടു ഹനുമാനെ സമുദ്രലംഘനത്തിനാ യി പ്രേരിപ്പിക്കുന്നു:

ളുടെ). മെയ്യിലും—ദേഹത്തിലും. ഉദ്ഭ....ലും—ഉദ്ധതന്മാരായ യമകി ങ്കരന്മാരുടെ കൈയിലും. അയ്യാ—ആശ്ചര്യം. മധു....ലനു—വസന്തം എന്ന മഹാരാജാവിനു. മാനിതൻ—പൂജ്യനായ. അമ്മന്ത്രി—(പൂക ളെ വിടർത്തുന്ന വായുവാകുന്ന) ആ മന്ത്രി. മധു....ന്ത്രം—വണ്ടുകളുടെ ഝങ്കാരമാകുന്ന മന്ത്രം. വണ്ടുകൾ പൂക്കളുടെ അടുത്തുചെന്നു മുരളുന്നതു കണ്ടാൽ അവയോടു എന്തോ മന്ത്രിക്കുകയാണെന്നു തോന്നുമെന്നു ഉൽപ്രേ ക്ഷണം. ഉൽപ്രേക്ഷാനുപ്രാണിതമായ രൂപകം. ഭുജിച്ചും—ഭക്ഷിച്ചും. വിവി....ളിൽ—പലതൊഴിലുകളിൽ. അംഗം—അവയവം. ഭംഗം—ഒടി വു. ഖഗാവലി—പക്ഷിസമൂഹം. നരവരൻ—രാജാവു. പരിമളം—വാ സന. സരസ്സു—പൊയ്ക. കുണ്ഡം—ഹോമക്കുഴി. വൈധവ്യം—ഭർത്തൃമര ണം. ത്രിഭുവനം—മൂന്നു ലോകം. കശ്മലം ആസീത്—കഴപ്പു പിടിച്ച തായി.

1. ഞു മ.
2. റീ പാതി.
3. ച്ചും പാതി ഭുജിച്ചും പാതി ഭജിച്ചും മ.
4. ൽ മദ്ധ്യേ മദ്ധ്യേ വീ.
5. ഞ്ഞും ഞാ.
6. ലേ ചിറ.
7. ന്നരിവ.

കാലേ തത്ര വിരിഞ്ചനം ഗിരിശനം
നാരായണൻതാനമ—
പ്പൗലോമീപതി മുൻനടന്നു വിബുധ—
ന്മാരും മുനിപ്രൗഢരും
ത്രൈലോക്യസ്ഥിതിയേ ഭവന്തമുടനേ
സഞ്ജീവ്യ തം ച വ്യഥാ—
ലോലം മാരുതനെപ്പറഞ്ഞനുസരി—
ച്ചാ,രാപ്രസാദോദയം. 55

തദാ വിരിഞ്ചാദികളം പിന്നെയും കനം
മുദാ ബലോന്മേഷമുടൻ നടേതിലും
പതിന്മടങ്ങോറനി നിനകരു നല്ലിനാ
രത്നം ഭവാനിന്ന മറന്നുപോയിതോ? 56

മാന്ദ്യം പൂണ്ടതു മാരുതേ! മതി, ദുഗ—
ന്നാഥൻ പുരാ രാഘവൻ
താൻ തന്നംഗുലിമുദ്ര തന്നതു മഹാ—
ധീമൻ! ഭവാനല്ലയോ
സ്വാന്തംകൊണ്ടുമതീവ ദുസ്തരതരം
വാരാകരം നന്ന ന—
ന്നാന്ധ്യം വാനരസംസദാമിതു ഭവാ—
നാംതാനുമുത്തീയതാം.' 57

പ്രസന്നനായ ഹനുമാന്റെ പ്രഭാവവർണ്ണന.

പദ്യം 55. തത്ര കാലേ—അപ്പോൾ. വിരിഞ്ചൻ—ബ്രഹ്മാവു്. ഗിരിശൻ—ശിവൻ. പൗ....തി -ഇന്ദ്രൻ. ത്രൈലോ... യേ—മൂന്നു ലോകത്തിന്റെ നിലനില്പിനുവേണ്ടി. ഭവന്തം—അങ്ങയെ. സംജീവ്യ—ജീവിപ്പിച്ചിട്ടു്. തം വ്യഥാലോലം ച—ആ ദുഃഖപരവശനായ. അപ്ര... യം പ്രസന്നനാകുന്നതുവരെ. പറ....ച്ചാർ—എടച്ചൽ തീർത്തു പറഞ്ഞിണക്കി.

പദ്യം 56. തദാ—അപ്പോൾ. കനം—അധികം. മുദാ—സന്തോഷത്തോടെ. ബലോന്മേഷം—ശക്തിയുടെ ഉണർച്ച.

പദ്യം 57. മാന്ദ്യം—ജാഡ്യം. മാരുതേ—അല്ലയോ വായുപുത്ര. പുരാ—പണ്ടു്. അംഗു....ദ്ര—മോതിരമാകുന്ന അടയാളം. മഹാധീമൻ—മഹാബുദ്ധിമാനായുള്ളോവേ. സ്വാന്തം—മനസ്സു്. വാരാകരം—സമുദ്രം. അതീവ—വളരെ. ദുസ്തരതരം—കടപ്പാനൊട്ടും കഴിയാത്തതു്. വാന്ന.... ദാം—വാനരക്കൂട്ടത്തിന്റെ. ആന്ധ്യം—കഥയില്ലായ്മ. ചാടിക്കടക്കയാം എന്നുള്ള ദുർമ്മോഹം. ഭവാനു് ആംതാനം—അങ്ങയ്ക്കു കഴികയും ചെയ്യും. ഉത്തീയതാം എഴുന്നേല്ക്കുക.

1. ങ്ങിനെ നി. 2. വന്നാനന്നാനാ.

കൊണ്ടാടിക്കൊണ്ടിവണ്ണം ബുധജനമകുടം
ജാംബവാൻ ചൊന്ന വാചാ
കണ്ടാത്മതപം കളഞ്ഞഞ്ചിതരുചി ഹനുമ—
ദ്വക്ത്രബിംബം ചകാശേ;
പണ്ടേതിൽ പത്തിരട്ടിച്ചുദിതമൊരു ബലാ—
ധിക്യമയ്യാ! മഴക്കാർ—
കൊണ്ടുണ്ടാം മുടൽ നീങ്ങും പൊഴുതു പുകഞ്ഞപെട്ടം
ഭാനുമാനെന്നപോലേ. 58

ഉത്സാഹം കൺമിഴിച്ചു, മുറുവലൊളി തുടർ—
ന്നു, ഭുജാവീര്യമുച്ചൈ—
രുത്ഥാനം ചെയ്തിതയ്യാ! വിനയമതിർ കട—
ന്നാഭിരാമ്യം വളർന്നു,
ബുദ്ധ്യുന്മേഷം തഴച്ചു, ചെറുതു കളികളി—
പ്പാനൊരുമ്പെട്ടെഴുന്നു,
ചിത്രം ചിത്രം! തദാനീം വിജിതഖഗവരം
വേഗസാരം തദീയം. 59

ഹനുമാൻ സമുദ്രലംഘനത്തിനായി നിശ്ചയിച്ചുറച്ചു മഹേന്ദ്ര പർവതത്തിൽ കയറി നിലകൊള്ളുന്നു:

അഥ ജാംബവതോ വിനമ്യ പാദൗ
തദനുജ്ഞാനവതംസിതോത്തമാംഗഃ
സരിതാം കമിതുർവിലംഘനായ
ത്വരമാണാം മതിമാധധേ ഹനുമാൻ. 60

പദ്യം 58. ബുധ....ടം—സജ്ജനശിരോമണി. വാചാ—വക്കിനാൽ. കണ്ടാത്മതപം—കണ്ടുത. അഞ്ചിതരുചി—ശോഭയോടുകൂടി. ഹനുമദ്....ബിംബം—ഹനുമാന്റെ മുഖം. ചകാശേ—ശോഭിച്ചു ഉദിതം—ഉണ്ടായ. ബലാധിക്യം—ബലക്കൂടുതൽ. ഭാനുമാൻ—സൂര്യൻ.

പദ്യം 59. മുറുവലൊളി—സ്ഥിതശോഭ. ഭുജാവീര്യം—കൈയുക്ക്. ഉച്ചൈഃ—അധികമായി. ഉത്ഥാനം ചെയ്തിതു—ഉയർന്നു. വിനയം—വണക്കം. അഭിരാമ്യം സൗന്ദര്യം. ബുദ്ധ്യുന്മേഷം—ബുദ്ധിയുടെ വികാസം. തദാനീം അപ്പോൾ. വിജി....രം—ഗരുഡനെ ജയിച്ച. തദീയം വേഗസാരം—അവന്റെ വേഗത്തിന്റെ ശക്തി.

പദ്യം 60. അഥ—പിന്നെ. ജാംബവതഃ—ജാംബവാന്റെ. പാദൗ വിനമ്യ—പാദങ്ങളെ വന്ദിച്ചിട്ട്. തദ....ഗഃ—അദ്ദേഹത്തിന്റെ അനുമതിയെശിരസ്സിലണിഞ്ഞവനായി. സരിതാം കമിതുഃ വിലംഘനായ—സമുദ്രത്തെ കടക്കുവാനായി. ത്വരമാണാം മതിം ആദധേ—ബദ്ധപ്പാടുള്ളവനായിത്തീർന്നു.

1 ക്ത്രപദ്മം ച. 2. കഴ്പെ.

കിഷ്കിന്ധായുവരാജനോടൊരു നിയോ—
ഗം പൂണ്ടടൻ നീലനോ—
ടഗ്രേ യാത്ര പറഞ്ഞു വാനരഗ[1]ണാൻ
നോക്കിച്ചിരിച്ച[2]ങ്ങനെ
രക്ഷോവംശദവാഗ്നി പിന്നെ ഹനുമാൻ
മമ്മാ! മഹേന്ദ്രാചലേ
ലക്ഷ്മീവാനുദയാദ്രിമേൽ ദിനകരൻ
പോലേ കരേറീടിനാൻ. 61

അഞ്ജസാ രഘുപതി പ്രയുക്തമധികം ഭ—
യങ്കരതരം പട—
സ്സഞ്ചു രണ്ട മുഖമാളമാളൊടടനേ ന—
ടേ തുടരുമായുധം
അഞ്ജനാസുകൃതപുഞ്ജസൗരഭവിഭ്രതി
മാരുതമനോരഥ--
പ്പഞ്ചതാര ബലവേഗശേവധിരധിത്യ—
കാദ്രവി കരേറിനാൻ. 62

ഹനുമാൻ തന്റെ മാതാപിതാക്കളെ വന്ദിച്ചിട്ട പറയുന്നതായി പ്രസ്താവിക്കുന്നു:

ചാരു കൈതൊഴതതന്ത്രമഞ്ജനാ—
മാരുതൗ സ്വപിതരൗ മഹാമനാഃ

പദ്യം 61. കിഷ്കി ...ൻ—അംഗദൻ. നിയോഗം പൂണ്ടു—കല്പന വാങ്ങി. അഗ്രേ—മുമ്പിൽ. വാന ..ണാൻ—വാനരക്കുട്ടങ്ങളെ. രക്ഷോ.... ഗ്നി—രാക്ഷസന്മാരാകുന്ന ഇല്ലിക്കൂട്ടത്തിനു കാട്ടുതീയായ. മഹേ....ലേ—മഹേന്ദ്രപർവതത്തിൽ. ഈ പർവതം സഹ്യപർവതനിരയുടെ തെക്കെത്തലയ്ക്കൽ ഉള്ളതു. ലക്ഷ്മീവാൻ—ശോഭയോടു കൂടിയ. ദിനകരൻ—സൂര്യൻ. ഉദയാദ്രി—ഉദയപർവതം. ഉപമാലങ്കാരം.

പദ്യം 62. അഞ്ജസാ—വേഗത്തിൽ. രഘു....കത.—രാമനാൽ പ്രയോഗിക്കപ്പെട്ട. അഞ്ചു രണ്ടു....ളൊടു—രാവണനോടു. പടയ്ക്കു—യുദ്ധത്തിനു. ഭയ....രം—അതിശയേന ഭയങ്കരം. നടേ—ആദ്യമായി. തുടരും—പുറപ്പെടുന്ന. അഞ്ജ....തി—ഹനുമാന്റെ അമ്മയായ അഞ്ജനാദേവിയുടെ പുണ്യപൂരത്തിന്റെ പരിമളപ്പൊലിമ. മാരു....ര—(പിതാവായ) വായുവിന്റെ ആഗ്രഹത്തിന്റെ മാധുര്യസാരം. പുത്രന്മാരുടെ പ്രശസ്തി മാതാപിതാക്കൾക്കു സന്തോഷകരമാണല്ലോ. ബല ...ധി—ബലത്തിന്റെയും വേഗത്തിന്റെയും ഇരിപ്പിടം. അധി....വി—മലയുടെ മുകൾപ്പാട്ടിൽ. രൂപകാലങ്കാരം.

പദ്യം 63. ചാരു....ഭംഗിയായി. അതന്ത്രം—മടികൂടാതെ. അഞ്ജ ....തൗ സ്വപിതരൗ—അഞ്ജനയും മാരുതനും ആയ തന്റെ മാതാപിതാക്ക

1. ഗണം നോ. 2. ച്ചങ്ങിനെ.

പാരിലുള്ള ജനമാശു കേറ്റംക്കുമാ—
റാരു[1]വന്നിതി ജഗാദ മാരുതിഃ. 63

ഹനുമാന്റെ സങ്കല്പവും പ്രാർത്ഥനാസപ്തകവും:

''രക്ഷോനാഥേന നീതാം ജനകകുലശിഖാ—
മാലികാം കണ്ടുപോയ് ചെ—
ന്നഗ്രേ ശ്രീരാമദേവൻ തിരുവടിയൊടുണ—
ർത്തീടുവാൻ തദ്വിശേഷം
ഉഗ്രാകാരം കടപ്പാനുദധിമിതു തുട—
ങ്ങുന്നിതിഞ്ഞാൻ വിനയ്ക്കേ
സുഗ്രീവാജ്ഞാവതംസപ്പുതുമലർമണവും
ചേർത്തുകൊണ്ടുത്തമാംഗേ. 64

കോസലേന്ദ്രതനയാസുവർണ്ണലതമേലു—
ലാവിന പയോധര—
സ്ഫീതമഞ്ജരിയിൽനിന്നു പാൽമതു നുകർന്നു[2]
മത്തമധുപായിതം
വാസിതം ജനകനന്ദനാസ്നനവിലേപ—
മേളനവശാ[3]ൽ മമ
പ്രാദുരസ്തു മതിദപ്പണേ മരണരോഗ—
ഹാരി പര[4]മൗഷധം. 65

ന്മാരെ. മഹാമനാഃ—മഹാത്മാവായ. മാരുതിഃ—ഹനുമാൻ. ആരുവൻ—ഉറക്കെ ശബ്ദിച്ചുകൊണ്ടു. ഇതി—ഇപ്രകാരം. ജഗാദ—പറഞ്ഞു.

പദ്യം 64. രക്ഷോ....ന—രാവണനാൽ. നീതാം—കൊണ്ടുപോകപ്പെട്ട. ജന....കാം—ജനകവംശത്തിനു ശിരോഭൂഷണമായ മാലയെ (സീതയെ). അഗ്രേ—മുമ്പിൽ. തദ്വിശേഷ.—അവളുടെ (സീതയുടെ) വാർത്തയെ. ഉഗ്രാകാരം—ഭയങ്കരമായ ആകൃതിയോടു കൂടിയ. ഉദധിം—കടലിനെ. വിനയ്ക്കേ—കൂനിഞ്ഞ. ഉത്തമാംഗേ—ശിരസ്സിൽ. സുഗ്രീ....ണവും—എന്റെ സ്വാമിയായ സുഗ്രീവന്റെ കല്പനയാകുന്ന ശിരോഭൂഷണമായ പുതിയ പുഷ്പത്തിന്റെ സുഗന്ധത്തേയും. രൂപകാലങ്കാരം.

പദ്യം 65. കോസ....ലത—കൗസല്യയാകുന്ന സ്വർണ്ണലത. ലാവിന—ശോഭിച്ച. പയോ....രി—സ്തനങ്ങളാകുന്ന പൂങ്കുലകളും. മത്ത....തം—മദിച്ച വണ്ടുപോലെയുള്ളതു. ജന....വശാത്—സീതയുടെ സ്തനങ്ങളിൽ പൂശിയ കുറിക്കൂട്ടുകൊണ്ടു പൂരണ്ടതിനാൽ. വാസിതം—മണമുള്ളതായ. പരമൗഷധവിശേഷണം. മര.....രി—മരണത്തെയും രോഗത്തെയും നശിപ്പിക്കുന്നതു. പര.....ധം—ദിവ്യൗഷധം. മമ മതിദപ്പണേ—എന്റെ ചിത്തമാകുന്ന കണ്ണാടിയിൽ. പ്രാദുരസ്തു—പ്രകാശിക്കട്ടേ.

1. തഹന്നി. 2. കന്ന മ. 3. ശാന്മമ. 4. രദൈവതം.

കാതിടഞ്ഞ മിഴിതന്നിൽനിന്നു വഴിയുന്ന
സാന്ദ്രകരുണാമൃതാം—
ബോധിതൻ നടുവിൽ വാങ്മയം മധുവ[1]മിണ്ടെ—
ഴും തിരുമുഖാംബുജം
കാതലേറുമൊരു ധീരതാമണിനികേത—
നം ദശരഥപ്രിയം
പ്രാദുരസ്ത മതിദർപ്പണേ മരണരോഗ—
ഹാരി പരമൗഷധം. 66

മേദനീപതി[2]ബുഭ്രുഷയാ കനകഭ്രുഷ—
ണൈരുടലണിഞ്ഞു രം—
ത്നാസനേ കനമിരുന്ന നേരവുമൊരന്യ—
ഥാകരണനേരവും
ഭേദഹീനമൊരുവണ്ണമേ പരിലസന്മ—
നോജ്ഞവദനം മമ
പ്രാദുരസ്ത മതിദർപ്പണേ മരണരോഗ—
ഹാരി പരമൗഷധം. 67

ചൂതബാണനൊട്ടു കാന്തികൊണ്ടു പിശകുന്ന
ഗാത്രമതിമാത്രമുദ—
ഭാസമാനധൃതി വില്ലുമമ്പുമിരുകൈയി—
ലും ദധദ്ദഞ്ചിതം
ഗാഥിനന്ദനനെ മുൻനടത്തി വിഹിതപ്ര—
ഭാവവിഭവം മമ
പ്രാദുരസ്ത മതിദർപ്പണേ മരണരോഗ-
ഹാരി പരമൗഷധം. 68

പദ്യം 66. കാതിടഞ്ഞ—കാതോട്ടു ഇടഞ്ഞ. നീണ്ട എന്നർത്ഥം. മിഴി—കണ്ണു. സാന്ദ്ര....ധി—കൃപയാകുന്ന അമൃതക്കടൽ. വാങ്മയം—വാക്കാകുന്ന. മധു—തേൻ. അമിണ്ടെഴും—ഉൾക്കൊണ്ട. മുഖാംബുജം—വദനകമലം. ധീര....നം—ധൈര്യത്തിനു ഇരിപ്പിടമായ. ദശ....യം—ദശരഥനു പ്രിയമായിട്ടുള്ള.

പദ്യം 67. മേദി....യാ—രാജസ്ഥാനം അനുഭവിക്കുന്നവനായി. കന....ണൈഃ—സ്വർണ്ണാഭരണങ്ങളാൽ. രത്നാസനേ—രത്നസിംഹാസനത്തിൽ. കനം—നല്ലപോലെ. അന്യ..രവും—മറ്റു വിധത്തിൽ ചെയ്യുന്ന സമയവും. കാട്ടിൽ പോകാൻ കല്പിച്ചപ്പോഴും എന്നർത്ഥം. ഭേദഹീനം—ചിത്തവൃത്തിക്കു വ്യത്യാസം കൂടാതെ. പരിലസത്—ശോഭിച്ചതു. മനോ....നം—രമ്യമായ മുഖത്തോടുകൂടിയതു.

പദ്യം 68. ചൂതബാണൻ—കാമദേവൻ. പിശകുന്ന—മത്സരിക്കുന്ന. ഗാത്രം—ദേഹം. അതിമാത്രം—അധികം. ഉദ്ഭാ....തി—ധൈര്യത്തോടു

1. ധുവ്മി. 2. ഞതു സിംഹാസനേ. 3. ശുഭതാനമാനാ.

സീതയെന്ന തിരുനാമമാം കുലവധൂപ്ര—
തോദയമണഞ്ഞു ചെ—
ന്നാദരേണ പുണരുന്ന[1] നേരമിളകുന്ന
പീനപുളകോദ്ഗമം
പാദപദ്മമണയുന്നവക്മെരപാദ—
പ്പവരമിമ്മ
പ്രാദുരസ്സു മതിദർപ്പണേ മരണരോഗ—
ഹാരി പരമൗഷധം. 69

പ്രാതഃപൂണ്ണിന വിരുന്നുവന്നവനു താട—
കാഖ്യനവഭോജനം
പ്രേതനാഥനു വിളമ്പുമുജ്ജ്വലകളംബ—
ശ്രുംഭിതകരാംബുജം
പ്രീതിശൃംഖലിതനേത്രസങ്കലകൃപാത—
രംഗതരളം മമ
പ്രാദുരസ്സു മതിദർപണേ മരണരോഗ—
ഹാരി പരമൗഷധം. 70

യാതുധാനകുലമായ ഘോരവിപിനത്തി—
ലുൾപ്പിടിപെട്ടം മഹാ—
വീതിഹോത്രനവവിഷ്ഫുലിംഗമധിമൗലി
സംഭൃതജടാഭരം

ശോഭിക്കുന്നതായി. ദധത്—ധരിച്ചുകൊണ്ട്. ഉദഞ്ചിതം—ശോഭിതം. ഗാഥി....നെ—വിശ്വാമിത്രനെ. വിഹി....വം—എല്ലാ മേന്മയുമുള്ള.

പദ്യം 69. കുല....യം—കുലസ്ത്രീകളുടെ ധർമ്മത്തിന്റെ മൂർത്തിമത്തായ ആവിർഭാവം. ആദരേണ—സ്നേഹത്തോടുകൂടി. പീന ...മം—വർദ്ധിച്ച രോമാഞ്ചമുള്ള. പാദപദ്മം—ചരണകമലം. അണയുന്നവക്കു—ശരണം പ്രാപിക്കുന്നവർക്കു. അമര... രം—കല്പവൃക്ഷം.

പദ്യം 70. പ്രേതനാഥൻ—അന്തകൻ. താട....നം—താടകയെന്ന പുതിയ ഭക്ഷണം, (പുത്തരിച്ചോറു്). ഉജ്ജ്വ....ജം—തീക്ഷ്ണമായ ബാണത്താൽ ശോഭിച്ച കരകമലത്തോടുകൂടിയ. പ്രീതി ...ളം—സന്തോഷത്താൽ ബദ്ധമായ നേത്രങ്ങളിൽ നിറഞ്ഞ കൃപയുടെ തിരമാലകളിൽ അലയുന്നതായ.

പദ്യം 71. യാതു .....ലം—രാക്ഷസവംശം. ഘോരവിപിനം—ഭയങ്കരമായ കാടു്. മഹാ .....ഗം—വലിയ കാട്ടുതീപ്പൊരി. അധി

1. ന്ന മെയ്യിലിളകുന്ന പാതപുളകം. 2. ദപോത്കരസമം മമ. 3. തരുണിന മുനിന്നവനു.

വൈദികോക്തിയിൽ മണ്ണം കലർന്ന പരമാത്മ—
സാരമഹിമാ മമ
പ്രാദുരസ്തു മതിദിപ്പണേ മരണരോഗ—
ഹാരി പരമൗഷധം. 71

ഹനുമാന്റെ സീതാവന്ദനം:

[1]ആത്തുംഗദ്യുതി രാമചന്ദ്രനു നിജേ
വക്ഷഃസ്ഥലേ ചാർത്തുവാൻ
മോദം പൂണ്ട വിദേഹരാജനുള്ളം
മാണിക്യരത്നായ ഞാൻ
മാധുര്യൈകനികേതനായ മഹിമ—
സ്ഫീതായ സീതാഖ്യമാം
പാതിവ്രത്യവിജൃംഭിതായ പരയാ
ഭക്ത്യാ വണങ്ങീടിനേൻ. 72

ഹനുമാൻ ലക്ഷ്മണസ്വാമിയെ സ്തുതിക്കുന്നു:

ശാന്തം രാമമനുപ്രയാന്തമിരവും
കുമ്പാത പങ്കേരുഹ—
ഭ്രാന്തിം നല്കിന ലോചനദ്വയകലാ—
സംസ്പൃഷ്ടകണ്ഠാന്തികം
കാന്താരോത്കരചം[2]ക്രമക്രുധുരാ—
വ്യാലോലമാലോകയേ
സ്വാന്തേ ലക്ഷ്മണനെന്നു ചൊല്ലിന ജഗ—
ത്സന്തോഷചിന്താമണിം. 73

മൗലി -ശിരസ്സിൽ. സംഗ്....രം—ജടക്കെട്ടോടുകൂടിയതു്. വൈദികോക്തി—വേദവചനം. പര മാ—പാസ്സവമായ തത്ത്വത്തിന്റെ മേന്മ (ഈശ്വരൻ). രൂപകാലങ്കാരം.

പദ്യം 72. ആത്ത..തി—അധികം ശോഭിക്കുന്ന. നിജേ—തന്റെ. വക്ഷഃസ്ഥലേ—മാറിടത്തിൽ. മോദം—സന്തോഷം. വിദേ....ജൻ—ജനകൻ. മാണിക്യരത്നായ—ശ്രേഷ്ഠരത്നമായ. മാധു....യ—മാധുര്യത്തിനു് ഇരിപ്പിടമായ. മഹി....യ—മേന്മ വർദ്ധിച്ച. സീതാഖ്യമാം—സീതയെന്ന പേരുള്ള. പാതി....യ—പാതിവ്രത്യസമൃദ്ധിക്കു്. പരയാ ഭക്ത്യാ—ഉത്തമ ഭക്തിയോടുകൂടി.

പദ്യം 73. ശാന്തം—അടക്കമുള്ളവനായി. രാമം അനു....ന്തം—രാമനെ പിന്തുടരുന്നവനായി. ഇരവും—രാവിലും. പങ്കേ....ന്തിം—താമരയെന്ന ഭ്രമത്തെ. ലോചന....കം—കണ്ണുകൾ രണ്ടിന്റെയും ഭാഗം കാതിൽചെന്നു മുട്ടുന്നവനായി. കാന്താ....ലം—വനങ്ങളിൽ അലഞ്ഞു നടന്ന ക്ഷീണിച്ചവനായി. ജഗ....ണിം—ലോകത്തിനു സന്തോഷത്തെ നല്കുന്ന

1. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല. 2. ചംക്രമാക്രമ.

ഹനുമാന്റെ ക്ഷേമപ്രാർത്ഥന:

[1]ബ്രഹ്മാ വെല്ലു മുരാരി വെല്ലു ഗിരിശൻ—
താൻ വെല്ലു വാഗ്ദേവിയും
പൂമാതിൻ മകളും തെളിഞ്ഞു മലമാ—
തും വെല്ലു വെല്ലുഞ്ജസാ
വമ്പേറുന്ന നിലിമ്പർ വെല്ലു മുനിവൃ—
ന്ദം വെല്ലു വിഘ്നേശ്വരൻ
മുൻപേ വെല്ലു ചിരായ വെല്ലു നിതരാ—
മീരേഴു ലോകങ്ങളും.'' 74

സമുദ്രലംഘനത്തിനായി ഒരുങ്ങിയ ഹനുമാന്റെ അവസ്ഥയെ വർണ്ണിക്കുന്നു:

ഇത്ഥംവാദീ ഹനുമാൻ മുകുര പിടിപെ—
ട്ടോരു ദൃഷ്ട്യാ നിതാന്തം
പൃഥ്വീമംഭോധിവേലാം ധൃതിനിധി സഹസാ
നീളെയൊന്നാലുലോകേ
അത്യന്തം നീലമേതന്നിഴിനിഴൽ വരുവാൻ
പാർത്തിരിക്കുന്ന സേതു—
പ്രസ്ഥാവത്തിന്നു മുൻപേ പൊലിമയൊടൊരു നൃ—
ലിട്ട പോലേ ചമഞ്ഞു. 75

[2]ആരുഹ്യ ശൈലം ഹനുമാൻ മഹേന്ദ്ര—
മാലോകയാമാസ പതിം നദീനാം
ആലങ്കമക്ഷിപ്രഭയോ വിതന്വ—
ന്നാഗാമിസേതോരിവ സൂത്രപാതം. 76

ചിന്താമണിയെ. സ്വാന്തേ—മനസ്സിൽ. ആലോകയേ—ഞാൻ കാണുന്നു.

പദ്യം 74. വെല്ലു—ജയിപ്പൂതാക. മുരാരി—വിഷ്ണു ഗിരിശൻ—ശിവൻ. വാഗ്ദേവി—സരസ്വതി. അംജസാ—ശീഘ്രമായി. നിലിമ്പർ—ദേവകൾ. മുനിവൃന്ദം—മുനിസമൂഹം. വിഘ്നേശ്വരൻ—ഗണപതി. ചിരായ—വളരെക്കാലം. നിതരാം—അധികമായി.

പദ്യം 75. ഇത്ഥംവാദീ—ഇങ്ങനെ പറയുന്നവനായ. ദൃഷ്ട്യാ—നോട്ടം കൊണ്ടു്. നിതാന്തം—വളരെ. അംഭോ....ലാം പൃഥ്വീം—കടലക്കരെയുള്ള ഭൂമിയെ. ധൃതിനിധി—ധൈര്യത്തിന്റെ ഇരിപ്പിടം. സഹസാ—പെട്ടെന്നു്. ആലുലോകേ—നോക്കി. സമുദ്രത്തിന്റെ മുകരയിൽ കണ്ണുറപ്പിച്ചു എന്നർത്ഥം. അത്യന്തം നീലം—ഏറ്റവും കറുത്ത. ഏതന്നിഴിനിഴൽ—അവന്റെ കണ്ണിൻനിഴൽ. വരു ...ക്കുന്ന—ഇനിയുണ്ടാകുവാൻ ഭാവിക്കുന്ന. സേതു ...ന്നു—സേതുബന്ധനകാര്യത്തിനു്.

പദ്യം 76. മഹേന്ദ്രം ശൈലം. ആരുഹ്യ—മഹേന്ദ്രപർവതത്തിൽ കയറീട്ടു്. നദീനാം പതി—കടലിനെ. ആലങ്കം—ലങ്കവരെ. അക്ഷി

1, 2. ഈ രണ്ടു പദ്യവും ചില ഗ്രന്ഥങ്ങളിൽ ഇല്ല.

കാണക്കാണെ വളർന്നിതക്കപിവ്യഷാ
പശ്യൻ ദിശം ദക്ഷിണാം
ഭാനുദ്വന്ദ്വമുദിച്ചവണ്ണമിളകീ
തസ്യാവലോകങ്ങളും
മാനപ്രോദ്ഭടമുന്നതം ഹനുമതോ[1]
ബാലാഗ്രലീലായിതം
മാനത്തമ്പെഴുമമ്പർവാപി തിരത—
ല്ലും വണ്ണമാന്തോളിതം. 77

[2]ആവൃത്യ പ്രണിപത്യ വാനരചമൂ
രാരുഹ്യ ശൈലേശ്വരം
രാമം ഹൃത്കുഹരേ നിവേശ്യ കൃതവാ—
നുച്ചൈർഭുജാസ്ഫാലനം
ഭ്രുമൗ ജാനുയുഗം നിധായ കരയോർ—
യുഗ്മം ച വാതാത്മജഃ
കായാന്തോളനമാകലയ്യ ജലധിം
വീ[3]ക്ഷ്യാനുഖസ്ഥിഷ്ഠതി. 78

ഉത്കാമ്പിൽ പരിതോഷശാലിനി നിജേ
രാമസ്യ രൂപാമൃതം
തൃക്കൈയിൽ തിരുവാഴിമോതിരവുമ -
ങ്ങാദായ ഖേദം വിനാ

പ്രഭയാ—നേത്രകാന്തിയാൽ. ആഗാമിസേതോഃ—ഭവിക്കാൻ പോകുന്ന പാലത്തിന്റെ. സൂത്രപാതം വിതനുവൻ ഇവ—പാലത്തിന്റെ ചരട് പിടിക്കുംപോലെ. ആലോകയാമാസ—നോക്കി.

പദ്യം 77. കപിവൃഷഃ—വാനരേന്ദ്രൻ. ദക്ഷിണാം ദിശം—തെക്കേ ദിക്കിനെ. പശ്യൻ—നോക്കുന്നവനായി. ഭാനുദ്വന്ദ്വം—രണ്ടു സൂര്യന്മാർ. തസ്യ—അവന്റെ. അവലോകനം—നോട്ടം. മാന.....ടം—അഭിമാനം കൂടിയതായി. ഉന്നതം—ഉയർന്നത്. ഹനുമതഃ—ഹനുമാന്റെ. ബാല..... തം—വാലിന്റെ കളി. ഉമ..... ണ്ണ —ആകാശഗംഗയിൽ തിര അടിക്കുമാറ്. ആന്തോളിതം—ഇളക്കപ്പെട്ട.

പദ്യം 78. വാതാത്മജഃ—ഹനുമാൻ. ആവൃത്യ—പിന്തിരിഞ്ഞു. വാന ..... മൂഃ—വാനരസേനകളെ. പ്രണിപത്യ—വന്ദിച്ചിട്ട്. ശൈലേശ്വരം ആരുഹ്യ—പർവതശ്രേഷ്ഠനിൽ കയറി. ഹൃത്കുഹരേ—ഹൃദയഗുഹയിൽ. രാമം നിവേശ്യ—രാമനെ വച്ചിട്ട് (ധ്യാനിച്ചിട്ട്). ഉച്ചൈഃ—ഉറക്കെ. ഭുജാസ്ഫാലനം കൃതവാൻ—ഉറക്കെ കൈകൊട്ടി. ഭ്രുമൗ—ഭ്രുമിയിൽ ജാനുയുഗം—രണ്ടു മുട്ടുകളെയും. ഭുജയോഃ യുഗ്മം ച—രണ്ടു ഭുജങ്ങളേയും. നിധായ—ഉറപ്പിച്ചു വെച്ചിട്ട്. കായാ.....നം ആകലയ്യ—പാട്ടുപോലെ ശരീരലാഘവത്തെ കരുതുന്നവനായി ജലധിം വീക്ഷ്യ—സമുദ്രത്തെ കണ്ടുംകൊണ്ട്. ഉന്മുഖഃ തിഷ്ഠതി—ഉന്മുഖനായി നില്ക്കുന്നു.

1. തോ വാലാ. 2. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല. 3. വീക്ഷ്യന്തു.

തിക്കീടും പുളകോദ്കരൈരുടലണി—
ഞ്ഞൊന്നും കൃതിച്ചീടിനാൻ
ദക്ഷാത്മാ പവമാനസൂനു ജഗതാം
പ്രത്യഗ്രനേത്രോത്സവം. 79

ഗാഢം മുൻകൈ പതിച്ചങ്ങുദധിമുകരെ—
ച്ചാടുവാൻ മക്ടൊനാം
പ്രൗഢൻ താഴെപ്പരിഞ്ഞൻപിനൊട ചുവടുറ—
ച്ചുന്നിനിന്നോരുനേരം
പാടേ താങ്ങീടവല്ലാഞ്ഞഗവുമവനിയും
ദിഗ്ഗജൗഘങ്ങളും വാർ—
തേടും നാഗേന്ദ്രനും നൽകമഠപരിവൃഢൻ—
താനുമൊന്നങ്ങമർന്നു. 80

മഹേന്ദ്രപർവതത്തിന്മേൽ നിലകൊണ്ട ഹനുമാൻ സമുദ്രലംഘനത്തിനായി ബലപ്പിച്ച കാലുന്നിയപ്പോഴ പർവതത്തിനും മറ്റും ഉണ്ടായ സ്ഥിതിയേയും അവസ്ഥകളേയും വർണ്ണിക്കുന്നു:

ഗദ്യം 5.

[1]തദാനീമുദന്വദ്ബല്വംഘനദൃഢതരനിഹിതചരണതലനി—
പീഡനം സോഢുമക്ഷമഃക്ഷമാഭൃദേഷ നിശ്ശ്രേഷനിസ്സരനിർ—
ത്ഭരഘൗഘതയാ നിരന്തരനിഷ്പതദ് ബാഷ്പവഷ് ഇവ, തത ഇതോ

പദ്യം 79. പരി .....നി—സന്തുഷ്ടമായ. നിജേ ഉൽക്കാമ്പിൽ—തന്റെ മനസ്സിൽ. രാമസ്യ—രാമന്റെ. കൃപാമൃതം—കൃപയാകുന്ന അമൃതത്തെ. ആദ്യയ—എടുത്തിട്ട്. ഖേദം വിനാ—ദുഃഖം കൂടാതെ. പുളകോൽകരൈഃ—രോമാഞ്ചംകൊണ്ട്. ദക്ഷാത്മാ—സമർത്ഥനായ. പവ.....നു—ഹനുമാൻ. ജഗതാം—ലോകങ്ങളുടെ. പ്രത്യ.....വം—കണ്ണുകൾക്ക് പുതുതായ ഉത്സവമായിട്ടുള്ളവൻ

പദ്യം 80. ഗാഢം—ബലമായി ഉദധി—സമുദ്രം. മക്ടൊനാം പ്രൗഢൻ—വനശ്രേഷ്ഠൻ. അഗം—(മഹേന്ദ്ര) പർവതം. അവനി—ഭൂമി. ദിഗ്ഗജൗഘങ്ങൾ—(ഭൂമിയെ താങ്ങിനിർത്തുന്ന ഐരാവത, പുണ്ഡരീക, വാമന, കുമുദ, അഞ്ജന, പുഷ്പദന്തന്മാരായ എട്ട്) ദിഗ്ഗജങ്ങൾ. വാർതേടും നാഗേന്ദ്രൻ—ഇവയെ എല്ലാം ശിരസ്സിൽ വഹിക്കുന്ന അനന്തൻ. നല്ലമ ... .ഢൻ—ഇവയെ എല്ലാം തന്റെ പൃഷ്ഠത്തിൽ വഹിക്കുന്ന ആദികൂർമം.

ഗദ്യം 5. തദാനീം—അപ്പോൾ. ഉദന്വ ..... നം—സമുദ്രത്തെ തരണം ചെയ്യുന്നായി വളരെ ബലപ്പിച്ച് ഊന്നിയ കാലുകളെക്കൊണ്ടുള്ള സമ്മർദ്ദത്തെ. സോഢുഃ—സഹിക്കുവാൻ. അക്ഷമഃ—അശക്തനായി. ഏഷഃ ക്ഷമാഭൃത്—ഈ പർവതം. ദുസ്ഥ്യം അജ്ഞത എന്നന്വയം. നിശ്ശ്രേഷ....തയാ—വെള്ളമെല്ലാം വാന്നൊഴുകിയതിനാൽ നിരന്ത....ഷഃ ഇവ—ഇടവിടാതെ പൊഴിയുന്ന കണ്ണുനീരോട കൂടിയതുപോലെയും.

1. ഈ ഗദ്യവും 'കൃപാമാത്തതി', 'പക്ഷാഭിഘാത', 'ത്വത്പിത്രാഹം' ഇത്യാദി മൂന്നു പദ്യവും ചില പാഠങ്ങളിൽ ഇല്ല.

വിതതജീമൂതവൃന്ദതയാ പാരിപ്ലവശിഥിലിതധമ്മില്ല ഇവ, സന്ത്രാസപുഞ്ജിതകുഞ്ജരയൂഥതയാ സഞ്ജാതശ്രയഗുരിവ, സാധ്വസധാവമാനഹരിണചരണഖരതരഖുരകോടിപാടനോദ്ഭൂതധാതുധൂളീപാളീപാടലിതവിടകടകതയാ ക്ഷരിതശോണിത ഇവ, തത്ക്ഷണപ്രബുദ്ധകണ്ഠീരവകണ്ഠരവമുഖരിതകന്ദരതയാ കൃതാക്രന്ദ ഇവ, പരിസരഗഹവരനിബിഡിതനിസ്സൃതസരീസൃപവൃന്ദതയാ നിഗ്ഗളിതാന്ത്രമാല ഇവ പ്ലവ്യമാനതരുവിടപകോടിതാഡിതജലദവൃന്ദസ്യന്ദിതശീകരനികരതാരകിതാകാരതയാ സമുപജാതസ്വേദ ഇവ സ്ഫുടിതോപലപതനദലിതകീചകസുഷിരസമുച്ചലത്പവനപൂത്കാരപൂരിതഗഗനതയാപ്രവൃദ്ധമാനോർദ്ധശ്വാസ ഇവ വചസാമവിഷയം ദൗസ്ഥ്യമഭജത.

കൃത്വാ മാരുതിലംഘനോത്ഥിതരയാത്
തത്രാനയാത്രാം തതഃ
പര്യായാത് പതിതാ മഹേന്ദ്രഗഹനാ-
ക്ഷോണീരുഹാണാം തതിഃ

തതഃ ഇതഃ—അങ്ങുമിങ്ങും. വിതത....തയാ—വ്യാപിച്ച കറുത്ത മേഘങ്ങളാൽ. പാരി... പ്ലഃ ഇവ—സംഭ്രമത്താൽ ചിതറിയ തലമുടിയോടുകൂടിയതുപോലെയും. സന്ത്രാസ....തയാ—പരിഭ്രമത്താൽ ഒന്നിച്ചുകൂടിയ ആനകളാൽ. സംജാതശ്രയഗുഃ ഇവ—നീരുകെട്ടിയതുപോലെയും. സാധ്വസ....തയാ—ഭയംകൊണ്ട് ഓടുന്ന മാനുകളുടെ കാൽക്കുളമ്പുകളാൽ ഇളകിയ ഗൈരികാദി ധാതുക്കളുടെയും ധൂളിയുടെയും സമൂഹത്താൽ ചെമ്പിച്ച നിമ്നോന്നതമായ സമീപപ്രദേശത്തോടുകൂടിയതിനാൽ. ക്ഷരി....തഃ ഇവ—രക്തമൊഴുകിയതുപോലെയും. തത്ക്ഷ .. തയാ—ഉടൻതന്നെ ഉണർന്ന ഗുഹയിലുള്ള സിംഹങ്ങളുടെ കണ്ഠനാദത്താൽ. കൃതാക്രന്ദഃ ഇവ—നിലവിളിക്കുന്നതുപോലെയും. പരിസര... തയാ—ചുറ്റുപാടുമുള്ള അനേകം വിടവുകളിൽനിന്നു വെളിയിൽ വന്ന സർപ്പങ്ങളാൽ. നിർഗ്ഗ....ലഃ ഇവ—വെള്ളത്തിൽ ചാടിയ കടൽമാലയോടുകൂടിയതുപോലെയും. പ്ലവ്യ....തയാ—ഇളകുന്ന മരക്കൊമ്പുകളെ തട്ടി മേഘങ്ങളിൽനിന്നു ജലകണം ഇറ്റിറ്റു വീഴുന്നതിനാൽ. സമുപ .. ഭഃ ഇവ—വിയർത്തതുപോലെയും. സ്ഫുടി... തയാ—പൊട്ടിയ പാറകളും വീണ പിളർന്ന മുളകളുടെ ദ്വാരങ്ങളിൽനിന്നിളകുന്ന കാറ്റിന്റെ ഫൂത്കാരശബ്ദത്താൽ ആകാശം നിറഞ്ഞതിനാൽ. പ്രവൃദ്ധ .. സഃ ഇവ—വർദ്ധിച്ച ഊർദ്ധശ്വാസത്തോടുകൂടിയതുപോലെയും. വചസാം അവിഷയം—വാക്കുകൊണ്ടു ഗോചരമല്ലാത്ത. ദൗസ്ഥ്യം അഭജത—ക്ലേശത്തെ പ്രാപിച്ചു.

പദ്യം 81. തതഃ—പിന്നെ. മാരു .. യാൽ—ഹനുമാന്റെ സമുദ്രലംഘനത്തിനുള്ള ചാട്ടത്തിന്റെ വേഗത്താൽ. തത്ര—അവിടെ. അനയാത്രാം കൃത്വാ—പിൻതുടർന്നിട്ട്. പര്യായാത്—ക്രമമായി. മഹേ....ണാം തതിഃ—മഹേന്ദ്രപർവതത്തിലെ വൃക്ഷസമൂഹം. പയോധൗ—സമുദ്രത്തിൽ.

1. ഗഗന.

മധ്യേവാരിനിധി പ്രകാശിതശിഖഃ
സേതോഃ കൃതേ ഭാവിനഃ
സൂത്രന്യാസനിഖാത ശങ്കുനിവഹ—
ഭ്രാന്തിം പയോധൗ ദധൗ. 81

പക്ഷാഭിഘാതരയരേചിതവീചമാലാത്
പഥോനിധേഃ പവനനന്ദനവിശ്രമായ
ഉത്തുംഗശൃംഗകലകീലിതനാകലോകം
മൈനാകഭൂഭൃദജ്ജൃംഭത സംഭ്രമേണ. 82

''ത്വത്പിത്രാഹം പരിത്രാതഃ
പൂർവ്വം പർവ്വതഭേദിനീഃ,
തസ്മാന്നാസ്മി വിപക്ഷോഽഹം
സപക്ഷ ഇതി മാം ഭജ.'' 83

തത്ക്ഷണേന ജഗതീം പ്രസാദയൻ
ലക്ഷ്മണാഗ്രജമഹോദ്യമപ്രദഃ
ഉദ്ഗതേന സഹ തിഗ്മരോചിഷാ
ദക്ഷിണാം ദിശമസാവുപേയിവാൻ. 84

പതിതഃ—പതിച്ചതായി. മധ്യേ....ഖഃ—സമുദ്രമധ്യത്തിൽ കൊമ്പുകൾ കാണെ കിടന്നു. ഭാവിനഃ സേതോഃ കൃതേ—വരാൻ പോകുന്ന ചിറ യ്ക്കുവേണ്ടി. സൂത്ര ...ന്തിം ദധൗ—ചരട് പിടിച്ചു കൊടുക്കുന്നതിനു തുല്യ കുറികളോ എന്നു തോന്നുമ്പോലെ.

പദ്യം 82. പക്ഷാ....ലാത്—ചിറകടിയുടെ വേഗത്താൽ തിരമാ ലയകന്ന. പാഥോനിധേഃ—സമുദ്രത്തിൽനിന്നു. ഉത്തു....കം—പൊങ്ങി യ ശിഖരങ്ങളാൽ സ്വർഗ്ഗത്തെ പിളർക്കുമാറു. മൈനാകഭൂഭൃത്—മൈനാ കപർവതം. പവ....യ—ഹനുമാനു വിശ്രമിക്കുവാനായി. സംഭ്രമേണ —പരിഭ്രമത്തോടെ. ഉദജൃംഭത—പൊങ്ങിവന്നു.

പദ്യം 83. പൂർവം—പണ്ടു. പർവ....നഃ—പർവതങ്ങളെ ഭേദിച്ച ഇന്ദ്രനിൽനിന്നു. ത്വത്പിത്രാ—നിന്റെ പിതാവിനാൽ. അഹം പ രിത്രാതഃ—ഞാൻ രക്ഷിക്കപ്പെട്ടു. തസ്മാത്—ആയതുകൊണ്ടു. അഹം— ഞാൻ. വിപക്ഷഃ ന അസ്മി—ശത്രുവല്ല. ചിറകില്ലാത്തവനല്ല എന്നു മർത്ഥം. മാം—എന്നെ. സപക്ഷഃ ഇതി—അനുകൂലൻ എന്നു. ചിറകു ള്ളവൻ എന്നുമർത്ഥം. ഭജ—ആശ്രയിച്ചാലും.

പദ്യം 84. തത്ക്ഷണേന—ആ നേരംകൊണ്ടു. ജഗതീം—ലോക ത്തെ. പ്രസാദയൻ—സന്തോഷിപ്പിക്കുന്നവനായി. പ്രകാശിപ്പിക്കുന്ന വനായി എന്നർത്ഥം. ലക്ഷ്മ....ദഃ—ശ്രീരാമനു ഉത്സാഹത്തെ വർദ്ധി പ്പിക്കുന്നവനായി. ഈ വിശേഷണങ്ങൾ ഹനുമാനും സൂര്യനും സാധാര ണങ്ങൾ. ഉദ്ഗതേന—ഉദിച്ചുയർന്ന. തിഗ്മരോചിഷാ സഹ—ആദി ത്യനോടുകൂടി. അസൗ—ഇവൻ (ഹനുമാൻ). ദക്ഷിണാം ദിശം—തെക്കേ ദിക്കിനെ. ഉപേയിവാൻ—പ്രാപിച്ചവനായി. മഴക്കാലം കഴിഞ്ഞുള്ള ശരത്കാലത്തിൽ സൂര്യൻ തെക്കോട്ടു പോകുന്നതുപോലെ ഹനുമാനും തെക്കോട്ടു പോയി എന്നർത്ഥം.

അതിജവഭവാ ലീലാകൃഷ്ടൈരകാണ്ഡനഭസ്വതാ
ചിരമനുഗതഃ സേഷാം നേത്രൈരിവ ത്വരിതം ഘനൈഃ
ദശരഥസുതസ്സന്ധാവാരപ്രഭാവുകസൈനിക—
പ്രഥമസുഭടഃ[1] ശ്രീമാൻ വ്യോമ [2]വ്യഗാഹത മാരുതിഃ. 85

ഗദ്യം 6.

കഠിനപദാഹതികൊണ്ട തദാനീം
ചലിതവിശൃംഖലശൃംഗവനീഷു സ—
സംഭ്രമമിളകിന ഭാസുരകേസരി—ഃ
കാതരകാസരകുഞ്ജരപോത്രികാ—
രംഗപ്രമുഖം വനചരജന്തു—
ച്ചാത്തു നദിക്കും നാദവിശേഷൈ—
രയ്യോ! പാപം മുറയോ മുറയോ
ഹാഹേത്യാദി കരഞ്ഞു കരഞ്ഞും[4],
വിരവൊട കമ്പിതശാഖിശിഖാന്തകാ—
ലാന്തനിലായിശിഖാവളകോകില—
കോകശുകാദിശകുന്തനിനാദമ—
നന്തമനന്തരമയ്യോ! തടിയനി—
ണങ്ങളോളാൻ വന്നെന്നെയമത്തത—
മത്ത്യഗജേന്ദ്രസഹസ്രസമാകൃതി—
യെന്നെ! പാപീ മാ മാ പീഡയ
തലയോടധുനാ തകരുണ്ടെന്നും

പദ്യം 85. അതി.....വാ—അതിവേഗത്തിൽനിന്നു്. അകാ..... താ—പെട്ടെന്നുണ്ടായ കാറിനാൽ. ലീലാകൃഷ്ടൈഃ—എളുപ്പത്തിൽ വലിച്ചിഴയ്ക്കപ്പെട്ട. ഘനൈഃ—മേഘങ്ങളാൽ. സേഷാം നേത്രൈഃ ഇവ—തന്റെ കൂട്ടുകാരായ വാനരന്മാരുടെ ദൃഷ്ടികളാൽ എന്നപോലെ. ചിരം അനുഗതഃ—കുറച്ചുനേരം അനുഗമിക്കപ്പെട്ടവനായി. ദശ .....ടഃ—ശ്രീരാമന്റെ കൂടാരത്തിലുള്ള സൈന്യങ്ങളിൽനിന്നു് ആദ്യം പുറപ്പെട്ട യോദ്ധാവായ. ശ്രീമാൻ—ശ്രീമാനായ. മാരുതിഃ—ഹനുമാൻ. വ്യോമ വ്യഗാഹത—ആകാശത്തെ പ്രാപിച്ചു.

ഗദ്യം 6. കഠി.....തി—ഉന്നിയ ചവിട്ടു്. ചലി....ഷു—ഇളകിയ മലകളിലുള്ള കാടുകളിൽ. സസംഭ്രമം—പരിഭ്രമത്തോടുകൂടി. ഭാസു....ഖം—ഒളിയുള്ള സിംഹം പോത്തു് ആന പന്നി മാൻ മുതലായ. വന....ത്തു്—കാട്ടുഗുഹകളുടെ. നദിക്കും—ശബ്ദിക്കുന്ന. നാദവിശേഷൈഃ—വിവിധ ശബ്ദങ്ങളെക്കൊണ്ടു്. കമ്പിത..... ... നാദം—ഇളകുന്ന വൃക്ഷങ്ങളുടെ കൊമ്പുകളുടെയിടയിൽ കൂടുകെട്ടിത്താമസിക്കുന്ന മയിൽ കയിൽ ചക്രവാകം കിളി മുതലായ പക്ഷികളുടെ ശബ്ദം. അനന്തം—അവസാനിക്കാത്തതു്. അനന്തരം—പിന്നെ. അമത്ത്യ..... തി—ആയിരം ദേവഗജത്തിനു തുല്യമായ സ്വരൂപം. മാ മാ പീഡയ—നോവിക്കരുതേ.

1. സുഗ്രീ. 2. വ്യന്യഗാ. 3. സരികാസ്വര. 4. ഞ്ഞും നോവു പൊറാഞ്ഞാത്ത പീഡ.

തണ്ടെല്ലിന്നു വശക്കേടെന്നും
പനിമലയെക്കാം കനമിവനെന്നും
വിവിധവിലാപവിശേഷമശേഷം
നിതരാം ഖേദാത് നിവിരെക്കുക്കിയു,—
മവിരതമമിയും വേദനയാ നിജ—
കൈമെയ് സഹസാ കുടയുംപോലേ
വിധുതമഹാതരുവൃന്ദവിശാലശി—
ലാപടലങ്ങളം തടഞ്ഞുടനങ്ങോ—
ടിങ്ങോടാടിയുമാഞ്ഞു കുലഞ്ഞതി—
സ്ഥിരസ്ഥിരനിർസ്ഥിരപാളികളെന്നും
മുക്താമാലകയം മുഹുരപി ചൂഴെ മു—
റിഞ്ഞു തെറിച്ചും, ചെങ്കണ്ണോടിനിര
ചെന്ന പിരണ്ടു വിലോളിതമാമ—
പ്പലലജലമെന്നാഖ്യ കലന്ന നി—
ണം ഭുവി വാത്തും, നോവുപൊറാഞ്ഞൊരു
പീഡപിടിച്ചു രുഷാ ഗിരിരാജൻ
കണ്ടതു കണ്ടതുകൊണ്ടതിവേലം
വാരിവലിച്ചെറിയുന്ന കണക്കേ
വേഗക്കാറൊടടന്നു പൊളിഞ്ഞു ജ—
ഗത്രയമല്ലനു പിമ്പേ ചെല്ലും
മരവും കല്ലും വഴിയിൽ തെരുതെരെ
വീണു പയോധിയിൽ[1] മുങ്ങിപ്പൊങ്ങും
ഘുമുഘുമിതധ്വനിഘോഷാടോപം
കുതുംപോലെ ചെവിന്നിൽ പാഞ്ഞുള—

അധുനാ—ഇപ്പോഴം. പനിമല—ഹിമാലയം. വിവി..... ഷം അശേഷം —പലവിധത്തിലുള്ള രോദനമെല്ലാം. നിതരാം ഖേദാത്—അധിക പീഡഹേതുവായി. അവിരതം—ഇടവിടാതെ. വേദനയാ—പീഡയാൽ. നിജം—തന്റെ. സഹസാ—പെട്ടെന്നു്. വിധുത .....ങ്ങളം— ഇളക്കപ്പെട്ട വലിയ വൃക്ഷങ്ങളും വലിയ പാറകളും. അതിസ്ഥ....ളി— വളരെ സ്ഥിരശബ്ദം പൂപ്പെട്ടവിക്കുന്ന വെള്ളച്ചാട്ടങ്ങളം. മുക്താമാല— മുത്തുഹാരം. മുഹുഃ അപി—വീണ്ടും. വിലോളിതം—ഇളകിയ. പല ലജലം—പൊയ്കയിലെ വെള്ളം ആഖ്യ—പേരു്. നിണം—രക്തം. ഭുവി—ഭൂമിയിൽ. പീഡ—സങ്കടം. രുഷാ—കോപത്താൽ. ഗിരി രാജൻ—ഗിരിശ്രേഷ്ഠൻ (മഹേന്ദ്രപർവതം). ഹനുമാൻ കുതിച്ചു ചാടിയ പ്പോഴം മഹേന്ദ്രപർവതത്തിനു് അസഹ്യമായ വേദനയുണ്ടായതിനാൽ നിലവിളിക്കുകയും കണ്ട സാധനങ്ങളെല്ലാം അവിടവിടെ വലിച്ചെ റിയുകയും ചെയ്തുവോ എന്നു് ഉത്പ്രേക്ഷ. അതിവേലം—അധിക മായി. ജഗ.....ല്ലൻ—മൂന്നു ലോകത്തിലേയും യോദ്ധാവു്. പയോധി—

1. യിൽ വിങ്ങിപ്പൊ.

വെന്തെന്നറിവാൻ പാത്ത ദശായാം
വിസ്മയവും കനമാദരവും മദ—
വും ബഹുമാനവുമിയലിന സകലപ—
യഃപതിരഭസപ്രഹിതോ മാരുത—
തനയന പരമാതിഥ്യം കർത്തും
മദ്ധ്യമാർഗ്ഗം മൈനാകം പോയ്
പുരതോ രുരുധേ[1] മാർഗ്ഗമശേഷം.

ത്വരിതമിയന്നാളവംബരമാർഗ്ഗേ
പവനനെ വെല്ലും വേഗം പൂണ്ടു പ—
റന്നീടുന്ന പതത്രിപ്പെരുമാനെ
തൊഴുകരമേകും പരിചു സവേഗം
രജനിചരാൻ പ്രതി രഘുകുലരത്നം
വമ്പിനൊടെയ്യുന്നമ്പിനുപോലും
മുമ്പുകൊടാതേ പിശകിപ്പിശകി—
ത്തന്മനകാമ്പിനൊടൊന്നാത്തോടും
പവനസുതൻതൻ മാറൊടലഞ്ഞു മ—
റിഞ്ഞു തിരിഞ്ഞൊരു ശംഭിന്നൻപോ—
യംഭോരാശൗ വീണതു കണ്ടാ—
ലധികവിനോദ[3]മതെന്നേ വേണ്ടൂ.

പുനരൊരു വിപ്രപ്രകൃതി തൊടുത്ത പ—
യോധിതനിക്കു[4]ം ചൊവ്വു തനിക്കും

സമുദ്രം. ഘുഘു....പ.—ഘുമുഘുമു എന്ന ശബ്ദത്തിന്റെ മുഴക്കം. കുതുകം—പോലെ—തുള്ളുന്നതുപോലെ. പാത്ത ദശായാം—നോക്കിയപ്പോൾ. വിസ്മയം—ആശ്ചര്യം. ആദരവു—സ്നേഹം. അമാനുഷപ്രവൃത്തി ചെയ്യുന്നതു കണ്ടിട്ടു സ്വതഃസിദ്ധമുള്ള സ്നേഹം. ബഹുമാനം—സഗരഗോത്രജനായ ശ്രീരാമന്റെ ദൂതനായതുകൊണ്ടുള്ള ബഹുമാനം. സകല ഹിതഃ—സകലജനഹിതനായ വരുണനാൽ സസംഭ്രമം അയയ്ക്കപ്പെട്ടവൻ. പരമാതിഥ്യം—വലുതായ അതിഥിസത്കാരത്തെ. കർത്തും—ചെയ്യാൻ. മദ്ധ്യേമാർഗ്ഗം—നടുവഴിയിൽ. മൈനാകം—ഹിമവാന്റെ പുത്രനായ ഒരു മല. പുരതഃ—മുമ്പിൽ. രുരുധേ—തടുത്തു. അശേഷം മാർഗ്ഗം—എല്ലാ വഴിയും.

ത്വരിതം—ശീഘ്രം. അംബ....ഗ്ഗേ—ആകാശത്തിൽ. പവനൻ—വായു. പതത്രിപ്പെരുമാൻ—ഗരുഡൻ. തൊഴുകരം—വന്ദനം. സവേഗം—വേഗത്തോടു. രജ....രാൻ പ്രതി—രാക്ഷസന്മാരുടെ നേരെ. രഘു....ത്നം—ശ്രീരാമൻ. പവനസുതൻ—ഹനുമാൻ ശംഭിന്നൻ—പൊണ്ണൻ. അംഭോരാശൗ—കടലിൽ. വിനോദം—നേരമ്പോക്കു.

പുനഃ—പിന്നെ. വിപ്രപ്രകൃതി—ബ്രാഹ്മണഭാവം. ദശ....ത—

1. ധേ ത്വരിതമെഴുന്നള. 2. ലച്ചു മറി. 3. ദം പുന. 4. ക്കും ദശരഥദൂ.

ദശരഥനന്ദനദൂതത തേടിന
പാവനിയോടൊരു ബാന്ധവമുള്ളതു
പഴമ പറഞ്ഞുംകൊണ്ടനുസൃത്യ വി–
രുന്നു[1] മുതുത്തുവരുന്നവനോടു നി–
രന്നു പൊരുന്നി നിറന്നു പറന്നിയ–
ലുന്ന പു[2]രിനതിനെ വെന്ന ജവോദയ–
മാന്ഥ പോകുന്നേ[3]രം മൈനാ–
കോപരി പരിമളപൂടയും പല്ലവി–
തദ്രുമതല്ലജപടലീകോടര–
കുയിലുകുലം മലർമണമേന്തിവരും വളർ–
തെന്നലെ മധുരത തരസാ ചെറിയതു
ചെറിയതു നോക്കിപ്പെരുകി പ്രമദം
പെരുകിപ്പാമ്പിൻപേടകളാടി–
പ്പാട്ടം ഗീതപ്പംകോടിടയിൽ–
ച്ചാത്തും മനുകുലനായകഗുണമണി–
നിരയോട്ടുള്ളിലകം പുക്കൊരു പടി–
തന്നെക്കുടെ നടക്കും നിർമ്മല–
സൂത്രംപോലേ വിലസുംനിജകയ–
ശോമയ കണ്ണുരസായനപാനമ–
ദോദ്ധതമാനസനായതിധാവന–
ദശയിലെതിക്കും സ്ഥംസ്ഥാവാത്യകും;
കുത്തിയൊലിക്കും തോയസുഘത്തിൽ
കുടെയുരുണ്ടു പിരണ്ടു മറിഞ്ഞ–
മ്മുകുര മണ്ടു തിമികുലം തിമിംഗല–
മാലകുലം മുതലകുലം ജലചരജാലം
കണ്ടമരന്മാരാശ്ചര്യാബ്ധിയിൽ
വീണു പദം പ്രതി വഷ്ടിച്ചീടും
കല്പകകലികാഗർഭവിസൂത്വര–

ശ്രീരാമന്റെ ദൗത്യം. പാവനി–ഹനുമാൻ ബാന്ധവം–ചാച്ച്. അനുസൃത്യ–അനുസരിച്ചുകൊണ്ട്. ജവോദയം–വേഗാധിക്യം. മൈനാകോപരി–മൈനാകത്തിന്റെ മുകളിൽ. പരിമളം–മണം. പല്ലവി..... ലുകുലം–തളിരുകളുണ്ടായ വൃക്ഷങ്ങളുടെ വിടവുകളിലുള്ള കുയിലുകുലം. മധുരത–മാധുര്യം. തരസാ–പെട്ടെന്നു്. പ്രമദം–സന്തോഷം. മനു... ണി നിര–ശ്രീരാമന്റെ ഗുണങ്ങളാകുന്ന മണികുലം. നിർമ്മലസൂത്രം–ശ്രുതിമായ നൂലു്. നിജ .. നായി–തന്റെ കീർത്തിയാകുന്ന ശ്രോത്രരസായനം കുടിച്ചു മദംപൂണ്ട. അതിധാവനാശയിൽ–വലിയ ചാട്ടം ചാടുമ്പോഴും. സ്ഥംസ്ഥാവാത്യകും–ചുഴലിക്കാറ്റുകുലം. തോയസുഘം–ജലസമൂഹം. ജല....ലം–ജലജന്തുസമൂഹം. അമരന്മാർ–ദേവകുലം. ആശ്ചര്യാബ്ധി

1. തന്നു വതുന്നു. 2. പതന്തി. 3. നോരത്തധ്വനി മദ്ധ്യേ.

പൂമ്പൊടിയെന്നും കുങ്കുമരജസാ
തന്ത്രമണിഞ്ഞൊരു സന്ധ്യാരാഗമെ-
ഴുന്നകണക്കേ തുടരെത്തുടരെ
ത്വരിതം മീതേ പെരുമാറീടിന
ദിവ്യവിമാനപ്രതിനവവളഭീ-
മരതകവാതായനനിരയൂടേ
മുഹുരപി ചാടും വിബുധപുരസ്ത്രീ-
ബന്ധുരലോചനകാന്തിമതല്ലീ-
വളയതിലൂടേ ചാടിപ്പോമ്പൊഴു-
തദ്വനിമദ്ധ്യേ തിന്മാനെത്തിന
സുരസാമുടനേ സുരസാം കൃത്വാ
ഛായാഗ്രാഹിണിതന്നെ നഖാഗ്രൈർ
ദ്വേധാ കൃത്വാ വിനിഹന്തവ്യാം,
ഹരഹര! പിന്നെയുമിട കാണാതേ
വേഗവിശേഷമിയന്ന ദശായാ-
മരനിമിഷംകൊണ്ടവതീർണ്ണോ[1]സൗ
ദക്ഷിണശീലോ ദക്ഷിണകൂലം
തത്ക്ഷണമേവ നിറന്തകമക്കനെ-
മക്കരയായീ ചരമപയോധേഃ.
ഇരുവരുമോജോഭാരമടക്കീ
ചെറുതു ചുരുങ്ങീ ദിനകരദേവൻ



—ആശ്ചര്യക്കടൽ. പദംപ്രതി—അടിതോറും. കല്പക....പൊടി—കല്പവൃക്ഷപ്പൂവിൽനിന്നു് ഉതിർന്ന പൊടി. കുങ്കുമരജസാ—കുങ്കുമപ്പൊടിയാൽ. സന്ധ്യാരാഗം—സന്ധ്യാകാലത്തിലെ ചുവപ്പു്. ദിവ്യ....നിര—ദിവ്യങ്ങളായ വിമാനങ്ങളിലെ പുത്തനായി വട്ടമായി നിർമ്മിക്കപ്പെട്ട മരതകങ്ങളായ വിമാനങ്ങളിലെ പുത്തനായി വട്ടമായി നിർമ്മിക്കപ്പെട്ട മരതകമയമായ ജനാലകൾ. മുഹുഃ അപി—കൂടെക്കൂടെ. വിബു....ല്ലീ—ദേവസ്ത്രീകളുടെ രമ്യമായ നേത്രശോഭ. മദ്ധ്യേ അധ്വനി—നടുവഴിയിൽ. സുരസാം—ദുർഗ്ഗാദേവിയെ. സുരസാം കൃത്വാ—ആശ്ചര്യത്തോടുകൂടിയവളാക്കിച്ചെയ്തിട്ടു്. ഛായാഗ്രാഹിണിതന്നെ—നിഴൽ പിടിച്ചുനിർത്തുന്നവളായ സിംഹികയെ. സിംഹിക—രാഹുവിന്റെ മാതാവു്. നഖാഗ്രൈഃ—നഖങ്ങളുടെ മുനകൊണ്ടു്. ദ്വേധാ കൃത്വാ—രണ്ടായി പിളർന്നിട്ടു്. വിനിഹന്തവ്യാം—കൊല്ലേണ്ടവളായ. (ഛായാഗ്രാഹിണിയുടെ വിശേഷണം). അവതീർണ്ണഃ അസൗ—അവതരിച്ച ഇവൻ. ദക്ഷിണശീലഃ—സമർത്ഥസ്വഭാവൻ. ദക്ഷിണകൂലം—തെക്കെക്കരയെ. തത്ക്ഷണം എവ—ഉടൻതന്നെ. അക്കൻ—സൂര്യൻ. ചരമപയോധേഃ—പശ്ചിമസമുദ്രത്തിന്റെ. അക്കരയായീ—മറുകര ഗമിച്ചു.

ഓജോഭാരം—ശക്തിയുടെ ആധിക്യം. പശ്ചിമജലധി—പടിഞ്ഞാറൻ സമുദ്രം. ദിനകരശിഷ്യൻ—ആദിത്യന്റെ ശിഷ്യൻ (ഹനുമാൻ

1. കൊണ്ടര പെറുമോജോ.

പശ്ചിമജലധിം ദിനകരശിഷ്യൻ
ദക്ഷിണജലധിം ത്വരിതമുഭാവപി
സദൃശജവൗ കരകൊള്ളുന്നതു കു—
ണ്ഡന്തിയൊളം നിജകണ്ണിമയാതേ
നിന്നാടുന്ന ഭുജംഗവധൂജന—
വക്ത്രംപോലേ പൊലിമ തകും മലർ-
വാപിയിൽ മേവിന കനകപയോജ-
പ്രകരമൊരോന്നേ പുലരിയിലലറും
പൂങ്കോഴിയ്ക്കൊരു ശാപം നല്കി.
പ്രിയതമഗമനേ മാഴ്കി മയങ്ങി—
പ്പൂന്തളിർമെത്തയിലയ്യോ! വീണി—
ട്ടഴകിലുറങ്ങും മാനിനിമാർതൻ—
നയനംപോലേ നിഖിലം കൂമ്പീ.
ശിവ ശിവ! ജാനകി തന്മനകാമ്പിൽനി—
റഞ്ഞുപൊരിഞ്ഞു തെറിച്ച വിയോഗദ—
വാനലകനൽനിരയോഗമിയന്നോൻ
കോകസ്ത്രീണാം മനസി മദിച്ച—
ന്മലയമഹീധരമണിതൻ മൗലിയിൽ
മന്ദസ്പന്ദിതചന്ദനവാടിയി—
ലഞ്ചിതലീലം പുഞ്ചിരി തടവിന
മഞ്ജരിതന്നിൽ നിറയെ വഴിഞ്ഞ മ—
ധുദ്രവശീകരതാരകിതാത്മാ
ലങ്കാരാമസുരദ്രുമചമ്പക—
ചന്ദനചൂതകദംബാദികുതൻ—
പല്ലവനിരയുമിളക്കിപ്പരിചൊട്ട
പരിമളലോലപരിഭ്രമശീല—

ആദിത്യന്റെ ശിഷ്യനായി വ്യാകരണശാസ്ത്രം പഠിച്ചിട്ടുണ്ട്[1]). ദക്ഷി ....ധിം—തെക്കൻ സമുദ്രത്തെ. ത്വരിതം—വേഗത്തിൽ. ഉഭൗ അപി —രണ്ടുപേരും. സദൃ....വൗ—തുല്യമായ വേഗത്തോടുകൂടി. ഭുജ ...ക്ത്രം —നാഗസ്ത്രീകളുടെ മുഖം. വ്യാപി—പൊയ്ക. കന....രം—സ്വർണ്ണത്താ മരക്കുട്ടം. പ്രിയ....നേ—പ്രിയതമന്റെ യാത്രയിൽ. മാനി....യനം— സുന്ദരിമാരുടെ കണ്ണ്. വിയോ....നൽ—വിരഹമാകുന്ന കാട്ടുതീയുടെ കനൽ. കോകസ്ത്രീ—ചക്രവാകവധു. മനസി—മനസ്സിൽ. മഹീ ....ണി—പർവതശ്രേഷ്ഠൻ മൗലി—ശിരസ്സ് (ശിഖരം). മന്ദ....ടി— പതുക്കെ ഇളകുന്ന ചന്ദനവനം. അഞ്ചി....ലം—ഉല്ലാസമായി. മം ജരി—പൂങ്കുല. മധു....ത്മാ—തേന്തുള്ളികളാൽ നനഞ്ഞ. ലങ്കാ....കം— ലങ്കയിലെ പൂന്തോട്ടത്തിലെ കല്പവൃക്ഷം. ചമ്പകം, ചന്ദനം, മാവ്, കദം ബം മുതലായവ. പല്ലവം—തളിർ. പരി....ദൈഃ—മണംകൊണ്ട

1. ലഭ്യമായ കരകൊപ്പുന്നളവെന്തൊരു ചിത്രം ദിനകരശിഷ്യനമവണ്ണം

ഭ്രമരനിനാദൈർ മധുരാലാപീ
നിജതനയൻതന്നദ്ധ്വപരിശ്രമ—
ശാന്തി വളർപ്പാനെന്ന കണക്കേ
ശിശിരത പൂണ്ട മുദാ പെരുമാറീ
സന്ധ്യാകാലനടംപവമാനൻ.

തദനു ഹനുമാൻ പ്രിയതനുമാൻ
നിജഗുണരാശി ഗണിപ്പതിനിനിയ ബൃ—
ഹസ്പതി ഗഗനപ്പലകയ്ക്കുപരി പ—
രത്തി നിരത്തിന കവടിപ്രവരം
മിന്നംപോലേ തെളിവിൽ വിളങ്ങിന
താരാനികരമുതിന്ന കിടക്കും
പരിചു സലീലം വികചത കോലും
വിചകിലകലികാസൗരഭസോരം
വിളയിച്ചീടും കുളിർമതികാന്തി പ—
രന്ന ദിഗന്തേ സന്തമസം ചെ—
ന്നകലെപ്പോകും നേരം നിർഭയപ—
ദക്രമമേവ വടക്കേ ഗോപുര—
വാതിലകം പുക്കീടുന്നേരം
എന്തൊരു ചിത്രം! ദിനകരശിഷ്യനു—
മവ്വണ്ണം ബത! ദക്ഷിണജലധേ—
രക്കരയായീ ഹന്ത! തദാനീം.

ഹനുമാൻ കുതിച്ചുചാടി സമുദ്രത്തെ ലംഘിച്ചു ലങ്കാനഗരത്തിന്റെ വടക്കേ ഗോപുരത്തിൽ ചെന്നിരുന്നുകൊണ്ടു സൂര്യാസ്തമനം പ്രതീക്ഷിക്കുന്നു:

തസ്മിൻ ക്ഷണേ തെളിവിലുത്തരഗോപുരാഗ്രേ
തത്രാവതീര്യ മതിമാൻ പവനാത്മജന്മാ

ചപലങ്ങളായി സഞ്ചരിക്കുന്ന വണ്ടുകളുടെ ശബ്ദത്താൽ. മധു....പീ—മധുരമാംവണ്ണം പാടുന്ന. നിജതനയൻ—തന്റെ പുത്രൻ. അദ്ധ്വ....ശാന്തി—യാത്രാശ്രമം തീർക്കുക ശിശിരത—തണുപ്പു്. മുദാ—സന്തോഷത്തോടെ. സന്ധ്യാ ...നൻ—സന്ധ്യാസമയത്തിലെ നല്ല കാറ്റു്.

തദനു—അതിൽപിന്നെ. പ്രിയ....മാൻ—വിശുദ്ധമായ ശരീരത്തോടുകൂടിയവൻ നിജ....ശി—തന്റെ ഗുണസമൂഹം. ഗണിക്കുക—തിട്ടപ്പെടുത്തുക. ബൃഹസ്പതി—സുരാചാര്യൻ. ഗഗനപ്പലക—ആകാശമാകുന്ന പലക. ഉപരി—മുകളിൽ. കവടിപ്രവരം—ശ്രേഷ്ഠമായ കവടി(കക്ക). താരാനികരം—നക്ഷത്രസമൂഹം. വികചത—വികാസം. വിച....രം—വള്ളിമുല്ലയുടെ മൊട്ടിന്റെ മണം. കുളി....ന്തി—ചന്ദ്രന്റെ ശോഭ. ദിഗന്തേ—ദിക്കിൽ. സന്തമസം—ഇരുൾ. നിർ....മം—പുതുക്കെയുള്ള കാലുവെയ്പ്പു്. ഏവ—തന്നെ. ബത—ആശ്ചര്യം. ദക്ഷി....ധേഃ—തെക്കൻ സമുദ്രത്തിന്റെ. തദാനീം—അപ്പോൾ. ഹന്ത—ആശ്ചര്യം.

പ്രദ്യോതനാസ്തമയവും പ്രതിപാല്യ മെല്ലേ
തസ്ഥൗ തദാകൃതതനൂർമുദിതാന്തരാത്മാ. 86

സൂര്യാസ്തമനവർണ്ണന:

തതോ നഭസ്തലേഽസ്താദ്രിശിരോവിലുംനാദിവ
ഗളിതത്വചി ചണ്ഡാംശോർമണ്ഡലേ ലോഹിതായതി. 87

അഹം പ്രഥമികാന്യോന്യഘൃഷ്ടകപണിതഭ്രഷ്ണേ
പതിം പ്രണമ്യ നിര്യാതി രക്ഷോഭടകദംബകേ[1]. 88

പദ്യം 86. തസ്മിൻ ക്ഷണേ—ആ സമയത്ത്. ഉത്ത....ഗ്രേ—ലങ്കയുടെ വടക്കേ ഗോപുരത്തിന്റെ മുകളിൽ. തത്ര—അവിടെ. അവതീര്യ—ഇറങ്ങിട്ട്. മതിമാൻ—ബുദ്ധിമാനായ. പവ .. ന്മാ—ഹനുമാൻ. തനൂ ....നഃ—ദേഹത്തെ പെരുതാക്കിയവനായി. മുദി....ത്മാ—സന്തുഷ്ടചിത്തനായി. പ്രദ്യോ... യവും—സൂര്യന്റെ അസ്തമനവും. പ്രതിപാല്യ—കാത്തുകൊണ്ട്. തസ്ഥൗ—ഇരുന്നു.

പദ്യം 87. അസ്തമനവർണ്ണനം: തതഃ—അനന്തരം. അസ്താ....ത്—അസ്തമനപർവതത്തിന്റെ ശിഖരത്തിൽ തട്ടി ഉരഞ്ഞിട്ട്. ഗളിതത്വചി ഇവ—തൊലി പോയിട്ടോ എന്നു തോന്നുമാറുള്ള. നഭസ്തലേ—ആകാശത്തിൽ. ചണ്ഡാംശോഃ മണ്ഡലേ—സൂര്യന്റെ ബിംബം. ലോഹിതായതി—രക്തവർണ്ണമായിരിക്കുന്ന സമയത്തിങ്കൽ. ഇതുമുതല്ല് മൂന്നു ശ്ലോകം ഒന്നിച്ചന്വയിക്കുന്നു.

പദ്യം 88. അഹം....ണേ—ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ എന്ന

---

1. ഈ പദ്യം കഴിഞ്ഞയുടൻ,

''പ്രക്ഷേപ്യസ്യം യതോക്ഷ്യസ്യ ലോഹിനീർമരീചിഭിഃ
സ്ഫുരത്സു സൗധശൃംഗേഷു സകങ്കതരസേഷവിവ,
ക്രീഡേഷു കേളിവാപീനാം കലായശ്രമശാലിഷു
നിലീയമാനേ വയസാം കുലേ കോലാഹലാകുലേ,
മിത്രാപഗമിവാദ്രേഷ്ടഗളിശബ്ദപ്രലാപിനി
നിമീലയതി നാളീകനയനം നളിനാകരേ,
ദ്യോസിന്ധുരക്തതാബദ്ധജവനേ രജനീമുഖകങ്കതേ
അന്യോന്യകേസരിന്ദ്രേ സന്ധ്യാരാഗേ വിസർപ്പതി

ഗദ്യം: തതോ ദൈത്യബലമിവ പ്രകടതാരകം, ഭാരതസമരമിവ വധ്രിമാനോലൂകകുളകുളം, ധൃഷ്ടദ്യുമ്നവീര്യമിവ കുണിതദ്രോണപ്രാവം. നന്ദനവനമിവ സഞ്ചരത്കാശികം, കൃഷ്ണവർത്മേവാഖിലകാഷ്ഠാപഹാരകം, സഗർമേവ ഘനതരപാഷാണകക്ഷാസു ഗിരിനടീഷു സചക്രവാകമിവ സുപ്തസിംഹനയനച്ചടാകപിലേഷു സാനുഷു സജീവമിവ തമോമണിഭിഃ, സംവർദ്ധിതമിവ അഗ്നിഹോത്രധൂമലേഖാഭിഃ, മംസളിതമിവ കാമിനീകേശപാശസംസ്കാരധൂപപടലൈഃ, ഉദ്ദീപിതമിവ ഘനതരലീനമധുകരപടലമേചകിതകപോലതലദാനധാരാശീകരൈഃ, പുഞ്ജീകൃതമിവ വിതതമാലതമാലകാനനച്ഛായാസു, പ്രാവരണമിവ രജനീപാംസുലായാഃ, പലിതൗഷധിരിവ വൃദ്ധവാരയോഷിതാം, അപത്യമിവ രജന്യാഃ, സുഹൃദിവ കലികാലസ്യ, മിത്രമിവ ദുർജനഹൃദയാനാം, ബൗദ്ധസിദ്ധാന്തമിവ പ്രത്യക്ഷദ്രവ്യമപഹ്നവാനം തിമിരമുദ്ഭൂതേ.

ഇതുപോലെ അധികമായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

കാളീകായകളായകാളിയകളി—
ന്ദാപത്യകസംരൂരികാ—
കാന്താകന്ദളകാളികാകരിഘടാ—
കാലാരികണ്ഠോപമൈഃ
സാന്ദ്രൈഃ സന്തമസൈഃ സമം സമുദിതാഃ[1]
സന്ധ്യാവസാനേ തത—
സ്താരാശ്ചാപി സമന്തതഃ സ്ഫുടതരം
ബഭ്രാജിരേ/ഭ്രാജിരേ. 89

ചന്ദ്രോദയവർണ്ണനം:

അന്നേരം മന്ദമന്ദം വിമലകുളിർനിലാ—
വായ മാലേയപങ്ക—
സ്യന്ദംകൊണ്ടോക്കെ മേളിച്ചൊരു തെളിമ ദിശാ—
യോഷിതാമാദധാനം
മിന്നും പ്രാചീവധൂടിക്കഴകിലുടനണി—
ഞ്ഞോരു പൊൽത്താലിപോലേ
നന്നായ് മേളം കലന്നൈന്ദവമുദയഗിരൗ
മണ്ഡലം പ്രാദുരാസീത്. 90

ഹനുമാന്റെ ലങ്കാപ്രവേശവർണ്ണനം:

തസ്മിൻ പ്രദോഷസമയേ സഹസാ ഹനൂമാൻ
കീർത്തിച്ചടായവനികാമപഹായ[3] ശത്രോഃ

തിരക്കുകൊണ്ട് ആഭരണങ്ങൾ തമ്മിൽ മുട്ടുന്ന ശബ്ദത്തോടുകൂടി. രക്ഷോ ....കേ—രാക്ഷസസൈന്യം. പതിം—രാക്ഷസരാജാവായ രാവണനെ. പ്രണമ്യ നിര്യാതി—വന്ദിച്ചുപോകുന്ന സമയത്തിൽ.

പദ്യം 89. കാളീ....മൈഃ—കാളിയുടെ ദേഹം. കായം=പുവ് കാളിയൻ എന്ന സർപ്പം യമുനാനദി കസ്തൂരി സ്ത്രീകളുടെ തലമുടി മഴക്കാറ് ആനക്കുട്ടം ശിവന്റെ കഴുത്ത് ഇവയോട് തുല്യവർണ്ണങ്ങളായി. സാന്ദ്രൈഃ—തിങ്ങിയ. സന്തമസൈഃ—കൂരിരുട്ടുകളോട്. സമം—ഒന്നിച്ച്. സന്ധ്യാ....നേ—സന്ധ്യാകാലം കഴിഞ്ഞപ്പോൾ സമുദിതാഃ—ഉദിച്ച. താരാഃ ച അപി—നക്ഷത്രങ്ങളും. അഭ്രാജിരേ—ആകാശമണ്ഡലത്തിൽ. സമന്തതഃ—ചുറ്റുപാടും സ്ഫുടതരം—തെളിവായി. ബഭ്രാജിരേ—ശോഭിച്ചു.

പദ്യം 90. മന്ദമന്ദം—പതുക്കെപ്പതുക്കെ. വിമലം—ശുദ്ധം. മാലേ....ന്ദം—ചന്ദനച്ചാറൊഴുക്ക്. മേളിച്ച്—പൂശി. ദിശാ....താം—ദിങ്നാരിമാക്ക്. ആദധാനം—ഉണ്ടാക്കുന്ന. പ്രാചീ....ടി—കിഴക്കേ ദിക്കാകുന്ന നായിക. ഐന്ദവം മണ്ഡലം—ചന്ദ്രബിംബം. ഉദയഗിരൗ—ഉദയഗിരിയിൽ. പ്രാദുരാസീത്—പ്രത്യക്ഷമായി.

പദ്യം 91. തസ്മിൻ പ്രദോ....യേ—ആ പ്രദോഷസമയത്തിൽ. പ്രദോഷം രാത്രിയുടെ ആരംഭസമയം. സഹസാ—പെട്ടന്ന്. ശത്രോഃ

1. തം സ. 2. പൊൻതാ. 3. പനീയ.

ആവിർബഭൂവ സുമനഃപരിതോഷണായ
ലങ്കാപ്രവേശനവനാടകസൂത്രധാരഃ. 91

ദർപ്പശ്രിയാ തദനു ഗോപുരവാതിലുൾപ്പു—
ക്കപ്പോഴ തട്ടത്ത നഗരീപരദേവതാം താം
അപ്പാണിനാ കവിളടച്ചു പുറത്തു ചാടി—
ച്ചുംപ്രീതിപൂണ്ടു ഹനുമാൻ പ്രവിവേശ ലങ്കാം. 92

ഗദ്യം 7.

തദനു പവനജന്മാ തദാ വാമപാദേന ലങ്കാപുരേ വീത—
ശങ്കാങ്കുരം താനകംപുക്കു മേളം മികംപൊന്മതിൽക്കെട്ടുമാരോന്നു
നേരേ കടന്നങ്ങു രത്നപ്രതോളീഷു പുത്തൻ നിലാവിൻപ്രഭാ—
ലോഭനീയാസു വന്ദീകൃതസർവ്വ ദീർഘനിശ്വാസമാലാഭി—
രത്യുഷ്ണളാഭ്യന്തരേഷു ക്ഷപാചാരിണാം ചാരുഹേമാലയേഷു
സ്വയം നോക്കിനോക്കിത്തിരഞ്ഞങ്ങു ചെല്ലുന്നനേരത്തു ദൂരത്തു
ദൈത്യാരിനാമസ്തുതിപ്രൗഢികേട്ടിട്ടിതെന്തെന്ത താർപോലി
വൻ വിഷ്ണുകേതാ മഹാനപ്പയിർതീർത്തുമാനിക്കമവ്വണ്ണമസ്മിൻ
പുരേ വർത്തതേ. ഹന്ത! കേമപ്പണ്ടു പണ്ടേ മഹാസാത്ത്വികൻ

—ശത്രുവായ രാവണന്റെ. കീർത്തി....കാം—യശസ്സാകുന്ന തിരശ്ശീലയെ. അപഹായ—നീക്കീട്ട്. സുമ ...യ—ദേവകളെ സന്തോഷപ്പെടുത്തുവാനായി. ലങ്കാ....രഃ—ലങ്കാപ്രവേശം എന്ന പുതിയ നാടകത്തിന്റെ സൂത്രധാരനായി. നാടകം നടത്തുവാനുള്ള മുതല വഹിക്കുന്നവനാണ് സൂത്രധാരൻ. ആവിർബഭൂവ—ആവിർഭവിച്ചു അരങ്ങത്തു പ്രവേശിച്ചു എന്നർത്ഥം. രൂപകാലങ്കാരം.

പദ്യം 92. തദനു—പിന്നെ. ദർപ്പശ്രിയാ—അഹങ്കാരത്തോടുകൂടി. താം നഗ ...താം—ആ ലങ്കാലക്ഷ്മിയെ. പാണിനാ—കൈകൊണ്ട്. കവിളടച്ചു—ചെവിട്ടു തകർത്തു. ലങ്കാം പ്രാവിവേശ—ലങ്കയിൽ പ്രവേശിച്ചു.

ഗദ്യം 7. തദനു—പിന്നെ. പവ ... ...ന്മാ—ഹനുമാൻ. തദാ—അപ്പോഴ. വാമപാദേന—എടത്തുകാൽകൊണ്ട്. ലങ്കാപുരേ—ലങ്കാനഗരത്തിൽ. വീത ... .. ര—ലേശംപോലും സംശയം കൂടാതെ. മേളം മികം—ഭംഗിയുള്ള. രത്ന .....ഷു—ശ്രേഷ്ഠമായ തെരുവീഥികളിൽ. പുത്തൻ.....സു—പുതുനിലാവിന്റെ ശോഭയാൽ മനോഹരങ്ങളായ. പ്രതോളവിശേഷണം. വന്ദീ....ഭിഃ—തടവിലാക്കിയിരിക്കുന്ന സ്വർഗ്ഗസ്ത്രീകളുടെ ദീർഘനിശ്വാസപരമ്പരകളെക്കൊണ്ട്. അത്യു .. ഷ്ണ—അധികം ചൂടുള്ള അകങ്ങളോടുകൂടിയ. ക്ഷപാചാരിണാം—രാക്ഷസന്മാരുടെ. ചാരു .....ഷു—ഭംഗിയുള്ള പൊന്മയമായ വീടുകളിൽ. ദൈത്യാ.....ഢി—വിഷ്ണുവിന്റെ നാമങ്ങളെ ഉച്ചത്തിൽ ചൊല്ലി സ്തുതിക്കുന്ന ഘോഷം. മഹാൻ വിഷ്ണുകേതഃ—വലിയ വിഷ്ണുഭക്തൻ. അപ്പ..... ണ്ണം—എല്ലാവരും ബഹുമാനിക്കത്തക്കവണ്ണം (?) അസ്മിൻ പുരേ വർത്തതേ—ഈ ലങ്കാപുര

1. തിലിരിപ്പു. 2. ഢി കേട്ടെന്നി. 3. യിൽ നുന്നുവാനില്ലുവണ്ണ. 4. തമ്പികം പ.

പങ്ക്തികണ്ഠാനുജ[1]ൻ ദശ്നീയോഽയമത്യാദരാ'ലെന്നിവണ്ണം നിനച്ചുന്നതാത്മാ മഹാഹർമ്യജാലങ്ങളോരോന്നിലേ പേത്തു—മാരാഞ്ഞു ധീരാഗ്രയായീ മദം പൂണ്ട രാത്രിഞ്ചരേന്ദ്രമത്യന്ത—മോദേന പുഷ്കൻനിലാവത്തെഴാരോ ശീഥുപാനോത്സവ—പ്രൗഢിയും ചാരുകേളീവിശേഷങ്ങളും പൂണ്ട [3]നീരൊഴിടക്ക—ന്നതും കണ്ടുകണ്ടൂഢധൈര്യം നി[4]ഗ്രഢാകൃതിർമന്ദമന്ദം നടന്നീ—ടിനാൻ.

ആദിത്യഃ കൃതകൃത്യ ഏവ ഭവിതാ
സീതാപതേരീദൃശം
സാഹായ്യം വിരചയ്യ കീർത്തിമതുലാ—
മാദിത്സുനാ സൂനുനാ
ഇത്യാലോചയ്യ തദാ കില സ്വയമപി
ഖ്യാതിം ഗ്രഹീതും പരാം
ലങ്കായാം രഘുനാഥദൂതസരണൗ
ചന്ദ്രേണ ദീപായിതം. 93

ഹനുമാൻ സീതയെ ആരാഞ്ഞുനടന്നു ആരാമത്തിയെ പ്രാപിക്കുകയും അവിടെ ശിംശാപമൂലത്തിലിരിക്കുന്ന സീതയെ കാണുകയും ചെയ്യുന്നു:

ത്തിൽ ഉണ്ട്. മഹാസാത്ത്വികൻ—സത്ത്വഗുണം കൂടിയവൻ. പങ്ക്തി .....ൻ—രാവണന്റെ അനുജൻ. (വിഭീഷണൻ). അയം അത്യാദരാത് ദശ്നീയഃ—ഇവൻ വളരെ ബഹുമാനത്തോടുകൂടി കാണപ്പെടേണ്ടവനാണ്. ഉന്നതാത്മാ—മഹാബുദ്ധിമാനായ ഹനുമാൻ മഹാ.....ലങ്ങം—വലിയ മാളികമുകളുകൾ. ധീരാഗ്രയായീ—അതിധീരൻ. രാത്രി..... ന്ദ്രം—രാക്ഷസദമ്പതിമാർ. അത്യ.....ന—വളരെ സന്തോഷത്തോടുകൂടി. ശീഥു.....ഡ്ഢി—മദ്യപാനാഘോഷം. ചാരു....ങ്ങളും—രംഗിയുള്ള ക്രീഡകളും. ഊഢധൈര്യം—ധൈര്യത്തോടുകൂടി. നിഗ്ര .....തിഃ—തന്റെ സാക്ഷാദാകൃതി മാച്ചവനായി. മന്ദമന്ദം—പതുക്കെ പതുക്കെ.

പദ്യം 93 സീതാപതേഃ—ശ്രീരാമനു. ഈദൃശം—ഇങ്ങനെയുള്ള. അതായത്ത രാവണനിഗ്രഹത്തിനു യത്നരൂപമായ. സാഹായ്യം വിരചയ്യ—സഹായം ചെയ്തിട്ട്. അതുലാം കീർത്തിം—അളവറ്റ യശസ്സിനെ. ആദിത്സുനാ സൂനുനാ—സമ്പാദിക്കുവാൻ ആഗ്രഹിക്കുന്ന മകനെ (സുഗ്രീവനെ)ക്കൊണ്ട്. ഏഷഃ ആദിത്യഃ—ഈ സൂര്യൻ. കൃതകൃത്യഃ ഏവ ഭവിതാ—ധന്യനായിത്തീരുന്നു ഭവിക്കും. ഇതി ആലോചയ്യ—എന്നാലോചിച്ചിട്ടോ എന്നു തോന്നും. ഉത്പ്രേക്ഷ. സ്വയം അപി—താനും. പരാം ഖ്യാതിം ഗ്രഹീതും—വലുതായ പ്രസിദ്ധിയെ സമ്പാദിപ്പാനായി. തദാ—അപ്പോൾ ലങ്കായാം—ലങ്കയിൽ. രഘു .....ണൗ—രാമദൂതനായ ഹനുമാന്റെ മാഗ്ഗത്തിൽ. ചന്ദ്രേണ—ചന്ദ്രനാൽ. ദീപായിതം കില—വിളക്കുപോൽ ആചരിക്കപ്പെട്ടുവല്ലോ. വെളിച്ചം കാട്ടിക്കൊടുത്തു എന്നർത്ഥം.

1. ജം ദ. 2. പൂണ്ട രാ. 3. നിഗ്രഹക്രിയ. 4. നിഗ്രഢാ.

എന്നീവണ്ണം നടന്നങ്ങവിടെയവിടെയാ—
രാഞ്ഞുനോക്കും ദശായാം
മിന്നും പ്രത്യഗ്രരത്നദ്യുതികബളിതദിങ്മ—
മണ്ഡലം കണ്ടകാണ്ഡേ
ധന്യശ്രീവിശ്രപങ്കേരുഹമുഴമതി ല—
ങ്കേശ്വരൻ താനിരിക്കും
പൊന്നിൻപ്രാസദമഗ്രേ തെളിവിനൊടു കരേ—
റീടിനാനൂഢധൈര്യം. 94

ആരാഞ്ഞു മൈഥിലസുതാം ദശകണ്ഠഗേഹേ
ശ്രീരാമദൂതനഥ വന്ധ്യമനോരഥോഽസൗ
നേരേ നിരാകുലമിറങ്ങി ബഹ്വഡ്ഢമാഢ്യാ—
മാരാമഭൂമിമതിസൗരഭിണീം ജഗാഹേ. 95

ഗദ്യം 8.

[1]ലങ്കാനഗരീഗോപുരവാതില—
കം പുക്കീടംപൊഴുതിലകാണ്ഡേ
വന്നു തടുത്ത നിശാചരനഗരീ—
പരദേവതയെക്കവിളുടയുംമാ—
റൊന്നുകൊടുത്തു പുറത്തുട്ടോടി—
ച്ചുള്ളിലകം പുക്കുചിതമറിഞ്ഞു രഘൂത്തമഗൃഹിണീമന്വേഷിച്ചു നടക്കുന്നേരം തലമുടി ചുറ്റിയിഴച്ചു നിശാചരർ കൊണ്ടുവരും ചില വിബുധവധൂടീർഘശ്വാസൈ—

പദ്യം 94. പ്രത്യ....ലം—പുതിയ രത്നശോഭകൊണ്ടു ദിക്കു മുഴുവൻ വ്യാപിച്ചതു്. പ്രാസാദവിശേഷണം. ധന്യ.....മതി—മഹാതേജസ്വിയായ ലോകമാകുന്ന താമരപ്പൂവിനു പൂർണ്ണചന്ദ്രൻ (സകലലോകവൈരി) ആയ രാവണൻ. പൊന്നിൻപ്രാസാദം—പൊന്മയമായ മാളിക. അഗ്രേ—മുമ്പിൽ. അകാണ്ഡേ—യാദൃച്ഛയായി. ഊഢധൈര്യം—സധൈര്യം.

പദ്യം 95. മൈഥിലസുതാം—സീതയെ. ദശ.....ഹേ—രാവണന്റെ ഗൃഹത്തിൽ. അഥ—പിന്നെ. വന്ധ്യ .....ഥഃ അസൗ—നിഷ്ഫലമായ മനോരഥത്തോടു കൂടിയവനായ ഇവൻ. നിരാകുലം—ഉത്സാഹത്തിനു ഭംഗം കൂടാതെ. ബഹ്വ.....ഢ്യാം—വളരെ മരങ്ങളുള്ള. അതി ....ണീം—വളരെ സൗരഭ്യമുള്ളതായിരിക്കുന്ന. ആരാ....മിം—ഉദ്യാനപ്രദേശത്തെ. ജഗാഹേ—പ്രാപിച്ചു.

ഗദ്യം 8. നിശാ....തയെ—ലങ്കാലക്ഷ്മിയെ. ഉചിതം—യോഗ്യം. രഘൂ....ണീം—സീതയെ. നിശാചരർ—രാക്ഷസന്മാർ. വിബു....സൈഃ

1. ഈ ഗദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല.

ത്രുഷ്ണുളഭാവം വാസ്തിയലുന്ന സു—
റുള്ളുഗ്രഹങ്ങളിൽ വീക്ഷ വീക്ഷം
വിതഥമനോരഥനായ് വിധുരാത്മാ
തെളതെളെ വിലസും മണിമയതുംഗ—
പ്രാസാദ കണ്ടുപരി കരേറി—
ദ്ദശമുഖഭവനേ സപദി വിചിനുവതി
വിരവിലിറങ്ങി മതുത്തു മണത്തോ—
രാരാമങ്ങളിലാരായുമ്പോ—
ളെന്നേ സുഖമേ ജനിമരണജ്വര
താപമറുപ്പാനമൃതമയീമൊരു—
പരചിത്കലയേ പരമമുനീന്ദ്രൻ
മദ്ധ്യമനാഡീമൂലത്തിങ്കൽ
കാണുംപോലേ ശിംശപതൻ കീഴ്
നിമിവംശത്തിന്നംഗലമാലാ—
മയമദ്രാക്ഷീദ്ഗ്രുവരദൂതൻ.

രമ്യാം കാഞ്ചന കാഞ്ചനീമയമുപാ—
ത്രുഡ്ഢോ മഹാശിംശപാം
തസ്മൂലേ രഘുനാഥധർമ്മഗൃഹിണീം
കണ്ടാനകുണ്ഠാദരം
ജന്മാതീകലയായ ചിദ്രസകലാം
സൗഷുമ്നമൂലേ പരാം
നിർമ്മായാമൃതരൂപിണീം മുനിവരൻ
കാണുന്നപോലേ തദാ. 96

—സാഗ്രസ്ത്രീകളുടെ നെടുവീർപ്പുകളാൽ. ഊക്ഷ്ണഭാവം—ചൂടിനെ. വീക്ഷം വീക്ഷം—പിന്നെയും പിന്നെയും നോക്കീട്ട്. വിത .. നായ്—നിഷ്ഫലമനോരഥനായ്. വിധുരാത്മാ—വ്യാകുലചിത്തനായി. മണി.... സാദം—മണിമയമായ പൊങ്ങിയ മാളിക. ഉപരി—മുകളിൽ. ദശ ....നേ—രാവണഗൃഹത്തിൽ. സപദി—ഉടനേ. വിചിനുവതി—അന്വേഷിക്കുമ്പോഴേ. ആരാമം—ഉദ്യാനം. ജനി .. താപം—ജനനമരണരൂപമായ പനിയുടെ ചൂട്. അമൃതമയീം—അമൃതസ്വരൂപിണിയായ. പരചിത്കല—ശ്രേഷ്ഠമായ ചൈതന്യകല. പരമ... ന്ദ്രൻ—ഉത്തമസന്ന്യാസി ശിംശപ—ശിംശപയെന്ന മരം. നിമി . ലാ—സീതയെ. അയം രഘു .. ൻ—ഈ ഹനുമാൻ. അദ്രാക്ഷീത്—കണ്ടു.

പദ്യം 96 രമ്യാം—ഭംഗിയുള്ളതും കാഞ്ചനീം—പൊന്മയവും ആയ. കാഞ്ചന മഹാശിംശപാം ഉപാത്രുഡ്ഢഃ—ഒരു വലിയ ശിംശപാവൃക്ഷത്തിൽ കയറിയവനായ. അയം—ഇവൻ. തന്മൂലേ—അതിന്റെ ചുവട്ടിൽ. രഘു....ണീം—സീതയെ. അകു ...രം—ബഹുമാനപൂർവം. ജന്മായ....യ—ജനനമരണദുഃഖങ്ങളെ നശിക്കുവാനായി. മുനിവരൻ—മുനി

1. കുശമായ.

മല്ലീം ചൂതവനാദിവ സ്നഹിവനേ
ന്നേ്നേ്നേന സംസ്ഥാപിതാം,
മാലാം ദേവകുലാദിവാമിഷധിയാ
ക്ഷിപ്പാം ശുശാനേ ശുനാ,
ദേവീമാശ്രമതസ്ഥാ സ്വഭവന,
നക്തഞ്ചരേണ ഛലാ—
ദാനീതാമപനീതവേഷരചനാ—
മാലോകയന്മാരുതിഃ. 97

അപ്പോഴം സീതാദേവിയുടെ തത്കാലാവസ്ഥയെ വണ്ണിക്കുന്നു:

[1]മുങ്ങിത്താണെന്നപോലേ മലിനതയിൽ നില—
ത്തേ പൊടിച്ചാത്തിൽ വീണി—
ട്ടങ്ങോടിങ്ങോടുഴന്നോമന കെടുമൊരു വാർ—
കുന്തളീകുന്തളീകാം,
തിങ്ങീടും കണ്ണുനീരാം നവതുഹിനപയോ—
വിന്ദുവ്വന്ദങ്ങളം തങ്ങി—
ത്തങ്ങിപ്പൊൽപൂവുപോലേ പകലിരവു മകി—
ണ്ണീടുമാസ്യാഭിരാമാം, 98

ശ്രേഷ്ഠൻ. അമൃതരൂപിണീ—പ്രകൃതിസ്വരൂപിണിയായ. പരാം ചിദ്രസകലാം—പരമാനന്ദകലയെ. സൂഷ്മമൂലേ—സൂഷ്മാനാഡിയുടെ മൂലത്തിങ്കൽ. നിർമാ....ണീം—മായാരഹിതമായ അമൃതസ്വരൂപ.

പദ്യം 97. ന്നേ്നേ്നേന—നീചനായ ഒരുവനാൽ ചൂതവനാത്—മാദന്തപ്പിൽനിന്നു്. സ്നഹിവനേ—കള്ളിമരക്കുട്ടത്തിൽ. സംസ്ഥാപിതാം—പറിച്ചുനടപ്പെട്ട. മല്ലീം ഇവ—മുല്ലയെപ്പോലെയും. ശുനാ—പട്ടിയാൽ. ദേവകുലാത്—ദേവാലയത്തിൽനിന്നു്. ശുശാനേ—ചുടലക്കാട്ടിൽ. ആമിഷധിയാ—മാംസമാണെന്ന വിചാരത്താൽ. ക്ഷിപ്പാം—കൊണ്ടിടപ്പെട്ട. മാലാം ഇവ—പൂമാലയെപ്പോലെയും. നക്തഞ്ചരേണ—രാക്ഷസനായ രാവണനാൽ. ആശ്രമതഃ—പർണ്ണശാലയിൽനിന്നു്. ഛലാത്—വ്യാജത്താൽ. സ്വഭവനം ആനീതാം—തന്റെ വാസസ്ഥലത്തിൽ കൊണ്ടുവന്ന വസ്തുപ്പെട്ടവളായി. അപ....നാം—അലങ്കാരശൂന്യയായ. ദേവീം—സീതയെ. മാരുതിഃ—ഹനുമാൻ. ആലോകയത്—കണ്ടു്. ഉപമാലങ്കാരം.

പദ്യം 98. ഇതുമുതൽ ആറു പദ്യങ്ങളം സീതയെ വിശേഷിപ്പിച്ചുകൊണ്ടു പൂർവ്വപദ്യത്തിലെ 'ആലോകയത്' എന്ന ക്രിയയിൽ ഒന്നിച്ചു നയിക്കുന്നു. മലിനത—മാലിന്യം. ഓമന കെടും—ഭംഗി നശിച്ച. വാർ .. കാം—തലമുടിയോടു കൂടിയവളായി. നവ....ങ്ങളം—പുതിയ മഞ്ഞുവെള്ളത്തുള്ളികളം. പൊൽപൂവുപോലെ—താമരപ്പൂവുപോലെ. മകിണ്ണീടും—തെളിവില്ലാത്ത. ആസ്യാ....മാം—മുഖംകൊണ്ടു ശോഭിച്ചവളായി.

1. മങ്ങിത്താനെന്ന. 2. ങ്ങോട്ടിങ്ങോട്ടുഴ.

നീണാളീറൻ[1] വീഴാതേ നിയതമപി നില—
ത്തേ കിടന്നും മറിഞ്ഞും
വീണും കേണും കുഴ[2]ങ്ങും പെരുകി[3]യ വരിമാ—
ച്ചീ[4]ടുമിക്കും ദുകൂലാം,
താനേ വിശ്വം ജയിപ്പാനൊരു വിരുതിയലും
പുഞ്ചിരിക്കൊഞ്ചൽ കിഞ്ചിത[5]
കാണാഞ്ഞോ മാൽപെടുന്നോരധരമണിയൊടേ—
ല്പുന്ന നിഃശ്വാസതാപാം, 99

അശ്രാന്തം കണ്ണുനീർ വാർത്തുടനറവു പിടി—
ച്ചുഴിമേൽ [6]വാച്ചലാവും
തുച്ചേറാമംഗരാഗം പൊലിമയൊടു പിര—
ണ്ടോരു വക്ഷോജഭാരാം,
ഉച്ചൂടേറും തഴച്ചങ്ങിരുപകൽ വിട—
ത്തീടുമോമൽകപോലേ
[6]വച്ചീടും കൈത്തലം മുടിന ചടുലതര—
ശ്വാസദാവാഗ്നിധൂമാം. 100

പഞ്ഞിക്കെട്ടെന്നപോലേ രജതഗിരി പറി—
ച്ചമ്പിലമ്മാന[7]യാടി—
ത്തഞ്ചും ദോർമണ്ഡലീവിക്രമകലവി തകും
പങ്ക[8]തികണ്ഠൻ ചിരം നാം
പെ[9]ഞ്ചമ്മേ ചെന്നിളക്കുംപൊഴുതിലുമിളകാ—
തോരു ചാരിത്രദുർഗ്ഗേ
സഞ്ചരന്നാം[9] വാതിൽ പെട്ടെന്നുകിലുടനടു—
[10]ച്ചങ്ങനേ വത്തമാനാം, 101

പദ്യം 99. നീണാൾ—വളരെ ദിവസമായി. നിയതം അപി—പതിവായിട്ടതന്നെ. വരിമാച്ചീടുമിക്കും ദുകൂലാം—ഉലഞ്ഞു മുഷിഞ്ഞു കീറിയ വസ്ത്രത്തോട് കൂടിയവളായി. വിശ്വം—ലോകം കിഞ്ചിത—അല്പം. അധ....പാം—ചുണ്ടിന്മേൽ വന്നു തട്ടുന്ന ഉഷ്ണനിശ്വാസത്തോട് കൂടിയവളായി.

പദ്യം 100. അശ്രാന്തം—എപ്പോഴും. അംഗരാഗം—ദേഹത്തിൽ പൂശുന്ന കളഭം മുതലായ കുഴമ്പുകൾ. പൊലിമ....രാം—കനത്തിൽ പരന്നിയ സ്തനതടങ്ങളോട് കൂടിയവളായി. കപോലേ—കവിൾത്തടത്തിൽ. ചട്ട...മാം—വർദ്ധിച്ച നെടുവീർപ്പുകളാകുന്ന കാട്ടുതീയുടെ പുകയോടുകൂടിയവളായി.

പദ്യം 101. രജതഗിരി—കൈലാസപർവ്വതം. ദോർമ....ലവി—കൈയ്യുകൾ. തകും—വഹിക്കുന്ന. പങ്കതികണ്ഠൻ—രാവണൻ. ചിരംനാം

1. ളീരംവി. 2. ഴഞ്ഞുപെ. 3. കിനവ. 4. ച്ചീടമി. 5. വായ്പുലാ. 6. വെച്ചീ. 7. നമാടി. 8. ക്കെഞ്ചമ്മേ. 9. സാംവാ. 10. ച്ചങ്ങിനേ.

''മുഗ്ധേ! മാം രാക്ഷസപ്പൈതലെ വിരവിൽ വിളി-
ച്ചൊന്നു പുല്ലീടിലപ്പോ-
ളിത്തെലോക്യം നിനക്കുണ്ടിമപെട്ടു, മതി-
ന്നേതുമേ വൈകിയാതേ
ചിത്തേ പാഴ്മർത്ത്യനെത്തൊട്ടെരിപൊരി മതിയു-
ണ്ടേഷ ബദ്ധാഞ്ജലിസ്സേ''
നിത്യം കേട്ടേവമാദ്യം ദശമുഖവചനം
ഭീതികൊണ്ടുത്തരാംഗീം. 102

ചരന്നാത്മാ രാമദൂതഃ[2]ശ്ചിരതരമവളെ-
ച്ചക്ഷുഷാ പാർത്തു[3] പാർത്തും
നിന്നാൻ ഭീമാകൃതീനാമിടയിൽ നിശിചര-
സ്ത്രീജനാനാം നിഷണ്ണാം
ചെന്നച്ചോ[4] നാലുപാടും [5]കടുമയൊടു കുരു-
ച്ചാശു തിന്മാൻ തുടങ്ങും
ചെന്നായ്ക്കളുട്ടത്തിൽ മദ്ധ്യേ [6]വെരിളുമൊരിളമാൻ-
പേടപോലേ വിഷണ്ണാം. 103

സീതയെ കണ്ടതിനാൽ സന്തുഷ്ടനായ ഹനുമാൻ അവളുടെ വൃത്താന്തവും വാക്കുകളും ഗ്രഹിക്കുവാനായി മരത്തിൽ മറഞ്ഞിരിക്കുന്നു:

[7]ശ്രുത്വാം കണ്ടക്കുലസ്ത്രീമകരിയെ മനസാ
തത്ര കൊണ്ടാടി മേന്മേൽ
നിസ്തന്ദ്രാനന്ദവാപീവിഹരണവിവശോ
വായുജന്മാ തദാനീം

—വളരെ നാളായിട്ട്. ചാരിത്രദുർഗ്ഗ—പാതിവ്രത്യമാകുന്ന കോട്ടയിൽ. സഞ്ചരന്നും—മറവായി. വർത്തമാനാം—ഇരിക്കുന്നവളായി (അശോകവനം പ്രാപിച്ചവളായി).

പദ്യം 102. മുഗ്ധേ—അല്ലയോ സുന്ദരി. മാം—എന്നെ. ത്രൈലോക്യം—മൂന്നു ലോകവും. ചിത്തേ—മനസ്സിൽ. മർത്ത്യൻ—മനുഷ്യൻ. തേ—നിനക്കു്. ഏഷഃ ബദ്ധാഞ്ജലിഃ—ഇവൻ കൈകൂപ്പിയവൻ. ഏവമാദ്യം—ഇത്യാദിയായ. ദശ....നഃ—രാവണന്റെ വാക്കിനെ. ഭീതി—ഭയം. ആത്ത .. ഗീം—വിറയ്ക്കുന്നവളും.

പദ്യം 103. ചരന്നാത്മാ—ദേഹം മാച്ചവൻ. രാമദൂതഃ—ഹനുമാൻ. ചിരതരം—കുറേ നേരം. ചക്ഷുഷാ—കണ്ണുകൊണ്ടു്. ഭീമാ ...നാം—ഭയങ്കരരസരൂപിണികളായ. നിശി....നാം—രാക്ഷസികളുടെ നിഷണ്ണാം—ഇരിക്കുന്നവളായ. വിഷണ്ണാം—ദുഃഖിക്കുന്നവളായ. സീതാവിശേഷണം. ഉത്തരാർദ്ധം മുഴുവൻ ഉപമാനവാക്യം.

---

1. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല. 2. തൻ ചി. 3. ർത്തു നിന്നാൻ ഖിന്നാം ഭീമാ. 4. ന്നയ്യോ നാ. 5. ടും കൊടു. 6. ദ്ധ്യേ വിരളു. 7. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ 'ജ്യോൽസ്നാ'ത്യാദി പദ്യം കഴിഞ്ഞയുടൻ കാണുന്നു.

അസ്യാ വൃത്താന്തവും വാക്കുകളുമുടനശേ—
ഷം ധരിച്ചിട്ട വേണം
പ്രത്യക്ഷം ചെല്ലുവാനെന്നൊരു തരുവിടപാ-
ന്തേ മറഞ്ഞങ്ങിരുന്നോൻ. 104

കവിവചനം:

ജ്യോൽസ്നാം വിനാപി വിലസേന്നിശി ശീതഭാനുഃ
ഛായാം വിനാപി നിവസേദ്ദിവസേശ്വരോഽപി
ഏനാം വിനാ രഘുപതിഃ പരിഗൃഹ്യ ധൈര്യം
സപ്രാണ ഏവ വസതീതി വിചിത്രമേതത്. 105

കപടസ്ത്രീകളായ രാക്ഷസികൾ ഉറങ്ങിയപ്പോൾ ദുഃഖിതയായ സീത വിലപിച്ചുതുടങ്ങിയതായി പ്രസ്താവിക്കുന്നു:

[1]അഹിതാസ്വഥ രാക്ഷസീഷു നിദ്രാ—
വിഹതാസു വ്യസനാർണ്ണവേ ലുഠന്തീ
സഹസാ വിലലാപ സാ വിലോലാ
മഹിളാമൗലിമഹാർഘരത്നമാലാ. 106

പദ്യം 104. ശ്രദ്ധാം—പരിശ്രദ്ധയായ. അക്ക.....യെ—ആ കല സ്ത്രീരത്നത്തെ. മനസാ—മനസ്സുകൊണ്ട്. നിസ്സ.....ശം—വലുതായ സന്തോഷപ്പുഴയിൽ നീന്തിത്തളർന്ന. വായുജന്മാ—ഹനുമാൻ. തദാനീം—അപ്പോൾ. അസ്യാഃ—ഇവളുടെ. വൃത്താന്തം—പ്രവൃത്തി. പ്രത്യക്ഷം—നേരെ. എന്നു—എന്നു വിചാരിച്ച്. തരു....ന്തേ—മരക്കൊമ്പിന്നിടയിൽ.

പദ്യം 105. ജ്യോത്സ്നാ വിനാ അപി—നിലാവ് ഇല്ലാതെയും. ശീതഭാനുഃ—ചന്ദ്രൻ. നിശി—രാത്രിയിൽ. വിലസേത്—ശോഭിക്കും. ഛായാം വിനാ അപി—നിഴൽ ഇല്ലാതെയും. ദിവസേശ്വരഃ അപി—സൂര്യനും. നിവസേത്—വസിക്കും. ഏനാം വിനാ—ഇവൾ (സീത) ഇല്ലാതെ. രഘുപതിഃ—ശ്രീരാമൻ. ധൈര്യം പരിഗൃഹ്യ—ധൈര്യത്തോടുകൂടി. സപ്രാണഃ ഏവ—പ്രാണനോടുകൂടിയവനായിത്തന്നെ. വസതി—വസിക്കുന്നു. ഇതി ഏതത് വിചിത്രം—എന്നുള്ളതു് ആശ്ചര്യമാകുന്നു.

പദ്യം 106. അഥ—പിന്നെ. അഹിതാസു—വിരോധിനികളായ. രാക്ഷസീഷു—രാക്ഷസസ്ത്രീകൾ. നിദ്രാ .. സു—ഉറങ്ങുമ്പോൾ. വ്യസന.... വേ—ദുഃഖസമുദ്രത്തിൽ. ലുഠന്തീ—ഉഴലുന്നവളായി. വിലോലാ—വ്യാകുലയായ. മഹി ...ലാ സാ—സ്ത്രീരത്നമായ സീത. സഹസാ—പെട്ടെന്നു്. വിലലാപ—വിലപിച്ചു.

---

1. ഈ പദ്യംമുതല്ലു പ്രബന്ധാവസാനംവരെയുള്ള ഭാഗം ചില ഗ്രന്ഥങ്ങളിൽ ഇല്ല. അതിനുപകരമായി താഴെ കൊടുത്തിരിക്കുന്ന ഗദ്യത്തോടുകൂടി പ്രബന്ധം അവസാനിക്കുന്നു.

ഗദ്യം: അഥ താമവാലോകയദശോകവനികാകല്പവല്ലീം, അതി ദുർവിഷഹവിരഹക്ലേശക്രശീയസീം, അവനിതലപരിലുഠനപങ്കില മംഗലാംഗലതികാം രഘുപുംഗവകരനഖാങ്കുരവിഹാരചമത്ക്രിയാ വിഹീനയാ ധരണിതലസതതപരിവർത്തനപാംസുലയാ പരിപ

സീതയുടെ വിലാപം:

''അയ്യോ! കണ്ടീലയോ താൻ വഴിയിൽ മനുകുലോ—
ത്തംസനെപ്പക്ഷിരാജൻ?
പൊയ്യല്ലായും കൃപാസാഗരമവനറിയി—
ച്ചീലയോ താൻ വിശേഷം?

പദ്യം 107. മനു .....ൻ—മനുകുലശ്രേഷ്ഠൻ. പക്ഷിരാജൻ—പക്ഷി ശ്രേഷ്ഠൻ. കൃപാസാഗരം—കരുണാനിധി. ആര്യപുത്രൻ—പൂജ്യനായ

തിതതരുപലാശപടലജടിലയാ രുചിവിജിതയുനാവേണ്യാ വേണ്യാ പരിമ്ലാനപരാജി തനീലോത്പലമാലാം അകൃകരചനാശ്രുന്യേനാപി തിലകാഭോഖിന്നേനാപി പാംസുല ഘർമാംബുധാരാജടാലേനാപി നിടാലേനാ പ്രത്യാഖ്യാതബാലചന്ദ്രാം പുരഥനനിടി ലതലനഹോതി പാതതാപിതകന്ദർപ്പകാർമുകസൗന്ദര്യസോദര്യാ വനഗിഖിഭയപലായ മാന ബാലകാകോദരവൈരാകരനീലിമാകാരയാ കപിതഹലധരഹലാ കർഷണക്രുന്നിത കളിന്ദതനയാ ബാലകല്പോലയാ വിരഹവേദനാനുഭവപാരതന്ത്ര്യവിസ്മൃതവിക്രമയാ നി ശിചരകുലാധമനിരീക്ഷണഭീതിനിത്യാ ലസയാ ദീനദീനയാഭൂലതയാ നാടിതചാരിത്ര കൃത്യമാധുര്യാം, അവിരത വിഷാദരോദശോണകോണാഭ്യാം അഭിരാമരാമഭദ്രമുശ്ലസ്മിത സ്മരണവിസ്മൃതസ്മേരതാരകാക്രാന്തനാസാകണ്ണപഥാഭ്യാം, ഹൃദയസഹൃദയാഭ്യാം അവിരളസ്സബന്ധപക്ഷ്മസംകുലാഭ്യാം അക്ഷിപക്ഷ്മാഭ്യാം ധാരാപ്രസ്യന്ദബാഷ്പപാണ ജംബാളിതപര്യന്ത ഭ്രോഗാം, ചിരന്തനജരജരവല്ലുലദ്ധുല സംവീതേനകശലഫലക ശമേഖലാകലാപപ്രവലനിവിബന്ധബന്ധുരേണ സാങ്കേന നിർമ്മിതധാര്യമാണകോർ പ്പരകന്ദേ സുലലിതോത്തരാനിതപ്രകോഷ്ഠബാണാഗ്രേ വാമപാണിപങ്കജേ സതതസംഭരി തബാഷ്പശീകുനിഷ്യന്ദേ അർദ്ധഗ്രഥിതലംബമാനകണ്ണപാശോപാന്തമുക്തഫലായമാന ബാഷ്പോദബിന്ദും അന്തരവലോകിതരാമചന്ദ്രപരിരംഭസംഭൃതപുളകാരംഭാം കപോല സ്ഥലീം നിക്ഷിപന്തീം ഇതരഗന്ധഭിത്തിവിവലമാനദക്ഷിണകണ്ണപാശാ ദശമുഖപക്ഷ പാത വാചാലാസു സരഭസോത്ക്ഷിപ്തഖഡ്ഗ ചർമ്മദർമ്മദാസു സതതാട്ടഹാസദുഷ്ടം ഷ്ടാളണാളാസുശ്ലാഘതർജനധുരീണാസു ..രയി സുമുഖി! വൈദേഹി! മാ ബധാന ത്രി ദിവണികവാടാഗ്രളാം പാതിവ്രത്യമുദ്രാം, ജഹിഹി സന്താപം, ജഹിഹി മാനം, ജഹി ഹി മനുഷ്യപക്ഷപാതം, ജഹിഹി മാലിന്യം, അനുഗ്രഹാണ മന്ഥരം, പ്രതിഗൃഹ്ണീ ഷ്വ നക്തഞ്ചരസാർവഭൗമം, അംഗരാഗമംഗീകുരു, ഭ്രഷയസഭ്രഷണാനി, വസാന പ ട്ടവസനാനി, വീജയ താലവൃന്താനി, സമുത്ക്ഷേപയ മൗക്തികച്ഛത്രാണി, കിം ബഹു നാ? ത്രൈലോക്യലക്ഷ്മീർഭ്രയാ:. നോ ചേത് താഡയത പീഡയത ദാരയത മാരയത ഇത്യാദി പ്രലാപിനീഷു പരിരക്ഷിരാക്ഷസസ്ത്രീഷു സരോക്ഷഭയസംഭ്രമസംഫുല്ലാപാംഗ പാതാം പ്രതീക്ഷണോത്സുകായമാണദീർഘലശ്വസിതാപാതപരിമ്ലാനദന്താംബരപ്രോഷിതഹസ ഹാസാം, ദക്ഷിണകരാംബുജേന ഗളതലവിലംബിനീം മംഗല്യസൂത്രമണിമയീം മനുകുലവതംസപുരുഷായുഷപഞ്ജികാം മദ്ധ്യേ മദ്ധ്യേ മന്ദം മന്ദം പരാമൃശതീം ത്രിജടാവചഃശ്രവണേ കുതുകോത്തരളകർണ്ണപഥാം വിനയതരുവിഭ്രമമഞ്ജരീം ന്യായമണി മരീചിമാലാം തപഃകൃശാനുമുഖ്യജ്വാലാം ഉരരീകൃതകേസരികുഹരകരരീസധർമ്മണീം അദ്ഭു തേനാ—

കൈയ്ക്കെന്നാര്യപുത്രന്നിവിടെ വരുവതി—
ന്നേതു വൈകുന്നതുദ്യ—
ന്മര്യാദാം മാം മറന്നോ? കനിവിനെയുമവൻ
പങ്ക്തികണ്ഠൻ കവന്നോ? 107

ഹാ! ഹാ! ലോകൈകഭ്രഷ്ടാമണ്ണികയം മനുകുല—
ക്ഷോണിപന്മാർ കിരീട—
പ്രാകാശ്യം കൈവളപ്പാൻ തിരുമുടിയിലണി—
ഞ്ഞോരു മാണിക്യദാമൻ!
നീ കേയം, നീയായ നീലാംബുദവരവു കൊതി—
ക്കുന്ന ഞാനാം ബകോടീ
മാഹാത്മ്യത്തിന്നു പോരാ തവ നിജഗൃഹിണീ—
മാര്യപുത്രൻ മറന്നാൽ. 108

എന്തിന്തോ! നീ മയൂഖാൻ വപുഷി ചുടെചുടെ—
ക്കോരിയൂക്കുന്നതയ്യോ!
ഹന്തും മാമാര്യപുത്രൻ വദനസുഷമയാ
വെന്നതോ നിൻപ്രകോപം?
ചിന്തും കല്പാഗ്നിയെക്കാം കൊടുതിഹ തരമൊ—
ത്തൊന്നിവററിന്നു മുറും
പങ്ക്തിഗ്രീവൻ പറഞ്ഞീടിന കടുവചന—
പ്രൗഢിയേ കണ്ടതുള്ളൂ. 109

രാമൻ. ഉദ്യ....ദാം മാം—മര്യാദയോടുകൂടിയ എന്നെ. പങ്ക്തികണ്ഠൻ—രാവണൻ.

പദ്യം 108. ലോകൈ....കയം—ലോകത്തിനു ശ്രേഷ്ഠമായ അലങ്കാരമായുള്ളവർ. മനു ...ന്മാർ—മനുവംശത്തിലെ രാജാക്കന്മാർ. കിരീ....ദ്യ—മകുടത്തിന്റെ ശോഭ. മാണിക്യദാമ—മാണിക്യമാല. നീലാംബുദം—കറുത്ത മേഘം. ബകോടീ—പെൺകൊക്ക്. തവ—നിന്റെ. നിജഗൃഹിണി—തന്റെ പത്നി. ആര്യപുത്രൻ—ശ്രീരാമൻ.

പദ്യം 109. ഇന്തോ—അല്ലയോ ചന്ദ്ര. മയൂഖാൻ—കിരണങ്ങളെ. വപുഷി—ദേഹത്തിൽ. മാം—എന്നെ. ഹന്തും—കൊല്ലാൻ. വദന സുഷമയാ—മുഖകാന്തിയാൽ. പ്രകോപം—അധികകോപം. കല്പാഗ്നി—പ്രലയകാലത്തിലെ വഹ്നി. ഇഹ—ഇവിടെ. പങ്ക്തിഗ്രീവൻ—രാവണൻ. കടു....ഢി—പരുഷമായ വാക്കിന്റെ ശക്തി.

ദേഹ്യാം അനുപപ്ലുതാമകാരേണ, ചാപലേനാസ്പൃഷ്ടാം, അപ്രംബിതാം കോപേന ദുരീകൃതാമസത്യേന, കവചവതീം ധൈര്യേണ, ശാപേനശസ്രുവതീം ത്രിഭുവനസാദ്ധ്വീനിർമാണഭൂമികാം ത്രിജഗദംകാരദിവ്യൗഷധിം ജനകദശരഥവംശവരേണ്യകേത്രമാലാം, പ്രതിക്ഷണവിജൃംഭമാണകാന്തിസ്ഫീതാം സീതാം.

മുല്ലേ! നീ കൊല്ലുവാനോ മുകളയസി ദശ—
ഗ്രീവദംഷ്ടാഗ്രഭീമം
ഫുല്ലം പൂമൊട്ടകണ്ടെൻമനമഗതി ഭയ—
പ്പെട്ടതിന്നറമുണ്ടോ?
അല്ലേ തീയിട്ടിടുന്നു ചെവിയിൽ നിശിചര—
സ്ത്രൈണഘോരാട്ടഹാസാൻ
വെല്ലുന്നാടോപമീടേറിന മധുമദശ്രീം—
ഗാരി ഭൃംഗീനിനാദം. 110

കൈയേറും പരിതാപമഗ്നഹൃദയാം
മാമൊന്നു നോക്കാതതെ—
ന്തയ്യോ! പാപമരുന്ധതീ ഭഗവതീ
പാപാനി സംരുന്ധതീ
പര്യാപ്തോദയമേ തവദീക്ഷണഫലോ—
ല്ലാസഃത്തയും ഞാനിനി—
പ്പൊയ്യാക്കീടുവനിന്നിയൊട്ട കൊതിയീ—
ല്ലെന്നുള്ളിലേ ജീവനം.'' 111

സീത വിലാപം കഴിഞ്ഞു കണ്ണു് അടയ്ക്കുന്നു:

മോഹമാന്നിതി വിലാപിനീ തദാ
രാഘവസ്യ മഹിതാ കുടുംബിനീ
ദേഹമാത്മദഹനേ ജുഹ്വതീ
യോഗിനീവ നിമിമീലലോചനേ. 112

പദ്യം 110. മുകുളയസി—മൊട്ടിടുന്നു. ദശ....മം—രാവണന്റെ തേറ്റപ്പല്ലിന്റെ അറ്റംപോലെ ഭയങ്കരമാംവണ്ണം. ഫുല്ലം—വിടർന്ന. അഗതി—ഗതിയില്ലാത്തതു്. നിശി . സാൻ—രാക്ഷസസ്ത്രീകളുടെ ഭയങ്കരമായ ഗർജ്ജനങ്ങളെ. ആടോപം—പ്രതാപം. മധു....രീ—തേൻ കുടിച്ചതിന്റെ മദത്താൽ ശൃംഗാരത്തോടുകൂടിയ. ഭൃംഗീനിനാദം—പെൺവണ്ടുകളുടെ മുഴക്കം.

പദ്യം 111. പരി....യാം—സങ്കടപ്പെടുന്നവളായ. മാം—എന്നെ. ഭഗവതീ—ഭഗവതിയായ. അരുന്ധതീ—വസിഷ്ഠഭാര്യ. പാപാനി സംരുന്ധതീ—പാപങ്ങളെ തടയുന്നവളായി. പര്യാപ്തോദയം—പര്യാപ്തമായ ഉദയത്തോടുകൂടിയവണ്ണം തവദീ....സത്തെയും—നിന്റെ ദർശനത്തിന്റെ ഫലമായ സന്തോഷത്തെയും.

പദ്യം 112. മോഹമാന്നു—മോഹത്തോടുകൂടി. ഇതി—ഇവ്വണ്ണം. വിലാപിനീ—വിലപിക്കുന്നവളായി. തദാ—അപ്പോൾ. മഹിതാ—ശ്രേഷ്ഠയായ. രാഘവസ്യ കുടുംബിനീ—രാമപത്നിയായ സീത. ദേഹം—ശരീരത്തെ. ആത്മദഹനേ—ആത്മാവാകുന്ന തീയിൽ. ജുഹ്വതീ—ഹോമിക്കുവാൻ ആഗ്രഹിക്കുന്നവളായി. യോഗിനീ ഇവ—യോഗിനി എന്നപോലെ. ലോചനേ നിമിമീല—കണ്ണുകളെ അടച്ചു.

അപ്പോഴം വൃക്ഷത്തിൽ നിന്നുണ്ടായ ഹിതവചനം കേട്ട് അവൾ അല്പം പ്രസന്നയാകുന്നു:

''ബാലേ! നീ ഖേദിയാതേ വരുമിഹ വിരവിൽ
കാന്ത''നെന്നാശു ചൊല്ലും—
പോലേ ചെറൊന്നിടത്തേത്തിരുനയനമിള—
ക്കം കലർന്നു തദീയം
മേലേ തസ്യാസ്തദാനീം തരുവരവിടപാൽ
ഭാരതീ കാപി കണ്ണേ
പാലോലുംമാറു കേൾക്കായിതു ''ജയതു നമഃ
സ്വാമിനീ''തി പ്രസന്നാ. 113

ഉടൻ ഹനുമാൻ സീതയുടെ മുമ്പിൽ പ്രത്യക്ഷനായി താൻ ശ്രീരാമദൂതനായി വന്നിരിക്കുന്ന വൃത്താന്തം പറഞ്ഞു കേൾപ്പിക്കുന്നു:

എന്തിക്കേൾക്കായതയ്യാ! സരസവചനമോ
ചെറിതാർപോലിവണ്ണം
ചിന്തിച്ചുമാനിനീമഞ്ചരി മിഴിയുഗമുന്മീ—
ല്യ നോക്കും ദശായാം
ചന്തത്തിൽച്ചെന്നിറങ്ങിത്തൊഴുതു തൊഴുതു ദൂ—
രത്തു നിന്നക്കലസ്വീ—
വൃന്ദത്തിൻ മൗലിഭ്രഷാമണിയൊടു തിരുവു—
ള്ളത്തിലേറിനീ ഹനുമാൻ. 114

''ശ്രീരാമാഖ്യപ്രധാനം കനകവിടപിനം
പോയ്പിണഞ്ഞാത്മകാന്ത്യാ
പാരിരേഴിൻ പവിത്രീകരണപടുത കൈ—
ക്കൊണ്ട സന്താനവല്ലീ,
ചാരിത്രോദാരദൗവാരികപരിവൃഢന—
ക്കൈത്തലംകൊണ്ടിളക്കും
ചൂരക്കോൽ മുന്നിലാക്കും ഗുണഗണമഹിതാ
ജാനകീ വെല്ലുതാക! 115

പദ്യം 113. ഖേദിയാതേ—ദുഃഖിക്കേണ്ട. ഇഹ—ഇവിടെ. കാന്തൻ—പ്രിയൻ. ആശു—വേഗത്തിൽ. തദീയം—അവളുടെ. തിരുനയനം—തുക്കണ്ണ്. തസ്യാഃ—അവളുടെ. തദാനീം—അപ്പോഴം. തരു....പാൽ—വൃക്ഷക്കൊമ്പിൽനിന്നു. പ്രസന്നാ കാപി ഭാരതീ—തെളിവായ ഒരു വചനം. കണ്ണേ—ചെവിയിൽ. സ്വാമിനീ—സ്വാമിനി. ജയതു—ജയിച്ചാലും. നമഃ—നമസ്കാരം. ഇതി—എന്നു.

പദ്യം 114. സരസവചനം—അഭിമതമായ വാക്കു. മാനി....രി—സീത. മിഴിയുഗം—രണ്ടു മിഴിയേയും. ഉന്മീല്യ—വിടത്തീട്ട്. നോക്കും ദശായാം—നോക്കുമ്പോഴം. കല... ണി—സീത.

പദ്യം 115. ശ്രീരാ....നം—ശ്രീരാമനെന്ന ഉത്തമമായ. കന ...നം

രാമസ്യ ദൂതോഽസ്മി നമോ നമസ്തേ
വൈമത്യമെന്തെന്നു വിദേഹകന്യേ!
മാ മാ മദീയം തിരുവുള്ളമോത്താൽ
സൗമിത്രിയും ഞാനുമഭേദമല്ലോ. 116

തിങ്ങുന്നു ജന്മനാ തേ ശിവ ശിവ! ജനകേ—
ന്ദ്രന്നു മാഹാത്മ്യ, മാദാ—
വംഗൈസ്തേ സംഗമംകൊണ്ടുദയതി ഭുവന—
ശ്ലാഘ്യതാ രാഘവന്നും;
ഗംഗാസംസർഗ്ഗമേല്പാ മഹിമ ഹിമവതോ
ഗോത്രരാജ,ന്നത്രേ
മംഗല്യം കൈവളുത്തുന്നതുമനുദിവസം
വൻപെഴുന്നംബുരാശേ.'' 117

ഹനുമാന്റെ വാക്കു കേട്ട സീത കുതൂഹലചിത്തയായി ഹനുമാനോടു പറയുന്നതായി പ്രസ്താവിക്കുന്നു:

നിശമ്യ തദ്വാക്യമഥാത്മനാഥ—
പ്രശംസയാ ചേതസി കൗതുകാർദ്രാ
വചോ ബഭാഷേ വിരിയുന്ന പൊന്നി—
കുശേശയാന്തർദളലോലനേത്രാ. 118

—തങ്കമുഖത്തെ. ആത്മകാന്ത്യാ—തന്റെ ശോഭയാൽ. പവി....ത—ശ്രുതി മാക്കുവാനുള്ള സാമർത്ഥ്യം. വല്ലി—വള്ളി. ചാരി....ഡൻ—പാതിവ്രത്യ മാകുന്ന വലിയ നടയിൽത്തവണക്കാരൻ. ഗുണ....താ—സദ്ഗുണങ്ങളാൽ ശ്രേഷ്ഠയായ.

പദ്യം 116. രാമസ്യ ദൂതഃ അസ്മി—ഞാൻ ശ്രീരാമന്റെ ദൂതനാകുന്നു. നമഃ നമഃ തേ—നിനക്കായി വന്ദനം. വിദേ....ന്യേ—അല്ലയോ സീതാദേവി വൈമത്യം മാ മാ—എന്റെ അടുക്കൽ അവിശ്വാസം വേണ്ട. മദീയം—എന്റെ. സൗമിത്രി—ലക്ഷ്മണൻ. അഭേദം—ഭേദമില്ലായ്മ.

പദ്യം 117. തേ ജന്മനാ—നിന്റെ ജനനത്താൽ. മാഹാത്മ്യ—മേന്മ. ആദൗ—ആദ്യം. തേ—നിന്റെ. അംഗൈഃ—അവയവങ്ങളോടുള്ള. സംഗമം ചേച്ച്. രാഘവൻ—രാമൻ. ഭുവ....താ—ലോകത്തിൽ മഹത്ത്വം. ഉദയതി ഉദിക്കുന്നു. ഗംഗാ....ശ്ലം—ഗംഗാനദിയുടെ ചേച്ച്. ഹിമവതഃ ഗോത്രരാജന്നു—ഹിമവാൻ എന്ന പർവതശ്രേഷ്ഠന്നു. മഹിമ—മഹത്ത്വം. അനുദിവസം—എന്നും. അംബുരാശേഃ—കടലിനു. മംഗല്യം—സൗഭാഗ്യം.

പദ്യം 118. തദ്വാക്യം—ഹനുമാന്റെ വചനത്തെ. നിശമ്യ—കേട്ടിട്ടു. അഥ—പിന്നെ. ആത്മ....യാ—തന്റെ ഭർത്താവിനെ സ്തുതിക്കുന്നതുകൊണ്ടു. കൗതുകാർദ്രാ—കുതൂഹലത്തോടു കൂടിയവളായി. കുശേ....ത്രാ—താമരയുടെ അകത്തെ ദളംപോലെയുള്ള കണ്ണിനെ ഇളക്കുന്നവളായി. വചഃ ബഭാഷേ—പറഞ്ഞു.

സീതാവചനം;

''കേട്ടാലുണ്ടൊരു സമ്മതം തവ ഗിരാം
നക്തഞ്ചരൻ മായയാ
കാട്ടും ഗോഷ്പീയിതെന്നു സംപ്രതി നടേ
തോന്നീ മറഞ്ഞീടിനേൻ
ക്ലൃപ്തിയില്ലേതുമിതിന്നു ദുർജ്ജനഗിരാം
മാധുര്യമേവം വരാ
ദൗഷ്ട്യാത് പാഴ്വിഷമെന്നിയേ ഫണിമുഖാത്
പീയൂഷമുണ്ടാവതോ? 119

കേവംകട്ടേ പരമാർത്ഥമെങ്കിലെവിടേ
നിൻവീടു പേരെന്തു നീ
ഭാഗ്യപ്രാചുര്യ ചേർന്നിതാർക്കു തനയ—
ത്വം പൂണ്ടു പുണ്യാംബുധേ!
ആഖ്യാഹി ദ്രുതമാര്യപുത്രനു മുദാ
മാർത്താണ്ഡവംശശ്രിയാ
വാഴ്ക്കും മണ്ഡനരത്നമുണ്ടെവിടെനി-
ന്നെന്നീ ഗുണാലംബമേ!'' 120

സീതാവചനം കേട്ട ഹനുമാൻ മറുപടി പായുന്നതായി പ്രസ്താവിക്കുന്നു:

വിനീതിശാലീ നിശമയ്യ വാണീം
ദിനേശവംശധ്വജവൈജയന്ത്യാഃ
മനീഷിതാം വാചമുവാച മൗലൗ
പുനർനിബദ്ധാഞ്ജലിരാഞ്ജനേയഃ. 121

പദ്യം 119. തവ ഗിരാം—നിന്റെ വാക്കുകൾക്കു്. നക്തഞ്ചരൻ—രാക്ഷസൻ. മായയാ—മായകൊണ്ടു്. ഗോഷ്പീ—വികൃതി. ഇതു്—ഈ നിന്റെ വാക്കു്. സംപ്രതി—ഇപ്പോഴേ. ദുർജ....രാം—ദുഷ്ടന്മാരുടെ വാക്കുകൾക്കു്. മാധുര്യം—പ്രീതിപ്പെടുത്തൽ: ഏവം—ഇവ്വണ്ണം. ദൗഷ്ട്യാത്—ദുഷ്ടതനിമിത്തം. ഫണിമുഖാത്—സർപ്പത്തിന്റെ വായിൽ നിന്നു്. പീയൂഷം—അമൃതം.

പദ്യം 120. പരമാർത്ഥം—സത്യം. ഭാഗ്യപ്രാചുര്യം—ഭാഗ്യത്തിന്റെ ആധിക്യം. തനയത്വം—പുത്രഭാവം. പുണ്യാംബുധേ—പുണ്യനിധിയായുള്ളോവേ. ഗുണാലംബമേ—ഗുണങ്ങൾക്കു് ആശ്രയമായുള്ളോവേ. ദ്രുതം ആഖ്യാ ഹി—വേഗം പറഞ്ഞാലും. ആര്യപുത്രനു്—ശ്രീരാമനു്. മുദാ—സന്തോഷത്തോടെ. മാർത്താ....യാ—സൂര്യവംശത്തിലെ ലക്ഷ്മിയോടു്. മണ്ഡ....നം—അലങ്കാരമായ രത്നം. 'നിന്റെ വീടെവിടെ, പേരെന്തു്, നീ ആരുടെ മകൻ, ശ്രീരാമൻ എവിടെ, എവിടെനിന്നു വരുന്നു' എന്നെല്ലാം ഹനുമാനോടു സീത ചോദിച്ചു എന്നർത്ഥം.

പദ്യം 121. വിനീ... ശാലീ—വണക്കത്തോടുകൂടിയവനായ. ആഞ്ജനേയഃ—ഹനുമാൻ. ദിനേ....ന്ത്യാഃ—സൂര്യവംശധ്വജത്തിന്റെ കൊടി

സീതാവചനത്തിനു് ഉത്തരമായി ഹനുമാൻ ബാലി, സുഗ്രീവന്മാരുടെ വൃത്താന്തത്തോടുകൂടി തന്റെ വൃത്താന്തവും ശ്രീരാമനു് ഉണ്ടായ സുഗ്രീവസഖ്യവും താൻ ലങ്കയിൽ വരാൻ കാരണമായതും ശ്രീരാമന്റെ തത്കാലാവസ്ഥയും മേന്മയും അരുളപ്പാടും എല്ലാം സീതയെ പറഞ്ഞു കേൾപ്പിക്കുന്നു:

''കിഷ്കിന്ധാനാമധേയാ ജയതി സുമഹതീ
മാദൃശാം വാനരാണാ—
മക്ഷോഭ്യാ വാസവഭ്രമിഃ സ കപിപരിവൃഢഃ
ശാസ്തി യാമസ്തവൈരീ
സുഗ്രീവോ ബാലിനോ യോന ƒ വരമവരജ—
സ്തസ്യ ഭൃത്യോ ƒ സ്മി പുത്രോ
വിഖ്യാതസ്യൈവ വായോരയി ജനകസുതേ!
സോസ്മി നാമ്നാ ഹനുമാൻ. 122

തസ്യാം കിഷ്കിന്ധയെന്നും നഗരിയിലുളനാ—
യീ പുരാ ബാലിയെന്നും
മെത്തീടും കീർത്തി കായ്ക്കുണ്ടൊരു കപിപെരുമാ—
ളാത്മജോ വജ്രപാണേഃ
എത്തുന്നേരം പിടിച്ചുദ്ദശവദനമഹാ—
രാക്ഷസക്കമ്മനേ ചേ—
ലെത്തും വാൽമേൽ പിണച്ചായിരമുരു തൊഴുവി-
ച്ചോരു ശൗര്യോഷ്മരാശിഃ. 123

ക്കുറയായ സീതയുടെ. വാണീം നിശമ്യ—വാക്കിനെ കേട്ടിട്ടു്. പുനഃ—വീണ്ടും. മൗലൗ—ശിരസ്സിൽ. നിബ....ലിഃ—കൈകൂപ്പിയവനായി. മനീ....താം വാചം ഉവാച—(സീതയ്ക്കു്) അഭിലഷിതമായ വാക്കിനെ പറഞ്ഞു.

പദ്യം 122. അയി ജന .. തേ—അല്ലയോ സീതേ. മാദൃശാം വാരാണാം—എന്നെപ്പോലെയുള്ള വാനരന്മാർക്കു്. അക്ഷോ... മിഃ—അധൃഷ്യമായ വാസസ്ഥാനമായി. സുമഹതീ—വലുതായ. കിഷ്കി....യാ—കിഷ്കിന്ധ എന്ന പേരായ നഗരി. ജയതി—ജയിക്കുന്നു. യാം—യാതൊന്നിനെ. അസ്തവൈരീ—നഷ്ടശത്രുവായ. ബാലിനഃ അവരജഃ—ബാലിയുടെ അനുജനായ. കപി....ഢഃ സഃ—വാനരശ്രേഷ്ഠനായ ആ. സുഗ്രീവഃ—സുഗ്രീവൻ. അനവരം—കുറവു കൂടാതെ. ശാസ്തി—ഭരിക്കുന്നു. വിഖ്യാതസ്യ—പ്രസിദ്ധനായ. തസ്യ—അവന്റെ. ഭൃത്യഃ അസ്മി—കിങ്കരനാകുന്നു. വായോഃ ഏവ പുത്രഃ—വായുവിന്റെതന്നെ പുത്രനായ. സഃ (അഹം)—ആ ഞാൻ. നാമ്നാ ഹനുമാൻ അസ്മി—പേരുകൊണ്ടു ഹനുമാനാകുന്നു.

പദ്യം 123. തസ്യാം കി....യിൽ—ആ കിഷ്കിന്ധാനഗരിയിൽ. പുരാ—പണ്ടു്. കീർത്തി—യശസ്സു്. കപിപെരുമാൾ—വാനരരാജാവു്. വജ്രപാണേഃ ആത്മജഃ—ഇന്ദ്രപുത്രനായി. ദശ....സൻ—രാവണനാകുന്ന വലിയ രാക്ഷസൻ. ശൗര്യോഷ്മരാശിഃ—പ്രതാപത്തിന്നിരിപ്പിടം. ബാലിവിശേഷണം.

സോഽയം വീരോ നിജഭ്രാതരമപി ബലവാൻ
നാട്ടിൽനിന്നാട്ടി നീളെ—
പ്പായിച്ചമ്മാല്യവാൻമൗലിയിൽ നിഭൃതമൊളി—
ച്ചങ്ങിരുന്നാൻ ചിരം നാം
ഞായംകൊണ്ടല്ലതാനും; പുനരതിബലമു—
ള്ളോർ തുടങ്ങുന്നതിന്നാർ
ഭൂയോ മേൽക്കോവിൽ? കാലക്രമ പരിണതി കൊ—
ണ്ടീശ്വരൻ കാൺകിലാകാം. 124

സുഗ്രീവോ മൗല്യവാന്മേൽ നിവസതി പരിച—
ര്യാപരോ ഞാനുമുണ്ട—
ങ്ങഗ്രേ, ഞായം നിജസ്വാമികളെയനുസരി—
ക്കേണമാജ്ഞാകരന്മാർ
ഇക്കൺകൊണ്ടന്നു കണ്ടു രഘുവരനെ നടേ
സാനുജം കണ്ടനേര—
ത്തുംകാമ്പിൽ പോന്നു വേത്രുന്നിന പരമസുഖോ—
ന്മേഷമിന്നും പുലമ്പും. 125

സന്ധ്യാമേഘാൻ നഖംകൊണ്ടിടയിൽ നനുനനെ—
ക്കീറി നീളത്തിൽ മേളം
ചിന്തും കേളീശലാകാവലയമിടനിര
ന്നോന്നു കോടീരഭോരം
വന്ദ്യാ തൂനെറ്റിയെന്നും വിമലമണിയര—
ങ്ങത്തുനിന്നിത്രിലോകീ—
സന്ത്രാണക്കൂത്തു നിത്യം നടതി പുരികമാം
നത്തകീ രാഘവേന്ദോഃ. 126

പദ്യം 124. സഃ അയം വീരഃ—അവ്വണ്ണമുള്ള ഈ വീരൻ (ബാലി). ബലവാൻ—ബലമുള്ളവൻ. നിജ ...രം അപി—തന്റെ സോദരനെയും. മാല്യ ...യിൽ—മാല്യവാൻ എന്ന പർവതത്തിന്റെ മുകളിൽ. നിഭൃതം—നിശ്ശബ്ദമായി. ചിരം നാം—വളരെ ദിവസം. പുനഃ—പിന്നെ. ഭൂയഃ—വീണ്ടും. കാല....തി—കാലക്രമംകൊണ്ടുള്ള മാറ്റം.

പദ്യം 125. സുഗ്രീവഃ—സുഗ്രീവൻ. നിവസതി—വസിക്കുന്നു. പരി....രഃ—സേവാപരനായ. അഗ്രേ—മുമ്പിൽ. ആജ്ഞാ .. ന്മാർ—കിങ്കരന്മാർ. നിജ....സ്വാമി—അവരവരുടെ യജമാനൻ. സാനുജം—അനുജനായ ലക്ഷ്മണനോടുകൂടിയ. പര....ഷം—പരമാനന്ദാനുഭവം.

പദ്യം 126. സന്ധ്യാമേഘാൻ—സന്ധ്യാകാലത്തിലെ മേഘങ്ങളെ. കേളീ....യം—കളിക്കുവാനുള്ള ചെറിയ കമ്പിവളയം. കോടീരഭോരം—മുടിക്കെട്ട്. വന്ദ്യാ—വന്ദിക്കുവാൻ യോഗ്യയായതു്. തൂനെ ...ങ്ങത്തു്—ശ്രദ്ധമായ നെറ്റിത്തടമാകുന്ന മണിമയമായ അരങ്ങത്തു്. ത്രിലോ....ണം—മൂന്നുലോകത്തിന്റെയും രക്ഷ. രാഘവേന്ദോഃ—രാമചന്ദ്രന്റെ. നത്തകീ—നടി. നിത്യം നടതി—എപ്പോഴും ആടുന്നു.

ശോഭാസവ്വസപാത്രം തിരുമിഴിയുഗളം
കാൺകിൽ നാരായണൻതൻ—
നാഭീപങ്കേരുഹത്തിന്നകമിതളകമേ
ചൊറു കൊണ്ടാട്ടമല്ലോ
ആപൂർണ്ണം ചന്ദ്രബിംബം മറവു കളകിലൊ—
ട്ടൊന്നിനൊന്നായി വക്ത്ര—
ശ്രീപോലേ, മാധുരീണാം മണിഗൃഹമരുള—
പ്പാട്ടമയ്യാ! തദീയം. 127

തുക്കൈ രണ്ടും വളന്നോരമരപുരമണി—
സ്തംഭഗംഭീരിമാണം
തിക്കുന്നു, കണുകാണ്ഡം വിഹൃതിമണിഗൃഹം
വൈഖരീസുന്ദരീണാം,
അഗ്രേ ശ്രീവത്സമെന്നും തിരുമറുവകല—
ന്നോന്ന വിസ്തീർണ്ണരമ്യം
വക്ഷോഭാഗം തദീയം, കൊടിനടുവു കൃശം
കോമളാവൂരുകാണ്ഡൗ. 128

ശ്രീപാദം ഭക്തിഭാജാം നയനസുകൃതസാ—
ഫല്യസർവസ്വലക്ഷ്മീ—
നൈപുണ്യം, വാഗ്ഭവല്ലേൻ മനുകുലമഹിമോ
ത്തംസകത്തിൻ ഗുണൗഘാൻ
നേർപോരാ പാരിലീരേഴിലുമൊരുവർ ഭവത്—
പ്രാണനാഥനു സാക്ഷാത്
വാർതേടീടുന്ന നാരായണനൊഴിയെ, വിദേ—
ഹേന്ദ്രസന്താനമാലേ! 129

പദ്യം 127. യുഗളം—ദ്വയം. ശോഭാ .. ത്രം—കാന്തിയെല്ലാമിരിപ്പിടം. നാരായണൻ—വിഷ്ണു. നാഭീ ...ഹം—പൊക്കിളിലെ താമര. വക്ത്രശ്രീ—മുഖശോഭ. തദീയം—അവന്റെതായ. മാധുരീണാം—മാധുര്യങ്ങൾക്ക്.

പദ്യം 128. അമര ...ണം—സ്വർഗ്ഗലോകത്തിലെ മണിമയങ്ങളായ ഗുണങ്ങളുടെ പ്രൗഢിയെ. കണുകാണ്ഡം—കഴുത്ത്. വൈഖ....ണാം-തൈഖരീരൂപമായ വാക്കാകുന്ന സുന്ദരിമാരുടെ. വിഹൃതി....ഹം—വിഹാരസ്ഥാനമായ മണിഭവനം. അഗ്രേ—മുമ്പിൽ. വിസ്തീർണ്ണരമ്യം—വിസ്താരമുള്ളതും മനോഹരവും. തദീയ—അദ്ദേഹത്തിന്റെ വക്ഷോഭാഗം—മാർവിടം. കൃശം—മെലിഞ്ഞത്. ഊരുകാണ്ഡൗ കോമളൗ—തുടകളും മനോഹരങ്ങൾ.

പദ്യം 129. ശ്രീപാദം—ഐശ്വര്യമുള്ള കാലു്. ഭക്തിഭാജാം—ഭക്തർക്ക്. നയന....നൈപുണ്യം—കണ്ണുകൊണ്ടു ചെയ്ത പുണ്യം സഫലമായതിന്റെ ലക്ഷ്മീസമൃദ്ധി. മനു....കത്തിൻ—ശ്രീരാമന്റെ. ഗുണൗഘാൻ—ഗുണങ്ങളെ. ഭവ....ത്നാ—ഭവതിയുടെ വല്ലഭനു്. സാക്ഷാത്—നേരിട്ടു്. വിദേ....ലേ—അല്ലയോ സീതേ.

ശിവ ശിവ! പറയാവതല്ല പോററീ!
തവ വിരഹേണ വിദേഹവീരകന്യേ!
അവശത പിണയുന്ന ദേവദേവം
ഭവി കരുതുന്നവനും വരും പ്രമാദം. 130

ഗദ്യം 9:

(ദണ്ഡകം)

അച്ചോ! തുടന്നവരുമംച്ചൂട പാഞ്ഞിടയിൽ
നിഃശ്വാസവേഗമിയലുന്ന,
അശ്രുജലകണവുമൊരുമിച്ചൊഴുകുമണിമിഴിയി—
ലുച്ചരതി ചില പൊഴതൊരോന്നേ;
അചിരപ്രഭാപടലരുചിരം പയോദനിര
സുചിരം നിരീക്ഷ്യ തളരുന്ന
അപശരണമനുജനൊട്ട പഴവഴികം പറയുമള—
വെരിപൊരിയിൽ മനമുരുകിടുന്ന;
സച്ചന്ദമാരുതനെ നിശ്ശങ്കിതം കിമപി
ദുശ്ശീലനെന്ന പറയുന്ന,
തച്ചരണതളിരൊഴിയെ നിശ്ചയമിതൊരു നിനവു
വിശ്വസിഹി നഹി നഹി മറന്ന;
തുണകെട്ട രാത്രികളിലിണ വേറിരുന്ന തുയിർ
പിണയുന്ന കോകതരുണാനാം
തുഹിനകരനുദയഗിരിമുകളിൽ വരുമളവു ദവ—
ദഹനനിതി മനസി കരുതുന്ന;
പശ്യൻ പയോരുഹമവശ്യം തദാസ്യമിതി
നിശ്ചിത്യ പോയ് പിടിപെടുന്ന;

പദ്യം 130. വിദേ.....ന്യേ—അല്ലയോ സീതേ. തവ—നിന്റെ. വിരഹേണ—വിടയാഗത്താൽ. അവശത—വശക്കേടു്. ദേവദേവം—ദേവന്മാക്കും ദേവനെ. ഭവി—ഭൂമിയിൽ. പ്രമാദം വരും—തെറ്റു പറ്റും.

ഗദ്യം 9. (ദണ്ഡകം) നിഃശ്വാസവേഗം-നെടുവീപ്പിന്റെ വേഗം. അശ്രു....ണം—കണ്ണുനീർത്തുള്ളി. ഉച്ചരതി—പറയുന്ന. അചി.....രം—മിന്നൽസമൂഹത്താൽ മനോഹരമായ. പയോദനിര—മേഘപങ്തി. സുചിരം—വളരെ നേരം. നിരീക്ഷ്യ—കണ്ടിട്ടു്. അപശരണം—ശരണരഹിതനായി. അനുജനൊട്ടു—ലക്ഷ്മണനോടു്. സച്ചന്ദമാരുതനെ—തടവില്ലാതെ വീശുന്ന കാറിനെ. നിശ്ശങ്കിതം—സംശയംകൂടാതെ. കിമപി—എന്തോ ഒരു. ദുശ്ശീലൻ—ദുഃസ്വഭാവൻ. തച്ചരണം—നിന്റെ കാലു്. നഹി നഹി—ഇല്ല ഇല്ല. വിശ്വസിഹി—നീ വിശ്വസിച്ചാലും. കോക....നം—ചക്രവാകയുവാക്കൾക്കു്. തുഹിനകരൻ—ചന്ദ്രൻ. ഉദയഗിരി—ഉദയപർവതം. ദവദഹനൻ—കാട്ടുതീ. ഇതി—എന്നു്. മനസി—മനസ്സിൽ. പയോരുഹം—താമര. പശ്യൻ—കണ്ടുംകൊണ്ടു്. തദാസ്യം—

ദൃശ്യദൃശ്യതിവിഭവമുച്ചരിമ മുഹുരപി നി—
നച്ച ഹൃദി വിനയമതിമൗലിം;
പലവും പറഞ്ഞഖിലകുലയോഷിതാം മകരി!
ഫലമെന്തു?പാക്കിലിതു ചൊല്ലാം
പകലിരവു രഘുതിലകമിയലുമൊരു വിരഹതുയിർ
പറകിലിഹ പരമലിയുമരിയ ശിലപോലും;
ഉമ്പ്രംഖലദ്യുതി കളിച്ചാത്തു വന്നെഴമ—
ളിച്ചാത്തു കണ്ട കുലയുന്നു;
ഉച്ചതരപരഭൃതരുതശ്രുതിഷു ദിവസമനു
വിശ്വപതി കിമപി വരളുന്നു;
ഉടലും വിളർത്തു കനമടിതൊട്ട മൗലിയൊള—
മുടനേ മെലിഞ്ഞു ചമയുന്നു;
ഉയിരറുതി വരുവതിനു മനമുരുകി മനസിജനെ
മഹിമനിധി പരിചൊട്ടതൊഴുന്നു.

അടയാളവുമിന്നിയൊന്നും ധന്യേ!
വിടകൊള്ളാം തവ സംശയം വരായ്വാൻ
വടിവോട്ട രഘൂത്തമൻ വിശേഷാ—
ലടിയത്തോടരുംചെയ്തതുണ്ടു വേറെ. 131

ആരാമേ പോയ് കളിക്കുന്നാളൊരു ദിനമ—
ങ്ങാത്മകാന്താം വരക്ക—
ങ്ങാരാദന്യാം മയൂരീം ചിറകിടയിൽ മറ—
ച്ചോരു പുത്തൻമയൂരം
നേരേ ഞാൻ കണ്ടനേരം പെരികെയഴകിതെ—
ന്നൊന്നു കൊണ്ടോടിനേ,ന—
ന്നേരം തസ്യാഃ കടക്കണ്ണിണയിൽ നിഴലെട്ട—
ത്തു കൊട്ടംകോപവേഗം. 132

നിന്റെ മുഖം. ഇതി—എന്നു്. നിശ്ചിത്യ—നിശ്ചയിച്ചിട്ടു്. ദൃശ്യ.... വം—നശിച്ച ധൈര്യത്തോടുകൂടി. മുഹുഃ അപി—വീണ്ടും. ഹൃദി—ചിത്തത്തിൽ. അഖി....രി—എല്ലാ കുലസ്ത്രീകളിലും ശ്രേഷ്ഠയായ സീതേ. രഘുതിലകം—ശ്രീരാമൻ. ശില—കല്ലു്. ഉമ്പ്രം....തി—വളരെ കാന്തിയോടുകൂടിയ. അളി—വണ്ടു്. ഉച്ച .. തിഷു—വളരെ ഉച്ചമായ കുയിൽനാദം കേൾക്കുമ്പോഴും. ദിവസമനു—ദിവസംതോറും. വിശ്വപതി—ശ്രീരാമൻ. കിമപി—എന്തോ. മൗലി—ശിരസ്സു്. മനസിജനെ—കാമദേവനെ. മഹിമനിധി—മേന്മയുള്ളു് ഇരിപ്പിടം.

പദ്യം 131. തവ—നിനക്കു്. രഘൂത്തമൻ—ശ്രീരാമൻ. അടിയത്തോടു്—അടിയനോടു്.

പദ്യം 132. ആരാമേ—ഉദ്യാനത്തിൽ. ആത്മകാന്താം—തന്റെ പ്രിയയെ. ആരാതു്—അടുത്തു്. അന്യാം മയൂരീം—മറ്റൊരു പെൺ

ആയാതം മാമപരിചിതയാ വേലയാ മന്ദിരം തേ
ചോരോ ദണ്ഡ്യസ്സ്വമിതി മധുരം വ്യാഹരന്ത്യാ ഭവത്യാ
മന്ദേ ദീപേ മധുലവമുചാം മാലയാ മല്ലികാനാം
ബദ്ധം ചേതോ ദൃഢതരമിദം ബാഹുബന്ധച്ഛലേന.'' 133

പിന്നെ ഹനുമാൻ ശ്രീരാമൻ കൊടുത്തയച്ച മോതിരത്തെ സീതയുടെ മുമ്പിൽ കാഴ്ചവെയ്ക്കുന്നതായും സീത സന്തുഷ്ടയായി ഹനുമാനോടു പറയുന്നതായും പ്രസ്താവിക്കുന്നു:

ഭക്താത്മാ വായുജന്മാ പരിണതിയൊടു നീ—
ന്നീടിനാൻ പാണിപദ്മം
വക്ത്രേ ചേത്തൊന്നു നമ്രം, ദിശി ദിശി വളരും
കീർത്തികല്ലോലശാലീ
ഇത്ഥങ്കാരം മഹാസൂക്തിഭിരവളെ നു—
ങ്ങാശ്വസിപ്പിച്ച ഭൂമൗ
നത്വാ രാമാംഗുലീയത്തെയുമൊരു തിരുമൽ—
ക്കാഴ്ചയായ് വച്ചുപാന്തേ. 134

ശ്രീരാമനാമസമലംകൃതമംഗുലീയ—
മാരാൽ നിരീക്ഷ്യ ഹൃദയം പെരികെത്തെളിഞ്ഞു
നാരായണാ! ജയ വിദേഹസുതസ്സുമമ്മാ!
ശ്രീരാമചന്ദ്രനെ തിരത്തൊടു കണ്ടപോലെ. 135

മയിലിനെ. മയൂരം-മയിൽ. തസ്യാഃ—അവളുടെ. കോപപ്രസരം—കോപപ്രസരം.

പദ്യം 133. അപ ...യാ—പതിവില്ലാത്ത. വേലയാ-കാലത്തിൽ. തേ മന്ദിരം—നിന്റെ ഗൃഹത്തിൽ ആയാതം മാം—വന്ന എന്നെ. ചോരഃ ത്വം ദണ്ഡ്യഃ—കള്ളനായ നീ ശിക്ഷാർഹൻ. ഇതി—എന്ന്. മധുരം വ്യാഹരന്ത്യാ ഭവത്യാ—മധുരമാംവണ്ണം പറയുന്നവളായ ഭവതിയാൽ. ദീപേ മന്ദേ—വിളക്കു മങ്ങിയിരിക്കെ. മധു....ചാ—തേൻകണങ്ങളെ ഒഴുകുന്ന. മല്ലികാനാം മാലയാ-മല്ലികപ്പൂമാലയാൽ. ബാഹു ...ന-ബാഹുബന്ധം എന്ന വ്യാജത്താൽ. ഇദം ചേതഃ—ഈ ചിത്തം. ദൃഢതരം ബദ്ധം—വളരെ ബലമായി ബന്ധിക്കപ്പെട്ടു

പദ്യം 134. ഭക്താത്മാ—ഭക്തനായ. വായുജന്മാ—ഹനുമാൻ. പരിണതി—വണക്കം. പാണിപദ്മം—കൈത്താമര. വക്ത്രേ—മുഖത്തിൽ. നമ്രം—കുനിഞ്ഞു. ദിശി ദിശി—ഓരോ ദിക്കിലും. കീർത്തി....ലീ—കീർത്തിപരമ്പരയാൽ ശോഭിക്കുന്ന. ഇത്ഥങ്കാരം—ഇപ്രകാരം. മഹാസൂക്തിഭിഃ—സദ്വചനങ്ങളാൽ. നത്വാ—നമസ്കരിച്ചിട്ട്. രാമാംഗുലീയം—രാമന്റെ മോതിരം. ഭൂമൗ—ഭൂമിയിൽ. ഉപാന്തേ—സമീപത്തിൽ.

പദ്യം 135. ശ്രീ....തം—ശ്രീരാമന്റെ നാമധേയത്തോടുകൂടിയ. അംഗുലീയം—മോതിരത്തെ. ആരാത്—സമീപത്തിൽ. നിരീക്ഷ്യ—കണ്ടിട്ട്. വിദേഹസുത—സീത.

മുഗ്ധാ മെല്ലെന്നെടുത്താശ, തിരുമുടിയിലണി—
ഞ്ഞാശ, മറന്നും മുകന്നാശ,
മുത്താർമൽകൊങ്കുമൊട്ടിൻമുകളിലുടനുടൻ
വച്ചു ഗാഢം പുണന്നാശ,
ചിത്രം ചിത്രം തദാനീം കലയുവതികുലം
മൗലിമേൽ വച്ചു ചൂടും
പുത്തൻപൂമ്പിന്നു രാമാഭരണമഖിലഗാ—
ത്രേഷു പുണ്പായ് ചമഞ്ഞു. 136

വിളഞ്ഞ ഭക്ത്യാ വിനമന്തമഗ്രേ
കളങ്കഹീനം പവമാനസൂനും
കളഞ്ഞു സന്താപമശേഷമേറും
തെളിഞ്ഞു ചൊന്നാശ മിഥിലേന്ദ്രകന്യാ, 137

സീതാവചനം:

''കല്യാണം തവ വർത്തതാം കപികുലാ—
ലങ്കാരമേ! ജീവിതും
ചൊല്ലാന്നൗഷധമാര്യപുത്രനമെനി—
ക്കും നീ നിനയ്ക്കും വിധൗ;
ചൊല്ലേണം വരുവാൻ തെരുന്നനെ രഘു
ശ്രേഷ്ഠം മമ പ്രാണിതം
മെല്ലേ മുപ്പുരുനാശ ഭരിപ്പനിനിയും
ഭ്രയാത് പുനർദർശനം.'' 138

ശ്രീരാമന്റെ വിശ്വാസത്തിനായി സീത തന്റെ ചൂഡാരത്നത്തെ ഹനുമാങ്കൽ ഏൽപ്പിക്കുന്നു:

പദ്യം 136. മുഗ്ധാ—സുന്ദരി. ഗാഢം—ബലമായി. ചിത്രം—ആശ്ചര്യം. തദാനീം—അപ്പോശ. കുല....ലം—കുലസ്ത്രീസമൂഹം. മൗലി—ശിരസ്സ്. രാമാഭരണം—രാമന്റെ ഭൂഷണം. അഖില..ഷു—എല്ലാ അവയവങ്ങളിലും.

പദ്യം 137. ഭക്ത്യാ—ഭക്തിയോടെ. അഗ്രേ—മുമ്പിൽ. വിനമന്തം—നമസ്കരിക്കുന്ന. കളങ്കഹീനം—കപടമില്ലാത്ത. പവമാനം—ഹനുമാനെ. മിഥിലേന്ദ്രകന്യാ—സീത.

പദ്യം 138. കപികുലാലങ്കാരമേ—വാനരവംശത്തിനു ഭൂഷണമായുള്ളോവേ. തവ കല്യാണം വർത്തതാം—നിനക്കു മംഗളം ഭവിക്കട്ടെ. ജീവിതും—ജീവിപ്പാൻ. നിനയ്ക്കും വിധൗ—വിചാരിക്കുമ്പോശ. ശ്രീരാമനും എനിക്കും ജീവിക്കുവാനായുള്ള ഒരു ഔഷധമാകുന്നു നീ എന്നനുശയം. രഘുശ്രേഷ്ഠം—ശ്രീരാമനോട്. മമ പ്രാണിതം—എന്റെ ജീവനെ. ഭരിപ്പൻ—ഞാൻ വഹിക്കും. പുനർദർശനം—വീണ്ടും ദർശനം. ഭ്രയാൽ—ഭവിക്കട്ടെ.

ഇതി വാചമുദീര്യ ലാഘവസ്യ
പ്രതിപത്തൈ്യ പരിശ്രുദ്ധമാനസാ സാ
പ്രദദൗ നിജകം വതംസരത്നം
കരമാനന്ദമിവാനിലാത്മജായ. 139

സീതയോട് യാത്രപറഞ്ഞു മടങ്ങിയ ഹനുമാൻ ഉദ്ധതനായി അശോകവനികോദ്യാനത്തെ നശിപ്പിച്ചതായി വർണ്ണിക്കുന്നു:

ഗദ്യം 10.

തദനു ജനകനന്ദനായൈ മുദാ രാമചന്ദ്രാംഗുലീയത്തെയും നല്കി നന്നായ് നമസ്കൃത്യ തന്മൗലിരത്നത്തെയും വാങ്ങി ''മംഗായ്ക മംഗായ്ക മംഗല്യസങ്കേതമേ! ജാനകീദേവി നിൻ ചേവടിപ്പൂമ്പൊടിപ്രൗഢിതന്നാണെ കേവം നാലുമൂന്നാഴ്ചവട്ടത്തിലിങ്ങോട്ടനിൻകാന്തനെക്കൊണ്ടുവന്നഞ്ജസാ കൂടെ മൻപേ കടന്നോരുപോർവാനരന്മാക്ക ലങ്കാപുരത്തെക്കളിക്കാവുമാക്കിക്കനം കോപമാന്മമനുഷ്യേന്ദ്രനെയ്യുന്ന ശസ്ത്രങ്ങളും തമ്മിൽ പിണഞ്ഞങ്ങുമിങ്ങും തെറിക്കുന്ന ധാരാനലജ്വാലയിൽ പോക്കെതിക്കും ദശഗ്രീവനെത്തൻപടച്ചാത്തെയും തന്നെയും കൂടെ ഹോമിച്ചതില്ലെങ്കിൽ ഞാനല്ല ഞാ''നെന്നുണർത്തച്ചനുജ്ഞാപ്യ യാത്രാപ്രസംഗേ ചതിച്ചങ്ങനെ വന്നുപേക്ഷിക്കുമാളല്ല ഞാനൊന്നുകൊണ്ടും നിനച്ചാലിവണ്ണംവിനിശ്ചിത്യവീരാഗ്രഗണ്യൻ മലക്കാവകം പുക്കൊടിച്ചും വലിച്ചും നറുനൃത്തരുശ്രേണിയും നല്ല പൂവല്ലിവൃന്ദങ്ങളും ഗർജ്ജിതരംഹസാ സംഹരിച്ചീടിനാൻ.

പദ്യം 139. ഇതി–ഇപ്രകാരം. വാചം ഉദീര്യ–പറഞ്ഞിട്ട്. രാഘവസ്യ പ്രതിപത്തൈ്യ–രാമന്റെ വിശ്വാസത്തിനായി. പരി....സാ–നിർമലചിത്തയായ. സാ–അവൾ (സീത). അനി....യ–ഹനുമാനാ സ്ത്രൊണ്ട്. നിജകം വതംസരത്നം–തന്റെ ചൂഡാരത്നത്തെ. പര....ദം ഇവ പരമാനന്ദത്തെ എന്നപോലെ. പ്രദദൗ–കൊടുത്തു.

ഗദ്യം 10. തദനു–അനന്തരം. ജന....യൈ–സീതയ്ക്കായി. മുദാ–സന്തോഷത്തോടുകൂടി. രാമ .. ത്തെയും–ശ്രീരാമന്റെ മോതിരത്തെയും. നമസ്കൃത്യ–നമസ്കരിച്ചിട്ട്. തന്മൗ....ത്തെയും–അവളുടെ ചൂഡാരത്നത്തെയും. പൂമ്പൊടിപ്രൗഢി–പൂമ്പൊടിയുടെ മേന്മ. അഞ്ജസാ–പെട്ടെന്ന്. കനം കോപം–വർദ്ധിച്ച കോപം. മനുഷ്യേന്ദ്രൻ–മനുഷ്യശ്രേഷ്ഠൻ. ശസ്ത്രങ്ങൾ–ആയുധങ്ങൾ. ധാരാനലജ്വാല–തീനാക്കിന്റെ പ്രവാഹം. ദശഗ്രീവൻ–രാവണൻ. ഹോമിക്കുക–നശിപ്പിക്കുക. അനുജ്ഞാപ്യ–സമ്മതിപ്പിച്ചു. യാത്രാ....ഗേ–യാത്രയിൽ. വിനിശ്ചിത്യ–നിശ്ചയിച്ചിട്ട് വീരാഗ്രഗണ്യൻ–വീരശ്രേഷ്ഠൻ. തരുശ്രേണി–വൃക്ഷപങ്ക്തി. വൃന്ദം–സമൂഹം. ഗർജി....സാ–ഗർജ്ജനത്തിന്റെ വേഗത്താൽ. സംഹരിച്ചീടിനാൻ–നശിപ്പിച്ചു.

ഹനുമാൻ തന്നെ തടയാൻ വന്ന രാക്ഷസന്മാരെയെല്ലാം കൊന്നതായി വണ്ണിക്കുന്നു:

തദനു ച കപിതല്ലജസ്തത്ക്ഷണംനിഷ്കുടാരക്ഷിരക്ഷോഗണം ചെന്നു നത്വാ ''മഹാരാജലങ്കേശ്വരൻ വെല്ല, കേൾക്കപണ്ടെങ്ങുമേ ഞങ്ങളം കാണാതൊരുത്തൻഗശാഖമൃഗക്കുറവനുണ്ടാനപോലേ മലക്കാവുതോറും മദംപൂണ്ടാരോ ദാരുശൈലാൻ കരാഗ്രേണ പെട്ടെന്നു നിഷ്പിഷ്ടുവാൻ, ഇമ്മഹാരാജ്ഞി മണ്ഡോദരിത്തയ്യലാംതാനൊന്നറുത്തങ്ങു ലോഭേനേ ചൂടാതെ ചെമ്പല്ലവം ചൂഴെ മേൽകീഴ്പെടുന്നോരു പൂമ്പാരിജാതകങ്ങളൊക്കെത്തിമിർപ്പോടടുത്താൻ. മടുത്തൊന്നു വല്ലീനികുഞ്ജാൻ തിരുമ്മിക്കളഞ്ഞാനഹോ കഷ്ട''മന്നങ്ങുണർത്തുന്നനേരത്തുരത്തോരു കോപാൽ കടക്കൺ ചുവക്കും ദശഗ്രീവനോരാജ്ഞയാപോന്നു വന്നായിരം കിങ്കരന്മാരെയും പഞ്ചസേനാ ഭടന്മാരെയും കാൽക്ഷണംകൊണ്ടു പൂമ്പാദപൗഘാൻ സമൂലം പറിച്ചൊന്നുകൊണ്ടൊന്നുകൊണ്ടേകമേകം കുമച്ചുദ്ഭടാടോപമത്യുജ്ജിതാത്മാ പരേതേശരാജ്യത്തിൽ വാണീടുമാറൊക്കവേ കൈപിടിച്ചങ്ങെറിഞ്ഞീടിനാൻ തത്ക്ഷണേ.

ഹനുമാൻ അക്ഷകുമാരനെ കൊന്ന വൃത്താന്തം വണ്ണിക്കുന്നു:

തദനു ച പരിഭ്രതനായ് പോന്നുവന്നക്ഷനെന്നാഖ്യകൈക്കൊണ്ട രക്ഷഃപ്രകാണ്ഡം പ്രചണ്ഡോഷ്ണശാലീ കടുംകോപമാന്തികേ വന്ന കാളാംബുവാഹം പയോബിന്ദുവൃന്ദം പൊഴിക്കുന്നപോലേ പൊഴിക്കും പൃഷത്കങ്ങളാപാദചൂഡം

തദനു ച—അതിൽപിന്നെയും. കപിതല്ലജഃ—വാനരശ്രേഷ്ഠൻ. തത്ക്ഷണം—അപ്പോഴം. നിഷ്കു..ണം—ഉമ്മരപ്പുകാവിനെ രക്ഷിക്കുന്ന രാക്ഷസസമൂഹം. നത്വാ—വന്ദിച്ചിട്ട്. ഉത്തു....റവൻ—വലിയ വാനരത്തടിയൻ. ദാരുശൈലാൻ—മരങ്ങളെയും മലകളെയും കരാഗ്രേണ—കൈയറംകൊണ്ട്. നിഷ്പിഷ്ടുവാൻ—പൊടിച്ചു. ലോഭേനേ—ലോഭത്തോൽ. ചെമ്പല്ലവം—ചുമന്ന തളിരു്. വല്ലീനികുഞ്ജാൻ—വള്ളികളം പടന്നിരിക്കുന്ന സ്ഥലങ്ങളെ. കോപാൽ—കോപം നിമിത്തം. ദശ യാ—രാവണന്റെ ഉഗ്രമായ കല്പനയാൽ. കിങ്കരൻ—ഭൃത്യൻ. പഞ്ച....രെയും—അഞ്ചു കൂട്ടം സൈന്യങ്ങളിലുള്ള യോദ്ധാക്കളെയും. പൂമ്പാ....ഘാൻ—പൂത്തിരിക്കുന്ന വൃക്ഷക്കൂട്ടങ്ങളെ. സമൂലം—മൂടോടുകൂടി. ഏകമേകം ഓരോരുത്തനെ. ഉദ്ഭടാടോപം—പ്രതാപത്തോടുകൂടി. അത്യു..ത്മാ—ഉത്സാഹിയായി. പരേതേശരാജ്യത്തിൽ—യമപുരത്തിൽ. തത്ക്ഷണേ—ആ ക്ഷണത്തിൽ:

തദനു ച—അതിൽ പിന്നെയും. പരിഭ്രതനായി—അവമാനിതനായ. അക്ഷ....ഖ്യ—അക്ഷൻ എന്ന പേരു്. രക്ഷഃ....ണ്ഡം—രാക്ഷസശ്രേഷ്ഠൻ പ്രച....ലീ—പരാക്രമി. അന്തികേ—അടുത്തു്. കാളാ....ഹം—ഇരുണ്ട മേഘം. പയോ... നന്ദം—ജലത്തെ. പൃഷത്കങ്ങം—ശര

നിജം മെയ്യിലൊക്കെപ്പൊതിഞ്ഞീടുവോളം പതിഞ്ഞങ്ങിരു—
ന്നേകദേശം ഭയപ്പെട്ട ബാണങ്ങളൊക്കെക്കടഞ്ഞും കളഞ്ഞ—
മ്മഹാരാക്ഷസൻ തന്മണിത്തേത്തടത്തിൽ കുതംകൊണ്ട ചാടി—
ക്കരേറിക്കഠോരതരമാളംചപേടാപ്പ്ണത്തെത്തുരംഗങ്ങം തന്നേ
ലരങ്ങേററി വേഗേന സൂതം വിനിർഭിദ്യ ശാതൈന്ഖാഗ്രൈർ
ധ്വജംധ്വംസയൻ ക്ലബരം ദാരയൻഘോരനാദാന്തരൈ രോദസീ
പൂരയൻ ''വിശ്വനാഥസ്യ രാമസ്യ ദൂതോഽസ്മി ഞാ''നെന്ന—
മുദ്ഘോഷയന്നേഷ കാക്കുട്ടിലാമ്മാറ രക്ഷഃകുമാരം പിടിച്ചിട്ട
പെട്ടെന്നമത്തൊന്ന മുഷ്ട്യാ കുനത്തോരു പാഥേയഭോരം ഗളേ
കെട്ടിയേററി കൃതാന്താലയത്തിന്നയച്ചീടിനാൻ.

രാവണനെക്കണ്ടു സംസാരിച്ചു തേജോവധം ചെയ്യണമെന്നു നിശ്ചയിച്ച ഹനുമാൻ രാവണപുത്രനായ മേഘനാദനോടു യുദ്ധം ചെയ്തു അവന്റെ അസ്ത്രത്താൽ ബദ്ധനായി രാവണന്റെ മുമ്പിൽ കൊണ്ടുപോകപ്പെടുന്നു:

തദനു ച പെരികെക്കൊടുംകോപമുൾക്കൊണ്ടു നിഷ്ക്കരുണകൻ
പങ്ക്തികണ്ഠൻ നിയോഗിച്ചനേരം തിമിർപ്പോടു വന്നീടുമ—
മ്മേഘനാദാഖ്യശൗര്യക്കനൽക്കട്ട തന്നോടു താഴാതവണ്ണം
നടിച്ചൊന്നിനൊന്നായ്രണക്രീഡകോലും ദശാസ്യാംദശഗ്രീവ—
സൈന്യത്തെ വൻപാറകൊണ്ടും മരംകൊണ്ടുമമുഷ്ടികൊണ്ടും
കനം പീഡയിത്വാ കൃതാന്തന്നു മുഷ്ട്യാന്നമേകുന്നനേരം കടുക്കെ—
ന്നടുത്തസ്രുശസ്ത്രുങ്ങളം പൊയ്യും ദശഗ്രീവപുത്രൻ നിരുദ്ധാദരം

ങ്ങളം. ആപാ....ഡം—കാലുമുതൽ തലവരെ. നിജം—തന്റെ. തേത്തടം—തേത്തട്ട്, കഠോരതരം—കാഠിന്യം. ചപേടാപ്പ്ണം—കവിളത്തു് അടി. തുരംഗങ്ങളം—കുതിരകളം. വേഗേന—വേഗത്തിൽ. സൂതം—തേർതെളിക്കാരനെ. വിനിർഭിദ്യ—പിളർന്നിട്ടു്. ശാതൈഃ—കൂർത്ത. നഖാഗ്രൈ—നഖത്തിന്റെ അറ്റങ്ങളാൽ. ധ്വജം—കൊടിമരത്തെ. ധ്വംസയൻ—നശിപ്പിക്കുന്നവനായി. ക്ലബരം—(തേർ) വണ്ടിക്കാലിനെ. ദാരയൻ—പിളർക്കുന്നവനായി. ഘോര....രൈഃ—ഭയങ്കരമായ ശബ്ദങ്ങളാൽ. രോദസീ—ദ്യാവാഭൂമികളെ. പൂരയൻ—നിറയ്ക്കുന്നവനായി. വിശ്വനാഥസ്യ രാമസ്യ—ലോകനാഥനായ രാമന്റെ. ദൂതഃ അസ്മി—ദൂതൻ ആകുന്നു. ഉദ്ഘോഷയൻ—വിളംബരം ചെയ്യുന്നവനായി. ഏഷഃ—ഇവൻ. രക്ഷഃകുമാരം—രാക്ഷസകുമാരനെ. മുഷ്ട്യാ—മുഷ്ടികൊണ്ടു്. മുഷ്ടി—ചുരുട്ടിപ്പിടിച്ച കൈയ്. പാഥേ....രം—പൊതിച്ചോർചുമടു്. ഗളേ—കഴുത്തിൽ. കൃതാന്താലയം—യമഗൃഹം.

തദനു ച—അനന്തരവും. നിഷ്കരുണകൻ—അതിക്രൂരൻ. പങ്ക്തികണ്ഠൻ—രാവണൻ. നിയോഗിച്ച—കല്പിച്ചയച്ച. മേഘ....ട്ട—മേഘനാദൻ എന്ന പേരുള്ള വീരൻ. രണക്രീഡ—യുദ്ധമാകുന്ന കളി. കോലും ദശാസ്യാം—നടത്തുമ്പോഴം. ദശ.....ന്യത്തെ—രാവണന്റെ സൈന്യത്തെ. കനം—ബലമായി. പീഡയിത്വാ—പീഡിപ്പിച്ചിട്ടു്. കൃതാന്തന്നു്—യമന്നു്. മുഷ്ട്യാന്നം—സുഖഭക്ഷണം. ഏകുന്നനേരം—കൊടുക്കുമ്പോഴം. അസ്ത്രശസ്ത്രുങ്ങം—ആയുധങ്ങം. നിരു.....രം—ആദരവോടുകൂടി. വിസ്മ

വിസ്മയം പൂണ്ടു കൊണ്ടാട്ടമാർന്നുള്ള നാനാപദാനക്രമം പ്രസ്തരി-
ച്ചൊട്ടുനേരം കഴിച്ചന്തരാ ചിന്തയൻ യാതുധാനേശ്വരാൻ കണ്ടു
വാഗ്വജ്രജാലേന തേജോവധം ചെയ്തു നിസ്തേജനാക്കേണമെ-
ന്നംഗരുന്നിൽ കുറിക്കൊണ്ടു താൻ തോറ്റുകൊണ്ടഞ്ജനാ
മേഘനാദാസ്ത്രബന്ധേന നിശ്ചേഷ്ടതാം നാടയന്നാടൽ കൂടാതെ
ധൈര്യൈകധാമാനിശാചാരിണാംചാരുകൈമാടമേറിത്തദാ-
നീമശാസ്യാനുഭാവോ ദശാസ്യാഗ്രഭാഗേ സ നീതോ ഹനൂ
മാൻ മഹാൻ.

ഹനുമാൻ രാവണനെ കാണുന്നു:

സോഽയം ദദർശ ദശകന്ധരമന്തകാരി-
ലീലാദ്ധിതോലനപരീക്ഷിതബാഹുവീര്യം
ബന്ദീകൃതേന്ദ്രപുരവാരവധൂകരാഗ്ര-
വ്യാധൂതചാമരമരുച്ചലിതോത്തരീയം. 140

ഹനുമാനെക്കണ്ട രാവണൻ ഉദ്ധതനായി ഹനുമാനോടു പറയുന്നതായുള്ള പ്രസ്താവന:

തസ്മിൻ കാലേ കുമാരോന്മഥനമുപവന-
ധ്വംസവും കേട്ടടൻ പോ-
ന്നംപ്പൂവിങ്കൽ തഴയ്ക്കും കലുഷതയിലിരി-
ക്കും ദശഗ്രീവവീരൻ
മല്പാടാനീതമമ്മാരുതസുതമുടനേ
കണ്ടു പൊട്ടിച്ചിരിച്ചാൻ
ദർപ്പാദ്ധിക്യത്യ പിന്നെ സ്ഫുടതരമവനോ-
ടുക്തവാനുദ്ധതാത്മാ. 141

യം-ആശ്ചര്യം. നാനാ....മം-പല വിധത്തിലുള്ള ചെയ്തികളുടെ രീതി. പ്രസ്തരിച്ചു്-വിസ്തരിച്ചു്. അന്തരാ-ഇടയ്ക്കു്. ചിന്തയൻ-വിചാരിക്കുന്നവനായി. യാതുധാനേശ്വരാൻ-രാക്ഷസാധിപന്മാരെ. വാഗ്വ ....ന-വാക്കാകുന്ന വജ്രായുധത്താൽ. തേജോവധം ചെയ്തു്-അപമാനിച്ചു്. നിസ്തേജൻ-ഉണർവില്ലാത്തവൻ. മേഘ....ന-മേഘനാദന്റെ ശരത്താൽ ബദ്ധനായി. നിശ്ചേഷ്ടതാം-ചൈതന്യമില്ലായ്മയെ നാടയൻ-അഭിനയിച്ചുകൊണ്ടു്. ധൈര്യൈ....മാ-ധൈര്യത്തിനു് ഒറ്റ ഇരിപ്പിടമായ. നിശാ....ണാം-രാക്ഷസന്മാരുടെ. ചാരു-രമ്യം. തദാനീം-അപ്പോൾ. അശാ....വഃ-ശ്വാസിക്കത്തക്കതല്ലാത്ത മേന്മയോടു കൂടിയ. സഃ മഹാൻ ഹനുമാൻ-ആ വലിയ ഹനുമാൻ. ദശാ....ഗ്രേ-രാവണന്റെ മുമ്പിൽ. നീതഃ-നയിക്കപ്പെട്ടു.

പദ്യം 140. സഃ അയം-ആ ഇവൻ (ഹനുമാൻ). അന്ത....ര്യം-കളിയെന്ന മട്ടിൽ കൈലാസമലയെ പൊക്കിയതുകൊണ്ടു നിശ്ചയിക്കപ്പെട്ട കൈയുക്കോടുകൂടിയവനും. ബന്ദീ....യം-തടവിലാക്കപ്പെട്ട ശ്രീസ്ത്രീകളുടെ ചാമരം വീശി ഇളകുന്ന ഉത്തരീയത്തോടുകൂടിയവനും ആയ. ദശകന്ധരം-രാവണനെ. ദദർശ-കണ്ടു.

പദ്യം 141. തസ്മിൻ കാലേ-അക്കാലത്തിൽ. കുമാ....നം-പുത്ര

രാവണവചനം:

''കൊള്ളാവൊന്നെത്രയും കോപ്പിതു കിമപി ചിരി–
ക്കേണ്ടെവൊന്നിപ്രമേയം
നല്ലൻ നീയോ മഹാത്മാ മമ പരിഭവമേ–
ല്പിപ്പതെന്നേ വിനോദം!
ഒല്പാതോ ശൗര്യമെല്ലാരൊടുമൊരു ലവമാ–
കാംക്ഷ തൻജീവനെത്താ–
ട്ടില്ലാഞ്ഞാൽ പക്ഷിയെന്നില്പതിനിഹ പശ്ചാ–
ത്തെന്നില്ല വല്ലാക്കുമാകാം. 142

ആക്കാനും വേണ്ടിയോ നിൻ വരവിതു പരമാ–
ർത്ഥം പറഞ്ഞാൽ നിനക്കും
പൊയ്ത്തോള്ളാം പാവമെന്തിന്നഗതിയൊടെടാ! നി–
ന്നോടു വേണ്ട വിരോധം?
കേൾക്കട്ടേ താനുമാരെന്നഴകിലിഹ പതി–
ന്നാലു ലോകേഷു പാത്താ–
ലാക്കിപ്പോളിന്നിരുന്നെന്നൊടൊരടരു പിടി–
പ്പാൻ മനാധൈര്യമുള്ളൂ? 143

ഇന്ദ്രൻതാനല്ലയല്ലീ കഥയ തവ നിയോ–
ക്താ? കണക്കില്ല പാത്താ–
ലിന്നാളും ചെറററിഞ്ഞാൻ പവി തരിപെടുമ–
ച്ചന്ദ്രഹാസപ്രഭാവം;
വിണ്ണോരിൽ പിന്നെ മററാരിനിയ പവനനോ
വഹ്നിയോ കാലനോ ചേ–
ലെന്നോടൊന്നെന്നിയേ നിന്നൊരു കൊടുവഴി ത–
ല്ലിച്ചതേവൻ ത്രിലോകയ്യാം? 144

വധം. ഉപവ....വും–ഉദ്യാനഭംജനവും. കലുഷത–കാലുഷ്യം. ദശ ....ൻ–രാവണൻ. മുല്പാ....തം–മുമ്പിൽ കൊണ്ടുവരപ്പെട്ട. മാനു....തം –ഹനുമാനെ. ദർപ്പാത്–അഹങ്കാരം നിമിത്തം. ധിക്കൃത്യ–ധിക്കരിച്ചിട്ട്. സ്പൃഷ്ടതരം–പ്രസ്പഷ്ടമാംവണ്ണം. ഉദ്ധ....ത്മാ–അഹങ്കാരിയായി. ഉക്തവാൻ–പറഞ്ഞു.

പദ്യം 142. കിമപി–എന്തോ ഒന്നു്. പ്രമേയം–കാര്യം. മമ–എനിക്കു്. പരിഭവം–അപമാനം. വിനോദം–കളി. ലവം–അല്പം. ആകാംക്ഷ–ആഗ്രഹം. ഇഹ–ഇവിടെ.

പദ്യം 143. അഗതി–ഗതിയില്ലാത്തവൻ. ലോകേഷു–ലോകങ്ങളിൽ.

പദ്യം 144. കഥയ–പറഞ്ഞാലും. തവ–നിന്റെ. നിയോക്താ–പറഞ്ഞയച്ചവൻ. പവി–വജ്രായുധം. ചന്ദ്രഹാ....വം–ചന്ദ്രഹാസം എ

എന്തിത്തോന്നിയതിന്നിനക്കു പരമി—
ല്ലാഞ്ഞോ കപേ! കാനനം
ചിന്തിച്ചിട്ടടനൊക്കവേ മമ മല—
ക്കാവെന്നു ചൊല്ലുഞ്ജസാ
മന്ദപ്രജ്ഞ! ഫലം പറിച്ചു പലവും
തിന്നുന്നതല്ലെങ്കിൽ നി—
ന്നന്തഃകാര്യമതെന്തു? കേവലമഹോ!
കേൾക്കട്ടെടാ! വാനരാ!'' 145

ഹനുമാനെ നിന്ദിച്ചും തന്നെ സ്തുതിച്ചും രാവണൻ പറഞ്ഞ വചനം കേട്ട ഹനുമാൻ ഗർവിതനായി രാവണനോടു മറുപടി പറയുന്നതായി പ്രസ്താവിക്കുന്നു:

തേജോഹരോക്ത്യാ രജനീചരാണാം
രാജാ പറഞ്ഞോരളവിശ്രുതഗർവഃ
വാചം ഗഭീരാമതിനുത്തരം ക—
ണ്ടൂചേ വിശേഷം പവനാത്മജന്മാ. 146

ഹനുമാന്റെ വചനം:

''കേട്ടാലും ദശകണ്ഠ! വാസവമുഖാൽ
നാം ചൊല്ലു കേട്ടീദൃശം
കാട്ടും പാഴ്കപിയല്ല മറ്റൊരുവ—
നല്ലാസ്താം വചസ്താദൃശം,
വാട്ടം കൈതുടരാത ശൗര്യജലധേർ—
നക്തഞ്ചരശ്രേണിയാം
കാട്ടിന്നഗ്നിപിടിപ്പെട്ട ഘോരശിഖിനോ
രാമസ്യ ദൂതോഽസ്മി ഞാൻ. 147

ന്ന എന്റെ വാളിന്റെ മേന്മ. പവനൻ—വായു. വഹ്നി—അഗ്നി. കാലൻ—യമൻ. ത്രിലോക്യാം—മൂന്നുലോകത്തിൽ.

പദ്യം 145. കപേ—അല്ലയോ വാനര. പരം കാനനം—മറ്റൊരു കാട്ട്. മമ—എന്റെ. അംജസാ—പെട്ടെന്നു്. മന്ദപ്രജ്ഞാ—അല്ലയോ മൂഢ. ഫലം—കായ്. അന്തഃ—അകത്തു്.

പദ്യം 146. രജനീ....ണാം രാജാ—രാവണൻ. തേജോ... ക്ത്യാ—തേജോവധം ചെയ്യുന്ന വാക്കിനാൽ. ഇശ്രുതഗർവഃ—വർദ്ധിച്ച ഗർവോടുകൂടിയ. പവ....ന്മാ—ഹനുമാൻ. ഗഭീരാം വാചം ഊചേ—ഗംഭീരമായിപ്പറഞ്ഞു.

പദ്യം 147. ദശകണ്ഠ—അല്ലയോ രാവണ. വാസ... ത്—ഇന്ദ്രന്റെ മുഖത്തുനിന്നു്. ഈദൃശം—ഇങ്ങനെയുള്ള. കപി—വാനരൻ. താദൃശം വചഃ ആസ്താം—അവ്വണ്ണമുള്ള വചനം ഇരിക്കട്ടെ. ശൗര്യ....ധേഃ—ശൗര്യത്തിനു് ഇരിപ്പിടമായ. നക്ത....ണി—രാക്ഷസപങ്ക്തി. ഘോര....നഃ—ഭയങ്കരമായ തീയായ. രാമസ്യ—രാമന്റെ. ദൂതഃ അസ്മി—ദൂതനാകുന്നു.

എന്നോടെതിക്കരുതൊരുത്തനുമിത്രിലോകൃാ—
മെന്നോ മതം? പെരുതെടോ തവ ശൗര്യമോഹം;
ഇന്നും വളർന്ന ദശകണ്ഠശതങ്ങൾ പോന്നു—
വന്നാലുമെൻ ചെറുവിരല്ലു കളിക്ക പോരാ.'' 148

പിന്നെയും രാവണൻ ആത്മസ്തുതിയോടുകൂടി ശ്രീരാമനെയും ഹനുമാനെയും നിന്ദിക്കുന്നു:

''ഈ മന്ദനെന്തു പറയുന്നതരുങ്കുമെന്നേ!
രാമനും ദൂതനൊരു വാനര,മെന്തൊരൈക്യം!
നാമൊക്കുമോ വിപിനമായതു കാട്ടുതീയ—
പ്പാഴ്മത്സ്യ,നെത്ര ചിരിയാം തവ വാക്കു കേട്ടാൽ. 149

സ്വച്ഛന്ദം വന്നെതിർക്കുംപൊഴുതു രണമുഖേ
മാറിലേല്പാനടുക്കും
വജ്രം മെല്ലെപ്പിടിച്ചേച്ചുദിതമദമിടം—
കൈത്തലംകൊണ്ടശേകം
അച്ഛിന്നശ്രീ വലംകൈത്തലധൃതഗദകൊ—
ണ്ടൊന്നു രണ്ടിന്ദ്രഗണ്ഡേ
വച്ചും കാണുന്ന ശൗര്യാംബുധിയെയുമറിയു—
ന്നീലയോ വാനരാ! നീ? 150

ഉന്നിദ്രോദ്രേകശാലീ രജതഗിരി കുലു—
ക്കി ത്രസിപ്പിച്ചു കൂട്ടം
ചിന്നിപ്പാഴ്പെട്ട പായുംപടി കടുനിനദം
ഭൂതവേതാളജാലം,
കുന്നിൻപെണ്ണിന്നുമുൾക്കാമ്പിനു വിവശത ചേ—
ർത്തീശനോടാശു കാമാ—
നന്നേ മേടിച്ച ശൗര്യാംബുധിയെയുമറിയു—
ന്നീലയോ വാനരാ! നീ? 151

പദ്യം 148. ത്രിലോകൃാം—മൂന്നു ലോകത്തിലും. മതം—വിചാരം, സങ്കല്പം. തവ—നിന്റെ. ദശ .. ങ്ങൾ—നൂറു രാവണന്മാർ.

പദ്യം 149. മന്ദൻ—മൂഢൻ. അശങ്കം—ശങ്ക കൂടാതെ. ഐക്യം—ചേച്ച്. വിപിനം—കാടു്. മത്സ്യൻ—മനുഷ്യൻ. തവ—നിന്റെ.

പദ്യം 150. സ്വച്ഛന്ദം—തടവില്ലാതെ. രണമുഖേ—യുദ്ധത്തിൽ. വജ്രം—വജ്രായുധം. ഉദിതമദം—അഹങ്കാരത്തോടെ. അച്ഛിന്നശ്രീ—കുറയാത്ത ശ്രീയോടു്. ധൃതഗദ—ധരിക്കപ്പെട്ട ഗദ എന്ന ആയുധം. ഇന്ദ്രഗണ്ഡേ—ഇന്ദ്രന്റെ കവിളിൽ. ശൗര്യാംബുധി—ശൗര്യത്തിനു് ഇംഗിപ്പിടം.

പദ്യം 151. ഉന്നി....ലീ—പ്രതാപം വർദ്ധിച്ചു ശോഭിക്കുന്ന. രജതഗിരി—വെള്ളിമല. ത്രസിപ്പിച്ചു—ഭയപ്പെടുത്തി. കടുനിനദം—പരുഷമായ ശബ്ദം. ഭൂത....ലം—ഭൂതവേതാളസമൂഹം. കുന്നിൻപെണ്ണു്—

ആരിന്നും പറയുന്നതാകിലുലകീ—
രേഴിങ്കലും വത്തതേ
വീരം മാമറിയാതവൻ! വയമിതിൻ—
കീഴ്മ നൈവ ജാനീമഹേ;
ഈ രാമൻ ഫലമൂലലോഭനധുനാ
ശാസ്താ നമുക്കൊക്കുമോ?
ചേരും ചേര കടിച്ചു ചാവിനി നമു—
ക്കെന്നേ! വിനോദാന്തരം.'' 152

രാവണവചനം കേട്ട കുപിതനായിത്തീർന്ന ഹനുമാൻ രാവണനെ അധിക്ഷേപിച്ചും ശ്രീരാമനെ സ്തുതിച്ചും മറുപടി പറയുന്നു:

കഥിതവതി ദശാനനേ തദാനീ—
മധികതരം നിജനിർമ്മലാപദാനം
ഇതി മദമിളകുന്ന കോപവേഗാൽ
പ്രതിവചനം നിജഗാദ രാമദൂതൻ. 153

ഹനുമാന്റെ വചനം:

''ഈട്ടം കൂട്ടമുദാരശൗര്യജലധേ!
ശ്രീമൻ! ദശഗ്രീവ! കേവം
കേട്ടം കണ്ടുമറിഞ്ഞിരിപ്പതു ഭവാ—
നെപ്പണ്ടു പണ്ടേ വയം;
കേട്ടാലും തവ ശൗര്യമൊന്നു പരിഹാ—
സ്യം, നൂനമിജ്ജാതിതൻ—
കൂട്ടത്തിൻപതിവാൽതലയ്ക്കുലിഴയു—
ന്നുണ്ടീ ഭവാനും തുലോം. 154

പാവ്വതി. വിവശത—പാരവശ്യം. ഈശൻ—പരമശിവൻ. ആശു—വേഗം. കാമൻ—ആഗ്രഹങ്ങളെ.

പദ്യം 152. വത്തതേ—ഇരിക്കുന്നു. വീരം മാം—വീരനായ എന്നെ. വയം—നാം. ന ജാനീമഹേ ഏവ—അറിയുന്നില്ലതന്നെ. ഫല....ൻ—കായ്കിഴങ്ങുകളിൽ ആഗ്രഹമുള്ളവൻ. അധുനാ—ഇപ്പോൾ. ശാസ്താ-ശാസിക്കുന്നവനായി. വിനോ....രം—മറെറാരു വിനോദം.

പദ്യം 153. തദാനീം—അപ്പോൾ. ദശാനനേ—രാവണൻ. അ ധി....രം—വളരെയധികമായി. നിജ....നം—തന്റെ ശുദ്ധമായ കൃത്യ ങ്ങളെ. ഇതി—ഇവ്വണ്ണം കഥിതവതി(സതി)—പറഞ്ഞപ്പോൾ. മദം —അഹങ്കാരം. കോപവേഗാൽ—കോപവേഗം ഹേതുവായി. രാമദൂതൻ—ഹനുമാൻ. പ്രതിവചനം നിജഗാദ—മറുപടി പറഞ്ഞു.

പദ്യം 154. ഉദാ....ധേ—അതിശൗര്യത്തിനു് ഇരിപ്പിടമായുള്ളോ വേ. ദശഗ്രീവ-അല്ലയോ രാവണ. വയം—നാം. ഭവാനെ—അങ്ങയെ. തവ—നിന്റെ. പരിഹാസ്യം—പരിഹാസത്തിനു യോഗ്യം. നൂനം—നിശ്ചയം. ഭവാൻ—അങ്ങും.

രണ്ടാം വിക്രമരീതി കേൾക്ക, രണമ—
ദ്ധ്യേ കത്തവീര്യാർജ്ജുനൻ
ചണ്ഡോദഗ്രബലാബ്ധി കൈയിരുപതും
കൂട്ടിപ്പിടിച്ചഞ്ജസാ
കൊണ്ടേക്കെട്ടിയിഴച്ചു തന്നിലയനേ
ചേത്തങ്ങു കാരാഗൃഹേ
കണ്ടോർ ചൊല്ലിന കണ്ടനാടിനതെടോ!
കേൾപ്പുണ്ട പണ്ടേ വയം. 155

നില്പുട്ടിത്തരമുത്തരം, തവ തരം
പോരാത്തതെന്തജ്ജഗ—
ക്രസ്വാമി രഘൂത്തമൻ പരിചെഴും
വില്ലാളിമാർമൗലിതാൻ
ചൊല്ലുള്ളം ഖരദൂഷണത്രിശിരസാം
തന്നേ തരം പോന്നിതോ
കൈക്കെത്തും പൊഴതൊട്ട നാട്ടിലകമേ
മൂളിപ്പനിന്നിന്നെയും. 156

ഒന്നും കേട്ടീലയോ തച്ചരിതമയി; ഭവേ—
ന്തം പുരാ കാൽവിരൽകീഴ്—
തന്നേ കേഴിച്ച കാലാന്തകകുലചില പൊ—
ട്ടിച്ചതാരെന്നു കേൾപ്പൂ?
ഉന്നിദ്രം കാത്തവീര്യാർജ്ജുനകരനികരം
ചേത്തു മൂത്തോരു ടങ്കം
മുന്നിട്ടെത്തീടമാ ഭാഗ്ഗവപരിഭവമും—
ചേത്തുതും കേട്ടതല്പീ? 157

എണ്ണിക്കൂടാവതല്ലാതൊരു മഹിമ തദാ—
സ്സാം പറഞ്ഞീട സത്യം
ധന്യശ്രീയാം തദാത്മേശ്വരിയെ നിഭൃതമു—
ണ്ടോ ഭവാൻ കൊണ്ടുപോന്നു?

പദ്യം 155. വിക്ര...തി—പരാക്രമക്രമം. രണമദ്ധ്യേ—യുദ്ധമദ്ധ്യത്തിൽ. ചാണ്ഡോ....ബ്ധി—ഭയങ്കരവും വർദ്ധിച്ചതും ആയ ബലത്തിനു് ഇരിപ്പിടം. അഞ്ജസാ—പെട്ടെന്നു്. തന്നിലയനേ—തന്റെ ഗൃഹത്തിൽ. കാരാഗൃഹേ—ജയിലിൽ. വയം—നാം.

പദ്യം 156. തവ—നിനക്കു്. ജഗ....മി—ഭൂമണ്ഡലത്തിനു നാഥൻ. രഘൂത്തമൻ—രാമൻ. മൗലി—ശ്രേഷ്ഠൻ. ഖര....സാം—ഖരൻ ദൂഷണൻ ത്രിശിരസ്സു് ഇവർക്കു്.

പദ്യം 157. തച്ചരിതം—അവന്റെ ചരിത്രം. പുരാ—പണ്ടു്. ഭവേന്തം—അങ്ങയെ. ഉന്നിദ്രം—ഊക്കോടുകൂടിയ. കാത്ത....രം—കാത്തവീര്യാർജ്ജുനന്റെ കൈകൊ. ഭാഗ്ഗവൻ—ഭൃഗുവിന്റെ അപത്യം. പരിഭവം—തോൽവി.

എന്നിട്ടും കോപവേഗാത് ത്വടിതി ജലധിമു—
ല്ലംഘ്യ നാം ലങ്കയോടേ
തന്നേ വിശൈകനാഥന്നപി ച വിരവിലും
കൊണ്ടുപോമ്മാറു ഭാവം. 158

ഇപ്രകാരമറിയിപ്പതിന്നു കേ—
ളസ്മദാഗതി തദീയ ശാസനാത്
സപ്രിയം വരികിൽ വേണമോ വൃഥാ
ദുഷ്പ്രയോഗമിതി ധർമ്മചിന്തയാ.'' 159

ഹനുമാന്റെ വാക്കു കേട്ടു ക്ഷുഭിതനായിത്തീർന്ന രാവണൻ ഹനുമാനെ കൊല്ലാൻ ചന്ദ്രഹാസം എടുക്കുകയും ദൂതന്മാരെ കൊല്ലുന്നതുണ്ടോ എന്നു് അനുജൻ പറഞ്ഞതനുസരിച്ചു കൊല്ലാതെ ഹനുമാന്റെ വാലു ചുട്ടുകരിയ്ക്കാൻ ആജ്ഞാപിക്കുകയും ചെയ്തു:

ക്ഷോഭം പൂണ്ടു നിശാചരേന്ദ്രനടനേ
കണ്ണും ചുവപ്പിക്കടും—
കോപം പൂണ്ടൊരു ചന്ദ്രഹാസവുമെടു—
ത്തീടുന്നവസ്ഥാന്തരേ
'പാപം ദൂതരവദ്ധ്യ'രെന്നവരജോ—
ക്ത്യാ പിന്നെ വീണ്ടു,ദ്ഭടാ—
ടോപം ''ചുട്ടു കരിക്ക വാൽ കപിയെ''യെ—
ന്നാദിഷ്ടവാൻ രാക്ഷസഃ. 160

പിന്നെയും ഹനുമാൻ രാവണനെ അധിക്ഷേപിക്കുന്നു:

''രേ രേ രാവണ! രാവണാഃ കതി? ബഹു—
നേതേ വയം ശ്രുശ്രുമഃ
പ്രാഗേകം കില കാർത്തവീര്യനൃപതേർ—
ദോർദണ്ഡപിണ്ഡീകൃതം;

പദ്യം 158. മഹിമ—മേന്മ. തത് ആസ്താം—അതിരിക്കട്ടെ. ധന്യശ്രീ—സുഭഗേ. തദാ....രിയെ—അവന്റെ കാന്തയെ (സീതയെ). നിഭൃതം—രഹസ്യമായി. കോപവേഗാൽ—കോപാധിക്യത്താൽ. ത്വടിതി—ഉടൻ. ജലധിം—കടലിനെ. ഉല്ലംഘ്യ—കടന്നിട്ടു്. താം—അവളെ (സീതയെ). വിശൈ....ന്നു് അപി ച—ശ്രീരാമനും. ഭാവം—തീച്ചയായ സങ്കല്പം.

പദ്യം 159. അസ്മദാഗതി—നമ്മുടെ വരവു്. തദീ....നാത്—ശ്രീരാമന്റെ കല്പനനിമിത്തം. സപ്രിയം—തനിക്കു് ഇഷ്ടമായതു്. ദുഷ്പ്രയോഗം—ദുഷ്ടമായ പ്രവൃത്തി. വൃഥാ—വെറുതെ. ഇതി—എന്നു്. ധർമ്മചിന്തയാ—ധർമ്മവിചാരത്താൽ.

പദ്യം 160. ക്ഷോഭം—കലക്കം. നിശാ....ന്ദ്രൻ—രാവണൻ. എടു....രേ—എടുക്കുമ്പോഴേ. അവദ്ധ്യർ—വധിക്കാൻ യോഗ്യരല്ല. അവ.... ക്ത്യാ—അനുജൻ പറഞ്ഞതിനാൽ. ഉദ്ഭടാടോപം—സപ്രതാപം. കപി—വാനരൻ. രാക്ഷസഃ—രാക്ഷസനായ രാവണൻ. ആദിഷ്ടവാൻ—കല്പന നൽകി.

ഏകം നത്തനദാപിതാന്നകബളം
ദൈത്യേന്ദ്രദാസീജനൈ–
രന്യം വക്തുമപത്രപാമഹ ഇഹ
ത്വം തേഷു കോഽന്യോഽഥവാ?'' 161

രാവണൻ വളരെ കുപിതനായി പ്രസ്താവിക്കുന്നു:

ചൊല്ലാന്നീടും കപീനാം പരിവൃഢവചനം
കേട്ട കോപം ദശാസ്യ–
ന്നുള്ളിൽ പേത്തും തിരണ്ടു മിഴികളിരുപതും
പോന്ന ചെങ്കിക്കലങ്ങീ
'കൊള്ളട്ടേ താഡനം; വാനരകുമതി കുര–
ച്ചുന്നതും കേട്ടുപാന്തേ
നിർല്ലജ്ജം നോക്കി നില്ക്കുന്നിതു നിശിചരനി–
സ്തേജ''രെന്നും കുതർന്നു. 162

രാവണന്റെ കല്പനപ്രകാരം ഹനുമാന്റെ വാലിൽ തുണി ചുറ്റി എണ്ണയും ഒഴിച്ചു തീ കത്തിക്കുകയും ഹനുമാൻ ലങ്കയെ ദഹിപ്പിക്കുകയും ചെയ്തുന്നതായി വർണ്ണിക്കുന്നു:

ഗദ്യം 11.

ഇതി ദശകണ്ഠൻ ത്രിഭുവനചണ്ഡൻ
ചൊന്നതു കേട്ടതിധൃഷ്ടത കോല്യം
ദുഷ്ടനിശാചരർ നിരവധി വളരും
കപിവരബാലധിതിരുവാൽകോന്മേൽ
തുണി ചുറ്റുവതിന്നണയച്ചെന്നു തു–
ടങ്ങിന നേരമൊട്ടങ്ങിന മോദം

പദ്യം 161. രാവണാഃ കതി–രാവണന്മാർ എത്രയുണ്ടു്. ഏതേ വയം–ഈ നാം. ബഹുൻ ശ്രുശ്രുമഃ–അനേകം പേരെ കേട്ടിരിക്കുന്നു. പ്രാക്–മുമ്പു്. കാത്ത....തേഃ–കാത്തവീര്യൻ എന്ന രാജാവിന്റെ. ദോർദ ....തം കില–ബാഹുദണ്ഡത്താൽ പിണ്ഡമാക്കപ്പെട്ട. ഏകം–ഒരുവനെ. ഏകം–മറെറാരുവനെ. ദൈത്യേ....നൈഃ–ദാനവന്മാരുടെ ദാസികളാൽ. നത്തന....ളം–ആട്ടമാടുമ്പോഴം കൊടുക്കപ്പെട്ട അന്നകബളത്തോടുകൂടിയവ നായി. അന്യം–മറെറാരുവനെ. വക്തും–പറയാൻ. അപ....ഹേ–(നാം) ലജ്ജിക്കുന്നു. തേഷു–അവരിൽ. ഇഹ–ഇവിടെ. ത്വം–നീ. കഃ–ഏതാണു്? അഥവാ–അല്ലെങ്കിൽ. അന്യഃ–മറെറാരുവനോ.

പദ്യം 162. കപീനാം പരി....നം–ഹനുമാന്റെ വാക്കിനെ. ദശാ സ്യൻ–രാവണൻ. താഡനം–അടി. വാന....തി–വാനരനായ ദുർ ബുദ്ധി. ഉപാന്തേ–സമീപത്തിൽ. നിർലജ്ജം–ലജ്ജകൂടാതെ. നിശാ ... ർ–രാക്ഷസന്മാരാകുന്ന തേജസ്സില്ലാത്തവർ.

ഗദ്യം 11. ഇതി–ഇങ്ങനെ. ദശകണ്ഠൻ–രാവണൻ. ത്രിഭു....ൻ –മൂന്നു ലോകത്തിലും ഭയങ്കരൻ. അതിധൃഷ്ടത–വളരെ ധാർഷ്ട്യം. ദുഷ്ട

നിജഭവനങ്ങളിലുള്ള നറുന്തുകി—
ലൊക്കെ നശിച്ചതു ചുററിക്കുടാ—
ഞ്ഞാശ്രു വശം കെട്ടാശ മുടിഞ്ഞുപൊ—
ടിഞ്ഞു ഭയേന നനസ്സം നേരം
തൈലപ്പുരണികളാജ്യഘടാദികളം
ഭണ്ഡാരത്തിലിരുന്നതുമൊക്കെ—
പ്പാഴ്പെടുവോളം പാടു പിണഞ്ഞു ഫ—
ണാഗ്രമുയത്തും കാലപ്പാമ്പിനു
പുൺപണിയുന്നകണക്കേ കൊണ്ടേ
ജ്വലനജ്വാല കൊളുത്തിക്കണ്ടാർ.

തദനു മഹാത്മാ കപികുലവീരൻ
പരിജവഭാസുരദഹനജ്വാലാ—
പല്ലവജാലജടാലത തേടിന
ലാംഗ്രലാഗ്രംകൊണ്ടതിഭക്ത്യാ
ലക്ഷ്മീവദനം ചൂട്ടഴിയുന്ന ദ—
ശാപരിപാടിയെ ശിവ ശിവ! ശിവനേ!
പുരഹരനെററിത്തിരുമിഴി തുകിന
തീപ്പൊരി വീണ പുരത്രയരീതി വ—
രുത്തപ്പെട്ടൊരു ലങ്കാനഗരി പി—
ണഞ്ഞഴൽ പറവാനരുതരുതേതും.

കൗണപപരിവൃഢനന്നങ്ങിളകി—
ച്ചെന്നു സുരൗഘാൻ വെന്നു തിമിർപ്പൊട്ട
നന്ദനവാടിയിൽനിന്നു തിരഞ്ഞു തി—
രഞ്ഞു പറിച്ചു നിറത്തൊട്ടു കൊണ്ടേ
തൻഭവനാങ്കണബാഹ്യോദ്യാനേ
നട്ടു നനച്ചു വളത്തു കുളത്തു നി—

....രർ—ദുഷ്ടരാക്ഷസന്മാർ. നിരവധി—കണക്കില്ലാതെ. കപി....ധി—ഹനുമാന്റെ വാലു". മോദം—സന്തോഷം. നിജ....നം—അവരവരുടെ ഗൃഹം. ഭയേന—ഭയം നിമിത്തം. തൈലം—എണ്ണ. ആജ്യ....ദികളം—നെയ്യുടം മുതലായവ. ഭണ്ഡാരം—കലവറ. ഫണാഗ്രം—പത്തിയുടെ അററം. ജ്വലനജ്വാല—തീനാക്കു.

കപി....രൻ—ഹനുമാൻ. പരി....ലത—വേഗത്തോടു കത്തിയെരിയുന്നതും തെളിഞ്ഞതും ആയ അഗ്നിജ്വാലയാകുന്ന തളിരുകളാൽ ചിടപ്പിടിച്ച നില. ലാംഗ്രലാഗ്രം—വാലിന്റെ അററം. അതിഭക്ത്യാ—വളരെ ഭക്തിയോടെ. ലക്ഷ്മീവദനം—ലക്ഷ്മിയുടെ മുഖം. ദശാ....ടി—അവസ്ഥാക്രമം. പുരഹരൻ—ശിവൻ. പുരത്രയരീതി—ത്രിപുരങ്ങളുടെ അവസ്ഥ.

കൗണ... ഡൻ—രാക്ഷസശ്രേഷ്ഠൻ. സുരൗഘാൻ—ദേവകളെ. നന്ദനവാടി—നന്ദനം എന്ന ഉദ്യാനം. തൻഭ.....നേ—തന്റെ ഗൃഹത്തിന്റെ

രന്തരമൊക്കെത്തിങ്ങിപ്പൊങ്ങിന
ശാഖകൾകൊണ്ടമരേന്ദ്രപുരത്തിനു
പിന്നെയുമുഴറിച്ചെല്ലുംപോലേ
ചാടിവളന്നൊരു മാഹാത്മ്യവശാൽ
പട്ടകൾ പൊന്നുകൾ പുടവയുമഭിനവ—
മണികളും തുടങ്ങിന ദിവ്യവിഭ്രതികളും
പൂത്തീടുന്ന സുരദ്രുമവാടികയും
ചൂടു പിടിച്ചു വറണ്ടിതശേഷം
കുത്തിക്കാളിപ്പുത്തു ദിശാസ്വപി
പൊട്ടിച്ചാടിന തീക്കനൽ തെരുതെരെ
വീണും പക്ഷികദംബം ചിലവു കു--
രിഞ്ഞും ചിലവു പൊരിഞ്ഞും കൂഹചന
ഘോഷവിശേഷം കാണാകുന്നു.

കൂഹചന ഭാഗേ ചിത്രരംഗം ചു—
തരചമ്മാനകളെന്നു തുടങ്ങിന
നമ്മരസങ്ങളിലമ്മ മരിച്ചതു—
മറിയിതേ പാത്തിട്ടരചെന്നും
വച്ചരചെന്നും കണ്ണിമയാതേ
നോക്കിയിരുന്നും വീമ്പു പറഞ്ഞും
വീരവൊട്ട തോറ്റും ഝടിതി നിരത്തിയു
മിങ്ങനാലിമ്പിറകിരാരെന്നും
പെട്ടയടുത്തും കട്ടനടത്തിയു—
മുള്ള വിനോദേ മണിഗൃഹപങ്കതികളും
വെന്തു നിരന്തരമുടനുടനതിരും
ചെങ്കനലൊക്കെച്ചെവിയൊട്ട കണ്ണൊട്ട
തുലയൊട്ട വീഴും നേരത്തെന്തിദ—
മെന്നു കുതിന്നു കുതിന്നത്തീക്കനെ—
ല്ലൂടേ വേഗം നാലഞ്ചാറടി
മണ്ടിനടന്നു മറിഞ്ഞു കിടന്നു ക—
രഞ്ഞീടും ചില രാക്ഷസമിഥുനവി—
ലാപവിശേഷം കൂഹചന ഭാഗേ.

അന്തഃപുരത്തിലുള്ള ബാഹ്യരാജ്ഞിയിൽ. നിരന്തരം—ഇടവിടാതെ. ശാഖ—കൊമ്പു്. അമ....രേന്ദ്രം. അഭിനവം—പുത്തനായ. ദിവ്യ ... കം—ദിവ്യൈശ്വര്യങ്ങളും. സുരദ്രുമവാടി—ദേവവൃക്ഷങ്ങളും ഉള്ള ഉദ്യാനം. പത്തു....സു അപി—പത്തു ദിക്കിലും. പക്ഷികദംബം—പക്ഷിക്കൂട്ടം. കൂഹചന-ചിത്രലേഖത്തു്.

കൂഹ ...ഗേ—ചിത്രലേഖത്തു്. നമ്മരസം—ക്രീഡയിലെ താത്പര്യം. വിനോദേ—കളിയിൽ. ഇദം എന്തു്—ഇതെന്തോന്നു്. രാക്ഷ ...ഷം—രാക്ഷസദമ്പതിമാരുടെ രോദനം.

വന്നു പിടിക്കും വഹ്നി പൊലിപ്പാൻ
മണിഭവനങ്ങളിലോടിച്ചാടിയു-
മണിമതിൽതന്മേൽ നീളെ നടന്നും
കോംവഴിയുള്ളവർ വാഴ കുഴച്ചും
കത്തിയമന്നതു കുന്തിമറിച്ചും
നീരും കടവുമെടുത്തു നടന്നും
ചിലരിടയിൽ പുക്കൊട്ടു കവന്നും
മാപാപികളേ തീയതു വീണു
പിള്ളയുമങ്ങു വരേണ്ടാ പെരുവഴി
പോകട്ടങ്ങേ താലിപ്പെട്ടികയും
പിന്നെയെടുക്കാമോലപ്പെട്ടിയെ-
ടുപ്പിൻ മുൻപേ പലതരമിത്ഥം
വാത്ത പറഞ്ഞു പൊലിക്കും നേരം
ദർപ്പമിയന്ന കപിപ്രവരൻ ത-
ന്നുദ്ഭടബാലധിദണ്ഡാഗ്രംകൊ-
ണ്ടിരുകവിളത്തും താഡനമേറെറാരു
പേടി പിടിച്ചുടനോടിപ്പായും
നിശിചരപാളി കരഞ്ഞൊരു ഘോഷം
പുനരന്യസ്മിൻ കഹചന ഭാഗേ.

ഗ്രഹകളിലോടിയൊളിച്ചു വെരണ്ടീ-
ടുന്നുണ്ടയ്യോ! വൃദ്ധന്മാരും
വൃദ്ധസ്ത്രീകളുമിളയ കിടാങ്ങളു-
മാകെക്കുടെക്കാപീളെന്നു കു-
രഞ്ഞു നിരന്തരമയ്യോ പാപം!
നിശിചരവീരനിരുന്നരുളീടും
കോയിലകത്തും തീയോ ഹാഹാ!
പണ്ടൊരു നാളുമിവണ്ണമനർത്ഥം
കണ്ടതുമില്ല നിശാചരനഗരേ.
വാനവവീരരിലൊരുവനിവണ്ണം
വാനരനായതു നിർണ്ണയമത്രേ.
ജാനകി പോന്നിഹ വന്നതുകൊണ്ടേ
ഹാനി കുലത്തിനുമെത്തും നൂനം
മെല്ലെപ്പറവിനിതങ്ങറിയുമ്പോ-

വഹ്നി-തീ. ഇത്ഥം-ഇങ്ങനെ. ദർപ്പം-ഗർവ്വ്. കപിപ്രവരൻ-ഹനുമാൻ. ഉദ്ഭട...ഗ്രം-ഭയങ്കരമായ വാലാകുന്ന കോലിന്റെ അറ്റം. താഡനം-അടി. നിശി....ളി-രാക്ഷസക്കൂട്ടം. അന്യസ്മിൻ കഹചന ഭാഗേ-മറെറാരിടത്തു.

നിശി....രൻ. രാക്ഷസവീരൻ. നിശാ....രേ-ലങ്കയിൽ. വാനവ

ളിപ്പൊരു കിട്മ്മ ദശാസ്യന തിരിവും.
കഷ്ടം കഷ്ടം! കാൺക വലത്തു—
ടൊട്ട കറുത്തിട്ടേറേ വലിയൊരു
പുകയുയരുന്ന ഗഗനംതന്നിൽ
വല്ലാതൊരു മണമയ്യോ! വന്ന
തലമുടിതന്നിൽ തീ പിടിപെട്ടോ
ശിവ ശിവ! കഷ്ടം! വെന്തുതുടങ്ങീ
ദശമുഖസഹജനിരിക്കും ഭവനം.
മണിഭവനം വെന്തുടലിലണഞ്ഞാ—
ലുണരുകിലാമന്നിശിചരവീരൻ
നാടു മുടിഞ്ഞു യുവരാജനതാ!
നാസികയ്ക്കേ പട്ട തീ വീണു.
സംഭ്രമമാണ്ഥ കുംഭനികുംഭ—
പ്രഭൃതിനിശാചരരനവധിചേന്നു നി—
രന്തരമംബുധി നോക്കിനടന്നിതു
രാവണസഹജനെ നീരാടിപ്പാൻ.
ഏവംവിധമപി വിലപിച്ചീടും
നാദവിശേഷം കുഹചന ഭാഗേ.

തീ പിടിപെട്ട ധരിത്രി കുലുങ്ങി—
പ്പാഞ്ഞു തിരിഞ്ഞു കരഞ്ഞീടും ചില
കരികുലനിനദം കുഹചന ഭാഗേ,
മുഴകിന തുരഗനിനാദം കുഹചന
ഭയപരശിശുജനരോദം കുഹചന
കരയും കേളിമൃഗൗഘം കുഹചന
തീയിൽ മറിഞ്ഞു കിടക്കുന്നു ചിലർ
നദികളിലോടിച്ചാടുന്നു ചിലർ
പത്തു ദിഗന്തേ പായുന്നു ചിലർ
പത്തായങ്ങൾ പൊളിക്കുന്നു ചിലർ
പാത്രം കെട്ടിയെടുക്കുന്നു ചിലർ
പൊന്നും പണവുമെളിക്കുന്നു ചിലർ

വീരർ—ദേവന്മാർ. ഹാനി—കുറവു്. ന്യനം—നിശ്ചയം. ദശാസ്യൻ—രാവണൻ. ഗഗനം—ആകാശം. ദശ ...ജൻ—രാവണന്റെ സഹോദരൻ. നാസിക—മൂക്കു്. കുംഭ....ർ—കുംഭൻ നികുംഭൻ തുടങ്ങിയുള്ള രാക്ഷസ വീരന്മാർ. അംബുധി—കടൽ. സഹജൻ—സോദരൻ. ഏവംവിധം അപി—ഇവ്വണ്ണമെല്ലാം. വിലപിക്ക—കരയുക.

ധരിത്രി—ഭൂമി. കരി....ദം—ആനകളുടെ ശബ്ദം. തുര....ദം—കുതിരകളുടെ ഹേഷാരവം. കുഹചന—ചിലേടത്തു്. ഭയ .. ദം—ഭയന്ന കുട്ടികളുടെ രോദനം. കേളി....ഘം—കളിക്കായുള്ള മൃഗങ്ങളുടെ കൂട്ടം.

നിലവിളികൊണ്ടു കുലുക്കുന്നു ചിലർ
മുറവിളി കേട്ടു നടുങ്ങുന്നു ചിലർ
തമ്മിൽ തച്ചു കയ്ക്കുന്നു ചിലർ.
വെങ്കുളിമാളിക വെണ്ണീറായീ
പലകയൊരോന്നേ വെന്തതു വീണു.
പെട്ടകമൊക്കെ കത്തിയെരിഞ്ഞു
കർപ്പൂരത്തറ കത്തിയെഴുന്നു
വെൺകൊറ്റക്കുട വെന്തുതുടങ്ങീ
കസ്തൂരിച്ചിറ ചുട്ടു തിളച്ചു
കളഭപ്പൊന്തു വരണ്ടു ചമഞ്ഞു
കുങ്കുമമാലയിലങ്കി പിണഞ്ഞു
മാരക്കളരികളും നീറിപ്പോയീ
മരതകവേദിക പൊരികനലായീ
പുകയിലൊളിച്ചും കുതിരപ്പന്തിക—
ളഗ്നിയിൽ വെന്തവ താനേ വീണു
ആനപ്പന്തിയിലനലനണഞ്ഞു
പരിമളപഞ്ജരമിടതല വന്നു
വെള്ളികളൊക്കെയുരുകിയൊലിച്ചതു
വൃദ്ധജനങ്ങടെ മുതുകിൽ വീണു.
പിള്ളകളൊക്കെ തീയിന്നുള്ള—
ത്തെള്ളിയിലുള്ളം കാഞ്ഞു കമഴ്ന്നു
കള്ളമകന്നാ രാക്ഷസനിവഹം
ഉള്ളു കരിഞ്ഞു കരഞ്ഞു നീളേ
ഓടി നടന്നവർ ക്രൂകിവിളിച്ചു
വാടിയ മനമോടശരണരായീ.
രാക്ഷസരാജനു ലങ്കാധീശ—
ന്നക്ഷികളിരുപതുമാകുലമായീ
മാളികമുകളിൽനിന്നെഴുനള്ളി
പ്രാണഭയത്തൊടു ദിശി ദിശി മണ്ടി—
പ്പെട്ടഴൽ പറവാൻ ശേഷനുമൊട്ടും
വചനവിശേഷൈരരുതരുതേതും.

നദി—പുഴ. ദിഗന്തേ—ദിക്കുകളിൽ. മാര ...രികയും—കാമദേവന്റെ അരങ്ങുകളും. മര....ക—മരതകമയമായ തിണ്ണ. അനലൻ—തീ. പര ...രം—വാസനക്കുട്ട്. നിവഹം—കൂട്ടം. അശരണർ—ശരണരഹിതർ. ലങ്കാധീശൻ—ലങ്കാധിപതി. അക്ഷി—കണ്ണ്. ആകുലം—പരവശം. ദിശി ദിശി—ഓരോദിക്കിലും. ശേഷൻ—ആയിരം നാവുള്ള ആദിശേഷൻ. വച....ഷൈഃ—വാഗ്വിശേഷങ്ങളാൽ.

ലങ്കയിൽ സീതാവസതിയൊഴികെയുള്ള സ്ഥലമെല്ലാം ദഹിപ്പിച്ചിട്ടു ഹനുമാൻ മടങ്ങി ശ്രീരാമനെ പ്രാപിച്ചു ചൂഡാമണിയെ കൊടുത്തു സീതയെ കണ്ട വൃത്താന്തം രാമനോടു പറഞ്ഞുകേൾപ്പിക്കുകയും ശ്രീരാമൻ സന്തോഷിക്കുകയും ചെയ്യുന്നു:

ഇത്ഥം ബാലാഗ്രകാലാനലതരളശിഖാ—
മാലയാ ലങ്കയൊക്കെ—
ക്കരെത്തിക്കാളിച്ചു സീതാവസതിനിലമൊഴി—
ഞ്ഞുള്ളതുല്ലാസശാലീ
കൈത്താരിൽച്ചേർത്തു ചൂഡാമണിയുമുദധിയു—
ല്ലംഘ്യ ശാഖാമൃഗാണാ—
മുദ്വേലാനന്ദദായീ രഘുകുലതിലകം
പ്രാപ ഭൂയോ ഹനൂമാൻ. 163

''കണ്ടേൻ ഞാൻ ദേവ! ദേവീം ജയ ശുഭചരിതാ—''
മെന്ന നത്വാ ഹനൂമാൻ
കൊണ്ടക്കൈയിൽ കൊടുക്കും പൊഴുതു പുകഴെഴും
പ്രേയസീമൗലിഭൂഷാം
ഉണ്ടായീ രാമചന്ദ്രന്നൊരു പരമസുഖാ—
ല്ലാസമാഹന്ത! പണ്ടി—
ത്തണ്ടാർമാതിൻ കരാബ്ജം ജനകനൃപതി ന—
ല്കുന്ന നാളെന്നപോലേ. 164

പദ്യം 163. ഇത്ഥം—ഇവ്വണ്ണം. ബാലാ ...ലയാ—വാലിന്റെ അറ്റത്തിൽ കത്തിയെരിയുന്ന പ്രളയാഗ്നിജ്വാലയാൽ. സീതാ .. ലം—സീത ഇരിക്കുന്ന പ്രദേശം. ഉല്ലാ ...ലീ—ഉല്ലസിക്കുന്നവനായി. ഉദധി—സമുദ്രം. ഉല്ലംഘ്യ—കടന്നിട്ട്. ശാഖാ ...ണാ—വാനരന്മാക്കൾ. ഉദ്വേലാ ... യീ—പരമാനന്ദത്തെ കൊടുക്കുന്നവനായി. ഭൂയഃ—വീണ്ടും ഹനൂമാൻ രഘു....കം പ്രാപ—ഹനുമാൻ ശ്രീരാമനെ പ്രാപിച്ചു.

പദ്യം 164. ശുഭ .. താം—ശുഭചരിതയായ. ദേവീം—സീതാദേവിയെ. ജയ—ജയിച്ചാലും. നത്വാ—നമസ്കരിച്ചിട്ട്. പ്രേയ....ഷാം—സീതയുടെ ചൂഡാരത്നത്തെ. കരാബ്ജം—കൈത്താമര.

ഉദ്യാനപ്രവേശത്തിലെ കഥാഭാഗം അംഗുലീയാങ്കത്തിലന്തർഭവിച്ചതാണെങ്കിലും കവി അതിനെ വിസ്തരിച്ചുപപാദിച്ചു് ഒരു പ്രത്യേകം പ്രബന്ധം എഴുതി കഥയെ പോഷിപ്പിച്ചിരിക്കുന്നു. വിശേഷിച്ചു് അംഗുലീയാങ്കത്തിൽ ആ കഥാഭാഗം ഹനുമാന്റെ മുമ്പിൽവച്ചുപപാദിക്കുന്ന വിധം ഗ്രന്ഥകാരൻ വണ്ണിച്ചിട്ടുമില്ല.

അംഗുലീയാങ്കം സമാപ്തം

യുദ്ധകാണ്ഡം

1. ലങ്കാപ്രവേശം
2. രാവണവധം
3. അഗ്നിപ്രവേശം
4. അയോദ്ധ്യാപ്രവേശം
5. പട്ടാഭിഷേകം

ലങ്കാപ്രവേശം

കഥാവസ്തുനിർദ്ദേശംചെയ്തുകൊണ്ടു പ്രബന്ധം ആരംഭിക്കുന്നു:

മുരരിപുപദസേവാസേതുനാ മോഹസിന്ധും
പരിചിനൊട്ട കടന്നേ മുക്തി കൈവന്നുകൂട്ടൂ;
നരപതി രഘുനാഥൻ പ്രേയസീ[1]സംഗമത്തി—
ന്നൊരു ചിറ ജലധൗ തീർത്തക്കരെച്ചെന്നപോലേ. 1

ശ്രീരാമൻ ഹനുമാങ്കൽനിന്നു സീതാവൃത്താന്തം അറിഞ്ഞ ഉടൻ വാനരസൈന്യത്തോടുകൂടി യുദ്ധത്തിനായി തെക്കോട്ടു യാത്രപുറപ്പെടുന്നു:

ശ്രുത്വാ വൃത്തം പ്രിയായാഃപവനസുതമുഖാ—
ന്നിർമ്മലം രാമചന്ദ്രഃ
സന്തോഷക്രോധലജ്ജാപ്രസരഘനഘൃണോ—
ത്സാഹശോകാകുലാത്മാ
ആയാതൈർവാനരൗഘൈർവിമതഗജഘടാ—
പാടനപ്രൗഢിസിം[2]ഹൈർ—
യുക്തോ യുദ്ധായ ഗന്തും മതിമകൃതകൃതീ[3]
ദക്ഷിണം ദിഗ്വിഭാഗം. 2

പദ്യം 1. ഉപമാലങ്കാരഘടനയിൽ കഥാവസ്തുവിനെ സൂചിപ്പിച്ചുകൊണ്ടു ശ്രീശേംസനത്തോടുകൂടി പ്രബന്ധം ആരംഭിക്കുന്നു. മുര ...നാ—വിഷ്ണുഭഗവാന്റെ പാദസേവയാകുന്ന ചിറയിൽകൂടി. മോഹസിന്ധും—അജ്ഞാനമാകുന്ന സമുദ്രത്തെ. മുക്തി—മോക്ഷം. നരപതി—രാജാവു്. രഘുനാഥൻ—ശ്രീരാമൻ. പ്രേയസീസംഗമം—സീതയെപ്രാപിക്കുക. ജലധൗ—സമുദ്രത്തിൽ.

പദ്യം 2. പാവനസുതമുഖാത്—ഹനുമാങ്കൽനിന്നു്. പ്രിയായാഃ—പ്രേയസിയായ സീതയുടെ. നിർമ്മലം—ശുദ്ധമായ. വൃത്തം—വാർത്തയെ. ശ്രുത്വാ—കേട്ടിട്ടു്. കൃതീ—കൃതാർത്ഥനായ. രാമചന്ദ്രഃ—ശ്രീരാമൻ. സന്തോ....ത്മാ—സന്തോഷം കോപം ലജ്ജ ഇവയുടെ വ്യാപ്തികൊണ്ടു കനത്ത കാരുണ്യം ഉത്സാഹം ദുഃഖം ഇവയാൽ പരവശ ചിത്തനായി. വിമത....ഹൈം—ശത്രുക്കളാകുന്ന ആനക്കൂട്ടങ്ങളെ നശിപ്പിക്കുന്നതിനു കെല്പുള്ള സിംഹങ്ങളായ. ആയാതൈഃ—വന്നവരായ. വാനരൗഘൈഃ യുക്തഃ—വാനരസമൂഹങ്ങളോടുകൂടിയവനായി. യുദ്ധായ—യുദ്ധത്തിനായ്ക്കൊണ്ടു്. ദക്ഷിണം ദിഗ്വിഭാഗം ഗന്തും—തെക്കുദിക്കിലേയ്ക്കു യാത്രചെയ്യുന്നതിനു്. മതിം അകൃത—നിശ്ചയിച്ചു.

1. സീദർശനത്തി. 2. ഹൈഃസാകം യ. 3. കൃതിർദ.

ഗദ്യം 1.

അഥ സ രാമോ വിദ്യാവയഃപ്രവർഷീയസാ ജാംബവതാ ച സൗമിത്രിസുഗ്രീവാഭ്യാം ലീലാലങ്ഘിതലവണജലധി-കുവലയവനേന വിദ്രാവിതരജനിചരമധുകരനികരേണ മൈഥിലീവാത്താമകരന്ദകബളനമുദിതേന ലങ്കാരാജീവരാജിരാജഹംസേന ഹനുമതാ ച സഹ സമ്മന്ത്ര്യ സമവധാര്യ കാര്യാന്തരം സാഗരസേതുബന്ധം യാതുധാനപുരോപരോധം സാനുബന്ധദശകന്ധരകബന്ധീകരണം ച ഉത്തരാസു ഫലഗ്രഹനീഷു അഫലഗ്രഹമതിബലപരാക്രമഃ പതഗപതിസുനിമിത്ത-വചനസന്ധുക്ഷിതവിജിഗീഷാഹതാശനഃ ഹരിരിവ വൈനതേയം ഹനുമന്തമധിരുഹ്യ ബാലിതനയശതബലികന്ധരാരൂഢാഭ്യാം ലക്ഷ്മണസുഗ്രീവാഭ്യാമനുഗമ്യമാനഃ ഗഗനകമല-കർണ്ണികായമാനേ ഭഗവതി ഭാനുമാലിനി വിജയാഭിധാനേ മുഹൂർത്തേ സന്നദ്ധോ ബദ്ധകൗക്ഷേയകഃ അക്ഷയശരഭരിത-ശരധിഃ ആത്തശരാസനഹസ്തഃ അഗസ്ത്യദിശം പ്രതി പ്രതസ്ഥേ

ഗദ്യം 1. അഥ-അനന്തരം. സഃ രാമഃ—ആ ശ്രീരാമൻ. വിദ്യാ....സാ—പഠിത്തംകൊണ്ടും പ്രായംകൊണ്ടും വളരെ വൃദ്ധനായ. ജാംബവതാ ച—ജാംബവാനോടും. സൗമി....ഭ്യാം—ലക്ഷ്മണസുഗ്രീവന്മാരോടും. ലീലാ....നേന—ഉപ്പുസമുദ്രമാകുന്ന കരിംകുവളപ്പൊയ്കയെ കളിയെന്ന മട്ടിൽ തരണം ചെയ്തവനായ. കുവലയവനത്തെ തരണം ചെയ്യുന്നതുപോലെ കളിയെന്ന മട്ടിൽ ലവണസമുദ്രത്തെ തരണം ചെയ്തവൻ എന്നർത്ഥം. വിദ്രാ....രേണ—രാക്ഷസന്മാരായ വണ്ടിൻകൂട്ടങ്ങളെ ഓടിച്ചവനായ. മൈഥി....തേന—സീതയുടെ പ്രാണനാഥനാകുന്ന പുഷ്പരസത്തെ കുടിച്ചു സന്തുഷ്ടനായ. ലങ്കാ....സേന—ലങ്കയാകുന്ന കരിങ്കുവളക്കൂട്ടത്തിലെ അരയന്നമായ (അരയന്നം കരിങ്കുവളക്കൂട്ടത്തിൽ എന്നപോലെ ലങ്കയിൽ വിഹരിച്ചവൻ എന്നർത്ഥം). ഹനുമതാ ച സഹ—ഹനുമാനോടും കൂടി. സമ്മന്ത്ര്യ—കൂടിയാലോചിച്ച്. സാഗ....ന്ധം—സമുദ്രത്തിൽ ചിറ കെട്ടുക. യാതു....ധം—ലങ്കയെ ആക്രമിക്കുക. സാനു... ണ—പരിവാരങ്ങളോടുകൂടിയ രാവണനെ നിഗ്രഹിക്കുക. കാര്യാന്തരം ച സമവധാര്യ—മറ്റു കാര്യങ്ങളെയും (നടത്തേണ്ടതുകളായി) നിശ്ചയിച്ചിട്ട്. ഉത്തരാസു ഫലഗ്രഹനീഷു-ഉത്തരാതിനാം. അഫ....മഃ-പാഴാകാത്ത ബുദ്ധി ബലം പരാക്രമം ഇവയോടുകൂടിയവനായി. പതഗ ...ശനഃ—ജടായുവിന്റെ ശ്രേഷ്ഠവചനങ്ങളാൽ കത്തിയെരിയുന്ന ജയിക്കുവാനുള്ള ആഗ്രഹമാകുന്ന അഗ്നിയോടുകൂടിയവനായി. ഹരിഃ-വിഷ്ണു. വൈനതേയം ഇവ—ഗരുഡനിൽ എന്നപോലെ. ഹനുമന്തം അധിരുഹ്യ—ഹനുമാനിൽ കയറി. ബാലി....ഭ്യാം—ബാലിപുത്രൻ ശതബലി എന്നീ വാനരന്മാരുടെ കഴുത്തിൽ കയറിയിരുന്ന. ലക്ഷ്മ... ഭ്യാം അനുഗമ്യമാനഃ—ലക്ഷ്മണസുഗ്രീവന്മാരാൽ അനുഗമിക്കപ്പെട്ടവനായി. ഭഗവതി ഭാനുമാലിനി-ഭഗവാനായ സൂര്യൻ. ഗഗ.....നേ (സതി)—ആകാശമാകുന്ന താമരയുടെ അല്ലിയായി വിളങ്ങുമ്പോൾ. വിജ.....നേ മുഹൂർത്തേ—വിജയം എന്ന മുഹൂർത്തത്തിൽ. സന്നദ്ധഃ—സജ്ജനായി. ബദ്ധ..... കഃ—ബന്ധിച്ച

1. കാര്യം. സാ.

വാനരസൈന്യത്തെ വർണ്ണിക്കുന്നു:

കചിന്മേഘശ്യാമൈഃ കചന കദളീപത്രഹരിതൈഃ
കചിത് സുവർണ്ണപ്രഖ്യൈഃ കചന പികചഞ്ചു പടനിഭൈഃ
കചിന്മുക്താഗൗരൈഃ കചന ബഹുവർണ്ണൈഃ പരിവൃതാ
നദദ്ഭിർമാദ്യദ്ഭിഃ കപിഭിരശ്രുഭത് സാ ഹരിചമൂഃ. 3

ഗിരിമുകളിൽനിന്നിറങ്ങീ
ഖരരവപരിഭർത്സിതാഖിലാശാന്താ
പെരുകിന വാനരസേനാ—
വരതടിനീ വാരിരാശിമുപഗ്രഹ്യാ. 4

ശ്രീരാമൻ ഹനുമദാദിസഹിതനായി സമുദ്രതീരം പ്രാപിക്കുന്നു:

രാഘവോഽപി സഹ ലക്ഷ്മണേന ജലരാശി—
തീരമഭിപദ്യ വ—
ന്മേഘമാല തിരളുന്നവണ്ണമുരുളുന്ന
വീചികളെ ലാളയൻ
കോകിലസ്വരമനോഹരേ സുരഭിലേ സു—
നിർമ്മലശിലാതലേ
സാകമാശു ഹനുമന്മുഖൈരുപവിവേശ
വാനരപുരന്ദരൈഃ. 5

വാളോടു കൂടിയവനായി. അക്ഷ....ധിഃ—ക്ഷയിക്കാത്ത ബാണങ്ങളാൽ പൂർണ്ണമായ ആവനാഴിയോടു കൂടിയവനായി. ആത്ത....സ്സഃ—കൈയിൽ വില്ലു ധരിച്ചവനായി. അഗസ്ത്യദിശം പ്രതി പ്രതസ്ഥേ—തെക്കു നോക്കിയാത്രയായി.

പദ്യം 3. സാ ഹരിചമൂഃ—ആ വാനരസൈന്യം. കചിത്—ചിലേടത്തു്. മേഘശ്യാമൈഃ—മേഘംപോലെ നീലനിറമായും. കചന—ചിലേടത്തു്. കദളീ....തൈഃ—വാഴയിലപോലെ പച്ചനിറമായും. കചിത്—ചിലേടത്തു്. സുവർണ്ണപ്രഖ്യൈഃ—തങ്കനിറമായും. കചന—ചിലേടത്തു്. പിക....ഭൈഃ—കയിലിന്റെ കൊക്കിന്റെ നിറംപോലെയും. കചിത്—ചിലേടത്തു്. മുക്താ....രൈഃ—മുത്തുപോലെ വെളുത്തനിറമായും. കചന—ചിലേടത്തു്. ബഹുവർണ്ണൈഃ—പലനിറങ്ങളായും. നദദ്ഭിഃ—ശബ്ദിക്കുന്നതുകളും. മാദ്യദ്ഭിഃ—മദിച്ചു വിഹരിക്കുന്നതുകളും ആയിരിക്കുന്ന. കപിഭിഃ പരിവൃതാ—വാനരന്മാരാൽ ചൂഴപ്പെട്ടതായി. അശ്രുഭത്—ശോഭിച്ചു.

പദ്യം 4. ഗിരി—പർവതം. ഖര....ന്താ—പരുഷശബ്ദത്താൽ ദിക്കുകളെ പരവശപ്പെടുത്തുന്നതായി. വാനര....നീ—വാനരസൈന്യമാകുന്ന ശ്രേഷ്ഠമായ പുഴ. വാരിരാശിം—സമുദ്രത്തോടു്. ഉപഗ്രഹ്യാ—സംഗമിച്ചു. പുഴയും മലയിൽനിന്നു് ഉത്പന്നയായി ശബ്ദകോലാഹലത്തോടു താഴെ പ്രവഹിച്ചു് ഒടുവിൽ സമുദ്രത്തിൽ ചെന്നുചേരുന്നു.

പദ്യം 5. രാഘവഃ അപി—ശ്രീരാമനും. ലക്ഷ്മണേന സഹ—ലക്ഷ്മണനോടുകൂടി. ജല....രം അഭിപദ്യ—സമുദ്രതീരത്തെ പ്രാപിച്ചിട്ടു്

1. ശാ സാ പെ. 2. ഘവശ്ച സ.

സമുദ്രതീരത്തിലിരുന്നുകൊണ്ട് എല്ലാവരും സമുദ്രം കടക്കുവാനുള്ള ഉപായം ആലോചിക്കുന്നു:

സുഗ്രീവനീലനളമൈന്ദസുഷേണമുഖ്യാ
വിഖ്യാതവാനരഭടാഃ പരിതോ നിഷണ്ണാഃ
ഉൽക്കാമ്പിലോത്തുദധിതൻ തരണപ്രകാരം
നിഷ്ക്രമ്യമം ജഗദുരുദ്ധതശക്തിവീര്യാഃ. 6

ഉത്പാദിച്ചാശു കപ്പൽപ്പട സരഭസമാ-
രുഹ്യ നാം ചെല്ലുകെന്നാ-
നഭ്യാസീ മൈന്ദനേ;ററം ശിഖരിഭിരിതു തു-
ത്തീടുകെന്നാൻ സുഷേണൻ
ഒപ്പം കോരിക്കുടിച്ചീടുക സലിലമിതെ-
ല്ലാരുമെന്നാശു ചൊന്നാ-
നുത്പന്നക്ഷോഭമപ്പോഴം വിവിദനു,പരി ചാ-
ടീടുകെന്നാൻ ഹനുമാൻ. 7

അപ്പോഴം സുനിമിത്തങ്ങളം ഉണ്ടായതായി പ്രസ്താവിച്ചുകൊണ്ട് ആകാശമാർഗ്ഗത്തിൽ അവർ അഞ്ചു രാക്ഷസന്മാരെ കണ്ടതായി വർണ്ണിക്കുന്നു:

തണ്ടിത്താന്താൻ തനിക്കാവതു സദസി പറ-
ഞ്ഞാഗ്രഹിക്കും ദശായാ-
മുണ്ടായീ മൂന്നുനാലഞ്ചുഴകിയ സുനിമി-
ത്തങ്ങളുദ്ധൂയ ദോഷാൻ

മേഘമാല-മേഘപങ്ക്തി. വീചി-തിര. ലാളയൻ-ലാളിച്ചുകൊണ്ട്. ഹനുമന്മുഖൈഃ-ഹനുമാൻ തുടങ്ങിയുള്ള. വാന....രൈഃ സാകം-വാനരശ്രേഷ്ഠന്മാരോടുകൂടി. ആശു-ഉടൻ. കോകി....രേ-കയിലിന്റെ ശബ്ദത്താൽ രമ്യമായ. സുരഭിലേ-സുഗന്ധിയായ. സുനി....ലേ-ശുദ്ധമായ ശിലാതലത്തിൽ. ഉപവിവേശ-ഇരുന്നു.

പദ്യം 6. പരിതഃ നിഷണ്ണാഃ-ചുറും ഇരുന്നവരായ. ഉദ്ധ....ര്യാഃ-വളരെ ബലപരാക്രമങ്ങളോടുകൂടിയ. സുഗ്രീ....ഖ്യാം-സുഗ്രീവൻ നീലൻ നളൻ മൈന്ദൻ സുഷേണൻ തുടങ്ങിയുള്ള. വിഖ്യാ....ടാഃ-പ്രസിദ്ധരായ വാനരയോദ്ധാക്കൾ. ഉദധി-സമുദ്രം. തര....രം-കടക്കേണ്ട വിധം. ഉൽക്കാമ്പിൽ-മനസ്സിൽ. നിഷ്ക്രമ്യമം-കാപട്യം കൂടാതെ. ജഗദുഃ-പറഞ്ഞു.

ഗദ്യം 7. ഉത്പാദിച്ചു-നിർമ്മിച്ചു. സരഭസം-വേഗത്തിൽ. ആരുഹ്യ-കയറി. അഭ്യാസീ-പരിചയമുള്ളവൻ. ശിഖരിഭിഃ-പർവതങ്ങളെക്കൊണ്ട്. തുത്തീടുക-നികത്തുക. സുഷേണൻ-ഒരു വാനരശ്രേഷ്ഠൻ. സലിലം-വെള്ളം. ഉത്....ടം-വ്യാകുലതയോടുകൂടി. വിവിദൻ-ഒരു വാനരശ്രേഷ്ഠൻ. ഉപരി-മുകളിൽ.

പദ്യം 8. സദസി-സഭയിൽ. ആഗ്രഹിക്കും ദശായാം ആഗ്രഹിക്കുമ്പോഴം. സുനിമിത്തങ്ങളം-ശുഭശകനങ്ങളം. ദോഷാൻ-ദോഷങ്ങളെ. ഉദ്ധൂയ-അകറ്റിക്കൊണ്ട്. ഇതികർത്തവ്യതാ-ഇന്നവിധം വരിക എന്നുള്ള.

ഉണ്ടോ ദൈവാനുകൂല്യം വരുമളവിതി കഃ-
ത്ത്വവ്യതാ; തേ തദാനീം
കണ്ടോരാകാശമാർഗ്ഗേ തുലിതജലധരം
പഞ്ചകം രാക്ഷസാനാം. 8

വിഭീഷണൻ നാലു രാക്ഷസന്മാരോടുകൂടി വന്നു ശ്രീരാമനെ ശരണം പ്രാപിക്കുകയും, വിഭീഷണന്റെ വിശ്വാസ്യതയെപ്പറ്റി ആദ്യം സംശയിച്ചുവെങ്കിലും ഒടുവിൽ ശ്രീരാമൻ ശരണാഗതപരിത്രാണധർമ്മമനുസരിച്ചു വിഭീഷണനെ സാദരം സ്വീകരിക്കുകയും ചെയ്യുന്നു:

ഗദ്യം 2.

തദനന്തരമന്തരിതഗമനസന്നാഹശാലിനി വലീമുഖബലേ അന്തരായീഭൂതസിന്ധുരാജസന്തരണബന്ധുരോപായചിന്തനപരേ മനുവംശവരേ അഹിതവചനകുപിതദശവദനേന സരഭസം നിർവാസിതഃ സർവാതിശായിമതിബലമഹിമാ വിഭീഷണശ്ചതുർഭിഃസഹരക്ഷോഭിർഭഗവന്തമിക്ഷ്വാകുവംശതിലകം ലക്ഷ്മണാഗ്രജം ശരണമുപജഗാമ.

ഉരുത്തീടും കോപാത് കപിബലമുദസ്ഥാന്മൃധകൃതേ
പെരുത്തീടും കല്പം മലകളുമൊരോ ദാരുശിഖരാൻ
കരുത്തോടാദായ പ്രസഭമഭിതോ വന്ന സമയേ
പരുത്തീടും പാണിദ്വയമുചിതമേവം നിജഗദേ. 9

തേ—അവർ. തദാനീം—അപ്പോഴ്. ആകാ....ഗ്രേ—അന്തരീക്ഷത്തിൽ. തുലിതജലധരം—മേഘതുല്യന്മാരായ. രാക്ഷസാനാം പഞ്ചകം—അഞ്ചു രാക്ഷസന്മാരെ.

ഗദ്യം 2. തദനന്തരം—അതിൽപിന്നെ. വലീമുഖബലേ—വാനരസൈന്യം. അന്ത....നി—യാത്രാസന്നാഹം തടയപ്പെട്ടിരിക്കുമ്പോഴ്. മനുവംശവരേ—ശ്രീരാമൻ. അന്ത....രേ—ഉപരോധമായിരിക്കുന്ന സമുദ്രത്തെ കടന്നു പോകാനുള്ള വഴിയെന്തെന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴ്. അഹിത....നേന—അപ്രിയം പറഞ്ഞതുകൊണ്ടു കോപം പൂണ്ട രാവണനാൽ. സരഭസം—വേഗത്തിൽ. നിർവാസിതഃ—പുറം തള്ളപ്പെട്ട. സർവാ....മാ—അസാധാരണമായ ബുദ്ധിബലമാഹാത്മ്യത്തോടുകൂടിയ.. വിഭീഷണഃ വിഭീഷണൻ. (രാവണന്റെ സോദരൻ). ചതുർഭിഃ രക്ഷോഭിഃ സഹ—നാലു രാക്ഷസന്മാരോടുകൂടി. ഭഗവന്തം—ഭഗവാനായ. ഇക്ഷ്വാകു...കം—ഇക്ഷ്വാകുകുലത്തിനു അലങ്കാരമായ. ലക്ഷ്മണാഗ്രജം—ശ്രീരാമനെ. ശരണം ഉപജഗാമ—ശരണം പ്രാപിച്ചു. ''ഉത്പപാത ഗദാപാണിശ്ചതുർഭിഃ സഹ രാക്ഷസൈഃ'' എന്ന രാമായണവചനം.

പദ്യം 9. ഉരുത്തീടും— (രാക്ഷസന്മാരുടെ വരവിൽ) വർദ്ധിച്ചു. കോപാത്—കോപം ഹേതുവായി. കപിബലം—വാനരസൈന്യം. മൃധകൃതേ—യുദ്ധത്തിനായി. ഉദസ്ഥാത്—സജ്ജമായി. ദാരുശിഖരാൻ—വൃക്ഷക്കൊമ്പുകളെ. ആദായ—എടുത്തിട്ട്. പ്രസഭം അഭിതഃ വന്ന സമയേ—ഉടൻ അടുത്തു ചെന്നപ്പോഴ്. പാണിദ്വയം—രണ്ടു കൈയ്. ഉചിതം—യോഗ്യമാംവണ്ണം. ഏവം—ഇപ്രകാരം. നിജഗദേ—പറഞ്ഞു.

ദുർദ്ദാന്തം ബാലിപുത്രപ്രമുഖമതിരുഷാ
വാനരാനീകമൊക്കെ
ക്ഷുദ്രാന്തത്പാട്യ വൃക്ഷാനഹമഹമികയാ
ചെന്നതാലോക്യ ധീമാൻ,
അസ്പഷ്ടക്ഷോഭം വിലക്ഷിത്തദനു കരതലം—
കൊണ്ടമൂൻ യാതുധാനാൻ
സ്ഥിതവാ മാർഗ്ഗേ ഘനാനാമധരിതജലദ—
ധ്വാനമിത്ഥം ബഭാഷേ. 10

''സുഗ്രീവാകർണ്ണയാസ്മദ്വചനമയി സഖേ!
രാമചന്ദ്രപ്രസാദ—
വ്യഗ്രീ ഞാൻ വിശ്വസിച്ചീടുക; പറകിലറി—
ഞ്ഞീടുമാര്യോ ഹനുമാൻ;
തൃക്കാൽ വന്ദിപ്പതിന്നുണ്ടൊരു രജനിചരൻ
പാർത്തുനില്പുന്നതൊന്നും
തൃക്കൺപാക്കേണമെന്നുള്ളതു ചെവിയിലുണ—
ർത്തേണമാമാകിൽ മെല്ലേ.'' 11

തിക്കാരം നന്നു നമ്മെ പ്രതി പുനരിവനെ—
ന്നോർത്തു കണ്ണും ചുവത്തി—
സ്സുഗ്രീവൻ ചെന്നുണർത്തുന്നളവു രഘുപതിർ—
വാചമൂചേ ഗഭീരാം:
''ഉൽക്കൺകൊണ്ടോർത്തു കാൺമൂ രഹസി ഹനുമതാ
സാകമാമന്ത്ര്യ നീയും
ശിക്ഷിപ്പൂ വല്ലവണ്ണം പരിചൊടു പരമാ—
ർത്ഥം പരീക്ഷാവിശേഷൈഃ. 12

പദ്യം 10. ദുർദ്ദാന്തം—അടങ്ങാത്ത. ബാലി....ഖം വാനരാനീകം—ബാലിപുത്രൻ തുടങ്ങിയുള്ള വാനരസൈന്യം. അതിരുഷാ—വളരെ കോപത്തോടുകൂടി. അഹമഹമികയാ—ഞാൻ ഞാൻ എന്ന മട്ടിൽ. ക്ഷുദ്രാൻ—നിസ്സാരങ്ങളായ. വൃക്ഷാൻ—മരങ്ങളെ. ഉത്പാട്യ—പിഴുതെടുത്തിട്ട്. ആലോക്യ—കണ്ടിട്ട്. ധീമാൻ—ബുദ്ധിമാൻ (വിഭീഷണൻ). അസ്പഷ്ടക്ഷോഭം—വ്യാകുലതയില്ലാതെ. തദനു—അതിൽപിന്നെ. കരതലം കൊണ്ടു—കൈകൊണ്ട്. അമൂൻ യാതുധാനാൻ—ഈ രാക്ഷസന്മാരെ. ഘനാനാം മാർഗേ സ്ഥിതവാ—മേഘസഞ്ചാരമാർഗ്ഗത്തിൽ സ്ഥിതിചെയ്തിട്ട്. അധരിത....നം—മേഘഗർജനധ്വനി കീഴ്പ്പെടുത്തുന്ന. ഇത്ഥം, ബഭാഷേ—ഇവ്വണ്ണം പറഞ്ഞു.

പദ്യം 11. അയി സഖേ സുഗ്രീവ—അല്ലയോ സ്നേഹിതനായ സുഗ്രീവ. അസ്മദ്വചനം—നമ്മുടെ വാക്കിനെ. ആകർണ്ണ്യ—കേട്ടാലും. രാമ....ഗ്രീ—ശ്രീരാമന്റെ അനുഗ്രഹത്തിൽ തത്പരൻ. ആര്യഃ—പൂജ്യനായ. രജനിചരൻ—രാക്ഷസൻ.

1. മാൻ ക്ഷോഭോപേതം തടഞ്ഞൂ തദനു, 2. നമേവം ന്യഗാദീത്.

അഭയാഗതോ'യമപയാതി ചേന്മുധാ
രഘവോ ഭവന്തി ലഘവോ ന കിം സഖേ!
അനുജോ'യമസ്തു തനുജോ'ഥവാ രിപോഃ
കരുണാപദം ഹി ശരണാഗതോ ജനഃ. 13

ആനയൈനം ഹരിശ്രേഷ്ഠ!
ദത്തമസ്യാഭയം മയാ
വിഭീഷണോ[1]വാ സുഗ്രീവ!
യദി വാ രാവണഃ സ്വയം.'' 14

"എന്നു മന്നവർകുലാവതംസവചനം നി—
ശമ്യ രവിനന്ദനൻ
ചെന്നു സത്വരമുപാനയത് സ ഹി വിഭീഷ—
ണം വിനയഭ്രഷണം

പദ്യം 12. രഘുപതിഃ—ശ്രീരാമൻ. ഗഭീരാം വാചം ഉച്ചൈഃ—ഗംഭീരമായി പറഞ്ഞു. രഹസി—രഹസ്യമായി. ഹനുമതാ സാകം ആമന്ത്ര്യ—ഹനുമാനോടുകൂടി ആലോചിച്ചിട്ട്. പരീ....ഷൈഃ—പല പ്രകാരത്തിലുള്ള പരീക്ഷകളാൽ.

പദ്യം 13. സഖേ—അല്ലയോ സ്നേഹിത. അഭയാഗതഃ അയം—ശരണം പ്രാപിച്ച ഇവൻ. മുധാ അപയാതി ചേത്—വെറുതെ പോകുന്നുവെങ്കിൽ രഘവഃ—രഘുക്കൾ (രഘുകുലത്തിൽ ജനിച്ച എന്നെപ്പോലെയുള്ളവർ). ലഘവഃ കിം ന ഭവന്തി—നിസ്സാരന്മാരായി ഭവിക്കില്ലയോ? അയം—ഇവൻ രിപോഃ—ശത്രുവിന്റെ (രാവണന്റെ). അനുജഃ അഥവാ തനുജഃ അസ്തു—അനുജനോ പുത്രനോ ആയിരിക്കട്ടെ. ശരണാഗതഃ ജനഃ—ശരണമായി വന്ന ആൾ. കരുണാപദം ഹി—കൃപയുടെ പാത്രമാണല്ലോ.

പദ്യം 14. ഹരിശ്രേഷ്ഠ സുഗ്രീവ—അല്ലയോ വാനരശ്രേഷ്ഠനായ സുഗ്രീവ. വിഭീഷണഃ വാ—വിഭീഷണനായാലും ശരി. യദി വാ സ്വയം രാവണഃ—സാക്ഷാത് രാവണനായാലും ശരി. ഏനം ആനയ—ഇവനെ കൂട്ടിക്കൊണ്ടുവന്നാലും. മയാ—എന്നാൽ. അസ്യ അഭയം ദത്തം—ഇവനു് അഭയം നല്കപ്പെട്ടിരിക്കുന്നു.

പദ്യം 15. മന്ന.....നം—ശ്രീരാമവചനത്തെ. നിശമ്യ—കേട്ടിട്ട്. സഃ രവിനന്ദനൻ— ആ സുഗ്രീവൻ. സത്വരം—വേഗമായി. വിന....ണം—വണക്കമാകുന്ന അലങ്കാരത്തോടുകൂടിയ. വിഭീഷണം—വിഭീഷണനെ. ഉപാനയത് ഹി—കൂട്ടിക്കൊണ്ടുവന്നുവല്ലോ. പുണ്യ ...മാ—സുകൃതിയായ. ഉപേത്യ—അടുത്തുചെന്നു്. മുനി....തേ—മുനികളുടേയും ദേവ

1, ണോസ്തു സു.

2. ഇത്ഥം നിശമ്യ വചനം കപികുഞ്ജരോ'സാ—
വുത്തുങ്ഗമോദഭരസംഭരിതാന്തരാത്മാ
ഗത്വാ വിഭീഷണമുപാനയദാശു ഭക്ത്യാ
വിശ്വോത്തരസ്യ പുരതോ മനുവംശകേതോഃ.

പുണ്യപൂരഗരിമാ വിരഞ്ഞവനുപേത്യ
രാമപദപങ്കജേ
സന്നനാമ മുനിവൃന്ദദേവഗണചിത്ത-
ഭൃംഗസമുദഞ്ചിതേ. 15

കരാഞ്ജലൗ സംഭൃതപുഷ്പജാലഃ
പ്രദക്ഷിണീകൃത്യ വിചക്ഷണോഽസൗ
പശ്യത്സു സർവേഷു പപാത ഭക്ത്യാ
വിഭീഷണോ രാഘവപാദമൂലേ. 16

''പരിത്യക്ത്യാ മയാ ലങ്കാ
മിത്രാണി ച ധനാനി ച
ഭവദ്ഗതം മേ രാജ്യം ച
ജീവിതം ച സുഖാനി ച'' 17

ഗദ്യം 3

ആകാരനിരീക്ഷണമാത്രവിസ്രബ്ധേന ബുദ്ധിശാലിനാ ദാശരഥിനാ സാദരമുപസംഗൃഹീതശ്ച. തസ്യാസൗ നിരവധികപ്രണയസാരഭാജനമഭവത്.

ശ്രീരാമന്റെ കല്പനയനുസരിച്ച് ലക്ഷ്മണൻ വിഭീഷണനെ രാക്ഷസാധിപനായി അഭിഷേകം ചെയ്യുന്നു:

കയ്യേടേയും ചിത്തമാകുന്ന വണ്ടുകളാൽ അലങ്കൃതമായ. രാമ....ജേ—ശ്രീരാമന്റെ ചരണകമലത്തിൽ. സന്നമാന—നമസ്കരിച്ചു.

പദ്യം 16. വിചക്ഷണഃ—സമർത്ഥനായ. അസൗ വിഭീഷണഃ—ഈ വിഭീഷണൻ. കരാഞ്ജലൗ—കൈക്കുടന്നയിൽ. സംഭൃത....ലഃ—സംഭരിക്കപ്പെട്ട പൂക്കളോടുകൂടിയവയായി പ്രദക്ഷിണീകൃത്യ—വലംവെച്ചിട്ട്. സർവേഷു പശ്യത്സു—എല്ലാവരും കണ്ടുകൊണ്ടിരിക്കെ. ഭക്ത്യാ—ഭക്തിയോടുകൂടി. രാഘവ....ലേ—ശ്രീരാമന്റെ കാല്ക്കൽ. പപാത—വീണു (നമസ്കരിച്ചു).

പദ്യം 17. മയാ—എന്നാൽ. ലങ്കാ—ലങ്കാനഗരം. പരിത്യക്താ—ത്യജിക്കപ്പെട്ടിരിക്കുന്നു. മിത്രാണി ച—സ്നേഹിതന്മാരും. ധനാനി ച—വസ്തുവകകളും (പരിത്യജിക്കപ്പെട്ടിരിക്കുന്നു.) മേ—എന്റെ. രാജ്യം ച—രാജ്യവും. ജീവിതം ച—ജീവിതവും. സുഖാനി ച—സൗഖ്യങ്ങളും. ഭവദ്ഗതം—അങ്ങയ്ക്ക് അധീനമായിരിക്കുന്നു.

ഗദ്യം 3. ആകാ....ബ്ധേ—ആകൃതി കണ്ടുതന്നെകൊണ്ടതന്നെ വിശ്വാസം തോന്നിയ. ബുദ്ധി....നാ—ബുദ്ധിമാനായ. ദാശരഥിനാ—ശ്രീരാമനാൽ. സാദരം—ആദരവോടുകൂടി. ഉപസംഗൃഹീതഃ ച—സ്വീകരിക്കപ്പെടുകയുമുണ്ടായി. തസ്യ—അവനു് (ശ്രീരാമനു്). അസൗ—ഇവൻ (വിഭീഷണൻ). നിര....ജനം—അളവില്ലാത്ത പ്രീതിവിശേഷത്തിനു പാത്രമായി. അഭവേത്—ഭവിക്കുകയും ചെയ്തു.

അക്ഷ്വംശമണിശേഖരാജ്ഞ ശിരസാ നി—
ഗൃഹ്യ തരസൈവ തം
ലക്ഷ്മണോ ജലധിവാരിപൂരഭരിതൈഃ പ—
ലാശകലശീപുടൈഃ
രാക്ഷസാധിപപദേഽഭിഷിക്തമകൃതാഞ്ജ—
സാ സകലലോകരുഃ
ഭാഗ്യപൂരമിദമസ്മദീയമിതി മോദ—
സിന്ധുവിലിരങ്ങിനാർ. 18

നമ്രം തം ദശകന്ധരാനുജമണ—
ഞ്ഞുത്ഥാപ്യ രാമാജ്ഞയാ
സമ്മാനിച്ചഴകോടിരുത്തി മൃദുലേ
ഭദ്രാസനേ കൗസുമേ
വമ്പേറീടിന ലക്ഷ്മണാർക്തനയൗ
മൂർദ്ധാഭിഷേകക്രിയാ—
മമ്ലാനാമഥ ചക്രതുർമുമുദിരേ
ഭൂതാനി ജാതോത്സവം. 19

''യാവച്ചന്ദ്രശ്ച സൂര്യശ്ച
യാവത്തിഷ്ഠതി മേദിനീ

പദ്യം 18. അക്ഷ്വ....ജ്ഞ—ശ്രീരാമന്റെ കല്പനയെ. ശിരസാ—ശിരസ്സുകൊണ്ട്. നിഗൃഹ്യ—സ്വീകരിച്ചിട്ട്. തരസാ ഏവ—ഉടൻതന്നെ. ലക്ഷ്മണഃ—ലക്ഷ്മണൻ. തം—അവനെ (വിഭീഷണനെ). ജല....തൈഃ—സമുദ്രജലം നിറച്ച. പലാ....ടൈഃ—പ്ലാശ്രുകൊണ്ടു നിർമ്മിച്ച ചെറുകലശപുടങ്ങളാൽ. രാക്ഷ...ദേ—രാക്ഷസരാജൻ എന്ന സ്ഥാനത്തിൽ. അഭിഷിക്തം അകൃത—അഭിഷിക്തനാക്കിച്ചെയ്തു. അഞ്ജസാ—ഉടൻ. ഇദം അസ്മദീയം ഭാഗ്യപൂരം—ഇതു് നമ്മുടെ ഭാഗ്യത്തികവു്. ഇതി—എന്നു്. മോദസിന്ധുവിൽ—ആനന്ദസമുദ്രത്തിൽ. വിഭീഷണനെ രാക്ഷസാധിപതിയായി അഭിഷേകം ചെയ്തതു് എല്ലാവർക്കും പരമാനന്ദത്തെ ജനിപ്പിച്ചു എന്നർത്ഥം.

പദ്യം 19. നമ്രം—വണങ്ങിയവനായ. തം ദശ....ജം—ആ വിഭീഷണനെ. രാമാജ്ഞയാ—ശ്രീരാമന്റെ കല്പനയനുസരിച്ചു്. ഉത്ഥാപ്യ—എണീപ്പിച്ചിട്ടു്. മൃദുലേ—മാർദവമേറിയ. കൗസുമേ—പുഷ്പമയമായ. ഭദ്രാസനേ—ഭദ്രാസനത്തിൽ. ലക്ഷ്മ....യൗ—ലക്ഷ്മണനും സുഗ്രീവനും. അമ്ലാനാം—ലോപം കൂടാത്ത. മൂർദ്ധാ....യാം—ശിരസ്സിൽ അഭിഷേകം ചെയ്യുക എന്ന ചടങ്ങിനെ. ചക്രതുഃ—നടത്തി. അഥ—പിന്നെ. ഭൂതാനി—എല്ലാ ജീവികളും. ജാതോത്സവം—ഉത്സവം കണ്ടു്. മുമുദിരേ—സന്തോഷിച്ചു.

പദ്യം 20. ചന്ദ്രഃ ച സൂര്യഃ ച—ചന്ദ്രനും സൂര്യനും. യാവത്—എത്രവരെ. മേദനീ—ഭൂമി. യാവത്—എത്രവരെ. തിഷ്ഠതി സ്ഥിതി

യാവദ്രാമകഥാലോകേ
താവദ്രാജാ വിഭീഷണഃ.'' 20

ശ്രീരാമൻ ലങ്കാവൃത്താന്തവും വിഭീഷണൻ ഇവിടെ വന്നതിന്റെ കാര്യവും വിഭീഷണനോട് ചോദിക്കുന്നു:

അഗ്രേ വച്ച വിഭീഷണം രഘുപതിർ—
വാചാ മധുളിമുചാ
സത്കാരാർഹമുവാച ''രാക്ഷസപതേ!
ചൊല്ലേണമെല്ലാം ഭവാൻ
വിഖ്യാതാ യുധി രാക്ഷസാഃ കതി? തഥാ
ലങ്കാപുരീ കീദൃശീ?
രക്ഷാ കൈവ ഹി രാവണസ്യ സുമതേ!
കസ്മാദിഹായാതവാൻ?'' 21

മറുപടിയായി വിഭീഷണൻ ലങ്കയെപ്പറ്റിയും അക്രമിയായ രാവണൻ കുംഭകർണ്ണൻ ഇന്ദ്രജിത്ത് മുതലായവരെപ്പറ്റിയും രാമനോട് പറഞ്ഞുകേൾപ്പിച്ചിട്ട്, ന്യായമായും സത്യമായും ആരോടും പിണങ്ങാതെയും യോഗ്യമായി ജീവിക്കണമെന്നും ശ്രീരാമൻ വളരെ ശക്തനായതിനാൽ സീതയെ തിരിയെ സമർപ്പിച്ചു രക്ഷനേടിക്കൊള്ളണമെന്നും മറ്റും താൻ ഹിതവചനം പറഞ്ഞതെല്ലാം രാവണന രസിക്കാത്തതിനാൽ താൻ പുറന്തള്ളപ്പെട്ട് ഇവിടെ വന്നതാണെന്ന പ്രസ്താവിക്കുന്നു:

'ഓക്കുമ്പോളിതനേകയോജനശതം
വിസ്തീർണ്ണലങ്കാപുരീ
വാസ്തും വീര്യമിയന്ന രാക്ഷസഭടൈ—
രാപൂരിതാഭ്യന്തരാ

ചെയ്യുന്നവോ. ലോകേ—ലോകത്തിൽ. രാമകഥാ-ശ്രീരാമന്റെ കഥ. യാവത്—എത്രവരെ (സ്ഥിതിചെയ്യുന്നവോ). താവത്—അത്രവരെ. വിഭീഷണഃ രാജാ—വിഭീഷണൻ രാജാവാകുന്നു.

പദ്യം 21. അഗ്രേ—മുമ്പിൽ. സത്കാരാർഹം—ഉപചാരത്തിനു യോഗ്യനായ. വിഭീഷണം—വിഭീഷണനെ. രഘുപതിഃ—ശ്രീരാമൻ. മധുളിമുചാ വാചാ—തേനൊഴുകുന്ന വാക്കിനാൽ. ഉവാച—പറഞ്ഞു. രാക്ഷസപതേ—അല്ലയോ രാക്ഷസാധിപ! യുധി—യുദ്ധത്തിൽ. വിഖ്യാതാഃ—പ്രസിദ്ധരായ. രാക്ഷസാഃ—രാക്ഷസന്മാർ. കതി—എത്രപേരുണ്ട്. തഥാ—അതുപോലെ. ലങ്കാപുരീ—ലങ്കാനഗരം. കീദൃശീ—എവ്വണ്ണമുള്ളതു്. രാവണസ്യ—രാവണനു്. രക്ഷാ കാ ഏവ ഹി—രക്ഷ എന്താണു്? സുമതേ—അല്ലയോ സദ്ബുദ്ധേ. കസ്മാത്—എന്തു കാരണത്താൽ. ഇഹ—ഇവിടെ. ആയാതവാൻ—(അങ്ങു വന്നിരിക്കുന്നു).

പദ്യം 22. വിസ്തീ ...രീ—വിസ്താരമേറിയ ലങ്കാനഗരം. അനേ.... തം—നൂറു യോജനകൾ അനേകമുള്ളതു്. എട്ടോ ഒമ്പതോ മൈൽ ഒരു യോജന. വീര്യം—പരാക്രമം. രാക്ഷ....ടൈഃ—രാക്ഷസവീരന്മാരാൽ.

ഭാഗ്യം കാൺകെ പയോനിധാനപരിഖാ—
രിംഖത്തരംഗാകുലാ
സാക്ഷാദന്തകനും പ്രയാസമവിടെ—
ച്ചെന്നൊന്നു ചെയ്തീടുവാൻ. 22

ആദൗ ശ്രീപുഷ്പരേ പുക്കവെനഖിലജഗ—
ന്നാഥമാരാദ്ധ്യ ഭക്ത്യാ
മീതേ മീതേ വരാണാമയുതമഴകൊടാ—
ദായ പോന്നിന്നഗര്യാം

ഖേദം കൈവിട്ട ലോകത്രയമഖിലമട—
ക്കിത്തിമിത്തംഗനാനാം
പാതിവ്രത്യപ്രഭേദീ നിവസതി പെരുമാ—
ളുദ്ധതോ രാക്ഷസാനാം. 23

ജ്യേഷ്ഠഭ്രാതാവു മറുണ്ടെ:രു സരസനവൻ
കുംഭകർണ്ണാഖ്യനൊട്ടം
വാട്ടം തട്ടാത നിദ്രാജളമതിരധുനാ
ഹന്ത! ശേതേ മഹാത്മാ
ദൗഷ്ട്യത്തിന്നിന്നു മുൻപുണ്ടവനു വിപുലകാ—
യത്തു നാട്ടാരോടെല്ലാം
തോട്ടിക്കൊള്ളും വിരോധം ചില ദിവസമുണ—
ന്നീടിലൂഢാഭിമാനം. 24

ആഹ്വ... രാ—അകമെല്ലാം നിറഞ്ഞതു്. പയോ... ലാ—സമുദ്രമാകുന്ന അകിഴിരിൽ തല്പിക്കളിക്കുന്ന തിരകളോട്ട കൂടിയതു്. അന്തകൻ—യമൻ.

പദ്യം 23. ആദൗ—പണ്ടു്. ശ്രീപുഷ്പരേ—ശ്രീപുഷ്പമെന്ന പുണ്യ തീർത്ഥത്തിൽ. അഖി....ഥം—സർവേശ്വരനെ. ആരാധ്യ—ആരാധിച്ചിട്ടു്. ഭക്ത്യാ—ഭക്തിയോടുകൂടി. വരാണാം അയുതം—അസംഖ്യം വരങ്ങളെ. ആദായ—സ്വീകരിച്ചിട്ടു്. ഇന്നഗര്യാം—ഈ ലങ്കാനഗരത്തിൽ. ഖേദം—ദുഃഖം. ലോകത്രയം അഖിലം—മുന്നു ലോകവുമെല്ലാം. അംഗനാനാം—സ്ത്രീകളുടെ. പാതി....ദീ—ചാരിത്രത്തെ ഇല്ലായ്മചെയ്യുന്നവൻ. രാക്ഷസാനാം പെരുമാൾ—രാക്ഷസന്മാരുടെ സ്വാമി. ഉദ്ധതഃ—അഹങ്കാരിയായി. നിവസതി—വസിക്കുന്നു.

പദ്യം 24. ജ്യേഷ്ഠഭ്രാതാവു്—മൂത്ത സഹോദരൻ. സരസൻ—രസികൻ. കുംഭകർണ്ണാഖ്യൻ—കുംഭകർണ്ണനെന്ന പേരുള്ളവൻ. നിദ്രാ....തഃ—ഉറക്കം നിമിത്തം ബുദ്ധി മന്ദിച്ചവൻ. അധുനാ—ഇപ്പോൾ. ശേതേ—ഉറക്കത്തിലിരിക്കുന്നു. ദൗഷ്ട്യം—ദുഷ്ടന്റെ അവസ്ഥ. വിപുലകായൻ—വലിയ ശരീരത്തോടുകൂടിയവൻ. ഊഢാഭിമാനം—വർദ്ധിച്ച അഹങ്കാരത്തോടുകൂടി.

മായാവീ സ ഹി രാക്ഷസേന്ദ്രതനയൻ
പ്രൗഢോ മഹാനിന്ദ്രജി—
ച്ചരേയോത്ഥീ ഖലു രക്ഷസാം പിതൃസമഃ
സർവായുധായോധനേ
ഭ്രയോ വീരരനേകരുണ്ഡഥ മഹാ—
പാർശ്വപ്രഹസ്താദികാഃ
സോ'യം തൈഃ സഹ യാതുധാനപെരുമാ-
മന്ത്രാർത്ഥമാരബ്ധവാൻ. 25

നിന്തിരുവടിയെയുമുടനേ
മന്ത്രവിധൗ ചെറുതുവാനരേന്ദ്രനെയും
സന്തതമപി നിന്ദന്തം
തം തരസാ തൊഴുതു ചൊല്ലിനേൻ മെല്ലേ. 26

''ജാതിം മാനയ മാനുഷീ, മഭിമുഖോ
ദൃഷ്ടസ്ത്വയാ ഹേഹയഃ,
സ്മൃത്വാ ബാലിഭുജൗ ന സാംപ്രതമവ—
ജ്ഞാതും ച തേ വാനരാൻ,
ഭോഃ പൗലസ്ത്യ! മഹാഗ്നിഹോത്രിണമുമും
ത്വാമേതദഭ്യർത്ഥയേ,
സീതാമപ്പ്യയ മുഞ്ച ച ക്രതുഭുജഃ
കാരാഗൃഹസ്വീകൃതാൻ. 27

പദ്യം 25. മായാവീ—മായ പ്രയോഗിക്കുന്നവനും. പ്രൗഢഃ—അഹങ്കാരിയും. ഇന്ദ്രജിത്—ഇന്ദ്രജിത്തെന്ന പേരുള്ളവനും ആയ. സഃ രാക്ഷസേന്ദ്രതനയൻ ഹി—ആ രാവണപുത്രനാകട്ടെ. പിതൃസമഃ—പിതാവിനു തുല്യൻ. രക്ഷസാം—രാക്ഷസന്മാർക്ക്. ശ്രേയോർത്ഥീ—അഭ്യുദയത്തെ ആഗ്രഹിക്കുന്നവൻ. ഖലു—പ്രസിദ്ധ്യർത്ഥത്തിൽ. ഭ്രയഃ—പിന്നെയും. സർവാ... നേ—എല്ലാ ആയുധങ്ങളെക്കൊണ്ടും യുദ്ധം ചെയ്യുന്നതിൽ. മഹാപാർശ്വപ്രഹസ്താദികാഃ—മഹാപാർശ്വൻ പ്രഹസ്തൻ മുതലായവർ. അഥ—പിന്നെ. സഃ അയം—ആ ഈ. യാതു...ം—രാവണൻ. തൈഃ സഹ—അവരോടുകൂടി. മന്ത്രാർത്ഥം ആരബ്ധവാൻ—ആലോചിക്കുവാൻ തുടങ്ങി.

പദ്യം 26. മന്ത്രവിധൗ—ആലോചനയിൽ. വാനരേന്ദ്രൻ—സുഗ്രീവൻ. സന്തതം അപി—എപ്പോഴും. നിന്ദന്തം—നിന്ദിക്കുന്ന. തം—അവനെ (രാവണനെ). തരസാ—ഉടൻ.

പദ്യം 27. മാനുഷീം ജാതിം—മനുഷ്യജാതിയെ. മാനയ—ബഹുമാനിച്ചാലും. ത്വയാ—നിന്നാൽ. ഹേഹയഃ—കാർത്തവീര്യാർജ്ജുനൻ. അഭിമുഖഃ ദൃഷ്ടഃ—എതിരിൽ കാണപ്പെട്ട. ബാലിഭുജൗ—ബാലിയുടെ ഭുജങ്ങളെ (കൈയ്ക്കിനെ). സ്മൃത്വാ—ഓർത്തിട്ട്. തേ—നിനക്ക്. വാനരാൻ—വാനരന്മാരെ. അവജ്ഞാതും ച—വിരോധിക്കുന്നതും. ന സാമ്പ്രതം—ശരിയല്ല. ഭോഃ പൗലസ്ത്യ—അല്ലയോ രാവണ. മഹാ....ണം അമും ത്വാം ഏതദ് അഭ്യർത്ഥയേ—വലിയ അഗ്നിഹോത്രക്കാരനായ ഈ അങ്ങയോട് ഞാൻ

യത്സന്ദേശഹരേണ മാരുതസുതേ-
നാതാരി വാരാന്നിധിഃ
ക്ഷിപ്രം ഗോഷ്പദവന്നിജാലയ ഇവ
പ്രാവേശി ലങ്കാപുരീ
സീതാദർശി സമക്ഷ്യഭാഷി ച വനം
ചാഭോജ്യി രക്ഷഃ പതേഃ
സൈന്യം ഭ്രൂഭ്യവധി വ്യധാ ഹി ച പുരീ
രാമഃ സ കിം വർണ്ണ്യതേ? 28

പുത്രോഽയം തേ ജിതശതമഖോ ബാഢമനർത്ഥനാമാ
സത്യം ശത്രുപ്രമഥനവിധൗ തീവ്രഹാസ്യഃ പ്രഹാസ്യഃ
ത്വദ്ബാഹ്വനാംനികഷണശിലാഽസാവപി കൈലാസശൈലഃ
കിംതൈർ ബാണസ്തവ രിപുകരേ വർത്തതേ ബാലിമാഥീ. 29

ഇതപേക്ഷിക്കുന്നു. സീതാം-അപ്പുഴ-സീതയെ കൊട്ടത്താലും. കാരാ ....ൻ-ബന്ധനത്തിലാക്കപ്പെട്ട. ക്രതുഭുഃ ച-ദേവന്മാരെയും. മുഞ്ച-വിടത്തിയാലും.

പദ്യം 28. യത്സന്ദേ....ണ-ആരുടെ ദൂതനായ. മാരു....ന-ഹനുമാനാൽ. വാരാംനിധിഃ-സമുദ്രം. അതാരി-തരണം ചെയ്യപ്പെട്ട. ക്ഷിപ്രം വേഗത്തിൽ. ഗോഷ്പദവത്-പശുവിന്റെ കുളമ്പുപാടെന്നപോലെ. ലങ്കാപുരീ-ലങ്കാപുരി. നിജാലയഃ ഇവ-സ്വന്തഗൃഹമെന്നപോലെ. പ്രാവേശി-പ്രവേശിക്കപ്പെട്ട. സീതാ അദർശി സമക്ഷ്യഭാഷി ച-സീതയെ കാണുകയുംസംഭാഷണം ചെയ്യുകയും ഉണ്ടായി. വനം-അശോകവനിക. അഭോംജി ച-തകർക്കപ്പെട്ടകയും ഉണ്ടായി. രക്ഷപതേഃ-രാവണന്റെ സൈന്യം ഭൂരി അവധി-സൈന്യം വളരെയധികമായി നശിപ്പിക്കപ്പെട്ടകയും ഉണ്ടായി. പുരീ ച-ലങ്കാപുരവും. വ്യദാഹി-നശിപ്പിക്കപ്പെട്ട. സഃ രാമഃ-ആ രാമൻ. കിം വർണ്ണ്യതേ-എങ്ങനെ വർണ്ണനീയനാകും. ദൂതനപോലും ഇത്രയും കഴിവുണ്ടെങ്കിൽ യജമാനന്റെ കഴിവ് ഇത്രയാണെന്നു വർണ്ണിക്കവേദൻ സാധ്യമല്ല. നിസ്സഹായാത്മൻ മിതാത്മൻ സന്ദേശഹാരകൻ എന്നിങ്ങനെ മൂന്നുവിധം ദൂതന്മാരുണ്ട്.

പദ്യം 29. ജിത....ഖഃ-ഇന്ദ്രവിജയിയായ. അയം തേ പുത്രഃ-ഈ നിന്റെ പുത്രൻ (ഇന്ദ്രജിത്തു്). അനവ....മാ-അർത്ഥമുള്ള പേരോടുകൂടിയവൻ. ബാഢം-നിശ്ചയം. പ്രഹസ്യഃ-പ്രഹസ്തൻ എന്ന രാക്ഷസശ്രേഷ്ഠൻ. ശത്രു....ധൗ-ശത്രുക്കളെ നശിപ്പിക്കുന്നതിൽ. തീവ്രഹാസ്യഃ-കൈയ്യുകോടിയവൻ. സത്യം-വാസ്തവം. സഃ കൈലാ....ലഃ അപി-ആ കൈലാസപർവതവും. ത്വദ്ബാഹ്വനാം-നിന്റെ കൈകളുടെ (കൈയ്യുക്കിന്റെ) നിക്ഷ .. ലാ-ഉരകല്ലാകുന്നു. തൈഃ കിം-അതുകളെക്കൊണ്ടു് എന്തു്. തവ-നിന്റെ. രിപുകരേ-ശത്രുവിന്റെ (രാമന്റെ) കൈയിൽ. ബാലിമാഥീ-ബാലിയെ നിഗ്രഹിച്ചതായ. ബാണഃ വർത്തതേ-ശരമുണ്ടു് (എന്നോത്താലും).

സുലഭാഃ പുരുഷാ രാജൻ!
സ[1]ന്തതം പ്രിയവാദിനഃ
അപ്രിയസ്യ ച പഥ്യസ്യ
വക്താ ശ്രോതാ ച ദുർല്ലഭഃ. 30

ഗദ്യം 4.

ആര്യ! അനാത്മനീനാനാമവിനീതാനാമമീഷാം വചനേഷു മാ സ്മ തിഷ്ഠഥാഃ. സ്വയമേവ ചേതസാ സംപശ്യ സ്വമന്യേ ദുർവാരദോർവീര്യമാദ്യദുദ്ദാമഖരമുഖനിശാചരകുഞ്ജരപഞ്ചമുഖേന സാർവലൗകികദുർജ്ജബലഗർവായമാണപ്രവഗപതിശലഭവാനലേന ശബ്ദമാത്രശേഷീകൃതയാജ്ഞവല്ക്യഭാർഗ്ഗവവിജയവ്യാഖ്യാതവൈഭവേന നയവിനയാഭിരാമേണ രാമേണ വൈരായിതാരം സുഖയിഷ്യന്തേ[2]? തദധുനൈവ തസ്യ ധർമ്മവിജയിനോ ധർമ്മദാരാൻ വിതീര്യ പരിത്രായസ്വ കൃതാന്തവദനവർത്തി നക്തഞ്ചരകുല''മിതി.

പദ്യം. 30. രാജൻ—അല്ലയോ രാജാവേ(രാവണ). സന്തതം—എപ്പോഴും. പ്രിയവാദിനഃ—പ്രിയത്തെ പറയാൻ ശീലമുള്ള. പുരുഷാഃ—മനുഷ്യർ. ലോകേ—ലോകത്തിൽ. സുലഭാഃ—ധാരാളമാകുന്നു. അപ്രിയസ്യ—പ്രിയമല്ലാത്തതിനേയും. പഥ്യസ്യ ച—ഹിതമായുള്ളതിനേയും. വക്താ—പറയുന്നവനും. ശ്രോതാ ച—കേൾക്കുന്നവനും. ദുർലഭഃ—ചുരുക്കമാകുന്നു.

ഗദ്യം 4. ആര്യ—അല്ലയോ പൂജ്യനായുള്ളോവേ. അനാത്മനീനാനാം—തനിക്ക ഹിതമല്ലാത്ത. അവിനീതാനാം—ദുഷ്ടരായ. അമീഷാം വചനേഷു—ഇവരുടെ വാക്കുകളിൽ. മാ സ്മ തിഷ്ഠഥാഃ—സ്ഥിതിചെയ്യരുതു. സ്വയം ഏവ—തന്നത്താനെ. ചേതസാ—മനസ്സുകൊണ്ടു. സംപശ്യ—കണ്ടാലും. ദുർവാ....ഖേന—തടുക്കാൻ വയ്യാത്ത കൈയുക്കിനാൽ മദിച്ചഹങ്കരിച്ച ഖരൻ മുതലായ രാക്ഷസന്മാരാകുന്ന ആനകൾക്ക സിംഹവും. സാർവ....ലേന—ലോകപ്രസിദ്ധമായ ബാഹുവീര്യത്താൽ ഗർവിച്ചിരുന്ന ബാലിയെന്ന വാനരപതിയാകുന്ന പാറയ്ക്ക കാട്ടതീയും. ശബ്ദ....വേന—ശബ്ദംകൊണ്ടുമാത്രംശേഷിപ്പിക്കപ്പെട്ട യജുർവേദശാഖാസംഹിതയോടുകൂടിയ പരശുരാമനെ ജയിച്ച ലോകപ്രസിദ്ധി സമ്പാദിച്ചവനും. യജുർവേദത്തിന്റെ ഭാഗ്ഗവശാഖ ലോപിച്ചുപോയതിനാൽ അതു ശബ്ദമാത്രശേഷീകൃതം. നയ....ണ—നീതി വണക്കം ഇവയാൽ മനോഹരനും ആയ. രാമേണ—രാമനോടുകൂടി. വൈരായിതാരം—വിരോധമാചരിക്കുന്ന. സ്വം—തന്നെ. അന്യേ—മറ്റുള്ളവർ. സുഖയിഷ്യന്തേ—സുഖിപ്പിക്കുമോ. തത്—ആയതുകൊണ്ടു. അധുനാ ഏവ—ഇപ്പോഴേതന്നെ. ധർമവിജയിനഃ—ധർമത്തിനായിമാത്രം വിജയത്തെ വരിക്കുന്നവനായ. തസ്യ—അവന്റെ (ശ്രീരാമന്റെ). ധർമദാരാൻ—ധർമ്മദാരങ്ങളെ. വിതീര്യ—കൊടുത്തിട്ടു. കൃതാ....വർത്തി—യമന്റെ മുഖത്തിൽഎത്തിയിരിക്കുന്ന. നക്തഞ്ച

1. ''സതതം''.

ഇ[1]ത്ഥം ലോകഹിതം മദീയ വചനം
രക്ഷഃകുലോജ്ജീവനം
സം[2]ശ്രുത്യേന്ദ്രജിദുദ്യതാസിരഭയോ
ധിക്കൃത്യ മാമഗ്രതഃ
ലങ്കാനാഥമുവാച 'നാഥ! ഭവതഃ
ശത്രുഃ കനിഷ്ഠഃ സ്വയം
യസ്മാദ് വൈരിഹിതം പ്രവക്തി ബഹുധാ
വധ്യോ ഹി തസ്മാദയം.' 31

'ത്രൈലോക്യാധിപതിസ്ത്വ,മപ്രതിഹതം
തേ ശാസനം, സർവതോ
ദിക്പാലാസ്ത്വവ സേവകാ,സ്ത്വവ ഗൃഹേ-
ഷ്വൈശ്വര്യമവ്യാഹതം,
രക്ഷോനാഥ! സമസ്തമേതദചിരാത്
പുത്രസ്യ ബുദ്ധ്യാ ഹതം;
രാമസ്യൈവ ചരാചരസ്യ ജഗതഃ
സേവ്യസ്യ പാദൗ ഭജ!' 32

....ലം—രാക്ഷസവംശത്തെ. പരിത്രായസ്വ—രക്ഷിച്ചാലും. ഇതി—എന്ന". ''തൊഴുതു ചൊല്ലിനൻ മെല്ലേ'' (പദ്യം 26) എന്നതിനോട് അന്വയിക്കുന്നു.

പദ്യം 31. ഇത്ഥം—ഇപ്രകാരം. ലോകഹിതം—ലോകർക്കു ഹിതവും. രക്ഷ....നം—രാക്ഷസകുലത്തെ ഉദ്ധരിക്കുന്നതും ആയ. മദീ..... നം—എന്റെ വാക്കിനെ. സംശ്രുത്യ—കേട്ടിട്ട്. ഇന്ദ്രജിത് —രാവണപുത്രൻ. അഭയേ—ഭയം കൂടാതെ. ഉദ്യതാസിഃ—വാൾ പൊക്കിയവനായി. അഗ്രതഃ മാം ധിക്കൃത്യ—എന്നെ നേരിട്ടു ധിക്കരിച്ചിട്ട്. ലങ്കാനാഥം ഉവാച—രാവണനോടു പറഞ്ഞു. നാഥ—അല്ലയോ സ്വാമിൻ. കനിഷ്ഠഃ—അനുജൻ. ഭവതഃ—അങ്ങയുടെ. ശത്രുഃ—വൈരിയാകുന്നു. യസ്മാത്—യാതൊരു കാരണത്താൽ. വൈരിഹിതം—ശത്രുവിനു് അനുകൂലമായതിനെ. ബഹുധാ—പലവിധത്തിൽ. പ്രവക്തി—പറയുന്നു. തസ്മാത്—ആയതുകൊണ്ട്. അയം—ഇവൻ. വധ്യഃ ഹി—വധിക്കാൻ യോഗ്യനാണല്ലോ.

പദ്യം 32. ത്വം—നീ. ത്രൈ .....തിഃ—മൂന്നു ലോകത്തിനും സ്വാമിയാകുന്നു. തേ ശാസനം—നിന്റെ കല്പന. അപ്രതിഹതം—തടയപ്പെടാത്തതു്. ദിക്പാലാഃ—ഇന്ദ്രാദിദിക്പാലന്മാർ. സർവതഃ—എല്ലായിടത്തും എല്ലാവിധത്തിലും. തവ സേവകാഃ—നിന്റെ പരിചാരകന്മാരാകുന്നു. തവ ഗൃഹേഷു—നിന്റെ ഭവനങ്ങളിൽ. അവ്യാഹതം ഐശ്വര്യം—എതിരില്ലാത്ത ഐശ്വര്യമുണ്ട്. രക്ഷോനാഥ—അല്ലയോ രാക്ഷസപതേ. ഏതത് സമസ്തം—ഇതെല്ലാം. അചിരാത്—താമസം കൂടാതെ. പുത്രസ്യ ബുദ്ധ്യാ—മകന്റെ ബുദ്ധിയാൽ. ഹതം—നശിക്കും. (ആയതിനാൽ) ചരാചരസ്യ ജഗതഃ—ചരവും അചരവും ആയ പ്രപഞ്ചത്തിനു്. സേവ്യസ്യ—സേവിക്കാൻ യോഗ്യനായ.

1. ''ഏവം സർവഹിതം മദീ.'' 2. നം ശ്രുത്വാ ചേന്ദ്ര''.

ഉഗ്രപ്രകോപേന മദഗ്രജേന
നിഷ്കാസിതോ നിഷ്കരുണം വൃഥാഹം
തൃക്കാക്കൽ വീണേനി, നിയെന്നെ രണ്ടാം
സുഗ്രീവനെന്നങ്ങവലോകയേഥാഃ.'' 33

വിഭീഷണവചനം കേട്ട ശ്രീരാമനും ലക്ഷ്മണനും ഹനുമാനും നീലനും അംഗദനും സുഗ്രീവനും രാക്ഷസനിഗ്രഹം സംബന്ധിച്ച് പ്രതിജ്ഞകളും ചെയ്യുന്നു:

''ഭോ ഭോ വീരാഃ കപീന്ദ്രാഃ! ശൃണുത രണമുഖേ
തസ്യ മദ്ദോർവികൃഷ്ട—
ജ്യാബന്ധോന്മുക്തബാണത്രുടിതനിശിചര—
സ്നായുജാലാവകീർണ്ണൈഃ
ഉത്കൃത്തൈരുത്തമാംഗൈർദശഭിരപി ബലിം
സംവിധാസ്യാമി നോ ചേ—
ദാശാനാം താവതീനാം, ദശരഥനൃപതേർ
നന്ദനോ നാസ്മി രാമഃ. 34

സസുതസഹജഭൈസന്യം സാനുബന്ധം നിശാതൈ—
രഭിസമരമഹത്വാ സായകൈസ്തം ദശാസ്യം
രഘുകുലനഗരീം താം ന പ്രവേക്ഷ്യാമ്യയോദ്ധ്യാം
ത്രിഭിരപി ച സമേതോ ഭ്രാതൃഭിഃ സത്യസാരൈഃ.'' 35

രാമസ്യ—രാമന്റെ. പാദൗ ഏവ- പാദങ്ങളെത്തന്നെ. ഭജ—നീ സേവിച്ചാലും.

പദ്യം 33. ഉഗ്ര....ന—കോപം വർദ്ധിച്ച. മദഗ്രജേന-എന്റെ ജ്യേഷ്ഠനാൽ (രാവണനാൽ). നിഷ്കരുണം—കൃപകൂടാതെ. വൃഥാ—വെറുതെ. നിഷ്കാസിതഃ—പുറംതള്ളപ്പെട്ട. അഹം—ഞാൻ. അവലോകയേഥാഃ—അവലോകനം ചെയ്താലും (കരുതിയാലും എന്നർത്ഥം.)

പദ്യം 34. ഭോ ഭോ വീരാഃ കപീന്ദ്രാഃ—അല്ലയോ വീരന്മാരായ വാനരശ്രേഷ്ഠന്മാരേ. ശൃണുത—നിങ്ങൾ കേട്ടാലും. മദ്ദോ ...ണ്ണൈഃ—എന്റെ കൈകൊണ്ട് ഞാൺ വലിച്ച വിടപ്പെട്ട ശരംകൊണ്ട് പിളർക്കപ്പെട്ട രാക്ഷസന്റെ മാംസപേശിയാൽ ചിന്നിച്ചിതറിയ. ഉത്കൃത്തൈഃ—മുറിക്കപ്പെട്ട. ഉത്തമാംഗൈഃ ദശഭിഃ അപി—പത്തു തലകൾകൊണ്ടും. താവതീനാം ആശാനാം—അത്രയും (പത്തു) ദിക്കുകൾക്ക്. ബലിംസംവിധാസ്യാമി—ഞാൻ ബലിക്രിയ (ആരാധന) നടത്തുന്നുണ്ട്. നോ ചേത്—ഇല്ലെങ്കിൽ. ദശ....തേഃ നന്ദനഃ രാമഃ ന അസ്മി—ഞാൻ ദശരഥപുത്രനായ രാമനായി ഇരിക്കുന്നതല്ല.

പദ്യം 35. സസു....ന്യം—പുത്രൻ സോദരൻ സൈന്യം ഇവയോടുകൂടിയ. സാനുബന്ധം—പരിവാരസഹിതനായ. തം ദശാസ്യം—ആ രാവണനെ. അഭിസമരം—യുദ്ധത്തിൽ. നിശാതൈഃ—തീക്ഷ്ണങ്ങളായ. സായകൈഃ—ബാണങ്ങളാൽ. അഹത്വാ—കൊല്ലാതെ. സത്യസാരൈഃ—സത്യമാകുന്ന ബലത്തോടുകൂടിയ. ത്രിഭിഃ ഭ്രാതൃഭിഃ അപി ച സമേതഃ—മൂന്നു സോദരന്മാരോടും കൂടിയവനായി. താം രഘുകുല

''സംഗ്രാമേ സകലക്ഷപാചരകുല—
വ്യാപാദനോദഞ്ചിത—
ക്രീഡാകൗതുകസാഹസൈകരസികോ
ബാണോ മമായം ക്ഷണാത്
നോ ചേത് പ്രാഭൃതമന്തകായ കുരുതേ
തം മേഘനാദം ഹാഠാത്
സോ/യം ദാശരഥേരമുഷ്യ സഹജോ
നൈവാസ്മ്യഹം ലക്ഷ്മണഃ.'' 36

''[1]കല്യാണീം ദേവിയെത്തീണ്ടിയ ചെറുമനെ നെ—
റ്ററിക്കു നേരെത്തുമാകിൽ
ചൊല്ലീടാം വീരവാദം ത്രിഭുവനപെരുമാറ്റം
നോക്കി നില്പേ വിശേഷാത്
വിള്ളെന്നികൈത്തലം കൊണ്ടിരുപതു കവി—
ളുത്തും കുമച്ചീലയെങ്കിൽ
കില്ലില്ലെന്നപ്പനാണേ രഘുപതിപദതാ—
രാണെ നാഹം ഹനുമാൻ.'' 37

''[2]സീതാപ്രാണേശനും ദുർമദരജനിചര—
ക്കമ്മനും തമ്മിൽ നേരേ
ജാതക്ഷോഭം പിണങ്ങി പ്രഥനശിരസി നേ—
രിട്ടു മുട്ടും ദശായാം

നഗരീം അയോധ്യാം—ആ രഘുരാജാക്കന്മാരുടെ രാജധാനിയായ അയോധ്യയിൽ. ന പ്രവേക്ഷ്യാമി—ഞാൻ പ്രവേശിക്കാൻ പോകുന്നില്ല.

പദ്യം 36. സംഗ്രാമേ—യുദ്ധത്തിൽ. സകല....സികഃ—കളി എന്ന മട്ടിൽ എല്ലാ രാക്ഷസന്മാരേയും നശിപ്പിക്കുന്ന. മമ അയം ബാണഃ—എന്റെ ഈ ശരം. ക്ഷണാത്—ക്ഷണനേരംകൊണ്ട്. തം മേഘനാദം—ആ മേഘനാദനെ. ഹാഠാത്—ബലാത്കാരമായി. അന്തകായ—യമനാസ്ത്രാണ്ട്. പ്രാഭൃതാം നോ ചേത് കുരുഃതേ—കാഴ്ച വെയ്ക്കുന്നില്ലെങ്കിൽ. അമുഷ്യ ദാശരഥേഃ സഹജഃ സഃ അയം അഹം—ഈ രാമന്റെ സോദരനായ ഈ ഞാൻ. ലക്ഷ്മണഃ ന ഏവ അസ്മി—ലക്ഷ്മണനല്ലതന്നെ.

പദ്യം 37. കല്യാണീം ദേവിയെ—സീതയെ. കുമസ്സുക—അടിക്കുക. അഹം ഹനുമാൻ ന—ഞാൻ ഹനുമാനല്ല.

---

1. ദേവേ തദീയദയിതാപവിഷയസൂരാത്മാ—
സഞ്ജാതഘർമ്മജലബിന്ദുതരംഗിതേഷു
ഗണ്ഡേഷു തസ്യ രചയാമി ചപേടതാഡം
നോ ചേദഹം ന പവമാനസുതോ ഹനുമാൻ.

2. യദി സ വിഷയമക്ഷ്ണോരേയാതി മേ തത്ക്ഷണേന
ധ്വജശിഖരകിരീടച്ഛത്രചാപേഷു തസ്യ
യദി ന വിരചയിഷ്യേ പാദവിന്യാസലീലാം
പവനസഖതനൂജോ ദേവി നൈവാസ്മി നീലഃ.

കോദണ്ഡാഗ്രത്തിലും കേതനമുകളിലുമ—
മ്മൗലിമേൽ പത്തിലും കേറും
പാദന്യാസങ്ങളും ചെയ്യാസ്ഥിലിതനലസുതൻ
നീലനല്ലെന്നുമേ ഞാൻ.'' 38

''[1]നിർല്ലജ്ജം മൈഥിലീം കട്ടൊരു നിശിചരനെ—
ക്കണ്ണിലെത്തീടിലപ്പോൾ
കില്ലില്ലേ തീർത്തു ചൊല്ലാം വിരുതിതു രഘുവീ—
രാഗ്രഭാഗേ വിശേഷാത്
ചൊല്ലിക്കൊണ്ടാശു വക്ഷോഭുവി ഞെടുഞെടെ ലാം—
ഗ്രലയഷ്ട്യാ കുമച്ചും
തുള്ളിച്ചീടാസ്ഥിലൊന്നങ്ങറികെ കപിവരാ—
പത്യമല്ലംഗദൻ ഞാൻ.'' 39

''[2]എങ്കിൽ കേട്ടാലുമിപ്പോളൊരു വിരുതൊരുനാം
ജാനകീചോരമാരാ—
ലെങ്ങേനും കാൺകിലപ്പോളിരുപതു കവിളു—
ത്തും തിരിച്ചസ്രശകം
ചെങ്ങീടും മാറടിച്ചുമ്മുടി ഝടിതി പറി—
ച്ചഞ്ജസാ കാഴ്ചവച്ചീ-
ലെങ്കിൽ സുഗ്രീവനല്ലെന്നിവനവിടെ മുറി—
ച്ചീടിനാലും വിശേഷാത്.'' 40

പദ്യം 38. സീതാ....നം—ശ്രീരാമനും. ദുർമ .. ചരക്ഷ്മണനും—ദുഷ്ട രാക്ഷസനും. ജാതക്ഷോഭം—ക്ഷോഭത്തോടു്. പ്രഥന ശിരസി—യുദ്ധക്കളത്തിൽ. മുട്ടും ദശായാം—മുട്ടുമ്പോൾ. കോ .. ഗ്രത്തിലും—വില്ലിന്റെ അറ്റത്തിലും. കേതനം—കൊടി. മൗലി—ശിരസ്സു്. പാദന്യാസങ്ങളും—കാൽവയ്പുകളും. അനലസുതൻ—അഗ്നിപുത്രൻ.

പദ്യം 39. നിർലജ്ജം—ലജ്ജകൂടാതെ. മൈഥിലീം—സീതയെ. രഘു....ഗേ—ശ്രീരാമന്റെ മുമ്പിൽ. ആശു—വേഗത്തിൽ. വക്ഷോഭുവി—മാർവിടത്തിൽ. ലാംഗ്ര....ഷ്ട്യാ—വാലാകുന്ന ണ്ഡത്താൽ. കുമച്ചും—അടിച്ചും. കപി ...ത്യം—വാനരശ്രേഷ്ഠന്റെ സന്താനം.

പദ്യം 40. ജാന .. രം—സീതയെ മോഷ്ടിച്ചവനെ. ആരാത്—

1. ത്വദ്ധർമ്മദാരഹരണപ്രകടാപരാധം
തം യുദ്ധരംഗഭുവി ദേവ ഭവത്സമീപേ
ബാലേന വക്ഷസി ദൃഢം പ്രഹരാമി നോ ചേത്
നൈവാസ്മി ബാലിതനയഃ പുനരംഗദോഽഹം.

2. ശൗര്യാബ്ധേ! രഘുരാജവംശതിലക! ത്വദ്ധർമ്മദാരാഹൃതി—
വ്യാപാരാഘഹതസ്യ തസ്യ ഭുവനേ പ്രോജ്ജൃംഭിതാഃ സമ്പദഃ
നോ ചേത് പ്രാപ്തയാമി ഹേമകടിമാഹൃത്യ തേ പാദയോഃ
പുത്രോ നൈവ വിവസ്വതോ ഭഗവതഃ സുഗ്രീവനാമാസ്മ്യഹം.

സമുദ്രതീരസ്ഥിതനായ ശ്രീരാമൻ വിഭീഷണനോട് സമുദ്രം കടക്കുവാനുള്ള ഉപായം ആലോചിക്കുന്നു:

സുഗ്രീവവാക്യകഥം നിശമ്യ രാഘവപ്രവീരൻ
തൃക്കൺ മിഴിച്ചു ധൃതിപൂണ്ടവലംബ്യ ധൈര്യം
മുക്കണ്ണർ മുപ്പുരമെരിപ്പതിനെന്നപോലേ
തസ്ഥൗ പയോധിനികടേ വികടേ സ ധന്വീ. 41

പിച്ചപ്രതിജ്ഞകളൊരോ കപികുഞ്ജരാണാ—
മുച്ചൈർനിശമ്യ രാഘവനാഥനിദം ബഭാഷേ
''വിശ്വാസമുണ്ടലമലം ജലധിം തരീതു—
മിപ്പോ വിഭീഷണ! വിചാരയ തത്പ്രകാരം.'' 42

പ്രാർത്ഥിച്ചാൽ സമുദ്രം വഴി തരുമെന്നും പിന്നെ ചിറ കെട്ടി അതിലൂടെ കടന്നുപോകാമെന്നും വിഭീഷണൻ പറയുന്നു:

''സ്വാമീ ത്വം സചരാചരസ്യ ജഗതഃ
സംരക്ഷകഃ ശിക്ഷക—
സ്തസ്മാദ് ദുഷ്ടമിമം ദശാസ്യമശുഭാ—
ചാരം ജഗത്കണ്ടകം
പാപിഷ്ഠം പരദാരലമ്പടദൃശാ—
മഗ്രേസരം സംഗരേ
ജേതും ദേവ! ബലാത്തരീതുമചിരാ—
ദബ്ധിം യതസ്വ പ്രഭോ! 43

അടുത്തായി. അസ്സശങ്കം—ശങ്കയെന്നിയെ. ചെങ്കീടം—ചുവക്കുക. ത്വടിതി—ഉടൻ. അഞ്ജസാ—ഉടൻ.

പദ്യം 41. നിശമ്യ—കേട്ടിട്ട്. സഃ രാഘവപ്രവീരൻ—ആ ശ്രീരാമൻ. ധൃതി—സ്ഥൈര്യം. ധൈര്യം അവലംബ്യ—ധൈര്യത്തെ ആശ്രയിച്ചിട്ട്. വികടേ—വിഷമമായ. പയോ....ടേ—സമുദ്രതീരത്തിൽ. ധന്വീ—വില്ലോട് കൂടിയവനായി. തസ്ഥൗ—സ്ഥിതിചെയ്തു. മുക്കണ്ണർ—ശിവൻ. മുപ്പുരം എരിപ്പതിനു്—ത്രിപുരദഹനത്തിനു്.

പദ്യം 42. പിച്ചപ്രതിജ്ഞകം—ക്രീഡാശപഥങ്ങൾ. കപി.....ണാം—വാനരശ്രേഷ്ഠന്മാരുടെ. ഉച്ചൈഃ—തീവ്രമായി. നിശമ്യ—കേട്ടിട്ട്. ഇദം ബഭാഷേ—ഇപ്രകാരം പറഞ്ഞു. അലം അലം—മതി മതി. ജലധിം—സമുദ്രത്തെ. തരീതും—തരണം ചെയ്യുവാൻ. ഇപ്പോ—ആഗ്രഹമുണ്ട്. വിഭീഷണ—അല്ലയോ വിഭീഷണ. തത്പ്രകാരം—അതിനുള്ള വഴി. വിചാരയ—ആലോചിച്ചാലും.

പദ്യം 43. ത്വം—അങ്ങ്. സച.....സ്യ—ചരാചരങ്ങളോടുകൂടിയ. ജഗതഃ—പ്രപഞ്ചത്തിനു്. സ്വാമീ—നാഥനും. സംരക്ഷകഃ—പാലകനും. ശിക്ഷകഃ—ശാസകനും ആകുന്നു. തസ്മാത്—ആയതുകൊണ്ട്. (സ്ഥാവരജംഗമാത്മകമായ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകർത്താവായതുകൊണ്ട്). ദുഷ്ടം—ദുഷ്ടനും. അശുഭാചാരം—സദാചാരമില്ലാത്തവനും. ജഗ.....കം—ലോകോപദ്രവകാരിയും. പാ

രഘുകുലപതേ! സേവിക്കേണം പയോനിധിമാദരാത്
വഴി തരുമവൻ നിർണ്ണീതം, കിം പ്രകാരനിരൂപണൈഃ,
ശിഖരിശിഖരൈർബദ്ധ്വാ സേതും വിധായ നിരുത്സവാ—
മസുരനഗരീമായാസ്യാമഃ പ്രഗൃഹ്യ ച മൈഥിലീം.'' 44

ശ്രീരാമൻ വഴി തരാൻ സമുദ്രത്തോടു പ്രാർത്ഥിച്ചിട്ടു ദർഭശയനത്തിൽ ശയിച്ചിരിക്കുന്നു:

ശ്രുത്വാ വിഭീഷണഗിരം മനുവംശചൂഡാ—
രത്നാകരത്തിനികമേ പെരികെത്തെളിഞ്ഞൂ
സദ്യസ്സ്ഥാ ജലധിതന്നൊടപേക്ഷ്യ മാർഗ്ഗം
പ്രസ്തീര്യ ദർഭശയനീയമശേത ധീമാൻ. 45

പ്രാർത്ഥിച്ചു കാത്തിരുന്നിട്ടും സമുദ്രം വഴി തരാതെ അഹങ്കരിച്ചതിനാൽ കുപിതനായ ശ്രീരാമൻ ആഗ്നേയാസ്ത്രം എടുത്തു മന്ത്രിച്ചു വില്ലിൽ ചേർത്തു പ്രയോഗിക്കാൻ സജ്ജനായതിനേയും അപ്പോഴം ഉണ്ടായ സമുദ്രത്തിന്റെ അവസ്ഥകളേയും വർണ്ണിക്കുന്നു:

ഗതേ ക്രമേണ ക്ഷണദാത്രയേ ദ്വധം
ഗഭീരിമാണം ഗതവത്യഥാർണ്ണവേ
രഘുപ്രവീരസ്യ ദുഗഞ്ചലം ശനൈ—
രലംചകാര ദ്യുതിമക്പൊടലാം. 46

പിഷ്ടം—മഹാപാപിയും. പര....ശാം അഗ്രേസരം—പരസ്ത്രീകളിൽ നോട്ടമുള്ളവരിൽ മുമ്പനും ആയ. ഇമം ദശാസ്യം—ഈ രാവണനെ. സംഗരേ—യുദ്ധത്തിൽ. ബലാത്—ബലം ഹേതുവായി. ജേതും—ജയിക്കുന്നതിനു വേണ്ടി. പ്രഭോ—പ്രഭുവായുള്ളോവേ. ദേവ—ദേവനായുള്ളോവേ. അചിരാത്—ഉടൻതന്നെ. അബ്ധിം—സമുദ്രത്തെ. തരീതും—കടക്കുവാൻ, യതസ്വ—പ്രയത്നിച്ചാലും.

പദ്യം 44. രഘു....തേ—അല്ലയോ രാമ. പയോനിധിം—സമുദ്രത്തെ. ആദരാത്—ആദരവോടുകൂടി. നിർണ്ണീതം—നിശ്ചയം. പ്രകാ....ണൈഃ കിം—പല വഴികളം ആലോചിക്കുന്നതു് എന്തിനു്? ശിഖ....രൈഃ—പർവതശൃംഗങ്ങളാൽ. സേതും—ചിറയെ. ബദ്ധ്വാ—നിർമിച്ചിട്ടും. അസു....രീം—ലങ്കാനഗരത്തെ. നിരുത്സവാം—ഉത്സവശൂന്യമായി. വിധായ—ചെയ്തിട്ടും. മൈഥിലീം—സീതയെ. പ്രഗൃഹ്യ ച—സ്വീകരിച്ചിട്ടും. ആയാസ്യാമഃ—വരാം.

പദ്യം 45. വിഭീ....രം—വിഭീഷണന്റെ വാക്കിനെ. ശ്രുത്വാ—കേട്ടിട്ടു്. മനു....ത്തിനു്—ശ്രീരാമനു്. സദ്യഃ—ഉടൻ. തഥാ—അവണ്ണം. ജലധി—സമുദ്രം. മാർഗം—വഴിയെ. ദർഭ....യം—ദർഭപ്പുല്ലുകൊണ്ടുള്ള കിടക്കിയ. പ്രസ്തീര്യ—വിരിച്ചു്. ധീമാൻ—ബുദ്ധിമാനായ രാമൻ. അശേത—കിടന്നു.

പദ്യം 46. ക്രമേണ—ക്രമത്തിൽ. ക്ഷണ....യേ ഗതേ (സതി)—മൂന്നുരാത്രി കഴിഞ്ഞപ്പോഴം. ദ്വധം—ബലമായി. അർണ്ണവേ—സമുദ്രം. ഗഭീരിമാണം—ഗാംഭീര്യത്തെ. ഗതവതി (സതി)—പ്രാപിച്ചപ്പോഴം (വഴി തരാതെ അഹങ്കരിച്ചപ്പോഴം). രഘു .....സ്യ—

''ഖാതന്ത്വാ സഗരേണ സാഗര! പുരാ
ഭാഗീരഥീവാരിഭിഃ
സമ്പൂർണ്ണം ച ഭഗീരഥേന ഭഗവൻ!
തദ്വംശജോ രാഘവഃ
രാമോ ദാശരഥിർജിഗീഷുരധുനാ
ജായാമുഷം രാവണം
കോദണ്ഡീ ശരണം പ്രപദ്യ പദവീം
ലങ്കോന്മുഖീം യാചതേ.'' 47

സാപ്പൈവ യത്ര സിദ്ധിർ--
ന തത്ര ദണ്ഡോ ബുധേന വിനിയോജ്യഃ,
പിത്തം യദി ശക്കരയാ
ശാമ്യതി കോ൪ത്ഥഃ പടോലേന? 48

അഭേദോക്ത്യാരിദോഷോക്ത്യാ
തദ്ഗുണോക്ത്യാ നിഷേവയാ

ശ്രീരാമന്റെ. ദൃഗഞ്ചല.—കണ്ണിന്റെ അറ്റം. ശനൈഃ—പതുക്കെ. അക്ക പാടലാം ദൃതിം—ഇളംസൂര്യന്റെ ചുവപ്പുനിറമായ ശോഭയെ. അലഞ്ചകാര —അലങ്കരിച്ചു.

പദ്യം 47. ഭഗവൻ സാഗര—അല്ലയോ ഭഗവാനായ സമുദ്രമേ. പുരാ —പണ്ടു്. സഗരേണ—സഗരനുപനാൽ. (എന്റെ പൂർവപുരുഷനായ). ഖാതം—കഴിക്കപ്പെട്ടവനും. ഭഗീരഥേന—ഭഗീരഥനുപനാൽ. (ഭഗീരഥ നും ശ്രീരാമന്റെ പൂർവപുരുഷൻ തന്നെ) ഭാഗീ....ഭിഃ—ഗംഗാജലങ്ങളാൽ. സംപൂർണ്ണം ച—സംപൂർണ്ണനും ആയ. ത്വാ—നിന്നോടു്. തദ്വംശജഃ—അവ രുടെ വംശത്തിൽ ജനിച്ചവനും. രാഘവഃ—രാഘവനും. ദാശരഥിഃ—ദശര ഥപുത്രനും. കോദണ്ഡീ—വില്ല ധരിച്ചവനുമായ. രാമഃ—രാമൻ. ജായാ മുഷം—ഭാര്യയെ അപഹരിച്ച. രാവണം—രാവണനെ. അധുനാ—ഇപ്പോഴും. ജിഗീഷുഃ—ജയിക്കുവാൻ ആഗ്രഹിക്കുന്നവനായി. ശരണം പ്രപദ്യ—ശര ണം പ്രാപിച്ചു്. ലങ്കോന്മുഖീം പദവീം—ലങ്കയ്ക്കു ചെല്ലുവാനുള്ള മാർഗ ത്തെ. യാചതേ—പ്രാർത്ഥിക്കുന്നു. താം പദവീ യാചതേ—ദ്വിതീയാ വിഭക്തി പ്രയോഗം.

പദ്യം 48. സാമ്നാ ഏവ—സമാധാനപരമായ സാമോപായംകൊണ്ടു തന്നെ. യത്ര—എവിടെ. സിദ്ധിഃ—കാര്യസിദ്ധി ഭവിക്കുന്നുവോ. തത്ര —അവിടെ. ദണ്ഡം—ദണ്ഡോപായം. ബുധേന—ബുദ്ധിമാനാൽ. ന വിനി യോജ്യഃ—ഉപയോഗിക്കപ്പെടരുതു്. ശക്രയാ—ശക്രരകൊണ്ടു്. പിത്തം ശാമ്യതി യദി—പിത്തരോഗം ശമിക്കുമെങ്കിൽ. പടോലേന—(കയ്പുള്ള) പടവലംകൊണ്ടു്. കഃ അർത്ഥഃ—എന്തു് ഉപയോഗം. സാമ, ദാന, ഭേദ ദണ്ഡങ്ങളും—കാര്യസിദ്ധിക്കുള്ള നാലുപായങ്ങളും.

പദ്യം 49. അഭേ....ക്ത്യാ—തമ്മിൽ ഭേദമില്ലെന്നു പറയുന്നതുകൊ ണ്ടും. അരി.....ക്ത്യാ—ശത്രുവിന്റെ ദോഷങ്ങളെ എടുത്തു പറയുന്നതു കൊണ്ടും. തദ്ഗുണോക്ത്യാ—അവന്റെ ഗുണം സ്തുതിക്കുന്നതുകൊണ്ടും.

പൂർവ്വകാലോപകാരോക്ത്യാ
സാമ പഞ്ചവിധം സ്മൃതം. 49

കുശശയനതലോത്ഥിതസ്തദാനീം
ഭൃശമുടലെങ്ങുമണിഞ്ഞു ഘർമ്മബിന്ദുൻ
വചനമിദമുവാച തൃക്ഷകോപ–
പ്രചുരഭരാരുണദാരുണാനനേന്ദുഃ. 50

''ക്ഷമയാ ഹി സമായുക്തം
മാമയം മകരാലയഃ
അസമർത്ഥം വിജാനാതി
ധിക് ക്ഷമാമീദൃശേ ജനേ. 51

മച്ചാപച്യവമാനബാണദഹന–
രുച്ഛുഷ്ടാംബുരാശിസ്ഫുട–
മുക്താചൂർണ്ണനഖംപചേന മഹതാ
ലങ്കാപുരീവർത്മനാ
ബന്ദീകൃത്യ നിശാചരശ്രിയമിതോ
നേതാസ്മി ഖഡ്ഗത്രുട–
ല്ലങ്കാമല്ലഭുജാവിടങ്കവിഹൃതി–
വ്യാപാരപാരാവതീം. 52

നിഷേവയാ–സേവകൊണ്ടും. പൂർവ....കത്യാ–മുമ്പു ചെയ്ത ഉപകാരത്തെ എടുത്തു പറയുന്നതുകൊണ്ടും. സാമ–സാമോപായം. പഞ്ചവിധം സ്മൃതം –അഞ്ചുവിധമായി പറയപ്പെട്ടിരിക്കുന്നു.

പദ്യം 50. തദാനീം–അപ്പോൾ. കുശ....തഃ–ദർഭശയനത്തിൽനിന്നു് എണീച്ചവനായി. ഭൃശം–അധികം. ഘർമബിന്ദുൻ–വിയർപ്പുതുള്ളികളെ. തൃക്ഷ....ന്ദു–വളരെ വർദ്ധിച്ച കോപത്താൽ ചുവന്ന ഭയങ്കരമായിത്തീർന്ന മുഖചന്ദ്രനോടുകൂടിയവനായി (രാമൻ). ഇദം വചനം ഉവാച–ഇപ്രകാരം പറഞ്ഞു.

പദ്യം 51. അയം മകരാലയഃ–ഈ സമുദ്രം. ക്ഷമയാ സമായുക്തം–ക്ഷാന്തിയോടുകൂടിയ. മാം–എന്നെ. അസമർത്ഥം–കെല്പില്ലാത്തവനായി. വിജാനാതി ഹി–കരുതുന്നവല്ലൊ. (ആയതുകൊണ്ടു്) ഈദൃശേ–ഇവ്വണ്ണമുള്ള. ജനേ–ജനത്തിൽ. ക്ഷമാം ധിക്–ക്ഷമ നിന്ദ്യമാണു്. ക്ഷമ പാടില്ല എന്നർത്ഥം.

പദ്യം 52. മച്ചാപ....ചേന–എന്റെ വില്ലിൽനിന്നു തെറിച്ചുപായുന്ന ശരാഗ്നിയാൽ വറ്റിയ സമുദ്രത്തിലെ പൊട്ടുന്ന മുത്തുപൊടികളുടെ ചൂടോടുകൂടിയ. മഹതാ–വലിയ. ലങ്കാ....നാ–ലങ്കാപുരത്തിലേക്കുള്ള വഴിയിലൂടെ. ഖഡ്ഗ....തീം–വാളുകൊണ്ടു മുറിക്കപ്പെട്ട ലങ്കയിലെ യുദ്ധവീരന്മാരുടെ ബാഹുക്കളാകുന്ന പ്രാപ്പലകയിൽ വിഹരിക്കുന്ന പെൺമാടപ്രാവായ. നിശാചരശ്രിയം–രാക്ഷസലക്ഷ്മിയെ. ബന്ദീകൃത്യ–തടവിലാക്കി. ഇതഃ നേതാ അസ്മി–ഇങ്ങോട്ടു കൊണ്ടുവരുന്നവനായിരിക്കും ഞാൻ.

ചാപമാനയ സൗമിത്രേ!
ശരാംശ്ചാശീവിഷോപമാൻ
സാഗരം ശോഷയിഷ്യാമി
സുഖം യാന്തു പ്ലവംഗമാഃ. 53

ദംഭോളിതീക്ഷ്ണൈർവിശിഖൈരിദാനീ—
മംഭോനിധിം പങ്കനിധിം കരിഷ്യേ
സ്ഥലീകരിഷ്യേ മരുഭ്രകരിഷ്യേ
ഭസ്മീകരിഷ്യേ മൃഗതൃഷ്ണയിഷ്യേ.'' 54

എന്നിപ്രകാരമരുൾചെയ്തു ഹതാശനാസ്ത്രം
മന്ത്രിച്ചുടൻ ധനുഷി ചേർത്തൊരു കാൽ മുഹൂർത്തം
നിന്നു രുഷാ രഘുകുലോദ്വഹനഗ്രതേജോ—
വഹ്നൗ ദഹന്നിവ ദിശാവലയം തദാനീം. 55

ഗദ്യം 5.

തദനു ദിനാധിപവംശശിഖാമണി
ദഹനമയാസ്ത്രം ധനുഷി തൊടുത്തു കനത്തൊട കോപാത് നിന്ന ദശായാം
ജലധിയിൽ മേവും ജലഭരമൊക്കെ—
ച്ചുട പിടിച്ചുക്കിഴമേലിളകി—
ച്ചെറുതു പതഞ്ഞു വിറച്ചു വിറച്ചു

പദ്യം 53. സൗമിത്രേ—അല്ലയോ ലക്ഷ്മണ. ചാപം—വില്ലിനേയും. ആശീ....മാൻ—പാമ്പുപോലെയുള്ള. ശരാൻ ച—ബാണങ്ങളേയും. ആനയ—കൊണ്ടുവന്നാലും. സാഗരം ശോഷയിഷ്യാമി—ഞാൻ സമുദ്രത്തെ വരട്ടുന്നുണ്ട്. പ്ലവംഗമാഃ—വാനരന്മാർ. സുഖം യാന്തു—സുഖമായി യാത്രചെയ്യട്ടെ.

പദ്യം 54. ദംഭോ....ക്ഷ്ണൈഃ—വജ്രായുധംപോലെ കടുത്ത. വിശിഖൈഃ—ബാണങ്ങളാൽ. അംഭോനിധിം—ജലനിധിയായ സമുദ്രത്തെ. പങ്കനിധിം—ചെളിക്കു് ഇരിപ്പിടമായി. കരിഷ്യേ—ഞാൻ ചെയ്യുന്നുണ്ട് സ്ഥലീകരിഷ്യേ—വെറുംതറയാക്കിത്തീർക്കുന്നുണ്ട്. മരുഭ്രകരിഷ്യേ—മരുഭൂമിയാക്കിത്തീർക്കുന്നുണ്ട്. മരുഭ്ര—മണൽക്കാടു് അല്ലെങ്കിൽ നിർജലപ്രദേശം. ഭസ്മീകരിഷ്യേ—ഭസ്മമാക്കിത്തീർക്കുന്നുണ്ട്. മൃഗതൃഷ്ണയിഷ്യേ—കാനൽജലമാക്കിത്തീർക്കുന്നുണ്ട്.

പദ്യം 55. ഹതാ.....സ്ത്രം—ആഗ്നേയാസ്ത്രം. മന്ത്രിച്ചു്—ജപിച്ചു്. ധനുഷി—വില്ലിൽ. രുഷാ—കോപത്തോടുകൂടി. തദാനീം—അപ്പോൾ. ഉഗ്ര....ഹ്നൗ—ഭയങ്കരമായ തേജസ്സാകുന്ന തീയിൽ. ദിശാവലയം—ദിങ്മണ്ഡലത്തെ. ദഹൻ ഇവ—ദഹിപ്പിക്കുന്നവൻപോലെ. രഘു...ഹൻ—ശ്രീരാമൻ.

ഗദ്യം 5. തദനു—അതിൽ പിന്നെ. ദിനാ.....ണി—ശ്രീരാമൻ. ദഹ.....സ്ത്രം—ആഗ്നേയാസ്ത്രത്തെ. ധനുഷി—വില്ലിൽ. കനത്തൊട കോപാത്—അധികകോപത്തോടു്. ജലധി—സമുദ്രം. ജലഭരം—

ഘുമിഘുമിനെന്നൊരു ഘോഷംകൊണ്ടുട—
നലറുംപോലേ നീളെപ്പാടേ
ചുഴിവുകൾ പൂണ്ടു തിളച്ചു തിളച്ചു മി—
ളിച്ചലധൂമം കാണക്കാണെ—
ക്കറുകിക്കറുകി കർദ്ദമരീതി ക—
ലമ്പുന്നേരത്തെന്തൊരപൂർവം
പറവാനൊന്നുംതന്നേ വല്ലേൻ.

ഒരിടത്തിനിയ ഭുജംഗകദംബക—
മുടൽപിടിപെട്ടൊരു ചൂട്ട പൊറാഞ്ഞു പു—
ളഞ്ഞു പുളഞ്ഞു പരസ്പരമാശ്ര പി—
ണഞ്ഞൊരു ശുല്ലാരങ്ങളിൽ വാസ്സും
കൊടിയ വിഷോദ്ഗാരം പൂണ്ടവശത—
യോടുമുഴന്നു പിടഞ്ഞുതുടങ്ങീ.

മറെറാരിടത്തു തിമിംഗലതിമിമുഖ—
മകരശ്രേണികൾ വെന്തു പിടഞ്ഞുട—
നൊക്കെപ്പൊങ്ങിത്തമ്മിലിടഞ്ഞൊരു
ഘോരാരാവൈരുലകു പുഴങ്ങി—
ച്ചുള്ളൊരു വെള്ളം തന്നിലുരുണ്ടു.

പുനരന്യസ്ഥിൻ നീരാനകളും
നീരാളകളും ശംഖും മുതലക—
ളെന്നു തുടങ്ങിന ജന്തുകദംബം
വെന്തു നിതാന്തം തരമല്ലാതൊരു
ഗന്ധമിളക്കിപ്പെരുകിന വേദന—
കൊണ്ടനുവേലം മാമാളെന്ന—
ങ്ങലറിക്കൊണ്ടുടനങ്ങോടിങ്ങോ—
ടോടിച്ചാടിത്തമ്മിലിടഞ്ഞും
ചൂട്ട പൊറാഞ്ഞുടനൊന്നിൻ കീഴ്പ്പ—
ന്നൊന്നു കിടന്നു കുഹചന ഭാഗേ.
ചൂട്ട പിടിച്ചുടനുള്ളിൽ നിറഞ്ഞൊരു
വെള്ളമെരിഞ്ഞു പയോധരജാലം

ജലപൂത്തി. അലധൂമം—കടലിൽനിന്നു പൊങ്ങുന്ന ആവി. കർദ്ദമരീതി—ചെളിയുടെ സ്ഥിതി. അപൂർവം—അദ്ഭുതം. ഭുജ .....കം—പാമ്പിൻ കൂട്ടം. പരസ്പരം—തമ്മിൽ. ആശ്ര—വേഗത്തിൽ. ശുല്ലാരം—ചീറൽ. വിഷോദ്ഗാരം—വിഷത്തെ ഛർദ്ദിക്കുക. തിമി....ണികൾ—തിമിംഗലം തിമി മുതലായ മത്സ്യക്കൂട്ടങ്ങൾ. ഘോരാരാവൈഃ—ഭയങ്കരശബ്ദങ്ങളാൽ. അന്യസ്ഥിൻ പുനഃ—മറെറാരിടത്താകട്ടെ. ജന്തുകദംബം—പ്രാണിസമൂഹം. നിതാന്തം—വളരെ. അനുവേലം—വളരെ. കുഹചന ഭാഗേ—ഒരിടത്തു്. പയോധരജാലം—മേഘങ്ങൾ. വിലീയ—ക്ഷയിച്ചു. ബഹുവാചാ കിം—

കാണക്കാണ വിലീയ മുടിഞ്ഞു.
കിം ബഹുവാചാ? പണ്ടു ധരിത്രീ—
കഷ്ണസമയേ ചണ്ഡമുരാരിവ—
രാഹമുഖാഹതികൊണ്ടുമൊരമൃതോ
ന്മഥനേ മന്ദരഭൃധരനിഷ്ഠുര—
ഘട്ടനരീതികഠംകൊണ്ടും ഭീഷണ—
വാസുകിഗരളജ്വാലാമാലകഠം—
കൊണ്ടും കിഞ്ചന സങ്കടമുഠംക്കല—
രാതൊരു ധീരഗഭീരൻ ജലനിധി—
ദേവൻ പാട്ട വിചിത്രമിതോത്താൽ.

സമുദ്രരാജാവു ഭയന്നു വെളിയിൽ വന്നു ശ്രീരാമനെ ശരണം പ്രാപിച്ചു സ്തുതിക്കുകയും ലങ്കാഗോപുരംവരെ വഴി കൊടുക്കുകയും ചെയ്തിട്ടു മറയുന്നു:

സന്ധായോദ്ദീപ്തമസ്ത്രം ധനുഷി ധൃതരുഷി
പ്രോന്മുഖേ രാമഭദ്രേ
സദ്യോ ഭർത്താ നദീനാം വിശിഖശിഖിശിഖാ—
ലീഢമൂർച്ഛാകുലാത്മാ
ഉത്കാഥപ്യമാണപ്രചുരനിനദയാ—
ദോഷവിമർദ്ദാർദ്ദിതോഽസൗ
ദിക്ഷു പ്രക്ഷിപ്യ ചക്ഷുഃ കിമിദമിതി ഭിയാ—
ഭ്യന്തരാന്നിർജ്ജഗാഹേ. 56

വപ്രരെ എന്തിനു പറയുന്നു. ധരി....യേ—ഭൂമിയെ ആകർഷിക്കുമ്പോഠം. ചണ്ഡമുരാരി....തി—വരാഹമായി അവതരിച്ചു ഭയങ്കരനായ വിഷ്ണുവിന്റെ മുഖംകൊണ്ടുള്ള അടി. അമൃതോന്മഥനേ—അമൃതത്തിനായി സമുദ്രത്തെ മഥനം ചെയ്യുമ്പോഠം. മന്ദര....രീതി—മന്ദരപർവ്വതത്തിന്റെ കൊടിയ ഇടി. ഭീഷ....മാല—ഭയങ്കരനായ വാസുകി എന്ന സർപ്പശ്രേഷ്ഠന്റെ വിഷത്തീജ്വാലകഠം. കിഞ്ചന—ഒട്ടും. ധീരഗഭീരൻ—ധൈര്യവും ഗാംഭീര്യവും ഉള്ളവൻ. ജല....വൻ—സമുദ്രദേവൻ.

പദ്യം 56. ധനുഷി—വില്ലിൽ. ഉദ്ദീപ്തം അസ്ത്രം സന്ധായ—ആഗ്നേയാസ്ത്രം തൊടുത്തു്. ധൃതരുഷി—കുപിതനായി. രാമഭദ്രേ—രാമൻ. പ്രോന്മുഖേ—ശ്രദ്ധിച്ചിരിക്കുമ്പോഠം. സദ്യഃ—ഉടൻ. അസൗ നദീനാം ഭർത്താ—ഈ സമുദ്രം. വിശി....ത്മാ—ബാണാഗ്നിയുടെ ജ്വാലയാൽ വ്യാകുലചിത്തനായി. ഉത്... തഃ—തിളച്ചു വരുമ്പോഠം വല്ലാതെ ശബ്ദിക്കുന്ന ജലജന്തുക്കളുടെ സംഘർഷത്താൽ പീഡിതനായി. ദിക്ഷു—ദിക്കുകളിൽ. ചക്ഷുഃ പ്രക്ഷിപ്യ—നോക്കിട്ടു്. ഇദം കിം—ഇതെന്തോന്നു്. ഇതി—എന്നിങ്ങനെ. ഭിയാ—ഭയംനിമിത്തം. അഭ്യന്തരാത്—അകത്തുനിന്നു്. നിർജ്ജഗാഹേ—നിർഗമിച്ചു.

---

1. ന്നിർജ്ജഗാമ.

നാരായണസ്യാ നരരൂപമുപാശ്രിതസ്യാ
കാര്യാർത്ഥമഭ്യുപഗതസ്യ കൃതാപരാധഃ
ദേവസ്യ ദേവരിപുദേഹഹരാത് പ്രതൂർണ്ണം
ഭീതഃ ശരാത് ശരണമേനമുപാശ്രയാമി. 57

''ഇന്ദുർലക്ഷ്മീരമൃതമദിരേ കൗസ്തുഭഃ പാരിജാതഃ
സ്വർമ്മാതംഗഃ സുരയുവതയോ ദേവ! ധന്വന്തരിശ്ച
മന്ഥാഗ്രേഡേ സ്മരസി തദിദം പൂർവ്വമേവ ത്വയാത്തം,
സംപ്രത്യബ്ധിഃ ശ്രുണജലധനസ്ത്വാം പ്രപന്നഃ പ്രശാധി.

ജയ സുരജനവന്ദ്യേ! ചിത്സരോജന്മവന്ദ്യേ!
ജയ നതജനബന്ധോ! നാഥ! കാരുണ്യസിന്ധോ!
ജയമനുകുലമൗലേ! മൈഥിലീകാന്ത! മേലേ
ജയ ജയ ഭഗവന്തം സംപ്രപന്നാ ഭവന്തം. 59

അഭയമഭയമയ്യോ ദൈവമേ! തമ്പിരാനേ!
സഭയമടി തൊഴും മാം പാഹി ലോകേശ! പാഹി
പെരുവഴിയിതു ലങ്കാഗോപുരത്തോളമിന്നേ
ചിറയിടുക നളോഽയം ചൊൽപെറും ത്വത്പ്രസാദാത്.

പദ്യം 57. നരരൂപം ഉപാശ്രുതിസ്യ—മനുഷ്യനായി അവതരിച്ചിരിക്കുന്നവനും. കാര്യാർത്ഥം—ദേവകാര്യത്തിനായി. അഭ്യുപഗതസ്യ—വന്നെത്തിയവനുമായ. ദേവസ്യ നാരായണസ്യ—ദേവനായ നാരായണനു്. കൃതാപരാധഃ—അപരാധം ചെയ്തവനായി. ദേവ....രാത്—ദേവശത്രുക്കളെ നശിപ്പിക്കുന്ന. ശരാദ് ഭീതഃ—ബാണത്തിൽനിന്നു ഭയന്നവനായി. ഏനം ശരണം ഉപാശ്രയാമി—ഇവനെ ഞാൻ ശരണം പ്രാപിക്കുന്നു.

പദ്യം 58. ഇന്ദുഃ—ചന്ദ്രനും. ലക്ഷ്മീഃ—ലക്ഷ്മീദേവിയും. അമൃത മദിരേ—അമൃതവും മദ്യവും. കൗസ്തുഭഃ—കൗസ്തുഭമണിയും. പാരിജാതഃ—പാരിജാതവൃക്ഷവും. സ്വർമാതംഗഃ—ഐരാവതം എന്ന ആനയും. സുരയുവതയഃ—ദേവസ്ത്രീകളും. ധന്വന്തരിഃ ച—ധന്വന്തരിയും. മന്ഥാഗ്രേഡേ—സമുദ്രമഥനാവൃത്തിയിൽ. പൂർവം ഏവ—പണ്ടുതന്നെ. തത് ഇദം—ഇതെല്ലാം. ത്വയാ—നിന്നാൽ. ആത്തം—എടുക്കപ്പെട്ടിരിക്കുന്നു. സ്മരസി—ഓർക്കുന്നുണ്ടല്ലോ. സംപ്രതി—ഇപ്പോഴും. അബ്ധിഃ—സമുദ്രം. ശ്രുണ—കേട്ടാലും. ജലധനഃ—ജലമാകുന്ന ധനത്തോടുകൂടിയവൻ. ത്വാം—നിന്നെ. പ്രപന്നഃ—ശരണം പ്രാപിച്ചിരിക്കുന്നു. പ്രശാധി—ശാസിച്ചാലും.

പദ്യം 59. സുരജനവന്ദ്യേ—ദേവശ്രേഷ്ഠ. ജയ—ജയിച്ചാലും. ചിത്സ....ന്ദ്യേ—ചിത്താകുന്ന സരസ്സിങ്കൽ ജനിച്ച ശ്രേഷ്ഠ. നത....ന്ധോ—ഭക്തന്മാർക്ക് ബന്ധുവായുള്ളോവേ. കാരു....ന്ധോ—കൃപാസമുദ്രമേ. മനു....ലേ—മനുകുലശ്രേഷ്ഠ. മൈഥിലീകാന്ത—സീതയുടെ നായകനായുള്ളോവേ. ഭഗവന്തം ഭവന്തം—ഭഗവാനായ അങ്ങയെ. സംപ്രപന്നാഃ—ശരണം പ്രാപിച്ചിരിക്കുന്നു.

പദ്യം 60. അഭയം—ശരണം. സഭയം—ഭയത്തോടുകൂടി. മാം

അണ്ഡജാകൃതി തുടന്നതും കമാമായ—
തും കനിവൊടണ്ണവേ
പന്നിയായതുമഹോ നൃസിംഹവടിവാന്ന—
തും വടുത പൂണ്ടതും
ചണ്ഡവെണ്മഴു ധരിച്ചു മന്നവർകുലം മു—
ടിച്ചതുമറിഞ്ഞു ഞാ—
നിന്ന രാമ! രജനീചരാധമവധോദ്യ—
തായ ച നമോ‍ഽസ്തു തേ.'' 61

ഏവം പുകഴ്ന്ന വിഹിതാശിഷി വാരിരാശൗ
ദേവേ മറഞ്ഞളവു രാഘവനും തദാനീം
തുവെൺമുദുസ്മിതമണിഞ്ഞു നിജോപകണ്ഠേ
മേവും കപീശ്വരമലോകത ലോകനേതാ. 62

സുഗ്രീവന്റെ കല്പനപ്രകാരം വാനരവീരന്മാർ സമുദ്രമധ്യത്തിൽ ചിറ നിർമ്മിച്ചു വിവരം ശ്രീരാമനെ അറിയിക്കുകയും ശ്രീരാമൻ സന്തോഷിക്കുകയും ചെയ്യുന്നു:

''പുഷ്യദ്വിക്രമകേളയഃ കപിഘടാഃ
ശൃണ്വന്തു സുഗ്രീവജാ—
മാജ്ഞാം മൗലിനിവേശിതാഞ്ജലിപുടാഃ
സേതോരിഹ വ്യൂഹനേ
ദോർദ്ദണ്ഡദ്വയതാഡനശ്രുഥധരാ—
ബന്ധോദ്ധതാൻ ഭ്രുധരാ—
നാനേതും സകലാഃ പ്രയാത കകുഭഃ
കിം നാമ വോ ദുഷ്കരം.'' 63

—എന്നെ. പാഹി—രക്ഷിച്ചാലും. ലോകേശ—ലോകത്തിനു് ഈശനായുള്ളോവേ. അയം നളഃ—ഈ നളൻ. ത്വത്പ്രസാദാത്—അങ്ങയുടെ അനുഗ്രഹം ഹേതുവായി.

പദ്യം 61. അണ്ഡജാകൃതി—അണ്ഡത്തിൽനിന്നുണ്ടായ സ്വരൂപം (മത്സ്യാവതാരം). കമാം—കൂർമം. അണ്ണവേ—കടലിൽ. അഹോ—ആശ്ചര്യം. നൃസിംഹവടിവു്—നരസിംഹാകൃതി. വടുത—ബ്രഹ്മചാരിയുടെ ഭാവം. വാമനസ്വരൂപം. ചണ്ഡം—ക്രൂരം. രജ....തായ—നീചരായ രാക്ഷസന്മാരെ വധിക്കുവാൻ ഉദ്യുക്തനായ. തേ—അങ്ങയ്ക്കായി. നമഃ അസ്തു—നമസ്കാരം.

പദ്യം 62. ഏവം—ഇപ്രകാരം. വാരിരാശൗ ദേവേ—സമുദ്രദേവൻ. വിഹിതാശിഷി—ആശീർവാദം ചെയ്തിട്ടു്. തദാനീം—അപ്പോൾ. ലോകനേതാ—ലോകനായകനായ. നിജോപകണ്ഠേ—തന്റെ സമീപത്തിൽ. കപീശ്വരം—സുഗ്രീവനെ. അലോകത—നോക്കി.

പദ്യം 63. പുഷ്യ....യഃ—വർദ്ധിച്ച പരാക്രമക്രീഡയോടുകൂടിയ. മൗലി... ടാഃ—ശിരസ്സിൽ വെയ്ക്കപ്പെട്ട കൂപ്പുകൈയോടുകൂടി. കപിഘടാഃ—വാനരശ്രേഷ്ഠന്മാർ. ഇഹ—ഇവിടെ. സേതോഃ വ്യൂഹനേ—സമുദ്രബ

യാവന്നിപാതരയകീർണ്ണമശേഷമണ്ണോ
വ്യാവൃത്യ സംഗളതി നോ കകുഭാം മുഖേഭ്യഃ
താവത് സ മുക്തമപി ചിത്രമപാം നിധാനാ—
ദാകൃഷ്യ ശൈലമയമുത്പതിതഃ സുഷേണഃ. 64

ബാലേനൈകമഹീധരം, സ്വഭുജയോർ—
യുഗ്മേനഗേന്ദ്രദ്വയം,
സ്കന്ധാഭ്യാം ശിഖിരിദ്വയം ച, ശിരസാ
ബിഭ്രാണമഗ്രീൻ ബഹൂൻ,
ആയാന്തം പവനാത്മജം രഘുപതിർ—
ദൃഷ്ട്വാ സലീലം പുരോ
ഗാഢാലിംഗനതത്പരഃ സമഭവത്
പ്രേമാശ്രുപൂർണ്ണേക്ഷണഃ. 65

ഗദ്യം 6.

(ദണ്ഡകം)

അംഭോനിധൗ ഗിരികളമ്പോട ചേപ്പ്തിനു
ചമ്പാന്ന വാനരരണഞ്ഞു.

സഭ്തിൽ. സുഗ്രീവജാം ആജ്ഞാം ശ്രുണ്വന്തു—സുഗ്രീവന്റെ കല്പനയെ കേട്ടാലും. വഃ ദുഷ്കരം കിം നാമ—നിങ്ങൾക്ക് ദുഷ്കരമായത്ത് എന്താണ്? ദോർദ....താൻ—രണ്ട ബാഹുദണ്ഡങ്ങളാൽ അടിക്കപ്പെട്ട ഭ്രമിയിൽനിന്നു വേർപെട്ട് ഉദ്ധതങ്ങളായ. ഭൂധരാൻ-പർവതങ്ങളെ. ആനേതും—കൊണ്ടുവരുവാനായി. സകലാഃ കകുഭഃ—എല്ലാദിക്കുകളിലേക്കും. പ്രയാത—പെന്നാലും.

പദ്യം 64. യാവത്—എപ്പോൾ. നിപാ....കീർണ്ണം—വീഴ്ചയുടെ വേഗത്താൽ വ്യാപ്തമായ. അശേഷം അണ്ണഃ—ജലമെല്ലാം. കകുഭാം മുഖേഭ്യഃ—ദിങ്മുഖങ്ങളിൽനിന്നു. വ്യാവൃത്യ നോ സംഗളതി—തിരിഞ്ഞുവരുന്നില്ലയോ. താവത്—അപ്പോൾ. സഃ അയം സുഷേണഃ—ആ സുഷേണൻ. മുക്തം ശൈലം അപി—ഇട്ടുകളഞ്ഞ ശൈലത്തെപ്പോലും. അപാം നിധാനത്. ആകൃഷ്യ-സമുദ്രത്തിൽനിന്നെടുത്തു. ഉത്പതിതഃ—ചാടി. ചിത്രം—ആശ്ചര്യം.

പദ്യം 65. ബാലേന—വാലുകൊണ്ട്. ഏകമഹീധരം—ഒരു മലയേയും. സ്വഭുജയോഃ യുഗ്മേ—തന്റെ രണ്ട ഭുജങ്ങളിൽ. നാഃഗേന്ദ്രദ്വയം—രണ്ട മലകളേയും. സ്കന്ധാഭ്യാം—തോളുകളാൽ. ശിഖരിദ്വയം ച—രണ്ട മലകളേയും. ശിരസാ—തലകൊണ്ടും. ബഹൂൻ അഗ്രീൻ—അനേകം മലകളേയും. ബിഭ്രാണം—താങ്ങിക്കൊണ്ട്. പുരഃ ആയാന്തം—മുമ്പിൽവരുന്ന. പവനാത്മജം—ഹനുമാനെ. ദൃഷ്ട്വാ—കണ്ടിട്ട്. രഘുപതിഃ—ശ്രീരാമൻ. പ്രേ ... ണഃ—ആനന്ദബാഷ്പം നിറഞ്ഞ കണ്ണുകളോടുകൂടി. ഗാഢാ....രഃ—ബലമായി ആലിംഗനം ചെയ്യുന്നതിൽ താത്പര്യമുള്ളവനായി. സമഭവത്—ഭവിച്ചു.

ഗദ്യം 6. (ദണ്ഡകം) അംഭോനിധൗ—സമുദ്രത്തിൽ. ഗിരി—മല.

അഖിലദിശി പാഞ്ഞു കതിചന തിരഞ്ഞു
വിപിനഭുവി പല മലകളരിയ ചില ശിലകളിവ
തടവി വടിവിനൊടിട നിറഞ്ഞു.
ചെന്നാ മൃഗം കരടിയെന്നാദിയാം വിപിന—
ജന്തുതംകരം പരമിരുണ്ട
ശിവശിവ! വരണ്ട ചില മൃഗമുരുണ്ട
മലമുകളിലതിവിപുലതരുശിരസി മരുവുമൊരു
പതഗകുലമുഴറി നടകൊണ്ട.
ഉഗ്രഭ്യേന്ന വാനരഭടച്ചാത്തു വന്മല പൊ—
ളിച്ചാത്തു ദിക്കിലിടതിങ്ങീ
ഉലകുകമ്പം കലുങ്ങീ നിലവിളി മുഴങ്ങീ
നിഖിലദിശി കപിവരരുമുദധിയിലിതരിയ ചിറ—
യിടുവതിനു പലവഴി തുടങ്ങീ.
ഓരോതരം മലകളം നേരാക്കിവച്ചരിയ
ദാരുപലൈരിടകളം തീർത്തു
ഒരുമയൊടു പാർത്തു പഴതിലതു ചേർത്തു
ചില ശിലകളതുപൊഴതു കുശലമതി നളനുദധി—
നടുവിലൊരു ചിറ ഝടിതി തീർത്തു.

ബദ്ധാ സേതും പയോധൗ കപിവരരുടനേ
ചെന്നു കമ്പിട്ടനേരം—
ത്തുഷ്ടാരികൾ തഴച്ചു പരമസുഖമഹോ!
ഭാനുസൂനോസ്തദാനീം
അത്രൈയല്ലിന്നതന്നേ കരബദരസമാ
ജാനകീദേവിയെന്നും
ചിത്തേ കല്പിച്ചുറച്ചു മനുകുലമകുടീ—
നുത്തമാണിക്യഭ്രഷ്ടാ. 66

അഖിലദിശി—എല്ലാ ദിക്കിലും. കതിചന—ചിലർ. വിപിനഭുവി—കാട്ടിൽ. ശില—കല്ല്. വിപ....രം—കാട്ടുമൃഗങ്ങളുടെ കൂട്ടം. പരം—വളരെ. അതി സി—വിസ്താരമേറിയ മരങ്ങളുടെ മുകളിൽ. പതഗകുലം-പക്ഷി കൂട്ടം. നിഖിലദിശി—എല്ലാദിക്കിലും. കപിവരർ—വാനരശ്രേഷ്ഠർ. ഉദധിയിൽ—സമുദ്രത്തിൽ. ദാരുപലൈഃ—മരത്താലും കല്ലിനാലും. കുശലമതി—സമർത്ഥൻ. ഝടിതി—ഉടൻ. നളനാണ് ചിറ കെട്ടുന്നതിൽ പ്രമത്തലക്കാരൻ.

പദ്യം 66. പയോധൗ—സമുദ്രത്തിൽ. സേതും ബദ്ധാ—ചിറ നിർമ്മിച്ചിട്ട്. കപിവരർ—വാനരശ്രേഷ്ഠർ. ഭാനുസൂനോഃ—സൂര്യപുത്രനായ സുഗ്രീവനു്. തദാനീം—അപ്പോൾ. കരബദരസമാ—കൈയിലിരിക്കുന്ന ലന്തക്കായ എന്നപോലെ. ചിത്തേ—മനസ്സിൽ. മനു....ഷ്ഠാ—ശ്രീരാമൻ.

ലങ്കാപ്രവേശം സമാപ്തം

രാവണവധം

കഥാസൂചനയോടുകൂടി പ്രബന്ധമാരംഭിക്കുന്നു:

മംഗല്യം [1]കൈവളക്കും ദ്വിജ"പടലമഹീ—
പാലസമ്മാനനീയേ
രംഗേ ഞാൻ വന്നനിന്നോരളവയി! ഹൃദയം
മേ കൃതാർത്ഥം വിശേഷാത"
ശങ്കാം കൈവിട്ട ലങ്കാധിപമപകരുണം
കൊന്ന സംഗ്രാമരംഗേ
ഭംഗ്യാ നിന്നോരുനേരം തെളിവിനൊട്ട സഖേ!
രാഘവനെന്നപോലേ. 1

മുഗ്ധസ്മിതാർദ്രവദനം തവ കണ്ട നേര—
ത്തെത്തീ നമുക്കു മനകാമ്പിലതീവ മോദം
വൃത്രാരിജിത്തിനെ ജയിച്ചവരും സുമിത്രാ—
പുത്രസ്യ പണ്ടു രഘുനായകനെന്നപോലേ. 2

രാമന്റെ കല്പനയനുസരിച്ചു സുഗ്രീവൻ സൈന്യസമേതനായി ത്രികൂടപർവ്വതത്തിൽ താവളമുറപ്പിച്ചതായി പ്രസ്താവിക്കുന്നു:

വ്യാധസ്ഥിതുംഗപീനസ്തനകലശമിളത"—
കുംഭികുംഭാഭിമാന—
പ്രത്യാഗച്ഛന്മദാന്ധദ്വിരദവരരദ—
ക്ഷുണ്ണകൂടേ ത്രികൂടേ

പദ്യം 1. കഥാവസ്തുവിനെ സൂചിപ്പിച്ചുകൊണ്ടു പ്രബന്ധം ആരംഭിക്കുന്നു. മംഗല്യം—ക്ഷേമം. ദ്വിജ...യേ—ബ്രാഹ്മണരാലും രാജാക്കന്മാരാലും ബഹുമാനിക്കത്തക്കതായ. രംഗേ—സഭയിൽ. മേ ഹൃദയം കൃതാർത്ഥം—എന്റെ മനസ്സു ധന്യമായി. ശങ്കാം—ശങ്കയെ. സംഗ്രാമരംഗേ—യുദ്ധക്കളത്തിൽ. അപകരുണം—കൃപകൂടാതെ. ലങ്കാധിപം—രാവണനെ. രാഘവനെന്നപോലെ—ശ്രീരാമന്റെ മനസ്സു കൃതാർത്ഥമായതുപോലെ.

പദ്യം 2. തവ—നിന്റെ. മുഗ്ധ....നം—സുന്ദരമായ ഹാസത്താൽ പ്രസന്നമായ മുഖത്തെ. അതീവ—വളരെ. മോദം—സന്തോഷം. വൃത്രാരിജിത്തു"—ഇന്ദ്രജിത്തു". സുമി....സ്യ—ലക്ഷ്മണന്റെ. രഘു....കനു"—ശ്രീരാമനു".

പദ്യം 3. കപീനാം ചക്രവർത്തീ—സുഗ്രീവൻ. രാമഭദ്രസ്യ ഗിരാ—ശ്രീരാമന്റെ വാക്കനുസരിച്ചു". ബല.....ഹൈഃ സഹ—സൈന്യസമൂഹങ്ങളോടുകൂടി. വ്യാധ.....കൂടേ ത്രികൂടേ—വേടത്തികളുടെ തടിച്ചു

1. ല്യം വന്നുദിക്കും ദ്വി. 2. ദ്വിജനിവഹമഹീ.

സ്കന്ധാവാരം വിധായ സ്ഥിതിമകൃതഗിരാ
രാമഭദ്രസ്യ ലങ്കാം
ജാതാതങ്കാം വിധാസ്യൻ സഹ ബലനിവഹൈ—
ശ്ചക്രവത്തീ കപീനാം. 3

ശ്രീരാമൻ യുദ്ധത്തിനായി വന്നിരിക്കുന്ന വിവരം അറിഞ്ഞ രാവണന്റെ അവസ്ഥയെ വർണ്ണിക്കുന്നു:

ശ്രുത്വാ ദാശരഥിം സുവേലകടകേ
സാടോപമർദ്ധേ ധനു—
ഷ്ടങ്കാരൈഃ പരിപൂരയന്തി കകുഭഃ
പ്രോക്ഷന്തി കൗക്ഷേയകാൻ
അഭ്യസ്യന്തി തഥൈവ ചിത്രഫലകേ
ലങ്കാപതേഃസ്തത് പുനർ—
വൈദേഹീകുചപത്രവല്ലിരചനാ—
വൈദഗ്ധ്യമർദ്ധേ കരാഃ. 4

രാമന്റെ ബലത്തെപ്പറ്റി അറിയാനായി രാവണനാൽ അയയ്ക്കപ്പെട്ട ശുകനും സാരണനും വാനരന്മാരാൽ പിടിക്കപ്പെട്ട് ഒടുവിൽ രാമന്റെ കൃപയാൽ വിടപ്പെട്ടവരായി തിരിയെ ചെന്ന രാവണനോട്, വളരെ ശക്തനായ രാമന്റെ സൈന്യം അസംഖ്യവും ഭയങ്കരവും ആകയാൽ യുദ്ധം ചെയ്യുക സാധ്യമല്ലെന്നും സീതയെ തിരിയെ കൊടുക്കുന്നതുതന്നെ നല്ലതെന്നും ഉണർത്തിക്കുന്നു:

നീതിജ്ഞൗ ശുകസാരണൗ നിശിചരൗ
രക്ഷോധിരാജാജ്ഞയാ
ഗത്വാ വാനരവാഹിനീപരിസരം
വിജ്ഞായ തദ്വൈഭവം

പൊങ്ങിയ മുലകളോടു യോജിക്കുന്ന മസ്തകങ്ങളാൽ അഭിമാനത്തോടുകൂടി വരുന്ന ഗജശ്രേഷ്ഠന്മാരുടെ ദന്തങ്ങളാൽ ചതയ്ക്കപ്പെട്ട കൊടുമുടിയോടുകൂടിയ ത്രികൂടപർവ്വതത്തിൽ സ്കന്ധാവാരം വിധായ—താവളമുറപ്പിച്ച്. ലങ്കാ ജാതാതങ്കാം വിധാസ്യൻ—ലങ്കയെ ഭയപരവശയാക്കി ചെയ്യുവാനായി. സ്ഥിതിം അകൃത—സ്ഥിതിചെയ്യ.

പദ്യം 4. സുവേ....കേ—സുവേലപർവ്വതത്തിന്റെ താഴ്വരയിൽ. ദാശരഥിം ശ്രുത്വാ—ശ്രീരാമനെ (വന്നിരിക്കുന്നവനായി) കേട്ടിട്ട്. ലങ്കാപതേഃ അർദ്ധേ കരാഃ—രാവണന്റെ പകുതിക്കൈകളും. സാടോപ....പ്രതാപത്തോടുകൂടി. ധനു...രൈഃ—വില്ലിന്റെ ടങ്കാരശബ്ദങ്ങളാൽ. കകുഭഃ പരിപൂരയന്തി—ദിക്കുകളെ നിറയ്ക്കുന്നു. കൗക്ഷേയകാൻ പ്രോക്ഷന്തി—വായം വീശുന്നു. തഥാ ഏവ—അതുപോലെ. അർദ്ധേ കരാഃ പുനഃ—പകുതിക്കൈകളുംകൂടെ. ചിത്രഫലകേ—ചിത്രമെഴുതുവാനുള്ള പലകയിൽ. വൈദേ....ധ്യം തത്—സീതയുടെ സ്തനങ്ങളിൽ പത്തിക്കീറ് എഴുതുക എന്ന അതിനെ. അഭ്യസ്യന്തി—പരിചയിക്കുന്നു.

1. തഥാ ച ചി. 2. സ്യാം പുനർ.

കീശൈരാശ്രു നിപീഡിതൗ കരുണയാ
രാമേണ മുക്തൗ തദാ
ലങ്കാമേത്യ ച രാവണം കൃതനതീ
സാശങ്കമിത്യൂചതുഃ. 5

''ആകാശേഽഖിലതാരകാ അപി നഭോ—
വർഷാംബുധാരാ അപി
ത്രിസ്രോതസ്സികതാ അപി ത്രിഭുവനേ[1]
തേ ജന്തുജാലാ അപി
വിന്ധ്യാദ്രിപ്രചുരാടവീതരുലതാ—
ഗുല്മച്ഛടാ അപ്യഹോ!
ഗണ്യന്തേ, ന[2]ഹി രാമവാനരചമൂ—
നാഥാ വിധാത്രാപി വാ. 6

കല്പാന്തക്ഷുഭിതാംബുധിപ്രതിനിധി
വ്യാരുദ്ധദിങ്മണ്ഡല—
വ്യോമ ക്ഷ്മാധരതാരകാരവിശശി—
ക്രീഡാപയോരാശി[3] ച

പദ്യം 5. നീതിജ്ഞൗ—നീതിയറിയുന്നവരായ. നിശിചരൗ ശ്രുക ... ണൗ—രാക്ഷസന്മാരായ ശ്രുകസാരണന്മാർ. രക്ഷോ....യാ—രാവണന്റെ കല്പനയനുസരിച്ച്. വാന....രം—വാനരസൈന്യങ്ങളുടെ അടുത്ത്. ഗത്വാ—ചെന്നിട്ട്. തദ്ദൈവം വിജ്ഞായ—അവയുടെ പ്രൗഢിയെ അറിഞ്ഞിട്ട്. ആശു—ഉടൻ. കീശൈഃ നിപീഡിതൗ—വാനരന്മാരാൽ ഹിംസിക്കപ്പെട്ടവരായി. തദാ—അപ്പോഴേ. രാമേണ കരുണയാ മുക്തൗ—രാമനാൽ കൃപകൊണ്ടു വിടപ്പെട്ടവരായി. ലങ്കാം ഏത്യ—ലങ്കയിൽ ചെന്നു. രാവണം—രാവണനെ. കൃതനതീ—നമസ്കരിച്ചവരായി. സാശങ്കം—ശങ്കയോടുകൂടി. ഇതി ഊചതുഃ ച—ഇപ്രകാരം പറയുകയും ചെയ്തു.

പദ്യം 6. ആകാശേ അഖിലതാരകാഃ അപി—ആകാശത്തിലുള്ള എല്ലാ നക്ഷത്രങ്ങളും. നഭോ ധാരാഃ അപി—ആകാശത്തിൽനിന്നു വർഷിക്കുന്ന ജലധാരകളും. ത്രിസ്രോതസ്സികതാഃ അപി—ഗംഗയിലെ മണലുകളും. ത്രിഭുവനേ തേ ജന്തുജാലാഃ അപി—മൂന്നു ലോകത്തുമുള്ള ആ ജന്തുജാലങ്ങളും. വിന്ധ്യാ....ടാഃ അപി—വിന്ധ്യപർവ്വതത്തിലെ മുഴുത്ത കാടുകളിലുള്ള മരം കൊടി ചെടികളും. ഗണ്യന്തേ—എണ്ണിയെത്തിക്കാം. രാമ....ഥാഃ—രാമന്റെ വാനരസൈന്യത്തിലെ ശ്രേഷ്ഠന്മാർ. വിധാത്രാ അപി വാ—ബ്രഹ്മാവിനാൽപ്പോലും. നഹി (ഗണ്യന്തേ)—എണ്ണിയെത്തിക്കാവതല്ല. അത്രയ്ക്ക് അധികമായ അംഗങ്ങൾ സൈന്യത്തിലുണ്ട് എന്നർത്ഥം.

പദ്യം 7. കല്പാ....ധി—പ്രളയകാലത്തിൽ ക്ഷോഭിച്ച കടലിനു തുല്യവും. വ്യാരുദ്ധ....മ—ദിക്കുകളും ആകാശം എന്നിവയിൽ നിറഞ്ഞതും.

1. നേ സർവേഽപി തേ ജന്തവഃ വിന്ധ്യാ. 2. ന തു രാ. 3. ശീ തത്.

ഗംഭീരം രഘുനാഥനാഥമപരി–
ക്ലേദ്യം ഹരീണാം ബലം
ദേവഃ പശ്യതു ലോചനൈർദ്വിദശഭീർ–
ദൃശ്യം ച ഭീമം[1] ച യത്. 7

അങ്കേ കൃത്വോത്തമാംഗം പ്ലവഗകുലപതേഃ,
പാദമക്ഷസ്യ ഹന്തുഃ
കൃത്വോത്സംഗേ, സലീലം ത്വചി കനകമൃഗ–
സ്യാംഗശേഷം നിധായ,
ബാണം രക്ഷഃകുലഘ്നം പ്രഗുണിതമനുജേ–
നാപ്പിതം തീക്ഷ്ണമക്ഷ്ണഃ
കോണേനോദ്വീക്ഷമാണസ്ത്വദനുജവചനേ
ദത്തകർണ്ണോ'യമാസ്തേ. 8

രാജൻ! വാനരവാഹിനീ പ്രതിഭയാ,
യോദ്ധും ന ശക്യാ ത്വയാ
സംഗ്രാമേ, രജനീചരേന്ദ്ര! ഭയിതാ
രാമസ്യ തദ്ഭീയതാം''

ക്ഷ്ണാധര....ശീ ച–പർവതങ്ങളും നക്ഷത്രങ്ങളും സൂര്യചന്ദ്രന്മാർ എന്നിവയുടെ ക്രീഡാജലാശയവുമായ. ഗംഭീരം–പ്രൗഢവും. രഘു .. ഥം–ശ്രീരാമനാകുന്ന നായകനോടുകൂടിയതും. അപരിക്ലേദ്യം–അസംഖ്യവുമായ. ഹരീണാം ബലം–വാനരസൈന്യത്തെ. ദേവഃ–സ്വാമി. ദ്വിദശഭീഃ ലോചനൈഃ പശ്യതു–ഇരുപതു കണ്ണുകൊണ്ടും കണ്ടാലും യത്–യാതൊന്നു്. ദൃശ്യം ച ഭീമം ച–കാണേണ്ടതും ഭയങ്കരവും ആയിരിക്കുന്നു.

പദ്യം 8. പ്ലവ... തേഃ–സുഗ്രീവന്റെ. അങ്കേ ഉത്തമാംഗം കൃത്വാ–മടിയിൽ തല വച്ചിട്ടു്. അക്ഷസ്യ ഹന്തുഃ ഉത്സംഗേ–അക്ഷകുമാരനെ കൊന്നവന്റെ (ഹനുമാന്റെ) മടിയിൽ. പാദം സലീലം കൃത്വാ–കാലിനെ കളിയായി വച്ചിട്ടു്. കന....സ്യ ത്വചി–പൊന്മാനിൻതോലിൽ. അംഗശേഷം നിധായ–ബാക്കി അവയവങ്ങളെ വച്ചിട്ടു്. രക്ഷഃകുലഘ്നം–(ഖരാദി)രാക്ഷസവംശത്തെ കൊന്ന. പ്രഗുണിതം–മൂർച്ചകൂട്ടിയ. തീക്ഷ്ണം–കൂത്ത. അനുജേന അർപ്പിതം–ലക്ഷ്മണനാൽ അർപ്പണം ചെയ്യപ്പെട്ട. ബാണം–ശരത്തെ. അക്ഷ്ണഃ കോണേന ഉദ്വീക്ഷമാണഃ–കടക്കൺകൊണ്ടു നോക്കുന്നവനായി. ത്വദനുജവചനേ–നിന്റെ അനുജനായ വിഭീഷണന്റെ വാക്കിൽ ദത്തകർണ്ണഃ–ശ്രദ്ധിച്ചവനായി. അയം ആസ്തേ–അവൻ (രാമൻ) ഇരിക്കുന്നു.

പദ്യം 9. രാജൻ–അല്ലയോ രാജാവേ. വാന .. ..നീ–വാനരസൈന്യം. പ്രതിഭയാ–ഭയങ്കരമായിരിക്കുന്നു. രജ.....ന്ദ്ര–അല്ലയോ രാക്ഷസാധിപ. സംഗ്രാമേ ത്വയാ യോദ്ധും ന ശക്യാ–രണത്തിൽ നിന്നാൽ യുദ്ധം ചെയ്യാൻ സാധ്യമല്ലാത്തതു്. തത്–ആയതുകൊണ്ടു്. രാമസ്യ

1. മം തഥാ.

ഇത്യാകർണ്ണ്യ വചസ്തയോർദശമുഖ—
സ്താൻ ദ്രഷ്ടുമത്യുത്സുകഃ
പ്രാസാദം ഹിമപാണ്ഡുരം സമധിരു—
ഹ്യാലോകയദ് വാനരാൻ. 9

രാവണന്റെ നിർവേദവചനം:

''ന്യക്കാരോ ഹ്യയമേവ മേ യദരയ—
സ്തത്രാപ്യസൗ താപസഃ
സോഽപ്യത്രൈവ നിഹന്തി രാക്ഷസഭടാൻ
ജീവത്യഹോ രാവണേ
ധിക് ധിക് ശക്രജിതം പ്രബോധിതവതാ
കിം കുംഭകർണ്ണേന[2] മേ
സ്വർഗ്ഗഗ്രാമടികാവിലുണ്ണനവൃഥോ—
ച്ഛ്രൂനൈഃ കിമേഭിർഭടൈഃ.'' 10

രാവണൻ മായകൊണ്ടു രാമന്റെ വെട്ടിയെടുത്ത തല നിർമ്മിച്ചു സീതയ്ക്കു പ്രദർശിപ്പിക്കുന്നു:

ഗദ്യം 1.

തദനു മദനദുഃഖമാനമനാ ദശാനനോ വിശരണേയമവശ്യം വശ്യാ ഭവിഷ്യതീതി പ്രത്യഗ്രവൃക്ണകന്ധരം മായാമയം രാമ

ദയിതാ ഭീയതാം—രാമന്റെ ഭാര്യയെ കൊടുത്താലും. ദശമുഖഃ—രാവണൻ ഇതി—ഇപ്രകാരം. തയോഃ—അവർ രണ്ടുപേരുടെയും. വചഃ ആകർണ്ണ്യ—വാക്കിനെ കേട്ടിട്ട്. താൻ വാനരാൻ—ആ വാനരന്മാരെ. ദ്രഷ്ടും അത്യുത്സുകഃ—കാണുവാൻ വളരെ തല്പരനായി. ഹിമ....ം പ്രാസാദം ആരുഹ്യ ആലോകയത്—മഞ്ഞുപോലെ വെളുത്ത മാളികയിൽ കയറി നോക്കി.

പദ്യം 10. മേ അരയഃ ഇതി യത് അരയം ഏവ ന്യക്കാരഃ—എനിക്കു ശത്രുക്കൾ എന്നുള്ളതുതന്നെ അപമാനമാകുന്നു. തത്ര അപി—അതിലും. അസൗ താപസഃ—ഒരു താപസൻ (ശത്രുവായിരിക്കുന്നു). സഃ അപി അത്ര ഏവ—അവനും ഇവിടെത്തന്നെ. രാവണേ ജീവതി—രാവണൻ ജീവിച്ചിരിക്കുമ്പോൾ. രാക്ഷ .. ടാൻ നിഹന്തി—രാക്ഷസഭടന്മാരെ കൊല്ലുന്നു. ശക്രജിതം ധിക് ധിക്—ഇന്ദ്രജിത്തു് വളരെ നിന്ദ്യനാണു്. പ്രബോ....താ കുംഭകർണ്ണേന മേ കിം—ഉണർത്തപ്പെട്ടവനായ കുംഭകർണ്ണനാൽ എനിക്കു് എന്തു പ്രയോജനം. സ്വർഗ്ഗ....ണൈഃ ഏഭിഃ ഭടൈഃ കിം—സ്വർഗ്ഗമാകുന്ന ക്ഷുദ്രഗ്രാമത്തെ ഇളക്കിമറിച്ചു വൃഥാഭിമാനം പൂണ്ട ഈ ബാഹുക്കളെക്കൊണ്ടു് എന്തു പ്രയോജനം? ബാലരാമായണത്തിലെ പദ്യമാണിതു്.

ഗദ്യം 1. തദനു—അതിൽപിന്നെ. മദ.....നാഃ—കാമപീഡിതനായ. ദശാനനഃ—രാവണൻ വിശരണാ ഇയം—അഗതിയായ ഇവൾ. അവശ്യം വശ്യാ ഭവിഷ്യതി—നിശ്ചയമായും നമുക്കു് അധീനയാകും.

1. രാവണഃ. 2. ണ്ണേന വാ സ്യ.

ശിരഃ കപിബലകളകളാകർണ്ണനസുഖായമാനായൈ ജനകതനയായൈ [1]പ്രദർശയാമാസ.

അതു കണ്ട സീത ദുഃഖിക്കുകയും പിന്നെ ആശ്വസിക്കുകയും ചെയ്യുന്നു:

''ത്യക്ത്വാ പ്രാണാനപി ദിവമഗാത്
തദ്വിയോഗാതുരഃ സൻ
പുത്രസ്നേഹാദ് ദശരഥനൃപോ
രാമരാമേതി സദ്യഃ;
ഭർത്താരം ത്വാം രഘുവര! ദശാമീ-
ദൃശീം [2]പ്രാപ്നുവന്തം
ദൃഷ്ട്വാ ജീവാമ്യഹമിഹ പുനഃ
പുംസ്ത്രീയോരേഷഭേദഃ.'' 11

വീയും കാറൊന്നടങ്ങീ തരുനികരമുതിർ-
ന്നൂ മലർച്ചാർത്തുഴന്നൂ
പായും തോയം നദീനാം ദശമുഖനമഹോ
കഷ്ടമെന്നേ തുടങ്ങീ
സൂര്യോഽപി സൈരചാരീ പുനരരനിമിഷം
നിന്നുപോയീ മിനക്കേ-
ടായിസ്സീതാപ്രലാപാകുലദശയിലലി-
ഞ്ഞു കരിങ്കല്ലുപോലും. 12

ഇതി-എന്നു്. പ്രത്യഗ്ര....രം-പുത്തനായി കഴുത്തു മുറിച്ച. മായാമയം രാമശിരഃ-മായയാൽ നിർമിതമായ രാമന്റെ ശിരസ്സിനെ. കപി....യൈ ജന .. യൈ-വാനരസൈന്യകോലാഹലം കേട്ടു സുഖിച്ചിരിക്കുന്ന സീത യ്ക്കായി. പ്രദർശയാമാസ-പ്രദർശിപ്പിച്ച.

പദ്യം 11. ദശര ...പഃ-ദശരഥരാജാവു്. പുത്ര....ത്-പുത്രനിൽ സ്നേഹം നിമിത്തം. തദ്വി....രഃ സൻ-നിന്റെ വിരഹത്താൽ ദുഃഖിതനായി. രാമരാമ ഇതി-രാമരാമ എന്നു (പറഞ്ഞുകൊണ്ടു്). സദ്യഃ-ഉടൻ പ്രാണാൻ അപി ത്യക്ത്വാ ദിവം അഗാത്-പ്രാണങ്ങളെപ്പോലും ത്യജിച്ചിട്ടു സ്വർഗ്ഗം പ്രാപിച്ച. രഘുവര-അല്ലയോ രഘുശ്രേഷ്ഠനായ രാമ. ഈദൃശീം ദശാം പ്രാപ്നുവന്തം-ഇപ്പണ്ണമുള്ള അവസ്ഥയെ പ്രാപിച്ച. ത്വാം ദൃഷ്ട്വാ-അങ്ങയെ കണ്ടിട്ടു്. അഹം പുനഃ-ഞാനാകട്ടേ. ഇഹ ജീവാമി-ഇവിടെ ജീവിച്ചിരിക്കുന്നു. പുംസ്ത്രീയോഃ-പുരുഷനുംസ്ത്രീകും. ഏഷഃ ഭേദഃ-ഇതാണു് വ്യത്യാസം.

പദ്യം 12. തരുനികര-മരങ്ങളുടെ. നദീനാം തോയം-പുഴകളിലെ വെള്ളം. ദശമുഖൻ-രാവണൻ. സൈരചാരീ-യഥേഷ്ടം സഞ്ചരിക്കുന്ന. സൂര്യഃ അപി പുനഃ-സൂര്യനും. സീതാ....യിൽ-സീത പുലമ്പിപ്പരവശയാകുമ്പോഴും.

---

1. പ്രാദർശയത്. 2. പ്രാപ്നുവന്തം.

പരിചൊട്ട സരമാവാക്കൈ—
രാശ്വസ്താ തത്ര ജാനകീ തരസാ
അമുത്ര കളക്കൈപ്പൈയ്യി—
ട്ടിടതലകളർപെട്ട കല്പവല്ലീവ. 13

ശ്രീരാമൻ സഭ കൂടി നിശ്ചയിച്ചു, സീതയെനല്കിക്കൊണ്ടു തന്നെ ശരണം പ്രാപിക്കണമെന്നും, അല്ലെങ്കിൽ വിഭീഷണനെ ലങ്കാധിപനായി അഭിഷേകം ചെയ്യുമെന്നും രാവണനോടു പറയുന്നതിനായി അംഗദനെ ദൂതനായി അയയ്ക്കുന്നു.

ഉത്ഥായ പ്രയതഃ പ്രഭാതസമയേ
സന്ധ്യാമുപാസ്യാസ്ഥിതോ
രാജേന്ദ്രോ രഘുനായകോ നിജസദഃ
സൗമിത്രിണാ സേവിതഃ
സുഗ്രീവേണ വിഭീഷണേന ച യുതഃ
പ്രാപ്താഞ്ജനാനന്ദനഃ
പ്രാപ്തോ[1]നന്തരകാര്യനിർണ്ണയപരഃ
പ്രാഹ പ്രകൃഷ്ടം വചഃ. 14

''ദൂതോ ഗച്ഛതു ബുദ്ധിദാനനിപുണഃ
പുത്രോ ƒങ്ഗദോ ബാലിനഃ
പൗലസ്ത്യസ്യ ഹിതം ബ്രവീതു 'തരസാ
സീതാ പരിത്യജ്യതാം

പദ്യം 13. സരമാവാക്കൈഃ—സരമയുടെ വചനങ്ങളാൽ. തരസാ—പെട്ടെന്നു്. തത്ര—അവിടെ. ആശ്വസ്താ—ആശ്വാസത്തെ പ്രാപിച്ചു. ജാനകീ—സീത. കല്പവല്ലീ ഇവ—കല്പലത എന്നപോലെ.

പദ്യം 14. രാജേന്ദ്രഃ—രാജശ്രേഷ്ഠനായ. രഘുനായകഃ—ശ്രീരാമൻ. പ്രഭാ....യേ—വെളുപ്പിനു്. ഉത്ഥായ—എഴിച്ചിട്ടു്. പ്രയതഃ—ശുചിയായി. സന്ധ്യാം ഉപാസ്യ—സന്ധ്യയെ സേവിച്ചിട്ടു്. സൗമിത്രിണാ സേവിതഃ—ലക്ഷ്മണനാൽ സേവിക്കപ്പെട്ടവനായി. നിജ സദഃ ആസ്ഥിതഃ—തന്റെ സഭയിൽ ഇരുന്നവനായി. സുഗ്രീവേണ വിഭീഷണേന ച യുതഃ—സുഗ്രീവവിഭീഷണന്മാരോടുകൂടിയവനായി. പ്രാപ്താ....നഃ—വന്നുചേർന്ന ഹനുമാനോടുകൂടിയവനായി. അന....രഃ പ്രാപ്തഃ—അടുത്തു വേണ്ട കാര്യം നിശ്ചയിക്കുന്നതിൽ തത്പരനായി വന്നവനായി. പ്രകൃഷ്ടം വചഃ പ്രാഹ—ഉത്തമമായ വാക്കിനെ പറഞ്ഞു.

പദ്യം 15. ബുദ്ധി....ണഃ—വേണ്ടതു് ഉപദേശിക്കുന്നതിൽ സമർത്ഥനായ. ബാലിനഃ പുത്രഃ അങ്ഗദഃ—ബാലിയുടെ മകനായ അംഗദൻ. ദൂതഃ—ദൂതനായി. ഗച്ഛതു—പോകട്ടെ. പൗലസ്ത്യസ്യ ഹിതം ബ്രവീതു—രാവണനു ഹിതമായതിനെ പറയട്ടേ. തരസാ—ഉടൻ. സീതാ പരിത്യജ്യതാം—സീതയെ പരിത്യജിച്ചാലും. ത്വം രാമം ശരണം വ്രജ—

1. പ്രാപ്താനന്തര

രാമം ത്വം ശരണം പ്രജേ'ത വചനം
നാ[1] സ്വീകൃതം തേന ചേത്
നൂനം തർഹി വിഭീഷണം ദശമുഖ—
സ്ഥാനേ'ഭിഷേക്ഷ്യാമ്യഹം.'' 15

അംഗദൻ അഹങ്കാരിയായി രാവണനെ ചെന്നു കാണുന്നു:

നത്വാ തസ്യ രഘൂത്തമസ്യ ചരണൗ
സാഷ്ടാംഗമാശ്വംഗദഃ
സുഗ്രീവേണ[2]സ മാനിതഃ കപിവരൈ—
രന്യൈശ്ച സം[3]ഭാവിതഃ
പ്രാകാരാഗ്രഗതഃ പ്രചണ്ഡചരിതം
പ്രാസാദമദ്ധ്യേ സ്ഥിതം
പൗലസ്ത്യം പ്രദദർശ രത്നഖചിതേ
സിംഹാസനേ സുസ്ഥിതം. 16

ബാലാഗ്രേണ വിനിർമിതേ ദശശിര—
സ്സിംഹാസനാദ്ധ[4]ന്നതേ
സാസീനഃ സ നിജാസനേ മണിലസ—
ദ്രത്നാംഗദശ്ചാംഗദഃ

നീ രാമനെ ശരണം പ്രാപിച്ചാലും. ഇതി വചനം—എന്ന വാക്ക്. തേന നസ്വീകൃതം ചേത്—അവനാൽ സ്വീകരിക്കപ്പെട്ടില്ലെങ്കിൽ. തർഹി—അപ്പോൾ. ദശ....നേ—രാവണന്റെ സ്ഥാനത്തിൽ. വിഭീഷണം—വിഭീഷണനെ. അഹം അഭിഷേക്ഷ്യാമി—ഞാൻ അഭിഷേകം ചെയ്യും. നൂനം—നിശ്ചയം.

പദ്യം 16. ആശു—ഉടൻ. സഃ അങ്ഗദഃ—ആ അങ്ഗദൻ. രഘൂ....സ്യ തസ്യ ചരണൗ സാഷ്ടാംഗം നത്വാ—രഘുശ്രേഷ്ഠനായ ആ ശ്രീരാമന്റെ കാലുകളിൽ സാഷ്ടാംഗമായി (ദണ്ഡാകാരമായി വീണു) നമസ്കരിച്ചിട്ട്. സുഗ്രീവേണ മാനിതഃ—സുഗ്രീവനാൽ ബഹുമാനിക്കപ്പെട്ടവനായി. അന്യൈഃ ച കപിവരൈഃ സംഭാവിതഃ—മറ്റു വാനരശ്രേഷ്ഠന്മാരാലും മാനിക്കപ്പെട്ടവനായി. പ്രാകാ....തഃ—കോട്ടയുടെ മേലേ കേറി. പ്രാസാ....ദ്ധ്യേ—മാളികയുടെ നടുവിൽ. സ്ഥിതം—സ്ഥിതി ചെയ്യുന്നവനും. രത്ന....തേ സിംഹാസനേ സുസ്ഥിതം—രത്നം പതിച്ച സിംഹാസനത്തിൽ ഭംഗിയായി ഇരിക്കുന്നവനും. പ്രചണ്ഡചരിതം—ക്രൂരനും ആയ. പൗലസ്ത്യം—രാവണനെ. പ്രദദർശ—കണ്ടു.

പദ്യം 17. പ്രതാ....യാ പ്രൗഢഃ—പ്രതാപത്തിന്റെ കാന്തിയാൽ ഉദ്ധതനും. പ്രച....മാ—വളരെ മഹിമാവുള്ളവനും. മണി....ദഃ—മണികളാൽ ശോഭിക്കുന്ന രത്നമയമായ തോൾവളയോട് കൂടിയവനും. നിരാതങ്കഃ—സംഭ്രമമില്ലാത്തവനും. നിർഭീതഃ—ഭയമില്ലാത്തവനും. ബാ

1. നാങ്ഗീകൃതം. 2. വേണ ച മാ. 3. സംശ്ലാഘിതഃ. 4. ദ്ധന്നിതേ.

നിർഭീതോ നിതരാം നിരൈക്ഷത നിരാ—
തങ്കോ നിശാചാരിണം
പൗലസ്ത്യം പ്രഹസൻ പ്രചണ്ഡമഹിമാ
പ്രൗഢഃ പ്രതാപശ്രിയാ. 17

അങ്ഗദനും രാവണനും തമ്മിലുണ്ടായ വാഗ്വാദത്തെ വർണ്ണിക്കുന്നു:

''കസ്ത്വം'' ''കസ്ത്വ'' ''മഹം സമസ്തജഗതാം
നാഥോഽസ്മി'' ''നാഥോഽസ്മ്യഹം''
''നാഥത്വം ഹി കപേ! കുതസ്ത്വവ'' ''കുതോ
വിശ്വാന്തകസ്യാസ്മി തേ''
''ഈശാദുഗ്രതപഃപ്രസന്നവരതാത്
:സമ്പ്രാപ്തമേതന്മയാ''
''നാഥാദ് ബ്രഹ്മശിവേന്ദ്രമാന്യമഹസോ
മേ രാവണസ്യാന്തകാത്.'' 18

''ഭോ ഭോ മക്കട!'' ''ഭോ നിശാചരപശോ!
കിം തേ പ്രലാപാന്തരൈ—''
''ബ്ദ്ധഃ കശ്ചന മത്സുതേന ബലിനാ
ദശ്ചശ്ച കുത്രാസ്മി സഃ

ലാഗ്രേണ വിനിർമിതേ ദശശി....നാത് ഉന്നതേ നിജാസനേ സ്വാസീനഃ —വാലിന്റെ അറ്റത്താൽ നിർമിതമായി രാവണന്റെ സിംഹാസനത്തിൽനിന്നു പൊക്കം കൂടിയ തന്റെ ആസനത്തിൽ സുഖമായി ഇരിക്കുന്നവനും ആയ. സഃ അംഗദഃ—ആ അംഗദൻ. നിതരാം പ്രഹസൻ—വളരെ ചിരിക്കുന്നവനായി. നിശാചാരിണം പൗലസ്ത്യം നിരൈക്ഷത—രാക്ഷസനായ രാവണനെ നോക്കി.

പദ്യം 18. ത്വം കഃ—നീ ആരു്? അഹം സമ....താം നാഥഃ അസ്മി—ഞാൻ എല്ലാ ലോകങ്ങൾക്കും നാഥനാകുന്നു. അഹം നാഥഃ അസ്മി—ഞാൻ നാഥനാകുന്നു. കപേ—അല്ലയോ വാനര. നാഥത്വം ഹി തവ കുതഃ—നാഥഭാവമാകട്ടെ നിനക്കു് എവിടെനിന്നു്? വിശ്വാന്തകസ്യ—ലോകനാശകനായ. തേ കുതഃ അസ്മി—നിനക്കു് എങ്ങനെ നാഥത്വം ഭവിക്കുന്നു? ഉഗ്ര ..... ദാത് ഈശാത്—കഠിനതപസ്സിനാൽ പ്രസന്നനായി വരം തന്ന ശിവങ്കൽ നിന്നു്. ഏതത് മയാ സംപ്രാപ്തം—ഇതു് (നാഥത്വം) എന്നാൽ പ്രാപിക്കപ്പെട്ടു. ബ്രഹ്മ....സഃ രാവണസ്യ അന്തകാത് നാഥാത്—ബ്രഹ്മാവു്, ശിവൻ ഇന്ദ്രൻ ഇവരാൽ മാനിക്കത്തക്ക പ്രതാപത്തോടുകൂടിയ രാവണശത്രുവായ നാഥങ്കൽനിന്നു് (ശ്രീരാമങ്കൽനിന്നു്). മേ (ഏതത് സംപ്രാപ്തം) എനിക്കു് ഇതു് (നാഥത്വം) ലഭിച്ചു.

പദ്യം 19. ഭോ ഭോ മക്കട—എടോ വാനര. ഭോ നിശാ....ശോ—എടോ രാക്ഷസപ്പശുവേ. തേ പ്രലാ....രൈഃ കിം—നിന്റെ പുലമ്പൽ കൊണ്ടു് എന്തു പ്രയോജനം. ബലിനാ മത്സുതേന—ശക്തനായ എന്റെ പുത്രനാൽ. കശ്ചന ബദ്ധഃ ദശ്ചഃ ച—ഒരുത്തൻ ബന്ധിക്കപ്പെട്ടകയും പൊള്ളിക്കപ്പെട്ടകയും ഉണ്ടായി. സഃ കുത്ര അസ്മി—അവൻ എവിടെ

കിം വാ വാനര! സ ത്വമേവ'', ''സ കപിർ–
നാഹം മദീയോ ഭടഃ
കശ്ചിത് ത്വത്പുരദാഹകസ്യ സുതം
സേനാശ്ച ഹത്വാ പുനഃ.'' 19

''കസ്ത്വം വാനര!'' ''രാമരാജഭവനേ
ലേഖാർത്ഥസംവാഹകോ''
''യാതഃ കുത്ര പുരാഗതഃ സ ഹനുമാൻ
നിർദഗ്ധലങ്കാപുരഃ''
''സ്പൃഷ്ടോ രാക്ഷസസൂനുനേതി കപിഭിഃ
സന്താഡിതസ്തർജിതോ
ലജ്ജാവാഹ്നിപരാങ്മുഖോ വനമൃഗഃ
കുത്രേതി ന ജ്ഞായതേ.'' 20

''കസ്ത്വം'', ''ബാലിതനൂദ്ഭവോ രഘുപതേർ
ദൂതഃ'', ''സ ബാലീതി കഃ
കോ വാ വാനര! രാഘവഃ'', ''സമുചിതാ
തേ ബാലിനോ വിസ്മൃതിഃ
തദ്ബാലാന്തനിതാന്തബദ്ധവപുഷഃ
സമ്മൂർച്ഛിതസ്യ ധ്രുവം
ഘ്രാണം ദർപ്പമിവ സ്വസുസ്ത്വ ലുവൻ
രാമഃ കഥം വിസ്മൃതഃ.'' 21

ഇരിക്കുന്നു? വാനര–അല്ലയോ മക്കടാ. സഃ ത്വം ഏവ കിം വാ–അവൻ നീതന്നെയാണോ. സഃ കപിഃ അഹം ന –ആ വാനരൻ ഞാനല്ല. തവ സുതം സേനാഃ ച ഹത്വാ–നിന്റെ പുത്രനെയും സൈന്യങ്ങളെയും കൊന്നിട്ട്. പുനഃ–പിന്നെ. ത്വത്പുര....കഃ–നിന്റെ നഗരത്തെ ദഹിപ്പിച്ച വൻ. മദീയഃ കശ്ചിത് ഭടഃ–എന്റെ ഒരു ഭടനാകുന്നു.

പദ്യം 20. വാനര ത്വം കഃ–അല്ലയോ വാനര നീ ആരു്. രാമ.... നേ–രാമന്റെ രാജഗൃഹത്തിൽ. ലേഖാ....കഃ–സന്ദേശം കൊണ്ടുപോകുന്ന ദൂതൻ. പുരാ ആഗതഃ–മുമ്പു വന്നവനായ. നിർദ്ദ....രഃ–ലങ്കാനഗരത്തെ ദഹിപ്പിച്ച. സഃ ഹനുമാൻ–ആ ഹനുമാൻ. കുത്ര യാതഃ–എവിടെപ്പോയി? രാക്ഷ ...നാ–രാക്ഷസപുത്രനാൽ. സ്പൃഷ്ടഃ ഇതി–സ്പർശിക്കപ്പെട്ടു എന്നുവെച്ചു്. കപിഭിഃ സന്താഡിതഃ തർജിതഃ–അടിക്കപ്പെട്ടവനായും ഭയപ്പെടുത്തപ്പെട്ടവനായും. ലജ്ജാ....ഖഃ–നാണിച്ചു വിമുഖനായ. വനമൃഗഃ–വാനരൻ. കുത്ര ഇതി ന ജ്ഞായതേ–എവിടെപ്പോയെന്നു് അറിയപ്പെടുന്നില്ല.

പദ്യം 21. ത്വം കഃ–നീ ആരു്? ബാലി....വഃ–ബാലിയുടെ പുത്രനും. രഘുപതേഃ ദൂതഃ–ശ്രീരാമന്റെ ദൂതനുമാകുന്നു. ബാലീ ഇതി സഃ കഃ–ബാലിയെന്ന അവൻ ആരു്? വാനര–അല്ലയോ മക്കടാ. രാഘവഃ വാ കഃ–രാഘവനും ആരാകുന്നു? തദ്ബാ....ഷഃ സമ്മൂർച്ഛിതസ്യ–അവന്റെ വാലറ്റത്തു ബന്ധിക്കപ്പെട്ട ശരീരത്തോടുകൂടി മൂർച്ഛയെ പ്രാപിച്ച. തേ–നിനക്കു്. ബാലിനഃ വിസ്മൃതിഃ സമുചിതാ

''കിം കാര്യം വദ രാഘവസ്യ ന ച തദ്—
ബന്ധുഃ കിമംഭോനിധിഃ''
''ക്രീഡാത്ഥം കപിപോതകൈ''''രലമലം
ജാനാത്യസൗ മാം നനു
ലങ്കാം നാകിനികായ വൈരിവസതിം
കം വേത്സി'' ''വേദ്മ്യേവ'' ''ഹം
കോ ലങ്കാധിപതിർ'' ''വിഭീഷണ ഇതി
പ്രഖ്യാതകീത്തിർ ഭുവി.'' 22

രണ്ടുപേരും ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെട്ടതായി പ്രസ്താവിക്കുന്നു:

ഗദ്യം 2.

തദനന്തരമംഗദനിശാചരാധിപൗ രഭസോദിതപ്രസമരായത്തചിത്തപ്രവർത്തകൗ ഭൃശം പ്രകടമാനൗ സടിതി ഘടമാനൗ പ്രതിഭടമദസംഹാരിസിംഹാരവഹിക്കാനാദവിക്ഷോഭിതഹരിന്മുഖൗ പരസ്പരജയൈഷിണൗ സദാപി വിവരാന്വേഷിണൗ വജ്രനിഷ്പേഷമുഷ്ടിപാതരക്തച്ഛടാക്രുഷ്ടിതവിഗ്രഹൗ ഉഗ്രതരം ദ്വന്ദ്വയുദ്ധമിദ്ധാവലേപമാദധാതാം.

ധ്രുവം—ബാലിയെ സംബന്ധിച്ച വിസ്മരണം നിശ്ചയമായും യോഗ്യം തന്നെ. തവ സ്വസുഃ ഘ്രാണം—നിന്റെ സോദരിയുടെ മൂക്കിനെ. ദർപ്പം ഇവ—അഹങ്കാരത്തെ എന്നപോലെ. ലുവൻ—ഛേദിച്ചവനായ. രാമഃ കഥം വിസ്മൃതഃ—രാമൻ എങ്ങനെ വിസ്മരിക്കപ്പെട്ടു?

പദ്യം 22. രാഘവസ്യ കാര്യം കിം വദ—രാഘവന്റെ കാര്യം എന്താണ്? പറഞ്ഞാലും. അംഭോനിധിഃ—സമുദ്രം. തദ്ബന്ധുഃ ന ച കിം—അവനാൽ ബന്ധിക്കപ്പെട്ടതല്ലയോ. കപി....കൈഃ—വാനരക്കുട്ടികളാൽ. ക്രീഡാത്ഥം—കളിക്കായി. അലം അലം—മതി മതി. അസൗ മാം നനു ജാനാതി—ഇവൻ എന്നെ അറിയുന്നവല്ലോ. ലങ്കാം—ലങ്കയെ. നാകി....തിം—ദേവന്മാരുടെ ശത്രുവിന്റെ വാസസ്ഥാനമായി. കിം വേത്സി—നീ അറിയുന്നുവോ?. വേദ്മി ഏവ—ഞാൻ നല്ലപോലെ അറിയുന്നു. ഹം—കോപദ്യോതകം. ലങ്കാധിപതിഃ കഃ—ലങ്കാധിപൻ ആരാണ്? ഭുവി—ഭൂലോകത്തിൽ. വിഭീഷണഃ ഇതി—വിഭീഷണൻ എന്നു. പ്രഖ്യാ.....ത്തിഃ—കീർത്തി നേടിയവൻ (ലങ്കാധിപനാകുന്നു.)

ഗദ്യം 2. തദനന്തരം—അതിൽ പിന്നെ. അംഗ....പൗ—അംഗദനും രാവണനും. രഭ....കൗ—പെട്ടെന്നുണ്ടായ യുദ്ധത്തിനു വഴങ്ങിയ ബുദ്ധിയുള്ളോരുത്തു പ്രവർത്തിക്കുന്നവരായി. ഭൃശം പ്രകടമാനൗ—സ്പഷ്ടമായ അഹങ്കാരത്തോടുകൂടിയവരായി. സടിതി—പെട്ടെന്നു. ഘടമാനൗ—ഏറ്റമുട്ടുന്നവരായി. പ്രതി....ഖൗ—ശത്രുവിന്റെ മദത്തെ അടക്കുന്ന സിംഹനാദംകൊണ്ടും ഹിക്കാശബ്ദംകൊണ്ടും ദിങ്മുഖങ്ങളെ കുലുക്കുന്നവരായി. പര....ണൗ—തമ്മിൽ ജയത്തെ ആഗ്രഹിക്കുന്നവരായി. സദാ അപി—എപ്പോഴും. വിവ....ണൗ—പഴുതു നോക്കുന്നവരായി. വജ്ര....രക്തച്ഛടാക്രുഷ്ടിതവിഗ്രഹൗ—വജ്രകഠിനമായ മുഷ്ടിയുടെ ഇടികൊണ്ടുണ്ടായ രക്തം പുരണ്ട ശരീരത്തോടുകൂടിയവരായി. ഇദ്ധാവലേപം—വർദ്ധിച്ച അഹങ്കാരത്തോടുകൂടി.

അംഗദൻ രാവണനോട് കാര്യം പറഞ്ഞിട്ട് രാക്ഷസന്മാർക്ക് വശപ്പെടാതെ തിരിയെ വന്നു, രാവണന്റെ ഇണക്കമില്ലാത്ത അവസ്ഥയെ ശ്രീരാമനോട് ഉണർത്തിച്ചതു കേട്ട ശ്രീരാമനും മറ്റും വിസ്മിതരാകുന്നു:

''ഏകഃ സുഗ്രീവഭൃത്യഃ കപിരഖിലവനം
പത്തനം ചാപി ദഗ്ധ്വാ
തൂഷ്ണീം യാതസ്തദാനീം ദശമുഖ! ഭവതഃ
കിം കൃതം വീരവർഗ്ഗൈഃ
സംപ്രാപ്തോ'സാവിദാനീമഖിലകപിഭടൈർ—
വാർദ്ധിമുല്ലംഘ്യ യോദ്ധും
ത്വം സീതാം മുഞ്ച മുഞ്ചേത്യനിശമകഥയത്
പ്രേയസീം രാഘവസ്യ.'' 23

എന്നിവണ്ണമൊരു വാക്കു കേട്ടു കുപിതേന
രാക്ഷസചമൂഭൃതാ
നന്നരാക്ഷസഗണാൻ വിലോക്യ സ തു മുന്നി—
ലാത്മനിധനായ താൻ
ഉന്നതേന നിജബാലഹസ്തപരിഘേണ
തച്ച പൊടിയാക്കിനാൻ
പിന്നെയമ്പിനൊടു ചെന്നു രാമനൊടു—
ണർത്തിനാനഖിലമംഗദൻ. 24

ഉഗ്രതരം ദ്വന്ദ്വയുദ്ധം—വളരെ ഭയങ്കരമായ ദ്വന്ദ്വയുദ്ധത്തെ. ആദധാതാം—നടത്തി.

പദ്യം 23. ദശമുഖ—അല്ലയോ രാവണ. സുഗ്രീവഭൃത്യഃ ഏകഃ കപിഃ—സുഗ്രീവന്റെ കിങ്കരനായ ഒരു വാനരൻ. തദാനീം അഖിലവന പത്തനം ച അപി ദഗ്ധ്വാ തൂഷ്ണീം യാതഃ—അന്നു് എല്ലാ വനത്തേയും പട്ടണത്തേയും ദഹിപ്പിച്ചിട്ട് മിണ്ടാതെ പോയി. ഭവതഃ വീരവർഗ്ഗൈഃ കിം കൃതം—അങ്ങയുടെ വീരന്മാരാൽ എന്താണു് ചെയ്യപ്പെട്ടതു്? അസൗ—ആ സുഗ്രീവൻ. ഇദാനീം—ഇന്നു്. അഖി....ടൈഃ—എല്ലാ വാനരവീരന്മാരോടുംകൂടി. വാർദ്ധിം ഉല്ലംഘ്യ—കടലിനെ കടന്നിട്ടു്. യോദ്ധും സംപ്രാപ്തഃ—യുദ്ധത്തിനായി വന്നിരിക്കുന്നു. ത്വം—നീ. രാഘവസ്യ പ്രേയസീം സീതാം മുഞ്ച—രാഘവന്റെ കാന്തയായ സീതയെ വിട്ടാലും. ഇതി—എന്നു്. അനിശം—എപ്പോഴും. അകഥയത്—പറഞ്ഞു.

പദ്യം 24. കുപിതേന—കോപിച്ചവനായ. രാക്ഷ....താ—രാക്ഷസസൈന്യാധിപനാൽ. ആത്മ.....യ—തന്റെ (അംഗദന്റെ) കൊലയ്ക്കായി. നന്ന.....ണാൻ—പ്രേരിതരായ രാക്ഷസന്മാരെ. വിലോക്യ—കണ്ടിട്ടു്. സഃ തു—അവനാകട്ടെ. ഉന്നതേന—പൊങ്ങിയ. നിജ....ന—തന്റെ വാലും കയ്യുമാകുന്ന പരിഘത്താൽ. അഖിലം—നടന്നതെല്ലാം.

---

1. പിവരൈർവാ.

[1]അംഗദസ്യ വചഃ ശ്രുത്വാ
ഹനുമാംശ്ച വിഭീഷണഃ
സുഗ്രീവോ രാഘവസ്തത്ര
സർവേ തേ വിസ്മയം ഗതാഃ. 25

രാവണനും ശ്രീരാമനും യുദ്ധത്തിനായി സൈന്യവ്യൂഹം ചെയ്തതിനെയും പ്ലവഗരാക്ഷസന്മാർ തമ്മിൽ യുദ്ധമുണ്ടായതിനെയും വർണ്ണിക്കുന്നു:

സ പൂർവദിഗ്ഗോപുരരക്ഷണേ വിഭുഃ
പ്രഹസ്തമാദിശ്യ സസൈനികം തതഃ
മഹോദരം ദക്ഷിണതോ മഹാബലം
ന്യയോജയച്ഛക്രജിതം[2]തു പശ്ചിമേ. 26

അഥോത്തരദ്വാരമവാപ സത്വര—
സ്തുരംഗമാതംഗരഥോപശോഭിതഃ
അനേകഭേരീപണവപ്രണാദൈഃ
സിതാതപത്രൈശ്ച സമം ദശാനനഃ. 27

''വിപുലബലസമേതോ ദ്വാരമാസാദ്യ സദ്യഃ
പ്രഹരതു യുധി നീലോ വഹ്നിസൂനുഃ പ്രഹസ്തം
സ്ഥിരമതിരുപയാതോ ദക്ഷിണം ദ്വാരമാശു
ബൃഹദുദരബലൗഘൈരംഗദഃ സംഗതഃ സ്യാത്". 28

പദ്യം 25: അംഗദസ്യ വചഃ ശ്രുത്വാ—അംഗദന്റെ വാക്കു കേട്ടിട്ട്. ഹനുമാൻ വിഭീഷണഃ സുഗ്രീവഃ രാഘവഃ ച—ഹനുമാനും വിഭീഷണനും സുഗ്രീവനും രാമനും. തേ സർവേ—അവർ എല്ലാവരും. തത്ര—അപ്പോൾ. വിസ്മയം ഗതാഃ—അത്ഭുതം പൂണ്ടു.

പദ്യം 26. സഃ വിഭുഃ—ആ വിഭു(രാവണൻ). പൂർവ...ണേ—കിഴക്കേ ഗോപുരം കാത്തുകൊള്ളുന്നതിൽ. സസൈനികം—സൈന്യ സമേതനായ. പ്രഹസ്തം ആദിശ്യ—പ്രഹസ്തനെ നിയമിച്ചിട്ട്. തതഃ—പിന്നെ. മഹോദരം—മഹോദരനെ. ദക്ഷിണതഃ—തെക്കുവശത്തും. മഹാബലം ശക്രജിതം തു—ബലിഷ്ഠനായ ഇന്ദ്രജിത്തിനെയാകട്ടെ. പശ്ചിമേ—പടിഞ്ഞാറും. ന്യയോജയത്—നിയോഗിച്ചു.

പദ്യം 27. അഥ—പിന്നെ. ദശാനനഃ—രാവണൻ സത്വരഃ—ത്വരയോടുകൂടി. തുര...തഃ—കുതിരകളും ആനകളും രഥങ്ങളും ഇവയാൽ ശോഭിക്കുന്നവനായി. അനേ....ഘൈഃ സിതാ....ത്രൈഃ ച സമം—അനേകം വാദ്യഘോഷങ്ങളോടും വെൺകൊറ്റക്കുടകളോടും കൂടി. ഉത്തരദ്വാരം അവാപ—വടക്കേ ഗോപുരവാതിലിനെ പ്രാപിച്ചു.

പദ്യം 28. വഹ്നിസൂനുഃ നീലഃ—അഗ്നിപുത്രനായ നീലൻ. വിപുല....തഃ—വലിയ സൈന്യത്തോടു കൂടിയവനായി. ദ്വാരം സദ്യ ആസാദ്യ—ഗോപുരദ്വാരത്തെ ഉടൻ പ്രാപിച്ചിട്ട്. യുധി പ്രഹസ്തം പ്രഹരതു—യുദ്ധത്തിൽ പ്രഹസ്തനെ പ്രഹരിക്കട്ടേ. സ്ഥിരമതിഃ അംഗദഃ—സ്ഥിരബുദ്ധിയായ അംഗദൻ. ദക്ഷിണം ദ്വാരം ഉപയാതഃ—തെക്കേ ദ്വാരത്തിൽ ചെന്നു.

---

1. ശ്രുത്വാംഗദസ്യ വചനം ഹനു. 2. തം ച പ.

ശതമഖജിതമാജൗ പശ്ചിമദ്വാരി വീരഃ
പരിഭവതു ഹനൂമാനൃക്ഷസൈന്യൈഃ പരീതഃ''
ഇതി ഹരിവരവീരാൻ ചോദയിത്വാ സ രാമഃ
സ്വയമതുലബലൗഘൈരുത്തരം ദ്വാരമാപ. 29

''സുഗ്രീവ! കാൺ പുരുഷരഥമശേഷലോക-
വിഖ്യാതവിസ്മയപരാക്രമജന്മഭൂമിം
അക്ഷിപ്രഭാപടലപാടലിതാശമാക്കാം
വക്കാണമീശരനൊഴിഞ്ഞിവനോടശങ്കം.'' 30

ഗദ്യം 3.

തദവലോകനചിത്രീയമാണചിത്തോ രഘുരാജപുത്രസ്സവിതൃപുത്രഃ സപദിസമുത്പ്പ്ലുത്യലങ്കാപുരഗോപുരവളഭിനിഷണ്ണസ്യ വിവിധവിഹിതനിയുദ്ധകേളീഗളിതബലാവലേപസ്യ മഹിതമണിസംഘസംഘടിതം കിരീടം ശിരസഃ സമാക്ഷിദ്യ വിയദ്ഭലംഘനജാംഘികഃ പ്രഭോരുപായനീകൃതവാൻ.

ദൃഷ്ട്വാ രക്ഷോസ്ഥാദശം വിപ്രകാരം
സുഗ്രീവോത്ഥം പ്രീതികൃത് ഖേചരാണാം

ആജൗ–യുദ്ധത്തിൽ. ബൃഹ .. ഘൈഃ–മഹോദരന്റെ സൈന്യസമൂഹങ്ങളോട്. സംഗതഃ സ്യാൽ–ചെന്നുചേട്ടെ.

പദ്യം 29. ഋക്ഷസൈന്യൈഃ പരീതഃ വീരഃ ഹനൂമാൻ–കരടി സൈന്യങ്ങളോട് കൂടിയവനായ വീരനായ ഹനുമാൻ. പശ്ചി....രി–പടിഞ്ഞാറെ ഗോപുരത്തിൽ. ആജൗ–യുദ്ധത്തിൽ. ശത... തം–ഇന്ദ്രജിത്തിനെ. പരിഭവതു–ആക്രമിക്കട്ടെ. ഇതി–ഇവ്വണ്ണം. സഃ രാമഃ–ആ രാമൻ. ഹരി....രാൻ ചോദയിത്വാ–വാനരശ്രേഷ്ഠന്മാരെ പ്രേരിപ്പിച്ചിട്ട്. സ്വയം–താൻ അതു....ഘൈഃ–എതിരില്ലാത്ത സൈന്യസമൂഹങ്ങളോടുകൂടി. ഉത്തരം ദ്വാരം ആപ–വടക്കെ ഗോപുരത്തെ പ്രാപിച്ചു.

പദ്യം 30. പുരു ത്തം–പുരുഷശ്രേഷ്ഠനെ. അശേ....മം–എല്ലാ ലോകങ്ങളിലും പ്രസിദ്ധവും അദ്ഭുതപ്പെടത്തക്കതും ആയ പരാക്രമത്തിനു വിളനിലമായ. അക്ഷി... ശം–കണ്ണിന്റെ കാന്തിയാൽ ചുവപ്പിക്കപ്പെട്ട ദിക്കുകളോട് കൂടിയ. അശങ്കം–ശങ്കയെന്നിയെ.

ഗദ്യം 3. രഘു ...ത്രേ–ശ്രീരാമൻ. തദ ...ത്തേ–അവനെക്കണ്ട് അത്ഭുതപ്പെട്ടുകൊണ്ടിരിക്കുമ്പോൾ. സവിതൃപുത്രഃ–സുഗ്രീവൻ സപദി–പെട്ടെന്ന്. സമുത്പ്ലുത്യ–ചാട്ടം ചാടി. ലങ്കാ .. സ്യ–ലങ്കാനഗരത്തിന്റെ ഗോപുരവാതിൽപടിയിൽ ഇരിക്കുന്നവനും. വിവി....സ്യ–പലപ്രകാരം നടത്തപ്പെട്ട യുദ്ധക്രീഡയിൽ ബലവും അഹങ്കാരവും നശിച്ചവനും ആയ(അവന്റെ). ശിരസഃ–തലയിൽനിന്നു്. മഹി ...തം കിരീടം സമാക്ഷിദ്യ–ശ്രേഷ്ഠരത്നങ്ങളും പതിച്ച കിരീടത്തെ പിടിച്ചെടുത്തു്. വിയ.... കഃ–ആകാശമാർഗ്ഗത്തിലൂടെ കടന്നുപോകുന്നതിൽ സമർത്ഥനായി. പ്രഭോഃ ഉപായനീകൃതവാൻ–ശ്രീരാമനു കാഴ്ചവച്ചു.

ദിങ്നാഗാനാം കണ്ണരന്ധ്രം നിരുന്ധൻ
ഹാഹാകാരോ രക്ഷസാം പ്രാദുരാസീത്. 31

രണഃ പ്രവവൃതേ തത്ര
ഭീമഃ പ്ലവഗരക്ഷസാം
ദിഗ്വിജൃംഭിതകാകുൽസ്ഥ—
പൗലസ്ത്യജയഘോഷണഃ. 32

ഗദ്യം 4

തത്ര ച ചിത്രീയമാണവൈമാനികാവലോകിതം അതിലഘുസമ്പ്രേഷിതവിപുലശിലാപലാശിജാതശൈലപാത—നിഷ്പിഷ്ടനക്തഞ്ചരം വിഷദ്വഗ്വിസാരിക്ലേദകഷ്കീലാലവാഹിനീസഹസ്രസംഭേദസംവർദ്ധമാനസരിദ്വല്ലഭം വിശങ്കടകീകസപടലവിപുലീകൃതത്രികൂടകൂടം അഭിമുഖനിഹതവിബുധീഭൂതവീരവരവരണകരുഹലചപലായമാനസുരലോകയൗവതം ശസ്ത്രാശസ്ത്രി തലാതലി ദന്താദന്തി സന്തതപിശിതജേമനസ്ഥൂലം ഭാവുകസമ്പാതികടുംബകം സാമ്പരായികം പ്രതിഭയമജ്ഝം ഭേത.

പദ്യം 31. സുഗ്രീവോത്തം—സുഗ്രീവനിൽനിന്നുണ്ടായതും. ഖേചരാണാം—ആകാശചാരികളായ ദേവയോനിവിശേഷങ്ങൾക്ക്. പ്രീതികൃത്—സന്തോഷപ്രദവും ആയ. താദൃശം—അവണ്ണമുള്ള. ഭർത്തുഃ വിപ്രകാരം—ഭർത്താവിനുണ്ടായ അപമാനത്തെ. ദൃഷ്ട്വാ—കണ്ടിട്ട്. ദിങ്നാഗാനാം—ദിഗ്ഗജങ്ങളുടെ. കണ്ണരന്ധ്രം നിരുന്ധൻ—ചെവിദ്വാരത്തെ തടഞ്ഞുകൊണ്ടുള്ള. രക്ഷസാം ഹാഹാകാരഃ പ്രാദുരാസീത്—രാക്ഷസന്മാർക്ക് ഹാഹാ എന്ന നിലവിളി ഉണ്ടായി.

പദ്യം 32. തത്ര—അവിടെ. പ്ലവ... സാം—വാനരന്മാർക്കും രാക്ഷസന്മാർക്കും തമ്മിൽ. ഭീമഃ—ഭയങ്കരവും. ദിഗ്വി... ണഃ—രാമനും രാവണനുമുള്ള ജയഘോഷങ്ങൾ ദിക്കുകളിൽ ചെന്നലയ്ക്കുമാറ്. രണഃ പ്രവവൃതേ—യുദ്ധം നടന്നു. രഘുവംശപദ്യമാണിത്.

ഗദ്യം 4. തത്ര ച—അവിടെയും. ചിത്രീ....തം—വിമാനത്തിൽ സഞ്ചരിക്കുന്നവരാൽ അത്ഭുതമായി നോക്കപ്പെടുന്നതും. അതി... രം—വളരെ എളുപ്പത്തിൽ എടുത്തെറിയപ്പെട്ട വലിയ പാറകളും വൃക്ഷങ്ങളും മലകളും ഇവയുടെ വീഴ്ചയാൽ ചതഞ്ഞുപോയ രാക്ഷസന്മാരോടുകൂടിയതും. വിഷദ്....ളം—ചുറ്റുപാടും വ്യാപിച്ച്. അഗാധമായി ഒഴുകുന്ന ചോരപ്പുഴകളാൽ വർദ്ധിക്കുന്ന സമുദ്രത്തോടു കൂടിയതും. വിശ....ടം—വലിയ അസ്ഥികൂടത്താൽ വർദ്ധിപ്പിക്കപ്പെട്ട തിരുകടശിഖരത്തോടു കൂടിയതും. അഭി....തം—നേരിട്ടു കൊല്ലപ്പെട്ട ദേവന്മാരായി ഭവിച്ച വീരശ്രേഷ്ഠന്മാരെ വരിക്കുന്നതിൽ താത്പര്യം നിമിത്തം ചപലരായിത്തീർന്ന ദേവസ്ത്രീസമൂഹത്തോടു കൂടിയതും. ശസ്ത്രാശസ്ത്രി—ശസ്ത്രങ്ങൾ തമ്മിലുണ്ടായതും. തലാതലി—(കൈ) തലങ്ങൾ തമ്മിലുണ്ടായതും. ദന്താദന്തി—ദന്തങ്ങൾ തമ്മിലുണ്ടായതും. സന്ത....കം—എപ്പോഴും മാംസഭോജനത്താൽ തടിച്ചു കൊഴുത്ത കഴുകന്മാരോടു കൂടിയതും. പ്രതിഭയം—ഭയങ്കരവും ആയ. സാമ്പരായികം അജ്ഝം ഭേത—യുദ്ധം ഉണ്ടായി.

അചിരാദപക്ഷീയമാണേഷു ക്ഷപാചരേഷു ഹഷ്മാണേഷു വാനരബലേഷു ബാലിതനയവിമഥിതാദ്രുമാദനുവിയത്പഥ മുത്പതിതോ മായാതിരോഹിതവിഗ്രഹോ വിക്രമൈകനിധിഃ ശക്രവിജയീ ദശകന്ധരാത്മജഃസ്വയമാത്മഭുവാ സമർപിതൈരപ്രതിമധാമഭിഃ സപ്പ്രാസാരൈഃ സമരശിരസി കീലിത ശരീരൗ രാമലക്ഷ്മണൗ മോഹാവേശവിവശൗ നിപാതയാമാസ.

തദാ ച കല്പാപായമഹാനിർഭരവിജൃംഭമാണമഹാവാതസമധികാടോപപക്ഷവാതവിക്ഷോഭിതസാഗരസ്താർക്ഷ്യസ്തത്ക്ഷണാദേവ ദിവോഽവതീര്യ നിഷ്പര്യായപരാക്രമൗ രാമലക്ഷ്മണൗ വിഗളിതനാഗബന്ധൗ വിദധേ.

ഗരുത്സമ്പാതവിക്ഷിപ്ത—
മേഘനാദാസ്രുബന്ധയോഃ
ദാശരഥ്യോഃ ക്ഷണക്ലേശഃ
സ്വപ്നവൃത്ത ഇവാഭവത്. 33

അചിരാത്—വിളംബം കൂടാതെ. ക്ഷപാചരേഷു അപ.....ഷു—രാക്ഷസന്മാർ ക്ഷയിച്ചുവരുമ്പോഴം. വാന ..ഷു ഹഷ്മാണേഷു—വാനരസൈന്യങ്ങൾ സന്തോഷിച്ചിരിക്കുമ്പോഴം. ബാലി... താത് രഥാത്—അംഗദനാൽ നശിപ്പിക്കപ്പെട്ട തേരിൽനിന്ന്. അന്ത....ഥം ഉത്പതിതഃ—ആകാശമാർഗം നോക്കി ചാടിപ്പൊങ്ങിയവനായ. മായാ....ഹഃ—മായയാൽ മറച്ച ശരീരത്തോടുകൂടിയ. വിക്ര....ധിഃ—പരാക്രമത്തിനു ഒറ്റ ഇരിപ്പിടമായ. ശക്രവിജയീ—ഇന്ദ്രജിത്തായ. ദശ.....ജഃ—രാവണന്റെ പുത്രൻ. സ്വയം—തന്നെത്താൻ. ആത്മഭുവാ സമർപ്പിതൈഃ—ബ്രഹ്മാവിനാൽ കൊടുക്കപ്പെട്ട. അപ്രതിമധാമഭിഃ—നിസ്തുല്യങ്ങളായ. സപ്പ്രാസാരൈഃ—നാഗാസ്ത്രങ്ങളാൽ. സമരശിരസി—യുദ്ധക്കളത്തിൽ. രാമലക്ഷ്മണൗ—രാമലക്ഷ്മണന്മാരെ. കീലിതശരീരൗ—ശരീരത്തിൽ വ്രണപ്പെടുത്തിയും. മോഹാ....ശൗ—മോഹപരവശരാക്കിയും. നിപാതയാമാസ—വീഴ്ത്തി.

തദാ ച—അപ്പോഴം. കല്പാ .. ഗരഃ താർക്ഷ്യഃ—പ്രളയകാലത്തിൽ വലുതായി വ്യാപിച്ചിളകുന്ന മഹാവായുവിനേക്കാളും പ്രൗഢികൂടിയ ചിറകിലെ കാറ്റിനാൽ ഇളക്കിമറിക്കപ്പെട്ട സമുദ്രത്തോടുകൂടിയ ഗരുഡൻ. തത്ക്ഷണാത് ഏവ—ഉടൻതന്നെ. ദിവഃ അവതീര്യ—ആകാശത്തിൽനിന്നിറങ്ങി വന്ന്. നിഷ്പ....മൗ—അതുലപരാക്രമികളായ. രാമലക്ഷ്മണൗ—രാമലക്ഷ്മണന്മാരെ. വിഗ... ന്ധൗ വിദധേ—നാഗാസ്ത്രബന്ധത്തിൽനിന്നു വിടുവിച്ചു.

പദ്യം 33. ഗരു....യോഃ—ഗരുഡന്റെ വരവുകൊണ്ട് മേഘനാദന്റെ അസ്ത്രബന്ധത്തിൽനിന്നു വിടുത്തപ്പെട്ടവരായ. ദാശരഥ്യോഃ—രാമലക്ഷ്മണന്മാർക്ക്. ക്ഷണക്ലേശഃ—അല്പനേരമുണ്ടായ കഷ്ടം. സ്വപ്നവൃത്തഃ ഇവ അഭവത്—സ്വപ്നവൃത്താന്തംപോലെ ഭവിച്ചു. രഘുവംശപദ്യമാണിത്.

പ്രഹസ്തധൂമ്രാക്ഷമഹോദരാദീൻ
വ്യാപാദ്യ സൈന്യാധിപതീനമാത്യാൻ
സ ഏഷ ലങ്കാമുപരുദ്ധ്യ രാമഃ
ശാഖാമൃഗൈകാണ്ണ്വമാതതാന. 34

രാവണൻ നേരിട്ട വന്ന യുദ്ധംചെയ്തതിനെ വണ്ണിക്കുന്നു:

പവനാത്മജബാലിസൂനുമുഖൈർ—
ഹരിഭിഃ സ്വാം പൃതനാം നിശമ്യ ഭഗ്നാം
അതിവേലധൃതാവലേപകോപോ
ദശകണ്ഠഃ സ്വയമാപപാത യോദ്ധും. 35

രാവണം പുരതോ ദൃഷ്ട്വാ
യുദ്ധായ സമുപസ്ഥിതം
സാലതാലശിലാഹസ്താ
വാനരാശ്ചാഭിതസ്ഥിരേ. 36

തതോ നക്തഞ്ചരാധീശഃ
ക്രോധസംരക്തലോചനഃ
വവർഷ വിശിഖാസാരാൻ
വാനരേഷു മഹാത്മസു. 37

പദ്യം 34. സഃ ഏഷഃ രാമഃ—ആ ഈ രാമൻ. പ്രഹ....ൻ സൈന്യാ ....ൻ അമാത്യാൻ—പ്രഹസ്തൻ ധൂമ്രാക്ഷൻ മഹോദരൻ തുടങ്ങിയുള്ള സേനാ നായകന്മാരെയും മന്ത്രിമാരെയും. വ്യാപാദ്യ—കൊന്നിട്ട്. ലങ്കാം ഉപരുദ്ധ്യാ—ലങ്കയെ ആക്രമിച്ചിട്ട്. ശാഖാ....വം ആതതാന—വാനരന്മാരുടെ ഒറ്റസ്സൈന്യമാക്കിച്ചെയ്തു.

പദ്യം 35. ദശകണ്ഠഃ—രാവണൻ പവ....ഖൈഃ ഹരിഭിഃ—ഹനുമാൻ അംഗദൻ തുടങ്ങിയുള്ള വാനരന്മാരാൽ. സ്വാം പൃതനാം ഭഗ്നാം നിശമ്യ—തന്റെ സൈന്യം നിഗ്രഹിക്കപ്പെട്ടതായി കേട്ടിട്ട്. അതി.... പഃ—വളരെ അഹങ്കാരകോപങ്ങളോട കൂടിയവനായി. സ്വയം യോദ്ധും ആപപാത—തന്നെത്താൻ യുദ്ധത്തിനായി വന്നേറ്റു.

പദ്യം 36. യുദ്ധായ സമുപസ്ഥിതം രാവണം—യുദ്ധത്തിനായി അടുത്തു വന്നിരിക്കുന്ന രാവണനെ. പുരതഃ ദൃഷ്ട്വാ—മുമ്പിൽ കണ്ടിട്ട്. വാനരാഃ ച—വാനരന്മാരും സാല... സ്താഃ—കൈയിൽ സാലമരം പന കല്ല് ഇവയോട കൂടിയവരായി. അഭിതസ്ഥിരേ—എതിർത്തുചെന്നു.

പദ്യം 37. തതഃ—പിന്നെ. നക്ത....ശഃ—രാവണൻ. ക്രോധ....നഃ—കോപത്താൽ കണ്ണുചുവന്നവനായി മഹാത്മസു വാനരേഷു—മഹാത്മാക്കളായ വാനരന്മാരിൽ. വിശിഖ....രാൻ വവഷ്—ശരവർഷങ്ങളെ വർഷിച്ചു. ദേവന്മാരാണല്ലോ.വാനരന്മാരായി ജനിച്ചിരിക്കുന്നതു്. ആയതുകൊണ്ടു വാനരന്മാർ മഹാത്മാക്കളും.

അതിതുമുലകരാളേ സംയുഗേ[1] സംപ്രവൃത്തേ
സരഭസമഭിപത്യ പ്രൗഢനാദോ ഹനൂമാൻ
കഠിനതരചപേടൈസ്താഡയാമാസ ഗണ്ഡേ—
ഷ്വധികരുഷിതചേതാ രക്ഷസാമീശ്വരസ്യ. 38

തത്ക്ഷണേന യുധി രക്ഷസാം പതിം
വീക്ഷ്യ രുക്ഷതരരോഷഭീഷണഃ[2]
ബാലഹസ്തധൃതതാഡപീഡിതം
തം ചകാര ഗതഗർവമംഗദഃ. 39

ധ്വജാഗ്രേ ധനുഷശ്ചാഗ്രേ
കിരീടാഗ്രേ ച പാവകിം
ലക്ഷ്മണശ്ച ഹനൂമാംശ്ച
ദൃഷ്ട്വാ രാമശ്ച വിസ്മിതഃ. 40

തമാഹ സൗമിത്രിരദീനസത്ത്വോ
വിഷ്ഫാരയൻ [3]തദ്ധനുരപ്രമേയഃ
''ആഗച്ഛ മാമേവ നിശാചരേന്ദ്ര!
ന വാനരാസ്ത്വാം പ്രതിയോദ്ധുമർഹാഃ.'' 41

പദ്യം 38. അതി....ളേ—വളരെ ഭയങ്കരമായ. സംയുഗേ—യുദ്ധം. സംപ്രവൃത്തേ—നടക്കുമ്പോൾ. പ്രൗഢനാദഃ ഹനൂമാൻ—ഗംഭീരമായ ഗർജനത്തോടു കൂടിയ ഹനുമാൻ. അധികരുഷിതചേതാഃ—വളരെ കോപിതനായി. സരഭസം അഭിപത്യ—വേഗമായി നേരിൽവന്നു. രക്ഷസാം ഈശ്വരസ്യ ഗണ്ഡേഷു—രാവണന്റെ കവിൾത്തടങ്ങളിൽ. കഠിന ...ടൈഃ താഡയാമാസ—വളരെ കഠിനമായി ചെവിടത്തടിച്ചു.

പദ്യം 39. രുക്ഷ ...ണഃ—അതികോപത്താൽ ഭയങ്കരനായ. അംഗദഃ—അംഗദൻ. തത്ക്ഷണേന—ആ നിമിഷംകൊണ്ടു്. യുധി—യുദ്ധത്തിൽ. രക്ഷസാംപതി—രാവണനെ. വീക്ഷ്യ—കണ്ടിട്ടു്. തം—അവനെ. ബാല....തം—വാലും കയ്യുംകൊണ്ടു കനത്തെ അടിച്ചു വേദനിപ്പിച്ചിട്ടു്. ഗതഗർവം ചകാര—നശിച്ച ഗർവത്തോടു കൂടിയവനാക്കിച്ചെയ്തു.

പദ്യം 40. ലക്ഷ്മണഃ ച—ലക്ഷ്മണനും. ഹനൂമാൻ ച—ഹനുമാനും. രാമഃ ച—രാമനും. ധ്വജാഗ്രേ—കൊടിമരത്തിന്റെ മുകളിലും. ധനുഷഃ അഗ്രേ ച—വില്ലിന്റെ മുനയിലും. കിരീടാഗ്രേ ച—കിരീടത്തിന്റെ മുകളിലും. പാവകിം ദൃഷ്ട്വാ—നീലനെ കണ്ടിട്ടു്. വിസ്മിതഃ—ആശ്ചര്യപ്പെട്ടു.

പദ്യം 41. അപ്രമേയഃ—ഇങ്ങനെയെന്നു നിർണ്ണയിച്ചു പറയാൻ വയ്യാത്ത. അദീനസത്ത്വഃ—ബലിഷ്ഠനായ. സൗമിത്രിഃ—ലക്ഷ്മണൻ. തത് ധനുഃ വിഷ്ഫാരയൻ—ആ വില്ലിനെ ഇളക്കുന്നവനായി. തം ആഹ—അവനോടു പറഞ്ഞു. നിശാ.....ന്ദ്ര—അല്ലയോ രാക്ഷസശ്രേഷ്ഠ.

---

1. ഗേഽഥ പ്രവൃ. 2. ഷണം. 3. ൻ സ്വം ധനു.

ഗദ്യം 5.

...പ തു രണശിരസി പരാക്രമമാണമക്ഷിഗതമക്ഷതശക്ത്യാ ലക്ഷ്മണം വിക്ഷതവക്ഷഃസ്ഥലം വിദധേ.

സ മാരുതിസമാനീത—
മഹൗഷധിഹൃതവ്യഥഃ
ലങ്കാസ്ത്രീണാം പുനശ്ചക്രേ
വിലാപാചാര്യകം ശരൈഃ. 42

ചിരസംഭൃതതീവ്രപാവകാച്ചിഃ—
പ്രസരേണ ജ്വലതാ പരസ്പരേണ
യുധി ഗന്ധഗജാവിവാവിഷഹ്യൗ
ജഘടാതേ ഖരജിത്ക്ഷപാചരേന്ദ്രൗ. 43

ബഹുബാഹുദശാനനപ്രയുക്താ
ശരവൃഷ്ടിഃപ്രഭുണാ ദ്വിജദ്വയേന
സശരാസനസായകേന രുദ്ധാ
പടിമാ ചേത് കരണേഷു നാതികാംക്ഷാ. 44

വാനരാഃ—കരങ്ങന്മാർ. ത്വാം പ്രതിയോദ്ധും ന അർഹാഃ—നിന്നോട് എതിർത്തു യുദ്ധം ചെയ്വാൻ അർഹരല്ല. മാം ഏവ ആഗച്ഛ— എന്നോടുതന്നെ (യുദ്ധം ചെയ്വാൻ) വന്നാലും.

ഗദ്യം 6. സഃ തു—അവനാകട്ടെ. രണശിരസി—യുദ്ധക്കളത്തിൽ. പരാക്രമമാണം—പരാക്രമം കാട്ടുന്ന. അക്ഷിഗതം—ദോഷ്യനായ. ലക്ഷ്മണം—ലക്ഷ്മണനെ. അക്ഷതശക്ത്യാ—അക്ഷതമായ ശക്തി എന്ന ആയുധത്താൽ. വിക്ഷ....ലം വിദധേ—നെഞ്ചത്തു മുറിവേൽപ്പിച്ചു ''ദോഷ്യേ ത്വക്ഷിഗതഃ'' എന്നു് അമരം.

പദ്യം 42. മാരു....ഥഃ—ഹനുമാനാൽ കൊണ്ടുവരപ്പെട്ട വലിയ മരുന്നിനാൽ വ്യഥ നശിച്ചവനായ. സഃ—അവൻ (ലക്ഷ്മണൻ). പുനഃ—വീണ്ടും. ശരൈഃ—ബാണപ്രയോഗത്താൽ. ലങ്കാസ്ത്രീണാം വിലാപാചാര്യകം ചക്രേ—ലങ്കയിലെ സ്ത്രീകളെ കരച്ചിൽ പഠിപ്പിച്ചു. ദുഃഖിപ്പിച്ചു എന്നർത്ഥം. രഘുവംശപദ്യമാണിതു്.

പദ്യം 43. ഗന്ധഗജൗ ഇവ അവിഷഹ്യൗ—മദിച്ച ആനകൾ പോലെ തമ്മിൽ സഹിക്കാത്തവരായ. പരാക്രമം കൂടിയവരായ എന്നർത്ഥം. ഖര... ന്ദ്രൗ—രാമനും രാവണനും. യുധി—യുദ്ധത്തിൽ. പരസ്പരേണ ജ്വലതാ—തമ്മിൽ കത്തിക്കാളുന്ന. ചിര....ണ—വളരെക്കാലമായി സംഭരിക്കപ്പെട്ട അഗ്നിജ്വാലയുടെ (ദോഷ്യത്തിന്റെ) പാളിച്ചയോടുകൂടി. ജഘടാതെ—ഏറ്റുമുട്ടി.

പദ്യം 44. ബഹു....ക്ഷാ ശരവൃഷ്ടിഃ—അനേകം കൈകളോടുകൂടിയ രാവണനാൽ പ്രയോഗിക്കപ്പെട്ട ശരവർഷം. സശ....ന പ്രഭുണാ—വില്ലോടും അമ്പോടും കൂടിയ പ്രഭുവിനാൽ (രാമനാൽ). ദ്വിജദ്വയേന—രണ്ടു ബാഹുക്കളാൽമാത്രം. രുദ്ധാ—തടയപ്പെട്ട. പടിമാ ചേത്—സാമർത്ഥ്യമുണ്ടെങ്കിൽ. കരണേഷു—ഉപകരണങ്ങളിൽ. അതികാംക്ഷാ ന—ഏറെ ആശിക്കേണ്ടതില്ല.

ഗദ്യം 6.

തതസ്തേന ഉന്നതമനന്യവേഗസമാക്രാന്തചേതസാ രാഘവേണ നിരന്തരപ്രയുക്തശരനികൃത്തനിഖിലസാധനഃ വിച്ഛിന്നവികടമകുടതടോ ദശമുഖഃ സമരശിരസി സമാകുലോഽഭവത്.

''ഗച്ഛ ത്വം നഗരം നിശാചരപതേ!
ശ്രാന്തോഽസി യുദ്ധാങ്കണ—
വ്യാപാരൈർവിപരിച്ഛദശ്ച രുധിര—
സ്രോതച്ഛടാശ്ലിഷ്ടിതഃ
ആശ്വസ്യാശ്വ വിചാര്യ കാര്യമഖിലം
ചായാഹി ധന്വീ രഥീ
താവത് ത്വാം പ്രതിപാലയാമി തദനു
ദ്രഷ്ടാസി മേ ദോർബലം.'' 45

യുദ്ധക്കളത്തിൽനിന്നു ലജ്ജിച്ചു തിരിയെ വന്ന രാവണൻ നിദ്രാലുവായ കുംഭകർണ്ണനെ ഉണർത്തിയ വൃത്താന്തം പ്രസ്താവിക്കുന്നു:

ഗദ്യം 7.

ദുർവിഷഹരഘൂദ്വഹസായകസ്മരണവ്യഥമാനചിത്തോനക്തഞ്ചരാധിപതിരയുതഹായനീസമാജ്ഞിത ദുശ്ചരതപോവിപാകമയീം നിദ്രാം നിഷേവമാണസ്യ കനീയസഃ കുംഭകർണ്ണസ്യപ്രബോധനായ പ്രഥിതസംരാൻനിശാചരാൻനിരദിശത്.

ഗദ്യം 6. തതഃ—പിന്നെ. ഉന്ന .. സാ—വളരെ കുപിതനായ. തേന രാഘവേണ—ആ രാമനാൽ. നിര....നഃ—ഇടവിടാതെയുള്ള ശരപ്രയോഗത്താൽ നശിപ്പിക്കപ്പെട്ട സകലസാധനങ്ങളോടുകൂടിയവനായ. വിദ ....ടഃ—ചിന്നഭിന്നമായ കിരീടത്തോടുകൂടിയവനായ. ദശമുഖഃ—രാവണൻ. സമ....സി—യുദ്ധക്കളത്തിൽ സമാകുലഃ അഭവത്—വ്യാകുലചിത്തനായി ഭവിച്ചു.

പദ്യം 45. നിശാ....തേ—അല്ലയോ രാവണ. ത്വം നഗരം ഗച്ഛ—നീ നഗരത്തിലേക്കു ഗമിച്ചാലും. യുദ്ധാ .. രൈഃ ശ്രാന്തഃ അസി—യുദ്ധക്കളത്തിലെ പ്രവൃത്തികളാൽ നീ തളർന്നവനായിരിക്കുന്നു. വിപ....ഃ ച രുധി....തഃ—നീ ഉപകരണരഹിതനും രക്തധാരയിൽ പുരണ്ടവനുമായിരിക്കുന്നു. ആശ്വ ആശ്വസ്യ—ഉടൻ ക്ഷീണം തീർത്തിട്ട്. അഖിലം കാര്യം വിചാര്യ—എല്ലാക്കാര്യത്തെയും ആലോചിച്ചിട്ട്. ധന്വീ രഥീ ച ആയാഹി—വില്ലും തേരുമായി വന്നാലും. താവത്—അതുവരെ. ത്വാം പ്രതിപാലയാമി—ഞാൻ നിന്നെ കാത്തിരിക്കാം. തദനു—അതിൽപിന്നെ. മേ ദോർബലം ദ്രഷ്ടാസി—എന്റെ കൈയുക്കിനെ നിനക്കു കാണാം.

ഗദ്യം 7. ദുർവി....ത്തഃ—അസഹ്യമായ ശ്രീരാമന്റെ ശരങ്ങളുടെ സ്മരണയിൽ ദുഃഖിക്കുന്നവനായ. നക്ത... തിഃ—രാവണൻ. അയുത.... മയീം നിദ്രാം നിഷേവമാണസ്യ—പതിനായിരം കൊല്പംകൊണ്ടു സമ്പാദിച്ച കഠിനതപസ്സിന്റെ പരിപാകമായ നിദ്രയെ അനുഭവിക്കുന്നവ

കുംഭകർണ്ണസ്യ നിഃശ്വാസാ—
ദവധൂതാ മഹാബലാഃ
പ്രതീക്ഷമാണാഃ കൃച്ഛ്രേണ
യത്നാത് പ്രവിവിശുർഗൃഹം. 46

തം ശൈലശൃംഗൈർമുസലൈർഗദാഭിർ—
വൃക്ഷൈസ്തലൈർമുദ്ഗരമുഷ്ടിഭിശ്ച
സുഖപ്രസുപ്തം ഭുവി കുംഭകർണ്ണം
രക്ഷാംസ്യുദഗ്രാണി തതോഽഭിജഘ്നുഃ. 47

ബുബുധേ വിബുധാരിണാ ന തേഷാ—
മകൃശൈഃ കർമ്മഭിരപ്യുപദ്രുതേന
അഥ തസ്യ മഹത്തമേ ശരീരേ
ചതുരംഗാം പൃതനാമമോചയംസ്തേ. 48

പ്രയസ്യന്തോ നിശിചരാഃ
പ്രസുപ്തം പൃഥിവീതലേ
ബോധയന്തി സ്മ കൃച്ഛ്രേണ
ദാരുണം രവണാനുജം. 49

നായ. കനീയസഃ കുംഭകർണ്ണസ്യ—അനുജനായ കുംഭകർണ്ണനെ. പ്രബോധനായ—ഉണർത്തുവാനായി. പ്രഥിതബലാൻ—ബലശാലികളായ. നിശാചരാൻ—രാക്ഷസന്മാരെ. നിരദിശത്—നിയോഗിച്ചു

പദ്യം 46. കുംഭകർണ്ണസ്യ—കുംഭകർണ്ണന്റെ. നിഃശ്വാസ ത്—നിശ്വാസത്താൽ. അവധൂതാഃ—പുറത്തുതള്ളപ്പെട്ടവരായ മഹാബലാഃ—വീരന്മാർ. പ്രതീക്ഷമാണാഃ—ആഗ്രഹിച്ചതുപോലെ. യത്നാത്—പണിപ്പെട്ട്. കൃച്ഛ്രേണ—ക്ലേശിച്ച്. ഗൃഹം പ്രവിവിശുഃ—ഗൃഹത്തിൽ പ്രവേശിച്ചു.

പദ്യം 47. തതഃ—പിന്നെ. ഉദഗ്രാണി രക്ഷാംസി—ക്രൂരന്മാരായ രാക്ഷസന്മാർ. ഭുവി—ഭൂമിയിൽ. സുഖപ്രസുപ്തം തം കുംഭകർണ്ണം—സുഖമായി ഉറങ്ങുന്ന കുംഭകർണ്ണനെ. ശൈലശൃംഗൈഃ—പർവതശിഖരങ്ങളാലും. മുസലൈഃ ഗദാഭിഃ വൃക്ഷൈഃ തലൈഃ മുദ്ഗരമുഷ്ടിഭിഃ ച—ഉലക്ക ഗദ മരം (കൈ) തലം മുദ്ഗരം മുഷ്ടി ഇവയാൽ. അഭിജഘ്നുഃ—പ്രഹരിച്ചു.

പദ്യം 48 തേഷാം—അവരുടെ അകൃശൈഃ കർമഭിഃ—ചെറുതല്ലാത്ത പ്രവൃത്തികളാൽ. ഉപദ്രുതേന അപി—പീഡിതനായാലും. വിബുധാരിണാ—കുംഭകർണ്ണൻ. ന ബുബുധേ—ഉണർന്നുകയെന്നതുണ്ടായില്ല. അഥ—പിന്നെ തസ്യ മഹത്തമേ ശരീരേ—അവന്റെ വലിയ ശരീരത്തിൽ. തേ—അവർ. ചതുരംഗാം പൃതനാം—ചതുരംഗസൈന്യത്തെ. അമോചയൻ—മോചിപ്പിച്ചു. (അയച്ചു).

പദ്യം 49. പ്രയസ്യന്തഃ—പ്രയത്നിക്കുന്നവരായ. നിശിചരാഃ—രാക്ഷസന്മാർ. പൃഥി... ലേ പ്രസുപ്തം—ഭൂമിയിൽ ഉറങ്ങിക്കിടക്കുന്ന. ദാരുണം—ഭയങ്കരനായ. രാവ....ജം—കുംഭകർണ്ണനെ. കൃച്ഛ്രേണ ബോധയന്തിസ്മ—പ്രയാസപ്പെട്ട് ഉണർത്തി.

''സൂതേ നാന്യാ ജഗതി ജനനീ താദൃശം പുത്രരത്നം
യാദൃഗ്രാമോ ലവണജലധൗ സേതുബന്ധം ചകാര
ശങ്കേ ശങ്കാം വഹതി ച തതോ രാക്ഷസേന്ദ്രോപ്യകാണ്ഡേ
നിർഗ്രാഹ്യഃ കഥമിതരഥാ കാരിതഃ കിംകരൈർമേ.'' 50

ഗദ്യം 8.

ഉല്ലംഘിതവപ്രേണ പ്രഥമപ്രവേ വിഹരമാണേന തേന ഗോത്രാചലഗോത്രഗാത്രേണ പരിമൃദ്യമാനാ മഹാകപയഃ തസ്യൈവ ഗഹനേ കേശപാശകാനനേ ന്യലീയന്ത.

നാസാരന്ധ്രനിരോധതഃ ശ്രവണയോഃ
ക്ഷിപ്രദ്വയാപ്യാദനാത്
ചക്ഷുഃസമ്പുടഘട്ടനാന്മുഖഗ്രഹാ-
വ്യാദാനസങ്കോചതഃ
ദോർമൂലദ്വയപീഡനാച്ച കുരുതേ
ക്രുദ്ധോ ദാശാസ്യാനുജോ
ദിങ്മാതംഗപരാക്രമാനപി കപീൻ
ഹാഹാപദസ്യാസ്പദം. 51

പദ്യം 50. ജഗതി -ലോകത്തിൽ. അന്യാ ജനനീ—മറെറാരു മാതാവു്. താദൃശം പുത്രരത്നം—അവണ്ണമുള്ള പുത്രശ്രേഷ്ഠനെ. നസൂതേ—പ്രസവിക്കുന്നില്ല. യാദൃക്—എവണ്ണം. രാമഃ—രാമൻ ലവണജലധൗ—ലവണസമുദ്രത്തിൽ. സേതുബന്ധം ചകാര—ചിറ കെട്ടുക എന്നുള്ളതിനെ ചെയ്തുവോ. തതഃ—ആയതുകൊണ്ടു്. രാക്ഷസേന്ദ്രഃ അപി—രാക്ഷസരാജാവും. അകാണ്ഡേ—അനവസരത്തിൽ. ശങ്കാം ച വഹതി—ശങ്കിക്കുകയും ചെയ്യുന്നു. ഇതരഥാ—അല്ലെങ്കിൽ. മേ കിങ്കരൈഃ—എന്റെ ഭൃത്യന്മാരാൽ. നിർഗ്രാഹ്യഃ കഥം കാരിതഃ -ഉറക്കത്തിൽനിന്നു് എങ്ങനെ ഉണർത്തപ്പെട്ടു?

ഗദ്യം 8. ഉല്ല....ണ—കോട്ടയ്ക്കു പുറത്തു വന്നു'. പ്രഥ....വി വിഹ...ന—യുദ്ധക്കളത്തിൽ വിഹരിക്കുന്നവനായ. ഗോത്രാ ...ണ—കുലപർവ്വതംപോലെയുള്ള ശരീരത്തോടു കൂടിയവനായ. തേന—അവനാൽ. പരിമൃദ്യമാനാഃ—പീഡിക്കപ്പെടുന്നവരായ. മഹാകപയഃ—വലിയ വാനരന്മാർ. തസ്യ—അവന്റെ. ഗഹനേ—നിബിഡമായ. കേശ..നേ ഏവ—തലമീശ ഇവയാകുന്ന കാട്ടിൽത്തന്നെ ന്യലീയന്ത—ഒളിഞ്ഞു.

പദ്യം 51. ക്രുദ്ധഃ—കുപിതനായ. ദശാസ്യാനുജഃ—രാവണാനുജനായ കുംഭകർണ്ണൻ. നാസാ....തഃ—മൂക്കിലെ ദ്വാരങ്ങളെ അടച്ചും. ശ്രവണതോഃ ക്ഷിപ്ര...നാത്—ചെവിയിലെ രണ്ടു ദ്വാരങ്ങളെ പൊത്തിയും. ചക്ഷു ...നാത്—നേത്രപുടങ്ങളെ അമത്തിയും. മുഖ....തഃ—വായാകുന്നഗ്രഹയെ വിടരാതെ ചുരുക്കിയും. ദോർ....നാത് ച—ബാഹുമൂലങ്ങളെ ഞെക്കിയും. ദിങ്മാ ...ൻ കപീൻ അപി—ദിഗ്ഗജങ്ങളെപ്പോലെ പരാക്രമികളായ വാനരന്മാരെപ്പോലും. ഹാഹാപദസ്യ ആസ്പദം കുരുതേ—ഹാഹാ എന്നു നിലവിളിക്കുന്നവരാക്കിച്ചെയ്യുന്നു.

കുംഭകർണ്ണവധവർണ്ണനം:

കുംഭകർണ്ണഃ കപീന്ദ്രേണ
തുല്യാവസ്ഥഃ സ്വസുഃ കൃതഃ
അവാപ രാമം ശൃംഗീവ
ടങ്കച്ഛിന്നമനശ്ശിലഃ. 52

അകാലേ ബോധിതോ ഭ്രാത്രാ
പ്രിയസ്വപ്നോ വൃഥാനുജഃ
രാമേഷുഭിരിതീവാസൗ
ദീർഘനിദ്രാം പ്രവേശിതഃ. 53

ഗദ്യം 9.

ഇതി ദശാനനസോദരവിലോപകലുഷേ സകലരാക്ഷസ ബലേ കപിബലേ ച മുദിതേ പ്രചുരഹർഷമമരാസ്തദനു ദാശരഥേർജയഗിരാ മുഹുരകർവത സമച്ഛ്നവിധിം.

കുംഭകർണ്ണവധത്തിൽ ദുഃഖിതനായ രാവണൻ മേഘനാദനെ സൈന്യത്തോടുകൂടി യുദ്ധത്തിനായി അയയ്ക്കുന്നു:

രണഹതമുപകർണ്ണ്യ ഭ്രാതരം കുംഭകർണ്ണം
മനസി കലയുമാത്തിം മൂടിനാനാത്തധൈര്യം

പദ്യം 52. കപീന്ദ്രേണ—വാനരശ്രേഷ്ഠനാൽ. കുംഭകർണ്ണഃ—കുംഭകർണ്ണൻ. സ്വസുഃ തുല്യാവസ്ഥഃ കൃതഃ—നാസാച്ഛേദത്താൽ സോദരിയോടു (ശൂർപ്പണഖയോട്) തുല്യമായ അവസ്ഥയോടുകൂടിയവനാക്കി ചെയ്യപ്പെട്ട. ടങ്കച്ഛിന്നമനശ്ശിലഃ ശൃംഗീ—ഇവ ഉളികൊണ്ടു ചെത്തിയെടുക്കപ്പെട്ട മനയോലയോടുകൂടിയ മലപോലെ. രാമം അവാപ—രാമനെ പ്രാപിച്ചു. രഘുവംശപദ്യമാണിത്.

പദ്യം 53. പ്രിയസ്വപ്നഃ—നിദ്രയിൽ തത്പരനായ. അനുജഃ—അനുജൻ. അകാലേ—അനവസരത്തിൽ. ഭ്രാത്രാ—സോദരനാൽ. വൃഥാ—വെറുതെ. ബോധിതഃ—ഉണർത്തപ്പെട്ടവനായിരിക്കുന്നു. ഇതി ഇവ അസൗ—എന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറു് ഇവൻ. രാമേഷുഭിഃ—രാമശരങ്ങളാൽ. ദീർഘനിദ്രാം പ്രവേശിതഃ—ദീർഘനിദ്രയിൽ പ്രവേശിക്കപ്പെട്ട (കൊല്ലപ്പെട്ട). ഇതു രഘുവംശപദ്യമാണു്.

ഗദ്യം 9. ഇതി—ഇപ്രകാരം. സക....ലേ ദശാന....ഷേ—രാക്ഷസസൈന്യമെല്ലാം കുംഭകർണ്ണവധത്താൽ വ്യാകുലപ്പെട്ടിരിക്കുമ്പോഴും കപിബലേ മുദിതേ ച—വാനരസൈന്യം സന്തോഷിച്ചും ഇരിക്കുമ്പോഴും. തദനു—പിന്നെ. അമരാഃ—ദേവന്മാർ. പ്രചുരഹർഷം—വർദ്ധിച്ച സന്തോഷത്തോടു്. ജയഗിരാ—ജയശബ്ദം മുഴക്കിക്കൊണ്ടു്. ദാശരഥേഃ—ശ്രീരാമനു്. സമച്ഛ്നവിധിം—പൂജയെ. മുഹുഃ അകർവത—കൂടക്കൂടെ ചെയ്തു.

പദ്യം 54. ഭ്രാതരം കുംഭകർണ്ണം—സോദരനായ കുംഭകർണ്ണനെ. രണഹതം ഉപകർണ്ണ്യ—യുദ്ധത്തിൽ മരിച്ചവനായി കേട്ടിട്ടു്. മനസി—മനസ്സിൽ. ആത്തി—ദുഃഖത്തെ. ആത്തധൈര്യം—ധൈര്യത്തോടുകൂടി. ഘന

ഘനരഭസമദാന്ധഃ സൈന്യചക്രേണ സാകം
തനയമുടനയച്ച രാവണോ മേഘനാദം. 54

മേഘനാദൻ ആഭിചാരക്രിയ തുടങ്ങിയതിനെ വിഭീഷണചോദിതനായ ലക്ഷ്മണൻ തടയുന്നു:

ഗദ്യം 10.

അപേതരക്ഷാമപി രക്ഷോമയീം നഗരീമവേക്ഷമാണഃ പ്രകടിതരോഷഭീഷണാകാരോ രാവണിഃ സപക്ഷസ്യ വിപക്ഷസ്യോജ്ജാസയിഷ്യൻ മായാനുഭാവനിർമിതാം മൈഥിലസുതാം തദഗ്രതോ നിസ്ത്രിംശഘാതം നിഹത്യ തദുപലംഭവ്യാമോഹിതേഷു വിമതേഷുസംഭൃതസംഭാരാം നികുംഭിലാമുപേത്യ ബലവദനേകരക്ഷോവീരപരിരക്ഷിതഃസകലസപത്നക്ഷയകരീം ആഭിചാരക്രിയാമാരഭത.

രാഘവൗ ഭുജഗപാശബന്ധവിധുരൗ വിധായ തരസാ ഗ്രഹാ—
യാഗശാലയിലകത്തു പുക്കരിയ വീര—
യാഗപരമോത്സവം

.....ന്ധഃ—കനത്ത മദവേഗത്താൽ അന്ധനായി. രാവണഃ—രാവണൻ സൈന്യചക്രേണ സാകം—സൈന്യസമൂഹത്തോടുകൂടി. തനയം മേഘനാദം—പുത്രനായ മേഘനാദനെ.

ഗദ്യം 10. അപേതരക്ഷാം അപി—രക്ഷയറ്റതാണെങ്കിലും. നഗരീം—നഗരത്തെ. രക്ഷോമയീം—രാക്ഷസമയമായി. അവേക്ഷമാണഃ—കാണുന്നവനായ. പ്രക.....രഃ—കോപംകൊണ്ട ഭയങ്കരമായ സ്വരൂപത്തെ പ്രദർശിപ്പിക്കുന്നവനായ. രാവണിഃ—മേഘനാദൻ. സപക്ഷസ്യ—പക്ഷസഹിതനായ. വിപക്ഷസ്യ ഉജ്ജാസയിഷ്യൻ—ശത്രുവിനെ നിർമ്മാർജനം ചെയ്യുവാനായി. മായാ ...താം മൈഥി.....താം—മായകൊണ്ട നിർമിച്ച സീതയെ. തദഗ്രതഃ—അവരുടെ മുമ്പിൽ. നിസ്ത്രിം..... തം നിഹത്യ—വാളുകൊണ്ട വെട്ടിക്കൊന്നിട്ട്. വിമതേഷു തദുപ....ഷു—ശത്രുക്കൾ അതുകൊണ്ട വ്യാകുലപ്പെട്ടിരിക്കുമ്പോൾ. സംഭൃ....രാം നികുംഭിലാം ഉപേത്യ—ഒരുക്കങ്ങളെല്ലാം ചെയ്ത നികുംഭിലയെ പ്രാപിച്ച്. ബല....തഃ—ബലശാലികളായ അനേകം രാക്ഷസവീരന്മാരാൽ ചുറ്റുപാടും രക്ഷിക്കപ്പെട്ടവനായി. സകല....രീം ആഭിചാരക്രിയാം—എല്ലാ ശത്രുക്കളേയും നശിപ്പിക്കുന്നതായ ആഭിചാരകർമ്മത്തെ. ആരഭത—ആരംഭിച്ചു.

പദ്യം 55. രാഘവൗ—രാലക്ഷ്മണന്മാരെ. ഭുജ.....രൗ വിധായ—നാഗപാശത്താൽ ബന്ധിച്ച പരവശന്മാരാക്കിച്ചെയ്തിട്ട്. തരസാ—പെട്ടെന്ന്. ഗ്രഹായാഗശാല—ഗ്രഹയിൽ നിർമ്മിച്ചിട്ടുള്ള യാഗശാല. വീരയാഗ.....വം—വീരയാഗമാകുന്ന ശ്രേഷ്ഠമായ ഉത്സവത്തെ.

ആഹവേഷു മൃതരായ രാക്ഷസകുലാന—
യായ പരിപന്ഥിനാം
മോഹനായ വിരവോടെതിൎത്ത രിപുനിൎജ്ജ—
യായ ച സമാദധേ. 55

ഗദ്യം 11.

വിജ്ഞായ ച തത് പ്രജ്ഞാവതാം പ്രഥമേന സമാശ്വാ—
സിതരാഘവേണ ത്വരമാണേന വിഭീഷണേന സഞ്ചോദിതഃ
സൗമിത്രിസ്തത്പ്രദർശിതദുരവഗാഹപദ്ധതിർബദ്ധയുദ്ധപരിക
രോഽനേകവലീമുഖാനീകപരിവൃതോ നികുംഭിലായാമുപക്രാ—
ന്തസ്യ തസ്യാഭിചാരവിധേരന്തരായമകുരുത.

ഇന്ദ്രജിത്തു, ലക്ഷ്മണനും തമ്മിലുണ്ടായ യുദ്ധത്തെ വർണ്ണിക്കുന്നു:

മുഷ്ടേറിദം ദ്രുവംഗൈർമഹതി വിമഥിതേ
വീരയാഗേ തദാനീ—
മുൽക്കോപാന്ധ്യേന മാനീ വിരവിനൊടു കട—
ന്നഗ്നിദേവം ജ്വലന്തം
അക്ഷാന്ത്യാ മേഘനാദൻ കുലചിലയുമെട്ട—
ത്തുജ്ജിഹാനോ ഗ്രഹായാ
ദിക്കെങ്ങും ഭീതി പൂണ്ടോടിന കപിപൃതനാം
കണ്ടു വീരോ ബഭാഷേ. 56

ആഹവേഷു—യുദ്ധങ്ങളിൽ. മൃതർ—മരിച്ചവർ. രാക്ഷ....യ—രാക്ഷസന്മാരെ തിരിച്ചു വരുത്തുവാനും. പരിപന്ഥിനാം മോഹനായ—ശത്രുക്കളെ മോഹിപ്പിക്കുവാനും. രിപുനിൎജ്ജയായ ച—ശത്രുക്കളെ ജയിക്കുവാനും. സമാദധേ—സ്വീകരിച്ചു (നടത്തുവാനാരംഭിച്ചു).

ഗദ്യം 11. തത് വിജ്ഞായ—അതറിഞ്ഞിട്ട്. പ്രജ്ഞാവതാം പ്രഥമേന—ബുദ്ധിമാന്മാരിൽ മുമ്പനായ. സമാശ്വാ....ണ—ആശ്വസിക്കപ്പെട്ട രാമനോടു കൂടിയ. ത്വരമാണേന—ത്വരയോടു കൂടിയവനായ. വിഭീഷണേന—വിഭീഷണനാൽ. സഞ്ചോദിതഃ—പ്രേരിതനായ. സൗമിത്രിഃ—ലക്ഷ്മണൻ. തത്പ്ര....ത്രിഃ—അവനാൽ പ്രദർശിതമായ ദുർബോധമായ മാർഗ്ഗത്തോടു കൂടിയവനായി. ബദ്ധ ...രഃ—യുദ്ധത്തിനായി കച്ചകെട്ടിയവനായി. അനേ....തഃ—അനേകം വാനരസൈന്യങ്ങളോടു കൂടിയവനായി. നികുംഭിലായാം—നികുംഭിലയിൽ. ഉപക്രാന്തസ്യ തസ്യ ആഭിചാരവിധേഃ—തുടങ്ങിയിരിക്കുന്ന ആ ആഭിചാരക്രിയയ്ക്ക്. അന്തരായം അകരുത ച—വിഘ്നമുണ്ടാക്കുകയും ചെയ്തു.

പദ്യം 56. തദാനീം—അപ്പോൾ. മഹതി വീരയാഗേ—വലിയ വീരയാഗം. ദ്രുവംഗൈഃ വിമഥിതേ (സതി)—വാനരന്മാരാൽ നശിപ്പിക്കപ്പെട്ടപ്പോൾ. കോപാന്ധ്യേന—കോപം നിമിത്തമായ മോഹത്താൽ. മാനീ—അഭിമാനവാനായ. ജ്വലന്തം അഗ്നിദേവം—കത്തുന്ന അഗ്നിദേവ

1. ന വീരോ വിര. 2. ങു സദ്യോ ബ.

''ക്ഷുദ്രാഃ [1]സന്ത്രാസമേനം വിജഹത ഹരയോ
ഭിന്നശക്രേഭകുംഭാ
യുഷ്മ[2]ദ്ഗാത്രേഷു ലജ്ജാം ദധതി പരമമീ
സായകാഃ സംപതന്തഃ
സൗമിത്രേ! തിഷ്ഠ പാത്രം കപമപി നഹി രുഷോ
നനു വഹം മേഘനാദഃ
കിഞ്ചിദ്[3]ഭ്രൂഭംഗലീലാനിയമിതജലധിം
രാമ[4]മന്വേഷയാമി. 57

[5]തം രാമം കഥയന്തി[3] വിക്രമധനം
തന്മേ മനഃപ്രീതയേ
യുക്തം സംഗരകർമ്മ തത്ര യദയം
വീരപ്രിയോ രാവണിഃ
ഭ്രാതുസ്തേന തു തസ്യ ലക്ഷ്മണ! കഥം
ധീരോദ്ധതം ചേഷ്ടസേ
ദായാദം ന[4]ച രിക്ഥവത് കുചന ഭോഃ
ശൗര്യക്രിയാ ക്രാമതി.'' 58

നെ. അക്ഷാന്ത്യാ—ക്ഷമയില്ലാതെ. ഗുഹായാഃ—ഗുഹയിൽനിന്നു്. ഉജ്ജിഹാനഃ—പുറത്തുവന്നു. ഭീതി—ഭയം. കപിപ്രതനാം—വാനരസേനയെ. വീരഃ—വീരൻ (മേഘനാദൻ). ബഭാഷേ—പറഞ്ഞു.

പദ്യം 57. ക്ഷുദ്രാഃ ഹരയഃ—അല്പരായ അല്പന്മാരായ വാനരന്മാരേ. ഏനം സന്ത്രാസം വിജഹത—ഈ പരിഭ്രമത്തെ കളയുവിൻ. ഭിന്ന ... ഭാഃ—ഇന്ദ്രന്റെ ആനയുടെ മസ്തകത്തെ പിളർന്ന. അമീ സായകാഃ—ഈ ബാണങ്ങളും. യുഷ്മ....ഷു സംപതന്തഃ—നിങ്ങളുടെ ശരീരങ്ങളിൽ വന്നു തറയുന്നതിൽ. ലജ്ജാം പരം ദധതി—വളരെ ലജ്ജിക്കുന്നു. സൗമിത്രേ—അല്ലയോ ലക്ഷ്മണ. തിഷ്ഠ—നിന്നാലും. ത്വം അപി—നീയും. രുഷഃ പാത്രം നഹി—കോപത്തിനു പാത്രമല്ലല്ലോ. അഹം മേഘനാദഃ നനു—ഞാൻ മേഘനാദനാകുന്നു. കിഞ്ചി....ധിം—അല്പം പുരികം ചുളിച്ചുള്ള ക്രീഡയാൽ വശപ്പെട്ടുത്തപ്പെട്ട കടലോടുകൂടിയ. രാമം അന്വേഷയാമി—രാമനെയാണു് ഞാൻ അന്വേഷിക്കുന്നതു്.

പദ്യം 58. തം രാമം—ആ രാമനെ. വിക്രമധനം കഥയന്തി—പരാക്രമമാകുന്ന ധനത്തോടുകൂടിയവനായി പറയുന്നു. തത് മേ മനഃപ്രീതയേ—അതെന്റെ സന്തോഷത്തിനു മതി. സംഗരകർമ്മ—യുദ്ധപ്രവൃത്തി. തത്രയുക്തം—അവിടെ (രാമങ്കൽ) യോജിക്കുന്നതാണു്. യത്—എന്തെന്നാൽ. അയം രാവണിഃ—ഈ മേഘനാദൻ. വീരപ്രിയഃ—വീരന്മാരിൽ പ്രീതിയുള്ളവനാണു്. ലക്ഷ്മണ—അല്ലയോ ലക്ഷ്മണ. തസ്യ ഭ്രാതുഃ തേന—അവന്റെ ഭ്രാതാവു് എന്നതുകൊണ്ടു്. കഥം തു ധീരോദ്ധതം ചേഷ്ടസേ—ധീരമായും അഹങ്കാരത്തോടുകൂടിയും നീ എങ്ങനെ

1. സംക്രാന്തിമേനാം വിജ. 2. രാമം തം ക. 3. ന്തി ശൗര്യജലധിം തന്മേ.
4. ന ഹി രി.

''ദേവേന്ദ്രം പ്രാഗജൈഷീസ്തദിദമതിമഹ—
ച്ചിത്രം,മേതത''സുതേന
ത്വത്താതേ ബാലിനാ ബാലധിനിഗളിതബാ—
ഹാകദംബേ ഗൃഹീതേ
വീര്യം തേ ദൂരയാതം, കഥമിഹ തദുര—
ശ്ശോണിതാസ്വാദമാദ്യത്—
പത്രിപ്രോദ്യത്കരസ്യ ക്ഷണമപി പുരതോ
മദ്ഗുരോഃ സന്നിധത്സേ? 59

തിഷ്ഠ ത്വം മേഘനാദ! ക്ഷണമശുഭമതേ!
രക്ഷസാം ന്യംകഭൂതഃ
ശ്വാസൈരല്പൈഃ സഗർവം പ്രലപസി യുധി യ—
ന്മാമധിക്ഷിപ്യ ഭൂയഃ
ദിവ്യൈഃ സത്തീഷ്ഠലബ്ധൈരനലകണസഖൈ—
രായുധൈരസ്മദീയൈഃ
സദ്യഃ സംഛിന്നവക്ഷാ ജിഗമിഷസി പുരം
മൂഢ! വൈവസ്വതീയം.'' 60

പ്രവർത്തിക്കുന്നു? ഭോഃ—അല്ലയോ (ലക്ഷ്മണ). ശൗര്യക്രിയാ—ശൗര്യപ്രവൃത്തി. ദായാദം—ജ്ഞാതിയെ. കുചന—ഒരിടത്തും. രിക്തഥവത്—ധനാവകാശംപോലെ. ന ക്രാമതി—സംക്രമിക്കുന്നില്ല. കുടുംബസ്വത്തു ജ്ഞാതിയെ പ്രാപിക്കുന്നതുപോലെ ശൗര്യപ്രവൃത്തി പ്രാപിക്കുന്നില്ല എന്നർത്ഥം.

പദ്യം 59. ദേവേന്ദ്രം പ്രാക് അജൈഷീഃ—നീ ദേവേന്ദ്രനെ മുമ്പു ജയിച്ചു. തത് ഇദം—അത്. അതിമഹച്ചിത്രം—വളരെ അത്ഭുതകരമാണ്. ഏതത്സുതേന—ഇന്ദ്രപുത്രനായ. ബാലിനാ—ബാലിയാൽ. ത്വത്താതേ—നിന്റെ പിതാവ്. ബാല .. ബേ ഗൃഹീതേ (സതി)—വാലുകൊണ്ടു കെട്ടിപ്പിടിച്ച കൈകളോടുകൂടിയവനായി പിടികൂടപ്പെട്ടപ്പോൾ. തേ വീര്യം—നിന്റെ ശൗര്യം. ദൂരയാതം—അകലെപ്പോയിരുന്നു. തദുര....സ്യ—അവന്റെ (ബാലിയുടെ) നെഞ്ചിലെ രക്തത്തെ ആസ്വദിച്ചു മദിച്ച ശരമേന്തിയ കൈയോടുകൂടിയ. മദ്ഗുരോഃ—എന്റെ ഗുരുവിന്റെ (ശ്രീരാമന്റെ). പുരതഃ—മുമ്പിൽ. ഇഹ—ഇവിടെ. ക്ഷണം അപി—നിമിഷം പോലും. കഥം സന്നിധത്സേ—നീ എങ്ങനെ സന്നിഹിതനാകും?

പദ്യം 60. മേഘനാദ—അല്ലയോ മേഘനാദ. അശുഭമതേ—നീചബുദ്ധേ. ക്ഷണം ത്വം തിഷ്ഠ—നിമിഷനേരം നീ നിന്നാലും. രക്ഷസാം—രാക്ഷസന്മാർക്ക്. ന്യങ്കഭൂതഃ—കളങ്കമായ നീ. അല്പൈഃ ശ്വാസൈഃ—അല്പങ്ങളായ ശ്വാസങ്ങളോടുകൂടി. യുധി—യുദ്ധത്തിൽ. ഭൂയഃ—വീണ്ടും. മാം സഗർവം അധിക്ഷിപ്യ യത് പ്രലപസി—എന്നെ അഹങ്കാരത്തോടു നിന്ദിക്കുന്നുവെന്നു യാതൊന്നോ. ദിവ്യൈഃ—ദിവ്യങ്ങളും. സത്തീ....ബ്ധൈഃ—ശരീരമായ ആളുകളിൽനിന്നു ലഭിച്ചതുകളും. അന....ഖൈഃ—തീപ്പൊരിക്കു തുല്യങ്ങളും ആയ. അസ്മദീയൈഃ ആയുധൈഃ—നമ്മുടെ ആയുധങ്ങളാൽ. സദ്യഃ—ഉടൻ. സംഛി.....ക്ഷഃ—പിളർക്കപ്പെട്ട നെ

ഗദ്യം 12.

ഇന്ദ്രജിദപി ഭ്രാതൃവ്യഭ്രയമുപേയമാനായ പിതൃവ്യായേർ–ഷ്യന്നാബദ്ധപരികരഃ സർവൗഘേന പവനതനയവാഹനം സൗമിത്രിമഭ്യയുങ്ക്ത.

ഗദ്യം 13.

(ദണ്ഡകം)

വൃത്രാരിജിത്തുമഥ സൗമിത്രിയും തദനു
യുദ്ധായ സത്വരമണഞ്ഞു.
വിവിധരണമാഞ്ഞു സുരമുനിയുമാഞ്ഞു
ഉരുഗഗനഭുവി നഖരമുന ചൊറുകി വിബുധവര–
പടലികളുടനിട നിറഞ്ഞു.

മായാബലേന ബഹുധാ യാതുധാനപതി–
ദായാദനുഭ്രമദമേയം
മിഥിലതനുജേയം കരുതുക മദീയ–
പ്രഹരവിദലിതവപുരിതി പരുഷതരവചന–
മതുപൊഴുതു സമരമഭിയായാത്.

അപ്പോഽം വിഭീഷണനുമുല്പാദിതം കപട–
മെപ്പേരുമെന്നതു പറഞ്ഞു

ഞ്ചോടുകൂടിയവനായി. വൈവസ്വതീയം പുരം ജിഗമിഷുസി–യമപുരത്തിലേക്കു പോകുവാൻ ആഗ്രഹിക്കുന്നു.

ഗദ്യം 12. ഇന്ദ്രജിത് അപി–ഇന്ദ്രജിത്തും. ഭ്രാതൃവ്യഭ്രയം ഉപേയമാനായ–ഭ്രാതൃവ്യഭാവത്തെ (എതിരാളിത്തത്തെ) പ്രാപിക്കുന്നവനായ. പിതൃവ്യായ–ചിറ്റപ്പനായ്ക്കൊണ്ട്. ഈർഷ്യൻ–അസൂയപ്പെടുന്നവനായി. ആബദ്ധപരികരഃ–കച്ചകെട്ടിയവനായി. സർവ്വൗഘേന–എല്ലാ ഊക്കോടും കൂടി. പവ ...നം സൗമിത്രിം–ഹനുമാനാൽ വഹിക്കപ്പെട്ട ലക്ഷ്മണനെ. അഭ്യയുങ്ക്ത–എതിർത്തു.

ഗദ്യം 13. (ദണ്ഡകം) വൃത്രാരിജിത്തു്–ഇന്ദ്രജിത്തു്. അഥ–പിന്നെ. സൗമിത്രി–ലക്ഷ്മണൻ. തദനു–അതിൽപിന്നെ. യുദ്ധായ–യുദ്ധത്തിനായി. സത്വരം–വേഗത്തോടുകൂടി. വിവിധരണം–പലവിധത്തിലുള്ള യുദ്ധം. സുരമുനി–ദേവമുനി. ഉരു ...വി–വിസ്തൃതമായ ആകാശത്തിൽ. നഖരം–നഖം. വിബു....ലി–ദേവസമൂഹം.

മായാബലേന–മായാശക്തികൊണ്ടു്. ബഹുധാ–പലവിധത്തിൽ. യാതു....ദൻ–രാക്ഷസാധിപന്റെ മകൻ. അമേയം–ഇന്ന വിധമെന്നു പറയാൻ വയ്യാത്തവണ്ണം. അഭ്രമത്–വിഹരിച്ചു. ഇയം മിഥിലതനൂജാ–ഈ സീത. മദീ....പുഃ–എന്റെ അടികൊണ്ടു പിളർന്ന ശരീരത്തോടുകൂടിയവം. ഇതി–എന്നു്. പരു....നം–കഠിനവാക്കോടു കൂടി. സമരം അഭിയായാൽ–യുദ്ധത്തിൽ നേരിട്ടവരും.

കപടം ഉത്പാദിതം ഇതി–കാപട്യം കാണിച്ചു എന്നു്. ചതിയിതി–വഞ്ചനയാണെന്നു്. സമരം–യുദ്ധം. ദശവദനതനയൻ–

അതുപൊഴതറിഞ്ഞു ചതിയിതി തുനിഞ്ഞു
സമരമവർ ദശവദനതനയനൊട്ട ശരതതിഭി—
രുടലഖിലമഴകൊട്ട പൊതിഞ്ഞു.

അസ്രുങ്ങൾകൊണ്ടുമതിദുഷ്പ വിചിത്രതര—
യുദ്ധോത്സവം ബത തുടർന്നു
അതിനു പരമൊന്നൊത്തിരുവരുമതന്ത്രം
പകരമവർ തടവുമളവിടമരിയ ഭുവനലയ—
മിതി ജനവുമതിഭയമിയന്നു.

ഗദ്യം 14.

തയോശ്ച യുദ്ധ്യമാനയോരിദ്ധമാനയോർവ്യതീതസമാന—
യോഃ കാകുത്സ്ഥപുലസ്ത്യാനവയൈകവീരയോരവിശ്രാന്ത—
യോരശ്രാന്തയോരഹസ്ത്രിതയമത്യഗാത്.

ഇന്ദ്രജിത്തിന്റെ വധപ്രസ്താവം:

തച്ഛിരഃ സശിരസ്ത്രാണം
ശ്രീമച്ചപലകുണ്ഡലം
പ്രമത്തേന്ദ്രജിതഃ കായാത്
പാതയാമാസ ഭൂതലേ. 61

രാവണപുത്രൻ. ശരതതിഭിഃ—ബാണസമൂഹങ്ങളാൽ. ഉടലഖിലം—ശരീരമെല്ലാം.

അതിദുഷ്പ—വളരെ അഹങ്കരിച്ചവർ. യുദ്ധോത്സവം—യുദ്ധമാകുന്ന ഉത്സവം. ബത—ആശ്ചര്യദ്യോതകം. അതിനു പരം—അതിൽപിന്നെ. അതന്ത്രം—മടികൂടാതെ. ഇദം—ഇതു്. ഭുവനലയം—ലോകനാശം. ഇതി—എന്നു്.

ഗദ്യം 14. യുദ്ധ്യമാനയോഃ—തമ്മിൽ യുദ്ധംചെയ്യുന്നവരായ. ഇദ്ധമാനയോഃ—വർദ്ധിച്ച അഭിമാനത്തോടു കൂടിയവരായ. വ്യതീ....യോഃ—സാമ്യമകന്നവരായ. അവിശ്രാന്തയോഃ—വിശ്രമിക്കാത്തവരായ. അശ്രാന്തയോഃ—ക്ഷീണിക്കാത്തവരായ. കാകു ...യോഃ—രഘുവംശത്തിലും പുലസ്ത്യകുലത്തിലും ഒറ്റ വീരന്മാരായ. തയോഃ—അവർക്കു്. അഹസ്ത്രിതയം അത്യഗാത് ച—മൂന്നു ദിവസം അതിക്രമിക്കുകയും ചെയ്തു.

പദ്യം 61. സശിരസ്ത്രാണം—തലപ്പാവോടുകൂടിയ. ശ്രീമ....ലം—കാന്തിയോടു് ഇളകിക്കൊണ്ടിരിക്കുന്ന കുണ്ഡലങ്ങളോടു കൂടിയ. തത് ശിരഃ—ആ തലയെ. ഇന്ദ്രജിതഃ—ഇന്ദ്രജിത്തിന്റെ. കായാത്—ദേഹത്തിൽ നിന്നു്. പ്രമഥ്യ—വേർപെടുത്തിട്ടു്. ഭൂതലേ പാതയാമാസ—ഭൂമിയിൽ വീഴ്ത്തി.

ശ്ലാഘ്യവിക്രമരസേന ലക്ഷ്മണനണഞ്ഞു
തദ്ഗളമനർഗളം
തത്ക്ഷണേന വിശിഖേന സത്വരമറുത്തെ--
റിഞ്ഞു ഗഗനാന്തരേ
മേഘനാദനൊരു ബാണമേറു യമകിങ്ക-
രൈഃ സഹ യയൗ തദാ
പാകശാസനമനഃ പ്രഹർഷമെഴുതല്ല
ലക്ഷ്മണപരാക്രമൈഃ. 62

കുംഭ—നികുംഭന്മാരുടെ വധപ്രസ്താവം:

കുംഭകർണ്ണോദ്ഭവൗ കുംഭ—
നികുംഭൗ ദംഭപണ്ഡിതൗ
ഹരിരാജഹനൂമദ്ഭ്യാം
ചക്രാതേ ശക്രസേവകൗ. 63

രാവണന്റെ അവസ്ഥയെ വർണ്ണിക്കുന്നു:

ഭ്രാതൃപുത്രമരണോപകർണ്ണനദശാന്ത—
രേ പെരികെ നാണവും
ഖേദവും ഭയവുമാത്തിയും ജളതയും പി—
ണഞ്ഞു ഗളിതോദ്യമം
യാതുധാനപതി പാരമൊന്നു മുറയിട്ട—
പോയിതഭിമാനിനാം
കേതുലാഞ്ഛനമറിഞ്ഞസൗ പുനരണിഞ്ഞി—
താശ്രു രണകൗതുകം. 64

പദ്യം 62. ശ്ലാഘ്യ .. ന—സ്തുതിക്കത്തക്ക പരാക്രമത്താൽ. അനർഗളം—തടവില്ലാതെ. തദ്ഗളം—അവന്റെ കഴുത്തിനെ. തത്ക്ഷണേന—ഉടൻതന്നെ. വിശിഖേന-ബാണംകൊണ്ട്. സത്വരം—വേഗത്തിൽ. ഗഗനാന്തരേ—ആകാശത്തിൽ. യമ....രൈഃ സഹ—യമകിങ്കരന്മാരോടുകൂടി. തദാ—അപ്പോൾ. യയൗ—യാത്രയായി. പാക .. ഷം—ഇന്ദ്രന്റെ സന്തോഷം. ലക്ഷ്മ .. മൈഃ—ലക്ഷ്മണന്റെ വിക്രമങ്ങളാൽ.

പദ്യം 63. കുംഭ ...വൗ—കുംഭകർണ്ണന്റെ പുത്രന്മാരും. ദംഭ....തൗ—അഹങ്കാരികളും ആയ. കുംഭ....ഭൗ—കുംഭനും നികുംഭനും. ഹരി....ഭ്യാം—സുഗ്രീവൻ ഹനുമാൻ ഇവരാൽ. ശക്രസേവകൗ ചക്രാതേ—ഇന്ദ്രന്റെ സേവകന്മാരാക്കപ്പെട്ട (കൊല്ലപ്പെട്ട).

പദ്യം 64. ഭ്രാതൃ....രേ—സോദരൻ പുത്രൻ ഇവരുടെ മരണവാർത്ത കേട്ടപ്പോൾ. ഖേദം—ദുഃഖം. ആത്തി—പീഡ. ജളത—ആലസ്യം. ഗളിതോദ്യമം നശിച്ച ഉത്സാഹത്തോടുകൂടി. യാതു... തി—രാവണൻ. പാരം—വളരെ. അഭിമാനിനാം—അഭിമാനമുള്ളവരുടെ. കേതുലാഞ്ഛനം—കേതുവിന്റെ അടയാളം. അസൗ—ഇവൻ (രാവണൻ).

ചൊല്ലിക്കൂടാവതോ ദൈവതഗതി? സഹസാ
രക്ഷസാം വംശമേറ്റം
ഫുല്ലശ്രീശാലി രാമാശുഗശിഖിനി പരം
നഷ്ടമായോരുനേരം
ഉള്ളിൽത്തട്ടീ ദശഗ്രീവനു പുതിയ വിമ—
ശോദയം; പാരിലേറെ—
ത്തള്ളൽക്കാരക്കു സമ്പത്തുകളിൽ വരുവത—
ല്ലേതു ചെയ്യും വിചാരം. 65

ചിന്താസന്താനസന്ദാനിതവിവശമനാ
രാക്ഷസേന്ദ്രൻ തദാനീം
മന്ത്രാത്ഥം ചെന്ന മണ്ഡോദരിയെ മടിയിൽ വ—
ച്ചശ്രുധാരാകുലാക്ഷീം
പന്തേലും കൊങ്ക രണ്ടും പരിചിനൊട്ട സലീ—
ലം തലോടിത്തലോടി—
പ്പൈന്തേൻ പെയ്യുന്ന വാചാ പരഭൃതമൊഴിയാം
തന്നോടേവം ബഭാഷേ. 66

രാവണൻ ദീനനായി മണ്ഡോദരിയോടു പറയുന്ന വചനം:

''രാമായ പ്രതിപക്ഷകക്ഷശിഖിനേ
ദാസ്യാമി വാ മൈഥിലീം,
യുദ്ധേ രാഘവസായകൈർവിനിഹതഃ
സ്വർഗ്ഗം ഗമിഷ്യാമി വാ;

പുനഃ—പിന്നെയും. ആശു-വേഗത്തിൽ. രണകൗതുകം—യുദ്ധത്തിൽ താത്പര്യത്തെ.

പദ്യം 65. ദൈവതഗതി—വിധിയുടെ പോക്കു്. സഹസാ—പെട്ടെന്നു്. ഫുല്ലശ്രീശാലി—വളരെ ഐശ്വര്യത്തോടു ശോഭിക്കുന്ന. രക്ഷസാം വംശം—രാക്ഷസന്മാരുടെ കുലം. രാമാ....നി—രാമബാണങ്ങളാകുന്ന തീയിൽ. പരം—മുഴുവനും. നഷ്ടം—നശിച്ചതു്. ദശഗ്രീവൻ—രാവണൻ. വിമശോദയം—ആലോചനയുടെ ഉത്പത്തി.

പദ്യം 66. തദാനീം—അപ്പോൾ. ചിന്താ....നാഃ—പല ആലോചനകളാൽ ബന്ധിക്കപ്പെട്ട വ്യാകുലനായ. മന്ത്രാത്ഥം—കൂടിയാലോചിക്കുവാനായി. അശ്രു....ക്ഷീം—കണ്ണുനീരാൽ കലങ്ങിയ കണ്ണുകളോടുകൂടിയ. സലീലം—ലീലയോടുകൂടി. വാചാ—വാക്കിനാൽ. പരഭൃതം—കുയിൽ. ബഭാഷേ—പറഞ്ഞു.

പദ്യം 67. പ്രതി....നേ—ശത്രുക്കളാകുന്ന വയ്ക്കോലിനു തീയായ. രാമായ—രാമനായിട്ടുണ്ടു്. മൈഥിലീം ദാസ്യാമി വാ—സീതയെ കൊടുക്കട്ടോ. യുദ്ധേ—യുദ്ധത്തിൽ. രാഘ....കൈഃ—രാമന്റെ ശരങ്ങളാൽ. വിനിഹതഃ—കൊല്ലപ്പെട്ടവനായി. സ്വർഗ്ഗം ഗമിഷ്യാമി വാ—സ്വർഗ്ഗത്തിലേക്കു പോകട്ടോ. നീതിജ്ഞേ—അല്ലയോ ന്യായമറി

നീതിജ്ഞേ! കഥയസ്വ ദേവി! കതരഃ
പക്ഷോ ഗൃഹീതസ്ത്വയാ
സുശ്രാവ്യം പ്രിയമസ്മദീയമഭവ—
ന്മന്മാത്രശേഷം ബലം. 67

സുഗ്രീവസ്യ പദാഹതിച്യുതമണിർ—
മൗലിർമയാലോകിതോ;
ഗണ്ഡേഷ്വേവ ഹനൂമതഃ കരതലൈ—
സ്താഡോ മയാലഭ്യത;
രാമസ്യാപി രണാങ്കണേ സകരുണാ
വാണീ മയാകർണ്ണിതാ;
പൗലസ്ത്യേന ഹതത്രപേണ ദയിതേ!
കിം ജീവിതവ്യം മയാ?'' 68

മണ്ഡോദരിയുടെ മറുപടി:

''ദൃഷ്ടാ ദൈന്യം ഭഗിന്യാഃ സുനയ! ഖരവധം
മാതുലസ്യാപി നാശം
സാലാനാം ഭേദനം തത്, കപിവരഹനനം
തച്ച സുഗ്രീവസഖ്യം

യുന്നവളേ. കഥയസ്വ—നീ പറഞ്ഞാലും. കതരഃ പക്ഷഃ ത്വയാ ഗൃഹീതഃ—രണ്ടിൽ ഏതു പക്ഷമാണു് നിന്നാൽ സ്വീകരിക്കപ്പെട്ടതു്? പ്രിയം സുശ്രാവ്യം—പ്രീതിവാക്ത്ത. നല്ലപോലെ ശ്രവിക്കാൻ യോഗ്യമാകുന്ന. അസ്മദീയം ബലം—നമ്മുടെ സൈന്യം. മന്മാത്രശേഷം അഭവത്—ഞാൻ മാത്രം ശേഷിച്ചതായി ഭവിച്ച.

പദ്യം 68. സുഗ്രീവസ്യ പദാ...ണിഃ മൗലിഃ—സുഗ്രീവൻ കാലു കൊണ്ടു ചവിട്ടിച്ചിതറിയ രത്നങ്ങളോടുകൂടിയ കിരീടം. മയാ ആലോകിതഃ—എന്നാൽ കാണപ്പെട്ട ഹനൂമതഃ കരതലൈഃ—ഹനുമാന്റെ കൈത്തലങ്ങളെക്കൊണ്ടുള്ള. താഡഃ—അടി. മയാ—എന്നാൽ. ഗണ്ഡേഷു എവ—കവിൾത്തടങ്ങളിൽത്തന്നെ. അലഭ്യത—ലഭിക്കപ്പെട്ട. രണാങ്കണേ—യുദ്ധഭൂമിയിൽ. രാമസ്യ—രാമന്റെ. സകരുണാ വാണീ അപി—കൃപയോടുകൂടിയ വാക്കും. മയാ ആകർണ്ണിതാ—എന്നാൽ കേൾക്കപ്പെട്ട. ദയിതേ—അല്ലയോ പ്രേയസി. ഹതത്രപേണ—ലജ്ജ നശിച്ചവനായ. പൗലസ്ത്യേന മയാ കിം ജീവിതവ്യം—പൗലസ്ത്യനായ ഞാൻ ജീവിച്ചിരിക്കണോ?

പദ്യം 69. സുനയ—അല്ലയോ നീതിജ്ഞ. ഭഗിന്യാഃ ദൈന്യം—സോദരിയുടെ ദീനഭാവത്തെയും. ഖരവധം—ഖരന്റെ വധത്തെയും. മാതുലസ്യ നാശം അപി—അമ്മാവന്റെ നാശത്തെയും. സാലാനാം ഭേദനം—സാലങ്ങളെ പിളർന്നതിനെയും. തത് കപി... നം—ആ ബാലിയുടെ നിഗ്രഹത്തെയും. തത് സുഗ്രീവസഖ്യം ച—ആ സുഗ്രീവന്റെ മൈത്രിയേയും. ഉദ്യാനഹർത്തുഃ കർമാണി—ഉദ്യാനങ്ങളെ നശി

കമ്പ്രാണ്യുദ്യാനഹത്തുർജ്ജലനിധിനിയമം
യോ ന ജാതസ്തദാനീം
കഷ്ടം നഷ്ടേ കുലേഽസ്മിൻ കഥമിവ കമിതുർ—
ജായതേ തേ വിവേകഃ? 69

[1]ഭൃത്യോ യസ്യ ബലേന മാരുതിരയം
തീർത്ത്വാ മഹാം ഭോനിധിം
ദൃഷ്ട്വാ താം ജനകാത്മജാമുപവനം
ഹൃത്വാക്ഷമന്യാൻ ഭടാൻ
ഹത്വാ പുച്ഛഗതാഗ്നിദീപ്തശിഖയാ
ദഗ്ധ്വാ സമസ്തം പുരം
നിർയ്യാതഃ സ കപീശ്വരഃ കഥമഹോ!
ജേതാസി തത്സ്വാമിനം? 70

നാട്ടം വീട്ടം നശിച്ചൂ ധനമഖിലമൊട്ട—
ങ്ങീ കനം ചാന്ന ചേന്ന—
ങ്ങാടോപം പൂണ്ട നക്തഞ്ചരപരിവൃഢരും
മിക്കതും ചത്തൊടുങ്ങീ
പാടേ പാപം കുലപ്പെട്ടിതു സഹജരുമ—
മ്മക്കളും കേളിദാനീം
മൂഢാത്മാ നീ വിവേചിച്ചതു മതി മതി ഹാ!
ഹാ! ഹത[3] ദുർഭഗാ ഞാൻ.'' 71

പ്പിച്ചവന്റെ പ്രവൃത്തികളേയും. ജലനിധിനിയമം—സമുദ്രത്തെ അടക്കിയതിനേയും. ദൃഷ്ട്വാ—കണ്ടിട്ട്. തദാനീം—അപ്പോഴും. യഃ ന ജാതഃ—യാതൊന്ന് ഉണ്ടായില്ലയോ. കമിതുഃ തേ സഃ വിവേകഃ—കാന്തനായ നിനക്ക് ആ വിവേകം. അസ്മിൻ കുലേ നഷ്ടേ—ഈ വംശം നശിച്ചതായിരിക്കുമ്പോഴും. കഥം ഇവ ജായതേ—എങ്ങനെ ഉണ്ടാകുന്നു.

പദ്യം 70 യസ്യ ഭൃത്യഃ അയം സഃ കപീശ്വരഃ മാരുതിഃ—യാവനൊരുത്തന്റെ കിങ്കരനായ വാനരേശ്വരനായ ആ ഈ ഹനുമാൻ. മഹാ ... ധിം തീർത്ത്വാ—മഹാസമുദ്രത്തെ കടന്നിട്ട്. താം ജന....ജാം ദൃഷ്ട്വാ—ആ സീതയെ കണ്ടിട്ട്. ഉപവനം ഹൃത്വാ—ഉദ്യാനത്തെ ആക്രമിച്ചിട്ട്. അക്ഷം അന്യാൻ ഭടാൻ ഹത്വാ—അക്ഷകുമാരനേയും മറ്റു ഭടന്മാരെയും കൊന്നിട്ട്. പുച്ഛ... യ—വാലിൽ കൊളുത്തപ്പെട്ട അഗ്നിയുടെ ജ്വാലയാൽ. പുരം സമസ്തം ദഗ്ധ്വാ—നഗരമെല്ലാം ദഹിപ്പിച്ചിട്ട്. നിർയ്യാതഃ—നിർഗ്ഗമിച്ചുവോ. തത് സ്വാമിനം കഥം ജേതാ അസി—(അവന്റെ ഭൃത്യനുള്ള) അവന്റെ സ്വാമിയെ നീ എങ്ങനെ ജയിക്കും? അഹോ—കഷ്ടം.

പദ്യം 71. ധനം അഖിലം—ധനമെല്ലാം. ആടോപം—പ്രൗഢി നക്ത.....ഢരും—രാക്ഷസശ്രേഷ്ഠരും. സഹജർ—സോദരർ. ഇദാനീം

1. ദാസോ യസ്യ. 2. തിരസൗ തീ. 3. താ ഭാഗ്യഹീനാ.

രാവണൻ പിന്നെയും അഹങ്കാരിയായും കുപിതനായും യുദ്ധത്തിനായി ചെല്ലുന്നു:

ഇത്ഥം കേട്ടാത്മകാന്താവചനമതിതരാം
മാനയൻ കോപശാലീ
യുദ്ധം[2] കർത്തും പുറപ്പെട്ടിതു ഭുവനമിള-
ക്കുന്ന ഘോരാട്ടഹാസൈഃ
എത്തും നേരത്തുതന്നേ സമരശിരസി 'ഞാൻ—
താനവൻതാനവന്യാ—
മത്രൈകഃ ശിഷ്യതേ നിർണ്ണയ'മിതി മനസാ
കല്പയൻ[3] ദുഷ്യദാത്മാ. 72

''കൈലാസാദ്രീശ്വരോന്മൂലനചതുരതരോ—
ദ്ദണ്ഡദോർദണ്ഡഷണ്ഡൈഃ
പിഷ്ട്വാ യൂഥം കപീനാമഹമിഹ മനുജ—
പ്രാകൃതൗ തൗ ച ഹത്വാ
ഭൂയോഽസൃഗ്കികുരൈസ്താൻ രണശിരസി ഹതാൻ
രാക്ഷസാനന്തകാങ്കാ—
ദാനേഷ്യേ ദേവി! കോ വാ ദിഗധിപതിഷു നഃ
പ്രാതികൂല്യം വിധത്തേ?'' 73

—ഇപ്പോഴും. മൂഢാത്മാ—മൂഢൻ. വിവേചിച്ചതു്—ഗുണദോഷം ചിന്തിച്ചതു്. ദുർഭഗാ—ഭാഗ്യംകെട്ടവളായ. ഹതാ—നശിച്ചവളായിരിക്കുന്ന.

പദ്യം 72. ഇത്ഥം—ഇവ്വണ്ണം. ആത്മ....നം—തന്റെ ഭാര്യയുടെ വാക്കിനെ. അതിതരാം—വളരെ. മാനയൻ—ബഹുമാനിക്കുന്നവനായി. കോപശാലീ—കോപത്തോടുകൂടിയവനായി. യുദ്ധം കർത്തും—യുദ്ധം നടത്തുവാനായി. ഭുവനം—ലോകം. ഘോരാട്ടഹാസൈഃ—ഭയങ്കരമായ അട്ടഹാസഗർജനങ്ങളാൽ. സമ....സി—യുദ്ധക്കളത്തിൽ. അവന്യാം—ഭൂമിയിൽ. അന്യ—ഇവിടെ. ഏകഃ ശിഷ്യതേ—ഒരുവൻ ശേഷിക്കുന്നു. നിർണ്ണയം—നിശ്ചയം. ഇതി മനസാ കല്പയൻ—എന്നു മനസ്സിൽ സങ്കല്പിച്ചുകൊണ്ടു്. ദുഷ്യദാത്മാ—അഹങ്കാരിയായി.

പദ്യം 73. അഹം—ഞാൻ. കൈലാ....ണ്ഡൈഃ—കൈലാസപർവതത്തെ ഇളക്കുവാൻ വളരെ ശക്തങ്ങളായ ബാഹുദണ്ഡങ്ങളെക്കൊണ്ടു്. ഇഹ—ഇവിടെ. കപീനാം യൂഥം പിഷ്ട്വാ—വാനരസമൂഹത്തെ നശിപ്പിച്ചിട്ടു്. തൗ മനുജപ്രാകൃതൗ ച ഹത്വാ—ആ രണ്ടു പ്രാകൃതമനുഷ്യരേയും കൊന്നിട്ടു്. ഭൂയഃ—വീണ്ടും. അസൃഗ്കികുരൈഃ—നമ്മുടെ ഭൃത്യന്മാരെക്കൊണ്ടു്. രണശിരസി—യുദ്ധത്തിൽ. ഹതാൻ—മരിച്ചവരായ. താൻ രാക്ഷസാൻ—ആ രാക്ഷസന്മാരെ. അന്തകാങ്കാത്—ആനേഷ്യേ—യമന്റെ കൈക്കൽനിന്നു തിരിയെ കൊണ്ടുവരുന്നുണ്ടു്. ദേവി—അല്ലയോ ദേവി. ദിഗ....ഷു—ദിക്പാലന്മാരിൽ. കഃ വാ—ആരാണു്. നഃ—നമുക്കു്. പ്രാതികൂല്യം വിധത്തേ—വിപരീതം ചെയ്യുന്നതു്.

---

1. ഏവം ശ്രുത്വാത്മ. 2. യുദ്ധാർത്ഥം താൻ പു. 3. ൻ സോഽഭിമാനീ.

ന്യഞ്ചന്ന്യഞ്ചദ്ധരിത്രീധൃതചരണഭരം
ചന്ദ്രഹാസൈകചിത്ര—
വ്യാവല്ഗദ്യൗഗപദ്യോത്സുകസകലഭുജാ—
ക്രാന്തദിക്ചക്രവാളം
ക്രോധക്രൂരാക്ഷിരക്തോത്പലരചിതവിയ—
ത്തോരണസ്രഞ്ജി ബിഭ്ര—
ദ്വക്ത്രാണി പ്രത്യനീകപ്രസരസരഭസോ
നിർജ്ജഗാഹേ ദശാസ്യഃ. 74

സാശ്ചര്യം രാമഭദ്രേ, സചട്ടഭടമുഖേ,
സവ്യഥം ദിവ്യഭൂഭ്യേ,
സാശം യുദ്ധേ, സകോപം കപിഷു, സവിനയം
ലക്ഷ്മണേ, സാശ്രു പുര്യാം,
സാസൂയം ഭ്രാതൃകൃത്യേ, സഭയമനിലജേ,
സത്രപം ചാത്മവൃത്താ—
വിത്യേവം വക്ത്രചക്രം രജനിചരപതേർ—
ഭിന്നഭാവം ബഭൂവ 75

രാമരാവണന്മാരുടെ യുദ്ധവർണ്ണനം:

ഗദ്യം 15.

തദനു നിശിചരാധിനാഥൻ പടക്കോപ്പുമിട്ടാശ്ശ പെട്ടെന്നൊരുമ്പെട്ട ചെല്ലുന്ന നേരത്തമത്ത്യന്ദ്രവാചാ ധരിത്രീതലാ

പദ്യം 74. ദശാസ്യഃ—രാവണൻ പ്രത്യ....സഃ—ശത്രുവിനെ നേരിടുന്നതിൽ ത്വരയുള്ളവനായി. ക്രോധ ഞ്ജി വക്ത്രാണി ബിഭ്രത്—കോപത്താൽ ഭയങ്കരങ്ങളായ നേത്രങ്ങളുണ്ടാകുന്ന ചെന്താമരകളാൽ ആകാശത്തിൽ നിർമിക്കപ്പെട്ട തോരണങ്ങളോടുകൂടിയ മുഖങ്ങളെ ധരിക്കുന്നവനായി. ന്യഞ്ച....രം—ഭ്രമിയാൽ ഞരുങ്ങി ഞരുങ്ങി താങ്ങപ്പെടുന്ന കനത്ത ചുവടുകളോടുകൂടി. ചന്ദ്ര... ളം—ചന്ദ്രഹാസമേന്തുന്നതിൽ താത്പര്യത്തോടുകൂടി ഒന്നിച്ചിളകിയ എല്ലാ കൈകളാലും ആക്രമിക്കപ്പെട്ട ദിങ്മണ്ഡലത്തോടുകൂടിയവണ്ണം. നിർജ്ജഗാഹേ—പുറപ്പെട്ടു.

പദ്യം 75. രാമഭദ്രേ—ശ്രീരാമങ്കൽ. സാശ്ചര്യം—ആശ്ചര്യത്തോടും. ഭടമുഖേ—ഭടന്മാരുടെ മുമ്പിൽ. സചട്ട—ക്രീഡഭാവത്തോടും. ദിവ്യഭൂഭ്യേ—ദേവന്മാർ മുഴക്കുന്ന വാദ്യഘോഷത്തിൽ. സവ്യഥം—ദുഃഖത്തോടും. യുദ്ധേ—യുദ്ധത്തിൽ. സാശം—ആശയോടും. കപിഷു—വാനരന്മാരിൽ. സകോപം—കോപത്തോടും. ലക്ഷ്മണേ—ലക്ഷ്മണങ്കൽ. സവിനയം—വണക്കത്തോടും പുര്യാം—ലങ്കാനഗരത്തിൽ സാശ്രു—കണ്ണുനീരോടും. ഭ്രാതൃകൃത്യേ—സോദരന്റെ പ്രവൃത്തിയിൽ സാസൂയം—അസൂയയോടും. അനിലജേ—ഹനുമാങ്കൽ. സഭയം—ഭയത്തോടും. ആത്മവൃത്താ—തന്റെ പ്രവൃത്തിയിൽ. സത്രപം ച—ലജ്ജയോടും കൂടി. ഇതി ഏവം—എന്നിങ്ങനെ. രജ..... തേഃ—രാവണന്റെ. വക്ത്രചക്രം—മുഖമണ്ഡലം. ഭിന്നഭാവം—വിവിധഭാവങ്ങളോടുകൂടിയതായി. ബഭൂവ—ഭവിച്ചു.

ന്തേ നഭോമദ്ധ്യഭാഗാലിറങ്ങുന്ന പുത്തന്മണിസ്യന്ദനം മാതലി പ്രേരിതാശ്വം മുദാ രാമചന്ദ്രഃ സമാരുഹ്യ സംഗ്രാമഭേരീം മുഴക്കിച്ചണഞ്ഞോരുനേരം ദശാസ്യോപഗീതം മഹാസാമഗാനം നിശമ്യാദരാ''ലേനമേതാദൃശം ബാണമെയ്യേഷ കൊല്ലുന്നതില്ലെന്നുമേ മൈഥിലീംതന്നെ വേണ്ടീല വേദജ്ഞനാമിമ്മഹാത്മാവിനെത്തൊട്ട ശസ്ത്രം തൊടുത്തിടീനാൽ കീർത്തികേടെത്തുമെന്നേക്കുമാകാ നമുക്കെ''ന്ന ചൊല്ലിത്തതോ ലക്ഷ്മണൻ കൈയിൽ വില്ലും കൊടുത്തഞ്ജസാ പിന്തിരിഞ്ഞാത്മരാഷ്ട്രപ്രയാണായ സന്നദ്ധനാം കാലമേറെറം ഭയാൽ ഭാവിലങ്കേശ്വരൻ ചെന്നണഞ്ഞീടിനാൻ ''ദേവ വേദോക്തി കേട്ടിക്കൊടുംക്രൂരമാപാപിയെച്ചെറു നീ നല്ലതെന്നോർത്തഴിഞ്ഞുള്ളിയാൽ വിശ്വമെല്ലാം മുടിഞ്ഞീടുമത്രേ തിരിഞ്ഞൊന്നു നോക്കീടിതല്പ്പവരുന്നു ദശഗ്രീവനഗ്രേ രണക്ഷ്മാതലത്തിൽ കടക്കൺകൊട്ടക്കേണമോരോന്നിലേ പത്തിലും.

തത്ര വക്ത്രേഷു പാനോത്സുകം നാഥ! മുന്നേതിതല്ലോ, മഹാപാപി മറേറ മുഖംകൊണ്ടു കഞ്ചിന്മഹാവിപ്രനെത്തച്ചു കൊന്നിച്ചയാ പച്ചമാംസം കടിച്ചും മുറിക്കുന്നത, ന്യേന വക്ത്രേണ യുദ്ധേഭവാനിമ്മണിത്തേരിടാനീം മഹേന്ദ്രാജ്ഞയാ വന്നിറങ്ങുന്നതാലോക്യ വാസ്തുന്ന കോപേന കണ്ണും ചുവത്തി

ഗദ്യം 15. തദനു—അതിൽപിന്നെ. നിശി....ൻ—രാവണൻ. ആത്ര...വേഗത്തിൽ. അമ .. ചാ—ദേവേന്ദ്രന്റെ വാക്കനുസരിച്ചു്. ധരി....ത്ത—ഭൂതലത്തിൽ. നഭോ... ഗാത്—ആകാശമദ്ധ്യത്തിൽനിന്നു്. മാത....ശ്വം—മാതലി എന്ന സാരഥിയാൽ ഓടിക്കപ്പെട്ട കുതിരകളോടുകൂടിയ. സ്യന്ദനം—രഥം. മുദാ—സന്തോഷത്തോടുകൂടി. രാമചന്ദ്രഃ സമാരുഹ്യ—രാമചന്ദ്രൻ കയറിയിട്ടു് സംഗ്രാമഭേരീം—യുദ്ധത്തിൽ മുഴക്കേണ്ട വാദ്യത്തെ. ദശാ....തം—രാവണനാൽ ഗാനം ചെയ്യപ്പെട്ട. മഹാസാമഗാനം ആദരാദ് നിശമ്യ—ശ്രേഷ്ഠമായ സാമവേദമന്ത്രഗാനത്തെ ആദരവോടു കേട്ടിട്ടു്. ഏതാദൃശം ഏനം—ഇവ്വണ്ണമുള്ള ഇവനെ. ബാണം—ശരത്തെ. മൈഥിലീം—സീതയെ. വേദജ്ഞൻ—വേദം പഠിച്ചവൻ. തതഃ—പിന്നെ. അഞ്ജസാ—പെട്ടെന്നു്. ആത്മ....യ—തന്റെ നാട്ടിലേക്കു് യാത്രയ്ക്കായി. സന്നദ്ധനാം കാലം—ഒരുങ്ങിയ സമയം. ഭയാത്—ഭയം നിമിത്തം. ഭാവി....രൻ—ലങ്കാധിപനായി വരാൻ പോകുന്നവൻ (വിഭീഷണൻ). വേദോക്തി—വേദവചനം. വിശ്വം—ലോകം. ദശഗ്രീവൻ—രാവണൻ. രണ...ത്തിൽ—യുദ്ധക്കളത്തിൽ. അഗ്രേ—മുമ്പിൽ.

തത്ര വക്ത്രേഷു—ആ മുഖങ്ങളിൽ. പാനോത്സുകം—കുടിക്കാൻ തത്പരമാണു്. കഞ്ചിത് മഹാവിപ്രനെ—ഒരു മഹാബ്രാഹ്മണനെ. ഇച്ഛയാ—ആഗ്രഹത്തോടുകൂടി. അന്യേന വക്ത്രേണ—മറെറാരു മുഖത്താൽ യുദ്ധേ—യുദ്ധത്തിൽ. ഇദാനീം—ഇപ്പോൾ. മഹേ.....യാ—ദേവേന്ദ്രന്റെ കല്പനയനുസരിച്ചു്. ആലോക്യ—കണ്ടിട്ടു്. കോപേ

ക്കനം പൽ കടിഞ്ഞെന്തെടാ വാസവാ തേർ കൊടുത്തീടുവാൻ
മാതലിക്കെയനോളം ചതിക്കാരരില്ലാരുമേ ചെറു കണ്ടിട്ട
നിന്നോടു വിണ്ണോരെയൊക്കെത്തടുത്തിട്ട തണ്ണീക്കുപോലും വി
ശപ്പിപ്പനന്നാട്ടിൽനിന്നാട്ടവൻനന്ദനോദ്യാനമൊക്കെത്തകപ്പൻ
നറുമ്പാൽതൊഴും വാണിമാരെപ്പിടിച്ചൊക്കെവില്പൻ കളിപ്പൊ
യ്ക്ക തുറ്റ്പൻ നികേതങ്ങൾ വെട്ടിപ്പൊളിപ്പൻ വിരഞ്ഞാനമേ
ല്പോടു നോക്കി പ്രചണ്ഡധ്വനിപ്രൗഢികൊണ്ടീശ്വരന്മാരെയും
പേപറഞ്ഞിങ്ങനേ, പിന്നെ നാലാം മുഖം കാൺക നിന്നോടുത
ന്നേ രണത്തിന്നു ബദ്ധോദ്യമം നില്പെടാ രാഘവാ നിന്നെ ഞാ
നിന്നുമച്ചന്ദ്രഹാസത്തിനുണ്ണാക്കുവൻ മാമകീ സോദരിപ്പെണ്ണു
താനേ വനാന്തേ നടക്കുന്നനേരം മടുത്താർചരാത്ര്യാ തടംകൊ
ങ്ക പൂണ്മാനിരന്നിട്ട കിട്ടാഞ്ഞു നീ ചെയ്ക കള്ളപ്പിരട്ടിന്നു നന്നാ
യ്ഫലം വന്നുവല്ലീ തിരിഞ്ഞിങ്ങു നില്പെന്തു മണ്ടുന്നതെന്നി—
ത്തരം നിന്നെ നോക്കിത്തുലോം ദുർവചോഗർവിതം കഷ്ട,
മഞ്ചാം മുഖം കാൺക (നിൻ?)ധർമ്മദാരങ്ങൾതന്നെത്തൊടാഞ്ഞു
ള്ള ചെന്താർചരാന്ദാകന്മാഷിതാത്മാ തദീയാൻ ഗ്രുണാ
നോത്തു പൂഞ്ചായൽവാപ്പെത്ര നന്നെത്ര നന്നാനനം കൊങ്ക
മൊട്ടെത്ര നന്നെത്ര നന്നോമൽമധ്യം നടക്കോപ്പമെങ്ങെത്ര നന്ന
ത്തുടക്കാമ്പു സർവത്ര കണ്ടോളവും കൺകളിർപ്പൊന്ന പൂമേനി
കണ്ടാവിതെന്നും പുണർന്നാവിതെന്നും മുകന്നാവിതെന്നേവമാ
ദിപ്രലാപങ്ങൾ കൈക്കൊണ്ടതിവ്യാകുലം വീര! നീ കാണ്മി
ത, മ്ലാനമാറാം മുഖംകൊണ്ടു സംഗ്രാമശംഖം മുഴക്കുന്നിതുൽക്കുല
ഘോരട്ടഹാസം മുനീൻ കൗശികാദീൻ പഴിച്ചേ പറഞ്ഞത്രയും
കഷ്ടമായൊന്നിതേഴാമ, തെട്ടാമതത്യന്തവും നിഷ്ഠരാലോകനം
കൊണ്ടു ചെന്തീക്കനൽക്കട്ട ചിന്നിച്ചു മാറാർകുലത്തിന്നൊ

ന—കോപത്താൽ. വാസവാ—അല്ലയോ ഇന്ദ്ര. വിണ്ണോർ—ദേവന്മാർ. നന്ദനോദ്യാനം—സ്വർഗ്ഗത്തിലെ ആരാമം. നറു ...ണിമാർ—സുന്ദരിമാർ. കളിപ്പൊയ്ക—ജലക്രീഡ ചെയ്യാനുള്ള കുളം. നികേതം—ഇരിപ്പിടം. പ്രചണ്ഡധ്വനിപ്രൗഢി—ഭയങ്കരമായ ശബ്ദത്തിന്റെ ഗാംഭീര്യം. ഈശ്വരന്മാർ—ദേവന്മാർ. രണം—യുദ്ധം. ബദ്ധോദ്യമം—യത്നത്തോടുകൂടി. ചന്ദ്രഹാസം—ചന്ദ്രഹാസം എന്ന വാൾ. രാമകീസോദരി—എന്റെ സഹോദരി. വനാന്തേ-കാട്ടിൽ. മടു...ത്ര്യാ—കാമപീഡയാൽ. ദുർവചോഗർവിതം—നിന്ദാവാക്യത്താൽ അഹങ്കാരത്തോടുകൂടിയതു്. ധർമ്മദാരങ്ങൾ—ധർമ്മപത്നി. ചെന്താ....ത്മാ—കാമവികാരത്തോടുകൂടിയവനായി. തദീയാൻ ഗ്രുണാൻ—അവളുടെ ഗുണങ്ങളെ. ആനനം—മുഖം. സർവത്ര—എല്ലായിടത്തും. ഏവ ..ം—എന്നു തുടങ്ങിയുള്ള പുലമ്പലുകൾ. അതിവ്യാകുലം-വളരെ പരവശം. അമ്ലാനം—വാടാത്ത. സംഗ്രാമശംഖം—യുദ്ധത്തിൽ മുഴക്കുവാനുള്ള ശംഖ്. ഉത്കൃ... സം—വളരെ ഭയങ്കരമായ അട്ടഹാസഗർജിതം. കൗശികാദീൻ മുനീൻ—കൗശികൻ തുടങ്ങിയുള്ള മുനി

രുംപ്പേടി നല്ലീടുമാദ്യമാലംകൃതം പാർത്തുകാൺ, ഒമ്പതാമാ
നനംകൊണ്ടഹോ! സിംഹനാദങ്ങളും ചെയ്യുന്നതാകർണ്ണ്യതാം,
അപ്പയിർ തീർത്തു മാനിക്കുമവ്വണ്ണമാസ്ഥായഗാനോത്സുകം നാഥ!
പത്താം മുഖം.

പിന്നെ മമ്മാ! രിപുപ്രാഭവം കാൺക ഗീർവാണഗംഗാ
തരംഗങ്ങളും മിന്നിക്കളിക്കുന്നപോലേ മിളത്കാന്തിവെൺചാ
മരശ്രേണി വീയുന്നതാലോക്യതാം. പാണ്ഡരച്ഛത്രജാലങ്ങ
ളെണ്ണീടുവാൻ വേല പച്ചത്തഴപ്പൗഡികൊണ്ടംബരേ നീല
മേഘങ്ങളും മങ്ങുന്നപോലേ വിളങ്ങുന്നതെന്തിങ്ങനേ നോക്കി
നില്ക്കുന്നതും? ഹാ ഹന്ത! കണ്ടീടുതന്നേ വെരിണ്ടൊക്കെ
മണ്ടിക്കളഞ്ഞു കപിപ്രൗഢർ; പോർവിപ്പെട്ടുതീട്ടു പോകായ്ക''
യെന്നീദൃശീം പങ്ക്തികണ്ഠാനുജോക്തതാം ഗിരം കേട്ട കോപേ
ന ചാപാഭിധാനം കൊടുമ്പാമ്പു കൈയിൽ പിടിച്ചാശു പോ
രാടുവാനായ് മുതിർന്നു ജഗന്നാഥനന്നേരമായോധനത്തിന്നു
രണ്ടു സിംഹങ്ങളും തമ്മിൽ കളിക്കുന്നപോലേ മറുക്കുന്ന കാകു
ത്സ്ഥ നക്തഞ്ചരേന്ദ്രപ്രഭാവങ്ങളും കാണ്മാൻ വരും ദിവ്യപാ
ളീവിമാനങ്ങളുംകൊണ്ടും നിറഞ്ഞു നഭോമണ്ഡലം കൺകുളിർത്തു
തുലോം നാരദന്നെന്തു ചൊല്ലാവതാശ്ചര്യമാശ്ചര്യമീവണ്ണമു
ള്ളോരു സംഗ്രാമകോലാഹലം കീഴിലുണ്ടായതില്ലെന്നമേ മേ
ലിലുണ്ടായതല്ലംബുവാഹങ്ങളും പൊയ്തീടുമംഭഃകണശ്രേണിപോ
ലേ തദാ സീമയില്ലാതൊളൊം ബാണജാലം തയോശ്ചാപ
ദണ്ഡങ്ങളും വഷ്ചിച്ചു വർഷിച്ചു ദിക്ചക്രമൊക്കെത്തിരോഭൂത
മാസീത്.

മാരെ. അത്യന്തവും—വളരെ. നിഷ്ഠു....നം—കഠിനമായ നോട്ടം. ഉദ്യ...
തം—ഉത്സാഹത്താൽ അലങ്കൃതം. ആകർണ്ണ്യതാം—കേട്ടാലും. ആ...
കം—വേദമന്ത്രം പാടുവാൻ തത്പരമായ.

രിപുപ്രാഭവം—ശത്രുവിന്റെ മേന്മ. ഗീർ...ം—ദേവഗംഗയിലെ
തിരമാലകളും. മിളത്കാന്തി—കാന്തിയോടുകൂടിയ. ആലോക്യതാം—
കണ്ടാലും. പാണ്ഡ....ം—വെൺകൊറ്റക്കുടകളും. അംബരേ—ആകാശ
ത്തിൽ. ഹാഹന്ത—കഷ്ടം. കപിപ്രൗഢർ—വാനരശ്രേഷ്ഠർ. ഈദൃശീം—
ഇവ്വണ്ണമുള്ള. പങ്ക്തി...ക്തതാം—രാവണന്റെ അനുജനാൽ പറയപ്പെട്ട.
ഗിരം—വാക്കിനെ. കോപേന—കോപത്തോടുകൂടി. ചാപാഭിധാനം—വി
ല്ലെന്ന പേരുള്ള. ആശു—വേഗം. ആയോധനം—യുദ്ധം. കാകു....ങ്ങളും—
രാമന്റെയും രാവണന്റെയും മേന്മകളും. ദിവ്യ....ം—ദേവവിമാനപങ്ക്
തികളും. നഭോ....ലം—ആകാശദേശം. സംഗ്രാമം—യുദ്ധം. അംബു ...ം—
മേഘങ്ങളും. അംഭഃ....ണി—ജലബിന്ദുസമൂഹം. തദാ—അപ്പോൾ. സീമ—
അതിരു്. ബാണജാലം—ശരസമൂഹം. തയോഃ—അവർ രണ്ടുപേരുടെ. ദിക്ക്
ചക്രം—ദിങ്മണ്ഡലം, തിരോഭൂതം ആസീത്—മറഞ്ഞുപോയി.

ഗദ്യം 16.

അഥ തയോരുചിതയാനാധിരൂഢയോരുപചിത സമിതി കുതുകയോരിതരേതര സരഭസമാപതിതയോഃ കബന്ധസ്ഥപുല സ്ത്യവംശ ചിത്രകൂടയോരനിശമലക്ഷിത വിസ്മരവിശിഖവി-ദാരിതാവയവം വിസ്മയരസവിസ്മാരിതപരസ്പരവൈരവാനര-നിശാചരനിന്നിമേഷനിരീക്ഷിതമസ്മസമ്പാതസാദ്ധ്വസദുരീ-ഭവദമരലോകമുഖഗളിതസാധുവാദപിച്ഛണ്ഡിലഹരന്മണ്ഡല-മതിഭയാനകം സാമ്പരായികം സമുദജൂംഭത.

ശൈലാസ്ത്രം മാരുതാസ്ത്രത്തിനു ഘനതിമിരാ-
സ്ത്രസ്യ സൂര്യാസ്ത്രമയ്യാ!
മേലേ ദാർവീകരം ഗാരുഡമനു മഹസാ
ചാഗ്നേയൈഃ പാവകാസ്ത്രം
ലോലാത്മാനം ദശഗ്രീവനെ നിപുണതകൊ-
ണ്ടസ്ത്രശസ്ത്രൈർവിജിഗ്യേ
ലീലാവ്യാകൃഷ്ടധന്വാ രഘുകുലകലികാ
സൗരഭീസാരഭൂമാ. 76

രാമക്ഷിപ്താൻ പ്രതീച്ഛത്യയമിഹ വിശിഖാൻ
വക്ഷസാ രാക്ഷസേന്ദ്രഃ
സീതാഹസ്താംബുജന്മാപ്പിതമലയഭവ-
സ്ഥാസകാനന്ദനേന;

ഗദ്യം 16. ഉചിത ...യോഃ—യോഗ്യമായ വാഹനത്തിൽ കയറി യവരായ. ഉപ..... യോഃ—യുദ്ധത്തിൽ കൗതുകം വർദ്ധിച്ചവരായ. ഇത....യോഃ—തമ്മിൽ വേഗത്തിൽ ഏറുമുട്ടിയവരായ. തയോഃ കബ.... യോഃ—ആ രാമരാവണന്മാരുടെ. അനിശം—എപ്പോഴും. അല... വം—കാണാൻ വയ്യാത്ത മട്ടിൽ വേഗമായി പായുന്ന ബാണങ്ങളാൽ പിളർന്ന അവയവങ്ങളോട് കൂടിയ. വിസ്മ....ക്ഷിതം—തമ്മിൽ വിരോധമുള്ള വാനരരാക്ഷസന്മാരുടെ കണ്ണടയാതെയുള്ള അത്ഭുതനോട്ടത്തോട് കൂടിയ. അസ്ത്ര....ലം—ബാണം പാഞ്ഞെത്തുമെന്നുള്ള ഭയത്താൽ അകലെപ്പോയി നില്ക്കുന്ന ദേവകളുടെ സാധുവചനങ്ങളാൽ മുഴക്കപ്പെട്ട ദിങ്മണ്ഡലത്തോട് കൂടിയ. അതിഭയാനകം—വളരെ ഭയങ്കരമായ. സാമ്പരായികം സമുദജൂംഭത—യുദ്ധമുണ്ടായി.

പദ്യം 76. മാരു....സ്ത്രത്തിനു്. വായവീയാസ്ത്രത്തിനു്. ഘന....സ്ത്രം—കനത്ത ഇരുട്ടിനെ ഉണ്ടാക്കുന്ന അസ്ത്രത്തിനു്. സൂര്യാസ്ത്രം—പ്രകാശത്തെ നല്കുന്ന അസ്ത്രം. ദാർവീകരം അനു—നാഗാസ്ത്രത്തെ പിന്തുടർന്നു്. മഹസാ—തേജസ്സോടുകൂടിയ. ഗാരുഡം—ഗരുഡദേവതയെ സംബന്ധിച്ച അസ്ത്രം. പാവകാസ്ത്രം—ആഗ്നേയാസ്ത്രത്തെ. അമ്മയൈഃ ച—ജലീയാസ്ത്രങ്ങളെക്കൊണ്ടും. ലോലാത്മാനം—ചപലചിത്തനായ. ദശഗ്രീവനെ—രാവണനെ. നിപുണത—സാമർത്ഥ്യം. അസ്ത്രശസ്ത്രൈഃ- അസ്ത്രങ്ങളാലും ശസ്ത്രങ്ങളാലും. ലീലാ....ധന്വാ—കളിയെന്ന മട്ടിൽ വലിക്കപ്പെട്ട വില്ലോട് കൂടിയ. രഘു....മാ-ശ്രീരാമൻ. വിജിഗ്യേ—ജയിച്ചു.

സോല്ലാസം ഹാരവല്ലീകവചപരിചിതേ
കിന്തു തസ്മിൻ വിശന്തഃ
സോദ്യോഗം പ്രാരഭന്തേ പുളകമുപനയ-
ന്ത്യുത്കതാം ചാപ്പയന്തി. 77

യദ്രാവണോ ബഹ്വഭിരേവ ഭൃത്യൈഃ കരോതി
തദ്രാഘവഃ പ്രതികരോതി ഭുജദ്വയേന
കർമ്മ ദ്വയോർയദപി തുല്യബലം തഥാപി
ലങ്കാഭടാദ് ദശഗുണം രഘുവീരശില്പം. 78

ഇത്ഥം ദിവാകരകുലാധ്വരരത്നമയ്യാ!
യുദ്ധേ ജയിച്ചളവു കോപകഷായിതാത്മാ
നക്തഞ്ചരാധിപനറുത്തുമുറിച്ചുദഗ്രം
മിഥ്യാകലക്കിനകൃപാണമിവണ്ണമൂചേ. 79

രാമരാവണലക്ഷ്മണന്മാരുടെ വാഗ്വാദം:

''ഭാവംകൊണ്ടിരുതെല്ലാം തെളിവൊട്ടു ഞെളിയേ-
ണ്ടാ ഭവാനിന്നെടാ നിൻ
ഗ്രീവായാം ചന്ദ്രഹാസാസിയെ വടിവിൽ നട-
ത്തീടുമാറുണ്ടസൗ ഞാൻ;

പദ്യം 77. ഇഹ—ഇവിടെ (യുദ്ധത്തിൽ). അയം രാക്ഷസേന്ദ്രഃ—ഈ രാവണൻ. രാമക്ഷിപ്താൻ വിശിഖാൻ—രാമൻ പ്രയോഗിച്ച ശരങ്ങളെ. സീതാ....നേന—സീതയുടെ കരതലത്താൽ അർപ്പിതമായ ചന്ദനം പൂശലിന്റെ ആനന്ദത്തോടു കൂടി. വക്ഷസാ പ്രതീച്ഛതി—നെഞ്ചിൽ ഏറ്റുകൊള്ളുന്നു. കിന്തു—എന്നാൽ. ഹാര....തേ—വള്ളിപോലെയുള്ള ഹാരങ്ങളാലും കവചത്താലും ബദ്ധമായ തസ്മിൻ—അതിൽ (നെഞ്ചിൽ). വിശന്തഃ—വീഴുന്നതുകളായ (ശരങ്ങൾ). സോദ്യോഗം പ്രാരഭന്തേ—വിയർപ്പുവെള്ളത്തെ ജനിപ്പിക്കുന്നു. പുളകം ഉപനയന്തി—രോമാഞ്ചത്തെ ജനിപ്പിക്കുന്നു. ഉത്കതാം ചാർപ്പയന്തി ച— ഔത്സുക്യത്തെ അർപ്പിക്കുകയും ചെയ്യുന്നു.

പദ്യം 78. രാവണഃ—രാവണൻ. ബഹ്വഭിഃ ഭൃത്യൈഃ ഏവ—അനേകം ഭൃങ്ങളാൽത്തന്നെ. യത് കരോതി—യാതൊന്നിനെ ചെയ്യുന്നുവോ. തത്—അതിനെ. രാഘവഃ—രാമൻ. ഭുജദ്വയേന പ്രതികരോതി—രണ്ടു കൈകളാൽ തിരിച്ചു ചെയ്യുന്നു. കർമ്മ—യുദ്ധപ്രവൃത്തി. ദ്വയോഃ—രണ്ടു പേർക്കും. തുല്യബലം യദപി തദപി—സമബലമായുള്ളതാണെങ്കിലും. രഘു....ല്പം—രാമന്റെ പ്രവൃത്തി. ലങ്കാഭടാത് ദശഗുണം—രാവണന്റെ തിൽനിന്നു പതിന്മടങ്ങുള്ളതാകുന്നു.

പദ്യം 79. ഇത്ഥം—ഇപ്രകാരം. ദിവാ....ത്മാ—ശ്രീരാമൻ. യുദ്ധേ—യുദ്ധത്തിൽ. കോപ... ത്മാ—കോപംകൊണ്ടു വ്യാകുലനായ. നക്ത.... പൻ—രാവണൻ. ഉദഗ്രം—ബലമായി. മിഥ്യാ....ണം—വെറുതെ ഇളക്കിയ വാളോടു കൂടിയവണ്ണം. ഊചേ—പറഞ്ഞു.

പദ്യം 80. ഭാവം—അഹംഭാവം. ഗ്രീവായാം—കഴുത്തിൽ. ചന്ദ്ര

നീ വീരന്മാരിലാരെപ്പടപൊരുത്തു ജയി—
ച്ചീ തവ സ്ത്രീവധാദ്യം
പാഴ്വൃത്താന്തം നിനയ്ക്കുന്നവനുമൊരു മഹാ—
പാപിയായ്തീർന്നുകൂടും. 80

എൻ പ്രാഗല്ഭ്യമറിഞ്ഞതില്ലഗതി നീ
ചോദിച്ചുകാൺകെങ്കിലോ—
ജ്ജംഭാരാതിയൊടിന്നുമെത്രയുമിബുധ—
സ്ത്രീകൊങ്കപുല്ലീടിനേൻ,
വമ്പെല്ലാമിതുകൊണ്ടുനിക്കിഹ കുറ—
ഞ്ഞീലൊന്നുമഞ്ഞീടിലും
വമ്പോരാന കടത്തിലിട്ടടനട—
ക്കാമല്ല നില്പുണ്ടു നീ.'' 81

''ആകൃഷ്ടാഃ കബരീഷു യൈരചകിതം
സുത്രാമപൗരാംഗനാ—
യൈർലീലാശിഖരീ ഹരസ്യ രഭസാ—
ദാമൂലമുന്മൂലിതഃ
തേഷാമാർജിതവിശ്വലോകവിജയ—
ക്രീഡാരസശ്ലാഘിനാം
ദോഷ്ണാമദ്യ നിശാചരേന്ദ്ര! ഭവതഃ
സ്ഥേമാനമീക്ഷാമഹേ.'' 82

....യെ—ചന്ദ്രഹാസം എന്ന വാളിനെ. അസൗ ഞാൻ—ഈ ഞാൻ. തവ—നിന്റെ. സ്ത്രീവധാദ്യം—സ്ത്രീവധംകൊണ്ടു തുടങ്ങുന്നതു്. പാഴ്വൃത്താന്തം—പൊട്ടക്കഥ.

പദ്യം 81. പ്രാഗല്ഭ്യം—കഴിവു്. അഗതി—ഗതിയില്ലാത്ത. ജംഭാരാതി—ദേവേന്ദ്രൻ. വിബുധസ്ത്രീ—ദേവസ്ത്രീ. ഇഹ—ഇവിടെ.

പദ്യം 82. നിശാചരേന്ദ്ര—അല്ലയോ രാക്ഷസാധിപ. യൈഃ—യാതൊരു കൈകളാൽ. സുത്രാ ...നാഃ—ദേവസ്ത്രീകളും. അചകിതം—ഭയമില്ലാതെ. കബരീഷു ആകൃഷ്ടാഃ—മുടികളിൽ പിടിച്ചു വലിക്കപ്പെട്ടുവോ. യൈഃ—യാതൊരു കൈകളാൽ. ഹരസ്യ ലീലാശിഖരീ—ശിവന്റെ ക്രീഡാപർവ്വതമായ കൈലാസഗിരി. രഭസാത്—വേഗത്തിൽ. ആമൂലം ഉന്മൂലിതഃ—മൂടോടുകൂടി പിഴുതെറിയപ്പെട്ടുവോ. ആർജി....നാം—സമസ്തലോകത്തെയും കളിയെന്ന മട്ടിൽ ജയിച്ച ശ്ലാഘ്യയോഗ്യങ്ങളായ. തേഷാം ഭവതഃ ദോഷ്ണാം—ആ നിന്റെ കൈകളുടെ. സ്ഥേമാനം—ബലത്തെ. അദ്യ ഈക്ഷാമഹേ—ഇപ്പോൾ ഞാനൊന്നു നോക്കട്ടെ.

1. യ് വന്നു.

''യദ്വാസ്സീമനി തോരണേന സുദ്ധം
ബദ്ധഃ പതിർനാകിനാം
യാതായാതവിധായിരാക്ഷസവധൂ—
ചേലാഞ്ചലാസ്ഫാലിതഃ
തസ്യോല്ലാസിതമുഗ്ധചന്ദ്രമുകട—
ഗ്രാവ്ണോഽപി രക്ഷഃപതേർ—
മത്ത്യഃ കോഽപി ദിദൃക്ഷതേ ഭുജബലം,
കാലായ കർമോ നമഃ. 83

ചൊല്ലേറീടുന്ന സൂര്യാന്വയമുഴുമതിതു—
ന്നുള്ളിൽ വാസ്സും കളങ്ക—
ത്തെല്ലേ! ശല്യം തൊടുത്താ ഭൃഗുസുതനൊടു നീ
വിപ്രഹത്യാധുരീണൻ
അല്ലേ രേ രാമ! മത്സോദരിയൊടു മലർബാ—
ണാത്തനായ് ചെന്നഭീഷ്ടം
ചൊല്ലിക്കേളൊഞ്ഞറുത്തു മുല ഭവദനുജൻ;
നന്നു സൗഭ്രാത്രയോഗം.'' 84

കാമീ ദശാനനനിവണ്ണമുറഞ്ഞു ചൊല്ലും
ഗാമാകലയ്യ കലഹേ കൊടുകോപവേഗാത്
പോയ് മുന്നുമന്തകകൊടുകയറെന്നപോലെ
സൗമിത്രിതൻ പുരികമുഗ്രമുരുണ്ടുണർന്നു. 85

പദ്യം 83. നാകിനാം പതിഃ—ദേവേന്ദ്രൻ. യദ്വാഃസീമനി—യാതൊരുവന്റെ ഗോപുരപ്പടിക്കൽ. തോരണേന—തോരണമാലയാൽ. സുദ്ധം ബദ്ധഃ—ബലമായി പിടിച്ചു കെട്ടപ്പെട്ട് യാതാ....തഃ—പോയും വന്നുമിരിക്കുന്ന രാക്ഷസസ്ത്രീകളുടെ പുടവയുടെ തുമ്പുകളാൽ അടിയേറ്റു കൊണ്ടു കിടന്നുവോ. തസ്യ—അവണ്ണമുള്ള. ഉല്ലാ....വ്ണഃ—ഉല്ലസിക്കപ്പെട്ട കൈലാസപർവ്വതത്തോടു കൂടിയ. രക്ഷഃപതേഃ അപി—രാക്ഷസാധിപന്റെയും. ഭുജബലം—കൈയ്ക്കിനെ. കഃ അപി മർത്ത്യഃ ദിദൃക്ഷതേ—ഒരു മനുഷ്യൻ കാണാൻ ആഗ്രഹിക്കുന്നു. കാലായ നമഃ കർമഃ—കാലനായ്ക്കൊണ്ടു നമസ്സരിക്കട്ടെ.

പദ്യം 84. സൂര്യ ...തി—സൂര്യകുലമാകുന്ന പൂർണ്ണചന്ദ്രൻ. കളങ്കം—മാലിന്യം. ഭൃഗുസുതൻ—പരശുരാമൻ. വിപ്ര ...ണൻ—ബ്രാഹ്മണവധത്തിൽ സമർത്ഥൻ. മത്സോദരി—എന്റെ സഹോദരി. ഭവദനുജൻ—നിന്റെ അനുജനായ ലക്ഷ്മണൻ. സൗഭ്രാത്രയോഗം—സാഹോദര്യച്ചേർച്ച.

പദ്യം 85. കാമീ—കാമുകനായ. ദശാനനൻ—രാവണൻ. ഗാം—വാക്കിനെ. ആകലയ്യ—ധരിച്ചിട്ട്. കലഹേ—യുദ്ധത്തിൽ. കൊടു.... ഗാത്—കഠിനകോപപ്രസരത്താൽ. അന്ത....യർ—യമന്റെ പാശം. സൗമിത്രി—ലക്ഷ്മണൻ. ഉഗ്രം—ഭയങ്കരം.

ഉച്ചൈരാഹ്വയ ചൊന്നാനിനിയ രഘുകുമാ—
രോഽയ ''മെന്തെന്തെടാ! നീ
ദുർജ്ജന്മാ മുമ്പിൽനിന്നാര്യനൊടിതു പറവാൻ
നല്ല നിശ്രീകരൻ നീ
ഇച്ചൊൽകൊണ്ടിന്നുതന്നേ നിശിചരകുലച—
ണ്ഡാല! മത്പാണിപദ്മ—
സ്പന്ദാന്ദോളിതേ വാഗ്മുനയിലനലനിൽ
പാററായായ്പ്പോം തവാംഗം. 86

കാണക്കാണക്കുലഞ്ഞീടിന വിപുലബലോ—
ന്മേഷ സന്മാർഗ്ഗവല്ലീ-
വേനൽച്ചൂടേ! ഫലിച്ചൂ തവ ദുരിതമഹാ—
ശാഖി ശാഖാശിഖാവാൻ;
പ്രാണശ്വാസാനിദാനീം ദശമുഖ! രഘുനാ—
ഥാശ്രുഗണ്ഡംക്കു മുൻപേ
തീനിട്ടത്രേ പുരാ തീണ്ടിയതു ജളമതേ!
ധർമപത്നീം തദീയാം.'' 87

''എന്നേ ധൃഷ്ടാ സുമിത്രാസുത! മമ ഭഗിനീ—
മെന്തു തീണ്ടീ വനാന്തേ
മുന്നം നീ? ചന്ദ്രഹാസത്തിനു പുനരിര പോ—
രാ ഭവാനെന്നു ഖേദം;
ഇന്നാം തോററീടുമാറും പെരിയവരെളിയോർ
തങ്ങളം യോജിക്കുമാറും
നന്നോ നിങ്ങൾക്കു തോന്നുന്നതു? വിപദി ധിയാം
കൈവരും വൈപരീത്യം.'' 88

പദ്യം 86. ഉച്ചൈഃ ആഹ്വയ—ഉറക്കെ വിളിച്ചു്. അയം രഘു.... രഃ—ഈ രഘുകുമാരൻ. ദുർജന്മാ—ദുഷ്ടനായി ജനിച്ചു. ആര്യൻ—പൂജ്യനായ രാമൻ. നിശ്രീകരൻ—മംഗലം കെട്ടവൻ. നിശി....ല—രാക്ഷസകുലത്തിൽ നീചനായുള്ളോവേ. മത്....തേ—എന്റെ കൈത്താമരയാൽ ഇപ്പോംപോലെ ഇളക്കപ്പെട്ട. വാഗ്മു....നിൽ—വാഗ്മുനയാകുന്ന തീയിൽ. തവാംഗം—നിന്റെ ദേഹം.

പദ്യം 87. വിപു....ഷ—അധികബലത്തിന്റെ ഉൽക്കുള്ളവനേ. സന്മാ.....ടേ—സന്മാർഗ്ഗക്കൊടിക്കു വേനൽച്ചൂടായുള്ളോവേ. തവ—നിന്റെ. ദുരി...ഖി—പാപമാകുന്ന വലിയ മരം. ശാഖാ....വാൻ—കവരങ്ങളോടും കൊമ്പുകളോടും കൂടിയതു്. ഇദാനീം—ഇപ്പോഴേ. ദശമുഖ—അല്ലയോ രാവണ. പ്രാണശ്വാസാൻ—പ്രാണധാരകങ്ങളായ ശ്വാസങ്ങളെ. രഘു....ം—രാമബാണങ്ങളും പുരാ—പണ്ടു്. ജളമതേ—അല്ലയോ മന്ദബുദ്ധേ. തദീയാം ധർമപത്നീം—അവന്റെ ധർമദാരങ്ങളെ.

പദ്യം 88. ധൃഷ്ടാ—അല്ലയോ ശാ. സുമിത്രാസുത—ലക്ഷ്മണ. മമ ഭഗിനീം—എന്റെ സോദരിയെ. വനാന്തേ—കാട്ടിൽ. പുനഃ—ആക

''ആശു പോരാ ചന്ദ്രഹാസത്തിനു നിശിചര! ഞാ—
നിന്നു; മത്സായകത്തി—
ന്നാശു പോന്നുതാനുമേറെ പ്രബലതരഭുജ—
ദ്വാഘലിതാ മേഘനാദൻ;
പാപാത്മൻ! നീയുമിന്നെൻ വിശിഖമുനയിൽ വീ—
ണീടുവാൻ കണ്ട ദുഷ്ട—
വ്യാപാരം ചെയ്ത നിന്നോടിത മിഴികളിലാ—
രുന്നു കോപം കലർന്നു.'' 89

''എന്നാലീ പാഴ്മനുഷ്യപ്പുഴുവു കപിതനാ—
യാലെനിക്കെന്തു ഖേദം?
ജന്യത്തിന്നും കയത്താലിവനു പരനൊടി—
ന്നാവതില്ലല്ലനീതേ,
ധന്വീ പെണ്ണുങ്ങളോടെങ്കിലൊരടവു പയ—
റ്റീടുമാഡ്യദ്വിജേന്ദ്രൻ—
തന്നോടും പിന്നെ രാമൻ കിമപി കപിയൊടും
നില്ലെടാ ലക്ഷ്മണാ! നീ.'' 90

''കേട്ടാലും ദുഷ്ട! രക്ഷഃപ്രഭുജള! നര—
നെന്നിട്ടതിക്കാരമേറെ—
ക്കാട്ടേണ്ടാ പണ്ടു നീ ഹേഹയപുരിയിൽ വസൻ
പിച്ചകൊണ്ടെച്ചിലുണ്ടോൻ,
തോട്ടേണ്ടാ വാനരന്മാരൊടുമിനിയ ഭവാൻ
ബാലിതൻ വാൽത്തലയ്ക്കൽ
കൂട്ടില്ലാതേ കിടന്നോൻ പല ദിനവുമതോ—
ക്കാനമാമോക്കിലാക്കും.'' 91

ഇത്ഥം കിഴിച്ചു പറയുന്ന കുമാരനോടു—
ണ്ടെത്തീ ദശാനനനിളക്കി രുഷാ കൃപാണം;

ട്ടെ. ചന്ദ്രഹാസം—ചന്ദ്രഹാസം എന്ന രാവണന്റെ വാൾ. ഖേദം—ദുഃഖം. വിപദി—ആപത്തിങ്കൽ. ധിയാം—ബുദ്ധികൾക്കു്. വൈപരീത്യം—വിപരീതഭാവം.

പദ്യം 89. നിശിചര—അല്ലയോ രാക്ഷസ. മത്സായകം—എന്റെ ബാണം. പ്രബ....മാ—അധികമായ കൈയുക്കോടു കൂടിയ. പാപാത്മൻ—അല്ലയോ ദുഷ്ടബുദ്ധേ. വിശിഖം—ശരം. ആര്യനു്—രാമനു്.

പദ്യം 90. ജന്യം—യുദ്ധം. പരൻ—അന്യൻ. അല്പനീതേ—നയം ചുരുങ്ങിയവനേ. ധന്വീ—വില്ലാളി. ആഢ്യ....ന്ദ്രൻ—ശ്രേഷ്ഠബ്രാഹ്മണൻ. കിമപി—കുറഞ്ഞൊന്നു്. കപി—വാനരൻ.

പദ്യം 91. രക്ഷഃപ്രഭുജള—ജളനായ രാക്ഷസാധിപ. വസൻ—താമസിച്ചപ്പോഴും.

പദ്യം 92. ഇത്ഥം—ഇവ്വണ്ണം. രുഷാ—കോപത്താൽ. കൃപാണം

സ്ഥിത്വാ തദാ വിരവിനോടിടപുക്ക നിന്നു
യുദ്ധായ രാഘവനുദിത്വരശൗര്യഭ്രമാ. 92

''സ്ത്രീവിപ്രൈണവനൗകസാം വിജയിനം
രാജ്യാത് ക്രമോപാഗതാദ്
ഭ്രഷ്ടം മൂലഫലാശിനം ലഘുധിയാ–
മഗ്രേസരം രാഘവ!
ജാനേ ത്വാമനരണ്യവംശനൃപതിം;
ജാനാസി മാം ത്വം തു നോ
ദോർദണ്ഡപ്രതിഘാതവേഗപരിഭ്ര–
ന്തൈരാവണം രാവണം.'' 93

''ന ദ്വയേ നഃ പൂർവം നൃപതിമനരണ്യം യദവധീർ–
ജയോ വാ മൃത്യുർ വാ യുധി ഭുജ്യതാം കഃ പരിഭവഃ;
ഇദം തു ത്വാം കാരാഗൃഹനിഗളിതം ഹേഹയപതേഃ
പുലസ്ത്യോ യദ് ഭിക്ഷാമകൃത കൃപണം തദ് വ്യഥയതി.''

രാവണവധവർണ്ണനം:

വേദാനോദ്ധരനാതിന്നും പശുപതിനുതി തേ–
ടുന്നതിനും ബലാലൊ–
ന്നേതേനും കൊണ്ടതില്ലമ്പുകളവിടെ നടെ
വമ്പെഴും താടകാരേഃ,

–വാളിനെ. തദാ–അപ്പോൾ. സ്ഥിത്വാ–ഹസിച്ചിട്ട്. ഉദി....മാ–വളർന്ന ശൗര്യോൽക്കർഷത്തോടു കൂടിയവൻ. യുദ്ധായ–യുദ്ധത്തിനായി.

പദ്യം 93. രാഘവ–അല്ലയോ രാമ. സ്ത്രീ....സാം വിജയിനം–സ്ത്രീ ബ്രാഹ്മണൻ മാൻ വനവാസികളും ഇവരെ ജയിച്ചവനും. ക്രമോ... ത് രാജ്യാത് ഭ്രഷ്ടം–ക്രമപ്രാപ്തമായ രാജ്യത്തിൽനിന്നു പുറംതള്ളപ്പെട്ടവനും. മൂല....നം–കായ്കിഴങ്ങുകളെ ഭക്ഷിക്കുന്നവനും. ലഘുധിയാം അഗ്രേസരം–അല്പബുദ്ധികളിൽ മുമ്പനും ആയ. ത്വാം–നിന്നെ. അനര ...ശ്രം ജാനേ–അനരണ്യന്റെ വംശത്തിൽ പിറന്ന മനുഷ്യശ്രേഷ്ഠനായി ഞാനറിയുന്നു. ത്വാം തു–നിയാകട്ടേ. ദോർദ ...ണം രാവണം മാം നോ ജാനാസി–ബാഹുദണ്ഡങ്ങളെക്കൊണ്ടുള്ള തിരിച്ചടിയുടെ ഊക്കുകൊണ്ടു തോറ്റുപോയ ഐരാവതത്തോടുകൂടിയ രാവണനായ എന്നെ അറിയുന്നില്ല.

പദ്യം 94. നഃ പൂർവം നൃപതിം അനരണ്യം–നമ്മുടെ പൂർവികനായ അനരണ്യരാജാവിനെ. അവധീഃ ഇതി യത–നീ കൊന്നു എന്നു യാതൊന്നോ(അതിൽ). ന ദ്വയേ–ഞാൻ ദ്വയിക്കുന്നില്ല. ഭുജ്യതാം–കൈയ്ക്കുള്ള വർക്കു്. യുധി–യുദ്ധത്തിൽ. ജയഃ വാ മൃത്യുഃ വാ–ജയമോ മരണമോ (ഉണ്ടാകും). കഃ പരിഭവഃ–(അതിൽ)പരിഭവമെന്താണു്. ഹേഹയപതേഃ–ഹേഹയരാജാവിന്റെ. കാരാ....തം ത്വാം–ജയിലിൽ ബദ്ധനായ നിന്നെ (കേട്ടിട്ടു്) പുലസ്ത്യഃ ഭിക്ഷാം അകൃത (ഇതി) യത്–പുലസ്ത്യൻ ഭിക്ഷയെ നടത്തി എന്നതു യാതൊന്നോ. കൃപണം തത് ഇദം തു വ്യഥയതി–ദീനമായ ഇക്കാര്യമാകട്ടെ ദുഃഖിപ്പിക്കുന്നു.

മീതേ വക്ത്രേന്ദ്രവക്ത്രത്തിന മുനിനിവഹാൻ
കൊന്നതിന്നന്നതിന്നും
സീതാസ്സോത്രങ്ങൾ ചൊല്ലുന്നതിനുമുടനുടൻ
കൊണ്ടു കണ്ണും മുറിഞ്ഞു. 95

വിശ്വാജ്ഞാദ്യാനദക്ഷാക്ഷരമുഖരമുഖം
ചന്ദ്രഹാസോപപാദ്യ—
പ്പേദശ്രീഡാരസജ്ഞം പ്രസരദനവധി—
ക്രോധഹുങ്കാരധാരി
സാർദ്ധം ശ്രദ്ധാന്തനാരീനയനസലിലയ സാ
പേക്ഷിതം ദേവദാരൈ—
രാകണ്ഠം ദാശകണ്ഠം കമപതദവനൗ
രാമഭദ്രാസ്സുലൂനം. 96

അറുവീണിത്ര ദശാനനൻതല ദിശാസു
ശാതശരമേറുടൻ
മറുമൊന്നതിൽ മുളച്ചനേരമതിവിസ്മ—
യം ഭുവനവാസിനാം
അറനില്ലതിനു താദൃശക്രമമനുസ്ത്ര—
ളം വിധിവിനിർമ്മിതം
മുറുമസ്യ കുഹനാശതങ്ങളവസാന—
മില്ല കരുതുംവിധൗ. 97

പദ്യം 95. വേദാൻ—വേദങ്ങളെ. പത്ര ...തി—ശ്രീവസ്തുതി. താടകാരേ:—ശ്രീരാമന്റെ. വക്ത്രേന്ദ്രവക്ത്രം—രാവണന്റെ മുഖം. മുനി....ൻ മുനിമാരുടെ കൂട്ടങ്ങളെ.

പദ്യം 96. വിശ്വാ....ഖം—ലോകക്കു് ആജ്ഞ നല്കുന്നതിൽ സമർത്ഥങ്ങളായ അക്ഷരങ്ങളെ ഉച്ചരിക്കുന്ന മുഖത്തോടുകൂടിയതും. ചന്ദ്ര....ജ്ഞം—ചന്ദ്രഹാസത്താൽ വെട്ടിപ്പിളർക്കുന്നതിലുള്ള രസത്തെ അറിയുന്നതും. പ്രസര....രി—വർദ്ധിച്ച കോപത്താൽ ഹുങ്കാരശബ്ദത്തെ പുറപ്പെടുവിക്കുന്നതും ആയ. ദാശകണ്ഠം—രാവണന്റെ തല. ശ്രദ്ധാ ...സാ സാർദ്ധം—അന്തഃപുരസ്ത്രീകളോടു കണ്ണുനീരോടുകൂടിയും. ദേവദാരൈ: പ്രേക്ഷിതം—ദേവസ്ത്രീകളാൽ നോക്കപ്പെട്ടും. ആകണ്ഠം—കഴുത്തുവരെ. രാമ....നം—ശ്രീരാമന്റെ ബാണത്താൽ ഛേദിക്കപ്പെട്ടതായി. അവനൗ—ഭൂമിയിൽ. അപതത്—വീണു.

പദ്യം 97. ദിശാസു—ദിക്കുകളിൽ. ശാതശരം—മൂർച്ചയുള്ള ബാണം ഭുവനവാസിനാം—ലോകക്കു്. അതിവിസ്മയം—വളരെ അദ്ഭുതം. താദൃശക്രമം—അവണ്ണമുള്ള രീതി. അനസ്ത്രളം—തടവില്ലാത്തതു്. വിധി... തം—ബ്രഹ്മാവു നിശ്ചയിച്ചതു്. അസ്യ—ഇവന്റെ. കുഹ.. ങ്ങം—അസംഖ്യം വഞ്ചനകളും. കരുതുംവിധൗ—കരുതുമ്പോഴും.

ഛിന്നം ശിരോ നിപതദംബരതസ്തദേതേ—
ദാദായതേന നിജമേവ ദശാനനേന
ക്ഷിപ്തം ച വക്ഷസി കകുത്സ്ഥകുലോദ്ഭവസ്യ
ജാതം ച കുഡ്മളിതപങ്കജചാരു തത്ര. 98

ഛിന്നോദ്ഗതാ വഹതി കാർമുകമസ്യ മുഷ്ടിർ,—
ലൂനോദിതഃ ശരവരം ച കരഃ കരോതി;
ഛിന്നോത്ഥിതം ച മുഖമർപ്പിതദൃഷ്ടി ലക്ഷേ;
ചിത്രം ദശാസ്യകുഹനാ വചസാമഭൂമിഃ. 99

ചിത്രം മുറിച്ചതു മുറിച്ചതുടൻ മുളച്ചും,
മദ്ധ്യേ മുളച്ചതു മുളച്ചതുടൻ മുറിച്ചും
മെത്തും ജഗത്രിതയമദ്ധ്യനിവാസിനാം വ—
ന്നത്യന്തവിസ്മയരസം ബത! വാഴ്ക്കവല്ലോൻ. 100

വിശ്വാമിത്രനെയും വണങ്ങി മനസാ
വൈരിഞ്ചമസ്ത്രം പ്രിയാ—
വിശ്ലേഷാമയ ഭേഷജം ബത തൊട്ട—
ത്താലക്ഷ്യ നിൽപ്പും വിധൗ
സച്ചിന്മാധുരിയിൽ കലർന്ന പരമാ—
നന്ദപ്രകാശാത്മികാ
വിശ്വവ്യാപിനി യാപി കാപി വവ്വധേ
തസ്യ പ്രഭാകന്ദളീ. 101

പദ്യം 98. അംബരതഃ—ആകാശത്തിൽനിന്നു്. നിപതതു്—വീഴുന്നതായ. തതു് ഏതതു് ഛിന്നം നിജം ശിരഃ—ആ ഈ ഛേദിക്കപ്പെട്ട തന്റെ തല. ആദായ—എടുത്തിട്ടു്. തേന ദശാനനേന—ആ രാവണനാൽ. കക... സ്യ—രാമന്റെ. വക്ഷസി—നെഞ്ചിൽ. ക്ഷിപ്തം ച—നിക്ഷേപിക്കപ്പെടുകയും ചെയ്തു. തത്ര—അവിടെ. കുഡ്മ....തു ജാതം ച—താമരമൊട്ടുപോലെ മനോഹരമായി ഭവിക്കുകയും ചെയ്തു.

പദ്യം 99. ഛിന്നോദ്ഗതാ അസ്യ മുഷ്ടിഃ കാർമുകം വഹതി—മുറിഞ്ഞു പൊങ്ങിയ ഇവന്റെ ചുരുട്ടിപ്പിടിച്ച കൈയ് വില്ലിനെ ധരിക്കുന്നു. ലൂനോദിതഃ കരഃ ച ശരവരം കരോതി—മുറിഞ്ഞുപൊങ്ങിയ കരവും ബാണത്തെ ധരിക്കുന്നു. ഛിന്നോത്ഥിതം മുഖം ച ലക്ഷ്യ അർപ്പിതദൃഷ്ടി—മുറിഞ്ഞു പൊങ്ങിയ മുഖവും ലക്ഷ്യത്തിൽ നോട്ടം പതിക്കുന്നു. ചിത്രം—ആശ്ചര്യം. ദശാ....സ്യ—രാവണന്റെ മായ. വചസാം അഭൂമിഃ—വാചാമഗോചരം.

പദ്യം 100. മദ്ധ്യേ—നടുക്കു്. ജഗ....നാം—മൂന്നുലോകത്തിനുമകത്തു വസിക്കുന്നവരുടെ. അത്യ....സം—അധികമായ അദ്ഭുതരസം.

പദ്യം 101. മനസാ വണങ്ങി—ധ്യാനിച്ചിട്ടു്. പ്രിയാ... ....ശ്ലേ—കാന്തയുടെ വിയോഗമാകുന്ന രോഗത്തിനു മരുന്നായ. വൈരിഞ്ചം അസ്ത്രം—ബ്രഹ്മാസ്ത്രത്തെ. ബത—ആശ്ചര്യം. ആലക്ഷ്യ നിൽപ്പും വിധൗ—ലാക്കുനോക്കി നിൽക്കുമ്പോൾ. സച്ചിന്മാധുരി—സച്ചിത്സുഖം.

''ഭോ ലങ്കേശ്വര! ദീയതാം ജനകജാ
രാമഃ സ്വയം യാചതേ
കോഽയം തേ മതിവിഭ്രമഃ സ്മര നയം,
നാദ്യാപീ കിഞ്ചിദ് ഗതം;
നൈവം ചേത് ഖരദൂഷണത്രിശിരസാം
കണ്ഠാസൃജാ പങ്കിലഃ
പത്നീ നൈവ സഹിഷ്യതേ മമ ധനുർ—
ജ്യാബന്ധബന്ധുഃ കൃതഃ. 102

ഭോ ലങ്കാനാഥ! വിശ്വപ്രഥിതനവയശോ—
ഭാജനീഭൂതമേനം
രക്ഷാത്മാനം നയാബ്ജേ! ജനകനൃപസുതാ
ദീയതാം യാചതോ മേ
നൈവം ചേത് ത്വദ്ഭുജപ്രൗഢിമകബളനലീ—
ലോല്ലളദ്ബാലിവക്ഷോ—
രക്തസ്രോതോജ്ജടാലോ മമ കരകലിതഃ
സായകോ നൈവ സോഢാ. 103

പരമാ....കാ—പരമാനന്ദപ്രകാശരൂപമായ. വിശ്വവ്യാപിനീ—ലോകമ
ത്രയും വ്യാപിക്കുന്ന. യാ അപി കാ അപി—അനിർവചനീയമായ. പ്ര
ഭാകന്ദളീ—കാന്തിപ്രരോഹം. തസ്യ—അവന്നു് (രാവന്നു്). വവൃധേ—വർ
ദ്ധിച്ചു

പദ്യം 102. ഭോ ലങ്കേശ്വര—അല്ലയോ ലങ്കാധിപ. ജനകജാ ദീയ
താം—സീതയെ തന്നാലും. രാമഃ സ്വയം യാചതേ—രാമൻ നേരിൽ പ്രാ
ർത്ഥിക്കുന്നു. അയം തേ മതിനിഭ്രമഃ കഃ—ഈ നിന്റെ ബുദ്ധിഭ്രമം ഏ
ന്തോന്നു്. നയം സ്മര—നീതിയെ ഓർക്കുക. അദ്യാപി കിഞ്ചിത് ന
ഗതം—ഇപ്പോഴും ഒന്നും പോയിട്ടില്ല. ഏവം ന ചേത്—അങ്ങനെയല്ലെ
കിൽ. ഖര....സാം കണ്ഠാസൃജാ പങ്കിലഃ—ഖരദൂഷണത്രിശിരസ്സുകളുടെ
കഴുത്തിലെ രക്തം പുരണ്ട. ധനുർജ്യാ .. തഃ—വിൽ ഞാണിൽ തൊടുത്ത.
മമ പത്നീ—എന്റെ ശരം. ന സഹിഷ്യതേ ഏവ—സഹിക്കുകയില്ലതന്നെ.

പദ്യം 103. ഭോ ലങ്കാനാഥ—അല്ലയോ ലങ്കാധിപ. നയാബ്ജേ—
നീതിക്കു് ഇരിപ്പിടമായുള്ളോവേ. വിശ്വ....തം ഏനം ആത്മാനം ര
ക്ഷ—ലോകത്തിൽ പ്രസിദ്ധി നേടിയ പുതിയ കീർത്തിക്കു പാത്രമായി
ത്തീർന്നിരിക്കുന്ന ഈ ആത്മാവിനെ രക്ഷിച്ചാലും. യാചതഃ മേ ജനക
സുതാ ദീയതാം—പ്രാർത്ഥിക്കുന്ന എനിക്കു സീതയെ തന്നാലും. ഏവം
ന ചേത്—അങ്ങനെയല്ലെങ്കിൽ. ത്വദ്ഭു....ലഃ—നിന്റെ കൈയ്യക്കിനെ
വിഴുങ്ങുന്ന കളിയിൽ ലയിച്ചു തിരുത്ത ബാലിയുടെ നെഞ്ചിലെ രക്തം
അണിഞ്ഞ. മമ കരകലിതഃ സായകഃ—ഞാൻ കൈയിൽ ധരിച്ചിരി
ക്കുന്ന ബാണം. ന സോഢാ ഏവ—സഹിക്കുകയില്ലതന്നെ.

ബാണോഽയം മമ താടകാസ്രസരസി
സ്നാതഃ സ്വസുർനാസികാ—
പ്രാണായാമപരഃ ഖരത്രിശിരസോർ—
ഹൃത്വാ ശിരാംസ്യാഹുതിം
മാരീചം ച ബലിം നിധായ പുനര—
പ്യാചമ്യ വാരാന്നിധൗ
ഭോക്തും രാവണമാമിഷം മൃഗയതേ,
ഭോ ദീയതാം മൈഥിലീ.'' 104

ആകൃഷ്യേ യുധി കാർമ്മുകേ സമഗമദ്
വാമഃ കരോഽഗ്രേസരോ
''രേരേ ദക്ഷിണഹസ്ത! ഭോജനമഹാ—
ദാനാദി തേ തനവതഃ
പശ്ചാദ് ഗന്തുമയുക്ത''മിത്യഥ പുനഃ
സോഽപ്യബ്രവീദ് ''രാഘവം
പ്രഷ്ടും പ്രാദ്രവമാശു രാവണശിരോ—
വൃന്താനി കൃന്താനി കിം?'' 105

പദ്യം 104. അയം മമ ബാണഃ—ഈ എന്റെ ശരം. താട....സി—താടകയുടെ രക്തക്കളത്തിൽ. സ്നാതഃ—കുളികഴിച്ചതായി. സ്വസുഃ—സോദരിയായ ശൂർപ്പണഖയുടെ നാസി....രഃ—മൂക്കിലെ പ്രാണായാമത്തിൽ താത്പര്യമുള്ളതായി. ഖരത്രിശിരസോഃ ശിരാംസി ആഹുതിം ഹൃത്വാ—ഖരന്റെയും ത്രിശിരസ്സിന്റെയും തലകളെ ആഹുതിയായി ഹോമിച്ചിട്ട്. മാരീചം ബലിം നിധായ ച—മാരീചനെ ബലിയാക്കിച്ചെയ്തിട്ടും. വാരാന്നിധൗ—സമുദ്രത്തിൽ. പുനഃ അപി ആചമ്യ—പിന്നെയും ആചമനം ചെയ്തിട്ടും. രാവണം ആമിഷം ഭോക്തും—രാവണനെന്ന ആമിഷം ഭക്ഷിക്കുന്നതിനു്. മൃഗയതേ—അന്വേഷിക്കുന്നു. ഭോ മൈഥിലീ ദീയതാം—അല്ലയോ സീതയെ തന്നാലും. കുളിയും പ്രാണായാമവും ഹോമവും ബലിവിധാനവും സമുദ്രാചമനവും പിന്നെ ഭോജനവും വൈദികക്രിയകളിൽ കർത്താവിനു് ആവശ്യമാണു്.

പദ്യം 105. യുധി—യുദ്ധത്തിൽ. കാർമുകേ ആകൃഷ്യേ സതി—വില്ലുവലിക്കപ്പെട്ടപ്പോൾ. വാമഃ കരഃ—വാമഹസ്തം. അഗ്രേസരഃ സമഗമത്—മുമ്പിൽ ഗമിച്ചു. രേ രേ ദക്ഷിണഹസ്ത—അല്ലയോ ദക്ഷിണകരമേ. ഭോജനാദി തേ തനവതഃ പശ്ചാത് ഗന്തും അയുക്തം—ഭോജനവും മഹാദാനങ്ങളും നല്കുന്ന നിനക്കു പുറകോട്ടു പോവുക എന്നതു യുക്തമല്ല. ഇതി—എന്നു്. അഥ പുനഃ—പിന്നെയാകട്ടെ. സഃ അപി—കരവും. അബ്രവീത്—പറഞ്ഞു. രാഘവം പ്രഷ്ടും ആശു പ്രാദ്രവം—രാമനോടു ചോദിക്കുവാൻ ഞാൻ വേഗത്തിൽ പോയി. രാവ ...നി കിം കൃന്താനി—രാവണന്റെ തലകളുടെ ഞെട്ടികളെ ഞാൻ ഛേദിക്കട്ടോ.

ഇതി ഗിരമുപകർണ്ണ്യ തത്ക്ഷണോദ്യ-
ന്മതിമഹിമാ ദശകണ്ഠനഃപ്രമോദാത്
സമധികമിളകം തദീയ തേജഃ-
സ്ഥിതിയിലവൈക്ഷത വൈഷ്ണവം വിലാസം. 106

കണ്ടാൻ പൊന്നിൻകിരീടം മരതകപരിഘാൻ
വെന്ന ബാഹുക്കളെ നാലും
കണ്ടാൻ കണ്ടാൻ മഹാലക്ഷ്മിയെയുമുരസി നാ-
ഭൗ നറും പൂവു കണ്ടാൻ
കണ്ടാൻ പൂവാട കണ്ടാൻ തിരുമടിയിൽ മഹീം
ഭോഗി പര്യങ്കവാസ്തും
കണ്ടാൻ കണ്ടാൻ ഖഗേന്ദ്രം ദശവദനനതേ-
യല്ല പാലാഴി കണ്ടാൻ. 107

''പ്രാദുർഭൂതോ യദി സ്യാദ് ഭുവനഗുരുരസൗ
ഭൂതലേ മന്നിമിത്തം
തദ് ഭദ്രം നാത്ര ഭീതിർമമ ഭവതു ഭുവോ
ഭാരഭംഗോ ഹി ഭൂയാൻ
ഭാവിന്യർത്ഥേ ന മുഹ്യന്ത്യധിഗതവിഭവാ
ഭവ്യഭൂതാഃ പുമാംസോ
നൈവം താം ദദ്മി ദേവീം വപുരിദമധുനാ
വിഷ്ണവഹൗ ജുഹോമി. 108

പദ്യം 106. ഇതി ഗിരം ഉപകർണ്ണ്യ–എന്നീ വാക്കു കേട്ടിട്ട്. തത്ക്ഷ ...മാ–തത്കാലം ഉദിച്ച ബുദ്ധിമാഹാത്മ്യത്തോടുകൂടിയ. ദശകണ്ഠൻ –രാവണൻ. ഉൽപ്രമോദാത്–അകമേ സന്തോഷം നിമിത്തം. സമധികം–അധികമായി. തദീ....തിയിൽ–അവന്റെ കാന്തിസമൂഹത്തിൽ. വൈഷ്ണവം വിലാസം–വിഷ്ണുവിന്റേതായ മേന്മയെ. അവൈക്ഷത–കണ്ടു.

പദ്യം 107. കിരീടം–മകുടം. മര....ൻ–മരതകമയമായ പരിഘങ്ങളെ. ബാഹു–കൈയ്. ഉരസി–മെഞ്ചിൽ. നാഭൗ–പൊക്കിളിൽ. മഹീം–ഭൂമിദേവിയെ. ഭോഗിപര്യങ്കം–സർപ്പമാകുന്ന കിടക്ക. ഖഗേന്ദ്രം –ഗരുഡനെ. ദശവദനൻ–രാവണൻ.

പദ്യം 108. ഭുവനഗുരുഃ അസൗ–ലോകഗുരുവായ ഇവൻ. ഭൂതലേ –ഭൂമിയിൽ. മന്നിമിത്തം–എനിക്കുവേണ്ടി. യദി പ്രാദുർഭൂതഃ–സ്യാൽ–ആവിർഭവിച്ചവനായിരിക്കുമെങ്കിൽ. തത്–അതു്. ഭദ്രം–നല്ലതുതന്നെ. അത്ര–ഇതിൽ. മമ ഭീതിഃ ന–എനിക്കു പേടിയില്ല. ഹി ഭുവഃ ഭൂയാൻ ഭാരഭംഗഃ ഭവതു–എന്തെന്നാൽ ഭൂമിക്കു വലിയ ഭാരക്കുറവു് ഉണ്ടാകട്ടേ. അധീ....വാഃ ഭവ്യഭൂതാഃ പുമാംസഃ–ഐശ്വര്യം നേടി കുശലികളായ മഹാന്മാർ. ഭാവിനി അർത്ഥേ–വരാൻപോകുന്ന കാര്യത്തിൽ. ന മുഹ്യന്തി–മോഹത്തെ പ്രാപിക്കുന്നവരല്ല. ഏവം–ഇവ്വണ്ണം. താം ദേവീം ന ദദ്മി–ആ സീതാദേവിയെ ഞാൻ കൊടുക്കുന്നില്ല. അധുനാ–ഇപ്പോൾ. ഇദം വപുഃ–ഈ ശരീരത്തെ.

''ഭോ ഭോ രാമ ന ദീയതേ ജനകജാ
പൂർവ്വം മയാ ഹ്യാഹൃതാ
സ്ത്രീരത്നം ഭുവനേഷു താം ദശമുഖഃ
കസ്മൈ പുനർദാസ്യതി
ലീലാനിർജ്ജിതവിശ്വചക്രവിപുലോ-
ല്ലാസേഷു തിഷ്ഠത്സഹോ!
മദ്ബാഹാപരിഘേഷു മാനുഷപശോ!
വാഗ്ഭിർബിഭീമഃ കഥം? 109

കൈലാസാദുത്തരസ്യാം ഭുവി ധരണിഭൃതാം
പാണ്ഡരശ്ലത്രുഷണ്ഡാത്
പാതാളേ പന്നഗേന്ദ്രാദ് ദിവി സുരസദനേ
ദേവദന്താവളാച്ച
ജാതം ദോർദണ്ഡപിഷ്ടാദിവ ധവളതരം
പിഷ്ടപേഷപ്രസൂപ്തം
സീതാദാനേന ന സ്വം മലിനയതി യശോ
രാമ! ലങ്കേശ്വരോഽയം. 110

വിഷ്ണവഹ്നാ—വൈഷ്ണവമായ അഗ്നിയിൽ. ജുഹോമി—ഞാൻ ഹോമിക്കുന്നുണ്ട്.

പദ്യം 109. ഭോ ഭോ രാമ—എടോ രാമ. പൂർവം മയാ ആഹൃതാ സ്ത്രീരത്നം ജനകജാ ഹി ന ദീയതേ—പണ്ട് എന്നാൽ അപഹരിച്ചുകൊണ്ടുവരപ്പെട്ട സ്ത്രീരത്നമായ സീതയെ ഞാൻ തരുന്നില്ല. ദശമുഖഃ—രാവണൻ. ഭുവനേഷു കസ്മൈ പുനഃ—ലോകങ്ങളിൽ ആർക്കെന്ന പോൽ. താം ദാസ്യതി—അവളെ കൊടുക്കാൻപോകുന്നതു്? മാനുഷപശോ—അല്ലയോ മനുഷ്യപ്പശുവേ. ലീലാ....ഷു മദ്ബാ....ഷു തിഷ്ഠത്സു—കളിയെന്ന മട്ടിൽ ലോകങ്ങളെ ജയിച്ചു വളരെ ശോഭിക്കുന്ന എന്റെ ബാഹുക്കളാകുന്ന പരിഘങ്ങൾ ഉള്ളപ്പോൾ. വാഗ്ഭിഃ—നിന്റെ വാക്കുകളാൽ. കഥം ബിഭീമഃ—നാം എങ്ങനെ ഭയപ്പെടും?

പദ്യം 110. കൈലാസാത് ഉത്തരസ്യാം ഭുവി—കൈലാസപർവതത്തിൽനിന്നു വടക്കുള്ള ഭൂമിയിൽ. ധരണിഭൃതാം പാണ്ഡ...ത്—രാജാക്കളുടെ വെൺകൊറ്റക്കുടകളിൽനിന്നും. പാതാളേ—പാതാളലോകത്തിൽ. പന്നഗേന്ദ്രാൽ—സർപ്പരാജനിൽനിന്നും. സുരസദനേ—ദേവന്മാരുടെ വസതിയായ. ദിവി—സ്വർഗ്ഗത്തിൽ. ദേവ....ളാത് ച—ഐരാവതമെന്ന ആനയിൽനിന്നും. ദോർദ....ത് ഇവ—ദണ്ഡാകാരമായ ബാഹുക്കളെക്കൊണ്ടു മഥനം ചെയ്തുകൊണ്ടോ എന്നു തോന്നുമാറു്. പിഷ്ടപേ ...പ്തം—പിഷ്ടത്തിനെ വീണ്ടും പേഷണം ചെയ്തിട്ടു്. ജാതം ധവളതരം സ്വം യശഃ—ഉണ്ടായ അധികം ധവളമായ തന്റെ കീർത്തിയെ. അയം ലങ്കേശ്വരഃ—ഈ ലങ്കാധിപൻ. സീതാദാനേന—സീതയുടെ ദാനത്താൽ. ന മലിനയതി—മലിനമാക്കുകയില്ല. രാമ—അല്ലയോ രാമ.

ന ദീയതേ ജനകസുതാ മയാ ഹ്യതാ
ന ദീയതേ ത്രിജഗതി രത്നസമ്മതാ
ന ദീയതേ വിജയപഥാന്വയായിനീ
മനസ്വിനാം മന്വജ! ന ജാതു സംഭ്രമഃ. 111

എന്നും തരുന്നീല തരം വരാ മ—
ററിന്നേ മരിച്ചീടുകിലേറെ നല്ല
എന്നുള്ളറിഞ്ഞോനഹമസ്മി ധീമാ—''
നെന്നിങ്ങനേ വാക്യവുമാബഭാഷേ. 112

തേന മന്ത്രപ്രയുക്തേന
നിമേഷാദ്ധ്യാദശാതയത്
രാമോ രിപുശിരഃപങ്ക്തി—
മജ്ഞാതവ്രണവേദനാം. 113

തദനു രാമശരാസനനിസ്സര—
ന്മഹിതസായകഖണ്ഡിതകന്ധരഃ
ദശമുഖഃ പ്രവിവേശ സുരാലയം
സുചിരസംസ്രവനിഹ്നുതകൗതുകഃ. 114

രാവണവധംകൊണ്ടു ലോകർ സന്തോഷിച്ചതിനെയും ശ്രീരാമൻ കൃതാർത്ഥനായതിനെയും വണ്ണിച്ചുകൊണ്ടു പ്രബന്ധമുപസംഹരിക്കുന്നു:

പദ്യം 111. മന്വജ—അല്ലയോ മനുഷ്യ. മയാ ഹ്യതാ ജനകസുതാ ന ദീയതേ—എന്നാൽ അപഹരിക്കപ്പെട്ട സീതയെ ഞാൻ തരുകയില്ല. ത്രിജഗതി രത്നസമ്മതാ ന ദീയതേ—എന്തെന്നാൽ മുന്നു ലോകത്തിലും ശ്രേഷ്ഠമായി സമ്മതിക്കപ്പെട്ട വസ്തു കൊടുക്കപ്പെടുന്നില്ല. വിജ....നീ ന ദീയതേ—വിജയമാർഗ്ഗത്തെ അനുസരിക്കുന്നവരും കൊടുക്കപ്പെടുകയില്ല. മനസ്വിനാം സംഭ്രമഃ ജാതു ന—മനസ്വികൾക്കു പരിഭ്രമം എന്നതു് ഒരിക്കലും ഇല്ല.

പദ്യം 112. അഹം ധീമാൻ അസ്മി—ഞാൻ ബുദ്ധിമാനായിരിക്കുന്നു. ആബഭാഷേ—പറഞ്ഞു.

പദ്യം 113. രാമഃ—രാമൻ. മന്ത്രപ്രയുക്തേന തേന—മന്ത്രം ജപിച്ചു പ്രയോഗിക്കപ്പെട്ട അതിനാൽ (ബ്രഹ്മാസ്ത്രത്താൽ). അജ്ഞാ....നാം—വ്രണത്തിന്റെ വേദനയറിയാതവണ്ണം. രിപു ...ങ്ക്തിം—ശത്രുവിന്റെ തലകളെ. നിമേഷാർദ്ധാത്—അര നിമിഷംകൊണ്ടു്. അശാതയത്—ഛേദിച്ചു.

പദ്യം 114. തദനു—അതിൽപിന്നെ. രാമ....രഃ—രാമന്റെ വില്ലിൽനിന്നു പുറപ്പെട്ടുന്ന ശ്രേഷ്ഠമായ ശരത്താൽ മുറിഞ്ഞ കഴുത്തോടുകൂടിയ. സുചി....കഃ—ചിരകാലം ഉണ്ടായിരുന്ന സംസ്രവത്താൽ കൗതുകം നശിച്ചവനായി. ദശമുഖഃ—രാവണൻ. സുരാലയം പ്രവിവേശ—ദേവലോകത്തെ പ്രാപിച്ചു.

ലങ്ഘിക്കാമല്ല പാത്താൽ വിധിവിഹിതമൊരു—
ത്തന്നുമേറ്റം തദാനീം
ഫുല്ലശ്രീശാലി ലങ്കേശ്വരനുമുതി പെ—
ട്ട തദാ മാനശാലീ;
മംഗല്യം കൈവളർന്നു കനമുലകുകളീ—
രേഴിലും ദേഹഭാജാം
തിങ്ങീസമ്മോദമയ്യാ! ജനകനൃപസുതാ—
ചിത്തമാശ്വസ്തമാസീത്. 115

കൃത്തും പാട്ടും തുടങ്ങീ നഭസി സുരവധൂ—
വർഗ്ഗമവ്യഗ്രമൊക്കെ—
ഒപ്പത്തും പേത്തും മദം പൂണ്ടമരകളടനേ
പുഷ്പവർഷം തുടങ്ങീ
പ്രീത്യാ താനേ മുഴങ്ങീ വിബുധവരമഹാ—
ദുന്ദുഭിശ്രേണി സാക്ഷാത്
സൈന്യൈഃ സാർദ്ധം കൃതാർത്ഥഃ സമജനി ഭഗവാൻ
മൈഥിലീപ്രാണനാഥഃ. 116

പദ്യം 115. വിധിവിഹിതം—ദൈവകല്പിതം. തദാനീം—അപ്പോൾ. ഫുല്ലശ്രീശാലി—ഐശ്വര്യസമൃദ്ധികൊണ്ടു ശോഭിച്ച. ലങ്കേശ്വരൻ—രാവണൻ. തദാ—അപ്പോൾ മാനശാലീ—അഭിമാനി. മംഗല്യം—ക്ഷേമം. ദേഹഭാജാം—ശരീരികൾക്കു്. സമ്മോദം—സന്തുഷ്ടി. ജനക....ത്തം—സീതയുടെ മനസ്സു്. ആശ്വസ്തം ആസീത്—ആശ്വാസത്തെ പ്രാപിച്ചു.

പദ്യം 116. നഭസി—ആകാശത്തിൽ. സുര....ർഗ്ഗം—ദേവസ്ത്രീകളുടെ കൂട്ടം. അവ്യഗ്രം—ശ്രദ്ധയോടുകൂടി. അമരകം—ദേവകം. പ്രീത്യാ—പ്രീതികൊണ്ടു്. വിബു... ണി—ദേവശ്രേഷ്ഠന്മാരുടെ വലിയ ദുന്ദുഭിവാദ്യങ്ങൾ. സാക്ഷാത്—നേരിട്ടു്. മൈഥി... ഥഃ—ശ്രീരാമൻ. സൈന്യൈഃ സാർദ്ധം—സൈന്യങ്ങളോടുകൂടി. കൃതാർത്ഥഃ സമജനി—കൃതാർത്ഥനായി ഭവിച്ചു.

രാവണവധം സമാപ്തം

അഗ്നിപ്രവേശം

വാച്യമായ ഉപമയിൽ പ്രബന്ധകഥയെ നിർദ്ദേശിക്കുന്നു:

പാരം തെളിഞ്ഞിതകമാമു നമുക്കു തോഴാ!
നേരേ ഭവാനരികിൽ വന്നളവിന്നിദാനീം;
വാരാളമഗ്നിഭഗവാൻ മിഥിലേന്ദ്രകന്യാ-
ധാരീ വരുമ്പൊഴതു രാഘവനെന്നപോലെ. 1

രാക്ഷസനിഗ്രഹം ചെയ്ത ശ്രീരാമനെ വർണ്ണിക്കുന്നു:

ഹേലാഖണ്ഡിതചണ്ഡഹേമഹരിണൈർ-
ബാണൈഃ കലം രാക്ഷസാം
ശേഷീഭൂതവിഭീഷണം ഗുണനിധൗ
കൃത്വാപി രാമേ സ്ഥിതേ
പ്രത്യൂജ്ജീവനശങ്കയാമരഗണൈർ-
ലങ്കാപതേഃ കാതരൈർ-
നോ മുക്താഃ കുസുമസ്രജോ ന ച പുന-
ശ്ചാസ്താലിതോ ദുന്ദുഭിഃ. 2

ഫാലോദ്യദ്ഘനഘമ്മബിന്ദുരടനി-
ന്യസ്താഗ്രഹസ്താംബുജോ
മദ്ധ്യേ മുഷ്ടി നിവിഷ്ടപഞ്ചശരം
ബിഭ്രത്തതോഽന്യം കരം

പദ്യം 1. പാരം-വളരെ. ഇദാനീം-ഇപ്പോൾ. മിഥി....ധാരി-സീതയെ ധരിക്കുന്നവനായി. രാഘവനെന്നപോലെ-രാഘവനു ചിത്തം തെളിഞ്ഞതുപോലെ. പ്രബന്ധാരംഭത്തിൽ കഥ ഉപമാലങ്കാരഭംഗ്യാ സൂചിതമായിരിക്കുന്നു. ആയതുകൊണ്ട് വസ്തുനിർദ്ദേശരൂപമായ മങ്ഗലവും ആചരിക്കപ്പെട്ടിരിക്കുന്നു.

പദ്യം 2. ഹേലാ ...ണൈഃ-കളിയെന്ന മട്ടിൽ നിഗ്രഹിക്കപ്പെട്ട ക്രൂരമായ സ്വർണ്ണമൃഗത്തോടുകൂടിയ. ബാണൈഃ-ശരങ്ങളാൽ. രക്ഷസാം കുലം-രാക്ഷസവംശത്തെ. ശേഷീ....ണം-വിഭീഷണൻമാത്രം ശേഷിക്കത്തക്കവണ്ണം. കൃത്വാ-ചെയ്തിട്ട്. ഗുണനിധൗ-ഗുണങ്ങൾക്ക് ഇരിപ്പിടമായ. രാമേ സ്ഥിതേ അപി-ശ്രീരാമൻ സ്ഥിതനായിട്ടും. ലങ്കാപതേഃ പ്രത്യൂ....യാ-രാവണൻ വീണ്ടും ജീവിക്കും എന്ന ശങ്കയാൽ. കാതരൈഃ-ഭയന്നവരായ. അമരഗണൈഃ-ദേവകളാൽ. കുസുമസ്രജഃ-പുഷ്പമാലകളും. നോ മുക്താഃ-വർഷിക്കപ്പെട്ടില്ല. ദുന്ദുഭിഃ-ദുന്ദുഭിവാദ്യവും. ന ച പുനഃ ആസ്താലിതഃ-മുഴക്കപ്പെട്ടില്ല.

1. ന്യാം ധൃത്വാ.

വീരശ്രീനഖരക്ഷതൈരിവ നവൈർ—
ബാണപ്രണൈരങ്കിതഃ
ശ്രീരാമോ വിരരാജ സംഗരഭുവി
പ്രോന്മഥ്യ ലങ്കേശ്വരം. 3

വിഭീഷണൻ രാക്ഷസചക്രവർത്തിയാകുന്നു:

ഗദ്യം 1.

തദനു സുമനായമാനസ്യ ജഗതാം പത്യുഃ[1] ശാസനേന കൃതദശവദനനിവാപകൃത്യം നിസ്തുഷതപഃശൗചദയാസത്യ സരണിനിത്യാഭിനിവിഷ്ടധിഷണം അവനമിതാശേഷഭീഷണം വിഭീഷണമാത്മനൈവ സുമിത്രാത്മജഃ പുണ്യകൃതാംപുരോഗം ചിരായ സർവപുണ്യജനസാർവഭൗമപദേ സ്ഥാപയാമാസ.

വിഭീഷണൻ ശേഷിച്ച രാക്ഷസന്മാരോടു ധർമ്മമാർഗ്ഗത്തിൽ ചരിക്കുവാൻ ഉപദേശിച്ചിട്ടു ശ്രീരാമനെ ചെന്നു കണ്ടു വന്ദിക്കുന്നു:

പൊല്ലൊള്ളും മനുവംശനായകഗിരാ
പോയ്ച്ചെന്ന സൗമിത്രിണാ
സുഗ്രീവേണ ച സമ്യഗേവ വിഹിതേ
രാജ്യാഭിഷേകോത്സവേ,

പദ്യം 3. ശ്രീരാമഃ—ശ്രീരാമൻ. സംഗരഭുവി—യുദ്ധക്കളത്തിൽ. ലങ്കേശ്വരം—രാവണനെ. പ്രോന്മഥ്യ—നിഗ്രഹിച്ചിട്ടു. ഹാലോ....ന്ദുഃ—നെറ്റിയിൽ പറ്റിയ വിയർപ്പുതുള്ളികളോടുകൂടിയവനായി. അട....ജഃ—വിൽത്തലപ്പുത്ത വെയ്ക്കപ്പെട്ട കൈത്താമരയോടുകൂടിയവനായി. തതഃ അന്യം കരം—മറ്റേ കയ്യിനെ. മധ്യേ മുഷ്ടി നിവിഷ്ടപഞ്ചഷശരം—എടുത്തു പിടിച്ച അഞ്ചാറു ബാണങ്ങളോടുകൂടിയതായി. ബിഭ്രത്—ധരിക്കുന്നവനായി. വീര....തൈഃ ഇവ—വീരലക്ഷ്മിയുടെ നഖംകൊണ്ടുള്ള പോറൽ എന്നു തോന്നുമാറുള്ള. നവൈഃ—പുതിയ. ബാണപ്രണൈഃ—ശരമേറ്റതുകൊണ്ടുള്ള വ്രണങ്ങളാൽ. അങ്കിതഃ—അടയാളപ്പെടുത്തപ്പെട്ടവനായി. വീരരാജ—ശോഭിച്ചു.

ഗദ്യം 1. തദനു—അതിൽപിന്നെ. സുമനായമാനസ്യ—സന്തോഷിച്ചിരിക്കുന്ന. ജഗതാം പത്യുഃ—ലോകനാഥനായ ശ്രീരാമന്റെ. ശാസനേന—കല്പനയാൽ. കൃത....ത്യം—(മരിച്ച) രാവണനു ഉദകക്രിയ ചെയ്തവനും. നിസ്തു....ണം—കളങ്കമില്ലാത്ത തപസ്സു ശൗചം കൃപ സത്യം ഇവയുടെ വഴിയിൽ ശ്രദ്ധ എപ്പോഴുമുള്ളവനും. അവ....ണം—സകലഭയങ്ങളെ അകറ്റിയവനും. ചിരായ—വളരെ നാൾ. പുണ്യകൃതാം പുരോഗം—പുണ്യം ചെയ്തവരിൽ ശ്രേഷ്ഠനും ആയ. വിഭീഷണം—വിഭീഷണനെ. സുമിത്രാത്മജഃ—ലക്ഷ്മണൻ. ആത്മനാ ഏവ—സ്വയംതന്നെ. സർവ്വ....ദേ രാക്ഷസചക്രവർത്തിസ്ഥാനത്തിൽ. സ്ഥാപമായാസ—ഇരുത്തി.

പദ്യം 4. മനു....രാ—ശ്രീരാമന്റെ കല്പനപ്രകാരം. സൗമിത്രിണാ

1. തൃർനിർദ്ദേശേന.

ശിക്ഷാം ചേത്തു വിഭീഷണോ രണമുഖേ
ശേഷിച്ച രാത്രിഞ്ചരാ—
നൊക്കെത്തക്കെ വിളിച്ചുകൊണ്ടു മഹിതാം
വാചം ബഭാഷേ ത[1]ദാ. 4

"അനർത്ഥം ചെയ്യൊല്ലാ, പരമടവരെച്ചെന്നു തൊടുവാൻ
നിനയ്ക്കൊല്ലാ മല്ലാർമലർവിശിഖതാപാകുലതയാ,
അനക്കൊല്ലാ കൊല്ലാനഗതികളെ, മേന്മേലൊരുവനും
ധനസ്തോമം മോഹാത് കിമപി പരകീയം കവരൊലാ. 5

സർവ്വാ ഗീർവ്വാണബന്ധ്യോ! വ്രജത നിജഗൃഹാൻ
ബന്ധുമാധോരണ! ദ്രാക്
സ്വർഗ്ഗേഭം സ്തംഭശാലാം നയ, സുരകരിണോ
യാമിതാം യാത ദേവഃ!
ഭൂയോ ദിവ്യദ്രുമാണാം നന്ദന ഭവതു വനേ
നന്ദനേ സന്നിവേശോ,
ദ്വാരി ക്ഷിപ്തം യദൈന്ദ്ര്യാം ദശവദനശിരഃ
കിങ്കരൈരന്തകസ്യ.

—ലക്ഷ്മണനാലും. സുഗ്രീവേണ ച—സുഗ്രീവനാലും. രാജ്യാ....വേ—രാജ്യത്തിൽ അഭിഷേകം ചെയ്യുക എന്ന ഉത്സവം. സമ്യക് ഏവ വിഹിതേ—നല്ലവണ്ണംതന്നെ നടത്തപ്പെട്ടപ്പോൾ. ശിക്ഷാം—ശിക്ഷയെ. വിഭീഷണഃ—വിഭീഷണൻ. രണമുഖേ—യുദ്ധത്തിൽ. രാത്രിഞ്ചരാൻ—രാക്ഷസന്മാരോട്. തദാ—അപ്പോൾ. മഹിതാം വാചം—ശ്രേഷ്ഠമായ വാക്കിനെ. ബഭാഷേ—ഭാഷണം ചെയ്തു.

പദ്യം 5. അനർത്ഥം—അനീതി. പരമടവർ—പരയുവതികൾ. മല്ലാ....യാ—കാമപീഡാപാരവശ്യത്താൽ. അഗതികളെ—ഗതിയറ്റവരെ. പരകീയം—അന്യരുടേതായ. ധനസ്തോമം—ദ്രവ്യസമൂഹത്തെ. കിമപി ഒട്ടും മോഹാത്—ആഗ്രഹംനിമിത്തം. കവരൊലാ—കവർന്നുകൂടാ. എല്ലാവരും അക്രമം പ്രവർത്തിക്കാതെ ധർമ്മമാർഗ്ഗത്തിൽ നടക്കണമെന്നർത്ഥം.

പദ്യം 6. ഗീർവാണബന്ധ്യഃ—അല്ലയോ തടവിലാക്കപ്പെട്ട ദേവസ്ത്രീകളെ. സർവ്വഃ—നിങ്ങൾ എല്ലാവരും. നിജഗൃഹാൻ വ്രജത—സ്വന്തം ഗൃഹങ്ങളിലേയ്ക്കു മടങ്ങിപ്പോകുവിൻ. ആധോരണ—അല്ലയോ ആനക്കാര. സ്വർഗേഭം—സ്വർഗ്ഗത്തിലെ ആനയായ ഐരാവതത്തെ. ബന്ധും—കെട്ടുവാൻ. സ്തംഭശാലാം നയ—പന്തിയിലേക്കു കൊണ്ടുപോയാലും. ദേവഃ—അല്ലയോ ദേവന്മാരേ. സുരകരിണഃ—ദേവഗജത്തിനു്. യാ (സ്വാ?)മിതാം—ഉടമസ്ഥതയെ(?). യാത—പ്രാപിക്കുവിൻ. നന്ദനേ വനേ—നന്ദനവനത്തിൽ. ഭൂയഃ—വീണ്ടും. ദിവ്യദ്രുമാണാം—കല്പവൃക്ഷങ്ങളുടെ. സന്നിവേശഃ നന്ദ ഭവതു—സ്ഥാപനം ഭവിക്കട്ടെ. യത്—എന്തെന്നാൽ. അന്തകസ്യ—യമന്റെ. കിങ്കരൈഃ—ഭൃത്യന്മാരാൽ. ഐന്ദ്ര്യാം ദ്വാരി—കിഴക്കെ ദിക്കിന്റെ ദ്വാരത്തിൽ. ദശ .....രഃ—രാവണന്റെ ശീർഷം. ക്ഷിപ്തം—നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. രാവണൻ

1. ഷേ തതഃ

എല്ലാക്കും പരമോപദേശമിതര—
ങ്ങേറേണ, മാരും തുട—
ങ്ങൊല്ലാ ദുഷ്കൃതലേശവും ഭുവി മനോ—
വാക്കായകർമാന്തരൈഃ
കില്ലില്ലേതുമിതിന്നു വൻപിഴപെടും
വമ്പന്നുമീ നല്ലതേ
നല്ല; രാക്ഷസരാജനുണ്ടതിനു ദു—
ഷ്ടാന്തം പറഞ്ഞീടുവാൻ. 7

വാനോരെക്കൈവെണങ്ങീടുക; വഴിതിരികു—
മ്മൗനഭാജാം വിദൂരേ;
കാണുമ്പോഴേ വരേണ്യാം മനുജതതിയെ മാ—
നിക്ക വീതാഭിമാനം!
നാനാലോകൈകഭൂഷാമണിയെ മനുകുല—
രത്നിനലങ്കാരഭൂതം
നീണാളുംക്കാനവിലാക്കിക്കരുതുക കരുണാ—
മന്ദിരം രാമചന്ദ്രം.'' 8

എന്നിവണ്ണമുടനേ നിയുജ്യ രജനീച—
രാനപി ച തേഷുഹോ!
നന്നു നന്നിതി വദത്സ്വനുഷ്ഠിതനിയോഗ—
കർമ്മസു വികത്ഥനം;
പുണ്യവാരിധി വിഭീഷണോ മനസി ഭക്തി—
പൂണ്ടധികമന്തികേ
ചെന്നസൗ ജയതു ദേവ ഇത്യവനനാമ
രാമപദപങ്കജം. 9

നിഗ്രഹിക്കപ്പെട്ടതിനാൽ അവരവർ നിർബന്ധങ്ങളിൽനിന്നു മുക്തരായി ഭവിക്കട്ടെ എന്നു വിഭീഷണന്റെ കല്പന.

പദ്യം 7. പരമോപദേശഃ—ശ്രേഷ്ഠമായ ഉപദേശം. ദുഷ്കൃതം—പാപം. ഭുവി—ഭൂമിയിൽ. മനോ ...രൈഃ—മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരം കൊണ്ടുമുള്ള കർമ്മഭേദങ്ങളാൽ.

പദ്യം 8. മൗനഭാജാം—മുനിമാർക്ക്. വിദൂരേ—അകലെ. വരേണ്യം—ശ്രേഷ്ഠമായ. മനുജതതി—മനുഷ്യസമൂഹം. വീതാഭിമാനം—അഭിമാനം കൂടാതെ. നാനാ....ണി—എല്ലാ ലോകത്തിനും ഒറ്റയലങ്കാരരത്നമായ. മനുകുലത്തിന്നു്—മനുവംശത്തിനു്. അല....തം—ഭൂഷണമായി ഭവിച്ച. കരുണാമന്ദിരം—കൃപയുടെ വാസസ്ഥാനമായ. രാമചന്ദ്രം—ശ്രീരാമനെ.

പദ്യം 9. രജനീചരാൻ—രാക്ഷസന്മാരെ. നിയുജ്യ—ശാസിച്ചിട്ടു്. അപി ച—എന്നല്ല. തേഷു—അവർ. വികത്ഥനം—കത്ഥനം കൂടാതെ. അനുഷ്ഠിതനിയോഗകർമ്മസു—ചെയ്യേണ്ടതിനെ ചെയ്തുതീർത്തു്. ഇതി—എന്നു്. വദത്സു—പറയുമ്പോൾ. പുണ്യവാരിധി—പുണ്യത്തിനു് ആക

കവിവചനം:

ഗുണിനാം ഗുണഹാനിരാഹിതാ യാ
രിപുണാ സൈവ ഗുണാന്തരം പ്രസൂതേ
ശശിസങ്കുചിതാനി കാമിനീനാം
കുചശോഭാമവഹൻ കുശേശയാനി. 10

ലങ്കയിലെ വാസം നിമിത്തം സീതയുടെ ചാരിത്രശുദ്ധിയിൽ സംശയിച്ച ശ്രീരാമൻ സീതയെ വിളിച്ചു വരുത്തി അനന്യസാധാരണമായ അവളുടെ അംഗസുഷമയെ നോക്കി അതു വിടനായ രാവണന്റെ പ്രലോഭനത്തിൽ അവൾ വശപ്പെട്ടതിന്റെ ഫലമാണെന്നു പൂർവ്വസംഭവങ്ങൾ ചിലതിനെ മറ്റു വിധത്തിൽ വ്യാഖ്യാനിച്ചു കരുതുകയും, ആയതു് ലക്ഷ്മണ, വിഭീഷണ, ഹനുമാന്മാർ ശരിവെയ്ക്കുകയും, ഒടുവിൽ എല്ലാവരും സീത അഗ്നിപ്രവേശനം ചെയ്യണമെന്നു നിശ്ചയിക്കുകയും ചെയ്യുന്നു:

തദാ നിയുക്തൗ രഘുപുംഗവേന
പ്രസേദുഷാ ലക്ഷ്മണവാനരേന്ദ്രൗ
തദന്തികം പ്രാപയതാം വിനീതൗ
വിദേഹകന്യാം വിഹിതപ്രണാമൗ. 11

''സ്ത്രീത്വം താവച്ചലധൃതി, വധൂം
ശങ്കതേ ദൂരസംസ്ഥാം,
പാതിവ്രത്യപ്രമഥനവിധൗ
ദീക്ഷിതാ രക്ഷസാശ്ച

രമായ. അസൗ വിഭീഷണഃ—ഈ വിഭീഷണൻ. മനസി—മനസ്സിൽ. അന്തികേ—സമീപത്തിൽ. ദേവഃ ജയതു—ദേവൻ ജയിച്ചാലും. ഇതി—എന്നു (പറഞ്ഞു). രാമപദപങ്കജം—ശ്രീരാമന്റെ ചരണകമലത്തെ. അവനനാമ—തൊഴുതു.

പദ്യം 10. രിപുണാ—ശത്രുവിനാൽ. ഗുണിനാം—ഗുണവാന്മാർക്കു്. യാ ഗുണഹാനിഃ ആഹിതാ—യാതൊരു ഗുണമില്ലായ്മ ചെയ്യപ്പെട്ടുവോ. സാ ഏവ—അതുതന്നെ. ഗുണാന്തരം—മറ്റൊരു ഗുണത്തെ. പ്രസൂതേ—ജനിപ്പിക്കുന്നു. ഇപ്പറഞ്ഞതിനെ ഉത്തരാർദ്ധംകൊണ്ടു സമർത്ഥനം ചെയ്യുന്നു. ശശി....താനി—ചന്ദ്രനാൽ സങ്കോചത്തെ പ്രാപിക്കപ്പെട്ട. കുശേശയാനി—താമരകൾ. കാമിനീനാം—കാമിനിമാരുടെ. കുചശോഭാം—സ്തനത്തിന്റെ ശോഭയെ. അവഹൻ—ധരിച്ചു.

പദ്യം 11. തദാ—അപ്പോൾ. പ്രസേദുഷാ—പ്രസന്നനായ. രഘുപുംഗവേന—ശ്രീരാമനാൽ. നിയുക്തൗ—നിയോഗിക്കപ്പെട്ട. ല.....ന്ദ്രൗ—ലക്ഷ്മണനും സുഗ്രീവനും. വിനീതൗ—വണക്കത്തോടുകൂടിയവരായി. വിഹി...മൗ—നമസ്കരിച്ചവരായി. വിദേഹകന്യാം—സീതയെ. തദന്തികം—അവന്റെ (ശ്രീരാമന്റെ) അടുക്കലേക്കു്. പ്രാപയതാം—പ്രാപിപ്പിച്ചു.

പദ്യം 12. സീതയുടെ ആത്മഗതം: സ്ത്രീത്വം താവത്—സ്ത്രീഭാവമെന്നതു്. ചലധൃതി—സ്ഥൈര്യമില്ലാത്തതാകുന്നു. ദൂരസംസ്ഥാം—

ധീരോദാത്തോ രഘുപതിരപി
ജ്ഞേയപാകാനി കാമ്യാ—
ണ്യാലംബോ മേ നഹി, യദി ഭവേത്
കേവലാ തത്കൃപൈവ.'' 12

കാണക്കാണെ വിളങ്ങുമംഗസുഷമാ—
കല്ലോലിതായാം തദാ
ജാനക്യാം ക്ഷണനേരമൊന്നു പെരുമാ—
റീ രാമനേത്രാഞ്ചലം;
കാണച്ചോ! വിധിവൈപരീത്യമന—
സൂയാനുഗ്രഹാഖ്യാനമാ—
കാണിക്കാണിവരഞ്ഞു പിന്നെ വിമുഖോ
ജാതോ രഘുഗ്രാമണീഃ. 13

ജനകജാരുചിരേവ സമാനയ—
ദ്വിമുഖതാം ദശകന്ധരമപ്രിയം
പ്രിയതമം രഘുപുംഗവമപ്യഹോ
വിധിഗതിഃ ഖലു വിശ്വവിമോഹിനീ. 14

അകലെ വസിക്കുന്ന. വധൂം—സ്ത്രീയെ. ശങ്കതേ—സംശയിക്കുന്നു. രാക്ഷ സാഃ ച—രാക്ഷസന്മാരാകട്ടേ. പാതി....ധ്യ—ചാരിത്രം നശിപ്പിക്കുന്ന തിൽ. ദീക്ഷിതാഃ—ഉദ്യുക്തരാകുന്നു. രഘുപതിഃ അപി—ശ്രീരാമനും. ധീരോദാത്തഃ—ധീരനും ഉദാത്തനും ആയ നായകനാകുന്നു. കർമ്മാണി—പ്ര വൃത്തികളും. ജ്ഞേ ...നി—ഫലംകൊണ്ടറിയേണ്ടതുകളും. മേ—എനിക്ക്. ആലംബഃ നഹി—ആശ്രയമൊന്നുമില്ല. ഭവേത് യദി—വല്ലതും ഭവിക്കുമെ ങ്കിൽ. തത്കൃപാ കേവലാ ഏവ—അവന്റെ (ശ്രീരാമന്റെ) കൃപ ഒന്നുമാ ത്രമാകുന്നു. വീൺവാക്കു പറയാത്തവനും ക്ഷമാശാലിയും അതിഗംഭീരനും മഹാസത്ത്വനും സ്ഥിരചിത്തനും കോപത്തെ മറയ്ക്കുന്നവനും ദൃഢവ്രതനുമാ യവൻ ധീരോദാത്തനായകൻ.

പദ്യം 13. കാണക്കാണെ വിളങ്ങും—കാണുന്തോറും പ്രകാശിക്കു ന്ന. അംഗ....യാം—ഗാത്രശോഭ തിരതല്ലുന്ന. ജാനക്യാം—സീതയി ങ്കൽ. തദാ—അപ്പോൾ. രാമ....ലം—രാമന്റെ കടാക്ഷം. വിധി.... ത്യം—ദുർഭാഗ്യം. അനസൂ....നം—അനസൂയയുടെ അനുഗ്രഹമെന്നു പേ രായ. രഘുഗ്രാമണീഃ—ശ്രീരാമൻ. വിമുഖഃ ജാതഃ—മുഖം തിരിച്ചു. അത്രിമഹർഷിയുടെ ഭാര്യയാകുന്നു അനസൂയ. ചാരിത്രത്തിലും പതി ഭക്തിയിലും ശ്രേഷ്ഠ. സീതയ്ക്കു സദുപദേശങ്ങളും നല്കിയവളും. മാത്രമല്ല, മൂഗരാക്ഷസാദികളിൽനിന്നു സ്വയം രക്ഷ നേടുന്നതിനും എപ്പോഴും സൗന്ദ ര്യം ശോഭിക്കുന്നതിനും ആയി സീതയ്ക്ക് അവൾ ഒരു അംഗരാഗവും നല്കി.

പദ്യം 14. ജനകജാരുചിഃ ഏവ—സീതയ്ക്കുള്ള ശോഭതന്നെ. അ പ്രിയം—ശത്രുവായ. ദശകന്ധരം—രാവണനെ. വിമുഖതാം—വൈമു ഖ്യത്തെ. സമാനയത്—വരുത്തി. പ്രിയതമം—ഭർത്താവായ. രഘുപുംഗവം അപി—ശ്രീരാമനും (വൈമുഖ്യത്തെ വരുത്തി). അഹോ—ആശ്ചര്യം.

ഏകൈകാനി ശിരാംസി രാക്ഷസചമൂ—
ചക്രസ്യ ഹത്വാ [1]നിജേ
തേജോഽഗ്നൗ ദശകണ്ഠമൂർദ്ധഭിരഹോ!
നിർമ്മായ പൂർണ്ണാഹുതിം
സദ്യഃ സ്വസ്ത്യയനം സമാപ്യ ജഗതാം
ലങ്കേന്ദ്രബന്ദീകൃതാം
സീതാമപ്യവലോക്യ, ശോകരഭസ—
വ്രീളാജുഷോ രാഘവഃ. 15

''വത്സ ലക്ഷ്മണ! സഖേ വിഭീഷണ! വയസ്യ
വാനരപതേ! പുരോ
മത്സകാശഭുവി വന്ദനിന്ദവനതാം വി—
ദേഹകുലനന്ദനാം
മുത്തണിഞ്ഞ കുചമണ്ഡലേ ഘുസൃണരേണു—
നാ നവവിയോഗചാ—
രിത്രമുദ്രയമണിഞ്ഞണിഞ്ഞ സുമുഖീം വി—
ലോകയത മാ ചിരം.'' 16

വിധിഗതിഃ—നിയതിയുടെ വിലാസം. വിശ്വവിമോഹിനീ ഖലു—ലോകത്തെ മോഹിപ്പിക്കുന്നതാണല്ലോ.

പദ്യം 15. രാക്ഷ ...സ്യ—രാക്ഷസസേനാമണ്ഡലത്തിന്റെ. ഏകൈകാനി ശിരാംസി ഹത്വാ—ഓരോ തലകളെ വെട്ടിച്ചിട്ട്. ദശ....ഭിഃ—രാവണന്റെ തലകളെക്കൊണ്ട്. നിജേ തേജോഗ്നൗ—തന്റെ പ്രതാപമാകുന്ന തീയിൽ. പൂർണ്ണാഹുതിം നിർമ്മായ—പൂർണ്ണാഹുതി നിർമ്മിച്ചിട്ട്. സദ്യഃ—ഉടൻതന്നെ. ജഗതാം സ്വസ്ത്യയനം—ലോകങ്ങൾക്ക് ആപന്നിവൃത്തകരമായ ചടങ്ങിനെയും. സമാപ്യ—ചെയ്തുതീർത്തിട്ട്. ലങ്കേ....താം—രാവണനാൽ തടവിലാക്കപ്പെട്ടിരുന്ന. സീതാം അപി—സീതയേയും. അവലോക്യ—കണ്ടിട്ട്. രാഘവഃ—ശ്രീരാമൻ. ശോക....ളഃ—ദുഃഖം ഉദ്വേഗം ലജ്ജ ഇവയാൽ ജഡനായി.

പദ്യം 16. വത്സ ലക്ഷ്മണ—അല്പയോ വാത്സല്യഭാജനമായ ലക്ഷ്മണ. സഖേ വിഭീഷണ—സ്നേഹിതനായ വിഭീഷണ. വയസ്യ വാനരപതേ—മിത്രമായ സുഗ്രീവ. മത്സ....വി—എന്റെ അടുക്കൽ. പുരഃ—മുമ്പിൽ. അവനതാം—നമ്രയായ. വിദേ....നാം—സീതയെ. കുചമണ്ഡലേ—സ്തനതടത്തിൽ. ഘുസൃണരേണുനാ—കുങ്കുമപ്പൊടിയാൽ. നവ .. ത്ര—പുത്തനായ വിയോഗം നിമിത്തമുള്ള പാതിവ്രത്യത്തിന്റെ അടയാളം.' സുമുഖീം—ശോഭനമായ മുഖത്തോടുകൂടിയ. സീതാവിശേഷണം. വിലോകയത—നോക്കുവിൻ. മാ ചിരം—താമസിയ്ക്കണ്ട:

---

1. താ സ്വകേ തേ.

ഗദ്യം. 2.

(ദണ്ഡകം)

ഇത്ഥം വികത്തനകുലത്തിന്നലംകരണ–
രത്നം പറഞ്ഞളവു വാത്താം
ഇതവിയ സുമിത്രാസുരതനപചരിത്രാ–
കൃതിമിവളെ വിരവിനൊട്ട കരുത്തുമളവഴൽ പെരുകി
മനമുരുകി വിവശതയിൽ വീത്താൻ.

നക്തഞ്ചരാധിപന ഭദ്രം പറഞ്ഞവനാ
ചത്തു വിഭീഷണന ഭാവം
നതവദനമഗ്രേ നലമുടയ സുഗ്രീ–
വനുമധികമകതളിരിലനുമിളിതമുപമുദിത–
ധൃതിവിഭവമൊരു ചപലഭാവം.

ചിത്തം കലഞ്ഞിതുടനുത്തുംഗമാം കപികു–
ലത്തിന്നമീ ചിലരരിണ്ട
ചിലരിഹ വെരിണ്ട കതിചന മുരണ്ട
കതിചിദപി പറവനിത കിമിദമിതി കൃതവചന–
മവശതയിലിളകി നടകൊണ്ട.

തത്രാന്തരേ കിമപി വൃത്താന്തമൊന്നുഴറി
യുദ്ധാങ്കണക്ഷിതി നിരന്ത
തരളധൃതി മന്ദേതരഗതി പറന്നേ
പവനസുതനനവധികവിവശതയൊടര പെരിയ
സമരഭുവി പുനരുടനുഴന്ത.

ഗദ്യം 2. (ദണ്ഡകം) ഇത്ഥം–ഇവ്വണ്ണം. വികത്തനകുലം–സൂര്യവംശം. അല....തം–അലങ്കാരമായ രത്നം. വാത്താം–വാത്തയെ. ഇതവിയ–പ്രിയമായ, ഹിതമുള്ള. അപ... തിം–ചാരിത്രദൃഷ്യമുള്ളവളുടെ സ്വത്രുപത്തോടുകൂടിയ. ഇവളെ–സീതയെ. വിവശതയിൽ വീത്താൻ –വ്യാകുലത വർദ്ധിച്ചു നെടുവീർപ്പിട്ട.

നക്തഞ്ചരാധിപന–രാക്ഷസാധിപനായ. ഭദ്രം–നല്ലതു്. ഭാവം–താത്പര്യം. അഗ്രേ–മുമ്പിൽ. നതവദനം–മുഖം താഴ്ത്തിയ. ഉപ ... വം–ധൈര്യത്തെ നശിപ്പിക്കുന്ന. ചപലഭാവം–ചാപല്യം. അനുമിളിതം–കലർന്ന.

ചിത്തം–മനസ്സു്. ഉത്തുംഗം–ഉന്നതം. കപികുലം–വാനരസമൂഹം. അമീ ചിലർ–ഈ ചിലർ. ഇഹ–ഇവിടെ. കതിചന–ചിലർ. കതിചിത് അപി–ചിലരും. കിം ഇദം ഇതി–ഇതു് എന്തോന്നു് എന്നു്. കൃതവചനം–പറഞ്ഞവരായി. അവശതയിൽ–പാരവശ്യത്തിൽ.

തത്ര അന്തരേ–അതിനിടയിൽ. കിമപി–ഒരു. വൃത്താന്തം–വാർത്ത. യു.....തി–യുദ്ധക്കളം. തരളധൃതി–ചഞ്ചലധൈര്യൻ. മന്ദേത

ക്ഷിപ്താനാം ദ്രുരാണാം കപിനി വഹരധോ—
ലഗ്നമപ്യർദ്ധജഗ്ധം
രക്ഷോവക്ത്രാച്ച ഹൃത്വാ ശ്രമമുപശമയ—
ന്നിർഝരാംഭോനിഷേകൈഃ
യാതോഽബ്ധ്യന്തായരാശൗ സ്വയമഥ വിഭുജൻ
കൗണപാൻ ക്ഷീണജീവാ—
ന്തത് ക്രുദ്ധോത്സാഹഭൂമാ ഹനുമാൻ! വിഹരതേ
യുദ്ധഭൂമൗ പുനർമാൻ. 17

ഹനുമാനെ വിളിച്ചുകൊണ്ടുമപ്പോഴാ
മനുവംശോത്തമനിത്ഥമാബഭാഷേ
ഗുണവാനവനം നിരീക്ഷ്യ സീതാം
പണിപെട്ടേവമുവാച രാമചന്ദ്രം. 18

''തസ്യാ നീളെ നിലത്തടിഞ്ഞ പൊടിയാ—
ത്തൊന്നിച്ച മാച്ചേറിനൊ—
ന്നത്രേ ശ്ലഷ്ടപലാശജാലജടിലാ—
ഭോഗം നറും കൈശികം;
അസ്യാ വാർകുഴൽ കാൺക പിന്നെ നിരവേ
ചിക്കിച്ചമച്ചുള്ള—
ന്തത്താളീസവനിതേന മഞ്ജുളമിയം
മുന്നേവളല്ലെന്നുമേ. 19

രഗതി—ശീഘ്രഗമനൻ. പവനസുതൻ—ഹനുമാൻ. അന....ത—വളരെ വ്യാകുലത. സമരഭൂവി—യുദ്ധഭൂമിയിൽ. പുനഃ—വീണ്ടും.

പദ്യം 17. ക്ഷിപ്താനാം—നിക്ഷേപിക്കപ്പെട്ട. ദ്രുരാണാം—മാലകളുടെ. അധോലഗ്നം—അടിയിലകപ്പെട്ട. അർദ്ധജഗ്ധം—പകുതി വിഴുങ്ങപ്പെട്ട. കപിനിവഹം—വാനരശ്രേഷ്ഠത്തെ. രക്ഷോവക്ത്രാത് ച—രാക്ഷസന്മാരുടെ വായിൽനിന്നു്. ഹൃത്വാ—അപഹരിച്ചിട്ടു്. നിർഝരാംഭ.... കൈഃ—അരുവിയിലെ വെള്ളമൊഴിച്ചു്. ശ്രമം ഉപശമയൻ—ക്ഷീണം ശമിപ്പിച്ചുകൊണ്ടു്. തോയരാശൗ—സമുദ്രത്തിൽ. യാതോഽബ്ധ്യന്തായരാശൗ—ജലജന്തുക്കൾക്കധിപതിയായി. ക്ഷീണജീവാൻ—ജീവൻ പോയ. കൗണപാൻ—രാക്ഷസന്മാരെ. സ്വയം—തന്നത്താനെ. വിഭുജൻ—പങ്കുവച്ചുകൊണ്ടു്. അഥ—പിന്നെ. ഉദ്ധ്രു....മാ—അത്യധികമായ ഉത്സാഹത്തോടുകൂടിയവനായി. യുദ്ധഭൂമൗ—യുദ്ധക്കളത്തിൽ. വിഹരതേ—വിഹരിക്കുന്നു.

പദ്യം 18. മനു....മൻ—ശ്രീരാമൻ. ഇത്ഥം—ഇവ്വണ്ണം. ആബഭാഷേ—പറഞ്ഞു. ഗുണവാൻ—ഗുണങ്ങളുള്ളവൻ. സീതാം—സീതയെ. നിരീക്ഷ്യ—കണ്ടിട്ടു്. രാമചന്ദ്രം ഏവം ഉവാച—ശ്രീരാമനോടു് ഇങ്ങനെ പറഞ്ഞു.

പദ്യം 19. തസ്യാഃ—അവളുടെ. കൈശികം—കേശഭാരം: ശ്ലഷ്ട ... ഗം—ചപ്പിലപോലെ പിണഞ്ഞു പരന്നതു്. അസ്യാഃ—ഇവളുടെ. ഉള്ള .. തേന—മുറിച്ചു കളിക്കുന്ന വണ്ടുകളുടെ നാദത്താൽ. മഞ്ജുളം—മനോഹരം. ഇയം—ഇവൾ. മുന്നേ....മേ—മുമ്പുണ്ടായിരുന്ന സീതയല്ല.

മദ്ധ്യേ മാച്ച പിരണ്ടതെന്നി മഹിതം
മറൊന്ന കണ്ടീല ഞാൻ
പുത്തൻപൂൺപു പുരാ വിയോഗവിധുരേ
തസ്യാ ലലാടാന്തരേ;
അസ്യാ നൂതനശീതഭാനുസുഭഗേ
പറുന്നതിന്നൊറിമേൽ
കസ്തൂരീമയചിത്രകാങ്കുര;മിയം
മുന്നേവളല്ലെന്നമേ. 20

സന്താപേന വിലോളിതാ പുരരിപോഃ—
രുജ്ജാലഫാലാഗ്നിനാ
വെന്തീടും മലർബാണവില്ലിനുപമാ—
നാ തന്നതഭ്രൂലതാ;
ചെന്താർബാണരസാമൃതാബ്ധിലഹരീം
വെല്ലുന്ന ചില്ലീപരി—
സ്പന്ദം നന്നിതു വിഭ്രമാഞ്ചിത;മിയം
മുന്നേവളല്ലെന്നമേ. 21

ദുഃഖംകൊണ്ടു കുരഞ്ഞതീവ കലുഷം
ബാഷ്പാംബുവാത്തെത്രയും
തൃക്കൺമുക്കു തദീയമെത്ര ദയനീ—
യം! പാത്തു കാണും വിധൗ
ചൊല്ലൊള്ളം നവവിഭ്രമങ്ങളുമണി—
ഞ്ഞസ്യാ മഷീരൃഷിതം
മസ്സുൺ കാൺ; മതുവാണി നിണ്ണയമിയം
മുന്നേവളല്ലെന്നമേ. 22

പദ്യം 20. പൂൺപു—അലങ്കാരം. മധ്യേ—നടുക്കു. മഹിതം—ശ്രേഷ്ഠം. പുരാ—പണ്ടു. വിയോ ...രേ—വിരഹത്താൽ പരവശമായ. തസ്യാഃ—അവളുടെ. ലലാടാന്തരേ—നൊറിയിൽ. അസ്യാഃ—ഇവളുടെ. നൂത....ഗേ—പുത്തനായ ചന്ദ്രനെപ്പോലെ രമ്യമായ. കസ്തൂ .. രം—കസ്തൂരി കൊണ്ടുള്ള ചെറിയ പൊട്ടു. ഇയം—ഇവൾ.

പദ്യം 21. സന്താപേന—സങ്കടത്താൽ. വിലോളിതാ—ശിഥിലയായി. പുരരിപോഃ—ശിവന്റെ. ഉജ്ജ്വാ....നാ—ആളിക്കത്തുന്ന നൊറിയിലെ തീയാൽ. മലർ... നു—കാമചാപത്തിനു. ഉപമാനാ—സമമായ. തന്ന .. താ—അവളുടെ നമിച്ച പുരികക്കൊടി. ചെന്താ .. രീം—ശൃംഗാരരസാമൃതമാകുന്ന സമുദ്രത്തിന്റെ തിരയെ. ചില്ലീപരിസ്പന്ദം—പുരികക്കൊടിയുടെ ഇളക്കം. വിഭ്രമാഞ്ചിതം—അഴകിയതു.

പദ്യം 22. അതീവ—വളരെ. കലുഷം—കലങ്ങിയ. ബാഷ്പാംബു—കണ്ണുനീർ. തദീയം—അവളുടെ. ദയനീയം—കൃപയ്ക്കു യോഗ്യം. കാണും വിധൗ—കാണുമ്പോഴും. നവവിഭ്രമങ്ങളും—പുത്തൻവിലാസങ്ങളും. അസ്യാഃ—ഇവളുടെ. മഷീരൃഷിതം—മഷിയെഴുതിയ. നിണ്ണയം—നിശ്ചയം.

വക്ത്രം മറൊരു ജാതി, വേറൊരുതരം
വക്ഷോജ, മന്യാദൃശം
മദ്ധ്യം, കാന്തിയുമന്യഥൈവ, ഭവതാ
മദ്ധ്യേ കൃതം വാ ഗിരാ;
നിസ്സന്ദേഹമിയം വിദേഹകുലമാം
കല്പദ്രുമം പൂക്കുമി–
പ്പുത്തൻപൂക്കുല ദേവദർശനവശാ–
ലിന്നേവമായാകിലാം.'' 23

ഇത്ഥം ചെന്നാഞ്ജനേയൻ പറയുമളവു വൻ–
കാറഴലസ്സും ദശായാം
പുത്തൻപൂവല്ലിപോലേ പെരിയ വിറയൽ പൂ–
ണ്ടാകുലാ കമ്രഗാത്രീ
മുഗ്ധാ സാ രാമഭദ്രൻതിരുവടിയൊടണ–
ത്തീടിനാൾ കൈവണങ്ങി–
പ്പുത്തഞ്ഞൂ ''ാര്യപുത്രാ! ചൊവ്വുള്ള മമ ച വ–
ക്തവ്യമുണ്ടെ''ന്നിവണ്ണം. 24

അന്നേരമസ്യാ മൊഴി കേട്ട ചൊന്നാ–
നൊന്നേറെ നിന്ദിച്ച രഘുപ്രവീരൻ;
''തന്വംഗി! ചൊല്ലേണ്ടവതില്ലതെല്ലാ–
മെന്നോട്ട ചൊല്ലീ തവ കാന്തിപൂരം. 25

മുന്നേതന്നേ ചതിച്ചാസ്സലവുള പരമാ–
ത്മാവിക്കെനിക്കന്നിതേതും–
തന്നേ തോന്നീല പോകാ മമ കപടമഹാ–
നാടകം പാട്ടുപാടേ;

പദ്യം 23. വക്ത്രം–മുഖം. വക്ഷോജം–സ്തനം. അന്യാദൃശം–അസാധാരണം. മധ്യം–മധ്യഭാഗം. അന്യഥാ ഏവ–അസാധാരണം തന്നെ. ഭവതാ മധ്യേ ഗിരാ കൃതം വാ–അങ്ങയാൽ മധ്യത്തിൽ വാക്കിനാൽ ചെയ്യപ്പെട്ടതോ. നിസ്സന്ദേഹം–ശങ്കയെന്നിയേ. ഇയം–ഇവൾ. വിദേഹകുലമാം–വിദേഹവംശമാകുന്ന. കല്പദ്രുമം–കല്പവൃക്ഷം. ദേവദർശനവശാൽ–ദേവനെ കണ്ടതുകൊണ്ട്.

പദ്യം 24. ഇത്ഥം–ഇപ്രകാരം. ആഞ്ജനേയൻ–ഹനുമാൻ. കാറഴലസ്സും ദശായാം–കാറഴലസ്സുപോലെ. പൂവല്ലി–പൂങ്കൊടി. ആകുലാ–പരവശയായ. കമ്രഗാത്രീ–മനോജ്ഞമായ ശരീരത്തോടുകൂടിയ. സാ മുഗ്ധാ–ആ സുന്ദരിയായ സീത. മമ ച–എനിക്കും. വക്തവ്യം–പറയേണ്ടതു്. ആര്യപുത്ര എന്നുള്ളതു ഭർത്താവിനെ അഭിസംബോധനം ചെയ്യുന്ന വാക്കു്.

പദ്യം 25. അസ്യാഃ–ഇവളുടെ. തന്വംഗി–അല്പയോ കൃശാംഗി തവ കാന്തിപൂരം–നിന്റെ സൗന്ദര്യം.

ഇന്നീ കാട്ടുന്ന ഗോഷ്ഠിക്കതിനതിനു നിന—
ച്ചീടിനാൻ സാക്ഷി ദൈവം—
തന്നേ നന്നായ് ഫലിച്ചു തവ ചതി കതിർവേ-ാ—
ന്നു ബലാലിന്നിദാനീം. 26

പൂശ്രാളക്കാരനായേനയി തവ മറിമാ—
യങ്ങളോരാഞ്ഞസൗ ഞാൻ
വേശ്യാസീമന്തമേ! ദണ്ഡകവനഭുവി നാം
പണ്ടു വാഴും ദശായാം.
ആശ്ലേഷിച്ചെന്നെയൊപ്പിച്ചണികുസുമമു—
ത്തീടുവാനെന്നു ചൊല്ലി—
പ്പോയ് ചേന്നായ് രാക്ഷസക്കമ്മെരെ രഹസി പറ—
ഞ്ഞൊത്ത സങ്കേതഭൂമൗ. 27

പൊന്മാനെക്കാൺ കളിപ്പാനിതു മമ വിരവിൽ
കൊണ്ടുവായെന്നിവണ്ണം
നമ്മോടിന്നീയപേക്ഷിച്ചതുമൊരു ചതിയെ—
ന്നിന്നറിഞ്ഞീടിനേൻ ഞാൻ;
ചെമ്മേ ദുർവാ പറഞ്ഞന്നനുജനെയുമക—
റീടിനായ് രാക്ഷസേന്ദ്ര—
ക്കമ്മൻ തന്നോടു കൂടെക്കളിയിലിതു പറ—
ഞ്ഞൊത്തുകൊണ്ടോക്കുമല്ലീ.'' 28

''വത്സ! കേൾക്ക മമ വാക്യ''മെന്നു പറയും വി—
ദേഹകുലമാലയോ—
ടെത്ര കഷ്ടമിതു ലക്ഷ്മണോപി കൊടുവാ പ—
റഞ്ഞിതു വിനീതിമാൻ;
''ഭദ്രമസ്തു തവ വാക്കു കേട്ടതിനു കേവ—
ലം ഫലവുമിന്നിതി—
ന്നിത്ര വന്നിതിനിയിത്തൊഴിച്ചു തരമല്ല
ഞാൻ നിയത''മിങ്ങനെ. 29

പദ്യം 26. പരമാർത്ഥി—കപടമില്ലാത്തവൻ. മമ—എനിക്കു്. കപ ... കം—കപടമാകുന്ന വലിയ നാടകം. ഗോഷ്ഠി—വികാരം. ഇദാനീം—ഇപ്പോൾ.

പദ്യം 27. പൂശ്രാ ...രൻ—വിഡ്ഢി. അയി—അല്ലയോ. തവ—നിന്റെ. അസൗ ഞാൻ—ഈ ഞാൻ. വേശ്യാ ...മേ—വേശ്യകളിൽ ഒന്നാമതായുള്ളോവേ. ദണ്ഡ....വി—ദണ്ഡകവനത്തിൽ. ആശ്ലേഷിച്ചു്—കെട്ടിപ്പിടിച്ചു്. കുസുമം—പൂവു്. രഹസി—ആരുമറിയാതെ. സങ്കേതഭൂമൗ—കുറിച്ചുവെച്ച വിജനസ്ഥലത്തിൽ.

പദ്യം 28. മമ—എനിക്കു്. ദുർവാ—ചീത്ത വാക്കു്. രാക്ഷ.... മ്മൻ രാവണൻ.

പദ്യം 29. വിദേ....ല—വിദേഹവംശത്തിനു് അലങ്കാരം (സീത).

''ശൃണു മാരുതപുത്ര! മാമകീനാം
ഗിര''മെന്നാളരവിന്ദസുന്ദരാക്ഷീ,
ഹനുമാനുമൊരുത്തരം പറഞ്ഞാ—
''നതിനക്കാലമതീത''മെന്നിവണ്ണം. 30

മന്യേ ലംഘിച്ചുകൂടാ കഥമപി ഭവിത—
വ്യത്തെ വല്ലോർക്കുമേവം
നിർണ്ണീതം കാൺക വന്നോരിടനില ധരണീ—
ദേവിതന്നാത്മജായാഃ;
അന്നേരം കഷ്ടമസ്യാ'മമ പുനരനസൂ—
യാവരപ്രാപ്തിമൂലം
വന്നോരാപത്തിതെ'ന്നങ്ങൊരു മൊഴി പറവാൻ
ഭാവമാരും കൊടാഞ്ഞാർ. 31

കെല്പെത്തും ബഹുഭാഷിതൈരലമലം
ഹാ കഷ്ടമെല്ലാരുമായ്
കല്പിച്ചാരിവഹ്നിപാവകകലധുനാ
മുങ്ങീടുകെന്നിങ്ങനെ
അല്പസ്മേരമുഖിയ്യഹോ തിരുമന—
ക്കാമ്പിൽ തെളിഞ്ഞു തദാ
തത്പക്ഷം മീഥിലാത്മജയ്ക്കു; പിഴയി—
ല്ലാതോക്കു ഖേദം വരാ. 32

ലക്ഷ്മണഃ അപി—ലക്ഷ്മണനും. വിനീതിമാൻ—വണക്കമുള്ളവൻ. തവ—നിനക്കു്. ഭദ്രം അസ്തു—മംഗളം ഭവിക്കട്ടെ. നിയതം—നിശ്ചയം.

പദ്യം 30. മാരുതപുത്ര—അല്പദേയോ ഹനുമൻ. മാമകീനാം ഗിരം ശൃണു—എന്റെ വാക്കു കേട്ടാലും. അര....ക്ഷീ—താമരപോലെ സുന്ദരമായ കണ്ണുകളോടുകൂടിയ സീത. അതീതം—കഴിഞ്ഞുപോയി.

പദ്യം 31. മന്യേ—ഞാൻ വിചാരിക്കുന്നു. കഥമപി—ഒരു വിധത്തിലും. ഭവിതവ്യത്തെ—വിധിയെ. ഏവം—ഇപ്രകാരം. നിർണ്ണീതം—നിശ്ചിതം. ധര....യാഃ—ഭൂമിദേവിയുടെ പുത്രിയായ സീതയ്ക്കു്. അസ്യാഃ—ഇവൾക്കു്. മമ പുനഃ—എനിക്കാകട്ടെ. അന....ലം—അനസൂയാദേവിയിൽനിന്നു വരം ലഭിച്ചതുകൊണ്ടു്. ഭാവം—സമ്മതം. ഇങ്ങനെ രാമലക്ഷ്മണഹനുമാന്മാർ മുവരും സീതയുടെ വാക്കു കേൾക്കാൻ വിസമ്മതിച്ചു.

പദ്യം 32. ബഹുഭാഷിതൈഃ അലം അലം—വളരെ പറഞ്ഞതുകൊണ്ടു മതി മതി. ഫലമില്ല എന്നർത്ഥം. പാവകകൽ—അഗ്നിയിൽ. അധുനാ—ഇപ്പോൾ. അല്പ....ഖീ—അല്പം പുഞ്ചിരിയോടുകൂടിയ മുഖത്തോടുകൂടിയവൾ. അഹോ—ആശ്ചര്യം. തദാ—അപ്പോൾ. തത്പക്ഷം—ആ കല്പന. മിഥിലാത്മജ—സീത. ഖേദം—ദുഃഖം.

ദൈവാജ്ഞപ്പം ഭവിക്കെന്നകതളിരിലഴൽ—
ക്കൊണ്ട വഹ്നിപ്രവേശം
ചെയ്യിപ്പാനായ് കുമാരം കലിതധൃതി നിയോ—
ഗിച്ചു സീതാസഹായഃ;
ഭ്രയഃ സഞ്ചിന്ത്യ സംരക്ഷിതുമഥ ഹതശേ—
ഷാൻ നിശാചാരിവീരാൻ
മായാഘോരാന്മനസ്വീ തദനു ഘനബലം
പ്രാഹിണോദ് വാനരേന്ദ്രം. 33

സീത അഗ്നിപ്രവേശത്തിനായി ഒരുങ്ങിപ്പോകുന്നതിനേയും അപ്പോൾ ശ്രീരാമാദികളുടെയും മറ്റും അവസ്ഥാവിശേഷങ്ങളെയും വർണ്ണിക്കുന്നു:

ഗദ്യം 3.

അഥ നിജവല്ലഭ ലക്ഷ്മണസഹിതാ
തത്ക്ഷണമഴകൊട്ട വഹ്നിയിൽ വീഴാ—
നനുചിതഭാവാ പോയ ദശായാം,
ആഴിയൊളോം കനമാഴവുമുച്ചൈ—
രദ്രിവരത്തൊളമെത്രയുമെഴവും
പെരുമയുമമ്പിന തിരുമനകാമ്പിലൊ-
രാത്തി പിടിച്ചതു തലമൂടേറി—
പ്പരവശനായീ രഘുകുലവീരൻ.
പെരുകിന ചിന്താസന്തതിശാലീ
ചൂടചുടെ മദ്ധ്യേ നെടുവീപ്പിട്ടും
വാസ്പൊട്ട നീളെത്തതിരുമിഴിയുഗളേ
ബാഷ്പചയങ്ങൾ നിറഞ്ഞുതുടങ്ങീ.
മേന്മേലുംചൂടേറു മനോജ്ഞം
താമ്രാധരമലർ കിഞ്ചന വാടീ.

പദ്യം 33. ദൈവാജ്ഞപ്പം—ദൈവത്തിന്റെ കല്പന (വിധിവിഹിതം). വഹ്നി—അഗ്നി. കുമാരം—ലക്ഷ്മണനെ. കലിതധൃതി—സ്ഥൈര്യത്തോടുകൂടി. സീ....യഃ—രാമൻ. ഭ്രയഃ—വീണ്ടും. സഞ്ചിന്ത്യ—ആലോചിച്ചിട്ട്. അഥ—പിന്നെ. ഹതശേഷാൻ—മരിച്ചതു പോലെ ബാക്കിയുള്ള. മായാഘോരാൻ—മായയാൽ ഭയങ്കരന്മാരായ. നിശാ ....രാൻ—രാക്ഷസവീരന്മാരെ. സംരക്ഷിതും—രക്ഷിക്കുവാനായി. മനസ്വീ—ഉൽകൃഷ്ടമനസ്സോടുകൂടിയവൻ. തദനു—അതിൽപിന്നെ. ഘനബലം—കനത്ത സൈന്യമുള്ള. വാനരേന്ദ്രം—വാനരശ്രേഷ്ഠനെ. പ്രാഹിണോത്—അയച്ചു.

ഗദ്യം 3. അഥ—അനന്തരം. ലക്ഷ്മ....താ—ലക്ഷ്മണനോടുകൂടിയ. നിജ വല്ലഭ—തന്റെ ദയിതയായ സീത. തത്ക്ഷണം—ഉടൻ. അനുചിത ഭാവാ—നിശ്ചയിച്ചവളായി. പോയ ദശായാം—പോയപ്പോൾ. ഉച്ചൈഃ—പൊക്കത്തിൽ. അദ്രിവരം—പർവതശ്രേഷ്ഠം. ആത്തി—പീഡ. ചിന്താ....ലീ—ആലോചനകളോടുകൂടിയ. യുഗളേ—രണ്ടിൽ. ബാഷ്പ

സവിധേ നിന്നവനോടരിയാട്ടം
പവനാത്മജനൊട്ടമില്ല തദാനീം.
'ഒരു നേരത്തുമിവണ്ണം വരുമാ–
റോത്തതുമില്ല കിനാവിലുമിഞ്ഞാൻ.
ചെറുതേന്നമൊഴി പോയതുമൂലം
വെറുതേ ജന്മ മദീയമിതയ്യോ!
വാനരവീരനെ ബാണംകൊണ്ടൊരു
ബാലിയെ വെന്നതു വിഫലംതന്നേ.
പവനതനൂജപരാക്രമഭംഗികൾ
പഴതേ പോയിതു പലവക പാത്താൽ.
വമ്പു തുടന്നൊരു വരുണൻതന്നോ–
ടമ്പു തൊട്ടത്തതു കഷ്ടംതന്നേ!
മന്യേ കടൽ ചിറയിട്ടു കടന്നതു–
മെന്നേ കഷ്ടം! നിഷ്ഫലമായീ.
കപിവീരന്മാരഗതികളോരോ
കരുമന ചെയ്തതു വന്ധ്യത പൂണ്ടു.
സജ്ജനസവിധേ ചെല്ലുന്നേരം
നിശ്ചയമയ്യോ! ലജ്ജ വരാതോ.
ചെല്ലുമ്പൊഴതെന്മാതുസമീപേ
ചൊല്ലുവതെന്തിനി ഹന്ത ജളാത്മാ.
തീരാതോരു സുഖക്കേടിതു വ–
ന്നാശ്രുദ്ധം മേ ചാവോളം നാഥം.
മിഥിലമഹീപതിതന്നുപകണ്ണേ
കഥമിവ യാസ്യാമ്യഹമതിമന്ദൻ.
മതി മതിയെല്ലാം നാട്ടം വേണ്ടാ
തൻ കാന്താമപി പരിപാലിപ്പാൻ
കൺകാണാതവനൂഴിയെ മുഴുവൻ
കാത്തീടുവതിന്നാസ്ഥാനത്തൊരു
സിംഹാസനഭൂവി ഞെളിയുന്നാകിൽ
പരിഹാസ്യോ ഞാനറിവുണ്ടത്രേ.

ചയം—കണ്ണുനീർപ്പരപ്പു്. മനോജ്ഞം—രമ്യം. താമ്രം—ചുവന്ന. അധരം—ചുണ്ടു്. കിഞ്ചന—അല്പം. സവിധേ—അരികിൽ. പവനാത്മജൻ—വായുപുത്രനായ ഹനുമാൻ. തദാനീം—അപ്പോഴം. മദീയം ജന്മ—എന്റെ ജന്മം. വിഫലം—നിഷ്പ്രയോജനം. പവനതനൂജൻ—വായുപുത്രൻ. മന്യേ—ഞാൻ വിചാരിക്കുന്നു. കരുമന ചെയ്തതു്—വളരെ കഠിനമായ പ്രവൃത്തി ചെയ്തതു്. വന്ധ്യത—വിഫലത. സജ്ജനസവിധേ—നല്ലവരുടെ അടുക്കൽ. ആശ്രുദ്ധം—കയറിയിരിക്കുന്നു. മേ—എനിക്കു്. മിഥി.....ങ്ങേ—ജനകന്റെ അടുത്തു്. അതിമന്ദൻ—ജളനായ. അഹം—ഞാൻ. കഥം ഇവ യാസ്യാമി—എങ്ങനെ ചെല്ലും.

മദ്ധ്യമമാതും നിയതമറിഞ്ഞാ—
ളവളിതു പണ്ടേ നിജകരംകൊണ്ടേ.
ഞാനിനി മൗനം പൂണ്ടൊരു കോണിൽ
കാചന വനാന്തേ പുക്കു നിരർഗ്ഗള—
മായുശ്ശേഷം പോവതു പാർപ്പൂ.'
ബഹുവിധമേവം മനസി നിരൂപി—
ച്ചഴൽ പെരുകുംപൊഴതാശ്ചര്യം പൂ—
ണ്ടിളകിവരുന്ന സുമിത്രാസുതനേ
തൃക്കൺപാർത്തതിഗാഢതരം താൻ
തഴകിത്തഴകിക്കിമിദം കിമിദം
പണ്ടൊരുനാളും കാണാതൊന്നിതു
പുളകിതമയ്യോ! തളിരൊളിമെയ്തവ
ശക്രജിദുഗ്രപരാക്രമമൊക്കെയ—
ടക്കിയ നാളും കണ്ടീലത്തൊഴി—
ലെന്തൊരപൂർവം കണ്ടതു കേട്ടതു—
മെല്ലാം പറകെന്നരുളിച്ചെയ്യുള—
വുത്തമഭക്തിപുരസ്സരമൊന്നു വ—
ണങ്ങിത്തൊഴതറിയിച്ചാനവനോ—
ടാശ്ചരിയാംബുധിവൻതിരമാലയി—
ലോളമെടുത്ത ധിയാ ബത! രാമം
സൗമിത്രിരയം പുതുമ തദാനീം.

''ആര്യ! ഭവാനുടനാജ്ഞാപിച്ചള—
വാശ്രു പദാംബുജമനവധി കമ്പി—
ട്ടവനതവദനസരോരുഹമാര്യാ
ഝടിതി പുറപ്പെട്ടപ്പൊഴ മുൻപി—
ലകമ്പടിയായ് നടകൊണ്ട വലീമുഖ—
പങ്ക്തികളം വാനരരാജനിയോഗ—

കാന്താം അപി—ഭാര്യയേയും. ആസ്ഥാനം—ഇരിപ്പിടം. സിംഹാസനഭവി—സിംഹാസനത്തിൽ. പരിഹാസ്യഃ—പരിഹാസത്തിനു പാത്രം. മധ്യമമാതുഃ—രണ്ടാമത്തെ മാതാവു്. നിയതം—നിശ്ചയം. കാചന വനാന്തേ—ഒരു വനപ്രദേശത്തിൽ. നിരർഗ്ഗളം—തടവില്ലാതെ. ആയുശ്ശേഷം—ബാക്കിയുള്ള ആയുസ്സു്. ബഹുവിധം—പല പ്രകാരത്തിൽ. ഏവം—ഇങ്ങനെ. മനസി—മനസ്സിൽ. നിരൂപിച്ചു്—സങ്കല്പിച്ചു്. സുമിത്രാസുതൻ—ലക്ഷ്മണൻ. അതിഗാഢതരം—വളരെ ബലമായി. കിം ഇദം—ഇതെന്തൊന്നു്. പുളകിതം—രോമാഞ്ചത്തോടുകൂടിയതു്. തവ—നിന്റെ. ശക്രജിദുഗ്രപരാക്രമം—ഇന്ദ്രജിത്തിന്റെ ശൗര്യം. അപൂർവം—അസാധാരണം. ഉത്ത....രം—വളരെ ഭക്തിയോടുകൂടി. ആശ്ച....ധി—അത്ഭുതമാകുന്ന സമുദ്രം. ധിയാ—ബുദ്ധിയോടു്. രാമം—രാമനോടു്. അയം സൗമിത്രിഃ—ഈ ലക്ഷ്മണൻ. തദാനീം—അപ്പോൾ

വശേന വളന്ന മഹീധരസാനുഷു
ചെന്ന തിരഞ്ഞു തിരഞ്ഞു പറിച്ചുപൊ—
ളിച്ച മഹാദ്രുമശാഖകംകൊണ്ടട—
നേററിയ മേലെരിതന്നെക്കൊണ്ടേ
കഹചന ഭാഗേ ശിവശിവ ചണ്ഡം
കണ്ഡം കത്തിത്തീയും കൂട്ടി—
പ്പാഞ്ഞീടുന്ന മഹീതലസീമനി
മെല്ലേ മെല്ലേ ചെന്നുതുടങ്ങീ
സാ വരവണ്ണിനി സാക്ഷാല്ലക്ഷ്മീഃ.
എന്തൊരു ഭാവമണിഞ്ഞതു ഗമനേ
താപവുമല്ലതു കോപവുമല്ലതു
ഖേദവുമല്ലതു മോദവുമല്ലതു
കേവലസത്താസംസ്ഥിതിയെന്നേ
തം ഭാവം പ്രതി സംപ്രതി മന്യേ.
മുട്ടുമുട്ടു യാന്തീ മുഹുരപി ഭാന്തീ
മൗനമണിഞ്ഞു മഹാനദിതന്നിൽ
സ്നാനം ചെയ്തൊരു മാറുമുടുത്തു വി—
ശ്രുദ്ധി തൊട്ടുത്തു കരേറുന്നേരം
വികസിതസരസിജമധുധരി പെരുകിന
മധുകരപടലി മദംപൂണ്ടിളകി—
പ്പാടിപ്പാടിത്തെരുതെര വന്ന—
ത്തിരുമുഖകമലേ വീണ പിടഞ്ഞും
മേളം താവിന നാളീകങ്ങളി—
ലാന്തോളിതഗതികേളിമരാളീ—
പാളിതനിക്കും വാരാതോ ചില
യാത്രാഭംഗികളം കണ്ടു കൊതിച്ചിഹ

ആശു—ഉടൻ. പദാംബുജം—ചരണകമലത്തെ. അവന.....ഹം—കനി
ഞ്ഞ മുഖകമലത്തോടുകൂടിയ. വലീ....കം—വാനരക്കൂട്ടങ്ങം. വാന....
ശേന—സുഗ്രീവന്റെ കല്പനപ്രകാരം. മഹീ....ഷു—മലയടിവാരങ്ങളിൽ.
മഹാ....കം—വലിയ വൃക്ഷങ്ങളുടെ കൊമ്പുകം. കഹചന ഭാഗേ—ഒരി
ടത്തു്. ചണ്ഡം—ഭയങ്കരം. കണ്ഡം—തീക്കഴി. മഹീതലസീമനി—
ഭൂഭാഗത്തിൽ. സാ വരവണ്ണിനി—ആ പതിവ്രതയായ. സാക്ഷാത്
ലക്ഷ്മീഃ—സാക്ഷാത് ലക്ഷ്മീദേവി. ഭാവം—ചിത്തവൃത്തി. ഗമനേ—
യാത്രയിൽ. താപം—സങ്കടം. മോദം—സന്തോഷം. കേവ.....തി—
വെറും സത്തയുടെ സ്ഥിതി.തം ഭാവം പ്രതി—ആ മനോവൃത്തിയെപ്പറ്റി.
സംപ്രതി—ഇപ്പോം. മന്യേ—ഞാൻ വിചാരിക്കുന്നു. മുട്ടുമുട്ടു—പതുക്കെ
പ്പതുക്കെ. യാന്തീ—പോകുന്നവളായി. മുഹുഃ അപി—വീണ്ടും. ഭാന്തീ
—ശോഭിക്കുന്നവളായി. മഹാനദി—പുണ്യനദി. വികസി.....ധരി—
വിടർന്ന താമരയിലെ തേനിന്റെ സ്യന്ദം. മധു.....ലി—വണ്ടിൻകൂട്ടം.
മുഖകമലേ—മുഖമാകുന്ന താമരയിൽ. നാളീകങ്ങളിൽ—താമരകളിൽ.

പാടവരീതി പയറ്റുവതിന്നണി—
കാക്കലിടഞ്ഞും പറവതിതെന്തേ
പരവശഗാത്രീ പൂങ്കാവുടേ
കൂടെ നടന്നണിപത്രപുടത്തിലൊ—
രഞ്ജലി നിറയെ പൂവുമുത്തു ഹ—
താശനസവിധേ നിന്ന ദശായാം.

ഭുവനകടാഹമതൊന്നു കുലുങ്ങീ;
സകലജനങ്ങളുമൊന്നു നടുങ്ങീ;
കേഽപി ഭവന്തം നിന്ദിക്കുന്നു;
കേചന ദൈവം വന്ദിക്കുന്നു;
ഹരിവരമേകേ ഭർത്സിക്കുന്നു;
പുനരപരേ മാം കുത്സിക്കുന്നു;
പാതിവ്രത്യമമുഷ്യാഃ കാണ്മിൻ
ഭാതി വ്യക്തമിതെന്നു കേചന.
കലയ പതിവ്രതയെങ്കിൽ വിയോഗേ
തെളിവാനെന്തിവളെന്നു കേചന.
കേടെത്തീടാ നൂനമിവൾക്കിഹ
പേടിച്ചീടായ്കെന്നു കേചന.
ഗോഷ്ടി നിനച്ചതിവൾക്കൊരു നാളും
കേട്ടീലത്തൊഴിലെന്നു കേചന.
വിശ്വസിയായ്കുത വഹ്നിയിൽ വീണാൽ
നിശ്ചയമുണ്ടാമെന്നു കേചന.
ചതി പെടുമറിയാമല്ല വധൂനാം
ചപലം മാനസമെന്നു കേചന.
ഇത്തൊഴിൽ ചെയ്താലാരും നാളെ
കുറ്റം പറയായെന്നു കേചന.
പലരുമിവണ്ണം പലവഴി സതതം

ആന്ദോ....പാളി—ചാഞ്ചാടിക്കളിക്കുന്ന പെൺ അരയന്നങ്ങളുടെ കൂട്ടം. യാത്രാഭംഗി—ഗമനഭംഗി. ഇഹ—ഇവിടെ. പാടവം—സാമർത്ഥ്യം. പരവശഗാത്രീ—തളർന്ന ശരീരത്തോടുകൂടിയ സീത. പത്രപുടം—ഇലയാകുന്ന പാത്രം. അംജലി—കൂപ്പിയ കൈയ്. ഹുതാശനസവിധേ—അഗ്നിയുടെ മുമ്പിൽ. നിന്ന ദശായാം—നിന്നപ്പോൾ. ഭുവനകടാഹം—ബ്രഹ്മാണ്ഡം. കേ അപി—ചിലർ. ഭവന്തം—അങ്ങയെ. ഏകേ—ചിലർ. ഹരിവ...—വാനരശ്രേഷ്ഠനെ. ഭർത്സിക്കുന്നു—ശകാരിക്കുന്നു. അപരേ പുനഃ—ചിലരാകട്ടെ. മാം—എന്നെ. കുത്സിക്കുന്നു—ആക്ഷേപിക്കുന്നു. അമുഷ്യാഃ—ഇവളുടെ. പാതിവ്രത്യം—ചാരിത്രശുദ്ധി. കേചന—ചിലർ. വ്യക്തം ഭാതി—സ്പഷ്ടമായി ശോഭിക്കുന്നു. വിയോഗേ—വിരഹത്തിൽ. കലയ—ധരിച്ചാലും. നൂനം—നിശ്ചയം. ഗോഷ്ടി—വികാരം. വധൂനാം—സ്ത്രീകൾക്കു്. മാനസം ചപലം—മനസ്സു് അസ്ഥിരം. സതതം

പറയുന്നേരം പരമപതിവ്രത
പാവകദേവനെ നത്വാ നിന്നാൾ.

സീത അഗ്നിയെ വലംവച്ചിട്ടു ചില പ്രാർത്ഥനകളും നടത്തിക്കൊണ്ടു രാവണസമ്പർക്കമുണ്ടായതിന്റെ സത്യാവസ്ഥ പറഞ്ഞിട്ടു് അഗ്നിപ്രവേശം ചെയ്യുന്നു:

അക്കാലം നിജകൈകളുടന്നയിൽ മലർ-
ച്ചാർത്തും നിറച്ചോറവും
മുഖ്യാ മുന്നു വലത്തുവച്ചു ശുഭദം
വന്ദിച്ചു വൈശ്വാനരം
ഉൾക്കമ്പത്തെയടക്കി നിന്നുദിതയാ
ഭക്ത്യാത്മകാന്തം ധിയാ
കൈക്കൊണ്ടേവമവോചദംബുജമുഖീ
മാന്യാ മഹാലോകരാൽ. 34

''സ്വാഹാദേവി പുണർന്ന പുണ്യലഹരീ-
സർവ്വസ്വമേ! നിസ്സ്വാ-
പ്രാകാശ്യേന നിതാന്തമന്ധതമസം
നീക്കുന്ന ഭാഗ്യാംബുധേ!
മാഴ്കീടാത ദയാനിധേ! മഖഭുജാ-
മേകം മുഖാംഭോജമേ!
ലോകാധീശ്വര! ലോഹിതാശ്വ! ഭവതേ
തസ്മൈ നമസ്കുർമ്മഹേ. 35

—എപ്പോഴും. പരമപതിവ്രത—ശ്രേഷ്ഠയായ പതിവ്രത. പാവകദേവനെ—അഗ്നിദേവനെ. നത്വാ—നമസ്കരിച്ചു്.

പദ്യം 34. മുഖ്യാ—ശ്രേഷ്ഠയായ. വലത്തുവച്ചു്—പ്രദക്ഷിണം ചുറ്റി. ശുഭദം—ക്ഷേമത്തെ നൽകുന്ന. വൈശ്വാനരം—അഗ്നിദേവനെ. ഉൾക്കമ്പം—ഭയം. ഉദിതയാ—ഉണ്ടായ. ഭക്ത്യാ—ഭക്തിയോടു്. ആത്മകാന്തം—തന്റെ ഭർത്താവിനെ. ധിയാ കൈക്കൊണ്ടു്—ബുദ്ധിയിൽ ഭാവനചെയ്തിട്ടു്. മാന്യാ—മാനിക്കത്തക്കവൾ. അംബുജമുഖീ—കമലമുഖിയായ സീത. ഏവം—ഇവ്വണ്ണം. അവോചത്—പറഞ്ഞു.

പദ്യം 35. സ്വാഹാദേവി—അഗ്നിയുടെ ഭാര്യ. പുണ്യ....മേ—പുണ്യപ്രവാഹത്തിന്റെ സർവസ്വമായുള്ളോവേ. നിസ്സ....ന—നിർമലമായ പ്രകാശത്താൽ. നിതാന്തം—വളരെ. അന്ധതമസം—ക്രൂരതയിനെ. മാഴ്കീടാത—വാട്ടമില്ലാത്ത. മഖഭുജാം—ദേവന്മാരുടെ. ഏകം—ഒരു. മുഖാംഭോജമേ—മുഖത്താമരയായുള്ളോവേ. യാഗത്തിൽ ഹവിസ്സു സ്വീകരിക്കുന്നതിനു് എല്ലാ ദേവന്മാർക്കും അഗ്നിയാകുന്ന ഒരു മുഖമേ ഉള്ളു. ''അഗ്നിമുഖാ വൈ ദേവാഃ'' എന്നു വചനം. ലോഹിതാശ്വ—അല്ലയോ അഗ്നിദേവ. അഗ്നിയുടെ ഏഴു ജ്വാലകളിൽ ഒന്നു് ലോഹിതമാണു്. തസ്മൈ ഭവതേ—അവ്വണ്ണമുള്ള ഭവാനായ്ക്കൊണ്ടു്. നമസ്കുർമഹേ—നമസ്കരിക്കുന്നു.

കാരുണ്യാമൃതവാരിധേ! സ്വജനഹൃത്പാഥോജിനീഭാസ്കര!
പ്രത്യർത്ഥിവ്രജഗന്ധസിന്ധുരഘടാസഞ്ചാരിപഞ്ചാനന!
ആഗാമിന്യപി ജന്മനി പ്രതിദിനം ത്വത്പാദപദ്മദ്വയീ-
ശ്രുശ്രൂഷാകരണായ മാം പ്രതി വിഭോ! ഭൂയാത് കൃപാ താവകീ. 36

സാധോ! ലാളയ വത്സ! വത്സലതയാ താമൂർമിളാം സർവദാ
മദ്വാത്സ്യാവിധുരം ഗിരാ കഥമപി ശത്രുജനം സാന്ത്വയ,
സൗജന്യാംബുനിധേരുദാരയശസോ മാ സന്നിധിം ജ്യായസഃ
സ്വപ്നേഽപി ത്യജ സന്ത്യജാതിമധുനാ ഭദ്രാണി തേ ജാഗ്രതു. 37

ഇക്ഷ്വാകൂണായ മഹാജനങ്ങൾ ചെവി ന-
ല്കിക്കേൾക്ക കേൾക്കാംബരേ
നിർവ്യൂഢം ദേവതമാരുമഗ്നിഭഗവാൻ-
താനും മദീയാം ഗിരം;

പദ്യം 36. കാരു....ധേ-കൃപയാകുന്ന അമൃതത്തിനു സമുദ്രമായുള്ളോവേ. സ്വജന....ര-സ്വജനങ്ങളുടെ ഹൃദയകമലത്തെ വിടർത്തുന്ന സൂര്യനായുള്ളോവേ. പ്രത്യ....നന-ശത്രുക്കളാകുന്ന മദയാനകളെ ആക്രമിക്കുന്ന സിംഹമായുള്ളോവേ. ആഗാമിനി ജന്മനി അപി-വരാൻ പോകുന്ന ജന്മത്തിലും. പ്രതിദിനം-ദിവസംതോറും. ത്വത്....യ-അവിടത്തെ കാലുത്താമരകൾ രണ്ടിനെയും പരിചരിപ്പാനായി. മാം പ്രതി-എങ്കൽ. താവകീ കൃപാ-അവിടത്തെ കാരുണ്യം. ഭൂയാത്-ഉണ്ടാവണം.

പദ്യം 37. സാധോ വത്സ-സാധുവായ വത്സ ലക്ഷ്മണ. വത്സലതയാ-വാത്സല്യത്തോടുകൂടി. സർവദാ-എപ്പോഴും. താം ഊർമിളാം-ആ ഊർമ്മിളയെ. ലാളയ-ലാളിച്ചാലും. മദ്വാ....രം-എന്റെ വാത്സല്യം കേട്ടു വ്യാകുലപ്പെട്ടിരിക്കുന്ന. ശത്രുജനം-മാതൃജനത്തെ. ഗിരാ-വാക്കുകൊണ്ട്. കഥമപി-എങ്ങനെയെങ്കിലും. സാന്ത്വയ-ആശ്വസിപ്പിച്ചാലും. സൗജ....ധേഃ-സൗജന്യക്കടലായ. ഉദാ....സഃ-അതികീർത്തിമാനായ. ജ്യായസഃ-ജ്യേഷ്ഠന്റെ. സന്നിധിം-സാന്നിധ്യത്തെ. സ്വപ്നേ അപി-സ്വപ്നത്തിൽപ്പോലും. മാ ത്യജ-ത്യജിക്കരുതു്. അധുനാ-ഇപ്പോൾ. ആധിം-സങ്കടത്തെ. സന്ത്യജ-ത്യജിച്ചാലും. തേ-നിനക്ക്. ഭദ്രാണി-മംഗളങ്ങൾ. ജാഗ്രതു-ഭവിക്കട്ടെ.

പദ്യം 38. അംബരേ-ആകാശത്തിൽ. മദ്വീയാം ഗിരം-എന്റെ വാക്കിനെ. ക്ഷോണീ-ഭൂമി. നൃപോത്കരം-രാജസമൂഹം. മനസാ-

ഇക്ഷ്വാണിക്കിയലും നൃപോത്കരമുടി—
പ്പൂൺപിൻമണിക്കല്ലെതൻ
തൃക്കാലാണ മൃഷോദ്യമല്ല മനസാ
വാചാ വചോ മാമകം. 38

ജാതം മാമിഹ കൊണ്ടുപോകുമളവിൽ
പൂവ്വം ഭ്രജസ്പൃശ്വും
പാദസ്പൃശ്വുമേകദാ സ തു ദശാ—
സ്യൻ വന്ന കൂപ്പും വിധൗ
സാധിക്കാം പരമാത്മനെന്നുമൊരുനാഥം
മറോരു സംപക്മി—
ല്ലേതും പാവകനാണ! പാപിയൊടവൻ—
തന്നോട നിഷ്ണീയതാം.'' 39

മുഖ്യാം വാണീമിവണ്ണം തെളിവിനൊടരുളി—
ച്ചെയ്ത സൗമിത്രിയോട—
ങ്ങുംക്കാമ്പിൽ പാത്തു പാത്തമ്മനുകല—
തിലകം, മൈഥിലീ രാമചന്ദ്രം,
അഗ്രേ നാനാജനാനാം കുസുമനിരയുമാ—
രാദ്ധ്യ ചാടീടിനാള—
ങ്ങഗ്നൗ സാ വെണ്ണിലാവിൻനടുവിലൊരു ചകോര—
രിക്കിടാവെന്നപോലെ. 40

അപ്പോഴം ഉണ്ടായ അദ്ഭുതത്തെ വർണ്ണിക്കുന്നു:

ഗദ്യം 4.

തദനു ജനകതനയാ, ദഹനപതനദശ്നജനിതകുതുകരേ—
മുദിതസകല സുമനോഗണാപചായതരളിതനിഖിലസുരയുവ—
തിജനകരതലഗളിതസകിസലയമുകുളപ്രസൂനസമുദയോജ്ജ്വല

മനസ്സുകൊണ്ട്. വാചാ—വാക്കുകൊണ്ട്. മാമകം വചഃ—എന്റെ വാക്ക്. മൃഷോദ്യമല്ല—കള്ളമായി കഥിക്കപ്പെട്ടതല്ല.

പദ്യം 39. മാം—എന്നെ. ഇഹ—ഇവിടെ. പൂർവം—പണ്ട്. ഭ്രജസ്പൃശം—തൊടൽ. പാദസ്പൃശം—കാൽകൊണ്ടു തൊടുക. ഏകദാ—ഒരിക്കൽ. ജാതം—ഉണ്ടായി. സഃ ദശാസ്യൻ തു—ആ രാവണൻ. കൂപ്പും വിധൗ—കൂപ്പുമ്പോഴം. സമ്പർക്കം—സ്പർശം. പാവകൻ—അഗ്നി. നിഷ്ണീയതാം—നിശ്ചയിച്ചാലും.

പദ്യം 40. സൗമിത്രി—ലക്ഷ്മണൻ. മുഖ്യാം വാണിം—മുഖ്യമായ വാക്കിനെ. മനുകുലതിലകം—മനുവംശാലങ്കാരമായ. രാമചന്ദ്രം—ശ്രീരാമനെ. മൈഥിലീ—സീത. നാനാജനാനാം അഗ്രേ—പലരുടേയും മുമ്പിൽ. കുസുമനിര—പുഷ്പശ്രേണി. ആരാധ്യ—ആരാധിച്ചിട്ട്. സാ—അവൾ. അഗ്നൗ—തീയിൽ. ചകോരം—ചെമ്പോത്തു്.

ഗദ്യം 4. തദനു—അനന്തരം. ജനകതനയാ—സീത. ദഹന.....

വിജ്വലജ്ജ്വലനജിഹ്വാകബളിത മകരന്ദഗർഭ പ്രസവവിഡം-
ബനപ്രവീണ കൃശാനുകണസഞ്ചയ സഞ്ചരച്ചഞ്ചലചഞ്ചളീക-
ഗളോദഞ്ചിതകളകളബഹുലപക്ഷോദിതപരുഹിന കിരണ-
രേഖാദേശ്യതനുലതാപല്ലവായ മാനജ്വാലാജാല കലിതപ-
ര്യന്താനന്ദമന്ദാകിനീവിന്ദുവൃന്ദതുന്ദിലിതസകലലോകമാനസാ,
മാനസപ്രാപ്തകീർത്തിമരാളമുദ്ധ്യാംഗനാദത്താദരാ, ദരവിവൃത-
ദന്തേന്ദുനിഷ്യന്ദി ചന്ദ്രാതപകന്ദളീമന്ദീകൃതസകലസന്താപാ,
താപനിരാസകൃതേ ശ്രുനാസീരനിദേശാവതീർണ്ണസജലജല-
ദ്വന്ദശങ്കാവഹരുചിരചികുരഭരോഭിരാമാ, രാമചന്ദ്രപ്രിയ-
തമാപി ബൃഹദ്ഭാനുഭാര്യാ, പാഞ്ചാലനന്ദിനീവ പ്രാപ്തപ്രാ-
ധനഞ്ജയാ, വിദർഭരാജപുത്രീവ കൃഷ്ണവർത്മാനുഗതാ, വിപ്രക്ത-
പ്താഹുതിരിവ വിഹിതസ്വാഹാനുകരണാ, കിം ബഹുനാ,
അവാങ്മനസവിഷയാപദാനപാത്രമാസീത്.

ദയാ-തീയിൽ ചാടിയതു കണ്ടു സന്തോഷിച്ച് എല്ലാ പൂക്കളേയും പറിക്കു
ന്നതിൽ ധൃതി കൂട്ടിയ ദേവസ്ത്രീകളുടെ കൈയിൽനിന്നു പതിച്ച തളിരു്
മൊട്ടു് പൂ ഇവയുടെ കൂട്ടത്തോടുകൂടിയവളായി. ഉജ്ജ്വല....പര്യന്താ-അ
ധികം കത്തിക്കാളുന്ന തീനാക്കിനാൽ കബളനം ചെയ്യപ്പെട്ട തേനോടു കൂ
ടിയ പൂക്കളെ വിഡംബനം ചെയ്യുന്നതിൽ മിടുക്കുള്ള അഗ്നികണങ്ങളിൽ
സഞ്ചരിക്കുന്ന ചപലങ്ങളായ വണ്ടുകളുടെ തൊണ്ടയിൽനിന്നു വരുന്ന കള
കളമാകുന്ന കൃഷ്ണപക്ഷത്തിൽ ഉദിക്കുന്ന ചന്ദ്രലേഖപോലെയുള്ള ശരീര ല
തയുടെ തളിരുകളായി ആചരിക്കുന്ന തീനാക്കുകളാൽ വ്യാപ്തമായ പാശ്വ
ഭാഗത്തോടു കൂടിയവളായി. ആനന്ദ....നസാ-ആനന്ദമാകുന്ന ഗംഗയുടെ
തുള്ളികളാൽ നിറഞ്ഞ സകലജനങ്ങളുടേയും ചിത്തത്തോടുകൂടിയവളായി.
മാന....ദരാ-മാനസത്തെ പ്രാപിച്ച കീർത്തിയാകുന്ന മുഗ്ധയായ അരയന്നയു
വതിയാൽ ഉത്തമായ ആദരവോടുകൂടിയവളായി. ദര....പാ-അല്പം വെ
ളിവായ പന്തങ്ങളാകുന്ന ചന്ദ്രകൽനിന്നു പ്രവഹിക്കുന്ന നിലാവിനാൽ ശമി
പ്പിക്കപ്പെട്ട എല്ലാവരുടേയും താപത്തോടുകൂടിയവളായി. താപ....തേ-
താപത്തെ പരിഹരിക്കുന്നതിനായി. ശ്രുനാ....മാ-ഇന്ദ്രന്റെ ആജ്ഞയാൽ
വന്നിറങ്ങിയ നീരുണ്ട മേഘമോ എന്നു ശങ്കയെ ജനിപ്പിക്കുന്ന മനോഹ
രമായ കേശഭാരത്താൽ രമ്യയായി. രാമ.....മാ അപി-ശ്രീരാമന്റെ
പ്രിയതമയാണെങ്കിലും. ബൃഹ....ര്യാ-അഗ്നിയാൽ ഭരിയ്ക്കപ്പെടേണ്ടവളാ
യി. പാഞ്ചാ....നീ ഇവ-പാഞ്ചാലി എന്നപോലെ. പ്രാപ്തധനംജയാ
-അഗ്നിയെ പ്രാപിച്ചവളായി. വിദ....ർഭീ ഇവ-വൈദർഭി എന്നപോ
ലെ. കൃഷ്ണ....താ-അഗ്നിയുടെ മാർഗ്ഗത്തെ അനുഗമിച്ചവളായി. വിപ്ര
....തിഃ ഇവ-വിപ്രന്മാരാൽ കല്പിതമായ ആഹുതി എന്നപോലെ. വി
ഹിത....ണാ-സ്വാഹയെ അനുകരിച്ചവളായി. ബഹുനാ കിം-വളരെ
യെന്തിനു്. അവാ....ത്രം-വാക്കിനും മനസ്സിനും ഗോചരമല്ലാത്ത പ്രസി
ദ്ധിയുള്ള പാത്രമായി. ആസീത്-വേറിച്ചു. ധനഞ്ജയൻ-അർജ്ജുനൻ, കൃഷ്ണ
വർത്മ-ശ്രീകൃഷ്ണന്റെ മാർഗ്ഗം. സ്വാഹാ-ആഹുതിമന്ത്രം എന്നീ ശ്ലിഷ്ടാർത്ഥ
ങ്ങളും വിരോധപ്രതീതി ഉണ്ടാക്കുന്നു.

പാതിവ്രത്യമാഹാത്മ്യത്താൽ അഗ്നിയിൽ ദഹിക്കാതെ ശുദ്ധിയെ പ്രാപിച്ച സീതയെ വഹിച്ചുകൊണ്ട് അഗ്നിദേവൻ ശ്രീരാമന്റെ മുമ്പിൽ പ്രത്യക്ഷനായി ശ്രീരാമനെ സ്തുതിക്കുകയും നിർദോഷയാണെന്നു പറഞ്ഞു വിശ്വസിപ്പിച്ച സീതയെ ഏൽപ്പിക്കുകയും ചെയ്തിട്ടു മായുന്നു:

ധൃത്വാ ധാത്രീസുതാം താമമൃതനദിയി—
ലാറാടി മുങ്ങിക്കളിച്ചു—
ന്നിദ്രാത്മാ മുമ്പിലാത്മാഴകിനൊട്ട സമാ—
യാന്തമഗ്നിം മഹാന്തം
അദ്രാക്ഷീദ് രാമചന്ദ്രോ ജനകതനയതൻ
കണ്ണുനീർ മന്ദമന്ദം
മദ്ധ്യേ മദ്ധ്യേ തുടച്ചീടിന കരതലയാ
സ്വാഹയാ സേവ്യമാനം. 41

സതതം തൊഴുകൈ കൊട്ടുത്തുപാന്തേ
നതനോട്ടന്നതനോട്ടുദാരചേതാഃ
അഥ രാമശശാങ്കനോട്ട മന്ദ—
സ്മിതപൂർവം നിജഗാദ ജാതവേദാഃ. 42

''പോരും പോരും വണങ്ങുന്നതു ഭുവനപതേ!
ഹന്ത! മാം ഭക്തിവീചീ—
പാരമ്പര്യേണ, പാക്കുംപൊഴുതു സപദി ഞാൻ
നിന്നെയല്ലോ തൊഴേണ്ടു;
സൈരം മാനുഷ്യലീലാമഴകിലണികകൊ—
ണ്ടിന്നിതാന്താനു, മേറെ—
പ്പാരം വന്നീല കുറവം ദശരഥഹൃദയാം—
ഭോധിപീയൂഷഭാനോ! 43

പദ്യം 41. താം ധാത്രീസുതാം—ആ സീതാദേവിയെ. ധൃത്വാ—എടുത്തിട്ട്. അമൃതനദി—അമൃതമൊഴുകുന്ന പുഴ. ഉന്നിദ്രാത്മാ—ഉത്സാഹത്തോടുകൂടിയവൻ. രാമചന്ദ്രവിശേഷണം. സമായാന്തം—വരുന്നവനായ. മഹാന്തം അഗ്നിം—മഹാനായ അഗ്നിദേവനെ. രാമചന്ദ്രഃ അദ്രാക്ഷീത്—ശ്രീരാമൻ കണ്ടു. ജനകതനയ—സീത. മന്ദമന്ദം—പതുക്കെപ്പതുക്കെ. മദ്ധ്യേ മദ്ധ്യേ—ഇടയ്ക്കിടയ്ക്ക്. കരതലയാ—കൈത്തലത്തോടുകൂടിയ. സ്വാഹയാ—സ്വാഹാദേവിയാൽ. സേവ്യമാനം—സേവിക്കപ്പെട്ടവനായ. അഗ്നിവിശേഷണം.

പദ്യം 42. സതതം—എപ്പോഴും. ഉപാന്തേ—അരികിൽ. നതൻ—കുനിഞ്ഞവൻ. ഉന്നതൻ—പൊങ്ങിയവൻ, മഹാൻ, അല്ലെങ്കിൽ വന്ദിച്ചെഴുനീച്ചവൻ. രാമശശാങ്കൻ—രാമചന്ദ്രൻ. അഥ—പിന്നെ. ഉദാരചേതാഃ—വിശാലഹൃദയനായ ജാതവേദാഃ—അഗ്നിദേവൻ. മന്ദ....ർവ്വം—മന്ദഹാസത്തോടുകൂടി. നിജഗാദ—പറഞ്ഞു.

പദ്യം 43. ഭുവനപതേ—അല്ലയോ ലോകനാഥ. മാം—എന്നെ. ഭക്തി....ണ—ഭക്തിയാകുന്ന തിരമാലയുടെ പരമ്പരയോടുകൂടി. സപദി

നീയുണ്ടോ നിന്നെയാരെന്നകതളിരിലറി—
ഞ്ഞൂ! ഭവാൻ പാക്കിലേഴാം
പ്രാദുർഭാവം ഫണീന്ദ്രോപരി ജലനിധിയിൽ
പള്ളികൊള്ളും മുരാരേഃ
ദേവാനാം ദേവ! ദേവീ തവ ജനകസുതാ
ശ്രീമഹാലക്ഷ്മിതാനെ—
ന്നേവം നിർണ്ണീതമെല്ലാമിതു മനസി ജഗ—
ന്നാഥ! തോന്നുന്നതല്ലീ? 44

മീനായ് വേദങ്ങൾ വീണ്ടു, പെരിയ കമഠമായ്
മന്ദരം താങ്ങിതാ, നി—
ക്ഷോണീം വാരാഹവേഷം തടവി വടിവെഴും
തേറ്റമേലേറ്റിനിന്നു.
പീനാത്മാനം പിളർന്നായ് നരഹരിവപുഷാ
ദാനവം, മാണിയായീ,
സാനന്ദം ഭാർഗ്ഗവത്വം ജഗതി തടവി നീ,
നാഥ! തോന്നുന്നതല്ലീ? 45

സത്യം മദീയവചനം, തവ ധർമ്മപത്നീ
നിർദോഷയെന്നറിക നീ മനുവംശകേതോ!
മുഗ്ധാംഗി മുന്നമനസ്സൂയ വരം കൊടുത്തി—
ട്ടത്രേ വിളങ്ങിയതു നിന്നരികേ വരുമ്പോൾ. 46

—ഇപ്പോൾ. സൈരം—യഥേഷ്ടം. മാനു....ലാം—മനുഷ്യരൂപമെടുത്ത ലീല യെ. ദശ.....നോ—ദശരഥന്റെ ഹൃദയമാകുന്ന സമുദ്രത്തിനു ചന്ദ്ര നായുള്ളോവേ.

പദ്യം 44. ഏഴാം പ്രാദുർഭാവം—ഏഴാമത്തെ അവതാരം. രാമാവ താരം. ഫണീന്ദ്രോപരി—സർപ്പശ്രേഷ്ഠന്റെ മേലെ. ജലനിധി—സമുദ്രം. മുരാരേഃ—വിഷ്ണുവിന്റെ. ദേവാനാം ദേവ—ദേവന്മാർക്കും ദേവനായുള്ളോ വേ. ജനകസുതാ—ജനകപുത്രിയായ. തവ ദേവീ—നിന്റെ ദേവി. ശ്രീ മഹാലക്ഷ്മിതാൻ—സാക്ഷാത് ലക്ഷ്മീദേവിതന്നെ. ഏവം നിർണ്ണീതം— ഇങ്ങനെ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. മനസി—മനസ്സിൽ.

പദ്യം 45. മീനായ്—മത്സ്യമായ് അവതരിച്ചു്. വീണ്ടു—ഉദ്ധരി ച്ചു. കമഠമായി—കൂർമമായി അവതരിച്ചു്. മന്ദരം—മന്ദരപർവതത്തെ. ഇക്ഷോണീം—ഈ ഭൂമിയെ. വാരാഹവേഷം—പന്നിയുടെ സ്വരൂപം. നര ഹരിവപുഷാ—നരസിംഹാകൃതി സ്വീകരിച്ചു്. പീനാത്മാനം—തടിച്ച കൊഴുത്ത. ദാനവം—അസുരനെ. (ഹിരണ്യകശിപുവിനെ). മാണി—വടു. സാനന്ദം—സസന്തോഷം. ഭാർഗവത്വം—പരശുരാമനായി അവതരിക്കുക എന്നതിനെ. ജഗതി—ജഗത്തിങ്കൽ. നാഥ—അല്ലയോ സ്വാമിൻ.

പദ്യം 46. മദീ....നം—എന്റെ വാക്കു്. തവ—നിന്റെ. ധർമ്മ പത്നീ—ധർമ്മദാരങ്ങൾ. നിർദ്ദോഷ—ദോഷശൂന്യ. മനു.....തോ—അല്ല യോ ശ്രീരാമ. മുഗ്ധാംഗി—സുന്ദരി. വിളങ്ങിയതു്—ഗാത്രം ശോഭിച്ചതു്.

വയ്മ്പേറും മനവംശമംഗലമണി—
പ്പൂൺപേ! വിഭോ! കമ്പിടാം
നിൻപാദാംബുരുഹം നിസ്ത്രമധുരാ—
നേകീടപാംഗാഞ്ചലാൻ,
എൻ പോററീ! സുചരിത്രമുദ്രിതതനുഃ
ശ്രീജാനകീദേവിതാ—
നയ്മ്പോടിങ്ങെഴുനള്ളമാറു തിരു—
വുള്ളം പുണ്ടനുജ്ഞാപ്യതാം.'' 47

ശിക്ഷാം ചേത്തിപ്രകാരം ചില വചനമുണ—
ത്തി പ്രസാദേന സീതാം
മുഖ്യാം മന്ദാക്ഷനത്രാം നിജമഹിതശിഖാ—
മാലപോലേ ലസന്തീം,
ദക്ഷാത്മാ വിശ്വസിപ്പിച്ചഖിലജനസമ—
ക്ഷം മുദാ രാഘവൻതൻ—
ത്തുക്കൈയിൽ കൊണ്ടുവച്ചമ്പിനൊടഥ ഭഗവാ—
നഗ്നിദേവസ്തിരോഭ്രത്യ്. 48

പദ്യം 47. വയ്മ്പേറും—ശൗര്യം കൂടിയ. മന....പേ—അല്ലയോ രാമ. പാദാംബുരുഹം—ചരണകമലം. നിസ....രാൻ—സ്വതേതന്നെ മധുരങ്ങളായ. അപാ....ലാൻ—കടാക്ഷങ്ങളെ. സുച....നുഃ—ചാരിത്രശ്രദ്ധിയാൽ അടയാളപ്പെടുത്തപ്പെട്ട ശരീരത്തോടുകൂടിയവൻ. അനുജ്ഞാപ്യതാം—കല്പിച്ചാലും.

പദ്യം 48. ശിക്ഷാം ചേത്ത്യ്—പഠിപ്പിച്ചിട്ട്. പ്രസാദേന—അനുഗ്രഹത്തോടു്. മന്ദാ....ത്രാം—ലജ്ജകൊണ്ടു കുനിഞ്ഞവളും. മുഖ്യാം—മുഖ്യയും. നിജ....ന്തീം—തന്റെ ശ്രേഷ്ഠമായ ജ്വാലയാകുന്ന മാലപോലെ ശോഭിക്കുന്നവളുമായ സീതയെ. ദക്ഷാത്മാ—സമർത്ഥനായ. മുദാ—സന്തോഷത്തോടുകൂടി. അഖില....ക്ഷം—എല്ലാവരും കാണുമാറു്. അഥ—അനന്തരം. അഗ്നിദേവഃ—അഗ്നിദേവൻ. തിരോഭ്രത്യ്—അന്തർദ്ധാനം ചെയ്തു.

അഗ്നിപ്രവേശം സമാപ്തം

അയോദ്ധ്യാപ്രവേശം

ദേവീവന്ദനരൂപമായ മംഗലാചരണം:

[1]ഭക്ത്യാ കൈക്കൊണ്ടു ചിത്തേ ഭഗവതി! ഭവതീം
കാമരാജാങ്കശയ്യാ—
മദ്ധ്യാസീനാം പ്രസന്നാം പ്രശിഥിലകബരീ—
സൗരഭപൂരിതാശാം
മെത്തും മാദ്ധ്വീമദാന്ധാം ശ്രവണപരിലസത്—
സ്വർണ്ണതാടങ്കചക്രാ—
മുദ്യദ്ബാലാർക്കശോണാമുരസിനിഹിതമാ—
ണിക്യവീണാമുപാസേ. 1

തോഴനെക്കണ്ട സന്തോഷത്തോടു് ഉപമാനപ്പെടുത്തി പ്രബന്ധകഥയെ നിർദ്ദേശിക്കുന്നു:

ചേതോരമ്യം ഭവന്തം പ്രിയസഖ! സുഖമേ
കണ്ട നേരത്തു രംഗേ
ജാതം പോന്നന്തരംഗേ കുതുകമുതിയി—
ല്ലാതൊളം മാമകീനേ
സീതാം വീണ്ടഗ്നിശുദ്ധാം നിജസഹജവയ—
സ്യൈരയോദ്ധ്യാം പ്രവിഷ്ടേ
നാഥേ ശ്രീരാമചന്ദ്രേ സകലവസുമതീ—
വാസിനാമെന്നപോലേ. 2

പദ്യം 1. നമസ്ക്രിയാരൂപമായ മംഗളാചരണത്തോടുകൂടി പ്രബന്ധം ആരംഭിക്കുന്നു.

ഭഗവതി—അല്ലയോ ദേവി. ഭക്ത്യാ—ഭക്തിയോടു്. ചിത്തേ—മനസ്സിൽ. കാമ....യ്യാം—കാമരാജന്റെ മടിയാകുന്ന മെത്തയിൽ. അദ്ധ്യാസീനാം—ഇരിക്കുന്ന. പ്രസന്നാം—സന്തുഷ്ടയായ. പ്രശി....ശാം—അഴിഞ്ഞ കേശത്തിന്റെ വാസനയാൽ പൂണ്ണമായ ദിക്കോടുകൂടിയ. മാദ്ധ്വീ....ന്ധാം—മധുമദത്താൽ അന്ധയായ. ശ്രവണ....ക്രാം—ചെവിയിൽ ശോഭിക്കുന്ന സ്വർണ്ണകുണ്ഡലങ്ങളോടുകൂടിയ. ഉദ്ബാ....ണാം—ഉദിച്ചുവരുന്ന ഇളം സൂര്യനെപ്പോലെ ചുവന്ന നിറത്തോടുകൂടിയ. ഉരസി . ണാം—മാർവിടത്തിൽ വയ്ക്കപ്പെട്ട മാണിക്യവീണയോടു കൂടിയ. ഭവതീം—ഭവതിയെ. ഉപാസേ—ഞാൻ സേവിക്കുന്നു.

പദ്യം 2. ചേതോരമ്യം—മനോഹരനായ. ഭവന്തം—അങ്ങയെ. രംഗേ—അരങ്ങത്തു്. ജാതം—ഉണ്ടായി. മാമകീനേ—എന്റെ. അന്തരംഗേ—മനസ്സിൽ. കുതുകം—ഉത്സാഹം. അഗ്നിശുദ്ധാം—അഗ്നിയിൽ ശുദ്ധിയെ

1. ഈ പദ്യം ചില ഗ്രന്ഥങ്ങളിൽ ഇല്ല.

ഉദ്ദിഷ്ടമായ കാര്യമെല്ലാം നിർവ്വഹിച്ചുകഴിഞ്ഞതിനാൽ അയോദ്ധ്യയിലേക്കു മടങ്ങുവാൻ നിശ്ചയിച്ചുകൊണ്ടു ശ്രീരാമൻ വിഭീഷണനോടു തന്റെ നിശ്ചയം അറിയിക്കുന്നു:

ശ്രദ്ധാം ദേവീം ഗൃഹീത്വാ നിജസമയസമാ-
പ്തിം നിരൂപിച്ച രാജ്യ-
പ്രസ്ഥാ'നോദ്യോഗശാലീ രഹസി സരസമാ-
ഹൂയ രാത്രിഞ്ചരേന്ദ്രം
മൈത്തീഭക്തിമുദ്യാസദ്ദശവിവിധസം-
ഭാവനാസംപ്രവൃത്തം
മുദ്ധസ്മേരോ ബഭാഷേ മനുകുലസുമന-
സ്സൗരഭീസാരദ്ധ്രമാ. 3

''ഏതും വൈകരുതിന്നി രാക്ഷസപതേ!
രാജ്യപ്രയാണം, മമ
ഭ്രാതാ ഹന്ത! വിളംബതോ ബത! കള-
ഞ്ഞീടും ദൃഢം ജീവിതം
താതാജ്ഞാപി സമാപി കേളിവിടെ വേ-
ണ്ടും കാര്യമെല്ലാം ഗ്രണാം-
ഭോധേ! സാധുതരം പ്രകല്പ്യ തരസാ
യാത്രൈവ കാര്യാ മയാ.'' 4

പ്രാപിച്ച. സീതാം—സീതയെ. നിജ....സ്യൈഃ—തന്റെ സോദരന്മാരോടും സ്നേഹിതന്മാരോടുംകൂടി. നാഥേ—സ്വാമിയായ. ശ്രീരാമചന്ദ്രേ—ശ്രീരാമചന്ദ്രൻ. അയോദ്ധ്യാം പ്രവിഷ്ടേ—അയോദ്ധ്യയിൽ പ്രവേശിച്ച സ്പോഴം. സകല....നാം—ലോകക്കു് എല്ലാവക്കും. പ്രബന്ധകഥ പ്രകൃത പദ്യത്തിൽ ഉപമാലങ്കാരഭംഗിയിൽ കഥിതമായിരിക്കുന്നു.

പദ്യം 3. ശ്രദ്ധാം—ശ്രദ്ധയായ. ദേവീം—സീതാദേവിയെ. ഗൃഹീത്വാ—സ്വീകരിച്ചിട്ടു്. നിജ... പ്തിം—തന്റെ കരാറു തീർന്നതിനെ. രാജ്യ ....ലീ—തന്റെ നഗരത്തിലേക്കു യാത്രയാകാനുള്ള ഒരുക്കത്തോടു ശോഭിക്കുന്നവനായി. രഹസി—രഹസ്യമായി. സരഭസം—വേഗത്തിൽ. രാത്രി ....ന്ദ്രം—വിഭീഷണനെ. ആഹ്വയ—വിളിച്ചിട്ടു്. ഭക്തി....ത്തം—ഭക്തിയാകുന്ന അടയാളത്തിനു് ഒത്ത പല സംഭാവനകൾക്കായി തുടങ്ങിയ അവനോടു്. മനു....മാ—മനുവംശമാകുന്ന പുഷ്പത്തിന്റെ സൗരഭ്യസാരാധിക്യമാകുന്ന ശ്രീരാമൻ. മുദ്ധസ്മേരഃ—മനോഹരമായ പുഞ്ചിരിയോടുകൂടി. ബഭാഷേ—പറഞ്ഞു.

പദ്യം 4. രാക്ഷസപതേ—അല്പയോ വിഭീഷണ. രാജ്യ....ണം—അയോധ്യയിലേക്കുള്ള യാത്ര. വിളംബതഃ—താമസംകൊണ്ടു്. മമ ഭ്രാതാ—എന്റെ സോദരൻ (ഭരതൻ). ജീവിതം—പ്രാണനെ. ദൃഢം—നിശ്ചയം. താതാജ്ഞാ അപി—അച്ഛന്റെ കല്പനയും. സമാപി—നിറവേറ്റപ്പെട്ടു. സാധുതരം—നല്ലവണ്ണം. പ്രകല്പ്യ—ഏർപ്പെടുത്തിയി

1. സ്ഥാനായോദ്യതോ'യം രഹ.

പുഷ്പകവിമാനത്തിൽ കയറിച്ചെല്ലണമെന്നുള്ള വിഭീഷണന്റെ പ്രാർത്ഥന:

പ്രത്യൂചേ രാക്ഷസേന്ദ്രൻ, ''മനുകുലകബരീ—
രത്നമേ! സൈരയാത്രാ[1]—
വൃത്തൈത്യ ചിത്രം വിമാനോത്തമമിവിടെ വശേ
വർത്തതേ പുഷ്പകാഖ്യം
അത്രത്യം കാര്യമിന്നിന്തിരുവടിതിരുവു—
ള്ളത്തിലേറീട്ടതന്നേ
ചിത്രം കല്പിച്ചു നിസ്സംശയമുഴറിയെഴു—
ന്നള്ളുകേ വേണ്ടതുള്ളൂ. 5

എന്നാലമന്ദമധിരുഹ്യ വിമാന[2]രാജം
മന്നോർകുലാഭരണമേ! കുലരാജധാനീം
[3]ധന്യാമുപേത്യ സഹ മാതൃഭിരാതുരാഭിഃ
സന്താപദീനമജം നിജമാദ്രിയേഥാഃ.'' 6

വിഭീഷണൻ വളരെ കാഴ്ചദ്രവ്യങ്ങളും വിമാനവും ശ്രീരാമന്റെ മുമ്പിൽ കൊണ്ടുവച്ചു വണങ്ങുന്നു:

[4]ഇത്ഥം ചൊല്ലി വിഭീഷണൻ മണിമയാ—
ലംകാരസംഘാതവും
മുക്താമാലകളും കനത്ത കനക—
ക്കോപ്പും കണക്കെന്നിയേ

ട്ടു്. മയാ—എന്നാൽ. തരസാ—ഉടൻ. യാത്രാ ഏവ—യാത്രതന്നെ. കാര്യാ—ചെയ്യപ്പെടണം.

പദ്യം 5. രാക്ഷസേന്ദ്രൻ—വിഭീഷണൻ. പ്രത്യൂചേ—മറുപടി പറഞ്ഞു. മനു... മേ—അല്ലയോ ശ്രീരാമ. സൈ....ത്തൈ്യ—സൈരമായി യാത്ര ചെയ്യുന്നതിനു്. ചിത്രം—വിചിത്രമായ. പുഷ്പകാഖ്യം—പുഷ്പകമെന്ന പേരോടുകൂടിയ. വിമാ....മം—ശ്രേഷ്ഠമായ വിമാനം. വശേ—അധീനമായി. വർത്തതേ—ഇരിക്കുന്നു. അത്രത്യം കാര്യം—ഇവിടത്തെ കൃത്യം. ചിത്രം കല്പിച്ചു്—ഇങ്ങനെയിങ്ങനെ വേണമെന്നു നിശ്ചയിച്ചു പറഞ്ഞിട്ടു്. നിസ്സംശയം—സംശയംകൂടാതെ.

പദ്യം 6. അമന്ദം—വൈകാതെ. വിമാനരാജം—ശ്രേഷ്ഠമായ വിമാനത്തിൽ. അധിരുഹ്യ—കയറി. ധന്യാം—കൃതാർത്ഥയായ. കുല....നീം—അയോധ്യയെ. ഉപേത്യ—പ്രാപിച്ചിട്ടു്. ആതുരാഭിഃ മാതൃഭിഃ സഹ—സങ്കടപ്പെട്ടുകൊണ്ടിരിക്കുന്ന മാതൃജനങ്ങളോടു കൂടി. സന്താപദീനം—സന്താപം കൊണ്ടു ദീനനായ. നിജം അനുജം—സ്വന്തം അനുജനെ. ആദ്രിയേഥാഃ—സ്വീകരിച്ചാശ്വസിപ്പിച്ചാലും.

പദ്യം 7. അലങ്കാരം—ഭൂഷണം. സംഘാതം—സമൂഹം. മുക്താ—മുത്തു്. കനകം—തങ്കം. ഉദ്യത്പ്രീതി—വർദ്ധിച്ച സ്നേഹത്തോടു്.

1. ത്രാം കർത്തും ചി. 2. നരത്നം മ. 3. നീം ഗാതശ്ച തത്ര സഹ. 4. ഏവം ചൊ.

ഉദ്യത്പ്രീതി നിറച്ച പുഷ്പകവിമാ—
നംകൊണ്ടു വച്ചഗ്രതോ
ഭർത്തുഃ സത്വരമാനനാമ ''ജയതു
സ്വാമീ''തി പാദാംബുജം. 7

ശ്രീരാമൻ ലങ്കയിൽനിന്നു് അയോദ്ധ്യയിലേക്കു യാത്ര പുറപ്പെടുന്നു:

വിധായേത്ഥം രക്ഷാം ദശവദന വിദ്ധ്വസ്യ ജഗതോ
വിമാനസ്ഥഃ ശ്രീമാൻ സബലഹരിരക്ഷോധിപയുതഃ
വചഃ കൃത്വാ പിത്രോഃ സമയമപി നിർവ്യൂഹ്യ ചകമേ
സസൗമിത്രിർഗ്ഗന്തും രഘുപതിരയോദ്ധ്യാം കുലപുരീം. 8

ഗദ്യം 1:

സൗഹാർദ്ദസാന്ദ്രേണ സാനുചരേണ വിഭീഷണേന സകലസൈന്യപരിവൃതേന സവിതൃസുതേന ച സമം സുമിത്രാതനയജാനകീപരിശോഭമാനപാശ്വഃ ദശവദനവരഭുജബലവിജിതം ജവജിതമനസം വിമാനതല്പമലംകർവാണഃ സുരസരിദുല്ലോലകനകസരോജപരാഗസൗരഭവൈവധിക സമീരകിശോരവിഹാരസുഭഗംഭാവുകേന പഥാ സാകേതപുരായ [1]പ്രതിഷ്ഠതേ സ്മ.

അഗ്രതഃ—മുമ്പിൽ. സത്വരം—ഉടൻ. സ്വാമി—നാഥൻ. ജയതു—ജയിച്ചാലും. ഇതി—എന്നു(പറഞ്ഞു). ഭർത്തുഃ—ഭർത്താവിന്റെ (ശ്രീരാമന്റെ). പാദാംബുജം—ചരണകമലത്തിൽ. ആനനാമ—നമസ്കരിച്ചു.

പദ്യം 8. ഇത്ഥം—ഇവ്വണ്ണം. ദശ....സ്യ—രാവണനാൽ നശിപ്പിക്കപ്പെട്ട. ജഗതഃ—ലോകത്തിനു്. രക്ഷാം വിധായ—രക്ഷയെ ചെയ്തിട്ടു്. വിമാനസ്ഥഃ—പുഷ്പകവിമാനത്തിൽ സ്ഥിതിചെയ്യുന്നവനായി. സബ....തഃ—സൈന്യസഹിതരായ വാനരശ്രേഷ്ഠൻ രാക്ഷസാധിപൻ(വിഭീഷണൻ)ഇവരോടുകൂടിയവനായി. പിത്രോഃ—അച്ഛനമ്മമാരുടെ. വചഃ കൃത്വാ—വാക്കിനെ ചെയ്തിട്ടു്. സമയം അപി—കരാറും. നിർവ്യൂഹ്യ—നിർവഹിച്ചിട്ടു്. സസൗമിത്രിഃ—ലക്ഷ്മണസഹിതനായി. രഘുപതിഃ—ശ്രീരാമൻ. കുലപുരീം—കുലപുരിയായ. അയോദ്ധ്യാം ഗന്തും—അയോദ്ധ്യയിലേക്കു പോകാൻ. ചകമേ—ആഗ്രഹിച്ചു.

ഗദ്യം 1. സൗഹാ....ന്ദ്രേണ—സുഹൃദ്ഭാവം വർദ്ധിച്ച. സാനുചരേണ--അനുചരന്മാരോടുകൂടിയ. വിഭീഷണേന—വിഭീഷണനോടും. സക....ന—എല്ലാ സൈന്യങ്ങളോടും കൂടിയ. സവിതൃസുതേന ച—സുഗ്രീവനോടും. സമം—കൂടി. സുമി....ശ്വഃ—ലക്ഷ്മണൻ സീത ഇവരാൽ ശോഭിക്കുന്ന പാശ്വഭാഗത്തോടു കൂടിയവനായി. ദശ....തം—രാവണന്റെ ശ്രേഷ്ഠമായ കൈയ്യിക്കിനാൽ ജയിക്കപ്പെട്ട ലഭിച്ച. ജവജിതമനസം—മനസ്സിനെ ജയിച്ച വേഗത്തോടുകൂടിയ. വിമാ... ജം—ശ്രേഷ്ഠമായ. വിമാനത്തെ. അലങ്കുർവാണഃ—അലങ്കരിക്കുന്നവനായി. സുര....കേനാ—ദേവഗംഗയിൽ ഇളകി ശോഭിക്കുന്ന സപ്തർഷിമാരകളിലെ പൂമ്പൊടിയുടെ വാസനയും ചുമന്നു വീശുന്ന കാറ്റിനാൽ മനോഹരമായ പഥാ

1. മാനാന്തരഃ സൻ സബ. 2. യ പ്രാതിഷ്ഠത.

വിമാനത്തിൽകൂടി യാത്ര ചെയ്യുമ്പോഴും രാമനും സീതയും മുമ്പു പരിചയിച്ച സ്ഥലങ്ങളെക്കണ്ടും നടന്ന വൃത്താന്തങ്ങളെപ്പറഞ്ഞും വിനോദിക്കുന്നു:

''അത്രാസീൽ ഫണിപാശബന്ധനവിധിഃ
ശക്ത്യാ ഭവദ്ദേവരേ
ഗാഢം വക്ഷസി താഡിതേ ഹനുമതാ
ദ്രോണാദ്രിരത്രാഹൃതഃ
ദിവ്യൈരിന്ദ്രജിദത്ര ലക്ഷ്മണശരൈർ—
ലോകാന്തരം പ്രാപിതഃ
കേനാപ്യത്ര മൃഗാക്ഷി! രാക്ഷസപതേഃ
കൃത്താ ച കണ്ഡാടവീ. 9

ഹന്തീതി ജ്വലിതഃ കൃശഃ കപിരിതി
വ്രീഡാവനമ്രാനനോ
ലീലാലംഘിതവാഹിനീപതിരിതി
ശ്ലാഘാചലത്കന്ധരഃ
രാമസ്യായമിതീർഷ്യയാ കലുഷിതഃ
പശ്യൻ പ്രിയേ! തവത്കൃതേ
വിക്രാമത്യനിലാത്മജേ ദശമുഖഃ
കാം കാമവസ്ഥാം ഗതഃ. 10

—വഴിയിലൂടെ. സാകേതപുരായ—അയോദ്ധ്യയിലേക്കായി. പ്രതിഷ്ഠതേ സ്വ—പുറപ്പെട്ട. പ്രതിഷ്ഠതേഃ—ഉപസർഗ്ഗനിമിത്തമായ ആത്മനേപദം.

പദ്യം 9. ഫണി....ധിഃ—നാഗപാശത്താൽ ബന്ധിച്ചതു്. അത്ര ആസീൽ—ഇവിടെ ആയിരുന്നു. ശക്ത്യാ—ശക്തി എന്ന ആയുധത്താൽ. ഭവദ്ദേവരേ—നിന്റെ ഭർത്താവിന്റെ അനുജൻ(ലക്ഷ്മണൻ). വക്ഷസി—നെഞ്ചത്തു്. താഡിതേ(സതി)—അടിയേറ്റപ്പോൾ. ഹനുമതാ—ഹനുമാനാൽ. ദ്രോണാദ്രിഃ—ദ്രോണപർവതം. അത്ര—ഇവിടെയാണു്. ആഹൃതഃ—കൊണ്ടുവരപ്പെട്ടതു്. ഇന്ദ്രജിത്—ഇന്ദ്രജിത്തു്. ദിവ്യൈഃ ലക്ഷ്മണശരൈഃ—ദിവ്യങ്ങളായ ലക്ഷ്മണന്റെ ബാണങ്ങളാൽ. അത്ര—ഇവിടെയാണു്. ലോകാന്തരം പ്രാപിതഃ—യമലോകത്തെ പ്രാപിക്കപ്പെട്ടതു്. മൃഗാക്ഷി—അല്ലയോ മാൻകണ്ണി. രാക്ഷസപതേഃ—രാവണന്റെ. കണ്ഡാടവീ—കണ്ണുങ്ങളാകുന്ന വനം. അത്ര—ഇവിടെയാണു്. കേന അപി—ഏതോ ഒരുവനാൽ. ശ്രീരാമനാൽ എന്നർത്ഥം. കൃത്താ ച—ഛേദിക്കപ്പെട്ടതും.

പദ്യം 10. പ്രിയേ—അല്ലയോ പ്രിയേ. തവത്കൃതേ—നിനക്കായി. അനിലാത്മജേ—ഹനുമാൻ. വിക്രാമതി (സതി)—ആക്രമണം നടത്തുമ്പോൾ. ഹന്തി—കൊല്ലുന്നു. ഇതി—എന്നു്. ജ്വലിതഃ—കുപിതനായും. കപിഃ കൃശഃ—വാനരൻ നിസ്സാരൻ. ഇതി—എന്നു്. വ്രീഡാ... നനഃ—ലജ്ജയാൽ മുഖം കുനിഞ്ഞവനായും. ലീലാ....തിഃ—കളിയെന്ന മട്ടിൽ സമുദ്രത്തെ കടന്നവൻ. ഇതി—എന്നു്. ശ്ലാ....രഃ—സ്തുതിയാൽ ഇളകുന്ന കഴുത്തോടു കൂടിയവനായും. അയം രാമസ്യ—ഇവൻ

നിവാസഃ കാന്താരേ പ്രിയജനവിയോഗാധിരധികോ
ധനമ്മാത്രത്രാണം രിപുരപി ധുരീണഃ പലഭുജാം
സ പാരേ/ക്ഷുപാരം നിവസതി ച കത്ര പ്രതികൃതിർ—
ന മിത്രം സുഗ്രീവോ യദി തദിയതീ രാഘവകഥാ. 11

വൈദേഹി! പശ്യാമലയാദ്വിഭക്തം
മത്സേതുനാ ഫേനിലമംബുരാശിം
ഛായാപഥേനേവ ശരത്പ്രവിഷ്ട—
മാകാശമാവിഷ്കൃതചാരുതാരം. 12

യഥാ ദൂരാപാതിത്രിദിവയുവതീനേത്രസുലഭാ—
മപാം ഭർത്താ ഹാരാവലിവലയലക്ഷ്മീം വിതനുതേ
തഥായം മാണിക്യസ്ഫടികകനകഗ്രാവശിഖരൈ—
രശ്രുന്യാത്മാ സേതുഃ പ്രഭവതി മഹാനായക ഇവ.'' 13

''ദുഷ്പ്രാ യം സരിതാംപതിഃ പ്രിയതമ!
കഥാസ്തേ സ സേതുഃ പരം
കേവതി കേവതി'' മുഹുർമ്മുഹുഃ സകുതുകം
പൃഷ്ടേ പരം വിസ്മിതേ

രാമന്റെ (ദൂതൻ). ഇതി—എന്നു്. ഈർഷ്യയാ—അസൂയയാൽ. കലുഷിതഃ—കലങ്ങിയവനായും. പശ്യൻ—കണ്ടുകൊണ്ടു്. ദശമുഖഃ—രാവണൻ. കാം കാം അവസ്ഥാം ഗതഃ—ഏതെല്ലാം അവസ്ഥയെ പ്രാപിച്ചു. കോപം ലജ്ജ സ്തുതി ഈർഷ്യ എന്നീ അവസ്ഥകളെ പ്രാപിച്ചു എന്നർത്ഥം.

പദ്യം 11. സുഗ്രീവഃ—സുഗ്രീവൻ. മിത്രം ന യദി—സ്നേഹിതനായി ഭവിച്ചില്ലെങ്കിൽ. തത്—അപ്പോൾ. രാഘവകഥാ ഇയതീ—രാഘവന്റെ കഥ ഇത്രമാത്രമേയുള്ള. കാന്താരേ—വനത്തിൽ. നിവാസഃ—വാസം. പ്രിയ....ധിഃ—പ്രിയജനത്തിന്റെ വിരഹംകൊണ്ടുള്ള പീഡ. അധികഃ—വളരെയാണു്. ധനർ....ണം—വില്ലുമാത്രം രക്ഷയായിട്ടുണ്ടു്. രിപുഃ അപി—ശത്രുവും. പലഭുജാം ധുരീണഃ—രാക്ഷസാധിപനാണു്. സഃ ച—അവനും. പാരേക്ഷുപാരം—കടലിന്റെ മറുകരയിൽ. നിവസതി—വസിക്കുന്നു. അത്ര—ഈ അവസ്ഥയിൽ. പ്രതികൃതിഃ കാ—പരിഹാരം എന്തോന്നു്?

പദ്യം 12. വൈദേഹി—അല്ലയോ സീതേ. മത്സേതുനാ—എന്റെ ചിറയാൽ. ആമലയാദ്—മലയപർവതംവരെ. വിഭക്തം—പകുത്തിരിക്കുന്ന. ഫേനിലം—നുരയോടു കൂടിയ. അംബുരാശിം—കടലിനെ. ശരത്പ്രവിഷ്ടം—ശരത്കാലത്തിലുള്ള. ആവി....രം—നക്ഷത്രങ്ങളെ ശോഭിക്കുന്ന. ആകാശം—അന്തരീക്ഷം. ഛായാപഥേന ഇവ—ഛായാമാർഗത്താലെന്നപോലെ. പശ്യ—കണ്ടാലും. രഘുവംശപദ്യമാണിതു്.

പദ്യം 13. അപാം ഭർത്താ—സമുദ്രം. ദൂരാ....ലാഭാം—ദൂരത്തുനിന്നു നോക്കുന്ന ദേവയുവതിമാരുടെ കണ്ണിനു തോന്നുമാറു്. ഹാരാ....ക്ഷ്മീം യഥാ വിതനുതേ തഥാ—വട്ടത്തിലിട്ട മുത്തുമാലയായിരിക്കുന്നതെപ്രകാരമോ, അപ്രകാരം. അയം സേതുഃ—ഈ ചിറ. മാണി....രൈഃ—അശ്രു

''അത്രാസീദയമത്ര നാത്ര കി''മിതി
വ്യഗ്രേ നിജപ്രേയസി
വ്യാവൃത്താസ്യസുധാനിധിഃ സമഭവ—
ന്മന്ദസ്മിതാ ജാനകീ. 14

''പശ്യോദേതി വിയോഗിനോ ദിനമണിഃ
ശൃംഗാരദീക്ഷാമണിഃ
പ്രൗഢാനംഗഭടജംഗമസ്മകമണി—
ശ്ചണ്ഡീശചൂഡാമണിഃ
താരാമൗക്തികഹാരനായകമണിഃ
കന്ദർപ്പസീമന്തിനീ—
കാഞ്ചീമധ്യമണിശ്ചകോരതരുണീ—
ചിന്താമണിശ്ചന്ദ്രമാഃ.'' 15

പ്രാചീനസ്മൃതവിരഹവ്യഥാതിഭീതഃ
കാകുത്സ്ഥഃ കൃതകുതുകാക്ഷിമീലലീലഃ
സംപൂർണ്ണേ ശശിനി ചിരായ [1]ലഗ്നദൃഷ്ടേഃ
പ്രേയസ്യാഃ സ്ഥഗയതി ലോചനേ കരാഭ്യാം. 16

ന്യാത്മാ—മാണിക്യസ്ഫടികസവർണ്ണപ്പാറകളുടെ കൊടുമുടികളോടുകൂടി. മഹാനായകഃ ഇവ—നടപ്പതക്കംപോലെ. പ്രഭവതി—വിളങ്ങുന്നു.


പദ്യം 14. പ്രിയതമ—അല്ലയോ രത്നാവേ. അയം സരിതാംപതിഃ—ഈ കടൽ. ദൃഷ്ടഃ—കാണപ്പെട്ട. സഃ സേതുഃ പരം—ആ ചിറ മാത്രം. ക്വ ക്വ ക്വ ആസ്തേ ഇതി—എവിടെ എവിടെ എന്നു്. മുഹുഃ മുഹുഃ—കൂടക്കൂടെ. സകുതുകം—താത്പര്യത്തോടുകൂടി. പൃഷ്ടേ—ചോദ്യം ചെയ്യപ്പെട്ടവനും. പരം വിസ്മിതേ—വളരെ അദ്ഭുതപ്പെട്ടവനും. അയം അത്ര ആസീത്—അതു് ഇവിടെയായിരുന്നു. അത്ര—ഇവിടെ. അത്ര നകിം—ഇവിടെ ആയിരുന്നില്ലേ! ഇതി—എന്നു്. വ്യഗ്രേ—പരുങ്ങുന്നവനുമായ. നിജപ്രേയസി—സ്വഭർത്താവിങ്കൽ. മന്ദസ്മിതാ—മന്ദഹാസത്തോടുകൂടിയ. ജാനകീ—സീതാ. വ്യാവൃ ...നിധിഃ—മുഖചന്ദ്രനെ തിരിച്ചുവളായി. സമഭവത്—ഭവിച്ചു.

പദ്യം 15. പശ്യ—കണ്ടാലും. വിയോഗിനഃ—വിരഹിക്കു്. ദിനമണിഃ—സൂര്യനും. ശൃം... ണിഃ—ശൃംഗാരദീക്ഷാരത്നവും. പ്രൗഢാ....ണിഃ—ഗംഭീരമായ കാമദേവനാകുന്ന സപ്പത്തിന്റെ മസ്തകത്തിലെ മണിയും. ചണ്ഡീ....ണിഃ—ശിവന്റെ ശിരസ്സിലെ രത്നമായി ശോഭിക്കുന്നവനും. താരാ....ണിഃ—നക്ഷത്രങ്ങളാകുന്ന മുത്തുമാലയിലെ പതക്കമായി വിളങ്ങുന്നവനും. കന്ദർപ്പ....ണിഃ—രതിദേവിയുടെ അരഞ്ഞാണിലെ മധ്യരത്നമായിരിക്കുന്നവനും. ചകോര....ണിഃ—ചകോരയുവതികൾക്കു് നിലാവു കൊടുത്തു് അഭീപ്സിതം നല്കുന്നവനും ആയ. ചന്ദ്രമാഃ—ചന്ദ്രൻ. ഉദേതി—ഉദിക്കുന്നു. ചകോരപക്ഷികൾക്കു ചന്ദ്രികാപാനം കവിസമയസിദ്ധം.

പദ്യം 16. പ്രാചീ....തഃ—പഴയ വിരഹവേദനയെ ഓർമ്മിച്ചു വളരെ

1. യ ലോലദൃ.

യാത്രാമധ്യത്തിൽ അവർ കിഷ്കിന്ധയിലിറങ്ങി ബാലിഭാര്യയായ താരാദേവിയെ കണ്ടു മടങ്ങുന്നു:



''അഹോണായത്തു പാർവണേന്ദുവദനേ!
കിഷ്കിന്ധയെന്നിങ്ങനേ
വിഖ്യാതാ കുലരാജധാനി കപിവീ—
രാണാം മഹാഭീഷണാ
മുഷ്കേറീടിന ബാലിമൂലമമുനാ
സുഗ്രീവനാലാപ്തമാം
ദുഃഖം പണ്ടവകാശമുണ്ടു ഹനുമാൻ
ചൊല്ലീട്ടു കേട്ടീടുവാൻ.'' 17

മദ്ധ്യേ വൈദേഹിതന്നാൽ കപിവരവനിതാ—
ലോകനായാർത്ഥ്യമാനോ
ഭർത്താ ഭൂലോകഭോജാമധിഗഗനമവ—
സ്ഥാപ്യ ദിവ്യം വിമാനം
മെത്തും മോദേന സുഗ്രീവനൊടുനരുളി—
ച്ചെയ്ത നേരത്തിറങ്ങി—
ക്കിഷ്കിന്ധായാമസൗ താരയൊടഭിഹിതവാൻ
കാന്തയോടിപ്രമേയം. 18

സസ്നേഹതാരാവിഹിതാത് പ്രണാമാത്
പൃഥ്വീന്ദ്രപുത്ര്യാം പ്രമദാകുലായാം

ഭയന്ന. കൃത...ലഃ—അഴകാറ കണ്ണു ചിമ്മിയ. കാകുത്സ്ഥഃ—ശ്രീരാമൻ. സംപൂർണ്ണേ ശശിനി—പൂർണ്ണചന്ദ്രങ്കൽ. ചിരായ—വളരെക്കാലത്തിനുശേഷം. ലഗ്നദൃഷ്ടേഃ—നോട്ടമയച്ച. പ്രേയസ്യഃ—പ്രിയതമയായ സീതയുടെ. ലോചനേ—കണ്ണുകളെ. കരാഭ്യാം—കൈകൊണ്ട്. സ്ഥഗയതി—പൊത്തുന്നു.

പദ്യം 17. പാവ്...നേ—അല്ലയോ ചന്ദ്രമുഖി. മഹാഭീഷണാ—വളരെ ഭയങ്കരയായ. കപിവീരാണാം—വാനരവീരന്മാരുടെ. വിഖ്യാതാ—പ്രസിദ്ധിയുള്ളതു്. കുല....ധാനി—പരമ്പരയാ ഉള്ള തലസ്ഥാനം. ബാലിമൂലം—ബാലിനിമിത്തം. അമുനാ സുഗ്രീവനാൽ—ഈ സുഗ്രീവനാൽ. ദുഃഖം ആപ്തം—ദുഃഖം ലബ്ധമായി.

പദ്യം 18. മദ്ധ്യേ—യാത്രാമധ്യത്തിൽ. വൈദേ....ൽ—സീതയാൽ. കപി....യ—വാനരശ്രേഷ്ഠന്മാരുടെ ഭാര്യമാരെക്കാണാനായി. അർത്ഥ്യമാനഃ—പ്രാർത്ഥിക്കപ്പെട്ടവനായ. ഭൂ..ജാം ഭർത്താ—ലോകനാഥനായ ശ്രീരാമൻ. ദിവ്യം വിമാനം—ശ്രേഷ്ഠമായ വിമാനത്തെ. അധിഗഗനം—ആകാശത്തിൽ. അവസ്ഥാപ്യ—നിർത്തീട്ടു്. മോദേന—സന്തോഷത്തോടുകൂടി. കിഷ്കിന്ധായാം—കിഷ്കിന്ധയിൽ. അസൗ—ഇവൻ. താര—ബാലിയുടെ ഭാര്യയുടെ പേരു്. അപ്രമേയം—(സീത കാണാനാഗ്രഹിക്കുന്ന) ഇക്കാര്യം. അഭിഹിതവാൻ—പറഞ്ഞു.

പദ്യം 19. സസ്നേ....താത് പ്രണാമാത്—സ്നേഹസമൂഹത്തോടുകൂടി താര ചെയ്ത വന്ദനത്താൽ. പൃഥ്വീ....ത്ര്യാം പ്രമ....യാം—സീത സന്തോ

ഉഡ്ഡീയമാനേ ച ശനൈർവിമാനേ
ഭർത്താ രഘൂണാം പുനരപ്യവാദീത്. 19

വീണ്ടും യാത്ര തുടർന്ന് അവർ ഋശ്യമൂകപർവതം പമ്പാവനതടം പഞ്ചവടി ഗോദാവരി മുതലായവയെക്കണ്ട് രസിച്ചുംകൊണ്ട് അഗസ്ത്യാശ്രമത്തിൽ ചെന്ന മുനിയെക്കണ്ട് വണങ്ങുകയും, മുനിയുടെ ആതിഥ്യം സ്വീകരിച്ച് അന്ന രാത്രി ആശ്രമത്തിൽത്തന്നെ വസിക്കുകയും, ശൃംഗിബേരപുരത്തിൽ ചെന്ന് അഗസ്ത്യാശ്രമപ്രാപ്തിയോളമുള്ള തന്റെ വൃത്താന്തം ഗുഹനോട് പറഞ്ഞും നന്ദിഗ്രാമത്തിൽ ചെന്ന ചിത്രകൂടത്തിൽനിന്ന പിരിഞ്ഞതുമുതൽ നാളതുവരെയുള്ള തന്റെ വൃത്താന്തം ഭരതനോട് കഥിച്ചും രാക്കൊണ്ടതന്നെ മടങ്ങിവരണമെന്ന രാമൻ ഹനുമാനോട് പറയുകയും ചെയ്യുന്നു:

''അഗ്രേ പശ്യ തമൃശ്യമൂകമചലം പൂർവം വിയോഗാമയ-
പ്രക്ഷീണേന സഹാനുജേന ഹി മയാ വിഷ്വക് പരിഭ്രാമ്യതാ
സുഗ്രീവേണ സമം കൃതസ്യ മഹതഃ സഖ്യസ്യ സാക്ഷീത്വയം
മുഖ്യാത്മാ ശിഖിദേവനം മമ ഹനൂമാനപ്യനുന്നോദ്യമഃ. 20

അന്തം കൂടാത പമ്പാവനതടമിതു കാൺ
പണ്ടു കണ്ടു വിയോഗാ-
ദന്ധന്മാരായ് നടക്കുന്നളവനുജനുമി-
ഞ്ഞാനുമൊന്നിച്ചകാണ്ഡേ
പങ്ക്തിഗ്രീവപ്രഹാരാത് പതിതമവനിയേ-
ലാപ്തബന്ധും ജടായും
സന്തപ്തൗ ഹന്ത! കേട്ടു പുനരവനറിയി-
ച്ചാശു വാർത്താം തദീയാം. 21

ഷപരവശയായിത്തീർന്നപ്പോൾ. വിമാനേ ശനൈഃ ഉഡ്ഡീയമാനേ ച-വിമാനം പതുക്കെ പറന്നുതുടങ്ങിയപ്പോൾ. രഘൂണാം ഭർത്താ-ശ്രീരാമൻ പുനഃ അപി-വീണ്ടും. അവാദീത്-പറഞ്ഞു.

പദ്യം 20. തം ഋശ്യമൂകം അചലം-ആ ഋശ്യമൂകപർവതത്തെ. അഗ്രേ പശ്യ-മുമ്പിൽ കണ്ടാലും. പൂർവം-പണ്ട്. വിയോ.....ന-വിരഹപീഡയാൽ ക്ഷീണിച്ച. സഹാനുജേന-ലക്ഷ്മണസഹിതനായ. വിഷ്വക് പരിഭ്രാമ്യതാ-അങ്ങുമിങ്ങും അലഞ്ഞുനടക്കുന്നവനായ. മയാ-എന്നാൽ. സുഗ്രീവേണ സമം കൃതസ്യ മഹതഃ സഖ്യസ്യ-സുഗ്രീവനോടുകൂടി ചെയ്യപ്പെട്ട വലിയ മൈത്രിക്ക്. അയം ത്വ സാക്ഷീ-ഈ പർവതമാകട്ടെ സാക്ഷിയാകുന്ന. മുഖ്യാത്മാ-പ്രധാനനായ. ശിഖിദേവനം-അഗ്നിയും. അനുന്നോദ്യമഃ-പരിശ്രമം കുറയാത്ത. ഹനൂമാൻ അപി-ഹനുമാനും. മമ-എനിക്ക് (സാക്ഷിയാകുന്നു).

പദ്യം 21. അന്തം കൂടാത-അവസാനിക്കാത്ത. പമ്പാവനതടം-പമ്പാസരസ്സിന്റെ അടുത്തുള്ള വനപ്രദേശം. വിയോഗാത്-വിരഹത്താൽ. അന്ധന്മാരായി-ഭ്രാന്തരായി. അകാണ്ഡേ-അസമയത്തിൽ.

1. ത്വസൗ മു.

ഗദ്യം 2

(ദണ്ഡകം)

അക്ഷീണഭംഗിയൊടുമക്കണ്ടതിന്നുമുഖി!
ചൊൽക്കൊണ്ട പഞ്ചവടി നേരേ
അതുലഗ്രണമാരേ പുകഴ്വതു പൂരേ
നിഖിലമുനിജനവുമൊരു രജനിചരഗണവുമിഹ
പരിരമതി വിവിധസുഖസാരേ.

ഗോദാവരീമധികമോദേന കാണിവിടെ
നാംതോറുമാപ്തമഭിഷേകം
ഗതഗ്രുവിവേകം കനകമൃഗമേകം
കരുതി മുഹുരധിവിപിനമനുഗമനജനിതമഴ—
ലഹഹ! മമ പറകിലതനേകം.

വ്യാമൂഢബുദ്ധിരപി ഹേമാത്മകം മൃഗമ—
സാമാന്യമെന്നുടനറിഞ്ഞേൻ
വിരവൊടു തുനിഞ്ഞേൻ വിശസിതുമണഞ്ഞേൻ
വിശിഖവരദലിതതനുകനകമൃഗരജനിചര—
കുഹനകളിലഴലൊടു വലഞ്ഞേൻ.

പങ്ക്തി....രാത്—രാവണന്റെ വെട്ടേറ്. അപനിമേൽ—ഭൂമിയിൽ. പതിതം—വീണവനായി. ആപ്തബന്ധും—ഉറ്റ ബന്ധുവായ. ജടായും—ജടായുവിനെ. സന്തപ്തൻ—സങ്കടപ്പെട്ട്. അവൻ പുനഃ—ആ ജടായുവാകട്ടെ. തദ്ദീയാം—നിന്നെസ്സംബന്ധിച്ച. വാത്താം—വൃത്താന്തത്തെ. ആശു—ഉടൻ.

ഗദ്യം 2. (ദണ്ഡകം) അക്ഷീണഭംഗി—കുറയാത്ത മോടി. ഇന്ദുമുഖി—ചന്ദ്രമുഖി. പഞ്ചവടി—അഞ്ചു വടവൃക്ഷങ്ങൾ ഇരുന്നതിനാൽ അങ്ങനെ ആ പ്രദേശത്തിന പേരുണ്ടായി. അതുലഗ്രണം—നിസ്തുല്യമായ ഗ്രണം. പൂരേ—ഉച്ചത്തിൽ. നിഖി....നവും—മുനികളെല്ലാം. രജ..... ഗണവും—രാക്ഷസക്കൂട്ടവും. ഇഹ—ഇവിടെ. വിവി....രേ—പലവിധസുഖങ്ങളുള്ള. ഇഹ—ഇവിടെ. പരിരമതി—രമിക്കുന്നു.

അധി....ന—വളരെ സന്തോഷത്തോടുകൂടി. ഗോദാവരീം—ഗോദാവരിയെന്ന പുഴയെ. അഭിഷേകം—സ്നാനം. ആപ്തം—ലഭിച്ച. ഗത....കം—നല്ല വിവേചനബുദ്ധികൂടാതെ. ഏകം കനകമൃഗം—ഒരു സ്വർണ്ണമൃഗത്തെ. മുഹുഃ—കൂടക്കൂടെ. അധിവിപിനം—കാട്ടിൽ. അനു....തം—പിൻതുടർന്നുണ്ടായ. മമ—എന്റെ.

വ്യാമു....ഢധീഃ അപി—മോഹത്തെ പ്രാപിച്ചവനാണെങ്കിലും. ഹേമാത്മകം മൃഗം—സ്വർണ്ണമൃഗത്തെ. അസാമാന്യം—അസാധാരണം. വിശസിതും—കൊല്ലുന്നതിന്. വിശി....കളിൽ—ശ്രേഷ്ഠമായ ബാണത്താൽ പിളർക്കപ്പെട്ട സ്വർണ്ണമൃഗമാകുന്ന (മാരീച) രാക്ഷസന്റെ വഞ്ചനകളിൽ.

ധന്യാംഗി! ലക്ഷ്മണനുമിഞ്ഞാനുമപ്പൊഴ്തു
പുണ്യാശ്രമാന്തമുപയാതൗ
ധൃതിരഹിതമേതൗ ധൃതവിരഹഖേദൗ
സമധികമൊരഴൽ തടവി മനമുരുകി മറുകിയിതു
മുഹുരവശമതിചിരമനാഥൗ.

ചൊല്ലാന്നിടുന്നഗസ്ത്യാശ്രമമിതു പുരതോ
ദേവി! കാണപ്പെടുന്നു
കല്യാണാവാസമസ്മിൻ വസതി കലശഭൂഃ
സാർവഭൗമോ മുനീനാം
ചൊല്ലാമേതത് പ്രസാദാത് പ്രസഭമിവിടെനി—
ന്നാഹിതം കോപഭൂമ്നാ
കില്ലില്ലേ സർവരാത്രിഞ്ചരവധസമയം,
തച്ച നിർവ്യൂഢ[1]മെന്നാൽ. 22

വൈദേഹി! യാഹി കലശോദ്ഭവധർമ്മ[2]പത്നീം
തത്രാർച്ചിതാ കഥയ പൂർവ്വകഥാ[3]പ്രസംഗാൻ
പൃഷ്ടാപി[4]മാ വദ സമുദ്രനിബന്ധനം തത്
സാ ഹി പ്രിയേ! ചുളുകിതാംബുനിധേഃ കളത്രം.'' 23

ധന്യാംഗി—ധന്യമായ അംഗത്തോടുകൂടിയ സീതേ. പുണ്യാശ്രമാന്തം—പുണ്യാശ്രമപര്യന്തം. ഉപയാതൗ—പ്രാപിച്ചു. ധൃതിരഹിതം—സ്ഥൈര്യമില്ലാതെ. ഏതൗ—രണ്ടുപേരും. ധൃത....ദൗ—വിരഹദുഃഖമുള്ളവർ. സമധികം—വളരെ. മുഹുഃ—കൂടെക്കൂടെ. അവശം—അവശമാംവണ്ണം. അതിചിരം—വളരെക്കാലം. അനാഥൗ—നാഥനില്ലാത്തവർ.

പദ്യം 22. പുരതഃ—മുമ്പിൽ. കല്യാ....സം—മംഗലഗൃഹം. അസ്മിൻ—ഇതിൽ. മുനീനാം സാർവഭൗമഃ—മുനിചക്രവർത്തിയായ. കലശഭൂഃ—അഗസ്ത്യൻ. വസതി—വസിക്കുന്നു. ഏത....ദാത്—ഇദ്ദേഹത്തിന്റെ അനുഗ്രഹത്താൽ. പ്രസഭം—വേഗത്തിൽ. കോപഭൂമ്നാ—കോപാധിക്യത്താൽ. സർവ....യം ആഹിതം—രാക്ഷസന്മാരുടെയെല്ലാം വധം പ്രതിജ്ഞ ചെയ്യപ്പെട്ട. തത്—അതു്. നിർവ്യൂഢം ച—നിറവേറപ്പെട്ടുകയും ചെയ്തു.

പദ്യം 23. വൈദേഹി—അല്ലയോ സീതേ. കല....ത്നീം—അഗസ്ത്യന്റെ ധർമ്മപത്നിയായ ലോപാമുദ്രയുടെ അടുക്കൽ. യാഹി—പോയാലും. തത്ര—അവിടെ. അർച്ചിതാ—പൂജിക്കപ്പെട്ടവളായ നീ. പൂർവ....ഗാൻ—പ്രസക്തങ്ങളായ പഴങ്കഥകളെ. കഥയ—പറഞ്ഞാലും. പൃഷ്ടാ അപി—ചോദിച്ചാലും. തത് സമുദ്രനിബന്ധനം—ആ സേതുബന്ധവൃത്താന്തത്തെ. മാ വദ—കഥിക്കരുതു്. ഹി—എന്തെന്നാൽ. സാ ഹി—അവൾ (ലോപാമുദ്ര) ആകട്ടെ. പ്രിയേ—അല്ലയോ പ്രിയേ. ചുള....ധേഃ—സമുദ്രത്തെ കൈത്തലക്കുഴിയിലാക്കിയ മുനിയുടെ. കളത്രം—പത്നിയാകുന്നു.

---

1. ഢമേതത്. 2. ർമ്മദാരാൻ. 3. ഥാശ്ച സർവാഃ 4. മാ കഥയ സേതുനിബന്ധനം തച്ച സാ.

ഇതി വിവിധമൊരോന്നേ ദർശയൻ വസ്തു ദേവ്യൈ
മുദിതമതി ഭരദ്വാജാശ്രമം കണ്ടു ദൂരേ
കതിപയപരിവാരോ രാമചന്ദ്രോ വിമാനാ-
ദതികുതുകമിറങ്ങിക്കൈവണങ്ങീ മുനീന്ദ്രം. 24

സീതാസൗമിത്രിലങ്കേശ്വരകപിവരവാ-
[1]ത്താത്മജൈഃ സാകമപ്പോ-
ളാദായാതിഥ്യപൂജാം മുനിവൃഷഭകൃതാ-
മാസ്ഥിതോ വിഷ്ടരാ[2]ന്തേ
ജാതാനന്ദം ത്രിലോകീപരിവൃഢനനുജ-
ന്മാക്ഷമത്യാദരാർദ്രം
ചോദിച്ചു മാതൃലോകത്തിനുമൊരു കുശലം
മാധുരീം പെയ്ത വാചാ. 25

തൽക്ഷണേ മുനിരുവാച വാച ''മയി വീര!
കീഴിലുള്ളവായ നിൻ-
വിക്രമങ്ങളെയുമാശ്രമാഭിഗതിയും ദു-
ശാ മമ നിഗ്രഹയാ
ഒക്കെ ഞാനുമുപലഭ്യ, മാംസമയചക്ഷു-
ഷാ സപദി സത്കൃതി-
പ്രക്രിയാർത്ഥമിഹ കാത്തിരുന്നിതു ഭവദ്വി-
ലോകനമനോരഥീ. 26

പദ്യം 24. ഇതി—ഇങ്ങനെ. വിവിധം വസ്തു—പലതിനെയും. ദേവ്യൈ—സീതാദേവിക്കായി. ദർശയൻ—കാണിച്ചുകൊണ്ട്. മുദിതമതി—സന്തുഷ്ടനായി. ദൂരേ—അകലെ. ഭരദ്വാജാശ്രമം—ഭരദ്വാജമുനിയുടെ ആശ്രമത്തെ. കതി....രഃ—ചുരുങ്ങിയ പരിവാരങ്ങളോടുകൂടിമാത്രം കൂടിയവനായി. രാമചന്ദ്രഃ—രാമചന്ദ്രൻ. വിമാനാത്—വിമാനത്തിൽനിന്ന്. മുനീന്ദ്രം—മുനിശ്രേഷ്ഠനെ.

പദ്യം 25. സീതാ....ജൈഃ സാകം—സീത ലക്ഷ്മണൻ വിഭീഷണൻ സുഗ്രീവൻ ഹനുമാൻ ഇവരോടുകൂടി. മുനി....താം—മുനിശ്രേഷ്ഠൻ നൽകിയ. ആതി....ജാം—സത്കാരത്തെ. ആദായ—സ്വീകരിച്ചിട്ട്. വിഷ്ടരാന്തേ—ആസനത്തിൽ. ആസ്ഥിതഃ—ഇരുന്നിട്ട്. ജാതാനന്ദം—സന്തോഷത്തോടുകൂടി. ത്രിലോ....ഢൻ—ശ്രീരാമൻ. അത്യാദരാർദ്രം—വളരെ ആദരവോടുകൂടി. മാധുരീം പെയ്ത വാചാ—തേന്മൊഴിയാൽ. കുശലം—ക്ഷേമം.

പദ്യം 26. തത്ക്ഷണേ—അപ്പോൾ. മുനിഃ വാചം ഉവാച—മുനി പറഞ്ഞു. അയി വീര—അല്ലയോ വീരനായ രാമ. വിക്രമം—ശൗര്യം. ആശ്ര....ഗതി—ആശ്രമത്തെ ഉദ്ദേശിച്ചുള്ള വരവ്. നിഗ്രഹയാ മമ ദുശാ—എന്റെ രഹസ്യദുഷ്ടിയാൽ. ഉപലഭ്യ—അറിഞ്ഞിട്ട്. സപദി—ഇപ്പോൾ. മാംസ.....ഷാ—മാംസതുല്യമായ കണ്ണുകൊണ്ട്.

1. വായാത്മ. 2. രേ/സൗ ജാ.

ഇല്ല സംശയമയോദ്ധ്യതന്നിൽ മരുവുന്ന—
വക്ക കുശലം പ്രഭോ!
വല്ലഭാനവിതസമാഗമേന ഭവതോ നു—
ലോകസുകൃതൗഘമേ!
നല്ലനേഷ ഭരതഃ കൃതീ ശ്രുഭരതസ്ത—
വൈവ സഹജഃ സ്പൃടം
ദുർല്ലഭോ ഖലു നവാധിരാജ്യപദവീവി—
രക്തി പൃഥിവീഭുതാം.[1] 27

ഭസ്മദിശ്ധനിടിലശ്ചിരായ ജടിലസ്യ[2]—
ദാഗമമഹോത്സവം
ചിത്തതാരിലനിശം വിചിന്ത്യ ഭരതോ നി—
വൃത്തിനിരതോഽധുനാ
വർത്തതേ മഹിതപാദുകാർച്ചനപരായ—
ണോ വസുമതീം ഭവേ—
ക്തേതിയായ പരമാജ്ഞയൈവ പരിപാല—
യന്നുദധിമേഖലാം.'' 28

എന്ന കേട്ട രഘുവംശമൗലിമണി, താം നി—
ശാം മുനിവരാശ്രമേ
പുണ്യശാലിനി വസിക്കുമാറു പരികല്പ്യ
നിർഭരകുതൂഹലീ

ഇഹ ഭവ....ഥീ—ഇവിടെ അങ്ങയെക്കാണാനുള്ള മനോരഥത്തോടുകൂടിയവനായി. സത്....ത്ഥം—സൽക്കാരമെന്ന ചടങ്ങിനായി.

പദ്യം 27. ഭവതഃ—അങ്ങയുടെ. വല്ല....മേന—പത്നിയോടുകൂടിയവരവിനാൽ. നുലോ....മേ—സകലമനുഷ്യരുടേയും പുണ്യപൂരമേ. ഏഷഃ ഭരതഃ—ഈ ഭരതൻ. കൃതീ—ധന്യൻ. ശ്രുഭരതഃ—മംഗലകാര്യത്തിൽ തത്പരൻ. തവ സഹജഃ ഏവ—അങ്ങയുടെ സോദരൻതന്നെ. സ്പൃടം—സ്പഷ്ടം പൃഥി....താം—രാജാക്കന്മാർക്ക്. നവാ....ക്തി—പുത്തനായ രാജസ്ഥാനത്തിൽ വെറുപ്പ്. ദുർലഭോ ഖലു—ദുർലഭമോണല്ലോ.

പദ്യം 28. ഭസ്മ....ലഃ—നെറ്റിയിൽ ഭസ്മം പൂശിയവനായി. ചിരായ ജടിലഃ—പല കാലമായി ജട ധരിച്ചവനായി. ഭരതഃ—ഭരതൻ. തദാ....വം—നിന്റെ വരവാകുന്ന വലിയ ഉത്സവത്തെ. അനിശം—എപ്പോഴും. വിചിന്ത്യ—ചിന്തിച്ചിട്ട്. അധുനാ—ഇപ്പോൾ. നിവൃ....തഃ—നിവൃത്തിമാർഗത്തിൽ തത്പരനായി. മഹി....ണഃ—ശ്രേഷ്ഠമായ (അങ്ങയുടെ) മെതിയടിയെ പൂജിക്കുന്നതിൽ ശ്രദ്ധയുള്ളവനായി. ഭവേ....യ—അങ്ങയോടുള്ള ഭക്തിരൂപമായ. പരമാജ്ഞയാ ഏവ—ഉത്തമമായ കല്പനകൊണ്ടുതന്നെ. ഉദ....ലാം—സമുദ്രംവരെയുള്ള. വസുമതീം—ഭൂമിയെ. പരിപാലയൻ വർത്തതേ—രക്ഷിച്ചുകൊണ്ടിരിക്കുന്നു.

പദ്യം 29. ഏഷഃ രഘു....ണി—ഈ ശ്രീരാമൻ. താം നിശാം—

1. വീഭുജാം. 2. ലസ്യവാഗ.

ധന്യമുന്നതമമന്ദക്ഷേതിഭരസന്ന—
തം തമരികേ വിളി—
ച്ചൊന്നവാച ഹനുമന്തമേഷ തനുമന്ത—
മോഘമിവ തേജസാം. 29

''ചൊല്ലേറും വീരചൂഡാഭരണ! മമ സഖേ!
മാരുതേ! കേളിദാനീം
ചെല്ലേണം നീയയോദ്ധ്യാപുരിയൊളമചിരാ—
ദന്തരാ ശൃംഗിവേരേ
കല്യാഭോഗേ പുരേ ചെന്നഭിമതസുഹൃദം
തം നിഷാദേശ്വരം ക—
ണ്ടെല്ലാം ചൊല്ലേണമസ്മച്ചരിതമിതു മുനീന്ദ്രാ—
ശ്രമപ്രാപ്തിയോളം. 30

ഭ്രയോ മദ്ഭ്രാതൃവൃത്താന്തവുമിതവിയ സാ—
കേതമാർഗ്ഗത്തെയും കേഽ
മായാഹീനം തദുക്ത്യാ സകലമപി ച വി—
ജ്ഞായ വിജ്ഞാനശാലീ
ബ്രൂ യാ ഗത്വാനുജന്മാന്തികമയി സുമതേ!
ചിത്രകൂടാത് പിരിഞ്ഞും
പോയിപ്പിന്നെത്തുടന്നിന്നയൊളമിയലുമ—
സ്മദ്വിശേഷങ്ങളെല്ലാം. 31

ആ രാത്രിയെ. പുണ്യശാലിനി—സുകൃതം കൊണ്ടു ശോഭിക്കുന്ന. മുനി.... മേ—മുനിശ്രേഷ്ഠന്റെ ആശ്രമത്തിൽ. പരികല്പ്യ—സങ്കല്പിച്ചു്. നിർഭ.... ലീ—വളരെ സന്തുഷ്ടനായി. ധന്യം—കൃതാർത്ഥനം. ഉന്നതം—മഹാനും. അമ....തം—അധികക്ഷേതിയാൽ നമ്രനും. തനുമന്തം തേജസാം ഓഘം ഇവ (സ്ഥിതം)—ശരീരത്തോടു കൂടിയ കാന്തിപൂരംപോലെ ഇരിക്കുന്നവനും ആയ. തം ഹനുമന്തം—ആ ഹനുമാനെ. ഉവാച—പറഞ്ഞു.

പദ്യം 30. വീര....ണ—ഉത്തമനായ വീര. മമ സഖേ—എന്റെ മിത്രമേ. മാരുതേ—ഹനുമാൻ. ഇദാനീം—ഇപ്പോൾ. അചിരാത്—ഉടൻ. അയോദ്ധ്യാപുരിയോളം—അയോദ്ധ്യവരെ. അന്തരാ—ഇടയ്ക്കു്. കല്യാഭോഗേ പുരേ ശൃംഗിവേരേ—സമൃദ്ധമായ പ്രദേശത്തോടുകൂടിയ ശൃംഗിവേരപുരത്തിൽ. അഭിമതസുഹൃദം—നമുക്കു വേണ്ടത്തക്ക സ്നേഹിതനായ. തം നിഷാദേശ്വരം—ആ വേടാധിപനെ (ഗുഹനെ). മുനീ....ളം—മുനിശ്രേഷ്ഠന്റെ ആശ്രമത്തിൽ വന്നെത്തിയതുവരെയുള്ള. അസ്മച്ചരിതം—നമ്മുടെ വൃത്താന്തം.

പദ്യം 31. ഭ്രയഃ—വീണ്ടും. മദ്ഭ്രാ....ന്തവും—എന്റെ സോദരന്റെ വൃത്താന്തവും. സാകേതമാർഗം—അയോദ്ധ്യയിലേക്കുള്ള വഴി. മായാഹീനം—കപടമില്ലാതെ. തദുക്ത്യാ—അവന്റെ (ഗുഹന്റെ) വാക്കിനാൽ. സകലം അപി ച—എല്ലാം. വിജ്ഞായ—അറിഞ്ഞിട്ടു്. വിജ്ഞാ....ലീ—അറിവോടു കൂടിയവനായി. അനു.....കം—അനുജന്റെ അടുക്കൽ. ഗത്വാ—ചെന്നിട്ടു്. ചിത്രകൂടാത്—ചിത്രകൂടപർവതത്തിൽ.

ചൊല്ലാമെന്തോഴ! മറെറാന്നതിദുരധിഗമൈ—
രിംഗിതാകാരചേഷ്ടാ—
സല്ലാപൈരേതദന്തർഗതമഖിലമകം—
കൊണ്ടറിഞ്ഞുള്ളവണ്ണം
നില്ലാതേ കാൽനിമേഷം നിപുണമതിഭവാ—
നിന്നു രാക്കൊണ്ടുതന്നേ
കല്യാണാത്മൻ! വരേണം പവനസുകൃതസ—
വ്വസമേ! നിർവ്യപായം.'' 32

ഹനുമാൻ ശൃംഗിവേരപുരം പ്രാപിച്ചു ഗുഹനോടു കാര്യം അറിയിച്ചിട്ടു് അവിടെനിന്നും മടങ്ങുന്നതും ഭരതനോടു കൂടി ചുരുക്കിപ്പറയുന്നതും:

ഗദ്യം 3.

(ദണ്ഡകം)

തദനു മനുകുലേന്ദ്രവാണീം ചെവിക്കൊണ്ടനുനപ്രഭാവോ ഹനുമാൻ മനുഷ്യാകൃതിം ധാരയൻ ചേവടിത്താർ വണങ്ങിപ്പു—റപ്പെട്ടു വേഗേന ചാടി ക്ഷണാത്സംഗതഃ ശൃംഗിവേരം പുരം, തത്ര മാതംഗവീരം നിഷാദാധിനാഥം ഗുഹം കണ്ടടൻ മുമ്പി—ലാത്മാനമാവേദയൻ പിന്നെ മന്നോർമണിപ്പൂൺപുതൻ വൃ—ത്തമൊക്കെപ്പറഞ്ഞത്യുദാരം, തദൈവാംഘ്രിപദ്മം വണങ്ങീടുവാൻ പ്രസ്ഥിതം തം പുനഃ ശ്വോ ഭവിത്രീം പ്രഭോരാഗതിം

നിന്നു്. അസ്മദ്വിശേഷങ്ങൾ—നമ്മുടെ വാർത്തകൾ. ബ്രൂയാഃ—പറയണം.

പദ്യം 32. അതി....മൈഃ—മനസ്സിലാക്കാൻ എളുപ്പമല്ലാത്ത. ഇംഗി....പൈഃ—ആശയം ആകൃതി പ്രവൃത്തി വചനം ഇതുകളാൽ. ഏതത്....തം—ഇവന്റെ (ഭരതന്റെ) അഭിപ്രായം. അഖിലം—എല്ലാം. നിപുണമതി—സമർത്ഥൻ. കല്യാണാത്മൻ—നല്ല ഹൃദയമുള്ളവനേ. പവന....മേ—ഹനുമൻ. നിർവ്യപായം—കുഴപ്പം കൂടാതെ.

ഗദ്യം 3. (ദണ്ഡകം) തദനു—അനന്തരം. മനു....ണീം—ശ്രീരാമന്റെ വാക്കിനെ. അനു....വഃ—മാഹാത്മ്യമേറിയ. മനു.....തീം—മനുഷ്യസ്വരൂപത്തെ. ധാരയൻ—ധരിച്ചുകൊണ്ടു്. വേഗേന—വേഗമായി. ക്ഷണാത്—ക്ഷണനേരംകൊണ്ടു്. ശൃംഗിവേരം പുരം സംഗതഃ—ശൃംഗിവേരപുരത്തെ പ്രാപിച്ചു്. തത്ര—അവിടെ. മാതംഗവീരം—വേടവീരനും. നിഷാ....ഥം—വേടന്മാർക്കു് അധിപനും ആയ. ഗുഹം—ഗുഹനെ. ആത്മാനം—താൻ ആരാണെന്നുള്ളതിനെ. ആവേദയൻ—അറിയിക്കുന്നവനായി. അത്യുദാരം—വളരെ ഉത്സാഹത്തോടുകൂടിയ. തദാ ഏവ—അപ്പോൾത്തന്നെ. അംഘ്രിപദ്മം—ചരണകമലത്തെ. പ്രസ്ഥിതം—പുറപ്പെട്ടവനായ. തം പുനഃ—അവനെ(ഗുഹനെ)യാകട്ടെ. ശ്വഃ—നാളെ. ഭവിത്രീം—ഉണ്ടാകാൻപോകുന്ന. പ്രഭോഃ—ശ്രീരാമന്റെ.

പാക്ക നീയെന്ന ചൊല്ലീട്ടവസ്ഥാപ്യ, തദ്വാക്യവിജ്ഞാതരാ
മാനജോദന്തസാകേതമാർഗ്ഗാന്തരോ ദന്തുരാനന്ദസന്ദാനിതാത്മാ
വിനിർഗ്ഗത്യവേഗോദയോത്പാടിതാടവ്യസാലോമുനീന്ദ്രാശ്ര
മാദ്യോജനാനാം ത്രയം ദൂരമെത്തുന്നയോദ്ധ്യാപുരത്തിന്നരികേ..
....മാല്യവാന്മേൽ മഹാവീരനാം ബാലിയെക്കൊന്ന കിഷ്കി—
ന്ധയിൽ കൊണ്ടുവാഴിപ്പനെന്നും ജഗത്തിങ്കലാരാഞ്ഞു ദേവീ—
മറിഞ്ഞേഷ തന്നുണ്ടിതെന്നും മുദാ തങ്ങളിൽ സഖ്യവും ചെയ്ത
സുഗ്രീവവിശ്വാസനാർത്ഥം മുറിച്ചേഴു സാലാൻ കപീന്ദ്രം വധി
ച്ചശ്യമൂകാചലേ വർഷകാലം കഴിച്ചമ്പെഴും ജാംബവന്മുഖ്യ—
പോർവാനരൈഃ സാകമാകമ്രമാമംഗലീയത്തെയും തന്നുടൻ
ദക്ഷിണസ്യാം ദിശി പ്രേഷിതോ ഽഹം പയോരാശിമുല്ലംഘ്യ
ലങ്കാപുരേ ചെന്ന ദേവീം വണങ്ങിക്കൊടുത്തംഗലീയത്തെ ദേ
വീച്ചൂഡാമണിം കൊന്ന രക്ഷോഗണാൻ നന്ദനോദ്യാനമൊ—
ക്കെത്തകർത്തഞ്ജസാ ചുട്ടുപൊട്ടിച്ച ലങ്കാമലംഘ്യാം ക്ഷണാൽ
വന്ന മത്സ്വാമിയെക്കണ്ട ദേവീവിശേഷാനശേഷാനണത്തി
ച്ചതാകർണ്ണ്യ ശാഖാമൃഗപ്രൗഢസൈന്യത്തൊടും കൂടി വേഗാൽ
പുറപ്പെട്ട പാഥോധിതീരത്തിൽ വന്നാശ്രിതം പങ്ക്തികണ്ഠാ
നുജം രാക്ഷസസ്വാമിയായ്വച്ച മൂർദ്ധാഭിഷേകത്തെയും
ചെയ്തവൻപാവകാസ്ത്രപ്രയോഗാതിഭീതേന യാദോഽധിനാഥേ
നദത്തേ മഹാവർത്മനി സൈരമാബദ്ധ്യ സേതും കടന്നക്കരെ

ആഗതിം—വരവിനെ. അവസ്ഥാപ്യ—ഇരുത്തീട്ട്. തദ്വാ....രഃ— അവ
നിൽനിന്നു രേതവൃത്താന്തവും അയോധ്യാമാർഗവും ഗ്രഹിച്ചവനായി. ദന്തു
....ത്മാ—വളരെ സന്തുഷ്ടനായി. വിനിഗ്ഗത്യ—നിഗ്ഗമിച്ചിട്ട്. വേഗോ....
ലഃ—പെട്ടെന്ന പൊങ്ങിയതിനാൽ തകർക്കപ്പെട്ട വനത്തിലെ സാലമരങ്ങ
ളോടു കൂടിയവനായി. മുനീ....മാൽ-മുനിശ്രേഷ്ഠന്റെ ആശ്രമത്തിൽനി
ന്നു. യോജനാനാം ത്രയം—മുന്നു യോജന ...

ഏഷഃ—ഇവൻ. മുദാ—സന്തോഷത്തോടു. സുഗ്രീ....ർത്ഥം—സുഗ്രീവ
നെ വിശ്വസിപ്പിക്കുന്നതിനായി. സാലാൻ—സാലങ്ങളെ. കപീ
ന്ദ്രം—ബാലിയെ. മൂശ്യ....ലേ—മൂശ്യമൂകപർവതത്തിൽ. ജാംബ....
രൈഃ സാകം—ജാംബവാൻ തുടങ്ങിയുള്ള വാനരയോദ്ധാക്കളോടുകൂടി.
ആകമ്രം—മനോഹരം. അംഗലീയം—മോതിരം. ദക്ഷിണസ്യാം ദിശി
—തെക്കുദിക്കിൽ. പ്രേഷിതഃ അഹം—അയയ്ക്കപ്പെട്ടവനായ ഞാൻ.
പയോരാശിം—സമുദ്രത്തെ. ഉല്ലംഘ്യ—കടന്നിട്ട്. ലങ്കാപുരേ—ലങ്കാ
നഗരത്തിൽ. ദേവീം—സീതാദേവിയെ. ചൂഡാമണിം—ചൂഡാരത്ന
ത്തെ. രക്ഷോഗണാൻ—രാക്ഷസക്കൂട്ടങ്ങളെ. നന്ദനോദ്യാനം—നന്ദന
വനം. അംജസാ—പെട്ടെന്നു. അലംഘ്യാം—ആക്രമിക്കുവാൻ വയ്യാ
ത്ത. ലങ്കാം—ലങ്കയെ. ക്ഷണാൽ—വേഗത്തിൽ. മത്സ്വാമി—എന്റെ
നാഥൻ. അശേഷാൻ ദേവീ....ഷാൻ—ഒട്ടൊഴിയാതേകണ്ടുള്ള സീതാ
വൃത്താന്തത്തെ. ആകർണ്യ—കേട്ട്. ശാഖാ ...ന്യ—ഗംഭീരമായ വാ
നരസൈന്യം. പാഥോ....രം—സമുദ്രതീരം. ആശ്രിതം—ആശ്രയിച്ചവ
നായ. പങ്ക്തി....ജം—രാവണാനുജനായ വിഭീഷണനെ. രാക്ഷസ

പിന്നെ ഹനുമാൻ നന്ദിഗ്രാമം പ്രാപിച്ചു ഭരതനോട് ശ്രീരാമവാർത്ത യെല്ലാം പറഞ്ഞു കേൾപ്പിക്കുകയും ഭരതൻ ദേവന്റെ വരവിൽ ഹനുമാനെ പ്രശംസിക്കുകയും ചെയ്യുന്നു:

തതോ ഹനുമാന്നിർഗത്യ
നന്ദിഗ്രാമം സമേത്യ ച
ഭരതായ സമാചഷ്ട
ശ്രീരാമാഗമനം തദാ. 33

ഇത്ഥം കേട്ടോരുനേരം പുളകിതതനുരാ—
നന്ദബാഷ്പാംബുവാഹീ
കൃത്വാ ഭൂയോ/പി വായോസ്തനയമുരസി ഗാ—
ഢം പുണർന്നാവതെല്ലാം
നിസ്സ്പന്ദാനന്ദവാരാകരതിരകളിലാ—
റാടി നീന്തിക്കളിക്കും—
ചിത്താഭോഗോ ബഭാഷേ ഭരതനധികകൗ—
തൂഹലാശ്ചര്യഭൂമാ. 34

''മാൽ പെട്ട മുന്നമാര്യൻ പ്രിയജനവിരഹാൽ
കാനനേ സാനുജന്മാ,
ധിങ്മദ്ധ്യേലങ്കമാര്യാ സുചിരമശരണാ
മാഴ്കിനാളാകുലാത്മാ,

സ്വാമി—രാക്ഷസചക്രവർത്തി. മൂർദ്ധാഭിഷേകം—ശിരസ്സിൽ ചെയ്യുന്ന അഭിഷേകക്രിയ. വൻ... തേന —കടുത്ത ആഗ്നേയാസ്ത്രപ്രയോഗത്താൽ വരുണൻ ഭയന്ന. യാദോ....ന —സമുദ്രരാജാവിനാൽ. മഹാവർത്മനി ദത്തേ—വലിയ വഴി കൊടുക്കപ്പെട്ടപ്പോൾ. കൈസ്വരം—ഇഷ്ടംപോലെ. സേതും ആബദ്ധ്യ—ചിറ നിർമ്മിച്ചു. ഒരു ദീർഘബന്ധകത്തിന്റെ നടുവിൽനിന്നും ഒടുവിൽനിന്നും കുറെ ഭാഗം പോയ്പോയതുപോലിരിക്കുന്നു.

പദ്യം 33. തതഃ—അവിടെനിന്ന്. നിർഗത്യ—പോയിട്ട്. നന്ദിഗ്രാമം സമേത്യ ച—നന്ദിഗ്രാമത്തെ പ്രാപിച്ചിട്ടും. തദാ—അപ്പോൾ. ശ്രീരാ . മം—ശ്രീരാമന്റെ വരവിനെ. ഭരതായ സമാചഷ്ട—ഭരതനോട് പറഞ്ഞു.

പദ്യം 34. ഇത്ഥം—ഇവ്വണ്ണം. പുള....നുഃ—രോമാഞ്ചമുണ്ടായ ശരീരത്തോടുകൂടിയവനായി. ആന....ഹീ—ആനന്ദബാഷ്പത്തെ ചൊരിയുന്നവനായി. ഭൂയഃ അപി—വീണ്ടും. വായോഃ തനയം—ഹനുമാനെ. ഉരസി കൃത്വാ—മാർവിടത്തോട് ചേർത്തിട്ട്. ഗാഢം—ബലമായി. നിസ്പ....ളിൽ—ക്ഷോഭിച്ച ആനന്ദസമുദ്രത്തിന്റെ തിരമാലകളിൽ. ചിത്താഭോഗം—മനസ്സാകെ. അധി....മാ—അധികമായ കൗതുകത്തിനും ആശ്ചര്യത്തിനും ഇരിപ്പിടമായ ഭരതൻ. ബഭാഷേ—പറഞ്ഞു.

പദ്യം 35. സാനുജന്മാ—അനുജസഹിതനായി. ആര്യൻ—ശ്രീരാമൻ. പ്രിയ....ത്—സീതാദേവിയുടെ വിയോഗത്താൽ. കാനനേ—വനത്തിൽ. ധിക്—നിന്ദ്യം. മധ്യേലങ്കം—ലങ്കയുടെ നടുക്ക്. ആര്യാ—സീതാദേവി. സുചിരം—വളരെക്കാലം. അശരണാ—ശരണരഹിത

വൻപീഡാം പൂണ്ടു ഞാനും ഗ്രഹയിലിഹ പതി-
ന്നാലു വഷ്ം വലഞ്ഞേൻ,
സംവൃത്തോ ജീവനാലംബനമഴകിനൊടെ-
ല്ലാക്കുമന്നന്നസൗ നീ. 35

നിണ്ണീതമസ്യ സദൃശം വരപൂണ്ണ്യപാത്രം
പുണ്യാംബുധേ! ജഗതി നൈവ സമീരസൂനോ!
എന്നാലുമൊന്നു പറയാം ഭവനോപകാര-
ത്തിന്നായ് ഫലന്തു തവ ശക്തികളം മേല്പ്പുമേലേ.'' 36

ഭരതൻ ഹനുമാനെ പറഞ്ഞയച്ചിട്ടു ജ്യേഷ്ഠനെ വേണ്ടപോലെ സ്വീകരിക്കുവാനായി ഏർപ്പാടുകൾചെയ്കയും, താനും ശത്രുഘ്നനുമായി എതിരേറ്റു കൂട്ടിക്കൊണ്ടുവരാൻ സന്നദ്ധനാവുകയും ചെയ്തു:

എന്നിത്ഥം ചൊല്ലി രാമാനുജനഖിലമയോ-
ദ്ധ്യാപുരം മുട്ടെ നന്നായ്
മിന്നീടും ഭംഗി കൈക്കൊണ്ടതിലളിതമലം-
കൃത്യ സൈന്യൈരശേഷൈഃ
മന്നോർവീരൈശ്ച പൗരൈരഃ സമമഴകൊട മു-
ല്പാട വന്നിങ്ങെതിപ്പാൻ-
തന്നേ കല്പിച്ചയച്ചു ചരമമഥ സുമ-
ന്ത്രേണ സാദ്ധം കുമാരം. 37

''ആര്യസ്യാജ്ഞാനുരൂപം വിരവിനൊടധുനാ
പാദമൂലം പ്രപന്നോ
വീര്യാബ്ധേ! സാധു വൃന്താനുമിതഖിലഗുണ-
ത്തിക്ക നീ''യെന്നിവണ്ണം,

യായി. ആകുലാത്മാ—വ്യാകുലഹൃദയയായ്. പീഡാം—ആത്തിയെ. ഇഹ—ഇവിടെ. ഗ്രഹയിൽ—തുരങ്കത്തിൽ. അസൗ നീ—ഈ നീ. ജീവനാലംബം സംവൃത്തഃ—ജീവിതത്തിനു് ആശ്രയമായി ഭവിച്ചു.

പദ്യം 36. ജഗതി—ലോകത്തിൽ. അസ്യ സദൃശം—ഇതിനു(ഉപകാരത്തിനു) യോഗ്യമായ. വര... ത്രം—വരങ്ങളുടെ പൂർണ്ണപാത്രം. ന ഏവ നിണ്ണീതം—നിശ്ചയിക്കപ്പെട്ടിട്ടില്ല. പുണ്യാംബുധേ—സുകൃതസമുദ്രമേ. സമീരസൂനോ—വായുപുത്രനായുള്ളോവേ. ഭവനോപകാരം—ലോകോപകാരം. ഫലന്തു—ഫലിക്കട്ടെ. തവ—നിനക്കു്.

പദ്യം 37. ഇത്ഥം—ഇവ്വണ്ണം. രാമാനുജൻ—ഭരതൻ. അഖിലം—എല്ലാം. അലംകൃത്യ—അലങ്കരിപ്പിച്ചിട്ടു്. അതിലളിതം—വളരെ മൃദുവാംവണ്ണം. അശേഷൈഃ സൈന്യൈഃ മന്നോർവീരൈഃ പൗരൈഃ ച സമം—എല്ലാ സൈന്യങ്ങളോടും രാജവീരന്മാരോടും പൗരന്മാരോടുംകൂടി. സുമന്ത്രേണ സാദ്ധം—സുമന്ത്രനോടുംകൂടി. ചരമം കുമാരം—ഒടുവിലത്തെ കുമാരനായ ശത്രുഘ്നനെ. അഥ—അനന്തരം.

പദ്യം 38. ആജ്ഞാനുരൂപം—കല്പനയ്ക്കു തക്കവണ്ണം. അധുനാ—ഇപ്പോൾത്തന്നെ. ആര്യസ്യ പാദമൂലം പ്രപന്നഃ—ജ്യേഷ്ഠന്റെ അടുത്തു

വീരം മാനിച്ചു മൻപേ പവനസുതമയ—
ച്ചനവിതോ മന്ത്രഭൃത്യൈർ—
ഭരദ്വാജാശ്രമാന്തം ഭരതനൃഷസി സ—
ന്തോഷ്[1]വാൻ പ്രാപ വേഗാത്. 38

വിജ്ഞാപ്യമാനേ പവനാത്മജേന
രാമാഗമേ സംഭൃതഭക്തിഭാരഃ
പ്രത്യുദ്ഗമായൈഷ മതിം വിധത്തേ
പശ്യാസ്യ സൗഭ്രാത്രമതി[2]പ്രരൂഢം. 39

അസൗ പുരസ്കൃത്യ ഗുരും പദാതിഃ
പശ്ചാദഥ സ്ഥാപിതവാഹിനീകഃ
വൃദ്ധൈരമാത്യൈഃ സഹ ചീരവാസാ—
സ്തമർഘ്യപാണിർഭരതോഭ്യുപൈതി. 40

പിത്രാ നിസൃഷ്ടാം തദപേക്ഷയാ യഃ
ശ്രിയം യുവാപ്യങ്കഗതാമഭോക്താ

സചീകരിക്കുവാനായി ഭരദ്വാജാശ്രമപര്യന്തം വന്ന ഭരതനെയും മന്ത്രി മുതലായ പ്രധാനികളേയും ശ്രീരാമാദികളെ കാണുകയും എല്ലാവരും സന്തുഷ്ടരാവുകയും ചെയ്യുന്നു:

ചെന്നു. വീര്യാബ്ധേ—അല്ലയോ വീര്യസാഗരമായുള്ളോവേ. അഖിലം വൃത്താന്തം—എല്ലാ വാർത്തയേയും. സാധു—നല്ലപോലെ. വീരം—വീരനായ. പവനസുതം—ഹനുമാനെ. മാനിച്ചു—ബഹുമാനിച്ചു. മന്ത്രിഭൃത്യൈഃ അനവിതഃ—മന്ത്രിമാരാലും സേവകന്മാരാലും പിൻതുടരപ്പെട്ടവനായി. ഉഷസി—പ്രാതഃകാലത്തിൽ. സന്തോഷവാൻ—സന്തുഷ്ടനായി. വേഗാത്—വേഗമായി. ഭാര...ന്തം—ഭരദ്വാജന്റെ ആശ്രമംവരെ. പ്രാപ—പ്രാപിച്ചു.

പദ്യം 39. പവനാത്മജേന—ഹനുമാനാൽ. രാമാഗമേ—ശ്രീരാമന്റെ വരവു്. വിജ്ഞാപ്യമാനേ—അറിയിക്കപ്പെട്ടപ്പോഴേ. സംഭൃ...രഃ—ഭക്തി വർദ്ധിച്ചവനായി. ഏഷഃ—ഇവൻ (ഭരതൻ). പ്രത്യുദ്ഗമായ—എതിരേൽപ്പിനായി. മതിം വിധത്തേ—നിശ്ചയിച്ചു. അസ്യ—ഇവന്റെ. അതിപ്രരൂഢം—വളരെ വർദ്ധിച്ച. സൗഭ്രാത്രം—ഭ്രാതൃസ്നേഹത്തെ. പശ്യ—കണ്ടാലും.

പദ്യം 40 ഗുരും—പുരോഹിതനെ. പുരസ്കൃത്യ—പുരസ്കരിച്ചിട്ടു്. പദാതിഃ—കാൽനടയായി. അഥ—പിന്നെ. പശ്ചാൽ—പുറകിൽ. സ്ഥാപി....കഃ—സേനയെ സ്ഥാപിച്ചവനായി. വൃദ്ധൈഃ അമാത്യൈഃ സഹ—വൃദ്ധന്മാരായ മന്ത്രിമാരോടുകൂടി. ചീരവാസാഃ—വല്ക്കലധാരിയായി. അർഘ്യപാണിഃ—അർഘ്യജലം കൈയിൽ എടുത്തു്. അസൗ ഭരതഃ—ഈ ഭരതൻ. തം അഭ്യുപൈതി—അവനെ എതിരേൽക്കുന്നു.

പദ്യം 41. പിത്രാ—പിതാവായ ദശരഥനാൽ. നിസൃഷ്ടാം—കൊടുക്കപ്പെട്ടതും. അങ്കഗതാം—മടിയിൽ എത്തിയതും ആയ. ശ്രീയം—

1. തോഷാന്വിതഃ പ്രാ. 2. "തിപ്രവൃദ്ധം".

ഇയന്തി വർഷാണി തയാ സഹോഗ്ര–
മഭ്യസ്യതീവ വ്രതമാസിധാരം. 41

ഭക്ത്യാ ദൂരത്തനിന്നേ നെറുകയിൽ നിവിരെ–
ക്കൂപ്പി വന്നംഘ്രിമൂലേ
സദ്യോ വീഴും കുമാരം ഭരതമഴകിലു–
ത്ഥാപ്യ ഹസ്താംബുജാഭ്യാം
പ്രത്യംഗം ചേർത്തു തൻവക്ഷസി ദൃഢതരമാ–
ലിംഗ്യ പേർത്തും മുകർന്നു
മുകുതാനന്ദാശ്രുരാത്മപ്രവസനജടിലേ
മസ്തകേ വത്സലാത്മാ. 42

അക്ഷീണശ്മശ്രുവൃദ്ധീനുപചിതവികൃതീ–
നാകൃതൗ മന്ത്രിഭൃത്യാൻ
ന്യഗ്രോധാൻ സാവരോഹാനിവ ഭുവി പതതോ
ദത്തദീർഘപ്രണാമാൻ
തൃക്കൺപാർത്തഞ്ജസാ മഞ്ജുളഹസിതസുധൈഃ
സാധുവാർത്താനുയോഗ–
ശ്ലക്ഷ്ണൈർവാക്യൈരുദാരൈരുദിതകരുണമ–
നുഗ്രഹീദുന്നതാത്മാ. 43

ലക്ഷ്മിയെ. തദപേക്ഷയാ–രാമനെ ഉദ്ദേശിച്ചു്. യുവാ അപി–തരുണനായിരുന്നാലും. യഃ–യാവനൊരുത്തൻ. അഭോക്താ–അനുഭവിക്കാത്തവനായി. ഇയന്തി വഷ്ണി–ഇത്രയും വഷ്ങ്ങൾ. തയാ സഹ–അവളോടുകൂടി. ഉഗ്രം–തീവ്രമായ. ആസിധാരം വ്രതം–അസിധാരാവ്രതത്തെ. അഭ്യസ്യതി ഇവ–അഭ്യസിക്കുന്നവൻപോലെ ഇരുന്നുവോ. പൂർവ്വപദ്യത്തോടനുപയം. രഘുവംശപദ്യമാണിതു്.

പദ്യം 42. ഭക്ത്യാ–ഭക്തിയോടുകൂടി. അംഘ്രിമൂലേ–കാല്ക്കൽ. സദ്യഃ–ഉടൻ. കുമാരം ഭരതം–ഭരതകുമാരനെ. ഉത്ഥാപ്യ–എണീപ്പിച്ചു്. ഹസ്താ....ഭ്യാം–കൈത്താമരകളാൽ. പ്രത്യംഗം–ഓരോ അംഗവും. വക്ഷസി–നെഞ്ചിൽ. ദൃഢതരം–ബലമായി. ആലിംഗ്യ–ആശ്ലേഷിച്ചു്. ആത്മ....ലേ–തന്റെ പ്രവാസത്താൽ ജട കെട്ടിയ. മസ്തകേ–മസ്തകത്തിൽ. മുകുതാ....ശ്രുഃ–ആനന്ദബാഷ്പം പൊഴിച്ചവനായി. വത്സലാത്മാ–വാത്സല്യയുക്തനായി.

പദ്യം 43. അക്ഷീ....ദ്ധീൻ–മീശ തഴച്ചു വളർന്നവരായി. ആകൃതൗ–ആകൃതിയിൽ. ഉപ....തീൻ–വാർദ്ധക്യം കൂടിയവരായി. ഭുവി–ഭൂമിയിൽ. പതതഃ–വീഴുന്ന. സാവരോഹാൻ–വേടിറങ്ങിയ. ന്യഗ്രോധാൻ ഇവ–ആൽവൃക്ഷങ്ങളെ എന്നപോലെ. ദത്ത....മാൻ–നീണ്ട നമസ്കാരിച്ചവരായ. മന്ത്രിഭൃത്യാൻ–മന്ത്രിമാരെയും ഭൃത്യന്മാരെയും. അംജസാ–പെട്ടെന്നു്. മഞ്ജു....ധൈഃ–മനോജ്ഞമായ മന്ദഹാസാമൃതത്തോടുകൂടിയതും. സാധു....ശ്ലക്ഷ്ണൈഃ–നല്ല വൃത്താന്തത്തെ ചോദ്യം ചെയ്യുമ്പോഴും. ഉദാരൈഃ–ഗംഭീരങ്ങളും ആയ. വാക്യൈഃ–വചനങ്ങളാൽ.

''ദുർജ്ജാതബന്ധുരയമൃക്ഷഹരീശ്വരോ മേ
പൗലസ്ത്യ ഏഷ സമരേഷു പുരഃ പ്രഹർത്താ''
ഇത്യാദരേണ കഥിതേ രഘുനന്ദനേന
വ്യത്യക്രമ്യ ലക്ഷ്മണമുഭൗ ഭരതോ ववന്ദേ. 44

ഈടേറും പ്രണിപാതഹൃഷ്ടമനസാ
സൗമിത്രിണാ ശക്രജിത്—
പ്രൗഢാസ്ത്രവ്രണകർക്കശേ ഭുജയുഗേ—
നാപീഡ്യ ദോരന്തരേ
ഗാഢാശ്ലിഷ്ടവിസൃഷ്ടമുത്തിരഭിതോ
നില്പന്ന രക്ഷഃകപീൻ
പാടേ സത്കൃതവാനുദാരമുദഹാ—
സാർദ്ധൈരഥാലോകനൈഃ. 45

സുഗ്രീവാവേദിതാത്മാ തദനു മുനിവധൂ—
സന്നിധൗ വാനരസ്ത്രീ—
വർഗ്ഗൈരഗ്രേ നിബദ്ധാഞ്ജലിഭിരഭിവൃതാ—
മുച്ചൈകൈരുജ്ജ്വലാംഗീം
മുഖ്യാം ദൃഷ്ടാ ചിരാലോകനസമുദിതബാ-
ഷ്പാംബുപൂർണ്ണേക്ഷണോഽസൗ
ഭക്ത്യാ കൈ കൂപ്പി ദീർഘം പദഭുവി ഭരതോ
വീണ ദേവീമനംസീത്. 46

.

ഉന്നതാത്മാ—മഹാത്മാവു്. ഉദിതകരുണം—ഉണ്ടായ കരുണയാൽകൂടി അനുഗ്രഹീത്—അനുഗ്രഹിച്ചു.

പദ്യം 44. അയം ഋക്ഷഹരീശ്വരഃ—ഈ വാനരേശ്വരൻ. മേ—എനിക്കു്. ദുർജ്ജാതബന്ധുഃ—ആപത്ബന്ധുവാകുന്ന. ഏഷഃ പൗലസ്ത്യഃ—ഈ പുലസ്ത്യപുത്രൻ. സമരേഷു—യുദ്ധങ്ങളിൽ. പുരഃ പ്രഹർത്താ—മുമ്പിൽ പ്രഹരിച്ചവനാകുന്നു. ഇതി—എന്നിങ്ങനെ. രഘുനന്ദനേന—ശ്രീരാമനാൽ. ആദരേണ—ആദരവോടു്. കഥിതേ (സതി)—കഥിക്കപ്പെട്ടപ്പോൾ. ഭരതഃ—ഭരതൻ. ലക്ഷ്മണം വ്യത്യക്രമ്യ—ലക്ഷ്മണനെയും കടന്നു്. ഉഭൗ ववന്ദേ—ആ രണ്ടുപേരെ വന്ദിച്ചു. രഘുവംശപദ്യമാണിതു്.

പദ്യം 45. പ്രണി... സാ—പ്രണാമത്താൽ സന്തുഷ്ടനായ. സൗമിത്രിണാ—ലക്ഷ്മണനാൽ. ഭുജയുഗേന—രണ്ടു കൈകൊണ്ടും, ശക്ര....ശേ—ഇന്ദ്രജിത്തയച്ച തീവ്രമായ ബാണത്തിന്റെ വ്രണത്താൽ പരുഷമായ. ദോരന്തരേ—ബാഹുക്കളുടെ ഇടയിൽ. ആപീഡ്യ—ആശ്ലേഷിക്കപ്പെട്ടു്. ഗാഢാ... ത്തിഃ—ബലമായ ആശ്ലേഷത്തിൽനിന്നു വിടർത്തപ്പെട്ടവനായി. അഭിതഃ—ചുറ്റും. രക്ഷഃകപീൻ—രാക്ഷസന്മാരെയും വാനരന്മാരെയും. അഥ—അനന്തരം. ഉദാ....ദ്ഗ്രൈഃ—ഉദാരവും മൃദുവും ആയ ഹാസത്താൽ അലിഞ്ഞ. അവലോകനൈഃ—നോട്ടങ്ങളാൽ. സത്കൃതവാൻ—ബഹുമാനിച്ചു.

പദ്യം 46. തദനു—അതിൽപ്പിന്നെ. സുഗ്രീ....ത്മാ—സുഗ്രീവനാൽ ഇന്നാരെന്നു് അറിയിക്കപ്പെട്ട. അസൗ ഭരതഃ—ഈ ഭരതൻ. മുനിവധു

ലങ്കേശ്വരപ്രണതിഭംഗദുഃഖവ്രതം തദ്
വന്ദ്യം യുഗം ചരണയോർജ്ജനകാത്മജായാഃ
ജ്യേഷ്ഠാനുവൃത്തിജടിലം ച ശിരോഽസ്യ സാധോ—
രന്യോന്യപാവനമഭൂദുഭയംസവേത്യ. 47

പിന്നെ ശൃംഗിവേരപുരത്തിൽ ഗുഹനെ കണ്ടിട്ട ഭരതൻ മുതലായവരാൽ പിന്തുടരപ്പെട്ടവനായി ശ്രീരാമൻ നന്ദിഗ്രാമത്തെ പ്രാപിച്ചു തന്റെ ജടയും വല്ക്കലവും ത്യജിച്ചു രാജവേഷത്തിൽ രഥത്തിൽ കയറി അയോദ്ധ്യയിലേക്കു പുറപ്പെട്ടു:

ഗദ്യം 5.

തതശ്ച ശൃംഗിവേരപുരേ ഗുഹേന സംഗതഃ തതോഽപി പവനസുതവദനാവഗതനിജചരിതേന പരിതോഷതരംഗിതേന ഭരതേന സാവരജേന പ്രമദതരളിതബഹളജനതാനുയാതേനാ പ്രത്യുദ്ഗമ്യമാനോ രഘുനന്ദനോ നന്ദിഗ്രാമമലമകരോത്.

അന്നേരത്തപ്പദതളിർനറുംപാംസുനാനുഗ്രഹീതും
നന്ദിഗ്രാമം നിജകരതലോദ്ധ്വിതഗ്രാമസാലം

സന്നിധൗ—മുനിപത്നിയുടെ അരികെ. അഗ്രേ—പുരോഭാഗത്തിൽ. നിവേ....ഭിഃ—കൈക്കുപ്പിയവരായ. വാനര....ഭ്രൈഃ—വാനരസ്ത്രീകളുടെ കൂട്ടങ്ങളാൽ അഭിവൃതാം—ചുഴപ്പെട്ടവളും. ഉച്ചകൈഃ ഉജ്ജ്വലാംഗീം—വളരെ ഗാത്രശോഭയോടുകൂടിയവളുമായ. മുഖ്യാം ദേവീം—സീതയെ. ദൃഷ്ട്വാ—കണ്ടിട്ട്. ചിരാ....ണഃ—വളരെക്കാലംകൊണ്ടു കാണുന്നതിനാൽ ഉണ്ടായ ബാഷ്പജലത്താൽ നിറഞ്ഞ കണ്ണുകളോടുകൂടിയവനായി. പദ്മവി—കാല്ക്കൽ. ദീർഘം—ദണ്ഡാകാരമായി. അനംസീത്—നമസ്കരിച്ചു.

പദ്യം 47. ലങ്കേശ്വ....തം—ലങ്കേശ്വരന്റെ നമസ്കാരത്തെ തള്ളുന്നതിൽ ദുഃഖവ്രതമായ. ജന....യാഃ—സീതയുടെ. തത്വന്ദ്യം—ആ വന്ദിക്കാൻ യോഗ്യമായ. ചരണയോഃ യുഗം—പാദദ്വയവും. സധോഃ അസ്യ—സാധുവായ ഈ ഭരതന്റെ. ജ്യേഷ്ഠാ....ലം—ജ്യേഷ്ഠനെ അനുവർത്തിച്ചു ജടിലമായ. ശിരഃ ച—ശിരസ്സും. ഉഭയം സമേത്യ—രണ്ടും ചേർന്ന്. അന്യോന്യപാവനം അഭൂത്—ചരണംകൊണ്ടു ശിരസ്സും ശിരസ്സുകൊണ്ടു ചരണവും പരിശുദ്ധമായി ഭവിച്ചു. അന്യോന്യാലങ്കാരം. രഘുവംശപദ്യമാണിതു.

ഗദ്യം 5. തതശ്ച—പിന്നീട്. ശൃംഗിവേരപുരേ—ശൃംഗിവേരപുരത്തിൽ. ഗുഹേന—ഗുഹനോട്. സംഗതഃ—സംഗമിച്ചവനായി. തതഃ അപി—അവിടെനിന്നും. പവന....തേന—ഹനുമാൻ പറഞ്ഞറിഞ്ഞ തന്റെ വൃത്താന്തത്തോടുകൂടിയ. പരി....തേന—സന്തുഷ്ടനായ. സാവരജേന—അനുജസഹിതനായ. പ്രമദ ...തേന—സന്തോഷത്താൽ വെമ്പുന്ന ജനങ്ങളാൽ പിൻതുടരപ്പെട്ട. ഭരതേന—ഭരതനാൽ. പ്രത്യു....നഃ—എതിരേൽക്കപ്പെട്ടവനായ. രഘുനന്ദനഃ—ശ്രീരാമൻ. നന്ദിഗ്രാമം—നന്ദിഗ്രാമത്തെ. അലമകരോത്—അലങ്കരിച്ചു.

പദ്യം 48. അഗ്രേ—മുമ്പിൽ. വന്ദിച്ചു മരുവും—വണങ്ങിനില്ക്കുന്ന. അനുജേന—അനുജനായ ഭരതനാൽ. അർത്ഥിതഃ—പ്രാർത്ഥിക്കപ്പെട്ടവ

വന്ദിച്ചഗ്രേ മരുവുമനുജേനാത്മിതസ്ത്രൂ ദേവ്യാ
തന്വ്യാ സാർദ്ധം മനുവരനകംപുക്കിതേകാന്തരമ്യേ. 48

നന്ദിഗ്രാമമുപേത്യ രാവണരിപു—
സ്ത്യക്ത്വാ ജടാവല്ക്കലേ
ഭ്രഷ്ടാജാലവിഭ്രഷ്ടിതോ രഥവരം
സൗവർണ്ണമാരുഢവാൻ
സ്വാജ്ഞാകല്പിതമർത്ത്യമൂർത്തിഭിരിഭോ—
രുഡൈർവൃതോ വാനര—
വ്രാതൈർഭ്രാതൃവിഭീഷണാദിഭിരപി
സ്വീയാം പ്രതസ്ഥേ പുരീം. 49

ശ്രീരാമൻ അയോദ്ധ്യയെ പ്രാപിച്ച മാതൃജനങ്ങളെ ചെന്നു കണ്ടു വന്ദിക്കുകയും, കൂടെ വന്നിരിക്കുന്ന സുഗ്രീവൻ വിഭീഷണൻ മുതലായവരെ പ്രത്യേകം മാളികകളും കൊടുത്തു താമസിപ്പിക്കുകയും, ഭരതൻ ജ്യേഷ്ഠന്റെ അഭിഷേകകാര്യം ചിന്തിക്കുകയും ചെയ്യുന്നതായി വർണ്ണിക്കുന്നു:

വാദ്യവ്രാതഗഭീരനാദബധിരീ—
ഭൂതാഖിലാശാഗജാം
രംഭാപൂഗവിതാനമാല്യമണിദീ—
പാദിപ്രകാമോജ്ജ്വലാം
പുഷ്ടാം ഹൃഷ്ടജനാം വിവേശ നഗരീം
സീതാസമേതോ വഹൻ
മൂർദ്ധ്നാ പൗരവധൂകരാംബുജഗള—
ല്ലാജാവലീം രാഘവഃ. 50

നായി. നിജ....ലം—തങ്ങളുടെ കൈത്തലങ്ങളാൽ ഉണ്ടാക്കപ്പെട്ട ഗ്രാമപ്രാകാരത്തോടുകൂടിയ. നന്ദിഗ്രാമം—നന്ദിഗ്രാമത്തെ. പദ....നാ—തളിർപോലെയുള്ള പാദത്തിലെ ധൂളിയാൽ. അനുഗ്രഹീതും—അനുഗ്രഹിക്കുവാനായി. തന്വ്യാ ദേവ്യാ സാർദ്ധം—തന്വിയായ ദേവിയോടുകൂടി. മനുവരൻ—ശ്രീരാമൻ. ഏകാന്തരമ്യേ—വിജനവും രമ്യവുമായ. തത്ര—അവിടെ.

പദ്യം 49. രാവണരിപുഃ—രാവണശത്രുവായ ശ്രീരാമൻ. നന്ദിഗ്രാമം ഉപേത്യ—നന്ദിഗ്രാമത്തെ പ്രാപിച്ചിട്ട്. ജടാവല്ക്കലേ ത്യക്ത്വാ—ജടയേയും വല്ക്കലത്തേയും കളഞ്ഞിട്ട്. ഭ്രഷ്ടാ....തഃ—ഭ്രഷ്ണങ്ങളാൽ അലങ്കൃതനായി. സൗവർണ്ണം—സ്വർണ്ണമയമായ. രഥവരം—ശ്രേഷ്ഠമായ രഥത്തിൽ. ആരുഢവാൻ—കയറി. സ്വാജ്ഞാ....ഭിഃ—തന്റെ കല്പനയാൽ മനുഷ്യരൂപം ധരിച്ച്. ഇഭാരുഡൈഃ—ആനപ്പുറത്തു കയറിയ. വാനരവ്രാതൈഃ—വാനരക്കൂട്ടങ്ങളാലും. ഭ്രാതൃവിഭീഷണാദിഭിഃ അപി—സോദരൻ വിഭീഷണൻ തുടങ്ങിയുള്ളവരാലും. വൃതഃ—പരിവൃതനായി. സ്വീയാം പുരീം—തന്റെ പുരിയിലേക്ക് (അയോദ്ധ്യയിലേക്ക്). പ്രതസ്ഥേ—യാത്രയായി.

പദ്യം 50. സീതാസമേതഃ—സീതയോടുകൂടിയവനായ. രാഘവഃ—ശ്രീരാമൻ. പൗര....ലീം—പുരസ്ത്രീകളാൽ വിതറപ്പെട്ട മലരുകളെ. മൂർദ്ധ്നാ വഹൻ—ശിരസ്സുകൊണ്ടു വഹിക്കുന്നവനായി. പുഷ്ടാം—സമൃദ്ധ

തസ്മാത് പുരസ്സരവിഭീഷണദർശിതേന
സേവാവിചക്ഷണഹരീശ്വരദത്തഹസ്തഃ
യാനാദവാതരദദൂരമഹീതലേന
മാഗ്ഗേണ ഭംഗിരചിതസ്തടികേന രാമഃ. 51

ലേഖ്യാവശിഷ്ടസ്യ പിതുഃ പദാംബുജേ
സബാഷ്പമാനമ്യ സദാരസോദരഃ
അവന്ദതാസൗ ജനനീർജനാധിപഃ
താശ്ചാശിഷാ താൻ സുഹിതാൻ വിതേനിരേ. 52

വേശ്മാന്യുച്ചൈരായവന്തി പ്രതിനവപരിബർ-
ഹാണി വിശ്രാണ്യ തൂർണ്ണം
കിഷ്കിന്ധാധീശലങ്കേശ്വരമുഖസുഹൃദഃ
സാദരം സന്നിവേശ്യ

വും. പുഷ്പജനാം—സന്തുഷ്ടരായ ജനങ്ങളോടുകൂടിയതും. വാദ്യ....ജാം—വാദ്യങ്ങളുടെ ഗംഭീരമായ മുഴക്കത്താൽ പെരുവി കേൾക്കാതായ ദിഗ്ഗജങ്ങളോടുകൂടിയതും. രംഭാ....ലാം—കദളീ പാക്കു് വിതാനമാല്യം മണിമയമായ വിളക്കു മുതലായവയാൽ വളരെ ശോഭിക്കുന്നതും ആയ. നഗരീം വിവേശ—അയോധ്യാനഗരത്തിൽ പ്രവേശിച്ചു.

പദ്യം 51. തസ്മാത് യാനാത്—ആ രഥത്തിൽനിന്നു്. പുര....ന—മുൻ നടക്കുന്ന വിഭീഷണനാൽ കാട്ടപ്പെട്ടതും. അദൂ....ന—ഭൂതലത്തോടടുക്കുന്നതും. ഭംഗി....ന—പടവായി പാകിയ സ്ഫടികത്തോടുകൂടിയതും ആയ. മാഗ്ഗേണ—വഴിയിലൂടെ. സേവാ....സ്സഃ—സേവയിൽ സമർത്ഥനായ സുഗ്രീവന്റെ കൈപിടിച്ചുകൊണ്ടു്. രാമഃ—രാമൻ. അവാതരത്—ഇറങ്ങി. രഘുവംശപദ്യമാണിതു്.

പദ്യം 52. ലേഖ്യാ....സ്യ—ചിത്രത്തിൽമാത്രം ശേഷിച്ച. പിതുഃ—പിതാവായ ദശരഥന്റെ. പദാംബുജേ—ചരണകമലത്തിൽ. സദാര സോദരഃ—ഭാര്യയോടും സോദരനോടും സഹിതനായി. സബാഷ്പം—കണ്ണുനീരോടുകൂടി. ആനമ്യ—വന്ദിച്ചിട്ടു്. അസൗ ജനാധിപഃ—ഈ ജനനായകൻ. ജനനീഃ—മാതാക്കളെ. അവന്ദത—നമസ്കരിച്ചു. താഃ ച—അവരും. ആശിഷാ—ആശിസ്സിനാൽ. താൻ—അവരെ. സുഹിതാൻ വിതേനിരേ—സംതൃപ്തരാക്കിച്ചെയ്തു.

പദ്യം 53. ഉച്ചൈരായവന്തി—പൊക്കമുള്ള. പ്രതി....ണി—പുത്തനായ ഉപകരണങ്ങളോടുകൂടിയ. വേശ്മാനി—ഗൃഹങ്ങളെ. തൂർണ്ണം—ഉടൻ. വിശ്രാണ്യ—കൊടുത്തിട്ടു്. കിഷ്കി.....ദഃ—സുഗ്രീവൻ വിഭീഷണൻ തുടങ്ങിയുള്ള സ്നേഹിതന്മാരെ. സാദരം—ആദരവോടുകൂടി. സന്നിവേശ്യ—വസിപ്പിച്ചിട്ടു്. സസഹജഃ—സോദരന്മാരോടുകൂടിയ.

തൈഃ സാർദ്ധം മന്ത്രിവര്യൈരപി ച സസഹജഃ
സംവിചാര്യാഭിഷേക്തും
പ്രാരേഭേ രാമചന്ദ്രം സ ഹി ഖലു ഭരതഃ
സ്വാഗ്രജം പ്രാഗ്ര്യകീർത്തിം. 53

സഃ ഖലു ഭരതഃ–ആ ഭരതൻ. തൈഃ സാർദ്ധം–അവരോടും. മന്ത്രിവര്യൈഃ അപി ച–മന്ത്രിമാരോടുംകൂടി. സംവിചാര്യ–ആലോചിച്ചു. പ്രാഗ്ര്യകീർത്തിം–യശസ്വിയായ. സ്വാഗ്രജം–തന്റെ ജ്യേഷ്ഠനായ. രാമചന്ദ്രം–ശ്രീരാമനെ. അഭിഷേക്തും പ്രാരേഭേ–(രാജ്യത്തിൽ) അഭിഷേകം ചെയ്യുവാൻ ആരംഭിച്ചു.

അയോദ്ധ്യാപ്രവേശം സമാപ്തം

പട്ടാഭിഷേകം

പ്രബന്ധാരംഭത്തിൽ കഥാസൂചനയോടുകൂടി മംഗളമാചരിക്കുന്നു:

എല്ലായ്പ്പോഴും പ്രമോദം നിഖില[1]സുമനസാം
വർത്തതാമസ്സ ലോക—
ക്കെല്ലാക്കും [2]ഭദ്രമാരോഗ്യവുമിയലുക വാ—
രാസ്സ സന്താപമേതും
വല്ലോർക്കും നല്ലതേ തോന്നുകവഴി വരികാ—
കാംക്ഷിതം വിശ്വലക്ഷ്മീ—
ഫുല്ലേ രാമാഭിഷേകോത്സവമയസമയേ
തോഴ! പണ്ടെന്നപോലേ. 1

പട്ടാഭിഷേകം വർണ്ണിക്കുന്നതായുള്ള കവിയുടെ സങ്കല്പം:

വേർമാഞ്ഞശേഷപരിതാപമതീവ തോഴാ!
സീമാതിഗം പരമസൗഖ്യമിയറുവാൻ നീ
കേവം മാനസേ കലയ കണ്ണുപുടീസരണ്യാ
രാമാഭിഷേകരമണിയസുധാഭിഷേകം. 2

നാരദമുനി അയോധ്യയിൽ വന്നതായി പ്രസ്താവിക്കുന്നു:

സാകേതം പ്രാപ്യ രാമേ വസതി യമഭട—
ന്മാരെ നക്തഞ്ചരാണാ—
മോഘംകൊണ്ടോണമുട്ടം നിശിതവിശിഖശ്രേം-
ഭതു കരാംഭോരുഹാന്തേ

പദ്യം 1. കഥാസൂചനയോടുകൂടി പ്രബന്ധം ആരംഭിക്കുന്നു. നിഖി ....സാം—ദേവന്മാക്കെല്ലാവക്കും. പ്രമോദം വർത്തതാം—സന്തോഷം ഭവിക്ക ട്ടെ. ഭദ്രം അസ്സ—മംഗലം ഭവിക്കട്ടെ. ആകാംക്ഷിതം—ആഗ്രഹിച്ചതു. വിശ്വ....ല്ലേ—ലോകത്തിനു ഐശ്വര്യം വർദ്ധിച്ച. രാമാ....യേ—ശ്രീരാ മന്റെ പട്ടാഭിഷേകമഹോത്സവകാലത്തിൽ.

പദ്യം 2. അശേ....പം—എല്ലാ ദുഃഖവും. അതീവ—വളരെ. സീമാ തിഗം—അതിരുകവിഞ്ഞ. കണ്ണു....ണ്യാ—കണ്ണുപുടമാകുന്ന വഴിയിലൂടെ. മാനസേ കലയ—മനസ്സിൽ ചേർത്താലും. രാമാ....കം—ശ്രീരാമന്റെ പട്ടാ ഭിഷേകമാകുന്ന മനോഹരമായ അമൃതിന്റെ അഭിഷേകത്തെ.

പദ്യം 3. നക്ത....ണാം ഓഘം—രാക്ഷസസമൂഹം. ഓണമുട്ടം—വിഭവസമൃദ്ധമായ ഊണ കഴിപ്പിക്കുന്ന. നിശി....ന്തേ—മൂർച്ചയേറിയ

1. ലദിവിഷദാം വർത്ത. 2. ക്കും ക്ഷേമമാരോ.

ശ്ലാഘാം കൈയ്യൊണ്ട രാമായണ[1]രണനപരാം
വല്ലകീം വേല്ലയൻ പോ—
ന്നേകാന്തേ ശാരദേന്ദോരിനിയ സഹചരോ
നാരദഃ പ്രാദുരാസീത്. 3

കിമിദമിതി ജനാനാമക്ഷിവിക്ഷോഭഹേതും
വിസവിദളവളർക്ഷം വിക്ഷിപൻ ദിക്ഷു തേജഃ
തരുണപവനകോണാസ്ഫാലവാചാലവീണഃ
പരിഷദമഭിപേദേ നാരദസ്താം നഭസ്ഥഃ. 4

ശ്രീരാമൻ നാരദമുനിയെ സത്കരിച്ചിരുത്തുന്നു:

അന്നേരം വീരപുംസാം മകുടമരതക—
ക്കല്ല മെല്ലെന്നുപാന്തേ
വന്നീടും വല്ലകീപാണിയെ മുനിവരമാ—
ലോക്യ മുഖ്യാന്നഭാവം
തന്നാമം ചൊല്ലി നത്വാ കഴൽ തൊഴുതു മഹാ—
മേരുശൃംഗം കണക്കേ
മിന്നും മാണിക്യപീഠീനടവിലുടനിരു—
ത്തീടിനാൻ ഭക്തിശാലീ. 5

ബാണത്താൻ അലങ്കൃതമായ കരാരവിന്ദത്തോട് കൂടിയ. രാമേ—ശ്രീരാമൻ. സാകേതം പ്രാപ്യ വസതി (സതി)—അയോദ്ധ്യയെ പ്രാപിച്ചു വസിക്കുമ്പോൾ. ശ്ലാഘാം—സ്തുതിയെ. രാമാ....രാം—രാമായണത്തെ ഗാനം ചെയ്യുന്ന. വല്ലകീം വേല്ലയൻ—വീണയെ തൂക്കിപ്പിടിച്ചുകൊണ്ട്. ശാരദേന്ദോഃ—ശരത്കാലത്തിലെ ചന്ദ്രനു്. സഹചരഃ—കൂട്ടുകാരനായ. ശരത്കാലചന്ദ്രതുല്യകാന്തിമാനായ എന്നർത്ഥം. നാരദഃ—നാരദമുനി. ഏകാന്തേ പ്രാദുരാസീത്—ഏകാന്തത്തിൽ പ്രത്യക്ഷനായി.

പദ്യം 4. ഇദം കിം—ഇതെന്തോന്നു്. ഇതി—എന്നു്. ജനാനാം .... ജനങ്ങൾക്കു്. അക്ഷി....തും—കണ്ണു കടയാൻ കാരണമായ. ബിസ....ക്ഷം—താമരത്തണ്ടിന്റെ തുണ്ടുപോലെ ധവളമായ. തേജഃ—കാന്തിയെ. ദിക്ഷു വിക്ഷിപൻ—ദിക്കുകളിൽ വിതറിക്കൊണ്ടു്. തരുണ....ണഃ—നല്ല കാറ്റു വന്നടിച്ചു ശബ്ദിക്കുന്ന വീണയോടുകൂടിയ. നാരദഃ—നാരദമുനി. നഭസ്ഥഃ—ആകാശത്തിൽനിന്നു്. താം പരിഷദം അഭിപേദേ—ആ ശ്രീരാമന്റെ സഭയെ പ്രാപിച്ചു.

പദ്യം 5. വീരപുംസാം മക....ല്ലു്—വീരന്മാരിൽ ശ്രേഷ്ഠനായ. ഉപാന്തേ—അടുത്തു്. മുഖ്യാന്നഭാവം—മഹാത്മാവായ. മുനിവരം—മുനിശ്രേഷ്ഠനായ. വല്ല....യെ—വീണാപാണിയായ നാരദനെ. ആലോക്യ—കണ്ടിട്ടു്. തന്നാമം—സ്വന്തം നാമത്തെ. നത്വാ—വന്ദിച്ചിട്ടു്. മഹാമേരുശൃംഗം—മഹാമേരുപർവതത്തിന്റെ കൊടുമുടി. മാണിക്യ

1. ണപഠനപരാം.

നാരദമുനി രാവണനെ സംഹരിച്ച ശ്രീരാമനെ പ്രശംസിച്ചുകൊണ്ടു തന്റെ യാത്രാവൃത്താന്തങ്ങളെ ശ്രീരാമനോട് പറഞ്ഞുകേൾപ്പിക്കുകയും പട്ടാഭിഷേകം നിർവഹിക്കേണ്ടതിനെപ്പറ്റി പ്രസ്താവിക്കുകയും ചെയ്യുന്നു:

''നില്പുണ്ടാ വന്നിരിക്കെന്നരികി''ലിതി [1]മുദാ
കൈപിടിച്ചാസഥയാ ത-
ന്നഗ്രേ സംസ്ഥാപ്യ രത്നാസനഭുവി സഹസാ
രാമമാനമ്രമൗലിം
തൃക്കാൽച്ചെമ്പല്ലവാന്തം പണിയുമവരജ-
ന്മാരുമന്യേ സഭായാം
നില്ക്കുന്നോരും മഹാത്മാ സുരമുനി പലരും
കേൾക്കുമാറേവമൂചേ: 6

ത്രൈലോക്യസ്തുതകീർത്തിമാസ്തികജനാ-
ലംബം ഭവന്തം പുരോ
ദർശം ദർശമയം ജനോ മുദിതധീ-
രേതാവദാശംസതേ;
ധാത്രീ കല്പജലാഭിഷേകവിധിനാ-
ക്ലിന്നേ ക്ഷണേ കുത്രചി-
ന്നോ ജഹ്യാത്തിലകം ഭവന്മയമിയം
സപ്ത്നാബ്ധിചിത്രാംബരാ. 7

പീഠി-മാണിക്യരത്നമയമായ ആസനം. കേതിശാലീ-കേതികൊണ്ടു ശോഭിക്കുന്നവനായ ശ്രീരാമൻ.

പദ്യം 6. ഇതി-എന്നു്. മുദാ-പ്രീതിയോടുകൂടി. ആസ്ഥയാ-താതു്പര്യത്തോടു്. തന്നഗ്രേ-തന്റെ മുമ്പിൽ. സഹസാ-പെട്ടെന്നു്. ആനമ്രമൗലിം രാമം-അല്പം തലകുനിഞ്ഞവനായ രാമനെ. രത്നാസനഭുവി-രത്നാസനത്തിൽ. സംസ്ഥാപ്യ-ഇരുത്തീട്ടു്. തൃക്കാ....ന്തം-കാൽത്തളിർത്തലപ്പുത്തു്. അവരജൻ-അനുജൻ. അന്യേ-മറ്റുള്ളവർ. സഭായാം-സദസ്സിൽ. സുരമുനി-ദേവർഷി. ഊചേ-പറഞ്ഞു.

പദ്യം 7. ത്രൈലോ....ത്തിം-മുന്നു ലോകങ്ങളാലും സ്തുതിക്കപ്പെട്ട യശസ്സോടുകൂടിയ. ആസ്തി....ബം-ആസ്തികജനങ്ങൾക്കു് ആശ്രയമായ. ഭവന്തം-അങ്ങയെ. പുരഃ-മുമ്പിൽ. ദർശം ദർശം-വീണ്ടും വീണ്ടും കണ്ടിട്ടു്. മുദിതധീഃ-സന്തുഷ്ടനായ. അയം ജനഃ-ഇജ്ജനം. ഏതാവതു് ആശംസതേ-ഇത്രമാത്രം പ്രാർത്ഥിക്കുന്നു. ഇയം സപ്ത്നാ....രാ ധാത്രീ-ഈ ഏഴു സമുദ്രങ്ങളാകുന്ന ചിത്രവസ്ത്രങ്ങളോടു കൂടിയ (ഏഴു സമുദ്രങ്ങളാൽ ആവൃതയായ) ഭൂമി. കല്പ....നാ-കല്പാവസാനത്തിലെ നീരാട്ടത്താൽ. ക്ഷണേ ക്ലിന്നേ(അപി)-അല്പനേരം കുതിർന്നാലും. കുത്രചിതു്-ഒരിക്കലും. ഭവന്മയം തിലകം നോ ജഹ്യാതു്-അങ്ങാകുന്ന തിലകത്തെ വെടിയില്ല.

1. തി തദാ.

പാരീരേഴിന്നമുംച്ചൂടരുളിന ദശക—
ണ്ഠാഖ്യദാവാഗ്നിയെത്ത—
ന്നാരാചശ്രേണികാം പെയ്തലകിൽ വടുവു—
ത്തോരു ബാലാഭ്രമേ! കേവം
സൈവരം വന്ന ഭവദ്വിക്രമസ്മരണി രണേ
കണ്ട കണ്ടിന്നമിന്നും
പൂരേ പൂരേ പുളയ്ക്കുന്നിതു മമ പുളക—
ശ്രേണി കാണംഗരംഗേ! 8

ശ്രീരാമ! ത്വദശേഷരൈരൃതഹതി—
പ്രോദ്ഭാമകീർത്തിശ്രുതി—
പ്രൗഢാദ്ഭവധൂതമൂർദ്ധനികരേ
ത്രൈലോക്യലോകേ സതി
അശ്രോത്രാഃ ഫണിനസ്തദേതദുചിതം
നോ ചേദഹിസ്വാമിനാ
വ്യാധൂതേ ശിരസി ക്വ ഭൂഃ ക്വ ഗിരയഃ
ക്വേമേ ദിശാദന്തിനഃ. 9

അത്രാഹവേ ഹരിചമൂപദഖണ്ഡിതോർവീ—
പാംസുപ്രസാരപരിപൂർത്തിഭിയാ വഹന്തി
നേത്രാണി നിത്യവികചാനി മരുത്തരുണ്യാ
നീരസ്രുപാണിപുടയുഗ്മപിധാനവന്തി. 10

പദ്യം 8. ദശ....ഗ്നി—രാവണനാകുന്ന കാട്ടുതീ. നാരാ....കാം—ബാണങ്ങളെ. ബാലാഭ്രമേ—ബാലമേഘമായുള്ളോവേ. സൈവരം—യഥേഷ്ടം. ഭവ....ണി—അങ്ങയുടെ പരാക്രമത്തിന്റെ രീതി. രണേ—യുദ്ധത്തിൽ. പൂരേ പൂരേ—മേല്പുമേലേ. മമ—എന്റെ. പുള....ണി—രോമാഞ്ചം. അംഗരംഗേ—ശരീരമാകുന്ന രംഗത്തിൽ.

പദ്യം 9. ശ്രീരാമ—അല്ലയോ ശ്രീരാമ. ത്വദ....ദാത്—അങ്ങ് സകലരാക്ഷസന്മാരേയും ഹനിച്ചതുകൊണ്ടു പൊങ്ങിയ കീർത്തിയെ കേട്ടതുകൊണ്ടുള്ള സന്തോഷത്താൽ. ത്രൈലോക്യലോകേ—മൂന്നു ലോകത്തിലേയും ജനങ്ങൾ. അവ....രേ സതി—ചലിപ്പിക്കപ്പെട്ട ശിരസ്സുകളോടു കൂടിയവരായിരിക്കെ. ഫണിനഃ അശ്രോത്രാഃ—സർപ്പങ്ങൾ ചെവിയില്ലാത്തവയാണ്. തത് ഏതത് ഉചിതം—എന്നുള്ളതു നന്നായി. നോ ചേത്—അല്ലെങ്കിൽ. അഹിസ്വാമിനാ—സർപ്പരാജാവിനാൽ. ശിരസി വ്യാധൂതേ (സതി)—തല ചലിപ്പിക്കപ്പെടുമ്പോൾ. ഭൂഃ ക്വ—ഭൂമിയെവിടെ. ഗിരയഃ ക്വ—പർവതങ്ങൾ എവിടെ. ഇമേ ദിശാ ദന്തിനഃ ക്വ—ഈ ദിഗ്ഗജങ്ങൾ എവിടെ.

പദ്യം 10. അത്ര ആഹവേ—ഈ യുദ്ധത്തിൽ. ഹരി....യാ—വാനരസേനയാൽ ഇളക്കപ്പെട്ട മൺപൊടി വന്നു നിറയുമെന്ന ഭയത്താൽ. മരുത്തരുണ്യഃ—മരുത്തരുണികൾ. നിത്യവികചാനി നേത്രാണി—എപ്പോഴും വിടർന്നിരിക്കുന്ന കണ്ണുകളെ. നീര....ന്തി വഹന്തി—പഴുതില്ലാതെ ചേർത്തുവയ്ക്കപ്പെട്ട ഇരുകൈകളെക്കൊണ്ട് അടച്ചു പിടിക്കുന്നു.

തവത്ഖഡ്ഗഖണ്ഡിതവിപക്ഷവിലാസിനീനാം
ഭ്രഷ്ടാ ഭവന്ത്യഭിനവാ മനുവംശവീര!
നേത്രേഷു കങ്കണമഥോരുഷു പത്രവല്ലീ
വിശ്വൈകരമ്യ! തിലകം കരപല്ലവേഷു! 11

പ്രത്യക്ഷസ്തുതിയല്ല രാഘവ! തദാ
രക്ഷോവധേ പോന്നവ—
ന്നെത്തിക്കൊണ്ടതു ഭാഗ്യ, മിത്ര കുതുകം
വന്നീല മറെറാന്നിലും;
ഉത്തിങ്ങും മദമാന്ന വീരനിവഹം
തമ്മിൽപ്പിണങ്ങിത്തകർ
യുദ്ധശ്രേണികൾ കീഴ്കഴിഞ്ഞവ വയം
കാണാതതില്ലൊന്നുമേ. 12

[1]തന്മമ ബ്രഹ്മ പരമം
തത്തപഃ സാ ക്രതുക്രിയാ
സാ സ്വാദ്ധ്യായഃ സ ച ജപോ
യദ്വീക്ഷേ യുദ്ധമുത്തമം. 13

കുതുകം നിലനിന്നിതിന്നിയൊന്നിൽ
കൊതിയില്ലന്യരണാവലോകനേ മേ
മതിയുണ്ടിനിയൊന്നു കാൺകയേക്കാ—
ളിതകംകൊണ്ടയവേത്തുകൊംക നല്ല. 14

പദ്യം 11. തവത്ഖ....നാം—നിന്റെ വാൾവെട്ടേറ ശത്രുക്കളുടെ ഭാര്യമാർക്ക്. അഭിനവാഃ ഭ്രഷ്ടാഃ ഭവന്തി—പുതിയ ഭ്രഷ്ടണങ്ങൾ വരുന്നു. മനു....ര—അല്ലയോ ശ്രീരാമ. നേത്രേഷു കങ്കണം—കണ്ണുകളിൽ നീർത്തുള്ളി. അഥ—പിന്നെ. ഊരുഷു—തുടകളിൽ. പത്രവല്ലീ—ഇലപ്പടർപ്പ്. കരപല്ലവേഷു തിലകം—കൈത്തളിരുകളിൽ എള്ളുനീര്. വിശ്വൈ....മ്യ—അല്ലയോ ലോകസുന്ദരനായുള്ളോവേ. കങ്കണം വള, പത്രവല്ലി പത്തിക്കീറ്, തിലകം പൊട്ട് എന്നു ശ്ലേഷം.

പദ്യം 12. തദാ—അപ്പോൾ. രക്ഷോവധേ—രാക്ഷസനിഗ്രഹത്തിങ്കൽ. കുതുകം—സന്തോഷം. മദം—അഹങ്കാരം. വീരനിവഹം—വീരന്മാരുടെ കൂട്ടം. യുദ്ധശ്രേണികൾ—പല യുദ്ധങ്ങൾ. വയം—നാം.

പദ്യം 13. യത് ഉത്തമം യുദ്ധം വീക്ഷേ—എനിക്ക് ഒരു മികച്ച യുദ്ധം കാണാനിടയാകുന്നെങ്കിൽ. തത്—അത്. മമ—എനിക്ക്. പരമം ബ്രഹ്മ—ഉത്തമമായ ബ്രഹ്മമാകുന്നു. തത് തപഃ—അതു തപസ്സാകുന്നു. സാ ക്രതുക്രിയാ—അതു യാഗകർമ്മമാകുന്നു. സഃ സ്വാധ്യായഃ—അതു വേദപാഠമാകുന്നു. സഃ ജപഃ ച—അതു ജപവും ആകുന്നു.

പദ്യം 14. കുതുകം—താത്പര്യം. അന്യ....നേ—മറെറാരു യുദ്ധം കാണുന്നതിൽ. മേ—എനിക്ക്.

1. പരമം തന്മമ ബ്രഹ്മ തത്ത.

ഗദ്യം 1.

ഹരഹര! ശിവശിവ! ദശമുഖഭുജഗേ
തവ മണിവിശിഖസുപർണ്ണവിഭിന്നേ
കുഹചന കോണിലൊളിച്ചു കിടന്ന നി–
ലിമ്പകദംബമിതംപെടുമാറു സു–
കമ്മവശേനസ്വം സ്വം ഭാഗമി–
യന്നദശായാം വാനിലുലാവിന
പുതുമകളൊന്നും വാണിതനിക്കും
വാഴ്ക്കിടുടാ പണ്ടു നിശാചരർ
ഭഞ്ജിച്ചീടിന ഭവനമണിത്തറ
പോലും കാണാഞ്ഞനുമതനാമ–
സ്ഥപതിപ്പെരുമാനും കനകമുഴക്കോൽ
കൈയിലെടുത്തു പടുതപയോധി പ–
കുത്തു കൊടുത്ത പരാർദ്ധ്യമഹീതല–
ഖണ്ഡേഷുമുനാ പണ്ടേപ്പോലേ
പത്തനപങ്ക്തി ചമയ്ക്കപ്പെട്ടു
പത്തഞ്ഞൂറുതരത്തിലിദാനീം.
പെരുമ കലർന്ന പുരന്ദരദേവനി–
രുന്നരുളീടിന മണിസിംഹാസന–
ചരണചതുഷ്ടയകോടിനിവേശിത–
കൃതകമൃഗാധിപമിഴിയിലമുഷ്കിന
ലോഹിതകത്തിലകത്തു വിളങ്ങിന
നീലക്കല്ലൊരു യന്ത്രവശേന നി–
താന്തമുരുണ്ടുമറിഞ്ഞു കുഴഞ്ഞേ
പെരുമാറുന്നതു കണ്ടു ഭയം പൂ–
ണ്ടോടൽപിണഞ്ഞാനൈരാവതവും.
പുത്തൻ കനകപ്പുറമതിൽനിരയും

ഗദ്യം 1. ദശ....ഗേ–രാവണനാകുന്ന സർപ്പം. തവ–നിന്റെ. മണി....ന്നേ–ശ്രേഷ്ഠബാണമാകുന്ന ഗരുഡനാൽ പിളക്കപ്പെട്ടപ്പോഴേ. കുഹചന കോണിൽ–വല്ല മൂക്കിലും. നിലി....ബം–ദേവസമൂഹം. സുക ....ന–സതീകൃത്യത്താൽ. സ്വം സ്വം ഭാഗം–തന്റെ തന്റെ പങ്കിനെ. വാണി–സരസ്വതി. നിശാചരർ–രാക്ഷസർ. ഭഞ്ജിച്ചീടിന–തകർത്ത. അനുമതൻ–സമ്മതൻ. സ്ഥപതി....ം–വിശ്വകർമ്മാവു്. കനകം–തങ്കം. പട....ധി–സാമർത്ഥ്യനിധി. അമുനാ–ഇവനാൽ. പരാ....ഷു–മുന്തിയ ഭൂവിഭാഗങ്ങളിൽ. പത്ത....ങ്ക്തി–നഗരങ്ങളേ. ഇദാനീം–ഇപ്പോഴേ. പുര....വൻ–ദേവേന്ദ്രൻ. മണി....ഴി–മണിമയമായ സിംഹാസനത്തിന്റെ നാലു കാലുകളുടെ അറ്റത്തിലും ഉള്ള കൃത്രിമസിംഹത്തിന്റെ കണ്ണു്. ലോഹിതകം–ചുമന്ന തകിടു്. യന്ത്രവശേന–യന്ത്രത്താൽ. നിതാന്തം–വളരെ. ഐരാവതം–ദേവഗജം.

മണിമയഗോപുരവളഭികയം പലവും
നിരുപമരഥ്യകളാസ്ഥാനങ്ങയം നി–
കേതനപങ്ക്തികയം പൊയ്യകയം കോപ്പുക–
ളെന്നു തുടങ്ങിന സകലപദാർത്ഥവി–
ശേഷമശേഷം പണ്ടേവണ്ണം
തീന്നതു കണ്ടു തെളിഞ്ഞു ചമഞ്ഞുട–
നമരവധൂതതി പെരികെപ്പണ്ടേ
വിസ്മൃതമാമമ്മനസിജശാസ്ത്രം
വക്കാണിച്ചു സുഖിച്ചുതുടങ്ങീ.
സദസി ബൃഹസ്പതി പലനാംക്കുടി–
പ്പരലും പലകയുമെഴുനെള്ളിച്ചു.
പലനാം കൂടിപ്പവനനിദാനീം
പണ്ടേപ്പോലേ വീയിതു പാർമേൽ.
പലനാം കൂടി മഹേന്ദ്രനിദാനീം
പച്ചത്തഴനിഴൽ വിളയിപ്പിച്ചു.
പാവകദേവൻ പലനാം കൂടി
പ്രാജ്യവഷയംക്കൃതി കേട്ടു സുഖിച്ചു.
രാക്ഷസർ ചെന്ന കലക്കാഞ്ഞധുനാ
ചാരു നിറഞ്ഞു തെളിഞ്ഞൊഴകീടിന
മന്ദാകിനൃാ മന്ദാനിലമേ–
ററാന്തോളിതനവവീചീവൃന്ദമ–
തന്ത്രമടിഞ്ഞു മുടിഞ്ഞുമുലാവും
പുകയംനെറി കോലിന കുലദ്വിതയേ
വിവിധവിശേഷം വിബുധവധൂടികയം
കനകക്കുറകളിൽ നട്ടു നനച്ചു കു–
ളുക്കു വളർന്നു നറുംപൊഴിൽതന്നിൽ നി–
ലിമ്പവധൂ ജനചരണാഹതികൊ–
ണ്ടുന്നകുലമിളകുമശോകമലത്തരു–
ശാഖാശിഖരശതങ്ങളിൽ മുട്ടെ–
ത്തരുതെരെമാട്ടീടുന്നൊരു പൂങ്കുല–

കന....ര–സ്വർണ്ണമയമായ പുറത്തെ ഭിത്തികയം. വളഭി–വളർ. നിരു ....കയം–നിസ്തുല്യങ്ങളായ ഗതാഗതമാർഗ്ഗങ്ങയം. ആസ്ഥാനങ്ങയം–ഇരിപ്പിടങ്ങയം. നികേ....കയം–അറകയം. അമ....തി–ദേവസ്ത്രീസമൂഹം. വിസ്മൃതം–മറക്കപ്പെട്ടതു്. മന....സ്സം–കാമതന്ത്രം. സദസി–സഭയിൽ. ബൃഹസ്പതി–സുരാചാരൃൻ. പവനൻ–വായു. ഇദാനീം–ഇപ്പോയം. മഹേന്ദ്രൻ–ദേവേന്ദ്രൻ. പാവ....വൻ–അഗ്നി. പ്രാജ്യവഷട്കൃതി–മികച്ച വഷട്കാരശബ്ദം (ഹോമിക്കുമ്പോയം ഉച്ചരിക്കപ്പെടുന്ന ശബ്ദം.). അധുനാ–ഇപ്പോയം. മന്ദാകിന്യാഃ–ഗംഗയുടെ. മന്ദാനിലം–ഇളംകാറിനെ. ആന്തോ....ന്തം–ചാഞ്ചാടുന്ന പുതിയ തിരമാലകയം.

യൊന്നു പിളർന്നതു കണ്ടു തെളിഞ്ഞണ—
യുന്ന മധുവ്രതരമണീമധുര—
കാണിതന്തായി പിടിച്ചു പിടിച്ചു കൊ—
ടുക്കുന്നേരം തരുവരമൂല—
സ്ഥലമണിശിലമേലഭിനവരസഭര—
ഹൃദ്യത തേടിന വിദ്യാധരതതി
വായിച്ചീടും മരതകവല്ലകി
പള്ളിപ്പാഠം പൂണ്ടു ഭവൽപുകം—
പാട്ടുകളെന്നും കണ്ണാഭരണം
വിണ്ണോർവീരരണിഞ്ഞു തെളിഞ്ഞമ—
രേന്ദ്രസഭായാമഴകിലിരിക്കയു—
മുപനിഷദർത്ഥവിവേചനകലവിയു—
മുടനുടനരുവയരോടൊരു കലഹവു—
മുപവനമദ്ധ്യേ കളിയും ചിരിയും
ചതുരവീഥിയിലൊത്തുനടക്കയു—
മറുകറുകൺകലകൊണ്ടു കുറിക്കയു—
മംബുജമുഖികം മണിത്തറയേറവു—
മംബരമാർഗ്ഗേ നൽപെരുമാറവും
മല്ലിക്കയറും മെല്ലെച്ചിരിയും
മല്ലീമലരും ചില്ലീനെറിവും
പൂടവയുടുക്കയുമടവു പടിക്കയു—
മാന്തോളികയും ഡോളായന്ത്രവു—
മായുധപങ്ക്തിയുമാഞ്ഞുപിടിക്കയു—
മാഭരണങ്ങം തരത്തിലെടുക്കയു—
മഭിമതസഖിമാർ കളഭമരയ്ക്കയു—
മംഗനമാർതൻ കൂട്ടക്കളിയും

അതന്ദ്രം—ഇടവിടാതെ. കുലദ്വിതയേ—രണ്ടു കുരയിലും. വിബുധവധൂടികം—ദേവസ്ത്രീകം. നിലി... തി—ദേവസ്ത്രീകളുടെ കാലുകൊണ്ടുള്ള ചവിട്ട്. അനുകുലം—ഓരോ കൂട്ടമായി. അശോ....തങ്ങം—പൂത്ത അശോകവൃക്ഷങ്ങളുടെ അസംഖ്യം കൊമ്പുകം. സുന്ദരിമാരുടെ കാൽച്ചവിട്ടേറ്റാൽ അശോകം പുഷ്പിക്കുമെന്നു കവിസങ്കേതം. മധുവ്ര... തം—ഭ്രമരികളുടെ മധുരധ്വനികാരം. തരു....മേൽ—ഉത്തമവൃക്ഷങ്ങളുടെ മുട്ടിലെ മണിമയമായ ശിലയുടെ മീതെ. അഭി....ദ്യത—പുത്തനായി രസാധിക്യത്താലുള്ള രമ്യത. വിദ്യാ...തി—വിദ്യാധരസ്ത്രീ. മര....കി—മരതകമയമായ വീണ. ഭവത്പുകം—അങ്ങയുടെ കീർത്തി. കണ്ണാഭരണം—ചെവിക്കു അലങ്കാരം. അമരേന്ദ്രസഭായാം—ദേവേന്ദ്രന്റെ സഭയിൽ. ഉപവി—ഉപനിഷദ്വാക്യങ്ങളുടെ അർത്ഥത്തെ വിചിന്തനം ചെയ്യുന്ന വിനോദം. ഉപ....ദ്ധ്യേ—പൂന്തോട്ടത്തിൽ. ചതുരവീഥി—അനേകം വീഥികകം ഒന്നിച്ചുകൂടുന്ന സ്ഥലം. അംബുജമുഖി—സുന്ദരി. അംബരമാർഗ്ഗേ ആകാശത്തിൽ. ആന്തോളിക—

മംഗലമാം മണിവാദ്യധ്വനിയും
ദിഗ്ഗജപങ്ക്തി മദിച്ചു തിമിർക്കയും—
മഖിലകലാസു കലർന്ന രസിക്കയും—
മമ്മത നകൻ നകൻ മദിക്കയും
കിം കിം ബഹുനാ പറവാൻ വല്ലേൻ
നാകേ മേവും ചരിതവിശേഷാൻ.

ക്ഷിതിയിലുലാവിന കുതുകം പാത്താൽ
ത്രിദിവവിനോദക്കലവികലം വെറുതേ.
ശിവ ശിവ! മമ്മെൽ നിശിചരപാളികലം
പൂവുന്നീരും മുട്ടിച്ചീടിന
ദേവാലയനിര സാംപ്രതമവരവർ
പണിചെയ്യിച്ചു വിശ്രുദ്ധിവരുത്തി മ—
ഹോത്സവസീമനി ശാന്തതപൂണ്ടൊരു
മാന്ത്രികവര്യവഷട്കൃതഹവ്യസു—
ധാദിരസാദ്ഭുതസുരമുനിപിതൃവര—
കിന്നരചാരണയക്ഷപിശാച—
പ്രമഥപ്രമുഖമഹത്തമഹർഷം—
കൊണ്ടു വിപത്തുകം മാഞ്ഞു സമൃദ്ധികം—
കൊണ്ടേഴമദ്ധ്വര്യുത്തമനദ്ധ്വര—
വഹ്നിയിലാഹുതി ചെയ്യുളവധികദ—
യാപരവിബുധജനങ്ങം തെളിഞ്ഞു വ—
ഴങ്ങിന മിത്രകളത്രസുതാദിസ—
മൃദ്ധിയുമഭിമതസിദ്ധിയുമവരവർ
ചെറുതിഹ പൂണ്ടു തുടങ്ങി മനോജ്ഞം.

ശിബിക. ഡോളായന്ത്രം—ഉഞ്ഞാൽ. അഭിമതസഖി—ഇഷ്ടമുള്ള തോഴി. കളഭം—ചന്ദനക്കുട്ട്. അംഗന—സ്ത്രീ. അഖി.. സു—എല്ലാ കലകളിലും. ബഹുനാ കിം കിം—വളരെപ്പറഞ്ഞിട്ടെന്ത്. നാകേ—സ്വർഗ്ഗത്തിൽ. ചരിതവിശേഷാൻ—സംഭവവിശേഷങ്ങളെ.

ക്ഷിതി—ഭൂമി. കൗതുകം—വിനോദം. ത്രിദി....വി—ദേവലോകത്തിലെ വിനോദങ്ങം. നിശി...ളി—രാക്ഷസഗണം. പൂവും നീരും മുട്ടിച്ചീടിന—പൂജ മുട്ടിച്ചു. ദേവാ...ര—ക്ഷേത്രങ്ങം. സാംപ്രതം—ഇപ്പോം. മഹോ...നി—വലിയ ഉത്സവകാലത്തിങ്കൽ. മാന്ത്രി...ഷ്ം—മന്ത്രവാദിതന്ത്രികളാൽ ഹോമിക്കപ്പെട്ട ദ്രവ്യത്തിന്റെ അമൃതരസത്തെ ആസ്വദിച്ച ദേവകം മുനികം ശ്രേഷ്ഠപിതൃക്കം കിന്നരന്മാർ ചാരണർ യക്ഷർ പിശാചർ പ്രമഥർ—ഇവരുടെ അധികമായ സന്തോഷം. വിപത്തു്—ആപത്തു്. അദ്ധ്വര്യുത്തമൻ—ശ്രേഷ്ഠനായ അദ്ധ്വര്യു (ഹോമിക്കുന്നവൻ). അധ്വരവഹ്നി—യാഗത്തിലെ വഹ്നി. ആഹുതി—ഹോമം. അധി....ജനങ്ങം—വളരെ കൂപപൂണ്ട ദേവകം. മിത്ര...താദി—സ്നേഹിതർ ഭാര്യമാർ പുത്രന്മാർ മുതലായ. അഭിമതസിദ്ധി—ആഗ്രഹിച്ച

നിർഭയരായ് നിജകാലം പാത്തിഹ
നീരുത്തീടിന മുഖ്യമഹീസുര—
വണ്ണശ്രുഭാഞ്ജലിപൂർണ്ണമഹോദക—
വിക്ഷേപങ്ങളിലംബരമാശ്ലേ
ചിന്നിപ്പൊങ്ങിന സലിലകണങ്ങം ശ—
രങ്ങം കണക്കേ ചെന്നു തെറിച്ചൊരു
മന്ദേഹാഖ്യമഹാസുരർ വീണു മ—
രിച്ചതു കണ്ടൊരു മന്ദേഹത ഭുവി
മാററി നിറഞ്ഞു കിഴക്കൻ ദിക്കിൽ
കാഞ്ചനകും ഭമെടുത്തു കണക്കേ
തെളിവിലുദിക്കും ദിനകരമുദ്ദലക—
രാഗ്രം തട്ടിപ്പൊട്ട കൊടുത്തു വി—
ളഞ്ഞു വിരഞ്ഞ സുവർണ്ണസരോരുഹ—
സൗധസുഖാസിക കൈക്കൊണ്ടീടിന
ലക്ഷ്മീമിഴിനിഴൽ നാടകം തോറും
വീടകംതോറും പലവക പലവഴി
ചെന്നുചിതേന നിറഞ്ഞുതുടങ്ങീ.

പേടി വെടിഞ്ഞു മനോജ്ഞഗൃഹങ്ങളി—
ലാത്മകുടുംബിനിമാരൊടു ചേന്നൊരു
പരമാനന്ദാൽ വരുമന്നിദ്രാ—
ചാതുരി നല്ലിന പാപി കിനാവു പ-
റഞ്ഞു പടിച്ചപരാധശതങ്ങം നി—
നച്ചു സരോഷമുണന്നതിവൈലോ—
മ്യേന പിണങ്ങുന്നേരം കഴലിൽ വ—
ണങ്ങിന മയ്ന്തന്മാരെപ്പെന്തേൻ—
വാണികം താഡിച്ചുടനേ താമര—
വളയം നൂറു നുറുങ്ങുനേരം
തരിപെടെ മുരളം തരിവളനാദം
മദ്ധ്യേശയ്യുപശ്രുത്യ കളം

തിന്റെ ലാഭം. ഇഹ-ഇവിടെ. മനോജ്ഞം—മനോഹരമാംവണ്ണം. മുഖ്യ ....ളിൽ—ഉത്തമബ്രാഹ്മണരുടെ അംജലികൊണ്ടു മുകളിലോട്ടുള്ള അർഘ്യജ ലവിക്ഷേപങ്ങളിൽ. സലിലകണങ്ങം—ജലബിന്ദുക്കം. മന്ദേ....രർ—മന്ദേഹർ എന്ന വലിയ അസുരന്മാർ. മന്ദേഹത—നിരാശത. കാഞ്ചനകും ഭം —തങ്കകുടം. ദിന... ഗ്രം—സൂര്യന്റെ മൃദുവായ കിരണലേശം. സുവ....ക— തങ്കത്താമരയാകുന്ന മാളികയിലെ സുഖിച്ചിരിപ്പു്. ലക്ഷ്മീ—ലക്ഷ്മീദേവി. ഉചിതേന—യോഗ്യമായി.

മനോജ്ഞം—മനോഹരം. ആത്മകുടുംബിനി—സ്വന്തഭാര്യ. പര.... ത്—പരമാനന്ദത്താൽ. നിദ്രാചാതുരി—സുഖനിദ്ര. അപ.....ങ്ങം —പല കുറങ്ങം. സരോഷം—കോപത്തോടുകൂടി. അതിവൈലോമ്യേന

ഇന്നിനി വന്ന ദശാനനനൊന്ന കു—
ലുക്കും വെള്ളിക്കുന്നിനെയെന്ന നി—
നച്ച ഭയത്തിൽ വിറച്ചൊരു കണ്ണി മു—
ഉദ്ത്തംപോലും വേറുപെടാതേ
കാലാരാതിയെ മുറുകെപ്പുണ്ടും
മറിമാൻപോലേ നോക്കിന സാക്ഷാത്
ത്രിഭുവനസുന്ദരിതാനുമിദാനീ—
മൊന്ന ചിരിച്ചു സുരസ്ത്രീകളുമായ്
പൂങ്കാവിൽ കളിപൂണ്ട നടക്കയു—
മെന്നോടോരോ വാത്തകളും കേൾക്കയു—
മമരധുനീധരനോട്ട കയക്കയു—
മെന്നേ സുഖമേ ഭാഗ്യം ഭാഗ്യം
പണ്ടേപ്പോലെ ജയതി ദയാർദ്രാ.

കൊടിയവനാന്തരതടിനീമേലേ
രജനിചരാഗമഭീതിവിഹീനേ
ഭദ്രത തേടിന പത്രഗൃഹങ്ങളി—
ലുദ്യതധൈര്യമിരുന്ന യമാദികളം
ചെയ്തപ്പഞ്ചേന്ദ്രിയവുമടക്കി—
പ്പരമൊരു മന്ത്രോപാസനകൊണ്ട—
പ്പരനൊട്ട കൂടിപ്പരമസുധാരസ—
നിർഭരമാമന്നിജഹൃദയാംബുജ—
കർണ്ണികതന്മേൽ കനകകിരീടവു—
മിരുൾകുഴൽപിരിവും കുങ്കുമതിലകവു—
മിളകിന ചില്ലിയുമനുകമ്പാകുല—
മണിമിഴി മുനയും കുണ്ഡലമണിയും
ഗണ്ഡതലങ്ങളുമുതിലലമ്പിന
മണ്ഡളഹസിതവുമണിതോളംവളയും

—വളരെ വിപരീതമായി. താഡിച്ചു—അടിച്ചു. മധ്യേശയ്യം—കിടക്കയുടെ നടുക്കു. കളം—അവ്യക്തമധുരമായ ശബ്ദത്തെ. ഉപശ്രുത—കേട്ടിട്ടു. ദശാനനൻ—രാവണൻ. വെള്ളിക്കുന്നു—കൈലാസമല. കാലാരാതി—ശിവൻ. സുരസ്ത്രീ—ദേവസ്ത്രീ. അമ.....രൻ—ഗംഗാധരൻ ദയാർദ്രാ—കൃപകൊണ്ടലിഞ്ഞു. ജയതി—ജയിക്കുന്നു.

വനാ....നീ—കാട്ടിൻനടുവിലുള്ള പുഴ. രജ ...നേ—രാക്ഷസൻ വരും എന്ന ഭയമില്ലാത്ത. ഭദ്രത—സുരക്ഷ. പത്രഗൃഹം—പണ്ണശാല. ഉദ്യതധൈര്യം—ധൈര്യത്തോടു. യമാദികളം—യമം നിയമം തുടങ്ങിയുള്ള യോഗാംഗങ്ങളം. പഞ്ചേന്ദ്രിയം—കണ്ണു മൂക്കു നാക്കു ചെവി തൊലി എന്നീ അഞ്ചു ഇന്ദ്രിയം. പരൻ—ശ്രേഷ്ഠൻ. പരമ..... മാം—പരമാനന്ദരസപൂർണ്ണമായ. നിജ.....ക—തന്റെ ഹൃദയകമലകർണ്ണിക. അന്ന....ലം—കൃപാപരവശം. ഗണ്ഡതലം—കവിൾത്തടം. മണ്ഡള....ത

മണികങ്കണവും കരതലിർ വാലും
കംബുരഥാംഗസരോജാദികളം വളർ—
മാറിൽ വിലോളിതഹാരഗണങ്ങളു—
മമ്മലർമങ്കയുമേറാമുലാവിന
കൗസ്തുഭമണിയും നാഭിനിലയും
നാഭീനളിനവുമഭിനവകാഞ്ചന—
കാഞ്ചീഗുണവും പീതാംബരവും
പാദാംബുജവും മഴകിൽമാല തൊ—
ഴന്തിരുനിറവും പരിചൊട്ടു തേടിന
പരചിത്തത്തവിലാസരസത്തെ—
പ്പരമമുനീന്ദ്രകദംബമുപാസ്തേ.

പേർത്തും ത്രൈലോക്യ[1]മേവം ദശമുഖമയദ്ദർ—
വ്യാധി വേരറൊരന്തഃ[2]—
സ്വാസ്ഥ്യം കൈക്കൊണ്ടു മേവും പൊഴുതു മുഖരയൻ
മഞ്ജുനാദാം വിപഞ്ചീം
പ്രീത്യാ പീയൂഷസിന്ധൗ മുഴകിന മനസാ
നിൻഗുണാനേവ മേന്മേ—
ലാസ്വാദ്യാസ്വാദ്യ ലോകങ്ങളിലതിലതിൽ ഞാ—
നങ്ങുമിങ്ങും നടന്നേൻ. 15

[4]ആമോദാൽ നിൻഗുണൗഘാനവിടെയവിടെ ഞാൻ
കേട്ടു കേട്ടാശു ചെന്നേൻ
പൂമാതിൻ പുഞ്ചിരിക്കൊഞ്ചലിലഖിലമലി—
ഞ്ഞൊരു വൈകുണ്ഠലോകേ

വും—മനോഹരമായ ഹാസവും. കംബു—ശംഖ്. രഥാംഗം—ചക്രം. സരോജം—താമര. വിലോളി....ണങ്ങളം—നെഞ്ചിൽ ഉരുളുന്ന മാലകളം. നാഭുഖൻ—ബ്രഹ്മാവു്. നാഭീനളിനം—പൊക്കിളിലെ താമര. അഭി....ണവും—പുത്തനായ പൊന്നരഞ്ഞാണം. പീതാംബരം—മഞ്ഞപ്പട്ടവസ്ത്രം. പാദാംബുജം—ചരണകമലം. മഴ . ല—ഇരുണ്ട മേഘപങ്ക്തി. പര....സത്തെ—ശ്രേഷ്ഠമായ ചിദാനന്ദരസത്തെ. പരമ... ബം—മുനിശ്രേഷ്ഠന്മാരുടെ സമൂഹം. ഉപാസ്തേ—ആരാധിക്കുന്നു.

പദ്യം 15. ഏവം—ഇപ്രകാരം. ത്രൈലോക്യം—മൂന്നു ലോകവും. ദശ .. ധി—രാവണമയമായ ദുഷ്ടവ്യാധി. അന്തഃ സ്വാസ്ഥ്യം—മനസ്സിനു സുഖം. മഞ്ജുനാദാം വിപഞ്ചീം മുഖരയൻ—മനോഹരമായ നാദത്തോടുകൂടിയ വീണയെ വായിച്ചുകൊണ്ടു്. പ്രീത്യാ—സന്തോഷത്തോടു്. പീയൂ....ന്ധൗ—അമൃതക്കടലിൽ. മനസാ—മനസ്സോടുകൂടി. നിൻ ഗുണാൻ ഏവ—നിന്റെ ഗുണങ്ങളെത്തന്നെ. ആസ്വാദ്യ—ആസ്വദിച്ചു്

പദ്യം 16. ആമോദാത്—സന്തോഷത്താൽ. നിൻഗുണൗഘാൻ—നിന്റെ ഗുണസമൂഹങ്ങളെ. ആശു—വേഗത്തിൽ. അഖിലം—എല്ലാം.

1. ക്യാമിത്ഥം ദശ. 2. ന്തഃസൗഖ്യം കൈ. 3. യൻ വല്ലകീം മഞ്ജുനാദാം. 4. സന്തോഷാത് നിൻ.

പോയ് ഞാനസ്സത്യലോകത്തിലുമഗസുതതൻ—
പ്രേമകോപാത് തപ്തം
പൂമാലത്തെന്നൽ വീയും പുരരിപുഗിരിത—
ന്തേലുമുന്മേഷശാലീ. 16

[1]ഇത്ഥം സാമ്പ്രന്ദയാത്രാവിധിഷു മദനമാൽ
പൂണ്ട മല്ലേക്ഷണാനാം
പുത്തൻമഞ്ജീരനാദം ചെവിയിലമൃതു ത്തു—
കുന്ന നാകം ഗതോ[2] ഞാൻ
അത്രേയല്ലേഷ കണ്ടേനമരവരനെയും
വീരസിംഹാസനത്തി—
ന്മദ്ധ്യേ പൗലോമിയെപ്പുണ്ടഴകൊട്ട പലനാൾ—
ക്കൂടി വിദ്യോതമാനം. 17

അപ്പോഴം കണ്ടിടിനേൻ ഞാൻ ദശരഥനെ മുദാ—
മാസ്പദം വാസ്തുലാവും
തത്പാർശ്വേ പണ്ടിരിക്കും പരിചു പരമസിം—
ഹാസനേ ഭാസമാനം
ചൊൽപ്പൊങ്ങും തവത്പുകൾച്ചന്ദ്രികതടവി മന—
ശ്ചന്ദ്രകാന്തം ചുരത്തും
നത്പാഥോവീചികാമാലയിലനുപദമാ—
റാട്ടമാലോകനാന്തം. 18

വിണ്ണോർനാരീകരാന്ദോളിതമണിമയവെൺ—
ചാമരത്തെന്നലിന്ദ്രൻ—
തന്നോടുഞ്ഞൂഴ് പകന്നിട്ടിടയിലിടയിലേ—
റേറവു സമ്മോദമാനം

വൈകു....കേ—വൈകുണ്ഠലോകത്തിൽ. അഗസുത—പാർവതി. പ്രേമകോപാത്—പ്രണയകലഹത്താൽ. പുരരിപുഗിരി—ശിവന്റെ കൈലാസഗിരി. ഉന്മേഷശാലീ—ഉണർവുനായി.

പദ്യം 17. ഇത്ഥം—ഇപ്രകാരം. സാമ്പ്ര.....ഷു—ഇഷ്ട പോലെയുള്ള യാത്രകളിൽ. മദനമാൽ—കാമപീഡ. മല്ലേ....നാം—സുന്ദരിമാരുടെ. മഞ്ജീരനാദം—ചിലമ്പൊലി. നാകം—സ്വർഗത്തിലേക്ക്. ഗതഃ—ഗമിച്ചു. ഏഷഃ—ഈ ഞാൻ. മദ്ധ്യേ—നടുവിൽ. പൗലോമി—ഇന്ദ്രാണി. വിദ്യോതമാനം—ശോഭിക്കുന്ന. അമരവരൻ—ദേവേന്ദ്രൻ,

പദ്യം 18. മുദാം ആസ്പദം—സന്തോഷത്തിനു് ഇരിപ്പിടം. തത് പാർശ്വേ—അവന്റെ (ദേവേന്ദ്രന്റെ) ഒരു വശത്തിൽ. പര....നേ—ശ്രേഷ്ഠമായ സിംഹാസനത്തിൽ. ഭാസമാനം—വിളങ്ങുന്ന. തവത്പുകൾ ചന്ദ്രിക—നിന്റെ കീർത്തിയാകുന്ന നിലാവു്. മന....ന്തം—ചിത്തമാകുന്ന ചന്ദ്രകാന്തമണി. നത്പാ....പ്രയിൽ—തെളിനീർത്തിരമാലയിൽ. അനുപദം—കൂടെക്കൂടെ. ആലോകനാന്തം—കടമിഴി.

1. ഏവം സ്വ. 2. തോഽഹം.

എണ്ണേറും വൈരഭാജാം വരയുവതികുലത്തെ—
ക്കയൽക്കണ്ണുകൊണ്ടേ
കണ്ണീർ വാപ്പിച്ച ദോർവിക്രമശമിതമഹാ—
ദാനവേന്ദ്രോപദാനം. 19

ആനന്ദാശ്രുകമായിരം മിഴിയിലും
മെത്തുന്ന വൃത്രാരിതൻ—
ചേണമ്പും വദനാംബുജേ ധൃതരസം
നോക്കിച്ചിരിച്ചങ്ങനേ
ആനന്ത്യാലുടനങ്ങുമിങ്ങുമണികൈ—
കൂപ്പി ക്രമത്താൽ വരും
വാനോർകിന്നരചാരണാദിമകുടീ—
വീക്ഷിപ്പപാദാംഗുലിം. 20

ആശ്ചര്യകര! നിൻ നിവാപപയസാ
സംശ്രുദ്ധനായ് ചെന്ന തൻ—
പാശ്വ വാണ ജടായുതൻ കരതലേ
വിന്യസ്യ ഹസ്താംബുജം
മാച്ചേലാമണിഭിത്തിമേൽ മരതക—
ക്കൽക്കൊണ്ട നിന്മെ മുദാ
താച്ഛീല്യേന വിലിഖ്യ നമ്രമണിവ—
ക്ത്രം കണ്ടുമൂഢാദരം. 21

പദ്യം 19. കരാന്ദോളിതം—കൈകളാൽ വീശപ്പെട്ട. സമ്മോദമാനം—സന്തോഷിക്കുന്ന. വൈരഭാജാം—ശത്രുക്കളുടെ. വര....ലത്തെ—സുന്ദരിമാരെ. ദോർവി....നം—കൈയ്യ്ക്കിനാൽ ശമിപ്പിക്കപ്പെട്ട അസുരാധിപന്മാരുടെ പ്രതാപത്തോടുകൂടിയ. പൂർവപദ്യത്തിലെ ദശരഥനു വിശേഷണം.

പദ്യം 20. ആനന്ദാശ്രുകം—അല്പം ആനന്ദബാഷ്പം. വൃത്രാരി—ഇന്ദ്രൻ. വദനാംബുജേ—മുഖകമലത്തിൽ. ധൃതരസം—രസത്തോടു്. ആനന്ത്യാത്—അവസാനമില്ലാതെ. വാനോർ....ലിം—ദേവകിന്നരചാരണാദി ദേവയോനിവിശേഷങ്ങളാൽ കാൽവിരലിൽ വീണു നമസ്കരിക്കപ്പെട്ട. ദശരഥനു വിശേഷണം.

പദ്യം 21. ആശ്ചര്യംകര—അല്ലയോ അദ്ഭുതകാരിൻ. നിവാപപയസാ—ഉദകക്രിയാജലത്താൽ. സംശ്രുദ്ധനായ്—ശ്രുദ്ധിയെ പ്രാപിച്ചവനായി. പാശ്വ—അരികിൽ. കരതലേ—കൈത്തലത്തിൽ. ഹസ്താംബുജം—കൈത്താമരയെ. വിന്യസ്യ—വച്ചിട്ടു്. മാച്ചേലാ—നിർമലമായ. മണിഭിത്തി—മണിമയമായ ചുമർ. മുദാ—സന്തോഷത്തോടു്. നിന്മെ—നിന്റെ ആകൃതി. താച്ഛീല്യേന—തന്മയമായി. വിലിഖ്യ—എഴുതീട്ടു്. നമ്രം—കുനിഞ്ഞ. വക്ത്രം—മുഖം. ഊഢാദരം—ആദരവോടു്.

ഇരുവരു മെഴുനേറ്റവന്നിളം പു–
ഞ്ചിരിയിൽ വിളങ്ങിന മുഖചന്ദ്രനോ
മരതകമണിപീഠമദ്ധ്യരംഗേ
സരസമിരുത്തി വണങ്ങിനാർ മദംഘ്രി്ം. 22

ചൊന്നാനെന്നോട ഭ്രയോ ''മുനിവൃഷഭ! ഭവാൻ
വന്നതിന്നേരമേറാം
നന്നായീ വല്ലവക്കും പുനരസുലഭമ–
ല്ലൊന്നു ദൈവാനുകൂല്യേ
നിന്നോടൊന്നത്ഥയേ/ഹം ത്വരിതമുപഗതോ
രാജധാനീ മയോദ്ധ്യാ–
മിന്നേ രാമാഭിഷേകോത്സവകലവി ഭവാൻ
നിർവഹിക്കെ''ന്നവണ്ണം. 23

ശോഭാരാശേ! ഭവാനോടിതു സദസി പറ–
ഞ്ഞാശു വേണ്ടുന്നതെല്ലാ–
മാപാദിപ്പാനസൗ ഞാനമരതതി വരും–
മുൻപിലേ പോന്നവന്നു;
ആപൂർണ്ണാത്മാ വസിഷ്ഠൻതിരുവടി വഴിമേ–
ലായിതാഗന്തുകാമോ
ലോപാമുദ്രാകുടുംബീ മുനിയുമത വരു–
ന്നു സമം താപസേന്ദ്രൈഃ.'' 24

പട്ടാഭിഷേകപ്രസ്താവനയുണ്ടായ ഉടൻ ദേവകൂം വാദ്യങ്ങളും മുഴക്കിയതിനെയും മഹർഷിമാർ വന്നുചേർന്നതിനെയും വർണ്ണിക്കുന്നു:

എന്നു നാരദഗിരാ രാഘവഹേ
മന്ദമാനമിതവക്ത്രപങ്കജേ

പദ്യം 22. ചാ....ന്ദ്രൻ–മനോഹരമായ മുഖചന്ദ്രനോടുകൂടിയ. മര....ഗേ–മരതകമണിമയമായ ആസനത്തിൽ. സരസം–കേതിയോടുകൂടി. മദംഘ്രി്ം–എന്റെ കാലിനെ.

പദ്യം 23. ഭ്രയഃ–പിന്നെയും. മുനിവൃഷഭ–അല്ലയോ മുനിശ്രേഷ്ഠ. അസുലഭം–എളുതല്ലാത്തതു്. ദൈവാനുകൂല്യേ–ദൈവസമ്മതം ഉള്ളപ്പോൾ. അഹം–ഞാൻ. അത്ഥയേ–പ്രാർത്ഥിക്കുന്നു. ത്വരിതം രാജധാനീം അയോദ്ധ്യാം ഉപഗതഃ–വേഗം അയോദ്ധ്യാരാജധാനിയെ പ്രാപിച്ചവനായി. രാമാ....വി–രാമന്റെ പട്ടാഭിഷേകോത്സവാഘോഷം. നിർവഹിക്ക–ചുമതലയായി നടത്തുക.

പദ്യം 24. ശോഭാരാശേ–കാന്തിപുഞ്ജമേ. സദസി–സഭയിൽ. ആശു–വേഗം. ആപാദിപ്പാൻ–ആർജിക്കുവാൻ. അസൗ ഞാൻ–ഈ ഞാൻ. അമരതതി–ദേവസമൂഹം. ആപൂർണ്ണാത്മാ–മഹാത്മാ. ആഗന്തുകാമഃ–വരാനാഗ്രഹിക്കുന്നവനായി. ലോപാ... ബീ–അഗസ്ത്യൻ. താപസേന്ദ്രൈഃ സമം–താപസശ്രേഷ്ഠന്മാരോടുകൂടി.

നന്നതെന്നനുവദിച്ചിതഞ്ജസാ
ദുന്ദുഭിധ്വനികരം നാകവാസിനാം. 25

താനന്നന്നുള്ള നാനാനൃപതിയെ മൂടി-
പ്പാൻ പുരാ നോറ്റതൊന്നും
താനല്ലെന്നെപ്പരബ്രഹ്മണി മുഹുരപി ഹോ-
മിച്ച കർമ്മാതിരേകം
ആനന്ദാംഭോധിവീചീകലവികളിൽ മുഖ-
ക്ഷാളനംചെയ്തു മുഖ്യാ-
സ്ഥാനായാതം കുഠാരപ്രിയമുനിയെ
മുദാ രാമചന്ദ്രോ വവന്ദേ. 26

രക്ഷോരാജൻ കൊലപ്പെട്ടുമനലനില-
മൈഥിലീദേവി വീണ-
ങ്ങക്ഷീണാ ശ്രദ്ധയായ്വന്നതുമിനിയ പുരീ-
പ്രാപ്തിയും പ്രീത്യുദാരം
അഗ്രേ രാമഭിഷേകോത്സവകലവിയുമാ-
കർണ്യ മോദേന വന്യ
മുഖ്യാത്മാ രാക്ഷസാളീനിധനമഖമഹാ-
ഹോതനാം ഗാഥിജന്മാ. 27

ഇന്നിച്ചെറുരാശ്വസിക്കാം മമ മഹിതമനോ-
രാജ്യമാം കല്പശാഖീ
ധന്യം കാച്ചീ ഫലം മൂന്നുലകിലുമമൃത-
സ്യന്ദവത്സേവ്യമാനം

പദ്യം 25. നാരദഗിരാ—നാരദന്റെ വാക്കിനാൽ. രഘൂദ്വഹേ—ശ്രീരാമൻ. മന്ദം—പതുക്കെ. ആന....ജേ—മുഖകമലത്തെ അല്പം താഴ്ത്തിയവനായിരിക്കുമ്പോഴേ. അഞ്ജസാ—പെട്ടെന്നു്. നാകവാസിനാം—ദേവന്മാരുടെ. ദുന്ദുഭിധ്വനികരം—ദുന്ദുഭിവാദ്യമുഴക്കങ്ങളേ. അനുവദിച്ചിതു—പിന്തുടർന്നു പറഞ്ഞു.

പദ്യം 26. നാനാനൃപതതി—പല രാജസമൂഹം. പുരാ—പണ്ടു്. പരബ്രഹ്മണി—പരബ്രഹ്മത്തിങ്കൽ. മുഹുരപി—കൂടക്കൂടെ. ഹോമിച്ച—നിക്ഷേപിച്ച. കർമാതിരേകം—കർമ്മനിഷ്ഠയോടുകൂടിയ. ആന....ചീ—ആനന്ദക്കടലിന്റെ തിരമാല. മുഖക്ഷാളനം—മുഖശുദ്ധി. മുഖ്യാ....തം—പ്രധാനമായ ഇരിപ്പിടത്തിൽ വന്നിരുന്ന. കുഠാ....നി—പരശുരാമൻ. മുദാ—സന്തോഷത്തോടു്. രാമചന്ദ്രോ—രാമചന്ദ്രൻ. വവന്ദേ—വണങ്ങി.

പദ്യം 27. രക്ഷോരാജൻ—രാവണൻ. അനലൻ—അഗ്നി. മൈഥീ....വീ—സീത. അക്ഷീണാ—ക്ഷീണിക്കാത്തവളായി. പുരീപ്രാപ്തി—അയോദ്ധ്യാപ്രാപ്തി. പ്രീത്യുദാരം—അതിപ്രീതിയോടു്. അഗ്രേ—മുമ്പിൽ. ആകർണ്ണ്യ—കേട്ടിട്ടു്. മുഖ്യാത്മാ—മഹാത്മാവായ. രാക്ഷ....തനാം—രാക്ഷസക്കൂട്ടത്തെ നിഗ്രഹിക്കുക എന്ന യജ്ഞത്തിൽ പ്രധാന ഹോതാവായ. ഗാഥിജന്മാ—വിശ്വാമിത്രമുനി.

എൻവണ്ണൻ ചെയ്ത ദോർവിക്രമസരണികളാ—
ശ്ചര്യമെന്നുംക്കരുന്നിൽ—
ത്തന്നേ....(നന്നായ്?) നിനച്ചമ്മുറുവലൊളിയിലാ—
റാട്ടമാസ്യാംബുജന്മാ. 28

കാണ്മോരത്തു മുമ്പേ ത്വടിതികഴലിൽ വ—
ന്നാനമിക്കും ത്രിലോകീ—
മാണിക്യത്തെക്കരാഭ്യാം മുനിപരിവൃഢനു—
ത്ഥാപ്യ ശ്രദ്ധാത്മഭൂമാ
ആനന്ദേ ഹന്ത! തൻമൂർദ്ധനി പലവു മുക—
ന്നാശു മുല്പാട്ട താന—
ങ്ങാനന്ദാശ്രുപ്രവാഹൈരകൃത സുകൃതിനോ
രാഘവസ്യാഭിഷേകം. 29

കാണായീ മുന്നിലും പിന്നിലുമിരുപുറവും
താപസേന്ദ്രൈഃ സമേതം
വാനോർനാട്ടീന്നിറങ്ങുന്നതു സദസി വസി—
ഷ്ഠം ഗരിഷ്ഠം മുനീനാം,
പിന്നാലേ മിന്നൽപോലേ ചെറിയ തനുവുമായ്
ക്കൂടെ മണ്ടുന്നഗസ്ത്യൻ—
തന്നോടേ മൈഥിലീവല്ലഭചരിതവിശേ—
ഷാൻ പരിശ്രാഘമാനം. 30

സ രത്നപീഠേ സഹസോപനീതേ
സരാജപൗരാർച്ചിതപാദസീമാ

പദ്യം 28. ആശ്വസിക്കാം—സമാധാനപ്പെടാം. മമ—എന്റെ. മഹി....മാം—ശ്രേഷ്ഠമായ മനോരാജ്യമാകുന്ന. കല്പശാഖീം—കല്പവൃക്ഷം. ധന്യം—അനുഗ്രഹീതം. അമൃ....വത്—അമൃതത്തിന്റെ പ്രവാഹംപോലെ. സേവ്യമാനം—സേവിക്കപ്പെടുന്നതു്. ദോർവി....ണി—കൈയുക്കിന്റെ രീതി. ആസ്യാംബുജന്മാ—മുഖകമലത്തോടുകൂടിയ.

പദ്യം 29. ത്വടിതി—ഉടൻ. ആനമിക്കും—നമസ്കരിക്കുന്ന. ത്രിലോകീ....ക്യം—ശ്രീരാമൻ. കരാഭ്യാം—രണ്ടു കൈകളാൽ. ശ്രദ്ധാ....മാ—മഹാത്മാവായ. മുനിപരിവൃഢൻ—മുനിശ്രേഷ്ഠൻ. ഉത്ഥാപ്യ—എഴിപ്പിച്ചിട്ടു്. ആനന്ദേ—അല്പം കുനിഞ്ഞ. മൂർദ്ധനി—ശിരസ്സിൽ. ആനന്ദ....ഹൈഃ—ആനന്ദബാഷ്പപ്രവാഹങ്ങളാൽ. സുകൃതിനഃ രാഘവസ്യ—പുണ്യവാനായ ശ്രീരാമനു്. അഭിഷേകം അകൃത—അഭിഷേകം ചെയ്തു.

പദ്യം 30. താപ....ന്ദ്രൈഃ സമേതം—താപസശ്രേഷ്ഠന്മാരോടു കൂടിയ. മുനീനാം ഗരിഷ്ഠം വസിഷ്ഠം—മുനികളിൽ ശ്രേഷ്ഠനായ വസിഷ്ഠനെ. തനു—ശരീരം. മൈഥീ....ഷാൻ—ശ്രീരാമന്റെ ചരിതവിശേഷങ്ങളെ. പരി....നം—സ്തുതിക്കുന്നവനായ.

സമം മുനീന്ദ്രൈഃ ക്ഷണമാസ്സമോദാ—
ദരുന്ധതീദേവിതപുണ്യപാകഃ. 31

കല്യാത്മാവുശ്യശൃംഗോ മുനിയുമുപഗതോ
ഗോപുരത്തിങ്കൽനിന്നേ
നല്ലാശീർവാദവും തീർത്തുഴറി വഴിയിൽ വ—
ല്ലാഞ്ഞു വീണങ്ങുമിങ്ങും
തുള്ളും മോദാൽ ചിരിച്ചച്ചെവിയൊളമൊരു ര—
ത്നാസനേ മുൻപിലാമ്മാ—
റെല്ലാരെക്കൊളിരുന്നാനവനമിനിയ വേ—
ധാവു താനെന്നപോലേ. 32

മീതെ മിന്നും പ്രകോപക്കടുകനൽ പൊരിയും
തുക്കടക്കണ്ണിലൂടേ
മോദാംഭോരാശിവീചീവിതതി വഴി നട—
ന്നേറ്റമേറ്റം പ്രസാദീ
ഭീതിവ്യാലോലലോകാനതപദകമലോ
ബ്രഹ്മവിദ്യാവിനോദീ
ശ്രീദുർവാസാ വസിഷ്ഠന്നരികിലൊരു മഹാ—
വിഷ്ടരാന്തേ വിരേജേ. 33

പട്ടാഭിഷേകവൃത്താന്തം ലോകമെല്ലാം പ്രസിദ്ധമാകുന്നു:

മാമാ! തദാനീമിടകൂടി നീളെ—
പ്പാർമേൽപ്പതിന്നാലിലുമെന്തു ചൊല്ല
രാമാഭിഷേകോത്സവമുണ്ടുപോലെ—
ന്നാമോദിനീ കാചന വാർത്ത പൊങ്ങീ. 34

പദ്യം 31. അരു....കഃ—അരുന്ധതീദേവിയുടെ ജീവിതസൗഭാഗ്യമായ. സരാ....മാ—രാജാക്കന്മാരാലും പരന്മാരാലും പൂജിക്കപ്പെട്ട പാദാഗ്രത്തോടുകൂടിയ. സഃ—വസിഷ്ഠമുനി. മുനീന്ദ്രൈഃ സമം—മുനിശ്രേഷ്ഠന്മാരോടുകൂടി. മോദാത്—സന്തുഷ്ടിയോടു്. സഹസാ ഉപനീതേ രത്നപീഠേ—പെട്ടെന്നു കൊണ്ടുവരപ്പെട്ട രത്നാസനത്തിൽ. ക്ഷണം ആസ്സ—ക്ഷണനേരം ഇരുന്നു.

പദ്യം 32. കല്യാത്മാ—മഹാത്മാവായ. ശൃശ്യശൃംഗഃ—ശൃശ്യശൃംഗൻ. ഉപഗതഃ—വന്നുചേർന്നു. മോദാത്—സന്തോഷം നിമിത്തം. രത്നാസനേ—രത്നാസനത്തിൽ. വേധാവു്—ബ്രഹ്മാവു്.

പദ്യം 33. പ്രകോ....നൽ—അധികകോപമാകുന്ന തീക്ഷ്ണമായ തീക്കട്ട. മോദാ....തി—സന്തോഷക്കടലിലെ തിരമാലക്കൂട്ടം. പ്രസാദീ—പ്രസന്നൻ. ഭീതി....ലഃ—ഭയംകൊണ്ടു വ്യാകുലരായ ലോകരാൽ നമസ്കരിക്കപ്പെട്ട ചരണകമലത്തോടുകൂടിയ. ബ്രഹ്മ...ദീ—വേദാന്തതത്ത്വത്തിൽ വിനോദിക്കുന്നു. ശ്രീദുർവാസാഃ—ദുർവാസാവു്. മഹാ....ന്തേ—വലിയ ആസനത്തിൽ. വിരേജേ—ശോഭിച്ചു.

പട്ടാഭിഷേകത്തിൽ പങ്കുകൊള്ളുവാനായി ബ്രാഹ്മണർ വന്നുചേരുന്നു:

പാരിലൊക്കെ വിളികൊണ്ട രാഘവമഹാഭി—
ഷേകമവലോകിതും
പാരമാഗ്രഹമിയന്നു വന്നിതതിഭാസു—
രാഃ പരമഭ്രസുരാഃ
പൗരലോകപടുതാഡ്യമാനമണിദുന്ദുഭി—
ധ്വനിവിജൃംഭിതം
ദൂരതോഽപി നിശമയ്യ പാഞ്ഞു പണമാഗ്ര—
ഹിച്ചു വിവശാശയാ. 35

രാജാക്കന്മാരുടെ വരവിനെ വർണ്ണിക്കുന്നു:

വന്നിതാശു ചതുരബ്ധിവീരശന പൂണ്ട—
ലാവുമവനീതലം—
തന്നിലുള്ളരിയ രാജലോകവുമഭ്രത—
പൂർവ്വസുഖസങ്കുലം
ഉന്നതം കനകഭാരമേറി വിധുരം ഖ—
രോഷ്ണനികരത്തെയും
മുന്നകംപടി നടത്തി വീരനു രഘൂദ്വ—
ഹനു തിറ നാകവാൻ. 36

മറ്റു ജനങ്ങളുടെ വരവിനെ വർണ്ണിക്കുന്നു:

വാരിരാശികളിൽനിന്നു ഭൂമിയിലടിഞ്ഞു—
വീണിടനെറിഞ്ഞെഴും—
ഘോരവീചികയം തിരണ്ട തമ്മിലൊരുമിച്ചു
വന്ന പരിചഞ്ജസാ

പദ്യം 34. മാമാ—ആശ്ചര്യം. കാചന ആമോദിനീ വാത്ത—ഒരു സന്തോഷവാത്ത.

പദ്യം 35. വിളികൊണ്ട—പ്രസിദ്ധമായ. രാഘ....കം—രാമന്റെ പട്ടാഭിഷേകമഹോത്സവത്തെ. അവലോകിതും—കാണുന്നതിനു്. പാരം—വളരെ. ആഗ്രഹമിയന്നു്—ആഗ്രഹത്തോടുകൂടി. അതിഭാസുരാഃ പരമഭ്രസുരാഃ—വളരെ ശുദ്ധരായ ശ്രേഷ്ഠബ്രാഹ്മണർ. പൗര....തം—പുരജനങ്ങളാൽ നല്ലപോലെ മുഴക്കപ്പെടുന്ന മണിമയമായ ദുന്ദുഭിവാദ്യത്തിന്റെ ധ്വനിയെ. ദൂരതഃ അപി—ദൂരത്തുനിന്നുപോലും. നിശമയ്യ—കേട്ടു്. വിവശാശയാ—ചപലമായ ആശകൊണ്ടു്.

പദ്യം 36. ചതു....ന—നാലു സമുദ്രങ്ങളാകുന്ന അരഞ്ഞാൺ. അവനീതലം—ഭൂതലം. അഭ്ര....ലം—ഇതിനു മുമ്പനുഭവിച്ചിട്ടില്ലാത്ത വർദ്ധിച്ച സൗഖ്യത്തോടുകൂടിയ. രാജലോകം—രാജസമൂഹം. ഉന്നതം കനകഭാരം—വലുതായ സ്വർണ്ണച്ചുമടു്. വിധുരം—പരവശം. ഖരോഷ്ണനികരം—കഴുതയുടേയും ഒട്ടകത്തിന്റേയും കൂട്ടം. രഘൂദ്വഹൻ—ശ്രീരാമൻ.

പദ്യം 37. വാരിരാശി—സമുദ്രം. ഘോരവീചി—ഭയങ്കരമായ

നൂറു കോടി മനുഷ്യസമൂഹപ്പുരിയ രത്ന--
ഗോപുരചതുഷ്ടയ—
ദ്വാരസീമനി തിരക്കിവന്നുടനകത്തു
പുക്കതു പുരോത്തമേ. 37

ലോലരത്നവളഭീനിവിഷ്ടമൃഗലോച—
നാനയനരോചിഷാ
നീലവാരിരുഹമാല ചാത്തിന മഹാവി—
മാനനികുരുംബകൈഃ
മേളമാന്ന വിയദങ്കണം നിറയ നീള—
വന്ന മിളിതൈഃ സദാ
കേളികോലുമമലോജ്ജ്വലൈഃ പരിലലാസ
സർവഹരിദന്തരം. 38

സുഗ്രീവന്റെയും വിഭീഷണന്റെയും വരവിനെ വർണ്ണിക്കുന്നു:

ഗദ്യം 2.

തത്രാന്തരേ രാമാഭിഷേകശ്രവണപ്രഥമാനമോദസമുദ്ഭ—
ഗ്രീവഃ സുഗ്രീവഃ പവനനന്ദനനീലജാംബവദംഗദപ്രഭൃതിഭിഃ
പ്രകൃതിഭിഃ സഹ പ്രസ്ഥായ വർത്തനീമദ്ധ്യനീദ്ധ്യാതേന നിഖി
ലപുണ്യജനപരിവൃതേന പുണ്യകൃതാം പൂർവഗണ്യേന പ്രഹ
ഷ്ണേന വിഭീഷണേന ച സമ്മിളിതവലീമുഖാഭ്രല്ലേ
ഗോലാംഗ്രലകുണപാശനബലൈരസംഖ്യേയൈരാകമ്പിത—

തിരമാല. അഞ്ജസാ—പെട്ടെന്നു്. നൂറു....ഘലം—അസംഖ്യം ജനക്കൂട്ടം. രത്ന....നി—രത്നമയമായ നാലു ഗോപുരത്തിന്റെയും ദ്വാരപ്രദേശത്തിൽ. പുരോത്തമേ—ശ്രേഷ്ഠമായ നഗരത്തിൽ.

പദ്യം 38. ലോല....ഷാ—രത്നമയമായ വളരുകളിലിരിക്കുന്ന സുന്ദരിമാരുടെ ഇളകുന്ന നേത്രകാന്തിയാൽ. നീല.....ല—കരിങ്കുവളപ്പൂമാല. മഹാ....കൈഃ—വൻ വിമാനങ്ങളുടെ കൂട്ടങ്ങളാൽ. വിയദങ്കണം—ആകാശതലം. മിളിതൈഃ—ചേർന്നവയും. അമ.... ..ലൈഃ—നിർമലമായി ശോഭിക്കുന്നവയും ആയ (വിമാനവിശേഷണം) സർവ....രം—ദിക്കുകളെല്ലാം. പരിലലാസ—ശോഭിച്ചു.

ഗദ്യം 2. തത്രാന്തരേ—അതിനിടയ്ക്കു്. രാമാ....വഃ—രാമന്റെ അഭിഷേകവാർത്ത കേട്ട സന്തോഷത്താൽ കൃതജ്ഞതയന്വനായ. സുഗ്രീവഃ—സുഗ്രീവൻ. പവ....ഭിഃ പ്രകൃതിഭിഃ സഹ പ്രസ്ഥായ-ഹനുമാൻ നീലൻ ജാംബവാൻ അംഗദൻ തുടങ്ങിയുള്ള പൗരന്മാരോടുകൂടി പുറപ്പെട്ടു്. വർത്തനീ....ന—വഴിമദ്ധ്യത്തിൽ വെച്ചു കണ്ട. നിഖി....ന—സകല രാക്ഷസന്മാരോടുകൂടിയവനും. പുണ്യകൃതാം പൂർവഗണ്യേന—സുകൃതികളിൽ മുമ്പനും. പ്രഹർഷണേന—സന്തോഷകാരിയും ആയ. വിഭീഷണേന ച—വിഭീഷണനോടും കൂടി. അസംഖ്യേയൈഃ—എണ്ണമില്ലാത്ത. ആക....ലൈഃ—ഭൂതലത്തെ ഇളക്കിയവരായ. പ്ലവ.....ലൈഃ—വർദ്ധിപ്പിക്കപ്പെട്ട ധൂളിപടലങ്ങളാൽ സൂര്യമണ്ഡലത്തെ മറയ്ക്കുന്നവരായ. സമ്മി....

മഹീമണ്ഡലൈഃ പ്രവർദ്ധിതരജച്ചടാച്ഛാദിതമാത്താണ്ഡമണ്ഡ
ലൈഃ സാകം സാകേതാഭ്യർണ്ണമഭ്യേത്യ പ്രമദഭരസമുന്നത–
ചേതസാ സുമിത്രാസൂനുനാ പ്രത്യുദ്ഗമ്യ കൃത്യവിദാം പ്രവ–
രേണ ''അയം തു നോ നിഖിലനൈർഋതനിധനൈകമിത്രം
മിത്രാപത്യം വിക്രമിണാമഗ്രീയഃ സുഗ്രീവ, സ്ഥാത്യുഗ്രതരം
നിജാഗ്രജമപി നിരസ്യാസ്മദഗ്രജകൃപാഭിലാഷീ വിനയഭൂഷ–
ണോ വിഭീഷണ ഏഷ, പുനരസാവപി ഉദന്വദുല്ലംഘന–
പ്രശസ്തിചണോ നിഖിലനിശിചരഗൃഹദാവാനലഃസമീരണ–
സൂനുഃ'' ഇതി പ്രത്യേകം ചിത്രീയമാണായ ഭരതായ നിവേദ്യ
സപ്രണയം പ്രവേശിതൗ താഭ്യാം പ്രമിതപരിവാരൗ കപിരാക്ഷ–
സരാജൗ നിഖിലജഗദാനന്ദകന്ദം രാമചന്ദ്രമവന്ദിഷാതാം.

അഭിഷേകോത്സവാഘോഷവർണ്ണനം:

ഗദ്യം 3.

അഭിഷേകോത്സവമാഘോഷിച്ചള–
വവനിയെ നീളെച്ചെത്തിയടിച്ചു കി–
ളച്ചു നിറത്തൊട്ടു മെഴുകിപ്പുപ്പട–
യിട്ട പട്ടവിതാനപ്പണിയും

ലൈഃ സാകം–വന്നുചേർന്ന വാനരസൈന്യം ഭല്ലുകസൈന്യം ഗോലാംഗൂല
സൈന്യം രാക്ഷസസൈന്യം ഇവയോടുംകൂടി. സാകേതാഭ്യർണ്ണം, അഭ്യേ
ത്യ–അയോദ്ധ്യയുടെ അടുത്തു ചെന്നു. പ്രമ....സാ–വളരെ സന്തുഷ്ടനാ
യ. കൃത്യവിദാം പ്രവരേണ–കാര്യജ്ഞന്മാരിൽ ശ്രേഷ്ഠനായ സുമിത്രാ
സുതേന–ലക്ഷ്മണനാൽ. പ്രത്യുദ്ഗമ്യ–എതിരേൽക്കപ്പെട്ടു. അയം തു–
ഇവനാകട്ടെ. നഃ–നമുക്കു. നിഖി....ത്രം–സകലരാക്ഷസന്മാരെ നിഗ്ര
ഹിച്ചതിൽ വളരെ സഹായിച്ച സ്നേഹിതനും. മിത്രാപത്യം–സൂര്യപു
ത്രനും. വിക്രമിണാം അഗ്രീയഃ–പരാക്രമികളുടെയിടയിൽ മുമ്പനും
ആയ. സുഗ്രീവഃ–സുഗ്രീവനാകുന്ന തഥാ–അതുപോലെ. അത്യുഗ്രത
രം–വളരെ ക്രൂരനായ. നിജാഗ്രജം അപി–തന്റെ ജ്യേഷ്ഠനെ (രാവണ
നെ)പ്പോലും. നിരസ്യ–ത്യജിച്ചിട്ടു. അസ്മ..... ഷീ–നമ്മുടെ ജ്യേഷ്ഠ
(രാമ)ന്റെ കൃപയെ പ്രാർത്ഥിക്കുന്ന. വിനയഭൂഷണഃ–വണക്കമാകുന്ന
അലങ്കാരത്തോടു കൂടിയ. വിഭീഷണഃ ഏഷഃ–വിഭീഷണനാകുന്ന ഇവൻ.
അസൗ അപി പുനഃ–ഇവനാകട്ടെ. ഉദന്വ....ണഃ–സമുദ്രത്തെ ലംഘിച്ച
തുകൊണ്ടുള്ള ഖ്യാതി നേടിയ. നിഖി....ലഃ–സകലരാക്ഷസഗൃഹത്തി
നും കാട്ടുതീയായ. സമീ....നഃ–ഹനുമാനാകുന്ന. ഇതി–എന്നു. പ്ര
ത്യേകം ചിത്രീയമാണായ ഭരതായ നിവേദ്യ–ഓരോരുത്തരേയും നോക്കി
അത്ഭുതം പൂണ്ടിരിക്കുന്ന ഭരതനോടു അറിയിച്ചിട്ടു. സപ്രണയം–സ്നേ
ഹത്തോടു കൂടി. പ്രവേശിതൗ–അകത്തു പ്രവേശിപ്പിക്കപ്പെട്ട. പ്രമി....രൗ
–അല്പപരിവാരന്മാരായ. തൗ കപി....ജൗ–ആ സുഗ്രീവവിഭീഷണന്മാർ.
നിഖി....ന്ദം–സകലലോകത്തിനും ആനന്ദത്തിനു കാരണമായ. രാമചന്ദ്രം
–ശ്രീരാമനെ. അവന്ദിഷിതാം–നമസ്കരിച്ചു.

ഗദ്യം 3. അവനി–ഭൂമി. പട്ടവിതാനം–പട്ടുകൊണ്ടുള്ള മേൽക്ക

തീർത്തു മാരുതനേറു കുലുങ്ങീ—
ട്ടന്ന കൊടിക്കൂറകളംകൊണ്ടമരജ—
നത്തെക്കല്യാണോദയകലവികളം
കാണ്മാൻ തെരുതെര നീണ്ടു വിളിക്കും—
പോലേ മണിമയകൂട്ടിമമദ്ധ്യേ
മേവിന രത്നധ്വജനികരാഗ്രവി—
ലോളിതസൗഗന്ധികമലർമാലക—
ളിൽ പോയ് മത്തതെളി പെരുകിന മധുകര—
ഝംകൃതിയോടിടകലരും നിർജ്ജര—
ദുന്ദുഭിനിദ്ധ്വനിതത്തെത്താഴ്ത്തീ—
പ്പൊങ്ങിന മാനവഘോഷം മന്ഥമ—
ഹീധരമഹിതമഹാംബുധികല്പോ—
ലോദ്ഭടനാദംപോലേ ഭുവനം
മൂന്നിലുമമ്പിലെഴുന്ന ഗോപുര—
മാഗ്രേ വന്നു തിരക്കിത്തിക്കി നി—
രന്തരമൊക്കെത്തക്കയകം പു—
ക്കീട്ടംപൊഴുതു മുറിഞ്ഞു തെറിച്ചീ—
ടും ചില മൗക്തികമാലകളും കാഞ്ചന—
കാഞ്ചികളും കൈവള കാൽവള മയിർമുടി
തലയിൽക്കെട്ടുകളും മണിമയവിശറികളും
മലർചരചേങ്കോൽ കാച്ചപ്പൊന്തികളും
പീച്ചാങ്കത്തികളെന്നിവ വീണുകി—
ടക്കുന്നേരം പ്രതിഹാരന്മാ—
രഖിലമെടുത്തഗ്രോപുരവീഥീ—
മരതകവളഭീമരതകവളമേൽ
നീളെത്തുക്കിപ്പട്ടതരബുദ്ധിക—
ളുടയവർ വന്നാലുടനമതേകാൻ.
'വീചീവിഷമാ കരവഴി നില്ലും

ട്ടീ. മാരുതൻ—കാറ്റ്. അമരജനം—ദേവകളം. കല്യാ....വി—മംഗലകാര്യത്തിന്റെ ആരംഭഘോഷം. കൂട്ടിമദ്ധ്യേ—തിണ്ണയുടെ നടുക്ക്. രത്ന....ളിൽ—രത്നമയങ്ങളായ കൊടിമരങ്ങളുടെ അറ്റത്തിൽ ഇളകിക്കൊണ്ടിരിക്കുന്ന കല്പഹാരമാലകളിൽ. മധു... തി—വണ്ടുകളുടെ ഝങ്കാരശബ്ദം. നിർജ്ജ....തം—ദേവന്മാരുടെ ദുന്ദുഭിവാദ്യഘോഷം. മാനവഘോഷം—മനുഷ്യരുടെ ഘോഷം. മന്ഥ .. ദം—മന്ദരപർവതം നിമിത്തം ശ്രേഷ്ഠമായ സമുദ്രത്തിലുണ്ടായ തിരമാലകളുടെ ഭയങ്കരശബ്ദം. ഭുവനം—ലോകം. ഗോപുരമാർഗ്ഗേ—ഗോപുരവഴിയിൽ. നിരന്തരം—പഴുതില്ലാതെ. മൗക്തികം—മുത്ത്. കാഞ്ച.....ഞ്ചീ—പൊന്നരഞ്ഞാണ്. പ്രതിഹാരൻ—കാവല്ലാരൻ. അഖിലം—എല്ലാം. ഗോപു....ള—ഗോപുരവീഥിയിലുള്ള മരതകമയമായ വളരിന്റെ വള. പട്ട....ദ്ധി—ബുദ്ധിപാടവം.

മരുവലർവിക്രമവൃക്ഷമശേഷം
കൃത്തിയടുത്തു നശിപ്പിച്ചുടനേ
നാനാജനപദശിഖരീമുകളംമേൽ—
നിന്നിങ്ങൊഴുകി വളർന്നുവരുന്നതു
കാണ്മിൻ, ധരണിയിലുള്ള നൃപോത്കര—
സേനാതടിനീപടലിക സജ്ജമ—
യോദ്ധ്യാസാഗരസംഗമകൗതുക—
സാർദ്ധാ പലതര'മേവം വിധവച—
നങ്ങളം പറഞ്ഞു നടന്നും പലരെ—
ക്കൊണ്ടും ഭാഷണമിട്ടും വിപ്രഗ—
ണങ്ങളം കളിച്ചുപുളച്ചുതുടങ്ങീ.
മറെറാരു പരിഷകളം പീച്ചാങ്കത്തിയു—
മരയിത്തിരുകിച്ചാരു പറങ്കി—
ത്തൊപ്പിയുമിട്ടമ്മെയ്യിലണിഞ്ഞു പൊ—
ടിഞ്ഞിളകീടിന കുങ്കുമധൂളിയി—
ലാടിയുലഞ്ഞു നടക്കുന്നേരം
പൊന്നുംതറമേൽ മിന്നും ഗണികാ—
വിതതിയെ നീളെക്കണ്ടു രസിച്ചും
തരസാ കൺകലശാംഖല വന്നു പി—
ണഞ്ഞും പദ്യം ചൊല്ലിയുമടവുകളം
വല്ലിയുമവസരമോത്തോത്തുടയവർ
പഴുസിയുമിന്നിഹ വന്ന നിതംബിനി—
മാരിൽ കൈതവമാനിനി മാലിക
നല്ലതു നിർണ്ണയമല്ലല്ല സഖേ!
കേളീമാലിക നല്ല കോളേ
കുഹനാകേളിയൊടൊവ്വാ പലരും
വ്യാജനിലാവതു വന്നു തുടങ്ങീ
കാഞ്ചനമല്ലികയത! പോകുന്നു
കനകനിലാവെക്കാണ്മണിഹർമ്യേ
നിന്നക്കൊരു ഘോഷം കേൾക്ക പുറത്തുട—
നെന്തൊരു വരവിതു മതിൽമുകളേറി—

വീചിവിഷമാ—തിരമാലകൊണ്ടു സമമല്ലാത്ത. നാനാ....രി—പല ജനപദങ്ങളാകുന്ന പർവതം. ധരണി—ഭൂമി. നൃപോ....ക—രാജാക്കന്മാരുടെ സൈന്യങ്ങളാകുന്ന പുഴകളുടെ പങ്ക്തി. സജ്ജം—വേഗത്തോടുകൂടി. അയോ.....ദ്ധ്യാ—അയോധ്യയാകുന്ന സമുദ്രത്തിൽ ചേരുവാൻ താത്പര്യത്തോടുകൂടി. ഏവം.....നം—ഇവ്വണ്ണമുള്ള വാക്കു്. ഭാഷണം—വചനം. വിപ്രഗണം—ബ്രാഹ്മണക്കൂട്ടം. ഗണി.....തി—വേശ്യകളം. തരസാ—പെട്ടെന്നു്. പദ്യം—ശ്ലോകം. ഇഹ—ഇവിടെ. നിതംബിനി—സുന്ദരി. കുഹനാകേളി—കള്ളക്കളി. മണിഹർമ്യേ—മണിമയപ്രാസാദ

ക്കാൺക പിടിക്ക കരേററിടങ്ങെ—
ന്നെന്നെയുമയ്യാ മെയ്യിലുലാവും
കനക്കയറിഞ്ഞുകൊടുക്കുന്നതു ക—
ണ്ടാശ്ചര്യപ്പെട്ടാഗീർവചനം
ബുധനിവഹാനാം ത്വടിതി വളർന്നു.
കുങ്കുമപയസാ മെഴുകിത്തോരും
മംഗലരഥ്യാട്ടവി പെരുമാറും
തുരഗഖുരാഹതികൊണ്ടിളകീടും
ധൂളീപാളി പടന്ന വിഹായസി
സന്ധ്യാ[1]ജലദമെഴുന്നതു കണ്ടു സു—
ധാകരദയിതനുദിച്ചുയരുന്നതു
പാന്ഥു സുഖിപ്പാൻ മദ്ധ്യേദിനമപി
വെറുതേ വിരിയും കൈരവവനിയെ—
ക്കേളീമധുരമരാളീവചസാ
ചെറു പഴിച്ചു പറഞ്ഞു പിരിഞ്ഞും
സരസീരുഹവനിതന്നിൽ നടന്ന വ—
രുന്ന സമീരണപോതമശേഷജ—
നാനാമദ്ധ്വശ്രമജലകണിക ക—
വർന്നു, തെരുതെരെ വന്ന പുരത്തില—
കം പുക്കാശ്ചര്യങ്ങളം നിരീക്ഷ്യ നി—
രീക്ഷ്യ തെളിഞ്ഞു ചിരിച്ചു കുതുഹല—
മാന്തടനിതു കാൺ വാസു! മെത്തിന
ഗോപുരഭിത്തികളംനികരം തരസാ
ചന്ദനപയസാ ചച്ചിതമാസീത്
മരതകധരണീസുഷമാവീചിയിൽ
മാരേസതപോയ് നീരാട്ടുന്നു
നാരായണനമ കനകംകൊണ്ടിതു

ത്തിൽ. ബുധ....നാം—വിദ്വാന്മാരുടെ. കുംകുമപയസാ—കുങ്കുമം—കല
ക്കിയ വെള്ളത്താൽ. മംഗ....വി—മംഗലമായ രാജമാർഗ്ഗത്തിൽ. തുര....
തീ—കുതിരകളുടെ കുളമ്പുകൊണ്ടുള്ള ചവിട്ട്. ധൂളീപാളി—പൊടിസമൂ
ഹം. വിഹായസി—ആകാശത്തിൽ. സന്ധ്യാജലദം—സന്ധ്യാകാല
മേഘം. സുധാ....തൻ—ചന്ദ്രനാകുന്ന പ്രിയൻ. മധ്യേദിനം അപി
—ദിനമധ്യത്തിലും. കൈരവവനി—ആമ്പൽക്കൂട്ടം. കേളീ.....സാ—
ക്രീഡാമധുരമായ ഹംസത്തിന്റെ വാക്കിനാൽ. സര....നി—താമരപ്പൊ
യ്ക. സമീ....തം—ഇളങ്കാറ്റ്. അശേഷജനാനാം—എല്ലാ ജനങ്ങൾക്കും.
അധ്വ....ക—യാത്രാശ്രമത്താലുണ്ടായ വിയർപ്പുതുള്ളി. പുരം—നഗരം.
നിരീക്ഷ്യ—കണ്ടിട്ട്. നികരം—സമൂഹം. ചന്ദനപയസാ—ചന്ദനം
കലക്കിയ വെള്ളത്താൽ. ചച്ചിതം—അലംകൃതമായി. ആസീത്—

1. സ്ന്ധ്യാജാലമെ.

നാറാണാ തവ തോരണജാലം
പോകായാ നീ ലത! കാൺ ഭോഷാ
പൊന്നുമണിഞ്ഞതു നാഗസഹസ്രം
ചിത്രം ചിത്രം! മാപാപികളേ
ദുശ്യാൻ ദുശ്യത രാജസമൂഹാൻ
കൂട്ടത്തോടേ ഝടിതി കുതിക്കും
കുതിരകളെക്കൊണ്ടോളം തല്ലിയു—
മുടനുടനിളകിന നിശിതകൃപാണീ—
ശഫരികളിടയിടെ മഴറി മറിഞ്ഞും
പ്രതിഭടനീതിത്തോണി വിലങ്ങാ—
തിടവും നീളവുമാഴവുമേന്തി
ദ്രുതതരമുള്ളിലടക്കി നടക്കും
വീരമഹാഭടനക്രവിലോലം
സലളിതമിളകിന സൈനികഗജതാ—
തിമികുലമുഖരിതഭീമാഭോഗം
കടുമിമ്പാവി കളിക്കുംപോലേ
കടുതരകമ്പിതകന്ധകദംബം
അംബരമാർഗ്ഗമുരുമ്മിച്ചാടും
കമ്രപ്പൺപിൻ കാന്തിപ്പൊലിമയിൽ
മുങ്ങിപ്പൊങ്ങിക്കുങ്കുമസിന്ധുവിൽ
നീന്തുംപോലേ നരവരസംഘം
വന്നിതശേഷം ചിത്രം! ചിത്രം!
സരയൂതീരതരുപ്രവരങ്ങളി—
ലെന്തിളകുന്നതു തുംഗതരേടിന
വാനരരുണ്ടിഹ മന്ദം മന്ദം
ചെന്നു വരുന്നു ലത! കാണായീ
പലവക വന്നിതു വാനരസംഘം
പെരികെ വിനീതി പഠിച്ചുവരുന്നതു

ഭവിച്ചു. മര....ചി—മരതകശ്രേണിയുടെ കാന്തികല്ലോലം. നാഗസഹസ്രം—അസംഖ്യം ആനകൾ. ദുശ്യാൻ—കാണേണ്ടവരായ. രാജ....ൻ—രാജാക്കന്മാരെ. ദുശ്യത (ദൃശ്യത)—കണ്ടാലും. നിശിത.....രി—മൂർച്ചയുള്ള വാളാകുന്ന കരിമീൻ. പ്രതി....ണി—ശത്രുക്കളുടെ നയമാകുന്ന തോണി. ദ്രുതതരം—വളരെ വേഗത്തിൽ. വീര....ലം—വീരന്മാരായ വലിയ യോദ്ധാക്കളാകുന്ന നക്രങ്ങളാൽ ഇളകിയ. സലളിതം—ഉല്ലാസത്തോടുകൂടി. സൈനി....ഗം—സൈന്യത്തിലെ ആനക്കൂട്ടങ്ങളാകുന്ന തിമിംഗലങ്ങളുടെ ശബ്ദമുഴക്കത്തോടുകൂടിയ. കടു....ബം—ഉഗ്രമാംവണ്ണം ചലിപ്പിക്കപ്പെട്ട കുന്തസമൂഹത്തോടുകൂടിയ. അംബരമാർഗ്ഗം—ആകാശം. കമ്രം—രമ്യം. നരവരസംഘം—രാജസമൂഹം.

മന്യേ സുഗ്രീവൻതൻ വരവിതു
സുദ്ധം വാനരരാജൻമുമ്പിൽ വ—
രുന്നതു ജലധി കടന്ന മഹാത്മാ
ഹനുമാനംഗദനരികിലിടത്തേ—
തങ്ങു വലത്തതു ധാതൃതനൂജൻ.
കഷ്ടം കഷ്ടം തെക്കേ ദിക്കിലി-
തെന്തൊരു സംഭ്രമമഖിലജനാനാം
പരിഘാതടിനീദക്ഷിണതീരന—
രുംപൊഴിതന്നിൽ നിറഞ്ഞ മഹാജന—
മെന്തോന്നിളകിപ്പാഞ്ഞുനടന്നതു
രാക്ഷസരുണ്ടോ പോന്നവരുന്നു.

പേടിച്ചീടായ്ക്കെന്നു ഹനുമാ—
നിവരെ വിളിച്ചുത ചൊല്ലീടുന്നു
ഹന്ത! വിഭീഷണനേഷ വരുന്നതു
ഘോഷം കേട്ടതു ഭരതകുമാരോ
ലക്ഷ്മണവചസാ സരയൂവോളം
ചെന്നളവേ താൻ വന്ന വണങ്ങിന
വാനരരാക്ഷസവീരരെയെല്ലാ—
മുചിതമറിഞ്ഞഥ സമ്മാനിച്ചു മ—
ഹാപുരമദ്ധ്യേ രാമശശാങ്കനു
മുൻപിൽക്കൊണ്ടെത്തിരുമുൽക്കാഴ്ചയു—
മഴകൊട്ട വസ്തുിച്ചഭിനവതുംഗഹി—
രണ്മയപൃഥുലവിഹാരമഹീധര—
രത്നഗുഹാധരഗുഹപങ്ക്തിഷു പോയ്
മെല്ലെക്കൊണ്ടെയിരുത്തീടുന്നു
വന്നു നിരന്തരമാന്നു കിടക്കും
മാലോകക്കൊരു ബാധ വരായ്വാൻ
വാളമിളക്കിപ്പുകുവോട—
പ്പുഴയൊട്ട ചതുരവീഥിയൊടരചർ

സരയൂ.....രങ്ങം—സരയൂനദിയുടെ കരയിലുള്ള വൻവൃക്ഷങ്ങം. തുംഗത—പൊക്കം. മന്ദം—പതുക്കെ. വിനീതി—വണക്കം. മന്യേ—ഞാൻ വിചാരിക്കുന്നു. ധാതൃതനൂജൻ—ബ്രഹ്മാവിന്റെ പുത്രൻ (ജാംബവാൻ). അഖി.....നാം—എല്ലാ ജനങ്ങംക്കും. പരിഘ—അകിഴ്. തടിനി—പുഴ. ദക്ഷിണതീരം—തെക്കേക്കര. ഏഷഃ—ഇവൻ. ഭര.....രഃ—ഭരതകുമാരൻ. ലക്ഷ്മ....സാ—ലക്ഷ്മണന്റെ വാക്കിനാൽ. ഉചിതം—യോഗ്യം. മഹാ....ദ്ധ്യേ—നഗരത്തിന്റെ നടുക്കു്. അഭിന....ഷു—പുത്തനും പൊങ്ങിയതും ആയ തങ്കമയമായ വലിയ വിഹാരക്രീഡാപർവ്വതങ്ങളിലും രത്നമയഗൃഹകളോടുകൂടിയ ഗൃഹശ്രേണികളിലും. നിരന്തരം

വിരവോടങ്ങനയാനധുരന്ധര–
രാജകുമാരസമൂഹസമേതാഃ
സതതമിതമ്പൊടു പെരുമാറുന്നു.
പരമഗഭീരൻ ഭരതകുമാരൻ
മറുമിവണ്ണം കണ്ടതു കണ്ടു ന–
ടന്നീടും ചില പാഠകകവിവര–
പദ്യവിനോദം പലവു ദിഗന്തേ
ഹന്ത! തുടങ്ങീ ചന്തമൊടധുനാ.

മുനിവരവചസാ പാരിൽ പെരികിന
പാവനശക്തി നടിച്ചു വിളങ്ങും
തീർത്ഥാനയനകുതൂഹലഭാരാൽ
മുനിവൃഷഭന്മാർ കതിചന വേറേ
വടിവിലൊരുമ്പെട്ടൊരുവകയായ–
മ്മണികലശങ്ങളെടുത്തുംകൊണ്ടേ
കൈലാസാദ്രൗ ചെന്നു കരേറി
പ്രണയക്രോധപരാങ്മുഖിയാമ
പ്പർവതകന്യകതൻപദപദ്മ–
പ്രവണതതേടും ധൂർജടിജടകളി–
ലൊക്കെത്തക്കെച്ചെന്നു പിടിച്ചു പ–
രുങ്ങിത്തന്നിൽ മറിഞ്ഞു കിടക്കും
ഗംഗാസലിലം കലശിയിലാക്കി–
ച്ചെറു ചതിച്ചചൂഡാശശികല–
യൊന്നു പിഴിഞ്ഞുള്ളമൃതസ്യന്ദവു–
മതിൽ മേളിച്ചമ്മാമലമകൾതൻ–
മധുരമൃദുസ്മിതപീയൂഷദ്രവ–
സുരഭിലതാം ചേർത്തംബരവീഥ്യാ

–പഴുതില്ലാതെ. ചതുരം–നാൽവഴിക്കുള്ളത്. വീഥി–തെരുവു്. അന്നു .....താഃ–പിന്തുടരുവാൻ മുതിന്ന രാജകുമാരന്മാരുടെ കൂടെയുണ്ടായിരുന്നവരായി. പര....രൻ–വളരെ ഗംഭീരൻ. പാഠ....ദം–പാഠകക്കാരായ കവിശ്രേഷ്ഠന്മാരുടെ പദ്യംചൊല്ലൽ. ദിഗന്തേ–ദിക്കിൽ. അധുനാ–ഇപ്പോൾ.

മുനി....സാ–മുനിശ്രേഷ്ഠന്റെ വാക്കിനാൽ. പാവനശക്തി–ശുദ്ധമായ ബലം. തീർത്ഥാ....രാത്–തീർത്ഥം കൊണ്ടുവരുവാനുള്ള അധികതാത്പര്യം നിമിത്തം. മുനി.....ർ–മുനിശ്രേഷ്ഠന്മാർ. കതിചന–ചിലർ. കൈലാസാദ്രൗ–കൈലാസപർവ്വതത്തിൽ. പ്രണ.....യാം–പ്രണയകോപം നിമിത്തം വിമുഖിയായ. പർവ....ക–പാർവ്വതി. പദ....ത–ചരണകമലങ്ങളിൽ കനിയൽ. ധൂർജടി–ശിവൻ. സലിലം–ജലം. കലശി–കുടം. ചൂഡാ .. ല–തലയിലുള്ള ചന്ദ്രക്കല. അമൃതസ്യന്ദം–അമൃതിന്റെ കിനിവു്. മാമ....ം–പാർവതി. മധു....താം–മധുരവും മൃദുവും ആയ പുഞ്ചിരിയാകുന്ന അമൃതരസംകൊണ്ടുള്ള സൗരഭ്യം.

ത്രയോ ഗത്വാ ചില കലശങ്ങളിൽ
നൽകലശാണ്ഡവനടവിലുലാവിന
നാരായണചരണാംബുരുഹങ്ങളിൽ
മെല്ലേ മെല്ലേ ചെന്നടിയും ചില
ചെറുതിരമാലകളം കോരിക്കൊണ്ടേ—
ത്താരിൽപെണ്ണിൻ കബരീമലരും
വക്ഷസ്സുളസീസുരഭിലദലവും
കലശമുഖേഷു നിറച്ചു ദധാനാഃ
കതിചന മുമ്പേ ചെന്നു തുടങ്ങീ.
ചിലർ പോയ് ചെന്നക്കമലഭവൻതൻ
കരതലരത്നകമണ്ഡലുസലിലം
ഭാരതിയാമജ്ജഗദീശ്വരിയെ—
ക്കൊണ്ടൊരു നന്മണികുംഭേ പകർ....ി—
ച്ചിതമൊട്ട സംഭ്രമവേഗാൽ ചെന്നു.
കതിചന ഗംഗായമുനാതോയം
ചിലരധികാഞ്ചിതകാഞ്ചീപുരഗത—
കാമാക്ഷീനവകരുണാവീക്ഷം
കുവലയമലർനിര തിരയിലലമ്പും
പാമ്പാതടിനീമംഗലതോയം
ഗോദാവര്യാ; സലിലം കതിചന
ദക്ഷിണഗംഗാസലിലം കതിചന
കനകപ്രസവം തീർത്ഥം കതിചന
കിം ബഹുവാചാ പാരീരേഴിൽ വി—
ശിഷ്ടതകോലും തീർത്ഥഗണങ്ങളി—
തൊട്ടൊഴിയാതേ പെരുമ കലർന്ന വ—

അംബ....ര്യാ—അംബരമാർഗ്ഗംവഴി. ത്രയഃ—മൂന്നു. ഗത്വാ—പോയിട്ട്. കലശാണ്ഡവം—പാല്ലടൽ. നാരാ....ഹം—നാരായണന്റെ കാൽത്താമര. കബരീ—കേശം. വക്ഷ....ലവും—നെഞ്ചിലുള്ള തുളസിയുടെ മണം വീശുന്ന ഇലയും. കലശമുഖേഷു—കുടത്തിന്റെ വായിൽ. ദധാനാഃ—ധരിക്കുന്ന. കതിചന—ചിലർ. കമലഭവൻ—ബ്രഹ്മാവു്. കരത....ലം—കൈയിലുള്ള രത്നമയമായ കമണ്ഡലുവിലെ ജലം. ഭാരതി—സരസ്വതി. മണികുംഭേ—മണിമയമായ കുടത്തിൽ. കതിചന—ചിലർ. ഗംഗാ....യം—ഗംഗയിലേയും യമുനയിലേയും തീർത്ഥം. അധി....ക്ഷം—അധികം അഴകുള്ള കാഞ്ചീപുരത്തിലെ കാമാക്ഷീദേവിയുടെ പുത്തൻ കൃപാവലോകനത്തോടു്. കുവലയം—നീലത്താമര. പമ്പാ....യം—പമ്പാനദിയിലെ തീർത്ഥം. ഗോദാവര്യാഃ സലിലം—ഗോദാവരീതീർത്ഥം. കതിചന—ചിലർ. ദക്ഷി....ലം—കാവേരീതീർത്ഥം. കനകപ്രസവം തീർത്ഥം—കനകതീർത്ഥത്തിൽനിന്നുദ്ഭവിക്കുന്ന ജലം. കിം ബഹുവാചാ—വളരെ എന്തിനു പറയുന്നു. വിശിഷ്ടത—മേന്മ. തീർത്ഥഗണം—തീർത്ഥസമൂഹം. പരമ

സിഷ്ടമഹാമുനിതൻ തിരുമുമ്പിൽ
തെരുതെരെ വച്ചു പരമമുഹൂർത്തേ.

കർപ്പൂരത്തിരിയിട്ടു തുയകനകകാ—
ഗാരേ വിളങ്ങിത്തെളി—
ഞ്ഞപ്പോളുജ്ജ്വലദീപജാലകശിഖാ—
മാലാ ചകാശേതരാം
അപ്രായം നവദീപ്തിയും മഹിമയും
പ്രാകാശ്യവും പൂണ്ടൊരോ
ദിഗ്ഭാഗേഷു കനം തെളിഞ്ഞു വിലസീ
മാണിക്യദീപോത്കരം. 39

വസിഷ്ഠമുനി കലശം പൂജിക്കുന്നതിന്റെ വർണ്ണന:

നറുമുത്തരിയും നിറച്ചു വെള്ളി—
പ്പുറ വച്ചു സവിധേഷു ദീപികാനാം
പരികർമ്മിഭിരാവൃതോ മുനീനാം
പെരുമാനം പൂജ തുടങ്ങുവാനിരുന്നു. 40

പഞ്ചോപഹാരവിധിനൈവ യദാ വസിഷ്ഠഃ
സ്വാത്മാനമാർച്ചിചദുദാരധിയാം വരിഷ്ഠഃ
തദ്ഭാവനാമഹിമചുംബിതചേതനാനി
പ്രീതാനി ഭൗതികമയാനി തദാ ജഗന്തി. 41

മുഹൂർത്തേ—നല്ല മുഹൂർത്തത്തിൽ. മുഹൂർത്തം—സൽക്കർമ്മങ്ങളം ചെയ്വാനുള്ള ശുഭസമയം.

പദ്യം 39. കന....രേ—തങ്കമയമായ ഗൃഹത്തിൽ. ഉജ്ജ്വ....ഖാ—വളരെ ശോഭിക്കുന്ന വിളക്കുകളാൽ കത്തുന്ന തീനാക്കിന്റെ ശ്രേണി. ചകാ....രാം—വളരെ ശോഭിച്ചു. അപ്രായം—അതുപോലെ. മാണി....രം—മാണിക്യമയമായ ദീപസമൂഹം. നവദീപ്തിയും—പുതിയ കാന്തിയും. മഹിമ—മഹത്ത്വമയും. പ്രാകാശ്യം—പ്രകാശത്തോടുകൂടിയിരിക്കുന്ന അവസ്ഥയും. ദിഗ്ഭാഗേഷു—പല ദിക്കിലും. വിലസി—ശോഭിച്ചു.

പദ്യം 40. ദീപികാനാം സവിധേഷു—വിളക്കുകളുടെ സമീപത്തിൽ. പരികർമിഭിഃ ആവൃതഃ—പരിചാരകന്മാരാൽ ചുഴപ്പെട്ടവനായി. മുനീനാം പെരുമാനം—വസിഷ്ഠൻ.

പദ്യം 41. ഉദാ....യാം വരിഷ്ഠഃ—വിശാലബുദ്ധികളിൽ ശ്രേഷ്ഠനായ. വസിഷ്ഠഃ—വസിഷ്ഠമുനി. യദാ—എപ്പോൾ. പഞ്ചോ....നം ഏവ—അഞ്ചുപചാരങ്ങളം അനുഷ്ഠിച്ചിട്ട്. സ്വാത്മാനം ആർച്ചിചത്—ആത്മപൂജ ചെയ്തുവോ. തദാ—അപ്പോൾ. ഭൗതികമയാനി—ഭൂതവികാരസ്വരൂപങ്ങളായ. ജഗന്തി—ലോകങ്ങളം. തദ്....നി—അദ്ദേഹത്തിന്റെ ഭാവനാമഹിമ ആത്മാവിലേറ്റ്. പ്രീതാനി—സന്തുഷ്ടിയെ പ്രാപിച്ചു.

1. ധിനാ തു യദാ

തീർത്ഥാംഭഃപൂർണ്ണചാമീകരകലശസഹ—
സ്രേ തതഃ സ്വാത്മശക്തീർ-
യോഗീന്ദ്രേ സമ്യഗാവാഹയിതുമഹമിദ—
ന്താമതീത്യ പ്രവൃത്തേ
സ്വീയ സ്വീയാധികാരക്രമവിഹിതവിധം—
ബാക്ഷമാഃ പ്രീതിമത്യഃ
സർവാസ്സാഃ പ്രാദുരാസന്നഹമഹമികയാ
ദേവതാഃ സാവതാരാഃ. 42

അഭിഷേകോത്സവവർണ്ണന:

തസ്മിൻ സമാരാദ്ധ്യതി ധാതൃതുല്യേ
തസ്യാന്തരാകാശമിവാത്മഘോഷഃ
തദാതജന്മാ ബഹിരന്തരിക്ഷം
വാദിത്രഘോഷോ നിബിഡീചകാര. 43

തസ്യോപകണ്ഠേ പുരുഹൂതരത്ന—
സ്തൂണാസഹസ്രൈരുപശോഭമാനാ
അലംകൃതാ മന്ത്രിവരൈഃ സമന്താ—
ന്മഹാഭിഷേകോത്സവമണ്ഡപശ്രീഃ. 44

പദ്യം 42. തതഃ—പിന്നെ. യോഗീന്ദ്രേ—യോഗിശ്രേഷ്ഠനായ വസിഷ്ഠൻ. അഹമിദന്താം അതീത്യ-ഞാൻ ഇതു് എന്ന ഭേദഭാവനവിട്ടു്. തീർത്ഥാ....സ്രേ—തീർത്ഥം നിറഞ്ഞ സ്വർണ്ണക്കുടങ്ങളിൽ. സ്വാത്മശക്തീഃ—ആത്മശക്തികളെ. സമ്യക്—വിധിപോലെ. ആവാഹയിതും പ്രവൃത്തേ (സതി)—ആവാഹനം ചെയ്യുവാൻ തുടങ്ങിയപ്പോൾ. പ്രീതിമത്യഃ—സന്തുഷ്ടകളായ. സ്വീയ....മാഃ—അവരവരുടെ അധികാരക്രമത്തിന്റെ മുറയനുസരിച്ചുള്ള കാലതാമസത്തെ സഹിക്കാത്തവരായി. സാവതാരാഃ—അവതാരസ്വരൂപത്തോടുകൂടിയവരായി. ദേവതാഃ—ദേവതകൾ. അഹമഹമികയാ—ഞാനാദ്യം ഞാനാദ്യം എന്ന മട്ടിൽ. പ്രാദുരാസൻ—പ്രത്യക്ഷരായി.

പദ്യം 43. ധാതൃതുല്യേ തസ്മിൻ സമാരാദ്ധ്യതി (സതി)—ബ്രഹ്മാവിനു തുല്യനായ വസിഷ്ഠൻ പൂജകഴിക്കുമ്പോൾ. ആത്മഘോഷഃ—ആത്മഘോഷം. തദന്ത...ശം ഇവ—അദ്ദേഹത്തിലെ ഹൃദയാകാശത്തെ എന്നപോലെ. തദാതജന്മാ വാദ്യഘോഷഃ—അപ്പോഴുണ്ടായ വാദ്യങ്ങളുടെ ധ്വനി. ബഹി....ക്ഷം—ബാഹ്യമായ ആകാശപ്രദേശത്തെ. നിബിഡീചകാര—നിബിഡമാക്കിച്ചെയ്തു.

പദ്യം 44. തസ്യ ഉപകണ്ഠേ—അതിന്റെ (കലശം പൂജിച്ചതിന്റെ) സമീപത്തിൽ. പുരു....സ്രൈഃ ഉപശോഭമാനാ—ഇന്ദ്രനീലരത്നമയമായ അസംഖ്യം തൂണുകളോടു വിളങ്ങുന്നവനായ. മഹാ....ശ്രീഃ—മഹാഭിഷേകത്തിനായി നിർമ്മിക്കപ്പെട്ട മണ്ഡപത്തിന്റെ ശോഭ. മന്ത്രിവരൈഃ സമന്താത് അലങ്കൃതാ—മന്ത്രിശ്രേഷ്ഠന്മാരാൽ ചുറ്റുപാടും അലങ്കരിക്കപ്പെട്ടു.

1. തകലംപേ. 2. തദന്ത.

മുക്താമാലാവിതാനേ മുകുരനിര പതി—
ച്ചീടിനാർ നാലുപാടും
പുത്തൻപൊന്നിൻവഴക്കാക്കുലകും പലവു തു—
ക്കീടിനാർ പാടുപാടേ
ഉത്തുംഗം മേരുപോലേ ദശരഥവിരഹാൽ
ക്ലായി യാത്രാപ്രസംഗാത്
ഭദ്രം സാമ്രാജ്യസിംഹാസനമഴകൊട്ട വ—
ച്ചീടിനാർ മദ്ധ്യഭാഗേ. 45

പൊന്നിൻകുടം തൊഴുവതിന്നിഹ ചെറുപാന്തേ
മിന്നും ഗവാക്ഷരചനാ സുഭഗം വിളങ്ങീ
പുണ്യാഭിഷേകവിധി കണ്ടഭിശാന്തനാരീ—
കണ്ണിന്നുമങ്ങിയലുവാൻ പ്രമദാതിരേകം. 46

മംഗല്യവെൺകുപ്പിവിളക്കു വച്ചാർ
മങ്ങാതവണ്ണമ്മണമാന്നേകം
അങ്കേ പളുങ്കത്തറമേൽത്തദാനീം
തുംഗം മണിത്തോരണവും നിവർന്നു. 47

വിശ്വാമിത്രന്നഗസ്ത്യന്നിനിയ ഭൃഗുസുത—
ന്നൃശ്യശൃംഗന്നു മറും
നിശ്ശേഷം മേന്മ മേന്മേലുടയ മുനിവര—
ന്മാക്കിരിപ്പാൻ വിശേഷാൽ
വച്ചാർ കൊണ്ടന്നു പിന്നെപ്പ്രതിയ കനകപീ—
ഠന്തന്മേ മാണിക്യരത്ന—
പ്രച്ഛായോല്ലാസി മറ്റൊന്നിനിയ ജനകരാ—
ജന്നമസ്യാം സഭായാം. 48

പദ്യം 45. മുക്താ... നേ—മുത്തുമാലകൊണ്ടുള്ള മേൽകുട്ടിയിൽ. മുകുരം—കണ്ണാടി. മേരു—സുമേരുപർവതം. ഉത്തുംഗം—പൊങ്ങിയ. ദശ.... ത്—ദശരഥന്റെ വിയോഗത്താൽ. യാത്രാ .. ഗാത്—വനവാസാദിയാത്രാപ്രസംഗം ഹേതുവായി. ക്ലായി—ഉപയോഗപ്പെടുത്താതെ ക്ലാന്മായ. ഭദ്രം സാമ്രാ....നം—മംഗലമായ രാഷ്ട്രസിംഹാസനത്തെ. മദ്ധ്യഭാഗേ—നടുക്കു്.

പദ്യം 46. ഉപാന്തേ—സമീപത്തിൽ. ഗവാ....നാ—ജനാലകളെ നിർമ്മിച്ചതു്. സുഭഗം—ഭംഗിയാംവണ്ണം. പുണ്യാ....ധി—പരിശുദ്ധമായ അഭിഷേകക്രിയ. അഭിശാന്തനാരീ—മനസ്സടങ്ങിയ സ്ത്രീ. പ്രമദാ....കം—അധികമായ സന്തോഷം.

പദ്യം 47. അങ്കേ—മദ്ധ്യത്തിൽ. മംഗല്യം—മംഗലകരം. തദാനീം അപ്പോൾ. തുംഗം—പൊങ്ങിയ. മണിത്തോരണം—രത്നമയമായ തോരണം.

പദ്യം 48. ഭൃഗുസുതന്നു്—പരശുരാമനു്. കനകപീഠം—സ്വർണ്ണമയ

യോഗീന്ദ്രന്മാക്കിരിപ്പാനൊരിടമവനിദേ—
വാവലീനാമൊരേടം
ഭാഗം മറെറാന്നു തീർത്താർ നിഖിലനൃപവരാ—
വാസസൗഖ്യൈകയോഗ്യം
പാകീടും പട്ടസൂത്രപ്രകരകലവിമേൽ—
ത്തുകിനാർ പിന്നെ നീളെ—
ത്തുകീടും കാഞ്ചനപ്പൂമ്പൊടിനിറ നിറയും
ദിവ്യമന്ദാരമാലാഃ. 49

മാണിക്യപ്പന്തൽ തീർത്താർ പലവക പവിഴ—
പ്പന്തൽ മുന്നാറു പോരേ
കാണെക്കാണെച്ചമച്ചാർ പലവു മരതക—
പ്പന്തലും മറു വേറേ
ചേണെത്തും മൗക്തികപ്പന്തലിൽ നിരവധി തു—
ക്കിക്കിടക്കുന്ന ഹാര—
ശ്രേണീഗീർവാണഗംഗാലഹരികളിൽ വെള്ള -
പ്പിച്ചു ദിക്ചക്രവാളം. 50

നേരെ പൂവാളി മുള്ളും മധുപവിലുളിതം
കുങ്കുമത്തിൻ തളിത്ത—
ത്താരോമല്പട്ടനൂൽകൊണ്ടിടയിട മുറുക—
ക്കെട്ടി മിന്നുന്ന ശോഭം
ഓരോരോ ദിക്കിലഗ്രോല്ലുളിതകനകഘണ്ടാ—
ഝണത്കാരഘോഷാ—
സ്സുരാ മംഗല്യവെള്ളിക്കൊടികൾ വെളുവെള്ള—
ത്തത്ര കാണായ്ത്തുടങ്ങീ. 51

മായ ആസനം. മാണി ...സി—മാണിക്യരത്നത്തിന്റെ കാന്തിയാൽ ശോഭിക്കുന്ന. അന്യാം സഭായാം—ഈ സഭയിലുള്ള.

പദ്യം 49. യോഗീന്ദ്രന്മാർ—യോഗിശ്രേഷ്ഠന്മാർ. അവനി....നാം—ബ്രാഹ്മണർക്ക്. നിഖില....ഗ്യം—എല്ലാ രാജാക്കന്മാർക്കും സുഖമായി ഇരിക്കുവാൻ യോഗ്യമായ. പട്ട ...രം—പട്ടനൂൽസമൂഹം. കാഞ്ചനം—സ്വർണ്ണം. ദിവ്യ....ലാഃ—ദിവ്യങ്ങളായ മന്ദാരപുഷ്പമാലകളെ.

പദ്യം 50. ഹാര ...ഹരി—ഹാരപങ്ക്തികളാകുന്ന ദേവഗംഗയുടെ പ്രവാഹം. ദിക് ....ളം—ദിങ്മണ്ഡലത്തെ. ഗംഗാപ്രവാഹംപോലെ മുത്തുമാലകളും വെളുത്തിരിക്കുന്നു എന്നർത്ഥം.

പദ്യം 51. മധുപവിലുളിതം—വണ്ടുകളും പറന്നെത്തുന്നതു്. മിന്നുന്ന ശോഭം—മിന്നുന്ന ശോഭയോടു കൂടിയ വർണ്ണം. അഗ്രോ....രാ--പൊക്കത്തിൽ കെട്ടിത്തൂക്കിയ തങ്കമണികളുടെ ഝണത്കാരശബ്ദത്താൽ മനോഹരകളായ. അത്ര—അവിടെ.

അന്നേരം പൂണ്ണനാനാമണികലശസപര്യാ—
ക്രമേ വാമദേവൻ—
തന്നാലന്വീയമാനസ്തദനു തരളയൻ
ഗൗരപട്ടത്തരീയം
കണ്ഠാന്തേ വിക്രമാക്ഷസ്രജമനുകലയൻ
പോന്നെഴുന്നെള്ളിനാന—
പുണ്യാത്മാ ശ്രീവസിഷ്ഠൻതിരുവടി മതിമാൻ
മംഗലാസ്ഥാനരംഗേ. 52

അന്യേ തിക്കിത്തിരക്കിപ്പെരുകിന കുതുകം—
കൊണ്ടിടഞ്ഞങ്ങുമിങ്ങും
ധിണ്ണന്നോരൊന്ന ചൊന്നിട്ടടനടനെഴുനീ—
റാശു സംഘം മുനീനാം
ചെന്നോരോ തുയവെള്ളിപ്പലകകളിലിരു—
ന്നീടിനാർ വന്നുകൂട്ടം
മന്നോർജാലങ്ങളാലും പരിഷദി വിഹിതൗ—
ചിത്യമാസാംബഭൂവേ. 53

തന്നാചാര്യാജ്ഞയെന്നും മുകുടമണി കന—
ത്തെന്നപോലേ വണങ്ങി—
ത്തന്നേ മന്ദാക്ഷവീക്ഷാം തടവി മധുരഗം—
ഭീരവക്ത്രാരവിന്ദം
പുണ്യസ്നാനാവസാനേ പുതിയ കനകപ—
ട്ടാംബരം ചാത്തി മമ്മാ!
വന്നുദ്ഭാന്തം ദശാസ്യദ്വിഷമഥ ദൃഢശ്രൂർ—
ദർശനീയം ജനൗഘാഃ. 54

പദ്യം 52. പൂണ്ണ....മേ—നിറഞ്ഞ പല മണികലശങ്ങളിലും ക്രമമായി നടത്തണ്ട പൂജയിൽ. വാമദേവൻതന്നാൽ—വാമദേവനാൽ. അനുവീയമാനഃ—പിന്തുടരപ്പെട്ടവനായി. തദനു—അതിൽ പിന്നെ. ഗൗര....യം തരളയൻ—ഗൗരവർണ്ണമായ പട്ടത്തരീയത്തെ ഇളക്കുന്നവനായി. കണ്ഠാന്തേ—ചെവിയിൽ. വിക്രമ... ജം അനുകലയൻ—അക്ഷമാലയെ ഘടിപ്പിച്ചുകൊണ്ട്. മംഗ....ഗേ—മങ്ഗളമായ അഭിഷേകമണ്ഡപത്തിൽ. പുണ്യാത്മാ—പുണ്യപുരുഷനായ.

പദ്യം 53. അന്യേ—മറ്റുള്ളവർ. കുതുകം—സന്തോഷം. മുനീനാം സംഘം—മുനികളുടെ കൂട്ടം. മന്നോർജാലം—രാജാക്കന്മാർ. ആശു—വേഗം. തുയ—പരിശുദ്ധമായ. പരിഷദി—സഭയിൽ. വിഹി....ത്യം—യോഗ്യതയ്ക്കു തക്കവണ്ണം. ആസാംബഭൂവേ—ഇരിപ്പു എന്നുള്ളതുണ്ടായി.

പദ്യം 54. ആചാര്യാജ്ഞ—ആചാര്യന്റെ കല്പന. മുകുടമണി—ശ്രേഷ്ഠകിരീടം. മന്ദാക്ഷവീക്ഷാം—ലജ്ജയോടുകൂടിയ നോട്ടത്തെ. മധു....ന്ദം—മധുരവും ഗംഭീരവുമായ മുഖവുമായി. പുണ്യ.....നേ—ശുദ്ധമായ

കസ്തൂരീകർദ്ദമത്തെപ്പരിചൊടു പനിനീ—
രിൽ കലക്കിത്തെളിച്ച—
മുധ്ധാക്ഷീണാം കദംബം മെഴുകി നിഴലെടു—
ക്കുന്ന രഥ്യാപദവ്യാ
നത്വാ സംഭ്രാന്തിവേഗാത് പരിസരവിലസത്—
ക്ഷത്രനക്ഷത്രമാലാ—
മദ്ധ്യേ പൂർണ്ണേന്ദുപോലേ മധുരമധുരമാ—
യാന്തമാനന്ദമൂലം. 55

ആഗച്ഛന്തം കടാക്ഷൈരവനെയവനെ മാ—
നിച്ച മാനിച്ച ഭ്രമൗ
പാകപ്പെട്ടോരു പട്ടാംബരമയനവപാ—
വാടമേലേ സലീലം
നാകസ്ത്രീപാണിപങ്കേരുഹവിഗളിതമ—
ന്ദാരമാലാമരന്ദം
തുകിത്തുകി പ്രകാമം മത്തമതെ വിലസു—
മ്മല്ലധമ്മില്ലഭാരം. 56

ഭക്ത്യാ ചെന്നമ്മമാർ മൂവരെയുമനുപദം
വീണ കൂപ്പും ദശായാ—
മെത്തും പൃഥ്വീരജോധ്വസരസുരഭിലദോ—
രന്തരാളാഭിരാമം

സ്നാനത്തിന്റെ ഒടുവിൽ. കന....രം—തങ്കനിറത്തിലുള്ള പട്ടവസ്ത്രം. ഉദ''ന്തം—ശോഭിക്കുന്ന. ദർശനീയം—കാണേണ്ടവനായ. ദശാ....ഷം—രാമനെ. ജനൗഘാഃ—ജനങ്ങൾ. ദദൃശുഃ—കണ്ടു. അഥ—പിന്നെ.

പദ്യം 55. കസ്തൂരീകർദ്ദമം—കസ്തൂരിക്കുഴമ്പ്. മുധ്ധാക്ഷീണാം കദംബം—സുന്ദരിമാരുടെ കൂട്ടം, രഥ്യാപദവ്യാ—രാജമാർഗ്ഗത്തിലൂടെ. മധുരമധുരം—വളരെ മധുരമാംവണ്ണം. ആയാന്തം—വരുന്ന. സംഭ്രാന്തിവേഗാത്—വളരെ സംഭ്രമത്തോടുകൂടി. നത്വാ—നമിച്ചിട്ട്. പരി....ദ്ധ്യേ—ചുറ്റും ശോഭിക്കുന്ന രാജാക്കന്മാരാകുന്ന നക്ഷത്രമാലയുടെ നടുക്ക്. പൂർണ്ണേ....ലേ—പൂർണ്ണചന്ദ്രൻപോലെ. ആനന്ദമൂലം—ആനന്ദത്തിനു കാരണമായ. ഇതുമുതൽക്ക് ആറു പദ്യങ്ങളും ശ്രീരാമനെ വിശേഷിപ്പിച്ചുകൊണ്ടു പൂർവപദ്യത്തിലെ 'ദദൃശുഃ' എന്ന ക്രിയയിൽ അന്വയിക്കുന്നു.

പദ്യം 56. കടാക്ഷൈഃ—കടക്കൺനോട്ടങ്ങളാൽ. മാനിച്ച്—സത്കരിച്ച്. ഭ്രമൗ-ഭ്രമിയിൽ. പട്ട....ലേ—പട്ടവസ്ത്രമയമായ വിരിച്ചിരിക്കുന്ന പുതിയ പാവാടയുടെ മുകളിൽ. സലീലം—ഉല്ലാസത്തോടുകൂടി. നാക...ന്ദം—ദേവസ്ത്രീകളുടെ കയ്യിൽനിന്നു വീണ മന്ദാരമാലയിലെ തേൻ, പ്രകാമം—വളരെ. വിലസും—ശോഭിക്കുന്ന. ധമ്മില്ലഭാരം—കേശഭാരം.

പദ്യം 57. അമ്മമാർ മൂവർ—കൗസല്യയും കൈകേയിയും സുമിത്രയും. അനുപദം—ഉടൻ. അല്ലെങ്കിൽ കാല്ക്കൽ. കൂപ്പും ദശായാം—കൂപ്പുമ്പോൾ. പൃഥ്വീ....മം—ഭൂമിയിലെ പൊടി പററി ചെമ്പിച്ചു മനോഹര

മദ്ധ്യേ മുഗ്ധാംഗിമാരാൽ മുഹുരപി മണിസൗ-
ധാങ്കണസ്ഥാഭിരന്തഃ—
സ്നിഗ്ധാലോകാന്തലീലാകുവലയനിരകൊ-
ണ്ടെങ്ങുമാരാധ്യമാനം. 57

ഹന്തമാനെ മദം കലർന്നാലാവീ-
ടിന രോമാഞ്ചകദംബമഞ്ജുളാംഗം
അന്തകമ്പ പുലമ്പുമടെക്കൺ—
മുനകൊണ്ടേ പലജാതി മാനയന്തം. 58

അരികത്തു വിളിച്ചുകൊണ്ടു വാനോർ—
വരനാൽപ്പോലുമതീവ മാനനീയൗ
ഹരിരാജവിഭീഷണൗ നമന്തൗ
സരസം ചേർത്തിരുപാടുമാജിഹാനം. 59

അമന്ദമന്ദാക്ഷവിനീതധൈര്യ-
ക്രമം കലർന്നാദരമാർന്നപാംഗൈഃ
സുമന്ത്രിചൂഡാഭരണത്തെ മമ്മാ!
സുമന്ത്രരെപ്പേർത്തുമവേക്ഷമാണം. 60

വാദിത്രാണാം നിനാദങ്ങളുമിളകുമൊരോ
താപസാധീശരാശീർ—
വാദത്തിൻ ഘോഷവും വാല്മീരലുമൊരുമിച്ചേ-
ന്നിട്ടമക്കം ദശായാം

മായിരിക്കുന്ന ബാഹ്യമദ്ധ്യംകൊണ്ടു രമ്യനായ. മദ്ധ്യേ—നടുവിൽ. മണി ....ഭിഃ—മണിമയപ്രാസാദത്തിന്റെ അങ്കണത്തിലിരിക്കുന്നവരായ. മു ഗ്ധാംഗി—സുന്ദരി. മുഹുഃ അപി—വീണ്ടും. അന്തഃ....നിര—ഉൾസ്നേഹം കലർന്ന കടാക്ഷലീലയാകുന്ന കുവലയങ്ങളാൽ. ആരാധ്യമാനം—ആരാധിക്കപ്പെടുന്നവനായ

പദ്യം 58. രോമാ....ഗം—രോമാഞ്ചസമൂഹത്താൽ മനോഹരശരീരനായ. അന്തകമ്പ—കൃപ. പലജാതി—പലവിധം. മാനയന്തം—ബഹുമാനിക്കുന്ന.

പദ്യം 59. അതീവ—വളരെ. വാനോർവരൻ—ദേവശ്രേഷ്ഠൻ. മാനനീയൗ—ബഹുമാനിക്കത്തക്കവരായ. നമന്തൗ ഹരി....ണൗ—വണങ്ങുന്നവരായ സുഗ്രീവനേയും വിഭീഷണനേയും. സരസം—താത്പര്യത്തോടുകൂടി. ഇരുപാടും ആജിഹാനം—ഇരുവശങ്ങളിലും നിർത്തുന്ന.

പദ്യം 60. അമന്ദ....മം കലർന്ന—അധികമായ ലജ്ജയാൽ ധൈര്യം കുറഞ്ഞ. സുമ....ത്തെ—മന്ത്രിശ്രേഷ്ഠനായ. ആദരമാർന്ന്—ആദരവോടുകൂടി. അപാംഗൈഃ അവേക്ഷമാണം—കടക്കണ്ണിനാൽ നോക്കുന്ന.

പദ്യം 61. വാദിത്രാണാം—വാദ്യങ്ങളുടെ. നിനാദം—ശബ്ദം. താപ....ത്തിൻ—താപസശ്രേഷ്ഠന്മാരുടെ അനുഗ്രഹവചനത്തിന്റെ. അമക്കം ദശായാം—മുഴങ്ങുമ്പോൾ. സാമർത്ഥ്യന—സാമർത്ഥ്യത്തോടേ. ത്രിലോകീ—മൂന്നു ലോകം. രംഗേ—അരങ്ങത്ത്. അഖിലജനം—എല്ലാ ജന

സാമത്ഥ്യേന ത്രിലോകീചെറുതൊട്ടകറി രം—
ഗേ കരേറുന്നതും ബാ—
ലാദിത്യൻ പോന്നുദിക്കുന്നതുമഖിലജനം
കണ്ടു വിസ്മേരമാസീത്. 61

വസിഷ്ഠാജ്ഞാം ചൂഡാമണിമിവ വഹൻ കൗശികമുഖാൻ
വിശിഷ്ടാനാനമ്യ സ്വജനകസമാനം ച ജനകം
അതിഷ്ഠല്ലോകാനാം നയനശരദിന്ദുസ്ത്രിഭുവന—
പ്രതിഷ്ഠായാ മൂലേ മഹതി മണിപീഠേ സ ധൃതിമാൻ. 62

മംഗല്യശാലിനി മലക്കുഴൽകൊണ്ടു മെല്ലെ—
ന്നംഗം മറച്ചതിനടത്തൊരു രത്നപീഠേ
ഭംഗ്യൈവ സീതയുമിരുന്നരുളീ മുരാരേ—
രങ്കേ മണം പെരിയ പൂമകളെന്നപോലെ. 63

മിഥിലേന്ദ്രമുദസ്മിതം കളിച്ചു
വദനേന്ദുക്കളിലേതയോസ്തദാനീം
നളിനദ്വിതയേ പകർന്ന ചാടും
കളഹംസച്ചെറുപൈതലെന്നപോലേ. 64

നിറമേന്തിന ഹേമദണ്ഡശുംഭ—
ന്നറുമുത്തുക്കുടയും പിടിച്ചുപാന്തേ
മുറുവൽക്കലെയും കലർന്നു നിന്നു
ഭരതൻ മേദുരഭക്തിനമ്രമൂർദ്ധാ. 65

വും. വിസ്മേരം ആസീത്—ആശ്ചര്യപ്പെട്ടു. ബാലാദിത്യൻ പോന്നുദിക്കുന്നതിനും ശ്രീരാമൻ അരങ്ങത്തു പ്രവേശിക്കുന്നതിനും ഉപമാനോപമേയഭാവം ആക്ഷേപസിദ്ധം.

പദ്യം 62. ലോകാനാം നയനശരദിന്ദുഃ—ലോകരുടെ കണ്ണുകൾക്കു ശരത്കാലചന്ദ്രനായ. ധൃതിമാൻ സഃ—ധൈര്യവാനായ അവൻ (രാമൻ). വസിഷ്ഠാജ്ഞാം ചൂഡാമണിം ഇവ വഹൻ—വസിഷ്ഠന്റെ കല്പനയെ ശിരോരത്നത്തെ എന്നപോലെ (ശിരസ്സിൽ) വഹിക്കുന്നവനായി. കൗശി....ൻ വിശിഷ്ടാൻ സ്വജനകസമാനം ജനകം ച ആനമ്യ—വിശ്വാമിത്രൻ തുടങ്ങിയുള്ള ശ്രേഷ്ഠന്മാരെയും തന്റെ പിതാവിനു തുല്യനായ ജനകനേയും വന്ദിച്ചിട്ട്. ത്രിഭു....യാഃ മൂലേ—മൂന്നു ലോകത്തിന്റെയും സംസ്ഥിതിക്കു കാരണമായ. മഹതി മണിപീഠേ—വലിയ മണിമയമായ ആസനത്തിൽ. അതിഷ്ഠത്—ഇരുന്നു.

പദ്യം 63. മംഗ....നി—മംഗലക്രിയയാൽ ശോഭിക്കുന്ന. അംഗം—ശരീരം. രത്നപീഠേ—രത്നാസനത്തിൽ. ഭംഗ്യാ ഏവ—ഭംഗിയോടുകൂടിത്തന്നെ. മുരാരേഃ അങ്കേ—വിഷ്ണുവിന്റെ മടിയിൽ. പൂമകൾ—ലക്ഷ്മീദേവി.

പദ്യം 64. തദാനീം—അപ്പോൾ. ഏതയോഃ—ഇവരുടെ (രാമന്റെയും സീതയുടെയും). വദനേന്ദു—മുഖചന്ദ്രൻ. മിഥി....തം—ജനകന്റെ മന്ദഹാസം. നളിനദ്വിതയേ—രണ്ടു താമരയിൽ.



ഉന്നദ്രദ്യുതിരത്നദീപനികരം—
ബം ചൂഴെ മിന്നുന്ന നൽ—
പൊന്നും കുത്തുവിളക്കുമായ് പ്രണതനായ്
നിന്നു സുമിത്രാസുതൻ
മുന്നേവൻ, പുനരന്യനക്കരതലേ
പാദ്യാംബുപൂർണ്ണം പുതു—
പ്പൊന്നുംകിണ്ടിയുമാടമുണ്ടുമരികേ
കൈക്കൊണ്ടു തസ്ഥൗ മുദാ. 66

അന്നേരം കൂടിയാടീ കുതുകവിലുളിതാ
വാനരന്മാർ നരന്മാർ
വിണ്ണോർ നക്തഞ്ചരന്മാരിതി വിവിധഭിദാ—
ബന്ധുരം ജന്തുജാതം
മന്യേ ശ്രീരാമരൂപാമൃതമണിമിഴികൊ-
ണ്ടാസ്വദിക്കും ജനാനാ—
മന്നെങ്കിൽ പുണ്യഭാജാം മകുടമണി സഹ
സ്രാക്ഷനെന്നൊച്ചകൊണ്ടു. 67

ശ്രീരാമചന്ദ്രനെ നിറത്തൊടലംകൃതം വാർ—
ചേരും മനോഹരമഹാമകുടം ചകാശേ
ആരൂഢമോദമഭിഷേകനിഷേവണത്തി—
ന്നാരാദുപേത്യ മരുവും കനകാദ്രിപോലേ. 68

പദ്യം 65. ഹേമ....ഭത്—സ്വർണ്ണക്കാൽകൊണ്ടു ശോഭിക്കുന്ന. ഉപാന്തേ—സമീപത്തിൽ. മേദു....ദ്ധാ—മുഴുത്ത ഭക്തികൊണ്ടു കുനിഞ്ഞ ശിരസ്സോടുകൂടിയ. മൃദു....ല—മന്ദഹാസലേശം.

പദ്യം 66. ഉന്ന .. ബം—വളരെ കാന്തിയോടുകൂടിയ രത്നമയങ്ങളായ വിളക്കുകളുടെ സമൂഹം. പ്രണതൻ—നമസ്കരിച്ചവൻ. മുന്നേവൻ സു....തൻ—ലക്ഷ്മണൻ. അന്യൻ പുനഃ—ശത്രുഘ്നനാകട്ടെ. കരതലേ—കൈയിൽ പാദ്യാ....ണ്ണം—പാദക്ഷാളനത്തിനുള്ള ജലം നിറച്ച. മുദാ തസ്ഥൗ—സന്തോഷത്തോടുകൂടി സ്ഥിതിചെയ്തു.

പദ്യം 67. കുതു .. താഃ—സന്തോഷത്താൽ ചപലരായ. നരന്മാർ—മനുഷ്യർ. നക്തഞ്ചരന്മാർ—രാക്ഷസർ. ഇതി—എന്നിങ്ങനെ. വിവി....രം—പല തരത്തിൽപ്പെട്ട വിചിത്രരായ. ജന്തുജാതം—ജന്തുസമൂഹം. ശ്രീരാ....തം—ശ്രീരാമന്റെ രൂപമാകുന്ന അമൃതത്തെ. അണിമിഴികൊണ്ടു—ദൃഷ്ടിശ്രേണിയാൽ. ആസ്വദിക്കും—അനുഭവിച്ചറിയുന്ന. പുണ്യഭാജാം—സുകൃതികളായ ജനാനാം—ജനങ്ങളിൽവെച്ച്. സഹസ്രാക്ഷൻ—ഇന്ദ്രൻ.

പദ്യം 68. അലങ്കൃതം—അണിയിച്ച. മനോ....ടം—രമ്യമായ കിരീടം. ആരോ....ദം—സന്തോഷം വർദ്ധിച്ച്. അഭി....ന്നം—അഭിഷേകത്തിൽ പങ്കുകൊള്ളുവാനായി. ആരാത് ഉപേത്യ—അടുത്തു വന്നിട്ട്. കനകാദ്രി—മേരുപർവതം. ചകാശേ—ശോഭിച്ചു.

പണ്ടേതിലേറെ വിലസീ വദനം വിലാസം
തണ്ടന്നെ കുണ്ഡലയുഗേന തദാ തദീയം
രണ്ടർക്കബിംബമിരുപാടുമുദിച്ചു മദ്ധ്യേ
വെൺതിങ്കളം വെണ്മയൊടു നിന്നരുളുന്നപോലേ. 69

പ്രാണേശ്വരീസുമധുരാവയവങ്ങളോരോ
താനേ ചതിച്ചു വിജഹാര തദീക്ഷണാന്തം
ആനാഥമാത്മനിലയങ്ങളിലെങ്ങുമാരും
കാണാത രീതിയിലധോക്ഷജനെന്നപോലേ. 70

മാമാ തദീയഭുജദണ്ഡയുഗേ വിളങ്ങീ
ഹേമാംഗദദ്യുതിധരീപരിവാഹമാലാ
ആമോദിനീ ഭുവനലക്ഷ്മി പുണർന്നകാണ്മേ
കൈമേൽ പിരണ്ട നവകുങ്കുമമെന്നപോലേ. 71

ഭദ്രം[1] പ്രവീരമണിമാലികയും വലത്തെ-
ക്കയ്യത്തണ്ടുമേൽ പരിലലാസ തദാ തദീയേ
മെത്തും ജഗത്ത്രിതയരക്ഷണദീക്ഷ പോവാ-
നുദ്യോതമാനരുചി തേടിന കാപ്പുപോലേ. 72

ശ്രീബോധമുദ്രയുമണിഞ്ഞ കരദ്വയം ത-
ന്നാഭീപുടസ്യ സവിധേ നിഹിതം ബഭാസേ
ഉള്ളിൽ തെളിഞ്ഞു സുഖമേ വളരും മനീഷാ-
വള്ളിക്കു വിദ്രുമമണിത്തറയെന്നപോലേ. 73

പദ്യം 69. തദാ—അപ്പോൾ. വിലസീ—ശോഭിച്ചു. തദീയം—അവന്റെ (രാമന്റെ). വദനം—മുഖം. കുണ്ഡ... ന—രണ്ടു കുണ്ഡലങ്ങളാൽ. അർക്കബിംബം—സൂര്യബിംബം. മദ്ധ്യേ—നടുവിൽ.

പദ്യം 70. തദീ...ന്തം—ശ്രീരാമന്റെ കടക്കൺ. പ്രാണേ....ങ്ങൾ—സീതയുടെ മധുരമായ ഓരോ അംഗത്തിലും. വിജഹാര—വിഹരിച്ചു. ആനാ....ലം—ഗോപസ്ത്രീഗൃഹം. അധോക്ഷജൻ—ശ്രീകൃഷ്ണൻ.

പദ്യം 71. തദീ....ഗേ—അവന്റെ രണ്ടു കൈത്തണ്ടിന്മേലും. ഹേമാ ....ലാ—സ്വർണ്ണമയമായ തോൾവളയുടെ കാന്തിപ്രവാഹം. ആമോദിനീ—സന്തുഷ്ടയായ. അകാണ്ഡേ—പെട്ടെന്ന്. നവ....മം—പുത്തൻ കുങ്കുമം.

പദ്യം 72. തദാ—അപ്പോൾ. തദീയേ—ശ്രീരാമന്റെ. ഭദ്രം—മംഗളമായ. പ്രവീര .. ക—'വീരശൃംഖല.' ജഗ....ക്ഷ—മൂന്നു ലോകത്തെയും കാത്തുകൊള്ളുവാനായുള്ള നിശ്ചയത്തിന്റെ അടയാളം. ഉദ്യോ....ചി—വളരെ പ്രകാശിക്കുന്നു. പരിലലാസ—ശോഭിച്ചു.

പദ്യം 73. ശ്രീബോധമുദ്ര—ജ്ഞാനമുദ്ര. തത് കരദ്വയം—ആ രണ്ടു കൈയും. നാഭീപുടസ്യ സവിധേ നിഹിതം ബഭാസേ—പൊക്കിളിന്റെ അടുത്തായി വച്ചുപ്പിച്ചു ശോഭിച്ചു. മനീഷാവള്ളി—ബുദ്ധിയാകുന്ന ലത. വിദ്രുമമണി—പവിഴം.

---

1. ദ്രപ്ര.

പ്രാകാശ്യമാന്ന മണിമേഖല ചുഴ മേവും
മാഹേന്ദ്രരത്നസുഷമാവലയം വിരേജേ
സാകൂതമമ്മിഥിലകന്യക കണ്ട നോക്കും
നീഴ്കൺകലാവിവലനേച്ചുവിയെന്നപോലേ. 74

സൗവർണ്ണമേഖല കലന്ന ലലാസ പുത്തൻ—
പൂവാട മന്ദപവനാകലിതം തദീയം
ദേവേന്ദ്രകാർമുകലതാമുടലിൽ പിടഞ്ഞും
മുവന്തിമേഘപടലീനെറിയെന്നപോലേ. 75

ചേണെഴുമംഘ്രികമലങ്ങളിലങ്ങിണങ്ങീ
മാണിക്യരത്നപുരമയൂഖതരംഗമാലാ
മാനിച്ചു മാരുതസുതൻ ചരതിച്ചു ചാർത്തി—
പ്പേണിച്ച മാനസമലർപ്പൊടിയെന്നപോലേ. 76

ഇത്ഥം ഭ്രഷാവിശേഷദ്യുതിയിലുലകു മ—
ങ്ങിച്ചു കോദണ്ഡവല്ലീ—
മുത്സംഗേ ചേർത്തു നൈസർഗികമഹിമ നിഴൽ—
ക്കൊണ്ട ചിത്താംബുജന്മാ
ഭദ്രേ സിംഹാസനാന്തേ മനുകുലപെരുമാ—
ളാത്മമൈകൊണ്ടതന്നേ
പൃഥ്വീമംഗല്യസൂത്രത്തിനു മണിയുമണി—
ഞ്ഞങ്ങിരുന്നു തദാനീം. 77

ഗദ്യം 4.

തദനു ദിനാധിപവംശവതംസം
അഭിഷേകത്തിനിരുന്ന ദശായാം

പദ്യം 74. പ്രാകാശ്യം—പ്രകാശം. മണിമേഖല—മണിമയകാഞ്ചി. മാഹേ....യം—ഇന്ദ്രനീലരത്നത്തിന്റെ വലയാകാരമായ ശോഭ. വിരേജേ—ശോഭിച്ചു. സാകൂതം—അഭിപ്രായത്തോടുകൂടി. മിഥി.....ക—സീത. വലനേ—ഇളകത്തിൽ. ചുവി—പ്രഭ.

പദ്യം 75. സൗവർണ്ണമേഖല—സ്വർണ്ണമയമായ കാഞ്ചി. തദീയം—ശ്രീരാമന്റെ. മന്ദ....തം—ഇളങ്കാറ്റിനാൽ ഇളക്കപ്പെട്ട. ലലാസ—ശോഭിച്ചു. ദേവേ ...ലതാം—ദേവേന്ദ്രന്റെ വളഞ്ഞ വില്ലിനെ. മുവ....ടലി—ത്രിസന്ധ്യാകാലത്തിലെ മേഘക്കൂട്ടം.

പദ്യം 76. അംഘ്രികമലം—കാൽത്താമര. മാണി....ലാ—മാണിക്യരത്നമയമായ ചിലമ്പുകളുടെ കാന്തിപ്രവാഹം. മാരു....തൻ—ഹനുമാൻ.

പദ്യം 77. ഇത്ഥം—ഇപ്രകാരം. ഭ്രഷാ....യിൽ—ഭ്രഷണങ്ങളുടെ വിശേഷകാന്തിയിൽ. കോദ....ല്ലീം—വളർവില്ലിനെ. ഉത്സംഗേ—മടിയിൽ. നൈസ .. മ—സ്വതേയുള്ള മേന്മ. ചിത്താംബുജന്മാ—ഹൃദയകമലത്തോടുകൂടിയ. മനു....ം—ശ്രീരാമൻ. പൃഥ്വീ.....ൻ—ഭൂമിയുടെ നേടുമംഗല്യച്ചരടിനു. ഭദ്രേ സിംഹാസനാന്തേ—ഭദ്രസിംഹാസനത്തിൽ. തദാനീം—അപ്പോൾ.

ചിത്രം ചിത്രം! വിശ്വജനാനാം
വിശ്രാണനമഴ പെയ്തുതുടങ്ങീ.
പാത്രമറിഞ്ഞു പവിത്രവുമിട്ട–
ത്തുകൈകൊണ്ടേ വിപ്രവരാണാ–
മുത്തമദാനക്രിയകളം കഴിഞ്ഞു.
ശിവ ശിവ ശിവനേ! ദാനമിവണ്ണം
കണ്ടീലെങ്ങും കേട്ടീലെങ്ങും.
കാണൊരു വിപ്രനു വീടു കൊടുത്തു;
മറെറാരുവനുത നാടു കൊടുത്തു
മുഖ്യാത്മാവിനു മറെറാരുവനിത
മുക്കാൽവട്ടം നീർ നൽകുന്നു;
കഞ്ചിദ് ദ്വിജവരമഴകിൽ വിളിച്ചതു
പുഞ്ചക്കഴനികളംനിര നല്കുന്നു;
കനകമണിഞ്ഞു കുളമ്പും കൊമ്പും
കെട്ടിന ഗോക്കടെ കോടിസഹസ്രം
പ്രൗഢമുനീന്ദ്രനു ദാനം ചെയ്തു.
മറെറാരുവനൊരു മുപ്പതിനായിര–
മന്യനു ഗോകുലമൻപതിനായിര–
മധുനാ വിധിനാ പെരികെപ്പാരമി–
തിരുകൈകൊണ്ടും വാരിക്കോരി–
ത്തേകി തുടങ്ങീ, ഭ്രസുരർ ചിലരതു
കോന്തല കാട്ടിച്ചിലരതു മുണ്ടു പി–
ടിച്ചുകൊണ്ടേ പിച്ചപ്പാത്രം
കാട്ടീ കതിചന പച്ചപ്പട്ടത
ലുകിപ്പോയീ കഷ്ടം കഷ്ടം!
ശിവ ശിവ ശിവനേ! മറെറാരുവനൊരു
നൂറു കുടന്നക്കനകം കിട്ടീ.
താവിത്രിക്കൊരു പത്തു കുടന്നയു–
മഴകിതിതഴകിതിതാഢ്യബ്രാഹ്മണ–
നെത്ര ദരിദ്രൻ പത്തനസീമ്നി പ–

ഗദ്യം 4. തദനു–അതിൽപിന്നെ. ദിനാ....സം–ശ്രീരാമൻ. ഇരുന്ന ദശായാം–ഇരുന്നപ്പോൾ. വിശ്വ....നാം–എല്ലാ ജനങ്ങൾക്കും. വിശ്രാണനമഴ–കൊടുക്കുക എന്ന മഴ. പാത്രം–ഔചിത്യം. പവിത്രം–പരിശുദ്ധമായ മോതിരം. വിപ്ര ...ണാം–ബ്രാഹ്മണശ്രേഷ്ഠന്. ഉത്ത....ക്രിയ–ശ്രേഷ്ഠമായ ദാനകർമം. മുഖ്യാത്മാവു്–യോഗ്യത കൂടിയവൻ. മുക്കാൽവട്ടം–ക്ഷേത്രം. കഞ്ചിത് ദ്വിജവരം–ഒരു ബ്രാഹ്മണശ്രേഷ്ഠനെ. കനകം–തങ്കം. ഗോക്കൾ–പശുക്കൾ. പ്രൗഢ....നു–പാണ്ഡിത്യമുള്ള മുനിശ്രേഷ്ഠനു്. അന്യൻ–മറെറാരുവൻ. ഗോകുലം–പൈക്കൂട്ടം. അധുനാ–ഇപ്പോൾ. വിധിനാ–വിധിയനുസരിച്ചു്.

യിച്ചു കിടന്നതു പത്തുളപെണ്ണു തി—
രണ്ടൊരു നിരവേ പാരിജനമരികിൽ
പലരും തെരുതെരെ മുറവൽ കലന്നുട—
നാപാദിക്കും വിഭവം കണ്ടാ—
ലിന്നുമിവണ്ണമൊരായിരമാണ്ടു ക—
രദ്വിതയംകൊണ്ടാവതു വിതരണ—
കലവികയം ചെയ്താൽ പിന്നെയുമൊന്നുമൊ—
ട്ടുങ്ങാ ന്യനം ചിത്രം ചിത്രം!
സർവാണിക്കതെ ഗുർവാദേശാൽ
ഭരതാദികളും തുണ ചെയ്യുന്നു
നാലരുമായതു നാലുപുറത്തും
വാരിക്കോരിത്തേകൽ തുടങ്ങീ.
ഹര ഹര! ശിവ ശിവ! സന്തോഷത്തൊട്ട
കലശമെഴുന്നെള്ളിച്ചുതുടങ്ങീ
ഹന്ത! തുടങ്ങീതഭിഷേകോത്സവ--
മാരൊരു സരസൻ മുൻപിൽ മറച്ചതു
കൈതാഷ്ട്ടീടുവനിത്ഥമൊരോരോ
വാത്ത പറഞ്ഞും പരമഭിഷേകം
കണ്ടു സുഖിച്ചു രമിച്ചു മദിച്ചും
പ്രമദമിയന്നു സകലജനൗഘം.

ഗദ്യം 5.

തതശ്ച സുനിശ്ചലസൗഹൃദസുഗ്രീവപ്രഹിതദൂതജനകഥിത—
രാമാഭിഷേക മഹോത്സവശ്രവണ ജനിതകുതുകഭരവിവശഹൃദ—
യേഷു കരഭരഭരണ വിധുരഖരതുരഗവൃഷഭനികരേഷു ചതുരതര—
ചതുരംഗസേനാസഞ്ചാരസഞ്ജാതപാംസുസഞ്ചാദിതചതുരണ്ണ-

പാരം—വളരെ. ഭ്രസുരർ—ബ്രാഹ്മണർ. കതിപയ—ചിലർ. താവിത്രി—സാവിത്രി. പത്ത... ന്നി—നഗരത്തിൽ. ആപാദിക്കും—വിവേം—സംപാദിക്കുന്ന ദ്രവ്യം. കരദ്വിതയം—രണ്ടു കൈയ്. വിതരണം—ദാനം. ന്യനം—നിശ്ചയം. സർവാണി—എല്ലാവക്കും പണം കൊടുക്കുക. ഗുർവ്വാദേശാത്—ഗുരുവിന്റെ കല്പനയനുസരിച്ച്. കലശം—പൂജിച്ച കുംഭം. ഇത്ഥം—ഇങ്ങനെ. പരം അഭിഷേകം—ശ്രേഷ്ഠമായ അഭിഷേകക്രിയയെ. രമിച്ച്—വിനോദിച്ച്. പ്രമദം—സന്തോഷം. സക....ഘം—എല്ലാ ജനങ്ങളും.

ഗദ്യം 5. തതഃ ച—അനന്തരം. സുനി....യേഷു—സ്ഥിരമായ മൈത്രിയോടുകൂടിയ സുഗ്രീവൻ അയച്ച ദൂതന്മാരാൽ പറയപ്പെട്ട രാമന്റെ അഭിഷേകമഹോത്സവത്തെ കേട്ടു വളരെ സന്തോഷപരവശരായ. കര....ഷു—കപ്പം കൊടുപ്പാനുള്ള സാധനങ്ങളും ചുമന്നു പരവശങ്ങളായ കഴുതകളും കുതിരകളും കാളകളും ഇവയോടുകൂടിയ. ചതു... ലേഷു—മിടുക്കേറിയ ചതുരംഗസേനയുടെ യാത്രയാൽ ഉണ്ടായ പൊടികൊണ്ടു മൂടപ്പെട്ട നാലു

വസലിലേഷു സമാഗതേഷു സമസ്തരാജവര്യേഷു, സ്വാദുതര-
ചതുർവിധാഹാരേണ ഗോഹിരണ്യാദി ധനലാഭേന മഹോ-
ത്സവാവലോകനേന ച പ്രസിതേഷു രാഘവസ്യ സേതു-
ബന്ധനാദിഭിരപ്യപദാനൈർവ്യാവഭാഷീം കർവാണേഷു
മഹീഗീർവാണേഷു ത്വരമാണേഷ്വാഗതേഷു, ഗംഭീരഭേരീ-
ധ്വാനേന സ്വയമയോദ്ധ്യയൈവ സമുഹ്വരിതധ്വജപടച്ഛലൈ-
രാഹൂതേഷ്വിവ സഹർഷമായാതേഷു സകലലോകവാസിഷു,
പ്ലവംഗമപുംഗവപ്രേരിതൈഃ പ്ലവംഗമൈഃ ഗാംഗേയകലശ-
പൂരിതേഷു ഗാംഗേയപ്രമുഖതീർത്ഥസലിലേഷു അന്യേഷ്വ-
പ്യുപകരണേഷു സത്വരം സമാനീതേഷു സാദരസമാനീത-
വാമദേവവിജയഗൗതമകാശ്യപകാത്യായനാദി മുനിവരിഷ്ഠ-
സഹിതോ വസിഷ്ഠോ ഭഗവാൻ ഗരിഷ്ഠതപോനിധിഃ സമര-
ഖണ്ഡിതസുബാഹുമപി സുബാഹുകലിതകൗതുകം, സംഗര-
നർമ്മകർമ്മകരനിഗ്രഹനിരഗ്രളശരവിസരവിദാരിതദശാനനമപി
സുപ്രസാദീകൃതത്രിദശാനനം, സുവിഹിതജനനീജനകനൃപ-
വന്ദനം സവിനയവിഹിതനിജപാദാഭിവന്ദനമമോഘാശീർ-
വചനൈഃ സഹ ശിരസാ പദബന്ധം വഹമാനമഭിഷേക-

സമുദ്രജലങ്ങളോടുകൂടിയ. സമ....ഷു സമാഗതേഷു—എല്ലാ രാജശ്രേഷ്ഠന്മാരും വന്നെത്തിയിരിക്കെ. സ്വാദു ...ണ—രുചി കൂടിയ ഭോജ്യം ലേഹ്യം ചോഷ്യം പേയം എന്നീ നാലു വിധമായ ആഹാരത്താലും. ഗോഹി....ദേന—പശു സ്വർണ്ണം മുതലായ ധനലാഭത്താലും. മഹോ....ന ച—അഭിഷേകമഹോത്സവത്തിന്റെ കാഴ്ചയാലും. പ്രസിതേഷു—ആകർഷിക്കപ്പെട്ടവരായ. രാഘവസ്യ—രാമന്റെ. സേതു....ഭിഃ അപദാനൈഃ അപി—സേതുബന്ധനം തുടങ്ങിയ ശ്രേഷ്ഠകൃത്യങ്ങളെക്കൊണ്ടു്. വ്യാവഭാഷീം കർവാണേഷു—തമ്മിൽ വർത്തമാനം പറയുന്നവരായ. ത്വരമാണേഷു—ത്വരയോടുകൂടിയ. മഹീഗീർവാണേഷു—ബ്രാഹ്മണർ. ആഗതേഷു—വന്നെത്തിയിരിക്കെ. ഗംഭീ....ന—ഗംഭീരമായ ഭേരിമുഴക്കത്താലും. സമു....ജൈഃ—പൊങ്ങിയ കൊടിക്കൂറകളാകുന്ന കൈകളാലും. അയോധ്യയാ സ്വയം ഏവ—അയോധ്യാനഗരത്തിൽത്തന്നെ. ആഹൂതേഷു ഇവ—വിളിക്കപ്പെട്ടവർപോലെ. സഹർഷം—സന്തോഷത്തോടുകൂടി. സകല....ഷു ആയാതേഷു—എല്ലാ ലോകത്തിലും വസിക്കുന്നവർ വന്നെത്തിയിരിക്കെ. പ്ലവം....തൈഃ പ്ലവംഗമൈഃ—സുഗ്രീവനാൽ അയയ്ക്കപ്പെട്ട വാനരന്മാരാൽ. ഗാംഗേയക....ഷു ഗാംഗേയപ്ര....ഷു—തങ്കക്കലശങ്ങളിൽ നിറയ്ക്കപ്പെട്ട ഗംഗ തുടങ്ങിയുള്ള മുഖ്യതീർത്ഥങ്ങളിലെ ജലങ്ങളും. അന്യേഷു ഉപകരണേഷു അപി—മറ്റു സാധനങ്ങളും. സത്വരം സമാനീതേഷു—വേഗത്തിൽ കൊണ്ടുവരപ്പെട്ടിരിക്കെ. സാദ....തഃ—ആദരവോടുകൂടി കൂട്ടിക്കൊണ്ടുവരപ്പെട്ട വാമദേവൻ വിജയൻ ഗൗതമൻ കാശ്യപൻ കാത്യായനൻ തുടങ്ങിയുള്ള മുനിശ്രേഷ്ഠന്മാരോടുകൂടിയ. ഭഗവാൻ—ഭഗവാനായ. ഗരി....ധിഃ—ശ്രേഷ്ഠതാപസനായ. വസിഷ്ഠഃ—വസിഷ്ഠൻ. സമ....ഹം അപി—യുദ്ധത്തിൽ സുബാഹുവിനെ നിഗ്രഹിച്ചവനാണെങ്കിലും. സുബാ....കം—തന്റെ നല്ല കൈയിൽ കാപ്പുകെട്ടിയവനും. സംഗ....നനം അപി—യുദ്ധവ്യവസായ

സമുചിതവേഷലോഭനീയം ദാശരഥിം സുരശില്പികല്പശില്പി-
വരനിർമിതേ മംഗലകരമണ്ഡനമഹനീയേ മഹാമണ്ഡപേ
കമനീയഗാത്ര്യാ ജനകപുത്ര്യാ സഹ തപനീയമഹാപീഠേ
സമാവേശ്യ മന്ത്രപൂതൈസ്തീർത്ഥസലിലൈർവിധിവദഭ്യഷി-
ഞ്ചത᳘.

തീർത്ഥാംഭസ്സു യദാ പപാത ശിരസി
ശ്രീരാമചന്ദ്രസ്യ തത᳘
സപ്തർഷിഗാസലിലം കരേണ വവൃഷുർ-
ഹൃഷ്ടാശ്ച ദിക്കുംഭിനഃ
ദേവാഃ പുഷ്പമയം ച വാദ്യനിവഹാ
നേദുസ്തദാനാഹതാ
നൃത്യന്തി സ്മ സുരസ്ത്രിയഃ സകുതുകം
ഗന്ധർവവര്യാ ജഗുഃ. 78

അഭിഷേകം കഴിഞ്ഞു സിംഹാസനത്തിൽ വന്നിരുന്ന ശ്രീരാമനു വസിഷ്ഠൻ ഉപദേശങ്ങളും നല്കുന്നു.

ത്തിൽ തടവില്ലാതെ വെളിയിൽ പുറപ്പെട്ട ബാണങ്ങളുടെ ശക്തിയാൽ പിളക്കപ്പെട്ട രാവണനോടു കൂടിയവനാണെങ്കിലും. സുപ്ര....നനം–സന്തോഷിപ്പിക്കപ്പെട്ട ദേവമുഖങ്ങളോടു കൂടിയവനും. സുവി..നം–മാതാക്കളും ജനകരാജാവിനേയും നല്ലപോലെ വണങ്ങിയവനും. സവി....നം–വണക്കത്തോടുകൂടി തന്റെ (വസിഷ്ഠന്റെ) കാലിൽ നമസ്കരിച്ചവനും. അമോ....നൈഃ സഹ–സഫലങ്ങളായ അനുഗ്രഹവചനങ്ങളോടുകൂടി. ശിരസാ–ശിരസ്സുകൊണ്ടു᳘. പദബന്ധം വഹമാനം–പദബന്ധത്തെ ധരിക്കുന്നവനും. അഭി....യം–അഭിഷേകത്തിനു യോഗ്യമായ വേഷത്താൽ മനോഹരനും ആയ. ദാശരഥിം–രാമനെ. സുര....തേ–വിശ്വകർമ്മാവിനു തുല്യന്മാരായ ശില്പികളാൽ നിർമ്മിക്കപ്പെട്ട. മംഗ..യേ–മംഗളാലങ്കാരങ്ങളാൽ ശ്രേഷ്ഠമായ. മഹാ....പേ–വലിയ മണ്ഡപത്തിൽ. കമ....ത്ര്യാ ജന....ത്ര്യാ സഹ–സുന്ദരിയായ സീതയോടുകൂടി. തപ ...ഠേ–സ്വർണ്ണമഹാപീഠത്തിൽ സമാവേശ്യ–ഇരുത്തി. മന്ത്രപൂതൈഃ–മന്ത്രത്താൽ പരിശുദ്ധങ്ങളായ. തീർത്ഥ....ലൈഃ–തീർത്ഥജലങ്ങളെക്കൊണ്ടു᳘. വിധിവത᳘–വിധിപോലെ. അഭ്യഷിഞ്ചത᳘–അഭിഷേകം ചെയ്തു.

പദ്യം 78. യദാ ശ്രീരാമസ്യ ശിരസി തീർത്ഥാംഭഃ പപാത തു തദാ–ശ്രീരാമന്റെ ശിരസ്സിൽ തീർത്ഥജലം പതിച്ചപ്പോൾ. ഹൃഷ്ടാഃ ദിക്കുംഭിനഃ–സന്തോഷിച്ച ദിഗ്ഗജങ്ങൾ. കരേണ–തുമ്പിക്കൈകൊണ്ടു᳘. തത᳘ സപ്തർഷി....ലം–ആ ദേവഗംഗയിലെ ജലത്തെ. വവൃഷു–വർഷിച്ചു. ദേവാഃ–ദേവന്മാർ. പുഷ്പമയം ച–പുഷ്പമയമായും (വർഷിച്ചു). അനാഹതാഃ വാദ്യനിവഹാഃ നേദുഃ–വാദ്യങ്ങൾ കൊട്ടാതെ മുഴങ്ങി. സുരസ്ത്രിയഃ സകുതുകം നൃത്യന്തി സ്മ–ദേവസ്ത്രീകൾ കൗതുകത്തോടു നൃത്തനം ചെയ്തു. ഗന്ധ....ര്യാഃ ജഗുഃ–ഗന്ധർവ്വശ്രേഷ്ഠന്മാർ പാട്ടുപാടി.

തതോഽഭിഷിക്തഃ ക്രമശഃ സുഹൃജ്ജനൈഃ
പൗരൈശ്ച രാമോ നരലോകഭൂഷണഃ
വിഭൂഷിതോ രാജവിഭൂഷണൈഃ സഭാം
പ്രവിശ്യ സിംഹാസനമാസ്ഥിതോ ബഭൗ 79

കൃതേഽഭിഷേകേ വിധിവദ് വിധാതുഃ[1]
പ്രധാനസൂനുർവചനം ഗഭീരം
സമഗ്രധർമ്മാഖ്യസരോജവാപീ-
സഹസ്രഭാനുർമധുരം ബഭാഷേ. 80

ശ്രീമന്മംഗല്യമേതും മനുകുലകബരീ-
രത്നമേ വത്സ! സത്യം
നാമിന്നിന്നോട് ചൊല്ലുന്നതു സദസി സദാ-
ചാരമെന്നിട്ട വേണ്ടീ
മാമാ താനേ മനീഷാസരണികളിൽ നട-
ന്നാത്മകൃതങ്ങ്യം മുട്ടെ-
ക്കീഴ്മേൽ കാണ്മാൻ ഭവാനുള്ളറിവിനു തുണയായ്
നില്ക്കുവാക്യം മദീയം. 81

മഹീതലം പാഹി മനുദ്ഭവാനാം
മഹാർഹരത്നധ്വജമാല്യമേ![2] നീ

പദ്യം 79. തതഃ—അനന്തരം. ക്രമശഃ—ക്രമമായി. സുഹൃ....നൈഃ പൗരൈഃ ച—സ്നേഹിതന്മാരാലും പൗരന്മാരാലും. അഭിഷിക്തഃ—അഭിഷേകം ചെയ്യപ്പെട്ടവനായ. നര....ണഃ—മനുഷ്യലോകത്തിനു് അലങ്കാരമായ. രാമഃ—രാമൻ. രാജ....നൈഃ വിഭൂഷിതഃ—രാജാവിനുചിതമായ ഭൂഷണങ്ങളാൽ അലങ്കൃതനായി. സഭാം പ്രവിശ്യ—സഭയിൽ പ്രവേശിച്ചു്. സിംഹാസനം ആസ്ഥിതഃ ബഭൗ—സിംഹാസനസ്ഥിതനായി ശോഭിച്ചു.

പദ്യം 80. വിധിവത്—വിധിപോലെ. അഭിഷേകേ കൃതേ—അഭിഷേകം ചെയ്യപ്പെട്ടപ്പോൾ. സമഗ്ര....നുഃ—എല്ലാ ധർമ്മങ്ങളുമാകുന്ന താമരപ്പൊയ്കയ്ക്കു സൂര്യനായ. വിധാതുഃ പ്രധാനസൂനുഃ—ബ്രഹ്മാവിന്റെ പ്രധാനപുത്രൻ (വസിഷ്ഠൻ). ഗഭീരം വചനം—ഗംഭീരമായ വാക്കിനെ. മധുരം ബഭാഷേ—മധുരമാംവണ്ണം പറഞ്ഞു.

പദ്യം 81. മംഗല്യം—മംഗലത്തിനു ഹിതമായതു്. മനുകു....മേ—അല്ലയോ ശ്രീരാമ. സദസി—സഭയിൽ. സദാചാരം—നല്ല നടപ്പു്. മനീ....ണി—ബുദ്ധിമാർഗ്ഗം. ആത്മകൃത്യം—തന്റെ ജോലി. മദീയം വാക്യം—എന്റെ വചനം.

പദ്യം 82. മനുനാം മഹാ....മേ—മനുവംശത്തിൽ ജനിച്ചവരിൽ ശ്രേഷ്ഠനായുള്ളോവേ. മഹീതലം പാഹി—ഭൂമിയെ രക്ഷിച്ചാലും.

---

1. കൃതാഭിഷേകേ. ഈ പദ്യം മുതൽ "കാളരാത്രി:" പദ്യം 96 എന്നതുവരെയുള്ള ഭാഗം ചില പാഠങ്ങളിൽ ഇല്ല. 2. "മേ തവ"

അഹിംസയാ യോഗ്യമിദം, ഖലാനാം
വിഹിംസചെയ്യം പരിപാലനീയം. 82

മധുകൈടഭാനവേന്ദ്രമേദഃ—
പ്രവവിസ്രാ വിഷമൈവ മേദിനീയം
അധിവാസ്യ യദി സ്വകൈർയശോഭി—
ശ്ചിരമേനാമുപഭുഞ്ജതേ നരേന്ദ്രാഃ. 83

ധർമഃ പ്രാഗേവ ചിന്ത്യഃ, സചിവമതിഗതിഃ
പ്രേക്ഷണീയാ സ്വബുദ്ധ്യാ,
പ്രച്ഛാദ്യൗ രാഗരോഷൗ, മൃദുപരുഷഗുണൗ
കാലയോഗേന കാര്യൗ,
ജ്ഞേയം ലോകാനുവൃത്തം, വരചരനയനൈർ—
മണ്ഡലം പ്രേക്ഷണീയം,
രക്ഷ്യോ യത്നാദിഹാത്മാ, രണശിരസി പുനഃ
സോഽപി നാപേക്ഷണീയഃ. 84

ബുദ്ധിശസ്ത്രഃ പ്രകൃത്യംഗോ
ഘനസംവൃതികംബുകഃ

ഇദം—ഇതു് (രക്ഷ). അഹിംസയാ യോഗ്യം—അഹിംസകൊണ്ടു വേണ്ടതാണു്. എങ്കിലും, ഖലാനാം വിഹിംസ ചെയ്യം—ദുഷ്ടന്മാരെ നിഗ്രഹിച്ചും. പരിപാലനീയം—രക്ഷിക്കുവാൻ യോഗ്യമാകുന്നു.

പദ്യം 83. മധു....സ്രാ ഇയം മേദിനീ വിഷമാ ഏവ—മധുകൈടഭന്മാരായ അസുരശ്രേഷ്ഠന്മാരുടെ കൊഴുപ്പിലാണ്ടു ദുർഗന്ധത്തോടുകൂടിയ ഈ ഭൂമി വിഷമതന്നെ. യദി—എങ്കിലും. സ്വകൈഃ യശോഭിഃ—തങ്ങളുടെ കീർത്തികളെക്കൊണ്ടു്. അധിവാസ്യ—മണമുള്ളതാക്കിച്ചെയ്തിട്ടാണു്. നരേന്ദ്രാഃ—രാജാക്കന്മാർ. ചിരം ഏനാം ഉപഭുഞ്ജതേ—വളരെക്കാലം ഇതിനെ അനുഭവിക്കുന്നതു്.

പദ്യം 84. ധർമഃ—ധർമം. പ്രാഗ് ഏവ ചിന്ത്യഃ—ആദ്യംതന്നെ ചിന്തിക്കപ്പെടണം. സചിവ....തിഃ—മന്ത്രിമാരുടെ അഭിപ്രായഗതി. സ്വബുദ്ധ്യാ പ്രേക്ഷണീയാ—തന്റെ ബുദ്ധികൊണ്ടു ദർശിക്കപ്പെടണം. രാഗരോഷൗ—രാഗവും രോഷവും. കാലയോഗേന—സമയോചിതമായി. പ്രച്ഛാദ്യൗ—മറച്ചുവെയ്ക്കണം. മൃദു....ണൗ—മാർദ്ദവവും പാരുഷ്യവും കാര്യൗ—ചെയ്യണം. ലോകാനുവൃത്തം—നാട്ടുനടപ്പു്. ജ്ഞേയം—അറിയണം. വര....നൈഃ—ശ്രേഷ്ഠചാരന്മാരായ കണ്ണുകളാൽ. മണ്ഡലം പ്രേക്ഷണീയം—രാജ്യമാകെ കണ്ടറിയണം. ഇഹ—ഇവിടെ. ആത്മാ യത്നാത് രക്ഷ്യഃ—ആത്മാവിനെ യത്നിച്ചു രക്ഷിക്കണം. രണശിരസി പുനഃ—യുദ്ധത്തിലാകട്ടെ. സഃ അപി—അതും. ന അപേക്ഷണീയഃ—ശ്രദ്ധിക്കപ്പെടരുതു്. ഭാസനാടകപദ്യമാണിതു്.

പദ്യം 85. ബുദ്ധിശസ്ത്രഃ—ബുദ്ധിയാകുന്ന ആയുധത്തോടും. പ്രകൃത്യംഗഃ—സ്വാമ്യമാത്യസുഹൃത്[1]കോശരാഷ്ട്രദുർബലരൂപങ്ങളായ അംഗങ്ങ

1. വൃതക.

ചാരേക്ഷണോ ദൂതമുഖഃ
പുരുഷഃ കോഽപി പാർത്ഥിവഃ. 85

ഒന്നുണ്ടോർത്തങ്ങിരിക്കേണ്ടതു[1] മനസി ഭവാൻ
ദാനവന്മാരെ മുന്നം
കൊന്നന്നപ്പുണ്യപുംസാം പുനരപി രചിതാ
മേദസാ മേദിനീയം
അന്നന്നാത്മീയകീർത്ത്യാ പരിമളമിടകൂ—
ട്ടീടിലേനാം തുലോന്നാം
നന്നെന്നും ചൊല്ലി നന്നായ് നിയതമനുഭവി—
ക്കായ്വരും ക്ഷത്രിയാണാം. 86

എപ്പോഴും ഭൂതി കൈക്കൊണ്ടണിചരണസപ—
ര്യാമിയറ്റീടൊരോരോ
വിപ്രേന്ദ്രാണാം ജയിക്കുമ്പൊഴതിലുമൊരഹ—
ങ്കാരമുണ്ടായ്വരൊല്ലാ,
അപ്പോളപ്പോളഭീഷ്ടങ്ങളെ വിരവിൽ വള—
ർത്തർത്ഥിനാമെന്നതത്രേ
കെല്പേറും ധർമ്മസാരം പുനരതിനിഹ ദൗർ—
മുഖ്യമുണ്ടാകിലാകാ. 87

ബുദ്ധ്യാ താൻ നിർദ്ധരിച്ചീടിലുമതിനൊരു കീ—
ല്ലില്ല സാമ്രാജ്യകൃത്യം
മദ്ധ്യേ മദ്ധ്യേ സുമന്ത്രപ്രഭൃതിഭിരപി സ—
മ്മന്ത്ര്യ കർത്തവ്യമെല്ലാം

ളോടും. ഘന....കഃ—നിഗൂഢതയായ കഞ്ചുകത്തോടും. ചാരേക്ഷണഃ—ചാരന്മാരാകുന്ന കണ്ണോടും. ദൂതമുഖഃ—ദൂതന്മാരാകുന്ന മുഖത്തോടും കൂടിയ. കഃ അപി പുരുഷഃ പാർത്ഥിവഃ—ഒരു പുരുഷനാകുന്ന രാജാവു്".

പദ്യം 86. മനസി—മനസ്സിൽ. ദാനവന്മാർ—അസുരർ. പുണ്യപുംസാം—രാക്ഷസന്മാരുടെ. "യാതുധാനഃ പുണ്യജനഃ." മേദസാ—കൊഴുപ്പിനാൽ. ഇയം മേദിനീ—ഈ ഭൂമി. പുനഃ അപി രചിതാ—വീണ്ടും നിർമ്മിക്കപ്പെട്ടിരിക്കുന്ന. അന്നന്നാത്മീ....ത്ത്യാ—തന്റെ യശസ്സിനാൽ. പരിമളം—മണം. ഏനാം—ഈ ഭൂമിയെ. നിയതം—നിശ്ചയമായും. ക്ഷത്രിയാണാം—രാജാക്കന്മാർക്കു്.

പദ്യം 87. ചരണസപര്യ—പാദസേവ. വിപ്രേന്ദ്രാണാം—ബ്രാഹ്മണശ്രേഷ്ഠർക്കു്. അർത്ഥിനാം—യാചകർക്കു്. ധർമ്മസാരം—ധർമ്മത്തിന്റെ തത്വം. ഇഹ പുനഃ—ഇവിടെയാകട്ടെ. ദൗർമുഖ്യം—മുഷിവു്.

പദ്യം 88. ബുദ്ധ്യാ—ബുദ്ധികൊണ്ടു്. നിർദ്ധരിച്ചീടിലും—നിശ്ചയിച്ചാലും. മദ്ധ്യേ—ഇടയ്ക്കു്. സാമ്രാ....ത്യം—രാജ്യഭരണകാര്യം. സുമ....ഭിഃ അപി—സുമന്ത്രൻ മുതലായവരോടും. സമ്മന്ത്ര്യ കർത്തവ്യം—ആലോ

1. ഇ സദസി.

മാറാരാനും ധരിച്ചീടരുതിതു സുമതേ!
ഗോപനീയം പ്രയത്നാത്
കുറച്ചമന്ത്രം കുസ്സന്നതു ജഗതി തുലോം
മേദിനീപാലകാനാം. 88

കൊണ്ടാട്ടന്നതു കേട്ടു കേട്ടു ഭുവനേ
സന്മോദമെല്ലാക്കുമെ—
ങ്ങുണ്ടാകേണ്ടതു കുറവെന്തിഹ നമു—
ക്കെന്നുള്ളോരനേഷണം:
ചണ്ഡാലൻ പറയുന്ന വാർത്തയിലുമ—
ങ്ങേതാനുമേ കീർത്തികേ—
ടുണ്ടാകാതെ വഴിക്കു നില്പു യശസേ
ഹേയം നിജം ദേഹവും. 89

നീ കേൾ നനസ്സേണമുപായവൃക്ഷാ—
നാകുന്നതുത്സാഹപയഃപ്രവാഹൈഃ
ഏകാധിപത്യം ഫലമെങ്കിൽ നൂനം
കൈകൊണ്ടറുക്കായ്വതുമെങ്ങിരുന്നും. 90

ബുദ്ധ്യാ താൻ നിർദ്ധരിച്ചീടിലുമിതു നിയതം
ചാരചക്ഷുഃപ്രചാരൈർ—
നിർദ്ധ്യാതവ്യം മുദാ കഞ്ചുകവുമണികെ നീ
മന്ത്രരക്ഷാഭിധാനം
സ്വസ്ഥാന്യാപാദ്യ സപ്തപ്രകൃതിമയനിജാം—
ഗാനി ദൃതാഖ്യകോല്യ,
വക്ത്രാംഭോജേന സർവം കഥയ പരമതേ
പൗരുഷത്തിന്നു മൂലം. 91

ചിച്ചു നടത്തണം. സുമതേ—അല്ലയോ സദ്ബുദ്ധേ. പ്രയത്നാത് ഗോപനീയം—യത്നിച്ചു രഹസ്യമായി വച്ചുകൊള്ളണം. മന്ത്രം—രാജ്യകാര്യചിന്ത. ജഗതി—ലോകത്തിൽ. മേദി....നാം—രാജാക്കന്മാർക്കു്.

പദ്യം 89. ഭുവനേ—ലോകത്തിൽ. സന്മോദം—സന്തോഷം. ഇഹ—ഇവിടെ. കീർത്തികേടു്—യശോനാശം. യശസേ—കീർത്തിക്കായ്ട്ടോ ണ്ടു്. നിജം ദേഹവും ഹേയം—തന്റെ ശരീരംപോലും ത്യജിക്കണം.

പദ്യം 90. ഉപാ....ക്ഷാൻ—സാമാദ്യുപായങ്ങളാകുന്ന മരങ്ങളെ. ഉത്സാ....ഹൈഃ—ഉത്സാഹമാകുന്ന ജലപ്രവാഹങ്ങളാൽ. ഏകാധിപത്യം—ചക്രവർത്തിത്വം. നൂനം—നിശ്ചയം.

പദ്യം 91. നിയതം—നിശ്ചയം. ചാര... രൈഃ—ചാരന്മാരാകുന്ന കണ്ണുകളുടെ പ്രചാരത്താൽ. നിർദ്ധ്യാതവ്യം—നോക്കിക്കണേണം. മുദാ—സന്തോഷത്തോടു്. മന്ത്ര....നം കഞ്ചുകം—മന്ത്രത്തെ ഒളിച്ചുവെക്കുക എന്ന കവചം. സപ്തപ്ര....നി—സ്വാമി അമാത്യൻ സുഹൃത് കോശം രാഷ്ട്രം ദുർഗം ബലം എന്നീ [ഏഴു] പ്രകൃതികളായ തന്റെ അംഗങ്ങളെ.

നൂനം തേജോഭരത്തെക്കിമപി മണമെഴും
മാർദ്ദവംകൊണ്ട മൂടീ—
ടേണം തത് കാംക്ഷിതാർത്ഥാഗമമവനിഭുജാ—
മെങ്കിലേ വന്നുകൂട്ടൂ
ചേണാന്നീടും പ്രദീപം നവമൊരു നറുനെ—
യ്യാസാദിപ്പാനനല്പം
കാന്തോമൽപട്ടുനൂൽവത്തികയെ നടുവിൽ നി—
ർത്തുന്നതുദ്ദാമകീർത്തേ! 92

പ്രാതഃകാലേ കുളിപ്പൂ ദിവസകരമുപാസി—
ച്ചു ജപ്യം ജപിപ്പൂ
വാർതികുംഭം കേതി കൈക്കൊണ്ടഖിലഗുരുജനാ—
നാം വണങ്ങൂ പദാന്തം
സാധിപ്പൂ ശസ്ത്രവിദ്യാമൊരു കുറി സചിവ—
ന്മാരുമായ്ചാര്യമോർപ്പൂ
മോദിപ്പിപ്പൂ വിശേഷാലതിഥികളെ വരു—
മ്പോളതന്ദ്രം നിതാന്തം. 93

ആസ്ഥാനത്തങ്ങരിപ്പൂ നിയതവുമറിവൂ
ലോകവൃത്തങ്ങളും തദ്വത്
സാർത്ഥം മാനിച്ചുവൈപ്പൂ വിരവിനൊടിഹ കേളും—
പ്പൂ പുരാണങ്ങളെല്ലാം

ദൃതാഖ്യ....കഥ—ദൃതന്മാരെന്ന പേരായ മുഖംകൊണ്ടേ എല്ലാം പറയാവൂ. അതേ—ഇവയെല്ലാമാണ്. മൂലം—മുഖ്യകാരണം. 85—ാം ശ്ലോകത്തിലെ ആശയംതന്നെ ഭംഗ്യന്തരേണ.

പദ്യം 92. നൂനം—നിശ്ചയം. തേജോഭരം—അധികമായ പ്രതാപം. കിമപി—അല്പം. മാർദ്ദവം—മൃദുസ്വഭാവം. അവ....ജാം—രാജാക്കന്മാരുടെ. തത് കാംക്ഷി....മം—ആ ആഗ്രഹിച്ച കാര്യത്തിന്റെ പ്രാപ്തി. നവം—പുത്തനായ. അനല്പം—അധികമായി. ആസ്വദിപ്പാൻ—രുചിയനുഭവിക്കാൻ. വത്തിക—തിരി. ഉദ്ദാമകീർത്തേ—വർദ്ധിച്ച യശസ്സോടുകൂടിയുള്ളോവേ.

പദ്യം 93. പ്രാതഃകാലേ—വെളുപ്പിനു്. ദിവസകരം—സൂര്യനെ ഉപാസിച്ചു്—ആരാധിച്ചു്. ജപ്യം—ജപിക്കേണ്ടതിനെ. അഖി....നാം—എല്ലാ ഗുരുജനങ്ങളെയും. പദാന്തം—കാലിനെ. ശസ്ത്രവിദ്യാം—ആയുധവിദ്യയെ. സാധിപ്പൂ—അഭ്യസിച്ചാലും. സചിവൻ—മന്ത്രി. കാര്യം—കൃത്യം. അതിഥി—വിരുന്നാളെ. മോദിപ്പിപ്പൂ—സന്തോഷിപ്പിക്കണം. വിശേഷാത്—വിശേഷിച്ചും. അതന്ദ്രം—ആലസ്യം(മടി)കൂടാതെ. നിതാന്തം—വളരെ.

പദ്യം 94. ആസ്ഥാനം—അധികാരസ്ഥാനം. നിയതം—പതിവായി. ലോകവൃത്തം—ലോകവാർത്ത. തദ്വത്—അതുപോലെ. സാർത്ഥം—

കാൽത്താരിൽ കൈവണങ്ങും നിഖിലനൃപവര-
ന്മാരെ മാനിച്ചുകൊണ്ടു
പേർത്തും പിന്നെക്കലാവിദ്യകളുമൊരുനൂ-
ങ്ങാസ്വദിപ്പു സലീലം. 94

ധർമ്മാണാം മൂലമല്ലോ ധനവിതതി, ധന-
ത്തിന്നു ധർമ്മങ്ങളാഭ്യാ-
മുന്മേഷം കാമതന്ത്രത്തിനു, പരമെഴുതോ
പാരതന്ത്ര്യം വിശേഷാൽ,
ഇമ്മൂന്നാലൊന്നു മായുമ്പൊഴതു മുതലു-
മ്മൂന്നു, മെന്നാൽത്തുരീയേ
നിർമ്മൂലേ നില്ല്യ, മുന്നും തടവി മതി തെളി-
ഞ്ഞെങ്കിൽ നീയായ്വരും നീ.'' 95

ശിക്ഷാവിശേഷപ്രതിപന്നധാത്രീ-
രക്ഷാം വസിഷ്ഠസ്യ ഗിരം ഗഭീരാം
അക്ഷാമഭക്തിപ്രവണേന മൂർദ്ധ്നാ
ജഗ്രാഹ രാത്രിഞ്ചരകാളരാത്രിഃ. 96

താപസന്മാരുടെ ആശീർവചനങ്ങൾക്കു വിധേയനായി ശ്രീരാമൻ സുഖമായി കഴിഞ്ഞതായി പ്രസ്താവിച്ചുകൊണ്ടു പ്രബന്ധത്തെ ഉപസംഹരിക്കുന്നു:

''സാധു സാധു ജയ ജീവ ജാഗൃഹീ''-
ത്യാദിവാദിഭിരതീവ മോദിഭിഃ
ഗാഥിനന്ദനമുഖൈർമുനിശ്വരൈ-
രാസനാദഥ സമുത്ഥിതോ നൃപഃ. 97

(സദസ്യ)സമൂഹം. ഇഹ—ഇവിടെ. നിഖി....ന്മാർ—എല്ലാ രാജാക്കന്മാർ. കലാവിദ്യകൾ—സംഗീതം മുതലായവ. സലീലം—വിനോദത്തോടു് ആസ്വദിപ്പു—അനുഭവിച്ചാലും.

പദ്യം 95. ധനവിതതി—ദ്രവ്യസഞ്ചയം. ധർമ്മാണാം മൂലം—ധർമ്മങ്ങൾക്കു കാരണം. ആഭ്യാം—ധർമ്മാർത്ഥങ്ങളെക്കൊണ്ടു്. കാമതന്ത്രത്തിനു്—കാമപുരുഷാർത്ഥത്തിനു്. ഉന്മേഷം—ഉണർച്ച. പരം—പിന്നെ. വിശേഷാൽ—വിശേഷിച്ചു്. പാരതന്ത്ര്യം—പരാധീനത. നിർമ്മൂലേ—കാരണരഹിതമായ. —തുരീയേ—മോക്ഷമെന്ന നാലാമത്തെ പുരുഷാർത്ഥത്തിങ്കൽ. മുന്നും തടവി—ധർമ്മാർത്ഥകാമങ്ങളെ ആശ്രയിച്ചു്.

പദ്യം 96. ശിക്ഷാ....ക്ഷാം—അഭ്യാസവിശേഷത്താൽ പ്രാപ്തമായ ശ്രീരക്ഷാകൃത്യത്തോടുകൂടിയ. ഗഭീരാം—ഗംഭീരമായ വസിഷ്ഠസ്യഗിരം—വസിഷ്ഠന്റെ വാക്കിനെ. രാത്രി....ത്രിഃ—ശ്രീരാമൻ. അക്ഷാ... ന മൂർദ്ധ്നാ ജഗ്രാഹ—വളരെ ഭക്തികൊണ്ടു കനിഞ്ഞ ശിരസ്സുകൊണ്ടു സ്വീകരിച്ചു.

പദ്യം 97. അഥ—പിന്നെ. സാധു—നന്നു്. ജയ—ജയിച്ചാലും. ജീവ—ജീവിച്ചാലും. ജാഗൃഹി—ഉണർന്നാലും ഇത്യാ .. ഭിഃ അ

ബാലാ സീതയുമാസനാത് പ്രചലിതാ
പുണ്യാംബുപൂരങ്ങൾകൊ—
ണ്ടാലോലൊന്നിളകുന്ന കുന്തളഭരാ
സാർദ്ധം പുരസ്ത്രീജനൈഃ
ലോലാത്മാ നിജവല്ലഭൻ തിരുവല—
ക്കഞ്ചെയ്യുമക്കോപ്പുത—
ന്നാലോകായ രഘുപ്രവീരമഹിഷീ
മാണിക്യഹർമ്യം ഗതാ. 98

ഗദ്യം 6.

ഇതി വിഹിതവിബുധകാര്യഃ വിശ്വാനുജിഘൃക്ഷയാ ഗൃഹീതമാനുഷവേഷഃ ഭഗവാനംവിന്ദനാഭഃ സദാരാവരജഃ സകലമിത്രപരിവൃതഃ നിസർഗ്ഗനിസ്സ്നിഗ്ധനിജചരിതവിതീർണ്ണ—നിഖിലഭുവനാനന്ദശ്ചിരായ പരമേണ സുഖേന സുതരാം വിരരാജ.

തീവ മോദിഭിഃ—എന്നെല്ലാം പറയുന്നവരും വളരെ സന്തുഷ്ടരും ആയ. ഗാഥി....ഭൈഃ മുനീശ്വരൈഃ—വിശ്വാമിത്രൻ തുടങ്ങിയുള്ള മുനിശ്രേഷ്ഠന്മാരോടുകൂടി. നൃപഃ—രാജാവു് (ശ്രീരാമൻ). ആസനാത് സമുത്ഥിതഃ—ആസനത്തിൽനിന്നു് എഴീച്ചു.

പദ്യം 98. ബാലാ—ബാലയായ. ആസനാത്—ആസനത്തിൽനിന്നു്. പ്രചലിതാ—പുറപ്പെട്ടു്. പുണ്യാംബുപൂരം—പുണ്യജലസമൂഹം. കുന്തളഭരാ—കേശഭാരത്തോടുകൂടിയവളായി. പുരസ്ത്രീജനൈഃ സാർദ്ധം—പുരസ്ത്രീജനങ്ങളോടുകൂടി. ലോലാത്മാ—ഉത്സുകൻ. നിജവല്ലഭൻ—തന്റെ ഭർത്താവു്. ആലോകായ—കാണുവാനായി. രഘു....ഷീ—സീത. മാണി....ർമ്മ്യം—മാണിക്യമയമായ മാളികയെ. ഗതാ—പ്രാപിച്ചു.

ഗദ്യം 6. ഇതി—ഇങ്ങനെ. വിഹി....ര്യഃ—ദേവകാര്യം അനുഷ്ഠിച്ചവനും. വിശ്വാ . യാ—ലോകരെ അനുഗ്രഹിക്കുവാനുള്ള ആഗ്രഹം നിമിത്തം. ഗൃഹീ... ഷഃ—മനുഷ്യരൂപം സ്വീകരിച്ചവനും. ഭഗവാൻ—ഭഗവാനും ആയ. അരവിന്ദനാഭഃ—പദ്മനാഭൻ (ശ്രീരാമൻ). സദാരാവരജഃ—ഭാര്യയോടും അനുജന്മാരോടും കൂടിയവനായി. സക....തഃ—എല്ലാ സുഹൃത്തുക്കളോടുംകൂടിയവനായി. നിസർഗ്ഗ....ന്ദഃ—സ്വതേതന്നെ ശുദ്ധമായ തന്റെ ചരിത്രത്താൽ സകല ജനങ്ങൾക്കും ആനന്ദത്തെ നല്കുന്നവനായി. ചിരായ—വളരെക്കാലം. പരമേണ സുഖേന—പരമസൗഖ്യത്തോടുകൂടി. സുതരാം വിരരാജ—വളരെ ശോഭിച്ചു.

പട്ടാഭിഷേകം സമാപ്തം

ഉത്തരകാണ്ഡം

1. സീതാപരിത്യാഗം
2. അശ്വമേധം
3. സ്വർഗ്ഗാരോഹണം

സീതാപരിത്യാഗം

കഥോപക്ഷേപത്തോടുകൂടി പ്രബന്ധമാരംഭിക്കുന്നു:

വിദ്യോപയോധിമിഹ കണ്ഠ ഭവന്തമഗ്രേ
ചിത്തം തെളിഞ്ഞിതു സഭാചകിതം തുലോം മേ
പുത്രാനനാബ്ജമവലോക്യ വിദേഹപുത്രീ—
ക്കുത്താർ വിയോഗവിധുരം പുനരെന്നപോലെ. 1

ശ്രീരാമൻ ധർമ്മം തെറ്റാതെ രാജ്യം ഭരിച്ചുകൊണ്ടു സീതയിൽ വളരെ അനുരക്തനായി അയോദ്ധ്യയിൽ സുഖിച്ചു വാഴുന്നതായി വർണ്ണിക്കുന്നു:

അഥാശിഷത് സാഗരമേഖലാം ഗാം
കൃതാഭിഷേകോ ഭരതാഗ്രജന്മാ
ജിതാഖിലാരാതിരമേയധാമാ
സദാ സതാം പാലനലോലചേതാഃ. 2

ധർമ്മത്തിങ്കൽ തഴപ്പിച്ചഭിരുചി ജഗതാ—
മാതുരത്വം കളഞ്ഞ—
ന്നിർമര്യാദൈകലോലാൻ നിശിചരനിവഹാൻ
വേരറുത്താത്തവൈരം,

പദ്യം 1. കഥയെ സൂചിപ്പിച്ചുകൊണ്ടു പ്രബന്ധം ആരംഭിക്കുന്നു. അഗ്രേ—മുമ്പിൽ. വിദ്യോ... ധിം—വിദ്യയ്ക്കു് ഇരിപ്പിടമായ. ഭവന്തം—അങ്ങയെ. സഭാചകിതം—സഭയെക്കണ്ടു വ്യാകുലപ്പെട്ട മേ—എന്റെ. ചിത്തം—മനസ്സു്. പുത്രാ....ബ്ജം—പുത്രന്മാരുടെ മുഖാരവിന്ദത്തെ. അവലോക്യ—കണ്ടിട്ടു്. വിയോഗ....രം—വിരഹംകൊണ്ടു വ്യാകുലം. പുനഃ—പിന്നെ. വിദേഹപുത്രീ—സീത.

പദ്യം 2. അഥ—പിന്നെ. ജിതാ....തിഃ—ശത്രുക്കളെയെല്ലാം ജയിച്ചവനും. അമേയധാമാ—അപ്രമേയനും. കൃതാഭിഷേകഃ—രാജ്യത്തിൽ അഭിഷേകം ചെയ്യപ്പെട്ടവനും. സദാ—എപ്പോഴും. സതാം പാല....താഃ—സത്തുക്കളെ രക്ഷിക്കുന്നതിൽ തത്പരനും ആയ. ഭര....ന്മാ—ശ്രീരാമൻ. സാഗ....ലാം ഗാം—സമുദ്രപര്യന്തയായ ഭൂമിയെ. അശിഷത്—ഭരിച്ചു.

പദ്യം 3. ധർമ്മം—ധർമ്മമാർഗം. അഭിരുചി—താത്പര്യം. തഴപ്പിച്ചു—വർദ്ധിപ്പിച്ചു്. ജഗതാം—ലോകർക്കു്. ആതുരത്വം—ഭയം. നിർമ....ലാൻ—അക്രമത്തിൽ ആസക്തരായ. നിശി.....ഹാൻ—രാക്ഷസ

കന്മാഷാപേതനിർമ്മവ്യതികരരാസമുഗ്ധം—
ക്കൊഴുവതിന്നാഞ്ഞു പൃഥ്വ
മമ്മാ! രമ്യാംഗിയോടന്നിജരമണിയൊടുഗ്ധം—
ച്ചേന്ന വിശൈകനേതാ. 3

വണ്ണിക്കാമല്ല പാത്താലൊരുവനുമളവേ—
ലാത സൗന്ദര്യലക്ഷ്മീ—
ധന്യം പൃഥ്വീസുതായാ ജനനയനമനോ—
ഹാരി പുമെയ്വിലാസം;
മന്നോർമാണിക്യഭൂഷാമണിയുമൊരുനറു—
ങ്ങേറെ നന്നായ്വിളങ്ങീ
പൊന്നിന്മേലിന്ദ്രനീലോപലമഴകിനൊടുഗ്ധം—
ച്ചേന്ന മിന്നുന്നപോലെ. 4

ഗദ്യം 1.

തദനു രഘൂത്തമനഭിഷേകോത്സവ—
കലവി കഴിഞ്ഞളവത്ര പുരത്തിലു—
രത്ത തപോബലനിസ്സുഷ്ടോവം
ഭവരോഗാത്തിവിനാശനഭേഷജ—
മാഷാഡാംബുദമാപദ്ഗ്രീഷ്മ—
സ്യാനന്ദാബ്ധ്വപീയൂഷകരം
മുനിവരചക്രം വ്യഗ്രാപേതം
വന്നതു കണ്ടു തെളിഞ്ഞു വിളഞ്ഞൊരു
ഭക്ത്യാ പദതളിർ തരസാ തൊഴുത—

ന്മാരെ. ആത്തമവൈരം—വിദ്വേഷത്തോടുകൂടി. കന്മാ....സം—കപടമില്ലാത്ത നർമ്മസല്ലാപത്തിലെ രസം. വിശൈകനേതാ—ശ്രീരാമൻ. രമ്യാംഗി—മനോഹരഗാത്രി. നിജരമണി—തന്റെ പ്രേയസി.

പദ്യം 4. സൗന്ദ....ന്യം—സൗന്ദര്യദേവതയാൽ അനുഗ്രഹീതമായ. ജന....രി—ലോകരുടെ നേത്രങ്ങൾക്കു രമ്യമായ. പൃഥ്വീ....യാഃ പുമെ....സം—സീതാദേവിയുടെ മാർദ്ദവമേറിയ ശരീരകാന്തി. മന്നോ....ണി—ശ്രീരാമൻ. ഇന്ദ്രനീലോപലം—ഇന്ദ്രനീലക്കല്ല്.

ഗദ്യം 1. തദനു—അനന്തരം. രഘൂത്തമൻ—ശ്രീരാമൻ. അഭി....വി—അഭിഷേകമാകുന്ന ഉത്സവാഘോഷം. അത്ര പുരത്തിൽ—ഈ നഗരത്തിൽ (അയോദ്ധ്യയിൽ). ഉരത്ത... പം—വർദ്ധിച്ച തപശ്ശക്തിയാൽ കാലുഷ്യരഹിതമായ അവസ്ഥ. ഭവ .. ഷജം—സംസാരദുഃഖത്തെ ഇല്ലായ്മ ചെയ്യുവാനുള്ള ഔഷധമായും. ആപദ്ഗ്രീഷ്മസ്യ—സങ്കടമാകുന്ന വേനല്ക്കാലത്തിനു്. ആഷാഡാംബുദം—ആടിമാസത്തിലെ മേഘമായും. ആന ...രം—ആനന്ദസമുദ്രത്തിനു ചന്ദ്രനായും ഇരിക്കുന്ന. മുനി... ക്രം—മുനിശ്രേഷ്ഠന്മാരുടെ സമൂഹത്തെ. വ്യഗ്രാപേതം—താത്പര്യത്തോടുകൂടി. ഭക്ത്യാ—ഭക്തിയോടുകൂടി. തരസാ—ഉടൻ. ദശ....തവും—രാവ

മ്മണിപീഠങ്ങളിലമ്പൊടിരുത്തി—
ദ്ദശമുഖചരിതവുമനന്യവും കല—
ശോദ്ഭവമുനിവരനറിയിച്ചതു താൻ
കേട്ടു തെളിഞ്ഞുടനവരെ നിതാന്തം
മോദമിയറിക്കനിവൊടയച്ച—
ങ്ങഭിമതമഖിലം വേണ്ടതു നല്കി
ക്ഷിതിപാലേന്ദ്രാൻ നിജനിജപുരികളിൽ
നീളെയയച്ചും നിശിചരപെരുമാ—
തന്നെ വിളിച്ചു പതുപ്പിലൊരോരോ
വാത്ത പറഞ്ഞു മനഃഖേദത്തെ—
പ്പോക്കിയയച്ചും കപികുലതിലകം
മുമ്പിലയച്ചു ''നിനസ്സമ്പോഗം മമ
മുമ്പിൽ വരേണ''മിതെന്ന വിമാനവ—
രത്തെയുമഴകിലയച്ചഥ യമനിയ—
മാദികളെക്കൈക്കൊണ്ടങ്ങവശാ—
നാന്തരശത്രു ൻ വെന്ന വിചിത്രം!

പടയൊട്ടുക്കുടെപ്പുറമേ മരുവിന
മരുവലർനികരം ചെന്ന ജയിച്ചു ജ—
ഗത്രിതയീപതി രക്ഷവരുത്തി വ—
സിച്ച ദശായാമവനിതലത്തിൽ
അവിനയമൊരുവനിലെങ്ങുമുദിച്ചീ—
ലവശത ജനഹൃദി വന്നു പതിച്ചീ-
ലഭിമതസിദ്ധിയിലൊരുവർ മദിച്ചീ—
ലപരസ്ത്രിയമുടനൊരുവർ കൊതിച്ചീ—

ണന്റെ കഥയും. അനയം—വംശം. കല....നിവരൻ-അഗസ്ത്യ മുനിശ്രേഷ്ഠൻ. നിതാന്തം—വളരെ. മോദമിയററി—സന്തോഷിപ്പിച്ചു. അഭിമതം അഖിലം—അഭീഷ്ടമെല്ലാം. ക്ഷിതി....ന്ദ്രാൻ—രാജശ്രേഷ്ഠന്മാരെ. നിജനിജപുരി—അവരവരുടെ നഗരം. നിശി ...ം-രാക്ഷസാധിപൻ (വിഭീഷണൻ). പതുപ്പിൽ—മൃദുവായ രീതിയിൽ. വാത്ത—വർത്തമാനം. മനഃഖേദം—മനോദുഃഖം. കപി....കം—വാനരശ്രേഷ്ഠനെ (സുഗ്രീവനെ). മമ—എന്റെ. വിമാ....രം—വിമാനശ്രേഷ്ഠം (പുഷ്പകം). അഥ—പിന്നെ. യമ....കം—യോഗാംഗങ്ങളെ. അവശാൻ—അടങ്ങാത്ത. ആന്ത....ത്രു ൻ—കാമക്രോധാദികളായ അകത്തെ ശത്രുക്കളെ.

മരുവലർനികരം—ശത്രുസമൂഹത്തെ. ജഗ....തി—ത്രിലോകനാഥനായ ശ്രീരാമൻ. വസിച്ച ദശായാം—വസിക്കുമ്പോഗം. അവനിതലം—ഭൂതലം. അവിനയം—വണ്ണമില്ലായ്മ (ധാർഷ്ട്യം). അവശത—വശക്കേടു്. ജനഹൃദി—ജനങ്ങളുടെ ഹൃദയത്തിൽ. അഭി....ദ്ധി—ആഗ്രഹിച്ചതിന്റെ ലാഭം. മദിച്ചീല—അഹങ്കരിച്ചില്ല. അപരസ്ത്രിയം

ലൊരുവനൊടൊരുവൻ പാടുകിടന്നീ—
ലൊരുവനൊടൊരുവൻ കേറ്റ തുടന്നീ—
ലൊരുവനൊടൊരുവർ നാടു പിടിച്ചീ—
ലൊരുവൻ തേടിനതൊരുവർ മുടിച്ചീ—
ലാടൽപ്പെട്ട കിടന്നീലൊരുവൻ
പേടിച്ചോടിയൊളിച്ചീലൊരുവൻ
മാടം കെട്ടിക്കൊത്തീലൊരുവൻ
പാടത്തിൽ തോൽ കൃത്തീലൊരുവൻ
വീട്ടിൽ വിശന്നു കിടന്നീലൊരുവൻ
കോട്ടയുമിട്ടു മറുത്തീലൊരുവൻ
കോട്ടിലെ കൃത്തിയിരന്നീലൊരുവൻ
മാനമകന്നു വസിച്ചീലൊരുവൻ
മാനകലാസു ചതിച്ചീലൊരുവൻ
പാരുധനരാശി കവന്നീലൊരുവൻ
പരപരിവാദമിയന്നീലൊരുവൻ
വ്യാധിപിടിച്ചു കിടന്നീലൊരുവൻ
വ്യാജമിളക്കി നടന്നീലൊരുവൻ
വ്യാധികളാധികളും ശാഠ്യം മൗഢ്യം
ശൗര്യം ക്രൗര്യം ദുഷ്ടത ധൃഷ്ടത
ശിശ്രുജനമരണമവഗ്രഹമെന്നീ—
ത്യാദികളാം ബഹുദോഷമശേഷം
മുതലറെ മാറ്റി മുറയ്ക്കു ധരിത്രീം
കാത്തു ധരിത്രീപുത്രിയൊടൊത്തു ര—
മിച്ചതിമോദമിയന്നും ചില ദിവ—
സങ്ങളിലുദ്യാനേ താൻ പോയീ—
ക്കനിവോടെടുത്തമ്മധുരമാഴിതന്നെ—
ക്കലിതരസാർദ്രം മടിയിലിരുത്തീ—
പ്പലപല വാക്കു പറഞ്ഞു രസിച്ചു.
"പ്രിയസഖി! മമ്മാ പികതതി പിടയും
തങ്ങളുമൊന്നിച്ചലർശരചീന—

—പരസ്ത്രീയെ. മാനകലാസു—അളവു് തുക്കം മുതലായവയിൽ. പര.... ശീ—അന്യന്റെ ദ്രവ്യസഞ്ചയം. പര....ദം—പരനിന്ദ. വ്യാധി—രോഗം. വ്യാജം—കള്ളം. ആധി—സങ്കടം മൗഢ്യം—മൂഢത. ശാഠ്യം—നിർബന്ധം. ക്രൗര്യം—ക്രൂരഭാവം. ധൃഷ്ടത—ധാർഷ്ട്യം. ശ്രീശ്രു ... ണം—കുട്ടികളും മരിക്കുക. അവഗ്രഹം—മഴയില്ലായ്ക. ധരിത്രീം—ഭൂമിയെ. ധരിത്രീപുത്രി—സീത. രമിച്ചു—ക്രീഡിച്ചു. അതിമോദം—വളരെ സന്തോഷം. ഉദ്യാനേ—പൂങ്കാവിൽ. മധുമൊഴി—മധുരമായ വാക്കോടുകൂടിയ സീത. കലി....ദ്രം—രസത്തോടുകൂടി. പികതതി—

ക്കഴൽവിളിപോലേ തരുണരസാലേ
പരിമളഹൃദ്യേ പകലിരവുദ്യ—
ന്മധുമാസശ്രീവിലാസിതമിതു കാൺ.
തനുവി! കൊഴുത്തു മുഴുത്തു കുളുത്തു ത—
ളുത്തൊരു തരുതരുണവരന്മാർ കാഞ്ചന—
വള്ളിപ്പെണ്ണുത്തികളും തങ്ങള—
മൊന്നിച്ചഭിനവപരഭൃതമധുകര—
വചസാ രസമൊട്ട മന്ദം മന്ദം
മന്ത്രിച്ചുംകൊണ്ടെന്തൊരു ചിത്രം!
പൂങ്കോരകമയമുറുവൽ മുളപ്പെ—
തിടയിട വാതാന്ദോളനകേളിയി—
ലിളകിപ്പൂന്തൊത്തുകളാം മുലകം ച—
തുങ്ങുംമാറു പുണർന്നും ചോരി—
ച്ചോർവാ പിശകി നകർന്നും പക്ഷിക—
ദംബം കൊത്തിക്കുടയും പൂമൊ—
ട്ടുകളാം മൗക്തികമണികം മുറിഞ്ഞു തെ—
റിച്ചും പൂന്തേൻ ധാരാസേവജ—
ലംകൊണ്ടുടലിലണിഞ്ഞും മുകളിലി—
രുന്ന പതുക്കെക്കുകിക്കുത്തു ന—
ടിക്കും കേകികദംബം ത്വടിതി പ—
രത്തും പീലിപ്പുറയാം തലമുടി
ചിന്നിച്ചിതറിച്ചഴകൊട്ട മദന—
ക്രീഡ മുഴപ്പിച്ചതു കാണരികേ
നിന്നീടുന്നു. ശശിമുഖി! കാണൊരു
ശുകതരുണൻ പോയ്മുഴമക്കതിരും
കൊത്തിക്കൊണ്ടുടനണയുന്നേര—
ത്താത്മപ്രിയതമ പൂന്തേൻധാരാം
കൊക്കിൽ നിറച്ചങ്ങഭിമതരമണനു
മുൻപേ കൊണ്ടെ വഴങ്ങീടുന്നു.

കയിൽക്കുട്ടം. അലർശരൻ—കാമൻ. പരി....ദ്യേ—വാസനകൊണ്ടു രമ്യമായ. തരു....ലേ—കൊച്ചു തേന്മാവിൽ. ഉദ്യ....തം—വർദ്ധിച്ച വസന്തലക്ഷ്മീവിലാസം. തരു .....ന്മാർ—വൃക്ഷയുവാക്കൾ. അഭി....സം—പൂതിയ കയിൽ,വണ്ട് ഇവയുടെ വാക്കിനാൽ. മന്ദം മന്ദം—പതുക്കെപ്പതുക്കെ. മന്ത്രിക്കുക—രഹസ്യം പറയുക. പൂങ്കോരകം—പൂമൊട്ട്. മുറുവൽ—പുഞ്ചിരി. വാതാന്ദോളനകേളി—കാറ്റിലിളകുന്ന കളി. പൂന്തൊത്ത്—പൂങ്കുല. കദംബം—കൂട്ടം. മൗക്തികം—മുത്ത്. പൂന്തേ....ലം—പൂന്തേൻപ്രവാഹമാകുന്ന വിയർപ്പുജലം. കേകികദംബം—മയിൽക്കൂട്ടം. ത്വടിതി—ഉടൻ. മദനക്രീഡ—കാമകേളി. ശശിമുഖി——അല്ലയോ ചന്ദ്രമുഖി. ശുകതരുണൻ—യുവാവായ കിളി. ആത്മ....മ—തന്റെ

അരവിന്ദായതനയനേ! ലതു കാണാൻ
നളിനിയിൽനിന്നരവിന്ദത്തെ—
ക്കൊത്തിയുടച്ചു നടുത്തണ്ടരി—
ക്കൊണ്ടുടനരയന്നങ്ങളിലേകൻ
സരസാത്മാവൊരു ചേരന്തിക തൻ—
കൊമ്പൊടുകെട്ടിക്കൊത്തിക്കൊണ്ടു—
മ്മുറുതല മമ്മാ! സുന്ദരഗമനാം
നിജതരുണീമതിൽ മന്ദമിരുത്തി—
പ്പേർത്തും പേർത്തുമിതാട്ടീടുന്നു.''

ഇത്ഥമോരോതരമുദ്യാനശ്രീ
കണ്ടു മദിച്ചും ചില ദിവസങ്ങളി—
ലിളകി നടന്നു ജലക്രീഡകളിൽ
കുതുകം പൂണ്ടും പൊയ്കകൾതന്നിലി—
റങ്ങി മദിച്ചും മുങ്ങിപ്പൊങ്ങിയു—
മോളമെടുത്തും കൂളി കളിച്ചും
പിമ്പേ ചെന്നത്തുടയിണ പൂണ്ടും
പരമാനന്ദാലൊപ്പം പൊങ്ങിയു-
മദ്ഭുതമത്രേ! ചില ദിവസങ്ങളിൽ
മച്ചിലടച്ചക്കേൽവതുല
മാറിലമർത്തു മനോഭവതന്ത്രം
പുതുമപെടുത്തും ചില ദിവസങ്ങളി—
ലുന്മേഷം പൂണ്ടുദ്യാനദ്യുതി
വെണ്മാളികകളിൽ വെൺമതിയേകാ—
ണ്മോരോത്സവകലവി തുടർന്നും,
പാലും നീരും കൂടിയപോലേ
പൂവും മണവും കൂടിയപോലേ
മധുവൊട്ട മാധുരി ചേർന്നു കണക്കേ
ചന്ദ്രേ ചന്ദ്രിക ചേർന്നു കണക്കേ
പരമാനന്ദാലിരുവരുമൊന്നി—
ച്ചിരവും പകലുമിരുന്നവ പാർത്താൽ
പണി പണി ചൊല്വാനെന്നേ വേണ്ടൂ.

പ്രേയസി. പൂന്തേ ...രാം—പൂന്തേൻപ്രവാഹത്തെ. അരി....ണൻ—കാമുകൻ. അര.....നേ—അല്ലയോ താമരക്കണ്ണി. നളിനി—പൊയ്ക. അരവിന്ദം—താമര. ഏകൻ—ഒരുവൻ. സരസാത്മാ—രസികൻ. ചേരന്തിക—ഒരുതരം പൂച്ചെടി (ശതപത്രി). സുന്ദര....നാം—നല്ല നടയോടു കൂടിയ. നിജ....ണീം—തന്റെ പ്രേയസിയെ. മന്ദം—പതുക്കെ.

ഇത്ഥം—ഇവ്വണ്ണം. ഉദ്യാനശ്രീ—ആരാമലക്ഷ്മി. മദിച്ചും—ആനന്ദിച്ചും. പരമാനന്ദാൽ—പരമാനന്ദത്താൽ. മനോ....ന്ത്രം—കാമകല. ഉന്മേഷം—

വാഴ്ക്കീടാമോ ധരിത്രീസുതയൊടു സുഖമേ
ചേന്നു ഗാഢാനുരാഗ—
സ്ഫൂർത്ത്യാ രാത്രിന്ദിവം വാഴ്കിലുമഴകിതഹോ
രാമചന്ദ്രന്നതന്ത്രം
ധാത്രീരക്ഷാർത്ഥമത്രേ ശിവ ശിവ പരമോ—
ദ്യോഗമത്താരിൽമാതേ
പേർത്തും പുല്ലിംഗശായാം പരമപുരുഷസ—
ന്നാഹവാസ്സെന്നപോലേ. 5

[1]വശീകുർവ്വൻ ഭൃത്യാൻ വധനിയമിതാരാതിവിതതിർ—
വിനീതാത്മാ വിദ്വാൻ വിതരണധൃതപ്രാജ്ഞപരിഷത്
വിവാദാനാം ഛേത്താ വിശദമനസാ വിശ്വഗഹനാ—
യമാനാനാം ശാസ്താ സ ഹി വിജയതേ[f]മേയമഹിമാ. 6

സീത ഗർഭം ധരിച്ച വൃത്താന്തം പ്രസ്താവിക്കുന്നു:

പാതിവ്രത്യോജ്ജ്വലാംഗിക്കഖിലഗുണനിധി—
ക്കംഗനാമൗലിമാല—
സ്ഥാനം ഗർഭോപഭോഗാപിനസ്തനഭരവിനമ—
ന്മദ്ധ്യവല്ലിക്കകാണ്ഡേ

ഉണർച്ച. അസ്ഖലദ്ഗതി—കുറയാത്ത കാന്തിയോടുകൂടിയ. വൈദഗ്ധി—ചന്ദ്രൻ. മാരോ....വി—സുരതക്രീഡ. മധു—തേൻ. മാധുരി—മാധുര്യം. ചന്ദ്രേ—ചന്ദ്രകൽ. ചന്ദ്രിക—നിലാവു്.

പദ്യം 5. ധരി.....ത—സീത. ഗാഢാ.....ത്ത്യാ—വളരെ പ്രേമത്തോടു്. രാത്രിന്ദിവം—രായും പകലും. അതന്ത്രം—ആലസ്യംകൂടാതെ. ധാത്രീ....ർത്ഥം—ഭൂമിരക്ഷയ്ക്കായി. പരമോദ്യോഗം—ശ്രേഷ്ഠമായ യത്നം. പുല്ലിംഗശായാം—ആലിങ്ഗനം ചെയ്യുമ്പോഴേ. പരമ.....വാസ്സു്—പരമപുരുഷൻ (വിഷ്ണു) ഒരുങ്ങിയിരിക്കുന്നതു്.

പദ്യം 6. ഭൃത്യാൻ—ഭൃത്യജനങ്ങളെ. വശീകുർവ്വൻ—വശപ്പെടുത്തിക്കൊണ്ടും. വധ....തിഃ—വധിച്ചു് അടക്കപ്പെട്ട ശത്രുക്കളോടുകൂടിയവനായി. വിനീതാത്മാ—വണക്കമുള്ളവനായി. വിദ്വാൻ—വൈദഗ്ധ്യമുള്ളവനായി. വിത....ഷത്—പണ്ഡിതന്മാരെ വേണ്ടതു കൊടുത്തു ധരിച്ചുകൊള്ളുന്നവനായി. വിശ....സാ—തെളിഞ്ഞ ബുദ്ധിയോടുകൂടി. വിശ്വ....നാനാം—ലോകക്കു തീർച്ചചെയ്യാൻ വയ്യാതെ ദുരൂഹങ്ങളായിരിക്കുന്ന. വിവാദാനാം ഛേത്താ—വ്യവഹാരങ്ങളെ തീർച്ചചെയ്യുന്നവനായി. അമേയമഹിമാ—അപരിമിതമായ മാഹാത്മ്യത്തോടുകൂടിയ. സഃ ശാസ്താ—ആ രാജാവു്. വിജയതേ ഹി—സർവ്വോത്കർഷത്തോടു വർത്തിക്കുന്നുവല്ലോ.

പദ്യം 7. പാതി....ക്കു്—ചാരിത്ര്യംകൊണ്ടു വളരെ ശോഭിക്കുന്ന ശരീരത്തോടുകൂടിയ. അഖി....ക്കു്—എല്ലാ നന്മയ്ക്കും ഇരിപ്പിടമായ.

1. വശേ കു.

ചൂതത്താർബാണലീലാമൃതരസലഹരീ–
ക്കംബുജാക്ഷിക്കു നേരേ
സീതയ്ക്കാത്മോദരേ പോന്നവനിരമണബീ–
ജം തദാ പ്രാദുരാസീത്. 7

ഗർഭിണ്യവസ്ഥയെ വർണ്ണിക്കുന്നു:

പൃഥ്വീഭാരം ചുരുങ്ങെ, ത്രിദശതതി വിള–
ങ്ങെ, ത്തദീയാരിവർഗ്ഗം
മെത്തും താപാൽ മയങ്ങെ, ത്തെരുതെര വിളിപൊ–
ങ്ങെപ്പുരേ രാഷ്ട്രഭാജാം,
മുഗ്ധാക്ഷീ താൻ മയങ്ങെ, ത്രിദശമുനി ചട–
ങ്ങമ്പിലോതിത്തുടങ്ങെ–
ച്ചിത്രം ചിത്രം! തദാനീം ജനകനൃപസുതാ–
ഗർഭമേറേറം ബഭാസേ. 8

വക്ഷോജാഗ്രം കറുത്തും, വടിപൊടി നടു ചീ–
ർത്തും, വശം കെട്ടു വീർത്തും,
പ്രക്ഷാമാംഗം വിയർത്തും, വ്രതവിധികളയ–
ത്തും, വിയർത്തും കപോലം,
ഭക്ഷ്യദ്രവ്യം മറുത്തും, കളഭതതി ചെറു–
ത്തും, വിനോദം വെറുത്തും,
മുഖ്യം ദൈവത്തെയോർത്തും ജനകനൃപസുതാ–
ഗർഭമേറേറം ബഭാസേ. 9

അംഗം....കു–സ്ഥിരത്വമായ. ആതും....കു–വലിയ കുചങ്ങളുടെ കനത്താൽ കനിഞ്ഞ മധ്യപ്രദേശത്തോടുകൂടിയ. ചൂത....കു–കാമലീലയ്ക്കാകുന്ന അമൃതരസത്തിന്റെ പ്രവാഹമായ. അംബു....കു–താമരക്കണ്ണിയായ സീതയ്ക്ക്. അകാണ്ഡേ–പെട്ടെന്ന്. ആത്മോദരേ–തന്റെ വയറ്റിൽ. അവ....ജം–ശ്രീരാമന്റെ ബീജം. തദാ–അപ്പോൾ. പ്രാദുരാസീത്–ആവിർഭവിച്ചു. സീത ഗർഭം ധരിച്ചു എന്നർത്ഥം.

പദ്യം 8. പൃഥ്വീഭാരം–ഭൂമിഭാരം. ത്രിദശതതി–ദേവകുലം. തദീ....ർഗ്ഗം–അവരുടെ ശത്രുസമൂഹം. താപാത്–സങ്കടം നിമിത്തം. രാഷ്ട്രഭാജാം–രാജ്യത്തിലുള്ളവരുടെ. മുഗ്ധാക്ഷീ–സുന്ദരി. ത്രിദശമുനി–ദേവർഷി. തദാനീം–അപ്പോൾ. ജന....ഗർഭം–സീതയുടെ ഗർഭം. ബഭാസേ–ശോഭിച്ചു.

പദ്യം 9. വക്ഷോജാഗ്രം–മുലകളുടെ. പ്രക്ഷാമാംഗം–ക്ഷീണിച്ച ശരീരം. വ്രതവിധി–വ്രതാനുഷ്ഠാനം. കപോലം–കവിൾത്തടം. ഭക്ഷ്യദ്രവ്യം–ആഹാരം. കളഭതതി–പുശാനുള്ള വാസനദ്രവ്യങ്ങൾ. വിനോദം–കളി.

വലികളയി മറഞ്ഞും, മദ്ധ്യദേശം നിറഞ്ഞും,
കളമൊഴികൾ കുറഞ്ഞും, കാമതന്ത്രം വെടിഞ്ഞും,
ചില പൊഴുതു കരഞ്ഞും, ദൈവമെന്നേ പറഞ്ഞും
തെളിവൊടവനിപുത്രിഗർഭമേറം ബഭാസേ. 10

കേടെത്തീ ചംക്രമത്തിടയിടെ നെടുവീ—
പ്പിട്ടു നില്പും വെറുക്കും
ഗാഢശ്ലേഷം വിറയ്ക്കും പ്രജ കാനനമീ—
രശ്മിംവിധൗ നോക്കുമോർക്കും
ചേടീഹസ്താവലംബാ ചടുലമിഴി നട—
ക്കും പഴിക്കും പടിക്കും
പാടേ പാടേ വിശിഷ്ടസ്മൃതികളനിജാ—
ഗർഭമേറം ബഭാസേ. 11

ഗർഭിണിയുടെ ആഗ്രഹം സാധിച്ചുകൊടുക്കേണ്ടതിനാൽ ശ്രീരാമൻ സീതയോടു ഇഷ്ടമായതു് എന്താണു് വേണ്ടതു് എന്നു ചോദിക്കുകയും അതിനു സീത മുമ്പു വനവാസത്തിൽ താൻ കണ്ട കാഴ്ചകളെല്ലാം ഒന്നുകൂടി കാണണമെന്നാവശ്യപ്പെടുകയും ശ്രീരാമൻ അതു സാധിച്ചുതരുന്നതായി ഏൽക്കുകയും ചെയ്യുന്നു:

മായാപേതം മനോജ്ഞാംഗിയെ മടിയിലിരു—
ത്തിത്തെളിഞ്ഞാത്തമോദം
ഭൂയോ ഭൂയോ ऽപി ഗർഭസ്ഫുരണവിവശഗാ—
ത്രീം ധരിത്രീതനൂജാം
''പ്രായോ യുഷ്മാദൃശീനാമഭിരുചി പലവും
തോന്നുമെന്നോടതൊന്നും
മായാതേ ചൊല്ല''യെന്നമ്മനുകുലപെരുമാ—
ളേകദാ താം ബഭാഷേ. 12

പദ്യം 10. വലി—വയറിലെ മടിപ്പു്. മധ്യദേശം—ഉദരപ്രദേശം. കളമൊഴി—അവ്യക്തമധുരമായ മൊഴി. കാമതന്ത്രം—കാമകലാവിനോദം. അവ....ർഭം—സീതയുടെ ഗർഭം.

പദ്യം 11. ചംക്രമം—അടുത്തടുത്തുള്ള കാൽവെയ്പു്. ഗാഢശ്ലേഷം—ബലമായ ആലിംഗനം. പ്രജ—ഗർഭസ്ഥശിശു. ചേടീ....ബാ—ചേടി (പരിചാരിക)യുടെ കൈത്താങ്ങോടുകൂടിയവളായി. ചടുലം—ചഞ്ചലം. വിശിഷ്ടസ്മൃതി—ശ്രേഷ്ഠസ്മൃതി. അവനിജാ—സീത.

പദ്യം 12. മായാപേതം—മായകൂടാതെ. മനോജ്ഞാംഗി—സുന്ദരി. ആത്തമോദം—സന്തോഷത്തോടു്. ഭൂയഃ അപി—വീണ്ടും വീണ്ടും. ഗർഭ....ത്രീം—ഗർഭചലനത്താൽ തളർന്ന ശരീരത്തോടുകൂടിയ. ധരി.....ജാം—സീതയെ. പ്രായഃ—ഒട്ടുമുക്കാലും. യുഷ്മാ .....നാം—നിന്നെപ്പോലെയുള്ള ഗർഭിണികൾക്കു്. അഭിരുചി—ആഗ്രഹം. മായാതേ—മറയ്ക്കാതെ. മനു....ൻ—ശ്രീരാമൻ. ഏകദാ—ഒരിക്കൽ. താം—അവളോടു്. ബഭാഷേ—പറഞ്ഞു.

''മുന്നാം നാം കേളികോലും വനതലമതിനേ—
ക്കാട്ടിലപ്പുണ്യനാരീ—
ധന്യം നല്പണ്ണശാലാനികരമതിലുമേ—
ണീതതീനാം വിലാസം
മിന്നുന്നു മേല്പുമേലേ മനതളിരിലതേ—
ക്കൊണ്ടതിന്നേകദാ കൈ—
വന്നാവൂ ഭാഗ്യ''മിത്ഥം ജനകനൃപസുതാ
രാമചന്ദ്രം ബഭാഷേ. 13

''സാധു സാധു തവ ദോഹദം പ്രിയേ!
സാധയിഷ്യതി ജനോ'യമഞ്ജസാ''
ആദരാലിതി പറഞ്ഞു മൈഥിലീം
സാദിനീമുരസി ചേർത്തു പുല്കിനാൻ. 14

സീതയും രാമനുംതമ്മിൽ പ്രേമോത്കർഷത്തോട് സുഖിച്ചിരിക്കുന്നതായി വർണ്ണിക്കുന്നു:

''ജീവയന്നിവ സസാദ്ധ്വസശ്രമ—
സ്വേദബിന്ദുരധികണമപ്യതാം
ബാഹുരൈന്ദവമയൂഖചുംബിത—
സ്യന്ദിചന്ദ്രമണിഹാരവിഭ്രമഃ. 15

വിനിശ്ചേതും ശക്യോ ന സുഖമിതി വാ ദുഃഖമിതി വാ
പ്രബോധോ നിദ്രാ വാ കിമു വിഷവിസർപ്പഃ കിമു മദഃ

പദ്യം 13. കേളികോലും വനതലം—വിഹരിച്ച വനപ്രദേശം. പുണ്യ....ന്യം—താപസികളായ പുണ്യസ്ത്രീകളാൽ അനുഗൃഹീതമായ. പണ്ണ....രം—ആശ്രമസമൂഹം. ഏണീ ...നാം വിലാസം—പെൺമാൻകുട്ടങ്ങളുടെ കളി. ഏകദാ—ഒരിക്കൽ. ഇത്ഥം ഇപ്രകാരം. ജന ...താ—സീത. രാമചന്ദ്രം—രാമചന്ദ്രനോട്. ബഭാഷേ—പറഞ്ഞു.

പദ്യം 14. പ്രിയേ—അല്ലയോ പ്രേയസി. സാധു—നന്നു. അംജസാ—ഉടൻ. അയം ജനഃ—ഇജ്ജനം. തവ—നിന്റെ. ദോഹദം—ഗർഭകാലത്തെ ആഗ്രഹത്തെ. സാധയിഷ്യതി—സാധിച്ചതരും. ആദരാത്—ആദരവോട്. ഇതി—ഇവ്വണ്ണം. സാദിനീം—തളർന്നവളായ. മൈഥിലീം—സീതയെ. ഉരസി—നെഞ്ചിൽ.

പദ്യം 15. സസാ....ന്ദുഃ—ഭയത്താലും ശ്രമത്താലുമുണ്ടായ വിയർപ്പുതുള്ളികളോടുകൂടിയ. ഐന്ദ....മഃ— (ആയതുകൊണ്ട്) ചന്ദ്രകിരണങ്ങളെ ഏറ്റു നീരൊഴുകുന്ന ചന്ദ്രകാന്തമണികൊണ്ടുള്ള ഹാരമോ എന്നു തോന്നുംവണ്ണമുള്ള. ജീവയൻ ഇവ—ജീവിപ്പിക്കുന്നതു്. ബാഹുഃ—ഭുജം. അധികണം—കഴുത്തിൽ. അപ്യതാം—അപ്പണം ചെയ്യപ്പെട്ടാലും. വേത്രതിയുടെ ഉത്തരരാമചരിതനാടകപദ്യമാണിതു്.

പദ്യം 16. സുഖം ഇതി വാ ദുഃഖം ഇതി വാ—സുഖമെന്നോ ദുഃഖമെന്നോ. പ്രബോധഃ നിദ്രാ വാ—ഉണർവെന്നോ നിദ്രയെന്നോ. കിമു

തവ സ്പർശേ സ്പർശേ മമ ഹി പരിമൂഢേന്ദ്രിയഗണോ
വികാരശ്ചൈതന്യം ജഡയതി ച സമ്മീലയതി ച.''

''മാനവേന്ദ്ര! മധുരപ്രഭാഷണ! മനോഭ—
വാഭ! മതിയുണ്ടു മൽ—
പ്രാണനാഥ! മദനാർത്തി മന്മനസി കർത്തു—
മാറു പറയുന്നതും
ദീനരോടുടനറിഞ്ഞു വാഴ്കെ തവ ശീല—
മമ്പു കലരും ജനേ
കാണ്മതിത്തൊഴിൽ വിചിത്രമോ ഹൃദയമോദ—
മേകിനതനാരതം. 17

എപ്പൊഴും പ്രിയമിവണ്ണമേ ബത! പറഞ്ഞു
മോദമരുളായ്ക ഞാൻ
തവത്പദാബ്ജയുഗളം പിടിച്ചിത നമസ്കു—
രോമി തൊഴുകൈ തരാം''
ഗർഭിണീസുലഭനിദ്രയാ ജഡിമ ചേർന്നി—
വണ്ണമരുൾചെയ്ക നീ—
ലോല്പലാക്ഷി നിജകാന്തമമ്പിനൊടഴിഞ്ഞ—
മന്ദ തഴകീടിനാൾ. 18

''ആ വിവാഹസമയാദ് ഗൃഹേ വനേ
ശൈശവേ തദനു യൗവനേ/പി ച

വിഷവിസർപ്പഃ കിമു മദഃ—വിഷം പാക്കലാണോ മദമാണോ എന്നോ. വിനിശ്ചേതും ന ശക്യഃ—നിശ്ചയിക്കാൻ വയ്യാത്തതും. പരി....ണഃ—മൗഢ്യം പ്രാപിച്ച ഇന്ദ്രിയങ്ങളോട് കൂടിയതും ആയ. തവ സ്പർശേ സ്പർശേ വികാരഃ—നിന്നെ തൊടുന്തോറുമുള്ള വികാരം മമ ഹി—എന്റെ. ചൈതന്യം—ചേതനയെ. ജഡയത ച സമ്മീലയതി ച— ജഡമാക്കുകയും മയക്കുകയും ചെയ്യുന്നു. ഇതും ഭവഭൂതിയുടെ ഉത്തരരാമചരിതനാടകപദ്യമാണ്.

പദ്യം 17. മാനവേന്ദ്ര—അല്ലയോ മനുഷ്യശ്രേഷ്ഠ. മധു....ണ— മധുരമായി സംസാരിക്കുന്നവനേ. മനോഭവോഭ—കാമസുന്ദര. മദനാർത്തി—കാമപീഡ. മന്മനസി—എന്റെ മനസ്സിൽ. ദീനർ—കൃപണർ. തവ ശീലം—നിന്റെ സ്വഭാവം. അമ്പു—കൃപ. ജനേ—ജനത്തിൽ. ഹൃദയമോദം—മനസ്സന്തോഷം. അനാരതം—എപ്പോഴും.

പദ്യം 18. മോദം—തോഷം. തവത്....ളം—നിന്റെ രണ്ടു കാൽത്താമരയെ. നമസ്കരോമി—വന്ദിക്കുന്നു. ഗർഭി....യാ—ഗർഭിണികൾക്കുള്ള സുലഭമായ ഉറക്കം നിമിത്തം. ജഡിമ—ജാഡ്യം. നീലോ....ക്ഷി—നീലോത്പലംപോലെയുള്ള കണ്ണുകളോടുകൂടിയ സീത. നിജകാന്തം—തന്റെ കാന്തനെ.

പദ്യം 19. ആവി....യാത്—വിവാഹം കഴിഞ്ഞതുമുതല്ക്ക്. ഗൃഹേ—ഗൃഹത്തിലും. വനേ—കാട്ടിലും. ശൈശവേ—ശിശുഭാവത്തിലും. യൗവനേ അപി ച—താരുണ്യത്തിലും. സ്വാപഹേതുഃ—നിന്റെ നിദ്ര

സ്വാപഹേതുരനുപാശ്രിതോഽന്യയാ
രാമബാഹുരുപധാനമേഷതേ. 19

ഇയം ഗേഹേ ലക്ഷ്മീരിയമമൃതവർത്തിർന്നയനയോ—
രസാവസ്യാഃ സ്പർശോ വപുഷി ബഹളശ്ചന്ദനരസഃ
അയം കണ്ഠേ ബാഹുഃ ശിശിരമസൃണോ മൗക്തികമണിഃ
കിമസ്യാ ന പ്രേയോ യദി പരമസഹ്യസ്തു വിരഹഃ.'' 20

ഇതിനിടയ്ക്ക് ഭദ്രനെന്ന ചാരൻ നഗരവൃത്തമെല്ലാം അറിഞ്ഞുകൊണ്ട് അന്തഃപുരസ്ഥനായ ശ്രീരാമനെ വന്നു കണ്ട് സദ്വൃത്തം കൊണ്ട് സന്തുഷ്ടരായി പ്രജകളെല്ലാം ശ്രീരാമനെ വാഴ്ത്തുന്നതായും എന്നാൽ രാക്ഷസഗൃഹത്തിലിരുന്ന സീതയെ സ്വീകരിച്ചതിൽ നിന്ദിക്കുന്നതായും പ്രസ്താവിക്കുന്നു:

അത്രാന്തരേ സംപ്രഹിതഃ സ്വധർമ്മേ
ഭദ്രാഹ്വയശ്ചാരവരോ മനീഷീ
ശ്രുത്വാന്തചാരീ ദയിതോപഗൂഢം
സദ്യോ രഘൂണാം പതിമാസസാദ. 21

''ഇക്ഷ്വാണീമണ്ഡലേ മേവിന നിഖിലജന—
ങ്ങൾക്കുമെന്തൊന്നിദാനീ—
മുൾക്കാമ്പിങ്കൽ പുലമ്പുന്നതു മയി വസുധാ—
പാലനേ ബദ്ധദീക്ഷ''

സ്യ കാരണമായ. അന്യയാ—മറ്റൊരുത്തിയാൽ അനുപാശ്രിതഃ—സ്പർശിക്കപ്പെടാത്ത. ഏഷഃ രാമബാഹോഃ—ഈ രാമന്റെ കൈയ്. തേ ഉപധാനം—നിനക്കു തലയിണയാകുന്നു. ഇത്യം ഭവദ്ഭർത്തിയുടെ ഉത്തരരാമചരിതനാടകപദ്യമാകുന്നു.

പദ്യം 20. ഇയം—ഇവൾ. ഗേഹേ ലക്ഷ്മീഃ—ഗൃഹലക്ഷ്മിയാകുന്നു. ഇയം—ഇവൾ. നയനയോഃ അമൃതവർത്തിഃ—കണ്ണുകൾക്ക് അമൃതമയമായ തിരിയാകുന്നു. അസ്യാഃ അസൗ സ്പർശഃ—ഇവളുടെ ഈ സ്പർശം. വപുഷി—ശരീരത്തിൽ. ബഹളഃ ചന്ദനരസഃ—ധാരാളമായ ചന്ദനരസമാകുന്നു. കണ്ഠേ—കഴുത്തിൽ. അയം ബാഹുഃ—ഈ കൈയ്. ശിശിരമസൃണഃ—ശീതളവും മൃദുലവും ആയ. മൗക്തി... ണിഃ—മുത്തുമാലയാകുന്നു. അസ്യാഃ കിം പ്രേയഃ ന—ഇവളുടെ എന്തോന്നാണ് പ്രിയമല്ലാത്തത്? യദി വിരഹഃ തു—എന്നാൽ വിരഹമാകട്ടേ. പരം അസഹ്യഃ—വളരെ അസഹ്യമാകുന്നു. ഇത്യം ഭവദ്ഭർത്തിയുടെ ഉത്തരരാമചരിതനാടകപദ്യമാകുന്നു.

പദ്യം 21. അത്രാന്തരേ—ഇതിനിടയ്ക്ക്. മനീഷീ—ബുദ്ധിമാനും. ഭദ്രാഹ്വയഃ—ഭദ്രൻ എന്ന പേരുള്ളവനും. സ്വധർമേ സംപ്രഹിതഃ—രാജധർമം ശരിക്കു നടക്കുന്നുവോ എന്നന്വേഷിച്ചുവരാൻ രഹസ്യമായി അയയ്ക്കപ്പെട്ടവനും ആയ. ചാരവരഃ—ശ്രേഷ്ഠനായ പ്രണിധി. ശ്രുത്വാ....രീ—അന്തഃപുരത്തിൽ വന്ന്. ദയി... ഢം—പ്രേയസിയാൽ ആലിംഗനം ചെയ്യപ്പെട്ട. രഘൂണാം പതിം—ശ്രീരാമനെ. സദ്യഃ—ഉടൻ. ആസസാദ—പ്രാപിച്ചു.

പദ്യം 22. ഇക്ഷ്വാ....ലേ—ഈ ഭൂമണ്ഡലത്തിൽ. നിഖിലജനം—സമസ്തജനം. ഇദാനീം—ഇപ്പോൾ. മയി—ഞാൻ. വസു....നേ ബദ്ധ

ഇക്ഷ്വാകൂണാം മുടിപ്പൂണ"പ''ഖിലവുമറിയി—
ച്ചീടു നിശ്ശങ്ക''മെന്ന—
ങ്ങഗ്രേ കൈകൂപ്പിനില്ക്കുന്നവനൊടു വിനയാം—
ഭോധിയോടാബഭാഷേ. 22

''ക്രിയാസു യുക്തൈരൈന്യപ ചാരചക്ഷുഷോ
ന വഞ്ചനീയാഃ പ്രഭവോ/ന്യജീവിഭിഃ
അതോ/ർഹസി ക്ഷന്തുമസാധു സാധു വാ
ഹിതം മനോഹാരി ച ദുർല്ലഭം വചഃ. 23

ചൊല്ലുവാൻ പണി നൃദേവവീര! ധരണീത—
ലേ സകലലോകരും
നല്ലനെന്നയി ഭവന്തമമ്പിനൊടു സംസ്തു—
വന്തി ജഗതീപതേ!
നല്ല ധർമ്മവുമശേഷരക്ഷയുമിവണ്ണ—
മോക്കിലൊരുനാളുമ—
ങ്ങില്ല കീഴിലിതി പുരജാനപദകീർത്ത—
നം ജയതി പാർത്തലേ. 24

സാപ്ലുതം ചെറിയന്നു ചെയ്തൊരു മഹാ—
രക്ഷഃസ്ത്രിയോ ഹിംസയും
വിശ്വാമിത്രമഖാഭിരക്ഷയുമഹോ!
വാഴ്ത്തുന്നിതെല്ലാരുമേ;

ദീക്ഷേ (സതി)—രാജ്യപരിപാലനത്തിങ്കൽ ശ്രദ്ധയുള്ളവനായിരിക്കേ ണ്ടോം. ഇക്ഷ്വാകൂണാം—ഇക്ഷ്വാകുവംശത്തിൽ ജനിച്ചവരിൽ. അഖിലവും—എല്ലാം. നിശ്ശങ്കം—ശങ്കയെന്നിയെ. അഗ്രേ—മുമ്പിൽ. വിനയ... ധി—വണക്കത്തിനു് ഇരിപ്പിടം. ആബഭാഷേ—പറഞ്ഞു.

പദ്യം 23. നൃപ—അല്ലയോ രാജാവേ. ചാരചക്ഷുഷഃ—ചാരന്മാരാകുന്ന കണ്ണോടുകൂടിയ പ്രഭവഃ—പ്രഭുക്കൾ. ക്രിയാസു യുക്തൈഃ—പ്രത്യേകം ജോലികളിൽ നിയോഗിക്കപ്പെട്ടവരായ. അന്യജീവിഭിഃ—അന്യചരന്മാരാൽ. വഞ്ചനീയാഃ ന—വഞ്ചിക്കപ്പെടേണ്ടവരല്ല. അതഃ—ആയതുകൊണ്ടു്. അസാധു സാധു വാ—(എന്റെ വാക്കു്) നല്ലതായാലും തീയതായാലും. ക്ഷന്തും അർഹസി—അങ്ങു ക്ഷമിക്കണം. എന്തെന്നാൽ, ഹിതം മനോഹാരി ച വചഃ—ഹിതവും പ്രിയവും ആയ വാക്കു്. ദുർലഭം—വിരളമാകുന്നു. കിരാതാർജ്ജുനീയപദ്യമാണിതു്.

പദ്യം 24. നൃദേവവീര—അല്ലയോ രാജശ്രേഷ്ഠ. ധരണീതലേ—ഭൂതലത്തിൽ. ഭവന്തം—അങ്ങയെ. സംസ്തുവന്തി—പുകഴ്ത്തുന്നു. അശേഷരക്ഷ—സകലർക്കും രക്ഷ. ഇതി—എന്നു്. പാർത്തലേ—ഭൂമിയിൽ. പുര... നം—പുരത്തിലും നാട്ടിലും ഉള്ള ജനങ്ങളുടെ പ്രശംസ. ജയതി—ഉത്കർഷത്തോടു വർത്തിക്കുന്നു.

പദ്യം 25. സാപ്ലുതം—യഥേഷ്ടം. മഹാ....യഃ—താടകയുടെ. ഹിംസ—വധം. വിശ്വാ....ക്ഷ—വിശ്വാമിത്രന്റെ യാഗത്തെ രക്ഷി

നേരേ ഗൗതമദാരമോക്ഷവിധിയും
ത്രൈയംബകച്ഛേദവും
വീരം ഭാർഗ്ഗവനെജ്ജയിച്ചതുമഹോ!
വാഴ്ത്തുന്നിതെല്ലാരുമേ. 25

ഊക്കേറും ഖരദൂഷണത്രിശിരസാം
വിദ്ധ്വംസവും ദോർബലം
വാഴ്ത്തും ബാലിയെ വെന്നതും മഹിതമായ്
വാഴ്ത്തുന്നിതെല്ലാരുമേ;
ഉഗ്രത്തിങ്ങും കപിസേനയാ സഹ മഹാ—
ശൈലങ്ങൾകൊണ്ടംബുധൗ
ചിത്രം! കേവം ചിറയിട്ട കോപ്പു വലുതായ്
വാഴ്ത്തുന്നിതെല്ലാരുമേ! 26

ആവിർവൈരമൊടുക്കി രാക്ഷസകുലം
സോദരപുത്രം ദശ--
ഗ്രീവം കൊന്നതുമിന്ന വിസ്മയമഹോ!
വാഴ്ത്തുന്നിതെല്ലാരുമേ!
നീണാളം നൈരൃതമന്ദിരത്തിലുഷിതാം
ദേവീമിമാം വീണ്ടുകൊ—
ണ്ടാനന്ദേന വസിച്ചതൊന്നുമഴക—
ല്ലെന്നുണ്ടു ദുഷ്കീർത്തനം.'' 27

അവിചാരിതമായുണ്ടായിരിക്കുന്ന അപവാദം കേട്ട ശ്രീരാമൻ സീതയെ വിചാരിച്ചു സങ്കടപ്പെട്ടു വിലപിക്കുകയും ദുഷ്കീർത്തിയെക്കാളും സീതയെ ത്യജിക്കുന്നതുതന്നെ നല്ലതെന്നു നിശ്ചയിക്കുകയും ചെയ്യുന്നു:

അചിന്തിതം കേട്ടഥ കർണ്ണശല്യം
വചസ്തദീയം ഭൃശവിക്ലുബാത്മാ

ച്ചതു്. ഗൗത....വിധി—അഹല്യയെ ശാപത്തിൽനിന്നു വിടുത്തിയതു്. ത്രൈ....ദം—ശിവന്റെ വില്ലിനെ മുറിച്ചതു്. ഭാർഗ്ഗവൻ—പരശുരാമൻ.

പദ്യം 26. ഖര....സാം വിധ്വംസം—ഖരൻ ദൂഷണൻ ത്രിശിരസ്സു് ഇവരുടെ നാശം. ദോർബലം—കൈയ്യുക്കു്. മഹിതം—ശ്രേഷ്ഠം. കപി....യാ സഹ—വാനരസൈന്യത്തോടുകൂടി. മഹാശൈലം—വലിയ പർവ്വതം. അംബുധൗ—സമുദ്രത്തിൽ.

പദ്യം 27. ആവിർവൈരം—ഉണ്ടായ വിദ്വേഷത്തോടുകൂടി. സോദര....ത്രം ദശഗ്രീവം—സോദരനോടും പുത്രനോടും കൂടിയ രാവണനെ. വിസ്മയം—ആശ്ചര്യം. നൈരൃതമന്ദിരത്തിൽ—രാക്ഷസഗൃഹത്തിൽ. ഉഷിതാം ഇമാം ദേവീം—വസിച്ചവളായ ഈ ദേവിയെ (സീതയെ). ആനന്ദേന—സന്തോഷത്തോടു്. ദുഷ്കീർത്തനം—നിന്ദ.

1. ക്ലേശദുഃഖിതോഽസൗ.

വിസ്മൃജ്യ ലജ്ജാമവധീര്യ ധൈര്യം
പ്രമുക്തകണ്ഠം പ്രരുരോദ രാമഃ. 28

''ഹാ ഹാ! ധിക് പരഗൃഹവാസ[1]ഗർഹണം യദ്
വൈദേഹ്യാഃ പ്രശമിതമദ്ഭുതൈരുപായൈഃ
ഏതത്തത് പുനരപി ദൈവദുർവിപാകാ—
ദാലക്ഷ്യം വിഷമിവ സർവതഃ പ്രസൃപ്തം. 29

ഗദ്യം 2.

ഹാ ദേവി! ദേവയജനസംഭവേ! സ്വജന്മാനുഗ്രഹപവിത്രിതവസുന്ധരേ! ഹാ നിമിവംശനന്ദിനി! ഹാ പാവകവസിഷ്ഠസഹധർമ്മചാരിണീപ്രശസ്തശീലശാലിനി! ഹാ താത പ്രിയേ! ഹാ മഹാരണ്യവാസപ്രിയസഖി! ഹാ രാമമയജീവിതേ! കഥമേവം ഭ്രതാസി?

ത്വയാ ജഗന്തി പുണ്യാനി
ത്വയ്യപുണ്യാ ജനോക്തയഃ

പദ്യം 28. അഥ—പിന്നെ. അചിന്തിതം—നിനയ്ക്കാത്തതു്. കണ്ഠ്യ ശല്യം—തൊണ്ടക്കുവേദനയെ ഉണ്ടാക്കുന്നതും ആയ. തദീയം വചഃ—അവന്റെ (ഭർത്താവിന്റെ) വാക്കിനെ. ഭൂശ....ത്മാ—വളരെ വ്യാകുലനായ. രാമഃ—രാമൻ. ലജ്ജാം വിസൃജ്യ—ലജ്ജയെ ത്യജിച്ചിട്ടു്. ധൈര്യം അവധീര്യ—ധൈര്യം നശിച്ചവനായി. പ്രമു....ണ്ഠം പ്രരുരോദ—നിലവിളിച്ചു കരഞ്ഞു. രോദനപ്രകാരം മീതേ വണ്ണിക്കുന്നു.

പദ്യം 29. ധിക്—നിന്ദിക്കാൻ യോഗ്യം. അദ്ഭുതൈഃ ഉപായൈഃ—അഗ്നിപ്രവേശം മുതലായ ആശ്ചര്യസംഭവങ്ങളാൽ. പ്രശമിതം—ശമിപ്പിക്കപ്പെട്ട. വൈദേഹ്യാഃ—സീതയുടെ. പര....ണം—അന്യന്റെ (രാക്ഷസന്റെ) ഗൃഹത്തിൽ വസിച്ചതുകൊണ്ടുള്ള നിന്ദ. യത്—എന്നു യാതൊന്നോ. തത് ഏതത് പുനഃ അപി—അതു വീണ്ടും. ദൈവ ...കാത്—നിർഭാഗ്യവശാത്. ആലക്ഷ്യം വിഷം ഇവ—പേപ്പട്ടിവിഷം പോലെ. സർവതഃ പ്രസൃപ്തം—എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. ഭവഭൂതിയുടെ പദ്യമാണിതു്.

ഗദ്യം 2. ദേവ....വേ—യാഗസന്ദർഭത്തിൽ ജനിച്ചവളേ. സ്വജ....രേ—തന്റെ ജനനമാകുന്ന അനുഗ്രഹത്താൽ ഭൂമിയെ ശ്രുദ്ധിചെയ്തവളേ. നിമി....നി—നിമിവംശത്തിലെ പുത്രിയായുള്ളോവേ. പാവ....നി—അഗ്നിദേവനാലും അരുന്ധതിയാലും പ്രശംസിക്കപ്പെട്ട ശീലഗുണത്തോടു കൂടിയവളേ. താതപ്രിയേ—അച്ഛന്റെ പ്രീതിക്കു ഭാജനമായുള്ളോവേ. മഹാ....ഖി—വനവാസത്തിൽ പ്രിയസഖിയായുള്ളോവേ. രാമമയജീവിതേ—ശ്രീരാമനെ തന്റെ ജീവിതമായി കരുതിയുള്ളോവേ. ഏവം ഭ്രതാകഥം അസി— നീ ഇപ്രകാരം എങ്ങനെ ഭവിച്ചിരിക്കുന്നു?

പദ്യം 30. ത്വയാ—നിന്നാൽ. ജഗന്തി—ലോകങ്ങൾ. പുണ്യാനി—പരിശുദ്ധങ്ങൾ. ജനോക്തയഃ—ലോകപ്രവാദങ്ങൾ. ത്വയി—

1. സദൂഷണം യദ്.

നാഥവന്തസ്ത്വയാ ലോകാ—
സ്ത്വമനാഥാ വിപത്സ്യസേ. 30

പാതിവ്രത്യം പവിത്രം തടവി വടിവെഴും
വീതിഹോത്രാദ് വിശുദ്ധാം
വൈദേഹീം വൈദികേ കർമ്മണി മണമിയലും
വേദിമദ്ധ്യാത് പ്രസൂതാം
ചേതോരമ്യം ദധാനാം ദിനകരകുലസ—
ന്താനമംഭോജമാതി—
ന്മാധുര്യം പെയ്ത മണ്ണിയെ വെടിവതു നി—
ഷ്കാരണം പാക്കിലാകാ. 31

ദിവസകരകുലേന്ദൗ നിർമ്മലേ മന്നിമിത്തം
ഭവതു കഥമകാണ്ഡേ ദുര്യശോലക്ഷ്മലേപം;
മലയജതരുഷണ്ഡേ ചണ്ഡകാകോദരത്തിൻ
പ്രതിനവവിഷവഹ്നിജ്വാല പൊങ്ങുന്നപോലെ. 32

വിദേഹരാജപ്രിയനന്ദനേ! ഞാൻ
വിദേഹനാവാൻ കഴിവെന്തിദാനീം;
പ്രദേയമായീ തവ ദേഹമെന്നാൽ
മദേന മെത്തും പിശിതാശനാനാം. 33

നിന്റെ വിഷയത്തിൽ. അപുണ്യാനി -അശ്രദ്ധങ്ങൾ. ത്വയാ—നിന്നാൽ. ലോകാഃ—ലോകർ. നാഥവന്തഃ—സനാഥർ. ത്വം—നീ. അനാഥാ—അശരണയായി. വിപത്സ്യസേ—ആപത്തിൽ പെടുന്നു. ഭവഭൂതിയുടെ പദ്യമാണിതു്.

പദ്യം 31. പവിത്രം—പരിശുദ്ധമായ. പാതിവ്രത്യം—പതിവ്രതയുടെ ധർമ്മം. വീതിഹോത്രാത്—അഗ്നിയിൽനിന്നു്. വിശുദ്ധാം—ശുദ്ധിയെ പ്രാപിച്ച. വൈദികേ കർമണി—യാഗത്തിൽ. വേദിമധ്യാത്—യാഗശാലയിലെ തിണ്ണയുടെ മധ്യത്തിൽനിന്നു്. പ്രസൂതാം—ജനിച്ച. ചേതോരമ്യം—മനോഹരമായ. ദിന.....നം—സൂര്യവംശസന്തതിയെ. ദധാനാം—ഗർഭത്തിൽ ധരിക്കുന്ന. വൈദേഹീം—സീതയെ. അംഭോജമാതു്—മഹാലക്ഷ്മി. നിഷ്കാരണം—കാരണം കൂടാതെ.

പദ്യം 32, നിർമലേ—ശുദ്ധമായ. ദിവ.....ന്ദൗ—സൂര്യവംശമാകുന്ന ചന്ദ്രങ്കൽ. മന്നിമിത്തം—ഞാൻ കാരണമായി. അകാണ്ഡേ—അനവസരത്തിൽ. ദുര്യ....പം—ദുഷ്കീർത്തിസ്പർശം. കഥം ഭവതു—എങ്ങനെ ഭവിക്കും. മല.....ണ്ഡേ—മലയപർവതത്തിലെ(ചന്ദന)വൃക്ഷക്കൂട്ടത്തിൽ. ചണ്ഡകാകോദരത്തിൻ—ഭയങ്കരമായ സർപ്പത്തിന്റെ. പ്രതി.....ല—പുത്തനായ വിഷത്തീനാക്കു്.

പദ്യം 33. വിദേ....നേ—അല്ലയോ സീതേ. ഇദാനീം—ഇപ്പോൾ. വിദേഹൻ—ദേഹവിയുക്തൻ. തവ ദേഹം—നിന്റെ ശരീരം. മദേന അഹങ്കാരത്താൽ. പിശി....നാം—രാക്ഷസന്മാക്കു്. പ്രദേയമായീ—കൊടുക്കാൻ യോഗ്യമായി.

വിസ്രംഭാദുരസി നിപത്യ ലബ്ധനിദ്രാ-
മുന്മുച്യ പ്രിയഗൃഹിണീം ഗൃഹസ്യ ശോഭാം
ആതങ്കസ്ഫുരിതകഠോരഗർഭദുർവ്വീം
ക്രവ്യാദ്ഭ്യോ ബലിമിവ ദാരുണഃ ക്ഷിപാമി. 34

തീവ്രോ നാസ്ത്രോ നരികോ തിരുവുടലുടനേ
തീൻകൊട്ടക്കുന്നതെന്ന-
ങ്ങോക്കുമ്പോഴം മന്മനക്കാമ്പിലിതനവധി തീ-
ക്കട്ട മേവുന്നിതയ്യോ!
ഭാഗ്യക്കേടൊന്നു പൊല്ലാവതു വിധിയനൊടേ-
തും പിഴച്ചീല പാത്താ-
ലാക്കം ചേന്നിങ്ങിരിക്കുംപൊഴതിലിതു വരു-
ത്തീടുവാനെന്തു മൂലം?'' 35

ശ്രീരാമൻ തന്റെ മടിയിൽ കിടന്നുറങ്ങുന്ന സീതയെ എടുത്തു നിലത്തു കിടത്തിക്കൊണ്ടു വീണ്ടും സങ്കടപ്പെട്ടു വിലപിക്കുന്നു:

ഇത്ഥം പേത്തും പ്രലാപിച്ചഹിമകരകുലോ-
ത്തംസമുത്പന്നനിദ്രാം
വിസ്തീർണ്ണോരഃസ്ഥലേ സാധ്വികമണിമകുടാ-
ഭ്ലാനമാലാം നിലീനാം
പൃഥ്വ്യാം മെല്ലെക്കിടത്തിക്കനിവിനൊടെഴുനേ-
ററാകുലാത്മാ പദാന്തേ
മെത്തും താപേന വീണപ്രണയഭരഭയാ-
ഗദ്ഗദാം വാചമൂചേ. 36

പദ്യം 34. ദാരുണഃ—ക്രൂരനായ (ഞാൻ). വിസ്രംഭാത്—വിശ്വാസം നിമിത്തം. ഉരസി നിപത്യ ലബ്ധനിദ്രാം—നെഞ്ചത്തു വീണു് ഉറങ്ങുന്നവളായ. ഗൃഹസ്യ ശോഭാം—ഗൃഹത്തിനു ശോഭയായ. ആത....ർവ്വീം—കഠിന ഗർഭഭാരപീഡിതയായ. പ്രിയഗൃഹിണീം—പ്രിയപ്പെട്ട ഗൃഹനായികയെ. ഉന്മുച്യ—അടർത്തിയെടുത്തിട്ടു്. ക്രവ്യാദ്ഭ്യഃ—രാക്ഷസന്മാർക്കു്. ബലിം ഇവ—ബലിയെന്നപോലെ. ക്ഷിപാമി—ഇട്ടുകൊടുക്കുന്നു. ഇതു ഭവഭൂതിയുടെ പദ്യമാകുന്നു.

പദ്യം 35. അനവധി—അസംഖ്യം. വിധിയൻ—ബ്രഹ്മാവു്. എന്തു മൂലം—എന്തു കാരണം.

പദ്യം 36. പ്രലാപിച്ചു്—കരഞ്ഞു്. അഹി..... സം—ശ്രീരാമൻ. സാധ്വി....ലാം—ഉത്തമപതിവ്രതയായ. വിസ്തീ.....ലേ—വിസ്താരമേറിയ നെഞ്ചിൽ. നിലീനാം ഉത്പന്നനിദ്രാം—കിടന്നുറങ്ങുന്നവളായ (സീതയെ). പൃഥ്വ്യാം—ഭൂമിയിൽ. ആകുലാത്മാ—വ്യാകുലനായ. പദാന്തേ—കാല്ക്കൽ. പ്രണ.....ദാം—അധികമായ സ്നേഹം കാരുണ്യംഇവയാൽ ഇടറിയ. വാചം ഊചേ—വാക്കിനെ പറഞ്ഞു

1. ത്യ ജാതനി. 2. ഭോരാംക്രു.

''പൃഥ്വീപുണ്യാംബുരാശൗ വിലസിന ലഹരീ—
മാലികേ! മൈഥിലൻതൻ—
പ്രത്യഗ്ജ്യോതിസ്സ്വരൂപസ്ഥിതിശിഥിലത ചേ—
ത്തോരു സൗശീല്യസാരേ!
മുഗ്ധേ! ശാഠ്യം തഴയ്ക്കം ദശരഥസുതസം—
വാഹസൗഖ്യൈകലോലേ!
മുക്താശങ്കം കരോമി പ്രിയസഖി! പദയോ—
രന്ത്യമാം വന്ദനം ഞാൻ. 37

ആകൃഷ്ടശ്രീതകും ചന്ദനവിടപിവര—
ഭ്രാന്തി കൈക്കൊണ്ട ഞാനാം
കാകോളക്ഷോണിജത്തിൻ തണലിലയി വിനോ—
ദിപ്പതിന്നാശ്രയന്ത്യാഃ
മാഴ്കാതാനംഗകേളീമധുരിമ വിളയും
ഗാത്രവല്യാ നിതാന്തം
മോഹാന്ധാത്മാ കരോമി പ്രിയസഖി! പദയോ—
രന്ത്യമാം വന്ദനം ഞാൻ. 38

സാമ്രാജ്യശ്രീവിലാസത്തൊട്ട പിരിയുമമും
മാമനുവ്രജ്യ മാർഗ്ഗേ
മേന്മേലായാസമുക്കൊണ്ടടവികളിലുഴ—
ന്നോരു സൗജന്യശീലേ!

പദ്യം 37. പൃഥ്വീ....ലികേ—ഭൂമിദേവിയുടെ പുണ്യപൂരമായി ജനിച്ചുള്ളോവേ. മൈഥിലൻ—ജനകൻ. പ്രത്യഗ്....ലത—ബ്രഹ്മഭാവത്തിനഭംഗം. സൗശീ .....രേ—സത്സ്വഭാവത്തിന്റെ കാതലായുള്ളോവേ. മുഗ്ധേ—സുന്ദരി. ശാഠ്യം—നിർബന്ധം. ദശ....ലേ—രാമനെ തടവുന്നതിൽ ഉണ്ടാകുന്ന സുഖത്തിൽ താൽപ്പര്യമുള്ളവളേ. മുക്താശങ്കം—ശങ്കകൂടാതെ. പദയോഃ അന്ത്യം വന്ദനം കരോമി—കാലുകളിൽ ഒടുവിലത്തെ വന്ദനം ചെയ്യുന്നു.

പദ്യം 38. ആകൃഷ്ടശ്രീ—മനോഹരമായ ശോഭ. ചന്ദ....ന്തി—നല്ല ചന്ദനമരമാണെന്നുള്ള ഭ്രമം. കാകോ.....ത്തിൻ—വിഷവൃക്ഷത്തിൻ. ആശ്രയന്ത്യാഃ—ആശ്രയിച്ചവളായ. അനംഗ....ല്യാഃ—ശൃംഗാരം തുളുമ്പുന്ന ശരീരലതയോട്ടുകൂടിയ (നിന്റെ). പദയോഃ—കാലുകളിൽ. നിതാന്തം—വളരെ. മോഹാന്ധാത്മാ—മൂഢനായ. ഞാൻ അന്ത്യമാം വന്ദനം കരോമി എന്നന്വയം. ''ശ്രീതാസി ചന്ദനഭ്രാന്ത്യാ ദുർവിപാകം വിഷദ്രുമം'' എന്ന ഭവഭൂതിപദ്യാനുകരണം.

പദ്യം 39. സാമ്രാ....സം—സാമ്രാജ്യലക്ഷ്മിയുടെ വിഹാരം. അമുമാം—ഈ എന്നെ. മാർഗ്ഗേ—വഴിയിൽ. അനുവ്രജ്യ—പിന്തുടർന്നിട്ട്. ആയാസം—ക്ഷീണം. അടവി—വനം. സൗജ....ലേ—സൗജന്യസ്വഭാവമുള്ളോവേ. തേന്മാംപൂന്തൊത്തിൽ—തേന്മാവിന്റെ പൂങ്കുലയിൽ. മധു—

തേന്മാംപുന്തൊന്തിൽ മെത്തും മതു പരുകി മദി–
ക്കും കയിൽപ്പേട കൂപ്പും
വാങ്മാധുര്യേ! കരോമി പ്രിയസഖി! പദയോ–
രന്ത്യമാം വന്ദനം ഞാൻ. 39

അല്പാലാപേ! നിനക്കെപ്പൊഴമഭിലഷിതം
നല്കി നല്കി പ്രിയം വാ–
ണല്പന്നാനന്ദമല്പസ്മിതമുഖി! സദയം
മേവിനേനിത്രനാളും;
ഇപ്പോഴം ത്വാം മൃത്യവേ നിർദ്ദയമയി പശ്രുഹേ–
വാത്മപുഷ്ടാം ശകുന്തീം
കല്പിച്ചാന്ധ്യാത് കരോമി പ്രിയസഖി! പദയോ–
രന്ത്യമാം വന്ദനം ഞാൻ. 40

സന്തോഷമേതു സകലോഽപി ജനോ വനാന്തേ
ഖിന്നാ നടന്നുപരതിം വ്രജതു പ്രിയാ മേ;
എന്താവതീശ്വരനുമസ്മ കൃതാർത്ഥചേതാ!
ഹന്താഹമന്ധതമസേ പതിതോഽസ്മ്യകാണ്ഡേ. 41

ശ്രുശ്രൂഷസ്വ ഗുരുൻ, ചിരാദനുനയ
പ്രേമ്ണാ[1] പതിം മാം, കുരു
[2]പ്രീത്യാതിഥ്യമഹർനിശം, കുലവധൂ–
വൃത്തം [3]മുദാ പാലയ,

തേൻ. പരുകി–കുടിച്ചു്. മദിക്കും–അഹങ്കരിക്കുന്ന. വാങ്മാധുര്യേ–മധുരവാണിയായുള്ളോവേ.

പദ്യം 40. അല്പാലാപേ–അല്പയേ മിതഭാഷിണി. അഭിലഷിതം–ആഗ്രഹം. ഉത്പന്നാനന്ദം–സന്തോഷത്തോടുകൂടി. അല്പ....ഖി–മന്ദഹാസവദനേ. സദയം–ദയയോടു്. ത്വാം–നിന്നെ. മൃത്യവേ–മൃത്യുവിനായി. നിർദയം–ദയ കൂടാതെ. പശ്രുഹാ ഇവ–പശ്രുഘ്നൻ എന്നപോലെ. ആത്മപുഷ്ടാം ശകുന്തീം–താൻ വളത്തിയ പെൺപക്ഷിയെ. ആന്ധ്യാത്–മോഹം നിമിത്തം.

പദ്യം 41. സകലഃ ജനഃ അപി–എല്ലാ ജനവും. സന്തോഷം ഏതു–സന്തോഷിക്കട്ടേ. മേ പ്രിയാ–എന്റെ പ്രേയസി (സീത). വനാന്തേ–വനപ്രദേശത്തിൽ. ഖിന്നാ–ദുഃഖിച്ചുവളായി. ഉപരതിം വ്രജതു–നാശത്തെ പ്രാപിക്കട്ടെ. കൃതാ....താഃ അസ്മ–ധന്യനായിത്തീരട്ടേ. ഹന്ത–കഷ്ടം. അഹം–ഞാൻ. അകാണ്ഡേ–പെട്ടെന്നു്. അന്ധതമസേ–മൗഢ്യത്തിൽ. പതിതഃ അസ്മി–പതിച്ചവനായിരിക്കുന്നു.

പദ്യം 42. ഗുരുൻ–ഗുരുക്കന്മാരെ. ശ്രുശ്രൂഷസ്വ–ശുശ്രൂഷിക്കുക. പതിം മാം–ഭർത്താവായ എന്നെ. പ്രേമ്ണാ–പ്രേമത്തോടുകൂടി. ചിരാത് അനുനയ–ഏറെക്കാലം അനുസരിക്കുക. അഹർനിശം–രാവും

1. യപ്രീത്യാ പതിം. 2. പ്രേമ്ണാതിഥ്യ. 3. ത്തം സദാ പാ.

കിം കിം നോ കുരുതേ വിദേഹതനയാ,
ദൈവാദ് വിപത്തിം ഗതാ—
മേനാം മേദിനി! പാഹി പാവകവിശു-
ദ്ധാം പാഹി പാഹീ''തി താം. 42

പിന്നെ മനസ്സിനെ ദൃഢപ്പെടുത്തിക്കൊണ്ടു ശ്രീരാമൻ ആസ്ഥാനമണ്ഡപഗതനായി അനുജന്മാരെ വിളിച്ചുവരുത്തി സീതയെ സ്വീകരിച്ചതുനിമിത്തം ഉണ്ടായിരിക്കുന്ന ജനദുർവാദത്തെയും താൻ സീതയെ ത്യജിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതിനേയും പറഞ്ഞു കേൾപ്പിക്കുന്നു:

പേത്തും വിലപ്യ രഘുപുംഗവനശ്രുപൂർണ്ണേ
നേത്രേ തുടച്ചു കരതാമരസേന മേന്മേൽ
ആസ്ഥായ ധൈര്യമതിവേലമസൗ പുരപ്പൈ—
ട്ടാസ്ഥാനമണ്ഡപമലംകുരുതേ സ്മ ധീമാൻ. 43

മനസാ പരികല്പ്യ കാര്യമെല്ലാ—
''മനുജന്മാരെ വരുത്തുകെ''ന്നിവണ്ണം
മനുവംശമണിപ്രദീപമപ്പോ—
വിനതം ദ്വാഃസ്ഥമഥാസ്ഥയാ ബഭാഷേ. 44

അന്നേരം ദ്വാരപാലേരിതമണിശിരസാ
ശാസനം [1]തത്ര ധൃത്വാ
വന്നഗ്രേ കൈവണങ്ങിത്തിറവിയ സഹജ—
ഭ്രാതരോ ലക്ഷ്മണാദ്യാഃ

പകലും. പ്രീത്യാ—സന്തോഷത്തോടുകൂടി. ആതിഥ്യം കുരു—അതിഥിസത്കാരം ചെയ്യുക. കുല....ത്തം—കുലസ്ത്രീകളുടെ ചരിതത്തെ. മുദാ—സന്തോഷത്തോടുകൂടി. പാലയ—രക്ഷിക്കുക. വിദേ....യാ—സീത. കിം കിം നോ കുരുതേ—എന്തെല്ലാമാണു ചെയ്യാത്തതു്? പാവ... ദ്ധാം—അഗ്നിശുദ്ധയായ. ദൈവാത്—വിധി നിമിത്തം. വിപത്തിം ഗതാം ഏനാം—ആപത്തിലായ ഇവളെ. മേദിനി—അല്ലയോ ഭൂമിദേവി. പാഹി—രക്ഷിച്ചാലും. ഇതി—എന്നു്. താം—അവളോടു്. വാചം ഊചേ എന്നതിനോടു (പദ്യം 36) അന്വയിക്കുന്നു. ''ക്രിയാ സമഭിഹാരേ ലോട്ട്....'' (3.4.2) ഇത്യാദി പാണിനിസൂത്രമനുസരിച്ചു ലോട്ടു്.

പദ്യം 43. വിലപ്യ—കരഞ്ഞിട്ടു്. അശ്രുപൂർണ്ണേ നേത്രേ—കണ്ണുനീർ നിറഞ്ഞ കണ്ണുകളെ. കര....ന—കൈത്താമരയാൽ. അതിവേലം—വളരെ. ധൈര്യം ആസ്ഥായാ—ധീരനായി ഭവിച്ചിട്ടു്. ധീമാൻ അസൗ രഘു ....വൻ—ബുദ്ധിമാനായ ഈ രാമൻ. ആസ്ഥാ....പം അലങ്കുരുതേ സ്മ—ആസ്ഥാനമണ്ഡപത്തെ അലങ്കരിച്ചു.

പദ്യം 44. മനു....പം—ശ്രീരാമൻ. മനസാ പരികല്പ്യ—മനസ്സിൽ നിശ്ചയിച്ചിട്ടു്. വിനതം ദ്വാഃസ്ഥം—വണങ്ങിനില്ക്കുന്ന ദ്വാരപാലകനോടു്. ആസ്ഥയാ ബഭാഷേ—താത്പര്യത്തോടുകൂടിപ്പറഞ്ഞു.

1. നം ധാരയന്തോ വ.

സന്താപപ്ലാനവക്ത്രാംബുജമവനിപതിം
കണ്ടിതൈന്തുപോലെ—
ന്നന്യോന്യം വീക്ഷമാണാ വിവശത പെരികെ—
പ്പുണ്ടുനിന്നാർ വിഷണ്ണാഃ. 45

നേരേ സമസ്തജനമമ്പിലയച്ചു മെല്ലെ—
ന്നാരാൽ വിളിച്ചവരജാനവലംബ്യ ധൈര്യം
ധീരാഗ്രണീരപി [1] ശ്രുചാ പരിഭ്രയമാനഃ
ശ്രീരാമചന്ദ്ര[2]നൊരു വാചമിവണ്ണമൂചേ. 46

കേൾക്കേണം മാമകീനാം ഗിരമുടനനുജ—
ഭ്രാതരഃ! സാദരം[3] മേ
സാക്ഷാദഗ്നൗ വിശുദ്ധാമപി ജനകസുതാം
വീണ്ടതുമ്മൊണ്ടകാണ്ഡേ
ആക്രോശിക്കുന്നിതെന്നെപ്രതി[4] നിഖിലജനം:
ഭാഗ്യദോഷം തടുപ്പാ—
നാക്കൊയ്യ മാനസേ മേ നിയതമതൊളിയ—
പ്പെന്നപോലേ വരുന്നൂ. 47

പദ്യം 45. സഹ ...രഃ ലക്ഷ്മണാദ്യോഃ—കൂടെ ജനിച്ച സോദരന്മാരായ ലക്ഷ്മണൻ മുതലായവർ. ഭാര....തം—ഭാരപാലൻ പറഞ്ഞ. ശാസനം—ജ്യേഷ്ഠന്റെ കല്പനയെ. അണിശിരസാ ധൃത്വാ—അലംകൃതമായ ശിരസ്സുകൊണ്ടു ധരിച്ചിട്ട്. അഗ്രേ—മുമ്പിൽ. സന്താ....ജം—സങ്കടത്താൽ വാടിയ മുഖകമലത്തോട് കൂടിയ. അവ....തിം—രാജാവിനെ. അന്യോന്യം വീക്ഷമാണാഃ—പരസ്പരം നോക്കുന്നവരായി. വിവശത—വ്യാകുലഭാവം. വിഷണ്ണാഃ—ദുഃഖിതരായി.

പദ്യം 46. സമസ്തജനം—ആസ്ഥാനമണ്ഡപത്തിലുണ്ടായിരുന്ന എല്ലാവരേയും. അവരജാൻ—അനുജന്മാരെ. ആരാത്—അടുത്തു്. ധൈര്യം അവലംബ്യ—ധീരനായി. ധീരാഗ്രണീഃ അപി ശ്രുചാ പരിഭ്രയമാനഃ—ധൈര്യവാന്മാരിൽ മുമ്പനായാലും ദുഃഖത്താൽ കഷ്ടപ്പെടുന്നവനായി. വാചം ഊചേ—പറഞ്ഞു.

പദ്യം 47. മേ അനു....രഃ—ആല്ലയോ എന്റെ അനുജന്മാരേ. മാമകീനാം ഗിരം—എന്റെ വാക്കിനെ. സാദരം—അദരവോട്. സാക്ഷാത്—പ്രത്യക്ഷമായി. അഗ്നൗ വിശുദ്ധാം അപി ജന....താം—അഗ്നിയിൽ ശുദ്ധിയെ പ്രാപിച്ചവളായാലും സീതയെ. അകാണ്ഡേ—അനവസരത്തിൽ. ആക്രോശം—അധിക്ഷേപം. പ്രതി—കുറിച്ച്. നിഖിലജനം—എല്ലാ ജനങ്ങളും. മേ മാനസേ—എന്റെ മനസ്സിൽ. നിയതം—നിശ്ചയം.

---

1. വീരാ. 2. ശ്രുപതിർഗിരമേവമൂചേ. 3. ം താംസാ. 4. പ്രതി ജനനിവഹം ഭാഗ്യ.

ലങ്കായാം പണ്ടു സീതാ ജനസദസി കൊട്ടം
തീയിൽ വീണോരുനേരം
തുംഗാശ്ചര്യങ്ങളുണ്ടായതു പരമെളുതോ
ലക്ഷ്മണാ! ചൊല്ലുതെല്ലാം
മംഗല്യാംഗീം വിശുദ്ധാം കളകിലുമിതിള-
ക്കാസ്തിലും ലോകർവാചാ
പങ്കാളുരം കുലത്തിന്നഭിനവമിതു ഞാൻ-
മൂലമുണ്ടായ് ചമഞ്ഞൂ. 48

എന്നാലെന്താവതെങ്ങും കനമിളകിന ദു-
ഷ്കീർത്തിയെക്കാളിദാനീം
മന്യേ ദേവീം കളഞ്ഞിട്ടിയലിന വഴിയ-
ത്രേ പൊറുക്കാവതെന്നും;
കണ്ണേ കണ്ണേ നടന്നു പുനരിതു ജനദു-
ർവ്വാദമാഹന്ത! സീതാ-
മിന്നേ ദൂരം വിഹാതും നിനവതനുവദി-
ക്കേണമെല്ലാരുമേ മേ. 49

അപവദനഭയാത്ത്യാ ജീവിതംതന്നെയും താ-
നപിച കളവനേതാൻ നിങ്ങളെപ്പോലുമെന്നും
കിമുത നൃപസുതാം താം മാ കുരുദ്ധ്വം വിരുദ്ധം
പ്രതിവചനമിതിന്നിന്നാരുമെന്നച്ഛനാണേ.'' 50

ശ്രീരാമന്റെ വാക്കു കേട്ട് അനുജന്മാർ വളരെ ദുഃഖിക്കുന്നു:

എന്നങ്ങു കേട്ടളവു രാമസഹോദരരാണാം
മുന്നുറവട്ടിയെരിതീ മനകാമ്പിൽ വീണു;

പദ്യം 48. ലങ്കായാം—ലങ്കയിൽ. ജനസദസി—ജനങ്ങളുടെ സഭയിൽ. തുംഗാശ്ചര്യം—വളരെ അദ്ഭുതം. പരം—ശ്രേഷ്ഠം. വിശുദ്ധാം—അഗ്നിശുദ്ധയായ. മംഗല്യാംഗീം—മംഗലഗാത്രിയായ സീതയോ. വാചാ—വാക്കിനാൽ. അഭിനവം പങ്കാളുരം—പുത്തനായ കളങ്കലേശം. കുലം—വംശം. ഞാൻ മൂലം—ഞാൻ കാരണമായി.

പദ്യം 49. കനം—അധികം. ദുഷ്കീർത്തി—അപയശസ്സ്. ഇദാനീം—ഇപ്പോഴും. മന്യേ—ഞാൻ വിചാരിക്കുന്നു. ദേവീം—സീതയെ. കണ്ണേ കർണ്ണേ—ഒരോ ചെവിയിലും. ജനദുർവാദം—ജനങ്ങളുടെ നിന്ദ. പുനഃ—ആകട്ടെ. സീതാം—സീതയെ. വിഹാതും—ത്യജിക്കുവാൻ. മേ—എന്റെ. നിനവു്—സങ്കല്പം. അനുവദിക്കേണം—സമ്മതിക്കണം.

പദ്യം 50. അപ ...ത്ത്യാ—ലോകാപവാദത്തിൽനിന്നുള്ള ഭയമാകുന്ന പീഡയാൽ. അപി ച—പിന്നെയും. ഏതാൻ നിങ്ങളെ—ഈ നിങ്ങളെ. താം നൃപസുതാം കിമുത—ആ സീതയെപ്പറ്റി പിന്നെ പറയണമോ? വിരുദ്ധം പ്രതിവചനം മാ കുരുദ്ധ്വം—നിങ്ങൾ വിപരീതമായ മറുപടി പറയരുതേ.

അന്യനശോകഭരരുദ്ധഗിരശ്ചിരം തേ
നിന്നാരുഴന്നവനതാനനപുണ്ഡരീകാഃ. 51

ആശ്രമദർശനമെന്ന വ്യാജത്താൽ ഗർഭിണിയായ സീതയെ രഥത്തിൽ കയറ്റി കാട്ടിൽ കൊണ്ടുപോയി വാല്മീകിമുനിയുടെ ആശ്രമത്തിനടുത്തു ത്യജിക്കുവാൻ ശ്രീരാമൻ ലക്ഷ്മണനോട് ആജ്ഞാപിച്ചതിനുണ്ടായ ജ്യേഷ്ഠന്റെ കല്പനയെ നിവ്വഹിക്കുവാൻ ഉദ്യുക്തനായ ലക്ഷ്മണനോടും കാട്ടിലേക്കു യാത്രപുറപ്പെടുന്ന സീതയോടും അവസ്ഥാവിശേഷങ്ങളെ വണ്ണിക്കുന്നു:

ഗദ്യം 3.

തദനു ച ഭൂയോ രാമശശാങ്കനു—
മുപചിതശോകക്ലാനനതാനന—
സരസിജനോട്ടു സുമിത്രാപുത്രനൊ—
ടരുളിച്ചെയ്തു ''ലക്ഷ്മണ! നിന്നൊട്ട
ചൊല്ലാമെല്ലാം ഗർഭിണിയെന്നറി
മദ്ഭാര്യാം നീ പുണ്യാശ്രമപദ—
വീക്ഷണമസ്യാ ദൗഹൃദദോഹദ—
മെന്നു ധരിച്ചേനാധി കളഞ്ഞുട—
നിന്നേ സീതാഭവനേ ചെന്നുട—
നാശ്രമവീക്ഷണദോഹദപൂർത്തി—
ക്കാജ്ഞപ്പോഴസ്മി തവാമന്ത്രണവു—
ണർത്തിച്ചുംകൊണ്ടീ ഞാൻ വന്നു.
ഝടിതി പുറപ്പെട്ടാലുമിതെന്നൊരു
ഭംഗി പറഞ്ഞേ പ്രമദാമാലാം
പ്രമദാലോലാം ചാരു പതുപ്പിൽ വി—
രിച്ച ചമച്ചൊരു ശയ്യാരമ്യേ

പദ്യം 51. രാമ ...ണാം—രാമന്റെ സോദരന്മാർക്കു്. അന്യ....ഗിരഃ—വർദ്ധിച്ച ദുഃഖത്താൽ തടയപ്പെട്ട വാക്കോടുകൂടിയ. തേ—അവർ. ചിരം—വളരെ നേരം. അവ....കാഃ—മുഖകമലം താഴ്ത്തിയവരായി.

ഗദ്യം 3. തദനു ച—അതിൽ പിന്നെയും. ഭൂയഃ—വീണ്ടും. രാമ ....നും—രാമചന്ദ്രനും. ഉപ.....നോട്ടു—വർദ്ധിച്ച ദുഃഖത്താൽ വാടിക്കരിഞ്ഞ മുഖകമലത്തോടുകൂടിയ. സുമി.....നൊട്ടു്—ലക്ഷ്മണനോടു്. മദ്ഭാര്യാം—എന്റെ ഭാര്യയെ. പുണ്യാ.....ണം—പരിശുദ്ധാശ്രമങ്ങളെ ക്കാണുക. അസ്യാഃ—ഇവൾക്കു്. ദൗഹൃ... ദം—ഗർഭാഗ്രഹം. ആധി—ദുഃഖം. സീതാഭവനേ—സീതയുടെ ഗൃഹത്തിൽ. ആശ്ര .....ക്ക—ആശ്രമദർശനം എന്ന ഗർഭകാലാഗ്രഹത്തെ നിറവേറുന്നതിനു്. ആജ്ഞപ്തഃ അസ്മി—ഞാൻ ആജ്ഞാപിക്കപ്പെട്ടവനായിരിക്കുന്നു. തവ ആമന്ത്രണവും—നിന്നെ വിളിക്കുകയെന്നതും. ഝടിതി—ഉടൻ. പ്രമദാലോലാം—സന്തോഷഭരിതയായ. പ്രമദാമാലാം—സ്ത്രീരത്നമായ സീത

തേർമേലേറിഗ്ഗംഗാതീരേ
വാല്മീകമുനേരാശ്രമസവിധേ
കാനനസീമ്നി കളഞ്ഞിടേനാം.''

ഇത്ഥം കേട്ടൊരു ലക്ഷ്മണനപ്പോ—
''ളുരുളിച്ചെയ്തതിനെല്ലാമിഞ്ഞാൻ
പാത്ര''മിതെന്നേ തൊഴുത പുറപ്പെ—
ട്ടകമേ വെൺചിതൽ തട്ടിയപോലേ
വിവശത ചീത്തും ചുടെ ചുടെ വീത്തും
വിധിബലമോത്തും ചെന്നു സമീപേ
ധരണീതനയാം തൊഴുത യഥോദിത—
മറിയിച്ചഗ്രേ തേരു കരേറി ന—
ടന്ന ദശായാം തോഴികൾ പലരും
ചുഴം നിന്നും കേഴുന്നവരൊട്ട
യാത്ര പറഞ്ഞും ''ഖേദിച്ചീടാ—
സ്സാരും വെറുതേ നാലുദിനത്തില—
കത്തു വരുന്നുണ്ടെണിമതിവദനേ!
ശുകപോതത്തിനു പാലും പഴവും
കൊടു നീ ബാലേ! കാലം വൈകുകി—
ലഗതി വശംകെട്ടമാലാപാനിനി
മുന്നാളേക്കു പഠിപ്പിക്കേണം.
വിദ്യുല്ലേഖേ! മത്തമയൂരീം
കാത്തീടേണം നാലുദിനത്തി—
ന്നേണിനയനേ! വീണകൾ പൊടി തു—
ത്തയയിലിടേണം ഞാൻ വരുവോളം.
പരഭൃതികേ! നീ പരഭൃതമുദ്ധാം
മാവിൽക്കൊണ്ടേത്തേൻ പെയ്തീടം
മാംപൂ നല്കുക ഞാൻ വരുവോളം.
പൈമ്പാൽവചനേ! മാൻപെണ്ണിന്നുട—
നില്പയി തള്ളയുമിഞ്ഞാനൊഴിയെ—

യെ. ശയ്യാരമ്യേ—കിടക്കയിട്ട മനോഹരമായ. ഗംഗാതീരേ—ഗംഗയുടെ കരയിൽ. വാല്മീകമുനേഃ—വാല്മീകിമഹർഷിയുടെ. ആശ്ര....ധേ—ആശ്രമത്തിനു് അടുത്തായി. കാന....ന്നി—കാട്ടിൽ. ഏനാം—ഇവളെ. ഇത്ഥം—ഇവ്വണ്ണം. പാത്രം—നടത്തിപ്പുകാരൻ. വിവശത—വ്യാകുലഭാവം. വിധിബലം—ദൈവശക്തി. സമീപേ—അടുക്കൽ. ധര.... യാം—സീതയെ. യഥോദിതം—ശ്രീരാമൻ പറഞ്ഞവണ്ണം. അഗ്രേ—മുമ്പിൽ (തയാറായിരുന്ന). നടന്ന ദശായാം—നടക്കുമ്പോഴം. അണി.... നേ—അല്ലയോ ചന്ദ്രമുഖി. ശുകപോതം—കിളിപ്പൈതൽ. ആലാപാൻ—സംഭാഷണങ്ങളെ. വിദ്യുല്ലേഖ—ഒരു സഖി. മത്തമയൂരീം—മദം പൂണ്ട പെൺമയിലിനെ. ഏണിനയന—മറെറാരു സഖി. പരഭൃതികേ—

പ്പൈമ്പുൽ കൊട്ട നീ ഞാൻ വരുവോളം.
മധുകരികേ! നീ വെരുകിന പഴവും
ചോറും നല്ലുക ഞാൻ വരുവോളും.
നഷ്ടവിലഗ്നേ! പട്ടകവും പട്ടക—
ളോടക്കുഴലുമുപാംഗം തണ്ഡിയു—
മരശ്രും മന്ത്രുക്കുഴലും പാത്രും
തുമ്പിത്താനും പമ്പരമെന്നിവ
നിർഭരമാക്കിപ്പോകുന്നേൻ ഞാൻ
മനുകുലപരദൈവതമൊട്ടുമിത ഞാൻ
വരുവതിനുടനേ പെരുകിന ഭക്ത്യാ
യാത്ര പറഞ്ഞു വണങ്ങീട്ടുന്നേൻ,
മാകന്ദാർഭക! മാഴ്കാതനയാ
സാകം മേവുക പിച്ചകവല്ല്യാ.
ചമ്പകമേ! ഞാനൊട്ടു വന്ന—
ങ്ങിമ്പം ചേരും നിൻപൂ ചൂടുവ—
തിന്നുടനിന്നും കൈതകളേ! ഞാൻ
കൈതവമല്ല പറഞ്ഞീടുന്നതു
നാലു ദിനത്തിലകത്തു വരുന്നേൻ
ചേമന്തികയൊട്ടുമാമന്ത്രണമിതു
ചെയ്തേനിഞ്ഞാൻ കാനകനാരീ!
കാനനഭ്രമൗ പോവാനാഞ്ഞു
കനിവു കുറഞ്ഞല്ലുഴറിവരുന്നു—
ണ്ടി''ത്ഥമൊരോന്നിനൊടത്യാദരമവ—
യാത്ര പറഞ്ഞു വണങ്ങിയിരിക്കേ
സപദി പുറപ്പെട്ടുഴകൊട്ട മണിരഥ—
മുഴറി നടന്നു. തത്ക്ഷണമസ്യാ
ദക്ഷിണ വീക്ഷണമസ്ഫുരദുല്പല—
പത്രമനോഹരമഭ്രമുഗാമിനി

മറെറാരു സഖി. പര....ശ്ചാം —സുന്ദരിയായ കയിലിനെ. പൈമ്പാൽ വചന—മറെറാരു സഖി. മധുകരിക—മറെറാരു സഖി. നഷ്ടവിലഗ്ന —ഒരു സഖി. ഉപാംഗം—ഒരുതരം വാദ്യവിശേഷം. തണ്ഡി—ഒരു തരം വീണ. നിൻഭരം—നിന്റെറ ചുമതല. ഭക്ത്യാ—ഭക്തിയോടു്. മാകന്ദാർഭക—അല്ലയോ തൈമാവേ. അനയാ പിച്ചകവല്ല്യാ സാകം —ഈ പിച്ചകവള്ളിയോടുകൂടി. കൈതവം—കപടം. ആമന്ത്രണം— യാത്രപറയുക. കാനനഭ്രമൗ—കാട്ടിൽ. അത്യാദരം—വളരെ ആദര വോടു്. ഇത്ഥം--ഇവ്വണ്ണം. സപദി—ഉടൻ. അസ്യാഃ—ഇവളുടെ. ഉത്....രം ദക്ഷിണവീക്ഷണം—നീലത്താമരയുടെ ദളംപോലെ രമ്യമായ ദക്ഷിണനേത്രം. അസ്ഫുരത്—സ്ഫുരിച്ചു. അഭ്രമുഗാമിനി—ഗജഗമന. അപ്ര ീം—കാന്തിരഹിതം. അന....ത്—അധികസങ്കടത്താൽ. ഗിരിതന

ഗർഭിണിതൻ മുഖമപ്രഭമായിത—
നല്പവിഷാദാൽ ''ഗിരിതനയേ തവ
ചരണൗ ശരണമൊരശ്രുഭമെനിക്കിഹ
വന്നീടായ്വാൻ മുറ്റുമിനിക്കൊരു—
വസ്തുവിലാഗ്രഹമില്ല കിനാവിലും
മാത്താണ്ഡാന്വയമുടിരത്നത്തിനു
സാവരജന്നു രഘുപ്രവരന്നൊരു
താപലവം മനകാമ്പിൽ വരാതേ
പാലിക്കേണം പരദൈവതമേ!''
എന്നീവണ്ണം ഗദ്ഗദവചനം
കിമപി പറഞ്ഞുമൊരാശ്രമവീക്ഷണ—
കൗതുകഭാരാൽ വാച്ചൊരു മോദം
മനസി വിളങ്ങിക്കണ്ടതു ലക്ഷ്മണ—
നോടു പറഞ്ഞും മിണ്ടാതേ പുന—
രവനമിരുന്നും മന്ദം മന്ദം
ഗംഗാതീരം പ്രാപ തദാനീം.

സീതയോടുകൂടി യാത്രതിരിച്ച ദുഃഖിതനായ ലക്ഷ്മണൻ ഗംഗയെ ക്കടന്നുചെന്നു മഹാവനത്തിലിരുന്നുകൊണ്ടു കാട്ടിൽ വരുവാനുള്ള കാര്യം ഇന്നതാണെന്നു സീതയെ ധരിപ്പിക്കുന്നു:

ചേണാന്നിട്ടം മണിത്തേരഴകിലുടനവ—
സ്ഥാപ്യ ഗംഗാതടാന്തേ
താനേ ചെയ്വാനിരിക്കും ത്യജനവിധി നിന—
ച്ചേറനേറനം വിഷാദീ
ദീനാത്മാ ബാഷ്പധാരാപ്രസരമുടനുടൻ
വാർത്തു കർത്തവ്യമൂഢോ
ഹാനാദംപൂണ്ടു രാമാനുജനതികരുണം
മുക്തകണ്ഠം ന്യരൗദീത്. 52

യേ—അല്ലയോ പാർവതീദേവി. തവ ചരണൗ—നിന്റെ കാലുകളെ. അശ്രുഭം—അമംഗലം. ഇഹ—ഇവിടെ. മാത്താ....ന്തം—ശ്രീരാമൻ. സാവരജൻ—അനുജന്മാരോടുകൂടിയവൻ. താപലവം—സങ്കടലേശം. കിമപി ഗദ്... നം—ചില ഇടറിയ വാക്കു്. ആശ്രു...രാത്—ആശ്രമം കാണുന്നതിലുള്ള അധികതാത്പര്യത്താൽ. മോദം—സന്തോഷം. മനസി—മനസ്സിൽ. പുനഃ—പിന്നെ. മന്ദം മന്ദം—പതുക്കെപ്പതുക്കെ. തദാനീം—അപ്പോൾ. ഗംഗാതീരം പ്രാപ—ഗംഗയുടെ തീരത്തെ പ്രാപിച്ചു.

പദ്യം 52. ഗംഗാതടാന്തേ—ഗംഗാതീരത്തിൽ. അവസ്ഥാപ്യ—നിർത്തീട്ടു്. ത്യജനവിധി—സീതയെ വിടുക എന്ന ക്രിയ. വിഷാദീ—ദുഃഖിതനായി. ദീനാത്മാ—ദീനനായി. ബാഷ്പ....സരം—കണ്ണുനീർ ഒലിപ്പിന്റെ

എന്തെന്നിതെന്നൊരഴൽപൂണ്ടു തദാ പറഞ്ഞാ-
ളുന്തർവിഷാദകലുഷാ മിഥിലേന്ദ്രകന്യാ;
''എന്താര! കേവം മുറയിട്ടന്നു ലക്ഷ്മണാ! ചൊ-
ല്ലെന്നേ തപോവനവിലോകനഹഷ്കാലേ? 53

മന്നാളുണ്ടാര്യപുത്രം ഭുവനമണിയെ വേ-
റിട്ടിരിക്കുന്നിതയ്യോ!
നിണ്ണീതം നീ തതോ രോദിഷി സമമിതെനി-
ക്കും നിനക്കും വിചാരേ;
ഇന്നേ ഗംഗാം കടന്നമ്മുനിജനനിവഹാൻ
കണ്ടിരുന്നേകരാത്രം
പിന്നെപ്പോകാമയോദ്ധ്യസ്സുടനഴറി നമു-
ക്കേതുമേ ഖേദിയാതെ.'' 54

വാരുലാവുമനുനീതിവാക്കുകളതീവ
കേട്ടളവു പിന്നെയും
നീറിരട്ടി മുറുകീതു ലക്ഷ്മണനു ഘോര-
ശോകപരിദേവനം;
ധീരധീരഖിലമീശരാജ്ഞ തലയോട്ടി-
ലക്ഷരമിവണ്ണമെ-
ന്നാരുരോഹ രിപുലാം സ നാവമധിരോപ്യ
മുൻപിലവനീസുതാം. 55

തത്ക്ഷണേന വിബുധാപഗാം വിപുലവീചി-
ജാലഭരിതാം കട-
ന്നസ്തുരസ്സുടനിറങ്ങി മന്ദമവതാര്യ
താമപി പതിവ്രതാം

വ്യാപ്തി. കർത്തവ്യമൂഢഃ—ചെയ്യേണ്ടതെന്തെന്നു നിശ്ചയമില്ലാത്തവനായി. രാമാനുജൻ—ലക്ഷ്മണൻ. അതികരുണം—വളരെ കരുണമായി. മുക്തകണ്ഠം ന്യരുദിത്—നിലവിളിച്ചുകരഞ്ഞു.

പദ്യം 53. തദാ—അപ്പോഴം. അന്തർ....ഷാ—ദുഃഖംകൊണ്ട് അകം കലങ്ങിയവളായ. എൻതാത—എന്റെ ഉണ്ണി. മിഥി....ന്യാ—സീത. തപോ...ലേ—ആശ്രമം കണ്ട സന്തോഷിക്കേണ്ട ഈ സമയത്തിൽ.

പദ്യം 54. ഭുവനമണി—ലോകശ്രേഷ്ഠൻ. ആര്യപുത്രം—ശ്രീരാമനെ. നിണ്ണീതം—തീർച്ചതന്നെ. തതഃ—ആയതുകൊണ്ട്. രോദിഷി—കരയുന്നു. വിചാരേ—ആലോചിക്കുമ്പോഴം. സമം—തുല്യം. ഗംഗാം—ഗംഗാനദിയെ. മുനി....ൻ—മഹർഷിമാരുടെ കൂട്ടത്തെ. ഏകരാത്രം—ഒറ്റ രാത്രി.

പദ്യം 55. അനുനീതിവാക്കു്—സമാധാനപരമായ വചനം. ഘോര ...നം—വർദ്ധിച്ച ദുഃഖത്താലുള്ള വിലാപം. ധീരധീഃ—ധൈര്യവാൻ. അഖിലം—എല്ലാം. ഈശരാജ്ഞ—ദൈവകല്പന. അവനീസുതാം—

ദുഃഖസാദ്ധ്വസദയാവിഹസ്ഥമതിരശ്രു—
രുദ്ധനയനസ്സദാ
ലക്ഷ്മണോ ∫ പി ശിവമസ്തു സർവമിതി തത്ര
നിന്നിതു മഹാവനേ. 56

മേലേ മേലേ വണങ്ങീടിന നറുമലരിൻ—
ചാർത്തുകൊണ്ടാത്തശോഭാ—
നാലോലാനീല'പത്രാൻ ഫലനമിതശിഖാൻ
പാദപാൻ മേദുരാഭാൻ
ലീലാലോലം മൃഗാണാം കുലമപി കുതുകാൽ
കണ്ടുകണ്ടങ്ങു നില്പ്പൂ
ബാലാമാനമ്യ സീതാം തൊഴുതു തൊഴുതു രാ—
മാനുജോ വാചമൂചേ. 57

''ധന്യേ! കൃതാഞ്ജലിരയം ചിരദുഃഖഭാഗീ
സന്ത്യക്തഭാഗ്യനതിപാതകി ലക്ഷ്മണ'ൻ ഞാൻ
ഒന്നുണ്ടണ'ുവതിനായ് തുനിയുന്നിതാര്യേ!
നന്നായ് മനസ്സുവ ദുഢീക്രിയതാമധീരം. 58

സീതയെ. വിപുലാം—വിസ്തൃതമായ. നാവം അധിരോപ്യ—തോണിയിൽ കയററി. ആരുരോഹ—(താനും) കയറി.

പദ്യം 56. തത''ക്ഷണേന—വേഗത്തിൽ. വിപു....താം—അധികമായി തിരമാലകളെ തല്ലിക്കൊണ്ടിരിക്കുന്ന. വിബു..ഗാം—ഗംഗയെ. പതിവ്രതാം താം അപി—പതിവ്രതയായ അവളെയും. മന്ദം അവതാര്യ—പതുക്കെ ഇറക്കി. ദുഃഖ....തിഃ—ദുഃഖം ഭയം കൂപ ഇവയാൽ ബുദ്ധി കെട്ടവനായി. അശ്രു....നഃ—കണ്ണുനീർ നിറഞ്ഞവനായി. തദാ—അപ്പോൾ. ലക്ഷ്മണഃ അപി—ലക്ഷ്മണനും. സർവം ശിവം അസ്തു ഇതി—എല്ലാം മംഗലമായി ഭവിക്കട്ടെ എന്നു്. തത്ര മഹാവനേ—ആ കൊടുങ്കാട്ടിൽ.

പദ്യം 57. ആത്തശോഭാൻ—ശോഭയോടുകൂടിയ. ആലോ....ത്രാൻ—ഇളകുന്ന നീലവണ്ണമായ ഇലകളോടുകൂടിയ. ഫല....ഖാൻ—കായ്കളേക്കൊണ്ടു കനിഞ്ഞ കൊമ്പുകളോടുകൂടിയ. മേദുരാഭാൻ—സുന്ദരങ്ങളായ. പാദപാൻ—വൃക്ഷങ്ങളേയും. ലീലാലോലം—വിനോദിക്കുന്ന. മൃഗാണാം കുലം അപി—മൃഗസമൂഹത്തേയും. കുതുകാത്—കൗതുകത്തോടു്. ബാലാം സീതാം ആനമ്യ—ബാലയായ സീതയെ വന്ദിച്ചിട്ടു്. രാമാനുജഃ—ലക്ഷ്മണൻ വാചം ഊചേ—പറഞ്ഞു.

പദ്യം 58 ധന്യേ—അല്പയോ അനുഗൃഹീതയായുള്ളോവേ. അയം കൃതാംജലിഃ—ഇവൻ കൈകൂപ്പിയിരിക്കുന്നു. ചിര....ഗീ—വളരെക്കാലം ദുഃഖിതനായ. സന്ത്യക്തഭാഗ്യൻ—ഭാഗ്യഹീനനായ. അതിപാതകി—മഹാപാപിയായ. ആര്യേ—പൂജ്യേ. അധീരം തവ മനഃ—ധൈര്യമില്ലാത്ത നിന്റെ മനസ്സിനെ. ദുഢീക്രിയതാം—ഉറപ്പിച്ചുകൊണ്ടാലും.

1. ണോ∫ഹം.

''ഓരാണ്ടേതു നിശാചരേന്ദ്ര[1] ഭവനേ
വാണീടുമേണീദൃശം
മാരാത്ത്യാ[2] പുണരുന്നിതപ്പൊട്ട മഹാ—
വീരോ രഘുഗ്രാമണീഃ''
ഓരോ ലോകരിവണ്ണമാര്യമപമാ—
നിക്കുന്നിതെന്നിട്ടസൗ
പാരാതേ ഭവതീം കളഞ്ഞുവരുവാ—
നെന്നോട്ട ചൊല്ലീടിനാൻ.'' 59

ലക്ഷ്മണന്റെ വാക്ക കേട്ട സീത സങ്കടപ്പെട്ട വിലപിക്കുന്നു:

എന്നീവണ്ണം ഗിരം കേട്ടളവിലശനിസം—
പാതശങ്കാമകാണ്ഡേ
ഖിന്നാ മോഹിച്ചു വീണാളഗതി വെറുനില—
ത്താതുരാ കാതരാക്ഷീ;
മിന്നിക്കൊട്ടുന്ന നേരം തടവുമൊരിടി വ—
ന്നേറു നാരായവേര—
റനൃനം മാഴ്കി വാടിച്ചുവടറെ മരുവീ—
ടുന്ന പൂമുല്ലപോലെ. 60

വ്യാമോഹമാപ്യ മൃതേവ ചമഞ്ഞ ബാലാ
സൗമിത്രിണാ കഥമപി പ്രതിബോധിതാ സാ
ഭ്രമൗ കിടന്നുടനുരുണ്ടു കഠോരഗർഭാ
വാ പൊക്കി ബാലകുരരീവ രുരോദ സീതാ. 61

പദ്യം 59. നിശാ....നേ—രാക്ഷസാധിപന്റെ ഗൃഹത്തിൽ. ഏണീദൃശം—സുന്ദരിയെ. മാരാത്ത്യാ—കാമപീഡയാൽ. മഹാവീരഃ രഘുഗ്രാമണീഃ—വീരന്മാരിൽ ശ്രേഷ്ഠനായ ശ്രീരാമൻ. ആര്യം—പൂജ്യനായവനെ. അവമാനിക്കുന്നിതു[3]—നിന്ദിക്കുന്നിതു[4]. അസൗ—ഇവൻ (ശ്രീരാമൻ). വേതീം—വേതിയെ.

പദ്യം 60. അകാണ്ഡേ—പെട്ടെന്നു[5]. അശ....കാം—വജ്രായുധം വന്നു വീണതിന്റെ ശങ്കയെ ജനിപ്പിക്കുന്ന. ഗിരം—വാക്കിനെ. ഖിന്നാ—ദുഃഖിച്ചവളായി. അഗതി—ശരണമില്ലാത്ത ആതുരാ—ദുഃഖിതയായി. കാതരാക്ഷീ—ഭയചപലമായ നേത്രങ്ങളോട കൂടിയവളായി. അന്യനം—ഏല്ലാം.

പദ്യം 61. അഥ—പിന്നെ. വ്യാമോഹം—മൂർച്ഛയെ. മൃതാ ഇവ—മരിച്ചവണ്ണംപോലെ. സാ ബാലാ—ബാലയായ ആ സീത. സൗമിത്രിണാ—ലക്ഷ്മണനാൽ. കഥം അപി പ്രതിബോധിതാ—ഒരു വിധത്തിൽ ഉണർത്തപ്പെട്ടവളായി. ഭ്രമൗ—ഭ്രമിയിൽ. കഠോരഗർഭാ—കഠിനമായ ഗർഭത്തോടുകൂടിയ. സീതാ—സീത. ബാലകുരരീ ഇവ—ഇളം ഞാറപ്പക്ഷിപോലെ. രുരോദ—വിലപിച്ചു.

1. ശ്രീസദനേ. 2. കാമാത്ത്യാ.

ഖിന്നാ തൊഴിച്ചു മുറയിട്ടടനൊട്ടനേരം
തനവീശിഖാമണി പരിക്ഷതരുദ്ധകണ്ഠീ
തിണ്ണന്ന ചാടി മുറിയും ഘനബാഷ്പബിന്ദു–
സ്യന്ദാർപ്പുതസ്തനഭരാ വിലലാപ ദീനം. 62

''അയ്യോ! പാപം കളിച്ചും ചെറ്റു ബത! പിഴ–
ച്ചീല ഹാ! ദൈവമേ! ഞാൻ
മെയ്യേ നീതാനിവണ്ണം മമ വിനകൃതം വരു–
ത്തീടുവാനെന്തു മൂലം?
കയ്യേറീടും മഹാശ്വാപദവിതതി വനാ–
ന്തേഷു കൂറിട്ടു തിന്നോ
നിര്യാണം ഫാലദേശേ മമ പുനരെഴുതീ
വിശ്വനേതാ വിധാതാ? 63

ഹാ! ഹാ! ഞാനെന്തു ചെയ്‌വൂ ശിവ ശിവ! വെറുതേ
മാ, മനാഥാം വെടിഞ്ഞു
ലോകാനാം വാത്ത കേട്ടമ്മനുകുലപെരുമാറ്റം
കാനനേ ദീനദീനാം
ചാകാച്ചാവിന്നകപ്പെട്ടിതു പരമുടയോ–
രാരെനിക്കുള്ളതയ്യോ!
മാഴ്കാതേ ഗർഭഭാരം കഠിനമിതു ഭരി–
ക്കുന്നവാറെങ്ങനേ ഞാൻ? 64

എന്തയ്യോ? മാതരോ! മേ കലുഷവിരഹിതാം
നിങ്ങളും കൂടിയോ മാ–
മന്തർവത്നീം വെടിഞ്ഞു വനഭുവി പിഴചെ–
യ്തീലതിന്നേതുമേ ഞാൻ

പദ്യം 62. ഖിന്നാ–ദുഃഖിതയായ. തനവീ..ണി–സ്ത്രീരത്നമായ സീത. പരി....ണ്ഠി–തടഞ്ഞ കണ്ഠത്തോടുകൂടിയവളായി. ഘന... രാ–അധികമായ കണ്ണുനീരൊഴുകി നനഞ്ഞ കുചതടത്തോടുകൂടിയവളായി. ദീനം വിലലാപ–കരുണമാംവണ്ണം വിലപിച്ചു.

പദ്യം 63. മമ–എനിക്കു്. വിനകൃം–ദുഃഖങ്ങൾ. മൂലം–കാരണം. മഹാ....തി–വലിയ മൃഗങ്ങൾ. വനാന്തേഷു–കാടുകളിൽ. വിശ്വനേതാ–ലോകത്തെ നയിക്കുന്ന. വിധാതാ–ബ്രഹ്മാവു്. മമ ഫാലദേശേ–എന്റെ നെറ്റിത്തടത്തിൽ. നിര്യാണം–മരണം.

പദ്യം 64. അനാഥാം–അശരണയായ. മാം–എന്നെ. ലോകാനാം–ലോകരുടെ. മനു....ം–രാമൻ. കാനനേ–കാട്ടിൽ. ദീനദീനാം–വളരെ ദീനയായ. പരം–പിന്നെ.

പദ്യം 65. മേ മാതരഃ–അല്ലയോ എന്റെ മാതാക്കന്മാരേ. കലു.... താം–ദോഷമില്ലാത്ത. അന്തർവത്നീം–ഗർഭിണിയായ. മാം–എന്നെ.

എന്നും മദ്ബാലകന്മാർ ഭരതനുമിനു ശ—
ത്രുഘ്നനും ചെറ്ററിഞ്ഞീ;—
ലെന്നാസ്യം നന്നറിഞ്ഞാലുമിതഖിലമവ—
ക്കെന്തു ചെയ്യാവതോത്താൽ? 65

മുറ്റും മഹീദേവി! മമാശ്രയം നീ
പെറ്റമ്മയാകുന്നതെനിക്കു നീപോൽ;
കുറ്റങ്ങൾ കണ്ടല്ലേ വനേ വെടിഞ്ഞു
തെറ്റെന്നു മാം ഗർഭവതീം സ രാജാ. 66

ഗംഗാജലേ വീണു വരോജ്ഝിതാ ഞാ—
നംഗം വിഹാസ്യേ, കുറവുണ്ടതിന്നും
തങ്ങുന്ന തന്നിർഘൃണബീജമിപ്പോ—
ളെൻ കുക്ഷിദേശേ പ്രസവം രഘൂണാം. 67

കുലദീപ! വിഭോ! ചതിച്ചിവണ്ണം
കളയേണ്ടീല വനേഷു ഗർഭിണീം മാം;
പലവുണ്ടപരാധമെങ്കിലും കേൾ
കളവാനെന്തു തരത്തിലായിരുന്നു. 68

ചടുവാക്കുകളെന്നൊടെത്രയെല്ലാം
മടിയിൽച്ചേർത്തു പുരാ ഭവാൻ പറഞ്ഞു;
ഉടനമ്പു മുറിഞ്ഞിവണ്ണമയ്യോ!
വെടിവാൻ നാഥ! പിഴച്ചതെന്തസൗ ഞാൻ.'' 69

വനഭൂവി—കാട്ടിൽ. മദ്ബാലകന്മാർ—എന്റെ കുട്ടികളായ. ആസ്യം—മോഹം. ഇതഖിലം—ഇതെല്ലാം.

പദ്യം 66. മഹീദേവി—അല്ലയോ ഭൂദേവി. മമ—എനിക്കു്. ആശ്രയം—അവലംബം വനേ—കാട്ടിൽ. സഃ രാജാ—ആ രാജാവായ ശ്രീരാമൻ. ഗർഭവതീം മാം—ഗർഭിണിയായ എന്നെ.

പദ്യം 67. വരോജ്ഝിതാ—ഭർത്താവിനാൽ ത്യജിക്കപ്പെട്ടവളായ. ഗംഗാജലേ—ഗംഗാപ്രവാഹത്തിൽ. അംഗം വിഹാസ്യേ—ശരീരത്തെ ത്യജിക്കാം. നിർഘൃണബീജം—കൃപയില്ലാത്തവന്റെ ബീജമായ. കുക്ഷിദേശേ—വയറ്റിൽ. തത് രഘൂണാം പ്രസവം—ആ രഘുക്കളുടെ സന്താനം.

പദ്യം 68. കുലദീപ—കുലത്തിനു വിളക്കായുള്ളോവേ. വനേഷു—കാട്ടിൽ. ഗർഭിണീം മാം—ഗർഭിണിയായ എന്നെ. അപരാധം—കുറ്റം.

പദ്യം 69. ചടുവാക്കു്—പ്രിയവചനം. പുരാ—പണ്ടു്. അസൗ ഞാൻ—ഈ ഞാൻ. അമ്പു്—സ്നേഹം.

1. മമാവലംബം പെ.

വളരെ സങ്കടപ്പെടുന്ന സീതയെ ആശ്വസിപ്പിച്ചുകൊണ്ടു ദുഃഖിതനായ ലക്ഷ്മണൻ ജ്യേഷ്ഠന്റെ കല്പനയ്ക്കു താൻ വിധേയനാണെന്നു സീതയോടു പറയുന്നു:

വാച്ചോരു വേദന പിണഞ്ഞു കരഞ്ഞിവണ്ണം
മാച്ചേറിവീണവനിസീമനി വേഷ്ടമാനാം
ആശ്വാസയൻ തൊഴുത രാഘവധർമ്മപത്നീം
പ്രാജ്ഞോഽഥ ലക്ഷ്മണനുദശ്രുമുഖോ ബഭാഷേ. 70

''ആര്യാം സഹസ്രേന വനേ വിഹാതും
ശ്രോതും ച തസ്യാഃ പരിദേവിതാനി
സുഖേന ലങ്കാസമരേ ഹതം മാ—
മജീവയന്മാരുതിരാത്തവൈരഃ. 71

ഏതസ്മാത് കുരുതെത്തെയും മുനിവരൻ
വാല്മീകിജന്മാ തപം
ചെയ്തീടുന്ന തപോവനം വഴിയിത—
ല്ലീ തത്ര ചെന്നീടുവാൻ;
നാഥേ! കേവലമാര്യശാസനമിദം
കേൾക്കെന്നിയേ മറു ചെ—
റേതും നിന്നപകാരമൊന്നുമൊരുനാൾ
ചെയ്തീല നിർണ്ണീയതാം. 72

ക്ഷന്തവ്യം ദേവി! നിന്നാലിഹ ചെറുതു പിഴ—
ച്ചീടിനേനാകിലും ഞാൻ
സന്തപ്താ നീ ശപിച്ചീടരുതതിനിനിയും
കുമ്പിടുന്നേൻ വിശേഷാത്''

പദ്യം 70. അവനിസീമനി—ഭൂമിയിൽ. വേഷ്ടമാനാം—പിടച്ചു ചുറ്റുന്നവളായ. രാഘ....ത്നീം—സീതയെ. ആശ്വാസയൻ—ആശ്വസിപ്പിക്കുന്നവനായി. പ്രാജ്ഞഃ—ബുദ്ധിമാനായ. ഉദശ്രുമുഖഃ—കണ്ണുനീർ ഒഴുകുന്ന മുഖത്തോടുകൂടിയവനായി. ബഭാഷേ—പറഞ്ഞു.

പദ്യം 71. ആര്യാം—പൂജ്യയായ സീതയെ. സഹസ്രേന—സന്തം കൈകൊണ്ട്. വനേ വിഹാതും—കാട്ടിൽ ത്യജിക്കുവാനും. തസ്യാഃ—അവളുടെ. പരിദേവിതാനി—വിലാപങ്ങളെ. ശ്രോതും ച—കേൾക്കുവാനും. ലങ്കാസമരേ—ലങ്കയിലെ യുദ്ധത്തിൽ. സുഖേന ഹതം മാം—സുഖമായി കൊല്ലപ്പെട്ട എന്നെ. ആത്തവൈരഃ—ശത്രുഭാവംകൊണ്ട. മാരുതിഃ—ഹനുമാൻ. അജീവയത്—ജീവിപ്പിച്ചു.

പദ്യം 72. ഏതസ്മാത്—ഇവിടെനിന്നു്. മുനിവരൻ—മുനിശ്രേഷ്ഠൻ. വാല്മീകിജന്മാ—വാല്മീകി. തപോവനം—ആശ്രമം. തത്ര—അവിടെ. ഇദം—ഇതു്. ആര്യശാസനം—ജ്യേഷ്ഠന്റെ കല്പന. അപകാരം—ദ്രോഹം. നിർണ്ണീയതാം—നിശ്ചയിച്ചാലും.

സന്താപം പൂണ്ടിവണ്ണം പറയുമവനൊടായ്
താൻ തുടച്ചശ്രുധാരാം
മന്ദം മന്ദം കരാഭ്യാം ജനകനൃപസുതാ
ഗദ്ഗദാം വാചമൂചേ. 73

സീത ലക്ഷ്മണൻ പറഞ്ഞതിനെ ഗൗവിച്ചുകൊണ്ടു ലക്ഷ്മണനെ മടങ്ങിപ്പോകാൻ പറയുകയും സന്ദേശം പറഞ്ഞയയ്ക്കുകയും ചെയ്യുന്നു:

''ഏതും ന മേ നിന്നൊടു വൈമനസ്യം
സാധോ! സുമിത്രാസുത! മുഞ്ച [1]ഖേദം;
ത്വം ത്വഗ്രജേനോഗ്രപരാക്രമേണ
ഭ്രാത്രാ പരാധീന ഇതി പ്രസിദ്ധം. 74

ത്യക്താ സതീ പരിചിതാ സുചിരാദകസ്മാത്
പൃഥ്വീഭുജാഹമവിചിന്ത്യപരാക്രമേണ
ഹേ വത്സ! ലക്ഷ്മണ! ശുഭം കഥയേ യഥാ മാം
നാനുവ്രജേഃ സമുപതിഷ്ഠ തഥൈവ നാഥം. 75

'മാതഃ! സീതാഹമേഷാ തവ പദതളിരിൽ
കൈവണങ്ങീടിനേ'നെ-
ന്നേതസ്യാ മേ പ്രണാമക്രമമനുകലയ-
ന്നമ്മമാരോടു ചൊൽ നീ

പദ്യം 73. ക്ഷന്തവ്യം—ക്ഷമിക്കണേ. ഇഹ—ഇവിടെ. സന്തപ്താ—സങ്കടമുള്ളവളായ. വിശേഷാത്—വിശേഷിച്ച്. അശ്രുധാരാം—കണ്ണുനീരൊലിപ്പിനെ. മന്ദം മന്ദം—പതുക്കെപ്പതുക്കെ. കരാഭ്യാം—കൈകളാൽ. ജന....താ—ജാനകി. ഗദ്ഗദാം വാചം ഊചേ—ഇടർച്ചയോടുകൂടിയ വാക്കു പറഞ്ഞു.

പദ്യം 74. മേ—എനിക്കു്. വൈമനസ്യം—മനസ്സുകേടു്. സാധോ—അല്ലയോ സൗമ്യ. സുമിത്രാസുത—ലക്ഷ്മണ. ഖേദം മുഞ്ച—ദുഃഖത്തെ വെടിഞ്ഞാലും. ത്വം തു—നീയാകട്ടേ. ഉഗ്ര....ണ—ഉഗ്രപ്രതാപനായ. അഗ്രജേന ഭ്രാതാ—ജ്യേഷ്ഠനു്. പരാധീനഃ—വശപ്പെട്ടവൻ. ഇതി—എന്നു്. പ്രസിദ്ധം—പ്രസിദ്ധമാകുന്നു.

പദ്യം 75. അവി....ണ—ചിന്തിക്കുവാൻ വയ്യാത്ത പരാക്രമത്തോടുകൂടിയ. പൃഥ്വീഭുജാ—രാജാവിനാൽ. സുചിരാത് പരിചിതാ സതീ അഹം—വളരെക്കാലം പരിചയിക്കപ്പെട്ട സാധ്വിയായ ഞാൻ. അകസ്മാത്—കാരണം കൂടാതെ. ത്യക്താ—ത്യജിക്കപ്പെട്ട. (ത്വം) യഥാ മാം ന അനുവ്രജേഃ—നീ എന്നെ പിന്തുടരാത്തവണ്ണം. (അഹം) ശുഭം കഥയേ—ഞാൻ സ്വസ്തി പറയുന്നു. തഥാ ഏവ നാഥം സമുപതിഷ്ഠ—മുന്നേപ്പോലെ രാജാവിന്റെ അടുത്തു ചെല്ലുക.

പദ്യം 76. മാതഃ—അല്ലയോ മാതാവേ. ഏഷാ സീതാ അഹം—ഈ സീതയായ ഞാൻ. ഏതസ്യഃ മേ—ഈ എന്റെ. പ്രണാമക്രമം

1. ദുഃഖം.

'ഹാ! സന്ത്യക്താമിമാം മാമകീ വികലുഷാം
ബീജമന്തർഗ്ഗതം മേ
വാർ തിക്കീടും തദീയാത്മജവിനിഹിത'മെ—
ന്നുള്ളതും ചൊല്ല മെല്ലേ. 76

ചൊല്ലേണം നീ മദീയം വചനമിതവനീ—
നായകൻതന്നോടേവം
ചൊല്ലാന്നീടും കൊടുന്തീക്കനലിലപഭയം
വീണ ശ്രദ്ധാമിമാം മാം
കല്യാണാങ്കേ! കളഞ്ഞോരഴകിതു ജനവാ—
ദങ്ങളം കേട്ടോർത്തുകണ്ടോ—
ലല്ലേ! സൂര്യാന്വയത്തിന്നിതു സമുചിതമോ
കിന്നു ശാസ്ത്രോക്തമോ താൻ? 77

വീരശ്രീനവകേളിസൗധവളഭീ—
പര്യങ്കമേ! നിന്നിൽ ഞാൻ
വൈരസ്യം തുടരേണ്ടതില്ലൊരു നറു—
ങ്ങും പാർത്തു കാണുംവിധൗ
ഘോരത്വം തടവീടിനോരു ദുരിതം
ഞാൻ പണ്ടു തേടീടിനേൻ
വേരറ്റു മമ പുണ്യലേശവുമതി—
ന്നേവം വരുത്തുന്നതും. 78

ക്ഷിതിപരിവൃഢ! നിന്നാലാഹിതം ബീജമുണ്ടെ—
ന്നുദരഭുവി സമിന്ധേ നൂനമല്ലാസ്സിലിന്നേ

—വന്ദനരീതിയെ. അനുകലയൻ—അറിയിച്ചുകൊണ്ട്. അമ്മമാരോട്—കൗസല്യ മുതലായവരോട്. സന്ത്യക്താം—സന്ത്യജിക്കപ്പെട്ട. ഇമാം—ഇവളെ. വികലുഷാം—ദോഷമില്ലിത്തവളായി. മേ അന്തർഗതം ബീജം—എന്റെ ഗർഭത്തിലുള്ള സന്താനം. തദീ.... ...തം—നിന്റെ പുത്രനാൽ ആധാനം ചെയ്യപ്പെട്ടതു്.

പദ്യം 77. മദീയം വചനം—എന്റെ വാക്കായി. അവനീനായകൻ—രാജാവു് (രാമൻ). ഏവം—ഇവ്വണ്ണം. അപഭയം—ഭയം കൂടാതെ. ശ്രദ്ധാം ഇമാം മാം—ശ്രദ്ധയെ പ്രാപിച്ച ഈ എന്നെ. കല്യാണാങ്കേ—മംഗലത്തിനു് ആകാരമായുള്ളോവേ. ജനവാദങ്ങളം—ലോകരുടെ വാക്കുകൾ. സൂര്യവംശം—സൂര്യവംശം. സമുചിതം—യോഗ്യം. ശാസ്ത്രോക്തമോ കിം നു—ശാസ്ത്രത്തിൽ പറയപ്പെട്ടിരിക്കുന്നതോ?

പദ്യം 78. വീര....ങ്കമേ—വീര്യലക്ഷ്മി വിഹരിക്കുന്ന പുതിയ മാളികമുറിയിലെ ശയനീയമായുള്ളോവേ. വൈരസ്യം—വൈമനസ്യം. കാണം വിധൗ—കാണുമ്പോൾ. ഘോരത്വം—ഭയങ്കരത. ദുരിതം—പാപം. മമ—എന്റെ. ഏവം—ഇപ്രകാരം.

പ്രതിദിനമിതു ദുഃഖംമാത്രമേതു ചെയ്യും
ഗതശരണ മുപേക്ഷിക്കായിതിന്നേ ശരീരം. 79

ചൊല്ലേറും താപസീനാമധിവിപിനതലം
രാക്ഷസോപദ്രുതാനാം
കല്യാണീനാം ശരണ്യാ പുനരഭവമതും
നിൻപ്രസാദേന താനും;
വല്ലാതേ ചെന്നു താസാമൊരുവളെ വിവശാ
സൈവ ഞാൻ ദീനദീനാ
ചൊല്ലില്ലാം കേട്ടു നിത്യം നൃവര! പരിചരി—
ച്ചീടുമാറാകുനാൻ നീ. 80

'രാഘവിന്നു മനപ്രണീതമവനൗ
വണ്ണാശ്രമാവേക്ഷണം
വാർചേരും കുലധർമ്മ'മെന്നതു ഭവാൻ
ജാനാതി നിസ്സംശയം;
യാചേ ഞാനതുകൊണ്ടസൗ വിദധതീ
ദൂരത്തു നിന്നഞ്ജലീൻ,
കാചിത്താപസനാരിമാരിലിവളെ—
ന്നേനാമവേക്ഷസ്വ മാം.'' 81

പദ്യം 79. ക്ഷിതിപരിവൃഢ—അല്ലയോ രാജൻ. ഉദരഭവി—വയറ്റിൽ ആഹിതം ബീജം—നിക്ഷിപ്തമായ സന്താനം. സമിന്ധേ—വളരുന്നു. നൂനം—നിശ്ചയം. പ്രതിദിനം—ദിവസംതോറും. ഗതശരണം—അനാഥമായ.

പദ്യം 80. അധി....ലം—കാട്ടിൽ. കല്യാണീനാം—മംഗലശീലകളായ. രാക്ഷ... നാം—രാക്ഷസന്മാരാൽ ഉപദ്രവിക്കപ്പെട്ട. താപസീനാം—താപസസ്ത്രീകൾക്കു്. പുനഃ—ആകട്ടെ. ശരണ്യാ അഭവം—ഞാൻ രക്ഷനൽകുന്നവളായിരുന്നു. നിൻപ്രസാദേന—നിന്റെ അനുഗ്രഹത്താൽ. താസാം—അവരുടെ (താപസസ്ത്രീകളുടെ) ഇടയിൽ. വിവശാ—പരവശയായ. ദീനദീനാ—വളരെ ദീനയായ. സാ ഏവ—ആ ഞാൻതന്നെ. നൃവര—അല്ലയോ രാജൻ. പരിചരിക്കുക—സേവിക്കുക.

പദ്യം 81. അവനൗ—ഭൂമിയിങ്കൽ. വണ്ണാ....ണം—ജാതികളേയും, ആശ്രമങ്ങളേയും രക്ഷിക്കുക. മനുപ്രണീതം—സ്മൃതികർത്താവായ മനുവിനാൽ സ്മരിക്കപ്പെട്ടിരുന്നു.

''സ രാജപുരുഷോ ദണ്ഡഃ സ നേതാ ശാസിതാ ച സഃ
ചതുർണ്ണാമാശ്രമാണാം ച ധർമസ്യ പ്രതിഭൂഃ സ്മൃതഃ''
എന്നു മനുസ്മൃതി. ഭവാൻ നിസ്സംശയം ജാനാതി—അങ്ങു സംശയംകൂടാതെ അറിയുന്നു. അഞ്ജലീൻ വിദധതീ അസൗ—കൂപ്പുകൈയോടുകൂടിയ ഈ ഞാൻ. യാചേ—പ്രാർത്ഥിക്കുന്നു. ഏനാം മാം—ഈ എന്നെ. താപ....

ദുഃഖിതനായ ലക്ഷ്മണൻ ഗർഭത്തെ വേണ്ടപോലെ രക്ഷിക്കുവാനും വാല്മീകിമഹർഷിയുടെ ആശ്രമത്തിൽ ചെന്നു താമസിക്കുവാനും സീതയോടു നിർദ്ദേശിക്കുകയും സീതയെ കാത്തുകൊള്ളുവാനായി മുനിമാരോടും വനദേവതകളോടും ഗംഗാദി പുണ്യനദികളോടും പ്രാർത്ഥിക്കുകയും പിന്നെ സീതയെ വണങ്ങുകയും ചെയ്യുന്നു:

ഗാമീദൃശീമഥ നിശമ്യ പതിവ്രതായാഃ
സീമാതിവൃത്തപരിതാപവശംവദായാഃ
സാമോക്തിഭിർവിദധദാശ്വസനം മനീഷീ
രാമാനുജഃ സകരുണം [1]പുനരപ്യുവാദീത്. 82

''ആര്യം മിത്രം ബാന്ധവാൻ വാ സ്മരന്ത്യാ
ശോകാദാത്മാ മൃത്യവേ നോപനേയഃ;
ഇക്ഷ്വാകൂണാം സന്തതിർ ഗർഭസംസ്ഥാ
സേയം ദേവ്യാ[2] യത്നതഃ പാലനീയാ. 83

കർത്താഥവാ കാരയിതാ ന[3] കശ്ചിത്
സുഖസ്യ ദുഃഖസ്യ ച വിദ്യതേ ത്വത്;
സകർമ്മ ഭുങ്ക്തേ സകലോപി ലോക-
സ്തദ്യ സംസ്ഥാപയ ദേവി! ചിത്തം. 84

രിൽ കാചിത്—താപസസ്ത്രീകളിൽ ഒരുവളായി. അപേക്ഷസ്വ—കരുതിയാലും.

പദ്യം 82. അഥ—പിന്നെ. സീമാ....യാഃ—അതിരു കവിഞ്ഞ സങ്കടത്തിനു് അധീനയായിത്തീർന്ന. പതിവ്രതായാഃ—സതിയായ സീതയുടെ. ഈദൃശീം—ഇവ്വണ്ണമുള്ള. ഗാം—വാക്കിനെ. നിശമ്യ—കേട്ടിട്ടു്. സാമോക്തിഭിഃ—സമാധാനവചനങ്ങളാൽ. ആശ്വസനം വിദധത്—ആശ്വസിപ്പിക്കുന്നവനായ. മനീഷീ—ബുദ്ധിമാനായ. രാമാനുജഃ—ലക്ഷ്മണൻ. സകരുണം—കൃപപൂണ്ടവനായി. പുനഃ അപി—വീണ്ടും. അവാദീത്—പറഞ്ഞു.

പദ്യം 83. ആര്യം—പൂജ്യനായ രാമനെയോ. മിത്രം—സുഹൃത്തിനെയോ. ബാന്ധവാൻ വാ—ബന്ധുക്കളേയോ. സ്മരന്ത്യാ—സ്മരിക്കുന്നവളായ (ഭവതിയാൽ). ശോകാത്—ദുഃഖംനിമിത്തം. ആത്മാ—ശരീരം. മൃത്യവേ ന ഉപനേയഃ—മൃത്യുവിനായി കൊടുക്കപ്പെടരുതു്. ഇക്ഷ്വാകൂണാം സന്തതിഃ—ഇക്ഷ്വാകുവംശസന്താനം. ഗർഭസംസ്ഥാ—ഗർഭമായി സ്ഥിതി ചെയ്യുന്ന. സാ ഇയം—ആ ഈ സന്തതി. ദേവ്യാ—ദേവിയാൽ. യത്നതഃ പാലനീയാ—ശ്രമിച്ചു രക്ഷിക്കപ്പെടണം.

പദ്യം 84. അത്ര—ഇവിടെ (ഈ ലോകത്തിൽ). സുഖസ്യ ദുഃഖസ്യ ച—സുഖവും ദുഃഖവും. കർത്താ—ചെയ്യുന്നവനായോ. അഥവാ—അല്ലെങ്കിൽ. കാരയിതാ—ചെയ്യിപ്പിക്കുന്നവനായോ. കശ്ചിത് ന വിദ്യതേ—ഒരുവൻ ഇല്ല. സകലഃ ലോകഃ അപി—എല്ലാ ജനവും. സ്വ കർമ്മ

1. നരേവമൂചേ. 2. വ്യാ പാലനീയാ കഥഞ്ചിത്. 3. ന കോപി സു.

ഗത്വാ[1] പിതുഃ പ്രിയസഖസ്യ ശുഭം നികേതം
വാല്മീകിസംഭവമുനേരിദമാതിഥേയം
സംഭാവിതാ മുനിവധൂഭിരനപ്രസൂതേ—
രാര്യേ! സുഖം നിവസ തത്ര തപശ്ചരന്തീ.'' 85

സദയമിതി നിവേദ്യ രാമപത്നൈ
[2]വിധുരമനാ വിപിനസ്ഥിതാനുനീന്ദ്രാൻ
പ്രതിമുഹുരഥ ദേവതാശ്ച സോഽയം
ഭൃതകരുണോ രചിതാഞ്ജലിർന്യഗാദീത്. 86

''ഏഷാ വധൂർദശരഥസ്യ മഹാരഥസ്യ
വീരസ്യ ധർമ്മഗൃഹിണീ രഘുപുംഗവസ്യ
നിർവാസിതാ പതിഗൃഹാദ് വിജനേ വനേഽസ്മി—
ന്നേകാകിനീ വസതി രക്ഷത രക്ഷതൈനാം. 87

യേ കേചിദത്ര മുനയോ നിവസന്ത്യരണ്യേ
വിജ്ഞാപയാമി ശിരസാ പ്രണിപത്യ തേഭ്യഃ;

ഭൃങ്കേത—തന്റെ തന്റെ കർമ്മഫലത്തെ അനുഭവിക്കുന്നു. തത്—ആയതിനാൽ. ദേവി—അല്ലയോ സീതേ. അദ്യ—ഇപ്പോഴും. ചിത്തം സംസ്ഥാപയ—മനസ്സിനെ ദൃഢപ്പെടുത്തിക്കൊണ്ടാലും.

പദ്യം 85. ആര്യേ—പൂജ്യയായുള്ളോവേ. പിതുഃ പ്രിയസഖസ്യ—അച്ഛന്റെ ഉറ്റ സ്നേഹിതനായ. വല്മീ....നേഃ—വാല്മീകിമഹർഷിയുടെ. ആതിഥേയം—അതിഥികൾക്ക് യോഗ്യമായ. ഇദം ശുഭം നികേതം—അടുത്തുള്ള മംഗലമായ വാസസ്ഥാനത്തെ. ഗത്വാ—പ്രാപിച്ചിട്ട്. മുനിവധൂഭിഃ—താപസസ്ത്രീകളാൽ. സംഭാവിതാ—മാനിക്കപ്പെട്ടവളായി. അനപ്രസൂതേഃ—പ്രസവത്തെ പിന്തുടർന്ന്. തത്ര—അവിടെ. തപഃ ചരന്തീ—തപസ്സനുഷ്ഠിക്കുന്നവളായി. സുഖം നിവസ—സുഖമായി വസിച്ചാലും.

പദ്യം 86. ഭൃതകരുണഃ—കാരുണ്യം പുണ്ട്. സഃ അയം—ആ ഈ ലക്ഷ്മണൻ. സദയം—ദയയോട്. ഇതി രാമപത്നൈ നിവേദ്യ—ഇങ്ങനെ സീതയോട് അറിയിച്ചിട്ട്. വിധുരമനാഃ—വ്യാകുലഹൃദയനായി. വിപി....താൻ മുനീന്ദ്രാൻ—കാട്ടിലുള്ള മുനിശ്രേഷ്ഠന്മാരെയും. അഥ—പിന്നെ. ദേവതാഃ ച—ദേവതകളേയും. പ്രതിമുഹുഃ—കൂടക്കൂടെ. രചി....ലീഃ—കൈകൂപ്പിയവനായി. ന്യഗാദീത്—പറഞ്ഞു.

പദ്യം 87. ഏഷാ—ഇവൾ. മഹാരഥസ്യ ദശരഥസ്യ വധൂഃ—മഹാരഥനായ ദശരഥന്റെ പുത്രഭാര്യയാകുന്നു. വീരസ്യ രഘു....സ്യ—ധർമ്മഗൃഹിണീ വീരനായ ശ്രീരാമന്റെ ധർമ്മദാരങ്ങളാകുന്നു. പതിഗൃഹാത് നിർവാസിതാ—ഭർത്തൃഗൃഹത്തിൽനിന്നു പുറം തള്ളപ്പെട്ട (ഇവൾ). വിജനേ അസ്മിൻ—മനുഷ്യരില്ലാത്ത ഈ കാട്ടിൽ. ഏകാകിനീ വസതി—തനിച്ചു വസിക്കുന്നു. ഏനാം രക്ഷത രക്ഷത—ഇവളെ രക്ഷിച്ചാലും രക്ഷിച്ചാലും.

പദ്യം 88. അത്ര അരണ്യേ—ഈ കാട്ടിൽ. യേ കേചിത് മുനി

1. ത്വാശ്രമം പ്രിയസഖസ്യ പിതുഃ ശുഭം തദ് വല്മീ. 2. ന്യായവിവശമ..

സ്ത്രീത്യുജ്ഝിതേത്യശരണേതി കുലോന്നതേതി
ദേവീ സദാ ഭഗവതാമനുകമ്പനീയാ. 88

ഏഷോഽഞ്ജലിർ വിരചിതോ വനദേവതാഭ്യോ
വിജ്ഞാപനാം ക്ഷണമിമാമവധാരയന്തു,
സുപ്താ പ്രമാദവശഗാ വിഷമസ്ഥിതാപി
യത്നാദിയം ഭഗവതീഭിരവേക്ഷണീയാ. 89

[1]ജാതശ്രമാം കമലഗന്ധകൃതാധിവാസൈഃ
കൂലേ തവമപ്യനുഗ്രഹാണ തരംഗവാതൈഃ,
ദേവീ യദാ[2] ച സവനായ വിഗാഹതേ ത്വാം
ഭാഗീരഥീ! പ്രശമയ ക്ഷണമംബുവേഗം. 90

സഖ്യോ നദ്യഃ സ്വാമിനോ! ലോകപാലാഃ!
മാതർഗ്ഗംഗേ! ഭ്രാതരഃ ശൈലരാജാഃ
ഭൂയോ ഭൂയോ യാചതേ ലക്ഷ്മണോഽയം
യത്നാത് രക്ഷ്യാ രാജപുത്രീ, ഗതോഽഹം. 91

യഃ—യാതൊരു ചില മുനികൾ. നിവസന്തി—വസിക്കുന്നുവോ. തേഭ്യഃ—അവരോട്. ശിരസാ പ്രണിപത്യ—തല കുമ്പിട്ട്. വിജ്ഞാപയാമി—ഞാൻ അറിയിക്കുന്നു. ദേവീ—ഈ സീതാദേവി. സ്ത്രീ ഇതി—അബല യാണെന്നതുകൊണ്ടും. ഉജ്ഝിതാ ഇതി—പുറംതള്ളപ്പെട്ടവളാണെന്നതുകൊണ്ടും. അശരണാ ഇതി—അഗതിയാണെന്നുള്ളതുകൊണ്ടും. കുലോന്നതാ ഇതി—ഉയർന്ന കുലത്തിലുള്ളവളാണെന്നതുകൊണ്ടും. ഭഗവതാം സദാ അനുകമ്പനീയാ—നിങ്ങളുടെ എപ്പോഴുമുള്ള കൃപയ്ക്ക് അർഹയാണ്.

പദ്യം 89. വന....ഭ്യഃ—വനദേവതകൾക്കായി. ഏഷഃ അംജലിഃ വിരചിതഃ—ഈ കൈക്കൂപ്പു രചിക്കപ്പെട്ടിരിക്കുന്നു. ക്ഷണം—അല്പനേരം. ഇമാം വിജ്ഞാപനാം—ഈ അറിയിപ്പിനെ. അവധാരയന്തു—ശ്രദ്ധിച്ചാലും. സുപ്താ—ഉറങ്ങിയാലും. പ്രമാദവശഗാ—പ്രമാദത്തിനു് അധീനയായാലും. വിഷമസ്ഥിതാ അപി—ആപത്തിൽ പെട്ടിരുന്നാലും. ഇയം—ഇവൾ. ഭഗവതീഭിഃ—ദേവതികളായ നിങ്ങളാൽ. യത്നാത്—പരിശ്രമിച്ച്. അവേക്ഷണീയാ—പാലിക്കപ്പെടണം.

പദ്യം 90. ഭാഗീരഥീ—അല്ലയോ ഗംഗേ. ത്വം അപി—നീയും. കൂലേ—തീരത്തിൽ. ജാതശ്രമാം—ക്ഷീണിച്ചവളായ(സീതയെ). കമല....സൈഃ തരം....തൈഃ—താമരയുടെ മണമുൾക്കൊള്ളുന്ന തിരമാലകളുടെ കാറ്റിനാൽ. അനുഗ്രഹാണ—അനുഗ്രഹിച്ചാലും. ദേവീ ച—സീതയും. യദാ—എപ്പോൾ. സവനായ—സ്നാനത്തിനായി. ത്വാം വിഗാഹതേ—നിങ്കൽ മുങ്ങുന്നുവോ (തദാ)—അപ്പോൾ. ക്ഷണം—അല്പനേരം. അംബുവേഗം—പ്രവാഹത്തിന്റെ വേഗത്തെ. പ്രശമയ—കുറച്ചാലും.

പദ്യം 91. സഖ്യഃ നദ്യഃ—അല്ലയോ സഖികളായ നദികളേ. സ്വാമിനഃ ലോകപാലാഃ—നാഥന്മാരായ ലോകപാലന്മാരേ. മാതഃ

1. ദീനാമിമാം കമ. 2. ദാ ഹി സ.

ജ്യേഷ്ഠഭ്രാതുരധീനസ്യ
മന്ദഭാഗ്യസ്യ സാമ്പ്രതം
ലക്ഷ്മണസ്യ പ്രണാമസ്തേ
പശ്ചിമോ[1]യം പതിവ്രതേ.'' 92

സീതയെ നദിതീരത്തിൽ ത്യജിച്ചിട്ടു ലക്ഷ്മണൻ യാത്രയായതിനേയും സീത സങ്കടപ്പെട്ടതിനേയും സമസ്തജഗത്തിനും ആത്മീ പിണഞ്ഞതിനേയും വണ്ണിക്കുന്നു:

ഗദ്യം 4.

തദനു സുമിത്രാപുത്രനമപ്പോഴേ
പരമപതിവ്രതതന്നെ വലംവ—
ച്ചാവതു തൊഴുതുടനശ്രുകളാക്ഷൻ
ക്ഷീണതരാത്മാ തോണികരേറി
മന്ദം മന്ദം പോയിതു തരസാ.
ജനകതനൂജാ വിഗളിതധൈര്യമി—
തറമെഴാത വനത്തിൽ ചുറ്റും
മുറിക്കുടിക്കത്തിക്കൊട്ടം
തീയിലകപ്പെട്ടഴലുമൊരിളമാൻ—
പേടകണക്കേ കണ്ണും മിഴമിഴ
മഴറിമിഴിച്ചങ്ങവശതരാത്മാ
ഝടിതി വിമോഹം പൂണ്ടിതകാണ്ഡേ.
അപഗതശരണക്കുപകൃതി ചെയ്വൂ
വിപദതിവേഗപ്രഭവോ മോഹഃ.

ഗംഗേ—മാതാവായ ഗംഗേ. ഭ്രാതരഃ ശൈലരാജാഃ—ഭ്രാതാക്കളായ പർവതശ്രേഷ്ഠന്മാരേ. അയം ലക്ഷ്മണഃ—ഈ ലക്ഷ്മണൻ. ഭൂയഃ ഭൂയഃ യാചതേ—വീണ്ടും വീണ്ടും പ്രാർത്ഥിക്കുന്നു രാജപുത്രീ—സീത. രത്നാത് രക്ഷ്യാ—ശ്രദ്ധിച്ചു രക്ഷിക്കപ്പെടേണ്ടവൾ. അഹം ഗതഃ—ഞാൻ ഇതാ പൊയ്ക്കഴിഞ്ഞു.

പദ്യം 92. പതിവ്രതേ—അല്ലയോ സാദ്ധ്വി. ജ്യേഷ്ഠഭ്രാതുഃ അധീനസ്യ—ജ്യേഷ്ഠനു വശപ്പെട്ടവനും. സാമ്പ്രതം—ഇപ്പോൾ. മന്ദഭാഗ്യസ്യ—ഭാഗ്യഹീനനും ആയ. ലക്ഷ്മണസ്യ—ലക്ഷ്മണന്റെ. തേ—നിനക്കായുള്ള. അയം പശ്ചിമഃ പ്രണാമഃ—ഇതു് ഒടുവിലത്തെ നമസ്കാരമാകുന്നു.

ഗദ്യം 4. പരമപതിവ്രത—പതിവ്രതകളിൽ ശ്രേഷ്ഠ. അശ്രുകളാക്ഷൻ—കണ്ണുനീർ തിങ്ങിയ കണ്ണോടുകൂടിയവൻ. ക്ഷീണതരാത്മാ—വളരെ ക്ഷീണിച്ചവൻ. മന്ദം—പതുക്കെ. തരസാ—പെട്ടെന്നു്. ജനകതനൂജാ—സീത. വിഗളിതധൈര്യം—ധൈര്യം നശിച്ചു്. അവ.... ത്മാ—വ്യാകുലചിത്തയായി. ഝടിതി—പെട്ടെന്നു്. വിമോഹം—

1. മാണോ[1]യം പശ്ചിമസ്തേ പതി.

ക്ഷണകാലംകൊണ്ടുണരും നേര—
ത്തിണവേറിട്ടതറിഞ്ഞു കരഞ്ഞ—
ങ്ങുത്തരതീരേ നോക്കിത്തെരുതെരെ
ലക്ഷ്മണനമ്പൊട്ട കൺമുമ്പീന്നു മ—
റഞ്ഞൊരു നേരം ക്രൂരിരുഃ പോന്നു നി—
റഞ്ഞതു കണ്ടും ഘോരശ്വാപദ—
നാദം കേട്ടും പേടി കലന്നു വി—
റച്ചു വിറച്ച' 'ങ്ങയ്യോ! പാപമെ—
നിക്കീവണ്ണമകപ്പെട്ടമാറു നി—
നച്ചീലെന്നുമൊരിക്കലുമേ ഞാ—
നിനിയെന്നെന്തേ ചെയ്വൂ കഷ്ടം!
ശരണം മമ പുനരാരിനിയുള്ളതു
പാഞ്മൃഗജാതികം തിന്നു മരിപ്പാൻ
പാപം തേടിയതെന്തു പുരാ ഞാൻ?
ലക്ഷ്മണനോളം നിർഘൃണതാം പൂ—
ണ്ടാരിനിയുള്ളതു പാരിൽ നിനച്ചാ—
ലതുകൊണ്ടെന്തിനു ബത! പറയുന്നു?
നമ്മാൽ മുന്നമുപാർജ്ജിതമായൊരു
ദുരിതമിതോത്താലെന്താവു മമ
ഗർഭമിതെന്തിനു ജീവിതവും മമ
പാപീയസ്യാ ദുഃഖമിവണ്ണമൊ—
രിക്കലുമയ്യോ ശത്രുജനത്തിനു—
മെത്തീടല്ലേ ശിവശിവ! ശിവനേ!
മന്നോർമുടിമണിതന്നുപകണ്ണേ
മുന്നമയോദ്ധ്യയിൽ വാണദശായാം
ദിനമനു തിരളുമൊരഭ്യുദയശ്രീ—
വിലസിതമോത്താലാധി വരാതോ?
എന്തലയോട്ടിലെഴുത്തിതു പാക്കിലൊ—
ഴിച്ചീടാമല്ലാക്കുമൊരുനാളും.
ക്ഷണകാലം കൊണ്ടമ്പു മുറിഞ്ഞീ
വിപിനേ വെടിവാനെന്തു പിഴച്ചതു

മൂർച്ഛ. അപ.....ക്ക—അഗതികന്മക്കൾ. ഉപകൃതി—ഉപകാരം. വിപ.... വഃ മോഹഃ—ആപത്തിന്റെ അതിവേഗത്താൽ ഉണ്ടാകുന്ന മൂർച്ഛ. ഉത്തര തീരേ—വടക്കേ കരയിൽ. ഘോര.....ദം—ഭയങ്കരങ്ങളായ മൃഗങ്ങളുടെ ശബ്ദം. പുരാ—പണ്ട്. നിർഘൃണതാം—കൃപയില്ലായ്മയെ. ബത—കഷ്ടം. ഉപാർജിതം—സമ്പാദിക്കപ്പെട്ട. ദുരിതം—പാപം. പാപീ യസ്യാഃ—വളരെ പാപം ചെയ്തവളായ. മമ—എന്റെ. ഉപകണ്ണേ—സമീപത്തിൽ. വാണദശായാം—വാഴുമ്പോൾ. ദിനമനു—ദിവസം തോറും. അഭ്യു....സിതം—വർദ്ധിച്ചുവരുന്ന ലക്ഷ്മീവിലാസം. ആധി i

ധരണിപതേ! ഞാനരനിമിഷം മമ
പിരിവാനരുതെന്നിരവും പകലുമി—
തെന്നൊട്ടു ചൊന്നതു നാഥ! മറന്നോ?
വട്ടസം പറകെന്നെളിയവരോട്ടം
നന്നല്ലാക്കുമൊരിക്കലുമയ്യോ!
കല്യാണാകര! വേഗക്കുന്നേരം
ചൊല്ലിയ മന്ത്രവുമാര്യ! മറന്നോ?
ബാലത മുഴുവനകന്നു സുഖിച്ചനു—
വേലമിരുന്നതുമാര്യ! മറന്നോ?
കനിവൊട്ടു സകലമുപേക്ഷിച്ചയ്യോ!
വനഭൂവി പോന്നതുമാര്യ മറന്നോ?
അടവിയിലോരോ കല്പം മുള്ളമ—
മത്തു നടന്നതുമാര്യ! മറന്നോ?
അദ്ധ്വപരിശ്രമമുൾക്കൊണ്ടയ്യോ!
നിദ്ര വരാഞ്ഞതുമാര്യ! മറന്നോ?
തീയിൽച്ചാടെന്നരുളിയ നേരം
പോയതിൽ വീണതുമാര്യ! മറന്നോ?
ആശ്രയഭക്ഷണനെന്നെയെടുത്തയി
കാഴ്ച വഴങ്ങിയതാര്യ! മറന്നോ?
അനഘാമിമ്മാമഖിലസമക്ഷം
കനിവൊട്ടു വീണ്ടതുമാര്യ! മറന്നോ?
അഭിഷേകം ബത! പൗരജനത്തി—
ന്നഭിമതമായതുമാര്യ! മറന്നോ?
ദൈവത്തോട്ടു പിഴച്ചില്ലേതും
വിരഹവ്യഥ മേ മനസി പൊറുക്കാം.
വചനീയം പുനരെന്തിനു ചേർത്തു?
ജീവിതമെന്തിനു കളയായുന്നു?
ഗംഗയിൽ വീണു മരിക്കിലുമാമി
ന്നന്തകനെന്തേ വാരായുന്നു?
നാ തൊടുമോ ബത! നാഥർ വെടിഞ്ഞാ''—
ലിത്ഥം ജാനകി കേഴുന്നേരം

ദുഃഖം. വിപിനേ—കാട്ടിൽ. ധരണിപതേ—അല്ലയോ രാജൻ. കല്യാണാകര—മംഗലനിലയ. ബാലത—ബാല്യം. അനുവേലം—എപ്പോഴും. വനഭൂവി—കാട്ടിൽ. അടവി—കാടു്. അദ്ധ്വപരിശ്രമം—വഴിയാത്ര ചെയ്തതുകൊണ്ടുള്ള ക്ഷീണം. ആശ്രയഭക്ഷണൻ—അഗ്നി. അനഘാം—ദോഷമില്ലാത്ത. ഇമ്മാം—ഈ എന്നെ. അഖിലസമക്ഷം—എല്ലാവരുടെയും മുമ്പിൽ. അഭിമതം—ഇഷ്ടം. വിരഹവ്യഥഃ—വിയോഗദുഃഖം. മേ മനസി—എന്റെ മനസ്സിൽ. വചനീയം—പറയേണ്ടതു് (ദുഷ്യം). അന്തകൻ—യമൻ. ഇത്ഥം—ഇവ്വണ്ണം. ജാനകി—

പൃഥ്വീവലയമിതൊന്നു കലുങ്ങീ,
സകലജനങ്ങളുമൊന്നു നടുങ്ങീ,
വനലക്ഷ്മിക്കും ഖേദമിണങ്ങീ,
നദികളിൽ വെള്ളം തടിതി കലങ്ങീ,
ദിനകരനപ്പോളുദധിയിൽ മുങ്ങീ,
മാരുതദേവനുടനേ മങ്ങീ,
തരുനിര കുസുമമുതിർത്തു മയങ്ങീ,
ഹരിണികളും മുറവിളി തടിഗി തുടങ്ങീ,
പക്ഷികളുംനാദം കരുണം പൊങ്ങീ,
വാഴ്മാമല്ല സമസ്തജഗത്തിനു—
മാത്തി പിണഞ്ഞതു ഹന്ത! തദാനീം.

ഗംഗയിൽ സന്ധ്യാസ്നാനത്തിനായി വന്ന താപസകുമാരൻവഴി വി ശേഷമറിഞ്ഞ വാല്മീകി ഗംഗാതീരത്തിൽ വന്ന സീതയെ ആശ്വസിപ്പി ച്ച് ആശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.

സന്ധ്യാഭിഷേകവിധേയ വിബുധാപഗായാം
ചെന്നോരു താപസകുമാരഗിരാ വിശേഷം
അമ്പോടറിഞ്ഞു മതിമാൻ മുനിസാർവഭൗമോ
വല്മീകഭൃരുപയയൗ രുദിതാനുസാരീ. 93

കാരുണ്യാർണ്ണവപൂർണ്ണചന്ദ്രമരികേ
വാല്മീകിമാലോക്യ സാ
നേരേചെന്നതിദീനമേവ രുദതീ
മന്ദം വണങ്ങീടിനാൾ:

സീത. പൃഥ്വീവലയം—ഭ്രമണ്ഡലം. ദിനകരൻ—സൂര്യൻ. ഉദധി—കടൽ. മാരുതദേവൻ—വായു തരുനിര—വൃക്ഷപങ്ക്തി. കുസുമം—പൂവ്. ഹരി ണി—മാൻപേട. കരുണം—ദീനമാംവണ്ണം. സമസ്ത ജഗത്തു്—ലോകമെല്ലാം ആത്തി—പീഡ. ഹന്ത—കഷ്ടം. തദാനീം—അപ്പോൾ.

പദ്യം 93. സന്ധ്യാ....യേ—സന്ധ്യാകാലത്തിൽ നടത്തേണ്ട സ്നാന കൃത്യത്തിന്നായ്ക്കൊണ്ട്. വിബു ...യാം—ഗംഗയിൽ. താപാ....രാ—മുനികു മാരന്റെ വാക്കിനാൽ. വിശേഷം—സീതയെ സംബന്ധിച്ച വിശേഷ ത്തെ. മതിമാൻ—ബുദ്ധിമാനായ. മുനി....മഃ—മുനിചക്രവർത്തിയായ. വല്മീകഭൃഃ—വാല്മീകിമഹർഷി. രുദി....രീ—വിലാപശബ്ദം കേട്ടതിനു നേരേ. ഉപയയൗ—വന്നുചേർന്നു.

പദ്യം 94. സാ—അവൾ. കാരു....ന്ദ്രം—കൃപാസമുദ്രത്തിനു പൂർണ്ണചന്ദ്ര നായ. വാല്മീകിം—വാല്മീകിമുനിയെ. ആലോക്യ—കണ്ടിട്ട്. അതി ദീനം—വളരെ കരുണമാംവണ്ണം. രുദതീ ഏവ—വിലപിച്ചുകൊണ്ടുതന്നെ. മന്ദം—പതുക്കെ. മുനിഃ അപി—വാല്മീകിമഹർഷിയും. നാരീ....

'നാരീമംഗലരത്നമേ! സുതവതീ
ഭൂയാസ്സ ' മെന്നിങ്ങനേ
സാരാമാശിഷമാരചയ്യ മുനിര—
പ്യേനാം ബഭാഷേ തദാ 94

''ഖേദിച്ചീടായ്ക ബാലേ! ദശരഥനൃപനും
മൈഥിലനും സഖാ ഞാ—
നേതത്താതാലയം തേ വനഭുവി നികടേ
പർണ്ണശാലാ മദീയാ
ആധിസ്സോമം കളഞ്ഞൻപിനൊടിവിടെ വസി—
ക്കേ നിനക്കിന്നി നല്ല;
സുതിക്കാലത്തു പാലിപ്പതിനിഹ സുലഭാ
പങ്ക്തി വൈഖാനസീനാം. 95

കൗസല്യാപാദശുശ്രൂഷാ—
സൗഖ്യം വൃദ്ധാസു ലപ്സ്യസേ;
പശ്യ സഖ്യോ ഭഗിന്യശ്ച
തവൈതാ മുനികന്യകാഃ. 96

ഉത്ഖാതലോകത്രയകണ്ടകേഽപി
സത്യപ്രതിജ്ഞേഽപ്യവികത്ഥനേഽപി
ത്വാം പ്രത്യകസ്മാത് കലുഷപ്രവൃത്താ—
വാസ്മ്യേവ മന്യുർഭരതാഗ്രജേ മേ.'' 97

മേ....—അല്ലയോ മംഗലസ്ത്രീകളിൽ ശ്രേഷ്ഠയായുള്ളോവേ. ത്വം—നീ. സുതവതീ ഭൂയാഃ—പുത്രവതിയായി ഭവിച്ചാലും. സാരാം ആശിഷം—കാര്യമായ ആശീർവചനത്തെ. ആരചയ്യ—ചെയ്തിട്ട്. തദാ—അപ്പോഴം. ഏനാം ബഭാഷേ—അവളോട പറഞ്ഞു.

പദ്യം 95. മൈഥിലൻ—ജനകൻ. സഖാ—സ്നേഹിതൻ. തേ—നിനക്ക്. ഏതത്—ഇതു് (ഈ എന്റെ ആശ്രമം). താതാലയം—അച്ഛന്റെ ഗൃഹമാകുന്നു. വനഭുവി—കാട്ടിൽ. നികടേ—അടുത്തതായി. മേ പർണ്ണശാലാ—എന്റെ ആശ്രമം. ആധിസ്സോമം—ദുഃഖഭാരത്തെ. സുതിക്കാലം—പ്രസവകാലം. ഇഹ—ഇവിടെ. വൈഖാനസീനാം പങ്ക്തിഃ—വൈഖാനസസ്ത്രീകളം. സുലഭാ—സുലഭകളാകുന്നു.

പദ്യം 96. കൗസല്യാ....ഖ്യം—കൗസല്യയുടെ പാദങ്ങളെ പരിചരിക്കുന്ന സൗഖ്യത്തെ. വൃദ്ധാസു—ഇവിടുത്തെ വൃദ്ധസ്ത്രീകളിൽ. ലപ്സ്യസേ—നീ പ്രാപിക്കും. ഏതാഃ മുനികന്യകാഃ—ഈ മുനികന്യകകളം. തവ—നിന്റെ. സഖ്യഃ ഭഗിന്യഃ ച—തോഴികളും ഭഗിനികളും ആകുന്നു. പശ്യ—കണ്ടാലും.

പദ്യം 97. ഉത്ഖാ....കേ— അപി—മൂന്നു ലോകത്തിനും ശല്യമായ വനെ നിഗ്രഹിച്ചവനാണെങ്കിലും. സത്യപ്രതിജ്ഞേ അപി—സത്യമായ പ്രതിജ്ഞയോടുകൂടിയവനാണെങ്കിലും. അവികത്ഥനേ അപി—ആത്മപ്രശംസ ചെയ്യാത്തവനാണെങ്കിലും. ത്വാം പ്രതി—നിന്നോടാകട്ടെ

എന്നിവണ്ണമനുനീയ വേദനയടക്കി
മൈഥിലനൃപാത്മജാം
മന്ദമന്ധതമസേ നിനായ നിജപർണ്ണ -
സദ്മ മുനിനായകൻ
ദുർന്നിവാരമപി നാളിൽ നാളിലുപചാര--
പാടവബലേന ചെ-
റെറാന്നു താണിതനുതാപ;മേതുമറിയാവ-
തല്ല വിധിവൈഭവം. 98

സീത രണ്ടു് ആൺകുഞ്ഞുങ്ങളെ പ്രസവിച്ചു സൗഖ്യമായി ജീവിക്കുന്നതായി പ്രസ്താവിച്ചുകൊണ്ടു പ്രബന്ധത്തെ ഉപസംഹരിക്കുന്നു:

രണ്ടാത്മജന്മാരെയൊരിക്കലേ പെ-
റുണ്ടാക്കിനാൾ സീതയുമാശ്രമാന്തേ
കണ്ടാലുമേ! ദൈവബലം സമാതാ
ഭണ്ഡാരവും ദണ്ഡവുമെന്നപോലേ. 99

വചനീയവചോവിഷാഗ്നിദഗ്ധേ
ശ്രവസീ തദ്ദിതേന നിർവൃതേ തേ,
രഘുവീരമുഖാനവേക്ഷണാത്തേ
നയനേ ചോജ്ജ്വലതന്മുഖാവലോകാത്. 100

ക്കു്. അകസ്മാത്—കാരണം കൂടാതെ. കലുഷപ്രവൃത്തൻ—നിന്ദ്യമായി പ്രവർത്തിച്ച. ഭരതാഗ്രജേ—രാമങ്കൽ. മേ—എനിക്കു്. മന്യുഃ—കോപം. അസ്സീ ഏവ—ഇരിക്കുകതന്നെ ചെയ്യുന്നു.

പദ്യം 98. അനുനീയ—ആശ്വസിപ്പിച്ചിട്ടു്. മൈഥി.....ജാം—സീതയെ. മുനി....കൻ—മുനിശ്രേഷ്ഠനായ വാല്മീകി. മന്ദം—പതുക്കെ. അന്ധതമസേ—ഇരുട്ടിൽ. നിജ....ദ്മാ—തന്റെ ആശ്രമത്തിലേക്കു്. നിനായ—കൂട്ടിക്കൊണ്ടുപോയി. ദുർനിവാരം അപി—തടുക്കാൻ വയ്യാത്തതാണെങ്കിലും. ഉപ....ലേന—നിപുണമായ ശുശ്രൂഷയുടെ ശക്തിയാൽ. അനുതാപം—ദുഃഖം. വിധിവൈഭവം—നിയതിയുടെ ശക്തി.

പദ്യം 99. രണ്ടാത്മജന്മാരെ—രണ്ടു പുത്രന്മാരെ. ആശ്രമാന്തേ—ആശ്രമത്തിൽ. ദൈവബലം—വിധിവൈഭവം. സമാതാ—തന്റെ അമ്മ. ഭൂമി. ഭണ്ഡാരം—ധനസർവസ്വം. ദണ്ഡം—രക്ഷ. 'കോശദണ്ഡാവിവക്ഷിതിഃ' എന്ന രഘുവംശപ്രസ്താവത്തിന്റെ അനുകരണം.

പദ്യം 100. വച....ശ്ധേ—ലോകാപവാദമാകുന്ന വിഷത്തീയിൽ ദഹിച്ച. തേ ശ്രവസീ—ആ (സീതയുടെ) ചെവികളും. തദ്ദിതേന—കൂട്ടികളുടെ കരച്ചിൽകൊണ്ടു്. നിർവൃതേ—ആശ്വാസത്തെ പ്രാപിച്ച. രഘു....ത്തേ—ശ്രീരാമന്റെ മുഖം കാണാഞ്ഞു ദുഃഖം പുണ്ട. നയനേ ച—(അവളുടെ) കണ്ണുകളും. ഉജ്ജ്വ....കാത്—പ്രകാശിക്കുന്ന അവരുടെ മുഖദർശനംകൊണ്ടു്. നിർവൃതേ—ആശ്വാസത്തെ പ്രാപിച്ച.

സീതാപരിത്യാഗം സമാപ്തം

അശ്വമേധം

കഥാവസ്തുസൂചനയോടുകൂടി പ്രബന്ധം ആരംഭിക്കുന്നു:

ആരോഗ്യം പോന്നുദിച്ചീടുക നിയതമൊരൈ—
ശ്വര്യവും, മാസ്തു [1]താപം,
വാരം വാരം വളർന്നീടുക പരമസുഖോ—
ല്ലാസമാസാം പ്രജാനാം;
ശ്രീരാമൻ വാജിമേധാദ്ധ്വരമതിമഹിതം
ചെയ്തയോദ്ധ്യാനഗര്യാം
നേരേ തദ്[2]ഭ്രാതൃപുത്രൈഃ സഹ തെളിവിലിരു—
ന്നോരുനാളെന്നപോലെ. 1

യമുനാതീരത്തിൽ വസിക്കുന്ന ചില മുനിമാർ ലവണാസുരനാൽ പീഡിതരായി സീതാത്യാഗത്താൽ അയോദ്ധ്യയിൽ ദുഃഖിതനായി കഴിയുന്ന ശ്രീരാമനെ വന്നു കാണുന്നു:

ലോകാക്രോശം പൊറാഞ്ഞപ്രിയതമയെ[3]മുദാ
മൈഥിലീം കൈവെടിഞ്ഞ—
ങ്ങേകാന്തേ രാമചന്ദ്രേ നിവസതി നെടുതായ്
വീർത്തു ജാതാനുതാ[4]പേ,
സാകേതേ പോന്നുവന്നു കതിചന യമുനാ—
തീരഭാജോ മുനീന്ദ്രാഃ
[5]സാകൂതം ദ്രഷ്ടുകാമാ ലവണനിശിചരോ—
പദ്രുതാ രാവണാരിം. 2

പദ്യം 1. പ്രബന്ധാരംഭത്തിൽ കഥാവസ്തുവിനെ നിർദേശിക്കുന്നു. ആസാം പ്രജാനാം—ഈ ജനങ്ങൾക്കു്. ഉദിച്ചീടുക—ഉണ്ടാകട്ടേ. നിയതം—നിശ്ചയം. താപം—ദുഃഖം. മാ അസ്തു—ഭവിക്കാതിരിക്കട്ടേ. വാരം വാരം—വീണ്ടും വീണ്ടും. പര....സം—പരമാനന്ദത്തിന്റെ വിലാസം. അതിമഹിതം—വളരെ ശ്രേഷ്ഠമായ. വാജി....രം—അശ്വമേധയാഗത്തെ. അയോ....ര്യാം—അയോദ്ധ്യാനഗരത്തിൻ. തദ്ഭ്രാ....ത്രൈഃ സഹ—സോദരന്മാരോടും (അവരുടെ) പുത്രന്മാരോടുംകൂടി.

പദ്യം 2. ലോകാക്രോശം—ലോകാപവാദം. പ്രിയതമ—പ്രേയസി. മൈഥിലീം—സീതയെ. മുദാ—സന്തോഷത്തോടുകൂടി. ജാതാനു

1. സ്യു ദുഃഖം. 2. രേ സഭ്രാ. 3. മയെ തദാ. 4. താപം. 5. സാവേഗം ദ്രു.

ശ്രീരാമൻ അവരെ വേണ്ടപോലെ സത്കരിച്ചിട്ട് അവരുടെ വരവുകൊണ്ടു താൻ ധന്യനായതായി പ്രസ്താവിക്കുന്നു:

അന്നേരത്തുജ്ജ്വലാഗ്നിപ്രതിഭടമഹസാ
ഭാസ്വരാൻ ഭാർഗ്ഗവാദീൻ
പൊന്നിൻപീഠേഷു ഗാഢാദരമഴകിലവ—
സ്ഥാപ്യ ഭക്ത്യാ മുനീന്ദ്രാൻ
സന്നാമം ചെയ്തു സിംഹാസനഭുവി തദനു-
ജ്ഞാഗിരാ താനിരുന്ന—
മന്നോർമാണിക്യരത്നം മധുരിമവിനയ—
ശ്രീമതീം വാചമൂചേ. 3

''ധന്യാ വഃ സ്വാഗതം സംപ്രതി മുനിവൃഷഭാഃ!
യുഷ്മദീയം സമാജം
മുന്നിൽ കാണ്മാനകപ്പെട്ടതു സുകൃത,മതി—
സ്മൂലമാകണ്ണനീയം;
എങ്ങേതും ദൃഷ്ടസത്തോഷാതിശയപരിഭവമു—
ണ്ടാകയോ കർമ്മവിഘ്നം
തന്നെക്കൊണ്ടോ, കുലത്തിന്നയി മമ പരമാ—
നുഗ്രഹാകാംക്ഷകൊണ്ടോ?'' 4

താപേ രാമചന്ദ്രേ ഏകാന്തേ നിവസതി—പശ്ചാത്താപത്തോടുകൂടിയ ശ്രീരാമൻ തനിച്ചു വസിക്കുമ്പോൾ. ലവണ .. താഃ—ലവണാസുരനാൽ ഉപദ്രവിക്കപ്പെട്ടവരായ. യമു... ജഃ—യമുനാനദിയുടെ കരയിൽ വസിക്കുന്നവരായ. കതിചന മുനീന്ദ്രാഃ—ചില മുനിശ്രേഷ്ഠന്മാർ. രാവണാരിം—ശ്രീരാമനെ. സാകൂതം. ദൃഷ്ട്യുകാമാഃ—കാര്യമായി കാണാൻ ആഗ്രഹിക്കുന്നവരായി. സാകേതേ—അയോദ്ധ്യയിൽ.

പദ്യം 3. ഉജ്ജ്വ സാ—കത്തിക്കാളുന്ന തീയ്യു തുല്യമായ തേജസ്സുകൊണ്ടു്. ഭാസ്വരാൻ—തിളങ്ങുന്നവരായ. ഭാർഗ്ഗവാദീൻ—ഭാർഗ്ഗവൻ മുതലായ. മുനീന്ദ്രാൻ—മുനിശ്രേഷ്ഠന്മാരെ. ഭക്ത്യാ—ഭക്തിയോടുകൂടി. പൊന്നി... ഷു—തങ്കമയമായ ആസനങ്ങളിൽ. ഗാഢാദരം—വളരെ ആദരവോടുകൂടി. അവസ്ഥാപ്യ—ഇരുത്തീട്ടു്. സന്നാമം—വന്ദനം. സിംഹാ....വി—സിംഹാസനത്തിൽ തദ....രാ—അവരുടെ അനുമതിയോടേ മന്നോ.... ത്നം—ശ്രീരാമൻ. മധു....തീം—മാധുര്യം വണക്കം ഐശ്വര്യം ഇവയോടുകൂടിയ. വാചം ഊചേ—വാക്കിനെ പറഞ്ഞു.

പദ്യം 4. ധന്യാഃ മുനി... ഭാഃ—അല്ലയോ ധന്യരായ മുനിശ്രേഷ്ഠന്മാരേ. സംപ്രതി—ഇപ്പോൾ. വഃ സ്വാഗതം—നിങ്ങൾക്കു സ്വാഗതം. സുകൃതം—പുണ്യം. ആകണ്ണനീയ.—കേൾക്കേണ്ടതു്. ദൃഷ്ട....വം—ദൃഷ്ടജന്തുക്കളേക്കൊണ്ടുള്ള പീഡ. കർമ്മവിഘ്നം—വൈദികങ്ങളായ ക്രിയകൾക്കു് ഉപരോധം. മമ കുലത്തിനു്—എന്റെ വംശത്തിന്നു്. പരമാ....ക്ഷ—ശ്രേഷ്ഠമായ അനുഗ്രഹം നല്കുന്നതിൽ താത്പര്യം.

മുനിമാർ ആശീർവാദപുരസ്സരം ശ്രീരാമനെ പുകഴ്ത്തിക്കൊണ്ടു മധുസൂതനായ ലവണാസുരന്റെ ഉപദ്രവം അസഹ്യമായിരിക്കുന്നതിനാൽ അവനെ കൊല്ലണമെന്നു ശ്രീരാമനോടു് അപേക്ഷിക്കുകയും അതനുസരിച്ചു ശ്രീരാമൻ അനുജന്മാരെ വരുത്തി കാര്യം ധരിപ്പിക്കുകയും ശത്രുഘ്നനെ ലവണവധത്തിനായി സൈന്യങ്ങളോടുകൂടി അയയ്ക്കുകയും ചെയ്യുന്നു:

ഇത്ഥം[1] നിശമ്യാദരഭക്തിമുദ്രാ-
ഹൃദ്യാം രഘൂണാമധിപസ്യ വാണീം[2]
ഉദ്യമ്യ ഹസ്താൻ വിഹിതാശിഷസ്തേ
വിദ്ധ്വസ്തതന്ദ്രാ ജഗദുർമുനീന്ദ്രാഃ. 5

''സ്വസ്ത്യസ്തു ശ്രീമതാമഗ്രിമ! ജയതു ഭവാൻ
ഭാനുവംശോദയാദ്രൗ
നിസ്സന്ദ്രം പോന്നുദിച്ചീടിന വിമലശരത്-
പൂർണ്ണപീയൂഷഭാനോ!
പൃഥ്വീം പാലിച്ചിവണ്ണം മരുവുക സുജനാൻ
കാത്തു നീ വാണിമാതിൻ-
മുത്തേൽകൊങ്കുത്തടം തേടിന സുകൃതമൊട്ട-
ങ്ങുന്നിതെന്നെന്നെയോളം. 6

ത്രൈലോക്യത്രാണകൃത്യം നൃപ! തവ ഭുജ-
ദണ്ഡം വളർക്കും ദശായാം
മാലില്ലേ തീർത്തുചൊല്ലാമൊരുപൊഴുതു കിനാ-
വിങ്കലും മാദൃശാനാം;

പദ്യം 5. ഇത്ഥം–ഇപ്രകാരം. ആദ .. ദ്യാം–ആദരം, ഭക്തി ഇവയുടെ ചിഹ്നംകൊണ്ടു മനോഹരമായ. രഘൂണാം അധിപസ്യ വാണീം നിശമ്യ–ശ്രീരാമന്റെ വാക്കിനെ കേട്ടിട്ടു്. വിധ്വസ്തതന്ദ്രാഃ–ആലസ്യരഹിതരായ. തേ മുനീന്ദ്രാഃ–ആ മുനിശ്രേഷ്ഠന്മാർ. ഹസ്താൻ ഉദ്യമ്യ വിഹിതാശിഷഃ ജഗദുഃ–കൈപൊക്കി അനുഗ്രഹിച്ചിട്ടു പറഞ്ഞു.

പദ്യം 6. സ്വസ്തി അസ്തു–മംഗലം ഭവിക്കട്ടെ. ശ്രീമതാം അഗ്രിമ–അല്ലയോ ശ്രീമാന്മാരിൽ മുമ്പനായുള്ളോവേ. ഭാനു .. ദ്രൗ–സൂര്യവംശമാകുന്ന ഉദയപർവതത്തിൽ. നിസ്സന്ദ്രം–കറുപ്പുകൂടാതെ. വിമ ...നോ–നിർമ്മലമായ ശരത്കാലത്തിലെ പൂർണ്ണചന്ദ്രനായുള്ളോവേ. ഭവാൻ ജയതു-അങ്ങു ജയിച്ചാലും. പൃഥ്വീം–ഭൂമിയെ. പാലിച്ചു്–രക്ഷിച്ചു്. സുജനാൻ–സജ്ജനങ്ങളെ. വാണി....യോളം–ബ്രഹ്മപ്രളയംവരെ എന്നർത്ഥം.

പദ്യം 7. നൃപ–അല്ലയോ രാജാവേ. ത്രൈലോ .. ത്യം–മൂന്നുലോകത്തെയും രക്ഷിക്കേണ്ട ജോലിയെ. തവ–നിന്റെ. ഭുജദണ്ഡം–ബാഹുദണ്ഡം. വളർക്കും ദശായാം–വളർക്കുമ്പോൾ. മാലു്–ദുഃഖം. മാദൃശാനാം–എന്നെപ്പോലെയുള്ളവർക്കു്. കിനാവു്–സ്വപ്നം. വേലാലംഘീ–അതിരു കവിഞ്ഞവൻ. ഇഹ–ഇവിടെ. മധുസുതൻ-മധുവിന്റെ പുത്രനായ ലവണഃ നാമ കശ്ചിദ് ദുരാത്മാ–ലവണൻ എന്നു പേരായ

1. ഏവം[1]നി. 2. [2]വാചം.

വേലാലംഘീ ഭവിച്ചെങ്കിലുമിഹ ലവണോ
നാമ കശ്ചിദ് ദുരാത്മാ
മേലാളായ് [1]നൈരൃതാനാം മധുസുതനധുനാ
[2]ഭീമകർമ്മാ സമിന്ധേ. 7

ക്ഷിപ്രാശീ കാൺകിലസ്മാൻ പിതുരതുലതപോ--
ലബ്ധകാലാരിശൂലം
ബിഭ്രത്[3] പാണൗ മുടിക്കുന്നിതു ദശമുഖനോ-
ക്കാളമിപ്പാരശേഷം;
[4]ദുഷ്ടം കൊല്ലേണമിന്നേ നിശിചരമമ.''മെ-
ന്നത്ഥനാം കേട്ടു കോപാൽ
മദ്ധ്യേ തൃക്കൺ വ്യവക്രം പൊഴുതുമുതു തു-
കുന്ന വാചാ ബഭാഷേ. 8

''പേടിച്ചീടായ്ക ചെറ്റും പരമമുനിവരാഃ!
സോമ്പ്രയൈവാശ്രമാന്താ-
നാടല്പാടറുപോയെന്നധിവസത സമാ-
ധായ കർമ്മാണി മേന്തേൽ
ഗാഢം ജാനീത, സദ്യോ നിഹതമിഹ ദുരാ-
ത്മാന''മെന്നങ്ങു ചൊല്ലി
പ്രൗഢാത്മാ തത്സമക്ഷം മനുജപരിവൃഢഃ
സ്വാനുജാനേവമൂചേ. 9

ഒരു ദുഷ്ടൻ. നൈരൃതാനാം—രാക്ഷസന്മാരുടെ. അധുനാ—ഇപ്പോഴേ. ഭീമകർമ്മാ—ക്രൂരനായി. സമിന്ധേ—വളരുന്നു.

പദ്യം 8. അസ്മാൻ—ഞങ്ങളെ. ക്ഷിപ്രാശീ—വേഗം ഭക്ഷിക്കുന്നേ. പിതുഃ അതു....ലം—പിതാവിന്റെ കഠിനതപസ്സിനാൽ ലഭിച്ച ശിവന്റെ ശൂലത്തെ. പാണൗ ബിഭ്രത്—കൈയിൽ ധരിക്കുന്നവനായി. പാരശേഷം—ലോകമെല്ലാം. ദുഷ്ടം അമും നിശിചരം—അഹങ്കാരിയായ ഈ രാക്ഷസനെ. അത്ഥനാം—പ്രാത്ഥനയെ. കോപാത്—കോപംനിമിത്തം. മദ്ധ്യേ—ഇടയ്ക്ക്. വാചാ—വാക്കിനാൽ. ബഭാഷേ—പറഞ്ഞു.

പദ്യം 9 പരമ....രാഃ—അല്പയോ മുനിശ്രേഷ്ഠന്മാരേ. സോമ്പ്രയാ ഏവ—ഇഷ്ടംപോലെതന്നെ. കർമ്മാണി സമാധായ—കർമ്മങ്ങളിൽ ഏർപ്പെട്ടവരായി. ആശ്രമാന്താൻ അധിവസത—ആശ്രമങ്ങളിൽ പാർക്കുവിൻ. ദുരാത്മാനം—ഈ ദുഷ്ടനെ ഇഹ—ഇവിടെ. സദ്യഃ—ഉടൻതന്നെ. നിഹതം—കൊല്ലപ്പെട്ടവനായി. ഗാഢം ജാനീത—വിശ്വസിച്ചാലും. പ്രൗഢാത്മാ—ധീരോദാത്തനായ. മനു....ഡഃ—ശ്രീരാമൻ. തത്സമക്ഷം—അവരുടെ മുമ്പിൽ. സ്വാനുജാൻ ഏവം ഊചേ—തന്റെ അനുജന്മാരോട് ഇപ്രകാരം പറഞ്ഞു.

---

1. യ് രാക്ഷസാനാം മധു. 2. നാ ക്രൂരക. 3. ബിഭ്രദ്ധസ്തേ മു. 4. ധ്വഷ്ടം കൊ.

''വീരാഃ! സമസ്തജഗതോ ലവണോ ദുരാത്മാ
വൈരായതേ നിയതമിത്തൊഴിൽ കേട്ടതല്ലീ?
വീരരിന്നു നിങ്ങളിലാരും വിനിഹത്യ പാപം.
നേരൊത്തടക്കി മരുവുന്നതു തസ്യ രാജ്യം?'' 10

ഇത്ഥം കേട്ടോരുനേരത്തഹമഹമിതി സ—
ന്ദശ്തിതോദ്യോഗഭാവാൻ
നിദ്ധ്യായ സ്വാനുജാന്മാനവകുലതിലകം
ചൊറ്റ സഞ്ചിന്ത്യ മാനീ,
ദുഷ്ട്യൈവാഹൃത്യ ശത്രുഘ്നനെ മധുസുതരാ—
ജ്യേ വിധായാഭിഷേകം
ദത്വാ പോർവിളിമന്ത്രം മധുപുരിയിലയ—
ച്ചീടിനാൻ പ്രൗഢസൈന്യൈഃ. 11

മുനിമാർ സന്തുഷ്ടരായി മടങ്ങിപ്പോകുന്നു:

ആജ്ഞാബലം രഘുപതേരതിമാനുഷം കി—
ണ്ടാശ്ചര്യമോദതരളൈർജയസാധുവാദൈഃ
ആശ്വാസ്യ വാസ്സൊടഭിനന്ദ്യ കൃതാശിഷസ്തേ
സോച്ഛ്വാസു നിശ്ചിതധിയഃ പ്രയയുർമുനീന്ദ്രാഃ. 12

പദ്യം 10. വീരാഃ—അല്ലയോ വീരന്മാരേ. ദുരാത്മാ ലവണഃ—ദുഷ്ടനായ ലവണൻ. സമ....തഃ—ലോകത്തിനെല്ലാം. വൈരായതേ—ശത്രുവായിത്തീർന്നിരിക്കുന്നു. അമും പാപം വിനിഹത്യ—ഈ ദുഷ്ടനെ കൊന്നിട്ട്. തസ്യ രാജ്യം—അവന്റെ രാജ്യത്തെ.

പദ്യം 11. ഇത്ഥം—ഇവ്വണ്ണം. അഹം അഹം ഇതി—ഞാൻ ഞാൻ എന്നു്. സന്ദ....ൻ—ഒരുക്കത്തെ പ്രദർശിപ്പിച്ചവരായ. സ്വാനുജാൻ—തന്റെ അനുജന്മാരെ. നിദ്ധ്യായ—നോക്കിയിട്ട്. മാനീ—മാന്യനായ. മനു... കം—ശ്രീരാമൻ. സഞ്ചിന്ത്യ—ആലോചിച്ചിട്ട്. ദുഷ്ട്യാ ഏവ ആഹൃത്യ—നോട്ടംകൊണ്ടുതന്നെ വിളിച്ചിട്ട്. മധു....ജ്യേ—ലവണാസുരന്റെ രാജ്യത്തിൽ (മധുപുരിയിൽ). അഭിഷേകം വിധായ—അഭിഷേകം ചെയ്തിട്ട്. ദത്വാ—കൊടുത്തിട്ട്. പ്രൗഢസൈന്യൈഃ—ബലമുള്ള സൈന്യങ്ങളോടുകൂടി.

പദ്യം 12. രഘുപതേഃ—ശ്രീരാമന്റെ. അതിമാനുഷം—മനുഷ്യസാധാരണമല്ലാത്ത. ആജ്ഞാബലം—കല്പനയുടെ ശക്തിയെ. ആശ്ച ...ദൈഃ—ആശ്ചര്യസന്തോഷങ്ങളും കൊണ്ടിടുന്ന. ജയ....ദൈഃ—'ജയ,'' 'സാധു' എന്നീ വചനങ്ങളാൽ. ആശ്വാസ്യ—ആശ്വസിപ്പിച്ചിട്ട്. അഭിനന്ദ്യ—അഭിവന്ദനം ചെയ്തിട്ട്. കൃതാശിഷഃ തേ—ആശീർവാദം ചെയ്ത അവർ. മുനീന്ദ്രാഃ—മുനിമാർ. സോച്ഛ്വാസു—തങ്ങളുടെ ആഗ്രഹങ്ങളിൽ. നിശ്ചിതധിയഃ—നിശ്ചയത്തോടുകൂടിയവരായി. പ്രയയുഃ—യാത്രയായി.

സൈന്യസമേതനായി പുറപ്പെട്ട ശത്രുഘ്നൻ വഴിയിൽ വാല്മീകിയാശ്രമത്തിൽ ഒരു രാത്രി തങ്ങി സീത രണ്ടാൺകുഞ്ഞുങ്ങളെ പ്രസവിച്ച വിവരം മറിഞ്ഞു സന്തുഷ്ടനായി പിന്നെയും യാത്രയായി യമുനയെക്കടന്നു മധുപരിയിലെ ഗോപുരത്തെ വളഞ്ഞുകൊണ്ടു നിന്നു:

ഗദ്യം 1.

(ദണ്ഡകം)

തദനു ച സൗമിത്രിതാനം തദാ രാവണാരിം പരിക്രമ്യ നത്വാ നിബദ്ധാഞ്ജലിർവില്ലുമമ്പും കരേ ധാരയൻ ശ്രീ-സൈന്യേന സാകം പുറപ്പെട്ട നിർലംഘ്യ ഗീർവാണ-കല്ലോലിനീം ഫുല്ലബന്ധൂകബന്ധുപ്രഭാബന്ധുരേ പദ്മിനീ-ബാന്ധവേ പശ്ചിമാബ്ധൗ മറഞ്ഞോരുനേരം മുദാ ചെന്നു വാല്മീകിതന്നാശ്രമേ സൈന്യചക്രം ബഹിഃ സ്ഥാപയൻ നാലുമൂന്നാപ്തഭൃത്യൈഃ സമം താനകംപൂക്ക ഹൃഷ്ടാത്മനാ തേന സമ്പാദിതാമാതിഥേയീം മഹാസത്ക്രിയാമാസ്ഥയാസൗ ഗൃഹീത്വാ കഴൽത്താരിലാനമ്യ തത്പൂർവ്വജാജ്ഞാം സമാവേദ-യൻ മൈഥിലാപത്യവൃത്താന്തമെന്നത്തദാഖ്യാതമോരോ കഥാ-കൗശലം കേട്ട വിസ്മേരചേതാ നിശാം തത്ര കൃത്സ്നാമുഷിത്വാ വിഭാതേ ജയാശീർവചോദായിനം താപസാധീശമാമന്ത്ര്യ നിർവ്യൂഢസൈന്യോ നിബദ്ധാനുഭാവം പുറപ്പെട്ട നേരത്തു

ഗദ്യം 1. തദനു ച–അതിൽ പിന്നെയും. സൗമിത്രിം–ശത്രുഘ്നൻ. തദാ–അപ്പോഴേ. രാവണാരിം–ശ്രീരാമനെ. പരിക്രമ്യ നത്വാ നിബദ്ധാഞ്ജലിഃ–വലംവച്ചു നമസ്കരിച്ചു കൈകൂപ്പിയവനായി. കരേ–കൈകയിൽ. ധാരയൻ–ധരിക്കുന്നവനായി. ശ്രീസൈന്യേന സാകം–വളരെ സൈന്യത്തോടുകൂടി. ഗീർ....നീം–ഗംഗയെ. നിർലംഘ്യ–കടന്നിട്ട്. ഫുല്ല....രേ–വിടർന്ന ചെമ്പരത്തിപ്പൂവിനു തുല്യമായ കാന്തിയോടുകൂടി. പദ്മി....വേ–സൂര്യൻ. പശ്ചിമാബ്ധൗ–പടിഞ്ഞാറൻ കടലിൽ. മുദാ–സന്തോഷത്തോട്. വാല്മീ....മേ–വാല്മീകിയുടെ ആശ്രമത്തിൽ. സൈന്യചക്രം–സൈന്യസമൂഹത്തെ. ബഹിഃ സ്ഥാപയൻ–വെളിയിൽ നിർത്തീട്ട്. ആപ്തഭൃത്യൈഃ സമം–ഉറ്റ ഭൃത്യന്മാരോടുകൂടിയവനായി. ഹൃഷ്ടാത്മനാ–സന്തുഷ്ടനായ. തേന–മുനിയാൽ. സമ്പാദിതാം ആതിഥേയീം മഹാസത്ക്രിയാം–ചെയ്യപ്പെട്ട അതിഥിസത്കാരത്തെ. അസൗ–ഇവൻ. ആസ്ഥയാ ഗൃഹീത്വാ–താത്പര്യത്തോടു സ്വീകരിച്ചിട്ട്. ആനമ്യ–(മുനിയെ) വന്ദിച്ചിട്ട്. തത്പൂ.... ജ്ഞാം–ജ്യേഷ്ഠന്റെ കല്പനയെ. സമാവേദയൻ–അറിയിക്കുന്നവനായി. മൈഥി.....ന്തം–സീതയുടെ വാർത്ത. തദാഖ്യാതം–മുനിയാൽ പറയപ്പെട്ട. കഥാകൗശലം–കഥാകൗശലത്തെ വിസ്മേരചേതാഃ–അത്ഭുതം പൂണ്ടവനായി. തത്ര–അവിടെ. കൃത്സ്നാം നിശാം ഉഷിത്വാ–രാത്രിയെല്ലാം കഴിച്ചിട്ട്. വിഭാതേ–വെളുപ്പിന്ന്. ജയാ....നം–ജയാശീർവചനം പറഞ്ഞ. താപ....ശം ആമന്ത്ര്യ–മുനിശ്രേഷ്ഠനോട് യാത്ര പറഞ്ഞിട്ട്. നിർവ്യൂഢസൈന്യഃ–സൈന്യവ്യൂഹത്തെ അണിനിരത്തി. നിബ.....വം–പ്രാഭവത്തോട്. തത്ര

രാത്രൗ വിദേഹരാജപുത്രയുഗപ്രസൂതിം ബലാ-
ദാഗതാദ് ബാലവൈഖാനസാത് കേട്യ മോദേന തസ്മൈ ധനം
പൂർണ്ണം പാത്രം കൊടുത്താശു ഗത്വാ തൂലോം ദീർഘമാർഗ്ഗം ദിനാ-
ധീശരേ ലംബമാനേ ദിനേശാത്മജാതീരഭൂമൗ മുനീന്ദ്രാശ്രമം
വിശ്രമാത്ഥീ സമാസേദിവാൻ.

ശ്രുത്വാ തത്രത്യവാചാ നിശി പുരഹരശ്രു-
ലാവിനാഭാവജൈത്രം
കൃത്സ്നം മാന്ധാതൃമാഥാദികലവണമഹാ-
വിക്രമം [1]ക്ഷുഭ്യദാത്മാ
തസ്മിന്നിർവ്യൂഹ്യ [2]സേനാം പരിമിതസുഭടേ
രാവണാരാതിമന്തർ-
[3]ധ്യത്വാ തീർത്ത്വാ നദീം താം ത്വടിതി മധുപുരീ-
ഗോപുരം പ്രാപ [4]ധന്വീ. 13

വനമൃഗനിധനായ[5] സൈവമുത്സൃഷ്ടശൂലം
ലവണമഥ വിദിത്വാ പ്രസ്ഥിതം കാനനാന്തേ

രാത്രൗ ഏവ—അന്ന് രാത്രിതന്നെ. വിദേ....തീം—സീത രണ്ട് പുത്രന്മാരെ പ്രസവിച്ചതിനെ. ബലാത് ആഗതാത്—പാഞ്ഞു വന്ന. ബാല..... സാത്—ചെറുപ്പക്കാരനായ വൈഖാനസനിൽനിന്ന്. മോദേന—സന്തോഷം നിമിത്തം. ധനം പൂർണ്ണപാത്രം—പാത്രം നിറയെ സമ്പത്ത്. ആശു ഗത്വാ—വേഗം ചെന്നിട്ട്. ദീർഘമാർഗ്ഗം—നീണ്ട വഴിയെ. ദിനാധീശരേ—സൂര്യൻ. ലംബമാനേ—ചായുമ്പോൾ (അസ്തമനസമയത്തിൽ). വിശ്രമാത്ഥീ—ക്ഷീണം തീർക്കുവാനായി വിശ്രമത്തെ അപേക്ഷിക്കുന്നവനായി. ദിനേ....മൗ—യമുനാനദിയുടെ കരയിൽ. മുനീന്ദ്രാശ്രമം—മുനിശ്രേഷ്ഠരുടെ ആശ്രമത്തെ. സമാസേദിവാൻ—പ്രാപിച്ചു.

പദ്യം 13. നിശി—രാത്രിയിൽ തത്രത്യവാചാ—അവിടെയുള്ളവരുടെ വാക്കിനാൽ. പുര... ത്രം—ശിവന്റെ ശൂലം ഉണ്ടെങ്കിൽമാത്രം. ജയിക്കുവാൻ ശീലമുള്ളതായ. കൃത്സ്നം—സമസ്തമായ. മാന്ധാ....മം—മാന്ധാതാവിനെ കൊല്ലുക മുതലായ ലവണന്റെ മഹാപരാക്രമത്തെ. ശ്രുത്വാ—കേട്ടിട്ട്. ക്ഷുഭ്യദാത്മാ—ക്ഷോഭിച്ചവനായി. പരി.....ടേ—ചുരുക്കം നല്ല യോദ്ധാക്കളോടുകൂടിയ. തസ്മിൻ സേനാം നിർവ്യൂഹ്യ—അവങ്കൽ സേനയെ വ്യൂഹമായി ചെയ്തിട്ട്. അന്തഃ രാവണാരാതിം ധ്യാത്വാ—അകത്തു രാമനെ ധ്യാനിച്ചിട്ട്. നദീം താം തീർത്ത്വാ—ആ പുഴയെ കടന്നിട്ട്. ത്വടിതി—ഉടൻ. ധന്വീ—വില്ലോട് കൂടിയവനായി. മധു....രം—മധുപുരിയിലെ ഗോപുരത്തെ. പ്രാപ—പ്രാപിച്ചു.

പദ്യം 14. വന....യ—കാട്ടുമൃഗങ്ങളെ കൊല്ലുവാനായി. ഉത്സൃഷ്ടശൂലം—ത്യജിക്കപ്പെട്ട ശൂലത്തോട് കൂടിയ. ലവണം—ലവണനെ. സൈവം കാനനാന്തേ പ്രസ്ഥിതം വിദിത്വാ—ഇഷ്ടംപോലെ കാട്ടി

1. മം വ്യാകുലാത്മാ. 2. ഹ്യ സൈന്യം പരി. 3. ന്തർധ്യാത്വാ. 4. പ ധീരഃ.
5. നാത്ഥം സൈവ.

നിജബലമിടകൂട്ടിത്തത്ര സംരുദ്ധ്യ തസ്ഥൗ
ധൃതധൃതി മധുപുര്യാ ഗോപുരേ സജ്ജധനാ. 14

ശത്രുഘ്നൻ ലവണനെക്കാണുകയും ഉണ്ടായ യുദ്ധത്തിൽ ലവണനെ കൊല്ലുകയും മധുപുരിയിലെ രാജാവായി അവിടെ പന്ത്രണ്ടുകൊല്ലക്കാലം വസിക്കുകയും പിന്നെ മന്ത്രിമാരെ ഭരമേൽപ്പിച്ചിട്ട് അയോദ്ധ്യയിൽ വന്നു രാമനെ വണങ്ങുകയും ചെയ്തു:

ദദർശ ലവണം പുരേ നിശിചരേശ്വരം കിങ്കരൈർ—
മഹാമൃഗശവോദ്വഹൈഃ സമമഥാഭിയാന്തം ശനൈഃ
യദീയദരഫുല്ലിതാരുണവിലോചനാലോകന—
ക്ഷണക്ഷപിതധൈര്യമുജ്ഝതി രണം മരുത്വാനപി. 15

ദൃഷ്ടിക്കൽ കണ്ടനേരം നിജരിപുമഥ വി—
ജ്ഞായ, ശൂലം ഗ്രഹീതും
പെട്ടെന്നഭ്യുദ്യതൻ വാൻ മുതിരുമളവു സം—
രുദ്ധവർത്മാ തദാനീം
രുഷ്ടാത്മാ രാക്ഷസോ തൃക്ഷതയൊട്ടു വിപുലം
സാലമുദ്യമ്യ സദ്യോ
മുട്ടന്നേരത്തു ശത്രുഘ്നനുരുതരശ—
സ്ത്രങ്ങളം വർഷിച്ചണഞ്ഞു. 16

ക്രൂരമ്പിൻ കൂട്ടമേല്പ്പം പൊഴുതുമതിർ കട—
ന്നൊന്നു മുട്ടിച്ച രക്ഷോ—
ഘോരാടോപേന പോരാടിന തൊഴിൽ സഹിയാ—
ഞ്ഞന്തരാതങ്കശാലീ

ലോകം പുറപ്പെട്ടവനായി അറിഞ്ഞിട്ട്. തത്ര—അവിടെ. മധുപുര്യാഃ ഗോപുരേ—മധുപുരിയുടെ ഗോപുരത്തിൽ. നിജബലം—തന്റെ സൈന്യത്തെ സംരുദ്ധ്യ—തടഞ്ഞുകൊണ്ട്. ധൃതധൃതി—ധൈര്യസമേതനായി. സജ്ജധനാ—ശരം പ്രയോഗിക്കാൻ തയ്യാറായവനായി. തസ്ഥൗ—സ്ഥിതിചെയ്തു.

പദ്യം 15. അഥ—പിന്നെ. പുരേ—പുരത്തിൽ. മഹാ....ഹൈഃ—വലിയ മൃഗങ്ങളുടെ ശവങ്ങളെ ചുമന്ന കൊണ്ടുവരുന്ന. കിങ്കരൈഃ സമം ശനൈഃ അഭിയാന്തം—ഭൃത്യന്മാരോടുകൂടി പതുക്കെ വരുന്നവനായ. നിശി....രം ലവണം—രാക്ഷസരാജാവായ ലവണനെ. ദദർശ—കണ്ടു. യദീ....ര്യം—യാവനൊരുത്തന്റെ അല്പം ഉരുണ്ട ചുമന്ന നോട്ടത്താൽ ക്ഷണനേരം ധൈര്യം ക്ഷയിച്ചവണ്ണം. മരുത്വാൻ അപി—ഇന്ദ്രനും. രണം—യുദ്ധത്തെ. ഉജ്ഝതി—ത്യജിക്കുന്നു.

പദ്യം 16. അഥ—പിന്നെ. നിജരിപും—തന്റെ ശത്രുവിനെ. വിജ്ഞായ—അറിഞ്ഞിട്ട്. ശൂലം ഗ്രഹീതും—ശൂലത്തെ എടുക്കുവാനായി. തദാനീം—അപ്പോൾ. സംരു....ത്മാ—വഴി തടയപ്പെട്ടവനായ. രുഷ്ടാത്മാ—കുപിതനായ. രാക്ഷസഃ—രാക്ഷസൻ. തൃക്ഷത

1. ദൃഷ്ടൗ താൻ കണ്ട.

ധീരോഽപി രാമഭദ്രം മനസി ദധതൗ
തദ്വിതീർണ്ണേന വിദ്ധ്വാ
നാരാചംകൊണ്ട വക്ഷഃസ്ഥലഭുവി; ലവണം
പാതയാമാസ ഭൂമൗ. 17

ഗാഢാക്രന്ദം തദാനീമഹഹ! നിഹതശേ-
ഷേഷു രക്ഷഃസു വക്ഷ-
സ്താഡം കോല്യം വധൂഭിഃ സഹ ദിശി ദിശി പേ-
ടിച്ച മണ്ടും ദശായാം
പ്രൗഢാനീകേന സാകം മധുപുരിയിലകം-
പുക്ക തദ്രാജ്യമൊക്കെ
പ്പാടേ പാലിച്ച ശത്രുഘ്നനമവിടെ മുദാ
ദീർഘകാലം ന്യവാത്സീത്. 18

സംവത്സരാൻ ദ്വാദശ തസ്യ രാജ്യം
നിർമ്മത്സരം കാത്തു സുഖേന സോഽയം
വന്ദ്യാൻമാത്യാൻ കലയന്നയോദ്ധ്യാം
സംപ്രാപ്യ രാമാംഘ്രിയുഗം വവന്ദേ. 19

—ക്രൗര്യം. സദ്യഃ—പെട്ടെന്ന്. വിപുലം സാലം ഉദ്യമ്യ—വലിയ സാലമരത്തെ പൊക്കീട്ട്. ഉത്തരശസ്ത്രങ്ങം—ഏറിയ ആയുധങ്ങം.

പദ്യം 17. രക്ഷോ....ന—രാക്ഷസന്റെ ഭയങ്കരമായ പ്രതാപത്താൽ. അന്തഃ—അകത്തു്. ആത ലീ—പരിഭ്രമമുള്ളവനായി. ധീരാത്മാ—ധീരനായ. അസൗ—ഇവൻ (ശത്രുഘ്നൻ). രാമഭദ്രം മനസി ദധത്—രാമനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട്. തദ്വിതീർണ്ണേന—അവനാൽ (രാമനാൽ) കൊടുക്കപ്പെട്ട്. വക്ഷഃ....വി—നെഞ്ചത്തു്. വിദ്ധ്വാ—തുളച്ചിട്ട്. ലവണം—ലവണനെ. ഭൂമൗ പാതയാമാസ—ഭൂമിയിങ്കൽ വീഴ്ത്തി.

പദ്യം 18. ഗാഢാക്രന്ദം—മുഴത്ത കരച്ചിലോടുകൂടിയവണ്ണം. തദാനീം—അപ്പോഴം. അഹഹ—ആശ്ചര്യം. നിഹ....ഷു—ചത്തുശേഷിച്ച. രക്ഷസ്സു്—രാക്ഷസന്മാർ. വധൂഭിഃ സഹ—സ്ത്രീകളോടുകൂടി. വക്ഷസ്താഡം—നെഞ്ചിലടിച്ചുകൊണ്ട്. ദിശി ദിശി—ഓരോദിക്കിലും. മണ്ടും ദശായാം—പാഞ്ഞുപോകുമ്പോഴം. പ്രൗഢാനീകേന സാകം—വലിയ സേനയോടുകൂടി. തദ്രാജ്യം—അവന്റെ (ലവണന്റെ) രാജ്യം. മുദാ—സന്തോഷത്തോടുകൂടി. ദീർഘകാലം—വളരെക്കാലം. ന്യവാത്സീത്—വസിച്ചു.

പദ്യം 19. സഃ അയം—അങ്ങനെയുള്ള ഇവൻ (ശത്രുഘ്നൻ). ദ്വാദശ സംവത്സരാൻ—പന്ത്രണ്ടു വർഷക്കാലം. നിർമത്സരം—മാത്സര്യം കൂടാതെ. തസ്യ രാജ്യം—അവന്റെ രാജ്യത്തെ (മധുപുരിയെ). സുഖേന—ക്ലേശം കൂടാതെ. അമാത്യാൻ—മന്ത്രിമാരെ. കലയൻ—ചുമതലപ്പെടുത്തിയവനായി. അയോദ്ധ്യാം സംപ്രാപ്യ—അയോദ്ധ്യയിൽ വന്നു്. രാമാംഘ്രിയുഗം വവന്ദേ—ശ്രീരാമന്റെ ചരണങ്ങളിൽ നമസ്കരിച്ചു.

---

1. ടേ രക്ഷിച്ചു. 2. ശ തത്ര രാ.

ഒരു ബ്രാഹ്മണൻ, മരിച്ചുപോയ ബാലനായ പുത്രനെ ഇട്ടുംകൊണ്ടു പുത്രന്റെ അപമൃത്യുവിനു കാരണം രാജാവിന്റെ ദുഷ്പ്രശാസനമാണെന്നു് അയോദ്ധ്യയിൽ നിലവിളി കൂട്ടുന്നു:

ലോകാനാം നാഥനപ്പോഴം വിജയിനമനുജം
മാനയിത്വാ സഭായാം
മാഴ്കാതേ ചേർത്തു ധർമ്മസ്ഥിതിമഖിലജഗ-
ദ്രക്ഷകോലും ദശായാം
സാകേതേ കോഽപി വിപ്രപ്രവരനപഗത-
പ്രാണമുത്സൃജ്യ സൂനും
വേഗം നില്ലാത ശോകപ്രചുരിമ തലമു-
ടേറിനിന്നേവമൂചേ. 20

''ക്രൂരന്മാരാം നൃപന്മാരറിവു കുറകൊ-
ണ്ടെനഹം ദുഷ്ടരക്ഷാം
പാരാതേ ശിഷ്ടപീഡാമപി തടവി വസി-
ക്കുന്ന രാജ്യേ ജനാനാം
ദാരിദ്ര്യം വ്യാധി ബാല്യേ മരണമതിതരാം
[1]വർഷമെന്നേവമാദ്യൈഃ
സൈവരക്കേടെഴുത്തുമെന്നുള്ളകൃതകവചനം
മിഥ്യയല്ലെന്നു നൂനം. 21

പട്ടം കെട്ടി ഞെളിഞ്ഞു ചാമരയുഗം
വീയിച്ചു സിംഹാസനേ
പുഷ്ടാഭം ബത! പുക്കു രാഷ്ട്രഭരണം
നാട്യം നടിക്കുന്ന നീ

പദ്യം 20. ലോകാനാം നാഥൻ—ശ്രീരാമൻ. വിജയിനം അനുജം—ജയിച്ചവനായ അനുജനെ. സഭായാം മാനയിത്വാ—സഭയിങ്കൽ ബഹുമാനിച്ചിട്ടു്. ധർമസ്ഥിതിം—ധർമത്തിന്റെ നിലനില്പിനെ. അഖി....ക്ഷ—എല്ലാ ലോകത്തിന്റെയും രക്ഷ. സാകേതേ—അയോദ്ധ്യയിൽ. കഃ അപി വിപ്രപ്രവരൻ—ഒരു ബ്രാഹ്മണശ്രേഷ്ഠൻ. അപ....ണം സൂനും ഉത്സൃജ്യ—മരിച്ച പുത്രനെ ഇട്ടുംകൊണ്ടു്. ശോകപ്രചുരിമ—അധികമായ ദുഃഖം. ഏവം ഊചേ—ഇവ്വണ്ണം പറഞ്ഞു.

പദ്യം 21. ക്രൂരൻ—നൃശംസൻ. നൃപൻ—രാജാവു്. അനഹം—എന്നും. ദുഷ്ടരക്ഷാം—ദുഷ്ടന്മാർക്കു രക്ഷയേയും. ശിഷ്ടപീഡാം അപി—സജ്ജനങ്ങൾക്കു് ഉപദ്രവത്തേയും. രാജ്യേ—നാട്ടിൽ. ജനാനാം—ജനങ്ങൾക്കു്. ദാരിദ്ര്യം—ദരിദ്രഭാവം. വ്യാധി—രോഗം. ബാല്യേ മരണം—ചെറുപ്പത്തിൽ മൃതി. അതിതരാം വർഷം—വളരെ മഴ. ഏവമാദ്യൈഃ—ഇത്യാദികളാൽ. അകൃതകവചനം—വേദവാക്യം. മിഥ്യയല്ല—കളവല്ല. നൂനം—നിശ്ചയം.

പദ്യം 22. ചാമരയുഗം—രണ്ടു ചാമരം. സിംഹാസനേ—സിംഹാ

1. രാം വൃഷ്ടിയെന്നേ.

ദുഷ്യാ കാണ്‍ക മമാത്മജം മൃതമകാ—
ലേ ബാലമെന്‍ പാപമീ
കഷ്ടം! ദുഷ്ടചരിത്രമേതുമറിക—
പ്പോകാസ്സയോ ദൗഷ്ട്യമോ? 22

ജളരില്‍ വിരുതുകോലും നിന്നൊടിന്നേറെ ഞാന്‍ വ—
ന്നലറി മുറവിളിച്ചാലെന്തു കാര്യം വിചാരേ;
ജ്വലനഗിരമനാദൃത്യാപ്പരാം ദുര്‍ജനാനാം
ചില കുരള ചെവിക്കൊണ്ടാത്മകാന്താം കളഞ്ഞാന്‍.'' 23

അതു കേട്ടു പൗരജനങ്ങളും കുപിതരായി രാമനെ പ്രശംസിച്ചുകൊണ്ടു സ്വന്തം ദുഷ്കൃതമാണു് ബാലമരണത്തിനു കാരണമെന്നു ബ്രാഹ്മണനോടു പറയുന്നതായും, രാമന്‍ അവരെയെല്ലാം ആശ്വസിപ്പിച്ചിട്ടു് കാലനോടു് പടപൊരുതുവാനായി പുഷ്പകവിമാനത്തില്‍ കയറുമ്പോഴേ ശംബുകന്‍ എന്ന ശൂദ്രന്‍ ഘോരമായി തപസ്സനുഷ്ഠിച്ചുവരുന്നതിനാല്‍ അവനെക്കൊന്നു സ്വര്‍ഗ്ഗത്തിലേക്കു് അയച്ചാലല്ലാതെ ബ്രാഹ്മണബാലനെ രക്ഷിക്കുക സാധ്യമല്ല എന്ന ഒരു ആകാശവാണിയെ കേട്ടതായും പ്രസ്താവിക്കുന്നു:

[1]ഇത്ഥം ദ്വിജവരനാത്തോപം പൂ—
ണ്ടതികരുണം മുറയിട്ട ദശായാം,
പെരുകീടുന്നൊരു കോപഭരത്താല്‍
പൗരജനങ്ങളുണഞ്ഞു ചുഴന്നുടന്‍—
''നെന്നേ! ദുഷ്ടാ, കഷ്ടം കഷ്ടം!
[2]നഷ്ടാശങ്കം പേപറവാനോ
പാപീ നീ പോന്നിവിടെപ്പുക്കു?
പാവനശീലം പരിപാലനപര—
മാക്കു പഴിച്ചു പറഞ്ഞീടാവൂ?
വിക്രമരാശീ പരാക്രമമൊന്നും
ധിക്കൃതനൃപ! നീ കേഴപ്പീലല്ലീ?

സനത്തില്‍. പുഷ്പാഭം—വിടര്‍ന്ന ശോഭയോടുകൂടിയവണ്ണം. ദുഷ്ട്യാ—കണ്ണുകൊണ്ടു്. അകാലേ മൃതം ബാലം മമ ആത്മജം—അസമയത്തില്‍ മരിച്ച ബാലനായ എന്റെ പുത്രനെ. ദൗഷ്ട്യം—ദുഷ്ടന്റെ ഭാവം.

പദ്യം 23. ജളന്‍—മൂഢന്‍. വിചാരേ—വിചാരത്തില്‍. ആപ്പരാം—ഉറവരായ. ദുര്‍ജനാനാം—ദുര്‍ജനങ്ങളുടെ. ജ്വലനഗരിം—അഗ്നിയുടെ വാക്കിനെ. അനാദൃത്യ—വകവയ്ക്കാതെ. ആത്മകാന്താം—തന്റെ ഭാര്യയെ.

ഗദ്യം 2. ഇത്ഥം—ഇപ്രകാരം. ദ്വിജവരന്‍—ബ്രാഹ്മണശ്രേഷ്ഠന്‍. ഉപത്താപം—സങ്കടം. അതികരുണം—വളരെ ദൈന്യത്തോടു്. മുറയിട്ട ദശായാം—നിലവിളിക്കുമ്പോഴേ. കോപഭരം—അധികകോപം. പൗരജനം—പുരത്തിലുള്ള ജനം. നഷ്ടാശങ്കം—ശങ്കയുടാതെ. പാവനശീലം—ശുദ്ധസ്വഭാവനായ. പരി.....രം—രക്ഷാതത്പരനായ. ധിക്കൃതനൃപ—രാജനിന്ദക! നിശാ.....ശം—രാക്ഷസകുലം. മന്നോര്‍വരകഥ

1. ഏവം ദ്വി. 2. വീതശങ്കം.

കൊന്ന നിശാചരവംശമൊട്ടുക്കും
മന്നോർവരകഥ കേൾപ്പീലല്ലീ?
അഘതതിയെല്ലാമകലേ നീക്കും
രഘുവരചരിതം കേൾപ്പീലല്ലീ?
ലോകത്രാണം ദിനമനു ചേർക്കും
കാകുത്സ്ഥൻകഥ കേൾപ്പീലല്ലീ
വാനിലുലാവിന വാനവരെല്ലാം
വല്ലഭമാരൊട്ടുകൂടി നിരന്തര—
മധരാസ്വാദവുമമൃതാസ്വാദവു—
മവിരതയാഗവഷട്കൃതഹവ്യവു—
മൊക്കൊണ്ടൊക്കത്തെക്കച്ചോരു സു—
ഖിച്ചു രസിച്ചു വസിക്കുന്നതുമ—
ന്നിശിചരവൈരികരുത്തെന്നറി നീ.
മനുജനമെല്ലാം വനഭുവി നല്ല സ—
രസ്സുകളം നോക്കിത്തീരേ ചാരു കു
ടീരം കെട്ടിക്കായും കനിയും
പൂവും നലകിന തരുനികരങ്ങളെ
നട്ടു നനച്ചും വരിനെൽപ്രകരം
നീളെ വിതച്ചും വൈദികകർമ്മണി
പടുത നടിച്ചും ശാസ്ത്രവിശേഷം
ചാരു പഠിച്ചും ദിനമനുഭോജന—
മൊട്ടു കുറച്ചും പരശിവപദതളിർ—
തന്നിലുറച്ചും കേവലമദ്വയ—
മാനന്ദമയം ചിന്മയമഖിലമ
ഖണ്ഡം ബ്രഹ്മ സനാതനമാത്മ—
ഡിച്ചഥ സോഽഹംഭാവമുപാസി

—രാജവൃത്താന്തം. അഘതതി—പാപസമൂഹം. രഘു .....തം—ശ്രീരാമന്റെ ചരിത്രം. ത്രാണം—രക്ഷ. ദിനമനു—എന്നും. കാകുത്സ്ഥൻ കഥ—ശ്രീരാമകഥ. വല്ലഭ—ഭാര്യ. നിരന്തരം—ഇടവിടാതെ. അധരാസ്വാദം—അധരരസത്തെ അനുഭവിക്കുക. അമൃതാസ്വാദം—അമൃതിന്റെ രസത്തെ അനുഭവിക്കുക. അവി....വ്യവും—എപ്പോഴും യാഗത്തിൽ ഹോമിച്ച ഹോമദ്രവ്യവും. ചാരു—ഭംഗിയായി. നിശി....രി—രാക്ഷസശത്രുവായ രാമൻ. വനഭുവി—കാട്ടിൽ. സരസ്സു—പൊയ്ക. തീരേ—കരയിൽ. കുടീരം-കുടിൽ. തരുനികരം—മരക്കൂട്ടം. പ്രകരം—സമൂഹം. വൈദികകർമണി—വേദവിഹിതമായ ക്രിയയിൽ. പടുത—സാമർത്ഥ്യം. പരശിവപദം—പരമശിവന്റെ കാലു്. കേവലം—മാത്രം. അദ്വയം—രണ്ടുമതായി ഒന്നില്ലാത്ത. ആനന്ദമയം—ആനന്ദസ്വരൂപമായ. ചിന്മയം—ജ്ഞാനരൂപത്തെ. അഖിലം അഖണ്ഡം—എല്ലാം ഒന്നായ. സനാതനം ബ്രഹ്മ—ശാശ്വതബ്രഹ്മത്തെ. ആത്മേഡിച്ചു—ധ്യാനിച്ചു. സോഹം ഭാവം ഉപാസിച്ചു—അതുതന്നെ ഞാൻ എന്ന

ച്ചുകിൽ പേർത്തു വസിക്കുന്നതുമ—
ന്നിശിചരവൈരികരുത്തെന്നറി നീ.
ദിഗ്ജപങ്കതിയുമഹമെന്നോർത്തു—
മഹികുലപതിയും പാരം പെരുതായ്
ധീരത വിട്ടു ശിരസ്സു കനിഞ്ഞും
കസ്തൂരിവെഞ്ഞും ദണ്ഡമുറഞ്ഞും
പണ്ടില്ലാതോരിണ്ടൽ കലർന്നത—
ശേഷം മാറിക്കസുമം പോലേ
വസുമതി ശിരസി ധരിക്കുന്നതുമ—
ന്നിശിചരവൈരികരുത്തെന്നറി നീ.
സൂര്യനുദിച്ചുന്നേരേ പോയതു
നിശിചരവൈരികരുത്തെന്നറി നീ.
വൃഷ്ടി ജനാനാം തുഷ്ടി വളർത്തതു
നിശിചരവൈരികരുത്തെന്നറി നീ.
ദുഷ്ടജനൗഘം നഷ്ടിപിടിച്ചതു
നിശിചരവൈരികരുത്തെന്നറി നീ.
താവകദുഷ്കൃതിതന്നൊടൊണ്ടേ
ജീവൻപോയീ ബാലനു നൂനം.
കാലത്തുപ്പാൻ കർമ്മം ചെയ്വാൻ
ധർമ്മസുദാരാനിട്ടുകളഞ്ഞ—
ന്നമ്മസു ലോലാം ബാലാം കാമപി
വാരസ്ത്രീയമുടനാശ്ലേഷിച്ചു സു—
ഖിച്ചീടും നിൻ കർമ്മഫലത്താൽ
വന്നിതു നിതരാമപരാധത്തെ
രാജനിൽ വെറുതേ ചെയ്തൊല്ലാ നീ,
ചപലരിതമ്പിനൊടറിയുന്നാകിൽ
കൈ കുത്തിപ്പോം കാല്യ മുറിക്കു''മി-
തെന്നു പറഞ്ഞവരണയും നേര—

സായുജ്യഭാവത്തെ ആരാധിച്ചു്. ദിഗ്ജപങ്കതി—ദിഗ്ഗജങ്ങൾ. കമഠോത്തൻ—കൂർമശ്രേഷ്ഠൻ. അഹികുലപതി—ആദിശേഷൻ. പാരം—വളരെ. ധീരത—ധൈര്യം. ശിരസ്സു്—തല. കസുമം—പൂവു്. വസുമതി—ഭൂമി. ശിരസി—തലയിൽ. വൃഷ്ടി—മഴ. ജനാനാം—ജനങ്ങൾക്കു്. തുഷ്ടി—സന്തോഷം. ദുഷ്ട....ഘം—ദുഷ്ടരുടെ കൂട്ടം. നഷ്ടിപിടിച്ചതു—ഇല്ലാതായ്തു. താവ....തി—നിന്റെ ദുഷ്കൃത്യം. നൂനം—നിശ്ചയം. ധർമ്മസുദാരാൻ—ധർമ്മപത്നിയെ. നർമ്മസുലോലാം—രഹസ്യങ്ങളിൽ ചപലയായ. കാം അപി ബാലാം—ഒരു തരുണിയായ. വാരസ്ത്രീയം—വേശ്യയെ. ആശ്ലേഷിച്ചു സുഖിച്ചീടും—വീണ്ടും വീണ്ടും സുഖിക്കുന്ന. കർമ്മഫലം—ചെയ്ത പ്രവൃത്തിയുടെ ഫലം. നിതരാം അപരാധത്തെ—വലിയ കുറ്റത്തെ. ചപലർ—സ്ഥിരബുദ്ധിയില്ലാത്തവർ. അനു....രം—നിസ്തുല്യമായ കൃപാമൃതത്തിനു് ഇര

ത്തനുപമകാരുണ്യാമൃതസാഗര—
മഭിരാമാകൃതി രാമശശാങ്കൻ
''പാപം പാപം! പോരും പോരും!
പാഴ്വചനങ്ങളം പറഞ്ഞിടായ്വിൻ!
ജാത്യാ പൂജ്യോ വിപ്രസമൂഹോ
വിനയനിഷേവിതതനുലതതന്നിൽ നി—
ഗ്രഹമിരിപ്പതു ദാഹകരൂപം
തേജഃപുഞ്ജമമീഷാം സൂര്യമ—
ണിക്കല്ലെന്ന കണക്കേ പരിഭവ—
മേറേറ കത്തിക്കാളുകയുള്ള.
കാട്ടുള്ളിയുമൊരു പൊട്ടക്കാവു—
മെന്നിവ തിന്നാൽ പാല്യം പോരും
പൂട്ടുമവക്കേ ദണ്ഡമിതെന്നാൽ
പരകൃതപാപം നമ്മാലെന്ന ധ—
രിക്കെല്ലാരും'' പലതരമേവം
വാത്ത പറഞ്ഞങ്ങവരെയടക്കി--
ക്കാലൻതന്നൊട്ട പടപൊരുവാനായ്
ചിന്താസുലഭേ പുഷ്പകമെന്നും
കേളിവിമാനേ കലിതോദ്യോഗം
തടിതി കരേറുന്നവധിയിലശ്രുണോദ്
ഗഗനഭവോം ഗിരമുരുതരഘോഷാം.

''കല്യാണീം വിപ്രസേവാമകലെ വെടിവതും—
ചെയ്ത ശംബൂകനാമാ
നിർല്ലജ്ജൻ കോfപി ശൂദ്രൻ പരമതപസി നി—
ഷ്ണാതനായ് വർത്തതേfസൗ

പ്പിടം. അഭിരാമാകൃതി—സുന്ദരൻ. രാമശശാങ്കൻ—രാമചന്ദ്രൻ. വിപ്ര ....ഹഃ—ബ്രാഹ്മണർ. ജാത്യാ പൂജ്യഃ—ജാതികൊണ്ടുതന്നെ മാന്യരാണു്. വിന....ത—വിനയംകൊണ്ടു പുതച്ച ശരീരലത. നിഗ്രഹം—ഒളിഞ്ഞു്. ദാഹകരൂപം തേജഃപുഞ്ജം—ദഹിപ്പിക്കുന്ന തേജഃസമൂഹം. അമീഷാം—ഇവക്കു്. സൂര്യമണി—സൂര്യകാന്തം. പരിഭവം—തിരസ്കാരം. ദ ണ്ഡം—ശിക്ഷ. പരകൃതപാപം—മറെറാരാൾ ചെയ്ത പാപം. ഏവം —ഇങ്ങനെ ചിന്താസുലഭേ—നിനച്ചതുകൊണ്ടുമാത്രം സുലഭമായ. കേ ളിവിമാനേ—ക്രീഡാവിമാനത്തിൽ. കലിതോദ്യോഗം—ഒരുക്കത്തോടു്. തടിതി—പെട്ടെന്നു്. കയറുന്നവധിയിൽ—കയറുമ്പോഴേക്കു്. ഉരുതര ഘോഷാം—വളരെ മുഴക്കത്തോടുകൂടിയ. ഗഗനഭവോം ഗിരം—ആകാശവാ ണിയെ. അശ്രുണോത്—കേട്ടു.

പദ്യം 24. കല്യാണീം—മംഗലകരമായ. വിപ്രസേവാം—ബ്രാ ഹ്മണശുശ്രൂഷയെ. ശംബൂകനാമാ—ശംബൂകൻ എന്നു പേരുള്ള. നിർല

1. പാഴ്വാക്യങ്ങളം.

പൊറ്റോം ഖഡ്ഗധാരാദലിതമവനെ നീ
നിഷ്കൃപം വിക്രമാണ്ണോ!
സ്വർലോകത്താക്കിയെന്നീ ദ്വിജതനയപരി-
ത്രാണമെത്താ മഹാത്മൻ.'' 24

ശംബൂകനെ അന്വേഷിച്ചു വിമാനത്തിൽ സഞ്ചരിക്കുന്ന രാമൻ തെക്കുദിക്കിൽ ഒരു കുളക്കരയിലുള്ള വൃക്ഷത്തിന്റെ കൊമ്പിൽ അധോമുഖനായി തൂങ്ങിക്കിടന്ന തപസ്സനുഷ്ഠിക്കുന്ന അവനെക്കണ്ടു വധിക്കുകയും, ഉടൻ ബാഹ്മണൻ ജീവിച്ച ബ്രാഹ്മണൻ സന്തോഷിക്കുകയും ശംബൂകൻ ഉത്തമഗതിയെ പ്രാപിക്കുകയും ചെയ്യുന്നു:

നിശമ്യ വാണീമശരീരിണീം താം
വിമാനരാജേന വിമാർഗ്ഗമാണഃ
മഹാവനാന്തേ ദിശി ദക്ഷിണസ്യാം
സരോവരം കഞ്ചന സന്ദദർശ. 25

തദീയ കൂലേ തരുശാഖതന്വേ-
ലധോമുഖം കഞ്ചന ലംബമാനം
ശൂദ്രം തപസ്യന്തമസൗ നിരീക്ഷ്യ
രഘൂത്തമഃ കോപകൃപാകുലോഽഭൂത്. 26

ഗദ്യം 3.

തതസ്തരണികുലപ്രദീപോ ധരണിരമണശിഖാമണിഃ നി-
ജവദനസമാലോകന സഞ്ജാത സന്തോഷസനാഥ്യമാനസോല്പോ-

ജ്ഞൻ—ലജ്ജയില്ലാത്ത. അസൗ കഃ അപി—ഈ ഒരു. പരമതപസി—ശ്രേഷ്ഠമായ തപശ്ചര്യയിൽ. നിഷ്ണാതനായി—സമർത്ഥനായി. വർത്തതേ—വർത്തിക്കുന്നു. വിക്രമാണ്ണോ—അല്ലയോ പരാക്രമത്തിനു് ഇരിപ്പിടമായുള്ളോവേ. നിഷ്കൃപം—കൃപകൂടാതെ. ഖഡ്ഗ....തം—വാൾകൊണ്ടു വെട്ടി പിളർക്കപ്പെട്ട. സ്വർലോകം—സ്വർഗ്ഗലോകം. ദ്വിജതനയപരിത്രാണം—ബ്രാഹ്മണപുത്രന്റെ രക്ഷ. മഹാത്മൻ—അല്ലയോ മഹാത്മാവായ രാമ.

പദ്യം 25. താം അശരീരിണീം വാണീം നിശമ്യ—ആ ആകാശവാണിയെ കേട്ടിട്ടു്. വിമാനരാജേന വിമാർഗ്ഗമാണഃ—വിമാനശ്രേഷ്ഠനിൽ സഞ്ചരിച്ചു് അന്വേഷിക്കുന്നവനായി. ദക്ഷിണസ്യാം ദിശി—തെക്കേ ദിക്കിൽ. മഹാവനാന്തേ—കൊട്ടംകാട്ടിനകത്തു്. കഞ്ചന സരോവരം സന്ദദർശ—ഒരു ശ്രേഷ്ഠമായ പൊയ്കയെ കണ്ടു.

പദ്യം 26. തദീയകൂലേ—അതിന്റെ കരയിൽ. തരുശാഖ—മരത്തിന്റെ കൊമ്പു്. അധോമുഖം ലംബമാനം—തലകീഴായി തൂങ്ങിക്കിടക്കുന്നവനും. തപസ്യന്തം ശൂദ്രം നിരീക്ഷ്യ—തപസ്സുചെയ്യുന്നവനും ആയ ശൂദ്രനെ കണ്ടിട്ടു്. അസൗ രഘൂത്തമഃ—ഈ ശ്രീരാമൻ. കോപ....ലഃ അഭൂത്—കോപം കൃപ ഇവയിൽ വ്യാകുലനായി ഭവിച്ചു.

ഗദ്യം 3. തതഃ—പിന്നെ. തര....പഃ ധര....ണിഃ—സൂര്യവംശ്യരിൽ ശ്രേഷ്ഠനായ രാജാവു് (ശ്രീരാമൻ). നിജ....സാൻ—തന്റെ

സാംസ്ഥാപസാനഭിവന്ദ്യ, സുരണസമയസമുപാഗതം സവിനയം
യമുപസ്ഥിതം വിമാനവരമധിരുഹ്യ, ഭുവനപരിപാലനൈകദീകലാപകർമ്മാണം കാർമ്മുകവരമക്ഷയശരനികരാനിഷംഗൗ നിഷങ്ഗൗ കരാളധാരാവിരാജമാനം കരവാളം ച ഗൃഹീത്വാ, പ്രത്യർത്ഥിസാർത്ഥസത്വനികരനിഗരണചതുരഘോരാജഗരേ നഗരേ ഭീഷണരണഖണ്ഡിതാരാതിവീരസൗമിത്രിഭരതൗ നിയുജ്യ, ദ്വിജപുത്രമൃത്യുഹേതുഃ ശ്രുദ്ധുനിസ്തപസ്യതീതി പ്രതീചീമാരഭ്യ പ്രവിശ്രുതസമാചാരാസു തിസൃഷ്വപി ദിക്ഷു ക്രമേണ വിചിന൯ തത്രകുത്രാപി കിഞ്ചിദപി ദുഷ്കൃതമപശ്യൻ ദക്ഷിണാംദിശമഭിഗച്ഛൻ ശൈവലസ്യോത്തമേ പാർശ്വേ മഹതി സരോവരേ വൃക്ഷശാഖാവലംബിതചരണം തപസ്യന്തം തപസ്യനഹ്തവാത൯ മഹതാപിതപസാധോഗതിരേവ ഭാവിനീതി സൂചയന്തമിവാധോമുഖംഉജ്ജ്വലജ്ജ്വലനജ്വാലാവലീഢശ്മശ്രുസഞ്ചയം ദുശ്ചരം തപശ്ചരന്തം വൃഷലതാപസമവലോക്യ, പൃഷ്ടകാദവരുഹ്യ കോ/യമിതി ജിജ്ഞാസുർവിജ്ഞാനരാശിസ്സന്നികടവർത്തീ ഭൂത്വൈവമവാദീത൯.

മുഖം കണ്ടതിനാൽ സന്തുഷ്ടരായ. താപസാൻ–മുനിമാരെ. അഭിവന്ദ്യ–നമസ്കരിച്ചിട്ട്. സുര....തം–സുരിച്ച മാത്രയിൽ വന്നു. സവിനയം ഉപസ്ഥിതം–വണക്കത്തോടു കൂടുത്തുചേന്ന. വിമാനവരം അധിരുഹ്യ–ശ്രേഷ്ഠമായ വിമാനത്തിൽ കയറി. ഭുവ....ണം–ലോകത്തെ രക്ഷിക്കുക എന്ന കളികർമം നടത്തുന്ന. കാർമുകവരം–ശ്രേഷ്ഠമായ വില്ലിനേയും. അക്ഷ....ഗൗ–ക്ഷയിക്കാത്ത ശരങ്ങളോടുകൂടിയ. നിഷംഗൗ–രണ്ടു ആവനാഴികളേയും. കരാ....നം–ഭയങ്കരമായ മൂർച്ചയോടു ശോഭിക്കുന്ന കരവാളം ച–വാളിനേയും. ഗൃഹീത്വാ–എടുത്തിട്ട്. പ്രത്യർത്ഥി....രേ–ശത്രുക്കളാകുന്ന സത്ത്വങ്ങളെ വിഴുങ്ങുന്നതിൽ സാമർത്ഥ്യമുള്ള മലമ്പാമ്പായ. നഗരേ–നഗരത്തിൽ. ഭീഷ....രൗ–ഭീകരമായ യുദ്ധത്തിൽ ശത്രുവീരന്മാരെ നിഗ്രഹിച്ചവരായ. സൗമി....തൗ നിയുജ്യ–ലക്ഷ്മണനേയും ഭരതനെയും നിയോഗിച്ചിട്ട്. ദ്വിജ....തുഃ ശ്രുദ്ധുനിഃ തപസ്യതി–ബ്രാഹ്മണപുത്രന്റെ മരണത്തിനു കാരണമായി ശ്രുദ്ധുനി തപസ്സനുഷ്ഠിക്കുന്നു. ഇതി–എന്നു പ്രതീചീം ആരഭ്യ–പടിഞ്ഞാറുമുതൽ. പ്രവി....സു–നല്ല നടപ്പോടുകൂടിയ. തിസൃഷു ദിക്ഷു അപി–മൂന്നു ദിക്കുകളിലും. ക്രമേണ വിചിനൻ–മുറയ്ക്കു അന്വേഷിക്കുന്നവനായി. തത്ര കുത്രാപി–അവിടെ ഒരിടത്തും. കിഞ്ചിത് അപി ദുഷ്കൃതം–അല്പംപോലും ദുഷ്കൃത്യത്തെ. അപശ്യൻ–കാണാത്തവനായി. ദക്ഷിണാംദിശം അഭിഗച്ഛൻ–തെക്കേ ദിക്കിലേക്കു ചെന്നു. ശൈവലസ്യ–ശൈവലത്തിന്റെ. ഉത്തമേ പാർശ്വേ–ഒരു പ്രധാന ഭാഗത്തിൽ. മഹതി സരോവരേ–വലിയ ശ്രേഷ്ഠമായ പൊയ്കയിൽ. വൃക്ഷ....ണം–മരക്കൊമ്പിനെ ആശ്രയിച്ച കാലുകളോടുകൂടിയ. തപസ്യന്തം–തപസ്സനുഷ്ഠിക്കുന്ന. തപസി അനഹ്തവാത൯–തപസ്സിങ്കൽ അഹ്തയില്ലായ്മ നിമിത്തം. മഹതാ തപസാ അപി–കഠിനമായ തപസ്സുകൊണ്ടും. അധോഗതിഃ ഏവ ഭാവിനീ–കീഴ്പ്പോട്ടുള്ള ഗതിതന്നെയുണ്ടാകും. ഇതി–എന്നു.

''രേ രാക്ഷസ! ദക്ഷിണാ! മൃതസ്യ ദ്വിജസ്യ
ജീവാതവേ വിസൃഷ്ടഃ ശ്രുത്വാ നഃ കൃപാണം
രാമസ്യ ബാഹുരസി നിർഭരഗർഭിണ്യാ—
സീതാപ്രവാസനപടോഃ[1] കരുണാ കുതസ്ത്വം?'' 27

ശ്രീരാമഭദ്രകരവാളനികൃത്തകണ്ഠഃ
സ്വർഗ്ഗം യയൗ സ ഖലു ദിവ്യവപുസ്സമേതഃ,
ലബ്ധ്വാ സുജീവമഥ തത്ക്ഷണമേവ സൂനും,
സദ്യോ മുമോദ സ തു ജാനപദോ ദ്വിജന്മാ. 28

''വിജ്ഞാതോഽദ്യ ഭവാംശ്ചരാചരഗുരുഃ
സാക്ഷാത് സരോജേക്ഷണോ
വിദ്ധ്വംസായ സുരദ്വിഷാം ക്ഷിതിതലേ
പ്രാപ്തസ്തനും മാനുഷീം;

സൂചയന്നും ഇവ—സൂചിപ്പിക്കുന്നവൻ പോലെ. അധോമുഖം—തലകീഴായി തൂങ്ങുന്നവനായ. ഉജ്ജ്വ...യ—കത്തിക്കൊണ്ടു തീനാക്കിനാൽ സ്പർശിക്കപ്പെട്ട മീശയോടുകൂടിയവനായ. ദുശ്ചരം തപഃ ചരന്തം—കഠിനതപസ്സനുഷ്ഠിക്കുന്നവനായ. വൃഷലതാപസം അവലോക്യ—ശൂദ്രമുനിയെ കണ്ടിട്ട്. പുഷ്പകാത് അവരുഹ്യ—പുഷ്പകവിമാനത്തിൽനിന്നിറങ്ങി. അയം കഃ ഇതി ജിജ്ഞാസുഃ—ഇവൻ ആരെന്നറിയാൻ ആഗ്രഹമുള്ളവനായി. വിജ്ഞാനരാശിഃ—വിജ്ഞാനസഞ്ചയമായ (ശ്രീരാമൻ). തന്നികടവർത്തീ ശ്രുതഃ—അവന്റെ അടുത്തു ചെന്നിട്ട്. ഏവം അവാദീത്—ഇപ്രകാരം പറഞ്ഞു.

പദ്യം 27. രേ രക്ഷിണഹസ്ത—അല്ലയോ എന്റെ വലത്തെക്കൈയേ! മൃതസ്യ ദ്വിജസ്യ ശിശോഃ ജീവാതവേ—മരിച്ച ബ്രാഹ്മണപുത്രനെ ജീവിപ്പിക്കുന്നതിനായി. ശ്രുത്വാ—ശ്രുതാപേക്ഷകൾ. കൃപാണാം വിസൃഷ്ടഃ—വാളിനെ പ്രയോഗിച്ചാലും. രാമസ്യ ബാഹ്വഃ അസി—നീ രാമന്റെ കൈയാകുന്നു. നിർഭര...ടോഃ—പൂർണ്ണഗർഭത്തിൽ ഖിന്നയായ സീതയെ പുറംതള്ളുന്നതിൽ നിപുണനായ. തേ—നിനക്ക്. കരുണാകുതഃ—കാരുണ്യം എവിടെനിന്നു. ഭവദ്ഭർത്തിയുടെ ഉത്തരരാമചരിതനാടകപദ്യമാണിത്.

പദ്യം 28. ശ്രീരാ....ണഃ ശ്രീരാമന്റെ കൈവാളുകൊണ്ടു വെട്ടപ്പെട്ടു കഴുത്തോടുകൂടിയ. സഃ ഖലു—അവനാകട്ടെ. തദാനീം—അപ്പോൾ. ദിവ്യവപുഃ—ദിവ്യശരീരനായി. സ്വർഗ്ഗം യയൗ—സ്വർഗ്ഗത്തെ പ്രാപിച്ചു. അഥ—പിന്നെ. ജാനപദഃ—നാട്ടിൻപുറത്തുകാരനായ. സഃ ദ്വിജന്മാ തു—ആ ബ്രാഹ്മണനാകട്ടെ. തത്ക്ഷണം ഏവ—ഉടൻതന്നെ. സൂനും—പുത്രനെ. സുജീവം—ജീവനോടുകൂടിയവനായി. ലബ്ധ്വാ—പ്രാപിച്ചിട്ട്. സദ്യഃ—ഉടൻ. മുമോദ—സന്തോഷിച്ചു.

പദ്യം 29. സുരദ്വിഷാം വിധ്വംസായ—അസുരനിഗ്രഹത്തിനായി. ക്ഷിതിതലേ—ഭൂമിയിൽ. മാനുഷീം തനും പ്രാപ്തഃ—മനുഷ്യശരീരത്തെ

---

1. പടോ!

ധന്യോഽസ്മി പ്രസഭം തവായുധപരി—
ഷ്വംഗേന നിഷ്പന്ദഷഃ
കൈങ്കര്യം തവ ലബ്ധവാനിദമഹോ!
ലോകേശ! തുഭ്യം നമഃ.''[1] 29

ശ്രീരാമൻ അഗസ്ത്യാശ്രമത്തെ പ്രാപിച്ചു് അവിടെ അഗസ്ത്യന്റെ അനുഗ്രഹത്താൽ ദിവ്യമായ ഒരു വള്ള ലഭിച്ചുകൊണ്ടു് അയോധ്യയിലേക്കു മടങ്ങുന്നു:

പ്രാപിച്ചവനായ. ചരാചരഗുരുഃ—ചരങ്ങൾക്കും അചരങ്ങൾക്കും ഗുരുവായ. ഭവാൻ—അങ്ങു്. സാക്ഷാത് സരോജേക്ഷണഃ അദ്യ വിജ്ഞാതഃ—ശ്രീമന്നാരായണനാണെന്നു് ഇപ്പോഴെ അറിയപ്പെട്ടവനായിരിക്കുന്നു. ധന്യഃ അസ്മി—ഞാൻ അനുഗൃഹീതനായിരിക്കുന്നു. പ്രസഭം- ബലാത്. തവാ... ണ—നിന്റെ ആയുധമേറെതിനാൽ. നിഷ്പന്ദഷഃ—ദോഷരഹിതനായി. ഇദം തവ കൈങ്കര്യം—ഈ നിന്റെ കിങ്കരഭാവത്തെ. ലബ്ധവാൻ—പ്രാപിച്ചവനായിരിക്കുന്നു. അഹോ—ആശ്ചര്യം. ലോകേശ—അല്ലയോ ലോകനാഥ. തുഭ്യം നമഃ—അങ്ങയ്ക്കായി നമസ്കാരം.

---

1. ഈ പദ്യം കഴിഞ്ഞു താഴെക്കാണുന്ന അഞ്ചു പദ്യങ്ങൾകൂടി ചിലെ ഗ്രന്ഥങ്ങളിൽ കാണുന്നു:

ഉദാസിതാരം നിഗൃഹീതമാനസൈർ—
ഗൃഹീതമധ്യാത്മദൃശാ കഥഞ്ചന
ബഹിർവികാരം പ്രകൃതേഃ പൃഥഗ്വിദുഃ
പുരാതനം ത്വാം പുരുഷം പുരാവിദഃ.

യദ്വത് സവിതരുദിതേ
കരോതി കർമ്മാണി ജീവലോകോഽയം
ന ച താനി കരോതി രവിർ—
ന കാരയതി തദ്വദാത്മാപി.

രസഹാനിതഗ്രഭശക്തേ—
ബന്ധാദ്യാ വികൃതയോ യഥൈവേക്ഷോഃ
തദ്വദവസ്ഥാഭേദോഃ
പരമാത്മന്യേവ ബഹുരൂപാഃ.

യൈസ്തുല്യരൂപമഖിലാസ്വപി വൃത്തിഷു ത്വാം
പശ്യദ്ഭിരവ്യയമലിംഗതയാ പ്രതീതം
ലോപഃ കൃതഃ ഖലു പരത്വജുഷോ വിഭേദ—
സ്തൈർലക്ഷണം തവ കൃതം ധ്രുവമേവ മന്യേ.

ആസ്താകിയം പണായാ കഥമിഹ പരിഹാ—
സ്യാ ന തേ സ്യാദതദ്വ്യാ
വൃത്ത്യാ യത്ത്വാദ്രിയന്തേ നനു വരദ! ഗിരാം
പ്രാകൃതനാം പ്രപഞ്ചാഃ;
ആതോഽസ്മാൻ സന്നതത്വാനപി ഭുവനപതേ!
സന്നതത്വാത് ഖലാനാം
ദ്രോഹാ മൂഢസ്വഭാവാത് പരമവപരിവാ—
രാൻ കൃപാവാരിരാശേ''

മുഖ്യം മഹാശ്രമമഗസ്ത്യമുനേരുപേതോ
ഭക്ത്യാഭിവന്ദ്യ ഭഗവാനഥ തത്പ്രസാദാത്,
പ്രത്യഗ്രരത്നഖചിതം വലയം ച ദിവ്യം
ലബ്ധ്വാ തതഃ സ നിരഗാദുരഗേന്ദ്രബാഹുഃ. 30

പോകുന്നേരം പ്രിയാപാലിതമൃഗലതികാം
ദണ്ഡകാം കണ്ടകാണ്ഡേ
മോഹം കൈക്കൊണ്ടു വീണീടിന രഘുവരനെ-
ത്താങ്ങിയുംകൊണ്ടതന്ത്രം
സാകേതേ കൊണ്ടുവച്ചങ്ങനുമതഗമനം
പുഷ്പകാഖ്യം വിമാനം
വേഗത്തോടേ കുബേരാലയമമരവധൂ-
സേവ്യമാനം പ്രപേദേ. 31

ശ്രീരാമൻ സുമന്ത്രനേയും വസിഷ്ഠനേയും അനുജന്മാരെയും വിളിച്ചുവരുത്തി അവരോട് ആലോചിച്ച് ഇതേവരെ ചെയ്ത രാക്ഷസനിധനാദികളായ പാപങ്ങളുടെ പരിഹാരത്തിനായി അശ്വമേധയാഗം നടത്തുവാൻ നിശ്ചയിക്കുന്നു:

ആരാൽ വിളിച്ചിനിയ മന്ത്രിവരം സുമന്ത്രം
നേരേ വസിഷ്ഠമുനിതന്നെയുമുന്നതാത്മാ
വീരാന്നിജാനവരജാനപി മാനയിത്വാ
ശ്രീരാമചന്ദ്രനൊരുനാളവരോടവാദീത്. 32

പദ്യം 30. അഥ—പിന്നെ. ഉരഗേന്ദ്രബാഹുഃ സഃ ഭഗവാൻ—സർപ്പശ്രേഷ്ഠനെപ്പോലെയുള്ള കൈയോടുകൂടിയ ആ ഭഗവാൻ. അഗസ്ത്യമുനേഃ മുഖ്യം മഹാശ്രമം ഉപേതഃ—അഗസ്ത്യമുനിയുടെ പ്രധാനമായ വലിയ ആശ്രമത്തെ പ്രാപിച്ചവനായി. ഭക്ത്യാ അഭിവന്ദ്യ—ഭക്തിയോടുകൂടി നമസ്കരിച്ചിട്ട്. തത്പ്രസാദാത്—അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ. പ്രത്യ....തം ദിവ്യം വലയം ച ലബ്ധ്വാ—പുത്തനായ രത്നം പതിച്ച ശ്രേഷ്ഠമായ വളയേയും ലഭിച്ചിട്ട്. തതഃ—അവിടെനിന്ന്. നിരഗാത്—നിഷ്ക്രമിച്ചു.

പദ്യം 31. പ്രിയാ....കാം—പ്രേയസി വളർത്തിയ മൃഗങ്ങളോടും വള്ളികളോടും കൂടിയ. ദണ്ഡകാം—ദണ്ഡകാവനത്തെ. അകാണ്ഡേ—പെട്ടെന്ന്. മോഹം—മൂർച്ഛ. രഘുവരൻ—ശ്രീരാമൻ. അതന്ത്രം—ആലസ്യം കൂടാതെ. സാകേതേ—അയോധ്യയിൽ. അനുമതഗമനം—പോകാൻ സമ്മതം നൽകപ്പെട്ട. പുഷ്പകാഖ്യം വിമാനം—പുഷ്പകവിമാനം. അമ....നം—ദേവസ്ത്രീകളാൽ സേവിക്കപ്പെടുന്ന. കുബേരാലയം—കുബേരഗൃഹത്തെ. പ്രപേദേ—പ്രാപിച്ചു.

പദ്യം 32. ഉന്നതാത്മാ—മഹാത്മാ. ആരാത്—സമീപത്തിൽ. മന്ത്രിവരം സുമന്ത്രം—മന്ത്രിശ്രേഷ്ഠനായ സുമന്ത്രനെ. വീരാൻ—വീരന്മാരായ. നിജാവരജാൻ അപി—തന്റെ അനുജന്മാരെയും. മാനയിത്വാ—ബഹുമാനിച്ചിട്ട്. അവാദീത്—പറഞ്ഞു.

1. മൂർച്ഛാം പ്രാപിച്ച വീ.

''ദുഷ്കർമ്മപ്രാതമാർജ്ജിച്ചതു ധരണിയിലി—
ല്ലാരുമെന്നോളമോത്താ—
ലുഗ്രക്കോപാലെത്ര ലക്ഷം നിശിചരനിവഹാൻ
കൊന്നൊടുക്കീടിനേൻ ഞാൻ;
ഇക്ഷോണ്യാം പ്രാണഹിംസാസദൃശമൊരു മഹാ—
പാപമില്ലെന്നു കേൾപ്പു;
ധിക്കഷ്ടം! ദുഃഖമെന്നന്ധികമനുഭവി—
പ്പാനുമാളായ് ചമഞ്ഞേൻ 33

ആരഭ്യ ബാല്യവയസോ മുഹുരിന്നയോള—
മോരോരുനാളും മമ പിണഞ്ഞൊരു ദുഃഖജാലം
നാരായണാ! ജയ ഭവദ്വിദിതം സമസ്തം
ദാരാശ്ച സാംപ്രതമകന്നിതു ദൈവദോഷാത്. 34

എന്നാലീ ദുഷ്കൃതാനാം പ്രതികൃതിവിധയേ
പുണ്യകർമ്മം വിശേഷാ—
ലെന്നാൽ കർത്തവ്യമെന്നാൽ മഹിതതരമതെ—
ന്തെന്നു സഞ്ചിന്തനീയം''
എന്നിത്ഥം കേട്ടു സീതാപതിഗിരമരികേ
തത്ര രാമാനുജൻതാ—
നന്നിദ്രാത്മാ വണങ്ങിത്തെളിവൊടു തിരുവു—
ള്ളത്തിലേറീ തദാനീം. 35

''ക്ലപ്പുന്നേനാര്യ! സൂര്യാന്വയമകുടമണേ!
പാരിലെന്തുള്ളതോർത്താ—
ലാത്മാവിങ്കൽ ഭവാനാലവിദിതമിഹ കാ—
ര്യാണകേദാരഭ്രമേ!

പദ്യം 33. ദുഷ്കർമപ്രാതം—ദുഷ്കൃത്യസമൂഹം. ആർജ്ജിച്ചതു്—സമ്പാദിച്ചതു് (ചെയ്തതു്). ഉഗ്രക്കോപാൽ—കോപം ഹേതുവായി. നിശി....ൻ—രാക്ഷസക്കൂട്ടത്തെ. ഇക്ഷോണ്യാം—ഈ ഭൂമിയിൽ. പ്രാണി....ശം—പ്രാണിഹിംസയ്ക്കു തുല്യമായ. ധിക്—നിന്ദ്യം.

പദ്യം 34. ബാല്യവയസഃ ആരഭ്യ—ബാല്യംമുതല്ക്കു്. മമ—എനിക്കു്. മുഹുഃ—കൂടെക്കൂടെ. ദുഃഖജാലം—ദുഃഖസമൂഹം. ജയ—ജയിച്ചാലും. സമസ്തം—എല്ലാം. ഭവദ്വിദിതം—അങ്ങയാൽ അറിയപ്പെട്ടതുതന്നെ. ദൈവദോഷാത്—ഭാഗ്യദോഷത്താൽ. സാംപ്രതം—ഇപ്പോഴേ. ദാരാഃ ച—പത്നിയും.

പദ്യം 35. ദുഷ്കൃതാനാം—പാപകൃത്യങ്ങളുടെ. പ്രതി....യേ—പരിഹാരത്തിനായി. കർത്തവ്യം—ചെയ്യപ്പെടേണം. മഹിതതരം—വളരെ ശ്രേഷ്ഠമായതു്. സഞ്ചിന്തനീയം—ആലോചിക്കേണ്ടതായിരിക്കുന്നു ഇത്ഥം—ഇപ്രകാരം. സീതാ....രം—ശ്രീരാമന്റെ വാക്കിനെ. തത്ര—ആവിടെ.

വായ്പേറും ദുഷ്കൃതാനാം പ്രശമനവിധയേ
രാജസൂയാദികർമ്മം
കേഴപ്പുണ്ടല്ലോ ജഗത്യാമതു കുരുതിനാ—
ലൊക്കെയും നന്നതാനും. 36

ഇല്ലേതും മറു ചൊയ്യേണ്ടതു ദൃഢമധുനാ
വാജിമേധാദ്ധ്വരശ്രീ—
കല്യാണോല്ലാസമത്രേ കനിവൊട്ട ഭവേതാ
വീര! കർത്തവ്യമെന്നും
ചൊല്ലാമെല്ലായിലും മുമ്പതിന നിഖിലപു—
ണ്യേഷു നിഷ്ണീതമെന്നാ—
ലെല്ലാക്കും കേഴ തെളിഞ്ഞീടുകിലിതിന തുട—
ങ്ങീടുകേ വേണ്ടതുള്ളൂ.'' 37

ഗിരമൻപിൽ നിശമ്യ ലക്ഷ്മണോക്തതാം
പരിതോഷത്തൊട്ട മാനയന്മനീഷീ
വിരളസ്മിതസുന്ദരാസ്യമപ്പോ—
ളരുളിച്ചെയ്തിതു വിശ്വലോകനേതാ. 38

''നന്നത്രേ വത്സ! നീ ചൊന്നതു വിമലമതേ!
ലക്ഷ്മണാ! മേല്ക്കുമേലേ
വന്നെത്തും ദുഷ്കൃതാംഭോനിധിയിൽ മുഴുകി നീ—
ന്തീടുമോരോ നൃപാണാം

രാമാനുജൻ—ലക്ഷ്മണൻ. ഉന്നിദ്രാത്മാ—പ്രസന്നനായി. തദാനീം—അപ്പോൾ.

പദ്യം 36. ആര്യ—അല്ലയോ ജ്യേഷ്ഠ. സൂര്യാ....ണേ—സൂര്യവംശത്തിൽ ശ്രേഷ്ഠനായുള്ളോവേ. ഭവാനാൽ—അങ്ങയാൽ. ആത്മാവിങ്കൽ—ചിത്തത്തിൽ. അവിദിതം—അറിയപ്പെടാത്തതു്. ഇഹ—ഇവിടെ. കല്യാ ... മേ—മംഗലത്തിന വിളനിലമായുള്ളോവേ. ദുഷ്കൃതാനാം—ദുഷ്കൃത്യങ്ങളാലുണ്ടായ പാപങ്ങളുടെ. പ്രശ....യേ—പരിഹാരത്തിനായി. രാജ ....ത്തം—രാജസൂയം തുടങ്ങിയുള്ള യാഗക്രിയ. ജഗത്യാം—ഭൂമിയിൽ.

പദ്യം 37. ദൃഢം—നിശ്ചയമായി. അധുനാ—ഇപ്പോൾ. വാജി.... സം—അശ്വമേധയാഗമാകുന്ന മംഗലമായ ഉത്സവത്തിന്റെ വിലാസം. ഭവേതാ—അങ്ങയാൽ. കർത്തവ്യം—അനുഷ്ഠിക്കപ്പെടണം. നിഖി... ഷു—എല്ലാ നല്ല കർമങ്ങളിലും. നിഷ്ണീതം—നിശ്ചിതം.

പദ്യം 38. ലക്ഷ്മ....ക്തതാം—ലക്ഷ്മണൻ പറഞ്ഞ. ഗിരം—വാക്കിനെ. നിശമ്യ—കേട്ടിട്ടു്. പരിതോഷം—സന്തുഷ്ടി. മനീഷീ—ബുദ്ധിമാൻ. മാനയൻ—ബഹുമാനിക്കുന്നവനായി. വിര.....സ്യം—അല്പം മന്ദഹാസം പൂണ്ട സുന്ദരമായ മുഖത്താടുകൂടി. വിശ്വ....താ—ശ്രീരാമൻ.

പദ്യം 39. വിമലമതേ—അല്ലയോ ശുദ്ധബുദ്ധേ! ദുഷ്കൃ....യിൽ—പാപസമുദ്രത്തിൽ. നൃപാണാം—രാജാക്കന്മാർക്കു്. ജഗതി—ലോക

ഉന്നിദ്രാലംബമാകുന്നതു ജഗതി മഹാ—
വാജിമേധാഖ്യപോതം;
പുണ്യഭ്രഷ്ടന്നിനിക്കണ്ടതുമൂടനതകാ,
ധർമ്മപത്നീനിരാസാത്.'' 39

അപ്പോഴം ചൊല്ലീ വസിഷ്ഠൻ കുലഗുരു ഭഗവാ—
''നക്ഷ്വംശാവതംസ—
പ്പൊൽപൂണ്ടേ! വത്സ! നിസ്സംശയമിതു ഹൃദയേ
ലക്ഷ്മണോക്തം തെളിഞ്ഞു;
ഉൾപ്പീഡാം വഹ്നി ദൂരെത്തെളിയുമിതു മന—
ക്കാമ്പു മെല്ലെന്നു മേന്മേ—
ലപ്പാ! സംസാരയന്ത്രത്തിരിവു തനുമതാം
പാർക്കിലിപ്രായമല്ലോ. 40

എന്നുമേ ജനകരാജപുത്രി കുചരിത്ര—
യല്ല ദൃഢമാകയാൽ
പൊന്നുകൊണ്ട സഹധർമ്മചാരിണിയെ വച്ചു
ചെയ്ക വിഹിതാം ക്രിയാം;
ഖിന്നഭാവമകലെക്കളഞ്ഞു വിസൃജാശ്വ—
മേധികതുരംഗമി—
മ്മന്നിൽ മന്നവരെ വെന്നു ചാരു പെരുമാറു—
മാറു സഹ സൈനികൈഃ.'' 41

ഈതനുസരിച്ചു ശ്രീരാമൻ യാഗക്കുതിരയെ അഴിച്ചുവിടുകയും ലക്ഷ്മണപുത്രനായ ചന്ദ്രകേതുവിനെ സൈന്യസമേതനായി കുതിരയെ കാത്തുകൊള്ളുവാൻ നിയോഗിച്ചയയ്ക്കുകയും കുതിരയും ചന്ദ്രകേതുവും സൈന്യങ്ങളും വാല്മീകിയുടെ ആശ്രമഭൂമിയിൽകൂടി സഞ്ചരിക്കുകയും ചെയ്യുന്നു;

ത്തിൽ. ഉന്നിദ്രാലംബം—ശ്രേഷ്ഠമായ ആശ്രയം. മഹാ....തം—അശ്വമേധയാഗമെന്ന കടത്തുതോണി. പുണ്യഭ്രഷ്ടൻ—പുണ്യം പിഴച്ചവൻ. ധർമ....സാത്—ധർമപത്നിയെ പുറംതള്ളിയതു നിമിത്തം:

പദ്യം 40. അക്ഷ്വ....തംസം—സൂര്യവംശത്തിനു് അലങ്കാരം. നിസ്സംശയം—സന്ദേഹരഹിതം. ഹൃദയേ—മനസ്സിൽ. ലക്ഷ്മണോക്തം—ലക്ഷ്മണൻ പറഞ്ഞതു്. പീഡാം—ദുഃഖത്തെ. സംസാ....വു്—സംസാരമാകുന്ന യന്ത്രത്തിന്റെ കാക്കം. തനുമതാം—ശരീരികൾക്കു്.

പദ്യം 41. ജന....ത്രി—സീത. കുചരിത്രയല്ല—ദോഷമുള്ളവളല്ല. ദൃഢം—നിശ്ചയം. സഹ... ണി—പത്നി. വിഹിതാം ക്രിയാം—വിധിച്ച കർമ്മത്തെ. ഖിന്നഭാവം—ദുഃഖം. ആശ്വ....ഗം—അശ്വമേധയാഗത്തിലെ കുതിരയെ. സഹ സൈനികൈഃ—സൈന്യങ്ങളോടുകൂടി. വിസൃജ—വിട്ടാലും.

തത്ക്ഷണേന ദശകണ്ഠവൈരി വിധിയോട-
യച്ചു തുരഗോത്തമം
ലക്ഷ്മണാത്മജമസൗ സുമന്ത്രയുതമാദി-
ദേശ പരിപാലനേ;
ദിക്കിലെങ്ങുമുരുസേനയാ സമമമും ന-
ടത്തുമളവന്തരാ
മുഖ്യമാദികവിയാം മുനീന്ദ്രമഹിതാശ്ര-
മാന്തികമുപായയൗ. 42

ആശ്ചര്യം ചന്ദ്രകേതുഃ സകുതുകമവലോ-
ക്യാശ്രമേ ചെറു നിന്നു;
പോയ് ചെന്നു മുൻപിലേ വൻപൊട്ട തുരഗവുമാ-
യാത്തു സൈന്യം തദീയം;
താച്ചീ ബാലന്നു കപ്പൽക്കടധിയിൽ നിപുണൻ
കണ്ഡാരൻ ജനിത്രീ
വേശ്യസ്സ്യം കാത്തുകൊള്ളാതളവു പിഴപെട്ടം
വൻപടസ്സ്യം വിനേതാ. 43

ശ്രീരാമപുത്രനായ ലവൻ വിനയരഹിതമായ സൈന്യഘോഷം കേട്ട് അസഹിഷ്ണുവായി മുനികുമാരന്മാരോടുകൂടി എതിർപ്പിനായി സജ്ജനാവുകയും പിന്നെ വാഗ്വാദം ക്രമേണ വളരെ വർദ്ധിച്ച് ഇരുകൂട്ടരും പൊരുതുകയും കശനം യുദ്ധത്തിനായി വന്നുചേരുകയും ഒടുവിൽ വാല്മീകി വന്നു കുമാരന്മാരെ ആശ്വസിപ്പിക്കുകയും ചന്ദ്രകേതു കുതിരയോടും സൈന്യങ്ങളോടുംകൂടി അയോദ്ധ്യയിലേക്കു മടങ്ങിച്ചെല്ലുകയും ചെയ്യുന്നു:

പദ്യം 42. തൽക്ഷണേന—ഉടൻതന്നെ. ദശ.....രി—ശ്രീരാമൻ. വിധി—നിയമം. തുര....മം--ശ്രേഷ്ഠമായ അശ്വത്തെ. പരിപാലനേ—രക്ഷിപ്പാൻ. സുമന്ത്രയുതം—സുമന്ത്രനോടുകൂടിയ. ലക്ഷ്മണാത്മജം—ലക്ഷ്മണന്റെ പുത്രനെ (ചന്ദ്രകേതുവിനെ). ആദിദേശേ—നിയോഗിച്ചു. ഉരുസേനയാ സമം—വലിയ സേനയോടുകൂടിയ. അമും—ഇതിനെ. അന്തരാ—ഇടയ്ക്ക്. മുഖ്യം—പ്രധാനമായ. ആദികവി—വാല്മീകി. മുനീ....ന്തികം—മുനിശ്രേഷ്ഠന്റെ മേന്മയേറിയ ആശ്രമത്തിന്റെ അടുക്കൽ. ഉപായയൗ—ചെന്നു.

പദ്യം 43. ചന്ദ്രകേതുഃ—ലക്ഷ്മണപുത്രൻ. സകുതുകം—കൗതുകത്തോടുകൂടി. അവലോക്യ—കണ്ടിട്ട്. ആശ്രമേ—ആശ്രമത്തിൽ. തദീയം സൈന്യം—അവന്റെ സേന. തുരഗം—കുതിര. താച്ചീ—ധാത്രീ (വളർത്തമ്മ). ഉദധി—സമുദ്രം. നിപുണൻ—സമർത്ഥൻ. കണ്ഡാരൻ—നാവികൻ. ജനിത്രീ—മാതാവു്. വേശ്യ—ഗണിക. വിനേതാ—നായകൻ.

ഉന്നിദ്രാലംബമാകുന്നതു ജഗതി മഹാ—
വാജിമേധാഖ്യപോതം;
പുണ്യഭ്രഷ്ടന്നിനിക്കണ്ടതുമുടനതകാ,
ധർമ്മപത്നീനിരാസാത്.'' 39

അപ്പോഴം ചൊല്ലീ വസിഷ്ഠൻ കുലഗുരു ഭഗവാ—
''നക്വംശാവതംസ—
പ്പൊൽപൂണ്ടേ! വത്സ! നിസ്സംശയമിതു ഹൃദയേ
ലക്ഷ്മണോക്തം തെളിഞ്ഞു;
ഉൾപ്പീഡാം വരുത്തൂ ദൂരത്തെളിയുമിതു മന—
ക്കാമ്പു മെല്ലെന്നു മേന്മേ—
ലപ്പാ! സംസാരയന്ത്രത്തിരിവു തനുമതാം
പാർക്കിലിപ്രായമല്ലോ. 40

എന്നുമേ ജനകരാജപുത്രി കുചരിത്ര—
യല്ല ദൃഢമാകയാൽ
പൊന്നുകൊണ്ടു സഹധർമ്മചാരിണിയെ വച്ചു
ചെയ്ക വിഹിതാം ക്രിയാം;
ഖിന്നഭാവമകലെക്കളഞ്ഞു വിസൃജാശ്വ—
മേധികതുരംഗമി—
ന്നന്നിൽ മന്നവരെ വെന്നു ചാരു പെരുമാറു—
മാറു സഹ സൈനികൈഃ.'' 41

അതനുസരിച്ചു ശ്രീരാമൻ യാഗക്കുതിരയെ അഴിച്ചുവിടുകയും ലക്ഷ്മണപുത്രനായ ചന്ദ്രകേതുവിനെ സൈന്യസമേതനായി കുതിരയെ കാത്തുകൊള്ളുവാൻ നിയോഗിച്ചയയ്ക്കുകയും കുതിരയും ചന്ദ്രകേതുവും സൈന്യങ്ങളും വാല്മീകിയുടെ ആശ്രമഭൂമിയിൽകൂടി സഞ്ചരിക്കുകയും ചെയ്തു;

ത്തിൽ. ഉന്നിദ്രാലംബം—ശ്രേഷ്ഠമായ ആശ്രയം. മഹാ....തം—അശ്വമേധയാഗമെന്ന കടത്തുതോണി. പുണ്യഭ്രഷ്ടൻ—പുണ്യം പിഴച്ചവൻ. ധർമ്മ....സാത്—ധർമപത്നിയെ പുറംതള്ളിയതു നിമിത്തം.

പദ്യം 40. അക്ക....തംസം—സൂര്യവംശത്തിനു് അലങ്കാരം. നിസ്സംശയം—സന്ദേഹരഹിതം. ഹൃദയേ—മനസ്സിൽ. ലക്ഷ്മണോക്തം—ലക്ഷ്മണൻ പറഞ്ഞതു്. പീഡാം—ദുഃഖത്തെ. സംസാ....വു്—സംസാരമാകുന്ന യന്ത്രത്തിന്റെ കാക്കം. തനുമതാം—ശരീരികൾക്കു്.

പദ്യം 41. ജന....ത്രി—സീത. കുചരിത്രയല്ല—ദോഷമുള്ളവളല്ല. ദൃഢം—നിശ്ചയം. സഹ... ണി—പത്നി. വിഹിതാം ക്രിയാം—വിധിച്ച കർമ്മത്തെ. ഖിന്നഭാവം—ദുഃഖം. ആശ്വ....ഗം—അശ്വമേധയാഗത്തിലെ കുതിരയെ. സഹ സൈനികൈഃ—സൈന്യങ്ങളോടുകൂടി. വിസൃജ—വിട്ടാലും.

തത്ക്ഷണേന ദശകൗകൈരി വിധിയോട-
യച്ചു തുരഗോത്തമം
ലക്ഷ്മണാത്മജമസൗ സുമന്ത്രയുതമാദി-
ദേശ പരിപാലനേ;
ദിക്കിലെങ്ങുമുരുസേനയാ സമമമും ന-
ടത്തുമളവന്തരാ
മുഖ്യമാദികവിയാം മുനീന്ദ്രമഹിതാശ്ര-
മാന്തികമുപായയൗ. 42

ആശ്ചര്യം ചന്ദ്രകേതുഃ സകുതുകമവലോ-
ക്യാശ്രമേ ചെറു നിന്നു;
പോയ് ചെന്നു മുൻപിലേ വൻപൊട്ട തുരഗവുമാ-
യാത്തു സൈന്യം തദീയം;
താച്ചീ ബാലന്നു കപ്പൽക്കടധിയിൽ നിപുണൻ
കണ്ഡാരൻ ജനിത്രീ
വേശ്യയ്ക്കും കാത്തുകൊള്ളാതളവു പിഴപെടും
വൻപടയ്ക്കും വിനേതാ. 43

ശ്രീരാമപുത്രനായ ലവൻ വിനയരഹിതമായ സൈന്യഘോഷം കേട്ട് അസഹിഷ്ണുവായി മുനികുമാരന്മാരോടുകൂടി എതിർപ്പിനായി സജ്ജനാവുകയും പിന്നെ വാഗ്വാദം ക്രമേണ വളരെ വർദ്ധിച്ച് ഇരുകൂട്ടരും പൊരുതുകയും കശനം യുദ്ധത്തിനായി വന്നുചേരുകയും ഒടുവിൽ വാല്മീകി വന്നു കുമാരന്മാരെ ആശ്വസിപ്പിക്കുകയും ചന്ദ്രകേതു കുതിരയോടും സൈന്യങ്ങളോടുംകൂടി അയോദ്ധ്യയിലേക്കു മടങ്ങിച്ചെല്ലുകയും ചെയ്യുന്നു:

പദ്യം 42. തൽക്ഷണേന—ഉടൻതന്നെ. ദശ.....രി—ശ്രീരാമൻ. വിധി—നിയമം. തുര....മം—ശ്രേഷ്ഠമായ അശ്വത്തെ. പരിപാലനേ—രക്ഷിപ്പാൻ. സുമന്ത്രയുതം—സുമന്ത്രനോടുകൂടിയ. ലക്ഷ്മണാത്മജം—ലക്ഷ്മണന്റെ പുത്രനെ (ചന്ദ്രകേതുവിനെ). ആദിദേശ—നിയോഗിച്ചു. ഉരുസേനയാ സമം—വലിയ സേനയോടുകൂടിയ. അമും—ഇതിനെ. അന്തരാ—ഇടയ്ക്ക്. മുഖ്യം—പ്രധാനമായ. ആദികവി—വാല്മീകി. മുനീ....ന്തികം—മുനിശ്രേഷ്ഠന്റെ മേന്മയേറിയ ആശ്രമത്തിന്റെ അടുക്കൽ. ഉപായയൗ—ചെന്നു.

പദ്യം 43. ചന്ദ്രകേതുഃ—ലക്ഷ്മണപുത്രൻ. സകുതുകം—കൗതുകത്തോടുകൂടി. അവലോക്യ—കണ്ടിട്ട്. ആശ്രമേ—ആശ്രമത്തിൽ. തദീയം സൈന്യം—അവന്റെ സേന. തുരഗം—കുതിര. താച്ചീ—ധാത്രീ (വളർത്തമ്മ). ഉദധി—സമുദ്രം. നിപുണൻ—സമർത്ഥൻ. കണ്ഡാരൻ—നാവികൻ. ജനിത്രീ—മാതാവു്. വേശ്യ—ഗണിക. വിനേതാ—നായകൻ.

ആരാദാകർണ്യ ഘോഷം തദനു രഘുപതി—
ശ്രീകുമാരോ ല[1]വൻതാൻ
വീരാംകുരം തദാനീം ചില മുനിവടുഭിഃ
സാകമാഗത്യ വേഗാത്[2]
പാരാതേ സൈനികാൻ വൻപിനൊടുയരെ വിളി—
ച്ചാബഭാഷേ കരാന്തേ
ധീരം പോർവില്ലെടുത്തുദ്യതശരമുനകൊ—
ണ്ടോങ്ങിനിന്നൂഢഗർവം[3]. 44

''ആർപോലി[4]ങ്ങാശ്രമേ വന്നിവിടെ മമ പിതാ
സാർവഭൗമോ മുനീനാ—
മാഭോഗം പൂണ്ടിരിക്കെപ്പരമൊരവിനയ—
പ്രൗഢി കാട്ടുന്നതെല്ലാം?
ചാപല്യം കാട്ടുമാകിൽ പിഴയെടുമധുനാ
ചെറു കില്ലില്ല ദൂരെ—
പ്പോ പോ; വന്നിങ്ങടുക്കിൽ ചെറുതു കളികളി—
പ്പിപ്പെനെന്നച്ചനാണേ. 45

ഒക്കെക്കയെച്ചുവരവെന്തിതൊരാശ്രമാന്തേ,
തിക്കാരമിത്തൊഴിലെടുത്തതടക്കുവൻ ഞാൻ;
ഇക്കണ്ടതിൽ ചില കഴുത്തുകൾ തുണ്ടമാക്കി—
ച്ചെക്കൻ കളിക്കു, മതിർകെട്ടണയായ്ക നല്ല.'' 46

''ആക്കളള്ള തുരഗോ/യ'', ''മക്കുലകേ—
തോർവിക്രമോ മുത്തിമാൻ''
''ഹാ ക്ഷോണീ നൃപശൂന്യയോ,'' ''രഘുവര—
ന്നുണായ് രിപുക്ഷത്രിയാഃ,''

പദ്യം 44. തദനു—പിന്നെ. രഘു....രഃ— ശ്രീരാമന്റെ പുത്രനായ. വീരാംകുരം—വീരസന്താനമായ. ആരാത്—സമീപത്തിൽ. ഘോഷം—സൈന്യശബ്ദത്തെ. ആകർണ്ണ്യ—കേട്ടിട്ട്. തദാനീം—അപ്പോൾ. മുനിവടുഭിഃ സാകം വേഗാത് ആഗത്യ—ബ്രഹ്മചാരികളായ മുനികുമാരന്മാരോടുകൂടി വേഗമായി വന്നിട്ട്. സൈനികാൻ—ഭടന്മാരോട്. കരാന്തേ—കരാഗ്രത്തിൽ. ധീരം—ധൈര്യമാംവണ്ണം. ഉദ്യത ശരമുന—പൊക്കിപ്പിടിച്ച ബാണത്തിന്റെ അറ്റം. ഊഢഗർവം—അഹങ്കാരിയായി. ആബഭാഷേ—പറഞ്ഞു.

പദ്യം 45. ആശ്രമേ—ആശ്രമത്തിൽ. മമ പിതാ—എന്റെ അച്ഛൻ. മുനീനാം സാർവഭൗമഃ—മുനിചക്രവർത്തി. ആഭോഗം—മേന്മ. പരം—അധികമായി. അവിനയപ്രൗഢി—ദുരഹങ്കാരം. ചാപല്യം—ചഞ്ചലത. അധുനാ—ഇപ്പോൾ.

പദ്യം 46. ആശ്രമാന്തേ—ആശ്രമത്തിൽ. തിക്കാരം—ധിക്കാരം.

1. ലവോ/സൗ വീ. 2. ഗർവഃ 3. പോലശ്രാശ്ര.

''ഊക്കെല്ലാം പറയാസ്സു രാക്ഷസരിലേ
ശോഭിപ്പതിപ്പൗരുഷം''
''പോയ്ക്കോ നീ രഘുരാജപുത്രനറിയും—
മുൻപേ വടോ! ദുർമതേ.'' 47

''ചൂഴം നിന്നഞ്ഞെറിഞ്ഞീടുവിനവനിഭുജാം
ഗർവസർവങ്കഷാശ്വം
പാഷാണം കൊണ്ടു'' തെന്നു ലവനൊരു ലവമു—
പ്പേടി തേടാതെ ബാലൻ;
''ദോഷം ചെയ്യാസ്സു നല്ല ചപലമുനിവടോ!
ചന്ദ്രകേതൗ കുമാരേ
രോഷം മെത്തീടിലെത്തും വിപദതിദുഢ''മെ—
ന്നു തദാ സൈനികാസ്തേ. 48

''ഉള്ളിൽ കിഞ്ചന മാനമുണ്ടൊരുവനെ—
ങ്കിൽ പോക്കെതിത്തീടുവിൻ
ചൊല്പേറീടിന ചന്ദ്രകേതു പരിപാ—
ലിക്കും മഹാസൈനികാഃ!
അല്ലായ്കിൽ തുരഗോത്തമം മമ തരു—
തും ചെയ്തു വല്ലായ്കയും
ചൊല്ലിപ്പോയ്കഴിവിൻ, തിമപ്പു കളവാ—
നത്രേ മദീയോദ്യമം.'' 49

ഇത്ഥം പറഞ്ഞു രഘുപുംഗവസുനു പെട്ടെ—
ന്നെത്തീ വിമത്സ്യ ചെറുഞാണൊലികൊണ്ടശേഷം;

പദ്യം 47. അയം തുരഗഃ—ഈ കുതിര. അക്കൈലകേതോഃ—ശ്രീരാമന്റെ. മുത്തിമാൻ വിക്രമഃ—മൂർത്തിമത്തായ പരാക്രമം. ക്ഷോണീ—ഭൂമി. സ്വപത്നുന്യ—രാജാവില്ലാത്തതു്. രിപുക്ഷത്രിയാഃ—ശത്രുരാജാക്കന്മാർ. രഘുവരനു്—രാമനു്. ദുർമതേ വടോ—ദുഷ്ടബുദ്ധിയായ ബാല. പൗരുഷം—ബലം. രഘുരാജപുത്രൻ—ചന്ദ്രകേതു.

പദ്യം 48. ചൂഴം—ചുറും. അവ....ജാം—രാജാക്കന്മാരുടെ. ഗർ....ശ്വം—അഹങ്കാരത്തെയെല്ലാം ഇല്ലായ്മചെയ്യുന്ന കുതിരയെ. പാഷാണം—ശില. ലവം—ലേശം. ബാലൻ—ബാലന്മാരെ. ചപ....ടോ—അല്പയോ ചപലനായ മുനിബാലക. കുമാരേ ചന്ദ്രകേതൗ—കുമാരനായ ചന്ദ്രകേതുവിങ്കൽ. രോഷം—കോപം. അതിദുഢം വിപത്—കനത്ത ആപത്തു്. തദാ—അപ്പോൾ. തേ സൈനികാഃ—ആ സേനാഭടന്മാർ.

പദ്യം 49. കിഞ്ചന മാനം—അല്പമെങ്കിലും അഭിമാനം. ചന്ദ്രകേതു—ലക്ഷ്മണപുത്രൻ. പരിപാലിക്കും—രക്ഷിക്കും. മഹാസൈനികാഃ—അല്പയോ വലിയ സേനയിലെ യോദ്ധാക്കളേ.. തുരഗോത്തമം—ശ്രേഷ്ഠമായ കുതിരയെ. മമ—എനിക്കു്. തിമപ്പു് കളവാൻ—അഹങ്കാരം നശിപ്പിക്കുവാൻ. മദീയോദ്യമം—എന്റെ ശ്രമം.

പശ്ചാദവേക്ഷ്യ മുഹുരാഗമനം സ്വഭർത്തുർ—
വിത്രാസവിഹ്വലധിയഃ സുഭടാ വിഷേദുഃ. 50

അത്രാന്തരേ സപദി ചെന്നൊരു വീരലക്ഷ്മീ—
വിത്തിൻ പ്രഭാവമധികം പ്രസമീക്ഷ്യ ധീമാൻ
അത്യദ്ഭുതം മനസി പുണ്ഡരീക്ഷമാണഃ
സ്ഥിത്വാ ക്ഷണം മധുരമാഹസുമന്ത്രമന്ത്രീ. 51

''അതിശയിതസുരാസുരപ്രഭാവം
ശിശുമവലോക്യ നവാംബുദാഭമേനം
കുശികസുതമഖദ്വിഷാം പ്രമാഥേ
ധൃതധനുഷം രഘുനന്ദനം സ്മരാമി. 52

ഉൾപ്പൂവിൽ കോപമൊല്പാ മുനിവൃഷഭകുമാ—
രാ! ഭവാനോടു ചൊല്പാ—
മെപ്പേരും വാസ്തവം ഞാൻ; മുനികുലെ നിരസി—
ക്കുന്നതല്ലെങ്ങുമധർമ്മം;
കെല്പേറും പങ്ക്തികണ്ഠാന്വയമുതിപെടു—
ത്തോരു മാർത്താണ്ഡവംശ—
പ്പൊൽപൂൺപിൻ വാജിമേധാശ്വമിതുലകിൽ നട—
ത്തീടുവാൻ നാം വരുന്നു.'' 53

പദ്യം 50. ഇത്ഥം—ഇവ്വണ്ണം. രഘു ...ന—ലവൻ. അശേഷം—എല്ലാം. വിമഥ്യ—വിമഥനം ചെയ്തിട്ട്. വിത്രാ....യഃ—പരിത്രമിച്ചവരായ. സുഭടാഃ—സൈനികന്മാർ. സ്വഭർത്തുഃ—തങ്ങളുടെ യജമാനന്റെ. ആഗമനം—വരവിനെ. പശ്ചാത് അവേക്ഷ്യ—പിന്നീട് അറിഞ്ഞിട്ട്. മുഹുഃ വിഷേദുഃ—ഏറെ ദുഃഖിച്ചു.

പദ്യം 51. അത്ര അന്തരേ—ഇതിനിടയ്ക്ക്. സപദി—ഉടൻ. പ്രഭാവം—മേന്മ. ധീമാൻ—ബുദ്ധിമാൻ. പ്രസമീക്ഷ്യ—കണ്ടിട്ട്. മനസി—ചിത്തത്തിൽ. അമും—ഇവനെ. ഈക്ഷമാണഃ—നോക്കുന്നവനായി. ക്ഷണം സ്ഥിത്വാ—അല്പനേരം നിന്നിട്ട്. സുമന്ത്രമന്ത്രി— മന്ത്രിയായ സുമന്ത്രൻ. മധുരം ആഹ—മധുരമാംവണ്ണം പറഞ്ഞു.

പദ്യം 52. അതി....വം—ദേവന്മാരുടെയും അസുരന്മാരുടെയും മേന്മയെ അതിശയിക്കുന്ന. നവാംബുദാഭം—പുത്തനായ മേഘത്തിന്റെ കാന്തിയോടുകൂടിയ. ഏനം ശിശുമം അവലോക്യ—ഈ കുട്ടിയെ കണ്ടിട്ട്. കുശി....ഷാം—വിശ്വാമിത്രന്റെ യാഗത്തെ തടഞ്ഞ രാക്ഷസന്മാരുടെ. പ്രമാഥേ—നിഗ്രഹത്തിൽ. ധൃതധനുഷം രഘുനന്ദനം സ്മരാമി—വില്ല ധരിച്ചുനിന്ന ശ്രീരാമനെ ഞാൻ ഓർക്കുന്നു. ഭവദ്ഭ്രതിപദ്യമാണിതു്.

പദ്യം 53. മുനി....രാ—അല്ലയോ മുനിശ്രേഷ്ഠന്റെ പുത്ര. നിരസിക്കുക—വകവയ്ക്കാതേകണ്ടിരിക്കുക. പങ്ക്തി....യം—രാവണന്റെ വംശം. മാർത്താണ്ഡവംശം—സൂര്യകുലം. വാജി....ശ്വം—അശ്വമേധയാഗത്തിലെ കുതിര.

''ഹയമേധമഖത്തിനെങ്കിലിന്നേ
വഴിമുള്ളാം തുരഗം നടത്തിയാലും
ജയഘോഷണതാനിതെങ്കിലിപ്പോഴും
നിയതം ചെറു പരീക്ഷചെയ്തു വേണം.'' 54

ചൊന്നാനതൈരമർഷീ പരുഷതരഗിരാ
പന്ത്രുകേതുസ്തദാനീ—
''മെന്നേ ധൃഷ്ടാ! ബലാൽ വന്നിവിടെ വഴി തട്ട—
ത്തീടുവാനോ തുടർന്നു?
ഇന്നിത്രൈലോക്യഭ്രഷ്ടാമണിയെ മുനിവടോ!
നിർമ്മലാശ്ചര്യകീർത്തിം
തന്നേ തന്നേ രഘൂണാമധിപതിമറിയാ—
ഞ്ഞിത്തരം കത്ഥസേ[1] നീ. 55

എത്രേയുമങ്ങു ചെറിയന്നനുജേന സാകം
പ്രസ്ഥായ കൗശികഗിരാ കലിതാഭിമാനം
ഹത്വാ നിശാചരകുലം മഖരക്ഷചെയ്തോ—
രത്യദ്ഭുതം മുനിവടോ! തവ കേട്ടിയുണ്ടോ? 56

സദ്യോഽഥ ദൂഷണഖരത്രിശിരോമുഖാസ്തേ
നക്തഞ്ചരാ ദ്വിത്രിണസപ്തസഹസ്രസംഖ്യാഃ
അർദ്ധക്ഷണേന വിശിഖാഗ്നിയിൽ വീണെരിഞ്ഞാ—
രെത്തുംവിധൗ പുനരതും തവ കേട്ടിയുണ്ടോ? 57

പദ്യം 54. ഹയ....ഖം—അശ്വമേധയാഗം. തുരഗം—കുതിര. ജയഘോഷണ—ജയത്തിന്റെ വിളംബരം. നിയതം—നിശ്ചയം.

പദ്യം 55. ഉച്ചൈഃ—ഉറക്കെ. അമർഷീ—കുപിതനായി. പരു....രാ—വളരെ കഠിനമായ വാക്കിനാൽ. തദാനീം—അപ്പോഴും. ധൃഷ്ടാ—അല്ലയോ ശഠ. മുനിവടോ—അല്ലയോ മുനിബാലക. ത്രൈലോ....ണി—മൂന്നു ലോകത്തിലും ശ്രേഷ്ഠൻ. നിർമ....ത്തിം—ശ്രുദ്ധവും വിസ്മയകരവും ആയ യശസ്സോടുകൂടിയ. രഘൂണാം അധിപതിം—ശ്രീരാമനെ. കത്ഥസേ—വീമ്പു പറയുന്നു.

പദ്യം 56. അനുജേന സാകം—അനുജനോടുകൂടി. പ്രസ്ഥായ—പുറപ്പെട്ടു. കൗശികഗിരാ—വിശ്വാമിത്രന്റെ വാക്കിൻപടി. കലിതാഭിമാനം—അഭിമാനത്തോടുകൂടി. നിശാ....ലം ഹത്വാ—രാക്ഷസവംശത്തെ കൊന്നിട്ടു. മഖരക്ഷ—. യാഗരക്ഷ തവ—നിനക്കു. കേട്ടി—കേഴ്വി.

പദ്യം 57. അഥ—പിന്നെ. ദ്വിത്രി....ഖ്യാഃ ദൂഷണ....ഖാഃ തേ നക്തഞ്ചരാഃ—പതിന്നാലായിരം വരുന്ന ദൂഷണൻ ഖരൻ ത്രിശിരസ്സ് തുടങ്ങിയുള്ള ആ രാക്ഷസന്മാർ. സദ്യഃ—ഉടൻ. അർദ്ധക്ഷണേന—അര

1. സേ ത്വം.

ദാരാപഹാരവിധി ചെയ്തൊരു രാവണൻതാൻ
വാരാന്ന ബന്ധുസഹജാത്മജഭൃത്യരൈഃ
നാരായണാ ജയ! നശിച്ചതുമെന്നു ചൊല്ലു!
ശ്രീരാമവിക്രമമതും തവ കേളിയുണ്ടോ?'' 58

''ധന്യന്മാരവിചാരണീയചരിതാ—
സ്തേ ഹന്ത! ജാനീമഹേ,
സുന്ദസ്ത്രീദമനാദിവീര്യകഥയും
കേൾപ്പുണ്ടു പണ്ടേ വയം;
മുന്നം മുന്നടിവച്ചിതങ്ങു ഖരനോ—
ടേറന്നതങ്ങോട്ട പോ—
ലെന്നാൽ ജ്ഞാതമഹോ! കപീന്ദ്രവിജയേ
നല്ലൊന്ന കൗശല്യവും.'' 59

''എന്തെന്തെടോ ബത! പഴിപ്പതിനോ തുനിഞ്ഞു
മന്ദപ്രബോധ! ഭുവനൈകഗുരും ഗുരും മേ;
നന്നിത്തരങ്ങൾ ചെറിയന്ന പിതാ മുനീന്ദ്രൻ—
തന്നേ പഠിച്ചു വശമാക്കിയതമ്മഹാത്മാ.'' 60

''ഒക്കും മേ ദുർവിനീതൻ ജനക, നിവിടെ വ—
ന്നാശ്രമം കയ്യുരേക്കൊ—
ണ്ടൊക്കെത്തീണ്ടിച്ചൃഷിദ്ധ്വംസനമരുളിന നിൻ—
താതനോ നല്ലനല്ലോ;

ക്ഷണംകൊണ്ടു്. വിശിഖാഗ്നി—ബാണാഗ്നി. അതു• പുനഃ—അതുമാകട്ടേ. തവ—നിന്റെ.

പദ്യം 58. ദാരാ....ധി—ഭാര്യയെ അപഹരിക്കുക എന്ന കൃത്യം. ബന്ധു....രൈഃ—ബന്ധുക്കളും സോദരന്മാർ പുത്രന്മാർ ഭൃത്യൻന്മാർ ഭാര്യമാർ ഇവരോടുകൂടി. ജയ—ജയിച്ചാലും. ശ്രീരാ....മം—ശ്രീരാമന്റെ പരാക്രമം.

പദ്യം 59. ധന്യന്മാർ—അനുഗ്രഹീതർ. തേ—അവർ. അവി....രാഃ—വിമർശിക്കാൻ പാടില്ലാത്ത ചരിത്രത്തോടുകൂടിയവർ. ഹന്ത—ആശ്ചര്യം. ജാനീമഹേ—നാം അറിയുന്നു. സുന്ദ....യും—താടകാവധം മുതലായ വീരകഥയും. വയം—നാം. ജ്ഞാതം—അറിയപ്പെട്ടു. കപീന്ദ്രവിജയേ—ബാലിയെ ജയിക്കാൻ. കൗശല്യം—സാമർത്ഥ്യം.

പദ്യം 60. മന്ദപ്രബോധ—അല്പയോ മൂഢ. ഭുവ....രും മേ ഗുരും—ലോകത്തിൽ ഒറ്റ ഗുരുവായ എന്റെ ഗുരുവിനെ. പിതാ മുനീന്ദ്രൻ—അച്ഛനായ വാല്മീകിമഹർഷി.

പദ്യം 61. മേ എന്റെ. ദുർവിനീതൻ—വിനയമറ്റവൻ. ജനകൻ—പിതാവു്. ഋഷിധ്വംസനം—മുനിമാരെ നശിപ്പിക്കുക. താതൻ—പിതാവു്, പ്രൗഢിമ—വലിപ്പം. പരം—നല്ലപോലെ. പ

നില്ലൂട്ടേ പോരുമിപ്രൗഢിമ പരമറിവാൻ;
പങ്ക്തികണ്ഠാരിവീരൻ
വിഖ്യാതാത്മാവു താനെങ്കിലുമെതിർക(പ?)ട വ—
ന്നീടിൽ മാറീടുവൻ ഞാൻ.'' 61

''എന്നേ ധാർഷ്ട്യക്കുന്നേ! ഭുവനവിജയിനാ
രാവണാരാതിതന്നോ—
ടിന്നീയോ പോരിനാളായതു ചപലവടോ!
നന്നെടോ വൈഭവം കേം;
ഒന്നിന്നൊന്നായ് തിമിർത്തിത്തരമടവു തുട—
ന്നീടിലെന്നാര്യപാദം
തന്നാണേ ചെറുടങ്ങാ ഖലദമനമഹോ—
ത്സാഹി മത്സായകോ/യം.'' 62

''നീയും നിൻവില്ലുമമ്പും കലിതമദമട—
ങ്ങാസ്ഥിലാക്കിങ്ങു ചേതം?
കേയം വാഗ്ഭീഷികാ? കേവലമിതു ചപല—
ന്മാരിലേ ഭംഗിയുള്ളൂ;
ആയത്തം പൂണ്ടണഞ്ഞീടൊരു ഞെളിവു നിന
ക്കുള്ളിലുണ്ടെങ്കിലിപ്പോം
നീ''[1]യെന്നാഭാഷ്യ നേരേ നിശിതശരശതൈ—
രർദ്ദയാമാസ വീരാൻ. 63

സ ഖലു കലിതകിഞ്ചിത്കോപരജ്യന്മുഖശ്രീ—
രവിരതഗ്രഹണഗ്രഞ്ജത്കോടിനാ കാർമ്മുകേണ

ങ്ക്തി....രൻ—രാവണന്റെ ശത്രുവായ വീരൻ. വിഖ്യാതാത്മാവ്—പ്രസിദ്ധൻ.

പദ്യം 62. ധാർഷ്ട്യം—ധൃഷ്ടത. ധ്രുവ ...നാ—ലോകത്തെ ജയിച്ചുവനായ. രാവണാരാതി—രാവണശത്രു. ചപല ...ടോ—അല്ലയോ ചഞ്ചലനായ ബാല. വൈഭവം—മേന്മ. ആര്യപാദം—ആര്യന്റെ തൃപ്പാദം. ഖല....ഹി—ദുഷ്ടന്മാരെ അടക്കുന്നതിൽ വളരെ ഉത്സാഹമുള്ളതു്. അയം മത്സായകഃ—ഈ എന്റെ ബാണം.

പദ്യം 63. കലിതമദം—അഹങ്കാരത്തോടുകൂടി. വാഗ്ഭീഷികാ ഇയം കാ—വാക്കുകൊണ്ടു ഭയപ്പെടുത്തുന്ന ഇതെന്തോന്നു്? ചപലൻ—ദുർബലൻ. ഭംഗിയുള്ളൂ—ശോഭിക്കുക. ആയത്തം—സ്വാധീനം (ആ യത്നം?) ആഭാഷ്യപറഞ്ഞിട്ടു്. നിശി....തൈഃ—മൂർച്ചയുള്ള ബാണങ്ങളാൽ. വീരാൻ—വീരന്മാരെ. അർദ്ദയാമാസ—പീഡിപ്പിച്ചു.

പദ്യം 64. കലിത....ശ്രീഃ—അല്പം കോപത്താൽ ചുമന്ന മുഖശോഭയോടുകൂടിയ. ചടുല....ഡഃ—മനോഹരമായി ചുരുണ്ടു് ഇളകിക്കൊണ്ടി

1. യെന്നഭാഭാ സ സദ്യോ നിശി.

ചടുലപുളിതചഞ്ചത്പഞ്ചചൂഡശ്ചമൂനാ–
മുപരി ശരതുഷാരം വീരപോതോ വവർഷ. 64

അന്നേരമേതേ സുഭടപ്രവീരാഃ
സന്നഹ്യ രാമാത്മജബാണഭിന്നാഃ
ഉന്നിദ്രശസ്ത്രൈരുടനോങ്ങിയും കൊ–
ണ്ടൊന്നിച്ചണഞ്ഞാരഭിയോദ്ധുമേനം. 65

അത്രാന്തരേ സപദി മോചയിതും പ്രവീരാൻ
മദ്ധ്യേബലം പ്രയയുജേ സ തു ജൃംഭകാസ്ത്രം;
തത്സ്വാമിനോ രഘുവരസ്യ വരേണ സീതാ–
ഗർഭസ്ഥനാം പൊഴതിലേ സുഗൃഹീതമല്ലോ. 66

ഗദ്യം 4.

(ദണ്ഡകം)

സംപ്രേഷിതേ നൃപതിഡിംഭേന സംഭരിത–
ഡംഭേന ജൃംഭകമഹാസ്ത്രേ
സദയമഴൽ തിങ്ങീ സുഭടതതി മങ്ങീ
വിഹതധൃതി മുഹുരുവിടെയവിടെ മദഗജതുരഗ–
രഥപടലി വിരവൊട മയങ്ങീ.
അഗ്രേ പദാതികം തദാ കറനിനാട്ടിയ ക–

രിക്കുന്ന തലമുടിയോടുകൂടിയവനായ. സഃ വിരഃപോതഃ ഖലു–ആ വീര ക്കുട്ടിയാകട്ടെ. അവി....നാ കാർമുകേണ–ഇടവിടാതെ പുറപ്പെടുന്ന ഞാ ണൊലിയോടുകൂടിയ വില്ലിനാൽ. ചമൂനാം ഉപരി–സൈന്യങ്ങളുടെ മേൽ. ശരതുഷാരം വവർഷ–ബാണങ്ങളാകുന്ന മഞ്ഞു പൊഴിച്ചു.

പദ്യം 65. രാമാ... ഭിന്നാഃ–രാമപുത്രന്റെ ശരങ്ങളാൽ പിളക്കപ്പെട്ട വരായ. ഏതേ സുഭ....രാഃ–ഈ സൈനികവീരന്മാർ. സന്നഹ്യ–ഒരു ങ്ങീട്ട്. ഉന്നിദ്രശസ്ത്രൈഃ–ശക്തങ്ങളായ ആയുധങ്ങളാൽ. ഏനം–ഇവ നെ (രാമപുത്രനെ). അഭിയോദ്ധും–എതിർക്കുവാൻ.

പദ്യം 66. അത്രാന്തരേ–ഇതിനിടയ്ക്ക്. സപദി–ഉടൻ. പ്രവീ രാൻ–വീരശ്രേഷ്ഠന്മാരെ. മോചയിതും–മോചിപ്പിക്കുവാൻ. സഃ തു–അവനാകട്ടേ. ജൃംഭകാസ്ത്രം പ്രയയുജേ–ജൃംഭകാസ്ത്രത്തെ പ്രയോഗിച്ചു. തത്സ്വാമിനഃ രഘുവരസ്യ–അവരുടെ നാഥനായ ശ്രീരാമന്റെ. വരേണ–വരത്താൽ. സീതാ....നാം–സീതയുടെ ഗർഭത്തിൽ വസിക്കുന്ന. സുഗൃഹീതം–നല്ലപോലെ ഗ്രഹിക്കപ്പെട്ടതു്.

ഗദ്യം 4. (ദണ്ഡകം) സംഭ....ന–ഉദ്ധതനായ. നൃപ....ന–രാജകു മാരനാൽ. ജൃംഭ....സ്ത്രേ സംപ്രേഷിതേ–ജൃംഭകാസ്ത്രം അയയ്ക്കപ്പെട്ടപ്പോൾ. സദയം–കരുണയോടുകൂടി. സുഭടതതി–സൈനികവീരസമൂഹം. വിഹ തധൃതി–ധൈര്യം കെട്ട്. മുഹുഃ–വീണ്ടും. മദ ...ലി–മദിച്ച ആനകളുടേ യും കുതിരകളുടെയും രഥങ്ങളുടേയും കൂട്ടം. അഗ്രേ–മുമ്പിൽ. പദാതി–കാ ലാൾപ്പട. തദാ–അപ്പോൾ. വിമൂഢമതി–മോഹത്തെ പ്രാപിച്ച

ണക്കേ വിമൂഢമതി നിന്നു
അകതളിരുഴന്നു യുഗവിരതിയെന്നു
സകലജനമവശധ്വതി കിമിദമിതി ഭയതരള—
മഖിലദിശി പലവഴി നടന്നു.
അത്രെയുമല്ല ഹൃദി വിത്രാസമാർന്നഖില—
പൃഥ്വീനിവാസികളം വിരണ്ടു
അധികമിതിരിണ്ടു ദിശകളുമരിണ്ടു
പതഗമൃഗപശുപടലമതികരുണരവതരള—
മഖിലദിശി ഝടിതി നടകൊണ്ടു.
സഞ്ജാതമോഹവിവശശ്ചന്ദ്രകേതുരപി
നെഞ്ചിൽ പരിഭ്രമമിയന്നു
സചകിതമുഴന്നു ശിവ! ശരണമെന്നു
സുരമഹിതനിവഹമുടനരുതരുത പുകഴ്വതിനു
ഭുവനതലമൊരു വിറ കൊടർന്നു.

വില്ലും കലച്ചരയിലമ്പു നിറച്ച വൻപൻ
വല്ലോരെയും വരികിലെന്നണയുന്ന കാലം,
കില്ലില്ല രാമശിശുഭാവമവിണ്ണുമെന്ന—
ങ്ങുള്ളിൽ തെളിഞ്ഞിതു സുമന്ത്രനു ഹന്ത! ഗൂഢം. 67

''സംരംഭം മതി മതി വത്സ! മത്സമീപേ
സൈവരം നീ വരിക രണക്രിയേയമാസ്താം;
വാരമ്പും ഗുണഗണസമ്പദാ ഭവാനും
കൂറത്രേ മമ ഹൃദി ചന്ദ്രകേതുപോലെ. 68

തായി. യുഗവിരതി—യുഗത്തിന്റെ അവസാനം. സകലജനം—ലോകരെല്ലാം. അവശധ്വതി—ധൈര്യം കെട്ടു. ഇദം കിം ഇതി—ഇതു് എന്തോന്നു് എന്നു്. ഭയതരളം—ഭയത്താൽ ചപലമായി. അഖിലദിശി—എല്ലാദിക്കിലും.

ഹൃദി—മനസ്സിൽ. വിത്രാസം—ഭയം. അഖി....കം—ഭൂമിയിലുള്ള എല്ലാവരും ദിശ—ദിക്കു്. പത....ലം—പക്ഷി മൃഗം പശു ഇവയുടെ കൂട്ടം. അതി....ളം—ദീനശബ്ദത്താൽ ചപലമായി. അഖിലദിശി—എല്ലാ ദിക്കിലും. ഝടിതി—പെട്ടെന്നു്.

സഞ്ജാ....ശഃ—മോഹിച്ചു വശംകെട്ടവനായ. ചന്ദ്രകേതുഃ അപി—ചന്ദ്രകേതുവും. സചകിതം—ഭയവിഹ്വലതയോടു്. സുര... ഹം—ദേവശ്രേഷ്ഠസമൂഹം.

പദ്യം 67. അണയുന്ന കാലം—അണയുമ്പോഴം. രാമ....വം—രാമന്റെ ശൈശവ എന്ന നില. ഗൂഢം—രഹസ്യമായി.

പദ്യം 68. സംരംഭം—സാഹസം. മത്സമീപേ—എന്റെ അരികിൽ. സൈവരം—ഇഷ്ടംപോലെ. ഇയം രണക്രിയാ ആസ്താം—ഈ

ഉൽക്കാമ്പു വാല്മീകിമുനിക്കു ലോകേ
നിഷ്കന്മഷം ശാന്തമിതെന്നു കേൾപ്പു;
തത് കിം തദീയാത്മജനാം നിനക്കീ
ത്തിക്കാരവും മൂഷ്കമുടൻ വളർന്നു. 69

''വയമപി ന ഖലൂവം പ്രായാഃ
ക്രതുഷ്വവിമത്സരാഃ
ക ഇവ ച ഗ്രണൈസ്തം രാജാനം
ന വാ ബഹുമന്യതേ;
തദപി ഖലു മേ സ വ്യാഹാര—
സ്തുരംഗമരക്ഷിണാം
വികൃതീമഖിലക്ഷത്രാക്ഷേപ—
പ്രചണ്ഡതയാ കരോത്.'' 70

വടുജനമുഴറിച്ചെന്നാശു വൃത്താന്തമെല്ലാ-
മുടനുടനറിയിക്കെക്കേട്ട കോപാതിരേകാൽ
ത്വടിതി കുശനുമെത്തീ ചെന്നു യുദ്ധായ; തേഷാം
നടുവിലെഴുന്നള്ളീതു വല്മീകജന്മാ. 71

ഇതരാപരിഹാര്യമസ്രുവര്യം
പ്രതിസംഹാര്യ രഘൂത്തമാത്മജേന

യുദ്ധ പ്രവൃത്തി നിർത്തുക. ഗ്രണ....ദാ—ഗ്രണസമൂഹത്തെക്കൊണ്ടുള്ള ഐശ്വര്യത്താൽ. മമ ഹൃദി—എന്റെ മനസ്സിൽ.

പദ്യം 69. ലോകേ—ലോകത്തിൽ. നിഷ്കന്മഷം—കാലുഷ്യമില്ലാത്തതു്. ശാന്തം—ശമഗ്രണമുള്ളതു്. തദീയാത്മജൻ—അദ്ദേഹത്തിന്റെ പുത്രൻ. തത്—അതുകൊണ്ടു്. കിം—എങ്ങനെ. മൂഷ്കു്—മദം.

പദ്യം 70. വയം അപി—നാമും. ക്രതുഷു—ക്രതുക്കളിൽ. അവിമത്സരാഃ—മാത്സര്യമില്ലാത്ത. ഏവം പ്രായാഃ ന ഖലു—ഇങ്ങനെയുള്ളവർ അല്ലല്ലോ. കഃ ഇവ ച—ആരാണു്. ഗ്രണൈഃ തം രാജാനം ന വാ ബഹുമന്യതേ—ഗ്രണങ്ങളെക്കൊണ്ടു് ആ രാജാവിനെ ബഹുമാനിക്കാത്തതു്? തത് അപി—എന്നാലും. തുരംഗമരക്ഷിണാം സഃ വ്യാഹാരഃ—അശ്വരക്ഷകന്മാരുടെ അവണ്ണമുള്ള വാക്കു്. അഖി....തയാ—എല്ലാ ക്ഷത്രിയന്മാരെയും ഉഗ്രമായിയധിക്ഷേപിക്കുന്നതിനാൽ. മേ വികൃതിം അകരോത്—എനിക്കു വികാരത്തെ ഉണ്ടാക്കി. ഭവഭൂതിയുടേതാണു് പ്രകൃതപദ്യം.

പദ്യം 71. വടുജനം—ബാലജനം. ആശു—വേഗത്തിൽ. വൃത്താന്തം—വാർത്ത. കോപാതിരേകാൽ—കോപാധിക്യത്താൽ. ത്വടിതി—പെട്ടെന്നു്. യുദ്ധായ—പോരിനായി. തേഷാം—അവരുടെ. വല്മീകജന്മാ—വാല്മീകിമുനി.

പദ്യം 72. ഇതരാപരിഹാര്യം—മറ്റൊരുവനും പ്രതിസംഹരിക്കാൻ സാധ്യമല്ലാത്ത. അസ്രുവര്യം—ശ്രേഷ്ഠമായ അസ്രുത്തെ. രഘു....ന—

പരിമോഹമപാസ്യ സൈനികാനാം
ഗിരമാഹാദികവിർദൃഢസ്ഥിതാർത്ഥാം. 72

''കാട്ടിൽ പോരുന്ന ഞങ്ങൾക്കടവിതൊരു ശമം;
ദുർവിനീതൗ കുമാരൗ
നാട്ടിൽ കൊണ്ടെന്നതന്യാ.ണ്ടതിന പരിഭവി—
ച്ചീടൊലാ ചന്ദ്രകേതോ!
മൗഢ്യാലിച്ചെയ്തതൊന്നും മനുവരനൊടുണ—
ത്താസ്സു; ഞാനങ്ങു വന്നാൽ
നാട്ടിന്നാധിക്യമേകീടുകിലുമുടനുപേ—
ക്ഷിക്കിലും തുല്യമിമ്മേ.'' 73

വാങ്മാധുരീചാതുരികൊണ്ടടക്കീ
വാല്മീകി കോപാകുലിതാൻ കുമാരാൻ;
പോംമാറയച്ചീടിന ചന്ദ്രകേതുഃ
സ്വാം പ്രാപ സൈന്യൈഃ സഹ രാജധാനീം. 74

വാർമേവീടിന വാജിമേധതുരംഗം
പാർമേൽ നടത്തിത്തെളി—
ഞ്ഞാമോദത്തൊടു ചന്ദ്രകേതു ജഗതീ—
നാഥം വണങ്ങീടിനാൻ;
മാമാ തത്ക്ഷണമെന്തു ചൊൽവതു സഖേ!
നീളെപ്പറന്നു രഘു—
സ്വാമിപ്രസ്തുതമശ്വമേധയജനാ—
ഘോഷം മഹീമണ്ഡലേ. 75

ലവനെക്കൊണ്ടു്. പ്രതിസംഹാര്യ—മടക്കിപ്പിച്ചിട്ടു്. സൈനികാനാം പരിമോഹം അപാസ്യ—ഭടന്മാരുടെ മോഹത്തെ ഇല്ലായ്മ ചെയ്തിട്ടു്. ആദികവിഃ—വാല്മീകിമുനി. ദൃഢസ്ഥിതാർത്ഥാം ഗിരം ആഹ—മന്ദസ്മിതംകൊണ്ടലിഞ്ഞ വാക്കിനെ പറഞ്ഞു. ആദികാവ്യമായ രാമായണം രചിച്ചതിനാൽ വാല്മീകിമുനിക്കു് ആദികവിയെന്ന പേർ.

പദ്യം 73. ശമം—ശാന്തി. ദുർവിനീതൗ കുമാരൗ—വിനയമാറ കുമാരന്മാരെ. ചന്ദ്രകേതോ—അല്ലയോചന്ദ്രകേതോ. പരിഭവിച്ചീടൊലാ—കോപിക്കരുതു്. മൗഢ്യാത—വിഡ്ഢിത്തംകൊണ്ടു്. മനുവരൻ—രാജാവു് (ശ്രീരാമൻ). ആധിക്യം വൃദ്ധി. മേ—എനിക്കു്.

പദ്യം 74. വാങ്....രി—മധുരമായ വാക്കിന്റെ സാമർത്ഥ്യം. കോപാ . . ൻ കുമാരാൻ—കുപിതരായ കുശൻ ലവൻ ചന്ദ്രകേതു എന്നീ കുമാരന്മാരെ. ചന്ദ്രകേതുഃ—ചന്ദ്രകേതു. സൈന്യൈഃ സഹ സൈന്യസഹിതനായി. സ്വാം രാജധാനീം പ്രാപ—തന്റെ രാജധാനിയെ(അയോധ്യയെ)പ്രാപിച്ചു.

പദ്യം 75. വാജി.....ഗം—അശ്വമേധയാഗത്തിലെ കുതിര ആമോദം—സന്തോഷം. ജഗതീനാഥം—ശ്രീരാമനെ. രഘു ...തം—ശ്രീ

ശ്രേഷ്ഠന്മാരായ മുനികളെല്ലാവരും യാഗത്തിനു വന്നതായി പ്രസ്താവിക്കുന്നു:

വിശ്വാമിത്രൻ പുലസ്ത്യൻ ഭൃഗുകുലപെരുമാൾ
കാശ്യപോ വാമദേവഃ
സച്ഛ്രാദ്ധാവശ്യശൃംഗോ മുനി കലശഭവൻ
ഗൗതമോ ധാതൃജന്മാ
സച്ഛന്ദം പോന്നയദ്ധ്യാനഗരിയിലുടനാ—
ലോകിതും വാജിമേധം
വിശത്തിങ്കൽ പ്രസിദ്ധാ മഹിതമുനികളെ—
ല്ലാരുമേ വന്നുകൂടീ. 76

രാജാക്കന്മാരുടെ വരവിനെ വർണ്ണിക്കുന്നു:

ചൊല്പൊള്ളും ദൂതവാചാ ധൃതകുതുകമൊരോ
ദിക്കിൽനിന്നും പുറപ്പെ—
ട്ടൊക്കെത്തക്കത്തദാനീം കളകളഘനയാ
സേനയാ രാജലോകം
മുഷ്പാറീടും ഖരോഷ്ട്രൈരിനിയ കനകര—
ത്നൗഘഭാരം ചുമപ്പി—
ച്ചുഗ്രാടോപേന സാകേതകമണിനഗരേ
ചെന്നു ചെന്നും നിറഞ്ഞു. 77

സുഗ്രീവനും വിഭീഷണനും വന്നുചേർന്നതായി പ്രസ്താവിക്കുന്നു:

അക്ഷീണം കേട്ടു വൃത്താന്തമിതധികമുദാ
താൻ പുറപ്പെട്ട നേരേ
കിഷ്കിന്ധായാസ്തദാനീം കപികുലപെരുമാ—
ളനവിതോ വാനരേന്ദ്രൈഃ

രാമൻ ആരംഭിച്ചു. അശ്വ....ഷം—അശ്വമേധയാഗമാകുന്ന ഉത്സവം. മഹീ ....ലേ—ഭൂമണ്ഡലത്തിൽ.

പദ്യം 76. ഭൃഗു....ൻ—ഭാർഗ്ഗവൻ. കലശഭവൻ—അഗസ്ത്യൻ. ധാതൃജന്മാ—നാരദൻ. സച്ഛ്രാദ്ധാവു—ശ്രദ്ധചിത്തൻ. സച്ഛന്ദം—യഥേഷ്ടം. വാജിമേധം—അശ്വമേധയാഗത്തെ. ആലോകിതും—കാണുവാനായി. വിശം—ലോകം. പ്രസിദ്ധാഃ—പ്രസിദ്ധിയുള്ളവരായ. മഹിതമുനികം—മേന്മയുള്ള മുനികൾ.

പദ്യം 77. ദൂതവാചാ—അയയ്ക്കപ്പെട്ട ദൂതന്മാരുടെ വാക്കിൻപടി. ധൃതകുതുകം—സന്തോഷത്തോടുകൂടിയവരായി. തദാനീം—അപ്പോൾ. കളകളഘനയാ സേനയാ—കോലാഹലശബ്ദം മുഴക്കുന്ന സൈന്യത്തോടുകൂടി. രാജലോകം—രാജസമൂഹം. ഖരോഷ്ട്രൈഃ—കഴുതകളെക്കൊണ്ടും ഒട്ടകങ്ങളെക്കൊണ്ടും ചുമപ്പിച്ചു. കന....രം—സ്വർണ്ണം രത്നങ്ങൾ ഇവയുടെ ചുമടിനെ. ഉഗ്രാടോപേന—വളരെ പ്രതാപത്തോടുകൂടി. സാകേ....രേ—അയോദ്ധ്യയിൽ.

സുഗ്രീവൻ ചെന്നു തുക്കാൽ തൊഴുതു രഘൂപതേ—
രാജ്ഞയാ യജ്ഞശാലാം
മുഖ്യാം തീർപ്പിപ്പതിനുദ്യമമകൃത പരം
ഗോമതീതീരഭൂമൗ. 78

സാകം നിശാചരബലേന വിഭീഷണൻതാൻ
സാകേതമേത്യ കഴൽ കൂപ്പി വിഭോർനിയോഗാത്
യാഗേന്ദ്രസംഭരണസംഭൃതയേ തദാനീം
ദ്രാഗേവ യത്നമതനോദതനൂർമ്മഹാത്മാ. 79

യാഗോത്സവത്തെ വണ്ണിക്കുന്നു:

ഗദ്യം 5.

തദനു തദാനീം മനുകുലപെരുമാൾ
ഹയമേധാദ്ധ്വരമാഘോഷിപ്പതു
വസുധാചക്രേ വാർത്ത നടന്നു.
മഹിമകലർന്ന മഹീസുരമുഖ്യ—
ഗ്രാമങ്ങളിലൊരു ഘോഷംകൊണ്ടേ—
നെന്നേ! ഭാഗ്യം കർമ്മമിതോർത്താ—
ലത്യാശ്ചര്യം കാണേണ്ടാതോ?
പണ്ടാരാനും ചെയ്തിട്ടുണ്ടോ
സംശയമെന്തിനു പുത്രമഹേഷ്ടി—
ക്കാദൗ മുന്നം വിശ്രുതമഹിമാ
ദശരഥഭൂപതി യജ്ഞമിതത്രേ
നിയതം ചെയ്തുമതിനെക്കാളുമി—

പദ്യം 78. തദാനീം—അപ്പോൾ. വാനരേന്ദ്രൈഃ അനുഗതഃ—വാനരശ്രേഷ്ഠന്മാരോടുകൂടി. കപി.....ം—സുഗ്രീവൻ. അധികമുദാ—വളരെ സന്തോഷത്തോടു്. കിഷ്കിന്ധായാഃ—കിഷ്കിന്ധയിൽനിന്നു്. രഘൂപതേഃ ആജ്ഞയാ—ശ്രീരാമന്റെ കല്പനയനുസരിച്ചു്. ഗോമതീതീരഭൂമൗ—ഗോമതീനദിയുടെ കരയിൽ. മുഖ്യാം—പ്രധാനമായ. യജ്ഞശാലാം—യാഗശാലയെ. പരം ഉദ്യമം അകൃത—വളരെ ശ്രമിച്ചു.

പദ്യം 79. നിശാ....ന സാകം—രാക്ഷസസൈന്യത്തോടുകൂടി. സാകേതം ഏത്യ—അയോദ്ധ്യയിൽ വന്നു്. വിഭോഃ—ശ്രീരാമന്റെ. നിയോഗാത്—കല്പനയനുസരിച്ചു്. യാഗേ....യേ—യാഗത്തിനു വേണ്ടതു ഒരുക്കങ്ങളും ചെയ്യുവാനായി. ദ്രാക് ഏവ—ഉടൻതന്നെ. അതനും യത്നം അതനോത്—വളരെ പരിശ്രമിച്ചു.

ഗദ്യം 5. തദനു—അതിൽപിന്നെ. തദാനീം—അപ്പോൾ. ഹയ.....രം—അശ്വമേധയാഗം. ആഘോഷിപ്പതു്—ആഡംബരപൂർവം നടത്തുന്നതു്. വസുധാചക്രേ—ഭൂമണ്ഡലത്തിൽ. വാർത്ത—വൃത്താന്തം. മഹീ....ളിൽ—ബ്രാഹ്മണർ വസിക്കുന്ന വീഥികളിൽ. പുത്രമഹേഷ്ടി—പുത്രകാമേഷ്ടി എന്ന യാഗം. ആദൗ—ആദിയിൽ. വിശ്രു.....മാ ദശ.....

താഘോഷം പോൽ, പൊന്നം പണവും
കോരിത്തൂകീട്ടാരംഭം പോൽ.
എന്തിഹ സങ്കടമഖിലജഗത്പതി
രഘുവരനല്ലേ കല്പിക്കുന്നതു
പോക വിരഞ്ഞുടനവിടെച്ചെന്നാൽ
മഹിതമുനീനാം പ്രൗഢസഭായാ—
മാത്വിജ്യാദി കിടച്ചീലെങ്കിൽ
പരികർമ്മത്തിനു ബാധവരാതേ
പോകേ വേണ്ടൂ സങ്കടമില്ല മ—
ഹാദാനത്തിൽക്കൂടിക്കൊണ്ടാൽ
ആവശ്യത്തിനു വേണ്ടതു കിട്ടും.
വച്ച നിലം മമ വീളാമെന്നും
പെണ്ണു കൊടുക്കാം വിരവോടെന്നും
ദക്ഷിണചെയ്യാം ഗുരുവിന്നെന്നും
വല്ലതു സത്ക്രിയ ചെയ്യാമെന്നും
നല്ലതു വരിക രഘൂത്തമനെന്നും;
ചിത്രമിതോർത്താലശനക്കോപ്പുകളും
കേട്ടീലല്ലീ പനസക്കുന്നുകളും
മനസാ വാചാ തിന്നിട്ടുള്ളതു
പത്തമ്പതു പോലാജ്യഘടാവലി—
കൊണ്ടു നിറഞ്ഞു രാജ്യമശേഷം.
ദധികുംഭങ്ങളെ നിരവേ വയ്യാ—
നുദധികളിൽ ചില ചതുരത ചേരും
തട്ടുകളിട്ടേ മതിയാവൂ പോൽ
ക്ഷീരപയോനിധി തീപ്പാൻപോലേ.
ചാഞ്ഞു പതുത്തു പഴുത്തു മെഴുത്തൊരു
ചിങ്ങൻകുലകളസംഖ്യാതം പോൽ.
ആനക്കൊമ്പുകളംപോലേ ചില ചില
തടിയന്മാരവർ പത്തിരുനൂറൊരു—
പോലേ വന്നണിപത്രപുടത്തിൽ

തി—പ്രസിദ്ധമായ മേന്മയോടുകൂടിയ ദശരഥരാജാവു്. യജ്ഞം—യാഗം. നിയതം—നിശ്ചയം. ആരംഭം—തുടക്കം. ഇഹ—ഇവിടെ. മഹി....നാം—മുനിശ്രേഷ്ഠന്മാരുടെ. പ്രൗഢസഭായാം—ഗംഭീരമായ സദസ്സിൽ. ആത്വിജ്യാദി—ഋത്വിക്കിന്റെ സ്ഥാനം മുതലായതു്. പരികർമം—പരിചരണം. ബാധ—മുട്ടു്. മമ—എനിക്കു്. സത്ക്രിയ—നല്ല കാര്യം. അശനം—ഭക്ഷണം. പനസം—ചക്ക. മനസാ വാചാ—മനസ്സുകൊണ്ടും വാക്കുകൊണ്ടും. ആജ്യ... ലി—നെക്കുടങ്ങളുടെ ശ്രേണി. ദധികുംഭം—തൈർക്കുടം. ഉദധി—സമുദ്രം. ചതുരത—സാമർത്ഥ്യം. ക്ഷീരപയോനിധി—പാല്ക്കടൽ. അസംഖ്യാതം—എണ്ണപ്പെ

തുരുതുരെയങ്ങനെ ചാടുന്നോര—
ത്തിത്ര സുഖം പുനരൊന്നിനുണ്ടോ?
ഭോജനമേറെമെടുത്തതുകൊണ്ടു വി—
ലക്കുവൊളം പോലെന്നേ സുഖമേ
അന്യാ കാ വാഗ് ധന്യാഃ സ്മോ വയ—
മിത്ഥമൊരോരോ വാത്ത പറഞ്ഞ—
ങ്ങാഢ്യത്തൊപ്പ്വിയുമഴകിയ കുടയും
ഗ്രന്ഥക്കെട്ടും കീഴി നന്നുടയും
കുടവയറും പൂണ്ടോരോവഴിയേ
വിരവൊടു പലരൊടു കൂടേ വന്നു
വിഗതകളങ്കം ദ്വിജവരസംഘം.
പൂക്കച്ചെയ്മത്തോപ്പാരം വളർ—
ചട്ടയുമിട്ടു കട്ടത്തില ചുരികകളും
വാളുമിളക്കിക്കൊണ്ടണയുമ്പോഴം
വിണ്ടലരോടൊരു വെട്ടുതുടന്നു കു—
ഴത്തുമുറിച്ചു കരുത്തൊടു വാഴുംകൊ—
ണ്ടാത്മസ്വാമിനമാശ്രു പിടിപ്പി—
ച്ചാദരവോടു കൊടുത്തരുളും ചില
മാലകളും വലയം പട്ടകളും തൊപ്പികളും
കുപ്പായങ്ങളുമെന്നിവ പൂണ്ടു പ—
ടസ്സുമിടുക്കും നായന്മാക്കും
മേന്മ നടിച്ചുമ്മാനേൽമിഴിമാർ
മനമലിയിക്കും ഭംഗി വളർക്കും
ചേവകരും പോന്നഴകിൽ നിറഞ്ഞു.
''കുവാ! നല്ല വിശേഷം കേൾ നീ
നമ്മുടെ തംപ്രാനെന്തൊരു പാകൃം
തിരുമൈ കണ്ടാൽ പൊന്നിൻകുടമതു
കാണിമുയിപ്പില്ലാത കരുത്തൻ
ചങ്ങാതീ കേൾ നായന്മാക്കി—
ന്നവനെന്നുണ്ടോ പാകൃം നന്നൊരു
കണവതിഹോമം ചെയ്യുന്നതുപോൽ
തപശികളും നല്ല തരത്തിലനേകം

ടാത്തതു്. പത്രപുടം—ഇല. ഭോജനം—ഊണു്. അന്യാ വാക് കാ—മറെറാരു വചനമെന്തു്? വയം ധന്യാഃ സ്മഃ—നാം അനുഗ്രഹീതരായിരിക്കുന്നു. ഇത്ഥം—ഇങ്ങനെ. ആഢ്യൻ—ശ്രേഷ്ഠൻ. വിഗ.....കം—കളങ്കമില്ലാത്ത. ദ്വിജ.....ഘം—ബ്രാഹ്മണരുടെ കൂട്ടം. ആത്മസ്വാമിനം—തന്റെ യജമാനനെ. കണവതി—ഗണപതി. തപശി—തപസ്വി. പ്രാമ്മർ—ബ്രാഹ്മണർ. അധ്വ....ല്പം—യാഗശാലയുടെ പണി.

വന്നിട്ടുണ്ടേ പോകു വിരഞ്ഞ—
പ്രാമ്മർ ചെവികയുമോത്തുകയും ചിലർ
പൂശിക്കയുമക്കോപ്പുകയും കാണാം.
പൊന്നും പണവും പ്രാമ്മക്ക്തേ്രേ
ചോറു നമുക്കും കിട്ടും ചെന്നാൽ
നല്ല പുളിച്ചുള കൂട്ടിയുരുട്ടി മി—
ഴുങ്ങിത്തെരുതെരെ വയറു നിറസ്സാ—
മത്രേ വേണ്ട നമ്മക്കെല്ലാം.''
പലതരമിത്ഥം വാത്ത പറഞ്ഞും
കുറവടിയേന്തിക്കുറുമാരോടും
കൂടിക്കൊണ്ടുമുരംപക്കെയരു—
മമ്പൊട്ട വന്ന നിറഞ്ഞുകഴിഞ്ഞു.
ഹര ഹര! ശിവ ശിവ! ചിത്രം ചിത്രമി—
തദ്ധ്വരശാലാശില്പമനല്പം.
മുനിവരനിവഹമകംപുക്കുടനേ
''പുല്പ മുറിപ്പാൻ നല്പവ വേണം
ചാൺചമതകളിവയെണ്ണം പോരാ.
ശക്ഷിയുമില്ല പവിത്രം കെട്ടിയ—
തൊട്ടുകണക്കിലിതേററം വേണം.
പരികർമ്മത്തിനു പാരാശര്യനു
പണ്ടേ പരിചയമിതിലൊട്ടേറും.
കുണ്ഡം തീപ്പാൻ ദണ്ഡമിതയ്യോ!
ഭവവർമ്മനു പട്ടതപം പാരം
വേദി ചമപ്പാൻ ഗൗതമനല്പീ.''
പലതരമിത്ഥം തമ്മിൽ പറയും
വ്രാത്തകളോത്താലെത്ര വിനോദം.
ഹരഹരശിവനേ! തിറവിയ തിറകം ചു—
മപ്പിച്ചും കൊണ്ടോരോ പുറമേ
മീതേ മീതേ വന്നിയലുന്ന മ—
ഹീപതിവൃന്ദം കാൺക മഹാത്മാ
ലവണദ്വേഷീ ദശമുഖരിപുതൻ
തിരുമുൽപ്പാട്ടിൽ കൊണ്ടക്കാട്ടി—
ത്തിരുമുൽകാഴ്ചകളം പേത്തുമൊരോന്നത
വസ്സിക്കുന്നു വിനയോപേതം.

അനല്പം—വളരെ. മുനി....ഹം—മുനിശ്രേഷ്ഠന്മാരുടെ കൂട്ടം. പുല്പ—ദർഭ. പവിത്രം—വൈദികകർമ്മങ്ങളിൽ ദർഭകൊണ്ടു കെട്ടുന്ന പവിത്രമോതിരം. പരികർമം—പരിചരണം. പാരാശര്യൻ—ഒരുവന്റെ പേര്. കുണ്ഡം—ഹോമകുണ്ഡം. ദണ്ഡം—വിഷമം. ഭവവർമൻ—ഒരുവന്റെ പേരു്. പട്ടതപം—



വമ്പേറീടിന പാണ്ഡ്യനൃപൻ താ—
നമ്പതിനായിരമാള ചുമക്ക—
ക്കൊണ്ട നിരത്തിയതെന്തു, ധരിച്ചു;
ചേണ്മേവീടിന ഷാണ്മാസികനവ—
മൗക്തികമാലകളായതു നൂനം;
പെരിയ വിഡൂരനരേന്ദ്രനസംഖ്യം
ഖരനികരത്തെക്കൊണ്ട ചുമപ്പി—
ച്ചഗ്രേ വച്ചതു വിശോരത്തരയാം
വൈഡൂര്യാണാം പടലികതന്നേ.
മാണിക്യച്ചുട മഗധമഹീന്ദ്രൻ
കാണിക്കാ വച്ചിത ക്ലുപ്തന്യൂ.
വിദ്രുമരത്നക്കൂന്നകളം തീർത്തത
മദ്രമഹീപൻ മുഹുരപി വീണ്യു;
പൊന്നു നിറച്ചിത കണ്ണാടനൃപൻ
പൊന്മല പുത്രുതായ് തീത്തീടുന്യു;
മേളമെഴും കളധൗതകദംബം
മാളവനരപതി നീളെ നിരത്തീ;
രാശികളം പണവും കൊണ്ടു നിറച്ചിത
കാശിമഹീപൻ കാൽ പണിയുന്യു.
ചിത്രം ചിത്രമിതാവതു തിറകളം ചു—
മപ്പിച്ചുംകൊണ്ടംഗതുലിംഗക—
ലിംഗവിദർഭ കത്രുശക കൊങ്കണ—
കേകയ സിംഹള ചോളമഹാരാ—
ഷ്ടാദിമഹീപതിവൃന്ദമിതൊക്കെ നി—
രക്കെ നിരർഗ്ഗളഭക്തിയൊടക്കെ—
ലാധിപതേർമുദ്രുക്കഴൽമൂലേ

മിട്ടുക്കു". പാരം വളരെ. വേദി—ത"ണ്ണ മഹീ... ന്ദം—രാജസമൂഹം. ലവണ ദ്വേഷീ—ശത്രുഘ്നൻ. വിനയോപേതം—വണക്കത്തോടു". ഷാണ്മാസി.... ലകളം—ആറു മാസം മുപ്പുള്ള പുത്തൻ മുത്തുകളംകൊണ്ടുള്ള മാലകളം. വി ഡൂ....ന്ദ്രൻ—വിഡൂരദേശത്തിലെ നൃപൻ. ഖരനികരം—കഴുതക്കൂട്ടം. വി ശോത്തരം—ലോകത്തിൽ ശ്രേഷ്ഠം. വൈഡൂര്യാണാം പടലിക—വൈ ഡൂര്യരത്നസമൂഹം. മഗ....ന്ദ്രൻ—മഗധരാജാവു". മാണിക്യച്ചുട—മാണി ക്യരത്നസമൂഹം. വിദ്രുമം—പവിഴം. മദ്രമഹീപൻ—മദ്രരാജാവു". മുഹുഃ അ പി—പിന്നെയും. കള....ബം—സമൂഹക്കൂട്ടം. രാശി—ഒരു നാണയം. ചിത്രം ആശ്ചര്യം. മഹീപൻ—നൃപൻ. വൃന്ദം—കൂട്ടം. മഹീപതി—നരപതി (രാജാ വു"). നിരർഗ്ഗളഭക്തി—അധികഭക്തി. അക്ക....തേഃ—ശ്രീരാമന്റെ. കഴൽ മൂലേ—കാല്മൂൽ. വയം ദാസാഃ സ്മഃ—ഞങ്ങളം ദാസന്മാരാകുന്നു: ഏവം— ഇങ്ങനെ. നാനാജ ...ദം—പശുവിധം ആളുകളുടെ സംസാരം. ഭാഗേ—ഭാഗ ത്തിൽ.

ദാസാഃ സ്മോ വയമെന്നു തൊഴുന്നു.
പലതരമേവം കൈയും കോർത്തുപി—
ടിച്ചുനടക്കും നാനാജനതാ—
വാണീഭേദമിതങ്ങൊരു ഭാഗേ.

പ്രാരബ്ധേ തത്ര മേളം പെരുകിന മഖരാ—
ജേ ഹവിർദ്ധൂമലേഖാ
സൗരഭ്യാപൂരിതാശാ വടിവിനൊടുദിതാ
വീതിഹോത്രാത് പ്രണീതാത്
പാരാതേ പോയ് പരന്നു ശിവശിവ! ഗഗനേ
വിസ്മയാലോകിനീനാം
നീരന്ധ്രാ ചാരുവൈമാനികകുടിലദൃശാം
കുന്തളീകാന്തിപൂരൈഃ. 80

വാല്മീകിമഹർഷി സീതയോടും മുനിസമൂഹത്തോടും രാമായണപാ
നം നടത്തുന്ന കുശലവന്മാരോടുംകൂടി വന്നു യാഗശാലയ്ക്കടുത്തു വസിച്ചുകൊ
ണ്ടു കുശലവന്മാരെ യാഗശാലയിലേക്കു് അയയ്ക്കുകയും അവർ അവിടെ വാ
ല്മീകികൃതമായ രാമായണം ഗാനം ചെയ്കയും ചെയ്തു:

താവീടും നിജചിത്തശല്യമഖിലം
മൂടി പ്രസന്നോജ്ജ്വലേ
ഭാവേ ഭക്തി പിണഞ്ഞ ജാനകിയുമായ്
നാനാമുനീനാം ഗണൈഃ
തൗ ബാലൗ പരിലാളയൻ കുശ—ലവൗ
രാമായണാധ്യായിനൗ
ശ്രീവാല്മീകിമഹർഷിതാനുമെഴുനെ-
ള്ളീ തത്ര മുഖ്യാദ്ധ്വരേ. 81

പദ്യം 80. മഖരാജേ—ശ്രേഷ്ഠമായ യാഗം. തത്ര—അവിടെ. പ്രാര
ബ്ധേ—ആരംഭിക്കപ്പെട്ടപ്പോൾ. പ്രണീതാത് വീതിഹോത്രാത്—വളർത്ത
പ്പെട്ട അഗ്നിയിൽനിന്നു്. സൗര....ശാ—മണംകൊണ്ടു ദിക്കുകളെ നിറയ്ക്കു
ന്നതായ. ഉദിതാ—ഉണ്ടായ. ഹവിർദ്ധൂമലേഖ—ഹോമദ്രവ്യങ്ങളിൽനി
ന്നുണ്ടായ പുക. ഗഗേന—ആകാശത്തിൽ. വിസ്മ....നാം—ആശ്ചര്യംകൊ
ണ്ടു നോക്കുന്നവരായ. ചാരു....ശാം—വിമാനത്തിൽ സഞ്ചരിക്കുന്ന സുന്ദ
രിമാരുടെ. കുന്ത....രൈഃ—കേശശോഭയോടുകൂടി. നീരന്ധ്രാ—തിങ്ങിയ
തായി.

പദ്യം 81. നിജചിത്തശല്യം അഖിലം—തന്റെ മനോവ്യഥയെല്ലാം
പ്രസന്നോജ്ജ്വലേ ഭാവേ—തെളിഞ്ഞതും ശോഭിക്കുന്നതുമായ ഭാവത്തിൽ.
നാനാ... നാം ഗണൈഃ—പല മുനിമാരുടെ കൂട്ടത്തോടുകൂടി. രാമാ....നൗ—
രാമായണം ചൊല്ലുന്നവരായ. തൗ ബാലൗ കുശലവൗ പരിലാളയൻ—ആ
ബാലന്മാരായ കുശലവന്മാരെ ലാളിച്ചുകൊണ്ടു്. തത്ര മുഖ്യാദ്ധ്വരേ—ആ
പ്രധാന യാഗത്തിൽ.

വസതി[1]മനതിദൂരേ യജ്ഞവാടസ്യകുർവ—
ന്നഥ സുചരിതഗാഥാം മത്കൃതാം രാവണാരേഃ
സദസി സകലമന്യേ ഗായമാനൗ നടക്കെ—
ന്നുദിതധൃതി കുമാരൗ പ്രാഹിണോന്മൈഥിലേയൗ. 82

തൗ ബാലകൗ നീലഘനാഭിരാമൗ
രാമായണം[2] സർവമൃഷിപ്രണീതം
അഗായതാം തത്ര മഹാശ്വമേധേ
ഗീതാമൃതാപ്ലാവിതവിശ്വലോകൗ. 83

കുട്ടികളെക്കണ്ടും ഗാനം കേട്ടും അത്യാനന്ദഭരിതരായി പുരന്ധ്രികൾ ഉണർത്തിച്ചതനുസരിച്ചു ശ്രീരാമൻ കുട്ടികളോട് വിവരമെല്ലാം ചോദിച്ചു മനസ്സിലാക്കുകയും പിന്നെ വാല്മീകിമഹർഷിയെ വരുത്തി അദ്ദേഹത്തിന്റെ വാക്കിൻപടി സീതയെ അംഗീകരിക്കുന്നതായി സമ്മതിക്കുകയും ചെയ്തു.

ഗദ്യം 6.

(ദണ്ഡകം)

തദനു സകലമാലോകർമദ്ധ്യേ സമസ്തേന്ദ്രിയാനന്ദസന്ദായിനൗ ചാരുഗീതാമൃതംകൊണ്ടു വിശ്വം ജഗന്മോഹയന്തൗ നിതാന്തോജ്ജ്വലൗ നൂതനാംഭോധരശ്യാമളൗ കോമളാകാരിണൗ

പദ്യം 82. അഥ—പിന്നെ. യജ്ഞവാടസ്യ അനതിദൂരേ—യാഗശാലയ്ക്കടുത്തായി. വസതിം കുർവൻ—വസിക്കുന്നവനായി. മത്കൃതാം—എന്നാൽ രചിക്കപ്പെട്ട. രാവണാരേഃ സുചരിതഗാഥാം—ശ്രീരാമന്റെ ചരിതത്രുപമായ ഗാഥയെ (കാവ്യത്തെ). സകലമന്യേ സദസി—എല്ലാവർക്കും പൂജ്യമായ സഭയിൽ. ഗായമാനൗ—പാടുന്നവരായി. ഉദിതധൃതി—ധൈര്യത്തോടുകൂടി. മൈഥിലേയൗ കുമാരൗ പ്രാഹിണോത്—കുശലവന്മാരെ അയച്ചു.

പദ്യം 83. നീലഘനാഭിരാമൗ—നീലമേഘം പോലെ സുന്ദരന്മാരായ. തൗ ബാലകൗ—ബാലന്മാരായ അവർ രണ്ടുപേരും. തത്ര മഹാശ്വമേധേ—ആ വലിയ അശ്വമേധയാഗത്തിൽ. ഗീതാ....കൗ—പാട്ടുകൊണ്ട് എല്ലാവരേയ. സന്തോഷിപ്പിക്കുന്നവരായി. ഋഷിപ്രണീതം—വാല്മീകിരചിതമായ രാമായണം സർവം അഗായതാം—രാമായണം അത്രയും ഗാനം ചെയ്തു.

ഗദ്യം 6. തദനു—അനന്തരം. സകല....മ്യേ—എല്ലാ ജനങ്ങൾക്കുടേയും ഇടയിൽ. സമ .. നൗ—എല്ലാ ഇന്ദ്രിയങ്ങൾക്കും ആനന്ദത്തെ നല്കുന്നവരായ. ചാരു...ണ്ടു—മനോഹരമായ ഗാനമാകുന്ന അമൃതത്താൽ. വിശ്വം ജഗത്—സകലലോകത്തെ. മോഹയന്തൗ—മോഹിപ്പിക്കുന്നവരായ. നിതാ....ലൗ—വളരെ ശോഭിക്കുന്നവരായ. നൂത...ളൗ—പുതിയ മേഘംപോലെ ശ്യാമവർണ്ണരായ. കോമ...ണൗ—സുന്ദരന്മാരായ.

1. തിമിഹ സമീപേ യ. 2. ണം കാവ്യമൃഷി.

സഞ്ചരന്തൗ സമന്താദമന്ദാനന്ദഭാവൗ സമാലോക്യ തൗ ബാലകൗ പൗരലോകങ്ങളെല്ലാരുമുൾക്കമ്പമുൾക്കൊണ്ടു രാമാന്തികേചെന്നു നത്വാ 'മഹാരാജ! കേവംക്കേണതേതന്മഹാശ്ചര്യബാലദ്വയം മൈഥിലീപത്യനിർവാസനത്തോളമുള്ളോരു യുഷ്മച്ചരിത്രേണ നിർമിച്ച ഗാഥാമപൂർവാമഗാധസ്ഫുടാർത്ഥാം മുദാ പാടിയും കൊണ്ടിതല്ലോ നടക്കുന്നിതെല്ലാടവും മോഹനാനാമഹോ മോഹനം തദ്ഗുണാഡംബരംചൊറു വണ്ണിപ്പതിന്നാവതില്ലെ'ന്നണഞ്ഞുന്ന നേരത്തു ലോകാഭിരാമോ രഘുഗ്രാമണീ രാമചന്ദ്രൻ കനത്തോരു കൗതൂഹലം പൂണ്ടു മുൽപാടുപാനീയ ബദ്ധസ്പൃഹം നിങ്ങളാരെന്നുമിഗ്ഗാഥതാൻ കസ്യ സാരസ്വതോല്ലാസമെന്നും നണിച്ചെന്തു നിങ്ങൾക്കു വേണ്ടുന്നതെന്നും പ്രസാദേന ചോദിച്ച നേരത്തുഭൗ തൗ വിഭോരഗ്രതോ നിന്നണഞ്ഞീടിനാർ.

''മനുകുലമണിദീപമേ! കേവംക്ക മംഗല്യസങ്കേതമേ! ഞങ്ങൾ വല്മീകസംഭ്രതിയെന്നും മുനീനാം മഹാസാർവഭൗമസ്യ പുത്രൗ വിശേഷേണ സംശിക്ഷിതൗ തത്കൃതിശ്ചേയമാശ്ചര്യ ഭൃതാ മഹാഗാഥതാൻ വിശ്വലോകോക്തരാമാശ്വമേധാദ്ധ്വരാഡംബരപ്രൗഢിയെക്കേട്ടു തദ്ശ്നാർത്ഥം പ്രഭോ! കൗതുകാദത്ര സംപ്രാപ്തവന്തൗ നമുക്കില്ല മന്നിങ്കലൊന്നിങ്കലും ചെറ്റൊരാ—

സമന്താത് സഞ്ചരന്തൗ—ചുറ്റി നടക്കുന്നവരായ. അമന്ദാനന്ദഭാവൗ—ഗംഭീരന്മാരായ. തൗബാലകൗ സമാലോക്യ—ആ രണ്ടു കുട്ടികളെ കണ്ടിട്ട്. ഉൽകമ്പം—പരിഭ്രമം. രാമാന്തികേ—രാമന്റെ അടുക്കൽ. നത്വാ—വന്ദിച്ച്. ഏത....യം—ഈ ആശ്ചര്യമായ രണ്ടു ബാലന്മാർ. മൈഥി....ളം—സീതാപരിത്യാഗംവരെ. യുഷ്മച്ചരിത്രേണ—അവിടുത്തെ ചരിത്രംകൊണ്ട്. നിർമിച്ച—രചിച്ച. അപൂർവാം—ശ്രേഷ്ഠമായ. അഗാ....ർത്ഥാം—അഗാധവും സ്പഷ്ടവും ആയ അർത്ഥത്തോടുകൂടിയ. ഗാഥാം—കാവ്യത്തെ. മുദാ—സസന്തോഷം. തദ്ഗു....രം—അവരുടെ ഗുണവിസ്താരം. മോഹനാനാം മോഹനം—മോഹനങ്ങളിൽ മോഹനമായതു്. ലോകാഭിരാമഃ—ലോകമനോഹരനായ. രഘുഗ്രാമണീഃ—രഘുശ്രേഷ്ഠനായ. ഉപാനീയ—വരുത്തീട്ട്. ബദ്ധസ്പൃഹം—താത്പര്യത്തോട്. ഇഗ്ഗാഥ—ഇക്കാവ്യം. കസ്യ സാര....സം—ആരുടെ വാഗ്വിലാസം. പ്രസാദേന—അനുഗ്രഹബുദ്ധിയോടുകൂടി. തൗ ഉഭൗ അവർ രണ്ടുപേരും. വിഭോഃ അഗ്രതഃ—ശ്രീരാമന്റെ മുമ്പിൽ.

മൻ....മേ—അല്ലയോ മനുകുലശ്രേഷ്ഠ. മംഗ....തം—മംഗലാവാസം. വല്മീകസംഭ്രതി—വാല്മീകി (പുറ്റിൽനിന്നു ജനിച്ചവൻ). മുനീനാം മഹാ.....സ്യ—മുനിചക്രവർത്തിയുടെ. പുത്രൗ—പുത്രന്മാർ. വിശേഷേണ സംശിക്ഷിതൗ—വിശേഷിച്ചു ശിക്ഷ നല്കപ്പെട്ടവർ. ഇയം ആശ്ചര്യഭൃതാ മഹാഗാഥ—ഈ ആശ്ചര്യമായ വലിയ കാവ്യം. തത് കൃതിഃ ച—അദ്ദേഹത്തിന്റെ കൃതിയും. വിശ്വ....ഡ്ഢി—എല്ലാവരാലും പറയപ്പെട്ട ശ്രീരാമൻ നടത്തുന്ന അശ്വമേധയാഗത്തിന്റെ വലിപ്പം. തദ്ശ്നാർത്ഥം—അതു കാണുവാനായി. കൗതുകാൽ അത്ര സംപ്രാപ്തവന്തൗ—കൗതുകം

ശാലവം നൂന''മെന്നീദൃശീം വാചമാകർണ്യ വിസ്മേരചേതാ
മുനിപ്രൗഢമാനീയവാല്മീകിമത്യദ്ഭുതാഭോഗമെത്തും തയോ—
ർജന്മകർമ്മങ്ങളെ കൗതുകാൽ ഫുല്ലനേത്രൻ ജഗത്സ്വാമി
ചോദിച്ച നേരത്തസാവപ്യസാധാരണപ്രൗഢിമാ സത്സമാജേ
കൃതശ്ലാഘമേ തദാ.

''ശ്രുണു മമ വചനം പ്രഭോ! തത്ത്വതഃ പ്രീതാന്തരാത്മാവാ
ജഗത്പാവനീ മൈഥിലീദേവി നിർദോഷയെന്നങ്ങറി—
ഞ്ഞാലുമേതൗ സുതൗ തേ തയാ സംപ്രസൂതൗ വിശേഷേണ
നമ്മാൽ വിനീതൗ വിജാനീഹി നിശ്ശങ്കമെന്നാൽ മഹാസേന—
നാഗാനനന്മാരൊടുംച്ചേന്നഗേന്ദ്രാത്മജാമന്തികേ വച്ച കൈ—
ലാസശൈലേ മഹാദേവനെവ്വണ്ണമവ്വണ്ണമേ പുത്രയുഗ്മാമിമാം
മൈഥിലീം മാനയൻ നീയുമസ്മിൻ പുരേ നീളനാൾ മേളമും—
മൊണ്ടു വാണീടുകെ''ന്നമ്മുനീന്ദ്രോക്തിയെക്കേട്ടു ഭക്ത്യാ
വണങ്ങി ത്രിലോകീമണിപ്പൂൺപു ചൊല്ലീടിനാൻ.

''മുനിവൃഷഭ! നിവേദയേ വേദിതവ്യാംബുധേ! പൗര—
വൃന്ദങ്ങളാരും കുറിക്കൊണ്ടുകണ്ടീല ലങ്കാപുരേ ദോഷശങ്കാമല—

നിമിത്തം ഇവിടെ വന്നുചേർന്നവർ. ലവം—അല്പം. നൂനം—നിശ്ചയം. ഈദൃശീം വാചം ആകർണ്യ—ഇവ്വണ്ണമുള്ള വാക്കിനെ കേട്ടിട്ട്. വിസ്മേര ചേതാഃ—അത്ഭുതം പൂണ്ട്. മുനിപ്രൗഢം വാല്മീകിം ആനീയ—മുനിശ്രേഷ്ഠനായ വാല്മീകിയെ വരുത്തീട്ട്. അത്യദ്ഭുതാഭോഗമെത്തും....ത്തങ്ങളെ—വളരെ വിസ്മയകരങ്ങളായ അവരുടെ ജനനം പ്രവൃത്തി ഇവയെ. കൗതുകാൽ—കൗതുകം കൊണ്ട് വിടർന്ന കണ്ണുകളോടുകൂടിയ. ജഗത്സ്വാമി—ശ്രീരാമൻ. അസാ.... മാ അസൗ അപി—മഹാത്മാവായ ഇദ്ദേഹവും (വാല്മീകിയും) സത്സമാജേ—സജ്ജനങ്ങളുടെ സഭയിൽ. തദാ—അപ്പോൾ. കൃതശ്ലാഘം—സ്തുതിക്കപ്പെട്ടു. ഊചേ—പറഞ്ഞു.

തത്ത്വതഃ—സത്യമായ. മമ വചനം ശ്രുണു—എന്റെ വാക്ക് കേട്ടാലും. പ്രീതാന്തരാത്മാവാ—മേന്മയേറിയ. ജഗത്പാവനീ—ലോകത്തെ പരിശുദ്ധമാക്കുന്നവളായ മൈഥിലീദേവി—സീതാദേവി. നിർദോഷ—ദോഷമില്ലാത്തവൾ. ഏതൗ സുതൗ—ഈ രണ്ടു പുത്രന്മാർ. തേ—നിനക്ക്. തയാ സംപ്രസൂതൗ—അവളാൽ പ്രസവിക്കപ്പെട്ടവർ. വിശേഷേണ—വിശേഷിച്ചും. വിനീതൗ—ശിക്ഷ നല്കപ്പെട്ടവർ. വിജാനീഹി—അറിഞ്ഞാലും. നിശ്ശങ്കം—ശങ്കയെന്നിയെ. മഹാസേനൻ—സുബ്രഹ്മണ്യൻ. നാഗാനനൻ—ഗണപതി. അഗേന്ദ്രാത്മജാം—പാർവതിയെ. അന്തികേ—സമീപത്തിൽ. കൈലാ....ലേ—കൈലാസപർവതത്തിൽ. മഹാദേവൻ—ശ്രീപരമേശ്വരൻ. പുത്രയുഗ്മാം—പുത്രന്മാരോടുകൂടിയ. ഇമാം മൈഥിലീം—ഈ സീതയെ. മാനയൻ—ബഹുമാനിക്കുന്നവനായി. അസ്മിൻ പുരേ—ഈ നഗരത്തിൽ. മുനീന്ദ്രോക്തി—മുനിയുടെ വാക്ക്. ത്രിലോ....ൺപു—ശ്രീരാമൻ.

മുനിവൃഷഭ—അല്ലയോ മുനിശ്രേഷ്ഠാ! വേദിതവ്യാംബുധേ—അറിയേണ്ടതിനെല്ലാം ആകാരമായുള്ളോവേ. നിവേദയേ—ഞാൻ അറിയിക്കുന്നു. പൗരവൃന്ദം—പുരത്തിലെ ജനങ്ങളും. ലങ്കാപുരേ—ലങ്കാനഗരത്തിൽ

ക്ഷാളനം മേളമോടത്ര വന്നിജ്ജനത്തിന്റെ വിശ്വാസമുറപ്പിക്കിലേനാമസന്ദേഹമംഗീകരോമീ''തി ഭംഗീരിതാം രാമവാണീം ചെവിക്കൊണ്ടു മന്ദസ്മിതോല്ലാസിവക്ത്രാരവിന്ദോ മുനിപ്രൗഢനും ചെറ്റു ചിന്തിച്ചുടൻ മൈഥിലീം താമുപാനീയ മധ്യേസഭം രാമചന്ദ്രോദിതം പൗരവിശ്വാസനാദേശമസ്യൈ നമസ്യാഹ്ചാരിത്രശക്തൈ സമാവേദയാമാസ നിശ്ശേഷവും.

സീതയുടെ അപേക്ഷയനുസരിച്ചു ഭൂമീദേവി സഭാമദ്ധ്യത്തിൽ പ്രത്യക്ഷയായി സീതയെ കൈയിൽ എടുത്തുകൊണ്ടു മറയുന്നു:

ദുഃഖാത്താ ഭാവിജന്മാസ്ഥിതകമിതുവിലോ—
കക്ഷണാശ്വസ്തചിത്താ
തത്കാലേ ഭർത്തുരാജ്ഞാം മുനിവരകഥിതാം
മൈഥിലീ കേട്ടകാണ്ഡേ
വ്യഗ്രം കൈവിട്ടശേഷം മൃദുഹസിതമുഖീ
''ദേവീ! സാദ്ധ്വീം ഗതിം മേ
മുഖ്യാം ദേഹീ''തി ഭക്ത്യാ വസുമതിയൊടു ത—
ന്നമ്മയോടങ്ങിരന്നാഗ്രഹം. 84

അപ്പോഴം മദ്ധ്യേ[1]സഭായാ ഭൂജഗവരഫണോത്ഭ—
ക്ഷിപ്തസിംഹാസനസ്ഥാ
മുൽപ്പാടാവിർബഭൂവ സ്വയമഥ ധരണീ
ബാഷ്പപര്യാകുലാക്ഷീ,

ദോഷ.....നം—ദോഷശങ്കയാകുന്ന മലത്തെ കഴുകിക്കളയുക. ത്വത്ര—ഇവിടെ. ഏനാം—ഇവളെ. അസന്ദേഹം അങ്ഗീകരോമി—സംശയം കൂടാതെ ഞാൻ സ്വീകരിക്കുന്നുണ്ടു്. ഇതി—എന്നു്. ഭംഗീരിതാം—ഭംഗിയോടു പറയപ്പെട്ട. രാമവാണീം—രാമന്റെ വചനത്തെ. മന്ദ....ന്ദഃ—മന്ദഹാസത്താൽ ശോഭിക്കുന്ന മുഖകമലത്തോടുകൂടിയ. മുനിപ്രൗഢൻ—മുനിശ്രേഷ്ഠൻ. താം മൈഥിലീം—ആ സീതയെ. മധ്യേസഭം—സഭാമധ്യത്തിൽ. ഉപാനീയ—ആനയിച്ചിട്ടു്. രാമ....തം—രാമനാൽ പറയപ്പെട്ട. പൗര....ശം—പൗരന്മാരെ വിശ്വസിപ്പിക്കുന്നതായ ആദേശത്തെ. നമ....ശ്യൈ അസ്യൈ സമാവേദയാമാസ—നമസ്കരിക്കുവാൻ യോഗ്യമായ പാതിവ്രത്യശക്തിയോടു കൂടിയ അവളോടു് അറിയിച്ചു. നിശ്ശേഷം—എല്ലാം.

പദ്യം 84. ദുഃഖാത്താ—ദുഃഖപീഡിതയായ. ഭാവി....ത്താ—വരാൻ പോകുന്ന ജന്മത്തിൽ സങ്കല്പിച്ച ഭർത്താവിന്റെ ദർശനത്താൽ അല്പം ആശ്വാസത്തെ പ്രാപിച്ചവളായ. മൈഥിലീ—സീത. തത്കാലേ—അപ്പോഴം. മുനിവരകഥിതാം—മുനിശ്രേഷ്ഠനാൽ പറയപ്പെട്ട. ഭർത്തുഃ ആജ്ഞാം—ഭർത്താവിന്റെ കല്പനയെ. വ്യഗ്രം—ദുഃഖത്തെ. മൃദു ...ഖീ—മന്ദഹാസമുഖിയായായി. ദേവീ—അല്ലയോ ഭൂമിദേവി. മേ—എനിക്കു്. സാധ്വീം മുഖ്യാം ഗതിം ദേഹി—നല്ല ശ്രേഷ്ഠമായ ഗതിയെ നല്കിയാലും. ഇതി—എന്നു്. വസുമതി—ഭൂമിദേവി.

1. മദ്ധ്യേസഭം സാ ഉ.

കെല്പോടാദായ പുത്രീം കരതളിരിൽ നിജാം
പശ്യതാം വിശ്വഭോജാ—
മുത്പന്നപ്രേമഭാരസ്നുതകുചകലശാ
സാപി സദ്യസ്തിരോഽഭൂത്. 85

ശ്രീരാമൻ ഭൂമിദേവിയോട് പൊരുതുവാൻ പുറപ്പെടുന്നതിനെ വസിഷ്ഠൻ തടയുന്നു:

''വിശ്വപ്രഖ്യാതധാമാ ദശമുഖനുമഹോ!
പണ്ട് ഞാൻ നോക്കിനില്പ്പേ
നിശ്ശങ്കം കൊണ്ടുപോയീലയി മമ ദയിതാം
നൂനമെന്നാലിദാനീം
കുത്തിക്കീഴ്മേൽമറിച്ചങ്ങവനിമതിതമാ—
മദ്യ ഭിന്ദേ ശരൈ''രെ—
ന്നുത്തിഷ്ഠന്തം വസിഷ്ഠോ രഭസപരവശം
രാഘവം തം ന്യരൗത്സീത്. 86

അശ്വമേധയാഗം അവസാനിച്ചതായും ശ്രീരാമൻ കീർത്തി വർദ്ധിച്ചു ശോഭിക്കുന്നതായും പ്രസ്താവിച്ചുകൊണ്ട് പ്രബന്ധത്തെ ഉപസംഹരിക്കുന്നു:

[1]തതോ രഘൂണാംപതിരശ്വമേധം
സമാപ്യ ഭൂയോനുനിപൗരലോകൈഃ
[2]സമം പ്രകൃഷ്ടാവഭൃഥഃ സരയ്വാം
പ്രമോദവാൻ പ്രാപ പുരീമയോദ്ധ്യാം. 87

പദ്യം 85. സഭായാഃ മധ്യേ—സഭയുടെ നടുക്ക്. ഭൂജ....സ്ഥാ—സപ്തശ്ലോകനാൽ പതിച്ചുകൊണ്ട് ഉയർത്തിപ്പിടിക്കപ്പെട്ട സിംഹാസനത്തിൽ ഇരിക്കുന്നവളായ. ബാഷ്പ....ക്ഷീ—കണ്ണുനീർ കലങ്ങിയ കണ്ണോട് കൂടിയവളായ. ധരണീ—ഭൂമിദേവി. സ്വയം—തന്നത്താനെ. ആവിർബഭൂവ—പ്രത്യക്ഷയായി. നിജാം പുത്രീം ആദായ—തന്റെ പുത്രിയെ സ്വീകരിച്ചിട്ട്. വിശ്വഭോജാം പശ്യതാം—ലോകർ കാണവേ. ഉത്പ....ശാ സാ അപി—സ്നേഹാധിക്യത്താൽ പാലൊഴുകുന്ന സ്തനകലശങ്ങളോട് കൂടിയ അവളും. സദ്യഃ തിരോഭൂത്—ഉടൻ മറഞ്ഞു.

പദ്യം 86. വിശ്വ....മാ—ലോകപ്രസിദ്ധമായ തേജസ്സോടുകൂടിയ ദശമുഖൻ—രാവണൻ. നിശ്ശങ്കം—ശങ്കകൂടാതെ. മമ ദയിതാം—എന്റെ പ്രേയസിയെ. നൂനം—നിശ്ചയം. ഇദാനീം—ഇപ്പോൾ. അവനീം—ഭൂമിയെ. അതിതമാം—വളരെ. അദ്യ—ഇപ്പോൾ. ശരൈഃ—ബാണങ്ങളാൽ. ഭിന്ദേ—പിളർക്കുന്നുണ്ട്. ഉത്തിഷ്ഠന്തം—എഴുന്നിച്ചവനായ. രഭസപരവശം—കോപാവ്യാകുലനായ. തം രാഘവം—ആ രാമനെ. വസിഷ്ഠഃ ന്യരൗത്സീത്—വസിഷ്ഠൻ തടഞ്ഞു.

പദ്യം 87. തതഃ—അനന്തരം. രഘൂണാം പതിഃ—ശ്രീരാമൻ. അശ്വമേധം സമാപ്യ—അശ്വമേധയാഗത്തെ അവസാനിപ്പിച്ചിട്ട്. ഭൂയോ

1. യാഗം ര 2. തതഃ പ്ര;

മെത്തീടും കൗതുകാദാത്തജമുഖകമലം
പാർത്തു സീതാകൃതം ചെ–
റുത്തോപം തീർത്തുതീർത്തും വിധിവദധികമാ–
ധായ രക്ഷാം പ്രജാനാം
പൃഥ്വീദീപോ ദിദീപേ വെളുവെളെ വിലസും
കീർത്തിദുഗ്ധാബ്ധിപൂരൈ..
രിത്തെലോകൃം കുളിർപ്പിച്ചനുപമമഹിമാ
രാമനാമാ ത്രിധാമാ. 88

....കൈഃ സമം–രാജാക്കന്മാർ മഹർഷിമാർ പ്രജകൾ ഇവരോടുകൂടി. സര
യ്വാം–സരയൂനദിയിൽ. പ്രക്ല.....ഥഃ–അവഭൃഥസ്നാനം (യാഗസമാപ്തി
യിൽ നടത്തുന്ന കുളി) നടത്തിയവനായി. പ്രമോദവാൻ–സന്തുഷ്ടനായി.
അയോദ്ധ്യാം പുരീം പ്രാപ–അയോദ്ധ്യാനഗരത്തെ പ്രാപിച്ചു.

പദ്യം 88. കൗതുകാത്–കുതൂഹലംനിമിത്തം. ആത്മ....ലം–പുത്ര
ന്മാരുടെ മുഖകമലത്തെ. സീതാകൃതം–സീതനിമിത്തമായ. ഉത്താപം
–സങ്കടത്തെ. പ്രജാനാം രക്ഷാം അധികം ആധായ–പ്രജകൾക്ക രക്ഷ
യെ അധികമായി ചെയ്തിട്ട്. അനു....മാ–നിസ്തുല്യമായ മേന്മയോടുകൂടി
യ. പൃഥ്വീദീപഃ–ലോകപ്രകാശനായ. രാമനാമാ ത്രിധാമാ–രാമനെ
ന്ന പേരുള്ള ഈശ്വരൻ. കീർത്തി....രൈഃ–യശസ്സുഞ്ചയത്താൽ. ഇത്തെ
ലോകൃം–ഈ മൂന്നു ലോകത്തെയും ദിദീപേ–ശോഭിച്ചു.

അശ്വമേധം സമാപ്തം

സ്വർഗ്ഗാരോഹണം

പ്രബന്ധത്തിലെ കഥാവസ്തുവിനെ നിർദ്ദേശിക്കുന്നു:

യോ ബഭഞ്ജ ധനുരൈന്ദ്രശേഖരം
ഗ്രാവഭിർ[1]ജലനിധിം ബബന്ധ യഃ
കോലലാവമലുനാച്ച രാവണം
സോ/പ്യഗാദിതരകേഷു കാ കഥാ? 1

ശ്രീരാമൻ ഭംഗിയായി രാജ്യം ഭരിച്ചുകൊണ്ട് അയോദ്ധ്യയിൽ വസിച്ചുവന്നതായി വർണ്ണിക്കുന്നു:

കൃത്വാ മുഖ്യാശ്വമേധം പുകഴ്പെറുമനുജൈ-
രാത്മജന്മാരൊടും ചേ-
ന്നത്യാനന്ദേന ധാത്രീം ജലനിധിവസനാം[2]
കാത്തു ധർമ്മേണ മേന്മേൽ
വൃദ്ധൈഃ സ്നിഗ്ധൈർവസിഷ്ഠാദിഭിരപി ച സുമ-
ന്ത്രാദിഭിർമന്ത്രിജാതൈ-
രൊത്തും കൊണ്ടധ്യവാത്സീന്മനുകുലപെരുമാൻ
മാ[3]നനീയാമയോദ്ധ്യാം. 2

പദ്യം 1. യഃ—യാവനൊരുത്തൻ. ഐന്ദ്ര...രം—ശിവനേറ്റതായ. ധനുഃ—വില്ലിനെ. ബഭഞ്ജ—കണ്ടിച്ചുവോ. യഃ—യാവനൊരുത്തൻ. ഗ്രാവഭിഃ—ശിലകളാൽ. ജലനിധിം ബബന്ധ—സമുദ്രത്തെ (ചിറയിട്ട്) ബന്ധിച്ചുവോ. രാവണം—രാവണനെ കോലലാവം—പന്നിയെ വെട്ടം പോലെ. അലുനാത് ച—നിഗ്രഹിക്കുകയും ചെയ്തുവോ. സഃ അപി—അവനും (ശ്രീരാമനും). അഗാത്—പരഗതിയെ പ്രാപിച്ചു. ഇതരകേഷു—മറ്റുള്ളവരുടെ കഥ്യത്തിൽ. കാ കഥാ—എന്തൊരു വാർത്തയാണ്. കാവ്യാർത്ഥാപത്തിരൂപത്തിൽ ശ്രീരാമന്റെ സ്വർഗ്ഗപ്രാപ്തിരൂപമായ വസ്തുനിർദ്ദേശത്തോടുകൂടി പ്രബന്ധം ആരംഭിക്കുന്നു. രാമായണം ഉത്തരകാണ്ഡത്തിലെ അവസാന കഥാഭാഗമാകുന്നു 'സ്വർഗ്ഗാരോഹണം'.

പദ്യം 2. മുഖ്യാ....ധം—(ക്ഷത്രിയർ അവശ്യം ചെയ്യേണ്ട) പ്രധാനമായ അശ്വമേധയാഗത്തെ. കൃത്വാ—ചെയ്തിട്ട്. പുകഴ്—കീർത്തി. അനുജൈഃ—സോദരന്മാരോടും. ആത്മജൻ—പുത്രൻ. കുശനും ലവനും ശ്രീരാമന്റെ പുത്രന്മാർ. അത്യാനന്ദേന—പരമാനന്ദത്തോടു്. ജല....നാം—സമുദ്രപര്യന്തയായ. ധാത്രീം—ഭൂമിയെ. ധർമ്മേണ—ധർമ്മത്തോടുകൂടി. വൃദ്ധൈഃ സ്നിഗ്ധൈഃ വസിഷ്ഠാദിഭിഃ അപി സുമന്ത്രാദിഭിഃ മന്ത്രിജാതൈഃ ച—വൃദ്ധന്മാർ സ്നേഹിതന്മാർ വസിഷ്ഠാദികളും സുമന്ത്രൻ തുടങ്ങിയുള്ള മന്ത്രിമാർ ഇവരോടുകൂടി. മനു....ഃ—ശ്രീരാമൻ. മാനനീയാം—ബഹുമാനിക്കത്തക്ക. അയോദ്ധ്യാം അധ്യവാസീത്—അയോധ്യയിൽ വസിച്ചുവന്നു.

1. ഭിത്ത്വാ ജലധിം ബ. 2. നാം പാലയന്നാദരേണ വൃ. 3. മാനിതാം താമ.

ഉദ്യമ്യ വ്യപനീതമോഹതമസീ
ജ്ഞാനപ്രദീപശ്രിയാ
കൃത്യാകൃത്യമശേഷമാത്മനി ബുധൈർ—
നിദ്ധ്യായ നിർദ്ധാരയൻ
[1]കൃത്വാ സാദരമന്തികേ നിജസുതൗ
പ്രാചേതസാന്തേസതൗ
സ്വസ്യാദപ്യഭി[2]പാല്യ ധർമ്മയശസീ
രേജേ രഘുഗ്രാമണീഃ. 3

ദശരഥപത്നിമാർ മൂവരും സ്വർഗ്ഗലോകം പ്രാപിച്ചതായി പ്രസ്താവിക്കുന്നു:

അക്കാലത്തമ്മമാർ മൂവരുമിനിയ സഖേ!
കോസലേന്ദ്രാത്മജാദ്യാ
വൃത്രാരേരദ്ധസിംഹാസനഭുവി സമുപാ—
സീന[3]മമ്ലാനവീര്യം
ഭർത്താരം ദ്രഷ്ടുകാമാ ഇവ ദശരഥഭൂ—
പാലമുച്ചൈർ ഗുണന്ത്യോ
'വത്സ! ശ്രീരാമരാമേ'ത്യമിതസുഖമെഴു—
ന്നള്ളിനാർ നാകലോകേ. 4

പദ്യം 3. ഉദ്യമ്യ—പരിശ്രമിച്ചിട്ട്. ജ്ഞാന....യാ—ജ്ഞാനമാകുന്ന ദീപത്തിന്റെ പ്രകാശത്താൽ. വ്യപ....സി—മൗഢ്യമാകുന്ന ഇരുൾ നശിച്ച. ആത്മനി—ആത്മാവിങ്കൽ. കൃത്യാകൃത്യം അശേഷം—ചെയ്യേണ്ടതും ചെയ്യരുതാത്തതും എല്ലാം. ബുധൈഃ നിദ്ധ്യായ നിർദ്ധാരയൻ—വിദ്വാന്മാരോട് ആലോചിച്ചു തീച്ചപ്പെടുത്തിക്കൊണ്ട്. പ്രാചേത സാന്തേസതൗ—വാല്മീകിശിഷ്യന്മാരായ. നിജസുതൗ—തന്റെ പുത്രന്മാരെ. സാദരം—ആദരവോട്. അന്തികേ കൃത്വാ—അടുത്തു വച്ചുകൊണ്ട്. സ്വസ്യാത് അപി—തന്നെക്കാളും (അധികമായി) ധർമയശസീ—ധർമത്തെയും കീർത്തിയേയും. അഭിപാല്യ—പാലിച്ചിട്ട്. രഘുഗ്രാമണീഃ—ശ്രീരാമൻ. രേജേ—ശോഭിച്ചു.

പദ്യം 4. കോസ....ദ്യാഃ—കൗസല്യ തുടങ്ങിയുള്ള. വൃത്രാരേഃ—ദേവേന്ദ്രന്റെ. അദ്ധസി....വി—സിംഹാസനത്തിന്റെ പകുതിഭാഗത്തിൽ. സമുപാസീനം—ഇരിക്കുന്നവനും. അമ്ലാനവീര്യം—പരാക്രമം ക്ഷയിക്കാത്തവനും ആയ. ഭർത്താരം—ഭർത്താവായ. ദശരഥഭൂപാലം—ദശരഥനൃപനെ. ദ്രഷ്ടുകാമാഃ ഇവ—കാണാൻ ആഗ്രഹിക്കുന്നവർപോലെ. വത്സ ശ്രീരാമ രാമ ഇതി—അല്ലയോ വാത്സല്യ ഭാജനമായ ശ്രീരാമരാമ എന്നിങ്ങനെ. ഉച്ചൈഃ—ഉച്ചത്തിൽ. ഗുണന്ത്യഃ—പറയുന്നവരായി. നാകലോകേ—സ്വർഗ്ഗലോകത്തിൽ. എഴുന്നള്ളിനാർ.

---

1. കർവൻ സാദ. 2. ഭിലാപ്യധ. 3. നമക്ഷീണവീ.

പൗലസ്ത്യഗന്ധർവ്വസുരേന്ദ്രജേത്യ—
കുംഭീനസീസൂനുജിതോ[1] നൃപാലാഃ
കൃത്വാ നിവാപം ജനനീജനസ്യ[2]
സ്വർലോകഭാജഃ സുഖമാസതേ സ്മ. 5

ബ്രഹ്മാവിന്റെ കല്പനയനുസരിച്ചു യമൻ ബ്രാഹ്മണവേഷത്തിൽ ശ്രീരാമനെക്കാണാനായി വരുന്നു:

അംഭോജന്മഭവാജ്ഞയാ രിപുകുലാ—
യോദ്ധ്യാമയോദ്ധ്യാം ക്ഷണാ—
ദംഭോജാകരമിത്രഭീഷണതനു—
ജന്മാ ദ്വിജന്മാകൃതിഃ
സംപ്രാപ്തോ നിജഭൃത്യജാഠരകൃശാ—
നുന്മേഷനിർവാപണ—
പ്രാവീണ്യാജ്ജലബാണപാണികമലം
ദ്രഷ്ടും തതോ രാഘവം. 6

ശ്രീരാമൻ വന്ന അതിഥിയെ സത്കരിച്ചിരുത്തിപ്പറയുന്നതായി പ്രസ്താവിക്കുന്നു:

കപടമുനിവേഷമാസ്ഥിതം[3] തം
ശമനം ഭക്തിപുരസ്സരം പ്രണമ്യ

പദ്യം 5. പൗല....ജിതഃ--പൗലസ്ത്യജിത (രാമൻ) ഗന്ധർവ്വജിത (ഭരതൻ) സുരേന്ദ്രജേതൃജിത (ലക്ഷ്മണൻ) കുംഭീനസീസൂനുജിത (ശത്രുഘ്നൻ) എന്നീ. നൃപാലാഃ—രാജാക്കന്മാർ. സ്വർലോ....ഭാഃ—സ്വർഗ്ഗത്തെ പ്രാപിച്ച. ജനനീജനസ്യ—മാതൃജനത്തിനു. നിവാപം കൃത്വാ—ഉദകക്രിയ ചെയ്തിട്ടു. സുഖം ആസതേ സ്മ—സുഖമായി വാണു.

പദ്യം 6. തതഃ—പിന്നെ. അംഭോ....യാ—ബ്രഹ്മാവിന്റെ കല്പനയാൽ. അംഭോ....ബാ—ചണ്ഡസൂര്യനിൽനിന്നുണ്ടായ യമൻ. ദ്വിജന്മാകൃതിഃ—ബ്രാഹ്മണവേഷധാരിയായി. രിപുകുലായോധ്യാം—ശത്രുക്കൾക്കു് ആക്രമിക്കുവാൻ അസാധ്യമായ. അയോദ്ധ്യാം—അയോദ്ധ്യയിൽ. നിജ ....ലം—തന്റെ ഭൃത്യരുടെ ജാഠരത്തിൽ കത്തുന്ന അഗ്നിയെ ശമിപ്പിക്കുന്നതിൽ സമർത്ഥവും ജ്വലിക്കുന്നതും ആയ ശരത്തെ പാണികമലത്തിൽ വച്ചുകൊണ്ടിരിക്കുന്ന. രാഘവം—ശ്രീരാമനെ. ദ്രഷ്ടും സംപ്രാപ്തഃ—കാണുവാനായി വന്നു.

പദ്യം 7. മനു....നം—ശ്രീരാമൻ. കപ....ഷം—കപടമായ മുനിവേഷത്തെ. ആസ്ഥിതം—സ്വീകരിച്ച. തം ശമനം—ആ യമനെ. ഭക്തി

---

1. തോ നരേന്ദ്രാഃ കൃ. 2. നിവാപകൃത്യം ജനനീജനസ്യ വിധായ തൂഷ്ണീം സുഖ.
3. നിരൂപമാ.

മണികാഞ്ചനപീഠികാനിഷണ്ണം
മനുവംശോജ്ജ്വലരത്നമാബഭാഷേ. 7

ബ്രാഹ്മണന്റെ വൃത്താന്തം അറിയാനായി ശ്രീരാമന്റെ പോദ്ഘാതമായ വചനം:

''കല്യാണാത്മൻ! ദ്വിജാനാം പരിവൃഢ! കുശലം
വർത്തതേ യത്ര ദേശേ,
യുഷ്മാഭിർയത് കുലം വാ തിലകിത, മധുനാ
പ്രീണിതാ വാ യദർത്ഥം
മദ്വംശ്യാ, നാമധേയം കുതമമതിതരാം
പാവനീഭൂത, മേതത്
സർവം മേ ബ്രൂഹ്യഗ്രഹ്യം യദി മുനിവര! ശ്രു-
ശ്രൂഷുരസ്മി പ്രകാമം.'' 8

രഹസ്യം പറഞ്ഞു കേൾപ്പിക്കുവാനുള്ളതിനാൽ എല്ലാവരെയും അയച്ചിട്ട മന്ത്രശാലയുടെ അകത്തു വരണമെന്നും, ഇടയ്ക്ക് ആരെങ്കിലും വന്നുവെങ്കിൽ അവരെ കൊല്ലണമെന്നും യമൻ ശ്രീരാമനോട് പറയുന്നു:

മധുരാമിതി രാമചന്ദ്രവാണീം
മുനിരാകർണ്യ തമിത്ഥമാബഭാഷേ

....രം പ്രണമ്യ-ഭക്തിയോടുകൂടി വണങ്ങിട്ട്. മണി...ണ്ണം—മണികൊണ്ടു പതിച്ച സുവർണ്ണപീഠത്തിൽ ഇരുന്ന (അവനോട്). ആബഭാഷേ—സംസാരിച്ചു.

പദ്യം 8. കല്യാ....ൻ-അല്ലയോ മംഗലസ്വരൂപ. ദ്വിജാനാം പരിവൃഢ—ബ്രാഹ്മണശ്രേഷ്ഠ. യത്ര ദേശേ—യാതൊരു ദേശത്തിൽ. കുശലം വർത്തതേ—ക്ഷേമം ഇരിക്കുന്നു. യുഷ്മാഭിഃ—അങ്ങയാൽ. യത് കുലം വാ തിലകിതം—യാതൊരു വംശമാണ് അലങ്കൃതമായിരിക്കുന്നത്. അധുനാ—ഇപ്പോൾ. യദർത്ഥം—യാതൊന്നിനായി. മദ്വംശ്യാഃ—എന്റെ കുലത്തിലുള്ളവർ. പ്രീണിതാഃ വാ—അങ്ങയുടെ വരവിനാൽ സന്തോഷിപ്പിക്കപ്പെട്ടവരായിരിക്കുന്നു. കുതമം നാമധേയം അതിതരാം പാവനീഭൂതം—ഏതൊരു പേരാണ് വളരെ പരിശുദ്ധമായി ഭവിച്ചിരിക്കുന്നത്. മുനിവര—അല്ലയോ മുനിശ്രേഷ്ഠ. ഏതത് സർവം—ഇതെല്ലാം. അഗ്രഹ്യം—സ്വകാര്യമല്ലെങ്കിൽ. മേ ബ്രൂഹി—എന്നോട് പറഞ്ഞാലും. പ്രകാമം ശുശ്രൂഷുഃ അസ്മി—ഞാൻ കേൾക്കാൻ വളരെ ആഗ്രഹമുള്ളവനായിരിക്കുന്നു. നിന്റെ നാട്ടും കുലവും പേരും എന്ത്. ഇവിടെ വന്ന കാര്യം എന്ത്. എന്നീ കുശലപ്രശ്നമാണ് പ്രകൃതം.

പദ്യം 9. മുനിഃ—മുനി. ഇതി—ഇങ്ങനെയുള്ള. മധുരം—മധുരമായ. രാമണീം—രാമചന്ദ്രന്റെ വാക്കിനെ. ആകർണ്യ—കേട്ടിട്ട്.

മൃദുഹാസസുധാനുലിപ്തശോഭാം
വിദധദ്വിസ്മിതമാനസഃ സഭാം താം. 9

''നിഖിലജനമയച്ചിമന്ത്രശാലാമകം പു—
അകകെമലരുമഴിഞ്ഞും കേൾക്ക മദ്വാക്യമെല്ലാം
അകരുണമിഹ വന്നാൽ കൊല്ലുവല്ലോരെയും നീ''
രഘുകുലപെരുമാളോടേവമുചേ കൃതാന്തൻ. 10

ആരും അകത്തു കടക്കാതെ ലക്ഷ്മണനെ കാവലാക്കീട്ട് ശ്രീരാമൻ ബ്രഹ്മണനോടുകൂടി മന്ത്രശാലയുടെ അകത്തുചെന്നു കാര്യം പറയാൻ ആ വശ്യപ്പെട്ടതനുസരിച്ചു് ബ്രാഹ്മണൻ പറയുന്നതായി പ്രസ്താവിക്കുന്നു:

ഇത്ഥം കാലൻ പറഞ്ഞോരളവഥ വിജനീ—
കൃത്യ താം മന്ത്രശാലാം
ഗത്വാ ഭക്ത്യാവനമ്രം നിജസഹജമഥോ
ലക്ഷ്മണം നിഷ്കളങ്കം
മദ്ധ്യേമാർഗ്ഗം നിയോഗി''ച്ചഖിലവുമറിയി—
ച്ചീടുകെന്നു''ക്തവന്തം
പുത്തൻ പൂന്തേൻ പൊഴിഞ്ഞീടിന മധുരഗിരാ
ലോകനാഥോ ബഭാഷേ. 11

താം സഭാം—ആ സഭയെ. മൃദു....ഭാം—മന്ദഹാസമാകുന്ന സുധയുടെ ലേപത്താൽ ശോഭയാർന്നുകൂടിയതായി. വിദധത്—ചെയ്തുകൊണ്ട്. വിസ്മിതമാനസഃ—ആശ്ചര്യത്തോടുകൂടിയവനായി. തം—അവനോട് (രാമചന്ദ്രനോട്). ഇത്ഥം—ഇപ്രകാരം. ആബഭാഷേ—പറഞ്ഞു.

പദ്യം 10. നിഖിലജനം—എല്ലാവരെയും. മന്ത്രശാലാം—മന്ത്രശാലയെ. മന്ത്രശാല—രാജ്യകാര്യങ്ങളും ആലോചിക്കുന്ന സ്ഥലം. മദ്വാക്യം—എന്റെ വചനം. അകരുണം—കൃപകൂടാതെ. ഇഹ—ഇവിടെ. കൃതാന്തൻ—യമൻ. രഘു....ളോട്—ശ്രീരാമനോട്. ഏവം ഊചേ—എന്നു പറഞ്ഞു.

പദ്യം 11. കാലൻ—യമൻ. ഇത്ഥം—ഇവ്വണ്ണം. അഥ—പിന്നെ. താം മന്ത്രശാലാം—ആ മന്ത്രശാലയെ. വിജനീകൃത്യ—ആരുമില്ലാതെയാക്കിത്തീർത്തിട്ട്. അഥോ—പിന്നെ. നിഷ്കളങ്കം—കന്മഷമില്ലാത്ത. ഭക്ത്യാ അവനമ്രം—ഭക്തികൊണ്ടു കനിഞ്ഞിരിക്കുന്ന. നിജസഹജം—തന്റെ സോദരനായ. ലക്ഷ്മണം ഗത്വാ—ലക്ഷ്മണനെ പ്രാപിച്ചു. മധ്യേമാർഗം—നടുവഴിയിൽ. നിയോഗിച്ചു—(ആരും വരാതെ കാത്തുകൊള്ളുവാൻ) ഇരുത്തീട്ട്. അഖിലം—എല്ലാം. ഉക്തവന്തം—പറഞ്ഞ (രാമനോട്). ലോകനാഥഃ—യമൻ. മധുരഗിരാ—മധുരമായ വാക്കോടുകൂടി. ബഭാഷേ—പറഞ്ഞു.

താൻ വിപ്രവേഷധാരിയായ സാക്ഷാത് യമനാണെന്നും, ശ്രീരാമനായി അവതരിച്ചതിന്റെ കാര്യമെല്ലാം ഫലിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ ഈ മനുഷ്യഭാവം വെടിഞ്ഞു പരമാനന്ദസാന്ദ്രമായ സ്വശരീരത്തെ സ്വീകരിക്കണമെന്നും, യമൻ വിഷ്ണുവിന്റെ അവതാരമാഹാത്മ്യങ്ങളെ വളരെ പുകഴ്ത്തിക്കൊണ്ട് ശ്രീരാമനോട് പറയുന്നതായി വർണ്ണിക്കുന്നു:

''[1]കേവംക്കേണം മാമകീനാം ഗിരമവനിപതേ!
ക്ലുരിതുട്ടൊക്കെ നീക്കി—
പ്പാക്കുഞ്ഞുല്ലാസമേകീടിന ഭുവനഗുരോ—
രാത്മജസ്തിഗ്മഭാനോഃ
സാക്ഷാലങ്ങന്ത്[2]കൻ ഞാൻ കമലഭവനിയോ—
ഗേന കാണ്മാനുപാന്തേ
ശ്ലാഘ്യാത്മാനം ഭവന്തം മനുകുലനവമാ—
ണിക്യമേ! പോന്നുവന്നേൻ. 12

വീര്യശ്രീതൻ കടാക്ഷഭ്രമരനവനവോ—
ദ്യാനമേ! നിന്നെയിന്നീ—
യാരാഞ്ഞുണ്ടോ ധരിച്ചു മലർമകളം മനസാ
പുണ്ണ്യമപ്പുണ്യഭ്രമാ,
പാരീരേഴിന്നുമുഞ്ചുടരുളിന രജനീ—
ചാരിണാം നിഗ്രഹാർത്ഥം
പൂരേ പോന്നുദ്ഭവിച്ചു ദശരഥസുതനായ്
മേദിനീചക്രവാളേ. 13

പദ്യം 12. അവനിപതേ—അല്ലയോ രാജൻ. മാമകീനാം ഗിരം—എന്റെ വചനത്തെ. ഉല്ലാസം—ചൈതന്യം. ഭുവനഗുരോഃ—ലോകത്തിനു സ്വാമിയായ. തിഗ്മഭാനോഃ—സൂര്യന്റെ. ആത്മജഃ—പുത്രനായ. കമ....ന—ബ്രഹ്മാവിന്റെ കല്പനയനുസരിച്ചു്. ശ്ലാഘ്യാത്മാനം ഭവന്തം—മഹാത്മാവായ അങ്ങയെ. ഉപാന്തേ—സമീപത്തിൽ. മനു....മേ—അല്ലയോ മനുകുലശ്രേഷ്ഠനായ രാമ.

പദ്യം 13. വീര്യ... നമേ—വീര്യലക്ഷ്മിയുടെ കടാക്ഷമാകുന്ന വണ്ടിനു വിഹരിക്കുവാനുള്ള പുത്തൻ തോട്ടമായുള്ളോവേ. മനസാ—മനസ്സുകൊണ്ടു്. പുണ്യഭ്രമാ—പുണ്യസമൃദ്ധി. രജ....ണാം—രാക്ഷസന്മാരുടെ. നിഗ്രഹാർത്ഥം—വധത്തിനായി. മേദി . . ളേ—ഭൂമണ്ഡലത്തിൽ.

1. കേവംക്കേണം മാമകീനാം ഗിരമവനിപതേ!
വാമെഴും വാരിജാനാ—
മക്ഷീണോല്ലാസമേകീടിന ഭുവനപതേ—
രാത്മജസ്തിഗ്മഭാനോഃ
2. ന്തകോഹം കു.

കൈലാസോദ്ധാരകേളീകലിതഭുജബലഃ
സൂദിതോ രാക്ഷസേന്ദ്രഃ
പൗലോമീപത്രലേഖാപ്രണയനപടുതാം
പ്രാപിതോ[1] ദേവരാജ്ഞഃ
ഉദ്യച്ചന്ദ്രാംശുരമ്യാ ദിവി ഭുവി ച[2] പരാ
സ്ഥാപിതാ കീർത്തിലക്ഷ്മീഃ
പുത്രൈരുദ്ദാമസത്ത്വൈരിദമപി ച കുലം
മണ്ഡിതം ചണ്ഡഭാനോഃ. 14

പണ്ഡാശ്രു വേദനിര കട്ട കവന്ന നേരേ
കൊണ്ടോടിനാനൊരു മഹാസുരനുഗ്രരൂപീ
ചണ്ഡേന മത്സ്യവപുഷാ കൊലചെയ്തു രക്ഷാ-
മുണ്ടാക്കിവച്ചതു മഹോ! തവ ലീലയല്ലോ. 15

കോലാഹലത്തൊടു സുരാസുരമഥ്യമാനേ
പാലാഴിതൻ പയസി താണൊരു മന്ദരാദ്രിം
സ്ഥൂലം ഭവിഷ്ണുകമഠാകൃതിപൂണ്ടു മമ്മാ!
ചേലോടയത്തതു മഹോ! തവ ലീലയല്ലോ. 16

പദ്യം 14. കൈലാ....ലഃ—കൈലാസപർവ്വതത്തെ ഉദ്ധരിച്ച ക്രീഡയാൽ അറിഞ്ഞ കൈയുക്കൊട്ടുകൂടിയ രാക്ഷസേന്ദ്രഃ—രാവണൻ. സൂദിതഃ—വധിക്കപ്പെട്ട. പൗലോ....താം—ശചീദേവിക്കു പത്തിക്കീറെഴുതുന്നതിൽ സാമർത്ഥ്യത്തെ. ദേവരാജ്ഞഃ—ദേവേന്ദ്രൻ. പ്രാപിതഃ—പ്രാപിച്ചു. ഉദ്യാ....മ്യാ—പൊങ്ങിവരുന്ന ചന്ദ്രകിരണങ്ങൾക്കൊപ്പം മനോഹരമായ. പര—ശ്രേഷ്ഠമായ. കീർത്തിലക്ഷ്മീഃ—കീർത്തിലക്ഷ്മി. ദിവി ഭുവി ച—ദ്യോവികലും ഭൂവികലും. സ്ഥാപിതാ—സ്ഥാപിക്കപ്പെട്ട. ചണ്ഡഭാനോഃ—സൂര്യന്റെ. ഇദം കുലം അപി ച—ഈ വംശവും. ഉദ്ദാ ...തൈഃ—ബലിഷ്ഠന്മാരായ. പുത്രൈഃ—പുത്രന്മാരാൽ. കുശൻ ലവൻ ചന്ദ്രകേതു മുതലായവരാൽ. മണ്ഡിതം—അലങ്കരിക്കപ്പെട്ടതായിരിക്കുന്നു.

പദ്യം 15. ആശു—വേഗത്തിൽ. വേദനിര—വേദസംഹിതകളെ. ഉഗ്രരൂപീ—ഭയങ്കരസ്വരൂപനായ മഹാസുരൻ. ചണ്ഡേന—ഉഗ്രമായ. മത്സ്യാവപുഷാ—മത്സ്യാകൃതിപൂണ്ടു. രക്ഷാം—രക്ഷയെ. ഭഗവാന്റെ മത്സ്യാവതാരമാണു പ്രകൃതപദ്യവിഷയം.

പദ്യം 16. കോലാഹലം—കളകളം. പയസി സുരാ....നേ—പാലാഴി ദേവന്മാരാലും അസുരന്മാരാലും മഥനം ചെയ്യപ്പെട്ടപ്പോൾ. മന്ദരാദ്രിം—മന്ദരമലയെ. സ്ഥൂലം....കൃതി—വലുതാകുന്ന ശീലമുള്ള ആമയുടെ സ്വരൂപം, അതായതു കൂർമാവതാരം.

---

1. തോ വാസവോയം. 2. ച ദ്വയം സ്ഥാ.

ക്ഷോണീം പുരാ പെരിയ പായ്തിരയാക്കി ദൈത്യൻ
താനാശു കട്ടൊരു ജലത്തിലൊളിച്ച കാലം
ചേണാന്ന കോലത കലന്നൊരു തേറകമ്പുക്കു—
മേലങ്ങെടുത്തതുമഹോ! തവ ലീലയല്ലോ. 17

ക്രൂരം ഹിരണ്യകശിപും നേജം ഹനിച്ചും—
ക്ഷുറൊത്തു തത്സുതനനുഗ്രഹമേകുവാനായ്
ഘോരം കൃപാസരളമദ്ഭുതനാരസിംഹ—
രൂപം ധരിച്ചതുമഹോ! തവ ലീലയല്ലോ. 18

പാലിച്ചു ലോകമൊരു മാബലി താനടക്കും—
കാലത്തു ബാലവടുവാമനമൂർത്തിധാരീ
മൂളെന്ന മൂവടിയളന്നു സുരാധിപന്നു
മേളംകൊടുത്തതുമഹോ തവ ലീലയല്ലോ. 19

കല്യോദയം പരശുരാമത പൂണ്ടു മേന്മേ—
ലുല്ലോലവെൺമഴുകൊണ്ടെഴുമന്നുവാരം
ചൊല്ലാന്ന വീരമുടിമന്നവരെക്കുമച്ച—
ങ്ങുല്ലാസമാന്നതുമഹോ! തവ ലീലയല്ലോ. 20

നേരേ ഗിരീശവരഗർവിതനായ് ത്രിലോകീം
പോരാടിവെന്നളവു രാവണനാവതെല്ലാം

പദ്യം 17. പുരാ—പണ്ട്. ദൈത്യൻ—അസുരൻ. ക്ഷോണീം—ഭൂമിയെ. ആശു—വേഗത്തിൽ. കോലത—വരാഹരൂപം (പന്നിയുടെ ആകൃതി). അതായതു വരാഹാവതാരം.

പദ്യം 18. ക്രൂരം—ഭയങ്കരനായ. ഹിര....പും നേജം—ഹിരണ്യകശിപു എന്ന അസുരനെ. ഹനിച്ചു്—കൊന്നിട്ടു്. തത്സുതനു്—അവന്റെ മകനു് (പ്രഹ്ളാദനു്). അനുഗ്രഹം—പ്രസാദം. ഘോരം—ഭയാനകവും. കൃപാസരളം—കൃപയാൽ മൃദുവും ആയ. അദ്ഭു....പം—അദ്ഭുതമായ നരസിംഹത്തിന്റെ ആകൃതിയെ. നരസിംഹാവതാരത്തെ.

പദ്യം 19. മാബലി—മഹാബലിചക്രവർത്തി. ലോകം—ലോകത്തെ. ബാലവ....രീ—ബാലനായ ബ്രഹ്മചാരിയെന്ന മട്ടിൽ മുണ്ടന്റെ ആകൃതിയെ ധരിച്ചവനായി. വാമനനായവതരിച്ചു. സുരാധിപൻ—ഇന്ദ്രൻ.

പദ്യം 20. കല്യോദയം—സാമർത്ഥ്യമുള്ള. പരശുരാമത—പരശുരാമന്റെ ഭാവം (ആകൃതി). അതായതു പരശുരാമാവതാരം. ഉല്ലോലം—മുകളിലോട്ടു് ഇളകുന്ന. എഴുമന്നുവാരം—ഇരുപത്തൊന്നു പ്രാവശ്യം. വീര....രെ—വീരന്മാരായ രാജാക്കന്മാരെ. ഉല്ലാസം—സന്തോഷം.

പദ്യം 21. ഗിരീ....നായ്—ശിവന്റെ വരത്താൽ അഹങ്കരിച്ചവനായി. ത്രിലോകീം—മൂന്നുലോകത്തെയും. അമും വീരം—ഈ വീരനെ. ദിന....ശേ—സൂര്യകുലത്തിൽ. സാംപ്രതം—ഇപ്പോൾ.

1. ഭീമം കൃപാ.

വീരം വധിപ്പതിനും ദിനനാഥവംശേ
ശ്രീരാമനായവതരിച്ചതു സാംപ്രതം നീ. 21

നാളിൽ പെരുത്ത ദനുജേന്ദ്രഭരേണ മേന്മേ-
ലാലസ്യമാന്ന ധരണീം കരുണാർദ്രചേതാഃ
പാലിപ്പതിന്ന വസുദേവഗൃഹേ പിറപ്പാം
കാലത്തിനക്കമലലോചന! സാഗ്രജോ നീ. 22

ഇന്നും പെരുത്ത കലിമൂർച്ഛന കൈവരും നാ-
ളൊന്നിച്ചു ദുഷ്ടരെ മുടിപ്പതിനദ്ഭുതാത്മാ
മിന്നുന്ന കല്ക്കിതനു പൂണ്ടൊരു വാളുമേന്തി-
സ്സന്നദ്ധനായ് കുതിരമേലെഴുനെള്ളുവോൻ നീ. 23

എല്ലാ നാളും ജഗദ്രക്ഷണകലവിയിൽ വൈ-
ദഗ്ധ്യമാർന്നാ! നിനക്കേ
നല്ല ചൊല്പാന്തലാവു, നവനവകരുണാ-
ശാലി നിന്നന്തരാത്മാ
ചൊല്ലീടാമല്ല പാത്താലയി തവ മഹിമാ
ചന്ദ്രചൂഡൻതനിക്കും
വല്ലാതേ ഞാൻ പറഞ്ഞാലതു വലിയ പരീ-
ഹാസ്യമല്ലോ നരാണാം. 24

എന്തൊന്നേ നാഥാ! ചെയ്വാഞ്ഞതു ശിവ ശിവ! നീ
മുന്നമെങ്ങൗക്കുവേണ്ടി-
ച്ചന്തം ചിന്തുന്ന പീനസ്തനഭരവിനമ-
ന്മോഹിനീവേഷധാരീ

പദ്യം 22. പെരുത്ത-വർദ്ധിച്ച. ദനു....ണ-രാക്ഷസഭാരത്താൽ. ആലസ്യമാന്ന-ക്ഷീണിച്ച. ധരണീം-ഭൂമിയെ. കരു....താഃ-കൃപ പൂണ്ട വനായി. പാലിപ്പതിന്നു-രക്ഷിക്കുന്നതിനു. (കൃഷ്ണാവതാരം) വസു.... ഹേ-വസുദേവന്റെ ഗൃഹത്തിൽ. സാഗ്രജഃ-ജ്യേഷ്ഠനോടുകൂടി. കമലലോ ചന-അല്ലയോ താമരക്കണ്ണ.

പദ്യം 23. കലിമൂർച്ഛന-കലിയുടെ കാഠിന്യം. അദ്ഭുതാത്മാ-അ തദ്ഭുതസ്വരൂപൻ. കല്ക്കിതനു-കല്ക്കിശരീരം. (കല്ക്ക്യവതാരം). സന്നദ്ധൻ-സജ്ജൻ.

പദ്യം 24. ജഗ....വി-ലോകരക്ഷണകൃത്യം. വൈദഗ്ധ്യം-മിടുക്കു. ആര്യാ-അല്ലയോ പൂജ്യ. അന്തരാത്മാ-ഹൃദയം. നവ....ലി-കരുണാവി ശേഷങ്ങളാൽ ശോഭിക്കുന്നതു. തവ-നിന്റെ. മഹിമാ-മാഹാത്മ്യം. ചന്ദ്രചൂഡൻ-ശിവൻ. നരാണാം-മനുഷ്യർക്കു. പരീഹാസ്യം-പരിഹാ സത്തിനു യോഗ്യം.

പദ്യം 25. നാഥ-സ്വാമിൻ. പീന.....രീ-തടിച്ച കുചങ്ങളാൽ നമ്രയായ മോഹിനിയുടെ വേഷം ധരിച്ചവനായി. മന്ദാ....ക്ഷം-ലജ്ജ

മന്ദാക്ഷാലംകൃതാക്ഷം പരിചിനൊടസുരാൻ
മോഹയന്നേകിനാൻ നീ
ബന്ധുത്വം പൂണ്ട ദിവ്യാമൃതമമരജന—
ത്തിന്നു വീതാശങ്കം. 25

അംഭോജോദ്ഭൂതി നാനാവിധവിബുധമനു—
ഷ്യാദിഭേദേന മമ്മാ!
നിർമ്മിച്ചീടുന്നിതോരോ പരിഷകളെ മിളത്—
പ്രാണിതോന്മേഷമെങ്ങും
വമ്പേറീടും നിലിമ്പപ്രഭു ഗിരിതനയാ—
കാന്തനിക്കണ്ടതെല്ലാ—
മെൻപോറീ! സംഹരിക്കുന്നതുമൊരു കരുണാ—
വൈഭവം താവകീനം. 26

സേവാലൗല്യേന പാർശ്വങ്ങളിലിരുപുറവും
നിന്നു കൈകൂപ്പുമോരോ
ഗീർവ്വാണസ്ത്രീമരമ്യേ നിജസദസി സുക—
മ്മാതിരേകോപഭോഗ്യേ
ഭാവോല്ലാസം കലന്നീടിന വിബുധവധൂ—
നൃത്തവും കണ്ടശങ്കം
ദേവേന്ദ്രൻ വാനിൽ വാഴുന്നതുമൊരു കരുണാ—
വൈഭവം താവകീനം. 27

കൊണ്ടു ഭ്രഷ്ടിതമായ നേത്രത്തോടുകൂടി. അസുരാൻ—അസുരന്മാരെ. മോഹയൻ—മോഹിപ്പിച്ചുകൊണ്ട്. അമരജനത്തിനു—ദേവന്മാർക്കു്. വീതാ....ങ്കം—ശങ്കകൂടാതെ. ബന്ധുത്വം—ബന്ധുഭാവം. ദിവ്യാമൃതം—ദിവ്യമായ അമൃതത്തെ.

പദ്യം 26. അംഭോ....തി—ബ്രഹ്മാവു്. നാനാ....ന—പലവിധത്തിലുള്ള ദേവമനുഷ്യാദിഭേദത്തിൽ.. പരിഷ—സംഘം മിള ...ഷം—ചൈതന്യത്തോടു ചേർത്തു് (ജീവിപ്പിക്കുന്നതും). നിലിമ്പപ്രഭു—ദേവപ്രഭു. ഗിരി....ന്തൻ—ശിവൻ. സംഹരിക്കുന്നതും—നശിപ്പിക്കുന്നതും. താവകീനം കരു....വം—അങ്ങയുടെ കൃപയുടെ മാഹാത്മ്യമാകുന്നു. ബ്രഹ്മാ, വിഷ്ണു, ശിവരൂപേണ സൃഷ്ടി, സ്ഥിതി, സംഹാരങ്ങളെ നടത്തുന്നതു നിന്റെ വൈഭവംതന്നെ എന്നർത്ഥം.

പദ്യം 27. സേവാ....ന—ശുശ്രൂഷയിലുള്ള താൽപര്യത്താൽ പാർശ്വം—വശം. ഗീർവാ....മ്യേ—ദേവസമൂഹത്താൽ മനോഹരമായ. സുക....ഗ്യേ—പുണ്യസഞ്ചയത്താൽ അനുഭവിക്കാൻ യോഗ്യമായ. നിജസദസി—തന്റെ സഭയിൽ. ഭാവോല്ലാസം—ഭാവങ്ങളുടെ വിലാസം. വിബു....ത്തവും—ദേവസ്ത്രീകളുടെ നടനവും. അശങ്കം—ശങ്കകൂടാതെ. വാനിൽ—സ്വർഗത്തിൽ.

ഇക്ഷോണീമേഷ ശേഷൻ നിജശിരസി[1] ധരി—
ക്കുന്നതും വഹ്നിദേവോf—
പ്യക്ഷീണം ദാഹശക്തിപ്രചുരിമ തടവീ—
ട്ടുന്നതും മേല്പ്പുമേലേ
ദിക്കെങ്ങും മാരി പെയ്യുന്നതുമഹിമകരൻ
നിത്യമീ വിശ്വമെല്ലാം
മുഖ്യാഭോഗം പുലർത്തുന്നതുമൊരു കരുണാ—
വൈഭവം താവകീനം. 28

മുഖ്യാത്മൻ! കേവലം കർമ്മാത്യയദശയിലസൗ
ഞാനമിജ്ജീവലോകം
മുഷ്ണോടന്നന്ന ദൂതൈരഖിലമപി ച സം—
ഗ്രാഹ്യ മോഹാഭിഭൂതം
അക്ഷീണം ധർമ്മമുഴംകൊണ്ടഥ നിജനിജദു—
ഷ്കർമ്മപുണ്യാന്ന[2]ക്ലേശം
ശിക്ഷാധർമ്മങ്ങളം ചേക്കുന്നതുമൊരു കരുണാ—
വൈഭവം താവകീനം. 29

സാക്ഷാലിങ്ങവതാരകാര്യമധുനാ
ലങ്കാഭടോന്മൂലനം
ഭാഗ്യാബ്ധേ! ഫലിതം കൃതാ ച മഹതീ
നിത്യാ പ്രതിഷ്ഠാ ദൃഢം

പദ്യം 28. ശേഷൻ—സർപ്പാധിപൻ. ഇക്ഷോണീം—ഈ ഭൂമിയെ. നിജശിരസി—തന്റെ ശിരസ്സിങ്കൽ. ധരിക്കുക—വഹിക്കുക. വഹ്നിദേവഃ അപി—അഗ്നിദേവനും. അക്ഷീണം—ക്ഷീണിക്കാതെ. ദാഹ....മ—ദഹിക്കുവാനുള്ള അധികശക്തിയെ. അഹിമകരൻ—സൂര്യൻ. വിശ്വം—ലോകം. മുഖ്യാഭോഗം—കവിഞ്ഞ വിസ്താരം.

പദ്യം 29. മുഖ്യാത്മൻ—അല്ലയോ ശ്രേഷ്ഠ. കർമാ... ശയിൽ—(പ്രാരബ്ധ)കർമാവസാനത്തിൽ. അസൗ ഞാനം—ഈ ഞാനം. മോഹാഭിഭൂതം—മോഹത്താൽ വ്യാപ്തമായ. ഇജ്ജീവലോകം—ഈ പ്രാണിലോകത്തെ. അഖിലം അപി ച—സകലത്തെയും. ദൂതൈഃ—ദൂതന്മാരെക്കൊണ്ട്. സംഗ്രാഹ്യ—സംഗ്രഹിച്ചിട്ട്. നിജ....ലം—അവരവരുടെ പാപപുണ്യങ്ങൾക്കനുസരണമായി. ശിക്ഷാധർമ്മങ്ങളം—ശിക്ഷാരൂപമായ ധർമങ്ങളം.

പദ്യം 30. അധുനാ—ഇപ്പോൾ സാക്ഷാത്—നേരിട്ട്. ലങ്കാ....നം—ലങ്കയിലെ ഭടന്മാരെ നശിപ്പിക്കുക എന്ന. അവതാരകാര്യം—(രാമനായി) അവതരിച്ചതിന്റെ കൃത്യം. ഭാഗ്യാബ്ധേ—അല്ലയോ ഭാഗ്യസമുദ്രമേ. ഫലിതം—ഫലിച്ചു. മഹതീ—വലുതായ. നിത്യാ—ശാശ്വതമായ. പ്രതിഷ്ഠാ ച—സ്ഥിതിയും. ദൃഢം കൃതാ—ബലമായി

1. സി വഹിക്ക. 2. നസാര. ശി.

സൗഖ്യം ചേത്ഥ പവിത്രിതം ച ഭുവനം
നിർമ്മായകീർത്തിശ്രിയാ
ശ്ലാഘ്യാ സന്തതികന്ദളീ ച നിഹിതാ
രക്ഷാർത്ഥമക്ഷ്വാനവയേ. 30

രക്ഷാശിക്ഷാനുഭാവം ത്രിജഗതി സുഖമേ
കല്പിതം ദുഷ്കൃതാനാം
നിഷ്കൃത്യൈ നിഷ്കളങ്കം വിഹിതമപി ച സത്കർമ്മജാതം വിശേഷാത്
അക്ഷീണാനന്ദസാന്ദ്രാം പ്രവിശ നിജതനും
പോരുമിമ്മർത്ത്യഭാവം
ലക്ഷ്മീജാനേ! ധരണ്യാം വസതിരപി വിഭോ!
വിശ്വസാധാരണോ നീ.'' 31

യമനും ശ്രീരാമനും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ദുർവാസാവു് രാമനെക്കാണാൻ വരുന്നതും, ലക്ഷ്മണൻ വണക്കത്തോടു ചെറു പൊരുപ്പാൻ ആവശ്യപ്പെട്ടതിൽ കുപിതനായ മുനി വംശമശേഷം നശിപ്പിക്കുമെന്നു ഭയപ്പെടുത്തുന്നതും, താൻ മരിച്ചാലും തരക്കേടില്ലെന്നു കരുതി ലക്ഷ്മണൻ ജ്യേഷ്ഠനോടു ചെന്നു ദുർവാസാവിന്റെ വരവിനെ അറിയിക്കുന്നതും, രാമൻ യമനെ പറഞ്ഞയച്ചിട്ടു മുനിയെ വേണ്ടപോലെ സത്കരിച്ചയയ്ക്കുന്നതും, പിന്നെ സമയഭംഗംചെയ്ത ലക്ഷ്മണന്റെ കാര്യമാലോചിക്കുന്നതും പ്രസ്താവിക്കുന്നു:

ഗദ്യം 1.

ഇത്ഥം യമനും രാമനുമോരോ
വൃത്താന്തങ്ങളെ ബദ്ധാമോദം
പറയുന്നേരത്തനവിതഗർവ്വോ

ചെയ്യപ്പെട്ട. നിർമാ....യാ—നിർമലമായ കീർത്തിലക്ഷ്മിയാൽ. ഭുവനം ച—ലോകവും. പവിത്രിതം—പരിശുദ്ധമാക്കപ്പെട്ട. രക്ഷാർത്ഥം—രക്ഷയ്ക്കായി. അക്ഷ്വാനവയേ—സൂര്യവംശത്തിൽ. ശ്ലാഘ്യാ—ശ്ലാഘയ്ക്കു യോഗ്യമായ. സന്തതികന്ദളീ ച—സന്താനപ്രരോഹവും. നിഹിതാ—നിക്ഷിപ്തമായിരിക്കുന്നു.

പദ്യം 31. ത്രിജഗതി—മൂന്നു ലോകത്തിലും. രക്ഷാ.....വം—രക്ഷയ്ക്കും ശിക്ഷയ്ക്കുമുള്ള വ്യവസ്ഥ. കല്പിതം—നിശ്ചയിക്കപ്പെട്ട. ദുഷ്കൃതാനാം—പാപികളുടെ. നിഷ്കൃത്യൈ—നാശത്തിനായി. നിഷ്കളങ്കം—കളങ്കം കൂടാതെ. സത്കർമജാതം അപി ച—പുണ്യകർമങ്ങളും. വിശേഷാത്—വിശേഷിച്ചു്. വിഹിതം—ചെയ്യപ്പെട്ട. മർത്ത്യഭാവം—മനുഷ്യനായിരിക്കുക എന്നുള്ളതു്. അക്ഷീ....ന്ദ്രാം—ആനന്ദമയമായ. നിജതനും—സ്വസ്വരൂപത്തെ (ശ്രീമന്നാരായണസ്വരൂപത്തെ). പ്രവിശ—പ്രവേശിച്ചാലും. ലക്ഷ്മീജാനേ—വിഷ്ണുവായുള്ളോവേ. ധരണ്യാം—ഭൂമിയിൽ. വസതിഃ അപി—വാസവും. വിശ്വസാധാരണഃ—ലോകസാമാന്യനാണു്.

ഗദ്യം 1. ഇത്ഥം—ഇവ്വണ്ണം. ബദ്ധാമോദം—സന്തോഷത്തോടു്. അനവിതഗർവഃ—അഹങ്കാരിയായി. അനു....മഹിമാ—നിസ്തുല്യമായ മാഹാ

ദുർവാസാ മുനിരനുപമമഹിമാ
സത്വരമന്നാം പോന്നെഴുന്നെള്ളീ
ഗുരുവചനം നിജശിരസാ കൈക്കൊ-
ണ്ടത്ര പുരത്തിൽ വരുന്ന ജനത്തെ
ദൂരേ നീക്കിദ്ധീരതയോടു വ-
സിച്ചീടുന്ന സുമിത്രാപുത്രൻ
ഗർവിതശീലം ശ്വേതനൃജം
ദുർവാസസമുടനരിയ കഴൽത്താ-
രിണകം വണങ്ങിച്ചെറു പൊറുപ്പാൻ
ഭക്ത്യാദരമൊടു പ്രാർത്ഥിച്ചളവിലു-
റക്കമുണർന്നൊരു സിംഹംപോലേ
പരിഭവമേറെറാരു സർപ്പംപോലേ
രാഹുവിമുക്തദിനേശൻപോലേ
ഭസ്മോന്മുക്തം കനൽനിരപോലെ
ഹവിഷാ വഹ്നി വിളങ്ങുംപോലേ
മുനിവരനച്ചോ! കോപഹുതാശന-
കനൽനിരപോലേ കണ്ണുമുരുട്ടിമി-
ഴിച്ചയി ലക്ഷ്മണ! നിന്നെയുമഗ്രജ-
നെയുമീ വംശമശേഷവുമൊക്കെ മു-
ടിച്ചീടുവനെന്നുദ്യോഗം പൂ-
ണ്ടളവിലസാവപി വംശമശേഷം
മുടികയിലേക്കാം ഞാൻ ചാകുത്രേ
നല്ലു നിണ്ണയമെന്നു നിനച്ച-
ങ്ങഗ്രജസവിധേ ചെന്നു വണങ്ങി-
തൊഴുതറിയിച്ചാനാത്മമനീഷീ.
''ദുർവാസാ മുനി നിന്തിരുവടിയെ-
ക്കാണ്മാനായ്ചൊണ്ടത്ര പുരദ്വാ-

രത്തോടുകൂടിയ. ദുർവാസാഃ മുനിഃ—ദുർവാസസ്സ് എന്ന മുനി. സത്വരം—വേഗമായി. ഗുരുവചനം—ജ്യേഷ്ഠന്റെ വാക്കിനെ. നിജശിരസാ—തന്റെ ശിരസ്സുകൊണ്ട്. അത്ര പുരത്തിൽ—മന്ത്രശാലയിൽ. ധീരത—ധൈര്യം. സുമി....ത്രൻ—ലക്ഷ്മണൻ. ഗർവിതശീലം—അഹങ്കാരസ്വഭാവനായ. ശ്വേതനൃജം ദുർവാസസം—ശിവപുത്രനായ ദുർവാസസ്സിനെ. ഭക്ത്യാദരമൊടു—ഭക്തിയോടും ആദരവോടും. പരിഭവം—തിരസ്കാരം. രാഹു....ശൻ—രാഹുവിൽനിന്നു മോചനം ലഭിച്ച സൂര്യൻ. ഭസ്മോന്മുക്തം—ചാമ്പൽ ഇല്ലാത്ത. ഹവിഷാ—ഹോമദ്രവ്യത്തിൽ. വഹ്നിഃ—അഗ്നി. മുനിവരൻ—മുനിശ്രേഷ്ഠൻ. കോപഹുതാശനൻ—കോപമാകുന്ന വഹ്നി. അഗ്രജൻ—ജ്യേഷ്ഠൻ. ഉദ്യോഗം പുണ്ടളവിൽ—ഒരുമ്പെട്ടപ്പോൾ. അസൗ അപി—ഇവനും. അഗ്രജസവിധേ—ജ്യേഷ്ഠന്റെ അടുക്കൽ. ആത്മമനീഷീ—സ്വബുദ്ധിയോടുകൂടി. അത്ര—ഇവിടെ. പുരദ്വാരം—പുരവാതിൽ. ഇക്ഷ്വാകുണാ• അധിപതി—ഇക്ഷ്വാ

രത്തിലതല്ല നിന്നരുളുന്നു.''
തത്ക്ഷണമീക്ഷ്വാകുണാമധിപതി
രാമശശാങ്കനുമാദിപിതാമഹ—
നാജ്ഞാപിക്കുന്നതിനനുവേലമ—
ധീനോഽസൗ ഞാനെന്നു പറഞ്ഞു കൃ—
താന്തമയച്ചു മുതിന്നു പുറപ്പെ—
ട്ടാശ്രു തപോധനമർഘ്യാദികളെ—
ക്കൊണ്ടു യഥാവത് സമ്മാനിച്ചിതു.
മുനിവരനൻപൊട്ടു പോയ ദശായാം
വിരവൊട്ടു രഘുവരനാസ്ഥാനേ പു—
ക്കനുജന്മാരുമമാത്യന്മാരും
മുനിനിവഹങ്ങളുമൊക്കെക്കൂടെ—
ക്കാര്യനിരൂപണകലവി തുടങ്ങീ.

തദാ വസിഷ്ഠപ്രമുഖൈർമുനീന്ദ്രൈ—
രുദാരശീലൈഃ പ്രവിചാര്യ കാര്യം
നിതാന്തമോദേന മുഖേന രാമ—
സ്തതോഽനുജം ലക്ഷ്മണമാബഭാഷേ. 32

ലക്ഷ്മണനെ ത്യജിച്ചുകൊണ്ടുള്ള ശ്രീരാമവചനം:

''എന്നേ കഷ്ടം! വിധാത്രാ വിഹിതമൊരുവനും
മാറ്റുവാൻ മേല[1] പാത്താൽ,
മുന്നേ പോയീടിനാനും മത്പ്രണയിനിയുമു
മാമുപേക്ഷിച്ചുകാണ്ടു;

കുവംശത്തിലെ നായകൻ. രാമശശാങ്കൻ—രാമചന്ദ്രൻ. ആദിപിതാമഹൻ—ആദ്യത്തെ ബ്രഹ്മാവു്. ആജ്ഞാപിക്കുന്നതു്—കല്പിക്കുന്നതു്. അനുവേലം—ദിവസം. അസൗ അധീനഃ—ഇവൻ വശപ്പെട്ടവൻ. കൃതാന്തം—യമനെ. ആശു—വേഗത്തിൽ. തപോധനം—മുനിയെ. അർഘ്യാദി—പൂജോദകാദി. യഥാവത്—വേണ്ടപോലെ. സമ്മാനിച്ചിതു്—സത്കരിച്ചു. പോയ ദശായാം—പോയപ്പോഴും. രഘുവരൻ—ശ്രീരാമൻ. ആസ്ഥാനേ—മന്ത്രിസഭയിൽ. അമാത്യൻ—മന്ത്രി. മുനിനിവഹം—മുനികളുടെ കൂട്ടം. കാര്യം....വി—(ലക്ഷ്മണനെസ്സംബന്ധിച്ച) കാര്യങ്ങളും നിശ്ചയിക്കേണ്ടതിലേക്കുള്ള ആലോചന.

പദ്യം 32. തദാ—അപ്പോഴും. ഉദാ....ലൈഃ—ഉദാരസ്വഭാവന്മാരായ. വസി....ലൈഃ—വസിഷ്ഠൻ തുടങ്ങിയുള്ള. മുനീന്ദ്രൈഃ—മുനിശ്രേഷ്ഠന്മാരോടു്. കാര്യം—കൃത്യം. പ്രവിചാര്യ—ആലോചിച്ചിട്ടു്. നിതാ....നമുഖേന—മുഖപ്രസാദത്തോടുകൂടി. രാമഃ—രാമൻ. തതഃ—പിന്നെ. അനുജം ലക്ഷ്മണം—അനുജനായ ലക്ഷ്മണനോടു്. ആബഭാഷേ—പറഞ്ഞു.

പദ്യം 33. വിധാത്രാ വിഹിതം—വിധിവിഹിതം. മത്പ്രണയിനി

1. ലഭ്യനം മുന്നേ.

ഇന്നിപ്പോഴം നിന്നെയും ഞാൻ കളവതിനു തുനി-
ഞ്ഞീടിനേനല്ലയാഞ്ഞാ—
ലെന്നപ്പാ! ധർമ്മജാതം മുടിയുമിഹ മഹീ—
മണ്ഡലേ കാൺ മഹാത്മൻ! 33

സത്യപ്രതിജ്ഞകളിൽനിന്നു വഴുക്കിനിന്നാ—
ലെത്രയും നമുക്കു നരകം പുനരൊക്കുമല്ലീ;
ത്യക്തോ/സി നീയുമതുകൊണ്ടു മുതിർന്നു നമ്മാ—
ലിത്യാഗവും വധവുമോർക്കിലഭേദമല്ലോ.'' 34

രാമനാൽ ത്യക്തനായ ലക്ഷ്മണൻ വടക്കു നോക്കി യാത്രയായി സരയൂതീരത്തെ പ്രാപിച്ചു് അവിടെനിന്നും വിമാനമാർഗ്ഗം ദേവലോകത്തിലേക്കു പോകുകയും, രാമനും ഉടൻ ലോകപരിത്യക്തനായി രാജ്യം പുത്രന്മാരെ ഏൽപ്പിച്ചിട്ടു ഭരതശത്രുഘ്നസഹിതനായി വടക്കു നോക്കി യാത്രയാവുകയും ചെയ്തു:

ഗദ്യം 2.

(ദണ്ഡകം)

തദനു ദശരഥാത്മജോ ലക്ഷ്മണസ്തത്ക്ഷണം വ്യഗ്രവും കൈവെടിഞ്ഞുഗ്രവൈരാഗ്യനായ് നിർഗ്ഗമത്തിന്നൊരുമ്പെട്ട—നേരം മുതിർന്നഗ്രജൻ ചേവടിത്താരിലൊന്നഞ്ജസാ ക്ലുപ്തി വാ—സ്തോറുമാത്മാലയശ്രീവിലാസങ്ങളെത്തന്നെയും നിന്ദയാ സ—ന്ത്യജിച്ചുത്തരാൻ ദിഗ്വിഭാഗാൻ കറിക്കൊണ്ടു മെല്ലേ നടന്നീ—ടിനാൻ പിന്നെ മമ്മാ! സമുന്മീലദംഭോരുഹാളീപരാഗങ്ങളാ—മെത്തീടു മുത്തുംഗവീചീചയൈർ വാലുകൈഃ ക്ഷാളിതേ മേ—ളമാളം സരയ്വാസ്തടേ ചെന്നിരുന്നമ്മനക്കാമ്പിലമ്പോടു—പഞ്ചേന്ദ്രിയാണാം ലയം കൈവളർത്തിത്തെളിഞ്ഞദ്വിതീയാ—

—എന്റെ പ്രേയസി. അമും മാം—ഈ എന്നെ. അകാണ്ഡേ—അനവസരത്തിൽ. ധർമജാതം—ധർമമെല്ലാം. ഇഹ മഹീമണ്ഡലേ—ഈ ഭൂമണ്ഡലത്തിൽ.

പദ്യം 34. ത്യക്തഃ അസി-നീ ത്യജിക്കപ്പെട്ടവനായിരിക്കുന്നു. അഭേദം—ഭേദരഹിതം.

ഗദ്യം 2. (ദണ്ഡകം) തദനു—അനന്തരം. ദശ....ജഃ ലക്ഷ്മണഃ—ദശരഥപുത്രനായ ലക്ഷ്മണൻ. തത്ക്ഷണം—ഉടൻ. വ്യഗ്രവും—താത്പര്യവും. ഉഗ്ര....നായ്—തീവ്രമായ വിരക്തിയോടുകൂടിയവനായി. നിർഗ്ഗമത്തിനു്—പോകുന്നതിനു്. അഞ്ജസാ—വേഗത്തിൽ. ആത്മ....സങ്ങളാ—തന്റെ ഗൃഹത്തിലെ ഐശ്വര്യസമൃദ്ധി. നിന്ദയാ—(നശ്വരമെന്ന) നിന്ദയോടുകൂടി. സന്ത്യജിച്ചു—കളഞ്ഞു. ഉത്തരാൻ ദിഗ്വിഭാഗാൻ—വടക്കേ ദിക്പ്രദേശങ്ങളെ. സമു .. ഗങ്ങളാ—വിടർന്ന താമരപ്പൂമ്പൊടികളാ. ഉത്തു .....യൈഃ—പൊങ്ങിയ തിരമാലകളോടുകൂടിയ. വാലുകൈഃ—മണലുകളാൽ. ക്ഷാളിതേ—കഴുകപ്പെട്ട. സരയ്വാഃ തടേ—സരയൂനദിയുടെ തീരത്തിൽ. പഞ്ചേന്ദ്രിയാണാം ലയം—ചെവി കണ്ണു് മുത

നന്ദപീയൂഷ വാരാനിധൗ മുങ്ങി മെല്ലെഴന്നേറിരുന്നോരു-
നേരം മുദാ വാസവഃ സാവധാനം മണം ചേർന്നലാവുന്ന പുത്തൻ
വിമാനം സമാനീയ രാമാനുജം ലക്ഷ്മണം വാനിലേനം സമാ-
നീതവാൻ. രാമനും പോരുമിമ്മേദിനീപാലനം ലക്ഷ്മണൻ
പോയ ദിക്കിന്നു പോകേ നമുക്കിന്നി നല്ല മുതിന്നെന്നു കല്പിച്ചു
പുത്രം കുശാഖ്യം കുശാവത്യഭിഖ്യേ പുരേ വാഴിച്ചുടൻ
ശ്രാവതീം രാജധാനീം ലവന്നും കൊടുത്തമ്പെഴും കേകയീ-
സുനുശത്രുഘ്നസംയുക്തനായ് മെല്ലെ മെല്ലന്നെഴുന്നെള്ളിനാൻ.

അയോദ്ധ്യയിലെ ജനങ്ങൾ ശ്രീരാമനെ പിന്തുടരുന്നു:

കാലേ തസ്മിൻ വലോന്മർദനവരനഗരീ-
മൊന്നു തോല്പിച്ചകാണ്ഡേ
മേളം മേവുന്നയോദ്ധ്യാനഗരിയിൽ മരുവീ-
ടുന്ന നാനാജനൗഘാഃ,
ബാലന്മാർ നാരിമാരും തരുണരുമതുപോൽ
വൃദ്ധരും ബദ്ധഭാവം
മേലേ മേലേ പുറപ്പെട്ടഴകൊടനുയയുഃ
സാനുജം രാമചന്ദ്രം 35

എല്ലായിലും പുനരിതോർക്കിലതീവ ചിത്ര-
മുല്ലാസമാന്ന മനുപുംഗവരാജധാന്യാം
ചൊല്ലാവതല്ലണിഗൃഹങ്ങളൊഴിഞ്ഞതെല്ലാം
മെല്ലേ മുതിന്നനുജഗാമ രമാസഹായം. 36

ലായ അഞ്ചിന്ദ്രിയങ്ങളും (ശബ്ദരൂപാദികളിൽ പ്രവൃത്തിയില്ലാതെ. അകത്തെ ഇന്ദ്രിയത്തിൽ അതായതു മനസ്സിൽ) ലയത്തെ-അടങ്ങലിനെ. അദ്വി....ധൗ-ഒരേ ആനന്ദമയമായ അമൃതസമുദ്രത്തിൽ. മുദാ-സന്തോഷത്താൽ. വാസവഃ-ഇന്ദ്രൻ. സാവധാനം-പതുക്കെ. വിമാനം സമാനീയ-വിമാനത്തെക്കൊണ്ടുവന്നു. ഏനം രാമാനുജം ലക്ഷ്മണം-ഈ രാമാനുജനായ ലക്ഷ്മണനെ. വാനിൽ സമാനീതവാൻ-ദേവലോകത്തിൽ കൊണ്ടുപോയി. മേദിനീപാലനം-ഭൂമിയെ രക്ഷിക്കുന്ന കൃത്യം. കുശാഖ്യം പുത്രം-കുശൻ എന്ന മകനെ. കുശാവത്യഭിഖ്യേ-കുശാവതി എന്ന. പുരേ-പുരത്തിൽ. രാജധാനീം ശ്രാവതീം-തലസ്ഥാനനഗരമായ ശ്രാവതിയെ. കേക....നായ്-ഭരതശത്രുഘ്നന്മാരോടുകൂടി.

പദ്യം 35. തസ്മിൻ കാലേ-അക്കാലത്തിൽ. വലോ...രീം-ദേവലോകത്തെ. അകാണ്ഡേ-അസമയത്തിൽ. നാനാ...ഘഃ-പല വിധം ആളുകളുടെ കൂട്ടങ്ങൾ. തരുണരും-യുവാക്കളും. ബദ്ധഭാവം-താത്പര്യത്തോടുകൂടി. സാനുജം-അനുജന്മാരോടുകൂടിയ. രാമചന്ദ്രം-രാമചന്ദ്രനെ. അനുയയുഃ-പിന്തുടർന്നു.

പദ്യം 36. പുനഃ-ആകട്ടെ. അതീവ ചിത്രം-വളരെ അദ്ഭുതം. മനു...ന്യാം-അയോദ്ധ്യയിൽ. രമാസഹായം-രാമനെ. അനുജഗാമ-പിൻതുടർന്നു.

രാമന്റെ വാർത്തയറിഞ്ഞ സുഗ്രീവൻ അംഗദനെ കിഷ്കിന്ധയിൽ രാജാവായി അഭിഷേകം ചെയ്തിട്ട് വാനരവീരന്മാരോടുകൂടി കിഷ്കിന്ധയിൽനിന്നു പുറപ്പെട്ടുവന്ന ശ്രീരാമനെ പിന്തുടരുന്നു:

സുഗ്രീവോ രാമവാർത്താമഴകിനൊടു സമാ-
കർണ്ണ്യ ധന്യാഗ്രയായീ
കിഷ്കിന്ധായാം നഗര്യാം തെളിവിനൊടഭിഷി-
ച്യാംഗദം തുംഗശോഭം
ചൊല്ലിച്ചൊള്ളം വാനരേന്ദ്രൈഃ സമമഥ ഹനുമ-
ജ്ജാംബവദ്ഭ്യാമൊരുമ്പെ-
ട്ടക്ഷീണാനന്ദശാലീ സപദി നിജപുരാത്
സംപ്രതസ്ഥേ മഹാത്മാ. 37

കാടതോറുമുടനേ കതിച്ചുമഭിരാമ-
രാമചരിതോത്കരം
പാടിയാടി വടിവിൽ പുളച്ചുമിടചേർന്ന
വാനരഗണൈഃ സമം
പ്രൗഢഭക്തിയൊടുപേത്യ കാൽത്തളിർ വണങ്ങി-
നോരളവു രാമനാ-
ലൂഢഹാസവചനാദുതോഽയമനുജഗ്മി-
വാൻ മനുജനായകം. 38

വിഭീഷണനും രാക്ഷസഗണങ്ങളോടുകൂടി വന്ന് ശ്രീരാമനെ വണങ്ങുന്നു:

രാമചന്ദ്രഗമനപ്രസംഗമുപകർണ്ണ്യ
രാക്ഷസഗണൈഃ സമം
പ്രേമവാസ്സൊടു വിഭീഷണൻ വിരവിൽ വന്ന
ഭീഷണഗഭീരധീഃ

പദ്യം 37. ധന്യാഗ്രയായീ—കൃതകൃത്യന്മാരിൽ മുമ്പനായ സുഗ്രീവഃ—സുഗ്രീവൻ രാമവാർത്താം—രാമന്റെ വൃത്താന്തത്തെ. ആകർണ്യ—കേട്ടിട്ട്. കിഷ്കിന്ധായാം നഗര്യാം—കിഷ്കിന്ധാനഗരത്തിൽ. തുംഗശോഭം—വളരെ ശോഭിക്കുന്ന. അംഗദം അഭിഷിച്യ—അംഗദനെ അഭിഷേകം ചെയ്തിട്ട്. അഥ—പിന്നെ. വാനരേന്ദ്രൈഃ സമം—വാനരേന്ദ്രന്മാരോടുകൂടി. ഹനു...ദ്ഭ്യാം—ഹനുമാൻ ജാംബവാൻ എന്നിവരോടും. അക്ഷീ...ലീ—വളരെ സന്തുഷ്ടനായി. സപദി—ഉടൻ. നിജപുരാത്—തന്റെ നഗരത്തിൽ നിന്നും. സംപ്രതസ്ഥേ—പുറപ്പെട്ടു.

പദ്യം 38. അഭി...രം—മനോഹരങ്ങളായ ശ്രീരാമന്റെ ചരിതങ്ങളെ. വാനരഗണൈഃ സമം—വാനരക്കൂട്ടങ്ങളോടുകൂടി. പ്രൗഢഭക്തി—വളർന്ന ഭക്തി. ഉപേത്യ—ചെന്നിട്ട്. ഊഢ...ദുതഃ—ഹാസത്തോടുകൂടിയ വാക്കിനാൽ സത്കരിക്കപ്പെട്ടവനായി. മനുനായകം—ശ്രീരാമനെ. അയം അനുജഗ്മിവാൻ—ഇവൻ അനുഗമിച്ചു.

പദ്യം 39. രാമ...ഗം—രാമചന്ദ്രന്റെ ഗമനവാർത്തയെ. ഉപകർണ്യ—കേട്ടിട്ട്. രാക്ഷസഗണൈഃ സമം—രാക്ഷസക്കൂട്ടങ്ങളോടുകൂടി. ഭീഷ

സ്വാമിനാ മൃദുലഹാസഭാസുരകൃപാവ—
ലോകപരിലാളിതഃ
ശ്രീമദംഘ്രികമലങ്ങളിൽ കനിവൊടാന—
നാമ കമലാപതേഃ. 39

ശ്രീരാമന്റെ യാത്രനിമിത്തമുണ്ടായ ജനങ്ങളുടെ അവസ്ഥയേയും കരുണപ്രലാപങ്ങളെയും വർണ്ണിക്കുന്നു:

വാഴ്ത്താവതല്ല ശിവനേ! ഭുവനൈകഭർത്തുർ—
യാത്രോദ്യമേ സമമനുവ്രജതാം ജനാനാം
ചീത്തോരു ഖേദഭരഗദ്ഗദനവർണ്ണാ
മാത്രാധികാഃ സമഭവൻ കരുണപ്രലാപാഃ. 40

ഗദ്യം 3:

ഹരഹര ശിവ ശിവ! മനുകുലനായക—
നിർഗ്രമദശയിൽ നിരർഗ്ഗളഖേദം
കൈക്കൊണ്ടുദിതൈരവിരതരുദിതൈ—
രുച്ചൂനേക്ഷണമുംച്ചൂടാന്നൊരു—
നാഗരജാനപദാദിജനങ്ങളി—
താബാലവയോധികരൊരുമിച്ചു സ
സംഭ്രമമപ്പൊഴ പിമ്പേ കൂടി—
ക്കൊണ്ടിട്ടയ്യോ! പാപം നാഥ ര—
ഘൂദ്വഹ! ശരണാപേതാൻ കരുണാ—
വിഷയാനെങ്ങളെ വിരവിവുപേക്ഷി—
ച്ചെങ്ങോരു ദിക്കിലെഴുന്നള്ളുന്നു?

ണഗഭീരധീഃ—ഭയങ്കരവും ഗഭീരവും ആയ ബുദ്ധിയോടുകൂടിയ സ്വാമിനാ—സ്വാമിയായ രാമനാൽ. മൃദു....തഃ—മന്ദഹാസം കൃപയോടുകൂടിയ നോട്ടം ഇവയാൽ ലാളിക്കപ്പെട്ടവനായി. കമലാപതേഃ—ശ്രീരാമന്റെ. ശ്രീമ.... ളിൽ—ശ്രീമത്തുകളായ കാൽത്താമരകളിൽ. ആനനാമ—വണങ്ങി.

പദ്യം 40. ഭുവനൈകഭർത്തുഃ—ലോകനാഥന്റെ. യാത്രോദ്യമേ—യാത്രയ്ക്കുള്ള പരിശ്രമത്തിൽ. സമം അനുവ്രജതാം ജനാനാം—കൂടെപ്പിന്തുടരുന്ന ജനങ്ങളുടെ. ഖേദ....ർണ്ണാഃ—അധികദുഃഖത്താൽ ഇടറിയ അക്ഷരങ്ങളോടുകൂടിയ. കരുണപ്രലാപാഃ—കരുണമായ പരിദേവനങ്ങൾ. മാത്രാധികാഃ സമഭവൻ—അധികമായിഭവിച്ചു.

ഗദ്യം 3. നിർഗമദശയിൽ—നിർഗമിക്കുമ്പോൾ. നിരർഗ്ഗളഖേദം—വളരെ ദുഃഖം. ഉദിതൈഃ—ഉണ്ടായ. അവി....തൈഃ—ഇടവിടാതുള്ള രോദനങ്ങളാൽ. ഉച്ചൂനേക്ഷണം—വീർത്ത കണ്ണുകളോടുകൂടി. നാഗര .. ങ്ങം—നഗരത്തിലെയും ഗ്രാമത്തിലെയും ജനങ്ങൾ. ആബാ .. കർ—ബാലന്മാർ തുടങ്ങി വൃദ്ധന്മാർവരെ. സസംഭ്രമം—പരിഭ്രമത്തോടുകൂടി. രഘൂദ്വഹ—രഘുനായക. ശരണാപേതാൻ—ശരണമറ. കരുണാവിഷയാൻ—കൃപയ്ക്കുപാത്രമായ. വസതി—വാസം. കല്യാണലയ—മംഗളത്തിനിരിപ്പിടമേ.

നിന്തിരുവടിയൊട്ടു കൂടെത്തന്നേ
വസതി നമുക്കിഹ വല്പേടത്തും
കല്യാണാലയ! പാലയ മറ്റി—
ല്ലാരും ഞങ്ങൾക്കുടയോരാരി[3]നി?
നാഥ! നിരാകൃതസങ്കടമസ്മാ—
നനിശം കാത്തീടുന്നതുമാരിനി
നാഥ! മനോരഥജാതം താനേ
സകലമറിഞ്ഞരുളുന്നതുമാരിനി?
നാഥ! സമസ്തജനങ്ങളിലനുക—
മ്പാർദ്രത തേടീടുന്നതുമാരിനി?
ഞങ്ങൾക്കുണ്ടോകുന്നതു രമ്യാ—
ഭൃഷ്ടപ്രകൃതിരിവണ്ണം പലതര—
മേവം ദുഃഖപരിക്ഷതകണ്ഠം
പറയുന്നേരം ദശഗളകുഞ്ജര—
പഞ്ചാനനവരനഖിലജഗത്പതി
രാമശശാങ്കൻ ഗുരുതരകരുണാ—
വാരിധിതിരകളിലോളം തല്പി—
ച്ചെറ്റു കളിക്കും തരളനിരീക്ഷണ—
ഭംഗികൾകൊണ്ടും മൃദുഹാസാമൃത—
ശീതളമധുരൈരുളപ്പാട്ടുകൾ—
കൊണ്ടുമമീഷാം കരളിൽ പാടേ
മുഹുരാശ്വാസം ചെറ്റു വളർത്തു ത—
ളർത്തു വിഷാദം പ്രസ്മരകാന്തിവി—
ജൃംഭിതമാമൊരു വൈഷ്ണവതേജഃ—
കന്ദളിയെന്നും നവകാളിന്ദീ—
നീരിലശേഷം ത്രിഭുവനമുച്ചൈ—

പാലയ—രക്ഷിച്ചാലും. നിരാകൃതസങ്കടം—സങ്കടം തീരത്തക്കവണ്ണം. അസ്മാൻ—ഞങ്ങളെ. അനിശം—എപ്പോഴും. മനോ .. തം—മനോരഥങ്ങൾ. അനു ....ത—കൃപയാലുള്ള അലിവു്. രമ്യാ... തിഃ—രമ്യവും എതിർക്കപ്പെടാത്തതുമായ പ്രകൃതി. ഏവം—ഇങ്ങനെ. ദുഃഖ .. കണ്ഠം—ദുഃഖത്താൽ ഇടറിയ തൊണ്ടയോടുകൂടി. ദശ .. രൻ—രാവണനാകുന്ന ആനയ്ക്കു സിംഹമായ ഗുരു....ധി—കാരുണ്യപൂരം. തരളനിരീക്ഷണം—ചഞ്ചലമായ നോട്ടം. മൃദു....രൈഃ—മന്ദഹാസാമൃതത്തിന്റെ ശൈത്യമാധുര്യങ്ങളോടുകൂടിയ. അമീഷാം—ഇവരുടെ. മുഹുഃ—കൂടെക്കൂടെ. ആശ്വാസം—നിർവൃതി. പ്രസ്മ....തം —വ്യാപിക്കുന്ന കാന്തിയുടെ വിലാസത്തോടുകൂടിയ. വൈഷ്ണ .....ളി—വിഷ്ണുവിനെ സംബന്ധിച്ച തേജസ്സിന്റെ അംശം. നവ....നീർ—പുതിയ യമുനാജലം.

1. ണാകര പാ. 2. യ വേറില്ലാ. 3. രിഹ നാ.

രാറാടിച്ചെഴനള്ളിന നേരം
വിശ്വാമിത്രവസിഷ്ഠപുലസ്ത്യ—
പ്രഭൃതിമുനീന്ദ്രന്മാരൊട്ട കൂടെ
പ്രൗഢത തേടിന വേദം നാലും
പ്രണവവുമുടനേ ഗായത്രിയുമ—
ങ്ങായുധജാലവുമാത്താനന്ദം
മൂത്താ ഭ്രത്വാ നിഖിലേശം തം
ദേവം തേജോനിലയമുപാന്തേ
സേവന്തേ സ്മ സമേത്യ സമം തേ.

ശ്രീരാമൻ ദശരഥപുത്രൻ എന്ന നിലയെ വെടിഞ്ഞു സരയൂനദിയെ പ്രാപിക്കുന്നു:

ഹാരം ഹാരം ദശരഥസുത—
ത്വാഭിമാനാന്ധകാരം
സ്മാരം സ്മാരം ഭുവനമഹിതം
വൈഷ്ണവം സ്വം[1] പ്രഭാവം
ക്ഷാളം ക്ഷാളം ഹസിതസുധയാ
സന്നതാൻ ഭക്തേ[2]ലോകാൻ
ശ്രാവം ശ്രാവം സുരമുനിനുതീ—
രാപഗാമാപ രാമഃ. 41

ജലം. അശേഷം ത്രിഭുവനം—മുന്നു ലോകവുമെല്ലാം. പ്രഭൃതിമുനീന്ദ്രന്മാർ—തുടങ്ങിയുള്ള മുനിശ്രേഷ്ഠന്മാർ. പ്രൗഢത—ഗാംഭീര്യം. വേദം നാലും—ഋക്കു്, യജുസ്സു്, സാമം, അഥർവം എന്നീ നാലു വേദവും. പ്രണവം—ഓങ്കാരം. ഗായത്രി—സവിതൃദേവതയെ ഉദ്ദേശിച്ചുള്ള മന്ത്രവിശേഷം. ജാലം—സമൂഹം. ആത്താനന്ദം—ആനന്ദത്തോടുകൂടി. തേ—അവർ. മൂത്താഃ ഭ്രത്വാ—മൂത്തിയോടുകൂടിയവരായി ഭവിച്ചിട്ടു്. തേജോനിലയം—തേജോനിധിയായ. നിഖിലേശം—സർവേശ്വരനായ. തം ദേവം—ആ ദേവനെ. ഉപാന്തേ സമേത്യ—അടുത്തു പ്രാപിച്ചിട്ടു്. സമം—ഒന്നിച്ചു്. സേവന്തേ സ്മ—ശുശ്രൂഷിച്ചു.

പദ്യം 41. ദശ....രം—ദശരഥന്റെ പുത്രൻ എന്ന അഭിമാനമാകുന്ന അന്ധകാരത്തെ. ഹാരം ഹാരം—നീക്കിനീക്കിയും. (ണമുലന്തരൂപം). ഭുവ ...തം—ലോകപ്രശസ്തമായ സ്വം വൈഷ്ണവം പ്രഭാവം—തന്റെ വൈഷ്ണവമായ മാഹാത്മ്യത്തെ. സ്മാരം സ്മാരം—ഓർത്തോർത്തും. സന്നതാൻ—വണങ്ങിയ. ഭക്തലോകാൻ—ഭക്തന്മാരെ. ഹസി...യാ—ഹാസമാകുന്നഅമൃതത്താൽ. ക്ഷാളം ക്ഷാളം—കഴുകിക്കഴുകിയും. സുര....തീഃ—ദേവർഷിമാരുടെ സ്തോത്രങ്ങളെ. ശ്രാവം ശ്രാവം—കേട്ടുകേട്ടും. രാമഃ—രാമൻ. ആപഗാം ആപ—നദിയെ പ്രാപിച്ചു.

1. സ്വപ്ര. 2. ക്തവത്സ്ഥാൻ ശ്രാ.

ഒക്കത്തിക്കിത്തിരക്കിക്കലിത് കളകളം
കൂടെ മേവുന്ന നാനാ— ·
രവോടല്ലുകമല്ലെ, രഖിലവസുമതീ—
വാസിഭിർവിശ്വലോകൈഃ,
ഉത്ക്രുലോല്ലാസിതേജസ്സ്തതിഭിരതിതരാം
ദീപ്യമാനസ്തദാനീ—
മിക്ഷ്വാകുണാം മുടിപ്പുണ്ഡ്രഴകൊട്ട സരയൂം
പ്രാപ യോഗീന്ദ്രസേവ്യാം. 42

ശ്രീരാമനെ താൻ ശ്രീമന്നാരായണൻ ആണെന്നുള്ള ചിന്തയുണ്ടാകുന്നു:

വാനോർപാളീവിമാനാവലി നഭസി വലം
വയ്ക്കുവേ, യോഗിവൃന്ദം
ധ്യാനം കൈക്കൊള്ളുവേ, നാഗരികതതികളം വാ—
ഴ്ത്തീടവേ, നിസ്സലാത്മാ
സാനന്ദം വിശ്വരൂപപ്രകടനനടനോ-
ദ്യോഗി നാരായണൻ ഞാൻ—
താനെന്നുന്നിച്ചു സൂര്യാന്വയമണി സരയൂ—
തീരഭൂമൗ വിരേജേ. 43

ജ്ഞാനത്രെ വിശ്വമെന്നും നിഗമഫണിതിനി—
ര്യാസമാം വിശ്വസാക്ഷീ
ജ്ഞാനത്രെ ന്യൂനമെന്നും ത്രിദശതതികളെ—
ന്നംശലേശങ്ങളെന്നും

പദ്യം 42. കലി... ളം—കോലാഹലത്തോടുകൂടി. നാനാ....ല്ലൈഃ—പലവിധത്തിലുള്ള രാക്ഷസവാനരയോദ്ധാക്കളോടുകൂടി. അഖി....ഭിഃ വിശ്വലോകൈഃ—ഭൂലോകത്തിലെല്ലാം വസിക്കുന്ന സ്വസ്വജനങ്ങളോടും കൂടി. ഉത്ക്ര .. ഭിഃ—അതിരുകവിഞ്ഞുള്ള കാന്തിസമൂഹങ്ങളാൽ. അതിതരാം ദീപ്യമാനഃ—വളരെ പ്രകാശിക്കുന്നവനായി. തദാനീം—അപ്പോൾ. ഇക്ഷ്വാകുണാം—ഇക്ഷ്വാകുവംശ്യരുടെ. യോഗീ....വ്യാം—യോഗിശ്രേഷ്ഠന്മാരാൽ സേവ്യയായ. സരയൂം പ്രാപ—സരയൂനദിയെ പ്രാപിച്ചു.

പദ്യം 43. വാനോ....ലി—ദേവന്മാരുടെ വിമാനശ്രേണി. നഭസി—അന്തരീക്ഷത്തിൽ. വലംവയ്ക്കുവേ—ചുറ്റുമ്പോൾ. യോഗിവൃന്ദം—യോഗികളുടെ കൂട്ടം. നാഗ....കം—നഗരജനങ്ങളുടെ കൂട്ടങ്ങൾ. നിസ്സലാത്മാ—അതുല്യപ്രഭാവനായ. സാനന്ദം—ആനന്ദത്തോടുകൂടി. വിശ്വ... ഗി—വിശ്വരൂപത്തെ പ്രദർശിപ്പിക്കുന്ന നടനത്തിൽ ഉദ്യുക്തൻ. ഉന്നിച്ചു—സങ്കല്പിച്ചു. സൂര്യാ....ണി—സൂര്യവംശത്തിലെ ശ്രേഷ്ഠനായ ശ്രീരാമൻ. സര....മൗ—സരയൂനദിയുടെ തീരപ്രദേശത്തിൽ. വിരേജേ—ശോഭിച്ചു.

പദ്യം 44. വിശ്വം—ലോകം. നിഗ....സമാം വേദവചനങ്ങളുടെ രസം. വിശ്വസാക്ഷീ—ലോകസാക്ഷി. ന്യൂനം—നിശ്ചയം. ത്രിദശതതി—ദേവസമൂഹം. അംശലേശം—ചെറിയ അംശം. പന്ന

ഞാനത്രേ പന്നഗേന്ദ്രേ മരുവിന പെരുമാ—
ളെന്നുമാനന്ദലക്ഷ്മീ—
മാണിക്യത്തിന്നുറച്ചൂ തിരുമനസി തദാ
രാമചന്ദ്രന്നശങ്കം. 44

പൂരേ പുകഴ്ത്തീടുവതെന്തു വാനോർ—
പൂരങ്ങളം വാഴ്ത്തിടിന കീർത്തിഭ്രമാ
ശ്രീരാമനായ് മേനിയിരിക്കവേ[1] പോയ്
നാരായണത്വം തടവീ തദാത്മാ. 45

ശ്രീരാമൻ കൂടെ വന്നവരോടെല്ലാം സരയുവിൽ കുളിക്കാൻ നിർദ്ദേശിക്കുകയും അതിനുമുണ്ണും അവരെല്ലാം സരയുവിൽ മുങ്ങി ദേവന്മാരാൽ സത്കൃതരായി വൈകുണ്ഠമെന്നും പരമപദത്തെ പ്രാപിക്കുകയും ചെയ്യുന്നു:

ഫുല്ലാംഭോജന്മരമ്യം ചരണതളിർ തൊഴും
മാനവന്മാരൊട്ടും വ—
ന്നുല്ലാസം ചേർന്ന നക്തഞ്ചരപടലിയൊട്ടും
വാനരശ്രേണിയോട്ടും
കല്യാണാർത്ഥം തദാനീം വിരവൊട്ട സരയൂ—
നീരിലിന്നിങ്ങളൊന്നി—
ച്ചെല്ലാരും പോയ് കുളിക്കെന്നൊരു ഗിരമരുളി—
ച്ചെയ്താ[2]ശ്ചര്യധാമാ. 46

മംഗല്യാത്മാവിവണ്ണം പറയുമളവു സ—
ർവ്വേപി മുങ്ങീ സരയ്വാം,
മുങ്ങുന്നോർ തന്നഹംപൂർവിക കനകവിമാ—
നാധിരോഹേ കടന്നു;

ഗേന്ദ്രേ—സപ്തശ്രേഷ്ഠനിൽ. ആനന്ദ....ത്തിന്നു—പരമാനന്ദസാരമായ ശ്രീരാമന്നു്. തിരുമനസി—തിരുവുള്ളത്തിൽ. തദാ—അപ്പോൾ. അശങ്കം—തെളിവായി.

പദ്യം 45. പൂരേ—അധികമായി. വാനോ....രങ്ങൾ—ദേവകളുട്ടങ്ങൾ. കീർത്തിഭ്രമാ—അധികമായ കീർത്തിയോടുകൂടിയ. മേനി—ഉടൽ. നാരായണത്വം—നാരായണനാവുക എന്നതിനെ. തദാത്മാ—അവന്റെ ആത്മാവു്.

പദ്യം 46. ഫുല്ലാ... മ്യം—വിടർന്ന താമരപോലെ മനോഹരമായ. മാനവൻ—മനുഷ്യൻ. നക്ത....ലി—രാക്ഷസകൂട്ടം. വാന....ണി—വാനരസമൂഹം. കല്യാണാർത്ഥം—ക്ഷേമത്തിനായി. തദാനീം—അപ്പോൾ. ഗിരം—വാക്കിനെ. ആശ്ചര്യധാമാ—ആശ്ചര്യത്തിനു് ഇരിപ്പിടം.

പദ്യം 47. മംഗല്യാത്മാവു്—മംഗലസ്വരൂപൻ. സർവേ അപി—എല്ലാവരും. സരയ്വാം—സരയൂനദിയിൽ. അഹംപൂർവിക—ഞാനാദ്യം ഞാനാദ്യം എന്ന അവസ്ഥ. കനക....ഹേ—സ്വർണ്ണവിമാനത്തിൽ

1. വേ താൻ നാ. 2. ചെയ്ത രാമൻ മഹാത്മാ.

തുംഗാഭോഗേന വൈമാനികവിതതി നട—
ന്നെന്നവേണ്ടാ തദാനീം.
ഭംഗ്യാ വൈകുണ്ഠലോകത്തിനു പെരുവഴിയു—
ണ്ടാവതിന്നാണ്ടു ഞായം. 47

ചൊല്ലിക്കൊടാ രഘുഗ്രാമണിയെ മണിയെ വേ—
ദാന്തവാചാം വണങ്ങി—
ച്ചൊല്ലിത്തന്നാമസങ്കീർത്തനമമരകുലം
വിസ്മിതം നോക്കിനില്ക്കേ
മെല്ലെപ്പൊങ്ങിപ്പറപ്പെട്ടൊരു മഹസി പര—
സ്മിന്നിലീനാ തദാനീം. 48

പൗരന്മാരോടുകൂടിപ്പരമപദസുഖ—
പ്രാപ്തികോലുന്ന രക്ഷോ—
വീരന്മാർക്കും തദാതേ മരുവിന കപിയൂ—
ഥത്തിനും മേല്പുമേലേ
സൈരം പൊന്നിൻകിരീടം തടവി വടിവുലാ—
വുന്ന വാനോർവരന്മാർ
വാരം വാരം വണങ്ങീ ജഗതി വിജയതേ
മേന്മ നാരായണീയം. 49

സരയൂജലമജ്ജനേ ജനാനാം
പരമാനന്ദതരംഗിതാശയാനാം

കയറുന്നതിൽ. തുംഗാഭോഗേന—ശ്രേഷ്ഠതയോടുകൂടി. വൈമാ....തി—വിമാനത്തിൽ സഞ്ചരിക്കുന്നവരുടെ കൂട്ടം. തദാനീം—അപ്പോഴം. ഭംഗ്യാ—ഭംഗിയോടുകൂടി.

പദ്യം 48. വേദാന്തവാചാം മണിയെ—വേദാന്തവചനപ്രതിപാദ്യനായ. രഘുഗ്രാമണി—രഘുശ്രേഷ്ഠൻ. മർത്ത്യ....ലീ—മനുഷ്യ,രാക്ഷസ, വാനരസമൂഹം. സരയൂവാം—സരയൂവിങ്കൽ. മഗ്നഗാത്രീ—മുങ്ങിയ ശരീരത്തോടുകൂടി. നാമസങ്കീർത്തനം—നാമോച്ചാരണം. വിസ്മിതം—ആശ്ചര്യത്തോടു്. അമരകുലം—ദേവകുലം. പരസ്മിൻ മഹസി—ശ്രേഷ്ഠമായ തേജസ്സിൽ. നിലീനാ—ലയിച്ചു.

പദ്യം 49. പൗരൻ—പുരവാസി. പരമപദം—ശ്രേഷ്ഠസ്ഥാനം. രക്ഷോവീരൻ—രാക്ഷസവീരൻ. തദാതേ—അപ്പോഴം. കപിയൂഥം—വാനരക്കൂട്ടം. വാനോർവരൻ—ദേവൻ. വാരം വാരം—വീണ്ടും വീണ്ടും. ജഗതി—ലോകത്തിൽ. നാരായണീയം—വൈഷ്ണവമായ. വിജയതേ—സർവോത്കർഷത്തോടെ വർത്തിക്കുന്നു.

പദ്യം 50. സര....നേ—സരയൂജലത്തിലെ കളിയിൽ. പര....നാം—വളരെ ആനന്ദത്തെ പ്രാപിച്ചവരും. വിമാനഭോജാം—വിമാനചാരി

സ്ഫുരതാ മഹസ്സാ വിമാനഭാജാം
പരിപൂർണ്ണം ജഗതീകടാഹഭാണ്ഡം. 50

രാമൻ തുവന്ന തുവെൺമുറുവൽനെറിവിൽ മ--
ന്ദാകിനീനീരിൽ മുൻപേ
പോയ് മുങ്ങിദ്ധൃതപാപ്മാ കപികുലപെരുമാനും
നീളെ രോമാഞ്ചിതാത്മാ
സാമോദം ജാംബവന്തം പവനസുതമപി
പ്രേക്ഷ്യ നാരായണൻതൻ--
പൂമെയ് ചിന്തിച്ച തേജോമയതനു സരയൂ--
വാഹിനീമാജഗാഹേ. 51

സ്വർഗ്ഗൗകസാമപി നമസ്കരണീയനഗ്രേ
സുഗ്രീവനന്ദിയിൽ മുങ്ങിയെഴും ദശായാം
അക്കൻ നവോദയനയോദ്ധ്യയിൽനിന്നു സാക്ഷാ--
ലക്കൈലോളമെഴുനള്ളിന കോപ്പു തോന്നീ. 52

നീലാരവിന്ദപ്രതിമപ്രകാശേ
നീലേ സരയ്വാം തരസാ നിലീനേ
വൈലോമ്യവൃത്ത്യാ സമഭൂദചിത്രം
തേജോംഭസോഃ കാരണകാര്യഭാവഃ. 53

നളൻ കുളിച്ചോരളവെന്തു ചൊല്ലു!
വിളങ്ങിനാൻ നശ്വരവിശ്വകർമ്മാ

കള്ളമായ. ജനനാം—ജനങ്ങളുടെ. സ്ഫുരതാ മഹസ്സാ—പ്രകാശിക്കുന്ന തേജസ്സിനാൽ. ജഗ... ണ്ഡം—ബ്രഹ്മാണ്ഡകടാഹമാകുന്ന ഭാണ്ഡം. പരിപൂർണ്ണം—നിറഞ്ഞു.

പദ്യം 51. മന്ദാകിനീ—ഗം. ഗ. ധൃതപാപ്മാ—പാപം പോയവനായി. രോമാ....ത്മാ—പുളകിതനായി. സാമോദം—സസന്തോഷം. ജാംബവന്തം—ജാംബവാനെയും. പവ....തം അപി—ഹനുമാനെയും. പ്രേക്ഷ്യ—കണ്ടിട്ട്. തേജോ... നു—തേജഃസ്വരൂപനായി. സരയൂവാഹിനീം—സരയൂനദിയിൽ. ആജഗാഹേ—മുങ്ങി. കപി....ം—സുഗ്രീവൻ.

പദ്യം 52. സ്വർഗൗകസാം അപി—ദേവന്മാർക്കും. നമ....യൻ—വണങ്ങുവാൻ യോഗ്യൻ. അഗ്രേ—മുമ്പിൽ. എഴും ദശായാം—എണീക്കുമ്പോഴും, നവോദയൻ—പുത്തനായുദിച്ചവൻ. അക്കൻ—സൂര്യൻ. അക്കൈലോളം—സൂര്യകുലോളം.

പദ്യം 53. നീലാ....ശേ—നീലത്താമരപോലെ പ്രകാശിക്കുന്ന. നീലേ—നീലൻ. സരയ്വാം—സരയൂവിങ്കൽ. തരസാ നിലീനേ(സതി)—പെട്ടെന്നു മുങ്ങിയപ്പോൾ. തേജോംഭസോഃ—തേജസ്സിനും ജലത്തിനും. വൈലോ....ത്ത്യാ—വിപരീതഭാവത്തിൽ. കാരണ... വഃ—കാര്യകാരണബന്ധം. സമഭൂത്—സംഭവിച്ചു. വിചിത്രം—ആശ്ചര്യം.

പദ്യം 54. നശ്വ....ർമ്മാ—ക്ഷയമുള്ള ദേവശില്പി. ലലാടരേഖേ—നെറ്റിയിലെ ലിപിയേ. ജയ—ജയിച്ചാലും. വിശ്വ....ം—വിശ്വ

ലലാടരേഖേ! ഭവ വിശ്വകർമ്മ—
ന്വലാഭമെന്നേ പുനരാപ സോഽയം. 54

നരനൈരൃതവാനരോപകാരാണാം
പരമാം വീക്ഷ്യ ഗതിം വിചിത്രയോഗാം
അദസീയസുജന്മനേ ശുഭായ
സംപ്രഹയാമാസ സുരർഷിസംപ്രദായഃ. 55

ശ്രീരാമൻ വേണ്ട ഉപദേശം നല്കി അനുഗ്രഹിച്ചു വിഭീഷണനെ ലങ്കയിലേക്കു് അയയ്ക്കുകയും, ഹനുമാനെ യോഗിയായി പല കാലം ലോകോപകാരം ചെയ്തുകൊണ്ടിരിക്കുവാൻ അനുഗ്രഹിക്കുകയും മുനിജനങ്ങളേയും ദിക്പാലന്മാരെയും മറ്റും സന്തോഷഭരിതരാക്കിത്തീർക്കുകയും ചെയ്തു:

ഗദ്യം 4.

മഹിമതകുംപൊഴ്തന്ന തദാനീം
മനുകുലസുകൃതമഹോദയഗരിമാ
രമണീയാകൃതി രാമശശാങ്കൻ
പ്രണതിവിഭ്രഷണമിനിയ വിഭീഷണ—
മരികിൽ വിളിച്ചിദമരുളിച്ചെയ്തു;
''ശൃണു ലങ്കേശ്വര! വീരസഖേ! മമ
വാണീമേനാമസ്തു ശുഭം തവ
ഗന്തവ്യമിതോ നിത്യവുമെൻപദ—
മുദയതു ഹൃദയേ മായാം നീക്കി നി—
സ്സ്രോജ്ജ്വലനായ് നീയാം നിയുമി—
തെന്തിനു ഖേദം നീ പുനരെന്നൊട്ട

കർമാവിന്റെ സ്ഥാനലാഭം. സഃ അയം പുനഃ—ആ ഇവനാകട്ടേ. ആപപ്രാപിച്ചു.

പദ്യം 55. നര ...രാണാം—മനുഷ്യ, രാക്ഷസ, വാനരോപകാരങ്ങളുടെ. വിചി....ഗാം—ആശ്ചര്യമായുണ്ടായ. പരമാം ഗതിം—ഉത്കൃഷ്ടഗതിയെ. വീക്ഷ്യ—കണ്ടിട്ടു്. ശുഭായഅദ....നേ—മംഗലമായ ആ ജന്മം തങ്ങൾക്കു സിദ്ധിക്കുന്നതിൽ. സുര....യഃ—ദേവർഷിമാരുടെ പരമ്പര. സംപ്രഹയാമാസ—ആഗ്രഹിച്ചു.

ഗദ്യം 4. മഹിമ—മാഹാത്മ്യം. തദാനീം—അപ്പോൾ. മനു....മാ—മനുവംശത്തിലെ സുകൃതത്തിന്റെ ശ്രേഷ്ഠമായ ഉത്പത്തിയായ. രമ....തി—മനോഹരസ്വരൂപനായ. രാമശശാങ്കൻ—രാമചന്ദ്രൻ. പ്രണ....ണം—വണക്കമൊകുന്ന ഭ്രഷണത്തോടുകൂടിയ. വിഭീഷണം—വിഭീഷണനെ. ഇദം—ഇതു്. ലങ്കേശ്വര—അല്ലയോ ലങ്കാധിപ മമ ഏനാം വാണീം—എന്റെ ഈ വാക്കിനെ. ശൃണു—കേട്ടാലും. തവ ശുഭം അസ്തു—നിനക്കു മംഗലം ഭവിക്കട്ടെ. ഇതഃ ഗന്തവ്യം—ഇവിടെനിന്നു ഗമിക്കണം. ഹൃദയേ—ചിത്തത്തിൽ. നിത്യവും—എപ്പോഴും. എൻ പദം—എന്റെ കാൽ. ഉദയതു—വിളങ്ങട്ടെ. മായാം—അജ്ഞാനത്തെ. നി സ.....നായ്—പ്രകാശസ്വരൂപനായ്. ഖേദം—ദുഃഖം. നീ പുനഃ—

കൂടെപ്പോന്നാൽ നിശിചരരുള്ളവർ
നീചത തേടും പാലയ ഭക്തിയെ
നാരിയെയും നീ ധാരയ ധൃതിയും
പ്രവണതയും നീ തമ്മിലിനീം വരു—
മൻപൊട്ട സംഗമ''മെന്നതരം ചില
ചാടുകതിശതൈരാടൽ കളഞ്ഞു ദ—
ശഗ്രീവാനുജമനുരാഗാംബുധി
സുമനീചക്രേ ജഡിമ കളഞ്ഞു ജ—
ഗത്രിതയീപതി ജാംബവതാ സഹ
കിമപി പറഞ്ഞു പിന്നെ വിളിച്ചു
ചിന്നളിനീമണമുന്നതനായൊള—
മാനതവദനം പ്രബലത ചേന്നൊള—
മുപചിതവിനയം ജലനിധിനടവേ
ചിറയിടമളവിൽ പൃഥിവിയിൽ മേവിന
പൃഥുഗിരിപങ്ക്തികളംകൊണ്ടു നടക്കുമ—
കുണുമഹാകപിമണ്ഡലമദ്ധ്യേ
കുലഗിരി തോല്പ്പം മലകം കരാഭ്യാം
പലവുമെടുത്തുടനമ്മാനക്കളി
ചെമ്മേ കോലും ത്രിഭുവനമല്ലന—
സാവിതി സതതം കീർത്തിതനാകിലു—
മാത്മപദാംബുജഭക്തിഭരത്തെയെ-
ടുക്കരുതാഞ്ഞു വശക്കേടെത്തിന
നിസ്സുഷഭാവം പുറമേ കാണും—

നീയാകട്ടേ. നിശിചരർ—രാക്ഷസർ. നീചത—നീചഭാവം. പാലയ—രക്ഷിച്ചാലും. നാരി—സ്ത്രീ. ധാരയ—ധരിച്ചാലും. ധൃതി—സ്ഥൈര്യം. പ്രവണത—താൽപര്യം. സംഗമം—കൂട്ടുക. ചാടു....തൈഃ—അനേകം പ്രിയവചനങ്ങളാൽ. ദശഗ്രീവാനുജം—രാവണന്റെ അനുജനെ (വിഭീഷണനെ). അനുരാഗാംബുധി—പ്രീതിക്കു് ആകരം. സുമനീചക്രേ—പ്രസന്നനാക്കി. ജഡിമ—ജാഡ്യം. ജഗ....തി—മൂന്നു ലോകത്തിന്റെയും നാഥൻ. ജാംബവതാ സഹ—ജാംബവാനോടുകൂടി. കിമപി—എന്തോ ഒന്നു്. ചിന്നളിനീമണം—ചിത്താകർന്ന താമരയുടെ ഗന്ധം. ഉന്നതൻ—ഉയർന്നവൻ. ആനതവദനം—മുഖം കുനിഞ്ഞ. പ്രബലത—പ്രാബല്യം. ഉപചിതവിനയം—വണക്കം വർദ്ധിച്ച. ജലനിധി—സമുദ്രം. പൃഥിവി—ഭൂമി. പൃഥു....കം—വലിയ പർവതശ്രേണികളം. അകണു....ദ്ധ്യേ—പിന്മാറാത്ത വലിയ വാനരക്കൂട്ടത്തിന്റെ നടുക്കു്. കുലഗിരി—കുലപർവതം. കരാഭ്യാം—കൈകളംകൊണ്ടു്. ത്രിഭു....ല്ലൻ—മൂന്നു ലോകത്തിലേയും യോദ്ധാവു്. അസൗ—ഇവൻ. ഇതി—എന്നു്. സതതം—എപ്പോഴും. കീർത്തിതൻ—പുകഴ്ത്തപ്പെട്ടവൻ. ആത്മ....രത്തെ—തന്റെ ചരണകമലത്തിലുള്ള അധികമായ ഭക്തിയെ. നിസ്സുഷഭാവം—കപടമില്ലാത്ത അവസ്ഥ. സകൗതുകം—കുതൂഹലത്തോടുകൂടി.

പൊഴുതു സകൗതുകമകമേ തന്നെ—
ബ്ഭാവയമാനം പവമാനസുതം
പുതുമയൊടുദിതനവാഞ്ജലിബന്ധം
പുളകകദംബകദംബിതവപുഷം
''വീര ഹനുമൻ! വരിക സകാശേ
മാനമദോദയമലിനത പോക്കി മ—
മതുമിയന്ന പരസ്ഥിതിയിൽ പോയ്
മഗ്നത പിണകിലുമെന്മനകാമ്പി—
ന്നിന്നും വാസന നിന്നിലിയന്നതു
തന്നേ തന്നേ വാച്ചിടുന്നു.
സീതാദേവിയിലുള്ളതുമച്ചോ!
മീതേ മീതേ മുറുകീടുന്നു.
ചതിപെടുമാറു ചമച്ചതിലുണ്ടേ—
ക്ഷിതിയോടനിശമസൂയാസ്പശം.
വത്സനൊടധുനാ ഹന്ത! പിഴച്ചേൻ
വത്സലതാ മമ കുത്സിതയാവാൻ
ഇന്നുമൊരുന്നാളവനതനായ് വ—
ന്നരികിൽ വിളങ്ങുന്നവനെ മനോജ്ഞമ—
മിത്രദവാഗ്നി സുമിത്രാസുതനെ—
ക്കാൺകിൽ മദീയം പരമാനന്ദം.
നിന്നൊളമുപകൃതകന്മഷമറെറാരു
ചിത്തസരോരുഹകണ്ണികമദ്ധ്യേ
കലയ മുദാം മാം കലിതാനന്ദം.
നീയിനി നിത്യവിശ്രുദ്ധാത്മാവായ്
നിസ്തുലയോഗീ ഭവ ഭുവനേഽസ്മിൻ

ഭാവയമാനം—ഭാവിക്കുന്ന. പവ....തം—ഹനുമാനെ. ഉദിത....ന്ധം—കൈക്കൂപ്പിക്കൊണ്ടു്. പുള ...ഷം—രോമാഞ്ചിതമായ ശരീരത്തോടുകൂടിയ. കടമ്പുവൃക്ഷം അതുയും ഒന്നിച്ചു പൂക്കുന്ന മട്ടിൽ രോമാഞ്ചമുണ്ടായതിനാൽ കദംബിതമായി വപുസ്സു്. സകാശേ—അടുത്തു്. മാന ...ത—അഭിമാനംകൊണ്ടും അഹങ്കാരംകൊണ്ടും ഉണ്ടാവുന്ന മാലിന്യം. മമത്വം—മമത. പരസ്ഥിതി—ശ്രേഷ്ഠമായ സ്ഥാനം. മഗ്നത—മുഴുകൽ. വാസന—സംസ്കാരം. ക്ഷിതി—ഭൂദേവി. അനിശം—എപ്പോഴും. അസൂയാസ്പശം—ഈഷ്യാസമ്പർക്കം. വത്സൻ—വാത്സല്യഭാജനമായ ലക്ഷ്മണൻ. അധുനാ—ഇപ്പോഴും. വത്സലതാ—വാത്സല്യം. മമ—എനിക്കു്. കുത്സിതം—നിന്ദിതം. അവനതൻ—നമ്രൻ. മനോജ്ഞം—മനോഹരനായ. അമിത്ര....ഗ്നി—ശത്രുക്കൾക്കു കാട്ടുതീയായ. മദീയം പര....ന്ദം—എന്റെ പരമസന്തോഷം. ചിത്ത....ദ്ധ്യേ—ഹൃദയകമലകണ്ണികാമധ്യത്തിൽ. കലി....ന്ദം—ആനന്ദമയനായ. മാം—എന്നെ. മുദാ—സന്തോഷത്തോടു്. കലയ—ധ്യാനിച്ചാലും. നിത്യ....പ്രായ്—എപ്പോഴും പരിശുദ്ധനായു്. നിസ്തുലയോഗീ—എതിരററ യോഗിയായി. അസ്മിൻ

ഉലകിനു മുന്നിനുമിന്നും മേലിൽ
പലവുപകാരം ചെയ്യുവരുണ്ടോ—
മന്നിൽ വിളങ്ങുക പലകാലം നീ
ചിന്തിച്ചീടുക നിന്നിലെടോ ഞാൻ
മന്ത്രിച്ചീടാം പരമശിവൻ നീ.
നീയും ഞാനുമഭേദം പാത്താൽ
ബാലകനംഗദനവനെയുമിന്നീ
പാലയ സങ്കടമെത്തുന്നേരം
മൈന്ദനവന്നു സഹായോ ഭൂയാ
മദ്യാപേതം വിവിദനുമുടനേ
മത്പദഭാവീ ഭവിതാ നിത്യം
ആത്മദ്ധ്യാനമുറച്ചീടെ''ന്നു പ—
റഞ്ഞൊരുഗാഢാശ്ലേഷമഹോത്സവ—
ദായീ കാൽതളിർ ക്ലുപ്പും പവമാ—
നാത്മജമൂർദ്ധനി നിധായ ച ദക്ഷക—
രാബ്ജം മംഗലമസ്ത്വിതി പാണീ—
മുക്ത്വാ ശൃംഖലിതദൃതി വിലസു—
ന്നേരം മുഹുരപി മുഹുരപി മോദം
പൂജകഴിക്കും മുനിജനചരിതമൊ—
രിക്കലുമാക്കും പുകഴുംതോത്താൽ.
ആനന്ദംകൊണ്ടവശതരാത്മാ
വീണ നിലത്തു പുലസ്ത്യനുരുണ്ടു.
കൗത്സമുനീന്ദ്രൻ ക്ലുപ്തി തുടർന്നു
കാച്ചുപഴത്ത ശുഭ്രമഫലവും
കാശ്യപമുനിവരനന്നു കലർന്നു.
കൃതകമഗസ്ത്യനകത്തുനിറഞ്ഞൊരു
മൃദുഹസിതം പെയ്തിടയിൽ നടന്നു.

ഭുവനേ—ഈ ലോകത്തിൽ. ഭവ—ഭവിച്ചാലും. സഹായഃ ഭൂയാഃ—സഹായമായി ഭവിച്ചാലും. വിവിദൻ—ഒരു വാനരശ്രേഷ്ഠൻ. മദ്യാപേതം—മദ്യംവിട്ട്. മത്പ....വീ—എന്റെ ചരണത്തെ ഭാവന ചെയ്യുന്നവനായി. ഭവിതാ—ഭവിക്കും ഗാഢാ....യീ—ബലപ്പിച്ചുള്ള ആലിംഗനമാകുന്ന മഹോത്സവത്തെ നല്കുന്നവനായി. പവ....ർദ്ധ്നീ—ഹനുമാന്റെ ശിരസ്സിങ്കൽ. ദക്ഷ... ബ്ജം—വലത്തെ കൈത്താമരയെ. നിധായ—വെച്ചിട്ട്. മംഗലം അസ്തു—മംഗലം ഭവിക്കട്ടെ. ഇതി വാണീം ഉക്ത്വാ—എന്ന വചനത്തെ പറഞ്ഞിട്ട്. ശൃംഖ....തി—കാന്തിപിണഞ്ഞു്. വിലസുന്നേരം—ശോഭിക്കുമ്പോൾ. മുഹുഃ അപി—വീണ്ടും. മോദം—സന്തോഷം. മുനി....തം—മുനിമാരുടെ വാത്ത. അവ....ത്മാ—വളരെ പരവശനായ. പുലസ്ത്യൻ—ഒരു മുനി. കൗത്സ....ൻ—കൗത്സൻ എന്ന മുനിശ്രേഷ്ഠൻ. ശുഭ....ലം—നല്ല വൃക്ഷത്തിന്റെ ഫലം. കാശ്യ....

കണ്വമുനീന്ദ്രൻ കരണം കുത്തീ
ദുർവാസാമുനി ഗർവു കലർന്നു.
ഗൗതമനുടനേ ഗീതമിയന്നു
വാല്മീകിക്കൊരു വാങ്മയമുദ്ഭൂതം.
അങ്കുരിതം ദമമംഗിരസോ ഹൃദി
പുലഹൻ പലരൊട്ട കലഹമിയന്നു.
കൗതുകമെത്രയുമത്ര പിണഞ്ഞു
ദിക്പാലന്മാർ ദപ്പുമിയന്നു.
വൃത്രാരാതി വിദശ്രുത പൂണ്ടു
വൈശ്വാനരനും വാച്ചുത്തുടങ്ങി.
ധർമ്മപതിക്കൊരു ധർമ്മമിയന്നു.
നിരൃതി പുളച്ചു നിരതിശയാത്മാ
വരുണനുണർന്നു വിരുണം കാണ്മാൻ.
വീയി നടന്നു വായു സമീപേ.
ധനദനകാണ്ഡേ നിനദമിയന്നു.
രുദ്രനെടുത്തു രുദ്രാക്ഷസ്രജ—
മക്സമൂഹമനർഗ്ഗളമുദിതം.
ഹരഹര ശിവശിവ! തസ്മിൻ കാലേ
കിന്നരപങ്ക്തി പുകഞ്ഞൊരു ഘോഷം
കിംപുരുഷാദി പുകഞ്ഞൊരു ഘോഷം
വിദ്യാധരികയും പുകഞ്ഞൊരു ഘോഷം
വല്ലേൻ വല്ലേൻ പുകഴ്വാൻ പെരുകിന
കോലാഹലമിതു ഹന്ത! തദാനീം.

രൻ—കാശ്യപൻ എന്ന മുനിശ്രേഷ്ഠൻ. കുതുകം—കുതൂഹലം. സ്മിത....തം—മന്ദഹാസം. കണ്വ...ന്ദ്രൻ—കണ്വൻ എന്ന മുനിശ്രേഷ്ഠൻ. ഗീതം—പാട്ട്. വാങ്മയം—വാങ്മസ്വരൂപം. ഉദ്ഭൂതം—ഉണ്ടായി. അംഗിരസഃ—അംഗിരസ് എന്ന മുനിയുടെ. ഹൃദി—ഹൃദയത്തിൽ. ദമം—അടക്കം എന്ന ഗുണം. അങ്കുരിതം—ഉണ്ടായി. ദപ്പം—അഭിമാനം. വൃത്രാരാതി—ദേവേന്ദ്രൻ. വിദശ്രുത—സാമർത്ഥ്യം. വൈശ്വാനരൻ—അഗ്നി. ധർമ്മപതി—യമൻ നിരൃതി—ഒരു ദിക്പാലകൻ. നിരയാത്മാ—ഉത്കൃഷ്ടനായി. സമീപേ—അടുത്ത്. ധനദൻ—കുബേരൻ. അകാണ്ഡേ—അസമയത്തിൽ. നിനദം—ശബ്ദം. രുദ്രൻ—ഒരു ദിക്പാലകൻ. രുദ്ര....ജ—രുദ്രാക്ഷമാലയെ. അക്സമൂഹം—ആദിത്യസമൂഹം. ആദിത്യന്മാർ പന്ത്രണ്ടുണ്ടല്ലോ. അനർഗ്ഗളം—തടവില്ലാതെ. തസ്മിൻ കാലേ—അക്കാലത്തിൽ. കിന്ന....ങ്ക്തി—കിന്നരന്മാരുടെ ശ്രേണി. കിം പുരുഷാദി—കിംപുരുഷൻ തുടങ്ങിയവർ. വിദ്യാ....രി—വിദ്യാധരസ്ത്രീ. കിന്നര, കിംപുരുഷ, വിദ്യാധരാദികളും ദേവയോനിവിശേഷങ്ങളാം. തദാനീം—അപ്പോൾ.

വിശ്വാമിത്രനും ബ്രഹ്മാവും ശ്രീരാമനെ പ്രശംസിക്കുകയും, ബ്രഹ്മാവു് വൈകുണ്ഠലോകത്തിൽ ഉടൻ എഴുന്നള്ളണമെന്നു് ഉണർത്തിയപ്രകാരം ശ്രീരാമൻ ഭരതശത്രുഘ്നന്മാരോടുകൂടി സരയുവിൽ വന്നിറങ്ങുകയും ചെയ്യുന്നു:

അക്കാലം വൈഷ്ണവശ്രീസകൃതകരഭസാ—
ലിംഗിതേ രാമചന്ദ്രേ.
തൃക്കാൽ വന്ദിച്ചു നത്രേ കുലഗുരുവരനും
ഗാധിജന്മാവൃതാനും
മുഖ്യാത്മാ വിശ്വകർത്താ വിധിയനുമെളുതോ
കഷ്ടമേ പോററി പാത്താ—
ലിക്കോപ്പിന്നും പ്രമാദം വരുമിതി പകരം—
വീട്ടുവാൻ കൈപണിഞ്ഞാൻ. 56

''കാലം വൈകിത്തുടങ്ങീ ജയ ജയ ഭഗവൻ!
കേൾക്ക വൈകുണ്ഠലോകേ
കോലും കോലാഹലം നീ സകൃതുകമെഴുന—
ള്ളേണ''മെന്നിപ്രകാരം
മേലേ മേലേ പുകണ്ണന്നളിനഭവനുണ—
ർത്തും വിധൗ ചൊലുതെന്ത—
ത്രൈലോക്യാധീശനാത്മപ്രകൃതിയൊടണവാൻ
മെല്ലെമെല്ലെന്നെഴുന്നു. 57

വാസ്തേറും വേദവാക്കിൻ തിരിവു ഭരതശ—
ത്രുഘ്നഹസ്തൗ കരാഭ്യാം
ദ്വാഭ്യാം മെല്ലേ ഗൃഹീത്വാ മുഹുരപി വിളയും
ഭ്രാതൃവാത്സല്യശാലീ

പദ്യം 56. രാമചന്ദ്രേ—രാമചന്ദ്രൻ. വൈഷ്ണ....തേ—വൈഷ്ണവമായ—ലക്ഷ്മിയാൽ കുതൂഹലത്തോടുകൂടി വേഗം ആശ്ലേഷിക്കപ്പെട്ടപ്പോൾ. കുല ....രനും—വസിഷ്ഠനും. ഗാധിജന്മാവു്—വിശ്വാമിത്രൻ. നത്രേ—വണങ്ങിയപ്പോൾ. മുഖ്യാത്മാ—പ്രധാനിയായ. വിശ്വകർത്താ—ലോകസ്രഷ്ടാവായ. വിധിയൻ—ബ്രഹ്മാവു്. പ്രമാദം—തെറ്റു്. ഇതി—എന്നു്.

പദ്യം 57. വൈകു....കേ—വൈകുണ്ഠലോകത്തിൽ. നളിനഭവൻ—ബ്രഹ്മാവു്. ഉണർത്തുംവിധൗ—ഉണർത്തുമ്പോൾ. ത്രൈലോ....ശൻ—മൂന്നു ലോകത്തിനും ഈശ്വരൻ. ആത്മപ്രകൃതി—നിജസ്വരൂപം.

പദ്യം 58. വാസ്തേ....വു്—വേദവാക്യസാരമായ ശ്രീരാമൻ. ഭരത ....സ്തൗ—ഭരതന്റെയും ശത്രുഘ്നന്റെയും കൈകളെ. ദ്വാഭ്യാം കരാഭ്യാം—തന്റെ രണ്ടു കൈകൾകൊണ്ടു്. ഗൃഹീത്വാ—പിടിച്ചിട്ടു്. മുഹുഃ അപി—വീണ്ടും. ഭ്രാതൃ.....ലീ—സോദരന്മാരിൽ വാത്സല്യത്തോടു വിളങ്ങുന്ന

ക്ഷ്പ്പീടം വാസപാദിത്രിദശമകുടികാ—
പാടകാപങ്ക്തിമേലേ
കോപ്പാടേ വന്നിറങ്ങീ സരയുവിൽ മഹിത—
ശ്ലാഘിതേ സൈകതാന്തേ. 58

ശ്രീരാമനെ വഹിച്ചുകൊണ്ടു പോകാനായി ലക്ഷ്മണസാരഥി സപ്തശ്രേഷ്ഠനായി വന്ന സരയൂജലത്തിൽ കാത്തിരുന്നതായി വർണ്ണിക്കുന്നു:

വാനോർനാഥേന സാകം വിബുധപുരിയിൽനി—
ന്നാഗതം വീരലക്ഷ്മീ—
പൂണാരം മേഘനാദപ്രതിഭടമരികേ
ലക്ഷ്മണം വീക്ഷണീയം
കാണായ്വന്നു തദാനീം ഭുവനസുചരിത—
ത്തിന്നു കാണും ദശായാം
പുണ്യംനേരം ബലാത്പോന്നവനൊരുളുഗേ—
ന്ദ്രതമുദ്രാ സമാസീത്. 59

മൽപാടയ്യാ! തദാനീമിളകിന സരയു—
നീരിൽ നേരേ പൊടിക്കും
കർപ്പൂരശ്രീകലർന്നീടിന വിപുലതരാ—
ഭോഗഭോഗേ മഹീയാൻ
വിദ്യുരാമാക്കി വിണ്ണോർ തതിയെ നിറമുലാ—
വും ഫണാളീമുയർത്തി—
ക്കെല്പോടേ പാർത്തുനിന്നു ഭുവനതിലകിതോ
ഭോഗിനാഥൻ നതാത്മാ. 60

വനായി. വാസ....മേലേ—ഇന്ദ്രാദിദേവകളുടെ കിരീടമാകുന്ന പാടകകളിന്മേലേ. മഹി....തേ—ശ്രേഷ്ഠവും സ്തുത്യവും ആയ. സൈകതാന്തേ—മണൽത്തിട്ടയിൽ.

പദ്യം 59. വാനോ....നസാകം—ഇന്ദ്രനോടുകൂടി. വിബു.....രി—ദേവലോകം. ആഗതം—വന്ന. വീര....രം—വീരലക്ഷ്മിയുടെ മാലയായ. മേഘ....ടം—മേഘനാദന്റെ ശത്രുവായ. വീക്ഷണീയം—കാണേണ്ടവനായ. ലക്ഷ്മണം—ലക്ഷ്മണനെ. ഭുവനസുചരിതത്തിന്നു—ലോകം നല്ലതു ചെയ്യുന്നതിനു്. കാണംദശായാം—കാണുമ്പോഴേ. ഉജ.....ദ്രാ—സപ്തശ്രേഷ്ഠരൂപം. സമാസീത്—ഭവിച്ചു.

പദ്യം 60. കർപ്പൂരശ്രീ—കർപ്പൂരശോഭ. വിപു....ഗം—വിസ്താരമേറിയ ഉടലോടുകൂടിയ. മഹീയാൻ—വളരെ വലിയവനായ. വിണ്ണോ....തി—ദേവകളെ. വിസ്മേരാം—അതിശയിക്കുന്നവരാക്കി. ഭുവന.....തം—ഭുവനത്തിന്നു് അലങ്കാരമായി ഭവിച്ച. ഭോഗിനാഥൻ—സർപ്പരാജൻ. നതാത്മാ—വണങ്ങിയവനായി. ഫണാളീം—പത്തികളെ.

പിന്നെ ശ്രീരാമൻ ഭൂമിദേവി കാഴ്ചവെച്ച സീതയെ നോക്കിയ ഉടൻ അവൾ ലക്ഷ്മീദേവിയായി ശ്രീരാമന്റെ വക്ഷഃസ്ഥലത്തിൽ കയറിയിരിക്കുകയും, ഭരത,ശത്രുഘ്നന്മാർ ഇരുപുറവും ശംഖ,ചക്രങ്ങളായിത്തിരുകയും, ശ്രീരാമൻ ശ്രീമന്നാരായണനായി നിജസ്വരൂപം പ്രാപിക്കുകയും ചെയ്തു:

ഏതും ദോഷംവിനാ താൻ വെടിയുമളവു താ-
ന്താം കുറിക്കൊണ്ട കാന്താം
ഖേദം കൈക്കൊണ്ട ദീനന്നധികവുമഭിരാ-
മന്നു രാമന്നകാണ്ഡേ
പാതിപ്രത്യോദയത്തിന്മഹിമ തടവിനി-
ന്നുജ്ജ്വലന്തീമുപാന്തേ
വൈദേഹീം കാഴ്ചവച്ചാം തൊഴുത വസുമതീ
വഹ്നിതാനെന്നപോലേ. 61

പരിമളമഴപെയ്തിരുണ്ട ഭംഗ്യാ
തിരുകിന കുന്തളഭാരലോഭനീയാം
സ്മരനിഗമരഹസ്യമോതുമോമൽ-
ത്തിരുമിഴിമേൽ നിഴലിച്ച രാഗലൗല്യാം 62

മട്ടമലർചരമേന്തുചേർത്തു തോണ്ടു-
ലൂടനണിയും മണികുണ്ഡലാഭിരാമാം
തുടുതുടെ വിലസുന്ന ചോരിവായ് മേ-
ലുടമയിൽ വന്നിളകൊള്ളുമല്പഹാസാം 63

കനകലശകാന്തി വെന്ന പീന-
സ്തനഭരലോളിതരത്നഹാരമാലാം
മണിമയകടകാംഗദാദിഭൂഷാ-
ഗ്രണരുചിരഞ്ജിതമഞ്ജുബാഹുവല്ലീം 64

പദ്യം 61. ദോഷം വിനാ—ദോഷംകൂടാതെ. താന്താം—ക്ഷീണിച്ച. കാന്താം—പത്നിയെ. ഖേദം—ദുഃഖം. അഭിരാമൻ—മനോഹരൻ പാതി ....ത്തിൽ—പാതിവ്രത്യാഭിവൃദ്ധിയുടെ. മഹിമ—മഹത്ത്വം. ഉപാന്തേ—അരികിൽ. ഉജ്ജ്വലന്തീം—ശോഭിക്കുന്ന. വൈദേഹീം—സീതയെ. വസുമതീ—ഭൂദേവി. വഹ്നി—അഗ്നി.

പദ്യം 62. പരിമളം—വാസന. ഭംഗ്യാ—ഭംഗിയായി. കുന്ത..... യാം—കേശഭാരംകൊണ്ട കാമ്യയായ. സ്മര....സ്യം—കാമദേവന്റെ വേദത്തിലെ രഹസ്യം. രാഗലൗല്യാം—പ്രേമത്താൽ ചപലയായ. 66—ാമത്തെ പദ്യത്തിലെ സീതാം ദദൗ എന്നതിനോട് അന്വയം.

പദ്യം 63. മണി.....മാം—മണിമയങ്ങളായ കണ്ണാഭരണങ്ങളാൽ മനോജ്ഞയായ. അല്പഹാസാം—മന്ദഹാസത്തോടുകൂടിയ.

പദ്യം 64. കന....ന്തി—തങ്കക്കുടത്തിന്റെ ശോഭ. പീന.....ലാം—തടിച്ച മുലകളിൽ ഉരുണ്ട രത്നമയമായ ഹാരമാലയോടുകൂടിയ. മണി.... ല്ലീം—മണിമയമായ കടകം തോൾവള മുതലായ ഭൂഷണങ്ങളുടെ ഗുണത്താലും ശോഭയാലും പ്രകാശിക്കുന്ന രമ്യമായ ബാഹുലതയോടുകൂടിയ.

മരതകലതികാഭിരാമ്യമുരംകൈ-
രുരുതരുളിന കോമളരോമവല്ലരീകാം
പരിഹിതമൃദുലാംശുകത്തിനുള്ളിൽ
സ്ഫുരിത നിതംബമനോഹരോരുകാണ്ഡാം 65

പ്രണിഹിതമണിനൂപുരാംഘ്രിപദ്മാ-
മനുപമകാന്തിധരീപരിതഗാത്രീം
ജനനയനസുധാം ത്രപാനുരാഗ-
ക്ഷണനതമുശദ്മുഖീം ദദശ് സീതാം. 66

അന്നേരമയ്യോ? രഘുനാഥനേനാ-
മെണ്ണേറുമാനന്ദഭരംഗിതാംഗീം
ഒന്നും പുണർന്നാലിവളന്യയായ് പോ-
മെന്നോർത്തു ദൂരേ ബത! കണ്ടുനിന്നാൻ. 67

ലക്ഷ്മീരൂപം തുടർന്നീടിന ജനകസുതാ
ചെന്നു നേരേ തദാനീം
വക്ഷോരംഗേ കരേറീ സുഭഗസുമധുരാ-
ശ്ലേഷരോമാഞ്ചിതാംഗീ
അക്കാലം ഭ്രാതരൗ തൗ പുനരിരുപുറവും
ചക്രശംഖങ്ങളായി-
ക്കൈക്കൊണ്ടുംകൊണ്ടു നേരേ മനുകുലപതി നാ-
രായണത്വം പ്രപേദേ. 68

പദ്യം 65. മര....മ്യം—മരതകവല്ലിയുടെ അഴകു്. കോമ.....കാം—മനോജ്ഞമായ രോമലതയോടുകൂടിയ. പരി ....കം—ധരിക്കപ്പെട്ട മാർദവമായ വസ്ത്രം. സ്ഫുരി....ണ്ഡാം—പ്രകാശിക്കുന്ന പൃഷ്ഠഭാഗത്തോടും തുടകളോടും കൂടിയ.

പദ്യം 66. പ്രണി ദ്മാം—മണികളും പതിച്ച ചിലമ്പുകളണിഞ്ഞ പാദപദ്മത്തോടുകൂടിയ. അനു.....ത്രീം—സാമ്യമില്ലാത്ത കാന്തി പൂരിതമായ ശരീരത്തോടുകൂടിയ. ജന....ധാം—ലോകരുടെ കണ്ണുകൾക്കു് അമൃതമായ. ത്രപാ....ഖീം—ലജ്ജ പ്രേമം ഇവയാൽ അല്പം നമിച്ചു മനോഹരമായിരിക്കുന്ന മുഖത്തോടുകൂടിയ. സീതാം ദദശ്—സീതയെ കണ്ടു. പദ്യം 62 മുതല്ലു് ഈ പദ്യം ഉൾപ്പെടെ ഏകാന്വയം. ക്രിയയൊഴിച്ചുള്ളതെല്ലാം സീതാവിശേഷണങ്ങളും.

പദ്യം 67. രഘുനാഥൻ—ശ്രീരാമൻ. ആന... ഗീം—സന്തുഷ്ടയായ. ഏനാം—ഇവളെ (സീതയെ). അന്യ—മറെറാരുവൾ. ദൂരേ—അകലെ. ബത—ആശ്ചര്യം.

പദ്യം 68. ജനകസുതാ—ജാനകി. ലക്ഷ്മീരൂപം—ലക്ഷ്മീദേവിയുടെ സ്വരൂപം. വക്ഷോരംഗേ—മാറിടമാകുന്ന അരങ്ങത്തു്. സുഭ....ഗീ—സുഭഗവും വളരെ മധുരവും ആയ ആലിംഗനത്താൽ രോമാഞ്ചമുണ്ടായ ശരീരത്തോടുകൂടിയവളായി. തൗ ഭ്രാതരൗ പുനഃ—ആ രണ്ടു സോദരന്മാരും ആകട്ടെ. ശംഖചക്രങ്ങളായി—ശംഖമായും ചക്രായുധമായും ഭവിച്ചു. മനുകുലപതി—ശ്രീരാമൻ. നാരായണത്വം പ്രപേദേ—ശ്രീമന്നാരായണനായിത്തീർന്നു.

തൃക്കൈ നാലായ്.ചമഞ്ഞു തിരുവുരസി ഗള—
ച്ചു തദാ രത്നയുഗ്മം
മുഖ്യം കാണായിതയ്യാ! ബഹരളപരിമളാ—
ന്തോളിതാ വൈജയന്തീ
ചൊല്ലൊള്ളം നാഭിപങ്കേരുഹമുടനുദിതം
ബ്രഹ്മണോ വേദപോണി—
നിർഘോഷംകൊണ്ടു രമ്യം പുതുമപെരിയ പീ—
താംബരം പ്രാദുരാസീത്. 69

ശ്രീമന്നാരായണവർണ്ണന:

ഗദ്യം 5.

(ദണ്ഡകം)

മിന്നുന്ന രത്നരുചിസന്ദീപിതം പുതിയ—
പൊന്നിനുമഹാമുടി വിളങ്ങീ
മൃദുസുരഭി തിങ്ങീ ചികുരനിര തിങ്ങീ—
ടിന രുചിയൊടരുണശശിമയനയനയുഗമഭവത്;
അതിലധികകനിവുമുരപൊങ്ങീ.

കർണ്ണോല്ലസന്മകരവാർ കുണ്ഡലദ്യുതിഭി—
രൊന്നേറെ മിന്നിന കപോലം
കരതളിരിൽ നാലിങ്കദൃമുദിതലീലം
രഥചരണമസിജലജഗദകളടനജനിഷത
ഗളഭവി ച മണിയുമനുകൂലം

ശ്രീവത്സലക്ഷ്മവനമാലാദിചേർന്നരസി
തുമുത്തുമാലകളിണങ്ങീ

പദ്യം 69. ഉരസി—മാറിടത്തിൽ. തദാ—അപ്പോൾ. രത്നയുഗ്മം—രണ്ടു രത്നങ്ങൾ. (ശ്രീവത്സവും കൗസ്തുഭവും.) മുഖ്യം—പ്രധാനമായി. ബഹ... താ—പലരെ വാസന വീശുന്ന. വൈജയന്തീ—വൈജയന്തി എന്ന മാല. നാഭി....ഹം—പൊക്കിൾത്താമര. ഉദിതം—ഉണ്ടായി. ബ്രഹ്മണഃ—ബ്രഹ്മാവിന്റെ. വേദ....ഘം—വേദവചനങ്ങളുടെ മുഴക്കം. രമ്യം—മനോജ്ഞം. പീതാംബരം—മഞ്ഞപ്പട്ടുവസ്ത്രം. പ്രാദുരാസീത്—പ്രാദുർഭവിച്ചു.

ഗദ്യം 5. (ദണ്ഡകം) രത്ന...തം—രത്നകാന്തിയാൽ വിളങ്ങുന്ന. മൃദുസുരഭി—മൃദുവും സൗരഭ്യമുള്ളതും. ചികുരം—കേശം. രുചി—കാന്തി. അരു....ഗം—സൂര്യനും ചന്ദ്രനുമായ രണ്ടു കണ്ണുകളും. അഭവത്—ഉണ്ടായി. കർണ്ണോ....ഭിഃ—ചെവിയിൽ വിളങ്ങുന്ന മകരകുണ്ഡലങ്ങളുടെ കാന്തികളാൽ. കപോലം—കവിൾ. ഉദിതലീലം—ലീലയോടുകൂടി. രഥചരണം—ചക്രായുധം (സുദർശനം). അസി—വാൾ. ജല....കം—ശംഖും ഗദയും. അജനിഷത—ഉണ്ടായി. ഗളഭവി ച—കണ്ഠത്തിലും. ശ്രീവ....ദി—ശ്രീവത്സം എന്ന അടയാളം വനമാല. മുതലായതു്. ഉരസി—

ശിവ ശിവ! പിശംഗീകൃതവസനഭംഗി
തിരുവരയിൽവിലസിയിത്ര കനകമണിരശനയുമി—
തതിനുപരി പരിചിനൊടിണങ്ങീ

വാടാത സൂര്യശിഖികോടിപ്രഭം നഭസി
പാടേ മഹോഭരമെഴുന്നു
പടിപൊട്ടു ചുഴന്നു സുരമുനികൾ മുന്നു—
റടവിലുടനതിശയിത മദതരഭവിവശമതി
വിവിധനുതി പലവഴി തുടർന്നു.

സപ്തരാജനാകുന്ന ശയ്യയിൽ കയറി ശ്രീമന്നാരായണൻ വൈകുണ്ഠലോകത്തിലേക്കു് എഴുന്നള്ളുന്നു:

ഇത്ഥം[1] പ്രത്യക്ഷനായ് നിന്നരുളിന കമലാ—
കാമുകൻ ഖേചരാണാ—
മുത്ഥംഗേ[2] ഭേരിരാവേ സതി ജയജയശ—
ബ്ദാകുലേ യോഗി[3]ജാലേ
പക്ഷീന്ദ്രൻ വന്നു പാർശ്വംപൊഴുതു നഭസി ഭോ—
ഗീന്ദ്രശയ്യാം കരേറി
സ്വസ്ഥാത്മാ വിശ്വസാക്ഷീ സകുതുകമെഴുനെ—
ള്ളീതു വൈകുണ്ഠലോകേ. 70

മാറിടത്തിൽ. പിശ....ഗീ—മഞ്ഞനിറമായ വസ്ത്രത്തിന്റെ മോടി. കന....ശന—മണികളും പതിച്ച സ്വർണ്ണമയമായ അരഞ്ഞാണം. ഉപരി—മുകളിൽ. സൂര്യ....ഭം—കോടിസൂര്യന്റെയും വഹ്നികളുടെയും പ്രഭയോടുകൂടി. മഹോഭരം—തേജസ്സഞ്ചയം. നഭസി—അന്തരീക്ഷത്തിൽ. സുരമുനി—ദേവർഷി. അതി....തി—അതിശയിച്ച അഭിമാനത്താൽ ചപലരായി. വിവിധനുതി—പലവിധസ്തോത്രം.

ഗദ്യ. 70. ഇത്ഥം—ഇവ്വണ്ണം. കമ....കൻ—മഹാവിഷ്ണു. ഖേചരാണാം—ആകാശാചാരികളുടെ. ഉത്ഥംഗേ—ഉച്ചമായ. ഭേരീരാവേ—വാദ്യമുഴക്കം. സതി—ഉണ്ടായപ്പോൾ. യോഗിജാലേ—യോഗികളുടെ കൂട്ടം. ജയ....ലേ—ജയജയശബ്ദം മുഴക്കുമ്പോൾ. പക്ഷീന്ദ്രൻ—ഗരുഡൻ. നഭസി—അന്തരീക്ഷത്തിൽ. ഭോഗീ....യ്യാം—സപ്തരാജനാകുന്ന കിടക്കയിൽ. സ്വസ്ഥാത്മാ—സ്വസ്ഥചിത്തനായി. വിശ്വസാക്ഷീ—ലോകത്തിനു സാക്ഷീഭൂതനായ (ഭഗവാൻ). സകുതുകം—കുതൂഹലത്തോടുകൂടി. വൈകുണ്ഠലോകേ—വൈകുണ്ഠലോകത്തിൽ.

സ്വർഗ്ഗാരോഹണം സമാപ്തം

ഭാഷാരാമായണചമ്പു സമ്പൂർണ്ണം

---

1. ഏവം പ്ര. 2. ത്ഥംഗൈർഭേരീരാവൈഃ സഹ ജയ. 3. ഗിവൃന്ദേപ.

അനുബന്ധം 1

ഭാഷാരാമായണചമ്പുവിലെ

ഓരോ ഭാഗത്തിന്റേയും ഉള്ളടക്കം

ഭാഗം	ശ്ലോകങ്ങളം	മലയാളഗദ്യം	സംസ്കൃതഗദ്യം	ദണ്ഡകം
1. രാവണോദ്ഭവം	90	(1) 1) പെരികെ വളന്ത. പുറം. 62. വ. 80.	(1) 2) അഥ കൈകസീ. പുറം 86. വ. 34.	
2. രാമാവതാരം	105	(3) 1) ഹര ഹര ശിവ. പു. 109. വ. 89 2) അഥലളിതാംഗം. പു. 134. വ. 82 3) തദനു ജനാർദ്ദന ശയാം പു. 160. വ. 55.	(6) 1) പ്രശസ്യസുധാ. പു.112. വ.13. 2) യസ്യാശ്ച. പു. 114. വ.20. 3) തദാനീം പു.116. വ. 39. 4) വ്യതീതാസു. പു. 143. വ.9. 5) തസ്മിന്നേവ. പു. 149. വ.9. 6) തത്രച യഥോ. പു. 150. വ.5.	(2) 1) അഥ സമുദിതോദ്യമം. പു. 125. വ. 21. 2) കനക നളിന. പു. 155. വ. 34.
3. താടകാവധം	87	(3) 1) കാലേ തസ്മിൻ പു. 168. വ.141. 2) മനുകുലതിലക. പു. 197. വ. 20 3) കടർമാലകളും പു. 198. വ. 111	(2) 1) തേ ച മനോഹാരിഭിർ. പു.167.വരി.12. 2) രാജൻ ഭവതസ്സുനയേന. പു. 183.വ. 4.	(1) 1) തദനുമനുകല. പു. 193. വ. 15.
4. അഹല്യാമോക്ഷം	50	(1) 1) ഹര ഹര ശിവ. പു. 210. വ. 52	(1) 1) അഥ സമുപക്രാന്ത പു. 214. വ. 20.	(2) 1) ശ്രീമാൻ പുരാ ഭവ. പു. 223. വ. 32. 2) തദനു വിബുധ പു. 233. വരി. 36.

ഭാഗം	ശ്ലോകങ്ങൾ	മലയാളഗദ്യം	സംസ്കൃതഗദ്യം	ദണ്ഡകം
		(3)	(1)	(4)
5. സീതാസ്വയംവരം	108	1) ഹര ഹര ശിവ. പു. 250. വ. 46 2) പ്രതിഭടവിഘടിനി പു. 252. വ.133. 3) നാഴികവട്ടക. പു. 258. വ. 66.	1) ലീലാവിലുന. പു. 286. വ. 16.	1) കാചിദ് വിപ്ര വൃന്ദം പു. 252. വ. 19. 2) കുത്രചിത് കാഴ്ച. പു. 257. വ. 11. 3) അല്പോടി ടഞ്ഞു. പു. 263. വ.32. 4) തദനു വിപുല. പു. 277. വ. 29.
		(2)	(1)	(2)
6. പരശുരാമവിജയം	102	1) തദനു ദിനാധിപ. പു. 298. വ.118. 2) തദനു ദിനാധിപവംശ ശിഖാമണി പു. 381. വ. 63.	1) തദാനീമമരകാര്യവിധാനാത്ഥ. പു. 302. വ. 11.	1) ഹര ശിവ ശിവ. പു. 307. വ. 39. 2) അന്നേരമൻപൊടു. പു. 337. വ. 20.
		(5)	—	(1)
7. വിച്ഛിന്നാഭിഷേകം.	114	1) ഹര ഹര ശിവ. പു. 358. വ.215. 2) ഹര ഹര ശിവ തത്ക്ഷണം. പു. 394. വ. 5. 3) കാണുന്നവരെ. പു. 336. വ. 4. 4) തദനു മഹാത്മാ. പു. 396. വ. 21. 5) മന്ദം മന്ദം. പു. 398. വ. 14.	,,	1) ദശരഥനൃപവല്ലഭേ പു. 368. വ. 15.

ഭാഗം	ശ്ലോകസംഖ്യ	മലയാളഗദ്യം	സംസ്കൃതഗദ്യം	ഭണ്ഡകം
8. ഖരവധം	122	(4) 1) ശിവ ശിവ. പു. 413. വ. 137. 2) കഥമിവ കഥയേ. പു. 430. വ. 140. 3) രഘുവരൻ. പു. 443. വ 14. 4) അയി സുന്ദരി. പു. 445. വ. 53.	(5) 1) അഗസ്ത്യവചന. പു. 410. വ. 21. 2) അതീതഭയീ പു 429. വ. 8. 3) തദനു ജനക. പു. 445. വ. 3 4) അഥ ദാശരഥി. പു. 450. വ. 12. 5) ലങ്കാസമരാങ്ക പു. 468. വ. 5.	(1) 1. തദനമനുകലാധീശ പു. 465. വ. 23.
9. സുഗ്രീവസഖ്യം	126	(3) 1) തദനു തദാനീം. പു. 473. വ. 68. 2) തദനു പതിവ്രത. പു. 507. വ. 84. 3) ശിവ ശിവ ഹര പു. 528. വ. 95.	(1) 1) അഥ ഹനുമാൻ. പു. 534. വ. 16.	(2) 1) ഭയിത കിമപി. പു. 495. വ. 49. 2) ശ്രീരാമഭദ്ര ജയ. പു. 524. വ. 20.
10. ബാലിവധം	98	(3) 1) തസ്മിൻ കാലേ. പു. 544. വ. 33. 2) ഇത്ഥം ഭേത്യാ. പു. 556. വ. 43. 3) തദനു രഘൂത്തമ. പു. 559. വ. 31.	(2) 1) അനഗതേന. പു. 549. വ. 3. 2) അത്രാന്തരേ. പു. 567. വ. 8.	(1) 1) ഹര ഹര ശിവ. പു. 575. വ. 36.
11. ഉദ്യാനപ്രവേശം	74	(2) 1) പ്രാചീരമണി. പു. 587. വ. 25. 2) ഹര ഹര. പു. 592. വ. 68.	— ,,	(2) 1) മഞ്ജുണ്ണിമാർ. പു. 606. വ. 20. 2) വരഹൃണവതി. പു. 612. വ. 54.
12. അംഗലീയാങ്കം	164	(6) 1) തദനു തദാനീം. പു. 620. വ. 64. 2) തദനു രഘൂത്തമൻ പു. 636. വ. 104.	(3) പു. 635. വരി. 22. 1) അഥ ദാശരഥി.	(3) 1) തദനു പവനജന്മാ. പു. 674. വ 15.

ഭാഗം	ശ്ലോകങ്ങൾ	മലയാളഗദ്യം	സംസ്കൃതഗദ്യം	ദണ്ഡകം
(അംഗ്രലീയാങ്കം തുടർച്ച)		3) തദനു സമീരേ. പു.648. വ. 104. 4) കഠിനപദാഹതി പു.665. വ. 157. 5) ലങ്കാനഗരീ. പു. 676. വ. 25. 6) ഇതി ദശകണ്ഠൻ. പു.705. വ. 158.	2) തദനു രഹസാരാഹ. പു. 645. വ.15. 3) തദാനീം. പു.662. വ.14.	2) അച്ചോ. പു. 691. വ. 32. 3) തദനു ജനകനന്ദനായൈ. പു. 695. വ. 58.
13. ലങ്കാപ്രവേശം	66	(1) 1) തദനു ദിനാധിപ പു. 737. വ. 46.	(4) 1) അഥ സ രാമോ. പു. 715. വ. 14. 2) തദനന്തരം. പു. 718. വ. 6. 3) ആകാരനിരീക്ഷണം. പു. 721. വ. 3. 4)ആര്യ അനാത്മനീ. പു.727. വ. 9.	(1) 1) അംഭോനിധൗ. പു. 742. വരി. 20.
14. രാവണവധം	116	— ,,	(14) 1) തദനു മദന. പു. 748. വ.4. 2) തദനന്തരം. പു. 754. വ. 6. 3) തദവലോകന. പു. 757. വ. 5. 4) തത്ര ച. പു. 758. വ. 19. 5) സത്വരണശിരസി. പു. 762. വ. 2. 6) തദസ്തേന. പു. 763. വ. 3. 7) ദുർവിഷഹര. പു. 763. വ. 4. 8) ഉല്ലംഘിത. പു. 765. വ. 3. 9) ഇതി ദശാനന. പു.766. വരി. 3. 10) അപേത രക്ഷാമപി. പു. 767. വ. 7.	(2) 1) വൃത്താരി ജിത്തഥ. പു. 771. വ. 20. 2) തദനു നിശിചരാധിനാഥൻ പു. 778. വ.67.

ഭാഗം	ശ്ലോകങ്ങളം	മലയാളഗദ്യം	സംസ്കൃതഗദ്യം	ദണ്ഡകം
(രാവണവധം തുടർച്ച)			11) വിജ്ഞായ ച തത്. പു. 768. വ. 5. 12) ഇന്ദ്രജിദപി. പു. 771. വ. 3. 13) തയോശ്ച. പു. 772. വ. 3. 14) അഥ തയോരു ചിത. പു. 782. വ. 7.	
15. അഗ്നിപ്രവേശം	48	(1) അഥ നിജ വല്ലഭ. പു. 810. വ. 126.	(2) 1) തദനു സുമനായമാനസ്യ. പു. 798. വ. 5. 2) തദനു ജനകതനയാ. പു. 817. വ. 16.	(1) 1) ഇത്ഥം വികത്ഥന. പു. 804. വ. 20.
16. അയോദ്ധ്യാപ്രവേശം	53	,,	(2) 1) സൗഹാർദ്ദ. പു. 825. വ. 6. 2) തതശ്ച. പു. 843. വ. 4.	(2) 1) അക്ഷീണ. പു. 831. വ. 20. 2) തദനു മനു. പു. 836. വ. 27.
17. പട്ടാഭിഷേകം	98	(3) 1) ഹരഹരശിവ. പു. 852. വ. 173. 2) അഭിഷേകോ. പു. 867. വ. 200. 3) തദനു ദിനാധിപ. പു. 885. വ. 52.	(3) 1) തത്രാന്തരേ. പു. 866. വ. 17. 2) തതശ്ച. പു. 889. വ. 25. 3) ഇതി വിഹിത വിബുധകാര്യ. പു. 896. വ. 4.	— ,,
18. സീതാപരിത്യാഗം	100	(3) 1) തദനുരഘൂത്തമൻ പു. 900. വ. 123. 2) തദനു ച ഭ്രയോ. പു. 921. വ. 89. 3) തദനു സുമിത്രാ. പു. 937. വ. 87.	(1) 1) ഹാ ദേവി. പു. 913. വ. 5.	

ഭാഗം	ശ്ലോകസംഖ്യ	മലയാളഗദ്യം	സംസ്കൃതഗദ്യം	ഉണ്ടാകും
		(2)	(1)	(3)
19. അശ്വമേധം	88	1) ഇത്ഥം ദ്വിജവാൻ പു. 953. വ. 86. 2) തദനു തദാനീം. പു. 977. വ. 139.	1) തതസ്മരണാ കലപ്രദീപഃ പു. 957. വ. 18.	1) തദനു. പു. 948. വ. 18. 2) സംപ്രേക്ഷ്യ. പു. 972. വ. 20. 3) തദനു. പു. 983. വ. 43.
		(3)	—	(2)
20. സ്വർഗ്ഗാരോഹണം	70	1) ഇത്ഥം യമനും. പു. 1000. വ. 43. 2) ഹരഹരശിവ. പു. 1006 . വരി. 46. 3) മഹിമതകും. പു 1013.വ. 109.	,,	1) തദനുദശ. പു. 1003. വ. 17. 2) മിന്നുന്ന. പു. 1022. വ. 20.
ആകെ	1879	49	50	32

അനുബന്ധം 2

ഭാഷാരാമായണചമ്പുവിലെ ഉദ്ധൃതശ്ലോകങ്ങളുടെ സൂചിക

മറ്റു കൃതികളിൽനിന്നും എടുത്തിട്ടുള്ളവയെന്നു കരുതാവുന്ന ശ്ലോകങ്ങളുടെ ആദിഭാഗങ്ങളാണു് താഴെ കൊടുക്കുന്നതു്. ആദിഭാഗം കഴിഞ്ഞിട്ടുള്ള അക്കം നിർദ്ദിഷ്ടഭാഗത്തിലെ ശ്ലോകസംഖ്യ. ഉദാ: രാവണോദ്ഭവം—സാ കേകസീ മാല്യവതോ നിയോഗാത്. 8. എന്നതു് രാവണോദ്ഭവത്തിലെ 8—ാമത്തെ ശ്ലോകമെന്നു് സൂചന.

ഈ പട്ടികയിൽ ഉൾപ്പെട്ടിയിട്ടുള്ള ശ്ലോകങ്ങളുടെ അകാരാദി സൂചിക ഇതിന്റെ പിന്നിൽ (അനുബന്ധം 3) കൊടുത്തിട്ടുള്ളതു് നോക്കുക. അകാരാദിയിൽ ശ്ലോകത്തിന്റെ ആദ്യഭാഗത്തോടുചേർത്തു കൊടുത്തിട്ടുള്ള അക്കം പട്ടികയിലെ ക്രമസംഖ്യയാണു്. ഉദാ: അകാലേ ബോധിതോ. 451 എന്നതു് പട്ടികയിലെ 451—ാമത്തെ ശ്ലോകമെന്നു് സൂചന. കീഴിലുപയോഗിച്ചിട്ടുള്ള സംക്ഷിപ്തഗ്രന്ഥനാമങ്ങളുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

അനഘ്ഘ.—അനഘ്ഘരാഘവം; ആ ചൂ.—ആശ്ചര്യചൂഡാമണി; ഉ.രാ.—ഉത്തരരാമചരിതം; ബാലരാ.—ബാലരാമായണം; ഭോ. ച.—ഭോജചമ്പു (ചമ്പൂരാമായണം); കന്ദ.—കന്ദമാല; പ്രസന്ന.—പ്രസന്നരാഘവം; മല്ലികാ.—മല്ലികാമാരുതം; രഘു.—രഘുവംശം; രഘു (നാട.)—രഘുവീരചരിതം നാടകം; രാ. മഞ്ജരി—രാമായണമഞ്ജരി; വാ. രാ.—വാല്മീകിരാമായണം; ഹനു.—ഹനുമന്നാടകം.

1. രാവണോദ്ഭവം

ക്രമസംഖ്യ		ശ്ലോകസംഖ്യ
1	സാ കേകസീ മാല്യവതോ നിയോഗാൽ	8
2	അന്യോന്യാലോകിതൗ നാവ സുര സുര ഗുരു	9
3	മാതഃ കിമേതദിതി വാദിനമാത്മസൂനും	11
4	അഭിരശ്മിമാലി വിമലസ്യ കിരാതാർജ്ജുനീയം 12 2	20
5	ജിതാസനോ മീലിതലോചനാംബുജഃ	22
6	ഉത്ഥാപ്യമൂലശിഖികീലമസൗ	23
7	ദീപ്തിസ്തദന്തരഥ കാചന മുലപദ്മാത്	24
8	ആകാശകേവലഗുഹോ ജലവാഹകാലേ	25
9	അപ്രസേദുഷി തദാ വൃഷധ്വജേ	31
10	നിസ്സ്വീംശ പ്രതിബിംബിതോപി	34
11	സോഷ്മൂത്കൃത്യ ഹുതേഷു മൂർദ്ധ്വസു അനഘ്ഘ. 6. 43; ഹനു. 8.43. P. 120	35
12	പൃഥ്വീചക്രം ചകമ്പേ തഡിതി	36

ക്രമസംഖ്യ.		ശ്ലോകസംഖ്യ
13	പങ്ക്തിഗ്രീവേ തദാനീം.	37
14	പ്രാദുർഭൂയപുരസ്തദാ സ ഭഗവാൻ.	38
15	മാനാധ്മാതഃ കൃത്തഭൂയഃ പ്രബുദ്ധ.	39
16	പഞ്ചാനാം പാവകാനാമപി.	40
17	സന്തുഷ്ടേ നിസ്തണാം പുരാമപി രിപൗ.	41
	അനർഘ. 3. 41	
18	ലബ്ധ്വാ മുദ്ധേന്ദുചൂഡാദരേണകരുണയാ.	42
19	ലങ്കാപുരീമുപഗതം ഗിരിജാസഹായ.	43
20	ദത്ത്വാ സ്വസാരമഥ ശൂർപ്പണഖാം.	44
21	ജവേന ചലിതേ ഗിരൗ.	46
22	നിശാന്തനാരീ പരിധാനധൂനന.	48
	മാഘം. 1. 61	
23	തദ്ദ്വാരപാലൈർ മണിബന്ധഹസ്തൈഃ.	50
24	സ്വർഗ്ഗം ദുർഗ്ഗം ത്രിദശനിവഹൈഃ.	53
25	ഏലാപരിഷ്വംഗലസത്തമാലം.	57
	ശ്രീകൃഷ്ണവിലാസം. 1. 32	
26	നാരായണായ നളിനായതലോചനായ.	65
	ഭോ. ച. 1. 16	
27	അപികുശലമമത്ത്യാഃ.	74
	ഭോ. ച. 1. 17	

2. രാമാവതാരം

28	പ്രാദുർഭവാ മുരാരേഃ കതികതി മഹിതാഃ.	3
29	അസ്തി പ്രശസ്താ ജനലോചനാനാം.	7
	ഭോ. ച. 1. 11	
30	പദക്രമപ്രക്രമലബ്ധവർണ്ണാ.	8
31	സൗധാശ്ച യൗധാശ്ച സുധാമലാഭാഃ.	9
32	സന്നായകോത്കൃഷ്ട ഗുണാ മഹാത്മാ.	10
33	താമാവസദ് ദശരഥഃ.	12
	ഭോ. ച. 1. 12	
34	വാചഃ സംവനനം, സതാം രണവിധിഃ.	14
35	സംരംഭോദയഘൂർണ്ണമാനനയനേ.	15
36	നിവവൃതേ സ മഹാർണ്ണവരോധസഃ.	19
	രഘു. 9. 14	
37	ദ്വീന്ദ്രം ഭൂതി ജഗത്, ത്രിധാമ ഗഗനം.	20
38	അനേകഭൂപൈഃ സമദൈരഹന്തയാ.	21
39	തമലഭന്തേ പതിം പതിദേവതാഃ.	22
	രഘു. 9. 17	
40	ധർമ്മ്യാസു കാമാത്മയശസ്കരീഷു.	23
41	അഥ നഭസ്യ ഇവ ത്രിദശായുധം.	26
	രഘു. 9. 54	
42	അപി തുരഗസമീപാദുത്പതന്തം മയൂരം.	27
	രഘു. 9. 67	
43	ഉഷസി ച ഗജയൂഥ കർണ്ണതാളൈഃ. (രഘു. 9. 71)	29

ക്രമസംഖ്യ		ശ്ലോകസംഖ്യ
44	പിത്രോരിഹാശ്രമപദേ വസതോർ വിദൂഷ്യാഃ.	35
45	സ്പൃഷ്ടാഥ തൗ ബഹു വിലപ്യ.	37
46	അജ്ഞാനാദപി വിഹിതാം ത്വയാ, സഹിഷ്ണുഃ.	38
47	ഇതി ശാപമുദീര്യ തത്ര ദ്വയോ.	39
48	ശാപോ,പ്യദൃഷ്ട തനയാനനപദ്മശോഭേ.	40
	രഘു. 9. 80	
49	ഇത്ഥം ഗതേ ഗതഘൃണഃ.	41
	രഘു. 9. 81	
50	ആജ്ഞാവശംവദ സമസ്ത സുരാസുരസ്യ.	43
51	അവ്യക്തപ്രഭവോ ബ്രഹ്മാ.	46
	വാ. രാ. j. 70. 20	
52	കാശ്യപസ്യ ത്വ പുത്രോഽസ്മി.	47
53	സ മുനീ രോമപാദസ്യ.	54
54	തവാകൃത്രിമസംബന്ധീ.	55
55	സനത്കുമാരേണ പുരാ.	56
56	ഗേഹേ ഗേഹേ സരിതി സരിതി.	61
57	ആലക്ഷ്യദന്തമുകുളാനനിമിത്തഹാസൈഃ.	62
	ശാകന്തളം. 7. 17	
58	ദിഗംബരം ഗതപ്രീളം ജടിലം ധൂളി ധൂസരം.	63
59	ലങ്കാശ്രീ ധൂമകേതു.	70
60	ഹോതുഃ സ്രുവേ കരതലേന ഗൃഹീതമാത്രേ.	71
61	അനവാധാനവിധാവപി.	74
62	ആലോക്യതേ സ്വ കരസംഭൃത പായസാന്ന.	80
63	കൗസല്യാ പുണ്യചര്യാ മഹിമ പരിപണം.	81
64	മനീഷിതഫലപ്രദം മധുനിഘാതി തേജോദ്ഭതം.	82
65	അവദ്ധേഽവസിതേ സരയൂതടാൽ.	84
	ഭോ. ച. 1. 24	
66	ബീജം ജഗത് പുണ്യവിജൃംഭിതാനാം.	85
67	ഉച്ചസ്ഥേ ഗ്രഹപഞ്ചകേ.	98
	ഭോ. ച. 1. 29	
68	മോദേന കേകയസുതാപി തദാ കുമാരം.	99
69	കന്മഷതിമിര ദിനേശേ.	100
70	പ്രഹൃഷ്ടജനതാഗളോദ്ഗളദുലുനാദോദ്ധുര പ്രസാരി.	101
71	മിഥഃ പയോഭിഃ സിഷിചുർ വിനേദുഃ.	102
72	ആഷാഢിനം പാണിമുദസ്യ ദൂരം.	103

3. താടകാവധം

73	ഇത്ഥം നിയുക്തോ മുനിനാ തദാനീം	15
74	ജനയതി ത്വയി വീര! ദിശാംപതീനപി.	21
	അനർഘ. 1. 26	
75	ത്രൈലോക്യാഭയലഗ്നകേന ഭവതാ.	22
	അനർഘ. 1. 28	

ക്രമസംഖ്യ		ശ്ലോകസംഖ്യ
76	ത്വയ്യുദ്ഗാസനഭാജി കിന്നരഗണോദ്ഗീതൈഃ.	23
	അനർഘ. 1. 29	
77	ദത്തേന്ദ്രോഭയ ദക്ഷിണാഭുതഭുജാസംഭോഗംഭീരയാ.	24
	അനർഘ. 1. 27	
78	ത്രാസോത്കമ്പ ത്രിദശപ്രീഷ്മൗലി	
	മാണിക്യമാലാ.	23
	അനർഘ. 1. 45	
79	അംഭോജോത്ഭുതിരംഭഃ പരിമിളിത.	29
80	ഹാഹാ വഷ്സഹസ്രകം മമ വയോജാതം.	43
81	സംശ്രുത്യാഥ കഥം മയാ സഹ മൃഷാ.	50
82	ക്രിയാണാം രക്ഷാക്ഷെയെ.	52
	അനർഘ. 1. 32	
83	ഏഹി, ദേഹി കരുണാവലോകനം.	56
84	വിശ്രമസ്ഥാന്തരാപൂവ്വുധാത്രേ.	53
85	ഇതി ഭക്തിമതീം ഗിരം ബ്രുവാണഃ.	59
86	ഭക്ത്യാ നമന്തം സമുപേത്യ ദോർഭ്യാം.	60
87	വത്സജ്യാനിനദം നിശമ്യ നിതരാം.	65
88	ജ്യാനിനാദമഭിഗ്രഹ്ണതീ തയോഃ.	66
	രഘു. 11. 15	
89	നിമ്മജ്ജച്ചക്ഷുരന്തർഭ്രമിതകപിലിത ക്രൂരതാരാ.	68
90	രക്താഭ്യക്തോരു സ്യകാ.	69
	ബാലരാ. iii. 3. P. 108	
91	സ്ത്രീരാക്ഷസീ; കഥമിഹാത്ര പതന്തു ബാണാഃ.	70
	ബാലരാ. iii. 4. P. 109	
92	കാളരാത്രീകരാളേയം.	71
	ബാലരാ. iii. 5. P. 110	
93	ഗ്രർവ്വാദേശാദേഷേ നിർമീയമാണോ.	72
	അനർഘ. 2. 59	
94	ദീർഘം പ്രജാഭിരതി കൗതുകിനീഭിഃ.	73
	അനർഘ. 2. 60	
95	മാമൈവം വദ കാകുത"സ്ഥ!	74
96	ദശരഥകുലേ സംഭൂതം മാം.	75
	അനർഘ. 2. 62	
97	മൂർഛാമോഹേന മുമൂർഛ കച്ഛപപതിർ.	80
98	രാമമന്മഥ ശരേണതാഡിതാ.	81
	രഘു. 11. 20	
99	യച്ചകാരവിവരം ശിലാഘനേ.	82
	രഘു. 11. 18	
100	മുനിം കൃശാശ്വോപാത്താനി.	83
	ഭോ. ച. i. 44	
101	സാകം ലോഭേ ജൃംഭകാസ്ത്രൈഃ സമന്ത്രൈഃ.	84
	ബാലരാ. iii. 7. P. 111	
102	അസംഖ്യഗതി വിഭ്രമാനതുല ശസ്ത്രശാസ്ത്രോദ്യമാൻ.	85
103	അനേകധരണീധരാമനഘവാഹിനീ പാവനീം.	86

4. അഹല്യാമോക്ഷം

ക്രമസംഖ്യ		ശ്ലോകസംഖ്യ
104	വാരാംസ്ത്രീനദിഷ്ണവതേ.	4
	അനർഘ. 2. 29	
105	തൈർ മേധാജനനവ്രത പ്രണയിഭിഃ.	5
	അനർഘ. 2. 27	
106	ഹൃദ്യാം വൃത്തിം മഹിമഗഹനാം.	60
107	ഹൃത്വാഗ്രേഃ ശിഖരാണി താനി.	7
	ഭോ. ച. i. 48	
108	ത്രേതാഗ്നികുണ്ഡപൂരം ച.	8
	അനർഘ. 2. 55	
109	മാരീചനീചമതിരാഹവമാരചയ്യ.	11
	ഭോ. ച. i. 50	
110	സമന്തതഃ സന്തതഹന്തഹാരവേ.	13
111	വംശസ്പൃശാ ഹൃദയഹാരിഫലാനവിതേന.	15
	ഭോ. ച. i. 52	
112	അഥ നിശിചരമാഥാദ് വീതവൈതാനവിഘ്നഃ.	17
	ഭോ. ച. i. 53	
113	തതോ മുനിഃ സാധുസമാപ്തയജ്ഞഃ.	18
114	തസ്മിന്നതന്ദ്രമുപവിശ്യസമം മുനീന്ദ്രൈഃ.	24
115	തുംഗദ്രുതരംഗസംഘകബളീകൃതാംബര	
	ദിഗങ്കണാ.	28
116	ദൃശ്യമാനവിടപാഗ്രസമ്യഗനുമേയനന്ദനമഹീരു	
	ഹാകർഷണാ.	29
117	വിസ്ഫീർണ്ണേ ഹരജാടജൂടകുഹരേ.	30
118	ശ്രുത്വാ ഗുരോരിതിഗിരം ഗുരുഹാർദഹൃദ്യാം.	46
119	ശിലാകുമ്പം ധത്തേ, ശിവശിവ!	47
120	പ്രാദുർഭൂയ പുരഃസ്ഥിതാ ജയജയ.	48
121	ദുഃഖേ സുഖേ ച രജ ഏവ ബദ്ധ്വ ഹേതുഃ	49
	ഭോ. ച. i. 94	
122	ഇത്ഥം ഗൗതമവല്ലഭാം നിജപദാംഭോ....സൃഷ്ടടാ	50

5. സീതാസ്വയംവരം

123	ലുമ്പന്നദൃഷ്ടജാമാതൃസമ്പദാം ശ്രുചമദ്യ നഃ.	5
	അനർഘ. 3. 10	
124	അജനിഷ്വേനമേതത് പാവനം നഃ പുരസ്താത്.	7
	രഘുവീര. (നാട). P. 46	
125	അധിഗതൗ വിഷയം കിമിഹാശ്വിനൗ.	9
126	കതര ഏഷ കളായദലച്ഛവിഃ.	10
127	ഇത്ഥം നിശമ്യ വചനം ജനകസ്യ രാജ്ഞോ.	11
128	അവനിമവനിപാലാഃ കോടിശഃ പാലയന്താം.	12
	പ്രസന്ന. 3. 13. P. 46	
129	ദേവ്യാ യസ്യാ വസനമുദധിഃ.	13
	ഭോ. ച. i. 100	

ക്രമസംഖ്യ		ശ്ലോകസംഖ്യ
130	അവതരതി മേ വത്സാ പ്രൌഢിം.	14
	രഘുവീര. (നാട). P. 10	
131	അലം ജനക! ചിന്തയാ.	15
	രഘുവീര. (നാട). P. 10	
132	സമസ്യാ വാ സാക്ഷാം.	16
	അനർഘ. 3. 18	
133	പുത്രാർത്ഥേ ജഗദേകജാംഘലികയാഽദ്ദാമദ്രുമത് കീർത്തിനാ.	17
	അനർഘ. 3. 20	
134	ചത്വാരോ ദിനനാഥവംശമണയോ.	18
	അനർഘ. 3. 21 (പാ. ദേ. യേ ചത്വാരേ....)	
135	യദ് ഗോത്രസ്യപ്രഥമപുരുഷഃ.	20
	അനർഘ. 3. 25	
136	കൃത്യേസ്മിന്നന്തരായശ്ചേത്.	21
137	യദ് വിദന്നപി വിദേഹനന്ദിനീ.	22
	അനർഘ. 3. 26	
138	ഗിരീശേനാരാദ്ധം ത്രിജഗദവജൈത്രം.	23
	അനർഘ 3. 32	
139	യേഷാം ചാപസമർപ്പിതം.	24
	അനർഘ. 3. 30	
140	തദ് ഭോഗധേയമപിതാദൃശം.	25
	അനർഘ. 3. 31	
141	വിലോക്യ ജനകാത്മജാം	38
142	സീമാസരോരുഹദൃവഃ കരകൗശലാനാം.	41
143	വിധായ ശ്വേതാംശും കമലവസതിർഗാലനപടം.	42
144	ദൃശോരസ്യാസ്സന്നവ്യാഭവതി ബഹിരംഗം കവലയം	43
145	രമ്യാമാലോക്യ വൈദേഹീം.	44
146	തസ്മിൻ ക്ഷണേ സസ്മിതവക്ത്രപദ്മാ.	56
147	അയം ഖലുവിശ്വംഖലദ്വിരദദാനവാർവാഹിനീ.	59
148	അന്തഃസന്തോഷബാഷ്പൈഃ.	60
	നൈഷധം. 12. 39	
149	പര്യായത്വാത് കുസുമധന്വഷഃ	61
150	അസ്യ ക്ഷോണീപതേഃ പരാർദ്ധപരയാ.	62
	നൈഷധം. 12. 106	
151	അശനിരഹിതക്ഷ്വാട്ടത് പക്ഷപ്രതീക്ഷണ ശിക്ഷണേഷു.	63
152	പാണിപ്രസ്ഥൈർ ബകുളസുമനഃ സൗരഭം.	64
	ബാലഭാരതം. 1.65, (രാജശേഖരൻ) കാവ്യമാല. 4	
153	സോഽയം പ്രശാസ്തി മധുരാം.	65
154	അസ്യാഹവേ ഹരിചമൂഖുരഖണ്ഡിതോർവീ.	66
155	ഉജ്ജാഗരൈർ ഗ്രണൈഃ ശ്ലാഘ്യഃ	67
156	യദിത്രിലോകീഗണനാപരാ സ്യാത്.	68
	നൈഷധം 3. 40	

ക്രമസംഖ്യ		ശ്ലോകസംഖ്യ
157	സോ/യം കർണ്ണാടനാഥഃ.	69
158	ശ്ലാഘ്യോ/യം കേരളാനാമധിപതിഃ.	70
159	ചോളാനാമധിപഃ ശ്രുതൈകവസതിഃ.	71
160	പ്രണിപത്യ കുമാരോ/യം.	78
	ബാലരാ. iii. P. 161	
161	പിതേ സ്വസ്തി, സുരാസുരസ്തുതമഹസ്സ്ത്വത്തേ.	79
162	ഭോ ഭോഃ കോണ്ഡ! ചണ്ഡീപരിവൃഢ.	80
163	നവകുവലയദാമശ്യാമളൈർച്ചയിത്വാ.	81
164	ഭോർദോഷ്ണാ വാമമംഗം ദൃഢയ പശുപതേ!	82
165	ശുന്ധന്നഷ്ടവിധേഃ ശ്രുതീർമുഖരയൻ.	84
	മഹാനാടകം. 1.44. P. 30; അനർഘ. 3.54	
	ഹനു. 1. 27. P. 16	
166	രാമാകർഷണഭഗ്നകാർമുക ഭുവാധ്വാനേന.	85
	ഭോ. ച. i. 104	
167	രാമേ ബാഹുബലം വിവൃണ്വതി.	86
	ഭോ. ച. i. 103	
168	ത്രൈയംബകേ ത്വ ധനുഷി ത്രുടിതേ നിമേഷാദ്ധ്വ.	87
169	ഇഭകുംഭത്രുംഗകുചകുംഭയുഗായാഃ.	88
170	ന്യസ്യാ തദ്ധ്വബാഹുമൂലേ.	92
171	ഗുണമനിമിഷചാപേ കഞ്ചിദാരോപ്യ സീതാം.	94
	ഭോ. ച. i. 109	
172	മുദ്ധാക്ഷീമഥ മാണ്ഡവീം സ ഭരതഃ.	95
173	യസ്യാസ്സേ ജനനീ സ്വയം ക്ഷിതിരിയം.	97
	ബാലരാ. iv 42. P. 206	
174	അഭ്യർത്ഥനമുപാഗതേ ഗുഹപതൗ.	98
	ബാലരാ. iv 43. P. 207	
175	നിർവ്യാജാ ദയിതേ, നനാന്ദൃഷ്ടി നതാ.	100
	ബാലരാ. iv. 44. P. 208	
176	ശുശ്രൂഷസ്വ ഗുരൂൻ.	101
	ശാകുന്തളം. 4. 19	

6. പരശുരാമവിജയം

177	യിയാസതസ്സസ്യ മഹാമഹീധ്രഭിദാ പടീയാൻ.	4
	മാഘം. 3. 24	
178	പ്രജാ ഇവാംഗാദരവിന്ദനാഭേഃ.	5
	മാഘം. 3. 65	
179	രഥതുരഗപദാതി വാരണാനാം.	6
180	ആജന്മബ്രഹ്മചാരീ.	11
	അനർഘ. 1. 18; ഹനു. 1. 31. P. 17	
181	കസ്യേയം പൃതനാ പ്രയാതി നികടേ.	13
182	പ്രഭോഃ സദസി നാരദപ്രഭൃതിഭിഃ.	15
183	ഭസ്മാങ്കുരേതി ഖുരളീകലഹേ കുമാരം.	16
	അനർഘ. 4. 24	

ക്രമസംഖ്യ ശ്ലോകസംഖ്യ

184 സേർഷ്യം പശ്യതി ഷണ്മുഖേ ഭഗവതി. 17
ബാലരാ. ii. 28 P. 76

185 സ ഏഷ ഭൃഗുപുംഗവോ ഗിരിശബാലശിഷ്യോ മുനിഃ. 18
ബാലരാ. ii. 24. P. 72

186 ജടാം ധത്തേ മൂർദ്ധാ. 28
അനർഘ. 4. 27

187 സാകം ശക്തിധരേണ തത്ര ഭവതോ. 29
അനർഘ. 4. 26

188 കല്പവഹനിസദൃശാ ദൃശാ ദിശോ. 30

189 രേ കാകുത്സ്ഥാഃ കഥം വഃ. 320
അനർഘ. 4. 25

190 ഭൂപാലകുലകാന്താരദാവപാവകതേജസേ. 34
രഘുവീര. (നാട). P. 19
[വിജ്ഞാനദീപിക. iv. 331]

191 ആദേഷ്ടാ ഭഗവാൻ ഭൃഗുർജനയോഃ. 35

192 ഗൗരീപതേസ്ത്രിപുരശാസനനാമസാധനം. 36

193 ശംഭൗ യദ്ഗുണവല്ലരീമുപനയത്യാകൃഷ്യ. 33
മഹാനാടകം. 1.50 (p. 34); അനർഘ. 4.21,
ഹനു. 1.24. P. 25

194 ബാഹോർബലം ന കലിതം. 40
ബാലരാ. iv. 61. P. 219; ഹനു. 1. 38. P. 21

195 പുരോജന്മാ നാദ്യപ്രഭൃതി മമ രാമഃ. 45
മഹാനാടകം. 2. 22. P. 56; അനർഘ. 4. 46
ഹനു. 1.46. P. 23

196 പ്രസീദ ഡിംഭേ മയി മുഞ്ച രോഷം. 47

197 സ്ത്രീഷു പ്രവീര ജനനീ ജനനീ തവൈവ. 48
മഹാനാടകം. 2.21. P. 56; അനർഘ. 4. 33
ഹനു. 1.43. P. 22

198 ആയാസ ഏവ ഹി ഫലം. 52

199 മൈഥിലീ യദി ധനുർഭൃഹോ ഭവേത്. 53
ബാലരാ. v. 1. P. 235

200 രേ രേ ദാശരഥേ! നമോ ഭഗവതേ. 57

201 ഭ്രമാത്രം കിയദേതദണ്ഡവമിതം. 61
മഹാനാടകം. 2. 23. P. 57; അനർഘ. 4. 35

202 സ്വായത്തേന കഠാരേണ. 66
ബാലരാ. iv. 63. P. 221

203 വിക്രമേണ ഭുവനത്രയേ ഭവാൻ 83

204 താവുഭൗ ച ഭൃഗുവംശസംഭവൗ. 86
ഭോ. ച. i. 113

205 യുഗപത്പ്രാപ്തഗുണയോഃ. 87
ഭോ. ച. i. 114

ക്രമസംഖ്യ ശ്ലോകസംഖ്യ

206 നൂനം ജനേന പുരുഷേ മഹതി പ്രയുക്തം. 88
ഭോ. ച. i. 115
207 നിശ്ശേഷക്ഷിതിപാലമണ്ഡല. 101

7. വിച്ഛിന്നാഭിഷേകം

208 കുതുകചകിതരാഗപ്രീളഡോളായമാനാം. 4
209 ഇമമമാകാംക്ഷേഹം കിമപി. 9
മല്ലികാ. 3. 30 P. 119
210 സുന്ദരാംഗി! സകൃദസ്തുദംഗകേ. 10
211 ഉത്സംഗോയം വിപുലജഘനേ! 12
മല്ലികാ. 8. 22
212 കിം മുഗ്ധം മുഖപങ്കജം നമയസേ. 13
213 സോഢുമലമസ്മിനാഹം. 14
മല്ലികാ. 8. 21. P. 242
214 ആസ്താം തച്ചടുലമൃഗാക്ഷി! 15
215 കിമപി കിമപി വീടിമപ്പുയന്നപ്യനിഷ്പ്രോ. 16
216 വിഗ്രഹാച്ച ശയനേ പരാങ്മുഖീം. 19
217 ശ്രുത്വാഗിരം തദന കല്പ്പസുധായമാനാം. 30
218 ആമോദകൗതുകദരോത്തരളം ജനാനാം. 31
219 ആനന്ദബാഷ്പവിസരോ വദനേ പ്രജാനാം. 33
ഭോ. ച. ii. 4
220 സീമാതീതം ധരണിവലയാവാസിനാം. 35
221 അലഘുപതിതതുംഡാവാതനിഷ്പേഷദോഷാൽ. 40
ഭോ. ച. ii. 10
222 വാസസ്ഥചാം ഭവതു കിഞ്ചന താരവീണാം. 47
ഭോ. ച. ii. 22
223 നൈവാഭവസ്ഥമിഹ ശീലവതീഷ്വകാചിൽ. 48
ഭോ. ച. ii. 21
224 വത്സം കഥാരഹൃദയേ! നയനാഭിരാമം. 49
ഭോ. ച. ii. 15
225 വൃദ്ധോ ദശരഥഃ സോയം. 63
ബാലരാ. vi. 30. P. 362
226 ശശികാന്തഃ കഥം ഗ്രാവാ. 64
ബാലരാ. vi. 33. P. 364
227 ഹേ പ്രാണാഃ സ ഗതോ രാമഃ. 65
ബാലരാ. vi. 32. P. 363
228 ഭീതോ ഭ്രുരതഃ കിമംബ, ഭരതഃ. 70
ഭോ. ച. ii. 24
229 വനഭുവി തന്മാത്രത്രാണമാജ്ഞാപിതം മേ. 71
ഭോ. ച. ii. 25
230 രേഖാരഥാംഗസരസീരുഹശംഖചിഹ്നേ. 74
ഭോ. ച. ii. 28

ക്രമസംഖ്യ		ശ്ലോകസംഖ്യ
231	കല്യാണവാദസുഖിതാം സഹസൈവ കാന്താം.	77
	ഭോ. ച. ii. 31	
232	അഹം ഗമിഷ്യാമി മഹാവനം പ്രിയേ!.	78
	വാ. രാ. ii. 26. 38	
233	കിം താതേന ണരിന്ദസേ.	79
	ബാലരാ. vi. 19	
234	കിം താതേന നരേന്ദ്രശേഖരശിഖാ.	79
235	ആദാവേവ കൃശോദരീ കുചതടീ.	80
	ഹനു. 3. 13; മഹാനാടകം. 4. 17. P. 145	
236	പ്രിയേ! ജനകനന്ദിനീ! പ്രകൃതിപേശലാമീദൃശീം.	81
	ഭോ. ച. ii. 32	
237	കോപാദാകണ്ണ്യ കണ്ണ്ജാരകരണപടും.	82
238	താതഃ പ്രേമജളഃ കരോത്യനുചിതം.	83
	ബാലരാ. vi. 27. P. 353	
239	കിം ലോകേ വിലംഘിതഃ സ ഭരതോ.	84
240	മാതുസ്തവാതപത്രമയോരുണിമാ.	85
	ഭോ. ച. ii. 29	
241	ഗാഢോരഃസ്ഥലതാഡനത്രുടിത സ്രഗ്ഭൈഃ.	98
	ബാലരാ. vi. 31. P. 363	
242	തുഭ്യം സമ്പ്രതി വിലാസവാപി!	101
	ബാലരാ. vi. 29. P. 362	
243	സുത്തവ്യാസ്മി ചിരം ചകോരദയിതേ!	102
	ബാലരാ. vi. 27. P. 361	
244	സദ്യഃ പുരീപരിസരണേ ശിരീഷമൃദവീ.	103
	മഹാനാടകം. 3. 17. P. 93	
	ബാലരാ. vi 34. P. 365	
	ഹനു. 3. 12. P. 46	
245	അയം പന്ഥാഃ കാശീമഭിപതതി.	104
246	പുരോഭ്രഃ ശാലേയീ.	105
	ബാലരാ. vi. 37. P. 368	
247	തീത്ത്വാ ഭ്രതേശമൗലിസ്രജമമരധുനീം.	106
	അനർഘ. 5. 2	
248	പഥിപഥികവധൂഭിഃ സാദരം പ്രേക്ഷ്യമാനാ.	108
	ഹനു. 3. 15. P. 47; മഹാനാട. 3. 19. P. 94	
249	മസൃണചരണപാതം ഗമ്യതാം ഭ്രഃ സദർഭാ.	109
	ബാലരാ. vi. 36. P. 367	
	മഹാനാടകം. 3. 20. P. 94	
250	അനുജരചിതപണ്ണാഗാരഹൃദ്യാസു.	111
	ഭോ. ച. ii 52	
251	ഉത്ഥായ സംഭ്രമവശാത് സംഖലിതോത്തരീയാ.	112
	ബാലരാ. vi. 42. P. 372	
252	ധരണിതലനിഷണ്ണം ഘർമ്മവിശ്രാന്തിഹേതോഃ.	113
	ബാലരാ. vi. 43. P. 373	

8. ഖരവധം

ക്രമസംഖ്യ		ശ്ലോകസംഖ്യ
253	അഥാവാസം ശാന്തേരകൃത സുകൃതാനാമഗസ്ത്യാശ്രമം.	3
	ഭോ. ച. ii 77	
254	ആകർണ്ണ്യ താതമരണം ഭരതസ്യ വാചാ.	6
255	രാമസ്ത്വാസന്നദേശതയാത്.	9
	രഘു. 12. 24	
256	വല്ഗത്യഗ്രേ തരുണഹരിണഃ	11
257	ജരദ്ജഗരഗ്രാസത്രാസപ്രണഷ്ട മൃഗാംഗനം.	12
	ബാലരാ. vi. 48. P. 377	
258	വിന്ധ്യാദ്ധ്യാനോ വിരളസലിലാഃ	13
	ബാലരാ. vi. 50. P. 379	
259	ഹരത്യഘം സംപ്രതി ഹേതുരേഷ്യതഃ	19
	മാഘം. 1. 26	
260	ഭ്രാതരൗ തദനു രാമലക്ഷ്മണൗ.	25
261	പശ്യൈതത് പാണിപാദം മമ തു മുദിതവാൻ.	34
262	ഇതി പ്രതിജ്ഞാം സമുദീര്യ രാമോ.	38
263	വേതണ്ഡശ്രവണപ്രചണ്ഡപവനപ്രോദ്ധൂത.	41
264	തസ്മിന്നജ്ജ്വംഭിതോഷ്ണസ്മനൂടേ.	47
	ഭോ. ച. iii. 15	
265	അസ്യാതിമാത്രായതലോചനസ്യ.	71
	ആ. ച. 1. 6	
266	വിദ്വേഷയന്തീ നു ദിവം ഭുവം വാ.	72
267	ദശരഥാത്മജയുഗ്മനിരീക്ഷണം.	73
	ഭോ. ച. iii. 16	
268	ലാവണ്യാംബുനിധേരമുഷ്യദയിതാം.	74
	ഭോ. ച. iii. 18	
269	തേനാതിവിദ്ധതനുരപ്യയമുന്നതാത്മാ.	89
270	രാജപ്രയുക്തമശനൈരവധൂയ ബാണസ്തോമം.	90
271	തസ്മിന്നിത്ഥമധിക്ഷിപത്യഥ ഖരേ.	115
272	ഖരപുരുഷശരാസനേ ഗൃഹീതേ.	118
	ഭോ. ച. iii 20	
273	ഖരവധപരിശ്രദ്ധേ ദണ്ഡകാരണ്യലോകേ.	121
	ഭോ. ച. iii. 21	
274	പ്രാങ്മന്ഥരേതി മഹിഷീതി വരദയേതി.	122
	ഭോ. ച. iii. 22	

9. സുഗ്രീവസഖ്യം

275	സമുകതിഭാങ്മണ്ഡലപൂർണ്ണപാത്രം.	4
276	ദൃഷ്ട്വാ തൗ തു പുമാനപി സ്പൃഹയതേ.	20
277	സാ രാമണീയകനിധേരധിദേവതാ വാ.	24
	മാലതീമാധവം. 1. 24	
278	തദനു ജനകപുത്രീയാചിഞ്ഞയാ.	59
	ഭോ. ച. iii. 25	

ക്രമസംഖ്യ ശ്ലോകസംഖ്യ

279 നപ്രീതേ പരമേശ്വരേ[illegible]പി ശിരസാം. 71
ബാലരാ. v. 9. P. 241
280 ചക്ഷുഃസ്സൂരമവാരിജം. 74
281 ഇന്ദ്രാണീമഹമപ്പരോഭിരനയം. 75
ആ. ച. 3. 20
281 (1) കായംമേ ചന്ദ്രഹാസഃ
ഭാ. രാ. ച. പു. 449 അടിക്കുറിപ്പ്
ബാലരാ. ii. 53. P. 73
282 ധമ്മില്ലോ ലളിതഃ സ്മിതം ശുചി ദ്വശൗ. 76
ബാലരാ. iii. 24. P. 127
282 (1) മാഭൈഷീഃ പുത്രി.
ഭാ. രാ. ച. 510. അടിക്കുറിപ്പ്. ഹനു. 4. 10
283 ദശമുഖരഥമാശ്രു ധ്വസ്തൗഢ്യം വിസൃതം. 90
ഭോ. ച. iii. 31
284 രാക്ഷസാസിക്ഷതഃ ക്ഷിപ്രം. 92
ഭോ. ച. iii. 32
285 തൗ രാഘവൗ തത്ര തദാ വിമുക്തൗ. 95
286 പണ്ണശാലാത്രികോണേഷു 96
287 വിലോക്യതാം കേവലപണ്ണശാലാം. 97
288 യദ്യസ്തി കൗതുകമപൂർവ്വമുഗേ മൃഗാക്ഷി! 99
ഭോ. ച. iii. 38
288 A. ആധൗ സിദ്ധൗഷധിരിവ. ഭോ. ച. iv. 4 100
289 സപ്രാണാ ചേജ്ജനകതനയാ. 101
ഭോ. ച. iii. 39
290 ലോകാന്തരപ്രണയിനം ശത്രുരം പ്രണന്തും. 102
ഭോ. ച. iii. 39
291 ഇത്ഥം വിലപ്യ ദയിതാം വിപിനേ വിചിന൯. 103
ഭോ. ച. iii. 41
292 ഹേ ഗോദാവരി രമ്യവാരിസികതേ. 104
cf. മഹാനാടകം 4.13. P. 43
293 സാരംഗി! ശംസ സഹസാ സഖി! ജീവനാഥാ. 105
മല്ലികാ. 9. 32. P. 477
294 നീലകണ്ഠ! മമോത്കണ്ഠാ. 106
വിക്രമോ൪വ്വശീയം. 4.9
294 (1) സൗമിത്രേ നന്ദ സേവ്യതാം.
ഭോ.രാ.ച.P. 522. അടിക്കുറിപ്പ്. ഹനു. 5. 18
295 പദേ പദേ വീക്ഷ്യ വിളംബമാനൗ. 110
296 താത! ത്വം നിജ തേജസൈവ ഗമിതഃ. 113
ഹനു. 5. 16. P. 63;മഹാനാടകം. 4.41 P. 158
297 കുലേ വാ ശൗര്യേ വാ. 114
അനർഘ. 5.13
298 ജാനന്നേവ ദശാനനോപഹരതേ. 115
അനർഘ. 5. 26
299 ഏതൗ കൗചന മാനവാനായമണീ. 117

ക്രമസംഖ്യ ശ്ലോകസംഖ്യ

300 കിഷ്കിന്ധായുവരാജ ഏഷ സവിധേ. 118
300 (i) ദുഷ്യത് പുലസ്ത്യ കണ്ഡു ഭിഃ. 535
ഭോ. രാ. ച. 535. അടിക്കുറിപ്പ്. അനർഘ. 5.32
301 രസാതലേ വാ സാ ദേവീ. 122
302 ഹൃതദാരസ്യ മേ വാണീ. 123
303 സീതാകപീന്ദ്രക്ഷണദാചരാണാം. 124
വാ. രാ. iv. 5.32

10. ബാലിവധം

304 നിർഭിന്നസാലകടകോ ഽസ്മി യഥാ തഥാ തവം. 8
ഭോ. ച. iv. 13
305 തത്ര യുദ്ധമഭൂത് ഘോരം. 14
306 ബഹുമണ്ഡലചാരിണൗ ഹസന്തൗ. 15
307 തൗ നിർവിശേഷാവാലോക്യ. 16
രാ, മഞ്ജരി. 179
308 തതഃ പ്രഹാരഗ്രാംഗഃ. 17
രാ. മഞ്ജരി. 180
309 ഘോരാഭിഘാതാഭിഹതോ. 18
രാ. മഞ്ജരി. 80
310 തതഃ സാനുജമായാന്തം. 19
രാ. മഞ്ജരി. 180
311 അഹോ! മേ ഹീനഭാഗ്യസ്യ. 20
രാ. മഞ്ജരി. 180
312 മിഥ്യാ ബാലിവധോദ്യോഗഃ. 21
രാ. മഞ്ജരി. 180
313 ന്യസ്യ തവയാ മൃത്യുമുഖേ. 22
രാ. മഞ്ജരി. 180
314 ഇതി ബ്രുവാണം സുഗ്രീവം. 23
രാ. മഞ്ജരി. 180
315 യുദ്ധേ യുവാം മയാ ദൃഷ്ടൗ. 24
രാ. മഞ്ജരി. 180
316 അതോ ഽയം തദ്വധഭയാൽ. 25
രാ. മഞ്ജരി. 180
317 ഗജപുഷ്പീമിമാം പുല്ലാം. 26
വാ. രാ. iv. 12.39
318 ശോഭസേഹ്യധികം വീര! 27
319 കാരുണ്യം നിരവധിയത്തവ പ്രസിദ്ധം. 69
ഭോ. ച. iv. 14
320 ഏവം വിധേ പ്രിയതമേ ഽപ്യനപേതജീവാം. 70
ഭോ. ച. iv. 15
321 സന്ത്രസ്യ പൂർവ്വമമുതസ്തവ ബന്ധുരേഷ. 71
ഭോ. ച. iv. 17

ക്രമസംഖ്യ ശ്ലോകസംഖ്യ

322 നാഹം സുകേതുതനയാ ന ച സപ്തസാലീ. 72
ഭോ. ച. iv. 18
323 ക്ഷിതിപതിതനയാനാം ഹന്ത ഗർഭേശ്വരാണാം. 73
ഭോ. ച. iv. 19
324 ഏഷ ത്രൈവർണ്യ മാത്രവ്യവസിതഭഗതോ. 75
അനർഘ. 5.40
325 യേനാച്ഛിദ്യ സമസ്തപാർത്ഥിവകലപ്രാണാന്തകം. 76
അനർഘ. 5.46
326 ചിരായനഭതഞ്ചരവീരചക്രമാരാങ്കവൈജ്ഞാനിക. 77
അനർഘ. 5. 45
327 മാഹാത്മ്യം തവ മതിമന്നജാനതീയം. 78
328 പ്രസാദഹൃദ്യാനി മഹേന്ദ്രസൂനോഃ. 79
329 സർവൗഘപ്രസരണേ രാവണിരസൗ. 80
330 ത്വയാ വീരേണ ഗ്രഹ്യായാം. 81

11. ഉദ്യാനപ്രവേശം

331 അസ്യദ്വിക്രമചേഷ്ടിതാനി. 5
332 കപാലേ മാർജ്ജാരഃ പയ ഇതികരാൻഛേഢിശശിനഃ 11
(ഭാസൻ?)
333 ചന്ദനചർച്ചാ കചയോഃ. 12
മല്ലികാ. 8. 17, P. 239
334 ജ്യോത്സ്നാകന്ദളസാന്ദ്രചന്ദനരസസ്ഥാസൈർ. 13
335 യാവത്സ്യാത് പദ്മമാധ്വീമധു ബഹുമന്യതേ. 45
336 ഭജ മാമനവദ്യാംഗി! കാമാത് കമലലോചനേ. 46
337 തവേദം പദ്മപത്രാക്ഷം. 47
338 രാജ്യാച്യുതമസിദ്ധാർത്ഥം. 48
339 ദൃഗ്ലീലാസു സകൗതുകം യദി മനഃ. 63
ബാലരാ. v. 19. P. 248

12. അംഗുലീയാങ്കം

340 അയമേകപദേ തയാ വിയോഗഃ. 8
വിക്രമോർവശീയം. 4.3
341 ജലദനിനദത്രസ്യന്മുഗ്ധാംഗനാ. 9
മല്ലികാ. 9. 19. P. 268
342 മനോ ഹരതി മേ മുഹുർ. 10
343 അഭ്യസ്യമാനമനിശം ബാലേ! 11
344 സ്ഫുജ്ജദ്ഗജ്ജാട്ടഹാസപ്രസരസരഭസോലക്ഷ്യ. 12
345 ഉദ്ഗാതാ മത്തകേകീ, സ ഖലു ജലധരോ. 13
346 കാകാര്യം, ദിവസേശിതുഃ കച കലഃ. 17
വിക്രമോർവശീയം. 4.35
347 വവസാ അരഇപഓഓ. 20 (പ്രാ.)
348 വ്യവസായരവിപയോദോ. 20 (ഛായാ)

ക്രമസംഖ്യ		ശ്ലോകസംഖ്യ
349	തോ അലവാരജസപഥോ.	21 (പ്രാ.)
350	തോയല വാരജസപഥഃ.	21 (ഛായാ.)
351	സാഇമേദേഹ മഹാണി.	22 (പ്രാ.)
352	സരസി മേ ദേഹം മഹന്തി.	22 (ഛായാ.)
353	ഫലലാഭലോഭവിവൃതാൻ.	51
354	കോഽയം സാക്ഷാന്ന സിംഹഃ.	52
355	നിവർത്തയാമാസ നിജപ്രവൃത്തിം.	54
356	അഥ ജാംബവതോ വിനമ്യ പാദൗ.	60
357	ആരുഹ്യ ശൈലം ഹനുമാൻ മഹേന്ദ്രം.	76
358	ആവൃത്യ പ്രണിപത്യ.	78
359	കൃത്വാ മാരുതി ലംഘനോഽഥിതരയാത്.	18
360	പക്ഷാദിഘാതരയരചിതവീചിമാലാത്.	32
	ഭോ. ച. v. 3	
361	തവ പിത്രാഹം പരിത്രാതഃ.	33
	ഭോ. ച. v. 5	
362	തത് ക്ഷണേന ജഗതീം പ്രസാദയൻ.	84
363	അതിജവവാ ലീലാകൃഷ്ടൈരകാണ്ഡനഭസ്വതാ.	85
364	തതോ നഭസ്ഥലേഽസ്ഫാരിശിരോവിലുംനാദിവ.	87
365	അഹം പ്രഥമികാന്യോന്യ.	88
366	കാളീകായകളായ കാളിയ.	89
366 A.	തസ്മിൻപ്രദോഷസമയേ സഹസാ ഹനുമാൻ.	91
367	ആദിത്യഃ കൃതകൃത്യ ഏവ ഭവിതാ.	93
	ഭോ. ച. v. 14	
368	ജ്യോത്സ്നാം വിനാപിവിലസേന്നിശി ശീതഭാനുഃ.	105
	ഭോ. ച, v. 18	
369	അഹിതാസ്വഥ രാക്ഷസീഷു നിദ്രാവിഹതാസു.	106
370	വിനീതിശാലീ നിശമയ്യ വാണീം.	121
371	കിഷ്കിന്ധാനാമധേയാ ജയതി സുമഹതീ.	122
372	ആയാതം മാമപരിചിതയാ വേലയാ.	133
	ആ. ചൂ. 6.17	
373	ഇതി വാചമുദീര്യ രാഘവസ്യ.	139
374	സോഽയം ദശം ദശകന്ധരം.	140
	ഭോ. ച. v. 43	
375	രേ രേ രാവണ! രാവണാഃ കതി?	166
	ഭൃതാങ്ഗതം. (ശ്ലോ.) 22; ഹനു. 8. 32. P. 116	
	മഹാനാടകം. 7. 14. P. 304	

13. ലങ്കാപ്രവേശം

376	ശ്രുത്വാ വൃത്തം പ്രിയായായാം.	2
377	ക്വചിന്മേഘശ്യാമൈഃ.	3
378	അഭയാഗതോഽയമപയാതി ചേന്മുധാ.	13
	ഭോ. ച. vi. 18	

ക്രമസംഖ്യ ശ്ലോകസംഖ്യ

379 ആനയൈനം ഹരിശ്രേഷ്ഠ! 14
380 കരാഞ്ജലൗ സംഗതപുഷ്പജാലഃ. 16
381 പരിത്യക്താ മയാ ലങ്കാ. 17
382 യാവച്ചന്ദ്രശ്ച സൂര്യശ്ച. 20
383 ജാതിം മാനയ മാനുഷീ, മദിച്ഛയാ. 27
അനർഘ. 6. 7; ഹനു. 7. 9. P. 100
മഹാനാടകം. 6. 41. P. 259
384 യത് സന്ദേശഹരേണ. 28
ഹനു. 8. 15. P. 110
385 പുത്രോഽയം തേ ജിതശത്രുമഖോ. 29
386 സുലഭാഃ പുരുഷാ രാജൻ! 30
387 ത്രൈലോക്യാധിപതിസ്ത്വമപ്രതിഹതം. 32
388 ഭോ ഭോ വീരാഃ കപീന്ദ്രാഃ. 34
389 സസുതസഹജസൈന്യം. 35
390 സംഗ്രാമേ സകലക്ഷപാചരകുല. 36
391 സ്വാമീ ത്വം സചരാചരസ്യ ജഗതഃ 43
392 ഗതേ ക്രമേണ ക്ഷണദാത്രയേ ദ്വയം. 46
393 ഖാതംത്വാ സഗരേണ സാഗര! പുരാ. 47
394 സാമ്പ്രൈവ യത്ര സിദ്ധിഃ. 48
395 അഭേദോക്ത്യാരി ദോഷോക്ത്യാ. 49
396 ക്ഷമയാ ഹി സമായുക്തം. 51
397 മച്ചാപച്യവമാനബാണദഹന. 52
398 ചാപമാനയ സൗമിത്രേ! 53
ഹനു. 7. 18. P. 103; വാ. രാ. vi. 21. 22. (പാ. ഭേ.)
399 ദംഷ്ടോളിതീക്ഷ്ണൈർ വിശിഖൈരിദാനീം. 54
മഹാനാടകം. 6. 80. P. 279
400 സന്ധായോട്ടീപ്തമസ്ത്രം. 56
401 നാരായണസ്യ നരരൂപമുപാശ്രിതസ്യ. 57
402 ഇന്ദുർലക്ഷ്മീരമൃതമദിരേ. 58
ബാലരാ. vii. 36. P. 424
403 പുഷ്യദ്വിക്രമകേളയഃ കപിഘടാഃ. 63
404 യാവന്നിപാതരയകീർണ്ണമശേഷമർണ്ണഃ. 64
ബാലരാ. vii. 57. P. 440
405 ബാലേനൈകമഹീധരം. 65

14. രാവണവധം

406 ശ്രുത്വാ ദാശരഥിം സുവേലകടകേ. 4
മഹാനാടകം. 8. 2. P. 344; അനർഘ. 6. 17
ഹനു. 9. 1. P. 127
407 നീതിജ്ഞൗ ശുകസാരണൗ നിശി ചരൗ. 5
408 ആകാശേഽഖിലതാരകാ അപി. 6
409 കല്പാന്തക്ഷുഭിതാംബുധി പ്രതിനിധി. 7

ക്രമസംഖ്യ ശ്ലോകസംഖ്യ

410 അകേ കൃതാത്മമാംഗം. 8
ദൃതാങ്ഗദം. (ശ്ലോ.) 26; ഹനു. 11. 7 P. 152
മഹാനാടകം. 6. 104. P. 291
411 രാജൻ! വാനരവാഹിനീ പ്രതിഭയാ. 9
412 ന്യക്കാരോഹ്യയമേവ മേ. 10
ഹനു. 14. 5. P. 130 പാഠഭേദമുണ്ട്;
മഹാനാടകം. 9. 55. P. 398
413 ത്യക്ത്വാ പ്രാണാനപി ദിവമഗാത്. 11
414 ഉത്ഥായ പ്രയതഃ പ്രഭാതസമയേ. 14
415 ദൃതോ ഗച്ഛതു ബുദ്ധിദാനനിപുണഃ. 15
416 നത്വാ തസ്യ രഘൂത്തമസ്യ ചരണൗ. 16
417 ബാലാഗ്രേണ വിനിർമിതേ
ദശശിരസ്സിംഹാസനാൽ. 17
418 കസ്യാം കസ്യാമഹം സമസ്തജഗതാം നാഥോഽസ്മി. 18
419 ഭോ ഭോ മർക്കട!, ഭോ നിശാചരപശോ. 19
420 കസ്യാം വാനര!, രാമരാജ്ഞവനേ. 20
ഹനു. 8. 6. P 106
421 കസ്യാം, ബാലിതനൂദ്ഭവോ രഘുപതേർദൂതഃ. 21
ഹനു. 8. 39. P. 118
മഹാനാടകം. 7. 7. P. 300
422 കിം കാര്യം വദ രാഘവസ്യ. 22
ഹനു. 3. 28. P. 114
മഹാനാടകം. 7. 22. P. 310
423 ഏകഃ സുഗ്രീവഭൃത്യഃ കപിഃ. 23
ഹനു. 9. 7. P. 129
424 അംഗദസ്യ വചഃ ശ്രുത്വാ. 25
425 സ പൂർവ്വദിഗ്ദ്വാരപുരരക്ഷണേ വിഭുഃ. 26
426 അഥോത്തരദ്വാരമവാപ സത്വരഃ. 27
427 വിപുലബാലസമേതോ. 28
428 ശതമഖജിതമാജൗ. 29
429 ദൃഷ്ട്വാ ഭർത്തുസ്താദൃശം വിപ്രകാരം. 31
430 രണഃ പ്രവവൃതേ തത്ര. 32
രഘു. 12. 72
431 ഗരുത്മതാ വിക്ഷിപ്ത. 33
രഘു. 12.76
432 പ്രഹസ്തയുക്തൗ ക്ഷമഹോദരാദീൻ, 34
അനർഘ 6. 16
433 പവനാത്മജബാലിസൂനുമുഖ്യൈഃ, 35
434 രാവണം പുനതോ ദൃഷ്ട്വാ. 36
435 തതോ നക്തഞ്ചരാധീശഃ. 37
436 അതിതുമുലകരാളേ സംയുഗേ. 38
437 തത്ക്ഷണേന യുധി രക്ഷസാംപതിഃ, 39

ക്രമസംഖ്യ		ശ്ലോകസംഖ്യ
438	ധനുഷശ്ചാഗ്രേ ധനുഷശ്ചാഗ്രേ.	40
	വാ. രാ. vi. 59. 81	
439	തമാഹ സൗമിത്രിരദീനസത്ത്വോ,	42
	വാ. രാ. vi. 59. 94	
440	സ മാരുതി സമാനീത.	42
441	ചിരസംഭൃതതീവ്രപാവകാർച്ചിഃ പ്രസരണ.	43
442	ബഹുബാഹുദശാനനപ്രയുക്താ,	44
443	ഗച്ഛ ത്വം നഗരം നിശാചരപതേ!	45
444	കുംഭകർണ്ണസ്യ നിഃശ്വാസാൽ.	46
445	തം ശൈലശൃംഗൈർ.	47
	വാ. രാ. vi. 60. 40	
446	ബുബുധേ വിബുധാരിണാ,	48
447	പ്രയസ്യന്തോ നിശിചരാഃ.	49
448	സുതേനാന്യാ ജഗത്സ്ത്രീ ജനനീ,	50
	ബാലരാ viii. 36. P. 516	
449	നാസാരന്ധ്രനിരോധതഃ ശ്രവണയോഃ.	51
	ബാലരാ. viii. 55. P. 534	
450	കുംഭകർണ്ണഃ കപീന്ദ്രേണ.	52
	രഘു. 12. 30	
451	അകാമേ ബോധിതോ ഭ്രാത്രാ.	53
	രഘു. 12. 81	
452	ക്ഷുദ്രാഃ സന്ത്രാസമേനം.	57
	ഹനു. 12. 2. P. 164; മഹാനാടകം. 9. 49. P. 394	
453	തം രാമം കഥയന്തി വിക്രമധനം.	58
	ബാലരാ. viii. 28. P. 509	
454	ദേവേന്ദ്രം പ്രാഗജൈഷീസ്സുദിദം.	59
455	തിഷ്ഠ ത്വം മേഘനാദ!	60
456	തച്ഛിരഃ സശിരസ്ത്രാണം ശ്രീമച്ഛപലകുണ്ഡലം.	61
457	കുംഭകർണ്ണോദ്ഭവൗ കുംഭനികുംഭൗ.	63
	ബാലരാ. ix. 12. P. 574	
458	രാമായ പ്രതിപക്ഷകക്ഷശിഖിനേ.	67
	ഹനു. 14. 5. P. 187; മഹാനാടകം. 9. 57. P. 400	
459	സുഗ്രീവസ്യ പദാഹതിച്യുതമണിഃ.	68
460	ദൃഷ്ട്വാ ദൈന്യം ഭഗിന്യാഃ.	69
	ഹനു. 14. 5. P. 188; മഹാനാടകം. 9. 57. P. 400	
461	ഭൃത്യോ യസ്യ ബലേന മാരുതിരയം.	70
462	കൈലാസാദ്രീശ്വരോന്മൂലനചതുരതരോ.	73
463	ന്യഞ്ചന്ന്യഞ്ചദ്ധരിത്രീ ധൃതചരണഭരം.	74
	അനർഘ. 6.28	
464	സാശ്ചര്യം രാമഭദ്രേ, സചട്ട ഭടമുഖേ.	75
465	രാമക്ഷിപ്താൻ പ്രതീച്ഛത്യയമിഹ വിശിഖാൻ.	77
	ബാലരാ. ix. 28. P. 589	
466	യദ്രാവണോ ബഹുഭിരേവ ഭജൈഃ കരോതി.	78
	അനർഘ. 6. 63. P. 303; ഹനു. 14. 37. P. 199	

ക്രമസംഖ്യ ശ്ലോകസംഖ്യ

467 ആകൃഷ്ടാഃ കബരീഷു യൈരചകിതം. 82
രഘുവീര. (നാട). P. 48. ms.
468 യദ്ബാസ്സീമനി തോരണേന സുദ്ധം. 83
രഘുവീര. (നാട). P. 48. ms.
469 സ്ത്രീവിപ്രണവനൃകസാം വിഗുയിനം. 93
470 ന ദ്വയേ നഃ പൂർവം നൃപതിമനരണ്യം. 94
ഹനു. 14.25 P. 195; അനർഘ. 6. 58. P. 302
471 വിശ്വാജ്ഞാദാനദക്ഷാക്ഷരമുഖരമുഖം. 96
ബാലരാ. ix. 37. P. 603
472 ഛിന്നം ശിരോനിപതദംബരതസ്തദേതൽ. 98
ബാലരാ. ix. 47. P. 612
473 ഛിന്നോദ്ഗതാ വഹതി കാർമുകമസ്യ മുഷ്ടിഃ. 99
ബാലരാ. ix. 48. P. 612
474 ഭോ ലങ്കേശ്വര! ദീയതാം ജനകജാ. 102
ബാലരാ. ix. 19. P. 577
മഹാനാടകം. 9. 77. P. 410
475 ബാണോഽയം മമ താടകാപ്രസുതസ്സ്നാതഃ. 104
ഹനു 14. 29. P. 197
ഹനു. 14. 35. P. 199 പാ. ഭേ.
476 ആകൃഷ്യേ യുധി കാർമുകേ. 105
477 പ്രാദുർഭൂതോ യദി സ്യാദ്. 108
478 രേരേ രാമ ന ദീയതേ ജനകജാ. 109
479 കൈലാസാദുത്തരസ്യാം ദിവി. 110
480 ന ദീയതേ ജനകസുതാ മയാ ഏതാ. 111
481 തേന മന്ത്രപ്രയുക്തേന. 113
രഘു 12.99
482 തദനു രാമശരാസനനിസ്സരൻ. 114

15. അഗ്നിപ്രവേശം

483 ഹേലാഖണ്ഡിതചണ്ഡഹേമഹരിണൈർ. 2
ബാലരാ. ix. 55. P. 622; ദൂതാങ്ഗദം. (ശ്ലോ) 47
484 ഫാലോദ്യദ്ഘനഘർമ്മബിന്ദുരടനി. 3
485 സ്വാ ഗീർവ്വാണബന്ധ്യോ? 6
മഹാനാടകം. 9. 93. P. 420
ബാലരാ. ix. 58. P. 623
486 ഗുണിനാം ഗുണഹാനിരാഹിതാ യാ. 10
487 തദാ നിയുക്തൗ രഘുപുംഗവേന. 11
488 സ്ത്രീത്വം താവച്ചലയ്യതി. 12
489 ജനകജാ രുചിരേവ സമാനയൽ. 14
490 ഏകൈകാനി ശിരാംസി. 15
അനർഘ. 7. 2. P. 316

ക്രമസംഖ്യ ശ്ലോകസംഖ്യ

491 ക്ഷിപ്താനാം ഭുധരാണാം കപിനിവഹം. 17
492 കാരുണ്യാമൃതവാരിധേ! സ്വനേഹത്. 36
493 സാധോ! ലാളയ വത്സ! വത്സലതയാ. 37

16. അയോദ്ധ്യാപ്രവേശം

494 വിധായേത്ഥം രക്ഷാം. 8
495 അത്രാസീൽ ഫണിപാശബന്ധനവിധിഃ. 9
ദൃതാങ്ഗദം. (ശ്ലോ) 54; ഹനു. 14. 60 P. 208
മഹാനാടകം. 9. 118. P. 433
496 ഹന്തിതി ജ്വലിതഃ ക്രുശഃ കപിരിതി. 10
ഹനു. 14. 61. P. 208; മഹാനാടകം. 5. 75. P. 221
497 നിവാസഃകാന്താരേ പ്രിയജന
വിയോഗാധിരധികോ. 11
ഹനു. 14. 62. P. 208
498 വൈദേഹി! പശ്യാമലയാദ് വിഭക്തം. 12
രഘു. 13. 2
499 യഥാ ദുരാപാതി ത്രിദിവപയുവതീനേത്രസുലഭാം. 13
ഹനു. 14. 69. P. 212; അനർഘ. 7. 18. P. 325
500 ദുഷ്പ്രേയം സരിതാംപതിഃ പ്രിയതമ! 14
501 പശ്യോദേതി വിയോഗിനോ ദിനമണിഃ. 15
ഹനു. 14. 63. P. 209
502 പ്രാചീനസ്യുത വിരഹവ്യഥാതിഭീതഃ. 16
ഹനു. 14. 64. P. 209
503 സസ്നേഹതാരാവാഹിതാത് പ്രണാമാത് 19
504 വൈദേഹി യാഹി. 23
505 ഭസ്മദിശ്ധനിടിലശ്ചിരായ ജടിലഃ. 28
506 തതോ ഹനുമാന്നിർഗത്യ. 33
507 വിജ്ഞാപ്യമാനേ പവനാത്മജേന. 39
508 അസൗ പുരസ്കൃത്യ ഗുരും പടാതിഃ. 40
രഘു. 13. 66.
509 പിത്രാനിസൃഷ്ടാം തദപേക്ഷയാ യഃ. 41
രഘു. 13. 67
510 ദുർജാതബന്ധുരയം. 44
രഘു. 13. 72
511 ലങ്കേശാരിപ്രണതിഭംഗദുഃഖവ്രതം 47
രഘു. 13. 78
512 നന്ദിഗ്രാമമുപേത്യ രാവണരിപുഃ. 49
513 വാദ്യവ്രാതഗഭീരനാദ. 50
514 തസ്മാത്പുരസ്സര വിഭീഷണദശ്രീതേന. 51
രഘു. 13. 69
515 ലേഖ്യാവശിഷ്ടസ്യ പിതുഃ. 52
516 വേശ്മാന്യുച്ചൈരായവന്തി. 53

17. പട്ടാഭിഷേകം

ക്രമസംഖ്യ ശ്ലോകസംഖ്യ

517 കിമിദമിതി ജനാനാമക്ഷിവിക്ഷോഭഹേതും. 4
518 ത്രൈലോക്യസ്യതകീർത്തിമാസ്തികജനാലംബം. 7
519 ശ്രീരാമ! തവദശേഷമൈരൃതഹതി. 9
520 അത്രാഹമേവ ഹരിചമുപദഖണ്ഡിതോർവീ. 10
521 തവത്ഖഡ്ഗഖണ്ഡിതവിപക്ഷവിലാസിനീനാം. 11
522 തന്മമ ബ്രഹ്മ പരമം. 13
ബാലരാ. ii. 8 P. 59
523 സ രത്നപീഠം സഹസോപനീതേ. 31
524 പഞ്ചോപഹാരവിധിനൈവ. 41
525 തീർത്ഥാംഭഃ. പൂർണ്ണചാമീകര. 42
526 തസ്മിൻ സമാരാദ്ധ്യതി ധാതൃതുല്യേ. 43
527 തസ്യോപകണ്ഠേ പുരുഹൂതരത്ന. 44
528 വസിഷ്ഠാജ്ഞാം ചൂഡാമണിമിവ വഹൻ. 62
529 തീർത്ഥാംഭസ്സു യദാ പപാത ശിരസി. 78
530 തതോഽഭിഷിക്തഃ ക്രമശഃ. 79
531 കൃതേഽഭിഷേകേ വിധിവദ് വിധാതുഃ. 80
532 മധുകൈടഭഭേദനവേദ്യഭേദഃ. 83
അനർഘ. 1. 14. P. 26
533 ധർമ്മഃ പ്രാഗേവ ചിന്ത്യഃ. 84
അവിമാരകം. 1. 12
534 ബുദ്ധിശസ്ത്രഃ പ്രകൃത്യംഗോ. 85
535 ശിക്ഷാവിശേഷപ്രതിപന്നധാത്രീരക്ഷാം. 96
536 സാധു സാധു ജയ ജീവജാഗ്രഹീ. 97

18. സീതാപരിത്യാഗം

537 അഥാശിഷത് സാഗരമേഖലാംഗാം. 2
538 വശീകർവ്വൻ കൃത്യാൻ. 6
539 ജീവയന്നിവ സസാദ്ധ്യസശ്രമ. 15
ഉ. രാ. 1. 34; മാലതീമാധവം. 8. 3
540 വിനിശ്ചേതും ശക്യോ ന സുഖമിതി വാ. 16
ഉ. രാ. 1. 35
541 ആ വിവാഹസമയാദ് ഗൃഹേ വനേ. 19
ഉ രാ. 1. 37
542 ഇയം ഗേഹേ ലക്ഷ്മീഃ. 20
ഉ. രാ. 1: 38; മഹാനാടകം. 4. 28. P. 151
543 അത്രാന്തരേ സംപ്രഹിതഃ സധർമ്മേ. 21
544 ക്രിയാസു യുക്തൈർ നൃപ. 23
കിരാതാർജ്ജുനീയം. 1.4
545 ഹാഹാ! ധിക് പരഗൃഹവാസഗർഹണം യദ്. 29
ഉ. രാ. 1. 40

ക്രമസംഖ്യ ശ്ലോകസംഖ്യ

546 തയാ ജഗന്തി പുണ്യാനി. 30
ഉ. രാ. 1. 43

547 വിസ്രംഭാദുരസി നിപത്യ ലബ്ധനിദ്രാം. 34
ഉ. രാ. 1. 49

548 ശ്രുശ്രൂഷസ്വ ഗുരൂൻ, ചിരാദനയപ്രേഷ്ണാ
പതി മാം 42

549 ആര്യാം സഹസ്വേന വനേ വിഹർതും. 71
കന്ദ. 1. 17 പാ. ഭേ.

550 ത്യക്താ സതീ പരിചിതാ സുചിരാദകസ്മാത്. 75

551 ഗാമീദൃശീമഥ നിശമ്യ പതിവ്രതായാഃ. 82

552 ആര്യം മിത്രം ബാന്ധവാൻ വാ. 83
കന്ദ. 1.16 പാ. ഭേ.

553 കർത്താഥവാ കാരയിതാ ന കശ്ചിത്. 84

554 ഗത്വാ പിതുഃ പ്രിയസഖസ്യ ശുഭം നികേതം. 85

555 സദയമിതി നിവേദ്യ രാമപത്നൈ. 86

556 ഏഷാ വധൂർ ദശരഥസ്യ മഹാരഥസ്യ 87
കന്ദ. 1. 21 പാ. ഭേ.

557 യേ കേചിദത്ര മുനയോ നിവസന്ത്യരണ്യേ. 88
കന്ദ. 1. 21 പാ. ഭേ.

558 ഏഷോഽഞ്ജലിർ വിരചിതോ. 89
കന്ദ. 124

559 ജാതശ്രമാം കമലഗന്ധകൃതാധിവാസൈഃ 90
കന്ദ 1. 22

560 സഖ്യോ നദ്യഃ! സ്വാമിനോ ലോകപാലഃ. 91
കന്ദ. 1. 26

561 ജ്യേഷ്ഠാതുരധീനസ്യ. 92

562 കൗസല്യാപാദശുശ്രൂഷാസൗഖ്യം. 96
കന്ദ. 1. 32

563 ഉത്ഘാതലോകത്രയ കണ്ടകേഽപി. 97
രഘു. 14. 73

564 വചനീയവചോവിഷാഗ്നിദഗ്ധേ. 100

19. അശ്വമേധം

565 ഇത്ഥം നിശമ്യാദരഭക്തിമൃദ്വ്യാ ഹൃദ്യാം. 5

566 ശ്രുത്വാ തത്തത്യവാചാ. 13

567 ദദശ് ലവണം പുരേ നിശിചരേശ്വരം. 15

568 നിശമ്യ വാണിമശരീരിണീം താം. 25

569 രേ ഹന്യ! ദക്ഷിണ! മൃതസ്യ ശിശോർദ്വിജസ്യ. 27
ഉ. രാ. 2. 10; മഹാനാടകം. 9. 134 P. 442

570 ശ്രീരാമഭദ്രകരവാളനികൃത്തകണ്ഠഃ. 28

ക്രമസംഖ്യ		ശ്ലോകസംഖ്യ
571	വിജ്ഞാതോഽദ്യവോംശ്ചരാചരഗുരുഃ.	29
571	(A) മുഖ്യം മഹാശ്രമ മഗസ്ത്യമുനേരുപേതോ.	30
572	അതിശയിത സുരാസുര പ്രഭാവം.	52
	ഉ. രാ. 5. 4	
573	സഖലു കലിത കിഞ്ചിത്പ്രകാപരാജ്യന്മുഖശ്രീ.	64
574	വയമപി നഖലോവം പ്രായാഃ.	70
	ഉ. രാ. 5. 29	
575	ഇതരാപരിഹാര്യമസ്ത്രവീര്യം.	72
576	തൗ ബാലകൗ നീലഘനാഭിരാമൗ.	83
577	തതോ രഘൂണാം പതിരശ്വമേധം.	87

20. സപ്താരോഹണം

578	യോ ബഭൂവ ധനുരൈന്ദ്രശൈവരം.	1
579	ഉദ്യമ്യ വ്യപനീതമോഹതമസി.	3
580	പൗലസ്ത്യഗന്ധവ്വസുരേന്ദ്രജേതൃ.	5
581	അംഭോജന്മഭവാജ്ഞയാ.	6
582	കപടനാമുനിവേഷമാസ്ഥിതം തം.	7
583	മധുരാമിതി രാമചന്ദ്രവാണീം.	9
583	(A) കൈലാസോദ്ധാരകേളീകലിത ഭുജബലഃ.	14
584	തദാ വസിഷ്ഠപ്രമുഖൈർ മുനീന്ദ്രൈഃ.	32
585	ഹാരം ഹാരം ദശരഥസുതത്വാഭിമാനാന്ധകാരം.	41
586	സരയൂജലമജ്ജനേ ജനാനാം.	50
587	നീലാരവിന്ദപ്രതിമപ്രകാശേ.	53
588	നരനൈരൃവനരോത്കരാണാം.	55

അനുബന്ധം 3

രാമായണചമ്പുവിൽ ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങളുടെ അകാരാദി

അകാലേ ബോധിതോ.... 451*
അങ്കേകൃത്വാത്തമാംഗം.... 410
അംഗദസ്യ വചഃ.... 424
അജനിഭവനമേതത്.... 124
അജ്ഞാനാദപിവിഹിതാം.... 46
അതിജവഭവാ.... 363
അതിതുമുലകരാളേ ... 436
അതിശയിതസുരാസുര.... 572
അത്രേയം.... 316
അത്രാന്തരേസംപ്രഹിതഃ ... 543
അത്രാസീൽ ഫണിഃ.... 495
അത്രാഹവേ.... 520
അഥ ജാംബവതോ.... 356
അഥ നഭസ്യ ഇവ.... 41
അഥ നിശിചരമാഥാദ്.... 112
അഥാവാസം ശാന്തേരകൃത.... 253
അഥാശിഷത്.... 537
അഥോത്തരോരമവാപ.... 426
അധിഗതൗ വിഷയം.... 125
അനുജരചിത.... 250
അനേകധരണീധരാ ... 103
അനേകഭൂപൈഃ.... 38
അന്തഃസന്തോഷബാഷ്പൈ.... 148
അന്യോന്യാലോകിതൗ... 2
അന്വാധാനവിധാവപി.... 61
അപി കുശലമമത്ര്യാഃ.... 27
അപി തുരഗസമീപാദ്.... 42
അപ്രസേദുഷി.... 9
അഭയാഗതോഽയമ.... 378
അഭിരശ്മി മാലി.... 4
അഭേദോക്ത്യാരി.... 395
അഭ്യസ്യമാനമനിശം.... 343
അഭ്യുത്ഥാനമുപാഗതേ.... 174
അംഭോജന്മഭവോജ്ഞയാ.... 581
അംഭോജോത്ഭൂതിരംഭഃ... 79
അയം ഖലു വിശൃംഖല.... 147
അയമേകപദേ.... 340
അയം പനഥാഃ.... 245
അലാലുപതിതാ ത്വംത്വാ.... 221
അലം ജനക! ചിന്തയാ ... 181
അവതരതിമേ വത്സാ.... 130
അവനിതവനിപാലാഃ 128
അവഭൃഥേഽവസിതേ.... 65
അവ്യക്തപ്രഭവോ.... 51
അശനിരഹിതക്ഷ്വാഭൂത് ... 151
അസംഖ്യഗതി.... 102
അസൗ പുരസ്താത്യ.... 508
അസ്തിപ്രശസ്താ.... 29
അസ്മദ്വിക്രമചേഷ്ടിതാനി.... 331
അസ്യക്ഷോണീപതേഃ. 150
അസ്യാതിമാത്രായത.... 265
അസ്യാഹവേ ... 154
അഹം ഗമിഷ്യാമി.... 232
അഹം പ്രാഥമികാന്യോന്യ....365
അഹിതാസ്വഥ രാക്ഷസീഷു..369
അഹോ! മേ ഹീനഭാഗ്യസ്യ. 311
ആകണ്ണ്യ താതമരണം ... 254
ആകാശകേവല ഗുഹോ.... 8
ആകാശേഽഖിലതാരകാ.... 408
ആകൃഷ്ടാഃ കബരീഷു.... 467
ആകൃഷ്ടേ യുധിഃ.... 476
ആജന്മബ്രഹ്മചാരീ.... 180
ആജ്ഞാവശംവദ.... 50
ആദാവേവകുശോദരീ.... 235
ആദിത്യഃ കൃതകൃത്യ.... 367
ആദേഷ്ടാ ഭഗവാൻ.... 191
ആധൗ സിദ്ധൗഷധിരിവ. 288(A)
ആനന്ദബാഷ്പവിസരോ.... 219
ആനയൈനം ഹരിശ്രേഷ്ഠ!....379
ആമോദകൗതുക.... 218
ആയാതം മാമപരിചിതയാ..372
ആയാസ ഏവ ഹി ഫലം.... 198

2—ാം അനുബന്ധത്തിലെ ശ്ലോകസംഖ്യയോടുകൂടി പാദാവസാനം ചേർത്തിരിക്കുന്നു.

ആരുഹ്യ ശൈലം.... 357
ആര്യം മിത്രം.... 552
ആര്യം സഹസ്രേന.... 549
ആലക്ഷ്യ ദന്തകുളാ ... 57
ആലോക്യതേ.... 62
ആ വിവാഹസമയാദ്.... 541
ആവൃത്യപ്രണിപത്യ.... 358
ആഷാഢിനം ... 72
ആസ്താം തച്ചടുലദൃഗാക്ഷി!.... 214
ഇതരാ പരിഹാര്യ ... 575
ഇതി പ്രതിജ്ഞാം... 262
ഇതി ബ്രുവാണം.... 314
ഇതിഭക്തേതിമതീം.... 85
ഇതിവചാമുദീര്യ.... 373
ഇതി ശാപമുദീര്യ.... 47
ഇത്ഥം ഗതേഗത ഘൃണഃ.... 49
ഇത്ഥം ഗൃഹമവല്ലഭാം.... 122
ഇത്ഥം നിയുക്തോ ... 73
ഇത്ഥം നിശമ്യ വചനം .. 127
ഇത്ഥം നിശമ്യാദര.... 565
ഇത്ഥം വിലപ്യ ദയിതാം ... 291
ഇന്ദൗ ലക്ഷ്മീരമൃത.... 402
ഇന്ദ്രാണീമഹമപ്യരോഭി.... 281
ഇഭ കുംഭ തുംഗ കുച.... 169
ഇമാ മാകാംക്ഷ്യഹം.... 209
ഇയം ഗേഹേ.... 542

ഉച്ചൈസ്ഥ ഗൃഹപഞ്ചകം.... 67
ഉജ്ജാഗരൈർ ഗൃണൈഃ.... 155
ഉത്ഖാതലോകത്രയ.... 563
ഉത്ഥാപ്യ മുലശിഖി.... 6
ഉത്ഥായ പ്രയതഃ.... 414
ഉത്ഥായസംഭ്രമവശാത്.... 251
ഉത്സംഗോഽയം വിപുല
ജഘനേ!.... 211
ഉദ്ഗാതാ മത്തകേകീ.... 345
ഉദ്യമ്യ ഖ്യപനീത.... 579
ഉഷസി ച ഗജയൂഥ.... 43

ഏകഃ സുഗ്രീവ ഭൃത്യഃ.... 423
ഏകൈകാനി ശിരാംസി.... 490
ഏതൗ കൗചന.... 299
ഏലാപരിഷ്വംഗല.... 25
ഏവം വിധേ.... 320
ഏഷാ വധൂർദശരഥസ്യ.... 556
ഏഷോഽഞ്ജലിർവിരചിതോ. 558

ഏഷ ത്രൈവർണ്യമാത്ര ... 324
ഏഹി, ദേഹി.... 83
കതര ഏഷ.... 126
കന്മഷ തിമിര ദിനേശ.... 69
കപാലേ മാഞ്ജാഃ.... 332
കരാഞ്ജലാ സംസ്കൃത.... 380
കർത്താഥവാ കരയിതാ.... 553
കല്പവഹനിസൂശാ.... 188
കല്പാന്തക്ഷുഭിതാംബുധി.... 409
കല്യാണവാ സുഭിതാം.... 231
കസ്യചം കസ്യചമഹം. 418
കസ്യാം ബാലിതന്യാദ്
ഭവോ.... 421
കസ്യാ വാനര!.... 420
കസ്യേയം പ്രതനാ പ്രയാതി.. 181
കാരുണ്യം നിരവധി.... 319
കാരുണ്യാമൃതവാരിധേ!.... 492
കാശ്യപസ്യ തു.... 52
കാളരാത്രീ കരാളേയം.... 92
കാളീകായകളായ.... 366
കിം കാര്യഃ പദരാഘവസ്യ....
422
കിം താതേന നരേന്ദ്ര.... 234
കിം താതേനേ.... 233
കിമപി കിമപി.... 215
കിമിദമിതി.... 517
കിം മുദ്രം മുഖപങ്കജം.... 212
കിം ലോഭേന വിലംഘി.... 239
കിഷ്കിന്ധാനാമധേയാ.... 371
കിഷ്കിന്ധാധ്യവരാജ.... 300
കുതുകചകിതരാഗ.... 208
കുംഭകർണ്ണഃ കപീന്ദ്രേണ.... 450
കുംഭകർണ്ണസ്യനിശാസാൽ...444
കുംഭകർണ്ണോദ്ഭവ.... 457
കുലേ വാ ശൗര്യേ വാ.... 297
കുഹനാ മുനിവേഷ.... 582
കൃതേഽഭിഷേകേ.... 531
കൃത്യസ്യിന്നന്തരായ.... 136
കൃത്വാ മാരുതി.... 359
കൈലാസാദുത്തരസ്യാ.... 479
കൈലാസാദ്രീശ്വരോ ... 462
കോപാദാകണ്ഠ്യ ... 237
കോഽയം സാക്ഷാന്നു
സിംഹഃ 354
കൗസല്യാപാദശുശ്രൂഷാ.... 562
കൗസല്യാപുണ്യചര്യാ.... 63

ക്രിയാണാം രക്ഷാമെയെ.... 82
ക്രിയാസു യുക്തൈർ നൃപ ... 544
കചിന്മേഘശ്യാമൈഃ.... 377
കാ കാര്യം, ദിവസേശിതുഃ 346
കായം മേ ചന്ദ്രഹാസഃ....281(1)

ക്ഷമയാഹി സകായക്ഷതം.... 396
ക്ഷിതിപതിതനയാനാം.... 323
ക്ഷിപ്താനാം ക്രുധരാണാം 491
ക്ഷുദ്രാഃ സന്ത്യാസമേനം.... 452

ഖര പരുഷ ശരാസനേ.... 272
ഖരവധ പരിശ്രുതേ... 273
ഖാതന്ത്രാ സഗരേണ.... 393

ഗച്ഛതം നഗരം.... 443
ഗജപൃഷ്ഠമിഹാം.... 317
ഗതേ ക്രമേണ.... 392
ഗതാപിതുഃ പ്രിയസഖസ്യ..554
ഗരുത്സമ്പാതവിക്ഷിപ്ത.... 431
ഗാഢോത്സ്ഥലത ഡന.... 241
ഗാമീദൃശീ നിശമ്യ.... 551
ഗിരീശേ നാരാദ്ധം.... 138
ഗുണാനിമിഷ ചാപേ ... 171
ഗുണിനാം ഗുണഹാനി.... 486
ഗൃഹ്വാദേശാദേഷ ... 93
ഗേഹേ ഗേഹേ സരിതി.... 56
ഗൗരീപതേ സ്ത്രിപുരശാസന..192

ഘോരാഭിഘാതാദ്ധതോ....309
ചക്ഷുഃ സ്മേരമവാരിജം.... 280
ചതുരോദിനനാഥവംശ ... 134
ചന്ദനചർച്ചാകചയോഃ.... 333
ചാപമാനയ സൗമിത്രേ!.... 398
ചിര സംഭൃത തീവ്ര ... 441
ചിരായ നക്തഞ്ചര.... 326
ചോളനാമധ്രുഃ.... 159
ഛിന്നം ശിരോനിപത.... 472
ഛിന്നോദ്ഗതാ വഹതി.... 473
ജടാം ധത്തേ മൂർദ്ധാ.... 186
ജനകജാതുചിരേവ.... 489
ജനയതി ത്വയി വീര!.... 74
ജരദജഗര ഗ്രാസ.... 257
ജലദ നിനദ ത്രസ്യ ... 341
ജവേന ചലിതേ.... 21
ജാതശ്രമാം.... 559

ജാതിം ഗാനയ മാനഷി.... 383
ജാനന്നേവ ദശാനനോ.... 293
ജിതാസനോ .. 5
ജീവയന്നിവ.... 539
ജ്യാനിനാദമഭിഗർജ്ജന്തീ ... 88
ജ്യേഷ്ഠ ഭ്രാതുരധീനസ്യ.... 561
ജ്യോത്സ്നാ കന്ദള.... 334
ജ്യോത്സ്നാം വിനാപി.... 368
തച്ഛിരഃ സശിരസ്ത്രാണം.... 456
തതഃ പ്രഹാരഭഗ്നാംഗഃ.... 308
തതഃ സാനുജമായാന്തം.... 310
തതോ നക്തഞ്ചരാധീശഃ ... 435
തതോ നഭസ്ഥലേ.... 364
തതോഭിഷിക്തഃ.... 530
തതോമുനിഃ.... 113
തതോരഘൂണാം.... 577
തതോ ഹനുമാന്നിർഗത്യ ... 506
തത്ക്ഷണേന നഗതീം.... 362
തത്ക്ഷണേന യുധി.... 437
തത്രയുദ്ധമഭൂത്ലോക.... 305
തദനുജനകപുത്രീ.... 278
തദനുരാഘശരാസന.... 482
തദാനീയുക്തൗ.... 481
തദാവസിഷ്ടപ്രകാരൈർ ... 584
തദ്ഭാരപാക്ലൈർ 23
തദ്ഭാഗധേയമുചി.... 140
തന്മമബ്രഹ്മപരമം.... 522
തമലഭന്തപതിം.... 39
തമാഹ സൂതിത്രിദശീന.... 439
തം രാമം കഥയന്തി. .. 453
താശൈലശൃംഗൈർ ... 445
തവാകൃത്രിമസംബന്ധീ ... 54
തവേദംപദ്മപത്രാക്ഷം.... 337
തസ്മാത്പുത്രസ്യ.... 514
തസ്മിൻക്ഷണേ.... 146
തസ്മിന്നതരുമുപവിശ്യ.... 114
തസ്മിന്നതഥാധിക്ഷിപതുഥ 271
തസ്മിന്നുജ്ജൃംഭിതോഷ്മ.... 264
തസ്മിൻസമാരാദ്ധ്യതി.... 526
തസ്യോപകണ്ഠേ.... 527
താതഃ ത്വംനിജ.... 296
താതഃ പ്രേമജളഃ.... 238
താമാവസദ്ദശരഥഃ.... 33
താവൂചുഃ ... 204
തിഷ്ഠതം മേഘനാദ!.... 455
തീർത്വാ ഭ്രതേശമൗലി.... 247

തീർത്ഥാംഭഃ പുണ്ഡ്ര.... 525
തീർത്ഥാംഭസ്സു യദാ.... 529
തൂഷ്ണീഗ്രന്ഥതരാഗ.... 115
തൃഷ്ണം സ്വസ്മിവിലാസ.... 242
തേന മന്ത്രിപ്രയുക്തേന.... 481
തേനാതിവിദ്ധതനു.... 209
തൈർമേധോജനനപ്രത.... 305
തോ അലവാരജസപഥോ.... 349
തോയലവാരജസപഥഃ ... 350
തൗ നിർവിശേഷാ.... 307
തൗ ബാലകൗ.... 576
തൗ രാഘവൗ തത്ര.... 285
ത്യക്താ സതീ.... 550
ത്യക്ത്വാ പ്രാണാനപി.... 413
ത്രാസോത്കമത്രിദശ ... 78
ത്രേതാഗ്നികുണ്ഡപുരം ച.... 108
ത്രൈയംബകേ തു ധന്വിനി.... 168
ത്രൈലോക്യസ്യാത.... 518
ത്രൈലോക്യാധിപതിസ്ത്വ ... 387
ത്രൈലോക്യാഭയേലഗ്നകേന ... 75
ത്വത് ഖഡ്ഗഖണ്ഡിത ... 521
ത്വത് പിത്രാഹം.... 361
ത്വയാ ജഗന്തി.... 546
ത്വയാ വീരേണ.... 330
ത്വയ്യുദ്ധാസനഭാജി.... 76
ദത്തേന്ദ്രാഭയദക്ഷിണാദ്ഭുത ... 77
ദത്ത്വാ സ്വസാരമഥ.... 20
ദദൗ ലവണംപുരേ ... 567
ദംഭോളിതീക്ഷ്ണൈർ.... 399
ദശമുഖരഥമാശ്രു.... 283
ദശരഥകലേ സംഭൃതം.... 96
ദശരഥാത്മജയുഗ.... 267
ദിഗംബരം ഗതപ്രീളം 58
ദീപ്തിസ്തദന്തരഥ.... 7
ദീർഘം പ്രജാഭിരതി.... 94
ദുഃഖേ സുഖേ ച രജ.... 121
ദുർജാതബന്ധുരയ.... 510
ദൂതോഗച്ഛതു ബുദ്ധിദാന.... 415
ദൃഗ്ലീലാസു സകൗതുകം ... 339
ദൃശോരസ്യാസ്മന്യാ.... 144
ദൃശ്യമാനവിടപാഗ്ര.... 116
ദൃഷ്ടോഽയം സരിതാം.... 500
ദൃഷ്ടാ തൗ തു പുമാനപി.... 276
ദൃഷ്ടാ ദൈന്യം ഭഗിന്യാഃ.... 460
ദൃഷ്ടാ ഭർത്തുസ്താദൃശം.... 429
ദൃപ്യത്പൗലസ്ത്യ.... 300 (1)
ദേവേന്ദ്രം പ്രാഗജൈഷീ.... 454
ദേവ്യായസ്യാവസനദുധി.... 129
ദ്രോർമ്മാക്രാവാമമംഗം.... 164
ദ്വിത്രം ഭാതി ജഗത്.... 37
ധന്വിന്മ്ലോലലിതഃസ്ഖലിതം.... 282
ധരണിതലനിഷണ്ണം ... 252
ധർമഃ പ്രാഗേവ ചിന്ത്യാഃ... 533
ധാന്യാസ്യ കാമാത്ഥ.... 40
ധാരാഗ്രേ ധനുഷശ്ചാഗ്രേ.... 438
നത്വാ തസ്യ രഘൂത്തമസ്യ.... 416
ന ദീയതേ ജനകസുതാ.... 480
ന ദൃഷ്ടേനഃ പൂർവം.... 470
നന്ദിഗ്രാമമുപേത്യ.... 512
നപ്രീതേ പരമേശ്വരേഽപി....279
നരനൈർഋത.... 588
നവകവലയദാമ.... 163
നാരായണസ്യ നരരൂപ ... 401
നാരായണായ.... 26
നാസാരന്ധ്രനിരോധതഃ.... 449
നാഹം സുകേതുതനയാ.... 322
നിർഭിന്നസാലകടകോഽസ്മി..304
നിമ്നജ്ജച്ചക്ഷുരന്തർ.... 89
നിർവ്യാജാ ദയിതേ.... 175
നിവർത്തയാമാസ.... 355
നിവവൃതസ.... 36
നിവാസഃ കാന്താരേ.... 497
നിശമ്യവാണീമശരീരി.....568
നിശാന്തനാരീ.... 22
നിശ്ലിഷ്ടക്ഷിതിപാല–
മണ്ഡല....207
നിസ്ത്രിംശപ്രതിബിംബി.... 10
നീതിജ്ഞൗ സ്രുകസാരണൗ.... 407
നീലകണ്ഠ! മമോത്കണ്ഠാ.... 294
നീലാരവിന്ദപ്രതിമ.... 587
നൂനം ജനേന പുരുഷേ.... 206
നൈവാ ഭവേസ്ത്വമിഹ.... 223
ന്യക്താരോഹ്യയമേവ.... 412
ന്യഞ്ചന്ന്യഞ്ചദ്ധരിത്രീ.... 463
ന്യസ്താ തദ് ബാഹുമൂലേ.... 170
ന്യസ്യ ത്വയാ.... 313
പക്ഷാഭിഘാതരയ.... 360
പങ്ക്തിഗ്രീവേ തദാനീം.... 13
പഞ്ചാനാം പാവകാനാമപി....16
പഞ്ചോപഹാരവിധി.... 524
പഥിപഥികവധൂഭിഃ.... 248
പദക്രമപ്രക്രമലബ്ധവർണ്ണാ.... 30

പദേ പദേ വീക്ഷ്യ.... 295
പരിത്യക്താ മയാ ലങ്കാ.... 381
പഷ്ണശാലാത്രികോണേഷു ... 286
പര്യായതഃതു.... 149
പവനാത്മജബാലി.... 433
പശ്യൈതത്പാണിപദ്മം.... 261
പശ്യോദേതി.... 501
പാണിപ്രസ്ഥൈർബകൂ.... 152
പിത്രാനിസൃഷ്ടാം.... 509
പിത്രേസ്വസ്ത്രീ.... 161
പിത്രോരിഹാശ്രമപദേ.... 44
പുത്രാർത്ഥ ജഗദേക.... 133
പുത്രോfയം തേ ... 385
പുരോജന്മാനാദ്യപ്രകൃതി ... 195
പുരോഭൂഃ ശാലേയീ.... 246
പുഷ്യദ്വിക്രമകേളയഃ.... 403
പൃഥ്വീചക്രം ചകമ്പേ.... 12
പൗലസ്ത്യഗന്ധവ്വ്.... 520
പ്രജാ ഇവാംഗാദവിന്ദ—
നാഭേഃ.... 178
പ്രണിപത്യ കുമാരോfയം.... 160
പ്രഭോഃ സദസി.... 182
പ്രയസ്യന്തോനിശിചരാഃ.... 447
പ്രസാദഹൃദ്യാനി.... 328
പ്രസീദ ഡിംഭേമയി.... 196
പ്രഹസ്തധൂമ്രാക്ഷ.... 432
പ്രഹൃഷ്ടജനതാ.... 70
പ്രാങ്മനഥരേതി.... 274
പ്രാചീനസ്യുതവീരഹ . 502
പ്രാദുർഭവാ മുരാരേഃ.... 28
പ്രാദുർഭൂതോ യദി.... 477
പ്രാദുർഭൂയപുരസ്താ.... 14
പ്രാദുർഭൂയപുരഃസ്ഥിതാ.... 120
പ്രിദയേ! ജനകനന്ദിനി.... 236
ഫലലാഭലോഭവിവൃതാൻ.... 353
ഫലോദ്യദ്ഘനഘമ്മ.... 484
ബഹുബാഹ് ദശാനന.... 442
ബഹുമണ്ഡലചാരിണൗ.... 306
ബാന്ധോfയം മമ.... 475
ബാലാഗ്രേണ വിനിർമി—
തേ.... 417
ബാലേനൈകമഹീധരം.... 405
ബാഹോർബലം.... 194
ബീജം ജഗത്പുണ്യ.... 66
ബുദ്ധിശസ്ത്രഃ പ്രകൃത്യംഗേ.... 534
ബുബുധേ വിബുധാരിണാ.... 446
ഭക്ത്യാ നമന്തം.... 86
ഭജാമാനവദ്യാംഗി.... 336
ഭസ്മദിഗ്ധനടിലാച്ചിരായ....505
ഭസ്മാങ്കുരേതി.... 183
ഭീതോഭ്രഭരതഃ.... 28
ഭൂപാലകുലകാന്താര.... 190
ഭൂമാത്രം കിയദേത.... 201
ഭൃത്യായസ്യ ബലേന.... 461
ഭോ ഭോ കോദണ്ഡ.... 162
ഭോ ഭോ മർക്കട.... 419
ഭോ ഭോ വീരാഃ കപീന്ദ്രാഃ..388
ഭോ ലങ്കേശ്വര! ദീയതാം.... 474
മാതരൗ തദനു രാമലക്ഷ്മണൗ..260
മച്ചാപച്യവമാനബാണ.... 397
മധുകൈടഭഭോനവേന്ദ്ര.... 532
മധുരാമിതി.... 583
മനീഷിതഫലപ്രദം.... 64
മനോഹരതി മേ ... 342
മസ്യണചരണപാതം ... 249
മാതഃ കിമേത.... 3
മാനാധ്മാതഃ കൃത്തഭ്രയഃ.... 15
മാഭ്രത്ത്വത് പദപദ്മ.... 240
മാ ഭൈഷീഃ പുത്രി സീതേ
.... 282(1)
മാമൈവം വദ കാകുത്സ്ഥ.... 95
മാരീചനീചമതിരാ.... 109
മാഹാത്മ്യം തവ.... 327
മിഥഃ പയോദഃ.... 71
മിഥ്യാ ബാലിവധോ.... 312
മുഗ്ധാക്ഷീമഥ മാണ്ഡവീം.... 172
മുനീം കൃശാശ്വോപാത്താനി
....100
മൂർമ്മാലേന മുമൂർമ്മ.... 97
മൈഥിലീ യദി ധന്വർഭ്രഹോ
....199
മോദേന കേകയസുതാപി.... 68
യച്ചകാരവിവരം.... 99
യത് സന്ദേശഹരേണ്.... 384
യഥാദൂരാപാതിത്രിദിവ.... 499
യദി ത്രീലോകീ.... 156
യദ് ഗോത്രസ്യ.... 135
യദ്യസ്തീ കൗതുക.... 288
യദോസ്തീമനി തോരണേന
.... 468
യദ് രാവണോബഹുഭിരേവ..466
യദ് വിദന്നപി 137

യസ്യാസ്തേ ജനനീ.... 173
യാവച്ചന്ദ്രാർക്കൗ.... 382
യാവത് സ്യാത്.... 335
യാവന്നിപാതയ.... 404
യിയാസതസ്യസ്യ.... 177
യുഗപത് പ്രാപ്തഗ്രഹണയോ ... 205
യുദ്ധേ യുവാം മയാ.... 315
യേ കേചിദത്ര ... 557
യേനാച്ഛിദ്യസമസ്ത ... 325
യേഷാം ചാപസമർപ്പിതം.... 139
യോ ബദ്ധ്വാ ... 573
രക്താഭ്യക്തോത്തരസുകുലാ.... 90
രണഃ പ്രവവൃതേ തത്ര.... 430
രഥതുരഗപദാതി.... 179
രമ്യാമാലോക്യ... 145
രസാതലേ വാസോ ദേവി... 301
രാക്ഷസാസിക്ഷതഃ ... 284
രാജൻ! വാനരവാഹിനി ... 411
രാജാചാര്യതമസിദ്ധാർത്ഥം.... 338
രാമരക്ഷിപ്പുൻ പ്രതീച്ഛത്യയ—
മിഹ ... 465
രാമപ്രയുക്തമശനൈരവധൂയ...270
രാമമന്മഥശരേണ താഡിതാ 98
രാമസ്യാസന്നദേശത്വാത് ... 255
രാമാകർഷണഭഗ്ന ... 166
രാമായ പ്രതിപക്ഷ.... 458
രാമേ ബാഹുബലം.... 167
രാവണം പുരതോ.... 434
രുന്ധന്നഷ്ടവിധേ!.... 165
രേ കാകുത്സ്ഥാ!.... 189
രേഖാരഥാംഗസരസീരുഹ.... 230
''രേ രേ ദാശരഥേ''.... 200
രേ രേ രാമനദീയതേ.... 478
രേ രേ രാവണ!.... 375
രേ ഹസ്ത! ദക്ഷിണ!.... 569
ലങ്കാപുരീമുപഗതം.... 19
ലങ്കാശ്രീധ്വമകേതു.... 59
ലങ്കേശ്വരപ്രണതിഭംഗ—
ദുഃഖവ്രതം ... 511
ലബ്ധ്വാ മുഖേന്തു.... 18
ലാവണ്യാംബുനിധേ.... 268
ലുമ്പന്നദൃഷ്ടജാമാതൃസമ്പദാം...123
ലേഖ്യാവശിഷ്ടസ്യ.... 515
ലോകാന്തര പ്രണയിനം.... 290
വചനീയവചോവിഷാഗ്നി—
ദഗ്ധേ.... 564
വത്സം കഠോരഹൃദയേ!.... 224
വത്സ ജ്യാനിനദം.... 87
വനദേവിതനുമാത്ര.... 229
വംശസ്പൃശാ ഹൃദയഹാരി..111
വയമപി നഖലേഖം.... 574
വലഗത്യഗ്രേ.... 256
വവാസാ അര ഇപമാഓ.... 347
വശിക്വൻ ദൃത്യാൻ.... 538
വസിഷ്ഠാഭ്യാം.... 528
വാചഃ സംവനനം,.... 34
വാത്യപ്രാതഗഭീര.... 513
വാരാം സ്ത്രീനദിഷ്ണവതേ.... 104
വാസസ്സചാം ഭവേത്ര
കിഞ്ചന.... 222
വിക്രമേണ ത്രിവനത്രയേ.... 203
വിഗ്രഹാച്ഛശയനേ.... 216
വിജ്ഞാതോഽദ്യ.... 571
വിജ്ഞാപ്യമാനേ.... 507
വിധായ ശ്വേതാംശ്രം.... 143
വിധായേത്ഥം രക്ഷാം.... 494
വിനിശ്ചേതും ശക്യാന.... 540
വിനിതശാലീ നിശമയ്യ.... 370
വിന്ധ്യാദ്ധ്വാനോ.... 258
വിപുലബലസമേതോ.... 427
വിദ്വേഷയന്തീ നദിവം.... 266
വിലോക്യ ജനകാത്മജാം
.... 141
വിലോക്യതാം കേവല.... 287
വിശ്രമ്യവിശ്രാന്തരാ.... 84
വിശ്വജ്ഞാദാനദക്ഷാക്ഷര..471
വിസ്രബ്ധേ ഹര ജാട ... 117
വിസ്രംഭോദ്ഭരസി...' 547
വൃദ്ധോ ദശരഥഃ.... 225
വേതണ്ഡശ്രവണ പ്രചണ്ഡ...263
വേശ്മാന്യുച്ചൈരായന്തി.... 516
വൈദേഹി! പശ്യാമല
'യാദ്യ'....498
വൈദേഹി യാഹി.... 504
വ്യവസായരവി പയോദോ...348
ശതമഖജിതമാജൗ.... 428
ശംഭോ യദ്ധ്യാന.... 193
ശശികാന്തഃ കഥം.... 226
ശാപോ,പ്യുദ്ദഷ്ടനയാ.... 48
ശിക്ഷാവിശേഷപ്രതി.... 535
ശിലാകമ്പം ധത്തേ, 119
ശ്രുശ്രൂഷസ്വ ഗുരൻ.... 548

ശ്രുശ്രുഷസ്വ ഗുരുൻ,
കുരു പ്രിയസഖീ.... 176
ശോഭസേഹ്യധികം വീര!.... 318
ശ്രീരാമ! തവദശേഷ.... 519
ശ്രീരാമഭദ്ര.... 570
ശ്രുത്വാ ഗിരം തദന.... 217
ശ്രുത്വാ ഗുരോരിതിഗിരം.... 118
ശ്രുത്വാ തത്രത്യവാചാ.... 566
ശ്രുത്വാ ദാശരഥിം സുവേല—
കടകേ.... 406
ശ്രുത്വാ വൃത്തം പ്രിയായാ ... 376
ശ്ലാഘ്യോ[sic]യം.... 158
സ ഏഷ ഭൂഗ്രപുംഗവോ... 185
സ ഖലു കലിത കിഞ്ചിത്[sic].... 573
സഖ്യോനദ്യഃ! സ്വാമിനോ ... 560
സംഗ്രാമേ സകല—
ക്ഷപാചാര.... 390
സദയമിതി നിവേദ്യ.... 555
സദ്യഃ പൂരീ പരിസരേണ ... 244
സനത്[sic]കുമാരേണ.... 55
സന്തുഷ്ടേ നിസ്തുണാം.... 17
സന്തുസ്യ പൂർവ്വമുസ്ഥാ ... 321
സന്ധായോദ്ദീപ്തമസ്ത്രം.... 400
സന്നായകോത്[sic]കൃഷ്ടഗുണാ ... 32
സ പൂർവ്വദിഗ്ഗോപുര.... 425
സ പ്രാണാ ചേജ്ജനക.... 289
സമന്തതഃ സന്തത ഹന്ത.... 110
സമസ്യാ വാ സാമ്നാം.... 132
സ മാരുതി സമാനീത.... 440
സ മുക്തിഭോങ്മണ്ഡല.... 275
സ മുനീ രോമപാദസ്യ.... 53
സംരംഭോദയ.... 35
സംശ്രുത്യാഥ കഥം മയാ ... 81
സരത്നപീഠേ.... 523
സരയൂജലമജ്ജനേ.... 586
സരസീ മേ ദേഹം.... 352
സരള മേ ദേഹ ദഹാണി.... 351
സവ്വാ ഗീർവ്വാണബന്ധ്യോ.... 485
സർവഗ്രഹപ്രസരേണ.... 329
സസുതസഹജസൈന്യം.... 389
സസ്നേഹതാരാവിഹിതാത്[sic]
... 503
സാകം ലോകേ ജൃംഭകാസ്ത്രൈഃ
.... 101
സാകം ശക്രതിധാരണ.... 137
സാ കേകസീ.... 1
സാധുസാധു ജയ.... 536
സാധോ! ലാളയ വത്സ!.... 493
സാപ്യേവ യത്ത ... 394
സാരംഗി!ഗംസ സഹസാ.... 293
സാ രാമണീയകനിധേ.... 277
സാശ്ചര്യം രാമഭദ്രേ ... 464
സിതാ കപീന്ദ്രക്ഷണ ... 303
സീമാതീതം ധരണി.... 220
സീമാ സരോരുഹ ഭവ ... 142
സുഗ്രീവസ്യ പദാഹതി.... 459
സുന്ദരാംഗി!.... 210
സുലഭാഃ പുരുഷാ.... 386
സുതേനാന്യാ ഗതി.... 448
സേഷ്യം പശ്യതി ... 184
സോഢുശലമസ്മി നാഹം.... 213
സോ[sic]യം കല്പാടനാഥഃ.... 157
സോ[sic]യം ദേശ ... 374
സോ[sic]യം പ്രശാസ്തി മധുരാം. 153
സൗധാശ്ച യത്രാശ്ച
സുധാമലാഭോ.... 31
സൗമിത്രേ നന്ദ.... 294 (1)
സ്തീത്വം താവച്ചലധൃതി.... 488
സ്ത്രീരാക്ഷസീ,കഥമിഹാത്ര... 91
സ്ത്രീവിപ്രൈണവനാകസാം
.... 469
സ്ത്രീഷു പ്രവീര ജനനീ.... 197
സ്പൃഷ്ടാഥ തൗ ബഹ.... 45
സ്ഫൂർജ്ജദ് ഗർജ്ജാട്ടഹാസ.... 344
സ്മർത്തവ്യാസ്മി ചിര.... 243
സ്വർഗ്ഗം ദുർഗ്ഗം.... 24
സ്വാമിത്വംസചരാചരസ്യ...391
സ്വായത്തേന കഠാരേണ.... 202
സ്വാഷൂത്[sic]കൃത്യഹേതിഷു.... 11
ഹന്തീതി ജലിതഃ.... 496
ഹരത്യഘം സംപ്രതി.... 259
ഹാരം ഹാരം ദശരഥസുത 585
ഹാഹാ! ധിക്.... 545
ഹാഹാ വർഷസഹസ്രകം.... 80
ഹൃതഭോരസ്യ മേ പാണീ.... 302
ഹൃതാദ്രേഃ.... 107
ഹൃദ്യാം വൃത്തിം ... 106
ഹേ ഗോദാവരി രമ്യവാരി....292
ഹേ പ്രാണാഃ സ ഗതോ ... 227
ഹേലാഖണ്ഡിത
ചണ്ഡഹേമ.... 483
ഹോതുഃ സ്രുവേ.... 60

അനുബന്ധം 4

ഭാഷാരാമായണചമ്പുവിലെ
സംസ്കൃതഗദ്യങ്ങളുടെ സൂചിക

1 അനുഗതേന ച രാമേണ പ്രചോദിതഃ
പുനരപ്യഭിജ്ഞാനമാലാകലിതവിപുലഗ്രീവഃ സുഗ്രീവഃ. 549
2 അഗസ്ത്യവചനസംഹൃതബ്രഹ്മാണ്ഡഷണ്ഡാഗതശിഖരസഹസ്രഃ. 410
വാസവദത്ത. 96
3 അതീതത്രയിഷ്വേ ദശവദനദിഷ്ടാന്തദിവസാവസാനകേ
ഗുരുനിർദിഷ്ടേ സമയേ. 429
4 അത്രാന്തരേ വിദിതവൃത്താന്താ സന്തതാശ്രുനിഷ്യന്ദ–
കലുഷതരതാരാ താരാ. 56
5 അഥ ചൈകകസീസുകൃതവിഷതരുവിഷാദ്ഗീചിനമുലനാരാചേന. 86
6 അഥ തയോരുചിതയാനാധിരൂഢയോരുപചിതസമിതി–
കുതുകയോരിതരേതര സരഭസമാപതിതയോഃ 782
7 അഥ ദാശരഥിർനിരീക്ഷ്യരക്ഷോഗണമുപസർപ്പന്തം
അപസപ്പ്രുതയാ ശൂർപ്പണഖയാ. 450
ഭോ. ച. 181
8 അഥ ദാശരഥിവദനാരവിന്ദനിഷ്യന്ദിതാജ്ഞാ–
മധുലികബളനാനല്പദുപ്യദാത്മാനഃ. 635
9 അഥ സമുപക്രാന്ത ഏവ സ ഖലു സവനകോലാഹലഃ
സകലഗീർവാണഗണസമുദ്ധികുതുകോന്നിദ്രഃ. 214
10 അഥ സ രാമോ വിദ്യാവയഃ പ്രവർഷീയ സാ ജാംബവതാ
ച സൗമിത്രീസുഗ്രീവാഭ്യാം. 715
11 അഥ ഹനുമാൻ ഹരിഹരവദനസരസിജവിസരദുചിത–
വചനമകരന്ദധയനപാത്രീകൃതശ്രോത്രപുടഃ. 532
12 അപേതരക്ഷാമപി രക്ഷോമയീം നഗരീമവേക്ഷമാണഃ
പ്രകടിതരോഷഭീഷണാകാരോ രാവണിഃ. 762
13 ആകാരനിരീക്ഷണമാത്രവിസ്രബ്ധേന ബുദ്ധിശാലിനാ–
ദാശരഥിനാ. 721
14 ആര്യ! അനാത്മനീനാമമീഷാം വചനേഷു
മാ സ്മ തിഷ്ഠഥാഃ. 727
15 ഇഗി ദശാനനസോദരവിലോപകലുഷേ
സകലരാക്ഷസബലേ കപിബലേ ച മുദിതേ. 766
16 ഇതി വിഹിതവിബുധകാര്യഃ വിശ്വാനുജിഘൃക്ഷയാ
ഗൃഹീതമാനുഷവേഷഃ ഭഗവാനരവിന്ദനാഭഃ. 896
17 ഇന്ദ്രജിദപി ഭ്രാതൃവ്യത്രയമുപേയമാനായ പിതൃവ്യായ. 771
18 ഉല്ലംഘിതവപ്രേണ പ്രഥനഭുവി വിഹരമാണേന തേന. 765
19 തതശ്ച ശൃംഗിവേരപുരേ ഗുഹേന സംഗതഃ. 843
20 തതശ്ച സുനിശ്ചലസൗഹൃദസുഗ്രീവപ്രഹിതദൂതജനകഥിതരാമാ–
ഭിഷേകമഹോത്സവശ്രവണജനിതകുതുകഭരവിവശഹൃദയേഷു. 889

21 തതസ്തരണികുലപ്രദീപോധരണിരമണശിഖാമണിഃ. 957
22 തതസ്തേന ഉന്നമമന്യുവേഗസമാക്രാന്തചേതസാ രാഘവേണ. 763
23 തതോ ദൈത്യബലമിവ പ്രകടതാരകം. (അടിക്കുറിപ്പ്) 672
വാസവദത്ത. 284
24 തത്ര ച ചിത്രീയമാണവൈമാനികാവലോകിതം
അതിലഘുസമ്പ്രേഷിതവിപുലശിലാപ്രഘാശിജാതശൈല–
പാതനിഷ്പിഷ്ടനക്തഞ്ചരം. 758
25 തത്ര ച യഥോചിതസമാദൃഗായനൃദൃഗാതരി,
ശസ്ത്രമന്ത്രസംഭൃതാ ഹുതഭു ഹോതരി. 150
26 തത്രാന്തരേ രാമാഭിഷേകശ്രവണപ്രഥമാനമോദ–
മോദമുദ്ഗ്രീവഃ സുഗ്രീവഃ. 866
27 തദനന്തരമംഗദനിശാചരാധിപാ രഭസാദിതരഃ–
സമരായത്തചിത്തപ്രവത്തകൗ. 754
28 തദനന്തരമന്തരിതഗമനസന്നാഹശാലിനിവലീമുഖബലേ
അന്തരായീഭൂതസിന്ധുരാജസന്തരണബന്ധുരോപായചിന്തനപരേ 718
29 തദനു ജനകതനയാ, ദഹനപതനദശ്നജനിതകുതുകഭരമുദിത–
സകലസുമനോഗണാപചായതരിതനിഖിലസുരയുവതി–
ജനകരതലഗളിതസകിസലയമുകുളപ്രസൂനസമുദയാ. 817
30 തദനു ജനകദുഹിതരനിതരയുവതിഭോഗ്യം ഭാഗ്യം. 445
ഭോ. ച 178
31 തദനുമദനദൂയമാനമനാ ദശാനനോ
വിശരണേയമവശ്യം വശ്യാ ഭവിഷ്യതീതി. 748
32 തദനുരംഹസാരാഹൂമഭിപതന്നസൗ ഹരിവരഃ സഹസൈവാ–
ത്തനാദമസഹമാനേന സുരപതിനാ പ്രേര്യമാണം. 645
33 തദനു സുമനായമാനസ്യ ജഗതാംപത്യുഃ ശാസനേന. 798
34 തദവലോകന ചിത്രീയമാണചിത്തേ രഘുരാജപുത്രേ
സവിതൃപുത്രഃ സപദി സമുത്പ്ലുത്യ. 757
35 തദാനീമനവരത നമ്യമാനദന്തുരസാമന്തചക്രകടക
മകുടമണിപീഠികാസമർപ്പിത പദപ്രവാളയുഗളേന. 116
വാസവദത്ത 205
36 തദാനീമമരകാര്യവിധാനാർത്ഥമുപയോക്ഷ്യമാണേ
രഘുവീരനന്ദനേ. 302
37 തദാനീമുദന്വദ്ബല്ലഘനദുഗ്ധതരനിഹിതചരണതല പീഡനം
സോഢുമക്ഷമഃ. 662
ഭോ. ച. 248
38 തയോശ്ചയുധ്യമാനയോരിദ്ധമാനയോർ വ്യതീതസമാനയോഃ 772
39 തസ്മിന്നേവ കാലേ നിജ ശിരോമയനവകപാല–
പുരോഡാശമഹാഹുതിപരിതോഷിതസ്യ. 149
40 തേ ച മനോഹാരിഭിർവിഹാരൈരതിവാഹിത–
കൗമാരകാഃ കുമാരകാഃ. 167
41 ദുർവിഷഹരഘുദ്വഹസായകസ്മരണവ്യഥമാനചിത്തോ
നക്തഞ്ചരാധിപതിഃ 763
42 പ്രശസ്തസുധാധവളൈഃ ബൃഹത്കഥാരംഭൈരിവ
സാലഭഞ്ജികോപശോഭിതൈഃ. 112
വാസവദത്ത. 123

43 യസ്യാശ്ച വിശാലതയാ നാസ്തീവ ഹി ഭുവനം,
ഉച്ചതയാ സൗധാനാം ലോഷ്ടകാ ഇവ ഗിരയഃ. 114
44 രാജൻ! ഭവതസ്സന്നയേന വിനയാഭിരാമേണ രാമേണ. 182
ഭോ. ച. 33
45 ലങ്കാസമരാങ്കമുഖവിഷ്ടംഭകേ തസ്മിൻ മഹാസ്പന്ദനേ. 468
46 ലീലാവിലുനദ്ധുവരഗ്രഥനനാ രാഘവേണ
സഗ്രണായ പരിക്രീതായാം പ്രഥമദുഹിതരി. 286
47 വിജ്ഞായ ച തത് പ്രജ്ഞാവതാം പ്രഥമേന
സമാശ്വസിതരാഘവേണ താരതാരേണ വിഭീഷണേന. 768
48 വ്യതീതാസു ച താസുബോഹിതാസു സമാസു സാമായിക
സമാപിത ദുഷ്പരജരാവതാരിത സമാരംഭസേം
ഭാവിത ശരീരസ്യ. 143
49 സ തുരണശിരസി പരാക്രമമാണമക്ഷീഗതമക്ഷതശക്ത്യാ
ലക്ഷ്മണം വിക്ഷതവക്ഷഃസ്ഥലം വിദധേ. 767
50 സൗഹാർദസാന്ദ്രേണ സാനുചരേണ വിഭീഷണേന. 825
51 ഹാ ദേവി! ദേവയജനസംഭവേ! സജ്ജനാനുഗ്രഹപവിത്രിത—
വസുന്ധരേ! 913
ഉ. രാ. 41

